വിശുദ്ധ ഖുർആൻ വിവരണം

മുഖവുര

1: അവതാരിക...3

- മർഹൂം കെ. എം. മൗലവി സാഹിബിൻെറ അവതാരിക

2: നിർദ്ദേശങ്ങൾ...4

- വായനക്കാർക്ക് ചില സൂചനാ നിർദ്ദേശങ്ങൾ

3: മുഖവുര...6

- പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

4: വിശുദ്ധ ഖുർആൻ..34

- വിശുദ്ധ ഖുർആൻ
- അവതരണം
- എന്തിനു വേണ്ടി അവതരിച്ചു?
- ഗ്രന്ഥരൂപത്തിലാക്കിയതും ക്രമീകരണവും
- പഠനവും പാരായണവും
- പാരായണ മര്യാദകൾ
- എഴുത്തിലും വായനയിലും അറിഞ്ഞിരിക്കേണ്ടുന്ന ചില കാര്യങ്ങൾ
- ‘‘വഖ്ഫും വസ്ലും’’ (الوقوف والوصل) വഖ്ഫിന്റെ ചിഹ്നങ്ങൾ
- വായനാവ്യതാസങ്ങൾ

5: ഖുർആനിലെ വിജ്ഞാനങ്ങൾ

- ഖുർആനിലെ വിജ്ഞാനങ്ങൾ
- പ്രതിപാദനരീതി
- എതിരാളികളും അവരോടുള്ള നയങ്ങളും 1. മുശ്‌രിക്കുകൾ , 2, വേദക്കാർ, 3. മുനാഫിക്കുകൾ
- എതിർകക്ഷികൾ അന്നും ഇന്നും
- അല്ലാഹുവിൻെറ നാമങ്ങൾ, ഗുണങ്ങൾ, അനുഗ്രഹങ്ങൾ, ദൃഷ്ടാന്തങ്ങൾ മുതലായവ (اسماء الله وصفاته والآؤه واياته)
- ചരിത്രസംഭവങ്ങൾ
- വർത്തമാനകാല സംഭവങ്ങൾ
- മതനിയമങ്ങളും, അനുഷ്ഠാന മുറകളും
- മരണാനന്തര കാര്യങ്ങൾ

6: ഖുർആൻെറ അമാനുഷികത

- ഖുർആൻെറ അമാനുഷികത
- ഏറ്റവും വലിയ ദൃഷ്ടാന്തം

7: ഖുർആൻ വ്യാഖ്യാനം

- ഖുർആൻ വ്യാഖ്യാനം (تفسير القرآن)
- വ്യഖ്യാനിക്കേണ്ടുന്ന രീതി.
- മുഹ്കമും മുതശബിഹും
- അവതരണ ഹേതു
- നസ്‌വ് (ദുർബലപ്പെടുത്തൽ)
- വ്യാഖ്യാനിക്കുമ്പോൾ മനസ്സിരുത്തേണ്ട ചില വിഷയങ്ങൾ

1. മുഹ്കമും മുതശാബിഹും
2. അവതണ ഹേതു
3. നസ്ഖ് (ദുർബലപ്പെടുത്തൽ)

- വ്യഖ്യാനത്തിൽ ഗൗനിക്കപ്പെടേണ്ടുന്ന മറ്റു ചില കാര്യങ്ങൾ.
- ഖുർആൻ വ്യാഖ്യാതാക്കൾ 1. മുൻഗാമികൾ 2. പിൻഗാമികൾ

8: ഖുർആൻ ഭാഷാന്തരം ചെയ്യൽ

- ഖുർആൻ ഭാഷാന്തരം ചെയ്യൽ
- മലയാള വിവർത്തനം
- ഖുർആൻെറ പരിഭാഷാ ഗ്രന്ഥങ്ങൾ 1. മുൻഗാമികൾ. 2. പിൻഗാമികൾ

9: നമ്മുടെ പരിഭാഷാ ഗ്രന്ഥം

- നമ്മുടെ പരിഭാഷാ ഗ്രന്ഥം
- ഈ ഗ്രന്ഥത്തിൽ ഞങ്ങളുടെ അവലംബം
- സമാപനം ഞങ്ങളുടെ പ്രവർത്തനം

മർഹൂം കെ. എം. മൗലവി സാഹിബിൻെറ അവതാരിക

മാന്യ സഹോദരങ്ങളെ!

ഏകദേശം നാലു കൊല്ലം മുമ്പ് ഒരു ദിവസം, ജനാബ് കെ. പി. മുഹമ്മദ് സാഹിബിൻെറ ഒരു കത്ത് എനിക്ക് കിട്ടുകയുണ്ടായി. പരിശുദ്ധ ഖുർആൻെറ ഒരു തഫ്സീർ മലയാളത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള ആഗ്രഹവും, അതിൻെറ സാമ്പത്തികവശമല്ലാത്ത മറ്റു കാര്യങ്ങളിൽ വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്തുതരണമെന്നുള്ള അഭ്യർത്ഥനയുമായിരുന്നു കത്തിൽ അടങ്ങിയിരുന്നത്. അതനുസരിച്ച് ഞാനും മറ്റു ചില സ്നേഹിതൻമാരും കൂടി അദ്ദേഹവുമായിക്കണ്ട് ഈ വിഷയത്തിൽ ആലോചന നടത്തി. പലരിൽനിന്നുമായി, ഖുർആൻെറ ആദ്യത്തെ 15 ജുസ്ഉ്വരെയുള്ള തഫ്സീർ മലയാളത്തിൽ അതിനു മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നതുകൊണ്ട് ബാക്കിയുള്ള ഒടുവിലത്തെ 15 ജുസുഇൻെറ തഫ്സീർ ആദ്യം തയ്യാറാക്കാമെന്നും, ജനാബുമാർ പി.കെ. മൂസ്സാമൗലവി, എ. അലവി മൗലവി, മുഹമ്മദ് അമാനി മൗലവി എന്നീ മൂന്നു സ്നേഹിതൻമാരും കൂടി ആ കൃത്യം നിർവ്വഹിത്താമെന്നും തീരുമാനം ചെയ്തു.

അല്ലാഹുവിൻെറ സഹായം കൊണ്ട് ഒടുവിലത്തെ പതിനഞ്ചു ജുസുഇൻെറ തഫ്സീർ എഴുതി പൂർത്തിയായിരിക്കുന്നു. അതിൻെറ ആദ്യത്തെ വാള്യം ഇപ്പോൾ പ്രസിദ്ധീകരണത്തിന് തയ്യാറായിരിക്കുകയാണ്. ബാക്കിയുള്ള മേലേ പതിനഞ്ചു ജുസുഉം പൂർത്തിയാക്കുവാനും, എല്ലാ ഭാഗങ്ങളും പ്രസിദ്ധീകരിക്കുവാനും അല്ലാഹു തൗഫീക് നൽകട്ടെ! ആമീൻ!

ഈ ഗ്രന്ഥം എഴുതി വന്നത് മേൽപറഞ്ഞ മൂന്നു സ്നേഹിതൻമാരാണെങ്കിലും, ഇതിൻെറ പ്രവർത്തനങ്ങളിൽ പല നിലക്കും ഞാനും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ, ഈ പരിഭാഷയും, ഇതിലെ വ്യാഖ്യാനങ്ങളുമെല്ലാം 'സലഫീ'ങ്ങളുടെ മാതൃകയനുസരിച്ചുകൊണ്ടുള്ളതാണെന്ന് എനിക്ക് തീർച്ചയായും പറയുവാൻ കഴിയുന്നതാണ്. പൗരാണിക മഹാൻമാരുടെ മാതൃക പിൻപറ്റുന്നതിലാണ് നമ്മുടെ എല്ലാ നൻമയും സ്ഥിതി ചെയ്യുന്നത്. പിൻകാലക്കാരുടെ പുത്തൻ നിർമ്മാണങ്ങളിലാണ് എല്ലാ തിൻമയും നിലകൊള്ളുന്നത്.

ഇതിൻെറ മുഖവുരയിൽ നിന്നുതന്നെ, ഈ ഗ്രന്ഥത്തിൻെറ സ്വഭാവത്തെപ്പറ്റി വായനക്കാർക്ക് നല്ലപോലെ അറിയുവാൻ കഴിയുന്നതുകൊണ്ട് അതിനെക്കുറിച്ച് ഇവിടെ കൂടുതലൊന്നും പറയുവാൻ ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഇതിൻെറ പ്രസാധകൻമാരും, എൻെറ മാന്യ സ്നേഹിതൻമാരുമായ ജനാബ് കെ. പി. മുഹമ്മദ് സാഹിബിൻെറയും, അദ്ദേഹത്തിൻെറ അനുജൻ ജ: കെ. പി. മൊയ്തീൻകുട്ടി സാഹാബിൻെറയും ഈ മഹത്തായ സേവനം അല്ലാഹു സ്വീകരിക്കട്ടെ! ഇതിൻെറ ബാക്കി ഭാഗങ്ങൾ പ്രസിദ്ധീകരിച്ചു പൂർത്തിയാക്കുവാനും, ഇതുപോലെയുള്ള മഹൽസേവനങ്ങൾ എപ്പോഴും ചെയ്തുകൊണ്ടിരിക്കുവാനും അവർക്കു തൗഫീക് നൽകുകയും ചെയ്യട്ടെ! ഇതിൻെറ പരിഭാഷകൻമാരായ സ്നേഹിതൻമാർക്കും. നമുക്കെല്ലാവർക്കും അല്ലാഹു സദാ ഹിദായത്തും, തൗഫീഖും നൽകട്ടെ! ആമീൻ.

തിരൂരങ്ങാടി. എന്ന്,

(6-6-1964) കെ. എം. മൗലവി

നിർദ്ദേശങ്ങൾ

വായനക്കാർക്ക് ചില സൂചനാ നിർദ്ദേശങ്ങൾ

1. മുഖവുര വായിച്ചു ഗ്രഹിച്ചശേഷമായിരിക്കണം പരിഭാഷയും വ്യാഖ്യാനവും വായിക്കുവാൻ ആരംഭിക്കുന്നത്. വായന കൂടുതൽ പ്രയോജനകരമായിരിക്കുവാനും, വായനാവേളയിൽ തോന്നിയേക്കാവുന്ന പല സംശയങ്ങൾക്കും സ്വയം മറുപടി കണ്ടെത്തുവാനും അത് സഹായകരമായിരിക്കും.

2. ആയത്തുകളുടെ പരിഭാഷയിൽ (), [ ] എന്നിങ്ങിനെ രണ്ടു തരം ബ്രാക്കറ്റുകൾ (വളയങ്ങൾ) കൊടുത്തു കാണാം. ആയത്തുകളിൽ അന്തർഭവിച്ചിട്ടുള്ളതോ, വാചകങ്ങളിൽ ലോപിച്ചുപോയതോ, ഉദ്ദേശ്യാർത്ഥം വ്യക്തമാക്കുന്നതോ ആയ വാക്കുകളായിരിക്കും അവയിൽ കാണുന്നത്. എന്നാൽ, അർദ്ധവൃത്തത്തിലുള്ള ആദ്യത്തെ വളയങ്ങളിലെ വാക്കുകൾ വാച്യാർത്ഥം പൂർത്തിയാക്കുന്നവയും, അർദ്ധ ചതുരത്തിലുള്ള രണ്ടാമത്തെ വളയങ്ങളിലെ വാക്കുകൾ ഉദ്ദേശ്യം പൂർത്തിയാക്കുന്നവയുമായിരിക്കും. അതുകൊണ്ടു ആദ്യത്തെ വിഭാഗം വാക്കുകൾ വായിക്കുമ്പോൾ, ബ്രാക്കറ്റുകൾ ഇല്ലാതിരുന്നാൽ എങ്ങിനെ വായിക്കാമോ അതേ രൂപത്തിലും, രണ്ടാമത്തെ വിഭാഗം വാക്കുകൾ വായിക്കുമ്പോൾ ബ്രാക്കറ്റിനു മുമ്പായി 'അതായത്' എന്നോ 'അഥവാ' എന്നോ ചേർത്തും വായിക്കാവുന്നതാണ്. ആയത്തുകളുടെ പരിഭാഷയിൽ മാത്രമാണ് ഈ വ്യത്യാസമുള്ളത്. മറ്റുള്ള സ്ഥലങ്ങളിലെ ബ്രാക്കറ്റുകളെല്ലാം സാധാരണപോലെത്തന്നെ.

3. വ്യാഖ്യാന വിവരണങ്ങളിൽ ഇടക്കിടെ ഉദ്ധരിക്കുന്ന ആയത്തുകളുടെശേഷം അവയുടെ സൂറത്തുകളുടെ പേരും-അല്ലെങ്കിൽ നമ്പറും-ആയത്തിൻെറ നമ്പറും, ഹദീസുകളുടെ അവസാനത്തിൽ അവ ഉദ്ധരിച്ച മഹാൻമാരുടെ പേരുകളും കൊടുത്തിരിക്കും. സ്ഥലച്ചുരുക്കം ഓർത്തു ഈ ആവശ്യാർത്ഥം താഴെ കാണുന്ന സൂചനാക്ഷരങ്ങളായിരിക്കും മിക്കപ്പോഴും ഉപയോഗിച്ചിരിക്കുക:-

സൂ:/സൂറഃ = സൂറത്തു
അ. = അഹ്മദു
ബു. = ബുഖാരീ
മു. = മുസ്ലിം
ദാ. = അബൂദാവൂദ്
തി. = തിർമദീ
ജ. = ഇബ്നുമാജഃ
ഹാ. = ഹാകിം
ന. = നസാഈ
ബ. = ബൈഹഖീ

ത്വ. = ത്വബ്റാനി
ص = الصحفة (പേജ്)
ج = المجلد (വാള്യം)
متفق عليه = ബുഖാരിയും മുസ്‌ലിമും

4. ഇടക്കിടെ പല അറബിനാമങ്ങളും വാക്കുകളും ഉപയോഗിക്കേണ്ടതുണ്ടായിരിക്കും. അവ അവയുടെ സാക്ഷാൽ രൂപത്തിൽ തന്നെ വായനക്കാർ മനസ്സിലാക്കുന്നത് ആവശ്യവുമായിരിക്കും. പക്ഷേ, അറബി അക്ഷരങ്ങളിൽ പകുതിയോളം മലയാള ലിപിയിൽ എഴുതുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു അത്തരം അക്ഷരങ്ങൾക്കു പകരം ശബ്ദത്തിൽ അവയോടു കൂടുതൽ യോജിപ്പു കാണുന്ന മലയാള അക്ഷരങ്ങൾ കൊടുത്തിരിക്കുകയാണ്. എന്നാലും അങ്ങിനെയുള്ള വാക്കുകൾ വായിക്കുമ്പോൾ മലയാള ലിപിയെ മാത്രം ആസ്പദമാക്കാതെ അവയുടെ സാക്ഷാൽ രൂപത്തിൽ തന്നെ ശരിക്കും ഉച്ചരിക്കുവാൻ ശ്രമിക്കേണ്ടതാകുന്നു. എല്ലാവർക്കും സുപരിചിതമായതും സാക്ഷാൽ ഉച്ചാരണ രൂപം അറിയാവുന്നതുമായ വാക്കുകളിൽ ഈ നിഷ്കർഷ സ്വീകരിച്ചിട്ടില്ല താനും. പ്രസ്തുത അറബി അക്ഷരങ്ങളും പകരം സ്വീകരിച്ച മലയാള അക്ഷരങ്ങളും ഇവയാണ്:-

ث = ഥ
ح = ഹ
خ = ഖ
ذ = ദ
ز = സ
ص = സ്വ
ض = ള്വ
ط = ത്വ
ظ = ള
ع = അ
غ = ഗ
ف = ഫ
ق = ഖ്വ
(ആകെ 13 അക്ഷരം)

5. നബി (ﷺ) തിരുമേനിയുടെ പേരിനുശേഷം 'സ്വലാത്തി'നെ (الصلوة -അനുഗ്രഹം നേരൽ)യും, പ്രവാചകൻമാരുടെ പേരുകൾക്കും, മലക്കുകളുടെ പേരുകൾക്കും ശേഷം 'തസ്‌ലീമി'നെ (التسليم രക്ഷനേരൽ)യും, സഹാബികളുടെ പേരുകൾക്കു ശേഷം 'തർളിയത്തി'നെ (الترضية -പൊരുത്തം നേരൽ)യും, മറ്റുള്ള മഹാൻമാരുടെ പേരുകൾക്കു ശേഷം 'തറഹ്-ഹുമി'നെ (الترحم കാരുണ്യം നേരൽ)യും സൂചിപ്പിച്ചുകൊണ്ടു സാധാരണ ഇസ്‌ലാമിക ഗ്രന്ഥങ്ങളിലെന്നപോലെ, ഇതിലും ഏതാനും സൂചനാക്ഷരങ്ങൾ കൊടുത്തു കാണാം. സാധാരണക്കാരായ വായനക്കാരെ ഉദ്ദേശിച്ച് പ്രസ്തുത അക്ഷരങ്ങളും, അവയുടെ സാക്ഷാൽ രൂപങ്ങളും അർത്ഥങ്ങളും താഴെ കൊടുക്കുന്നു:-

(സൂചനാക്ഷരം -- സാക്ഷാൽ രൂപം = അർത്ഥം)
(1) ص സ. -- صلى الله عليه وسلم (സ്വല്ലല്ലാഹു അലൈഹിവസല്ലം) = അല്ലാഹു അദ്ദേഹത്തിനു അനുഗ്രഹവും സമാധാന ശാന്തിയും നൽകട്ടെ.
(2) ع അ. -- عليه السلام (അലൈഹിസ്സലാം) = അദ്ദേഹത്തിന് സമാധാനരക്ഷയുണ്ടാവട്ടെ.

(3) رض റ .-- رضيالله عنه (റളിയല്ലാഹു അൻഹു) = അല്ലാഹു അദ്ദേഹത്തെക്കുറിച്ചു തൃപ്തി പ്പെടട്ടെ.
(4) رح റ. -- رحمه الله (റഹിമഹുല്ലാഹു) = അല്ലാഹു അദ്ദേഹത്തിനു കരുണ ചെയ്യട്ടെ.

പേരുകൾ പുരുഷൻമാരുടേതും ഏകവചന രൂപത്തിലുള്ളതുമാകുമ്പോഴത്തെ രൂപങ്ങ ളാണിവ. സ്ത്രീകളുടേതാകുമ്പോൾ യഥാക്രമം عليها (അലൈഹ) എന്നും, عنها (അൻഹാ) എന്നും, رحمها (റഹിമഹാ) എന്നും ഉപയോഗിക്കണം. പുരുഷ നാമമായാലും സ്ത്രീ നാമ മായാലും രണ്ടുപേർ ഒന്നിച്ചുവരുമ്പോൾ ها (ഹാ)യുടെ സ്ഥാനത്തെല്ലാം هما (ഹുമാ) എന്നുമായിരിക്കണം. രണ്ടിലധികം നാമങ്ങൾ ഒന്നിച്ചുവരുമ്പോൽ (പുരുഷ നാമങ്ങളിൽ) യഥാക്രമം هم (ഹും) എന്നും (സ്ത്രീനാമങ്ങളിൽ) هن (ഹുന്ന) എന്നും ചേർക്കണം.

(6) അച്ചടി സംബന്ധമായ ചില സാങ്കേതിക കാരണങ്ങളാൽ ഒറ്റ വാക്കുകൾക്ക് 'ഹർ ക്കത്തു' കൊടുക്കാൻ സാധിച്ചിട്ടില്ല. മുകളിൽ ഹർക്കത്തു സഹിതം ആയത്തു കാണാവു ന്നതുകൊണ്ട് വായനക്കു പ്രയാസം നേരിടുകയില്ല. ഓരോ വാക്കും ഖുർആനിൽ ഉപയോ ഗിച്ച അതേ രൂപത്തിൽ വായിച്ചുകൊണ്ടു വാക്കർത്ഥങ്ങൾ മനഃപാഠമാക്കുവാൻ ശ്രമിക്കു ന്നവർക്ക് ഖുർആൻ വചനങ്ങളുടെ അർത്ഥവും ആശയവും സ്വയം തന്നെ ഏതാണ്ടൊക്കെ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. (ഇ.അ.) അതോടുകൂടി അറബിഭാഷയിൽ ഒരു പ്രാഥ മീകജ്ഞാനവും ലഭിക്കുന്നതാണ്.

മുഖവുര

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

അല്ലാഹുവിന് സർവ്വ സ്തുതിയും. അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഉൽക്കൃഷ്ട സൃഷ്ടിയാക്കുകയും, ഇതര സൃഷ്ടികൾക്കില്ലാത്ത അനേകം സവിശേഷതകൾ നൽകി അവനെ അനുഗ്രഹിക്കുകയും, അവൻെറ ഇരുലോക നൻമകൾക്ക് വേണ്ടുന്ന എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും കനിഞ്ഞേകുകയും ചെയ്തിരിക്കുന്നു. അക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അനുഗ്രഹമത്രെ വിശുദ്ധ ഖുർആൻ. അല്ലാഹുവിന് സർവ്വസ്തുതിയും. നബി മുഹമ്മദ് മുസ്തഫാ(ﷺ) തിരുമേനിക്ക് അവൻ ഖുർആൻ അവതരിപ്പിച്ചു. അതു മുഖേന സജ്ജനങ്ങൾക്ക് സുവിശേഷവും ദുർജ്ജനങ്ങൾക്ക് താക്കീതും നൽകുവാനായി തിരുമേനിയെ തൻെറ തിരുദൂതനാക്കി നിയോഗിച്ചു. പ്രസ്തുത കർത്തവ്യം അവിടുന്ന് തികച്ചും നിറവേറ്റി. ദൗത്യം വേണ്ടതുപോലെ നിർവ്വഹിച്ചു. സത്യമാർഗ്ഗം ലോകത്തിന് തുറ ന്നുകാട്ടി. അസത്യമാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടിക്കൊടുത്തു.

മനുഷ്യാരംഭം മുതൽ തുടർന്നു കൊണ്ടിരുന്ന പ്രവാചകത്വത്തിൻെറയും, ദിവ്യദൗത്യത്തിൻെറയും ശൃംഖല നബി (ﷺ) തിരുമേനിയോടുകൂടി അല്ലാഹു അവസാനിപ്പിച്ചിരിക്കുന്നു. ഇനി ഒരു പ്രവാചകൻെറ നിയമത്തിനോ ഒരു വേദഗ്രന്ഥത്തിൻെറ അവതരണത്തിനോ ആവശ്യം നേരിടാത്തവണ്ണം വിശുദ്ധ ഖുർആനെ ലോകാവാസാനംവരെ നിലനിർത്തുന്നതാണെന്ന് അവൻ പ്രഖ്യാപിച്ചിരിക്കുന്നു. ആ അന്ത്യപ്രവാചകനായ മുഹമ്മദ് നബി (ﷺ) തിരുമേനിക്കും, അദ്ദേഹത്തിലും അദ്ദേഹം കൊണ്ടുവന്ന ആ ദിവ്യ ഗ്രന്ഥത്തിലും സുദൃഢമായി വിശ്വസിക്കുകയും അദ്ദേഹത്തിൻെറ പ്രബോധന മാർഗ്ഗത്തിൽ സർവ്വാത്മനാ അദ്ദേഹത്തെ സഹായിക്കുകയും ചെയ്ത അദ്ദേഹത്തിൻെറ സഖാക്കളായ സഹാബികൾക്കും, വിശുദ്ധ ഖുർആൻെറയും പ്രവാചക ചര്യയുടെയും അടിസ്ഥാനത്തിൽ അവരെ മാതൃകയായി സ്വീകരിച്ചുകൊണ്ട് ജീവിതോദ്ദേശ്യം സഫലമാക്കിയ എല്ലാ സജ്ജനങ്ങൾക്കും അല്ലാഹുവിൻെറ അനുഗ്രഹവും, കാരുണ്യവും, ശാന്തിയും, സമാധാനവും സദാ വർഷിച്ചുകൊണ്ടിരിക്കട്ടെ. ആമീൻ.

ഖുർആനെ സംബന്ധിച്ചിടത്തോളം അതിനൊരു ആമുഖമോ, പീഠികയോ ആവശ്യമില്ല. അത് മനുഷ്യസാദ്ധ്യവുമല്ല. ഖുർആനെയും അതിലെ ഉള്ളടക്കങ്ങളെയും സംബന്ധിച്ചും, അതിൻെറ വ്യാഖ്യാനം, വിവരണം, പരിഭാഷ മുതലായവയെ സംബന്ധിച്ചും, നമ്മുടെ ഈ ഗ്രന്ഥത്തെ സംബന്ധിച്ചും അറിഞ്ഞിരിക്കേണ്ടുന്ന ചില പ്രധാന വിഷയങ്ങൾ വായനക്കാരെ മുൻകൂട്ടി ഓർമ്മപ്പെടുത്തുക മാത്രമാണ് ഈ മുഖവുരകൊണ്ടുദ്ദേശ്യം. വാസ്തവത്തിൽ ഈ മുഖവുരയിലെ വിഷയങ്ങൾ മിക്കവാറും വെവ്വേറെ വിസ്തരിച്ച് പ്രതിപാദിക്കപ്പെടേണ്ടവയാകുന്നു. മിക്കതിലും പല മഹാൻമാരും പ്രത്യേകമായി ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ട്. സ്ഥലകാല ദൈർഘ്യത്തെ ഭയന്ന് വിശദീകരണത്തിന് മുതിരാതിരിക്കുകയാണ്.

അല്ലാഹു നമുക്ക് സത്യം ഗ്രഹിക്കുവാനുള്ള തൗഫീഖും മാർഗ്ഗദർശനവും നൽകട്ടെ! ഈ ഗ്രന്ഥത്തിൽ വന്നേക്കാവുന്ന അബദ്ധങ്ങൾ അവൻ മാപ്പ് ചെയ്തുതരികയും, പൊതുജനങ്ങൾക്ക് ഉപകാരപ്രദവും അവൻെറ സൽപ്രീതിക്ക് കാരണവുമായ ഒരു സൽകർമ്മമായി ഇതിനെ അംഗീകരിക്കുകയും ചെയ്യട്ടെ! ആമീൻ!

വിശുദ്ധ ഖുർആൻ

വിശുദ്ധ ഖുർആൻ

അന്ത്യപ്രവാചകനായ മുഹമ്മദ് നബി (ﷺ) തിരുമേനിക്ക് 40 വയസ്സിൽ പ്രവാചകത്വം ലഭിച്ചതുമുതൽ 63 വയസ്സിൽ അവിടുത്തെ വിയോഗമുണ്ടായതുവരെയുള്ള കാലഘട്ടത്തിൽ - പല സന്ദർഭങ്ങളിലായി - അല്ലാഹു അവതരിപ്പിച്ചു കൊടുത്തിട്ടുള്ള ഒരു വേദഗ്രന്ഥമത്രെ വിശുദ്ധ ഖുർആൻ. 'മുസ്ഹഫ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ വിശുദ്ധ ഗ്രന്ഥം ഇന്ന് ലോകത്തിൻെറ ഏത് മൂലയിലും കാണാവുന്നതാണ്. ഏതൊരു മുസ്‌ലിമിൻെറ വീട്ടിലും അതിൻെറ ഒരു പ്രതിയെങ്കിലും കാണാതിരിക്കുക വിരളമാകുന്നു. ഇത്രയധികം പ്രതികൾ ലോകത്ത് വെളിപ്പെട്ടിട്ടുള്ള മറ്റൊരു മതഗ്രന്ഥവും ഇല്ലെന്ന് പറയാം.

മുഖവുര

ചെറുതും വലുതുമായി 114 അദ്ധ്യായങ്ങളും (സൂറത്തുകളും), 6000ത്തിൽപരം വചനങ്ങളും (ആയത്തുകളും) 77,000ത്തിൽപരം പദങ്ങളും (കലിമത്തുകളും) 3,20,000ത്തിലധികം അക്ഷരങ്ങളും അതുൾക്കൊള്ളുന്നു. ഏകദേശം സമവലിപ്പത്തിലുള്ള 30 ഭാഗങ്ങളായി (ജുസ്ഉകളായി) അത് ഭാഗിക്കപ്പെട്ടിരിക്കുന്നു. സൂറത്തുകളുടെ ചെറുപ്പവലിപ്പങ്ങൾക്കനുസരിച്ചും, വിഷയങ്ങളെ ആസ്പദമാക്കിയും പല വിഭാഗങ്ങൾ (റുകൂഉകൾ) ആയി വീണ്ടും അവ വിഭജിക്കപ്പെട്ടിരിക്കുന്നു. ഒരു മാസംകൊണ്ട് ഖുർആൻ ഒരാവർത്തി (ഒരു ഖത്തം) പാരായണം ചെയ്തു തീർക്കുന്നവർക്കും, നമസ്കാരത്തിൽ ഓരോ റക്അത്തിലും കുറേശ്ശ ഓതി വരുന്നവർക്കും ഈ വിഭജനങ്ങൾ വളരെ പ്രയോജനകരമാകുന്നു. കൂടാതെ, ജുസുഉകൾ പകുതി (നിസ്ഫു)കളായും, കാലു (റുബ്ഉ്)കളായും മറ്റും ഭാഗിക്കപ്പെട്ടിട്ടുമുണ്ട്. ഇതെല്ലാം സാധാരണ മുസ്ഹഫുകളിൽ അടയാളപ്പെടുത്തിക്കാണാവുന്നതാണ്. ഇതിനെല്ലാം പുറമെ 1/8 കളായും, 1/7കളായും, 1/4കളായും, 1/2കളായും ഭാഗിച്ച് അടയാളപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. ഖുർആൻ പാരായണം ചെയ്യുന്നവരുടെ സൗകര്യാർത്ഥം മുൻകാലത്തുള്ള ചില മഹാൻമാർ ചെയ്തുവെച്ച സേവനങ്ങളത്രെ ഇതെല്ലാം. പൂർവ്വ മുസ്ലിംകൾ ഖുർആനെ സംബന്ധിച്ച് എത്രമാത്രം ഗൗനിച്ചുവന്നിരുന്നുവെന്നും, ജനങ്ങൾ ആ ഗ്രന്ഥം എത്രത്തോളം ഉപയോഗപ്പെടുത്തി വന്നിരുന്നുവെന്നും ഇതിൽ നിന്നൊക്കെ ഗ്രഹിക്കാവുന്നതാണ്.

അവതരണം

നബി (ﷺ) തിരുമേനിക്ക് പ്രവാചകത്വം (നുബുവ്വത്ത്) ലഭിക്കുന്നതിന് അല്പം മുമ്പായി അവിടുന്ന് പല സ്വപ്നങ്ങൾ കാണുകയും, അവ പ്രഭാതവെളിച്ചംപോലെ യഥാർത്ഥമായി പുലരുകയും പതിവായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ജനങ്ങളിൽ നിന്ന് വേറിട്ട് ഏകാന്തവാസം ചെയ്യുവാൻ തിരുമേനിക്ക് ആഗ്രഹം തോന്നുകയുണ്ടായി. അതനുസരിച്ച് അവിടുന്ന് മക്കായുടെ അടുത്തുള്ള ഹിറാ മലയുടെ ഗുഹയിൽ പോയി ആരാധനാ നിമഗ്നനായിക്കൊണ്ടിരിക്കാറുണ്ടായിരുന്നു. കുറേ ദിവസത്തേക്കുള്ള ഭക്ഷണസാധനങ്ങളോടുകൂടിയാണ് തിരുമേനി ഗുഹയിലേക്ക് പോയിരുന്നത്. അത് തീരുമ്പോൾ, സ്വപത്നിയായ ഖദീജ: (رضي الله عنها) യുടെ അടുക്കൽ വന്ന് വീണ്ടും കുറേ ദിവസത്തേക്കുള്ള ഭക്ഷണം ശരിപ്പെടുത്തിക്കൊണ്ടുപോകും.

ഇങ്ങിനെയിരിക്കെ, ഒരിക്കൽ ഗുഹയിൽവെച്ച് അല്ലാഹുവിന്റെ 'വിശ്വസ്തദൂതനാ'യ മലക്ക് പ്രത്യക്ഷപ്പെട്ടു. 'മുഹമ്മദേ, സന്തോഷിച്ചുകൊള്ളുക! ഞാൻ ജിബ്രീലാണ്. താങ്കൾ ഈ സമുദായത്തിലേക്ക് അല്ലാഹുവിങ്കൽ നിന്നുള്ള ദൂതനാകുന്നു (റസൂലാണ്)' എന്നറിയിച്ചു. അനന്തരം മലക്ക് പറഞ്ഞു: 'ഇഖ്റഅ്' (വായിക്കുക). തിരുമേനി മറുപടി പറഞ്ഞു: ''എനിക്ക് വായിക്കുവാൻ അറിഞ്ഞുകൂടാ''. പിന്നീട്, തിരുമേനിക്ക് വിഷമം തോന്നുമാറ് മലക്ക് അദ്ദേഹത്തെ ഒന്നു കൂട്ടിപ്പിടിക്കുകയും, ഉടനെ വിടുകയും ചെയ്തു. രണ്ടാമതും മൂന്നാമതും ഇതേപ്രകാരം ആവർത്തിക്കപ്പെട്ടശേഷം, 'സൂറത്തുൽ അലഖി'ലെ ആദ്യവചനങ്ങൾ * മലക്ക് ഓതിക്കേൾപ്പിച്ചു. ഇതായിരുന്നു ഖുർആൻ അവതരണത്തിന്റെ ആരംഭം.

നബി (ﷺ)ക്ക് വിഷമം ഉണ്ടാകുമാറ് മലക്ക് കൂട്ടിപ്പിടിച്ചതിന്റെ യഥാർത്ഥ രഹസ്യം എന്താണെന്ന് നമുക്കറിഞ്ഞുകൂടാ. എങ്കിലും, ആത്മീയലോകവും ഭൗതികലോകവും തമ്മിലുള്ള ഒരു കൂട്ടി ഇണക്കലായിരുന്നു അതെന്ന് പറയാം. അഥവാ, ദൈവികസന്ദേശങ്ങൾ

---

* (اقرأ بسم ربك ...... مالم يعلم)

സ്വീകരിക്കുവാൻ പ്രവാചകഹൃദയത്തിന് പക്വത വരുത്തുവാനായിരിക്കും അത്. ഒന്നാമതായി അവതരിച്ച ആ വചനങ്ങളുടെ സാരം ഇപ്രകാരമാകുന്നു: ''സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക! മനുഷ്യനെ അവൻ രക്തപിണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക! നിൻെറ രക്ഷിതാവ് അത്യുദാരനാണ്; പേനകൊണ്ട് പഠിപ്പിച്ചവനാണ്. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു''. എഴുത്തും വായനയുമാണല്ലോ മനുഷ്യന് അറിവ് ലഭിക്കുവാനുള്ള രണ്ട് പ്രധാന മാർഗ്ഗങ്ങൾ. ഇവ രണ്ടും അവന് അല്ലാഹു നൽകിയ രണ്ട് പ്രത്യേകാനുഗ്രഹങ്ങളാണെന്ന് ഇതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. മനുഷ്യൻെറ ഉത്ഭവത്തെക്കുറിച്ച് ചിന്തിക്കുന്നപക്ഷം, സ്രഷ്ടാവായ അല്ലാഹുവിലുള്ള വിശ്വാസത്തിലേക്ക് അവനെ അത് നയിക്കുന്നതും, അല്ലാഹുവിൻെറ ആജ്ഞക്കൊത്ത് ജീവിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നതുമാകുന്നു. ഇതാണ് ഈ വചനങ്ങൾ ഒന്നാമതായി മനുഷ്യനെ ഉണർത്തുന്നത്.

ഹിജ്റ വർഷത്തിന് 13 കൊല്ലം മുമ്പ്-ക്രിസ്താബ്ദം 610ൽ-റമസാൻ മാസത്തിലെ ഒരു പുണ്യദിനത്തിലാണ് ഖുർആൻെറ അവതരണമാരംഭിച്ചത്. ഈ ദിവസം ഏതായിരുന്നുവെന്ന് ഖണ്ഡിതമായി പറയുക സാദ്ധ്യമല്ല. അന്ന് റമസാൻ 17 ആയിരുന്നുവെന്നാണ് ചില മഹാൻമാർ പറയുന്നത്. അത് ജൂലായ് മാസത്തിലാണെന്നും ഫിബ്രവരി മാസത്തിലാണെന്നും രണ്ട് പക്ഷമുണ്ട്. الله اعلم

നബി (ﷺ) തിരുമേനി 'ഉമ്മിയ്യ്'-എഴുത്തും വായനയും അറിയാത്ത ആൾ- ആയിരുന്നു. അവിടുത്തെ ജനതയും 'ഉമ്മി'കൾ തന്നെ. വേദഗ്രന്ഥങ്ങളുമായി അവർക്ക് യാതൊരു പരിചയവുമില്ല. എന്നിരിക്കെ, ഖുർആൻ ഒരേ പ്രാവശ്യം ഒന്നായി അവതരിപ്പിക്കപ്പെടുന്ന പക്ഷം, അവർക്ക്-നബി (ﷺ)ക്കു തന്നെയും - അത് പല വിഷമങ്ങൾക്കും കാരണമാകുമല്ലോ. ക്രമേണ ആവശ്യവും സന്ദർഭവും അനുസരിച്ച് അവതരിച്ചുകൊണ്ടിരിക്കുമ്പോൾ, എല്ലാവർക്കും അത് ഗ്രഹിക്കുവാനും പഠിക്കുവാനും കൂടുതൽ സൗകര്യപ്രദമായിരിക്കുന്നതാണ്. പ്രവാചകത്വം സിദ്ധിച്ചതിന് ശേഷം ആദ്യത്തെ 13 കൊല്ലം സ്വദേശമായ മക്കായിലും അനന്തരം 10 കൊല്ലം മദീനായിലുമാണ് നബി (ﷺ) ജീവിച്ചത്. നബി (ﷺ) മക്കയിൽ വസിച്ചിരുന്ന കാലത്താണ് മിക്ക സൂറത്തുകളും അവതരിച്ചിട്ടുള്ളത്. മക്കായിൽ അവതരിച്ച സൂറത്തുകൾക്ക് 'മക്കിയ്യ' എന്നും മദീനായിൽ അവതരിച്ച സൂറത്തുകൾക്ക് 'മദനിയ്യ' എന്നും പറയുന്നു. തൗഹീദ് (ഏക ദൈവ വിശ്വാസം), പരലോക വിശ്വാസം, മരണാനന്തര ജീവിതം, പ്രവാചകത്വം, ഖുർആൻെറ സത്യത ആദിയായ മൗലിക സിദ്ധാന്തങ്ങളാണ് മക്കീ സൂറത്തുകളിൽ പ്രധാനമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. കർമ്മാനുഷ്ഠാനങ്ങൾ, സാമുദായികവും സാമൂഹ്യവുമായ കടമകൾ മുതലായവയെ സ്പർശിക്കുന്ന മതവിധികൾ മദനീ സൂറത്തുകളിലാണ് മിക്കവാറും പ്രതിപാദിക്കപ്പെടുന്നത്. ഈ രണ്ട് വിഭാഗങ്ങൾക്കിടയിൽ ശൈലിയിലും, സ്വരത്തിലും സാമാന്യം വ്യത്യാസങ്ങൾ കാണാവുന്നതാണ്. വിഷയ വ്യത്യാസങ്ങൾക്ക് പുറമെ മക്കായിലും മദീനായിലുമുള്ള ജനങ്ങളുടെ പരിതഃസ്ഥിതികളും അതിന്ന് കാരണമായിരിക്കും. ഖുർആനിലെ 2, 3, 4, 5, 8, 9, 22, 24, 33, 47, 48, 49, 57, 58, 59, 60, 61, 62, 63, 64, 65, 66, 110 എന്നീ ഇരുപത്തിമൂന്ന് സൂറത്തുകൾ (13, 55, 76, 98, 99 എന്നീ സൂറകളും മദനിയാണെന്ന് അഭിപ്രായമുണ്ട്.) *

* മദനീ വിഭാഗത്തിൽപെട്ടവയാകുന്നു. ബാക്കിയെല്ലാം മക്കീ സൂറത്തുകളത്രെ.

'എന്തുകൊണ്ടാണ്, ഇവന്ന് ഖുർആൻ ഒട്ടാകെ ഒന്നായി ഇറക്കപ്പെടാത്തത്?!' എന്ന് മുശ്രിക്കുകൾ ആക്ഷേപിച്ചതിന് അല്ലാഹു മറുപടി പറഞ്ഞത് ഇപ്രകാരമാണ്: ''അതെ, അങ്ങിനെ (പല പ്രാവശ്യമായി) ത്തന്നെയാണ് അവതരിക്കുന്നത്. നിൻെറ (നബിയുടെ) ഹൃദയത്തിന് സ്ഥൈര്യം നൽകുവാൻ വേണ്ടിയാണത്. ശരിക്ക് സാവകാശം അനുക്രമം അതിനെ നാം ഓതിത്തരുകയാണ്'' (സൂ: ഫുർഖാൻ: 32) മറ്റൊരു സ്ഥലത്ത് പറഞ്ഞത് ഇങ്ങിനെയാകുന്നു: ''സാവധാനത്തിലായി ജനങ്ങൾക്ക് നീ ഓതിക്കൊടുക്കുവാൻ വേണ്ടി ഖുർആനെ നാം ഭാഗങ്ങളായി വേർതിരിച്ചിരിക്കുകയാണ്'' (ബനൂ: ഇസ്റാഈൽ 106.)

ഒരു വേദഗ്രന്ഥമോ, പ്രവാചകത്വമോ ലഭിച്ചേക്കാമെന്ന പ്രതീക്ഷയാലോ ലഭിക്കുവാനുള്ള ആഗ്രഹത്താലോ, അല്ലെങ്കിൽ അതിനുള്ള പരിശ്രമമായോ ഒന്നും തന്നെയായിരുന്നില്ല നബി (ﷺ) ഹിറാഗുഹയിൽപോയി ഏകാന്തവാസം അനുഷ്ഠിച്ചുവന്നത്. പരിശ്രമം, പരിശീലനം, ആഗ്രഹം, സൽക്കർമ്മം, ആത്മസംയമനം ആദിയായ ഏതെങ്കിലും ഒന്നിൻെറ ഫലമായി നേടുവാൻ കഴിയുന്ന ഒരു കാര്യമല്ല നുബുവ്വത്തും, രിസാലത്തും (പ്രവാചകത്വവും, ദിവ്യദൗത്യവും). അല്ലാഹു ഉദ്ദേശിക്കുന്നവർക്ക്-അവൻ ഉദ്ദേശിക്കുമ്പോൾ-അവൻ അത് കൊടുക്കുന്നു. അത്രമാത്രം. പക്ഷേ, അവൻ ഉദ്ദേശിക്കുന്നവരെ അവൻ അതിനായി തിരഞ്ഞെടുക്കുകയും, അവരറിയാതെത്തന്നെ അതിനവരെ പാകപ്പെടുത്തിക്കൊണ്ട് വരുകയും ചെയ്യുന്നു. അതിനാവശ്യമായ പരിശുദ്ധിയും, പരിശീലനവുമെല്ലാം അവൻ അവരിൽ സംജാതമാക്കുകയും ചെയ്യും. സീനാ താഴ്വരയിൽവെച്ച് മൂസാ (അ) നബിക്ക് ദിവ്യദൗത്യം ലഭിച്ച അവസരത്തിൽ അല്ലാഹുവിൻെറ തിരുവചനങ്ങൾ കേൾക്കുവാനുള്ള മഹാഭാഗ്യം അദ്ദേഹത്തിനുണ്ടായല്ലോ. ഈ അവസരത്തിൽ-അദ്ദേഹത്തിന് അല്ലാഹു നൽകിയിട്ടുള്ള ചില അനുഗ്രഹങ്ങളെ എടുത്തു പറഞ്ഞ കൂട്ടത്തിൽ-അല്ലാഹു പറയുന്നത് നോക്കുക: **ثم جئت على قدر يا موسى واصطنعتك لنفسى** അതായത്, മേൽപറഞ്ഞ വിധത്തിലെല്ലാം ഞാൻ നിന്നെ പരീക്ഷണം നടത്തിയ ശേഷം മുൻകൂട്ടിയുള്ള എൻെറ നിശ്ചയമനുസരിച്ച് നീ ഇവിടെ വന്നിരിക്കുകയാണ്. എൻെറ ദൗത്യനിർവ്വഹണത്തിനായി ഞാൻ നിന്നെ തിരഞ്ഞെടുത്ത് ശരിപ്പെടുത്തിയിരിക്കയാണ്. (ത്വാഹാ: 40, 41)

ലോകജനത പൊതുവിലും, സ്വജനങ്ങൾ പ്രത്യേകിച്ചും അജ്ഞാനാന്ധകാരത്തിൽ മുഴുകി നട്ടംതിരിഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചകണ്ട് സഹിക്കവയ്യാതെ, അവരെ സത്യത്തിൻെറയും, സൻമാർഗ്ഗത്തിൻെറയും പ്രകാശത്തിലേക്ക് കൊണ്ടുവരുവാനുള്ള മാർഗ്ഗം അന്വേഷിച്ചുകൊണ്ടും, അതിന് വേണ്ടുന്ന ദിവ്യപ്രകാശം തേടിക്കൊണ്ടുമായിരുന്നു നബി (ﷺ) ഹിറാഗുഹയിൽ ഏകാന്തവാസം നടത്തിയിരുന്നത് എന്ന് ചിലയാളുകൾ ധരിച്ചുവശായിട്ടുണ്ട്. പ്രവാചകത്വത്തിൻെറ പാവനത്വം കളങ്കപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ഇസ്ലാമിൻെറ ശത്രുക്കളായ ചില പാശ്ചാത്യരിൽനിന്നും മറ്റുമാണ് ഈ ജൽപനം ഉടലെടുത്തിട്ടുള്ളത്. പരമാർത്ഥം മനസ്സിലാക്കാതെ ചില മുസ്ലിംകളും അത് ഏറ്റുപാടാറുണ്ട്. സൽക്കർമ്മം, ആത്മശുദ്ധി, സ്വഭാവ സംസ്കരണം, ദൈവഭക്തി ആദിയായ ഗുണങ്ങൾ നിമിത്തം ലഭ്യമാകുന്ന ഒന്നാണ് പ്രവാചകത്വം എന്ന് സ്ഥാപിത താൽപര്യക്കാരായ ചില പിഴച്ച കക്ഷികളും സമർത്ഥിക്കുന്നത് കാണാം. കേൾക്കുന്ന മാത്രയിൽ ആകർഷകമായി തോന്നിപ്പോകുന്ന ഈ രണ്ട് അഭിപ്രായങ്ങളും- നബി (ﷺ) തിരുമേനി പ്രവാചകത്വത്തിനായി ആഗ്രഹിക്കുകയോ പരിശ്രമിക്കുകയോ ചെയ്തിരുന്നുവെന്നും, പ്രവാചകത്വം മനുഷ്യൻെറ പരിശ്രമം കൊണ്ട് സാധിക്കുന്ന ഒന്നാണെന്നുമുള്ള വാദങ്ങൾ-യഥാർത്ഥം അറിയാത്ത ശുദ്ധഗതിക്കാരായ പലരെയും വഞ്ചിതരാക്കുന്നതിൽ അത്ഭുതമില്ല. വാസ്തവമാകട്ടെ, ഈ രണ്ടഭിപ്രായവും തനി

അബദ്ധവും അസംബന്ധവുമാകുന്നു. ഖുർആൻ അവയെ വ്യക്തമായി ഖണ്ഡിച്ചിരിക്കുകയാണ്. അല്ലാഹു പറയുന്നത് നോക്കുക:

(١) ما كنت تدرى ما الكتاب ولا الايمان ولكن جعلناه نورانهدى به من نشاء من عبادنا – الشورى
(٢) وما كنت ترجوا ان يلقى اليك الكتاب الا رحمة من ربك فلا تكونن ظهيرا للكافرين – القصص
انك لاتهدى من احببت ولكن الله يهدى به من يشاء – القصص

സാരം: [1] വേദഗ്രന്ഥമെന്താണെന്നോ, സത്യവിശ്വാസമെന്താണെന്നോ നിനക്ക് അറിയുമായിരുന്നില്ല. എങ്കിലും നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുകയാണ്. നമ്മുടെ അടിയാന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം അതുകൊണ്ട് മാർഗ്ഗദർശനം നൽകുന്നു- ശൂറാ 52. [2] നിനക്ക് വേദഗ്രന്ഥം നൽകപ്പെടുമെന്ന് നീ പ്രതീക്ഷിക്കുന്നുണ്ടായിരുന്നില്ല. പക്ഷേ, നിൻെറ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു കാരുണ്യമായിട്ടത്രെ [അത് നൽകപ്പെട്ടത്] ആകയാൽ നീ അവിശ്വാസികൾക്ക് പിന്തുണ നൽകുന്നവനായിത്തീരരുത്. - ഖസ്വസ്. 86. [3] നിശ്ചയമായും നീ ഇഷ്ടപ്പെട്ടവർക്ക് നീ മാർഗ്ഗദർശനം നൽകുന്നതല്ല. എങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ മാർഗ്ഗദർശനം നൽകുന്നു. - ഖസ്വസ് 56.

നബിമാർക്ക് പ്രവാചകത്വം ലഭിക്കാറുള്ളത് സാധാരണ 40 വയസ്സാകുമ്പോഴാണ്. എന്നാൽ, ഇതൊരു സാർവ്വത്രികമായ നിയമമാണെന്നു പറയാവതല്ല. യഹ്‌യാ നബി (അ) യെപ്പറ്റി واتيناه الحكم صبيا (ശിശുവായിരിക്കെ അദ്ദേഹത്തിന് നാം 'ഹുക്മു' കൊടുത്തു.) എന്ന് സൂറ: മർയമിൽ കാണാം. 'ഹുക്മു' കൊണ്ടുദ്ദേശ്യം പ്രവാചകത്വമാണെന്നും, വിജ്ഞാനമാണെന്നും ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ട് പക്ഷമുണ്ട്. ഉണ്ടായിരുന്നാലും, അദ്ദേഹം ശിശുവായിരിക്കെത്തന്നെ ഒരു ജ്ഞാനിയായിക്കഴിഞ്ഞിട്ടുണ്ട്. ജനനം കഴിഞ്ഞ ഉടനെത്തന്നെ ഈസാ (അ), തൊട്ടിലിലായിരിക്കെ, ജനങ്ങളോട് സംസാരിച്ചതും സൂറ: മർയമിൽ കാണാം. അതിൽ وجعلنى نبيا (എന്നെ അവൻ-അല്ലാഹു-പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.) എന്നും പറഞ്ഞിട്ടുണ്ട്. അന്ന് അദ്ദേഹം പ്രവാചകനായിക്കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. ഭാവിയെക്കുറിച്ചുള്ള ഒരു പ്രവചനമായിരുന്നു അത്. പരിശ്രമംകൊണ്ടോ മറ്റോ ലഭിക്കുന്ന ഒന്നായിരുന്നു പ്രവാചകത്വമെങ്കിൽ ഈ വാക്കിന് വിശേഷിച്ച് അർത്ഥമില്ലല്ലോ. ചുരുക്കത്തിൽ, അല്ലാഹു പറഞ്ഞതുപോലെ, "തൻെറ ദൗത്യം എവിടെയാണ് ഏർപ്പെടുത്തേണ്ടതെന്ന് അല്ലാഹുവിന്ന് നല്ലപോലെ അറിയാം" (الله اعلم حيث يجعل رسالته –الا نعام ١٢٤) അതിൽ മറ്റാർക്കും പങ്കോ അഭിപ്രായമോ ഇല്ല. "അല്ലാഹു മലക്കുകളിൽ നിന്ന് ദൂതന്മാരെ തിരഞ്ഞെടുക്കുന്നു, മനുഷ്യരിൽ നിന്നും. നിശ്ചയമായും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും കാണുന്നവനുമാകുന്നു".

(الله يصطفى من الملئكة رسلا ومن الناس ان الله سميع بصير – الحج : ٧٥)

നബി (ﷺ) തിരുമേനിക്ക് ഖുർആൻ മാത്രമല്ല അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. മറ്റനേകം വഹ്‌യുകളും (ദൈവിക സന്ദേശങ്ങളും) ലഭിക്കാറുണ്ടായിരുന്നു. ഒരു ഹദീസിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: الا وانى او تيت القرأن ومثله معه – ابوداود (അറിഞ്ഞേക്കുക; എനിക്ക് ഖുർആനും അതോടുകൂടി അത്ര-വേറെ-യും നൽകപ്പെട്ടിരിക്കുന്നു.) മറ്റൊരു ഹദീസിൽ, തിരുമേനി ചെയ്ത വിധിവിലക്കുകളെ ചൂണ്ടിക്കൊണ്ട് അവിടുന്ന് ഇങ്ങിനെ പറയുന്നു: وانها لمثل القرأن اواكثر – ابوداود (അവ ഖുർആനോളമോ, അല്ലെങ്കിൽ അതിനേക്കാൾ അധികമോ ഉണ്ടായിരിക്കും.) ആകയാൽ, 'വഹ്‌യ്' എന്നു പറയുന്നതിൽ ഖുർആനും ഖുർആനല്ലാത്തതും ഉൾപ്പെടുന്നു.

നബി വചനങ്ങളിൽ നിന്ന് മാത്രമല്ല, പല ഖുർആൻ വചനങ്ങളിൽ നിന്നും ഈ വാസ്തവം മനസ്സിലാക്കാം. നബി (ﷺ) യോടായി അല്ലാഹു പറയുന്നു: وانزل الله عليك الكتاب والحكمة (النساء ١١٣) (അല്ലാഹു നിനക്ക് വേദഗ്രന്ഥവും ഹിക്മത്തും-വിജ്ഞാനവും- ഇറക്കിത്തന്നിരിക്കുന്നു.) സത്യവിശ്വാസികളോട് അല്ലാഹു പറയുന്നു: واذكروا نعمة الله عليكم وما انزل عليكم من الكتاب والحكمة – البقرة . (٢٣١) (നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹവും, വേദഗ്രന്ഥത്തിൽനിന്നും വിജ്ഞാനത്തിൽ നിന്നുമായി നിങ്ങൾക്ക് അവൻ ഇറക്കിത്തന്നതും നിങ്ങൾ ഓർമ്മിക്കുവിൻ.) പ്രവാചകന്മാരോട് അല്ലാഹു വാങ്ങിയിട്ടുള്ള ഒരു കരാറിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: لما اتيتكم من كتاب وحكمة ثم جاءكم رسول ..... ال عمران : ٨١ (വേദഗ്രന്ഥമായോ വിജ്ഞാനമായോ ഞാൻ നിങ്ങൾക്ക് വല്ലതും നൽകുകയും, പിന്നീട് നിങ്ങളുടെ വശമുള്ളതിനെ സത്യമാക്കുന്ന ഒരു റസൂൽ നിങ്ങളിൽ വരുകയും ചെയ്താൽ നിശ്ചയമായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ സഹായിക്കുകയും വേണം.) നബി (ﷺ) തിരുമേനിയുടെ ദൗത്യോദ്ദേശ്യം വിവരിക്കുന്ന മദ്ധ്യേ അല്ലാഹു പറയുന്നു: ويعلمهم الكتاب والحكمة – الجمعة (അദ്ദേഹം അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കും.)

ഖുർആൻ മാത്രമല്ല, അതിനു പുറമെ ഹിക്മത്താകുന്ന വിജ്ഞാനങ്ങളും അല്ലാഹു നബി (ﷺ)ക്കു ഇറക്കിക്കൊടുക്കുകയും, വഹ്‌യു നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഇതിൽ നിന്നെല്ലാം സ്പഷ്ടമാണല്ലോ. നബിമാർക്കെല്ലാം ദൈവിക സന്ദേശങ്ങളാകുന്ന വഹ്‌യു ലഭിക്കുന്നത് മലക്കു മുഖാന്തരവും അല്ലാതെയും ഉണ്ടാകാറുണ്ട് എന്ന് താഴെ പ്രസ്താവിക്കുന്നതിൽ നിന്ന് മനസ്സിലാക്കാം. ഇന്ന തരത്തിൽ പെട്ട വഹ്‌യുകൾ മലക്കു മുഖാന്തരവും, അല്ലാത്തവ മറ്റു പ്രകാരത്തിലുമാണ് ലഭിക്കുക എന്നൊരു വിഭജനമോ, വിശദീകരണമോ ഖുർആനിലും ഹദീസിലും ഇല്ലതാനും. പക്ഷേ, ഖുർആൻ അവതരിച്ചത് ജിബ്‌രീൽ (അ) എന്ന മലക്ക് മുഖാന്തരമാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. വഹ്‌യുമായി വരുന്ന മലക്ക് അദ്ദേഹമാണ്. എന്നാൽ, ഖുർആൻ മാത്രമാണ്-അല്ലെങ്കിൽ വേദഗ്രന്ഥങ്ങൾ മാത്രമാണ്-ജിബ്‌രീൽ (അ) മുഖാന്തരം അവതരിച്ചിട്ടുള്ളതെന്നും, വേദഗ്രന്ഥത്തിന് പുറമെയുള്ള വിജ്ഞാനങ്ങളൊന്നും മലക്ക് മുഖാന്തരം ലഭിച്ച വഹ്‌യുകളല്ലെന്നും മറ്റും ചില വക്രതാൽപര്യക്കാർ ജൽപിക്കാറുണ്ട്. ഇത് വാസ്തവ വിരുദ്ധവും, താൽപര്യപൂർവ്വം കെട്ടിച്ചമയ്ക്കപ്പെട്ട ഒരു കള്ളവാദവുമാകുന്നു. വേദഗ്രന്ഥം എത്തിച്ചുകൊടുക്കുകയെന്ന ആവശ്യാർത്ഥമല്ലാതെതന്നെ നബിമാരുടെ അടുക്കൽ മലക്കു വരാറുണ്ടെന്ന് ഖുർആനിൽനിന്നും ഹദീസിൽ നിന്നും ശരിക്കും ഗ്രാഹ്യമാണ്.

സ്വകാര്യമായി വിവരമറിയിക്കുക എന്നാണ് ഭാഷയിൽ ‘വഹ്‌യി’ൻെറ അർത്ഥം. അല്ലാഹുവിൽനിന്ന് നബിമാർക്ക് ലഭിക്കുന്ന സന്ദേശങ്ങൾക്കാണ് സാധാരണ ‘വഹ്‌യ്’ എന്ന് പറയുന്നത്. വഹ്‌യിൻെറ ഇനങ്ങൾ പലതുണ്ട്. നബി (ﷺ) ക്ക് വഹ്‌യു ലഭിക്കുന്നത് എങ്ങിനെയാണെന്ന് ചോദിക്കപ്പെട്ടപ്പോൾ, അവിടുന്ന് നൽകിയ മറുപടി ഇപ്രകാരമായിരുന്നു: “ചില സന്ദർഭങ്ങളിൽ മണിയടിക്കുന്ന (‘ചലചല’) ശബ്ദം പോലെയാണ് അതെനിക്കു വരിക. അതാണ്, എനിക്ക് കൂടുതൽ ഭാരമായിട്ടുള്ളത്. അങ്ങനെ അത് തീരുമ്പോഴേക്ക് അദ്ദേഹം (മലക്ക്) പറഞ്ഞുതന്നത് ഞാൻ പാഠമാക്കിയിട്ടുണ്ടാകും. ചിലപ്പോൾ, ഒരു മനുഷ്യരൂപത്തിൽ മലക്ക് എനിക്കു പ്രത്യക്ഷപ്പെട്ട് എന്നോട് സംസാരിക്കും. അങ്ങനെ, അദ്ദേഹം

പറയുന്നത് ഞാൻ പഠിക്കും''. ആയിശാ (ﷺ) പറയുകയാണ്: ''കഠിനമായ തണുപ്പുള്ള ദിവസം തിരുമേനിക്ക് വഹ്‌യു വരുമ്പോൾ, അത് തീരുമ്പോഴേക്കും അവിടുത്തെ നെറ്റി വിയർപ്പു പൊടിയുന്നതായി ഞാൻ കണ്ടിട്ടുണ്ട്.'' (ബുഖാരി, മുസ്‌ലിം) തിരുമേനി വാഹനപ്പുറത്തായിരിക്കെ വഹ്‌യ് വരുമ്പോൾ, അതിൻെറ ഭാരം നിമിത്തം, വാഹനം നിലംപതിക്കാറായിപ്പോകുമെന്നും ഹദീസുകളിൽ വന്നിരിക്കുന്നു.

എന്താണ് ഈ ഭാരം? മണി അടിക്കുന്ന ശബ്ദം എങ്ങിനെ ഉണ്ടാകുന്നു? അതിൽ നിന്ന് എങ്ങിനെയാണ് തിരുമേനിക്ക് കാര്യം മനസ്സിലാവുക? എന്നീ ചോദ്യങ്ങൾക്കൊന്നും മറുപടി പറയുക നമുക്ക് സാദ്ധ്യമല്ല. ആത്മീയ ലോകത്തിനും, ഭൗതികലോകത്തിനുമിടയ്ക്ക്, അഥവാ ദിവ്യലോകത്തിനും, മനുഷ്യലോകത്തിനുമിടയ്ക്ക് നടക്കുന്ന ഒരു വാർത്താബന്ധമാണത്. അതിനെപ്പറ്റി അല്ലാഹുവും, അവൻെറ റസൂലും പറഞ്ഞുതന്നത് മാത്രം മസ്സിലാക്കുവാനേ നമുക്ക് നിവൃത്തിയുള്ളു. അത് നാം വിശ്വസിക്കുകയും വേണം. മേൽകണ്ട രൂപങ്ങൾക്ക് പുറമെ, ചിലപ്പോൾ സ്വപ്നങ്ങൾ വഴിയും, മറ്റു ചിലപ്പോൾ ഹൃദയത്തിൽ തോന്നിപ്പിക്കുക വഴിയും വഹ്‌യു ലഭിക്കാറുള്ളതായി ഹദീസുകളിൽ വന്നിട്ടുണ്ട്. മലക്ക് മുഖേനയുള്ള വഹ്‌യിനെക്കുറിച്ചാണ് മേൽ ഉദ്ധരിച്ച ഹദീസിൽ പ്രസ്താവിച്ചിരിക്കുന്നത്. നബിമാർക്ക് ദിവ്യസന്ദേശങ്ങൾ ലഭിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റി ഖുർആൻ ഇപ്രകാരം പറയുന്നു:

وما كان لبشر ان يكلمه الله الا وحيا او من وراىٔ حجاب او يرسل رسولا فيوحى باذنه ما يشآء –لشورى: ٥١

(വഹ്‌യായിട്ടോ- ബോധനമായിട്ടോ- അല്ലെങ്കിൽ, ഒരു മറയുടെ അപ്പുറത്ത് നിന്നായിട്ടോ, അല്ലെങ്കിൽ, ഒരു ദൂതനെ (മലക്കിനെ) അയച്ചു അദ്ദേഹം തൻെറ -അല്ലാഹുവിൻെറ- അനുവാദപ്രകാരം വഹ്‌യ് നൽകുകയായിട്ടോ അല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുന്നതല്ല). അല്ലാഹു സഹായിച്ചാൽ ശൂഅറാഉ്, ശൂറാ എന്നീ സൂറത്തുകളിലും മറ്റും ഇതിനെപ്പറ്റി കൂടുതൽ വിവരിക്കുന്നതാണ്.

മലക്ക് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ടെന്ന് ഹദീസിൽ കണ്ടുവല്ലോ. വളരെ സുന്ദരനും, സുമുഖനുമായിരുന്ന ദഹിയ്യത്തുൽ കൽബീ (دحية الكلبى –رض) എന്ന സഹാബിയുടെ രൂപത്തിൽ ജിബ്‌രീൽ (അ) വന്നിരുന്നതായും, മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ചില സന്ദർഭങ്ങളിൽ സഹാബികൾ ആ 'മനുഷ്യനെ' കണ്ടിട്ടുള്ളതായും, അദ്ദേഹത്തിൻെറ സംസാരം കേട്ടതായും ഹദീസുകളിൽ വന്നിരിക്കുന്നു. പക്ഷേ, പിന്നീട് നബി (ﷺ) അവർക്ക് പറഞ്ഞുകൊടുത്തതിനു ശേഷമേ അത് മലക്കായിരുന്നുവെന്ന് അവർ അറിഞ്ഞിരുന്നുള്ളു. മേൽപറഞ്ഞതെല്ലാം സാങ്കേതികാർത്ഥത്തിലുള്ള വഹ്‌യിൻെറ ഇനങ്ങളെപ്പറ്റിയാകുന്നു. തേനീച്ചക്ക് വഹ്‌യ് നൽകി (واوحى ربك الى النحل) എന്നും മറ്റും ഖുർആനിൽ വന്നിട്ടുള്ളത് ഭാഷാർത്ഥത്തിലുള്ള വഹ്‌യിൻെറ ഉദാഹരണങ്ങളാണ്. ദൈർഘ്യഭയം നിമിത്തം കൂടുതൽ വിവരിക്കുന്നില്ല.

എന്തിനു വേണ്ടി അവതരിച്ചു?

ലോകരക്ഷിതാവായ അല്ലാഹു എന്താവശ്യാർത്ഥമാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളതെന്ന് സാമാന്യമായെങ്കിലും അറിയാത്ത ആളുകളുണ്ടായിരിക്കുമെന്ന് തോന്നുന്നില്ല. ഭൂലോകജനതയുടെ വിജയവും, മോക്ഷവുമാണ് അതിൻെറ ലക്ഷ്യമെന്ന് ഖുർആൻ അറിയാത്തവർ പോലും സമ്മതിക്കും. ഖുർആൻ, അതിൻെറ അവതരണോദ്ദേശ്യങ്ങളെക്കുറിച്ച് പല സ്ഥലങ്ങളിലും പ്രസ്താവിച്ചിരിക്കുന്നത് കാണാം. അവയിൽ ചിലതു ഇവിടെ ഉദ്ധരിക്കുന്നത്

സന്ദർഭോചിതമായിരിക്കും കൂടാതെത്തന്നെ, ഖുർആൻെറ ലക്ഷ്യങ്ങളെന്തൊക്കെയാണെന്ന് അതിൽനിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ആയത്തുകളുടെ മൂലങ്ങൾ മുസ്ഹഫ് നോക്കി യഥാസ്ഥാനങ്ങളിൽ നിന്ന് കണ്ടുപിടിക്കാം. അവയുടെ സാരം മാത്രം താഴെ ഉദ്ധരിക്കുന്നു:-

അല്ലാഹു പറയുന്നു:- ''ആ ഗ്രന്ഥം ഭയഭക്തൻമാർക്ക് മാർഗ്ഗദർശനം നൽകുന്നതാണ്.'' (അൽബഖറ: 2.) നബിയോടായി: ''നീ താക്കീത് നൽകുവാനും, സത്യവിശ്വാസികൾക്ക് ഉപദേശമായിക്കൊണ്ടും നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു.'' (അഅ്റാഫ് :2) മനുഷ്യരോടായി: ''നിങ്ങൾ ബുദ്ധി കൊടുത്ത് ചിന്തിക്കുവാൻ വേണ്ടിയാണ് അറബിഭാഷ യിലുള്ള ഖുർആൻ നാം ഇറക്കിയിരിക്കുന്നത്'' (യൂസുഫ്: 2). നബിയോടായി: ''മനുഷ്യരുടെ രക്ഷിതാവിൻെറ അനുവാദപ്രകാരം നീ ജനങ്ങളെ അന്ധകാരങ്ങളിൽനിന്നു പ്രകാശ ത്തിലേക്കു, പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിൻെറ പാതയിലേക്ക്, കൊണ്ടുവരുവാൻ വേണ്ടി നിനക്ക് നാം അവതരിപ്പിച്ച വേദഗ്രന്ഥമാണത്.'' (ഇബ്റാഹീം :1). 'നിശ്ചയമായും, ഈ ഖുർആൻ, ഏറ്റവും ചൊവ്വായതിലേക്ക് മാർഗ്ഗദർശനം നൽകുന്നു. സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലുതായ പ്രതിഫലമുണ്ടെന്ന്, അതവരെ സന്തോഷവാർത്തയറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്ത വർക്ക് വേദനയേറിയ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ടെന്നും.'' (ബനൂഇസ്റാഈൽ 9, 10.) നബിയോടായി: ''നീ ഇത് (ഖുർആൻ) മുഖേനഭയഭക്തന്മാർക്ക് സന്തോഷവാർത്ത അറിയി ക്കുവാനും, കുതർക്കികളായ ജനങ്ങളോട് താക്കീത് ചെയ്യുവാനും വേണ്ടിത്തന്നെയാണ് നാമിത് നിൻെറ ഭാഷയിൽ എളുപ്പമാക്കിത്തന്നിരിക്കുന്നത്'' (മർയം: 97). ''ഈ ഖുർആനിൽ മനുഷ്യർക്ക് (ആവശ്യമായ) സകല ഉപമകളും നാം വിവരിച്ചിരിക്കുന്നു'' (റൂം : 58). ''അത് ജീവസ്സുള്ളവരെ താക്കീത് ചെയ്യുവാനും, അവിശ്വാസികളുടെ മേൽ (ശിക്ഷയുടെ) വാക്യം സ്ഥിരപ്പെടുവാനും വേണ്ടിയുള്ള ഉപദേശവും സ്പഷ്ടമായ ഖുർആനും (പാരായണ ഗ്രന്ഥവും) അല്ലാതെ മറ്റൊന്നുമല്ല'' (യാസീൻ: 69, 70). ''നമസ്കാരം നിലനിർത്തുകയും, സക്കാത്ത് കൊടുക്കുകയും, പരലോകത്തിൽ ദൃഢവിശ്വാസം കൊള്ളുകയും ചെയ്യുന്ന സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും, സന്തോഷവാർത്തയുമാണ് ഖുർആനാകുന്ന വേദ ഗ്രന്ഥത്തിലെ സൂക്തങ്ങൾ ചെയ്യുന്നത്'' (നംല് : 1-3) നബിയോടായി: ''അവർ അതിൻെറ ആയത്തുകളെ ഉറ്റാലോചിക്കുവാനും, ബുദ്ധിമാന്മാർ ഓർമ്മവെക്കുവാനും വേണ്ടി നാം നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഒരു അനുഗൃഹീത ഗ്രന്ഥമാണത്.'' (സ്വാദ് : 29). നബി യോട്: ''ഖുർആനിൽനിന്നും നാം അവതരിപ്പിക്കുന്നത് സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളതാകുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ല'' (ബനൂഇസ്റാഈൽ : 82). ഇതുപോലെ ഇനിയും പല ഖുർആൻ വചനങ്ങൾ കാണാം.

സൂറത്തുൽ മാഇദ:യിൽ (46-48) തൗറാത്തിനെക്കുറിച്ച് പ്രസ്താവിച്ചശേഷം, ഈസാ(അ)നെ സംബന്ധിച്ചും ഇഞ്ചീലിനെ സംബന്ധിച്ചും مصدقا لما بين يديه من التوراة ഇതിനു മുമ്പുള്ള തൌറാത്തിനെ സത്യമെന്ന് സ്ഥാപിക്കുന്നത് എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് കാണാം. ഇഞ്ചീലിനെപ്പറ്റി وهدى وموعظة للمتقين (ഭയഭക്തന്മാർക്ക് മാർഗ്ഗദർശനവും, സദുപദേ ശവും) എന്നും പ്രസ്താവിച്ചിരിക്കുന്നു. പിന്നീട് തുടർന്നുകൊണ്ട് ഖുർആനെപ്പറ്റി നബി (ﷺ)യോട് അല്ലാഹു ഇങ്ങിനെ പറയുന്നു:-

وانزلنا اليك الكتاب بالحق مصدقا لما بين يديه من الكتاب ومهيمنا عليه فاحكم بينهم بما انزل الله ولاتتبع اهواء هم عما من الحق لكل جعلنا منكم شرعة ومنهاجا......– المائدة ٤٦–٤٨

(ഇതിന് മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ സത്യമെന്ന് സ്ഥാപിക്കുന്നതായും, അതില്‍ മേല നോട്ടം നടത്തുന്നതായുംകൊണ്ട് നാം നിനക്ക് സത്യസമേതം വേദഗ്രന്ഥം (ഖുർആൻ) ഇറക്കിത്തന്നിരിക്കുന്നു. അതിനാല്‍ അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് നീ അവർക്കിടയില്‍ വിധി കല്‍പിക്കണം. നിനക്ക് വന്നിട്ടുള്ള സത്യത്തെവിട്ട് അവരുടെ തന്നിഷ്ടങ്ങളെ നീ പിന്‍ പറ്റിപ്പോകരുത്. നിങ്ങളില്‍ ഓരോ കൂട്ടർക്കും ഓരോ നടപടിക്രമവും. പദ്ധതിയും നാം ഏർപ്പെടുത്തിയിട്ടുണ്ട്...) അപ്പോള്‍, ഇഞ്ചീലും ഈസാ നബി (അ)യും അതിന് മുമ്പുള്ള വേദ ഗ്രന്ഥമായ തൗറാത്തിന്റെ സത്യത സ്ഥാപിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. അതുപോലെ, ഖുർആൻ അതിന് മുമ്പുള്ള എല്ലാ വേദഗ്രന്ഥങ്ങളെയും സത്യപ്പെടു ത്തുന്നുണ്ട്. അതേ സമയത്ത് അവയുടെയെല്ലാം ഒരു മേലന്വേഷണം കൂടി ഖുർആൻ നട ത്തുന്നുവെന്ന് ഇതില്‍നിന്ന് സ്പഷ്ടമാകുന്നു. മുന്‍വേദക്കാർ അവരുടെ വേദഗ്രന്ഥങ്ങളില്‍ കൈകടത്തിയിട്ടുള്ള ഭാഗങ്ങള്‍ ചൂണ്ടിക്കാട്ടുക, അതതു കാലത്തെ പരിതഃസ്ഥിതിക്കനു സരിച്ചുമാത്രം നടപ്പാക്കപ്പെട്ടിരുന്ന നിയമങ്ങളും, അനുഷ്ഠാനമുറകളും ദുർബ്ബലപ്പെടുത്തി അതിന്ന് പകരം സുസ്ഥിരവും കൂടുതല്‍ പ്രായോഗികവുമായ നിയമാനുഷ്ഠാനങ്ങള്‍ നട പ്പില്‍ വരുത്തുക മുതലായവയാണ് ഇതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്.

മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളില്‍നിന്ന് ഖുർആന്റെ അവതരണോദ്ദേശ്യം നല്ല പോലെ ഗ്രഹിക്കാം. ഒന്ന് രണ്ട് സംഗതികള്‍ ഇവിടെ പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അതാ യത്: ബുദ്ധിയും, ശ്രദ്ധയും കൊടുത്ത് ചിന്തിക്കുവാനും, മനസ്സമാധാനവും, ബോദ്ധ്യവും വന്നാല്‍ പഴയതെല്ലാം വിട്ട് ഖുർആന്റെ മാർഗ്ഗദർശനം നിരുപാധികം സ്വീകരിക്കുവാനും തയ്യാറുള്ളവർക്ക് മാത്രമേ ഖുർആൻ ഫലം ചെയ്കയുള്ളു. സത്യം സ്വീകരിക്കുവാനും, നിഷ്പക്ഷമായി ചിന്തിക്കുവാനും തയ്യാറില്ലാത്തവർക്ക് ഖുർആൻ അനുഗ്രഹമായിത്തീരു ന്നതല്ല. നേരെമറിച്ച് കൂടുതല്‍ നാശനഷ്ടത്തിന് അത് വഴിവെക്കുന്നതുമാണ്. ഒരു ഹദീസില്‍ നബി(ﷺ) ഈ വസ്തുത ഇങ്ങിനെ ചൂണ്ടിക്കാട്ടുന്നു. ''നിശ്ചയമായും, ഈ വേദഗ്രന്ഥം മുഖേന അല്ലാഹു ചില ജനങ്ങളെ ഉയർത്തിവെക്കുകയും, വേറെ ചില ജനങ്ങളെ താഴ്ത്തി വെക്കുകയും ചെയ്യുന്നു:''

(ان الله يرفع بهذا الكتاب اقواما ويضع به اخرين–مسلم)

ഗ്രന്ഥരൂപത്തിലാക്കിയതും ക്രമീകരണവും

സന്ദർഭങ്ങള്‍ക്കനുസരിച്ച് കുറേശ്ശയായി 23 കൊല്ലംകൊണ്ടാണ് ഖുർആന്റെ അവത രണം പൂർത്തിയായതെന്ന് പറഞ്ഞുവല്ലോ. ഒരിക്കല്‍ അവതരിച്ച ഭാഗത്തിന്റെ തുടർന്നുള്ള ഭാഗം തന്നെ അടുത്ത പ്രാവശ്യം അവതരിച്ചു കൊള്ളണമെന്നില്ലെന്നും, ആദ്യം തൊട്ട് അവസാനംവരെ ഒരേ ക്രമത്തില്‍ അവതരിക്കാറില്ലെന്നും ഇതില്‍ നിന്ന് വ്യക്തമാണ്. അപ്പോള്‍ മുഴുവന്‍ ഭാഗവും അവതരിച്ചു തീരുന്നതിനുമുമ്പ് ഒരേ ഏടില്‍ അവ ക്രമപ്രകാരം രേഖപ്പെടുത്തിവെക്കുവാന്‍ സാധിക്കാതെയിരിക്കുന്നതും സ്വാഭാവികമാണ്. അതത് സമയത്ത് അവതരിക്കുന്ന ഭാഗം എഴുതിവെക്കുവാന്‍ നബി (ﷺ) തിരുമേനി അവിടുത്തെ എഴുത്തുകാരോട് കല്‍പ്പിക്കും. അവരത് എഴുതി സൂക്ഷിക്കുകയും ചെയ്യും. ഇന്നിന്നഭാഗം, ഇന്നിന്ന സൂറത്തിന്റെ ഇന്നിന്ന ഭാഗത്ത് ചേർക്കണമെന്ന് തിരുമേനി അവർക്ക് പ്രത്യേകം നിർദ്ദേശം കൊടുക്കുക പതിവായിരുന്നു. മക്കായിലായിരുന്നപ്പോഴും, മദീനായിലായിരുന്ന

പ്പോഴും തിരുമേനിക്ക് പല എഴുത്തുകാരുമുണ്ടായിരുന്നു. അങ്ങിനെ, അപ്പപ്പോൾ ലഭിക്കുന്ന വഹ്യുകൾ ഒന്നിലധികം ആളുകൾ എഴുതിവെക്കുമായിരുന്നു. എങ്കിലും, എല്ലാ ഭാഗവും കൂടി-ആദ്യം തൊട്ട് അവസാനംവരെ-ക്രമപ്രകാരം ഒരേ ഏടിൽ രേഖപ്പെടുത്തീട്ടുണ്ടായിരുന്നില്ല.

ഒരേ ഗ്രന്ഥത്തിൽ അത് ക്രോഡീകരിക്കപ്പെടാതിരുന്നതിന് ഇത് മാത്രമല്ല കാരണം. അക്കാലത്ത് എഴുതുവാനും, രേഖപ്പെടുത്തുവാനുമുള്ള ഉപകരണങ്ങളുടെയും, സൗകര്യങ്ങളുടെയും വിരളതയും അതിന് കാരണമാകുന്നു. ആയിരമോ, പതിനായിരമോ പുറങ്ങളുള്ള ഒരു പുസ്തകം തയ്യാറാക്കുവാൻ ഇന്ന് നമുക്ക് പ്രയാസമില്ല. കടലാസ്സിനും, മഷിക്കും, പണം ചിലവാക്കിയാൽ മതി. അക്കാലത്ത് എഴുതുവാനുള്ള ഉപകരണങ്ങൾ, ഈന്തപ്പനയുടെ വീതിയുള്ള മടൽ, മരക്കഷ്ണം, തോൽക്കഷ്ണം, കനം കുറഞ്ഞ കല്ല്, എല്ല് ആദിയായ കണ്ടം തുണ്ടം വസ്തുക്കളായിരുന്നു. അപ്പോൾ, ഖുർആൻെറ മുഴുവൻ ഭാഗമോ, ഏതാനും ഭാഗമോ എഴുതിവെച്ചിട്ടുള്ള ഒരാളുടെ പക്കൽ കേവലം ഒരു പുസ്തകമല്ല ഉണ്ടായിരിക്കുക. അതതു സമയത്ത് തരപ്പെട്ട് കിട്ടിയ ഇത്തരം ചില വസ്തുക്കളുടെ ശേഖരമായിരിക്കും. അതുകൊണ്ട് അവ ഒരു തലതൊട്ട് മറ്റേ തലവരെ ക്രമപ്പെടുത്തിവെക്കുവാൻ പ്രയാസവുമായിരിക്കും. ഖുർആൻ അല്ലാത്ത മറ്റു വല്ലതും-വഹ്യുകളാകട്ടെ, മറ്റു വിജ്ഞാനമൊഴികളാകട്ടെ-അക്കൂട്ടത്തിൽ കലർന്നു പിശകുപറ്റാതിരിക്കുവാനായി നബി (ﷺ) ആദ്യമേ തന്നെ നടപടി എടുത്തിരുന്നു. لاتكتبوا عنى شيئا غير القرآن – مسلم (ഖുർആനല്ലാത്തതൊന്നും എന്നിൽനിന്നും നിങ്ങൾ എഴുതിവെക്കരുത് എന്ന് തിരുമേനി അവരോട് ഉപദേശിച്ചിരുന്നു.)

ആവശ്യമായ കാര്യങ്ങൾ പുസ്തകങ്ങളിൽ കുറിച്ചുവെക്കുകയും, സന്ദർഭം നേരിടുമ്പോൾ അതു നോക്കി ഓർമ്മപുതുക്കുകയും ചെയ്യുക നമ്മുടെ സാധാരണ പതിവാണ്. എന്നാൽ, അറബികളുടെ സ്ഥിതി ഇതിൽനിന്ന് വ്യത്യസ്തമായിരുന്നു. എഴുത്തറിയുന്ന വ്യക്തികൾ വളരെ വിരളം. എഴുതുവാനുള്ള ഉപകരണങ്ങളും തൃപ്തികരമല്ല. കേട്ടതെല്ലാം അപ്പടി മനഃപാഠമാക്കുവാനും, വേണ്ടുമ്പോഴെല്ലാം അതു ഓർമ്മയിൽനിന്ന് ഉദ്ധരിക്കുവാനും അല്ലാഹു അവർക്കൊരു പ്രത്യേക കഴിവു തന്നെ കൊടുത്തിരുന്നു. ഇക്കാര്യത്തിൽ അക്കാലത്തു പ്രത്യേകിച്ചും അറബികൾക്കുള്ള വൈഭവം മറ്റേതു ജനതയേയും കവച്ചുവെക്കുമായിരുന്നു. ആയിരക്കണക്കിലുള്ള പദ്യങ്ങളും, നീണ്ടു നീണ്ട വാർത്തകളും അക്ഷരം തെറ്റാതെ പലരും സ്മൃതിപഥത്തിൽ സൂക്ഷിക്കുക പതിവാണ്. ആകയാൽ, ഖുർആൻ എഴുതിസൂക്ഷിച്ചിരുന്ന വ്യക്തികളെക്കാൾ എത്രയോ അധികം ആളുകൾ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കീട്ടുണ്ടായിരുന്നു.

ഹിജ്റ 4-ാം കൊല്ലത്തിൽ, നജ്ദിൻെറ ഭാഗത്തേക്ക് മതോപദേശാർത്ഥം നബി (ﷺ) എഴുപത് പേരെ അയക്കുകയും, ശത്രുക്കളുടെവഞ്ചനാപരമായ അക്രമം നിമിത്തം അവരിൽ ഒന്നോ, രണ്ടോ പേരൊഴിച്ച് ബാക്കിയുള്ളവരെല്ലാം ബീർമഊന: (بئر معونة) യിൽവെച്ച് കൊല്ലപ്പെടുകയുണ്ടായി. ഈ എഴുപത് പേരും ഖുർആൻ 'പാരായണക്കാർ' (القرأء) എന്ന പേരിൽ അറിയപ്പെടുന്നവരായിരുന്നു. ഇവരുടെ നഷ്ടത്തിൽ നബി (ﷺ) അത്യധികം വ്യസനിച്ചതും, ഒരു മാസത്തോളം നമസ്കാരത്തിൽ പ്രത്യേക പ്രാർത്ഥന (ഖുനൂത്ത്) നടത്തിയതും പ്രസിദ്ധമാണ്. അതുവരെ അവതരിച്ച ഖുർആൻ മിക്കവാറും മനഃപാഠമായി ഓതിവന്നിരുന്നതുകൊണ്ടാണ് അവർക്ക് ഖുർറാഅ് എന്ന് പേരുണ്ടായത്. ഈ സംഭവത്തിൽ

നിന്നുതന്നെ, ഖുർആൻ മനഃപാഠമാക്കിയിരുന്നവർ സഹാബികളിൽ ധാരാളമുണ്ടായിരുന്നു വെന്ന് വ്യക്തമാണല്ലോ. നബി (ﷺ) നമസ്കാരത്തിൽ വളരെ അധികം ഖുർആൻ ഓതാ റുണ്ടായിരുന്നു. ഇതു കേട്ടാണ് പലരും അതു പാഠമിട്ടിരുന്നത്. സമയം കിട്ടുമ്പോഴെല്ലാം ഖുർആൻ പാരായണം നടത്തലും, അതു കേൾക്കലും സഹാബികളുടെ പതിവുമായിരുന്നു. ഇങ്ങനെ, ലിഖിതങ്ങളിലും, ഹൃദയങ്ങളിലും ഖുർആൻെറ പൂർണ്ണഭാഗം പലരുടെയും വശം തയ്യാറുണ്ടായിരിക്കെയാണ് നബി (ﷺ) തിരുമേനിയുടെ വഫാത്തു (വിയോഗം) സംഭവിച്ചത്.

തിരുമേനിയുടെ വഫാത്തോടുകൂടി അറബികളിൽ പല ഗോത്രങ്ങളും ഇസ്‌ലാമിൽ നിന്നു അകന്നുപോയതും ഒന്നാം ഖലീഫ അബൂബക്കർ (رضي الله عنه) അവരുടെ നേരെ വമ്പിച്ച സൈന്യനടപടികൾ എടുത്തതും അതിനെത്തുടർന്ന് അവരെല്ലാം ഇസ്‌ലാമിലേക്ക് തിരിച്ചു വന്ന് അന്തരീക്ഷം ശാന്തമായതും ചരിത്രപ്രസിദ്ധമാണല്ലോ. അന്നത്തെ സംഭവങ്ങളിൽ പ്രധാനമായ ഒന്നായിരുന്നു, മുസൈലമത്ത് എന്ന കള്ളപ്രവാചകനുമായുണ്ടായ ഏറ്റുമുട്ടൽ. ആ യുദ്ധത്തിൽ ഖുർആൻ മനഃപാഠമാക്കിയിരുന്ന നൂറുക്കണക്കിലുള്ള സഹാബികൾ രക്ത സാക്ഷികളായിത്തീർന്നു. ഇതുപോലെ ഇനിയും വല്ല സംഭവങ്ങളും ഉണ്ടായേക്കുന്നപക്ഷം, ഖുർആൻ പാഴായിപ്പോകുമെന്നും, അതുകൊണ്ട് ഖുർആൻ ആദ്യന്തം ഒരേ ഗ്രന്ഥത്തിൽ എഴുതി സൂക്ഷിക്കണമെന്നും ഉമർ (رضي الله عنه) ഖലീഫ അബൂബക്കർ (رضي الله عنه) നെ ഉണർത്തി. റസൂൽ (ﷺ) ചെയ്തിട്ടില്ലാത്ത ഒരു പ്രവൃത്തി താൻ എങ്ങിനെ ചെയ്യുമെന്ന് കരുതി അദ്ദേഹം ആദ്യം വിസമ്മതിച്ചു. എങ്കിലും ഭവിഷ്യത്തിനെപ്പറ്റി ഉമർ (رضي الله عنه) വിശദീകരിച്ചുകൊടുത്തപ്പോൾ, അദ്ദേഹം അതിന് മുമ്പോട്ടുവരുകതന്നെ ചെയ്തു.

അങ്ങനെ, അദ്ദേഹം സൈദുബ്നുഥാബിത്ത് (زيد بن ثابت – رض) നെ വിളിച്ച് വരുത്തി കാര്യം മനസ്സിലാക്കിക്കൊടുത്തു. അബൂബക്കർ (رضي الله عنه) പറഞ്ഞു: “താങ്കൾ ബുദ്ധിമാനായ ഒരു യുവാവാകുന്നു. ഞങ്ങൾക്ക് താങ്കളെ പറ്റി യാതൊരു തെറ്റിദ്ധാരണയും ഇല്ല. താങ്കൾ റസൂൽ (ﷺ) തിരുമേനിയുടെ വഹ്‌യുകൾ എഴുതിയിരുന്ന ആളാണല്ലോ. ആകയാൽ, താങ്കൾ ശരിക്ക് അന്വേഷണം നടത്തി ഖുർആനെ ഒന്നായി ശേഖരിക്കണം.” സൈദ് (رضي الله عنه) തന്നെ ഒരിക്കൽ പ്രസ്താവിച്ചതുപോലെ, ‘ഒരു പർവ്വതം അതിൻെറ സ്ഥാനത്തുനിന്നു നീക്കം ചെയ്യുന്ന തിനേക്കാൾ ഭാരിച്ചതായ’ ആ കൃത്യം അദ്ദേഹം ഏറ്റെടുത്തു. ആ കൃത്യത്തിന്ന് സൈദ് (رضي الله عنه) നെ തിരഞ്ഞെടുക്കുവാനുള്ള കാരണവും, അതിനുള്ള അദ്ദേഹത്തിൻെറ അർഹതയും അബൂബക്കർ (رضي الله عنه) ൻെറ ഈ ചെറുപ്രസ്താവനയിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്.

സ്വന്തം; മനഃപാഠത്തെയോ, മറ്റു പലരുടെയും മനഃപാഠങ്ങളെയോ, അല്ലെങ്കിൽ എഴുതി വെച്ചിട്ടുള്ളവരുടെ ഏടുകളെയോ മാത്രം ആസ്പദമാക്കിയായിരുന്നില്ല, സൈദു (رضي الله عنه) തൻെറ കൃത്യം നിർവ്വഹിച്ചത്. ഇതിനെല്ലാം പുറമെ ലിഖിതങ്ങളിലെ ഉള്ളടക്കങ്ങൾ അതേപടി നബി (ﷺ) യിൽ നിന്ന് നേരിട്ട് കേട്ടെഴുതിയതാണെന്ന് രണ്ടു സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തു കകൂടി ചെയ്തശേഷമേ അദ്ദേഹം അതു സ്വീകരിച്ചിരുന്നുള്ളു. “റസൂൽ (ﷺ) തിരുമേനി യിൽനിന്ന് ആരെങ്കിലും ഖുർആൻെറ വല്ല ഭാഗവും കേട്ടു രേഖപ്പെടുത്തിവെച്ചിട്ടുണ്ടെങ്കിൽ, അതെല്ലാം ഹാജരാക്കണം” എന്നു ഉമർ (رضي الله عنه) വിളംബരപ്പെടുത്തുകയും ചെയ്തിരുന്നു. അപ്പോൾ രണ്ടോ, നാലോ പേരുടെ സാക്ഷ്യത്തെ അടിസ്ഥാനമാക്കിയല്ല- നിരവധി സഹാ ബികളുടെ ഏകകണ്ഠമായ അറിവിനെ അടിസ്ഥാനമാക്കിയാണ്-ആദ്യന്തം ഈ സംഗതി നടന്നതെന്ന് വ്യക്തമാണ്. ഖുആൻെറ ഓരോ വചനവും متواتر (‘മുതവാതിർ’= സംശയത്തിന്

പഴുതില്ലാത്തവിധം നിരവധി ആളുകളാൽ അറിയപ്പെട്ടത്) ആണെന്നു പറയുന്നത് ഇതു കൊണ്ടാണ്. ഇപ്രകാരം സഹാബികളുടെയെല്ലാം അറിവോടുകൂടി, സൈദ് (رضي الله عنه) ന്റെ കയ്യായി ഖുർആൻ മുഴുവൻ ഭാഗവും നാം ഇന്നു കാണുന്ന പ്രകാരം ഒരു ഏടിൽ സമാഹൃതമായി. ഈ ഏടിന് അബൂബക്കർ (رضي الله عنه) 'മുസ്ഹഫ്' (**المصحف** -രണ്ടു ചട്ടക്കിടയിൽ ഏടാക്കി വെക്കപ്പെട്ടത്) എന്നു നാമകരണം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ വിയോഗം വരെ അദ്ദേഹവും, പിന്നീട് ഉമറും (رضي الله عنه) അതു സൂക്ഷിച്ചുപോന്നു. ഉമർ (رضي الله عنه) ന്റെ വിയോഗാനന്തരം അദ്ദേഹത്തിന്റെ മകളും, നബി (ﷺ) യുടെ പത്നിയുമായിരുന്ന ഹഫ്സ്വ (رضي الله عنها) യുടെ അടുക്കലായിരുന്നു ആ മുസ്ഹഫ്.

ഉസ്മാൻ (رضي الله عنه) ന്റെ ഖിലാഫത്ത് കാലമായപ്പോഴേക്ക് അതിവിദൂര പ്രദേശങ്ങളായ പല നാട്ടിലും ഇസ്‌ലാമിന് പ്രചാരം സിദ്ധിക്കുകയും, മുസ്‌ലിംകൾ പെരുകിക്കൊണ്ടിരിക്കുകയും ചെയ്തുവല്ലോ. പല പ്രദേശക്കാരും, ഭാഷക്കാരുമായ ആളുകൾ ഖുർആൻ പാരായണം ചെയ്യുമ്പോൾ, അവർക്കിടയിൽ വായനയിൽ അൽപാൽപ വ്യത്യാസങ്ങൾ, അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നതായി ഹുദൈഫത്തുബ്നുൽയമാൻ (**حذيفة بن اليمان –رض**) മനസ്സിലാക്കി. വിദൂരസ്ഥലങ്ങളിൽപോയി യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഒരു സഹാബിയായിരുന്നു ഹുദൈഫ: (رضي الله عنه). ഈ നില തുടരുന്നപക്ഷം, ജൂദരും, ക്രിസ്ത്യാനികളും അവരുടെ വേദ ഗ്രന്ഥങ്ങളിൽ ഭിന്നിച്ചതുപോലെ, മുസ്‌ലിംകളും ഭാവിയിൽ ഭിന്നിച്ചുപോകുവാൻ ഇടയുണ്ടെന്ന് അദ്ദേഹം ഉസ്മാൻ (رضي الله عنه) നെ ധരിപ്പിച്ചു. ഉടനടി ഇതിന് പരിഹാരമുണ്ടാക്കണമെന്നുണർത്തി. അങ്ങിനെ, അദ്ദേഹം, ഹഫ്സ്വഃ (رضي الله عنها) യുടെ പക്കൽനിന്ന് ആ മുസ്ഹഫ് വരുത്തി അതിന്റെ പല പകർപ്പുകളും എടുക്കുവാൻ ഒരു സംഘം സഹാബികളെ ഏൽപിച്ചു. ഈ സംഘത്തിന്റെ തലവനും സൈദുബ്നുഥാബിത്ത് (رضي الله عنه) തന്നെ ആയിരുന്നു.

പകർപ്പുകൾ എടുത്തശേഷം, മുസ്ഹഫ് ഹഫ്സ്വ: (رضي الله عنها) ക്കു തന്നെതിരിച്ചു കൊടുക്കുകയും, പകർത്തെടുത്ത കോപ്പികൾ നാട്ടിന്റെ നാനാഭാഗത്തുള്ള പ്രധാന കേന്ദ്രങ്ങളിലേക്ക് അയച്ചുകൊടുക്കയും ചെയ്തു.* മേലിൽ, ഖുർആൻ പാരായണം പ്രസ്തുത മുസ്ഹഫുകളിലെ ക്രമമനുസരിച്ചായിരിക്കണമെന്ന് ഖലീഫ വിളംബരപ്പെടുത്തുകയും ചെയ്തു. ഉസ്മാൻ (رضي الله عنه) ന്റെ കാലത്ത് പല രാജ്യങ്ങളിലേക്കും അയച്ച ഈ മുസ്ഹഫുകളിൽ നിന്നുള്ള നേർപ്പകർപ്പുകളാണ് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള മുസ്ഹഫുകൾ. ഇക്കാരണം

* [പ്രസ്തുത കോപ്പികളിൽ ഒന്ന് ഈജിപ്തിലേക്കായിരുന്നു അയക്കപ്പെട്ടിരുന്നത്. ഈ കോപ്പി ഈയിടെ ഈജിപ്തിൽ കണ്ടുകിട്ടുകയുണ്ടായി. അസ്ഹർ സർവ്വകലാശാലയിലെ പശ്ചിമ നാടുകളുടെ (മൊറോക്കോ, ബർബർ മുതലായ രാജ്യങ്ങളുടെ) പ്രത്യേക വിഭാഗമായ 'റുവാഖുൽ മഗാരിബ്' (**رواق المغاربة**) യിലെ ഗ്രന്ഥാലയങ്ങളിൽ നടന്ന ഒരു ഗവേഷണ മദ്ധ്യേയാണ് ഈ മുസ്ഹഫ് യാദൃശ്ചികമായി കണ്ടുകിട്ടിയത്. മുൻകാലത്തു നടപ്പിലുണ്ടായിരുന്ന (**الخط لكوفي**) (കൂഫാ ലിപി)യിൽ എഴുതപ്പെട്ടിട്ടുള്ളതും, ഏകദേശം 1000 പേജ് വരുന്നതുമായ ഈ മുസ്ഹഫ് മാൻതോലിലാണത്രെ എഴുതപ്പെട്ടിരിക്കുന്നത്. 800 കൊല്ലത്തെ പഴക്കമുള്ള ഒരു ഗ്രന്ഥാലയത്തിൽ അജ്ഞാതമായി കിടന്നിരുന്ന അനേകം ചരിത്ര നിക്ഷേപങ്ങളുടെ കൂട്ടത്തിൽ ഒന്നാണ് ഈ മുസ്ഹഫും അഹ്മദുബ്നു സർവഖ് (**احمد بن زروق**) എന്നു പേരായ ഒരു മഹാനാണ് ഈ മുസ്ഹഫ് പ്രസ്തുത ഗ്രന്ഥാലയത്തിൽ നിക്ഷേപിച്ചത്. 500 കൊല്ലം പഴക്കം ചെന്നിട്ടുള്ള അദ്ദേഹത്തിന്റെ ഒരു മാല (**المسحة**) യും ഇതോടൊപ്പം കണ്ടുകിട്ടിയിരിക്കുന്നു. കൂടാതെ, ഹിജ്റ 492-ൽ തങ്ക ലിപികളിൽ എഴുതപ്പെട്ട മറ്റൊരു മുസ്ഹഫും, വളരെ കാലം മുമ്പ് എഴുതപ്പെട്ടിട്ടുള്ള മറ്റനേകം മുസ്ഹഫുകളും, പ്രധാനപ്പെട്ട പല ഗ്രന്ഥങ്ങളും ആ ഗ്രന്ഥാലയത്തിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നു. 'അൽ അഹ്റാം' (**الأهرام**) എന്ന പ്രസിദ്ധ ഈജിപ്ഷ്യൻ പത്രമാണ് ഈ വിവരം പ്രസിദ്ധപ്പെടുത്തിയത്. (1383 റബീഉൽ ആഖിർ മാസത്തിലെ-1963 സപ്തംബറിലെ-അൽഅറബ് മാസിക പു: 27, ല: 1 & 2 നോക്കുക)]

കൊണ്ടാണ്, മുസ്ഹഫുകൾക്ക് 'ഉസ്മാനീമുസ്ഹഫ്' (المصحف العثمانى) എന്ന് പറയപ്പെടുന്നത്.

ഓരോ സന്ദർഭത്തിലും അവതരിച്ചിരുന്ന ഖുർആൻ വചനങ്ങൾ അതിനുമുമ്പ് അവതരിച്ചു കഴിഞ്ഞിട്ടുള്ള ഭാഗങ്ങളുടെ ഏതേത് സ്ഥാനങ്ങളിൽ ചേർക്കണമെന്ന് നബി (ﷺ) എഴുത്തുകാർക്ക് അപ്പപ്പോൾ നിർദ്ദേശം നൽകാറുണ്ടായിരുന്നുവെന്ന് പറഞ്ഞുവല്ലോ. ആകയാൽ, അതതു സൂറത്തുകൾ ഉൾക്കൊള്ളുന്ന ആയത്തുകളും, ഓരോ സൂറത്തിൻെറയും ആദ്യാവസാനങ്ങളും നബി (ﷺ) പറഞ്ഞുകൊടുത്തിട്ടുള്ളതാണെന്ന് സ്പഷ്ടമാണ്. മാത്രമല്ല, ഓരോ സൂറത്തും 'ബിസ്മി'കൊണ്ട് വേർതിരിക്കപ്പെടുകയും ചെയ്തിരുന്നു. ഒരു സൂറത്തും മറ്റേ സൂറത്തും തമ്മിൽ നബി (ﷺ) വേർതിരിച്ചറിഞ്ഞിരുന്നത് 'ബിസ്മി' അവതരിക്കുന്നതു കൊണ്ടായിരുന്നുവെന്ന് അബൂദാവൂദ് (رحمه الله) നിവേദനം ചെയ്ത ഒരു ഹദീസിൽ വന്നിട്ടുണ്ട്. എന്നാൽ, ഇന്ന് മുസ്ഹഫുകളിൽ കണ്ടുവരുന്ന ക്രമമനുസരിച്ച് ഓരോ സൂറത്തും അതാതിൻെറ സ്ഥാനങ്ങളിലായി, ഇന്നതിന്നുശേഷം ഇന്നത് എന്ന നിലക്ക്, തിരുമേനിയുടെ കാലത്തു ക്രമീകരിക്കപ്പെട്ടിരുന്നോ എന്നതിനെപറ്റി പണ്ഡിതൻമാർക്കിടയിൽ രണ്ടഭിപ്രായമുണ്ട്. ഇല്ലെന്ന അഭിപ്രായപ്രകാരം ഇന്നു കാണപ്പെടുന്ന രൂപത്തിൽ 114 സൂറത്തുകൾ ക്രമപ്പെടുത്തിയതും, പല കഷ്ണങ്ങളിലായി രേഖപ്പെടുത്തപ്പെട്ടിരുന്ന ഭാഗങ്ങളെല്ലാം ഒന്നിച്ചു ചേർത്തു ഒരു ഗ്രന്ഥത്തിൽ ആക്കിയതുമാണ് സൈദുബ്നുഥാബിത്ത് (رضي الله عنه) മുഖാന്തരം അബൂബക്കർ (رضي الله عنه) ചെയ്തത്. സൈദു (رضي الله عنه) തയ്യാറാക്കിയ കോപ്പിയും, മറ്റു ചില സഹാബികളുടെ കയ്വശം നിലവിലുണ്ടായിരുന്ന കോപ്പികളും തമ്മിൽ, സൂറത്തുകളുടെ ക്രമീകരണത്തിൽ സ്വല്പം വ്യത്യാസം ഉണ്ടായിരുന്നെങ്കിലും, ഓരോ സൂറത്തും ഉൾക്കൊള്ളുന്ന ആയത്തുകളിലും, അവയുടെ ക്രമത്തിലും വ്യത്യാസമുണ്ടായിരുന്നില്ല. നമസ്കാരത്തിലോ മറ്റോ പാരായണം ചെയ്യുമ്പോൾ, അവരവർ തങ്ങളുടെ പക്കലുള്ള ക്രമമനുസരിച്ച് സൂറത്തുകൾ ഓതുകയും ചെയ്തിരിക്കാം. സൂറത്തുകളുടെ അവതരണക്രമമനുസരിച്ചായിരിക്കും മിക്കവാറും അവർ അവയ്ക്ക് ക്രമം നൽകിയിരിക്കുക എന്നു കരുതാം. ഉസ്മാൻ (رضي الله عنه)ൻെറ കാലത്ത് മുസ്ഹഫിൻെറ കോപ്പികൾ വിതരണം ചെയ്യപ്പെടുകയും, അതിലെ ക്രമം എല്ലാവരും സ്വീകരിക്കണമെന്ന് കല്പിക്കപ്പെടുകയും ചെയ്തതിനെത്തുടർന്ന് സൂറത്തുകളുടെ ക്രമത്തിലും ഇന്നീ കാണുന്ന ഐക്യരൂപം നിലവിൽ വന്നു.

മുസ്ഹഫിൽ സൂറത്തുകൾ ക്രമപ്പെടുത്തിയത് അവയുടെ അവതരണക്രമം അനുസരിച്ചായിരുന്നില്ല. ഇന്നിന്ന സൂറത്തുകൾക്ക് ശേഷം, അല്ലെങ്കിൽ മുമ്പ്, ഇന്നിന്ന സൂറത്തുകൾ മാത്രമേ പാരായണം ചെയ്യാവൂ എന്ന് ഒരു നിർദ്ദേശവും നബി (ﷺ) യിൽ നിന്ന് ഉണ്ടായിരുന്നുമില്ല. അതുകൊണ്ടാണ് ഉസ്മാൻ (رضي الله عنه) ൻെറ വിളംബരത്തിന് ശേഷവും കുറേകാലം ഇബ്നുമസ്ഊദ് (رضي الله عنه) താൻ എഴുതി സൂക്ഷിച്ചിരുന്ന ക്രമം കൈവിടാതെ പാരായണം ചെയ്തിരുന്നത്. ഉസ്മാൻ (رضي الله عنه) ൻെറ നിർദ്ദേശം എല്ലാ സഹാബികളും സ്വീകരിച്ചുവെന്നു മാത്രമല്ല, ആ കൃത്യം അദ്ദേഹം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ നിശ്ചയമായും താനത് ചെയ്യുമായിരുന്നുവെന്ന് അലി (رضي الله عنه) പ്രസ്താവിക്കുക പോലുമുണ്ടായി. ഇബ്നുമസ്ഊദ് (رضي الله عنه) തന്നെയും, പിന്നീട് ആ അഭിപ്രായം ശരിവെച്ചു.

നബി (ﷺ) യുടെ അടുക്കൽ റമസാൻ മാസത്തിൽ ജിബ്രീൽ (അ) വന്ന് ഖുർആൻ പാഠം നോക്കാറുണ്ടായിരുന്നു. തിരുമേനിയുടെ വിയോഗമുണ്ടായ കൊല്ലത്തിൽ മലക്ക് വന്ന് രണ്ട് പ്രാവശ്യം അങ്ങിനെ ഒത്തുനോക്കിയിരുന്നു. ഈ അവസരങ്ങളിൽ, സൂറത്തുകൾ

ക്കിടയിൽ ഏതെങ്കിലും ഒരു ക്രമം സ്വീകരിക്കപ്പെട്ടിരിക്കുമെന്നത് തീർച്ചയാണ്. അതുകൊണ്ട് സൂറത്തുകളുടെ ക്രമീകരണവും-ആയത്തുകളുടെ ക്രമീകരണം പോലെത്തന്നെ-നബി (ﷺ) സഹാബികൾക്ക് കാട്ടിക്കൊടുത്തിരിക്കുമെന്നും, ആ ക്രമീകരണംതന്നെയാണ് സൈദു (رضي الله عنه) സ്വീകരിച്ചിരിക്കുന്നതെന്നുമാണ് മറ്റു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏതായാലും, പാരായണവേളയിലും, പഠിക്കുമ്പോഴും മുസ്ഹഫുകളിൽ കാണുന്ന ഈ ക്രമമനുസരിച്ചുതന്നെ സൂറത്തുകൾ വഴിക്കുവഴിയായി ഓതുന്നതാണ് ഏറ്റവും നല്ലത് എന്നതിൽ സംശയമില്ല. പക്ഷേ, ഇത് ഒഴിച്ചുകൂടാത്ത ഒരു നിർബന്ധ കടമയല്ല. അതേ സമയത്തു ഓരോ സൂറത്തിലേയും ആയത്തുകൾ മുസ്ഹഫിൽ നാം കാണുന്ന വഴിക്കുവഴി ക്രമത്തിൽ തന്നെ സ്വീകരിക്കൽ നിർബന്ധവുമാകുന്നു. ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായവും, സൂക്ഷ്മജ്ഞാനികളായ പല മഹാന്മാരും ബലപ്പെടുത്തിയിട്ടുള്ളതും ഇപ്പറഞ്ഞ പ്രകാരമാകുന്നു. നബി (ﷺ) നമസ്കാരങ്ങളിൽ സ്വീകരിച്ചുവന്നിരുന്ന പതിവുകൾ പരിശോധിക്കുമ്പോഴും ഈ അഭിപ്രായമാണ് ശരിയെന്ന് കാണാവുന്നതാണ്. മുസ്ലിംകൾക്കിടയിൽ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ഇതുതന്നെ. മാത്രമല്ല, ആ ക്രമം മാറ്റി മറ്റൊരു ക്രമം സ്വീകരിക്കപ്പെടുന്നത് പല അനർത്ഥങ്ങൾക്കും കാരണമായിത്തീരുന്നതുമാകുന്നു.

സൂറത്തുകളുടെ വലിപ്പവും, ഏറെക്കുറെ വിഷയങ്ങളും പരിഗണിച്ചാണ് അവ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. വലിപ്പം അനുസരിച്ച് സൂറത്തുകൾ നാല് വിഭാഗങ്ങളായി ഗണിക്കപ്പെടാറുണ്ട്:

1. ആദ്യത്തെ ഏഴ് വലിയ സൂറത്തുകൾ (السبع الطوال)
2. നൂറും അതിലധികവും ആയത്തുകൾ ഉൾക്കൊള്ളുന്നവ (المئون)
3. നൂറിന് അല്പം താഴെ ആയത്തുകളുള്ളവ (المثانى)
4. ചെറിയ ആയത്തുകൾ ഉൾക്കൊള്ളുന്നവ (المفصل)

ഇവയിൽ ആദ്യത്തെ വിഭാഗം തൗറാത്തിൻെറ സ്ഥാനത്തും, രണ്ടാം വിഭാഗം ഇഞ്ചീലിൻെറ സ്ഥാനത്തും, മൂന്നാമത്തെത് സബൂറിൻെറ സ്ഥാനത്തും നിലകൊള്ളുന്നുവെന്നും, നാലമത്തെ വിഭാഗം നബി (ﷺ) ക്ക് ലഭിച്ച പ്രത്യേക തരം വിഭാഗമാണെന്നും കാണിക്കുന്ന ചില രിവായത്തുകൾ (നിവേദനങ്ങൾ) മഹാനായ ഇബ്നുജരീർ (رحمه الله) അദ്ദേഹത്തിൻെറ സുപ്രസിദ്ധ തഫ്സീർ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

114 സൂറത്തുകളിൽ, ഒന്നൊഴിച്ച് ബാക്കിയെല്ലാം 'ബിസ്മി' കൊണ്ട് വേർതിരിക്കപ്പെട്ടു കാണാം. ഒമ്പതാമത്തെ സൂറയായ തൗബയുടെ തുടക്കത്തിൽ മാത്രമാണ് ബിസ്മിയില്ലാത്തത്. അതിന് പല കാരണങ്ങൾ പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. യഥാസ്ഥാനത്ത് അത് വിശദീകരിക്കുന്നതാണ്. ഏതായാലും അബൂബക്കർ (رضي الله عنه) ൻെറ കാലത്തുണ്ടായ ക്രമീകരണവും, ഉസ്മാൻ (رضي الله عنه) ൻെറ കോപ്പി വിതരണവും മുഖേന വിശുദ്ധ ഖുർആനിൽ ഭിന്നിപ്പുണ്ടായേക്കുവാനുള്ള മാർഗ്ഗങ്ങൾ അടക്കപ്പെട്ടു. انا نحن نزلنا الذكر وانا له الحافظون –الحجر: ٩ (പ്രമാണത്തെ-ഖുർആനെ-നാമാണ് അവതരിപ്പിച്ചത്. നാം തന്നെ അതിനെ കാത്തു സൂക്ഷിക്കുന്നവരുമാണ്) എന്ന അല്ലാഹുവിൻെറ വാഗ്ദാനം ഇതുമൂലം പൂർത്തിയാകുകയും ചെയ്തു. الحمد لله

ഖുർആനിലെ ഏറ്റവും വലിയ അദ്ധ്യായമായ അൽബഖറ:യിൽ 286 ആയത്തുകൾ അടങ്ങുന്നു. അതേ സമയത്ത് ചെറിയ ചില സൂറത്തുകളിൽ മൂന്ന് ആയത്തുകൾ മാത്രമാണ് കാണുക. ആയത്തുകളുടെ വലിപ്പത്തിലും ഇതേ സ്വഭാവം കാണാവുന്നതാണ്. ചില ആയ

ത്തുകൾ ഏറെക്കുറെ ഒരു പേജോളം വലിപ്പം ഉണ്ടെങ്കിൽ, വേറെ ചില ആയത്തുകൾ ഒന്നോ, രണ്ടോ പദങ്ങൾ മാത്രം അടങ്ങുന്നതായിരിക്കും. ആയത്തുകൾ തമ്മിൽ വിഷയ പരമായ ബന്ധങ്ങൾ മാത്രമല്ല-പലപ്പോഴും-ഘടനാപരവും, വ്യാകരണപരവുമായ ബന്ധ ങ്ങളും ഉണ്ടായിരിക്കും. അഥവാ ചില അവസരങ്ങളിൽ ഒന്നിലധികം ആയത്തുകൾ കൂടിച്ചേ ർന്നായിരിക്കും ഒരു വാക്യം പൂർത്തിയാവുന്നത്. അതേ സമയത്ത് ചില ആയത്തുകൾ, ഒന്നി ലധികം പൂർണ്ണ വാക്യങ്ങൾ അടങ്ങുന്നതുമായിരിക്കും. ഇങ്ങിനെയുള്ള പല കാരണങ്ങ ൾകൊണ്ടാണ് ചില ആയത്തുകളുടെ അവസാനത്തിൽ പൂർത്തിയായ നിറുത്തി വായന (الوقف التام) ചെയ്യാതിരിക്കണമെന്നും, ചില ആയത്തുകൾ അവസാനിക്കും മുമ്പായി അതി ൻെറ വാചകങ്ങൾക്കിടയിൽ ഒന്നിലധികം സ്ഥലത്ത് നിറുത്തി വായിക്കേണ്ടതുണ്ടെന്നും വരുന്നത്. (നിറുത്തി വായനയെ (الوقف) സംബന്ധിച്ച് ചില വിവരങ്ങൾ താഴെ വരുന്നുണ്ട്). ചുരുക്കിപ്പറഞ്ഞാൽ, വിഷയത്തിൻെറയൊ, വാചകഘടനയുടെയോ സ്വഭാവവും വലിപ്പവും മാത്രം ഗൗനിച്ചുകൊണ്ടല്ല ആയത്തുകളുടെ ആദ്യവസാനങ്ങൾ കണക്കാക്കപ്പെട്ടിട്ടുള്ളത്. വായനാപരവും, സാഹിത്യപരവും, ആലങ്കാരികവുമായ ചില കാര്യങ്ങൾകൂടി പരിഗണിക്ക പ്പെട്ടിട്ടുണ്ട്. കൂടുതൽ വിവരിക്കുവാൻ ഇവിടെ സൗകര്യം പോരാ. വിശുദ്ധ ഖുർആനും ഇതര ഗ്രന്ഥങ്ങളും തമ്മിലുള്ള അനേകതരം വ്യത്യാസങ്ങളിൽ ഇങ്ങിനെയുള്ള ചില സവിശേഷ തകളും ഉൾപ്പെടുന്നുവെന്ന് ചൂണ്ടിക്കാട്ടുക മാത്രമാണ്.

പഠനവും പാരായണവും

ഖുർആൻ പഠിക്കുക, പഠിപ്പിക്കുക, ഗ്രഹിക്കുക, കേൾക്കുക, മനഃപാഠമാക്കുക, പാരാ യണം ചെയ്യുക എന്നിവയെല്ലാം വലിയ പുണ്യകർമ്മങ്ങളാകുന്നു. ഇതിൽ മുസ്‌ലിംകൾക്ക ാർക്കും സംശയം ഉണ്ടായിരിക്കുകയില്ല, അനുഷ്ഠാനത്തിൽ മിക്കവരും വീഴ്ച വരുത്തു ന്നുണ്ടെങ്കിലും ശരി, ഖുർആൻ വചനങ്ങളും, നബി വചനങ്ങളും ഇതിൻെറ പ്രാധാന്യത്തെ വളരെ ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ചിലത് ചൂണ്ടിക്കാട്ടുക മാത്രമേ നമുക്ക് ഇവിടെ ചെയ്യേ ണ്ടതുള്ളു.

അല്ലാഹു പറയുന്നു:- ''നിശ്ചയമായും അല്ലാഹുവിൻെറ കിതാബ് (വേദഗ്രന്ഥം) പാരാ യണം ചെയ്യുകയും, നമസ്കാരം നിലനിർത്തുകയും, നാം നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യ മായും പരസ്യമായും ചിലവഴിക്കുകയും ചെയ്യുന്ന ആളുകൾ. തീരേ നഷ്ടപ്പെട്ടുപോകാത്ത ഒരു വ്യാപാരത്തെ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്.......'' (സൂ: ഫാത്വിർ: 29). നമസ്കാരം, ദാനധർമ്മം എന്നിവപോലെ സൽകർമ്മങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രധാന കർമ്മമാണ് ഖുർആൻ പാരായണവും എന്നാണല്ലോ ഈ വചനം കാണിക്കുന്നത്. വീണ്ടും പറയുന്നു: ''അല്ലാഹു ഏറ്റവും നല്ല വൃത്താന്തം അവതരിപ്പിച്ചിരിക്കുന്നു. അതായത്: പരസ്പര സാദൃശ്യമുള്ള ആവർത്തിത വചനങ്ങളായ ഒരു ഗ്രന്ഥം! തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ തൊലികൾ അതുനിമിത്തം വിറകൊള്ളുന്നതാണ്. പിന്നീട്, അവരുടെ തൊലികളും, ഹൃദയങ്ങളും അല്ലാഹുവിൻെറ സ്മരണയിലേക്ക് മയമായി വരുകയും ചെയ്യുന്നു.'' (സൂ: സുമർ: 23). ''നിശ്ചയമായും സത്യവിശ്വാസികൾ എന്നാൽ, അല്ലാഹുവിനെക്കുറിച്ച് പ്രസ്താവിക്കപ്പെടുമ്പോൾ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവൻെറ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അവ തങ്ങൾക്ക് സത്യവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നവർ മാത്രമാകുന്നു.'' അവർ തങ്ങളുടെ രക്ഷിതാവിൽ ഭരമേൽ പിക്കുകയും ചെയ്യുന്നതാകുന്നു......'' (അൻഫാൽ: 2). പ്രഭാതവേളയിൽ ഖുർആൻ

പാരായണം ചെയ്ത് നമസ്ക്കരിക്കണം, പ്രഭാതവേളയിലെ ഖുർആൻ പാരായണം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നതാണ്. രാത്രി ഖുർആൻ ഓതി 'തഹ്ജ്ജുദ്' (ഉറക്കിൽനിന്ന് എഴുന്നേറ്റ് ചെയ്യുന്ന സുന്നത്തു നമസ്ക്കാരം) നടത്തണം എന്നൊക്കെ സുറത്തുബനൂഇസ്റാഈൽ 78-79ലും അല്ലാഹു പറയുന്നത് കാണാം.

ഇങ്ങിനെ-നമസ്ക്കാരത്തിലായും അല്ലാതെയും-ഖുർആൻ പാരായണം ചെയ്വാൻ പ്രോൽസാഹിപ്പിച്ചുകൊണ്ടുള്ള ഖുർആൻ വചനങ്ങൾ പലതുണ്ട്. നമസ്ക്കാരത്തിൽ ഖുർ ആൻ ധാരാളം ഓതണമെങ്കിൽ, അത് മനഃപാഠമുണ്ടായിരിക്കണമെന്ന് പറയേണ്ടതില്ലല്ലോ. പാരായണം ചെയ്യുന്നത് ഖുർആൻെറ അർത്ഥവും സാരവും ഗ്രഹിച്ചുകൊണ്ടും, ചിന്തി ച്ചുകൊണ്ടും ആയിരിക്കണം. താൻ വായകൊണ്ട് പറയുന്നതെന്താണെന്ന് അറിയാതെയും, ഓർമ്മിക്കാതെയും ഉരുവിടുന്നതുകൊണ്ട് വിശേഷിച്ച് ഫലമൊന്നും ഉണ്ടാകുവാനില്ല. സാമാന്യമായെങ്കിലും ഖുർആൻെറ അർത്ഥം ഓരോ മുസ്ലിമും അിറഞ്ഞിരിക്കേണ്ടതാ വശ്യമാണ്. അർത്ഥം അറിയുകയില്ലെങ്കിൽപോലും, ദൈവവാക്യമാണെന്ന ബഹുമാനത്തോ ടെ അത് പാരായണം ചെയ്യുന്നതും ഒരു നല്ല കാര്യം തന്നെ. പക്ഷേ, അർത്ഥം ഒട്ടും ഗ്രഹി ക്കാതെയും , വായിക്കുന്ന വാക്യങ്ങളിൽ തീരെ മനസ്സിരുത്താതെയും പാരായണം ചെയ്യു ന്നതുമൂലം ഖുർആന്റെ അവതരണ ലക്ഷ്യം നിറവേറുന്നില്ല എന്ന് വ്യക്തമാണല്ലോ. സൂറത്ത് സ്വാദിലെ 29-ാം വചനംകൊണ്ട് തന്നെ ഈ വസ്തുത ശരിക്കും മനസ്സിലാക്കാം. 'ജനങ്ങൾ (ഖുർആൻെറ) ആയത്തുകൾ ഉറ്റാലോചിക്കുവാനും, ബുദ്ധിമാന്മാർ ഓർമ്മവെക്കുവാനും വേണ്ടി'യാണ് അല്ലാഹു ആ അനുഗ്രഹീത വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് എന്ന് അല്ലാഹു അതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. 'ഖുർആനെ ചിന്തിച്ചു പഠിക്കുവാൻ നാം സൗകര്യപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും ഉറ്റാലോചിച്ച് നോക്കുവാൻ തയ്യാറുണ്ടോ?' എന്ന് സൂറത്തുൽ ഖമറിൽ അല്ലാഹു പലവട്ടം ആവർത്തിച്ചാവർത്തിച്ച് ചോദിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാകുന്നു.

ഖുർആനിൽ ശ്രദ്ധ പതിക്കാതിരിക്കുകയും, അതേ സമയം പലതരം കഥാനോവലുകൾ മുതലായവയിൽ വ്യാപൃതരാവുകയും ചെയ്യുന്ന ആളുകളെപ്പറ്റി അല്ലാഹു പറയുന്നത് കാണുക: 'മനുഷ്യരിലുണ്ട് ചിലർ: യാതൊരു അറിവുമില്ലാതെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുവാനും, അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദ വാർത്തകളെ അവർ വാങ്ങുന്നു. അക്കൂട്ടർക്ക് നിന്ദ്യമായ ശിക്ഷയുണ്ട്. അങ്ങിനെ യുള്ളവന്ന് നമ്മുടെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവൻ അഹംഭാവം നടിച്ചുകൊണ്ട്-അത് കേട്ടിട്ടില്ലാത്ത ഭാവത്തിൽ-അവൻെറ രണ്ട് കാതിലും ഒരു ഭാരമുള്ളതു പോലെ-തിരിഞ്ഞു കളയും. (നബിയേ), അവന്ന് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷ വാർത്ത അറിയിക്കുക!'' (ലുഖ്മാൻ 6, 7). മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: ''നീ ഖുർആൻ വായിച്ചാൽ, നിനക്കും പരലോകത്തിൽ വിശ്വസിക്കാത്തവർക്കുമിടയിൽ, ശക്തിമത്തായ ഒരു മറയെ നാം ഏർപ്പെടുത്തുന്നതാണ്. അത് ഗ്രഹിക്കുന്നതിന് (തടസ്സമായി) അവരുടെ ഹൃദയങ്ങളിൽ ഒരുതരം ഭാരവും നാം ഏർപ്പെടുത്തുന്നതാണ്.....'' (ബനു ഇസ്റാഈൽ 45, 46). അർത്ഥോദ്ദേശ്യങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കാതെ, ഉരുവിട്ട് വായി ക്കുന്നതുകൊണ്ടുമാത്രം തൃപ്തി അടയുന്നവരും, അർത്ഥം ഗ്രഹിച്ച് കഴിഞ്ഞാൽമതി -പാരായണം ചെയ്തുകൊള്ളണമെന്നില്ല-എന്നു ധരിക്കുന്നവരും മേലുദ്ധരിച്ച ഖുർആൻ വചനങ്ങളും, താഴെ ഉദ്ധരിക്കുന്ന നബി വചനങ്ങളും ശ്രദ്ധിച്ചിരിക്കേണ്ടതാകുന്നു. പലതരം പുസ്തകങ്ങളും, കലാസാഹിത്യങ്ങളും വായിച്ചുകൊണ്ടിരിക്കുന്ന പതിവുണ്ടെങ്കിലും ഖുർ

ആൻ പാരായണത്തിൽ വിമുഖത കാണിച്ചുകൊണ്ടിരിക്കുന്ന വിദ്വാൻമാർ, സൂറ: ലുഖ്മാനിലെ മേലുദ്ധരിച്ച വചനവും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ! ആമീൻ.

ചില നബി വചനങ്ങൾകൂടി ഇവിടെ ഉദ്ധരിക്കാം. 1. നബി (ﷺ) അരുളിചെയ്തതായി ഉസ്മാൻ(رضي الله عنه) ഉദ്ധരിക്കുന്നു: خيركم من تعلم القرأن وعلمه – البخارى (നിങ്ങളിൽ വെച്ച് ഉത്തമനായുള്ളവൻ, ഖുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവനാകുന്നു.) 2. അബൂഹുറൈറാ(رضي الله عنه) പറയുന്നു: നബി(ﷺ) ചോദിച്ചു: 'നിങ്ങളിൽ ഒരുവൻ തൻെറ വീട്ടുകാരിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ, തടിച്ചു കൊഴുത്ത ഗർഭിണികളായ മൂന്നു ഒട്ടകങ്ങളെ അവിടെ കണ്ടുകിട്ടുന്നത് അയാൾക്ക് ഇഷ്ടമായിരിക്കുമോ?'' ഞങ്ങൾ ഉത്തരം പറഞ്ഞു: 'അതെ' അപ്പോൾ തിരുമേനി പറഞ്ഞു:

فثلث ايات يقرأهن احدكم فى صلاته خيرله من ثلث خلفات عظام سمان–مسلم

(എന്നാൽ, നിങ്ങളൊരാൾ നമസ്കാരത്തിൽ ഓതുന്ന മൂന്നു ആയത്തുകൾ, മൂന്ന് തടിച്ചുകൊഴുത്ത ഗർഭിണികളായ ഒട്ടകങ്ങളെക്കാൾ അവന്ന് ഗുണമേറിയതാണ്). 3. നബി (ﷺ) പറഞ്ഞതായി ആയിശാ (رضي الله عنها) ഉദ്ധരിക്കുന്നു:

الماهر بالقرأن مع السفرة الكرام البررة والذى يقرأ القرأن ويتمتع فيه وهو عليه شاق له اجران– متفق عليه

(ഖുർആനിൽ നൈപുണ്യം നേടിയവൻ, പുണ്യവാളന്മാരായ മാന്യദൂതന്മാരോടുകൂടിയായിരിക്കും. ഖുർആൻ ഓതുന്നത് ഞെരുക്കമായിരിക്കുകയും, അതിൽ വിക്കിവിക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവനാകട്ടെ, അവന്ന് രണ്ട് പ്രതിഫലമുണ്ട്). ഇവിടെ 'ദൂതൻമാർ' (السفرة) എന്ന് പറഞ്ഞതിൻെറ വിവക്ഷ നബിമാരും മലക്കുകളും ആകാവുന്നതാകുന്നു. ശരിക്ക് വായിക്കുവാൻ സാധിക്കാതെ, വിഷമിച്ച് ഞെരുങ്ങിക്കൊണ്ട് വായിക്കുന്നവന്ന് അത് പാരായണം ചെയ്തതിൻെറ പേരിലും-വിഷമം സഹിച്ചതിൻെറ പേരിലും-രണ്ട് നിലക്കും-പ്രതിഫലം ലഭിക്കുമെന്ന് താൽപര്യം.

4. ബറാഉ് (رضي الله عنه) പറയുന്നു: ഒരാൾ (സഹാബി) സൂറത്തുൽ കഹ്ഫ് ഓതുകയായിരുന്നു. അദ്ദേഹത്തിൻെറ അടുക്കൽ രണ്ട് പിരിച്ച കയറുകളാൽ കെട്ടിയ ഒരു കുതിരയുമുണ്ടായിരുന്നു. ഒരു മേഘം അദ്ദേഹത്തെ ആവരണം ചെയ്ത് അടുത്തടുത്ത് വരികയായി. കുതിര വിറളി എടുക്കുകയുമായി. നേരം പുലർന്നപ്പോൾ, അദ്ദേഹം നബി (ﷺ) യുടെ അടുക്കൽ ചെന്നു വിവരം പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു:

تلك السكينة تنزلت بالقرآن – متفق عليه (അതു ശാന്തിയാണ്, അതു ഖുർആൻ നിമിത്തം ഇറങ്ങി വന്നതാണ്).

5. ഉസൈദുബ്നു ഹുളൈർ (اسيدبن حضير – رض) എന്ന സഹാബി സൂറത്തുൽ ബഖറ: ഓതിയപ്പോഴും, കെട്ടിയിട്ടിരുന്ന അദ്ദേഹത്തിൻെറ കുതിര വട്ടം ചുറ്റിക്കൊണ്ടിരിക്കുകയുണ്ടായി. അത് നിമിത്തം തൻെറ പുത്രനായ യഹ്യാക്ക് വല്ല ആപത്തും പിണഞ്ഞേക്കുമോ എന്ന് ഭയന്ന് അദ്ദേഹം ഓത്ത് നിറുത്തി. അദ്ദേഹം മേൽപ്പോട്ട് നോക്കുമ്പോൾ, മേഘം പോലെ ഒരു വസ്തു കാണുകയും, അതിൽ വിളക്കുകളെന്നപോലെ എന്തോ ചിലത് കാണുകയും ചെയ്തിരുന്നു. ഈ വിവരം അറിയിച്ചപ്പോൾ നബി (ﷺ) തിരുമേനി പ്രസ്താവിച്ചത് ഇപ്രകാരമായിരുന്നു.

انك الملئكة دنت الصوتك ولو قرأت لاصبحت ينظر الناس اليها لا تتوارى عنهم– متفق عليه

(അത് മലക്കുകളാണ്; താങ്കളുടെ (ഓത്തിൻെറ) ശബ്ദം നിമിത്തം അടുത്ത് വന്നിരിക്കുകയാണ്; താങ്കൾ ഓതിക്കൊണ്ടിരുന്നുവെങ്കിൽ-ജനങ്ങളിൽ നിന്ന് മറഞ്ഞുപോകാതെ അവർ

ക്ക് നോക്കിക്കാണാവുന്നവിധത്തിൽ-അത് രാവിലെയും ഉണ്ടാകുമായിരുന്നു.)

6. നബി (ﷺ) പറഞ്ഞതായി അബുഹുറൈറ (ؓ) ഉദ്ധരിക്കുന്ന അല്പം ദീർഘമായ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.

وما اجتمع قوم فى بيت من بيوت الله يتلون كتاب الله ويتدا رسونه بينهم الا نزلت عليهمالسكينة وغشيتهم الرحمة وحفتهم الملئكة وذكرهم الله فيمن عنده – مسلم

ഏതെങ്കിലും ഒരു ജനത അല്ലാഹുവിൻെറ വീടുകളിൽ പെട്ട ഒരു വീട്ടിൽ (പള്ളിയിൽ) ഒരുമിച്ചു കൂടി അല്ലാഹുവിൻെറ കിത്താബ് പാരായണം ചെയ്യുകയും, അവർ അന്യോന്യം അത് പഠിക്കുകയും ചെയ്യുന്നപക്ഷം, അവരിൽ ശാന്തി ഇറങ്ങുകയും, കാരുണ്യം അവരെ ആവരണം ചെയ്യുകയും, മലക്കുകൾ അവരെ വലയം ചെയ്യുകയും, അല്ലാഹുവിങ്കലുള്ള വരുടെ (മലക്കുകളുടെ) മദ്ധ്യെ അവരെപ്പറ്റി അവൻ പ്രസ്താവിക്കുകയും ചെയ്യാതിരിക്കുക യില്ല). 7. നബി (ﷺ) യിൽ നിന്ന് അബുഹുറൈറാ (ؓ) ഉദ്ധരിച്ചിരിക്കുന്നു:

لاتجعلوا بيوتكم مقابر ان الشيطان ينفر من البيت الذى يقرأ فيه سورة البقرة – مسلم

(നിങ്ങളുടെ വീടുകൾ ഖബ്റ് സ്ഥാനങ്ങളാക്കരുത്. നിശ്ചയമായും സൂറത്തുൽ ബഖറ: ഓതപ്പെടാറുള്ള വീട്ടിൽനിന്ന് പിശാച് വിറളിയെടുത്ത് പോകുന്നതാകുന്നു). 'ഖബർസ്ഥാന ങ്ങളാക്കുക' എന്നുവെച്ചാൽ ഖബ്റുസ്ഥാനങ്ങളെപ്പോലെ മൂകങ്ങളാക്കുക എന്ന് സാരം. ഈ ഹദീസിൽനിന്ന് സൂറത്തുൽ ബഖറഃയുടെ പ്രാധാന്യം മനസ്സിലാക്കാം. ഇസ്ലാമിലെ അനേകം നിയമങ്ങളും, തത്വങ്ങളും വിശദീകരിക്കപ്പെട്ടിട്ടുള്ള ഏറ്റവും ദീർഘമായ സൂറത്താ ണത്. മറ്റു ചില സൂറത്തുകളെക്കുറിച്ചും ചില ഹദീസുകൾ കാണാം. ദൈർഘ്യം ഭയന്ന് ഉദ്ധരിക്കുന്നില്ല. സന്ദർഭോചിതം ചിലതെല്ലാം വഴിയെ നമുക്ക് വായിക്കാം. **ان شاء الله**

8. നബി (ﷺ) പറഞ്ഞതായി ഇബ്നു ഉമർ (ؓ) ഉദ്ധരിക്കുന്നു:

يقال لصاحب القرأن اقرأ وراتق ورتل كما كنت ترتل فى الدنيا فان منزلك عند اخراية تقرأها –احمد والترمدى وابوداود والنسائ

(ഖുർആൻെറ ആളോട് പറയപ്പെടും: 'നീ ഓതുക, കയറിപ്പോകുക, ഇഹത്തിൽവെച്ച് നീ എപ്രകാരം സാവകാശത്തിൽ (നന്നാക്കി) ഓതിയിരുന്നുവോ അപ്രകാരം സാവകാശത്തിൽ ഓതിക്കൊള്ളുക! നീ ഓതുന്ന അവസാനത്തെ ആയത്തിങ്കൽ വെച്ചായിരിക്കും നിൻെറ താവളം.) അതായത് ഇഹത്തിൽവെച്ച് ഓതിയിരുന്നപോലെ സാവകാശത്തിൽ നന്നാക്കി ക്കൊണ്ടുള്ള ഓത്ത് എത്ര ദീർഘിച്ചു പോകുന്നുവോ അതനുസരിച്ച് സ്വർഗ്ഗത്തിൽ ഉന്നത പദവികൾ അവർക്ക് ലഭിക്കുമെന്ന് സാരം. ഖുർആൻ നന്നാക്കി ഓതുവാനും, കഴിയുന്നത്ര മനഃപാഠമാക്കുവാനുമുള്ള പ്രോത്സാഹനമാണ് ഈ ഹദീസിൽ ഉള്ളത്.'

9. നബി (ﷺ) അരുളിച്ചെയ്തതായി ഇബ്നുമസ്ഊദ് (ؓ) ഉദ്ധരിക്കുന്നു:

من قرأ حرفا من كتاب الله فله به حسنة والحسنة بعشرة امثالهالا اقول الم حرف الف حرف ولام حرف وميم حرف – الترمذى والدارمى

(ആരെങ്കിലും, അല്ലാഹുവിൻെറ കിത്താബിൽ നിന്ന് ഒരക്ഷരം ഓതിയാൽ അതിന് പകരം അവന്ന് ഒരുനന്മയുണ്ട്. നന്മയാകട്ടെ, (ഖുർആനിൽ പറഞ്ഞിരിക്കുന്നതുപോലെ) പത്തിരട്ടി പ്രതിഫലമുള്ളതാണ്. 'അലിഫ്-ലാം-മീം' എന്നുള്ളത് ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. 'അലിഫ്' ഒരക്ഷരം, 'ലാം' ഒരക്ഷരം 'മീം' ഒരക്ഷരം ഇങ്ങിനെയാണ്.) ചില സൂറത്തുകളുടെ ആരംഭങ്ങളിലുള്ള കേവലാക്ഷരങ്ങളുടെ കൂട്ടത്തിൽപെട്ട ഒന്നാണ് 'അലിഫ്-ലാം-മീം' (الم) ഇവയെപ്പറ്റി സന്ദർഭോചിതം നാം സംസാരിക്കുന്നതാണ്. ഏതായാ

ലും, അവയുടെ അർത്ഥം എന്താണെന്ന് നമുക്കറിവില്ല. അർത്ഥം ഗ്രഹിക്കുവാൻ സാധിക്കുന്നില്ലെങ്കിലും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിന് അല്ലാഹുവിങ്കൽ പ്രതിഫലം കിട്ടുമെന്നും, അർത്ഥം അറിയാത്തവർ ഖുർആൻ പാരയാണം ചെയ്യുന്നതിൽ യാതൊരു നന്മയുമില്ലെന്ന് ചിലർ പറയാറുള്ളതു ശരിയല്ലെന്നും ഈ ഹദീസ് തെളിയിക്കുന്നു. പക്ഷേ, അർത്ഥം ഗ്രഹിക്കുവാൻ സാധിക്കുന്ന വചനങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ ശ്രമിക്കാതിരിക്കുന്നതിൽ മുസ്‌ലിംകൾ തെറ്റുകാരായിരിക്കുമെന്ന് പറയേണ്ടതില്ല.

10. അബൂ ഉമാമഃ (ﷺ) നബി (ﷺ) യിൽ നിന്ന് ഉദ്ധരിക്കുന്നു:
إقرأوا القران فانه يأتي يوم القيمة شفيعا لا صحابه – مسلم (നിങ്ങൾ ഖുർആൻ ഓതുവിൻ. നിശ്ചയമായും അത് ഖിയാമത്തുനാളിൽ അതിന്റെ ആൾക്കാർക്ക് ശുപാർശകനായി വരുന്നതാകുന്നു.)

11. നബി (ﷺ) പ്രസ്താവിച്ചതായി ഇബ്നു ഉമർ (ﷺ) ഉദ്ധരിക്കുന്നു:
لا حسد الا على اثنين رجل اتاه الله القرأن فهو يقوم بهآناء الليل وآناء النهار ورجل آتاه الله مالا فهو ينفق منه آناء الليل وآناء النهار – متفق عليه

(രണ്ടാളുകളുടെ കാര്യത്തിലല്ലാതെ അസൂയയില്ല. ഒരാൾ അല്ലാഹു അവന്ന് ഖുർആൻ നൽകിയിരിക്കുന്നു (പഠിപ്പിച്ചിരിക്കുന്നു.) എന്നിട്ട് രാത്രിസമയങ്ങളിലും, പകൽ സമയങ്ങളിലും അത് പാരായണം ചെയ്തുകൊണ്ട് അവൻ നമസ്കാരം നടത്തുന്നു. മറ്റൊരാൾ, അല്ലാഹു അവന്നു ധനം നൽകിയിരിക്കുന്നു. എന്നിട്ട് രാത്രിസമയങ്ങളിലും, പകൽ സമയങ്ങളിലും അവൻ അതിൽനിന്ന് (നല്ല മാർഗ്ഗത്തിൽ) ചിലവഴിച്ചുകൊണ്ടിരിക്കുന്നു.) 'അസൂയ' കൊണ്ട് ഇവിടെ ഉദ്ദേശ്യം, അവനെപ്പോലെ എനിക്കും ആയിത്തീരണമെന്ന ആഗ്രഹത്തോടുകൂടി പരിശ്രമം നടത്തുക എന്നത്രെ, എന്നല്ലാതെ അവന്റെ നന്മയിൽ അനിഷ്ടം കരുതുകയും, അവനെതിരായി പ്രവർത്തിക്കുകയും ചെയ്യുക എന്നല്ല.

മറ്റൊരാൾ ഖുർആൻ ഓതുമ്പോൾ അത് ശ്രദ്ധകൊടുത്ത് കേൾക്കുക, അന്യോന്യം ഓതിക്കേൾപ്പിക്കുക, പാഠം ഒത്തുനോക്കുക മുതലായവയും നല്ലതാകുന്നു. സാരങ്ങൾ പരസ്പരം ഗ്രഹിക്കുവാനും, അഭിപ്രായവിനിമയങ്ങൾ നടത്തുവാനും അത് ഉതകുന്നു. മനപ്പാഠമാക്കിയ ഭാഗം മറന്നുപോകാതെ സൂക്ഷിക്കുന്നതും അത്യാവശ്യമാകുന്നു. ഒരിക്കൽ നബി (ﷺ) തിരുമേനി ഇബ്നുമസ്ഊദ് (ﷺ) നോട് തനിക്ക് ഖുർആൻ ഓതികേൾപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. 'ഖുർആൻ അവതരിച്ചിരിക്കുന്നത് അങ്ങേക്കായിരിക്കെ ഞാൻ അങ്ങേക്ക് ഓതിത്തരുകയോ?' എന്നു അദ്ദേഹം ചോദിച്ചു. **احب ان اسمعه من غيري** (അത് മറ്റൊരാളിൽ നിന്ന് കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു) എന്നായിരുന്നു തിരുമേനിയുടെ മറുപടി. അങ്ങനെ, അദ്ദേഹം സൂറത്തുന്നിസാഉ് ഓതിക്കേൾപ്പിക്കുകയായി. അതിലെ 41-ാം വചനമെത്തിയപ്പോൾ തിരുമേനി **حسبك الان** (ഇപ്പോൾ മതി!) എന്ന് പറയുകയുണ്ടായി. ഇബ്നുമസ്ഊദ് (ﷺ) നോക്കുമ്പോൾ തിരുമേനിയുടെ കണ്ണുകൾ രണ്ടും അശ്രുധാര ഒഴുക്കുന്നുണ്ടായിരുന്നു. പ്രസ്തുത വചനം ഇതാകുന്നു:
فكيف اذا جئنا من كل امة بشهيد وجئنابك على هؤلاء شهيدا – النسآء (അപ്പോൾ, എല്ലാസമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരികയും, ഇക്കൂട്ടർക്ക് സാക്ഷിയായി നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോഴത്തെ അവസ്ഥ എന്തായിരിക്കും?!) ഖിയാമത്തുനാളിൽ വരുവാനിരിക്കുന്ന ആ രംഗത്തെപ്പറ്റി ആലോചിച്ചത് കൊണ്ടാണ് തിരുമേനി കണ്ണുനീരൊഴുക്കിക്കൊണ്ട് 'ഇപ്പോൾ മതി' എന്നു പറഞ്ഞത്. ഒരിക്കൽ, ഉബയ്യുബ്നു കഅ്ബ്നോട് തിരുമേനി: ''താങ്കൾക്ക് ഖുർആൻ ഓതിക്കേൾപ്പിക്കുവാൻ അല്ലാഹു എന്നോട് കല്പിച്ചിട്ടുണ്ട്'' എന്നു

പറയുകയുണ്ടായി. അദ്ദേഹം ചോദിച്ചു: ''അല്ലാഹു എന്റെ പേരെടുത്ത് പറഞ്ഞിരിക്കുന്നുവോ?'' തിരുമേനി: 'അതെ' എന്ന് ഉത്തരം പറഞ്ഞപ്പോൾ-അല്ലാഹുവിന്റെ സന്നിധിയിൽ തന്റെ പേര് പ്രസ്താവിക്കപ്പെട്ടുവല്ലോ എന്ന സന്തോഷാധിക്യത്താൽ-അദ്ദേഹത്തിന്റെ കണ്ണുകൾ ഒഴുകുകയുണ്ടായി. ഈ രണ്ട് സംഭവങ്ങളും ബുഖാരിയും, മുസ്‌ലിമും (ﷺ) ഉദ്ധരിച്ചിട്ടുള്ളതാകുന്നു.

ഉബയ്യ് (ؓ), ഇബ്നു മസ്ഊദ് (ؓ) എന്നീ രണ്ടുപേരും ഖുർആൻ പാരായണത്തിൽ നൈപുണ്യം നേടിയ സഹാബികളിൽ പെട്ടവരായിരുന്നു. ഖുർആൻ വളരെ നന്നായി ഓതിയിരുന്ന മറ്റൊരു സഹാബിയാണ് അബൂമൂസൽ അശ്അരീ (ؓ). ഒരു രാത്രി അദ്ദേഹം ഖുർആൻ പാരായണം ചെയ്യുന്നത് നബി (ﷺ) ചെവികൊടുത്തുകൊണ്ടിരുന്നു. പിറ്റേന്ന് അദ്ദേഹത്തോട് തിരുമേനി പറഞ്ഞു: 'ഇന്നലെ രാത്രി ഞാൻ തന്റെ ഓത്ത് ശ്രദ്ധിച്ച് കേട്ടുകൊണ്ടിരുന്നത് താൻ കണ്ടിരുന്നുവെങ്കിൽ!' അപ്പോൾ, അബൂമൂസാ (ؓ) പറഞ്ഞു: 'അല്ലാഹുവാണ് സത്യം! അവിടുന്ന് എന്റെ ഓത്ത് ശ്രദ്ധിച്ചു കേട്ടിരുന്നതായി ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ, ഞാനത് വളരെ ഭംഗിയായി ഓതിക്കാണിച്ചു തരുമായിരുന്നു' ഈ സംഭവം മുസ്‌ലിം ഉദ്ധരിച്ചിരിക്കുന്നു. ജമാഅത്ത് നമസ്ക്കാരത്തിൽ ഇമാം (മുമ്പിൽ നിൽക്കുന്നവൻ) ഉറക്കെ ഖുർആൻ ഓതണമെന്നും, പിന്നിലുള്ളവർ (മഅ്മൂമുകൾ) അത് സശ്രദ്ധം കേൾക്കണമെന്നും നിശ്ചയിക്കപ്പെട്ടിട്ടുള്ളതും ഇവിടെ സ്മരണീയമാകുന്നു. നബി (ﷺ) യും ജിബ്‌രീലും (അ) കൂടി റമസാൻ മാസങ്ങളിൽ ഖുർആൻ പാഠം നോക്കാറുണ്ടായിരുന്നത് നാം മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഖുർആൻ പാരായണം കേൾക്കുമ്പോൾ അതിലേക്ക് ശ്രദ്ധ പതിക്കുകയും, അതിന്ന് ഭംഗവും വിഘ്നാതവും ഉണ്ടാക്കാതിരിക്കുകയും ചെയ്യേണ്ടതാകുന്നു. സൂറ: അഅ്റാഫ് 204ൽ അല്ലാഹു പറയുന്നു: 'ഖുർആൻ ഓതപ്പെട്ടാൽ നിങ്ങൾ അതിലേക്ക് ശ്രദ്ധ കൊടുത്തു കേൾക്കുകയും മൗനമായിരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കുന്നതാണ്' ഖുർആനുമായി ജനങ്ങൾ സദാ ഇടപഴകിക്കൊണ്ടിരിക്കുവാൻവേണ്ടി എന്തുമാത്രം നടപടികളാണ് ഇസ്‌ലാം സ്വീകരിച്ചിട്ടുള്ളതെന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാം.

പഠിച്ചഭാഗം മറന്നുപോകുവാൻ ഇടയാക്കരുതെന്നും നബി (ﷺ) പ്രത്യേകം താക്കീത് നൽകിയിട്ടുണ്ട്. അവിടുന്നു പറയുന്നു:

تعاهدوا القرأن فوالذى نفسى بيده لهو اشد تفثيا من الابل فى عقلها – متفق عليه

(നിങ്ങൾ, ഖുർആനെ ഗൗനിച്ചുകൊണ്ടിരിക്കണം. കാരണം, എന്റെ ആത്മാവ് ഏതൊരുവന്റെ കൈവശമാണോ അവൻ തന്നെ സത്യം! നിശ്ചയമായും അത്, കെട്ടിയിട്ട ഒട്ടകത്തേക്കാൾ വേഗം കുതറിപ്പോകുന്നതാണ്.) മറ്റൊരു വചനത്തിൽ **واستذكروا القرأن** (നിങ്ങൾ ഖുർആനെ ഓർമ്മ പുതുക്കിക്കൊണ്ടിരിക്കണം) എന്നാണുള്ളത്.

ഖുർആൻ പാരായണം വെറും ഒരു തൊഴിലായി സ്വീകരിച്ചു വരുന്നവർ താഴെ കാണുന്ന രണ്ട് ഹദീസുകൾ ഗൗനിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ ഇംറാൻ (عمران بن الحصين رض) ഒരു കഥാകാരൻ (വഅ്ള് പറയുന്നവൻ) ഖുർആൻ ഓതുകയും പിന്നീട് ജനങ്ങളോട്

സഹായം ചോദിക്കുകയും ചെയ്യുന്നത് കണ്ടു. ഉടനെ അദ്ദേഹം 'ഇസ്തിർജാഉ്' ചൊല്ലി.* അദ്ദേഹം പറഞ്ഞു: റസൂൽ (ﷺ) തിരുമേനി ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു:

من قرأ القرأن فليسأل الله به فانه سيجيئ اقوام يقرأون القرأن يسألون به الناس – احمد والترمذى

(ഒരാൾ ഖുർആൻ ഓതുന്നതായാൽ അതിന് പ്രതിഫലം) അല്ലാഹുവിനോട് ചോദിച്ചു കൊള്ളട്ടെ. എന്നാൽ, വഴിയെ ചില ജനങ്ങൾ വരുവാനുണ്ട്: അവർ, ജനങ്ങളോട് ചോദിക്കുവാനായി ഖുർആൻ ഓതുന്നതാണ്.) വെറൊരു നബിവചനം ബുറൈദ: (رضي الله عنه) ഉദ്ധരിക്കുന്നത് ഇപ്രകാരമാകുന്നു:

من قرأ القرأن يتأكل به الناس جاء يوم القيمة ووجهه عظم ليس عليه لحم – البيهقى فى شعب الايمان

(ആരെങ്കിലും ജനങ്ങളെ പറ്റിത്തിന്നുവാനായി ഖുർആൻ ഓതുന്നതായാൽ ഖിയാമത്തു നാളിൽ, അവൻ മുഖത്ത് മാംസമില്ലാതെ എല്ലു മാത്രമായിക്കൊണ്ട് വരുന്നതാണ്.) ജനങ്ങളോട് യാചിച്ച് നടക്കുന്നത് നബി (ﷺ) കഠിനായി ആക്ഷേപിച്ചിട്ടുള്ളതാണല്ലോ. യാചകൻ ഖിയാമത്തുനാളിൽ മുഖത്ത് മാംസമില്ലാത്ത വിധത്തിൽ വരുവാൻ അതും കാരണമാകുമെന്നും താക്കീത് ചെയ്തിരിക്കുന്നു. എന്നിരിക്കെ, യാചനക്ക് ഖുർആനെ ഒരു ആയുധം കൂടി ആക്കുമ്പോൾ, അത് കൂടുതൽ ദോഷകരമാണെന്ന് പറയേണ്ടതില്ല. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. آمين

പാരായണ മര്യാദകൾ

ഇതര ഗ്രന്ഥങ്ങളെപ്പോലെ കണക്കാക്കാവുന്ന ഒന്നല്ല, വിശുദ്ധ ഖുർആൻ. ഒരു ഗ്രന്ഥത്തിലെ ഉള്ളടക്കം ശരിക്കു ഗ്രഹിക്കുകയും, അത് മനഃപാഠമാക്കുകയും ചെയ്തു കഴിഞ്ഞാൽ, പിന്നീടത് വായിക്കുന്നതിൽ വലിയ പ്രയോജനമൊന്നുമില്ല. കവിഞ്ഞപക്ഷം, മറന്നുപോകാതിരിക്കുവാനായി ഇടക്ക് ഓരോന്നു നോക്കേണ്ടിവരുമെന്നു മാത്രം. ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. അത് വായിക്കുന്നത് തന്നെ ഒരു പുണ്യകർമ്മമാണ്. അതിലെ വിജ്ഞാനങ്ങൾക്ക് ഒടുക്കമില്ല. ഓരോ പ്രാവശ്യം വായിക്കുമ്പോഴും മുമ്പു കാണാത്ത പല വിജ്ഞാനങ്ങളും, തത്വങ്ങളും പുത്തനായി അതിൽനിന്നു ലഭിച്ചുകൊണ്ടിരിക്കും. വിശ്വാസ ദാർഢ്യവും, മാനസിക പരിവർത്തനവും വർദ്ധിച്ചുകൊണ്ടിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലും കാരുണ്യത്തിലുമുള്ള ആവേശവും, ആഗ്രഹവും അവന്റെ ശിക്ഷയേയും കോപത്തേയും കുറിച്ചുള്ള ഭയവും അത് വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. അതിലെ ദൃഷ്ടാന്തങ്ങൾ കൂടുതൽ സ്പഷ്ടമായിക്കൊണ്ടിരിക്കും. ആശ്ചര്യങ്ങൾ കൂടുതലായിക്കൊണ്ടിരിക്കും. ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു:

وفضل كلام الله على سائر الكلام كفضل الله على خلقه – الترمذى والبيهقى

(അല്ലാഹുവിന്റെ വചനത്തിന് ഇതര വചനങ്ങളെ അപേക്ഷിച്ചുള്ള ശ്രേഷ്ഠത, അല്ലാഹുവിന് അവന്റെ സൃഷ്ടികളെ അപേക്ഷിച്ചുള്ള ശ്രേഷ്ഠത പോലെയാകുന്നു.) ഇതാണ് ഖുർആനും, ഇതര വചനങ്ങളും തമ്മിലുള്ള താരതമ്യത്തിന്റെ ചുരുക്കം. അതുകൊണ്ട് ഖുർആൻ പാരായണം ചെയ്യുമ്പോൾ പല മര്യാദകളും പ്രത്യേകം അനുഷ്ഠിക്കേണ്ടതുണ്ട്. അതർഹിക്കുന്ന തരത്തിലുള്ള ബഹുമാനത്തോടും, അച്ചടക്കത്തോടും കൂടി ആയിരിക്കേണ്ടതുമുണ്ട്.

* (വല്ല ആപത്തോ അപായമോ അറിയുമ്പോൾ انا لله وانا اليه راجعون (നാമെല്ലാം അല്ലാഹുവിൻേറതാണ്. നാം അവനിലേക്കു തന്നെ മടങ്ങുന്നവരാണ്.) എന്നു പറയുന്നതു നല്ലതാകുന്നു. ഇതിന്നാണ് 'ഇസ്തിർജാഉ്' (استرجاع) എന്നു പറയുന്നത്. മടക്കം കാണിക്കുക എന്നു വാക്കർത്ഥം.)

'അഊദും ബിസ്മിയും' (التعوذ والبسملة) കൊണ്ടായിരിക്കണം ഖുര്‍ആന്‍ പാരായണ മാരംഭിക്കുന്നത്. ശപിക്കപ്പെട്ട പിശാചില്‍നിന്ന് അല്ലാഹുവിനോട് ശരണം തേടുന്നതിനാണ് 'അഊദു' എന്ന് പറയുന്നത്.

فاذا قرأت القرأن فاستعذ بالله من الشيطان ارجيم – النحل : ٩٨ (നീ ഖുര്‍ആന്‍ പാരായണം ചെയ്യുന്ന തായാല്‍ ആട്ടപ്പെട്ട-ശപിക്കപ്പെട്ട-പിശാചില്‍നിന്ന് അല്ലാഹുവില്‍ ശരണം തേടിക്കൊള്ളുക.) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്‍റെ തിരുനാമത്തില്‍ ആരംഭിക്കുന്നതി നാണ്, 'ബിസ്മി' എന്ന് പറയുന്നത്. ഒന്നാമതായി അവതരിച്ച ഖുര്‍ആന്‍ വചനം തന്നെ, അല്ലാഹുവിന്‍റെ നാമത്തില്‍ പാരായണം ചെയ്യണമെന്ന് കല്‍പിക്കുന്നതായിരുന്നുവല്ലോ. ഖുര്‍ആന്‍ എന്ന് മാത്രമല്ല, ഏതൊരു നല്ല കാര്യവും ആരംഭിക്കുമ്പോള്‍ ബിസ്മി ചൊല്ല ണമെന്ന് ഹദീസുകളില്‍ വ്യക്തമാണ്. 'അഊദി' ന്‍റെയും 'ബിസ്മി' യുടെയും പൂര്‍ണ്ണരൂപം എല്ലാവര്‍ക്കും അറിയാമല്ലോ.

കുറേ വായിച്ചു തീര്‍ക്കുകയെന്ന നിലക്ക് ഖുര്‍ആന്‍ പാരായണം ചെയ്യരുത്. ഓതി ക്കുന്ന ഭാഗം ഉന്മേഷത്തോടും ഹൃദയ സാന്നിദ്ധ്യത്തോടും കൂടി വായിക്കണം.

اقرأوا القرأن ما ائتلفت عليه قلوبكم فاذا اختلفتم نقوموا عنه – متفق عليه

(നിങ്ങളുടെ ഹൃദയങ്ങള്‍ക്ക് ഖുര്‍ആനുമായി ഇണക്കമുള്ളപ്പോള്‍ നിങ്ങളത് ഓതിക്കൊള്ളു വിന്‍. നിങ്ങള്‍ക്ക് ഇണക്കക്കേടുണ്ടാകുമ്പോള്‍ നിങ്ങള്‍ മതിയാക്കി എഴുന്നേറ്റുപോയിക്കൊ ള്ളുവിന്‍.) എന്നാണ് നബി (ﷺ) ഉപദേശിക്കുന്നത്.

ഉച്ചാരണവും ശബ്ദവും, എടുപ്പും വെപ്പും, നീട്ടലും മണിക്കലും തുടങ്ങിയ * തെല്ലാം കഴിയുന്നത്ര നല്ല നിലയിലും, അതതിന്‍റെ പ്രത്യേക സ്വഭാവങ്ങളോടുകൂടിയും ആയിരിക്കേ ണ്ടതുണ്ട്. ഈ വിഷയകമായും പല ഹദീസുകള്‍ കാണാവുന്നതാകുന്നു. ഒരു ഹദീസില്‍ നബി (ﷺ) പറയുന്നു: **ما اذن الله لشيئ ما اذن لنبي حسن الصوت بالقرأن يجهر به– متفق عليه** (സാരം: ശബ്ദഭംഗിയുള്ള പ്രവാചകന് ഖുര്‍ആന്‍ ഉറക്കെ ഓതുവാന്‍ സമ്മതം നല്‍കിയിട്ടുള്ളത്ര മറ്റൊന്നിനും-മറ്റൊന്നും ഓതുന്നതിന്-അല്ലാഹു സമ്മതം കൊടുത്തിട്ടില്ല.) ഖുര്‍ആന്‍ ശബ്ദം നന്നാക്കി ഉറക്കെ ഓതുന്നത് വളരെ നല്ലതാണെന്ന് താല്‍പര്യം. മറ്റൊരു ഹദീസില്‍ തിരുമേനി പറയുന്നു: **زينوا القرأن باصواتكم –احمد وابوداود وابن ماجة** (നിങ്ങളുടെ ശബ്ദങ്ങള്‍ കൊണ്ട് ഖുര്‍ആനെ അലങ്കരിക്കുവിന്‍.) വേറൊരു വചനം ഇപ്രകാരമാകുന്നു. **ليس منا من لم يتغن بالقرأن – البخارى** (ഖുര്‍ആന്‍ മണിച്ച് ഓതാത്തവന്‍ നമ്മില്‍ പെട്ടവനല്ല.) രാഗാ ത്മകമാക്കുക എന്നല്ല, ശബ്ദം നന്നാക്കി ഉച്ചത്തില്‍ ഭംഗിയായി ഓതുകയെന്നത്രെ മണിച്ചോതുക എന്നു പറഞ്ഞതിന്‍റെ വിവക്ഷ. വേറെ പല ഹദീസുകളില്‍നിന്നും ഇത് മനസ്സിലാക്കാവുന്നതാണ്.

നബി (ﷺ) യുടെ ഓത്ത് എപ്രകാരമായിരുന്നുവെന്ന് ചോദിക്കപ്പെട്ടപ്പോള്‍ അനസ് (رضي الله عنه) പറഞ്ഞ മറുപടി **كانت مدا مدا** (അത്, നീട്ടിനീട്ടികൊണ്ടായിരുന്നു) എന്നായിരുന്നു. തുട ര്‍ന്നുകൊണ്ട് അദ്ദേഹം 'ബിസ്മി' ഓതിക്കേള്‍പ്പിച്ചുകൊടുത്തു. അതില്‍ 'ബിസ്മില്ലാഹി' എന്നും, 'അര്‍-റഹ്മാനി' എന്നും, 'അര്‍-റഹീം' എന്നും പ്രത്യേകം പ്രത്യേകം നീട്ടിക്കൊ

* (الخروج والصوت ابتداء والوقف والمد وغيرها)

ണ്ടാണ് ഓതിക്കൊടുത്തത്. ഈ സംഭവം ബുഖാരി (ﷺ) ഉദ്ധരിച്ചതാകുന്നു. ഉമ്മു സലമഃ (ﷺ) യോട് അതിനെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അവർ ഓരോ അക്ഷരവും വ്യക്തമായി ഉച്ചരിച്ചുകൊണ്ട് ഓതിക്കൊടുക്കുകയാണ് ചെയ്തത്. ഇത് തിർമദീ, അബൂദാവൂദ്, നസാഈ(ﷺ) എന്നിവർ ഉദ്ധരിച്ചിരിക്കുന്നു. ഒരിക്കൽ ഇശാ (عشاء) നമസ്കാരത്തിൽ നബി (ﷺ) 'വത്തീനി' സൂറത്ത് (والتين) ഓതിയതിനെക്കുറിച്ച് ബറാഉ് (ﷺ) പറഞ്ഞതു ഇപ്രകാരമാകുന്നു: ما سمعت احدا احسن صوتا منه – متفق عليه (തിരുമേനിയേക്കാൾ ശബ്ദംനല്ല ഒരാളെ ഞാൻ കേട്ടിട്ടില്ല.) മണിച്ചോതുക എന്നും, ശബ്ദം നന്നാക്കുക എന്നും പറഞ്ഞതിൻെറ ഉദ്ദേശ്യം ഇതിൽനിന്നെല്ലാം മനസ്സിലാക്കാമല്ലോ.

ശബ്ദം നന്നാക്കുന്നതോടൊപ്പം, വിനോദരസം പ്രദർശിപ്പിക്കുന്ന പ്രതീതി ഉളവാകാത്തതും, ഭക്തിബഹുമാനം പ്രകടമാക്കുന്ന തരത്തിലുളളതുമായിരിക്കണം വായന. ഖുർആനെ സംബന്ധിച്ചിടത്തോളം, ഏറ്റവും നല്ല ശബ്ദമുളളവനും, ഏറ്റവും നല്ല വായനക്കാരനും എങ്ങിനെയുളളവനായിരിക്കും? (أى الناس احسن صوتا للقرآن واحسن قراءة) എന്നു നബി (ﷺ) യോട് ചോദിക്കപ്പെടുകയുണ്ടായെന്നും, അപ്പോൾ തിരുമേനി ഇപ്രകാരം മറുപടി പറഞ്ഞുവെന്നും ത്വാഊസ് (ﷺ) പറയുന്നു من اذا سمعته يقرأ اريت انه يخشى الله – الدارمى (ഏതൊരുവൻ ഓതുന്നത് കേട്ടാൽ, അവൻ അല്ലാഹുവിനെ ഭയപ്പെടുന്നുണ്ടെന്ന് നിനക്ക് തോന്നുന്നുവോ അങ്ങിനെയുളളവനാണ്.) ത്വൽഹ് (ﷺ) അപ്രകാരമുളള ആളായിരുന്നുവെന്നും ത്വാഊസ് (ﷺ) പ്രസ്താവിച്ചിരിക്കുന്നു:* ഖുർആൻ മനഃപാഠമാക്കിയ ആളുകളും സാധാരണ പാരായണവേളയിൽ മുസ്ഹഫ് നോക്കി ഓതുന്നതാണ് ഉത്തമം.

ധൃതിയോടുകൂടിയും ഉച്ചാരണ ശുദ്ധി കൂടാതെയും ഖുർആൻ ഉരുവിടുന്നത് ഒട്ടും നന്നല്ല. അത് ഖുർആനോടുളള ഒരു അനാദരവുകൂടിയാണ് ഖുർആൻ ധൃതിപ്പെട്ട് ഓതരുതെന്ന് അല്ലാഹു അവൻെറ റസൂലിനോടുതന്നെ വിരോധിച്ചിട്ടുളളത് സൂറത്ത് ത്വാഹാ : 114 ലും മറ്റും കാണാവുന്നതാകുന്നു. അല്ലാഹുവിൻെറ രക്ഷാശിക്ഷകളെപ്പറ്റി വിവരിക്കുന്ന സന്ദർഭങ്ങളിൽ, ഓത്ത് നിറുത്തി കാരുണ്യത്തിനുവേണ്ടി അപേക്ഷിക്കുകയും, ശിക്ഷയിൽനിന്ന് രക്ഷക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. സന്ദർഭത്തിനൊത്ത പ്രതികരണവും ഹൃദയത്തിൽ സംജാതമാകേണ്ടതുണ്ട്. സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകൾ ഓതുമ്പോൾ സുജൂദ് ചെയ്യുകയുംവേണം.** പകലത്തെക്കാൾ രാത്രിയിലും, മറ്റവസരങ്ങളെക്കാൾ നമസ്കാരത്തിലും, പ്രഭാതവേളയിലും മനസ്സാന്നിദ്ധ്യം കൂടുതൽ ലഭിക്കുന്നതാകുന്നു. സൂറ: മുസ്-സമ്മിലിൽ ഖുർആൻ സാവകാശം ഓതാനായി അല്ലാഹു കൽപിച്ചിരിക്കുന്നു.

വൃത്തിയോടുകൂടിയും, മാന്യവും ശുദ്ധവുമായ സ്ഥലത്തുവെച്ചും ആയിരിക്കുക, വുളു (ചെറിയശുദ്ധി)വോടുകൂടിയായിരിക്കുക മുതലായവയും ഖുർആൻ പാരായണ മര്യാദകളിൽ പെട്ടതാകുന്നു. വലിയ അശുദ്ധി (ജനാബത്ത്) ഉളളവർക്ക് ഖുർആൻ പാരായണവും,

* [ത്വൽഹ് (طلق رض) സഹാബിയും, ത്വാഊസ് (طاؤس– رح) താബിഈയും ആകുന്നു.]

** അല്ലാഹുവിന്ന് സുജൂദ് (സാഷ്ടാംഗ നമസ്കാരം ചെയ്വാൻ പ്രേരിപ്പിക്കുന്ന ചില ആയത്തുകൾ ഓതുമ്പോൾ ഓതുന്നവരും, കേൾക്കുന്നവരും ഓരോ സുജൂദ് ചെയ്യേണ്ടതുണ്ടെന്ന് നബി (സ) യുടെ സുന്നത്തിനാൽ സ്ഥാപിതമായിട്ടുള്ളതാണ്. ഇങ്ങിനെയുള്ള ആയത്തുകളുടെ അവസാനത്തിൽ

سجود التلاوة (ഓത്തിൻെറ സുജൂദ്) എന്നു മുസ്ഹഫുകളിൽ അടയാളപ്പെടുത്തീട്ടുള്ളതുകൊണ്ട് അവയുടെ സ്ഥാനങ്ങൾ ആർക്കും മനസ്സിലാക്കുവാൻ പ്രയാസമില്ല. അതതു സ്ഥാനങ്ങളിൽവെച്ച് യാഥോചിതം നാം അവയെപ്പറ്റി ഉണർത്തുന്നതുമാണ്. انشاءالله

നമസ്കാരവും പാടില്ലെന്ന് വിരോധിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, ഖുര്‍ആനല്ലാത്ത ദിക്ര്‍ (ദൈവകീര്‍ത്തനം), ദുആ (പ്രാര്‍ത്ഥന) മുതലായവ നടത്താവുന്നതുമാണ്. ഇവയെല്ലാം തന്നെ ഖിബ്‌ലയെ അഭിമുഖീകരിച്ചുകൊണ്ടായിരിക്കുന്നതാണ് കൂടുതല്‍ നല്ലത്. വുളു കൂടാതെ മുസ്ഹഫ് എടുക്കുന്ന കാര്യത്തില്‍ പണ്ഡിതന്‍മാര്‍ക്കിടയില്‍ രണ്ടഭിപ്രായമാണുള്ളത്. മുസ്ഹഫു എടുക്കുവാന്‍ വുളു നിര്‍ബന്ധമാണെന്നാണ് പലരുടേയും പക്ഷം. മറ്റൊരു പക്ഷം നിര്‍ബന്ധമില്ലെന്നുമാകുന്നു. നിര്‍ബന്ധമാണെന്നുള്ളതിന് മതിയായ തെളിവുകളൊന്നുമില്ല. എങ്കിലും വുളുവോടുകൂടി ആയിരിക്കുന്നതാണ് ഉത്തമമെന്നതില്‍ സംശയമില്ല. അത്രയുമല്ല, ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര എല്ലാ സമയത്തും വുളുവോടുകൂടിയിരിക്കുക എന്നുള്ളത് വളരെ നല്ലകാര്യമാകുന്നുവെന്ന് നബി (ﷺ) യുടെ സുന്നത്തിനാല്‍ സ്ഥാപിതമായതാകുന്നു.

അശുദ്ധമായ സ്ഥലങ്ങളിലോ, നിന്ദ്യമായ സ്ഥാനങ്ങളിലോ മുസ്ഹഫ് വെക്കുന്നതും സൂക്ഷിക്കേണ്ടതുണ്ട്. ശത്രുക്കള്‍ ഖുര്‍ആനെ അവഹേളിക്കുവാന്‍ സംഗതിവരുന്നപക്ഷം, മുസ്ഹഫ് ശത്രുനാട്ടിലേക്ക് കൊണ്ട് പോകരുതെന്ന് ഹദീസില്‍ പ്രത്യേകം വിരോധിച്ചിരിക്കുന്നു. ഖുര്‍ആന്‍റെ സിദ്ധാന്തങ്ങളും, തത്വങ്ങളും മാത്രമല്ല അതെഴുതിയ ഏടും ബഹുമാനിക്കപ്പെടേണ്ടതുണ്ടെന്ന് ഇതില്‍നിന്ന് വ്യക്തമാകുന്നു. ബഹുമാന്യനായ ഒരാളുടെ എഴുത്തുപോലും നിന്ദിക്കപ്പെടുന്നത് ഒരു അപരാധമായിക്കരുതപ്പെടുന്ന സ്ഥിതിക്ക് അല്ലാഹുവിന്‍റെ ഗ്രന്ഥത്തെ അനാദരിക്കുന്നതിനെപ്പറ്റി പറയേണ്ടതുണ്ടോ?! ഇത്തരം സംഗതികളില്‍ ഇന്നു പൊതുവെ ഒരു അലസ നയമാണുള്ളത് എന്നു പറയേണ്ടിയിരിക്കുന്നു. വര്‍ത്തമാന പത്രങ്ങളുടെ കഷ്ണങ്ങളെന്നപോലെ, ഖുര്‍ആനോ നബിവചനങ്ങളോ എഴുതിയ കഷ്ണങ്ങളും പലരും പുറത്തെറിയുവാന്‍ മടിക്കാറില്ല. താരതമ്യേന ‘പുരോഗമനവാദി’കളിലാണ് ഈ വക കാര്യങ്ങള്‍ കൂടുതല്‍ കാണപ്പെടുക. ഹൃദയത്തില്‍ ഖുര്‍ആനോട് യഥാര്‍ത്ഥമായ സ്നേഹബഹുമാനം ഉള്ളവര്‍ ഒരിക്കലും അതു ചെയ്കയില്ല. ഖുര്‍ആന്‍റെ സിദ്ധാന്തങ്ങളെക്കുറിച്ച് പ്രസംഗിക്കുന്നതുകൊണ്ട് മാത്രം അതിനോടുള്ള കടപ്പാടുകള്‍ തീര്‍ന്നുവെന്നോ, അതിനെ ബഹുമാനിച്ചുവെന്നോ പറഞ്ഞുകൂടാ. അനുസരണക്കേടിനെക്കാള്‍ വമ്പിച്ച അപരാധമാണ് അനാദരിക്കലും അപമാനിക്കലും എന്നോര്‍ക്കേണ്ടതുണ്ട്. സൂ: ഹജ്ജില്‍ അല്ലാഹു പറയുന്നു: ‘ആരെങ്കിലും അല്ലാഹുവിന്‍റെ പരിപാവന വസ്തുക്കളെ ബഹുമാനിക്കുന്നതായാല്‍ അത് തന്‍റെ രക്ഷിതാവിങ്കല്‍ അവന്നു ഉത്തമമായിട്ടുള്ളതാണ്.’ (ഹജ്ജ് 30) വീണ്ടും അതേ സൂറത്തില്‍ പറയുന്നു: ആരെങ്കിലും അല്ലാഹുവിന്‍റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാല്‍, നിശ്ചയമായും അത് ഹൃദയങ്ങളുടെ ഭക്തിയില്‍നിന്നുള്ളതാണ്. (32) ഈ വചനം പ്രത്യേകം ശ്രദ്ധാര്‍ഹമാകുന്നു. വിശുദ്ധ ഖുര്‍ആന്‍ അല്ലാഹു ബഹുമാനിച്ചിട്ടുള്ള പരിപാവനമായ മതചിഹ്നമാണെന്നുള്ളതില്‍ സംശയമില്ലല്ലോ.

ശത്രുക്കളുടെ അവഹേളനത്തിനോ പരിഹാസത്തിനോ പാത്രമാകുമെന്ന് കണ്ടാല്‍ ഖുര്‍ആനുംകൊണ്ട് അവരുടെ അടുക്കലേക്ക് പോകരുതെന്ന് കല്‍പിക്കുന്ന ഒരു ഹദീസ് ബുഖാരിയിലും മുസ്‌ലിമിലും വന്നിട്ടുണ്ട്. ബുഖാരിയുടെ വ്യാഖ്യാതാവായ ഇമാം അസ്ഖലാനീ (رحمه الله) ‘ഫത്ഹുല്‍ബാരി’യിലും, മുസ്‌ലിമിന്‍റെ വ്യാഖ്യാതാവായ ഇമാം നവവീ (رحمه الله) ‘ശറഹു മുസ്‌ലിമി’ലും ഈ ഹദീസിനെ വിശകലനം ചെയ്തു കാണാം. ഈ വിഷയത്തില്‍ മുന്‍ഗാമികളുടെ വ്യത്യസ്താഭിപ്രായങ്ങള്‍ ഉദ്ധരിച്ചു വിശദീകരിച്ചിട്ടുമുണ്ട്. ഹദീസില്‍ ചൂണ്ടിക്കാട്ടിയ കാരണം-അവഹേളനവും പരിഹാസവും-ഇല്ലാത്തപ്പോള്‍ അതിനു വിരോധമില്ലെന്ന് രണ്ടുപേരും വ്യക്തമാക്കിയിരിക്കുന്നു. അമുസ്‌ലിംകള്‍ ഖുര്‍ആന്‍

തൊടുന്നതിനെയും, അവർക്കു ഖുർആൻ പഠിപ്പിക്കുന്നതിനെയും, സംബന്ധിച്ചു ഇമാം അസ്ഖലാനീ (ﷺ) ഒന്നിലധികം സ്ഥലത്ത് സംസാരിച്ചിട്ടുണ്ട്. അതെല്ലാം ഉദ്ധരിക്കുവാൻ ഇവിടെ സൗകര്യമില്ല. അദ്ദേഹവും പ്രസ്താവിച്ചതിൻെറ രത്നച്ചുരുക്കം ഇതാണ്: 'ഇമാമുകളിൽ ചിലർ പാടുണ്ടെന്നും, ചിലർ പാടില്ലെന്നും തീർത്തു പറഞ്ഞിരിക്കുന്നു. പാടുള്ള അവസരവും, പാടില്ലാത്ത അവസരവും വെവ്വേറെ വിഭജിക്കുകയാണ് മറ്റു ചിലർ ചെയ്തിരിക്കുന്നത്. എന്നാൽ, ഖുർആൻെറ നേരെ അവഹേളനത്തിനും കയ്യേറ്റത്തിനും ഇടവരികയില്ലെന്നും, ഖുർആൻ മുഖേന വല്ല നൻമയും അവരിൽ ഉണ്ടായേക്കാമെന്നും കാണുമ്പോൾ അതിന് യാതൊരു വിരോധവുമില്ല.' (ഫത്ത്ഹുൽബാരി വാ: 1 പേ: 324, വാ: 6പേ: 81, 161, ശറഹ് മുസ്ലിം വാ: 2 പേ: 132)

ഖുർആനിലെ പദങ്ങളുടെയും, അക്ഷരങ്ങളുടെയും ഉച്ചാരണ മുറകൾ, അക്ഷരങ്ങൾ പരസ്പരം കൂട്ടിവായിക്കുമ്പോഴത്തെ സ്വരവ്യത്യാസങ്ങൾ, നീട്ടൽ, കുറുക്കൽ, മണിക്കൽ, എടുപ്പ്, വെപ്പ്, എന്നിങ്ങിനെയുള്ള പലതിനെയും ശാസ്ത്രീയമായ രീതിയിൽ വിവരിക്കുന്നതും, മുൻഗാമികളായ മഹാൻമാരിൽ നിന്ന് മുഖാമുഖമായും നിവേദനമാർഗ്ഗേണയും അറിയപ്പെട്ടിട്ടുള്ള വായനാനിയമങ്ങൾ വിവരിക്കുന്നതുമായ പല ഗ്രന്ഥങ്ങളും പലരും രചിച്ചിട്ടുണ്ട്. علم القراءة والتجويد (ഖുർആൻ വായനയുടെയും നന്നായി വായിക്കുന്നതിൻെറയും ശാസ്ത്രം) എന്ന പേരിൽ ഒരു ഇസ്ലാമിക ശാസ്ത്ര വിഭാഗം തന്നെ നിലവിലുണ്ട്. അറബിഭാഷാ ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ സാധാരണ ഗൗനിക്കേണ്ടതില്ലാത്ത എത്രയോ കാര്യങ്ങൾ ഖുർആൻ പാരായണത്തിൽ ഗൗനിക്കേണ്ടതായുണ്ട്. അവ നബി (ﷺ) യിൽ നിന്ന് സഹാബികളും, അവരിൽനിന്ന് താബിഉകളും അവരിൽ നിന്ന് പിൻഗാമികളുമായി കർണ്ണാകർണ്ണികയായി പഠിച്ചു വന്ന പാരമ്പര്യ വിജ്ഞാനങ്ങളത്രെ. ചുരുക്കിപ്പറയുന്നപക്ഷം, ഖുർആൻ പാരായണ നിയമങ്ങൾ ഒട്ടും അറിയാത്തവന് ഖുർആൻ ശരിക്കു വായിക്കുവാൻ സാധിക്കുകയില്ല. ഗ്രന്ഥത്തിൽ നിന്ന് മാത്രം പഠിച്ചാലും പോര, ഗുരുമുഖങ്ങളിൽനിന്ന് തന്നെ നേരിൽ കേട്ടു മനസ്സിലാക്കിയെങ്കിൽ മാത്രമേ അവ വേണ്ടതുപോലെ പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുകയുള്ളു.

പരസഹായം കൂടാതെ ഒരു മലയാളി മലയാളത്തിൽ വിരചിതമായ 'ഇംഗ്ളീഷ് ഭാഷാസഹായി'കളെ മാത്രം ആസ്പദമാക്കി ഇംഗ്ളീഷ് പഠിച്ചാലുള്ളതുപോലെ, അല്ലെങ്കിൽ ഒരു ഇംഗ്ളീഷുകാരൻ, ഇംഗ്ളീഷിൽ രചിക്കപ്പെട്ട 'മലയാള ഭാഷാ സഹായി'കളിൽനിന്ന് മലയാളം പഠിച്ചാലുള്ളതുപോലെയായിരിക്കും ഗുരുസഹായം കൂടാതെ ഖുർആൻ വായന പഠിച്ചാലുള്ള അനുഭവം, സംഗീത രീതികൾ പുസ്തകത്തിൽനിന്ന് മാത്രം പഠിച്ചു സംഗീതം പാടിയാലുള്ള കഥയും അങ്ങിനെത്തന്നെ. ഖുർആനാണെങ്കിൽ, സാധാരണ അറബി ഗദ്യങ്ങളുടെ മാതിരിയോ, പദ്യങ്ങളുടെ മാതിരിയോ ഉള്ള ഒന്നല്ല. അതിന്ന് അതിൻേറതായ ഒരു പ്രത്യേക സ്വഭാവമാണുള്ളത്. അതു കവിതയല്ല. എന്നാലതു സാധാരണ രീതിയിലുള്ള ഗദ്യവുമല്ല. ആകയാൽ അതിന്നു അതിൻേറതായ വായനാരീതിയും, വായനാനിയമവും ഉണ്ട്.

ഖുർആൻ വായന ശരിപ്പെടുത്തുന്ന വിഷയത്തിൽ അടുത്തകാലം വരെ-പണ്ഡിതൻമാരും പാമരൻമാരും അടക്കം-പിൽക്കാല മുസ്ലിംകൾ പൊതുവിൽ കുറെ അതിരു –കവിഞ്ഞു പോയിരുന്നു. അതേസമയത്ത് അതിൻെറ അർത്ഥവും ആശയവും പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നതിൽ അവർ വളരെ അമാന്തം കാണിച്ചിരുന്നുവെന്നതും ഒരു പരമാർത്ഥമത്രെ. അവരുടെ ശ്രമം മുഴുക്കെ ഉച്ചാരണത്തിലും, വായനാശൈലിയിലും മാത്രം

കേന്ദ്രീകരിക്കയാണ് ചെയ്തത്. ഖുർആനോടുള്ള തങ്ങളുടെ കടമ അതോടെ അവസാനിച്ചുവെന്നും മിക്കവരും കരുതിവശായി. ഇന്ന് കാര്യവിവരമുള്ള പണ്ഡിതന്മാർ പലരും ഇതിനെതിരിൽ ശബ്ദം ഉയർത്തിയും സമരം നടത്തിയും കൊണ്ടിരിക്കുകയാണ്. തൽഫലമായി ഒട്ടൊക്കെ ആളുകൾക്ക് ഖുർആൻ മനസ്സിലാക്കണമെന്ന ഒരു ബോധം ഉണ്ടായിത്തുടങ്ങിയിട്ടുണ്ടെന്ന് പറയാം. الحمد لله നേരെമറിച്ച് ഖുർആന്റെ അർത്ഥം അറിഞ്ഞാൽ മതി-അതിന്റെ വായനയും പാരായണ കാര്യവും എങ്ങിനെയെങ്കിലും ആയിക്കൊള്ളട്ടെ - എന്നൊരു നിലപാടുകൂടി അതോടൊപ്പം പലരിലും പ്രകടമായിക്കാണുന്നു. ഖുർആൻ ഗ്രഹിക്കുവാനുള്ള താല്പര്യത്തിലും, പരിശ്രമത്തിലും സഹാബികൾ തുടങ്ങിയ മുൻഗാമികളെ കവച്ചുവെക്കുന്ന ഒരൊറ്റ വ്യക്തിയും ഇന്നില്ല. അതിന്റെ പാരായണ മുറകളിലും, വായന നന്നാക്കുന്നതിലും അവർ എത്രമാത്രം ശ്രദ്ധ പതിച്ചിരുന്നുവെന്ന് മുകളിൽ വായിച്ച ഉദ്ധരണികളിൽ നിന്നും മറ്റും നല്ലപോലെ ഗ്രഹിക്കാമല്ലോ.

'തജ്‌വീദി' (നന്നാക്കി ഓതൽ) നെ സംബന്ധിച്ചിടത്തോളം ഒരു അവഗണനാനയം മാത്രമല്ല, അതൊരു പഴഞ്ചനും അനാവശ്യമാണെന്നുപോലും ഒരു ധാരണ ചിലരിൽ കടന്നുകൂടിയിട്ടുണ്ട്. വേറെയും എത്രയോ പ്രവാചകചര്യകളെ ഈ 'പരിഷ്കരണവാദികൾ' പഴഞ്ചനാക്കി പുറംതള്ളുക പതിവാണ്. അക്കൂട്ടത്തിൽ ഒന്നുമാത്രമാണിതും. പണ്ഡിതന്മാരെന്ന് കരുതപ്പെടുന്ന പലരും ഇന്ന് ഖുർആൻ വായിക്കുന്നത് കേൾക്കുമ്പോൾ അത്ഭുതം തോന്നും. ഒരക്ഷരം മറ്റൊരക്ഷരമായി മാറുക, അർത്ഥവ്യത്യാസം വന്നേക്കുമാറ് സ്ഥാനം തെറ്റി നിറുത്തുക(വഖ്ഫ് ചെയ്യുക), നിറുത്തി വായിക്കൽ അത്യാവശ്യമായ സ്ഥാനങ്ങളിൽ കൂട്ടിവായിക്കുക തുടങ്ങിയ അബദ്ധങ്ങൾ പലതും അവർ നിർലജ്ജം ആവർത്തിക്കുന്നതു കാണാം. അതുപോലെത്തന്നെ, അറബിഭാഷ അല്പമൊക്കെ കൈകാര്യം ചെയ്വാൻ അറിയാവുന്നവരിൽപോലും തെറ്റുകൂടാതെ അറബി എഴുതുവാൻ-ഖുർആൻ വിശേഷിച്ചും-കഴിയാത്ത പലരെയും കാണും. ഇതിലെല്ലാം ഇത്രയും അവഗണനാനയം സ്വീകരിക്കുന്ന ഇതേ ആളുകൾ, മറ്റു വല്ല പുസ്തകങ്ങളോ വർത്തമാനപത്രങ്ങളോ വായിക്കുമ്പോൾ ഒരാളുടെ പക്കൽ വല്ല അക്ഷരത്തെറ്റോ വടിവുകുറവോ കണ്ടാൽ അത് വളരെ പുച്ഛത്തോടുകൂടി വീക്ഷിക്കുകയും ചെയ്യും. കോമ, പുള്ളി മുതലായ ചിഹ്നങ്ങൾ ഗൗനിക്കാതിരുന്നാൽ പോലും പരിഹാസത്തിനു വിഷയമാക്കുന്ന ഇവർ, ഖുർആൻ വായനയിലെ തെറ്റുകളെപ്പറ്റി ശ്രദ്ധ പതിക്കുന്നതു പഴഞ്ചനും നിസ്സാരവുമാക്കുന്നതു കേവലം ഒരു വിരോധാഭാസമത്രെ. ഖുർആനെ ഉള്ളഴിഞ്ഞു സ്നേഹിക്കുകയും, യഥാർത്ഥമായി ആദരിക്കുകയും ചെയ്യുന്നവർ അതിന്റെ വായനയും, അതിന്റെ എഴുത്തും എല്ലാംതന്നെ ഗൗനിക്കാതിരിക്കയില്ല-ഗൗനിക്കേണ്ടതുമുണ്ട്.

എഴുത്തിലും വായനയിലും അറിഞ്ഞിരിക്കേണ്ടുന്ന ചില കാര്യങ്ങൾ

ഉസ്മാൻ (رضي الله عنه) ന്റെ ഖിലാഫത്തു കാലത്ത് പല രാജ്യങ്ങളിലേക്കും മുസ്ഹഫിന്റെ പകർപ്പുകൾ അയച്ചുകൊടുത്തുവെന്നും, അതുകൊണ്ടാണ് മുസ്ഹഫുകൾക്ക് 'ഉസ്മാനീ മുസ്ഹഫ്' എന്നു പറയപ്പെടുന്നതെന്നും മുമ്പു പറഞ്ഞുവല്ലോ. അന്ന് ആ മുസ്ഹഫുകളിൽ അംഗീകരിക്കപ്പെട്ടിരുന്ന സമ്പ്രദായത്തിലുള്ള എഴുത്തിന് 'ഉസ്മാനീ എഴുത്ത്' (الرسم العثمانى) എന്ന് പറയപ്പെടുന്നു. മുസ്ഹഫുകളിൽ പൊതുവിൽ അംഗീകരിക്കപ്പെട്ടുവരു

ന്നതും ഈ സമ്പ്രദായം തന്നെ. പക്ഷേ, മുൻകാലത്തില്ലാത്ത പലതരം പരിഷ്ക്കരണങ്ങളും പിൽക്കാലങ്ങളിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഉസ്മാനീ എഴുത്തും, സാധാരണ അറബി എഴുത്തും തമ്മിൽ ചില സ്ഥലങ്ങളിൽ വ്യത്യാസമുണ്ടായിരിക്കും. ഉച്ചാരണങ്ങളുടെ അടിസ്ഥാനത്തിൽ പദങ്ങൾ എഴുതുന്ന സമ്പ്രദായം, വകഭേദങ്ങളുടെ അടിസ്ഥാനത്തിൽ പദങ്ങൾ എഴുതുന്ന സമ്പ്രദായം എന്നിങ്ങനെ രണ്ട് സമ്പ്രദായങ്ങളുള്ളതാണ് ഈ വ്യത്യാസത്തിനു മുഖ്യകാരണം. ഉദാഹരണമായി: 'സ്വലാത്ത്' എന്നു ശബ്ദം വരുന്ന പദം صلوة എന്നും صلاة എന്നും, 'ജാവാസ' എന്നു വായിക്കുന്ന പദം جوز എന്നും جاوز എന്നും എഴുതപ്പെടുന്നു. 'റഹ്മത്ത്' എന്നുള്ളത് رحمت، رحمة എന്നീ രൂപങ്ങളിലും, 'അർസൽനാക' എന്നുള്ളത് ارسلنك. ارسلناك എന്നിങ്ങനെയും എഴുതിവരാറുണ്ട്. ഇതിനെപ്പറ്റി ഇവിടെ കൂടുതൽ വിവരിക്കുന്നില്ല.

മുസ്ഹഫുകളിൽ ഉസ്മാനീ എഴുത്തുതന്നെ സ്വീകരിക്കേണ്ടതുണ്ടോ, ഇല്ലേ, എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇമാം മാലിക് (رحمه الله), ഇമാം അഹ്മദ് (رحمه الله) മുതലായവരും ഭൂരിഭാഗം പണ്ഡിതന്മാരും ഉസ്മാനി എഴുത്തുതന്നെ സ്വീകരിക്കൽ നിർബന്ധമാണെന്ന പക്ഷക്കാരാകുന്നു. ഒരു പ്രത്യേകരീതിയിലുള്ള എഴുത്തുതന്നെ സ്വീകരിക്കണമെന്നുള്ളതിന് ബലപ്പെട്ട തെളിവില്ലെന്നും, ഉസ്മാൻ (رضي الله عنه) ൻെറ കാലത്തുള്ള മുസ്ഹഫുകളും പിൽക്കാലങ്ങളിൽ എഴുതപ്പെട്ട മുസ്ഹഫുകളും തമ്മിൽ എഴുത്തിൽ പല വ്യത്യാസങ്ങളും കാണുന്നത് അതുകൊണ്ടാണെന്നുമാണ് മറ്റൊരു പക്ഷക്കാർ പറയുന്നത്. എന്നാൽ, വായനാവേളയിൽ അർത്ഥോദ്ദേശ്യങ്ങളിൽ മാറ്റം വരത്തക്ക വ്യത്യാസം നേരിടുന്നതിന് എഴുത്തിൻെറ രൂപഭേദം കാരണമായിക്കൂടാ എന്നു തീർച്ചയാകുന്നു. മൂന്നാമതൊരു അഭിപ്രായം ഇതാണ്: അതതുകാലത്ത് പ്രചാരത്തിലുള്ള ലിപി സമ്പ്രദായമാണ് മുസ്ഹഫിലും ഉപയോഗിക്കേണ്ടത്. എങ്കിലും പഴയ സമ്പ്രദായത്തിലുള്ള എഴുത്ത് ഒരു ചരിത്രലക്ഷ്യമെന്നനിലക്ക് സൂക്ഷിച്ചു വരേണ്ടതുണ്ടുതാനും. ഈ അഭിപ്രായം കൂടുതൽ യുക്തമായിത്തോന്നുന്നു. الله اعلم പൂർവ്വകാല സമ്പ്രദായത്തിലുള്ള ലിപി-പിന്നീടു സ്വീകരിക്കപ്പെട്ട പരിഷ്ക്കരണങ്ങളൊന്നും കൂടാതെ-അതേ രൂപത്തിൽ ഉപയോഗിച്ചാൽ ജനങ്ങൾ കുഴപ്പത്തിലാകുന്നതുകൊണ്ട് ഇക്കാലത്ത് അത് ഉപയോഗിച്ചുകൂടാ എന്നും ചില പണ്ഡിതന്മാർ പ്രസ്താവിച്ചു കാണുന്നു.

നബി (ﷺ) യുടെയും സഹാബികളുടെയും കാലത്ത് അറബിലിപിയിൽ പുള്ളിയും,

'ഹർക്കത്തു-സുകൂൻ' (ـَـُـِـْـ)മുതലായവയും നടപ്പിലുണ്ടായിരുന്നില്ല. അബ്ദുൽ മലികിൻെറ ഖിലാഫത്തു (ഹിജ്റ: 65-86) കാലത്തു ഹജ്ജാജുബ്നു യൂസുഫിൻെറ പരിശ്രമഫലമായിട്ടാണ് അവ മുസ്ഹഫിൽ നടപ്പാക്കപ്പെട്ടത് എന്നാണ് പറയപ്പെടുന്നത്. അബുൽ അസ്‌വദ്-ദ്ദുഅലി (رحمه الله) യാണ് ആദ്യമായി മുസ്ഹഫിൽ അക്ഷരങ്ങൾക്ക് പുള്ളിയും മറ്റും കൊടുത്തതെന്നും അഭിപ്രായമുണ്ട്. ഏതായാലും, ഇത് സമുദായത്തിന് ലഭിച്ച മഹത്തായ ഒരു അനുഗ്രഹം തന്നെ. അതില്ലായിരുന്നുവെങ്കിൽ, ഖുർആനിൽ എത്രയോ ഭിന്നിപ്പുകൾ ഉണ്ടാകുമായിരുന്നു. കാലക്രമത്തിൽ ഇവക്കുപുറമെ, സൂറത്തുകളുടെ പ്രാരംഭങ്ങളും, പേരുകളും പ്രത്യേകം അടയാളപ്പെടുത്തപ്പെട്ടു. ഭാഗങ്ങളും ഉപവിഭാഗങ്ങളും (ജുസ്ഉകളും, റുകൂഉകളും), ഓരോ ഭാഗങ്ങളുടേയും 1/4, 1/2, 3/4 മുതലായവയും നിർണ്ണയിക്കപ്പെട്ടു. നിറുത്തി വായിക്കേണ്ടതും, ചേർത്തു വായിക്കേണ്ടതുമായ സ്ഥാനങ്ങൾക്ക് പ്രത്യേകം അടയാളങ്ങളും ചിഹ്നങ്ങളും നൽക

പ്പെട്ടു. ഇങ്ങിനെയുള്ള പരിഷ്കരണങ്ങളെല്ലാം പിന്നീടുണ്ടായതാകുന്നു. ഇതെല്ലാം മുസ്ഹഫുകള്‍ തുറന്നുനോക്കിയാല്‍ കാണാവുന്നതത്രെ.

"വഖ്ഫും വസ്ലും" (الوقوف والوصل)

ഖുര്‍ആന്‍ വായനയില്‍ പ്രത്യേകം മനസ്സിരുത്തേണ്ടുന്ന കാര്യങ്ങളാണ് 'വഖ്ഫും' 'വസ്ലും'. നിറുത്തിവായിക്കുക, അഥവാ രണ്ട് പദങ്ങള്‍ക്കിടയില്‍ മുറിച്ചുചൊല്ലുകയാണ് 'വഖ്ഫ്'. നിറുത്താതെ കൂട്ടിച്ചേര്‍ത്തു വായിക്കലാണ് 'വസ്ല്‍' നിറുത്തേണ്ട സ്ഥാനത്തു നിറുത്താതെയോ, നേരെമറിച്ചോ വായിക്കുന്നപക്ഷം ചിലപ്പോള്‍ വാക്യങ്ങളുടെ അര്‍ത്ഥത്തില്‍ മാറ്റമോ അവ്യക്തതയോ സംഭവിച്ചേക്കും. അതുകൊണ്ടാണ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് പറഞ്ഞത്. ഗൗനിക്കേണ്ടുന്ന മറ്റൊരു വിഷയമാണ് 'മദ്ദ്' (المد = ദീര്‍ഘം) 'മദ്ദു' കളില്‍ അല്‍പം മാത്രം ദീര്‍ഘിപ്പിക്കേണ്ടതും കൂടുതല്‍ ദീര്‍ഘിപ്പിക്കേണ്ടതുമുണ്ട്. ഒരക്ഷരം മറ്റൊരക്ഷരത്തിനുമുമ്പില്‍ വരുമ്പോള്‍ തമ്മില്‍ മുറിച്ചുചൊല്ലേണ്ടതും, ഒന്നൊന്നില്‍ ചേര്‍ത്തു ചൊല്ലേണ്ടതും ഉണ്ടായിരിക്കും. ഇത്തരം കാര്യങ്ങളെല്ലാം പ്രതിപാദിക്കുന്ന പല അറബി ഗ്രന്ഥങ്ങളും കാണാം. അറബി മലയാളത്തിലും ചിലതെല്ലാം നിലവിലുണ്ട്. മലയാള ലിപിയില്‍ ഈ വക വിഷയങ്ങള്‍ കൈകാര്യം ചെയ്യപ്പെടുവാന്‍ സൗകര്യംപോരാ. ഖുര്‍ആന്‍ പാരായണം ചെയ്യുന്നവര്‍ ഓരോന്നും അതതിന്‍റെ സ്ഥാനങ്ങളില്‍ ഓര്‍മ്മിക്കുവാനായിട്ടത്രെ മുസ്ഹഫുകളില്‍ ചില ചിഹ്നങ്ങള്‍ അടയാളപ്പെടുത്തി വരുന്നത്. അവയില്‍ കൂടുതല്‍ ഉപയോഗത്തിലിരിക്കുന്നവയും, അവയുടെ ഉദ്ദേശ്യങ്ങളും ഇവിടെ ചുരുക്കി വിവരിക്കാം. കാര്യകാരണസഹിതം വിശദീകരിച്ചു വിവരിക്കുവാന്‍ ഇവിടെ സൗകര്യമില്ല.

ചിഹ്നങ്ങളും ഉദ്ദേശ്യങ്ങളും

م വഖ്ഫ് ചെയ്യല്‍ അത്യാവശ്യമാണ്. ഇല്ലാത്തപക്ഷം വാക്യങ്ങളുടെ അര്‍ത്ഥത്തില്‍ വ്യത്യാസം നേരിട്ടേക്കും.

ط വഖ്ഫ് ചെയ്യല്‍ വളരെ നല്ലതാണ്. പക്ഷേ സംസാരിക്കുന്ന വിഷയം പൂര്‍ത്തിയായിട്ടില്ല. വാചകം പൂര്‍ത്തിയായിട്ടുമുണ്ട്.

ج വഖ്ഫുചെയ്യാം. വഖ്ഫു ചെയ്യാതിരിക്കുന്നതിനും വിരോധമില്ല.

ز വഖ്ഫ് ചെയ്യലാണ് നല്ലത്.

ق വഖ്ഫിന്‍റെ ആവശ്യമില്ല.

قف വായിക്കുന്നവന്‍ കൂട്ടിവായിച്ചേക്കുവാന്‍ ഇടയുണ്ട്. എങ്കിലും വഖ്ഫാണ് വേണ്ടത്.

س ، سكتة അല്‍പമൊന്നു നിറുത്തുക. വഖ്ഫു വേണ്ടതില്ല താനും.

وقفة അല്‍പംകൂടി അധികം നിറുത്തുക.

ص ചേര്‍ത്തുവായിക്കുകയാണ് വേണ്ടത്. നിറുത്തുന്നതിന്നു വിരോധവുമില്ല.

لا മുമ്പും പിമ്പുമുള്ള വാക്കുകള്‍ തമ്മില്‍ ഘടനാപരമായ ബന്ധമുള്ളതുകൊണ്ട് ഇവിടെ പൂര്‍ത്തിയായ വഖ്ഫ് ഇല്ല. ആയത്തിന്‍റെ (സൂക്തത്തിന്‍റെ) അവസാനത്തിലാണെങ്കില്‍ വഖ്ഫു ചെയ്യാം. ഇടയ്ക്കു വെച്ചായിരുന്നാല്‍-വായനക്കാരന്‍ വഖ്ഫു ചെയ്വാന്‍ ഹിതമുണ്ടെങ്കിലും. വഖ്ഫു ചെയ്യാതിരിക്കുകയാണ് വേണ്ടത്.

0 ആയത്തുകളുടെ അവസാനത്തെ കുറിക്കുന്നു. (ഈ ആവശ്യാര്‍ത്ഥം പലരും പല ചിഹ്നങ്ങള്‍ ഉപയോഗിക്കാറുണ്ട്.0

۞ ،٥ ഈ ചിഹ്നമാണ് കൂടുതല്‍ ഉപയോഗിച്ചു വരുന്നത്). ആയത്തുകളുടെ

അവസാനത്തിൽ നിറുത്തി ഓതുകയാണ് വേണ്ടത്.

ع ഒരു റുകൂഉ് (വിഭാഗം അഥവാ ഖണ്ഡിക) അവസാനിച്ചു.

سجدة ഓത്തിൻെറ സുജൂദുചെയ്യേണ്ടുന്ന സ്ഥലം.

- മദ്ദ് (ദീർഘിപ്പിക്കണം എന്ന അടയാളം) ഇതിൽ അധികം ദീർഘിപ്പിക്കേണ്ടതും അല്ലത്തതുമായി ഒന്നിലധികം തരമുണ്ട്. അവയെപ്പറ്റി അന്വേഷിച്ചറിയേണ്ടതാണ്.

മുസ്ഹഫുകളുടെ വരികൾക്കിടയിൽ സാധാരണ കാണപ്പെടാറുള്ള ചിഹ്നങ്ങളാണിവ. കൂടാതെ വേറേയും ചിലതു കണ്ടേക്കും. പക്ഷേ, മലബാറിൽ അച്ചടിക്കപ്പെടുന്ന മുസ്ഹഫുകളിൽ ഇങ്ങിനെയുള്ള ചിഹ്നങ്ങളെപ്പറ്റി അധികമൊന്നും ഗൗനിച്ചു കാണാറില്ല. വ്യക്തമായ തെറ്റുകളും, അക്ഷരപ്പിഴവുകളും മലബാരീ മുസ്ഹഫുകളിൽ സാധാരണമാണെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അച്ചുകൂടക്കാർ ഇക്കാര്യം ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടതാകുന്നു.

സാധാരണ ഗ്രന്ഥങ്ങളിൽ, വാക്യങ്ങൾക്കിടയിൽ ഉപയോഗിക്കപ്പെട്ടുകാണാറുള്ള പൂർണ്ണവിരാമം, അർദ്ധവിരാമം, കോമ (. ; ,) മുതലായ ചിഹ്നങ്ങളുടെ സ്ഥാനമാണ് മുസ്ഹഫുകളിൽ മേൽ കണ്ട ചിഹ്നങ്ങൾക്കുള്ളത്. അൽപം ബോധമുള്ള വായനക്കാരൻ വായനാവേളയിൽ ഇത്തരം ചിഹ്നങ്ങളെപ്പറ്റി ഗൗനിക്കുമല്ലോ. ഗൗനിക്കാത്തപക്ഷം ഉദ്ദേശ്യം മനസ്സിലാക്കുന്നതിൽ ആശയക്കുഴപ്പവും അബദ്ധവും നേരിടുന്നതുമാകുന്നു. അതുപോലെത്തന്നെയാണ്-അഥവാ അതിലും കൂടുതലാണ്-മുസ്ഹഫിൽ കാണപ്പെടുന്ന പ്രസ്തുത ചിഹ്നങ്ങളുടെയും സ്ഥിതി. ഖുർആൻെറ അർത്ഥം അറിയുകയും, അത് ഓർത്തുകൊണ്ട് വായിക്കുകയും ചെയ്യുന്നവർക്ക് ഈ ചിഹ്നങ്ങളുടെ സന്ദർഭങ്ങളും ആവശ്യങ്ങളും ശരിക്കു ഗ്രഹിക്കുവാൻ കഴിയും. 'ഖുർആനിലെ വഖ്ഫുകൾ അറിയാത്തവന് ഖുർആൻ അറിയുകയില്ല' എന്ന മഹദ്വാക്യം വളരെ അർത്ഥവത്താകുന്നു.

വായനാവ്യത്യാസങ്ങൾ

ഖുർആൻ വായനക്കാർ അറിഞ്ഞിരിക്കേണ്ടുന്ന മറ്റൊരു കാര്യമാണ് ചില പദങ്ങളിലുള്ള വായനാ വ്യത്യാസങ്ങൾ. മുൻകാലത്ത് ഖുർആൻ പഠനവും, വായനയും അഭ്യസിച്ചിരുന്നത് ഇന്നത്തെപ്പോലെ ഗ്രന്ഥങ്ങളെ ആസ്പദമാക്കിയായിരുന്നില്ല. നബി (ﷺ) യിൽനിന്നു സഹാബികളും, അവരിൽ നിന്ന് അവരുടെ പിൻഗാമികളുമായി നേരിൽ കേട്ടു പരിചയിക്കുന്ന പതിവായിരുന്നു മുമ്പുണ്ടായിരുന്നത്. ഇങ്ങിനെ പരിചയിച്ചവരിൽ ചിലർ ഖുർആനിൽ കൂടുതൽ നൈപുണ്യം നേടിയവരായിരുന്നതുകൊണ്ട് അവരുടെ വായനാരീതിയും, ഉച്ചാരണക്രമങ്ങളും പിൻഗാമികൾ കൂടുതലായി അനുകരിച്ചുവന്നു. അങ്ങിനെയുള്ള മഹാന്മാരുടെ വായനാസമ്പ്രദായങ്ങളിൽ പരസ്പരം ചില വ്യത്യാസങ്ങൾ കാണപ്പെട്ടേക്കും. എന്നാൽ, അവയൊന്നും തന്നെ, ഖുർആൻെറ തത്വങ്ങളിലോ, ആശയങ്ങളിലോ, പ്രതിപാദ്യ വിഷയങ്ങളിലോ മാറ്റം വരുത്തുന്നവയല്ലതാനും. അഥവാ, വ്യാകരണപരമോ, സാഹിത്യപരമോ, ഉച്ചാരണസംബന്ധമോ ഉള്ള അൽപസ്വൽപ വ്യത്യാസങ്ങൾ മാത്രമായിരിക്കും. ഇതിൻെറ ഏതാണ്ടൊരു സ്വഭാവം മനസ്സിലാക്കുവാൻ ചുരുക്കം ചില ഉദാഹരണങ്ങൾ കാണിക്കാം:

(1) സൂറത്തുൽ ഫാത്തിഹ:യിലെ 3-ാം ആയത്തിൽ 'മലികി' എന്നും 'മാലികി' എന്നും വായനയുണ്ട്. (പ്രതിഫലദിവസത്തിൻെറ) 'രാജാവ്' എന്ന് ഒന്നാമത്തേതിനും, (പ്രതിഫല ദിവസത്തിൻെറ) 'ഉടമസ്ഥൻ' എന്ന് രണ്ടാമത്തേതിനും അർത്ഥം വരുന്നു. രണ്ടും തമ്മിൽ ആശയവിരുദ്ധമില്ലല്ലോ.
(2) സൂ: സബഅ് 15ൽ 'മസ്കനിഹിം' എന്നും, 'മസാകിനിഹിം' എന്നും വായിക്കപ്പെട്ടിരിക്കുന്നു. ക്രമപ്രകാരം 'അവരുടെ വാസസ്ഥലം' എന്നും 'അവരുടെ വാസസ്ഥലങ്ങൾ' എന്നുമാണർത്ഥം. ഒന്ന് ഏകവചനവും, മറ്റേത് ബഹുവചനവുമാണ് എന്ന വ്യത്യാസം മാത്രം. അതേ സൂറത്ത് 13ൽ 'കൽ-ജവാബി' എന്നും 'കൽ-ജവാബീ' എന്നും വായനയുണ്ട്. ഇതുരണ്ടും എഴുത്തിലും വായനയിലും അൽപ വ്യത്യാസം കാണാമെങ്കിലും അർത്ഥവും പദവും ഒന്നുതന്നെയാണ്. വീണ്ടും അതേ സൂറത്തിൽതന്നെ 19ൽ 'ബഅ്-ഇദ്' (**بعد**) എന്നും, 'ബാഇദ്' **باعد** എന്നും വായനകാണാം. അക്ഷരവ്യത്യാസമുണ്ടെങ്കിലും അർത്ഥവ്യത്യാസമില്ല.
(3) **أإن** എന്ന ഇരട്ട അവ്യയം 'അഇന്ന, അയിന്ന, ആയിന്ന' എന്നും മറ്റും വായിക്കപ്പെട്ടിട്ടുണ്ട്. ഉച്ചാരണത്തിൽ മാത്രമാണ് ഈ വ്യത്യാസം. ഇങ്ങിനെയുള്ള പ്രധാന വായനാ വ്യത്യാസങ്ങളെപ്പറ്റി നാം അവസരോചിതം ചൂണ്ടിക്കാട്ടുന്നതാണ്. **انشاءالله**

അബൂബക്കർ, ഉമർ, ഇബ്നുമസ്ഊദ്, ഉബയ്യ്, സൈദ്, സാലിം, മുആദ്, ഇബ്നു അബ്ബാസ്, ഉസ്മാൻ അലി (ﷺ) തുടങ്ങിയ അനേകം പേർ ഖുർആനിൽ പ്രത്യേക നൈപുണ്യം നേടിയ സഹാബീവര്യന്മാരിൽ ഉൾപ്പെട്ടവരാകുന്നു. ഇവരിൽ നിന്ന് കേട്ടും പരിചയിച്ചും വന്ന ശിഷ്യപരമ്പരയിൽ പെട്ടവരും ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഖുർആൻ വായനക്കാരിൽ അഗ്രഗണ്യരും ആയിരുന്ന ഏഴു മഹാന്മാരുടെ നാമങ്ങൾക്ക് പിൽക്കാലത്ത് പ്രത്യേകം പ്രസിദ്ധി ലഭിച്ചു. അബൂഅംറ്, ഇബ്നുകഥീർ, നാഫിഅ്, ഇബ്നുആമിർ, ആസ്വിം, ഹംസ, അലി ഇവരാണ് ആ മഹാന്മാർ. ഇവർ 'ഏഴുഓത്തുകാർ' എന്ന പേരിൽ അറിയപ്പെടുന്നു.

القراء السبعة :– هم : ابوعمرو بن العلاء البصرى (ت ١٥٤)
ونافع بن عبد الرحمن المدنى (ت ١٢٩)
وابن كثير المكى (ت ١٢٠)
وعاصم بن ابى النجود الكوفى (ت ١٢٨)
وابن عامر الشامى(ت ١١٨)
وعلى بن حمزة الكسائى الكوفى (ت١٨٩)
وحمزة بن حبيب الكوفى (ت ١٥٦)

ഇവരുടെ വായനാരീതികളാണ് പൊതുവിൽ അംഗീകരിക്കപ്പെട്ടുവരുന്നത്. ഈ ഏഴു പേർക്കിടയിൽ ചുരുക്കം ചില സ്ഥലങ്ങളിൽ കാണപ്പെടുന്ന വായനാ വ്യത്യാസങ്ങളെയാണ് നാം ഉദാഹരണസഹിതം മുകളിൽ സൂചിപ്പിച്ചത്.

ഒരേ ഭാഷാക്കാർപോലും പല ദേശക്കാരും പല കാലക്കാരും ആകുമ്പോൾ ചില വാക്കുകളുടെ പ്രയോഗത്തിലും, ഉച്ചാരണത്തിലും പരസ്പരം വ്യത്യാസം കാണുക സ്വഭാവികമാണ്. കേരളക്കരയുടെ തെക്കും, വടക്കും മദ്ധ്യത്തിലും താമസിക്കുന്നവർ തമ്മിലുള്ള ശബ്ദശൈലി വ്യത്യാസങ്ങൾ നമുക്ക് സുപരിചതമാണല്ലോ. കയ്യെഴുത്തിൽ പോലും വ്യത്യാസം കണ്ടേക്കും. അരനൂറ്റാണ്ടിനു മുമ്പും പിമ്പുമുള്ളവർ തമ്മിലും സംസാരത്തിലും ലിപിയിലും വ്യത്യാസമുണ്ടായിരിക്കും. ഇങ്ങിനെയുള്ള പല സംഗതികളാണ് ഖുർആനിലെ മേൽ പ്രസ്താവിച്ച വായനാവ്യത്യാസങ്ങൾക്ക് കാരണങ്ങൾ. എന്നാലും, ആശയവൈരുദ്ധ്യമോ,

വിഷയവ്യതിയാനമോ ഉണ്ടാകത്തക്ക യാതൊന്നും, അവയിൽ ഇല്ലതാനും.

ഖുർആനിലെ വിജ്ഞാനങ്ങൾ

അത്യഗാധമായ ഒരു വിജ്ഞാന മഹാസാഗരമത്രെ വിശുദ്ധ ഖുർആൻ. ബുദ്ധി ശക്തിയും പരിശ്രമവും അനുസരിച്ച് അതിൽ നിന്ന് വിജ്ഞാനങ്ങൾ കരസ്ഥമാകുന്നു. ഉദ്ദേശ്യലക്ഷ്യങ്ങളും, താല്പര്യവും, അഭിരുചിയും, ഭാഗ്യവും അനുസരിച്ച് അതിൽ ഏറ്റക്കുറവുണ്ടായിരിക്കും. ഓരോ ആവർത്തി പരിശോധിക്കുമ്പോഴും മുമ്പു ലഭിക്കാത്ത വിഭവങ്ങൾ പലതും വായനക്കാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത് കാണാം. ഒരു വൈയാകരണന് വ്യാകരണപാഠങ്ങൾ കൂടുതൽ ലഭിക്കുമ്പോൾ ഒരു സാഹിത്യകാരന് സാഹിത്യത്തിലേക്ക് മുതൽ കൂട്ടുകൾ ധാരാളം ലഭിക്കുന്നു. ഒരു മതോപദേഷ്ടാവിന് സദുപദേശങ്ങളും താക്കീതുകളുമാണ് കൂടുതൽ കണ്ടെത്തുവാൻ സാധിക്കുന്നതെങ്കിൽ, ഒരു കർമ്മശാസ്ത്രപണ്ഡിതനു കർമ്മപരമായ നിയമനിർദ്ദേശങ്ങളും, സൂചനകളുമായിരിക്കും അധികം കണ്ടെടുക്കുവാൻ കഴിയുക. ഒരു സമുദായനേതാവിന് അനേകം സാമൂഹ്യനിയമങ്ങളും ഭരണമുറകളും പഠിക്കുവാൻ കഴിയുന്ന അതേ ഗ്രന്ഥത്തിൽനിന്ന് ഒരു താർക്കികന് തർക്കശാസ്ത്രവിജ്ഞാനങ്ങളും മനസ്സിലാക്കുവാൻ കഴിയുന്നു. ഭയഭക്തിയും, പരലോക വിശ്വാസവും അടിയുറച്ചു കഴിഞ്ഞിട്ടുള്ള ഒരു വ്യക്തിക്ക് സത്യവിശ്വാസവും, സന്മാർഗ്ഗവും അത് വർദ്ധിപ്പിച്ചു കൊണ്ടിരിക്കും. അതേ സമയത്ത് അവിശ്വാസത്തിൻെറ കണ്ണുകൾകൊണ്ട് നോട്ടമിടുകയും, നിഷേധമനസ്സോടുകൂടി വീക്ഷിക്കുകയും ചെയ്യുന്നവർക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയില്ലതാനും. അങ്ങനെ, ശാസ്ത്രവീക്ഷകന് ശാസ്ത്രീയവിജ്ഞാനങ്ങളും, ബുദ്ധിമാന് ബുദ്ധിവികാസവും സഹൃദയന് സൽകർമ്മവാഞ്ഛരയും അത് പ്രദാനം ചെയ്യുന്നു. അല്ലാഹു പറയുന്നു: ما فرطنا فى الكتاب من شيئ (ഈ ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല.)

അല്ലാഹുവിൻെറ അസ്തിത്വം, അവൻെറ ഏകത്വം, മരണാനന്തരജീവിതം, പരലോക രക്ഷാശിക്ഷകൾ, വിശുദ്ധഖുർആൻെറയും, നബി (ﷺ) തിരുമേനിയുടെയും സത്യത ആദിയായ മൗലിക പ്രദാനങ്ങളായ വിഷയങ്ങളാണ് ഖുർആനിലെ മുഖ്യപ്രതിപാദ്യം. ഖുർആനിലെ പ്രതിപാദ്യവിഷയങ്ങളെ പലരും പലവിധത്തിൽ ഭാഗിക്കാറുണ്ടെങ്കിലും-ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ-അവയെല്ലാം താഴെ കാണുന്ന അഞ്ച് ഇനങ്ങളിൽ ഉൾപ്പെട്ടതാകുന്നു:-

(1) മതനിയമങ്ങൾ (الاحكام) ആരാധനാകർമ്മങ്ങൾ, ഇടപാടുകൾ, പെരുമാറ്റങ്ങൾ, ഗാർഹികവും സാമൂഹികവുമായ കാര്യങ്ങൾ തുടങ്ങി ജീവിതവശങ്ങളെ ബാധിക്കുന്ന വിധിവിലക്കുകളെല്ലാം ഇതിൽ ഉൾപ്പെടുന്നു. മതനിയമങ്ങൾ അഞ്ചുതരത്തിലാണുള്ളത്.

(1) നിർബന്ധം, അഥവാ ഉപേക്ഷിക്കുവാൻ പാടില്ലാത്തത് (الواجب)

(2) ഐച്ഛികം, അഥവാ നിർബന്ധമല്ലാത്തതും അനുഷ്ഠിക്കുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുള്ളതും (المندوب)

(3) അനുവദനീയം, അഥവാ അനുഷ്ഠിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാവുന്നത് (المباح)

(4) അനഭിലഷണീയം അഥവാ വിരോധിക്കപ്പെട്ടിട്ടില്ലെങ്കിലും ഉപേക്ഷിക്കുവാൻ പ്രോത്സാ

ഹിപ്പിക്കപ്പെട്ട കാര്യം (المكروه)
(5) നിഷിദ്ധം, അഥവാ നിരോധിക്കപ്പെട്ടത് (الحرام)
ഈ അഞ്ചു വിധികൾ الاحكام الشرعية (ശരീഅത്ത് വിധികൾ) എന്ന പേരിൽ അറിയപ്പെടുന്നു. ഈ വിഭാഗത്തെപ്പറ്റി വിശകലനം ചെയ്യുന്ന വിജ്ഞാനശാസ്ത്രത്തിനാണ് ഇസ്‌ലാമിലെ കർമ്മശാസ്ത്രം അല്ലെങ്കിൽ ധർമ്മശാസ്ത്രം (علم الفقه) എന്നു പറയുന്നത്.

(2) ന്യായവാദങ്ങളും വിമർശനങ്ങളും, അതായത്, സത്യനിഷേധികളുടെ വാദങ്ങൾ ഉദ്ധരിച്ച് ഖണ്ഡിക്കുക, അവരുടെ ന്യായവാദങ്ങൾക്ക് മറുപടി പറയുക, അവയുടെ നിരർത്ഥത സ്ഥാപിക്കുക മുതലായവ. ഖുർആൻ അവതരിക്കുമ്പോൾ അതിൻെറ എതിരാളികൾ പ്രധാനമായി നാലു കൂട്ടരായിരുന്നു. ബഹുദൈവവിശ്വാസികളും (മുശ്‌രിക്കുകൾ) യഹൂദരും, ക്രിസ്ത്യാനികളും, കപടന്മാരും (മുനാഫിഖുകൾ). (ഇവരെപ്പറ്റി കൂടുതൽ വിവരം താഴെ വരുന്നുണ്ട്.) നിരീശ്വരവാദികളെക്കുറിച്ചും പ്രകൃതിവാദികളെക്കുറിച്ചും ഖുർആനിൽ പലതും പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും, ഖുർആൻ അവതരിച്ച കാലത്ത് ഒരു പ്രത്യേക കക്ഷിയെന്ന നിലക്ക് അവർ നിലവിലുണ്ടായിരുന്നില്ല. ആകയാൽ, അവരുമായുള്ള സംവാദങ്ങൾ ഖുർആനിൽ താരതമ്യേന കുറവായിക്കാണാം. ഈ വിജ്ഞാനവിഭാഗത്തെപ്പറ്റി പ്രധാനമായും പ്രതിപാദിക്കപ്പെടുന്ന ശാസ്ത്രമാണ് ഇസ്‌ലാമിക വിശ്വാസശാസ്ത്രം. (علم الكلام او علم العقائد)

(3) അല്ലാഹുവിൻെറ ഉൽകൃഷ്ട ഗുണങ്ങൾ, ദൃഷ്ടാന്തങ്ങൾ, അനുഗ്രഹങ്ങൾ ആദിയായവയെ സംബന്ധിച്ചുള്ള ഉൽബോധനങ്ങൾ.

(4) സത്യവിശ്വാസികളായ സജ്ജനങ്ങളുടെ സൽഫലങ്ങളും, അവിശ്വാസികളായ ദുർജ്ജനങ്ങളുടെ ദുഷ്ഫലങ്ങളും ഉദാഹരിക്കുന്ന ചരിത്രസംഭവങ്ങളുടെ വിവരണം.

(5) മരണം, മരണാനന്തരജീവിതം, വിചാരണ, രക്ഷാശിക്ഷകൾ തുടങ്ങിയ പാരത്രിക കാര്യങ്ങളെക്കുറിച്ചുള്ള വിവരണം. ഈ മൂന്ന് തുറകളിലും വിരചിതമായ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ ധാരളമുണ്ട്.

ഈ അഞ്ചുതരം വിജ്ഞാനങ്ങളിൽ, അവസാനത്തെ നാലിനങ്ങൾക്കാണ് ഖുർആൻ ഒന്നാമത്തേതിനെക്കാൾ പ്രാധാന്യം നൽകിക്കാണുക. കാരണം: സത്യവിശ്വാസവും, സന്മാർഗ്ഗവും സ്വീകരിക്കുന്നതിനുമുമ്പായി കാർമ്മികനിയമങ്ങൾ ഉപദേശിച്ചിട്ടു ഫലമില്ലല്ലോ. സത്യവിശ്വാസവും, സൻമാർഗ്ഗവും സ്വീകരിച്ചു കഴിഞ്ഞവർക്ക് അവരുടെ ചര്യയെ വ്യവസ്ഥപ്പെടുത്തുന്നതിനാവശ്യമായ നിയമങ്ങളെപ്പറ്റി അറിയേണ്ടുന്ന ആവശ്യം നേരിടുകയും അവരത് അനുഷ്ഠാനത്തിൽ വരുത്തിക്കൊള്ളുകയും ചെയ്യും. നേരെ മറിച്ച് അവിശ്വാസത്തിലും, ദുർമ്മാർഗ്ഗത്തിലും മുഴുകിക്കിടക്കുന്നവരെ അതിൽ നിന്ന് മോചിപ്പിച്ച് സത്യത്തിലേക്ക് കൊണ്ടുവരുവാനുള്ള ഉപദേശലക്ഷ്യങ്ങളാകട്ടെ, ഒന്നോ രണ്ടോ പ്രാവശ്യം ആവർത്തിച്ചു കേൾപ്പിച്ചാൽ മതിയാവുകയില്ല. അവർക്ക് മാനസാന്തരം ഉണ്ടാകുന്നതുവരെ ആവർത്തിച്ചും വിവരിച്ചും കേൾപ്പിക്കൽ ആവശ്യമാകുന്നു. ഇതുകൊണ്ടാണ് പ്രവാചകത്വത്തിൻെറ ആദ്യകാലങ്ങളിൽ അവതരിച്ച സൂറത്തുകളിൽ, നിയമനിർദ്ദേശങ്ങളും വിധിവിലക്കുകളും ഉൾക്കൊള്ളുന്ന ഭാഗം അധികമൊന്നും കാണാതിരിക്കുന്നത്. ജനങ്ങൾ സത്യമാർഗ്ഗവുമായി പരിചയപ്പെടുകയും, മൂലസിദ്ധാന്തങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തതോടുകൂടിയാണ്, കർമ്മവശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗങ്ങൾ മിക്കവാറും അവതരിക്കുവാൻ തുടങ്ങിയത്. അജ്ഞതാന്ധകാരത്തിൽ മുഴുകിക്കിടക്കുന്ന ജനങ്ങളെ സത്യത്തിലേക്ക്

ക്ഷണിക്കുന്ന ഉപദേശകൻമാരും ഖുർആൻെറ ഈ നയം അനുകരിക്കേണ്ടതാകുന്നു.

ഇറാഖുകാരനായ ഒരാളോട് ഒരു സന്ദർഭത്തിൽ ആയിശാ (﵂) പ്രസ്താവിച്ച ചില വാക്യങ്ങൾ ഇവിടെ സ്മരണീയമാകുന്നു. ആ വാക്യങ്ങളുടെ സാരം ഇപ്രകാരമാണ്. ‘‘നബി (ﷺ) ക്കു ആദ്യമായി അവതരിച്ചതു ‘മുഫസ്-സ്വലാ’യ (ചെറിയ) സൂറത്തുകളിൽ ഒന്നായിരുന്നു. അതിൽ സ്വർഗ്ഗനരകങ്ങളെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു. അങ്ങനെ, ജനങ്ങൾ ഇസ്ലാമിലേക്ക് വന്നു ചേർന്നുകൊണ്ടിരുന്നപ്പോൾ, ‘ഹലാലും’, ഹറാമും’ (മതനിയമങ്ങൾ) അവതരിക്കുകയുണ്ടായി. ആദ്യം തന്നെ, നിങ്ങൾ കള്ളുകുടിക്കരുത് എന്ന് അവതരിച്ചിരുന്നുവെങ്കിൽ അവർ പറഞ്ഞേക്കും: ഞങ്ങളൊരിക്കലും കള്ള് ഉപേക്ഷിക്കുകയില്ല എന്ന്. നിങ്ങൾ വ്യഭിചരിക്കരുത് എന്ന് അവതരിച്ചിരുന്നുവെങ്കിൽ, അവർ പറഞ്ഞേക്കും: ‘‘ഞങ്ങൾ ഒരിക്കലും വ്യഭിചാരം ഉപേക്ഷിക്കുകയില്ല എന്ന്. ഞാൻ കളിച്ചു നടക്കുന്ന ഒരു പെൺകുട്ടിയായിരുന്ന കാലത്ത്(എൻെറ ചെറുപ്പത്തിൽ) തന്നെ, മക്കയിൽവെച്ച് മുഹമ്മദുനബി (ﷺ) ക്കു ഈ വചനം അവതരിച്ചു: بل الساعة موعدهم والساعة ادهى وامر (പക്ഷേ, അന്ത്യസമയമത്രെ അവരുടെ നിശ്ചിത സമയം. അന്ത്യസമയമാകട്ടെ, ഏറ്റവും ആപൽക്കരവും, ഏറ്റവും കയ്പു രസമുള്ളതുമായിരിക്കും. (സൂറത്തുൽ ബഖറയും സു: നിസാഉം ആകട്ടെ, ഞാൻ തിരുമേനിയുടെ അടുക്കൽ വന്നതിനുശേഷം (മദീനായിൽവെച്ച്) അല്ലാതെ അവതരിച്ചിട്ടില്ല.’’ (ബുഖാരി.) തിരുമേനിക്ക് ഏറ്റവും ആദ്യമായി അവതരിച്ചത് സൂറത്തുൽ അലഖി (العلق) ലെ ആദ്യവചനങ്ങളാണെങ്കിലും, അനന്തരം കുറെ ദിവസങ്ങളോളം വഹ്‌യു വരാതിരിക്കുകയുണ്ടായല്ലോ. പിന്നീട് ആദ്യമായി അവതരിച്ചത് സൂറത്തുൽ മുദ്ദഥിർ (المدثر) ആയിരുന്നു. ഈ സൂറത്താണ് നബി (ﷺ) ക്കു ആദ്യം അവതരിച്ചതായി ആയിശ (﵂) ആദ്യം ചൂണ്ടിക്കാട്ടിയത്. പിന്നീട് ചൂണ്ടിക്കാട്ടിയ വചനം സൂറത്തുൽ ഖമറിലെ 46-ാം വചനവുമാകുന്നു. മേൽപറഞ്ഞ അഞ്ചുതരം വിജ്ഞാനവിഭാഗങ്ങളെക്കുറിച്ച് അടുത്ത അദ്ധ്യായങ്ങളിൽ നമുക്ക് വിവരിക്കാം. അതിനുമുമ്പായി, ഖുർആൻെറ പ്രതിപാദന സ്വഭാവത്തെപ്പറ്റി ചിലത് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പ്രതിപാദനരീതി

ഖുർആനിൽ വിഷയങ്ങൾ പ്രതിപാദിക്കുന്ന രീതി ഒരു പ്രത്യേക തരത്തിലുള്ളതാകുന്നു. ശാസ്ത്രം, ചരിത്രം, സാഹിത്യം തുടങ്ങിയ കൃതികളിലൊന്നും തന്നെ സ്വീകരിക്കപ്പെടാറുള്ള പ്രതാപാദനരീതിയും, സംസാരശൈലിയും അല്ല ഖുർആൻ സ്വീകരിച്ചിട്ടുള്ളത്. ഒരു വിഷയമോ, സംഭവമോ വിവരിക്കുമ്പോൾ, അത് സംബന്ധമായ എല്ലാ കാര്യവും അവിടത്തന്നെ വിവരിക്കുക, ആദ്യം തൊട്ട് അന്ത്യം വരെ എല്ലാ വശങ്ങളും, ഉപാധികളും ക്രമമായി അതിൽ ഉൾക്കൊള്ളിക്കുക, ഒരു വിഷയം തീർന്നശേഷം മാത്രം മറ്റൊന്നിലേക്കു നീങ്ങുക, ആദ്യം പ്രസ്താവിച്ചതുമായി പ്രത്യക്ഷബന്ധമുള്ള വിഷയം മാത്രം തുടർന്ന് പ്രസ്താവിക്കുക, ഇന്ന അദ്ധ്യായത്തിൽ ഇന്നിന്ന വിഷയങ്ങൾ വിവരിക്കണമെന്നു നിഷ്കർഷിക്കുക, ഇത്യാദി കാര്യങ്ങളൊന്നും ഖുർആനിൽ പതിവില്ല. ഗ്രന്ഥരചനയും, ശാസ്ത്രവിജ്ഞാനങ്ങളും പ്രചാരത്തിൽ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്തും, അവയുമായി പരിചയം സിദ്ധിച്ചിട്ടില്ലാത്ത ഒരു ജനതാ മദ്ധ്യത്തിലാണല്ലോ ഖുർആൻ അവതരിച്ചത്. അതേ സമയത്ത് തങ്ങളറിയാതെത്തന്നെ, സാഹിത്യത്തിൻെറ മുൻപന്തിയിൽ ആ ജനത എത്തിക്കഴിഞ്ഞിട്ടുമുണ്ടായിരുന്നു. കവിതകളും, പ്രസംഗങ്ങളുമാണ് അവരുടെ സാഹിത്യരംഗങ്ങൾ. ഈ പരിതഃസ്ഥിതിയിൽ, ഒന്നാമതായി പ്രസ്തുത ജനതയെ അഭിമുഖീകരിച്ചുകൊണ്ട് അവത

രിക്കുന്ന ദൈവിക ഗ്രന്ഥം, അവർക്ക് പരിചിതമല്ലാത്ത ഒരു ശൈലീ സമ്പ്രദായത്തോടു കൂടിയായിരിക്കുന്നത് യുക്തമല്ലല്ലോ. ആ ഗ്രന്ഥമാകട്ടെ, ലോകാവസാനംവരെയുള്ള ജനങ്ങളെ ആകമാനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാണ്. അപ്പോൾ, ആ ജനതക്കും ഭാവിതലമുറകൾക്കും ഒരുപോലെ ഹൃദ്യവും ആസ്വാദ്യകരവുമായിത്തീരുന്ന ഒരു സ്വഭാവവിശേഷതയോടുകൂടിയായിരിക്കണം ആ ഗ്രന്ഥം. അങ്ങനെ, ഖുർആൻ അവതരിച്ച കാലത്തേക്കും, ഭാവികാലങ്ങൾക്കും പറ്റിയ ഒരു പ്രത്യേകതരം പ്രതിപാദനരീതിയാണ് ഖുർആനിൽ അല്ലാഹു സ്വീകരിച്ചിരിക്കുന്നത്. ഖുർആൻെറ പല സവിശേഷതകളിൽ ഒന്നത്രെ അത്.

സർവ്വസ്വീകാര്യമായ തത്വങ്ങളുടെയും, പൊതുവിൽ അംഗീകരിക്കപ്പെട്ട സിദ്ധാന്തങ്ങളുടെയും, അടിസ്ഥാനത്തിൽ-സുഗ്രാഹ്യവും, സുപരിചിതവുമായ ഉപമകൾ സഹിതം -സുവ്യക്തങ്ങളായ ലക്ഷ്യ ദൃഷ്ടാന്തങ്ങളോടുകൂടി-മനസ്സിനു സമാധാനവും, മനസ്സാക്ഷിക്കു യുക്തവുമായിത്തോന്നുന്ന ന്യായവാദങ്ങളോടുകൂടി-അതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ചിലപ്പോൾ വളരെ സംക്ഷിപ്തമായി ഉദ്ധരിച്ച ഒരു വാർത്ത മറ്റൊരിക്കൽ വളരെ സവിസ്തരമായി പ്രതിപാദിക്കും. ശാസ്ത്രീയവും താർക്കികവുമായ സാങ്കേതികാടിസ്ഥാനത്തിൽ വിഷയങ്ങളെ ക്രമീകരിച്ച് ശ്രോതാക്കളെ ഉത്തരം മുട്ടിച്ചു വിജയഭേരി അടിക്കുന്ന സമ്പ്രദായം അതിനില്ല. ഹൃദയം കവരുന്നതും, മനസ്സിനെ വശീകരിക്കുന്നതുമായ ഒരു നയമാണ് അത് കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ, താർക്കികവും, ശാസ്ത്രീയവുമായ അടിസ്ഥാനത്തിൽ, ഖണ്ഡനങ്ങളോ വിമർശനങ്ങളോ ഖുർആനിൽ തീരെ ഇല്ലെന്ന് ഇതിനർത്ഥമില്ല. നിശ്ചയമായും അതുണ്ട്. ഒരു സാധാരണക്കാരൻെറ ദൃഷ്ടിയിൽ, അതിൻെറ നയവും പതിവും മുകളിൽ പറഞ്ഞതാണെങ്കിലും, സമർത്ഥനായ ഒരു എതിർവാദിയെ സംബന്ധിച്ചിടത്തോളം അത് ശാസ്ത്രരീത്യാതന്നെ അതിൻെറ ലക്ഷ്യങ്ങളെ സംവിധാനം ചെയ്തിട്ടുള്ളതായി അവന്ന് അനുഭവപ്പെടുന്നതാണ്. പൊള്ളവാദങ്ങൾക്ക് വായടപ്പൻ മറുപടിയും, മുഷ്ടിവാദങ്ങൾക്ക് കടുത്ത മറുപടിയും അതു നൽകും.

ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിലോ, തത്വസംഹിതയിലോ വിശ്വസിച്ചിട്ടില്ലാത്ത ഒരാളെ സംബന്ധിച്ചിടത്തോളം ആ ശാസ്ത്രത്തിലെ, അല്ലെങ്കിൽ ആ സംഹിതയിലെ ഓരോ വശവും ഓരോ ഖണ്ഡികയും പ്രത്യേകം പ്രത്യേകം എടുത്തുകാട്ടി സമ്മതിപ്പിക്കുവാനോ, അയാളുടെ അടുക്കൽ തികച്ചും സ്വീകാര്യമായ അടിസ്ഥാനത്തിൽ അവയെ ന്യായീകരിച്ചു കാണിക്കുവാനോ സാധ്യമാകുകയില്ല. നേരെ മറിച്ച് ചില പ്രാഥമിക തത്വങ്ങളും, മൗലിക സിദ്ധാന്തങ്ങളുമായിരിക്കണം ആദ്യം അയാളുടെ ശ്രദ്ധക്കു വിഷയമാക്കേണ്ടത്. അയാളുടെ ബുദ്ധിക്കും, യുക്തിക്കും അവ യോജിക്കുന്നുവെന്ന് ബോധ്യപ്പെട്ടശേഷം മറ്റുള്ള തത്വങ്ങളിലേക്കു നീങ്ങണം. ആ പ്രാഥമിക തത്വങ്ങളും, മൂലസിദ്ധാന്തങ്ങളും അടിസ്ഥാനപ്പെടുത്തിക്കൊണ്ടായിരിക്കണം ഈ നീക്കം. പിന്നീട് ഇതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് അടുത്ത ഭാഗങ്ങളിലേക്ക് നീങ്ങാം. ഉദാഹരണമായി: ഒരാൾ പ്രജായത്തഭരണ സമ്പ്രദായത്തിൽ ഒട്ടും വിശ്വാസമില്ലാത്തവനും, തനി രാജകീയ ഭരണത്തിൽ മാത്രം വിശ്വാസമുറപ്പിച്ചവനുമാണെന്ന് വിചാരിക്കുക. എന്നിരിക്കെ, ഒരു പ്രജായത്തഭരണഘടനയുടെ എല്ലാ വകുപ്പുകളും, അതതു വകുപ്പനുസരിച്ചുള്ള നിയമങ്ങളും എടുത്തുകാട്ടി അവയുടെ ഗുണഗണങ്ങൾ അയാളെക്കൊണ്ട് സമ്മതിപ്പിക്കുക സാധ്യമല്ലല്ലോ. ഇതുപോലെത്തന്നെയാണ് ഇസ്‌ലാമിൻെറയും, ഖുർആൻെറയും സ്ഥിതിയും. അതിൽ വിശ്വസിക്കാത്തവരെയും അതിൻെറ എതിരാളികളെയും അതിലെ ഓരോ ഇനങ്ങളും വെവ്വേറെ പെറുക്കി എടുത്ത് അവരുടെ

അടുക്കല്‍ സുസമ്മതമായ ഒരടിസ്ഥാനത്തില്‍ തല കുലുക്കി സമ്മതിപ്പിക്കുവാന്‍ സാധിച്ചെന്നു വരികയില്ല. അതിനു പരിശ്രമിക്കുന്നത് പലപ്പോഴും പാഴ്വേലയായിരിക്കും. ചില തത്വങ്ങളെപ്പറ്റി അയുക്തികമെന്നോ മറ്റോ വിധി കല്‍പിച്ചു തള്ളിക്കളയുവാന്‍ അതു കാരണമാകും. മാത്രമല്ല, ഈ സാഹസത്തിനു മുതിരുന്നവര്‍, ചിലപ്പോള്‍ ചില യാഥാര്‍ത്ഥ്യങ്ങളെ വളച്ചുതിരിച്ച് ഒപ്പിച്ചു കാണിച്ചുകൊടുക്കുവാനോ, ചില വിട്ടുവീഴ്ചകളോടുകൂടി യാഥാര്‍ത്ഥ്യത്തെ ചിത്രീകരിക്കുവാനോ നിര്‍ബന്ധിതരായെന്നും വരും.

നിരീശ്വരവാദിയായ ഒരുവനോട് തൗഹീദിന്‍റെ ഗുണഗണങ്ങളെക്കുറിച്ചോ, പരലോകകാര്യങ്ങളെക്കുറിച്ചോ, നമസ്കാരം, നോമ്പ് മുതലായവയെക്കുറിച്ചോ, വേദമോതിയിട്ടു കാര്യമില്ല. ആദ്യമായി, ലോകത്തിന് ഒരു സ്രാഷ്ടാവുണ്ടെന്നുള്ളതിന്‍റെ തെളിവുകളും അതിനുശേഷം ആ സ്രഷ്ടാവിന്‍റെ അനിവാര്യമായ ഗുണങ്ങളും ബോധ്യപ്പെടുത്തണം. അനന്തരം ഒരു മതത്തിന്‍റെ ആവശ്യം, പ്രാവചകന്മാരുടെ ആവശ്യം, വേദഗ്രന്ഥത്തിന്‍റെ ആവശ്യം, അവയുടെ സാധ്യത, സംഭവ്യത എന്നിങ്ങിനെ പലതും അയാള്‍ക്കു വിശ്വാസ്യമായ തെളിവുകളുടെ അടിസ്ഥാനത്തില്‍ ബോധ്യപ്പെടുത്തണം. അങ്ങനെ, ഖുര്‍ആന്‍ ദൈവ ഗ്രന്ഥമാണെന്നും, മുഹമ്മദ്(ﷺ) അവന്‍റെ തിരുദൂതനാണെന്നുമുള്ളതുവരെ എത്തിക്കഴിഞ്ഞാല്‍ മാത്രമേ, ഖുര്‍ആനിലെ ഓരോ തത്വവും, ഓരോ നിയമവും തൊട്ടെണ്ണി അയാളുടെ ദൃഷ്ടിയില്‍ സ്വീകാര്യമാക്കുവാന്‍ നിവൃത്തിയുള്ളു. അല്ലാത്തപക്ഷം, ഏതോ ചില കാര്യങ്ങള്‍-അയാളുടെ മനസ്ഥിതിക്കും താല്പര്യത്തിനും യോജിച്ചവമാത്രം-അയാള്‍ക്കു സമ്മതിക്കുവാന്‍ സാധിച്ചേക്കുമെങ്കിലും പലതും അയാളെ സമ്മതിപ്പിക്കുവാന്‍ കഴിയാത്തവയായിരിക്കും. ഉദാഹരണമായി, ഇസ്‌ലാമിലെ 'സക്കാത്ത്' പദ്ധതിയെക്കുറിച്ചു പ്രശംസിച്ച് പ്രസംഗിച്ചേക്കാവുന്ന ഒരു അമുസ്‌ലിം, അതേസമയത്ത് അതിനെക്കാള്‍ ഖുര്‍ആന്‍ വില കല്‍പിച്ചിട്ടുള്ള നമസ്കാരത്തെപ്പറ്റി പുച്ഛിച്ചു സംസാരിച്ചേക്കും. കാരണം, സകാത്തിന്‍റെ പ്രായോഗികതലത്തെക്കുറിച്ച് അയാള്‍ക്ക് കുറെയെല്ലാം മനസ്സിലാക്കുവാന്‍ കഴിയും. നമസ്കാരത്തിന്‍റെ ഉദ്ദേശ്യലക്ഷ്യത്തെപ്പറ്റി ഊഹിക്കുവാനും, ചിന്തിക്കുവാനും അയാള്‍ക്ക് സാധിച്ചെന്ന് വരില്ല. നേരെമറിച്ച് ഖുര്‍ആനിലും, നബി (ﷺ) യിലും വിശ്വസിക്കുന്ന ഒരുവനെ സംബന്ധിച്ചിത്തോളം, അവ രണ്ടിനുമിടയില്‍ വ്യത്യസ്തമായ ഒരു അഭിപ്രായം ഉണ്ടാകുവാന്‍ നിവൃത്തിയില്ല. അതുപോലെത്തന്നെ, ഇസ്‌ലാമല്ലാത്ത ഏതെങ്കിലും ഒരു മതത്തില്‍ വിശ്വസിക്കുന്ന ഒരാള്‍ക്ക് ഇസ്‌ലാമിലെ ഏതാനും കര്‍മ്മങ്ങളെ തത്വപരമായിട്ടെങ്കിലും സ്വീകരിക്കുവാന്‍ കഴിയും. അതേസമയത്ത് അതിലെ ചില ശിക്ഷാനിയമങ്ങളെയോ, വൈവാഹികനിയമങ്ങളെയോ, അനുകൂലിക്കുവാന്‍ കഴിഞ്ഞെന്നു വരികയില്ല.

ഖുര്‍ആനിലെ പ്രതിപാദ്യവിഷയങ്ങളാകട്ടെ, നാനാമുഖങ്ങളോടുകൂടിയവയായിരിക്കും. നിരീശ്വരവാദികളെയും, നിര്‍മ്മതവാദികളെയും ഉദ്ദേശിച്ചുള്ളത്, മതാവലംബികളാണെങ്കിലും ദൈവിക മതാവലംബികളല്ലാത്തവരെ ഉദ്ദേശിച്ചുള്ളത്, ഏകദൈവിശ്വാസികളാണെങ്കിലും നേര്‍മാര്‍ഗ്ഗത്തില്‍നിന്ന് പിഴച്ചുപോയവരെ സംബന്ധിച്ചുള്ളത്, ഖുര്‍ആനെയും പ്രവാചകനെയും സ്വീകരിച്ചിട്ടുള്ള സത്യവിശ്വാസികളെ അഭിമുഖീകരിച്ചിട്ടുള്ളത്, ഇങ്ങിനെ പല രീതിയിലുമുള്ളതായിരിക്കും. ആകയാല്‍ ഏതേതു തുറകളിലൂടെയാണ് അത് വിഷയങ്ങള്‍ കൈകാര്യം ചെയ്യുന്നതെന്ന് നോക്കിയും, ഏതേത് അടിസ്ഥാനത്തിലാണത് പ്രതിപാദിക്കുന്നതെന്ന് ആലോചിച്ചും വേണം, ഓരോന്നിന്‍റെ തെളിവും, ന്യായവും പരിശോധിക്കുവാന്‍. മൗലിക സിദ്ധാന്തങ്ങളും, ശാഖാനിയമങ്ങളും ഒരേ മാനദണ്ഡം വെച്ച് കൊണ്ട് അളക്കുന്നതും യുക്തമല്ല.

മുസ്‌ലിംകളെന്നോ, അമുസ്‌ലിംകളെന്നോ വ്യത്യാസമില്ലാതെ എല്ലാ വിഭാഗക്കാരും-അഥവാ മലയാള ഭാഷ അറിയുന്നവരെല്ലാം-നമ്മുടെ ഈ ഗ്രന്ഥവും ഇതുപോലെയുള്ള ഗ്രന്ഥങ്ങളും വായിച്ചറിയണമെന്നാണ് നമ്മുടെ ആവശ്യവും അഭിലാഷവും. അപ്പോൾ, ആർക്കെങ്കിലും, ഖുർആനിൽ പ്രസ്താവിച്ചതോ, അതിൻെറ പ്രസ്താവനാവൃത്തത്തിൽ അടങ്ങിയതോ ആയ വല്ല വിഷയത്തിലും, എന്തെങ്കിലും പന്തികേടുണ്ടെന്ന് ഒറ്റനോട്ടത്തിൽ തോന്നിയേക്കുന്ന പക്ഷം, മേൽ വിവരിച്ച യാഥാർത്ഥ്യം മുന്നിൽവെച്ചുകൊണ്ടായിരിക്കണം അവർ വിധി കൽപ്പിക്കുന്നത്. അങ്ങിനെ ചെയ്യുന്നപക്ഷം, ഏതൊരു വിഷയവും-അതെത്ര പ്രധാനമോ അപ്രധാനമോ ആയിക്കൊള്ളട്ടെ-യുക്തിപൂർവ്വകവും, ന്യായപൂർണ്ണവുമായി കാണാവുന്നതാകുന്നു. ഈ അടിസ്ഥാനം ഗൗനിക്കാതെയുള്ള ഏതു തീരുമാനവും -ഖുർആനെ സംബന്ധിച്ചോ, മറ്റേതെങ്കിലും തത്വസംഹിതയെ സംബന്ധിച്ചോ ആയിക്കൊള്ളട്ടെ-കേവലം മൗഢ്യവും, വിഡ്ഢിത്വവുമായിരിക്കും. ഈ അടിസ്ഥാനം വീക്ഷിച്ചുകൊണ്ടല്ലാതെ, ഖുർആൻെറ ഓരോ തത്വവും വെവ്വേറെ മുറിച്ചെടുത്ത് എല്ലാ തരം ആളുകളും പ്രഥമദൃഷ്ടിയിൽ തന്നെ നിരുപാധികം അംഗീകരിക്കത്തക്കവണ്ണം ചിത്രീകരിച്ചു കാണിക്കുവാൻ ശ്രമിക്കുന്നത് തികച്ചും പാഴ്‌വേലയായിരിക്കും. ഖുർആൻ പരിശോധിക്കുമ്പോൾ, ഈ അടിസ്ഥാനം സ്വീകരിച്ചുകൊണ്ടുതന്നെയാണ് അത് വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതെന്ന് കാണാവുന്നതാകുന്നു. അതുകൊണ്ടുതന്നെയാണ്, ചില തത്വങ്ങൾ ബുദ്ധിയുടേയും യുക്തിയുടേയും അടിസ്ഥാനത്തിലും, ചിലത് ഖുർആൻ വാക്യങ്ങളുടേയും നബിവചനങ്ങളുടേയും മാത്രം അടിസ്ഥാനത്തിലും, മറ്റു ചിലകാര്യങ്ങൾ മുൻഗാമികളുടെ പ്രസ്താവനകളുടേയും വ്യാഖ്യാനങ്ങളുടേയും അടിസ്ഥാനത്തിലും പ്രമാണപ്പെട്ട ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടുകാണുന്നതും.

ഒരു വിഷയം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യേ, ശ്രോതാക്കൾ അറിഞ്ഞിരിക്കേണ്ടുന്ന മറ്റൊരു കാര്യവും ഉണർത്തുക, ഒരു വാദത്തിൻെറ ഖണ്ഡനത്തിൽ അതിൻെറ മറുവശത്തിൻെറ സ്ഥാപനവും ഉൾപ്പെടുത്തുക, തിൻമയെ വിമർശിക്കുന്നതോടൊപ്പം നൻമയെ പ്രശംസിക്കുകയും ചെയ്യുക, രക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നതോടുകൂടി ശിക്ഷയെക്കുറിച്ച് താക്കീതും നൽകുക, പ്രകൃതി ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നതിനിടയിൽകൂടി ചരിത്രലക്ഷ്യങ്ങളും ചൂണ്ടിക്കാട്ടുക, സൃഷ്ടിമാഹാത്മ്യങ്ങളെപ്പറ്റി സംസാരിക്കുന്ന മദ്ധ്യേ സ്രഷ്ടാവിൻെറ അനുഗ്രഹങ്ങളും നിരത്തിക്കാട്ടുക മുതലായ പലതും ഖുർആൻെറ പതിവുകളാകുന്നു. അങ്ങനെ ശ്രദ്ധകൊടുത്തു വായന ചെയ്യുന്നവരുടെ ജിജ്ഞാസ മന്ദീഭവിക്കുവാൻ അനുവദിക്കാതെ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുവാൻ അത് പ്രേരണ നൽകുന്നു. നിയമങ്ങൾ ഒരു ഭാഗത്ത്, ചരിത്രം ഒരു ഭാഗത്ത്, ഉപദേശങ്ങൾ ഒരു വശത്ത്, ഖണ്ഡനമണ്ഡനങ്ങൾ വേറൊരു വശത്ത് എന്നിങ്ങിനെ പ്രത്യേക പംക്തികളായിരുന്നു ഖുർആനെങ്കിൽ, ആ ഗ്രന്ഥം രണ്ടോ നാലോ തവണ പാരായണം ചെയ്താൽ പിന്നീടത് ആവർത്തിക്കുവാൻ ആവേശം തോന്നുമായിരുന്നില്ല. വിഷയങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറയുന്നത് അതിൻെറ സാധാരണ പതിവാകുന്നു. കാർമ്മികമായ മതനിയമങ്ങൾമാത്രം അങ്ങിനെ ആവർത്തിക്കപ്പെടാറില്ല. ഓരോ ആവർത്തനത്തിലും, മറ്റു സ്ഥലങ്ങളിൽ കാണപ്പെടാത്ത നവീനതകളും, പുതുമകളും, പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. വാചകഘടനകളും, അലങ്കാര പ്രയോഗങ്ങളും ഒന്നിനൊന്ന് മാറ്റു കൂട്ടിക്കൊണ്ടുമിരിക്കും. വിഷയത്തിനും, സന്ദർഭത്തിനും അനുയോജ്യമായ രീതിയിൽ മുമ്പു പ്രസ്താവിച്ചതിന് ഉപോൽബലകമെന്നോണം അർത്ഥഗർഭങ്ങളായ ചില വാക്കുകൾകൊണ്ട് ആയത്തുകൾ അവസാനിപ്പിക്കുന്നതും

ഖുർആൻെറ പല പ്രത്യേകതകളിൽ ഒന്നാകുന്നു. മിക്കവാറും ആയത്തുകളുടെ അവസാനം പരിശോധിച്ചാൽ ഇത് കാണാവുന്നതാണ്.

ഇത്രയും പറഞ്ഞതിൽനിന്ന് ഖുർആൻ പാരായണം ഒരു പുണ്യകർമ്മമായി നിശ്ചയിക്കപ്പെട്ടതിലും, അത് സദാ പാരായണം ചെയ്വാൻ പ്രോത്സാഹിക്കപ്പെട്ടതിലും അടങ്ങിയ രഹസ്യം ഏറെക്കുറെ മനസ്സിലാക്കാമല്ലോ. പക്ഷേ, അതിൻെറ ഭാഷയിലൂടെയും, അതിൻെറ സാഹിത്യശൈലിയിലൂടെയുമല്ലാതെ ഇപ്പറഞ്ഞ മഹൽ ഗുണങ്ങൾ ആസ്വദിക്കുവാൻ വേണ്ടത്ര സാദ്ധ്യമല്ലെന്നുകൂടി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. അതോടൊപ്പം ഹൃദയ സാന്നിദ്ധ്യവും ഉറ്റാലോചനയും വായനക്കാരിൽ ഉണ്ടായിരിക്കുകയും വേണം. ومن الله التوفيق

ഓരോ ആയത്തും അതിൻെറ അടുത്ത ആയത്തും തമ്മിലും, ഓരോ സൂറത്തും അടുത്ത സൂറത്തും തമ്മിലും പ്രത്യക്ഷബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ഒരു പതിവ് പല വ്യാഖ്യാതാക്കളും സ്വീകരിച്ചിരിക്കുന്നത് കാണാം. പലപ്പോഴും അതിലവർ വിജയിച്ചേക്കുമെങ്കിലും, ചിലപ്പോഴെല്ലാം അതിനായി അവർ വളരെ സാഹസപ്പെടേണ്ടി വരുന്നുണ്ട്. അതുപോലെതന്നെ, ഖണ്ഡനങ്ങൾ, വിമർശനങ്ങൾ, മതവിധികൾ എന്നീ തുറകളിൽ വരുന്ന ആയത്തുകൾക്കെല്ലാം അവതരണഹേതുക്കളാകുന്ന ചില കഥകൾ കണ്ടുപിടിപ്പാനും ചിലർ മുതിരാറുണ്ട്. ഇതും തന്നെ, മിക്ക സ്ഥലത്തും സ്വീകാര്യമായ ഏർപ്പാടല്ല. ചില ആയത്തുകളും, ചില സൂറത്തുകളും തമ്മിൽ വിഷയപരമായി അടുത്ത ബന്ധം ഉണ്ടായിരിക്കും. ചിലപ്പോൾ ഇല്ലാതിരിക്കുകയും ചെയ്യും. ചില ആയത്തുകൾ അവതരിച്ചതിന് പ്രത്യക്ഷ കാരണങ്ങളുണ്ടായിരിക്കും. ചിലതിൻെറ അവതരണം വല്ല പ്രത്യേക സംഭവത്തെ തുടർന്നുമായിരിക്കും. ചിലപ്പോൾ അങ്ങിനെയൊന്നും ഉണ്ടായില്ലെന്നോ, ഉണ്ടെങ്കിൽതന്നെ അത് അജ്ഞാതമായെന്നോ വന്നേക്കാം. ചില സന്ദർഭങ്ങളിൽ, ആയത്ത് അവതരിച്ച കാരണവും സന്ദർഭവും അറിയാത്തപക്ഷം, അതിൻെറ ശരിയായ ഉദ്ദേശ്യം മനസ്സിലാക്കുവാൻപോലും പ്രയാസമായിരിക്കുകയും ചെയ്യും. ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ നിശ്ചയമായും അത് ആരായേണ്ടതാണുതാനും. ഖുർആൻെറ അവതരണ കാലത്ത് നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും, അനാചാര ദുരാചാരങ്ങളും, ശത്രുക്കൾ അതിൻെറ നേരെ സ്വീകരിച്ചുവന്ന സമ്പ്രദായങ്ങളുമെല്ലാംതന്നെ, അതതു വിഷയത്തെ സ്പർശിച്ചുകൊണ്ടുള്ള ആയത്തുകളുടെ അവതരണത്തിന് മതിയായ കാരണങ്ങളാകുന്നു. അഥവാ ഓരോ ആയത്തിനും പ്രത്യേകം അവതരണഹേതു ഉണ്ടായിരിക്കേണ്ടുന്ന ആവശ്യമില്ല.

സൂറത്തുകളുടെ പ്രാരംഭങ്ങളും, സമാപനങ്ങളും ഒരേ രീതിയിലല്ല ഉള്ളത്. അറബികൾക്കിടയിൽ പരിചയമുള്ളതും, സാഹിത്യകാരന്മാർക്കിടയിൽ അംഗീകരിക്കപ്പെട്ടിരുന്നതുമായ പല രീതികളും ഖുർആൻ അംഗീകരിച്ചതായി കാണാം. പ്രസംഗം, കവിത, ലിഖിത രേഖകൾ, പ്രധാന സംഭാഷണങ്ങൾ ആദിയായവ ആരംഭിക്കുമ്പോൾ അവയുടെ ആദ്യത്തിൽ വർണ്ണന, പ്രശംസ, ദൈവസ്തോത്രം, ഉദ്ദേശ്യ സൂചന മുതലായ പ്രാരംഭച്ചട്ടങ്ങുകൾ ഉണ്ടായിരിക്കുക സാധാരണമാണല്ലോ. അതുപോലെതന്നെ, വിഷയം അവസാനിക്കുമ്പോൾ, ചില സമാപനച്ചട്ടങ്ങുകളും സ്വീകരിക്കപ്പെട്ടേക്കും. ഇപ്രകാരം, ഖുർആനിലും ചില സൂറത്തുകൾ (അൻആം, അൽകഹ്ഫു മുതലായവ അല്ലാഹുവിൻെറ സ്തുതികീർത്തനങ്ങളോടുകൂടി ആരംഭിച്ചു കാണാം. അൽബഖറ, നൂർ മുതലായ ചില സൂറത്തുകളുടെ ആരംഭത്തിൽ, ഈ ഖുർആൻ-അല്ലെങ്കിൽ ഈ സൂറത്ത്-ഇന്ന പ്രകാരത്തിലുള്ളതാണ് എന്നിങ്ങനെ ഒരു മുഖവുര കാണാം. സുമർ, മുഅ്മിൻ മുതലായ ചില സൂറത്തുകളുടെ ആരംഭം.

ഇത് അല്ലാഹുവിങ്കൽനിന്നുള്ള ഗ്രന്ഥമാണെന്ന് സ്ഥാപിക്കുന്ന ഒരു പീഠികയോടുകൂടിയാവും. മറ്റു ചില സൂറത്തുകൾ (സ്വാഫ്-ഫാത്ത്, ദാരിയാത്ത് പോലെയുള്ളവ) പ്രകൃതി വസ്തുക്കളെയോ, മലക്കുകൾ മുതലായവയെയോ, കുറിച്ചുള്ള വർണ്ണനകളാകുന്നു. മുനാഫിഖൂൻ, മുജാദലപോലെ ചില സൂറത്തുകൾ, യാതൊരു ആമുഖവും കൂടാതെ, ആദ്യം മുതൽക്കേ വിഷയത്തിൽ പ്രവേശിച്ചുകൊണ്ടുള്ളവയാണ്. സമാപന വേളയിലും ഇതു പോലെ വൈവിധ്യം കാണും. ഖുർആൻ സൂക്ഷിച്ചു വായിക്കുന്നവർക്ക് ഇതെല്ലാം സമാന്യമായെങ്കിലും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

എതിരാളികളും അവരോടുള്ള നയങ്ങളും

1. മുശ്‌രിക്കുകൾ (ബഹുദൈവ വിശ്വാസികൾ)

അറേബ്യയിലെ മുശ്‌രിക്കുകൾ, തങ്ങൾ ഇബ്റാഹീം (അ) നബിയുടെ മതക്കാരാണെന്നും, അദ്ദേഹത്തിൻെറ മാർഗ്ഗത്തിലാണ് നിലകൊള്ളുന്നതെന്നും വാദിക്കുന്നവരായിരുന്നു. അവർ, തങ്ങളെപ്പറ്റി 'ഹുനഫാഉ്' എന്നു പറഞ്ഞിരുന്നു.* ഇബ്റാഹീം (അ) നബിയുടെ മാർഗ്ഗം സ്വീകരിച്ചവർ എന്നാണ് ഈ വാക്കുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഹജ്ജുകർമ്മം അനുഷ്ഠിക്കുക, കഅ്ബയെ 'ഖിബ്‌ല' യായി (അഭിമുഖകേന്ദ്രമായി) അംഗീകരിക്കുക, അതിനെ ബഹുമാനിക്കുക, ചേലാകർമ്മം ചെയ്യുക, രക്തബന്ധവും മുലകുടിബന്ധവുമുള്ളവർ തമ്മിൽ വിവാഹം നടത്താതിരിക്കുക മുതലായി പലതും അവർ സ്വീകരിച്ചുപോന്നിരുന്നു. ദാനധർമ്മാദികൾ, കുടുംബബന്ധം പാലിക്കൽ, വാഗ്ദത്തം നിർവ്വഹിക്കൽ, അതിഥിസൽക്കാരം തുടങ്ങിയ കാര്യങ്ങൾ അവർക്കിടയിൽ അംഗീകരിക്കപ്പെട്ട ഗുണങ്ങളായിരുന്നു. നമസ്കാരം, നോമ്പ്, ശുദ്ധീകരണം മുതലായവയും ചില രൂപത്തിൽ അവർ അനുഷ്ഠിച്ചിരുന്നു. കൊല, വ്യഭിചാരം, കളവ് തുടങ്ങിയവ നിഷിദ്ധങ്ങളായും അവർ കരുതിവന്നിരുന്നു. മതദൃഷ്ട്യാ ഇങ്ങിനെ പലതും- അനുഷ്ഠിക്കേണ്ടതായും, ഉപേക്ഷിക്കേണ്ടതായും-ഉണ്ടെന്ന് അവർ സമ്മതിച്ചിരുന്നുവെങ്കിലും, കർമ്മരംഗത്ത് നോക്കുമ്പോൾ ചില വ്യക്തികളൊഴിച്ചു മറ്റെല്ലാവർക്കിടയിലും, മതപരമായ ഒരു അരാജകത്വമാണ് അന്നുണ്ടായിരുന്നത്.

വിശ്വാസപരമായി നോക്കുന്നപക്ഷം, ആകാശഭൂമികൾ ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട്. ലോകത്ത് നടക്കുന്ന മഹൽകാര്യങ്ങളെല്ലാം അവൻെറ കൈക്കാണ് നടക്കുന്നത്. അവൻ സർവ്വശക്തനും സർവ്വജ്ഞനുമാണ്, അവൻെറ വിധിനിർണ്ണയങ്ങൾക്കനുസരിച്ചേ കാര്യങ്ങൾ സംഭവിക്കുകയുള്ളു, സൃഷ്ടികളിൽ മലക്കുകളാകുന്ന ഒരു തരം ആത്മീയ ജീവികളുണ്ട്, അവർ പരിശുദ്ധരാണ് എന്നിങ്ങിനെയുള്ള വിശ്വാസങ്ങൾ അറബികൾക്കുണ്ടായിരുന്നു. പക്ഷേ, സിദ്ധാന്തങ്ങളും, തത്വങ്ങളും ഇങ്ങിനെയെല്ലാമായിരുന്നുവെങ്കിലും, ആ അടിസ്ഥാനത്തിലായിരുന്നില്ല അവരുടെ ജീവിതരീതി.

മുസ്‌ലിം സമുദായത്തിൻെറ ഇന്നത്തെ പൊതുനില പരിശോധിച്ചുനോക്കിയാൽതന്നെ ഇപ്പറഞ്ഞത് വേഗം മനസ്സിലാക്കാവുന്നതാണ്. മൂലതത്വങ്ങളും, പ്രധാന കടമകളുമെല്ലാം-മനസ്സുകൊണ്ടും വാക്കുകൊണ്ടും-അംഗീകരിക്കുന്നതോടൊപ്പം, അനുഷ്ഠാനരംഗത്ത് നാം കാണുന്നതെന്താണ്? നമസ്കാരം, നോമ്പ്, സക്കാത്ത് മുതലായവ തീരെ ഉപേക്ഷിക്കുകയും,

* ('ഹുനഫാർഉ്' (حنفاء) എന്നത് 'ഹനീഫ്' (حنيف) എന്നതിന്റെ ബഹുവചനമാകുന്നു. ഋജുവായ മാർഗ്ഗം സ്വീകരിച്ചവർ എന്നാണ് വാക്കിന്റെ താൽപര്യം.)

കള്ളുകുടി, പലിശ, അക്രമം, കളവ്, വ്യഭിചാരം തുടങ്ങിവയ നിസ്സങ്കോചം പതിവാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ സംഖ്യ ഒന്നു നോക്കുക! തൗഹീദാണ് (ഏക ദൈവവിശ്വാസമാണ്) തങ്ങളുടെ അടിസ്ഥാനവിശ്വാസമെന്ന് സമ്മതിക്കാത്ത മുസ്‌ലിം നാമധാരികൾ ഉണ്ടായിരിക്കുകയില്ല. പക്ഷേ, ഫലം മറിച്ചും! ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ, ശിർക്കിൻെറ പ്രവർത്തനങ്ങൾ നടത്തുകയും, അതു മതമായി ഗണിക്കുകയും ചെയ്യുന്ന കാഴ്ചയാണ് മിക്കവരിലും കാണുന്നത്. മതത്തിൻെറ പേരിൽ കെട്ടിച്ചമച്ച അനാചാരങ്ങളും, മാമൂലുകളും ഇതിന്നു പുറമെയും! ഇത്തരം ദുഷ്ചെയ്തികളിൽ മുഴുകിക്കൊണ്ടിരിക്കുന്ന ആളുകൾ തങ്ങളെപ്പറ്റി നടിക്കുന്നതോ? തങ്ങളാണ് ഏറ്റവും മതവിശ്വാസവും മതഭക്തിയും ഉള്ളവരെന്നുമായിരിക്കും! ഏറെക്കുറെ ഈ നിലതന്നെയായിരുന്നു, അറബി മുശ്‌രിക്കുകളുടെയും. ചില വശങ്ങളിൽ അവർ കൂടുതൽ അതിരുകവിഞ്ഞിരുന്നുവെന്നുമാത്രം.

മുശ്‌രിക്കുകൾ വഴിപിഴച്ചിരുന്നതിൻെറ പ്രധാന കാരണം ശിർക്കുതന്നെ. അല്ലാഹുവിന് പ്രത്യേകമായുള്ള അധികാരാവകാശങ്ങളിലും, ഗുണവിശേഷങ്ങളിലും പ്രവർത്തനങ്ങളിലും ഇതര വസ്തുക്കൾക്ക് പങ്കോ, സാമ്യതയോ കൽപിക്കുന്നതാണല്ലോ ശിർക്ക്. ലോകകാര്യങ്ങൾ നിയന്ത്രിക്കുന്നതിലും, അദൃശ്യകാര്യങ്ങളെ അറിയുന്നതിലും, രോഗം, സൗഖ്യം, ശാപം, അനുഗ്രഹം, ആഹാരം, രക്ഷ, ശിക്ഷ മുതലായവ നൽകുന്നതിലും മഹാത്മാക്കളായ ചിലർക്കും ചില പങ്കുകളുണ്ടെന്നായിരുന്നു അവർ ധരിച്ചുവന്നത്. അല്ലാഹുവിൻെറ അറിവും, കഴിവും എല്ലാറ്റിനുമുപരിയായതാണെന്ന് അവർക്കറിയാം. പക്ഷേ, ഒരു മഹാരാജാവ് തൻെറ അധികാരാവകാശങ്ങളിൽ ചിലത് തനിക്ക് പ്രിയപ്പെട്ട ചില പ്രത്യേകക്കാർക്ക് വിട്ടുകൊടുക്കുന്നതുപോലെ, അല്ലാഹുവിൻെറ അധികാരാവകാശങ്ങളിൽ ചിലത് അവൻ ചില മഹാന്മാർക്ക് വിട്ടുകൊടുത്തിരിക്കുകയാണെന്നായിരുന്നു അവരുടെ വിശ്വാസം, അങ്ങനെ, ആ മഹാത്മാക്കളുടെ പ്രീതി അല്ലാഹുവിൻെറ പ്രീതിക്കും, അവരുടെ അപ്രീതി അല്ലാഹുവിൻെറ അപ്രീതിക്കും കാരണമാണെന്നും, അവരുടെ ശുപാർശ അല്ലാഹു സ്വീകരിക്കുകയും, അത് അവൻെറ അടുക്കൽ സ്വാധീനം ചെലുത്തുകയും ചെയ്യുമെന്നും അവർ ധരിച്ചുവശായി. ഈ അടിസ്ഥാനത്തിൽ, പലതരം ആരാധനകളും നേർച്ച വഴിപാടുകളും ആ മഹാത്മാക്കൾക്കു വേണ്ടിയും അവർ നടത്തിവന്നു. ഇതുവഴി, പ്രസ്തുത മഹാത്മാക്കൾക്കു യഥാർത്ഥ ദൈവത്തിൻെറ സ്ഥാനം കൽപിക്കപ്പെടുകയും, സകലവിധ ആരാധനകളും അവർക്കായി അർപ്പിക്കപ്പെടുകയും പതിവായിത്തീർന്നു. അതുമാത്രമാണ് മുക്തിമാർഗ്ഗമെന്നതുവരെ കാര്യം എത്തി. യഥാർത്ഥ ദൈവമായ അല്ലാഹുവിനുള്ള സ്ഥാനമാനങ്ങൾ വെറും വാക്കുകളിൽ മാത്രം അവശേഷിക്കുകയും ചെയ്തു.

നൂഹ് (അ) നബിയുടെ കാലംമുതൽക്കുതന്നെ വിഗ്രഹാരാധന ലോകത്ത് നടപ്പുണ്ടെന്ന് ഖുർആൻകൊണ്ട് സ്പഷ്ടമാകുന്നു. (സൂറത്തുനൂഹ് നോക്കുക) എന്നാൽ, അറബികളിൽ അത് നടപ്പിൽ വരുത്തിയത് അംറ്ബ്നുലുഹാ (عمر بن لحى) എന്നു പേരായ ഒരാളായിരുന്നു. മിക്കവാറും ക്രിസ്താബ്ദം 3-ാം നൂറ്റാണ്ടിൽ ജീവിച്ച ഒരു നാട്ടുരാജാവായിരുന്നു ഇയാൾ ശാമിൽനിന്നാണ് ഹിജാസിലേക്ക് വിഗ്രഹാരാധന കടത്തിക്കൊണ്ടു വന്നത്. മരണപ്പെട്ടുപോയ മഹാത്മാക്കളുടെ സ്മരണക്കായിട്ടാണ്-പിശാചിൻെറ പ്രേരണപ്രകാരം-ആദ്യം ജനങ്ങൾ പ്രതിമകളുണ്ടാക്കി പ്രതിഷ്ഠിച്ചത് എന്നും, ക്രമേണ ആ പ്രതിമകൾ ആരാധ്യവസ്തുക്കളായി പരിണമിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും നബിവചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് പ്രതിമകൾ ഉണ്ടാക്കുകയും, പ്രതിഷ്ഠിക്കുകയും ചെയ്യുന്നതിനെ

നബി(ﷺ) അതികഠിനമായി നിരോധിച്ചിട്ടുള്ളതും. വിഗ്രഹങ്ങളുടെ കൂട്ടത്തിൽ, മരണപ്പെട്ട മഹാത്മാക്കളുടെ പ്രതിമകൾ മാത്രമല്ല കാലക്രമത്തിൽ ചില മലക്കുകളുടേയും, ചില ജിന്നുകളുടേയും പേരിലും വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ടു. ദേവീദേവൻമാരെന്ന പേരിലാണ് ഇന്ന് അവ അറിയപ്പെടുന്നത്. മലക്കുകൾ ദൈവത്തിന്റെ പുത്രിമാരാണെന്നായിരുന്നു അവരുടെ സങ്കൽപ്പം. ചുരുക്കിപ്പറഞ്ഞാൽ, ലോകത്ത് തൗഹീദിന്റെ കേന്ദ്രമായി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ദേവാലയമായ വിശുദ്ധ കഅ്ബയുടെ പരിസരങ്ങളിലായി-ഖുർആൻ അവതരിക്കുന്ന കാലത്ത്-വിവിധ തരത്തിലുള്ള 360 വിഗ്രഹങ്ങൾ സ്ഥലം പിടിച്ചിരുന്നു. അക്കൂട്ടത്തിൽ, അതേ വിശുദ്ധ മന്ദിരം കെട്ടി ഉയർത്തിയ ഇബ്റാഹീം (അ) നബി, ഇസ്മാഈൽ (അ) നബി എന്നീ പ്രവാചകവര്യന്മാരുടെ പ്രതിമകളും ഉണ്ടായിരുന്നു.

അടിത്തറ ഇളകിയാൽ കെട്ടിടത്തിന് ഇളക്കം ബാധിക്കുകയും, അത് സ്ഥാനം തെറ്റിയാൽ കെട്ടിടം ആകെ തകരുകയും ചെയ്യുമല്ലോ. അതുപോലെ തൗഹീദാകുന്ന അസ്തിവാരം നിലതെറ്റിയതോടെ, അറബികളുടെ ജീവിതക്രമം ആകമാനം അവതാളത്തിലായി. അതോടെ, 'ശിർക്കും', 'തശ്ബീഹും', 'തഹ്‌രീഫും' * (അല്ലാഹുവിനോട് പങ്കു ചേർക്കലും, അവനു സാദൃശ്യം കൽപിക്കലും, മതവിധികളെ മാറ്റിമറിക്കലും) രംഗപ്രവേശം ചെയ്തു. അനേകതരം അന്ധവിശ്വാസങ്ങളും അനാചാര ദുരാചാരങ്ങളും, ദുർന്നടപ്പുകളും മതതത്വങ്ങളായി മാറി. മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം നശിച്ചതാണ് അവരെ ഏറ്റവും അധഃപതിപ്പിച്ചത്. മരിച്ചു മണ്ണായിക്കഴിഞ്ഞാൽ പിന്നെ, മറ്റൊരു ജീവിതമോ, രക്ഷാശിക്ഷയോ ഇല്ലെന്നും, അതോടെ എല്ലാം അവസാനിച്ചുവെന്നും അവർ ഉറപ്പിച്ചുവെച്ചു. മരണാനന്തര ജീവിതത്തെപ്പറ്റി പൂർവ്വ വേദങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഖുർആനിലേതുപോലെ അത്ര വിശദവും, വ്യക്തവുമായ നിലയിൽ അവയിൽ അതിനെക്കുറിച്ച് പ്രതിപാദിക്കപ്പെട്ടിട്ടില്ലായിരുന്നു. മുശ്‌രിക്കുകളായ അറബികൾക്കു പൂർവ്വവേദങ്ങളെ സംബന്ധിച്ചിടത്തോളം, അടുത്ത പരിചയവും ഇല്ല. ഇബ്റാഹീം (അ) നബിയുടെയും, ഇസ്മാഈൽ (അ) നബിയുടെയും ശേഷം, മറ്റൊരു പ്രവാചകനുമായി അവർക്കു നേരിൽ ബന്ധം സ്ഥാപിക്കാൻ അവസരവും ഉണ്ടായിട്ടില്ല. അങ്ങനെ, ദേഹേച്ഛയും, പാരമ്പര്യവും, അനുകരണവും സർവ്വാധാരമായി ചിരകാലം നിലനിന്നുപോന്ന ആ സമുദായത്തിനു ഭൗതിക ദൃഷ്ടിക്കപ്പുറമുള്ള ഒരു ജീവിതത്തെ സംബന്ധിച്ചു വിശ്വസിക്കുവാൻ കഴിയാതായിത്തീർന്നു.

ഇതിന്റെയെല്ലാം അനിവാര്യഫലമായിട്ടാണ്, മുശ്‌രിക്കുകൾ നബി (ﷺ) തിരുമേനിയുടെ പ്രവാചകത്വവും, ഖുർആനും നിഷേധിച്ചത്. പ്രവാചകത്വത്തെപ്പറ്റി അവർക്ക് നേരിട്ട് പരിചയമില്ലെങ്കിലും, തങ്ങളുടെ ഇടയിൽ ജീവിച്ചുവരുന്ന വേദക്കാർ വഴിയും മറ്റും കേട്ടു പരിചയം ഉണ്ടെന്നതിൽ സംശയമില്ല. തങ്ങളുടെ പൂർവ്വപിതാക്കളും, വന്ദ്യ നേതാക്കളുമാണല്ലോ ഇബ്റാഹീം (അ) നബിയും, ഇസ്മാഈൽ (അ) നബിയും. മൂസാ (അ) നബിയെയും, ഈസാ (അ) നബിയെയും കുറിച്ചും അവർക്ക് കേട്ടറിവുണ്ട്. ആകയാൽ, അല്ലാഹു മനുഷ്യരിൽനിന്ന് പ്രവാചകന്മാരെയും, ദൈവദൂതന്മാരേയും നിയമിക്കുക പതിവുണ്ടെന്ന വസ്തുത അവർക്ക് അജ്ഞാതമല്ല. എന്നാൽ, പ്രവാചകൻമാരുടെ യഥാർത്ഥ നിലപാടുകളും, സ്ഥിതിഗതികളും എന്തെല്ലാമായിരുന്നുവെന്നോ, ജനങ്ങളും അവരുമായുള്ള ബന്ധം എപ്രകാരമായിരുന്നുവെന്നോ അവർക്കറിഞ്ഞുകൂടാ. ഊഹാപോഹങ്ങളും, പഴഞ്ചൻ

---

* الشرك والتشبيه والتعريف

കഥകളും വഴി, പ്രവാചകൻമാരെപ്പറ്റി അവർ എന്തൊക്കെയോ ഊഹിച്ചുവെച്ചിരിക്കുകയായിരുന്നു. മുഹമ്മദ് (ﷺ) തിരുമേനിയാണെങ്കിൽ, അവർക്കിടയിൽ അനാഥയായി പെറ്റു വളർന്നുവന്ന ഒരു സാധാരണ വ്യക്തി. മഹാത്മാക്കൾക്ക്-മഹാത്മാക്കളുടെ പേരിൽ നിർമ്മിക്കപ്പെട്ട പ്രതിമകൾക്കുപോലും-ദിവ്യത്വം കൽപിച്ചുവശായ അവർക്ക്, തങ്ങളിൽപെട്ട ഒരു മനുഷ്യൻ ദൈവദൂതനായിത്തീരുകയെന്നത് ഒരു അസംഭവ്യ കാര്യമായിത്തോന്നി. അങ്ങനെ, പ്രവാചകൻ എങ്ങിനെയാണ് തിന്നുകയും, കുടിക്കുകയും അങ്ങാടിയിൽക്കൂടി നടക്കുകയുമെല്ലാം ചെയ്യുന്നത്? എന്നിത്യാദി ചോദ്യങ്ങൾ അവരിൽ നിന്നു പുറത്തുവന്നു.

ചുരുക്കിപ്പറഞ്ഞാൽ, ശിർക്ക്, പരലോകനിഷേധം, ഇബ്റാഹീം (അ) നബിയുടെ മാർഗ്ഗമനുസരിച്ചാണ് തങ്ങൾ നിലകൊള്ളുന്നതെന്ന വാദം, മുഹമ്മദ് നബി (ﷺ) യുടെ പ്രവാചകത്വത്തിൻെറ നിഷേധം. ഇങ്ങിനെയുള്ള ചില സംഗതികളായിരുന്നു മുശ്രിക്കുകളെ സംബന്ധിച്ചു ഖുർആനു പ്രധാനമായി വിമർശിക്കേണ്ടിയിരുന്ന വിഷയങ്ങൾ. ഈ തുറകളിൽ അവർ കൊണ്ടുവരുന്ന ന്യായവാദങ്ങൾക്ക് മറുപടി പറയുകയും ആവശ്യമായിരുന്നു. അക്കാര്യങ്ങൾ ശരിയായിത്തീർന്നാൽ, മറ്റുള്ളതെല്ലാം പ്രയാസമന്യെ ശരിപ്പെട്ടുകൊള്ളുമായിരുന്നു. ഇതിനായി, മുശ്രിക്കുകളെ സംബന്ധിച്ച് ഖുർആൻ സ്വീകരിച്ച നയങ്ങൾ പലതാണ്. ഉദാഹരണമായി:-

1) പൂർവ്വീകന്മാരുടെ അനുകരണവും, പരമ്പരാഗതമായ ഊഹാപോഹങ്ങളുമല്ലാതെ, ബുദ്ധിപൂർവ്വകമോ, വൈദികമോ, ദൈവീകമോ ആയ യാതൊരു തെളിവും അവർക്കില്ലെന്ന് ഉൽബോധിപ്പിക്കുക. 2) മതാചാരങ്ങളും, മതസിദ്ധാന്തങ്ങളുമായി തങ്ങൾ ആചരിച്ചുവരുന്ന കാര്യങ്ങൾ പ്രാവചകന്മാരുടെയോ, വേദഗ്രന്ഥങ്ങളുടെയോ അദ്ധ്യാപനങ്ങളല്ലെന്നും, കെട്ടിച്ചമയ്ക്കപ്പെട്ടവ മാത്രമാണെന്നും ഓർമ്മിപ്പിക്കുക.

3) അല്ലാഹു അല്ലാത്ത മറ്റേതൊരു വസ്തുവിനും, റബ്ബോ, ഇലാഹോ (രക്ഷിതാവോ, ആരാധ്യനോ) ആയിരിക്കുവാൻ ഒരു വിധേനയും അർഹതയോ, ന്യായമോ ഇല്ല എന്നും, അല്ലാഹുവിന് യാതൊരു പ്രകാരത്തിലുള്ള സാമ്യരും പങ്കുകാരും ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ല എന്നും സ്ഥാപിക്കുക.
4) എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തതു തൗഹീദുമാത്രായിരുന്നുവെന്നും, അവരെല്ലാം അല്ലാഹുവിൻെറ അടിമകളും അടിയാന്മാരുമായിരുന്നുവെന്നും ഉറപ്പിക്കുക.

5) വിഗ്രഹങ്ങൾ ആരാധ്യവസ്തുക്കളാകുന്നത് പോയിട്ട് സാധാരണ മനുഷ്യരുടെ പദവി പോലും അവക്കില്ലെന്ന് കാര്യകാരണസഹിതം ഉണർത്തുക.

6) അല്ലാഹുവിന് മക്കളുണ്ടെന്ന വാദം, അങ്ങേയറ്റം വഷളത്വം നിറഞ്ഞ നികൃഷ്ടവാദമാണെന്നും, അല്ലാഹുവിന് മറ്റേതെങ്കിലും വസ്തുവിനോട് യാതൊരു തരത്തിലുള്ള സാദൃശ്യവും ഇല്ലെന്നും, അവർ സർവ്വോപരി പരിശുദ്ധനാണെന്നും സ്ഥാപിക്കുക.

7) മുഹമ്മദ് (ﷺ) നബി ഒന്നാമത്തെ പ്രവാചകനല്ല, അദ്ദേഹത്തിന് മുമ്പ് എത്രയോ പ്രവാചകന്മാർ ഉണ്ടായിട്ടുണ്ട്. അവരുടെയെല്ലാം പ്രബോധനതത്വം ഒന്നുതന്നെയായിരുന്നു, അവരെല്ലാവരും തന്നെ മനുഷ്യരും, മനുഷ്യപ്രകൃതിയോടുകൂടിയവരുമായിരുന്നു, വഹ്‌യ് ലഭിക്കുന്നുവെന്നത് കൊണ്ട് അദ്ദേഹം മനുഷ്യനല്ലാതാകുന്നില്ല എന്നൊക്കെ ഗ്രഹിപ്പിക്കുക.

8) ജനങ്ങൾ ആവശ്യപ്പെടുന്ന ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കലും, അദൃശ്യകാര്യങ്ങൾ അറിയലും നബിമാർക്ക് സാധ്യമായ കാര്യങ്ങളല്ല, അല്ലാഹു ഉദ്ദേശിച്ച ദൃഷ്ടാന്തം മാത്രമേ അവരുടെ കയ്ക്കു വെളിപ്പെടുകയുള്ളു. അവൻ അറിയിച്ചു കൊടുത്ത അദൃശ്യകാര്യമല്ലാതെ അവർക്ക് അറിയുവാൻ കഴിയുന്നതുമല്ല. പുതിയ വല്ല ദൃഷ്ടാന്തങ്ങളും കണ്ടാൽതന്നെയും അതു ഗ്രഹിക്കുവാനോ വിശ്വസിക്കുവാനോ അവർ തയ്യാറാവുകയില്ല. അതേ സമയത്ത് സത്യാന്വേഷണം ചെയ്യുന്ന ഏതൊരുവനും സത്യം ഗ്രഹിക്കുവാൻ വേണ്ടത്ര ദൃഷ്ടാന്തങ്ങൾ അവരുടെ മുമ്പിലുണ്ടുതാനും. ഏറ്റവും വലിയ ദൃഷ്ടാന്തം അവരുടെ മുമ്പിലിരിക്കുന്ന ഖുർആൻ തന്നെയാണ്. അതുപോലെയുള്ള ഒരു ഗ്രന്ഥമോ, അതിലെ അദ്ധ്യായം പോലെയുള്ള ഒരു അദ്ധ്യായമോ-അവർക്കാകട്ടെ, മറ്റാർക്കെങ്കിലുമാകട്ടെ-കൊണ്ടുവരുക സാദ്ധ്യമല്ല. അത് അല്ലാഹുവിൻെറ ഗ്രന്ഥമാണെന്നുള്ളതിന് ഇതുതന്നെ മതിയായ തെളിവാണ് എന്നൊക്കെ ഉൽബോധനം ചെയ്യുക.

9) നിർജ്ജീവമായിക്കിടക്കുന്ന ഭൂമിയെ മഴ വർഷിപ്പിച്ച് ഉല്പാദനയോഗ്യമാക്കിത്തീർത്ത് സസ്യലതാദികൾ ഉൽപാദിപ്പിക്കുന്നതുപോലെ, നിർജ്ജീവ വസ്തുക്കളിൽ നിന്ന് ജീവികളെ ഉൽഭവിപ്പിക്കുന്നതുപോലെ മരണപ്പെട്ട മനുഷ്യൻ പുനരുജ്ജീവിപ്പിക്കപ്പെടുമെന്നും, ആദ്യം സൃഷ്ടിച്ച സ്രഷ്ടാവിന് ആ സൃഷ്ടിയെ രണ്ടാമതും ജീവിപ്പിക്കുവാൻ ഒട്ടും പ്രയാസമില്ലെന്നും, ഖുർആൻെറ ഒരു പുതിയവാദമല്ല-മുൻവേദങ്ങളെല്ലാം ഘോഷിച്ചതുതന്നെയാണ്-ഇതെന്നും തെര്യപ്പെടുത്തുക.

10) സത്യവിശ്വാസവും, സന്മാർഗ്ഗവും സ്വീകരിച്ചാലുണ്ടാകുന്ന നേട്ടങ്ങളും അല്ലാത്തപക്ഷം അനുഭവിക്കേണ്ടി വരുന്ന ഭവിഷ്യത്തുകളും, ശിക്ഷകളും വിവരിച്ചു കൊടുക്കുക.

ഇങ്ങിനെയുള്ള വിവിധ മാർഗ്ഗങ്ങളിൽകൂടിയാണ് ഖുർആൻ മുശ്രിക്കുകളെ സമീപിക്കുന്നതും, അഭിമുഖീകരിക്കുന്നതും. എല്ലാംതന്നെ അവർക്ക് സുഗ്രാഹ്യമായ ഭാഷാശൈലിയോടുകൂടിയും, സുവ്യക്തങ്ങളായ ലക്ഷ്യദൃഷ്ടാന്തങ്ങൾ സഹിതവും. പ്രതിപാദനരീതിയാകട്ടെ, കെട്ടിക്കുടുക്കും വക്രതയുമില്ലാത്തതും.

2. വേദക്കാർ അഥവാ യഹൂദരും, ക്രിസ്ത്യാനികളും.

മുശ്രിക്കുകളുടെ കേന്ദ്രം മക്കയാണല്ലോ. മദീനായിൽ ഇസ്ലാമിനു പുതുതായി നേരിടേണ്ടിവന്നത് വേദക്കാരായ യഹൂദരെയും, ക്രിസ്ത്യാനികളെയുമായിരുന്നു. തൗറാത്തിൻെറയും മൂസാ (അ) നബിയുടെയും അനുയായികളാണ് യഹൂദികൾ, അഥവാ ജൂതന്മാർ. തൗറാത്തിൻെറ അദ്ധ്യാപനങ്ങളും അവരും തമ്മിലുള്ള ബന്ധം നാമമാത്രമായി അവശേഷിച്ചിരിക്കുകയായിരുന്നു. അതിൻെറ അദ്ധ്യാപനങ്ങൾ മാത്രമല്ല, അതിലെ വചനങ്ങൾ പോലും അവരുടെ കൈകടത്തലിന് പാത്രമായിരുന്നു. എന്നുവെച്ചാൽ, തൗറാത്തിൻെറ പരിഭാഷയിലും, ഉദ്ധരണിയിലും, വ്യാഖ്യാനത്തിലും അവർ കൃത്രിമങ്ങൾ നടത്തിയിരുന്നു. ഇതുവഴി, തൗറാത്തിൽ ഇല്ലാത്ത ചിലത് അതിൽ കൂട്ടിച്ചേർക്കലും, ഉള്ള ചിലത് മൂടിവെക്കലും അവരുടെ സ്വഭാവമായിരുന്നു. പ്രാവചകത്വവും, പരലോക മോക്ഷവും അവരുടെ കുത്തകാവകാശമായി അവർ വാദിച്ചിരുന്നു. കവിഞ്ഞപക്ഷം ഒരു ജൂതൻ 40 ദിവസത്തിലധികം നരകത്തിൽ താമസിക്കേണ്ടിവരികയില്ലെന്നും, തങ്ങൾ ദൈവസന്താനങ്ങളും, അവൻെറ ഇഷ്ടക്കാരുമാണെന്നുമായിരുന്നു അവരുടെ വാദം. പ്രാവചകൻമാരിൽ അധിക

പേരും ഇസ്റാഈല്യരില്‍നിന്നാണെന്ന വസ്തുത അവരുടെ ഈ ധാരണക്കു ശക്തികൂട്ടി. മൂസാ (അ) നബിക്കുശേഷം അവരില്‍ കഴിഞ്ഞുപോയ ദീര്‍ഘമായ കാലഘട്ടത്തില്‍ അനുദിനം വര്‍ദ്ധിച്ചുകൊണ്ടേയിരുന്ന ആ ദുഷ്ചെയ്തികള്‍, മറ്റേതൊരു സമുദായത്തെക്കാളും അവരെ അധഃപതിപ്പിച്ചു കളഞ്ഞു. അതിയായ ലുബ്ധത, ധനമോഹം, വഞ്ചന, അസൂയ മുതലായവ അവരുടെ ചില പ്രത്യേകതകളായിരുന്നുതാനും.

ദൈവ വാക്യത്തേക്കാളും അവര്‍ പ്രാധാന്യം കല്‍പിച്ചുവന്നത് അവരിലുള്ള പണ്ഡിതന്‍മാരുടെ അഭിപ്രായങ്ങള്‍ക്കാണ്. പണ്ഡിതന്‍മാരാകട്ടെ, സ്വാര്‍ത്ഥത്തിനും, കാര്യലാഭത്തിനുംവേണ്ടി എന്ത് ചെയ്വാനും മടിയില്ലാത്തവണ്ണം ദുഷിച്ചുപോകുകയും ചെയ്തിരുന്നു. വാസ്തവത്തില്‍, ഈസാ (അ) നബിയില്‍ യഹൂദര്‍ വിശ്വസിക്കാതിരുന്നതുതന്നെ, പണ്ഡിതവര്‍ഗ്ഗത്തിന്‍െറ ദുഷ്പ്രേരണകള്‍മൂലമായിരുന്നു. വേദഗ്രന്ഥത്തിലെ വാക്യങ്ങള്‍ മാറ്റിമറിച്ചും, അതിന്‍െറ പേരില്‍ കളവുകെട്ടിച്ചമച്ചും, ജനഹിതമനുസരിച്ചു മതവിധികളുണ്ടാക്കിയും അവര്‍ മുതലെടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഇന്നത്തെ മുസ്ലിം പാമര ജനങ്ങളെയും, അവരെ തൃപ്തിപ്പെടുത്തിക്കൊണ്ട് സ്വന്തം താല്പര്യങ്ങള്‍ നേടുന്ന പണ്ഡിതന്‍മാരെയും കുറിച്ച് ആലോചിച്ചാല്‍, അന്നത്തെ യഹൂദരുടെ സ്ഥിതിഗതികളെപ്പറ്റി ഏതാണ്ടൊന്ന് അനുമാനിക്കാം. 'വേദക്കാര്‍ തങ്ങളുടെ പണ്ഡിതന്‍മാരെയും, പുരോഹിതന്‍മാരെയും, അല്ലാഹുവിന് പുറമെ റബ്ബുകളാക്കി' (തൗബ: 31) എന്ന ഖുര്‍ആന്‍ വചനത്തെപ്പറ്റി അദിയ്യുബ്നുഹാതിം (ﷺ) നബി (ﷺ) യോട് ചോദിച്ചപ്പോള്‍, തിരുമേനി പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'അല്ലാഹു അനുവദിച്ചതിനെ ആ പണ്ഡിതന്‍മാര്‍ അവര്‍ക്ക് നിഷിദ്ധമാക്കിക്കൊടുത്തു. അതവര്‍ നിഷിദ്ധമായി സ്വീകരിക്കുകയും ചെയ്തു. അല്ലാഹു നിഷിദ്ധമാക്കിയതിനെ അവര്‍ അനുവദനീയമാക്കിക്കൊടുത്തു. അതവര്‍ അനുവദനീയമായിക്കരുതുകയും ചെയ്തു'. (ബുഖാരി.) മുസ്ലിം സമുദായത്തിന്‍െറ അധഃപതനത്തിന്നുള്ള ഒരു മുഖ്യ കാരണവും ഇതുതന്നെയാണല്ലോ.

മുന്‍ വേദഗ്രന്ഥങ്ങളുടെ കൂട്ടത്തില്‍ പ്രഥമ സ്ഥാനം അര്‍ഹിക്കുന്ന ഗ്രന്ഥമത്രെ തൗറാത്ത്. കര്‍മ്മപരമായ ജീവിതക്രമങ്ങളും, അനുഷ്ഠാനമുറകളും അതില്‍ വിസ്തിരിച്ചു പറഞ്ഞിട്ടുണ്ട്. നിയമസംഹിത എന്ന നിലക്കു ഈസാ(അ) നബിയും, അനുയായികളും ആ ഗ്രന്ഥം അംഗീകരിക്കുവാന്‍ ബാദ്ധ്യസ്ഥരായിരുന്നു. ആകയാല്‍, ഇനിയൊരു പ്രവാചകനും വേദഗ്രന്ഥവും ആവശ്യമില്ലെന്നാണ് യഹൂദികള്‍ ധരിച്ചുവശായിരുന്നത്. എന്നാല്‍, അക്കാലത്തേക്കും ആ ജനതക്കും വേണ്ടിയുള്ളതായിരുന്നു ആ നിയമസംഹിതയെന്നും, കാലാവസാനംവരേയുള്ള സകല ജനവിഭാഗങ്ങള്‍ക്കും പറ്റിയ മറ്റൊരു പരിപൂര്‍ണ്ണ നിയമസംഹിത ആവശ്യമായിരുന്നുവെന്നും, അതാണ് വിശുദ്ധ ഖുര്‍ആന്‍ എന്നും അവര്‍ മനസ്സിലാക്കിയില്ല. അഥവാ ഈ പരമാര്‍ത്ഥം സമ്മതിക്കുവാന്‍ അവര്‍ തയ്യാറായില്ല. ഖുര്‍ആനാണെങ്കില്‍, തൗറാത്തിനെ ഒരിക്കലും നിഷേധിക്കുകയല്ല-അതിനെ സത്യപ്പെടുത്തുകയും, ബലപ്പെടുത്തുകയുമാണ്-ചെയ്യുന്നത്. പക്ഷേ, താല്‍ക്കാലികങ്ങളായിരുന്ന അതിലെ ചില നിയമങ്ങളെ പരിഷ്കരിക്കുകയും, പോരാത്തത് കൂട്ടിച്ചേര്‍ക്കുകയും ചെയ്തുകൊണ്ടുള്ള ഒരു പരിപൂര്‍ണ്ണ നിയമസംഹിത ലോകത്തിനു പ്രദാനം ചെയ്തിരിക്കുകയാണ് ഖുര്‍ആന്‍. തൗറാത്തിലെ പല നിയമങ്ങളും, തത്വങ്ങളും അത് അപ്പടി സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. മേല്‍പറഞ്ഞതിനു പുറമെ, മുഹമ്മദ് നബി (ﷺ) തിരുമേനി, ഇസ്മാഈല്‍ (അ) നബിയുടെ സന്താന പരമ്പരയില്‍ ജനിച്ച ആളായതും-അവരുടെ വര്‍ഗ്ഗപിതാവായ ഇസ്ഹാഖ് (അ) നബിയുടെ സന്താനപരമ്പരയില്‍പെട്ട ആളല്ലാതിരുന്നതും-നബി(ﷺ)യില്‍ വിശ്വസിക്കുന്നതുമൂലം തങ്ങളുടെ അടിസ്ഥാ

നരഹിതങ്ങളായ പാരമ്പര്യ നടപടികൾക്കും, നേതൃത്വങ്ങൾക്കും കോട്ടം തട്ടുമെന്ന ഭയവും നബി (ﷺ) യെ നിഷേധിക്കുവാൻ യഹൂദൻമാരെ പ്രേരിപ്പിച്ചു. ഈ നിഷേധത്തെ ന്യായീകരിക്കുവാൻവേണ്ടി, തൗറാത്തിൻെറ പല ഭാഗങ്ങളും അവർ പൂഴ്ത്തിവെക്കുകയും, ദുർവ്യാഖ്യാനം നടത്തുകയും ചെയ്തു. നബി (ﷺ) യുടെ ആഗമനത്തെസംബന്ധിച്ചുള്ള പ്രവചനങ്ങളും സൂചനകളുമാണ് ഇതിന് കൂടുതൽ ഇരയായത്.

യഹൂദരുടെ മിക്ക ദോഷങ്ങളും ക്രിസ്ത്യാനികളിലും ഉണ്ടായിരുന്നു. ഈസാ (അ) നബിക്ക് ദിവ്യത്വം കൽപിച്ചതും, ആ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കപ്പെട്ട മറ്റു പല അന്ധവിശ്വാസങ്ങളും കഴിച്ചാൽ, താരതമ്യേന യഹൂദരെക്കാൾ ഭേദമായിരുന്നു ക്രിസ്ത്യാനികൾ. ഈസാ (അ) ദൈവപുത്രനാണെന്നാണ് പൊതുവിലുള്ള ക്രിസ്തീയവാദം. ഇതുവഴി, അല്ലാഹുവിൻെറ പരമ പരിശുദ്ധവും, സൃഷ്ടികളുമായി തെല്ലും സാമ്യമില്ലാത്തതുമായ ഉൽകൃഷ്ട ഗുണങ്ങളെ കളങ്കപ്പെടുത്തുകയും, അല്ലാഹുവിനെ സൃഷ്ടിസമാനമാക്കുകയുമാണ് ക്രിസ്ത്യാനികൾ ചെയ്യുന്നത്. ഇത് അങ്ങേ അറ്റം നികൃഷ്ടവും നീചവുമായ ഒന്നാണെന്ന് പറയേണ്ടതില്ലല്ലോ. മൂസാ (അ) ദൈവമാണെന്നോ, ദൈവപുത്രനാണെന്നോ യഹൂദർ പറയുന്നില്ല. പക്ഷേ, ഉസൈർ ദൈവപുത്രനാണെന്ന ഒരു വാദം അവരിലും ഉണ്ടായിരുന്നു. അതോടൊപ്പം ഈസാ (അ) നബിയെ വ്യഭിചാരപുത്രനെന്നും, ആഭിചാരിയെന്നും യഹൂദർ മുദ്ര കുത്തുകയും ചെയ്തിരുന്നു.

ക്രിസ്തീയ മതത്തിൻെറ പ്രധാന സിദ്ധാന്തം ത്രിയേകത്വ സിദ്ധാന്തമാകുന്നു. അതായത്: പിതാവും (ദൈവവും) പുത്രനും (ഈസായും) പരിശുദ്ധാത്മാവും (റൂഹുൽ ഖുദ്സും) ചേർന്നതാണ് സാക്ഷാൽ ദൈവം; മൂന്നും കൂടി ഒന്നാണുതാനും എന്നിങ്ങിനെയുള്ള വിശ്വാസം. ഇതിനെപ്പറ്റി കൂടുതൽ വിവരം യഥാസ്ഥാനങ്ങളിൽ വെച്ചു കാണാവുന്നതാണ്. ان شاء الله ഇതനുസരിച്ച് ഈസാ (അ) മനുഷ്യനാണെങ്കിലും അതേ സമയംതന്നെ അദ്ദേഹം ദൈവപുത്രനുമാണ്; മറ്റൊരു നിലക്ക് സാക്ഷാൽ ദൈവവും. ഇതാണ് അവരുടെ വാദം. ഇഞ്ചീലിൻെറ ചില പ്രയോഗങ്ങൾ ദുർവ്യാഖ്യാനം ചെയ്തും, ഇഞ്ചീലുകളെന്ന (സുവിശേഷങ്ങളെന്ന) പേരിൽ പിൽക്കാലത്ത് എഴുതിയുണ്ടാക്കപ്പെട്ട ചില ഗ്രന്ഥങ്ങളെ ആസ്പദമാക്കിയും ഇവർ ഈ വാദത്തെ ന്യായീകരിക്കുന്നു. ഈസാ(അ) നബിയിലുള്ള വിശ്വാസം ഇവരിൽ അതിരുകവിഞ്ഞുപോയിരിക്കയാണെന്നു വ്യക്തമാണ്. ഇതുപോലെയുള്ള ചില അന്ധവിശ്വാസങ്ങൾ, ചില 'ശൈഖൻമാരെ'യും 'ഔലിയാ'ക്കളെയും സംബന്ധിച്ച് ചില പാമര മുസ്ലിംകൾക്കിടയിലും കടന്നുകൂടിയിട്ടുണ്ട്. 'നിങ്ങൾക്ക് മുമ്പുള്ളവരുടെ-വേദക്കാരുടെ-മാർഗ്ഗങ്ങളെ മുഴത്തിനു മുഴമായും, ചാണിനു ചാണായും, നിങ്ങളും പിൻപറ്റുന്നതാണ്'. لتتبعن سنن من كان قبلكم شبرا بشبر وذراعا بذراع –الترمذى എന്ന് നബി (ﷺ) പ്രവചനം ചെയ്തിട്ടുള്ളത് സ്മരണീയമാകുന്നു. ഈ ക്രിസ്തീയ മൂലസിദ്ധാന്തം അംഗീകരിക്കുന്നതിനു പകരം അങ്ങേ അറ്റം ആക്ഷേപിക്കുകയാണല്ലോ ഖുർആൻ ചെയ്തത്. അതുകൊണ്ടും, മുഹമ്മദ് (ﷺ) ഇസ്റാഈൽ വർഗ്ഗത്തിൽ പെട്ട ആളല്ലാത്തതുകൊണ്ടും ക്രിസ്ത്യാനികളും ഖുർആൻെറ വൈരികളായി. തൗറാത്തിലെ പ്രവചനങ്ങളെപ്പറ്റി യഹൂദർ ചെയ്തതുപോലെത്തന്നെ, നബി (ﷺ) യുടെ വരവിനെക്കുറിച്ച് ഇഞ്ചീലിൽ ഉള്ള പ്രവചനങ്ങളെ ഇരുവിഭാഗവും അന്യഥാ വ്യാഖ്യാനിച്ചു തൃപ്തിയടഞ്ഞു. തോന്നിയ വാസത്തിലും ദുർനടപ്പിലും ദീർഘകാല പാരമ്പര്യം യഹൂദർക്കായിരുന്നതുകൊണ്ട് ഖുർആനിനോടുള്ള ശത്രുതയിൽ കൂടുതൽ കാഠിന്യം പ്രത്യക്ഷപ്പെട്ടിരുന്നതും അവരിൽനിന്നായിരുന്നു. ഈ വസ്തുത ഖുർആൻതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സത്യവിശ്വാസികളോട് ഏറ്റവും കഠിനമായ ശത്രുതയു

ളളത് യഹൂദർക്കും, മുശ്‌രിക്കുകൾക്കുമാണെന്നും ക്രിസത്യാനികളാണ് സത്യവിശ്വാസികളോട് കൂടുതൽ താൽപര്യബന്ധമുള്ളവരെന്നും (സൂറാ: മാഇദഃ 85ൽ) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇരുകൂട്ടരോടും ഖുർആൻ കൈക്കൊണ്ട നയം ചുരുക്കത്തിൽ ഇങ്ങിനെ വിവരിക്കാം:-

(1) അവരിൽ സത്യഭ്രംശം വന്നുപോയിട്ടുള്ള മാർഗ്ഗങ്ങളെ ഖുർആൻ ചൂണ്ടിക്കാട്ടി. (2) വേദഗ്രന്ഥങ്ങളിൽ അവർ ഒളിച്ചുവെച്ച പല ഭാഗവും അത് വെളിപ്പെടുത്തി. (3) അവർ ഒരു റസൂലിൻെറ വരവ് കാത്തിരിക്കുകയായിരുന്നുവെന്നും, ആ റസൂൽ വന്നുകഴിഞ്ഞപ്പോൾ അസൂയയും അഹന്തയും നിമിത്തം അവർ നിഷേധിക്കുകയാണ് ചെയ്തതെന്നും അത് തുറന്നുകാട്ടി. (4) തങ്ങളുടെ വേദഗ്രന്ഥം യഥാർത്ഥരൂപത്തിൽ സ്വീകരിച്ചിരുന്നുവെങ്കിൽ, ഖുർആനിലും നബിയിലും അവർ വിശ്വസിക്കാതിരിക്കുവാൻ നിർവ്വാഹമില്ലായിരുന്നുവെന്ന് തെളിയിച്ചു. പലപ്പോഴും, അവരുടെ വേദഗ്രന്ഥങ്ങളിൽനിന്നുതന്നെ അവരുടെ അബദ്ധങ്ങൾ തെളിയിച്ചുകൊടുത്തു. (5) മോക്ഷവും വിജയവും ഒരു ജനതയുടെയോ, വർഗ്ഗത്തിൻെറയോ പ്രത്യേകാവകാശമല്ലെന്നും, സത്യവിശ്വാസവും സൽക്കർമ്മവും സ്വീകരിക്കുന്നവർ ആരൊക്കെയാണോ അവർക്കെല്ലാം മോക്ഷവും, രക്ഷയും ഉണ്ടെന്നും അത് വിളംബരം ചെയ്തു. (6) അതുപോലെത്തന്നെ, പ്രവാചകത്വവും ഒരു വർഗ്ഗത്തിൻെറയും കുത്തകയല്ല, അല്ലാഹു ഉദ്ദേശിച്ചവർക്ക് അവൻ കൊടുക്കുന്ന ഒരു അനുഗ്രഹമാണത് എന്ന് ഉൽബോധിപ്പിച്ചു. (7) ഒരു പ്രവാചകൻ നിയോഗിക്കപ്പെട്ടാൽ, മുൻപ്രവാചകൻമാരുടെ സമുദായത്തിൽ നിലവിലുള്ളവരെല്ലാം ആ പ്രവാചകനിൽ വിശ്വസിക്കേണ്ടതുണ്ട്. പ്രവാചകൻമാരുടെയെല്ലാം പ്രബോധന സിദ്ധാന്തങ്ങൾ ഒന്നുതന്നെയാണ്. അനുഷ്ഠാനപരമായ നടപടികളിൽ മാത്രമേ ചില വ്യത്യാസങ്ങളുണ്ടായിരിക്കയുള്ളു. അല്ലാഹുവിനെയല്ലാതെ റബ്ബും, ഇലാഹും ആക്കുവാൻ പാടില്ല. പ്രവാചകൻമാരടക്കമുള്ള എല്ലാവരും അവൻെറ അടിമകളാകുന്നു. എന്നിങ്ങനെയുള്ള പരമാർത്ഥങ്ങൾ ഖുർആൻ അവരുടെ മുമ്പിൽവെച്ചു. (8) മുൻവേദഗ്രന്ഥങ്ങളിലൊന്നിനെയും ഖുർആൻ നിരാകരിക്കുന്നില്ല, മറിച്ച് എല്ലാറ്റിനേയും സത്യപ്പെടുത്തുകയും അവയിലെല്ലാം വിശ്വസിക്കണമെന്നു ശാസിക്കയുമാണ് ചെയ്യുന്നത്. പക്ഷേ, എന്നെന്നേക്കും നിലനിൽക്കത്തക്ക ഒരു പരിപൂർണ്ണ നിയമ സംഹിതയും, മനുഷ്യപുരോഗതിയുടെ എല്ലാ കാലഘട്ടങ്ങൾക്കും ഒത്തിണങ്ങുന്ന വേദഗ്രന്ഥവും ആയിരിക്കുവാൻ അവകൊണ്ട് ഉദ്ദേശിക്കപ്പെട്ടില്ലായിരുന്നു, ആ സ്ഥാനം ഖുർആനിന്നാണുള്ളത് എന്നൊക്കെ അതു പ്രഖ്യാപിച്ചു.

3. മുനാഫിഖുകൾ (കപടവിശ്വാസികൾ).

മദീനായിൽ ഖുർആനു നേരിടേണ്ടിവന്ന മറ്റൊരു ശത്രു വിഭാഗമാണ് മുനാഫിഖുകൾ. രണ്ടുതരക്കാരെപ്പറ്റിയാണ് മുനാഫിഖുകൾ എന്നു പറയാറുള്ളത്. ഒരു തരക്കാർ, മനസ്സിൽ തികച്ചും അവിശ്വാസം കുടികൊള്ളുന്നതോടൊപ്പം, താൽക്കാലികമായ താൽപര്യങ്ങളും, പരിതഃസ്ഥിതിയും നിമിത്തം ഇസ്‌ലാമിൻെറവേഷം അണിഞ്ഞവരായിരുന്നു. ഇവർ മുസ്‌ലിംകളുടെ ഇടയിൽ വരുമ്പോൾ തങ്ങൾ മുസ്‌ലിംകളാണെന്ന് അഭിനയിക്കും. തക്കം കിട്ടുമ്പോൾ ഇസ്‌ലാമിന്നെതിരായി പ്രവർത്തിക്കുകയും, അവിശ്വാസികളുടെ അക്രമപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യും. ഈ വിഭാഗത്തെക്കുറിച്ചാണ് സൂ:4: 145 ൽ 'നിശ്ചയമായും മുനാഫിഖുകൾ നരകത്തിലെ ഏറ്റവും താഴ്ന്ന പടിയിലാണ്.' എന്ന് അല്ലാഹു പ്രസ്താവിച്ചത്. ഇത്തരം 'നിഫാഖ്'ൻെറ (കാപട്യത്തിൻെറ) ആൾക്കാരെക്കുറിച്ച് നബി (ﷺ) യുടെ കാലശേഷം, ശരിക്കു മനസ്സിലാക്കുവാനും, തിരിച്ചറിയുവാനും സാദ്ധ്യമല്ല. കാരണം,

ബാഹ്യത്തിൽ കാണപ്പെടുന്നതനുസരിച്ച് വിധി കൽപിക്കുകയല്ലാതെ, ഹൃദയത്തിലെ വിശ്വാസവും, അവിശ്വാസവും സൂക്ഷ്മമായി മനസ്സിലാക്കുവാൻ വഹ്യ് കൊണ്ടല്ലാതെ സാധ്യമല്ലല്ലോ. ഒരു പ്രകാരത്തിൽ നോക്കുമ്പോൾ, പ്രത്യക്ഷ ശത്രുക്കളേക്കാൾ സൈ്വര ക്കേടാണ് ഇവർമൂലം ഇസ്‌ലാമിനുണ്ടായിട്ടുള്ളത്. മുസ്‌ലിംകളുടെ രഹസ്യങ്ങൾ മനസ്സി ലാക്കി ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുവാനും ശത്രുക്കളുമായി ഗൂഢാലോചനകൾനടത്തി കുഴപ്പം സൃഷ്ടിക്കുവാനും ഇവർക്ക് കൂടുതൽ സൗകര്യം ഉണ്ടായിരിക്കുമല്ലോ.

ഈ വിഭാഗക്കാരെക്കുറിച്ച് വളരെ പരുഷവും, കടുത്തതുമായ വാക്കുകളിലാണ് ഖുർആൻ സംസാരിക്കാറുള്ളത്. കനത്ത താക്കീതുകളും അവർക്ക് നൽകിയിട്ടുണ്ട്. അവ രുടെ പല രഹസ്യങ്ങളും, ഗൂഢതന്ത്രങ്ങളും ഖുർആൻ തുറന്നുകാട്ടി. അവർമൂലം ഉണ്ടായേ ക്കാവുന്ന പല അനിഷ്ടസംഭവങ്ങളേയും അല്ലാഹു മുൻകൂട്ടി നബി (ﷺ) യെ ഉണർ ത്തിയിട്ടുണ്ട്. പ്രത്യക്ഷത്തത്തിൽ മുസ്‌ലിംകളോടെന്നപോലെ നബി (ﷺ) അവരോടും പെരുമാറിയിരുന്നുവെങ്കിലും-യഥാർത്ഥത്തിൽ അവർ ശത്രുക്കളാണെന്നു പൂർണ്ണബോ ധമുള്ളതുകൊണ്ട്-അവരെക്കുറിച്ച് എപ്പോഴും ജാഗ്രതയിലും ആയിരുന്നു. ഇവരെ തിരിച്ചറി യുമാറുള്ള ലക്ഷണങ്ങൾ പലതും ഖുർആൻ നബി (ﷺ)ക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തു. അതുമുഖേന തിരുമേനി അവരെ ശരിക്കും മനസ്സിലാക്കുകയും ചെയ്തിരുന്നു. ഇതെല്ലാമാ യിട്ടും പാഠം പഠിക്കാതിരിക്കത്തക്കവണ്ണം അവരുടെ ഹൃദയങ്ങൾ മരവിച്ചുപോയിരുന്നു. ഒടുക്കം അവർ മരണപ്പെട്ടാൽ അവരുടെ പേരിൽ നമസ്കാരം നടത്തരുതെന്നുപോലും നബി(ﷺ) യോട് ഖുർആൻ ആജ്ഞാപിച്ചു. ഇവരുടെ കാപട്യം വിശ്വാസത്തിൽതന്നെ ആയതുകൊണ്ട് ഇവരെപ്പറ്റി **منافقوا الايمان** (വിശ്വാസത്തിലെ കപടന്മാർ) എന്നു പറയാം.

രണ്ടാമത്തെ തരക്കാർ, കർമ്മത്തിലും, സ്വഭാവത്തിലുമുള്ള കടപന്മാരാണ്. **منافقوا العمل والاخلاق** ഇവർ തനി അവിശ്വാസികളല്ലെങ്കിലും, വിശ്വാസത്തിൽ സ്ഥിരതയും അടിയുറപ്പുമില്ലാത്ത ദുർബ്ബല വിശ്വാസക്കാരാകുന്നു. ഇവരിൽ പല വകുപ്പുകൾ കാണാം: സ്വജനങ്ങൾക്കൊപ്പിച്ച് വിശ്വാസത്തിലും അവിശ്വാസത്തിലും അരുനിൽക്കുന്നവർ, ഐഹിക താൽപര്യങ്ങളിൽ ലയിച്ച് അല്ലാഹുവിൻെറയും റസൂലിൻെറയും ആജ്ഞാനിർദ്ദേശങ്ങളെ അവഗണിക്കുന്നവർ, ധനമോഹം നേതൃത്വമോഹം അസൂയ മുതലായ കാരണങ്ങളാൽ ഇസ്‌ലാമികാദർശങ്ങളെ വകവെക്കാത്തവർ. ഉപജീവനമാർഗ്ഗങ്ങളിലും മറ്റും വ്യാപൃതരായി പരലോകവിചാരവും മതനിഷ്ഠയും നഷ്ടപ്പെട്ടവർ, ഇസ്‌ലാമിനെ പൊതുവിൽ നിഷേധി ക്കുന്നില്ലെങ്കിലും നബി (ﷺ) യെ സംബന്ധിച്ചോ ഇസ്‌ലാമിൻെറ ഏതെങ്കിലും സ്പഷ്ടമായ അദ്ധ്യാപനങ്ങളെ സംബന്ധിച്ചോ സംശയവും ആശങ്കയും വെച്ചുകൊണ്ടിരിക്കുന്നവർ, ഇസ്‌ലാമിൻെറ ഏതെങ്കിലും എതിർകക്ഷികളോടുള്ള അനുഭാവവും ചായ്‌വും നിമിത്തം അവരെ സഹായിക്കുവാനും തൃപ്തിപ്പെടുത്തുവാനുംവേണ്ടി ഇസ്‌ലാമികതത്വങ്ങളെ നിസ്സാ രമാക്കുന്നവർ എന്നിങ്ങിനെയുള്ളവരെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെട്ട മുനാഫിഖുകളാ കുന്നു.

ഇത്തരം മുനാഫിഖുകളെ എക്കാലത്തും കാണാം. ഇക്കാലത്ത് ഇത്തരക്കാരുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുകയാണ്. ഭൗതിക സുഖാഡംബരങ്ങളിൽ ലയിച്ചും, ധന സമ്പാദനം ജീവിതോദ്ദേശ്യമാക്കിയും, സ്ഥാനമാനാദികൾ നഷ്ടപ്പെടുമെന്ന് ഭയന്നും, വലിയ ആൾക്കാരുടെ അടുക്കലുള്ള സാമീപ്യവും സ്വാധീനവും നഷ്ടപ്പെട്ടേക്കുമെന്ന് പേടിച്ചും, ശാസ്ത്രീയ സിദ്ധാന്തങ്ങളുടേയും യുക്തിവാദങ്ങളുടേയും പിന്നാലെ കൂടിയും, ഭൗതിക

ഭ്രമവും പരിഷ്കാരപ്രേമവും തലക്കുകേറിയും-അങ്ങനെ പല വിധത്തിലും-കപട വിശ്വാസികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. അറിവും പഠിപ്പുമുള്ളവരും, ഇസ്ലാമിനുവേണ്ടി ഏതെങ്കിലും രംഗങ്ങളിൽ സേവനപാരമ്പര്യം പുലർത്തിപ്പോരുന്നവരുമായ ആളുകൾ പോലും-തങ്ങളറിയാതെത്തന്നെ-ഇക്കൂട്ടത്തിൽ അകപ്പെട്ടുപോയിക്കൊണ്ടിരിക്കുന്നതാണ് കൂടുതൽ വ്യസനകരം والعياذ بالله (അല്ലാഹുവിൽ ശരണം!)

നബി (ﷺ) പറയുന്നു: ''ഒരാളിൽ നാലുകാര്യങ്ങൾ ഉണ്ടായിരുന്നാൽ, അവൻ തനി മുനാഫിഖാകുന്നു. അവയിൽ ഒന്നുണ്ടായിരുന്നാൽ, അത് ഉപേക്ഷിക്കുന്നതുവരേക്കും കാപട്യത്തിന്റെ ഒരു കാര്യം അവനിൽഉണ്ടായിരിക്കും. അതായത്: വിശ്വസിച്ചാൽ വഞ്ചിക്കും, വർത്തമാനം പറഞ്ഞാൽ കളവു പറയും, വാഗ്ദത്തം ചെയ്താൽ ലംഘിക്കും, പിണങ്ങിയാൽ തോന്നിയവാസം പ്രവർത്തിക്കും-(ബു മു.)'' ഏതാണ്ട് ഇതേപ്രകാരമുള്ള മറ്റൊരു ഹദീസിൽ മുസ്ലിം(റ) ഇപ്രകാരംകൂടി ഉദ്ധരിച്ചിരിക്കുന്നു; ''........അവൻ നോമ്പു നോൽക്കുകയും നമസ്ക്കരിക്കുകയും, മുസ്ലിമാണെന്നു വാദിക്കുകയും ചെയ്താലും ശരി.'' രണ്ടാമത്തെ തരക്കാരിൽപെട്ട മുനാഫിഖിന്റെ ചില ലക്ഷണങ്ങളാണ് ഇതുപോലുള്ള നബിവചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. സത്യവിശ്വാസികളായ ആളുകൾ, അവരുടെ പ്രവൃത്തിദോഷവും, സ്വഭാവദോഷവുംകൊണ്ട് മുനാഫിഖുകളായിത്തീരുമെന്ന് ഇതിൽനിന്നു വ്യക്തമാണ്. അതുകൊണ്ടാണ് നബി (ﷺ) യുടെ സഹാബിമാർപോലും നിഫാഖിനെക്കുറിച്ചു സദാ ഭയപ്പെട്ടുകൊണ്ടിരുന്നത്. ഇബ്നുഅബീമുലൈകഃ (റ) പറഞ്ഞതായി ബുഖാരി (റ) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''നബി (ﷺ)യുടെ സഹാബികളിൽ മുപ്പതുപേരെ ഞാൻ കാണുകയുണ്ടായിട്ടുണ്ട്. അവരെല്ലാവരുംതന്നെ, തങ്ങളിൽ നിഫാഖ് വരുന്നത് ഭയപ്പെടുന്നവരായിരുന്നു......''

മേൽപറഞ്ഞ രണ്ടുതരം മുനാഫിഖുകളുടെ സ്വഭാവങ്ങളും ലക്ഷണങ്ങളും ഖുർആൻ പലപ്പോഴും എടുത്തുകാട്ടുന്നത് കാണാം. ഭവിഷ്യത്തുകളെക്കുറിച്ച് അവരെ താക്കീത് ചെയ്യുകയും, പ്രസ്തുത സ്വഭാവങ്ങളെ സൂക്ഷിച്ചുകൊള്ളുവാൻ മറ്റുള്ളവരോട് ഉപദേശിക്കുകയും പതിവാകുന്നു. അതോടുകൂടി, നിഷ്കളങ്കരും സജ്ജനങ്ങളുമായുള്ളവരുടെ ലക്ഷണങ്ങളും, സ്വഭാവങ്ങളും അടിക്കടി വിവരിച്ചും ആവർത്തിച്ചും ഓർമ്മിപ്പിക്കുകയും ചെയ്യും.

എതിർകക്ഷികൾ അന്നും ഇന്നും

ഖുർആൻ അവതരിക്കുന്ന കാലത്ത് അതിന്റെ എതിർകക്ഷികളായി നിലവിലുണ്ടായിരുന്ന പ്രധാന കക്ഷികളെയും, അവരോട് ഖുർആൻ കൈകൊണ്ട സാമാന്യനിലപാടും സംബന്ധിച്ചാണ് നാം മുകളിൽ സംസാരിച്ചത്. കൂടുതൽ വിവരം ഖുർആനിൽ അതതിടത്തു വെച്ച് കാണുകയും ചെയ്യാം. തനി നിരീശ്വരവാദികളായ ആളുകൾ-ഏതോ ചില വ്യക്തികളുണ്ടായിരുന്നുവെന്നല്ലാതെ-ഖുർആന്റെ ഒരു എതിർകക്ഷിയായി അന്നു പ്രത്യക്ഷത്തിലുണ്ടായിരുന്നില്ല. അതുകൊണ്ട് അവരെക്കുറിച്ച് ഒരു കക്ഷിയെന്ന നിലക്കുള്ള സംവാദങ്ങളും, സംഭാഷണങ്ങളും ഖുർആനിൽ അധികം കാണുകയില്ല. സന്ദർഭവശാൽ ചിലപ്പോഴെല്ലാം, നിരീശ്വരവാദികൾക്കും, നാസ്തികൻമാർക്കും വായടപ്പൻ മറുപടികൾ കൊടുക്കാതിരുന്നിട്ടുമില്ല. സന്ദർഭം പോലെ നാം അവയെപ്പറ്റി ചൂണ്ടിക്കാട്ടുന്നതാണ് ان شاء الله. ചുരുക്കിപ്പറഞ്ഞാൽ, ഖുർആന്റെ മുമ്പിൽ വിലങ്ങടിച്ചു നില്ക്കുന്ന എല്ലാവർക്കും -ശുദ്ധഹൃദയവും മനസ്സാക്ഷിയും ഉള്ളപക്ഷം-യഥാർത്ഥം ഗ്രഹിച്ച് സൻമാർഗ്ഗം കണ്ടെത്തു

വാനുള്ള നിർദ്ദേശങ്ങളും, തെളിവുകളും ഖുർആൻ തികച്ചും വ്യക്തമാക്കിക്കഴിഞ്ഞിരിക്കുന്നു.

ഖുർആനിൽ കാണുന്ന ആക്ഷേപങ്ങൾ, താക്കീതുകൾ മുതലായവയെല്ലാം, അന്നത്തെ അതിൻെറ എതിരാളികളായിരുന്നവർക്കുമാത്രം ബാധകമായതാണെന്ന് ആരും ധരിക്കേണ്ടതില്ല. മുശ്‌രിക്ക് (ബഹുദൈവ വിശ്വാസി), കാഫിർ (അവിശ്വാസി), മുനാഫിഖ് (കപടവിശ്വാസി) എന്നിങ്ങനെയുള്ള അതിലെ പ്രയോഗങ്ങളും, അവരെ സംബന്ധിച്ച പ്രസ്താവനകളും അക്കാലത്തുണ്ടായിരുന്നവർക്കെന്നപോലെ, അതിന് ശേഷം ലോകാവസാനം വരെ ഉണ്ടാകുന്നവർക്കും ബാധകമാണ്. അല്ലാഹുവിൻെറ അവകാശാധികാരങ്ങളിലും, അവൻെറ പ്രത്യേക ഗുണഗണങ്ങളിലും ഇതരവസ്തുക്കളെ പങ്കുചേർക്കുന്നവരെല്ലാം ഖുർആൻെറ ദൃഷ്ടിയിൽ മുശ്‌രിക്കുകളാകുന്നു. അങ്ങിനെ പങ്കു ചേർക്കലും, അതിലേക്കു വഴി തുറക്കലും അതിൻെറ ഭാഷയിൽ ശിർക്കുമാകുന്നു. അല്ലാഹുവിലും, പരലോകത്തിലും, റസൂലിലും, ഖുർആനിലും വിശ്വസിക്കാത്തവരെല്ലാം-അവർ ആസ്തിവാദക്കാരോ, നാസ്തിവാദക്കാരോ ആയിക്കൊള്ളട്ടെ-അതിൻെറ ഭാഷയിൽ കാഫിറുമാകുന്നു. പ്രത്യക്ഷത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ അതിനെതിരായ നിലപാടുകൾ സ്വീകരിച്ചവർ മുനാഫിഖുകളുമാണ്. പരിപൂർണ്ണവിശ്വാസത്തോടൊപ്പം അതിൻെറ സിദ്ധാന്തങ്ങൾ നിരുപാധികമായി സ്വീകരിക്കുന്നവരാരോ അവരാണ് അതിൻെറ ഭാഷയിൽ മുഅ്മിനുകൾ (സത്യവിശ്വാസികൾ). ഈ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങളും, അനുഷ്ഠാനമുറകളും, ആചാരമര്യാദകളും സ്വീകരിക്കുന്നവരെക്കുറിച്ചാണ് അത് മുസ്‌ലിംകൾ എന്ന് പറയുന്നതും.

'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന വാദത്തിന് ഖുർആൻെറ ദൃഷ്ടിയിൽ യാതൊരു നിലയും വിലയുമില്ല. അല്ല, ഖുർആൻ ആ വാദങ്ങളെ അടിയോടെ തള്ളിക്കളയുകയും, ഒരു മുസ്‌ലിമിന് അത് അംഗീകരിക്കുവാൻ നിവൃത്തിയില്ലെന്ന് തുറന്ന ഭാഷയിൽ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:
ان الدين عند الله الاسلام العمرا (നിശ്ചയമായും, അല്ലാഹുവിൻെറ അടുക്കൽ മതം ഇസ്‌ലാമത്രെ.) അപ്പോൾ ഇസ്‌ലാമല്ലാത്ത മറ്റൊരു മതവും അവൻ അംഗീകരിക്കുന്നില്ല. അതിനെക്കുറിച്ച് തന്നെയാണ് മറ്റൊരു ആയത്തിൽ ഇങ്ങനെ പറയുന്നത്:

وان هذا صراطى مستقيما فاتبعوه ولاتتبعوا السبل فتفرق بكم عن سبيله –الانعام ١٥٣

(ഇതാ-നേർക്കുനേരെ-ചൊവ്വായ നിലയിൽ എൻെറ പാത. അത് നിങ്ങൾ പിൻപറ്റുവിൻ. മറ്റു മാർഗ്ഗങ്ങളെ നിങ്ങൾ പിൻപറ്റരുത്. എന്നാലവ നിങ്ങളെ അവൻെറ മാർഗ്ഗത്തിൽ നിന്ന് ഭിന്നിപ്പിച്ചുകളയും) മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നത് നോക്കുക:

ومن يبتغ غير الاسلام دينا فلن يقبل منه وهو فى الاخرة من الخاسرين – ال عمران ٨٥

(ഇസ്‌ലാംഅല്ലാത്ത ഒന്നിനെ ആരെങ്കിലും മതമായിതേടുന്നപക്ഷം അതവനിൽ നിന്ന് സ്വീകരിക്കപ്പെടുന്നതേ അല്ല. അവൻ പരലോകത്തിൽ നഷ്ടക്കാരുടെ കൂട്ടത്തിലുമായിരിക്കും). അപ്പോൾ മുസ്‌ലിമാണെന്ന് വാദിക്കുന്ന ഒരാൾക്ക് മേൽവാദത്തെ ബാഹ്യമായെങ്കിലും അനുകൂലിക്കുവാൻ സാധിക്കുമോ?! ഒരു അമുസ്‌ലിമിൻെറ വായയിൽ നിന്നേ ആ വാദം പുറത്തുവരുവാൻ ന്യായമുള്ളു. എന്നാൽ, ആ ഏകമാർഗ്ഗത്തിലേക്ക് അത് ആരേയും നിർബ്ബന്ധിക്കുന്നില്ല. لا اكراه فى الدين –البقرة ٢٥٦ (മതത്തിൽ നിർബ്ബന്ധം ചെലുത്തൽ ഇല്ല) എന്ന് അത് പ്രഖ്യാപിച്ചിരിക്കുന്നു. അതിൻെറ സിദ്ധാന്തങ്ങളും, അതിൻെറ നിയമാവലിയുമെല്ലാം ലോകത്തിൻെറ മുമ്പിൽ തുറന്നുവെച്ചുകൊണ്ട് അത് ഇങ്ങിനെ ഉൽഘോഷിക്കുന്നു:

وقل الحق من ربكم فمن شاء فليؤمن ومن شاء فليكفر –الكهف ٢٩ (പറയുക: യഥാർത്ഥം നിൻെറ റബ്ബിങ്കൽ നിന്നുള്ളതാകുന്നു. അതുകൊണ്ട് വേണ്ടുന്നവർ വിശ്വസിച്ചുകൊള്ളട്ടെ, വേണ്ടുന്നവർ അവിശ്വസിച്ചുകൊള്ളട്ടെ!). വിശ്വസിക്കുവാനും അവിശ്വസിക്കുവാനും തല്ക്കാലം സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടെങ്കിലും, അവിശ്വസിച്ചവരുടെ ഭാവിയെക്കുറിച്ച് അത് കടുകടുത്ത താക്കീതുകൾ നൽകുകയും ചെയ്യുന്നു. ഖുർആൻെറ അവതരണകാലത്ത് അതിന് ഏതെല്ലാം തരത്തിലുള്ള എതിർകക്ഷികൾ ഉണ്ടായിരുന്നുവോ അവ മിക്കവാറും കാലദേശങ്ങളുടെ പരിതസ്ഥിതിക്കനുസരിച്ച വേഷം സ്വീകരിച്ച് ഇന്നും നിലവിലുണ്ട്. അന്ന് അവരോടും, അവരെക്കുറിച്ചും ഖുർആൻ എന്തെല്ലാം പ്രസ്താവിച്ചുവോ, അതെല്ലാം ഇന്ന് ഇവരോടും, ഇവരെക്കുറിച്ചും അതിന് പറയുവാനുള്ളത് തന്നെയാകുന്നു. ലോകാവസാനം വരെ അത് നിലനിൽക്കുകയും ചെയ്യും.

അല്ലാഹുവിൻെറ നാമങ്ങൾ, ഗുണങ്ങൾ, അനുഗ്രഹങ്ങൾ, ദൃഷ്ടാന്തങ്ങൾ മുതലായവ
(اسماء الله وصفاته والآؤه واياته)

അറബി, അറബിയല്ലാത്തവൻ, പണ്ഡിതൻ, പാമരൻ എന്നിങ്ങനെയുള്ള വ്യത്യാസമില്ലാതെ എല്ലാവർക്കും മാർഗ്ഗദർശനം നൽകുന്ന ഗ്രന്ഥമാണ് ഖുർആൻ. ആകയാൽ, അല്ലാഹുവിൻെറ ഗുണങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള പ്രസ്താവനകളിലും സാധാരണ എല്ലാവർക്കും ഗ്രഹിക്കാവുന്ന വാക്കുകളും, പ്രയോഗങ്ങളുമാണ് ഖുർആൻ സ്വീകരിച്ചിട്ടുള്ളത്. വാസ്തവത്തിൽ അല്ലാഹുവിൻെറ തിരുനാമങ്ങളെയും, മഹൽഗുണങ്ങളെയും പൂർണ്ണമായി ദ്യോതിപ്പിക്കുന്ന പദങ്ങൾ മനുഷ്യഭാഷയിലില്ല. മനുഷ്യബുദ്ധി എത്ര പുരോഗമിച്ചതായാലും അവയുടെ യാഥാർത്ഥ്യങ്ങളെപ്പറ്റി സൂക്ഷ്മമായി മനസ്സിലാക്കുവാൻ മനുഷ്യന് സാധ്യവുമല്ല. അതുകൊണ്ട്, മനുഷ്യർക്ക് സുപരിചിതവും, സുഗ്രാഹ്യവുമായ വാക്കുകളിൽ, അവ വർണ്ണിച്ചിരിക്കുകയാണ് ഖുർആൻ.

അങ്ങിനെയുള്ള വാക്കുകൾ ഉപയോഗിച്ചു കാണുന്നതിനെ ആസ്പദമാക്കി അല്ലാഹുവിൻെറ ഗുണഗണങ്ങളെയോ പരിശുദ്ധ സത്തയെയോ മറ്റൊന്നിനോട് വല്ല വിധേനയും സാമ്യപ്പെടുത്തുവാനും, താരതമ്യപ്പെത്തുവാനും പാടില്ലാത്തതാകുന്നു. ഈ അപകടം പിണയാതിരിക്കുന്നതിനായി വ്യക്തമായ ഒരു അടിസ്ഥാനം വിശുദ്ധ ഖുർആനിലൂടെ അല്ലാഹു നമുക്ക് വെച്ചുതന്നിട്ടുണ്ട്. അവനെപ്പോലെ ഒരു വസ്തുവും ഇല്ല തന്നെ. അവൻ സർവ്വവും കേൾക്കുന്നവനും കാണുന്നവനുമത്രെ (42: 11) എന്നും, ദൃഷ്ടികൾ അവനെ കണ്ടുപിടിക്കുകയില്ല. അവൻ ദൃഷ്ടികളെ കണ്ടുപിടിക്കുന്നു (6: 103) എന്നും ഉള്ളതാകുന്നു അത്. ഈ അടിസ്ഥാനപരിധിവിട്ടുകൊണ്ട് ഈ തുറകളിൽ സ്വീകരിക്കപ്പെടുന്ന എല്ലാ വ്യാഖ്യാനങ്ങളും അനിസ്ലാമികവും അബദ്ധവുമാകുന്നു.

അപ്പോൾ, അല്ലാഹുവിനെക്കുറിച്ച്, 'ഉന്നതൻ, വലിയവൻ, കേൾക്കുന്നവൻ, കാണുന്നവൻ, അറിയുന്നവൻ' എന്നൊക്കെ പറഞ്ഞു കാണുമ്പോൾ, ആ ഗുണങ്ങൾ അവയുടെ ഏറ്റവും പരിപൂർണ്ണവും പരിശുദ്ധവുമായ അർത്ഥത്തിൽ അവനിൽ ഉണ്ട് എന്നല്ലാതെ, സൃഷ്ടികളുടെ ഗുണങ്ങളുമായി അവയെ താരതമ്യപ്പെടുത്തുവാനോ, അവയെപ്പറ്റി വല്ല പ്രത്യേക അനുമാനവും നടത്തി രൂപപ്പെടുത്തുവാനോ നിവൃത്തിയില്ല. അല്ലാഹുവിൻെറ നാമങ്ങളായോ, ഗുണവിശേഷങ്ങളായോ അവനും അവൻെറ റസൂലും എന്തെല്ലാം പ്രസ്താവിച്ചിട്ടുണ്ടോ അതിനപ്പുറം കടന്നുപറയുവാനും, അതിൽ ഏറ്റക്കുറവു വരുത്തുമാറുള്ള വാക്കുകൾ പ്രയോഗിക്കുവാനും നമുക്ക് പാടുള്ളതല്ല. കൂടുതൽ വിശകലനം നടത്തുന്നതു

മിക്കപ്പോഴും അബദ്ധത്തിലേക്ക് നയിക്കുന്നതായിരിക്കും. ഇസ്‌ലാമിൻെറ ഋജുവായ പാതയിൽ നിന്ന് പിഴച്ചുപോകുവാൻ ഇടവന്ന മിക്കകക്ഷികളും, അല്ലാഹുവിൻെറ നാമങ്ങളുടെയും, ഗുണങ്ങളുടെയും വ്യാഖ്യാനത്തിൽനിന്നാണ് പിഴച്ചുപോയിട്ടുള്ളതെന്നും, പോയിക്കൊണ്ടിരിക്കുന്നതെന്നുമുള്ള വസ്തുത ഇവിടെ പ്രത്യേകം പ്രസ്താവ്യമാകുന്നു.

അല്ലാഹുവിൻെറ അനുഗ്രഹങ്ങളും, ദൃഷ്ടാന്തങ്ങളും വിവരിക്കുമ്പോൾ സാധാരണക്കാർക്കുപോലും പരിചിതങ്ങളായ കാര്യങ്ങളെയാണ് ഖുർആൻ എടുത്തു പറയുക പതിവ്. വലിയ ബുദ്ധിമാൻമാർക്കുമാത്രം ഗ്രഹിക്കാവുന്നതോ, വളരെ ചിന്തിച്ചാൽ മാത്രം മനസ്സിലാകുന്നതോ ആയ ഉദാഹരണങ്ങൾ ഖുർആനിൽ ഉണ്ടാകാറില്ല. അതേസമയത്ത് ബുദ്ധിയും, ചിന്തയും ഉള്ളവർക്ക്-മറ്റുള്ളവരാൽ കണ്ടുപിടിപ്പാൻ കഴിയാത്ത-പല യുക്തിരഹസ്യങ്ങളും അതിൽ അടങ്ങിയിരിക്കുന്നതായി കാണാവുന്നതുമായിരിക്കും. ആകാശഭൂമികളെയും, മനുഷ്യൻ തുടങ്ങിയ വസ്തുക്കളെയും സൃഷ്ടിച്ചത്, മഴ വർഷിപ്പിക്കുന്നത്, ഉറവുപൊട്ടുന്നത്, സസ്യലതാദികൾ മുളച്ചുവരുന്നത്, ഭൂമിയിൽ ഉപജീവനമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയത്, ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കിയത്, രാവും പകലും വ്യത്യാസപ്പെടുത്തിയത്, സൂര്യചന്ദ്ര നക്ഷത്രാദികളെ മനുഷ്യന് ഉപയോഗപ്പെടുത്തിയത്, വെള്ളം, ഭക്ഷണം, കാറ്റ്, മുതലായവയെ സൗകര്യപ്പെടുത്തിയത്, കേൾവിയും കാഴ്ചയും നൽകിയത്, ഉറക്കവും ഉണർച്ചയും ഏർപ്പെടുത്തിയത്, കന്നുകാലികളെ കീഴ്പ്പെടുത്തിയത് ഇങ്ങിനെ പലതുമാണ് ഈ ഇനത്തിൽ ഖുർആൻ സാധാരണ എടുത്തുദ്ധരിക്കാറുള്ളത്.

വിദ്യുച്ഛക്തിയുടെ ഉപയോഗം, പരമാണുവിൻെറ രഹസ്യം ചന്ദ്രഗോളത്തിലെ സ്ഥിതിഗതികൾ, ശൂന്യാകാശത്തിലെ പ്രകൃതി വിശേഷങ്ങൾ ആദിയായ ഗഹനങ്ങളായ കാര്യങ്ങളാണ് അത് ദൃഷ്ടാന്തങ്ങളായി ഉദ്ധരിച്ചിരുന്നതെങ്കിൽ, ഖുർആൻ സകല ജനങ്ങൾക്കും ഉപയോഗപ്പെടുന്നതിന് പകരം, ഏതോ ചില വ്യക്തികൾക്കു മാത്രം ഉപകാരപ്പെടുന്ന കടങ്കഥയായി അവശേഷിക്കുമായിരുന്നു. ഓരോ ഉദാഹരണവും എടുത്തുപറയുമ്പോൾ, അതിലടങ്ങിയിരിക്കുന്ന ചിന്താപാഠങ്ങളെപ്പറ്റി പ്രത്യേകം ചൂണ്ടിക്കാട്ടലും ഖുർആൻെറ പതിവാണ്. സാധാരണക്കാർക്ക് മനസ്സിലാകാത്തതും, മുൻകാലത്തുള്ളവരുടെ അറിവ് എത്തിച്ചേർന്നിട്ടില്ലാത്തതുമായ എത്രയോ വസതുക്കളും, വസ്തുതകളും നിലവിലുണ്ടെന്ന്-അല്ല, മനുഷ്യൻെറ ഊഹത്തിനും, കഴിവിനും അപ്പുറത്ത് എണ്ണമറ്റ യാഥാർത്ഥ്യങ്ങൾ ഇരിപ്പുണ്ടെന്നു-ഇടക്കിടെ അതു ഉണർത്തുകയും ചെയ്യാറുണ്ട്. 'നിങ്ങൾക്ക് അിറഞ്ഞുകൂടാത്തത് അവൻ സൃഷ്ടിക്കും' (16: 8). 'അല്ലാഹുവിന് അറിയാം, നിങ്ങൾക്ക് അറിഞ്ഞുകൂടാ' (2: 216, 232). 'നിശ്ചയമായും അതൊക്കെ അല്ലാഹുവിന് നിസ്സാരമാണ്' എന്നിങ്ങനെ 'എട്ടും പൊട്ടും തിരിയാത്ത' പാമരനോടും, ഉപരിഗോളങ്ങളെക്കൂടി കീഴടക്കി ഭരിക്കുവാൻ വെമ്പൽകൊള്ളുന്ന ശാസ്ത്ര നിപുണൻമാരോടും അതു താക്കീതുചെയ്തു. 'നിങ്ങൾക്ക് അറിവിൻനിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല' (17: 85) എന്ന്. വാസ്തവത്തിൽ പ്രകൃതി രഹസ്യങ്ങൾ കണ്ടുപിടിക്കുന്തോറും മനുഷ്യൻെറ അജ്ഞതയുടെ വൃത്തം വിസ്തൃതമാകുകയാണ് ചെയ്യുന്നത്.

ചരിത്രസംഭവങ്ങൾ

ചരിത്രസംഭവങ്ങൾ വിവരിക്കുമ്പോൾ ആദ്യംതൊട്ട് അവസാനംവരെ എല്ലാവശങ്ങളും നിരത്തിക്കാട്ടുന്ന സമ്പ്രദായമല്ല ഖുർആൻ പൊതുവെ സ്വീകരിച്ചിട്ടുള്ളത്. ഓരോ സംഭവ

ത്തിലും പ്രത്യേകം മനസ്സിരുത്തേണ്ടുന്ന പാഠങ്ങൾക്ക് പ്രാമുഖ്യം നൽകുകയാണ് പതിവ്. സത്യവിശ്വാസികളും സജ്ജനങ്ങളുമായുള്ളവർക്ക് ലഭിച്ച നേട്ടങ്ങൾ, സത്യമാർഗ്ഗത്തിൽ അവർ അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങളും കഷ്ടപ്പാടുകളും, അല്ലാഹു അവർക്ക് നൽകിയ സഹായം മുതലായവയും, ദുർമ്മാർഗ്ഗികൾ കൈക്കൊണ്ട അക്രമങ്ങളും താൽക്കാലികമായി അവർക്ക് ലഭിച്ച സുഖസൗകര്യങ്ങളും ഒടുക്കം അവർ അനുഭവിക്കേണ്ടിവരുന്ന കഷ്ടനഷ്ടങ്ങളും അവരുടെ പര്യവസാനവും-ഇങ്ങിനെ പലതും-മനസ്സിലാക്കുവാൻ ഉതകുന്ന ഉദാഹരണ സംഭവങ്ങളായിരിക്കും അത് ഉദ്ധരിക്കുക. അഥവാ ധാർമ്മിക ബോധവും, മനസംസ്കാരവും ഉളവാക്കുന്ന കഥാപാഠങ്ങളായിരിക്കും. അല്ലാതെ, നേരംപോക്കിനോ, കലാ പ്രദർശനത്തിനോ വേണ്ടിയുള്ള ഒരൊറ്റ ഉദാഹരണവും അതിൽ കാണുകയില്ല.

പല ചരിത്ര കഥകളും വേദക്കാർ വഴിയോ മറ്റോ അറബികൾക്കു കുറെയൊക്കെ കേട്ടുപരിചയമുള്ളവയായിരിക്കും. അങ്ങിനെയുള്ള കഥകളിൽ കടന്നുകൂടിയിട്ടുള്ള അബദ്ധങ്ങളിൽനിന്നും, അനാവശ്യഭാഗങ്ങളിൽനിന്നും സംശുദ്ധമായിരിക്കും ഖുർആന്റെ വിവരണം. ഓരോ കഥയും, ഓരോ സംഭവവും, അവസരോചിതം-ചുരുക്കിയും, വിസ്തരിച്ചും, വ്യക്തമായും, സൂചനയായും-ആവർത്തിച്ചു പറയുവാൻ അത് മടിക്കാറില്ല. പക്ഷേ, ഓരോ ആവർത്തനത്തിലും പുതിയപുതിയ തത്വങ്ങളും, സാരങ്ങളും, അടങ്ങിയിരിക്കുകയും ചെയ്യും. ഒന്നോ രണ്ടോ പ്രാവശ്യം മാത്രം പറഞ്ഞു മതിയാക്കിയ കഥകളും ഇല്ലാതില്ല. ചിലപ്പോൾ, കഥയുടെ നടുവിൽനിന്നോ, ഇടയിൽനിന്നോ ആരംഭിച്ചുകൊണ്ടായിരിക്കും മറ്റു ഭാഗങ്ങളിലേക്കു നീങ്ങുക. ചിലപ്പോൾ, ഏതെങ്കിലും ഒരു വക്താവിന്റെ വാചകങ്ങൾ ഉദ്ധരിക്കുന്ന കൂട്ടത്തിലായിരിക്കും കഥയുടെ കുറെഭാഗങ്ങൾ അടങ്ങിയിരിക്കുക. സാധാരണ ചരിത്രകഥാ വിവരണംപോലെ, ആദ്യവസാനം വിസ്തരിച്ച ഒരു കഥയാണ് യൂസുഫ് (അ) നബിയുടെ കഥ. അതിലും, വായനക്കാർക്ക് പാഠം നൽകുന്ന ഓരോവശത്തിലേക്കും പ്രത്യേകം ശ്രദ്ധതിരിച്ചിട്ടുണ്ട്.

ആദം (അ) നബിയെ സൃഷ്ടിച്ചത്, മലക്കുകൾ അദ്ദേഹത്തിന് സുജൂദു ചെയ്തത്, ഇബ്‌ലീസ് അതിനു വിസമ്മതിച്ചത്, അവൻ അല്ലാഹുവിന്റെ ശാപകോപങ്ങൾക്കു പാത്രമായത്, അവൻ മനുഷ്യന്റെ ശത്രുവായിത്തീർന്നത്, പ്രവാചകൻമാരായ നൂഹ്, ഹൂദ്, സാലിഹ്, ഇബ്റാഹീം, ലൂത്വ് , ശുഐബ് عليهم السلام എന്നീ നബിമാരുടേയും അവരുടെ ജനതകളുടേയും കഥകൾ, മൂസാ (അ), ഫിർഔൻ, ഇസ്റാഈല്യർ എന്നിവരുടെ കഥകൾ, മൂസാ (അ) നബിയുടെ കൈക്കു വെളിപ്പെട്ട ദൃഷ്ടാന്തങ്ങൾ, ദാവൂദ് (അ) നബിയുടേയും, സുലൈമാൻ(അ) നബിയുടേയും കഥ, അവർക്ക് നൽകപ്പെട്ട പ്രത്യേകാനുഗ്രഹങ്ങൾ, അയ്യൂബ് (അ) നബിക്കും, യൂനുസ് (അ) നബിക്കും നേരിട്ട പരീക്ഷണങ്ങളും തുടർന്നു ലഭിച്ച ദൈവ കാരുണ്യങ്ങളും, സകരിയ്യാ (അ) നബിയുടെ പ്രാർത്ഥനാഫലം, ഈസാ (അ) നബിയുടെ ജനനസംഭവം, അദ്ദേഹത്തിന്റെ കൈക്കുണ്ടായ ദൃഷ്ടാന്തങ്ങൾ എന്നിവയെല്ലാം പലവട്ടം ആവർത്തിക്കപ്പെട്ടിട്ടുള്ളവയാണ്.

ഇബ്റാഹീം (അ) നബിയും, നംറൂദു രാജാവും തമ്മിലുണ്ടായ വാദപ്രതിവാദം, ഇബ്റാഹീം (അ) നബിക്ക് പക്ഷികളെ ജീവിപ്പിച്ചുകൊടുത്തത്, ഇസ്മാഈൽ (അ) നബിയുടെ ബലിസംഭവം, യൂസുഫ് (അ) നബിയുടെ കഥ, മൂസാ (അ) നബിയുടെ ജനനകഥ, അദ്ദേഹം ഖിബ്ത്തിയെ കൊന്നത്, മദ്‌യനിലേക്ക് പോയത്, വിവാഹം കഴിച്ചത്, അല്ലാഹുവിന്റെ വചനം കേട്ടത്, ഇസ്റാഈല്യർ പശുവിനെ അറുത്തത്, മൂസാ (അ) നബിയും ഖിള്റും (അ)

ഒരുമിച്ചു കൂടിയത്, ത്വാലൂത്തിൻെറയും ജാലൂത്തിൻെറയും കഥ, സബഇലെ രാജ്ഞിയുടെ (ബിൽഖീസിൻെറ) യും സുലൈമാൻ (അ) നബിയുടെയും കഥ, ഗുഹാവാസികളുടെ (‘അസ്ഹാബുൽ കഹ്ഫി’ൻെറ) കഥ, ദുൽഖർനൈനിയുടെ കഥ മുതലായ പലതും അധികം ആവർത്തിക്കപ്പെട്ടിട്ടില്ലാത്തവയാകുന്നു.

തൗഹീദിനെ സംബന്ധിച്ച കാര്യങ്ങൾ, സദാചാരോപദേശങ്ങൾ, ദുരാചാരങ്ങളെക്കുറിച്ചുള്ള താക്കീതുകൾ, നബിമാരോട് സമുദായങ്ങൾ നടത്തിയ വാഗ്വാദങ്ങൾ, അതിൻെറ മറുപടികൾ, നബിമാർക്കും സത്യവിശ്വാസികൾക്കും രക്ഷയും സഹായവും ലഭിച്ചത്, അവർ നന്ദി കാണിച്ചത്, എതിരാളികൾ അനുഭവിക്കേണ്ടിവന്ന യാതനകൾ, എന്നിത്യാദി വശങ്ങൾ അവയിലെല്ലാം പ്രത്യേകം എടുത്തു പറയപ്പെട്ടിരിക്കും.

വർത്തമാനകാല സംഭവങ്ങൾ

മേൽപറഞ്ഞ കഥകളെല്ലാം, നബി (ﷺ)ക്ക് മുമ്പ് കഴിഞ്ഞ സംഭവങ്ങളാണല്ലോ. നബി (ﷺ) യുടെ കാലത്ത് നടന്ന പല സംഭവങ്ങളും ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ രണ്ടു തരത്തിലുള്ള സംഭവങ്ങൾ വിവരിക്കുന്നതിൽ, ഖുർആൻ ചില വ്യത്യാസങ്ങൾ സ്വീകരിച്ചു കാണാം. അതു മനസ്സിരുത്തേണ്ടതാകുന്നു. വർത്തമാനകാലസംഭവങ്ങൾ വിവരിക്കുമ്പോൾ, അവ സൂചനാ രൂപത്തിലായിരിക്കും മിക്കവാറും പ്രസ്താവിക്കപ്പെടുക. മാത്രമല്ല, ചുരുക്കം ചില സംഭവങ്ങൾ ഒഴിച്ചു ബാക്കിയുള്ളതിലെല്ലാം, കഥാപാത്രങ്ങളുടെ പേർ പ്രസ്താവിക്കപ്പെടാറുമില്ല. ശ്രോതാക്കളുടെ ഇടയിൽവെച്ചു നടന്ന സംഭവങ്ങളായതുകൊണ്ട് പേര് പറയാതെത്തന്നെ കാര്യം മനസ്സിലാക്കാമെന്നത് മാത്രമല്ല അതിനു കാരണം. സമുദായത്തിലെ ഭാവിതലമുറകളിൽ, അവ ഉദ്ധരിച്ചതിൻെറ താൽപര്യം കഥാപാത്രങ്ങളിൽമാത്രം ഒതുങ്ങി നിൽക്കുന്നതാണെന്ന് കരുതപ്പെടാതിരിക്കുവാനും കൂടിയാകുന്നു അത്. ഇതിനെപ്പറ്റി കൂടുതൽ വിവരം താഴെ വരുന്നതാണ്. ان شاء الله

സൂ: അൻഫാലിൽ ബദ്ർ യുദ്ധവും, ആലുഇംറാനിൽ ഉഹ്ദും, അഹ്സാബിൽ ഖൻദഖും, ഫത്ത്ഹിൽ ഹുദെബിയാ സംഭവവും, ഹശ്റിൽ ബനൂ-നളീറും, ബറാഅത്തിൽ തബൂക്കും, അഹ്സാബിൽ സൈനബ: (رضي الله عنها) യുടെ വിവാഹവും, നൂറിൽ ആയിശാ (رضي الله عنها) യുടെ പേരിലുണ്ടായ ആരോപണ സംഭവവും, അഹ്ഖാഫിലും, ജിന്നിലും ജിന്നുകൾ ഖുർആൻ കേട്ടതും, ബനൂഇസ്റാഈലിൽ നബി (ﷺ) ബൈത്തുൽ മുഖദ്ദസിലേക്കു രാവുയാത്ര الأسراء) ചെയ്തതും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. കൂടാതെ, സത്യവിശ്വാസികളിൽ ചിലരുടെ മാതൃകാ സേവനങ്ങളും, ത്യാഗങ്ങളും, അവിശ്വാസികളിൽ ചിലരുടെ കടുത്ത പ്രവർത്തനങ്ങളും, കപടവിശ്വാസികളുടെ ചില ഗൂഢപ്രവർത്തനങ്ങളും അവിടവിടെ ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്.

മതനിയമങ്ങളും, അനുഷ്ഠാന മുറകളും

കാലദേശവ്യത്യാസമില്ലാതെ, സകല ജനങ്ങൾക്കും റസൂലായി നിശ്ചയിക്കപ്പെട്ട അന്ത്യപ്രവാചകനായ മുഹമ്മദ് മുസ്തഫാ (ﷺ) മുഖേന ലോകരക്ഷിതാവ് നൽകിയ നിയമസംഹിതയാണ് ഇസ്ലാം ശരീഅത്ത്. അതിൻെറ മൂലപ്രമാണമാണ് ഖുർആൻ. ആ നിയമസംഹിത മനുഷ്യവർഗ്ഗത്തിൻെറ ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതും, ജീവിതത്തിൻെറ എല്ലാ വശങ്ങളെയും സ്പർശിക്കുന്നതുമായിരിക്കണം. അതിൻെറ മൂലപ്രമാണം അതിനു തക്കവണ്ണം സാർവ്വജനീനവും, സാർവ്വത്രികവുമാ

യിരിക്കുകയും വേണം. അങ്ങിനെത്തന്നെയാണുള്ളതും. الحمدلله. അല്ലാഹു പറയുന്നതു നോക്കുക: ''എല്ലാ കാര്യങ്ങൾക്കും വിവരണമായിക്കൊണ്ടും, മുസ്‌ലിംകൾക്കു മാർഗ്ഗദർശനവും, കാരുണ്യവും, സന്തോഷവാർത്തയുമായിക്കൊണ്ടും നാം നിനക്കു വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു.'' (സൂ. നഹ്ൽ 89)

എന്നാൽ, ലോകാവസാനംവരെയുള്ള മനുഷ്യരിൽ നവംനവങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോ കാര്യവും തൊട്ടെണ്ണി അവക്ക് പ്രത്യേകം പ്രത്യേകം വിധി നിർണ്ണയിക്കുക എന്നുള്ളത്-അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം പ്രയാസകരമല്ലെങ്കിലും-മനുഷ്യനെ സംബന്ധിച്ചേടത്തോളം ഏറ്റുവാങ്ങുക അസാധ്യമായിരിക്കുന്നതാണ്. അത് യുക്തിക്കും മനുഷ്യപ്രകൃതിക്കും അനുയോജ്യമായിരിക്കയുമില്ല. ആകയാൽ, ഒരു സാർവ്വ ലൗകിക മതഗ്രന്ഥവും, സാർവ്വജനീനമായ നിയമ സംഹിതയും-അഥവാ ഒരു ലോകഭരണഘടന-എന്ന നിലക്ക് ഖുർആൻ സ്വീകരിച്ചിട്ടുള്ള നയം സാമാന്യമായി ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്:-

(1) വിവിധ തുറകളിലുള്ള പല കാര്യങ്ങളെക്കുറിച്ചും അവയുടെ മതവിധി ഇന്നതാണെന്ന് അതു വ്യക്തമായി പ്രസ്താവിച്ചു. പലതിന്റെയും അനുഷ്ഠാനക്രമങ്ങൾ പ്രത്യേകം വ്യക്തമാക്കുകയും ചെയ്തു. (2) വ്യക്തമായ ഭാഷയിൽ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത എല്ലാ ഭാഗങ്ങളും-വചനംമൂലവും പ്രവർത്തിമൂലവും-വിവരിച്ചു കൊടുക്കുവാൻ അത് നബി (ﷺ) യെ ചുമതലപ്പെടുത്തി. നബി (ﷺ) യോട് അല്ലാഹു ഇപ്രകാരം പറഞ്ഞു: ''ജനങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിനെ നീ അവർക്ക് വിവരിച്ചുകൊടുക്കുവാൻ വേണ്ടി നാം നിനക്ക് ഉൽബോധനം-ഖുർആൻ-ഇറക്കിത്തന്നിരിക്കുന്നു; അവർ ചിന്തിക്കുവാൻ വേണ്ടിയും'' നഹ്ൽ 44. നബി (ﷺ) തിരുമേനി എന്തുകാണിച്ചുതന്നുവോ അതെല്ലാം സ്വീകരിക്കണമെന്നും, അവിടുന്ന് എന്തു നിരോധിച്ചുവോ അതെല്ലാം വർജ്ജിക്കണമെന്നും അവൻ നമ്മോടും കൽപിച്ചു. ''റസൂൽ നിങ്ങൾക്ക് എന്ത് കൊണ്ടുതന്നുവോ അതു നിങ്ങൾ എടുത്തുകൊള്ളുവിൻ. അദ്ദേഹം നിങ്ങളോട് ഏതൊന്നിനെക്കുറിച്ച് വിരോധിച്ചുവോ അതിൽനിന്ന് നിങ്ങൾ വിരമിക്കുകയും ചെയ്യുവീൻ'' അൽഹശ്ർ 7. അദ്ദേഹം പറഞ്ഞു തരുന്നടഃല്ലാം അല്ലാഹുവിന്റ സന്ദേശങ്ങളായിരിക്കുമെന്നും അദ്ദേഹം നമ്മെ അിറയിച്ചിരിക്കുന്നു. ''അദ്ദേഹം ഇച്ഛയനുസരിച്ചു സംസാരിക്കുകയില്ല; അത് അദ്ദേഹത്തിന് നൽകപ്പെടുന്ന വഹ്‌യല്ലാതെ മറ്റൊന്നുമല്ല.'' (നജ്മ്. 3, 4) ചുമതലപ്പെടുത്തപ്പെട്ട കൃത്യം അവിടുന്ന് ശരിക്കും നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. അവിടുന്ന് ഇങ്ങിനെ പ്രഖ്യാപനവും ചെയ്തു:

فان خير الحديث كتاب الله وخير الهدى هدى محمد ﷺ وشر الامور محدثاتها وكل بدعة ضلالة – مسلم

(വർത്തമാനത്തിൽ ഏറ്റവും ഗുണകരമായത് അല്ലാഹുവിന്റെ കിതാബും, ചര്യയിൽ ഏറ്റവും ഗുണകരമായത് മുഹമ്മദിന്റെ ചര്യയുമാകുന്നു. കാര്യങ്ങളിൽ ഏറ്റവും ദോഷകരമായത് പുതുതായി നിർമ്മിക്കപ്പെട്ടവയാകുന്നു. എല്ലാ നവീന നിർമ്മിതവും ദുർമ്മാർഗ്ഗമാകുന്നു. (മുസ്‌ലിം.)

(3) ഖുർആനിൽനിന്നോ, നബിചര്യയിൽ നിന്നോ വ്യക്തമായി വിധി മനസ്സിലാക്കുവാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ, അവ രണ്ടിലും അടങ്ങിയിരിക്കുന്ന അംഗീകൃത തത്വങ്ങളുടെയും, സദൃശങ്ങളായ വിധികളുടെയും വെളിച്ചത്തിൽ ഏതു പ്രശ്നങ്ങൾക്കും പരിഹാരം കാണുവാനും, മതവിധി മനസ്സിലാക്കുവാനും മുസ്‌ലിം സമുദായത്തിലെ ഉത്തരവാദപ്പെട്ട-കഴിവുറ്റ-ആളുകൾക്ക് അത് അനുമതിയും, പ്രോത്സാഹനവും നൽകിയിരിക്കുന്നു.

അല്ലാഹു പറയുന്നു: ‘‘നിനക്ക് നാം അവതരിപ്പിച്ചു തന്നിട്ടുള്ള അനുഗ്രഹീതമായ ഒരു ഗ്രന്ഥമാണിത്. അവർ-ജനങ്ങൾ-അതിൻെറ ആയത്തുകൾ ഉറ്റാലോചിക്കുവാനും, ബുദ്ധിമാൻമാർ ചിന്തിക്കുവാനും വേണ്ടിയാണിത്.’’ (സ്വാദ് 29) നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു; اذا حكم الحاكم فاجتهد واصاب فله اجران واذا حكم فاجتهد واخطأ فله اجر واحد رواه الجماعة– സാരം: ‘‘ഒരു വിധികർത്താവ് വിധിപറയുമ്പോൾ അയാൾ (സത്യം കണ്ടുപിടിപ്പാനായി) പരിശ്രമം നടത്തുകയും, അങ്ങിനെ വാസ്തവം കണ്ടുപിടിക്കുകയും ചെയ്താൽ അയാൾക്ക് രണ്ട് പ്രതിഫലമുണ്ട്. വിധിപറയുമ്പോൾ പരിശ്രമം നടത്തുകയും, അബദ്ധം പിണയുകയും ചെയ്താൽ ഒരു പ്രതിഫലവുമുണ്ട്.’’

മുആദ് (رضي الله عنه)നെ യമനിലേക്ക് വിധികർത്താവായി അയച്ചപ്പോൾ നബി (ﷺ) തിരുമേനി അദ്ദേഹത്തോട് ചോദിച്ചു: ‘‘തീരുമാനം എടുക്കേണ്ടിവരുന്ന വല്ലപ്രശ്നവും തനിക്ക് നേരിട്ടാൽ താൻ എങ്ങിനെ തീരുമാനം കൽപിക്കും?’’. അദ്ദേഹം പറഞ്ഞു: ‘‘ഞാൻ അല്ലാഹുവിൻെറ കിത്താബനുസരിച്ച് തീരുമാനിക്കും.’’ തിരുമേനി ചോദിച്ചു: ‘‘അല്ലാഹുവിൻെറ കിത്താബിൽ തീരുമാനം കണ്ടെത്തിയില്ലെങ്കിലോ?’’ അദ്ദേഹം പറഞ്ഞു: ‘‘എന്നാൽ, അല്ലാഹുവിൻെറ റസൂലിൻെറ സുന്നത്തനുസരിച്ച്.’’ തിരുമേനി: ‘‘റസൂലിൻെറ സുന്നത്തിലും കണ്ടെത്തിയില്ലെങ്കിലോ?’’ അദ്ദേഹം പറഞ്ഞു: ‘‘ഒട്ടും വീഴ്ചവരുത്താതെ, എൻെറ അഭിപ്രായത്തിലൂടെ തീരുമാനിക്കാൻ ഞാൻ പരിശ്രമിക്കും.’’ അപ്പോൾ (സന്തോഷപൂർവ്വം) തിരുമേനി അദ്ദേഹത്തിൻെറ നെഞ്ചിൽ കൊട്ടിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു: الحمدلله الذى وفق رسول رسول الله لما يرضى رسول الله ابواداود والترمذى والدارمى– (അല്ലാഹുവിൻെറ റസൂലിൻെറ ദൂതന് അല്ലാഹുവിൻെറ റസൂൽ ഇഷ്ടപ്പെടുന്ന കാര്യത്തിൽ ഉതവി നൽകിയവനായ അല്ലാഹുവിന് സർവ്വസ്തുതിയും.) ഈ വിഷയത്തെ-ഖുർആനിലും, ഹദീസിലും വ്യക്തമായിക്കാണാത്ത മതവിധികളെ അവയുടെ അടിസ്ഥാനത്തിൽ കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതിനെ-പുരസ്കരിച്ചുകൊണ്ടുള്ള ഒരു ശാസ്ത്രം തന്നെ ഇസ്‌ലാമിലുണ്ട്. اصول الفقه (കർമ്മ ശാസ്ത്ര നിദാനം) എന്ന പേരിൽ അത് പ്രസിദ്ധമാണ്. ഇങ്ങിനെ, ലോകാവസാനം വരെ മനുഷ്യരിൽ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗം നൽകുന്ന സാർവ്വജനീനമായ ഒരു മഹൽ ഗ്രന്ഥമത്രെ വിശുദ്ധ ഖുർആൻ مافرطنا فى الكتاب من شيء (വേദഗ്രന്ഥത്തിൽ നാം ഒന്നും വീഴ്ചവരുത്തിയിട്ടില്ല.)

മേൽപറഞ്ഞ മൂന്ന് മാർഗ്ഗങ്ങളിൽ അവസാനത്തെ രണ്ട് മാർഗ്ഗങ്ങളെക്കുറിച്ചും ഇവിടെ പ്രതിപാദിക്കേണ്ടതില്ല. അതിൻെറ സ്ഥാനം ഇതല്ലതാനും. ഒന്നാമത്തേതിനെക്കുറിച്ചാണ് ഇവിടെ അല്പം സ്പർശിക്കേണ്ടിയിരിക്കുന്നത്. വിവിധ തുറകളിലുള്ള പല മതവിധികളും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ടെന്ന് പറഞ്ഞുവല്ലോ. ഏതെങ്കിലും തരത്തിലുള്ള പ്രാധാന്യത്തെ മുൻനിറുത്തിയായിരിക്കും ചില വിഷയങ്ങളെ അത് പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുക. ഖുർആൻ ഒന്നാമതായി അഭിമുഖീകരിക്കുന്നത് അന്നത്തെ അറബികളെയാണല്ലോ. അവർ മുഖാന്തരമാണ് മറ്റുള്ളവർക്കും, ഭാവിതലമുറകൾക്കും അത് എത്തിച്ചേരുന്നത്. ആ സ്ഥിതിക്ക് അന്ന് അവരുടെ ചുറ്റുപാടുകളും, പരിതസ്ഥിതികളും കണക്കിലെടുത്തുകൊണ്ടായിരിക്കണം വിഷയങ്ങൾക്ക് പ്രാധാന്യം നല്കുന്നതെന്ന് പറയേണ്ടതില്ല. മുമ്പ് ആർക്കും തീരെ പരിചയമില്ലാത്ത കുറെ പുതിയ നിയമങ്ങളും, പദ്ധതികളും ആവിഷ്കരിച്ചുകൊണ്ട് ‘ഇതങ്ങ് നടപ്പിലാക്കിക്കൊള്ളുക, ഇതപര്യന്തമുള്ള എല്ലാ നടപടിക്രമങ്ങളും വിട്ടേച്ചു കളയുക എന്നല്ല ഖുർആൻ ആവശ്യപ്പെടുന്നത്. വേദക്കാരടക്കമുള്ള അന്നത്തെ ജനതാമദ്ധ്യേ നിലവിലുണ്ടായിരുന്ന നടപടി ക്രമങ്ങളിലും മതപരമായ ആചാരാനുഷ്ഠാനങ്ങളിലും നല്ലത്

നിലനിറുത്തുക, പരിഷ്കരിക്കേണ്ടത് പരിഷ്കരിക്കുക, നീക്കം ചെയ്യേണ്ടത് നീക്കം ചെയ്യുക, അലങ്കോലപ്പെട്ടത് നന്നാക്കിത്തീർക്കുക ഇതാണ് ഖുർആൻ ചെയ്തത്.

ആരാധനകൾ, ഇടപാടുക്രമങ്ങൾ, വൈവാഹികകാര്യങ്ങൾ, കുടുംബപരവും സാമൂഹ്യവുമായ കാര്യങ്ങൾ, ബലികർമ്മങ്ങൾ, ദാനധർമ്മാദികൾ എന്നിവയിലെല്ലാം തന്നെ-പല പോരായ്മയും, കൊള്ളരുതായ്മയും ഉണ്ടായിരുന്നാലും ശരി-ചില പ്രത്യേക സമ്പ്രദായങ്ങളും, രീതികളും അവർക്കിടയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഉദാഹരണമായി, ഹജ്ജുകർമ്മത്തിലും, ഉംറാകർമ്മത്തിലും ആചരിക്കേണ്ടുന്ന പ്രധാന ചടങ്ങുകളിൽ പെട്ടതാണ് 'സ്വഫാ-മർവ'യുടെ ഇടയിലുള്ള നടത്തം. ഇതിനെക്കുറിച്ച് ഖുർആനിൽ 'അതിന് തെറ്റില്ല' (2: 158) എന്നാണ് പറഞ്ഞിട്ടുള്ളത്. അത് നിർബ്ബന്ധമുണ്ടോ, അല്ലെങ്കിൽ വേണ്ടപ്പെട്ടതാണോ എന്നൊന്നും പറഞ്ഞില്ല. ജാഹിലിയ്യാ കാലത്ത് സ്വഫായിലും, മർവായിലും ചില വിഗ്രഹങ്ങൾ ഉണ്ടായിരുന്നത് കാരണമായി, ഈ നടത്തം തെറ്റായ ഒന്നാണെന്ന ഒരു ധാരണ മുസ്‌ലിംകൾക്കിടയിൽ ഉണ്ടായിത്തീർന്നതായിരുന്നു അങ്ങിനെ പറയുവാൻ കാരണം ഈ വസ്തുത ആയിശ (رضي الله عنها) വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഇതെല്ലാം ഇവിടെ വിസ്തരിച്ചു പറയുവാൻ സൗകര്യമില്ല. ചില സൂചനകൾ നല്കുക മാത്രമാണ് ഉദ്ദേശ്യം. ഇങ്ങിനെയുള്ള വസ്തുതകൾ ഗൗനിക്കാതെ, ഖുർആന്റെ വാക്കുകളും, വാച്യാർത്ഥങ്ങളും മാത്രം നോക്കി എല്ലാ മതവിധികളും കണക്കാക്കുവാൻ മുതിരുന്നപക്ഷം, പലപ്പോഴും സത്യത്തിൽ നിന്ന് പിഴച്ചുപോയേക്കും. ഉമർ (﵁) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെടുന്ന ഒരു വാക്യം ഇവിടെ ശ്രദ്ധേയമാകുന്നു:من لم يعرف الجاهلية لم يعرف الاسلام (ജാഹിലിയ്യത്തിനെ-അജ്ഞാനകാലത്തെ-ക്കുറിച്ച് അറിയാത്തവന് ഇസ്‌ലാം അറിയുകയില്ല.) വളരെ അർത്ഥഗർഭമായ ഒരു വാക്യമാണിത്.

നമസ്കാരത്തിന്റെയും, സക്കാത്തിന്റെയും അനുഷ്ഠാനരൂപത്തെപ്പറ്റി അധികമൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ലെങ്കിലും, ഇസ്‌ലാമിൽ അവയ്ക്കുള്ള പ്രാധാന്യത്തെയും, അവയുടെ ഗുണഗണങ്ങളെയും സംബന്ധിച്ചും, അവ ഉപേക്ഷിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ചും ഖുർആൻ ധാരാളം പ്രസ്താവിച്ചുകാണാം. നമസ്കാരം ഭയഭക്തിയോടും, ഹൃദയ സാന്നിദ്ധ്യത്തോടും കൂടിയായിരിക്കണമെന്ന് പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുണ്ട്. നമസ്കാരത്തെപ്പറ്റി പറയുമ്പോൾ ഇഖാമത്ത് (നിലനിറുത്തുക) എന്ന വാക്കാണ് അത് ഉപയോഗിക്കാറുള്ളത്. പള്ളികളിൽവെച്ചു ബാങ്കുവിളിയോടുകൂടി 'ജമാഅത്തായി' (സംഘമായി) ശരിയായ രൂപത്തിൽ നടത്തപ്പെടുക എന്നാണ് ആ വാക്കിന്റെ പൂർണ്ണമായ താൽപര്യം എന്നത്രെ നബിചര്യയിൽനിന്നു മനസ്സിലാകുന്നത്. അതുപോലെത്തന്നെ, സമുദായത്തിന്റെ പൊതു നന്മക്ക് ഉപയോഗപ്പെടുമാറ് വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ച് വിതരണം ചെയ്യേണ്ടുന്ന നിർബന്ധധർമ്മമാണ് സക്കാത്ത് എന്നും നബിചര്യയിൽനിന്നു വ്യക്തമാകുന്നു.

നമസ്കാരത്തെയും, സക്കാത്തിനെയും കുറിച്ച് ഖുർആൻ ഇടക്കിടെ ഉണർത്തിക്കാണാറുള്ളതാകുന്നു. നോമ്പിനെപ്പറ്റി അൽബഖറഃയിലും, ഹജ്ജിനെപ്പറ്റി അൽബഖറഃയിലും ഹജ്ജിലും, യുദ്ധകാര്യങ്ങളെക്കുറിച്ച് അൽബഖറഃയിലും, അൻഫാലിലും മറ്റു പലേടത്തും, ശിക്ഷാനിയമങ്ങളെക്കുറിച്ച് മാഇദഃ യിലും നൂറിലും, അനന്തരാവകാശത്തെക്കുറിച്ച് നിസാഇലും, വൈവാഹികകാര്യങ്ങളെപ്പറ്റി അൽബഖറഃ, നിസാഉ്, ത്വലാഖ് മുതലായവയിലും വിവരിച്ചിരിക്കുന്നു. വുളൂ, കുളി, തയമ്മും (വുളുവിനു പകരം മണ്ണുതടവൽ) മുതലായ ശുദ്ധി

കര്‍മ്മങ്ങളെ സംബന്ധിച്ചു നിസാഇലും, മാഇദഃയിലും പ്രസ്താവിച്ചിട്ടുണ്ട്. മുതലിടപാടുകളെപ്പറ്റി അല്‍ബഖറഃയില്‍ പലതും കാണാം. കൂടാതെ, അയല്‍പക്കക്കാര്‍, മാതാപിതാക്കള്‍, കുടുംബങ്ങള്‍, അനാഥകള്‍ സ്വസമുദായം, ശത്രുപക്ഷക്കാര്‍, ഇതര സമുദായങ്ങള്‍, നേതാക്കള്‍ അബലന്‍മാര്‍, സ്ത്രീകള്‍ ആദിയായവരോട് പെരുമാറേണ്ടുന്ന മര്യാദകളും, നീതി, സത്യം, സമത്വം, വിട്ടുവീഴ്ച തുടങ്ങിയ ഉല്‍കൃഷ്ട ഗുണങ്ങളുമെല്ലാം ഇടക്കിടെ വിവരിച്ചു കാണാം. സജ്ജനങ്ങളുടെ സ്വഭാവഗുണങ്ങളും, ദുര്‍ജ്ജനങ്ങളുടെ ലക്ഷണങ്ങളും അടിക്കടി ഉണര്‍ത്താറുള്ള വിഷയങ്ങളാകുന്നു.

മരണാനന്തര കാര്യങ്ങള്‍

മരണം, മരണവേളയില്‍ മനുഷ്യന്‍െറ സ്ഥിതിഗതിയിലുണ്ടാകുന്ന പരിവര്‍ത്തനങ്ങള്‍, മലക്കുകള്‍ പ്രത്യക്ഷപ്പെടുന്നത്, അനന്തരം അനുഭവപ്പെടുന്ന സുഖദുഃഖവാര്‍ത്തകള്‍, ലോകാവസാന സമയം, അതിന്‍െറ പ്രത്യാഘാതങ്ങള്‍, സംഭവവികാസങ്ങള്‍ മുതലായവ പലപ്പോഴും ഖുര്‍ആന്‍െറ പ്രതിപാദന വിഷയങ്ങളാകുന്നു. ലോകാവസാനസമയത്തെപ്പറ്റി ആര്‍ക്കും അറിയാത്തവണ്ണം വളരെ പെട്ടെന്നൊരിക്കലാണ് അത് സംഭവിക്കുകയെന്ന് ഖുര്‍ആന്‍ ഖണ്ഡിതമായി ആവര്‍ത്തിച്ചു പറയുന്നു. എന്നാല്‍, അതിന്‍െറ മുമ്പ് അതിന്‍െറ മുന്നോടിയായി ഉണ്ടാവുന്ന ചില കാര്യങ്ങളേയും അത് ചൂണ്ടിക്കാട്ടുന്നുണ്ട്. ഈസാ (അ) നബിയുടെ വരവിനെപ്പറ്റി നിസാഇലും, 'യാജൂജ്-മാജൂജി'നെപ്പറ്റി അല്‍കഹ്ഫിലും, അമ്പിയാഇലും, ഭൂമിയില്‍നിന്ന് ഒരു മൃഗം-അല്ലെങ്കില്‍ ജന്തു (دابة من الأرض) പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ച് നംലിലും കാണാം. (ചില തല്‍പരകക്ഷികള്‍ ഇതൊക്കെ ദുര്‍വ്യാഖ്യാനംചെയ്യാറുണ്ട്. അതിനെപ്പറ്റി അതാതു സ്ഥാനങ്ങളില്‍വെച്ച് നാം സംസാരിക്കുന്നതാണ്. (ان شاءالله) എല്ലാവരും നശിച്ചുപോകുവാന്‍വേണ്ടിയും, പിന്നീട് പുനര്‍ജ്ജീവിക്കുവാന്‍വേണ്ടിയുമുള്ള രണ്ടു കാഹളം ഊത്തിനെയും, അന്നു ഭൂമിയില്‍ ഉണ്ടാകുന്ന വമ്പിച്ച മാറ്റങ്ങളേയും സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ട്. വിചാരണക്കായി എല്ലാവരേയും ഒരുമിച്ച് കൂട്ടുന്നത്, ഓരോരുത്തരുടെയും നന്‍മതിന്‍മകള്‍ രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങള്‍ അവരവര്‍ക്കു നല്‍കുന്നത്, അല്ലാഹു എല്ലാവരേയും വിചാരണ നടത്തുന്നത്, പലതരത്തിലുള്ള സാക്ഷികള്‍ തെളിവിന്നു കൊണ്ടുവരപ്പെടുന്നത്, നന്‍മതിന്‍മകള്‍ തൂക്കിക്കണക്കാക്കപ്പെടുന്നത്, സത്യവിശ്വാസികളെ സ്വര്‍ഗ്ഗത്തിലേക്ക് സാദരം കൊണ്ടുപോകുന്നത്, അവര്‍ക്ക് അവിടെ ലഭിക്കുന്ന അവര്‍ണ്ണനീയമായ സുഖസൗകര്യങ്ങള്‍, അവിശ്വാസികളെയും പാപികളെയും നരകത്തിലേക്ക് കൊണ്ടുപോകുന്നത്, അവര്‍ അനുഭവിക്കേണ്ടിവരുന്ന കഠിന കഠോരമായ ശിക്ഷകള്‍, സ്വര്‍ഗ്ഗക്കാരും, നരകക്കാരും തമ്മില്‍ നടക്കുന്ന ചില സംഭാഷണങ്ങള്‍ എന്നിങ്ങനെ പലതും-ചിലേടത്ത് സംക്ഷിപ്തമായും, മറ്റു ചില സ്ഥലത്ത് സവിസ്തരമായും-ആവര്‍ത്തിച്ച് പറഞ്ഞിട്ടുണ്ട്.

3. ഖുര്‍ആന്‍െറ അമാനുഷികത

ഖുര്‍ആന്‍െറ അമാനുഷികത

അല്ലാഹു അവന്‍െറ പ്രവാചകന് അവതരിപ്പിച്ചുകൊടുത്ത വേദഗ്രന്ഥമാണ് വിശുദ്ധ ഖുര്‍ആന്‍. ജിബ്‌രീല്‍ (അ) എന്ന മലക്കു മുഖേന അവന്‍ അത് അവതരിപ്പിച്ചു. ദൗത്യം എത്തിച്ചുകൊടുക്കുക എന്നല്ലാതെ ജിബ്‌രീലിനു-മറ്റാര്‍ക്കുംതന്നെ-അതില്‍ യാതൊരു പങ്കു

മില്ല. ഖുർആൻ ദൈവീക ഗ്രന്ഥമാണെന്നുള്ളതിന്ന് അധിക തെളിവുകളൊന്നും ആരായേണ്ടതില്ല; അതിൽതന്നെ അടങ്ങിയിട്ടുള്ള രണ്ടുമൂന്നു സൂക്തങ്ങൾ-ആയത്തുകൾ-മതിയാകും. മനുഷ്യരും ജിന്നുകളും എല്ലാകൂടിച്ചേർന്നാലും-അവർ പരസ്പരം സഹായസഹകരണങ്ങൾ ചെയ്താലും-അതുപോലെയുള്ള ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ സാദ്ധ്യമല്ല എന്ന് (ബനൂ ഇസ്റാഈൽ: 88ൽ) ഖുർആൻ ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നു. അറബിസാഹിത്യത്തിൻെറ പരമകാഷ്ഠ പ്രാപിച്ചിരുന്ന- സാഹിത്യ കേസരികളാൽ നിബിഡമായിരുന്ന-ഖുറൈശികൾക്കാകട്ടെ, മറ്റേതെങ്കിലും പടുതര വിദഗ്ദൻമാർക്കാകട്ടെ-ഒറ്റയായോ കൂട്ടായോ-ഈ പ്രഖ്യാപനത്തെ എതിരിടുവാൻ കഴിഞ്ഞില്ല. മുഴുവനുമില്ലെങ്കിൽ, അതിലെ അദ്ധ്യായങ്ങളെ-സൂറത്തുകളെ-പ്പോലെ ഒരു പത്തദ്ധ്യായമെങ്കിലും കൊണ്ടുവരട്ടെ, ഇല്ലാത്തപക്ഷം, അതു ദൈവികഗ്രന്ഥമാണെന്ന് അവർ മനസ്സിലാക്കിക്കൊള്ളട്ടെ എന്നും അല്ലാഹു അവർക്ക് ആഹ്വാനം നൽകി. (സൂറ: ഹൂദ് 13ലെ) ഈ ആഹ്വാനവും നേരിടുവാൻ ആളുണ്ടായില്ല. ഖുർആൻ വീണ്ടും ഒരദ്ധ്യായമെങ്കിലും സൃഷ്ടിക്കാൻ അവരെ വെല്ലുവിളിച്ചു: ''നിങ്ങൾക്ക് ഈ ഖുർആനെപ്പറ്റി വല്ല സംശയവുമുണ്ടെങ്കിൽ, ഇതിലെ അദ്ധ്യായംപോലെ ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടു വരുവിൻ, അല്ലാഹു അല്ലാതെയുള്ള നിങ്ങളുടെ സഹായകൻമാരെ മുഴുവനും അതിനായി ക്ഷണിച്ചുകൊള്ളുകയും ചെയ്യുവീൻ.'' ഒരിക്കലും നിങ്ങൾക്കതു സാദ്ധ്യമല്ലെന്ന് അസന്നിഗ്ദമായ ഭാഷയിൽ അതോടൊപ്പംതന്നെ അത് ഉറപ്പിച്ചു പറയുകയും ചെയ്തു. (അൽബഖറ: 22, 23)

ഈ വചനങ്ങളെല്ലാം അന്നുതൊട്ട് ഇന്നോളം-1400 കൊല്ലങ്ങളോളമായി-ഖുർആനിൽ ആവർത്തിച്ചു വായിക്കപ്പെടുന്നു. ഏതൊരു കെങ്കേമനും ഈ ആഹ്വാനത്തെ നേരിട്ട് ജയഭേരി അടിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല, ഇനി കഴിയുന്നതുമല്ല. ഒരു സൂചിമുനയോളമെങ്കിലും വിടവ് കണ്ടാൽ അത് ഉപയോഗപ്പെടുത്തുവാൻ വെമ്പൽ കൊള്ളുന്ന അന്നത്തെ ശത്രുക്കളാകട്ടെ, കഴിവിലും സാമർത്ഥ്യത്തിലും അവരെ കവച്ചുവെക്കുന്ന മറ്റേതെങ്കിലും ജനതയാകട്ടെ, അങ്ങനെ ഒരു സംരംഭത്തിനു മുന്നോട്ടുവരുവാൻ ധൈര്യപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരജ്ഞാനത്തിൻെറ പ്രാഥമിക പാഠങ്ങൾപോലും ലഭിച്ചിട്ടില്ലാത്ത ഒരു മനുഷ്യൻ-മുഹമ്മദ് മുസ്തഫാ (ﷺ) തിരുമേനി നാൽപതു വർഷത്തോളം, അതേ നിലയിൽ സ്വജനങ്ങൾക്കിടയിൽ കഴിഞ്ഞുകൂടിയശേഷം, പെട്ടെന്നൊരു ദിവസംമുതൽ ഇത്തരത്തിലുള്ള ഒരു ഗ്രന്ഥം ഓതിക്കേൾപ്പിക്കുവാൻ തുടങ്ങിയിരിക്കയാണ് എന്നറിയുന്ന ഏതൊരാൾക്കും, വിശുദ്ധ ഖുർആൻ ഒരു ദിവ്യഗ്രന്ഥമാണെന്നു മനസ്സിലാക്കുവാൻ വേറെ ലക്ഷ്യം അന്വേഷിക്കേണ്ടതില്ല.

അതിനു സമാനമായ ഒരു ഗ്രന്ഥമോ, അദ്ധ്യായമോ കൊണ്ടുവരുവാൻ സൃഷ്ടികൾക്കു സാദ്ധ്യമല്ലെന്നു പറയുന്നത് അതിൻെറ ഏതുവശത്തെ ആസ്പദമാക്കിയാണ്? അഥവാ ഖുർആൻെറ അമാനുഷികത നിലകൊള്ളുന്നത് ഏതു വശത്തിലൂടെയാണ്? ഈ ചോദ്യത്തിന് വ്യക്തവും ക്ലിപ്തവുമായ ഒരു മറുപടി പറയുക സാദ്ധ്യമല്ല. താഴെ കാണുന്നതുപോലെയുള്ള പല വസ്തുതകളാണ് അതിന് കാരണമായി നിലകൊള്ളുന്നതെന്ന് സാമാന്യമായി പറയാം: (1) നിത്യനൂതനവും അനുപമവുമായ വാചകശൈലിയും, ഘടനാരൂപവും. (2) പ്രത്യേകതരത്തിലുള്ള പ്രതിപാദനരീതി. (3) അക്ഷരജ്ഞാനമോ, വേദഗ്രന്ഥപരിചയമോ ഇല്ലാത്ത ഒരാൾ, മുൻകാല ചരിത്രസംഭവങ്ങളും, മുൻവേദഗ്രന്ഥങ്ങളുടെ സത്യതയെ സ്ഥാപിക്കുന്ന തത്വസിദ്ധാന്തങ്ങളും ഓതിക്കേൾപ്പിക്കുന്നത്. (4) ഭാവികാര്യങ്ങളെ സംബന്ധിച്ച പ്രവചനങ്ങളും, അവ, ശരിയായി പുലർന്നുവരുന്നതും. (5) സാഹിത്യരംഗത്തും, അലങ്കാരരംഗത്തു

മുള്ള അത്യുന്നതനിലപാട്. അറബി സാഹിത്യശാസ്ത്രം, അലങ്കാരശാസ്ത്രം മുതലായവ ഉടലെടുത്തുതന്നെ ഖുർആനെ ആധാരമാക്കിയാണ് (6) വളരെ ചുരുങ്ങിയ വാക്കുകളിൽ വിപുലവിശാലമായ ആശയങ്ങൾ ഉൾക്കൊള്ളുന്നത്. (7) അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ. (8) സരളവും, ഹൃദ്യവുമായ വാചകഘടന (9) വായിക്കുവാനും, കേൾക്കുവാനും കൗതുകം തോന്നിക്കുന്നവശ്യശക്തി (10) ഇടകലർന്നുകൊണ്ടുള്ള വിവിധ വൈജ്ഞാനിക വിഷയക്രമങ്ങൾ . എന്നിങ്ങിനെ പലതും കൂടിയാണതിന് കാരണമെന്ന് മൊത്തത്തിൽ പറയാം.

ഒരു കാര്യം ഇവിടെ ഓർക്കേണ്ടതുണ്ട്: അറബിഭാഷ അറിയാത്തവന് ഖുർആന്റെ ശബ്ദരസം ആസ്വദിക്കുവാനല്ലാതെ, മറ്റൊന്നിനും കഴിയുകയില്ലെന്ന് സ്പഷ്ടമാണ്. എന്നാൽ, അറബിഭാഷ അത്യാവശ്യം അറിഞ്ഞതുകൊണ്ടും, ആധുനിക അറബിസാഹിത്യത്തിൽ കുറച്ചൊക്കെ പരിചയം ലഭിച്ചതുകൊണ്ടും ഖുർആന്റെ സാഹിത്യവൈഭവം മനസ്സിലാക്കുവാൻ സാധിക്കുമെന്ന് കരുതുന്നത് ശരിയല്ല. ഖുർആന്റെ സാഹിത്യവൈഭവമെന്ന് മാത്രമല്ല, അതിന്റെ സിദ്ധാന്തങ്ങൾ പോലും വേണ്ടതുപോലെ ഗ്രഹിക്കുവാൻ അതുകൊണ്ട് മതിയാവുകയില്ല. ഖുർആൻ അവതരിച്ച കാലത്തെ ഭാഷാപ്രയോഗങ്ങളും, സാഹിത്യപ്രയോഗങ്ങളും എത്രകണ്ട് പരിചയപ്പെടുന്നുവോ അതനുസരിച്ചായിരിക്കും ഖുർആന്റെ സവിശേഷമഹത്വങ്ങൾ മനസ്സിലാവുക. നബി (ﷺ) യുടെ കാലത്തുള്ളവർക്കു മനസ്സിലാക്കുവാൻ സാധിച്ചിരുന്നത്ര പിൽക്കാലത്തുള്ളവർക്ക് ഖുർആന്റെ രഹസ്യങ്ങൾ കണ്ടെത്തുവാൻ സാദ്ധ്യമല്ല തന്നെ പക്ഷെ ചില വ്യക്തികൾക്ക് ചില സന്ദർഭങ്ങളിൽ, മുൻകാലക്കാരായ പലരെക്കാളും കവിഞ്ഞ നിലക്കുള്ള വല്ല കഴിവും അല്ലാഹു നൽകിക്കൂടാ എന്നില്ല. ഖുർആന്റെ കടുത്ത ശത്രുക്കളായിരുന്ന ചിലർപോലും, അതിലെ വചനങ്ങൾ കേട്ടമാത്രയിൽ ഞെട്ടിപ്പോകുകയും, പെട്ടെന്ന് മാനസാന്തരപ്പെടുകയും ചെയ്ത പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. മഹാധീരനായ ഉമർ (رضي الله عنه) ഇസ്ലാമിൽ വിശ്വസിക്കുവാൻ കാരണമായത് അദ്ദേഹം ഖുർആൻ കേട്ടതായിരുന്നുവല്ലോ. നബി (ﷺ) യുടെ കഠിന ശത്രുവായ ഉത്ത്ബത്ത് ഖുറൈശികളുടെ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ട്-വല്ലവിധേനയും തിരുമേനിയെ വശീകരിക്കുകയോ, തർക്കിച്ചു ജയിക്കുകയോ ചെയ്യാമെന്ന വിചാരത്തോടെ-തിരുമേനിയെ സമീപിക്കുകയുണ്ടായി. ഉത്ത്ബഃയുടെ വാക്കുകൾ കേട്ടശേഷം, തിരുമേനി ഹാമീംസജദഃയിലെ ആദ്യവചനങ്ങൾ ഓതിക്കേൾപ്പിച്ചു. അതുകേട്ട് വശ്യനായ ഉത്ത്ബത്ത് മടങ്ങിവന്ന് തന്റെ ആൾക്കാരോട് പറഞ്ഞത് ഇപ്രകാരമായിരുന്നു: ''ഞാൻ മുഹമ്മദിന്റെ പക്കൽനിന്ന് കേട്ട ആ വാക്യങ്ങൾ കവിതയല്ല, ജോൽസ്യവുമല്ല, ജാലവുമല്ല, നിശ്ചയമായും, അതിന് എന്തോ മഹത്തായ ഒരു ഭാവിയുണ്ട്......'' ഇങ്ങിനെയുള്ള വേറെയും സംഭവങ്ങൾ ചരിത്രത്തിൽ കാണാം.

ഏറ്റവും വലിയ ദൃഷ്ടാന്തം

നബിമാരുടെ നുബുവ്വത്തും, രിസാലത്തും (പ്രവാചകത്വവും, ദിവ്യ ദൗത്യവും) സ്ഥാപിക്കുന്നതിനും, ബലപ്പെടുത്തുന്നതിനും വേണ്ടി അവരുടെ കൈക്കു അല്ലാഹു ചില മുഅ്ജിസത്തുകൾ (അമാനുഷിക ദൃഷ്ടാന്തങ്ങളും അസാധാരണ സംഭവങ്ങളും) വെളിപ്പെടുത്താറുണ്ട്. മൂസാ (അ) നബിയുടെ വടി, സ്വാലിഹ് (അ) നബിയുടെ ഒട്ടകം മുതലായവയും, മാറാവ്യാധികൾ സുഖപ്പെടുത്തുക, മണ്ണുകൊണ്ട് കുരുവികളുണ്ടാക്കി ഊതിപ്പറപ്പിക്കുക മുതലായി ഈസാ (അ) നബിയുടെ കൈക്ക് വെളിപ്പെട്ടിരുന്നതും പ്രസ്തുത ദൃഷ്ടാന്തങ്ങളിൽ പെട്ടവയത്രെ. അതാതു കാലദേശങ്ങളിലുള്ള ജനങ്ങളുടെ പക്വതക്കും, പരിതസ്ഥിതികൾക്കും അനുസരിച്ച വിധത്തിലായിരുന്നു നബിമാരിൽ നിന്ന് അവ

പ്രത്യക്ഷപ്പെട്ടിരുന്നത്. ഖുർആനിൽ ഇതിന്ന് ധാരാളം തെളിവുകളുണ്ട്. മുഹമ്മദ് നബി (ﷺ) തിരുമേനിയുടെ കൈക്കും ഇതുപോലെ പല ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയുണ്ടായിട്ടുണ്ട്. മുൻകാല ചരിത്ര സംഭവങ്ങൾ വിവരിക്കാറുള്ളതുപോലെ-അത്ര വ്യക്തവും വിശദവുമായ രൂപത്തിൽ-വർത്തമാനകാല സംഭവങ്ങളെപ്പറ്റി ഖുർആൻ പ്രസ്താവിക്കാറില്ലെന്ന് മുമ്പ് പറഞ്ഞുവല്ലോ. അക്കൂട്ടത്തിൽ നബി (ﷺ) യുടെ കൈക്ക് പ്രത്യക്ഷപ്പെട്ട അത്തരം ദിവ്യ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഖുർആൻ അധികമൊന്നും പ്രസ്താവിക്കാറില്ല. എങ്കിലും, ഹദീസ് ഗ്രന്ഥങ്ങൾ വഴിയും, ചരിത്രഗ്രന്ഥങ്ങൾ വഴിയും, അതിന് ധാരാളം ഉദാഹരണങ്ങളും വേണ്ടത്ര തെളിവുകളും ലഭിക്കുന്നതാണ്. എന്നാൽ, ഇങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളൊന്നും തന്നെ, നബിമാരുടെ ഇഛയനുസരിച്ചോ, അവർ ആവശ്യപ്പെടുമ്പോഴോ ഉണ്ടാകുന്നതല്ല. അല്ലാഹു ഉദ്ദേശിക്കുന്നത്-അവൻ ഉദ്ദേശിക്കുമ്പോൾ മാത്രം-അവരുടെ കൈക്ക് അവൻ വെളിപ്പെടുത്തുന്നു. അല്ലാഹു പറയുന്നു: ''ഒരു റസൂലിനും അല്ലാഹുവിന്റെ സമ്മതപ്രകാരമല്ലാതെ യാതൊരു ദൃഷ്ടാന്തവും കൊണ്ടുവരുവാൻ നിവൃത്തിയില്ല. (റഅ്ദ് 38) ഈ വിധത്തിലുള്ള ദൃഷ്ടാന്തങ്ങൾ, അതാത് നബിമാരുടെ കാലശേഷം നിലനില്ക്കത്തക്കവണ്ണം അവശേഷിക്കാറുമില്ല. അവരുടെ കാലം കഴിയുന്നതോടുകൂടി അവയും അവസാനിച്ചുപോകുന്നതാണ്.''

മുഹമ്മദ് നബി (ﷺ) തിരുമേനി അന്ത്യപ്രവാചകനാണ്. അവിടുന്ന് നിയോഗിക്കപ്പെട്ടിരിക്കുന്നത് ലോകാവസാനംവരെ എല്ലാ ജനങ്ങൾക്കും റസൂലായിക്കൊണ്ടുമാണ്. അവിടുത്തെ ജനതയാകട്ടെ, സാഹിത്യനിപുണൻമാരുമായിരുന്നു. ഭാവി തലമുറകളാണെങ്കിൽ, ബുദ്ധിയിലും, ശാസ്ത്രവിജ്ഞാന രംഗങ്ങളിലും മുന്നേറിക്കൊണ്ടിരിക്കുകയുമാണ്. ഈ പരിതസ്ഥിതിയിൽ, നബി (ﷺ) യുടെ കൈക്ക് വെളിപ്പെടുന്ന ഏറ്റവും വലിയ ദൃഷ്ടാന്തം, ലോകാവസാനം വരെ നിലനില്ക്കുന്നതും, ഏതു കാലത്തും, ദൈവീക ദൃഷ്ടാന്തമാണെന്ന് നിഷ്പക്ഷബുദ്ധികൾ വിധി കല്പിക്കുന്നതുമായിരിക്കണമല്ലോ. ആകയാൽ, മറ്റേത് നബിമാരുടെ ദൃഷ്ടാന്തങ്ങളെക്കാളും-നബി (ﷺ) യുടെ കൈക്കുതന്നെ വെളിപ്പെട്ട ഇതര ദൃഷ്ടാന്തങ്ങളെക്കാളും-ഏറ്റവും മഹത്തായ ദിവ്യദൃഷ്ടാന്തമത്രെ വിശുദ്ധ ഖുർആൻ. ഈ യാഥാർത്ഥ്യം ഒരു വചനത്തിൽ തിരുമേനി ഇപ്രകാരം വെളിപ്പെടുത്തുന്നു:

ما من الانبياء نبى الاعطى من الايات مامثله من عليه البشر وانما كان الذى اوتيته وحيا اوحاه الله الى فارجو ان اكون اكثرهم تابعا يوم القيمة – البخارى

സാരം: മനുഷ്യർക്ക് വിശ്വസിക്കുവാൻ വേണ്ടുന്നത്ര ദൃഷ്ടാന്തങ്ങൾ നല്കപ്പെട്ടിട്ടില്ലാത്ത ഒരു നബിയും ഇല്ലതന്നെ. എനിക്ക് നല്കപ്പെട്ടിരിക്കുന്നത് അല്ലാഹു എനിക്ക് തന്നിട്ടുള്ള 'വഹ്‌യു' തന്നെയാകുന്നു. അതുകൊണ്ട് ഖിയാമത്ത് നാളിൽ ഞാൻ അവരെക്കാൾ പിൻഗാമികളുള്ളവനായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. (ബു.)

'വഹ്‌യു' കൊണ്ട് ഇവിടെ പ്രധാനമായും ഉദ്ദേശ്യം വിശുദ്ധ ഖുർആനാണെന്ന് പറയേണ്ടതില്ല. നബി (ﷺ) തിരുമേനിയുടെ പ്രവാചകത്വം സ്ഥാപിക്കുന്നതിനുള്ള പ്രത്യേക ദൃഷ്ടാന്തം ഖുർആൻ മാത്രമാണെന്ന് പറയുമ്പോൾ, തിരുമേനിയുടെ കൈക്ക് വേറെ യാതൊരു അമാനുഷിക സംഭവവും വെളിപ്പെടുകയുണ്ടായിട്ടില്ല എന്ന് അതിനർത്ഥമില്ല. പക്ഷെ, അവയൊന്നും ഖുർആനെപ്പോലെ ശത്രുക്കളെ വെല്ലുവിളിച്ചുകൊണ്ടുള്ള ദൃഷ്ടാന്തങ്ങൾ (ايات التحدى) ആയിരുന്നില്ല. അവ അവിടുത്തെ പ്രവാചകത്വത്തെ ബലപ്പെടുത്തുന്ന സംഭവങ്ങൾ (المؤيدات) മാത്രമായിരുന്നു. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ മൂസാ (അ) നബിക്ക് അദ്ദേഹത്തിന്റെ കൈയും, വടിയും, സ്വാലിഹ് (അ) നബിക്ക് ഒട്ടകവും

ശത്രുക്കളെ വെല്ലുവിളിച്ചുകൊണ്ടുള്ള പ്രവാചകത്വ ദൃഷ്ടാന്തങ്ങളായിരുന്നു. അവ ബാഹ്യദൃഷ്ടി കൊണ്ട് തന്നെ മനസ്സിലാക്കാവുന്ന ദൃഷ്ടാന്തങ്ങൾ ആയിരുന്നുവെങ്കിൽ നബി (ﷺ) തിരുമേനിയുടെ പ്രവാചകത്വം സ്ഥാപിക്കുന്നതിന് നിശ്ചയിക്കപ്പെട്ടത് ബുദ്ധികൊണ്ട് മനസ്സിലാക്കാവുന്ന ദൃഷ്ടാന്തം ആയിരുന്നു: അതത്രെ ഖുർആൻ.

മുൻ പ്രവാചകൻമാരുടേതുപോലുള്ള ദൃഷ്ടാന്തങ്ങൾ നബി (ﷺ)ക്കു നൽകപ്പെടാത്തതിൻെറ കാരണം സൂ: ഇസ്റാഅ് 59-ാം വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു 'ദൃഷ്ടാന്തങ്ങളുമായി അയക്കുന്നതിനു നമ്മെ തടസ്സം ചെയ്തതു മുൻസമുദായങ്ങൾ അവയെ വ്യാജമാക്കിയതല്ലാതെ മറ്റൊന്നുമല്ല. ഥമൂദുഗോത്രത്തിനു കണ്ടറിയത്തക്ക ഒരു ദൃഷ്ടാന്തമായി ഒട്ടകത്തെ നാം നൽകി. എന്നിട്ട് അവർ അതിനോട് അക്രമം പ്രവർത്തിച്ചു. ഭയപ്പെടുത്തുവാനല്ലാതെ നാം ദൃഷ്ടാന്തങ്ങളുമായി അയക്കാറില്ല.' മുൻസമുദായങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ നൽകിയിട്ട് അവർ അവയെ വ്യാജമാക്കുകയും, അങ്ങിനെ അല്ലാഹുവിങ്കൽ നിന്നുള്ള പൊതുശിക്ഷക്ക് അവർ പാത്രീഭവിക്കുകയും ചെയ്തു. അതിന്നൊരു ഉദാഹരണമാണ് ഥമൂദുജനത. പ്രത്യക്ഷത്തിൽ കണ്ടുമനസ്സിലാക്കാവുന്ന ഒരു ദൃഷ്ടാന്തമായിരുന്നു അവർക്ക് നൽകപ്പെട്ട ഒട്ടകം. എന്നിട്ടും അവർ അവരുടെ പ്രവാചകനായ സ്വാലിഹു (അ) നബിയെയും, ആ ദൃഷ്ടാന്തത്തെയും വ്യാജമാക്കുകയാണ് ചെയ്തത്. അവർ ഒട്ടകത്തെ അക്രമിച്ചും ശിക്ഷക്കു വിധേയരായി പ്രത്യക്ഷ ദൃഷ്ടാന്തങ്ങളയക്കുന്നത് ബുദ്ധി കുറഞ്ഞ ജനങ്ങളിൽ ഭീതിയും, സംഭ്രമവും ജനിപ്പിച്ച് അവരെ സത്യത്തിലേക്കു വരുത്തുവാൻവേണ്ടിയാണുതാനും. ബുദ്ധിയും ചിന്താശക്തിയും ഉള്ളവർക്ക് അത്തരം ദൃഷ്ടാന്തങ്ങളുടെ ആവശ്യമില്ല. ബുദ്ധിപരമായ ദൃഷ്ടാന്തങ്ങളായിരിക്കും അവർക്ക് യോജിച്ചത്. എന്നൊക്കെയാണ് ഈ വചനം മുഖേന അല്ലാഹു നമുക്ക് മനസ്സിലാക്കിത്തരുന്നത്.

സൂ: ഇസ്റാഇലെ ഈ ഖുർആൻ വചനം തെളിവാക്കിക്കൊണ്ടു ചില തൽപരകക്ഷികളും, പുരോഗമനത്തിൻെറ പേരിൽ ഖുർആൻ വചനങ്ങൾക്ക് പുത്തൻ വ്യാഖ്യാനം തേടിപ്പിടിക്കുന്ന ചില ആളുകളും നബി (ﷺ) തിരുമേനിയുടെ ഖുർആൻ ഒഴിച്ചുള്ള എല്ലാ 'മുഅ്ജിസത്ത്'കളെയും നിഷേധിക്കാറുണ്ട്. ഖുർആനും, ഹദീസിനും, ഇസ്ലാമിക ചരിത്ര ലക്ഷ്യങ്ങൾക്കും തികച്ചും എതിരായ ഈ വാദത്തിനു ഈ വചനത്തിൽ യാതൊരു ന്യായീകരണവുമില്ലെന്ന് അതിലെ വാചകങ്ങൾക്കൊണ്ടുതന്നെ മനസ്സിലാക്കാം. മുഅ്ജിസത്ത് എന്ന വാക്ക് ഖുർആനിൽ ഉപയോഗിക്കാറില്ല. 'ആയത്ത്' എന്നാണ് അത് ഉപയോഗിക്കാറുള്ളത്. ഇതിൻെറ ബഹുവചനമാണ് ഈ വചനത്തിലും മറ്റും കാണുന്ന 'ആയാത്ത്' എന്ന വാക്ക്. 'അടയാളം, ദൃഷ്ടാന്തം, ലക്ഷ്യം' എന്നൊക്കെയാണ് ഈ വാക്കിൻെറ അർത്ഥം. മുഅ്ജിസത്തിൻെറ ഇനത്തിൽപെട്ടതും അല്ലാത്തതുമായ പലതരം ദൃഷ്ടാന്തങ്ങളെക്കുറിച്ചും ഖുർആനിൽ 'ആയത്ത്' എന്നു പറഞ്ഞിരിക്കുന്നത് കാണാം. (2: 164, 252, 259; 13: 1; 19: 10; 21; 24: 18; 26: 128 മുതലായവ നോക്കുക.) അക്കൂട്ടത്തിൽ, നബിമാരുടെ പ്രവാചകത്വം സ്ഥാപിക്കുന്നതിനുള്ള പ്രത്യക്ഷ ദൃഷ്ടാന്തങ്ങളെക്കുറിച്ചും അത് 'ആയത്ത്' എന്നു പറഞ്ഞിരിക്കുന്നു. മൂസാ (അ) നബിയെ റസൂലായി നിയോഗിച്ചപ്പോൾ അദ്ദേഹത്തിൻെറ കയ്യും വടിയും അദ്ദേഹത്തിൻെറ സത്യതക്കുള്ള പ്രത്യേക ദൃഷ്ടാന്തമായി അല്ലാഹു നിശ്ചയിച്ചുകൊടുത്തതിനെപ്പറ്റിയും സൂ: ത്വാഹാ 23ലും, സ്വാലിഹ് (അ) നബിയുടെ സമുദായമായ ഥമൂദു ഗോത്രം അദ്ദേഹത്തിൻെറ സത്യതക്ക് ദൃഷ്ടാന്തം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ ദൃഷ്ടാന്തമായി ഒട്ടകത്തെ നൽകിയതിനെപറ്റി സൂ: ശുഅ്റാഅ് 154ലും പ്രസ്താവിച്ചിട്ടുള്ളത് ഇതിനു ഉദാഹരണമാകുന്നു.

ഈ ഒടുവിൽ പറഞ്ഞതരത്തിലുള്ള-പ്രവാചകത്വം സ്ഥാപിക്കുന്നതിനുള്ള പ്രത്യക്ഷ ദൃഷ്ടാന്തളുടെ ഇനത്തിൽപെട്ട-ദൃഷ്ടാന്തങ്ങളുമായി നബി (ﷺ) തിരുമേനിയെ അയക്കാതിരിക്കുവാനുള്ള കാരണമത്രെ അല്ലാഹു മുൻ വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ടാണ്-വേറെ വചനങ്ങളിലുള്ളതുപോലെ-'ദൃഷ്ടാന്തങ്ങൾ നൽകുക' എന്നോ 'കൊണ്ടുവരുക' എന്നോ മറ്റോ പറയാതെ 'ദൃഷ്ടാന്തങ്ങളുമായി അയക്കുക' എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നതും. മാത്രമല്ല, മുൻസമുദായങ്ങൾ കളവാക്കിയതുകൊണ്ടാണ് നബി (ﷺ) യെ ദൃഷ്ടാന്തങ്ങളുമായി അയക്കാതിരുന്നതെന്ന് പറഞ്ഞതോടൊപ്പംതന്നെ, ഥമൂദു ഗോത്രത്തിന് കണ്ടറിയാവുന്ന (പ്രത്യക്ഷമായ) ഒരു ദൃഷ്ടാന്തമായി ഒട്ടകത്തെ നൽകിയെന്നും അവരതിനെ അക്രമിച്ചുവെന്നും അല്ലാഹു പറഞ്ഞു. നബി (ﷺ) ക്കു നൽകപ്പെടാതിരുന്നിട്ടുള്ള ദൃഷ്ടാന്തങ്ങൾ ഇത്തരത്തിലുള്ള ദൃഷ്ടാന്തങ്ങളാണ് എന്ന് ഇതിൽനിന്ന് വ്യക്തമാണ്. അല്ലാത്തപക്ഷം ഒട്ടകത്തിൻെറ ഉദാഹരണത്തിന് ഇവിടെ പ്രസക്തിയില്ല. ഒട്ടകത്തെപ്പറ്റി 'കാണത്തക്കത്' എന്നു വിശേഷിപ്പിച്ചിരിക്കുന്നതും ശ്രദ്ധേയമാകുന്നു. ഈ വചനത്തിൻെറ അവസാനത്തിൽ 'ഭയപ്പെടുത്തുവാനായിട്ടല്ലാതെ നാം ദൃഷ്ടാന്തങ്ങളുമായി അയക്കാറില്ല' എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. പ്രത്യക്ഷത്തിൽ അറിയാവുന്നതും ശത്രുക്കളെ വെല്ലുവിളിക്കുന്നതും, നിഷേധിക്കുന്നവർക്ക് ശിക്ഷയെക്കുറിച്ച് താക്കീതോടുകൂടിയതുമായ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണ് ഇവിടെ ഉദ്ദേശമെന്ന് ഈ വാക്യവും കാണിക്കുന്നു. അല്ലാത്തപക്ഷം, ഭയപ്പെടുത്തലിന് സ്ഥാനമില്ലല്ലോ.

ചുരുക്കിപ്പറഞ്ഞാൽ, നബി (ﷺ) തിരുമേനിയിൽ നിന്നു ഖുർആൻ അല്ലാത്ത യാതൊരു 'മുഅ്ജിസത്തും', വെളിപ്പെട്ടിട്ടില്ലെന്നോ, വെളിപ്പെടുവാൻ നിവൃത്തിയില്ലെന്നോ ഈ വചനത്തിൽ-മറ്റു ഖുർആൻ വചനങ്ങളിലും-പ്രസ്താവിച്ചിട്ടില്ല. മുൻ പ്രവാചകൻമാരുടെ ദിവ്യദൗത്യങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി അവരെ ചില പ്രത്യക്ഷ ദൃഷ്ടാന്തങ്ങളോടുകൂടി അയക്കാറുണ്ടായിരുന്നതുപോലെ, നബി (ﷺ) തിരുമേനിയെ അത്തരം ദൃഷ്ടാന്തങ്ങളുമായി അല്ലാഹു അയച്ചിട്ടില്ലെന്നും, മുൻസമുദായങ്ങൾ ചെയ്തതുപോലെ, ആ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കി ഈ സമുദായം ശിക്ഷക്കു പാത്രമാകാതിരിക്കാനാണ് അങ്ങിനെ അയക്കാതിരിക്കുന്നതെന്നുമാണ് ഈ വചനം മുഖേന അല്ലാഹു അറിയിക്കുന്നത്. നബി (ﷺ) യുടെ പ്രവാചകത്വത്തെ സ്ഥാപിക്കുന്നതിന് (ഖുർആൻപോലെ) ബുദ്ധിപരമായ ദൃഷ്ടാന്തങ്ങൾ നബി (ﷺ) ക്കു നൽകപ്പെട്ടിട്ടുള്ളതിനോ, ആ പ്രവാചകത്വത്തെ കൂടുതൽ ബലപ്പെടുത്തുമാറുള്ള വല്ല മുഅ്ജിസത്തുകളും തിരുമേനിയിൽനിന്ന് അല്ലാഹുവിൻെറ ഉദ്ദേശ്യമനുസരിച്ച് വെളിപ്പെട്ടിട്ടുള്ളതിനോ ഈ ഖുർആൻ വചനം ഒട്ടും എതിരാകുന്നില്ല.* ഈ ഖുർആൻ വചനത്തെയും, മറ്റു ചില വചനങ്ങളേയും ദുർവ്യാഖ്യാനം ചെയ്യുകയും, നിരാക്ഷേപം സ്ഥാപിതമായ പല ഹദീസുകളേയും, പ്രബലമായ പല ചരിത്ര രേഖകളേയും കണ്ണടച്ചു

* സൂറത്തുൽ ഇസ്റാഇലെ പ്രസ്തുത വചനത്തിൻെറ താൽപര്യം അനുസരിച്ച് നബി (സ) തിരുമേനിയുടെ പ്രവാചകത്വം സ്ഥാപിക്കുന്നതിന് തെളിവായി അസാധാരണ സംഭവങ്ങളെ അല്ലാഹു നിശ്ചയിച്ചിട്ടില്ല എന്ന് പ്രസ്താവിച്ച ശേഷം, മർഹൂം അല്ലാമാസയ്യിദ് ഖുത്ത്ബ് ഇപകാരം പറയുന്നു:

فا ماما وقع فعلا للرسل صلى الله عليه وسلم من خوارق شهدت به روايات صحيحة فكان اكراما من الله لعبده صحيحة فكان اكراما من الله لعبده الرسالة (في سورة القمر)

എന്നാൽ ബലവത്തായ നിവേദനങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ചില അസാധാരണ സംഭവങ്ങൾ റസൂൽ (സ) തിരുമേനിക്കു യഥാർത്ഥത്തിൽ സംഭവിക്കുകയുണ്ടായതാകട്ടെ അത് അല്ലാഹുവിൽ നിന്ന് അവൻെറ അടിമയെ-റസൂലിനെ-ആദരിച്ചുകൊണ്ടുള്ളതായിരുന്നു. രിസാലത്തിനെ-ദിവദൗത്യത്തെ-സ്ഥാപിക്കുന്നതിനുള്ള തെളിവായിട്ടില്ല.) നാം മേൽചൂണ്ടിക്കാട്ടിയ ആശയം തന്നെയാണ് ഈ പ്രസ്താവനയിൽ അടങ്ങിയിട്ടുള്ളത്.

നിഷേധിക്കുകയും ചെയ്തുകൊണ്ടല്ലാതെ, നബി (ﷺ) തിരുമേനിയുടെ മുഅ്ജിസത്തുകളെ നിഷേധിക്കുവാൻ ആർക്കും സാദ്ധ്യവുമല്ല. പക്ഷേ, കഥാഗ്രന്ഥങ്ങളിലും മറ്റും കാണുന്നതും, പൊതുജനങ്ങൾക്കിടയിൽ പ്രചാരത്തിലിരിക്കുന്നതുമായ അനേകം മുഅ്ജിസത്തുക്കൾ വ്യാജ നിർമ്മിതവും അടിസ്ഥാനരഹിതവുമണെന്നത് ഒരു പരമാർത്ഥമാകുന്നു. ഇക്കാരണ ത്താൽ, അനിഷേധ്യമായ തെളിവുകളോടുകൂടി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ അസാധാ രണ സംഭവങ്ങളേയും അടിയോടെ നിഷേധിക്കുന്നത് ന്യായമല്ലല്ലോ. ന്യായമല്ലെന്നു മാത്ര മല്ല, അത് അനിസ്ലാമികമായ ഒരു ധിക്കാരംകൂടിയാണ്.

4. ഖുർആൻ വ്യാഖ്യാനം
(تفسير القرأن)

ഖുർആൻ വ്യാഖ്യാനം

ഖുർആൻ അവതരിച്ചത് അറബിയിലാണ്. ആകയാൽ, അതിൻെറ വാച്യാർത്ഥം മനസ്സി ലാക്കുവാൻ അറബികൾക്ക് പരസഹായം ആവശ്യമില്ല.

انا انزلناه قرأناعربيا لعلكم تعقلون—يوسف : ٢ (നിശ്ചയമായും, നിങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ടി, അറബി ഭാഷയിലുള്ള ഒരു ഖുർആനായി നാം ഇതിനെ അവതരിപ്പിച്ചിരിക്കുന്നു.) എ ന്ന് അല്ലാഹു പ്രസ്താവിച്ചതിൽനിന്ന് തന്നെ ഇത് സ്പഷ്ടമാണ്. ചില ശൈലികളും, പ്രയോ ഗങ്ങളും നോക്കുമ്പോൾ, പല ഗോത്രവർഗ്ഗങ്ങൾക്കിടയിൽ അല്പം ചില വ്യത്യാസം കാണ പ്പെട്ടേക്കാമെങ്കിലും, ഖുറൈശികളുടെ ഭാഷാരീതി അറബികൾക്കിടയിൽ സ്വാധീനം ചെലു ത്തിയിട്ടുണ്ടായിരുന്നു. സാഹിത്യപുരോഗതിയിൽ ഏറ്റവും മുന്നിട്ട് നില്ക്കുന്നതും അവരുടെ ഭാഷാരീതിയായിരുന്നു. ഖുറൈശികളിലാണല്ലോ നബി (ﷺ) ജനിച്ചു വളർന്നതും ആകയാൽ, ഖുറൈശികളുടെ ഭാഷാശൈലിയാണ് പൊതുവിൽ ഖുർആൻ സ്വീകരിച്ചിരിക്കുന്നത്. മുസ്ഹ ഫിൻെറ കുറേ കോപ്പികൾ തയ്യാറാക്കുവാൻ സൈദ്ബ്നുഥാബിത്ത് (رضي الله عنه) ൻെറ നേതൃത്വ ത്തിൽ ഉസ്മാൻ (رضي الله عنه) ഒരു സംഘത്തെ ചുമതലപ്പെടുത്തിയ വിവരം നാം മുമ്പ് പറഞ്ഞിട്ടു ണ്ട്. അവരോട് ഉസ്മാൻ (رضي الله عنه) ഇപ്രകാരം ഉണർത്തിയിരുന്നതായി ബുഖാരിയിൽ കാണാം: اذا اختلفتم انتم وزيدبن ثابت فى عربية من عربية القرأن فاكتبوها بلسان قريش فان القرأن نزل بلسانهم (നിങ്ങളും, സൈദുബ്നുഥാബിത്തും തമ്മിൽ ഖുർആൻെറ അറബിഭാഷാ പ്രയോഗങ്ങളിൽ പെട്ട വല്ലതിലും ഭിന്നാഭിപ്രായമുണ്ടായാൽ, നിങ്ങളത് ഖുറൈശികളുടെ ഭാഷയനുസരിച്ച് എഴുതിക്കൊള്ളുവിൻ. കാരണം, അവരുടെ ഭാഷയനുസരിച്ചാണ് ഖുർആൻ അവതരിച്ചിട്ടു ള്ളത്.) സൈദു (رضي الله عنه) ഖുറൈശിയായിരുന്നില്ല-അൻസാരികളിൽപ്പെട്ട ആളായിരുന്നു-എന്നതു ഇവിടെ സ്മരണീയമാണ്. بلسان عربى مبين الشعراء (സ്പഷ്ടമായ അറബിഭാഷയിൽ) എന്ന വചനം മുഖേന ഖുർആനും ഈ വസ്തുത സൂചിപ്പിച്ചിരിക്കുന്നു. 'മുബീനായ' ഭാഷ (لسان مبين) എന്നു ഖുറൈശികളുടെ ഭാഷയെപ്പറ്റി പറയപ്പെടാറുണ്ടായിരുന്നു.

ചുരുക്കത്തിൽ, മേൽപറഞ്ഞ കാരണങ്ങളാൽ ഖുർആൻെറ വാച്യാർത്ഥങ്ങളും, വ്യക്തമായ ഉദ്ദേശങ്ങളും മനസ്സിലാക്കുവാൻ അന്നത്തെ അറബികൾക്ക് പ്രയാസമുണ്ടായിരു ന്നില്ല. അവർക്ക് മനസ്സിലാകാത്ത സൂചനകളും മറ്റും നബി(ﷺ) അവർക്ക് വിവരിച്ചുകൊടു ക്കുകയും ചെയ്തിരുന്നു. അല്ലാഹുവിൻെറ ഗുണവിശേഷങ്ങൾ, പരലോകകാര്യങ്ങൾ, അദൃ ശ്യവാർത്തകൾ മുതലായവയെക്കുറിച്ച് അധികം ചോദ്യം ചെയ്യുന്നതും, ചുഴിഞ്ഞന്വേഷണം നടത്തുന്നതും നിരുൽസാഹപ്പെടുത്തപ്പെട്ടിരുന്നതുകൊണ്ട് അത്തരം കാര്യങ്ങളെക്കുറിച്ച് ഖുർആനിൽനിന്നോ, നബിവാക്യങ്ങളിൽനിന്നോ വ്യക്തമായി മനസ്സിലാകുന്നതിനപ്പുറം

ആരായുന്ന പതിവ് സഹാബികൾക്കുണ്ടായിരുന്നതുമില്ല. ഈ പതിവ് പിൽകാലത്തുണ്ടായിത്തീർന്നതാകുന്നു. ഖുർആൻ ഒരേ പ്രാവശ്യമായി അവതരിക്കാതെ, സന്ദർഭത്തിനൊത്തു 23 കൊല്ലംകൊണ്ട് അവതരണം പൂർത്തിയായതും, നബി(ﷺ) അവരുടെ ഇടയിൽ ഉണ്ടായിരുന്നതും ഖുർആൻ വേണ്ടതുപോലെ ഗ്രഹിക്കുവാൻ അവർക്ക് വളരെ സൗകര്യം നൽകി. ബുദ്ധിശക്തി, സത്യാന്വേഷണ തല്പരത, ഭാഷയുമായുള്ള ഇണക്കം എന്നിവയ്ക്ക് പുറമെ, പ്രവാചകത്വത്തിൻെറ തണലിൽ, ഖുർആൻെറ പ്രഭയേറ്റുകൊണ്ട് കഴിഞ്ഞു കൂടുവാൻ ഭാഗ്യം സിദ്ധിച്ചവരായിരുന്നു സഹാബികൾ.

നബി (ﷺ) യിൽ നിന്നും അവർ പകർത്തെടുത്ത വിജ്ഞാന ദീപങ്ങൾ അവരുടെ പിൻഗാമികളായ 'താബിഈങ്ങൾ' (التابعون) ക്കും അതേപ്രകാരം അവർ ഏൽപ്പിച്ചുകൊടുത്തു. താബിഈങ്ങൾ അവരുടെ കൃത്യവും വേണ്ടുംവണ്ണം നിർവ്വഹിച്ചു. അക്കാലത്ത് ഇന്നത്തെപ്പോലെ, വിജ്ഞാനങ്ങൾ ശാസ്ത്രീയരൂപം പൂണ്ടുകഴിഞ്ഞിരുന്നില്ല. ഖുർആനല്ലാത്ത ലിഖിതഗ്രന്ഥങ്ങളും-അവർക്കിടയിൽ വിശേഷിച്ചും-ഇല്ലായിരുന്നു. മുഖാമുഖമായും, കർണ്ണാകർണ്ണികയായും കേട്ടു പഠിക്കലും, അത് അതേപടി പിന്നീടുള്ളവർക്ക് നിവേദനം (രിവായത്തു) ചെയ്തുകൊടുക്കലുമായിരുന്നു അവരുടെ പതിവ്. കേട്ടതു ഹൃദിസ്തമാക്കുവാനുള്ള വമ്പിച്ച കഴിവ് അവരുടെ ഒരു പ്രത്യേകതകൂടിയായിരുന്നു. ഇതിനെല്ലാം പുറമെ, ഇസ്ലാമിൻെറ പ്രചരണത്തിലും, വിജയത്തിലും തങ്ങളുടെ മുഴുവൻ സമയവും അവർക്ക് ശ്രദ്ധപതിച്ചുകൊണ്ടിരിക്കേണ്ടതുമുണ്ടായിരുന്നു. അങ്ങിനെ, ഖുർആൻ വ്യഖ്യാന വിഷയത്തിൽ വ്യാപൃതരാകേണ്ടുന്ന ആവശ്യമോ, അതിനുള്ള സന്ദർഭമോ മുൻഗാമികൾക്ക് അധികമൊന്നും നേരിട്ടിരുന്നില്ല.

കാലക്രമത്തിൽ, സ്ഥിതിഗതികൾക്കു മാറ്റം സംഭവിച്ചുകൊണ്ടിരുന്നു. അറബികളും അല്ലാത്തവരും കൂടിക്കലർന്നു. നുബുവ്വത്തിൻെറ തണലും വെളിച്ചവും ഏൽക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്തവർ രംഗത്തുവന്നു. ഭാഷാപരമായ രംഗങ്ങളിൽപോലും, അറബികളുടെ സ്ഥിതിഗതികൾ പല മാറ്റത്തിനും വിധേയമായി. നബി (ﷺ)ക്കു ശേഷം, യുദ്ധസംബന്ധവും ഭരണസംബന്ധവുമായ കാരണങ്ങളാൽ പണ്ഡിതൻമാരായ സഹാബികൾ പലരും രാജ്യത്തിൻെറ നാനാഭാഗത്തും വിട്ടുപോയി താമസമുറപ്പിക്കേണ്ടിവന്നു. ഓരോരുത്തർക്കും അതതു സ്ഥലങ്ങളിൽ ശിഷ്യഗണങ്ങളുമുണ്ടായിത്തീർന്നു. ഒരു വിഭാഗക്കാർക്ക് ലഭിച്ച അറിവ് മറ്റേ വിഭാഗക്കാർക്ക് ലഭിക്കാതിരിക്കുവാൻ ഇത് ഇടയാക്കി. ക്രമേണ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. അന്വേഷണങ്ങളും, ചോദ്യോത്തരങ്ങളും അധികരിച്ചു. വിജ്ഞാനതുറകളിൽ ഗ്രന്ഥരചനയും ആരംഭിച്ചു. പലരും വിജ്ഞാനത്തിൻെറ ചില തുറകളിൽ മാത്രം ശ്രദ്ധയും ശ്രമവും ചെലുത്തുകയുണ്ടായി. ഇതെല്ലാം വിസ്തരിച്ചു പറയുവാൻ ഇവിടെ സൗകര്യമില്ല. ചുരുക്കത്തിൽ, ഖുർആൻ വ്യഖ്യാന വിജ്ഞാനം (علم التفسير) എന്ന പേരിൽ ഒരു ശാസ്ത്രം രൂപമെടുത്തു. അതോടെ നബി (ﷺ)യിൽ നിന്നും സഹാബികളിൽ നിന്നും ലഭിച്ചിട്ടുള്ള പ്രമാണങ്ങൾക്ക് പുറമെ-മുമ്പില്ലാതിരുന്നതും, മുമ്പ് ആവശ്യമില്ലാതിരുന്നതുമായ-പല ഉപാധികളും അതിനാവശ്യമായി വന്നു. ഭാഷാനിഘണ്ടുകൾ, വ്യാകരണം, ഭാഷാ സാഹിത്യ ശാസ്ത്രങ്ങൾ എന്നിങ്ങിനെ പലതും ആവശ്യമായി, ക്രമേണ ക്രമേണ ഖുർആൻ വ്യഖ്യാനത്തിൻെറ വൃത്തം അങ്ങനെ വിപുലമായിത്തീർന്നു.

ഖുർആൻെറ സാക്ഷാൽ വ്യഖ്യാതാവ് നബി (ﷺ) തിരുമേനി തന്നെയാണെന്ന് പറയേണ്ടതില്ല. 'ജനങ്ങൾക്ക് വിവരിച്ച് കൊടുക്കുവാൻ വേണ്ടിയാണ് തനിക്ക് ഈ പ്രമാണം

അവതരിപ്പിച്ചിരിക്കുന്നത്.' എന്നാണല്ലോ (നഹ്ൽ 44) നബി (ﷺ) യോട് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഖുർആൻെറ എല്ലാ വാക്യങ്ങളും എടുത്തുദ്ധരിച്ച് അവയുടെ അർത്ഥവും, ഉദ്ദേശ്യവും വെവ്വേറെ വിവരിച്ചു തന്നിട്ടുണ്ടെന്നല്ല, നബി (ﷺ) ഖുർആൻെറ വ്യഖ്യാതാവാണെന്നു പറഞ്ഞതിൻെറ താല്പര്യം. അങ്ങിനെ ചെയ്യേണ്ടുന്ന ആവശ്യവും ഇല്ലായിരുന്നു. ചില വചനങ്ങളുടെ സാരോദ്ദേശ്യങ്ങൾ വിവരിച്ചു കൊടുക്കുക, ചിലതിൽ അന്തർഭവിച്ചു കിടപ്പുള്ള രഹസ്യങ്ങളും തത്വങ്ങളും വ്യക്തമാക്കിക്കൊടുക്കുക, ഉദാഹരണങ്ങൾ വിവരിക്കുക, ഖുർആൻെറ അദ്ധ്യാപനങ്ങളും കൽപനാ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തി പ്രവർത്തനത്തിൽ കാണിച്ചു കൊടുക്കുക, ചില കാര്യങ്ങളെപ്പറ്റി അവ ഇന്ന ആയത്തിൻെറ താൽപര്യത്തിൽ ഉൾക്കൊള്ളുന്നതാണെന്ന് ചൂണ്ടിക്കാട്ടുക, സാമാന്യമായി പറഞ്ഞതിനെ വിശദീകരിക്കുക, സംക്ഷിപ്തമായിപ്പറഞ്ഞതിനെ വിസ്തരിക്കുക എന്നിങ്ങനെയുള്ള കൃത്യങ്ങളായിരുന്നു നബി (ﷺ) ചെയ്യേണ്ടിയിരുന്നത്. അതുതന്നെയാണ് അവിടുന്ന് നിർവ്വഹിച്ചതും. അതു തന്നെയാണ് നബി (ﷺ) യുടെ സുന്നത്ത്, അഥവാ ഹദീസ് എന്നു പറയുന്നത്.

ഹദീസ് ഗ്രന്ഥങ്ങളിൽ, നബി (ﷺ) യുടെ സുന്നത്തുകൾ (വാക്കും പ്രവൃത്തിയും) രേഖപ്പെട്ടു കിടക്കുന്നകാലത്തോളം, അവിടുത്തെ വ്യഖ്യാനവും നിലവിലുണ്ടായിരിക്കുന്നതാണ്. എന്നാൽ, ഹദീസുഗ്രന്ഥങ്ങളിൽ സുന്നത്തുകളെ രേഖപ്പെടുത്തുന്നത്, വിഷയത്തിൻെറ സ്വഭാവമനുസരിച്ചു പല അദ്ധ്യായങ്ങളും, പംക്തികളുമായി-ക്രമപ്പെടുത്തിക്കൊണ്ടായിരിക്കും. അതുകൊണ്ട് ഖുർആൻ വ്യാഖ്യാനപംക്തി എന്ന പ്രത്യേക തലക്കെട്ടുകളിൽ വളരെ അധികമൊന്നും ഹദീസുകൾ ഹദീസുഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിക്കണ്ടെന്നു വരികയില്ല. ഖുർആൻെറ ഏതെങ്കിലും വചനമോ, വാക്കോ അവതരണ സന്ദർഭമോ എടുത്തുദ്ധരിക്കപ്പെട്ടിട്ടുള്ള പ്രസ്താവനകളായിരിക്കും ഈ പംക്തിയിൽ സാധാരണ രേഖപ്പെടുത്തിക്കാണുക. ഇക്കാരണത്താൽ, ഈ പ്രത്യേക പംക്തികളിൽ ചേർക്കപ്പെട്ടു കാണുന്ന ഹദീസുകൾമാത്രമാണ് ഖുർആൻ വ്യഖ്യാന വിഷയത്തിൽ നമുക്ക് നബി(ﷺ) യിൽ നിന്ന് ലഭിച്ചിരിക്കുന്നതെന്നു ധരിച്ചുകൂടാത്തതാണ്. അതുപോലെത്തന്നെ, നബി(ﷺ)യുടെ വിയോഗത്തോടുകൂടി അവിടുത്തെ ഖുർആൻ വ്യഖ്യാന പരമ്പര മുറിഞ്ഞുപോയെന്നും, പിന്നീടുള്ളവരെല്ലാം അവരവരുടെ അഭിപ്രായമനുസരിച്ച് വ്യഖ്യാനിച്ചുപോരുകയാണ് ചെയ്യുന്നതെന്നും ചിലർ ധരിക്കാറുള്ളതും പ്രചരിപ്പിക്കാറുള്ളതും തെറ്റാകുന്നു.

നബി(ﷺ) യുടെ കാലത്ത് ആവശ്യമില്ലാതിരുന്ന പലതും, ഖുർആൻ വ്യഖ്യാന വിഷയത്തിൽ പിന്നീട് ആവശ്യമായി വന്നുവെന്ന് പറഞ്ഞുവല്ലോ. ഇതിനെക്കുറിച്ച് വിശദീകരിക്കുവാൻ ശ്രമിക്കുന്നില്ല. ചില സൂചനകൾ മാത്രമേ ഇവിടെ നൽകുന്നുള്ളു. ഒരു വ്യഖ്യാതാവിന്-അറബിഭാഷാ പരിജ്ഞാനത്തിന് പുറമെ-വ്യാകരണം, സാഹിത്യം, അലങ്കാരം ആദിയായ ശാസ്ത്രങ്ങളിലും വ്യുൽപത്തി വേണം. പദങ്ങളുടെയും, വാചകങ്ങളുടെയും ഘടനാവിശേഷതകളും, അവയിൽ അടങ്ങിയ പ്രത്യേകതകളും മനസ്സിലാക്കുവാൻ ഇത് ആവശ്യമാകുന്നു. സാധാരണ ഉപയോഗത്തിലില്ലാത്ത പദങ്ങളും, പ്രയോഗങ്ങളും, അർത്ഥവൈവിദ്ധ്യം വരുന്ന പദങ്ങളും അറിഞ്ഞിരിക്കണം. ഹദീസ് ഗ്രന്ഥങ്ങൾ പരിചയിക്കുകയും, പരിശോധിക്കുകയും വേണം. സഹാബികൾ, താബിഉകൾ തുടങ്ങിയ മുൻഗാമികളായ പണ്ഡിതൻമാരുടെ പ്രസ്താവനകളും, അഭിപ്രായങ്ങളും ആരായേണ്ടതുണ്ട്. ഇസ്ലാമിക ചരിത്രങ്ങളും പരിശോധിക്കേണ്ടിയിരിക്കുന്നു. ആയത്തുകളുടെ അവതരണ ഹേതുക്കൾ, അവതരിച്ച സന്ദർഭങ്ങൾ മുതലായവയും, അറിഞ്ഞിരിക്കണം. ഖുർആനിൽ നിന്നും, ഹദീസിൽനിന്നും മതവിധികൾ മനസ്സിലാക്കുന്നതിന് ഒഴിച്ചു കൂടാത്ത കർമ്മശാസ്ത്രനിദാനവും

അറിയേണ്ടതുണ്ട്. ഇങ്ങിനെ പലതും ഒരു ഖുർആൻ വ്യഖ്യാതാവ് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാകുന്നു.

നിസ്വാർത്ഥവും നിഷ്കളങ്കവുമായ ഹൃദയം, ഖുർആൻ എന്ത് പ്രസ്താവിക്കുന്നുവോ അത്-ആരുടെ ഇഷ്ടത്തിനോ, ആദർശത്തിനോ, താല്പര്യത്തിനോ നിരക്കാത്തതായാലും ശരി-അപ്പടി സ്വീകരിക്കുവാൻ തയ്യാറുള്ള മനഃസ്ഥിതി, വളച്ചു തിരിച്ചോ ദുർവ്യാഖ്യാനം ചെയ്തോ സ്വന്തം താല്പര്യം നേടുവാൻ ശ്രമിക്കാതെ, നേർക്കുനേരെ ഉള്ളടക്കം തുറന്നു കാണിക്കുവാനുള്ള സന്നദ്ധത, താൻ പറയുന്നതിനെപ്പറ്റി അല്ലാഹുവിൻെറ മുമ്പിൽ ഉത്തരം പറയേണ്ടി വരുമെന്ന ബോധം, അല്ലാഹുവിൻെറ പ്രതിഫലത്തിലുള്ള മോഹം, ഉദ്ദേശ്യം ശരിക്കു മനസ്സിലാകാത്ത സന്ദർഭങ്ങളിൽ അത് തുറന്നുപറയുവാനുള്ള മനക്കരുത്ത്, സത്യവും ന്യായവും ആർ പറഞ്ഞാലും സ്വീകരിക്കുവാനുള്ള സന്നദ്ധത മുതലായ ഗുണങ്ങളും വ്യാഖ്യാതാവിന് അവശ്യം ആവശ്യമാകുന്നു. പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസം കാണുമ്പോൾ, അവ തമ്മിൽ, കഴിയുന്നത്ര യോജിപ്പിച്ച് നല്ലനിലക്ക് വ്യഖ്യാനിക്കുവാൻ ശ്രമിക്കേണ്ടതാണ്. മറിച്ച്, വ്യത്യസ്താഭിപ്രായങ്ങൾ പൊക്കിക്കാണിച്ചും, പരസ്പര വൈരുദ്ധ്യം സ്ഥാപിച്ചും പുറംതള്ളിക്കളയുവാൻ തുനിയുകയല്ല വേണ്ടത്. വ്യക്തമായ തെളിവിൻെറ അടിസ്ഥാനത്തിലല്ലാതെ, ആരുടെ അഭിപ്രായവും തള്ളിക്കളയുകയോ, സ്ഥിരപ്പെടുത്തുകയോ ചെയ്യരുത്. ആയത്തുകളുടെ വിവരണങ്ങളിൽ, കാലോചിതമായ സംഗതികളെ സ്പർശിച്ച് സംസാരിക്കുന്നതും ആവശ്യമാണ്. എന്നാൽ ആയത്തുകൾക്ക് യഥാർത്ഥത്തിൽ ഇല്ലാത്ത പുതിയ അർത്ഥം കല്പിച്ചുണ്ടാക്കി കാലത്തിനൊത്ത് വ്യഖ്യാനിക്കുവാൻ മുതിരുന്നത് വമ്പിച്ച അനീതിയുമാകുന്നു.

വ്യാഖ്യാനിക്കേണ്ടുന്ന രീതി.

പ്രമുഖരായ ഖുർആൻ വ്യഖ്യാതാക്കളുടെ കൂട്ടത്തിൽ പല നിലക്കും പ്രസിദ്ധി നേടിയ രണ്ട് മഹാന്മാരാണ്. ഇമാം ഇബ്നുജരീർത്വബ്‌രീ (ﷺ) യും, ഇമാം ഇബ്നുകഥീറും (ﷺ).* ഇബ്നു ജരീർ (ﷺ) ഹിജ്റ 3-ാം നൂറ്റാണ്ടിൽ ജീവിച്ച് 4-ാം നൂറ്റാണ്ടിൻെറ ആദ്യത്തിൽ-ഹി: 310ൽ അന്തരിച്ച ആളാണ്. ഖുർആൻ വ്യാഖ്യാനത്തിലെന്നപോലെ ഹദീസിലും, ഇസ്‌ലാം ചരിത്രത്തിലും ലോകപ്രസിദ്ധിനേടിയ ഒരു മഹാനാണദ്ദേഹം. ഖുർആൻെറയും ഹദീസിൻെറയും അടിസ്ഥാനത്തിൽ-സഹാബികളുടെയും, താബിഈങ്ങളുടെയും വ്യാഖ്യാനങ്ങളെ മുമ്പിൽവെച്ചുകൊണ്ടും, അഭിപ്രായവ്യത്യാസങ്ങളിൽ ലക്ഷ്യസഹിതം പരിശോധിച്ച് വിധി കൽപ്പിച്ചുകൊണ്ടും-വിരചിതമായ ഒരു മഹൽ ഗ്രന്ഥമത്രെ അദ്ദേഹത്തിൻെറ പ്രസിദ്ധ തഫ്സീർ ഗ്രന്ഥം (جامع البيان فى تفسير القرأن) 'അതുപോലെയുള്ള ഒരു തഫ്സീർ ഗ്രന്ഥം മറ്റാരാലും രചിക്കപ്പെടുകയുണ്ടായിട്ടില്ല എന്നകാര്യത്തിൽ മുസ്‌ലിം സമുദായത്തിനിടയിൽ ഭിന്നാഭിപ്രായമില്ല' എന്നാണ്, ഇമാം നവവീ(ﷺ) അതിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത്. ഖുർആനും, ഹദീസും ധാരാളക്കണക്കിൽ ഉദ്ധരിച്ചുകൊണ്ടും, കാര്യകാരണസഹിതം വിഷയങ്ങൾ കൈകാര്യം ചെയ്തുകൊണ്ടും-മുൻഗാമികളായ മഹാൻമാരുടെ മാർഗ്ഗത്തിൽനിന്നും ഒട്ടും വ്യതിചലിക്കാതെ-ഖുർആൻ വ്യാഖ്യാനിച്ച മദ്ധ്യകാല പണ്ഡിതനാണ് ഇബ്നു കഥീർ(ﷺ) ഇദ്ദേഹം ഹിജ്റ 774ൽ അന്തരിച്ചു. ഇദ്ദേഹത്തിൻെറ തഫ്സീർഗ്രന്ഥം, (تفسير القرأن العظيم) പൂർവ്വ നൂറ്റാണ്ടുകൾക്കുശേഷം രചിക്കപ്പെട്ട തഫ്സീറുകളിൽ പ്രധാനപ്പെട്ടതും, എല്ലാവരാലും അംഗീകരിക്കപ്പെട്ടതുമാകുന്നു. ഈ രണ്ട് മഹൽഗ്രന്ഥങ്ങളുടെയും

---

* (الامام ابوجعفر محمد بن جرير الطبرى والامام ابو الفداء اسماعيل بن كثير القريشى الدمشقى رحمهما الله تعالى)

മുഖവുരകളിൽ ആ മഹാന്മാർ രേഖപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകുന്നു. അവയിലെ പ്രസക്ത ഭാഗങ്ങളാണ് ഈ അദ്ധ്യായത്തിൽ നാം പ്രധാനമായി അവലംബിക്കുന്നത്.

ഖുർആൻ, ഹദീസ്, സഹാബികളുടെ വചനങ്ങൾ തുടങ്ങിയ തെളിവുകൾ നിരത്തിക്കാട്ടിക്കൊണ്ട് ഖുർആൻ വ്യാഖ്യാനസംബന്ധമായ പല കാര്യങ്ങളെക്കുറിച്ചും-കാര്യകാരണത്തോടുകൂടി-സുദീർഘം സംസാരിച്ചശേഷം ഇബ്നുജരീർ (ﷺ) പ്രസ്താവിച്ച ചില വരികളുടെ സംഗ്രഹം ഇപ്രകാരമാകുന്നു:-

''ഖുർആൻ, വ്യഖ്യാനം ചെയ്യുന്നതിന്റെ പല വശങ്ങളെക്കുറിച്ചും നാം ഇതിനുമുമ്പ് സംസാരിച്ചു. ഖുർആന്റെ വ്യഖ്യാനം മൊത്തത്തിൽ ഇങ്ങിനെ മൂന്നു വിധത്തിലാണെന്നും നാം പ്രസ്താവിച്ചു:-അതിലൊന്ന് അല്ലാഹുവിനുമാത്രം അറിയാവുന്നതും, മറ്റാർക്കും അറിയുവാൻ കഴിയാത്തതുമാകുന്നു. അന്ത്യഘട്ടത്തിന്റെ (ഖിയാമത്തുനാളിന്റെ) സമയം. ഈസാ (അ) ഇറങ്ങിവരുന്ന സമയം, കാഹളത്തിൽ ഊതുന്ന സമയം എന്നിങ്ങനെ വരാനിരിക്കുന്ന സംഭവങ്ങളുടെ സമയങ്ങളും, അതുപോലെയുള്ള മറ്റു കാര്യങ്ങളുമാണിത്. ഉണ്ടാമത്തേതു, നബി(ﷺ) ക്കു മാത്രം അല്ലാഹു അറിയിച്ചു കൊടുത്തിട്ടുള്ളതും, ജനങ്ങളിൽ മറ്റാർക്കും അറിയുവാൻ കഴിയാത്തതുമായ കാര്യങ്ങളാകുന്നു. അതായത്: നബി (ﷺ) തിരുമേനി വിവരിച്ചു കൊടുക്കാതെ ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കാത്തവ. (മതവിധികൾ, ശിക്ഷാനിയമങ്ങൾ, അനുഷ്ഠാനക്രമങ്ങൾ മുതലായവ.) മൂന്നാമത്തേത്: ഖുർആൻ അവതരിച്ച ഭാഷ അറിയുന്നവർക്ക് ഗ്രഹിക്കാവുന്നത്. എന്നുവെച്ചാൽ, അറബിഭാഷയും, അതിന്റെ വ്യാകരണവും അറിയുന്നവർക്ക് മാത്രം ഗ്രഹിക്കാവുന്നത്.''

''യഥാർത്ഥം ഇതാണെങ്കിൽ, ജനങ്ങൾക്ക് അറിയുവാൻ സാധ്യമായ വശങ്ങളെ വ്യാഖ്യാനിക്കുന്നതിൽ സത്യത്തോട് യോജിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവരും, ഏറ്റവും വ്യക്തമായ തെളിവുകൾ സഹിതം വ്യാഖ്യാന വിവരണം നൽകുന്നവരും ഇങ്ങിനെയുള്ളവരായിരിക്കും: അതായത് നബി, (ﷺ) യിൽ നിന്ന് വ്യാഖ്യാനം ലഭിക്കേണ്ടുന്ന വിഷയത്തിൽ, നബി (ﷺ) യുടെ ഹദീസുകൾ വഴി കൂടുതൽ തെളിവു നൽകുന്നവർ. പല മാർഗ്ഗങ്ങളിൽകൂടിയും പ്രസിദ്ധമായ ഹദീസുകളെ ഉദ്ധരിച്ചോ, അല്ലെങ്കിൽ, വിശ്വസ്തരും, മര്യാദക്കാരുമായ നിവേദകൻമാരിൽനിന്ന് ഉദ്ധരിച്ചോ ഇത് ചെയ്യാം. അല്ലാത്തപക്ഷം ഹദീസുകളുടെ ബലാബലം പരിശോധിക്കുന്നതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ഇത് ചെയ്യാവുന്നതാണ്. ഭാഷാജ്ഞാനങ്ങൾ വഴി ലഭിക്കാവുന്ന വ്യാഖ്യാനങ്ങളിൽ, ഭാഷക്കാരുടെ പ്രസിദ്ധ കവിതകളിൽനിന്നോ, അവർക്കിടയിൽ സുപരിചിതമായ സംസാരശൈലികളിൽനിന്നോ സാക്ഷ്യം നൽകിക്കൊണ്ടായിരിക്കണം വ്യാഖ്യാനിക്കുന്നത്. മുൻഗാമികളായ സഹാബികൾ, ഇമാമുകൾ, പിൻഗാമികളായ താബിഉകൾ, സമുദായത്തിലെ പണ്ഡിതൻമാർ എന്നിവരുടെ അഭിപ്രായങ്ങൾക്ക് പുറത്തുപോകാതിരിക്കുന്നപക്ഷം -ഇങ്ങിനെയുള്ള വ്യാഖ്യാനം ആരുടേതായിരുന്നാലും ശരി-ആ വിവരണവും, വ്യാഖ്യാനവും കൊള്ളാവുന്നതാകുന്നു.'' (തഫ്സീർ ഇബ്നുജരീർ വാ: 1 പേ : 21.)

ഇനി, ഇബ്നുകഥീർ (ﷺ) ചെയ്ത പ്രസ്താവനയിലെ പ്രസക്ത ഭാഗങ്ങൾ പരിശോധിക്കാം. അദ്ദേഹം പറയുന്നു:-

'ഖുർആൻ വ്യാഖ്യാനിക്കുന്ന മാർഗ്ഗങ്ങളിൽ വെച്ച് ഏറ്റവും നല്ല മാർഗ്ഗം ഏതാണെന്നു ചോദിച്ചാൽ ഇങ്ങിനെ മറുപടി പറയാം:-ഏറ്റവും നല്ല മാർഗ്ഗമിതാണ്: ഖുർആൻ കൊണ്ടു തന്നെ അതിനെ വ്യാഖ്യാനിക്കുക. ഒരിടത്ത് സാമാന്യമായി ചുരുക്കിപ്പറഞ്ഞ വിഷയം മറ്റൊരിടത്ത് വിശദീകരിച്ച് പറഞ്ഞിരിക്കും. അതിനു സാധ്യമാകാതെ വന്നാൽ, നീ 'സുന്നത്തി'നെ മുറുകെ പിടിച്ചുകൊള്ളുക. അത് ഖുർആനെ വിവരിച്ചുതരുന്നതും, വ്യക്തമാക്കിത്തരുന്നതുമാണ്. അത്രയുമല്ല, നബി(ﷺ) ഏതെല്ലാം കാര്യം വിധിച്ചിട്ടുണ്ടോ അതെല്ലാം തന്നെ, തിരുമേനി ഖുർആനിൽനിന്നു ഗ്രഹിച്ചതാണ് എന്നത്രെ ഇമാം ശാഫീ (رحمه الله) പറയുന്നത്. അല്ലാഹു പറയുന്നു:

انا انزلنا اليك الكتاب با الحق لتحكم بين الناس بما اراك الله ولا تكن للخائنين خصيما – النسآء : ١٠٥

(നിനക്ക് അല്ലാഹു കാണിച്ചു-മനസ്സിലാക്കി-തന്നിട്ടുള്ളതുകൊണ്ട് ജനങ്ങൾക്കിടയിൽ നീ വിധി നടത്തുവാനായി നാം നിനക്കു യഥാർത്ഥപ്രകാരം വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. നീ ചതിയൻമാർക്കുവേണ്ടി തർക്കം നടത്തുന്നവനാകരുത്) അല്ലാഹു വീണ്ടും പറയന്നു:

وما انزلنا عليك الكتاب الالتبين لهم الذى اختلفوا فيه وهدى ورحمة لقوم يؤمنون – النحل : ٦٤

(അവർ യാതൊന്നിൽ ഭിന്നിച്ചിരിക്കുന്നുവോ അതു നീ അവർക്കു വിവരിച്ചുകൊടുക്കുവാൻവേണ്ടിയും, വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും കാരുണ്യവുമായിക്കൊണ്ടും അല്ലാതെ, നാം നിന്റെമേൽ വേദഗ്രന്ഥം അവതരിപ്പിച്ചിട്ടില്ല.)

و انزلنا اليك الذكر لتبين للناس ما نزل اليهم ولعلهم يتفكرون – النحل : ٤٤

(മനുഷ്യർക്ക് ഇറക്കപ്പെട്ടിട്ടുള്ളത് നീ അവർക്ക് വിവരിച്ചുകൊടുക്കുവാൻവേണ്ടിയും അവർ ചിന്തിച്ചേക്കുവാൻ വേണ്ടിയും നാം നിനക്ക് പ്രമാണം-ഖുർആൻ-അവതരിപ്പിച്ചിരിക്കുന്നു.)

'ഇതുകൊണ്ടാണ് റസൂൽ (ﷺ) ഇപ്രകാരം അരുളിച്ചെയ്തത്:

الا انى اوتيت القرأن ومثله معه – ابوداود وابن ماجة (അറിയുക: എനിക്ക് ഖുർആനും, അതോടൊപ്പം അത്രയുംകൂടി നല്കപ്പെട്ടിരിക്കുന്നു.) തിരുമേനിയുടെ സുന്നത്താണ് ഇതുകൊണ്ടുദ്ദേശ്യം. വാസ്തവത്തിൽ, സുന്നത്തും നബി(ﷺ) ക്കു ലഭിക്കുന്ന വഹ്‌യുതന്നെയാണ്. പക്ഷേ, ഖുർആൻ (വേദഗ്രന്ഥമെന്ന നിലക്ക്) പാരായണം ചെയ്യപ്പെടുന്നു. സുന്നത്ത് (ആ നിലക്ക്) പാരായണം ചെയ്യപ്പെടുന്നില്ല. ഈ വസ്തുത അനേക ലക്ഷ്യങ്ങൾ മുഖേന ഇമാം ശാഫീ (رحمه الله) മുതലായ മഹാൻമാർ തെളിയിച്ചിട്ടുള്ളതാണ്. അത് വിവരിക്കേണ്ടുന്ന സ്ഥാനം ഇതല്ല. ഖുർആന്റെ വ്യാഖ്യാനം ഖുർആനിൽ നിന്നുതന്നെ അന്വേഷിക്കുക, ലഭിക്കാത്തപക്ഷം സുന്നത്തിൽനിന്നും. ഇതാണിവിടെ പറയുവാനുള്ളത്.

'മുആദ്' (**معاذ رض**) നെ യമനിലേക്ക് അയച്ചപ്പോൾ നബി (ﷺ) അദ്ദേഹത്തോട് നിർദ്ദേശിച്ചത് ഇങ്ങിനെയായിരുന്നു. തിരുമേനി അദ്ദേഹത്തോട് ചോദിച്ചു: ''നീ ഏതനുസരിച്ച് വിധിക്കും?'' അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിന്റെ കിത്താബനുസരിച്ച്,'' തിരുമേനി: ''അല്ലാഹുവിന്റെ കിത്താബിൽ നീ കണ്ടിട്ടില്ലെങ്കിലോ?'' മുആദ്: ''എന്നാൽ അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തനുസരിച്ച്.'' തിരുമേനി: ''(അതിലും) കണ്ടില്ലെങ്കിലോ?'' അദ്ദേഹം പറഞ്ഞു: ''ഞാൻ എന്റെ അഭിപ്രായം ആരായും.'' അപ്പോൾ തിരുമേനി അദ്ദേഹത്തിന്റെ നെഞ്ചിൽ (സന്തോഷപൂർവ്വം) കൊട്ടിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു: ''അല്ലാഹുവിന്റെ റസൂൽ തൃപ്തിപ്പെടുന്ന കാര്യത്തിലേക്ക് അല്ലാഹുവിന്റെ റസൂലിന്റെ ദൂതന് ഉതവിചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും!'' ഈ ഹദീസ് പല ഹദീസ് ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും,

നിവേദനപരമ്പര നല്ലതാണെന്ന് സ്ഥിരപ്പെട്ടിട്ടുള്ളതുമാണ്. [*]

'ഖുർആനിലും, സുന്നത്തിലും വ്യാഖ്യാനം കണ്ടെത്താത്തപ്പോൾ നാം സഹാബികളുടെ വചനങ്ങളിലേക്ക് മടങ്ങണം. മറ്റാർക്കും കൈവന്നിട്ടില്ലാത്ത അവസരങ്ങളും സന്ദർഭങ്ങളും ലഭിച്ചവരാണല്ലോ അവർ. തികഞ്ഞ ബുദ്ധിശക്തിയും, യഥാർത്ഥമായ വിജ്ഞാനവും സൽക്കർമ്മശീലവും അവർക്ക്-അവരിൽനിന്നുള്ള പണ്ഡിതന്മാരായ മഹാൻമാർക്ക് പ്രത്യേകിച്ചും-നൽകപ്പെട്ടിട്ടുമുണ്ട്. ഇബ്നുമസ്ഊദ്(ﷺ) പ്രസ്താവിച്ചതായി ഇബ്നുജരീർ (ﷺ) ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: "താനല്ലാതെ മറ്റൊരു ഇലാഹും ഇല്ലാത്തവനായ അല്ലാഹുതന്നെയാണ് ! അല്ലാഹുവിൻെറ കിത്താബിലെ ഏതൊരു ആയത്തും ആരുടെ കാര്യത്തിൽ അവതരിച്ചുവെന്നും എവിടെവെച്ച് അവതരിച്ചുവെന്നും എനിക്ക് നല്ലപോലെ അറിയാത്തതായിട്ടില്ല. അല്ലാഹുവിൻെറ കിത്താബിനെപ്പറ്റി എന്നെക്കാൾ അറിയുന്ന ഒരാൾ, വാഹനം ചെന്നെത്താവുന്ന വല്ല സ്ഥലത്തും ഉണ്ടെങ്കിൽ ഞാൻ അദ്ദേഹത്തിൻെറ അടുക്കലേക്ക് പോകുമായിരുന്നു," ഇബ്നുമസ്ഊദ്(ﷺ)ൽ നിന്ന് അഅ്മശ് (الأعمشى – رح) ഉദ്ധരിക്കുന്നു: "ഞങ്ങളിൽ-സഹാബികളിൽ-ഒരാൾ ഒരു പത്ത് ആയത്ത് പഠിച്ചാൽ, അവയുടെ സാരങ്ങളും, അവയനുസരിച്ചുള്ള പ്രവർത്തനവും മനസ്സിലാക്കാതെ അതിനപ്പുറം കടക്കുകയില്ലായിരുന്നു." അബൂഅബ്ദിർ-റഹ്മാൻ സലമീ(ﷺ) പറയുന്നു: "ഞങ്ങൾക്ക് ഖുർആൻ ഓതിത്തരുന്നവർ (സഹാബികൾ) ഞങ്ങളോട് ഇപ്രകാരം പറഞ്ഞിട്ടുണ്ട്:" നബി(ﷺ) യിൽ നിന്ന് തങ്ങൾ ഖുർആൻ ഓതിക്കേട്ടിരുന്നു. പത്ത് ആയത്തുകൾ പഠിച്ചാൽ, അവയിൽ അടങ്ങിയ കാര്യം പ്രവർത്തനത്തിൽ കൊണ്ടുവരാതെ അവയുടെ പുറകെ വേറെ ആയത്തുകൾ ഞങ്ങൾ പഠിക്കുകയില്ല. അങ്ങനെ, ഖുർആനും അതനുസരിച്ചുള്ള പ്രവർത്തനവും ഒന്നിച്ചുതന്നെ ഞങ്ങൾ പഠിച്ചു.

ഇബ്നു കഥീർ(ﷺ) തുടരുന്നു: "സഹാബികളിൽ ഖുർആനെപ്പറ്റി കൂടുതൽ അറിയുന്നവരുടെ കൂട്ടത്തിൽ ഒരാളാണ് തിരുമേനിയുടെ പിതൃവ്യപുത്രൻ അബ്ദുല്ലാഹിബ്നു അബ്ബാസ് (ﷺ) തിരുമേനിയുടെ പ്രാർത്ഥനാഫലമായി 'തർജുമാനുൽ ഖുർആൻ' (ترجمان القرأن) ഖുർആൻെറ വ്യാഖ്യാതാവ് എന്ന പേരിൽ അദ്ദേഹം പ്രസിദ്ധനായി. 'അല്ലാഹുവേ, ഇവന് മതത്തിൽ വിജ്ഞാനം നൽകുകയും, വ്യഖ്യാനം പഠിപ്പിക്കുകയുംവേണമേ! اللهم فقه فى الدين وعلمه التأويل ' എന്നു തിരുമേനി അദ്ദേഹത്തിനുവേണ്ടി 'ദുആ'ചെയ്തിരുന്നു. അദ്ദേഹത്തെക്കുറിച്ചു ഇബ്നുമസ്ഊദ് 'ഖുർആൻെറ വളരെ നല്ല ഒരഭിഭാഷകനാണ് ഇബ്നുഅബ്ബാസ്' എന്ന് പറഞ്ഞിരിക്കുന്നു: ഹിജ്റ 23ലാണ് ഇബ്നുമസ്ഊദ് (ﷺ) ൻെറ വിയോഗം. അതിനുശേഷം ഇബ്നുഅബ്ബാസ് (ﷺ) 36 കൊല്ലം ജീവിച്ചിരുന്നിട്ടുണ്ട്. അപ്പോൾ ഇബ്നുമസ്ഊദ് (ﷺ) നുശേഷവും അദ്ദേഹം എത്രയോ വിജ്ഞാനങ്ങൾ കരസ്ഥമാക്കിയിരിക്കുമല്ലോ. അലി (ﷺ) ഒരിക്കൽ അദ്ദേഹത്തെ ഹജ്ജിൻെറ അമീറായി നിശ്ചയിച്ചിരുന്നു. അന്ന് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ സൂറത്തുൽ ബഖറ-സൂറത്തുന്നൂറാണെന്നും ഒരു രിവായത്തുണ്ട്.-ഓതി വ്യഖ്യാനിക്കുകയുണ്ടായി. റോമാക്കാരും, തുർക്കികളും, ദൈലമുകാരും [†] ആ വ്യഖ്യാനം കേട്ടിരുന്നുവെങ്കിൽ അവരെല്ലാം ഇസ്ലാമിൽ വരുമായിരുന്നു." എന്നിങ്ങിനെ അബൂവാഇൽ (ﷺ) പ്രസ്താവിച്ചിരിക്കുന്നു.

---

[*] അബൂദാവൂദ് തിർമദീ, ദാരീമി (റ) എന്നിവർ ഉദ്ധരിച്ച പ്രസിദ്ധമായ ഒരു ഹദീസാണിത്. ഇത് നാം മുമ്പൊരിക്കൽ ഉദ്ധരിച്ചിട്ടുണ്ട്.

[†] കാസ്പിയൻ കടലിന്റ്റെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഗിലാനി (جيلان) ലൈമല പ്രദേശം

‘‘ഇങ്ങിനെയുള്ള കാരണങ്ങൾക്കൊണ്ടാണ് ഇസ്മാഈൽ* സുദ്ദീ (﵀) അദ്ദേഹത്തിൻെറ തഫ്സീറിൽ ഉദ്ധരിക്കുന്ന മിക്ക വ്യാഖ്യാനങ്ങളും ഇബ്നുമസ്ഊദ് (ﷺ), ഇബ്നു അബ്ബാസ് (ﷺ) എന്നീ രണ്ടുപേരിൽനിന്നു വന്നിട്ടുള്ള വ്യഖ്യാനങ്ങളായത്. എങ്കിലും, വേദക്കാരിൽനിന്നു ഉദ്ധരിച്ചുകൊള്ളുവാൻ നബി(ﷺ) അനുവദിച്ച ഇനത്തിൽപ്പെട്ട ചില പ്രസ്താവനകൾ സഹാബികൾ മുഖേന ലഭിച്ചിട്ടുള്ളതും അദ്ദേഹം-സുദ്ദീ (﵀)-ചിലപ്പോൾ ഉദ്ധരിക്കാറുണ്ട്. തിരുമേനി അരുളിചെയ്തതു ഇതാണ്:

بلغوا عنى ولواية وحدثوا عن بنى اسرائيل ولا حرج ومن كذب على متعمدا فليتبوا:مقعده من النار – البخارى

(ഒരു ആയത്തായിരുന്നാൽപോലും നിങ്ങൾ എന്നിൽനിന്നു -മറ്റുള്ളവർക്കു എത്തിച്ചു കൊടുക്കണം. ഇസ്റാഈല്യരിൽനിന്നു ഉദ്ധരിക്കാം. വിരോധമില്ല. ആരെങ്കിലും എൻെറമേൽ കരുതിക്കൂട്ടി കളവുപറയുന്നപക്ഷം അവൻ നരകത്തിലുള്ള തൻെറ ഇരിപ്പിടം കാത്തിരുന്നു കൊള്ളട്ടെ. (ബു.) ഈ ഹദീസ് ഇബ്നുഉമർ (ﷺ) ഉദ്ധരിച്ചതാണ്. വേദക്കാരിൽനിന്നു വാർത്തകൾ ഉദ്ധരിക്കാമെന്ന് അദ്ദേഹം ഈ ഹദീസിൽനിന്നു മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടാണ് യർമൂക്ക് യുദ്ധത്തിൽവെച്ച് വേദക്കാരുടെ ചില ഗ്രന്ഥക്കെട്ടുകൾ അദ്ദേഹത്തിനു കിട്ടിയശേഷം അതിൽനിന്നു അദ്ദേഹം വർത്തമാനങ്ങൾ ഉദ്ധരിച്ചുവന്നിരുന്നത്.’’

‘‘എന്നാൽ, ഇസ്റാഈലി വാർത്തകൾ (വേദക്കാരിൽ നിന്നു ലഭിക്കുന്ന വാർത്തകൾ) ഉദ്ധരിക്കുന്നത് അതുമുഖേന വിഷയങ്ങളെ സ്ഥിരപ്പെടുത്തുവാൻ വേണ്ടിയല്ല, സാക്ഷ്യപ്പെടുത്തുവാൻ വേണ്ടി മാത്രമാകുന്നു. കാരണം, ഇസ്റാഈലി വാർത്തകൾ ഈ മൂന്നിൽ ഒരു പ്രകാരത്തിലുള്ളവയായിരിക്കും: (1) നമ്മുടെ കൈവശമുള്ള രേഖകളാൽ സത്യമാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നവ. ഇത് ശരിയായിട്ടുള്ളതുതന്നെ. (2) എതിരായ രേഖകൾ നമ്മുടെ കൈവശമുള്ളതിനാൽ, കളവാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നത്. (3) സത്യമെന്നോ അസത്യമെന്നോ അറിയത്തക്കതെളിവില്ലാത്തവ. ഇത് നമുക്ക് വിശ്വസിക്കുവാനോ, കളവാക്കിത്തള്ളുവാനോ നിവൃത്തിയില്ല. മേൽ പറഞ്ഞ ആവശ്യാർത്ഥം (സാക്ഷ്യപ്പെടുത്തുവാൻ വേണ്ടി) അത് ഉദ്ധരിക്കാവുന്നതാണ്. ഇത്തരം ഉദ്ധരണികളാകട്ടെ, മിക്കവാറും മതസംബന്ധമായി യാതൊരു പ്രയോജനവും നൽകാത്തവയുമായിരിക്കും, വേദക്കാരായ പണ്ഡിതൻമാർക്കിടയിൽ തന്നെ, ഈ വിഭാഗത്തിൽ വളരെ ഭിന്നിപ്പുകൾ കാണുന്നതും അത് കൊണ്ടാണ്. അതേ കാരണത്താൽ, ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിലും അതിൽ ഭിന്നാഭിപ്രായം ഉണ്ടായിക്കൊണ്ടിരിക്കും. ‘അസ്ഹാബുൽ കഹ്ഫി’ൻെറ (ഗുഹാവാസികളുടെ) എണ്ണം, പേർ, അവരുടെ നായയുടെ വർണ്ണം, മൂസാ (അ) നബിയുടെ വടി ഏത് വൃക്ഷത്തിൽ നിന്നുള്ളതായിരുന്നു. ഇബ്റാഹീം (അ) നബിക്ക് അല്ലാഹു ജീവിപ്പിച്ചു കൊടുത്ത പക്ഷികൾ ഏതെല്ലാമായിരുന്നു, മൂസാ (അ) അല്ലാഹുവിൻെറ സംസാരം കേട്ടത് ഏത് വൃക്ഷത്തിങ്കൽ നിന്നാണ്, എന്നിങ്ങിനെ ഖുർആനിൽ വ്യക്തമാക്കിയിട്ടില്ലാത്ത വിഷയങ്ങളിൽ കാണപ്പെടുന്ന പ്രസ്താവനകളെല്ലാം ഈ ഇനത്തിൽ-സത്യമോ അസത്യമോ എന്ന് നിർണ്ണയിക്കുവാൻ കഴിയാത്തതും പ്രയോജനമില്ലാത്തതുമായ ഇസ്റാഈലി വാർത്തകളിൽ-ഉൾപ്പെട്ടതാകുന്നു.’’

‘‘ഇസ്റാഈല്യരിൽ നിന്ന് ഇങ്ങിനെ ഭിന്നമായ പ്രസ്താവനകൾ ഉദ്ധരിക്കുന്നതിന് തെറ്റില്ലെന്ന് ഖുർആൻ മുഖേനത്തന്നെ മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറയുന്നു:

---

* (اسماعيل بن عبد الرحمن السدى الكبير–رح)

الكهف ...... سيقولون ثلثة رابعهم كلبهم (അവർ ഗുഹാവാസികൾ-മൂന്നാളാണ്, അവരിൽ നാലാമത്തേത് അവരുടെ നായയാണ് എന്ന് അവർ പറയും. അഞ്ചാളാണ്, ആറാമത്തേത് അവരുടെ നായയാണ് എന്നും പറയും. അദൃശ്യകാര്യത്തിൽ ഊഹപ്രകടനം നടത്തുകയത്രെ (അവർ ചെയ്യുന്നത്)! ഏഴുപേരാണ്, എട്ടാമത്തേത് അവരുടെ നായയാണ് എന്നും പറയുന്നു. (നബിയേ,) പറയുക: അവരുടെ എണ്ണത്തെക്കുറിച്ച് എന്റെ റബ്ബ് ശരിക്കറിയുന്നവനാകുന്നു. അല്പം ആളുകളല്ലാതെ അവരെക്കുറിച്ച് അറിയുന്നതല്ല. എന്നിരിക്കെ അവരുടെ കാര്യത്തിൽ, പ്രത്യക്ഷത്തിലുള്ള ഒരു തർക്കമല്ലാതെ നീ തർക്കിക്കരുത്. അവരുടെ കാര്യത്തിൽ, ഇവരിൽ ഒരാളോടും നീ തീരുമാനമാവശ്യപ്പെടുകയും ചെയ്യരുത്.'' (അൽകഹ്ഫ്, 22.)

''ഇസ്റാഈലി വാർത്തകളെ സംബന്ധിച്ച് നാം ഗൗനിക്കേണ്ട കാര്യങ്ങളെല്ലാം അല്ലാഹു ഈ വചനത്തിൽ നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. മൂന്ന് അഭിപ്രായങ്ങളെ അല്ലാഹു ഇതിൽ ഉദ്ധരിച്ചു. ആദ്യത്തെ രണ്ടും (ഊഹപ്രകടനമാണെന്നു പറഞ്ഞ്) ബലഹീനമാക്കിക്കാണിച്ചു. മൂന്നാമത്തേതിനെപ്പറ്റി ശരിയോ തെറ്റോ എന്ന് വ്യക്തമാക്കാതെ-മൗനമവലംബിച്ചു. അപ്പോൾ, ഈ അഭിപ്രായം ശരിയായിരിക്കുമെന്നുവരുന്നു. കാരണം, ഇതും തെറ്റായിരുന്നുവെങ്കിൽ, ഇതിനെപ്പറ്റിയും അത് തെറ്റാണെന്ന് ഉണർത്തേണ്ടിയിരുന്നു. ഏതായാലും അവരുടെ എണ്ണം അറിയുന്നതിൽ വലിയ പ്രയോജനമൊന്നും ഇല്ലെന്നും അല്ലാഹു ഓർമ്മപ്പെടുത്തി. അവരുടെ എണ്ണം അല്ലാഹുവിന് നല്ലവണ്ണം അറിയാമെന്നും, അവരെപ്പറ്റി അറിയുന്നവർ അൽപം ആളുകളേയുള്ളു എന്നും, അക്കാര്യത്തിൽ പ്രയോജനമില്ലാത്ത തർക്കത്തിന് മുതിരേണ്ടതില്ലെന്നും പ്രസ്താവിച്ചു. ഇങ്ങിനെയുള്ള അഭിപ്രായവ്യത്യാസങ്ങളിലെല്ലാം നാം കൈക്കൊള്ളേണ്ടതെന്താണെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാകുന്നു. അതെ, അഭിപ്രായങ്ങളെല്ലാം ഉദ്ധരിക്കുക, അതിൽ ശരിയായത് ഏതാണെന്ന് ചൂണ്ടിക്കാട്ടുക, അല്ലാത്തത് ദുർബ്ബലമാണെന്ന് കാണിക്കുക, വ്യത്യസ്താഭിപ്രായങ്ങളിൽ അടങ്ങിയിരിക്കുന്ന തത്വം എടുത്തുകാട്ടുക, ഇങ്ങിനെ ചെയ്താൽ, തർക്കവിതർക്കങ്ങൾക്ക് അവസരം കുറയുന്നതാണ്.

''എന്നാൽ, ഒരു വിഷയത്തിലുള്ള ഒരു അഭിപ്രായം മാത്രം ഉദ്ധരിച്ച് ബാക്കി വിട്ടേച്ച് കളയുന്നവൻ കാര്യത്തിന് പോരാത്തവനാണ്. കാരണം, ഒരുപക്ഷേ അവൻ ഉദ്ധരിക്കാതെ വിട്ടുകളഞ്ഞ അഭിപ്രായങ്ങളിലായിരിക്കും യഥാർത്ഥം അടങ്ങിയിട്ടുള്ളത്. അതുപോലെത്തന്നെ, വ്യത്യസ്ത അഭിപ്രായങ്ങളിൽ ബലപ്പെട്ടതിനെക്കുറിച്ച് ഒന്നും പ്രസ്താവിക്കാതെ അപ്പടി ഉദ്ധരിച്ചു മതിയാക്കുന്നവനും പോരാത്തവൻ തന്നെ. യഥാർത്ഥത്തിൽ ശരിയല്ലാത്തതിനെ കൽപിച്ചുകൂട്ടി ബലപ്പെടുത്തുന്നപക്ഷം, തീർച്ചയായും അവൻ കൽപിച്ചുകൂട്ടി കളവ് കെട്ടിപ്പറയുകയാണ് ചെയ്യുന്നത്. ഇനി, അറിയാതെയാണിത് ചെയ്യുന്നതെങ്കിൽ, അവൻ അബദ്ധം പ്രവർത്തിക്കുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ, പ്രയോജനമില്ലാത്ത അഭിപ്രായങ്ങൾ എടുത്തുകാട്ടുന്നവരും, സാരം നോക്കുമ്പോൾ ഒന്നോ രണ്ടോ അഭിപ്രായമായി അവശേഷിക്കുമാറ് വാക്കുകളിൽ മാത്രം പരസ്പര വ്യത്യാസമുള്ള പ്രസ്താവനകൾ ഉദ്ധരിച്ചുകൊണ്ടിരിക്കുന്നവനും വൃഥാ സമയം ചിലവിഴിക്കുകയത്രെ ചെയ്യുന്നത്.''

ഇബ്നു കഥീർ (റ) തുടരുന്നു. ''മറ്റൊരു വിഷയം: ഇനി ഖുർആനിലും സുന്നത്തിലും വ്യാഖ്യാനം കണ്ടെത്തിയിട്ടില്ല. സഹാബികളിൽ നിന്നും ലഭിച്ചില്ല. എന്നാലോ? ഈ അവസരത്തിൽ അധിക ഇമാമുകളും (പണ്ഡിത നേതാക്കളും) താബിഉകളുടെ പ്രസ്താവന

കളിലേക്കാണ് മടങ്ങാറുള്ളത്. താബിഉകളിൽ ഏറ്റവും പ്രധാനിയായ മഹാനാണ് മുജാഹിദ് (رحمه الله). അദ്ദേഹം ഖുർആൻ വ്യാഖ്യാനത്തിൽ ഒരു ദൃഷ്ടാന്തം (اية فى التفسير) തന്നെയാകുന്നു. മുഹമ്മദുബ്നു ഇസ്ഹാഖ് (رحمه الله) പറഞ്ഞതുപോലെ, മുസ്ഹഫിൻെറ ആദ്യം മുതൽ അവസാനംവരെ ഓരോ ആയത്തി(വചനത്തി)ങ്കലും നിറുത്തി അതിനെപ്പറ്റി ചോദിച്ചറിഞ്ഞുകൊണ്ട് ഇബ്നു അബ്ബാസ് (رضي الله عنهما)ൻെറ അടുക്കൽനിന്നു മൂന്നു പ്രാവശ്യം ഖുർആൻ പരിശോധന നടത്തിയ ആളാണ് മുജാഹിദു (رحمه الله). ഇബ്നു അബ്ബാസ് (رضي الله عنهما)ൽനിന്നു ഇദ്ദേഹം ഖുർആൻ വ്യാഖ്യാനം പഠിച്ചു എഴുതിയെടുത്തിരുന്നതായി ഇബ്നു അബീമുലൈക (رحمه الله) യും പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടാണ് 'മുജാഹിദിൽനിന്നു നിനക്ക് തഫ്സീർ ലഭിച്ചാൽ അതു തന്നെ മതി' എന്ന് സുഫ്യാൻ ഥൗരി(رحمه الله) പറയാറുണ്ടായിരുന്നതും. അപ്രകാരം തന്നെ, സഈദുബ്നു ജുബൈർ, ഇക്രിമഃ അത്വാഉ്, ഹസൻബസരീ, മസ്റൂഖ്, സഈദുബ്നുൽ മുസയ്യബ്, അബുൽ ആലിയഃ, റബീഉ്, ഖത്താദഃ, ളഹ്-ഹാക്ക് മുതലായ താബിഉകൾ ഇവരുടെ പിൻഗാമികളായ 'താബിഉത്താബിഉകൾ', അവരുടെ ശേഷമുള്ളവർ ഇവരെല്ലാം ഖുർആൻ വചനങ്ങളെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതും നോക്കണം.

'ഇങ്ങിനെയുള്ളവരുടെ പ്രസ്താവനകൾ ഉദ്ധരിക്കുമ്പോൾ, വാചകങ്ങളിൽ പരസ്പരം വ്യത്യാസം കണ്ടേക്കും. വിവരമില്ലാത്ത ആളുകൾ അവയെല്ലാം വെവ്വേറെ അഭിപ്രായങ്ങളാണെന്നു ധരിക്കുകയും, അങ്ങനെ ആ നിലക്ക് ഉദ്ധരിക്കുകയും ചെയ്തേക്കും. വാസ്തവം അതായിരിക്കുകയുമില്ല. ഒരു കാര്യത്തെക്കുറിച്ച് പറയുമ്പോൾ, ചിലർ സ്പഷ്ടമായ വാക്കുകളിലും, മറ്റു ചിലർ അതിനു സമാനമോ സദൃശമോ ആയ വേറെ വാക്കുകളിലും സംസാരിച്ചിട്ടുണ്ടായിരിക്കും. സാരത്തിൽ എല്ലാം ഒന്നായിരിക്കുകയും ചെയ്യും. മിക്കപ്പോഴും ഇങ്ങിനെയായിരിക്കും സംഭവിക്കുക. ബുദ്ധിമാനായ മുഫസ്സിർ' (വ്യാഖ്യാതാവ്) ഈ വസ്തുത ഓർമ്മവെക്കേണ്ടതാകുന്നു.

ശുഅ്ബ(رحمه الله) മുതലായവർ ഇങ്ങിനെ പറയാറുണ്ടായിരുന്നു: 'താബിഉകളുടെ പ്രസ്താവനകൾ ശാഖാപരമായ കാര്യങ്ങളിൽപോലും തെളിവല്ല എന്നിരിക്കെ, എങ്ങിനെയാണ് ഖുർആൻ വ്യാഖ്യാനത്തിൽ അവ തെളിവായിത്തീരുക?' ഇപ്പറഞ്ഞതിൻെറ താൽപര്യം, മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് എതിരിൽ അവരുടെ അഭിപ്രായങ്ങൾ തെളിവാകുന്നില്ല എന്നത്രെ. നേരെമറിച്ച് താബിഉകൾ ഏകോപിച്ചു പറഞ്ഞിട്ടുള്ള അഭിപ്രായം തെളിവാണെന്നുള്ളതിൽ സംശയമില്ല. അവർ ഏകോപിക്കാതെ ഭിന്നിച്ചിരിക്കുകയാണെങ്കിലോ? അപ്പോൾ, അവരിൽ ഒരാളുടെ അഭിപ്രായം അവരിൽപ്പെട്ടവരോ ശേഷമുള്ളവരോ ആയ മറ്റുള്ളവർക്കെതിരിൽ തെളിവാകുന്നതല്ല. ഈ സന്ദർഭത്തിൽ, ഖുർആൻെറ ഭാഷ, സുന്നത്ത്, അറബിഭാഷാശൈലി, സഹാബികളുടെ വാക്കുകൾ മുതലായതിലേക്ക് മടങ്ങേണ്ടതാണ്.

സ്വന്തം അഭിപ്രായത്തിനൊത്തു ഖുർആൻ വ്യാഖ്യാനിക്കുന്നത് 'ഹറാമാ'കുന്നു. നബി (ﷺ) അരുളിച്ചെയ്തതായി ഇബ്നു അബ്ബാസ് (رضي الله عنهما) ഇപ്രകാരം നിവേദനം ചെയ്യുന്നു. من قال فى القرأن برأيه او ما لا يعلم فليتبوأ مقعده من النار. (ആരെങ്കിലും ഖുർആനിൽ തൻെറ അഭിപ്രായം അനുസരിച്ചോ, തനിക്കറിയാത്തതിനെക്കുറിച്ചോ പ്രസ്താവിക്കുന്നതായാൽ, അവൻ തൻെറ ഇരിപ്പിടം നരകത്തിൽനിന്നും പ്രതീക്ഷിച്ചുകൊള്ളട്ടെ!) ഈ ഹദീസ് ഇബ്നുജരീർ, തിർമദി, അബൂദാവൂദ്, നസാഈ മുതലായവർ ഉദ്ധരിച്ചതാകുന്നു. മറ്റൊരു 'രിവായത്തി' ലെ വാക്യം ഇതാണ്: من قال فى كتاب الله برأيه فاصاب فقد اخطا (ആരെങ്കിലും അല്ലാഹുവിൻെറ കിത്താബിൽ തൻെറ അഭിപ്രായമനുസരിച്ച് പ്രസ്താവിക്കുകയും,

എന്നിട്ടതു നേരായിരിക്കുകയും ചെയ്താലും അവൻ പിഴച്ചുപോയി.) കാരണം, അവൻ തനിക്കു വിവരമില്ലാത്തതിനായി സാഹസം പ്രവർത്തിക്കുകയും, കല്പിക്കപ്പെടാത്തതിൽ തലയിടുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് അവൻ പറഞ്ഞത് യഥാർത്ഥത്തിൽ ശരിയാണെന്നുവന്നാൽ തന്നെ-അറിവില്ലാത്തവൻ കൽപിക്കുന്ന വിധി ശരിയായിരുന്നാലും അവൻ നരകത്തിലായിരിക്കുമെന്ന് (ഹദീസിൽ) വന്നിട്ടുള്ളതുപോലെ-വേണ്ടാത്ത വിഷയത്തിൽ പ്രവേശിച്ചത് നിമിത്തം അവൻ അബദ്ധം പ്രവർത്തിച്ചവനായിത്തീരുന്നു. വ്യഭിചാരാരോപണം ചെയ്യുകയും, അതിന് നാല് സാക്ഷികളെ കൊണ്ട് വരാതിരിക്കുകയും ചെയ്യുന്നവരെപ്പറ്റി അല്ലാഹു പറയുന്നു: فاذلم يأتوا بالشهداء فاولئك عندالله هم الكاذبون النور ١٣ "(അവർ സാക്ഷികളെ കൊണ്ടുവരാത്ത സ്ഥിതിക്ക് അല്ലാഹുവിൻെറ അടുക്കൽ അവർതന്നെയാണ് കളവു പറയുന്നവർ.) ആരോപണം യഥാർത്ഥത്തിൽ സത്യമായിരുന്നാൽപോലും നാലു സാക്ഷികളില്ലാത്തപക്ഷം, അവർ കളവു പറയുന്നവരാണെന്നാണല്ലോ ഈ വചനം വിധിക്കുന്നത്. തങ്ങൾക്ക് പ്രസ്താവിക്കുവാൻ പാടില്ലാത്ത പ്രസ്താവനയാണ് അവർ പുറപ്പെടുവിച്ചത് എന്നുള്ളതാണ് ഇതിന് കാരണം. മുൻഗാമികളായ പല മഹാൻമാരും ശരിയായ വിധത്തിൽ തങ്ങൾക്കറിയാത്ത തഫ്സീറുകളെപ്പറ്റി സംസാരിക്കുവാൻ മടി കാണിച്ചിരുന്നത് ഇങ്ങിനെയുള്ള കാരണങ്ങളാകുന്നു."

സൂക്ഷ്മമായി അറിയാത്തതോ, തെളിവ് ലഭിച്ചിട്ടില്ലാത്തതോ ആയ വ്യാഖ്യാനങ്ങൾ പറയുവാൻ സഹാബികൾ, താബിഉകൾ തുടങ്ങിയ മുൻഗാമികൾ വളരെ വൈമനസ്യം കാണിച്ചിരുന്നുവെന്ന് സ്ഥാപിക്കുന്ന പല രിവായത്തുകളും, ഉദാഹരണങ്ങളും തുടർന്നു കൊണ്ട് ഇബ്നുകഥീർ (ﷺ) ഉദ്ധരിച്ചിട്ടുണ്ട്. അവയിൽ ചിലതിലെ പ്രസക്ത ഭാഗംമാത്രം ഇവിടെ ഉദ്ധരിക്കാം:-

'ഉമർ (ﷺ) പ്രസംഗപീഠത്തിൽ നിന്ന് കൊണ്ട് (സൂറത്ത് 'അബസ'യിലെ فاكهة وابا (പഴവർഗ്ഗവും മേച്ചൽ ചെടികളും) എന്ന വചനം ഓതിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു: فاكهة ('ഫാകിഹത്ത്') നമുക്കു മനസ്സിലായി. എന്നാൽ اب ('അബ്ബ്') എന്തായിരിക്കും?' പിന്നീട് അദ്ദേഹം തന്നോടായിത്തന്നെ ഇങ്ങിനെ പറഞ്ഞു: "ഉമറേ, (ഇതിനെപ്പറ്റി ആലോചിച്ചു) നീ ഇങ്ങിനെ വിഷമം പേറുന്നത് എന്തിനാണ്?!" ഭൂമിയിൽ ഉൽപാദിക്കുന്ന ചെടിവർഗ്ഗമാണ് 'അബ്ബ്' എന്ന് അദ്ദേഹത്തിന് അറിയാതിരിക്കുവാൻ തരമില്ല. പക്ഷേ, (ആയത്തിൻെറ താൽപര്യം ഗ്രഹിക്കുവാൻ) അത് എങ്ങിനെയുള്ളതാണെന്ന് സൂക്ഷ്മപരിശോധന നടത്തേണ്ടതില്ല എന്നാണ് അദ്ദേഹം പറഞ്ഞതിൻെറ ഉദ്ദേശ്യം. ഇബ്നു അബ്ബാസ് (ﷺ) നോട് ഒരാൾ, "ആയിരം കൊല്ലത്തോളം വലുപ്പമുള്ള ദിവസം (يوم كان مقداره الف سنة)" (32: 5) എന്ന് അല്ലാഹു പറഞ്ഞതിനെപ്പറ്റി ചോദിക്കയുണ്ടായി. അദ്ദേഹം ഇങ്ങിനെ മറിച്ചു ചോദിച്ചു: "അമ്പതിനായിരം കൊല്ലത്തോളം വലുപ്പമുള്ള ഒരുദിവസം يوم كان مقداره خمسين الف سنة (70:4) എന്ന് അല്ലാഹു പറഞ്ഞത് ഏതാണ്?" ചോദ്യകർത്താവു മറുപടി പറഞ്ഞു: "അതു പറഞ്ഞുതരുവാൻ വേണ്ടിത്തന്നെയാണ് ഞാൻ താങ്കളോട് ചോദിക്കുന്നതും" അദ്ദേഹം പറഞ്ഞു: "അങ്ങിനെ രണ്ടുദിവസത്തെക്കുറിച്ച് അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുണ്ട്. അവ ഏതാണെന്ന് അല്ലാഹുവിനറിയാം," തനിക്ക് അറിയാത്തതിന് വ്യാഖ്യാനം നൽകുവാൻ ഇബ്നു അബ്ബാസ് (ﷺ) ഇഷ്ടപ്പെട്ടില്ല എന്നു ചുരുക്കം. മസ്റൂഖ് (ﷺ) പ്രസ്താവിക്കുന്നു: اتقوا التفسير فانما هو الرواية عن الله (നിങ്ങൾ ഖുർആൻ വ്യാഖ്യാനം ചെയ്യുന്നത് സൂക്ഷിക്കണം. കാരണം, നിശ്ചയമായും അത് അല്ലാഹുവിൽനിന്ന് നിവേദനം ചെയ്യലത്രെ.)

പിന്നീട് ഇബ്നുകഥീർ (ﷺ) തുടരുന്നു: ‘‘മേലുദ്ധരിച്ചതും, അതുപോലുള്ളതുമായ ബലവത്തായ പല രിവായത്തുകളും മുൻഗാമികളായ ഇമാമുകളിൽനിന്നു വന്നിട്ടുണ്ട്. തങ്ങ ൾക്കറിവില്ലാത്തതിൻെറ വ്യാഖ്യാനത്തിൽ സംസാരിക്കുന്നത് അവരെല്ലാവരും തെറ്റായി ഗണിച്ചിരുന്നുവെന്നാണ് അവയെല്ലാം കാട്ടിത്തരുന്നത്. എന്നാൽ, ഭാഷമുഖേനയും, മത വിജ്ഞാനം മുഖേനയും ലഭിക്കുന്ന വ്യാഖ്യാനം പറയുന്നതിൽ വിരോധമില്ലതാനും. അതു കൊണ്ടാണ് മേൽപറഞ്ഞവരും, അല്ലാത്തവരുമായ മഹാൻമാരിൽനിന്ന് വ്യാഖ്യാനസംബ ന്ധമായ പ്രസ്താവനകൾ പലതും നിവേദനം ചെയ്യപ്പെടുന്നതും. എന്നുവെച്ചാൽ, അവർ തങ്ങൾക്കറിയാവുന്നതിൽ സംസാരിക്കുകയും, അറിയാത്തതിൽ മൗനമവലംബിക്കുകയും ചെയ്തു. അതാണല്ലോ ഏവരുടേയും കടമ.’’

അറിവില്ലാത്തതിനെപ്പറ്റി മൗനം അവലംബിക്കുന്നത് നിർബന്ധമാണെന്നപോലെത്ത ന്നെ, അറിയാവുന്നതിനെക്കുറിച്ചു ആരെങ്കിലും ചോദിക്കുമ്പോൾ അതു പറഞ്ഞുകൊടുക്ക ലും നിർബന്ധമാകുന്നു. നിശ്ചയമായും നിങ്ങളത്-വേദഗ്രന്ഥം-ജനങ്ങൾക്കു വിവരിച്ചു കൊടുക്കണം, അതിനെ ഒളിച്ചുവെക്കരുത്. (3:187) എന്ന് അല്ലാഹു പറയുന്നു.
من سئل عن علم فكتمه الجم يوم القيمة بلجام من نار (ഒരു ജ്ഞാനത്തെക്കുറിച്ച് ഒരാളോട് ചോദിക്ക പ്പെട്ടിട്ട് അവനത് ഒളിച്ചുവെച്ചാൽ, ഖിയാമത്തുനാളിൽ അവന് അഗ്നിയാലുള്ള ഒരു കടിഞ്ഞാൺകൊണ്ട് കടിഞ്ഞാണിടപ്പെടുന്നതാണ്.) എന്നുള്ള നബിവചനവും പല മാർഗ്ഗങ്ങ ളിൽകൂടി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

‘‘അല്ലാഹുവിനുമാത്രം അറിയാവുന്ന ഭാഗങ്ങളും, പണ്ഡിതൻമാർക്ക് അറിയാവുന്ന ഭാഗങ്ങളും, അറബികൾക്ക് തങ്ങളുടെ ഭാഷവഴി അറിയാവുന്നതും, ആർക്കും അറിയാതിരി ക്കുവാൻ നിവൃത്തിയില്ലാത്തതും (ഇങ്ങിനെ പല ഇനങ്ങൾ) ഖുർആനിലുണ്ട്. ഈ വസ്തുത ഇബ്നു അബ്ബാസ് (ﷺ) വ്യക്തമാക്കിയിട്ടുള്ളത് ഇബ്നു ജരീർ (ﷺ) ഇങ്ങിനെ ഉദ്ധരിക്കുന്നു:
التفسير على اربعة اوجه تفسير تعرفه العرب من كلامها وتفسير لا يعذر احد بجهالته وتفسيريعرفهالعلماء وتفسير لا يعلمه احد الاالله
(തഫ്സീർ നാലു വിധത്തിലുണ്ട്: അറബികൾ തങ്ങളുടെ ഭാഷയിൽനിന്നു മനസ്സിലാക്കുന്ന തഫ്സീർ, ആർക്കും അറിയാതിരിക്കുവാൻ പാടില്ലാത്ത തഫ്സീർ, പണ്ഡിതൻമാർക്ക് അറി യാവുന്ന തഫ്സീർ, അല്ലാഹുഅല്ലാത്ത ഒരാൾക്കും അറിയാത്ത തഫ്സീർ ഇവയാണത്.)’’ [ഇബ്നു കഥീറിൽനിന്നുള്ള ഉദ്ധരണി ഇവിടെ അവസാനിച്ചു.]

ആർക്കും അറിയാതിരിക്കുവാൻപാടില്ലാത്തത് എന്നു പറഞ്ഞതിൻെറ വിവക്ഷ, എല്ലാവ രും അവശ്യം അറിഞ്ഞിരിക്കേണ്ടുന്ന ‘ഹലാലും ഹറാമും’ (അനുവദനീയവും നിഷിദ്ധവും) പോലെയുള്ള മതവിധികളാണെന്ന് ആ രണ്ടു മഹാൻമാരുടേയും പ്രസ്താവനകളിൽനിന്നു മനസ്സിലാക്കുവാൻ കഴിയും. ഖുർആൻ വ്യാഖ്യാനത്തിൽ മുൻഗാമികളായ മഹാൻമാർ സ്വീകരിച്ചുവന്നതും, അനുകരണീയവുമായ പൗരാണികരീതി-സലഫീ ശൈലി-എങ്ങിനെ യായിരുന്നുവെന്ന് ഈ രണ്ട് മഹാൻമാരുടെയും മേലുദ്ധരിച്ച പ്രസ്താവനകളിൽനിന്ന് നമു ക്ക് മനസ്സിലായല്ലോ. അതേ മാർഗ്ഗം തെറ്റാതെ അവർ തങ്ങളുടെ തഫ്സീർ ഗ്രന്ഥങ്ങൾ രചിച്ചുവന്നതുകൊണ്ടുതന്നെയാണ് പൗരാണിക തഫ്സീറുകളിൽ ഇബ്നു ജരീറിനും, മദ്ധ്യ കാല തഫ്സീറുകളിൽ ഇബ്നു കഥീറിനും ഉന്നതസ്ഥാനം ലഭിച്ചതും.

ഖുർആൻ വ്യാഖ്യാനിക്കുമ്പോൾ, ഓരോ വാക്കിനും, ഓരോ ആയത്തിനും മുൻഗാമി

കൾ നൽകിയിട്ടുള്ള വ്യാഖ്യാനം മാത്രമേ നൽകാവൂ എന്നോ, അവരിൽനിന്ന് ലഭിക്കാത്തതായാതൊന്നും പറഞ്ഞുകൂടാ എന്നോ മേൽ വിവരിച്ചതിൽനിന്നു ധരിക്കേണ്ടതില്ല. ആ പ്രസ്താവനകളുടെ രത്നച്ചുരുക്കം ഇങ്ങിനെ സംഗ്രഹിക്കാവുന്നതാണ്: (1) മുൻഗാമികൾ ഏകോപിച്ച അഭിപ്രായത്തിനെതിരായി സ്വന്തഅഭിപ്രായം പറയരുത്. (2) അവർക്കിടയിൽ അഭിപ്രായവ്യത്യാസം കാണുന്നിടത്ത് പ്രത്യേക ലക്ഷ്യം കൂടാതെ ഒന്നിന് മറ്റേതിനേക്കാൾ മുൻഗണന നൽകരുത്. (3) ഖുർആന്റെ ഭാഷാ സാഹിത്യത്തിൽനിന്നും, മതവിജ്ഞാനങ്ങളിൽ നിന്നും ലഭിക്കുന്ന വ്യാഖ്യാനങ്ങൾ സ്വീകരിക്കുവാൻ പണ്ഡിതൻമാർക്ക് അവകാശമുണ്ട്. എന്നാലവ മുൻഗാമികൾ സ്വീകരിച്ചതിന് വിരുദ്ധമാകരുത്. (4) മറ്റെല്ലാ പ്രസ്താവനകളെക്കാളും നബി (ﷺ) യുടെ സുന്നത്തിനാണ് വില കല്പിക്കേണ്ടത്. രണ്ടാമതായി സഹാബികളുടെ പ്രസ്താവനകൾക്കും. (5) അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയാവതല്ലാത്ത കാര്യങ്ങളിൽ, ഖുർആന്റെ പ്രസ്താവനകളിൽ നിന്നു നേർക്കുനേരെ സ്പഷ്ടമായി മനസ്സിലാക്കുന്നതിനപ്പുറം കടന്നു വ്യാഖ്യാനിച്ചു കൂടാത്തതാണ്. (6) നബി (ﷺ) മുഖേന മാത്രം അറിയാവുന്ന കാര്യങ്ങളിൽ, നബി (ﷺ) യിൽ നിന്ന് ലഭിച്ച വ്യാഖ്യാനം മാത്രമേ സ്വീകരിക്കാവൂ. ബാക്കിയുള്ള വിഷയങ്ങളിൽ മാത്രമാണ് മേൽചൂണ്ടിക്കാട്ടിയ തത്വങ്ങൾ സ്വീകരിക്കേണ്ടത്. (7) ഈ അടിസ്ഥാനത്തിലല്ലാതെയുള്ള വ്യാഖ്യാനങ്ങൾ സ്വന്തം അഭിപ്രായത്തിനൊത്ത വ്യാഖ്യാനത്തിൽ ഉൾപ്പെടുന്നു.

അംഗീകൃത തത്വങ്ങൾക്ക് വിരുദ്ധമല്ലാത്തതും, ഖുർആന്റെ ഭാഷാശൈലിയിൽ നിന്ന് ഗ്രഹിക്കാവുന്നതുമായ വല്ല പുതിയ സാരങ്ങളും കണ്ടുപിടിക്കുന്നതുകൊണ്ടോ, കാലോചിതമായ വിവരണ മുഖങ്ങൾ അംഗീകരിച്ചതുകൊണ്ടോ, അനുയോജ്യമായ ഉദാഹരണങ്ങളും പ്രതിപാദനരീതികളും സ്വീകരിച്ചതുകൊണ്ടോ ഒരാളുടെ വ്യാഖ്യാനം അയാളുടെ സ്വന്തം അഭിപ്രായമാണെന്ന് വരുന്നതല്ല. വാസ്തത്തിൽ, ഇങ്ങിനെയുള്ള ഓരോ ആവശ്യങ്ങൾ കൊണ്ടു തന്നെയാണ് പല വ്യാഖ്യാതാക്കളും പുതിയ പുതിയ വ്യാഖ്യാന ഗ്രന്ഥങ്ങൾ രചിക്കുവാൻ ഇടയായതും. ഒരാൾക്ക് ഒരു ആദർശമോ, അഭിപ്രായമോ ഉണ്ടായിരിക്കുക-അത് മതപരമോ, ഭൗതികമോ, ശാസ്ത്രീയമോ ഏതെങ്കിലുമാവട്ടെ-അത് ഖുർആൻ അംഗീകരിക്കുന്നുവെന്നോ, പ്രോൽസാഹിപ്പിക്കുന്നുവെന്നോ, വരുന്നതിൽ അയാൾക്കു താൽപര്യവും ഉണ്ടായിരിക്കുക, എന്നിട്ട് വല്ല പഴുതും കാണുമ്പോൾ അതനുസരിച്ച് ഖുർആൻ വചനങ്ങളെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുക, ഇതാണ് സ്വന്തം അഭിപ്രായമനുസരിച്ച് ഖുർആൻ വ്യാഖ്യാനിക്കുക എന്ന് പറയുന്നത്. ഇതാണ് ആക്ഷേപാർഹവും കുറ്റകരവും. ആ ആദർശം-അല്ലെങ്കിൽ അഭിപ്രായം-യഥാർത്ഥത്തിൽ ഖുർആൻ സ്വീകരിച്ചിട്ടില്ലാത്തതായിരിക്കണമെന്നോ, അത് മൗനം അവലംബിച്ചതായിരിക്കണമെന്നോ ഇല്ല. ഖുർആൻ പൊതുവിൽ അത് അംഗീകരിച്ചിട്ടുള്ള തത്വമാണെന്ന് വന്നാൽപോലും, ആ വിഷയത്തെസംബന്ധിച്ചു പ്രതിപാദിക്കുന്നതല്ലാത്ത ആയത്തുകളുടെ വിവരണത്തിൽ അത് ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുന്നതും ആക്ഷേപാർഹം തന്നെയാകുന്നു. പലർക്കും പിണയാറുള്ള ഒരു അമളിയും, അബദ്ധവുമാണിത്. ചിലപ്പോൾ സദുദ്ദേശ്യത്തോടുകൂടിയായിരിക്കും അങ്ങനെ ചെയ്യുന്നത്. ഓരോ ആയത്തിലെയും പ്രതിപാദ്യവിഷയങ്ങൾ ഏതാണോ അതിൽ ഏറ്റക്കുറവു വരുത്താതെ അതു വിവരിക്കുകയും, വ്യാഖ്യാനിക്കുകയുമാണ് വ്യാഖ്യാതാക്കൾ ചെയ്യേണ്ടത്. വാചകങ്ങളുടെ ഘടനാവിശേഷതകളോ, മുൻഗാമികളിൽനിന്ന് അവയെപ്പറ്റി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള പ്രസ്താവനകളോ ഗൗനിക്കാതെ-അല്ലെങ്കിൽ മനസ്സിലാക്കാതെ-വാക്കുകളുടെ ഭാഷാർത്ഥം മാത്രം ആസ്പദമാക്കി അർത്ഥവ്യാഖ്യാനം നൽകുന്നതും ഭീമമായ അബദ്ധമാകുന്നു.

ഒരു ഖുർആൻ വ്യാഖ്യാതാവിനെ സംബന്ധിച്ചിടത്തോളം, ഖുർആൻ മുഴുവൻ ഭാഗവും ഹൃദിസ്ഥമായിരിക്കുക എന്നത് വളരെ വമ്പിച്ച ഒരു നേട്ടമാണ്. ഒരു സ്ഥലത്ത് ഉദ്ദേശ്യം സ്പഷ്ടമായി കാണുന്നില്ലെങ്കിൽ, മറ്റ് സ്ഥലങ്ങളിൽനിന്ന് അതു സ്പഷ്ടമായി മനസ്സിലാക്കുവാനും മറ്റും ഇത് അത്യാവശ്യമത്രെ. മുഴുവൻ ഭാഗം മനഃപാഠമില്ലെങ്കിൽ, തത്തുല്യമായ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുള്ള മറ്റ് ആയത്തുകൾ വേണ്ടുമ്പോൾ ഓർമ്മവരത്തക്കവണ്ണം പരിചയമുണ്ടായിരിക്കുകയെങ്കിലും ആവശ്യമാകുന്നു. ഇതും ഇല്ലാത്തപക്ഷം, പലപ്പോഴും അബദ്ധവും വിഷമവും പിണഞ്ഞേക്കുന്നതാണ്. والله الموفق والمعين

യഹൂദരിൽനിന്നോ, ക്രിസ്ത്യാനികളിൽനിന്നോ, അവരുടെ വേദഗ്രന്ഥങ്ങളിൽനിന്നോ ഉദ്ധരിക്കപ്പെടുന്നതെല്ലാം 'ഇസ്റാഈലിയ്യാത്തി'ൽ ഉൾപ്പെടുന്നു. സത്യാസത്യമോ, ന്യായാന്യായമോ നോക്കാതെ കണ്ടമാനം ഇസ്റാഈലിയ്യാത്ത് ഉദ്ധരിക്കുകയും, അവയെ അടിസ്ഥാനമാക്കി ഖുർആന്റെ ഉദ്ദേശ്യങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്യുകവഴി, ഖുർആൻ വ്യഖ്യാനരംഗത്തു പല ഖുർആൻ വ്യഖ്യാതാക്കളും അനേകം അബദ്ധങ്ങൾ ചെയ്യുകയുണ്ടായിട്ടുണ്ട്. ഖുർആന്റെ മൂലതത്വങ്ങൾക്കുപോലും വിരുദ്ധമായ-അബദ്ധപൂർണ്ണമായ-പല തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും അവ മുഖേന പൊതുജനമദ്ധ്യെ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നേരെമറിച്ച്, ഇസ്റാഈലിയ്യാത്തിൽപെട്ടതാണെന്നോ, ഇസ്റാഈലിയ്യാത്ത് ഉദ്ധരിക്കാറുള്ള ആളുകൾ ഉദ്ധരിച്ചതാണെന്നോ ഉള്ള ഏക കാരണത്താൽ-സത്യാസത്യമോ, ബലാബലമോ ഗൗനിക്കാതെ-എല്ലാം അങ്ങ് തള്ളിക്കളയുന്ന ചില ആളുകളെയും കാണാം. ഈ ഭ്രമം പിടിപെട്ടവർക്ക് ചിലപ്പോൾ, ഖുർആന്റെയോ ഹദീസിന്റെയോ പ്രസ്താവനകളാൽ സ്ഥാപിതമായ യാഥാർത്ഥ്യങ്ങളേപ്പോലും നിരസിക്കേണ്ടതായി നേരിടുന്നതും അപൂർവ്വമല്ല. മുൻപറഞ്ഞപോലെ, ഇസ്റാഈലിയ്യാത്തുകൾ മുഴുവനും സ്വീകാര്യമോ, മുഴുവനും തള്ളിക്കളയേണ്ടവയോ അല്ല. രണ്ടിനും നിർവ്വാഹമില്ലാത്ത ഒരു വിഭാഗംകൂടി അതിലുണ്ട് എന്ന് ആലോചിക്കേണ്ടതാകുന്നു. അതുകൊണ്ടാണ് 'വേദക്കാരെ നിങ്ങൾ സത്യപ്പെടുത്തുകയും, കളവാക്കുകയും ചെയ്യരുത്.' (لاتصدقوا اهل الكتاب ولا تكذبوهم البخارى) എന്നും മറ്റും നബി (ﷺ) അരുളിച്ചെയ്തിരിക്കുന്നതും.

വല്ല വിഷയത്തിലും ഇസ്രാഈലിയ്യാത്തിനെ തെളിവായെടുക്കുവാനോ, അവയുടെ അടിസ്ഥാനത്തിൽ മാത്രം ഒരു വിഷയം സ്ഥാപിക്കുവാനോ പാടില്ലതാനും. ഖുർആനിലോ, ഹദീസിലോ വന്നിട്ടുള്ളവല്ല വിഷയത്തോടും യോജിച്ചു കാണുന്ന ഭാഗം അസത്യമാണെന്നു വെച്ച് തള്ളിക്കളയുവാനും പാടില്ല. ഈ വസ്തുതയും നബി (ﷺ) ഉണർത്തിയിട്ടുണ്ട് ഒരിക്കൽ ഉമർ (رضي الله عنه) തനിക്ക് വേദക്കാരിൽ കിട്ടിയ ഒരു ഗ്രന്ഥവുമായി നബി (ﷺ) യുടെ അടുക്കൽചെന്ന് വായിച്ചു കേൾപ്പിച്ചു. അപ്പോൾ, തിരുമേനി കോപിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു: "ഞാൻ ഇത് നിങ്ങൾക്ക് ശുദ്ധവെള്ളയായ (കലർപ്പും സംശയവും കൂടാത്ത) വിധം കൊണ്ടുവന്നു തന്നിട്ടുണ്ട്. നിങ്ങൾ അവരോട് ഒന്നും ചോദിച്ചറിയേണ്ടതില്ല. കാരണം, യഥാർത്ഥമായ വല്ലതും അവർ നിങ്ങൾക്കു പറഞ്ഞുതരുകയും നിങ്ങളതു വ്യാജമാക്കുകയും ചെയ്തേക്കും. അല്ലെങ്കിൽ അയഥാർത്ഥമായ വല്ലതും അവർ നിങ്ങൾക്കു പറഞ്ഞുതരുകയും, നിങ്ങളത് സത്യമാക്കുകയും ചെയ്തേക്കാം. എന്റെ ആത്മാവ് യാതൊരുവന്റെ കൈവശമാണോ അവൻതന്നെ സത്യം! മൂസാ (അ) ജീവിച്ചിരിക്കുന്നുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹത്തിന് എന്നെ പിന്തുടരുകയല്ലാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല." (لو كان موسى حيا لما وسعه الا اتباعى) ഇമാം അഹ്മദും (رحمه الله) ഇബ്നു അബീശൈബ:

(ﷺ) യും മറ്റും ഉദ്ധരിച്ചതാണ് ഈ ഹദീസ്. ഈ വിഷയത്തിൽ ഇബ്നു കഥീർ (ﷺ) പ്രസ്താവിച്ചത് നാം മുമ്പ് വായിച്ചുവല്ലോ.

വ്യാഖ്യാനിക്കുമ്പോൾ മനസ്സിരുത്തേണ്ട ചില വിഷയങ്ങൾ

1. "മുഹ്കമും മുതശാബിഹും" (المحكم والمتشابه)

'മുഹ്കമു' (المحكم) എന്നാൽ, 'ബലവത്തായത്, ദൃഢപ്രധാനമായത്, നിയമബലമുള്ളത്' എന്നൊക്കെ അർത്ഥംവരുന്ന പദമാകുന്നു. സൂറത്തുഹൂദിൻെറ ആരംഭത്തിൽ ഖുർആനെപ്പറ്റി احكمت اياته (അതിൻെറ ആയത്തുകൾ ബലവത്താക്കപ്പെട്ടിരിക്കുന്നു) എന്ന് പറഞ്ഞിരിക്കുന്നു. അനാവശ്യമോ, അകാര്യമോ ഇല്ലാതെ, സുദൃഢവും സുശക്തവുമായ സത്യയാഥാർത്ഥ്യങ്ങൾ നിറഞ്ഞതാണ് അവ എന്ന് സാരം. 'മുതശാബിഹു' متشابه എന്നാൽ, 'പരസ്പരസാദൃശ്യമുള്ളത്' എന്നർത്ഥം. സൂ: സുമർ, 23ൽ كتابا متشابها (പരസ്പര സാദൃശ്യമുള്ള ഗ്രന്ഥം) എന്ന് അല്ലാഹു ഖുർആനെപ്പറ്റി പറഞ്ഞിരിക്കുന്നു. അതായത്, വാചകത്തിൻെറ മേൻമയിലും, സാരങ്ങളുടെ ഉൽകൃഷ്ടതയിലുമെല്ലാം പരസ്പര സാദൃശ്യ മുള്ളതും, ഒന്നിനൊന്ന് മെച്ചപ്പെട്ടതുമാണ് അതിലെ ഭാഗങ്ങൾ എന്നുദ്ദേശ്യം. അപ്പോൾ, ഒരുനിലക്ക് നോക്കുമ്പോൾ ഖുർആൻ മുഴുവനും മുഹ്കമും, മറ്റൊരു നിലക്ക് നോക്കുമ്പോൾ അത് മുഴുവനും മുതശാബിഹും ആകുന്നു. അന്യോന്യം പൊരുത്തക്കേടില്ലാത്ത അർത്ഥങ്ങളാണ് ഇവിടെ ഈ രണ്ടു പദങ്ങൾക്കും കല്പിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാണ്. എന്നാൽ, പരസ്പര വൈരുദ്ധ്യമുള്ള രണ്ട് ഉദ്ദേശ്യാർത്ഥങ്ങളിലും ഈ പദങ്ങൾ ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. ആ അടിസ്ഥാനത്തിലാണ് ഈ അദ്ധ്യായത്തിൽ മുഹ്കമിനെയും, മുതശാബിഹിനെയും കുറിച്ച് പ്രതിപാദിക്കപ്പെടുന്നത്. വളരെ ശ്രദ്ധാപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാണിത്. സൂ: ആലു ഇംറാനിൽ അല്ലാഹു പറയുന്നു:-

هو الذى انزل عليك الكتاب منه ايات محكمات هن ام الكتاب واخر متشابهات فاماالذين فى قلوبهم زيغ فيتبعون ابتغاء الفتنة وابتغاء تأويله – ال عمران : ٧

സാരം: 'നിനക്കു വേദഗ്രന്ഥം ഇറക്കിത്തന്നിട്ടുള്ളവൻ അവനത്രെ (അല്ലാഹുവത്രെ.) അതിൽ 'മുഹ്കമാ'യ (ദൃഢപ്രധാനമായ) ആയത്തുകളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിൻെറ മൂലമായുള്ളത്. വേറെ ചിലത് 'മുതശാബിഹു' കളും (പരസ്പര സാദൃശ്യമുള്ളവയും) ആകുന്നു. എന്നാൽ, തങ്ങളുടെ ഹൃദയങ്ങളിൽ വക്രതയുള്ളവർ, കുഴപ്പത്തെ ആഗ്രഹിച്ചുകൊണ്ടും, വ്യഖ്യാനം ചെയ്വാൻ-അഥവാ പൊരുളറിയുവാൻ-ആഗ്രഹിച്ചുകൊണ്ടും അതിൽ നിന്നും 'മുതശാബിഹാ'യതിനു പിന്നാലെ കൂടുന്നു.)

ഈ വചനത്തിലെ 'മുഹ്കമു-മുതശാബിഹു'കളുടെ നിർവ്വചനം പല മഹാൻമാരും പല വാചകങ്ങളിൽ പ്രസ്താവിച്ചു കാണാം. ചില സൂറത്തുകളുടെ ആരംഭത്തിൽ കാണാവുന്ന കേവലാക്ഷരങ്ങൾ പോലെ, അല്ലെങ്കിൽ പരലോക സംബന്ധമായ അദൃശ്യകാര്യങ്ങൾപോലെ, യാഥാർത്ഥ്യം അല്ലാഹുവിന്നുമാത്രം അറിയാവുന്ന കാര്യങ്ങൾക്കാണു മുതശാബിഹു എന്ന് പറയുന്നത് എന്നത്രെ ചിലരുടെ പക്ഷം. വേറെയും അഭിപ്രായങ്ങളുണ്ട്. അവയെല്ലാം പരിശോധിച്ചാൽ ലഭിക്കുന്ന ആകെ സാരവും, അവയിൽവെച്ച് ഏറ്റവും യുക്തമായി കാണുന്നതും ഇമാം ഇബ്നുകഥീർ (ﷺ) മുതലായ മഹാൻമാർ നൽകുന്ന നിർവ്വചനമാകുന്നു. അദ്ദേഹം 'മുഹ്കമു'കൾക്ക് നൽകിയ നിർവ്വചനം ഇതാണ്:

اى بينات واضحات الدلالة لاالتباس فيها على احد (ഒരാൾക്കും ആശയക്കുഴപ്പമില്ലാത്തവണ്ണം സ്പ

ഷ്ടമായും വ്യക്തമായും സാരം നൽകുന്നവ.) 'മുതശാബിഹു'കൾക്ക് അദ്ദേഹത്തിൻെറ നിർവ്വചനം ഇപ്രകാരമാകുന്നു:

ای تحتمل دلالتها موافقة الحكم وقد تحتمل شيأ اخرمن حيث اللفظ والتركيب لا من حيث المراد

(അതായത്, പദങ്ങളും ഘടനയും നോക്കുമ്പോൾ-ഉദ്ദേശ്യം നോക്കുമ്പോഴല്ല-മുഹ്കമിനോട് യോജിക്കുന്ന സാരമായിരിക്കുവാനും, മറ്റുവല്ല സാരവും ആയിരിക്കുവാനും ഹിതമുണ്ടായിരിക്കുന്നവ.)

ഉദ്ദേശ്യം വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു വിഭാഗവും സാക്ഷാൽ ഉദ്ദേശ്യമെന്താണെന്ന് തിരിച്ചറിയുവാൻ കഴിയാത്തവണ്ണം പരസ്പര സാദൃശ്യമുള്ള ഒന്നിലധികം അർത്ഥസാരങ്ങൾ വരാവുന്ന മറ്റൊരു വിഭാഗവും ഖുർആനിലുണ്ട്. ആദ്യത്തെ വിഭാഗമാണ് ഖുർആൻെറ മൂലപ്രധാനമായ ഭാഗം. രണ്ടാമത്തെ വിഭാഗത്തിൽപെട്ട ആയത്തുകൾക്ക് വ്യഖ്യാനം നൽകുവാനും, അതിൻെറ സാക്ഷാൽ ഉദ്ദേശ്യം ചുഴിഞ്ഞന്വേഷിക്കുവാനും മുതിരുന്നത് കുഴപ്പം സൃഷ്ടിക്കലാണ്. അതിനു മിനക്കെടുന്നവർ ഹൃദയത്തിൽ വക്രത-അഥവാ ദുരുദ്ദേശ്യവും കാപട്യവും-ഉള്ളവരായിരിക്കും. സംശയം നേരിടുമ്പോൾ, ഒന്നാമത്തെ വിഭാഗത്തിലേക്ക് മടങ്ങുകയും, അവയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾക്ക് തീരുമാനം കാണുകയും വേണം. എന്നൊക്കെയാണ് ഈ വചനം പഠിപ്പിക്കുന്നത്.

ഇമാം ശാഹ്‌വലിയ്യുല്ലാഹി-ദ്ദഹ്‌ലവീ(ﷺ) അദ്ദേഹത്തിൻെറ* അൽഫൗസുൽ കബീർ' (الفوز الكبير) എന്ന വിശ്രുത ഗ്രന്ഥത്തിൽ 'മുഹ്കമിനും', 'മുതശാബിഹി' നും ഉദാഹരണസഹിതം നൽകിയിട്ടുള്ള നിർവ്വചനങ്ങളുംകൂടി നമുക്കൊന്ന് പരിശോധിക്കാം. അദ്ദേഹം പറയുന്നു:-

''അറിയുക: 'മുഹ്കമു' എന്നാൽ ഭാഷാപരിജ്ഞാനമുള്ളവന് ഒരേ ഒരു ആശയം (സാരം) അല്ലാതെ മനസ്സിലാക്കുവാൻ കഴിയാത്തതാകുന്നു. ആശയം മനസ്സിലാക്കുന്ന കാര്യത്തിൽ പൂർവ്വ അറബികളുടെ നിലപാടാണ് പരിഗണിക്കപ്പെടേണ്ടത്. അഥവാ, നമ്മുടെ കാലത്തുള്ള സൂക്ഷ്മഗവേഷകൻമാരുടെ നിലപാടല്ല. നിഷ്പ്രയോജനകരമായ സൂക്ഷ്മഗവേഷണം നടത്തൽ ഇന്നൊരു മഹാരോഗമായിത്തീർന്നിരിക്കുകയാണ്. അത് 'മുഹ്കമി'നെ 'മുതശാബിഹും' അറിയപ്പെട്ടതിനെ അറിയപ്പെടാത്തതും, ആക്കിത്തീർക്കുന്നു. 'മുതശാബിഹ്' എന്നാൽ, രണ്ട് (ഒന്നിലധികം) ആശയങ്ങൾ വരുവാൻ ഹിതമുള്ളതാകുന്നു.''

തുടർന്നുകൊണ്ട് ഒന്നിലധികം സാരങ്ങൾ വരുവാനുള്ള കാരണങ്ങളും, ഓരോന്നിനും ഉദാഹരണങ്ങളും ദഹ്‌ലവീ (ﷺ) വിവരിച്ചിരിക്കുന്നു. അതിൻെറ ചുരുക്കം ഇതാണ്:-(1) ഒരു സർവ്വനാമം (ضمير) കൊണ്ട് ഉദ്ദേശിക്കപ്പെടാവുന്ന നാമങ്ങൾ (المراجع) ഒന്നിലധികം ഉണ്ടായിരിക്കുക. ഉദാഹരണം: امرنی الامير ان العن فلانا لعنه الله (ഇന്ന ആളെ ശപിക്കണമെന്ന് അമീർ

---

* ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ശരീഅത്ത് നിയമരഹസ്യങ്ങൾ ആദിയായ ഇസ്‌ലാമിക വിഷയങ്ങളിൽ മഹൽ ഗ്രന്ഥങ്ങൾ രചിച്ച ഒരു മഹാപുരുഷനത്രെ ദഹ്‌ലവീ الامام شاء ولی اللهالدهلوی- رحمه الله ഡൽഹിക്കാരനായ ഇദ്ദേഹം ഹിജ്റാ വർഷം 1176ലാണ് പരലോകം പ്രാപിച്ചത്. ഇന്ത്യൻ മുസ്‌ലിംകളിൽ-പണ്ഡിതലോകത്ത് വിശേഷിച്ചും-മതപരവും വിജ്ഞാനപരവുമായ പു തിയ ഉണർവ്വും, വിപ്ലവകരമായ പരിഷ്കരണങ്ങളും വരുത്തിയ ഒരു സമുദായോദ്ധാരകൻ കൂടിയായിരുന്നു ശാഹ് വലിയുല്ലാഹി. الفوز الكبير فی اصول التفسير (ഖുർആൻ വ്യാഖ്യാന നിദാനങ്ങളിൽ മഹത്തായ വിജയം) എന്ന പേരിൽ അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥം-വലിപ്പത്തിൽ അധികമൊന്നുമില്ലെങ്കിലും- ഉൾക്കനവും ഉള്ളടക്കവും നോക്കുമ്പോൾ, ഖുർആൻ വ്യാഖ്യാന രംഗത്ത് ഒരു മഹത്തായ നേട്ടമാണ്.

എന്നോടു കല്‍പിച്ചു. അല്ലാഹു അയാളെ ശപിക്കട്ടെ.) ഈ വാക്യത്തില്‍ 'അയാളെ' എന്നുള്ള സര്‍വ്വനാമം കൊണ്ടുദ്ദേശ്യം, 'ഇന്നവനും' 'അമീറും' ആകാവുന്നതാണല്ലോ. (2) രണ്ട് അര്‍ത്ഥമുള്ള പദമായിരിക്കുക. ഉദാഹരണം لامستم ('ലാമസ്തും') കൈകൊണ്ട് സ്പര്‍ശിച്ചു എന്നും, സംയോഗംമൂലം സ്പര്‍ശിച്ചു എന്നും ഇതിനു അര്‍ത്ഥം വരും. (3) ഒന്നിനെ മറ്റൊന്നുമായി കൂട്ടിച്ചേര്‍ത്ത് (عطف ചെയ്തു) പറയുമ്പോള്‍, അത് അടുത്തുള്ള വാക്കിനോടും, അകലത്തുള്ള വാക്കിനോടും ചേര്‍ന്നതായിരിക്കുവാന്‍ സാധ്യതയുണ്ടാവുക. ഉദാഹരണം: وامسحوا برؤسكم وارجلكم (നിങ്ങളുടെ തലകളെ തടവുകയും ചെയ്യുവിന്‍; നിങ്ങളുടെ കാലുകളും) ഇതിന്റെ മുമ്പ് മുഖവും, കൈയും കഴുകണമെന്നു പറഞ്ഞിട്ടുണ്ട്. ആകയാല്‍ ارجلكم (കാലുകളും) എന്ന വാക്ക് മുഖങ്ങളോടും കൈകളോടും ചേര്‍ന്നതാണെന്ന് വെക്കുവാനും, തലകളോട് ചേര്‍ന്നതാണെന്ന് വെക്കുവാനും തരമുണ്ട്. ഒന്നാമത്തേതനുസരിച്ച് (വുളു ചെയ്യുമ്പോള്‍) മുഖവും കയ്യും പോലെ കാലും കഴുകണമെന്ന് വരുന്നു. അപ്പോള്‍ وارجلكم ('വഅര്‍ജുലക്കും') എന്നാണ് വായിക്കുക, രണ്ടാമത്തേതനുസരിച്ച് തലയെപ്പോലെ കാലും വെള്ളംകൊണ്ടു തടവിയാല്‍ മതിയാകുമെന്ന് വരും. ഇതനുസരിച്ചാണ് وارجلكم ('വഅര്‍ജുലിക്കും') എന്ന് ഇവിടെ വായിക്കപ്പെട്ടിട്ടുള്ളത്.

(4) ഒരു വാക്ക് അതിനുമുമ്പുള്ള വാചകത്തോട് ചേര്‍ത്ത് പറയപ്പെട്ടതോ المعطوف അല്ലെങ്കില്‍ പുതുതായി ആരംഭിക്കുന്നതോ المستأنف ആയിരിക്കുവാന്‍ സാദ്ധ്യതയുണ്ടാവുക. ഇതിനു ഉദാഹരണമായി ദഹ്‌ലവി കാണിച്ചിരിക്കുന്നത് ഈ അദ്ധ്യായത്തിന്റെ ആരംഭത്തില്‍ നാം ഉദ്ധരിച്ച (ആലുഇംറാനിലെ 7-ാമത്തെ) ആയത്തിന്റെ തുടര്‍ന്നുള്ള ഭാഗമാകുന്നു. അതില്‍നിന്ന് നമുക്ക് ഇവിടെ പലതും മനസ്സിലാക്കേണ്ടതുള്ളതുകൊണ്ട് അതിനെപ്പറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതാണ് ആയത്തിന്റെ ബാക്കി ഭാഗം:-

وما يعلم تأويله الا الله والراسخون فى العلم يقولون امنابه كل من عند ربنا وما يذكر الا اولو الالباب
ربنا لا تزغ قلوبنا بعد اذ هديتنا وهب لنا من لدنك رحمة انك انت الوهاب الخ –ال عمران

വായനക്കാര്‍ക്ക് വിഷയം മനസ്സിലാക്കുന്നതിനും വിവരണത്തിന്റെ സൗകര്യത്തിനും വേണ്ടി ഇതിലെ ഓരോ വാക്യവും അതിന്റെ സാരവും നമുക്ക് വെവ്വേറെ പരിശോധിക്കാം:-

وما يعلم تأويله الا الله (അതിന്റെ-പരസ്പര സാദൃശ്യമുള്ളതിന്റെ-വ്യഖ്യാനം, അഥവാ പൊരുള്‍ അല്ലാഹു അല്ലാതെ അറിയുന്നതുമല്ല.) ഈ വാക്യത്തിന്റെ തൊട്ട വാക്യം തുടങ്ങുന്നത് و ('വ') എന്ന അവ്യയം കൊണ്ടാണല്ലോ. ഈ അവ്യയം ആ വാക്യത്തെ അതിന്റെ മുമ്പത്തെ വാക്യത്തോടു ചേര്‍ത്ത് പറയാനുള്ളത് (عطف ചെയ്‌വാനുള്ള അവ്യയം ആയിരിക്കുവാനിടയുണ്ട്. അപ്പോള്‍ രണ്ട് വാചകവും ചേര്‍ത്ത് ഇങ്ങിനെ വായിക്കാം. وما يعلم تأويله الا الله والراسخون فى العلم (അതിന്റെ വ്യഖ്യാനം, അഥവാ പൊരുള്‍ അല്ലാഹുവും, അറിവില്‍ അടിയുറച്ചവരുമല്ലാതെ അറിയുന്നതുമല്ല.) ഇതനുസരിച്ച് ഈ വാക്യത്തിന്റെ അവസാനത്തില്‍ (فى العلم എന്നിടത്ത്) 'വഖ്ഫ്' (വിരാമം) വേണ്ടതാകുന്നു. പ്രസ്തുത അവ്യയം و പുതിയ വാചകത്തിന്റെ തുടക്കം കുറിക്കുവാനുള്ളതും (استيناف ന്‍േറതും) ആയിരിക്കാവുന്നതാണ്. അപ്പോള്‍, ആദ്യത്തെ വാചകം الاالله ('ഇല്ലല്ലാഹു') എന്നിടത്ത് അവസാനിക്കുന്നു. അവിടെ വഖ്ഫ് ചെയ്യുകയുംവേണം. രണ്ടാമത്തെ വാചകം ഇങ്ങിനെ വായിക്കാം: والراسخون فى العلم يقولون الخ (അറിവില്‍ അടിയുറച്ചവരാകട്ടെ, അവര്‍ പറയുകയും ചെയ്യും......)

'വ്യാഖ്യാനം' അഥവാ 'പൊരുള്‍' എന്ന് നാമിവിടെ അര്‍ത്ഥം കല്‍പിച്ചത്

تأويل ('തഅ്‌വീല്‍') എന്ന പദത്തിനാണ്. ഇതിനു 'വ്യാഖ്യാനം, വിവരണം' എന്നിങ്ങിനെയും, 'ആന്തരാര്‍ത്ഥം, പൊരുള്‍, കലാശം' എന്നിങ്ങിനെയും അര്‍ത്ഥങ്ങള്‍ വരുന്നതാകുന്നു. അല്ലാഹുവിന് മാത്രം അറിയാവുന്ന യാഥാര്‍ത്ഥ്യങ്ങള്‍ ഉള്‍ക്കൊള്ളുന്ന ആയത്തുകള്‍ക്കാണ് 'മുതശാബിഹു' എന്നു പറയുന്നതെന്ന അഭിപ്രായക്കാരും, 'തഅ്‌വീലി'ന് രണ്ടാമത് കാണിച്ച അര്‍ത്ഥം നല്‍കുന്നവരും ഒന്നാമത്തെ വാചകം الاّالله എന്നിടത്ത് അവസാനിപ്പിച്ച് വഖ്ഫു ചെയ്യുന്നു. ഒന്നിലധികം സാരങ്ങള്‍ വരാവുന്ന ആയത്തുകള്‍ക്കാണ് 'മുതശാബിഹു' എന്ന് പറയുന്നതെന്ന അഭിപ്രായക്കാരും, 'തഅ്‌വീലി'ന്നു നാം ആദ്യം കാണിച്ച അര്‍ത്ഥം കല്‍പിക്കുന്നവരും, فى العلمۘ എന്നിടത്തും അവസാനിപ്പിച്ചു വഖ്ഫ് ചെയ്യുകയും, തുടര്‍ന്നുള്ള വാക്യം يقولون ('യഖൂലൂന') മുതല്‍ ആരംഭിക്കുകയും ചെയ്യുന്നു. ഈ രണ്ടു പ്രകാരത്തിലും വഖ്ഫ് ചെയ്യുന്ന പണ്ഡിതന്‍മാര്‍ പലരും ഉണ്ട്. ഓരോരുത്തരും ഓരോ വീക്ഷണകോണില്‍കൂടിയാണ് അപ്രകാരം ചെയ്യുന്നത്. ശാഹുവലിയുല്ലാഹിദ്ദഹ്‌ലവീ (رحمه الله) ഈ വചനം 'മുതശാബിഹി' നു ഉദാഹരണമായിക്കാട്ടിയത് വളരെ യുക്തമായിട്ടുണ്ടെന്ന് ഇതില്‍നിന്ന് മനസ്സിലാക്കാമല്ലോ. ഇനി, നമുക്ക് ആയത്തിന്‍റെ ബാക്കി ഭാഗത്തിലേക്ക് പ്രവേശിക്കാം:-

'ഹൃദയത്തില്‍ വക്രതയുള്ളവര്‍ മുതശാബിഹിന്‍റെ പിന്നാലെകൂടി കുഴപ്പമുണ്ടാക്കുവാനും അതിന് വ്യാഖ്യാനം നല്‍കുവാനും ശ്രമിക്കുന്നതാണ്'എന്ന് അല്ലാഹു ആദ്യം പറഞ്ഞുവല്ലോ. 'എന്നാല്‍, അറിവില്‍ അടിയുറച്ച ആളുകള്‍, അഥവാ മതവിജ്ഞാനത്തില്‍ പടുത്വം നേടിയ പണ്ഡിതന്‍മാര്‍ 'മുതശാബിഹു'കളായ ആയത്തിനെക്കുറിച്ച് എന്തുനില കൈക്കൊള്ളും? ഇതാണ് അല്ലാഹു അടുത്ത വാക്യത്തില്‍ പ്രസ്താവിക്കുന്നത്. يقولون امنا به كل من عند ربنا (അവര്‍ പറയും: ഞങ്ങള്‍ അതില്‍ വിശ്വസിച്ചു. എല്ലാം ഞങ്ങളുടെ റബ്ബിന്‍റെ പക്കല്‍നിന്നുള്ളതാണ് എന്ന്. ഇതിനെപ്പറ്റി അല്ലാഹു ഇങ്ങിനെ പ്രശംസിക്കുന്നു: ومايذكر الا اولوا الا باب (ബുദ്ധിമാന്‍മാരല്ലാതെ ഉറ്റാലോചിക്കുന്നതല്ല.) അവര്‍ ഇങ്ങിനെ തുടര്‍ന്നു പ്രാര്‍ത്ഥനയും നടത്തും: ربنا لا تزغ قلوبنا بعد اذ هديتنا وهب لنا من لدنك رحمة انك انت الوهاب الخ (ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ സന്‍മാര്‍ഗ്ഗത്തിലാക്കി തന്നിട്ടുള്ളതിനുശേഷം, ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ! ഞങ്ങള്‍ക്ക് നിന്‍റെ പക്കല്‍ നിന്ന് നീ കാരുണ്യം പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും നീതന്നെയാണ് വളരെ പ്രദാനം ചെയ്യുന്നവന്‍.)

ഈ ആയത്തില്‍നിന്നും, മേല്‍വിവരിച്ചതില്‍ നിന്നുമായി നമുക്ക് പല സംഗതികളും ഗ്രഹിക്കാവുന്നതാണ്. (1) സുവ്യക്തവും സ്പഷ്ടവുമായ അര്‍ത്ഥോദ്ദേശ്യങ്ങളുള്ളത് (المحكم) എന്നും, അല്ലാഹുവിന്ന് മാത്രം അന്തസാരങ്ങള്‍ അറിയാവുന്നത്-അല്ലെങ്കില്‍, അല്ലാഹുവിനും പാണ്ഡിത്യത്തില്‍ അടിയുറച്ച ബുദ്ധിമാന്‍മാര്‍ക്കും അറിയാവുന്നത്- المتشابه എന്നും, ഇങ്ങിനെ രണ്ടുതരം വചനങ്ങള്‍ ഖുര്‍ആനിലുണ്ട്. (2) ആദ്യത്തേതാണ് ഖുര്‍ആന്‍റെ മൂലപ്രധാനമായ ഭാഗം. അതുകൊണ്ട് അതിനെ അവലംബമാക്കിക്കൊണ്ടായിരിക്കണം എല്ലാ തത്വങ്ങളും കാര്യങ്ങളും തീരുമാനിക്കപ്പെടുന്നതും, വ്യാഖ്യാനിക്കപ്പെടുന്നതും. (3) 'മുതശാബിഹാ'യ വിഭാഗത്തില്‍പെട്ട വാക്യങ്ങള്‍ക്ക് 'മുഹ്കമി'ന്‍റെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനവും വിവരണവുമല്ലാതെ, അവയെപ്പറ്റി കൂടുതല്‍ ചുഴിഞ്ഞന്വേഷണം നടത്തുവാനോ, അവയുടെ സാക്ഷാല്‍ ഉദ്ദേശ്യം തിട്ടപ്പെടുത്തി കുടുസ്സാക്കി കൈകാര്യം ചെയ്‌വാനോ, പാടില്ലാത്തതാകുന്നു. (4) അങ്ങിനെ ചെയ്യുന്നപക്ഷം, അതു മതത്തില്‍ കുഴപ്പമുണ്ടാക്കലാണ്. ഹൃദയത്തില്‍ വക്രതയുള്ള-അഥവാ ദുരുദ്ദേശ്യവും കാപട്യവും ഉള്ള-ആളുകളായിരിക്കും അതിന് മുതിരുക. (5) പാണ്ഡിത്യവും വിവേകവുമുള്ളര്‍ അവയുടെ യാഥാര്‍ത്ഥ്യങ്ങള്‍

കണ്ടുനോക്കി വ്യാഖ്യാനിക്കുവാൻ മുതിരുകയില്ല. മാത്രമല്ല, അവർ ഉറ്റാലോചിക്കുകയും, അവരുടെ പക്കൽ അബദ്ധം വന്നുപോകാതിരിക്കുന്നതിനും, കൂടുതൽ മാർഗ്ഗദർശനം ലഭിക്കുന്നതിനുംവേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്യും. (6) അവയുടെ ഉദ്ദേശ്യം തങ്ങൾക്കു മനസ്സിലായാലും ഇല്ലെങ്കിലും ശരി, അതിൽ അവർ ശരിക്കും വിശ്വസിക്കുകയും യഥാർത്ഥം അല്ലാഹുവിങ്കലേക്ക് വിട്ടേക്കുകയും ചെയ്യും. ചുരുക്കത്തിൽ ആയത്തിൻെറ സാരം ഇതാണ്.

ഇബ്നു അബ്ബാസ് (ﷺ) ൻെറ മുകളിലുദ്ധരിച്ച ഒരു പ്രസ്താവന ഈ ആയത്തിൻെറ ഉള്ളടക്കത്തിലേക്ക് വെളിച്ചം വീശുന്നതാകകൊണ്ട് നമുക്ക് അതിവിടെ ഒന്നുകൂടി സ്മരിക്കാം: 'തഫ്സീർ നാല് വിധത്തിലാണുള്ളത് അറബികൾ അവരുടെ ഭാഷയിൽ നിന്ന് മനസ്സിലാക്കുന്ന തഫ്സീർ, ആർക്കും അറിയാതിരിക്കുവാൻ നിവൃത്തിയില്ലാത്ത തഫ്സീർ, പണ്ഡിതൻമാർക്ക് അറിയാവുന്ന തസ്ഫീർ, അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയാവതല്ലാത്ത തഫ്സീർ ഇവയാണത്.

അഹ്മദ്, ബുഖാരി, മുസ്ലിം (ﷺ) മുതലായവർ ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിൽ ആയിശാ (ﷺ) പറയുന്നു: "റസൂൽ(ﷺ) തിരുമേനി ഈ ആയത്ത് (ആലുഇംറാനിൽനിന്നു നാം ഉദ്ധരിച്ചു വിവരിച്ച വചനം) ഓതിക്കൊണ്ടു ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:
فاذا رأيتم الذين يتبعون ما تشابه منه فاولئك الذين سمى الله فاحذروهم (അപ്പോൾ, അതിൽ പരസ്പര സാദൃശ്യമുള്ളതിൻെറ പിന്നാലെ പോകുന്നവരെ നിങ്ങൾ കണ്ടാൽ അവരത്രെ, അല്ലാഹു (ഹൃദയത്തിൽ വക്രതയുള്ളവരെന്ന്) പേരുവച്ച കൂട്ടർ. ആകയാൽ, നിങ്ങളവരെ സൂക്ഷിച്ചുകൊള്ളണം.) അഹ്മദ് (ﷺ) ൻെറ നിവേദനത്തിലെ വാക്കുകൾ ഇതാണ്:
فاذا رأيتم الذين يجادلون فيه فهم الذين عنى الله فاحذروهم (അതുകൊണ്ട് അതിൽ തർക്കം നടത്തുന്നവരെ നിങ്ങൾ കണ്ടാൽ, അവരത്രെ അല്ലാഹു ഉദ്ദേശിച്ചവർ. ആകയാൽ നിങ്ങൾ അവരെ സൂക്ഷിച്ചുകൊള്ളണം.)

വാക്കർത്ഥങ്ങളിലാകട്ടെ, വാചകങ്ങളുടെ അർത്ഥത്തിലാകട്ടെ, അവയുടെ താൽപര്യങ്ങളിലാകട്ടെ, പരസ്പരം വ്യത്യസ്തങ്ങളായ ഒന്നിലധികം രൂപം വരാവുന്ന സന്ദർഭങ്ങളിൽ, ഉദ്ദേശ്യം ഇന്നതാണെന്ന് വ്യക്തമായി മനസ്സിലാക്കാവുന്ന മറ്റു ഖുർആൻ വാക്യങ്ങളിൽനിന്നോ, നബി വചനങ്ങളിൽനിന്നോ, മുൻഗാമികളായ പണ്ഡിതൻമാരുടെ വാക്യങ്ങളിൽനിന്നോ അവയുടെ സാക്ഷാൽ ഉദ്ദേശ്യം കണ്ടുപിടിക്കുവാൻ ശ്രമിക്കേണ്ടതാകുന്നു. കണ്ടുകിട്ടാത്ത പക്ഷം, അവയുടെ സാരം ഇന്നതാണെന്ന് നിർണ്ണയിക്കുവാനും, കണക്കിലേറെ ഗവേഷണം നടത്തി ഏതെങ്കിലുമൊന്ന് ഉറപ്പിക്കുവാനും പാടില്ലാത്തതുമാകുന്നു. കവിഞ്ഞപക്ഷം, ഇന്നിന്നപ്രകാരത്തിലെല്ലാം അതിൻെറ അർത്ഥവും, ഉദ്ദേശ്യവും വരാവുന്നതാണെന്ന് പറഞ്ഞു മതിയാക്കുകയും, യഥാർത്ഥം അല്ലാഹുവിനറിയാമെന്ന് വെച്ച് വിട്ടേക്കുകയും ചെയ്യാവുന്നതാകുന്നു. ومن الله التوفيق

ശാഹു വലിയ്യുല്ലാഹി ദഹ്‌ലവീ (ﷺ) യുടെ ഒരു പ്രസ്താവനകൂടി ഇവിടെ സ്മരിക്കുന്നത് നന്നായിരിക്കും. അദ്ദേഹം പറയുന്നു: "മുതശാബിഹായ ആയത്തുകൾക്കു വ്യഖ്യാനം നൽകുന്നതിലും, അല്ലാഹുവിൻെറ ഗുണവിശേഷങ്ങളെ صفات الله വിവരിക്കുന്നതിലും 'മുതകല്ലിം'കൾ (المتكلمون -വിശ്വാസശാസ്ത്രപണ്ഡിതൻമാർ) സ്വീകരിച്ചുവരുന്ന സമ്പ്രദായം എൻെറ അഭിപ്രായഗതിക്ക് നിരക്കാത്തതാണ്. ഇമാം മാലിക്, ഥൗരീ الثورى ഇബ്നുൽ മുബാറക്ക് (ﷺ) മുതലായവരുടെയും, പൗരാണിക പണ്ഡിതൻമാരുടെയും

അഭിപ്രായഗതിയാണ് എനിക്കുമുള്ളത്. മുതശാബിഹായുള്ളതിനെ അവയുടെ ബാഹ്യാർത്ഥ ത്തിൽ തന്നെ വിട്ടേക്കുക, അവയുടെ വ്യഖ്യാനത്തിൽ പൂണ്ടു പിടിക്കാതിരിക്കുക, (ഖുർആനിൽനിന്നു) കണ്ടുകിട്ടുന്ന മതവിധികളിൽ തർക്കം നടത്താതിരിക്കുക, ഏതെങ്കിലും ഒരു പ്രത്യേക അഭിപ്രായഗതി (المذهب) മുറുകെ പിടിച്ചുകൊണ്ട് മറ്റുള്ളതെല്ലാം അവഗണിച്ചു കളയാതിരിക്കുക മുതലായവയത്രെ അത്. ഖുർആനിൽനിന്ന് അറിയപ്പെടുന്ന തെളിവുകളെ തള്ളിക്കളയുവാൻ ഉപായം പ്രയോഗിക്കുന്നത് ശരിയല്ല. അത് ഖുർആൻകൊണ്ട് തട്ടിക്കളിക്കുന്ന التدارء بالقرأن കൂട്ടത്തിൽ ഉൾപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു.* ആയത്തുകൾ മനസ്സിലാക്കിത്തരുന്ന സാരങ്ങൾ എന്താണെന്ന് അന്വേഷിക്കുക, സ്വന്തം അഭിപ്രായം അതി നോടു യോജിച്ചാലും ഇല്ലെങ്കിലും അതു അപ്പടി സ്വീകരിക്കുക, ഇതാണ് വേണ്ടത്. എന്നാൽ, ഖുർആൻെറ ഭാഷയെ സംബന്ധിച്ചേടത്തോളം മുൻഗാമികളായ അറബികളുടെ ഉപയോ ഗങ്ങളിൽ നിന്നാണത് മനസ്സിലാക്കേണ്ടത്. ഇതിൽ, സഹാബികളുടേയും താബിഉകളുടേയും പ്രമാണങ്ങളെയാണ് സാർവ്വത്രികമായ അവലംബമായി ഗണിക്കേണ്ടത്. الفوز الكبير കൂടുതൽ വിശദീകരണം ആലുഇംറാൻ 7-ാം ആയത്തിൻെറ വിവരണത്തിൽ.

2. അവതരണ ഹേതു (سبب النزول)

ഖുർആൻ വ്യാഖ്യാനത്തിൽ പ്രത്യേകം അറിഞ്ഞിരിക്കേണ്ടുന്ന ഒരു വിഷയമാണ് ആയ ത്തുകളുടെ അവതരണ ഹേതു. ഏതെങ്കിലും സംഭവത്തെത്തുടർന്നോ, അല്ലെങ്കിൽ ഏതെ ങ്കിലും ചോദ്യങ്ങൾക്കു മറുപടിയായോ ഖുർആൻ വചനങ്ങൾ അവതരിച്ചെന്നുവരും. ഇവ ക്ക് അവയുടെ അവതരണ ഹേതുക്കൾ എന്നു പറയുന്നു. അവതരണഹേതു രണ്ടുമൂന്ന് തര ത്തിലുണ്ടാവാം. (1) ആയത്തിൻെറ അർത്ഥസാരങ്ങൾ മനസ്സിലാക്കുവാൻ ഒഴിച്ചുകൂടാത്തത്: ഈ ഇനത്തിൽപെട്ടവയെക്കുറിച്ചു ഖുർആൻ വ്യഖ്യാതാവ് അറിഞ്ഞിരിക്കാത്തപക്ഷം, ആയത്തിൻെറ സാക്ഷാൽ ഉദ്ദേശ്യവും, താൽപര്യവും മനസ്സിലാക്കുവാൻ കഴിയാതെ വരും. (2) ആയത്തിൻെറ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനു അനിവാര്യമല്ലെങ്കിലും അതിനു സഹായകമാ യിരിക്കുന്നത്. ഈ ഇനത്തിൽപ്പെട്ട അവതരണഹേതുക്കളും അറിഞ്ഞിരിക്കുന്നതു നന്നാ യിരിക്കും. (3) ആയത്തിൻെറ ഉദ്ദേശ്യം മനസ്സിലാക്കുന്നതിനു സഹായകമാകാത്തവ. ഈ ഇനത്തിന്നുവേണ്ടി സമയം പാഴാക്കേണ്ടുന്ന ആവശ്യമില്ല.

അവതരണ ഹേതുക്കൾ എന്ന പേരിൽ, സാധാരണ തഫ്സീർ ഗ്രന്ഥങ്ങളിൽ സ്ഥലം പിടിക്കാറുള്ള കഥകളിൽ ഒരു വ്യഖ്യാതാവ് അവശ്യം അറിഞ്ഞിരിക്കേണ്ടുന്ന ഭാഗം വളരെ ക്കുറച്ചേയുള്ളുവെന്നതാണ് വാസ്തവം. ഓരോ ആയത്തിനും ഓരോ അവതരണഹേതു ഉദ്ധരിക്കുവാനും, മിക്ക ആയത്തുകളുടെയും, താല്പര്യത്തിന് അനുയോജ്യമായ കഥകൾ പറയുവാനും ചില മുഫസ്സിറുകൾ മിനക്കെടാറുണ്ട്. ഇതിൻ ഫലമായി, അനാവശ്യവും, അടി സ്ഥാനരഹിതവുമായ എത്രയോ കഥകൾ പല തഫ്സീർ ഗ്രന്ഥങ്ങളിലും സ്ഥലം

* ചില കർമ്മശാസ്ത്ര പണ്ഡിതൻമാർ തങ്ങളുടെ 'മദ്ഹബു'കളെ ന്യായീകരിക്കുവാൻ വേണ്ടി നടത്താറുള്ള നയോപായങ്ങളെ ഉദ്ദേശിച്ചാണ് ദഹ്ലവി (റ) ഉപായം പ്രയോഗിക്കുക (التحيل) എന്നു പറഞ്ഞത്. ഒരു ഖുർആൻ വചനത്തിൽനിന്നു ലഭിക്കുന്ന ഒരു വിധിയെ മറ്റൊരു വചനം കൊണ്ടു ഖണ്ഡിക്കുവാൻ നടത്തുന്ന പരിശ്രമത്തിനാണ് ഖുർആൻകൊണ്ടു തട്ടിക്കളിക്കുക (التدارء بالقرأن) എന്നു പറഞ്ഞത്. ഇതു ഹദീസിൽ പ്രത്യേകം വിരോധിച്ചിട്ടുള്ളതാകുന്നു. വാസ്തവത്തിൽ ഖുർആൻ വചനങ്ങൾ പരസ്പരം ബലപ്പെടു ത്തുകയല്ലാതെ, ഒരിക്കലും ഒന്നൊന്നിനു വിരുദ്ധമായിരിക്കുകയില്ലല്ലോ. സ്വന്തം അഭിപ്രായങ്ങളെ സ്ഥാപിക്കുന്ന തല്പരകക്ഷികളായിരിക്കും ഈ ദുഷ്കൃത്യത്തിനു മുതിരുക എന്നു പറയേണ്ടതില്ല

പിടിച്ചിരിക്കുന്നു. ബലാബലമോ, സത്യാസത്യമോ അന്വേഷിക്കാതെ കണ്ടതും കേട്ടതുമെല്ലാം രേഖപ്പെടുത്തുക പതിവാക്കിയ ചില വ്യഖ്യാതാക്കളും ഉണ്ട്. തന്നിമിത്തം, സമുദായമദ്ധ്യെ കടന്നുകൂടിയിട്ടുള്ള തെറ്റിദ്ധാരണകളും, അന്ധവിശ്വാസങ്ങളും നിരവധിയാകുന്നു. ഖുർആൻ കൊണ്ടും, നബി (ﷺ) യുടെ സുന്നത്തുകൊണ്ടും സ്ഥാപിതമായ തത്വസിദ്ധാന്തങ്ങൾക്കു നിരക്കാത്തതോ, വിശ്വാസയോഗ്യമല്ലാത്ത മാർഗ്ഗത്തിൽകൂടി നിവേദനം ചെയ്യപ്പെട്ടതോ, തനി ഇസ്റാഈലിയ്യാത്തിൽ ഉൾപ്പെട്ടതോ അല്ലാതിരിക്കുകയും, ആയത്തിൻെറ സാരം മനസ്സിലാക്കുന്നതിൽ സഹായകമായിരിക്കുകയും ചെയ്യുന്ന കഥകളും സംഭവങ്ങളും മാത്രമേ പരിഗണിക്കപ്പെടേണ്ടതുള്ളു.

'ഈ വചനം ഇന്ന വിഷയത്തിൽ അവതരിച്ച്' 'ഇന്നതിനെപ്പറ്റിയാണ് അല്ലാഹു പറയുന്നത്.' 'അതിനെത്തുടർന്ന് ഇന്ന വചനം അവതരിച്ചു' എന്നൊക്കെ മുൻഗാമികളുടെ വാക്കുകളിൽ കാണുമ്പോഴേക്കും അവ ആ ആയത്തുകളുടെ സാക്ഷാൽ അവതരണഹേതുക്കൾതന്നെയാണെന്ന് തീർച്ചപ്പെടുത്തിക്കൂടാത്തതാണ്. 'ഇന്നിന്ന വിധത്തിലുള്ള വിഷയങ്ങളെക്കുറിച്ചാണ് ഈ ആയത്തിൽ പറയുന്നത്.' 'ഇതുപോലുള്ള വിഷയത്തിലാണ് ഈ ആയത്ത് അവതരിച്ചത്. 'ഈ ആയത്തിൻെറ ഉള്ളടക്കത്തിൽ ഇതും ഉൾപ്പെടുന്നു.' എന്നിങ്ങിനെയുള്ള അർത്ഥത്തിലായിരിക്കും പലപ്പോഴും അവർ ആ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ടാണ്, ഒരേ ആയത്തിനെ സംബന്ധിച്ചുതന്നെ വ്യത്യസ്തങ്ങളായ ഒന്നിലധികം സ്വീകാര്യയോഗ്യമായ രിവായത്തുകൾ കാണപ്പെടാറുള്ളതും. ഈ യാഥാർത്ഥ്യം മനസ്സിലാക്കാത്തവർ, ആ രിവായത്തുകൾ പരസ്പര വിരുദ്ധങ്ങളാണെന്നോ, ചില ആയത്തുകൾ ഒന്നിലധികം പ്രാവശ്യം അവതരിച്ചിട്ടുണ്ട് എന്നോ തെറ്റിദ്ധരിച്ചേക്കുന്നതാണ്. ഹദീസുകളിൽപോലും ചിലപ്പോൾ, ഇതുപോലെയുള്ള പ്രയോഗങ്ങൾ കാണപ്പെട്ടേക്കും. ഇങ്ങിനെയുള്ള പ്രസ്താവനകളിൽ ആയത്തിൻെറ ഉദ്ദേശ്യത്തിലേക്കു വെളിച്ചം നൽകുന്ന ഭാഗവും, കേവലം ഉദാഹരണമായിമാത്രം എടുക്കാവുന്ന ഭാഗവും പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

ഒരു കാര്യം പ്രത്യേകം ഓർമ്മവെക്കേണ്ടതുണ്ട്: ഏതെങ്കിലും ഒരു സംഭവത്തെത്തുടർന്നോ, ഏതെങ്കിലും വ്യക്തികളുടെ ചെയ്തികളെ സൂചിപ്പിച്ചുകൊണ്ടോ അവതരിച്ച ആയത്തുകളിൽ അടങ്ങിയിട്ടുള്ള വിധി, ആ സംഭവത്തിനുമാത്രം ബാധകമായതാണെന്നോ, അതിൽ സൂചിപ്പിച്ച വ്യക്തികളെ മാത്രം ബാധിക്കുന്നതാണെന്നോ കരുതിക്കൂടാത്തതാകുന്നു. ഈ വസ്തുത ഗ്രഹിക്കായ്ക നിമിത്തവും പലർക്കും പലപ്പോഴും അമളി പിണയാറുണ്ട്. الحكم عام وان كان النزول خاص (അവതരണഹേതു പ്രത്യേകമായതായിരുന്നാലും, വിധി പൊതുവായതാണ്.) എന്ന തത്വം സർവ്വസ്വീകാര്യമായിട്ടുള്ള ഒരു യാഥാർത്ഥ്യമാകുന്നു. ഉദാഹരണമായി: അബൂബക്കർ (رضي الله عنه) ചെയ്ത ഒരു സൽ പ്രവർത്തിയെപ്പറ്റി ഒരു ആയത്തിൽ പ്രശംസിച്ചു പറയുന്നുവെന്ന് കരുതുക, അല്ലെങ്കിൽ അബൂജഹ്‌ലിൻെറ ദുഷ്ചെയ്തിയെപ്പറ്റി ആക്ഷേപിച്ച് ഒരു ആയത്തിൽ പറയുന്നുവെന്ന്വെക്കുക. അത്തരം സൽപ്രവൃത്തികൾ ചെയ്യുന്ന എല്ലാവരും അതുപോലെയുള്ള പ്രശംസക്ക് അർഹരാണെന്നും, അത്തരം ദുഷ്പ്രവൃത്തികൾ ചെയ്യുന്ന എല്ലാവരും അതുപോലെയുള്ള ആക്ഷേപങ്ങൾക്ക് പാത്രമാണെന്നുമാണ് നാം അതിൽനിന്നു മനസ്സിലാക്കേണ്ടത്.

3. "നസ്ഖ്" (ദുർബ്ബലപ്പെടുത്തൽ -النسخ)

വളരെ അഭിപ്രായവ്യത്യാസങ്ങൾക്കും, ഖണ്ഡനമണ്ഡനങ്ങൾക്കും ഇടയായിട്ടുള്ള

ഒരു വിഷയമാണ്, ഖുർആൻ വ്യാഖ്യാനത്തിൽ 'നസ്ഖി'ന്റെ വിഷയം. മുൻഗാമികൾ ഈ വാക്കിന് നൽകിവരുന്ന അർത്ഥങ്ങളും, പിൻഗാമികൾ അതിനു നൽകിയ നിർവ്വചനങ്ങളും തമ്മിലുള്ള വ്യത്യാസമാണ് ഇതിനുള്ള പ്രധാന കാരണം. 'നീക്കം ചെയ്യുക, പകർത്തുക' എന്നൊക്കെയാണ് 'നസ്ഖ്' النسخ എന്ന പദത്തിന്റെ ഭാഷാർത്ഥം. ഒരു ഗ്രന്ഥത്തിൽ നിന്ന് മറ്റൊന്നിലേക്ക് പകർത്തി എഴുതുന്നതിനും, തണൽ വെയിലിനെ നീക്കുന്നതിനുമെല്ലാം 'നസ്ഖ്' എന്ന് പറയാറുള്ളത് ഈ അർത്ഥത്തിലാണ്. ഒരു അംഗീകൃതമായ രേഖമുഖേന മുമ്പുള്ള ഒരു മത നിയമം നീക്കം ചെയ്യുക, അഥവാ അതിനെ ദുർബ്ബലപ്പെടുത്തുക رفع حكم شرعى بدليل شرعى എന്നിങ്ങനെയുള്ള ഒരു സാങ്കേതികാർത്ഥത്തിലാണ് പിൻഗാമികൾ 'നസ്ഖ്' ഉപയോഗിച്ചുവരുന്നതും, കൈകാര്യം ചെയ്യുന്നതും. ദുർബ്ബലപ്പെടുത്തപ്പെട്ട നിയമത്തിനും, അതിന്റെ ലക്ഷ്യത്തിനും 'മൻസൂഖ്' المنسوخ എന്നും, ദുർബ്ബലപ്പെടുത്തുന്ന പുതിയ രേഖക്കും അതിലെ വിധിക്കും 'നാസിഖ്' الناسخ എന്നും പറയപ്പെടും. വിശദീകരണ വേളയിൽ അഭിപ്രായ വ്യത്യാസങ്ങൾ പലതും കാണാമെങ്കിലും, ഈ നിർവ്വചനപ്രകാരം ഖുർആനിൽ നസ്ഖിന് വളരെ തുച്ഛം ഉദാഹരണങ്ങളല്ലാതെ ലഭിക്കുവാനില്ല. എന്നാൽ, സഹാബികൾ, താബിഊങ്ങൾ തുടങ്ങിയ മുൻഗാമികളുടെ പ്രസ്താവനകൾ പരിശോധിക്കുന്നതായാൽ, നീക്കം 'ചെയ്യുക' الازالة എന്ന ഭാഷാർത്ഥത്തിലാണ് അവർ ആ വാക്ക് ഉപയോഗിച്ചിരുന്നതെന്ന് കാണാം. ഈ അർത്ഥമാകട്ടെ, കൂടുതൽ വിശാലവും വ്യാപകമായിട്ടുള്ളതാണ്.

ഏതെങ്കിലും ഒരു കാര്യത്തിന്റെ പ്രവർത്തനകാലം അവസാനിച്ചിട്ടുള്ളതായി അറിയിക്കുക, ഒരു വാക്കിന്റെ പ്രത്യക്ഷത്തിലുള്ള അർത്ഥമല്ല അവിടെ യഥാർത്ഥ ഉദ്ദേശ്യമെന്ന് കാണിക്കുക, ഒരിടത്ത് ഏതെങ്കിലും ഉപാധിയോടുകൂടി പറയപ്പെട്ട ഒരു നിയമത്തിന് ആ ഉപാധി ഉണ്ടായിരിക്കൽ നിർബ്ബന്ധമില്ലെന്ന് കാണിക്കുക, സാമാന്യമായി പ്രസ്താവിക്കപ്പെട്ട ഒരു ലക്ഷ്യംകൊണ്ടുദ്ദേശം ഏതെങ്കിലും പ്രത്യേകമായിട്ടുള്ള ഒന്നാണെന്ന് മനസ്സിലാക്കുക, ഇസ്‌ലാമിന് മുമ്പുണ്ടായിരുന്ന ഏതെങ്കിലും പതിവുകളെ നീക്കം ചെയ്യുക എന്നിങ്ങിനെയുള്ള പല അർത്ഥങ്ങളിലും അവർ 'നസ്ഖ്' എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. ആകയാൽ, മുൻഗാമികളുടെ അർത്ഥം അനുസരിച്ച് ഖുർആനിൽ നസ്ഖിന്റെ വൃത്തം വലുതായിത്തീരുന്നു. നൂറുകണക്കിൽ ആയത്തുകൾ 'മൻസൂഖു' കളുടെ ഇനത്തിൽ ഉൾപ്പെട്ടതായി മുൻഗാമികളിൽ ചിലർ അവരുടെ ഗ്രന്ഥങ്ങളിൽ എണ്ണിക്കാണുന്നതിന്റെ രഹസ്യം ഇതാണ്. ഈ വാസ്തവം മനസ്സിലാക്കാത്തവർ ആ ഗ്രന്ഥങ്ങളുടെ നേരെ പുച്ഛ-ഭാവം ഉൾക്കൊള്ളുന്നത് കാണാം. ഹിജ്റ: 118 ൽ കാലഗതി പ്രാപിച്ച ഖത്താദ (ﷺ), മൂന്നാം നൂറ്റാണ്ടുകാരായ അബൂഉബൈദ് (ﷺ), അബൂദാവൂദ് (ﷺ), അബൂജഅ്ഫർ-നഹ്ഹാസ് (ﷺ), ആറാം നൂററാണ്ടുകാരനായ ഇബ്നുൽ ജൗസീ (ﷺ) മുതലായ പലരും ഈ വിഷയകമായി പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

മേൽപറഞ്ഞ യാഥാർത്ഥ്യം ഗ്രഹിക്കാതെ പലർക്കും അബദ്ധം പിണയാറുണ്ട്. 'നസ്ഖി'ന് പിൻഗാമികൾ കല്പിച്ചു വരുന്ന നിർവ്വചനങ്ങളിലൂടെമാത്രം അതിനെ പരിചയപ്പെടുകയും, അതോടൊപ്പം മേൽകണ്ട മഹാൻമാരുടെ പ്രസ്താവനകൾ കാണുകയും ചെയ്യുന്നതിന്റെ ഫലമായി ഖുർആനിൽ എത്രയോ ആയത്തുകളുടെ വിധികൾ ദുർബ്ബലപ്പെട്ടുപോയിട്ടുണ്ടെന്ന് പലരും ധരിച്ചുവശാകുകയും, അതുവഴി നിരവധി ആയത്തുകളിൽ അടങ്ങിയിരിക്കുന്ന മതവിധികളും, തത്വങ്ങളും അവഗണിക്കപ്പെടുവാൻ ഇടയാകുകയും ചെയ്തിരിക്കുന്നു. ചില തഫ്സീർ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകുന്നതാണ്.

ശത്രുക്കൾക്ക് മാപ്പ് നല്കുവാനും, വിട്ടുവീഴ്ച കൈകൊള്ളുവാനും നിർദ്ദേശിക്കുന്ന ആയത്തുകൾ കാണുന്നിടത്തെല്ലാം, അവ യുദ്ധത്തിൻെറ ആയത്തുകൾ മുഖേന മൻസൂഖാണ് (ദുർബ്ബലപ്പെടുത്തപ്പെട്ടത്) എന്നും, ദാനധർമ്മങ്ങൾ ചെയ്‌വാൻ ശക്തിയായ ഭാഷയിൽ ഊന്നിപ്പറയുന്ന ആയത്തുകൾ കാണുമ്പോൾ അവ സക്കാത്തിൻെറ ആയത്തുകളാൽ 'മൻസൂഖാ'ണ് എന്നും ചിലർ വിധി കല്പിക്കാറുള്ളത് ഇതിന് ഉദാഹരണമത്രെ, വാസ്തവത്തിൽ ഇതൊന്നും തന്നെ 'മൻസൂഖ്' കളിൽപെട്ടതല്ല, 'മുഹ്കമു' (നിയമബലമുള്ളത്)കളിൽ പെട്ടവതന്നെയാണ്. *

നേരെമറിച്ച് നിലവിലുള്ള ഒരു നിയമം നീക്കംചെയ്ത് പകരം വേറെ ഒരു നിയമം നടപ്പിലാക്കുന്നത് കേവലം യുക്തിപരമല്ലെന്നും ഏറ്റവും വലിയ യുക്തിമാനും സർവ്വജ്ഞാനിയുമായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അങ്ങിനെ ഉണ്ടാകുവാൻ പാടില്ലെന്നുമുള്ള നിഗമനത്തിൽ മറ്റൊരു വിഭാഗം ആളുകൾ ഖുർആനിൽ 'നസ്ഖ്' എന്നൊന്ന് തീരെ ഇല്ലെന്ന് ധരിക്കുകയും, അങ്ങിനെ വാദിക്കുകയും ചെയ്യാറുണ്ട്. വാസ്തവത്തിൽ, സഹാബികൾ അടക്കമുള്ള മുൻഗാമികൾ കല്പിച്ചിരുന്ന വിപുലാർത്ഥത്തിലുള്ള നസ്ഖ് ഖുർആനിൽ ഉണ്ടായിരിക്കുന്നത് (ചില ആയത്തുകൾ 'നാസിഖും', ചിലത് 'മൻസൂഖും' ആയേക്കുന്നത്) യുക്തിഹീനമല്ല. സ്വാഭാവികം മാത്രമാകുന്നു. ഇതുപോലെത്തന്നെ ഒരു നിയമത്തിന് ആസ്പദമായിരുന്ന താൽക്കാലിക=കമായ ഒരു തത്വത്തിൻെറ അഭാവത്തിൽ-ആ തത്വം കാലാഹരണപ്പെട്ടുപോയതിനാൽ-തൽസ്ഥാനത്ത് കൂടുതൽ യുക്തമായ മറ്റൊരു നിയമം സ്ഥിരപ്പെടുത്തുക എന്നുള്ളതും, മനുഷ്യവംശത്തിൻെറ ബുദ്ധിപരവും സാമൂഹ്യവുമായ പക്വതയും പാകതയും പൂർത്തിയാകും മുമ്പ് അതാതുകാലത്തിനനുസരിച്ച് പൂർവ്വഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്ന അനുഷ്ഠാന നിയമങ്ങൾ മാറ്റി പകരം കൂടുതൽ യുക്തമായ നിയമങ്ങൾ കൊണ്ടുവരുക എന്നുള്ളതും ആവശ്യമാണെന്ന് പറയേണ്ടതില്ല. നസ്ഖിന് മുൻഗാമികൾ കല്പിച്ചിരുന്ന അർത്ഥമനുസരിച്ച് ഇതെല്ലാം നസ്ഖിൻെറ ഇനത്തിൽ ഉൾപ്പെടുന്നു. അല്ലാഹു പറയുന്നു:-

(١) مانسخ من اية او ننسيها فأت بخير منها او مثلها الم تعلم ان الله على كل شيئ قدير – البقرة : ١٠٦

(٢) واذا بدلنا اية مكان اية والله اعلم بما ينزل قالوا انما انت مفتربل اكثرهم لا يعلمون – النحل : ١٠١

സാരം: 1. നാം വല്ല ആയത്തും 'നസ്ഖ്' ചെയ്കയോ, അല്ലെങ്കിൽ അത് വിസ്മരിപ്പിച്ച് കളയുകയോ ചെയ്യുന്നപക്ഷം, അതിനേക്കാൾ ഉത്തമമോ അതുപോലെയുള്ളതോ ആയ മറ്റൊന്നിനെ നാം കൊണ്ടുവരുന്നതാണ്. നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന് നിനക്ക് അറിഞ്ഞുകൂടേ?! (അൽബഖറ: 106) 2. ഒരു ആയത്തിൻെറ സ്ഥാനത്ത് നാം വേറൊരു ആയത്ത് പകരമാക്കുന്നതായാൽ-അല്ലാഹുവാകട്ടെ, താൻ അവതരിപ്പിക്കുന്നതിനെക്കുറിച്ച് ഏറ്റവും അറിയുന്നവനുമാണ്-അവർ പറയും: നീ കെട്ടിപ്പറയുന്നവൻ മാത്രമാണ് എന്ന്. പക്ഷെ അവരിൽ അധികമാളും അറിയുന്നില്ല. (നഹ്ൽ: 101)

---

* 'മഹ്കമു' (المحكم) എന്ന പദം മുമ്പുപറഞ്ഞതുപോലെ 'മുതശാബിഹി'ൻെറ വിപരീതമായി 'മൻസൂഖി'ൻെറ വിപരീതമായി ഉപയോഗിക്കാറുണ്ട്.

തൗറാത്തിലെ ചില അനുഷ്ഠാനക്രമങ്ങൾ ഖുർആൻ മുഖേന ദുർബലപ്പെടുത്തിപകരം കൂടുതൽ യുക്തമായ അനുഷ്ഠാനക്രമങ്ങൾ ഖുർആൻ നടപ്പാക്കിയതിനെയും, താൽക്കാലിക പരിത:സ്ഥിതകൾക്കനുസരിച്ച് നിശ്ചയിക്കപ്പെട്ടിരുന്ന ചില നിയമങ്ങൾക്കു പകരം സ്ഥിരവും ശാശ്വതവുമായ മതവിധി സ്ഥാപിക്കുന്നതിനേയും എടുത്തുപൊക്കിക്കൊണ്ട് യഹൂദികൾ മുതലായ ഇസ്‌ലാമിൻെറ വൈരികൾ ഖുർആൻെറയും, നബി (ﷺ)യുടെയും നേരെ തൊടുത്തു വിട്ടിരുന്ന ആക്ഷേപങ്ങൾക്കു മറുപടിയായിട്ടാണ് ആദ്യത്തെ വചനം അവതരിച്ചിട്ടുള്ളത് എന്നു സ്മരണീയമാകുന്നു. നസ്ഖിൻെറ നിർവ്വചനത്തിലും, ഖുർആനിൽ നസ്ഖു വരുന്ന കാര്യത്തിലും പണ്ഡിതൻമാർക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങളെ ഉദ്ധരിച്ചുകൊണ്ട് ആ ആയത്തിൻെറ വ്യാഖ്യാനത്തിൽ ഇമാം ഇബ്നു കഥീർ (رحمه الله) ഇപ്രകാരം പറയുന്നു:

'അല്ലാഹുവിൻെറ 'ഹുക്മു' (മതവിധി)കളിൽ നസ്ഖ് വരികയെന്നത്-അതിൽ യുക്തി സഹമായ തത്വം ഉൾക്കൊള്ളുന്നതുകൊണ്ട്-'ജാഇസാ'ണെന്ന (വിരോധമില്ലാത്തതാണെന്ന) കാര്യത്തിൽ മുസ്‌ലിംകൾ എല്ലാവരും ഏകാഭിപ്രായക്കാരാകുന്നു. (ഖുർആനിൽ) അതു സംഭവിച്ചിട്ടുണ്ടെന്ന് പയുന്നവരുമാണ് അവരെല്ലാവരും. ഖുർആൻ വ്യാഖ്യാതാവായ അബൂ മുസ്‌ലിം ഇസ്ഫഹാനീ * പറയുന്നതു ഖുർആനിൽ നസ്ഖിൽപെട്ട ഒന്നും തന്നെ ഇല്ലെന്നാകുന്നു. അദ്ദേഹത്തിൻെറ ഈ വാദം ദുർബ്ബലവും, തള്ളപ്പെട്ടതും ബാലിശവുമാണ്. ഖുർആനിൽ വന്നിട്ടുള്ള നസ്ഖുകൾക്ക് മറുപടി പറയുവാൻ അദ്ദേഹം വളരെ പാടുപെടേണ്ടി വന്നിട്ടുണ്ട്. ഭർത്താവു മരണപ്പെട്ട ഭാര്യ ഒരു കൊല്ലം 'ഇദ്ദ': (العدة) ആചരിക്കേണമെന്നുള്ള (അൽബഖറ: 240ലെ) നിയമം, അവൾ നാലുമാസവും പത്തുദിവസവും 'ഇദ്ദഃ' ആചരിക്കുകയെന്ന (അൽബഖറ: 234ലെ) നിയമംകൊണ്ടു നസ്ഖ് ചെയ്തിരിക്കുകയാണ്. ഇതിന്നു അദ്ദേഹം സ്വീകാര്യമായ മറുപടി പറഞ്ഞിട്ടില്ല. ബൈത്തുൽ മുഖദ്ദസ് 'ഖിബ്‌ല'യായിരുന്നതിനുശേഷം, കഅ്ബ:യെ 'ഖിബ്‌ല:'യാക്കിയതും നസ്ഖിൽപെട്ടതാണ്. ഇതിനും അദ്ദേഹം മറുപടി ഒന്നും പറഞ്ഞിട്ടില്ല. യുദ്ധത്തിൽ, അവിശ്വാസികളായ പത്തു പേരോട് ഒരു മുസ്‌ലിം എന്ന കണക്കിൽ മുസ്‌ലിംകൾ ക്ഷമിച്ചു നില്ക്കേണ്ടതുണ്ടെന്ന കല്പന, രണ്ടുപേരോട് ഒരാൾ ക്ഷമിച്ചുനിന്നാൽ മതിയാകുമെന്ന് (അൻഫാൽ: 65-66) നിയമിച്ചതും അതിൽ ഉൾപ്പെട്ടതാണ്.'' (ابن كثير) ഈ ഒടുവിൽ കാണിച്ച ഉദാഹരണത്തിൽ ഒന്നാമത്തെ വിധിമാറ്റി അതിനു പകരമായിട്ടാണ് രണ്ടാമത്തെ വിധി ഉണ്ടായിട്ടുള്ളതെന്ന് ഖുർആൻെറ പ്രസ്താവനകൊണ്ടുതന്നെ സ്പഷ്ടമാകുന്നുണ്ട്. الآن خففالله عنكم (ഇപ്പോൾ, അല്ലാഹു നിങ്ങൾക്കു ലഘൂകരണം നല്കിയിരിക്കുന്നു) എന്നു മുഖവുരയോടുകൂടിയാണ് രണ്ടാമത്തെ വിധി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. ഒരു വിധി മാറ്റി പകരം വേറൊരു വിധി നടപ്പാക്കുമ്പോൾ, ഏതാണ്ട് ഇതുപോലെയുള്ള വാക്കുകൾ ഉപയോഗിച്ചതു ഖുർആനിൽ വേറെയും കാണാം.

وان تبدوا ما فى انفسكم او تخفوه يحاسبكم به ا لله (നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും, അത് മറച്ചുവെച്ചാലും അല്ലാഹു അതിനെക്കുറിച്ച് നിങ്ങളെ വിചാരണ നടത്തും. (അൽബഖറ 284.) എന്ന വചനം അവതരിച്ചപ്പോൾ 'ഞങ്ങൾക്ക് സാദ്ധ്യമല്ലാത്ത

* ഒരു വലിയ മുഫ്സ്സിറാണ് അബൂ മുസ്‌ലിം ഇസ്ഫഹാനീ, പക്ഷെ, അദ്ദേഹത്തിനു സ്വന്തമായുള്ള അഭിപ്രായങ്ങൾ പലതും കാണാവുന്നതാണ്. നസ്ഖിൻ്റെ വിഷയത്തിൽ അദ്ദേഹത്തിൻ്റെ അഭിപ്രായത്തെ അനുകരിച്ചു സംസാരിക്കുന്ന ചില ആളുകളെ ഇന്നും കാണാവുന്നതാണ്.

കാര്യം ഞങ്ങളോട് കൽപിക്കപ്പെട്ടിരിക്കുന്നുവല്ലോ.' كلفنا من الاعمال مالا نطيق എന്നു സഹാബികൾ നബി (ﷺ) യോട് സങ്കടപ്പെട്ടുവെന്നും, തിരുമേനി അവരോട് അതിനെപ്പറ്റി ഗുണദോഷിക്കുകയും അവർ സമാധാനപ്പെടുകയും ഉണ്ടായെന്നും, പിന്നീട് അൽബഖറ:യിലെ അവസാനത്തെ വചനം അവതരിച്ചു അതിനെ നസ്ഖ് ചെയ്തുവെന്നും അബൂഹുറൈറാ: (رضي الله عنه) വഴി ഇമാം മുസ്‌ലിം രിവായത്തുചെയ്ത ഒരു ഹദീസിൽ കാണാം. ഓരോരുത്തനും കഴിവുള്ളതല്ലാതെ, ആരോടും ശാസിക്കപ്പെടുകയില്ലെന്നും, മറന്നുകൊണ്ടോ, അബദ്ധത്തിലോ ചെയ്തുപോകുന്ന കുറ്റങ്ങൾ പാപങ്ങളല്ലെന്നും ആ വചനത്തിൽ നിന്നു സ്പഷ്ടമാകുന്നുണ്ട്. അപ്പോൾ, കഴിവിൽപെട്ടതും, മറന്നോ അബദ്ധത്തിലോ വന്നുവശായതല്ലാത്തതുമായ കുറ്റങ്ങളിലേ ശിക്ഷയുണ്ടാകുകയുള്ളു എന്ന് വ്യക്തമായി. ഇതുപോലെ ത്തന്നെ, ആലുഇംറാൻ 102-ൽ اتقوا الله حق تقاته (അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം സൂക്ഷിക്കുവീൻ!) എന്ന ആയത്തിൻെറ താല്പര്യത്തെ فاتقوا الله ما استطعتم (നിങ്ങൾക്കു സാദ്ധ്യമാകും പ്രകാരം അല്ലാഹുവിനെ സൂക്ഷിക്കുവിൻ.) (64: 16) എന്ന ആയത്തുകൊണ്ട് നസ്ഖ് ചെയ്തിരിക്കുന്നുവെന്ന് പറയപ്പെടാറുണ്ട്. ആദ്യത്തെ ആയത്തിൻെറ ഉദ്ദേശ്യം, അതിൻെറ ബാഹ്യാർത്ഥം അനുസരിച്ചല്ല-രണ്ടാമത്തെ ആയത്തിൽ വ്യക്തമാക്കപ്പെട്ടതനുസരിച്ചാണ്-നിലകൊള്ളുന്നത് എന്നത്രെ ഇതിൻെറ സാരം. മുൻഗാമികൾ 'നസ്ഖി'ന്നു കൽപ്പിച്ചിരുന്ന വിശാലാർത്ഥത്തിലാണ്-പിൻഗാമികളുടെ സാങ്കേതികാർത്ഥത്തിലല്ല-ഇത്തരം സ്ഥാനങ്ങളിലെല്ലാം നസ്ഖ് ഉണ്ടെന്ന് പറയുന്നത്. ഭാഷാർത്ഥത്തിലുള്ള നസ്ഖിൻെറ ഇനത്തിൽപെട്ട 'നാസിഖു-മൻസൂഖു'കൾ സൂക്ഷ്മമായി പരിശോധിച്ചാൽ, അവയിൽ 'നാസിഖാ'ണെന്ന് കരുതപ്പെടുന്ന ആയത്തുകൾ, അതിലെ 'മൻസൂഖെ'ന്നു കരുതപ്പെടുന്ന ആയത്തുകളുടെ സാക്ഷാൽ ഉദ്ദേശ്യം വിവരിച്ചു തരികയാണ് ചെയ്യുന്നതെന്ന് കാണാവുന്നതാണ്.

ഒരു വിഷയത്തിൽ, സാങ്കേതികാർത്ഥത്തിലുള്ള നസ്ഖ് ഉണ്ടെന്ന് വെക്കേണമെങ്കിൽ, 'നാസിഖും' 'മൻസൂഖു'മായി ഗണിക്കപ്പെടുന്ന ആയത്തുകളുടെ സാരോദ്ദേശ്യങ്ങൾ തമ്മിൽ ഒരുവിധേനയും കൂട്ടിയോജിപ്പിക്കുവാൻ സാധ്യമല്ലാതിരിക്കണം. അതോടുകൂടി 'നാസിഖാ'യി ഗണിക്കപ്പെടുന്ന ആയത്ത് മറ്റേ ആയത്ത് അവതരിച്ചതിന് ശേഷം മാത്രം അവതരിച്ചതായിരിക്കുകയും വേണം. ഈ ഉപാധികൾ ശരിക്കും തിട്ടപ്പെട്ട നസ്ഖുകൾക്ക് ഉദാഹരണം ഖുർആനിൽ അധികമൊന്നും കാണുകയില്ല. ഇമാം സുയൂത്ത്വീ(رحمه الله) അദ്ദേഹത്തിൻെറ അൽഇത്ഖാൻ * എന്ന വിശ്രുത ഗ്രന്ഥത്തിൽ, നസ്ഖിനെപ്പറ്റി വിശദീകരിച്ചുകൊണ്ട് സംസാരിച്ച കൂട്ടത്തിൽ, സാങ്കേതികാർത്ഥത്തിലുള്ള മൻസൂഖായ ആയത്തുകളുടെ എണ്ണം ഏതാണ്ട് ഇരുപതോളം മാത്രമാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. 'ആ ഇരുപതിൽപെട്ട മിക്കതിലും ഈയുള്ളവന് ആലോചിക്കേണ്ടതായുണ്ട്' എന്നൊരു പ്രസ്താവനയോടുകൂടി ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവീ (رحمه الله) അദ്ദേഹത്തിൻെറ 'ഫൗസുൽകബീർ' എന്ന ഗ്രന്ഥത്തിൽ അവ ഓരോന്നും എടുത്തുദ്ധരിക്കുകയും, അഞ്ചെണ്ണത്തിലൊഴിച്ച് ബാക്കിയുള്ളതിലൊന്നും നസ്ഖ് ഉള്ളതായി തീർത്തു പറയുവാൻ നിവൃത്തിയില്ലെന്ന് കാര്യകാരണസഹിതം വിധികല്പിക്കുകയും ചെയ്തിരിക്കുകയാണ്. അബൂമുസ്‌ലിമിന്നെതിരായി ഇബ്നു കഥീർ (رحمه الله) ഉദ്ധരിച്ച-മേൽ കണ്ട-മൂന്നു ഉദാഹരണങ്ങളിൽ ആദ്യത്തേതും, അവസാനത്തേതുമാണ് ദഹ്‌ലവീ എണ്ണിയ അഞ്ചിൽ രണ്ടെണ്ണം. സുയൂത്ത്വീ (رحمه الله) കാണിച്ച ഉദാഹരണങ്ങൾ ചർച്ചനടത്തിക്കൊണ്ട് സാങ്കേതികാർത്ഥത്തിലുള്ള മൻസൂഖാകുന്നില്ലെന്ന് അദ്ദേഹം വിധി കൽപിച്ച കൂട്ടത്തിൽ,

* ഖുർആൻെറയും, ഖുർആൻ വ്യാഖ്യാനത്തിൻെറയും നാനാവശങ്ങളെക്കുറിച്ചു വിശദീകരിച്ചുകൊണ്ട് (السيوطة رح) ഇമാം സുയൂത്ത്വീരചിച്ചിട്ടുള്ള ഒരു മഹാഗ്രന്ഥമാണ് 'അൽഇത്ഖാൻ' (الاتقان فى علوم القرآن)

നാം മേൽകാണിച്ച രണ്ട് ഉദാഹരണങ്ങളും- അൽബഖറ: യിലെ 284ഉം, ആലുഇംറാനിലെ 102ഉം വചനങ്ങളും-ഉൾപ്പെടുന്നു.

ഇത്രയും പറഞ്ഞതിൻെറ രത്നച്ചുരുക്കം ഇതാണ്: (1) ഖുർആനിൽ, തീരെ നസ്ഖ് ഇല്ലെന്നു പറയുന്നത് ശരിയല്ല. വിശദീകരണത്തിലും, ഉദാഹരണത്തിലും അഭിപ്രായവ്യത്യാസമുണ്ടാകുമെങ്കിലും, ഖുർആനിൽ നസ്ഖ് ഉണ്ടെന്നുള്ളത് തർക്കമറ്റതാകുന്നു. (2) 'നസ്ഖ്' എന്ന വാക്ക് മുൻഗാമികൾ ഉപയോഗിച്ചിരുന്നത് കുറേ വിശാലമായ അർത്ഥത്തിലായിരുന്നതുകൊണ്ട് അവരുടെ പ്രസ്താവനകളിൽ, നസ്ഖിൻെറ ആയത്തുകൾ പലതും ഉള്ളതായിക്കണ്ടേക്കും. വാസ്തവത്തിൽ അവ ഇന്നറിയപ്പെടുന്ന സാങ്കേതികാർത്ഥത്തിലുള്ള നസ്ഖുകളിൽ ഉൾപ്പെട്ടവയല്ല. അഥവാ, ഏതെങ്കിലും ഒരു വ്യഖ്യാനത്തിൻെറ ഇനത്തിൽപ്പെട്ടവയായിരിക്കും (3) ഇസ്ലാമിക ഗ്രന്ഥങ്ങളിൽ, പിൽകാല പണ്ഡിതൻമാർ കല്പിച്ചുവരുന്ന അർത്ഥത്തിലുള്ള നസ്ഖിൻെറ ആയത്തുകൾ വളരെ കുറച്ചേയുള്ളു. (4) മേൽ സൂചിപ്പിച്ച ഉപാധികൾ പൂർത്തിയാകുമ്പോൾ മാത്രമേ നസ്ഖിൻെറ കാര്യം ആലോചനാവിഷയമാകുകയുള്ളു. (5) ഉപാധികൾ പൂർത്തിയാകുന്നതിലും, വ്യാഖ്യാനം നല്കുന്നതിലും അഭിപ്രായവ്യത്യാസം ഉണ്ടാകാവുന്നതുകൊണ്ട് ഒരു വ്യാഖ്യാതാവ് നാസിഖും, മൻസൂഖുമായിക്കരുതുന്ന ആയത്തുകളിൽ മറ്റൊരു വ്യാഖ്യാതാവ് നസ്ഖിൻെറ വാദം ശരിവെച്ചില്ലെന്നു വരാവുന്നത് സ്വാഭാവികമാണ്.

(6) നിലവിലുള്ള ഏതെങ്കിലും ഒരു മതനിയമം നീക്കം ചെയ്ത് പകരം, കൂടുതൽ ഉപയുക്തമായ മറ്റൊരു നിയമം തൽസ്ഥാനത്തു കൊണ്ടുവരികയെന്നത് ഇസ്ലാമിൻെറയോ, ഖുർആൻെറയോ പോരായ്കകൊണ്ടോ, അപ്രായോഗികതകൊണ്ടോ ഉണ്ടാകുന്നതല്ല. നേരെ മറിച്ച്, അത് അതിൻെറ പ്രായോഗികതയും, മനുഷ്യൻെറ പൊതുനൻമയിൽ അതിനുള്ള താല്പര്യവുമാണ് കുറിക്കുന്നത്. കാരണം, മാനുഷിക വളർച്ച പൂർത്തിയായിട്ടില്ലാത്ത ഒരു കാലത്തിനനുസരിച്ച് കൊണ്ടോ, ഇസ്ലാമിൻെറ മുഴുവൻ വശവും നടപ്പിൽ വരുന്നതിനുമുമ്പ്-ഇസ്ലാമിൻെറ ആരംഭത്തിൽ-നിലവിലുണ്ടായിരുന്ന താല്ക്കാലിക പരിതഃസ്ഥിതികൾ പരിഗണിച്ചുകൊണ്ടോ നിയമിതമായിരുന്ന ചുരുക്കം ചില നിയമങ്ങൾ മാത്രമാണ് നസ്ഖിന് വിധേയമായിട്ടുള്ളത്. അവയ്ക്കു പകരം സ്ഥാപിതമായ ശാശ്വത നിയമങ്ങളാകട്ടെ, പ്രായോഗികതയിലോ, അനുഷ്ഠാന സൗകര്യത്തിലോ, അല്ലെങ്കിൽ അവമൂലം ലഭിക്കാനിരിക്കുന്ന പുണ്യഫലങ്ങളിലോ-ഇവയെല്ലാറ്റിലുമോ-കൂടുതൽ ഗുണകരവും മെച്ചപ്പെട്ടവയാണുതാനും.

ഖുർആൻ വചനങ്ങളിലെന്നപോലെ, നബി (ﷺ) യുടെ സുന്നത്തിലും നസ്ഖ് ഉണ്ടായിരിക്കും. ഇതിനെപ്പറ്റി ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടില്ല. 'ഉസ്വൂലി'ൻെറ (കർമ്മശാസ്ത്ര നിദാനത്തിൻെറ) ഗ്രന്ഥങ്ങളിൽ അതിനെപ്പറ്റി സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതാണ്. ഒരു ഖുർആൻ വ്യഖ്യാതാവ് അറിഞ്ഞിരിക്കേണ്ടുന്ന അത്യാവശ്യ വസ്തുതകൾ ചൂണ്ടിക്കാട്ടുക മാത്രമാണ് നാമിവിടെ ചെയ്യുന്നത്. والله الموفق

വ്യഖ്യാനത്തിൽ ഗൗനിക്കപ്പെടേണ്ടുന്ന മറ്റു ചില കാര്യങ്ങൾ.

ഖുർആൻ വ്യാഖ്യാനത്തിൽ അറിഞ്ഞിരിക്കേണ്ടതും, പാലിക്കേണ്ടതുമായ കാര്യങ്ങൾ ഇനിയും പലതുണ്ട്. ഉദാഹരണമായി ചുരുക്കം ചിലതുകൂടി ഇവിടെ സൂചിപ്പിക്കാം:-

(1) ലോപനം (الحذف). അതായത്: ഒരു വാക്യത്തില്‍നിന്ന് അതിലെ ചില പദങ്ങള്‍ വിട്ടുകളയുക. ഇതു ഭാഷയില്‍ സാധാരണമാണ്. ഉദാഹരണം; واشربوا فى قلوبهم العجل (അവരുടെ ഹൃദയങ്ങളില്‍ പശുക്കുട്ടി കുടിപ്പിക്കപ്പെട്ടിരിക്കുന്നു.) ഇവിടെ العجل (പശുക്കുട്ടി) എന്നതിന് മുമ്പ് ഒരു പദം ലോപിച്ചിട്ടുണ്ട്. حب العجل (പശുക്കുട്ടിയോടുളള പ്രേമം) എന്നാണ് സാക്ഷാലുളളത്. واسأل القرية (രാജ്യത്തോട് ചോദിക്കുക) എന്നതിന്‍റെ സാക്ഷാല്‍ രൂപം واسأل اهل القرية (രാജ്യക്കാരോട് ചോദിക്കുക) എന്നും, واختار موسى قومه (മൂസാ തന്‍റെ ജനതയെ തിരഞ്ഞെടുത്തു) എന്നതിന്‍റെ സാക്ഷാല്‍ രൂപം من قومه (തന്‍റെ ജനതയില്‍നിന്ന് തിരഞ്ഞെടുത്തു) എന്നുമാകുന്നു. ചിലപ്പോള്‍ ഒന്നിലധികം പദങ്ങളും-ചിലപ്പോള്‍ വാക്യങ്ങള്‍ തന്നെയും-ഇങ്ങിനെ ലോപിച്ചിരിക്കും. ഉദാഹരണം:
فاوحينا الى موسى ان اصرب بعصاك البحر فانفلق (അപ്പോള്‍ നാം മൂസാക്ക് വഹ്‌യ് നല്‍കി. നീ നിന്‍റെ വടിക്കൊണ്ട് സമുദ്രത്തെ അടിക്കുക എന്ന്. അപ്പോള്‍ പിളര്‍ന്നു.) വഹ്‌യ് നല്‍കിയപ്പോഴേക്കും സമുദ്രം പിളര്‍ന്നുവെന്നല്ല فضرب موسى بعصاه البحر فانفلق (അങ്ങനെ, മൂസാ തന്‍റെ വടികൊണ്ട് സമുദ്രത്തെ അടിച്ചു, അപ്പോള്‍ അത് പിളര്‍ന്നു) എന്നാകുന്നു. ഇങ്ങിനെ അനേകം ഉദാഹരണങ്ങള്‍ ഖുര്‍ആനില്‍ കാണാം. ഇപ്രകാരം ലോപിച്ചുപോയ വാക്കുകളെ സന്ദര്‍ഭംകൊണ്ട് മനസ്സിലാക്കുവാന്‍ കഴിയുന്നതാണ്.

(2) സാധാരണ ഉപയോഗിക്കപ്പെടാറുളള വാക്കിനുപകരം മറ്റൊരു വാക്ക് ഉപയോഗിക്കുക الابدال ഉദാഹരണം: اهذا الذى يذكر الهتكم (ഇവനാണോ നിങ്ങളുടെ ദൈവങ്ങളെ പറയുന്നവന്‍?) ഇവിടെ ഉദ്ദേശ്യം الذى يسب الهتكم (നിങ്ങളുടെ ദൈവങ്ങളെ പഴിച്ചു പറയുന്നവന്‍) എന്നത്രെ. اذاقها الله الباس الجوع (അപ്പോള്‍ അല്ലാഹു അതിന് വിശപ്പിന്‍റെ വസ്ത്രത്തെ ആസ്വദിപ്പിച്ചു.) എന്നിടത്ത് طعم الجوع (വിശപ്പിന്‍റെ രുചിയെ) എന്നാണുദ്ദേശ്യം. ഇത്തരം പ്രയോഗങ്ങളില്‍ സാഹിത്യപരമായും, ആലങ്കാരികമായുമുളള പല സൂചനകളും അടങ്ങിയിരിക്കുന്നതാണ്.

(3) ഇടക്കുവെച്ച് സംസാരമുഖം മാറ്റുക الالتفات فى الكلام ഉദാഹരണമായി, സംഭാഷകന്‍ തന്നെക്കുറിച്ച്, 'ഞാന്‍' എന്നോ, 'ഞങ്ങള്‍' എന്നോ (ഉത്തമ പുരുഷ രൂപത്തില്‍) സംസാരിച്ചുകൊണ്ടിരിക്കെ, ഇടക്കുവെച്ച് 'അവന്‍' എന്നോ, 'അവര്‍ എന്നോ തന്നെപ്പറ്റിത്തന്നെ (പ്രഥമ പുരുഷ രൂപത്തില്‍) പ്രയോഗിക്കുക. അല്ലെങ്കില്‍ ശ്രോതാക്കളെക്കുറിച്ച് 'നിങ്ങള്‍' എന്നോ 'നീ' എന്നോ (മദ്ധ്യമ പുരുഷ രൂപത്തില്‍) പറഞ്ഞുക്കൊണ്ടിരിക്കെ, 'അവര്‍,' എന്നോ 'അവന്‍' എന്നോ (പ്രഥമ പുരുഷ രൂപത്തില്‍) പ്രസ്താവിക്കുക. ഖുര്‍ആനില്‍ ഇങ്ങിനെയുളള പ്രയോഗവും ധാരാളം കാണാം. ഉദാഹരണം
وانزل من السماء ماء فاخرجنابه ازواجا من نبات شتى (അവന്‍ ആകാശത്തുനിന്ന് വെളളം ഇറക്കി. എന്നിട്ടു നാം അതുകൊണ്ട് പലജാതി സസ്യങ്ങളെ ഉല്‍പാദിപ്പിച്ചു. (20: 53) ഇവിടെ, 'നാം' ഉല്‍പാദിപ്പിച്ചു اخرجنا എന്നു പറഞ്ഞത് 'അവന്‍ ഉല്‍പാദിപ്പിച്ചു' (اخرج) എന്നതിന്‍റെ സ്ഥാനത്താകുന്നു. 'നാം' എന്നും 'അവന്‍' എന്നും, ഉപയോഗിച്ചിരിക്കുന്നത് അല്ലാഹുവിനെ ഉദ്ദേശിച്ചു തന്നെയാണ്. ഇതിലെല്ലാം അടങ്ങിയ സാഹിത്യരഹസ്യങ്ങള്‍ യഥാസ്ഥാനങ്ങളില്‍ നിന്നു മനസ്സിലാക്കേണ്ടതാകുന്നു.

(4) കൂടാതെ, വാചകത്തിന്‍റെ സ്വാഭാവികമായരൂപം മാറ്റി മറ്റൊരു രൂപം നല്‍കല്‍ القلب, ചില അവ്യയങ്ങളോ മറ്റോ കൂടുതലാക്കല്‍ الزيادة, ഒരു ക്രിയയില്‍ മറ്റൊരു ക്രിയയുടെ അര്‍ത്ഥവുംകൂടി ഉള്‍പ്പെടുത്തല്‍ التضمين, സാക്ഷാല്‍ അര്‍ത്ഥത്തിലല്ലാതെ ആലങ്കാരി

കമായ അർത്ഥത്തിൽ പദങ്ങളും, വാക്യങ്ങളും ഉപയോഗിക്കൽ إعجاز എന്നിങ്ങിനെ അനേകം കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. അറബിഭാഷാ പരിജ്ഞാനംകൊണ്ട് ഏറെക്കുറെ ഇതൊക്കെ മനസ്സിലാക്കാമെങ്കിലും, ഖുർആനെ സംബന്ധിച്ചേടത്തോളം, അതിനു പുറമെ ഖുർആന്റെ പ്രത്യേക സാഹിത്യവുമായുള്ള പരിചയംകൂടി ആവശ്യമാണ്.

ഇതുപോലെത്തന്നെ, വാച്യാർത്ഥം, വ്യംഗ്യാർത്ഥം, ദ്വയാർത്ഥം, സൂചനാർത്ഥം പദാർത്ഥം, താൽപര്യം, ബാഹ്യാർത്ഥം, ആന്തരാർത്ഥം ആദിയായി വാക്യങ്ങളുടെ അർത്ഥ സാരങ്ങളിൽ വരുന്ന തരാതരങ്ങളും, താരതമ്യങ്ങളും അറിഞ്ഞിരിക്കണം. والله الموفق والمعين

ഖുർആൻ വ്യാഖ്യാതാക്കൾ المفسرون

1. മുൻഗാമികൾ

വിശുദ്ധ ഖുർആന്റെ ഒന്നാമത്തെ വ്യാഖ്യാതാവും, ഏറ്റവും വലിയ വ്യാഖ്യാതാവും- അതെ, അതിന്റെ സാക്ഷാൽ വ്യാഖ്യാതാവ്-നബി (ﷺ) തിരുമേനിയാണെന്നും, തിരുമേനിയിൽനിന്ന് സഹാബികൾ ഖുർആന്റെ വ്യാഖ്യാനം മുഖാമുഖമായി കേട്ടുപഠിച്ചും, ചോദിച്ചറിഞ്ഞും കൊണ്ടിരുന്നുവെന്നും നാം കണ്ടുവല്ലോ. തിരുമേനിയുടെ കാലശേഷം, അവർ അന്യോന്യം അന്വേഷിച്ചും, ചർച്ച നടത്തിയും ഖുർആൻ വിജ്ഞാനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുക പതിവായിരുന്നു. ഓരോരുത്തർക്കും അല്ലാഹു നൽകിയ ബുദ്ധിശക്തി, അന്വേഷണ സൗകര്യം, ജ്ഞാനഭാഗ്യം ആദിയായവയുടെ തോതനുസരിച്ച് വ്യക്തികൾക്കിടയിൽ ഏറ്റപ്പറ്റുണ്ടായിരിക്കുമെന്നുമാത്രം.

അങ്ങനെ, സഹാബികളുടെ കൂട്ടത്തിൽ, ഖുർആൻ വ്യാഖ്യാന വിജ്ഞാനത്തിൽ കൂടുതൽ പ്രാമുഖ്യം നേടിയിരുന്നവർ വിശിഷ്യാ പത്തുപേരായിരുന്നു. 'ഖുലഫാഉ-റാശിദീൻ' എന്നറിയപ്പെടുന്ന ആദ്യത്തെ ഖലീഫമാരായ അബൂബക്കർ (رضي الله عنه), ഉമർ (رضي الله عنه), ഉസ്മാൻ (رضي الله عنه), അലി (رضي الله عنه) എന്നിവരും താഴെ കാണുന്ന ആറുപേരുമാണത്: അന്തരിച്ച ഹിജ്റാ വർഷമാണ് ബ്രാക്കറ്റിൽ.

1. അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് (32) 2. അബ്ദുല്ലാഹ് ഇബ്നു അബ്ബാസ് (68) 3. ഉബയ്യുബ്നു കഅ്ബ് (20) 4. സൈദുബ്നു ഥാബിത്ത് (45) 5. അബൂമൂസൽ അശ്അരി (44) 6. അബ്ദുല്ലാഹ് ഇബ്നുസുബൈർ (73)

ഖുലഫാഉ-റാശിദീങ്ങളുടെ കൂട്ടത്തിൽ അലി (رضي الله عنه) യിൽ നിന്നാണ് കൂടുതൽ തഫ്സീറുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുള്ളത്. അതിലും കൂടുതലായിട്ടാണ് ഇബ്നുമസ്ഊദ് (رضي الله عنه)ൽനിന്നു ലഭിക്കുന്നത്. ഇബ്നു അബ്ബാസ് (رضي الله عنه) ആകട്ടെ, 'തർജുമാനുൽ ഖുർആൻ' (ഖുർആന്റെ അഭിഭാഷകൻ) എന്നും, 'ഹിബ്റുൽ ഉമ്മ:' (حبر الامة സമുദായത്തിലെ പണ്ഡിതൻ) എന്നുമുള്ള അപരനാമങ്ങളാൽ പ്രസിദ്ധി നേടിയ മഹാനും, നബി (ﷺ) യുടെ പ്രത്യേക പ്രാർത്ഥന ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ച വ്യക്തിയുമാണ്.

ഇബ്നു അബ്ബാസ് (رضي الله عنه)ൽ നിന്നു തഫ്സീറുകൾ നിവേദനം ചെയ്യപ്പെടുന്ന മാർഗ്ഗങ്ങൾ പ്രധാനമായി നാലെണ്ണമാകുന്നു. (1) ഹിജ്റ 143 ൽ മരണമടഞ്ഞ അലിയ്യുബ്നു ത്വൽഹഃ മുഖേന. ഇബ്നു അബ്ബാസ് (رضي الله عنه)ൽനിന്നു ഇദ്ദേഹം വഴി രിവായത്തു ചെയ്യപ്പെടുന്ന തഫ്സീറുകളാണ് ഇമാം ബുഖാരീ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്. (2) ഹി: 120ൽ

മരണപ്പെട്ട ളൈസുബ്നു മുസ്‌ലിം മുഖേന. (3) പ്രസിദ്ധ ചരിത്രകാരനായ ഇബ്നുഇസ്ഹാഖ് മുഖേന (4) ഹി: 146ൽ മരണപ്പെട്ട 'കൽബീ' എന്ന മുഹമ്മദ്ബ്നു സാഇബ് മുഖേന. ഈ നാലാമത്തെ മാർഗ്ഗമാണ് ഇവയിൽവെച്ചു ബലഹീനമായത്. ഇതുപോലെത്തന്നെ 'സുദ്ദീ സ്വഗീർ' (ചെറിയ സുദ്ദീ) എന്നറിയപ്പെടുന്ന മുഹമ്മദുബ്നുമർവാൻെറ മാർഗ്ഗവും വളരെ ബലഹീനമായതാകുന്നു. ഇബ്നുഅബ്ബാസ് (ﷺ)ൽ നിന്ന് വിവിധ മാർഗ്ഗങ്ങളിൽകൂടി ലഭിച്ച തഫ്സീറുകളെ ശേഖരിച്ചുകൊണ്ട് എഴുതപ്പെട്ട ഒരു ഗ്രന്ഥമാണ് 'ഇബ്നു അബ്ബാസിൻെറ തഫ്സീർ' **تفسير ابن عباس** എന്ന പേരിൽ അറിയപ്പെടുന്ന ഗ്രന്ഥം. പ്രസിദ്ധ അറബി നിഘണ്ടുവായ ഖാമൂസി **القاموس** ൻെറ കർത്താവായ ഫൈറൂസാബാദീയാണ് ഇതിൻെറ കർത്താവ്.

നബി (ﷺ)യുടെ കാലത്ത് തന്നെ ഖുർആൻ മനഃപാഠമാക്കിയവരിൽ ഒരാളും, നല്ല ഓത്തുകാരനുമായിരുന്നു, ഉബയ്യുബ്നു കഅ്ബ് (ﷺ). റംസാൻ മാസത്തിലെ രാത്രി നമസ്കാരത്തിൽ ഉമർ (ﷺ) ജനങ്ങൾക്ക് ഇമാമായി നിശ്ചയിച്ചത് അദ്ദേഹത്തെയായിരുന്നു. നബി (ﷺ) യുടെ എഴുത്തുകാരിൽപെട്ട ഒരു പ്രധാനിയും, അബൂബക്കർ (ﷺ) ൻെറ കാലത്തു ഖുർആൻ ശേഖരിച്ച് 'മുസ്ഹഫാ'ക്കിയ ആളുമാണ് സൈദുബ്നുഥാബിത്ത് (ﷺ). ഉസ്മാൻ (ﷺ) ൻെറ കാലത്ത് മുസ്ഹഫിൻെറ പകർപ്പുകളെടുത്ത സംഘത്തിൻെറ തലവനും അദ്ദേഹം തന്നെ. ഈ സംഘത്തിൽപെട്ട ഒരു അംഗം തന്നെയായിരുന്നു അബ്ദുല്ലാഹിബ്നു സുബൈറും (ﷺ). അബൂമൂസൽ അശ്അരീ (ﷺ) ഒരു നല്ല ഓത്തുകാരനായിരുന്നുവെന്നും, നബി (ﷺ) അദ്ദേഹത്തിൻെറ ഓത്തു കേൾക്കുവാൻ ഇഷ്ടപ്പെട്ടിരുന്നുവെന്നും നാം ഇതിനു മുമ്പ് കണ്ടുവല്ലോ.

സഹാബികളിൽനിന്നു ഖുർആൻ വിജ്ഞാനവും, തഫ്സീറും പഠിച്ചറിഞ്ഞ 'താബിഈ' പ്രമുഖൻമാരാണ് ഖുർആൻ വ്യഖ്യാതാക്കളുടെ രണ്ടാമത്തെ തലമുറ. ഇവരെ മൂന്നായി ഭാഗിക്കാം: (1) ഇബ്നുഅബ്ബാസ് (ﷺ) ൻെറ ശിഷ്യൻമാരായ മക്കായിലെ പണ്ഡിതൻമാർ. (2) ഇബ്നുമസ്ഊദ് (ﷺ) ൻെറ ശിഷ്യൻമാരായ കൂഫയിലെ പണ്ഡിതൻമാർ, (3) സൈദ്ബ്നു അസ്‌ലം (ﷺ) ൻെറ ശിഷ്യൻമാരായ മദീനായിലെ പണ്ഡിതൻമാർ. വളരെ സഹാബികളുമായി ബന്ധം പുലർത്തുകയും, അവരിൽനിന്ന് അറിവ് സമ്പാദിക്കുകയും ചെയ്ത ഒരു പ്രസിദ്ധ താബിഈ പ്രമുഖനായിരുന്നു സൈദുബ്നു അസ്‌ലം **زيد بن اسلم رض** ഇദ്ദേഹത്തിൻെറ വിയോഗം ഹിജ്റ : 136ലാകുന്നു.

ഇബ്നുഅബ്ബാസിൻെറ പ്രധാന ശിഷ്യൻമാർ:-

1. മുജാഹിദ് (103) 2. സഈദുബ്നു ജുബൈർ (94) 3. ഇക്‌രിമഃ മൗലാ ഇബ്നു അബ്ബാസ് (105) 4. ത്വാഊസ് (106) 5. അത്വാഉ് ബിൻ അബീറബാഹ് (114)

'നാലാളുകളിൽനിന്ന് നിങ്ങൾ തഫ്സീർ സ്വീകരിച്ചുകൊള്ളുവിൻ!' എന്ന് പറഞ്ഞു കൊണ്ട് മഹാനായ സുഫ്‌യാനു-ഥൗരി, ഇവരിൽ ആദ്യത്തെ മൂന്നാളുടെ പേരും (താഴെ പറയുന്ന) ളഹ്-ഹാക് (ﷺ) ൻെറ പേരും എണ്ണുകയുണ്ടായെന്നു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഖത്താദ: (ﷺ) പ്രസ്താവിച്ചതായി ഇങ്ങിനെ നിവേദനം വന്നിട്ടുണ്ട്: ''താബിഉകളിൽ ഏറ്റവും അറിവുള്ളവർ നാലാളാകുന്നു: (1) അത്വാഉ്, ഇദ്ദേഹം ഹജ്ജുകർമ്മങ്ങളെ **المناسك** സംബന്ധിച്ച് കൂടുതൽ അറിയുന്നവരാണ്. (2) സഈദുബ്നുജുബൈർ, ഇദ്ദേഹം തഫ്സീർ കൂടുതൽ അറിയുന്നവരാണ്. (3) ഇക്‌രിമ: ഇദ്ദേഹം ചരിത്രം കൂടുതൽ അറിയുന്നു. (4)

ഹസൻ ബസരീ, ഇദ്ദേഹം 'ഹലാലും ഹറാമും' (മതനിയമങ്ങൾ) കൂടുതൽ അറിയുന്നു.'' മുജാഹിദ് (ﷺ)നെ ക്കുറിച്ചു ഇതിന്നുമുമ്പു നാം പരിചയപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ഇമാം ശാഫീ (ﷺ), ബുഖാരീ (ﷺ) മുതലായവർ തഫ്സീറിൽ അദ്ദേഹത്തെ അവലംബമാക്കാറുണ്ടെന്നത് പ്രസ്താവ്യമാണ്.

ഇബ്നു മസ്ഊദ് (ﷺ) ന്റെ ശിഷ്യൻമാർ:-

1. അൽഖമഃ (102) 2. അസ്‌വദുബ്നുയസീദ് (75) 3. ഇബ്റാഹീംനഖ്ഈ (95) 4. ശഅ്ബീ (105)

സൈദുബ്നു അസ്‌ലം (ﷺ) ന്റെ ശിഷ്യൻമാർ:-

1. അബ്ദുറഹ്മാൻബിൻസൈദ് (182) 2. (ഇമാം) മാലിക് (179) 3. ഹസൻബസരീ (121) 4. അത്വാഉ് (135) 5. മുഹമ്മദുബ്നു കഅ്ബു (117) 6. ളഹ്-ഹാക്ക് (105) 7. അബുൽ ആലിയ: (90) 8. അത്വിയ്യ: (111) 9. ഖത്താദ: (117) 10. റബീഉ് (139) 11. സുദ്ദീ കബീർ (ഇസ്മാഈൽബിൻ അബ്ദു റഹ്മാൻ) (127).

പല സഹാബികളിൽ നിന്നും, താബിഉകളിൽ നിന്നും വിജ്ഞാനം ശേഖരിച്ച മറ്റൊരു വിഭാഗം താബിഈ പ്രമുഖൻമാരാണ് 3-ാം തലമുറ:-

1. ഇബ്നുഉയൈന: എന്ന സുഫ്‌യാൻ (198) 2. വകീഉ് (197) 3. ശുഅ്ബ: (160) 4. ഇസ്ഹാഖുബ്നുറാഹവൈഹി (238) 5. ഇബ്നുഅബീശൈബ: മുതലായ പലരും ഈ തലമുറയിലുണ്ട്.

നാലാം തലമുറയിലെ പ്രധാനികളിൽ ചിലർ ഇവരാകുന്നു:-

1. ഇബ്നുഅബീഹാതിം (327) 2. ഇബ്നുമാജ: (273) 3. ഇബ്നുമർദവൈഹി (410) 4. ഇബ്നുഹിബ്ബാൻ (354) 5. ഇബ്നുൽമുൻദിർ (236) 6. ഇബ്നു ജരീർ (310)

പൗരാണിക ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു മഹാഗ്രന്ഥമാണ് ഇബനുൽ ജരീർ (ﷺ) ന്റെ തഫ്സീർ. ഇതിനെപ്പറ്റി മുമ്പ് നാം പ്രസ്താവിച്ചുവല്ലോ. ഇമാം സുബ്കീ (ﷺ) തന്റെ ത്വബഖാത്ത് (طبقات السبكى)എന്ന ഗ്രന്ഥത്തിൽ പറയുന്നു: ''ഇബ്നു ജരീർ തന്റെ അനുയായികളോട്: ''ഖുർആന് ഒരു വ്യാഖ്യാനം എഴുതുന്നതിൽ വിരോധമുണ്ടോ?'' എന്നു ചോദിക്കുകയുണ്ടായി. അവർ ചോദിച്ചു: ''അതിന്റെ വലിപ്പം എത്ര വരും!'' അദ്ദേഹം പറഞ്ഞു: ''മുപ്പതിനായിരം കഷ്ണം''. അവർ പറഞ്ഞു: ''അത് പൂർത്തിയാകും മുമ്പായി ആയുഷ്കാലം കഴിഞ്ഞു പോയേക്കുമല്ലോ.?'' എന്നിട്ട് അദ്ദേഹം മുവ്വായിരത്തോളം കഷ്ണത്തിലായി അത് ചുരുക്കി എഴുതുകയാണ് ചെയ്തത്. എന്നിപ്ര കാരം രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു. ആ മഹൽഗ്രന്ഥത്തിന്റെ പേര് جامع البيان فى تفسير القرأن (ഖുർആൻ വ്യാഖ്യാനത്തിലുള്ള വിവരണ സമാഹാരം) എന്നാണ്.''

2. പിൻഗാമികളായ മുഫസ്സിറുകൾ

മേൽകണ്ട മഹാൻമാരുടെ കാലങ്ങൾ കഴിയുമ്പോഴേക്കും മുസ്‌ലിംകളുടെ സ്ഥിതിഗതികളിൽ ക്രമേണ പല മാറ്റങ്ങളും സംഭവിച്ചു തുടങ്ങി. മുമ്പില്ലാത്ത ശാസ്ത്രീയ

വിജ്ഞാനങ്ങളും വൈദേശിക സംസ്കാരങ്ങളും പ്രചാരത്തില്‍ വന്നുകൊണ്ടിരുന്നു. ഇസ്ലാമിക വിജ്ഞാനങ്ങള്‍ പലതും ശാസ്ത്രീയരൂപം പൂണ്ടുകൊണ്ടിരിക്കുകയായി. വിവിധ തുറകളിലും ഗ്രന്ഥങ്ങള്‍ രചിക്കപ്പെട്ടു. മുഖാമുഖമായും, നിവേദന പരമ്പരകളില്‍കൂടിയുമായിരുന്ന ജ്ഞാനസമ്പാദന മാര്‍ഗ്ഗങ്ങളിലും, ഖുര്‍ആന്‍റെ വ്യാഖ്യാനത്തിന്‍റെ രീതിയിലും ഇതോടെ മാറ്റം സംഭവിച്ചു. മുന്‍ഗാമികളുടെ പ്രസ്താവനകളും, അഭിപ്രായങ്ങളും ഉദ്ധരിക്കുന്നതില്‍ നിവേദന പരമ്പര വിവരിക്കുകയും, ബലാബലം പരിശോധിക്കുകയും ചെയ്യുന്ന സമ്പ്രദായം വിസ്മരിക്കപ്പെട്ടു. ശാസ്ത്രങ്ങളുടെയും യുക്തിവാദങ്ങളുടെയും അടിസ്ഥാനത്തിലും ആദര്‍ശങ്ങളുടെയും കക്ഷികളുടെയും അടിസ്ഥാനത്തിലുമുള്ള ചിന്താഗതികളും താല്‍പര്യങ്ങളും ഉടലെടുത്തു.

ഇത്യാദി കാരണങ്ങളാല്‍-മറ്റ് പലതിലുമെന്നപോലെ-ഖുര്‍ആന്‍ വ്യാഖ്യാനവിഷയത്തിലും പുതിയ സമ്പ്രദായങ്ങള്‍ രംഗപ്രവേശം ചെയ്തു. കാലം ചെല്ലുന്തോറും അതത് കാലത്തിന്നനുസരിച്ച ചില മാറ്റങ്ങള്‍ സംഭവിച്ചുകൊണ്ടിരുന്നതല്ലാതെ, ഖുര്‍ആന്‍റെ ഉള്ളടക്കം യഥാവിധി സമുദായത്തിന് മനസ്സിലാക്കിക്കൊടുക്കുകയും, കാമ്പും കാതലുമായ വശങ്ങളിലേക്ക് ജനങ്ങളെ ആനയിക്കുകയും ചെയ്തിരുന്ന ആ പഴയ പാരമ്പര്യം രണ്ടാമത് ഉടലെടുക്കുകയുണ്ടായില്ല. പൊതുനിലയാണ് ഇപ്പറഞ്ഞത്. എങ്കിലും, നാളിതുവരെയും-ഇടക്കിടെ അല്ലാഹു സമുദായത്തിന് പ്രധാനം ചെയ്തുകൊണ്ടിരിക്കുന്ന ചില മഹാവ്യക്തികളുടെ സേവനങ്ങള്‍ മുഖേന-വിശുദ്ധ ഖുര്‍ആന്‍റെ വ്യാഖ്യാനസമ്പത്ത് സമുദായത്തിന് മുഴുവന്‍ നഷ്ടപ്പെടാതെ, അതിന്‍റെ സ്മരണകള്‍ അവന്‍ നിലനിര്‍ത്തിക്കൊണ്ടുവന്നിട്ടുണ്ട്. الحمد لله

അങ്ങനെ, ചില ആളുകള്‍ തങ്ങളുടെ തഫ്സീറുകളില്‍ 'ഇല്‍മുല്‍കലാം' (വിശ്വാസശാസ്ത്രം) സംബന്ധമായ വാഗ്വാദങ്ങളും, ഖണ്ഡനമണ്ഡനങ്ങളും, ചോദ്യോത്തരങ്ങളും പ്രധാന വിഷയമാക്കി. അല്ലാഹുവിന്‍റെ തിരുനാമങ്ങള്‍ക്കും ഗുണവിശേഷങ്ങള്‍ക്കും (اسماء الله و صفاته) ശാസ്ത്രീയ വ്യാഖ്യാനങ്ങള്‍ നല്‍കുകയും, എതിര്‍ കക്ഷികള്‍ക്കു മറുപടി പറയുകയും ചെയ്യുന്നതില്‍ അവര്‍ വ്യാപൃതരായി. മറ്റൊരു കൂട്ടര്‍, ഖുര്‍ആന്‍റെ സാഹിത്യത്തിലും, ഭാഷാഭംഗിയിലും ശ്രദ്ധ കേന്ദ്രീകരിച്ചു. അതിന്‍റെ അമാനുഷിക ഗുണം വെളിപ്പെടുത്തുന്നതില്‍ മാത്രം സമയം വിനിയോഗിച്ചു. വേറൊരു കൂട്ടര്‍, വ്യാകരണസംബന്ധമായും, ഭാഷാപരമായുമുള്ള വശങ്ങളിലാണ് പൂണ്ടു പിടിച്ചത്. വായനാമുറകള്‍, ഉച്ചാരണരീതി, പാരായണ മര്യാദകള്‍ ആദിയായവയാണ് മറ്റു ചിലര്‍ പ്രധാനമായും പരിശോധിച്ചത്. ഇനിയും ചിലര്‍, ഖുര്‍ആനില്‍ അന്തര്‍ഭവിച്ചു കിടപ്പുള്ള അന്തസാരങ്ങളും, രഹസ്യവിജ്ഞാനങ്ങളും കണ്ടുപിടിക്കുവാന്‍ അതിന്‍റെ ആഴം തപ്പിക്കൊണ്ടിരുന്നു. അതേ സമയത്ത് ഒരുതരം ആളുകള്‍, ഖുര്‍ആന്‍ വാക്യങ്ങളെ ചികിത്സകള്‍ക്കും, മന്ത്രവാദത്തിനും ഉപയോഗപ്പെടുത്തുന്ന സൂത്രങ്ങള്‍ ആരായുകയാണ് ചെയ്തിരുന്നത്.

വേറൊരു കൂട്ടര്‍ ചെയ്തത് ഇതൊന്നുമല്ല. ഓരോ ആയത്തിനോടും യോജിക്കുന്ന കഥകളും, വാര്‍ത്താനിവേദനങ്ങളും തേടിപ്പിടിച്ച് ശേഖരിക്കുകയാണ് ചെയ്തത്. സ്വീകാര്യമെന്നോ അല്ലാത്തതെന്നോ വിവേചനം ചെയ്യാതെ നബി (ﷺ) തിരുമേനിയുടെ ഹദീസുകള്‍, സഹാബികളുടെയും പണ്ഡിതന്‍മാരുടെയും പ്രസ്താവനകള്‍, ഇസ്റാഈലീ വൃത്താന്തങ്ങള്‍, നാടോടിക്കഥകള്‍ തുടങ്ങി കണ്ടതും കേട്ടതുമെല്ലാം അവര്‍ തഫ്സീറുകളില്‍ ഉള്‍ക്കൊള്ളിച്ചു. അതിശയോക്തികളും, കള്ളക്കഥകളും മാത്രമല്ല ഇത്തരം തഫ്സീറുകളില്‍ സ്ഥലം പിടിച്ചത്. ഖുര്‍ആന്‍റെ സിദ്ധാന്തങ്ങള്‍ക്കും, ഇസ്ലാമിലെ മൗലിക തത്വങ്ങള്‍ക്കും

കടകവിരുദ്ധമായ കഥകളും, പ്രസ്താവനകളും തഫ്സീറു ഗ്രന്ഥങ്ങളിൽ കടന്നുകൂടി. മദ്ധ്യ നൂറ്റാണ്ടുകളിലും, അനന്തര കാലങ്ങളിലും ഖുർആൻ വ്യാഖ്യാനത്തിൽ പലരും സ്വീകരിച്ചു വന്ന പൊതുനില ഇതാണ്. പ്രചാരത്തിലിരിക്കുന്ന ചെറുതും വലുതുമായ പല തഫ്സീറുകളും പരിശോധിച്ചാൽ, ഈ വസ്തുത മനസ്സിലാകുന്നതാകുന്നു.

ഒരു കാര്യം നാം പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതുണ്ട്. ആദ്യ നൂറ്റാണ്ടുകൾക്ക് ശേഷമുള്ള തഫ്സീർ ഗ്രന്ഥങ്ങളുടെ പൊതുനില മേൽപറഞ്ഞ പ്രകാരമാണെന്നുവെച്ച് അവയെല്ലാം അപ്പടി പുറംതള്ളിക്കളയേണ്ടതാണെന്നോ, അവയിലൊന്നും സമുദായത്തിന് ഉപകാരപ്രദങ്ങളായ സംഭാവനകൾ അടങ്ങിയിട്ടില്ലെന്നോ ധരിച്ചുകൂടാ. മൊത്തത്തിൽ പറയുമ്പോൾ, പല പോരായ്മകളും ന്യൂനതകളും ഉള്ളതോടൊപ്പം തന്നെ അനർഘങ്ങളായ അനേകം സംഭാവനകൾ അവ സമുദായത്തിന് സമർപ്പിച്ചിട്ടുണ്ട്. വിലയേറിയ എത്രയോ വിജ്ഞാന രത്നങ്ങൾ കാഴ്ചവെച്ചിട്ടുമുണ്ട്. ഈ ശാസ്ത്രയുഗത്തിൽ പുതുതായി രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്ന പല നൂതനവാദങ്ങൾക്കും, ഭൗതിക വീക്ഷണങ്ങളിൽ നിന്ന് നാമ്പെടുക്കുന്ന പല ആശയക്കുഴപ്പങ്ങൾക്കും ഖുർആൻെറ അടിസ്ഥാനത്തിൽ മറുപടി കണ്ടുപിടിക്കുവാൻ വെളിച്ചം നൽകുന്ന പല തത്വങ്ങളും അവ മുഖേന നമുക്കു ലഭിക്കുന്നു. ഇതൊന്നും ആലോചിക്കാതെ-നല്ലതും ചീത്തയും വിവേചിക്കുവാൻ ശ്രമിക്കാതെ-അവയെപ്പറ്റി ഒന്നടങ്കം 'കുറ്റം പറഞ്ഞു കൂലികഴിക്കു'വാൻ ശ്രമിക്കുന്നതു തികച്ചും അക്രമവും ധാർഷ്ട്യവുമാകുന്നു. ഖുർആനിലെ വിജ്ഞാന സമ്പത്ത് സമുദായമദ്ധ്യെ വിതരണം ചെയ്യലാണ് എല്ലാവരുടെയും ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിലുള്ള ജയാപജയങ്ങളുടെ തോതു വ്യത്യസ്തമായിരിക്കുമെന്നു മാത്രം. ഓരോന്നിലെയും നല്ല വശങ്ങൾ വിവേചിച്ചറിഞ്ഞ് നല്ലവശം ഉപയോഗപ്പെടുത്തുകയാണ് ആവശ്യം. അതാണ് ബുദ്ധി. പരിതസ്ഥിതികളുടെ ഒഴുക്കിനും, പരിസരങ്ങളുടെ സമ്മർദ്ദത്തിനും, കാലികമായ ആശയമാറ്റങ്ങൾക്കുമനുസരിച്ച് മനസ്സാക്ഷി മാറാതെ, ആത്മ സംയമനവും, വിശ്വാസ ദാർഢ്യതയും പാലിക്കുന്നവരത്രെ ഭാഗ്യവാൻമാർ. والله الموفق

5. ഖുർആൻ ഭാഷാന്തരം ചെയ്യൽ

ഖുർആൻ ഭാഷാന്തരം ചെയ്യൽ

قل يأيها الناس انى رسول الله اليكم جميعا الاعراف : ١٥٨
قل الله شهيد بينى وبينكم واوحى الى هذا القرأن الأنذركم بهومن بلغ –الانعام : ١٩

'പറയുക: ഹേ, മനുഷ്യരേ'! 'നിശ്ചയമായും ഞാൻ നിങ്ങൾ എല്ലാവരിലേക്കുമായി അല്ലാഹുവിൻെറ ദൂതനാകുന്നു.' 'പറയുക: അല്ലാഹു എൻെറയും നിങ്ങളുടെയും ഇടയിൽ സാക്ഷിയാകുന്നു. ഈ ഖുർആൻ മുഖേന നിങ്ങളെയും, അത് ആർക്ക് എത്തിച്ചേർന്നുവോ അവരെയും താക്കീത് ചെയ്വാൻവേണ്ടി എനിക്ക് അത് ബോധനം നല്കപ്പെട്ടിരിക്കുന്നു. (ഖു.ശ.)

നബി (ﷺ) തിരുമേനി എല്ലാ ജനവിഭാഗത്തിലേക്കും റസൂലാണ്. ഖുർആൻ എല്ലാ ജനവിഭാഗങ്ങൾക്കുംവേണ്ടി അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥവുമാണ്. ഏതുകാലത്തോ, ഏതു ദേശത്തോ ഉള്ള ആളുകളായാലും ശരി, ഖുർആൻ അവർക്ക് എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ

അത് അവർക്കു താക്കീതുമായിരിക്കും. ഖുർആൻെറ സന്ദേശം എല്ലാജനവിഭാഗങ്ങൾക്കും എത്തിച്ചുകൊടുക്കേണ്ടതുണ്ടുതാനും. ഖുർആനാകട്ടെ, ശുദ്ധ അറബി ഭാഷയിൽ, ജനവിഭാഗങ്ങളോ ആയിരക്കണക്കിലുള്ള ഭാഷക്കാരും. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അറബി ഭാഷ അറിഞ്ഞിരിക്കൽ അവരുടെ ഒരു കടമയായാണെങ്കിലും, ഈ കടമ നിറവേറ്റിയവർ എക്കാലത്തും താരതമ്യേന വളരെ കുറവാണെന്നു പറയേണ്ടതില്ലല്ലോ. അപ്പോൾ, അതിൻെറ സന്ദേശം എല്ലാവർക്കും എത്തിച്ചുകൊടുക്കുവാനും, അതിൻെറ വാക്യങ്ങളിലൂടെ അതിൻെറ താക്കീതുകൾ അവരെ കേൾപ്പിക്കുവാനും അതത് ജനങ്ങളുടെ ഭാഷകളിൽ ഭാഷാന്തരപ്പെടുത്തി പറഞ്ഞുകൊടുക്കുകയല്ലാതെ മാർഗ്ഗമില്ല. ജനങ്ങളാകമാനം അറബിഭാഷ അറിയുന്നവരാണെങ്കിൽ മാത്രമേ ഇതിൻെറ ആവശ്യം ഇല്ലാതെ വരികയുള്ളു. നാളിതുവരെയും അറബി അറിയാത്തവർക്കു ഖുർആൻെറ സന്ദേശങ്ങളും, നബിവചനങ്ങൾ മുതലായ മതവിജ്ഞാനങ്ങളും എത്തിച്ചുകൊടുക്കപ്പെട്ടിട്ടുള്ളത് അവരവരുടെ ഭാഷകളിലൂടെത്തന്നെയാണ്. باب ما يجوز من بفسير التورية وغيرها من كتب الله بالعربية وغيرها (തൗറാത്ത് മുതലായ അല്ലാഹുവിൻെറ ഗ്രന്ഥങ്ങളെ അറബിയിലും മറ്റു ഭാഷയിലും വിവരിക്കുന്നത് അനുവദനീയമാണെന്നതിനെ സംബന്ധിച്ച അദ്ധ്യായം) എന്ന തലക്കെട്ടോടുകൂടി ബുഖാരിയിൽ ഒരു അദ്ധ്യായം കാണാം. അതിൻെറ വ്യഖ്യാതാവായ ഇമാം അസ്ഖലാനീ (ﷺ) ചൂണ്ടിക്കാട്ടിയതുപോലെ, അറബിയല്ലാത്ത വേദഗ്രന്ഥങ്ങൾ അറബിയിലും, അറബിയിലുള്ളവ അന്യഭാഷകളിലും വിവരിക്കാമെന്നാണ് ഇതിൻെറ താൽപര്യം. അതുപോലെത്തന്നെ, വേദഗ്രന്ഥങ്ങൾ എന്ന് പറഞ്ഞതിൽ ഖുർആനും, ഖുർആനല്ലാതെ ഗ്രന്ഥങ്ങളും ഉൾപ്പെടുകയും ചെയ്യുന്നു. മൂലഭാഷ അറിയാത്തവർക്കുമാത്രം വിവർത്തനം ചെയ്തു കൊടുക്കാമെന്നാണോ, അതല്ല എല്ലാവർക്കും വിവർത്തനം ചെയ്തുകൊടുക്കാമെന്നാണോ ഇവിടെ ഉദ്ദേശ്യം? എന്നിങ്ങനെ ഒരു ചോദ്യം ഉന്നയിച്ചുകൊണ്ട് അസ്ഖലാനി(ﷺ) പറയുന്നു: الاول قول الاكثر (ആദ്യം പറഞ്ഞതാണ് അധികപക്ഷത്തിൻെറയും അഭിപ്രായം). ഈ ശീർഷകത്തിനു നാലു തെളിവുകൾ ഇമാം ബുഖാരി (ﷺ) ആ അദ്ധ്യായത്തിൽ ഉദ്ധരിച്ചിരിക്കുന്നു. പ്രസ്തുത തെളിവുകൾ ഇതാണ്:-

(1) قل فأتوا بالتورية فاتلوها ان كنتم صادقين (പറയുക, എങ്കിൽ നിങ്ങൾ തൗറാത്തുകൊണ്ടുവന്ന് അത് വായിക്കുവിൻ-നിങ്ങൾ സത്യവാൻമാരാണെങ്കിൽ (3:93) എന്ന ഖുർആൻ വചനം. തൗറാത്ത് അവതരിപ്പിക്കുന്നതിന് മുമ്പ് യഅ്ഖൂബ് (അ) നബി തനിക്ക് നിഷിദ്ധമാക്കിയിരുന്ന വസ്തുക്കളല്ലാത്ത എല്ലാ ഭക്ഷണ സാധനങ്ങളും ഇസ്രാഈല്യർ സന്തതികൾക്ക് അനുവദനീയമായിരുന്നുവെന്നും, അതിനെതിരായി ഇസ്‌റാഈല്യർ പുറപ്പെടുവി-ക്കുന്ന വാദങ്ങൾ ശരിയല്ലെന്നും, അവരുടെ വാദം ശരിയാണെങ്കിൽ അത് തൗറാത്തിൽനിന്നു തെളിയിക്കട്ടെ എന്നുമാണ് ഈ ആയത്തിൻെറ താൽപര്യം. തൗറാത്ത് ഹിബ്റു ഭാഷയിലാണല്ലോ. അറബികളായ മുസ്‌ലിംകൾക്ക് അതു വായിച്ചുകേൾപ്പിക്കുമ്പോൾ, അവർക്കത് മനസ്സിലാകേണമെങ്കിൽ അറബിയിൽ അർത്ഥം വിവരിച്ചുകൊടുക്കണം. ഒരു ഭാഷയിലുള്ള വേദഗ്രന്ഥം മറ്റൊരു ഭാഷയിൽ വിവർത്തനം ചെയ്യാമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ.

(2) നബി (ﷺ) റോമാചക്രവർത്തിയായ ഹിർഖലി هرقل ന് അയച്ച കത്ത് തൻെറ അഭിഭാഷകൻ മുഖേന അദ്ദേഹം വായിച്ചുകേട്ട സംഭവം. തിരുമേനിയുടെ കത്ത് അറബിയിലായിരുന്നു. അതിൽ ആലുംഇംറാനിലെ 64-ാം വചനവും അടങ്ങിയിരിക്കുന്നു. രാജാവിൻെറ ഭാഷ റോമൻ ഭാഷയായിരുന്നു. അഭിഭാഷകൻ അത് അറബിയിൽ നിന്ന് രാജാവിൻെറ ഭാഷയിലേക്ക് വിവർത്തനം ചെയ്തുകൊടുക്കുകയാണ് ചെയ്തത്. രാജാവിന് ഖുർ

ആൻെറ സന്ദേശം എത്തിക്കുകയായിരുന്നു കത്തിൻെറ ഉദ്ദേശ്യം. അപ്പോൾ, അത് അന്യഭാഷയിൽ വിവർത്തനം ചെയ്തു എത്തിച്ചുകൊടുക്കാമെന്ന് ഇതിൽനിന്ന് സിദ്ധിക്കുന്നു.

(3) വേദക്കാർ ഹിബ്റു ഭാഷയിലുള്ള തൗറാത്ത് വായിച്ച് മുസ്ലിംകൾക്ക് അറബിയിൽ വിവരിച്ചുകൊടുത്തിരുന്നുവെന്നും, അപ്പോൾ നബി (ﷺ) തിരുമേനി മുസ്ലിംകളോട് 'നിങ്ങൾ അവരെ സത്യമാക്കുകയും അസത്യമാക്കുകയും ചെയ്യരുത്' എന്ന് പറയുകയുണ്ടായെന്നും കാണിക്കുന്ന ഒരു ഹദീസാണ്. തൗറാത്ത് അറബിയിൽ വിവർത്തനം ചെയ്യാമെന്ന് ഇതിൽനിന്നും വരുന്നു. കാരണം, വിവർത്തനം ചെയ്യുന്നതിനെക്കുറിച്ച് തിരുമേനി ആക്ഷേപം പറഞ്ഞിട്ടില്ല. സത്യമാക്കുകയും അസത്യമാക്കുകയും ചെയ്യരുതെന്ന് മാത്രമേ അവിടുന്നു നിർദ്ദേശിച്ചുള്ളു. ഇങ്ങിനെ നിർദ്ദേശിക്കുവാനുള്ള കാരണം നാം ഇതിനുമുമ്പ് വിവരിച്ചു കഴിഞ്ഞതാണ്.

(4) വ്യഭിചാരക്കുറ്റത്തിൻെറ ശിക്ഷ എറിഞ്ഞു കൊല്ലലാണെന്നുള്ള തൗറാത്തിൻെറ നിയമം ഒളിച്ചുവെക്കുകയും, പകരം മുഖത്ത് ചൂടുകുത്തിയാൽ (തീപൊള്ളിച്ചാൽ) മതിയെന്നു സമർത്ഥിക്കുകയും ചെയ്ത യഹൂദികളോട് 'തൗറാത്ത് കൊണ്ടുവന്നു വായിക്കുവിൻ' എന്ന് നബി(ﷺ) ആവശ്യപ്പെടുകയുണ്ടായി. അവരത് കൊണ്ടുവന്നുവായിച്ചപ്പോൾ അതിൽ ഒരു സ്ഥലം അവർ കൈകൊണ്ടു മറച്ചുപിടിക്കുകയും, അപ്പോൾ തിരുമേനി അവരോട് കൈ പൊക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. മറച്ചുപിടിച്ച സ്ഥലത്ത് വ്യഭിചാരിയെ എറിഞ്ഞു കൊല്ലണമെന്ന കല്പന അതിൽ വ്യക്തമായി കാണുന്നുണ്ടായിരുന്നു. അങ്ങനെ, തിരുമേനിയുടെ അടുക്കൽ ഹാജരാക്കപ്പെട്ടിട്ടുണ്ടായിരുന്ന രണ്ടു യഹൂദ വ്യഭിചാരികൾ-ഒരു പുരുഷനും ഒരു സ്ത്രീയും-എറിഞ്ഞു കൊല്ലപ്പെടുകയും ചെയ്തു. ഈ സംഭവം വിവരിക്കുന്ന ഒരു ഹദീസാണ് നാലാമത്തേത്. വേദഗ്രന്ഥം ഏതായിരുന്നാലും അത് ഇതര ഭാഷയിലേക്ക് വിവർത്തനം ചെയ്തു വിവരിക്കാമെന്നാണ് ഇമാം ബുഖാരീ (رحمه الله) ഈ അദ്ധ്യായം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പറയേണ്ടതില്ല. മൂലഭാഷ അറിയാത്തവരുടെ ആവശ്യാർത്ഥം ഖുർആൻ വിവർത്തനം ചെയ്യുന്നതിന് വിരോധമില്ലെന്നാണ് മിക്ക പണ്ഡിതൻമാരുടേയും അഭിപ്രായം എന്ന് അസ്ഖലാനീ(رحمه الله) പ്രസ്താവിക്കുകയും ചെയ്തുവല്ലോ.

സൂറത്തുൽഫാത്തിഹ: അറബിയിൽ ഓതുവാൻ സാധിക്കാത്തവന് നമസ്കാരത്തിൽ അത് പേർഷ്യൻ ഭാഷയിൽ ഓതാവുന്നതാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതിനെ വിമർശിച്ചുകൊണ്ട് ഇതേ അദ്ധ്യായത്തിൻെറ വിവരണത്തിൽ അസ്ഖലാനീ (رحمه الله) പറയുന്നു: ''ഇതിൽ വിശദീകരണം ആവശ്യമാണെന്നാണ് മനസ്സിലാക്കുന്നത്. (അഥവാ പാടുണ്ടെന്നോ ഇല്ലെന്നോ മൊത്തത്തിലങ്ങ് വിധി പറഞ്ഞുകൂടാത്തതാണ്.) അറബിഭാഷയിൽ ഓതുവാൻ കഴിയുന്നവന് അത് വിട്ടുകളയുവാൻ (മറ്റൊരു ഭാഷയിൽ ഓതുവാൻ) പാടില്ല. അവൻെറ നമസ്കാരം അതുകൊണ്ട് ശരിയാവുകയില്ല. അറബിയിൽ ഓതുവാൻ കഴിയാത്തവനാണെങ്കിൽ, അവൻ നമസ്കാരത്തിന്ന് പുറത്തായിരുന്നാൽ അവന് അവൻെറ ഭാഷയിൽ ഓതാവുന്നതാണ്. കാരണം, അവന് ഒഴികഴിവുണ്ട്. അവൻ സ്വീകരിക്കേണ്ടതും. ഉപേക്ഷിക്കേണ്ടതുമായ കാര്യങ്ങൾ അവന് പഠിക്കേണ്ടുന്ന ആവശ്യവും ഉണ്ട്. ഇവൻ നമസ്കാരത്തിലാണെങ്കിലോ, അതിനു പകരം (ഹദീസിൽ വന്നിട്ടുള്ളപ്രകാരം) 'ദിക്ർ' ചൊല്ലണമെന്നാണ് നിയമം. ദിക്റിൻെറ ഇനത്തിൽ പെട്ട എല്ലാ വാക്കുകളും അറബികളല്ലാത്തവർക്കും ഉച്ചരിക്കുവാൻ കഴിയാത്തതായിരിക്കയില്ലല്ലോ, ഖുർആൻ വായിക്കുവാൻ പഠിക്കുന്നതുവരെ അവൻ അത് (അവന് സാധ്യമായ 'ദിക്ർ') ആവർത്തിച്ചു പറഞ്ഞാൽ മതിയാകും

(ഫാത്തിഹ: തന്നെ വേണമെന്നില്ല.) അപ്പോൾ, ഒരാൾ ഇസ്‌ലാമിൽ വരികയോ വരാൻ ഉദ്ദേശിക്കുകയോ ചെയ്തിട്ട് അവന് ഖുർആൻ ഓതിക്കേൾപ്പിക്കുമ്പോൾ അത് ഗ്രഹിക്കുവാൻ കഴിയാതെ വന്നാൽ, അതിലെ വിധിനിയമങ്ങൾ അവന് മനസ്സിലാക്കുവാൻ വേണ്ടി-അല്ലാത്തപക്ഷം, (അവന് ഖുർആൻെറ പ്രബോധനം എത്തിയിരിക്കുന്നുവെന്ന്) അവൻെറ പേരിൽ ന്യായം സ്ഥാപിക്കുവാൻവേണ്ടി-അവന് ഭാഷ മാറ്റി പറഞ്ഞുകൊടുക്കുന്നതിന് വിരോധമില്ല.

لا نذكركم به ومن بلغ (നിങ്ങൾക്കും, ഈ ഖുർആൻ ആർക്ക് എത്തിച്ചേർന്നുവോ അവർക്കും താക്കീത് ചെയ്‌വാൻ വേണ്ടി) എന്ന് മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ അല്ലാഹു പറഞ്ഞുവല്ലോ. ഇതിൽ 'അത് എത്തിച്ചേർന്നവർക്കും' എന്ന വാക്കിന് മുജാഹിദ് (ﷺ) നല്കുന്ന വ്യാഖ്യാനം അസ്ഖലാനീ (ﷺ) ഇങ്ങിനെ ഉദ്ധരിക്കുന്നു:يعنى من اسلم من العجم وغيرهم (അനറബികളിൽ നിന്നും മറ്റും മുസ്‌ലിമായവർക്കും). പിന്നീട് അദ്ദേഹം ഇമാം ബൈഹഖീ (ﷺ) യുടെ ഒരു പ്രസ്താവന ഇങ്ങിനെ ഉദ്ധരിക്കുന്നു: ''ചിലപ്പോൾ അവർ (ഖുർആനെപ്പറ്റി) അറിഞ്ഞില്ലെന്നുവരും. അപ്പോൾ, അവരുടെ ഭാഷയിൽ അവർക്ക് ഖുർആൻ എത്തിക്കഴിഞ്ഞാൽ അത് അവർക്ക് താക്കീതായിത്തീരുന്നതാണ്.''

راجع فتح الباري ج ١٣ ص : ٤٤

പ്രസ്തുത മഹാൻമാരുടെ പ്രസ്താവനകളിൽ നിന്ന് നമുക്ക് പലതും മനസ്സിലാക്കാവുന്നതാണ്. അറബി അറിയാത്തവർക്ക് വേണ്ടി ഖുർആൻ അന്യഭാഷയിൽ വിവർത്തനം ചെയ്യാം, ആ ഭാഷയിൽ അതു വായിക്കുകയും ചെയ്യാം. പക്ഷേ, നമസ്ക്കാരത്തിലാണെങ്കിൽ-ഫാത്തിഹ:ക്കു പകരം-അറബിയിലുള്ള ദിക്റുകളൊന്നും ചൊല്ലുവാൻ സാദ്ധ്യമല്ലെങ്കിൽ മാത്രമേ മറ്റു ഭാഷയിൽ ഫാത്തിഹ: ഓതുവാൻ പാടുള്ളൂ. നമസ്കാരത്തിലല്ലാത്തപ്പോൾ വിരോധമില്ലെന്ന് മാത്രമല്ല, ആവശ്യം കൂടിയാകുന്നു. ഖുർആൻ-അറബികൾക്കും അറബികളല്ലാത്തവർക്കും എത്തിച്ചുകൊടുക്കേണ്ടതുണ്ട്. അറബി അറിയാത്തവർക്ക് അവരുടെ ഭാഷയിൽ എത്തിച്ചു കൊടുക്കുവാനേ നിവൃത്തിയുള്ളു. ഖുർആൻെറ സിദ്ധാന്തങ്ങൾ അവർ മനസ്സിലാക്കുക മാത്രമല്ല, ഖുർആൻെറ പ്രബോധനം അവർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ടെന്നു ന്യായം സ്ഥാപിക്കുക കൂടി ചെയ്യേണ്ടത് മുസ്‌ലിംകളുടെ കടമയാകുന്നു. ഇത്രയെല്ലാം മേൽകണ്ട ഉദ്ധരണികളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ കഴിയും. താഴെ പറയുന്ന ചില വസ്തുതകൾകൂടി ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതായുണ്ട്:-

(1) ഖുർആൻ അല്ലാഹുവിൻെറ വചനമാണ്. അത് പാരായണം ചെയ്യുന്നത് ഒരു ആരാധനാകർമ്മവുമാണ്. അതിലെ ഒരു വള്ളിക്കോ പുള്ളിക്കോ മാറ്റം വരുത്തുവാൻ പാടില്ല. القرأن متعبد بتلاوته (പാരായണം മുഖേന ആരാധനാ കർമ്മം ചെയ്യപ്പെടുന്നതാണ് ഖുർആൻ) എന്ന് പറയുന്നതിൻെറ സാരം അതാകുന്നു. മറ്റൊരു ഭാഷയിലേക്ക്-അറബികൾക്കിടയിൽ പ്രചാരത്തിലിരിക്കുന്ന സാധാരണ സംസാരഭാഷയിലേക്കുതന്നെയും-വിവർത്തനം ചെയ്താൽ അതിന്നു സാക്ഷാൽ ഖുർആൻെറ സ്ഥാനമോ, ഗുണമോ, സവിശേഷതയോ, മഹത്വമോ ഒന്നും തന്നെ ഉണ്ടാകുവാൻ പോകുന്നില്ല. അത് അല്ലാഹുവിൻെറ വചനമായിരിക്കുന്നതുമല്ല. അതുകൊണ്ടാണ് ഖുർആൻ പാരായണം ചെയ്യുന്നതിന് പകരം അതിൻെറ ഏത് വിവർത്തനവും സ്വീകാര്യമല്ലെന്നുവന്നത്. പേർഷ്യൻസാഹിത്യം അറബിസാഹിത്യവുമായി അടുത്ത സാമ്യമുണ്ടെന്ന കാരണത്താൽ, ഏതാണ്ട് ഖുർആൻെറ സാഹിത്യത്തോട് കിടയൊക്കുന്ന വിവർത്തനം പേർഷ്യൻ ഭാഷയിൽ സാധ്യമാണെന്ന് ന്യായം പറഞ്ഞു

കൊണ്ടാണ് നമസ്ക്കാരത്തിൽ ഫാത്തി:ഹക്ക് പകരം അതിൻെറ പേർഷ്യൻ വിവർത്തനം വായിച്ചാൽ മതി എന്നു ചിലർ അഭിപ്രായപ്പെട്ടത്. ഈ ന്യായത്തെ പണ്ഡിതൻമാർ കാര്യകാരണസഹിതം തള്ളിക്കളഞ്ഞിരിക്കുകയാണ്. അതിനെ അനുകൂലിച്ചവർപോലും പേർഷ്യൻ വിവർത്തനം എല്ലാവിധേനയും സാക്ഷാൽ ഖുർആനുപകരം സ്വീകരിക്കാമെന്ന് പറയുന്നില്ലതാനും. പറയുവാൻ ന്യായവുമില്ലല്ലോ. 'ഇതുപോലെ ഒരദ്ധ്യായമെങ്കിലും കൊണ്ടുവരുവിൻ' എന്ന് ലോകത്തെ വെല്ലുവിളിച്ചിട്ട് ഇക്കാലമത്രയും അതിന് ആരാലും സാധ്യമാകാത്ത-മേലിലും സാധ്യമല്ലെന്ന് ഉറപ്പിച്ചു പറയാവുന്ന-ആ ദിവ്യഗ്രന്ഥത്തോട് ഏതെങ്കിലും വിധേന കിടനിൽക്കാവുന്ന മറ്റൊരു ഗ്രന്ഥമോ അദ്ധ്യായമോ ആർക്കു തന്നെ രചിക്കുവാൻ കഴിയും?!

(2) 'ഖുർആൻ ഭാഷാന്തരം (തർജ്ജമ) ചെയ്യാമോ, ഇല്ലേ, എന്ന വിഷയത്തിൽ മുൻകാല പണ്ഡിതൻമാർക്കിടയിൽ സംശയവും അഭിപ്രായവ്യത്യാസവും ഉണ്ടായിരുന്നുവെന്നത് ശരിയാണ്. പക്ഷേ-പലരും ധരിച്ചുവശായതുപോലെ-ഇന്ന് അറിയപ്പെടുന്ന പരിഭാഷകളെക്കുറിച്ചായിരുന്നില്ല അത്. പാരായണം ചെയ്യപ്പെടുന്ന ഒരു വേദഗ്രന്ഥമെന്നോ, വായിക്കുന്നതുപോലും ഒരു ആരാധനാ കർമ്മമാണെന്നോ, ഒരക്ഷരവും ഏറ്റക്കുറവ് വരുത്തുവാൻ പാടില്ലെന്നോ ഖുർആൻ പരിഭാഷാ ഗ്രന്ഥങ്ങളെക്കുറിച്ച് ആരും കരുതുന്നില്ല. ഏതെങ്കിലും തരത്തിൽ, ഖുർആന് സമാനമായ ഒരു സ്ഥാനം കൽപിക്കപ്പെട്ടുകൊണ്ടുള്ള വിവർത്തനങ്ങളെക്കുറിച്ചായിരുന്നു ആ പണ്ഡിതൻമാർക്കിടയിലുണ്ടായിരുന്ന അഭിപ്രായ വ്യത്യാസങ്ങളും സംശയങ്ങളും. ഖുർആനെ അതിൻെറ ഭാഷയിൽകൂടി മനസ്സിലാക്കുവാൻ കഴിയാത്തവർക്ക് അതിൻെറ സിദ്ധാന്തങ്ങളും വിധിവിലക്കുകളും, ഖുർആനിലൂടെത്തന്നെ ഗ്രഹിക്കുവാൻവേണ്ടി അത് വിവർത്തനം ചെയ്യുകയും, ആ ആവശ്യാർത്ഥം അത് വായിച്ചു പഠിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ല. ഖുർആൻ പരിഭാഷപ്പെടുത്തുവാൻ തനിക്ക് സാധിച്ചതിനെപ്പറ്റി കൃതജ്ഞതാപൂർവ്വം മഹാനായ ശാഹുവലിയ്യുല്ലാഹി (ﷺ) പ്രസ്താവിച്ച ഒരു വാക്യം നാം താഴെ ഉദ്ധരിക്കുന്നുണ്ട്. അതിൽ നിന്നും ഈ വസ്തുത ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ പരിഭാഷാഗ്രന്ഥങ്ങളൊന്നുംതന്നെ അല്ലാഹുവിൻെറ വചനമായ ഖുർആനല്ല. പാരായണം ചെയ്തു ആരാധനാകർമ്മം നടത്തപ്പെടുന്ന ഗ്രന്ഥങ്ങളുമല്ല. ഖുർആൻെറ അർത്ഥോദ്ദേശ്യങ്ങൾ മനസ്സിലാക്കുവാനുള്ള മതഗ്രന്ഥങ്ങൾ മാത്രമാണവ.

(3) മേൽകണ്ടതുപോലുള്ള പണ്ഡിതൻമാരുടെ പ്രസ്താവനകളെല്ലാം മിക്കവാറും വാഗ്മൂല വിവർത്തനത്തെ സംബന്ധിച്ചുള്ളതുമാകുന്നു. വാഗ്മൂലം ചെയ്യപ്പെടുന്ന വിവർത്തനം എഴുതി രേഖപ്പെടുത്തുകയാണ് പരിഭാഷാ ഗ്രന്ഥങ്ങൾ മുഖേന ചെയ്യപ്പെടുന്നത്. ഖുർആൻ, ഹദീസ് തുങ്ങിയ എല്ലാറ്റിൻേറയും പരിഭാഷയും, വിവരണവും ഓരോ ഭാഷക്കാർക്കും അവരുടെ ഭാഷയിൽ നാവുകൊണ്ട് പറഞ്ഞുകൊടുക്കുകയും, പഠിപ്പിക്കുകയും ചെയ്യാം. ചെയ്യേണ്ടതുമാണ്. ഇതിൽ ആർക്കും പക്ഷാന്തരമില്ല. അത് ഒരു ഗ്രന്ഥത്തിൽ-ഓരോരുത്തനും അവൻെറ കഴിവനുസരിച്ച്-രേഖപ്പെടുത്തുമ്പോഴേക്കും അതിൽ നിരോധം കടന്നുകൂടുവാൻ കാരണമെന്താണുള്ളത്?!

(4) ഒരു സംസാരം അതിൻെറ വക്താവിൽനിന്നു നേരിട്ടു കേട്ടാൽപോലും അയാളുടെ ഇംഗിതങ്ങൾ ഏറ്റപ്പറ്റു കൂടാതെ-തികച്ചും സൂക്ഷ്മമായി-മനസ്സിലാക്കുവാൻ ശ്രോതാവിനു സാധിക്കാതെ വരും. അതേ സംസാരം വേറൊരാൾ ഉദ്ധരിച്ചു കേൾക്കുകയോ, അല്ലെങ്കിൽ

എഴുതിക്കാണുകയോ ആണെങ്കിൽ നിശ്ചയമായും ആ വക്താവിൻെറ വികാരോദ്ദേശ്യങ്ങളിൽ പലതും അതിൽനിന്ന് മനസ്സിലാക്കുക സാദ്ധ്യമാകുന്നതല്ല. ഒരേ ഭാഷയിലുള്ള സംസാരം മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടാലുള്ള അവസ്ഥയും ഇതുതന്നെ. അപ്പോൾ, അല്ലാഹുവിൻെറ വചനങ്ങളായ ഖുർആനെ മനുഷ്യസൃഷ്ടികൾ തങ്ങളുടെ ഭാഷകളിൽ വിവർത്തനം ചെയ്യുമ്പോൾ, ആ വചനങ്ങളിൽ അടങ്ങിയ സാരാംശങ്ങളും, അന്തസ്സാരങ്ങളും, സൂചനകളുമെല്ലാം-ഏറാതെ, കുറയാതെ, തെറ്റാതെ, തെറ്റിക്കാതെ-പ്രകടമാക്കുവാൻ ഒരിക്കലും ആരാലും സാധ്യമല്ലതന്നെ.

(5) ഒരു ഭാഷയിലുള്ള സംസാരം, അല്ലെങ്കിൽ ഗ്രന്ഥം ആ ഭാഷയുടെ സകലവിധ തൻമയത്വത്തോടുകൂടിയും, വക്താവിൻെറ എല്ലാവിധ ഉദ്ദേശ്യങ്ങളും പ്രതിഫലിച്ചുകൊണ്ടും മറ്റൊരു ഭാഷയിൽ പ്രകടമാക്കുക സാധ്യമല്ല. പദങ്ങളിലും, ഘടനാരൂപങ്ങളിലും പ്രയോഗങ്ങളിലും, സാഹിത്യ വശങ്ങളിലും, വ്യാകരണങ്ങളിലും മറ്റും ഭാഷകൾ തമ്മിലുള്ള വ്യത്യാസമാണ് ഇതിന് കാരണം. ചിലപ്പോൾ, മൂലഭാഷയിലെ ഒരു പദത്തിൻെറയോ, ചെറുവാക്യത്തിൻെറയോ ഉദ്ദേശ്യം ഒന്നിലധികം വാക്കുകൾ ഉപയോഗിച്ചാൽപോലും വിവർത്തനഭാഷയിൽ പൂർത്തിയാക്കുവാൻ കഴിയാതെ വരും. ചിലപ്പോൾ, ഒരു വാക്യത്തിന് പകരം നേർക്കുനേരെ ഉപയോഗിക്കുവാൻ പറ്റിയ ഒരു വാക്യം വിവർത്തന ഭാഷയിൽ കണ്ടെന്ന് വരില്ല. മറ്റു ചില അവസരങ്ങളിൽ മൂലഭാഷയിലെ ഒരു വാക്യത്തിൻെറ ആശയം മറ്റൊരു ഭാഷയിൽ ഒന്നിലധികം രൂപത്തിൽ വരുമായിരിക്കും. അവയിൽ ഒന്നുമാത്രം പറഞ്ഞ് മതിയാക്കുകയോ, എല്ലാംകൂടി എടുത്തുപറയുകയോ വേണ്ടിവരും. അങ്ങിനെ പലതും സംഭവിക്കുവാനുണ്ട്. ഇതുകൊണ്ടാണ് 'പദാനുപദവിവർത്തന'ത്തെക്കാൾ 'അന്വർത്ഥ വിവർത്തന' സമ്പ്രദായവും, നേർക്കുനേരെയുള്ള പരിഭാഷയെക്കാൾ ആശയ വിവർത്തനവും കൂടുതൽ സ്വീകരിക്കപ്പെട്ടു കാണുന്നത്. വാസ്തവത്തിൽ അന്വർത്ഥവിവരണം, ആശയവിവർത്തനം, സ്വതന്ത്ര പരിഭാഷ എന്നൊക്കെപ്പറയുന്നത് മൂലത്തിൻെറ യഥാർത്ഥ പരിഭാഷയല്ല. മൂലത്തിൽനിന്ന് പരിഭാഷകൻ മനസ്സിലാക്കിയ പ്രധാന ആശയങ്ങളുടെ പ്രകാശനം മാത്രമാണവ അഥവാ മൂലത്തിന് അയാളുടെ വകയായുള്ള ഒരു തരം ചുരുക്ക വിവരണമാണ്. മൂലഗ്രന്ഥം ഖുർആനും കൂടിയാകുമ്പോൾ ഇത്തരം പ്രശ്നങ്ങൾ വളരെ കൂടുതലായിരിക്കുകയും ചെയ്യും. ഇങ്ങിനെയുള്ള യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഖുർആൻ അന്യഭാഷയിലേക്ക് നേർക്കുനേരെ തർജ്ജമ (വിവർത്തനം) ചെയ്തുകൂടാ എന്നും, ഖുർആൻെറ തഫ്സീർ മാത്രമേ തർജ്ജമ ചെയ്തുകൂടൂ എന്നും ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നത്.

പദക്രമങ്ങൾ, വാചകഘടനകൾ മുതലായവ പ്രത്യേകം ഗൗനിക്കാതെ, വിവർത്തനഭാഷയുടെ ഒഴുക്കും, മിനുക്കും, സർവ്വപ്രധാനമാക്കിക്കൊണ്ടുള്ള പരിഭാഷകൾക്കു യഥാർത്ഥത്തിൽ ഖുർആൻ പരിഭാഷ എന്ന് പറഞ്ഞുകൂടാത്തതാണ്. അവയ്ക്ക് ഖുർആൻെറ ആശയ വിവർത്തനമെന്നോ, വ്യാഖ്യാനം വിവർത്തനമെന്നോ പറയേണ്ടതാകുന്നു. അതേസമയത്ത് വിവർത്തനഭാഷയുടേതായ സമ്പ്രദായങ്ങൾക്കൊന്നും വിലയ കോട്ടം കൂടാതെ, പദങ്ങളും, ഘടനാരൂപങ്ങളും പരിപൂർണ്ണമായി കണക്കിലെടുത്തുകൊണ്ട് ഭാഷാന്തരം ചെയ്വാൻ സാധ്യവുമല്ല. അതുകൊണ്ട് പദങ്ങളുടെയും, ഘടനാ രൂപങ്ങളുടെയും അർത്ഥസാരങ്ങളും, സവിശേഷതകളും കഴിയുന്നത്ര നിലനിറുത്തിക്കൊണ്ടും, വിവർത്തനഭാഷക്ക് വലിയ കോട്ടം തട്ടാതെയും, വായനക്കാർക്ക് മൂലത്തിൻെറ ആശയം മനസ്സിലാക്കാവുന്ന തരത്തിൽ പരിഭാഷാകൃത്യം നിർവ്വഹിക്കേണ്ടതാകുന്നു. വിവർത്തനഭാഷയുടെ ഒഴുക്കും മെച്ചവും പ്രധാന ഉന്നമാക്കുന്നപക്ഷം, ആയത്തുകളിൽ അടങ്ങുന്ന പല സൂചനകളും, മർമ്മവശങ്ങളും നഷ്ട

പ്പെട്ടേക്കും. മറിച്ച്, ഭാഷയുടെ നിയമങ്ങളും, അത്യാവശ്യ ഗുണങ്ങളും അവഗണിച്ചുകൊണ്ട് ഓരോ പദഘടനയെയും പ്രതിനിധീകരിക്കുന്ന വാക്കുകൾ-അതേപടി പരിഭാഷയിൽ കൊള്ളിക്കുവാൻ മുതിരുന്നപക്ഷം, പരിഭാഷ ഉപയോഗശൂന്യവും, കടങ്കഥയുമായി പരിണമിക്കുകയും ചെയ്യും. ഈ രണ്ട് ദോഷങ്ങളും കഴിയുന്നത്ര ഗൗനിച്ചുകൊണ്ട്-സന്ദർഭത്തിനൊത്ത് യുക്തമായ പോംവഴികൾ കണ്ടുപിടിച്ചുകൊണ്ട്-ആയിരിക്കണം പരിഭാഷ, എന്നാൽത്തന്നെയും- ചില ആയത്തുകളുടെ ഉദ്ദേശ്യം വായനക്കാർക്ക് വ്യക്തമാക്കിക്കാണിക്കുവാനും, അർത്ഥത്തിൽ വന്നേക്കാവുന്ന തെറ്റിദ്ധാരണകൾ നീക്കുവാനായി-ബ്രാക്കറ്റുകൾ (ഇരുഭാഗത്തും വളയങ്ങൾ) കൊടുത്തോ മറ്റോ ചെറുവിവരണങ്ങൾ ഇടയ്ക്കുകൊടുക്കേണ്ടതായി വന്നേക്കും.

പരിഭാഷകൻെറ ആശയങ്ങളോ, തൻേറതായ വ്യാഖ്യാനത്തിന് വഴിതെളിയിക്കുന്ന സൂചനകളോ പരിഭാഷയിൽ കല്പിച്ചുകൂട്ടി അടക്കംചെയ്യുക, ആയത്തിൻെറ അർത്ഥത്തിൽ ഉൾപ്പെട്ടതാണെന്ന് തോന്നുമാറ് അത്തരം വാക്കുകൾ പരിഭാഷയിൽ കൂട്ടിക്കലർത്തുക, ഒന്നിലധികം വ്യാഖ്യാനമുഖങ്ങൾ വരുന്ന ആയത്തുകൾക്ക് താൻ ഇഷ്ടപ്പെടുന്ന വ്യാഖ്യാനത്തെ ബലപ്പെടുത്തുന്ന വാക്കുകൾ തിരഞ്ഞെടുത്ത് അർത്ഥം കല്പിക്കുക ആദിയായ കൃത്യങ്ങൾ പരിഭാഷകൻമാർ അനുവർത്തിക്കുന്നത് ശരിയല്ല.

സർവ്വനാമങ്ങൾ, സൂചനാനാമങ്ങൾ (الضمائر والاشارات) മുതലായവകൊണ്ടുള്ള ഉദ്ദേശ്യം വ്യക്തമാക്കുവാൻ, നിയമാനുസൃതം ലോപിച്ചുപോയിട്ടുള്ള ഭാഗം കാണിക്കുവാൻ, പരിഭാഷയിൽ കൊടുത്ത വാക്കിൻെറ താല്പര്യം സ്പഷ്ടമാക്കുവാൻ, സംസാരമുഖം-സംസാരം ആരോടാണെന്ന്-മനസ്സിലാക്കുവാൻ എന്നിങ്ങിനെ പല ആവശ്യങ്ങൾക്കുമായി സന്ദർഭോചിതം പരിഭാഷകൻെറ വക വാക്കുകൾ ചേർക്കേണ്ടതായി വരും. അതില്ലാത്തപക്ഷം വായനക്കാർക്ക് ആശയക്കുഴപ്പമോ, ഉദ്ദേശ്യം മനസ്സിലാക്കുവാൻ വിഷമമോ നേരിട്ടേക്കും, ഇതെല്ലാം കഴിയുന്നതും-ബ്രാക്കറ്റുകൾ വഴിയോ മറ്റോ-വേർതിരിച്ചു കാണാവുന്നരൂപത്തിൽ ആയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, അത്തരം വാക്കുകളെല്ലാം ഖുർആനിൽതന്നെ ഉൾപ്പെട്ടതാണെന്നോ മറ്റോ ധരിക്കുവാൻ ഇടയുണ്ട്.

ബ്രാക്കറ്റുകളിലൂടെ പരിഭാഷയിൽ എന്തും ഉൾക്കൊള്ളിക്കാമെന്ന ഒരു ഭാവം ചിലരിൽ കാണാറുണ്ട്. പരിഭാഷ എന്ന നിലക്ക് ഇത് തീർച്ചയായും ക്ഷന്തവ്യമല്ല. അത്, പരിഭാഷയുടെ പേരിൽ സ്വന്തം അഭിപ്രായം ഇറക്കുമതി ചെയ്യലായിത്തീരുന്നതാണ്. പക്ഷേ, ഈ നില സ്വീകരിക്കുന്ന പരിഭാഷകൻ തൻെറ വക വിവരണമോ, വ്യാഖ്യാനമോ പിന്നീട് പ്രത്യേകം നൽകുവാൻപോകുന്നില്ലെങ്കിൽ, ഈ വഴക്കത്തെ അധികം ആക്ഷേപിച്ചുകൂടാ. കാരണം: ബ്രാക്കറ്റിലുള്ളതെല്ലാം അയാളുടെ വ്യാഖ്യാനമായും, അല്ലാത്ത ഭാഗം മാത്രം പരിഭാഷയായും ഗണിക്കാമല്ലോ. അറബി തഫ്സീറുകളിൽ ഈ സമ്പ്രദായമാണ് അധികം അംഗീകരിക്കപ്പെട്ടു കാണുക. അഥവാ, ഖുർആനല്ലാത്ത ഭാഗങ്ങളെല്ലാം-അക്ഷര വലുപ്പത്തിൻെറ വ്യത്യാസംകൊണ്ടോ, ബ്രാക്കറ്റുകൾ മുഖേനയോ-വ്യത്യാസപ്പെടുത്തിക്കൊണ്ട് വേർതിരിക്കപ്പെട്ടിരിക്കും. ഇതൊരു നല്ല വഴക്കംതന്നെയാണ്.

നേരെ മറിച്ച് ഖുർആൻ പരിഭാഷയിൽ തീരെ ബ്രാക്കറ്റുകൾ കൊടുക്കരുതെന്ന അഭിപ്രായക്കാരായ ചിലരേയും കാണാം. ഇത് ഒരു തരം അറിവില്ലായ്മയാണ്. മേൽ സൂചിപ്പിച്ചതുപോലുള്ള അത്യാവശ്യ സന്ദർഭങ്ങളിലും പരിഭാഷകൻെറ വകയായി വാക്കുകൾ കൂട്ടി

ച്ചേർക്കാത്തപക്ഷം, പരിഭാഷ അലങ്കോലപ്പെടുകയും, ഉപയോഗശൂന്യമായിത്തീരുകയും ചെയ്യും. ചേർക്കപ്പെടുന്ന വാക്കുകൾ പ്രത്യേകം അടയാളപ്പെടുത്താത്തപക്ഷം അതെല്ലാംതന്നെ, ഖുർആനിൽ പ്രസ്താവിച്ചിട്ടുള്ള പദങ്ങളായി ഗണിക്കപ്പെട്ടേക്കുകയും ചെയ്യും.

ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള സംഗതികൾ മനുഷ്യന്റെ കഴിവനുസരിച്ച് അതേ രൂപത്തിൽ-ഭേദഗതി വരുത്താതെ-മറ്റൊരു ഭാഷയിൽ പ്രകാശിപ്പിക്കുകയാണല്ലോ ഖുർആൻ പരിഭാഷയുടെ ഉദ്ദേശ്യം. അതിനു പുറമെയുള്ളതെല്ലാം ആ മൂലാശയങ്ങളുടെ വിശദീകരണവും, വിവരണവുമായിരിക്കും. നമ്മുടെ താല്പര്യത്തിനോ, സൗകര്യത്തിനോ പ്രാധാന്യം കല്പിക്കാതെ, ആ വചനങ്ങൾ എന്തു വചിക്കുന്നുവോ അത്-അവയെ അവയുടെ സ്വാഭാവികമായ നിലയിൽ വീക്ഷിക്കുമ്പോൾ ലഭിക്കുന്നതെന്തോ അത്-ആകുന്നിടത്തോളം പരിഭാഷയിൽ വരുത്തുകയും, ബാക്കിയെല്ലാം പരിഭാഷക്കു പുറമെ യഥാവിധി വിവരിക്കുകയുമാണ് നാം വേണ്ടത്. പരിഭാഷകനു പറയാനുള്ളതെല്ലാം ഈ വിവരണത്തിൽ അടക്കം ചെയ്യാമല്ലോ.

ഖുർആന്റെ ഒരു വള്ളിയോ, പുള്ളിയോ മാറ്റിക്കൂടാത്തതാണ്. എന്നാൽ, അതിയോഗ്യനായ ഒരു പരിഭാഷകന്റെ പരിഭാഷയായാൽ പോലും പരിഭാഷകൻ ഉപയോഗിച്ച അതേ വാക്കുകളിൽമാത്രമേ ആയത്തുകളുടെ അർത്ഥം പറയാവു എന്നോ, പരിഭാഷകളിൽ കാണാവുന്ന വാക്കുകളും, പദങ്ങളും സുനിശ്ചിതങ്ങളാണെന്നോ ഇല്ലതന്നെ. ആകയാൽ, പരിഭാഷാഗ്രന്ഥങ്ങളിൽ അതത് ആയത്തുകളുടെ പരിഭാഷകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള പദങ്ങളും, അക്ഷരങ്ങളുമല്ല വായനക്കാർ പ്രധാനമായി ഗൗനിക്കേണ്ടത്. അവമൂലം പരിഭാഷകൻ അവതരിപ്പിക്കുന്ന ആശയങ്ങളും, അർത്ഥസാരങ്ങളുമാണ് മനസ്സിരുത്തേണ്ടത്. അതേ ആശയം, അയാൾ കൊണ്ടുവന്ന വാക്കുകളെക്കാൾ നല്ലതോ, അത് പോലെയുള്ളതോ ആയ വേറെ വാക്കുകളിലും പ്രകാശിപ്പിക്കുവാൻ-ഒരു പക്ഷെ, വായനക്കാർക്കുതന്നെ-സാധിച്ചേക്കുന്നതാണ്.

ഒന്ന് രണ്ട് ചെറിയ ഉദാഹരണങ്ങളെടുക്കാം:- ذلك الكتاب لا ريب فيه هدى للمتقين എന്നുള്ള ആയത്തിന്റെ ആശയത്തിൽ വളരെ മാറ്റമൊന്നും സംഭവിക്കാതെതന്നെ, പല വിധത്തിലും അത് അർത്ഥവിവർത്തനം ചെയ്യാം: (1) 'അത് ഗ്രന്ഥമാണ്. അതിൽ സന്ദേഹമേ ഇല്ല. സൂക്ഷ്മതയുള്ളവർക്ക് മാർഗ്ഗദർശനമാണ്.' (2) ആ 'ഗ്രന്ഥം! അതിൽ സംശയമില്ല.........' (3) 'അതത്രെ ഗ്രന്ഥം..........' (4) 'ആ ഗ്രന്ഥത്തിൽ യാതൊരു സംശയവുമില്ല. ഭയഭക്തന്മാർക്ക് വഴികാട്ടിയാണ്.' (5) '.......വഴികാട്ടി എന്ന നിലയിൽ' ഇങ്ങിനെ പല വാക്കുകളിലും ഇതിന് അർത്ഥം വരാവുന്നതും പറയാവുന്നതുമാണ്. വ്യാകരണപരമായ അതിന്റെ ഘടനയും, ഘടകങ്ങളും കണക്കാക്കുവാനുള്ള വിവിധ സൗകര്യങ്ങളാണ് ഇതിന് കാരണം. ذكر (ദിക്ർ) എന്ന പദത്തിന് 'പറയുക, സ്മരിക്കുക, വിചാരിക്കുക, പ്രസ്താവന, പ്രഖ്യാപനം, പ്രമാണം, പ്രബോധനം, ധ്യാനം, കീർത്തി, ചിന്തിക്കുക' എന്നിങ്ങനെ പല അർത്ഥങ്ങളും വരുന്നതാണ്. സന്ദർഭമനുസരിച്ച് ഇവയിൽ ഏതെങ്കിലും ഒന്ന് പരിഭാഷകൻ തിരഞ്ഞെടുക്കേണ്ടതായി വരുമല്ലോ. അതുകാണുമ്പോൾ, ആ വാക്കിൽ മാത്രമേ ആ പദത്തിന് അർത്ഥം പറയാവൂ എന്ന് ഉറപ്പിക്കുവാൻ പാടില്ലാത്തതാണ്. قال (ഖാല) എന്ന ഭൂതക്രിയാരൂപത്തിനുതന്നെ, 'പറഞ്ഞു, പറഞ്ഞിരിക്കുന്നു, പറയാം, പറയുന്നു, പറയും' എന്നിങ്ങിനെ സന്ദർഭോചിതം അർത്ഥം വരും. അതേ ക്രിയയുടെ വർത്തമാന-ഭാവിരൂപമായ يقول (യഖൂലു) വിന് 'പറയും, പറയുന്നു, പറഞ്ഞുകൊണ്ടിരിക്കും, പറയാം, പറഞ്ഞേക്കും, പറയണം, പറയുകയാണ്'

എന്നൊക്കെയും അർത്ഥം വരാം. ഇങ്ങിനെ അക്ഷര വ്യത്യാസങ്ങളോടുകൂടിയ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ആശയവ്യത്യാസമാണ് ശ്രോതാക്കളും, വായനക്കാരും മനസ്സിലാക്കേണ്ടത്. والله الموفق

മലയാള വിവർത്തനം

ഇതുവരെ നാം സംസാരിച്ചത്, അറബിയല്ലാത്ത മറ്റേതെങ്കിലും ഭാഷയിലേക്ക് ഖുർആൻ വിവർത്തനം ചെയ്യുന്നതിനെ സംബന്ധിച്ചാണല്ലോ. ഇനി, അറബിയും, മലയാളവും തമ്മിലുള്ള അന്തരവും, അകൽച്ചയും നോക്കുകയാണെങ്കിലോ? അത് വളരെകൂടുതലുമാണ്. അറബി ഭാഷ വലത്തുനിന്നു ഇടത്തോട്ടും, മലയാളം ഇടത്ത് നിന്ന് വലത്തോട്ടുമാണ് എഴുതുകയെന്നതുപോലെത്തന്നെ, പദങ്ങളുടെ ഘടനക്രമങ്ങളിലും മറ്റും അവ തമ്മിൽ അജഗജാന്തരമാണുള്ളത്. അതിലും, ഒരു സർവ്വസ്വീകാര്യമായ നിയമം കൈക്കൊള്ളുവാനില്ലാത്തതാണ് കൂടുതൽ വിഷമം. ചിലപ്പോൾ ഒരു അറബിവാക്യത്തിന് മലയാളത്തിൽ അർത്ഥം കൊടുക്കേണ്ടത്, അതിലെ ഒടുവിലത്തെ പദം തുടങ്ങി പിന്നോട്ട് പിന്നോട്ടായിരിക്കും. വേറെ ചിലപ്പോൾ, മദ്ധ്യത്തിൽനിന്ന് പിന്നോട്ടും, പിന്നീട് അവസാനംതൊട്ട് മദ്ധ്യത്തിൽ അവസാനിപ്പിക്കുകയും ചെയ്യേണ്ടിവരും. നന്നച്ചുരുക്കം സ്ഥലങ്ങളിൽ, യഥാക്രമം അർത്ഥം പറയുവാൻ സാധിച്ചെന്നും വരാം. വ്യാകരണരൂപത്തിലും, പ്രയോഗങ്ങളിലും, ആശയങ്ങളെ ചിത്രീകരിക്കുന്ന സ്വഭാവങ്ങളിലുമെല്ലാംതന്നെ, രണ്ടു ഭാഷകളും തമ്മിൽ വളരെ വ്യത്യാസം കാണാം.

മിക്ക ഭാഷകൾക്കും ആ ഭാഷക്കാരുടെ പൂർവ്വീക മതസംസ്കാരാദികളുമായി ഒരു പ്രത്യേക ബന്ധമുണ്ടായിരിക്കുക സ്വാഭാവികമാണല്ലോ. ആ മതതത്വങ്ങളും, സാംസ്ക്കാരിക വിഷയങ്ങളും കൈകാര്യം ചെയ്വാൻ ഏറെക്കുറെ സൗകര്യമുള്ള സാങ്കേതിക പദങ്ങളും, സാഹിത്യപ്രയോഗങ്ങളും ആ ഭാഷയിൽ കൂടുതലുണ്ടായിരിക്കും. ഈ നിലക്കു നോക്കുമ്പോഴും, അറബിയും, മലയാളവും തമ്മിൽ വളരെ അകൽച്ച കാണാം. ബഹുദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു പാരമ്പര്യമാണ് മലയാളസാഹിത്യത്തിന് അടുത്തകാലംവരെ ഉള്ളത്. കുറച്ചുകാലം മുതൽ മലയാളസാഹിത്യം വളരെ പുരോഗമിച്ചു വന്നിട്ടുണ്ടെന്നത് വാസ്തവമാണ്. എങ്കിലും, തൗഹീദിൽ അധിഷ്ഠിതമായ ഏകദൈവീക മതമാകുന്ന ഇസ്ലാമിൻെറ ഭാഷയായ-മതഭാഷയും, സാംസ്കാരികഭാഷയും, സാഹിത്യഭാഷയും, രാഷ്ട്രീയഭാഷയും, വിജ്ഞാനഭാഷയും എല്ലാംതന്നെയായ-അറബിയുടെയും, മലയാളത്തിൻെറയും ഇടക്കുള്ള സ്വഭാവ വൈരുദ്ധ്യത്തിൽ വേണ്ടത്ര ലഘൂകരണം ഉണ്ടായിക്കഴിഞ്ഞിട്ടില്ല. അറബിയാണെങ്കിൽ, പൗരാണിക 'സെമിറ്റിക്' ഭാഷകളിൽ പെട്ടത്. മലയാളം ആര്യഭാഷയായ സംസ്കൃതത്തിൻെറയും, ദ്രാവിഡഭാഷയായ തമിഴിൻെറയും ലാളനകളിൽ വളർന്നതും, അപ്പോൾ, അവ തമ്മിൽ ഇത്തരം വ്യത്യാസം കാണുന്നത് സ്വാഭാവികം മാത്രമാണ്. അറബിമൂലം മലയാളത്തിലേക്കോ, മറിച്ചോ വിവർത്തനം ചെയ്യുമ്പോൾ, വളരെ നീക്കുപോക്കുകളും, കുറേ ഇടമുഴകളും കൂടാതെ-'ചെരുപ്പിനുചെരുപ്പെന്നോണം'--ഒപ്പിക്കുവാൻ സാധ്യമല്ലെന്ന് കാണിക്കുകയാണ്, ചുരുക്കത്തിൽ ഇപ്പറഞ്ഞതിൻെറ താല്പര്യം.

ഒരേ പദത്തിന് വളരെ അർത്ഥങ്ങൾ ഉണ്ടായിരിക്കുക. ഒരു അർത്ഥത്തിന് ധാരാളം പര്യായപദങ്ങൾ ഉണ്ടായിരിക്കുക, ചെറുവാക്യത്തിൽ വലിയ ആശയം അടക്കം ചെയ്വാൻ സൗകര്യമുണ്ടായിരിക്കുക, ഒരേ ക്രിയാരൂപത്തിന് ഒന്നിലേറെ അർത്ഥങ്ങൾ വരുവാൻ

സാദ്ധ്യതയുണ്ടായിരിക്കുക, ഒരേ ക്രിയയിൽ ഒരേ സമയത്ത് മറ്റൊരു ക്രിയയുടെ അർത്ഥം കൂടി ഉൾപ്പെട്ടിരിക്കുക, ക്രിയയുമായി ബന്ധപ്പെട്ടു നിൽക്കുന്ന അവ്യയങ്ങൾക്കനുസരിച്ച് അതിന്റെ അർത്ഥത്തിൽ മാറ്റംവരുക എന്നിങ്ങിനെ അനേകം കാര്യത്തിൽ മലയാളവും, അറബിയും തമ്മിൽ പൊരുത്തക്കുറവുണ്ട്. ഒന്നുരണ്ടക്ഷരങ്ങൾകൊണ്ട് അറബിയിൽ പ്രകാശിപ്പിക്കാവുന്ന ഒരു ആശയം ചിലപ്പോൾ ഒരു വാചകം കൊണ്ടുതന്നെ മലയാളത്തിൽ നിർവ്വഹിക്കേണ്ടിവരും. വാചകത്തിന്റെ ഘടകങ്ങളായ പലപദങ്ങളിലും അറബിയിൽ സർവ്വനാമങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. മലയാളത്തിൽ ആ സർവ്വനാമങ്ങൾ അനാവശ്യങ്ങളായിരിക്കും. അല്ലെങ്കിൽ അവയുടെ സ്ഥാനത്ത് സാധാരണ നാമങ്ങൾതന്നെ ആവശ്യമായെന്നും വരും. പല അറബിപദങ്ങൾക്കും ശരിക്ക് യോജിക്കുന്ന മലയാളപദങ്ങൾ ഇല്ലെന്നുള്ളതും, സാങ്കേതിക പദങ്ങളുടെ വിരളതയും-ഇസ്‌ലാമിക വിജ്ഞാനരംഗങ്ങളിൽ പ്രത്യേകിച്ചും-ഒരു പരിഭാഷകനെ സദാ അലട്ടാറുള്ള വസ്തുതകളാണ്.

28 അക്ഷരം മാത്രമുള്ള അറബി ലിപികളിൽ 13 എണ്ണത്തിന്റെ ഉച്ചാരണങ്ങളും-അറബിഭാഷയുടെ ഇരട്ടിയോളം വരുന്ന മലയാള ലിപികളിൽ എഴുതിക്കാണിക്കുക സാധ്യമല്ലാത്തവയാണ്. ഇതുമൂലം, മലയാളക്കാർക്കിടയിൽ സുപരിചിതങ്ങളായ അറബി പദങ്ങൾ പോലും മലയാളത്തിൽ എഴുതുവാൻ പലപ്പോഴും നിവൃത്തിയുണ്ടാകയില്ല. കേരള മുസ്‌ലിംകൾക്കിടയിൽ പ്രചാരത്തിലിരിക്കുന്ന അറബി മലയാള ലിപി ഈ വിഷയത്തിൽ മാത്രമല്ല, മറ്റു പല കാര്യത്തിലും അറബിമൂല്യങ്ങൾക്ക് പരിഭാഷ എഴുതുവാൻ സൗകര്യപ്പെട്ടതാകുന്നു. ഇസ്‌ലാമിക വിജ്ഞാനങ്ങൾ എഴുതുവാൻ അറബി മലയാള ലിപിയോളം സൗകര്യം മലയാള ലിപിയിലില്ലാതിരുന്നിട്ടും, ഇന്ന് കേരള മുസ്‌ലിംകൾ ആ ലിപിയുടെ നേരെ കൈക്കൊള്ളുന്ന അവജ്ഞാനയം വ്യസനകരമാണ്. ഏതായാലും, അറബി മലയാള ലിപി അറിയാത്തവർക്കും, അമുസ്‌ലിംകൾക്കും അത് ഉപയോഗപ്പെടുകയില്ലല്ലോ. മേൽ പ്രസ്താവിച്ച ഓരോന്നിനും ഉദാഹരണങ്ങൾ കാണിക്കുന്ന പക്ഷം അത് വളരെ ദീർഘിച്ചു പോകുന്നതുകൊണ്ട് അതിന് ഇവിടെ മുതിരുന്നില്ല. ഒരു കാര്യത്തിൽ മാത്രം അറബിയും മലയാളവും തമ്മിൽ വളരെ യോജിപ്പുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു: ഇതരഭാഷക്കാരായ ആളുകൾക്ക് പഠിക്കുവാനും, ശരിയാംവണ്ണം പയറ്റുവാനും കുറെയൊക്കെ പ്രയാസമുള്ള ഭാഷകളാണ് അവ രണ്ടും. ചിലർ ധരിക്കാറുള്ളതുപോലെ, വളരെ ക്ഷണത്തിലൊന്നും വശത്താക്കാവുന്ന ഭാഷകളല്ല അറബിയും മലയാളവും.*

അറബി ഗ്രന്ഥങ്ങൾ, മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ, വിവർത്തകനെ അഭിമുഖീകരിക്കുന്ന ഏതാനും പ്രശ്നങ്ങളാണ് നാം മുകളിൽ കണ്ടത്. അപ്പോൾ, അല്ലാഹുവിന്റെ വചനമായ ഖുർആൻ-അതിന്റെ സാഹിത്യവിശേഷതയും, അമാനുഷിക സ്വഭാവവും നമുക്കറിയാമല്ലോ-മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ, നേരിടുവാനിരിക്കുന്ന പ്രശ്നങ്ങൾ എത്രമേൽ അധികമായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്. ആകയാൽ, ഖുർആന്റെ നേർക്ക് നേരെയുള്ള ഒരു പരിഭാഷ-കോട്ടമൊന്നും കൂടാതെ പരി

* കാറൽമാർക്സിന്റെ ഇണയും, തുണയുമായിരുന്ന ഏംഗൽസ് കാര്യങ്ങളിൽ ക്ഷണത്തിൽ ഗ്രഹിക്കുന്ന ആളായിരുന്നുവെന്നും, ഇരുപത് ഭാഷ സംസാരിച്ചിരുന്നുവെന്നും മറ്റും പ്രശംസിച്ചു പറയുന്ന കൂട്ടത്തിൽ, പ്രൊഫസർ കെ.സി. പീറ്റർ ഇപ്രകാരം പറഞ്ഞതായി (മാതൃഭൂമി ആഴ്ചപതിപ്പ് പു: 39, ല: 44ൽ) കാണാം: '......4000ത്തിലധികം ധാതുക്കളുള്ള അറബിഭാഷ മാത്രമേ, ഏംഗൽസിനെ ബുദ്ധിമുട്ടിച്ചിട്ടുള്ളു.....' അറബിഭാഷ ശരിക്ക് വശത്താക്കുവാൻ ചിലർ പറയാറുള്ളതുപോലെ അത്ര എളുപ്പമല്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ.

പൂർണ്ണമായ നിലയിൽ-തയ്യാറാക്കുക സാധ്യമല്ലെന്ന് വ്യക്തമാണ്. അതെ, വ്യക്തികളുടെ അറിവും, സാമർത്ഥ്യവും, ഓരോരുത്തർക്കും അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന തൗഫീഖും (ഉതവിയും) അനുസരിച്ച് പരിഭാഷകളുടെ ഗുണത്തിൽ ഏറ്റപറ്റുണ്ടായിരിക്കുമെന്നുമാത്രം.

ഖുർആൻെറ പരിഭാഷാ ഗ്രന്ഥങ്ങൾ

ഖുർആൻ പരിഭാഷകൾ എന്നല്ല, ഇസ്‌ലാമിക വിജ്ഞാനഗ്രന്ഥങ്ങൾ പൊതുവിൽ തന്നെ, പൂർവ്വനൂറ്റാണ്ടുകളിൽ അറബി അല്ലാത്ത ഭാഷകളിൽ രചിക്കപ്പെടുന്ന പതിവ് അധികമൊന്നും ഉണ്ടായിരുന്നതായി കാണുന്നില്ല. നേരെമറിച്ച്, ഒന്ന് രണ്ട് നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോഴേക്കും ഇതരഭാഷകളിലുള്ള എത്രയോ ഗ്രന്ഥങ്ങൾ അറബിഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്ന സമ്പ്രദായം പ്രചാരത്തിൽ വരുകയുണ്ടായി. അറബിഭാഷക്ക് നാനാ ഭാഗങ്ങളിലും ഉണ്ടായ സ്വാധീനം, ഇസ്‌ലാമിക വിജ്ഞാനം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവർ അറബിഭാഷ മുഖേനത്തന്നെ അതിന് തയ്യാറെടുത്തു വന്നിരുന്നത് എന്നിങ്ങിനെ പലതുമായിരിക്കും അതിനുള്ള സ്വാഭാവികമായ കാരണങ്ങൾ. സ്ഥിതിഗതികളുടെ മാറ്റത്തോടുകൂടി, അറബിയല്ലാത്ത ഭാഷകളിലും ഇസ്‌ലാമിക വിജ്ഞാനങ്ങൾ വിരചിതമായിത്തുടങ്ങി. അറബിയുടെ അയൽഭാഷയും, അതുമായി പല നിലക്കും ബന്ധവും, സാദൃശ്യവുമുള്ള ഭാഷയുമാകകൊണ്ട്, പേർഷ്യൻ ഭാഷയിലാണ് ഇത് ഏറെ പ്രചാരത്തിൽ വന്നത്. ക്രമേണ ഖുർആൻ പരിഭാഷാപ്രവർത്തനവും ഉണ്ടായിത്തീർന്നുവെന്ന് സാമാന്യമായിപ്പറയാം.

ഖുർആൻെറ ഒന്നാമത്തെ പരിഭാഷ ഏതായിരുന്നുവെന്ന് നമുക്കറിവില്ല. ക്രിസ്താബ്ദം ഏതാണ്ട് 1143ൽ ഹിജ്റ 6-ാം നൂറ്റാണ്ടിൽ-ലത്തീൻ ഭാഷയിൽ ഖുർആൻ പരിഭാഷ ചെയ്യപ്പെട്ടിട്ടുണ്ടെന്നും, അത് ക്രിസ്താബ്ദം 1543ൽ മാത്രമാണ് ക്രിസ്തീയ മിഷനറിമാരാൽ പ്രസിദ്ധപ്പെടുത്തപ്പെട്ടതെന്നും അല്ലാമാ യൂസുഫലി പ്രസ്താവിച്ചു കാണുന്നു. ക്രി. 17-ാം നൂറ്റാണ്ടിലും, അതിനുശേഷവുമായി പല യൂറോപ്യൻ ഭാഷകളിലും പുറത്തിറക്കിയ ചില പരിഭാഷകളെക്കുറിച്ചും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. അവയുടെ കർത്താക്കളിൽ മുസ്‌ലിംകളെയും, അമുസ്‌ലിംകളെയും കാണാം. അടുത്ത ഒന്നു രണ്ട് നൂറ്റാണ്ടുകളിലാണ് പ്രധാനപ്പെട്ട പല ഭാഷകളിലും ഖുർആൻ പരിഭാഷ പ്രചാരത്തിൽ വന്നിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. والله أعلم

വ്യാഖ്യാനത്തോടുകൂടിയും അല്ലാതെയും, മുഴുവൻ ഭാഗം ഉൾക്കൊള്ളുന്നതായും ചില ഭാഗങ്ങൾമാത്രം ഉൾക്കൊള്ളുന്നതായും-ഇങ്ങിനെ പല തരത്തിലും-ഉള്ള ഖുർആൻ പരിഭാഷകൾ ഇന്ന് മിക്ക പ്രധാന ഭാഷകളിലും കാണാം. പ്രാചീനഭാഷകളിൽ, പേർഷ്യനും (ഫാരിസിയും) ആധുനിക ഭാഷകളിൽ ഉർദുവും ഇസ്‌ലാം ചരിത്രവുമായി വളരെ ബന്ധമുള്ളതുകൊണ്ട് ഈ രണ്ട് ഭാഷകളിലും പല ഖുർആൻ പരിഭാഷകളും, അനേകം ഇസ്‌ലാമിക വിജ്ഞാന ഗ്രന്ഥങ്ങളും കാണാവുന്നതാണ്. ലത്തീൻ, ജർമ്മനി, ഫ്രഞ്ച്, ഇംഗ്ലീഷ് തുടങ്ങിയ യൂറോപ്യൻ ഭാഷകളിലും, ബങ്കാളി, മലയാ, തമിഴ് തുടങ്ങിയ പല പൗരസ്ത്യ ഭാഷകളിലും പല ഖുർആൻ പരിഭാഷകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷ് പരിഭാഷകളിൽ അല്ലാമാ യൂസുഫലിയുടെ-വ്യാഖ്യാനത്തോടുകൂടിയ-ഗ്രന്ഥം വളരെ പ്രധാനപ്പെട്ടതാകുന്നു. അടുത്ത കൊല്ലങ്ങളിലായി, സുഊദീ ഗവർമെന്റ് വക കൊല്ലംതോറും അതിൻെറ ധാരാളക്കണക്കിലുള്ള കോപ്പികൾ ഹജ്ജാജികൾക്ക് വിതരണം ചെയ്യപ്പെട്ടുവരുന്നത് പ്രസ്താവ്യമാകുന്നു. മാൽദ്വീപുകാരായ മുസ്‌ലിംകളുടെ വകയായി, അവരുടെ ഭാഷയിലുള്ള ഒരു പരിഭാഷ ഈയിടെയാണ് മലബാറിൽ നിന്ന് അച്ചടി തീർന്നത്.

ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവീ (ﷺ) അദ്ദേഹത്തിൻെറ 'ഫൗസുൽ കബീറി'ൽ--തനിക്ക് ഖുർആൻ വ്യാഖ്യാന വിഷയത്തിൽ അല്ലാഹു പ്രദാനം ചെയ്തിട്ടുള്ള അനുഗ്രഹത്തെക്കുറിച്ച് കൃതജ്ഞതാപൂർവ്വം പ്രസ്താവിക്കുന്ന മദ്ധ്യേ-ഇപ്രകാരം പറയുന്നു: "നമുക്ക് സിദ്ധിച്ച ജ്ഞാനങ്ങളുടെ കൂട്ടത്തിൽ പെട്ടതാണ്: വാചകത്തിൻെറ വലിപ്പത്തിലും മറ്റും അറബിഭാഷയോടു സദൃശമായ നിലയിൽ, പേർഷ്യൻ ഭാഷയിൽ ഖുർആൻ പരിഭാഷ ചെയ്‌വാൻ സാധിച്ചത് 'ഫത്ത്ഹു-റഹ്‌മാൻ-ഫീ-തർജ്ജുമത്തിൽ ഖുർആൻ' (ഖുർആൻ പരിഭാഷയിൽ പരമകാരുണികൻ നൽകിയ വിജയം.) എന്ന ഗ്രന്ഥത്തിലാണ് നാമിത് ചെയ്തിരിക്കുന്നത്. പക്ഷെ, ചില സ്ഥലങ്ങളിൽ, വിശദീകരണം കൂടാതെ വായനക്കാർക്ക് കാര്യം ഗ്രഹിക്കുവാൻ കഴിയുകയില്ലെന്ന് ഭയപ്പെട്ടതുനിമിത്തം ഈ നിബന്ധന-അറബിയുടെ അതേ അളവിലായിരിക്കുക എന്ന നിശ്ചയം-നാം വിട്ടുകളഞ്ഞിട്ടുണ്ട്."

ഹിജ്റ 1176 ലാണ് ദഹ്‌ലവീ (ﷺ) യുടെ വിയോഗം. അപ്പോൾ, ചുരുങ്ങിയപക്ഷം 207 കൊല്ലം മുമ്പ് അദ്ദേഹം ഈ ഗ്രന്ഥം രചിച്ചു കഴിഞ്ഞിരിക്കും. ഈ മഹാനെപ്പറ്റി ഇതിനു മുമ്പ് നാം പരിചയപ്പെടുത്തിയിട്ടുണ്ട് ഖുർആൻ വ്യാഖ്യാനനിദാനമായ അദ്ദേഹത്തിൻെറ 'ഫൗസുൽകബീറും' അദ്ദേഹം രചിച്ചത് പേർഷ്യൻ ഭാഷയിലാണ്.[*] ഹിജ്റ 12-ാം നൂറ്റാണ്ടിലെ മതോദ്ധാരകനായി എണ്ണപ്പെട്ട ഒരു മഹാപണ്ഡിതനും, ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വേണ്ടി എത്രയോ വിജ്ഞാന സേവനങ്ങൾ നടത്തിയ മഹാനുമായ അദ്ദേഹത്തെക്കുറിച്ച് മനസ്സിലാക്കുവാൻ, അദ്ദേഹത്തിൻെറ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ' حجة الله البالغة എന്ന ഒരൊറ്റ ഗ്രന്ഥം പരിശോധിച്ചാൽ മതിയാകും. ഇസ്‌ലാമിൻെറ സകല തുറകളിലുമുള്ള നിയമങ്ങളുടേയും യുക്തിവശങ്ങളും, തത്വരഹസ്യങ്ങളും യുക്തി യുക്തം-ഖുർആൻെറയും, ഹദീസിൻെറയും, യുക്തിയുടെയും അടിസ്ഥാനത്തിൽ-വിവരിച്ചിട്ടുള്ള അനിതര സാധാരണമായ ഒരു മഹൽ ഗ്രന്ഥമാണത്. മേൽകാണിച്ച ഖുർആൻ പരിഭാഷ മുഴുമിക്കുവാൻ അദ്ദേഹത്തിന് സാധിച്ചത് എത്രമാത്രം അനുഗ്രഹമായിട്ടാണ് അദ്ദേഹം കണക്കാക്കുന്നതെന്ന് അദ്ദേഹത്തിൻെറ പ്രസ്താവനയിൽ നിന്ന് അനുമാനിക്കാം. പേർഷ്യൻ ഭാഷക്കു അറബി ഭാഷയോടും, ഇസ്‌ലാമിനോടുമുള്ള ബന്ധങ്ങൾക്ക് പുറമെ, അതിന് ഇന്ത്യയോടും-വടക്കേ ഇന്ത്യയോട് പ്രത്യേകിച്ചും-ചരിത്രപരമായ പല ബന്ധങ്ങളും ഉണ്ടായിട്ടുണ്ടല്ലോ. അതുകൊണ്ടായിരിക്കും അദ്ദേഹം പേർഷ്യൻ ഭാഷയിൽ പരിഭാഷ രചിച്ചത്. الله اعلم

പല നിലക്കും പ്രാധാന്യം അർഹിക്കുന്ന ഒരു മഹാഗ്രന്ഥമാണ് മൗലാനാ അബ്ദുൽ ഹഖ്-ദഹ്‌ലവീ (ﷺ) യുടെ ഉർദു തഫ്സീർ (تفسير حقاني) 70ൽ പരം കൊല്ലങ്ങൾക്ക് മുമ്പാണ് അത് ആദ്യം അച്ചടിക്കപ്പെട്ടത്. ഇപ്പോൾ 30 ഭാഗങ്ങളായി അതിൻെറ പുതിയ പതിപ്പ് പുറത്തിറങ്ങിയിട്ടുണ്ട്. ഖുർആൻെറ സിദ്ധാന്തങ്ങൾ പ്രമാണസഹിതം, യുക്തിയുക്തമായ നിലയിൽ, മുൻഗാമികളായ മഹാന്മാരുടെ പാതയിൽനിന്ന് തെറ്റാതെ, വിശദീകരിച്ച് വിവരിച്ചിട്ടുള്ള ഒരു തഫ്സീറാണിത്. ശാസ്ത്രീയവും, ചരിത്രപരവുമായ വശങ്ങൾ പണ്ഡിതോചിതമായ നിലയിൽ അദ്ദേഹം അതിൽ വിവരിച്ചിരിക്കുന്നു. മൗലാനാ അബുൽകലാം ആസാദ് അവർകളുടെ തർജ്ജുമാനുൽ ഖുർആനും (ترجمان القرأن) ഉർദു തഫ്സീറുകളുടെ കൂട്ടത്തിൽ വളരെ വമ്പിച്ചൊരു മുതൽക്കൂട്ടാണ്. അദ്ദേഹത്തെപ്പറ്റി ഇന്ന് ഇന്ത്യക്കാരായ

[*] അല്ലാമാ മുഹമ്മദ് മുനീർദി മശ്ഖീയാണ് അത് അറബിയിലേക്ക് വിവർത്തനം ചെയ്തത്. ഈ അറബി പരിഭാഷയെ ആസ്പദമാക്കിയാണ് നാം അതിലെ വാക്യങ്ങൾ ഉദ്ധരിക്കാറുള്ളത്. നമ്മുടെ ഉപരി മദ്രസകളിലും മറ്റും പാഠ്യഗ്രന്ഥമായി അംഗീകരിക്കപ്പെട്ടുവരുന്നതും അതാണ്.

ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഹൃദ്യവും സരളവുമായ ഭാഷയിൽ, വിഷയങ്ങളെ സയുക്തികം പ്രതിപാദിച്ചു കാണിക്കുവാനുള്ള കഴിവും, വിജ്ഞാനത്തിൻെറ നാനാ തുറകളിലുമുള്ള അദ്ദേഹത്തിൻെറ പാണ്ഡിത്യവും അതിൻെറ അടിമുതൽ മുടിവരെ അനുഭവപ്പെടുന്നതാകുന്നു. പക്ഷേ, ഖുർആൻെറ മൂന്നിൽ രണ്ടു ഭാഗത്തിൻെറ തഫ്സീർ അടങ്ങുന്ന ഭാഗം മാത്രമേ ഇതഃപര്യന്തം പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായിട്ടുള്ളൂ. ഈ രണ്ട് തഫ്സീറുകളും നമ്മുടെ ഈ ഗ്രന്ഥത്തിലേക്ക് വളരെ ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് ഇവിടെ പറഞ്ഞുകൊള്ളട്ടെ.

മലയാള ഭാഷയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഏറെക്കുറെ ഈ (ഹിജ്റ 14-ാം) നൂറ്റാണ്ടിൻെറ ആദ്യം മുതൽക്കോ, കഴിഞ്ഞ (13-ാം) നൂറ്റണ്ടിൻെറ അവസാനം മുതൽക്കോ അറബിമലയാള ലിപിയിലുള്ള 'ഖുർആൻ തർജ്ജമ'കൾ പുറത്തിറങ്ങിത്തുടങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാവുന്നത്. അറിവായേടത്തോളം, കണ്ണൂർക്കാരനായ മായൻകുട്ടി എളയാ* എന്ന പണ്ഡിതൻെറ തർജ്ജമയാണ്-കാലപ്പഴക്കംകൊണ്ടും ഖുർആൻെറ അത്യാവശ്യ വിവരണത്തോടുകൂടിയ മുഴുവൻ പരിഭാഷ എന്ന നിലക്കും-കൂട്ടത്തിൽ മുന്നിട്ടു നിൽക്കുന്നത്. അതിൻേറതാണെന്ന് തോന്നുന്ന (സൂ: ഫാതിർ മുതൽ സൂ: ഫത്ത്ഹുകൂടിയുള്ള) ഒരു ഭാഗം മാത്രമാണ് ഞങ്ങളുടെ മുമ്പിലുള്ളത്. † അതിലെ ഭാഷാശൈലി, അതിൻെറ കാലപ്പഴക്കത്തെപ്പറ്റി നമുക്ക് മനസ്സിലാക്കുന്നു. ഒരു ചരിത്രസ്മരണിക എന്ന നിലക്കും, വായനക്കാർക്ക് അതിൻെറ ഏകദേശ സ്വഭാവം മനസ്സിലാക്കുവാനുമായി, ആ മഹാനുഭവൻ അന്നത്തെ അറബി മലയാളത്തിലെഴുതിയ ചില വാചകങ്ങൾ നമുക്കിവിടെ ഉദ്ധരിക്കാം. സൂ: സുമറിലെ 7-ാം വചനത്തിൻെറ പരിഭാഷയിൽ അദ്ദേഹം പറയുന്നു:-

''വൊരുകുറ്റം ചെയ്തെ തടിചുമക്കയില്ലാ ബേറെവൊരു തടിൻെറ കുറ്റത്തിനെ, പിന്നെ നിങ്ങളെ റബ്ബിനെക്കൊള്ളയായിരിക്കും നിങ്ങൾക്കുള്ളെ മടങ്ങും താനും. നിങ്ങൾ അമൽ ചെയ്യുന്നോല് ആയിരിന്നിരിന്നു അങ്ങനത്തെയാവൊന്നുകൊണ്ട് നിങ്ങളോട് അവൻ ബിശയം അറിവിക്കുന്നദു മൂലം. നുച്ചിയംതന്നെ അല്ലാഹുയാകുന്നത് അറിയുന്നോനായിരിക്കും. 'ഖൽബു' കളിൻെറ അകത്തുള്ളയാവൊന്നുകൊണ്ട് ഒക്കെയും''

ഖുർആൻെറ പല 'ജുസുഉ്' (ഭാഗം) കളും, സൂറത്തുകളും പലരാലും അറബി മലയാളത്തിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളത് ഇന്നും പ്രചാരത്തിലുണ്ട്. ഓരോന്നിൻെറയും ഭാഷയിൽ, കാലത്തിനൊത്ത മാറ്റങ്ങളും കാണാം. അറബി മലയാള ലിപിയിൽ ഇസ്ലാമിക വിജ്ഞാനങ്ങൾ വ്യവഹരിക്കുവാനുള്ള സൗകര്യം, മലയാള ലിപിയിൽ അതിനുള്ള അസൗകര്യം, അറബി മലയാളം മുസ്ലിംകളുടെ ഒരു പ്രത്യേക സമ്പത്താണെന്ന ബോധം. മല

---

* വടക്കേ മലബാറിലെ പ്രസിദ്ധ കേയിവംശത്തിൽ ഒരു താവഴിയായ ചൊവ്വരക്കാരൻ വലിയ പുരയിലെ മായിൻകുട്ടി എന്ന ഇദ്ദേഹം, കണ്ണൂർ അറക്കൽ രാജസ്വരൂപത്തിൽ വിവാഹം കഴിച്ചതിൻെറ പേരിലാണ് അദ്ദേഹത്തെ 'എളയാവ്' എന്ന് വിളിക്കുന്നത്. മക്കാ ശരീഫിൽ മലയാള ഹാജിമാരുടെ താമസ കേന്ദ്രമായിരുന്ന 'കേയിറുബാത്തി'ൻെറ സ്ഥാപകനത്രെ അദ്ദേഹം. ഹിജ്റ 1294ൽ സ്ഥാപിക്കപ്പെട്ട ആ റുബ്ബാത്ത് അൽപ വർഷങ്ങൾക്ക് മുമ്പ് മസ്ജിദുൽ ഹറാമിന്റെ വികസനാർത്ഥം പൊളിച്ചുനീക്കപ്പെട്ട കെട്ടിടങ്ങൾ ഉൾപ്പെട്ടു അതിന്റെ വില (4 ലക്ഷം സൗദീറിയാൽ) ഖജനാവിൽ നിക്ഷേപിക്കപ്പെടുകയും ചെയ്തു. ഇപ്പോൾ പകരം മറ്റൊരു റുബ്ബാത്ത് സ്ഥാപിക്കപ്പെടുന്നത് സംബന്ധിച്ച സംരംഭങ്ങൾ നടന്നു വരികയാണ്. (23-10-71ലെ ചന്ദ്രികാ വാരാന്ത പതിപ്പിൽനിന്ന്.

† ഏറെക്കുറെ മുപ്പത് കൊല്ലങ്ങൾക്കുമുമ്പ് കാലഗതി പ്രാപിച്ച ഒരു മത ഭക്തനും ഇസ്ലാമിക ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ ഉത്സുകനുമായിരുന്ന ഒരു മാന്യ വൃദ്ധൻെറ അനന്തരാവകാശികളിൽ നിന്നാണ് പ്രസ്തുത ഭാഗം കണ്ടുകിട്ടിയത്. അതിൻെറ ഇരുപുറത്തുമുള്ള കുറെ കഷ്ണങ്ങൾ നശിച്ചുപോയിരിക്കകൊണ്ട് ഗ്രന്ഥകർത്താവിൻെറയോ, അച്ചടിച്ച കാലത്തിൻെറയോ, വിവരം അറിയുവാൻ കഴിയുന്നില്ല.

യാളം അഭ്യസിക്കുന്നതില്‍ മുസ്‌ലിംകള്‍ക്കുണ്ടായിരുന്ന പിന്നോക്ക മനസ്ഥിതി, അത് അമുസ്‌ലിംകളുടെ ഭാഷയാണെന്നുണ്ടായിരുന്ന തെറ്റുധാരണ, അറബി മലയാളത്തിന് മുസ്‌ലിംകള്‍ക്കിടയിലുണ്ടായിരുന്ന പ്രചാരം ഇങ്ങിനെ പല കാരണങ്ങളാല്‍ ഖുര്‍ആന്‍ പരിഭാഷകളും, ഇതര ഇസ്‌ലാമിക ഗ്രന്ഥങ്ങളും അടുത്തകാലം വരെ അറബി മലയാളലിപിയിലായിരുന്നു എഴുതപ്പെട്ടിരുന്നത്. ('തര്‍ജ്ജമ' എന്ന് പറഞ്ഞാല്‍തന്നെ, അറബിമലയാളത്തിലുള്ള ഗ്രന്ഥം എന്നായിരുന്നു അര്‍ത്ഥം കല്‍പിക്കപ്പെട്ടിരുന്നത്. അടുത്ത ചില വര്‍ഷങ്ങള്‍ക്ക് മുമ്പ് ഖുര്‍ആന്‍െറ മുഴുവന്‍ഭാഗവും-അത്യാവശ്യ വ്യാഖ്യാനത്തോടുകൂടി-അറബി മലയാളത്തില്‍ പരിഭാഷ പൂര്‍ത്തിയാക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥം ജനാബ് കെ. ഉമര്‍ മൗലവി സാഹിബിനാല്‍ വിരചിതമായിട്ടുണ്ട്. അതിന്‍െറ ഏതാനും ഭാഗമേ ഇതപര്യന്തം പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളു. ബാക്കി ഭാഗങ്ങളും താമസിയാതെ പുറത്തുവരുമെന്നാശിക്കാം.* ഇതിനകം മുഴുവന്‍ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മലയാള ലിപിയില്‍ പലതവണ പുനഃപ്രസ്ദീകരിക്കുകയും ചെയ്തു.

ഉപരിസൂചിതങ്ങളായ സ്ഥിതിഗതികളില്‍ മാറ്റം വരികയും, മുസ്‌ലിംകള്‍ക്കിടയില്‍ മലയാളലിപിയും, മലയാളസാഹിത്യവും പ്രചരിച്ചുതുടങ്ങുകയും ചെയ്തതോടെ-മലയാള അച്ചുകൂടങ്ങളില്‍ അറബി ടൈപ്പുകളും ഉപയോഗിക്കാന്‍ തുടങ്ങിയതോടുകൂടി വിശേഷിച്ചും-മലയാള ലിപിയില്‍തന്നെ ഇസ്‌ലാമിക ഗ്രന്ഥങ്ങള്‍ പ്രചാരപ്പെടുവാന്‍ തുടങ്ങി. അങ്ങിനെ, രണ്ടുമൂന്ന് ദശവര്‍ഷങ്ങള്‍ക്കിപ്പുറം മുതല്‍ ഖുര്‍ആന്‍െറ പല ഭാഗങ്ങളുടെയും തര്‍ജ്ജമകള്‍ മലയാളലിപിയില്‍തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിം മാസികാപത്രങ്ങള്‍ വഴിയായും അതിന്‍െറ പല ഭാഗങ്ങളുടെയും പരിഭാഷ പുറത്തുവരുന്നുണ്ട്. ഖുര്‍ആന്‍െറ അറബിമൂലത്തോടുകൂടി പരിഭാഷാഗ്രന്ഥങ്ങള്‍ പുറത്തിറക്കുന്നതില്‍, ചില പണ്ഡിതന്‍മാര്‍ക്കൊക്കെ പ്രതിഷേധമുണ്ടായിരുന്നുവെങ്കിലും, ഇന്ന് ആ നിലക്കും വളരെ മാറ്റം വന്നുകഴിഞ്ഞിരിക്കുന്നു. ഒരു വിധത്തിലല്ലെങ്കില്‍ മറ്റൊരുവിധത്തില്‍, ഖുര്‍ആന്‍െറ വിജ്ഞാനം പ്രചരിപ്പിക്കുന്നതില്‍ എല്ലാ വിഭാഗക്കാരും പൊതുവില്‍ ശ്രമിച്ചുവരുന്നുണ്ടെന്ന് പറയാം.

25ല്‍പരം കൊല്ലങ്ങള്‍ക്കുമുമ്പ് ഖുര്‍ആന്‍െറ ആദ്യത്തെ ചില 'ജുസു' കളുടെ പരിഭാഷ കോഴിക്കോട്, മുസ്‌ലിം ലിറ്ററേച്ചര്‍ സൊസൈറ്റി പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്‍െറ തുടര്‍ന്നുള്ള ഭാഗങ്ങള്‍ പുറത്തു വരികയുണ്ടായില്ല പിന്നീട് പല പണ്ഡിതന്‍മാരുടെയും വകയായി, അവസാനത്തെ ചില 'ജുസു'കളുടെ പരിഭാഷകളും ചില സൂറത്തുകളുടെ പരിഭാഷകളും പലപ്പോഴായി പ്രസിദ്ധപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം അറബിമൂലത്തോടുകൂടിയ മലയാള ലിപിയിലാണുള്ളത്. ചുരുക്കം ചിലത് മാത്രം അറബിമൂലം കൂടാതെയും പ്രിസിദ്ധീകരിക്കപ്പെടാതില്ല. ഇവയില്‍ പലതിലും, ഈ പരിഭാഷാ ഗ്രന്ഥത്തിന്‍െറ എളിയ കര്‍ത്താക്കളായ ഞങ്ങള്‍ക്കും ഏറെക്കുറെ പങ്കുവഹിക്കുവാന്‍ അല്ലാഹു നല്കിയ തൗഫീഖ് കൃത്ജ്ഞതാപൂര്‍വ്വം ഇവിടെ സ്മരിച്ചുകൊള്ളുന്നു. ഖുര്‍ആന്‍െറ മുഴുവന്‍ മലയാള പരിഭാഷ അടങ്ങുന്ന ഒരു ഗ്രന്ഥം ഇതിനകം പുറത്തായിട്ടുള്ളത്, ജനാബ് സി.എന്‍. അഹ്മദ്മൗലവി സാഹിബിന്‍േറതാകുന്നു. ആദ്യത്തെ വാല്യം, 10 കൊല്ലം മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഞങ്ങള്‍ ഈ പരിഭാഷ എഴുതിക്കൊണ്ടിരിക്കെ (ഒന്നരകൊല്ലം മുമ്പ്)

---

* ഇതിനകം മുഴുവന്‍ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മലയാള ലിപിയില്‍ പലതവണ പുനഃപ്രസ്ദീകരിക്കുകയും ചെയ്തു.

അതിന്റെ തുടർന്നുള്ള ഭാഗങ്ങളുടെ പ്രസിദ്ധീകരണവും പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. *

6. നമ്മുടെ പരിഭാഷാ ഗ്രന്ഥം

ഇനി, നമ്മുടെ ഈ പരിഭാഷാഗ്രന്ഥത്തെക്കുറിച്ചാണ് ചിലത് പറയുവാനുള്ളത്. ഇതിൽ ഖുർആന്റെ അറബിമൂലവും, പരിഭാഷയും, അത്യാവശ്യ വ്യാഖ്യാനവും, വിവരണവും അടങ്ങുന്നു. കൂടാതെ, ഒറ്റവാക്കുകളുടെ അർത്ഥവും കൊടുത്തിട്ടുണ്ട്. പരിഭാഷയിലും വ്യാഖ്യാന വിവരണങ്ങളിലും ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നിലപാടും, സ്വഭാവവും ഏതാണ്ട് എങ്ങിനെയായിരിക്കുമെന്ന് ഈ മുഖവുര വായിക്കുന്നവരെ പരിചയപ്പെടുത്തേണ്ടുന്ന ആവശ്യമുണ്ടായിരിക്കയില്ല. ഖുർആൻ വ്യാഖ്യാനത്തെ സംബന്ധിച്ച് മുകളിൽ പ്രസ്താവിച്ച തത്വങ്ങളെ-ഇബ്നുജരീർ (ﷺ), ഇബ്നു കഥീർ (ﷺ), ശാഹ്‌വലിയ്യുല്ലാഹ് (ﷺ) എന്നീ മഹാൻമാരിൽനിന്ന് നാം മുകളിൽ ഉദ്ധരിച്ച പ്രസ്താവനകളുടെ സാരങ്ങൾ വിശേഷിച്ചും-ഫലത്തിൽ വരുത്തുവാൻ ഞങ്ങൾ കഴിവതും പരിശ്രമിച്ചിട്ടുണ്ട്. ചുരുക്കിപ്പറയുന്നപക്ഷം-പരിഭാഷയെ സംബന്ധിച്ചിടത്തോളം-ഖുർആന്റെ പദങ്ങളുടെയും, ഘടനക്രമങ്ങളുടെയും അർത്ഥോദ്ദേശ്യങ്ങൾ വിട്ടുകളയാതെ തർജ്ജമയിൽ വരുത്തുവാനും അതോടൊപ്പം വാചകങ്ങളുടെ സാരങ്ങൾക്ക് കോട്ടം പറ്റാതെ കഴിക്കുവാനും കഴിവുപോലെ യത്നിച്ചിരിക്കുന്നു. വ്യാഖ്യാനങ്ങളിൽ ക്രമപ്രകാരം ഖുർആൻ, ഹദീസ്, സഹാബികൾ തുടങ്ങിയ മുൻഗാമികളായ മഹാൻമാരുടെ പ്രസ്താനവകൾ, പ്രധാന ഖുർആൻ വ്യാഖ്യാതാക്കളുടെ ബലമായ അഭിപ്രായങ്ങൾ, എന്നിവയ്ക്കു മുൻഗണന നല്കിയിരിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ ഇതൊരു 'സലഫീ തഫ്സീർ' (പൗരാണികാദർശത്തിലുള്ള ഖുർആൻ വ്യാഖ്യാനം) ആയിരിക്കുവാനാണ് ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. അതിൽ ഞങ്ങൾ എത്രകണ്ട് വിജയിച്ചിട്ടുണ്ടെന്ന് അല്ലാഹുവിനറിയാം. അതേസമയത്ത്, കാലോചിതവും, സന്ദർഭോചിതവുമായ പല വിഷയങ്ങളും, യഥാസ്ഥാനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. ആവശ്യം കാണുന്നിടത്ത് വിശദീകരണത്തോടുകൂടിയും, അല്ലാത്തപ്പോൾ സംക്ഷിപ്തമായും വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നു.

വ്യത്യസ്ത വ്യാഖ്യാനങ്ങളോ, ഉദ്ദേശ്യ വിവരണത്തിൽ ഭിന്നാഭിപ്രായങ്ങളോ കാണുന്നിടത്ത് കഴിയുന്നതും അവതമ്മിൽ യോജിപ്പിക്കുവാനും, അവയിലടങ്ങിയ പ്രയോജനകരമായ ഭാഗങ്ങൾ ഉപയോഗപ്പെടുത്താനും ശ്രമിക്കും. അതിനു സാധ്യതയില്ലാത്തപ്പോൾ, അത്തരം പ്രസ്താവനകളെ അപ്പടി ഉദ്ധരിച്ചു മതിയാക്കുകയും, സ്വീകാര്യമല്ലെന്ന് കാണുന്ന അഭിപ്രായങ്ങളെ അവഗണിച്ചു കളയുകയും ചെയ്യും. എന്നാൽ, തെറ്റിദ്ധാരണയും ആശയക്കുഴപ്പവും ഉണ്ടാകുന്നതും, ജനമദ്ധ്യെ പ്രചാരത്തിലുള്ളതുമായ പ്രസ്താവനകളെ ചൂണ്ടിക്കാട്ടി അവയിലെ സത്യാസത്യങ്ങളെ എടുത്തുകാട്ടുവാനും പരിശ്രമിച്ചിരിക്കുന്നു. ചരിത്രപരവും, ശാസ്ത്രീയവുമായ പല വിവരണങ്ങളും അതത് സന്ദർഭമനുസരിച്ച് നൽകിയിട്ടുണ്ട്.

അവസനാത്തെ ('മുഫസ്-സ്വൽ' വിഭാഗത്തിൽപെട്ട) ചെറിയ സൂറത്തുകളൊഴിച്ച് ബാക്കി എല്ലാ സൂറത്തുകളുടെയും ആരംഭത്തിൽ, അതത് സൂറത്തുകളിൽ അടങ്ങിയിട്ടുള്ള

* ഇതുവരെ ആരും സ്വീകരിച്ചിട്ടില്ലാത്തതും, ഇസ്‌ലാമിക പ്രമാണങ്ങൾക്കു നിരക്കാത്തതുമായ ചില അർത്ഥ വാഖ്യാനങ്ങൾ അടങ്ങിയിരിക്കകൊണ്ട് ഈ ഗ്രന്ഥം കേരള മുസ്‌ലിംകൾക്കിടയിൽ വിമർശന വിദേയമായിട്ടുണ്ട്. ഈ രണ്ടാം പതിപ്പ് അച്ചടി തുടങ്ങും മുമ്പ് വേറെ ചില ഖുർആൻ പരിഭാഷകളും പുറത്തുവന്നിട്ടുണ്ട്.

പ്രധാന പ്രതിപാദ്യവിഷയങ്ങളുടെ സംഗ്രഹങ്ങളും കൊടുത്തിരിക്കുന്നു. അവസാനം പ്രസിദ്ധീകരിച്ച ഫാത്തിഹ മുതൽ ഇസ്റാഅ് കൂടിയുള്ള ആദ്യപകുതിയിൽ ഈ സംഗ്രഹം ചേർത്തിട്ടില്ല. അതിനാൽ ഈ പതിപ്പിൽ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. കൂടാതെ, അതത് സ്ഥാനങ്ങളിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങളും അതതിലെ പാഠങ്ങളും യഥാസമയം ചൂണ്ടിക്കാട്ടുന്നതിന് പുറമെ, പ്രത്യേകം എടുത്തു വിവരിക്കേണ്ടതാണെന്ന് കാണുന്ന വിഷയങ്ങൾ-പ്രത്യേക തലക്കെട്ടുകൾ കൊടുത്തുകൊണ്ട്-അതത് സൂറത്തുകൾക്ക് ശേഷവും വിവരിച്ചുകാണാം. ഇങ്ങിനെ വിവരിക്കുന്ന വിഷയങ്ങൾ 'വ്യാഖ്യാനക്കുറിപ്പ്' എന്ന പേരിൽ-സൗകര്യാർത്ഥം-പ്രത്യേകം ക്രമനമ്പറുകളോട് കൂടിയാണ് കൊടുത്തിട്ടുള്ളത്. ഈ വ്യാഖ്യാനക്കുറിപ്പുകൾ ഓരോന്നും വാസ്തവത്തിൽ ഓരോ സ്വതന്ത്ര ലേഖനമായിക്കരുതാവുന്നതാകുന്നു. അതുപോലെത്തന്നെ, ഈ മുഖവുരയിലെ അവസാനത്തെ ഈ ഖണ്ഡിക ഒഴിച്ചു ബാക്കി ഭാഗങ്ങളും ഒരു സ്വതന്ത്ര ഗ്രന്ഥമായി കരുതാവുന്നതാകുന്നു. അഥവാ, അവയെല്ലാം, വേണ്ടിവന്നാൽ പ്രത്യേകം പ്രത്യേകം പ്രസിദ്ധീകരിക്കാവുന്നതരത്തിലാണുള്ളത്.

വായനക്കാർ മിക്കവാറും രണ്ടുതരക്കാരായിരിക്കും: ഒന്നോ രണ്ടോ ആവർത്തി വായിച്ചു തൃപ്തിയടയുന്നവരും, ആവർത്തിച്ചാവർത്തിച്ചു വായിച്ചു പഠിക്കുന്നവരും. ഈ രണ്ടാമത്തെ വിഭാഗത്തെ കൂടുതൽ പരിഗണിച്ചുകൊണ്ടാണ് ഞങ്ങൾ ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത് എന്ന് ഇവിടെ ചൂണ്ടിക്കാട്ടിക്കൊള്ളുന്നു. ഒറ്റവാക്കുകളുടെ അർത്ഥങ്ങൾക്കായി ഗ്രന്ഥത്തിൻെറ കാര്യമായ ഒരു ഭാഗം വിനിയോഗിച്ചിരിക്കുന്നതും മറ്റും അവരെ ഉദ്ദേശിച്ചാണ്. പരിഭാഷയും, വ്യഖ്യാനവും വായിച്ചതുകൊണ്ട് തൃപ്തിപ്പെടാതെ, ഓരോ ആയത്തിൻെറയും പദാർത്ഥങ്ങൾ ശ്രദ്ധാപൂർവ്വം ആവർത്തിച്ചു വായിച്ചു വരുന്നതായാൽ, ഖുർആൻെറ അർത്ഥം ഏതാണ്ടൊരു വിധത്തിൽ സ്വയം തന്നെ ഗ്രഹിക്കുമാറാകുവാനും, അറബിഭാഷയിൽ ഒരു ചുരുങ്ങിയ പരിചയം കൈവരുവാനും അത് സഹായിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അല്ലാഹു സഹായിക്കട്ടെ آمين

ഓരോ ആയത്തിലും വന്നിട്ടുള്ള പദങ്ങൾക്ക്-അവ എത്രവട്ടം ആവർത്തിക്കപ്പെട്ടിട്ടുണ്ടെങ്കിലും ശരി-അതത് ആയത്തുകൾ ഉൾക്കൊള്ളുന്ന അതേ പുറത്തുതന്നെ ആയത്തിൻെറ നമ്പർ സഹിതം ചുവട്ടിൽ അർത്ഥം കൊടുത്തു കാണാം. പല അർത്ഥങ്ങൾ വരാവുന്ന പദങ്ങൾക്ക് ഒന്നിലധികം അർത്ഥങ്ങൾ കൊടുത്തിട്ടുള്ളതും, വാക്കർത്ഥത്തിന് പുറമെ ചിലേടങ്ങളിൽ ഉദ്ദേശ്യാർത്ഥവും ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളതും, പഠിക്കുവാൻ ഉദ്ദേശിച്ച് വായിക്കുന്നവർക്ക് വളരെ ഉപകാരപ്പെട്ടേക്കും. പദങ്ങളുടെ അർത്ഥങ്ങൾ പരിചയപ്പെട്ടശേഷം, ആയത്തുകളുടെ പരിഭാഷ ഒന്നുരണ്ടാവർത്തി വീണ്ടും വായിക്കുന്നപക്ഷം, വാക്യങ്ങളുടെ അത്യാവശ്യ സാരങ്ങളും സ്വയം ഗ്രാഹ്യമായിത്തുടങ്ങും. ان شاء الله

വലിയ ആയത്തുകളിൽ അധികവും, ഒന്നിലധികം-പൂർണ്ണമോ അപൂർണ്ണമോ ആയ-വാക്യങ്ങളാൽ ഘടിപ്പിക്കപ്പെട്ടവയായിരിക്കും. അങ്ങിനെയുള്ള ഘടകങ്ങളുടെ അർത്ഥം വെവ്വേറെ മനസ്സിലാകത്തക്കവണ്ണം പരിഭാഷയിൽ വാക്യങ്ങൾ വരിമാറ്റി-മുറിച്ച് മുറിച്ച്-ചേർക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, ഓരോ വാക്യത്തിൻെറ അർത്ഥവും വെവ്വേറെ മനസ്സിലാക്കുവാൻ പ്രയാസമുണ്ടായിരിക്കയില്ല. വാചകഘടന നോക്കുമ്പോൾ, പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നിലധികം ആയത്തുകൾക്കും, നീണ്ട വാക്യങ്ങൾക്കും ഒന്നായി-ഒരേ വാചകത്തിൽ-അർത്ഥം കൊടുക്കാതെ, വാക്യങ്ങൾ മുറിച്ച് പരിഭാഷ നൽകി

യിട്ടുള്ളതും ഈ ആവശ്യാർത്ഥമാകുന്നു. ഭാഷാപരമായ ഒഴുക്കിനെക്കാൾ വായനക്കാർക്ക് അർത്ഥം ഗ്രഹിക്കുവാനുള്ള സൗകര്യത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്.

വ്യാഖ്യാനങ്ങൾ കൊടുത്തിരിക്കുന്നത് അടിക്കുറിപ്പുകളായിക്കൊണ്ടല്ല, ഒന്നോ അധികമോ ആയത്തുകളും, അവയുടെ പരിഭാഷയും തീർന്ന ഉടനെ, ആ ആയത്തുകളെ സംബന്ധിച്ച വിവരണം തുടർന്നു കൊടുക്കുകയും, പിന്നീട് വേറെ ആയത്തുകൾ തുടങ്ങുകയുമാണ് ചെയ്തിരിക്കുന്നത്. ആകയാൽ, ആയത്തുകളുടെ അർത്ഥം വായിച്ചു തീരും മുമ്പായി, ഇടക്കുവെച്ച് അടിക്കുറിപ്പുകൾ ശ്രദ്ധിക്കേണ്ടുന്ന ആവശ്യം വായനക്കാർക്ക് നേരിടുകയില്ല. പരിഭാഷ വായിച്ചു കഴിഞ്ഞ ആയത്തുകളെ സംബന്ധിച്ച് മനസ്സിലാക്കേണ്ടുന്ന കാര്യങ്ങൾ മനസ്സിലാക്കിയ ശേഷംമാത്രം അടുത്ത ആയത്തുകളിലേക്ക് നീങ്ങുവാൻ ഇത് സഹായകമായിരിക്കും.

വ്യഖ്യാന വേളയിൽ, സന്ദർഭോചിതങ്ങളായ ഖുർആൻ വാക്യങ്ങൾ, ഹദീസുകൾ മുതലായവ ഉദ്ധരിച്ചുകാണാം. മിക്കവാറും അവയുടെ അറബിമൂലവും, തുടർന്നുകൊണ്ട് അർത്ഥവും-അല്ലെങ്കിൽ സാരവും-കൊടുത്തിരിക്കും. ഇവ വായിക്കുമ്പോൾ, അർത്ഥസാരങ്ങൾ മാത്രം വായിച്ചു മതിയാക്കാതെ, മൂലവും വായിച്ചു ശീലിക്കേണ്ടതാകുന്നു. ഖുർആനും ഹദീസുമായി വായനക്കാർക്ക് കൂടുതൽ പരിചയം ഉണ്ടാക്കുകകൂടി ഇതുമൂലം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. അറബിലിപികൾ വായിക്കുവാൻ അറിയാത്തവർക്ക് അറബിമൂലങ്ങൾകൊണ്ട് വിശേഷിച്ച് ഗുണമൊന്നുമില്ലെങ്കിലും, അതിന് സാധിക്കുന്നവർക്കെല്ലാം ഇത് പ്രയോജനകരമായിരിക്കും. സ്ഥലദൈർഘ്യം വന്നുപോകുന്നതോ, പ്രത്യേകാവശ്യം കാണപ്പെടാത്തതോ ആയ സന്ദർഭങ്ങളിൽ മാത്രമേ-അറബിമൂലങ്ങൾ കൊടുക്കാതെ-അവയുടെ അർത്ഥമോ സാരമോ മാത്രം കൊടുത്തുമതിയാക്കാറുള്ളു. അവിടെ മിക്കവാറും ആയത്തിൻെറ നമ്പർ കൊടുത്തിട്ടുമുണ്ട്.

അറബിപദങ്ങളുടെ ഉച്ചാരണസംബന്ധമായ കാര്യങ്ങൾ വിവരിക്കുമ്പോൾ, അതത് പദങ്ങളുടെ ഉച്ചാരണ രൂപങ്ങളും പദങ്ങളും, അർത്ഥസംബന്ധമായ കാര്യങ്ങൾ വിവരിക്കുമ്പോൾ, അവയുടെ അർത്ഥരൂപങ്ങളും മലയാള ലിപിയിൽ പ്രത്യേകം അടയാളപ്പെടുത്തുന്നതാണ്. ഇതും വായനാവേളയിൽ പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു. അറബി വായിക്കുവാൻ അറിയാത്തവരെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതോ, അവർക്ക് ഗ്രഹിക്കുവാൻ പ്രയാസമായതോ ആയ വല്ല വിശദീകരണവും നൽകേണ്ടി വരുമ്പോൾ, അത്തരം മൂലപദങ്ങളുടെ അറബി രൂപം കൊണ്ട് മതിയാക്കുകയും ചെയ്യും.

മുമ്പ് സൂചിപ്പിച്ചതുപോലെ, ഇതൊരു സ്വതന്ത്ര പരിഭാഷയോ, ആശയവിവർത്തനമോ അല്ല. കഴിയുന്നതും മൂലത്തിൻെറ നേർക്കുനേരെയുള്ള പരിഭാഷയാണ്. ആകയാൽ, മലയാളഭാഷയുടെ ഒഴുക്കും ഭംഗിയും വിലയിരുത്തുന്നതിൽ ഏറെക്കുറെ കോട്ടങ്ങൾ വന്നുപോയിരിക്കുമെന്നത് സ്വാഭാവികമാണ്. ഇതിനുള്ള കാരണങ്ങൾ നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാലും, ഭാഷാപരമായി ക്ഷന്തവ്യമല്ലാത്ത തെറ്റുകൾ വരാതെ കഴിച്ചുകൂട്ടുവാൻ ഞങ്ങൾ-ഞങ്ങളുടെ അറിവും കഴിവുമനുസരിച്ച്-ശ്രമിച്ചിട്ടുണ്ട്. ഒരു പക്ഷെ, ഈ ഗ്രന്ഥം വായിക്കുന്നവരിൽ അറബി അറിയാത്ത ചില വായനക്കാർക്കു പോലും-ഒറ്റവാക്കുകളുടെ അർത്ഥം വേണ്ടതുപോലെ പരിചയപ്പെട്ടു കഴിഞ്ഞാൽ-ചില ആയത്തുകൾക്കെങ്കിലും ഇതിനെക്കാൾ ഒഴുക്കിലും ഭംഗിയിലും പരിഭാഷ നല്കുവാൻ സാധിച്ചെന്നുവരാം. അങ്ങിനെ

സാധിക്കുമാറാകണമെന്ന് തന്നെയാണ് ഞങ്ങളുടെ അഭിലാഷവും, പ്രാർത്ഥനയും. പരിഭാഷയുടെ ചന്തത്തിന് വേണ്ടി ആയത്തിൻെറ അർത്ഥപരമായ വല്ല വശങ്ങളിലും വിട്ടുവീഴ്ച ചെയ്യുന്നതിനെക്കാൾ, അർത്ഥോദ്ദേശ്യങ്ങൾ മനസ്സിലാക്കുവാൻവേണ്ടി ഭാഷാസൗന്ദര്യം കുറഞ്ഞുപോകുന്നതിലാണ് ഞങ്ങൾ നൻമ കാണുന്നത്. വായനക്കാരിൽ ഭൂരിഭാഗവും സാധാരണക്കാരായിരിക്കുന്നതുകൊണ്ട് മലയാളം വായിക്കുവാൻ അറിയുന്നവർക്കെല്ലാം വായിച്ചറിയുവാൻ പറ്റുന്ന നിലവാരത്തിലായിരിക്കണം ഇതിൻെറ ഭാഷയും, പ്രതിപാദനരീതിയും എന്നാണ് ഞങ്ങളുടെ ആഗ്രഹം. അതേസമയത്ത്, ഈയുള്ളവർ ഭാഷയിലോ മറ്റോ വ്യുൽപത്തി നേടിയവരൊട്ടല്ലതാനും.

‘റബ്ബ്, ഇലാഹ്, റസൂൽ, നബി, സകാത്ത്, ഈമാൻ, ശിർക്ക്’ എന്നിവപോലെ, സാധാരണ ഉപയോഗത്തിലിരിക്കുന്ന അറബി വാക്കുകൾക്ക് മിക്കപ്പോഴും തർജ്ജമ കൊടുക്കാറില്ല. ഇതിന് പല കാരണങ്ങളുമുണ്ട്. ചില വാക്കുകളുടെ ഉദ്ദേശ്യം മനസ്സിലാക്കുവാൻ അവയുടെ തർജ്ജമയെക്കാൾ ഉപകരിക്കുക അതേ മൂലവാക്കുകൾതന്നെയായിരിക്കും. ചില വാക്കുകളുടെ ഉദ്ദേശ്യം മുഴുവനും കാണിക്കത്തക്ക വാക്കുകൾ മലയാളത്തിൽ വിരളമായിരിക്കും. മറ്റു ചിലതിൻെറ ആശയം വ്യക്തമാക്കുവാൻ കുറെ അധികം മലയാള പദങ്ങൾ ആവശ്യമായേക്കും. ചില വാക്കുകൾക്കു പരിഭാഷ സ്വീകരിക്കുന്നപക്ഷം ആ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ഗൗരവത്തിന് കോട്ടം ബാധിച്ചേക്കും. ഇതിനെല്ലാം പുറമെ, വായനക്കാരിൽ ക്രമേണ അറബിവാക്കുകളുമായി ഇണക്കവും പരിചയവും ഉണ്ടാക്കിശസല ത്തീർക്കുവാനും ഇത് ഉതകുമല്ലോ.

മലയാളത്തിൽ സംസാരിക്കുമ്പോൾ, സ്ഥാനത്തും അസ്ഥാനത്തും ഇംഗ്ളീഷ്, സംസ്കൃതം, ഹിന്ദി മുതലായ പദങ്ങൾ കൂട്ടിക്കലർത്തി സംസാരിക്കുന്നത് ഒരു ‘പരിഷ്ക്കാര’മായിട്ടാണ് ചിലരൊക്കെ ഗണിക്കാറുള്ളത്. അതേ സമയത്ത് അത്യാവശ്യം അറബിയിൽ പരിചയമുള്ള ആളുകൾപോലും അന്യോന്യം സംസാരിക്കുമ്പോൾ, ഇടയ്ക്ക് അറബിവാക്കുകൾ ഉപയോഗിക്കുന്നത് ആ ‘പരിഷ്ക്കാര’ത്തിന്നു നിരക്കാത്തതാണെന്ന ഭാവവും ചിലരിൽ പ്രകടമായിക്കാണാം. അറബിഭാഷയുടെ പ്രചരണത്തിനായി പരിശ്രമിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ചില ആളുകൾപോലും ഇതിൽനിന്ന് ഒഴിവല്ലെന്നതാണ് കൂടുതൽ ആശ്ചര്യം! ഈ പരിതഃസ്ഥിതിയിൽ-മലയാളത്തിനിടയിൽ ഇംഗ്ളീഷ് വാക്കുകളും മറ്റും ഉപയോഗിക്കാറുള്ളതുപോലെത്തന്നെ-വായനക്കാർക്കിടയിൽ പരിചിതങ്ങളായ ചില അറബിവാക്കുകൾ ഇടയ്ക്കിടെ ഉപയോഗിക്കുന്നതിൽ ഒട്ടും അഭംഗിയുള്ളതായി തോന്നുന്നില്ല. എന്നാലും, ചിലപ്പോഴൊക്കെ അവയുടെ അർത്ഥങ്ങളും നിർവ്വചനങ്ങളും കൊടുത്തിരിക്കുകയും ചെയ്യും. ചില സന്ദർഭങ്ങളിൽ, അറബിപദങ്ങളുടെ നേർക്കുനേരെയുള്ള വാക്കർത്ഥം ഉപയോഗിക്കുമ്പോൾ ഉദ്ദേശ്യം വ്യക്തമാവുകയില്ലെന്നുവരും. അങ്ങിനെ വരുമ്പോൾ, പരിഭാഷയിൽ അവയുടെ ഉദ്ദേശ്യാർത്ഥമായിരിക്കും കൊടുക്കുക. ഒറ്റ വാക്കർത്ഥവും, വ്യഖ്യാനവും വായിക്കുമ്പോൾ ഇതു മനസ്സിലാക്കാവുന്നതുമാകുന്നു.

പല ഭൂപടങ്ങളും കൊടുത്തിട്ടുള്ളത് വായനക്കാർക്ക് വളരെ ഉപയോഗപ്പെടുമെന്ന് കരുതുന്നു. ഓരോ പടത്തെ സംബന്ധിച്ചും അറിഞ്ഞിരിക്കേണ്ടുന്ന കുറിപ്പുകൾ അതതിൻെറ പിൻപുറത്ത് ചേർത്തിരിക്കുന്നു. ഈ പടങ്ങൾ എല്ലാം ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗത്തിലാണ് ചേർക്കപ്പെട്ടിരിക്കുന്നത്. ഈ ഗ്രന്ഥം വായിക്കുമ്പോൾ പല സന്ദർഭങ്ങളിലും പ്രസ്തുത പടങ്ങൾ നോക്കേണ്ടുന്ന ആവശ്യം നേരിട്ടേക്കാം. മറ്റു ചില ഗ്രന്ഥങ്ങൾ വായിക്കു

ന്നവർക്കും ഈ പടങ്ങൾ ഉപയോഗപ്പെടുത്താവുന്നതായിരിക്കും. വിവിധ അറ്റ്ലസുകൾ (ഭൂപട പുസ്തകങ്ങൾ) നോക്കി പരിശോധിച്ചും മറ്റു പ്രകാരത്തിലും വളരെ പരിശ്രമം നടത്തിക്കൊണ്ടാണ് അവയിലെ പ്രാചീനകാല ചരിത്ര ഭൂപടങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഈ വിഭാഗത്തിൽ കാണപ്പെടുന്ന സ്ഥലപേരുകളും, അതിർത്തിനിർണ്ണയങ്ങളും പ്രാചീനകാലത്തെ പേരുകളും, അതിരടയാളങ്ങളുമാകുന്നു. ഇന്ന് അവയെല്ലാം എത്രയോ മാറ്റങ്ങളെ പിന്നിട്ടു കഴിഞ്ഞിരിക്കുകയാണ്.

ഈ ഗ്രന്ഥത്തിൽ ഞങ്ങളുടെ അവലംബം

ഖുർആൻ പരിഭാഷയിലും, വ്യാഖ്യാന വിവരണങ്ങളിലും, വാക്കർത്ഥങ്ങളിലും ഞങ്ങൾ അവലംബമായി സ്വീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ പലതുണ്ട്. മുൻഗാമികളുടെയും പിൻഗാമികളുടെയും പിൻഗാമികളുടെയും തഫ്സീർ ഗ്രന്ഥങ്ങളിൽ സാധാരണ പ്രചാരത്തിലുള്ള വളരെ അറബി തഫ്സീറുകളും, ചില ഉർദു-ഇംഗ്ലീഷ് തഫ്സീറുകളും, പല ഹദീസ് ഗ്രന്ഥങ്ങളും, ഇസ്ലാം ചരിത്രം, ഭാഷാ നിഘണ്ടു മുതലായ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളും ഈ ആവശ്യാർത്ഥം ഞങ്ങൾ ശേഖരിച്ച് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അവയിൽ കൂടുതൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത് ഇവയാകുന്നു:-

അറബി തഫ്സീർ ഗ്രന്ഥങ്ങൾ:-

1. തഫ്സീർ ഇബ്നു ജരീർ
2. തഫ്സീർ ഇബ്നു കഥീർ
3. തഫ്സീർ റാസീ
4. തഫ്സീർ കശ്ശാഫ് (സമഖ്ശരീ)
5. തഫ്സീർ ബൈളാബി
6. തഫ്സീർ നീസാപൂരീ ١ غراذ القرأن ورغاذ الفرقان النظام الدين النيسابورى 1 തഫ്സീർ ഇബ്നു ജരീർ 2, തഫ്സീർ ഇബ്നു കഥീർ, 3, തഫ്സീർ റാസി, 4 തഫ്സീർ കശ്ശാഫ് (സമഖ്ശരി)5, തഫ്സീർ ബൈളാവി
7. തഫ്സീർ റൂഹുൽമആനീ (ആലൂസീ) روح المعانى للالوسى
8. തഫ്സീർ ഫത്ത്ഹുൽഖദീർ (ശൗകാനി) فتح القدير للشوكانى
9. തഫ്സീർ മറാഗീ تفسير المراغى للشيخ احما مصطفى المراغى
10. തഫ്സീർ അൽമനാർ (റശീദ്രിളാ) تفسير المنار للسيد رشيد رضا
11. തഫ്സീർ സ്വഫ്വത്തുൽ ഇർഫാൻ (ഫരീദ് വജ്ദീ) صفوة العرفان للاستاذ فريد وجدى
12. തഫ്സീർ ഫീളിലാലിൽ ഖുർആൻ (മുഹമ്മദു ഖുത്ത്ബ്)
13. തഫ്സീർ ത്വൻതാവീ الجواهر للسيخ طنطاوى جوهرى
14. തഫ്സീറുൽ ഖുർആൻ ബികലാമിർ റഹ്മാൻ (ഥനാഉല്ലാ:)

تفسير القرأن بكلام الرحمن لا بى الوفاثناء الله

ഉർദു തഫ്സീറുകൾ:-

1. തഫ്സീർ ഹഖ്ഖാനീ تفسير حقانی لمولانا عبد الحق الدهلوی
2. തർജുമാനുൽ ഖുർആൻ (മൗലാനാ ആസാദ്) ترجمان القرأن لمولانا ابی الكلام ازاد ا
3. തഫ്സീർ ഥനാഉൗ تفسير الثنائي لمولانا ابی لوفاء ثناء الله

ഇംഗ്ലീഷ് തഫ്സീർ:-

1. അല്ലാമാ യൂസുഫ് അലിയുടെ ഇംഗ്ലീഷ് തഫ്സീർ Holy Quran by A. Yusuf Ali

ഹദീസു ഗ്രന്ഥങ്ങൾ:-

1. സഹീഹുൽബുഖാരീ الجامع الصحيح للامام ابی عبد الله محمد بن اسماعيل البخاری
2. സഹീഹുമുസ്‌ലിം صحيح مسلم بن الحجا ج القشيری النيسابوری
3. ഫത്ത്ഹുൽബാരീ (ബുഖാരിയുടെ വ്യാഖ്യാനം-അസ്ഖലാനീ)
فتح الباری للحافظبن حجر العسقلانی
4. മിശ്ക്കാത്ത് (തിബ്‌രീസി) مشكاة المصابيح للشيخ ولى الدين التبريزی
5. രിയാളുസ്സാലിഹീൻ (നവവീ) رياض الصالحين للامام النووی

അറബി നിഘണ്ടുക്കൾ:-

1. മുഫ്റദാത്ത് റാഗിബ് المفردات فی غريب القرأن للشيخ ابی القاسم الراغ
2. ഖാമൂസ് القاموس الكبير للامام اللامام الفيروز ابادی
3. മുൻജിദ് المنجد فی اللة والادب والعلوم للكاتولكين

സമാപനം
ഞങ്ങളുടെ പ്രവർത്തനം

ഇവയ്ക്കുപുറമെ, അറബീ, ഉർദു, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ളതും, സാധാരണ ഉപയോഗത്തിലിരിക്കുന്നതുമായ മറ്റു പല തഫ്സീറുകളും, ഉർദു, അറബി-ഇംഗ്ളീഷ്, ഇംഗ്ളീഷ്-മലയാളം, മലയാളം എന്നീ ഭാഷകളിലുള്ള ചില നിഘണ്ടുക്കളും, ഖുർആൻ, ഹദീസ്, ചരിത്രം മുതലായ ഇസ്‌ലാമിക വിജ്ഞാന തുറകളിൽ രചിക്കപ്പെട്ടിട്ടുള്ള ചില പ്രധാന ഗ്രന്ഥങ്ങളും ഞങ്ങൾ വളരെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അവയുടെ പേരുകൾ ഉദ്ധരിച്ചു ദീർഘപ്പിക്കുവാൻ ഇവിടെ മിനക്കെടുന്നില്ല.

അല്ലാഹു ഉദ്ദേശിക്കുമ്പോഴാണല്ലോ ഏതൊരു കാര്യവും ഉണ്ടാവുക. ഒരു കാര്യം ഉണ്ടാവണമെന്ന് അവൻ നിശ്ചയിക്കുമ്പോൾ, അതു പ്രയോഗത്തിൽ വരുന്നതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും സൃഷ്ടിച്ച് അവൻ അതിന് സന്ദർഭം ശരിപ്പെടുത്തുന്നു.

പരേതനായ ഖാൻബഹദൂർ, വി.കെ. ഉണ്ണിക്കമ്മുസാഹിബ് അവർകളുടെ പുത്രനും, കേരളത്തിലെ ഒരു പൗരപ്രധാനിയുമായ ജനാബ് കെ.പി. മുഹമ്മദ് സാഹിബ് (ബി.എ.) അവർകൾക്ക് വിശുദ്ധ ഖുർആൻ മുഴുവൻ ഭാഗവും മലയാളത്തിൽ പരിഭാഷ ചെയ്തു പുറത്തിറക്കിയാൽ കൊള്ളാമെന്ന് ഒരു ആഗ്രഹം അല്ലാഹു ജനിപ്പിച്ചു. മൂന്നുകൊല്ലം മുമ്പ് ഒരു സുദിനത്തിൽ അദ്ദേഹത്തിനുണ്ടായ ഈ സ്തുത്യർഹമായ പ്രചോദനമാണ് ഈ മഹത്തായ സംരംഭത്തിൽ ഞങ്ങൾ ഏർപ്പെടുവാൻ കാരണമായിത്തീർന്നത്. അദ്ദേഹം, തൻെറ ആഗ്രഹം പണ്ഡിതവര്യനായ ജനാബ് കെ. എം. മൗലവി സാഹിബിനെ അറിയിക്കുകയും, തുടർന്നുണ്ടായ കൂടിയാലോചനകൾക്കുശേഷം മൗലവി സാഹിബിൻെറ ഉപദേശനിർദ്ദേശങ്ങൾ മാനിച്ചുകൊണ്ട് പരിഭാഷാ പ്രവർത്തനം ഞങ്ങൾ നടത്തുവാൻ നിശ്ചയിക്കപ്പെടുകയും ചെയ്തു.

വിശുദ്ധ ഖുർആൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ തനിക്കും പങ്കെടുക്കണമെന്നുള്ള അതിയായ ആഗ്രഹം നിമിത്തം, ജ: മുഹമ്മദ് സാഹിബിൻെറ കനിഷ്ഠ സഹോദരനും, പൗരപ്രധാനിയുമായ ജനാബ് കെ.പി. മൊയ്തീൻകുട്ടി സാഹിബ് (ബി. എ.) അവർകളും ഈ സംരംഭത്തിൽ ആവേശപൂർവ്വം ഭാഗഭാക്കാവുകയുണ്ടായി. അങ്ങിനെ, ഈ രണ്ടു മാന്യസഹോദരന്മാർ കൂടിയാണ് ഈ പരിഭാഷ പ്രവർത്തനത്തിനും, ഇതിൻെറ പ്രസിദ്ധീകരണത്തിനും വേണ്ടുന്ന എല്ലാവിധ ധനവ്യയവും നിർവ്വഹിച്ചു വരുന്നത്. ഉദാരമതികളും സമുദായ തല്പരൻമാരുമായ ഈ മാന്യ സഹോദരൻമാരുടെ ഇത്തരം മാതൃകാസേവനങ്ങൾക്ക് പരമകാരുണികനായ അല്ലാഹു മഹത്തായ പ്രതിഫലം നൽകുകയും, ഇത്തരം സേവനങ്ങൾ പതിവായി നടത്തിക്കൊണ്ടിരിക്കുവാനുള്ള ആവേശവും, കഴിവും അവർക്ക് പ്രദാനം ചെയ്യുകയും ചെയ്യട്ടെ. ഇതുപോലെയുള്ള പരിപാവനമായ ഇസ്ലാമിക സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുവാൻ സമുദായത്തിലെ എല്ലാ പൗരപ്രധാനികൾക്കും അവൻ പ്രചോദനം നല്കുമാറാകട്ടെ! ആമീൻ.

ഹിജ്റവർഷം 1380 റബീഉൽഅവ്വൽ 15-ാം തിയ്യതി (1960 സെപ്തംബർ 7-ാംനു) ബുധനാഴ്ച 'ളുഹ്ർ' നമസ്ക്കാരാനന്തരം പരിഭാഷയുടെ പ്രവർത്തനം ആരംഭിച്ചു. മൂന്ന് തവണകളിലായി-ഏതാണ്ട് ഇരുപത് മാസത്തെ പ്രവർത്തനം കൊണ്ട്-1382 റബീഉൽ ആഖിർ 28ന് (1962 സപ്തംബർ 28-ാംനു) വെള്ളിയാഴ്ച ജുമുഅക്ക് മുമ്പായി, സൂറത്തുൽ കഹ്ഫ്മുതൽ സൂറത്തുന്നാസ് വരെയുള്ള ഭാഗത്തിൻെറ-ഖുർആൻെറ രണ്ടാമത്തെ പകുതിയുടെ-പരിഭാഷാപ്രവർത്തനം പൂർത്തിയായി. الحمد لله حمدا كثيرا (അല്ലാഹുവിന് ധാരാളം സ്തുതി!)

സൂറത്തുൽ ഫാത്തിഹഃ മുതൽ അൽകഹ്ഫ് വരെയുള്ള ഒന്നാമത്തെ പകുതിയും തുടർന്ന് പരിഭാഷ ചെയ്യണമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പൂർത്തിയായ ഭാഗം അച്ചടിക്കു തയ്യാറാക്കുക മുതലായ ആവശ്യങ്ങളെ മുൻനിറുത്തി തൽക്കാലത്തേക്ക് പരിഭാഷയുടെ എഴുത്തുജോലി നിർത്തിവെച്ച അവസരത്തിലാണ് ഈ മുഖവുര തയ്യാറാക്കപ്പെട്ടത്. മുമ്പ് സൂചിപ്പിക്കപ്പെട്ടതുപോലെ, ഞങ്ങൾ ഈ പ്രവർത്തനം ആരംഭിക്കുന്ന കാലത്ത് ഖുർആൻെറ രണ്ടാമത്തെ പകുതിയുടെ മലയാള പരിഭാഷ ആരാലും പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിരു

ന്നില്ല. അതുകൊണ്ടാണ്, ഞങ്ങൾ രണ്ടാമത്തെ പകുതി മുതൽ പരിഭാഷ ചെയ്വാൻ ആരംഭിച്ചത്. ഈ പ്രവർത്തനം നടന്നുകൊണ്ടിരിക്കേ, രണ്ടാം പകുതിയുടെ പരിഭാഷയും വെളിക്കു വന്ന് കഴിഞ്ഞിരിക്കുകയാണ്. ഇത് ഞങ്ങൾക്ക് കുറേ ആശ്വാസം നൽകിയിട്ടുണ്ടെന്ന് വിശിഷ്യാ പറയേണ്ടതില്ല. വളരെ ധൃതിപ്പെടാതെ, പ്രധാന വിഷയങ്ങൾ ഏറെക്കുറെ വിശദീകരിച്ചെഴുതുവാനും മറ്റും ഇത് ഞങ്ങൾക്ക് അവസരം ഉണ്ടാക്കിത്തന്നിരിക്കുകയാണ്.

വിശുദ്ധ ഖുർആനുമായി കൂടുതൽ ബന്ധപ്പെടുവാനും, അതിൻെറ വിജ്ഞാനതുറകളിൽ പ്രത്യേകം ശ്രദ്ധചെലുത്തുവാനും, അതിൻെറ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിൽ ചുരുങ്ങിയ പങ്കുവഹിക്കാനും ഈ സംരംഭം ഞങ്ങൾക്ക് വളരെ സഹായകമായിട്ടുണ്ടെന്ന് വ്യക്തമാണ്. അതിന് തൗഫീഖും, സന്ദർഭവും തന്നരുളിയതിൽ, ഞങ്ങൾ അല്ലാഹുവിനെ സർവ്വാത്മനാ സ്തുതിച്ചുകൊള്ളുന്നു. അതിന് കാരണക്കാരായ ഇതിൻെറ പ്രസാധകന്മാരോട് ഖുർആൻെറ പേരിൽ ഞങ്ങൾ നന്ദി പറയുകയും ചെയ്യുന്നു. ബാക്കിഭാഗം എഴുതിത്തീർക്കുവാൻ ഞങ്ങൾക്കും, പ്രസിദ്ധീകരണം പൂർത്തിയാക്കുവാൻ അവർക്കും സർവ്വശക്തനായ അല്ലാഹു ആയുരാരോഗ്യവും, അനുകൂല സാഹചര്യങ്ങളും നൽകി അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ. ആറു വാല്യങ്ങളിലായി പൂർത്തിയാക്കപ്പെട്ട 1-ാം പകുതിയുടെ ആദ്യത്തെ നാല് വാല്യങ്ങളും പ്രസ്തുത മാന്യൻമാരുടെ ചിലവിൽത്തന്നെ ലാഭേച്ഛകൂടാതെ പ്രസിദ്ധീകരിക്കപ്പെട്ടശേഷം അവരുടെ അതിൻമേലുള്ള അവകാശങ്ങൾ മുജാഹിദീൻ ട്രസ്റ്റിനു സംഭാവന നൽകുകയും, പിന്നീടുള്ള വാല്യങ്ങൾ ട്രസ്റ്റു വകയായി പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. എഴുതിത്തീർക്കുവാൻ ബാക്കിയുണ്ടായിരുന്ന ആദ്യത്തെ 15 ജുസു വോളം വരുന്ന 1-ാം പകുതിയുടെ എഴുത്തും അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം കൊണ്ട് ഇപ്പോൾ എഴുതിക്കഴിഞ്ഞിട്ടുണ്ടെന്ന് പറയാറായിരിക്കുന്നു. الحمد لله حمدا كثيرا അതും പൂർണ്ണമായി പ്രസിദ്ധീകൃതമാകുവാൻ അല്ലാഹു തുണക്കട്ടെ. ആമീൻ.

വാർദ്ധക്യ സഹജമായ അനാരോഗ്യത്തെ അവഗണിച്ചുകൊണ്ട് ആരംഭം മുതൽക്കേ ഞങ്ങൾക്കു വിലയേറിയ ഉപദേശ നിർദ്ദേശങ്ങൾ തന്നുകൊണ്ടിരുന്ന വന്ദ്യനായ കെ.എം. മൗലവി സാഹിബിൻെറ സഹായസഹകരണങ്ങൾ മറക്കാവതല്ല. ഇസ്ലാമിനും, സമുദായത്തിനും അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന വിജ്ഞാനസേവനങ്ങൾ ഇനിയും ചിരകാലം നിലനിൽക്കുമാറാകട്ടെ എന്ന് അല്ലാഹുവോട് ദുഹാ* ചെയ്യുന്നു. ഞങ്ങൾക്ക് ആവശ്യമായ പല ഗ്രന്ഥങ്ങൾ ഉപയോഗത്തിനുതന്നും മറ്റും ഞങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകിയിട്ടുള്ള എല്ലാ മാന്യ സഹോദരങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. എല്ലാവർക്കും അല്ലാഹു തക്ക പ്രതിഫലം നൽകട്ടെ! ആമീൻ.

ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ മറന്നു കളയുകയോ, അബദ്ധം പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, നീ ഞങ്ങളെ പിടിച്ചു ശിക്ഷിക്കരുതേ! ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾക്ക് മുമ്പുള്ളവരുടെ മേൽചുമത്തിയതുപോലെ ഞങ്ങളുടെമേൽ ഭാരം ചുമത്തരുതേ! ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾക്കു കഴിവില്ലാത്ത കാര്യം ഞങ്ങളെ വഹിപ്പിക്കുകയും ചെ

* ഈ ആദ്യത്തെ വാല്യം ഒന്നാം പതിപ്പ് അച്ചടികഴിഞ്ഞ് പുറത്താകുമ്പോഴേക്കും മൗലാനാ കെ.എം. മൗലവി സാഹിബ് പരലോകം പ്രാപിക്കുകയാണുണ്ടായത്. അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് മഹത്തായ പ്രതിഫലം നൽകുകയും, അദ്ദേഹത്തിന്റെ പാപങ്ങളെല്ലാം പൊറുത്തുകൊടുത്ത് സ്വർഗ്ഗീയ ജീവിതം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ. ഖുർആനെയും സുന്നത്തിനെയും പിൻപറ്റിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതത്തെ മാതൃകയാക്കി ജീവിക്കുവാൻ അവൻ നമുക്കെല്ലാം തൗഫീഖ് നൽകുകയും ചെയ്യട്ടെ. ആമീൻ.

യ്യരുതേ! ഞങ്ങൾക്കു മാപ്പു നൽകുകയും, ഞങ്ങൾക്കു പൊറുത്തു തരുകയും, ഞങ്ങൾക്കു കരുണ ചെയ്യുകയും വേണമേ! നീയത്രെ, ഞങ്ങളുടെ യജമാനൻ. ആകയാൽ, അവിശ്വാസികൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കേണമേ!

രക്ഷിതാവേ! ഞങ്ങളിൽനിന്ന് (ഞങ്ങളുടെ കർമ്മങ്ങൾ) നീ സ്വീകരിക്കേണമേ! നീയാണ്, എല്ലാം അറിയുന്നവനും കേൾക്കുന്നവനും ഞങ്ങൾക്ക് പശ്ചാത്താപം സ്വീകരിച്ചു തരുകയും ചെയ്യേണമേ! നീയാണ് പശ്ചാത്താപം വളരെ സ്വീകരിക്കുന്നവനും, കരുണാനിധിയും. ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾക്കും ഞങ്ങളുടെ, മാതാപിതാക്കൾക്കും സത്യവിശ്വാസികളായ എല്ലാ സ്ത്രീപുരുഷൻമാർക്കും പൊറുത്തു തരേണമേ! ഇഹത്തിലും, പരത്തിലും നീ ഞങ്ങൾക്ക് നൻമ നൽകേണമേ!

അല്ലാഹുവേ! ഞങ്ങളുടെ ഈ പ്രവർത്തനം നിൻെറ അടുക്കൽ തൃപ്തിപ്പെട്ട സൽക്കർമ്മമായി സ്വീകരിക്കുകയും, ഇതുമൂലം, നിൻെറ തിരുവചനമായ വിശുദ്ധ ഖുർആൻെറ വിജ്ഞാന സമ്പത്ത് മലയാളക്കാരായ ജനങ്ങൾക്കിടയിൽ പ്രചരിക്കുവാൻ കാരണമാക്കുകയും ചെയ്യേണമേ! ഇതിൽ, ഞങ്ങളുടെ പക്കൽ വന്നുപോയേക്കാവുന്ന എല്ലാ പാകപ്പിഴവുകളും, തെറ്റുകുറ്റങ്ങളും പൊറുത്തുതരുകയും, യഥാർത്ഥം ഗ്രഹിക്കുവാനുള്ള മാർഗ്ഗദർശനവും സഹായവും ഞങ്ങൾക്ക് കനിഞ്ഞേകുകയും വേണമേ! അല്ലാഹുവേ! വിശുദ്ധ ഖുർആൻെറ അനുയായികളുടെ എണ്ണം ലോകത്ത് കൂടുതൽ കൂടുതൽ വർദ്ധിപ്പിക്കുകയും, അതിൻെറ സന്ദേശങ്ങളും, സിദ്ധാന്തങ്ങളും കലവറ കൂടാതെ അനുഷ്ഠിച്ച് നടപ്പിൽ വരുത്തുവാൻ എല്ലാവർക്കും സൻമനസ്സും തൗഫീഖും നല്കുകയും ചെയ്യേണമേ!

അല്ലാഹുവേ! നീ ഞങ്ങൾക്ക് പഠിപ്പിച്ചു തന്നിട്ടുള്ളതിനെ ഞങ്ങൾക്ക് പ്രയോജനപ്പെടുത്തിത്തരുകയും, ഞങ്ങൾക്ക് പ്രയോജനകരമായതു പഠിപ്പിച്ചു തരുകയും ഞങ്ങൾക്ക് അറിവ് വർദ്ധിപ്പിച്ചു തരുകയും ചെയ്യേണമേ! നീയല്ലാതെ ഞങ്ങൾക്ക് ആശ്രയമില്ല. നിന്നെക്കൊണ്ടല്ലാതെ ഞങ്ങൾക്ക് കഴിവുമില്ല. നീ അത്യുന്നതനും, അതിമഹാനുമത്രെ! ആമീൻ.

سبحان ربك رب العزة عما يصفون وسلام على المرسلين والحمد لله رب العالمين

1383 റബീഉൽ അവ്വൽ 9-ാം നു- 1963 ജൂലായ് 31-ാം നു-

പരിഭാഷകൻമാർ

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

1. സൂറത്തുൽ-ഫാതിഹഃ سورة الفاتحة

മക്കായിൽ അവതരിച്ചത്–വചനങ്ങൾ 7

വിശുദ്ധ ഖുർആനിൽ ആദ്യം വായിക്കപ്പെടുന്നതും, 'മുസ്ഹഫു'കളിൽ ഒന്നാമതായി എഴുതപ്പെടുന്നതുമായ സൂറത്ത് (അദ്ധ്യായം) എന്ന നിലക്ക് ഇതിന് 'സൂറത്തുൽ ഫാതിഹഃ' (سورة الفاتحة) അഥവാ പ്രാരംഭം എന്നും 'ഫാത്തിഹത്തുൽ കിതാബ് ' (فاتحة الكتاب) അഥവാ വേദഗ്രന്ഥത്തിൻെറ പ്രാരംഭം എന്നും പേര് പറയപ്പെടുന്നു. ഖുർആൻെറ മൂലം-അഥവാ കേന്ദ്രം-എന്ന അർത്ഥത്തിൽ 'ഉമ്മുൽ ഖുർആൻ' എന്നും, 'ഉമ്മുൽ കിതാബ്'' (ام الكتاب ,ام القرأن) എന്നും പേരുണ്ട്. അല്ലാഹുവിൻെറ അത്യുൽകൃഷ്ടങ്ങളായ വിശേഷണ നാമങ്ങൾ, ഏകദൈവ സിദ്ധാന്തം (തൗഹീദ്), മരണാനന്തര ജീവിതം, പ്രതിഫല നടപടി തുടങ്ങിയ മൗലിക സിദ്ധാന്തങ്ങൾ, കർമ്മപരവും സാൻമാർഗ്ഗികവുമായ നിയമ നിർദ്ദേശ ങ്ങൾ, ചരിത്രസംഭവങ്ങൾ ആദിയായ വിഷയങ്ങളാണ് ഖുർആനിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങൾ,. ഇവയുടെയെല്ലാം ഒരു സാരാംശം ഈ സൂറത്തിൽ അടങ്ങിയിരിക്കുന്നു. ഇതത്രെ ഈ രണ്ട് പേരുകളും സൂചിപ്പിക്കുന്നത്. 'ഉമ്മ്' എന്ന പദത്തിന് 'ഉൽഭവസ്ഥാനം, കേന്ദ്രം, പ്രധാനഭാഗം, സങ്കേതം, മാതാവ്, മർമ്മം' എന്നൊക്കെ സന്ദർഭംപോലെ അർത്ഥങ്ങൾ വരുന്നതാണ്.

മേൽകണ്ട പേരുകൾക്ക് പുറമെ, ഹദീസുകളിലും, സഹാബികളും താബിഉകളുമായ മഹാൻമാരുടെ മൊഴികളിലുമായി വേറെയും പല പേരുകൾ ഈ സൂറത്തിന് പറയപ്പെട്ടു കാണാം. എല്ലാം തന്നെ ഇതിൻെറ ഓരോ തരത്തിലുള്ള പ്രാധാന്യവും ശ്രേഷ്ഠതയും ചൂണ്ടി ക്കാട്ടുന്നു. ഖുർആനിക വിജ്ഞാനങ്ങളുടെ മൗലികവശങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്ന നിലക്ക് 'അസാസുൽ ഖുർആൻ'(أساس القرأن)–ഖുർആൻെറ അസ്തിവാരം) എന്നും, മനസ്സിരുത്തി പഠിക്കുകയും വിശദവിവരങ്ങൾ തുടർന്നന്വേഷണം നടത്തുകയും ചെയ്യുന്നവർക്ക് ആവശ്യമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ ഈ സൂറത്തുതന്നെ മതിയാകുമെന്ന അർത്ഥത്തിൽ 'കാഫിയ' (الكافية– മതിയായത്) എന്നും, വിജ്ഞാന മൂല്യങ്ങളുടെ നിക്ഷേപം എന്ന ഉദ്ദേശ്യ ത്തിൽ 'കൻസു'(الكنز നിക്ഷേപം) എന്നുമുള്ള പേരുകൾ അവയിൽ ചിലതാകുന്നു. കൂടാതെ, ഇതിൻെറ തുടക്കം അല്ലാഹുവിൻെറ മഹൽഗുണങ്ങളെ എടുത്തുകാട്ടിക്കൊണ്ടുള്ള സ്തുതി കീർത്തനമായതുകൊണ്ട് سورة الحمد (സ്തുതി കീർത്തനത്തിൻെറ അദ്ധ്യായം), അവസാന ഭാഗം പ്രാർത്ഥനാ രൂപത്തിലാകയാൽ سورة الدعاء (പ്രാർത്ഥനയുടെ അദ്ധ്യായം) നമസ്കാര ത്തിൽ ഒഴിച്ചുകൂടാത്തതാകയാൽ سورة الصلوة (നമസ്കാരത്തിൻെറ അദ്ധ്യായം) എന്നിങ്ങിനെ യും ഇതിന് പേരുണ്ട്.

നബി മുഹമ്മദ് (ﷺ) തിരുമേനിയുടെ മക്കാ ജീവിതകാലത്തിൻെറ ആദ്യഘട്ടത്തിലാണ് ഈ സൂറത്ത് അവതരിച്ചത് എന്നാണ് ശരിയായ അഭിപ്രായം. അല്ലാഹു പറയുന്നു: ولقد اتيناك سبعا من المثاني والقرأن العظيم – الحجر (തീർച്ചയായും, ആവർത്തിത വചനങ്ങളിൽ പെട്ട ഏഴെണ്ണവും, മഹത്തായ ഖുർആനും നാം നിനക്ക് നൽകിയിട്ടുണ്ട്. (ഹിജ്ർ: 87) ഏഴ് ആവർത്തിത വചനങ്ങൾ (السبع المثاني) എന്നു പറഞ്ഞിരിക്കുന്നത് സൂറത്തുൽ ഫാത്തിഹയെ ഉദ്ദേശിച്ചാണെന്ന് ഇമാം അഹ്മദ്, ബുഖാരി(رحمه الله) മുതലായവർ അബൂസഈദിബ്നുൽ മുഅല്ലാ (رضي الله عنه) വിൽ നിന്ന് രേഖപ്പെടുത്തിയ ഒരു നബി വചനത്തിൽ നിന്ന് വ്യക്തമാകുന്നു. സൂറത്തുൽ ഫാത്തിഹ ഏഴ് ആയത്ത് (സൂക്തം) കളാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. അഞ്ച് നേരത്തെ നിർബ്ബന്ധ നമസ്കാരങ്ങളിലായി ഓരോ മുസ്ലിമും പതിനേഴു പ്രാവശ്യം അത് ദിനം പ്രതി പാരായണം ചെയ്യേണ്ടതുണ്ട്. സുന്നത്ത് നമസ്കാരങ്ങളിലും മറ്റുമായി ദശക്കണക്കിലും ശതക്കണക്കിലും വേറെയും ആവർത്തിക്കപ്പെടുന്നു. ഏഴ് ആവർത്തിത വചനങ്ങൾ എന്നു ഈ സൂറത്തിനെക്കുറിച്ച് പറഞ്ഞതിൻെറയും, ഈ വചനത്തിൽ ഈ ഒരു

സൂറത്തിനെ പ്രത്യേകം എടുത്ത് പറഞ്ഞതിന്റെയും രഹസ്യം ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. സൂറത്തുൽ ഹിജ്ർ മക്കീ സൂറത്തുകളിൽപെട്ടതാണെന്നുള്ളതിൽ സംശയമില്ല. അപ്പോൾ, ഈ സൂറത്ത് അതിന് മുമ്പ് തന്നെ അവതിരിപ്പിച്ചിരിക്കുമല്ലോ. المثاني (ആവർത്തിതങ്ങൾ) എന്ന വാക്കിന് വേറെ നിലക്കും വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി യഥാസ്ഥാനത്ത് വെച്ച് വിവിരിക്കാം. انشاء الله

അബൂസഈദിബ്നുൽ മുഅല്ലാ (ﷺ) വിൽ നിന്നുള്ള മേൽ സൂചിപ്പിച്ച ഹദീസിൽ 'ഖുർആനിലെ ഏറ്റവും മഹത്തായ ഒരു സൂറത്ത് ഞാൻ തനിക്ക് പഠിപ്പിച്ച് തരട്ടെയോ' എന്ന് അദ്ദേഹത്തോട് ചോദിച്ചുകൊണ്ടത്രെ 'സൂറത്തുൽ ഫാത്തിഹയാണത്' എന്നും, 'അതാണ് ഏഴ് ആവർത്തിത വചനങ്ങൾ' എന്നും നബി (ﷺ) അദ്ദേഹത്തിന് പറഞ്ഞുകൊടുത്തിരിക്കുന്നത്. അഹ്മദ്, തിർമദീ (ﷺ) മുതലായവർ ഉബയ്യുബ്നു കഅ്ബ് (ﷺ) വഴി ഉദ്ധരിച്ച വേറൊരു ഹദീസിൽ 'തൗറത്തിലാകട്ടെ, ഇഞ്ചീലിലാകട്ടെ, സബൂറിലാകട്ടെ, ഫുർഖാനി (ഖുർആനി) ലാകട്ടെ ഇതുപോലൊരു സൂറത്ത് അവതരിച്ചിട്ടില്ല എന്ന് നബി (ﷺ) പ്രസ്താവിച്ചതായും വന്നിരിക്കുന്നു). അബൂഹുറൈറ (ﷺ) ഉദ്ധരിച്ച ഒരു നബിവചനം ഇപ്രകാരമാകുന്നു: 'ഉമ്മുൽ ഖുർആൻ ഓതിയിട്ടില്ലാത്ത വല്ല നമസ്കാരവും ആരെങ്കിലും നമസ്കരിച്ചാൽ അത് അപൂർണ്ണമാണ്, അത് അപൂർണ്ണമാണ്, അത് അപൂർണ്ണമാണ്' (മു; ന; തി.) 'ഫാതിഹത്തുൽ കിതാബ് ഓതാത്തവന് നമസ്കാരമില്ല.' എന്ന് മറ്റൊരു നബിവചനം ഉബാദത്തുബ്നു സ്സ്വാമിത്ത് (عبادة بن الصامت – رض) ൽ നിന്ന് ബുഖാരിയും മുസ്‌ലിമും (ﷺ) രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇങ്ങിനെയുള്ള ഹദീസുകളെ അടിസ്ഥാനമാക്കിയാണ് നമസ്കാരത്തിന്റെ ഓരോ 'റക്അത്തി'ലും ഫാതിഹ ഓതൽ നിർബ്ബന്ധമാണെന്ന് മാലിക്, ശാഫിഈ, അഹ്മദ് (ﷺ) മുതലായവരടക്കം ഭൂരിപക്ഷം പണ്ഡിതൻമാരും ഉറപ്പിച്ച് പറഞ്ഞിരിക്കുന്നതും. ഈ സൂറത്തിന്റെ ശ്രേഷ്ഠതയും മഹത്വവും സംബന്ധിച്ച് ഇനിയും പലതും ഉദ്ധരിക്കുവാനുണ്ടെങ്കിലും കൂടുതൽ ഉദ്ധരിച്ച് ദീർഘിപ്പിക്കുന്നില്ല.

'അഊദു' ചൊല്ലൽ (ഓതൽ) അഥവാ ശരണം തേടൽ
الاستعاذة

اعوذ بالله من الشيطان الرجيم (അഊദു-ബില്ലാഹി-മിനശ്ശൈത്വാനി-റജീം) എന്നുള്ള പ്രാർത്ഥനക്കാണ് സാധാരണ 'അഊദു' ചൊല്ലൽ എന്ന് പറഞ്ഞുവരുന്നത്. ആട്ടപ്പെട്ട - അഥവാ ശപിക്കപ്പെട്ട - പിശാചിൽനിന്ന് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു എന്നാണിതിന്റെ അർത്ഥം. മനുഷ്യന്റെ ആജീവനാന്ത ശത്രുവും, അവന്റെ നൻമയിൽ ഏറ്റവും കടുത്ത അസൂയാലുവുമത്രെ പിശാച്. പിശാചിൽ നിന്നുണ്ടാകാവുന്ന എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹുവിനോട് രക്ഷ തേടലാണ് ഈ പ്രാർത്ഥനയുടെ ഉദ്ദേശ്യം. മനുഷ്യന് മനുഷ്യവർഗ്ഗത്തിൽ തന്നെ പലതരം ശത്രുക്കളുണ്ട്. ആ ശത്രുക്കളിൽ നിന്നുള്ള രക്ഷക്കുവേണ്ടിയും നാം അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എന്നാൽ, മനുഷ്യശത്രുക്കളിൽ നിന്ന് നേരിടുന്ന ഉപദ്രവങ്ങളും അതിനുള്ള നിവാരണങ്ങളും കുറേയെല്ലാം നമുക്ക് ഊഹിക്കാവുന്നതും മനസ്സിലാക്കാവുന്നതുമാകുന്നു. പിശാചാണെങ്കിൽ നമുക്ക് കാണുവാൻ കഴിയാത്ത ഒരു അദൃശ്യ ജീവി.* അവന്റെ ചെയ്തികളും ഉപദ്രവങ്ങളും നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾ കൊണ്ട് കണ്ടെത്തുവാനോ, ബുദ്ധികൊണ്ട് തിട്ടപ്പെടുത്തുവാനോ സാധ്യമല്ലാത്ത വണ്ണം ഗോപ്യമായിരിക്കും. തന്നാൽ കഴിയുന്ന എല്ലാ അടവുകളും മനുഷ്യരെ വഴിപിഴപ്പിക്കുവാൻ താൻ ഉപയോഗപ്പെടുത്തുമെന്ന് അല്ലാഹുവിന്റെ മുമ്പാകെ പ്രതിജ്ഞയെടുത്തവനത്രെ പിശാച്. ഈ വസ്തുത അല്ലാഹു ഖുർആൻ മുഖേന നമ്മെ ആവർത്തിച്ചറിയിച്ചിട്ടു

* പിശാച് വർഗ്ഗത്തെയും, ആ വർഗ്ഗത്തെ നിഷേധിക്കുന്നവരുടെ വാദത്തെയും സംബന്ധിച്ച് സൂറത്തുൽ ഹിജ്റി (13-ാം അദ്ധ്യായം)ന് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ വിവരിച്ചിട്ടുണ്ട്.

ളളതുമാകുന്നു. (അഅ്റാഫ് 16, 17, ഹിജ്ർ 39, അൽകഹ്ഫ് 50, ഫാത്വിർ 6, സ്വാദ് 82 മുതലായ സ്ഥലങ്ങളിൽ നോക്കുക.) ചുരുക്കത്തിൽ പിശാചിൽ നിന്നുളള രക്ഷ അല്ലാഹുവിൽ നിന്ന് തന്നെ നമുക്ക് ലഭിക്കേണ്ടിയിരിക്കുന്നു.

മനുഷ്യരും പിശാചുക്കളുമാകുന്ന രണ്ടുതരം ശത്രുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നുളള രക്ഷാമാർഗ്ഗങ്ങളെ സംബന്ധിച്ച് ഒന്നിച്ച് ഉപദേശം നൽകുന്ന ഖുർആൻ വചനങ്ങൾ പരിശോധിച്ചാൽ മേൽപറഞ്ഞ പരമാർത്ഥം-പശാചിൻെറ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടുവാനുളള ഏകമാർഗ്ഗം അല്ലാഹുവിനോട് രക്ഷ തേടലാണെന്ന വസ്തുത-മനസ്സിലാക്കാവുന്നതാണ്. ഇമാം ഇബ്നു കഥീർ (ﷺ) ചൂണ്ടിക്കാട്ടിയത് പോലെ, രണ്ട് ശത്രുക്കളിൽ നിന്നുമുളള രക്ഷാ മാർഗ്ഗങ്ങളെപ്പറ്റി ഒന്നിച്ച് വിവരിക്കുന്ന മൂന്ന് സ്ഥലങ്ങളാണ് ഖുർആനിലുള്ളത്. ഇതാണവ:-

١) خذ العفو وأمر بالعرف – الى قوله سميع عليم – الاعراف ١٩٩–٢٠٠
٢) ادفع بالتى هي احسن السيئة – الى قوله يحضرون – المؤمنون – ٩٦–٩٨
٣) ادفع بالتى هي احسن الى قوله هو السميع العليم – حم السجدة ٣٤ – ٣٦

സാരം: 1. നീ മാപ്പ് സ്വീകരിക്കുകയും, സദാചാരം-അഥവാ സൽക്കാര്യം-കൊണ്ട് കൽപിക്കുകയും, വിവരമില്ലാത്ത മൂഢൻമാരിൽനിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക. പിശാചിൽനിന്ന് വല്ല ദുഷ്പ്രേരണയും വല്ലപ്പോഴും നിന്നെ ഇളക്കിവിടുന്ന പക്ഷം, നീ അല്ലാഹുവിനോട് ശരണം തേടുക. നിശ്ചയമായും, അവൻ കേൾക്കുന്നവനും അറിയുന്നവനുമാണ്. (അഅ്റാഫ് 199-200) 2. കൂടുതൽ നന്നായുളളത് ഏതാണോ അതുവഴി നീ തിന്മയെ തടുത്തുകൊള്ളുക. അവർ വർണ്ണിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി നാം ഏററവും അറിയുന്നവനാകുന്നു. 'എൻെറ റബ്ബേ, പിശാചുക്കളുടെ ദുർമ്മന്ത്രങ്ങളിൽ നിന്ന് ഞാൻ നിന്നിൽ ശരണം തേടുന്നു' വെന്നും, 'അവർ എൻെറ അടുക്കൽ സന്നിഹിതരാവുന്നതിനെക്കുറിച്ചും ഞാൻ നിന്നിൽ ശരണം തേടുന്നു' വെന്നും നീ പറയുകയും ചെയ്യുക. (മുഅ്മിനൂൽ 96-98) 3. കൂടുതൽ നന്നായുളളത് കൊണ്ട് നീ (തിൻമയെ) തടുത്തുകൊള്ളുക. അങ്ങനെ ചെയ്താൽ യാതൊരുവനും നിനക്കുമിടയിൽ ശത്രുതയുണ്ടോ അവൻ ഒരു ഉറ്റ ബന്ധുവെന്നപോലെ ആയിത്തീരും. ക്ഷമിക്കുന്നവർക്കല്ലാതെ ഇക്കാര്യം എത്തപ്പെടുകയില്ല.: വമ്പിച്ച ഭാഗ്യമുള്ളവർക്കുമല്ലാതെ ഇക്കാര്യം എത്തപ്പെടുകയില്ല. വല്ലപ്പോഴും പിശാചിൽ നിന്ന് വല്ല ദുഷ്പ്രേരണയും നിന്നെ ഇളക്കിവിടുന്ന പക്ഷം, നീ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. നിശ്ചയമായും, അവനത്രെ കേൾക്കുന്നവനും അറിയുന്നവനും. (ഹാമീം സജദ 34-36)

ശത്രു മനുഷ്യവർഗ്ഗത്തിൽ പെട്ടവനാണെങ്കിൽ, മയം, നയം, വിട്ടുവീഴ്ച, ഉപകാരം മുതലായവ വഴി അവനെ സൗമ്യപ്പെടുത്തുകയും, അവനുമായുളള ബന്ധം നന്നാക്കിത്തീർക്കുകയും ചെയ്യാം. ശത്രു പിശാചായിരിക്കുമ്പോൾ, അവൻ അദൃശ്യജീവി ആയതുകൊണ്ട് അവനോട് നയത്തിനോ, മയത്തിനോ മറ്റോ മാർഗ്ഗമില്ല. അവനിൽ നിന്ന് രക്ഷപ്പെടുവാൻ അല്ലാഹുവിൽ ശരണം തേടുകയേ നിവൃത്തിയുള്ളു എന്ന വസ്തുത ഈ വചനങ്ങളിൽ നിന്ന് വ്യക്തമാണ്. പിശാചിനെക്കുറിച്ച് നാം സദാ ബോധവാൻമാരായിരിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: ان شيطان لكم عدو فاتخذوه عدوا – الاية – فاطر : ٦ (നിശ്ചയമായും, പിശാച് നിങ്ങൾക്ക് ശത്രുവാകുന്നു അതിനാൽ, നിങ്ങളവനെ ശത്രുവാക്കി വെക്കുവിൻ. അവൻ തൻെറ കക്ഷിയെ ക്ഷണിക്കുന്നത് ജ്വലിക്കുന്ന നരകത്തിൻെറ ആൾക്കാരിൽ പെട്ടവരാകുവാൻ വേണ്ടിയാകുന്നു. (ഫാത്വിർ 6) അപ്പോൾ, പൊതുവിൽ എല്ലാ സന്ദർഭങ്ങളിലും, വിശേഷിച്ച് പിശാചിൻെറ ദുഷ്പ്രേരണകൾക്ക് വശംവദരാകുവാനിടയുളള സന്ദർഭങ്ങളിലും നാം പിശാചിനെപ്പറ്റി അല്ലാഹുവിനോട് രക്ഷ തേടേണ്ടതുണ്ട്.

അല്ലാഹു പറയുന്നു: فاذا قرأت القرأن فاستعذبالله من الشيطان الرجيم – النحل (നീ ഖുർആൻ ഓതുന്നതായാൽ ആട്ടപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക. (നഹ്ൽ 98) ഈ വചനത്തെ അടിസ്ഥാനമാക്കി ഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളതും, പൊതുവെ അംഗീകരിക്കപ്പെട്ടുവരുന്നതും ഖുർആൻ പാരായണം ആരംഭിക്കുമ്പോൾ 'അഊദു' ചൊല്ലേണ്ടതുണ്ട് എന്നത്രെ. ഹദീസിൻെറ പിൻബലവും ഈ അഭിപ്രായത്തിനുണ്ട്. ഖുർആൻ പാരായണത്തിൻെറ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഭംഗം വരുമാറ് പിശാചിൻെറ ദുർമ്മന്ത്രങ്ങൾ ഏൽക്കാതിരിക്കുവാൻ ഇത് ഉപകരിക്കുന്നു. അവൻെറ ദുർമ്മന്ത്രത്തിന് സന്ദർഭം കാണുന്നിടത്തൊക്കെ 'അഊദു' ചൊല്ലുന്നത് നന്നായിരിക്കുമെന്ന് ബുഖാരി (رحمه الله) യും മറ്റും ഉദ്ധരിച്ച ഒരു ഹദീസിൽനിന്ന് മനസ്സിലാക്കാവുന്നതാകുന്നു. ഹദീസിൻെറ പ്രസക്ത ഭാഗം ഇങ്ങനെ ഉദ്ധരിക്കാം: 'നബി (ﷺ) യുടെ സാന്നിധ്യത്തിൽ വെച്ച് രണ്ട് പേർ തമ്മിൽ ചീത്ത പറയുകയുണ്ടായി. കോപം നിമിത്തം ഒരാളുടെ മുഖം ചുവന്നു. അപ്പോൾ, നബി (ﷺ) പറഞ്ഞു: 'എനിക്ക് ഒരു വാക്ക് അറിയാം. അതവൻ പറഞ്ഞിരുന്നെങ്കിൽ അവനിൽ കാണുന്ന ആ കോപം അവനെ വിട്ടുപോയേക്കുമായിരുന്നു അതെ, اعوذ بالله من الشيطان الرجيم'

പ്രസ്തുത ഖുർആൻ വചനത്തിൻെറ ബാഹ്യാവസ്ഥ കണക്കിലെടുത്ത് കൊണ്ട് ഖുർആൻ പാരായണം ചെയ്യുമ്പോൾ 'അഊദു' ചൊല്ലൽ നിർബ്ബന്ധമാണെന്ന് പോലും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. നിർബ്ബന്ധമെന്ന് പറഞ്ഞുകൂടാ: എങ്കിലും, പ്രധാനപ്പെട്ട ഒരു ഐഛികപുണ്യ കർമ്മമാണത് എന്നത്രെ ഭൂരിപക്ഷം പണ്ഡിതൻമാരും പറയുന്നത്. പാരായണം നമസ്ക്കാരത്തിൽ വെച്ചാവുമ്പോൾ, 'അഊദു' പതുക്കെ ചൊല്ലുകയാണ് വേണ്ടത്. പിശാചിൽ നിന്ന് നേരിട്ടേക്കാവുന്ന ആപത്തുകളുടെ ആധിക്യവും, നിഗൂഢതയും, ഗൗരവവും ആലോചിക്കുകയും, അവയിൽനിന്നുള്ള രക്ഷാമാർഗ്ഗം അല്ലാഹുവിൻെറ കാവൽ മാത്രമാണെന്ന് ഓർക്കുകയും ചെയ്യുമ്പോഴേ 'അഊദാ'കുന്ന പ്രാർത്ഥനയുടെ ഗൗരവം വേണ്ടതുപോലെ വിലയിരുത്തുവാൻ കഴിയുകയുള്ളു.

'ബിസ്മി' ചൊല്ലൽ - അഥവാ അല്ലാഹുവിൻെറ നാമത്തിൽ ആരംഭിക്കൽ
البسملة

അബൂബക്കർ സിദ്ദീഖ് (رضي الله عنه) ൻെറ കാലത്ത് ഖുർആൻ ക്രോഡീകരിച്ച് എഴുതപ്പെട്ട ഒന്നാമത്തെ മുസ്ഹഫ് മുതൽക്കുള്ള എല്ലാ മുസ്ഹഫുകളിലും സൂറത്തു-ത്തൗബ ഒഴിച്ചു മറ്റുള്ള 113 സൂറത്തുകളും ആരംഭിക്കുന്നത് 'ബിസ്മി' കൊണ്ടാകുന്നു. (തൗബ സൂറത്തിൽ ബിസ്മി ഇല്ലാതിരിക്കുവാൻ കാരണം മുഖവുരയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരം യഥാസ്ഥാനത്തുവെച്ചും കാണാം. انشاء الله കൂടാതെ, സൂറത്തുന്നംല് 30-ാം വചനത്തിലും ഒരു 'ബിസ്മി' അടങ്ങിയിരിക്കുന്നു. ആ ബിസ്മി ആ വചനത്തിൻെറ ഒരു ഭാഗമാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. സൂറത്തുകളുടെ ആരംഭത്തിലുള്ള ബിസ്മികൾ ഖുർആനിൽ പെട്ടതാണോ, അല്ലേ എന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അവയുടെ ചുരുക്കം ഇതാണ്: (1) ഓരോന്നിലെയും ബിസ്മി ആ സൂറത്തിലെ ഒന്നാമത്തെ ആയത്താകുന്നു. (2) അതതു സൂറത്തുകളിലെ ഒന്നാം ആയത്തിൻെറ ഒരു ഭാഗമാണ് ബിസ്മി. (3) സൂറത്തുൽഫാതിഹയിൽ മാത്രം ഒന്നാമത്തെ ആയത്താകുന്നു. മറ്റു സൂറത്തുകളിലേത് സൂറത്തുകൾ തമ്മിൽ തിരിച്ചറിയുവാനായി ആരംഭത്തിൽ കൊടുത്തിട്ടുള്ളതുമാകുന്നു. (4) ഫാതിഹ അടക്കം എല്ലാ സൂറത്തുകളുടെയും ആരംഭം കുറിക്കുന്നതാണവ. അഥവാ ഒന്നും തന്നെ അതതു സൂറത്തുകളിലെ ആയത്തുകളല്ല. ഓരോ അഭിപ്രായക്കാർക്കും ഹദീസുകളിൽനിന്നും മറ്റുമായി ഉദ്ധരിക്കുവാനുള്ള ന്യായങ്ങളും, തെളിവുകളും

ഉദ്ധരിക്കുന്നപക്ഷം അത് കുറേ ദീർഘിച്ചുപോകുന്നതാണ്.

ഒരു കാര്യം തീർത്തു പറയാം: ഖുർആൻ പാരായണം തുടങ്ങുമ്പോഴും, സൂറത്തുകളുടെ ആരംഭത്തിലും-ഫാത്തിഹ: യുടെ ആരംഭത്തിൽ വിശേഷിച്ചും-'ബിസ്മി' ചൊല്ലൽ ആവശ്യമാകുന്നു. നബി (ﷺ) തിരുമേനിക്ക് അവതരിച്ച ഒന്നാമത്തെ ഖുർആൻ വചനം اقرأ بسم ربك (നീ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക) എന്നായിരുന്നു. റബ്ബിന്റെ നാമത്തിൽ ആരംഭിക്കുന്നതിന്റെ പ്രാവർത്തികരൂപം 'ബിസ്മി' മുഖേന നമുക്ക് നബി (ﷺ) കാട്ടിത്തന്നിട്ടുമുണ്ട്. നബി (ﷺ) യുടെ ഖുർആൻ പാരായണത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ, തിരുമേനി പാരായണം ചെയ്തിരുന്നത് നീട്ടി നീട്ടിക്കൊണ്ടായിരുന്നുവെന്ന് അനസ് (رضي الله عنه) പ്രസ്താവിച്ചതായും, അനന്തരം അദ്ദേഹം 'ബിസ്മില്ലാഹി' എന്നും, 'അർ-റഹ്മാനി' എന്നും, 'അർ -റഹീം' എന്നും നീട്ടി നീട്ടികൊണ്ട് ചൊല്ലിക്കാട്ടിയതായും ബുഖാരി (رحمه الله) രേഖപ്പെടുത്തിയിരിക്കുന്നു. തിരുമേനി ബിസ്മിയോടുകൂടിയാണ് ഖുർആൻ പാരായണം ചെയ്തിരുന്നതെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കുന്നത്. കൂടാതെ, ഉമ്മുസലമ: (رضي الله عنها) യിൽ നിന്ന് അഹ്മദ്, അബൂദാവൂദ്, ഹാകിം (رحمهم الله) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ, തിരുമേനിയുടെ ഓത്ത് മുറിച്ച് മുറിച്ചുകൊണ്ട് (ആയത്തുകൾ തമ്മിൽ കൂട്ടിച്ചേർത്ത് ഓതാതെ) ആയിരുന്നുവെന്ന് അവർ പറഞ്ഞതായും, ബിസ്മിയും ഫാത്തിഹ:യിലെ രണ്ട് ആയത്തുകളും ഓതിക്കൊണ്ട് അതിന്നവർ ഉദാഹരണം കാട്ടിക്കൊടുത്തതായും വന്നിരിക്കുന്നു.

ഖുർആൻ പാരായണവേളയിൽ മാത്രമല്ല, നല്ലതും വേണ്ടപ്പെട്ടതുമായ ഏതൊരു കാര്യം തുടങ്ങുമ്പോഴും അത് അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കേണ്ടതാണെന്ന്-അഥവാ ബിസ്മിയോടുകൂടി തുടങ്ങണമെന്ന്-നബി (ﷺ) തിരുമേനിയുടെ ചര്യയിൽ നിന്ന് പൊതുവിൽ അറിയപ്പെട്ട ഒരു സംഗതിയാകുന്നു. ചില പ്രത്യേക സന്ദർഭങ്ങളിൽ ബിസ്മി ചൊല്ലുവാൻ നിർദ്ദേശിക്കുന്ന ഹദീസുകളും നിലവിലുണ്ട്. ജലപ്രളയത്തിൽനിന്ന് രക്ഷപ്പെടുവാനായി അല്ലാഹുവിന്റെ കൽപന പ്രകാരം നൂഹ് നബി (عليه السلام) കപ്പലിൽ കയറിയപ്പോൾ 'ബിസ്മില്ലാഹി' എന്ന് പറഞ്ഞതായും (ഹൂദ് 41) യമനിലെ രാജ്ഞിക്ക് സുലൈമാൻ (عليه السلام) നബി അയച്ച കത്തിന്റെ ആദ്യത്തിൽ 'ബിസ്മി' മുഴുവനും എഴുതിയിരുന്നതായും (നംല് 30) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പ്രധാന കാര്യങ്ങൾ ബിസ്മികൊണ്ട് ആരംഭിക്കുന്ന സ്വഭാവം പൂർവ്വ പ്രവാചകൻമാർ മുതൽക്കേയുള്ള പതിവാണെന്ന് ഇതിൽനിന്നൊക്കെ മനസ്സിലാക്കാവുന്നതാണ്.

നല്ല കാര്യങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നതിൽ പല യുക്തിരഹസ്യങ്ങളും അടങ്ങിയിട്ടുണ്ടെന്ന് അൽപം ആലോചിച്ചാൽ ആർക്കും മനസ്സിലാകും. നല്ലത് ചെയ്യാനുള്ള പ്രചോദനവും, കഴിവും, സാഹചര്യവും നൽകുന്നത് അല്ലാഹുവാണല്ലോ. ഈ അനുഗ്രഹത്തിന്റെ സ്മരണയും, അതിനുള്ള ഒരു നന്ദിയുമായിരിക്കും അത്. ആരംഭിക്കുന്ന കാര്യം വേണ്ടതുപോലെ നിറവേറ്റുവാനുള്ള സഹായം, അതിന് പ്രതിബന്ധമായിത്തീരുന്ന കാര്യങ്ങളിൽ നിന്നുള്ള രക്ഷ, പ്രത്യേകിച്ചും പിശാചിന്റെ ഇടപെടലിൽ നിന്നുള്ള കാവൽ, ആ കാര്യം അല്ലാഹുവിങ്കൽ സ്വീകാര്യമായതായിരിക്കുവാനുള്ള ഭാഗ്യം ഇതെല്ലാം അല്ലാഹുവിൽനിന്ന് മാത്രം ലഭിക്കേണ്ടുന്നവയാണ്. ആ നിലക്ക് അവന്റെ നാമവും അവന്റെ കൃപാകടാക്ഷവും ഓർത്തും ഉച്ചരിച്ചും കൊണ്ടുള്ള ശുഭസൂചകമായ ആ തുടക്കം അതിന്റെ പര്യവസാനം ശുഭകരമായത്തീരുവാനും കാരണമാകുന്നതാണ്. ഒരാൾ ഒരു സൽക്കാര്യം തന്നെ ചെയ്യുന്നുവെന്ന് വെക്കുക. ആ അവസരത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള വിചാരവികാരമൊന്നും കൂടാതെയാണ് അയാൾ അത് ചെയ്യുന്നതെങ്കിൽ, ആ കാര്യം ചെയ്തതിന്റെ പേരിൽ അല്ലാഹുവിന്റെ പ്രീതിക്കോ പ്രതിഫലത്തിനോ അയാൾക്ക് അവകാശമില്ല.

നമസ്ക്കാരത്തിലാകുമ്പോൾ ബിസ്മി ഉറക്കെ ചൊല്ലുന്നതോ, പതുക്കെ ചൊല്ലുന്നതോ നല്ലത് ? ഇതിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. രണ്ടും തീർത്തു പറയത്തക്കവണ്ണം ഹദീസുകളിൽ നിന്ന് തെളിവ് ലഭിക്കാത്തതും, ബിസ്മി ഖുർആനിലെ ഒരു ആയത്താണോ അല്ലേ എന്ന വിഷയത്തിലുള്ള വ്യത്യസ്താഭിപ്രായങ്ങളുമാണ് ഈ ഭിന്നിപ്പിന് കാരണം. എങ്കിലും നമസ്കാരത്തിൽവെച്ച് ബിസ്മി ഉറക്കെ ചൊല്ലിയാലും, പതുക്കെ ചൊല്ലിയാലും നമസ്കാരത്തിന് അത്മൂലം ഭംഗം നേരിടുമെന്ന് ആരും പറയുന്നില്ല. രണ്ടിലൊന്ന് നിർബന്ധമാണെന്നും ആർക്കും അഭിപ്രായമില്ല. രണ്ടിൽ ഏതാണ് നല്ലത് എന്നതിൽ മാത്രമേ ഭിന്നിപ്പുള്ളു. ഇമാം ഇബ്നു ഖയ്യിം (رحمه الله) അദ്ദേഹത്തിൻെറ പ്രസിദ്ധ നബിചര്യാഗ്രന്ഥമായ സാദുൽ മആദി (زاد المعاد) ൽ നബി (ﷺ) യുടെ നമസ്കാരത്തിൻെറ രൂപം വിവരിക്കുന്ന മദ്ധ്യേ ഇങ്ങിനെ പ്രസ്താവിക്കുന്നു: '.....പിന്നീട് തിരുമേനി അഊദു ചൊല്ലും. പിന്നെ ഫാത്തിഹാ സൂറത്ത് ഓതും. ചിലപ്പോൾ ഉറക്കെ ബിസ്മി ചൊല്ലും. ഉറക്കെ ചൊല്ലുന്നതിനേക്കാൾ അധികം അവിടുന്ന് പതുക്കെ ചൊല്ലുകയായിരുന്നു ചെയ്തിരുന്നത്. രാവും പകലും അഞ്ചുനേരങ്ങളിൽ അവിടുന്ന് പതിവായി യാത്രയിൽ വെച്ചും നാട്ടിൽവെച്ചും ഉറക്കെ ചൊല്ലി വരികയും, എന്നിട്ടത് ഖുലഫാഉ-റാശീദിനും, ഭൂരിപക്ഷം സഹാബികൾക്കും, ആ നല്ലകാലക്കാരായ നാട്ടുകാർക്കും അജ്ഞാതമായിരിക്കുകയും ചെയ്യുക സംഭവ്യമല്ലതന്നെ......' 'അഊദി'നെപ്പറ്റി പ്രസ്താവിച്ചതുപോലെതന്നെ, ബിസ്മിയെ സംബന്ധിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങളും, ഓരോ അഭിപ്രായത്തിനും ഹദീസുകളെയോ മറ്റോ ആധാരമാക്കിക്കൊണ്ടുള്ള ന്യായീകരണങ്ങളും ഇവിടെ ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല. (ഫിഖ്ഹു ഗ്രന്ഥങ്ങളാണതിൻെറ സ്ഥാനം.) ഉദ്ധരിക്കുവാനുള്ള ഹദീസുകളാകട്ടെ, -ഇബ്നുഖയ്യിം (رحمه الله) പറഞ്ഞതുപോലെ-ഒന്നുകിൽ വിഷയം വ്യക്തമല്ലാത്തതോ, അല്ലെങ്കിൽ ദുർബ്ബലങ്ങളോ ആണുതാനും.

എങ്കിലും അവയിൽനിന്ന് ഇത്രയും സംഗതികൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും: (1) സൂറത്തുകളുടെ ആരംഭങ്ങളിലുള്ള ഓരോ ബിസ്മിയും സൂറത്തിലെ ഓരോ ആയത്തോ, ആയത്തിൻെറ ഭാഗമോ ആണെങ്കിലും അല്ലെങ്കിലും ശരി, അവ പൊതുവിൽ ഖുർആനിൽ ഉൾപ്പെട്ടതും, അതോടൊപ്പം സൂറത്തുകളുടെ തുടക്കം കുറിക്കുന്നതുമാകുന്നു. ഉസ്മാൻ (رضي الله عنه) തയ്യാറാക്കിയ ഒന്നാമത്തെ പകർപ്പ് മുസ്ഹഫ് മുതൽ ഇന്നേവരെയുള്ള എല്ലാ മുസ്ഹഫുകളിലും, തൗബ ഒഴികെ ഓരോ സൂറത്തിൻെറയും ആരംഭത്തിൽ 'ബിസ്മി' എഴുതപ്പെട്ടിട്ടുള്ളതുതന്നെ ഇതിന് തെളിവാകുന്നു. (2) ഖുർആൻ പാരായണം ചെയ്യുമ്പോൾ ആദ്യം 'അഊദും,' പിന്നീട് 'ബിസ്മി' യും ചൊല്ലേണ്ടതാണ്. (3) ഓരോ സൂറത്തും 'ബിസ്മി'യോട് കൂടി ഓതുകയാണ് വേണ്ടത്. (4) നമസ്കാരത്തിലാവുമ്പോൾ 'അഊദു' പതുക്കെ ഓതണം. 'ബിസ്മി' പതുക്കെയും, ഉറക്കെയും ആവാമെങ്കിലും കൂടുതൽ നല്ലത് പതുക്കെയാകുന്നു. الله اعلم ഇനി നമുക്ക് സൂറത്തിലേക്ക് പ്രവേശിക്കാം. അല്ലാഹു പറയുന്നു:-

1 പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ — بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

2 സ്തുതി (മുഴുവൻ) ലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു;- — ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴿٢﴾

3 പരമകാരുണികനും കരുണാനിധിയുമായുള്ളവൻ;- — ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿٣﴾

4 പ്രതിഫലദിവസത്തിൻെറ ഉടമസ്ഥൻ. — مَٰلِكِ يَوۡمِ ٱلدِّينِ ﴿٤﴾

5 നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾

6 ചൊവ്വായ പാതയിൽ നീ ഞങ്ങളെ വഴി ചേർക്കേണമേ!-

ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿٦﴾

7 (അതായത്) യാതൊരു കൂട്ടരുടെ മേൽ നീ അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരുടെ പാതയിൽ, (അതേ,) കോപ വിധേയരല്ലാത്തവരും, വഴി പിഴച്ചവരല്ലാത്തവരുമായ (വരുടെ പാതയിൽ).

صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ ﴿٧﴾

---

1. **بسم** നാമത്തിൽ. **الله** അല്ലാഹുവിൻെറ. **الرحمن** പരമകാരുണികൻ. **الرحيم** കരുണാനിധി 2. **الحمد** സ്തുതി (മുഴുവനും). **لله** അല്ലാഹുവിനാകുന്നു. **رب** രക്ഷിതാവ്, യജമാനൻ, പരിപാലകൻ **العالمين** ലോകരുടെ, ലോകങ്ങളുടെ(യെല്ലാം) 3. **الرحمن** പരമകാരുണികൻ. **الرحيم** കരുണാനിധി 4. **مالك** ഉടമസ്ഥൻ (രജാവ്). **يوم** ദിവസത്തിൻെറ. **الدين** പ്രതിഫലത്തിൻെറ, നിയമ നടപടിയുടെ 5. **إياك** നിന്നെ (ത്തന്നെ), നിനക്ക് (മാത്രം). **نعبد** ഞങ്ങൾ ആരാധിക്കുന്നു. **و** ഉം. **إياك** നിന്നോട് (തന്നെ -മാത്രം). **نستعين** ഞങ്ങൾ സഹായം (ഉതവി) തേടുന്നു 6. **اهد** നീ നയിക്കേണമേ, ചേർക്കേണമേ, മാർഗദർശനം നൽകേണമേ. **نا** ഞങ്ങളെ, ഞങ്ങൾക്ക്. **الصراط** പാതയിൽ **المستقيم** നേരെയുള്ള, ചൊവ്വായ 7. **صراط** പാത. **الذين** യാതൊരു കൂട്ടരുടെ. **أنعمت** നീ അനുഗ്രഹിച്ചു. **عليهم** അവർക്ക്, അവരുടെമേൽ. **غير** ഒഴികെയുള്ള, അല്ലാത്ത, **المغضوب** കോപിക്കപ്പെട്ട (വർ), കോപ ബാധിത(ർ) **عليهم** അവരുടെമേൽ, അവരോട്, **ولا** അല്ലാത്ത(വരും) **الضالين** വഴിപിഴച്ചവർ.

ഈ സൂറത്തിൻെറ അവസാനത്തിൽ آمين (ആമീൻ) എന്ന് ചൊല്ലേണ്ടതാകുന്നു ഈ പ്രാർത്ഥന സ്വീകരിക്കേണമേ എന്നർത്ഥം. കൂടുതൽ വിവരം താഴെ വരുന്നുണ്ട്. 'ബിസ്മി' സൂറത്തുൽ ഫാത്തിഹയിലെ ഒരു ആയത്താണെന്ന അഭിപ്രായക്കാർ 6ഉം-7ഉം വചനങ്ങൾ കൂടി 7-ാമത്തെ വചനമായി എണ്ണിവരുന്നു. ആകെ 7വചനങ്ങളാണെന്നുള്ളതിൽ ഭിന്നിപ്പില്ല.

الله (അല്ലാഹു) എന്ന വാക്കിൻെറ മൂല ധാതു ഏതാണെന്നുള്ളതിൽ ഒന്നിലധികം അഭിപ്രായങ്ങൾ കാണാം. ഏതായിരുന്നലും ശരി, അഖില ലോകങ്ങളുടെയും സ്രഷ്ടാവും, നിയന്താവും പരിപാലകനും, രക്ഷിതാവും യജമാനനും, ഉടമസ്ഥനുമായ ആ ഏക മഹശക്തിയെ മാത്രം കുറിക്കുന്ന ഒരു സംജ്ഞാനാമ **علم** മത്രെ അത് അവൻെറ തിരുമാനങ്ങളായി ഖുർആനിലോ, മററു വേദഗ്രന്ഥങ്ങളിലോ, പ്രവാചക വാക്യങ്ങളിലോ വന്നിട്ടുള്ള എല്ലാ നാമങ്ങളും അവൻെറ ഓരോ തരത്തിലുള്ള മഹൽ ഗുണങ്ങളെ എടുത്തുകാട്ടുന്ന വിശേഷണങ്ങളായിരിക്കും. 'അല്ലാഹു' എന്നുള്ള പേർ അവന്നല്ലാതെ മററാർക്കും ഉപയോഗിക്കപ്പെട്ടിട്ടില്ല. ഉപയോഗിക്കപ്പെടാവതുമല്ല. ആരാധിക്കപ്പെടുന്ന വസ്തു-അഥവാ ദൈവം എന്ന അർത്ഥത്തിൽ സദാ ഉപയോഗിക്കപ്പെടുന്ന ഒരു വാക്കാണ് اله (ഇലാഹ്) ഈ രണ്ട് വാക്കുകളും തമ്മിൽ അക്ഷരത്തിലും അർത്ഥത്തിലും സാമാന്യം യോജിപ്പുണ്ടെന്നതിനെ മുൻനിറുത്തി اله എന്ന പദത്തിൽ ال (അൽ) എന്ന അവ്യയം ചേർത്തു പ്രത്യേകിപ്പിച്ചതാണ് الله എന്ന പദമെന്ന് പലരും പ്രസ്താവിക്കുന്നു. ഇതനുസരിച്ച് ആ സംജ്ഞാ നാമത്തിൻെറ അർത്ഥം, 'സാക്ഷാൽ ദൈവം'-അഥവാ ആരാധിക്കപ്പെടുവാൻ യഥാർത്ഥ അർഹതയുള്ളവൻ-എന്നായിരിക്കുന്നതാണ്. الله اعلم

ഖുർആൻ പാരായണം അടക്കമുള്ള എല്ലാ നല്ല കാര്യങ്ങളും തുടങ്ങുമ്പോൾ ബിസ്മി കൊണ്ട് ആരംഭിക്കുന്നതിനെയും, ഓരോ സൂറത്തുകളുടെയും തുടക്കത്തിലുള്ള ബിസ്മികൾ അതത് സൂറത്തുകളിൽപെട്ട ആയത്തുകളാണോ എന്നതിനെയും സംബന്ധിച്ച് നാം മുകളിൽ

ചിലതെല്ലാം പ്രസ്താവിച്ചുവല്ലോ. ഇവിടെ ഒരു സംശയത്തിന് അവകാശമുണ്ട്. വിശുദ്ധ ഖുർആൻ അല്ലാഹുവിൻെറ വചനമാണ്. അവനാണത് അവതരിപ്പിച്ചതും. എന്നിരിക്കെ, അവൻ അവൻെറ നാമത്തിൽ ആരംഭിക്കുന്നതിലടങ്ങിയ യുക്തി രഹസ്യമെന്താണ്? ഇതാണാസംശയം. ഖുർആൻ പാരായണം തുടങ്ങിയ കാര്യങ്ങൾ നാം ആരംഭിക്കേണ്ടത് എങ്ങിനെയാണെന്ന് പഠിപ്പിക്കുക, മുകളിൽ ചൂണ്ടിക്കാട്ടിയത് പോലെയുള്ള യാഥാർത്ഥ്യങ്ങളിലേക്ക് സൂചന നൽകുക, നല്ല ആരംഭത്തിൻെറ പ്രായോഗിക രൂപം കാണിച്ചു തരുക മുതലായവയത്രെ അിലടങ്ങിയ രഹസ്യം. മനുഷ്യൻ ചെയ്യേണ്ടുന്നതെല്ലാം പഠിപ്പിക്കജശയാണല്ലോ ഖുർആൻെറ അവതരണോദ്ദേശ്യം. ഒരു നല്ല ഗ്രന്ഥം ആരംഭിക്കുമ്പോൾ അതിൻെറ തുടക്കം നന്നായിരിക്കേണ്ടതിൻെറ അവശ്യകത പറയേണ്ടതില്ല. എന്നിരിക്കെ, ഏത് ഗ്രന്ഥങ്ങളെക്കാളും എല്ലാ നിലക്കും ഉന്നത സ്ഥാനം അർഹിക്കുന്ന ഖുർആൻെറ തുടക്കം മറെറല്ലാറ്റിനെയുംകാൾ നന്നായിരിക്കണമല്ലോ. അല്ലാഹുവിൻെറ നാമത്തിൽ ആരംഭിക്കുന്നതിൽ പരം ഉത്തമമായ ആരംഭം വേറെ ഏതാണുള്ളത്?!

അല്ലാഹുവിൻെറ നാമത്തിൽ ആരംഭിക്കുന്നതിൻെറ പ്രാധാന്യവും, അതിലടങ്ങിയ യുക്തിയും മനസ്സിലാക്കുവാൻ പോരുന്ന രണ്ടു നാമവിശേഷണങ്ങളാണ് 'അർ-റഹ്മാനും' 'അൽ-റഹീമും' (الرحمن الرحيم) ചെറുതോ വലുതോ, പ്രത്യക്ഷമോ പരോക്ഷമോ, പ്രത്യേകമായതോ പൊതുവെയുള്ളതോ, ഐഹികമോ പാരത്രികമോ ആയ സകല വിധ അനുഗ്രഹങ്ങളുടെയും കർത്താവായ പരമകാരുണികൻ എന്ന് 'അർ-റഹ്മാനി'നും, നൻമ ചെയ്യുന്നവർക്ക് പ്രത്യേകമായി സിദ്ധിക്കുവാനിരിക്കുന്ന മഹാനുഗ്രഹങ്ങളുടെ ദാതാവായ കരുണാനിധി എന്ന് 'അർ-റഹീമി'നും വിവക്ഷ നൽകപ്പെടുന്നു.

കാരുണ്യത്തിൻെറയും, കൃപാകടാക്ഷത്തിൻെറയും, പരമകേന്ദ്രമെന്നപോലെ, അധികാര ത്തിൻെറയും ന്യായാധിപത്യത്തിൻെറയും പരമ കേന്ദ്രവും തന്നെയാണ് അല്ലാഹു. അവൻ പറയുന്നു: نبئ عبادى أنى انا الغفور الرحيم وان عذابى هو العذاب الاليم – الحجر (എൻെറ അടിയാൻമാർക്കു വിവരമറിയിക്കുക: ഞാൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമെന്നും, എൻെറ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷയെന്നും. (ഹിജ്ർ 49: 50.) പക്ഷെ, അവൻെറ കാരുണ്യക്കനിവ് അവൻെറ കോപത്തെ കവിഞ്ഞുനിൽക്കുന്നു. സത്യനിഷേധ ത്തിലും തോന്നിയവാസത്തിലും മുഴുകിയ ധിക്കാരികൾപോലും അവൻെറ എണ്ണമററ അനുഗ്രഹങ്ങൾ സദാ ആസ്വദിച്ചുകൊണ്ടിരിക്കുന്നത് അതുകൊണ്ടത്രെ, സൂറ: അഅ്റാഫിൽ അല്ലാഹു പറയുന്നു: ورحمتي وسعت كل شيئ (എൻെറ കാരുണ്യം എല്ലാ വസ്തുക്കൾക്കും വിശ ാലമായിരിക്കുന്നു.) ഇതേ വാക്യത്തിൻെറ തുടർച്ചയായി ഇങ്ങിനെയും പറയുന്നു: فسأكتبها الذين يتقون ويؤتون الزكوة والذين هم باياتنا يؤمنون (സൂക്ഷ്മത പാലിക്കുകയും സകാത്ത് കൊടു ക്കുകയും ചെയ്യുന്നവർക്കും, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർക്കും ഞാൻ അതിനെ രേഖപ്പെടുത്തി വെച്ചേക്കുന്നതാണ്. (അഅ്റാഫു: 156.) ഈ രണ്ടു വാക്യങ്ങളിൽ ഒന്നാമത്തേതിൻെറ ആശയം ഉൾക്കൊള്ളുന്ന വാക്കാണ് 'അർ-റഹ്മാൻ' എന്നും, രണ്ടാമത്തേതിൻെറ ആശയം ഉൾക്കൊള്ളുന്ന വാക്കാണ് 'അർ-റഹീം' എന്നും പറയാം.

ഈ രണ്ടു നാമവിശേഷണങ്ങളാൽ അല്ലാഹുവിനെ വിശേഷിപ്പിച്ചുകൊണ്ട് അവൻെറ നാമത്തിൽ ഒരാൾ ഒരു കാര്യം ആരംഭിക്കുമ്പോൾ, തനിക്ക് അത്വരെ അവനിൽനിന്ന് ലഭിച്ചു കഴിഞ്ഞ അനുഗ്രഹങ്ങളെക്കുറിച്ചുള്ള ഒരു സ്മരണയും, മേലിൽ അവനിൽ നിന്ന് തനിക്ക് ലഭിക്കുവാൻ ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾക്ക് വേണ്ടിയുള്ള ഒരപേക്ഷയും അതിൽ അന്തർഭവിച്ചിരിക്കുന്നതായി കാണാം. ഇമാം ബുഖാരിയും, മുസ്‌ലിമും (ﷺ) ഉദ്ധരിച്ച ഒരു നബിവചനത്തിൻെറ സാരം ഇപ്രകാരമാണ്: 'അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ, അവൻ ഒരു ഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തി അവൻെറ അർശിനു (സിംഹാസന ത്തിനു) മീതെ അവൻെറയടുക്കൽ വെച്ചിരിക്കുന്നു: 'നിശ്ചയമായും, എൻെറ കാരുണ്യം

കോപത്തെ മുൻകടന്നിരിക്കുന്നു.' അവർ രണ്ടുപേരും ഉദ്ധരിച്ച വേറെ ഒരു ഹദീസിൽ നബി (ﷺ) പറഞ്ഞതിന്റെ സാരം ഇപ്രകാരമാകുന്നു: 'അല്ലാഹുവിന്റെ കാരുണ്യം നൂറായി ഭാഗിച്ചാൽ അതിന്റെ ഒരു ഭാഗം മാത്രമാണ് ഈ ലോകത്ത് ജിന്ന്, മനുഷ്യൻ, മൃഗം തുടങ്ങിയ എല്ലാ ജീവികൾക്കുമിടയിൽ അവൻ അവതരിപ്പിച്ചിരിക്കുന്നത്. അവർ തമ്മിൽ തമ്മിൽ കരുണയും ദയയും കാണിക്കുന്നത് അത് കൊണ്ടത്രെ. ദുഷ്ടമൃഗങ്ങൾ അവയുടെ കുഞ്ഞുങ്ങളോട് ദയ കാണിക്കുന്നതും അത് കൊണ്ട് തന്നെ. ബാക്കി തൊണ്ണൂററിഒമ്പത് ഭാഗവും ഖിയാമത്ത് നാളിൽ തന്റെ അടിയാൻമാർക്ക് കരുണ ചെയ്വാനായി അവൻ കരുതിവെച്ചിരിക്കുകയാണ്. ഹാ! അല്ലാഹുവിന്റെ കാരുണ്യം എത്ര വിശാലം!

الحمد لله رب العالمين (സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും.) എന്നാണല്ലോ ആദ്യത്തെ വചനം. സ്തുതി കീർത്തനങ്ങളുടെ ഏതു വകുപ്പ് പരിശോധിച്ചാലും ശരി, സ്തുതി ഏതുകാര്യത്തിന്റെ പേരിലായാലും ശരി, യഥാർത്ഥത്തിൽ ആ സ്തുതിക്കുള്ള കാരണക്കർത്താവും, ആ കാര്യത്തിന്റെ ഉത്ഭവകേന്ദ്രവും അല്ലാഹുവായിരിക്കുമെന്ന് കാണാം. ഉദാഹരണമായി: ഒരാളെ അയാളുടെ ഔദാര്യത്തിന്റെ പേരിൽ നാം സ്തുതിക്കുന്നുവെന്നു വിചാരിക്കുക. അയാളെ സൃഷ്ടിച്ചത്, ഉദാരശീലനാക്കിയത്, ഔദാര്യം ചെയ്യാനുള്ള വക അയാൾക്ക് നൽകിയത്, അത് മററുള്ളവർക്ക് പ്രയോജനപ്പെടുമാറാക്കിയത്, അത് അയാളുടെ സൽകർമ്മമായി അംഗീകരിക്കുന്നത് എന്നിങ്ങിനെ അതുമായി ബന്ധപ്പെട്ട എത്രയോ കാര്യങ്ങളുടെ കർത്താവ് അല്ലാഹുവല്ലാതെ മററാരാണ്?! അപ്പോൾ, എല്ലാ സ്തുതികർമ്മങ്ങളുടെയും അർഹൻ യഥാർത്ഥത്തിൽ അവൻ തന്നെ.

ഒരാൾ തന്റെ ഉദ്ദേശ്യമനുസരിച്ച് ചെയ്യുന്ന സൽകാര്യങ്ങളെ മുൻനിറുത്തി അയാളെ പ്രശംസിക്കുക എന്നാണ് حمد (സ്തുതി) കൊണ്ട് വിവക്ഷ. അതിൽ ال (അൽ) എന്ന അവ്യയം ചേർന്നപ്പോൾ സ്തുതിയുടെ ഇനത്തിൽപെട്ടതെല്ലാം അതിലുൾപ്പെടുന്നു. അതു കൊണ്ടാണ് الحمد എന്ന വാക്കിന് 'സർവ്വസ്തുതിയും' സ്തുതി മുഴുവനും എന്നൊക്കെ അർത്ഥം കല്പിക്കപ്പെടുന്നത്.* സ്വന്തം ഉദ്ദേശ്യപ്രകാരമല്ലാതെയുണ്ടാകുന്ന നല്ല കാര്യങ്ങളെപ്പററി പുകഴ്ത്തിപ്പറയുന്നതിന് حمد (സ്തുതി) എന്ന് പറയാറില്ല. അതിന്ന് مدح (പ്രശംസ) എന്നാണ് പറയപ്പെടുക. ഈ വാക്കാകട്ടെ, ഉദ്ദേശ്യപൂർവ്വവും അല്ലാതെയും ഉണ്ടാകുന്ന എല്ലാ നല്ല കാര്യങ്ങളിലും ഉപയോഗിക്കപ്പെടുകയും ചെയ്യും. ഉദാഹരണം: ജ്ഞാനം, പരസഹായം, ഭയഭക്തി, കൃത്യനിഷ്ഠ ആദിയായ ഗുണങ്ങളെപ്പററി പുകഴ്ത്തുന്നതിന് حمد (സ്തുതി) എന്നും مدح (പ്രശംസ) എന്നും പറയാം. എന്നാൽ സൗന്ദര്യം, ശബ്ദഗുണം, ശരീരവടിവ് പോലെയുള്ളവയെപ്പററി പുകഴ്ത്തുന്നതിന് مدح (പ്രശംസ) എന്നല്ലാതെ حمد (സ്തുതി) എന്നു പറയാറില്ല. ഒരാളിൽ നിന്ന് ലഭിച്ച ഏതെങ്കിലും ഉപകാരത്തിന്റെ പേരിൽ അയാളെ പ്രശംസിക്കുന്നതിന്ന് شكر (നന്ദി) എന്ന് പറയപ്പെടുന്നു. നന്ദിയാകട്ടെ, വാഗ്മൂലം മാത്രമല്ല, മനസ്സുകൊണ്ടും പ്രവൃത്തി മുഖേനയും പ്രകടിപ്പിക്കാവുന്നതുമാണ്. മേൽ വിവരിച്ചതിൽ നിന്ന് ഈ മൂന്ന് വാക്കുകളും തമ്മിൽ ചില സന്ദർഭങ്ങളിൽ യോജിപ്പും, ചില സന്ദർഭങ്ങളിൽ വിയോജിപ്പും ഉണ്ടാവാമെന്ന് മനസ്സിലാക്കാമല്ലോ. യോജിപ്പിന്റെ വശങ്ങളെ പരിഗണിച്ച് കൊണ്ടാണ് ഈ മൂന്ന് പദങ്ങളെയും ചിലർ പര്യായ പദങ്ങൾ എന്നോണം ഉപയോഗിച്ചു കാണുന്നത്. ഈ ഉപയോഗം ചിലപ്പോൾ, ആശയക്കുഴപ്പത്തിന് കാരണമാകാറുള്ളത്

* ഇംഗ്ലീഷിലെ The എന്ന അവ്യയത്തിന്റെ സ്ഥാനമാണു അറബിയിലെ ال എന്ന അവ്യയത്തിനുള്ളത്. മലയാളത്തിൽ ഇതിന്റെ സ്ഥാനത്ത് നിൽക്കുന്ന വാക്കുകളില്ല. ഒരു സാമാന്യ نكرة നാമത്തിൽ ال ചേരുമ്പോൾ അതിന്റെ സാമാന്യത്വം നീങ്ങി അതൊരു പ്രത്യോകാർത്ഥമുള്ളതായിത്തീരുന്നു. ഉദാഹരണം: قلم എന്നാൽ ഏതെങ്കിലും ഒരു പേനയും القلم എന്നാൽ ഒരു പ്രത്യേക പേനയോ, പേനയുടെ വർഗമോ ആയിരിക്കും ഉദ്ദേശ്യം. കൂടുതൽ വിവരം ഭാഷാ സാഹിത്യശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നറിയേണ്ടതാകുന്നു.

കൊണ്ടാണ് ഈ വാക്കുകളെക്കുറിച്ച് ഇത്രയും വിവരിച്ചത്.

എല്ലാ സ്തുതിയും അല്ലാഹുവിന് തന്നെയാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കുവാൻ പോരുന്ന അവൻെറ ചില ഉൽകൃഷ്ട ഗുണവിശേഷങ്ങളാണ് തുടർന്ന് പ്രസ്താവിച്ചിരിക്കുന്നത് رب العالمين (ലോകരുടെ രക്ഷിതാവ്) الرحمن (പരമകാരുണികൻ) الرحيم (കരുണാനിധി.) مالك يوم الدين (പ്രതിഫലദിനത്തിൻെറ ഉടമസ്ഥൻ) ഇവയാണത്. ഈ ഓരോ വിശേഷണങ്ങളിലും അടങ്ങിയിട്ടുള്ള സാരങ്ങളുടെ വൈപുല്യം ആലോചിക്കുന്നപക്ഷം, സ്തുതി മുഴുവനും അല്ലാഹുവിനാണെന്നു പറഞ്ഞത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

رب (റബ്ബ്) എന്ന വാക്കിനു 'രക്ഷിതാവ്, പരിപാലകൻ, വളർത്തുന്നവൻ, യജമാനൻ' എന്നിങ്ങനെയും 'ഉടമസ്ഥൻ, കൈകാര്യം നടത്തുന്നവൻ' എന്നിങ്ങനെയും അർത്ഥങ്ങൾ വരും. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഈ എല്ലാ അർത്ഥത്തിലും അവൻ റബ്ബു തന്നെ. 'ലോകം' എന്നർത്ഥമായ عالم (ആലമു)ൻെറ ബഹുവചനമാണ് عالمين (ആലമീൻ). ഈ ബഹുവചനരൂപം ബുദ്ധി ജീവികളിലാണ് സാധാരണ ഉപയോഗിക്കപ്പെടാറെങ്കിലും -ബുദ്ധിജീവികളെന്നോ മററു ജീവികളെന്നോ നിർജ്ജീവ വസ്തുക്കളെന്നോ വ്യത്യാസം കൂടാതെ-അഖില ലോകങ്ങളുടെയും റബ്ബ് എന്നത്രെ رب العالمين കൊണ്ടു വിവക്ഷ. മൂസാ (عليه السلام) നബിയും, ഹാറൂൻ (عليه السلام) നബിയും ഫിർഔൻെറ അടുക്കൽ ചെന്ന് انا رسول رب العالمين ('ഞങ്ങൾ റബ്ബുൽ ആലമീ'ൻെറ ദൂതൻമാരാണ്) എന്നു പറഞ്ഞപ്പോൾ ഫിർഔൻ ചോദിച്ചു: وما رب العالمين (എന്താണ് 'റബ്ബുൽ ആലമീൻ'?) ഇതിനു മൂസാ (عليه السلام) നൽകിയ മറുപടി رب السموت والارض وما بينهما (ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിൽ ഉള്ളവയുടെയും റബ്ബ്) എന്നായിരുന്നു. (ശുഅറാഉ് : 16, 23, 24.)

الرحمن , الرحيم (പരമകാരുണികൻ, കരുണാനിധി) എന്നിവയെപ്പററി ബിസ്മിയുടെ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞു. ബിസ്മി ഈ സൂറത്തിലെ ഒരു ആയത്താണെന്ന അഭിപ്രായം സ്വീകരിച്ചാലും ഈ രണ്ടു തിരുനാമങ്ങൾ വീണ്ടും ഇവിടെആവർത്തിച്ചത് കേവലം ഒരു ആലങ്കാരികമായ ഉദ്ദേശത്തിലൊന്നുമല്ല. അല്ലാഹുവിൻെറ മാനത്തിൽ ഖുർആൻ പാരായണം ആരംഭിക്കുന്നതിലടങ്ങിയ തത്വങ്ങളെ സൂചിപ്പിച്ചുകൊണ്ടായിരുന്നു ബിസ്മിയിൽ ആ വിശേഷണങ്ങൾ. ഇവിടെയാകട്ടെ, സ്തുതികീർത്തനങ്ങളെല്ലാം എന്തുകൊണ്ട് അല്ലാഹുവിന് അവകാശപ്പെട്ടതായി എന്നുള്ളതിൻെറ പശ്ചാത്തലം ചൂണ്ടിക്കാട്ടുന്ന ഗുണവിശേഷങ്ങളുടെ കൂട്ടത്തിൽ, അവൻെറ കാരുണ്യത്തിനുള്ള സ്ഥാനം കൂടി എടുത്തു കാണിച്ചിരിക്കുകയാണ്.

'റഹ്മാൻ', 'റഹീം' എന്നീ രണ്ടു രൂപങ്ങളും അല്ലാഹുവിൻെറ അതിരറ്റ കാരുണ്യത്തെ പ്രകാശിപ്പിക്കുന്നവയാണെങ്കിലും, 'റഹ്മാൻ' എന്ന രൂപമാണ് കാരുണ്യത്തിൻെറ അതിവിശാലതയെ കൂടുതൽ ദ്യോതിപ്പിക്കുന്നത്. 'റഹ്മാൻ' എന്ന് അല്ലാഹുവിനെ കുറിച്ചല്ലാതെ മററാരെക്കുറിച്ചും ഉപയോഗിക്കപ്പെടാറില്ല. 'അല്ലാഹു' എന്ന സംജ്ഞാ നാമത്തെ കഴിച്ചാൽ പിന്നെ അവൻെറ നാമവിശേഷണങ്ങായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ഇതര നാമങ്ങളിൽവെച്ച് കൂടുതൽ സ്ഥാനം ഖുർആനിൽ കൽപിക്കപ്പെട്ടുകാണുന്നതും 'റഹ്മാൻ' എന്ന നാമത്തിനാകുന്നു. 'അല്ലാഹു' എന്ന നാമം പോലെ-മററു വിശേഷണങ്ങളൊന്നും കൂടാതെ -'അർ-റഹ്മാൻ' എന്ന നാമവും അല്ലാഹുവിന് ഉപയോഗിക്കപ്പെട്ടു കാണാം. (ഇസ്റാഉ് 110. സൂ: റഹ്മാൻ 1: ഫുർഖാൻ 59 മുതലായവയും വ്യാഖ്യാനവും നോക്കുക) അതുകൊണ്ടാണ്-നാമമായോ വിശേഷണമായോ-അല്ലാഹുവിനല്ലാതെ മററാർക്കും 'റഹ്മാൻ' എന്ന് ഉപയോഗിക്കുവാൻ പാടില്ലെന്ന് പണ്ഡിതൻമാർ പ്രസ്താവിക്കുന്നതും. നബി (صلى الله عليه وسلم) തിരുമേനിയുടെ കാലത്ത് യമാമയിൽ പ്രവാചകനായി അഭിനയിക്കുകയും, അബൂബക്കർ (رضي الله عنه)ൻെറ ഖിലാഫത്തു കാലത്ത് യുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്ത മുസൈലിമത്തുൽ

കദ്ദാബിനെ (കള്ളപ്രവാചകനായ മുസൈലിമയെ) കുറിച്ചല്ലാതെ ‘റഹ്മാന്‍’ എന്ന് പറയപ്പെട്ടതായി ചരിത്രമില്ല. അതും യമാമയിലെ റഹ്മാന്‍ (رحمن اليمامة) എന്ന ഉപാധിയോടുകൂടിയായിരുന്നു. [*]

അടുത്ത വിശേഷണമായി പറഞ്ഞത് مالك يوم الدين (പ്രതിഫല ദിവസത്തിന്‍റെ ഉടമസ്ഥന്‍) എന്നാണല്ലോ. دين (ദീന്‍) എന്ന പദത്തിനാണ് ഇവിടെ ‘പ്രതിഫലം’ എന്നര്‍ത്ഥം കൊടുത്തത്. കൂടാതെ, ‘മതം, നടപടിക്രമം, ആചാരം, വിചാരണ, നിയമനടപടി, അനുസരണം, പതിവ്’ എന്നിങ്ങിനെ സന്ദര്‍ഭമനുസരിച്ച് അതിന് പല അര്‍ത്ഥങ്ങളും വരും. സൃഷ്ടികളുടെ സകല കര്‍മ്മങ്ങളെയും സംബന്ധിച്ചു വിചാരണ നടത്തി തീരുമാനമെടുക്കുകയും, ഓരോരുത്തനും തക്ക പ്രതിഫലം നല്‍കുകയും ചെയ്യുന്ന ആ മഹാ ദിനമായ ഖിയാമത്തുനാളാണ് പ്രതിഫല ദിവസംകൊണ്ടു വിവക്ഷ. مالك (മാലികി) എന്നതിന്‍റെ സ്ഥാനത്ത് ملك (മലികി) എന്നും വായനയുണ്ട്. [†] പ്രതിഫലദിവസത്തിന്‍റെ രാജാവ് എന്നായിരിക്കും അപ്പോള്‍ വാക്കര്‍ത്ഥം . രണ്ടായാലും ആ ദിവസത്തിലെ സര്‍വ്വാധിപതിയും, ഏകാധിപതിയും അല്ലാഹു മാത്രമായിരിക്കുമെന്ന് താല്‍പര്യം. പ്രതിഫലത്തിന്‍റെ ദിവസമെന്നാലെന്താണ് എന്ന് നിനക്കറിയാമോ എന്ന് ചോദിച്ചുകൊണ്ട് സൂറത്തുല്‍ ഇന്‍ഫിത്വാറില്‍ അല്ലാഹു പറയുന്നു: يوم لا تملك نفس لنفس شيأ والامر يومئذ لله – الانفطار ١٩ (സാരം: ഒരാള്‍ക്കുംതന്നെ മറ്റൊരാള്‍ക്കുംവേണ്ടി യാതൊന്നും ചെയ്യാന്‍ കഴിയാത്ത ദിവസം! അന്ന് കാര്യം-അഥവാ അധികാരം-അല്ലാഹുവിനായിരിക്കും.)

കേവലം മൂന്ന് ചെറുവാക്യങ്ങളിലായി എടുത്തുകാണിച്ച ഈ നാല് വിശേഷണങ്ങളില്‍ ഓരോന്നും ദ്യോതിപ്പിക്കുന്ന അര്‍ത്ഥ സാരങ്ങളുടെ അഗാധതയും, വൈപുല്യവും മനസ്സിരുത്തുന്നപക്ഷം, എല്ലാ സ്തുതികീര്‍ത്തനങ്ങള്‍ക്കും യഥാര്‍ത്ഥത്തില്‍ അര്‍ഹനായുള്ളവന്‍ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് തികച്ചും ബോധ്യപ്പെടുന്നതാണ്. അല്ലാഹുവിന്‍റെ ഈ നാലു ഉല്‍കൃഷ്ട ഗുണങ്ങളെയും ഓര്‍മ്മിച്ചുകൊണ്ട് ഒരു അടിയാന്‍ അവന് സ്തുതി കീര്‍ത്തനം ചെയ്യുമ്പോള്‍, തന്‍റെ മുമ്പിലും, തന്‍റെ സമീപത്തും അല്ലാഹു സ്ഥിതി ചെയ്യുന്നുണ്ടെന്നുള്ള ഒരു പ്രതീതി ആ അടിയാന്‍റെ മനസ്സില്‍ പ്രകടമാകുന്നതാണ്. അങ്ങനെ, അല്ലാഹുവിനെ അഭിമുഖീകരിച്ചുകൊണ്ട് അവന്‍ പറയുകയാണ്: اياك نعبد واياك نستعين (നിന്നെമാത്രം ഞങ്ങള്‍-ഞാനും എന്നെപ്പോലെയുള്ള സത്യവിശ്വാസികളെല്ലാവരും -ആരാധിക്കുന്നു: നിന്നോട് തന്നെ ഞങ്ങള്‍ സഹായം തേടുകയും ചെയ്യുന്നു, അതെ, മേല്‍ പ്രസ്താവിച്ച അത്യുല്‍കൃഷ്ടഗുണങ്ങളോട് കൂടിയവന്‍ നീയല്ലാതെ ആരുമില്ലെന്ന് ഞങ്ങള്‍ക്ക് ബോധ്യമാണ്; അത്കൊണ്ട് ഞങ്ങളുടെ ആരാധനകളും, സഹായാര്‍ത്ഥനകളും നിന്‍റെ മുമ്പില്‍ മാത്രമേ ഞങ്ങള്‍ അര്‍പ്പിക്കുകയുള്ളുവെന്ന് ഞങ്ങളിതാ ഉറപ്പിച്ചു പറയുന്നു എന്ന് താല്‍പര്യം.

نعبد എന്ന ക്രിയയുടെ മൂല ധാതുവായ عبادة (ഇബാദത്ത്)ന്‍റെ വിവര്‍ത്തനമായിട്ടാണ് ‘ആരാധന’ എന്ന വാക്ക് നാം ഉപയോഗിച്ചിരിക്കുന്നത് نستعين എന്ന ക്രിയയുടെ മൂലധാതുവായ. استعانة (ഇസ്തിആനത്ത്) ന്‍റെ വിവര്‍ത്തനമായി ‘സഹായം തേടുക’ എന്നും ഉപയോഗിച്ചിരിക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും പ്രബോധന വിഷയങ്ങളില്‍ വെച്ച് ഏറ്റവും മൗലിക പ്രധാനമായ വിഷയം തൗഹീദ് (ഏക ദൈവസിദ്ധാന്തം)ആണല്ലോ. തൗ

---

[*] അബ്ദുറഹ്മാന്‍’ എന്നതിന്‍റെ സ്ഥാനത്ത് ‘എ. റഹ്മാന്‍’ പോലെയുള്ള പ്രയോഗം നന്നല്ല. അല്ലാഹുവിന് മാത്രം യോജിക്കുന്ന നാമവിശേഷണങ്ങളെല്ലാംതന്നെ സൃഷ്ടികളുടെ പേരായി ഉപയോഗിക്കുന്നത് സൂക്ഷിക്കേണ്ടതാകുന്നു. ഇതെല്ലാം അല്ലാഹുവിനോടുള്ള അനാദരവായിരിക്കുന്നതാണ്.

[†] ഇതുപോലെ ഖുര്‍ആനില്‍ ചില സ്ഥലത്ത് കാണപ്പെടുന്ന വായനാവ്യത്യാസങ്ങളെപ്പറ്റി മുഖവുരയില്‍ വിവരിച്ചിട്ടുള്ളത് നോക്കുക.

ഹീദിൻെറ കാതലായ വശമത്രെ ആരാധനയിലും, സഹായാർത്ഥനയിലുമുള്ള തൗഹീദ്. എന്നാൽ പിൽകാല മുസ്ലിംകൾക്കിടയിൽ വളരെയേറെ തെററുധാരണയും വ്യതിയാനവും വന്നുപോയിട്ടുള്ള വിഷയവും അതാണ്. അങ്ങിനെ, തൗഹീദിൻെറ അടിത്തറക്കുതന്നെയും കോട്ടം തട്ടിക്കുന്ന എത്രയോ അന്ധവിശ്വാസങ്ങളും, ആശയാദർശങ്ങളും, ആചാരാനുഷ്ഠാനങ്ങളും സമുദായമദ്ധ്യേ കടന്ന് കൂടിയിരിക്കുന്നു. ഒരു പൂർണ്ണമായ ശുദ്ധീകരണത്തിന് സാധ്യമാകാത്ത വിധം സമുദായത്തിൽ അവ വേരൂന്നിക്കഴിഞ്ഞിരിക്കുകയാണ്. معاذ الله (അല്ലാഹുവിൽ ശരണം!)

നിഘണ്ടുക്കൾ പരിശോധിച്ചാൽ 'ഇബാദത്ത് ' (عبادة) എന്ന പദത്തിനു പല അർത്ഥങ്ങളും കാണാം. 'അനുസരണം, പുണ്യകർമ്മം, കീഴ്പ്പെടൽ, ഭക്തി അർപ്പിക്കൽ, വഴിപാട്, താഴ്മ പ്രകടിപ്പിക്കൽ' എന്നിങ്ങിനെയും 'വണക്കം, ആരാധന, പൂജ, സേവ, പ്രീതിപ്പെടുത്തൽ, എന്നിങ്ങിനെയും അർത്ഥങ്ങൾ കാണും. * ഈ അർത്ഥങ്ങളിലെല്ലാം തന്നെ വിനയത്തിൻെറയും താഴ്മയുടെയും അംശം അന്തർഭവിച്ചു കാണാം. എന്നാൽ 'ശറഇ'ൻെറ (മതത്തിൻെറ) സാങ്കേതികാർത്ഥത്തിലുള്ള അതിൻെറ ഉദ്ദേശ്യം ശരിക്കും വ്യക്തമാക്കുന്ന ഒററ വാക്ക് മലയാളത്തിൽ കാണുന്നില്ല. ഉള്ളവയിൽവെച്ച് കൂടുതൽ അനുയോജ്യമായതെന്ന നിലക്ക് 'ആരാധന' എന്ന് പരക്കെ അതിനു വിവർത്തനം നൽകപ്പെട്ടുവരുന്നു. താഴ്മയുടെയും ഭക്തി ബഹുമാനത്തിൻെറയും അങ്ങേ അററം പ്രകടിപ്പിക്കുക اقصى غاية التذلل والخشوع എന്നാണ് മതത്തിൽ അതിനു അംഗീകരിക്കപ്പെട്ടുവരുന്ന വിവക്ഷ. ഖുർആൻ വ്യാഖ്യാതാക്കളും, ഇസ്ലാമിലെ പണ്ഡിത ശ്രേഷ്ഠൻമാരും -വാക്കുകളിൽ അൽപ സ്വൽപ വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും-മുൻകാലം മുതൽക്കേ 'ഇബാദത്തി'നു നൽകി വരുന്ന നിർവചനം അതാണ്.

ഭാഷാപരമായും മതപരമായുമുള്ള അതിൻെറ അർത്ഥങ്ങളെപ്പററി ഇമാം ഇബ്നുകഥീർ (رحمه الله) അദ്ദേഹത്തിൻെറ പ്രസിദ്ധ തഫ്സീർ ഗ്രന്ഥത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: — العبادة فى اللغة من الذلة يقال طريق معبد اي مذلل وفى الشرع عبارة عما يجمع كمال المحبة والخضوع والخوف

സാരം: 'ഭാഷയിൽ 'ഇബാദത്ത് ' എന്നാൽ, നിന്ദ്യതയിൽ-അഥവാ താഴ്മയിൽ-നിന്നുണ്ടാകുന്നതാണ്. 'മുഅബ്ബദായ' വഴി എന്നും 'മുഅബ്ബദായ' ഒട്ടകം എന്നും പറയപ്പെടാറുണ്ട്. അതായത് 'മുദല്ലലായ' (അധികമായി ഉപയോഗിച്ച് ഒതുക്കവും പാകതയും വരുത്തപ്പെട്ട)ത് എന്നർത്ഥം. 'ശറഇ'ലാകട്ടെ, സ്നേഹത്തിൻെറയും, ഭക്തിയുടെയും, ഭയത്തിൻെറയും പൂർണ്ണതയെ ഒരുമിച്ച് കൂട്ടുന്ന (ഒത്തിണക്കുന്ന) കാര്യത്തിന് പറയപ്പെടുന്ന വാക്കാണത്'. താഴ്മയിൽ നിന്നും, വിനയത്തിൽനിന്നും മാത്രമല്ല-സ്നേഹത്തിൽ നിന്നും ഭയപ്പാടിൽനിന്നും കൂടിയാണ്-ഇബാദത്ത് രൂപം കൊള്ളുന്നതെന്നത്രെ ഇബ്നു കഥീർ (رحمه الله) ചൂണ്ടിക്കാട്ടുന്നത്. അപ്പോഴേ താഴ്മയും ഭക്തിബഹുമാനവും അങ്ങേ അററത്തേതാകുകയുള്ളു എന്നാണതിൻെറ സൂചന. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവർ അവരുടെ ആരാധ്യവസ്തുക്കളെ അത്യധികം സ്നേഹിക്കുകയും, ഭയപ്പെടുകയും ചെയ്യുന്നതിൽ നിന്നാണ് അവയോടുള്ളതാഴ്മയും ഭക്തിയും ഉടലെടുക്കുന്നതും. സാധാരണമായ കാര്യകാരണബന്ധങ്ങൾക്കതീതമായി ഏതെങ്കിലും അദൃശ്യ ശക്തി ഒരു വസ്തുവിലുണ്ടെന്ന് വിശ്വസിക്കപ്പെടുമ്പോഴായിരിക്കും അതിനെക്കുറിച്ചുള്ള സ്നേഹവും ഭയവും അത്യധികമായിത്തീരുന്നത്. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഈ വിശ്വാസത്തിൽനിന്ന് ഉടലെടുക്കുന്ന താഴ്മയുടെയും, ഭക്തിബഹുമാനത്തിൻെറയും പ്രകടനമാണ് ഇബാദത്താകുന്ന ആരാധന. സയ്യിദു റശീദുരിളാ മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ സ്നേഹം കൊണ്ടോ പ്രേമം കൊണ്ടോ ഒരാൾ മറെറാരാൾക്ക് ചെയ്യുന്ന താഴ്മയും, അധികാരശക്തിയോ അക്രമമോ ഭയന്നോ, വല്ല കാര്യ

* الطاعة ، الخضوع ، الخشوع ، التذلل ، التنسك ، ونحوها Worship, adoration, piety, servitude, godliness, submission മുതലായവയും `

ലാഭവും പ്രതീക്ഷിച്ചോ ഒരാൾ മററൊരാൾക്ക് ചെയ്യുന്ന താഴ്മയും -അതെത്ര വമ്പിച്ചതായാലും-അതിനൊന്നും 'ഇബാദത്ത് ' എന്ന് പറയപ്പെടാറില്ല. കാരണം, അവയൊന്നും അദൃശ്യമായ ഒരു കഴിവിലുള്ള വിശ്വാസത്തിൽ നിന്ന് ഉടലെടുത്തതല്ല.

സ്നേഹത്തിൻെറയും ഭയഭക്തിയുടെയും സമ്മേളനത്തിൽ നിന്നാണ് ഇബാദത്തിൻെറ ഉത്ഭവമെന്ന് വരുമ്പോൾ, ഇബാദത്ത് ചെയ്യപ്പെടുന്ന ആളുടെ-അല്ലെങ്കിൽ വസ്തുവിൻെറ-കൽപനാ നിർദ്ദേശമനുസരിച്ചോ, അറിവോടും തൃപ്തിയോടും കൂടിയോ ഉണ്ടാകുന്ന പ്രകടനങ്ങളെ ഇബാദത്താകുകയുള്ളുവെന്നില്ലെന്ന് വ്യക്തമാണ്. അത്രയുമല്ല, ചിലപ്പോൾ ആരാധ്യൻെറ ഉപദേശനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിപോലും അതുണ്ടാവാം. മരണപ്പെട്ടു പോയ മഹാത്മാക്കൾക്ക് പലരും ഇബാദത്ത് ചെയ്തുവരുന്നുണ്ട്. ആ മഹാത്മാക്കൾ അതറിയുകയോ തൃപ്തിപ്പെടുകയോ ചെയ്യുന്നില്ല. ഈസാ (عليه السلام) നബിക്ക് കൃസ്ത്യാനികൾ ഇബാദത്ത് ചെയ്യുന്നു. അതദ്ദേഹം ഇഷ്ടപ്പെടുന്നില്ലെന്നു മാത്രമല്ല, അദ്ദേഹം പ്രബോധനം ചെയ്തിരുന്ന തൗഹീദിനു കടകവിരുദ്ധവുമാണത്. വിഗ്രഹങ്ങളാണെങ്കിൽ, തങ്ങളുടെ ആരാധകരെപ്പററിയോ, ആരാധനയെപ്പററിയോ അറിയുവാനുള്ള ഗ്രഹണശക്തിപോലും അവക്കില്ല. ചുരുക്കിപ്പറഞ്ഞാൽ, അങ്ങേയററത്തെ സ്നേഹം, ബഹുമാനം, ഭയം, ഭക്തി, താഴ്മ, വിനയം, അദൃശ്യമായ കഴിവിലുള്ള വിശ്വാസം ആദിയായവയുടെ സമ്മേളനത്തിൽ നിന്നാണ് ഇബാദത്ത് ഉരുത്തിരിയുന്നത്.

അല്ലാഹു പറയുന്നു: ومن الناس من يتخذ من دون الله اندادا يحبونهم كحب الله الخ (മനുഷ്യരിലുണ്ട് ചിലർ: അവർ അല്ലാഹുവിനുപുറമെ ചില സമൻമാരെ സ്വീകരിക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ അവരെ സ്നേഹിക്കുന്നു. വിശ്വസിച്ചവരാകട്ടെ, അല്ലാഹുവിനോടു ഏററവും ശക്തിമത്തായ സ്നേഹമുള്ളവരായിരിക്കും. (അൽബഖറ: 165 .) വീണ്ടും പറയുന്നു: قل ان كنتم تحبون الله فاتبعوني يحببكم الله الخ (പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിച്ചു വരുന്നുവെങ്കിൽ നിങ്ങൾ എന്നെ പിൻപററുവിൻ. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തുതരുകയും ചെയ്യുന്നതാണ്. (ആലുഇംറാൻ, 31.) ബഹുദൈവവിശ്വാസികളെ സംബന്ധിച്ചു മററൊരിടത്തു പറയുന്നു: **ويخوفونك بالذين من دونه** (അല്ലാഹുവിനു പുറമെയുള്ളവരെക്കുറിച്ചു അവർ നിന്നെ ഭയപ്പെടുത്തുന്നു (സുമർ, 36.) സത്യവിശ്വാസികളോടായി പറയുന്നു: وخافون ان كنتم مؤمنين (നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ എന്നെ ഭയപ്പെടുവീൻ (ആലുഇംറാൻ, 175.)

ഈ അടുത്തകാലംവരെ മുസ്ലിംകൾക്കിടയിലും ഇസ്ലാമിക വിജ്ഞാന സാഹിത്യങ്ങളിലും 'ഇബാദത്തി'ന് പൊതുവെ അംഗീകരിക്കപ്പെട്ടുവന്ന മേൽകണ്ട അർത്ഥ വിവരണങ്ങൾക്ക് വിരുദ്ധമായി ഇപ്പോൾ ചില കക്ഷികൾ അതിന് 'അനുസരണം' എന്നും മററുമൊക്കെ അർത്ഥം കൽപ്പിക്കുകയും, തദടിസ്ഥാനത്തിൽ അവരുടേതായ പല പുതിയ വാദഗതികളും പുറപ്പെടുവിക്കുകയും ചെയ്യുന്നത് പൊതുവെ അറിയാവുന്നതാണല്ലോ. ആ അർത്ഥത്തപ്പററിയും അതിലടങ്ങിയ വൈകല്യങ്ങളെപ്പററിയും ഇവിടെ ഒരു ചർച്ചക്ക് മുതിരുന്നില്ല. മുതിരുന്നപക്ഷം അത് കുറേ ദീർഘിച്ചുപോകും. പല പണ്ഡിതൻമാരും, ഗ്രന്ഥകർത്താക്കളും അതിനെ ഖണ്ഡിക്കുകയും വിമർശിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. സത്യാന്വേഷികൾക്ക് കാര്യം ഗ്രഹിക്കുവാൻ മുകളിൽ വിവരിച്ചതുകൊണ്ട് തന്നെ സാധിക്കുകയും ചെയ്യും. ان شاء الله

عبادة (ഇബാദത്തി)ന്ന് അർത്ഥം പറയുമ്പോൾ ചില പണ്ഡിതൻമാർ അറബിയിൽ അതിന്ന് **طاعة** (ത്വാഅത്ത്) എന്ന് പറഞ്ഞു കാണും. ഈ വാക്കിന്ന് 'അനുസരണം' എന്നർത്ഥമുണ്ട് താനും. ഇതാണ് ഇക്കൂട്ടർ അതിന് എടുത്തു കാണിക്കാറുള്ള ഒരു പ്രധാന തെളിവ്. വാസ്തവത്തിൽ കൽപന അനുസരിക്കുക എന്ന അർത്ഥത്തിലല്ല അവർ അത്

ഉപയോഗിക്കാറുള്ളത്. പുണ്യപ്പെട്ട കാര്യം-അഥവാ സ്വമേധയാ ചെയ്യുന്ന സൽക്കർമ്മം-എന്ന അർത്ഥത്തിലാണ് അവരത് ഉപയോഗിക്കുന്നത്. കൽപന അനുസരിക്കുക-അല്ലെങ്കിൽ നിയമം അനുസരിക്കുക-എന്ന അർത്ഥത്തിലാകുമ്പോൾ അതിൻെറ ക്രിയാരൂപം اطاع (അത്വാഅ) എന്നായിരിക്കും. * പുണ്യം ചെയ്യുകയെന്നും സ്വമേധയാ നല്ല കാര്യം ചെയ്യുകയെന്നും അർത്ഥമാകുമ്പോൾ ക്രിയ تطوع (തത്വവ്വഅ) എന്നായിരിക്കും ഉപയോഗിക്കുക പതിവ്. ഐച്ഛികമായ (സുന്നത്ത്) നമസ്കാരം പോലെയുള്ള നിർബ്ബന്ധമല്ലാത്ത പുണ്യകർമ്മം ചെയ്യുക എന്നാണ് അതിൻെറ സുപരിചിതമായ അർത്ഥമെന്ന് ഇമാം റാഗിബ് (ﷺ) പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഏതാണ്ട് അതുപോലെത്തന്നെ ഖാമൂസ് എന്ന പ്രസിദ്ധ നിഘണ്ടുവിൽ അതിൻെറ കർത്താവ് ഫൈറൂസാബാദീ (ﷺ)യും പറഞ്ഞുകാണാം. 2:15ലും, 2: 184ലും കാണാവുന്നതുപോലെ تطوع خيرا എന്നു പറയുമ്പോൾ നിർബന്ധമല്ലാത്ത നല്ല കാര്യം സ്വമേധയാ ചെയ്തു എന്നല്ലാതെ-നല്ലതായ അനുസരണം അനുസരിച്ചു എന്ന്-അർത്ഥം വരുന്നതല്ല. ആരും അങ്ങിനെ പറയാറുമില്ല.

ഖുർആൻെറ വാക്കർത്ഥങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ടതും എല്ലാവരും അംഗീകരിച്ചു വരുന്നതുമായ വിലപ്പെട്ട ഒരു നിഘണ്ടുവാണ് ഇമാം റാഗിബ് (ﷺ) ൻെറ 'അൽമുഫ്റദാത്ത്' المفردات അതിൽ അദ്ദേഹം പറയുന്നു:

العبودية اظهار التذلل والعبادةابلغ لا نهاغاية التذلل ولا يستحقهاالا من له غاية الافضال وهو اللّٰه تعالى ولهذا قال لا تعبدوا الا اياه

(ഉബൂദിയ്യത്ത്- അടിമത്വം-എന്നാൽ താഴ്മ പ്രകടിപ്പിക്കലാണ്. 'ഇബാദത്ത്' അതിനേക്കാൾ ശക്തിയേറിയതാണ്. കാരണം, അത് അങ്ങേ അറ്റത്തെ താഴ്മ കാണിക്കലാണ്. അങ്ങേ അറ്റം അനുഗ്രഹം ചെയ്യുവാൻ കഴിവുള്ളവനല്ലാതെ അതിന് അവകാശമില്ല. അത് അല്ലാഹുവാണ് താനും. അതുകൊണ്ടാണ് അവനല്ലാതെ ഇബാദത്ത് ചെയ്യരുതെന്ന് അവൻ പറഞ്ഞിരിക്കുന്നതും.) ഇതിൽനിന്ന് 'ഇബാദത്തും,' 'ഉബൂദിയ്യത്തും' (العبادة والعبودية) തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു. അതായത്, ഉബൂദിയ്യത്തിനെക്കാൾ പ്രത്യേകമായതും, ഉബൂദിയ്യത്തിനെക്കാൾ ശക്തമായതും «اخص منها وابلغ» ആയ ഒന്നാണ് ഇബാദത്ത്. മാത്രമല്ല عبد (അബദ) എന്ന ക്രിയക്ക് മാത്രമേ 'ഇബാദത്ത്' എന്ന ധാതുരൂപം വരുകയുള്ളൂ. 'ഉബൂദിയ്യത്ത്' ആകട്ടെ عبد, عبد (മദ്ധ്യത്തിലെ അക്ഷരത്തിന് 'അ' കാരമായും 'ഉ'കാരമായും) എന്നീ രണ്ട് ക്രിയാരൂപങ്ങളുടെയും ധാതുരൂപമായി വരുകയും ചെയ്യും. عبد (بالفتح) യുടെ ധാതുവാകുമ്പോൾ അതിനും 'ഇബാദത്തി'ൻെറ അർത്ഥം തന്നെയായിരിക്കും. അപ്പോൾ അത് സകർമ്മക രൂപത്തിലുള്ളതും (متعدى) ആയിരിക്കും. عبد (بالضم)യുടേതാകുമ്പോൾ അടിമത്വം എന്നുമായിരിക്കും അർത്ഥം. ഇപ്പോൾ ആ ക്രിയ അകർമ്മക ക്രിയയും (لازم) ആയിരിക്കും . ചുരുക്കിപ്പറഞ്ഞാൽ, 'അബദ' എന്ന ക്രിയയും അതിൽനിന്നുള്ള പദങ്ങളും ആരാധിക്കുക എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. 'അബുദ' എന്ന ക്രിയയും അതിൽനിന്നുള്ള പദങ്ങളും അടിമത്വം-അഥവാ അടിമയായിരിക്കൽ-എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. 'ഉബൂദിയ്യത്ത്' ആകട്ടെ രണ്ട് ക്രിയാരൂപങ്ങളുടെയും ധാതുവായിവരുന്നതുകൊണ്ട് 'ആരാധന' എന്നും 'അടിമത്വം' എന്നുമുള്ള അർത്ഥങ്ങളിലും വരും. ഈ വ്യത്യാസങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കാതിരിക്കുകയോ, ഗൗനിക്കാതിരിക്കുകയോ ചെയ്യുന്നത് കൊണ്ടാണ് عبادة എന്നവാക്കിന് ഭാഷാർത്ഥങ്ങൾ പറയുമ്പോൾ, 'അടിമത്വം, അടിമവേല, അടിമവൃത്തി' എന്നുമൊക്കെ അർത്ഥം പറയപ്പെട്ടു വരുന്നത്. വാസ്തവത്തിൽ عبودية നല്ലാതെ عبادة നു അങ്ങിനെ ഭാഷയിലും അർത്ഥമില്ല.

അങ്ങേഅറ്റത്തെ സ്നേഹബഹുമാനത്തിനും, ഭയഭക്തിക്കും അർഹനായുള്ള ഏക മഹാശക്തി അല്ലാഹു മാത്രമാണെന്ന് മേൽ പ്രസ്താവിച്ച നാല് ഗുണവിശേഷണങ്ങളിൽനിന്നും

---

* قال فى المنجد : يقال امره فاطاع بالا لف لا غير وقال اطاعه اطاعة وطاعة انقادله

സ്പഷ്ടമായല്ലോ. അതിനെത്തുടർന്ന് ആരാധനക്കും സഹായാർത്ഥനക്കും യഥാർത്ഥത്തിൽ അർഹനായുള്ളവൻ നീ ഒരുവനേയുള്ളുവെന്ന് ഏറ്റുപറയലും മറ്റാരുടെ മുമ്പിലും അത് രണ്ടും ഞങ്ങൾ സമർപ്പിക്കുകയില്ലെന്ന പ്രതിജ്ഞയുമാണ് ഈ (4-ാം) വചനത്തിൽ അടങ്ങിയിരിക്കുന്നത്. നമസ്കാരത്തിലും, നമസ്കാരത്തിനു പുറത്തുമായി ഓരോ സത്യ വിശ്വാസിയും പല പ്രാവശ്യം ഇതാവർത്തിച്ചു പറയേണ്ടതുണ്ട്. അല്ലാഹുവിൻെറ സുതികീർത്തനമായി ആരംഭിക്കുകയും, അവനോടുള്ള മഹത്തായ ഒരു പ്രാർത്ഥനയായി അവസാനിക്കുകയും ചെയ്യുന്ന (അതെ, സൂറത്തുൽ ഹംദ് എന്നും, സൂറത്തുദ്ദുആ എന്നും കൂടി പറയപ്പെടുന്ന) ഈ അദ്ധ്യായത്തിൽ ആ രണ്ടിനുമിടക്ക്വെച്ച് അവൻെറ അടിയാൻ അവനെ അഭിമുഖീകരിച്ചുകൊണ്ട് സമർപ്പിക്കുന്ന ഈ പ്രതിജ്ഞ എത്രത്തോളം ഗൗരവ മേറിയതാണെന്ന് ആലോചിച്ചുനോക്കുക! ഇത് കണക്കിലെടുത്തുകൊണ്ടാണ് 'സ്വകാര്യ സംഭാഷണത്തിൻെറ-അഥവാ കൂടിക്കാഴ്ചയുടെ-അദ്ധ്യായം (سورة المناجاة) എന്നു കൂടി ഈ സൂറത്തിന്നു പേർ പറയപ്പെട്ടിരിക്കുന്നത്.

ഇനി, وإياك نستعين (നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.) എന്ന വാക്യത്തെകുറിച്ചാണ് ചിലത് മനസ്സിലാക്കുവാനുള്ളത്. ഏതെല്ലാം കാര്യങ്ങളിലുള്ള സഹായത്തിന്നാണീ അർത്ഥിക്കുന്നതെന്ന് ഇതിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. ആ സ്ഥിതിക്ക് ഏതെല്ലാം കാര്യത്തിൽ സഹായത്തിന് ആവശ്യമായിരിക്കുമോ അതിലെല്ലാം സഹായമർത്ഥിക്കുന്നു എന്ന് വെക്കുവാനാണ് ന്യായം. സാഹിത്യശാസ്ത്രത്തി علم البلاغة ൽ അംഗീകരിക്കപ്പെട്ട പൊതുതത്വമാണിത്. മിക്കവാറും ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായവും ഇതുതന്നെ. ഇതിൻെറ തൊട്ടുമുമ്പത്തെ വാക്യത്തിൽ ആരാധനയെക്കുറിച്ച് പറഞ്ഞിരിക്കകൊണ്ട് ആരാധനാ കർമ്മങ്ങൾ യഥാവിധി സ്വീകരിക്കുവാനുള്ള സഹായാർത്ഥന ഇതിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്ന് തീർച്ചയായും പറയാം. മനുഷ്യൻെറ കടമകളിൽവെച്ച് പരമപ്രധാനമായ കടമയും അല്ലാഹുവിനെ മാത്രം ആരാധിക്കലാണല്ലോ. അത് വേണ്ടതുപോലെ നിറവേറ്റുവാനുള്ള ശേഷിയും, ഭാഗ്യവും, സാഹചര്യവുമെല്ലാം അല്ലാഹുവിൽനിന്നുതന്നെ ലഭിക്കേണ്ടതുമുണ്ട്. പക്ഷേ, അതുകൊണ്ട്-ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നതുപോലെ-അതിനുവേണ്ടി മാത്രമുള്ള സഹായാർത്ഥനയാണെന്നുവെച്ച് അതിനെ പരിമിതപ്പെടുത്തേണ്ടുന്ന ആവശ്യമില്ല.

ഐഹികം, പാരത്രികം, മതപരം, ലൗകികം എന്നിങ്ങനെയുള്ള തരവ്യത്യാസം കൂടാതെ സകല കാര്യങ്ങൾക്കും അല്ലാഹുവിൻെറ സഹായം അനിവാര്യമാകുന്നു. സാധാരണ ഗതിയിൽ സ്വന്തം കഴിവിലോ, മനുഷ്യകഴിവിലോ പെട്ടതായി കരുതപ്പെടുന്ന കാര്യങ്ങളും ഇതിൽനിന്നൊഴിവല്ലതന്നെ. ഒരു ഉദാഹരണം കൊണ്ട് ഇത് മനസ്സിലാക്കാം: എഴുത്തും വായനയും അറിയുന്ന ഒരാൾക്ക് ഒരു കത്തെഴുതുവാൻ ഒറ്റ നോട്ടത്തിൽ ഒരു പേന, അൽപം മഷി, ഒരു കടലാസ്സുകഷ്ണം ഇത്രയേ വേണ്ടൂ. അൽപം ആലോചിച്ചുനോക്കൂ. ആ പേന കയ്യിലെടുക്കുവാൻ, അത് പിടിച്ചെഴുതുവാൻ, ഉദ്ദിഷ്ട കാര്യങ്ങൾ മനസ്സിൽ തോന്നുവാൻ, അതിനുള്ള വാക്കുകൾ ഓർമ്മവരുവാൻ, അവ പിഴക്കാതെ രേഖപ്പെടുത്തുവാൻ-അങ്ങിനെ പലതും പലതും-അയാൾക്ക് സാദ്ധ്യമാകേണ്ടതുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്നിന് തടസ്സം നേരിടുമാറുള്ള കാര്യങ്ങളിൽനിന്ന് അയാൾ രക്ഷപ്പെട്ടിരിക്കേണ്ടതുമുണ്ട്. കൈക്ക് ഒരു വിറയൽ, അല്ലെങ്കിൽ ഒരു വേദന, അല്ലെങ്കിൽ മറ്റെന്തെങ്കിലും ഒരപകടം എന്നിങ്ങനെ ഓർക്കാപ്പുറത്ത് നേരിടാവുന്ന എത്രയെത്ര കാര്യങ്ങളിൽനിന്ന് അയാൾ സുരക്ഷിതനായിരിക്കണം? ആലോചിച്ചുനോക്കുക ! ചുരുക്കിപ്പറഞ്ഞാൽ, ഏതൊരു നിസ്സാര കാര്യത്തിലും അതിനുള്ള എല്ലാ സാഹചര്യവും ചുറ്റുപാടും അല്ലാഹുവിൽ നിന്നുതന്നെ ലഭിക്കേണ്ടതുണ്ട്. അതുകൊണ്ട് സൃഷ്ടികളിൽ നിന്ന് ലഭ്യമല്ലാത്തതും അല്ലാഹുവിങ്കൽ നിന്ന് അദൃശ്യമായി മാത്രം ലഭിക്കുന്നതുമായ സഹായമാണ് ഇവിടെ ഉദ്ദേശ്യമെന്ന് മൊത്തത്തിൽ മനസ്സിലാക്കാം. അതുകൊണ്ടാണ് 'നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന് പറയുന്നതും.

അദൃശ്യമായ കഴിവ് അല്ലാഹുവിന് മാത്രമാകകൊണ്ട് മറ്റാരോടും അതിനപേക്ഷിക്കുന്നത് വ്യർത്ഥമായിരിക്കുമെന്ന് മാത്രമല്ല, അത് തനി ശിർക്കും കൂടിയാണുതാനും. അല്ലാഹുവിനോടൊപ്പം മറ്റാരെയും വിളിച്ചു പ്രാർത്ഥിക്കരുത് لا تدعوا مع الله احدا എന്ന് അല്ലാഹു പറഞ്ഞതും അതുകൊണ്ടുതന്നെ.

ഈ യാഥാർത്ഥ്യം ഓർമ്മിച്ചുകൊണ്ടും ആ വാക്യത്തെപ്പറ്റി വീണ്ടും ഒന്നാലോചിച്ചു നോക്കുക. വേണ്ടപ്പെട്ടതും നല്ലതുമായ എല്ലാ കാര്യങ്ങൾക്കും വേണ്ടിയുള്ള സഹായാർത്ഥന യാണ് അതെന്ന് പറയുന്നതിന്റെ ഔചിത്യം അപ്പോൾ ബോധ്യമാകുന്നതാണ്. ഇബ്നു അബ്ബാസ് (ﷺ) ൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീസ് ഇവിടെ പ്രസ്താവ്യമാകുന്നു. അദ്ദേഹം പറയുന്നു:- ഒരു ദിവസം ഞാൻ നബി (ﷺ) യുടെ പിന്നാലെയുണ്ടായിരുന്ന അവസരത്തിൽ അവിടുന്ന് എന്നോട് ഇപ്രകാരം പറഞ്ഞു: ''ഹേ, കുട്ടീ, ഞാൻ നിനക്ക് ചില വാക്കുകൾ പഠിപ്പിച്ചു തരാം: നീ അല്ലാഹുവിനെ കാത്തുകൊള്ളുക. എന്നാലവൻ നിന്നെ കാക്കും. നീ അല്ലാഹുവിനെ കാത്തുകൊള്ളുക. എന്നാലവനെ നിനക്കു മുമ്പിൽ കണ്ടെത്താം. നീ (വല്ലതും) ചോദിക്കുന്നതായാൽ അല്ലാഹുവിനോട് ചോദിക്കുക. നീ (വല്ലതിലും) സഹായമർത്ഥിക്കുന്നതായാൽ അല്ലാഹുവിനോട് സഹായമർത്ഥിക്കുക. നീ അറിഞ്ഞേക്കണം: നിനക്ക് വല്ല ഉപകാരവും ചെയ്വാൻ സമുദായം ഒത്തൊരുമിച്ചാലും അല്ലാഹു നിനക്ക് നിശ്ചയിച്ചുവെച്ചതല്ലാതെ ഒരു ഉപകാരവും അവർ നിനക്ക് ചെയ്കയില്ല. നിനക്ക് വല്ല ഉപദ്രവവും ചെയ്യാൻ അവർ ഒത്തൊരുമിച്ചാലും അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചു വെച്ചതല്ലാതെ അവർ നിനക്ക് ഉപദ്രവം ചെയ്കയുമില്ല.........'' (തിർമദീ.)

ഇപ്പറഞ്ഞതിൽ നിന്ന് സൃഷ്ടികളോട് യാതൊരു കാര്യത്തിലും സഹായം അർത്ഥിക്കേണ്ടതില്ലെന്നോ, അർത്ഥിച്ചുകൂടാ എന്നോ ധരിക്കേണ്ടതില്ല. അല്ലാഹു പറയുന്നു: وتعاونوا على البر والتقوى (പുണ്യകരമായതിലും, ഭയഭക്തിയിലും-അഥവാ സൂക്ഷ്മത പാലിക്കുന്നതിലും- നിങ്ങളന്യോന്യം സഹായം നൽകുവിൻ (മാഇദ: 2). മനുഷ്യന് നൽകപ്പെട്ടിട്ടുള്ള കഴിവിൽ പെട്ടതും നല്ലതുമായ ഏതു കാര്യങ്ങളിലും പരസ്പരം സഹായ സഹകരണം ചെയ്യണമെന്ന് സാരം. ഇത് തെറ്റല്ലെന്നുമാത്രമല്ല, ചിലപ്പോൾ അത്യാവശ്യവും, ചിലപ്പോൾ അനിവാര്യവും കൂടിയായിരിക്കും. ദുൽഖർനൈനി (عليه السلام) പോലും- 'യാജൂജ് മാജൂജി'ന്റെ പ്രവേശനം തടയുവാനുള്ള അണക്കെട്ട് നിർമ്മാണത്തിൽ-ജനങ്ങളോട് اعينوني بقوة (ശക്തി നൽകി എന്നെ സഹായിക്കണം) എന്ന് ആവശ്യപ്പെട്ടതായും, അവർ ഇരുമ്പ് കട്ടികളും മറ്റും നൽകി സഹായിച്ചതായും സൂറത്തുൽ കഹ്ഫിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ, സൃഷ്ടികളുടെ കഴിവിൽ പെടാത്തതും, അദൃശ്യമാർഗ്ഗത്തിലൂടെ അല്ലാഹുവിൽനിന്ന് മാത്രം ലഭിക്കേണ്ടതുമായ കാര്യങ്ങളിൽ അവനോട് മാത്രമേ സഹായം തേടാവൂ എന്നതിൽ സംശയമില്ല. അത്തരം കാര്യങ്ങളിൽ അല്ലാഹു അല്ലാത്ത ആരോടും സഹായം അർത്ഥിക്കുന്നത് കേവലം നിരർത്ഥമാണെന്ന് മാത്രമല്ല, അത് ശിർക്കും സൃഷ്ടികൾക്ക് ദിവ്യത്വം കൽപിക്കലുമാകുന്നു.

ഈ സൂറത്തിന്റെ പാരായണം നടക്കുന്നത് പലപ്പോഴും ഒന്നിലധികംപേരുള്ള സംഘത്തിൽവെച്ചാവാമെങ്കിലും ചിലപ്പോഴെല്ലാം ഒരാൾ ഒറ്റയായിക്കൊണ്ടായിരിക്കുമല്ലോ, ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ 'ഞങ്ങൾ ആരാധിക്കുന്നു, ഞങ്ങൾ സഹായം തേടുന്നു, ഞങ്ങളെ വഴിചേർക്കണം' എന്നൊക്കെ ബഹുവചന രൂപത്തിൽ പ്രയോഗിക്കുന്നതിന്റെ രഹസ്യമെന്താണെന്ന് സംശയിക്കപ്പെട്ടേക്കാം. സത്യവിശ്വാസികളെല്ലാം ഒരേ ആദർശത്തിലും ലക്ഷ്യത്തിലും നിലകൊള്ളുന്നവരും, ഓരോ വ്യക്തിയും സമുദായത്തിന്റെ പൊതുനന്മയിലും വിജയത്തിലും പങ്കും താൽപര്യവും ഉണ്ടായിരിക്കേണ്ടവരുമാണെന്നത്രെ അത് ധ്വനിപ്പിക്കുന്നത്. സത്യവിശ്വാസികൾ സഹോദരൻമാരാണ് انما المؤمنون اخوة എന്നും, നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കണം. നിങ്ങൾ ഭിന്നിക്കരുത്

واعتصموا بحبل الله جميعا ولا تفرقوا എന്നും അല്ലാഹു പറയുന്നു. 'പരസ്പരം കരുണയും, സ്നേഹവും, ദയയും കാണിക്കുന്ന വിഷയത്തിൽ മുസ്‌ലിംകൾ ഒരേ ശരീരം പോലെയാണ്-' അഥവാ ആയിരിക്കണം എന്ന് നബി (ﷺ) തിരുമേനിയും പറയുന്നു. (ബു: മു) ഓരോ വ്യക്തിയും സ്വന്തം കാര്യത്തിൽമാത്രം താൽപര്യം പുലർത്തിയാൽ പോരാ, ഏക മനസ്സോടെ കൂട്ടായ താൽപര്യവും, സംഘടിതമായ ഉത്തരവാദിത്വബോധവും ഉള്ളവരായിരിക്കണമെന്നാണല്ലോ ഇതിൻെറയൊക്കെ താൽപര്യം.

നിന്നെ മാത്രമേ ഞങ്ങൾ ആരാധിക്കുന്നുള്ളുവെന്നും, നിന്നോട് മാത്രമേ ഞങ്ങൾ സഹായം തേടുന്നുള്ളുവെന്നും അല്ലാഹുവിൻെറ മുമ്പിൽ അവൻെറ അടിയാൻമാർ പ്രതിജ്ഞയെടുക്കുമ്പോൾ, നിങ്ങൾ ലക്ഷ്യംവെക്കുന്ന ഏറ്റവും വലിയ സഹായം എന്താണെന്ന് ഒരു ചോദ്യത്തിന് സ്ഥാനമുണ്ടല്ലോ. ഇതിനുള്ള മറുപടി എന്നോണമാണ് اهدنا الصراط المستقيم (നേരെ ചൊവ്വായ പാതയിൽ ഞങ്ങളെ നീ വഴി ചേർക്കണമേ) എന്ന പ്രാർത്ഥന. ഞങ്ങൾ നിന്നിൽ നിന്നും അർത്ഥിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം ഇതാണ്, ഈ അനുഗ്രഹം നീ ഞങ്ങൾക്ക് കനിഞ്ഞേകുന്നപക്ഷം ഞങ്ങളുടെ മറ്റാവശ്യങ്ങളെല്ലാം സഫലീകൃതമായിത്തീർന്നുകൊള്ളും എന്ന് സാരം.

هدى (ഹദാ) എന്ന ക്രിയയുടെ ആജ്ഞാരൂപം (امر) ആണ് اهد (ഇഹ്ദി). (ആജ്ഞക്കും, അപേക്ഷക്കും, ഉപദേശത്തിനുമൊക്കെ ഒരേ രൂപംതന്നെയാണ് അറബിയിലുള്ളത്.) ഇതിൻെറ ധാതുരൂപങ്ങളാണ് 'ഹിദായത്തും,' 'ഹുദായും (الهداية, والهدى) സൗമ്യമായി അറിയിക്കുക, മാർഗ്ഗദർശനം നൽകുക, വഴികാട്ടുക, വഴിയിൽചേർക്കുക, നിർദ്ദേശം നൽകുക (الدلالة بلطف، الدلالة، الارشاد، ازالة الطريق، الايصال اليها) എന്നൊക്കെയാണ് ഈ രണ്ടിനും നിഘണ്ടുക്കളിൽ അർത്ഥം നൽകപ്പെട്ടിരിക്കുന്നത്. 'സൻമാർഗ്ഗം-അഥവാ നേർവഴി' എന്ന അർത്ഥത്തിലും അവ ഉപയോഗിക്കുക പതിവാണ്. നല്ലകാര്യത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നതിലാണ് ഈ ധാതുവിൽ നിന്നുള്ള പദങ്ങൾ അധികം ഉപയോഗിക്കപ്പെടാറുള്ളത്. ഇവയുടെ വിപരീതാർത്ഥങ്ങളിൽവരുന്ന പദങ്ങളാണ് ضلال، ضلالة (ളലാലും, ളലാലത്തും) അവയിൽ നിന്നുൽഭവിക്കുന്ന ഇതര രൂപങ്ങളും.

മാർഗ്ഗദർശനം നൽകുക അഥവാ വഴികാട്ടുക എന്ന അർത്ഥത്തിലും, സൻമാർഗ്ഗത്തിലാക്കുക അഥവാ നേർവഴിയിൽ ചേർക്കുക എന്ന അർത്ഥത്തിലും ഖുർആനിൽ 'ഹിദായത്ത്' ഉപയോഗിക്കാറുണ്ട്. ഈ രണ്ടർത്ഥവും വേർതിരിച്ചു മനസ്സിലാകാത്തപക്ഷം ചില സന്ദർഭങ്ങളിൽ ചിലപ്പോൾ ആശയക്കുഴപ്പം നേരിട്ടേക്കും, ഒന്നാമത്തെ അർത്ഥത്തിന് ഉദാഹരണമാണ്: واما ثمود فهديناهم فاستحبوا العمى على الهدى (എന്നാൽ, ഥമൂദു ഗോത്രമാകട്ടെ, അവർക്കു നാം മാർഗ്ഗദർശനംനൽകി. എന്നിട്ടവർ നേർമാർഗ്ഗത്തേക്കാൾ അന്ധതയോട് ഇഷ്ടം കാണിക്കയാണ് ചെയ്തത് (ഹാമീം സജദ: 17) എന്നവാക്യം. അല്ലാഹു അവരെ സന്മാർഗ്ഗത്തിലാക്കിക്കഴിഞ്ഞശേഷം അവരത് ഉപേക്ഷിച്ചുവെന്നല്ല. പ്രവാചകൻ മുഖേനയും മറ്റും സന്മാർഗ്ഗം ഉപദേശിച്ചുകൊടുത്തിട്ടും അതുവകവെക്കാതെ അന്ധതയിൽ-അഥവാ ദുർമാർഗ്ഗത്തിൽ-മുഴുകുകയാണ് അവർ ചെയ്തതെന്നത്രെ ഉദ്ദേശ്യം. രണ്ടാമത്തെ അർത്ഥത്തിന് ഉദാഹരണം: انك لا تهدى من احببت ولكن الله يهدى من يشآء (നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുന്നു. (ഖസ്വസ്, 56) എല്ലാവർക്കും നേർമാർഗ്ഗം കാണിച്ചുകൊടുക്കലാണ് നബി (ﷺ) യുടെ കൃത്യം. നേർമാർഗ്ഗത്തിലാക്കൽ നബി (ﷺ) യുടെ കൃത്യമല്ല. അത് അല്ലാഹുവിൻെറ പ്രവൃത്തിയാണ് എന്ന് സാരം.

അല്ലാഹുവിൽ നിന്ന് മനുഷ്യർക്ക് ഹിദായത്ത് (മാർഗ്ഗദർശനം) ലഭിക്കുന്നത് ഏതെല്ലാം പ്രകാരത്തിലാണെന്ന് തിട്ടപ്പെടുത്തിപ്പറയുവാൻ നമുക്ക് സാദ്ധ്യമല്ല. وان تعدو نعمة الله لاتحصوها

(അല്ലാഹുവിൻെറ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്നപക്ഷം അത് നിങ്ങൾക്ക് കണക്കാക്കാവതല്ല.) എങ്കിലും-ഇമാം ബൈളാവി, ഇമാം റാഗിബ് (ﷺ) മുതലായവർ ചൂണ്ടിക്കാട്ടിയത് പോലെ- അതിങ്ങിനെ ഭാഗിക്കാം: (1) ജീവിതാവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം വിശേഷ ബുദ്ധി, ബാഹ്യേന്ദ്രിയങ്ങൾ, ആന്തരേന്ദ്രിയങ്ങൾ മുതലായവ നൽകി അനുഗ്രഹിക്കുക വഴി ലഭിക്കുന്നത് ربنا الذى اعطى كل شيئ خلقه ثم هدى –طه (എല്ലാ വസ്തുവിനും അതതിൻെറ സൃഷ്ടി നൽകുകയും, പിന്നീട് മാർഗ്ഗദർശനം നൽകുകയും ചെയ്തവനത്രെ നമ്മുടെ റബ്ബ്.) എന്ന വചനം ഇതിലേക്കാണ് ചൂണ്ടുന്നത്. (2) സത്യാസത്യങ്ങളും, നൻമതിൻമകളും തിരച്ചറിയുവാനുള്ള തെളിവുകളും ദൃഷ്ടാന്തങ്ങളും നൽകുകവഴി ലഭിക്കുന്നത് وهديناهالنجدين – البلد (അവന്-മനുഷ്യന്-പൊന്തി നിൽക്കുന്ന രണ്ട് മാർഗ്ഗങ്ങളെ നാം കാട്ടിക്കൊടുത്തു) എന്ന വചനം ഈ ഇനത്തെ സൂചിപ്പിക്കുന്നു. (3) പ്രവാചകൻമാരും വേദഗ്രന്ഥങ്ങളും മുഖേന ലഭിക്കുന്നത് وجعلناهم ائمة يهدون بامرنا –الأنبياء (അവരെ-മുമ്പ് പ്രസ്താവിച്ച പ്രവാചകൻമാരെ-നാം നമ്മുടെ കൽപന പ്രകാരം മാർഗ്ഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തിരിക്കുന്നു) എന്ന വചനം ഇത് ചൂണ്ടിക്കാട്ടുന്നു. (4) സൻമാർഗ്ഗചാരികളായ ആളുകൾക്ക് അല്ലാഹുവിൽനിന്നും ലഭിക്കുന്ന പ്രതേക സഹായമാകുന്ന 'തൗഫീഖ്' മൂലം ലഭിക്കുന്നത് والذين اهتدوا زادهم هدى (സൻമാർഗ്ഗം പ്രാപിച്ചവർക്ക് അവൻ സൻമാർഗ്ഗം വർദ്ധിപ്പിച്ചു കൊടുക്കും,) എന്നും, والذين جاهدوا فينا لنهدينهم سبلنا – العنكبوت (നമ്മുടെ വിഷയത്തിൽ സമരം നടത്തുന്നവരെ നാം നമ്മുടെ മാർഗ്ഗങ്ങളിൽ ചേർക്കുക തന്നെചെയ്യും) എന്നും പറഞ്ഞത് ഈ ഇനത്തിൽപെട്ട ഹിദായത്താകുന്നു. (5) പരലോകത്ത് വെച്ച് സ്വർഗ്ഗീയ ജീവിതം തുടങ്ങിയ മഹാ ഭാഗ്യങ്ങൾ നൽകുന്നത് മുഖേനയുള്ളത്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ രക്തസാക്ഷികളായി മരണപ്പെട്ടവരെപ്പറ്റി سيهديهم ويصلح بالهم الخ – محمد (വഴിയെ അവൻ -അല്ലാഹു-അവരെ വഴിചേർക്കുകയും, അവരുടെ സ്ഥിതി നന്നാക്കുകയും, അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും) എന്ന് പറഞ്ഞത് ഈ ഇനത്തിനും ഉദാഹരണമാകുന്നു.

അവിശ്വാസികൾക്കും, ദുർമാർഗ്ഗികൾക്കും ഹിദായത്ത് ലഭിക്കുകയില്ലെന്ന് അല്ലാഹു പ്രസ്താവിക്കാറുള്ളത് ഇവയിൽ നാലാമത്തേതും, അഞ്ചാമത്തേതുമായ ഹിദായത്തുകളെ ഉദ്ദേശിച്ചാകുന്നു. നബി (ﷺ) തിരുമേനിയോ മറ്റോ ഹിദായത്ത് നൽകുന്നതല്ല എന്ന് പറയുമ്പോൾ അതിൽ ഒന്നാമത്തെയും, നാലാമത്തെയും, അഞ്ചാമത്തെയും ഹിദായത്തുകൾ ഉൾപെടുന്നു. ഈ മൂന്നും അല്ലാഹുവിൽ നിന്ന് മാത്രം സിദ്ധിക്കുന്നവയാകുന്നു. ഒന്നാമത്തെയും, രണ്ടാമത്തെയും, മൂന്നാമത്തെയും ഹിദായത്തുകൾ സത്യവിശ്വാസികൾക്കും അല്ലാത്തവർക്കും നൽകപ്പെടുന്നവയാണ്. ഇവിടെ 'ഹിദായത്ത്' കൊണ്ടുള്ള ഉദ്ദേശ്യം മേൽ വിവരിച്ച എല്ലാ ഇനങ്ങളും ആയിരിക്കാമെങ്കിലും നാലും അഞ്ചും ഇനങ്ങളാണ് പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്. ഭാഷാപരമായി നോക്കുമ്പോൾ 'ഹുദാ'യും 'ഹിദായത്തും' الهدى والهداية ഒരുപോലെയാണെങ്കിലും, രണ്ടും തമ്മിൽ അല്പം വ്യത്യാസമുണ്ടെന്നും, അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുന്ന ഹിദായത്തിനെ ഉദ്ദേശിച്ചാണ് ഖുർആനിൽ 'ഹുദാ' എന്നു പറയാറുള്ളതെന്നും ഇമാം റാഗീബ് (ﷺ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. قل ان الهدى هدىالله –ال عمران (പറയുക: നിശ്ചയമായും 'ഹുദാ' അല്ലാഹുവിൻെറ 'ഹുദാ'യാകുന്നു. (3: 73) قل ان هدى الله هو الهدى – البقرة (പറയുക: നിശ്ചയമായും അല്ലാഹുവിൻെറ 'ഹുദാ'യാണ് 'ഹുദാ'. (2: 120) പോലെയുള്ള വചനങ്ങൾ അദ്ദേഹം തെളിവായി ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

'ഹിദായത്തി'ൻെറ വിവരണത്തിൽ പണ്ഡിതൻമാരുടെ വ്യത്യസ്തങ്ങളായ പ്രസ്താവനകൾ കാണാം. പലതും തത്വത്തിൽ യോജിക്കുമെങ്കിലും ചിലത് വിമർശന വിധേയങ്ങളോ ആശയക്കുഴപ്പങ്ങൾക്ക് വഴിവെക്കുന്നതോ ആയിരിക്കും. ആധുനികഖുർആൻ വ്യഖ്യാതാക്കളുടെ പ്രസ്താവനകളിലാണ് ഈ ദോഷം കൂടുതൽ പ്രകടമാകുന്നത്. ഈ ഖുർആൻ

വചനത്തിന് ചിലർ നൽകുന്ന വ്യഖ്യാനം കാണുമ്പോൾ, ഹിദായത്തിൻെറ അതിപ്രധാനമായ പല വശങ്ങളും അവർക്ക് ചിന്താവിഷയമേ അല്ലെന്ന് തോന്നിപ്പോകും. ഇങ്ങിനെയുള്ള ചില വസ്തുതകളെ പരിഗണിച്ചാണ് ഈ വിഷയം ഇവിടെ കുറച്ചൊന്ന് വിശദീകരിക്കേണ്ടിവന്നത്. ഖുർആനിൽ ഹിദായത്തിനെക്കുറിച്ച് പരാമർശിക്കുന്ന പല സന്ദർഭങ്ങളിലും ഈ വിശദീകരണം ഓർമ്മയിലുണ്ടായിരിക്കുന്നത് പ്രയോജനകരമായിരിക്കുന്നതുമാണ്. ان شاء الله വിഷയത്തിൻെറ പ്രധാന്യത്തെ മുൻനിറുത്തിത്തന്നെയാണ് ഇമാം റാഗിബ് (ﷺ) തൻെറ ഖുർആൻ നിഘണ്ടുവിൽ 'ഹിദായത്തി'ൻെറ വിവരണത്തിനായി കുറെ പേജുകൾ വിനിയോഗിച്ചിരിക്കുന്നതും, അറബി അറിയാവുന്നവരും താൽപര്യമുള്ളവരും ആ പേജുകളൊന്ന് ശ്രദ്ധിക്കുന്നത് നന്നായിരക്കും.
والله ولي التوفيق

ചൊവ്വായ പാത അഥവാ വളവും വക്രതയുമില്ലാത്തവഴി **الصراط المستقيم** കൊണ്ടു വിവക്ഷിക്കപ്പെട്ടതെന്തെന്ന് തുടർന്നുള്ള വാക്യങ്ങളിൽ നിന്നുതന്നെ സാമാന്യം മനസ്സിലാക്കാവുന്നതാണ്. എന്നാലും വിശദീകരണത്തിൽ വ്യാഖ്യാതാക്കൾ പലരും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചുകാണാം. ഇമാം ഇബ്നുകഥീർ (ﷺ) ചൂണ്ടിക്കാട്ടിയതുപോലെ, ബാഹ്യത്തിൽ അവ വ്യത്യസ്തങ്ങളായി തോന്നുമെങ്കിലും വാസ്തവത്തിൽ അവയെല്ലാം ഒരേ ആശയത്തിൽ ചെന്ന് കലാശിക്കുന്നവയാകുന്നു. അതായത്, അല്ലാഹുവും, അവൻെറ റസൂലും നിർദ്ദേശിച്ചുതന്ന മാർഗ്ഗം എന്നതിൽ ആ പ്രസ്താവനകളെല്ലാം എത്തിച്ചേരുന്നു. ഈ വസ്തുത ഇമാം ഇബ്നു ജരീറും (ﷺ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. പലരുടെയും വ്യാഖ്യാനങ്ങൾ ഉദ്ധരിച്ചശേഷം എല്ലാ വ്യാഖ്യാനത്തിലും വെച്ച് നല്ല വ്യാഖ്യാനം ഇതാണെന്ന് ചുണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം (ﷺ) പറയുന്നു: ''(അല്ലാഹുവേ!) നീ തൃപ്തിപ്പെട്ടവരും, നിൻെറ അടിയാൻമാരിൽ നീ അനുഗ്രഹിച്ചിട്ടുള്ളവരുമായ ആളുകൾക്ക് നീ തൗഫീഖ് ചെയ്തു (സാധിപ്പിച്ചു) കൊടുത്ത വാക്കുകളിലും പ്രവൃത്തികളിലും ഉറച്ചുനിൽക്കുവാൻ ഞങ്ങൾക്ക് നീ തൗഫീഖ് നൽകേണമേ എന്നാണ് ഉദ്ദേശ്യം. ഇപ്പറഞ്ഞതാണ് 'ചൊവ്വായ പാത' കാരണം (സൂറ: നിസാഉ് 69ൽ പറഞ്ഞതുപോലെ അല്ലാഹു) അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ള നബിമാർ, സ്വിദ്ദീഖുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ (സജ്ജനങ്ങൾ) എന്നിവർക്ക് തൗഫീഖ് ലഭിച്ച അക്കാര്യങ്ങൾ അനുഷ്ഠിക്കുവാൻ ആർക്ക് തൗഫീഖ് ലഭിക്കുന്നുവോ അവർക്ക് ഇസ്ലാമിനെ ആചരിക്കുവാനും, റസൂലുകളുടെ സത്യത അംഗീകരിക്കുവാനും, വേദഗ്രന്ഥങ്ങളെ മുറുകെ പിടിക്കുവാനും, അല്ലാഹു കൽപിച്ചതിനെ അനുസരിക്കുവാനും, വിരോധിച്ചതിനെ വർജ്ജിക്കുവാനും, നബി (ﷺ) യുടെയും ഖലീഫമാരുടെയും സജ്ജനങ്ങളുടെയും മാർഗ്ഗം പിൻപറ്റുവാനും തീർച്ചയായും തൗഫീഖ് ലഭിച്ചിരിക്കുന്നു. ഇതൊക്കെത്തന്നെയാണ് ചൊവ്വായ പാത'. ചൊവ്വായപാതകൊണ്ടുള്ള ഉദ്ദേശ്യം വിവരിക്കുന്നതിൽ വന്നിട്ടുള്ള വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളെ ഇബ്നുജരീർ (ﷺ) ഈ വിവരണത്തിൽ കൂട്ടിയിണക്കി സംയോജിപ്പിച്ചിരിക്കുന്നു.

ചൊവ്വായ മാർഗ്ഗം സ്വീകരിച്ചവരാണല്ലോ സത്യവിശ്വാസികൾ. എന്നിരിക്കെ, തങ്ങൾക്ക് സിദ്ധിച്ചു കഴിഞ്ഞ ആ കാര്യത്തിന് വേണ്ടി നമസ്കാരങ്ങളിലും മറ്റും ഈ പ്രാർത്ഥന പിന്നെയും അവർ ആവർത്തിക്കുന്നത് എന്തിനാണ് ? എന്ന് സംശയിക്കാമല്ലോ. ഇതുപോലെയുള്ള ചില സംശയങ്ങൾ വേറെ ചില സന്ദർഭങ്ങളിലും ചിലർക്ക് തോന്നുവാൻ അവകാശമുണ്ട്. ഇത്തരം സന്ദർഭങ്ങളിലെല്ലാം ഉപകരിക്കുന്ന ഒരു മറുപടി ഈ സംശയത്തിന്ന് ഇബ്നു കഥീർ (ﷺ) ഇവിടെ നൽകിയിരിക്കുന്നു. അതിൻെറ സാരം ഇപ്രകാരമാണ്: 'സിദ്ധിച്ചു കഴിഞ്ഞ അതേ കാര്യം പിന്നെയും സിദ്ധിക്കുവാനല്ല ഈ പ്രാർത്ഥന. അല്ലാഹുവിൽ നിന്നുള്ള ഹിദായത്ത് മനുഷ്യന് സദാ സമയത്തും ലഭിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഇങ്ങിനെ പ്രാർത്ഥിക്കുവാൻ കൽപിച്ചിരിക്കുന്നത്. അവൻെറ മാർഗ്ഗത്തിൽ നിന്ന് വഴിപിഴച്ചുപോകാതെ, സ്ഥിരചിത്തതയോടെ അതിൽ ഉറച്ചു നിൽക്കുവാനും, അതിൽ

അഭിവൃദ്ധിയും വളർച്ചയും ലഭിച്ചുകൊണ്ടിരിക്കുവാനും അല്ലാഹുവിൻെറ സഹായവും തൗഫീഖും സിദ്ധിച്ചുകൊണ്ടിരിക്കേണ്ടിയിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ സ്വന്തം ദേഹത്തിനുപോലും ഉപകാരമോ, ഉപദ്രവമോ ചെയ്യാൻ മനുഷ്യന് കഴിവില്ല. ആകയാൽ, അല്ലാഹുവിൻെറ സഹായഹസ്തം എല്ലാ സമയത്തും തൻെറ നേരെ നീട്ടിക്കൊണ്ടിരിക്കുവാൻ അവൻ അവനോട് അപേക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണെന്ന് ഇത് മൂലം ഉണർത്തുന്നു. ഇക്കാരണത്താൽ തന്നെയാണ് ഇങ്ങിനെ പ്രാർത്ഥിക്കുവാനും സത്യവിശ്വാസികളോട് അല്ലാഹു ഉപദേശിച്ചത്.

ربنا لا تزغ قلوبنا بعد اذ هديتنا وهب لنا من لدنك رحمة انك انت الوهاب

(ഞങ്ങളുടെ റബ്ബേ! നീ ഞങ്ങളെ നേർമാർഗ്ഗത്തിലാക്കിയ ശേഷം, ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ! ഞങ്ങൾക്ക് നിൻെറ പക്കൽ നിന്ന് നീ കാരുണ്യം പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും നീ തന്നെയാണ് വലിയ ദാനക്കാരൻ. (ആലുഇംറാൻ: 8)'

الصراط المستقيم (ചൊവ്വായ പാത) കൊണ്ടുള്ള വിവക്ഷ എന്താണെന്നും, അതിൻെറ ക്രിയാത്മകവും, നിഷേധാത്മകവുമായ വശങ്ങൾ ഏതാണെന്നും ചുരുങ്ങിയ വാക്കുകളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. صراطالذين انعمت عليهم (നീ അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ളവരുടെ പാത) ഇതാണതിൻെറ ക്രിയാത്മക വശം. ഈ അനുഗൃഹീതർ ആരാണെന്നും, അവർ ചരിച്ച പാതയിലൂടെ ചരിക്കുവാൻ നാം എന്ത് ചെയ്യേണ്ടതുണ്ടെന്നും മറ്റൊരു വചനത്തിൽനിന്ന് മനസ്സിലാക്കാം. അല്ലാഹു പറയുന്നു:-

من يطع الله والرسول فاولئك مع الذين انعم الله عليهم من النبيين والصديقين والشهداء والصالحين وحسن أولئك رفيقا النساء ٦٩

(സാരം: അല്ലാഹുവിനെയും റസൂലിനെയും ആർ അനുസരിക്കുന്നുവോ അക്കൂട്ടർ, അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള നബിമാർ, സ്വിദ്ദീഖുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ എന്നിവരോട് കൂടെയായിരിക്കും. അവർ വളരെ നല്ല സുഹൃത്തുക്കളാകുന്നു. (4: 69) ഇതിൻെറ ഒരു വിശദീകരണം തന്നെയാണ് അൽപം മുമ്പ് ഇബ്നുജരീർ (ﷺ) ൻെറ ഉദ്ധരണിയിലൂടെ നാം വായിച്ചതും.

ഈ വാക്യത്തിൻെറ വ്യഖ്യാനത്തിൽ ബൈളാവീ (ﷺ) പ്രസ്താവിച്ച ചില പ്രസ്താവനകളുടെ രത്നച്ചുരുക്കം അറിയുന്നതും സന്ദർഭോചിതമായിരിക്കുമെന്ന് തോന്നുന്നു. അതിങ്ങിനെ ഉദ്ധരിക്കാം: ''അല്ലാഹുവിൻെറ അനുഗ്രഹം കണക്കറ്റതാണെങ്കിലും അവയെ ഐഹികമെന്നും പാരത്രികമെന്നും രണ്ടായി ഭാഗിക്കാം. ഒന്നാമത്തേത് രണ്ടു വിധത്തിലുണ്ട്: ദൈവികമായി സിദ്ധിക്കുന്നതും, പരിശ്രമം വഴി സിദ്ധിക്കുന്നതും. ദൈവീകമായതിലും രണ്ടു വകയുണ്ട്: ആത്മീയവും ശാരീരികവും. ആത്മാവ് വിശേഷബുദ്ധി, കാര്യഗ്രഹണശക്തി, ചിന്താശക്തി ആദിയായവ ആത്മീയങ്ങളത്രെ. ശരീരഘടന, ആകൃതി, ആരോഗ്യം, സൗന്ദര്യം ആദിയായവ ശാരീരികങ്ങളുമാകുന്നു. സൽസ്വഭാവം, യോഗ്യത, പാണ്ഡിത്യം, നേതൃത്വം, സംസ്കാരം, സമ്പത്ത്, സ്വാധീനം ആദിയായവയും, ദുർഗുണങ്ങളിൽനിന്ന് സംശുദ്ധമായിരിക്കലുമെല്ലാം അദ്ധ്വാനം വഴി സിദ്ധിക്കുന്ന അനുഗ്രഹങ്ങളാണ്. രണ്ടാമത്തേത്-അഥവാ പാരത്രികമായത് -പാപം പൊറുക്കപ്പെടൽ, അല്ലാഹുവിൻെറ പ്രീതിയും പൊരുത്തവും ലഭിക്കൽ, പുണ്യവാളൻമാരുടെ കൂട്ടത്തിൽ ശാശ്വത വിജയവും സ്വർഗ്ഗീയ ജീവിതവും സിദ്ധിക്കൽപോലെയുള്ള അനുഗ്രഹങ്ങളാകുന്നു. ഈ ഒടുവിൽ പറഞ്ഞ വിഭാഗത്തിൽപെട്ട അനുഗ്രഹങ്ങളും, അവ ലഭിക്കുവാൻ സഹായകമായിത്തീരുന്ന മറ്റു വിഭാഗത്തിൽ പെട്ട കാര്യങ്ങളുമാണ് ഇവിടെ 'അനുഗ്രഹം' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.''

ആ പാതയുടെ നിഷേധാത്മകവശം ഇതാണ്: غير المغضوب عليهم ولاالضالين അതായത്, കോപവിധേയരും, വഴിപിഴച്ചവരുമായ ആളുകൾ സ്വീകരിച്ചതല്ലാത്ത മാർഗ്ഗം എന്ന് സാരം. എന്നാൽ, കോപബാധിതരും, വഴിപിഴച്ചവരും എന്ന് പറഞ്ഞത് ആരെ ഉദ്ദേശിച്ചാണെന്നാണ്

ഇനി ആലോചിക്കുവാനുള്ളത്. അഹ്മദ്, തിർമദീ, ഇബ്നുജരീർ, ഇബ്നു അബീഹാതിം, ഇബ്നുഹിബ്ബാൻ (ﷺ) മുതലായവർ ഉദ്ധരിച്ച ചില ഹദീസുകളിൽ 'കോപബാധിതർ' കൊണ്ടുദ്ദേശ്യം യഹൂദികളാണെന്നും, 'വഴിപിഴച്ചവർ' കൊണ്ടുദ്ദേശ്യം നസ്രാനി (ക്രിസ്ത്യാനി) കളാണെന്നും നബി (ﷺ) പ്രസ്താവിച്ചതായി വന്നിരിക്കുന്നു. സഹാബികളിൽനിന്നും അപ്രകാരം രിവായത്തുകൾ കാണാം ഈ രണ്ടു വാക്കുകളുടെയും വ്യാഖ്യാനത്തിൽ ഇതല്ലാതെ മറ്റൊരു വാ്യഖ്യാനവും ഉള്ളതായി എനിക്കറിഞ്ഞുകൂടാ എന്നുപോലും ഇബ്നു അബീഹാതിം (ﷺ) പ്രസ്താവിച്ചതായി കാണുന്നു. റസൂൽ (ﷺ) തിരുമേനിയുടെ ഈ വ്യഖ്യാനം നിലവിലിരിക്കെ മറ്റു വ്യഖ്യാനങ്ങൾ ആരായേണ്ടതില്ലെന്ന് വ്യക്തമാണ്. എന്നാൽ, കോപവിധേയർ യഹൂദികളും, വഴിപിഴച്ചവർ ക്രിസ്ത്യാനികളുമാണെന്ന് വരുവാൻ കാരണമെന്താണെന്നും, അല്ലാഹുവിൻെറ കോപത്തിനും, വഴിപിഴവിനും കാരണമാക്കുന്ന ആ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ മാർഗ്ഗമെന്താണെന്നും നിശ്ചയമായും ആലോചിക്കേണ്ടതുണ്ട്.

ചുരുക്കി വിവരിക്കുകയാണെങ്കിൽ--ഇബ്നുകഥീർ (ﷺ) സൂചിപ്പിച്ചതുപോലെ- ഇങ്ങിനെ പറയാം: സത്യം അന്വേഷിച്ചറിയുകയും, അത് പ്രാവർത്തികമാക്കുകയും ചെയ്യുക യാണ് അനുഗൃഹീതരുടെ മാർഗ്ഗം. സത്യം അറിഞ്ഞിട്ടും അത് അനുഷ്ഠാനത്തിൽ വരുത്താതെ പുറം തള്ളിക്കളയുകയാണ് കോപവിധേയരുടെ മാർഗ്ഗം. സത്യം മനസ്സിലാ ക്കാതെ സത്യമാർഗ്ഗം തെറ്റിപ്പോകുന്നതാണ് വഴി പിഴച്ചവരുടെ മാർഗ്ഗം. യഹൂദികളെ ഉദ്ദേശിച്ച് കോപവിധേയരായവർ എന്ന് പറഞ്ഞത് അവർ അറിവുണ്ടായിട്ടും അതിന് എതിര് പ്രവർ ത്തിച്ചതുകൊണ്ടാണെന്നും, ക്രിസ്ത്യാനികളെപ്പറ്റി വഴിപിഴച്ചവർ എന്ന് പറഞ്ഞത് അവർ സത്യം അറിയാതെ പിഴച്ചതുകൊണ്ടാണെന്നും ഇമാം ഇബ്നു തൈമിയ്യ (ﷺ) യും ചൂണ്ടിക്കാട്ടിയിരിക്കുന്നു.
(اقتضاء الصراط المستقيم കാണുക)

മൊത്തത്തിൽ പറഞ്ഞാൽ, കോപവിധേയർ യഹൂദരും, വഴിപിഴച്ചവർ ക്രിസ്ത്യാനികളും തന്നെ. എങ്കിലും ഇവരല്ലാത്തവരിലും, കോപത്തിന് വിധേയരായവരും, വഴിപിഴച്ചവരുമുണ്ട് എന്ന് അല്ലാഹുവിൻെറ വചനങ്ങളിൽ നിന്ന് തന്നെ വ്യക്തമാണ്. സത്യവിശ്വാസം സ്വീകരിച്ചശേഷം മനപൂർവ്വം അതിനെ പരിത്യജിക്കുന്നവരെപ്പറ്റി فعليهم غضب من الله (അവരുടെ മേൽ അല്ലാഹുവിങ്കൽനിന്നുള്ള കോപമുണ്ടായിരിക്കും.........(നഹ്ൽ 106) എന്നും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് ജനങ്ങളെ തടയുന്ന അവിശ്വാസികളെപ്പറ്റി قد ضلوا ضلالا بعيدا (അവർ വിദൂരമായ വഴിപിഴവ് പിഴച്ചുപോയി (നിസാഉ് 167) എന്നും പറയുന്നു. കപട വിശ്വാസികളെയും, മുശ്രിക്കുകളെയും സംബന്ധിച്ച് وغضب الله عليهم ولعنهم (അല്ലാഹു അവരുടെമേൽ കോപിക്കുകയും, അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. (ഫത്ഹ് 6) എന്നും പറഞ്ഞിരിക്കുന്നു. ഒരു സമുദായമെന്ന നിലക്ക് കോപശാപങ്ങളിൽ യഹൂദ സമുദായവും, വഴിപിഴവിൽ ക്രിസ്തീയ സമുദായവും മുന്നിട്ടു നിൽക്കുന്നു വെന്നായിരിക്കും മേൽ സൂചിപ്പിച്ച ഹദീസുകളുടെ താൽപര്യം. الله اعلم. യഹൂദികളെപ്പറ്റി من لعن الله وغضب عليه(അല്ലാഹു ശപിക്കുകയും കോപിക്കുകയും ചെയ്തവർ (മാഇദ: 60) എന്നും بل لعنهم الله بكفرهم (അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരി ക്കുന്നു (അൽബഖറ : 88) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്ത്യാനികളെപ്പറ്റി قد ضلوا من قبل واضلوا كثيرا وضلوا من سواء السبيل അവർ മുമ്പേ വഴിപിഴച്ചിട്ടുണ്ട്. വളരെ ആളുകളെ പിഴപ്പിക്കുകയും. ചൊവ്വായ മാർഗ്ഗംവിട്ട് പിഴക്കുകയും ചെയ്തിരിക്കുന്നു, (മാഇദ : 77) എന്നും പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് വിധേയരാകാതെ, സത്യ മാർഗ്ഗത്തിൽ നിന്ന് വഴിപിഴച്ചുപോകാതെ അവൻെറ അനുഗ്രഹങ്ങൾക്ക് പാത്രങ്ങളായിത്തീരുന്ന സജ്ജനങ്ങളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

ഇമാം മുസ്‌ലിം, നസാഈ (ﷺ) മുതലായവർ അഹൂഹുറൈറ (ﷺ) യിൽനിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘‘നമസ്കാരം എനിക്കും എന്റെ അടിയാനുമിടയിൽ രണ്ട് പകുതിയായി ഭാഗിക്കപ്പെട്ടിരിക്കുന്നു. എന്റെ അടിയാൻ ചോദിക്കുന്നത് അവന് ലഭിക്കുന്നതാണെന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അടിയാൻ الحمد لله رب العالمين എന്നു പറഞ്ഞാൽ അല്ലാഹു പറയും: എന്റെ അടിയാൻ എന്നെ സ്തുതിച്ചു. അവൻ الرحمن الرحيم എന്നു പറഞ്ഞാൽ അല്ലാഹു പറയും: എന്റെ അടിയാൻ എന്നെപ്പറ്റി പുകഴ്ത്തിപ്പറഞ്ഞു. അവൻ مالك يوم الدين എന്നുപറഞ്ഞാൽ അല്ലാഹു പറയും: എന്റെ അടിയാൻ എന്നെ മഹത്വപ്പെടുത്തി. അവൻ اياك نعبد واياك نستعين എന്ന് പറഞ്ഞാൽ അല്ലാഹു പറയും: ഇത് എനിക്കും എന്റെ അടിയാനുമിടയിലുള്ള കാര്യമാണ്. എന്റെ അടിയാൻ ചോദിക്കുന്നത് അവന് ലഭിക്കുന്നതാണ്. അങ്ങനെ اهدناالصراط المستقيم – الي ولا الضآلين എന്ന് അവൻ പറഞ്ഞാൽ അല്ലാഹു പറയും: ഇത് എന്റെ അടിയാനുള്ളതാണ്. അവൻ ചോദിക്കുന്നത് അവന് ലഭിക്കും.’’

ഈ സൂറത്ത് ഓതിക്കഴിയുമ്പോൾ അതോടുചേർന്ന് ‘ആമീൻ’ (آمين) ചൊല്ലേണ്ടതുണ്ടെന്നും, ഈ പ്രാർത്ഥന സ്വീകരിക്കേണമേ എന്നാണ് അതിന്റെ അർത്ഥമെന്നും നാം മുമ്പ് പറഞ്ഞുവല്ലോ. നബി (ﷺ) അങ്ങിനെ ചൊല്ലിയിരുന്നതായി അഹ്മദ്, അബൂദാവൂദ്, തിർമദീ (ﷺ) മുതലായവർ രേഖപ്പെടുത്തിയ ഹദീസുകളിൽ വന്നിട്ടുണ്ട്. ചില രിവായത്തുകളിൽ തിരുമേനി അത് നീട്ടിച്ചൊല്ലിയിരുന്നതായും, മറ്റു ചിലതിൽ ഉറക്കെ ചൊല്ലിയിരുന്നതായും വന്നിരിക്കുന്നു. നമസ്കാരത്തിൽ ഇതൊരു ബലപ്പെട്ട സുന്നത്തുമത്രെ. നബി (ﷺ) പറയുന്നു: ‘‘ഇമാം ആമീൻ പറയുമ്പോൾ നിങ്ങൾ ആമീൻ പറഞ്ഞുകൊള്ളണം. കാരണം, ഒരാളുടെ ആമീൻ പറയൽ മലക്കുകൾ ആമീൻ പറയുന്നതുമായി യോജിച്ചുവന്നാൽ അവന് അവന്റെ മുൻകഴിഞ്ഞ പാപം പൊറുത്തുകൊടുക്കപ്പെടുന്നതാണ്.’’ (ബു: മു.) വേറെയും ഹദീസുകൾ ‘ആമീനെ’പ്പറ്റി ഉദ്ധരിക്കുവാനുണ്ട്.

اللهم لك الحمد والمنة والفضل وانت الموفق والمعين تحب وترضى

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

2 സൂറത്തുൽ ബഖറഃ سورة البقرة

മദീനയിൽ അവതരിച്ചത്– വചനങ്ങൾ 286 – വിഭാഗം (റുകൂഉ്) 40

വിശുദ്ധഖുർആനിലെ ഏറ്റവുംവലിയ സൂറത്താണിത്. ഇതിന്റെ മിക്കഭാഗവും നബി (ﷺ) തിരുമേനിയുടെ മദീനാ ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ അവതരിച്ചതാകുന്നു. ചുരുക്കം ചില ആയത്തുകൾ അവസാനകാലങ്ങളിൽ അവതരിച്ചവയുമാണ്. ഖുർആന്റെ അവതരണം ആദ്യം തൊട്ടവസാനംവരെ ക്രമരൂപത്തിലോ, ഓരോ സൂറത്തുകളായോ ആയിരുന്നില്ലെന്നും, സന്ദർഭവും ആവശ്യവും അനുസരിച്ചു പലപ്പോഴായി അവതരിക്കുകയായിരുന്നു പതിവെന്നും, അപ്പപ്പോൾ അവതരിക്കുന്ന ഭാഗങ്ങൾ ഇന്നിന്ന സൂറത്തുകളിൽ ഇന്നിന്ന ഭാഗത്തു ചേർക്കണമെന്നു നബി (ﷺ) എഴുത്തുകാരോടു കൽപിക്കുകയായിരുന്നു ചെയ്തിരുന്നതെന്നും മറ്റും മുഖവുരയിൽ വിവരിച്ചത് ഓർമ്മിക്കുമല്ലോ.

മൗലികതത്വങ്ങൾ, വിശ്വാസ സിദ്ധാന്തങ്ങൾ, കർമ്മപരമായ വിധിവിലക്കുകൾ, നിയമ നിർദ്ദേശങ്ങൾ, സാരോപദേശങ്ങൾ, ഉപമകൾ, ദൃഷ്ടാന്തങ്ങൾ, ചരിത്രസംഭവങ്ങൾ, സദാചാര മൂല്യങ്ങൾ, സന്തോഷ വാർത്തകൾ, താക്കീതുകൾ എന്നിങ്ങിനെയുള്ള തുറകളിൽ മറ്റു സൂറത്തുകളെ അപേക്ഷിച്ച് ഈ സൂറത്തിൽ കൂടുതൽ കാണാവുന്നതാണ്. അതുകൊണ്ടുതന്നെയായിരിക്കാം ചില നബിവചനങ്ങളിൽ ഈ സൂറത്തിനെപ്പറ്റി سنام القرأن وذروته (ഖുർആന്റെ പൂഞ്ഞും അതിന്റെ കൊടുമുടിയും) എന്നു പറഞ്ഞിരിക്കുന്നതും. (അ,ത്വ.) ഒട്ടകം, കാള മുതലായവയുടെ പുറത്ത് ഏറ്റവും പൊന്തിക്കാണുന്ന മുഴയാണല്ലോ പൂഞ്ഞ്. അതുപോലെ, പർവ്വതത്തിന്റെ ഭാഗങ്ങളിൽ ഏറ്റവും ഉയരത്തായി കാഴ്ചയിൽപെടുന്നത് അതിന്റെ കൊടുമുടിയായിരിക്കും. അതുപോലെ, ഖുർആനിലെ പ്രതിപാദ്യവിഷയങ്ങളിൽ സൂറത്തുൽ ബഖറ കൂടുതൽ മുഴച്ചുനിൽക്കുന്നുവെന്ന് സാരം. الله اعلم

നബി (ﷺ) യുടെ മക്കാജീവിതകാലത്ത് അവിടെ മുശ്‌രിക്കുകളുടെ ആധിപത്യവും സ്വാധീനവുമാണല്ലോ നടമാടിയിരുന്നത്. അതുകൊണ്ട് മക്കീ കാലഘട്ടത്തിൽ അവതരിച്ച സൂറത്തുകളിലെ പ്രധാന പരാമർശങ്ങൾ തൗഹീദിനെയും ശിർക്കിനെയും സംബന്ധിച്ചായിരുന്നു. തിരുമേനിയും സഹാബികളും മദീനായിൽ ചെല്ലുമ്പോഴാകട്ടെ-അവർ അവിടെ എത്തും മുമ്പുതന്നെ-അവിടെയുള്ള അറബികളിൽ വലിയൊരു വിഭാഗം സത്യവിശ്വാസം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇസ്‌ലാമിന് ഒരു തെളിഞ്ഞ അന്തരീക്ഷം അവിടെ സംജാതമായിട്ടുണ്ടായിരുന്നു. ആകയാൽ, മനുഷ്യന്റെ വ്യക്തിപരവും, സാമൂഹ്യവുമായ മണ്ഡലങ്ങളിൽ ക്രിയാത്മകമായും, നിഷേധാത്മകമായും സ്വീകരിക്കപ്പെടേണ്ടുന്ന വിധിവിലക്കുകളും, ഉപദേശ നിർദ്ദേശങ്ങളും ആ സന്ദർഭത്തിന്റെ ആവശ്യമായിരുന്നു. മദീനാ ജീവിതത്തിന്റെ ആരംഭഘട്ടങ്ങളിൽ അവതരിച്ച ഈ സൂറത്തിൽ ഈ കാര്യം പ്രത്യേകം പരിഗണിക്കപ്പെട്ടുകാണാം.

അതേസമയത്ത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഏറ്റവും കടുത്ത ഒരു പുത്തൻ ശത്രു സമൂഹത്തെ അവിടെ നേരിടേണ്ടി വന്നിരുന്നു. അതെ, യഹൂദികളെ. ദൈവീക മതത്തിന്റെയും, പ്രവാചക പാരമ്പര്യത്തിന്റെയും കുത്തകാവകാശം വാദിച്ചിരുന്ന അവർ, വാസ്തവത്തിൽ ആ രണ്ടിനോടും നാമമാത്ര ബന്ധം പോലുമില്ലാത്തവണ്ണം ദുഷിച്ചുപോയിട്ടുണ്ടായിരുന്നു. ഇസ്‌ലാമിനെതിരിൽ യഹൂദികൾ സ്വീകരിച്ചുവന്ന വിദ്വേഷവും, വൈരാഗ്യവും, പകയും അസൂയയുമെല്ലാം പ്രസിദ്ധമാണ്. ഈ സൂറത്തിൽ നല്ലൊരു ഭാഗം അവരെ സംബന്ധിക്കുന്നതാകുവാൻ കാരണം അതാണ്. കിട്ടുന്ന പഴുതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇസ്‌ലാമിനെതിരെ ഗൂഢാലോചനകൾ നടത്തുവാൻ ഒരുമ്പെട്ടിരുന്ന മറ്റൊരു ശത്രുവിഭാഗവും അവിടെ രംഗത്തുണ്ടായിരുന്നു, മുനാഫിഖുകൾ (കപടവിശ്വാസികൾ) . സ്വാർത്ഥങ്ങളും, താൽക്കാലിക കാര്യലാ

ഭങ്ങളും ഓർത്ത് പ്രത്യക്ഷത്തിൽ ഇസ്‌ലാമിൻെറ വേഷം അണിഞ്ഞിരുന്ന ഇവർ യഥാർത്ഥത്തിൽ മുസ്‌ലിംകളല്ലായിരുന്നു. ഇവരെക്കുറിച്ചും ഈ സൂറത്തിൽ പലതും പ്രസാതാവിക്കപ്പെട്ടിരിക്കുന്നു. കൂടാതെ, മറ്റു സൂറത്തുകളിൽ കാണപ്പെടാത്ത ചില പരാമർശങ്ങളും ഉപമകളും, സംഭവകഥകളും മറ്റും ഇതിൽ അടങ്ങിയിട്ടുണ്ട്.

സൂറത്തുൽ ബഖറ (പശുവിൻെറ അദ്ധ്യായം) എന്ന് ഇതിന് പേര് വരുവാൻ കാരണം, ഇസ്രാഈല്യരിൽ കഴിഞ്ഞുപോയ ഒരു പശുവിൻെറ സംഭവം ഇതിൽ വിവരിക്കപ്പെട്ടിട്ടുള്ളതാണ്. ഓരോ സൂറത്തിലും വിവരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേക വിഷയത്തെ സൂചിപ്പിക്കുന്നതോ, അതിൽ പ്രത്യേകം വന്നിട്ടുള്ള ഏതെങ്കിലും വാക്കുകളെ സൂചിപ്പിക്കുന്നതോ ആയ പേരുകളിലായിരിക്കും മിക്ക സൂറത്തുകളും അറിയപ്പെടുന്നത്. ചുരുക്കം ചിലതിന് പ്രതിപാദ്യ വിഷയത്തെ സൂചിപ്പിക്കുന്ന പേരുകളുമായിരിക്കും. മൊത്തത്തിൽ പറഞ്ഞാൽ സൂറത്തുകൾ തിരിച്ചറിയാനുള്ള ഒരു എളുപ്പ മാർഗ്ഗമെന്ന നിലക്ക് മാത്രമാണ് അവയുടെ പേരുകൾ. അതുകൊണ്ട് ഒരേ സൂറത്തിന് തന്നെ ചിലപ്പോൾ ഒന്നിലധികം പേരുണ്ടായെന്നും വരും. വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും, അവയുടെ ക്രമീകരണത്തിലുമെല്ലാം ഖുർആന് അതിമേതായ പ്രത്യേക രീതികളാണുള്ളത്. ഇതിനെപ്പറ്റിയെല്ലാം മുഖവുരയിൽ വിശദീകരിച്ചിട്ടുള്ളത് കൊണ്ട് കൂടുതലൊന്നും പ്രസ്താവിക്കേണ്ടുന്ന ആവശ്യമല്ല.

നബി (ﷺ) പറഞ്ഞതായി അബൂഹുറൈറ (رضي الله عنه) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബർ സ്ഥാനങ്ങളാക്കരുത്. സൂറത്തുൽ ബഖറ ഓതപ്പെടുന്ന വീടുകളിൽ നിശ്ചയമായും പിശാചു പ്രവേശിക്കുകയില്ല.' (അ;മു;തി;ന.) ഖുർആൻ പാരായണം പോലെയുള്ള കാര്യങ്ങളൊന്നും നടത്താതെ വീടുകൾ മൂകവും ശൂന്യവുമാക്കരുതെന്നാണ് ഖബറുസ്ഥാനമാക്കരുതെന്ന് പറഞ്ഞതിൻെറ സാരം. ഇതുപോലെയുള്ള വേറെയും ഹദീസുകൾ കാണാം ഒരിക്കൽ, ഒരു കൂട്ടം ആളുകളെ ഒരു ഭാഗത്തേക്ക് നിയോഗിച്ചയച്ചപ്പോൾ, അവരിൽ ഓരോരുത്തർക്കും ഖുർആൻ പാരായണം ചെയ്യുവാനുള്ള കഴിവ് നബി (ﷺ) പരിശോധിക്കുകയുണ്ടായി. അവരിൽവെച്ച് ഇളം പ്രായക്കാരനായ ഒരാൾ തനിക്ക് ഖുർആൻെറ ഇന്നിന്ന ഭാഗവും സൂറത്തുൽ ബഖറയും അറിയാമെന്നു പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: 'തൻെറ കൂടെ സൂറത്തുൽ ബഖറയുണ്ടോ? എന്നാൽ പോയിക്കൊള്ളുക . താൻ ഇവരുടെ അമീർ (നായകൻ) ആകുന്നു.' (തി;ന;ജ;ഹാ.) നവ്വാസുബ്നുസംആൻ (رضي الله عنه) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. 'ഖുർആനും, അതനുസരിച്ച് പ്രവർത്തിച്ചിരുന്ന അതിൻെറ ആൾക്കാരും (ഖിയാമത്തുനാളിൽ) കൊണ്ടുവരപ്പെടും സൂറത്തുൽ ബഖറയും ആലുഇംറാനും അവയുടെ ആൾക്കാർക്ക് വേണ്ടി (അവരെ ന്യായീകരിച്ചു) തർക്കം നടത്തിക്കൊണ്ട് അവരുടെ മുമ്പിൽ വരുന്നതാണ്.' എന്ന് നബി (ﷺ) പറയുന്നത് ഞാൻ കേട്ടിരിക്കുന്നു. തിരുമേനി അവക്ക് മൂന്ന് ഉപമകളും വിവരിച്ചിരുന്നു. ഞാനത് ഇതവുരെയും മറന്നിട്ടില്ല അതായത്, അവ രണ്ടും രണ്ട് മേഘങ്ങളെന്നോണം, അല്ലെങ്കിൽ കറുത്ത രണ്ടു തണലുകളെന്നോണം, അല്ലെങ്കിൽ അണിനിരന്ന രണ്ടു പക്ഷിക്കൂട്ടമെന്നോണം എന്നായിരുന്നു അത്. (അ; മു; തി; ബു- താരീഖിൽ.)

ഇതുപോലെ, സൂറത്തുൽ ബഖറയുടെയും, ആയത്തുൽ കുർസീ മുതലായ അതിലെ പ്രത്യേകം ചില ആയത്തുകളുടെയും ശ്രേഷ്ഠതകൾ വിവരിക്കുന്ന പല ഹദീസുകളും രിവായത്തുകളും ഉദ്ധരിക്കുവാനുണ്ട് ചിലതൊക്കെ സന്ദർഭംപോലെ അതത് സ്ഥാനങ്ങളിൽ നമുക്ക് പരിചയപ്പെടാം ان شاء الله ഈ സൂറത്തിലും പ്രസ്തുത ആയത്തുകളിലും അടങ്ങിയ വിഷയങ്ങളുടെ പ്രാധാന്യവും മഹത്വവുമാണ് അതെല്ലാം ചൂണ്ടിക്കാട്ടുന്നത്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണ്യകനും കരുണാനിധിയുമായ
അല്ലാഹുവിന്റെ നാമത്തിൽ

1 അലിഫ്-ലാം-മീം

الٓمٓ ۝١

2 ആ ഗ്രന്ഥം! അതിൽ സന്ദേഹമേ ഇല്ല;- (അത്) മാർഗ്ഗദർശനമത്രെ, സൂക്ഷ്മത പാലിക്കുന്നവർക്ക്.

ذَٰلِكَ ٱلْكِتَٰبُ لَا رَيْبَ ۛ فِيهِ ۛ هُدًى لِّلْمُتَّقِينَ ۝٢

3 (അതായത്) അദൃശ്യത്തിൽ വിശ്വസിക്കുകയും, നമസ്കാരം നിലനിർത്തുകയും ചെയ്യുന്നവർ; നാം തങ്ങൾക്കു നൽകീട്ടുള്ളതിൽ നിന്ന് അവർ ചിലവഴിക്കുകയും ചെയ്യും;-

ٱلَّذِينَ يُؤْمِنُونَ بِٱلْغَيْبِ وَيُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ۝٣

4 (നബിയേ,) നിന്നിലേക്ക് ഇറക്കപ്പെട്ടതിലും, നിൻെറ മുമ്പായി ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നവരും; പരലോകത്തിലാകട്ടെ, അവർ ദൃഢമായി വിശ്വസിക്കുകയും ചെയ്യും. [ഇവരാണ് സൂക്ഷ്മത പാലിക്കുന്നവർ.]

وَٱلَّذِينَ يُؤْمِنُونَ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ وَبِٱلْءَاخِرَةِ هُمْ يُوقِنُونَ ۝٤

5 അക്കൂട്ടർ, തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സന്മാർഗ്ഗത്തിലാകുന്നു. അക്കൂട്ടർ തന്നെയാണ് വിജയികളും!

أُو۟لَٰٓئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ۝٥

വാക്കർത്ഥങ്ങൾ

---

1. الم അലഫ് -ലാം-മിം. **2** **ذَلك** ആ, അത്. **الْكتاب** ഗ്രന്ഥം, ഗ്രന്ഥമാണ്. **لَا ريب** സന്ദേഹമേ ഇല്ല **فيه** അതിൽ. **هدى** മാർഗ്ഗദർശനമാണ്, **لِلْمتقين** സൂക്ഷ്മത പാലിക്കുന്നവർക്ക്, ഭയഭക്തന്മാർക്ക്. 3 **الذين**യാതൊരു കൂട്ടർ **يؤمنونَ** അവർ വിശ്വസിക്കും, **بِالْغيبِ** അദൃശ്യത്തിൽ, **ويقيمونَ** അവർ നിലനിറുത്തുകയും ചെയ്യും, **الصلاةَ**നമസ്ക്കാരം, **ومما** യാതൊന്നിൽ നിന്ന് **رزقْنا** നാം നൽകിയിരിക്കുന്നു, **هم** അവർക്ക്, **ينفقُونَ** അവർ ചിലവഴിക്കും. 4. **والذين** യാതൊരു കൂട്ടരും, **يؤمنونَ** അവർ വിശ്വസിക്കും, **بِما أُنزلَ** ഇറക്കപ്പെട്ടതിൽ, **إِلَيك**നിന്നിലേക്ക് , **وما أُنزلَ** ഇറക്കപ്പെട്ടതിലും, **من قَبلك** നിൻെറമുമ്പ്, **وبِالآخرة** പരലോകത്തിലാകട്ടെ, **هم** അവർ, **يوقنونَ** ദൃഢമായി വിശ്വസിക്കുന്നു. 5 **أُولَئك** അക്കൂട്ടർ, **على هدى** സന്മാർഗ്ഗത്തിലാണ് **من ربهم**തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള, **وأُولَئك** അക്കൂട്ടർ **هم** അവർ(തന്നെ) , **الْمفْلحونَ** വിജയികൾ.

ഖുർ ആനിലെ 29 സൂറത്തുകളുടെ ആരംഭത്തിൽ ഇതു പോലെയുള്ള ഏതാനും കേവലാക്ഷരങ്ങൾ കാണാവുന്നതാണ്, തുടർന്നുള്ള വാക്യങ്ങളുമായി ഘടനാപരമോ, അർത്ഥപരമോ ആയ ബന്ധമില്ലാത്തവയായതുകൊണ്ട് ഇവയ്ക്ക് الحروف المقطعة (വേറിട്ടുനിൽക്കുന്ന അക്ഷരങ്ങൾ) എന്നു പറയപ്പെടുന്നു. ചില സൂറത്തുകളുടെ ആരംഭത്തിൽ (ص,ن പോലെ) ഒരക്ഷരം മാത്രമായും, ചിലതിൽ (طه ,حم പോലെ) രണ്ടക്ഷരമായുംചിലതിൽ (الم , الر പോലെ) മൂന്നക്ഷരമായും, ചിലതിൽ (المص ,المر പോലെ) നാലക്ഷരമായും, ചിലതിൽ (كهيعص , حم عسق പോലെ) അഞ്ചക്ഷരമായും ഇങ്ങിനെ അഞ്ചുതരത്തിൽ-ഇവ വന്നിട്ടുണ്ട്. ഇവയിൽ തന്നെ ഒന്നിലധികം സൂറത്തിൽ ആവർത്തിക്കപ്പെട്ടവയും, തീരെ ആവർത്തിക്കപ്പെടാത്തവയും കാണാം.

ഇത്തരം അക്ഷരങ്ങളെപ്പറ്റി പ്രധാനമായി രണ്ട് അഭിപ്രായങ്ങളാണ് നിലവിലുള്ളത്. (1) അല്ലാഹു അവൻെറ ഗ്രന്ഥത്തിൽ നിക്ഷേപിച്ചു വെച്ചിട്ടുള്ള ഒരു രഹസ്യമാണത്. അവയിൽ

നാം വിശ്വസിക്കുന്നു. അവയുടെ അർത്ഥമോ, വ്യാഖ്യാനമോ നമുക്കറിഞ്ഞുകൂടാ. ഇതാണൊരഭിപ്രായം. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ഇബ്നു മസ്ഊദ് (رضي الله عنهم) മുതലായ സഹാബീവര്യൻമാരും, ശഅബീ, സുഫ്യാനുഥൗരീ (رحمهما الله) പോലെയുള്ള താബിഉകളായ ഹദീസ് പണ്ഡിതൻമാരും ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗവും ഈ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. (2) അവയിൽ ചില സാരങ്ങളും സൂചനകളും അടങ്ങിയിട്ടുണ്ട് . അത് നാം ചിന്തിച്ചും പരിശോധിച്ചും മനസ്സിലാക്കേണ്ടതാണ്. ഇതാണ് മറ്റൊരു വിഭാഗത്തിൻെറ നിലപാട്. എന്നാൽ, അവയുടെ വ്യാഖ്യാനത്തിലോ, അവയിലടങ്ങിയ സൂചനാരഹസ്യങ്ങൾ ചൂണ്ടിക്കാട്ടുന്നതിലോ ഇവർക്ക് യോജിച്ച അഭിപ്രായം കാണുകയില്ല. വ്യത്യസ്തമായ സമീപനങ്ങളാണുള്ളത്. അവയിൽ കൂടുതൽ പ്രസ്കതമായതിൻെറ ചുരുക്കം ഇതാകുന്നു:-

എല്ലാവർക്കും സുപരിചിതമായ ഇത്തരം അറബി അക്ഷരങ്ങളാൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥം തന്നെയാണ് ഖുർആനും. എന്നാൽ, ഇതുപോലെയുള്ള ഒരു ഗ്രന്ഥമോ ഇതിലെ ഒരദ്ധ്യായം പോലെയുള്ള ഒരു ഭാഗമോ നിങ്ങളൊന്ന് കൊണ്ടുവരുവീൻ എന്നിങ്ങിനെ നിഷേധികളായ ശത്രുക്കളോടുള്ള ഒരു വെല്ലുവിളിയാണ് ഈ അക്ഷരങ്ങൾ. സമഖ്ശരീ, ബൈളാവീ (رحمهما الله) മുതലായ പല ഖുർആൻ വ്യാഖ്യാതാക്കളും ഈ അഭിപ്രായമാണ് ന്യായീകരിച്ചും വിശദീകരിച്ചും കാണുന്നത്. ഇമാം മുബർറദും (رحمه الله) മറ്റു സൂക്ഷ്മാന്വേഷികളായ പലരും ഈ അഭിപ്രായക്കാരായും ഇമാം റാസി (رحمه الله) പ്രസ്താവിച്ചിരിക്കുന്നു. ''അശ് ശൈഖുൽ ഇമാം ഇബ്നു തൈമിയ്യയും നമ്മുടെ ഗുരുവര്യൻ അൽഹാഫിള് അബുൽ ഹജ്ജാജിൽ മുസ്സീ الحافظ المزى) യും ഈ അഭിപ്രായക്കാരാണെന്ന് ഇബ്നു കഥീറും (رحمه الله) പറഞ്ഞിരിക്കുന്നു. അറബി അക്ഷരമാലയിൽ 28 അക്ഷരങ്ങളാണുള്ളത്. അതിൻെറ പകുതിഭാഗമായ ق, ن, ا, ل, م, ص, ر ك, ه, ي, ع, ط, س, ح എന്നീ 14 അക്ഷരങ്ങളാണ് സൂറത്തുകളുടെ ആരംഭത്തിലുള്ള ഈ കേവലാക്ഷരങ്ങളിലുള്ളത്. ഉച്ചാരണവും സ്വരവ്യത്യാസവും കണക്കിലെടുത്തുകൊണ്ട് അറബി അക്ഷരങ്ങൾ പലതരമായി ഭാഗിക്കപ്പെടുന്നു. ഓരോ തരത്തിലും പകുതി വീതം ഈ 14ൽ കാണാവുന്നതാണ്. * ബാക്കി പകുതികൾ ഇവയിൽ നിന്ന് അനുമാനിക്കാമല്ലോ അതുപോലെത്തന്നെ, അറബിയിലെ പദങ്ങൾ പരിശോധിച്ചാൽ ഒന്നു മുതൽ അഞ്ചുവരെ അക്ഷരങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കും അവ. കൂടുതൽ കാണപ്പെടുന്ന പക്ഷം അവ അതതിൻെറ മൂലധാതുവിലുള്ള സാക്ഷാൽ അക്ഷരങ്ങൾക്ക് പുറമെ ഏതെങ്കിലും കാരണത്താൽ വർദ്ധിപ്പിക്കപ്പെട്ടവയായിരിക്കും. ഈ കേവലാക്ഷരങ്ങളിലും തന്നെ ഒന്നുമുതൽ അഞ്ചുവരെ അക്ഷരങ്ങളാണുള്ളത്. കൂടാതെ, നാമം, ക്രിയ, അവ്യയം എന്നിവയുടെ ഏതാനും തരവ്യത്യാസങ്ങളും രൂപവൈവിധ്യങ്ങളും ഇവയിൽ അന്തർഭവിച്ചിരിക്കുന്നു.

ഇതെല്ലാം ഇവിടെ വിസ്തരിച്ച് പറയുന്ന പക്ഷം, അത് വളരെ ദീർഘിച്ചു പോകുന്നതുകൊണ്ട് ഒരുഏകദേശ വിവരണം കൊണ്ട് മതിയാക്കുകയാണ്. ചുരുക്കത്തിൽ ഇങ്ങിനെ എല്ലാവർക്കും സുപരിചിതമായ അറബി അക്ഷരങ്ങളും, അവയാൽ സംഘടിപ്പിക്കപ്പെടുന്ന വാക്കുകളും ഉപയോഗിച്ചുകൊണ്ടാണല്ലോ എല്ലാ അറബി ഗദ്യ-പദ്യ സാഹിത്യങ്ങളും രൂപം കൊള്ളുന്നത്. ഇതേ അക്ഷരങ്ങളുടെയും വാക്കുകളുടെയും സമൂഹം തന്നെയാണ് ഖുർആനും, എന്നിരിക്കെ, ഇതിൻെറ മുഴുവൻ ഭാഗത്തോടോ, ഏതാനും ഭാഗത്തോടോ, കിടപിടിക്കത്തക്ക ഒരു കൃതി ആർക്കും സമർപ്പിക്കുവാൻ കഴിയാത്തത് അതിൻെറ അമാനുഷികതക്ക് സ്പഷ്ടമായ ഒരു തെളിവാകുന്നു.

* മലയാളത്തിൽ ഖരം, അതിഖരം, മൃദു, ഘോഷം എന്നിങ്ങിനെ അക്ഷരങ്ങൾ ഭാഗിക്കപ്പെടാറുള്ളതു–[رخوة ، شدة ، همس ، جهر ، اطباق ، فتح نظ كطء ÷لء م] എന്നും മറ്റും പലതായി തരം തിരിക്കപ്പെട്ടിരിക്കുന്നു. ഖുർആൻെറ പാരായണ ശാസ്ത്രമായ 'ഇൽമുത്തജ്വീദി' (علم التجويد) ൻെറ ഗ്രന്ഥങ്ങളിൽ ഇവയെപ്പറ്റി വിശദവിവരം കാണാം.

എന്നിങ്ങനെയാണ് ഈ സമീപനത്തിന്‍റെ സാരം. *

ഈ അഭിപ്രായത്തിന് പിൻബലം നൽകുന്ന ഒരു വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. 29 സൂറത്തുകളുടെ ആരംഭത്തിലാണ് ഇത്തരം അക്ഷരങ്ങളുള്ളത്. ആ സൂറത്തുകൾ പരിശോധിക്കുമ്പോൾ, ഖുർആന്‍റെ സത്യതയും, മഹത്വവും, അമാനുഷികതയും ചൂണ്ടിക്കാട്ടുന്ന ചില വാക്യങ്ങൾ അതോടെപ്പം തുടർന്നുകാണാവുന്നതാണ്. ഉദാഹരണമായി: ഇവിടെ الم എന്ന അക്ഷരങ്ങളെത്തുടർന്ന് ആ ഗ്രന്ഥത്തിൽ ഒട്ടും സന്ദേഹമില്ല (ذلك الكتاب لا ريب فيه) എന്നും, അടുത്ത സൂറത്തിൽ അതിനെത്തുടർന്ന് അല്ലാഹു അല്ലാതെ ആരാധ്യനില്ല., അവൻജീവത്തായുള്ളവനും നിയന്താവുമാണ്. അവൻ നിനക്ക് യഥാർത്ഥപ്രകാരം ഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. الله لا اله الاهو الحي القيوم نزل عليك الكتاب بالحق എന്നും പറയുന്നു. ഇത് പോലെയുള്ള പ്രസ്താവനകൾ മറ്റു സൂറത്തുകളിലും കാണാവുന്നതാണ്. വേറയും പല അഭിപ്രായങ്ങൾ ഈ അക്ഷരങ്ങളെ സംബന്ധിച്ച് ഉദ്ധരിക്കുവാനുണ്ടെങ്കിലും എല്ലാം ചില അഭിപ്രായങ്ങൾ എന്നല്ലാതെ അവക്ക് തെളിവുകളുടെ പിൻബലം കാണുന്നില്ല.

ഒരു മഹാൻ പ്രസ്താവിച്ചതായി ഇബ്നു കഥീർ (ﷺ) ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: ''ഈ അക്ഷരങ്ങളെ വ്യർഥാപ്രയോജനമില്ലാതെ അല്ലാഹു അവതരിപ്പിച്ചിട്ടില്ല എന്ന കാര്യം നിസ്സംശയമത്രെ. തീരെ അർത്ഥമില്ലാതെ തനി ആരാധനാപരമായത് تعبدى വല്ലതും ഖുർആനിൽ ഉണ്ടെന്ന് ആരെങ്കിലും പറയുന്ന പക്ഷം അത് വമ്പിച്ച ഒരബദ്ധമാണ്. അപ്പോൾ, ആ അക്ഷരങ്ങൾക്ക് എന്തോ അർത്ഥമുണ്ടെന്ന് തീർച്ചയാണ്. എന്നാൽ, പാപ വിമുക്തനായ ആളിൽ (റസൂലിൽ) നിന്ന് വല്ലതും നമുക്ക് ശരിയായി വന്നുകിട്ടിയാൽ നാം അതുപ്രകാരം പറയും. ഇല്ലാത്ത പക്ഷം നാം നിൽക്കുന്നേടത്ത് നാം നിൽക്കുകയും ചെയ്യും. امنا به كل من عند ربنا (നാം അതിൽ വിശ്വസിച്ചിരിക്കുന്നു; എല്ലാം നമ്മുടെ റബ്ബിങ്കൽനിന്നുള്ളതാണ്) എന്ന് നാം പറയുകയും ചെയ്യും. ഒരു നിശ്ചിതമായ അഭിപ്രായത്തിൽ പണ്ഡിതൻമാർ ഏകോപിച്ചിട്ടുമില്ല. അവർ ഭിന്നിക്കുകയാണ് ചെയ്തിരിക്കുന്നത്. അപ്പോൾ, രേഖാമൂലം വല്ലവർക്കും വല്ല അഭിപ്രായവും വ്യക്തമായിക്കിട്ടിയാൽ അയാളത് പിൻപറ്റേണ്ടതാണ്. ഇല്ലെങ്കിൽ കാര്യം വ്യക്തമാകുന്നതുവരെ മൗനമായി നിലകൊള്ളുകയാണ് വേണ്ടത്.''

ചില വസ്തുതകൾ ഇവിടെ ഓർമ്മിക്കുന്നത് പ്രയോജനകരമായിരിക്കും. യാതൊരു അർത്ഥവും ഉദ്ദേശ്യവുമില്ലാത്തതൊന്നും ഖുർആനിൽ ഇല്ലെന്നും ഉണ്ടാകാവതല്ലെന്നും തീർച്ചതന്നെ. പക്ഷേ, എല്ലാവർക്കും പൊതുവിൽ മനസ്സിലാക്കുവാൻ കഴിയാത്ത ചില ഭാഗം അതിലുണ്ടായിരിക്കാമെന്ന് സൂ: ആലുഇംറാൻ 7-ാം വചനത്തിൽവെച്ചു കാണാവുന്നതാണ്. متشا به (പരസ്പരസാദൃശ്യമായത്- അഥവാ തിരിച്ചറിയുവാൻ കഴിയാത്തത്) എന്നാണ് അതിന് അവിടെ ഉപയോഗിച്ചിരിക്കുന്നവാക്ക്. ഇതിനെപ്പറ്റി മുഖവുരയിൽ നാം വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അല്ലാഹു സഹായിച്ചാൽ ആലുഇംറാനിൽവെച്ചും ചില വിവരങ്ങൾ കാണാവുന്നതാണ്.
ان شاء الله

ഈ അക്ഷരങ്ങളെ സംബന്ധിച്ചു വന്നിട്ടുള്ള സ്വീകാര്യമായ ഒരു ഹദീസ് ഇതാണ്: ''അല്ലാഹുവിന്‍റെ കിത്താബിൽ നിന്ന് ആരെങ്കിലും ഒരു അക്ഷരം ഓതിയാൽ അവന് അതിനൊരു നന്മയുണ്ട്. നന്മയാകട്ടെ, പത്തിരട്ടി പ്രതിഫലമുള്ളതാണ് . 'അലിഫ്-ലാം-മീം' എന്നത് ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. 'അലിഫ്'ഒരക്ഷരം 'ലാം' ഒരക്ഷരം. 'മീം' ഒരക്ഷരം. ഹാകിം, തിർമദീ, ബസ്സാർ, ദാരിമീ (ﷺ) എന്നിവരും ബുഖാരി (ﷺ) അദ്ദേഹത്തിന്‍റെ 'താരീഖി'ലും ഇബ്നുമസ്ഊദ് (ﷺ) യിൽ നിന്ന് ഉദ്ധരിച്ചതാണ് ഈ ഹദീസ്. ഇതിലും പ്രസ്തുത

* കൂടുതൽ വിശദീകരണം അറിയുവാൻ ആഗ്രഹിക്കുന്നവർ, സമഖ്ശരീ, ബൈളാവി ﷺ)മുതലായ മഹാന്മാരുടെ തഫ്സീർ ഗ്രന്ഥങ്ങൾ നോക്കുക.

അക്ഷരങ്ങളുടെ താൽപര്യം എന്താണെന്ന് പ്രസ്താവിക്കപ്പെട്ടിട്ടില്ല. എങ്കിലും ഖുർആൻ അർത്ഥം അറിയാതെ പാരായണം ചെയ്യുന്നതിലും നന്മയുണ്ടെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. വിശദ വിവരത്തിന് മുഖവുര നോക്കുക.

ذلك الكتاب (ആ ഗ്രന്ഥം) എന്നു പറഞ്ഞത് ഖുർആനെ ഉദ്ദേശിച്ചു തന്നെ. ഒരു വസ്തു സമീപത്തു സ്ഥിതി ചെയ്യുമ്പോൾ അതിലേക്ക് ചൂണ്ടിക്കാണിക്കുവാൻ സാധാരണ നിലയിൽ **هذا** (ഇത്, ഈ) എന്നും മറ്റുമാണ് അറബിയിൽ ഉപയോഗിക്കപ്പെടാറുള്ളത്. ചിലപ്പോൾ, ചൂണ്ടിക്കാണിക്കുന്ന വസ്തുവിന്റെ മഹത്വമോ, ഉന്നത പദവിയോ സൂചിപ്പിച്ചുകൊണ്ട് തൽസ്ഥാനത്ത് **ذلك** (അത്, ആ) എന്നും ഉപയോഗിക്കപ്പെടാറുണ്ട്. ഇതനുസരിച്ചാണ് ഇവിടെയും ആ സൂചനാനാമം ഉപയോഗിച്ചിരിക്കുന്നത് ആ മഹത്തായ ഗ്രന്ഥം എന്നുദ്ദേശ്യം. ഖുർആനെ ചൂണ്ടിക്കാട്ടിക്കൊണ്ട് രണ്ടു കാര്യങ്ങളാണ് അല്ലാഹു പ്രസ്താവിക്കുന്നത്. (1) അതിൽ സന്ദേഹമേ ഇല്ല. (2) അത് സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗ്ഗദർശനമാണ്. സൂക്ഷ്മത പാലിക്കുന്നവരുടെ ഗുണങ്ങൾ തുടർന്നു വിവരിക്കുകയും ആ ഗുണങ്ങളോട് കൂടിയവരാണ് സന്മാർഗ്ഗികളും വിജയികളുമെന്ന് ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ريب (റയ്ബ്) എന്ന വാക്കിന് സന്ദേഹം, തെറ്റിദ്ധാരണ എന്നും മറ്റും അർത്ഥം വരും. ആദ്യത്തെ അർത്ഥമാണ് ഇവിടെ ഖുർആന്റെ പ്രതിപാദ്യ വിഷയങ്ങളിലോ, സന്ദേശങ്ങളിലോ, ലക്ഷ്യദൃഷ്ടാന്തങ്ങളിലോ ഒന്നും തന്നെ സംശയത്തിന് പഴുതില്ല. എല്ലാം സുവ്യക്തമായ യാഥാർത്ഥ്യങ്ങളാകുന്നു എന്നത്രെ **لا ريب فيه** (അതിൽ സന്ദേഹമേ ഇല്ല) എന്നു പറഞ്ഞതിന്റെ താൽപര്യം. പക്ഷെ, അത് സത്യസമ്പൂർണ്ണവും സുവ്യക്തവുമായ ഒരു ഗ്രന്ഥമാണെന്നതുകൊണ്ട് എല്ലാ മനുഷ്യർക്കും അതിന്റെ മാർഗ്ഗദർശ്ശനം പ്രയോജനപ്പെടുകയില്ല; അതിന്റെ മാർഗ്ഗദർശനം സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കേ അതുകൊണ്ട് പ്രയോജനമുള്ളുവെന്നാണ് **هدى للمتقين** (സൂക്ഷ്മത പാലിക്കുന്നവർക്കു മാർഗ്ഗദർശനമാകുന്നു) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്.

هدى، هداية (ഹുദാ, ഹിദായത്ത്) എന്നീ പദങ്ങളുടെ അർത്ഥത്തെക്കുറിച്ചു സൂ: ഫാതിഹഃ യിൽ വിവരിച്ചുവല്ലോ. **متقين** (മുത്തഖീൻ) എന്ന വാക്കിനാണ് 'സൂക്ഷ്മത പാലിക്കുന്നവർ' എന്ന് അർത്ഥം കൽപിച്ചത്. അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് അവന്റെ ശിക്ഷക്കും അപ്രീതിക്കും കാരണമാകുന്ന കാര്യങ്ങളെ സൂക്ഷിച്ചു ജീവിക്കുന്ന ഭയഭക്തൻമാർ എന്നാണ് ആ വാക്കുകൊണ്ടു വിവക്ഷ. ഈ സൂക്ഷ്.മതയാകുന്ന ഭയഭക്തിക്കാണ് **تقوى** (തഖ്‌വാ) എന്ന് പറയുന്നത്. ഈ വാക്കിനോ ഉദ്ദേശ്യം വിവരിക്കുന്നതിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ വാചകങ്ങൾ വ്യത്യസ്തങ്ങളായി കണ്ടേക്കുമെങ്കിലും ഈ ആശയത്തിൽ അവരെല്ലാം യോജിക്കുന്നതായി കാണാവുന്നതാണ്. സൂക്ഷ്മത പാലിക്കുന്നവർക്കേ ഖുർആന്റെ മാർഗ്ഗ ദർശനം പ്രയോജനപ്പെടുകയുള്ളുവെന്നുള്ളതിന്റെ കാരണം മറ്റൊരു സ്ഥലത്ത് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

قل هو الذين امنو هدى وشفاء والذين لا يؤمنون في وقر وهو عليهم عمى – حم السجدة

(സാരം:പറയുക: അത്-ഖുർആൻ- വിശ്വസിച്ചവർക്ക് മാർഗ്ഗദർശനവും ശമനവും -ആശ്വാസപ്രദവും-ആകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ, അവരുടെ കാതുകളിൽ ഒരുതരം കട്ടിയുണ്ടായിരിക്കും. അത് അവർക്ക് ഒരു അന്ധതയുമായിരിക്കും (41:44) വിശ്വസിക്കുവാൻ തയ്യാറില്ലാത്തവർ ഖുർആൻ കേൾക്കുമ്പോഴൊക്കെ അവരുടെ നിഷേധം വർദ്ധിക്കുകയാണ് ഉണ്ടാകുക. അങ്ങിനെ, അതവർക്ക് കൂടുതൽ ദോഷകരമായി കലാശിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: **وننزل من القرأن ما هو شفاء ورحمة للمؤمنين ولا يزيد الظالمين الا خسارا** (സാരം: സത്യ വിശ്വാസികൾക്ക് ശമനവും കാരുണ്യവുമായുള്ളതിനെ ഖുർആനിലൂടെ നാം അവതരി പ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടത്തെയല്ലാതെ വർദ്ധിപ്പിക്കുകയില്ല. (17: 82) സൂക്ഷ്മത പാലിക്കുന്നവരുടെ പ്രധാന ലക്ഷണങ്ങളായി അഞ്ചു കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. ഇവയാണത്:-

(1) يؤمنون بالغيب (അവർ അദൃശ്യകാര്യത്തിൽ വിശ്വസിക്കുന്നതാണ്) ഒരുകാര്യം സത്യമെന്ന് സമ്മതിക്കുന്നതിന് ഭാഷയിൽ ايمان(ഈമാൻ) എന്ന് പറയുന്നു. الذين امنو وعملو الصالحات (വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ) എന്നിങ്ങനെ വിശ്വാസവും പ്രവർത്തിയും കൂട്ടിച്ചേർത്തുകൊണ്ടുള്ള പ്രസ്താവനകളിൽ ഈ അർത്ഥത്തിലുള്ള ഈമാനാണുദ്ദേശ്യം. എന്നാൽ, സത്യം സമ്മതിക്കുകയും അതിന് വഴങ്ങുകയും ചെയ്യുക എന്ന അർത്ഥത്തിലാണ് ഖുർആനിലും, ഇസ്‌ലാമിക സാഹിത്യങ്ങളിലും 'ഈമാനും' അതിൽനിന്നുൽഭവിക്കുന്ന പദങ്ങളും നിരുപാധികം ഉപയോഗിക്കപ്പെടാറുള്ളത്. ഈ അർത്ഥപ്രകാരം മനസ്സുകൊണ്ട് വിശ്വസിക്കുകയും ആ വിശ്വാസം വാക്കുകൊണ്ടും പ്രവർത്തികൊണ്ടും സാക്ഷാൽകൃതമാക്കുകയും ചെയ്യുക എന്നായിരിക്കും അതുകൊണ്ട് വിവക്ഷ. അതുകൊണ്ടാണ് സൽകർമ്മങ്ങൾവഴി ഈമാൻ വർദ്ധിക്കുകയും, ദുഷ്കർമ്മങ്ങൾവഴി ഈമാൻ കുറയകയും ചെയ്യുമെന്ന് ഇമാം ശാഫിഈ, അഹ്മദ്, ബുഖാരീ (رحمهم الله) തുടങ്ങിയ മുൻഗാമികളായ എത്രയോ മഹാൻമാർ പറയുന്നതും. പല ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും ഇതിന് തെളിവായി ഇമാ ബുഖാരീ (رحمه الله) അദ്ദേഹത്തിൻെറ 'സഹീഹിൽ' ഉദ്ധരിച്ചിട്ടുമുണ്ട്.

غيب (ഗയ്ബ്) എന്ന വാക്കിന് 'അദൃശ്യം അഥവാ മറഞ്ഞകാര്യം' എന്നാണ് വാക്കർത്ഥം. ബാഹ്യേന്ദ്രിയങ്ങളുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞതൊക്കെ ഭാഷാർത്ഥപ്രകാരം 'ഗയ്ബാ'കുന്നു. ഭർത്താക്കളുടെ അഭാവത്തിൽ അനിഷ്ടങ്ങളൊന്നും പ്രവർത്തിക്കാതെ സൂക്ഷിക്കുന്ന ഭാര്യമാരെപ്പറ്റി حافظات للغيب എന്ന് (4:34ൽ) പറഞ്ഞത് ഈ അർത്ഥത്തിലാണ്. 'ഗയ്ബി'ൽ വിശ്വസിക്കുക എന്നതുകൊണ്ടുദ്ദേശ്യം, അല്ലാഹുവിൻെറ സത്ത, മലക്കുകൾ, പരലോകം, വിചാരണ, സ്വർഗ്ഗം, നരകം, ഖബ്റിലെ അനുഭവങ്ങൾ ആദിയായി ബാഹ്യേന്ദ്രിയങ്ങൾ വഴിയോ ആന്തരേന്ദ്രിയങ്ങൾവഴിയോ, അല്ലെങ്കിൽ ബുദ്ധികൊണ്ടോ സ്വയം കണ്ടെത്താൻ കഴിയാത്തതും, വേദഗ്രന്ഥങ്ങളുടെയും പ്രവാചകൻമാരുടെയും പ്രസ്താവനകൾ കൊണ്ടുമാത്രം അറിയുവാൻ കഴിയുന്നതുമായ കാര്യങ്ങളാകുന്നു.

മുത്തഖീങ്ങളുടെ (സൂക്ഷ്മത പാലിക്കുന്നവരുടെ) ഒന്നാമത്തെ ലക്ഷണം 'ഗയ്ബി'ൽ വിശ്വസിക്കലാണെന്ന് അല്ലാഹു പറഞ്ഞത് വളരെ ശ്രദ്ധേയമാകുന്നു. നേരിൽകണ്ടതും കേട്ടതും മാത്രമേ വിശ്വസിക്കൂ എന്നോ, ബുദ്ധികൊണ്ടു ചിന്തിച്ചും ഗവേഷണം നടത്തിയും കണ്ടുപിടിക്കുന്നതിനപ്പുറം മറ്റൊന്നും ഉണ്ടാകുവാനില്ലെന്നോ ഉറപ്പിച്ചുവെക്കുന്നവർക്ക് ഖുർആൻ മുഖേനയോ, വേദഗ്രന്ഥങ്ങൾ മുഖേനയോ മാർഗ്ഗദർശനം ലഭിക്കുവാൻ പോകുന്നില്ല. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ് മതനിഷേധികൾ, നിർമ്മതവാദികൾ എന്നും മറ്റും പറയുന്നത്. എല്ലാം തങ്ങൾക്കറിയാമെന്ന അഹംഭാവവും, മർക്കടമുഷ്ടിയും ഇവരുടെ സ്വഭാവമായിരിക്കും. തങ്ങൾ പുരോഗമനാശയക്കാരാണ്, അദൃശ്യത്തിൽ വിശ്വസിക്കുന്നത് കേവലം പഴഞ്ചനും അപരിഷ്കൃതവുമാണ് എന്നൊക്കെയായിരിക്കും ഇവരുടെ ജൽപനം. എന്നിരിക്കെ, ഇവരോട് പരലോകം, പുനരുത്ഥാനം, സ്വർഗ്ഗനരകം മുതലായ മറഞ്ഞ കാര്യങ്ങളെക്കുറിച്ചൊന്നും ഉപദേശിച്ചിട്ട് ഫലമില്ലല്ലോ. അതാണ് ഖുർആൻെറ മാർഗ്ഗദർശനം ഇവർക്ക് പ്രയോജനപ്പെടാതിരിക്കുവാൻകാരണം.

'ഗയ്ബി'നെ (അദൃശ്യകാര്യത്തെ) സാക്ഷാൽ 'ഗയ്ബ്' എന്നും, ആപേക്ഷികമായ 'ഗയ്ബ്'എന്നും രണ്ടായി ഭാഗിക്കാവുന്നതാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുവാൻ കഴിയാത്തതെല്ലാം സാക്ഷാൽ 'ഗയ്ബാ'കുന്നു. ചിലർക്ക് അറിയുവാൻ കഴിയുന്നതും, മറ്റു ചിലർക്ക് അറിയുവാൻ കഴിയാത്തതുമായ കാര്യങ്ങൾ ആപേക്ഷികമായ 'ഗയ്ബി'ലും പെടുന്നു. മലക്കുകൾക്ക് അവർ നിവസിക്കുന്ന ഉന്നത ലോകങ്ങളിലെ കാര്യങ്ങൾ പലതും അറിയുവാൻ കഴിയുമെങ്കിലും മനുഷ്യർക്ക് അതിന് കഴിവില്ലല്ലോ. മനുഷ്യരെ സംബന്ധിച്ച് ഇത് രണ്ടാമത്തെ

ഇനത്തിൽപ്പെട്ട 'ഗയ്ബാ'ണ്. ബുദ്ധികൊണ്ട് ചിന്തിച്ചോ, ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ചോ, പരിചയംകൊണ്ടോ, ലക്ഷണം മുഖേനയോ സിദ്ധിക്കുന്ന അറിവുകളൊന്നം 'ഗയ്ബി'ൽ ഉൾപ്പെടുകയില്ല. ഉദാഹരണമായി (1) കമ്പിയില്ലാ കമ്പി, റേഡിയോ, ശൂന്യാകാശ വാഹനം മുതലായ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ലഭിക്കുന്ന അറിവുകൾ. (2) നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും ഗതിവേഗം, ഭ്രമണം, ഭൂഗർഭത്തിലെ താപനില മുതലായവയെക്കുറിച്ച് നിരീക്ഷണം ചെയ്ത് ലഭിക്കുന്ന അറിവുകൾ.(3) ദീർഘകാല പരിചയം, മുഖലക്ഷണം, ശബ്ദവ്യത്യാസം, ദീർഘദൃഷ്ടി, ബുദ്ധി സാമർത്ഥ്യം, സ്വപ്നസൂചന മുതലായവ വഴി ലഭിച്ചേക്കാവുന്ന അനുമാനങ്ങൾ. ഇവയൊന്നും ഗയ്ബിൽ ഉൾപ്പെടുന്നില്ല. കവിഞ്ഞപക്ഷം ചില വ്യക്തികൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നതും ചില വ്യക്തികൾക്ക് മനസ്സിലാക്കുവാൻ കഴിയാത്തതുമെന്ന നിലക്ക് ഭാഷാർത്ഥത്തിലുള്ള ആപേക്ഷികമായ 'ഗയ്ബ് ' എന്ന് വേണമെങ്കിൽ അവയെപ്പറ്റി പറയാം. അത്രമാത്രം

(2,3) ويقيمون الصلوة ومما رزقناهم ينفقون (അവർ നമസ്കാരം നിലനിറുത്തുകയും, നാം തങ്ങൾക്കു നൽകിയതിൽനിന്നു ചിലവഴിക്കുകയും ചെയ്യും.) ഭാഷയിൽ 'പ്രാർത്ഥന' എന്നർത്ഥമുള്ള വാക്കാണ് صلوة (സ്വലാത്ത്) തക്ബീർ കൊണ്ടു തുടങ്ങി സലാം കൊണ്ടവസാനിക്കുന്ന പ്രത്യേക രീതിയിലുള്ള ഇസ്ലാമിക നമസ്കാര കർമ്മമാണ് അതുകൊണ്ട് വിവക്ഷ. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ അവയുടെ ഘടകങ്ങളും നിബന്ധനകളും മര്യാദകളും പൂർത്തിയാക്കിക്കൊണ്ട് സമയം തെറ്റാതെ നിർവ്വഹിക്കുക എന്നത്രെ നമസ്കാരം നിലനിറുത്തൽ കൊണ്ടുദ്ദേശ്യം. നാം നൽകിയതിൽനിന്ന് ചിലവഴിക്കുക എന്നു പറഞ്ഞതിൻെറ താൽപര്യം ഇസ്ലാമിലെ നിർബന്ധദാനമായ സക്കാത്തും സക്കാത്തിനു പുറമെ നിർവ്വഹിക്കുവാൻ കൽപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ ദാനധർമ്മങ്ങളുമാകുന്നു. അഞ്ചു നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്കുപുറമെ വേറെയും ഐഛിക നമസ്കാരങ്ങളും, നിർബന്ധമായ ദാനധർമ്മങ്ങൾക്കു പുറമെ വേറെയും ദാനധർമ്മങ്ങളും നിർവ്വഹിക്കുവാൻ ഇസ്ലാം പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുന്നത് ശരിയാണ്. പക്ഷേ, മുത്തഖികളുടെ അനിവാര്യ ഗുണങ്ങളെ വിവരിക്കുന്ന സന്ദർഭമായതുകൊണ്ടത്രെ നിർബന്ധമായ നമസ്കാരങ്ങളും ദാനധർമ്മങ്ങളുമാണുദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് പറഞ്ഞത്. മനുഷ്യന് അല്ലാഹുവിനോടുള്ള അനുഷ്ഠാനപരമായ കടമകളിൽ വളരെ പ്രധാനപ്പെട്ടതാണ് നമസ്കാര കർമ്മം. ദാനധർമ്മങ്ങൾ അല്ലാഹുവിനോടുള്ള ഒരു കടമയാണെന്നതിനു പുറമെ സാമൂഹ്യമായ ഒരു കടമയും കൂടിയാകുന്നു. ഈ രണ്ടു കടമകളും നിറവേറ്റാത്തവർ മുത്തഖികളിൽ ഉൾപ്പെടുകയില്ലെന്നും, അവർക്കു ഖുർആൻെറ മാർഗ്ഗദർശനം ഫലപ്പെടുകയില്ലെന്നും ഈ വചനങ്ങളിൽ നിന്നു വ്യക്തമാകുന്നു.

ധനത്തിൽനിന്നു ചിലവഴിക്കുക എന്നോ മറ്റോ പറയാതെ, നാം നൽകിയതിൽനിന്ന് ചിലവഴിക്കുക. مما رزقناهم ينفقون എന്നാണ് അല്ലാഹു ഉപയോഗിച്ച വാക്ക്. വളരെ അർത്ഥവത്തായ ഒരു വാക്കാണിത്. ഖുർആനിൽ പല സ്ഥലങ്ങളിലും ഈ പ്രയോഗം കാണാം . ധനം സമ്പാദിക്കുന്നത് ഭൂമിയിൽ നിന്നുള്ള ഉൽപാദനവും പ്രയത്നവും വഴിയാണല്ലോ. ഭൂമിക്ക് ഉൽപാദന ശക്തി നൽകിയതും, അതിൽ നിന്ന് ഉൽപ്പന്നങ്ങളുണ്ടാക്കുന്നതും, അത് പ്രയോജനപ്രദമാക്കുന്നതുമെല്ലാം അല്ലാഹുവാണ്. മനുഷ്യന് യത്നിക്കുവാനുള്ള അറിവും, കഴിവും, ഉപാധിയും, സാഹചര്യവും നൽകുന്നതും അല്ലാഹുതന്നെ . ഒരു വിഷയത്തിൽ ഒരേ പ്രകാരത്തിലുള്ള ശ്രദ്ധയും ശ്രമവും നടത്തിക്കൊണ്ടിരിക്കുന്ന രണ്ടുപേർക്ക് ലഭിക്കുന്ന നേട്ടങ്ങളും, ഒരേ മണ്ണിൽ ഒരേ സ്വഭാവത്തിൽ നടത്തപ്പെട്ട രണ്ടു കൃഷികളിൽ നിന്നു ലഭിക്കുന്ന ഫലങ്ങളും, ഒരേ വ്യക്തി തന്നെ ഒരേ രീതിയിലും ഒരേ അളവിലും രണ്ടു പ്രാവശ്യം പരിശ്രമിച്ചതിൻെറ നേട്ടങ്ങളും, എപ്പോഴും ഒന്നായിരിക്കയില്ല. ഒരിക്കൽ ആയിരക്കണക്കിനു മെച്ചം കിട്ടിയ അതേ സ്ഥാനത്ത് മറ്റൊരിക്കൽ പൂജ്യമായിരിക്കും ഫലമെന്നു വരും. അപ്പോൾ, ഭൂമിയുടെ പ്രകൃതിയോ, അദ്ധ്വാനത്തിൻെറ സ്വഭാവമോ അനുസരിച്ചുമാത്രമല്ല വിഭവങ്ങൾ ലഭ്യമാകുന്നതെന്നും, അല്ലാഹുവാണ് എല്ലാം കണക്കാക്കുന്നതും നൽകുന്നതുമെന്നും സ്പഷ്ടമാണ്. പക്ഷേ,

അല്ലാഹു കണക്കാക്കിയ ആ വിഭവങ്ങൾ ലഭിക്കുന്നത് അവൻ തന്നെ കണക്കാക്കിയിരിക്കുന്ന മാർഗ്ഗങ്ങളിലൂടെയാണെന്നു മാത്രം. ഇങ്ങിനെ, അല്ലാഹു നൽകിയതാണ് മനുഷ്യന്റെ കയ്യിലുള്ള ധനവും വിഭവങ്ങളുമെല്ലാം. എന്നിരിക്കെ, അതിൽ നിന്നു ചിലവഴിക്കുവാൻ മനുഷ്യൻ എന്തിന് മടിക്കണം? അല്ലാഹു നൽകിയതിൽ നിന്ന് അവൻ നിർദ്ദേശിക്കുന്ന വിഷയങ്ങളിൽ ചിലവഴിച്ചാൽ അവൻ-ഒന്നല്ലെങ്കിൽ മറ്റൊന്ന്-ഇന്നല്ലെങ്കിൽ നാളെ-പകരം നൽകിയേക്കും എന്നിങ്ങനെയുള്ള സൂചനകൾ ഈ പ്രയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നു.

(4) والذين يؤمنون من قبلك (നിനക്ക് ഇറക്കപ്പെട്ടതിലും നിനക്ക് മുമ്പ് ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നവരായിരിക്കും) . അതായത്, നബി (ﷺ) ക്ക് ഇറക്കപ്പെട്ട ഈ വേദഗ്രന്ഥത്തിൽ പ്രത്യേകമായും മുൻപ്രവാചകൻമാർക്ക് അവതരിക്കപ്പെട്ടിട്ടുള്ള തൗറാത്ത്, ഇഞ്ചീൽ മുതലായ വേദഗ്രന്ഥങ്ങളിൽ പൊതുവായും വിശ്വസിക്കുമെന്ന് സാരം. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തിരുന്നത് ഇസ്‌ലാം തന്നെ. ان الدين عند الله الاسلام (നിശ്ചയമായും മതം അല്ലാഹുവിന്റെ അടുക്കൽ ഇസ്‌ലാമാകുന്നു (3:19) . പ്രാവർത്തികവും അനുഷ്ഠാനപരവുമായ രീതിയിൽ കാലോചിതമായ ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കുമെന്നുമാത്രം. لكل جعلنا منكم شرعة ومنهاجا (നിങ്ങളിൽ എല്ലാവർക്കും തന്നെ ഓരോ നടപടിക്രമവും തുറന്ന മാർഗ്ഗവും നാം ഏർപ്പെടുത്തിയിരിക്കുന്നു. (5:48) എന്നിരിക്കെ, ഏതെങ്കിലും ഒരു പ്രവാചകനിലോ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലോ വിശ്വസിക്കാതിരിക്കുന്നത് ഫലത്തിൽ എല്ലാവരെയും നിഷേധിക്കലായിരിക്കുമല്ലോ. ഖുർആൻ അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെ സത്യമാക്കുന്നതാണ് . مصدق لما بين يديه എന്നു ഖുർആനിൽ പലപ്പോഴും കാണാവുന്നതിന്റെ അർത്ഥം ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണ്. (ഈ വിഷയകമായി, ഈ സൂറത്തിലെ 136, 137, 285 എന്നീ വചനങ്ങളിലും, സൂറത്തുന്നിസാഉ് 150-152 മുതലായ വചനങ്ങളിലും കൂടുതൽ വിശദീകരണം കാണാവുന്നതാണ്.)

യഹൂദികളും ക്രിസ്ത്യാനികളുമാകുന്ന വേദക്കാർ ചില പ്രത്യേക നബിമാരിൽ വിശ്വസിക്കുകയും, മറ്റുള്ളവരിൽ അവിശ്വസിക്കുകയും ചെയ്യുന്നവരാണ്. വേദക്കാരല്ലാത്ത അറബികളാകട്ടെ, ഇബ്റാഹീം (عليه السلام) നബിയുമായുള്ള ഒരു നാമമാത്ര പാരമ്പര്യ ബന്ധമല്ലാതെ മറ്റു പ്രവാചകൻമാരുമായി അവർക്ക് ഒരു ബന്ധവുമില്ല. അപ്പോൾ, വേദക്കാരിൽനിന്ന് ഇസ്‌ലാമിൽ വരുന്നവരെ സംബന്ധിച്ചേടത്തോളം അവർ തങ്ങളുടെ വേദഗ്രന്ഥങ്ങളിലും നബിമാരിലും വശ്വസിച്ചിരുന്നതിന് പുറമെ, നബി (ﷺ) തിരുമേനിയിലും ഖുർആനിലും വീണ്ടും വിശ്വസിക്കേണ്ടതുണ്ട്; അറബികളിൽനിന്ന് സത്യവിശ്വാസം സ്വീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവർ ഖുർആനും നബി (ﷺ) യും അടക്കം എല്ലാ നബിമാരിലും വേദഗ്രന്ഥങ്ങളിലും പുതുതായി വിശ്വസിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് വേദക്കാരിൽനിന്ന് വിശ്വസിക്കുന്നവരെപറ്റി او لئك يؤتون اجرهم مرتين (അവർക്ക് അവരുടെ പ്രതിഫലങ്ങൾ രണ്ടുപ്രാവശ്യം നല്കപ്പെടും (28 : 54) എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നതും. നബി (ﷺ) പറയുന്നു: ''മൂന്നുകൂട്ടർക്ക് അല്ലാഹു രണ്ടു പ്രാവശ്യം പ്രതിഫലം നൽകുന്നതാണ്. തന്റെ പ്രവാചകനിലും, എന്നിലും വിശ്വസിച്ചവനും, അല്ലാഹുവിനോടുള്ള കടമയും സ്വന്തം യജമാനനോടുള്ള കടമയും നിർവ്വഹിച്ചവനും, സ്വന്തം അടിമസ്ത്രീക്ക് നന്നായി മര്യാദപഠിപ്പിച്ച ശേഷം അവളെ സ്വതന്ത്രയാക്കിവിട്ട് വിവാഹം കഴിച്ചവനുമാണ് ആ മൂന്നുകൂട്ടർ.'' (ബു;മു.)

വേദക്കാരിൽനിന്ന് മുസ്‌ലീമായ ഓരോ വ്യക്തിയും മറ്റെല്ലാ മുസ്‌ലിംകളെക്കാളും -അവർ എത്ര ഉന്നതപദവിയിലുള്ളവരായിരുന്നാലും- ശ്രേഷ്ഠതയുള്ളവരായിക്കുമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ഒരു വിഷയത്തിൽ-അഥവാ പ്രവാചകൻമാരിലുള്ള വിശ്വാസത്തിൽ-രണ്ടു നിലക്കുള്ള പ്രതിഫലം അവർക്കുലഭിക്കുമെന്നേ അതിനർത്ഥമുള്ളു. വിശ്വാസദാർഢ്യംകൊണ്ടും, സൽക്കർമ്മങ്ങളുടെ ആധിക്യംകൊണ്ടും മറ്റുള്ളവർക്ക് അവരെക്കാൾ പ്രതിഫലം ലഭിക്കുമെന്നുള്ളതിന് ഇത് എതിരല്ല. മുൻവേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയെന്നതുകൊണ്ടുദ്ദേശ്യം നിലവിലു

ള്ള തൗറാത്തിലും ഇഞ്ചീലിലുമൊക്കെ വിശദമായി വിശ്വസിക്കുക എന്നല്ല. കാരണം, മാറ്റത്തിരുത്തലുകൾക്കോ, ഏറ്റക്കുറവുകൾക്കോ വിധേയമാകാതെ - ഖുർആൻ അവതരിക്കുന്ന കാലത്തും അതിനു ശേഷവും - അവയൊന്നും അവയുടെ സാക്ഷാൽ രൂപത്തിൽ നിലവിലില്ല. ആകയാൽ മൊത്തത്തിലുള്ള വിശ്വാസമാണുദ്ദേശ്യം . മുൻവേദഗ്രന്ഥങ്ങളിലെ ഉള്ളടക്കങ്ങളെ സംബന്ധിച്ചേടത്തോളം അവ ഈ മൂന്നിലൊരു പ്രകാരത്തിലായിരിക്കും. 1. അല്ലാഹുവിൻെറയും റസൂലിൻെറയും പ്രസ്താവനകളോട് യോജിക്കുന്നത്. ഈ വിഭാഗം ശരിവെക്കലും വിശ്വസിക്കലും നിർബന്ധമാകുന്നു. 2. അവ രണ്ടിനോടും എതിരായത്. ഈ വിഭാഗം നിരാകരിക്കലും വിശ്വസിക്കലും നിർബന്ധമാണ്. 3. രണ്ടുമല്ലാത്തത്. ഈ വിഭാഗത്തെക്കുറിച്ചാണ് നബി (ﷺ) ഇപ്രകാരം പറഞ്ഞത്: ''വേദക്കാർ നിങ്ങളോട് വർത്തമാനം പറഞ്ഞാൽ നിങ്ങളവരെ സത്യമാക്കുകയും കളവാക്കുകയും ചെയ്യരുത്. എങ്കിലും ഇങ്ങിനെ പറഞ്ഞാകൊള്ളുക; ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു.'' (ബു.)

(5) وبالآخرة هم يوقنون (പരലോകത്തിൽ അവർ ദൃഢമായി വിശ്വസിക്കുന്നു) വാസ്തവത്തിൽ 'ഗയ്ബി'ൽ വിശ്വസിക്കുക എന്ന് പറഞ്ഞതിൽ ഉൾപ്പെടുന്നതാണ്, പരലോകത്തിലുള്ള വിശ്വാസവും. പരലോകവിശ്വാസവും ദൃഢമാകുമ്പോൾ മാത്രമേ ഭൗതീക ജീവിതത്തിന് ശേഷം വരുവാനിരിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും യഥാർത്ഥത്തിൽ വിശ്വാസമുണ്ടാവുകയുള്ളൂ. അനശ്വരമായതും എല്ലാ നന്മ തിൻമകൾക്കും കൃത്യവും കണിശവുമായി പ്രതിഫലം നൽകപ്പെടുന്നതുമായ ഒരു ജീവിതമുണ്ടെന്നും, അവിടെ വെച്ച് സർവ്വ നിയന്താവായ അല്ലാഹുവിൻെറ മുന്നിൽ സകല ചെയ്തികളും കണക്കുബോധിപ്പിക്കേണ്ടി വരുമെന്നുള്ള പരിപൂർണ്ണ വിശ്വാസവും ഉറപ്പുമാണ് മനുഷ്യൻെറ സന്മാർഗ്ഗബോധത്തിനുള്ള ഏകനിദാനം. ഇസ്‌ലാമിക വിശ്വാസ സിദ്ധാന്തങ്ങളുടെയെല്ലാം അടിത്തറയാണ് അല്ലാഹുവിലും പരരോകത്തിലുമുള്ള വിശ്വാസം. അഥവാ മനുഷ്യൻെറ തുടക്കത്തെയും മടക്കത്തെയും കുറിച്ചുള്ള ബോധം. മറെറാരു വിധത്തിൽ പറഞ്ഞാൽ, താൻ എവിടെനിന്ന് വന്നു,, എങ്ങോട്ട് പോകുന്നു എന്നതിനെക്കുറിച്ചുള്ള ബോധം. മറ്റുള്ള വിശ്വാസങ്ങളെല്ലാം ഇതിൻെറ വിശദാം ശങ്ങളോ ഇതിൻെറ അനിവാര്യ വശങ്ങളോ ആയിരിക്കും. അതുകൊണ്ടാണ് വിശ്വാസത്തെക്കുറിച്ചു പറയുന്ന മിക്ക സ്ഥലത്തും ഖുർആനിൽ, അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസത്തെപറ്റി പ്രത്യേകം എടുത്ത് പറയാറുള്ളതും.

ഈ അഞ്ചു ഗുണവിഷേശണങ്ങളോടുകൂടിയവരാണ് മുത്തഖികൾ (സൂക്ഷ്മത പ ാലിക്കുന്നവർ) എന്നു പറഞ്ഞശേഷം അവരുടെ നേട്ടങ്ങളെന്തായിരിക്കുമെന്ന് വിവരിക്കുന്നു:
او لئك على هدى من ربهم (അവർ തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള സൻമാർഗ്ഗത്തിലായിരിക്കും) അതെ, അല്ലാഹു നിർദ്ദേശിച്ചതും, അവൻ തൃപ്തിപ്പെട്ടതും, അവൻ അനുഗ്രഹിച്ചതുമായ യഥാർത്ഥ സൻമാർഗ്ഗം ഏതാണോ ആ മാർഗ്ഗം അംഗീകരിച്ചവരും അതിൽ ചരിക്കുന്നവരുമാണവർ . ഐഹിക ജീവിതത്തിൽ വെച്ച് ഒരാൾക്ക് ലഭിക്കുവാനുള്ള ഏറ്റവും വമ്പിച്ച സാക്ഷ്യപത്രമത്രെ ഇത്. ഇതിലുപരിയായി മറ്റൊന്നു ലഭിക്കുവാൻ എന്തുണ്ട്?! ഈ വാക്യത്തിന് മലയാളഭാഷാ ശൈലിക്കനുസരിച്ച് 'അവർ തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള സൻമാർഗ്ഗത്തിലായിരിക്കും' എന്നാണ് നാം വിവർത്തനം നല്കിയതെങ്കിലും, പദങ്ങളുടെ അർത്ഥം നേർക്കുനേരെ നോക്കുന്നപക്ഷം 'അവർ തങ്ങളുടെ റബ്ബിങ്കൽനിന്നുള്ള സൻമാർഗ്ഗത്തിൻമേലാണ് സ്ഥിതി ചെയ്യുന്നത് എന്നത്രെ പറയേണ്ടത്.' ഈ പ്രയോഗത്തിലടങ്ങിയ സൂചന ഖുർആൻ വ്യാഖ്യാതാക്കൾ ഇങ്ങിനെ ചൂണ്ടിക്കാട്ടുന്നു, ഇവരെ സംബന്ധിച്ചിടത്തോളം സൻമാർഗ്ഗം കേവലം ഒരു വാഹനവും, അവൻ അതിൻെറ പുറത്തിരിക്കുന്ന സവാരിക്കാരുമാകുന്നു. എല്ലാ വാഹനക്കാർക്കും അവർ എത്തിച്ചേരേണ്ടുന്ന ഒരു ലക്ഷ്യസ്ഥാനം ഉണ്ടായിരിക്കുന്നത് പോലെ, ഇവർക്കുമുണ്ട് ഒരു ലക്ഷ്യസ്ഥാനം. ഇവരുടെ ലക്ഷ്യമാകട്ടെ, അല്ലാഹുവിൻെറ പ്രീതിയും പ്രതിഫലവുമാകുന്നു. വേറൊരു രൂപത്തിൽ പറയുന്ന പക്ഷം, സൻമാർഗ്ഗം അവരിൽ വെച്ചുകെട്ടുകയോ അടിച്ചേ

ല്പിക്കുകയോ അല്ല ചെയ്തിരിക്കുന്നത്. അവരുടെ രക്ഷിതാവ് അവർക്ക് നിശ്ചയിച്ചുകൊടുത്ത ആ സൻമാർഗ്ഗ ജീവിതം അവരുടെ ഇഷ്ടത്തിനും ഇച്ഛക്കും തികച്ചും അനുസരിച്ചുകൊണ്ടാണുള്ളത്. ഇതാണാസൂചന.

അവർ സന്മാർഗ്ഗത്തിലാണ്, സൻമാർഗ്ഗം അവരുടെ ഇച്ഛക്കും അഭിലാഷത്തിനും ഇണങ്ങിയതുമാണ്. ശരി, എന്നാൽ അതുകൊണ്ട് അവർക്ക് എന്തു നേട്ടമാണ് ലഭിക്കുവാനുള്ളത്.? അല്ലാഹു പറയുന്നു. واولئك هم المفلحون (അവർതന്നെയാണ് വിജയികളും) അതെ, ഏതിൽ നിന്നെല്ലാം രക്ഷകിട്ടുവാൻ അവർ സൂക്ഷിച്ചുവന്നിരുന്നുവോ, അതിൽ നിന്നെല്ലാം അവർക്ക് രക്ഷ ലഭിക്കുന്നു. ഏതെല്ലാം കാര്യങ്ങൾ സിദ്ധിക്കണമെന്ന് അവർക്ക് ആഗ്രഹമുണ്ടായിരുന്നുവോ അതെല്ലാം അവർക്ക് സിദ്ധിക്കുകയും ചെയ്യുന്നു. പരത്തിൽ മാത്രമല്ല, ഇഹത്തിലും വിജയികളാണവർ. സുഖദുഃഖ സമ്മിശ്രമായ ഈ ജീവിതത്തിൽ സന്തോഷ സന്താപ വ്യത്യാസമില്ലാതെ, ശാന്തിയോടും സമാധാനത്തോടും കൂടി നിലകൊള്ളുവാൻ അവർക്കേ കഴിയൂ. എങ്കിലും, അതല്ല അവരുടെ ലക്ഷ്യം. പരലോക വിജയവും ഏറ്റവും ഉപരിയായി അല്ലാഹുവിൻെറ പ്രീതിയുമാണവരുടെ ലക്ഷ്യം. ചുരുക്കത്തിൽ ആ ലക്ഷ്യത്തിൽ അവരെ അല്ലാഹു എത്തിച്ചുകൊടുക്കുന്നു. അല്ലാഹു പറയുന്നു: ''നിങ്ങളുടെ പ്രതിഫലങ്ങൾ നിറവേറ്റിത്തരപ്പെടുന്നത് ഖിയാമത്തുനാളിൽ മാത്രമാകുന്നു. അപ്പോൾ, ആർ നരകത്തിൽനിന്ന് അകറ്റപ്പെടുകയും, സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്തുവോ അവർ ഭാഗ്യം പ്രാപിച്ചു. ഇഹലോക ജീവിതം കൃത്രിമത്തിൻെറ ഉപകരണമല്ലാതെ മറ്റൊന്നുമല്ല.'' (ആലുഇംറാൻ: 185) ''അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയാകട്ടെ, ഏറ്റവും വലുതുമാകുന്നു. അതുതന്നെയാണ് വമ്പിച്ച ഭാഗ്യം.'' (തൗബ: 72)

ഖുർആൻെറ മാർഗ്ഗദർശ്ശനങ്ങൾ ഫലപ്രദമായിത്തീരുന്ന മുത്തഖികളായ സത്യവിശ്വാസികളുടെ ഗുണങ്ങളും നേട്ടവും വിവരിച്ച ശേഷം, നേരെമറിച്ച് സത്യനിഷേധികളായ അവിശ്വാസികളെയും അവരുടെ അനുഭവത്തെയും കുറിച്ചു പറയുന്നു:-

إِنَّ ٱلَّذِينَ كَفَرُواْ سَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ٦

6 നിശ്ചയമായും, അവിശ്വസിച്ചിട്ടുള്ളവർ, അവരെ നീ താക്കീത് ചെയ്തുവോ, അല്ലെങ്കിൽ അവരെ താക്കീത് ചെയ്തില്ലയോ (രണ്ടായാലും) അവരിൽ സമമാകുന്നു. അവർ വിശ്വസിക്കുന്നതല്ല.

خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمۡ وَعَلَىٰ سَمۡعِهِمۡۖ وَعَلَىٰٓ أَبۡصَٰرِهِمۡ غِشَٰوَةٞۖ وَلَهُمۡ عَذَابٌ عَظِيمٞ ٧

7 അവരുടെ ഹൃദയങ്ങളുടെ മേലും, അവരുടെ കേൾവിയുടെ മേലും അല്ലാഹു മുദ്ര വെച്ചിരിക്കുന്നു; അവരുടെ ദൃഷ്ടികളുടെ മേലും ഉണ്ട്, ഒരു (തരം) മൂടി. അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ട്.

---

6. إن الذين നിശ്ചയമായും യാതൊരുകൂട്ടർ, كَفَروا അവർ അവിശ്വസിച്ചു, سواءٌ സമമാണ്, عليهم അവരുടെമേൽ, അവരിൽ, أأنذَرتهم നീ അവരെ താക്കീത് ചെയ്തുവോ, أم അല്ലെങ്കിൽ لم تنذرهم നീ അവരെ താക്കീത് ചെയ്തില്ല لا يؤمنونَ അവർ വിശ്വസിക്കുകയില്ല .7. ختم الله അല്ലാഹു മുദ്ര വെച്ചു على قُلوبهم അവരുടെ ഹൃദയങ്ങളിന്മേൽ, وعلى سمعهم അവരുടെ കേൾവിയുടെ (കാതുകളുടെ) , وعلى أبصارهم അവരുടെ ദൃഷ്ടികളുടെ (കണ്ണിൻെറ) , غشاوةٌ ഒരു (തരം) മൂടി, ولهم അവർക്കുണ്ടുതാനും عذَاب ശിക്ഷ, عظيم വമ്പിച്ച,

كفر (കഫറ) എന്ന ക്രിയയുടെ മൂലാർത്ഥം ‘മറച്ചുവെച്ചു -അഥവാ മൂടിവെച്ചു’ എന്നാകുന്നു. കൃഷിക്കാരൻ വിത്ത് മണ്ണിലിട്ട് മൂടുന്നത് കൊണ്ട് അവന് كافر (കാഫിർ) എന്നു പറയപ്പെടും. രാത്രി അതിൻെറ ഇരുട്ടുകൊണ്ട് വസ്തുക്കളെ മറച്ചുവെക്കുന്നതിനാൽ അതിനെയും ‘കാഫിർ’ എന്നു വിശേഷിപ്പിക്കാം. ഇതിൻെറ ധാതുനാമങ്ങളാണ് كفور ,كفران ,كفر (കുഫ്ർ, കുഫ്റാൻ; കുഫൂർ) എന്നീ പദങ്ങൾ. എങ്കിലും പ്രയോഗരംഗത്ത് അൽപം വ്യത്യാസങ്ങൾ കണ്ടേക്കും. ഉദാഹരണമായി: അവിശ്വാസം, സത്യ നിഷേധം എന്നീ അർത്ഥങ്ങളിൽ ‘കുഫ്ർ’ എന്ന രൂപവും നന്ദികേട് എന്ന അർത്ഥത്തിൽ ‘കുഫ്റാൻ’ എന്ന രൂപവുമാണ് അധികം ഉപയോഗം. ‘കുഫൂർ’ എന്നതാകട്ടെ, രണ്ടർത്ഥത്തിലും ധാരാളം ഉപയോഗിക്കുന്നു. ايمان (ഈമാൻ-സത്യവിശ്വാസം) ൻെറ വിപരീതമായി كفر (കുഫ്ർ) എന്ന വാക്കും مؤمن (മുഅ്മിൻ-സത്യവിശ്വാസി) ൻെറ വിപരീതമായി كافر (കാഫിർ) എന്ന വാക്കും പരക്കെ ഉപയോഗിക്കപ്പെടുന്നു. അതുപോലെ شكر (ശുക്ർ-നന്ദി) ൻെറയും شاكر (ശാകിർ-നന്ദി ചെയ്യുന്നവൻ) ൻെറയും വിപരീതമായും അവ യഥാക്രമം ഉപയോഗിക്കപ്പെടും كفر ൻെറ ധാതുവിൽനിന്നുൽഭവിക്കുന്ന മറ്റു പദരൂപങ്ങളിലും ഈ രണ്ടർത്ഥവും വരും എല്ലാം സന്ദർഭംകൊണ്ട് മനസ്സിലാക്കേണ്ടതാകുന്നു.

مؤمن (സത്യവിശ്വാസി) അല്ലാത്തവരെല്ലാം كافر (അവിശ്വാസി) ൻെറ ഇനത്തിൽ ഉൾപ്പെടുന്നു. പക്ഷേ എല്ലാ ‘കാഫിറു’കളും ഒരേ തരക്കാരല്ല. ലക്ഷ്യങ്ങളും തെളിവുകളും അറിഞ്ഞുകൊണ്ട് നിഷേധിക്കുന്നവരും, അറിയായ്മകൊണ്ട് നിഷേധിക്കുന്നവരും, ധിക്കാരവും പരിഹാസവും കൊണ്ട് നിഷേധിക്കുന്നവരും, അവഗണനയോ ചിന്താശൂന്യതയോ നിമിത്തം വിശ്വസിക്കാത്തവരുമെല്ലാം ‘കാഫിർ’ തന്നെ. അവിശ്വാസത്തിൻെറ കാഠിന്യത്തിലും ലാഘവ ത്തിലും വ്യത്യസ്തരായിരിക്കുമെന്ന് മാത്രം . എല്ലാതരം ‘കാഫിറു’കളെയും ഉൾപ്പെടുത്തുന്ന വാക്കെന്ന നിലയ്ക്കാണ് كافر ന് ‘അവിശ്വാസി’ എന്നും كفر ന് ‘അവിശ്വാസം’ എന്നും നാം ഭാഷാന്തരം നൽകിവരുന്നത് എന്നാൽ ഓരോ സ്ഥാനത്തും ഏതുതരം നിഷേധത്തിൻെറ അടി സ്ഥാനത്തിലാണ് അവിടെ അത് ഉപയോഗിച്ചിരിക്കുന്നതെന്ന് സന്ദർഭം നോക്കി മനസ്സിരുത്തേ ണ്ടതാണ്.

നബി (ﷺ) യും ഖുർആനും പ്രബോധനം ചെയ്യുന്ന തത്വങ്ങളിൽ വിശ്വസിക്കാതെ സത്യത്തെ മൂടിവെക്കുകയും, ദൃഷ്ടാന്തങ്ങളെ അവഗണിച്ച് തള്ളിക്കളയുകയും ചെയ്ത സത്യനിഷേധികളായ മുശ്രിക്കുകളാണ് ഇവിടെ الذين كفروا (അവിശ്വസിച്ചവർ) കൊണ്ടുദ്ദേശ്യം. അവരെ താക്കീത് ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും ഒരുപോലെയാണ്- അവർ വിശ്വസി ക്കുവാൻ പോകുന്നില്ല- എന്ന് അല്ലാഹു നബി (ﷺ) തിരുമേനിയെ അറിയിക്കുന്നു. അജ്ഞതകൊണ്ടോ, ദൃഷ്ടാന്തങ്ങളുടെ പോരായ്മ കൊണ്ടോ ഉള്ള നിഷേധമാണെങ്കിൽ, താക്കീതുകൊണ്ടും ഉപദേശം കൊണ്ടും അവർക്ക് മാനസാന്തരം വന്നേക്കുമെന്ന് പ്രതീക്ഷിക്കു വാനവകാശമുണ്ട്. സത്യം മനസ്സിലായിട്ടു പിന്നെയും കൽപ്പിച്ചു കൂട്ടി അതിനെ മറയ്ക്കുന്നവരെ സംബന്ധിച്ച് അതൊന്നും പ്രയോജനപ്പെടുകയില്ലല്ലോ. ഉപദേശങ്ങൾക്ക് ചെവികൊടുക്കുകയും, ദൃഷ്ടാന്തങ്ങളിൽ ചിന്തിക്കുകയും ചെയ്വാൻ തയ്യാറില്ലാത്ത എല്ലാ അവിശ്വാസികളുടെയും സ്ഥിതി ഇതുതന്നെ. നബി (ﷺ) യുടെ കാലത്തുള്ള ആ സത്യനിഷേധികളെപ്പറ്റിയുള്ള ഈ അറിയിപ്പിൽ തിരുമേനിക്ക് ഒരു മനസ്സമാധാനം നൽകൽ കൂടി അടങ്ങിയിരിക്കുന്നു. കാരണം, അവർ വിശ്വസിക്കാത്തതിൽ നബി (ﷺ) ക്കുള്ള ഉൽകണ്ഠയും വ്യസനവും വളരെ വമ്പിച്ചതായി രുന്നു. അൽ കഹ്ഫ്, 6; ശുഅറാഉ്, 3 മുതലായ സ്ഥലങ്ങളിൽ ഇതിനെപ്പറ്റി അല്ലാഹു പ്രസ്താവിച്ചു കാണാം. ആ സ്ഥിതിക്ക് അവർ വിശ്വസിച്ചേക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല- അവർ വിശ്വസിക്കുകയില്ലെന്ന് അല്ലാഹുവിന് അറിയാം -എന്നറിയുമ്പോൾ, അവരെപ്പറ്റി ഇനി വ്യാകുലപ്പെടേണ്ടതില്ലെന്നും, അതിൻെറ ഉത്തരവാദിത്വം വഹിക്കേണ്ടതില്ലെന്നും നബി (ﷺ) ക്ക് സമാധാനിക്കാമല്ലോ.

അവർ വിശ്വസിക്കുകയില്ലെന്നുള്ളതിൻെറ കാരണമാണ് ختم الله على قلوبهم (അല്ലാഹു

അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെച്ചിരിക്കുന്നു.....) എന്ന വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ختم (ഖതമ) ക്ക് 'മുദ്രവെച്ചു' എന്നാണ് വാക്കർത്ഥം. ഇതിൻെറ ഒരു പര്യായമാണ് طبع (ത്വബഅ) എന്ന ക്രിയയും ഇവയും, ഇവയുടെധാതുക്കളിൽനിന്നുള്ള മറ്റു രൂപങ്ങളും അലങ്കാര രൂപത്തിൽ വേറെ അർത്ഥങ്ങളിലും ഉപയോഗിക്കപ്പെടാറുണ്ട്. ഒരു പാത്രത്തിനോ, അല്ലെങ്കിൽ ഒരു കത്തിനോ, മുദ്രവച്ചാൽ, പിന്നീടതിൽ വല്ലതും കൂട്ടിച്ചേർക്കുവാനോ, അതിൽ നിന്ന് വല്ലതും ഒഴിവാക്കുവാനോ സാധിക്കുകയില്ലല്ലോ. അഥവാ അതോടുകൂടി അതിന് ഭദ്രതയും അന്തിമ രൂപവും വന്നുകഴിയുന്നു. അതുകൊണ്ട് 'ഭദ്രമാക്കി, ഉറപ്പിച്ചുവെച്ചു' എന്നും, 'അവസാനിപ്പിച്ചു, പൂർത്തിയാക്കി' എന്നുമുള്ള അഥര്ഥങ്ങളിൽ അവ ഉപയോഗിക്കുക പതിവാകുന്നു.* അവിശ്വാസികളുടെ ഹൃദയങ്ങൾക്കും, കേൾവിക്കും- അഥവാ കാതുകൾക്കു മുദ്രവെച്ചുവെന്നും മറ്റും പറയുന്നതിൻെറ അർത്ഥവും ഇതുതന്നെ. അതായത്, നിഷേധവും ധിക്കാരവും കൊണ്ട് അവരുടെ ഹൃദയങ്ങൾ നിറഞ്ഞിരിക്കുന്നു; ഇനി അതിലേക്ക് താക്കീതുകളോ, ഉപദേശങ്ങളോ, ദൃഷ്ടാന്തളോ, ഒന്നും പ്രവേശിക്കുകയില്ല; അതിലേക്കൊന്നും അവർ ശ്രദ്ധ പതിക്കുവാനോ, ചെവികൊടുക്കുവാനോ, കണ്ടുമനസ്സിലാക്കുവാനോ തയ്യാറാകുന്നതല്ല; അവരുടെ ഗ്രഹണേന്ദ്രിയങ്ങൾ മരവിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് താൽപര്യം.

'ഖതമ' എന്ന വാക്കിൻെറ മേൽ സൂചിപ്പിച്ച അർത്ഥങ്ങൾ വിവരിച്ചുകൊണ്ട് ഇമാം റാഗിബ് (رحمه الله) അദ്ദേഹത്തിൻെറ ഖുർആൻ നിഘണ്ടുവിൽ പ്രസ്താവിച്ച ചില വിവരങ്ങൾ- ഇവിടെ -മാത്രമല്ല- ഖുർആനിൽ താഴെ പല സ്ഥലങ്ങളിലും, ചില നബി വചനങ്ങളിലും ഇതുപോലെ വന്നിട്ടുള്ള ചില പ്രയോഗങ്ങളുടെ താൽപര്യം മനസ്സിലാക്കുവാൻ വളരെ ഉപകരിക്കുന്നതാകുന്നു. ആ പ്രസ്താവനയുടെ സാരം ഇങ്ങിനെ ഉദ്ധരിക്കാം:-

'അപ്പോൾ ختم الله على قلوبهم (അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെച്ചു) എന്നും, ان اخذ الله سمعكم وابصاركم وختم على قلوبكم (.....അല്ലാഹു നിങ്ങളുടെ കേൾവിയും കാഴ്ചകളും എടുത്തു കളയുകയും നിങ്ങളുടെ ഹൃദയങ്ങൾക്ക് മുദ്രവെക്കുകയും ചെയ്താൽ...........(6: 46) എന്നുമൊക്കെ പറഞ്ഞത് അല്ലാഹു നടപ്പാക്കിയ ഒരു പതിവിലേക്കുള്ള സൂചനയാകുന്നു. അതായത്, മനുഷ്യൻ നിരർത്ഥമായ വിശ്വാസത്തിലും, നിഷിദ്ധമായ പ്രവർത്തികളിലും അങ്ങേയറ്റം എത്തുകയും, യഥാർത്ഥത്തിലേക്കുള്ള തിരിഞ്ഞുനോട്ടം ഇല്ലാതാകുകയും ചെയ്യുമ്പോൾ, ആ അനുസരണക്കേടും തെറ്റുകുറ്റങ്ങളും ചെയ്യുന്നത് നന്നായി തോന്നുകയെന്ന ഒരു ശീലം അതവനിൽ ഉണ്ടാക്കിത്തീർക്കുകയും, അവൻെറ ഹൃദയം മുദ്രവെക്കപ്പെട്ടതുപോലെ ആയിത്തീരുകയും ചെയ്യുന്നു. ഇതുപോലെത്തന്നെയാണ് طبع الله على قلوبهم وسمعهم وابصارهم (അവരുടെ ഹൃദയങ്ങൾക്കും കേൾവിക്കും കാഴ്ചക്കും അല്ലാഹു മുദ്രകുത്തി (16:108) എന്ന വചനവും. من اغفلنا قلبه (നാം ഹൃദയത്തെ അശ്രദ്ധയിലാക്കിയവൻ (18:28) എന്നതിലെ അശ്രദ്ധയിലാക്കലും, وجعلنا على قلوبهم اكنة (അവരുടെ ഹൃദയങ്ങളിൽ നാം ചില മൂടികളെ ആക്കി (6:25) എന്നതിലെ മൂടി ഇടലും, وجعلنا قلوبهم قاسية (അവരുടെ ഹൃദയങ്ങളെ നാം കടുപ്പമുള്ളതാക്കി (5:14) എന്നതിലെ കടുപ്പമാക്കലുമെല്ലാം ഈ പ്രകാരത്തിലുള്ള അലങ്കാര പ്രയോഗങ്ങളാണ്'. المفردات ഈ ഉദ്ധരണി ശരിക്ക് മനസ്സിരുത്തുന്നത് പല സന്ദർഭങ്ങളിലും വളരെ പ്രയോജനപ്പെടുന്നതാണെന്ന് പ്രത്യേകം ഉണർത്തുന്നു.

ഇത്തരം പ്രയോഗങ്ങൾ ഖുർആനിലും ഹദീസിലും കാണുമ്പോൾ മനസ്സിരുത്തേണ്ടുന്ന മറ്റൊരു കാര്യംകൂടി ഇവിടെ ചൂണ്ടിക്കാട്ടാം. മനസ്സിലേക്ക് സത്യവിശ്വാസം പ്രവേശിക്കാതിരിക്കത്തക്കവണ്ണം ആദ്യമേ അല്ലാഹു ഹൃദയങ്ങൾക്ക് മുദ്രവച്ചു തടസ്സമുണ്ടാക്കുകയും, തൻമൂലം സത്യവിശ്വാസം ഉൾക്കൊള്ളുവാൻ അവർക്ക് കഴിയാതെ വരുകയും ചെയ്യുക എന്നല്ല അവിടങ്ങളിലൊന്നും ഉദ്ദേശ്യം. അവരുടെ നിഷേധവും ധിക്കാരസ്വഭാവവും മുഴുത്തപ്പോൾ,

* ഇങ്ങിനെയുള്ള അലങ്കാരാർത്ഥങ്ങളിൽ 'അരക്കിട്ടു സീൽവെച്ചു' എന്നൊക്കെ മലയാളത്തിലും പറയാറുണ്ടല്ലോ.

അതേ കാരണത്താൽ അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെച്ചു-അഥവാ അതിലേക്ക് വിശ്വാസം കടന്നു ചെല്ലാത്ത അവസ്ഥയിലാക്കി-എന്നേയുള്ളു. ചില ഖുർആൻ വചനങ്ങളിൽ നിന്ന് തന്നെ ഇത് വ്യക്തമായി മനസ്സിലാക്കാം. ഇസ്റാഈല്യർ അല്ലാഹുവിൻെറ ശാപത്തിന് പാത്രമാകുവാനുണ്ടായ കാരണങ്ങൾ എടുത്തു കാണിക്കുന്ന കൂട്ടത്തിൽ, 'ഞങ്ങളുടെ ഹൃദയങ്ങൾ ഉറയിലിട്ട് മൂടിയിരിക്കുകയാണ്' (നിങ്ങളുടെ ഈ പ്രബോധനങ്ങളൊന്നും അതിലേക്ക് കടക്കുകയില്ല.) എന്നുള്ള അവരുടെ പ്രസ്താവനയെ ഉദ്ധരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: بل طبع الله عليها بكفرهم – النسآء (പക്ഷെ, അവരുടെ അവിശ്വാസം നിമിത്തം അതിൻമേൽ അല്ലാഹു മുദ്ര കുത്തിയിരിക്കുകയാണ്. (4:155) അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ കുതർക്കം നടത്തുന്നതിൽ അല്ലാഹുവിനുള്ള വമ്പിച്ച അമർഷത്തെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് അല്ലാഹു പറയുന്നു: كذلك يطبع الله على كل قلب متكبر جبار – المؤمن (അപ്രകാരം, അഹംഭാവികളും സ്വേച്ഛാലുക്കളുമായവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്ര കുത്തുന്നതാണ് (40:35) ഈ ലോകത്തുള്ള ഓരോ കാര്യങ്ങൾക്കും സാധാരണമായ ചില കാരണങ്ങൾ അല്ലാഹു നിശ്ചയിച്ചു വെച്ചിട്ടുണ്ട്. ആ കാരണങ്ങൾ ഒത്തുകൂടുമ്പോൾ ആ കാര്യങ്ങൾ സംഭവിക്കുന്നതായി നാം കാണുന്നു. അഥവാ, ആ സന്ദർഭത്തിൽ അല്ലാഹു അത് സംഭവിപ്പിക്കുന്നു. അല്ലാഹു സംഭവിപ്പിക്കുന്നതാകകൊണ്ടാണല്ലോ ചിലപ്പോൾ നമുക്കറിയാവുന്ന കാരണങ്ങളെല്ലാം ഉണ്ടായിട്ട് പിന്നെയും ചില കാര്യങ്ങൾ സംഭവിക്കാതെ കാണുന്നത്. ഇപ്പറഞ്ഞതിൽനിന്ന് അല്ലാഹു മുദ്രവച്ചു- അഥവാ മുദ്രവെക്കലിൻെറ കർത്താവ് അല്ലാഹുവാണ്-എന്ന് പറഞ്ഞതിൻെറ താൽപര്യം ഗ്രഹിക്കാവുന്നതാണ്. ആ സത്യനിഷേധികളോട് അല്ലാഹുവിനുള്ള കഠിനമായ വെറുപ്പ് കൂടി ഈ പ്രയോഗത്തിൽ സൂചിപ്പിക്കുന്നുണ്ട്. الله اعلم

സൂറത്തിൻെറ ആരംഭ വചനങ്ങളിൽ സത്യവിശ്വാസികളെക്കുറിച്ചും, അനന്തരം ഈ രണ്ടു വചനങ്ങളിൽ മുശ്രിക്കുകളായ അവിശ്വാസികളെക്കുറിച്ചും പ്രസ്താവിച്ചശേഷം തുടർന്നുള്ള ഏതാനും വചനങ്ങളിൽ കപട വിശ്വാസികളെപ്പറ്റി പ്രസ്താവിക്കുന്നു. മുശ്രിക്കുകൾക്ക് പുറമെ, മദീനായിൽ ഇസ്ലാമിൻെറ രണ്ട് പ്രത്യേക ശത്രുക്കളാണല്ലോ കപടവിശ്വാസി (المنافقون) കളും, വേദക്കാരായ യഹൂദികളും. അതുകൊണ്ട് കപടവിശ്വാസികളെപ്പറ്റി ഇവിടെ താരതമ്യേന കുറച്ചധികം സംസാരിച്ചിരിക്കുന്നു. വേദക്കാരെക്കുറിച്ചാകട്ടെ, വളരെ സൂക്തങ്ങൾ തന്നെ ഈ സൂറത്തിൽ അല്ലാഹു വിനിയോഗിച്ചിരിക്കുന്നതു കാണാം. കപടവിശ്വാസികളെപ്പറ്റി അല്ലാഹു പറയുന്നു:-

വിഭാഗം-2

8 മനുഷ്യരിലുണ്ട് ചിലർ: അവർ പറയും: "ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചിരിക്കുന്നു" എന്ന്. അവർ (വാസ്തവത്തിൽ) സത്യ വിശ്വാസികളല്ലതാനും.	وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ وَبِٱلْيَوْمِ ٱلْـَٔاخِرِ وَمَا هُم بِمُؤْمِنِينَ ﴿٨﴾
9 അവർ അല്ലാഹുവിനോടും, വിശ്വസിച്ചവരോടും വഞ്ചന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. (വാസ്തവത്തിൽ) അവർ തങ്ങളെത്തന്നെയല്ലാതെ വഞ്ചിക്കുന്നില്ലതാനും. അവർ (അത്) അറിയുന്നുമില്ല.	يُخَٰدِعُونَ ٱللَّهَ وَٱلَّذِينَ ءَامَنُوا۟ وَمَا يَخْدَعُونَ إِلَّآ أَنفُسَهُمْ وَمَا يَشْعُرُونَ ﴿٩﴾
10 അവരുടെ ഹൃദയങ്ങളിലുണ്ട് ഒരു (തരം) രോഗം; എന്നിട്ട് അല്ലാഹു അവർക്ക് രോഗം വർദ്ധിപ്പിച്ചിരിക്കുകയാണ്. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്; അവർ വ്യാജം പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം.	فِى قُلُوبِهِم مَّرَضٌ فَزَادَهُمُ ٱللَّهُ مَرَضًا ۖ وَلَهُمْ عَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْذِبُونَ ﴿١٠﴾

8. ومن الناس മനുഷ്യരിലുണ്ട് , من يقُولُ പറയുന്ന ചിലർ, പറയുന്നവർ, آمنا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു വിശ്വസിച്ചവർ, സത്യവിശ്വാസികൾ, 9. يخادعونَ അവർ വഞ്ചന നടത്തുന്നു, الله അല്ലാഹുവിനോട് , والذين آمنوا വിശ്വസിച്ചവരോടും, وما يخدعونَ അവർ വഞ്ചിക്കുന്നില്ലതാനും, إلا أنفسهم അവരെത്തന്നു , بِاللِّ അല്ലാഹുവിൽ, وباليوم ദിവസത്തിലു, الآخرِ അവസാനത്തെ, وما هم അവരല്ലതാനും, بِمُؤ ന്നെ (തങ്ങളുടെ സ്വന്തങ്ങളെ) അല്ലാതെ, وما يشعرونَ അവർ അറിയുന്നുമില്ല. അവർക്ക് ബോധമുണ്ടാകുന്നില്ലതാനും 10. في قُلوبهم അവരുടെ ഹൃദയങ്ങളിലുണ്ട് , مرض ഒരു രോഗം, فزادهم എന്നിട്ട് അവർക്ക് വർദ്ധിപ്പിച്ചിരിക്കുന്നു, اللهُ അല്ലാഹു, رضا രോഗത്തെ, ولهم അവർക്കുണ്ടുതാനും, عذاب ശിക്ഷ, أليم വേദനയേറിയ, بِما كانوا അവരായിക്കൊണ്ടിരുന്നതുനിമിത്തം, يكذبونَ അവർ വ്യാജം പറയും.,

---

വാക്കും പ്രവർത്തിയും തമ്മിലും, രഹസ്യവും പരസ്യവും തമ്മിലും പൊരുത്തക്കേടുണ്ടാകുന്നതാണ് കാപട്യം (نفاق) വിശ്വാസങ്ങളിലും അനുഷ്ഠാനങ്ങളിലും ഉണ്ടാവാം കാപട്യം. വിശ്വാസത്തിലെ കാപട്യമാണ് ഏറ്റവും ഗൗരവപ്പെട്ടത്. എല്ലാ തരം കാപട്യങ്ങളെക്കുറിച്ചും ഓരോ സന്ദർഭത്തിലായി ഖുർആനിൽ അല്ലാഹു പരാമർശിച്ചിട്ടുണ്ട്. ഇസ്‌ലാമിൻെറ അടിസ്ഥാന വിശ്വാസത്തിൽ തന്നെ മുഴുത്ത കാപട്യം വെച്ച് പുലർത്തിക്കൊണ്ടിരുന്ന- ഉള്ളിൽ കുഫ്റും പുറമെ ഇസ്‌ലാമിക വേഷവും സ്വീകരിച്ചിരുന്ന- കപട വിശ്വാസികളെക്കുറിച്ചാണ് ഈ സൂക്തങ്ങളിൽ പ്രസ്താവിക്കുന്നത്.

മദനീ സൂറത്തുകളിലാണ് മുനാഫിഖുകളെപ്പറ്റി പരാമർശ്ശങ്ങളുള്ളത്. മക്കായിൽ മുനാഫിഖുകൾ ഇല്ലായിരുന്നു. നേരെമറിച്ച് യഥാർത്ഥത്തിൽ സത്യവിശ്വാസം സ്വീകരിക്കുകയും, അതോടുകൂടി ദൗർബല്യം കാരണം അതു മൂടിവെച്ചുകൊണ്ട് ബാഹ്യത്തിൽ അവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യാൻ നിർബന്ധിതരായ ചിലരാണ് മക്കായിൽ ഉണ്ടായിരുന്നത്. കാരണം, അവിടെ പ്രതാപവും ശക്തിയും മുശ്‌രിക്കുകൾക്കായിരുന്നല്ലോ. നബി (ﷺ) മദീനായിൽ വന്നപ്പോൾ ഔസ്, ഖസ്റജ് എന്നീ രണ്ടു ഗോത്രക്കാരായിരുന്നു അവിടുത്തെ അറബികൾ. മുമ്പ് അവരും മക്കാ മുശ്‌രിക്കുകളെപ്പോലെ വിഗ്രഹാരാധകൻമാരായിരുന്നുവെങ്കിലും നബി (ﷺ) യും സഹാബികളും അവിടെ എത്തും മുമ്പു തന്നെ അവർക്കിടയിൽ ഇസ്‌ലാമിനു പ്രചാരം സിദ്ധിച്ചു തുടങ്ങിയിരുന്നു. തിരുമേനിയുടെ വരവോടുകൂടി അത് കൂടുതൽ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. മദീനാ പരിസരങ്ങളിലുണ്ടായിരുന്ന മറ്റൊരു കൂട്ടർ യഹൂദികളായിരുന്നു. അവരുടെ യഹൂദ പാരമ്പര്യമനുസരിച്ചു പോരുന്നവരായിരുന്നു അവർ. യഹൂദികൾ മൂന്നു ഗോത്രക്കാരായിരുന്നു ബനൂ ഖൈനുഖാഉ്, ബനൂ നളീർ, ബനൂഖുറൈള: قينقاع، قريظة، نضير ആദ്യത്തെ ഗോത്രവും ഖസ്റജും തമ്മിലും, അവസാനത്തെ രണ്ടു ഗോത്രവും ഔസും തമ്മിലും സഖ്യത്തിലായിരുന്നു. അറബികളിൽനിന്നു ധാരാളം ആളുകൾ ഇസ്‌ലാമിനെ അംഗീകരിച്ചുവെങ്കിലും യഹൂദികളിൽ നിന്ന് അബ്ദുല്ലാഹിബ്നു സലാമും (رضي الله عنه) വളരെ ചുരുക്കം പേരും മാത്രമേ ഇസ്‌ലാമിൽ വന്നിട്ടുള്ളു. ഇക്കാലത്ത് മദീനായിൽ മുനാഫിഖുകളുണ്ടായിരുന്നില്ല. ഭയപ്പെടത്തക്ക ഒരു ശക്തി അന്നു മുസ്‌ലിംകൾക്കു ലഭിച്ചുകഴിഞ്ഞിരുന്നില്ല. അതുകൊണ്ട് കപടവേഷത്തിൻെറ ആവശ്യം ഇല്ലായിരുന്നു. നബി (ﷺ) യാകട്ടെ, യഹൂദരുമായും, പരിസര പ്രദേശങ്ങളിലുള്ള പല അറബി ഗോത്രങ്ങളുമായും സഖ്യ ഉടമ്പടി നടത്തുകയും ചെയ്തിരുന്നു.

ഖസ്റജ് ഗോത്രക്കാരനാണെങ്കിലും ഔസിലും ഖസ്റജിലും പൊതു നേതൃത്വം കൈവന്ന ഒരു നേതാവായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ. അബ്ദുല്ലായെ എല്ലാവരുടെയും രാജാവായി വാഴിക്കുവാൻ ആലോചന നടന്നു വരികയായിരുന്നു. അക്കാലത്താണ് ഇസ്‌ലാമിനു മേൽ പ്രസ്താവിച്ച പ്രകാരമുള്ള സ്വാധീനം ഉണ്ടായിത്തീർന്നത്. പലരും ഇസ്‌ലാമിലേക്കു ആകർഷിക്കപ്പെട്ടതോടെ ആ ആലോചന മുന്നോട്ടു പോകാതായി. നേതൃത്വമോഹിയായ അബ്ദുല്ലാഹിബ്നു ഉബയ്യിനു ഇതുമൂലം ഇസ്‌ലാമിനോടും മുസ്‌ലിംകളോടും വെറുപ്പുളവായി.

സുപ്രസിദ്ധമായ ബ്ദർ യുദ്ധം കഴിഞ്ഞതോടെ മുസ്‌ലിംകളുടെ യശ്ശസും പ്രതാപവും ശക്തിപ്പെട്ടുവല്ലോ. ഇസ്‌ലാമിൻെറ ശക്തി പൂർവ്വാധികം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കണ്ടപ്പോൾ, അവനും അവൻെറ സിൽബന്ധികളും അനുഭാവികളും പ്രത്യക്ഷത്തിൽ ഇസ്‌ലാമിനെ അംഗീകരിച്ച് മുസ്‌ലീംകളായി അഭിനയിച്ചു. വേദക്കാരിൽപ്പെട്ട ചിലരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഇവിടം മുതൽക്കാണ് 'മുനാഫിഖു'കളുടെ തുടക്കം. ക്രമേണ മദീനായിലും, ചുററുപ്രദേശങ്ങളിലുള്ള 'അഅ്‌റാബി' (മരുഭൂവാസി) കൾക്കിടയിലും ഇവരുടെ എണ്ണം വർദ്ധിച്ചു. മക്കയിൽനിന്നു ഹിജ്റ വന്ന മുഹാജിറുകളിൽ ആരിലും 'നിഫാഖി' (കാപട്യത്തി) ൻെറ രോഗം ബാധിച്ചിട്ടില്ല. അവരാരും മറ്റുള്ളവരുടെ നിർബന്ധത്തിനോ, സ്വാധീനത്തിനോ വഴങ്ങി ഇസ്‌ലാമിനെ അംഗീകരിച്ചവരോ, അല്ലാഹു അല്ലാത്ത മറ്റാരുടെയെങ്കിലും പ്രീതിക്കുവേണ്ടി സത്യവിശ്വാസം സ്വീകരിച്ചവരോ അല്ലല്ലോ. (كما في ابن كثير)

അബ്ദുല്ലാഹിബ്നു ഉബയ്യും, അവൻെറ ആൾക്കാരും യഥാർത്ഥത്തിൽ അവിശ്വാസികൾ തന്നെയാണെങ്കിലും, ബാഹ്യത്തിൽ ഇസ്‌ലാംമതം സ്വീകരിച്ചു മുസ്‌ലീംകളായിരിക്കുകയാണല്ലോ. ആ സ്ഥിതിക്ക് അവരുടെ ബാഹ്യാവസ്ഥ പരിഗണിച്ചു സത്യ വിശ്വാസികൾ വഞ്ചിതരാകുവാനും, ഓർക്കാപുറത്ത് അവർമൂലം പല അനിഷ്ടസംഭവങ്ങളും ഉണ്ടായിത്തീരുവാനും ഇടവരും. ദുഷ്ടൻമാരെപ്പറ്റി ശിഷ്ടൻമാരെന്ന് തെറ്റിദ്ധരിക്കുന്നത് പല ആപത്തുകൾക്കും വഴിവെക്കുമല്ലോ. ആകയാൽ, മുനാഫിഖുകളെ സംബന്ധിച്ച് സത്യവിശ്വാസികൾ സദാ ജാഗരൂകരായിരിക്കേണ്ടതുണ്ട്. ഈ വസ്തുത സത്യവിശ്വാസികളെ ഈ വചനങ്ങൾ മുഖേന അല്ലാഹു ഉണർത്തുന്നു. വളരെ കരുതലോടെ നിങ്ങൾ സൂക്ഷിച്ചു കൊണ്ടിരിക്കേണ്ടുന്ന ഒരു മൂന്നാം ചേരിയുംകൂടി ഇവിടെയുണ്ടെന്നും, അവരുടെ യഥാർത്ഥ സ്ഥിതി ഇന്നിന്നതാണെന്നും അറിയിക്കുകയും ചെയ്യുന്നു. നബി (ﷺ) യുടെയും സത്യവിശ്വാസികളുടെയും അടുക്കൽ വരുമ്പോൾ തങ്ങൾ സത്യവിശ്വാസം സ്വീകരിച്ച മുസ്‌ലിംകളാണെന്ന് വാക്കുകൊണ്ടും ഭാവംകൊണ്ടും അവർ പ്രകടിപ്പിക്കും. വാസ്തവത്തിൽ വിശ്വാസം അവരെ തീണ്ടിയിട്ടുപോലുമില്ല എന്നാണ് 8-ാം വചനത്തിൻെറ താൽപര്യം, സൂറ: മുനാഫിഖീനിൽ ഈ കാര്യം ഇങ്ങിനെ പറഞ്ഞിരിക്കുന്നു. ''(നബിയേ) കപട വിശ്വാസികൾ നിൻെറ അടുക്കൽ വരുമ്പോൾ അവർ പറയും താങ്കൾ അല്ലാഹുവിൻെറ റസൂൽ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നുവെന്ന് . അല്ലാഹുവിനറിയാം നീ അവൻെറ റസൂൽ തന്നെയാണെന്ന് നിശ്ചയമായും കപടവിശ്വാസികൾ കളവു പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.'' താഴെ 14-ാം വചനം നോക്കുക.

അവരുടെ ഈ അഭിനയത്തിൽ ശുദ്ധാത്മാക്കളായ ചില സത്യവിശ്വാസികൾ ചിലപ്പോൾ കബളിപ്പിക്കപ്പെട്ടേക്കും. എന്നാൽ സത്യവിശ്വാസികൾ പൊതുവെ അതിൽ വഞ്ചിതരാവുകയില്ല. അല്ലാഹുവിനെ വഞ്ചിക്കുവാൻ സാധ്യവുമല്ലല്ലോ. എന്നാലും തങ്ങളുടെ ഉള്ളുകള്ളി ആരും അറിയുകയില്ലെന്നാണവരുടെ ധാരണ. ഒരു പക്ഷേ, അല്ലാഹുപോലും തങ്ങളുടെ യഥാർത്ഥ സ്ഥിതി അറിയുകയില്ലെന്ന് അവർ ധരിച്ചുവശായിരിക്കാം. അവരെപ്പറ്റി ''നിങ്ങളോട് അവർ ശപഥം ചെയ്യുന്നതുപോലെ പുനരുത്ഥാന ദിവസം അവർ അല്ലാഹുവിനോട് ശപഥം ചെയ്തു പറയും'' എന്ന് 85:18ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. ഇനി, അല്ലാഹുവിനെക്കുറിച്ച് ആ ധാരണ അവർക്കില്ലെന്നു വന്നാൽ തന്നെയും അല്ലാഹുവിൻെറ കക്ഷിയായ സത്യവിശ്വാസികളോട് നടത്തുന്ന വഞ്ചന അല്ലാഹുവിനോടും നടത്തുന്ന വഞ്ചനയാണല്ലോ . ഇത്രയും നിന്ദ്യമായ ഈ കാപട്യം മൂലം ഐഹികമായ ചില താൽക്കാലിക നേട്ടങ്ങൾ മാത്രമാണവരുടെ ലക്ഷ്യം. പക്ഷേ, അങ്ങേ അറ്റം വഷളത്തവും അപമാനവുമായിരിക്കും അതിൻെറ ഫലം. പരലോകത്തിലാകട്ടെ, കഠിനകഠോരമായ ശിക്ഷയും! അപ്പോൾ, അവരുടെ വഞ്ചന യഥാർത്ഥത്തിൽ ബാധിക്കുന്നത് അവർക്ക് തന്നെയല്ലാതെ മറ്റാർക്കുമല്ല. ഇതൊന്നും ആ കപടൻമാർ - അവരുടെ വിഡ്ഢിത്വവും ഭോഷത്തവും കാരണമായി-ഗ്രഹിക്കുന്നില്ല. അതിനുള്ള സുബോധവും അവർക്കില്ല.

അവരുടെ ഹൃദയങ്ങളിൽ ഒരുതരം രോഗമുണ്ടെന്ന് പറഞ്ഞതിൻെറ താൽപര്യം മേൽ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാമല്ലോ. കാപട്യവും നിഷേധവുമൊക്കെ ആ രോഗത്തിൻെറ ലക്ഷണങ്ങളത്രെ. ഓരോ ഖുർആൻ വചനം അവതരിക്കുമ്പോഴും, ഓരോ ദൃഷ്ടാന്തം കാണുമ്പോഴും അവരിലുണ്ടാകുന്ന പ്രതികരണം അതുതന്നെ. അങ്ങിനെ ആ രോഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അല്ലാഹു പറയുന്നു: واذا ما انزلت سورة – الي قوله كافرون – التوبة സാരം: ''വല്ല സൂറത്തും അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ (പരിഹാസ്യമായി) പറയും: നിങ്ങളിൽ ആർക്കാണ് ഇത് വിശ്വാസം വർദ്ധിപ്പിച്ചത് എന്ന്. എന്നാൽ വിശ്വസിച്ചവർക്ക് അത് വിശ്വാസം വർദ്ധിപ്പിച്ചിരിക്കുന്നു. അവർ സന്തോഷംകൊള്ളുകയും ചെയ്യും. ഹൃദയത്തിൽ രോഗമുള്ളവരാകട്ടെ, അതവരുടെ മ്ളേച്ഛതയിലൂടെ മ്ളേച്ഛതവർദ്ധിപ്പിക്കുകയും ചെയ്യും. അവർ അവിശ്വാസികളായിക്കൊണ്ട് മരണപ്പെടുകയും ചെയ്യും''. (തൗബ: 124, 125) അല്ലാഹു അവർക്ക് രോഗം വർദ്ധിപ്പിച്ചു എന്ന് പറഞ്ഞതിൻെറ താൽപര്യം ഇതിൽനിന്ന് മനസ്സിലാക്കാം.

11 അവരോട്, ''നിങ്ങൾ ഭൂമിയിൽ [നാട്ടിൽ] നാശമുണ്ടാക്കരുത് '' എന്നു പറയപ്പെട്ടാൽ - അവർ പറയും : ''നിശ്ചയമായും,ഞങ്ങൾ നന്മയുണ്ടാക്കുന്നവർ മാത്രമാകുന്നു.'' എന്ന്

وَإِذَا قِيلَ لَهُمْ لَا تُفْسِدُوا۟ فِى ٱلْأَرْضِ قَالُوٓا۟ إِنَّمَا نَحْنُ مُصْلِحُونَ ﴿١١﴾

12 അല്ലാ (-അറിഞ്ഞേക്കുക) ! നിശ്ചയമായും, അവർ തന്നെയാണ് നാശമുണ്ടാക്കുന്നവർ. എങ്കിലും അവർ അറിയുന്നില്ല.

أَلَآ إِنَّهُمْ هُمُ ٱلْمُفْسِدُونَ وَلَٰكِن لَّا يَشْعُرُونَ ﴿١٢﴾

---

11. **وإذَا قِيلَ** പറയപ്പെട്ടാൽ, **لَهم** അവരോട്, **لاَ تفْسِدوا** നിങ്ങൾ നാശം (കുഴപ്പം) ഉണ്ടാക്കരുത്, **في الأرضِ** ഭൂമിയിൽ (നാട്ടിൽ) , **قَالُوا** അവർ പറയും, **إنما نحن** നിശ്ചയമായും ഞങ്ങള (മാത്രം-തന്നെ) ആകുന്നു, **مصلحونَ** നൻമയുണ്ടാക്കുന്നവർ, പരിഷ്കർത്താക്കൾ. 12 .**ألا** അല്ലാ അല്ലേ (അറിയുക) **إنهمِ** നിശ്ചയമായും അവർ, **هم** അവർ (തന്നെ) , **المفْسِدونَ** നാശമുണ്ടാക്കുന്നവർ, **ولَكن** എങ്കിലും, **لاَ يشعرونَ** അവർ അറിയുന്നില്ല. അവർക്കുബോധമുണ്ടാകുന്നില്ല.

സത്യനിഷേധം, സത്യവിശ്വാസികളെ കബളിപ്പിക്കൽ, ജന്മദ്വൈധ്യ ആശയക്കുഴപ്പം സൃഷ്ടിക്കൽ, വാക്കിനെതിരായ പ്രവർത്തനം, ഇസ്ലാമിൻെറ ശത്രുക്കളുമായുള്ള രഹസ്യബന്ധങ്ങൾ എന്നിങ്ങനെ പലതരത്തിലുള്ള അവരുടെ ചെയ്തികളെ ഉദ്ദേശിച്ചാണ് നാട്ടിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയുന്നത്. നാട്ടിൽ രക്തച്ചൊരിച്ചിലും ജീവനാശവും, അസമാധാനവും ഉണ്ടാക്കുന്നതാണല്ലോ ഇതെല്ലാം. ഇത്തരം പ്രവർത്തികളിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്ന് പറഞ്ഞാൽ അത് സ്വീകരിക്കുവാനോ, അനുകൂലമായ മറുപടിപോലും പറയുവാനോ ആ കപടൻമാർ തയ്യാറില്ലെന്നു മാത്രമല്ല, തങ്ങൾ ചെയ്യുന്നതെല്ലാം നാട്ടിനു നന്മയും ആവശ്യവുമാണെന്ന് അവകാശപ്പെടുകയായിരിക്കും അവർ ചെയ്യുക. ശത്രുവിഭാഗവുമായുള്ള കൂട്ടുകെട്ട് കൊണ്ട് തങ്ങൾ ഉദ്ദേശിക്കുന്നത് മുസ്ലിംകൾക്കും അവർക്കുമിടയിൽ രഞ്ജിപ്പും യോജിപ്പും ഉണ്ടാക്കുകയാണ് എന്നും മറ്റും തങ്ങളുടെ ചെയ്തികളെ അവർ ന്യായീകരിക്കുകയും ചെയ്യും. ഇതെല്ലാം തനി പൊയ്വാക്കുകളാണ്; നാശത്തിൻെറ പ്രവർത്തനങ്ങൾ മാത്രമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്; ഇരുമുഖികളായ ഇത്തരക്കാരുടെ പ്രവർത്തനങ്ങളാണ് യഥാർത്ഥത്തിൽ നാട്ടിൽ നാശവും കുഴപ്പവും ഉണ്ടാക്കിത്തീർക്കുക; ഇതൊന്നും ഗ്രഹിക്കുവാനുള്ള തന്റേടമോ, നൻമയും നാശവും തിരിച്ചറിയുവാനുള്ള വിവേകമോ അവർക്കില്ല എന്നൊക്കെയാണ് ഇവരുടെ മറുപടിയെക്കുറിച്ച് അല്ലാഹു പറഞ്ഞതിൻെറ സാരം.

ഇവിടെയും, മറ്റു പല സ്ഥലങ്ങളിലും കപടവിശ്വാസികളുടേതായി അല്ലാഹു പ്രസ്താവിച്ച ലക്ഷണങ്ങളും സ്വഭാവങ്ങളും മുഴവനുമോ ഏതാനുമോ ഒത്തിണങ്ങിയ മുസ്‌ലിം നാമധാരികളുടെ എണ്ണം കാലം ചെല്ലുംതോറും-ഇക്കാലത്ത് വിശേഷിച്ചും- പെരുകിക്കൊണ്ടിരിക്കയാണ്. മുസ്‌ലിം കുടുംബത്തിലും സമുദായത്തിലും പിറന്ന് വളർന്നവരാകകൊണ്ട് തങ്ങൾ മുസ്‌ലിംകളല്ലെന്ന് തുറന്നുപറയുവാൻ അവർക്ക് മടിയോ ധൈര്യക്കുറവോ ഉണ്ടായിരിക്കും. വേണമെങ്കിൽ, തങ്ങൾ മുസ്‌ലിംകളുടെയും ഇസ്‌ലാമിൻെറയും ഗുണകാംക്ഷികളും സമുദായോദ്ധാരകൻമാരുമാണെന്ന് നടിക്കുകയും ചെയ്യും. ഇസ്‌ലാമിനെ തുരങ്കം വെക്കുന്ന നിരീശ്വര നിർമിത യുക്തിവാദങ്ങളും, ഭൗതിക താൽപര്യങ്ങളുമായിരിക്കും അവരുടെ യഥാർത്ഥ കൈമുതൽ . മുസ്‌ലിം ബഹുജനങ്ങളിൽനിന്നും അവരറിയാതെ അവരുടെ വിശ്വാസവും മതഭക്തിയും നശിപ്പിച്ചുകൊണ്ട് പുരോഗമനത്തിൻെറപേരിൽ കാലത്തിനൊത്ത കോലം കെട്ടിക്കുകയായിരിക്കും അവരുടെ ലക്ഷ്യം. സത്യവിശ്വാസികൾ ഇത്തരക്കാരെ ഇസ്‌ലാമിൻെറ പ്രത്യക്ഷ ശത്രുക്കളെക്കാൾ സൂക്ഷിച്ചിരിക്കേണ്ടതാകുന്നു. والله المستعان

وَإِذَا قِيلَ لَهُمْ ءَامِنُوا۟ كَمَآ ءَامَنَ ٱلنَّاسُ قَالُوٓا۟ أَنُؤْمِنُ كَمَآ ءَامَنَ ٱلسُّفَهَآءُ ۗ أَلَآ إِنَّهُمْ هُمُ ٱلسُّفَهَآءُ وَلَٰكِن لَّا يَعْلَمُونَ ﴿١٣﴾

13 ''മനുഷ്യർ വിശ്വസിച്ചതുപോലെ വിശ്വസിക്കുവിൻ'' എന്ന് അവരോട് പറയപ്പെട്ടാൽ,- അവർ പറയും: ''ഭോഷൻമാർ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കുകയോ!'' അല്ലാ (-അറിയുക) ! നിശ്ചയമായും, അവർ തന്നെയാണ് ഭോഷൻമാർ. എങ്കിലും, അവർക്ക് അറിഞ്ഞുകൂടാ.

وَإِذَا لَقُوا۟ ٱلَّذِينَ ءَامَنُوا۟ قَالُوٓا۟ ءَامَنَّا وَإِذَا خَلَوْا۟ إِلَىٰ شَيَٰطِينِهِمْ قَالُوٓا۟ إِنَّا مَعَكُمْ إِنَّمَا نَحْنُ مُسْتَهْزِءُونَ ﴿١٤﴾

14 വിശ്വസിച്ചവരെ അവർ കണ്ടുമുട്ടിയാൽ അവർ പറയും: ''ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'' എന്ന്. അവർ തങ്ങളുടെ പിശാചുക്കളിലേക്ക് (ചെന്ന്) തനിച്ചായാൽ അവർ പറയുകയും ചെയ്യും : ''ഞങ്ങൾ നിങ്ങളുടെ കൂടെ(ത്തന്നെ) യാണ്; ഞങ്ങൾ (അവരെ) പരിഹസിക്കുന്നവർ മാത്രമാകുന്നു.''

ٱللَّهُ يَسْتَهْزِئُ بِهِمْ وَيَمُدُّهُمْ فِى طُغْيَٰنِهِمْ يَعْمَهُونَ ﴿١٥﴾

15 അല്ലാഹു അവരെ പരിഹസിക്കുന്നു; അവരുടെ അതിര് കവിച്ചലിൽ (അന്തം വിട്ട്) അലഞ്ഞ് നടക്കുമാറ് അവരെ അയച്ചു വിടുകയും ചെയ്യുന്നു.

أُو۟لَٰٓئِكَ ٱلَّذِينَ ٱشْتَرَوُا۟ ٱلضَّلَٰلَةَ بِٱلْهُدَىٰ فَمَا رَبِحَت تِّجَٰرَتُهُمْ وَمَا كَانُوا۟ مُهْتَدِينَ ﴿١٦﴾

16 അക്കൂട്ടർ, സന്മാർഗത്തിനു(പകരം) ദുർമാർഗ്ഗം (വിലക്കു) വാങ്ങിയിട്ടുള്ളവരത്രെ. എന്നാൽ, അവരുടെ കച്ചവടം ലാഭകരമായില്ല; അവർ (ഉദ്ദിഷ്ട) മാർഗ്ഗം പ്രാപിച്ചവരായതുമില്ല.

---

13. **وإذا قيل** പറയപ്പെട്ടാൽ, **لهم** അവരോട്, **آمنوا** നിങ്ങൾ വിശ്വസിക്കുവിൻ, **كما آمن** വിശ്വസിച്ചതുപോലെ **الناس** മനുഷ്യർ, **قالوا** അവർ പറയും, പറയുകയായി, **أنؤمن** ഞങ്ങൾ വിശ്വസിക്കുകയോ, വിശ്വസിക്കുമോ, **كما آمن** വിശ്വസിച്ചതുപോലെ, **السفهاء** ഭോഷൻമാർ, **ألا** അല്ലാ, അല്ലേ (അറിയുക) , **إنهم هم** നിശ്ചയമായും അവർ തന്നെ, **السفهاء** ഭോഷൻമാർ, **ولكن** എങ്കിലും, **لا يعلمون** അവർ അറിയുന്നി(ല്ല.) . 14 **وإذا لقوا** അവർ കണ്ടുമുട്ടിയാൽ, **الذين آمنوا** വിശ്വസിച്ചവരെ, **قالوا** അവർ

പറയും, **آمنا** ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു, **وإذَا خلَوا** അവർ ഒഴിവായാൽ, തനിച്ചാൽ **إلى شياطينِهم** അവരുടെ പിശാചുകളിലേക്ക് **قَالُوا** അവർ പറയും, **إنا** നിശ്ചയമായും ഞങ്ങൾ, **معكُم** നിങ്ങളുടെ കൂടെയാണ് , **إنما نحن** നിശ്ചയമായും ഞങ്ങൾ (മാത്രം-തന്നെ) ആകുന്നു, **مستهزِءُونَ** പരിഹസി ക്കുന്നവർ. 15. **الله** അല്ലാഹു, **يستهزئ** പരിഹസിക്കുന്നു , പരിഹസിക്കും, **بهِم** അവരെ, **ويمدهم** അവരെ നീട്ടി (അയച്ചു) ഇടുകയും ചെയ്യും, **في طُغيانِهم** അവരുടെ അതിരുകവിച്ചലിൽ, ധിക്കാര ത്തിൽ **يعمهونَ** അവർ (അന്ധാളിച്ചു-അന്തംവിട്ടു) അലഞ്ഞു നടക്കുമാറ് 16 **أُولئك** അക്കൂട്ടർ, **الذين** യാതൊരുവരാണ്, **اشتروا** അവർ (വിലക്ക്) വാങ്ങി, **الضلالَةَ** ദുർമ്മാർഗ്ഗം, **بِالْهدى** സൻമാർഗ ത്തിന് (പകരം) , **فَما ربِحت** എന്നാൽ (എന്നിട്ട്) ലാഭകരമായില്ല, **تجارتهم** അവരുടെ കച്ചവടം, **وما كَانوا** അവർ ആയതുമില്ല, **مهتدين** നേർമാർഗ്ഗം പ്രാപിച്ചവർ.

ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചിട്ടുണ്ടെന്നും മുസ്ലിംകളാണെന്നുമൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ, നിങ്ങളുടെ പ്രവർത്തനങ്ങളും നടപടിയുമാണെങ്കിൽ അതിനു കടക വിരുദ്ധവുമാണ്. നിങ്ങൾ പറയുന്നത് നേരാണെങ്കിൽ ഈ നിലമാറ്റി യഥാർത്ഥ സത്യവിശ്വാസി കൾ വിശ്വസിച്ചതുപോലെയുള്ള വിശ്വാസം നിങ്ങൾ സ്വീകരിക്കേണ്ടതാണ് എന്നൊക്കെയാണ് امنو كما امن الناس (മനുഷ്യർ വിശ്വസിച്ചതുപോലെ വിശ്വസിക്കുവിൻ) എന്നു പറഞ്ഞതിൻെറ താൽപര്യം. ഇവിടെ 'മനുഷ്യർ' എന്ന് പറഞ്ഞത് നബി(ﷺ) യിൽ വിശ്വസിച്ചുകഴിഞ്ഞ സത്യവ ിശ്വാസികളെപ്പറ്റിയാണെന്ന് വ്യക്തമാണ്. അവരെപ്പറ്റി 'മനുഷ്യർ' എന്ന് പറഞ്ഞതിൽ അവരാണ് യഥാർത്ഥ മനുഷ്യർ-അവരെപ്പോലെ നിങ്ങളും മനുഷ്യത്വഗുണമുള്ളവരാകേണ്ടതാണ്-നിങ്ങളുടെ ഈ നിലപാട് മനുഷ്യത്വത്തിന് യോജിച്ചതല്ല എന്നൊക്കെ ചില സൂചനകൾ അടങ്ങിയിരിക്കുന്നത് കാണാം. الله اعلم നബി (ﷺ) യും ഉൾപ്പെടുന്ന അതേ സത്യവിശ്വാസികളെപ്പറ്റിതന്നെയാണ് കപട വിശ്വാസികൾ ഭോഷൻമാർ എന്ന് വിശേഷിപ്പിച്ചതും. അവരൊക്കെ തനി ഭോഷൻമാരായതുകൊണ്ടാണ് അത്രത്തോളം ആ വിശ്വാസത്തിൽ ലയിക്കുവാൻ കാരണം, ഞങ്ങൾ അതിനുമാത്രം അധ:പതിച്ചിട്ടില്ല, അവരെപ്പോലെയുള്ള വിശ്വാസം സ്വീകരിക്കുവാൻ ഞങ്ങളെ കിട്ടുകയില്ല എന്നൊക്കെയാണ് മറുപടിയിൽ അവർ വ്യംഗ്യമായി സൂചിപ്പിക്കുന്നത്. വാസ്തവം നേരെമറിച്ചാണുള്ളത്. യഥാർത്ഥ ഭോഷൻമാർ അവരല്ലാതെ മറ്റാരുമല്ല, പക്ഷേ, അത് മനസ്സിലാക്കുവാനുള്ള തമേടവും വിവേകവും അവർക്കില്ല എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഇരു മുഖന്മാരാണല്ലോ കപടവിശ്വാസികൾ. സത്യവിശ്വാസികളുടെ അടുക്കൽ വരുമ്പോൾ തങ്ങളും സത്യവിശ്വാസികളെന്നോണം അഭിനയിക്കും. മുസ്ലിംകളെ തൃപ്തിപ്പെടുത്തലും 'ഗനീമത്തു' (യുദ്ധത്തിൽ ലഭിച്ചേക്കുന്ന സ്വത്തു) കൾ മുതലായവയിൽ പങ്കുലഭിക്കലുമാണ വരുടെ ലക്ഷ്യം. അവിടംവിട്ടു തങ്ങളുടെ യഥാർത്ഥ കൂട്ടുകാരുടെയും സുഹൃത്തുക്കളുടെയും അടുക്കൽ ചെല്ലുമ്പോൾ ഉള്ളിലിരിപ്പ് അവരോട് തുറന്നു പറയുകയും ചെയ്യും. ഞങ്ങൾ മുസ്ലി ംകളുമായി പെരുമാറുന്നതുകണ്ട് നിങ്ങൾ തെറ്റിദ്ധരിക്കേണ്ടതില്ല. ഞങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ പക്ഷക്കാർ തന്നെയാകുന്നു. പരിഹാസത്തിനുവേണ്ടി മാത്രമാണ് ഞങ്ങൾ അവരെ സമീപിക്കുന്നത്. നിങ്ങളുടെ നൻമയാണ് ഞങ്ങളുടെയും ലക്ഷ്യം എന്നൊക്കെ. ഇതിനെപ്പററി യാണ് 14-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. അവരുടെ ഈ പരിഹാസത്തെ അല്ലാഹു വെറുതെ വിടുവാൻ പോകുന്നില്ല എന്ന് 15-ാം വചനത്തിൽ ചൂണ്ടിക്കാട്ടുന്നു. ഇഹത്തിലും പരത്തിലും അല്ലാഹു അവരെ പരിഹസിക്കുകയും നിന്ദിക്കുകയും തന്നെ ചെയ്യും; തൽക്കാലം അവരുടെ ഇഷ്ടംപോലെ മതിമറന്നു നടക്കട്ടെ എന്നുവെച്ച് അവരെ അയച്ചുവിടുകയാണ് ചെയ്യുന്നത്. പെട്ടെന്ന് നടപടി എടുക്കുന്നില്ല. അല്ലാഹുവിൻെറ പിടിയിൽ ഒതുങ്ങാതെ രക്ഷപ്പെടുവാൻ അവർക്കു കഴിയുകയില്ല.

شياطينهم (അവരുടെ പിശാചുക്കൾ) എന്നുപറഞ്ഞത് ഇസ്ലാമിൻെറ പ്രത്യക്ഷ ശത്രുക്കളായ യഹൂദികളിലും, ശിർക്കിൻെറ നേതാക്കളിലുമുള്ള അവരുടെ സുഹൃത്തുക്കളും വേഴ്ചക്കാരു മാകുന്നു. الله يستهزئ بهم (അല്ലാഹു അവരെ പരിഹസിക്കും) എന്നു പറഞ്ഞതിൻെറ താത്പര്യം

അവരുടെ പരിഹാസപ്രവർത്തനങ്ങളുടെ പേരിൽ ശിക്ഷാ നടപടി എടുക്കുമെന്നത്രെ. وجزاء سيئة سيئة مثلها (ഒരു തിൻമയുടെ പ്രതിഫലം അതുപോലെയുള്ള ഒരു തിൻമയാകുന്നു. (42:40) കുറ്റത്തിനനുസരിച്ചായിരിക്കും അതിൻെറ പേരിലുള്ള ശിക്ഷാനടപടി എന്നു സാരം.

കൈവശമുള്ള ഒരു വസ്തുവിന് പകരം മറ്റൊരു വസ്തു സ്വീകരിക്കുന്നതിനാണ് വിലക്കു വാങ്ങുക എന്നും, കച്ചവടം നടത്തുക എന്നു പറയുന്നത്. ഇങ്ങോട്ടു പകരം ലഭിക്കുന്ന വസ്തു അങ്ങോട്ടു കൊടുക്കുന്നതിനെക്കാൾ ലാഭകരമോ പ്രയോജനകരമോ ആണെന്ന് കാണുമ്പോഴാണ് ക്രയവിക്രയം സ്വാഭാവികമായി ഉണ്ടാകാറുള്ളത്. ചുരുങ്ങിയപക്ഷം അങ്ങോട്ടുകൊടുത്തതും ഇങ്ങോട്ടു ലഭിച്ചതും സമവില കണക്കാക്കപ്പെടുന്നതെങ്കിലുമായിരിക്കണം. അല്ലാത്ത പക്ഷം ആ കച്ചവടം നഷ്ടകരമായിത്തീരുന്നു. മുനാഫിഖുകളെ സംബന്ധിച്ചിടത്തോളം അവരുടെ കച്ചവടം ലാഭകരമായില്ലെന്ന് മാത്രമല്ല, ഇറക്കിയ മൂലധനം രക്ഷപ്പെട്ടുകിട്ടുകപോലുമുണ്ടായില്ല. അതും നഷ്ടപ്പെടുകയാണുണ്ടായത്. ഖത്താദ : (رضي الله عنه) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടത് പോലെ, സൻമാർഗ്ഗത്തിൽ നിന്ന് ദുർമാർഗ്ഗത്തിലേക്കും, യോജിപ്പിൽനിന്ന് ഭിന്നിപ്പിലേക്കും, അഭയത്തിൽ നിന്ന് ഭയത്തിലേക്കും, സദാചാരത്തിൽ നിന്ന് ദുരാചാരത്തിലേക്കും വഴുതിപ്പോകുകയാണവർ ചെയ്തത്.

നല്ലതും ചീത്തയും തിരിച്ചറിയുവാനും അന്വേഷിക്കുവാനുമുള്ള ബുദ്ധിയും ചിന്താശക്തിയും അല്ലാഹു മനുഷ്യർക്ക് നൽകിയിട്ടുണ്ട്. അല്ലാഹു അവർക്ക് റസൂലിനെ അയച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹം മുഖാമുഖമായി അവരെ സത്യത്തിലേക്ക് ക്ഷണിച്ചു. ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും വിവരിച്ചുകൊണ്ടുള്ള ഒരു വേദഗ്രന്ഥം അവരുടെ മുമ്പിൽ തുറന്നുവെക്കുകയും ചെയ്തു. മനസ്സിലിരിപ്പ് എന്തുതന്നെയായിരുന്നാലും അതിൽ തങ്ങൾക്കുള്ള വിശ്വാസം വാഗ്മൂലം അവർ രേഖപ്പെടുത്തുകയും, സന്ദർഭം വരുമ്പോൾ അതാവർത്തിച്ചും അഭിനയിച്ചും കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങിനെ, സന്മാർഗ്ഗമാകുന്ന മൂലധനം അവർക്കു കൈവന്നു. അതവർ ഉപയോഗപ്പെടുത്തുകയോ വളർത്തുകയോ അല്ല-അതിനെ പുറംതള്ളുകയും പകരം കൽപ്പിച്ചുകൂട്ടി ദുർമാർഗ്ഗം ഏറ്റെടുക്കുകയുമാണ്-ചെയ്തത്, ഇതാണവർ ചെയ്ത കച്ചവടം. സൻമാർഗ്ഗം എന്തെന്നറിയാതെ, അല്ലെങ്കിൽ അത് പ്രാപിക്കുവാൻ അവസരം കിട്ടാതെ ദുർമാർഗ്ഗത്തിൽ പതിച്ചവരാണവർ. കൈവന്നശേഷം അത് വലിച്ചെറിയുകയാണവർ ചെയ്തത്. സൻമാർഗ്ഗം നിശ്ശേഷം നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല, അവരുടെ ഉദ്ദേശ്യങ്ങളൊന്നും നിറവേറിയതുമില്ല.

مَثَلُهُمْ كَمَثَلِ ٱلَّذِى ٱسْتَوْقَدَ نَارًا فَلَمَّآ أَضَآءَتْ مَا حَوْلَهُۥ ذَهَبَ ٱللَّهُ بِنُورِهِمْ وَتَرَكَهُمْ فِى ظُلُمَٰتٍ لَّا يُبْصِرُونَ ﴿١٧﴾

17 അവരുടെ ഉപമ യാതൊരുവൻെറ മാതിരിയാകുന്നു: അവൻ ഒരു തീ കത്തിച്ചുണ്ടാക്കി; എന്നിട്ട് അവൻെറ ചുറ്റുപാടിലുള്ളതിന് അത് വെളിച്ചം നൽകിയപ്പോൾ അല്ലാഹു അവരുടെ [അവിടെയുള്ളവരുടെ] പ്രകാശം കൊണ്ടുപോയി. (കണ്ണു) കാണാത്ത നിലയിൽ അന്ധകാരങ്ങളിൽ [കൂരിരുട്ടിൽ] അവൻ അവരെ വിട്ടേക്കുകയും ചെയ്തു.

صُمٌّۢ بُكْمٌ عُمْىٌ فَهُمْ لَا يَرْجِعُونَ ﴿١٨﴾

18 ബധിരൻമാർ! ഊമകൾ! അന്ധൻമാർ! ആകയാൽ അവർ മടങ്ങുകയില്ല.

---

17 **مثلهم** അവരുടെ ഉപമ, **كمثل** മാതിരിയാണ് **الذي** യാതൊരുവൻെറ, **استوقد** അവൻ കത്തിച്ചുണ്ടാക്കി, **نارا** ഒരു തീ, **فلما أضاءت** എന്നിട്ടത് വെളിച്ചം നൽകിയപ്പോൾ, **ما حوله** അതിൻെറ ചുറ്റുമുളളതിനെ, ചുറ്റുപാടിലുള്ളവരെ, **ذهب الله** അല്ലാഹു പോയി, **بنورهم** അവരുടെ പ്രകാശവും കൊണ്ട് **وتركهم** അവരെ ഉപേക്ഷിക്കുക (വിട്ടേക്കുക) യും ചെയ്തു **في ظلمات** അന്ധകാരങ്ങളിൽ **لا**

يبصرونَ അവർ (കണ്ണു) കാണാതെ, 18. **صم** ബധിരൻമാർ, **بكْم** ഊമകൾ, **عمي** അന്ധൻമാർ, **فَهم** അതിനാൽ അവർ, **لا يرجِعون** മടങ്ങുകയില്ല.

കപടവിശ്വാസികളുടെ ചില ഉപമകളാണ് ഈ വചനങ്ങളിൽ വിവരിച്ചിരിക്കുന്നത്. ഖുർആൻെറ പ്രതിപാദനരീതിയിൽ ഉപമകൾക്ക് നല്ലൊരു സ്ഥാനം നല്കപ്പെട്ടിട്ടുണ്ട്. പ്രതിപാദ്യ വിഷയത്തിൻെറ മർമ്മവശവും വിശദാംശങ്ങളും ഗ്രഹിക്കുവാനും, സാധാരണക്കാർക്ക് വിഷയം വേഗം മനസ്സിലാക്കുവാനും അത് പ്രയോജനപ്പെടുന്നു. അറബികൾക്കിടയിൽ ഉപമകൾ വിവരിക്കുന്ന പതിവ് മുമ്പേയുള്ളതാണ്. ചില സന്ദർഭങ്ങളിൽ, ഒരു നീണ്ട വിശദീകരണത്തേക്കാൾ ഒരു ചെറിയ ഉപമയായിരിക്കും കൂടുതൽ ഉപകരിക്കുക. ഉപമകൾ ഉദ്ധരിക്കുന്നതിനെ സംബന്ധിച്ച് ചില പ്രത്യേക പരാമർശങ്ങൾ തന്നെ താഴെ വചനങ്ങളിൽ വരുന്നുണ്ട്.

ഈ ഉപമയുടെ വിവരണമെന്നോണം പല രിവായത്തു (നിവേദനം) കളും ഉദ്ധരിക്കപ്പെട്ടുകാണാം. കൂട്ടത്തിൽ കൂടുതൽ വ്യക്തവും, ഹൃദ്യവുമായി തോന്നുന്നത് ഇബ്നുമസ്ഊദ് (رضي الله عنه) മുതലായ ചില സഹാബികളിൽ നിന്ന് ഇബ്നു ജരീർ (رحمه الله) ഉദ്ധരിച്ച ഒരു രിവായത്താകുന്നു. അതിൻെറ സാരം ഇങ്ങിനെയാണ്: 'റസൂൽ (ﷺ) മദീനായിൽ വന്ന അവസരത്തിൽ ചില ആളുകൾ ഇസ്‌ലാമിൽ പ്രവേശിച്ചു. പിന്നീട് അവർ കപടവിശ്വാസികളായി മാറി. അവരുടെ ഉപമ ഒരു മനുഷ്യമേത് പോലെയായിത്തീർന്നു: അയാൾ ഇരുട്ടിലായിരുന്നു. അതിനാൽ അയാൾ തീ കത്തിച്ചു. ആ തീ അയാളുടെ ചുറ്റുപാടിലുമുള്ള കുണ്ടുകുഴികളിലും ഉപദ്രവ വസ്തുക്കളിലും വെളിച്ചം പരത്തി. അയാൾക്ക് അതെല്ലാം കാണുമാറായി . അയാൾ സൂക്ഷിക്കേണ്ടതെന്തൊക്കെയാണെന്ന് അയാൾക്ക് അറിയുവാൻ കഴിഞ്ഞു. അങ്ങിനെയിരിക്കെ അയാളുടെ തീ കെട്ടുപോയി. അതുമൂലം, സൂക്ഷിക്കേണ്ടുന്ന ഉപദ്രവ വസ്തുക്കൾ തിരിച്ചറിയാതായി. ഇപ്രകാരമാണ് കപടവിശ്വാസിയും അവൻ ആദ്യം ശിർക്കാകുന്ന ഇരുട്ടിലായിരുന്നു. എന്നിട്ട് അവൻ ഇസ്‌ലാം സ്വീകരിച്ചു. അതോടെ ഹലാലും ഹറാമും (പാടുള്ളതും പാടില്ലാത്തതും) , നല്ലതും ചീത്തയും അവൻ തിരിച്ചറിഞ്ഞു. അങ്ങിനെയിരിക്കെ (വീണ്ടും) അവിശ്വാസിയായി. ഹറാമിൽനിന്ന് ഹലാലും ചീത്തയിൽ നിന്ന് നല്ലതും അറിയാതായിത്തീർന്നു. അങ്ങനെ, അവർ(കപടവിശ്വാസികൾ) ബധിരൻമാരും, ഊമകളും, അന്ധൻമാരുമാകുന്നു. ഇനി, അവർ ഇസ്‌ലാമിലേക്ക് മടങ്ങുകയില്ല.'

വേണ്ടപ്പെട്ട കാര്യങ്ങൾ കേട്ടു മനസ്സിലാക്കുകയോ, യാഥാർത്ഥ്യങ്ങൾ വാ തുറന്ന് സംസാരിക്കുകയോ, കണ്ണുകൊണ്ട് നോക്കിക്കാണുകയോ ചെയ്യാത്തവരാകകൊണ്ടാണ് അലങ്കാര രൂപത്തിൽ കപടവിശ്വാസികൾ ബധിരൻമാരും, ഊമകളും, അന്ധൻമാരുമാണെന്ന് പറഞ്ഞത്. സൂറത്തുൽ ഹജ്ജിൽ അല്ലാഹു പറയുന്നു. ''അവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എന്നാലവർക്ക് ബുദ്ധി കൊടുത്ത് ചിന്തിക്കുമാറുള്ള ഹൃദയങ്ങളോ, കേട്ടറിയുമാറുള്ള കാതുകളോ ഉണ്ടാകേണ്ടിയിരിക്കുന്നു! എന്നാൽ, (വാസ്തവത്തിൽ) കണ്ണുകൾക്കല്ല. അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങൾക്കത്രെ അന്ധത ബാധിക്കുന്നത്.'' (ഹജ്ജ്; 46) കപടവിശ്വാസികൾക്ക് മറ്റൊരു ഉപമകൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

أَوْ كَصَيِّبٍ مِّنَ ٱلسَّمَآءِ فِيهِ ظُلُمَٰتٌ وَرَعْدٌ وَبَرْقٌ يَجْعَلُونَ أَصَٰبِعَهُمْ فِىٓ ءَاذَانِهِم مِّنَ ٱلصَّوَٰعِقِ حَذَرَ ٱلْمَوْتِ ۚ وَٱللَّهُ مُحِيطٌۢ بِٱلْكَٰفِرِينَ ﴿١٩﴾

19 അല്ലെങ്കിൽ, അവരുടെ ഉപമ ആകാശത്തുനിന്ന് (ഒഴുകിവരുന്ന) ഒരു പെരുമഴ പോലെയാകുന്നു: അതിൽ അന്ധകാരങ്ങളും [കൂരിരുട്ടും], ഇടിയും, മിന്നലുമുണ്ട്. ഇടിവാളുകൾ നിമിത്തം മരണത്തെ ഭയന്ന് അവർ [ആ മഴയിൽ പെട്ടവർ] തങ്ങളുടെ വിരലുകളെ തങ്ങളുടെ ചെവികളിൽ ഇടുന്നു! അല്ലാഹു അവിശ്വാസികളെ വലയം ചെയ്യുന്നവനാ

കുന്നു.

20 മിന്നൽ അവരുടെ കാഴ്ചകളെ റാഞ്ചി എടുക്കുമാറാകുന്നു! അതവർക്കുവെളിച്ചം നൽകുമ്പോഴൊക്കെ അവരതിൽ നടക്കും; അതവരിൽ ഇരുട്ടാക്കിയാൽ അവർ നിന്നേക്കുകയും ചെയ്യും. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയും അവരുടെ കാഴ്ചകളും അവൻ കൊണ്ടു പോകുക [എടുത്തുകളയുക] തന്നെ ചെയ്യുമായിരുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

يَكَادُ ٱلْبَرْقُ يَخْطَفُ أَبْصَٰرَهُمْ ۖ كُلَّمَآ أَضَآءَ لَهُم مَّشَوْا۟ فِيهِ وَإِذَآ أَظْلَمَ عَلَيْهِمْ قَامُوا۟ ۚ وَلَوْ شَآءَ ٱللَّهُ لَذَهَبَ بِسَمْعِهِمْ وَأَبْصَٰرِهِمْ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٠﴾

---

19. **أَوْ** അല്ലെങ്കിൽ **كَصَيِّبٍ** ഒഴുകിവരുന്ന ഒരു (പെരു) മഴ പോലെയാണ് **مِنَ السَّمَاءِ** ആകാശത്ത് നിന്ന് **فِيهِ** അതിലുണ്ട് **ظُلُمَاتٌ** അന്ധകാരങ്ങൾ **وَرَعْدٌ** ഇടിയും **وَبَرْقٌ** മിന്നലും **يَجْعَلُونَ** അവർ ആക്കുന്നു **أَصَابِعَهُمْ** അവരുടെ വിരലുകളെ **فِي آذَانِهِمْ** അവരുടെ കാതുകളിൽ **مِنَ الصَّوَاعِقِ** ഇടിമിന്നലു(ഇടിത്തീ, ഇടിവാൾ) കൾ നിമിത്തം **حَذَرَ** ഭയപ്പെട്ട് **الْمَوْتِ** മരണത്തെ **وَاللَّهُ** അല്ലാഹു, അല്ലാഹുവാകട്ടെ **مُحِيطٌ** വലയം ചെയ്ത(ചെയ്യുന്ന) വനാണ് **بِالْكَافِرِينَ** അവിശ്വാസികളെ 20 **يَكَادُ** ആകാറാകുന്നു **الْبَرْقُ** മിന്നൽ **يَخْطَفُ** റാഞ്ചിയെടുക്കുക **أَبْصَارَهُمْ** അവരുടെ കാഴ്ചകളെ **كُلَّمَا أَضَاءَ** അത് വെളിച്ചം നൽകുമ്പോഴെല്ലാം **لَهُمْ** അവർക്ക് **مَشَوْا** അവർ നടക്കും **فِيهِ** അതിൽ **وَإِذَا أَظْلَمَ** അത് ഇരുട്ടാക്കിയാൽ **عَلَيْهِمْ** അവർക്ക് **قَامُوا** അവർ നില്ക്കും **وَلَوْ شَاءَ** ഉദ്ദേശിച്ചിരുന്നെങ്കിൽ **اللَّهُ** അല്ലാഹു **لَذَهَبَ** പോകുകതന്നെ ചെയ്യുമായിരുന്നു **بِسَمْعِهِمْ** അവരുടെ കേൾവിയെക്കൊണ്ട് **وَأَبْصَارِهِمْ** അവരുടെ കാഴ്ചകളെയും **إِنَّ اللَّهَ** നിശ്ചയമായും അല്ലാഹു **عَلَى كُلِّ شَيْءٍ** എല്ലാ കാര്യത്തിനും, വസ്തുവിനും **قَدِيرٌ** കഴിയുളളവനാണ്.

ആദ്യത്തെ ഉപമയെക്കാൾ കുറച്ചുകൂടി വിസ്തൃതമാണ് ഈ ഉപമ. രണ്ടുതരം വീക്ഷണങ്ങളിലൂടെ ഈ ഉപമ വ്യാഖ്യാനിക്കപ്പെടാറുണ്ട്. (1) കപട വിശ്വാസികളുടെ സ്ഥിതിഗതികളുടെ പൊതുവെയുള്ള ഒരു ചിത്രീകരമാണ് ഇതിൽ അടങ്ങിയിരിക്കുന്നതെന്ന നിലക്ക്. (2) അവരുടെ സ്ഥിതിഗതികളുടെ ചില വശങ്ങളെ പ്രത്യേകം പ്രത്യേകം ഇതിൽ ചിത്രീകരിച്ചിരിക്കുന്നുവെന്ന നിലക്ക്. ഈ രണ്ടു നിലക്കുള്ള വ്യാഖ്യാനം ഒന്നാമത്തെ ഉപമയിലും സ്വീകരിക്കപ്പെടാതില്ല. പക്ഷേ, ആ രണ്ട് നിഗമനങ്ങളും തമ്മിലുള്ള താരതമ്യം കൂടുതൽ പ്രകടമാകുന്നത് ഈ ഉപമയുടെ വ്യാഖ്യാനത്തിലാകുന്നു.

ഒന്നാമത്തെ വീക്ഷണപ്രകാരം ഇതിന്റെ വ്യാഖ്യാനം ഏതാണ്ടിങ്ങിനെയാണ്: ആകാശത്തു നിന്ന് വമ്പിച്ച മഴ പെയ്തുകൊണ്ടിരിക്കുന്നു. രാത്രിയുടെ അന്ധകാരത്തിനു പുറമെ, മഴയുടെ ആധിക്യംകൊണ്ടും, മഴക്കാറുകളുടെ കുന്നുകൂടൽ കൊണ്ടുമുള്ള അന്ധകാരങ്ങളും, എല്ലാം കൂടി വമ്പിച്ച കൂരിരുട്ട്. മുമ്പോട്ടു നീങ്ങുവാൻ വഴി കണ്ടുകൂടാ. തപ്പി നടക്കുവാൻ പോലും കഴിയാതെ മനസ്സിന്റെ സമനിലയും തെറ്റിയിരിക്കുന്നു. കാരണം, ഇടതടവില്ലാത്ത ഇടിയും മിന്നലും. ഇടിവാളിന്റെ പൊട്ടലും ചീറ്റലും കേൾക്കുമ്പോൾ മരണത്തെ ഭയന്ന് ആളുകൾ ചെവിയിൽ വിരൽ തിരുകി കാതുപൊത്തിക്കളയും. മിന്നലിന്റെ അതിപ്രസരമാണെങ്കിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടുപോകുമാറ് ഭയങ്കരവും. മിന്നലിന്റെ വെളിച്ചം കിട്ടുമ്പോൾ അൽപമൊന്നു നടന്നു നീങ്ങുവാൻ ശ്രമിക്കും. അപ്പോഴേക്ക് വീണ്ടും ഇരുട്ട്. അതോടെ സ്തംഭിച്ചു നിൽക്കുകയായി. അല്ലാഹു കാത്തുരക്ഷിച്ചതുകൊണ്ട് ഭാഗ്യത്തിന് ചെകിട് പൊട്ടി കേൾവി നശിക്കാതെയും, കണ്ണുപൊട്ടി കാഴ്ച നശിക്കാതെയും രക്ഷപ്പെട്ടുവെന്ന് മാത്രം. ഇങ്ങിനെയുള്ള ഒരു മഴയിൽ അകപ്പെട്ടാലത്തെ അവസ്ഥപോലെയാണ് കപടവിശ്വാസികളുടെയും സ്ഥിതിഗതികൾ. അതായത്, ഒരിക്കലും മനസ്സമാധാനമോ സ്വസ്ഥതയോ അവർക്കില്ല. സംശയങ്ങളും ആശയക്കുഴപ്പങ്ങളും

ഒരു ഭാഗത്ത്. പരിഭ്രമവും ഭീതിയും മറ്റൊരു ഭാഗത്ത്. നബി (ﷺ) യുടെയും സത്യവിശ്വാസികളുടെയും പക്ഷത്ത് ചേർന്നാലുണ്ടാകുന്ന നേട്ടങ്ങളും, അതോടൊപ്പം അതിനാൽ നേരിട്ടേക്കുന്ന ഉത്തരവാദിത്വങ്ങളും വേറൊരുവശത്ത്. അവിശ്വാസികളുടെ കൂടെ ചേർന്നാൽ ലഭിക്കുന്ന സ്വാർത്ഥങ്ങളും അതിന്റെ ഭവിഷ്യത്തുകളും വേറെയും. ചുരുക്കിപ്പറഞ്ഞാൽ, മേൽ വിവരിച്ച മഴയിൽ അകപ്പെട്ടാലുണ്ടാകുന്ന അവസ്ഥ തന്നെ എന്നു സാരം.

രണ്ടാമത്തെ വ്യാഖ്യാനരീതി ഏതാണ്ടിങ്ങിനെയാണ്; അവരുടെ നന്മക്കുവേണ്ടി അല്ലാഹുവിൽനിന്നും അവതരിച്ചുകൊണ്ടിരിക്കുന്ന ഖുർആൻ വചനങ്ങൾ, സന്ദേശങ്ങൾ, ദൃഷ്ടാന്തങ്ങൾ, വിധിവിലക്കുകൾ ആദിയായവയാണ് മഴയോട് ഉപമിക്കപ്പെട്ടിരിക്കുന്നത്. മഴ ഭൂമിയെ ജീവസ്സുള്ളതാക്കുന്നതുപോലെ അവ മനുഷ്യനും ജീവസ്സുണ്ടാക്കുന്നുവല്ലോ. ശക്തിയായ മഴ വർഷിക്കുമ്പോൾ ഇടിയും മിന്നലും സ്വാഭാവികമാണ്. കപട വിശ്വാസികളുടെ സംശയം, കാപട്യം, ആശയക്കുഴപ്പം, ദുർമോഹം ആദിയായവയാണ് ഇരുട്ടിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ദിവ്യ സന്ദേശങ്ങളിൽ അടങ്ങിയിട്ടുള്ള താക്കീതുകൾ, മുന്നറിയിപ്പുകൾ മുതലായവ ഇടികളോടും, അതിലെ ദൃഷ്ടാന്തങ്ങൾ, സന്തോഷ വാർത്തകൾ മുതലായവ മിന്നലുകളോടും ഉപമിക്കപ്പെട്ടിരിക്കുന്നു. താക്കീതുകളും ശാസനകളും കേട്ട് സഹിക്കവയ്യാതെ ബധിരൻമാരെപ്പോലെ അവർ തിരിഞ്ഞുകളയുന്നതിനെയാണ് ഇടിവാൾ നിമിത്തം മരണത്തെ ഭയന്ന് കാതുപൊത്തുന്നതിനോട് ഉപമിച്ചിരിക്കുന്നത്. പക്ഷേ, അവർ കാതുപൊത്തിയതുകൊണ്ട് രക്ഷ കിട്ടുവാൻ പോകുന്നില്ല എന്നത്രെ 'അല്ലാഹു അവിശ്വാസികളെ വലയം ചെയ്യുന്നവനാണ്' എന്ന് പറഞ്ഞതിന്റെ താൽപര്യം. സത്യമാർഗ്ഗം സ്വീകരിച്ചാൽ ഭൗതികമായും പാരത്രികമായും ലഭിക്കുവാനിരിക്കുന്ന നന്മകളെപ്പറ്റി ചിലപ്പോൾ അവർക്ക് ബോധോദയം ഉണ്ടാകും. അങ്ങനെ, ഗതി അൽപ്പം മുന്നോട്ടാകും. അപ്പോഴേക്കും സ്വാർത്ഥ വിചാരങ്ങളും പരീക്ഷണഘട്ടങ്ങളും ഓർമ്മ വരും. അതോടെ അത് സ്തംഭനത്തിലാകും. അതാണ് മിന്നൽ വെളിച്ചത്തിൽ മുമ്പോട്ട് നടക്കുമെന്നും ഇരുട്ടായാൽ നിന്നുപോകുമെന്നും പറഞ്ഞത്. കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള കഴിവ് അല്ലാഹു അവർക്ക് നൽകിയതിനെ അവർ ദുരുപയോഗപ്പെടുത്തിയിരിക്കെ, അവയെ നിശ്ശേഷം എടുത്തുകളയുവാൻ അവന് ഒട്ടും പ്രയാസമില്ല. എങ്കിലും അതവൻ ഉദ്ദേശിച്ചിട്ടില്ലാത്തതുകൊണ്ട് സംഭവിച്ചിട്ടില്ലെന്നു മാത്രം.

മൊത്തരൂപത്തിലും, വിശദരൂപത്തിലുമുള്ള ഈ രണ്ടു വാഖ്യാന രീതികളിൽ സാധാരണ ബുദ്ധികളെ സംബന്ധിച്ചിടത്തോളം രണ്ടാമത്തെ രൂപമായിരിക്കും കൂടുതൽ അനുകരണീയവും വ്യക്തവുമായി തോന്നുക. എങ്കിലും, സാഹിത്യ രംഗത്ത് കൂടുതൽ സ്ഥാനം അർഹിക്കുന്നത് ഒന്നാമത്തെ രൂപമാകുന്നു. ഓരോരുത്തർക്കും അവനവന്റെ ബുദ്ധി വികാസവും ചിന്താമണ്ഡലവും അനുസരിച്ച് ഓരോ ഉപമയിലും അടങ്ങിയ തത്വ രഹസ്യങ്ങൾ പരതി നോക്കി കണ്ടുപിടിക്കുവാൻ ഇതാണ് കൂടുതൽ ഉപകരിക്കുക. والله اعلم ഈ രണ്ട് ഉപമകളും ഒരേ തരം മുനാഫിഖുകളെ സംബന്ധിച്ചുതന്നെയാണെന്നും, അല്ലെന്നും രണ്ടഭിപ്രായം വ്യാഖ്യാതാക്കൾക്കിടയിലുണ്ട്. ഇമാം ഇബ്നു ജരീർ (رحمه الله) മുതലായ പലരും ഒന്നാമത്തെ അഭിപ്രായവും ഇബ്നുകഥീർ(رحمه الله) മുതലായ പലരും രണ്ടാമത്തെ - അല്ലെന്നുള്ള - അഭിപ്രായവുമാണ് സ്വീകരിച്ചുകാണുന്നത്. വിശ്വാസം ഉള്ളിൽ തീണ്ടിയിട്ടേ ഇല്ലാത്ത മുഴുത്ത കപടൻമാരെ സംബന്ധിച്ചാണ് 17-ാം വചനത്തിലെ തീയിന്റെ ഉപമ. വിശ്വാസമുണ്ടെങ്കിലും അതിന്റെ ദുർബ്ബലത നിമിത്തം ഇസ്ലാമിക ശിക്ഷണത്തിൽ ഉറച്ചു നിൽക്കുവാൻ കഴിയാത്തവരും, ചിലപ്പോഴൊക്കെ സംശയവും ആശയക്കുഴപ്പവും നേരിടുകയും ഇടക്ക് ബോധോദയവും സത്യവിശ്വാസത്തിന്റെ പ്രകാശവും പ്രകടമാകുകയും ചെയ്യുന്ന രണ്ടാംതരം കപടൻമാരെ സംബന്ധിച്ചാണ് ഈ വചനത്തിലെ ഉപമ. ഇതാണ് രണ്ടാമത്തെ അഭിപ്രായം, പല ഖുർആൻ വചനങ്ങളും മറ്റും ഉദ്ധരിച്ചും ഉദാഹരിച്ചും കൊണ്ട് ഇബ്നുകഥീർ (رحمه الله) ഈ അഭിപ്രായം അദ്ദേഹത്തിന്റെ തഫ്സീറിൽ സ്ഥാപിച്ച് കാണാവുന്നതാണ്.

19-ാം വചനത്തിൻെറ അവസാനത്തിൽ والله محيط بالكافرين (അല്ലാഹു അവിശ്വാസികളെ വലയം ചെയ്യുന്നവനാണ്) എന്നും, 20ൻെറ അവസാനത്തിൽ ان الله على كل شيئ قدير (അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാണ്.) എന്നും പറഞ്ഞതുപോലെ, മുമ്പുള്ള വാക്യങ്ങളുമായി ഘടനയിലോ വിഷയത്തിലോ പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത ചില വാക്യങ്ങൾ ഖുർആനിൽ കാണപ്പെടുക സർവ്വസാധാരണമാകുന്നു. മിക്ക ആയത്തുകളും സമാപിക്കുന്നത് ഇത്തരത്തിലുള്ള ഏതെങ്കിലും ഒരു വാക്യത്തോട് കൂടിയായിരിക്കും. മുൻവാക്യങ്ങളുമായി അവക്ക് പ്രത്യക്ഷ ബന്ധം തോന്നുകയില്ലെങ്കിലും -സംസാരവിഷയത്തിൻെറയും, സന്ദർഭ ത്തിൻെറയും പശ്ചാത്തലത്തിൽ അല്പം ആലോചിച്ചാൽ ആ അനുബന്ധ വാക്യങ്ങൾ വലുപ്പം കൊണ്ട് വളരെ ചെറിയതായിരിക്കുന്നതോടൊപ്പം അവ വളരെ അർത്ഥഗർഭങ്ങളാണെന്ന് കാണാവുന്നതാണ്. സംസാരവിഷയത്തിൻെറ രത്നച്ചുരുക്കമോ, അതിലടങ്ങിയ തത്വമോ, യുക്തിയോ, അതിന് നിദാനമായ ഏതെങ്കിലും യാഥാർത്ഥ്യമോ-അങ്ങിനെ പലതും- ചൂണ്ടിക്കാട്ടുന്നതായിരിക്കും ആ വാക്യങ്ങൾ. സന്ദർഭം നോക്കി ചിന്തിക്കുന്നവർക്ക് അവയിൽ നിന്ന് പല സാരങ്ങളും കണ്ടെടുക്കുവാൻ കഴിയുന്നതാണ് താനും. والله الموفق

വിഭാഗം-3

സൂറത്തിൻെറ ആദ്യത്തെ ചില വചനങ്ങളിൽ ഭയഭക്തൻമാരെക്കുറിച്ചും, പിന്നീട് ചില വചനങ്ങളിൽ അവിശ്വാസികളെക്കുറിച്ചും, അതിന് ശേഷം ഇതുവരെയുള്ള വചനങ്ങളിൽ കപട വിശ്വാസികളെക്കുറിച്ചും സംസാരിച്ചശേഷം, അടുത്ത വചനങ്ങളിൽ മനുഷ്യസമുദായത്തെ ആകമാനം അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു :-

يَـٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿٢١﴾

21 ഹേ, മനുഷ്യരേ, നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം.

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ ﴿٢٢﴾

22 അതായത്, ഭൂമിയെ നിങ്ങൾക്ക് ഒരു വിരിപ്പും, ആകാശത്തെ ഒരു കെട്ടിടവും (അഥവാ മേൽപുരയും) ആക്കിത്തന്നിട്ടുള്ളവൻ; ആകാശത്തു നിന്ന് അവൻ വെള്ളം ഇറക്കുകയും ചെയ്തിരിക്കുന്നു; എന്നിട്ട് അതുമൂലം നിങ്ങൾക്ക് ആഹാരത്തിനായി ഫലങ്ങളിൽനിന്നു (പലതും) ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, നിങ്ങൾ അല്ലാഹുവിനു സമൻമാരെ ഉണ്ടാക്കരുത്; നിങ്ങൾ അറിഞ്ഞുംകൊണ്ട് (തന്നെ) .

---

21 ياأيها الناس ഹേ മനുഷ്യരെ اعبدوا ആരാധിക്കുവിൻ ربكم നിങ്ങളുടെ രക്ഷിതാവിനെ الذي യാതൊരുവനായ خلقكم അവൻ നിങ്ങളെ സൃഷ്ടിച്ചു والذين യാതൊരുവരെയും من قبلكم നിങ്ങളുടെ മുമ്പുള്ള لعلكم നിങ്ങളായേക്കാം, നിങ്ങളാകുവാൻ വേണ്ടി تتقونَ സൂക്ഷമത പാലിക്കും 22. الذي جعلَ ആക്കിയവൻ لكُم നിങ്ങൾക്ക് الأرض ഭൂമിയെ فراشا ഒരു വിരിപ്പ് والسماء ആകാശത്തെ(യും) بناءً ഒരു കെട്ടിടം وأنزلَ അവൻ ഇറക്കുകയും ചെയ്തു من السماءِ ആകാശത്തുനിന്ന് ماءً വെള്ളം فأخرج എന്നിട്ട് പുറപ്പെടുവിച്ചു به അതുമൂലം, അതുകൊണ്ട് من الثمرات ഫല(വർഗ്ഗ) ങ്ങളിൽ നിന്ന് رزقا ആഹാര (ഉപജീവന) ത്തിനായി لكُم നിങ്ങൾക്ക് فلا تجعلوا അതിനാൽ നിങ്ങൾ ഉണ്ടാക്കരുത് لِلهِ അല്ലാഹുവിന് أندادا തുല്യന്മാരെ وأنتم നിങ്ങൾ (ആയിരിക്കെ) تعلمونَ നിങ്ങൾ അറിയും.

'ആരാധന' എന്ന് അർത്ഥം കൽപ്പിച്ച 'ഇബാദത്ത്' 'രക്ഷിതാവ്' എന്നർത്ഥം കൊടുത്ത 'റബ്ബ്', എന്നിവയുടെ അർത്ഥോദ്ദേശ്യങ്ങളെപ്പറ്റി സൂറ: ഫാതിഹയിലും, (പേ:108) 'സൂക്ഷ്മത പാലിക്കൽ' എന്നർത്ഥം കൽപ്പിച്ച 'തഖ്‌വാ' യെപ്പറ്റി ഈ സൂറത്തിൻെറ ആദ്യത്തിലും (പേ:123) വിവരിച്ചത് ഓർക്കുക.

വിശ്വാസി, അവിശ്വാസി, കപടവിശ്വാസി എന്നീ വ്യത്യാസം കൂടാതെ, ഖുർആൻ അവതരിക്കുന്ന കാലത്തുള്ളവരും, അതിനുശേഷം ഉണ്ടാകുന്നവരുമായ മനുഷ്യരെ ഒന്നടങ്കം സംബോധന ചെയ്തുകൊണ്ട് അവർക്കെല്ലാം അസ്തിത്വം നൽകിയ സ്രഷ്ടാവും, അവരെ രക്ഷിച്ചും പരിപാലിച്ചുവരുന്ന രക്ഷിതാവുമായ അല്ലാഹുവിനെ ആരാധിക്കണമെന്നും, സ്രഷ്ടാവും രക്ഷിതാവും അവൻ മാത്രമാണെന്ന യാഥാർത്ഥ്യം അറിഞ്ഞുകൊണ്ടിരിക്കെ അവനു സമൻമാരെയും പങ്കാളികളെയും ഏർപ്പെടുത്തരുതെന്നും അല്ലാഹു കൽപ്പിക്കുന്നു. മനുഷ്യലോകത്തെ തൗഹീദാകുന്ന ഏകദൈവ സിദ്ധാന്തത്തിലേക്ക് ക്ഷണിക്കുന്നതോടൊപ്പം, അതിൻെറ അനിഷേധ്യമായ അനിവാര്യതകൂടി അല്ലാഹു ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. 'നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവൻ എന്നുപറഞ്ഞതിൽ, ''നിങ്ങളുടെ പൂർവ്വീകൻമാരും ഈ തൗഹീദ് സ്വീകരിക്കുവാൻ ബാധ്യസ്ഥരായിരുന്നുവെന്നും, അതുകൊണ്ട് അതിന് വിപരീതമായി അവർ അനുവർത്തിച്ചുവന്ന ശിർക്കിൻെറ പാരമ്പര്യത്തിൽ നിങ്ങൾ അവരെ പിൻപറ്റുന്നത് ശരിയല്ലെന്നുമുള്ള ഒരു സൂചന അടങ്ങിയിരിക്കുന്നു. തൗഹീദ് നിങ്ങളുടെ പ്രകൃത്യാ ഉള്ള ഒരു കടമയാണെന്ന് മാത്രമല്ല, അത് മുഖേന മാത്രമേ നിങ്ങൾക്ക് സൂക്ഷ്മത പാലിക്കുന്നവരായിരിക്കുവാൻ സാധിക്കുകയുള്ളുവെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു.'' സൂക്ഷ്മത പാലിക്കുന്നവരാണ് സൻമാർഗ്ഗത്തിൽ നിലകൊള്ളുന്നവരെന്നും, അവർ മാത്രമാണ് വിജയം പ്രാപിക്കുന്നവരെന്നും മുമ്പ് പറഞ്ഞിട്ടുമുണ്ടല്ലോ.

പ്രാഥമിക ബുദ്ധിക്കുപോലും അറിയാവുന്നതും, ഓരോ വ്യക്തിയും അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നതും, മനുഷ്യൻെറ നിലനിൽപിനും ജീവിതത്തിനും ആധാരവുമായ ചില വമ്പിച്ച അനുഗ്രഹങ്ങളെയാണ് അല്ലാഹു ഇവിടെ ഓർമ്മിപ്പിക്കുന്നത്. അവയിലൊന്നും അവമേതല്ലാത്ത ഒരു പങ്കും പ്രവർത്തനവും വേറെയില്ല. എന്നിരിക്കെ, അവയുടെ ഏക കർത്താവായ അവനോട് നന്ദിയും കീഴ്‌വണക്കവുമുള്ളവരായിരിക്കുക എന്ന നിലക്കും മനുഷ്യൻ മറ്റാരെയും ആരാധിച്ച് കൂടാത്തതാകുന്നു. അതെ, ആരാധ്യനായിരിക്കുവാനുള്ള അർഹത അല്ലാഹുവിന് മാത്രമാണെന്നതുപോലെ, അവൻെറ മാത്രം ആരാധകനായിരിക്കുവാനുള്ള ബാദ്ധ്യത മനുഷ്യനുമുണ്ട് എന്ന് ഇതിൽ നിന്ന് സ്പഷ്ടമാകുന്നു.

ഇരിക്കുവാനും, കിടക്കുവാനും, നടക്കുവാനും, ഓടുവാനും, ചാടുവാനും എന്നുവേണ്ട ഇഷ്ടാനുസരണം വിഹരിക്കുവാൻ മനുഷ്യന് ഭൂമിയെ അല്ലാഹു പാകപ്പെടുത്തിയിട്ടുള്ളതിനെ ഉദ്ദേശിച്ചാണ് അതിനെ ഒരു വിരിപ്പ് فراشا ആക്കി എന്ന് പറഞ്ഞത്. വിരിപ്പുപോലെ പരന്നതാക്കി എന്നല്ല ഉദ്ദേശ്യം. ഭൂമി ഗോളാകൃതിയിലുള്ളതാണെന്നുള്ള യാഥാർത്ഥ്യവും ഈ വാക്കും തമ്മിൽ വൈരുദ്ധ്യമില്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇനി, വിരിപ്പുപോലെ പരന്നതാക്കി എന്നുതന്നെ വെക്കുന്നതിനും വിരോധമില്ല. ഗോളമായതോടൊപ്പം തന്നെ ഭൂമിയുടെ പരപ്പും വിശാലതയും അജ്ഞാതമല്ലല്ലോ. ഭൂമി മുഴുവനും പാറയോ, വെള്ളമോ, ചെളിയോ, മണലോ, മറ്റോ ആയിരുന്നെങ്കിൽ, അല്ലെങ്കിൽ ഒന്നാകെ സമനിരപ്പോ, കുന്നും കുഴിയും നിറഞ്ഞതോ ആയിരുന്നുവെങ്കിൽ സ്ഥിതി എന്തായിരിക്കും? ആലോചിച്ചുനോക്കുക!. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയുടെ നിലവെച്ചല്ല-മനുഷ്യൻെറ പൊതുനില വെച്ചുകൊണ്ട്- ആലോചിക്കുമ്പോഴേ ഇതിൽ അടങ്ങിയ മഹാനുഗ്രഹത്തിൻെറ മഹത്വത്തെപപ്പറ്റി ഊഹിക്കുവാൻ കഴിയൂ. ഭൂമിയെ ഒരു വമ്പിച്ച വീടായി സങ്കൽപിക്കുക. അതിൻെറ അടിനിലം വിതാനിച്ചുവെന്നും വെക്കുക. അപ്പോൾ, അതിൻെറ മേൽഭാഗത്ത് മേൽപുരയും വേണ്ടതുണ്ടല്ലോ. അതാണ് ആകാശത്തെ ഒരു കെട്ടിടവും بناء അഥവാ മേൽപുരയും- ആക്കി എന്നു പറഞ്ഞത്. മറ്റൊരു സ്ഥലത്ത്

وجعلنا السماء سقفا محفوظا (ആകാശത്തെ നാം -സൂക്ഷിക്കപ്പെട്ട ഒരു മേൽപുരയും ആക്കിയിരിക്കുന്നു. (21:32) എന്ന് പറഞ്ഞിരിക്കുന്നത് പ്രസ്താവ്യമാകുന്നു.

ശരി. ഇനി, ഈ വീട്ടിലെ നിവാസികൾക്ക് ദാഹത്തിന് വെള്ളവും വിശപ്പിന് ഭക്ഷണവും വേണമല്ലോ അതിനായി ആകാശത്തുനിന്ന് -ഉപരി ഭാഗത്തുനിന്ന്- മഴ വർഷിച്ചുകൊണ്ടിരിക്കുന്നു. കുടിക്കുവാൻ മാത്രമല്ല. കൃഷിതുടങ്ങിയ മറ്റാവശ്യങ്ങൾക്കും അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അത് വഴി ഭൂമിയിൽ പലതരം ഫലവർഗ്ഗങ്ങളും ഉൽപന്നങ്ങളും അവൻ ഉൽപാദിപ്പിക്കുന്നു. ഇതിനെപ്പറ്റി മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് ഇങ്ങിനെയാകുന്നു: ''അല്ലാഹുവത്രെ യാതൊരുവൻ: അവൻ നിങ്ങൾക്ക് ഭൂമിയെ വാസസ്ഥാനവും, ആകാശത്തെ കെട്ടിടവും ആക്കിയിരിക്കുന്നു. അവൻ നിങ്ങൾക്ക് രൂപം നൽകുകയും, എന്നിട്ട് നിങ്ങളുടെ രൂപങ്ങളെ നന്നാക്കുകയും ചെയ്തിരിക്കുന്നു. വിശിഷ്ടവസ്തുക്കളിൽ നിന്ന് നിങ്ങൾക്കവൻ ആഹാരം നൽകുകയും ചെയ്തിരിക്കുന്നു. അങ്ങിനെയുള്ള അവനത്രെ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. (40:64) ഇപ്പോൾ, ഭൂമി ഒരു വീട് അതിൻെറ ഉടമസ്ഥനും അതു നിർമ്മിച്ചവനും അല്ലാഹു. അതിലെ നിവാസികളാകുന്ന മനുഷ്യർ അവൻെറ സൃഷ്ടി. അവർക്ക് അന്നവും വെള്ളവും നൽകി പരിപാലിച്ചു പോരുന്നവനും അവൻ തന്നെ. വാസ്തവം ഇതായിരിക്കെ, ഇത് എല്ലാവർക്കും അറിയാവുന്നതുമായിരിക്കെ, അവനെയല്ലാതെ മറ്റാരെയെങ്കിലും ആരാധിക്കുന്നതിനോ, കീഴ്വണങ്ങുന്നതിനോ, അവൻെറ മുമ്പിൽ ആരാധനയർപ്പിക്കാതിരിക്കുന്നിനോ വല്ല ന്യായവുമുണ്ടോ?! فلا تجعلو لله اندادا وانتم تعلمون (അതിനാൽ, അറിഞ്ഞുകൊണ്ടിരിക്കെ നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്)

അല്ലാഹുവിൻെറ ഉൽകൃഷ്ടങ്ങളായ ഗുണവിശേഷങ്ങളിലോ, പ്രവർത്തനങ്ങളിലോ, അധികാരാവകാശങ്ങളിലോ, അല്ലെങ്കിൽ അവൻെറ സത്തയിലോ ഏതെങ്കിലും തരത്തിലുള്ള തുല്യതയോ, പങ്കോ മറ്റേതെങ്കിലും വസ്തുവിനുണ്ടെന്ന് സങ്കൽപിക്കുക എന്നത്രെ, അവന് സമൻമാരെ (أنداد) ഏർപ്പെടുത്തുക എന്നതുകൊണ്ട് വിവക്ഷ. ഈ സങ്കൽപ്പത്തിൽ നിന്ന് ഉത്ഭവിക്കുന്നതും, ഈ സങ്കൽപ്പത്തിൽ പര്യവസാനിക്കുന്നതുമായ വാക്കും, പ്രവർത്തിയും, വിശ്വാസവുമെല്ലാം ശിർക്കിൻെറ ഇനങ്ങളിൽ പെട്ടവയാകുന്നു. ശിർക്കാകട്ടെ -അല്ലാഹുവും റസൂലും അർത്ഥശങ്കക്കിടമില്ലാത്തവണ്ണം സ്പഷ്ടമാക്കിയിട്ടുള്ളതുപോലെ - പാപങ്ങളിൽ വെച്ചേറ്റവും കടുത്തതും, പൊറുക്കപ്പെടാത്തതുമാകുന്നു. അല്ലാഹു അല്ലാത്തവർക്ക് നേർച്ച നേരുന്നതും, അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുന്നതും ശിർക്കാകുവാനുള്ളകാരണം മേൽപറഞ്ഞതിൽ നിന്ന് മനസ്സിലാക്കാമല്ലോ. ഇന്ന നക്ഷത്രത്തിൻെറ - അല്ലെങ്കിൽ രാശിയുടെ - കാരണത്താൽ മഴപെയ്തുവെന്ന് പറയുന്നതിനേയും, വല്ല കാര്യത്തെക്കുറിച്ചും 'അല്ലാഹു ഉദ്ദേശിച്ചത്.' ماشاء الله എന്ന് പറയുമ്പോൾ അതോടു ചേർത്ത് 'ഇന്നആളും ഉദ്ദേശിച്ചതും وشاء فلان' എന്നു കൂടി പറയുന്നതിനേയും നബി(ﷺ) വിരോധിച്ചിട്ടുണ്ടെന്നോർക്കുമ്പോൾ, ശിർക്കിൻെറ വ്യാപ്തി എത്ര വലുതാണെന്ന് ആലോചിച്ചുനോക്കുക.! (165-ാം വചനത്തിൽ കുറച്ചുകൂടി വിശദീകരണം വരുന്നതാണ്. إن شاء الله)

ഈ വചനങ്ങളിൽ കണ്ടതുപോലെ, ആദ്യം അല്ലാഹുവിൻെറ സൃഷ്ടി കർത്തൃത്വവും خالقية രക്ഷാകർത്തൃത്വവും ربوبية ഉറപ്പിച്ചശേഷം, ആ അടിസ്ഥാനത്തിൽ അവൻെറ ആരാധ്യത്വവും الوهية-അഥവാ ദൈവത്വവുംസ്ഥാപിക്കുക ഖുർആനിൽ പലപ്പോഴും കാണാവുന്ന ഒരു പതിവാകുന്നു. ആദ്യത്തെ ഗുണം അവന് വകവെച്ചുകൊടുക്കാത്തവരായി തനി ഭൗതിക-നിരീശ്വര-വാദികൾ മാത്രമേ ഉണ്ടാകുകയുള്ളു. ആ ഗുണം സമ്മതിക്കുന്നതോടെ രണ്ടാമത്തെ ഗുണവും സമ്മതിക്കുവാൻ ബുദ്ധി നിർബന്ധിതമാകും. രണ്ടാമത്തെ ഗുണത്തിൻെറ -രക്ഷാകർത്തൃത്വത്തിൻെറ-വിശദീകരണത്തിൽ ഭിന്നാഭിപ്രായമുണ്ടാകാമെങ്കിലും വേദവാദികളാരും അത് സമ്മതിക്കാതിരിക്കുകയില്ല. ആ രണ്ടു ഗുണങ്ങളും സമ്മതിക്കുന്ന ഒരാൾക്ക് മൂന്നാമത്തെ ഗുണവും (ആരാധ്യതയും) അല്ലാഹുവിന് മാത്രമായിരിക്കൽ അനിവാര്യമാണെന്നു സമ്മതിക്കാതി

രിക്കാൻ ന്യായമില്ല. ഒരു കാര്യം പ്രത്യേകം ഗൗനിക്കപ്പെടേണ്ടതുണ്ട്. തർക്കശാസ്ത്രപരമായ വാഗ്വാദങ്ങൾക്ക് പകരം, മനുഷ്യമനസ്സുകൾക്ക് സുപരിചിതവും, നിത്യസത്യങ്ങൾ ഉൾക്കൊള്ളുന്നതുമായ യാഥാർത്ഥ്യങ്ങളിലേക്കും, അവയുടെ പിന്നിൽ സ്ഥിതിചെയ്യുന്ന മഹാ അദൃശ്യ ശക്തിയിലേക്കും അവരുടെ ശ്രദ്ധതിരിക്കലായിരിക്കും കൂടുതൽ പ്രായോഗികമായിരിക്കുക. ഖുർആന്റെ നയവും ഇതുതന്നെയാണ്. കണ്ണിൽ കണ്ടതേ വിശ്വസിക്കൂ. തങ്ങൾ ശരിവെച്ചു കഴിഞ്ഞതിനപ്പുറം ചിന്തിക്കുകയില്ല എന്ന മുൻവിധിക്കാരായ അഹങ്കാരികളെ സംബന്ധിച്ചിടത്തോളം -കഴിഞ്ഞ 6ഉം 7ഉം വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചതുപോലെ- അവരെ കയ്യൊഴിക്കുക മത്രമേ കരണീയമായുള്ളു.

അല്ലാഹുവിനെ ആരാധിക്കണം-അവനെ മാത്രമേ ആരാധിക്കാവൂ- എന്ന തത്വം അംഗീകരിക്കപ്പെടേണമെങ്കിൽ, ആദ്യം അല്ലാഹുവിന്റെ അസ്തിത്വം അറിയേണ്ടതുണ്ടെന്നും, അതിനു ഖുർആൻ സ്വീകരിച്ച മാർഗ്ഗങ്ങൾ ഇന്നിന്ന പ്രകാരമാണെന്നും വിവരിച്ചശേഷം ഇമാം റാസീ (ﷺ) അദ്ദേഹത്തിന്റെ തഫ്സീറിൽ (21-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ) പ്രസ്താവിച്ച ചില കാര്യങ്ങൾ അറിയുന്നത് നന്നായിരിക്കും . ആ പ്രസ്താവനയുടെ സാരം ഇപ്രകാരമാണ്: ‘‘ഇപ്പറഞ്ഞത് നീ മനസ്സിലാക്കിയാൽ നാം പറയുന്നു: അല്ലാഹു അവന്റെ കിത്താബിൽ ഈ മാതിരി തെളിവുകളെ തെളിവായി സ്വീകരിച്ചത് രണ്ടു കാരണം കൊണ്ടാണ്: (1) ജനങ്ങൾക്ക് കാര്യം മസ്സിലാക്കുവാൻ ഉതകുന്നതും ബുദ്ധിക്ക് കൂടുതൽ യോജിച്ചതും അതാണ്. ഖുർആനിലെ തെളിവുകൾ സൂക്ഷ്മ വിചിന്തനം ചെയ്യാതെത്തന്നെ വേഗം ഗ്രാഹ്യമാകുന്നതായിരിക്കണം. എന്നാലേ പൊതുജനങ്ങൾക്കും പ്രത്യേക നിലപാടിലുള്ളവർക്കും ഉപകരിക്കുകയുള്ളൂ. സത്യമായും, അല്ലാഹുവിന്റെ കിത്താബിന്റെ ആരംഭത്തിൽ തന്നെ അതാണവർ സ്വീകരിച്ചതും.(2) ഖുർആനിക തെളിവുകളുടെ ലക്ഷ്യം വിവാദം നടത്തലല്ല. യഥാർത്ഥ വിശ്വാസം ഹൃദയങ്ങളിൽ ഉറപ്പിക്കലാണ്. മററല്ലാതരം തെളിവുകളെക്കാളും ഇത്തരത്തിലുള്ളതാണ് ശക്തവും യുക്തവുമായത്. കാരണം, ഈ വിധം തെളിവുകൾ സ്രഷ്ടാവിന്റെ അസ്തിത്വത്തെപ്പറ്റി ഉറപ്പായ അറിവ് നൽകുന്നതുപോലെ, അവന്റെ അനുഗ്രഹങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. അനുഗ്രഹ സ്മരണയാകട്ടെ, സ്നേഹം ജനിപ്പിക്കുകയും, തർക്കം ഇല്ലാതാക്കുകയും, അനുസരണത്തെ ഉളവാക്കുകയും ചെയ്യുന്നതാണ്. ആകയാൽ, ഖുർആൻ സ്വീകരിച്ച മാതിരിയുള്ള തെളിവുകളാണ് ഏററവും നന്നായിട്ടുള്ളത്’’.

തുടർന്നുകൊണ്ട് മുൻഗാമികളായ മഹാൻമാർ അല്ലാഹുവിന്റെ അസ്തിത്വം സ്ഥാപിക്കുന്നതിന് താർക്കീകമോ ശാസ്ത്രീയമോ അല്ലാതെ-ഹൃദ്യവും യുക്തവുമായ രൂപത്തിൽ തെളിവ് നൽകിയിരുന്നതിന് പത്തു പതിനൊന്ന് ഉദാഹരണങ്ങളും റാസീ (ﷺ) ഉദ്ധരിച്ചിരിക്കുന്നു. അവയിൽ ചിലത് അദ്ദേഹത്തിൽ നിന്ന് ഇബ്നു കഥീർ (ﷺ) അദ്ദേഹത്തിന്റെ തഫ്സീറിലും ഉദ്ധരിച്ചു കാണാം അവയുടെ ചുരുക്കം ഇതാണ്: (1) സ്രഷ്ടാവിനെ സ്ഥാപിക്കുന്നതിനുള്ള തെളിവെന്താണെന്ന് ഖലീഫാ ഹാറൂൻ റശീദ് (ﷺ) ഇമാം മാലിക് (ﷺ) നോട് ചേദിച്ചപ്പോൾ അദ്ദേഹം നൽകിയ തെളിവ് ഭാഷകളുടെയും, ശബ്ദങ്ങളുടെയും, രാഗങ്ങളുടെയും വൈവിദ്ധ്യമായിരുന്നു. (2) ചില നിരീശ്വരവാദികൾ ഇമാം അബൂഹനീഫ (ﷺ) യോട് സ്രഷ്ടാവിന്റെ അസ്തിത്വത്തിന് തെളിവ് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘ക്ഷമിക്കണം, ഞാൻ കേട്ട ഒരു വാർത്തയെപ്പറ്റി ചിന്തിക്കുകയാണ് ഞാൻ. (അതുകൊണ്ട് അൽപം ഒഴിവ് തരണം) വാർത്ത ഇതാണ്: ‘‘സമുദ്രത്തിൽ ഒരു കപ്പലുണ്ട്. പലതരം ചരക്കുകളാൽ അത് നിറക്കപ്പെട്ടിരിക്കുന്നു. അതിനെ കാക്കുവാനോ ഓട്ടാനോ ആരുമില്ല. എന്നാലും അത് സ്വയം പോകുകയും വരുകയും ചെയ്യുന്നു. തിരമാലകളെ തള്ളിക്കടന്ന് രക്ഷപ്പെടുന്നു.’’ ഇത് കേട്ടപ്പോൾ അവർ പറഞ്ഞു: ‘‘ഹേയ്! ബുദ്ധിയുള്ള ഒരാളും ഇങ്ങനെ പറയുകയില്ല.’’ അദ്ദേഹം പറഞ്ഞു: ‘‘ച്ഛേ! മീതെ വാനലോകത്തും, താഴെ ഈ ഭൂലോകത്തും സ്ഥിതിചെയ്യുന്ന കണക്കററ വസ്തുക്കളും, അവയോട് ബന്ധപ്പെട്ടു നിൽക്കുന്ന അതിസമർത്ഥങ്ങളായ അനേകമനേകം കാര്യങ്ങളും! ഇതിനൊന്നും ഒരു കർത്താവില്ലെന്നോ?!’’

അവരുടെ വായ അടഞ്ഞു. (*) അവർ ഇസ്‌ലാം അംഗീകരിച്ചു. (3) ഇമാം ശാഫി (رحمه الله) യോട് അതിനെപ്പറ്റി ചോദിക്കപ്പെട്ടതിന് അദ്ദേഹം ഇങ്ങിനെ മറുപടി നൽകി: ''ഇതാ, അമറാത്തിഇല. അതിൻെറ രുചി ഒരുപോലെത്തന്നെ. പുഴു അത് തിന്നുന്നു. പുഴുവിൽ നിന്ന് പട്ട് പുറത്തു വരുന്നു. തേനീച്ച അത് തിന്നുന്നു. അതിൽ നിന്നു തേൻ പുറത്തു വരുന്നു. ആടും, മാടും കാലികളും തിന്നുന്നു. അവ ചാണകവും കാഷ്ടവും ഇടുന്നു. മാനും അതു തിന്നുന്നു. അതിൽനിന്നു കസ്തൂരിയുണ്ടാകുന്നു. തീറ്റയെല്ലാം ഒന്നു തന്നെ.'' (4) ഇമാം അഹ്മദ് (رحمه الله) നൽകിയ തെളിവ് കോഴിമുട്ടയാണ് . അദ്ദേഹം പറഞ്ഞു: ''ഉറപ്പും മിനുസവുമുള്ള ഒരു കോട്ട. വാതിലോ പഴുതോ അതിനില്ല. പുറഭാഗം വെള്ളവെള്ളിപോലെ. ഉൾഭാഗം തങ്കസ്വർണ്ണം പോലെ പെട്ടെന്നൊരിക്കൽ അതിൻെറഭിത്തികൾ പൊട്ടിത്തെറിക്കുന്നു. രൂപഭംഗിയും, സുന്ദരശബ്ദമുള്ളതും, കേൾവിയും കാഴ്ചയുള്ളതുമായ ഒരു ജീവി വെളിക്ക് വരുന്നു!''

ഇതെല്ലാം പണ്ഡിത കേസരികളായ ചില മഹാൻമാരിൽ നിന്നുള്ള ഉദ്ധരണികളാണല്ലോ . ഒരു സാധാരണക്കാരനായ മനുഷ്യൻെറ വക തെളിവുകൂടി അറിയുന്നത് നന്നായിരിക്കും. റബ്ബ് ഉണ്ടെന്നുള്ളതിന് തെളിവെന്താണെന്ന് ചോദിക്കപ്പെട്ടപ്പോൾ ഒരു അഅ്റാബി (മരുഭൂവാസി) ഇങ്ങിനെ പറഞ്ഞതായി ഇബ്നു കഥീർ (رحمه الله) ഉദ്ധരിക്കുന്നു: ''യാ സുബ്ഹാനല്ലാഹ് ! (ആശ്ചര്യം!) ചാണകം ഒട്ടകത്തെ അറിയിക്കുന്നു. കാലടയാളം നടന്നുപോയവനെ അറിയിക്കുന്നു. അപ്പോൾ, രാശിമണ്ഡലങ്ങളുള്ള ആകാശം, വിശാലമായ നടമാർഗ്ഗങ്ങളുള്ള ഭൂമി, തിരമാലകളുള്ള സമുദ്രം- ഇതൊന്നും-സൂക്ഷ്മജ്ഞാനിയായ ഒരുവനുണ്ടെന്ന് അറിയിക്കുന്നില്ലേ?!''

അനിഷേധ്യവും, അവിതർക്കിതവുമായ തെളിവുകളാൽ തൗഹീദിൻെറ അനിവാര്യത സ്ഥാപിച്ചശേഷം, അടുത്തവചനങ്ങൾ മുഖേന ഖുർആൻെറ അമാനുഷികതയും അല്ലാഹു സ്ഥാപിക്കുന്നു. അതോടെ നബി (ﷺ) തിരുമേനിയുടെ പ്രവാചകത്വം സ്ഥാപിതമാകുന്നു. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് (ﷺ) അല്ലാഹുവിൻെറ റസൂലാണെന്നും لا اله إلا الله محمد رسول الله ആണല്ലോ ഇസ്‌ലാമിൻെറ മുദ്രാവാക്യം. അല്ലാഹു പറയുന്നു:-

23 നമ്മുടെ അടിയാൻെറമേൽ നാം അവതരിപ്പിച്ചതിനെ സംബന്ധിച്ച് നിങ്ങൾ വല്ല (വിധേയനും) സന്ദേഹത്തിലാണെങ്കിൽ അതുപോലയുള്ള ഒരു സൂറത്ത് (അദ്ധ്യായം) നിങ്ങൾ കൊണ്ടുവരുവിൻ; അല്ലാഹുവിന് പുറമെയുള്ള നിങ്ങളുടെ സാക്ഷികളെ (സഹായികളെ) നിങ്ങൾ വിളിക്കുകയും ചെയ്തുകൊള്ളുവിൻ; നിങ്ങൾ സത്യവാൻമാരാണെങ്കിൽ! (അതൊന്നു കാണാമല്ലോ.)

وَإِن كُنتُمْ فِى رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا۟ بِسُورَةٍ مِّن مِّثْلِهِۦ وَٱدْعُوا۟ شُهَدَآءَكُم مِّن دُونِ ٱللَّهِ إِن كُنتُمْ صَٰدِقِينَ ﴿٢٣﴾

24 എന്നിട്ട് നിങ്ങൾ (അതു) ചെയ്തില്ലെങ്കിൽ, നിങ്ങൾ (ഒരിക്കലും) ചെയ്ക

فَإِن لَّمْ تَفْعَلُوا۟ وَلَن تَفْعَلُوا۟ فَٱتَّقُوا۟ ٱلنَّارَ ٱلَّتِى

* യുക്തിവാദികളാകട്ടെ, ശാസ്ത്രവാദികളാകട്ടെ, നിരീശ്വരവാദത്തിന് തെളിവായി, ശ്രോതാക്കളെ അമ്പരിപ്പിക്കുന്നതും ആകർഷിക്കുന്നതുമായ എന്തെല്ലാം ന്യായങ്ങൾ അവർക്ക് പറയുവാനുണ്ടായാലും അവയുടെയെല്ലാം ആകെസാരം രണ്ടിലൊന്നായിരിക്കും: ഒന്നുകിൽ ഈ അഖിലാണ്ഡം ക്രമേണയങ്ങു സ്വയം രൂപം പൂണ്ടതാണ്. അലെങ്കിൽ ഒരു മഹാവിസ്ഫോടനം നിമിത്തം സ്വയം നിർമ്മിതമായതാണ്.

രണ്ടായാലും ശരി, ഇമാം അബൂഹനീഫ (رحمه الله)യുടെ മറുപടിക്ക് മുമ്പിൽ മുട്ടുകുത്തുവാനേ അവർക്ക് കഴിയൂ-യുക്തിഹീനതക്ക് 'യുക്തി' എന്ന് പേരുപറയാമെങ്കിലൊഴികെ

وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ ۖ أُعِدَّتْ لِلْكَٰفِرِينَ ﴿٢٤﴾

യില്ലതന്നെ. എന്നാൽ, നിങ്ങൾ യാതൊരു നരകത്തെ സൂക്ഷിച്ചുകൊള്ളണം: അതിൽ കത്തിക്കപ്പെടുന്നത് (അതിൻെറ ഇന്ധനം) മനുഷ്യരും കല്ലുകളുമാകുന്നു അത് അവിശ്വാസികൾക്കുവേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുകയാണ്.

---

23. **وإن كنتم** നിങ്ങളാകുന്നുവെങ്കിൽ **في ريب** വല്ല സന്ദേഹത്തിലും **مما نزلنا** നാം ഇറക്കിയതിനെപ്പറ്റി **على عبدنا** നമ്മുടെ അടിയാൻെറ മേൽ **فأتوا** എന്നാൽ വരുവിൻ **بسورة** ഒരു സൂറത്തുംകൊണ്ട്, ഒരദ്ധ്യായത്തെ **من مثله** അതുപോലെയുള്ള **وادعوا** വിളിക്കുകയും ചെയ്‌വിൻ **شهداءكم** നിങ്ങളുടെ സാക്ഷികളെ **من دون الله** അല്ലാഹുവിന് പുറമെ **إن كنتم** നിങ്ങളാണെങ്കിൽ **صادقين** സത്യവാൻമാർ. 24. **فإن لم تفعلوا** എന്നിട്ട് നിങ്ങൾ ചെയ്തില്ലെങ്കിൽ **ولن تفعلوا** നിങ്ങൾ ചെയ്യുന്നതുമല്ല തന്നെ **فاتقوا** എന്നാൽ സൂക്ഷിച്ചുകൊള്ളുവിൻ **النار** നരകത്തെ **التي** യാതൊരു **وقودها** അതിൽ കത്തിക്കപ്പെടുന്നത്, ഇന്ധനം **الناس** മനുഷ്യരാകുന്നു **والحجارة** കല്ലുകളും **أعدت** അത് തയ്യാറാക്കപ്പെട്ടിരിക്കുന്നു **للكافرين** അവിശ്വാസികൾക്ക്.

മുഹമ്മദ് (ﷺ) തിരുമേനി കൊണ്ടുവന്നിട്ടുള്ള ഈ ഖുർആൻ അല്ലാഹു അവതരിപ്പിച്ചതല്ലെന്നോ, അത് അദ്ദേഹമോ അദ്ദേഹത്തിനുവേണ്ടി മറ്റാരെങ്കിലുമോ കെട്ടിച്ചമച്ചതാണെന്നോ, അദ്ദേഹത്തിൻെറ ദിവ്യദൗത്യവാദം ശരിയല്ലന്നോ വാദിക്കുകയോ, സംശയിക്കുകയോ ചെയ്യുന്നവർക്കെല്ലാം-അവർ ഏത് കാലദേശക്കാരായാലും ശരി-ഒരു വമ്പിച്ച വെല്ലുവിളിയാണിത്. വെല്ലുവിളികൊണ്ടും അല്ലാഹു മതിയാക്കിയിട്ടില്ല. അല്ലാഹു അല്ലാത്ത മറ്റാരേയും വേണമെങ്കിൽ നിങ്ങൾക്ക് സഹായത്തിന് വിളിച്ചുകൂട്ടാം, എന്നാലും നിങ്ങൾക്ക് ഒരു കാലത്തും അതിന് സാധ്യമല്ല എന്ന് അതോടൊപ്പം തന്നെ തീർത്തു പറയുകയും ചെയ്തിരിക്കുന്നു. ഈ വെല്ലുവിളിയെ നേരിടുവാൻ കഴിയുകയില്ലന്ന് ബോദ്ധ്യമായിട്ട് പിന്നെയും പിൻമടങ്ങാത്ത പക്ഷം അതികഠിനമായ നരകശിക്ഷക്ക് തയ്യാറായിക്കൊള്ളണമെന്നൊരു കനത്ത താക്കീതും നൽകിയിരിക്കുന്നു. ഇവിടെ മാത്രമല്ല, ഒന്നിലധികം സ്ഥലത്തും ഖുർആനിൽ അല്ലാഹു ഈ വെല്ലുവിളി ആവർത്തിച്ചിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:-

١) قل لئن اجتمعت الانس والجن على ان يأتوا بمثل هذاالقرأنلا يأتون بمثله ولوكان بعضهم لبعض ظهيرا – الاسراء: ٨٨
٢) قل فأتوا بعشرسور مثله مفتريت وادعوا من استطعتم من دون الله ان كنتم صادقين – هود : ١٣
٣) قل فأتوا بسورة مثله وادعوا من استطعتم من دون الله ان كنتم صادقين – يونس : ٣٨

സാരം: 1. പറയുക: ഈ ഖുർആൻ പോലെയുള്ളതൊന്നു കൊണ്ടുവരുവാൻ മനുഷ്യരും ജിന്നുകളും ഒത്തൊരുമിച്ചാലും അവർ അതുപോലെയൊന്ന് കൊണ്ടുവരികയില്ല-അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നവരായാലും ശരി. (ഇസ്രാഉ്, 88) 2. പറയുക: എന്നാൽ, കെട്ടിച്ചമയ്ക്കപ്പെട്ട ഒരു പത്ത് സൂറത്തുകളെ ഇതുപോലെ നിങ്ങൾ കൊണ്ടുവരുവിൻ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധ്യമായവരെയൊക്കെ നിങ്ങൾ വിളിക്കുകയും ചെയ്തുകൊള്ളുവിൻ-നിങ്ങൾ സത്യവാന്മാരാണെങ്കിൽ. (ഹൂദ്, 13) 3. പറയുക: എന്നാൽ, ഇതുപോലെയുള്ളതായ ഒരു സൂറത്ത് നിങ്ങൾ കൊണ്ടുവരുവിൻ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധ്യമായവരെയൊക്കെ നിങ്ങൾ വിളിക്കുകയും ചെയ്തുകൊള്ളുവിൻ-നിങ്ങൾ സത്യവാൻമാരാണെങ്കിൽ. (യൂനുസ്, 38)

ഈ മൂന്ന് മക്കീസൂറത്തുകളിലായി കുറേക്കാലം മുശ്‌രിക്കുകൾക്കിയിൽ പരസ്യമായി ആവർത്തിക്കപ്പെട്ടുവന്ന ഈ വെല്ലുവിളി ഇപ്പോൾ ഈ സൂറത്തിൽവെച്ച് മദീനായിലെ യഹൂദികൾക്കും മുനാഫിഖുകൾക്കും മദ്ധ്യേ അല്ലാഹു വീണ്ടും ആവർത്തിക്കുകയാണ്. ഖുർആൻ പോലെയുള്ള ഒരു ഗ്രന്ഥം (مثل هذا القرأن) എന്നതിൻെറ സ്ഥാനത്ത് ഒരിക്കൽ പത്ത്

സൂറത്തുകൾ (عشر سور) കൊണ്ടുവന്നാൽ മതിയെന്നു പറഞ്ഞു. മററൊരിക്കൽ ഒരൊറ്റ സൂറത്തു (سورة) കൊണ്ടുവരുവിൻ എന്നും പറഞ്ഞുനോക്കി. എല്ലായ്പ്പോഴും മൗനമല്ലാതെ മറ്റൊരു പ്രതികരണവും ഉണ്ടായില്ല.ഖുർആനിലെ സൂറത്തുകൾ പല വലിപ്പത്തിലുള്ളവയാണല്ലോ. മൂന്നു ചെറിയ ആയത്തുകൾ മാത്രം ഉൾക്കൊള്ളുന്നതും അവയിലുണ്ട്. ആ സ്ഥിതിക്ക് അതുപോലെ ഒരു ചെറിയ സൂറത്തെങ്കിലും കൊണ്ടുവന്നാൽ ഈ വെല്ലുവിളിയെ നേരിട്ടതായി അവർക്ക് അഹങ്കരിക്കാമായിരുന്നു. അല്ലാഹുവിനെ മാത്രം കൂട്ടുവിളിക്കാതിരുന്നാൽ മതി-അവനു പുറമെ മനുഷ്യരെയും ജിന്നുവർഗ്ഗത്തെയുമെല്ലാം തന്നെ കൂട്ടിനും സഹായത്തിനും വിളിക്കാം- എന്നുകൂടി അനുവദിച്ചുകൊടുത്തു. അവരുടെ നിഷേധത്തിന് ന്യായത്തിൻെറ വല്ല കണികയ ുമുണ്ടെങ്കിൽ അത് വെളിച്ചത്തുവരട്ടെ. അതൊന്നു ചെയ്തുനോക്കാൻ പലവട്ടം- കൊല്ലങ്ങളോളം തന്നെ- ആഹ്വാനം ചെയ്തു. അവരുടെ മറുപടിക്കൊന്നും കാത്തിരിക്കാതെ അർത്ഥശങ്കക്കിട മില്ലാത്ത ഭാഷയിൽ അല്ലാഹു അതാ തീർത്തുപറയുന്നു: ഒരു കാലത്തും നിങ്ങൾ അത് ചെയ്കയില്ല- നിങ്ങൾക്കതിന് സാധ്യമല്ല- എന്ന്!

ഇതൊക്കെ ആയിട്ടും അക്കാലത്തോ, അന്നുതൊട്ട് ഇന്നേവരെയോ വെല്ലുവിളി നേരിടുവാൻയാതൊരാളും ധൈര്യപ്പെട്ടിറങ്ങിയതായി ചരിത്രമില്ല. കാലാവസാനംവരെ ഈ വെല്ലുവിളി 'മുസ്ഹഫി'ൻെറ താളുകളിൽ അതേപടി അവശേഷിക്കുകതന്നെ ചെയ്യും. അറബി സാഹിത്യത്തിൻെറ പരമകാഷ്ഠ പ്രാപിച്ചവരെന്ന് പ്രസിദ്ധി നേടിയ എത്രയോ സാഹിത്യപടുക്കൾ അന്നും പിന്നെയും ഉണ്ടായിട്ടുണ്ട്. ഏതാനും പേർ ഒത്തുചേർന്ന് ഒരു സംഘടിത ശ്രമം അതിനുവേണ്ടി നടത്തിനോക്കിയതായും അറിയപ്പെടുന്നില്ല. വാസ്തവത്തിൽ, ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിന് ഈ വചനത്തിൽ രണ്ടു തെളിവുകൾ അടങ്ങിയിട്ടുള്ളതായി കാണാവുന്നതാണ്. ഈ വെല്ലുവിളിയെ വെല്ലുവാൻ ആർക്കും കഴിയാത്തതും, അതിന് ഒരിക്കലും കഴിയുകയില്ലെന്ന് ഖണ്ഡിതമായി മുൻകൂട്ടി പ്രവചിച്ചതും.

ഖുർആൻെറ അമാനുഷികത(إعجاز) കാരണമാണ് അതുപോലെയുള്ള ഒരു ഗ്രന്ഥമോ അദ്ധ്യായമോ കൊണ്ടു വരുവാൻ ആർക്കും കഴിയാത്തതെന്ന് പറയേണ്ടതില്ല. ഈ അമാനുഷികത അതിൻെറ ഏത് തുറയിലാണുള്ളത്? ഈ വിഷയത്തിൽ പലരും പലതും പറഞ്ഞുകാണാമെങ്കിലും അതിൻെറ ഭാഷാസാഹിത്യശൈലികളിലും, ആശയങ്ങളിലും, തത്വസിദ്ധാന്തങ്ങളിലും, പ്രതിപാദനങ്ങളിലുമെല്ലാം തന്നെ അത് വ്യാപിച്ചു കിടക്കുന്നു വെന്നതാണ് പരമാർത്ഥം . ഇതിനെപ്പറ്റി മുഖവുരയിൽ * ആവശ്യമായ വിവരണം നൽകീ ട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കുന്നില്ല ഇവയിൽ ഏതെങ്കിലും ഒരു തുറയിൽപോലും അതിനോട് തികച്ചും കിടയൊക്കുന്നതെന്ന് അംഗീകരിക്കപ്പെട്ട ഒരു ഗ്രന്ഥവും ഇതു വരെയുണ്ടായിട്ടില്ല. മനുഷ്യകൃതികളായ ഗ്രന്ഥങ്ങളിൽ മാത്രമല്ല മുൻ വേദഗ്രന്ഥങ്ങളിൽ പോലും ഖുർആനെപ്പോലെ ഒരു ഗ്രന്ഥമുണ്ടായിട്ടില്ല. അതുകൊണ്ടാണ് നബി (ﷺ) തിരുമേനിയുടെ സത്യതക്കുള്ള നിത്യ ദൃഷ്ടാന്തമായി ഖുർആൻ നിലകൊള്ളുന്നതും. നബി (ﷺ) പറയുന്നു: 'മനുഷ്യർക്ക് വിശ്വസിക്കുവാൻ വേണ്ടത്ര ദൃഷ്ടാന്തങ്ങൾ നൽകപ്പെടാത്ത ഒരു പ്രവാചകനും ഇല്ല. എനിക്ക് നല്കപ്പെട്ടിട്ടുള്ളത് അല്ലാഹു എനിക്ക് നൽകിയ വഹ്യു (ദിവ്യബോധനം) തന്നെയാണ്. അതിനാൽ, ഖിയാമത്തുനാളിൽ ഞാൻ അവരെക്കാൾ അനുയായികൾ അധികമുള്ളവനായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'(ബു.മു)

فأتوا بسورة من مثله എന്ന വാക്യത്തിലെ من (മിൻ) എന്ന അവ്യയം പരിഗണിക്കുമ്പോൾ ''അത് (ഖുർആൻ) പോലെയുള്ളതിൽനിന്നുള്ള ഒരു സൂറത്ത് കൊണ്ടുവരുവിൻ'' എന്നാണതിന് അർത്ഥം വരുക. സൂറത്ത് ഹൂദിലെ വചനത്തിൽ بعشر سور مثله (അതുപോലെയുള്ള പത്ത്

* ഖുർആൻെറ അമാനുഷികത എന്ന അദ്ധ്യായം നോക്കുക.

സൂറത്തുകളെ) ന്നും, യൂനുസിലെ വചനത്തിൽ بسورة مثله (അതുപോലെയുള്ള ഒരു സൂറത്ത്) എന്നുമാണുള്ളത്. ഇസ്രാഇലെ വചനത്തിലാകട്ടെ بمثل هذا القرآن (ഈ ഖുർആൻ പോലെയുള്ളത്) എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ, ഖുർആൻ പോലെയുള്ള ഒരു ഗ്രന്ഥമോ, ഖുർആന്റേതുപോലെയുള്ള പത്ത് സൂറത്തുകളോ, അല്ലെങ്കിൽ ഒരു സൂറത്തോ കൊണ്ടുവരിക എന്നാണ് ഇവയുടെ മൊത്തത്തിലുള്ള ഉദ്ദേശ്യമെന്ന് വ്യക്തമാണ്. ആ വാക്യത്തിന് ഒരാധുനിക പണ്ഡിതൻ ഒരുവിചിത്രമായ വ്യാഖ്യാനം എഴുതിക്കാണുന്നു. അദ്ദേഹത്തിൻെറ വാചകം ഇതാണ്: 'ഖുർആനെപ്പോലെ മനുഷ്യജീവിതത്തെ വിജയകരമാക്കിത്തീർക്കാൻ പര്യാപ്തമായ ഒരു ജീവിത പദ്ധതിയുടെ ഒരദ്ധ്യായമെങ്കിലും എഴുതിക്കൊണ്ടുവരിക എന്നാണതിൻെറ അർത്ഥം. ഇതനുസരിച്ച് ഖുർആൻ കൊണ്ടുദ്ദേശ്യം' 'ഒരു ജീവിത പദ്ധതി'യും, ഒരു സൂറത്തുകൊണ്ടുദ്ദേശ്യം അതിൻെറ 'ഒരദ്ധ്യായ'വുമായിരിക്കണമല്ലോ. ഇതിന് തെളിവായി സൂറത്തുൽ ഖസ്വസിലെ 49-ാം വചനവും സൂത്രത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ആ വചനത്തിൻെറ സന്ദർഭവും വിഷയവുമാണെങ്കിൽ വേറെയാണുതാനും. മൂസാ (عليه السلام) നബിക്ക് നല്കപ്പെട്ടതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ എന്തുകൊണ്ട് നബി (ﷺ) ക്ക് നൽകപ്പെട്ടിട്ടില്ലെന്ന് ആക്ഷേപിക്കുകയും അതേ സമയത്ത് മൂസാ (عليه السلام) നബിയിലും, നബി (ﷺ) യിലും അവിശ്വസിക്കുകയും ചെയ്തവരെ അഭിമുഖീകരിച്ചു കൊണ്ടുള്ളതാണ് ആ വചനം. അതിലെ വാചകം ഇതാണ്: قل فأتوا بكتاب من عند الله هو اهدى منهما اتبعه (സാരം: പറയുക: എന്നാൽ, ആ രണ്ടിനേക്കാളും-രണ്ടു നബിമാരും കൊണ്ടുവന്നതിനേക്കാളും-മാർഗ്ഗദർശകമായുള്ള ഒരു ഗ്രന്ഥം അല്ലാഹുവിങ്കൽ നിന്നും നിങ്ങൾ കൊണ്ടുവരുവിൻ, ഞാനതിനെ പിൻപറ്റിക്കൊള്ളാം.....) രണ്ടും രണ്ട് വിഷയമാണെന്ന് പ്രഥമ ദൃഷ്ട്യാതന്നെ വ്യക്തമാണല്ലോ . വാസ്തവത്തിൽ, ഈ വളച്ചുതിരിച്ച വ്യാഖ്യാനത്തിൻെറ പിന്നിലുള്ളതെന്താണെന്നാലോചിക്കുമ്പോൾ മനസ്സിലാകുന്നതിതാണ്: ഖുർആൻെറ ഭാഷാ സാഹിത്യം, അവതരിച്ച കാലത്തെ സംബന്ധിച്ചിടത്തോളം വളരെ ഉന്നത നിലവാരത്തിലുള്ളതാണെങ്കിലും, എല്ലാ കാലത്തേക്കും അതിൻെറ ആ ഉന്നതസ്ഥാനം ബാധകമല്ല. ഭാഷാസാഹിത്യത്തിൽ അതുപോലെയോ, അതിനെക്കാൾ കവിഞ്ഞ നിലയിലോ ഉള്ള ഗ്രന്ഥം മനുഷ്യരാൽ നിർമ്മിക്കപ്പെടുന്നതിന് വിരോധമില്ല; സാഹിത്യശാസ്ത്രം അന്നത്തെക്കാൾ വളരെ പുരോഗമിച്ചു കഴിഞ്ഞിരിക്കുന്നു എന്നൊക്കെയുള്ള ചില പുതിയ വാദക്കാർ ഇന്നത്തെ ആധുനിക പണ്ഡിതൻമാരിലുണ്ട്. ആ വാദമായിരിക്കാം ഇതിൻെറ പിന്നിലുള്ളതെന്ന് തോന്നുന്നു.

ഖുർആന് തുല്യമായ ഒരു ഗ്രന്ഥമില്ലെങ്കിൽ അതിലെ അദ്ധ്യായംപോലെ ഒരദ്ധ്യായമെങ്കിലും കൊണ്ടുവരാൻ സാധ്യമല്ലെന്നു ബോദ്ധ്യമായിട്ടു പിന്നെയും അതിൽ വിശ്വസിക്കാത്തപക്ഷം, അത് മർക്കട മുഷ്ടിയും അഹങ്കാരവും മാത്രമാണന്ന് സ്പഷ്ടമാണല്ലോ. അതുകൊണ്ടാണ് അങ്ങിനെ ചെയ്യാത്തപക്ഷം നരകത്തെ സൂക്ഷിച്ചുകൊള്ളണമെന്നും, അതിൽ കത്തിക്കപ്പെടുന്ന ഇന്ധനം മനുഷ്യരും, കല്ലുകളുമാണെന്നു, അത് ഇത്തരം അവിശ്വാസികൾക്കുവേണ്ടി തയ്യാറാക്കപ്പെട്ടതാണെന്നുമൊക്കെ അവരെ വളരെ ശക്തിയായി താക്കീതു ചെയ്യുന്നത്. നരകത്തിലെ ഇന്ധനം മനുഷ്യരാണെന്ന് പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം അവിശ്വാസി കളാണെന്ന് പറയേണ്ടതില്ല. എന്നാൽ കല്ലു (الحجارة)കൊണ്ടുദ്ദേശ്യം എന്താണ്? വേഗത്തിൽ ആളിക്കത്തുന്നതും, അസഹ്യമായ നാറ്റമുണ്ടാകുന്നതുമായ നരകത്തിലെ ഒരു തരം ഗന്ധകക്കല്ലുകളാണതെന്നു ഇബ്നുമസ്ഊദ് (رضي الله عنه) , മുജാഹിദ് (رحمه الله) മുതലായവരിൽനിന്നുള്ള വിശ്വാസയോഗ്യമായ ചില രിവായത്തുകളിൽ വന്നിരിക്കുന്നു. വിഗ്രഹാരാധകൻമാർ ആരാധിച്ചു വരുന്ന കല്ലുകളാണെന്നും ചിലർ പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും ശരി, നരകാഗ്നിയുടെ കാഠിന്യവും ശിക്ഷയുടെ ഗൗരവവുമാണത് കുറിക്കുന്നത്. വിഗ്രഹങ്ങളാണെന്നു വരികിൽ, അവയുടെ ആരാധകരെ അപമാനിക്കൽകൂടി അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കും. നമുക്ക് പരിചയമുള്ള അഗ്നിയും നരകാഗ്നിയും ഒരുപോലെയല്ലെന്നും, നരഗാഗ്നി എത്രയോ മടങ്ങ് ശക്തിയേറിയ ഒരു പ്രത്യേക തരം അഗ്നിയാണെന്നും ഖുർആനിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്.

നരകത്തെപ്പറ്റി അത് അവിശ്വാസികൾക്ക് വേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുന്നു. **اعدت للكافرين** എന്ന് ഇവിടെയും, ആലുംഇംറാൻ 131ലും പ്രസ്താവിച്ചതിൻെറ അടിസ്ഥാനത്തിൽ, നരകം നേരത്തെതന്നെ അല്ലാഹു സൃഷ്ടിച്ചുവെച്ചിട്ടുണ്ടെന്ന് പണ്ഡിതൻമാർ മനസ്സിലാക്കിയിരിക്കുന്നു. പല ഹദീസുകളിൽ നിന്നും ഇത് കൂടുതൽ ദൃഢപ്പെടുകയും ചെയ്യുന്നു. ഇതുപോലെ സ്വർഗ്ഗത്തെപ്പറ്റി അത് സൂക്ഷ്മത പാലിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുന്നു. **اعدت للمتقين** എന്ന് 3:133ലും, സത്യവിശ്വാസികൾക്കുവേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുന്നു. **اعدت للذين امنوا** എന്ന് 57:21ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ, മുഅ്തസില ; വിഭാഗത്തിൽപ്പെട്ടവർ ചില യുക്തി ന്യായങ്ങളുടെ പേരിൽ ഇതിനോട് യോജിക്കുന്നില്ല. എന്നാൽ, ഈ വക വിഷയങ്ങളിൽ യുക്തിന്യായങ്ങൾക്ക് സ്ഥാനമില്ലെന്നും, അല്ലാഹുവിൻെറയും റസൂലിൻെറയും വചനങ്ങളിൽ കാണുന്നത് അതേപടി സ്വീകരിക്കുകയാണ് വേണ്ടതെന്നും ഓർക്കേണ്ടതുണ്ട്.

وَبَشِّرِ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أَنَّ
لَهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ كُلَّمَا
رُزِقُوا۟ مِنْهَا مِن ثَمَرَةٍ رِّزْقًا ۙ قَالُوا۟ هَٰذَا ٱلَّذِى
رُزِقْنَا مِن قَبْلُ ۖ وَأُتُوا۟ بِهِۦ مُتَشَٰبِهًا ۖ وَلَهُمْ فِيهَآ
أَزْوَٰجٌ مُّطَهَّرَةٌ ۖ وَهُمْ فِيهَا خَٰلِدُونَ ٢٥

25 (നബിയേ,) വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് സന്തോഷമറിയിക്കുകയും ചെയ്യുക: അടിഭാഗത്തിലൂടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതായ സ്വർഗ്ഗങ്ങൾ അവർക്കുണ്ടെന്ന്. അതിൽ നിന്ന് അവർക്ക് ഏതൊരു ഫലവും ആഹാരമായി നൽകപ്പെടുമ്പോഴെല്ലാം അവർ പറയും: "ഇത് മുമ്പ് നമുക്ക് നൽകപ്പെട്ടതാണ് " എന്ന്. അതിനെ, അവർക്ക് പരസ്പര സാദൃശ്യമുള്ളതായി കൊടുക്കപ്പെട്ടിരിക്കുകയാണ്. അവർക്ക് അതിൽ പരിശുദ്ധരാക്കപ്പെട്ട ഇണകളുണ്ടായിരിക്കും. അവർ അവിടത്തിൽ നിത്യവാസികളുമാകുന്നു.

---

25. **وبشر** സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക **الذين آمنوا** വിശ്വസിച്ചവർക്ക് **وعملوا** പ്രവർത്തിക്കുകയും ചെയ്ത **الصالحات** സൽക്കർമ്മങ്ങൾ **أن لهم** അവർക്കുണ്ടെന്ന് **جنات** ചില സ്വർഗ്ഗങ്ങൾ **تجري** ഒഴുകും **من تحتها** അതിൻെറ അടിയിലൂടെ, താഴ്ഭാഗത്തുകൂടി **الأنهار** നദികൾ, അരുവികൾ **كلما رزقوا** അവർക്ക് (ആഹാരം) നൽകപ്പെടുമ്പോഴൊക്കെ **منها** അവിടത്തിൽ (അതിൽ) നിന്ന് **من ثمرة** ഫല(പഴ) ത്തിൽ നിന്ന്, വല്ല ഫലവും **رزقًا** ആഹാരം **قالوا** അവർ പറയും **هذا** ഇത് **الذي** യാതൊന്നാണ് **رزقنا** നമുക്ക് നൽകപ്പെട്ടിരിക്കുന്നു **من قبل** മുമ്പേ **وأتوا** അവക്കു നൽകപ്പെട്ടിരിക്കുന്നു **به** അതിനെ **متشابها** പരസ്പരം സാദൃശ്യമുള്ളതായി **ولهم** അവർക്കുണ്ടുതാനും **فيها** അതിൽ, അവിടത്തിൽ **أزواج** ഇണകൾ **مطهرة** പരിശുദ്ധമാക്കപ്പെട്ട **وهم فيها** അവർ അതിൽ **خالدون** നിത്യവാസികളാണ്

കഴിഞ്ഞ വചനത്തിൽ ഖുർആനെ നിഷേധിച്ചവർക്കുള്ള ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്തു. തുടർന്നുള്ള ഈ വചനത്തിൽ സത്യവിശ്വാസികൾക്ക് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് സന്തോഷമറിയിക്കുന്നു. ഖുർആൻെറ പ്രതിപാദന രീതികളിൽ ഒന്നാണിതെന്ന് മുഖവുരയിൽ മുമ്പ് നാം പ്രസ്താവിച്ചിട്ടുണ്ട്.

സത്യ വിശ്വാസികൾക്ക് സ്വർഗ്ഗത്തിൽ വെച്ച് ഫലവർഗ്ഗങ്ങൾ-അഥവാ പഴവർഗ്ഗങ്ങൾ ഭക്ഷിക്കുവാൻ കൊടുക്കുമ്പോൾ, ഇത് മുമ്പ് നൽകപ്പെട്ടതാണെന്ന് അവർ പറയുന്നതിൻെറ അർത്ഥം, ഇതിനുമുമ്പത്തെ പ്രാവശ്യം നൽകപ്പെട്ട ഫലങ്ങൾ തന്നെയാണല്ലോ ഇത് എന്നാ

ണെന്നും, മുമ്പ് ഇഹലോകത്തുവെച്ച് തങ്ങൾക്ക് കിട്ടിയിരുന്ന ആ ഫലങ്ങൾ തന്നെയാണല്ലോ ഇത് എന്നും രണ്ടഭിപ്രായമുണ്ട്. രണ്ടായാലും അങ്ങിനെ പറയുവാൻ കാരണം, വ്യത്യാസം തിരിച്ചറിയാൻ കഴിയാത്തവിധം അവ പരസ്പരം സാദൃശ്യമുള്ളതായതുകൊണ്ടാകുന്നു. അതായത്, രൂപത്തിലും വർണ്ണത്തിലുമൊക്കെ അവ ഒരുപോലെയിരിക്കും. രുചിയിലും സ്വാദിലുമാകട്ടെ, വ്യത്യസ്തങ്ങളുമായിരിക്കും. ദൃഷ്ടിയിൽപെടുന്നത് ആകൃതിയും വർണ്ണവുമായിമായിരിക്കുമല്ലോ. ഇബ്നു അബ്ബാസ് (رضي الله عنه) പ്രസ്താവിച്ചതായി വന്നിട്ടുള്ള ഒരു രിവായത്ത് ഇവിടെ ശ്രദ്ധേയമാണ്: ليس في الدنيا مما في الجنة الا الاسماء – ابن جرير وخيره (സ്വർഗ്ഗത്തിലുള്ള വസ്തുക്കളിൽ നിന്ന് പേരുകളല്ലാതെ ഇഹലോകത്തിൽ ഇല്ല.) അഥവാ മാങ്ങ, മാതളം, കട്ടിൽ, മാംസം എന്നിങ്ങിനെയുള്ള പേരുകളിൽ മാത്രമല്ലാതെ മറ്റു കാര്യങ്ങളിൽ അവക്ക് യാതൊരു സാദൃശ്യവുമില്ലെന്ന് സാരം. സ്വർഗ്ഗത്തിലെ വസ്തുക്കളെയും സ്ഥിതിഗതികളെയും കുറിച്ച് പറയുമ്പോൾ സദാ ഈ തത്വം ഓർമ്മിച്ചിരിക്കേണ്ടതാകുന്നു. നേരെ മറിച്ച് നരകത്തിലെ വസ്തുക്കളുടെ സ്ഥിതിയും ഇതു തന്നെ. ഐഹിക വസ്തുക്കളായി അവയൊന്നും താരതമ്യം ചെയ്തുകൂടാത്തതാകുന്നു. പല ഖുർആൻ വചനങ്ങളിൽ നിന്നും നബിവചനങ്ങളിൽ നിന്നും അറിയപ്പെട്ട ഒരു യാഥാർത്ഥ്യമാണിത്.

ازواج (അസ്വാജ്) എന്നത് زوج ൻെറ ബഹുവചനമാകുന്നു. ഇണകൾ എന്ന് വാക്കർത്ഥം. എല്ലാതരം ഇണവസ്തുക്കളിലും അത് ഉപയോഗിക്കപ്പെടും. മനുഷ്യരെ സംബന്ധിച്ചിടത്തോളം ഭാര്യമാർ, ഭാര്യാഭർത്താക്കൻമാർ, ഭർത്താക്കൾ എന്നീ ഉദ്ദേശ്യങ്ങളിലും ഉപയോഗിക്കപ്പെടും. എല്ലാം സന്ദർഭംകൊണ്ട് മനസ്സിലാക്കേണ്ടതാണ്. ഇവിടെ അതുകൊണ്ട് വിവക്ഷ ഭാര്യമാരാണെന്നാണ് വ്യക്തമാവുന്നത്. പരിശുദ്ധരാക്കപ്പെട്ടവർ (مطهرة) എന്ന് പറഞ്ഞതിൻെറ സാരം, ശാരീരികവും പ്രകൃതിപരവും സ്വഭാവ പരവും സൗന്ദര്യപരവുമായ എല്ലാതരം വൈകല്യങ്ങളിൽ നിന്നും മാലിന്യങ്ങളിൽനിന്നും ശുദ്ധമായവർ എന്ന് മൊത്തത്തിൽ മനസ്സിലാക്കാം. സ്വർഗ്ഗീയ ജീവിതം ശാശ്വതമായിരിക്കും-അതിന് അവസാനമോ ഭംഗമോ നേരിടുകയില്ല-എന്നത്രെ അവരതിൽ നിത്യവാസികളുമാണ് وهم فيها خالدون എന്ന് പറഞ്ഞതിൻെറ അർത്ഥം. ബുഖാരി, മുസ്ലിം (رحمهما الله) മുതലായവർ രേഖപ്പെടുത്തിയ ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'സ്വർഗ്ഗക്കാർ സ്വർഗ്ഗത്തിലും നരകക്കാർ നരകത്തിലും പ്രവേശിക്കും. പിന്നീട് ഒരാൾ അവർക്കിടയിൽ രംഗത്ത് വന്ന് ഉച്ചത്തിൽ പ്രഖ്യാപിക്കും : നരകക്കാരേ, മരണമില്ല; സ്വർഗ്ഗക്കാരേ, മരണമില്ല. എല്ലാവരും അതതിൽ നിത്യവാസികളായിരിക്കും.'

۞ إِنَّ ٱللَّهَ لَا يَسۡتَحۡيِۦٓ أَن يَضۡرِبَ مَثَلٗا مَّا بَعُوضَةٗ فَمَا فَوۡقَهَاۚ فَأَمَّا ٱلَّذِينَ ءَامَنُواْ فَيَعۡلَمُونَ أَنَّهُ ٱلۡحَقُّ مِن رَّبِّهِمۡۖ وَأَمَّا ٱلَّذِينَ كَفَرُواْ فَيَقُولُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلٗاۘ يُضِلُّ بِهِۦ كَثِيرٗا وَيَهۡدِي بِهِۦ كَثِيرٗاۚ وَمَا يُضِلُّ بِهِۦٓ إِلَّا ٱلۡفَٰسِقِينَ ٢٦

26 നിശ്ചയമായും, ഏതൊന്നിനെയും ഉപമയാ (ക്കികാണി) ക്കുവാൻ അല്ലാഹു ലജ്ജിക്കുകയില്ല;- (അത്) ഒരു കൊതുവാകട്ടെ, അതിൻെറ മീതെയുള്ളതാവട്ടെ. എന്നാൽ, വിശ്വസിച്ചവരാകട്ടെ, അത് തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥമാണെന്ന് അവർക്കറിയുന്നതാണ്. അവിശ്വസിച്ചവരാകട്ടെ, അവർ പറയും: "ഇത് കൊണ്ട് എന്തൊരു ഉപമയാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്?!" (അതെ,) അതു കൊണ്ട് അവൻ വളരെ ആളുകളെ വഴിപിഴവിലാക്കുന്നു; അതുകൊണ്ട് വളരെ ആളുകളെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു. (അനുസരണമില്ലാത്ത) തോന്നിയവാസികളെയല്ലാതെ അതുകൊണ്ട് അവൻ വഴി പിഴവിലാക്കുകയില്ലതാനും.

ٱلَّذِينَ يَنقُضُونَ عَهْدَ ٱللَّهِ مِنۢ بَعْدِ مِيثَٰقِهِۦ وَيَقْطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيُفْسِدُونَ فِى ٱلْأَرْضِ ۚ أُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٢٧﴾

27 അതായത്, യാതൊരുകൂട്ടരെ (യല്ലാതെ): അല്ലാഹുവിന്‍റെ ഉത്തരവ് (അഥവാ അവനോടുള്ള കരാര്‍) ഉറപ്പിച്ചതിന്‍റെ ശേഷം അതിനെ അവര്‍ ലംഘിക്കുന്നു; ചേര്‍ക്കപ്പെടുവാന്‍ അല്ലാഹു കല്‍പിച്ചിട്ടുള്ളതിനെ അവര്‍ മുറിച്ചുകളയുകയും ചെയ്യുന്നു; ഭൂമിയില്‍ അവര്‍ നാശമുണ്ടാക്കുകയും ചെയ്യുന്നു. (ഇവരെ മാത്രമേ വഴിപിഴവിലാക്കുകയുള്ളു) അക്കൂട്ടര്‍ തന്നെയാണ് നഷ്ടക്കാര്‍.

---

26. إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَسْتَحْيِي അവര്‍ ലജ്ജിക്കുകയില്ല أَنْ يَضْرِبَ ആക്കുവാന്‍, വിവരിക്കുന്നതിന് مَثَلًا ഏതൊരു (എന്തൊരു) ഉപമയും مَا بَعُوضَةً ഒരു കൊതുവിനെ(യാവട്ടെ) فَمَا فَوْقَهَا അതിനു മീതെയുള്ളതിനെ(യാവട്ടെ) فَأَمَّا എന്നാലപ്പോള്‍ الَّذِينَ آمَنُوا വിശ്വസിച്ചവര്‍ فَيَعْلَمُونَ അവര്‍ അറിയും أَنَّهُ الْحَقُّ അത് യഥാര്‍ത്ഥം ആണെന്ന് مِنْ رَبِّهِمْ അവരുടെ റബ്ബിങ്കല്‍ നിന്ന് وَأَمَّا الَّذِينَ എന്നാല്‍ യാതൊരു കൂട്ടരാവട്ടെ كَفَرُوا അവര്‍ അവിശ്വസിച്ചിരിക്കുന്നു فَيَقُولُونَ അവര്‍ പറയും مَاذَا എന്തൊന്നാണ് أَرَادَ اللَّهُ അല്ലാഹു ഉദ്ദേശിച്ചത് بِهَذَا ഇതുകൊണ്ട് مَثَلًا ഉപമയായി يُضِلُّ بِهِ അതുകൊണ്ട് വഴിപിഴവിലാക്കുന്നു كَثِيرًا പലരെയും وَيَهْدِي بِهِ അതുകൊണ്ട് നേര്‍മാര്‍ഗ്ഗത്തിലുമാക്കുന്ന كَثِيرًا പലരെയും وَمَا يُضِلُّ بِهِ അതുകൊണ്ട് വഴിപിഴവിലാക്കുകയില്ലതാനും إِلَّا الْفَاسِقِينَ തോന്നിയവാസികളെ അല്ലാതെ 27.الَّذِينَ (അതായത്) യാതൊരു കൂട്ടര്‍ يَنْقُضُونَ അവര്‍ ലംഘിക്കും عَهْدَ اللَّهِ അല്ലാഹുവിന്‍റെ ഉത്തരവ്, കല്‍പന, കരാര്‍ مِنْ بَعْدِ ശേഷമായി مِيثَاقِهِ അതിനെ ഉറപ്പിച്ചതിന്‍റെ وَيَقْطَعُونَ അവര്‍ മുറിക്കുകയും ചെയ്യും مَا أَمَرَ കല്‍പിച്ചതിനെ اللَّهُ അല്ലാഹു بِهِ അതിനെപ്പറ്റി أَنْ يُوصَلَ അതുചേര്‍ക്കപ്പെടുവാന്‍ وَيُفْسِدُونَ അവര്‍ നാശമുണ്ടാക്കുകയും ചെയ്യും فِي الْأَرْضِ ഭൂമിയില്‍ (നാട്ടില്‍) أُولَئِكَ അക്കൂട്ടര്‍ هُمُ അവര്‍തന്നെ(യാണ്) الْخَاسِرُونَ നഷ്ടക്കാര്‍

കപട വിശ്വാസികളെപ്പറ്റി തീയിന്‍റെയും മഴയുടെയും ഉപമകള്‍ മുമ്പ് വിവരിച്ചുവല്ലോ. അതുപോലെ, ചില സന്ദര്‍ഭങ്ങളില്‍ ഈച്ച, എട്ടുകാലി മുതലായവയെയും ഖുര്‍ആനില്‍ ഉപമകളാക്കിയിട്ടുണ്ട്. അല്ലാഹുവിങ്കല്‍ നിന്നുള്ള ഒരു ഗ്രന്ഥത്തിന്‍റെ അന്തസ്സിന് നിരക്കാത്തതാണ് ഇതൊക്കെയെന്ന് കപടവിശ്വാസികള്‍ ആരോപിച്ചിരുന്നു. അതിന് മറുപടിയാണ് ഈ വചനങ്ങളിലുള്ളത്. ഉപമയിലും, ഉദാഹരണത്തിലും അടങ്ങിയ തത്വങ്ങളും സാദൃശ്യബന്ധങ്ങളും മനസ്സിലാക്കി കാര്യങ്ങള്‍ ഗ്രഹിക്കലാണല്ലോ അവകൊണ്ടുദ്ദേശ്യം. ഉപമയായി എടുത്തുകാട്ടിയ വസ്തുവിന്‍റെ ചെറുപ്പ വലിപ്പത്തിനോ, സ്ഥാനപദവികള്‍ക്കോ അതില്‍ പ്രസക്തിയില്ല. ഒരു കൊതുവിനെപ്പോലെ നിസാരമായ വല്ല വസ്തുവിനെയോ, അതിനേക്കാള്‍ ഉപരിയായ മറ്റു വല്ല വസ്തുവിനെയോ ഉപമയായി എടുക്കുന്നതില്‍ അല്ലാഹുവിന് ലജ്ജയൊന്നുമില്ല എന്നു പറഞ്ഞതിന്‍റെ താല്‍പര്യം അതാണ്. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ഉപമയാക്കപ്പെട്ട വസ്തുവെപ്പറ്റി ആരായാതെ ആ ഉപമയിലടങ്ങിയ തത്വരഹസ്യങ്ങളും വിജ്ഞാനങ്ങളും കരസ്ഥമാക്കുവാന്‍ ശ്രമിക്കുകയായിരിക്കും ചെയ്യുക. നേരെമറിച്ച് അവിശ്വാസികള്‍ 'ഇതെന്തൊരുപമയാണ്, ഇതുകൊണ്ടെന്താണുദ്ദേശ്യം' എന്നൊക്കെ പരിഹസിച്ചു തൃപ്തി അടയുകയും ചെയ്യും. ഇവരോടുള്ള പ്രതിഷേധവും താക്കീതുമാണ് يضل به كثيرا ويهدي به كثيرا (അതുമൂലം പലരെയും അവന്‍ വഴിപിഴവിലാക്കുകയും പലരെയും നേര്‍മാര്‍ഗ്ഗത്തിലാക്കുകയും ചെയ്യുന്നു) എന്ന വാക്യം.

അതായത്, കപടവിശ്വാസികളും സത്യനിഷേധികളുമായുള്ളവര്‍ക്ക് അവരുടെ ദുര്‍മാര്‍ഗ്ഗവും നിഷേധവും വര്‍ദ്ധിക്കുവാനും, സത്യവിശ്വാസികളുമായുള്ളവര്‍ക്ക് അവരുടെ സന്‍മാര്‍ഗ്ഗവും, വിശ്വാസവും വര്‍ദ്ധിക്കുവാനും അത് കാരണമായിത്തീരുന്നു. ഈ രണ്ടില്‍ ഏതിലാണ് തങ്ങള്‍

ഉൾപ്പെടേണ്ടതെന്ന് അവർ ആലോചിക്കട്ടെ എന്നാണിതിലുള്ള സൂചന. ഒരു ന്യായമായ മാനദണ്ഡമൊന്നും കൂടാതെ ഏതെങ്കിലും കുറേ ആളുകളെ അല്ലാഹു നേർമാർഗ്ഗത്തിലും, വേറെ കുറേ ആളുകളെ ദുർമാർഗ്ഗത്തിലും ആക്കുമെന്നല്ല ആ വാക്യത്തിൻെറ താൽപര്യമെന്നും, രണ്ടിനും ഒരു മാനദണ്ഡം അവൻ നിശ്ചയിച്ചിട്ടുണ്ടെന്നും തൊട്ട വാക്യത്തിൽ തന്നെ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ, وما يضل به الاالفاسقين (തോന്നിയവാസികളെയല്ലാതെ അതുമൂലം അവൻ വഴി പിഴവിലാക്കുകയില്ല) അപ്പോൾ, നേർവഴിയിലാക്കുന്നത് ആരെയായിരിക്കുമെന്ന് പിന്നെ പ്രസ്താവിക്കേണ്ടതില്ലല്ലോ.

'യഥാർത്ഥമാർഗ്ഗം വിട്ട് തെറ്റിപ്പോകൽ, കൽപന ധിക്കരിക്കൽ, തോന്നിയവാസം, തെമ്മാടിത്തം, ദുർന്നടപ്പ് ' എന്നൊക്കെ അർത്ഥങ്ങളുള്ള فسق (ഫിസ്ഖ്) ൻെറ കർത്തൃനാമമാണ് فاسق (ഫാസിഖ്) . ഭാഷാർത്ഥം നോക്കുമ്പോൾ വിശ്വാസികളിലും അവിശ്വാസികളിലും കപട വിശ്വാസികളിലും ഫാസിഖുകൾ ഉണ്ടാവാം. എല്ലാവരെക്കുറിച്ചും ഖുർആനിൽ അത് ഉപയോഗ ിച്ചുകാണാവുന്നതാണ്. മതശാസനകൾ ലംഘിച്ചുകൊണ്ട് മതത്തിൻെറ അച്ചടക്കം പാലിക്കാത്തവരെപ്പറ്റിയാണ് പൊതുവിൽ അതിൻെറ ഉപയോഗം. ഇവിടെ وما يضل به الا الفاسقين (അതുകൊണ്ട് തോന്നിയവാസികളെയല്ലാതെ വഴിപിഴവിലാക്കുകയില്ല) എന്ന് പറഞ്ഞത് അവ ിശ്വാസികളെ ഉദ്ദേശിച്ചാണെന്ന് വെക്കുവാനാണ് സാദ്ധ്യത. 27-ാം വചനത്തിൽ അവരുടെ ദുർഗ്ഗുണങ്ങൾ വിവരിച്ചശേഷം 'അവർ തന്നെയാണ് നഷ്ടക്കാർ' എന്നും, അതേ ദുർഗ്ഗുണങ്ങളുള്ളവരെപ്പറ്റി (സൂറത്ത്- റഅ്ദു, 25ൽ) اولئك لهم اللعنة ولهم سوء الدار (അക്കൂട്ടർക്ക് തന്നെയാണ് ശാപം അവർക്ക് തന്നെയാണ് ചീത്ത ഭവനവും) എന്നും പറഞ്ഞിരിക്കുന്നതിൽ നിന്ന് ഇത് മനസ്സിലാക്കാവുന്നതാണ്. തോന്നിയവാസികളുടെ മൂന്ന് ദുസ്സമ്പ്രദായങ്ങളാണ് അല്ലാഹു വിവരിച്ചത്: (1) അല്ലാഹുവിൻെറ ഉത്തരവ്-അഥവാ അവനോടുള്ള കരാർ-ലംഘിക്കൽ. (2) ചേർക്കുവാൻ കൽപ്പിക്കപ്പെട്ട ബന്ധം മുറിക്കൽ. (3) ഭൂമിയിൽ നാശമുണ്ടാക്കൽ.

عهد (അഹ്ദു) എന്ന പദത്തിനാണ് 'ഉത്തരവ്' എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത് .സന്ദർഭവും, തൊട്ടുനിൽക്കുന്ന അവ്യയങ്ങളുടെ സ്വഭാവവും അനുസരിച്ച് അതിന് പല അർത്ഥങ്ങളും വരാം. 'ഉടമ്പടി, കരാർ, ഒസ്യത്ത്, ആജ്ഞ, ഉത്തരവ്, കൽപന, പ്രതിജ്ഞ, പരിചയം, ഉത്തരവാദം, കാലം' എന്നും മറ്റും. സാമാന്യമായി പറഞ്ഞാൽ, അല്ലാഹു ഉത്തരവിട്ടതും, നിറവേറ്റുവാൻ മനുഷ്യൻ കടപ്പെട്ടതുമായ കാര്യം എന്നാണിവിടെ ഉദ്ദേശ്യം. പല മഹാൻമാരും പ്രസ്താവിച്ചതുപോലെ, അല്ലാഹുവിൻെറ ഉത്തരവ് عهد الله രണ്ടു പ്രകാരത്തിലുണ്ട്: (1) മനുഷ്യരിൽ അല്ലാഹു നിക്ഷേപിച്ചിട്ടുള്ള വിശേഷബുദ്ധിയും പ്രകൃതിദൃഷ്ടാന്തങ്ങളും മുഖേനയുള്ള ഉത്തരവ്. അല്ലാഹുവിൻെറ അസ്തിത്വം, ഏകത്വം, ആരാധ്യത മുതലായവ ഗ്രഹിക്കുവാനും അംഗീകരിക്കുവാനും മനുഷ്യൻ ഇതുമുഖേന സ്വയം ബാദ്ധ്യസ്ഥനാകുന്നു. ഈ ബാദ്ധ്യത നിറവേറ്റാത്തപക്ഷം, മനുഷ്യൻ അല്ലാഹുവിൻെറ ഉത്തരവ് ലംഘിച്ചവനും അവനോടുള്ള കടമ ലംഘിച്ചവനുമാകുന്നു. എല്ലാതരം അവിശ്വാസികളും ഈ അർത്ഥത്തിലുള്ള ഉത്തരവ് ലംഘിച്ചവർ തന്നെ. (2) പ്രവാചകൻമാർ, വേദഗ്രന്ഥങ്ങൾ, അസാധാരണ ദൃഷ്ടാന്ത ങ്ങൾ എന്നിവ മുഖേനയുള്ള ഉത്തരവ്. വേദക്കാരിലുള്ള അവിശ്വാസികളും കപടവിശ്വാസികളും ഈ അർത്ഥത്തിലുള്ള ഉത്തരവ് ലംഘിച്ചവരാകുന്നു. കപട വിശ്വാസികൾ ആദ്യം ഇസ്ലാമിൻെറ മുദ്രാവാക്യം ഏറ്റുപറയുന്നതോടുകൂടി തൗഹീദും, പ്രവാചകത്വവും തങ്ങൾ സ്വീകരിച്ചുവെന്ന് പ്രതിജ്ഞ ചെയ്യുകയാണല്ലോ ചെയ്യുന്നത്.

ഇവിടെ عهد الله (അല്ലാഹുവിൻെറ ഉത്തരവ്) കൊണ്ടുള്ള വിവക്ഷയെപറ്റി വേറെയും അഭിപ്രായങ്ങളുണ്ട്. ഉദാഹരണമായി: (1) ആദം (عليه السلام) നബിയെ സൃഷ്ടിച്ചശേഷം അദ്ദേഹത്തി ൻെറ സന്തതികൾ അല്ലാഹുവാണ് തങ്ങളുടെ റബ്ബ് എന്ന് (ആത്മീയലോകത്തുവെച്ച്) സമ്മതിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി സൂ: അഅ്റാഫ്, 172ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. (കൂടുതൽ വിവരം അഅ്റാഫിൽവെച്ച് കാണാം. إن شاء الله) അതാണിവിടെ ഉദ്ദേശ്യം . (2) ആദം(عليه السلام)

സ്വർഗ്ഗത്തിൽനിന്ന് ഭൂലോകത്തേക്ക് പോരുമ്പോൾ, അല്ലാഹുവിങ്കൽനിന്നുള്ള വല്ല മാർഗ്ഗദർശനവും നിങ്ങൾക്ക് വന്നാൽ അത് നിങ്ങൾ പിൻപറ്റേണ്ടതാണെന്ന് അല്ലാഹു ഉൽബോധിപ്പിച്ചിട്ടുള്ളതായി 'അൽബഖറ' 38ലും 'ത്വാഹാ' 123ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതാണുദ്ദേശ്യം. വാസ്തവത്തിൽ, ഇവയിൽ ഒന്നാമത്തെ അഭിപ്രായം ആദ്യം നാം പ്രസ്താവിച്ച രണ്ടുതരം ഉത്തരവുകളിൽ ഒന്നാമത്തെ ഇനത്തിലും, രണ്ടാമത്തേത് അവയിൽ രണ്ടാമത്തെ ഇനത്തിലും ഉൾപ്പെട്ടതാകുന്നു.

ചേർക്കുവാൻ അല്ലാഹു കൽപിച്ച ബന്ധങ്ങളിൽ, രക്തബന്ധം, കുടുംബബന്ധം, സ്നേഹബന്ധം, അയൽപക്കബന്ധം, മതബന്ധം, സാമൂഹ്യബന്ധം തുടങ്ങിയ എല്ലാ ന്യായമായ ബന്ധങ്ങളും ഉൾപ്പെടുന്നു. നബി (ﷺ) യുടെ കാലത്തുള്ള അവിശ്വാസികൾ ഈ വക ബന്ധങ്ങൾക്കെല്ലാം കടകവിരുദ്ധമായി ചെയ്തുകൂട്ടിയ അക്രമികൾക്ക് കയ്യും കണക്കുമില്ലെന്നുള്ളത് പ്രസിദ്ധമാണല്ലോ. ഇതുപോലെതന്നെ ഭൂമിയിൽ-അഥവാ നാട്ടിൽ-അവർ ഉണ്ടാക്കിത്തീർത്ത നാശങ്ങൾക്കും കുഴപ്പങ്ങൾക്കും കണക്കില്ല. മുനാഫിഖുകളും, മുശ്രിക്കുകളും യഹൂദികളുമെല്ലാം തന്നെ ആ കച്ചവടങ്ങളിൽ അവരവരാൽ കഴിയുന്ന പങ്കു വഹിച്ചവരാണ്. ഓരോ കൂട്ടരും വഹിച്ച പങ്കനുസരിച്ച്-ഇഹത്തിലും പരത്തിലും - അവർക്ക് നഷ്ടം തന്നെ ബാധിക്കുകയും ചെയ്തു. അതെ, 'അവർ തന്നെയാണ് നഷ്ടക്കാരാ'യത് **اولئك هم الخاسرون**. നബി (ﷺ) ക്കാകട്ടെ, സത്യവിശ്വാസികൾക്കാകട്ടെ, ഇഹത്തിലും പരത്തിലും വിജയവും. അക്കാലത്തുള്ളവരെ സംബന്ധിച്ചാണ് ഈ വചനങ്ങളിലെ പ്രസ്താവനയെന്നുവെച്ച് പിന്നീടുള്ളവർക്കും ഇതൊന്നും ബാധകമല്ലെന്നും കരുതേണ്ടതില്ല. എക്കാലത്തുമുള്ള അവിശ്വാസികളുടെയും കപടവിശ്വാസികളുടെയും പൊതുനില ഇതുതന്നെയാണെന്ന് ചരിത്രവും അനുഭവവും വെച്ചു നോക്കിയാൽ മനസ്സിലാകുന്നതാണ്.

كَيْفَ تَكْفُرُونَ بِٱللَّهِ وَكُنتُمْ أَمْوَٰتًا فَأَحْيَٰكُمْ ۖ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ثُمَّ إِلَيْهِ تُرْجَعُونَ ﴿٢٨﴾

28 എങ്ങിനെ നിങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കും? നിങ്ങൾ നിർജ്ജീവികളായിരുന്നു; എന്നിട്ടു നിങ്ങളെ അവൻ ജീവിപ്പിച്ചിരിക്കുന്നുവെന്നിരിക്കെ! പിന്നെ, അവൻ നിങ്ങളെ മരണപ്പെടുത്തുന്നു; പിന്നെ (വീണ്ടും) അവൻ നിങ്ങളെ ജീവിപ്പിക്കുന്നു; പിന്നെ, അവനിലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുന്നു.

---

28. **كَيفَ** എങ്ങിനെ **تَكْفُرونَ** നിങ്ങൾ അവിശ്വസിക്കും **بِاللهِ** അല്ലാഹുവിൽ **وكُنتم** നിങ്ങൾ ആയിരിക്കെ **أمواتا** നിർജ്ജീവികൾ **فَأحياكُم** എന്നിട്ടവൻ നിങ്ങളെ ജീവിപ്പിച്ചു **ثُم** പിന്നെ **يميتكُم** നിങ്ങളെ അവൻ മരണപ്പെടുത്തുന്നു **ثُم يحييكُم** പിന്നെ നിങ്ങളെ അവൻ ജീവിപ്പിക്കുന്നു **ثُم إليه** പിന്നെ അവനിലേക്ക്(തന്നെ) **ترجعونَ** നിങ്ങൾ മടക്കപ്പെടുന്നു.

അല്ലാഹുവിൻെറ അസ്തിത്വം, ഏകത്വം, കഴിവ്, പുനർജീവിതം ആദിയായവക്ക് മനുഷ്യൻ തന്നെ തെളിവാണെന്ന് ഈ വചനം മുഖേന അല്ലാഹു ഉണർത്തുന്നു. ഈ ജീവിതരംഗത്ത് വരുന്നതിന് മുമ്പ് അവൻ എന്തായിരുന്നു? എവിടെയായിരുന്നു? അറ്റമില്ലാത്ത ആ ഭൂതകാലത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുക! 'ബീജം, ഇന്ദ്രിയം, ഭ്രൂണം എന്നിങ്ങിനെയുള്ള അവൻെറ ചില ആദ്യദശകങ്ങളെക്കുറിച്ച് അവന് ചിലതെല്ലാം പറയുവാൻ കഴിഞ്ഞേക്കും. അതിന് മുമ്പുള്ള അവസ്ഥയോ? അതാണ് മറ്റൊരു സ്ഥലത്ത് അല്ലാഹു ചോദിക്കുന്നത്.
هل اتى على الانسان حين من الدهر (പറയത്തക്ക ഒരു വസ്തുവും ആയിരുന്നില്ലാത്ത ഒരു കാലഘട്ടം മനുഷ്യന് വന്നിരിക്കുന്നുവോ?! (സൂ:ഇൻസാൻ -1) അതെ, ഏത് അർത്ഥത്തിലും എത്രയോ കാലം അവനൊരു അജ്ഞാതനായിക്കഴിഞ്ഞിട്ടുണ്ട്. അനന്തരം അവൻ ഒരു വസ്തുവായി - ഒരു ജീവിയായി- ഒരു മനുഷ്യനായി- അസ്തിത്വംപൂണ്ട് രംഗത്തു വന്നു. കുറച്ചു കഴിയുമ്പോൾ

അവൻ മരണമടയുന്നു. ആ ജീവിതം നൽകിയത് ആരാണ്? അല്ലാഹു. ആ മരണം നൽകിയത് ആരാണ്? അല്ലാഹു മനുഷ്യൻെറ ഈ മൂന്നവസ്ഥയും അവന് നിഷേധിക്കുവാൻ കഴിയുകയില്ല. അപ്പോൾ, ആ നീണ്ട നിർജ്ജീവാവസ്ഥക്കുശേഷം അവനെ ഒരു ജീവിയാക്കിത്തീർത്ത അല്ലാഹുവിന് അവൻെറ മരണശേഷം അവന് വീണ്ടും ഒരു ജീവിതം നൽകുവാൻ കഴിയുകയില്ലെന്ന് പറയുവാൻ ന്യായമുണ്ടോ?! ശുദ്ധ ശൂന്യതയിൽ നിന്ന് ജീവിതം നൽകിയവന് അർദ്ധ ശൂന്യതയിൽ നിന്ന് പിന്നെയും ജീവിപ്പിക്കുവാനുണ്ടോ വല്ല പ്രയാസവും?! ഇതല്ലേ, ആദ്യത്തേതിനേക്കാൾ എളുപ്പമായത്? ٢٨ : وهو اهون عليه – الروم എന്നാൽ, ഈ രണ്ടാമത്തെ ജീവിതത്തോടുകൂടി എല്ലാം അവസാനിക്കുമോ? ഇല്ല. കഴിഞ്ഞ ജീവിത്തിൽ ചെയ്തുവെച്ച നൻമതിൻമകളുടെ കണക്കുനോക്കി ലാഭനഷ്ടങ്ങൾ വീതിച്ചുകൊടുക്കപ്പെടുവാനായി, അസ്തിത്വത്തിന് തുടക്കം നൽകിയ അതേ കർത്താവായ അല്ലാഹുവിങ്കലേക്ക് ഒടുക്കം മനുഷ്യൻ മടക്കപ്പെടുകയും ചെയ്യും. ٢٩ : كما بدأ كم تعودون – الاعراف (നിങ്ങളെ അവൻ ആദ്യമായുണ്ടാക്കിയതുപോലെ നിങ്ങൾ വീണ്ടും മടങ്ങുന്നതാണ്.

هُوَ ٱلَّذِى خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعًا ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ فَسَوَّىٰهُنَّ سَبْعَ سَمَٰوَٰتٍ ۚ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ﴿٢٩﴾

29 അവനത്രെ, നിങ്ങൾക്ക് ഭൂമിയിലുള്ളത് മുഴുവനും സൃഷ്ടിച്ചു തന്നവൻ.പിന്നെ, അവൻ ആകാശത്തിലേക്ക് തിരിഞ്ഞ് അവയെ ഏഴ് ആകാശങ്ങളാക്കി ശരിപ്പെടുത്തിയിരിക്കുന്നു. അവൻ എല്ലാ കാര്യത്തെകുറിച്ചും അറിയുന്നവനുമാകുന്നു.

---

29. **هو** അവൻ **الذي** യാതൊരുവനാണ് **خلق** സൃഷ്ടിച്ചു **لَكُم** നിങ്ങൾക്കു **ما في الأَرض** ഭൂമിയിലുളളത് **جميعا** മുഴുവനും **ثُم** പിന്നെ **استوى** അവൻ ശരിക്കുനിന്നു(തിരിഞ്ഞു) **إِلَى السماءِ** ആകാശത്തിലേക്ക് **فَسواهن** എന്നിട്ടുഅവയെ ശരിപ്പെടുത്തി **سبع** ഏഴായിട്ട് **سماوات** ആകാശങ്ങൾ **وهو** അവൻ **بِكُل شيءٍ** എല്ലാ കാര്യത്തെ(വസ്തുവെ) പ്പറ്റിയും **عليم** അറിയുന്നവനാകുന്നു.

മൂന്നു വാക്യങ്ങൾ ഉൾക്കൊള്ളുന്ന ഈ വചനത്തിൽ ഒന്നാമതായി അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള കണക്കറ്റ അനുഗ്രഹങ്ങളെയും, രണ്ടാമതായി അവൻെറ അപാരമായ കഴിവിനെയും, മൂന്നാമതായി അവൻെറ സർവജ്ഞതയെയും ചൂണ്ടിക്കാട്ടുന്നു.

ഭൂമിയിൽ നിലവിലുള്ള വസ്തുക്കളെല്ലാം മനുഷ്യനുവേണ്ടി-മനുഷ്യൻ അതിൽവാസം തുടങ്ങും മുമ്പുതന്നെ-അല്ലാഹു തയ്യാറാക്കിവെച്ചിരിക്കുകയാണ്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഒരുകൂട്ടർക്കല്ലെങ്കിൽ മറ്റൊരു കൂട്ടർക്ക്, ഒരു തുറയിലല്ലെങ്കിൽ മറ്റൊരു തുറയിൽ മനുഷ്യന് ഉപകാരപ്പെടാത്ത ഒരു വസ്തുവും ഈ ഭൂലോകത്തില്ല എന്നാണതിൽനിന്നു വ്യക്തമാകുന്നത്. ഈ അടുത്ത നാളുകൾവരെയും ആവശ്യം തോന്നിയിരുന്നില്ലാത്ത-ചിലപ്പോൾ ഉപദ്രവകരം മാത്രമാണെന്ന് കരുതിവശായ -എത്രയെത്ര വസ്തുക്കൾ ഇന്ന് മനുഷ്യന് അത്യാവശ്യവസ്തുക്കളായി മാറിയിരിക്കുന്നു! ജനവർദ്ധനവ്, ജീവിതരീതിയിലുള്ള മാറ്റം, ശാസ്ത്രീയ പുരോഗതി, തുടർന്നുള്ള പരീക്ഷണ നിരീക്ഷണങ്ങൾ, ആകസ്മികമായ ചില അനുഭവങ്ങൾ എന്നിങ്ങിനെയുള്ള കാരണങ്ങളാൽ മനുഷ്യാവശ്യങ്ങളും ഉപയോഗങ്ങളും കണ്ടുപിടുത്തങ്ങളും ക്രമേണ വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. അപ്പോൾ ഭൂമിയിലുള്ളത് മുഴുവനും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു. (خلق لكم ما في الارض جميعا)എന്ന വാക്യം എത്ര അർത്ഥഗർഭമാണെന്നു ആലോചിച്ചു നോക്കുക! മനുഷ്യസൃഷ്ടിക്കു അല്ലാഹു നൽകിയ മഹത്തായ സ്ഥാനത്തിലേക്കും ഈ വാക്യം സൂചന നൽകുന്നു. ഇതിനെപ്പറ്റി അടുത്തവചനം മുതൽ കൂടുതൽ വിവരം വരുന്നുമുണ്ട്

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്കു വേണ്ടി സൃഷ്ടിച്ചിരിക്കുന്നുവെന്നു പറഞ്ഞതിൻെറ താൽപര്യം ഏതൊരു വസ്തുവും ഏതൊരാൾക്കും അവരുടെ ഇഷ്ടംപോലെ നിരുപാധികം കൈകാര്യം ചെയ്യാമെന്നല്ല. മനുഷ്യ സമൂഹത്തിൻെറ പൊതുവെയുള്ള നന്മക്കുവേണ്ടിയാണ് അവസൃഷ്ടിക്കപ്പെട്ടിരിക്കുന്നതു എന്നാകുന്നു. ഏതു വസ്തുവും യാതൊരുവ്യവസ്ഥയും നിയന്ത്രണവും കൂടാതെ എല്ലാവർക്കും കൈകാര്യം ചെയ്യാമെന്നുവെക്കുന്ന പക്ഷം, അതു കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ ആർക്കും ഊഹിച്ചറിയാവുന്നതാണ് അതുകൊണ്ട് തന്നെയാണ് വസ്തുക്കൾ കൈകാര്യംചെയ്യുന്നതിൽ ഏതാനും ചില ഉപാധികളും പരിമിതി കളുമൊക്കെ മതത്തിൽ നിയമിക്കപ്പെട്ടിരിക്കുന്നതും.

പിന്നെ അവൻ ആകാശത്തിലേക്ക് തിരിഞ്ഞ് അവയെ ഏഴാകാശങ്ങളാക്കി ശരിപ്പെടുത്തി (ثم استوى الى السماء) എന്ന വാക്യത്തിൽ നിന്ന് ഭൂമിയിലെ വിഭവങ്ങളെ സൃഷ്ടിച്ച ശേഷമാണ് ആകാശം സൃഷ്ടിച്ചതെന്നാണ് പ്രത്യക്ഷത്തിൽ മനസ്സിലാക്കുവാൻ കഴിയുക. പക്ഷേ, സൂറത്തു-ന്നാസിആത്തിൽ ആകാശത്തെ നിർമ്മിച്ചുശരിപ്പെടുത്തിയ വിവരം പ്രസ്താവിച്ച ശേഷം ഇങ്ങിനെ പറഞ്ഞിരിക്കുന്നു: والارض بعد ذلك دحها (ഭൂമിയെഅതിനുശേഷം അവൻ പരത്തുകയും ചെയ്തു-79: 30) അതിനാൽ ഇവിടെ (പിന്നെ) എന്ന അവ്യയം കാലക്രമത്തെ കുറിക്കുവാനുള്ളതല്ല -ഒരു വിഷയം സംസാരിച്ചശേഷം മറ്റൊരു വിഷയത്തിലേക്ക് നീങ്ങുന്നതിനെ കുറിക്കുവാനുള്ളതാണ്- എന്നത്രെ ഖുർആൻ വ്യാഖ്യാതാക്കളുടെ പൊതുവിലുള്ള അഭിപ്രായം. (അല്ലാഹുവിനറിയാം) ആകാശഭൂമികളുടെ സൃഷ്ടിയെ സംബന്ധിച്ചു അൽപം വിശദമായ ഒരു വിവരണം സൂറ : 'ഹാമീംസജദ' 10-12 വചനങ്ങളിൽ കാണാവുന്നതാണ്.

ആകാശങ്ങൾ ഏഴെണ്ണമാണ് (سبع سموات) എന്നു ഖുർആനിൽ എട്ടുപത്തു സ്ഥലങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. ആധുനിക ഖഗോള ശാസ്ത്രത്തിന് ഏഴു ആകാശങ്ങളെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എന്നതുകൊണ്ട് ഖുർആനിൽ സ്പഷ്ടമായ വാക്കുകളിൽ ആവർത്തിച്ചു പറയപ്പെട്ടിട്ടുള്ള ഈ പ്രസ്താവനയെ-ചിലർചെയ്യാറുള്ളതുപോലെ -അന്യഥാ വ്യാഖ്യാനിച്ചു കൂടാത്തതാകുന്നു. അവയുടെ സ്രഷ്ടാവു അവ ഏഴെണ്ണമാണെന്നു ആവർത്തിച്ചു പറയുമ്പോൾ, അതിനപ്പുറം കടന്നു വല്ലതും പറയുവാൻ ആർക്കും അവകാശവും അർഹതയുമില്ല. ശാസ്ത്രീയ നിഗമനങ്ങളാകട്ടെ, മാറിമാറിക്കൊണ്ടിരിക്കുന്നതും, നൂറു ശതമാനവും ശരിയെന്നു ഒരുകാലത്ത് വിശ്വസിക്കപ്പെട്ട ഒരു സിദ്ധാന്തം പിന്നൊരു കാലത്ത് നൂറുശതമാനം തെറ്റാണെന്നു അതേ ശാസ്ത്രജ്ഞൻമാർതന്നെ വിധികൽപ്പിക്കുമാറ് മാറ്റങ്ങൾക്ക് വിധേയമായതുമാകുന്നു. എന്നാൽ, ഏഴിൽ ഓരോന്നിൻെറയും സ്വഭാവം, പ്രത്യേകത, അതിർത്തി മുതലായവയെക്കുറിച്ചൊന്നും നമുക്ക് വിധിപറയുക സാധ്യമല്ല. അല്ലാഹു തുറന്നഭാഷയിൽ പറഞ്ഞത് അപ്പടി വിശ്വസിക്കുക, അതിനപ്പുറമുള്ളതിൻെറ വിവരം അവനറിയാമെന്നു വെച്ചു വിട്ടേക്കുക ഇതേ നമുക്ക് നിവൃത്തിയുള്ളൂ. സൂറ: 'മുഅ് മിനൂൻ' 17ൻെറയും, സൂ: 'ത്വലാഖ്' 12ൻെറയും വ്യാഖ്യാനങ്ങളിൽ ഈ വിഷയകമായി അൽപം വിശദീകരണവും കൂടികാണാം.

ആകാശഭൂമികളെയും, അവയിലെ സകലവസ്തുക്കളെയും അതിസമർത്ഥമായ രീതിയിൽ സൃഷ്ടിച്ചുണ്ടാക്കി വ്യവസ്ഥാപിതവും യുക്തവുമായ രീതിയിൽ നിയന്ത്രിച്ചു പരിപാലിച്ചു പോരുന്ന അല്ലാഹു ഭൂത-വർത്തമാന-ഭാവികാലവ്യത്യാസമന്യെ സർവ്വ കാര്യങ്ങളെക്കുറിച്ചും, ചെറുപ്പവലിപ്പ വ്യത്യാസമന്യെ സകലവസ്തുക്കളെക്കുറിച്ചും അറിയുന്ന സർവ്വജ്ഞൻ തന്നെ. (وهو بكل شيئ عليم)

വിഭാഗം - 4

وَإِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى جَاعِلٌ فِى ٱلْأَرْضِ خَلِيفَةً ۖ قَالُوٓا۟ أَتَجْعَلُ فِيهَا مَن يُفْسِدُ فِيهَا وَيَسْفِكُ ٱلدِّمَآءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ ۖ قَالَ إِنِّىٓ أَعْلَمُ مَا لَا تَعْلَمُونَ ﴿٣٠﴾

30 നിൻെറ റബ്ബ് മലക്കുകളോടു പറഞ്ഞ സന്ദർഭം (ഓർക്കുക) ''ഞാൻ ഭൂമിയിൽ ഒരു 'ഖലീഫഃ' യെ ഏർപ്പെടുത്തു (വാൻ പോകു) ന്നു'' വെന്ന്. അവർ പറഞ്ഞു. ''അതിൽ നാശമുണ്ടാക്കുകയും, രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അതിൽ ഏർപ്പെടുത്തുകയോ?! ഞങ്ങൾ നിന്നെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹ് ' (സ്തോത്ര കീർത്തനം) ചെയ്യുകയും, നിനക്ക് 'തഖ്ദീസ് ' (നിൻെറ പരിശുദ്ധിയെ വാഴ്ത്തൽ) ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ.'' അവൻ പറഞ്ഞു ''നിശ്ചയമായും നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് എനിക്കറിയാം.''

---

30. **وإذْ قَالَ** പറഞ്ഞ സന്ദർഭം **ربك** നിൻെറ റബ്ബ്, രക്ഷിതാവ് **لِلْملائكة** മലക്കുകളോട് **إني** നിശ്ചയമായും ഞാൻ **جاعلٌ** ആക്കുന്ന(ഉണ്ടാക്കുന്ന) വനാണ് **في الْأرض** ഭൂമിയിൽ **خليفَةً** ഒരു ഖലിഫഃ: പിൻഗാമി, പ്രതിനിധി, അനന്തരഗാമിയെ **قَالُوا** അവർ പറഞ്ഞു **أتجعلُ** നീ ആക്കുകയോ **فيها** അതിൽ **من يفْسِد** നാശമുണ്ടാക്കുന്നവരെ **فيها** അതിൽ **ويسفك** ചിന്തുകയും ചെയ്യുന്ന **الدماءَ** രക്തങ്ങളെ **ونحن** ഞങ്ങളാകട്ടെ **نسبح** ഞങ്ങൾ തസ്ബീഹ് ചെയ്യുന്നു, സ്തോത്ര കീർത്തനം നടത്തുന്നു. **بِحمدك** നിന്നെ സ്തുതിച്ചുകൊണ്ട്, സ്തുതിയോടെ **ونقَدس** ഞങ്ങൾ തഖ്ദീസും (പരിശുദ്ധി വാഴ്ത്തലും) ചെയ്യുന്നു **لك** നിനക്ക് **قَالَ** അവൻ പറഞ്ഞു **إني أعلم** നിശ്ചയമായും ഞാൻ അറിയും **ما لا تعلمونَ** നിങ്ങൾ അറിയാത്തത്

28-ാം വചനത്തിൽ നിർജ്ജീവാവസ്ഥക്കുശേഷം മനുഷ്യന് ജീവിതം നൽകിയതിനെയും, 29ൽ മനുഷ്യനുവേണ്ടി ഭൂമിയിലെ വിഭവങ്ങൾ സൃഷ്ടിച്ചതിനെയും ഓർമ്മിപ്പിച്ച ശേഷം ഈ വചനത്തിൽ, മനുഷ്യൻ ഭൂജാതനാകും മുമ്പുതന്നെ അവന് അല്ലാഹു കൽപ്പിച്ചിട്ടുള്ള ഉന്നതസ്ഥാനത്തെക്കുറിച്ചു പ്രസ്താവിക്കുന്നു. നബി (ﷺ) യെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഈ ആയത്ത് ആരംഭിക്കുന്നത് **واذ قال ربك** (നിൻെറ റബ്ബ് പറഞ്ഞ സന്ദർഭം) എന്നാണല്ലോ. ഇതുപോലെ **اذ** (ഇദ്=സന്ദർഭം) എന്ന വാക്കുകൊണ്ട് വിഷയം ആരംഭിക്കുന്ന പതിവ് ഖുർആനിൽ പലപ്പോഴും കാണാം. വിവരിക്കുന്ന വിഷയത്തിൻെറ പ്രാധാന്യം ഓർമ്മിക്കണമെന്നാണതിൻെറ താൽപര്യം. ഇവിടെ മനുഷ്യസൃഷ്ടിയുടെ ആരംഭം, മനുഷ്യവർഗ്ഗത്തിൻെറ ശ്രേഷ്ഠത, മനുഷ്യരെ സൃഷ്ടിച്ചതിലടങ്ങിയ ചില യുക്തിരഹസ്യങ്ങൾ ആദിയായവയെക്കുറിച്ച് വിവരിക്കുന്ന സന്ദർഭമാണല്ലോ.

ആയത്തിൻെറ ഉള്ളടക്കങ്ങളിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് **خليفة** (ഖലീഫ) എന്ന വാക്കിനെപ്പറ്റി അൽപമൊന്നു മനസ്സിരുത്തുന്നത് നന്നായിരിക്കും. **قدام** (ഖുദ്ദാം) - അഥവാ മുൻഭാഗം-എന്ന വാക്കിൻെറ വിപരീതാർത്ഥമായ **خلف** (ഖൽഫു) എന്ന മൂലത്തിൽ നിന്നുത്ഭവിച്ചതാണ് **خليفة** എന്ന പദം. നിഘണ്ടുക്കളിലും, ഖുർആൻ വ്യഖ്യാന ഗ്രന്ഥങ്ങളിലും ഇതിനു നൽകിക്കാണുന്ന അർത്ഥം: **من يخلف غيره ويقوم مقامه** (മറ്റൊരാൾക്ക് പുറകിൽ വരുകയും അയാളുടെ സ്ഥാനത്ത് നിലകൊള്ളുകയും ചെയ്യുന്നവൻ) എന്നാകുന്നു. ചിലരുടെ വാക്കുകളിൽ അൽപം അക്ഷരവ്യത്യാസമൊക്കെ കാണാമെങ്കിലും ആശയത്തിൽ എല്ലാവരും യോജിക്കുന്നു. ഇതിൻെറ ബഹുവചന രൂപങ്ങളായ **خلفاء ، خلائف** (ഖുലഫാഉ്, ഖലാഇഫ്) എന്നീ പദങ്ങളും, ക്രിയാരൂപങ്ങളായ **خلف** (ഖലഫ) മുതലായ രൂപങ്ങളും, മൂലധാതുവിൽ നിന്നുള്ള മറ്റു ചില പദങ്ങളും ഖുർആനിൽ അവിടവിടെയായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ

കാണാവുന്നതുമാണ്.

എല്ലാവർക്കും സുപരിചിതമായ ഒരു വാക്കാണല്ലോ **خلافة** (ഖിലാഫത്ത്) . ഖിലാഫത്തുള്ള ആൾക്കാണ് (**خليف**)'ഖലീഫ' എന്ന് പറയുന്നതും, അതുകൊണ്ടായിരിക്കാം, ഇമാം റാഗിബ് അദ്ദേഹത്തിൻെറ ഖുർആൻ നിഘണ്ടുവിൽ 'ഖലീഫ': എന്ന വാക്കിന് പ്രത്യേകം അർത്ഥം കൊടുക്കാതെ 'ഖിലാഫത്തി'നുമാത്രം അർത്ഥം പറഞ്ഞു മതിയാക്കിയിരിക്കുന്നതും. അദ്ദേഹത്തിൻെറ വാചകം ഇതാണ്: **والخلافة النيابة عن الغير اما لغيبة المندوب عنه اما لموته واما لعجزه واما لتشريف المستخلف وعلى هذا الوجه الاخير استخلف الله اولياءه فى الارض** ('ഖിലാഫത്ത്' എന്നാൽ മറ്റൊരാൾക്ക് പകരം നില്ക്കുക എന്നാണ്. ഒന്നുകിൽ ആർക്കുവേണ്ടി പകരം നിൽക്കുന്നുവോ അയാളുടെ അഭാവം നിമിത്തം, അല്ലെങ്കിൽ അയാളുടെ മരണം നിമിത്തം, അല്ലെങ്കിൽ അയാളുടെ കഴിവുകേടുനിമിത്തം അല്ലെങ്കിൽ 'ഖലീഫ': യാക്കപ്പെടുന്ന ആളെ ബഹുമാനിക്കുവാൻ വേണ്ടി. ഈ അവസാനത്തെ വിധത്തിലാണ് അല്ലാഹു അവൻെറ 'ഔലിയാഇ' നെ- അവൻെറ മിത്രങ്ങളായ ആൾക്കാരെ- ഭൂമിയിൽ 'ഖലീഫ'; കളായിരിക്കുന്നത്) തുടർന്നുകൊണ്ട് അദ്ദേഹം താഴെ ഉദ്ധരിക്കുന്ന ചില ഖുർആൻ വാക്യങ്ങൾ ഉദാഹരണമായി ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, അഭാവവും, മരണവും, കഴിവുകേടും അസംഭവ്യമാണല്ലോ. അതുകൊണ്ടാണ് അവസാനത്തെ വിധത്തിലാണ് ഭൂമിയിൽ അല്ലാഹുവിൻെറ ആൾക്കാരെ അവൻ ഖലീഫയാക്കിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞത്. വലിയ ഭരണാധികാരി (**السلطان الاعظم**) യെ ഉദ്ദേശിച്ചു 'ഖലീഫ': എന്നു പറയപ്പെടാറുണ്ട്. ഇബ്നുജരീർ (﵀) ചൂണ്ടിക്കാട്ടിയതുപോലെ ഭരണാധികാരി എന്ന അർത്ഥത്തിലല്ല അത്. ഒരു ഭരണാധിപൻെറ ശേഷം അയാളുടെ സ്ഥാനത്തു വന്ന് കാര്യം നടത്തുന്ന ആൾ എന്നുള്ളത് കൊണ്ടാണത്. ഇനി, ആ വാക്കിനു നേർക്കുനേരെ അങ്ങിനെയും ഒരു അർത്ഥമുണ്ടെന്നുവന്നാൽ തന്നെ ആ അർത്ഥം എല്ലാ ഇടത്തിലും യോജിക്കുകയില്ലതാനും.

മേൽ കണ്ടതുപോലെയുള്ള ഉദ്ധരണികളും, 'ഖിലാഫത്തി'നെയും 'ഖലീഫ':യെയും സംബന്ധിച്ചു പല മഹാൻമാരുടെയും പ്രസ്താവനകളും പരിശോധിക്കുമ്പോൾ താഴെ പറയുന്ന സംഗതികൾ അവയിൽ നിന്നു മനസ്സിലാകുന്നു. (1) 'ഖലീഫ': എന്ന വാക്കിന് മലയാളത്തിൽ 'പിൻഗാമി, അനന്തരഗാമി, പ്രതിനിധി' എന്നൊക്കെ ഭാഷാന്തരം നൽകാം. (2) ആ പദത്തിൽ പ്രാതിനിധ്യത്തെക്കാൾ പരിഗണിക്കപ്പെട്ടിട്ടുള്ളത് പിൻഗാമിത്വമാകുന്നു. കാരണം, ആ മൂലാർത്ഥമുള്ള ഒരു ധാതുവിൽ നിന്നാണ് ആ വാക്ക് രൂപം കൊണ്ടിരിക്കുന്നത്. (3) അല്ലാഹു ആരെയെങ്കിലും ഖലീഫയാക്കി എന്നു പറഞ്ഞാൽ, ആ ഖലീഫ സാധാരണ അർത്ഥത്തിൽ അവൻെറ പിൻഗാമിയോ, പ്രതിനിധിയോ ആയിരിക്കുവാൻ നിവൃത്തിയില്ല. കാരണം, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം- ഇമാംറാഗിബ് (﵀) ചൂണ്ടിക്കാട്ടിയതുപോലെ - ഒരർത്ഥത്തിലുള്ള അഭാവവും അവനുണ്ടാകുകയില്ല. അവൻെറ ഏതെങ്കിലും ഒരു അധികാരമോ, പ്രവൃത്തിയോ, ബാധ്യതയോ മറ്റൊരാൾക്കുവിട്ടുകൊടുക്കുകയോ, ഏൽപിച്ചുകൊടുക്കുകയോ ചെയ്യുന്ന പ്രശ്നവുമില്ല: (4) അപ്പോൾ, 'അല്ലാഹുവിൻെറ ഖലീഫ' എന്നു ആരെക്കുറിച്ചെങ്കിലും എവിടെയെങ്കിലും പ്രയോഗിച്ചു കണ്ടാൽ അതു അല്ലാഹു ഖിലാഫത്തു സ്ഥാനം നൽകി ബഹുമാനിച്ച ആൾ എന്ന അർത്ഥത്തിലല്ലാതെ - അല്ലാഹുവിൻെറ പിൻഗാമി എന്നോ പ്രതിനിധി എന്നോ ഉള്ള അർത്ഥത്തിൽ- ആയിരിക്കുവാൻ നിവൃത്തിയില്ല എന്നു സ്പഷ്ടമായി.

ശരി, ഇനി, **اني جاعل فى الارض خليفة** (ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ ആക്കുവാൻ പോകുന്നു) എന്നു അല്ലാഹു പറഞ്ഞതിൻെറ താൽപര്യമെന്താണെന്നു ആലോചിക്കാം. ഇബ്നുകഥീർ (﵀) ഇതിനെപ്പറ്റി വിശദമായി സംസാരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതിലെ ചില പ്രസക്ത ഭാഗങ്ങൾ നമുക്ക് ഇവിടെ ഉദ്ധരിക്കാം: **اي قوما يخلف بعضعم بعضا قرنابعد قرن وجيلا بعد جيل** (അതായത്, ഒരു തലമുറക്കുശേഷം മറ്റൊരു തലമുറയും ഒരു കാലക്കാർക്ക് ശേഷം മറ്റൊരു കാലക്കാരുമായിക്കൊണ്ട് ചിലർക്ക് പിന്നിൽ ചിലർ വന്നുകൊണ്ടിരിക്കുന്ന ജനങ്ങൾ) എന്നു

പ്രസ്താവിച്ചശേഷം ഇതിനു തെളിവായി 'ഖലീഫ'യുടെ ബഹുവചനവും ക്രിയാരൂപവും ഉൾക്കൊള്ളുന്ന ചില ആയത്തുകളും അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു. ഇവയാണത്:-

(١) هو الذي جعلكم خلائف فى الارض – فاطر : ٣٩ (٢) ويجعلكم خلفاء الارض – النمل : ٦٢

(٣) ولو نشاء لجعلنا منكم ملائكة فى الارض يخلفون – الزخرف : ٦٠ (٤) نخلف من بعدهم خلف – مريم : ٥٩

സാരം (1) അവനത്രെ നിങ്ങളെ ഭൂമിയിൽ 'ഖലാഇഫ് ' -പിൻഗാമികളായി വരുന്നവർ- ആക്കിയവൻ. (2) അവൻ നിങ്ങളെ ഭൂമിയിലെ 'ഖുലഫാഉ' -മാറി മാറി വരുന്ന പിൻഗാമികൾ- ആക്കുന്നു. (3) നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഭൂമിയിൽ (നിങ്ങൾക്ക്) പിന്നിൽ പകരം വരുമാറ് നിങ്ങളിൽ നിന്നു തന്നെ നാം മലക്കുകളെ ഏർപ്പെടുത്തുമായിരുന്നു. (4) അവരുടെ (ആ പ്രവാചകൻമാരുടെ) ശേഷം ഒരു 'ഖൽഫ് '- ഒരുതരം പിൻഗാമികൾ -പുറകിൽ വന്നു.

ഇബ്നുകഥീർ(رحمه الله) തുടരുന്നു: ‘‘ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗക്കാർ പറയുന്നതുപോലെ, 'ഖലീഫ' കൊണ്ട് ഇവിടെ ഉദ്ദേശ്യം ആദം (عليه السلام) മാത്രമല്ല. ഈ അഭിപ്രായം ഇബ്നു അബ്ബാസ്, ഇബ്നുമസ്ഊദ് (رضي الله عنهما) എന്നിവരുടെയും പൊതുവിൽ ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായമായി ഖുർത്തുബീ (رحمه الله) പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ (ഖുർആൻ വ്യാഖ്യാതാക്കളുടെ പൊതുവേയുള്ള അഭിപ്രായമാണെന്നു പറഞ്ഞതിൽ) അൽപം ആലോചിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ അതിൽ വളരെ അഭിപ്രായഭിന്നിപ്പുണ്ട്. റാസീ (رحمه الله) യും മറ്റും അത് ഉദ്ധരിച്ചിട്ടുമുണ്ട്. വ്യക്തി എന്ന നിലക്ക് ആദം (عليه السلام) നബിയെ ഉദ്ദേശിച്ചിട്ടില്ലെന്നാണ് വ്യക്തമാകുന്നതും കാരണം, അങ്ങിനെയാണെങ്കിൽ, اتجعل فيها من يفسد فيها ويسفك الدماء (അതിൽ നാശമുണ്ടാക്കുകയും, രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അതിൽ ആക്കുകയോ) എന്നുള്ള മലക്കുകളുടെ ചോദ്യത്തിനു ഔചിത്യമില്ല. മനുഷ്യ വർഗ്ഗത്തിൽ അങ്ങിനെയുള്ളവർ ഉണ്ടാകുമെന്നാണല്ലോ അവർ ഉദ്ദേശിക്കുന്നത്. മലക്കുകൾക്ക് സിദ്ധിച്ച വല്ലപ്രത്യേക അറിവു നിമിത്തമോ, അല്ലെങ്കിൽ മുട്ടിയാൽ ശബ്ദമുണ്ടാകുന്ന കറുത്ത കളിമണ്ണിൽ നിന്നാണ് മനുഷ്യനെ സൃഷ്ടിക്കുന്നത് (انى خالق بشرا من صلصال من حما مسنون – الحجر : ٢٨) എന്ന് അല്ലാഹു അവരോട് പറഞ്ഞിരുന്നതിൽനിന്ന് മനുഷ്യ പ്രവൃത്തിയെക്കുറിച്ച് അവർ മനസ്സിലാക്കിയത് നിമിത്തമോ, അല്ലെങ്കിൽ- ഖുർത്തുബീ പറഞ്ഞപോലെ -ഖലീഫ എന്ന വാക്കിൽ നിന്നു അന്യായങ്ങളിൽ തീരുമാനം കൽപിക്കുകയും നിഷിദ്ധങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും തടയുകയും ചെയ്യുന്ന ആൾ എന്ന് അവർ അർത്ഥം മനസ്സിലാക്കിയതു നിമിത്തമോ, അതുമല്ലെങ്കിൽ-ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നതുപോലെ-ഭൂമിയിൽ മുമ്പുണ്ടായിരുന്ന സമുദായത്തിൻെറ മാനദണ്ഡം വെച്ച് മനുഷ്യരെ കണക്കാക്കിയതുകൊണ്ടോ ആയിരിക്കാം മലക്കുകൾ ആ ചോദ്യം ചോദിച്ചത്. അല്ലാതെ,- ചില വ്യാഖ്യാതാക്കൾ തെറ്റിധരിക്കാറുള്ളതുപോലെ-അല്ലാഹുവിൻെറ പേരിലുള്ള ആക്ഷേപമെന്ന നിലക്കോ, ആദമിൻെറ സന്തതികളോടുള്ള അസൂയ നിമിത്തമോ അല്ല ആ ചോദ്യം. എന്തുകൊണ്ടെന്നാൽ, അവർ അല്ലാഹുവിനെ മുൻ കടന്നു ഒന്നും പറയുകയില്ല; അനുവാദമില്ലാത്ത ചോദ്യം അവർ ചെയ്യുകയുമില്ല. لا يسبقونه بالقول (വാക്കുകൊണ്ട് അവർ അവനെ മുൻ കടക്കുകയില്ല. (21; 27) എന്നു അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.

(അദ്ദേഹം തുടരുന്നു.) ‘‘ഭൂമിയിൽ അല്ലാഹു ഒരു സൃഷ്ടിയെ ഏർപ്പെടുത്തുന്ന വിവരം അവരെ അറിയിച്ചപ്പോൾ അവർ അങ്ങിനെ ചോദിച്ചു. ആ സൃഷ്ടിയിലടങ്ങിയ യുക്തി രഹസ്യമെന്താണെന്നുള്ള ഒരന്വേഷണമാണ് ഈ ചോദ്യം. അതായത്, കുഴപ്പക്കാരും നാശക്കാരും ഉണ്ടായിത്തീരുന്ന ഈ സൃഷ്ടിയെ സൃഷ്ടിക്കുന്നത് കൊണ്ടുദ്ദേശ്യം നിന്നെ ആരാധിക്കുക എന്നുള്ളതാണെങ്കിൽ, ഞങ്ങളിതാ എപ്പോഴും നിന്നെ ആരാധിച്ചു വരുന്നുവല്ലോ. ഇനി, വേറെ ഒരു കൂട്ടരെ സൃഷ്ടിക്കേണ്ടതുണ്ടോ? എന്ന് താൽപര്യം. അതിന് അല്ലാഹു; ‘‘നിങ്ങൾക്കറിയാത്തത് എനിക്കറിയാം (اني اعلم مالا تعلمون) എന്നു മറുപടിയും നൽകി. അതായത്, നിങ്ങൾ പറഞ്ഞ ദോഷം അതിലുണ്ടെങ്കിലും അതോടൊപ്പം അതിനേക്കാൾ കവിഞ്ഞ നൻമയും അതിലടങ്ങിയിട്ടുണ്ട് എന്ന്

എനിക്കറിയാം നിങ്ങള്‍ക്ക് അത് അറിയുകയില്ല. ഞാന്‍ അവരില്‍ നബിമാരെയും, റസൂലുകളെയും നിയോഗിക്കും; അവരില്‍ സിദ്ദീഖുകളും, ശുഹദാക്കളും, പുണ്യവാന്‍മാരും, ത്യാഗികളും, പണ്ഡിതന്‍മാരും, ഭക്തന്‍മാരും മറ്റും ഉണ്ടായിരുന്നതാണ്....''
(من ابن كثير باختصار)

റാസീ (رحمه الله) ഉദ്ധരിച്ചതായി ഇബ്നു കഥീര്‍ (رحمه الله) ചൂണ്ടിക്കാട്ടിയ ഭിന്നാഭിപ്രായങ്ങള്‍കൂടി ഉദ്ധരിക്കും. 'ഖലീഫ' എന്ന വാക്കിനു **من يخلف غيره ويقوم مقامه** (മറ്റൊരാള്‍ക്കു പുറകില്‍ വരുകയും അയാളുടെ സ്ഥാനത്തു നിലകൊള്ളുകയും ചെയ്യുന്ന ആള്‍) എന്നു അര്‍ത്ഥം നല്‍കുകയും, മേല്‍ ഉദ്ധരിച്ച ഒന്നാമത്തെയും രണ്ടാമത്തെയും ഖുര്‍ആന്‍ വാക്യങ്ങളെ അതിനു തെളിവായി ഉദ്ധരിക്കുകയും ചെയ്തുകൊണ്ടു റാസീ (رحمه الله) പറയുന്നു: ''ഖലീഫകൊണ്ടുദ്ദേശ്യം ആരാണെന്നുള്ളതില്‍ രണ്ടു അഭിപ്രായമുണ്ട്. (ഒന്ന്) അത് ആദം (عليه السلام) ആകുന്നുവെന്നാണ്. അപ്പോള്‍ ഭൂമിയില്‍ നാശമുണ്ടാക്കുന്നവര്‍ എന്നു പറഞ്ഞതു അദ്ദേഹത്തെക്കുറിച്ചല്ല, അദ്ദേഹത്തിന്‍െറ സന്തതികളെ ഉദ്ദേശിച്ചായിരിക്കും. (രണ്ട്) അദ്ദേഹത്തിന്‍െറ മക്കളാണെന്നാകുന്നു. ആദം (عليه السلام) നബിയാണുദ്ദേശ്യമെന്നു പറയുന്നവരില്‍ അദ്ദേഹത്തെപ്പറ്റി ഖലീഫ എന്നു പറയുവാനുള്ള കാരണത്തില്‍ രണ്ടഭിപ്രായമുണ്ട്. (1) ഭൂമിയില്‍ ഉണ്ടായിരുന്ന ജിന്നു വര്‍ഗ്ഗത്തെ അല്ലാഹു നീക്കം ചെയ്തുകൊണ്ടു ആദമിനെ ഭൂമിയില്‍ താമസിപ്പിച്ചതിനാല്‍ അദ്ദേഹം അവരുടെ ഖലീഫ (പുറകില്‍ വന്ന ആള്‍) ആയി. (2) അല്ലാഹുവിന്‍െറ ശാസനകള്‍ക്കു വിധേയരായവര്‍ക്കിടയില്‍ അദ്ദേഹം അല്ലാഹുവിനു പകരം വിധി കല്‍പിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് ഖലീഫ എന്നു പറഞ്ഞതാണ്. ഇബ്നുമസ്ഊദ്, ഇബ്നുഅബ്ബാസ്, സുദ്ദീ (رضي الله عنهم) എന്നിവരില്‍നിന്നു നിവേദനം ചെയ്യപ്പെട്ടത് ഇതാണ്. **يا داود انا جعلناك خليفة فى الارض فاحكم بين الناس بالحق** ص : ٢٦ – (ദാവൂദേ, നിന്നെ നാം ഭൂമിയില്‍ ഒരു ഖലീഫയാക്കിയിരിക്കുന്നു. അതിനാല്‍ നീ ജനങ്ങള്‍ക്കിടയില്‍ യഥാര്‍ത്ഥ പ്രകാരം വിധിക്കുക.) എന്ന ഖുര്‍ആന്‍ വചനം ഇതിനെ ബലപ്പെടുത്തുന്നു. എന്നാല്‍, ആദമിന്‍െറ മക്കളാണ് ഖലീഫകൊണ്ടുദ്ദേശ്യം എന്നു പറയുന്നവര്‍ പറയുന്നത് അവരില്‍ ചിലര്‍ ചിലരുടെ പിറകിലായി വരുന്നതുകൊണ്ടാണ് അവര്‍ക്കു ഖലീഫ എന്നു പറഞ്ഞതു എന്നത്രെ. **جعلكم خلا ئف الارض** (നിങ്ങളെ ഭൂമിയിലെ ഖലീഫമാരാക്കി 6:165) എന്ന വചനം ഇതിനു ബലം നല്‍കുകയും ചെയ്യുന്നു. ''ഖലീഫ (**خليفة**) എന്നവാക്കാകട്ടെ, ഒരാള്‍ക്കും, കൂടുതല്‍ ആള്‍ക്കും, ആണിനും, പെണ്ണിനും ഉപയോഗിക്കാവുന്നതുമാകുന്നു.''
(من الرازى)

ഈ രണ്ടു മഹാന്‍മാരുമടക്കം പ്രധാനപ്പെട്ട പല ഖുര്‍ആന്‍ വ്യാഖ്യാതാക്കളുടെയും പ്രസ്താവനകളും വിവരണങ്ങളും പരിശോധിച്ചാല്‍ **انى جاعل في الارض خليفة** (ഞാന്‍ ഭൂമിയില്‍ ഒരു ഖലീഫയെ ഏര്‍പ്പെടുത്തുന്നു.) എന്ന വാക്കിന് ഒന്നിലധികം വ്യാഖ്യാനങ്ങള്‍ നിലവിലുണ്ടെന്നു വ്യക്തമാകുന്നു. എല്ലാറ്റിനും ഏറെക്കുറെ ന്യായീകരണങ്ങളും കാണാം അവയില്‍ ഇന്നതു മാത്രം ശരിയും, മറ്റെല്ലാം തെറ്റുമാണെന്നു ഖണ്ഡിച്ചു പറയത്തക്ക തെളിവുകളുമില്ല. കൂട്ടത്തില്‍ കൂടുതല്‍ സ്വീകാര്യമായത് ഏതാണെന്നുള്ളതാണ് ആലോചിക്കേണ്ടത്. ആ വാഖ്യാനങ്ങളുടെ സാമാന്യരൂപം ഇങ്ങിനെ മനസ്സിലാക്കാം:-

(1) ഈ ഭൂമിയിലെ നിവാസികളായിരുന്ന മറ്റൊരു സമുദായത്തിന്‍െറ പിന്‍ഗാമികളായിട്ടാണ് മനുഷ്യവര്‍ഗ്ഗത്തെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതാണ് 'ഖിലാഫത്തി'ന്‍െറ ഉദ്ദേശ്യം. ജിന്നു വര്‍ഗ്ഗമായിരുന്നു ആ പൂര്‍വ്വ സമുദായം. അവര്‍ ഭൂമിയില്‍ അക്രമവും കുഴപ്പവും ഉണ്ടാക്കിയതു നിമിത്തം അല്ലാഹു അവരെ നശിപ്പിക്കുകയോ, ആട്ടിയോടിക്കുകയോ ചെയ്തു. പുതുതായി രംഗത്തു വരുന്ന മനുഷ്യ വര്‍ഗ്ഗവും അവരെപ്പോലെ അക്രമവും നാശവും ഉണ്ടാക്കിയേക്കുമെന്നു കരുതിയതുകൊണ്ടാണ് മലക്കുകള്‍ അതിനെപ്പറ്റി ചോദിച്ചത്. (2) ഒരു തലമുറയുടെ ശേഷം മറ്റൊരു തലമുറയായി ഭൂമിയില്‍ മാറിമാറി വന്നുകൊണ്ടിരിക്കുന്ന സമുദായങ്ങളായിട്ടാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഇതാണ് ഖിലാഫത്തു കൊണ്ടുദ്ദേശ്യം. ഈ

രണ്ടാമത്തെ അഭിപ്രായമാണു ഖുർആൻെറ വാക്യങ്ങളോടു കൂടുതൽ യോജിച്ചതായി കാണുന്നത്. അതുകൊണ്ടാണ് ഇബ്നു ജരീർ, ഇബ്നു കഥീർ (ﷺ) മുതലായ പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കൾ ഇതിനു മുൻഗണന നൽകിയിരിക്കുന്നതും. 'ഖലീഫ' എന്ന വാക്ക് -റാസീ (ﷺ) പ്രസ്താവിച്ചതുപോലെ - ആ വാക്കിൻെറ പ്രത്യേക ഘടനയനുസരിച്ച് ഏകവചനവും, ബഹുവചനവും, പുല്ലിംഗവും, സ്ത്രീലിംഗവുമായിട്ടെല്ലാം ഉപയോഗിക്കുന്നതിനു വിരോധ മില്ലതാനും. ഇതുപോലെ ഉപയോഗിക്കാവുന്ന വാക്കുകൾ അറബി ഭാഷയിൽ വേറെയും സുലഭമത്രെ. കൂടാതെ, മനുഷ്യ പിതാവായ ആദം (عليه السلام) നെ സൃഷ്ടിക്കുവാൻ പോകുന്ന അവസരത്തിലാണല്ലോ അല്ലാഹു മലക്കുകളോടു ഇതു പറഞ്ഞത്. ആ സന്ദർഭമനുസരിച്ചു ഏകവചന രൂപത്തിൽ ഖലീഫ എന്നു പറഞ്ഞാൽ തന്നെയും ഉദ്ദേശ്യം അദ്ദേഹത്തിൻെറ സന്തതികളായിരിക്കുന്നതാണ്. ഗോത്രത്തിൻെറയോ വർഗ്ഗത്തിൻെറയോ ആദ്യ പിതാവിൻെറ പേരുകൾ ഗോത്രത്തിനും വർഗ്ഗത്തിനും ഒന്നായി ഉപയോഗിക്കൽ അറബിഭാഷയിൽ പതിവുമത്രെ.

(3) അല്ലാഹുവിൻെറ വിധിവിലക്കുകൾക്കനുസരിച്ചു ഭൂമിയിൽ അവൻെറ സൃഷ്ടികൾ ക്കിടയിൽ വിധിയും നീതിയും നടത്തുവാൻ വേണ്ടി അല്ലാഹു നിശ്ചയിച്ച ഖലീഫയാണ്- അഥവാ അവൻെറ പ്രതിനിധിയാണ് -ആദമും (عليه السلام) അദ്ദേഹത്തിൻെറ സന്തതികളിൽ അദ്ദേഹത്തെപ്പോലെ നീതിയും സത്യവും പാലിച്ചു പോരുന്ന നല്ല ആളുകളും. ഇതനുസരിച്ച് നാശമുണ്ടാക്കുകയും, രക്തം ചിന്തുകയും ചെയ്യുമെന്ന് പറഞ്ഞത് അങ്ങിനെയല്ലാത്തവരെ ഉദ്ദേശിച്ചായിരിക്കും. ഭൂമിയിൽ നീതിയും നെറിയും നടപ്പിലാക്കുവാൻ അല്ലാഹുവിന് കഴിയാത്തതുകൊണ്ടല്ല ഈ പ്രാതിനിധ്യം നൽകുന്നതെന്ന് തീർച്ചയാണ്. രണ്ടു കാരണം അതിന് ചൂണ്ടിക്കാണിക്കപ്പെടുന്നു. (ഒന്ന്) ദിവ്യ സന്ദേശങ്ങളും, ദൈവിക ശാസനകളും നേരിൽ ഏറ്റുവാങ്ങുവാൻ പറ്റിയ പ്രകൃതക്കാരല്ല പൊതുവിൽ മനുഷ്യവർഗ്ഗം! അതുകൊണ്ടാണ് അവരിൽ നിന്ന് പ്രവാചകൻമാരെ തിരഞ്ഞെടുക്കുന്നതും, അവർ മുഖാന്തരം അവ എത്തിച്ചു കൊടുക്കുന്നതും . (രണ്ട്) ഖലീഫാസ്ഥാനം നൽകുകവഴി മനുഷ്യവർഗ്ഗത്തെ ശ്രേഷ്ഠമാക്കുക യാണുദ്ദേശ്യം. എന്നല്ലാതെ, അല്ലാഹുവിനു അതിൽ ഏതെങ്കിലും ഒരാവശ്യം ഉണ്ടായതുകൊണ്ടല്ല. ഈ മൂന്നാമത്തെ അഭിപ്രായമാണ് ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗക്കാർ സ്വീകരിച്ചു കാണുന്നത്.

(4) മൂന്നാമത്തെ അഭിപ്രായത്തിൽനിന്നു രൂപം പൂണ്ടതും, അതിൻെറ വൃത്തം കുറച്ചു കൂടി വികസിപ്പിച്ചും ഭൗതിക വശത്തിന് പ്രത്യേക പരിഗണന നൽകിയും കൊണ്ടുള്ളതുമായ ഒരു അഭിപ്രായമാണ് നാലാമത്തേത്. ആധുനിക ഖുർആൻ വ്യാഖ്യാതാക്കളിൽ പലരും കൂടുതൽ താൽപര്യം കാണിക്കാറുള്ളത് ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നതിലാകുന്നു. സയ്യിദ് ഖുത്ത്ബ് (ﷺ) ൻെറ വിവരണത്തെ ആസ്പദമാക്കി അതിങ്ങിനെ വിവരിക്കാം: ഈ ഭൂമിയിലെ ചരാചരങ്ങളുടെ കൈകാര്യം നടത്തിപ്പിൻെറ ചുക്കാൻ ഏൽപ്പിക്കുവാനും, അതിലെ വിഭവങ്ങളും, നിക്ഷേപങ്ങളും ഊർജ്ജങ്ങളും തേടിപ്പിടിച്ചു ഉപയോഗപ്പെടുത്തുവാനും പറ്റിയ ഒരു സൃഷ്ടിവർഗ്ഗത്തെ സൃഷ്ടിക്കുകയെന്നതാണ് ഖലീഫയെ ഏർപ്പെടുത്തുക എന്നു പറഞ്ഞതിൻെറ താൽപര്യം. അൽപം ഭൗതികമായ ആഭിമുഖ്യത്തോടുകൂടി ഖുർആൻ വചനങ്ങൾക്ക് വ്യാഖ്യാനം നൽകുവാൻ തുനിയാറുള്ളവർ സ്വാഭാവികമായും കുറെക്കൂടി മുന്നോട്ട് കടന്ന് പ്രപഞ്ചത്തിൻെറ കൈകാര്യങ്ങൾ ഒട്ടുമുക്കാലും മനുഷ്യൻെറ കയ്യിലാ ണുള്ളതെന്നും, മനുഷ്യൻ ബുദ്ധിപരമായും ശാസ്ത്രീയമായും പുരോഗമിച്ചു പുരോഗമിച്ചു ഏതാണ്ട് ദൈവത്തോടൊപ്പം എത്തുമാറായേക്കുമെന്നും വരെ സമർത്ഥിച്ചു കാണാം. ഈ സമർത്ഥത്തെപ്പററി തൽക്കാലം നമുക്ക് പറയുവാനുള്ളത് സൂ: അൻആം 91ലും മറ്റും അല്ലാഹു പറഞ്ഞ ഒരു വാക്യമാകുന്നു: وما قدروا الله حق قدره (അല്ലാഹുവിനെ കണക്കാക്കേണ്ട മുറപ്രകാരം അവർ അവനെ കണക്കാക്കിയിട്ടില്ല.)

ഈ നാലാമത്തെ അഭിപ്രായം - അതിലെ അതിരു കവിയലുകൾ നീക്കം ചെയ്താൽ തന്നെയും -ഖുർആൻെറ ചില പ്രസ്താവനകൾക്ക് നിരക്കുന്നതായി കാണുന്നില്ല. ആദം (عليه السلام) നബിയോടും, ഹവ്വാഇനോടും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങിപ്പോരുവാൻ കൽപ്പിച്ചതോടൊപ്പം തന്നെ, നിങ്ങൾക്ക്-അഥവാ മനുഷ്യവർഗ്ഗത്തിനു- എൻെറ പക്കൽ നിന്നുള്ള വല്ല മാർഗ്ഗദർശനവും വന്നു കിട്ടിയാൽ ആ മാർഗ്ഗദർശനം പിൻപറ്റിയവർ വഴിപിഴക്കുകയോ വിഷമിക്കുകയോ ചെയ്യുന്നതല്ല എന്നുകൂടി അല്ലാഹു പറഞ്ഞതായി സൂറ: ത്വാഹാ: 123ൽ കാണാവുന്നതാണ്. വേണ്ടാ, അടുത്തു വരുന്ന 38-ാം വചനത്തിലും ഇക്കാര്യം അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. ഭൂമിയിലേക്ക് മനുഷ്യരെ ഖലീഫയാക്കി അയക്കുമ്പോഴാണിത് അല്ലാഹു പറയുന്നതെന്നും, അല്ലാഹുവിൻെറ പക്കൽനിന്നുള്ള മാർഗ്ഗദർശനം കൊണ്ട് വിവക്ഷ നബിമാർക്ക് വഹ്‌യു മുഖേനയും, വേദഗ്രന്ഥങ്ങൾ മുഖേനയും അല്ലാഹു നൽകുന്ന മാർഗ്ഗദർശനങ്ങളാണെന്നും ഓർക്കേണ്ടതുണ്ട്. മേൽ കണ്ട ഓരോ അഭിപ്രായങ്ങളുടെ വിശദ രൂപങ്ങളും ന്യായങ്ങളുമെല്ലാം വിവരിക്കുന്ന പക്ഷം അത് വളരെ ദീർഘിച്ചു പോകുന്നതാണ്. ആപേക്ഷികമായി നോക്കുമ്പോൾ, ഇവയിൽ രണ്ടാമതായി ഉദ്ധരിച്ച അഭിപ്രായത്തിനാണ് പല നിലക്കും മുൻഗണനയുള്ളത്. ഇബ്നു കഥീർ (رحمه الله) ൻെറ ഉദ്ധരണിയിൽനിന്ന് ഈ വാസ്തവം കൂടുതൽ മനസ്സിലാക്കാവുന്നതാകുന്നു.

മനുഷ്യനെ സൃഷ്ടിക്കുന്ന വിവരം മലക്കുകളെ അല്ലാഹു അറിയിച്ചതിലടങ്ങിയ യുക്തിരഹസ്യങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് നിർണ്ണയിക്കുവാൻ സാധ്യമല്ലെങ്കിലും സന്ദർഭം വെച്ചു നോക്കുമ്പോൾ ചിലതെല്ലാം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ഇതര സൃഷ്ടികളിൽ നിന്നും വ്യത്യസ്തമായ ചില സവിശേഷതകളും ശ്രേഷ്ഠതകളും മനുഷ്യനുണ്ടെന്ന് അവരെ തെര്യപ്പെടുത്തുക, പ്രധാനപ്പെട്ട വിഷയങ്ങളിൽ പരസ്പരം കൂടിയാലോചന നടത്തുകയും, മറ്റുള്ളവരുടെ അഭിപ്രായം ആരായുകയും ചെയ്യുന്നത് നല്ലതാണെന്ന് പഠിപ്പിക്കുക, താഴെ പറയുന്ന പ്രകാരം ആദമിന് സുജൂദ് ചെയ്‌വാൻ കൽപിക്കുവാനുള്ള കാരണത്തിലേക്ക് അവരുടെ ശ്രദ്ധ തിരിക്കുക, അവരിൽ നിന്ന് പ്രകടമാകുന്ന പ്രതികരണമനുസരിച്ച് മനുഷ്യരെക്കുറിച്ചുള്ള അവരുടെ ധാരണ ശരിപ്പെടുത്തിക്കൊടുക്കുക എന്നിങ്ങിനെ പലതും അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കാം. വാസ്തവം അല്ലാഹുവിനറിയാം. ഏതായാലും മലക്കുകളുടെ മറുപടിക്ക് അല്ലാഹു കൊടുത്ത മറുപടി വളരെ അർത്ഥഗർഭവും ഗൗരവമേറിയതുമാകുന്നു. അതെ اني اعلم مالا تعلمون (നിങ്ങൾക്കറിയാത്തത് എനിക്കറിയാം) എന്ന് !

നിങ്ങൾ പറഞ്ഞ ചില ദോഷവശങ്ങൾ മനുഷ്യരിൽ ഉണ്ടാവാമെങ്കിലും, അതിൽ ഉപരിയായ പല നൻമകളും ഗുണങ്ങളും അവരിൽനിന്നുണ്ടാവാനുണ്ടെന്നും, നിങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയാത്ത പല രഹസ്യങ്ങളും അതിലടങ്ങിയിട്ടുണ്ടെന്നും ഈ വാക്യം മുഖേന അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു, ഈ യഥാർത്ഥം അനുഭവത്തിൽ നിന്നുതന്നെ മലക്കുകൾക്ക് ബോധ്യപ്പെട്ടതായി അടുത്ത വചനങ്ങളിൽ കാണാവുന്നതുമാണ്. മലക്കുകൾ എടുത്തു പറഞ്ഞ ആ ദോഷവശം- ഭൂമിയിൽ നാശവും രക്തമൊഴുക്കലും-മനുഷ്യരിൽ നിന്നുണ്ടാകുകയില്ലെന്നോ, അവരുടെ ആ ആരോപണം അബദ്ധമാണെന്നോ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധേമാകുന്നു. മനുഷ്യൻ എത്രതന്നെ ഉന്നതനും ഉത്തമനുമാണെങ്കിലും അവനിൽ ഒരു മറുവശവും കൂടി കിടപ്പുണ്ടെന്നുള്ളതാണിതിന് കാരണം. ഈ വാസ്തവം ഒന്നിലധികം സ്ഥലങ്ങളിൽ ഖുർആൻ ഉണർത്താറുണ്ടുതാനും. മനുഷ്യൻെറ ശ്രേഷ്ഠതയുടെ അടിസ്ഥാനം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَعَلَّمَ ءَادَمَ ٱلْأَسْمَآءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى ٱلْمَلَٰٓئِكَةِ فَقَالَ أَنۢبِـُٔونِى بِأَسْمَآءِ هَٰٓؤُلَآءِ إِن

31 അവൻ (അല്ലാഹു) ആദമിനു പേരുകളെല്ലാം പഠിപ്പിച്ചു. പിന്നെ, അവരെ (ആ പേരുകളുള്ള വസ്തുക്കളെ) മലക്കുകൾക്ക് കാണിച്ചിട്ട് അവൻ പറഞ്ഞു: ‘‘ഇവരുടെ പേരുകളെപ്പറ്റി നിങ്ങൾ എനി

كُنتُمْ صَٰدِقِينَ ﴿٣١﴾

ക്കു വിവരം പറഞ്ഞു തരുവിൻ-നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ !''

قَالُوا۟ سُبْحَٰنَكَ لَا عِلْمَ لَنَآ إِلَّا مَا عَلَّمْتَنَآ ۖ إِنَّكَ أَنتَ ٱلْعَلِيمُ ٱلْحَكِيمُ ﴿٣٢﴾

32 അവർ പറഞ്ഞു: ''നീ മഹാപരിശുദ്ധൻ (നിനക്കു സ്തോത്ര കീർത്തനം) ! നീ ഞങ്ങൾക്കു പഠിപ്പിച്ചതല്ലാതെ ഞങ്ങൾക്ക് യാതൊരു അറിവുമില്ല നിശ്ചയമായും, നീ തന്നെ സർവ്വജ്ഞനും അഗാധജ്ഞനുമായുള്ളവൻ.''

قَالَ يَٰٓـَٔادَمُ أَنۢبِئْهُم بِأَسْمَآئِهِمْ ۖ فَلَمَّآ أَنۢبَأَهُم بِأَسْمَآئِهِمْ قَالَ أَلَمْ أَقُل لَّكُمْ إِنِّىٓ أَعْلَمُ غَيْبَ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَأَعْلَمُ مَا تُبْدُونَ وَمَا كُنتُمْ تَكْتُمُونَ ﴿٣٣﴾

33 അവൻ (അല്ലാഹു) പറഞ്ഞു: ''ആദമേ, അവർക്ക് ഇവരുടെ (ഈ വസ്തുക്കളുടെ) പേരുകളെപ്പറ്റി പറഞ്ഞുകൊടുക്കുക.'' അങ്ങനെ, അദ്ദേഹം അവർക്കു അവരുടെ പേരുകളെപ്പറ്റി പറഞ്ഞുകൊടുത്തപ്പോൾ, അവൻ (അല്ലാഹു) പറഞ്ഞു: ''നിങ്ങളോട് ഞാൻ പറഞ്ഞില്ലേ, നിശ്ചയമായും ഞാൻ ആകാശഭൂമികളിലെ അദൃശ്യം അറിയുമെന്ന്?! നിങ്ങൾ വെളിവാക്കുന്നതും, നിങ്ങൾ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതും ഞാൻ അറിയുന്നതാണ്''.

---

(31) . **وعلم** അവൻ പഠിപ്പിച്ചു **آدم** ആദമിന് **الأسماءَ** പേരുകൾ **كُلها** അതൊക്കെ **ثُم** പിന്നെ **عرضهم** അവരെ കാണിച്ചു **على الملائكة** മലക്കുകൾക്ക്, **فَقالَ** എന്നിട്ട് പറഞ്ഞു **أنبِئوني** നിങ്ങൾ എന്നോട് പറയുവിൻ **بِأسماء** പേരുകളെപ്പറ്റി **هؤلاءِ** ഇവരുടെ **إن كُنتم** നിങ്ങൾ ആകുന്നുവെങ്കിൽ **صادقين** സത്യം പറയുന്നവർ (32) . **قالوا** അവർ പറഞ്ഞു **سبحانك** നീ മഹാ പരിശുദ്ധൻ, നിനക്ക് സ്തോത്രകീർത്തനം **لا علم** അറിവേ ഇല്ല **لنا** ഞങ്ങൾക്ക് **إلا ما** യാതൊന്നല്ലാതെ **علمتنا** നീ ഞങ്ങൾക്ക് പഠിപ്പിച്ച **إنك أنت** നിശ്ചയമായും നീ തന്നെ **العليم** സർവജ്ഞൻ **الحكيم** അഗാധജ്ഞൻ (33) . **قالَ** അവൻ പറഞ്ഞു **يا آدم** ആദമേ. **أنبِئهم** അവർക്ക് നീ പറഞ്ഞുകൊടുക്കുക. **بِأسمائهم** അവരുടെ പേരുകളെപ്പറ്റി **فلما أنبأهم** അങ്ങനെ അദ്ദേഹം അവരോട് വിവരം പറഞ്ഞപ്പോൾ **بِأسمائهم** അവരുടെ പേരുകളെപ്പറ്റി. **قالَ** അവൻ പറഞ്ഞു. **ألم أقُل** ഞാൻ പറഞ്ഞില്ലേ **لكُم** നിങ്ങളോട് **إني أعلَم** നിശ്ചയമായും ഞാൻ അറിയും (എന്ന്) . **غَيب** അദൃശ്യം. **السماوات** ആകാശങ്ങളിലെ **والأرض** ഭൂമിയിലെയും ഞാൻ അറിയുകയും ചെയ്യും **ما تبدونَ** നിങ്ങൾ വെളിയാക്കുന്നത് **وما كُنتم** നിങ്ങൾ ആയിരുന്നതും **تكتُمونَ** നിങ്ങൾ ഒളിച്ചുവെക്കുന്നു.

ഭൂമിയിൽ ഒരു ഖലീഫയെ ഏർപ്പെടുത്തുവാൻ പോകുന്ന വിവരം അറിയിച്ചപ്പോൾ, അവർ പറഞ്ഞ മറുപടിയുടെ സൂചന മനുഷ്യർ ഭൂമിയിൽ നാശമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരാകകൊണ്ട് അവർ ഖലീഫയാക്കപ്പെടുവാൻ അർഹരല്ലെന്നും, തങ്ങൾ 'തസ്ബീഹ്, തഖ്ദീസ്' മുതലായ ആരാധനാകർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരാകകൊണ്ട് തങ്ങൾ അതിനർഹരാണെന്നുമാണല്ലോ. ഈ ധാരണ തെറ്റാണെന്ന് അല്ലാഹു അവർക്ക് അനുഭവത്തിൽ കാണിച്ചു കൊടുത്തു. ആദം (عَلَيْهِ السَّلَامُ) നബിക്ക് എല്ലാ വസ്തുക്കളുടെയും പേരുകൾ അവൻ പഠിപ്പിച്ചു കൊടുത്തു. അതിനുശേഷം അവയെ മലക്കുകളെ കാണിച്ചുകൊണ്ട് അവയുടെ പേരുകൾ പറയുവാൻ അവരോട് ആവശ്യപ്പെട്ടു. അവർക്ക് അതിന് കഴിഞ്ഞില്ല. അവർ തങ്ങളുടെ കഴിവുകേട് സമ്മതിക്കുകയും, അല്ലാഹുവിൻെറ മഹത്ത്വത്തെ വാഴ്ത്തിപ്പറയുകയും ചെയ്കയാണ് ചെയ്തത്. ആദം (عَلَيْهِ السَّلَامُ) നബിയോട് അവയുടെ പേരുകൾ പറയുവാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതെല്ലാം വിവരിച്ചുകൊടുത്തു. അങ്ങിനെ, അനുഭവത്തിലൂടെ

അവരുടെ തെറ്റ് അല്ലാഹു അവരെ ബോധ്യപ്പെടുത്തി. നിങ്ങൾക്കറിയാത്ത കാര്യങ്ങൾ എനിക്കറിയാം എന്ന് മുമ്പ് അവരോട് അല്ലാഹു പറഞ്ഞിരുന്നതിൻെറ പുലർച്ച അവർ അനുഭവത്തിൽ കണ്ടു.

എല്ലാപേരുകളും (**الأسماء كلها**) എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം എല്ലാതരം വസ്തുക്കളുടെയും പേരുകൾ എന്നാണെന്നാണ് മിക്ക വ്യാഖ്യാതാക്കളും പറയുന്നത്. ഇബ്നു അബ്ബാസ് (ﷺ) മുതലായവരിൽ നിന്നുള്ള ചിലരിവായത്തുകളും അതാണ് കാണിക്കുന്നത്. ഇമാംബുഖാരീ (ﷺ) ഈ വിഷയത്തിന് ഒരു പ്രത്യേക ശീർഷകംതന്നെ കൊടുത്തിട്ടുണ്ട്. അതിൽ അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നത് **حديث الشفاعة** (ശുപാർശയുടെ ഹദീസു) എന്നറിയപ്പെടുന്ന പ്രസിദ്ധ ഹദീസാകുന്നു. ഖിയാമത്തുനാളിൽ 'മഹ്ശറി'ൽ വെച്ചു തങ്ങളുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യണമെന്ന് മനുഷ്യർ പ്രമുഖരായ നബിമാരോട് അപേക്ഷിക്കുന്ന വിവരമാണ് അതിലുള്ളത്. അതിൽ ആദം (عليه السلام) നബിയെ സംബന്ധിച്ച ഭാഗം ഇങ്ങിനെയാകുന്നു. 'അവർ ആദമിൻെറ അടുക്കൽചെന്നു പറയും: അവിടുന്നു മനുഷ്യപിതാവാണ്. അല്ലാഹു അവൻെറ തൃക്കൈകൊണ്ട് അങ്ങയെ സൃഷ്ടിച്ചു. അങ്ങേക്ക് മലക്കുകളെക്കൊണ്ട് സുജൂദും ചെയ്യിച്ചിരിക്കുന്നു. എല്ലാ വസ്തുക്കളുടെയും പേരുകളും അങ്ങേക്കവൻ പഠിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾക്ക് ഈ സ്ഥാനത്ത് നിന്ന് ആശ്വാസം നൽകുവാൻ അങ്ങുന്നു റബ്ബിനോട് ഞങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്താൽ കൊള്ളാമായിരുന്നു! ......' (ഈ ഹദീസ് മുസ്‌ലിം മുതലായ പലരും ഉദ്ധരിച്ചതാണ്) ഇതിൽ 'എല്ലാ വസ്തുക്കളുടെയും പേരുകൾ' എന്ന് നബി (ﷺ) പ്രസ്താവിച്ചിരിക്കുന്നുവല്ലോ. എന്നാൽ, തുടർന്നുള്ള വാക്യങ്ങളിൽ ആ വസ്തുക്കളെ ഉദ്ദേശിച്ചുകൊണ്ട് **هم** (അവർ) എന്നു-ബുദ്ധി ജീവികളെ ഉദ്ദേശിച്ച് ഉപയോഗപ്പെടുന്ന സർവ്വനാമം (**ضمير**) ചേർത്തു-പറഞ്ഞിരിക്കുന്നത് സാഹിത്യശൈലികളിൽപെട്ട ഒരു ശൈലിയാണെന്നും* ആ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയിരിക്കുന്നു. 24: 45 മുതലായ സ്ഥലങ്ങളിൽ ഈ പ്രയോഗം ഖുർആനിൽ വേറെയും കാണാവുന്നതുമാണ്. എങ്കിലും തുടർന്നുള്ള ഈ പ്രയോഗങ്ങളെ അടിസ്ഥാനമാക്കി ബുദ്ധിജീവികളുടെ പേരുകൾ മാത്രമാണിവിടെ ഉദ്ദേശ്യമെന്നും വ്യാഖ്യാതാക്കളിൽ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. **الله اعلم**

'പേരുകൾ പഠിപ്പിച്ചു' എന്നു പറഞ്ഞതിൻെറ വിവക്ഷ ഓരോന്നിനും ഇന്നിന്ന പേരാണെന്ന് പഠിപ്പിച്ചുവെന്നാണെന്നും, എല്ലാ വസ്തുക്കളുടെയും പേരടക്കം അവയെ സംബന്ധിച്ച വിവരങ്ങൾ പഠിപ്പിച്ചുവെന്നാണെന്നും പറയപ്പെടുന്നു. ഏതായാലും വസ്തുക്കളെ സംബന്ധിച്ച് അറിയുന്നതിലും പഠിപ്പിക്കുന്നതിലും അവയുടെ പേരുകൾക്ക് മുഖ്യസ്ഥാനമുണ്ടെന്നും, പേരുകൾ മുഖേനയാണ് വസ്തുക്കളെ പരിചയപ്പെടുന്നതെന്നും പറയേണ്ടതില്ല. എന്തെല്ലാമായിരുന്നു, എപ്രകാരമായിരുന്നു ആദം (عليه السلام) നബിക്ക് പഠിപ്പിച്ചത് എന്നൊന്നും നമുക്കറിയാവതല്ല. അതെല്ലാം നമ്മെ സംബന്ധിച്ചിടത്തോളം അദൃശ്യമായ വിവരങ്ങളാകകൊണ്ട് അല്ലാഹുവോ അവൻെറ റസൂലോ പറഞ്ഞതിനപ്പുറം വല്ലതും അനുമാനിക്കുവാനും നമുക്ക് നിവൃത്തിയില്ല. അതുപോലെത്തന്നെ, പിന്നീട് ആ വസ്തുക്കളെ മലക്കുകൾക്കു കാട്ടിക്കൊടുത്തു എന്ന് പറഞ്ഞതിൻെറ വിശദീകരണവും നമുക്ക് അറിയുവാൻ കഴിയാത്തതാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഭൂമിയിൽ അല്ലാഹു ഏർപ്പെടുത്തുവാൻ പോകുന്ന ഖിലാഫത്തിന് മനുഷ്യവർഗ്ഗമാണ്-മലക്കുകളല്ല-അർഹരെന്നും, മനുഷ്യരിൽ മലക്കുകൾക്ക് ഊഹിക്കുവാൻ

* ബുദ്ധിജീവികളും അല്ലാത്തവയും ഉൾകൊള്ളുന്നവയെക്കുറിച്ച് മൊത്തത്തിൽ ബുദ്ധി ജീവികളെന്നും, ആണും പെണ്ണും ഉൾകൊള്ളുന്നവയെക്കുറിച്ചു പുരുഷൻമാരെന്നും പ്രത്യക്ഷത്തിൽ തോന്നുമാറുള്ള പ്രയോഗങ്ങൾ ഭാഷാസാഹിത്യങ്ങളിൽ പതിവുള്ളതാണ്. നപുംസകത്തെപ്പറ്റി ചിലപ്പോൾ 'അവൻ' എന്നും, സ്ത്രീയും പുരുഷനുമടങ്ങുന്ന ആൾക്കൂട്ടത്തെപ്പറ്റി 'അവൻമാർ' എന്നും, സൂര്യനെയും ചന്ദ്രനെയും ഉദ്ദേശിച്ചു 'സൂര്യചന്ദ്രന്മാർ' എന്നുമൊക്കെ പറയുന്നത് ഇതിന് ഉദാഹരണങ്ങളാകുന്നു.

കഴിയാതിരുന്ന ചില പ്രകൃതി വിശേഷതകൾ അല്ലാഹു നിക്ഷേപിച്ചിട്ടുണ്ടെന്നും, മലക്കുകൾ വളരെ പരിശുദ്ധരും ഉത്തമൻമാരുമായ സൃഷ്ടികൾ തന്നെയാണെങ്കിലും ഈ സവിശേഷതകൾ അവർക്കില്ലെന്നും, അല്ലാഹു എല്ലാം അറിയുന്ന സർവജ്ഞനും എല്ലാം യുക്തിപൂർവ്വം പ്രവർത്തിക്കുന്ന അഗാധജ്ഞനുമാണെന്നും, തങ്ങളുടെ ആദ്യത്തെ മറുപടിയിൽ തങ്ങൾ ഊഹിച്ചതും സൂചിപ്പിച്ചതും അബദ്ധമായെന്നും, മനുഷ്യനെ ഖലീഫയാക്കുന്നതിൽ മഹത്തായ യുക്തിരഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നുമൊക്കെ മലക്കുകൾക്ക് ഈ സംഭവം മൂലം തെളിഞ്ഞു കഴിഞ്ഞു.

وَإِذْ قُلْنَا لِلْمَلَٰٓئِكَةِ ٱسْجُدُوا۟ لِءَادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ أَبَىٰ وَٱسْتَكْبَرَ وَكَانَ مِنَ ٱلْكَٰفِرِينَ ﴿٣٤﴾

34 'നിങ്ങൾ ആദമിന് 'സുജൂദ് ' ചെയ്യുവിൻ ' എന്നു നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക) : എന്നിട്ട് അവർ 'സുജൂദ്' ചെയ്തു, ഇബ്‌ലീസ് ഒഴികെ; അവൻ വിസമ്മതിച്ചു; അഹംഭാവം നടിക്കുകയും ചെയ്തു. അവൻ അവിശ്വാസി (അഥവാ സത്യനിഷേധി) കളിൽപെട്ടവനാകുന്നു.

---

(34) **وإذْ قُلْنا** നാം പറഞ്ഞ സന്ദർഭം **للملائكة** മലക്കുകളോട് **اسجدوا** സുജൂദു ചെയ്യുവിൻ **لآدم** ആദമിന് **فسجدوا** എന്നിട്ടവർ സുജൂദ് ചെയ്തു **إلا إبليس** ഇബ്‌ലീസ് ഒഴികെ **أبى** അവൻ വിസമ്മതിച്ചു **واستكبر** അവൻ അഹംഭാവം നടിക്കുകയും ചെയ്തു **وكانَ** അവൻ ആയിരുന്നു **من الكافرين** അവിശ്വാസി (നിഷേധി) കളിൽപെട്ട(വൻ) .

ബഹുമാനവും താഴ്മയും കാണിക്കുക, കീഴൊതുക്കം പ്രകടിപ്പിക്കുക, തലകുനിക്കുക, കുനിയുക എന്നിങ്ങിനെയുള്ള അർത്ഥങ്ങളാണ് ഭാഷയിൽ (سجود സുജൂദ്) നുള്ളത്. ഈ സാരങ്ങളെല്ലാം ഉൾക്കൊള്ളുന്നതോടെ, ആരാധനയെന്ന നിലക്ക് മുഖം നിലത്തുവെച്ചു ചെയ്യുന്ന സാഷ്ടാംഗനമസ്കാരം എന്ന അർത്ഥത്തിലാണ് അത് മതത്തിൻെറ സാങ്കേതിക ഭാഷയിൽ അറിയപ്പെടുന്നത്. ശാരീരികമായ ആരാധനാകർമ്മങ്ങളിൽവെച്ച് മതത്തിൽ ഏറ്റവും പ്രാധാന്യം കൽപ്പിക്കപ്പെടുന്നതും അതുതന്നെ. ഈ സുജൂദ് അല്ലാഹുവിനുമാത്രമേ ചെയ്തുകൂടു എന്നുള്ളത് പരക്കെ എല്ലാവർക്കും അറിയാവുന്നതുമാകുന്നു. അതുകൊണ്ട് ആദം (عليه السلام) നബിക്ക് മലക്കുകൾ ചെയ്ത സുജൂദിൻെറ വിവരണത്തിൽ പണ്ഡിതൻമാർ ഭിന്നമായ നിലപാടുകൾ സ്വീകരിച്ചിരിക്കുന്നതായി കാണാവുന്നതാണ്. ഓരോ അഭിപ്രായവും, അതതിൻെറ ന്യായങ്ങളും, അവയെ സംബന്ധിച്ച വിമർശനങ്ങളും ചുരുക്കിയെങ്കിലും വിവരിക്കുന്നപക്ഷം, അത് കുറേ ദീർഘിച്ചുപോകും. യൂസുഫ് (عليه السلام) നബിയുടെ മാതാപിതാക്കളും സഹോദരൻമാരും ഫലസ്തീനിൽ നിന്ന് ഈജിപ്തിൽ വന്നപ്പോൾ അവർ അദ്ദേഹത്തിനു സുജൂദ് ചെയ്തായി സൂറ:യൂസുഫ് 100-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. തലകുനിച്ചും, ദേഹംകൊണ്ടു കുനിഞ്ഞും ഉപചാരം ചെയ്യുക അക്കാലത്തു പതിവായിരുന്നു. അതനുസരിച്ച് അവർ ചെയ്ത ഒരു ഉപചാരമായിരുന്നു അത്. അഥവാ ആരാധനയുടെ സുജൂദായിരുന്നില്ല, ഭാഷാർത്ഥത്തിലുള്ള ഒരു സുജൂദായിരുന്നു. അതുപോലെ, ഭാഷാർത്ഥത്തിലുള്ള ഒരുതരം സുജൂദായിരുന്നു മലക്കുകൾ ആദം (عليه السلام) നബിക്കു ചെയ്തതും എന്നത്രെ ഇവിടെ പറയുവാനുള്ളതിൻെറ ചുരുക്കം.

സുജൂദിന് ഇവിടെ നൽകപ്പെട്ട ഏത് വിശദീകരണം നോക്കിയാലും ഈ സുജൂദു ആദം (عليه السلام) നബിക്ക് ആരാധനയായിരുന്നില്ലെന്ന് തീർച്ച തന്നെ. മുസ്‌ലിംകളിൽ ആരെങ്കിലും അങ്ങനെ പറയുന്നുവെങ്കിൽ,- അതവരുടെ അജ്ഞതയല്ലാത്തപക്ഷം - അതിൻെറ പിന്നിൽ എന്തെങ്കിലും ദുരുദ്ദേശം ഒളിച്ചിരിപ്പുണ്ടായിരിക്കുമെന്നേ പറയുവാനുള്ളു, 'ആദമിന് സുജൂദ് ചെയ്‌വാൻ കൽപ്പിച്ചതിൻെറ വിവക്ഷ മനുഷ്യൻെറ ഹിതത്തിനു വഴങ്ങുവാൻ ആജ്ഞാപിച്ചു

എന്നാണെന്ന്' ഒരു ആധുനിക വ്യാഖ്യാതാവ് എഴുതിക്കാണുന്നു. അദ്ദേഹത്തിന്റേതായ ചില ആശയാദർശങ്ങളിൽനിന്നു ഉടലെടുത്ത ഒരു പുത്തൻ വ്യാഖ്യാനമെന്നല്ലാതെ, അതിൽ കവിഞ്ഞ ഒരടിസ്ഥാനവും അതിനില്ല. ഒരു സംഗതി ഇവിടെ ഓർമ്മിച്ചിരിക്കേണ്ടതുണ്ട്. മലക്കുകളോടാണ് ഈ കൽപന. അവരുടെ പ്രകൃതിയും, ആകൃതിയും, സ്വഭാവവുമെല്ലാം മനുഷ്യരിൽ നിന്നും എത്രയോ വ്യത്യസ്തമാണ്. ആ നിലക്ക് അവരുടെ സുജൂദിന്റെ സ്വഭാവത്തിലും വ്യത്യാസമുണ്ടായിരിക്കുക സ്വാഭാവികമാണ്. അതുകൊണ്ട് അവരുടെ സുജൂദിന്റെ രൂപത്തെപ്പറ്റി അവരോട് യോജിച്ച ഒരു രൂപത്തിലായിരിക്കും അത് എന്നേ നമുക്ക് കരുതുവാൻ നിവൃത്തിയുള്ളു. والله اعلم

മലക്കുകൾ മുഴുവനും അല്ലാഹുവിന്റെ കൽപന അനുസരിച്ച് ആദമിന് സുജൂദ് ചെയ്തു. ഇബ്‌ലീസു മാത്രം ചെയ്തില്ല. അവൻ ഗർവ്വ് കാണിക്കുകയും, ആഭിജാത്യത്തിൽ അഹങ്കാരം കൊള്ളുകയുമാണ് ചെയ്തത്. തീയിനാൽ സൃഷ്ടിക്കപ്പെട്ട ഞാൻ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട ഇവന് സുജൂദ് ചെയ്യുകയോ?! എന്നായിരുന്നു അവന്റെ ന്യായം. (7 : 12 ; 15 : 33; 17: 61 ;38 :76) അപ്പോൾ, അഹംഭാവം എത്ര ചീത്ത! അതുകൊണ്ടുതന്നെയാണ് നബി (ﷺ) പറഞ്ഞതും: ''ഒരു കടുകുമണിയോളം അഹംഭാവം ഹൃദയത്തിലുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല'' (മു.) ഇബ്‌ലീസിനെപ്പറ്റി وكان من الكافرين എന്നു പറഞ്ഞതിന് രണ്ടു തരത്തിൽ അർത്ഥസാധ്യതയുണ്ട്: ''അവൻ അവിശ്വാസികളിൽ പെട്ടവനായിത്തീർന്നു'' എന്നും, ''അവൻ അവിശ്വാസികളിൽ പെട്ടവനായിരുന്നു'' എന്നും. 1-ാമത്തേതനുസരിച്ച് സുജൂദിന്റെ കൽപന ധിക്കരിച്ചതു നിമിത്തം അവിശ്വാസിയായിത്തീർന്നുവെന്നും, 2-ാമത്തേതനുസരിച്ച് അവൻ ബാഹ്യത്തിൽ നല്ലവനാണെങ്കിലും യഥാർത്ഥത്തിൽ അവന്റെ പര്യവസാനം അവിശ്വാസിയായിട്ടായിരിക്കുമെന്ന് അല്ലാഹുവിന് അറിയാമായിരുന്നുവെന്നും വ്യാഖ്യാനം നൽകപ്പെടുന്നു. ഈ രണ്ടർത്ഥവും പരസ്പരം എതിരില്ലതാനും.

ഇബ്‌ലീസ് ജിന്നു വർഗ്ഗത്തിൽ പെട്ടവനാകുന്നു. (സൂ:അൽകഹ്ഫ്, 50) എന്നാലും സുജൂദിന്റെ കൽപന അവനും ബാധകമായിരുന്നു. മലക്കുകൾക്കിടയിൽ അവരിലൊരാളെ പ്പോലെ അവൻ കഴിഞ്ഞുകൂടിയിരുന്നതുകൊണ്ടോ, അവനോട് പ്രത്യേക കൽപനയുണ്ടായതുകൊണ്ടോ ആയിരിക്കാം അത്. അല്ലാഹുവിനറിയാം. ഏതായിരുന്നാലും ശരി, കൽപന അനുസരിക്കാതിരുന്നതിന് കാരണം പറഞ്ഞ കൂട്ടത്തിൽ ആ കൽപന തനിക്ക് ബാധകമല്ലായിരുന്നു വെന്ന് അവൻ വാദിച്ചിട്ടില്ലല്ലോ. അപ്പോൾ, മലക്കുകളുടെ കൂട്ടത്തിൽ ആ കൽപന തനിക്ക് ബാധകമല്ലായിരുന്നുവെന്ന് അവൻ വാദിച്ചിട്ടില്ലല്ലോ. അപ്പേൾ, മലക്കുകളുടെ കൂട്ടത്തിൽ ചേരത്തക്കവണ്ണം ഒരു നല്ല നിലപാടിലാണ് അതുവരെ ഇബ്‌ലീസ് ഉണ്ടായിരുന്നതെന്ന് അതിൽനിന്ന് വ്യക്തമാകുന്നു. ഗർവ്വും ധിക്കാരവുമാണ് കാലാകാലശാപത്തിനും ശിക്ഷക്കും കാരണമായിത്തീർന്നത്. ഇമാം ഖുർത്തുബീ (رحمه الله) പറഞ്ഞതുപോലെ, ഒരാൾ ബാഹ്യദൃഷ്ടിയിൽ എത്ര ഉന്നതമായ പദവിയിൽ എത്തിച്ചേർന്നു കണ്ടാലും ആ വ്യക്തിയുടെ യഥാർത്ഥ പര്യവസാനം എങ്ങിനെയായിരിക്കുമെന്ന് അതുകൊണ്ട് തിട്ടപ്പെടുത്തുവാൻ നമുക്ക് സാധ്യമല്ല. ലൈഥ് (رحمه الله) ഇപ്രകാരം പറഞ്ഞതായി പറയപ്പെടുന്നു: ''ഒരു മനുഷ്യൻ വെള്ളത്തിനു മീതെ നടക്കുകയും, വായുവിലൂടെ പറക്കുകയും ചെയ്യുന്നത് നിങ്ങൾ കണ്ടാലും അയാളുടെ കാര്യം കിത്താബിനോടും സുന്നത്തിനോടും ഒത്തുനോക്കാതെ അയാളിൽ നിങ്ങൾ വഞ്ചിതരാവരുത്.''

وَقُلْنَا يَـٰٓـَٔادَمُ ٱسْكُنْ أَنتَ وَزَوْجُكَ ٱلْجَنَّةَ وَكُلَا مِنْهَا رَغَدًا حَيْثُ شِئْتُمَا وَلَا تَقْرَبَا هَـٰذِهِ ٱلشَّجَرَةَ فَتَكُونَا مِنَ ٱلظَّـٰلِمِينَ ﴿٣٥﴾

35 (ആദമിനോട്) നാം പറയുകയും ചെയ്തു: ''ആദമേ, നീയും, നിന്റെ ഇണ (ഭാര്യ) യും സ്വർഗ്ഗത്തിൽ താമസിച്ചു കൊള്ളുക: അതിൽനിന്ന് നിങ്ങൾ ഉദ്ദേശിച്ചിടത്തുനിന്നു സുഭിക്ഷമായി രണ്ടാളും ഭുജിച്ചുകൊള്ളുക. ഈ വൃക്ഷത്തെ

നിങ്ങൾ സമീപിക്കുകയും അരുത്; എന്നാൽ, നിങ്ങൾ രണ്ടുപേരും അക്രമികളിൽപെട്ടവരായിത്തീരും.''

36 എന്നിട്ട് പിശാച് അവരെ അതിൽനിന്ന് വ്യതിചലിപ്പിച്ചു; അങ്ങനെ, അവർ രണ്ടാളും ഏതൊരു (സ്ഥിതിയിലായിരുന്നുവോ) അതിൽനിന്ന് അവരെ പുറത്താക്കി. നാം പറയുകയും ചെയ്തു: ''നിങ്ങൾ (എല്ലാവരും) ഇറങ്ങിപ്പോകുവിൻ. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുവാകുന്നു. നിങ്ങൾക്കു ഭൂമിയിൽ ഒരു (നിശ്ചിത) സമയം വരേക്കും (വസിക്കുവാനുള്ള) പാർപ്പിടവും (ജീവിക്കുവാനുള്ള) വിഭവവും ഉണ്ടായിരിക്കും''.

فَأَزَلَّهُمَا ٱلشَّيْطَٰنُ عَنْهَا فَأَخْرَجَهُمَا مِمَّا كَانَا فِيهِ ۖ وَقُلْنَا ٱهْبِطُوا۟ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَٰعٌ إِلَىٰ حِينٍ ﴿٣٦﴾

---

(35) **وقُلْنا** നാം പറയുകയും ചെയ്തു **يا آدم** ആദമേ, **اسكُن** നീ പാർത്തുകൊള്ളുക **أنت** നീ(യും) **وزوجك** നിൻെറ ഇണയും **الْجنةَ** സ്വർഗ്ഗത്തിൽ, തോപ്പിൽ **وكُلا** (രണ്ടുപേരും) ഭുജിക്കുകയും ചെയ്യുക **منها** അതിൽനിന്ന് **رغَدا** സുഭിക്ഷം, വിശാലമായി **حيثُ شئْتما** നിങ്ങൾ (രണ്ടുപേരും) ഉദ്ദേശിച്ചിടത്തുനിന്ന് ഉദ്ദേശിച്ച പ്രകാരം **ولا تقْربا** നിങ്ങൾ (രണ്ടാളും) സമീപിക്കുകയും അരുത് **هذه الشجرةَ** ഈ വൃക്ഷത്തെ **فتكُونا** എന്നാൽ നിങ്ങളായിത്തിരും **من الظالمين** ആക്രമികളിൽപെട്ട(വർ) . (36) **فَأزلهما** എന്നിട്ട് അവരെ വ്യതിചലിപ്പിച്ചു, പിഴപ്പിച്ചു **الشيطانُ** പിശാച്, ശൈത്താൻ **عنها** അതിൽ നിന്ന് **فَأخرجهما** അങ്ങനെ അവൻ അവരെ പുറത്താക്കി **مما** യാതൊന്നിൽ (ഏതൊന്നിൽ) നിന്ന് **كانَا** അവർ രണ്ടുപേരുമായിരുന്നു **فيه** അതിൽ **وقُلْنا** നാം പറയുകയും ചെയ്തു. **اهبِطُوا** നിങ്ങൾ ഇറങ്ങിക്കൊള്ളുവിൻ **بعضُكمْ** നിങ്ങളിൽ ചിലർ **لبعض** ചിലർക്ക് **عدو** ശത്രുവാണ് **ولكُم** നിങ്ങൾക്കുതാനും **في الأرض** ഭൂമിയിൽ **مستقَر** പാർപ്പിടം **ومتاع** വിഭവവും **إلى حينٍ** ഒരു കാലം (സമയം) വരേക്കും.

സുജൂദിൻെറ സംഭവത്തിനുശേഷം, ആദമിനെയും, അവരുടെ ഭാര്യയായ ഹവ്വാഇനെയും (عليهما السلام) അല്ലാഹു സ്വർഗ്ഗത്തിൽ താമസിപ്പിച്ചു. യഥേഷ്ടം എവിടെ നിന്നും എന്തും ഭക്ഷിക്കാമെന്നും അനുവദിച്ചു. പക്ഷേ, ഒരു നിശ്ചിത വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കരുതെന്ന് പ്രത്യേകം അവരെ വിലക്കി. അതിൽ നിന്ന് ഭുജിക്കുന്നത് അക്രമമാണെന്ന് പ്രത്യേകം ഉണർത്തുകയും ചെയ്തു. ഇത് ഒരു പരീക്ഷണമായിരുന്നു. അതിൻെറ പര്യവസാനം എന്തായിരിക്കുമെന്ന് അല്ലാഹുവിന് ശരിക്കും അറിയാം. അറിയാഞ്ഞിട്ടല്ല- പക്ഷേ, അതിനെത്തുടർന്നുള്ള നടപടിയെടുക്കുവാൻ അതൊരു കാരണമായി അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. സ്വന്തം ആഭിജാത്യവും, അഹങ്കാരവും, അസൂയയും നിമിത്തമാണെങ്കിലും ഇബ്‌ലീസ് കാലാകാലം ആട്ടപ്പെട്ടവനായി ശപിക്കപ്പെടുവാൻ ഇടവന്നത് ആദമിൻെറ കാരണം കൊണ്ടാണല്ലോ. അതുകൊണ്ട് ആദം (عليه السلام) ആ പരീക്ഷണത്തിൽ വിജയിക്കുന്നത് അവന് സഹിക്കുവാൻ കഴിഞ്ഞില്ല. ദുരുപദേശങ്ങളും ദുഷ്പ്രേരണകളും നൽകി അവൻ അവരെ അബദ്ധത്തിൽ ചാടിച്ചു. അതെ, ആദമും ഹവ്വാഉം (عليهما السلام) ആ വിലക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചുകളഞ്ഞു. അങ്ങനെ, അവരുടെ സ്വർഗ്ഗീയജീവിതം അവർക്ക് നഷ്ടപ്പെടുവാനും, ഭൗമിക ജീവിതം നയിക്കുവാനും അവൻ കാരണമായിത്തീർന്നു.

ഭൂമിയിലേക്ക് അയക്കുമ്പോൾ, നിങ്ങൾ തമ്മിൽ ശത്രുക്കളായിരിക്കുമെന്നും, ഒരു നിശ്ചിത കാലം വരെ താമസിക്കുവാനുള്ള സൗകര്യവും, ജീവിക്കുവാനാവശ്യമായ വിഭവങ്ങളും അവിടെ ഉണ്ടായിരിക്കുമെന്നും പ്രത്യേകം ഓർമ്മിപ്പിച്ചുകൊണ്ട് അല്ലാഹു അവരെ-ആദം (عليه السلام) , ഹവ്വാഇ്

(عليه السلام) ഇബ്‌ലീസ് എന്നിവരെ-ഭൂമിയിലേക്കയച്ചു. ഇതായിരുന്നു അതിന്‍െറ അനന്തരഫലം. മനുഷ്യനും പിശാചും തമ്മിലുള്ള ആജീവാനന്ത ശത്രുതയും, മനുഷ്യർ തമ്മിലുണ്ടാകുന്ന ശത്രുതയും, ശത്രുത നിമിത്തം നേരിടാവുന്ന ഭവിഷ്യത്തുകളും സംബന്ധിച്ചു സദാ ജാഗരൂകരായിരിക്കണമെന്നുള്ള താക്കീതും, മനുഷ്യവർഗ്ഗത്തിന് അല്ലാഹു നിശ്ചയിച്ച കാലാവധി തീരുംവരെ താമസിക്കുവാനുള്ള പാർപ്പിടസൗകര്യവും, ഉപജീവനമാർഗ്ഗവും ഈ ഭൂമിയിൽ ഉണ്ടെന്നുള്ള വാഗ്ദാനവും സഹിതമാണ് അല്ലാഹു അവരെ ഭൂലോകത്തേക്കയക്കുന്നത്. അപ്പോൾ, പാർപ്പിടത്തിന് സ്ഥലം പോരാതെയോ, ഉപജീവനത്തിന് വിഭവങ്ങൾ മതിയാകാതെയോ മനുഷ്യൻ ഭൂമിയിൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ-യഥാർത്ഥത്തിൽ കഷ്ടപ്പാടൊന്നുമില്ല, കൃത്രിമമായ കഷ്ടപ്പാടേയുള്ളുവെന്ന് തീർച്ചയാണ്-അത് മനുഷ്യനുണ്ടാക്കിയ ഏടാകൂടങ്ങളുടെയും, അക്രമ നിയമങ്ങളുടെയും, തെറ്റായ സമീപനങ്ങളുടെയും കാരണം കൊണ്ടുണ്ടാകുന്നതായിരിക്കും.

മറയ്ക്കുക എന്നർത്ഥമായ جن (ജന്ന്) എന്ന മൂലത്തിൽ നിന്നുള്ള പദമാണ് جنة (ജന്നത്ത്) വൃക്ഷങ്ങൾ ധാരാളമുള്ള എല്ലാ തോട്ടങ്ങളും 'ജന്നത്ത് ' എന്ന് പറയപ്പെടും. വൃക്ഷങ്ങൾ അവയുടെ നിലം മൂടി മറക്കുമല്ലോ. സ്വർഗ്ഗീയ വസ്തുക്കളും ഭൗമിക വസ്തുക്കളും തമ്മിൽ നാമമാത്ര ബന്ധമേയുള്ളുവെങ്കിലും സ്വർഗ്ഗത്തിനും, സ്വർഗ്ഗത്തോപ്പുകൾക്കും ആ വാക്ക് അറബിയിൽ ഉപയോഗിച്ചു വരുന്നു. ആദം (عليه السلام) നബിയെ അല്ലാഹു ആദ്യം താമസിപ്പിച്ച ആ 'ജന്നത്തു'കൊണ്ടുദ്ദേശ്യം വാനലോകത്ത് സ്ഥിതിചെയ്യുന്ന സ്വർഗ്ഗമായിരുന്നുവോ, ഭൂമിയിൽ തന്നെയുള്ള ഒരു പ്രത്യേക തോട്ടമായിരുന്നുവോ എന്നതിൽ രണ്ടഭിപ്രായമുണ്ട്. 'മുഅ്തസില, ഖദ്‌രിയ്യ' എന്നീ കക്ഷികളും മറ്റു ചില പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിരിക്കുന്നത് അത് ഭൂമിയിലെ ഒരു തോട്ടമായിരുന്നുവെന്നാകുന്നു. ഇത് അദനിലോ, ഫലസ്തീനിലോ, ഇറാഖിലോ ആയിരുന്നുവെന്നും പക്ഷാന്തരങ്ങളുണ്ട്. ബൈബിളിൽ 'ഏദെൻ തോട്ടം' എന്നാണിതിനെപ്പറ്റി പറഞ്ഞിരിക്കുന്നത്. ''ഏദെൻ തോട്ടത്തിന്‍െറ സ്ഥലം ഏതായിരുന്നുവെന്നു സൂക്ഷ്മമായി അറിയുവാനുള്ള പ്രയത്നങ്ങളൊന്നും ഫലപ്പെട്ടിട്ടില്ല'' എന്നും ''ക്രിസ്തുവിന് മുമ്പ് ഗ്രന്ഥങ്ങൾ എഴുതിയ യഹൂദൻമാരും ആദ്യ ക്രിസ്ത്യാനികളിൽ ചിലരും അവരുടെ ഇഷ്ടംപോലെ ഏദെൻ തോട്ടത്തെ വർണ്ണിച്ചു'' എന്നും ''പുതിയ നിയമത്തിൽ പറുദീസാ എന്നു പറഞ്ഞിരിക്കുന്നത് ഏദെൻ തോട്ടത്തെക്കുറിച്ചുള്ള ആശയത്തിൽ നിന്നുവന്നതാണ്'' എന്നും 'വേദപുസ്തക നിഘണ്ടുവി'ൽ പ്രസ്താവിച്ചു കാണാം. എന്നാൽ, ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം അത് സ്വർഗ്ഗം തന്നെയാണെന്നാകുന്നു. ഖുർആനിൽനിന്നും ഹദീസിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നതും ഇതുതന്നെ. പ്രത്യേക സന്ദർഭങ്ങളല്ലാത്തപ്പോൾ 'അൽ-ജന്നത്തു' الجنة എന്ന് സ്വർഗ്ഗത്തെ ഉദ്ദേശിച്ചാണ് സാധാരണ പറയപ്പെടാറുള്ളതും.

വൃക്ഷത്തിൽ നിന്ന് ആദമും ഹവ്വാഉം ഭുജിച്ചതിനെത്തുടർന്ന് അവരോട് ഇറങ്ങിപ്പോകുവാൻ കൽപിച്ചപ്പോൾ ''ഒരു കാലംവരേക്ക് നിങ്ങൾക്ക് ഭൂമിയിൽ പാർപ്പിടവും വിഭവങ്ങളുമുണ്ട്'' (ولكم في الارض مستقر ومتاع الي حين) എന്നാണല്ലോ അല്ലാഹു അവരോട് പറഞ്ഞത്. അപ്പോൾ അവർ ഇറങ്ങിപ്പോകുന്നത് ഭൂമിയിലേക്കാണെന്നും, അതുവരെ അവർ ഭൂമിയിൽ അല്ലായിരുന്നുവെന്നുമാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. സൂറ; ത്വാഹാ 118, 119 ൽ ഇതേ 'ജന്നത്തി'നെപ്പറ്റി ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു: .....ان لك ان لا تجوع فيها (നിനക്കവിടെ വിശക്കാതിരിക്കുകയും, നഗ്നമാകാതിരിക്കുകയും ചെയ്യാം. നിനക്കവിടെ ദാഹിക്കാതിരിക്കുകയും വെയിൽ കൊള്ളാതിരിക്കുകയും ചെയ്യാം:-) ഈ വർണ്ണന ഭൂമിയിലെ തോട്ടത്തെക്കാൾ അനുയോജ്യമായത് സ്വർഗ്ഗത്തോപ്പിനോടാണുതാനും. വിലക്കപ്പെട്ട വൃക്ഷത്തിൽനിന്നും ഫലം തിന്നതോടുകൂടി ആദമിന്‍െറയും ഹവ്വാഇന്‍െറയും അപമാനം- അഥവാ നഗ്നത- അവർക്ക് വെളിപ്പെട്ടുവെന്നും, അവർ ഇലയെടുത്ത് അത് മറക്കുവാൻതുടങ്ങി എന്നും بدت لهما سوأتهما وطفقا يخصفان സൂറ: അഅ്റാഫ് 22ലും വരുന്നുണ്ട്. ഇതും ഭൂമിയിലെ തോട്ടമല്ലെന്നാണ് കാണിക്കുന്നത്. കൂടാതെ, ബൈബിളിന്‍െറ പഴയ നിയമത്തിലെ 'ഏദെൻ' എന്ന വാക്കും, പുതിയ നിയമത്തിലെ 'പറുദീസാ' എന്ന വാക്കും ഖുർആനിലെ അ്ദൻ (عدن) 'ഫിർദൗസ്'

(فردوس) എന്നീ വാക്കുകളുടെ ഒരു വകഭേദമാണെന്നുള്ളതിൽ സംശയമില്ല. ഖുർആനിലാകട്ടെ, ഈ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് സ്വർഗ്ഗത്തെക്കുറിച്ചാണ് താനും (18 : 107, 23 : 11, 13 : 23, 18 : 31 മുതലായവ നോക്കുക)

ആദം (عليه السلام) നബിയോട് വിരോധിക്കപ്പെട്ട വൃക്ഷം ഏതായിരുന്നുവെന്ന് നിർണ്ണയിക്കുവാൻ തെളിവുകളൊന്നുമില്ല. അതിന്റെ പേരറിയുന്നതിൽ വിശേഷിച്ചു പ്രയോജനമില്ലതാനും. ആ വൃക്ഷം ഏതാണെന്നു നിർണ്ണയിക്കുന്നതിന് തക്കതായ ഒരു തെളിവുമില്ലെന്നും, ചില ആളുകൾ പേരു പറഞ്ഞു കാണുന്ന വൃക്ഷങ്ങളിൽ ഏതെങ്കിലും ഒന്നോ വേറെ ഏതെങ്കിലും ഒന്നോ ആവാമെന്നും, അതറിയാത്തതുകൊണ്ട് ഒരു ദോഷവും പറ്റുവാനില്ലെന്നും ഇബ്നു കഥീർ, റാസീ (رحمهم الله) മുതലായ മഹാൻമാർ ചൂണ്ടിക്കാട്ടിയിരിക്കുന്നതും പ്രസ്താവ്യമാകുന്നു.

فَتَلَقَّىٰٓ ءَادَمُ مِن رَّبِّهِۦ كَلِمَٰتٍ فَتَابَ عَلَيْهِ ۚ إِنَّهُۥ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿٣٧﴾

37 അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വാക്കുകൾ ഏറ്റെടുത്തു (പഠിച്ചു) . അങ്ങനെ അവൻ, അദ്ദേഹത്തിന് പശ്ചാത്താപം സ്വീകരിച്ചു (കൊടുത്തു) നിശ്ചയമായും. അവൻ തന്നെയാണ് പശ്ചാത്താപം വളരെ സ്വീകരിക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

---

37 **فتلقى** എന്നിട്ട് (അനന്തരം) ഏറ്റെടുത്ത്, കണ്ടെടുത്തു(പഠിച്ചു) **آدم** ആദം **من ربه** തന്റെ റബ്ബിൽ നിന്ന് **كلمات** ചില വാക്കു(വാക്യം) കളെ **فتاب عليه** അങ്ങനെ അവൻ മടങ്ങി (പശ്ചാത്താപം സ്വീകരിച്ചു) അദ്ദേഹത്തിന്റെ പേരിൽ **إنه هو** നിശ്ചയമായും അവൻ തന്നെ **التواب** വളരെ പശ്ചാത്താപം സ്വീകരിക്കുന്നവൻ **الرحيم** കരുണാനിധി.

തന്റെ പക്കൽ വന്നുപോയ തെറ്റിനെപ്പറ്റി ആദം (عليه السلام) ഖേദിച്ചു. പശ്ചാത്തപിച്ചു മടങ്ങേണ്ടുന്ന വിധവും അതിനുള്ള വാക്കുകളും അല്ലാഹുവിങ്കൽ നിന്നുതന്നെ അദ്ദേഹത്തിന് ലഭിച്ചു. മനുഷ്യചരിത്രത്തിലെ ഒന്നാമത്തെ തെറ്റും ഒന്നാമത്തെ പശ്ചാത്താപവുമാണല്ലോ അദ്ദേഹത്തിന്റേത്. അങ്ങനെ, ആ വാക്കുകൾ മുഖേന അദ്ദേഹം പാപമോചനം തേടുകയും അല്ലാഹു അത് സ്വീകരിച്ചു പൊറുത്തു കൊടുക്കുകയും ചെയ്തു എന്നു സാരം. ആ വാക്യങ്ങൾ ഏതായിരുന്നുവെന്നു സൂറ: അഅ്റാഫു, 23-ാം വചനത്തിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. ആദമും ഹവ്വാഉം (عليهما السلام) ആ വിലക്കപ്പെട്ട വൃക്ഷത്തിൽനിന്നു ഭുജിച്ച സംഭവം വിവരിച്ചുകൊണ്ടു അതിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: قالا ربنا ظلمنا انفسنا وان لم تغفر لنا وترحمنا لنكونن من الخاسرين – الاعراف (അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ റബ്ബേ, ഞങ്ങൾ ഞങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരുകയും, 'ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം, നിശ്ചയമായും ഞങ്ങൾ നഷ്ടക്കാരിൽ പെട്ടവരായിത്തീരുന്നതാണേ!' 7:23) ഇതാണ് ആദം (عليه السلام) അല്ലാഹുവിൽനിന്ന് പഠിച്ച ആ വാക്കുകൾ എന്ന് മുജാഹിദ്, സഈദുബ്നുൽ മുസയ്യബ്, അബുൽ ആലിയ (رحمهم الله) തുടങ്ങിയ പല മഹാൻമാരും പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്. മറ്റു ചില രിവായത്തുകളിൽ കാണാവുന്നതുപോലെ, ഈ വാക്യങ്ങൾക്കു പുറമെ വേറെയും വല്ല പ്രാർത്ഥനാവാക്യങ്ങളും അവർ പറഞ്ഞുകൂടായ്കയില്ല. പക്ഷേ, സ്വീകരിക്കത്തക്കതെളിവുകളൊന്നുമില്ല. നബി (صلى الله عليه وسلم) തിരുമേനി, അലി, ഫാത്വിമ, ഹസൻ, ഹുസൈൻ (رضي الله عنهم) എന്നിവരുടെ 'ഹഖ്-ഖ് ' കൊണ്ടാണവർ പ്രാർത്ഥിച്ചതെന്ന് ഒരു വ്യാജഹദീസ് ചില ഗ്രന്ഥങ്ങളിൽ കാണാം. ഇത് ശീആ കക്ഷിയിലെ അതിരുകവിഞ്ഞ ഒരു വിഭാഗമായ رافضة (റാഫിള) കളാൽ നിർമ്മിതമാണെന്നുള്ളതിൽ സംശയമില്ല. ഇതിന്റെ നിവേദക

നായ അംറുബ്നുഥാബിത്തു വ്യാജഹദീസ് ഉദ്ധരിക്കുന്നവനാണെന്നും, റാഫിളീയാണെന്നും മറ്റും പലമഹാൻമാരും പ്രസ്താവിച്ചിരിക്കുന്നു.*

تاب (താബ) എന്നാൽ ‘മടങ്ങി’ എന്ന് ഭാഷാർത്ഥം تاب إلى الله (അവൻ അല്ലാഹുവിങ്കലേക്ക് മടങ്ങി) എന്നു പറയുമ്പോൾ, ചെയ്തുപോയതിനെപ്പറ്റി അവൻ ഖേദിക്കുകയും പശ്ചാത്താപിച്ചു മടങ്ങുകയും ചെയ്തുവെന്ന് ഉദ്ദേശ്യമായിരിക്കും. تاب الله عليه (അവന്റെ മേൽ അല്ലാഹു മടങ്ങി) എന്നു പറയുമ്പോൾ അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിച്ചു പാപം പൊറുത്തു കൊടുത്തു എന്നാണുദ്ദേശ്യം. ഈ അടിസ്ഥാനത്തിലാണ് മടക്കത്തിന്റെ കർത്താവ് സൃഷ്ടികളായിരിക്കുമ്പോൾ ആ ക്രിയക്കും അതിൽ നിന്നുള്ള മറ്റു പദങ്ങൾക്കും പശ്ചാത്തപിക്കുക എന്നും, അല്ലാഹു ആയിരിക്കുമ്പോൾ പശ്ചാത്താപം സ്വീകരിക്കുക എന്നും അർത്ഥം കൽപ്പിക്കപ്പെടുന്നത്. അല്ലാഹു പറയുന്നു:-

قُلْنَا ٱهْبِطُوا۟ مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾

38 നാം പറഞ്ഞു: ‘‘നിങ്ങൾ മുഴുവനും ഇവിടെ നിന്ന് ഇറങ്ങിപ്പോയിക്കൊള്ളുക. എന്നിട്ട് എന്റെ പക്കൽനിന്ന് വല്ല മാർഗ്ഗദർശനവും നിങ്ങൾക്ക് വരുന്നപക്ഷം (അത്) തീർച്ച തന്നെ- അപ്പോൾ എന്റെ മാർഗ്ഗദർശനം ആർ പിൻപറ്റിയോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.’’

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَـٰتِنَآ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٣٩﴾

39 ‘‘അവിശ്വസിക്കുകയും, നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ അക്കൂട്ടർ നരകത്തിന്റെ ആൾക്കാരാകുന്നു; അവര തിൽ സ്ഥിരവാസികളായിരിക്കും.’’

---

38 **قُلْنا** നാം പറഞ്ഞു. **اهبطوا** ഇറങ്ങിപ്പോകുവിൻ. **منها** ഇതിൽനിന്ന്. **جميعا** മുഴുവൻ, എല്ലാവരും. **فإما يأتينكم** എന്നിട്ട് നിങ്ങളക്ക് നിശ്ചയമായും വരുന്നപക്ഷം. **مني** എന്റെ പക്കൽനിന്ന്. **هدى** ഒരു മാർഗ്ഗദർശനം. **فمن** അപ്പോൾ ആർ. **تبع** പിൻപറ്റി. **هداي** എന്റെ മാർഗ്ഗദർശനം. **فلا خوف** എന്നാൽ ഒരു ഭയവുമില്ല. **عليهم** അവരുടെ മേൽ. **ولا هم يحزنونَ** അവർ വ്യസനിക്കുകയില്ല. 39 **والذين** യാതൊരുവർ. **كفَروا** അവർ അവിശ്വസിച്ചു. **وكذبوا** അവർ കളവാക്കുകയും ചെയ്തു. **بآياتنا** നമ്മുടെ ദൃഷ്ടാന്തങ്ങളെ. **أُولئك** അക്കൂട്ടർ അവർ. **أَصحاب النار** നരകക്കാരാണ്, നരകത്തിന്റെ ആൾക്കാരാകുന്നു. **هم** അവർ. **فيها** അതിൽ. **خالدونَ** സ്ഥിരവാസികൾ (ശാശ്വതന്മാർ) ആയിരിക്കും.

മനുഷ്യവർഗ്ഗത്തിന്റെ മാതാപിതാക്കളായ ആദം(عليه السلام) നെയും, ഹവ്വാഉ്(അ.) നെയും ഭൂമിയിലേക്കയക്കുമ്പോൾ അവർ മുഖാന്തരം മനുഷ്യ സന്താനങ്ങൾക്കാകമാനം വേണ്ടി അല്ലാഹു നൽകിയ മറ്റൊരു അറിയിപ്പാണിത്. നല്ലതും ചീത്തയും, ഗുണവും ദോഷവും, നൻമയും തിൻമയും, സുഖവും ദുഃഖവും കലർന്ന ഒരു ജീവിതമാണ് നിങ്ങൾക്കിവിടെ നേരിടുവാനുള്ളത്. നിങ്ങളുടെ നൻമക്കും ഗുണത്തിനും ആവശ്യമായ മാർഗ്ഗദർശനങ്ങൾ ഞാൻ നൽകിക്കൊണ്ടിരിക്കും. അഥവാ, പ്രവാചകൻമാർ, വേദഗ്രന്ഥങ്ങൾ, സന്ദേശങ്ങൾ, ദൃഷ്ടാന്തങ്ങൾ മുതലായവ വഴി നിങ്ങൾക്കാവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നിങ്ങൾക്ക് എന്റെ പക്കൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കും. ആ മാർഗ്ഗദർശനങ്ങൾ സ്വീകരിച്ചു അതുപ്രകാരം നിങ്ങളിവിടെ

---

* صيانة الانسان لمحمد بشير السهسوانى الهندى

ജീവിതം നയിക്കുന്നപക്ഷം, ഇഹത്തിലോ പരത്തിലോ ഭാവിയെക്കുറിച്ച് നിങ്ങൾക്ക് ഒട്ടും ഭയപ്പെടേണ്ടി വരികയില്ല. കഴിഞ്ഞതിനെപ്പററി നിങ്ങൾ വ്യസനിക്കേണ്ടതായും വരികയില്ല. നേരെ മറിച്ചു ആ മാർഗ്ഗദർശനങ്ങൾ സ്വീകരിക്കാതെ നിരാകരിക്കുകയും നിഷേധിക്കുകയുമാണെങ്കിൽ, അങ്ങിനെയുള്ളവർക്ക് ശാശ്വതമായ നരകശിക്ഷയായിരിക്കും ആധാരം. എന്നൊക്കെയാണ് ഈ അറിയിപ്പിൻെറ സാരം.

വ്യാഖ്യാനക്കുറിപ്പ് - 1

ആദം (عليه السلام) നബിയുടെയും, ഇബ്‌ലീസിൻെറയും കഥ ഒരു ഉദാഹരണം മാത്രമാണോ?

ആദം (عليه السلام) നബിയുടെയും ഇബ്‌ലീസിൻെറയും കഥ ഖുർആനിൽ പല പ്രാവശ്യം വ്യക്തമായ ഭാഷയിൽ ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ഹൃദയത്തിൽ ചില പ്രത്യേക താൽപര്യം വെച്ചുകൊണ്ടിരിക്കുന്നവർക്ക് ഖുർആൻ എത്രതന്നെ സ്പഷ്ടമാക്കിപ്പറഞ്ഞ വിഷയവും, തങ്ങളുടെ ഇഷ്ടത്തിനൊത്ത് വ്യാഖ്യാനിക്കാതിരിക്കുവാൻ മനസ്സ് വരികയില്ലല്ലോ. സാധാരണക്കെതിരായോ, പഞ്ചേന്ദ്രിയങ്ങൾക്കതീതമായോ ഉള്ള വസ്തുക്കളെയും, വസ്തുത കളെയും ഖുർആനിലോ, ഹദീസിലോ പ്രസ്താവിച്ചതുകൊണ്ടുമാത്രം -തങ്ങളുടെ ശാസ്ത്രത്തി ൻെറയും, യുക്തിയുടെയും അനുമതി കിട്ടാതെ- സമ്മതിച്ചുകൊടുക്കുവാൻ ഇവർക്ക് സാധ്യമല്ല. അതുകൊണ്ട് ഇവർ പലപ്പോഴും വിഷമിക്കാറുണ്ട്. അതിൽ ഒന്നാണ് ഈ കഥയും. ഇത് യഥാർത്ഥത്തിൽ സംഭവിച്ച ഒരു കഥയല്ലെന്നും, മനുഷ്യജീവിതത്തെ ഉദാഹരിക്കുന്ന ഒരു ഉദാഹരണം മാത്രമാണെന്നുമത്രെ ഇവർ സമർത്ഥിക്കുന്നത്. ഇതിനായി, പരസ്പര വിരുദ്ധവും, ബാലിശവുമായ ചില ദുർവ്യാഖ്യാനങ്ങൾ ഇവർ ചെയ്യേണ്ടി വന്നിരിക്കുന്നു.

ഇവരിൽ, വളരെ പുരോഗമനേച്ഛുക്കളാണെന്ന് ഗണിക്കപ്പെടുന്ന ചിലർ ഇവിടെ പ്രസ്താവിക്കുന്നതിൻെറ ചുരുക്കം ഇതാണ്: ''മനുഷ്യൻ വളരെ ഉൽകൃഷ്ടനും ഉന്നതനുമാണ്. നൻമക്കു മാത്ര*) മുള്ള വാസനയോടുകൂടി സൃഷ്ടിക്കപ്പെട്ടവനാണ്. വേണമെങ്കിൽ അവന് ഈ ലോകത്തെ സ്വർഗ്ഗമയമാക്കാം; നരകമാക്കാം, നരകശിക്ഷയുടെ എല്ലാ വശങ്ങളും ഇവിടെ അനുഭവിക്കാം. ഈ പ്രപഞ്ചത്തെ അടക്കി ഭരിക്കുവാനും ശ്രമിക്കാം. എല്ലാ വസ്തുക്കളും അവന് കീഴ്പ്പെട്ടാണിരിക്കുന്നത്. എല്ലാം അവന് തലകുനിക്കണം......... പക്ഷേ, അവന് മറ്റൊരു സ്വഭാവമുണ്ട്: അവൻ പുരോഗമനേച്ഛുവാകകൊണ്ട് ആരെങ്കിലും വല്ലതും ചൂണ്ടിക്കാട്ടി കൊടുത്താൽ വേഗം അതിനു വശംവദനാകും, ദോഷങ്ങളെക്കുറിച്ച് ചിന്തിക്കുകയില്ല. ഒടുക്കം ഖേദിക്കും. ഈ സ്വഭാവമാണ് ഈ കഥയിൽ ചൂണ്ടിക്കാട്ടുന്നത്........ ആനന്ദസാഗരത്തിൽ ആറാടിക്കൊണ്ടിരിക്കുമ്പോൾ, അവന് പലതും തോന്നും. ചിലപ്പോൾ പത്ഥ്യമല്ലാത്തത് അല്പമൊന്നുകഴിക്കും. അപ്പോഴേക്കും മട്ടുമാറി തലചുറ്റും, ഛർദ്ദിക്കും, പിച്ചുംപേയും പറയും, വസ്ത്രമഴിയും. നഗ്നത വെളിപ്പെടും. എല്ലാം കഴിഞ്ഞു ബോധം വരുമ്പോൾ ലജ്ജിച്ചു തല താഴ്ത്തും. തുണി അഴിഞ്ഞുപോയവൻ കുറെ ഇല പറിച്ചു പൊത്തിപ്പിടിക്കും. ഇങ്ങിനെ പല വിധത്തിലും തൻെറ പോരായ്മ മൂടിവെക്കുവാൻ പല ഉപായവും ഉപയോഗിക്കും. ഫലമെന്ത് ? എന്നിങ്ങിനെ മനുഷ്യജീവിതത്തെ ഉദാഹരിച്ചതാണ്. ആദമിൻെറയും ഇബ്‌ലീസിൻെറയും കഥ.' ഇതാണ് ഇവരുടെ വർണ്ണനയുടെ സ്വഭാവം . ഇപ്പറഞ്ഞതിൽ, ഈ കഥ വെറും ഒരു സങ്കൽപ കഥയാണെന്നു ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ലെങ്കിലും ഇതു കേവലം ഒരു യഥാർത്ഥ സംഭവമല്ലെന്നുള്ള പശ്ചാതലത്തിലാണ് ഈ വർണ്ണന എന്ന് പറയേണ്ടതില്ല. താഴെക്കാണുന്ന ഇവരുടെ ചില ന്യായവാദങ്ങളിൽ നിന്ന് ഈ വസ്തുത കൂടുതൽ സ്പഷ്ടമായി കാണാവുന്നതാണ്.

* നൻമക്കു മാത്രമുള്ള വാസനയാണ് മനുഷ്യനുള്ളതെന്ന വാദം തുടങ്ങി ചിലതെല്ലാം ഇതിൽ വിമർശനാർഹമാണ് സന്ദർഭം മറ്റൊന്നായതുകൊണ്ട് അതിനെപ്പറ്റി പ്രത്യേകം ഇവിടെ സ്പർശിക്കുന്നില്ല.

ഈ സംഭവം ഖുർആനിൽ അവർത്തിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞുവല്ലോ. സൂ: അഅ്റാഫു: 11-27 ലാണ് കൂടുതൽ വിശദീകരിച്ചിട്ടുള്ളത്. ഇങ്ങിനെ ആവർത്തിച്ചു പറയുന്നത് അതിൽ നിന്ന് നമുക്ക് ചില പാഠങ്ങൾ പഠിക്കേണ്ടതുള്ളതുകൊണ്ടുതന്നെയാണ്. സംശയമില്ല. ഇവർ ചൂണ്ടിക്കാട്ടിയ മേലുദ്ധരിച്ച കഥാപാഠങ്ങളുടെ ചില വശങ്ങൾ സ്വീകാര്യങ്ങളാണെങ്കിലും അതിലെ മറ്റു ചില വശങ്ങൾ ഇസ്‌ലാമിൻെറയും ഖുർആൻെറയും അദ്ധ്യാപനങ്ങൾക്ക് നിരക്കാത്തവയാണ് എന്ന് പറയാതിരിക്കുവാൻ തരമില്ല. ഭൗതികലക്ഷ്യം വെച്ചുകൊണ്ടും, മനുഷ്യന് ഇല്ലാത്ത കഴിവുകൾ സ്ഥാപിച്ചുകൊണ്ടുമുള്ള ഭാഗങ്ങൾ ഒഴിച്ചു ബാക്കിഭാഗം സാമാന്യേന കഥാപാഠമായി നമുക്ക് സ്വീകരിക്കാം. വേണ്ടാ, ഈ കഥയിൽ നിന്നു നാം പഠിക്കേണ്ടുന്ന പാഠങ്ങളെ അല്ലാഹു തന്നെ ഖുർആനിൽ പലേടത്തായി ചൂണ്ടിക്കാട്ടിത്തന്നിട്ടുണ്ട്. ഈ കഥ വിസ്തരിച്ചു പറഞ്ഞശേഷം സൂ: അഅ്റാഫിൽ ഇങ്ങിനെ പറയുന്നു: يا بنى ادم لا يفتننكم الشيطان كما أخرج ابو يكم من الجنة – الاعراف : ٢٧ (ആദമിൻെറ സന്തതികളേ! പിശാചു നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽനിന്നു പുറത്താക്കിയതുപോലെ, നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരിക്കട്ടെ) .

സൂറത്തുൽ കഹ്ഫിൽ ഈ കഥ ചുരുക്കിപ്പറഞ്ഞശേഷം ഇങ്ങിനെ പറയുന്നു:- افتتخذونه وذريته اولياء من دونى وهم لكم عدو – الكهف : ٥٠ (എന്നിരിക്കെ, എന്നെ വിട്ട് അവനെയും- ഇബ്‌ലീസിനെയും - അവൻെറ സന്തതികളെയും നിങ്ങൾ കാര്യ കർത്താക്കളാക്കുന്നുവോ? അവരാകട്ടെ, നിങ്ങൾക്ക് ശത്രുക്കളാണ്!) ഇതുപോലെയുള്ള ഉദാഹരണങ്ങൾ വേറെയും കാണാം. ഈ കഥയിൽ നിന്നു പഠിക്കേണ്ടുന്ന പ്രധാന പാഠങ്ങൾ ആ ഖുർആൻ വചനങ്ങിൽ നിന്നുതന്നെ നമുക്ക് വ്യക്തമാണ്.

എന്നാൽ, മേൽപറഞ്ഞ പാഠങ്ങൾക്കുവേണ്ടി 'ആദം, ആദമിൻെറ ഭാര്യ (ഹവ്വാഃ) , ഇബ്‌ലീസ് (പിശാച്) , സുജൂദ്, സ്വർഗ്ഗം, വൃക്ഷം, നഗ്നത വെളിപ്പെടൽ, ഇലയെടുത്ത് നഗ്നത മറക്കൽ' ആദിയായി ആയത്തുകളിൽ സ്പഷ്ടമായ ഭാഷയിൽ -ഉപമാലങ്കാരങ്ങളുടെ പ്രതീതിയൊന്നും കലരാത്ത ഭാഷയിൽ- പ്രസ്താവിച്ചുള്ളതെല്ലാം സങ്കൽപവും ഉപമാലങ്കാര പ്രയോഗങ്ങളുമാണെന്ന് സമ്മതിക്കുവാൻ, അല്ലാഹുവിലും ഖുർആനിലും യഥാർത്ഥമായി വിശ്വസിക്കുന്ന ആർക്കും തന്നെ ധൈര്യം വരികയില്ല. അത് വാസ്തവത്തിൽ ഖുർആനിനെ ഒരു കഥയോ, നോവലോ ആക്കുന്ന ഏർപ്പാടായിരിക്കും. തികച്ചും സ്പഷ്ടമായ ഭാഷയിൽ ആവർത്തിച്ചു വിവരിക്കുകയും, യഥാർത്ഥ സംഭമാണെന്ന അടിസ്ഥാനത്തിൽ മറ്റു പല കാര്യങ്ങളും അതോട് ബന്ധപ്പെടുത്തി പ്രസ്താവിക്കുകയും ചെയ്തിരിക്കെ, പിന്നെയും അതൊരു ഉപമ മാത്രമാണെന്നുവെച്ച് വ്യാഖ്യാനം നൽകുന്നത് തീർച്ചയായും ഖുർആൻെറ നേർക്കുള്ള വമ്പിച്ച ഒരു കയ്യേറ്റമത്രെ. يحرفون الكلم عن مواضعه (വേദഗ്രന്ഥത്തിലെ വാക്കുകളെ അവർ സ്ഥാനമാറ്റം ചെയ്യുന്നു) എന്ന് വേദക്കാരെപ്പറ്റി അല്ലാഹു പ്രസ്താവിച്ച കൂട്ടത്തിൽ ഇത് ഉൾപ്പെടുകയില്ലേ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു!

തൗറാത്തിൽ (ബൈബിളിൽ) ആദം (عليه السلام) നബിക്ക് സുജൂദുചെയ്യുവാൻ കൽപിച്ച വിവരം കാണുന്നില്ല. പക്ഷേ വൃക്ഷത്തിൽനിന്നു ഭുജിച്ച സംഭവവും മറ്റും കാണാം. ഖുർആനോട് യോജിച്ച ഏതുഭാഗവും പൂർവ്വ ഗ്രന്ഥങ്ങളിൽ കണ്ടാലത് തിരസ്കരിക്കുവാൻ പാടില്ല. ഖുർആനോട് എതിരായ ഭാഗമേതും സ്വീകരിക്കുവാനും പാടില്ല. ഈ വിഷയത്തിൽ മുസ്‌ലിം കൾക്കിടയിൽ തർക്കമില്ലാത്തതാണ്. എന്നാൽ, ഈ കഥാവിവരണത്തിൽ, തൗറാത്തിൻെറ വാചകങ്ങൾ ചിലത് ഖുർആൻ വാക്യങ്ങളോട് തികച്ചും യോജിക്കുന്നതും, ചിലത് യോജിക്കാത്തതുമാകുന്നു. എന്നിരിക്കെ, ഈ വിഷയകമായി തൗറാത്തിലുള്ളത് അപ്പടി കെട്ടുകഥയാണെന്ന് പറഞ്ഞു തള്ളിക്കളയുകയും, അതിൽനിന്നാണ് ഇതൊരു യഥാർത്ഥ സംഭവമാണെന്നു മുസ്‌ലിംകൾ കരുതിപ്പോരുവാൻ ഇടവന്നതെന്നു ധ്വനിപ്പിക്കുകയുമാണ് ഇക്കൂട്ടർ ചെയ്യുന്നത്. ഇത് ഒട്ടും ശരിയല്ല. ഖുർആനിലും, തൗറാത്തിലും, ഒരേവിധത്തിൽ

വ്യക്തമായിപ്പറഞ്ഞതിനെ, അതിൻെറ സാക്ഷാൽരൂപത്തിൽ ഇവർക്ക് സ്വീകരിക്കുവാൻ കഴിയാത്ത അതേ സമയത്ത്, തങ്ങളുടെ വാദത്തിന് അൽപം ഗുണമായിക്കാണുന്ന ചില ഭാഗങ്ങൾ അതേ തൗറാത്തിൻെറ വാക്കുകളിൽ നിന്നുതന്നെ ഇവർ എടുത്തുദ്ധരിക്കുകയും, തെളിവായി സ്വീകരിക്കുകയും ചെയ്യുന്നു.

സ്വർഗ്ഗത്തിൽവെച്ച് ആദം (عليه السلام) നബിയോട് വിരോധിക്കപ്പെട്ട വൃക്ഷം ഏതായിരുന്നുവെന്ന് പരിശോധിക്കേണ്ട കാര്യം നമുക്കില്ല. എങ്കിലും അതേതായിരുന്നുവെന്നതിനെക്കുറിച്ച് പല ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായം പറഞ്ഞുകാണുമെന്ന് തീർച്ചയാണ്. അക്കൂട്ടത്തിൽ 'നെല്ല്, ഗോതമ്പ്, മുന്തിരി' എന്നൊക്കെ പറഞ്ഞവരുണ്ട്. ഇതിനെപ്പറ്റി ഖുർആൻ ഉപയോഗിച്ച വാക്ക് **شجرة** (ശജറത്ത്) എന്നാകുന്നു 'വൃക്ഷം, മരം' എന്നെക്കെയാണ് ഈ പദത്തിന് അർത്ഥം. ചെറിയ ചെടികൾക്കും ഈ വാക്ക് അറബിയിൽ ഉപയോഗിക്കപ്പെടുമെങ്കിലും, കാണ്ഡത്തിൻമേൽ നിലകൊള്ളുന്ന വൃക്ഷത്തിനാണ് സാധാരണ അത് ഉപയോഗിക്കപ്പെടാറുള്ളത്. ഈ വസ്തുതയെ പൊക്കിപ്പിടിച്ചുകൊണ്ട് മേൽസൂചിപ്പിച്ച അഭിപ്രായക്കാരെപ്പറ്റി: ''ഖുർആൻ ഉപയോഗിച്ച വാക്കുപോലും ഇവർ ഗൗനിച്ചില്ല.'' എന്നും, ''സസ്യങ്ങൾക്കും വള്ളികൾക്കും ആ വാക്ക് (ശജറത്ത്) അറബിയിൽ ഉപയോഗിക്കുകയില്ല'' എന്നും മററും പറഞ്ഞ് ഇക്കൂട്ടർ പരിഹസിച്ചുകാണാം.(*) അതേ അവസരത്തിൽ ഇവിടെ വൃക്ഷം (ശജറത്ത്) കൊണ്ടുദ്ദേശ്യം 'തിൻമ'യാണെന്ന് ഇവർ ജൽപിക്കുകയും ചെയ്യുന്നു. 'തിൻമ'ക്കു 'വൃക്ഷ'മെന്നും, 'തിൻമ ചെയ്തു' എന്നതിനു 'വൃക്ഷത്തിൽനിന്ന് തിന്നു' (**فاكلا منهما**) എന്നും പറയാമെങ്കിൽ നെല്ലിനും മുന്തിരിക്കും എന്തുകൊണ്ട് വൃക്ഷമെന്നു പറഞ്ഞുകൂടാ?

شجرة (വൃക്ഷം) കൊണ്ട് ഇവിടെ 'തിൻമ'യാണുദ്ദേശ്യമെന്ന് സ്ഥാപിക്കുവാൻ ഇവർ കൊണ്ടുവരുന്ന തെളിവുകളാണ് കൂടുതൽ വിചിത്രം. (1) സൂ: അഅ്റാഫ് 19ൽ പിശാചിൻെറ അനുസരണക്കേടും ധിക്കാരവും എടുത്തുപറഞ്ഞതിനെത്തുടർന്നുക്കൊണ്ടാണ് **ولا تقربا هذه الشجرة** (ഈ വൃക്ഷത്തെ സമീപിക്കരുത്) എന്നു പറഞ്ഞിരിക്കുന്നത്. (2) തൗറാത്തിൽ (ഉൽപത്തി: 2:17ൽ) 'നൻമതിൻമകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷം' എന്ന് ഈ വൃക്ഷത്തെ വിശേഷിപ്പിച്ചത്. (3) ഖുർആനിൽ (14:24-26) നൻമയെയും തിൻമയെയും ഒരേ വൃക്ഷത്തോട് ഉപമിച്ചത്. ഇവയാണുപോൽ, ഇതിനുള്ള തെളിവുകൾ!.

പിശാചിൻെറ സ്വഭാവത്തപ്പറ്റി പ്രസ്താവിച്ചതിനെത്തുടർന്ന് 'ഈ വൃക്ഷത്തെ സമീപിക്കരുത്' **ولا تقربا هذه الشجرة** എന്നു പറഞ്ഞതുകൊണ്ട് 'ശജറത്ത് ' (വൃക്ഷം) എന്ന വാക്കിൻെറ ഉദ്ദേശ്യം 'തിൻമ'യായി മാറിക്കൊള്ളണമെന്നില്ലല്ലോ. മാത്രമല്ല, ത്വാഹാ 121ൽ അവർ രണ്ടാളും (ആദമും ഹവ്വഉം) 'ആ മരത്തെ സമീപിച്ചു' എന്നു പറയാതെ, 'അതിൽ നിന്ന് തിന്നു' **فا كلامنها** എന്നാണ് പറഞ്ഞത്. ആ 'ശജറത്ത്' വാസ്തവത്തിൽ ഒരു മരം തന്നെയായിരുന്നു വെന്നും, അതിൽ ഭക്ഷിക്കുവാൻ പറ്റിയ കായയോ മറ്റോ ഉണ്ടായിരുന്നുവെന്നും, ഇതിൽനിന്ന് വ്യക്തമാകുന്നു. സൂറത്ത്-അഅ്റാഫിൽ അല്ലാഹു പറയുന്നു:
ويا ادم اسكن انت وزوجك الجنة فكلا من حيث شئتما ولا تقربا هذه الشجرة فتكونا من الظالمين–الاعراف ١٩ (ആദമേ! നീയും നിൻെറ ഭാര്യയും സ്വർഗ്ഗത്തിൽ വസിച്ചുകൊള്ളുക. എന്നിട്ട് നിങ്ങൾ ഉദ്ദേശിക്കുന്നേടത്തുനിന്ന് ഭക്ഷിച്ചുകൊള്ളുക-ഈ വൃക്ഷത്തെ നിങ്ങൾ സമീപിക്കരുത്. എന്നാൽ, നിങ്ങൾ അക്രമികളിൽ പെട്ടുപോകും.) ആദ്യം ഇഷ്ടമുള്ളേടത്തുനിന്ന് ഭക്ഷിക്കാമെന്ന്

---

* ഈ പദത്തിന്നു ഖാമൂസ് القاموس അർത്ഥംകൊടുക്കുന്നത് ഇപ്രകാരമാണ്:

ماقام على ساق اوما سما بنفسه دق او جل قاوم الشتاء او عجز عنه (കാണ്ഡത്തിൽ നിലകൊള്ളുന്നത് എന്നർത്ഥം. അല്ലെങ്കിൽ, സ്വയം പൊന്തിനിൽക്കുന്നത് എന്നർത്ഥം-അത് നന്നെചെറുതാകട്ടെ, വലുതാകട്ടെ, ഹേമന്തകാലത്തെ ചെറുത്തു നിൽക്കട്ടെ. അതിനുകഴിയാതിരിക്കട്ടെ)

പറഞ്ഞതിനു ശേഷമാണ് ഒരു വൃക്ഷത്തെ ചൂണ്ടിക്കൊണ്ട് ഈ വൃക്ഷത്തോടടുക്കരുത് എന്ന് കൽപിക്കുന്നത്. അപ്പോൾ, വൃക്ഷത്തോട് സമീപിക്കരുത് എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം അതിൽനിന്ന് തിന്നരുതെന്നായിരിക്കണമല്ലോ (*) അതുകൊണ്ട് തന്നെയാണ് ആ കൽപ്നയെ ലംഘിച്ചതിനെക്കുറിച്ച് പറഞ്ഞപ്പോൾ അവർ അതിനെ സമീപിച്ച് (تقربا) എന്നോ മറേറാ പറയാതെ 'അവർ അതിൽ നിന്നു തിന്നു' (فأكلامنها) എന്നുതന്നെ അല്ലാഹു പറഞ്ഞതും. 'വൃക്ഷത്തെ സമീപിക്കരുത്' എന്ന് പറഞ്ഞതിൻെറ താൽപര്യം, 'തിൻമയോട് അടുക്കരുത്' എന്നായിരുന്നുവെങ്കിൽ, 'അവർ അതിനെ സമീപിച്ചു' എന്നായിരുന്നു പറയേണ്ടിയിരുന്നത്. താഹാ 116 മുതൽ 121വരെ ആയത്തുകൾ ശാന്തമായി വായിച്ചു നോക്കിയാലും ഈ പരമാർത്ഥം സ്പഷ്ടമാകുന്നതാണ്.

എനി, തൌറാത്തിൽ ആ വൃക്ഷത്തിനു നൽകിയ പേരിനെപ്പററി നോക്കാം. 'നൻമതിൻമകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷം' എന്നാണല്ലോ പറഞ്ഞത്. അല്ലാതെ 'തിൻമയുടെ വൃക്ഷം' എന്നോ, 'നന്മയുടെ വൃക്ഷം' എന്നോ അല്ല. ഈ പ്രയോഗത്തിൻെറ അടി സ്ഥാനത്തിൽ 'വൃക്ഷത്തിൻെറ അർത്ഥം' മാററുകയാണെങ്കിൽ 'നൻമതിൻമകൾ' എന്നായിരുന്നു പറയേണ്ടിയിരുന്നത്. അതിൽ നിന്നു 'തിൻമ'യെമാത്രം ഇവർ തിരഞ്ഞെടുത്തത് ഒരിക്കലും ന്യായമായില്ല. ത്വാഹാ 120 ൽ കാണാവുന്നതുപോലെ, ഇബ്ലിസ് ആ വൃക്ഷത്തെക്കുറിച്ചു شجرة الخلد (നിത്യവാസത്തിൻെറ വൃക്ഷം) എന്ന് പറഞ്ഞിട്ടുണ്ടല്ലോ ഇത് ഖുർആൻ ഉദ്ധരിച്ച സ്ഥിതിക്ക് 'വൃക്ഷം' കൊണ്ടുദ്ദേ്യം 'നിത്യവാസം' ആണെന്ന് ഇവർക്ക് പറയാമായിരുന്നു! ഇതായിരുന്നു അതിനേക്കാൾ ഭേദം.

മൂന്നാമത്തെ തെളിവ് ഖുർആനിൽ (14 :24-26) നൻമതിൻമകളെ വൃക്ഷത്തോട് ഉപമിച്ചതാണല്ലോ. അതെ, സൂ; ഇബ്രാഹീമിൽ ومثل كلمةخبيثة كشجرة خبيثة الخ (ഒരു ചീത്ത വാക്കിൻെറ ഉപമ ഒരു ചീത്തവൃക്ഷംപോലെയാണ്.....) എന്നും അല്ലാഹു പറഞ്ഞിട്ടുണ്ട്. അതിനുമുമ്പായി ومثل كلمة طيبة كشجرة طيبة الخ (നല്ല ഒരു വാക്കിൻെറ ഉപമ ഒരു നല്ല വൃക്ഷംപോലെയാണ്...) എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. ഈ രണ്ടു വചനങ്ങളിലുംതന്നെ, നൻമ അല്ലെങ്കിൽ തിൻമ, ഒരു വൃക്ഷമാണെന്നോ, വൃക്ഷം നൻമയോ അല്ലെങ്കിൽ തിൻമയോ ആണെന്നോ അല്ല അല്ലാഹു പറയുന്നത്. നല്ലതും ചീത്തയുമായ വാക്കുകളെ, (ആയത്തിൽ തുടർന്ന് വിവരിക്കുന്നതരത്തിലുള്ള) ചില പ്രത്യേകതരം വൃക്ഷങ്ങളോട് ഉപമിച്ചിരിക്കുക മാത്രമാണ്. അത് ഉപമയാണെന്നു അതിൽതന്നെ സ്പഷ്ടമായി പറഞ്ഞിട്ടുമുണ്ട്. സൂ; അൽകഹ്ഫു 45ൽ 'ഐഹികജീവിതത്തിൻെറ ഉപമ വെള്ളം (മഴവെള്ളം) പോലെയാണ്'. എന്ന് അല്ലാഹു പറഞ്ഞുവല്ലോ . ഇതുപോലെ വേറെ പല ഉപമകളും കാണാം. ഇക്കാരണത്താൽ വല്ലവരും 'ഐഹികജീവിതമെന്നാൽ വെള്ളമാണെ'ന്നോ മറിച്ചോ പറയുമോ? ഖുർ ആൻ 29;41ൽ 'ബഹുദൈവാരാധകൻമാരെ എട്ടുകാലിയോട് ഉപമിച്ചിട്ടുണ്ട്. ഇതുകൊണ്ട് 'ബഹുദൈവാരാധക ൻമാർ എട്ടുകാലിയാണെ'ന്നോ മറിച്ചോ ആരും പറയുകയില്ലല്ലോ.

ആദം നബിയുടെയും ഇബ്ലീസിൻെറയും കഥ വെറും ഉപമാർത്ഥം പറയപ്പെട്ടിട്ടുള്ള ഒരു സങ്കൽപ കഥയാണെന്നു വരുത്തിതീർക്കുവാൻവേണ്ടി ഇവർകൊണ്ടുവന്ന ഏററവും ബലപ്പെട്ട തെളിവുകളാണ് മേൽ കണ്ടത്. അവ ബാലിശങ്ങളാണെന്ന് നാം കണ്ടു. ഖുർആനിൽ ആവർത്തിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുള്ളതും, വളരെ ആയത്തുകൾ വിനിയോഗിക്കപ്പെട്ടിട്ടുള്ളതു മാകുന്നു ഈ കഥ. ഇതൊരു യഥാർത്ഥ സംഭവമാണെന്ന നിലക്ക് ഖുർആനിലും, ഹദീസിലും മററനേകം കാര്യങ്ങൾ പ്രസ്താവിക്കുകയും ചെയ്യുന്നു. എന്നാൽ, അതിൽ ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഈ സംഭവം ഒരു ഉപമ മാത്രമാണെന്ന് കാണിക്കുന്ന വല്ല സൂചനയും

* അറബിഭാഷയിലെ സാഹിത്യശാസ്ത്ര (علم البلاغة) നിയമങ്ങളെപ്പററി പരിചയമുള്ളവർക്ക് ഇത് വേഗം മനസ്സിലാക്കാം.

കാണപ്പെടാത്ത സ്ഥിതിക്ക്- ഉണ്ടെങ്കില്‍ ഇക്കൂട്ടര്‍ അത് എടുത്തു പൊക്കിക്കാട്ടുമായിരുന്നുവല്ലോ- ഈ ഉപമാവാദം സത്യവിശ്വാസിയായ ഒരാള്‍ക്കും സ്വീകാര്യമല്ലതന്നെ. യഥാര്‍ത്ഥത്തില്‍ ഈ ഉപമാവാദം പുറപ്പെടുവിക്കുവാന്‍ ഇവരെ പ്രേരിപ്പിക്കുന്ന കാരണങ്ങള്‍ വേറെ ചിലതാണ്.

അതെന്താണെന്നുവച്ചാല്‍: 'ഇബ്‌ലീസ്' എന്നു പറയുന്നത് ഒരു പ്രത്യേക വസ്തുവൊന്നുമല്ല, ഒരുതരം ചീത്ത സ്വഭാവത്തെ- അല്ലെങ്കില്‍ ദുഷിച്ച പ്രകൃതിയെ- ഉദ്ദേശിച്ചാണ്; 'ജിന്നും പിശാചു' (ശൈത്താനു) മെല്ലാം മനുഷ്യരില്‍തന്നെയുള്ള ചില പ്രത്യേക വിഭാഗക്കാരാണ്; അഥവാ നമ്മുടെ ദൃഷ്ടിക്കതീതമായ സൃഷ്ടികളൊന്നുമല്ല; എന്നിങ്ങിനെയുള്ള ഇവരുടെ ചില പുത്തന്‍ വിശ്വാസങ്ങളില്‍നിന്നും, നവീന വാദങ്ങളില്‍ നിന്നുമാണ് വാസ്തവത്തില്‍ ഇത്തരം പ്രസ്താവനകള്‍ പുറത്തുവരുന്നത്. ഇതുപോലെ ഖുര്‍ആനില്‍നിന്നും, ഹദീസില്‍നിന്നും വ്യക്തമായി മനസ്സിലാക്കാവുന്നതും, മുസ്‌ലിംകള്‍ പൊതുവില്‍ വിശ്വസിച്ചു സ്വീകരിച്ചുവരുന്നതുമായ മറ്റു പല കാര്യത്തിലും ഇവര്‍ക്ക് പുത്തന്‍ അഭിപ്രായങ്ങള്‍ കാണാം. എന്നിരിക്കെ, പലപ്പോഴും ഇമ്മാതിരി വ്യാഖ്യാനങ്ങളെ ശരണം പ്രാപിക്കുകയല്ലാതെ ഇവര്‍ക്ക് നിവൃത്തിയില്ലല്ലോ. (ഇബലീസ്, ജിന്ന്, പിശാച് മുതലായവയെപ്പറ്റി സൂ: ഹിജ്‌റിന്‍റെ അവസാനത്തില്‍ കൊടുക്കുന്ന വ്യാഖ്യാനക്കുറിപ്പില്‍ വിവരിക്കുന്നതാണ്. ان شاء الله

അല്ലാഹു നമ്മെ യഥാര്‍ത്ഥ സത്യങ്ങളില്‍ വിശ്വസിക്കുന്ന സജ്ജനങ്ങളില്‍ ഉള്‍പ്പെടുത്തട്ടെ. امين

വിഭാഗം-5

അടുത്ത വചനം മുതല്‍ ഏതാണ്ടു നൂറോളം വചനങ്ങള്‍ മിക്കവാറും ഇസ്‌റാഈല്യരെ പരാമര്‍ശിച്ചും അഭിമുഖീകരിച്ചും കൊണ്ടുള്ളവയാകുന്നു. ഇടക്കുവെച്ച് സത്യവിശ്വാസികളെയും ക്രിസ്ത്യാനികളെയും മുശ്‌രിക്കുകളെയും സംബന്ധിക്കുന്ന ചില പരാമര്‍ശങ്ങളും കാണാവുന്നതാണ്. ഇസ്‌റാഈല്യരെ സംബോധന ചെയ്തുകൊണ്ടുള്ള ദീര്‍ഘമായ പ്രസ്താവനകളില്‍ അടങ്ങിയ തത്വങ്ങളെ മൊത്തത്തില്‍ ഇങ്ങിനെ സംഗ്രഹിക്കാം: (1) അവര്‍ പാരമ്പര്യമായി അംഗീകരിച്ചുവരുന്ന വേദഗ്രന്ഥവും പ്രവാചകന്‍മാരും പ്രബോധനം ചെയ്തുവന്ന തത്വങ്ങളും, ഖുര്‍ആന്‍ മുഖേന നബി (ﷺ) പ്രബോധനം ചെയ്യുന്ന തത്വങ്ങളും ഒന്നു തന്നെയാണെന്ന് ഓര്‍മ്മിപ്പിക്കുക. (2) ഒരു സമുദായമെന്ന നിലക്ക് അവര്‍ക്ക് സിദ്ധിച്ച പ്രത്യേകാനുഗ്രഹങ്ങളെ എടുത്തുകാട്ടിക്കൊണ്ട് അവരെ സത്യവിശ്വാസം സ്വീകരിക്കുവാന്‍ ഉല്‍സുകരാക്കുക. (3) അവര്‍ സന്‍മാര്‍ഗ്ഗത്തില്‍നിന്നു ബഹുദൂരം അകന്നുപോകുവാനും അല്ലാഹുവിന്‍റെ ശാപകോപങ്ങള്‍ക്ക് പാത്രമാകുവാനും അവരില്‍നിന്നുണ്ടായ കാരണങ്ങളെ അവര്‍ക്ക് നിഷേധിക്കുവാനാകാത്തവിധം തുറന്നു കാട്ടുക. (4) അതേ നില ഇനിയും തുടരുന്നപക്ഷം അവര്‍ക്ക് രക്ഷയില്ലെന്ന് താക്കീത് ചെയ്യുക. (5) അവരില്‍ നിലവിലുള്ള പരമ്പരാഗതമായ അന്ധവിശ്വാസങ്ങളും അഴിമതികളും ചൂണ്ടിക്കാട്ടുക. (6) വേദക്കാരല്ലാത്തവര്‍ അവരുടെ ദുസ്സമ്പ്രദായങ്ങളില്‍ അവരെ അനുകരിക്കുകയും, അവരുടെ പാരമ്പര്യവാദങ്ങള്‍ കേട്ട് വഞ്ചിതരായിപ്പോകുകയും ചെയ്യുന്നത് തടയുക. (7) മതത്തിന്‍റെ പേരില്‍ അവര്‍ അനുവര്‍ത്തിച്ചുവരുന്ന ആചാരങ്ങളേയും പ്രസ്താവനകളേയും ശരിവക്കുന്നതില്‍നിന്നു സത്യവിശ്വാസികളെ തടയുക മുതലായവ.

നബി (ﷺ) ഇപ്രകാരം അരുളിചെയ്തിരിക്കുന്നു: 'നിശ്ചയമായും നിങ്ങള്‍ നിങ്ങളുടെ മുമ്പുണ്ടായിരുന്നവരുടെ ചര്യകളെ ചാണിനു ചാണായും, മുഴത്തിനു മുഴമായും പിന്‍പററിയേക്കുന്നതാണ് എത്രത്തോളമെന്നാല്‍, അവര്‍ വല്ല ഉടുമ്പിന്‍റെ മാളത്തിലും പ്രവേശിച്ചിട്ടുണ്ടെങ്കില്‍ നിങ്ങള്‍ (അതിലും) അവരെ പിന്തുടരും ഇതു പറഞ്ഞപ്പോള്‍ തിരുമേനിയോട് ചോദിക്കപ്പെട്ടു. ''അല്ലാഹുവിന്‍റെ റസൂലേ, യഹൂദികളേയും ക്രിസ്ത്യാനികളെയുമോ?'' അപ്പോള്‍ തിരുമേനി

പറഞ്ഞു: (അല്ലാതെ) പിന്നെ ആരെയാണ്?!' (ബു. മു.) അപ്പോൾ വേദക്കാരുടെ ചെയ്തികളെ അനുകരിച്ച് വഴിപിഴച്ചുപോകാതിരിക്കുവാൻ മുസ്‌ലിംകൾ പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ടെന്നും, അവരുടേതായ സ്വഭാവ സംസ്കാരാദികളിൽ അവരെ മാതൃകയാക്കുവാൻ മുസ്‌ലിംകൾക്ക് പാടില്ലെന്നും ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ومن الله التوفيق

يَٰبَنِيٓ إِسۡرَٰٓءِيلَ ٱذۡكُرُواْ نِعۡمَتِيَ ٱلَّتِيٓ أَنۡعَمۡتُ عَلَيۡكُمۡ وَأَوۡفُواْ بِعَهۡدِيٓ أُوفِ بِعَهۡدِكُمۡ وَإِيَّٰيَ فَٱرۡهَبُونِ ﴿٤٠﴾

40 ഇസ്രാഈൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് ചെയ്തു തന്നിട്ടുള്ളതായ എന്റെ അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ. എന്റെ [എന്നോടുള്ള] കരാറ് നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ; എന്നാൽ നിങ്ങളുടെ [നിങ്ങളോടുള്ള] കരാർ ഞാൻ നിറവേറ്റുന്നതാണ്. എന്നെ മാത്രം ഭയപ്പെടുകയും ചെയ്യുവിൻ.

وَءَامِنُواْ بِمَآ أَنزَلۡتُ مُصَدِّقٗا لِّمَا مَعَكُمۡ وَلَا تَكُونُوٓاْ أَوَّلَ كَافِرِۭ بِهِۦۖ وَلَا تَشۡتَرُواْ بِـَٔايَٰتِي ثَمَنٗا قَلِيلٗا وَإِيَّٰيَ فَٱتَّقُونِ ﴿٤١﴾

41 നിങ്ങളുടെ കൂടെയുള്ളതിനെ സത്യമാക്കിക്കൊണ്ട് ഞാൻ അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുകയും ചെയ്യുവിൻ. അതിൽ അവിശ്വസിക്കുന്ന ആദ്യത്തേവർ നിങ്ങളായിത്തീരരുത്. എന്റെ 'ആയത്ത്' [ദൃഷ്ടാന്തം]കൾക്ക് നിങ്ങൾ തുച്ഛമായ വില വാങ്ങുകയും ചെയ്യരുത്. എന്നെ മാത്രം സൂക്ഷിക്കുകയും ചെയ്യുവിൻ.''

---

40 يَا بَنِي إِسرائيلَ ഇസ്രാഈൽ സന്തതികളേ. **اذْكُروا** ഓർക്കുവിൻ **نِعمتي** എന്റെ അനുഗ്രഹത്തെ **التي أنعمت** ഞാൻ അനുഗ്രഹിച്ച **عَلَيكُم** നിങ്ങളുടെ മേൽ **وأوفُوا** നിറവേറ്റുകയും ചെയ്യുവിൻ **بِعهدي** എന്റെ കരാറിനെ **أوف** ഞാൻ നിറവേറ്റും **بِعهدكُم** നിങ്ങളുടെ കരാറിനെ **وإياي** എന്നെ മാത്രം **فَارهبون** എന്നെ ഭയപ്പെടുവിൻ (41) **وآمنوا** വിശ്വസിക്കുകയും ചെയ്‌വിൻ. **بِما أنزلت** ഞാൻ അവതരിപ്പിച്ചതിൽ. **مصدقًا** സത്യപ്പെടുത്തിക്കൊണ്ട്. **لما معكُم** നിങ്ങളുടെ കൂടെയുളളതിനെ. **ولا تكُونوا** നിങ്ങളായിരിക്കുകയും അരുത്. **أولَ** ഒന്നാമത്തെ. **كافر به** അതിൽ അവിശ്വസിക്കുന്ന. **ولا تشتروا** നിങ്ങൾ വാങ്ങുകയും ചെയ്യരുത്. **بِآياتي** എന്റെ ആയത്ത് (ദൃഷ്ടാന്തം) കൾക്ക് (വചനങ്ങൾക്ക്) . **ثمنا** വില. **قليلاً** തുച്ഛമായ. **وإياي** എന്നെ മാത്രം. **فاتقون** എന്നെ സൂക്ഷിക്കുവിൻ.

പ്രവാചകവര്യനായ ഇബ്റാഹീം (عليه السلام) നബിയുടെ പുത്രനായ ഇസ്ഹാഖ് (عليه السلام) നബിയുടെ മകൻ യഅ്ഖൂബ് (عليه السلام) നബിയുടെ മറുപേരാണ് ഇസ്രാഈൽ. ഹിബ്രു ഭാഷയിലുള്ള ആ പേരിന്റെ അർത്ഥം അല്ലാഹുവിന്റെ അടിയാൻ എന്നാണെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന് യൂസുഫ് (عليه السلام) നബി അടക്കം പന്ത്രണ്ട് മക്കളുണ്ടായിരുന്നു. അവരുടെ സന്താന പരമ്പര കാലക്രമത്തിൽ പന്ത്രണ്ട് ഗോത്രങ്ങളായിത്തീർന്നു. എല്ലാം യഅ്ഖൂബ് (عليه السلام) ന്റെ സന്തതികളാകകൊണ്ട് എല്ലാവർക്കും മൊത്തത്തിൽ ഇസ്രാഈൽ സന്തതികൾ- അല്ലെങ്കിൽ ഇസ്റാഈല്യർ- بنو اسرائيل , اسرائيل എന്ന് പറയപ്പെടുന്നു. ഖുർആൻ അവതരിക്കുന്ന കാലമാകുമ്പോഴേക്ക് ഏകദേശം നാലായിരം കൊല്ലത്തെ ചരിത്രം അവർ പിന്നിട്ടുകഴിഞ്ഞിരുന്നു. ഇസ്രാഈല്യർ പൊതുവെ യഹൂദികളാണെങ്കിലും, 'യഹൂദികളേ' എന്നോ മറ്റോ സംബോധന ചെയ്യാതെ 'ഇസ്രാഈൽ സന്തതികളേ' എന്ന് അല്ലാഹു വിളിച്ചതിൽ അവർക്ക് വാസ്തവത്തിൽ ആവേശത്തിനും അഭിമാനത്തിനും വകയുണ്ട്. സർവ്വാദരണീയനും, ഒരു പ്രവാചക വര്യനുമായ ആ പിതാവിന്റെ സന്തതികളായ നിങ്ങൾ അദ്ദേഹം സ്വീകരിച്ചു വന്നിരുന്ന ആ നേർമാർഗ്ഗം സ്വീകരിക്കേണ്ടവരാണല്ലോ എന്ന് വ്യംഗ്യമായ ഒരു സൂചനയും അതിലുണ്ട്.

اذكروا نعمتي الخ (ഞാൻ നിങ്ങൾക്ക് ചെയ്തുതന്ന എന്റെ അനുഗ്രഹം നിങ്ങൾ ഓർക്കുവിൻ) എന്നുള്ള വാക്യം താഴെ ഒന്നിലധികം പ്രാവശ്യം അല്ലാഹു ആവർത്തിച്ചിരിക്കുന്നത് കാണാം. ഇതരസമുദായങ്ങൾക്കൊന്നും ലഭിച്ചിട്ടില്ലാത്ത എത്രയോ വമ്പിച്ച അനുഗ്രഹങ്ങൾ നിങ്ങൾക്ക് ഞാൻ ചെയ്തുതന്നിട്ടുണ്ടെന്ന് നിങ്ങൾക്കറിയാം. അവയെ നിങ്ങൾ ഓർമ്മിക്കുന്ന പക്ഷം, നിങ്ങളൊരിക്കലും നന്ദികെട്ടവരും ദുർമാർഗ്ഗികളുമായിരിക്കുവാൻ പാടില്ലാത്തതാണ്. അതു കൊണ്ട് നിങ്ങൾ ആ അനുഗ്രഹങ്ങളെ ഒന്ന് ഓർത്തുനോക്കുവിൻ എന്നാണതിന്റെ താൽപര്യം. ഫിർഔന്റെ അടിമത്വത്തിൽ നിന്നും മർദ്ദനത്തിൽ നിന്നുമുള്ള അത്ഭുതകരമായ മോചനം, അസാധാരണമാം വിധത്തിൽ ചെങ്കടൽ കടന്നു രക്ഷപ്പെട്ടത്, 'തീഹു' വനാന്തരത്തിൽ വെച്ച് 'മന്നായും' 'സൽവാ'യും ലഭിച്ചുകൊണ്ടിരുന്നത്, പാറക്കല്ലിൽ നിന്ന് ഓരോ ഗോത്രക്കാർക്കുമായി പന്ത്രണ്ട് നീരുറവുകൾ പൊട്ടി ഒഴുകിയത്, വളരെയധികം പ്രവാചകൻമാരുടെയും രാജാക്കളുടെയും പാരമ്പര്യമുള്ളവരായത് എന്നിങ്ങനെ വളരെയധികം അനുഗ്രഹങ്ങൾ ഇസ്റാഈല്യർക്ക് അല്ലാഹു നൽകിയിട്ടുണ്ട്. പലതിനെക്കുറിച്ചും താഴെ വിവരിക്കുന്നുമുണ്ട്. ഈ വക അനുഗ്രഹങ്ങളെ സ്മരിക്കുവാനാണ് അല്ലാഹു അവരെ ആഹ്വാനം ചെയ്യുന്നത്. മൂസാ (عليه السلام) നബി അവരോട് ഇങ്ങിനെ പറയുകയുണ്ടായി; ''എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങളിൽ പ്രവാചകൻമാരെ ഏർപ്പെടുത്തുകയും, നിങ്ങളെ രാജാക്കളാക്കുകയും, ലോകരിൽ ഒരുവർക്കും നൽകാത്തത് നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കെ, അവൻ നിങ്ങൾക്ക് ചെയ്തുതന്ന അവന്റെ അനുഗ്രഹം നിങ്ങൾ ഓർമ്മിക്കുവിൻ.''
يا قوم اذكروا نعمة الله عليكم اذجعل فيكم انبياء الخ – المائدة : ٢٠

എന്നോടുള്ള കരാർ-അഥവാ പ്രതിജ്ഞ- നിറവേറ്റിയാൽ നിങ്ങളോടുള്ള കരാർ ഞാൻ നിറവേറ്റും اوفوا بعهدى اوف بعهدكم എന്ന് പറഞ്ഞതിന്റെ താൽപര്യം പലരും പല പ്രകാരത്തിൽ വിവരിച്ചു കാണാമെങ്കിലും ഭൂരിപക്ഷം വ്യാഖ്യാതാക്കൾ സ്വീകരിച്ചുവരുന്ന വ്യാഖ്യാനം ഇങ്ങിനെയാണ്: നിങ്ങളോട് ഞാൻ കൽപിച്ചതെല്ലാം നിങ്ങൾ അനുഷ്ഠിക്കുകയും, വിരോധിച്ച തെല്ലാം നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്വാൻ നിങ്ങൾ ബാധ്യസ്ഥരാണ്. അത് നിങ്ങൾ നിറവേറ്റിയാൽ നിങ്ങളോടുള്ള ബാധ്യത ഞാനും നിറവേറ്റും. അതായത് ഞാൻ നിങ്ങളെക്കുറിച്ച് തൃപ്തിപ്പെടുകയും, നിങ്ങൾക്ക് വമ്പിച്ച പ്രതിഫലങ്ങൾ നൽകുകയും ചെയ്യും. മറ്റുള്ള അഭിപ്രായങ്ങളെല്ലാം ഭൂരിപക്ഷത്തിന്റെ ഈ വാഖ്യാനത്തിന് പുറത്തുപോകുന്നില്ലെന്നതാണ് വാസ്തവം. (عهد എന്ന വാക്കിന്റെ അർത്ഥങ്ങളെപ്പറ്റി 27ാം വചനത്തിൽ വിവരിച്ചത് ഓർക്കുക.)

'നിങ്ങളുടെ കൂടെയുള്ളത്' എന്ന് പറഞ്ഞത് അവരുടെ വേദഗ്രന്ഥത്തെ ഉദ്ദേശിച്ചും, 'അതിനെ സത്യമാക്കിക്കൊണ്ട് ഞാൻ അവതരിപ്പിച്ചത്' എന്ന് പറഞ്ഞത് ഖുർആനെ ഉദ്ദേശിച്ചുമാകുന്നു. തൗറാത്ത്, ഇഞ്ചീൽ മുതലായ എല്ലാ മുൻവേദഗ്രന്ഥങ്ങളെയും ശരിവെക്കുന്നതാണല്ലോ ഖുർആൻ. (2 :97 ;3 :3 ;5 :48 മുതലായവ നോക്കുക) . തത്വങ്ങളിലും, മൗലിക വിഷയങ്ങളിലും അവ പരസ്പരം യോജിക്കുന്നതും, ഒന്നൊന്നിന്റെ സത്യത സ്ഥാപിക്കുന്നതുമാണെന്ന് സാരം. എന്നിരിക്കെ, ഇസ്റാഈല്യരുടെ കൈവശമുള്ള തൗറാത്ത് -സാക്ഷാൽ തൗറാത്ത്-പ്രബോധനം ചെയ്യുന്ന അതേ സിദ്ധാന്തങ്ങൾ പ്രബോധനം ചെയ്യുന്ന ഖുർആനെ സ്വീകരിക്കുവാൻ തൗറാത്തിന്റെ അനുയായികളെന്നു അവകാശപ്പെടുന്ന അവർ മറ്റെല്ലാവരേക്കാളും ആദ്യം മുന്നോട്ട് വരേണ്ടവരാണല്ലോ. യഹൂദികളെ സംബന്ധിച്ചിടത്തോളം സംഭവിച്ചത് നേരെ മറിച്ചാണുതാനും. നബി (ﷺ) മദീനായിൽ അവരുടെ അടുക്കൽ ചെന്ന ആദ്യമാത്രയിൽതന്നെ അവരതിൽ അവിശ്വസിക്കുകയും, നിഷേധിക്കുകയുമാണ് ചെയ്തത്. അത് സൂചിപ്പിച്ചാണ് 'അതിൽ അവിശ്വസിക്കുന്ന ആദ്യത്തെ കൂട്ടർ നിങ്ങളാവരുത്' എന്ന് പറഞ്ഞത്.

'ആയത്തുകൾ (الايات)'എന്നാൽ, 'ദൃഷ്ടാന്തങ്ങൾ, തെളിവുകൾ, ലക്ഷ്യങ്ങൾ, അടയാളങ്ങൾ' എന്നൊക്കെയാണ് വാക്കർത്ഥം. ഏകവചനം 'ആയത്ത് (اية)' എന്നാകുന്നു.

ഖുർആനിൽ മിക്കവാറും നാലുതരം കാര്യങ്ങൾക്കാണ് ഈ വാക്ക് ഉപയോഗിക്കപ്പെടാറുള്ളത്. (1) പ്രാപഞ്ചികവും, പ്രകൃതിപരവുമായ ദൃഷ്ടാന്തങ്ങൾ (الآيات الكونية) മഴ, കാറ്റ്, സൂര്യൻ, ചന്ദ്രൻ ആദിയായവ ഇതിൽ ഉൾപ്പെട്ടതാണ്. (2) നബിമാർ മുഖേന വെളിപ്പെടാറുള്ള അസാധാരാണ സംഭവങ്ങളും (خوارق العادات) അമാനുഷിക സംഭവങ്ങളും المعجزات (3) ഖുർആൻ വചനങ്ങൾ അടക്കമുള്ള വേദ വാക്യങ്ങൾ. (4) ചരിത്ര സംഭവങ്ങൾ. ഇവയെല്ലാംതന്നെ ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ സത്യം മനസ്സിലാക്കുവാനുള്ള അടയാളങ്ങളും തെളിവുകളുമാണല്ലോ.

'എൻെറ ആയത്തുകൾക്ക് കുറഞ്ഞ വില വാങ്ങരുത്' ولاتشتروا باياتى ثمنا قليلا എന്ന വാക്യം കുറേ വിപുലമായ ആശയം ഉൾക്കൊള്ളുന്നതാകുന്നു. അല്ലാഹുവിൻെറ വിധിവിലക്കുകളും, ആജ്ഞാ നിർദ്ദേശങ്ങളും, ലക്ഷ്യദൃഷ്ടാന്തങ്ങളും അവഗണിച്ചുകൊണ്ട് അവക്ക് പകരം ഐഹികമായ കാര്യലാഭങ്ങളൊന്നും സ്വീകരിക്കരുതെന്നാണിതിൻെറ രത്നച്ചുരുക്കം. മത കാര്യങ്ങളിലും നീതിന്യായങ്ങളിലും കൈക്കൂലിയും മാമൂലും വാങ്ങുക, നേതൃത്വമോഹം, സ്ഥാനനഷ്ടഭയം, സ്വാർത്ഥതാൽപര്യം എന്നിങ്ങനെയുള്ള കാരണങ്ങളാൽ മതശാസനകൾ ലംഘിക്കുകയോ സത്യം മൂടിവെക്കുകയോ ചെയ്യുക, മത നിയമങ്ങൾ മറച്ചുവെച്ച് അതിൽ നിന്ന് മുതലെടുക്കുക മുതലായ കാര്യങ്ങളെല്ലാം ഇതിൽ പെടുന്നു. അല്ലാഹുവിൻെറ 'ആയത്തു'കളെ അപേക്ഷിച്ച് അവയെല്ലാം വില കുറഞ്ഞതും നിസ്സാരവുമാണല്ലോ. قل متاع الدنيا قليل – النساء : ٧٧ (പറയുക: ഇഹലോക വിഭവം തുച്ഛമായതാകുന്നു.) ഇസ്റാഈല്യരെ അഭിമുഖീകരിച്ചുംകൊണ്ട് ഇതു പറയുവാൻ കാരണം, മുകളിൽ പറഞ്ഞതുപോലുള്ള ദുസ്സമ്പ്രദായങ്ങൾ അവരിൽ സർവ്വത്രയായിരുന്നതുകൊണ്ടും, അവർ സത്യവിശ്വാസം സ്വീകരിക്കാതിരുന്നത് അത്തരം ഐഹിക സ്വാർത്ഥങ്ങൾ നിമിത്തമായതുകൊണ്ടുമാകുന്നു. ഈ വാക്യം അവരെ അഭിമുഖീകരിച്ചാണെന്ന് വെച്ച് മുസ്ലിംകൾക്ക് ബാധകമല്ലെന്നു കരുതേണ്ടതില്ല. നബി (ﷺ) പറഞ്ഞതായി അബൂഹുറൈറ (رضي الله عنه) ഇപ്രകാരം ഉദ്ധരിക്കുന്നു. 'അല്ലാഹുവിൻെറ പ്രീതി ഉദ്ദേശിക്കപ്പെടേണ്ടതായ ഒരു അറിവ് ഒരാൾ പഠിച്ചു; ഇഹത്തിൽനിന്നുള്ള വല്ല വിഭവവും അതുമുഖേന നേടുവാനല്ലാതെ അവനത് പഠിച്ചിരുന്നില്ല; എന്നാൽ ഖിയാമത്തു നാളിൽ സ്വർഗ്ഗത്തിൻെറ വാസന അവൻ വാസനിക്കുകയില്ലതന്നെ. (ദാ)

ഈ ഹദീസ് ഉദ്ധരിച്ചുകൊണ്ട് ഇബ്നു കഥീർ (رحمه الله) പ്രസ്താവിച്ച ചില സംഗതികൾ അറിയുന്നത് സന്ദർഭോചിതമായിരിക്കും. അറിവ് (മതപരമായ അറിവ്) പഠിപ്പിച്ചുകൊടുക്കുവാൻ വേറെ ആളില്ലാതെ ഒരാൾ നിയമിക്കപ്പെട്ടുകഴിഞ്ഞാൽ, അത് പഠിപ്പിച്ചു കൊടുക്കുന്നതിന് അവൻ പ്രതിഫലം വാങ്ങുവാൻ പാടില്ല. 'ബൈത്തുൽ മാലിൽ' (പൊതു ഭണ്ഡാരത്തിൽ) നിന്ന് അവൻെറയും ഭാര്യാമക്കൾ മുതലായവരുടെയും അത്യാവശ്യങ്ങൾക്കുള്ള വക അവന് സ്വീകരിക്കാം. ബൈത്തുൽ മാലിൽ നിന്ന് അത് ലഭിക്കാതിരിക്കുകയും, അദ്ധ്യാപനവൃത്തി നിമിത്തം വേറെ ജോലിക്ക് സാധിക്കാതെ വരുകയും ചെയ്താൽ പ്രതിഫലം വാങ്ങുന്നതിന് വിരോധമില്ല.

അനുഗ്രങ്ങളെ ഓർമിക്കലും കരാറു നിറവേറ്റലും എല്ലാവരുടെയും കടമയാണല്ലോ. അതിൽ പണ്ഡിതൻമാരും അല്ലാത്തവരുമെന്ന വ്യത്യാസമില്ല. ആയത്തുകൾക്ക് തുച്ഛം വില വാങ്ങുന്ന വിഷയം പ്രധാനമായും പണ്ഡിതൻമാരെ ബാധിക്കുന്നതായിരിക്കും. ആ സ്ഥിതിക്ക്-ബൈളാവീ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ-ആദ്യത്തെ വചനത്തിൻെറ അവസാനത്തിൽ 'എന്നെ ഭയപ്പെടുവിൻ ('واياي فارهبون') എന്നും രണ്ടാമത്തേതിൻെറ അവസാനത്തിൽ 'എന്നെ സൂക്ഷിക്കുവിൻ ('واياي فاتقون') എന്നും, വ്യത്യാസപ്പെടുത്തിപ്പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

42 നിങ്ങൾ യഥാർത്ഥത്തെ അയഥാർത്ഥവുമായി (കൂട്ടി) കലർത്തുകയും, യഥാർത്ഥത്തെ മറച്ചുവെക്കുകയും ചെയ്യരുത്; നിങ്ങളാകട്ടെ, (യഥാർത്ഥം) അറിയുന്നു താനും!	وَلَا تَلْبِسُواْ ٱلْحَقَّ بِٱلْبَٰطِلِ وَتَكْتُمُواْ ٱلْحَقَّ وَأَنتُمْ تَعْلَمُونَ ﴿٤٢﴾
43 നിങ്ങൾ നമസ്കാരം നിലനിർത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്യുവിൻ. കുമ്പിടുന്ന [നമസ്കരിക്കുന്ന] വരോടു കൂടി കുമ്പിടുക [നമസ്കരിക്കുക]യും ചെയ്യുവിൻ.	وَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَٱرْكَعُواْ مَعَ ٱلرَّٰكِعِينَ ﴿٤٣﴾

42 **ولا تلبسوا** നിങ്ങൾ കൂട്ടിക്കലർത്തുകയും ചെയ്യരുത്. **الحق** യഥാർത്ഥം, ന്യായം. **بالباطل** അയഥാർത്ഥ (അന്യായ) വുമായി. **وتكتموا** നിങ്ങള മറച്ചു(മൂടി-ഒളിച്ചു) വെക്കുകയും (അരുത്) . **الحق** യഥാർത്ഥത്തെ, ന്യായം,. **وأنتم** നിങ്ങളാകട്ടെ. **تعلمونَ** അറിയുന്നു. 43 **وأقيموا** നിങ്ങൾ നിലനിറുത്തുകയും ചെയ്യുവിൻ. **الصلاةَ** നമസ്കാരം. **وآتوا** കൊടുക്കുകയും ചെയ്യുവിൻ. **الزكاةَ** സക്കാത്ത്. **واركعوا** കുമ്പിടുകയും (നമസ്കരിക്കുകയും) ചെയ്യുവിൻ. **مع الراكعين** കൂമ്പിടുന്നവരോടുകൂടി

മറ്റുള്ളവരെ വഴിപിഴപ്പിക്കുന്ന ആളുകൾ അതിന് ഉപയോഗിക്കുന്ന രണ്ടു മാർഗ്ഗങ്ങളാണ് യഥാർത്ഥവും അയഥാർത്ഥവും- അഥവാ സത്യവും അസത്യവും-തമ്മിൽ കൂട്ടിക്കലർത്തി രണ്ടും തിരിച്ചറിയാതാക്കലും, യഥാർത്ഥം മൂടിവെക്കലും, ആദ്യത്തേത് അൽപമൊക്കെ വിവരമുള്ളവരോടും, രണ്ടാമത്തേത് വിവരമില്ലാത്ത പാമരൻമാരോടുമായിരിക്കും അധികം ഉപയോഗിക്കുക. വേദക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് വേദഗ്രന്ഥവുമായി ബന്ധമുള്ളതുകൊണ്ട് അവരെ വഴി പിഴപ്പിക്കുവാൻ ഒന്നാമത്തെ മാർഗ്ഗവും, അറബികളെ സംബന്ധിച്ചിടത്തോളം അവർക്ക് വേദഗ്രന്ഥവുമായി പരിചയമില്ലാത്തതുകൊണ്ട് അവരെ വഴിപിഴപ്പിക്കുവാൻ രണ്ടാമത്തെ മാർഗ്ഗവും യഹൂദികൾ- അവരിലുള്ള പണ്ഡിതൻമാർ വിശേഷിച്ചും-ഉപയോഗപ്പെടുത്തിയിരുന്നു. സത്യവിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് ജനങ്ങളെ പിന്തിതിരിപ്പിക്കുവാൻ അവർ വിനിയോഗിക്കാറുള്ള ഈ രണ്ട് മാർഗ്ഗങ്ങളും സത്യം ഇന്നതാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ നടത്തപ്പെടുന്ന വഞ്ചനകളായിരുന്നു. അതുകൊണ്ടാണ് അറിഞ്ഞുകൊണ്ടുതന്നെ അങ്ങിനെ ചെയ്യരുതെന്ന് പറഞ്ഞത്. സത്യം തിരിച്ചറിയാത്തതുകൊണ്ടായിരുന്നു അതെങ്കിൽ അതിനൊരു നാമമാത്രമായ ന്യായീകരണമെങ്കിലും ഉണ്ടായിരുന്നു. കൽപിച്ചുകൂട്ടി സത്യം ഒളിപ്പിച്ചുവെക്കുകയായതുകൊണ്ട് കുറ്റം ഇരട്ടിക്കുകയാണ് ചെയ്യുന്നത്.

നബി(ﷺ) തിരുമേനിയുടെ ആഗമനത്തെയും, സ്വഭാവവിശേഷങ്ങളെയും സംബന്ധിച്ചു തൗറാത്തിൽ പലതും പ്രവചിക്കപ്പെട്ടിട്ടുണ്ടെന്ന വസ്തുത യഹൂദികൾക്ക് നിഷേധിക്കുവാൻ സാധ്യമല്ലാത്തവിധം പരക്കെ അറിയപ്പെട്ടിരുന്നു. അവരാകട്ടെ, ഒരു പ്രവാചകൻെറ വരവ് അക്ഷമയോടെ കാത്തുകൊണ്ടിരിക്കുകയുമായിരുന്നു. പക്ഷേ, തങ്ങളെക്കാൾ താണ ജനതയായി അവർ ഗണിച്ചുപോന്നിരുന്ന അറബികളിൽ നിന്നാണ് ആ പ്രവാചകനുണ്ടായതെന്ന കാരണത്താൽ, അസൂയയും ശത്രുതയും പുലർത്തുകയാണവർ ചെയ്തത്. മുമ്പ് തങ്ങൾതന്നെ പ്രചരിപ്പിച്ചു വന്നിരുന്ന ആ സത്യങ്ങളെ വളച്ചൊടിച്ചു വ്യാഖ്യാനിക്കുവാനും, അവയിൽ മായം ചേർക്കുവാനും, തുറന്നുപറയാതെ മൂടിവെക്കുവാനുമൊക്കെ അതോടെ അവർ പ്രേരിതരായി. ഇതിനെപ്പറ്റിയാണ് പ്രധാനമായും ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്.

നമസ്കാരവും സക്കാത്തും യഹൂദികളിലും നിയമിക്കപ്പെട്ടിരുന്നു. അനുഷ്ഠാന സമ്പ്രദായങ്ങളിൽ കുറേയൊക്കെ വ്യത്യാസമുണ്ടായിരിക്കുമെന്ന് മാത്രം. എന്നാൽ രണ്ടു

വിഷയത്തിലും- ഇന്നത്തെ മുസ്‌ലിം സമുദായത്തെപോലെത്തന്നെ- അവരുടെ നിലപാടും വളരെ ശോചനീയമായിരുന്നു. നമസ്കാരകർമ്മങ്ങൾ വേണ്ടതുപോലെയോ, ഒട്ടും തന്നെയോ നിറവേറ്റപ്പെടാതായിക്കഴിഞ്ഞിരുന്നു. നിറവേറ്റുന്നവരിൽ തന്നെ അതൊരു ചടങ്ങുമാത്രമായി മാറുകയും ചെയ്തിരുന്നു. സക്കാത്തിൻെറകാര്യം പറയേണ്ടതുമില്ല. ധനം ചിലവഴിക്കുന്നതിൽ യഹൂദികളോളം കടുത്ത പിശുക്കിൻെറ പാരമ്പര്യം പുലർത്തിവന്ന ഒരു സമുദായം വേറെയില്ല. പിശുക്കുമാത്രമല്ല, ധനത്തിൻെറ ആർത്തിയും അവരുടെ സഹജഗുണങ്ങളായിക്കഴിഞ്ഞിരുന്നു. ഇങ്ങിനെയുള്ള വസ്തുതകളെ മുൻനിറുത്തികൊണ്ടാണ് അവരോട് നമസ്കാരം നിലനിറുത്തുവാനും സക്കാത്തുകൊടുക്കുവാനും കൽപിക്കുന്നത്. നിങ്ങളുടെ വേദഗ്രന്ഥം മുഖേന നിങ്ങൾ നിറവേറ്റുവാൻ ബാധ്യസ്ഥരായ ആ കാര്യങ്ങളൊക്കെത്തന്നെയാണ് മുഹമ്മദ് നബിയും ഉപദേശിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിൻെറയും, അദ്ദേഹത്തിൽ വിശ്വസിച്ചവരുടെയും കൂടെച്ചേർന്നു നിങ്ങളും നമസ്കാരകർമ്മം അനുഷ്ഠിച്ചുപോരുവിൻ. എന്നത്രെ രണ്ടാമത്തെ വചനത്തിൻെറ താൽപര്യം.

ركوع (റുകൂഉ്) എന്നാൽ 'കുമ്പിടുക, കുനിയുക, തലതാഴ്ത്തുക' എന്നൊക്കെയാണ് വാക്കർത്ഥം. നമസ്കാരത്തിലെ പ്രധാന ഘടകമാണല്ലോ റുകൂഉം, സുജൂദും, നിറുത്തവും (الركوع والسجود والقيام) ആ നിലക്ക് നമസ്കാരത്തെ ഉദ്ദേശിച്ച് ഈ മൂന്ന് വാക്കുകളും ഖുർആനിലും മറ്റും ഉപയോഗിക്കപ്പെട്ടുവരുന്നു.

۞ أَتَأْمُرُونَ ٱلنَّاسَ بِٱلْبِرِّ وَتَنسَوْنَ أَنفُسَكُمْ وَأَنتُمْ تَتْلُونَ ٱلْكِتَٰبَ ۚ أَفَلَا تَعْقِلُونَ ﴿٤٤﴾

44 നിങ്ങൾ മനുഷ്യരോട് പുണ്യകാര്യം (ചെയ്‌വാൻ) കൽപിക്കുകയും, നിങ്ങളുടെ സ്വന്തം ദേഹങ്ങളെ നിങ്ങൾ മറന്നുകളയുകയും ചെയ്യുകയാണോ? നിങ്ങളാകട്ടെ, വേദഗ്രന്ഥം പാരായണം ചെയ്യുകയും ചെയ്യുന്നു! അപ്പോൾ, നിങ്ങൾ ബുദ്ധി കൊടു(ത്തു ചിന്തി) ക്കുന്നില്ലേ?!

---

44 **أتأمرونَ** നിങ്ങൾ കൽപിക്കുകയാണോ. **الناس** മനുഷ്യരോട്. **بالبر** പുണ്യ കാര്യത്തിന്. **وتنسونَ** നിങ്ങൾ വിസ്മരിക്കുകയും. **أنفُسَكم** നിങ്ങളുടെ സ്വദേഹങ്ങളെ. **وأنتم** നിങ്ങളാകട്ടെ. **تتلُونَ** നിങ്ങൾ പാരായണം ചെയ്യുന്നു. **الكتاب** വേദഗ്രന്ഥം. **أفَلا تعقلونَ** അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ.

മറ്റുള്ളവരെ സൽകാര്യങ്ങൾ ചെയ്‌വാൻ ഉപദേശിക്കുന്നതിലല്ല ആക്ഷേപം. അത് നല്ല കാര്യം തന്നെ. ഉപദേശം നൽകുന്ന വിഷയത്തിൽ മാതൃക കാണിച്ചു കൊടുക്കേണ്ടവരാണ് ഉപദേഷ്ടാക്കൾ. മറ്റുള്ളവരോട് ചെയ്‌വാൻ ഉപദേശിക്കുന്ന കാര്യം സ്വയം അനുഷ്ഠിക്കാതിരിക്കുകയും, അതോടൊപ്പം വേദഗ്രന്ഥത്തിൻെറ പ്രബോധകരും അനുയായികളുമായി അഭിനയിക്കുകയും ചെയ്യുന്നതിനെപ്പറ്റിയാണ് ആക്ഷേപം. ഇത് ബുദ്ധിഹീനമായ ഒരേർപ്പാടാണെന്നും, ബുദ്ധിയുള്ളവർക്ക് യോജിച്ചതല്ലെന്നും ഈ വചനം സൂചിപ്പിക്കുന്നു. യഹൂദീ പണ്ഡിതൻമാരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ആക്ഷേപമെങ്കിലും, ഇതുൾക്കൊള്ളുന്ന തത്വം എല്ലാ മതോപദേഷ്ടാക്കൾക്കും ബാധകമായതുതന്നെ. വേദക്കാരെക്കുറിച്ച് ആക്ഷേപരൂപത്തിൽ പ്രസ്താവിക്കപ്പെട്ട എല്ലാ കാര്യങ്ങളിൽ നിന്നും സത്യവിശ്വാസികൾ പ്രത്യേകം ഒഴിവായിരിക്കേണ്ടതാണല്ലോ.

അല്ലാഹു പറയുന്നു: يا ايها الذين امنوا لم تقولون مالا تفعلون – الصف (ഹേ, വിശ്വസിച്ചവരേ, എന്തിനാണ് നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുന്നത്?! നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുന്നത് അല്ലാഹുവിൻെറ അടുക്കൽ വളരെ വലിയ ക്രോധകരമായ കാര്യമാണ്.

(സ്വഫ്ഫ്: 2,3.) 'മിഅ്റാജി'ൻെറ രാത്രിയിൽ നബി (ﷺ) തിരുമേനി, ചില ആളുകളുടെ നാവും അധരങ്ങളും അഗ്നികൊണ്ടുള്ള കത്രികകളാൽ കത്രിക്കപ്പെടുന്നത് കണ്ടുവെന്നും അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ ജിബ്രീൽ (عليه السلام) ഇപ്രകാരം പറഞ്ഞുവെന്നും അഹ്മദ് (رحمه الله) മുതലയാവർ ഉദ്ധരിച്ച ഒന്നിലധികം ഹദീസുകളിൽ വന്നിരിക്കുന്നു: 'താങ്കളുടെ സമുദായത്തിൽ ജനങ്ങളോട് സൽകാര്യം ഉപദേശിക്കുകയും, സ്വന്തം ദേഹങ്ങളെ മറന്നുകളയുകയും ചെയ്യുന്ന പ്രാസംഗികൻ മാരാണ് ഇവർ'. ഈ വിഷയകമായി വേറെയും പല ഹദീസുകൾ കാണാവുന്നതാണ്.

وَٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلْخَٰشِعِينَ ﴿٤٥﴾

45 ക്ഷമയും, നമസ്കാരവും വഴി നിങ്ങൾ സഹായം തേടിക്കൊള്ളുവിൻ. നിശ്ചയമായും ഇത് വലിയ (ഭാരിച്ച) കാര്യം തന്നെയാകുന്നു, ഭക്തൻമാർക്കൊഴികെ.

ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُوا۟ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ ﴿٤٦﴾

46 അതായത്, തങ്ങൾ തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടുന്നവരാണെന്നും, തങ്ങൾ അവങ്കലേക്കു മടങ്ങിച്ചെല്ലുന്നവരാണെന്നും വിചാരിച്ചുകൊണ്ടിരിക്കുന്നവർ(ക്കൊഴികെ) .

---

45 **واستعينوا** നിങ്ങൾ സഹായം തേടുവിൻ. **بالصبر** ക്ഷമകൊണ്ട് **والصلاة** നമസ്കാരവും. **وإنها** നിശ്ചയമായും അത്. **لكبيرةٌ** ഒരു വലിയത് (കാര്യം) തന്നെ. **إلا** ഒഴികെ. **على الخاشعين** ഭക്തൻമാരുടെ മേൽ വിനീതന്മാർക്ക്. 46 **الذين يظنونَ** വിചാരിക്കുന്നവർ. **أنهم** അവരാണെന്ന്. **ملاقُوا** കണ്ടുമുട്ടുന്നവർ. **ربهم** തങ്ങളുടെ റബ്ബിനെ. **وأنهم** അവരാണെന്നും. **إليه** അവങ്കലേക്ക്. **راجعونَ** മടങ്ങുന്നവർ.

നബി (ﷺ) യിലും ഖുർആനിലും വിശ്വസിക്കണം, മനുഷ്യരെ വഴിപിഴപ്പിക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്യണം, നമസ്കാരവും സക്കാത്തുംപോലെയുള്ള കാര്യങ്ങൾ നിർവ്വഹിക്കണം. മറ്റുള്ളവരെ ഉപദേശിക്കുന്ന ഉപദേശം സ്വയം പാലിക്കുകയും വേണം എന്നിങ്ങനെ പലതും ഇസ്റാഈല്യരെ അഭിമുഖീകരിച്ചുകൊണ്ട് കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. ചിരകാലമായി അവർ ആചരിച്ചു വരുന്ന പാരമ്പര്യ മാർഗ്ഗങ്ങൾ വിട്ടേച്ച് അതിൽനിന്ന് ഭിന്നമായ ഒരു പുതിയ നടപടിക്രമം സ്വീകരിക്കുവാൻ അവർക്ക് പല നിലക്കും വിഷമം തോന്നുക സ്വാഭാവികമാണല്ലോ. ഈ മനപ്രയാസത്തിനുള്ള ചികിത്സയായിട്ടാണ് ക്ഷമയും നമസ്കാരവും സ്വീകരിച്ചു കൊള്ളുവാൻ അവരോട് കൽപിക്കുന്നത്. എല്ലാതരം മനപ്രയാസങ്ങളിലും ഞെരുക്കങ്ങളിലും ക്ഷമയും സഹനവും കൈക്കൊള്ളുന്നപക്ഷം, അത് പ്രതികൂല സാഹചര്യങ്ങളെ എതിർത്ത് നിൽക്കുവാൻ കെല്പുണ്ടാക്കുന്നതും അതോടെ ഇസ്ലാമികജീവിതം നയിക്കുവാനുള്ള മനപ്രയാസം നീങ്ങിപ്പോകുന്നതുമാകുന്നു. നമസ്കാരം ശീലിക്കുന്നതും പതിവാക്കുന്നതുമാകട്ടെ, അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും, ഭയഭക്തിയും വർദ്ധിപ്പിക്കുകയും, ആത്മീയവും മാനസികവുമായ ശക്തിയും പരിശുദ്ധിയും നേടികെക്കാടുക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും ഉതവിയും ലഭിക്കുവാൻ ഇതു കാരണമായിത്തീരും. എന്നൊക്കെയാണ് ക്ഷമയും നമസ്ക്കാരവും വഴി സഹായം തേടുവാൻ പറഞ്ഞതിൻെറ താൽപര്യം.

ഈ മഹത്തായ ഉപദേശവും തന്നെ, ഇസ്രാഈല്യരെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും എല്ലാ സത്യവിശ്വാസികൾക്കും ബാധകമായതാകുന്നു. ഇതേ സൂറത്തിലെ 153 -ാം വചനത്തിൽ അല്ലാഹു പറയുന്നു: يا ايهالذين امنوا استعينوا بالصبر ولصلوة الخ (ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ക്ഷമയും നമസ്ക്കാരവും വഴി സഹായം തേടിക്കൊള്ളുവിൻ. നിശ്ചയമായും, അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു.) മറ്റൊരു സ്ഥലത്ത് പറയുന്നു: انها يوفى الصابرون اجرهم بغير حساب – الزهر (ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ

ത്തന്നെയായിരിക്കും നിറവേറ്റി കൊടുക്കപ്പെടുക. സുമർ: 10) നമസ്ക്കാരത്തെക്കുറിച്ച് പറയുന്നു: واقم الصلوة ان الصلوةتنهى عن الفحشاء والمنكر – العنكبوت (.....നമസ്ക്കാരം നിലനിറുത്തുകയും ചെയ്യുക. നിശ്ചയമായും നമസ്ക്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധമായതിൽനിന്നും തടയുന്നതാണ്. (അൻകബൂത്ത്:45) ഉമർ (﵁) പ്രസ്താവിച്ചതായി ഇബ്നുഹാതിം (﵀) ഉദ്ധരിച്ചിരിക്കുന്നു: 'ക്ഷമ രണ്ടു വിധത്തിലുണ്ട്; ആപത്തുകളിലുള്ള ക്ഷമ. ഇത് നല്ലതുതന്നെ. അതിനേക്കാൾ നല്ലതാണ് നിരോധിക്കപ്പെട്ട കാര്യങ്ങളെ വിട്ടൊഴിക്കുവാനുള്ള ക്ഷമ'. നബി (ﷺ) തിരുമേനിക്ക് വല്ല അസ്വാസ്ഥ്യവും നേരിടുമ്പോൾ അവിടുന്നു വേഗം നമസ്കാരത്തിലേക്ക് തിരിയുക പതിവായിരുന്നുയെന്ന് അഹമ്മദ്, അബൂദാവൂദ് (﵏) മുതലായവർ ഉദ്ധരിച്ച ഹദീസിൽ വന്നിട്ടുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാകുന്നു.

وانها لكبيرة (നിശ്ചയമായും അത് ഒരു വലിയ-അഥവാ ഭാരിച്ച- കാര്യം തന്നെയാണ്) എന്ന വാക്യത്തിലെ 'അത്'(ها) എന്ന സർവ്വനാമംകൊണ്ടുദ്ദേശ്യം അതിൻെറ നേരെമുമ്പു പറഞ്ഞ നമസ്കാരം (الصلوة) ആണെന്നാണ് ഭൂരിപക്ഷം വ്യഖ്യാതാക്കളും പറയുന്നത്. വാക്കുകളുടെ ബാഹ്യാവസ്ഥ പരിഗണിക്കുമ്പോൾ അതിനാണ് കൂടുതൽ ന്യായമുള്ളതും. മറ്റുള്ളവർ അഭിപ്രായപ്പെടുന്നത് ക്ഷമയും നമസ്കാരവും മുഖേനയുള്ള സഹായം തേടൽ (الاستعانة) ആണതുകൊണ്ടുദ്ദേശ്യം എന്നാകുന്നു. രണ്ടായാലും വാക്യത്തിൻെറ താൽപര്യം വ്യക്തംതന്നെ.

അല്ലാഹുവുമായി കണ്ടുമുട്ടുകയും, അവനിലേക്ക് മടങ്ങുകയും ചെയ്യേണ്ടിവരുമെന്നുള്ള ബോധവും വിചാരവുള്ളരാണ് ഭക്തൻമാർ (الخاشعون) എന്ന് അല്ലാഹുതന്നെ പ്രസ്താവിച്ചിരിക്കെ, ഇനി ആ വാക്കിനൊരു വിശദീകരണം ആവശ്യമില്ല. ഈ ബോധമുള്ളവരാകട്ടെ ഏക ലക്ഷ്യം അല്ലാഹുവിൻെറ പ്രീതിയും പ്രതിഫലങ്ങളുമായിരിക്കുമല്ലോ. അതിനായി കഷ്ടനഷ്ടങ്ങൾ സഹിക്കുവാനും, ത്യാഗം വരിക്കുവാനും അവർ തയ്യാറായിരിക്കുകയും ചെയ്യും. ومن الله التوفيق

വിഭാഗം - 6

يَـٰبَنِىٓ إِسْرَٰٓءِيلَ ٱذْكُرُوا۟ نِعْمَتِىَ ٱلَّتِىٓ أَنْعَمْتُ عَلَيْكُمْ وَأَنِّى فَضَّلْتُكُمْ عَلَى ٱلْعَـٰلَمِينَ ﴿٤٧﴾

47 ഇസ്രാഈൽ സന്തതികളേ, ഞാൻ നിങ്ങൾക്കു ചെയ്തു തന്നിട്ടുള്ളതായ എൻെറ അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ; ഞാൻ നിങ്ങളെ (മറ്റുള്ള) ലോകരെക്കാൾ ശ്രേഷ്ടരാക്കിയതും [ഓർക്കുവിൻ].

وَٱتَّقُوا۟ يَوْمًا لَّا تَجْزِى نَفْسٌ عَن نَّفْسٍ شَيْـًٔا وَلَا يُقْبَلُ مِنْهَا شَفَـٰعَةٌ وَلَا يُؤْخَذُ مِنْهَا عَدْلٌ وَلَا هُمْ يُنصَرُونَ ﴿٤٨﴾

48 ഒരു (മഹാ) ദിവസത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ: (അന്ന്) ഒരുദേഹവും ഒരു ദേഹത്തിനും (ഒരാളും ഒരാൾക്കും) ഒട്ടും ഉപകരിക്കുന്നതല്ല; അതിൽ (ഒരാളിൽ) നിന്നും ഒരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല; അതിൽ (ഒരാളിൽ) നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുകയുമില്ല; അവർ സഹായിക്കപ്പെടുകയുമില്ല (അങ്ങിനെയുള്ള ഒരു ദിവസം) .

---

47 يا بنِي إسرائيلَ ഇസ്രാഈൽ സന്തതികളേ. اذْكُروا ഓർക്കുവിൻ. نِعمتي എൻെറ അനുഗ്രഹം. التي أنعمت ഞാൻ അനുഗ്രഹം ചെയ്തതായ. عليْكُم നിങ്ങൾക്ക്. وأني فَضلْتكُم ഞാൻ നിങ്ങളെ ശ്രേഷ്ടരാക്കിയിരിക്കുന്നുവെന്നും. على العالَمين ലോകരെക്കാൾ. 48 واتقُوا നിങ്ങൾ സൂക്ഷിക്കുക (കാക്കുക) യും ചെയ്വിൻ. يوما ഒരു ദിവസത്തെ. لاَ تجزي പ്രതിഫലം നൽകുകയില്ല, ഉപകരിക്കുകയില്ല. نفْس ഒരു ദേഹവും, ആത്മാവും. عن نفْسٍ ഒരു ദേഹത്തിനും ആത്മാവിനും. شيْئًا യാതൊന്നും. ولاَ يقْبلُ

സ്വീകരിക്കപ്പെടുകയുമില്ല. منها അതിൽ നിന്ന്. شفاعةٌ ഒരു ശുപാർശ. ولا يؤخذُ മേടിക്ക(സ്വീകരിക്ക)പ്പെടുകയുമില്ല. منها അതിൽ നിന്ന്. عدلٌ കിടയൊത്തത്(പ്രായശ്ചിത്തം, തെണ്ടം) ولا هم അവർ ഇല്ല താനും. ينصرونَ അവർ സഹായിക്കപ്പെടും.

ഇസ്റാഈല്യർക്ക് അല്ലാഹു നൽകിവന്ന അനുഗ്രഹങ്ങളെ വീണ്ടും ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ടും, അവർക്ക് ഇതരസമുദായങ്ങളെക്കാൾ നൽകിയ ശ്രേഷ്ഠതകളെ അനുസ്മരിപ്പിച്ചുകൊണ്ടും അവരെ സത്യവിശ്വാസത്തിലേക്കും സൻമാർഗ്ഗത്തിലേക്കും ക്ഷണിക്കുകയാണ് അല്ലാഹു. മറ്റുള്ള ജനങ്ങളെക്കാളെല്ലാം അതിനുമുമ്പോട്ടുവരേണ്ടതു നിങ്ങളാണെന്നു കൂടി ഇതുമൂലം അവരെ ഉണർത്തുന്നു. ഇസ്റാഈല്യർ ഒരു മതത്തിന്റെ അനുയായികളെന്നനിലക്ക് ഒരു സമുദായമായിത്തീർന്നപ്പോൾ, അക്കാലത്തുള്ള ഇതര സമുദായങ്ങളെക്കാൾ പല നിലക്കുള്ള ശ്രേഷ്ടതയും അവർക്കുണ്ടായിരുന്നു. എത്രയോ നബിമാർ അവരിൽനിന്നുണ്ടായി. വളരെയധികം രാജാക്കളും അവരിൽ ഉണ്ടായി. അങ്ങനെ, മതനേതൃത്വവും ഭരണനേതൃത്വവും അവർക്ക് കൈവന്നു. മുൻവേദഗ്രന്ഥങ്ങളിൽവെച്ച് ഏറ്റവും ഉന്നതസ്ഥാനം അർഹിക്കുന്ന വേദഗ്രന്ഥവും നിയമസംഹിതയുമായ തൗറാത്തിന്റെ അനുയായികളാകുവാനുള്ള ഭാഗ്യവും അവർക്കാണ് സിദ്ധിച്ചത്. താഴെ വചനങ്ങളിൽ കാണാവുന്നതുപോലെയുള്ള നിരവധി ദൃഷ്ടാന്തങ്ങളും അനുഗ്രഹങ്ങളും അവർ കണ്ടനുഭവിച്ചു. ചുരുക്കിപ്പറഞ്ഞാൽ, മതരംഗത്തും ലൗകികരംഗത്തുമുള്ള നേതൃത്വവും പ്രതാപവും ഇസ്രാഈല്യർക്കായിരുന്നു.

'ലോകരെക്കാൾ നിങ്ങളെ ശ്രേഷ്ഠമാക്കി' എന്നു പറഞ്ഞതുകൊണ്ട് എക്കാലത്തുമുള്ള എല്ലാസമുദായങ്ങളെക്കാളും അവരെ ശ്രേഷ്ഠരാക്കിയെന്നോ, നബി (ﷺ) തിരുമേനിയുടെ സമുദായത്തെക്കാളും ശ്രേഷ്ഠമാക്കിയെന്നോ അർത്ഥമില്ല. നബി (ﷺ) യുടെ സമുദായത്തെപ്പറ്റി كنتم خير امة اخرجت للناس.... الخ (മനുഷ്യർക്കുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള ഏറ്റവും ഉത്തമ സമുദായം നിങ്ങളാകുന്നു (3:110) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. അതിനുള്ള കാരണങ്ങളും അല്ലാഹു അവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

അവർക്ക് നൽകപ്പെട്ട അനുഗ്രഹങ്ങളെയും, ശ്രേഷ്ഠതകളെയും ഓർമ്മിപ്പിച്ചശേഷം, ആ നല്ല പാരമ്പര്യങ്ങളെല്ലാം അവരിപ്പോൾ കളഞ്ഞുകുളിച്ചിട്ടുണ്ടെന്നും, അങ്ങനെ അവർ അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും വിധേയരായിട്ടുണ്ടെന്നും, അതുകൊണ്ട് ഖിയാമത്തുനാളിൽ അനുഭവിക്കുവാൻപോകുന്ന ഭവിഷ്യത്തുകളെ സൂക്ഷിച്ചുകൊള്ളണമെന്നും അവരെ താക്കീതുചെയ്യുന്നു. ഖിയാമത്തുനാളിനെപ്പറ്റി നാലു കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു: (1) അന്ന് ഒരാളും ഒരാൾക്കും ഉപകരിക്കുകയില്ല. (2) അന്ന് യാതൊരു ശുപാർശയും സ്വീകാര്യമല്ല. (3) അന്ന് ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുന്നതല്ല. അഥവാ ശിക്ഷയിൽനിന്ന് ഒഴിവാക്കിക്കിട്ടത്തക്കവണ്ണം അതിന് പകരം വല്ലതും നൽകി രക്ഷപ്പെടുവാൻ സാധ്യമല്ല. (4) എന്നുവേണ്ടാ, ഒരു പ്രകാരത്തിലുള്ള സഹായവും അന്ന് അവർക്ക് ലഭിക്കുവാനില്ല.

അതേ, ഓരോരുവനും അവനവൻ സമ്പാദിച്ചുവെച്ചതിന്റെ ഫലം മാത്രം അനുഭവിക്കും. ഒരാളുടെ കുറ്റം മറ്റൊരാൾ പേറുകയില്ല. (6:164; 35:18; 39:7) ഓരോരുത്തർക്കും അവരവരുടെ കാര്യം തന്നെ ധാരാളമുണ്ടായിരിക്കും. (80:37) മാതാപിതാക്കൾ മക്കൾക്കോ, മക്കൾ മാതാപിതാക്കൾക്കോ ഉപകരിക്കുകയില്ല (31:33) ശുപാർശക്കാരുടെ ശുപാർശകളൊന്നും അവിടെ ഫലപ്പെടുകയില്ല. (74:48) അല്ലാഹുവിന്റെ അനുവാദം കൂടാതെ അവന്റെ അടുക്കൽ ശുപാർശ നടത്തുവാൻ തക്കവൻ ആരാണുള്ളത്?! (2:255) അവിശ്വാസികളായ ആളുകൾക്ക് ഭൂമിയിലുള്ളത് മുഴുവനും, അതോടൊപ്പം അത്രയും കൂടി ഉണ്ടായിരിക്കുകയും, അത് തെണ്ടം നൽകി ശിക്ഷയിൽ

നിന്ന് ഒഴിവാകുവാന്‍ ശ്രമിക്കുകയും ചെയ്താലും അത് സ്വീകരിക്കപ്പെടുകയില്ല. (5:39) വല്ലതും പകരം നല്‍കിയോ, സ്നേഹബന്ധത്തിന്‍റെ പേരിലോ രക്ഷപ്പെടാമോ? അതുമില്ല. (14:31) എന്നാല്‍, അന്യോന്യം സഹായിക്കാമോ? അതും ഇല്ല. എല്ലാവരും കല്‍പനക്ക് വിധേയരായിരിക്കും. (37:25,26)

'ഞങ്ങള്‍ പ്രവാചകത്വത്തിന്‍റെയും വേദഗ്രന്ഥത്തിന്‍റെയും ആള്‍ക്കാരാണ്, സ്വര്‍ഗ്ഗം ഞങ്ങളുടെ കുത്തകയാണ്, കവിഞ്ഞാല്‍ അല്‍പദിവസം മാത്രമേ ഞങ്ങള്‍ നരകത്തില്‍ കിടക്കേണ്ടി വരികയുള്ളു, ഞങ്ങള്‍ അല്ലാഹുവിന്‍റെ മക്കളും ഇഷ്ടക്കാരുമാണ്' എന്നൊക്കെയായിരുന്നു ഇസ്റാഈല്യര്‍ അവകാശപ്പെട്ടുകൊണ്ടിരുന്നത്. ഈ അവകാശവാദങ്ങളെല്ലാം തനി വ്യാജവും നിരര്‍ത്ഥവുമാണെന്നും, അവരുടെ ഈ നില തുടരുന്ന പക്ഷം ഖിയാമത്തുനാളില്‍ യാതൊരു രക്ഷാമാര്‍ഗ്ഗവും ലഭിക്കുവാനുള്ള സാധ്യത അവര്‍ക്കില്ലെന്നും അല്ലാഹു ഇതുമൂലം അവരെ താക്കീതുചെയ്യുകയാണ്. തുടര്‍ന്നുള്ള വചനങ്ങളില്‍ അരുടെ മുന്‍തലമുറകള്‍ അനുഭവിച്ചതും അവര്‍ ദൃക്സാക്ഷികളായിരുന്നതും, പിന്‍തലമുറക്കാരായ ഇവര്‍ അഭിമാന പൂര്‍വ്വം ഏറ്റുപറഞ്ഞുകൊണ്ടിരിക്കുന്നതുമായ ചില അനുഗ്രഹങ്ങളെ അല്ലാഹു അവരെ അനുസ്മരിപ്പിക്കുന്നു:-

وَإِذْ نَجَّيْنَـٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ يُذَبِّحُونَ أَبْنَآءَكُمْ وَيَسْتَحْيُونَ نِسَآءَكُمْ ۚ وَفِى ذَٰلِكُم بَلَآءٌ مِّن رَّبِّكُمْ عَظِيمٌ ﴿٤٩﴾

49 ഫിര്‍ഔന്‍റെ കൂട്ടര്‍ നിങ്ങളെ കടുത്ത ശിക്ഷ അനുഭവിപ്പിച്ചുകൊണ്ടിരിക്കെ, അവരില്‍ നിന്ന് നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദര്‍ഭവും (ഓര്‍ക്കുക) . അവര്‍ നിങ്ങളുടെ ആണ്‍മക്കളെ അറുകൊല ചെയ്യുകയും, നിങ്ങളുടെ സ്ത്രീക(ളായ മക്ക) ളെ ജീവിക്കുവാന്‍ വിടുകയും ചെയ്തിരുന്നു. അതില്‍ നിങ്ങളുടെ റബ്ബിങ്കല്‍നിന്നുള്ള ഒരു വമ്പിച്ച പരീക്ഷണം ഉണ്ടായിരുന്നു.

وَإِذْ فَرَقْنَا بِكُمُ ٱلْبَحْرَ فَأَنجَيْنَـٰكُمْ وَأَغْرَقْنَآ ءَالَ فِرْعَوْنَ وَأَنتُمْ تَنظُرُونَ ﴿٥٠﴾

50 നിങ്ങള്‍ നിമിത്തം സമുദ്രത്തെ നാം പിളര്‍ത്തിയ സന്ദര്‍ഭവും (ഓര്‍ക്കുക) . അങ്ങനെ, നിങ്ങളെ നാം രക്ഷപ്പെടുത്തുകയും, ഫിര്‍ഔന്‍റെ കൂട്ടരെ നിങ്ങള്‍ നോക്കി (കണ്ടു) കൊണ്ടിരിക്കെ നാം മുക്കിക്കൊല്ലുകയും ചെയ്തു.

---

49 **وإِذْ نجيناكُم** നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദര്‍ഭവും. **مّن آل** കൂട്ടുകാരില്‍ (ആള്‍ക്കാരില്‍) നിന്ന്. **فرعونَ** ഫിര്‍ഔന്‍റെ. **يسومونكُم** അവര്‍ നിങ്ങളെ അനുഭവിപ്പിച്ചുകൊണ്ടിരിക്കെ. **سوءَ العَذابِ** കടുത്ത (ഹീനമായ) ശിക്ഷ. **يذَبحون** അവര്‍ അറുകാല നടത്തിയിരുന്നു. **أبناءَكُم** നിങ്ങളുടെ ആണ്‍മക്കളെ. **ويستحيونَ** അവര്‍ ജീവിക്കുവാന്‍ വിടുകയും ചെയ്തിരുന്നു.. **نِساءَكُم** നിങ്ങളുടെ സ്ത്രീകളെ. **وفي ذَلكُم** അതിലുണ്ടായിരുന്നു. **بلاءٌ** ഒരു പരീക്ഷണം. **من ربكُم** നിങ്ങളുടെ റബ്ബിങ്കല്‍ നിന്ന്. **عظيم** വമ്പിച്ച. 50 **وإِذْ فَرقْنا** നാം പിളര്‍ത്തിയ സന്ദര്‍ഭവും. **بِكُم** നിങ്ങള്‍ നിമിത്തം. **البحر** സമുദ്രത്തെ. **فَأنجَيناكُم** അങ്ങനെ നിങ്ങളെ നാം രക്ഷപ്പെടുത്തി. **وأغْرقْنا** നാം മുക്കി നശിപ്പിക്കുകയും ചെയ്തു. **آلَ فرعونَ** ഫിര്‍ഔന്‍റെ കൂട്ടരെ. **وأنتم** നിങ്ങള്‍ (ആയിരിക്കെ) . **تنظرونَ** നോക്കി (കണ്ടു) കൊണ്ടിരികുന്നു.

ഈ വചനങ്ങളിലും തുടർന്നുള്ള ചില വചനങ്ങളിലുമായി പ്രസ്താവിക്കപ്പെട്ട സംഭവങ്ങൾ ഇസ്റ്റാഈല്യരുടെ ചരിത്രത്തിൽ കഴിഞ്ഞ ചില പ്രധാനസംഭവങ്ങളാകുന്നു. അവയെപ്പറ്റി വേദക്കാർക്ക് അറിയാവുന്നതും, അവരുടെ കൈവശമുള്ള ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളതുമാകകൊണ്ട് അധിക വിശദീകരണങ്ങളൊന്നും കൂടാതെ എണ്ണിപ്പറയുകയാണ് ഇവിടെ അല്ലാഹു ചെയ്തിരിക്കുന്നത്. അവയിൽ ചിലതിനെപ്പറ്റി അഅ്റാഫ്, ത്വാഹാ, ഖസ്വസ്വ് മുതലായ ചില സൂറത്തുകളിൽ അൽപം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി അതതിടത്ത് വെച്ച് നമുക്ക് കാണാം. إن شاء الله ഈ സൂറത്തിൽമാത്രം പ്രസ്താവിക്കപ്പെട്ട സംഭവങ്ങളെക്കുറിച്ച് യഥായോഗ്യം അത്യാവശ്യവിശദീകരണം നൽകുകയും ചെയ്യാം.
ومن الله التوفيق

സൂറത്ത് യൂസുഫിൽ കാണാവുന്നതുപോലെ യൂസുഫ് (عليه السلام) നബി ഈജിപ്തിലെ (മിസ്രിലെ) ധനകാര്യമേധാവിയായിരുന്നപ്പോൾ അദ്ദേഹത്തിൻെറ പിതാവും- ഇസ്രാഈൽ എന്ന യഅ്ഖൂബ് (عليه السلام) നബിയും -സഹോദരൻമാരും ഈജിപ്തിൽചെന്ന് താമസമായി. ഏറെക്കുറെ നാനൂറു സംവത്സരങ്ങൾകൊണ്ട് ആ കുടുംബം പെറ്റുപെരുകി ഒരു വമ്പിച്ച ജനതയായിത്തീർന്നു. ഇവരുടെ പെരുപ്പവും പാരമ്പര്യസംസ്കാരങ്ങളും ഈജിപ്തിലെ പഴയ വംശജരായ ഖിബ്ത്വീ (കൊപ്തി) കൾക്ക് സഹിക്കാതായി. അവരുടെ നേരെ അവർ അക്രമവും മർദ്ദനവും അഴിച്ചുവിട്ടു. രാജ്യഭരണം അവരുടെ കയ്യിലായിരുന്നുവല്ലോ. റോമിലെ ഭരണാധിപൻമാർ കൈസർ (സീസർ) എന്നും, പേർഷ്യയിലെ ഭരണാധിപൻമാർ കിസ്രാ (കൊസ്രൂ) എന്നും, യമനിലെ രാജാക്കൻമാർ തുബ്ബഅ് എന്നുമുള്ള നാമങ്ങളിൽ അറിയപ്പെട്ടിരുന്നതുപോലെ, ഈജിപ്തിലെ ഭരണാധിപൻമാർ ഫിർഔൻ (ഫറോവാ) എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. ഒരു ഫിർഔന്റെ കാലത്ത് ഇസ്റ്റാഈല്യരോടുള്ള വിരോധവും, വർഗീയ പക്ഷപാതവും മൂർദ്ധന്യത്തിലെത്തി. അവരെ ഈ നിലക്ക് വിട്ടാൽ ക്രമേണ ഖിബ്ത്വികളുടെ പേരിനും പ്രശസ്തിക്കും കോട്ടംതട്ടുമെന്നും, രാജ്യഭരണം തങ്ങൾക്ക് നഷ്ടപ്പെടുവാൻ ഇടയാകുമെന്നും അവർ കരുതി.(*) അങ്ങിനെ ഇസ്റാഈല്യരെ അവർ തങ്ങളുടെ അടിമകളായി ഗണിക്കുകയും, അവരോട് തികച്ചും മൃഗങ്ങളെന്നോണം പെരുമാറുകയുമായി. കണക്കറ്റ മർദ്ദനങ്ങൾക്കും യാതനകൾക്കും അവർ ഇരയായി. ഈ വിഷയം ബൈബിളിൽ (പുറപ്പാട് പുസ്തകം, അദ്ധ്യായം: 1 ൽ വിവരിച്ചിട്ടുണ്ട്. (സൂ: ഖസ്വസ്വ് 4-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ നാമത് ഉദ്ധരിച്ചിരിക്കുന്നു.)

പ്രസ്തുത മർദ്ദനങ്ങളിൽ ഒന്നായിരുന്നു ഇസ്റാഈല്യരിൽ ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ ഉടനെ കൊലപ്പെടുത്തുവാനും പെൺകുഞ്ഞുങ്ങളെ ഒഴിവാക്കുവാനുമുള്ള ഫിർഔൻെറ കൽപന. അതിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു. എത്രയോ കുഞ്ഞുങ്ങൾ അങ്ങിനെ മൃഗീയമായി അറുകൊല ചെയ്യപ്പെട്ടു. ഇക്കാലത്താണ് മൂസാ(عليه السلام) ൻെറ ജനനം. അദ്ദേഹത്തിൻെറ മാതാവ് അദ്ദേഹത്തെ പ്രസവിച്ച ഉടനെ കുഞ്ഞിനെ ഒരു പെട്ടിയിലാക്കി നൈൽനദിയിലൂടെ ഒഴുക്കുവാൻ അല്ലാഹു അവർക്ക് തോന്നിപ്പിച്ചു. അങ്ങിനെ, ഖിബ്ത്ത്വികളുടെ പ്രതാപനാശത്തിനു കാരണക്കാരനാകുവാൻ പോകുന്ന ആ കുഞ്ഞ് ഫിർഔൻെറ കൊട്ടാര വാതിക്കൽക്കൂടി ഒഴുകിപ്പോകുന്ന നദിയുടെ കരക്കണഞ്ഞപ്പോൾ കൊട്ടാരവാസികൾ കണ്ടെടുക്കുകയും, അദ്ദേഹം കൊട്ടാരക്കുഞ്ഞായി വളർത്തപ്പെടുകയും ചെയ്തു. (വിശദീകരണം സൂ: ത്വാഹായിലും, ഖസ്വസ്വിലും കാണാവുന്നതാണ്) മൂസാ (عليه السلام) നബിക്കു പ്രവാചകത്വവും ദിവ്യദൗത്യവും (നുബുവ്വത്തും രിസാലത്തും) ലഭിച്ച് പ്രബോധന കൃത്യം നടത്തിക്കൊണ്ടിരുന്നപ്പോഴും ഫിർഔൻെറ അക്രമ മർദ്ദനങ്ങൾ വീണ്ടും ശക്തിപ്പെട്ടു. കൂട്ടത്തിൽ ഇസ്റാഈല്യരുടെ ആൺകുഞ്ഞുങ്ങളെ കൊല്ലുന്ന ഏർപ്പാട് അപ്പോഴും നടന്നിരുന്നു. (സൂറ: അഅ്റാഫ് 127-129 ൽ ഇതിനെപ്പറ്റി പരാമർശം കാണാം.) ഇങ്ങിനെയുള്ള

* പരിഷ്കൃതയുഗമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്തും ഇത്തരം വർഗ്ഗീയ മനസ്ഥിതി വെച്ചു പുലർത്തുന്ന ജനങ്ങളും ഭരണാധികാരികളും ധാരാളമുണ്ടല്ലോ.

കഠിനയാതനകളില്‍ നിന്ന് മൂസാ (عليه السلام) മുഖേന അവര്‍ക്ക് മോചനം നല്‍കിയതിനെയാണ് ......واذ نجيناكم من ال فرعون (നിങ്ങളെ നാം ഫിര്‍ഔന്‍റെ കൂട്ടരില്‍നിന്ന് രക്ഷപ്പെടുത്തിയ സന്ദര്‍ഭം ഓര്‍ക്കുക.......) എന്ന് പറഞ്ഞു കൊണ്ട് അല്ലാഹു ഇസ്റാഈല്യരെ ഓര്‍മ്മിപ്പിക്കുന്നത്.

بلاء (ബലാഉ്) എന്നാല്‍ പരീക്ഷണം എന്നര്‍ത്ഥം തിന്‍മയിലാണ് ഈ വാക്ക് അധികവും ഉപയോഗിക്കപ്പെടാറുള്ളതെങ്കിലും നന്‍മമുഖേനയുള്ള പരീക്ഷണത്തിലും, തിന്‍മമുഖേനയുള്ള പരീക്ഷണത്തിലും അത് ഉപയോഗിക്കപ്പെടാറുണ്ട്. അല്ലാഹു പറയുന്നു:
ونبلوكم بالشر و الخير فتنة – الانبياء : ٣٥ (തിന്‍മകൊണ്ടും നന്‍മകൊണ്ടും നാം നിങ്ങളെ പരീക്ഷണം നടത്തുന്നതാണ്) തിന്‍മമുഖേനയുള്ളതില്‍ ക്ഷമയും, നന്‍മ മുഖേനയുള്ളതില്‍ നന്ദിയുമായിരിക്കും പരീക്ഷണം കൊണ്ടുദ്ദേശിക്കപ്പെടുന്നത്. ഇതനുസരിച്ച് وفى ذالكم بلاء (അതില്‍ പരീക്ഷണമുണ്ടായിരുന്നു) എന്ന വാക്യത്തിനു രണ്ടു പ്രകാരത്തില്‍ വ്യാഖ്യാനം നല്‍കപ്പെട്ടിട്ടുണ്ട്. (1) ഫിര്‍ഔന്‍റെ കൂട്ടര്‍ നിങ്ങള്‍ക്ക് കടുത്ത ശിക്ഷ അനുഭവിപ്പിക്കുകയും നിങ്ങളുടെ മക്കളെ അറുകൊല ചെയ്യുകയും ചെയ്തിരുന്നത് നിങ്ങളുടെ ക്ഷമയും സഹനവും പരിശോധിക്കുവാനുള്ള ഒരു പരീക്ഷണമായിരുന്നു. (2) ഫിര്‍ഔന്‍റെ ആള്‍ക്കാരില്‍നിന്ന് നിങ്ങളെ രക്ഷപ്പെടുത്തിയത് നിങ്ങളുടെ നന്ദിയും കൂറും പരിശോധിക്കുവാനുള്ള ഒരു പരീക്ഷണമായിരുന്നു. ഒന്നാമത്തെ വ്യാഖ്യാനമാണ് അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചു കാണുന്നത്. രണ്ടായാലും ആ പരീക്ഷണം വളരെ വമ്പിച്ചതായിരുന്നുവെന്ന് വ്യക്തമാണല്ലോ.

രണ്ടാമത്തെ വചനത്തില്‍ ഓര്‍മ്മിപ്പിച്ച സംഭവത്തിന്‍റെ ചുരുക്കം ഇതാണ്: ഫിര്‍ഔന്‍റെ മര്‍ദ്ദനംഇസ്റാഈല്യര്‍ സഹിച്ചു സഹിച്ചു മടുത്തപ്പോള്‍, അല്ലാഹുവിന്‍റെ കല്‍പന പ്രകാരം മൂസാ (عليه السلام) അവരെയും കൂട്ടി രാത്രി പുറപ്പെട്ടു ചെങ്കടലിനടുത്തെത്തി. മൂസാ (عليه السلام) തന്‍റെ വടികൊണ്ട് സമുദ്രത്തില്‍ അടിച്ചു. അപ്പോള്‍, അവര്‍ക്കു നടന്നുപോകത്തക്കവിധം അല്ലാഹു സമുദ്രജലം പിളര്‍ത്തികൊടുത്തു. ഇരു ഭാഗത്തേക്കും ഒഴിഞ്ഞുനിന്ന ജലഭിത്തികള്‍ക്കിടയിലൂടെ അവര്‍ മറുകരപറ്റി രക്ഷപ്പെട്ടു. അവര്‍ സ്ഥലം വിട്ട വിവരം അറിഞ്ഞ് അവരെ പിന്‍തുടര്‍ന്നു വന്നിരുന്ന ഫിര്‍ഔനും സൈന്യവും അതേ ഇടവഴിയിലൂടെ സമുദ്രത്തിലിറങ്ങിക്കഴിഞ്ഞ പ്പോഴേക്കും ഇരുഭാഗത്തും ചിറച്ചു നില്‍ക്കുന്ന സമുദ്രജലം കൂട്ടിമുട്ടുകയും അവരെല്ലാം അതില്‍ മുങ്ങി നശിക്കുകയും ചെയ്തു. വാസ്തവത്തില്‍ ഈഒരൊറ്റ സംഭവം മതി, ഇസ്റാഈല്യരെ ഇരുത്തിചിന്തിപ്പിക്കുവാന്‍. പക്ഷെ, കാലപ്പഴക്കത്തില്‍ ആ സംഭവം ആവര്‍ത്തിച്ച് ഉരുവിട്ട് അഭിമാനം കൊള്ളുകയല്ലാതെ, അതിന്‍റെ നന്ദി അവരില്‍ പ്രകടമായിരുന്നില്ല. ഈ മഹാ സംഭവത്തിന്‍റെ പൂര്‍ണ്ണ വിവരം സൂറ: ത്വാഹായിലും, ശുഅറാഉലും കാണാവുന്നതാണ്. (യുക്തിവാദങ്ങളും വക്രതാല്‍പര്യങ്ങളും അനുസരിച്ച് ഖുര്‍ആനെ വ്യാഖ്യാനിക്കുവാന്‍ മുതിര്‍ന്ന ചിലര്‍ ഈ സംഭവത്തിനു നല്‍കുന്ന പുതിയ ചിത്രീകരണത്തെയും, ആ ആവശ്യാര്‍ത്ഥം പല ഖുര്‍ആന്‍ വചനങ്ങള്‍ക്കും അവര്‍ നല്കിയ ദുര്‍വ്യാഖ്യാനങ്ങളെയുംസംബന്ധിച്ച് സൂറ: ത്വാഹായുടെ ശേഷം കൊടുത്തിട്ടുള്ള സുദീര്‍ഘമായ വ്യാഖ്യാനക്കുറിപ്പില്‍ വേണ്ടത്ര നിരൂപണം ചെയ്തിട്ടുണ്ട്.)

ഇബ്നു അബ്ബാസ് (رضي الله عنه) ഇപ്രകാരം പ്രസ്താവിച്ചതായി ഹദീസ് ഗ്രന്ഥങ്ങളില്‍ കാണാം: 'റസൂല്‍ (ﷺ) തിരുമേനി മദീനായില്‍ വന്നപ്പോള്‍ യഹൂദികള്‍ 'ആശൂറാഉ്, (മുഹര്‍റ മാസം പത്താം) ദിവസം നോമ്പ് പിടിക്കുന്നതായി കണ്ടു. ഈ ദിവസം എന്താണെന്ന് തിരുമേനി ചോദിച്ചു. ഇതൊരു നല്ല ദിവസമാണ്. ഇസ്റാഈല്യരെ അവരുടെ ശത്രുവില്‍നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയ ദിവസമാണിത്. അന്ന് മൂസാ (عليه السلام) നോമ്പ് നോറ്റു എന്ന് അവര്‍ മറുപടി പറഞ്ഞു. അപ്പോള്‍ തിരുമേനി പറഞ്ഞു: 'മൂസായെ സംബന്ധിച്ച് ഞാന്‍ നിങ്ങളേക്കാള്‍ അവക ാശപ്പെട്ടവനാണ്' അങ്ങനെ, അന്ന് തിരുമേനി നോമ്പ് പിടിക്കുകയും, അന്ന് നോമ്പ് നോല്‍ക്കുവാന്‍ കല്‌പിക്കുകയും ചെയ്തു'. (അ:ബു; മു ;ന ;ജ) ഈ ഹദീസനുസരിച്ചാണ്

ആശൂറാ ദിവസം മുസ്‌ലിംകൾ നോമ്പ് പിടിക്കുന്നത്. അത് നബി (ﷺ) യുടെ സുന്നത്തിൽപെട്ടതാണെന്ന് പൊതുവെ അറിയപ്പെട്ടതുമാണ്.

51 മൂസായുമായി നാൽപത് രാത്രിക്ക് നാം കരാർ നിശ്ചയം നടത്തിയ സന്ദർഭം (ഓർക്കുക) . പിന്നീട് അദ്ദേഹത്തിൻെറ (അഭാവത്തിന്) ശേഷം നിങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കിത്തീർത്തു: -നിങ്ങൾ അക്രമികളായും കൊണ്ട്.

وَإِذْ وَٰعَدْنَا مُوسَىٰٓ أَرْبَعِينَ لَيْلَةً ثُمَّ ٱتَّخَذْتُمُ ٱلْعِجْلَ مِنۢ بَعْدِهِۦ وَأَنتُمْ ظَٰلِمُونَ ﴿٥١﴾

52 പിന്നെ, അതിന് ശേഷം നാം നിങ്ങൾക്ക് മാപ്പ് ചെയ്തു, നിങ്ങൾ നന്ദി ചെയ്‌വാൻ വേണ്ടി.

ثُمَّ عَفَوْنَا عَنكُم مِّنۢ بَعْدِ ذَٰلِكَ لَعَلَّكُمْ تَشْكُرُونَ ﴿٥٢﴾

53 മൂസാക്ക് നാം വേദഗ്രന്ഥവും, (സത്യാസത്യ) വിവേചനവും നൽകിയ സന്ദർഭവും (ഓർക്കുക) . നിങ്ങൾ സൻമാർഗം പ്രാപിക്കുവാൻവേണ്ടി.

وَإِذْ ءَاتَيْنَا مُوسَى ٱلْكِتَٰبَ وَٱلْفُرْقَانَ لَعَلَّكُمْ تَهْتَدُونَ ﴿٥٣﴾

---

51 **وإذْ واعدنا** നാം കരാർ നിശ്ചയം നടത്തിയ സന്ദർഭം. **موسى** മൂസായോട്. **أربعين** നാൽപത്. **لَيْلةً** രാത്രി (ദിവസം) . **ثُمّ** പിന്നെ. **اتخذْتم** നിങ്ങൾ ഉണ്ടാക്കി(ആക്കി) ത്തീർത്തു. **العجلَ** പശുക്കുട്ടിയെ. **من بعده** അദ്ദേഹത്തിൻെറ ശേഷം. **وأنتم** നിങ്ങൾ (ആയിക്കൊണ്ട്) . **ظالمونَ** ആക്രമികൾ. (52) **ثم عفونا** പിന്നെ നാം മാപ്പ് ചെയ്തു. **عنكُم** നിങ്ങൾക്ക്. **مّن بعد** ശേഷമായി. **ذَلك** അതിൻെറ, അതിന്. **لعلكُم** നിങ്ങൾ ആയേക്കാം, ആകുവാൻവേണ്ടി. **تشكُرونَ** നിങ്ങൾ നന്ദി ചെയ്യും. 53 **وإذْ آتينا** നാം നൽകിയ സന്ദർഭവും. **موسى** മൂസാക്ക്. **الْكتاب** (വേദ) ഗ്രന്ഥം. **والفُرقانَ** വിവേചനവും. **لَعلكُم** നിങ്ങളാകുവാൻ, ആയേക്കാം. **تهتدونَ** സൻമാർഗ്ഗം (നേർവഴി) പ്രാപിക്കുക.

ഫിർഔനും സൈന്യവും മുക്കി നശിപ്പിക്കപ്പെടുകയും, ഇസ്റാഈല്യർ രക്ഷപ്പെടുകയും ചെയ്തശേഷം അവർക്കുള്ള നിയമ സംഹിത അടങ്ങുന്ന വേദഗ്രന്ഥം നൽകാമെന്നും, അതിനായി ആദ്യം മുപ്പതും, പിന്നീട് പത്തും കൂടി ആകെ നാൽപത്ദിവസം മൂസാ(عليه السلام) ധ്യാനം, വ്രതം മുതലായ അനുഷ്ഠാനങ്ങളോടുകൂടി സീനാമലയിൽ കഴിച്ചുകൂട്ടണമെന്നും അല്ലാഹു അദ്ദേഹവുമായി നിശ്ചയം ചെയ്തിരുന്നു. (വിശദ വിവരം അഅ്റാഫിൽ വരുന്നുണ്ട്) നിശ്ചയപ്രകാരം മൂസാ (عليه السلام) സീനായിലേക്ക് പോകുമ്പോൾ തൻെറ അഭാവത്തിൽ ഇസ്റാഈല്യരുടെ നേതൃത്വം സഹോദരൻ ഹാറൂൻ (عليه السلام) നബിയെ ഏൽപിച്ചു. മൂസാ (عليه السلام) നബി സ്ഥലം വിട്ടശേഷം സാമിരി എന്നുപേരായ ഒരുവൻെറ നേതൃത്വത്തിൽ ഇസ്റാഈല്യർ സ്വർണ്ണംകൊണ്ട് ഒരു പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുവാൻ തുടങ്ങി. അനേക കൊല്ലങ്ങളായി ഈജിപ്തുകാരുമായുള്ള സമ്പർക്കത്തിൽ പശുക്കളെ ആരാധിക്കുന്ന സമ്പ്രദായവുമായി അവർ ഇടപഴകിക്കഴിഞ്ഞിരുന്നു. മൂസാ (عليه السلام) തേടിപ്പോയ ആ ദൈവമാണതെന്ന് അവർ പറഞ്ഞു. ഹാറൂൻ (عليه السلام) തന്നാൽ കഴിയുന്ന തടസ്സങ്ങൾ പറഞ്ഞു നോക്കിയെങ്കിലും അവരത് ചെവിക്കൊണ്ടില്ല. നിശ്ചിത ദിവസങ്ങൾ കഴിഞ്ഞ് മൂസാ (عليه السلام) തൗറാത്തും കൊണ്ടുവന്നപ്പോൾ കണ്ട കാഴ്ച അതായിരുന്നു. അദ്ദേഹത്തിൻെറ വ്യസനവും കോപവും പിന്നെ പറയേണ്ടതുണ്ടോ?. ഇത്രയും കടുത്ത അപരാധം അവർ ചെയ്തിട്ടുപോലും പിന്നീട് അല്ലാഹു അവർക്ക് മാപ്പ് നൽകുകയുണ്ടായി. അവർ നന്ദിയുള്ളവരാ

യിത്തീരട്ടെ-അങ്ങനെ, അവർ സൻമാർഗ്ഗം പ്രാപിക്കട്ടെ- എന്നുദ്ദേശിച്ചാണ് അല്ലാഹു അവർക്ക് അത് മാപ്പാക്കിയത്.

വേദഗ്രന്ഥം കൊണ്ടുദ്ദേശ്യം തൗറാത്താകുന്നു. ഇസ്റാഈല്യർക്ക് മാർഗ്ഗദർശനത്തിനാവശ്യമായ എല്ലാതത്വോപദേശങ്ങളും, നിയമനിർദ്ദേശങ്ങളും, ചരിത്രപാഠങ്ങളും അടങ്ങിയ ഒരു നിയമസംഹിതയും, സത്യാസത്യങ്ങളെയും, ന്യായാന്യായങ്ങളെയും വേർതിരിച്ച് വിവരിക്കുന്ന മതഗ്രന്ഥവുമാണ് തൗറാത്ത് . ആ നിലക്ക് 'വേദഗ്രന്ഥവും വിവേചനവും (**الكتاب والفرقان**)' കൊണ്ടുദ്ദേശ്യം തൗറാത്ത്തന്നെ . 'വിവേചനം' കൊണ്ടുദ്ദേശ്യം മൂസാ (عليه السلام) നബി മുഖേനയുണ്ടായ അമാനുഷിക ദൃഷ്ടാന്തങ്ങളാ (**المعجزات**)ണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. രണ്ടായാലും ലക്ഷ്യം അവർ സന്മാർഗ്ഗം പ്രാപിക്കൽ തന്നെ.

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ إِنَّكُمْ ظَلَمْتُمْ أَنفُسَكُم بِٱتِّخَاذِكُمُ ٱلْعِجْلَ فَتُوبُوٓا۟ إِلَىٰ بَارِئِكُمْ فَٱقْتُلُوٓا۟ أَنفُسَكُمْ ذَٰلِكُمْ خَيْرٌ لَّكُمْ عِندَ بَارِئِكُمْ فَتَابَ عَلَيْكُمْ ۚ إِنَّهُۥ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿٥٤﴾

54 മൂസാ തൻെറ ജനതയോട് പറഞ്ഞ സന്ദർഭവും (ഓർക്കുക) . ''എൻെറ ജനങ്ങളേ, നിശ്ചയമായും, നിങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കിയത് നിമിത്തം നിങ്ങൾ നിങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു; ആകയാൽ, നിങ്ങൾ നിങ്ങളെ സൃഷ്ടിച്ചവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ; അങ്ങനെ, നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുവിൻ. അത്, നിങ്ങളുടെ സ്രഷ്ടാവിൻെറ അടുക്കൽ നിങ്ങൾക്ക് ഗുണകരമാകുന്നു.'' എന്നിട്ട് അവൻ നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചു. നിശ്ചയമായും, അവൻ തന്നെയാണ് വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

---

54 **وإِذْ قَالَ موسى** മൂസാ പറഞ്ഞ സന്ദർഭവും. **لقومه** തൻെറ ജനതയോട്. **يا قوم** എൻെറ ജനങ്ങളെ. **إنكم** നിശ്ചയമായും നിങ്ങൾ. **ظلمتم** നിങ്ങൾ അക്രമം (അനീതി) ചെയ്തു.. **أنفُسكُم** നിങ്ങളുടെ സ്വന്തത്തോട്, നിങ്ങളോട് തന്നെ. **باتخاذكم** നിങ്ങൾ ഉണ്ടാക്കിയത് (നിങ്ങളുടെ ഉണ്ടാക്കൽ) കൊണ്ട്. **العجلَ** പശുക്കുട്ടിയെ. **فتوبوا** അതിനാൽ നിങ്ങൾ മടങ്ങുവിൻ. **إلى بارئكُم** നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക്. **فاقتُلوا** അങ്ങിനെ നിങ്ങൾ കൊല്ലുവിൻ. **أنفُسكم** നിങ്ങളെത്തന്നെ. **ذَلكُم** അത്. **خير لكُم** നിങ്ങൾക്ക് ഉത്തമമാണ്. **عند بارئكُم** നിങ്ങളുടെ സ്രഷ്ടാവിൻെറ അടുക്കൽ. **فَتاب عليكُم** എന്നിട്ട് അവൻ നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചു. **إنه هو** നിശ്ചയമായും അവൻതന്നെ. **التواب** വളരെ (പശ്ചാത്താപം സ്വീകരിക്കുന്ന) വൻ. **الرحيم** കരുണാനിധി.

പശുക്കുട്ടിയുണ്ടാക്കി ആരാധിച്ചതിനെപ്പറ്റി ഇസ്റാഈല്യർ ഖേദിക്കുകയും, ഞങ്ങൾക്ക് ഞങ്ങളുടെ റബ്ബ് പൊറുത്തുതരുകയും കരുണചെയ്യുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടക്കാരാകുമല്ലോ എന്ന് അവർ വിലപിക്കുകയും ചെയ്തു. (അഅ്റാഫ്, 149) ഈ സന്ദർഭത്തിലായിരിക്കാം മൂസാ (عليه السلام) അവരോട് ഇപ്രകാരം പറഞ്ഞത്. (അല്ലാഹുവിനറിയാം) നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയ അല്ലാഹുവിനെ വിട്ടേച്ച് നിങ്ങൾ സ്വയം നിർമ്മിച്ച ഒരു പശുക്കുട്ടിയുടെ പ്രതിമയെ ദൈവമാക്കിത്തീർത്തത് അതിഭീമമായ ഒരു അക്രമമാകുന്നു. അത് നിങ്ങൾ നിങ്ങളോട് തന്നെ ചെയ്ത ഒരു അപരാധമാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങിക്കൊള്ളുവിൻ. നിങ്ങളുടെ പശ്ചാത്താപത്തിൻെറ പൂർത്തീകരണവും നിഷ്കളങ്കതയുടെ സാക്ഷ്യവുമെന്ന നിലക്ക് നിങ്ങളെത്തന്നെ അഥവാ നിങ്ങളിൽ ചിലർ ചിലരെ- കൊലപ്പെടുത്തേണ്ടതാണ്. ഈ കൊല വളരെ ഗൗരവമേറിയ ഒരു കാ

ര്യമാണെങ്കിലും നിങ്ങളുടെ അപരാധത്തിന്റെ ഗൗരവവും അതിന്റെ അനന്തര ഫലവും നോക്കുമ്പോൾ, അതാണ് നിങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ഗുണകരമായിത്തീരുക. എന്നൊക്കെയാണ് മൂസാ (عليه السلام) പറഞ്ഞതിന്റെ സാരം. അങ്ങനെ അവർ പ്രവർത്തിച്ചപ്പോൾ അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ച് അവർക്ക് മാപ്പ് നൽകുകയും ചെയ്തു.

ഇസ്രാഈല്യരുടെ പശ്ചാത്താപത്തിന്റെ പൂർത്തീകരണമായി നിശ്ചയിക്കപ്പെട്ട ഈ കൊലയുടെ സ്വഭാവം എങ്ങിനെയായിരിന്നുവെന്നതിൽ വ്യത്യസ്തങ്ങളായ രിവായത്തുകൾ കാണാം. എങ്കിലും പശുക്കുട്ടിയുടെ ആരാധനയിൽ പങ്കില്ലാത്തവർ, പശുക്കുട്ടിയെ ആരാധിച്ച തങ്ങളുടെ അടുത്ത ബന്ധുക്കളെ കൊലചെയ്യുവാനായിരുന്നു നിശ്ചയം എന്നത്രെ ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്ന് ഇബ്നു ജരീർ, നസാഈ, ഇബ്നുഅബീഹാതിം (رحمهم الله) എന്നിവർ ഉദ്ധരിച്ച രിവായത്തിൽ നിന്ന് വ്യക്തമാകുന്നത്. അങ്ങിനെ കുറേ അധികം പേർ കൊല്ലപ്പെട്ടുവെന്നും, പിന്നീട് മൂസാ (عليه السلام) നബിയുടെ പ്രാർത്ഥനയെത്തുടർന്ന് അത് നിറുത്തൽ ചെയ്യപ്പെട്ടുവെന്നും പ്രസ്താവിക്കപ്പെട്ടു കാണുന്നു. **الله اعلم** ബൈബിളിന്റെ പ്രസ്താവനയും ഏതാണ്ട് ഇതേ പ്രകാരം തന്നെയാകുന്നു. (പുറപ്പാട്: 32 ൽ 27, 28 നോക്കുക)

എന്നാൽ, **اقتلوا انفسكم** (നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളെ- നിങ്ങളെത്തന്നെ- കൊല്ലുവിൻ) എന്ന വാക്യത്തിന്റെ താൽപര്യം, നിങ്ങൾ നിങ്ങളുടെ ശരീരേച്ഛകളെ അടക്കി നിറുത്തി അവയെ ദണ്ഡിപ്പിക്കുവിൻ എന്നാണെന്ന് ചില ആളുകൾ പ്രസ്താവിച്ചു കാണുന്നു. പശ്ചാത്താപത്തിന്റെ ഭാഗമായി കൊലയെ നിശ്ചയിക്കുന്നതിലും, വളരെ ആളുകളുടെ ജീവൻ നശിപ്പിക്കുവാൻ കൽപിക്കുന്നതിലും ന്യായീകരണമൊന്നുമില്ലെന്നാണ് അരുടെ വാദം. സൂറ:നിസാഉ്. 153ൽ'- പിന്നെ അവർക്ക് തെളിവുകൾ വന്നതിനുശേഷം അവർ പശുക്കുട്ടിയെ ഉണ്ടാക്കി. എന്നിട്ട് അതിനെപ്പറ്റി നാം മാപ്പ് നൽകി' എന്ന് പറഞ്ഞിട്ടുള്ളതിനെ ചിലർ ഈ വാദത്തിന് തെളിവാക്കുകയും ചെയ്യുന്നു. പ്രഥമദൃഷ്ടിയിൽ ഈ വാദത്തിൽ എന്തോ കഴമ്പുണ്ടെന്നു തോന്നിയേക്കാമെങ്കിലും അല്ലാഹു ഇവിടെ പറഞ്ഞ വാക്കുകളും, മേൽസൂചിപ്പിച്ച രിവായത്തുകളും, ഖുർആൻ വ്യാഖ്യാതാക്കളുടെ പൊതുവെയുള്ള പ്രസ്താവനകളും നോക്കുമ്പോൾ, ഈ പുതിയ വ്യാഖ്യാനത്തിന് വില കൽപ്പിക്കുവാൻ മാർഗ്ഗം കാണുന്നില്ല. അതിനും പുറമെ, താഴെ സൂചിപ്പിക്കുന്ന കുറേ വസ്തുതകൾ കൂടി മുന്നിൽ വെച്ചു കൊണ്ടായിരിക്കണം ഈ കൊലയെ വിലയിരുത്തുന്നതും:-

ഇസ്രാഈല്യർ പശുക്കുട്ടിയെ ആരാധിച്ച സംഭവം കേവലം ഒരു സാധാരണ വിഗ്രഹാരാധനയുടെ സംഭവമല്ല. അതിന് അതിന്റേതായ ചില പ്രത്യേകതകളുണ്ട്. ഇസ്രാഈല്യർ ആരാണ്, അവരുടെ സ്ഥിതിഗതികളെന്താണ്, ഏത് സന്ദർഭത്തിലാണത് ചെയ്തത്, അപ്പോഴത്തെ ചുറ്റുപാടെന്തായിരുന്നു എന്നൊക്കെ ആലോചിക്കേണ്ടതുണ്ട്. തൗഹീദിന്റെ സ്ഥാപനത്തിനുവേണ്ടി ജീവിതമർപ്പിച്ച ഇബ്റാഹീം (عليه السلام) നബിയുടെയും, അദ്ദേഹത്തിന്റെ മക്കളും പിൻഗാമികളുമായ ഇസ്ഹാഖ്, യഅ്ഖൂബ് (عليه السلام) എന്നീ പ്രവാചകൻമാരുടെയും പാരമ്പര്യം നിലനിറുത്തുവാൻ ബാധ്യസ്ഥരായ അനന്തരാവകാശികളാണ് ഇസ്രാഈൽ ജനത. കാലപ്പഴക്കത്തിൽ കെട്ടാറിപ്പോയ തൗഹീദിന്റെ ആ പാരമ്പര്യം അവരിൽ പുനർജ്ജീവിപ്പിക്കുവാനും, നൂറ്റാണ്ടുകളായി അവർ അനുഭവിച്ചുകൊണ്ടിരുന്ന അടിമത്തത്തിൽ നിന്നും മർദ്ദനങ്ങളിൽ നിന്നും അവരെ സ്വതന്ത്രമാക്കുവാനും വേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകനാണ് മൂസാ (عليه السلام) നബി. അദ്ദേഹത്തിന്റെ കൈക്ക് വെളിപ്പെട്ട വമ്പിച്ച പല ദിവ്യ ദൃഷ്ടാന്തങ്ങളും, അത്യൽഭുതങ്ങളും നേരിൽ കണ്ടനുഭവിച്ചുകൊണ്ടിരിക്കുന്നവരാണവർ. മുമ്പോ പിമ്പോ മനുഷ്യലോകം കേട്ടിട്ടില്ലാത്ത ഒരു മഹാൽഭുതത്തിലൂടെയാണവർ ചെങ്കടൽ കടന്ന് രക്ഷപ്പെട്ട് ഇപ്പോൾ സീനാ മരുഭൂമിയിൽ വന്ന് പാളയമടിച്ചു താമസിക്കുന്നത്. അന്ന് ലോകത്ത് അറിയപ്പെട്ട ഏറ്റവും പ്രതാപശാലിയായ ഫിർഔനും സൈന്യവും അസാധാരണവും അതിദാരുണവുമാംവണ്ണം നശിപ്പിക്കപ്പെട്ട കാഴ്ച അവർ ഒട്ടും മറക്കാറായിട്ടില്ല. ഈ അവസരത്തിലാണ്

അവരുടെ ശാശ്വത നന്മക്കും യശസ്സിനും നിദാനമായ ഒരു വേദഗ്രന്ഥം അവരുടെ സ്രഷ്ടാവായ അല്ലാഹുവിങ്കൽ നിന്ന് ഏറ്റുവാങ്ങുവാൻ വേണ്ടി മൂസാ(عليه السلام) അവരിൽനിന്ന് -അതും ഹാറൂൻ (عليه السلام) നബിയെ അവരുടെ നേതൃത്വം ഏൽപ്പിച്ചുകൊണ്ട് -വിട്ടുപോയത്. വിരൽകൊണ്ടെണ്ണാവുന്ന ദിവസങ്ങൾ കഴിഞ്ഞതേയുള്ളു. അപ്പോഴേക്കും മൂസാ തേടിപ്പോയ ദൈവമാണെന്ന് പറഞ്ഞു കൊണ്ട് അവരിൽപെട്ട ഒരു വികൃതി സ്വർണ്ണംകൊണ്ട് വാർത്തുണ്ടാക്കിയ ആ പശുക്കുട്ടിയെ ദൈവമാക്കി അതിൻെറ ചുറ്റും ഭജനമിരിക്കുകയും, പൂജാകർമ്മങ്ങൾ നടത്തുകയുമാണവർ ചെയ്തത്. ബുദ്ധിപരമായ വീണ്ടുവിചാരങ്ങൾ പോകട്ടെ, തങ്ങളുടെ നേതൃത്വം വഹിക്കുന്ന ഹാറൂൻ (عليه السلام) നിബിയുടെ വിലക്ക് കേൾക്കുവാനോ, ഏതാനും ദിവസം കൊണ്ട് മടങ്ങി എത്തുന്ന മൂസാ (عليه السلام) നബിയുടെ വരവുവരെ കാത്തിരിക്കുവാനോ അവർക്ക് ക്ഷമയുണ്ടായില്ല. ഇതൊക്കെ ഒരുവശത്ത്. മറ്റൊരു വശം:-

ഇസ്രാഈല്യരുടെ ധിക്കാരബുദ്ധിയും, വിഡ്ഢിത്തവും, അനുസരണയില്ലായ്മയും പ്രസിദ്ധമാണ്. ചെങ്കടൽ കടന്നു രക്ഷപ്പെട്ടുപോരുന്ന മദ്ധ്യെയാണ് ചില ജനങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതുകണ്ടപ്പോൾ ഞങ്ങൾക്കും ഇതുപോലെയുള്ള ദൈവങ്ങളെ ഉണ്ടാക്കുവാൻ അനുവദിച്ചുതരണമെന്ന് അവർ മൂസാ(عليه السلام) നോട് ആവശ്യപ്പെട്ടതും, നിങ്ങൾ വിഡ്ഢികളായ ഒരു ജനത തന്നെ എന്ന് അദ്ദേഹം മറുപടി പറഞ്ഞതും. (7:138) അവരോട് വാഗ്ദാനം ചെയ്യപ്പെട്ടതും, അവരുടെ യാത്രാലക്ഷ്യവുമായിരുന്ന രാജ്യത്ത്- ബൈത്തുൽമുഖദ്ദിസിൽ- ശത്രുക്കളുമായി ഏറ്റുമുട്ടുവാൻ മടിച്ചു നിന്ന അവർ, നിരീക്ഷകൻമാർ മുഖേന ശത്രുക്കളുടെ ശക്തി ദുർബ്ബലമാണെന്നറിഞ്ഞിട്ടുപോലും മൂസാ (عليه السلام) നബിയോട് പറഞ്ഞതിങ്ങനെയാണ്: 'അവരവിടെ ഉള്ളപ്പോൾ ഞങ്ങളൊരിക്കലും അതിൽ പ്രവേശിക്കുകകയില്ല. താനും തൻെറ റബ്ബും പോയി യുദ്ധം നടത്തികൊള്ളുക. ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്,' (5:24) ഇതുപോലെയുള്ള അവരുടെ ധിക്കാരത്തിൻെറയും അനുസരണക്കേടിൻെറയും ഉദാഹരണങ്ങൾ പലതും ഈ സൂറത്തിലും, മറ്റു സൂറത്തുളിലുമായി ധാരാളം കാണാവുന്നതാണ്.

ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് വേണം അവർ പശുക്കുട്ടിയെ ആരാധിച്ചതിൻെറ ഗൗരവവും പ്രത്യേകതയും കണക്കാക്കുവാൻ. അതിൻെറ പേരിൽ അവർക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കുവാനിരിക്കുന്ന ശിക്ഷയാകട്ടെ, കാലാകാല നരകശിക്ഷയും. ആ ശിക്ഷ ഒഴിവായിക്കിട്ടുവാനും, അവർ ധിക്കാരപൂർവ്വം പ്രവർത്തിച്ച ആ നീച കൃത്യത്തിൽ അവർക്കുള്ള യഥാർത്ഥ പശ്ചാത്താപം തെളിയിക്കുവാനും, അവശേഷിക്കുന്ന ആളുകളിൽ ഇത്തരം നികൃഷ്ട സംഭവങ്ങൾ മേലിൽ ആവർത്തിക്കപ്പെടാതിരിക്കുവാനും, അതേ സമയത്ത് കൊല്ലപ്പെടുന്നവർക്ക് അല്ലാഹുവിൻെറ മാപ്പിനും പ്രീതിക്കുമായി ജീവൻ ത്യജിക്കുന്നത് നിമിത്തം അവരുടെ മഹാപാപം പൊറുക്കുവാനും - ഇങ്ങിനെ പലതിനുമായി-ആ കടും പാതകത്തിൽ മുൻകൈയെടുത്തവരെ കൊലപ്പെടുത്തണമെന്ന് അവരെ സൃഷ്ടിച്ച സ്രഷ്ടാവു കൽപ്പിച്ചെങ്കിൽ, അതിൽ അവൻെറ കാരുണ്യവും ഔദാര്യവുമായിരിക്കും ചിന്തിക്കുന്ന സത്യവിശ്വാസികൾക്ക് ദർശിക്കുവാൻ കഴിയുക. ഇതെല്ലാം സൂചിപ്പിച്ചുകൊണ്ടുതന്നെയായിരിക്കാം, നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളെ കൊല ചെയ്യണമെന്ന് പറഞ്ഞതോടൊപ്പം **ذلكم خير لكم عند بارئكم** (അത് നിങ്ങളുടെ സ്രഷ്ടാവിൻെറ അടുക്കൽ നിങ്ങൾക്ക് ഗുണകരമായിരിക്കും) എന്നു മൂസാ (عليه السلام) നബി പറഞ്ഞതും. **الله اعلم** ഏതായാലും അല്ലാഹുവിൻെറ പ്രസ്താവനയിൽ നിന്നോ ബലവത്തായ മറ്റുതെളിവുകളിൽനിന്നോ പ്രസ്തുത കൊലയുടെ സ്വഭാവത്തെപ്പറ്റി വ്യക്തമായ ഒരു തീരുമാനം പറയുവാൻ മാർഗ്ഗം കാണുന്നില്ല.

وَإِذْ قُلْتُمْ يَـٰمُوسَىٰ لَن نُّؤْمِنَ لَكَ حَتَّىٰ نَرَى ٱللَّهَ جَهْرَةً فَأَخَذَتْكُمُ ٱلصَّـٰعِقَةُ وَأَنتُمْ

55 നിങ്ങൾ പറഞ്ഞ സന്ദർഭവും (ഓർക്കുക) 'മൂസാ, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണുന്നത്വരെ ഞങ്ങൾ താങ്കളെ വിശ്വസിക്കുകയില്ലതന്നെ'. എന്നിട്ട് നിങ്ങ

ൾ നോക്കി (കണ്ട്) കൊണ്ടിരിക്കെ (തന്നെ) നിങ്ങൾക്ക് ഇടിത്തീ പിടിപെട്ടു.	تَنظُرُونَ ﴿٥٥﴾
56 പിന്നീട്, നിങ്ങളുടെ മരണത്തിന് ശേഷം നിങ്ങളെ നാം എഴുന്നേൽപിച്ചു; നിങ്ങൾ നന്ദി ചെയ്‌വാൻ വേണ്ടി.	ثُمَّ بَعَثْنَٰكُم مِّنۢ بَعْدِ مَوْتِكُمْ لَعَلَّكُمْ تَشْكُرُونَ ﴿٥٦﴾

55 **وإذْ قُلْتم** നിങ്ങൾ പറഞ്ഞ സന്ദർഭവും. **يا موسى** മൂസാ. **لن نؤمن** നിശ്ചയമായും ഞങ്ങൾ വിശ്വസിക്കയില്ല. **لكَ** നിന്നെ, താങ്കളെ. **حتى نرى** ഞങ്ങൾ കാണുന്നതുവരെ. **اللهَ** അല്ലാഹുവിനെ. **جهرةً** പ്രത്യക്ഷത്തിൽ. **فَأخذَتْكُم** അപ്പോൾ നിങ്ങളെ പിടികൂടി. **الصاعقةُ** ഇടിത്തീ, ഘോരമായ ഇടിനാദം. **وأنتم** നിങ്ങളാകട്ടെ. **تنظُرونَ** നോക്കി (കണ്ടു) കൊണ്ടിരിക്കുന്നു 56 **ثم بعثْناكُم** പിന്നെ നിങ്ങളെ നാം എഴുന്നേൽപിച്ചു. **مّن بعد** ശേഷം. **موتكُم** നിങ്ങളുടെ മരണത്തിൻെറ. **لَعلكُم تشكُرونَ** നിങ്ങൾ നന്ദി ചെയ്യുവാൻ വേണ്ടി.

ഇസ്രാഈല്യർ പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചശേഷം അതിനെക്കുറിച്ച് ഖേദം പ്രകടിപ്പിക്കുവാനും, ഒഴി കഴിവ് പറയുവാനുംവേണ്ടി ഇസ്റാഈല്യരിൽ നിന്ന് നല്ലവരായ എഴുപതുപേരെ തിരഞ്ഞെടുത്തുകൊണ്ട് മൂസാ (عليه السلام) സീനാമലയിലേക്ക് പോയിരുന്ന അവസരത്തിൽ അവരാണ് അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ ഞങ്ങൾ താങ്കളെ വിശ്വസിക്കുകയില്ലെന്ന് പറഞ്ഞത് എന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പലരും പ്രസ്താവിക്കുന്നത്. മൂസാ (عليه السلام) നോട് നാല്പത് ദിവസം നിശ്ചയിച്ചതും, അദ്ദേഹം (സീനായിൽ) ചെന്നതും, അല്ലാഹു അദ്ദേഹത്തോട് സംസാരിച്ചതും, തൗറാത്തുമായി മടങ്ങിയതും, മടങ്ങിവന്നപ്പോൾ ജനങ്ങൾ പശുക്കുട്ടിയെ ആരാധിച്ചതറിഞ്ഞു കുപിതനായി തൗറാത്തിൻെറ പലകകൾ നിലത്തിട്ടതും, ഹാറൂൻ(عليه السلام) നോട് കയർത്തതുമെല്ലാം (142-154 വചനങ്ങളിൽ) വിവരിച്ചശേഷം സൂറ: അഅ്റാഫിൽ അല്ലാഹു പറയുന്നു:
وأختار موسي قومه سبعين رجلا لميقاتنا فلما اخذتهم الرجفة قال رب لو شئت اهلكتهم من قبل واياي اتهلكنا بما فعل السفهاء منا ان هي الا فتنتك – الاعراف : ١٥٥ (സാരം: നമ്മുടെ നിശ്ചയ സമയത്തേക്ക് വേണ്ടി മൂസാ തൻെറ ജനതയിൽനിന്ന് എഴുപത് പുരുഷൻമാരെ തിരഞ്ഞെടുത്തു. അവർക്ക് കമ്പനം- അഥവാ കിടുക്കം-പിടിപെട്ടപ്പോൾ അദ്ദേഹം പറഞ്ഞു. റബ്ബേ, നീ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയും, എന്നെത്തന്നെയും മുമ്പേ നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിൽനിന്നുള്ള ഭോഷൻമാർ പ്രവർത്തിച്ചത് നിമിത്തം നീ ഞങ്ങളെ നശിപ്പിക്കുകയാണോ? അത് നിൻെറ പരീക്ഷണമല്ലാതെ മറ്റൊന്നുമല്ല... (അഅ്റാഫ് 155)

അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ താങ്കളെ വിശ്വസിക്കുകയില്ല- അഥവാ താങ്കളോട് അല്ലാഹു സംസാരിച്ചുവെന്നും മറ്റും താങ്കൾ പറയുന്നത് ഞങ്ങൾക്ക് ബോദ്ധ്യമാകേണമെങ്കിൽ അവനെ ഞങ്ങൾ നേരിൽ കാണുക തന്നെ വേണം- എന്നു ആവശ്യപ്പെട്ടത് ഇസ്രാഈൽ ജനത മുഴുവനുമായിരുന്നില്ല. മേൽപറഞ്ഞ എഴുപതുപേരോ(അല്ലെങ്കിൽ ചിലർ പറയുന്നതുപോലെ, വേറെ ഒരു കൂട്ടരോ) മാത്രമായിരുന്നു. അവർ ആ ജനതയിൽ നല്ലവരും അവരിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമാകകൊണ്ട് 'അവർ പറഞ്ഞു' എന്നു മൊത്തത്തിൽ പ്രസ്താവിച്ചിരിക്കുകയാണ്. ഏതായാലും അവരുടെ ഈ ആവശ്യം-ആ അവസത്തിൽ പ്രത്യേകിച്ചും-തനിബാലിശവും, മൗഢ്യവും, ധിക്കാരവും തന്നെ. അതിനാൽ, അവർക്ക് ഇടിത്തീ ബാധിച്ചു. അവരതിൽ മൃതിയടഞ്ഞു. അഅ്റാഫ് സൂറത്തിലെ വചനത്തിൽ കണ്ടതുപോലെ, മൂസാ(عليه السلام) അല്ലാഹുവിനോട് സങ്കടപ്പെട്ടു. അല്ലാഹു അവരെ ജീവപ്പിച്ചു

കൊടുത്തു. ഇതിൻെറ പേരിൽ ആ സമുദായം എപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കേണ്ടതുണ്ടല്ലോ.

ഇടിത്തീ ബാധിച്ചതു നിമിത്തം അവർ മരണപ്പെട്ടിട്ടില്ലെന്നും ثم بعثناكم من بعد موتكم (പിന്നെ, നിങ്ങളുടെ മരണശേഷം നാം നിങ്ങളെ എഴുന്നേൽപ്പിച്ചു) എന്ന വാക്യത്തിൻെറ അർത്ഥം മരണതുല്യമായ ബോധക്ഷയമോ മറ്റോ ഉണ്ടായശേഷം അതിൽ നിന്ന് ആശ്വാസം നൽകി എന്നാണെന്നും, وانتم تنظرون (നിങ്ങൾ നോക്കിക്കൊണ്ടിരിക്കെ) എന്ന വാക്ക് ഇതിന് തെളിവാണെന്നും ചിലർ പറയുന്നു. ഇടിത്തീ പിടിപെട്ടു (اخذتهم الصاعقة) എന്നു പറഞ്ഞത് കൊണ്ട് അവർ മരണപ്പെട്ടുവെന്ന് ഉറപ്പിച്ചു പറഞ്ഞു കൂടാ. എങ്കിലും من بعد موتكم (നിങ്ങളുടെ മരണത്തിന് ശേഷം) എന്ന് അല്ലാഹു വ്യക്തമാക്കിയ സ്ഥിതിക്ക് അവരെ മരണമാണോ ബാധിച്ചത്, അതല്ല ബോധക്ഷയമാണോ ബാധിച്ചത് എന്ന് സംശയിക്കുവാനോ, മരണമല്ല- ബോധക്ഷയമോ മറ്റോ ആണ്- ബാധിച്ചതെന്ന് പറയുവാനോ ആർക്കും അവകാശമില്ലതന്നെ. 'നിങ്ങൾ നോക്കിക്കൊണ്ടിരിക്കെ' എന്ന വാക്കിൻെറ താൽപര്യമെന്താണെന്നാണ് പിന്നീട് ആലോചിക്കുവാനുള്ളത്. ഇടിത്തീ മൂലം അവർ മരണപ്പെട്ടെങ്കിൽ അവർ അതെങ്ങിനെ നോക്കിക്കാണും? എന്നാണിവർ ചോദിക്കുന്നത്. നോക്കിക്കൊണ്ടിരിക്കെ മരണം പിടിപെട്ടുവെന്നല്ല- ഇടിത്തീ പിടിപെട്ടു എന്നാണ് അല്ലാഹു പറഞ്ഞ വാക്ക്. ഇടിത്തീ വരുന്നത് കണ്ണിൽ കാണലും മരിക്കലും ഒപ്പം കഴിയാമല്ലോ. അല്ലെങ്കിൽ, എല്ലാവരും ഒപ്പം മരണപ്പെടാതെ ചിലർ ആദ്യം മരണമടഞ്ഞതാണെങ്കിൽ മറ്റുള്ളവർ അവർ മരണപ്പെടുന്നത് കണ്ടിരിക്കുകയും ചെയ്യാം. ഏതായാലും 'മരണശേഷം' എന്ന് സ്പഷ്ടമായ വാക്കിൽ അല്ലാഹു പറഞ്ഞതിന് യഥാർത്ഥമരണമെന്നല്ലാതെ മറ്റൊരു അലങ്കാരാർത്ഥം കൊടുക്കുന്നതിനെക്കാൾ 'നിങ്ങൾ നോക്കിക്കൊണ്ടിരിക്കെ' എന്ന വാക്കിന് സന്ദർഭത്തിനൊത്ത് ഒരു വ്യാഖ്യാനം നൽകുകയാണ് ശരി. സംശയമില്ല.

മറ്റൊരു ന്യായം പറയുവാനുള്ളത് ഇതാണ്. 'മരണശേഷം ജീവിപ്പിക്കപ്പെട്ടവർക്ക് പിന്നെ അതിനെത്തുടർന്ന് മുൻകർമ്മങ്ങളുടെ ഫലമായ രക്ഷാശിക്ഷ അനുഭവപ്പെടുകയല്ലേ വേണ്ടത്? അവർക്ക് പിന്നെ മതശാസനകളും നിയമങ്ങളുമൊന്നും ബാധകമായിരിക്കുകയില്ലല്ലോ?' ഈ ന്യായത്തിൻെറ മറുപടി: ഒറ്റ നോട്ടത്തിൽ പറഞ്ഞാൽ ഇത് ശരിയാണെന്ന് തോന്നാമെങ്കിലും ഇപ്പറഞ്ഞതിൽ നിന്ന് ചില പ്രത്യേക സംഭവങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. നൂറു കൊല്ലം മരണമടഞ്ഞു കിടന്നശേഷം ഒരാളെ (ഉസൈർ- അ-നെ) പിന്നീട് ജീവിപ്പിച്ച സംഭവം താഴെ 259-ാം വചനത്തിൽ വരുന്നുണ്ട്. ഈസാ (عليه السلام) നബിയുടെ ദൃഷ്ടാന്തങ്ങളെ വിവരിച്ച കൂട്ടത്തിൽ ഒന്ന് അദ്ദേഹം മരണപ്പെട്ടവരെ ജീവിപ്പിക്കുമെന്നുള്ളതാണെന്ന് 3:49 ലും, 5:110 ലും കാണാം. മരണപ്പെട്ടത് മുതൽക്കല്ല- ഖിയാമത്ത് നാളിൽ മരണപ്പെട്ടവരെ എഴുന്നേൽപ്പിക്കുവാനുള്ള രണ്ടാമത്തെ കാഹളമൂത്ത് മുതൽക്കാണ്- പ്രതിഫല നടപടി ആരംഭിക്കുന്നതും. അതുവരെയുള്ള കാലത്തെപ്പറ്റി برزخ (ബർസഖ്) എന്നാണ് ഖുർആൻ പറഞ്ഞിരിക്കുന്നത് (23:100 നോക്കുക) അതോടുകൂടി, മരണശേഷം ഇങ്ങിനെ ചില പ്രത്യേക കാരണങ്ങളാൽ വീണ്ടും ഭൗതിക ജീവിതം നൽകപ്പെടുന്ന ആളുകൾക്ക് ആത്മീയലോകത്തിലെയോ, പരലോകത്തിലെയോ അനുഭവങ്ങൾ ഒന്നും അനുഭവപ്പെടാതാക്കുവാനും അല്ലാഹുവിന് കഴിവുണ്ടല്ലോ. ചുരുക്കിപ്പറഞ്ഞാൽ, ഇത്തരം വിഷയങ്ങളിലൊന്നും യുക്തി ന്യായങ്ങളെയോ പ്രകൃതി വാദങ്ങളെയോ മുൻനിറുത്തിക്കൊണ്ടുള്ള വ്യാഖ്യാനങ്ങൾ നൽകി തൃപ്തി അടയുന്നത് ശരിയല്ല, ബുദ്ധിപരമായി അസംഭവ്യത കാണാത്ത വിഷയങ്ങളിലെല്ലാം അല്ലാഹു വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ച കാര്യങ്ങളെ അതേ രൂപത്തിൽ സ്വീകരിക്കുന്നതിലാണ് രക്ഷയുള്ളത്. والله الموفق للصواب

മർഹൂം ശൈഖ് മുഹമ്മദ് അബ്ദ: പ്രസ്താവിച്ചതായി മർഹൂം സയ്യിദ്റശീദുരീളാ ഇവിടെ ഉദ്ധരിച്ചതിൻെറ ചുരുക്കം ഇങ്ങിനെ വിവരിക്കാം: 'ഇസ്രാഈല്യർ അല്ലാഹുവിനെ കാണുവാൻ ആവശ്യപ്പെട്ട സംഭവം പശുക്കുട്ടിയുടെ ആരാധനയുമായി ബന്ധപ്പെട്ടതല്ല. ഒരു പ്രത്യേക

സംഭവമാണത്. അവരുടെ ഗ്രന്ഥത്തിൽ അത് വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. തനിക്ക് ഞങ്ങളെക്കാൾ ശ്രേഷ്ഠതയുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കണമെങ്കിൽ ഞങ്ങൾ അല്ലാഹുവിനെ കാണുക തന്നെ വേണം എന്ന് മൂസാ(عليه السلام) നബിയോട് അവർ ആവശ്യപ്പെട്ടു. അപ്പോൾ അവർക്ക് പല ആപത്തുകളും പിടിപെട്ടു. അതിലൊന്നായിരുന്നു ഇടിത്തീ. ഒരു കൂട്ടരെ ഇടിത്തീ ബാധിച്ചു. മറ്റുള്ളവർ അത് നോക്കിക്കണ്ടിരുന്നു. രോഗവും വ്യാധിയും നിമിത്തവും പലരും മരണമടഞ്ഞു'.

ثم بعثناكم من بعد موتكم (പിന്നെ നിങ്ങളുടെ മരണശേഷം നാം നിങ്ങളെ എഴുന്നേൽപ്പിച്ചു) എന്ന വാക്യത്തിന് ശൈഖ് അ്ബ്ദുയുടെ വ്യാഖ്യാനം; അദ്ദേഹം ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: 'ഇടിത്തീ കൊണ്ടും മറ്റുമായി അവർ മരണമടയുകയും, അവർ നിശ്ശേഷം നശിച്ചേക്കുമെന്നു കരുതപ്പെടുകയും ചെയ്ത ശേഷം അവരുടെ സന്തതികളെ അല്ലാഹു വർദ്ധിപ്പിച്ചു അവരെ പുനരുദ്ധരിച്ചു'. **تفسير المنار**

ഇതിൽ ഇടിത്തീയിന് പുറമെ മറ്റു പല ആപത്തുകളും അവർക്കു ബാധിച്ചുവെന്നും, അതു മൂലം അവർ പലരും മരണമടഞ്ഞുവെന്നും പറഞ്ഞതിനെപ്പറ്റി ഖുർആനിൽ സൂചനയൊന്നും കാണുന്നില്ല. 'നിങ്ങളുടെ മരണശേഷം നിങ്ങളെ നാം എഴുന്നേൽപിച്ചു' വെന്ന് അല്ലാഹു പറഞ്ഞതിൻെറ വ്യാഖ്യാനമായി 'അവരുടെ സന്തതികളെ വർദ്ധിപ്പിച്ച് അവരെ പുനരുദ്ധരിച്ചു' എന്ന് പറഞ്ഞത് ഖുർആൻെറ വാക്കുകളോട് യോജിക്കുന്നുമില്ല. ബൈബിളിൽ ഇസ്റാഈല്യർ അല്ലാഹുവിനെ കാണുവാൻ ആവശ്യപ്പെട്ടതായി വ്യക്തമാക്കപ്പെട്ടും കാണുന്നില്ല. മൂസാ (عليه السلام) തൗറാത്ത് വാങ്ങുവാനായി പോയപ്പോൾ എഴുപത് മൂപ്പൻമാരെയും കൊണ്ടുപോയിരുന്നുവെന്നും, അവർ ദൈവത്തെ കണ്ടുവെന്നും, അവൻെറ പാദങ്ങൾക്ക് കീഴെ നീലക്കല്ലു പടുത്ത തളം പോലെയും ആകാശത്തിൻെറസ്വച്ഛത പോലെയും ആയിരുന്നുവെന്നും, ആ പ്രമാണികൾക്ക് തൃക്കയ്യാൽ ഒന്നും ഭവിച്ചില്ലെന്നും, അവർ ദൈവത്തെ കണ്ട് ഭക്ഷണ പാനീയങ്ങൾ കഴിച്ചുവെന്നുമൊക്കെയാണ് അതിൽ പ്രസ്താവിച്ചിരിക്കുന്നതും. (പുറപ്പാട് 24-ാം അദ്ധ്യായം 1-11 നോക്കുക) ഖുർആൻെറ പ്രസ്താവനകൾക്ക് വിരുദ്ധമാണെന്ന് മാത്രമല്ല, അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നതും, ബുദ്ധിക്ക് യോജിക്കാത്തതും കൂടിയാണ് ബൈബിളിൻെറ ഈ വിവരണം. അതിനും പുറമെ, ബൈബിളിൻെറ തന്നെ മറ്റൊരു വ്യക്തമായ പ്രസ്താവനക്ക് കടകവിരുദ്ധവുമാണിത്. അതേ പുസ്തകം 33-ാം അദ്ധ്യായത്തിലെ 20, 21 എന്നീ സൂക്തങ്ങളിൽ യഹോവ (ദൈവം) മോശെ (മൂസാ) യോട് ഇങ്ങിനെ കൽപിച്ചു പറഞ്ഞിരിക്കുന്നത് കാണാം. 'നിനക്ക് എൻെറ മുഖം കാണാൻ കഴികയില്ല. ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കയില്ല'. അപ്പോൾ, ബൈബിളിൻെറ ഈ പ്രസ്താവന അടിമുടി വിശ്വസനീയമല്ലെന്ന് വ്യക്തമാണല്ലോ.

وَظَلَّلْنَا عَلَيْكُمُ ٱلْغَمَامَ وَأَنزَلْنَا عَلَيْكُمُ ٱلْمَنَّ وَٱلسَّلْوَىٰ ۖ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ ۖ وَمَا ظَلَمُونَا وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٥٧﴾

57 (ഇസ്രാഈൽ സന്തതികളേ) നിങ്ങൾക്ക് നാം മേഘത്തെ തണലാക്കിത്തരുകയും ചെയ്തു; നിങ്ങൾക്ക് നാം 'മന്നാ'യും 'സൽവാ'യും ഇറക്കിത്തരികയും ചെയ്തു. 'നാം നിങ്ങൾക്ക് നൽകിയിട്ടുള്ള നല്ല (വിശിഷ്ടമായ) വസ്തുക്കളിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ' (എന്നും പറഞ്ഞു) . (എന്നാൽ,) അവർ നമ്മെ അക്രമിച്ചില്ല; അവർ അവരുടെ സ്വന്തങ്ങളോടു തന്നെയായിരുന്നു അക്രമം പ്രവർത്തിച്ചിരുന്നത്.

57 وظَلَّلنا നാം തണലാക്കി (നിഴലിട്ടു) തരുകയും ചെയ്തു. عَلَيْكُم നിങ്ങൾക്ക്. الْغمامَ മേഘത്തെ. وأنزلنا നാം ഇറക്കിത്തരുകയും ചെയ്തു. عَلَيْكُم നിങ്ങൾക്ക്. المن മന്നായെ (കട്ടിത്തേൻ) . والسلوى സൽവായും (കാടപ്പക്ഷി) . كُلُوا തിന്നുകൊള്ളുവിൻ. من طيبات നല്ല (വിശിഷ്ട) വസ്തുക്കളിൽ നിന്ന്. ما رزقناكُم നിങ്ങൾക്ക് നാം നൽകിയ. وما ظَلَمُونا അവർ നമ്മെ ആക്രമിച്ചില്ല. ولكن كانوا എങ്കിലും അവരായിരുന്നു. أَنفُسهم അവരുടെ സ്വന്തങ്ങളോട്. يظْلِمونَ അവർ ആക്രമം പ്രവർത്തിക്കും.

ചെങ്കടൽ കടന്ന് രക്ഷപ്പെട്ട ശേഷം, തങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട രാജ്യത്തേക്ക്- ബൈത്തുൽ മുഖദ്ദസിലേക്ക്- കടന്നുചെന്ന് ആ രാജ്യം അടക്കി വെച്ചിരുന്ന ശത്രുക്കളെ പുറത്താക്കുവാൻ ഇസ്രാഈല്യർ കൂട്ടാക്കാത്തതു നിമിത്തം അവർ നാല്പതു കൊല്ലം സീനാ താഴ്വരയിൽ കെട്ടിത്തിരിയേണ്ടി വന്നു. (മാഇദ:23-29 കാണുക.) അക്കാലത്ത് അല്ലാഹു അവർക്ക് നൽകിയ വമ്പിച്ച രണ്ട് അനുഗ്രഹങ്ങളെയാണ് ഈ വചനത്തിൽ ഓർമ്മിപ്പിക്കുന്നുന്നത്.

(1) മേഘം നിഴലാക്കിക്കൊടുത്തത്. സസ്യവർഗ്ഗങ്ങളും നീരുറവകളും ഇല്ലാത്ത പ്രദേശമാകകൊണ്ട് മരുഭൂമിയിലെ ഉഷ്ണാധിക്യം പറയേണ്ടതില്ലല്ലോ. ഇസ്രാഈല്യർക്കാണെങ്കിൽ അവിടെ വീടും പുരയും ഇല്ലതാനും. ക്രമേണ തമ്പും പാളയങ്ങളും ഉണ്ടായിട്ടുണ്ടെന്നു മാത്രം. ഈ അവസരത്തിൽ അല്ലാഹു അവർക്കവിടെ നിത്യവും മേഘത്തണലുകൾ നൽകിക്കൊണ്ടിരുന്നു. മേഘം എന്നർത്ഥം നൽകപ്പെട്ട الْغمام എന്ന പദത്തെ ആസ്പദമാക്കി അത് വെളുത്തതും തണുപ്പു നൽകുന്നതുമായിരുന്നുവെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. (2) ഭക്ഷണത്തിന് മന്നായും സൽവായും നൽകിയത്. ലക്ഷക്കണക്കിൽ ആളുകൾ. കൃഷിയോ മറ്റോ ചെയ്ത് ഉപജീവനം കഴിപ്പാൻ ഒരു നിലക്കും സൗകര്യമില്ല. അഭയാർത്ഥികളായി ഒരു രാത്രി ഗൂഢമായി ഓടിപ്പോന്നവരാണല്ലോ അവർ. ഇക്കാലത്ത് അല്ലാഹു അവർക്ക് ഒരു പ്രത്യേകാനുഗ്രഹമയി നൽകിയ രണ്ട് വിഭവങ്ങളത്രെ മന്നായും സൽവായും. ചില ചെടികളിൽ നിന്നോ വൃക്ഷങ്ങളിൽ നിന്നോ പുറത്തുവന്നിരുന്ന ഒരുതരം കറയായിരുന്നു മന്നാ എന്നും, മഞ്ഞുപോലെയോ, ചാറൽമഴപോലെയോ വർഷിച്ചു സസ്യങ്ങളിൽ തങ്ങിനിൽക്കുന്ന മെഴുകുസമാനമായ ഒരു പദാർത്ഥമായിരുന്നു അതെന്നും മറ്റും പറയപ്പെടുന്നു. ഏതായാലും അദ്ധ്വാനമില്ലാതെ ലഭിക്കുന്നതും, വളരെ മധുരവും ഹൃദ്യവുമായ ഒരു ഭക്ഷ്യപദാർത്ഥമായിരുന്നു മന്നാ. അതൊരു ഭക്ഷ്യപദാർത്ഥമായും പാനീയമായും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഇബ്നു കഥീർ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, അത് സ്വന്തമായി തിന്നാവുന്ന ഒരു ഭക്ഷ്യപദാർത്ഥമായും, വെള്ളത്തിൽ കലർത്തി കുടിക്കത്തക്ക ഒരു പാനീയമായും ഉപയോഗിക്കാവുന്നതായിരിക്കാം (അല്ലാഹുവിനറിയാം) ഒരു തരം കാടപ്പക്ഷിയോ, അല്ലെങ്കിൽ കാടപ്പക്ഷിയെപ്പോലെയുള്ള ചെറുപക്ഷിയോ ആണ് 'സൽവാ'. ഇതും യഥേഷ്ടം ലഭിക്കത്തക്കവിധം അല്ലാഹു അവർക്ക് നൽകിയിരുന്നു.

മൂസാ (عليه السلام) നബിയുടെ പ്രാർത്ഥനാഫലമായി വൈകുന്നേരം കാടപ്പക്ഷിയും, രാവിലെ മന്നായും അവർക്ക് ലഭിച്ചുകൊണ്ടിരുന്നു, മന്നാ മഞ്ഞുപോലെ വർഷിച്ചിരുന്നു; അത് വെളുത്തതും, കൊത്തമ്പാലരിപോലുള്ളതും മധുരമുള്ളതുമായിരുന്നു; അന്നന്നത്തേക്ക് ആവശ്യമുള്ളതേ എടുക്കാവൂ എന്ന് അവരോട് കൽപ്പിക്കപ്പെട്ടിരുന്നു; അതിനെതിരായി ചലർ എടുത്ത് സൂക്ഷിച്ചു വെച്ചത് പുഴുത്തുനാറുകയുണ്ടായി എന്നും മറ്റും ബൈബിൾ പ്രസ്താവിച്ചു കാണാം. (പുറപ്പാട് 16-ാം അദ്ധ്യായം) ജനങ്ങൾ മന്നാ പെറുക്കി ഇടിച്ചും, പൊടിച്ചും, പുഴുങ്ങിയും അപ്പമുണ്ടാക്കിയിരുന്നതായും അതിൽ പ്രസ്താവിച്ചിരിക്കുന്നു. (സംഖ്യാ. 11 ൽ 7) (അല്ലാഹുവിനറിയാം)

മന്നായും സൽവായും അവർക്ക് സുഭിക്ഷം ലഭിച്ചുകൊണ്ടിരുന്നുവെന്നും, അത് കേവലം ഹൃദ്യമായ ഭക്ഷണ പദാർത്ഥങ്ങളായിരുന്നുവെന്നും كلوا من طيات ما رزقنا كم (നിങ്ങൾക്ക് നാം

നൽകിയ നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ) എന്ന വാക്യത്തിൽ നിന്ന് തന്നെ മനസ്സിലാക്കാം. എന്നാൽ, ഇസ്റാഈല്യർ ഈ അനുഗ്രഹത്തിൽ നന്ദിയുള്ളവരാവുകയല്ല ചെയ്തത്, നന്ദികേട് കാണിക്കുകയാണ് ചെയ്തത് എന്നത്രെ... وما ظلمونا (അവർ നമ്മെ അക്രമിച്ചില്ല, എങ്കിലും അവർ അവരെത്തന്നെ അക്രമിക്കുകയായിരുന്നു ചെയ്തത്) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. അഥവാ, അതുമൂലം അല്ലാഹുവിന് ഒരു ദോഷവും സംഭവിച്ചില്ല -സംഭവിക്കുകയുമില്ല-അവർക്ക് തന്നെ അത് കൊണ്ട് ദോഷം ഭവിച്ചത് എന്ന് സാരം. ബൈബിളിന്റെ ഉദ്ധരണിയിൽ കണ്ടതുപോലെ, അവർ തങ്ങളുടെ അന്നന്നത്തെ ആവശ്യത്തിൽ കവിഞ്ഞു കൂടുതൽ എടുത്ത് സൂക്ഷിച്ചതിനെ ഉദ്ദേശിച്ചാണ് ഇപ്പറഞ്ഞതെന്ന് ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നു. ഈ വാക്യം അതിനെമാത്രം ഉദ്ദേശിച്ചാണെന്നുവെക്കുന്നത് ശരിയായിരിക്കയില്ലെന്നാണ് തോന്നുന്നത്. والله اعلم

وَإِذْ قُلْنَا ٱدْخُلُوا۟ هَٰذِهِ ٱلْقَرْيَةَ فَكُلُوا۟ مِنْهَا حَيْثُ شِئْتُمْ رَغَدًا وَٱدْخُلُوا۟ ٱلْبَابَ سُجَّدًا وَقُولُوا۟ حِطَّةٌ نَّغْفِرْ لَكُمْ خَطَٰيَٰكُمْ ۚ وَسَنَزِيدُ ٱلْمُحْسِنِينَ ﴿٥٨﴾

58 നാം (നിങ്ങളോട്) പറഞ്ഞ സന്ദർഭം (ഓർക്കുക) : 'നിങ്ങൾ ഈ രാജ്യത്തിൽ പ്രവേശിച്ചുകൊള്ളുവിൻ; എന്നിട്ട് നിങ്ങൾ ഉദ്ദേശിച്ചേടത്തു നിന്ന് സുഭിക്ഷമായി തിന്നു കൊള്ളുക; നിങ്ങൾ 'സുജൂദ്' ചെയ്ത് (തലകുനിച്ച്) കൊണ്ട് (രാജ്യത്തിന്റെ) പടിവാതിൽ കടക്കുകയും, 'ഹിത്ത്വത്തുൻ' (പാപമോചനം) എന്നു പറയുകയും ചെയ്യുവിൻ. (എന്നാൽ,) നിങ്ങൾക്കു നിങ്ങളുടെ തെറ്റുകുറ്റങ്ങളെ നാം പൊറുത്തു തരുന്നതാണ്. സുകൃതം ചെയ്യുന്നവർക്ക് നാം വർദ്ധിപ്പിച്ചു കൊടുത്തേക്കുകയും ചെയ്യും'.

فَبَدَّلَ ٱلَّذِينَ ظَلَمُوا۟ قَوْلًا غَيْرَ ٱلَّذِى قِيلَ لَهُمْ فَأَنزَلْنَا عَلَى ٱلَّذِينَ ظَلَمُوا۟ رِجْزًا مِّنَ ٱلسَّمَآءِ بِمَا كَانُوا۟ يَفْسُقُونَ ﴿٥٩﴾

59 എന്നാൽ, (ആ) അക്രമം പ്രവർത്തിച്ചവർ തങ്ങളോട് പറയപ്പെട്ടതല്ലാത്ത ഒരു വാക്ക് (അതിന്) പകരമാക്കി (മാറ്റി) . ആകയാൽ, (ആ) അക്രമം പ്രവർത്തിച്ചവരുടെ മേൽ ആകാശത്തുനിന്നു നാം ഒരു (കഠിന) ശിക്ഷ ഇറക്കി; അവർ തോന്നിയവാസം പ്രവർത്തിച്ചുകൊണ്ടിരുന്നതു നിമിത്തം.

---

58 **وإذْ قُلنا** നാം പറഞ്ഞ സന്ദർഭം. **ادخلوا** പ്രവേശിക്കുവിൻ. **هذه القرية** ഈ രാജ്യത്തിൽ. **فكلوا** എന്നിട്ട് തിന്നുകൊള്ളുവിൻ. **منها** അതിൽ നിന്ന്. **حيثُ شئتم** നിങ്ങൾ ഉദ്ദേശിച്ചിടത്ത് നിന്ന്. **رغدا** സുഭിക്ഷമായി. **وادخلوا** പ്രവേശിക്കുകയും ചെയ്യുവിൻ. **الباب** വാതിൽ, പടിവാതിൽ, കവാടം. **سجدا** സുജൂദ് ചെയ്യുന്നവരായി, തല കുനിച്ചവരായിക്കൊണ്ട്. **وقُولُوا** പറയുകയും ചെയ്വിൻ. **حطةٌ** പാപമോചനം, താഴ്ത്തൽ, പൊറുക്കൽ. **نغفر** നാം പൊറുക്കും. **لكُم** നിങ്ങൾക്ക്. **خطاياكم** നിങ്ങളുടെ തെറ്റ് (കുറ്റ) ങ്ങൾ. **وسنزيد** നാം വർദ്ധിപ്പിക്കുകയും ചെയ്യും. **المحسنين** സുകൃതം (നൻമ) ചെയ്യുന്നവർക്ക്. 59 **فَبدلَ** എന്നാൽ (എന്നിട്ട്) പകരമാക്കി, മാറ്റി മറിച്ചു. **الذين ظلموا** ആക്രമം ചെയ്തവർ. **قولاً** ഒരു വാക്ക്. **غَير الذي** യാതൊന്നല്ലാത്ത. **قيلَ لهم** അവരോട് അത് പറയപ്പെട്ട. **فأنزلنا** അതിനാൽ (അപ്പോൾ) നാം ഇറക്കി. **على الذين** യാതൊരുവരുടെ മേൽ. **ظلموا** അവർ ആക്രമം ചെയ്തു. **رجزا** (കഠിന) ശിക്ഷ, മ്ളേച്ഛം. **مّن السماء** ആകാശത്തുനിന്ന്. **بما كانوا** അവർ ആയിരുന്നതുകൊണ്ട്. **يفسُقونَ** അവർ തോന്നിയവാസം (ധിക്കാരം-തെമ്മാടിത്തം) പ്രവർത്തിക്കും.

هذه القرية (ഈരാജ്യം) കൊണ്ടുദ്ദേശ്യം ബൈത്തുൽമുഖദ്ദസാ(*) ണെന്നും അരീഹാ(†) യാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്. മൂസാ (عليه السلام) അവരോട് ഇപ്രകാരം പറഞ്ഞതായി സൂ:മാഇദയിൽ പറയുന്നു: ياقوم ادخلوا الارض المقدسة التي كتب الله لكم (എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചുതന്നിട്ടുള്ളതായ പരിശുദ്ധ ഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ മാഇദ:21) ഇത് മിക്കവാറും ബൈത്തുൽമുഖദ്ദസിനെ ഉദ്ദേശിച്ചായിരിക്കുവാനാണ് സാധ്യത. അതുകൊണ്ട് പ്രധാന ഖുർആൻ വ്യാഖ്യാതാക്കൾ പലരും ബൈത്തുൽമുഖദ്ദസാണ് ഇവിടെ ഉദ്ദേശ്യം എന്ന പക്ഷക്കാരാകുന്നു. ഈജിപ്തിൽനിന്ന് ബൈത്തുൽമുഖദ്ദസിലേക്ക് പോകുന്ന വഴിയിലല്ല അരീഹ സ്ഥിതിചെയ്യുന്നതും അതിനപ്പുറം കടന്നാണ് ആരാജ്യം.(‡) എങ്കിലും, അവർ ആദ്യം പ്രവേശിച്ചത് അരീഹായിലാണെന്നും, അപ്പോഴാണ് സുജൂദു ചെയ്തുകൊണ്ട് പ്രവേശിക്കുവാൻ പറഞ്ഞതെന്നും, പിന്നീടാണ് ബൈത്തുൽ മുഖദ്ദസിൽ പ്രവേശിച്ചതെന്നും പറയപ്പെടുന്നു. (അല്ലാഹുവിനറിയാം.) ഈ വിഷയം ബൈബിളിൽ കാണുന്നില്ല.

ഇസ്രാഈല്യരുടെ വംശപിതാക്കളായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് (عليهم السلام) എന്നീ പ്രവാചകൻമാർ വസിച്ചുവന്നതും, തങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടതുമായ ആ പരിശുദ്ധഭൂമിയിൽ പ്രവേശിക്കുവാനായി അവിടെയുണ്ടായിരുന്ന അമാലിഖ: എന്ന പോക്കിരി വർഗ്ഗത്തോട് യുദ്ധം ചെയ്തുകൊള്ളുവാൻ കൽപിക്കപ്പെട്ടപ്പോൾ അവരതിന് വിസമ്മതിക്കുകയും, ഭീരുത്വം കാണിക്കുകയും ചെയ്തു. അതിന്റെ ഫലമായി നാൽപതുകൊല്ലം സീനാ മരുഭൂമിയിൽ അവർ കെട്ടിത്തിരിയേണ്ടി വന്നു. മൂസാ (عليه السلام) നബിയുടെ കാലം കഴിയുന്നതുവരെ അവർക്കവിടെ പ്രവേശിക്കുവാൻ സാധ്യമായില്ല. പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമിയും, അവരുടെ നേതൃത്വം വഹിച്ചിരുന്ന ആളുമായ യൂശഉ് (عليه السلام) നബി (3) യുടെ നേതൃത്വത്തിലാണ് ആ രാജ്യം ജയിച്ചടക്കി അവരതിൽ പ്രവേശിച്ചത്. നാൽപതു കൊല്ലം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞും, 61-ാം വചനത്തിൽ കാണുന്നതുപോലെ ഒരേ ഭക്ഷണം കഴിച്ചുമടുത്തും, കായ്കനികളും അരുവികളുമുള്ള നാട്ടിലേക്ക് പോകുവാൻ വെമ്പൽ കൊണ്ടുമിരുന്ന അവരോട് ആ ഫലഭൂയിഷ്ഠമായ നാട്ടിൽ പ്രവേശിക്കുമ്പോൾ, അതിന്റെ പടിവാതിൽ കടക്കുന്നത് അല്ലാഹുവിനോട് നന്ദിയും വിനയവും പ്രകടിപ്പിക്കുന്നവരായി തലതാഴ്ത്തി കുനിഞ്ഞുകൊണ്ടായിരക്കണമെന്നും, 'ഹിത്ത്വത്തുൻ' (حطة) എന്നു പറയണമെന്നും കൽപിക്കപ്പെട്ടിരുന്നു. എന്നാൽ, അവരുടെ തെറ്റ് കുറ്റങ്ങൾ പൊറുത്തുകൊടുക്കുമെന്നും, സുകൃതം ചെയ്യുന്നവർക്ക് കൂടുതൽ നൻമ നൽകുമെന്നും അല്ലാഹു അവരെ അറിയിക്കുകയും ചെയ്തു. حطة എന്ന പദത്തിന്റെ അർത്ഥം താഴ്ത്തുക, അല്ലെങ്കിൽ ഇറക്കിവെക്കുക എന്നാകുന്നു. ഞങ്ങളുടെ പാപം ഇറക്കിവെച്ചു-അഥവാ പൊറുത്തു-തരേണമേ എന്നുദ്ദേശ്യം. നബി (صلى الله عليه وسلم) തിരുമേനി മക്കാവിജയദിവസം മക്കായിൽ പ്രവേശിച്ചതു വളരെ വിനയ ഭക്തിയോടുകൂടിയായിരുന്നുവെന്നും, പ്രവേശിച്ച ഉടനെ കുളിച്ച് വുളു എടുത്ത് നമസ്കരിച്ചുവെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ഇവിടെ സ്മരണീയമാകുന്നു.

എന്നാൽ, അവർ ചെയ്തതു നേരെമറിച്ചായിരുന്നു. അവർ മുഴുവനുമല്ലെങ്കിൽ, അവരിലൊരു വിഭാഗം അഹങ്കാരപൂർവ്വം വിജയഭേരി മുഴക്കിക്കൊണ്ടാണു പ്രവേശിച്ചത്.

---

* യെരൂശലം, ജരൂസലം (Jerusalem), അൽബുദ്സ്ശരീഫു (اورشليم ، القدس الشريف) എന്നൊക്കെ പറയുന്നത് ബൈത്തുൽമുഖദ്ദസി (البيت المقدس)നെ ഉദ്ദേശിച്ചാകുന്നു.

† അരീഹാ اريحاء അഥവാ യെരീഹോ (Jericho). ഇത് ജോർഡാൻ الاردن നദിയുടെ താഴ്‌വരക്ക് പടിഞ്ഞാറുഭാഗം ചാവുകടലിന്റെ (ബഹ്ർ ലൂത്ത്വിന്റെ) വടക്കെ അതിർത്തിയിൽനിന്ന് അഞ്ചുനാഴിക വടക്കുള്ള ഒരു പട്ടണമാണ്. (വേ. പു. നി)

‡ യൂശഉ് يوشع നബിയുടെ പേർ യോശുവ എന്നാണു ബൈബിളിൽ കാണുക.

അവരോട് കൽപിക്കപ്പെട്ടവാക്ക് പറഞ്ഞില്ലെന്നു മാത്രമല്ല, പകരം മറ്റൊരു വാക്ക് പറയുകയും ചെയ്തു. ചന്തികുത്തി ഞെരങ്ങുകയും, حطة (പാപമോചനം) എന്നതിന് പകരം حنطة (ഗോതമ്പുമണി) എന്നുപറയുകയും ചെയ്തുവെന്ന് ബുഖാരീ (ﷺ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിരിക്കുന്നു. കൽപിക്കപ്പെട്ടതിനു നേരെ വിപരീതമെന്നു ചുരുക്കം. ഈ ധിക്കാരത്തിന് അല്ലാഹു അവരിൽ കടുത്ത ശിക്ഷ ഇറക്കി. പ്രസ്തുത ശിക്ഷ എന്തായിരുന്നുവെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. പ്ളേഗോ; അതുപോലെയുള്ള ഏതോ ഒരു മഹാവ്യാധിയോ ആയിരുന്നു അതെന്നു പറയപ്പെടുന്നു. (അല്ലാഹുവിനറിയാം)

ഒരു സംഗതി ഓർമ്മിക്കുന്നത് നന്ന്. 'ശിക്ഷ ഇറക്കി, മന്നായും സൽവായും ഇറക്കി', 'ഇരുമ്പുഇറക്കി, വസ്ത്രം ഇറക്കി' എന്നിങ്ങനെ ഖുർആനിൽ അവിടവിടെയായി പ്രസ്താവിച്ചുകാണാം. ഇവിടെയൊക്കെ 'ഇറക്കി' എന്ന അർത്ഥമുള്ള انزل എന്ന ക്രിയയാണ് ഉപയോഗിച്ചു കാണുക. അതിൻെറ ഭാഷാർത്ഥം മുകളിൽ നിന്ന് കിഴ്പോട്ടിറക്കി എന്നു തന്നെയാണെങ്കിലും ഇവിടങ്ങളിലെല്ലാം ആ ഉദ്ദേശ്യത്തിലല്ല -അല്ലാഹു നൽകി, അല്ലെങ്കിൽ ഉൽപാദിപ്പിച്ചുതന്നു- എന്ന ഉദ്ദേശത്തിലാണു ഇറക്കി എന്നു പറഞ്ഞിരിക്കുന്നത്. ഖുർആൻ ഇറക്കി, മഴഇറക്കി എന്നൊക്കെ പറയുമ്പോൾ മുകളിൽ നിന്നു ഭൂമിയിലേക്ക് ഇറക്കി എന്നുതന്നെയാണുദ്ദേശ്യം. ഈ സംഗതി ഇമാം റാഗിബ് (ﷺ) അദ്ദേഹത്തിൻെറ നിഘണ്ടുവിൽ ഉദാഹരണസഹിതം എടുത്തു പറഞ്ഞിരിക്കുന്നു.

വിഭാഗം-7

۞ وَإِذِ ٱسْتَسْقَىٰ مُوسَىٰ لِقَوْمِهِۦ فَقُلْنَا ٱضْرِب بِّعَصَاكَ ٱلْحَجَرَ ۖ فَٱنفَجَرَتْ مِنْهُ ٱثْنَتَا عَشْرَةَ عَيْنًا ۖ قَدْ عَلِمَ كُلُّ أُنَاسٍ مَّشْرَبَهُمْ ۖ كُلُوا۟ وَٱشْرَبُوا۟ مِن رِّزْقِ ٱللَّهِ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٦٠﴾

60 മൂസാ തൻെറ ജനതക്ക്വേണ്ടി (കുടിക്കുവാൻ) വെള്ളത്തിനപേക്ഷിച്ച സന്ദർഭവും (ഓർക്കുക) . അപ്പോൾ, നാം പറഞ്ഞു: ''നിൻെറ വടികൊണ്ട് (ആ) പാറക്കല്ലിന് അടിക്കുക.'' അപ്പോൾ, അതിൽനിന്ന് പന്ത്രണ്ട് നീരുറവുകൾ പൊട്ടി ഒഴുകി. എല്ലാ മനുഷ്യരും അ(വര) വർ കുടിക്കേണ്ടുന്ന സ്ഥാനം അറിയുകയുണ്ടായി. ''അല്ലാഹുവിൻെറ (വക) ആഹാരത്തിൽ നിന്ന് നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ. നാശകാരികളായിക്കൊണ്ടു ഭൂമിയിൽ നിങ്ങൾ കുഴപ്പം പ്രവർത്തിക്കുകയും അരുത്'' (എന്നും പറയപ്പെട്ടു) .

---

60 **وإذ استسقى** കുടിക്കുവാൻ (വെള്ളത്തിന്) അപേക്ഷിച്ചപ്പോൾ. **موسى** മൂസാ. **لقومه** തൻെറ ജനതക്ക്വേണ്ടി. **فقلنا** അപ്പോൾ നാം പറഞ്ഞു. **اضرب** നീ അടിക്കുക. **بّعصاك** തിൻെറ വടികൊണ്ട്. **الحجر** പാറക്കല്ലിന്, പാറയെ. **فانفجرت** അപ്പോൾ പൊട്ടി ഒഴുകി. **منه** അതിൽ നിന്ന്. **اثنتا عشرة** പന്ത്രണ്ട്. **عينا** ഉറവ്, അരുവി. **قد علم** അറിയുകയുായി. **كلّ أناس** എല്ലാ മനുഷ്യരും. **مشربهم** അവർ കൂടിക്കേുന്ന സ്ഥാനം. **كلُوا** നിങ്ങൾ തിന്നുവിൻ. **واشربوا** കുടിക്കുകയും ചെയ്വിൻ. **من رّزق** ആഹാരത്തിൽ നിന്ന്. **الله** അല്ലാഹുവൻെറ. **ولا تعثوا** നിങ്ങൾ കുഴപ്പം ചെയ്യരുത്. **في الأرض** ഭൂമിയിൽ. **مفسِدين** നാശമുാക്കുന്നവരായി.

മരുഭൂവാസകാലത്ത് ഭക്ഷണത്തിനുവേണ്ടി മന്നായും സൽവായും ഇറക്കിക്കൊടുത്തതുപേലെ, വെള്ളത്തിൻെറ ആവശ്യത്തിനായി അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത

മഹത്തായ ഒരു അനുഗ്രഹവും, അതോടൊപ്പം തന്നെ വമ്പിച്ച ഒരല്‍ഭുതദൃഷ്ടാന്തവുമാണിത്. അവര്‍ക്ക് വെള്ളത്തിന് വിഷമം നേരിട്ടപ്പോള്‍ മൂസാ(عليه السلام) പ്രാര്‍ത്ഥിച്ചു. അദ്ദേഹത്തിന്‍റെ വടികൊണ്ട് ഒരു പാറക്കല്ലിനു അടിക്കുവാന്‍ അല്ലാഹു കല്‍പിച്ചു. ഉടനെ, അതില്‍നിന്നു പന്ത്രണ്ട് നീരുറവുകള്‍ പൊട്ടി ഒഴുകി. ഇസ്റാഈല്യര്‍ പന്ത്രണ്ടു ഗോത്രങ്ങളായിരുന്നുവല്ലോ. തമ്മില്‍ തിരക്കും വഴക്കും കൂടാതിരിക്കുവാന്‍ അല്ലാഹു ഓരോ ഗോത്രത്തിനും ഓരോ ഉറവു പ്രത്യേകം ഒഴുക്കിക്കൊടുത്തു. ഓരോ ഗോത്രത്തിന്‍േറതും ഇന്നതാണെന്നു പ്രത്യേകം നിര്‍ണ്ണയിക്കപ്പെടുകയും ചെയ്തു.

ചെങ്കടലിന്‍റെ കിഴക്കുഭാഗത്ത് സൂയസ് (سويس) പട്ടണത്തില്‍നിന്ന് അല്‍പം ദൂരെയായിരുന്നു അത്. പന്ത്രണ്ട് ഉറവുചാലുകള്‍ ഇന്നു വ്യക്തമായി കാണപ്പെടുന്നില്ലെങ്കിലും അവയില്‍ ചിലത് ഇന്നും ഒഴുകിഌച്ചുക്കൊണ്ടിരിക്കുന്നു. **عيون موسي** (മൂസായുടെ നീരുറവുകള്‍) എന്ന പേരിലാണത് ഇന്നും അറിയപ്പെടുന്നത്. ആ ജലം ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ അല്‍പമൊക്കെ ഈത്തപ്പന കൃഷിയും നിലവിലുണ്ട്. ദേശസഞ്ചാരികള്‍ ആ സ്ഥലം പോയി സന്ദര്‍ശിക്കുക പതിവാകുന്നു. മൂസാ (عليه السلام) ന്‍റെ വടിയിലൂടെ അദ്ദേഹത്തിന്‍റെ കൈക്ക് അല്ലാഹു വെളിപ്പെടുത്തിയ അമാനുഷിക ദൃഷ്ടാന്തങ്ങളില്‍ ഒന്നുതന്നെയാണിതും. ഫിര്‍ഔന്‍റെ മുമ്പില്‍ മഹാസര്‍പ്പമായി മാറിയവടിയും, സമുദ്രത്തിലടിച്ചപ്പോള്‍ അതിലെ വെള്ളം പിളര്‍ന്ന വടിയും അതുതന്നെ. അല്ലാഹുവിന്‍റെ സൃഷ്ടികളില്‍ അവന്‍ ഉദ്ദേശിക്കുന്നതെല്ലാം സംഭവിക്കും. അതില്‍ ശാസ്ത്രത്തിന്‍റെ നിയമങ്ങള്‍ക്കോ, യുക്തിയുടെ അനുമാനത്തിനോ ഒന്നും പറയാനാവില്ല.

وَإِذْ قُلْتُمْ يَـٰمُوسَىٰ لَن نَّصْبِرَ عَلَىٰ طَعَامٍ وَٰحِدٍ فَٱدْعُ لَنَا رَبَّكَ يُخْرِجْ لَنَا مِمَّا تُنۢبِتُ ٱلْأَرْضُ مِنۢ بَقْلِهَا وَقِثَّآئِهَا وَفُومِهَا وَعَدَسِهَا وَبَصَلِهَا ۖ قَالَ أَتَسْتَبْدِلُونَ ٱلَّذِى هُوَ أَدْنَىٰ بِٱلَّذِى هُوَ خَيْرٌ ۚ ٱهْبِطُوا۟ مِصْرًا فَإِنَّ لَكُم مَّا سَأَلْتُمْ ۗ وَضُرِبَتْ عَلَيْهِمُ ٱلذِّلَّةُ وَٱلْمَسْكَنَةُ وَبَآءُو بِغَضَبٍ مِّنَ ٱللَّهِ ۗ ذَٰلِكَ بِأَنَّهُمْ كَانُوا۟ يَكْفُرُونَ بِـَٔايَـٰتِ ٱللَّهِ وَيَقْتُلُونَ ٱلنَّبِيِّـۧنَ بِغَيْرِ ٱلْحَقِّ ۗ ذَٰلِكَ بِمَا عَصَوا۟ وَّكَانُوا۟ يَعْتَدُونَ ﴿٦١﴾

61 (ഇസ്രാഈല്‍ സന്തതികളേ,) നിങ്ങള്‍ പറഞ്ഞ സന്ദര്‍ഭം (ഓര്‍ക്കുക) . ''മൂസാ, ഒരേ (തരം) ഭക്ഷണത്തിലായിക്കൊണ്ടു ഞങ്ങള്‍ സഹിക്കുകയില്ലതന്നെ. അതിനാല്‍, താങ്കള്‍ താങ്കളുടെ റബ്ബിനോട് ഞങ്ങള്‍ക്കുവേണ്ടി പ്രാര്‍ത്ഥിക്കണം: ഭൂമിയിലെ ചീര, വെള്ളരി, ഗോതമ്പ്, പയര്‍, ഉള്ളി മുതലായി അത് മുളപ്പിച്ചുണ്ടാക്കുന്നവയില്‍നിന്ന് അവന്‍ ഞങ്ങള്‍ക്ക് ഉല്‍പാദിപ്പിച്ചു തരട്ടെ.'' അദ്ദേഹം പറഞ്ഞു: ''കൂടുതല്‍ ഉത്തമമായുള്ളതിന് പകരം നിങ്ങള്‍ താണതായുള്ളതിനെ ആവശ്യപ്പെടുകയാണോ?! (എന്നാല്‍) നിങ്ങള്‍ ഒരു പട്ടണത്തില്‍ ഇറങ്ങിക്കൊള്ളുക. അപ്പോള്‍, നിങ്ങള്‍ ചോദിച്ചത് നിങ്ങള്‍ക്ക് (അവിടെ) ഉണ്ടായിരിക്കും.'' നിന്ദ്യതയും നിര്‍ഗ്ഗതിയും (അഥവാ പതിതത്വവും) അവരുടെമേല്‍ അടിക്കപ്പെടുക [അവരെ മൂടിക്കളയുക]യും ചെയ്തു. അല്ലാഹുവിന്‍റെ പക്കല്‍ നിന്നുള്ള കോപവും കൊണ്ട് അവര്‍ മടങ്ങുകയും ചെയ്തു. [അവസാനം നേടിയത് അതാണ്.] അത് അല്ലാഹുവിന്‍റെ 'ആയത്ത്' [ദൃഷ്ടാന്തം] കളില്‍ അവര്‍ അവിശ്വസിക്കുകയും, ന്യായമില്ലാതെ നബിമാരെ അവര്‍ കൊലപ്പെടുത്തുകയും ചെയ്തിരുന്നത് നിമിത്തമാ

കുന്നു. (അതെ,) അത് അവർ അനുസര
ണക്കേട് ചെയ്തതും, അവർ അതിക്രമം
പ്രവർത്തിച്ചിരുന്നതും നിമിത്തമാകുന്നു.

---

61 **وَإِذْ قُلْتُمْ** നിങ്ങൾ പറഞ്ഞ സന്ദർഭം. **يَا مُوسَى** മൂസാ. **لَنْ نَصْبِرَ** ഞങ്ങൾ സഹിക്കുകയില്ലതന്നെ **عَلَى طَعَامٍ** ഭക്ഷണത്തിൻമേൽ. **وَاحِدٍ** ഒരേ. **فَادْعُ** അതിനാൽ താങ്കൾ (നീ) പ്രാർത്ഥിക്കുക. **لَنَا** ഞങ്ങൾക്ക് വേണ്ടി. **رَبَّكَ** താങ്കളുടെ റബ്ബിനോട്. **يُخْرِجْ لَنَا** അവൻ ഞങ്ങൾക്ക് പുറപ്പെടുവിച്ച് (ഉല്പാദിപ്പിച്ച്) തരട്ടെ. **مِمَّا تُنْبِتُ** മുളപ്പിക്കുന്നതിൽനിന്ന്. **الْأَرْضُ** ഭൂമി. **مِنْ بَقْلِهَا** അതിലെ ചീരയിൽനിന്നും, ഇലക്കറിയായും. **وَقِثَّائِهَا** അതിലെ വെള്ളരിയും, വെള്ളരി (കക്കിരി) യായും. **وَفُومِهَا** അതിലെ ഗോതമ്പും. **وَعَدَسِهَا** അതിലെ പയറും. **وَبَصَلِهَا** അതിലെ ഉള്ളിയും. **قَالَ** അദ്ദേഹം പറഞ്ഞു. **أَتَسْتَبْدِلُونَ** നിങ്ങൾ പകരമാവശ്യപ്പെടുകയോ. **الَّذِي** യാതൊന്നിനെ. **هُوَ أَدْنَى** അത് കൂടുതൽ താണതാണ്. **بِالَّذِي** യാതൊന്നിന് (പകരം) . **هُوَ خَيْرٌ** അത് ഉന്നതമാണ്. കൂടുതൽ നല്ലതാണ്. **اهْبِطُوا** നിങ്ങൾ ഇറങ്ങുവിൻ (ചെല്ലുവിൻ) . **مِصْرًا** ഒരു പട്ടണത്തിൽ, വല്ല നഗരത്തിലും. **فَإِنَّ لَكُمْ** എന്നാൽ നിശ്ചയമായും നിങ്ങൾക്കുണ്ടായിരിക്കും. **مَا سَأَلْتُمْ** നിങ്ങൾ ചോദിച്ചത്. **وَضُرِبَتْ** അടിക്കപ്പെടുകയും ചെയ്തു. **عَلَيْهِمُ** അവരുടെ മേൽ, അവരിൽ. **الذِّلَّةُ** നിന്ദ്യത, എളിമ. **وَالْمَسْكَنَةُ** നിർഗ്ഗതിയും, പതിതത്വവും. **وَبَاءُوا** അവർ മടങ്ങുകയും ചെയ്തു. **بِغَضَبٍ** കോപംകൊ്. **مِّنَ اللَّهِ** അല്ലാഹുവിങ്കൽനിന്നുള്ള. **ذَٰلِكَ بِأَنَّهُمْ** അത്. **كَانُوا** അവർ ആയിരുന്നത്കൊണ്ടാണ്. **يَكْفُرُونَ** അവർ അവിശ്വസിക്കും. **بِآيَاتِ اللَّهِ** അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ. **وَيَقْتُلُونَ** അവർ കൊല്ലുകയും ചെയ്യും. **النَّبِيِّينَ** പ്രവാചകൻമാരെ. **بِغَيْرِ الْحَقِّ** ന്യായം (അവകാശം കാര്യം) കൂടാതെ. **ذَٰلِكَ** അത്. **بِمَا عَصَوْا** അവർ അനുസരണക്കേട് ചെയ്തത് കൊാണ്. **وَكَانُوا** അവർ ആയിരുന്നതും. **يَعْتَدُونَ** അതിർ കവിയും.

ഇസ്റാഈല്യരുടെ നന്ദികേടിൻെറയും ദുശ്ശാഠ്യത്തിൻെറയും മറ്റൊരു ഉദാഹരണമാണിത്. അദ്ധ്വാനം കൂടാതെ സുഭിക്ഷം ലഭിച്ചുകൊണ്ടിരുന്ന മന്നായും സൽവായും കൊണ്ട് തൃപ്തിപ്പെടാതെ, ഞങ്ങൾക്ക് ഈയൊരു ഭക്ഷണം കൊണ്ട് ജീവിക്കുവാൻ സാധ്യമല്ലെന്നും, ഞങ്ങൾക്ക് ധാന്യവും പച്ചക്കറിയുമൊക്കെ ഉൽപ്പാദിപിച്ചു കിട്ടണമെന്നും, അതിനായി പ്രാർത്ഥിക്കണമെന്നും അവർ മൂസാ(عليه السلام) നോട് ആവലാതിപ്പെട്ടു. അദ്ദേഹത്തിൻെറ പ്രാർത്ഥനാഫലമായി ഇതുപോലെ പലതും അവർക്ക് സാധ്യമായിട്ടുണ്ടല്ലോ. ഈ വിഷയം ബൈബിൾ ഇങ്ങനെ ഉദ്ധരിക്കുന്നു: 'പിന്നെ അവരുടെ ഇടയിലുള്ള സമ്മിശ്രജാതി ദുരാഗ്രഹികളായി. യിസ്രായേൽ മക്കൾ വീണ്ടും കരഞ്ഞുകൊണ്ട്: ഞങ്ങൾക്ക് തിൻമാൻ ഇറച്ചി ആർ തരും? ഞങ്ങൾ മിസ്രയീമിൽ (ഈജിപ്തിൽ) വെച്ച് വിലകൂടാതെ തിന്നിരുന്ന മൽസ്യം, വെള്ളരിക്കാ, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചുറ്റുള്ളി (വെളുത്തുള്ളി) എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്നാ അല്ലാതെ ഒന്നും കാൺമാനില്ല. എന്ന് പറഞ്ഞു.' (സംഖ്യാപുസ്തകം, 11:4-7)

പ്രതിഷേധസ്വരത്തിൽ മൂസാ (عليه السلام) അവരോട് പറഞ്ഞു: അദ്ധ്വാനിക്കാതെ ഇഷ്ടംപോലെ ലഭിച്ചു വരുന്ന, അല്ലാഹു നിങ്ങൾക്ക് പ്രത്യേകമായി അനുഗ്രഹിച്ചു തന്ന, രുചികരവും ആസ്വാദ്യവുമായ ഈ ഉത്തമ ഭക്ഷണം കൊണ്ട് തൃപ്തിപ്പെടാതെ, അതിന് പകരം ഭൂമിയിൽ പ്രയത്നംചെയ്തു മാത്രം ലഭിക്കുന്ന, എല്ലാവരും പൊതുവെ ഉപയോഗിച്ചുവരുന്ന താഴേകിടഭക്ഷണം തന്നെ വേണമെന്നാണോ നിങ്ങളുടെ ആവശ്യം? ആശ്ചര്യം തന്നെ! അങ്ങിനെയാണെങ്കിൽ, നിങ്ങൾ ഈ മരുഭൂമിയിൽ നിന്നു വല്ല നഗരത്തിലും പോയി താമസിച്ചുകൊള്ളുക. എന്നാൽ നിങ്ങളുടെ ഈ ആവശ്യങ്ങളെല്ലാം സാധിക്കുന്നതാണ് എന്നൊക്കെ. പക്ഷെ, അവരുണ്ടോ അതിനു തയ്യാറാകുന്നു. തയ്യാറാകുമായിരുന്നെങ്കിൽ ആ മരുഭൂമിയിൽ അവർ അലഞ്ഞു തിരിയേണ്ടിവരുമായിരുന്നില്ലല്ലോ.

وضربت عليهم الذلة والمسكنة (അവരുടെമേൽ നിന്ദ്യതയും പതിതത്വവും അടിക്കപ്പെട്ടു) എന്നു പറഞ്ഞതിൻെറ സാരം, അവരെ ഉള്ളിലാക്കിക്കൊണ്ട് അവരുടെ മീതെ ഒരു തമ്പടിച്ചാലെന്നപോലെ, നിന്ദ്യതയും പതിതത്വവും വിട്ടുമാറാതെ അവരെ മൂടിക്കളഞ്ഞിരിക്കുന്നുവെന്നത്രെ. അഥവാ ശൗര്യവും വീര്യവുമില്ലാത്ത, അഭിമാനവും അന്തസ്സുമില്ലാത്ത ഒരു സമുദായമായി അവർ അധഃപതിച്ചിരിക്കുന്നുവെന്നു താൽപര്യം. وباءُوا بغضب من الله (അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ട് അവർ മടങ്ങുകയും ചെയ്തു) എന്നു പറഞ്ഞതിൻെറ താൽപര്യം, അവരുടെ ജീവിതയാത്രയിൽ അവർക്ക് ആകെ നേടിയെടുക്കുവാൻ കഴിഞ്ഞത് അല്ലാഹുവിൻെറ കോപമാണ് എന്നത്രെ. അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് അവർ പാത്രമായത് ഒരേ ഭക്ഷണവുമായി കഴിഞ്ഞുകൂടുവാൻ ഞങ്ങൾക്ക് സാധ്യമല്ലെന്ന് അവർ പറഞ്ഞതു നിമിത്തമാണെന്നല്ല ഉദ്ദേശ്യം. അതിനുള്ള കാരണങ്ങൾ തുടർന്നുള്ള രണ്ടു വാക്യങ്ങളിൽ അല്ലാഹുതന്നെ അതാ ചൂണ്ടിക്കാട്ടിയിരിക്കുന്നു: 'അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ അവർ അവിശ്വസിക്കുകയും, ന്യായമില്ലാതെ നബിമാരെ കൊല്ലുകയും ചെയ്തിരുന്നതുകൊണ്ടാണത്. അവർ അനുസരണക്കേട് കാണിച്ചതും, അതിക്രമം പ്രവർത്തിച്ചുകൊണ്ടിരുന്നതും കൊണ്ടാണത്.' അതെ, ദൃഷ്ടാന്തങ്ങളെ നിഷേധിക്കൽ, പ്രവാചകൻമാരെ കൊലചെയ്യൽ, അല്ലാഹുവിൻെറ കൽപനകളെ അനുസരിക്കാതിരിക്കൽ, അതിക്രമം പ്രവർത്തിക്കൽ എന്നിവയൊക്കെ അവരുടെ പതിവായിത്തീർന്നതാണ് അതിനു കാരണം. ഒരു മതസമുദായമെന്ന നിലക്ക് നോക്കുമ്പോൾ, ഈ വിഷയങ്ങളിൽ മറ്റേതൊരു സമുദായത്തിൻെറ ചരിത്രത്തേക്കാളും ക്രൂരമായതാണ് യഹൂദികളുടെ ചരിത്രം.

അല്ലാഹു ചൂണ്ടിക്കാട്ടിയ ഈ നാലു കാരണങ്ങളിൽ പ്രവാചകൻമാരെകൊലചെയ്യൽ ഒഴിച്ചുള്ള കാര്യങ്ങൾ മൂസാ (عليه السلام) നബിയുടെ കാലം മുതൽ തന്നെ അവരിൽ ആരംഭിച്ചു കഴിയുകയും, പിന്നീട് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടുള്ളവയാകുന്നു. പ്രവാചകൻമാരെ കൊലപ്പെടുത്തലാകട്ടെ, മൂസാ (عليه السلام) നബിയുടെ ശേഷം കുറെ കഴിഞ്ഞാണ് ആരംഭിച്ചിട്ടുള്ളത്. അപ്പോൾ, യഹൂദികൾ അല്ലാഹുവിൻെറ ശാപകോപങ്ങളാൽ മുദ്രകുത്തപ്പെട്ട- അഥവാ ശപിക്കപ്പെട്ട- സമുദായമായിത്തീർന്നത് മൂസാ (عليه السلام) ൻെറ കാലത്തല്ലെന്നും, പിൽക്കാല ങ്ങളിലാണെന്നും ഇതിൽ നിന്ന് വ്യക്തമാണ്. അവരുടെ പൂർവ്വകാലക്കാരെപ്പറ്റി ഇതിനു മുമ്പ് فضلتكم على العالمين (നിങ്ങളെ, ലോകരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു) എന്ന് അല്ലാഹു പറഞ്ഞതും ഇതും തമ്മിൽ പൊരുത്തക്കേടില്ലെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. നിന്ദ്യരും ഹീനരുമായിട്ടല്ലാതെ - അന്തസ്സും അഭിമാനവുമുള്ള ഒരു സമുദായമായിക്കൊണ്ടു - ലോകത്ത് കഴിഞ്ഞു കൂടിയ ഒരു ചരിത്രം യഹൂദ സമുദായത്തിനുണ്ടായിട്ടില്ല. ഇതിന് പ്രത്യക്ഷത്തിൽ ഒരപവാദമായി പറയുവാനുള്ളത് അൽപവർഷങ്ങൾക്ക് മുമ്പ് ഫലസ്തീനിൽ അവർ സ്ഥാപിച്ചഇസ്രാഈൽ രാഷ്ട്രം മാത്രമാണുള്ളത്. ലോകരാഷ്ട്രങ്ങളിൽ വെച്ച് ഒരു രാഷ്ട്രമെന്ന നിലക്ക് ഏറ്റവും വെറുക്കപ്പെട്ട അതിൻെറ സ്ഥാപനവും അതിൻെറ നിലനിൽപും വാസ്തവത്തിൽ അതിൻെറ സ്വന്തം കാലുകളില്ല സ്ഥിതിചെയ്യുന്നത്. ചില വൻകോയ്മകളുടെ സ്വാർത്ഥതാൽപര്യങ്ങളും സഹായങ്ങളുമാണ് അതിൻെറ പന്നിലുള്ളത്. (ഇതിനെപ്പറ്റി ആലു ഇംറാൻ 112-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ നമുക്ക് കൂടുതൽ സംസാരിക്കാം. ان شاء الله)

ഇസ്റാഈല്യരുടെ അനുസരണക്കേടിനും, അതിക്രമത്തിനും, ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കായ്മക്കും പല ഉദാഹരണങ്ങളും ഖുർആനിൽ കാണാവുന്നതാണ്. എന്നാൽ, അവർ പ്രവാചകൻമാരെ കൊലപ്പെടുത്തിയിരുന്നതായി പൊതുവിൽ പറഞ്ഞതല്ലാതെ, അങ്ങിനെയുള്ള ഒരു സംഭവവും ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല. ബലപ്പെട്ട ഹദീസുകളിലും കാണപ്പെടു ന്നില്ല. അതേ സമയത്ത് അവരുടെ കയ്യിൽ നിലവിലുള്ള അവരുടെ വേദ പുസ്തകത്തിൽ -ബൈബിളിൽ-അതിനു ഉദാഹരണങ്ങൾ പലതുണ്ടുതാനും. അവ പരിശോധിക്കുമ്പോൾ-താഴെ 87-ാം വചനത്തിൽ നിന്നു മനസ്സിലാക്കാവുന്നതുപോലെ - പ്രവാചകൻമാരുടെ നേരെ ക്രൂരമർദ്ദന ങ്ങൾ നടത്തുന്നതിലും, അവരെ മൃഗീയമായി കൊലപ്പെടുത്തുന്നതിലും, അവർക്കൊരു

പാരമ്പര്യം തന്നെയുണ്ടെന്നു കാണാവുന്നതാണ്. ബൈബിളിലെ ചില ഉദാഹരണങ്ങൾ ഇവിടെ ചുരുക്കി ഉദ്ധരിക്കാം:-

ഒരു ഇസ്രാഈലീ രാജാവായിരുന്ന ആബീലിൻെറ അക്രമവും മർദ്ദനവും ഭയന്ന് ഏലിയാ പ്രവാചകൻ (ഇൽയാസ് നബി) നാടുവിടേണ്ടിവന്നു. നാൽപത് ദിവസം മുഴുപ്പട്ടിണി സഹിച്ച്, നടന്ന് നടന്ന് ഒടുക്കം ഹോറേബ് (حورب) പർവ്വതത്തിലെത്തി ഒരു ഗുഹയിൽ പാർത്തു. അവിടെവെച്ച് ആ പ്രവാചകൻ യാഹോവയോട് (അല്ലാഹുവിനോട്) ഇങ്ങിനെ സങ്കടപ്പെടുന്നു: യിസ്രായേൽ മക്കൾ നിൻെറ പ്രവാചകൻമാരെ വാൾകൊണ്ട് കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു. (1 രാജാക്കൾ 19ൽ 8-10) ഇസ്രാഈലീരാഷ്ട്രമായിരുന്ന യെഹൂദിയ്യ (يهودية) യിൽ വിഗ്രഹാ രാധനയെയും, വ്യഭിചാരത്തെയും ആക്ഷേപിച്ചുകൊണ്ടിരുന്നത് നിമിത്തം യോവാശ് രാജാവിൻെറ കൽപനപ്രകാരം, യാഹോവയുടെ ആലയത്തിൻെറ പ്രകാരത്തിൽവെച്ച് അവർ (ജനക്കൂട്ടം) സകരിയാ (عليه السلام) നെ കല്ലെറിഞ്ഞു. അങ്ങനെ, അദ്ദേഹത്തിൻെറ പിതാവ് തനിക്ക് ചെയ്തിരുന്ന ദയപോലും വകവെക്കാതെ അവർ അദ്ദേഹത്തെ കൊന്നുകളഞ്ഞു. (2-ദിനവൃത്താന്തം 24ൽ 20-23) യെഹൂദിയയിലെ രാജാവായ ഹെരോദയുടെ ദുർന്നടപ്പുകളെക്കുറിച്ച് ആക്ഷേപിച്ചതിനെത്തുടർന്നും, അവൻെറ ഒരു കാമുകിയായിരുന്ന ബാലയുടെ ആവശ്യമനുസരിച്ചും അവൻ യോഹന്നാൻെറ (യഹ്‌യാ നബിയുടെ) തലവെട്ടി തളികയിൽ അവൾക്ക് വെച്ചുകൊടുത്തു. (മാർക്കോസ് 6ൽ 17-29) ഇത് പോലെ വേറെയും സംഭവങ്ങൾ കാണാം.

വിഭാഗം-8

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلنَّصَٰرَىٰ وَٱلصَّٰبِـِٔينَ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَعَمِلَ صَٰلِحًا فَلَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

62 നിശ്ചയമായും, വിശ്വസിച്ചിട്ടുള്ളവരും, യഹൂദിയായവരും, നസ്രാനി [ക്രിസ്ത്യാനി] കളും, 'സ്വാബീ'കളും (എല്ലാം തന്നെ) , ആർ അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തുവോ,-എന്നാലവർക്ക് അവരുടെ രക്ഷിതാവിൻെറ അടുക്കൽ അവരുടെ പ്രതിഫലമുണ്ടായിരിക്കും; അവരുടെ മേൽ യാതൊരു ഭയപ്പാടുമില്ല. അവർ വ്യസനിക്കുകയുമില്ല.

---

62 **إن الذين** നിശ്ചയമായും യാതൊരു കൂട്ടർ. **آمنوا** അവർ വിശ്വസിച്ചു. **والذين** യാതൊരു കൂട്ടരും. **هادوا** അവർ യവൂദികളായി. **والنصارى** ക്രിസ്ത്യാനികളും. **والصابئين** സ്വാബീകളും. **من آمن** ആർ വിശ്വസിച്ചു. **بالله** അല്ലാഹുവിലും. **واليوم الآخر** അന്ത്യദിനത്തിലും. **وعملَ** പ്രവർത്തിക്കുകയും ചെയ്തു. **صالحا** സൽകർമ്മം. **فلهم** എന്നാൽ അവർക്കുണ്ട്. **أجرهم** അവരുടെ പ്രതിഫലം. **عند ربهم** അവരുടെ റബ്ബിൻെറ അടുക്കൽ. **ولا خوف** ഒരു ഭയവുമില്ല. **عليهم** അവരുടെ മേൽ. **ولا هم** അവർ ഇല്ലതാനും. **يحزنونَ** അവർ വ്യസനിക്കും.

സ്വർഗ്ഗത്തിൻെറ അവകാശികൾ തങ്ങൾ മാത്രമണെന്ന് യഹൂദികളും, ക്രിസ്ത്യാനികളും പറയാറുണ്ട്. (111-ാം വചനം നോക്കുക) തനി വർഗ്ഗീയതയെ അടിസ്ഥാനമാക്കിയുള്ള ഈ കുത്തകാവകാശവാദത്തെ ഖണ്ഡിക്കുകയാണ് അല്ലാഹു ഈ വചനം മുഖേന ചെയ്യുന്നത്. നബി (ﷺ) യിൽ വിശ്വസിച്ചവരെന്നോ, യഹൂദികളെന്നോ, ക്രിസ്ത്യനികളെന്നോ, സ്വാബീകളെന്നോ മറ്റോ ഉള്ള വർഗ്ഗ വ്യത്യാസംകൂടാതെ, അല്ലാഹുവിലും അന്ത്യദിനത്തിലും ശരിക്കു വിശ്വസിക്കുകയും, ആ വിശ്വാസത്തിൻെറ അടിസ്ഥാനത്തിലുള്ള സൽക്കർമ്മങ്ങൾ പ്രവർത്തി

ക്കുകയും ചെയ്യുന്നത് ആരാണോ അവർക്കാണ് മോക്ഷവും വിജയവുമുള്ളത് എന്നു സാരം. മോക്ഷത്തിൻെറയും വിജയത്തിൻെറയും മാനദണ്ഡം വർഗ്ഗീയമോ സാമുദായികമോ അല്ല. വിശ്വാസവും സൽക്കർമ്മവുമാണ് എന്ന് ചുരുക്കം.

ഇവിടെ ഒരു ചോദ്യത്തിനവകാശമുണ്ട്: നബി (ﷺ) യിൽ വിശ്വസിക്കാത്ത യഹൂദികൾ, ക്രിസ്ത്യാനികൾ മുതലായവരെ സംബന്ധിച്ചിടത്തോളം ഇപ്പറഞ്ഞത് വ്യക്തമാണ്. എന്നാൽ, നബി (ﷺ) യിൽ വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വരെ സംബന്ധിച്ചിടത്തോളം 'അവർ വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്താൽ' എന്നു പറയുന്നതിൻെറ താൽപര്യമെന്തൊണ്? ഒരിക്കൽ വിശ്വസിച്ചു കഴിഞ്ഞവർ പിന്നീട് എങ്ങിനെ പുതുതായി വിശ്വസിക്കും? ഇതാണ് ചോദ്യം. അൽപം ആലോചിച്ചാൽ, ഈ ചോദ്യത്തിൽ കഴമ്പില്ലെന്നു കാണാം. ആർക്കായാലും സത്യവിശ്വാസവും സൽക്കർമ്മ വുംകൊണ്ടേ രക്ഷയുള്ളൂ എന്ന് പറയുമ്പോൾ, അത് രണ്ടും അനുഷ്ഠിച്ചു വരുന്നവർ അതിൽനിന്ന് വ്യതിചലിക്കാതെ അതേ അവസ്ഥയിൽ ഉറച്ചുനിൽക്കണമെന്നും, രണ്ടും അനുഷ്ഠി ച്ചിട്ടില്ലാത്തവർ അതു അനുഷ്ഠിച്ചു തുടങ്ങണമെന്നുമായിരിക്കും അതിൻെറ വിവക്ഷ. എന്നല്ലാതെ, ഒരിക്കൽ വിശ്വസിച്ചവർ വീണ്ടും ഒരു പുതിയ വിശ്വാസം സ്വീകരിക്കണമെന്നല്ല അർത്ഥം.

വക്രതാൽപര്യങ്ങളും അനിസ്ലാമിക ചിന്താഗതികളും മനസ്സിൽ ഒളിച്ചുവെച്ച ചില ആളുകൾ ഈ വചനവും, ഇതേമാതിരിയുള്ള സൂ: മാഇദയിലെ 72-ാം വചനവും ദുർവ്യാഖ്യാനം ചെയ്തുകാണാറുണ്ട്. ഇസ്ലാം മതം തന്നെ അംഗീകരിക്കണമെന്നില്ല ഏതുമതം സ്വീകരിച്ചാലും വിരോധമില്ല- ദൈവത്തിലും പരലോകജീവിതത്തിലും വിശ്വസിക്കുകയും നല്ലകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്താൽ ആർക്കും രക്ഷയും മോക്ഷവും ലഭിക്കുമെന്നത്രെ അവരുടെ വ്യാഖ്യാനത്തിൻെറ ചുരുക്കം. 'സർവ്വമതസത്യവാദം' എന്ന പേരിലറിയപ്പെടുന്ന ഒരു നിർമ്മതവാദത്തെ ഈ രണ്ടു ഖുർആൻ വചനങ്ങളും അനുകൂലിക്കുന്നുവെന്നു സമർത്ഥി ക്കുകയാണവർ ഇതുമുഖേന ചെയ്യുന്നത്. അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള വിശ്വാസം, സൽക്കർമ്മം എന്നീ രണ്ടുകാര്യങ്ങളെക്കുറിച്ചും അവ എങ്ങിനെയെല്ലാമായിരിക്കണമെന്ന് വിവരിക്കുന്ന ധാരാളക്കണക്കിലുള്ള വചനങ്ങൾ ഖുർആനിൽ ഇല്ലാതിരിക്കുകയും, അവ രണ്ടിനെക്കുറിച്ചും പ്രസ്താവിക്കുന്ന ഈ രണ്ടു വചനങ്ങൾ മാത്രമേ ഖുർആനിലുള്ളുവെന്ന് വരുകയുമാണെങ്കിൽ, ഇവരുടെ ഈ വ്യാഖ്യാനം ഒരുവിധം ശരിയാണെന്ന് നമുക്കും സമ്മതിച്ചുകൊടുക്കാമായിരുന്നു. വിശ്വാസമെന്നും, സൽക്കർമ്മമെന്നും ഖുർആൻ ഒരു സ്ഥലത്ത് നിരുപാധികം പറയുമ്പോൾ, ആ രണ്ടിനും ഖുർആനിൽ മറ്റുസ്ഥലങ്ങളിൽ എന്തെല്ലാം വിശദീകര ണങ്ങളും ഉപാധികളും അവക്ക് നൽകിയിട്ടുണ്ടോ അവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള അർത്ഥത്തിലായിരിക്കണം അതെന്ന് തീർച്ചയാണ്.

അപ്പോൾ, ഖുർആൻ അംഗീകരിക്കുന്നതും വിഭാവന ചെയ്യുന്നതുമായ വിശ്വാസവും സൽക്കർമ്മവും ഏതാണോ- എങ്ങിനെയാണോ-അതുതന്നെയാണ് ഇവിടെയും മറ്റെവിടെയും ഖുർആനിൽ ആ രണ്ടുംകൊണ്ട് വിവക്ഷ. അല്ലാതെ, ഓരോമതക്കാരും അംഗീകരിച്ചുവരുന്ന അർത്ഥത്തിലുള്ള വിശ്വാസവും സൽക്കർമ്മവും ഖുർആൻ അംഗീകരിക്കുന്നുവെന്നല്ല ഇതിൻെറ താൽപര്യം. തനി വിഗ്രഹാരാധനയിലും, വ്യക്തമായ ബഹുദൈവ വാദത്തിലും അധിഷ്ഠിതമായ മതത്തിൻെറ അനുയായികൾപോലും തങ്ങൾ ദൈവവിശ്വാസികളെന്ന് അവകാശപ്പെടുന്നു. മരണാനന്തര ജീവിതത്തിൽ മിക്കമതക്കാരും വിശ്വസിക്കുന്നുവെന്നു പറയാറുണ്ടെങ്കിലും ഓരോ കൂട്ടരുടെയും വിശ്വാസം ഓരോ പ്രകാരത്തിലാണ്. ഒരു കൂട്ടർ പാപമായി വിചാരിക്കുന്നതിനെ മറ്റൊരുകൂട്ടർ പുണ്യകർമ്മമായി ആചരിക്കുന്നു. ഉദാഹരണമായി, തനി ശിർക്കും കുഫ്റു മാണെന്നും, പൊറുക്കപ്പെടാത്തതാണെന്നും ഖുർആൻ വ്യക്തമാക്കിയ സൃഷ്ടിപൂജ പോലെയുള്ള കാര്യങ്ങളെ ഏറ്റവും വലിയ പുണ്യകർമ്മമായി മറ്റു ചില മതക്കാർ എണ്ണിവരുന്നു.

എന്നിരിക്കെ, ഇവരെല്ലാവരും ഖുർആൻെറ ദൃഷ്ടിയിൽ വിജയികളും മോക്ഷക്കാരുമായിരിക്കുമെന്ന് വരുന്ന ആ വ്യാഖ്യാനം തികച്ചും അനിസ്ലാമികവും, ദുരുദ്ദേശ്യപരവും, നിരർത്ഥവുമാണെന്നു പറയേണ്ടതുണ്ടോ?! ചുരുക്കിപ്പറഞ്ഞാൽ, ഇസ്‌ലാം അംഗീകരിക്കുന്നതും ഖുർആൻ വിഭാവനം ചെയ്യുന്നതുമായ വിശ്വാസവും സൽക്കർമ്മവും സ്വീകരിക്കുന്നവർക്കേ രക്ഷയുള്ളു- ഒരു സമുദായത്തിൻെറയോ വർഗ്ഗത്തിൻെറയോ കുത്തകയല്ല അത് -എന്നു മാത്രമാണ് ഈ വചനങ്ങളുടെ താൽപര്യം. ഇസ്‌ലാമല്ലാത്ത ഒരു മതവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നു സ്പഷ്ടമായ ഭാഷയിൽ അവൻ പ്രഖ്യാപിച്ചിട്ടുമുണ്ട്. ومن يتبع غير الاسلام دينا فلم يقبل منه وهو في الاخرة من الخاسرين – ال عمران (ഇസ്‌ലാമിന്റേതല്ലാത്ത ഒരുമതത്തെ ആരെങ്കിലും തേടുന്നപക്ഷം അവനിൽനിന്ന് അത് സ്വീകരിക്കപ്പെടുകയില്ലതന്നെ. അവൻ പരലോകത്തിൽ നഷ്ടക്കാരിൽപെട്ടവനുമായിരിക്കും.) (3:85) ഇസ്‌ലാമിമേതല്ലാത്ത വിശ്വാസവും സൽക്കർമ്മവും ഖുർആൻെറ ഭാഷയിൽ വിശ്വാസവും സൽക്കർമ്മവുമാകുകയില്ലതന്നെ.

സ്വാബീകൾ കൊണ്ടുദ്ദേശ്യം, യഹൂദ മതവും ക്രിസ്തീയമതവും ഉപേക്ഷിച്ച് നക്ഷത്രങ്ങളെയോ, മലക്കുകളെ (ദേവീദേവൻമാരെ) യോ ആരാധിച്ചുവരുന്നവരാണെന്നും, മറ്റും അഭിപ്രായങ്ങളുണ്ട്. ഈ പേരിൽ അറിയപ്പെടുന്ന ഒരു പ്രത്യേക വിഭാഗക്കാർ ഇപ്പോൾ ഇല്ല. മത ംമാറിയവർ എന്നാണ് ആ പദത്തിന് വാക്കർത്ഥം.

63 (നിങ്ങളോട്) നിങ്ങളുടെ ഉറപ്പ് (അഥവാ കരാർ) നാം വാങ്ങുകയും, നിങ്ങളുടെ മീതെ 'ത്വൂർ' [പർവ്വതം] നാം ഉയർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക) . ''നിങ്ങൾക്ക് നാം നൽകിയതിനെ നിങ്ങൾ ബലത്തോടെ എടുത്ത് (സ്വീകരിച്ചു) കൊള്ളുവിൻ; അതിലുള്ളതിനെ നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവിൻ; നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം'' (എന്ന് പറയുകയും ചെയ്തു) .

وَإِذْ أَخَذْنَا مِيثَٰقَكُمْ وَرَفَعْنَا فَوْقَكُمُ ٱلطُّورَ خُذُوا۟ مَآ ءَاتَيْنَٰكُم بِقُوَّةٍ وَٱذْكُرُوا۟ مَا فِيهِ لَعَلَّكُمْ تَتَّقُونَ ﴿٦٣﴾

64 പിന്നീട്, അതിനുശേഷമായി നിങ്ങൾ തിരിഞ്ഞുകളഞ്ഞു, എന്നാൽ, നിങ്ങളുടെ മേൽ അല്ലാഹുവിൻെറ ദയയും (അഥവാ അനുഗ്രഹവും) , കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ, നിങ്ങൾ നഷ്ടക്കാരിൽ പെട്ടവരാകുകതന്നെ ചെയ്തിരുന്നു.

ثُمَّ تَوَلَّيْتُم مِّنۢ بَعْدِ ذَٰلِكَ ۖ فَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ لَكُنتُم مِّنَ ٱلْخَٰسِرِينَ ﴿٦٤﴾

---

63 وإذْ أخذْنا നാം വാങ്ങിയ സന്ദർഭം. ميثَاقكُم നിങ്ങളുടെ ഉറപ്പ്, കരാർ. ورفَعنا നാം ഉയർത്തുകയും ചെയ്തു. ഉയർത്തിയിരിക്കെ. فوقكُم നിങ്ങളുടെ മീതെ. الطور ത്വൂറിനെ, പർവ്വതത്തെ. خذُوا നിങ്ങൾ പിടിക്കുവിൻ, സ്വീകരിക്കുവിൻ. ما آتيناكُم നിങ്ങൾക്ക് നാം നൽകിയതിനെ. بِقُوة ശക്തിയോടെ, ബലമായി. واذكُروا ഓർക്കുകയും ചെയ്യുവിൻ. ما فيه അതിലുള്ളതിനെ. لَعلكُم നിങ്ങളായേക്കാം, ആകുവാൻ വേണ്ടി. تتقُون നിങ്ങൾ സൂക്ഷിക്കും. 64 ثُم توليتم പിന്നെ നിങ്ങൾ തിരിഞ്ഞുകളഞ്ഞു. مّن بعد ذلك അതിനുശേഷം. فَلولا എന്നാൽ ഇല്ലായിരുന്നെങ്കിൽ. فَضلُ الله അല്ലാഹുവിൻെറ ദയ, അനുഗ്രഹം. عليكُم നിങ്ങളുടെമേൽ. ورحمته അവൻെറ കാരുണ്യവും. لَكُنتم നിങ്ങൾ ആയരിക്കുകതന്നെ ചെയ്യുമായിരുന്നു. مّن الخاسرين നഷ്ടപ്പെട്ടവരിൽ.

വമ്പിച്ച ദൃഷ്ടാന്തങ്ങൾ നേരിൽ കാണുകയും, വിധിവിലക്കുകൾ അനുസരിച്ചു കൊള്ളാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ട് പിന്നെയും അനുസരണക്കേടിൽ തന്നെ ഇസ്റാഈല്യർ മുഴുകിക്കൊണ്ടിരുന്നതിന് വേറൊരു ഉദാഹരണമാണ് ഈ വചനത്തിൽ കാണുന്നത്. ഈ സംഭവം അന്നത്തെ ഇസ്റാഈല്യർക്കിടയിൽ അറിയപ്പെട്ടിരുന്നതുകൊണ്ടായിരിക്കാം അധികം വിശദീകരിക്കപ്പെടാതിരുന്നത്.

ميثاق (മീഥാഖ്) എന്ന വാക്കിന് 'ഉറപ്പ്, ഉടമ്പടി, കരാർ' എന്നൊക്കെ അർത്ഥം നൽകാം. സത്യം ചെയ്തോ, പ്രതിജ്ഞ വഴിയോ ഉറപ്പിക്കുന്ന കരാർ എന്നാണ് ഇമാം റാഗിബ് അതിന് അർത്ഥം കൽപ്പിച്ചിരിക്കുന്നത്. طور (ത്വൂർ) എന്നാൽ 'പർവ്വതം' എന്നർത്ഥം. സൂ: അഅ്റാഫ് 171 ൽ ഈ സംഭവത്തെക്കുറിച്ച് പറഞ്ഞപ്പോൾ الجبل (മല) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. 'അൽ' എന്ന അവ്യയം ചേർത്ത് الطور എന്ന് പറയുമ്പോൾ, അത് സീനാ പർവ്വതത്തെ ഉദ്ദേശിച്ചായിരിക്കുവാനും സാധ്യതയുണ്ട്. അതിനാൽ, رفعنا فوقكم الطور (നിങ്ങളുടെ മീതെ നാം ത്വൂർ ഉയർത്തി) എന്ന് പറഞ്ഞതുകൊണ്ട് സീനാ പർവ്വതത്തെ ഉയർത്തി എന്നാണെന്ന് ചിലരും, ഏതോ, ഒരു പർവ്വതത്ത ഉയർത്തി എന്നാണെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു. രണ്ടിൽ ഏതായിരുന്നാലും പർവ്വതത്തിൻെറ പേര് അറിയുന്നതിൽ പ്രത്യേകം പ്രയോജനമൊന്നുമില്ലല്ലോ.

പരിഭാഷയിൽ കണ്ടതുപോലെ أخذنا ميثا قكم (നിങ്ങളുടെ ഉറപ്പ് നാം വാങ്ങി) എന്നും, ورفعنا فوقكم الطور (നിങ്ങളുടെ മീതെ പർവ്വതത്തെ നാം ഉയർത്തുകയും ചെയ്തു) എന്നുമുള്ള വാക്യങ്ങൾ രണ്ടും വെവ്വേറെ വാക്യങ്ങളായും രണ്ടും ചേർന്നു ഒരേ വാക്യമായും വ്യാഖ്യാതാക്കൾ അവക്ക് അർത്ഥം കൽപിച്ചുകാണാം. ഒരേ വാക്യമാകുമ്പോൾ 'നിങ്ങളുടെ മീതെ നാം പർവ്വതത്തെ ഉയർത്തിക്കൊണ്ട് നിങ്ങളുടെ ഉറപ്പ് വാങ്ങിയ സന്ദർഭം ഓർക്കുക'. എന്നായിരിക്കും അർത്ഥമായിരിക്കുക.(*) ഈ വചനത്തിലെയും ഈ സംഭവത്തെക്കുറിച്ച് പ്രസ്താവിക്കുന്ന മറ്റു വചനങ്ങളിലെയും വാക്കുകളും, ഖുർആൻ വ്യാഖ്യാതാക്കളുടെ പ്രസ്താവനകളും പരിശോധിക്കുമ്പോൾ ഈ വചനത്തിൻെറ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: ഇസ്റാഈല്യർ അല്ലാഹുവിലും, മൂസാ (عليه السلام) നബിയിലും വിശ്വസിച്ചിരിക്കുന്നതുകൊണ്ട് തൗറാത്തിലെ വിധിവിലക്കുകൾ സ്വീകരിക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ, അതിൽ അവർ വീഴ്ചവരുത്തുകയും അതിനെ അഗണ്യമക്കുകയും ചെയ്തു. അപ്പോൾ അവർക്ക് അല്ലാഹു കാണിച്ചുകൊടുത്ത ഒരു ദൃഷ്ടാന്തമാണ് പർവ്വതം ഉയർത്തൽ. തങ്ങളുടെ മേൽ അത് വീണേക്കുമോ എന്ന് അവർ ഭയപ്പെട്ടു. ഈ അവസരത്തിൽ തൗറാത്തിനെ മുറുകെ പിടിക്കണമെന്നും, അതിലെ വിധിവിലക്കുകൾ ശരിക്ക് പാലിക്കണമെന്നും അവരോട് അല്ലാഹു കൽപ്പിച്ചു. അങ്ങിനെ ചെയ്തുകൊള്ളാമെന്ന് അവർ ഉറപ്പു നൽകുകയും ചെയ്തു. എന്നിട്ട് പിന്നെയും അവർ പഴയപടി തന്നെ അതെല്ലാം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും, അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും നിമിത്തം അവരെ അവൻ എല്ലാം നഷ്ടപ്പെട്ടവരാക്കിയില്ല.

അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണണമെന്ന് ഇസ്റാഈല്യർ ആവശ്യപ്പെട്ടതും, അതിനെത്തുടന്ന് ഇടിത്തീ ബാധിച്ചതും മറ്റും എടുത്തു പറഞ്ഞ ശേഷമാണ് സൂ: നിസാഉ് 154 ൽ അല്ലാഹു ഈ സംഭവത്തെപ്പറ്റി ورفعنا فوقكم الطور بميثاقهم (അവരുടെ ഉറപ്പിനെ-കരാറിനെ-സംബന്ധിച്ചു നാം അവരുടെ മീതെ ത്വൂറിനെ ഉയർത്തുകയും ചെയ്തു) എന്ന് പറഞ്ഞിരിക്കുന്നത്. ഈ സംഭവം വിവരിച്ച മറ്റൊരു സൂറത്ത് അഅ്റാഫാകുന്നു. അതിലും തന്നെ ഇടിത്തീബാധിച്ച സംഭവവും വേറെ പല സംഭവങ്ങളും വിവരിച്ച ശേഷമാണ് 171-ാം വചനത്തിൽ ഈ സംഭവത്തപ്പറ്റി പ്രസ്താവിച്ചിരിക്കുന്നത്. واذنتقنا الجبل فوقهم (അവരുടെ മീതെ മലയെ നാം

---

* يعنى ان الواو عاطفة على الاولى وللحال على الثانى

പുഴക്കിയ സന്ദർഭം ഓർക്കുക) എന്നുതുടങ്ങിക്കൊണ്ടാണത് വിവരിക്കുന്നത്. അതേമാതിരിത്ത ന്നെയാണല്ലോ ഇവിടെയും ഉള്ളത്. അഥവാ, അല്ലാഹുവിനെ കാണണമെന്നു അവർ ആവശ്യപ്പെട്ടതും, അവർക്ക് ഇടിത്തീ ബാധിച്ചതുമടക്കം പല വിഷയങ്ങളും വിവരിച്ച ശേഷമാണ് ഇവിടെയും ഈ സംഭവം ഉദ്ധരിച്ചിരിക്കുന്നത്. അപ്പോൾ, ഇസ്റാഈല്യർക്ക് ഇടിത്തീ ബാധിച്ച സംഭവവും, അവരുടെ മീതെ പർവ്വതം ഉയർത്തിയ സംഭവവും ഒന്നല്ലെന്നും, രണ്ടും രണ്ടാണെന്നും സംശയത്തിനിടമില്ലാത്തവണ്ണം വ്യക്തമാണ്. എല്ലാ വ്യാഖ്യാതക്കളും അങ്ങിനെത്തന്നെയാണ് പറയുന്നതും. എന്നാൽ, രണ്ടും ഒരേസംഭവമാണെന്ന് ചില വക്രതാൽ പര്യക്കാർ പ്രസ്താവിച്ചു കാണുന്നു. ഘോരമായ ഇടിയുടെ കിടുക്കം നിമിത്തമോ, ഭൂകമ്പം നിമിത്തമോ തങ്ങളുടെ അടുത്ത് വളരെ ഉയരത്തിൽ പൊന്തി നിൽക്കുന്ന ആ പർവ്വതം തങ്ങളുടെ മീതെ വീണേക്കുമോ എന്നു അവർ ഭയപ്പെടുക സ്വാഭാവികമാണെന്നും, പർവ്വതം തലക്കുമീതെ ഉയർത്തൽ ഉണ്ടായിട്ടില്ലന്നുമാണ് അരുടെ സമർത്ഥനം. അതൊരു അസാധരണ സംഭവമൊന്നുമല്ലെന്നു വരുത്തിത്തീർക്കലാണിവരുടെ ലക്ഷ്യമെന്ന് സ്പഷ്ടമാണ്.

എന്നാൽ, മനുഷ്യനറിയാവുന്ന പ്രകൃതി നിയമങ്ങൾക്കതീതമായി അല്ലാഹു ചില സംഭവങ്ങൾ ഉണ്ടാക്കാറുണ്ടെന്നും, ബുദ്ധിപരമായി നോക്കുമ്പോൾ അസംഭവ്യം (**محال**) അല്ലാത്ത ഏതൊരു കാര്യവും സംഭവിക്കുവാൻ സാധ്യതയുണ്ടെന്നും, ബുദ്ധിപരമായി സാധ്യതയുള്ള ഏതൊരു കാര്യവും അല്ലാഹുവിൻെറ കഴിവിൽപെട്ടതാണെന്നും, വ്യക്തമായ വാക്കുകളിൽ അല്ലാഹു ഒരു കാര്യം പ്രസ്താവിച്ചാൽ അതിനെ മറിച്ചുതിരിച്ച് വ്യാഖ്യാനിക്കുവാൻ സൃഷ്ടികൾക്ക് അവകാശമില്ലെന്നുമൊക്കെ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം അങ്ങിനെയുള്ള ദുർവ്യാഖ്യാനങ്ങൾക്ക് തരിമ്പുപോലും വിലകൽപിക്കുവാനില്ല. ഇവിടെയും, സൂ: നിസാഇലുമായി രണ്ട് സ്ഥലത്ത് ഇസ്റാഈല്യരുടെ മീതെ നാം പർവ്വതം ഉയർത്തി (**رفعنا فوقكم الطور – رفعنا فوقهم الطور**) എന്നും, സൂ: അഅ്റാഫിൽ അവരുടെ മീതെ നാം മലപുഴക്കി (**نتقنا الجبل فوقهم**) എന്നും അല്ലാഹു പറഞ്ഞു. അഅ്റാഫിൽ ഒരു തണലെന്നോണം (**كانه ظللة**) എന്നു കൂടി പറഞ്ഞിരിക്കുന്നു.**نتق** യുടെ വാക്കർത്ഥത്തെപ്പററി താഴെ വിവരിക്കുന്നുണ്ട്. വൃക്ഷം, കുട എന്നിങ്ങിനെ തണൽ നൽകുന്ന വസ്തുവിനാണ് **ظللة** എന്നു പറയുക. ഇതിനെല്ലാം പുറമെ, അതു അവരിൽ വീണുപോകുമെന്നു അവർ കരുതി (**ظنوا انه واقع بهم**) എന്നും പറയുന്നു. ഇത്രയൊക്കെ അല്ലാഹു പ്രസ്താവിച്ചിട്ട് പിന്നെയും പർവ്വതം ഉയർത്തൽ ഉണ്ടായിട്ടില്ല-അത് നിൽക്കുന്നേടത്ത് തന്നെ പൊന്തി നിന്നതല്ലാതെ നിലംവിട്ടു പൊന്തിയിരുന്നില്ല എന്നു ഖുർആനിൽ വിശ്വസിക്കുന്നവരെന്ന് അഭിമാനിക്കുന്ന ഒരാൾ പറയുവാൻ ധൈര്യപ്പെടുന്നതിൽ ആശ്ചര്യം തോന്നുന്നു!

ഈ വചനത്തിൻെറ വ്യാഖ്യാനത്തിൽ മർഹൂം ശൈഖുമുഹമ്മദ് അബ്ദയെ സംബന്ധിച്ച് തഫ്സീറുൽമനാറിൽ സയ്യിദ് റഷീദ്രിളാ ഉദ്ധരിച്ച രണ്ട് പ്രസ്താവനകൾ അറിയുന്നത് സന്ദർഭോചിതമായിരിക്കും: (1) ‘‘അൽഉസ്താദുൽഇമാം (ശൈഖ്അബ്ദ) പറയുന്നു:- അല്ലാഹുവിൻെറ കിതാബിനെ മനസ്സിലാക്കുവാൻ അതിൻെറ വാചാലമായ ശൈലി മുഖേന അത് അറിയിച്ചു തരുന്നതല്ലാത്ത മററൊന്നിൻെറ ആവശ്യം നമുക്കില്ല. അതിനോട് വല്ലതും കൂട്ടിച്ചേർക്കുകയോ അനുബന്ധിപ്പിക്കുകയോ ചെയ്യേണ്ടുന്ന ആവശ്യവുമില്ല. ഇസ്റാഈല്യരുടെ മീതെ പർവ്വതം ഉയർത്തിയ വിഷയം അത് നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അവരെ സത്യവിശ്വാസം സ്വീകരിക്കുന്നതിന് നിർബ്ബന്ധിക്കുവാനായിരുന്നു അതെന്നു അത് (ഖുർആൻ) പറഞ്ഞിട്ടില്ല. അത് (പർവ്വതം) അവരിൽ വീണേക്കുമെന്നു അവർ കരുതി എന്നുമാത്രമാണ് മററൊരു ആയത്തിൽ പറഞ്ഞിരിക്കുന്നത്. (തുടർന്ന് കൊണ്ട് അദ്ദേഹം അഅ്റാഫിലെ ആയത്ത് ഉദ്ധരിക്കുന്നു. എന്നിട്ടുപറയുന്നു:) **النتق** എന്നാൽ കുലുക്കം, ആട്ടം, വലി, കുടയൽ, (**الزعزة ,الهز ,الجذب ،النفض**) എന്നൊക്കെ അർത്ഥമുണ്ട്. **نتق شيئ** (ഒരു വസ്തുവെ ‘നത്ഖ്’ ചെയ്തു) എന്നു പറഞ്ഞാൽ അതിനെ വലിച്ചു പുഴക്കിയെടുത്തു (**جذبه واقتلعه**) എന്നത്രെ. ഒരു പക്ഷേ, അതുവല്ല കമ്പനംകൊണ്ടും ഉണ്ടായതായിരിക്കാം. അവരോട് ഉറപ്പ് വാങ്ങിയെന്ന് പറഞ്ഞതിൽ

(اخذ الميثاق) നിന്നു മനസ്സിലാകുന്നത് അവർ സത്യവിശ്വാസം സ്വീകരിക്കുകയും, മൂസാ(عليه السلام) നോട് പ്രതിജ്ഞ നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നാണ്. അപ്പോൾ അതിനുശേഷം പർവ്വതം ഉയർത്തിയതും, അതു തങ്ങളുടെ മീതെ വീഴുമെന്നു അവർ കരുതിയതുമായ ദൃഷ്ടാന്തങ്ങൾ ഉണ്ടാവാൻ കാരണം അവർക്കു നൽകപ്പെട്ട വേദഗ്രന്ഥത്തെ അവർ ഉൽസാഹത്തോടും ഗൗരവത്തോടുംകൂടി സ്വീകരിക്കുവാൻ വേണ്ടിയായിരിക്കും. ദൃഷ്ടാന്തങ്ങൾ കാണുന്നതു വിശ്വാസത്തെ വർദ്ധിപ്പിക്കുകയും, ബോധവും അനുഭവും ഉളവാക്കുകയും ചെയ്യുമല്ലോ.'' (2) ''പർവ്വതം ഉയർത്തിയതു ഒരു പ്രകൃതി ദൃഷ്ടാന്തം (اية كونية) ആയിരുന്നുവെന്നതിൽ അൽഉസ്താദുൽ ഇമാം (ശൈഖ് അബ്ദു) ഖുർആൻ വ്യാഖ്യാതാക്കളുടെ പക്ഷത്താകുന്നു. അതായത്, പർവ്വതം ഭൂമിയിൽ നിന്ന് പുഴുക്കി ഉയർത്തപ്പെടുകയും, അവരുടെ മീതെ അന്തരീക്ഷത്തിൽ തൂങ്ങിനിറുത്തപ്പെടുകയും ചെയ്തുവെന്നു സാരം. മററൊരു വ്യാഖ്യാനത്തിനും ഇടമില്ലാത്തവിധം അത്ര സ്പഷ്ടമായ വാക്കുകളല്ലെങ്കിലും ഖുർആൻെറ വാചകങ്ങൾ നോക്കുമ്പോൾ, അതിൽനിന്നു അതു തന്നെയാണു വെളിവാകുന്നത്. കാരണം, ഉയർത്തുക എന്നു പറഞ്ഞാൽ മേൽപോട്ടു പൊക്കുക എന്നാണല്ലോ.'' (من تفسير المنار)

ഒരു യാഥാർത്ഥ്യം ഓർമ്മയിലുണ്ടായിരിക്കുന്നതു ഇവിടെയും, ഇതുപോലെയുള്ള അസാധാരണ സംഭവങ്ങളെപ്പററി പ്രസ്താവിക്കുന്ന മററു സ്ഥലങ്ങളിലും പ്രയോജനകരമായിരിക്കും. അതായത്: പൂർവ്വകാല സമുദായങ്ങൾ ഇന്നത്തെ തലമുറകളെ അപേക്ഷിച്ച് ബുദ്ധിശക്തിയിലും, ചിന്താശക്തിയിലും കേവലം ബാല്യദശയിലായിരുന്നു. കാലം ചെല്ലുംതോറും മനുഷ്യബുദ്ധിക്കു പക്വതയും വളർച്ചയും കൈവന്നുകൊണ്ടിരിക്കുകയാണ്. ഈ വളർച്ചയും പുരോഗതിയും മനുഷ്യൻ നല്ലവഴിക്കോ ചീത്തവഴിക്കോ തിരിച്ചുവിടുന്നു വെന്നുള്ളതു വേറൊരു വിഷയമാകുന്നു. അതുകൊണ്ടാണു പൂർവ്വകാല പ്രവാചകൻമാരുടെ കൈക്ക് ജനങ്ങളെ കാര്യം മനസ്സിലാക്കുവാൻ പ്രകൃതി ചട്ടങ്ങൾക്കതീതമായ അൽഭുത ദൃഷ്ടാന്തങ്ങൾ അല്ലാഹു വെളിവാക്കിക്കൊണ്ടിരുന്നത്. മുൻസമുദായങ്ങളെ അപേക്ഷിച്ചു ഏററവും വലിയ ചരിത്രമുള്ള ഒരു സമുദായമാണല്ലോ ഇസ്രാഈലിമേതും, അവരെ ഉദ്ധരിക്കുവാൻ നിയുക്തനായ നബി മൂസാ (عليه السلام) മേതും. ആകയാൽ, ഇത്തരം ദൃഷ്ടാന്തങ്ങൾ ഏററവുമധികം കാണപ്പെടുന്നതു മൂസാ (عليه السلام) ൻെറ കൈക്കും, ഇസ്റാഈല്യരുടെ മുമ്പിലുമാകുന്നു. ഏതു ദൃഷ്ടാന്തം കണ്ണിൽകണ്ടാലും, അതുകണ്ട് അൽപം കഴിയുമ്പോഴേക്കും ചെറുകുട്ടികളെപ്പോലെ, അതെല്ലാം മറന്ന് വീണ്ടും പഴയസമ്പ്രദായം തുടരലും, പലവട്ടം ആവർത്തിച്ചുറപ്പിച്ച കരാറും പ്രതിജ്ഞയും ലംഘിക്കലും ഇസ്റാഈല്യരുടെ പതിവായിത്തീർന്നതിൻെറ പിന്നിലുള്ള രഹസ്യം അതാകുന്നു. ചെങ്കടൽ പിളർന്നപോലെയും, വടി ഒരു മഹാസർപ്പമായി മാറിയപോലെയുമുള്ള വലിയൊരു ദൃഷ്ടാന്തമല്ല മല ഉയർന്നതെന്നു ആലോചിച്ചു നോക്കിയാലറിയാം. ഇന്നു അത്തരം ഒരു ദൃഷ്ടാന്തം കണ്ടേക്കുന്ന ഒരു മനുഷ്യൻ നിശ്ചമായും അക്കാലത്തുള്ളവരെപ്പോലെ അത്രവേഗം അതു മറന്നുപോകുമെന്നു തോന്നുന്നില്ല. പക്വബുദ്ധി വന്നിട്ടില്ലാത്തവരെ ഉപദേശംകൊണ്ടോ, ന്യായവാദംകൊണ്ടോ മാത്രം നേർമാർഗ്ഗത്തിലാക്കുക സാധ്യമല്ല. ഇടക്കിടെ ഭീഷണിയും, പേടിപ്പെടുത്തലും അനിവാര്യമാകുന്നു. വിശ്വാസം അടിച്ചേൽപ്പിക്കുകയെന്നല്ല ഇതിന്റെ അർത്ഥം. കുട്ടികളുടെ മനശ്ശാസ്ത്രം അറിയുന്നവർക്ക് ഈ വാസ്തവം വേഗം മനസ്സിലാക്കാൻ കഴിയും

അന്ത്യപ്രവാചകരായ മുഹമ്മദ് (صلى الله عليه وسلم) തിരുമേനിയുടെ കാലമായപ്പോഴേക്ക് മനുഷ്യവർഗ്ഗത്തിന്റെ പക്വപ്രായം ആരംഭിച്ചു കഴിഞ്ഞു. ആ നിലക്ക് തിരുമേനിയുടെ കൈക്കു- പല അമാനുഷിക ദൃഷ്ടാന്തങ്ങളും വെളിപ്പെട്ടിട്ടുണ്ടെങ്കിൽപോലും-അവിടുത്തെ പ്രത്യക്ഷ ദൃഷ്ടാന്തമായി അല്ലാഹു നിശ്ചയിച്ചതു വിശുദ്ധ ഖുർആനെയാണല്ലോ. ഈ യാഥാർത്ഥ്യം അല്ലാഹു തന്നെ സൂറത്തുൽ ഇസ്രാഇൽ ഇങ്ങിനെ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

وما منعنا ان نرسل بالايات الا تخويفا (സാരം: ദൃഷ്ടാന്തങ്ങളെയുംകൊണ്ടു അയക്കുവാൻ നമുക്കു തടസ്സമായതു പൂർവ്വീകൻമാർ അവയെ വ്യാജമാക്കിയതല്ലാതെ മറെറാന്നുമല്ല. ഥമൂദു

ഗോത്രത്തിന്നു കണ്ടറിയത്തക്ക ഒരു ദൃഷ്ടാന്തമായിക്കൊണ്ടു നാം ഒട്ടകത്തെ നൽകി. എന്നിട്ട് അവർ അതിനെ അക്രമിച്ചുകളഞ്ഞു. ഭയപ്പെടുത്തുവാൻ വേണ്ടിയല്ലാതെ ദൃഷ്ടാന്തങ്ങളെയും കൊണ്ടു നാം അയക്കാറില്ല.) (ഇസ്രാഉ് : 59) കൂടുതൽ വിവരം സൂറ: ഇസ്രാഉൽവെച്ചു കാണാം. إن شاء الله മുഖവുരയിലും ചിലതെല്ലാം കഴിഞ്ഞുപോയിട്ടുണ്ട്. മൂസാ (عليه السلام) നബിയുടെയും, പൂർവ്വകാല നബിമാരുടെയും കൈക്കു വെളിപ്പെട്ട ദൃഷ്ടാന്തങ്ങൾ പരിശോധിച്ചാൽ, അവ മിക്കവാറും ഭയപ്പെടുത്തുന്ന തരത്തിലുള്ളതായിരുന്നുവെന്നു കാണാവുന്നതാണ്.

وَلَقَدْ عَلِمْتُمُ ٱلَّذِينَ ٱعْتَدَوْا۟ مِنكُمْ فِى ٱلسَّبْتِ فَقُلْنَا لَهُمْ كُونُوا۟ قِرَدَةً خَـٰسِـِٔينَ ﴿٦٥﴾

65 (ഇസ്രാഈൗൽ സന്തതികളേ) നിങ്ങളിൽ നിന്ന് 'സബ്ത്തി' [ശബ്ബത്ത് ആചരണത്തി]ൽ അതിക്രമം ചെയ്തവരെക്കുറിച്ച് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ അവരോട് നാം പറഞ്ഞു: ''നിങ്ങൾ ഹീനൻമാരായ കുരങ്ങുകളായിത്തീരുവിൻ!''

فَجَعَلْنَـٰهَا نَكَـٰلًا لِّمَا بَيْنَ يَدَيْهَا وَمَا خَلْفَهَا وَمَوْعِظَةً لِّلْمُتَّقِينَ ﴿٦٦﴾

66 അങ്ങനെ, അതിനെ നാം അതിൻെറ മുമ്പിലുള്ളവർക്കും, അതിൻെറ പിമ്പിലുള്ളവർക്കും ഒരു (പാഠം നൽകുന്ന) ശിക്ഷയാക്കി; സൂക്ഷ്മത പാലിക്കുന്നവർക്ക് ഒരു സദുപദേശവും (ആക്കി) .

---

65 **وَلَقَد** തീർച്ചയായും ഉണ്ട്. **علمتم** നിങ്ങൾ അറിഞ്ഞു. **الذين** യാതൊരുകൂട്ടരെ. **اعتدوا** അവർ അതിക്രമിച്ചു. **منكُم** നിങ്ങളിൽനിന്ന്. **في السبت** ശബ്ബത്തിൽ, ശനിയാഴ്ച്ചയിൽ. **فَقُلْنا** അപ്പോൾ നാം പറഞ്ഞു. **لهم** അവരോട്. **كُونوا** നിങ്ങൾ ആകുവിൻ. **قردةً** കുരങ്ങുകൾ. **خاسئين** ഹീനൻമാരായ, നിന്ദ്യൻമാരായിക്കൊണ്ട്. 66 **فَجعلْناها** അങ്ങിനെ അതിനെ നാം ആക്കി. **نكالاً** ഒരു ശിക്ഷ, താക്കീത്, തടവ്, ശിക്ഷാപാഠം. **لما بين يديها** അതിൻെറ മുമ്പിലുള്ളതിന് (മുമ്പിലുള്ളവർക്ക്) . **وما خلْفها** അതിൻെറ പിമ്പിൽ ഉള്ളതിനും (....വർക്കും) . **وموعظةً** ഒരു സദുപദേശവും. **لِلْمتقين** സൂക്ഷ്മ. പാലിക്കുന്നവർക്ക്.

ഇസ്റാഈല്യരിൽ കഴിഞ്ഞുപോയ ഒരു അനുസരണക്കേടും അതിനാൽ ലഭിച്ച ശിക്ഷയും ചൂണ്ടിക്കാട്ടുകയാണ്. മുസ്ലിംകൾക്കു വെള്ളിയാഴ്ചയെന്നപോലെ, ഇസ്റാഈല്യർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രധാന ദിവസമായിരുന്നു ശനിയാഴ്ച. അവർ അന്ന് ജോലികളിൽനിന്നെല്ലാം ഒഴിവായിരിക്കണമെന്നും, ചില പ്രത്യേക അനുഷ്ഠാന കർമ്മങ്ങൾ ആചരിക്കണമെന്നും നിശ്ചയിക്കപ്പെട്ടിരുന്നു. ഈ ആചരണത്തിനു 'സബത്ത് '-അഥവാ 'ശബ്ബത്ത് ' (سبت) എന്നു പറയുന്നു. ശനിയാഴ്ചക്ക് 'സബ്ത്തുദിവസം' (يوم السبت) എന്നും പറയപ്പെടുന്നു. അതിനാൽ, في السبت എന്ന വാക്കിന് ശനിയാഴ്ച ദിവസത്തിൽ എന്നും, ശബ്ബത്ത് ആചരണത്തിൽ എന്നും അർത്ഥം വരാം. സാരത്തിൽ രണ്ടും വ്യത്യാസമില്ലതാനും. യഹൂദികൾ ഇന്നും ശബ്ബത്ത് ആചരിച്ചു വരുന്നതു ആഴ്ചവട്ടത്തിൻെറ അവസാന ദിവസമായ ശനിയാഴ്ച തന്നെ. ക്രിസ്ത്യാനികൾ അതാചരിക്കുന്നതു ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസമെന്ന നിലക്കു ഞാറാഴ്ചയുമാകുന്നു. ഒരു ഹദീസിൽ വെള്ളിയാഴ്ചയെക്കുറിച്ച് നബി (ﷺ) തിരുമേനി ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ''ഇതായിരുന്നു അവർക്കു (വേദക്കാർക്ക്) നിയമിക്കപ്പെട്ടിരുന്ന ദിവസം. എന്നിട്ട് അവർ അതിൽ ഭിന്നിച്ചു. നമുക്കു അല്ലാഹു അതിലേക്കു മാർഗ്ഗദർശനം നൽകിയിരിക്കുകയാണ്. ജനങ്ങൾ അതിൽ നമ്മുടെ പിന്നാലെയാണുള്ളത്. അതായതു യഹൂദികൾ പിറേറന്നും, ക്രിസ്ത്യാനികൾ പിറേറന്നിൻെറ പിറേറന്നും.'' (ബു; മു.)

ശബ്ബത്തു സംഭവം അഅ്റാഫ് 163-166ൽ കുറെകൂടി വിശദമായി ഉദ്ധരിച്ചിട്ടുണ്ട്. സംഭവത്തിൻെറ ചുരുക്കം ഇപ്രകാരമാണ്: സമുദ്രതീരത്ത് വസിച്ചിരുന്ന ഒരു രാജ്യക്കാർ

മൽസ്യവേട്ട നടത്തുന്നവരായിരുന്നു. ശബ്ബത്തു നാളിൽ ജേലിചെയ്തുകൂടായ്കയാൽ അന്ന് അവർക്ക് മീൻ പിടിക്കുവാൻ പാടില്ലായിരുന്നു. മൽസ്യമാണെങ്കിൽ അന്നത്തെ ദിവസം കൂട്ടംകൂട്ടമായി പ്രവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു പരീക്ഷണമായിരുന്നു അത്. അവർ ഒരു ഉപായം കണ്ടുപിടിച്ചു. ശനിയാഴ്ച്ച ദിവസം സമുദ്രത്തിൻെറ അടുത്ത സ്ഥലങ്ങളിൽ കുഴികളുണ്ടാക്കി നീർച്ചാലുകൾ വഴി അതിലേക്ക് വെള്ളം കടത്തിവിടുക. ശനിയാഴ്ച ദിവസം അതിൽ മൽസ്യം വന്നു നിറയുമ്പോൾ ചാലുകൾ അടച്ചിടുക. ശബ്ബത്തിൻെറ സമയം കഴിഞ്ഞശേഷം അവർ ആ മൽസ്യം പിടിച്ചു ശേഖരിക്കുകയും ചെയ്യും. ഇതിനെപ്പററി അവരിലുണ്ടായിരുന്ന നല്ല മനുഷ്യൻമാർ അവരെ ഉപദേശിച്ചു നോക്കിയെങ്കിലും അവരത് ചെവിക്കൊണ്ടില്ല. ആ നല്ല മനുഷ്യരെ അല്ലാഹു രക്ഷപ്പെടുത്തുകയും, അതിക്രമം ചെയ്തവരെ അല്ലാഹു കുരങ്ങുകളാക്കി ശിക്ഷിക്കുകയും ചെയ്തു. ഇപ്പോൾ, അൽ-അഖബ: (**العقبة**) എന്ന പേരിൽ അറിയപ്പെടുന്നു 'ഐലത്തു' (أيلة-ഏലാത്ത്) ആയിരുന്നു ആ രാജ്യമെന്നും, അതിനടുത്ത് മദ്‌യനിലായിരുന്നു സംഭവം നടന്നതെന്നും പറയപ്പെടുന്നു.([*]) ആ ഭാഗങ്ങളിലെല്ലാം തന്നെ അനവധികാലം ഇസ്രാഈൽ കുടിയേറിപ്പാർത്തിരുന്നു.

മതനിയമത്തെ മറികടക്കുവാനുള്ള അവരുടെ ആ ഉപായം നിയമത്തെ ധിക്കരിക്കലും വഞ്ചനയുമാണല്ലോ. ഉപദേഷ്ടാക്കളുടെ ഉപദേശങ്ങളും അവർ വിലവെച്ചില്ല. അപ്പോൾ, അവരുടെ പ്രവൃത്തിക്കൊത്ത ശിക്ഷതന്നെ അല്ലാഹു അവർക്ക് നൽകി. അവരെ കുരങ്ങുകളാക്കി രൂപം മാററി. ശരീരാകൃതിയിൽ മനുഷ്യനും കുരങ്ങും കുറേയൊക്കെ സാമ്യമുള്ളതുപോലെ, അവരുടെ പ്രവൃത്തികളും ബാഹ്യത്തിൽ നിയമം പാലിച്ചുവെന്ന് പറയാവുന്നവിധത്തിലാണല്ലോ. ബാഹ്യത്തിൽ മതത്തിൻെറ വിധിവിലക്കുകളെ അനുസരിക്കുന്നുവെന്ന് വരുത്തുകയും, യഥാർത്ഥത്തിൽ അവയിലടങ്ങിയ തത്വങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവരും-അവർ അക്കാലത്തുള്ളവരാകട്ടെ, പിൽക്കാലത്തുള്ളവരാകട്ടെ-ആ മീൻപിടുത്തക്കാരെ അനുകരിക്കുകയാണ് വാസ്തവത്തിൽ ചെയ്യുന്നത്. അങ്ങിനെയുള്ളവർക്കെല്ലാം പാഠം നൽകുന്ന ഒരു താക്കീതാണ് ആ ശിക്ഷയെന്നും, ആ മീൻപിടുത്തക്കാരെ ഉപദേശിച്ചു കൊണ്ടിരുന്ന ആ നല്ല മനുഷ്യൻമാരെപ്പോലെ അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിച്ചുപോരുന്ന ഭയഭക്തൻമാർക്ക് ഈ സംഭവത്തിൽനിന്ന് ഉപദേശം ഉൾക്കൊള്ളുവാൻ കഴിയുന്നതാണെന്നും 66ാം വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു.

كونو قردة (നിങ്ങൾ കുരങ്ങുകളായിത്തീരുവിൻ) എന്ന് അല്ലാഹു അവരോട് പറഞ്ഞമാത്രയിൽ അവർ കുരങ്ങുകളായിത്തീർന്നിട്ടുണ്ടെന്ന് തീർച്ചതന്നെ. ഏതൊരു കാര്യത്തെക്കുറിച്ചും അത് ഉണ്ടാവണമെന്നു അവൻ പറഞ്ഞാൽ അതുണ്ടാവുകതന്നെ ചെയ്യും. (36: 82) ഇവരെ കുരങ്ങുകളാക്കി എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം അവരുടെ ശരീരത്തിൻെറ രൂപം മാററിയെന്നല്ലെന്നും, അവരുടെ ഹൃദയങ്ങളെ കുരങ്ങുകളുടെ ഹൃദയം പോലെയാക്കി-അഥവാ ഉപദേശവും താക്കീതും ഫലപ്പെടാതാക്കി-എന്നാണെന്നുമാണ് മുജാഹിദ് (ﷺ) പ്രസ്താവച്ചിരിക്കുന്നത്. മററാരും ഇങ്ങിനെ അഭിപ്രായപ്പെട്ടതായി അറിയപ്പെടുന്നില്ല. ഇവിടെയും മാഇദഃ 63ലും, അഅ്റാഫ് 166ലും അല്ലാഹു പ്രസ്താവിച്ചതിൻെറ വ്യക്തമായ അർത്ഥത്തിന് യോജിക്കാത്ത ഒരൊററപ്പെട്ട അഭിപ്രായം മാത്രമാണ് മുജാഹിദ് (ﷺ) ൻെറ ഈ അഭിപ്രായമെന്ന് ഇബ്നു കഥീർ (ﷺ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. പല മഹാൻമാരുടെയും പ്രസ്താവനകളും അഭിപ്രായങ്ങളും

[*] ചെങ്കടലിൻെറ വടക്കേതല രണ്ടായി പിളർന്ന് ഒന്ന് ഇടത്തോട്ട് സൂയസ് വഴി മദ്ധ്യധരണ്യാഴിയിൽ ചേരുന്നു. മറ്റേത് വലത്തോട്ട് അൽഅഖബഃ എന്ന ഐലത്തുവരെ നീണ്ടുപോകുന്നു. രണ്ടു ശാഖകൾക്കുമിടയിൽ മുക്കോണാകൃതിയിൽ കിടക്കുന്ന കരയിലും പരിസരങ്ങളിലുമാണ് സീനാ പർവ്വതം, തീഹുമരുഭൂമി, ഹേറോബ്, മദ്‌യൻ (മിദ്യാൻ) മുതലായവ. ഇന്നത്തെ ഇസ്റാഈൽ രാഷ്ട്രത്തിൻെറ കീഴിലാണ് ആ തുറമുഖം ഇപ്പോഴുള്ളത്.

ഉദ്ധരിച്ച ശേഷം അദ്ദേഹം ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ''ഈ ഇമാമുകളിൽ നിന്നെല്ലാം ഈ വാക്യങ്ങൾ ഇവിടെ നാം ഉദ്ധരിക്കുവാൻ കാരണം, അക്കൂട്ടരുടെ ശരീരാകൃതി മാററിയിട്ടില്ലെന്നും, മാനസികമായ പ്രകൃതിമാററമേ ഉണ്ടായിട്ടുള്ളുവെന്നും മുജാഹിദ്-അല്ലാഹു അദ്ദേഹത്തിന് കരുണ നൽകട്ടെ-പറഞ്ഞതിനെതിരാണ് ആ മഹാൻമാരെല്ലാം പറഞ്ഞിരിക്കുന്നതെന്ന് വ്യക്തമാക്കുവാൻ വേണ്ടിയാകുന്നു. ആകൃതിയിലും പ്രകൃതിയിലും അവർ കോലം മാററപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് ശരി.'

അസാധാരണ സംഭവങ്ങളൊന്നും ദഹിക്കാത്ത ചില ആളുകൾ മുജാഹിദ് (ﷺ) ൻെറ ഒററപ്പെട്ട അഭിപ്രായത്തിന് മുൻഗണന നൽകുകയും, മററുള്ള അഭിപ്രായങ്ങളും, തെളിവുകളും അഗണ്യമാക്കുകയും ചെയ്യുന്നത് സ്വാഭാവികമാണല്ലോ. ആ ശിക്ഷ ശബ്ബത്തു നാളിൽ അതിക്രമം പ്രവർത്തിച്ച ഒരു ജനതക്ക് പ്രത്യേകം നൽകപ്പെട്ട ശിക്ഷയായി പ്രസ്താവിക്കുകയും, ആ സംഭവത്തിൻെറ മുമ്പിലും പിമ്പിലുമുള്ളവർക്ക് അതൊരു പാഠം നൽകുന്ന ശിക്ഷയാണെന്ന് അല്ലാഹു പറയുകയും ചെയ്തിരിക്കെ, ഈ അഭിപ്രായത്തിന് ന്യായീകരണം കാണുന്നില്ല. പാപവും ധിക്കാരവും അധികമാകുമ്പോൾ ഹൃദത്തിലേക്ക് വേണ്ടതൊന്നും പ്രവേശിക്കാത്ത വിധം അവ മുദ്രവെക്കപ്പെടുന്നതാണെന്ന് ഒന്നിലധികം സ്ഥലത്ത് അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ അഭിപ്രായമനുസരിച്ച് അക്കൂട്ടത്തിൽ പെട്ട ഒരു സംഭവമായിട്ടേ ഈ സംഭവത്തെ ഗണിക്കുവാനുള്ളു. ഏതായാലും, രൂപം മാററപ്പെട്ടവരാരും പിന്നീട് അധികം ജീവിക്കുകയോ, അവർക്ക് സന്താനങ്ങൾ ജനിക്കുകയോ ഉണ്ടായിട്ടില്ല. ഇബ്നുമസ്ഊദ് (ﷺ) പ്രസ്താവിച്ചതായി ഇമാം മുസ്ലിം (ﷺ) ഇങ്ങിനെ ഉദ്ധരിക്കുന്നു: ''കുരങ്ങുകളും പന്നികളും, രൂപം മറിക്കപ്പെട്ടവരിൽ നിന്നുണ്ടായതാണോ എന്ന് നബി (ﷺ) യോട് ചോദിച്ചവരോട് നബി (ﷺ) പറഞ്ഞു: ''അല്ലാഹു ഒരു കൂട്ടരെ നശിപ്പിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുമ്പോൾ അവർക്ക് അവൻ സന്താനം നൽകുകയുണ്ടായിട്ടില്ല. കുരങ്ങുകളും പന്നികളും അതിന് മുമ്പ് തന്നെ ഉണ്ടായിരുന്നു.''

67 മൂസാ തൻെറ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക) . '' അല്ലാഹു നിങ്ങളോട് നിങ്ങൾ ഒരു പശുവിനെ അറുക്കണമെന്ന് കൽപിക്കുന്നു.'' അവർ പറഞ്ഞു: ''താങ്കൾ ഞങ്ങളെ പരിഹാസ്യവസ്തുവാക്കുകയാണോ?!'' അദ്ദേഹം പറഞ്ഞു: ''ഞാൻ വിഡ്ഢികളിൽ പെട്ടവനായിത്തീരുന്നതിനെക്കുറിച്ച് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു. [വിഡ്ഢികളുടെ സ്വഭാവമാണല്ലോ പരിഹസിക്കൽ.]''

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦٓ إِنَّ ٱللَّهَ يَأْمُرُكُمْ أَن تَذْبَحُوا۟ بَقَرَةً ۖ قَالُوٓا۟ أَتَتَّخِذُنَا هُزُوًا ۖ قَالَ أَعُوذُ بِٱللَّهِ أَنْ أَكُونَ مِنَ ٱلْجَٰهِلِينَ ﴿٦٧﴾

68 അവർ പറഞ്ഞു: ''താങ്കൾ താങ്കളുടെ റബ്ബിനോട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക: അത് എന്ത് (തരം) പശുവാണെന്ന് അവൻ ഞങ്ങൾക്ക് വിവരിച്ചുതരട്ടെ.'' അദ്ദേഹം പറഞ്ഞു: ''അവൻ പറയുന്നു: അത് നന്നേ പ്രായം കൂടിയതും പ്രായം കുറഞ്ഞതുമല്ലാത്ത ഒരു പശുവാണ്. (അതെ) അതിനിടയിൽ ഒരു മദ്ധ്യ പ്രായത്തിലുള്ളത് (ആയിരിക്കണം) . ഇനി, നിങ്ങളോട് കൽപിക്കപ്പെടുന്നത് നിങ്ങൾ ചെയ്തുകൊള്ളുവിൻ ''

قَالُوا۟ ٱدْعُ لَنَا رَبَّكَ يُبَيِّن لَّنَا مَا هِىَ ۚ قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٌ لَّا فَارِضٌ وَلَا بِكْرٌ عَوَانٌۢ بَيْنَ ذَٰلِكَ ۖ فَٱفْعَلُوا۟ مَا تُؤْمَرُونَ ﴿٦٨﴾

69 അവർ പറഞ്ഞു: ''താങ്കൾ ഞങ്ങൾക്കുവേണ്ടി താങ്കളുടെ റബ്ബിനോട് പ്രാർത്ഥിക്കുക: അതിൻെറ നിറമെന്തായിരിക്കുമെന്ന് അവൻ ഞങ്ങൾക്ക് വിവരിച്ചു തരട്ടെ.'' അദ്ദേഹം പറഞ്ഞു: ''അവൻ പറയുന്നു: ''അത് നോക്കുന്നവർക്ക് സന്തോഷമുണ്ടാകുമാറ് നിറം ശുദ്ധ മഞ്ഞ വർണ്ണമുള്ളതായ ഒരു പശുവാണ് (ആയിരിക്കേണ്ടത്.) ''

قَالُواْ ٱدۡعُ لَنَا رَبَّكَ يُبَيِّن لَّنَا مَا لَوۡنُهَاۚ قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٞ صَفۡرَآءُ فَاقِعٞ لَّوۡنُهَا تَسُرُّ ٱلنَّٰظِرِينَ ٦٩

70 അവർ പറഞ്ഞു: ''താങ്കൾ ഞങ്ങൾക്കുവേണ്ടി താങ്കളുടെ റബ്ബിനോട് പ്രാർത്ഥിക്കണം: അത് ഏത് (തരം) പശുവായിരിക്കുമെന്ന് അവൻ ഞങ്ങൾക്കു വിവരിച്ചുതരട്ടെ; (കാരണം) നിശ്ചയമായും, (പരസ്പര സാദൃശ്യത നിമിത്തം) പശു (ഏതെന്ന്) ഞങ്ങൾക്ക് തിരിച്ചറിയാതായിരിക്കുന്നു. ഞങ്ങൾ, അല്ലാഹു ഉദ്ദേശിച്ചാൽ നേർമാർഗ്ഗം പ്രാപിക്കുന്നവർ തന്നെയായിരിക്കും''

قَالُواْ ٱدۡعُ لَنَا رَبَّكَ يُبَيِّن لَّنَا مَا هِيَ إِنَّ ٱلۡبَقَرَ تَشَٰبَهَ عَلَيۡنَا وَإِنَّآ إِن شَآءَ ٱللَّهُ لَمُهۡتَدُونَ ٧٠

71 അദ്ദേഹം പറഞ്ഞു: ''അവൻ പറയുന്നു: അത്, ഭൂമി ഉഴുകയാകട്ടെ, വിള നനക്കുകയാകട്ടെ ചെയ്തു ശീലിച്ചതല്ലാത്ത പശുവാകുന്നു; (അതെ) കലർപ്പുവർണ്ണമില്ലാത്ത (ന്യൂനതകളിൽനിന്ന്) സുരക്ഷിതമായതാകുന്നു (അഥവാ ആയിരിക്കണം.) '' അവർ പറഞ്ഞു: ''ഇപ്പോൾ, താങ്കൾ യഥാർഥ (വിവര) വും കൊണ്ടു വന്നിരിക്കുന്നു.'' അങ്ങനെ, അവർ അതിനെ അറുത്തു. അവർ (അത്) ചെയ്യുമായിരുന്നില്ല. [എങ്കിലും, അവസാനം ചെയ്യുകതന്നെ ചെയ്തു.]

قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٞ لَّا ذَلُولٞ تُثِيرُ ٱلۡأَرۡضَ وَلَا تَسۡقِي ٱلۡحَرۡثَ مُسَلَّمَةٞ لَّا شِيَةَ فِيهَاۚ قَالُواْ ٱلۡـَٰٔنَ جِئۡتَ بِٱلۡحَقِّۚ فَذَبَحُوهَا وَمَا كَادُواْ يَفۡعَلُونَ ٧١

---

67 وإذْ قَالَ പറഞ്ഞ സന്ദർഭം. موسى മൂസാ. لقومه തൻെറ ജനതയോട്. إن الله നിശ്ചയമായും അല്ലാഹു. يأمركم നിങ്ങളോട് കൽപിക്കുന്നു. أن تذبحوا നിങ്ങൾ അറുക്കുവാൻ. بقرةً ഒരു പശുവെ. قالوا അവർ പറഞ്ഞു. أتتخذُنا താങ്കൾ (ഞങ്ങളെ) ആക്കുകയാണോ. هزوا പരിഹാസം, പരിഹാസ്യം. قَالَ അദ്ദേഹം പറഞ്ഞു. أعوذُ ഞാൻ ശരണം തേടുന്നു. بالله അല്ലാഹുവിനോട്. أنْ أكونَ ഞാൻ ആകുന്നതിനെക്കുറിച്ച്. من الجاهلين വിവരമില്ലാത്തവരിൽ, വിഡ്ഢികളുടെ (വിവേകമില്ലാത്തവരുടെ) കൂട്ടത്തിൽ. 68 قالوا അവർ പറഞ്ഞു. ادع لنا ഞങ്ങൾക്ക് വേണ്ടി താങ്കൾ പ്രാർത്ഥിക്കുക. ربك താങ്കളുടെ റബ്ബിനോട്. يبين അവൻ വിവരിച്ചുതരട്ടെ. لنا ഞങ്ങൾക്ക്. ما هي അത് എന്താണെന്ന്. قَالَ അദ്ദേഹം പറഞ്ഞു. إنه يقولُ നിശ്ചയമായും അവൻ പറയുന്നു. إنها നിശ്ചയമായും അത്. بقرةٌ ഒരു പശുവാകുന്നു. لا فارض (വളരെ) പ്രായം ചെന്നത് (കിഴവി, ചാവാറായത്) അല്ല. ولا بكر പ്രായം കുറഞ്ഞതും (കന്യകയും) അല്ല. عوانٌ മദ്ധ്യതരം, ഇടത്തരം. بين ذلك അതിനിടയിൽ. فافعلوا എന്നി നിങ്ങൾ ചെയ്യുവിൻ. ما تؤمرونَ നിങ്ങളോട് കല്പിക്കപ്പെടുന്നത്. 69 قالوا അവർ പറഞ്ഞു. ادع لنا ഞങ്ങൾക്ക്വേണ്ടി പ്രാർത്ഥിക്കുക. ربك താങ്കളുടെ റബ്ബിനോട്. يبين لنا അവൻ ഞങ്ങൾക്ക് വിവരിച്ചു തരട്ടെ. ما لونها അതിൻെറ നിറം എന്തെന്ന്. قَالَ അദ്ദേഹം പറഞ്ഞു. إنه يقولُ അവൻ പറയുന്നു. إنها بقرةٌ അത് ഒരു പശുവാകുന്നു. صفراءُ മഞ്ഞ വർണ്ണമുള്ളത്. فاقع തനി (ശുദ്ധ) . لونها അതിൻെറ

നിറം. **تسر** അത് സന്തോഷിപ്പിക്കും. **الناظرين** നോക്കുന്ന (കാണുന്ന) വരെ. 70 **قَالُوا** അവർ പറഞ്ഞു. **ادع لنا** ഞങ്ങൾക്ക് വേി പ്രാർത്ഥിക്കുക . **ربك** താങ്കളുടെ റബ്ബിനോട്. **يبين لنا** അവർ ഞങ്ങൾക്ക് വിവരിച്ചുതരട്ടെ. **ما هي** അത് എന്താണെന്ന്. **إِن البَقَر** നിശ്ചയമായും പശു. **تشابه** പരസ്പരം സാദൃശ്യമായി (തിരിച്ചറിയാതായി) രിക്കുന്നു. **علينا** ഞങ്ങൾക്ക്. **وإِنا** നിശ്ചയമായും ഞങ്ങൾ. **إِن شَاءَ اللَّهُ** അല്ലാഹു ഉദ്ദേശിച്ചാൽ. **لَمُهتدونَ** നേർമാർഗ്ഗം പ്രാപിക്കുന്നവർതന്നെ. 71 **قَالَ** അദ്ദേഹം പറഞ്ഞു. **إِنه يقُولُ** അവൻ പറയുന്നു. **إِنها بقَرةٌ** അത് ഒരു പശുവാകുന്നു. **لا ذَلُولٌ** വിധേയമായത് (ശീലിച്ചത്, ഉപയോഗിച്ചത്, പരിചയിപ്പിക്കപ്പെട്ടത്) അല്ല. **تثير** ഉഴുന്ന, ഉഴുമാറ്. **الأَرض** ഭൂമിയെ. **ولا تسقي** നനക്കുകയുമില്ല. **الحرثَ** വിളയെ, കൃഷിയെ. **مسلمةٌ** സുരക്ഷിതമായത്. **لا شيةَ** (വർണ്ണത്തിൻെറ) യാതൊരു കലർപ്പുമില്ലാത്ത. **فيها** അതിൽ. **قَالُوا** അവർ പറഞ്ഞു. **الآنَ** ഇപ്പോൾ. **جِئْت** താങ്കൾ വന്നു. **بِالحق** യഥാർത്ഥവും കൊണ്ട്. **فَذَبحوها** അങ്ങിനെ അവർ അതിനെ അറുത്തു. **وما كَادوا** അവർ ആകുമായിരുന്നില്ല. **يفْعلُونَ** ചെയ്യും.

ഈ സൂറത്തിന് പശു എന്നർത്ഥമുള്ള അൽബഖറ (البقرة) എന്നു പേർ പറയപ്പെടുവാൻ കാരണമായ പശുവിൻെറ സംഭവമാണിത്. ഈ വചനങ്ങളിൽ പ്രസ്താവിച്ച പ്രകാരം ഒരു പശുവിനെ ബലി അറുക്കേണമെന്ന ഇസ്റാഈല്യരോട് കൽപിക്കപ്പെടുവാൻ കാരണം അടുത്ത വചനങ്ങളിൽ വിവരിക്കുന്ന ഒരു വധ സംഭവമാണെന്നത്രെ ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ പ്രസ്താവിക്കുന്നത്. വിശദാംശങ്ങളിൽ ഭിന്നാഭിപ്രായം കാണാമെങ്കിലും സംഭവത്തിൻെറ സ്വഭാവം ചുരുക്കത്തിൽ ഇപ്രകാരമാകുന്നു: ഒരു ധനികനെ അയാളുടെ ഒരു അവകാശി കൊലപ്പെടുത്തി. മൃതദേഹം ഒരു പെരുവഴിയിലോ മറേറാ കൊണ്ടുപോയിവെച്ചു. പിന്നീട് അതേ ഘാതകൻ തന്നെ കൊലക്കുററം മററുള്ളവരുടെമേൽ ആരോപിച്ചു. അങ്ങിനെ, തർക്കവും വഴക്കുമായി. കേസ്സ് മൂസാ (عليه السلام) ൻെറ അടുക്കലെത്തി അപ്പോഴാണ് അദ്ദേഹം 67-ാം വചനത്തിൽ പ്രസ്താവിച്ച പ്രകാരം ഒരു പശുവിനെ അറക്കുവാൻ അവരോടു കൽപിച്ചത്. അറുത്തശേഷം 73-ാം വചനത്തിൽ പറയുന്നതുപോലെ, ആ പശുവിൻെറ ഒരംശമെടുത്തു അതുകൊണ്ട് മൃതദേഹത്തിൽ അടിക്കപ്പെടുകയും, അപ്പോൾ അതിന് ജീവനുണ്ടാകുകയും, ഘാതകൻ ഇന്ന ആളാണെന്ന് പറയുകയും ചെയ്തു. മൃതദേഹം വീണ്ടും പഴയപടി നിർജ്ജീവമായിത്തീരുകയും ചെയ്തു.

ഇതനുസരിച്ചു പ്രസ്തുത വധമാണ് ആദ്യം സംഭവിച്ചത്. പിന്നീടാണ് പശുവിനെ അറക്കുവാനുള്ള കൽപന. സംഭവങ്ങൾ വിവരിക്കുമ്പോൾ ആദ്യഭാഗം ആദ്യവും, പിന്നീടുള്ളത് പിന്നീടുമായി ക്രമപ്രകാരം തന്നെ ഉദ്ധരിക്കുന്ന പതിവ് ഖുർആനിൻ പലപ്പോഴും ഉണ്ടാകാറില്ല. ചിലപ്പോൾ ഇടയിൽനിന്നും, ഒടുവിൽനിന്നും അതു കഥ ആരംഭിച്ചെന്നു വരും. ഇങ്ങിനെ വിവരിക്കുന്നതിൽ ചില യുക്തി രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടുതാനും. ഇതിനെപ്പററി മുഖവുരയിൽ 'ഖുർആൻെറ പ്രതിപാദനരീതി' എന്ന ശീർഷകത്തിൽ നാം സംസാരിച്ചിട്ടുള്ളതാണ്. പശുവിനെ അറക്കുവാനുള്ള കൽപനയും, അതിനെത്തുടർന്ന് ഇസ്റാഈല്യർ പസ ചോദ്യങ്ങൾ നടത്തിയതും, അതിൻെറ അനന്തരഫലവും അടങ്ങുന്ന ഭാഗം ഒരു സ്വതന്ത്ര സംഭവമായി വിവരിച്ചത് അവരുടെ വിശ്വാസദൗർബ്ബല്യം, അച്ചടക്കമില്ലായ്മ, നിയമപാലനത്തിൽനിന്ന് ഒഴിഞ്ഞുമാറുവാനുള്ള അവരുടെ വാഞ്ഛ, പരിഹാസം, മുട്ടുചോദ്യം ആദിയായ സ്വഭാവങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ ആകർഷിക്കുവാൻ പര്യാപ്തമാണല്ലോ. വധവും അതിനെത്തുടർന്നുള്ള കാര്യങ്ങളും വേറൊരു സ്വതന്ത്രസംഭവമെന്നോണം പിന്നീട് വിവരിച്ചത് അല്ലാഹുവിൻെറ മഹത്തായ കഴിവ്, മരണാനന്തര ജീവിതം, മൂസാ (عليه السلام) നബിയുടെ സത്യത ആദിയായവയെപ്പററി പ്രത്യേകം ചിന്തിക്കുവാനും ഉതകുന്നു. ഒരു കഥയെന്നോണം ആദ്യന്തം തുടർച്ചയായി വിവരിക്കുമ്പോൾ ഈ പുതുമയും ഗൗരവവും അതിനുണ്ടായിരിക്കയില്ല.

ആദ്യം സംഭവിച്ചത് പശുവിനെ അറുത്ത സംഭവമാണെന്നും, പിന്നീടാണ് വധവും

തർക്കവും ഉണ്ടായതെന്നും, അപ്പോൾ ആ പശുവിൻെറ അംശംകൊണ്ട് മൃതദേഹത്തെ അടിക്കുവാൻ കൽപനയുണ്ടായതാണെന്നുമാണ് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഒരു പക്ഷേ-ചില മഹാൻമാർ ചൂണ്ടിക്കാട്ടിയത് പോലെ വധത്തിൻെറ സംഭവം ആദ്യം നടന്നിരുന്നാൽ തന്നെയും പശുവിൻെറ അറവ് കഴിഞ്ഞ ശേഷമാണിതിൻെറ ഒരംശംകൊണ്ട് മൃതദേഹത്തെ അടിക്കുവാനുള്ള കൽപനയുണ്ടായതെന്നും വരാവുന്നതാണ്. (വാസ്തവം അല്ലാഹുവിനറിയാം.) ഏതായിരുന്നാലും പശുവിനെ അറുത്ത സംഭവവും തുടർന്നുള്ള വചനങ്ങളിൽ പ്രസ്താവിക്കുന്ന വധത്തിൻെറ സംഭവവും പരസ്പരം ബന്ധമില്ലാത്ത രണ്ടു സ്വതന്ത്ര സംഭവങ്ങളല്ല- ഒരേ സംഭവത്തിൻെറ രണ്ടു വശങ്ങളാണത് രണ്ടും-എന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. തൽപരകക്ഷികളായ ചില ആധുനിക പണ്ഡിതൻമാരിൽ നിന്ന് മാത്രമേ രണ്ടും രണ്ടുപ്രത്യേക സംഭവങ്ങളാണെന്ന വാദം പുറപ്പെട്ടു കാണുന്നുള്ളു ഇതിനെപ്പററി വഴിയെ പരിശോധിക്കാം
ان شاء الله

സന്ദർഭം ഏതാവട്ടെ, ഒരു പശുവിനെ അറുക്കുവാൻ അല്ലാഹു കൽപിക്കുന്നതായി മൂസാ (عليه السلام) ഇസ്രഈല്യരെ അറിയിച്ചു. അദ്ദേഹം അല്ലാഹുവിൻെറ റസൂലും അവരുടെ മാർഗ്ഗദർശിയും നേതാവുമായിരിക്കെ, ആ കൽപന അവർ ഉടനെയങ്ങു അനുസരിക്കേണ്ടതായിരുന്നു. പക്ഷേ, ആ കൽപന അവർക്ക് ദഹിച്ചില്ല. മൂസ (عليه السلام) തങ്ങളെ പരിഹസിക്കുകയാണോ എന്നൊരു സംശയവും! അല്ല. അതവർ തുറന്നുചോദിക്കുക തന്നെ ചെയ്തു. അവരെപ്പററി വേണ്ടത്ര പഠിച്ചു പരിചയിച്ച റസൂലാണല്ലോ അദ്ദേഹം. മയത്തിലും നയത്തിലും തന്നെ അദ്ദേഹം അതിന് മറുപടികൊടുത്തു. ഞാൻ വിഡ്ഢികളുടെ കൂട്ടത്തിൽ ചേരുകയോ? അല്ലാഹു എന്നെ കാക്കട്ടെ! ഇതായിരുന്നു മറുപടി. വിഡ്ഢികളാരെന്ന് പറയാതെ, വ്യംഗമായി അതാരാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തു. ആ കൽപന, കളിയോ പരിഹാസമോ അല്ല-കാര്യം തന്നെയാണ്-എന്ന് തീർച്ചപ്പെട്ടപ്പോഴെങ്കിലും അവരത് അനുസരിക്കേണ്ടതായിരുന്നു. ഒരു പശുവിനെ അറുക്കണമെന്നല്ലാതെ മററു ഉപാധികളൊന്നും പറയാത്തസ്ഥിതിക്ക് ഏതെങ്കിലും ഒന്നിനെ അറുത്താൽ മതിയായിരുന്നു. എന്നാൽ, എങ്ങിനെയെങ്കിലും കൽപന നിറവേററുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ഒഴികഴിവുകൾ തേടുന്ന പാരമ്പര്യശീലമുണ്ടോ അവർ ഉപേക്ഷിക്കുന്നു?!എന്തു പശുവായിരിക്കണം, ഏത് തരത്തിലുള്ളതാവണം? എന്നിങ്ങനെ, ഒന്നിന് പിന്നാലെ ഓരോ ചോദ്യങ്ങൾ അവർ നടത്തുകയായി.

ഓരോ ചോദ്യത്തിലെയും വാക്കുകൾ പരിശോധിച്ചു നോക്കുക. അവരുടെ വിശ്വാസത്തിൻെറ ദൗർബ്ബല്യവും. അച്ചടക്കരാഹിത്യവും, അവഗണനാ മനസ്ഥിതിയും ആ വാക്കുകളിലൂടെ പ്രകടമായി കാണാം. നബി (ﷺ) തിരുമേനിയുടെ സഹാബികൾ തിരുമേനിയെ സംബോധനചെയ്തിരുന്നതുപോലെ, 'നബിയേ' എന്നോ 'റസൂലേ' എന്നോ ഒന്നുമല്ല- 'മൂസാ' എന്നാണ്- അവർ തങ്ങളുടെ പ്രവാചകനെ വിളിക്കാറുള്ളത്. 'താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണം' എന്നാണ് ആവർത്തിച്ചുകൊണ്ടുള്ള അവരുടെ ആവശ്യം. 'അല്ലാഹുവിനോട്'' 'നമ്മുടെ റബ്ബിനോട് ' പോലെയുള്ള പ്രയോഗം അവരുടെ നാവിൽ കാണുന്നില്ല. അല്ലാഹു മൂസാ നബി (عليه السلام) ൻെറ മാത്രം റബ്ബാണെന്ന് തോന്നിയേക്കും അവരുടെ ആ വാക്ക് കണ്ടാൽ. മൂസാ (عليه السلام) അതിലൊന്നും അവരോട് തർക്കം നടത്തുന്നില്ല. മാന്യതയും, ഗുണകാംക്ഷയും നിറഞ്ഞ ശാന്തമായ സ്വരത്തിൽ ഓരോ ചോദ്യത്തിനും മറുപടി നൽകുന്നു. ഓരോ മറുപടിയും ലഭിക്കുമ്പോൾ, ചോദ്യം അവിടെവെച്ച് മതിയാക്കിയെങ്കിൽ അതവർക്ക് തന്നെ ഗുണമായിരുന്നേനെ. ചോദ്യം ചെയ്യൽ അധികരിക്കുംതോറും സ്വയം പ്രയാസം പേറുകയും, അനുസരണക്കുറവ് പ്രകടിപ്പിക്കുകയുമാണല്ലോ അത് മൂലം സംഭവിക്കുന്നത്. അതുകൊണ്ടാണ് ഇത്തരം ചോദ്യങ്ങളെ ഖുർആനിൽ വിരോധിച്ചിരിക്കുന്നതും. അല്ലാഹു പറയുന്നു: ''ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് വ്യക്തമാക്കപ്പെട്ടുതന്നാൽ നിങ്ങൾക്ക് അതൃപ്തി ഉളവാക്കുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ചോദിക്കരുത്. ഖുർആൻ അവതരിക്കപ്പെടുന്ന

സമയത്ത് അവയെപ്പററി നിങ്ങൾ ചോദിക്കുന്ന പക്ഷം അവ നിങ്ങൾക്ക് വ്യക്തമാക്കപ്പെടുന്നതുമാണ്...,'' (മാഇദ: 101) ചോദ്യം അധികരിപ്പിക്കുന്നതിനെ നബി (ﷺ) വെറുത്തിരിക്കുന്നതായി ഹദീസിലും വന്നിട്ടുണ്ട്.

ഓരോ ചോദ്യവും വരുമ്പോൾ മൂസാ (عليه السلام) അല്ലാഹുവിനോട് പ്രാർത്ഥിക്കും. ഒന്നാമത്തെ പ്രാവശ്യത്തിൽ വളരെ പ്രായം ചെല്ലാത്തതും, നന്നേ പ്രായം കുറഞ്ഞതുമല്ലാത്ത മദ്ധ്യ നിലയിലുള്ള ഒരു പശുവായാൽ മതിയെന്ന് മറുപടികിട്ടി. ഇങ്ങിനെയുള്ള പശു ഒട്ടും ദുർലഭമല്ലല്ലോ. വീണ്ടും ചോദ്യംചെയ്യാതെ ആ കൽപന പാലിക്കുവാൻ അദ്ദേഹം അവരെ ഉപദേശിക്കുകയും ചെയ്തു. അവർ വഴങ്ങിയില്ല. നിറം എന്തായിരിക്കണമെന്നായി. തനി മഞ്ഞ വർണ്ണമുള്ളതും കാഴ്ചക്ക് കൗതുകമുള്ളതുമാവണം എന്നായിരുന്നു മറുപടി. ഇങ്ങിനെയുള്ള പശുവിനെ കിട്ടുവാൻ കുറച്ചുകൂടി പ്രയാസമുണ്ടായിരിക്കുമല്ലൊ. എന്നാൽ ചോദ്യം അതോടെ അവസാനിച്ചില്ല. ഇത്തരത്തിലുള്ള പശുക്കൾ പലതുമുള്ളതുകൊണ്ടു ഞങ്ങൾക്കുകാര്യം വ്യക്തമായില്ല, ഒന്നുകൂടി വ്യക്തമാക്കണമെന്നായി. പക്ഷെ, ഇത്രയുമായപ്പോൾ അവർക്ക് അൽപം ബോധോദയം വന്നിരിക്കുന്നു. 'അറുക്കേണ്ടുന്ന പശുവിനെ തിരിച്ചറിയാത്തതുകൊണ്ട് ചോദിക്കുകയാണ്, അല്ലാഹുഉദ്ദേശിച്ചാൽ ഞങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതാണ് ' എന്നീ വാക്കുകൾ അതാണല്ലോ കാണിക്കുന്നത്. അങ്ങനെ, നിലം ഉഴുക, വെള്ളം തേവുക മുതലായ ജോലികളിൽ ഉപയോഗിക്കപ്പെടാത്തതും, ഇതര വർണ്ണങ്ങളുടെ കലർപ്പും കലയുമില്ലാത്തതും അംഗഭംഗവും മുടന്തും പോലെയുള്ള പോരായ്മകൾ ഇല്ലാത്തതും കൂടിയായിരിക്കണമെന്നുള്ള അവസാനത്തെ ഉത്തരത്തോടുകൂടി അന്വേഷണത്തിൻെറ രംഗം അവസാനിച്ചു. പശുവിനെക്കുറിച്ച് വേണ്ടത്ര വിവരണം കിട്ടിക്കഴിഞ്ഞുവെന്ന് അവർ സമ്മതിക്കുകയും ചെയ്തു

ഇനി, പ്രസ്തുത ഉപാധികളും ഗുണങ്ങളും ഒത്തിണങ്ങിയ ഒരു പശുവിനെ കണ്ടുകിട്ടണമല്ലോ. തിരഞ്ഞു തിരഞ്ഞ് അവസാനം കണ്ടെത്തി. വമ്പിച്ച വിലകൊടുത്താണ് അങ്ങിനെയൊരെണ്ണം അവർക്ക് കരസ്ഥമാക്കുവാൻ കഴിഞ്ഞതെന്ന് പറയപ്പെടുന്നു. അത് സ്വാഭാവികവുമാണ്. പശുവിനെ കിട്ടുവാനുള്ള പ്രയാസം, അവരുടെ മാനസികനിലപാടുകൾ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ആ കൽപന പാലിക്കുക അവരെ സംബന്ധിച്ചിടത്തോളം കുറേ വിദൂരം തന്നെയായിരുന്നു. എങ്കിലും ഒടുക്കം അവരത് പ്രവർത്തനത്തിൽ വരുത്തുക തന്നെ ചെയ്തു. ഇനി, ഇങ്ങനെ ഒരു പശുവിനെ അറുക്കുവാൻ കൽപിച്ചതിലടങ്ങിയ രഹസ്യം എന്താണെന്ന് അടുത്ത് വചനങ്ങളിൽവെച്ച് കാണാം. അല്ലാഹു പറയുന്നു:-

വിഭാഗം-9

وَإِذْ قَتَلْتُمْ نَفْسًا فَادَّارَأْتُمْ فِيهَا ۖ وَاللَّهُ مُخْرِجٌ مَا كُنتُمْ تَكْتُمُونَ ﴿٧٢﴾

72 (ഇസ്രാഈൽ സന്തതികളേ,) നിങ്ങൾ ഒരു ദേഹത്തെ [ആളെ] കൊലപ്പെടുത്തിയിട്ട് അതിൽ നിങ്ങൾ അന്യോന്യം (ആരോപണം നടത്തി) ഒഴിഞ്ഞു മാറിയ സന്ദർഭം (ഓർക്കുക) . അല്ലാഹുവാകട്ടെ, നിങ്ങൾ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതിനെ വെളിക്ക് വരുത്തുന്നവനുമത്രെ.

فَقُلْنَا اضْرِبُوهُ بِبَعْضِهَا ۚ كَذَٰلِكَ يُحْيِي اللَّهُ الْمَوْتَىٰ وَيُرِيكُمْ آيَاتِهِ لَعَلَّكُمْ تَعْقِلُونَ ﴿٧٣﴾

73 അപ്പോൾ, നാം പറഞ്ഞു: ''നിങ്ങൾ അവനെ അതിൻെറ [പശുവിൻെറ] ചില ഭാഗം (അഥവാ ഒരംശം) കൊണ്ട് അടിക്കുവിൻ.'' അപ്രകാരം അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കുന്നു. നിങ്ങൾ ബുദ്ധി കൊടു (ത്തു ചിന്തി) ക്കുവാൻ

വേണ്ടി അവൻെറ ദൃഷ്ടാന്തങ്ങളെ അവൻ നിങ്ങൾക്ക് കാണിച്ചു തരുകയും ചെയ്യുന്നു.

---

72 **وإِذْ قَتَلْتُم** നിങ്ങൾ കൊലപ്പെടുത്തിയ സന്ദർഭം. **نَفْسًا** ഒരു ദേഹത്തെ, ആളെ. **فَادارأتم** എന്നിട്ട് നിങ്ങൾ പരസ്പരം ഒഴിഞ്ഞുമാറി, അന്യോന്യം ആരോപണം നടത്തി. **فِيها** അതിൽ. **والله** അല്ലാഹു. **مخرج** പുറത്തു വരുത്തുന്നവനാണ്. **ما كُنتم** നിങ്ങൾ ആയിരുന്നതിനെ. **تكْتمونَ** നിങ്ങൾ ഒളിച്ചു (മറച്ചു) വെക്കും. 73 **فَقُلْنا** അപ്പോൾ നാം പറഞ്ഞു. **اضربوه** അവനെ അടിക്കുവിൻ. **ببعضها** അതിൻെറ ചില വേണ്ട ഭാഗം കൊണ്ട്. **كَذَلِكَ** അപ്രകാരം. **يحيي** ജീവിപ്പിക്കും. **الله** അല്ലാഹു. **الموتى** മരണപ്പെട്ട. **ويريكُم** നിങ്ങൾക്കവൻ കാണിച്ചുതുരകയും ചെയ്യുന്നു. **آياته** അവൻെറ ദൃഷ്ടാന്തങ്ങളെ. **لَعلَّكم** നിങ്ങൾ ആകുവാൻവേണ്ടി ആയേക്കാം. **تعقِلُونَ** ബുദ്ധി കൊടുക്കും, ഗ്രഹിക്കും.

മുമ്പു പ്രസ്താവിച്ചതുപോലെ, സംഭവത്തിൻെറ ആദ്യഭാഗമാണിത്. ഒരാൾ കൊല്ലപ്പെടുകയുണ്ടായി. ഘാതകൻ ആരായിരുന്നുവെന്നും, വധത്തിന് കരണമെന്തായിരുന്നുവെന്നും, അല്ലാഹു പ്രസ്താവിച്ചിട്ടില്ല. കഥ വിവരിക്കലല്ലല്ലോ ഉദ്ദേശ്യം. കഥാപാഠം മനസ്സിലാക്കുന്നതിന് അതൊന്നും അറിയേണ്ടതുമില്ല. ഇസ്റാഈല്യർക്കിടയിൽ മുമ്പു നടന്നതും, അതിനെത്തുടർന്ന് അല്ലാഹുവിൻെറ മഹത്തായ കഴിവിനും മരണാനന്തര ജീവിതത്തിനും ഒരു ദൃഷ്ടാന്തമായിരുന്നതുമായ ഒരു സംഭവമെന്ന നിലക്കാണ് ഇതിവിടെ ഉദ്ധരിച്ചിരിക്കുന്നത്. 73-ാം വചനത്തിലെ അവസാനത്തെ രണ്ടു വാക്യങ്ങളിൽനിന്നും ഇത് ശരിക്കും മനസ്സിലാക്കാം. അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ കണ്ടറിഞ്ഞിട്ട് പിന്നെയും ഹൃദയം കടുത്തു ദുർമാർഗ്ഗത്തിൻെറ പാരമ്പര്യം പുലർത്തിപ്പോരുന്ന നിലവിലുള്ള ഇസ്റാഈല്യരെ താക്കീത് ചെയ്യലും, അവരെ നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കലുമാണ് അവരെ അഭിമുഖീകരിച്ചുകൊണ്ട് മുമ്പ് കഴിഞ്ഞ ആ സംഭവം വിവരിച്ചതിൻെറ ലക്ഷ്യം. അടുത്ത വചനത്തിൽനിന്ന് ഈ വസ്തുത കുറേകൂടി മനസ്സിലാക്കാവുന്നതുമാണ്.

യഥാർത്ഥ കൊലയാളി ആരെന്നറിയാതെ അവർ അന്യോന്യം ആരോപണവും പ്രത്യാരോപണവുമായി, ഭിന്നിപ്പും വഴക്കുമായി, കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച പ്രകാരം അറുക്കപ്പെട്ടിരുന്ന ആ പശുവിൻെറ ഏതോ ഒരു അംശം എടുത്ത് അതുകൊണ്ട് ആ കൊലപ്പെട്ടവനെ അടിക്കുവാൻ ആ അവസരത്തിൽ അല്ലാഹു കൽപിച്ചു. ആ അംശം ഏതായിരുന്നുവെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. അംശം ഏതായിരുന്നാലും ശവത്തിന് ജീവൻ നൽകുന്നതിൽ അതിന് പ്രത്യേക സ്ഥാനമൊന്നുമില്ലെന്നും അല്ലാഹുവിൻെറ ഉദ്ദേശ്യം കൽപനയും മാത്രമാണിതിനു കാരണമാകുന്നതെന്നും വ്യക്തമാണ്. ആ അംശം കൊണ്ട് അടിച്ചപ്പോൾ മൃതദേഹത്തിന് ജീവൻ തിരിച്ചുവന്നുവെന്നും, എന്നെ വധിച്ചത് ഇന്ന ആളാണെന്ന് അത് പറയുകയുണ്ടായെന്നുമാണ്- എതിരായ തെളിവുകളൊന്നുമില്ലാത്ത സ്ഥിതിക്ക്-ആയത്തിൻെറ ശൈലിയിൽ നിന്ന് വ്യക്തമാകുന്നത്. ഖുർആൻ വ്യാഖ്യാതാക്കളും അതാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. താഴെ കാണുന്ന ചില സംഗതികൾ ഇവിടെ ശ്രദ്ധേയമാകുന്നു:-

(1) ഘാതകനെ തിരിച്ചറിയാതെ ജനങ്ങൾ അന്യോന്യം ആരോപണം നടത്തി ഒഴിഞ്ഞുമാറിക്കൊണ്ടിരുന്ന അവസരത്തിലാണ് പശുവിൻെറ അംശം കൊണ്ട് മൃതദേഹത്തെ അടിക്കുവാൻ അല്ലാഹു കൽപിക്കുന്നത്. (2) നിങ്ങൾ ഒളിച്ചുവെക്കുന്ന കാര്യം അല്ലാഹു വെളിക്ക് വരുത്തുമെന്ന് (والله يخرج ما كنتم تكتمون) പറഞ്ഞുകൊണ്ടാണ് ആ കൽപന നൽകിയിരിക്കുന്നതും. അപ്പോൾ , ആ കൊലയാളി ആരാണെന്ന് വെളിപ്പെടുത്തലാണ് ഈ കൽപനകയുടെ ഉദ്ദേശ്യമെന്ന് പറയേണ്ടതില്ലല്ലോ. (3) തുടർന്നുകൊണ്ട് അപ്രകാരമാണ് അല്ലാഹു മരണപ്പെട്ടവരെ ജീവിപിക്കുക (كذلك يحيي الله الموتى) എന്നും പറയുന്നു. (4) അവസാനം, നിങ്ങൾ

ബുദ്ധികൊടുത്ത് ചിന്തിക്കുവാൻ വേണ്ടി അവന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാട്ടിത്തരുകയും ചെയ്യുന്നു (ويريكم اياته الخ) എന്നും പറയുന്നു. അപ്പോൾ, മരണപ്പെട്ട ആളെ അതുമൂലം ജീവിപ്പിക്കുകയുണ്ടായെന്നും, അതൊരു ദൃഷ്ടാന്തമെന്ന നിലക്കാണ് സംഭവിച്ചതെന്നും ഈ വാക്യങ്ങളിൽനിന്ന് വ്യക്തമായി. (5) 'പശുവിന്റെ അംശംകൊണ്ട് കൊല്ലപ്പെട്ടവനെ അടിച്ചു' എന്നും, 'അവൻ അതുമൂലം ജീവിച്ചു' എന്നും, 'അവൻ തന്റെ ഘാതകൻ ഇന്ന ആളാണെന്ന് പറഞ്ഞു' എന്നും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടില്ലെന്നത് ശരിയാണ്. പക്ഷേ, മുമ്പും പിമ്പുമുള്ള വാക്യങ്ങളിൽ നിന്ന് അത് വ്യക്തമാണ്. മുമ്പും പിമ്പുമുള്ള പ്രസ്താവനകളിൽ നിന്ന് വ്യക്തമായി അറിയപ്പെടുന്ന ചില കാര്യങ്ങളെക്കുറിച്ച് മൗനമവലംബിക്കുന്നത് ഖുർആൻ പ്രതിപാദന ശൈലികളിൽ ഒന്നാണ്. ഇതിനെപ്പററി മുഖവുരയിലും മററും മുമ്പ് വിവരിച്ചിട്ടുണ്ട്.

പശുവിനെ അറുത്ത സംഭവവും, വധത്തിന്റെ സംഭവവും തമ്മിൽ ബന്ധമുണ്ടെന്നുള്ളതിന് വളരെ വ്യക്തമായ ഒരു തെളിവാണ് اضربوه ببعضها (അവനെ അതിന്റെ അംശംകൊണ്ട് അടിക്കുക) എന്ന വാക്യം. ഇതിൽ اضربوه (അവനെ അടിക്കുക) എന്നതിലെ സർവ്വനാമം (الضمير) കൊണ്ട് വിവക്ഷ ആ കൊല്ലപ്പെട്ട ആളും, ببعضها (അതിന്റെ അംശം) എന്നതിലെ സർവ്വനാമം കൊണ്ട് വിവക്ഷ മുൻ വചനങ്ങളിൽ പറയപ്പെട്ട പ്രകാരം അറുക്കപ്പെട്ട ആ പശുവും അല്ലാതെ മററൊന്നും ആയിരിക്കുവാൻ തരമില്ലെന്ന് അറബിഭാഷാപരമായ പ്രാഥമിക അറിവെങ്കിലുമുള്ള ആർക്കും മനസ്സിലാക്കാവുന്നതാണ്. പക്ഷേ, പശുവിന്റെ ഒരംശം കൊണ്ട് അടിച്ചപ്പോൾ മൃതദേഹത്തിന് ജീവൻ തിരിച്ചു വരിക പോലെയുള്ള അസാധാരണ ദൃഷ്ടാന്തങ്ങളെയെല്ലാം ദുർവ്യാഖ്യാനംചെയ്യുക പതിവാക്കിയവർ ഇങ്ങിനെയുള്ള വസ്തുതകളുടെ നേരെകണ്ണടക്കലും, എന്തെങ്കിലും ദുർന്യായങ്ങൾ പറഞ്ഞു തൃപ്തി അടയുവാൻ ശ്രമിക്കലും സ്വാഭാവികമാണല്ലോ. പശുവിനെ അറുത്തതും വധവും തമ്മിൽ ബന്ധമില്ലെന്നും, രണ്ടും വെവ്വേറെ സംഭവങ്ങളാണെന്നും വാദിച്ചുകൊണ്ട് ഈ സംഭവത്തിന്റെ അസധാരണത്വം ഒഴിവാക്കുവാൻ വേണ്ടി അവർ സ്വീകരിച്ചു കാണുന്ന ദുർവ്യാഖ്യാനങ്ങളുടെയും ചില ഉദാഹരണങ്ങൾ ഇവയാകുന്നു:-

(1) ഇവിടെ كذالك يحيي الله الموتى (അപ്രകാരമാണ് അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കുന്നത്) എന്ന വാക്യത്തിന് അവർ അർത്ഥമാക്കുന്നത് 'മരണകാര്യങ്ങൾ തെളിയിക്കുന്നതും, അതുവഴി മനുഷ്യരുടെ ജീവിതത്തെ സംരക്ഷിക്കുന്നതും അങ്ങിനെയാണ് ' എന്നത്രെ. മനുഷ്യരെ ഉദ്ധരിക്കുക എന്ന അർത്ഥത്തിൽ 8:24ലും, ഭൂമിയെ ഉദ്ധരിക്കുക എന്ന അർത്ഥത്തിൽ 57:17ലും يحيي (ജീവിപ്പിക്കുക) എന്ന വാക്ക് ഖുർആനിൽ വന്നിട്ടുണ്ടെന്നാണ് ഇതിന് അവർ കാണിക്കുന്ന തെളിവ്. ഈ സൂറത്തിലും മററുമായി മരണശേഷം ജീവിപ്പിക്കുന്ന ചില സംഭവങ്ങളെ വേറെയും അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്. അവിടെയെല്ലാം അവർ ഇതുപോലെയുള്ള ദുർവ്യാഖ്യാനങ്ങൾ നടത്താതിരുന്നിട്ടുമില്ല. അവരുടെ ചില പ്രസ്താവനകൾ കണ്ടാൽ - ഏതെങ്കിലും ഒരു അലങ്കാരാർത്ഥത്തി (المعنى المجازي) ലല്ലാതെ 'മരണത്തിന് ശേഷം ജീവിപ്പിക്കുക' എന്ന് ശരിക്കും അർത്ഥം വരുമാറുള്ള വാക്കുകൾ അറബിഭാഷയിൽ ഇല്ലെന്ന് തോന്നിപ്പോകും!

മേൽപറഞ്ഞ രണ്ട് സ്ഥലങ്ങളിൽ മാത്രമല്ല, വേറെയും ചില സ്ഥലങ്ങളിൽ 'ഉദ്ധരിക്കുക' എന്ന അർത്ഥത്തിൽ احياء (ജീവിപ്പിക്കൽ) എന്ന പദം ഖുർആനിൽ അല്ലാഹു ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. എന്നാൽ, അവിടെയൊക്കെ, സാക്ഷാൽ അർത്ഥം (المعنى الحقيقي) അല്ല ഉദ്ദേശ്യമെന്നും, അലങ്കാരാർത്ഥമാണ് ഉദ്ദേശ്യമെന്നും കാണിക്കുന്ന ചില അടയാളങ്ങൾ (قرينة) ഉണ്ടായിരിക്കും. ഏതൊരു വാക്കിനും അതിന്റെ സാക്ഷാൽ അർത്ഥമല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് കാണിക്കുന്ന പ്രത്യേക അടയാളം ഉണ്ടായിരിക്കുമ്പോൾ മാത്രമേ അതിന് സന്ദർഭോചിതമായ ഒരു അലങ്കാരാർത്ഥം കൽപിക്കുവാൻ പാടുള്ളുവെന്ന് സാഹിത്യശാസ്ത്രത്തി (علم البلاغة) ലെ ഒരു അംഗീകൃത തത്വമത്രെ. മരണപ്പെട്ടവരെ ഈ ലോകത്ത് വെച്ച് തന്നെ ജീവിപ്പിക്കുവാൻ അല്ലാഹുവിന് കഴിവുണ്ടെന്ന് അവരും

സമ്മതിക്കുമായിരിക്കും. പക്ഷേ, നമുക്ക് സുപരിചിതമായ പ്രകൃതിനിയമങ്ങൾക്കതീതമായ സംഭവങ്ങളായതുകൊണ്ടാണ് ഇത്തരം സംഭവങ്ങളെ ദുർവ്യാഖ്യാനം ചെയ്‌വാൻ അവർ പ്രേരിതരാകുന്നത്. പക്ഷേ, കേവലം അസാധാരണവും, പൊതുവെ അറിയപ്പെടുന്ന പ്രകൃതിനിയമങ്ങൾക്കതീതവുമായ ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ എന്ന നിലക്കാണ് ഇത്തരം സംഭവങ്ങളെ അല്ലാഹു ഖുർആനിൽ ഉദ്ധരിക്കുന്നതെന്ന വാസ്തവംകൂടി ഓർക്കേണ്ടതുണ്ട്

അവർ ചൂണ്ടിക്കാട്ടിയ ആ രണ്ട് ഖുർആൻ വചനങ്ങൾ ഇവയാകുന്നു: يا ايها الذين امنوا استجيبوا الله وللرسول اذادعا كم لما يحييكم (ഹേ, വിശ്വസിച്ചവരേ, നിങ്ങളെ ജീവിപ്പിക്കുന്ന കാര്യത്തിലേക്ക് റസൂൽ നിങ്ങളെ ക്ഷണിച്ചാൽ നിങ്ങൾ അല്ലാഹുവിനും അദ്ദേഹത്തിനും ഉത്തരം നൽകുവിൻ.) (അൻഫാൽ:24) . ان الله يحيي الارض بعد موتها (നിശ്ചയമായും, ഭൂമിയെ അതിൻെറ മരണത്തിന്-നിർജ്ജീവാവസ്ഥക്ക്-ശേഷം അല്ലാഹു ജീവിപ്പിക്കുന്നു.) (ഹദീദ്:17) ആദ്യത്തെ വചനം ജീവിച്ചിരിപ്പുള്ള ആളുകൾ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണ്. അവരുടെ മരണശേഷം അവരെ വീണ്ടും ജീവിപ്പിക്കുന്ന കാര്യത്തിലേക്കല്ല- അവരുടെ ജീവിതത്തിൽ അവരെ ഉദ്ധരിക്കുവാനാവശ്യമായ കാര്യത്തിലേക്കാണ്-റസൂൽ അവരെ ക്ഷണിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. അതുപോലെത്തന്നെ, രണ്ടാമത്തെ വചനത്തിൽ ഭൂമിയുടെ മരണവും ജീവിതവുംകൊണ്ടുദ്ദേശ്യം. ജീവജന്തുക്കളുടെ അതേമാതിരിത്തന്നെയുള്ള മരണവും ജീവിതവുമല്ലെന്നും, അതിൽ ഉൽപന്നങ്ങൾ ഉൽപാദിതമാകാത്തവണ്ണം തരിശായിക്കിടക്കലാണ് അതിൻെറ മരണംകൊണ്ട് ഉദ്ദേശ്യമെന്നും, ആ നിലമാറി അതിൽ സസ്യാദി ഉൽപന്നങ്ങൾ ഉൽപാദിതമാകലാണ് അതിൻെറ ജീവിതംകൊണ്ട് ഉദ്ദേശ്യമെന്നും എല്ലാവർക്കും അറിയാവുന്നതാണ്. സൂ: ഖാഫ്: 11ൽ മഴവെള്ളംകൊണ്ട് നാം ചത്ത-നിർജ്ജീവമായ-രാജ്യത്തെ ജീവിപ്പിച്ചു واحيينا به بلدة ميتا എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു. ഇവിടെയൊക്കെ 'ജീവിപ്പിച്ചു' എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം അങ്ങിനെത്തന്നെയാണെന്നുള്ളതിൽ ആർക്കും സംശയമില്ല. ഇവിടെയാണെങ്കിൽ 'മരിച്ചവരെ ജീവിപ്പിക്കുക' എന്ന് തുറന്ന ഭാഷയിലാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വേറെ അലങ്കാരാർത്ഥങ്ങളൊന്നും ഇവിടെ നൽകുവാൻ പററുകയില്ല.

(2) പശുവിനെ അറുത്തതും വധവും രണ്ട് പ്രത്യേക സംഭവങ്ങളാണ്-തമ്മിൽ ബന്ധപ്പെട്ടതല്ല-എന്ന് വാദിക്കുന്ന ഇവർ അവസാനം 'ഒരു പശുവിനെ അറുത്ത ചരിത്രം ഇവിടെയും വരുന്നുണ്ടെ'ന്ന് പറയേണ്ടി വന്നിരിക്കുന്നു. കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച സംഭവം ഇസ്റാഈല്യരുടെ മനസ്സിൽനിന്ന് പശുഭക്തി ഇല്ലാതാക്കുവാൻ വേണ്ടിയായിരുന്നുവെന്നും, രണ്ടാമത്തേത് കൊലയാളിയെ തെളിയിക്കുവാൻ വേണ്ടിയായിരുന്നെന്നും, ഈ രണ്ടാമത്തേതിലേക്കുള്ള സൂചനയാണ് اضربوه ببعضها (അതിൻെറ അംശം കൊണ്ട് അവനെ അടിക്കുക) എന്ന വാക്ക് എന്നും ഇവർ പറയുന്നു. പശുവിൻെറ അംശംകൊണ്ട് വിവക്ഷ ഏതായിരുന്നാലും അതുകൊണ്ട് കൊല്ലപ്പെട്ടവനെ അടിക്കുമ്പോൾ ഘാതകനെ എങ്ങിനെ അറിയുവാൻ കഴിയും? എന്ന് ചോദിക്കപ്പെടുമല്ലോ. ഇവരുടെ മറുപടി ഇങ്ങിനെയാണ്: കൊലപാതകം ചെയ്തതായി സംശയിക്കപ്പെടുന്ന ആളുകൾ അറുക്കപ്പെട്ട പശുവിൻെറ ശരീരത്തിൽ കൈവച്ചുകൊണ്ട് ഞങ്ങൾ അത് ചെയ്തിട്ടുമില്ല, അതിനെപ്പററി ഞങ്ങൾക്ക് അറിഞ്ഞുംകൂടാ എന്ന് സത്യം ചെയ്തു പറയേണ്ടതുണ്ട്. അപ്പോൾ, യഥാർത്ഥ കുററവാളിയോ, അവനെപ്പററി അറിയാവുന്നവരോ ആ കൂട്ടത്തിലുണ്ടെങ്കിൽ അവർ സത്യം തുറന്നു പറയും. കൊലയാളി ഏതെന്നു അറിയപ്പെടാത്ത കൊലക്കുററം തെളിയിക്കുവാൻ അക്കാലത്ത് നിലവിലുണ്ടായിരുന്ന ഒരു യാഗകർമ്മ സമ്പ്രദായമായിരുന്നു അത്. പശുവോടുള്ള ഭക്തിയും, യാഗകർമ്മം മുഖേന മനസ്സിൽ ഏർപ്പെടുന്ന നടുക്കവും കാരണം കുററക്കാരൻ കുററം തുറന്നു പറയുവാൻ മുമ്പോട്ട് വരും ഇപ്പറഞ്ഞതു ഒരു മനഃശാസ്ത്ര തത്വമായി വകവെക്കാമെങ്കിലും അല്ലാഹു പറഞ്ഞ ആ വാക്യത്തിൽ അതിൻെറ ഒരു സൂചനപോലും കാണപ്പെടുന്നില്ല.

(3) പശുവിനെ അറുത്ത രണ്ട് സംഭവങ്ങളെക്കുറിച്ച് പറയുവാൻ ഇവർക്ക് പ്രചോദനം നൽകിയതും, തങ്ങൾക്ക പിൻബലമായി ഇവർ എടുത്ത് കാട്ടുന്നതും ബൈബിളിലെ രണ്ട് പ്രസ്താവനകളാകുന്നു. 1-ാമത്തേത്, സംഖ്യാപുസ്തകം 19ൽ 1-10ൽ നിന്നുള്ളതാണ്. 'കളങ്കവും, ഊനവുമില്ലാത്തതും, നുകംവെക്കാത്തതുമായ ഒരു ചുവന്ന പശുക്കിടാവിനെ അറുക്കണം. പുരോഹിതൻ അതിൻെറ രക്തം അൽപമെടുത്ത് കൂടാരത്തിൻെറ നേരെ തളിക്കണം. അത് ഇസ്രായേൽ മക്കളുടെ സഭക്ക് വേണ്ടി ശുദ്ധീകരണ ജലത്തിനായി സൂക്ഷിച്ചുവെക്കണം. അത് ഒരു പാപയാഗം' ഇതാണ് അവിടെ പറഞ്ഞതിൻെറ ചുരുക്കം. ഇതു മുഖവിലക്കെടുക്കുന്ന പക്ഷം, ഇസ്റാഈല്യരുടെ മനസ്സിൽനിന്ന് പശുഭക്തി നശിപ്പിക്കലാണോ, അതല്ല അത് പുഷ്ടിപ്പെടുത്തലാണോ ഈ യാഗം കൊണ്ടുണ്ടായിത്തീരുക? ആലോചിച്ചു നോക്കുക! അവർ മുമ്പ് ആരാധിച്ച സ്വർണ്ണപ്പശുക്കുട്ടിയെ ചുട്ടെരിച്ചു സമുദ്രത്തിൽ വിതറുകയാണുണ്ടായതെന്ന് സൂ: ത്വാഹാ, 97-ാം വചനത്തിൽനിന്ന് വ്യക്തമാണ്. നേരെമറിച്ച് അതിനെ ചുട്ട് ഭസ്മമാക്കി വെള്ളത്തിൽ വിതറി ഇസ്രായേൽ മക്കളെ കുടിപ്പിച്ചു എന്നാണ് ബൈബിളിൽ (പുറപ്പാട്, 32ൽ 20ൽ) പറയുന്നത്. ഇതുപോലെ തികച്ചും അവിശ്വസനീയമായ ഒരു ഉദ്ധരണിയാണിതും എന്നുള്ളതിൽ നമുക്ക് സംശയമില്ല.

'ബൈബിളിൻെറ 2-ാമത്തെ പ്രസ്താവന ആവർത്തന പുസ്തകം, 21ൽ 1-9ലുള്ളതാണ്. കൊലക്കുററം ചെയ്തവനെ തിരിച്ചറിയാതെ വന്നാൽ, മൂപ്പൻമാരും ന്യായാധിപൻമാരും ചേർന്ന് പട്ടണത്തിലേക്കുള്ള ദൂരം അളക്കണം. കൊല്ലപ്പെട്ടവർ കിടക്കുന്ന ചുററുവട്ടത്തിൽ ഏററവും അടുത്ത പട്ടണത്തിലെ മൂപ്പൻമാർ വേല ചെയ്യിക്കാത്തതും നുകം വെക്കാത്തതുമായ ഒരു പശുക്കിടാവിനെ അവിടെവെച്ച് കഴുത്തൊടിക്കണം. പിന്നെ പുരോഹിതൻമാർ ചെന്ന് സകല വ്യവഹാരവും അടികലശവും തീർക്കണം. ആ പട്ടണത്തിലെ മൂപ്പൻമാരൊക്കെയും പശുക്കിടാവിൻമേൽ കൈകഴുകി ആ രക്തം ഞങ്ങൾ ചിന്തിയിട്ടില്ല. ഞങ്ങളുടെ കണ്ണ് അത് കണ്ടിട്ടുമില്ല എന്ന് പറയണം. എന്നാൽ ആ കൊലപാതകം മോചിക്കപ്പെടും.' ഇതാണ് ആ പ്രസ്താവനയുടെ ചുരുക്കം. ഇത് ഇസ്റാഈല്യർ അനുഷ്ഠിക്കേണ്ടുന്ന ഒരു നടപടി ക്രമമെന്നനിലക്ക് വിവരിച്ചതല്ലാതെ, അങ്ങിനെ ഒരു സംഭവം നടന്നതായോ, ഒരു കൊലയാളിയെ അതുവഴി തിരിച്ചറിയാൻ കഴിഞ്ഞതായോ അതിൽ പ്രസ്താവിച്ചിട്ടില്ല. ആ സ്ഥിതിക്ക് ഇവരുടെ വാദത്തിന് ഒരു ന്യായീകരണവും ഇതിൽ നിന്ന് ലഭിക്കുവാനില്ല.

ഒരു കൊലക്കേസ്സിൽ ഘാതകനെ തിരിച്ചറിയുവാൻവേണ്ടി ഒരു പശുവിനെ അറുക്കുകയും മററും ചെയ്ത സംഭവം ഇസ്റാഈല്യരിൽ ഉണ്ടായിട്ടുണ്ടെന്ന് ഖുർആൻ പ്രസ്താവിച്ച സ്ഥിതിക്ക് ബൈബിളിൽ അങ്ങനെ ഒരു സംഭവം കാണാത്തത് എന്തുകൊണ്ടാണ്? എന്ന് ആരെങ്കിലും സംശയിച്ചേക്കാം. ഇസ്റാഈല്യരെപ്പററി ഖുർആൻ പ്രസ്താവിച്ച ഈ ഒരു സംഭവം മാത്രമല്ല, വേറെ ചില സംഭവങ്ങളും ബൈബിളിൽ കാണുന്നില്ല. ബൈബിളിൽ കാണാത്തതു കൊണ്ട് അതൊന്നും സംഭവിച്ചിട്ടില്ലെന്ന് വെക്കാൻ നിവൃത്തിയില്ല. يحرفون الكلم عن مواضعه ونسوا حظا مما ذكروا به (വാക്കുകളെ യഥാസ്ഥാനങ്ങളിൽ നിന്നും അവർ മാററം വരുത്തുന്നു. അവർക്ക് ഉൽബോധനം ചെയ്യപ്പെട്ടതിൽനിന്നും ഒരു ഭാഗം അവർ മറന്നുകളയുകയും ചെയ്തിരിക്കുന്നു.) (മാഇദഃ 13) എന്ന് അല്ലാഹു പ്രസ്താവിച്ച കൂട്ടത്തിൽ അതും അകപ്പെട്ടിരിക്കാമെന്നേ നമുക്ക് പറയുവാൻ കഴിയൂ. والله اعلم ഈ മൂന്ന് ഉദാഹരണങ്ങളിൽ നിന്നുതന്നെ ഇവരുടെ വാദത്തിൻെറ പൊള്ളത്തരം മനസ്സിലാക്കാമല്ലോ.

ثُمَّ قَسَتْ قُلُوبُكُم مِّنۢ بَعْدِ ذَٰلِكَ فَهِىَ كَٱلْحِجَارَةِ أَوْ أَشَدُّ قَسْوَةً ۚ وَإِنَّ مِنَ ٱلْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ ٱلْأَنْهَـٰرُ ۚ وَإِنَّ مِنْهَا لَمَا

74 എന്നിട്ട് അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങൾ കടുത്തുപോയി. അങ്ങനെ, അവ (പാറക്-) കല്ലു പോലെയിരിക്കുന്നു; അല്ലെങ്കിൽ കടുപ്പത്തിൽ (അതിനെക്കാൾ) കൂടുതൽ കാഠിന്യമുള്ളവയത്രെ. നിശ്ചയമായും, (പാറക്-) കല്ലുകളിൽ

يَشَّقَّقُ فَيَخۡرُجُ مِنۡهُ ٱلۡمَآءُۚ وَإِنَّ مِنۡهَا لَمَا يَهۡبِطُ مِنۡ خَشۡيَةِ ٱللَّهِۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعۡمَلُونَ ﴿٧٤﴾

തന്നെയുണ്ട് അരുവികൾ പൊട്ടി ഒഴുകുന്നവ. അവയിൽതന്നെയുണ്ട് പൊട്ടിപ്പിളർന്ന് അതിലൂടെ വെള്ളം പുറത്തുവരുന്നവയും. അവയിൽ തന്നെയുണ്ട് അല്ലാഹുവിനെ ഭയന്നതിനാൽ (കീഴ്പോട്ട്) വീഴുന്നവയും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അശ്രദ്ധനൊന്നുമല്ല.

---

74 **ثُمّ** പിന്നെ, എന്നിട്ട്. **قَست** കടുത്തു, കടുപ്പംകൂടി. **قُلُوبكُم** നിങ്ങളുടെ ഹൃദയങ്ങൾ. **مِّن بعد** ശേഷം. **ذَلِكَ** അതിന്. **فَهِي** അങ്ങനെ അവ. **كَالْحجارة** കല്ല് (പാറക്കല്ല്) പോലെയാണ്. **أو أشد** അല്ലെങ്കിൽ കൂടുതൽ കഠിനമായതാണ്. **قَسوةً** കടുപ്പം, കടുപ്പത്തിൽ. **وإن من الحجارة** നിശ്ചയമായും കല്ലുകളിൽ (തന്നെ) ഉ്. **لما** യാതൊന്നും. **يتفَجر** പൊട്ടി ഒഴുകും. **منه** അതിൽ നിന്ന്. **الأنهار** അരുവി (നദി) കൾ. **وإن منها** അവയിൽതന്നെയുണ്ട്. **لما يشقق** പൊട്ടിപ്പിളരുന്നത്. **فَيخرج** എന്നിട്ട് പുറത്ത്വരും. **منه** അതിൽനിന്ന്, അതിലൂടെ. **الماءُ** വെള്ളം. **وإن منها** അവയിൽ തന്നെയു്. **لما يهبطُ** വീഴുന്നത്. **من خشية** ഭയം നിമിത്തം. **الله** അല്ലാഹുവിനെ, അല്ലാഹുവിൻെറ. **وما الله** അല്ലാഹു അല്ല താനും. **بِغافِلٍ** അശ്രദ്ധനൊന്നും. **عما تعملُونَ** നിങ്ങൾ പ്രവൃത്തിക്കുന്നതിനെപ്പറ്റി.

കഴിഞ്ഞ പല വചനങ്ങളിലുമായി പ്രസ്താവിച്ചത് പോലെയുള്ള എത്രയോ അനുഗ്രഹങ്ങൾ ആസ്വദിക്കുകയും, വളരെയേറെ ദൃഷ്ടാന്തങ്ങൾ കണ്ടനുഭവിക്കുകയും ചെയ്തിട്ട് പിന്നെയും അവരുടെ-ഇസ്റാഈല്യരുടെ-ഹൃദയങ്ങൾക്ക് പരിവർത്തനം വരാത്തതിനെക്കുറിച്ചുള്ള ഒരു പ്രതിഷേധമാണ് ഈ വചനം. ഇതൊക്കെയായിട്ടും നിങ്ങൾക്ക് മാനസാന്തരം വരാതിരിക്കത്തക്കവണ്ണം നിങ്ങളുടെ ഹൃദയങ്ങൾ പാറക്കല്ലുപോലെ ഉറച്ച് കടത്തുപോയിരിക്കയാണ്. സദുപദേശങ്ങളാകട്ടെ, താക്കീതുകളാകട്ടെ നിങ്ങളുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നില്ല. സത്യത്തെയും, സൻമാർഗ്ഗത്തെയും കുറിച്ചു നിങ്ങൾ ചിന്തിക്കുന്നുമില്ല. സ്വന്തം രക്ഷാമാർഗ്ഗങ്ങളെപ്പററി നിങ്ങൾ ആലോചിക്കുന്നുമില്ല. വാസ്തവത്തിൽ പാറക്കല്ലുപോലെ എന്നു പറഞ്ഞാൽ പോരാ, അതിനെക്കാൾ കടുത്തതാണ് നിങ്ങളുടെ ഹൃദയങ്ങൾ എന്ന് പറയേണ്ടിയിരിക്കുന്നു. കാരണം, പാറക്കല്ലുകളിൽ പോലും കുറെയൊക്കെ അയവും ചലനവും ഉണ്ടാകാറുണ്ട്. ചില പാറക്കല്ലുകളുടെ ഉള്ളിൽ നിന്ന് നീരുറവകളും അരുവികളും ഒഴുകാറുണ്ട്. ചില കല്ലുകൾ പൊട്ടിപ്പിളർന്ന് അതിലൂടെ വെള്ളം പുറത്തുവരാറുണ്ട്. വേറെ ചിലത് മുകളിൽ നിന്ന് താഴോട്ട് വീഴാറുണ്ട്. നിങ്ങളുടെ ഹൃദയങ്ങളാകട്ടെ, ഒരു തരത്തിലുള്ള മാററവും സംഭവിക്കാതെ തികച്ചും നിശ്ചേഷ്ടങ്ങളായിരിക്കുകയാണ്. കഷ്ടം! ഒരു കാര്യം നിങ്ങൾ ഓർത്തിരിക്കണം: നിങ്ങളുടെ ചെയ്തികളൊന്നും തന്നെ അല്ലാഹു അറിയാതെയോ വീക്ഷിക്കാതെയോ പോകുന്നില്ല. ഇതിൻെറയൊക്കെ പ്രതിഫലം അവൻെറ പക്കൽ നിന്ന് നിങ്ങൾ അനുഭവിക്കേണ്ടി വരും എന്നു സാരം.

പാറക്കല്ലുകളിൽ നിന്ന് അരുവികളും ഉറവകളും ഒഴുകുന്നതും പുറത്തുവരുന്നതും, വമ്പിച്ച പാറകൾ അവയുടെ സ്ഥാനങ്ങളിൽ നിന്ന് നീങ്ങുകയും, ഉരുണ്ടുമറിയുകയും ചെയ്യുന്നതും എല്ലാവർക്കും അറിയാം. എന്നാൽ, അല്ലാഹുവിനെ ഭയന്നത് നിമിത്തം (من خشية الله) കീഴ്പോട്ട് വീഴുമെന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യമെന്താണ്? പാറക്കല്ലുകൾക്ക് ബുദ്ധിയും മനസ്സും ഇല്ലല്ലോ എന്ന് ചോദിച്ചേക്കാം. ഇതിന് ഒന്നിലധികം പ്രകാരത്തിൽ മറുപടി പറയപ്പെട്ടിട്ടുണ്ട്. വാസ്തവത്തിൽ ഖുർആനിൽ നിന്ന് തന്നെ ഇതിന് മറുപടി ലഭിക്കുന്ന സ്ഥിതിക്ക് വേറെ അഭിപ്രായങ്ങൾ ആരായേണ്ടതായിട്ടില്ല. അല്ലാഹു പറയുന്നു: **تسبح له السموات والارض ومن فيهن وان من شيئ الايسبح بحمده ولكن لا تفقهون تسبيحهم** (ഏഴ് ആകാശങ്ങളും, ഭൂമിയും, അവയിലുള്ളവരും അവന് 'തസ്ബീഹു' (സ്തോത്രകീർത്തനം) നടത്തുന്നു. ഒരു വസ്തുവും തന്നെ അവനെ സ്തുതിച്ച് കൊണ്ട് 'തസ്ബീഹ്' നടത്താതെയില്ല. എങ്കിലും അവരുടെ

'തസ്ബീഹു' നിങ്ങൾ ഗ്രഹിക്കുന്നില്ല (ഇസ്രാഉ്:44) . ഓരോ വസ്തുവിലും അതതിന് അനുയോജ്യമായ ചില ബോധങ്ങളും ഗുണങ്ങളും അല്ലാഹു നിക്ഷേപിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. അപ്പോൾ, പാറക്കല്ലുകളിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്നതും, അവയിൽ അവൻ നിക്ഷിപ്തമാക്കി വെച്ചിരിക്കുന്നതുമായ പ്രത്യേകതകൾ എന്തോ അത് അവയിൽ നിന്ന് പ്രകടമാകുമെന്ന് മനസ്സിലാക്കാം. അത് എങ്ങിനെയാണ്, ഏത് പ്രകാരത്തിലാണ് എന്നൊന്നും നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനേ അറിയുകയുള്ളു. ഏതായാലും ചിലർ ധരിക്കുന്നതുപോലെ, വെറും ഒരു അലങ്കാരവാക്കായി അതിനെ അവഗണിച്ചുകൂടാ.

۞ أَفَتَطْمَعُونَ أَن يُؤْمِنُوا۟ لَكُمْ وَقَدْ كَانَ فَرِيقٌ مِّنْهُمْ يَسْمَعُونَ كَلَـٰمَ ٱللَّهِ ثُمَّ يُحَرِّفُونَهُۥ مِنۢ بَعْدِ مَا عَقَلُوهُ وَهُمْ يَعْلَمُونَ ﴿٧٥﴾

75 (സത്യവിശ്വാസികളേ) അപ്പോൾ, അവർ [ഇസ്രാഈൗൽ സന്തതികൾ] നിങ്ങളെ വിശ്വസിക്കുമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? അവരിൽനിന്ന് ഒരു കൂട്ടർ അല്ലാഹുവിന്റെ വചനം കേൾക്കുകയും, പിന്നീട് അത് (ബുദ്ധികൊടുത്ത്) ഗ്രഹിച്ചശേഷം, അവർ അറിഞ്ഞുംകൊണ്ട് (തന്നെ) അതിനെ മാറ്റിമറിക്കുകയും ചെയ്തുവന്നിരുന്നുവെന്നിരിക്കെ!

وَإِذَا لَقُوا۟ ٱلَّذِينَ ءَامَنُوا۟ قَالُوٓا۟ ءَامَنَّا وَإِذَا خَلَا بَعْضُهُمْ إِلَىٰ بَعْضٍ قَالُوٓا۟ أَتُحَدِّثُونَهُم بِمَا فَتَحَ ٱللَّهُ عَلَيْكُمْ لِيُحَآجُّوكُم بِهِۦ عِندَ رَبِّكُمْ ۚ أَفَلَا تَعْقِلُونَ ﴿٧٦﴾

76 വിശ്വസിച്ചവരെ കണ്ടുമുട്ടിയാൽ അവർ പറയും: ''ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'' എന്ന്. അവരിൽ ചിലർ, ചിലരിലേക്ക് ഒഴിഞ്ഞു ചെന്നാലാകട്ടെ, അവർ പറയും: ''അല്ലാഹു നിങ്ങൾക്ക് തുറന്നു (വെളിവാക്കി) തന്നിട്ടുള്ളതിനെക്കുറിച്ച് നിങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുകയാണോ? അതുമായി നിങ്ങളുടെ റബ്ബിന്റെ അടുക്കൽ വെച്ച് നിങ്ങളോടവർ ന്യായവാദം നടത്തുവാൻവേണ്ടി! അപ്പോൾ, നിങ്ങൾ ചിന്തിക്കുന്നില്ലേ?!''.

أَوَلَا يَعْلَمُونَ أَنَّ ٱللَّهَ يَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ﴿٧٧﴾

77 അവർക്കറിഞ്ഞുകൂടേ, അവർ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നതാണെന്ന്?!

---

75 أَفَتَطْمَعُونَ അപ്പോൾ (എന്നിരിക്കെ) നിങ്ങൾ ആഗ്രഹിക്കുന്നുവോ. أَن يُؤْمِنُوا അവർ വിശ്വസിക്കുമെന്ന്. لَكُمْ നിങ്ങളെ. وَقَدْ كَانَ ആയിരുന്നുവെന്നിരിക്കെ. فَرِيقٌ ഒരു കൂട്ടർ, വിഭാഗം. مِنْهُمْ അവരിൽനിന്ന്. يَسْمَعُونَ അവർ കേൾക്കും. كَلَامَ اللهِ അല്ലാഹുവിന്റെ വചനം. ثُمَّ പിന്നെ. يُحَرِّفُونَهُ അതിനെ അവർ മാറ്റി മറിക്കും. مِن بَعْدِ ശേഷമായി. مَا عَقَلُوهُ അതിനെ അവർ ഗ്രഹിച്ചതിന്. وَهُمْ അവരാകട്ടെ. يَعْلَمُونَ അറിയുന്നു (താനും) . 76 وَإِذَا لَقُوا അവർ കുമുട്ടിയാൽ. الَّذِينَ آمَنُوا വിശ്വസിച്ചവരെ. قَالُوا അവർ പറയുകയായി. آمَنَّا ഞങ്ങൾ വിശ്വസിച്ചരിക്കുന്നു. وَإِذَا خَلَا ഒഴിവായാൽ, തനിച്ചായാലാകട്ടെ. بَعْضُهُمْ അവരിൽ ചിലർ. إِلَىٰ بَعْضٍ ചിലരിലേക്ക് (ചിലരുടെ അടുക്കൽ) . قَالُوا പറയുകയായി. أَتُحَدِّثُونَهُم നിങ്ങളവർക്ക് പറഞ്ഞു കൊടുക്കുകയാണോ. بِمَا فَتَحَ തുറന്നു (വെളിവാക്കി) തന്നതിനെപ്പറ്റി. اللهُ അല്ലാഹു. عَلَيْكُمْ നിങ്ങൾക്ക്. لِيُحَاجُّوكُمْ അവർ നിങ്ങളോട് ന്യായവാദം ചെയ്വാൻവേ. بِهِ അതിനെപറ്റി, അതുനിമിത്തം. عِندَ رَبِّكُمْ നിങ്ങളുടെ റബ്ബിന്റെ അടുക്കൽ. أَفَلَا تَعْقِلُونَ അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?. 77 أَوَلَا يَعْلَمُونَ അവർ അറിയുന്നില്ലേ, അവർക്കറിഞ്ഞുകൂടേ. أَنَّ اللهَ അല്ലാ

ഹുവാണെന്ന്. **يعلم** അറിയുന്നു. **ما يسرون** അവര്‍ രഹസ്യമാക്കുന്നതിനെ. **وما يعلنون** അവര്‍ പരസ്യമാക്കുന്നതിനെയും.

മുന്‍ വചനങ്ങളില്‍ പ്രസ്താവിച്ച പ്രകാരം ഹൃദയം ദുഷിച്ച് പാറക്കല്ലുകളെപ്പോലെ കടുത്തു മരവിച്ച ആ യഹൂദവര്‍ഗ്ഗം നിങ്ങള്‍ പറയുന്നത് സ്വീകരിച്ച് സത്യവിശ്വാസികളായിത്തീരുമെന്ന പ്രതീക്ഷക്കവകാശമില്ലെന്ന് അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുകയാണ്. വരാനിരിക്കുന്ന ഒരു പ്രവാചകനെപ്പററിയും, അദ്ദേഹത്തിന്‍െറ ഗുണഗണങ്ങളെപ്പററിയും തൗറാത്തില്‍നിന്നും മററുമായി അവര്‍ക്ക് ധാരാളം അറിയാമായിരുന്നു. മതത്തിന്‍െറ യഥാര്‍ത്ഥ തത്വങ്ങളും നിയമങ്ങളും ഏറെക്കുറെ അവര്‍ക്കറിയാം. അതെല്ലാം അറബികളോട് അവര്‍ തുറന്നു പറയലും പതിവായിരുന്നു. നബി (ﷺ) തിരുമേനി പ്രവാചകനായി വന്നപ്പോള്‍, അവര്‍ക്ക് അസൂയയും ശത്രുതയും, വിദ്വേഷവുമാണുണ്ടായത്. ഈ വിരോധാഭാസം അവരില്‍ പുതുതായി ഉണ്ടായതല്ല. അല്ലാഹുവിന്‍െറ വചനങ്ങളാകുന്ന വേദവാക്യങ്ങളെയും, ദിവ്യോപദേശങ്ങളെയും ശരിക്കും കേട്ട് മനസ്സിലാക്കുകയും, ആശയം ഗ്രഹിക്കുകയും ചെയ്തിട്ട് പിന്നെയും സ്വാര്‍ത്ഥങ്ങള്‍ക്ക് വേണ്ടി അവയെ ദുര്‍വ്യാഖ്യാനം ചെയ്യലും, മാററിമറിക്കലും അവരുടെ മുമ്പേയുള്ള പതിവാണ്. അതുകൊണ്ട് ആ സമ്പ്രദായം മാററിവെച്ച് സത്യം സ്വീകരിക്കുവാന്‍ ഇപ്പോള്‍ അവര്‍ മുന്നോട്ട് വരുമെന്ന് കരുതേണ്ടതില്ല എന്ന് താല്‍പര്യം.

യഹൂദികളില്‍ ചില കപടന്‍മാരുണ്ടായിരുന്നു, മുസ്‌ലിംകളുടെ അടുക്കല്‍ വരുമ്പേള്‍ തങ്ങള്‍ സത്യവിശ്വാസം സ്വീകരിച്ചവരാണെന്ന് അവര്‍ അഭിനയിക്കും, ചിലപ്പപ്പോള്‍ നബി (ﷺ) യെ സംന്ധിച്ച ചില സത്യങ്ങള്‍ മുസ്‌ലിംകളോട് തുറന്നു പറയുകയും ചെയ്യും. അവിടംവിട്ട് സ്വന്തം ജനങ്ങളുടെ അടുക്കല്‍ ചെല്ലുമ്പോള്‍ ഇവര്‍ അവരുടെ ആക്ഷേപത്തിന് വിധേയരാകും . നിങ്ങള്‍ക്ക അല്ലാഹു വെളിവാക്കിത്തന്നിട്ടുള്ള ഈ രഹസ്യങ്ങള്‍ നിങ്ങളവര്‍ക്ക് വിവരിച്ചുകൊടുക്കുന്നുവോ? അതിന്‍െറ അനന്തരഫലമെന്തായിരിക്കുമെന്ന് നിങ്ങള്‍ ഓര്‍ക്കുന്നുണ്ടോ? ആ കാര്യങ്ങള്‍വെച്ചുകൊണ്ട് അല്ലാഹുവിന്‍െറ മുമ്പില്‍ അവര്‍ നിങ്ങളോട് ന്യായം പറഞ്ഞു നിങ്ങളെ കുററക്കാരാക്കുവാന്‍ അത് കാരണമായിത്തീരും. ഇതൊന്നും നിങ്ങള്‍ മനസ്സിലാക്കുന്നില്ലേ?! എന്നൊക്കെ സ്വകാര്യത്തില്‍ അവരെ അവര്‍ ഗുണദോഷിക്കും. അവരുടെ ഈ ഗുണദോഷിക്കല്‍ കണ്ടാല്‍ അവരുടെ രഹസ്യങ്ങളും ഗൂഢപ്രവര്‍ത്തനങ്ങളുമൊന്നും അല്ലാഹുവിന് അറിയുവാന്‍ കഴിയുകയില്ലെന്ന് തോന്നുമല്ലോ. 'അവരുടെ രഹസ്യപരസ്യങ്ങളൊക്കെ അല്ലാഹു അറിയുന്നുണ്ടെന്ന വസ്തുത അവര്‍ക്കറിഞ്ഞുകൂടേ?!' എന്ന് 77-ാം വചനത്തിലെ ചോദ്യം അവരുടെ ഈ വിഡ്ഢിത്തത്തിലേക്കാണ് വിരല്‍ ചൂണ്ടുന്നത്

وَمِنۡهُمۡ أُمِّيُّونَ لَا يَعۡلَمُونَ ٱلۡكِتَٰبَ إِلَّآ أَمَانِيَّ وَإِنۡ هُمۡ إِلَّا يَظُنُّونَ ﴿٧٨﴾

78 അവരില്‍ ചില അക്ഷരജ്ഞാനമില്ലാത്തവരുമുണ്ട്. ചില വ്യാമോഹഠങ്ങളല്ലാതെ, വേദഗ്രന്ഥത്തെ(ക്കുറിച്ച്) അവര്‍ക്കറിയുകയില്ല. അവര്‍ ഊഹിക്കുകയല്ലാതെ (മറ്റൊന്നും) ചെയ്യുന്നില്ല.

فَوَيۡلٞ لِّلَّذِينَ يَكۡتُبُونَ ٱلۡكِتَٰبَ بِأَيۡدِيهِمۡ ثُمَّ يَقُولُونَ هَٰذَا مِنۡ عِندِ ٱللَّهِ لِيَشۡتَرُواْ بِهِۦ ثَمَنٗا قَلِيلٗاۖ فَوَيۡلٞ لَّهُم مِّمَّا كَتَبَتۡ أَيۡدِيهِمۡ وَوَيۡلٞ لَّهُم مِّمَّا يَكۡسِبُونَ ﴿٧٩﴾

79 അപ്പോള്‍, യാതൊരു കൂട്ടര്‍ക്കാണ് കഷ്ടം! അവര്‍ തങ്ങളുടെ കൈകള്‍ കൊണ്ട് ഗ്രന്ഥം എഴുതുന്നു; പിന്നീട്, ഇത് അല്ലാഹുവിന്‍െറ പക്കല്‍നിന്നുള്ളതാണ് എന്ന് പറയുകയും ചെയ്യും; അതമൂലം തുച്ഛമായ വിലവാങ്ങുവാന്‍ വേണ്ടി. അങ്ങനെ, അവരുടെ കൈകള്‍ കൊണ്ട് അവര്‍ എഴുതിയത് നിമിത്തം

അവർക്ക് കഷ്ടം! അവർ സമ്പാദിക്കു
ന്നത് നിമിത്തവും അവർക്ക് കഷ്ടം!!

---

78 **ومنهم** അവരിലുണ്ട്താനും, അവരിൽപെട്ടതുമാണ്. **أميونَ** (ചില) അക്ഷരജ്ഞാനമില്ലാത്തവർ. **لا يعلمونَ** അവർ അറിയുകയില്ല. **الْكتاب** (വേദ) ഗ്രന്ഥം. **إلا أمانِي** (ചില) വ്യാമോഹങ്ങളല്ലാതെ. **وإنْ هم** അവരല്ല. **إلا يظُنونَ** അവർ ഊഹിക്കുകയല്ലാതെ. 79 **فويلٌ** അപ്പോൾ കഷ്ടം, നാശം. **للذين** യാതൊരു കൂട്ടർക്കാണ്. **يكْتبونَ** അവർ എഴുതും. **الْكتاب** ഗ്രന്ഥം. **بِأيديهم** അവരുടെ കൈകൾകൊ ്. **ثم يقُولُونَ** പിന്നെ അവർ പറയും. **هذَا** ഇത്. **من عند اللهِ** അല്ലാഹുവിന്റെ പക്കൽ നിന്നാണ്. **ليشتروا** അവർ വാങ്ങുവാൻ. **بِهِ** അതിന്, അത്മൂലം. **ثمنا** വില. **قَليلاً** തുച്ഛമായ. **فويلٌ** അപ്പോൾ (ആക യാൽ) കഷ്ടം, നാശം. **لهم** അവർക്ക്. **مما كَتبت** എഴുതിയതിനാൽ. **أيديهم** അവരുടെ കൈകൾ. **وويلٌ** കഷ്ടവും. **لهم** അവർക്കുണ്ട്. **مما يكْسِبونَ** അവർ സമ്പാദിക്കുന്നതിനാൽ.

വേദക്കാരിൽ രണ്ട് തരക്കാരുണ്ട്. ഒന്ന്: എഴുത്തും വായനയും അറിയാത്ത പൊതുജനങ്ങൾ. അവർ വേദഗ്രന്ഥം പഠിച്ചറിഞ്ഞിരിക്കയില്ല. അവരെ സംബന്ധിച്ചേടത്തോളം ചില വ്യാമോഹങ്ങളും ഊഹങ്ങളും മാത്രമായിരിക്കും മതം. കേട്ട് കേൾവിയെയും പണ്ഡിത പുരോഹിതൻമാരുടെ പ്രസ്താവനകളെയും അടിസ്ഥാനമാക്കി ഇന്നിന്ന നൻമകളും ഗുണങ്ങളുമൊക്കെ നമുക്ക് ലഭിക്കുവാനിരിക്കുന്നുവെന്നും മററുമുള്ള ചില വ്യാമോഹങ്ങളും, മതസിദ്ധാന്തങ്ങൾ ഇന്നിന്ന പ്രകാരമായിരിക്കുമെന്നുള്ള ഏതാനും ചില ഊഹാപോഹങ്ങളും മാത്രമേ അവരുടെ പക്കലുണ്ടാകൂ. അതായിരിക്കും അവരുടെ മതപ്രമാണം. അന്വേഷിച്ചറിയാത്ത തിലും, ചിന്തിക്കാത്തതിലും ഇവർ കുററക്കാർ തന്നെ മറ്റൊരു കൂട്ടരുണ്ട്: പണ്ഡിത പുരോഹിതൻമാർ, ഇവരുടെ കാര്യമാണ് വളരെ കഷ്ടം. വേദഗ്രന്ഥത്തെപ്പററി അവർക്കറിയാം. പക്ഷെ, അല്ലാഹുവിന്റെയും മതത്തിന്റെയും പേരിൽ അവർ കളവും അനീതിയും കെട്ടിച്ചമയ്ക്കും. വായകൊണ്ട് മാത്രമല്ല. ഗ്രന്ഥങ്ങളെഴുതി അവ പ്രചരിപ്പിക്കുകയും ചെയ്യും. ഇത് മുഖേന അവരുടെ ലക്ഷ്യം ഐഹികമായ സ്വാർത്ഥലാഭങ്ങൾ നേടിയെടുക്കുകയല്ലാതെ മററൊന്നുമല്ല. അഥവാ അത് വഴി ജനങ്ങളെ ചൂഷണം ചെയ്ത് ധനവും സ്വാധീനവും സമ്പാദിക്കൽ അവരുടെ ജോലിയായിരിക്കും. തങ്ങളെഴുതിയ ആ ലിഖിതങ്ങൾ മതഗ്രന്ഥങ്ങളും, അല്ലാഹുവിങ്കൽ നിന്നുള്ള സിദ്ധാന്തങ്ങളുമായിരിക്കും അവർ ജനമദ്ധ്യെ അവതരിപ്പിക്കുക. ഇവരുടെ ഓരോ പ്രവർത്തനവും, അതിൽ നിന്ന് ലഭിക്കുന്ന ഓരോ നേട്ടവും അവർക്ക് കഷ്ടവും നാശവും ശിക്ഷയുമായി കലാശിക്കുന്നതാണ്.

നബി (ﷺ) തിരുമേനിയുടെ ആഗമം, സ്വഭാവവിശേഷതകൾ, തിരുമേനി പ്രബോധനം ചെയ്യുന്ന ചില സത്യയാഥാർത്ഥ്യങ്ങൾ എന്നിവയെക്കുറിച്ച് കൃത്രിമമായ പല വിവരണങ്ങളും വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്ന ചില ഗ്രന്ഥങ്ങൾ എഴുതുകയും അത് അവരിലുള്ള സാധാരണക്കാർക്കിടയിലും, അറബികൾക്കിടയിലും പ്രചരിപ്പിക്കലും യഹൂദികളുടെ പതിവായിരുന്നുവെന്ന് കാണിക്കുന്ന ചില രിവായത്തുകൾ കാണാം. അല്ലാഹുവിന്റെ പ്രസാതാവനയിൽ നിന്ന് തന്നെയും അങ്ങിനെ മനസ്സിലാക്കാവുന്നതുമാണ്. കൂടാതെ, യഥാർത്ഥ വേദഗ്രന്ഥങ്ങൾക്ക് പുറമെ, അവരിൽ പെട്ട ചില വ്യക്തികൾ ഗ്രന്ഥങ്ങളും ലിഖിതങ്ങളും രചിക്കുകയും, അവർക്കിടയിൽ അവ വേദഗ്രന്ഥങ്ങളായി ഗണിക്കപ്പെടുകയും ചെയ്തിരുന്നു വെന്നുള്ളതിന് നിലവിലുള്ള ബൈബിൾ തന്നെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

ഈ വചനം യഹൂദികളെ ആക്ഷേപിച്ചുകൊണ്ട് അവതരിച്ചതാണെങ്കിലും, ഖുർആനെയും നബി വചനങ്ങളെയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടും, ഇസ്ലാമിന്റെ അംഗീകൃത തത്വങ്ങളെയും നിയമങ്ങളെയും മാററി മറിച്ചു കൊണ്ടും, അതിന് കൃത്രിമമായ തെളിവുകളും ന്യായങ്ങളും സമർപ്പിച്ചുകൊണ്ടും ഗ്രന്ഥങ്ങൾ മുഖേനയോ മററോ മതത്തിന്റെ പേരിൽ പ്രചരണം നടത്തി മുതലെടുക്കുന്ന എല്ലാ പണ്ഡിത പുരോഹിതൻമാർക്കും അക്ഷരാർത്ഥ

ത്തിൽ തന്നെ ബാധകമാണ് ഈ താക്കീത് എന്നുള്ളതിൽ സംശയമില്ല. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.

80 അവർ പറയുകയും ചെയ്യുന്നു: ''എണ്ണം കണക്കാക്കപ്പെട്ട ചില ദിവസങ്ങളല്ലാതെ നരകം ഞങ്ങളെ സ്പർശിക്കുന്നതേയല്ല.'' (നബിയേ,) പറയുക: ''നിങ്ങൾ അല്ലാഹുവിൻെറ അടുക്കൽ വല്ല കരാറും ഉണ്ടാക്കിവച്ചിരിക്കുന്നുവോ?!. എന്നാൽ, അല്ലാഹു അവൻെറ കരാർ ലംഘിക്കുകയില്ലതന്നെ. അതല്ല, നിങ്ങൾ അല്ലാഹുവിൻെറ പേരിൽ നിങ്ങൾക്കറിയാത്തത് (കെട്ടി) പറയുകയാണോ?!''

وَقَالُوا۟ لَن تَمَسَّنَا ٱلنَّارُ إِلَّآ أَيَّامًا مَّعْدُودَةً ۚ قُلْ أَتَّخَذْتُمْ عِندَ ٱللَّهِ عَهْدًا فَلَن يُخْلِفَ ٱللَّهُ عَهْدَهُۥٓ ۖ أَمْ تَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٨٠﴾

81 അങ്ങനെയല്ല, ആർ തിൻമയെ നേടിവെക്കുകയും, തൻെറ തെറ്റുകുറ്റംതന്നെ വലയം ചെയ്യുകയും ചെയ്തിരിക്കുന്നുവോ, അക്കൂട്ടർ നരകത്തിൻെറ ആൾക്കാരാകുന്നു; അവരതിൽ നിത്യവാസികളായിരിക്കും

بَلَىٰ مَن كَسَبَ سَيِّئَةً وَأَحَٰطَتْ بِهِۦ خَطِيٓـَٔتُهُۥ فَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٨١﴾

82 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ സ്വർഗ്ഗത്തിൻെറ ആൾക്കാരാകുന്നു; അവർ അതിൽ നിത്യവാസികളായിരിക്കും.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَٰلِدُونَ ﴿٨٢﴾

---

80 **وقَالُوا** അവർ പറയുകയും ചെയ്തു (ചെയ്യുന്നു) . **لَن تمسنا** ഞങ്ങളെ സ്പർശിക്കുകയേ ഇല്ല. **النار** നരകം. **إلا أياما** ചില ദിവസങ്ങളല്ലാതെ. **معدودةً** എണ്ണം കണക്കാക്കപ്പെട്ട. **قُلْ** പറയുക. **أتخذْتم** നിങ്ങൾ ഉണ്ടാക്കിയിരിക്കുന്നുവോ. **عند الله** അല്ലാഹുവിൻെറ അടുക്കൽ. **عهداً** വല്ല കരാറും. **فَلَن يخلف** എന്നാൽ ലംഘിക്കുകയില്ലതന്നെ. **الله** അല്ലാഹു. **عهده** അവൻെറ കരാർ. **أمْ** അതല്ല, അതോ. **تقُولُونَ** നിങ്ങൾ പറയുന്നു (വോ) . **على الله** അല്ലാഹുവിൻെറമേൽ. **ما لا تعلمونَ** നിങ്ങൾക്കറിഞ്ഞുകൂടാത്തത്. 81 **بلى** അങ്ങനെയെല്ലാ, ഇല്ലാതെ (ഉണ്ട്) . **من كسب** ആർ (വല്ലവരും) നേടി. **سيئةً** വല്ല തിൻമയും. **وأحاطت** വലയം ചെയ്യുകയും ചെയ്തു. **به** അവനെ. **خطيئته** അവൻെറ തെറ്റുകുറ്റം (പാപം) . **فَأولئك** എന്നാൽ അക്കൂട്ടർ. **أصحاب** ആൾക്കാരാണ്. **النار** നരകത്തിൻെറ. **هم** അവർ. **فيها** അതിൽ. **خالدونَ** നിത്യവാസികളാണ്. 82 **والذين** യാതൊരു കൂട്ടർ. **آمنوا** അവർ വിശ്വസിച്ചു. **وعملوا** പ്രവർത്തിക്കുകയും ചെയ്തു. **الصالحات** സൽക്കർമ്മങ്ങൾ. **أولئك** അക്കൂട്ടർ. **أصحاب** ആൾക്കാരാണ്. **الْجنة** സ്വർഗ്ഗത്തിൻെറ. **هم فيها** അവർ അതിൽ. **خالدونَ** നിത്യ (ശാശ്വത) വാസികളായിരിക്കും.

വിജയത്തിൻെറയും മോക്ഷത്തിൻെറയും കുത്തകാവകാശികളാണ് തങ്ങൾ, തങ്ങളാണ് അല്ലാഹുവിൻെറ അടുക്കൽ ഏററവും ഉൽകൃഷ്ട വിഭാഗം എന്നൊക്കെയാണ് യഹൂദികൾ അന്നും ഇന്നും കരുതിപ്പോരുന്നത്. ഇതിൽ നിന്ന് ഉടലെടുത്ത പല അന്ധവിശ്വാസങ്ങളും, വ്യാജവാദങ്ങളും അവർക്കുണ്ട്. അവയിൽ ഒന്നത്രെ, നരകശിക്ഷ ഞങ്ങളെ ബാധിക്കുകയില്ല, ബാധിച്ചാൽതന്നെ അൽപം ചില ദിവസങ്ങൾ മാത്രമേ അതുണ്ടാകുകയുള്ളു, പിന്നീട് ഞങ്ങൾക്ക് സ്വർഗ്ഗം ലഭിക്കുക തന്നെ ചെയ്യും എന്നിങ്ങിനെയുള്ള അവരുടെ വാദം. ഈ വാദത്തെ അല്ലാഹു

ഖണ്ഡിക്കുകയാണ്. നരശിക്ഷയും, സ്വർഗ്ഗീയാനുഗ്രഹങ്ങളും കണക്കാക്കുന്നതിനുള്ള മാനദണ്ഡം വർഗ്ഗീയമോ ആഭിജാത്യപരമോ അല്ല എന്ന് അല്ലാഹു വ്യക്തമാക്കുന്നു. അവരുടെ വാദം നോക്കുമ്പോൾ, അവരെ ശിക്ഷിക്കുകയില്ലെന്നും, അവർക്ക് സ്വർഗ്ഗം നൽകുമെന്നും അല്ലാഹു അവരുമായി വല്ല കരാറും ചെയ്തുവെച്ചിട്ടുണ്ടെന്ന് തോന്നാം. അങ്ങിനെ വല്ല കരാറും ഉണ്ടെങ്കിൽ അല്ലാഹു കരാർ ലംഘിക്കുന്ന പ്രശ്നമേ ഇല്ല. പക്ഷേ, അതില്ലെന്ന് തീർച്ചയാണല്ലോ. അപ്പോൾ യഥാർത്ഥം മറെറാന്നാണ്. അറിഞ്ഞുകൂടാത്തതും, ഇല്ലാത്തതുമായ കാര്യം അല്ലാഹുവിൻെറ പേരിൽ കെട്ടിപ്പറയുകതന്നെ. സ്വർഗ്ഗനരകങ്ങൾക്കുള്ള അർഹതക്ക് അല്ലാഹു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം സത്യവിശ്വാസവും സൽക്കർമ്മങ്ങളുമാകുന്നു. ആർ അവ ിശ്വാസവും ദുഷ്പ്രവർത്തികളും സമ്പാദിച്ചുവോ അവർക്ക് സ്ഥിരമായ നരകശിക്ഷ. ആർ സത്യവിശ്വാസവും സൽപ്രവർത്തികളും സമ്പാദിച്ചുവോ അവർക്ക് സ്ഥിരമായ സ്വർഗ്ഗീയ ജീവിതം. ഇതിൽ വർഗ്ഗത്തിനോ ആഭിജാത്യത്തിനോ ഒട്ടും സ്ഥാനമില്ല.

'തിൻമ സമ്പാദിക്കുകയും, തെററുകുററം വലയം ചെയ്യുകയും ചെയ്തു' എന്ന വാക്യത്തിൽനിന്ന് ഒരു സംഗതി മനസ്സിലാക്കാവുന്നതാണ്: പാപം ചെയ്യുംതോറും രക്ഷാ മാർഗ്ഗം കുറേശ്ശെ കുറേശ്ശെയായി അടഞ്ഞുപോയിക്കൊണ്ടിരിക്കും. അത് വർദ്ധിച്ചു വർദ്ധിച്ചു വലയം ചെയ്യുന്നതോടുകൂടി രക്ഷാമാർഗ്ഗം നിശ്ശേഷം അടഞ്ഞുപോകുകയും ചെയ്യുന്നു. ഒരു ഹദീസിൽ ഈ സംഗതി നബി (ﷺ) ഇങ്ങിനെ ചൂണ്ടിക്കാട്ടുന്നു: ''നിസ്സാരമായി ഗണിക്കപ്പെടുന്ന പാപങ്ങളെ നിങ്ങൾ സൂക്ഷിക്കുവിൻ. കാരണം, അവ മനുഷ്യനിൽ ഒരുമിച്ചുകൂടി അവസാനം അവനെ അത് നാശത്തിലകപ്പെടുത്തുന്നതാണ്.'' (അഹ്മദ്)

വിഭാഗം-10

وَإِذْ أَخَذْنَا مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ لَا تَعْبُدُونَ إِلَّا ٱللَّهَ وَبِٱلْوَٰلِدَيْنِ إِحْسَانًا وَذِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَقُولُوا۟ لِلنَّاسِ حُسْنًا وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ ثُمَّ تَوَلَّيْتُمْ إِلَّا قَلِيلًا مِّنكُمْ وَأَنتُم مُّعْرِضُونَ ﴿٨٣﴾

83 ഇസ്രാഈൽ സന്തതികളുടെ ഉറപ്പ് (അവരോട്) നാം വാങ്ങിയ സന്ദർഭം (ഓർക്കുക) : നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയില്ല [ആരാധിക്കരുത്] എന്നും, മാതാപിതാക്കൾക്കും, അടുത്ത ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും നന്മ ചെയ്യണമെന്നും, നിങ്ങൾ മനുഷ്യരോട് നല്ലത് പറയണമെന്നും, നിങ്ങൾ നമസ്കാരം നിലനിർത്തുകയും സക്കാത്തുകൊടുക്കുകയും ചെയ്യണമെന്നും, [ഇതായിരുന്നു ആ ഉറപ്പ്.] പിന്നീട് (ഇസ്രാഈൽ സന്തതികളേ,) നിങ്ങൾ-നിങ്ങളിൽ അൽപം ആളുകൾ ഒഴിച്ചു-(അതിൽനിന്ന്) പിന്മാറിക്കളഞ്ഞു. നിങ്ങളാകട്ടെ, തിരിഞ്ഞു കളയുന്നവരുമാകുന്നു. [അത് നിങ്ങളുടെ പതിവാണ്.]

83 **وإذْ أخذْنا** നാം വാങ്ങിയ സന്ദർഭം. **ميثَاق** ഉറപ്പ്. **بني إسرائيلَ** ഇസ്രാഈൽ സന്തതികളുടെ. **لا تعبدونَ** നിങ്ങൾ ആരാധിക്കുകയല്ല എന്ന്. **إلا اللهَ** അല്ലാഹുവിനെയല്ലാതെ. **وبالوالدين** മാതാപിതാക്കൾക്കും. **إحسانا** നന്മചെയ്യൽ (വേണം) . **وذي القُربى** അടുത്ത ബന്ധമുള്ളവർക്കും. **واليتامى** അനാഥകൾക്കും. **والمساكين** അഗതികൾക്കും. **وقُولُوا** പറയുകയും ചെയ്വിൻ. **للناس** മനുഷ്യരോട്. **حسنا** നല്ലത്. **وأقيموا** നിലനിറുത്തുകയും ചെയ്യുവിൻ. **الصلاةَ** നമസ്കാരം. **وآتوا** കൊടുക്കുകയും ചെയ്യുവിൻ. **الزكَاةَ** സക്കാത്ത്. **ثُم توليتم** പിന്നെ നിങ്ങൾ തിരിഞ്ഞുപോയി. **إلا قليلاً** അൽപം (ആളുകൾ) ഒഴികെ. **منكُم** നിങ്ങളിൽനിന്ന്. **وأنتم** നിങ്ങളാകട്ടെ. **معرضونَ** തിരിഞ്ഞു (അവഗണിച്ചു) കളയുന്നവരാണ്.

لا تعبدون എന്ന ക്രിയാരൂപം വർത്തമാന രൂപത്തിലുള്ളതാണെങ്കിലും നിരോധാജ്ഞയാണിവിടെ ഉദ്ദേശ്യം, ഇസ്റാഈല്യരോട് അല്ലാഹു വാങ്ങിയ ഈ കരാറ് അവർക്ക് മാത്രം ബാധകമായ കരാറല്ല. അതിലെ ഓരോ വകുപ്പുകളും അന്നത്തെപ്പോലെ ഇന്നും പാലിക്കുവാൻ എല്ലാ സത്യവിശ്വാസികളും ബാധ്യസ്ഥരത്രെ. നമസ്കാരം, സകാത്ത് എന്നിവയുടെ വിശദാംശങ്ങളിൽ അൽപമൊക്കെ വ്യത്യാസമുണ്ടായിരിക്കുമെന്ന് മാത്രം. എല്ലാ സമുദായങ്ങളോടും അല്ലാഹു കൽപിക്കുന്ന മൗലികമായ വിശ്വാസാചാരങ്ങൾ ഒന്നുതന്നെയാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഒന്നാമത്തേതും, എല്ലാററിലും വെച്ച് മുഖ്യമായതും അല്ലാഹുവിനെയല്ലാതെ ആരാധിച്ചുകൂടാ എന്ന തൗഹീദ് തന്നെ. തുടർന്നുകൊണ്ട് മാതാപിതാക്കൾക്ക് നൻമ ചെയ്യലും. ഈ രണ്ട് കാര്യങ്ങളും ഇതുപോലെ-ഒന്നാമത് തൗഹീദും, അടുത്തതായി മാതാപിതാക്കൾക്ക് നൻമചെയ്യലുമായിക്കൊണ്ട്-ഖുർആനിൽ പലേടത്തും എടുത്തു പറഞ്ഞിരിക്കുന്നത് കാണാം. പിന്നീട്, അടുത്ത ബന്ധുക്കൾ, അനാഥകൾ, ദരിദ്രർ എന്നിവരുടെ നേരെ പ്രത്യേകിച്ചും, മനുഷ്യരോട് പൊതുവിലും നല്ല നിലയിൽ വർത്തിക്കുവാൻ അൽപിക്കുന്നു. ഇതെല്ലാം സ്വഭാവപരമായ മൗലിക വിഷയങ്ങളാണല്ലോ. പിന്നീട് ശാരീരികവും സാമ്പത്തികവുമായ അനുഷ്ഠാന കർമ്മങ്ങളിൽ ഏററവും പ്രധാനപ്പെട്ട രണ്ട് കർമ്മങ്ങളായ നമസ്കാരത്തെയും സകാത്തിനെയും കുറിച്ചു പറയുന്നു. ഈ രണ്ട് കർമ്മങ്ങൾക്കും ഖുർആൻ കൽപിച്ച പ്രാധാന്യം സുപ്രസിദ്ധമാണ്. അനുഷ്ഠാനമുറകളിൽ വ്യത്യാസം കാണുമെങ്കിലും ഇത് രണ്ടും മുമ്പ് മുതൽക്കേ ഇസ്ലാമിലെ രണ്ട് പ്രധാനപ്പെട്ട നിർബന്ധ കർമ്മങ്ങളാകുന്നു. ഈ കൽപനകൾ ഇന്നും ബൈബിളിൻെറ പഴയ നിയമത്തിൽ കാണാവുന്നതാണ്. ഇസ്റാഈല്യരെ നോക്കി വീണ്ടും അല്ലാഹു പറയുന്നു:-

وَإِذْ أَخَذْنَا مِيثَٰقَكُمْ لَا تَسْفِكُونَ دِمَآءَكُمْ وَلَا تُخْرِجُونَ أَنفُسَكُم مِّن دِيَٰرِكُمْ ثُمَّ أَقْرَرْتُمْ وَأَنتُمْ تَشْهَدُونَ ﴿٨٤﴾

84 നിങ്ങളുടെ ഉറപ്പ് (നിങ്ങളോട്) നാം വാങ്ങിയ സന്ദർഭം (ഓർക്കുക) : നിങ്ങൾ (തമ്മതമ്മിൽ) നിങ്ങളുടെ രക്തം ചിന്തുകയില്ലെന്നും, നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെത്തന്നെ നിങ്ങൾ പുറത്താക്കുകയില്ലെന്നും. പിന്നെ, നിങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ട് (അത് ഏറ്റ്) സമ്മതിക്കുകയും ചെയ്തു.

ثُمَّ أَنتُمْ هَٰٓؤُلَآءِ تَقْتُلُونَ أَنفُسَكُمْ وَتُخْرِجُونَ فَرِيقًا مِّنكُم مِّن دِيَٰرِهِمْ تَظَٰهَرُونَ عَلَيْهِم بِٱلْإِثْمِ وَٱلْعُدْوَٰنِ وَإِن يَأْتُوكُمْ أُسَٰرَىٰ تُفَٰدُوهُمْ وَهُوَ مُحَرَّمٌ عَلَيْكُمْ إِخْرَاجُهُمْ ۚ أَفَتُؤْمِنُونَ بِبَعْضِ ٱلْكِتَٰبِ وَتَكْفُرُونَ بِبَعْضٍ ۚ فَمَا جَزَآءُ مَن يَفْعَلُ ذَٰلِكَ مِنكُمْ إِلَّا خِزْىٌ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَيَوْمَ ٱلْقِيَٰمَةِ يُرَدُّونَ إِلَىٰٓ أَشَدِّ ٱلْعَذَابِ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا

85 (എന്നിട്ട്) പിന്നെയും നിങ്ങളിതാ ഇങ്ങിനെയുള്ളവരാകുന്നു: നിങ്ങൾ നിങ്ങളെത്തന്നെ കൊലചെയ്യുന്നു; നിങ്ങളിൽ നിന്നുള്ള ഒരു കൂട്ടരെ അവരുടെ ഭവനങ്ങളിൽ നിന്ന് നിങ്ങൾ പുറത്താക്കുകയും ചെയ്യുന്നു! കുറ്റവും അതിക്രമവും വഴി അവർക്കെതിരിൽ നിങ്ങൾ പരസ്പരം പിൻതുണ നൽകിക്കൊണ്ട്. അവർ നിങ്ങളുടെ അടുക്കൽ തടവുകാരായി വന്നാലാകട്ടെ, നിങ്ങൾ അവർക്ക് മോചനമൂല്യം നൽകുകയും ചെയ്യുന്നു! അതാകട്ടെ, [കാര്യമാകട്ടെ,] അവരെ പുറത്താക്കൽ നിങ്ങളുടെമേൽ നിഷിദ്ധമാക്കപ്പെട്ടതുമാകുന്നു. അപ്പോൾ, വേദഗ്രന്ഥത്തിൻെറ ചില ഭാഗത്തിൽ നിങ്ങൾ വിശ്വസിക്കുകയും, ചില ഭാഗത്തിൽ

تَعۡمَلُونَ ﴿٨٥﴾

നിങ്ങൾ അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്?!. എന്നാൽ, നിങ്ങളിൽ അപ്രകാരം ചെയ്യുന്നവരുടെ പ്രതിഫലം, ഇഹലോകജീവിതത്തിൽ അപമാനമല്ലാതെ (മറ്റൊന്നും) അല്ല. 'ഖിയാമത്തു' നാളിലാകട്ടെ, അവർ അതികഠിനമായ ശിക്ഷയിലേക്ക് തള്ളപ്പെടുന്നതുമാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനൊന്നുമല്ല.

أُوْلَـٰٓئِكَ ٱلَّذِينَ ٱشۡتَرَوُاْ ٱلۡحَيَوٰةَ ٱلدُّنۡيَا بِٱلۡأٓخِرَةِۖ فَلَا يُخَفَّفُ عَنۡهُمُ ٱلۡعَذَابُ وَلَا هُمۡ يُنصَرُونَ ﴿٨٦﴾

86 അക്കൂട്ടർ, പരലോകത്തിന് (പകരം) ഇഹലോകജീവിതം വാങ്ങിയിട്ടുള്ളവരത്രെ. ആകയാൽ, അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല; അവർ സഹായിക്കപ്പെടുന്നതുമല്ല.

---

84 وَإِذْ أَخَذْنَا നാം വാങ്ങിയ സന്ദർഭം. مِيثَاقَكُمْ നിങ്ങളുടെ ഉറപ്പ്, കരാർ. لَا تَسْفِكُونَ നിങ്ങൾ ചിന്തുക (ഒഴുക്കുക) യില്ല (എന്ന്) . دِمَاءَكُمْ നിങ്ങളുടെ രക്തങ്ങളെ. وَلَا تُخْرِجُونَ നിങ്ങൾ പുറത്താക്കുകയുമില്ല. أَنفُسَكُم നിങ്ങളെത്തന്നെ. مِّن دِيَارِكُمْ നിങ്ങളുടെ വീട് (വാസസ്ഥലം) കളിൽനിന്ന്. ثُمَّ പിന്നെ (അതിനുപുറമെ) . أَقْرَرْتُمْ നിങ്ങൾ സമ്മതിച്ചു, ഏറ്റുപറഞ്ഞു. وَأَنتُمْ നിങ്ങളാകട്ടെ, നിങ്ങളായിക്കൊണ്ട്. تَشْهَدُونَ സാക്ഷ്യം വഹിക്കുന്നു. 85 ثُمَّ പിന്നെയും. أَنتُمْ നിങ്ങൾ . هَٰؤُلَاءِ ഇങ്ങിനെയുള്ളവരാണ്. تَقْتُلُونَ നിങ്ങൾ കൊല്ലുന്നു. أَنفُسَكُمْ നിങ്ങളെത്തന്നെ. وَتُخْرِجُونَ നിങ്ങൾ പുറത്താക്കുകയും ചെയ്യുന്നു. فَرِيقًا مِّنكُم നിങ്ങളിൽ നിന്നുള്ള ഒരു കൂട്ടരെ. مِّن دِيَارِهِمْ അവരുടെ ഭവനങ്ങളിൽനിന്ന്. تَظَاهَرُونَ നിങ്ങൾ പരസ്പരം പിൻതുണ നൽകിക്കൊണ്ട്. عَلَيْهِم അവരുടെ മേൽ (എതിരിൽ) . بِالْإِثْمِ കുറ്റംകൊണ്ട്. وَالْعُدْوَانِ അതിക്രമവും. وَإِن يَأْتُوكُمْ അവർ നിങ്ങളുടെ അടുക്കൽ വന്നാലോ. أُسَارَىٰ തടവുകാരായി. تُفَادُوهُمْ നിങ്ങൾ അവർക്ക് മോചനമൂല്യം നൽകുന്നു. وَهُوَ അത് (കാര്യം) ആവട്ടെ. مُحَرَّمٌ നിഷിദ്ധമാണ്. عَلَيْكُمْ നിങ്ങളുടെമേൽ. إِخْرَاجُهُمْ അവരെ പുറത്താക്കൽ. أَفَتُؤْمِنُونَ അപ്പോൾ നിങ്ങൾ വിശ്വസിക്കുകയാണോ. بِبَعْضِ الْكِتَابِ വേദഗ്രന്ഥത്തിന്റെ ചിലതിൽ (ചിലഭാഗത്തിൽ) . وَتَكْفُرُونَ നിങ്ങൾ അവിശ്വസിക്കുകയും (ആണോ) . بِبَعْضٍ ചിലതിൽ. فَمَا جَزَاءُ എന്നാൽ പ്രതിഫലമല്ല. مَن يَفْعَلُ ചെയ്യുന്നവരുടെ. ذَٰلِكَ അത് (പ്രകാരം) . مِنكُمْ നിങ്ങളിൽനിന്ന്. إِلَّا خِزْيٌ അപമാനം (നിന്ദ്യത) അല്ലാതെ. فِي الْحَيَاةِ ജീവിതത്തിൽ. الدُّنْيَا ഐഹിക. وَيَوْمَ الْقِيَامَةِ ഖിയാമത്തുനാളിലാകാട്ടെ. يُرَدُّونَ അവർ തള്ളപ്പെടും മടക്കിപ്പെടും. إِلَىٰ أَشَدِّ ഏറ്റവും കഠിനമായതിലേക്ക്. الْعَذَابِ ശിക്ഷ (യിൽവെച്ച്) . وَمَا اللَّهُ അല്ലാഹു അല്ലാതാനും. بِغَافِلٍ ഒട്ടും അശ്രദ്ധൻ. عَمَّا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. 86 أُولَٰئِكَ അക്കൂട്ടർ. الَّذِينَ യാതൊരു കൂട്ടരാണ്. اشْتَرَوُا അവർ വാങ്ങിയിരിക്കുന്നു. الْحَيَاةَ الدُّنْيَا ഐഹിക ജീവിതത്തെ. بِالْآخِرَةِ പരലോകത്തിന് (പകരം) . فَلَا يُخَفَّفُ അതിനാൽ ലഘുവാക്കപ്പെടുകയില്ല. عَنْهُمُ അവർക്ക്. الْعَذَابُ ശിക്ഷ. وَلَا هُمْ അവർ സഹായിക്കപ്പെടുകയുമില്ല..

മദീനായിലും പരിസരത്തിലുമുള്ള അറബികൾ ഔസ്, ഖസ്റജ് (الاوس والخزرج) എന്നീ രണ്ട് ഗോത്രങ്ങളായിരുന്നു. എല്ലാവരും വിഗ്രഹാരാധകർ തന്നെ. ഇരുകൂട്ടർക്കുമിടയിൽ ഇടക്കിടെ യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കും. മദീനായിലെ യഹൂദികളാകട്ടെ, മൂന്ന് ഗോത്രങ്ങളായിരുന്നു. ഖൈനുഖാഉം, നളീറും, ഖുറൈളയും (قينقاع،نضير، قريظة) ആദ്യത്തെ രണ്ട് ഗോത്രവും ഖസ്റജുമായും, മൂന്നാമത്തെ ഗോത്രം ഔസുമായും സഖ്യബന്ധമുണ്ടായിരുന്നു. യുദ്ധമുണ്ടാകുമ്പോൾ ഓരോ ഗോത്രവും തങ്ങളുടെ സഖ്യകക്ഷിയുടെ പക്ഷത്തുചേർന്നു അതിൽ പങ്കെടുക്കും. യുദ്ധത്തിൽ ഏർപ്പെട്ടുകഴിഞ്ഞാൽ യഹൂദികളെന്നോ, അറബികളെന്നോ വ്യത്യാസം കൂടാതെ

പരസ്പരം കൊലയും കൊള്ളയും നടത്തുകയും, വാസസ്ഥലങ്ങളിൽ നിന്ന് ആട്ടി ഓടിക്കുകയും, ബന്ധനത്തിലാക്കുകയും ചെയ്യും. യുദ്ധം അവസാനിച്ചാൽ തങ്ങളുടെ സഹോദരങ്ങളായ യഹൂദികളിൽ നിന്ന് ബന്ധനസ്ഥരാക്കപ്പെട്ടവരെ മോചിപ്പിക്കുവാൻ അവർ തന്നെ ധനം ശേഖരിക്കുകയും, മോചനമൂല്യം കൊടുത്ത് അവരെ ചിറയിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യും. ഇതിനെപ്പററി ചോദിക്കപ്പെട്ടാൽ അവരുടെ മറുപടി ഇതായിരിക്കും: "സഖ്യകക്ഷികളെ വഞ്ചിക്കുന്നത് അപമാനകരമായതുകൊണ്ട് ഞങ്ങൾ അവരൊന്നിച്ച് യുദ്ധം ചെയ്യുന്നു. എന്നാൽ, ബന്ധനസ്ഥരാക്കപ്പെട്ടവരെ മോചിപ്പിക്കുവാൻ ഞങ്ങളോട് കൽപിക്ക പ്പെട്ടിട്ടുണ്ടുതാനും." ഇതിനെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

'നിങ്ങളുടെ രക്തം', 'നിങ്ങളെത്തന്നെ കൊല്ലുക', 'നിങ്ങളെത്തന്നെ പുറത്താക്കുക' എന്നൊക്കെയുള്ള പ്രയോഗങ്ങൾ, ഒരേ മതാവലംബികളായ സമുദായം ഒരേ ദേഹം പോലെ യാണെന്നും, അതിലെ അംഗങ്ങൾ ഏകോദര സഹോദരൻമാരായി വർത്തിക്കേണ്ടവരാണെന്നും സൂചിപ്പിക്കുന്നു. തൗറാത്തിലും, മൂസാ (عليه السلام) നബിയിലും വിശ്വസിച്ചതോടെ വേദഗ്രന്ഥത്തിലെ എല്ലാ നിയമങ്ങളും പാലിക്കുവാൻ അവർ നിർബന്ധരാണ്. മാത്രമല്ല, തൗറാത്തിൻെറ വിധികൾ അനുസരിക്കുകയും പാലിക്കുകയും ചെയ്തുകൊള്ളാമെന്ന് അവർ പ്രതിജ്ഞയെടുത്തവരും ഏററു സമ്മതിച്ചിട്ടുള്ളവരുമാകുന്നു. എന്നിരിക്കെ, ചില വിധികൾ മാത്രം അനുഷ്ഠിക്കുകയും, മററു ചിലത് തിരസ്കരിക്കുകയും ചെയ്യുന്നത് ന്യായരഹിതവും അക്രമവുമാണല്ലോ. അതു കൊണ്ടാണ് 'വേദഗ്രന്ഥത്തിൻെറ ചില ഭാഗത്തിൽ വിശ്വസിക്കുകയും, ചിലതിൽ അവ ിശ്വസിക്കുകയുമാണോ നിങ്ങൾ ചെയ്യുന്നത്?' എന്ന് അല്ലാഹു അവരെ ആക്ഷേപിക്കുന്നത്. ഇതിൻെറ ഫലം ഇഹത്തിൽ വെച്ച് അപമാനവും, പരലോകത്തുവെച്ച് അതികഠിനമായ ശിക്ഷയുമാണെന്ന് അവരെ താക്കീതും ചെയ്യുന്നു. ഇവർ ഇത്രത്തോളം അധഃപതിക്കുവാനും, വിരോധാഭാസങ്ങൾ പ്രവർത്തിക്കുന്നവരായിത്തീരുവാനും കാരണം, അവർ ഐഹിക ജീവിതത്തിനുവേണ്ടി പാരത്രിക നൻമകളെ ബലികഴിച്ചതാണെന്നും ചൂണ്ടിക്കാട്ടുന്നു.

ഈ വചനങ്ങൾ അവതരിച്ചത് യഹൂദികളുടെ പ്രസ്തുത വിഷയത്തിലാണെങ്കിലും ഇസ്ലാ മിൻെറ വിധിവിലക്കുകളെ ശരിവെച്ചു സമ്മതിക്കുകയും, എന്നിട്ട് അവയിൽ ചിലത് മാത്രം അനുഷ്ഠിക്കുകയും, ചിലത് തീരെ വർജ്ജിക്കുകയും ചെയ്യുന്നവർക്കെല്ലാം ഇതിലെ താക്കീതും ആക്ഷേപവും ബാധകമാകുന്നു. ഉദാഹരണമായി മുസ്ലിംകളിൽ ചിലർ ഇസ്ലാമിലെ ഏററവും പ്രധാനപ്പെട്ട നിർബന്ധ കർമ്മമായ നമസ്കാരവും, വേറെ ചിലർ സക്കാത്തും പാടെ അവഗണിച്ചുകളയുന്നു. അതേ സമയത്ത് മറ്റു ചില മതാനുഷ്ഠാനങ്ങളിൽ അവർക്ക് നിഷ്കർ ഷയും ഉണ്ടായേക്കും. അതുപോലെ, ചിലർ പലിശയുടെ കാര്യത്തിൽ യഹൂദികളുടെയും, മറ്റു ചില ദുർവൃത്തികളിൽ അവിശ്വാസികളുടെ നിലപാട് സ്വീകരിച്ചു കാണാം. ചിലർ ആരാധനാകർമ്മങ്ങളിൽ ശ്രദ്ധയുള്ളവരും, സാമൂഹ്യബാധ്യതകൾ അവഗണിക്കുന്നവരുമായി രിക്കും. ചിലർ നേരെ മറിച്ചും. ഓരോന്നിനെക്കുറിച്ചുമുള്ള മതവിധിയും, അതിൻെറ ഗൗരവവും അറിഞ്ഞും സമ്മതിച്ചും കൊണ്ട് തന്നെയാണ് പലരും അങ്ങിനെ ചെയ്യുന്നതെന്നുള്ളതാണ് വലിയ അൽഭുതം! മുസ്ലിം സമുദായത്തിന് അല്ലാഹു നേർവഴിയും തൻേറടവും നൽകുമാറാകട്ടെ. ആമീൻ.

വിഭാഗം-11

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ وَقَفَّيْنَا مِنۢ بَعْدِهِۦ بِٱلرُّسُلِ ۖ وَءَاتَيْنَا عِيسَى ٱبْنَ مَرْيَمَ ٱلْبَيِّنَـٰتِ وَأَيَّدْنَـٰهُ بِرُوحِ ٱلْقُدُسِ ۗ أَفَكُلَّمَا

87 തീർച്ചയായും മൂസാക്ക് നാം വേദ ഗ്രന്ഥം നൽകുകയുണ്ടായി. അദ്ദേഹത്തി ൻെറ ശേഷം നാം ദൂതൻമാരെ തുടർ ച്ചയായി അയക്കുകയും ചെയ്തിരി ക്കുന്നു. മർയമിൻെറ മകൻ ഈസാക്ക് വ്യക്തമായ തെളിവുകൾ നാം നൽകു

جَآءَكُمۡ رَسُولُۢ بِمَا لَا تَهۡوَىٰٓ أَنفُسُكُمُ ٱسۡتَكۡبَرۡتُمۡ فَفَرِيقًا كَذَّبۡتُمۡ وَفَرِيقًا تَقۡتُلُونَ ٨٧

കയും ചെയ്തു. അദ്ദേഹത്തെ നാം പരിശുദ്ധാത്മാവിനാൽ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, നിങ്ങളുടെ ദേഹങ്ങൾ (അഥവാ മനസ്സുകൾ) ഇഷ്ടപ്പെടാത്തതുമായി നിങ്ങൾക്ക് വല്ല റസൂലും വരുമ്പോഴൊക്കെയും നിങ്ങൾ അഹംഭാവം നടിക്കുകയാണോ?! അങ്ങനെ, ഒരു കൂട്ടരെ നിങ്ങൾ വ്യാജമാക്കി; ഒരു കൂട്ടരെ നിങ്ങൾ കൊലപ്പെടുത്തുകയും ചെയ്യുന്നു!

---

87 وَلَقَدْ തീർച്ചയായും ഉണ്ട്. **ولَقَدْ آتينا** നാം നൽകുകയുണ്ടായി. **موسى** മൂസാക്ക്. **الْكتاب** (വേദ) ഗ്രന്ഥം. **وقَفينا** നാം തുടർത്തുകയും ചെയ്തു. **من بعده** അദ്ദേഹത്തിന് ശേഷം. **بالرسل** ദൂതൻമാരെ. **وآتينا** നാം നൽകുകയും ചെയ്തു. **عيسى** ഈസാക്ക്. **ابن مريم** മർയമിൻെറ മകൻ. **الْبينات** വ്യക്തമായ തെളിവുകൾ. **وأيدناه** അദ്ദേഹത്തെ നാം ബലിപ്പെടുത്തുകയും ചെയ്തു. **بروح الْقُدس** പരിശുദ്ധാത്മാവിനെക്കൊണ്ട്. **أفَكُلما جاءَكُم** എപ്പോൾ (എന്നിട്ട്) നിങ്ങൾക്ക് വരുമ്പോഴൊക്കെയുമോ. **رسولٌ** ഒരു ദൂതൻ, വല്ല റസൂലും. **بما** യാതൊന്നുമായി. **لا تهوى** ഇഷ്ടപ്പെടുന്നില്ല. **أنفُسكم** നിങ്ങളുടെ ദേഹങ്ങൾ, മനസ്സുകൾ. **استكْبرتم** നിങ്ങൾ അഹംഭാവം കാണിച്ചു (വോ) . **فَفَريقًا** എന്നിട്ട് ഒരു വിഭാഗത്തെ. **كَذبتم** നിങ്ങൾ കളവാക്കി. **وفَريقًا** ഒരു കൂട്ടരെ. **تَقْتُلونَ** നിങ്ങൾ വധിക്കുന്നു.

മൂസാ (عليه السلام) നബി മുതൽ ഈസാ (عليه السلام) നബി വരെയുള്ള എത്രയോ പ്രവാചകൻമാരുടെ പ്രബോധനങ്ങളെയും ശിക്ഷണങ്ങളെയും ധിക്കരിക്കുകയും, പല പ്രവാചകൻമാരെയും കൊലപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്ന പാരമ്പര്യമാണ് ഇസ്റാഈല്യരുടേത്. പ്രവാചകൻമാർ കൊണ്ടുവരുന്ന സന്ദേശങ്ങൾ അവരുടെ ദേഹേച്ഛകൾക്കും തന്നിഷ്ടത്തിനും അനുയോജ്യമല്ലായ്ക നിമിത്തം അവർ ഗർവ്വിഷ്ടരും അഹംഭാവികളുമായിത്തീർന്നതാണിതിനു കാരണമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അവർ നബിമാരെ കൊലപ്പെടുത്തിയിരുന്നതിനെപ്പറ്റി 61-ാം വചനത്തിലും വ്യാഖ്യാനത്തിലും മുമ്പ് വിവരിച്ചിട്ടുണ്ട്.

വ്യക്തിപരമായും, സാമൂഹ്യമായുമുള്ള നിയമനിർദ്ദേശങ്ങളും, ഉപദേശങ്ങളും സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ഒരു വേദഗ്രന്ഥമാണ് തൗറാത്ത്. അതിൻെറ സത്യതക്ക് തെളിവായി പല ദൃഷ്ടാന്തങ്ങളും അവർ കണ്ടിട്ടുണ്ട്. പിന്നീട് വളരെയധികം പ്രവാചകൻമാർ അവരിൽ തുടരെത്തുടരെ വന്നുകൊണ്ടുമിരുന്നു. എല്ലാവരുടെയും ലക്ഷ്യം തൗറാത്തിൻെറ അദ്ധ്യാപനങ്ങളും സന്ദേശങ്ങളും നടപ്പിൽ വരുത്തുകയും, അതിലേക്ക് ക്ഷണിക്കുകയുമായിരുന്നു. സൂറ:മാഇദ:യിൽ അല്ലാഹു പറയുന്നു: انا انزلنا التوراة............ والاحبار (സാരം: നാം തൗറാത്ത് അവതരിപ്പിച്ചു. അതിൽ മാർഗ്ഗദർശനവും പ്രകാശവുമുണ്ട്. യഹൂദരായുള്ളവർക്കുവേണ്ടി ഇസ്ലാമിനെ അംഗീകരിച്ചവരായ നബിമാരും, 'റബ്ബാനീ'കളും- പുണ്യപുരുഷൻമാരും- പണ്ഡിതൻമാരും അതനുസരിച്ചു വിധിച്ചിരുന്നു.) (മാഇദ: 47) ഇസ്റാഈല്യരിൽ അവസാനത്തെ റസൂലായ ഈസാ (عليه السلام) വന്നപ്പോൾ, തൗറാത്തിലെ ചുരുക്കം ചില നടപടിക്രമങ്ങൾ ഭേദപ്പെടുത്തപ്പെട്ടുവെങ്കിലും മൊത്തത്തിൽ തൗറാത്തിൻെറ നിയമസംഹിത തന്നെയാണ് അദ്ദേഹവും പിൻപറ്റിയിരുന്നത്. അദ്ദേഹത്തിൻെറ ദൗത്യകാലത്തുണ്ടായ ആ ഭേദഗതിയുടെ പേരിൽ അദ്ദേഹം തൗറാത്തിനെ നിഷേധിക്കുന്നുവെന്നു ആക്ഷേപമുണ്ടായിരുന്നു. എന്നാൽ, അദ്ദേഹത്തിൻെറ സത്യത സ്ഥാപിക്കുന്നതിന് വ്യക്തമായ പല തെളിവുകളും ദിവ്യദൃഷ്ടാന്തങ്ങളും അദ്ദേഹത്തിന് അല്ലാഹു നൽകി. (അദ്ദേഹത്തിൻെറ ദൃഷടാന്തങ്ങളെപ്പറ്റി ആലുഇംറാനിൽ പ്രസ്താവിക്കുന്നുണ്ട്.) അതിനെത്തുടർന്ന് ഇസ്റാഈല്യരോട് അദ്ദേഹം പറഞ്ഞതായി അല്ലാഹു ഇപ്രകാരം ഉദ്ധരിക്കുന്നു: ومصد قالما بين يدي من التوراة (സാരം: എൻെറ മുമ്പിലുള്ള തൗറാത്തിനെ

സത്യപ്പെടുത്തിക്കൊണ്ടും, നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരുന്ന ചില കാര്യങ്ങളെ നിങ്ങൾക്ക് അനുവദനീയമാക്കുവാനുമാണ് ഞാൻ വന്നിരിക്കുന്നത്. ഞാൻ നിങ്ങൾക്ക് നിങ്ങളുടെ റബ്ബിങ്കൽനിന്നും ദൃഷ്ടാന്തംകൊണ്ടുവരുകയും ചെയ്തിരിക്കുന്നു.) (ആലുംഇംറാൻ; 49, 50 നോക്കുക.)

وايدناه بروح القدس (അദ്ദേഹത്തെ നാം പരിശുദ്ധാത്മാവുകൊണ്ട് ബലപ്പെടുത്തി) എന്ന് പറഞ്ഞതിന് ഒന്നിലധികം വ്യാഖ്യാനങ്ങൾ പറയപ്പെട്ടിട്ടുണ്ട്. (1) ഇഞ്ചീലാകുന്ന വേദഗ്രന്ഥമാണ് പരിശുദ്ധാത്മാവ് അഥവാ 'റൂഹുൽ ഖുദുസ്' ഐഹികവും പാരത്രികവുമായ വിജയങ്ങളും, ആത്മീയ പരിശുദ്ധിയും കൈവരുത്തുന്നതാണല്ലോ ഇഞ്ചീൽ എന്നതാണ് ഇതിനുള്ള ന്യായം. (2) ഈസാ (عَلَيْهِ السَّلَامُ) ൻെറ ആത്മാവാണുദ്ദേശ്യം. അദ്ദേഹം പിതാവില്ലാതെ ജനിച്ചതും, അദ്ദേഹത്തിൻെറ മാതാവിൽ അല്ലാഹു അവൻെറ വക ജീവൻ ഊതിയിട്ടുണ്ടെന്ന് (21;91 ൽ) പറഞ്ഞിട്ടുള്ളതും മറ്റുമാണിതിന് പറയുന്ന ന്യായം. (3) ജിബ്‌രീൽ (عَلَيْهِ السَّلَامُ) എന്ന മലക്കാണ് പരിശുദ്ധാത്മാവുകൊണ്ട് വിവക്ഷ. ഇതാണ് ബലപ്പെട്ട അഭിപ്രായവും, ഖുർആൻെറയും ഹദീസിൻെറയും പിൻബലമുള്ളതും, ഖുർആനെപ്പറ്റി نزله روح القدس من ربك (നിൻെറ റബ്ബിങ്കൽനിന്നു അതിനെ പരിശുദ്ധാത്മാവ് ഇറക്കിയിരിക്കുന്നു.) (നഹ്ൽ: 102) എന്ന് അല്ലാഹു പറയുന്നു. ഇത് ജിബ്‌രീൽ (عَلَيْهِ السَّلَامُ) നെ ഉദ്ദേശിച്ചാണെന്നുള്ളതിൽ തർക്കമില്ല. നബി (ﷺ) തിരുമേനിയുടെ പ്രസിദ്ധ കവിയായിരുന്ന ഹസ്സാനുബ്നുഥാബിത്ത് (حسان بن ثابت – رض) നുവേണ്ടി 'അല്ലാഹുവേ, അദ്ദേഹത്തെറൂഹുൽഖുദ്സിനെക്കൊണ്ടു ബലപ്പെടുത്തണേ!' എന്ന് തിരുമേനി പ്രാർത്ഥിച്ചതായും, 'ജിബ്‌രീൽ തന്നോട് കൂടെയുണ്ടായിരിക്കും' എന്ന് തിരുമേനി അദ്ദേഹത്തോട് പറഞ്ഞതായും ഹദീസിൽ വന്നിരിക്കുന്നു. (ബു: മു.) പരിശുദ്ധാത്മാവിനെക്കൊണ്ട് അദ്ദേഹത്തെ ബലപ്പെടുത്തി എന്ന് പറഞ്ഞതിൻെറ താൽപര്യം, അദ്ദേഹത്തിന് ജിബ്‌രീൽ (عَلَيْهِ السَّلَامُ) മുഖേന ലഭിച്ചിരുന്ന ആത്മീയ സഹായങ്ങളായിരിക്കുമെന്ന് മൊത്തത്തിൽ മനസ്സിലാക്കാം. ഈസാ (عَلَيْهِ السَّلَامُ) നോട് അല്ലാഹു പറയുന്നു: اذ يدتك بروح القدس تكلم الناس في المهد وكهلا (സാരം: തൊട്ടിലിൽവെച്ചും, മദ്ധ്യവയസ്കനുമായിരുന്നപ്പോഴും ജനങ്ങളോട് നീ സംസാരിച്ചുകൊണ്ടിരിക്കെ നാം നിന്നെ പരിശുദ്ധാത്മാവിനെക്കൊണ്ട് ബലപ്പെടുത്തിയ സന്ദർഭം) (മാഇദ 113)

وَقَالُواْ قُلُوبُنَا غُلۡفُۢۚ بَل لَّعَنَهُمُ ٱللَّهُ بِكُفۡرِهِمۡ فَقَلِيلٗا مَّا يُؤۡمِنُونَ ﴿٨٨﴾

88 അവർ പറയുന്നു: ''ഞങ്ങളുടെ ഹൃദയങ്ങൾ (ഉറയിട്ട്) മൂടപ്പെട്ടവയാണ് '' (അതല്ല,) പക്ഷേ, അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്. അതിനാൽ, വളരെ കുറച്ചേ അവർ വിശ്വസിക്കൂ.

---

88 **وقَالُوا** അവർ പറഞ്ഞു, പറയുകയും ചെയ്യുന്നു. **قُلُوبنا** ഞങ്ങളുടെ ഹൃദയങ്ങൾ. **غُلْف** ഉറയിടപ്പെട്ടതാണ്, മൂടിക്കിടക്കുന്നവയാണ്. **بلْ** പക്ഷേ. **لعنهم** അവരെ ശപിച്ചിരിക്കുന്നു. **اللهُ** അല്ലാഹു. **بِكُفْرِهم** അവരുടെ അവിശ്വാസം നിമിത്തം. **فقليلاً ما** വളരെ കുറച്ച് (മാത്രം) . **يؤمنونَ** അവർ വിശ്വസിക്കും.

ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് പുതുതായൊന്നും പ്രവേശിക്കാത്തവിധം അവ ഉറയിട്ടു മൂടപ്പെട്ടുകിടക്കുകയാണ്. അതുകൊണ്ട് മുഹമ്മദും മറ്റും നൽകുന്ന ഉപദേശങ്ങളൊന്നും ഞങ്ങളുടെ മനസ്സിൽ കടക്കുന്നില്ല. എന്നു യഹൂദികൾ പരിഹാസപൂർവ്വം പറഞ്ഞിരുന്നു. സൂറഃഹാമീം സജദ: 5 ൽ അവിശ്വാസികളെപ്പറ്റി അല്ലാഹു പറയുന്നു: ...... وقالوا قلوبنا في اكنة مما تدعونا اليه (അവർ പറയുന്നു: നിങ്ങൾ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ മൂടികളിലാകുന്നു. ഞങ്ങളുടെ കാതുകളിലും ഒരു തരം കട്ടിയുണ്ട്. ഞങ്ങളുടെയും നിൻെറയും-നബിയുടെയും- ഇടക്ക് ഒരു തരം മറയുണ്ട്.) ഇതുപോലെയുള്ള ഒരു വാക്കാണ്

യഹൂദികളും പറയുന്നത്. അവരുടെ ഹൃദയങ്ങളിലേക്ക് വേണ്ടതൊന്നും പ്രവേശിക്കുന്നില്ലെന്നുള്ളത് ശരി തന്നെ. പക്ഷെ, അവ മൂടപ്പെട്ടിരിക്കുന്നതോ മറേറാ അല്ല അതിനു കാരണം. അവരുടെ അവിശ്വാസവും സത്യനിഷേധവും നിമിത്തം അവർ അല്ലാഹുവിൻെറ ശാപത്തിനു പാത്രമായതാണ് യഥാർത്ഥത്തിൽ അതിനു കാരണമെന്ന് അല്ലാഹു അവർക്ക് മറുപടി നൽകുന്നു.

യഹൂദികളുടെ അവിശ്വാസം അറബികളുടെ അവിശ്വാസത്തെക്കാൾ ആക്ഷേപാർഹമാണല്ലോ. കാരണം, അടുത്ത വചനത്തിൽ പറയുന്നതുപോലെ, നബി (ﷺ) യെ സംബന്ധിച്ച യഥാർത്ഥം അറിഞ്ഞുകൊണ്ടും കൽപ്പിച്ചുകൂട്ടിക്കൊണ്ടുമുള്ള നിഷേധമാണ് യഹൂദികളുടേത്. അതിൽ നിന്ന് ഉടലെടുത്താണ് ഞങ്ങളുടെ ഹൃദയങ്ങൾ മൂടപ്പെട്ടതാണെന്നും മറ്റുമുള്ള അവരുടെ പരിഹാസവാക്കുകൾ. ആ വാക്ക് നിഷേധിച്ചുകൊണ്ട് بل لعنهم الله عليها بكفرهم (പക്ഷേ, അവരുടെ അവിശ്വാസം മൂലം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്.) എന്ന് ഇവിടെയും, അതേ വാക്ക് ഉദ്ധരിച്ചശേഷം അതിനെ ഖണ്ഡിച്ചുകൊണ്ട് بل طبع الله عليها بكفرهم (പക്ഷേ, അവരുടെ അവിശ്വാസം മൂലം അല്ലാഹു അവയുടെ മീതെ മുദ്രകുത്തിയിരക്കുകയാണ്) എന്ന് സൂറഃ നിസാഉ് 155ലും അല്ലാഹു നൽകിയ മറുപടി ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.(*) അങ്ങിനെ, അല്ലാഹുവിൻെറ ശാപകോപത്തിന് അവർ പാത്രമായിത്തീർന്നതു കൊണ്ട് അവരിൽ നിന്ന് അധികമൊന്നും വിശ്വാസം പ്രതീക്ഷിക്കേണ്ടതില്ല-അവർ വളരെ കുറച്ചേ വിശ്വസിക്കുകയുള്ളു- എന്ന് അല്ലാഹു നബി (ﷺ) യെ അറിയിക്കുന്നു.

'അവർ വളരെ കുറച്ചേ വിശ്വസിക്കൂ' എന്ന് പറഞ്ഞതിന് രണ്ടുതരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. (1) യഹൂദികളിൽ നിന്ന് വളരെ കുറഞ്ഞ ആളുകളേ നബി (ﷺ) യിൽ വിശ്വസിക്കയുള്ളുവെന്ന്. വാസ്തവത്തിൽ, യഹൂദികളിൽ നിന്ന് മുസ്ലിമായവർ വളരെ കുറഞ്ഞ വ്യക്തികളേയുള്ളുവെന്നത് പ്രസിദ്ധമാണ്. (2) പൂർണ്ണമായ വിശ്വാസം അവരിൽ നിന്ന് പ്രതീക്ഷിച്ചുകൂടാ- വളരെ കുറഞ്ഞ വിശ്വാസമേ അവർക്കുണ്ടാകുകയുള്ളു- എന്ന്. അവർ വേദക്കാരായതുകൊണ്ട് ഏതാനും ചില കാര്യങ്ങളിലൊക്കെ അവർക്ക് വിശ്വാസമുണ്ടായിരിക്കുക സ്വാഭാവികമാണ്. പക്ഷേ, വിശ്വസിക്കേണ്ടുന്ന എല്ലാ വിഷയത്തിലും അവർ വിശ്വസിക്കുവാൻ തയ്യാറാകുകയില്ല. ഉള്ള വിശ്വാസം തന്നെ പരിപൂർണ്ണമായിരിക്കുകയമില്ല എന്ന് സാരം. രണ്ട് വ്യാഖ്യാനവും പരസ്പരം എതിരില്ലതാനും.

وَلَمَّا جَآءَهُمۡ كِتَٰبٞ مِّنۡ عِندِ ٱللَّهِ مُصَدِّقٞ لِّمَا مَعَهُمۡ وَكَانُواْ مِن قَبۡلُ يَسۡتَفۡتِحُونَ عَلَى ٱلَّذِينَ كَفَرُواْ فَلَمَّا جَآءَهُم مَّا عَرَفُواْ كَفَرُواْ بِهِۦۚ فَلَعۡنَةُ ٱللَّهِ عَلَى ٱلۡكَٰفِرِينَ ٨٩

89 തങ്ങളുടെ കൂടെയുള്ളതിനെ (ശരിവെച്ച്) സത്യമാക്കുന്നതായ ഒരു ഗ്രന്ഥം അവർക്ക് അല്ലാഹുവിൻെറ പക്കൽനിന്നും വന്നപ്പോൾ, -മുമ്പ് അവർ, അവിശ്വസിച്ചവർക്കെതിരിൽ വിജയം അർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നുതാനും (അതെ) അങ്ങനെ, അവർക്കറിയാവുന്ന (ആ) കാര്യം അവർക്ക് വന്നപ്പോൾ, അവരതിൽ അവിശ്വസിക്കുകയായി. ആകയാൽ, (ആ) അവിശ്വാസികളുടെ മേൽ അല്ലാഹുവിൻെറ ശാപമുണ്ടായിരിക്കും.

* അല്ലാഹു ഹൃദയങ്ങൾക്ക് മുദ്രവെച്ചുവെന്നും മറ്റും പറയുന്നതിൻെറ ഉദ്ദേശ്യം 7-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്.

89 **ولما جاءَهم** അവർക്ക് വന്നപ്പോൾ. **كتاب** ഒരു (വേദ) ഗ്രന്ഥം. **من عند الله** അല്ലാഹുവിൻെറ അടുക്കൽനിന്ന്. **مصدق** സത്യമാക്കുന്ന, (ശരിവെക്കുന്ന) . **لما معهم** അവരുടെ കൂടെ ഉള്ളതിനെ. **وكانوا** അവരായിരുന്നുതാനും. **من قَبلُ** മുമ്പ്. **يستَفْتحونَ** അവർ വിജയം (സഹായം) അർത്ഥിക്കും) . **على الذين** യാതൊരു കൂട്ടർക്കെ (എതിരിൽ) . **كَفَروا** അവർ അവിശ്വസിച്ചു. **فلما جاءَهم** എന്നിട്ട് അവർക്ക് വന്നപ്പോൾ. **ما عرفُوا** അവർക്കറിയാവുന്നത്. **كَفَروا به** അതിൽ അവർ അവിശ്വസിച്ചു. **فلَعنةُ الله** ആകയാൽ അല്ലാഹുവിൻെറ ശാപം. **على الكافرين** അവിശ്വാസികളുടെ മേൽ ഉായിരിക്കും.

അന്ത്യപ്രവാചകൻെറ ആഗമനത്തേയും, അദ്ദേഹത്തിൻെറ ഗുണഗണങ്ങളെയും സംബന്ധിച്ച് തൗറാത്ത് മുഖേനയും പ്രവാചകൻമാർ മുഖേനയും യഹൂദികൾക്ക് പരമ്പരാഗതമായ അറിവുണ്ട്. മദീനായിലെ യഹൂദികൾ അക്ഷമരായിക്കൊണ്ട് ആ പ്രവാചകൻെറ വരവ് കാത്തിരിക്കുകയുമായിരുന്നു. അവർ മുഖാന്തരം അറബികൾക്കും ഇതിനെപ്പറ്റി അറിയാമായിരുന്നു. അറബികളും അവരും തമ്മിൽ വല്ല ഇടയലോ ഏറ്റുമുട്ടലോ ഉണ്ടാകുമ്പോൾ 'അടുത്ത് വെളിവാകുവാനിരിക്കുന്ന പ്രവാചകൻ വരട്ടെ, ഞങ്ങൾ നിങ്ങൾക്ക് കാണിച്ചു തരാം, അന്ന് ഞങ്ങൾക്ക് ആ പ്രവാചകൻ മുഖേന ശക്തിയും പ്രതാപവും അല്ലാഹു നൽകുന്നതായിരിക്കും' എന്നൊക്കെ അവർ അഭിമാനപൂർവ്വം പറഞ്ഞിരുന്നു. 'ആ പ്രവാചകനെ വേഗം അയച്ചുതന്നു ഞങ്ങളെ സഹായിക്കണേ' എന്ന് അവർ പ്രാർത്ഥിക്കാറുമുണ്ടായിരുന്നു. അവർ പ്രതീക്ഷിച്ചും, പ്രാർത്ഥിച്ചും കൊണ്ടിരുന്ന ആ പ്രവാചകൻ വരുകയും, അവരുടെ കൈവശമുള്ള വേദഗ്രന്ഥത്തെ- തൗറാത്തിനെ-ശരിവെച്ച് അതിൻെറ സത്യത സ്ഥാപിക്കുന്ന ഒരു വേദഗ്രന്ഥം-ഖുർആൻ-അവതരിക്കുകയും ചെയ്തപ്പോൾ, അതാ അവരുടെ മട്ടെല്ലാം മാറി! നബി (ﷺ) ഇസ്രാഈൽ വർഗ്ഗത്തിൽ പെട്ട ആളായില്ല, അറബികളിൽ പെട്ട ആളായിപ്പോയി, തങ്ങൾ മതമായി ആചരിക്കുന്ന എല്ലാ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും അദ്ദേഹം അനുവദിക്കുന്നുമില്ല. ഇതൊക്കെയാണ് നിഷേധത്തിന് കാരണം. അങ്ങനെ, ആ പ്രവാചകൻെറ കടുത്ത ശത്രുക്കളും, പരിപൂർണ്ണ നിഷേധികളുമായി മാറുകയും, അല്ലാഹുവിൻെറ ശാപത്തിനും കോപത്തിനും പാത്രമാകുകയുമാണ് അവർ ചെയ്തത്. ഇതാണ് ഈ വചനത്തിൽ അല്ലാഹു പറയുന്നത്.

بِئۡسَمَا ٱشۡتَرَوۡاْ بِهِۦٓ أَنفُسَهُمۡ أَن يَكۡفُرُواْ بِمَآ أَنزَلَ ٱللَّهُ بَغۡيًا أَن يُنَزِّلَ ٱللَّهُ مِن فَضۡلِهِۦ عَلَىٰ مَن يَشَآءُ مِنۡ عِبَادِهِۦۖ فَبَآءُو بِغَضَبٍ عَلَىٰ غَضَبٖۚ وَلِلۡكَٰفِرِينَ عَذَابٞ مُّهِينٞ ﴿٩٠﴾

90 യാതൊന്നിനു (പകരം) അവർ തങ്ങളെത്തന്നെ വിറ്റു കളഞ്ഞുവോ അതുവളരെ ചീത്ത! അതായത്, അല്ലാഹു അവതരിപ്പിച്ചതിൽ അവർ അവിശ്വസിക്കുന്നത്; (അതെ) , അല്ലാഹു തൻെറ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തൻെറ അനുഗ്രഹത്തിൽനിന്ന് അവതരിപ്പിച്ചു കൊടുക്കുന്നതിനാലുള്ള അസൂയകൊണ്ട് അങ്ങനെ, അവർ കോപത്തിനുമേൽ കോപവുമായി മടങ്ങി, (അതാണവർക്കു ലഭിച്ച നേട്ടം) അവിശ്വാസികൾക്ക് നിന്ദ്യമായ ശിക്ഷയുമുണ്ട്.

---

90 **بِئْسما** യാതൊന്ന് വളരെ (എത്രയോ) ചീത്ത. **اشتروا به** അതിന് അവർ വിറ്റു, വാങ്ങി. **أنفُسهم** അവരുടെ സ്വന്തങ്ങളെ. **أن يكْفُروا** അതായത് അവർ അവിശ്വസിക്കുന്നത്. **بما أنزلَ** അവതരിപ്പിച്ചതിൽ. **الله** അല്ലാഹു. **بغيا** അക്രമമായിട്ട്, അസൂയകൊണ്ട്. **أن ينزلَ** ഇറക്കുന്നതിനാൽ. **الله** അല്ലാഹു. **من فَضله** അവൻെറ അനുഗ്രഹത്തിൽനിന്ന്. **على من** ചിലരുരുടെമേൽ, യാതൊരുവന്. **يشاءُ** അവൻ ഉദ്ദേശിക്കുന്നു. **من عباده** അവൻെറ അടിയാൻമാരിൽനിന്ന്. **فَباءُوا** അങ്ങനെ അവർ മടങ്ങി (അവർ നേടി) . **بِغضبٍ** കോപവും കൊണ്ട്, കോപത്തെ. **على غَضبٍ** കോപത്തിനുമേൽ. **وللْكافرين** അവിശ്വാസികൾക്കുണ്ടുതാനും. **عذَاب** ശിക്ഷ. **مهين** നിന്ദ്യകരമായ, അപമാനിക്കുന്ന.

താല്ക്കാലികമായ ദേഹേച്ഛകളും സ്വാർത്ഥ താല്പര്യങ്ങളും സംരക്ഷിക്കുവാൻ വേണ്ടിയാണവർ ഖുർആനിൽ വിശ്വസിക്കാതെ അതിനെ നിഷേധിക്കുന്നത്. അതാകട്ടെ, അവരുടെ ഭാവിയെ എന്നെന്നേക്കും നഷ്ടപ്പെടുത്തുന്നതുമാണ്. അപ്പോൾ, അവിശ്വാസമാകുന്ന വിലവാങ്ങിക്കൊണ്ട് തങ്ങളെത്തന്നെ വിറ്റു നശിപ്പിക്കുകയാണവർ ചെയ്യുന്നത്. ക്രയവിക്രയങ്ങളിൽ വിൽക്കപ്പെടുന്ന വസ്തുവെക്കാൾ പ്രിയംകരമായത് അതിന് പകരം ലഭിക്കുന്ന വിലയായിരിക്കുമല്ലോ . ഇവിടെ നേരെ മറിച്ചാണുള്ളത്. വിറ്റ് നശിപ്പിച്ചത് ശാശ്വതമായ ഭാവി വിജയവും, പകരം കിട്ടിയത് ശാശ്വതമായ ശിക്ഷയുമാകുന്നു. അപ്പോൾ, ഇതിനേക്കാൾ ബുദ്ധിഹീനമായ ഇടപാട് മറ്റെന്താണ്?! അവരുടെ നിഷേധത്തിന് കാരണം, തങ്ങളുടെ വർഗ്ഗത്തിൽ പെടാത്ത ഒരാൾക്ക്-നബി (ﷺ) ക്കു -പ്രവാചകത്വം ലഭിച്ചതിലുള്ള അസൂയയാണല്ലോ . എന്നാൽ, പ്രവാചകത്വമാകട്ടെ, ഏതെങ്കിലും വിഭാഗത്തിന്റെ കുത്തകാവകാശമോ, വല്ല യോഗ്യതകൊണ്ടും സിദ്ധിക്കുന്നതോ അല്ല. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ നൽകുന്ന ഒരനുഗ്രഹം മാത്രമാണത്. അങ്ങനെ, പലനിലക്കും അല്ലാഹുവിന്റെ കോപത്തിന് മുമ്പേ വിധേയരായ അവർ ഖുർആനിലും മുഹമ്മദ് (ﷺ) നബിയിലുമുള്ള അവിശ്വാസം നിമിത്തം വീണ്ടും അല്ലാഹുവിന്റെ കോപത്തിന് പാത്രമായിരിക്കുകയാണ്. ഇതാണ് ആ ക്രയവിക്രയംകൊണ്ട് അവർക്ക് കിട്ടിയ നേട്ടം.

اشتروا എന്ന ക്രിയക്കാണ് 'അവർ വിറ്റു' എന്ന് വിവർത്തനം നൽകിയത്. 'അവർ വാങ്ങി' എന്നും അതിന് വിവർത്തനം നൽകാം. ഈ അർത്ഥത്തിലാണ് ആ വാക്ക് അധികം ഉപയോഗവും. ക്രയവിക്രയത്തിൽ ഇരുഭാഗത്ത് നിന്നും സാധനം കൈമാറുമ്പോൾ അതിൽ വിലയായി ഗണിക്കപ്പെടുന്ന സാധനം ആർ കൈപ്പറ്റുന്നുവോ അവനെ സംബന്ധിച്ചിടത്തോളം ആ ഇടപാടിന് വിൽപന എന്നും, മറ്റേ സാധനം കൈപ്പറ്റുന്നവനെ സംബന്ധിച്ചേടത്തോളം അതിന് വാങ്ങുക എന്നും, പറയുന്നുവെന്ന് മാത്രം. അതിനാൽ, ഒരു വസ്തുവിന് പകരം മറ്റൊരു വസ്തു കൈമാറുകയെന്ന നിലക്ക് വിൽപനയിലും വാങ്ങലിലും അത് ഉപയോഗിക്കാറുണ്ട്. ഇവിടെ 'വാങ്ങുക' എന്ന് തന്നെ അതിന് അർത്ഥം കൽപിച്ചാലും- അങ്ങിനെ അർത്ഥം കൽപിക്കപ്പെട്ടിട്ടുമുണ്ട്- സാരം ഏതാണ്ട് മേൽവിവരിച്ചപ്പോലെത്തന്നെയായിരിക്കും കലാശിക്കുക.

وَإِذَا قِيلَ لَهُمْ ءَامِنُوا۟ بِمَآ أَنزَلَ ٱللَّهُ قَالُوا۟ نُؤْمِنُ بِمَآ أُنزِلَ عَلَيْنَا وَيَكْفُرُونَ بِمَا وَرَآءَهُۥ وَهُوَ ٱلْحَقُّ مُصَدِّقًا لِّمَا مَعَهُمْ ۗ قُلْ فَلِمَ تَقْتُلُونَ أَنۢبِيَآءَ ٱللَّهِ مِن قَبْلُ إِن كُنتُم مُّؤْمِنِينَ ﴿٩١﴾

91 അവരോട്: ''അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുവിൻ'' എന്നു പറയപ്പെട്ടാൽ, അവർ പറയും: ''ഞങ്ങൾക്ക് ഇറക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നു'' എന്ന്. അതിനപ്പുറമുള്ളതിൽ അവർ അവിശ്വസിക്കുകയും ചെയ്യുന്നു. അതാവട്ടെ, അവരുടെ കൂടെയുള്ളതിനെ (ശരിവെച്ച്) സത്യമാക്കിക്കൊണ്ടുള്ള യഥാർഥമാണുതാനും (എന്നിട്ടും) . (നബിയേ) പറയുക: ''എന്നാൽ നിങ്ങൾ എന്തിനാണ് മുമ്പ് അല്ലാഹുവിന്റെ നബിമാരെ കൊലപ്പെടുത്തിയിരുന്നത്-നിങ്ങൾ വിശ്വാസികളാണെങ്കിൽ?!''

۞ وَلَقَدْ جَآءَكُم مُّوسَىٰ بِٱلْبَيِّنَـٰتِ ثُمَّ ٱتَّخَذْتُمُ ٱلْعِجْلَ مِنۢ بَعْدِهِۦ وَأَنتُمْ

92 മൂസാ നിങ്ങൾക്ക് വ്യക്തമായ തെളിവുകൾ കൊണ്ടു വരികയുണ്ടായല്ലോ. പിന്നെ, അതിനുശേഷം, നിങ്ങൾ അക്രമികളായുംകൊണ്ട് പശുക്കുട്ടിയെ നിങ്ങൾ

ഉണ്ടാക്കി (ആരാധിച്ചു) .

ظَـٰلِمُونَ ﴿٩٢﴾

91 وإذا قيل പറയപ്പെട്ടാൽ. لهم അവരോട്. آمنوا വിശ്വസിക്കുവിൻ. بما أنزل അവതരിപ്പിച്ചതിൽ. الله അല്ലാഹു. قالوا അവർ പറയുകയായി. نؤمن ഞങ്ങൾ വിശ്വസിക്കുന്നു. بما أنزل ഇറക്കപ്പെട്ടതിൽ. علينا ഞങ്ങൾക്ക്. ويكفرون അവർ അവിശ്വസിക്കുകയും ചെയ്യും بما وراءه അതിനപ്പുറമുള്ളതിൽ. وهو അതാകട്ടെ. الحق യഥാർത്ഥമാണ്. مصدقا സത്യമാക്കിക്കൊണ്ട്. لما യാതൊന്നിനെ. معهم അവരുടെ കൂടെയുള്ള. قل പറയുക. فلم എന്നാലെന്തിന്?. تقتلون നിങ്ങൾ കൊല്ലുന്നു. أنبياء അല്ലാഹുവിന്റെ നബി(പ്രവാചകൻ) മാരെ. الله അല്ലാഹുവിൻെറ من قبل മുമ്പ്. إن كنتم നിങ്ങളാണെങ്കിൽ. مؤمنين വിശ്വാസികൾ. 92 ولقد جاءكم തീർച്ചയായും നിങ്ങൾക്ക് വന്നിട്ടുണ്ട്. موسى മൂസാ. بالبينات വ്യക്തമായ തെളിവുകൾകൊണ്ട്. ثم اتخذتم പിന്നെ നിങ്ങൾ ഉണ്ടാക്കി, ഏർപ്പെടുത്തി. العجل പശുക്കുട്ടിയെ. من بعده അതിന്ശേഷം. وأنتم നിങ്ങൾ (ആയിക്കൊണ്ട്. ظالمون അക്രമികൾ.

അല്ലാഹു അവതരിപ്പിച്ചതിലെല്ലാം വിശ്വസിക്കൽ നിർബന്ധമാണല്ലോ. അപ്പോൾ നിങ്ങൾ ഖുർആനിൽ വിശ്വസിക്കേണ്ടതില്ലേ എന്ന് യഹൂദികളോട് പറയപ്പെട്ടാൽ, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തിൽ ഞങ്ങൾ വിശ്വസിക്കുന്നുണ്ട്, ഞങ്ങൾക്ക് അത് തന്നെ മതി എന്നായിരിക്കും അവരുടെ ഉത്തരം. ഖുർആനാണെങ്കിൽ, അവർക്ക് അവതരിക്കപ്പെട്ട ആ ഗ്രന്ഥത്തെ നിഷേധിക്കുകയല്ല- അതിൻെറ സത്യത സ്ഥാപിക്കുകയാണ്-ചെയ്യുന്നതും. എന്നിട്ടും അതിലവർ അവിശ്വസിക്കുകയാണ് ചെയ്യുന്നത്. ആ നിലക്ക് വേദത്തെപ്പറ്റി അറിയാത്തവരായ അറബികളേക്കാൾ വിശ്വാസത്തിലേക്ക് മുന്നോട്ട് വരേണ്ടവരാണവർ. എന്നാൽ, അവരുടെ കയ്യിലുള്ള ആ ഗ്രന്ഥത്തിൽ അവർ വിശ്വസിക്കുന്നുവെന്ന് പറഞ്ഞത് ശരിയാണോ? അല്ല. അതിലവർ ശരിക്ക് വിശ്വസിക്കുന്നുണ്ടെങ്കിൽ, മുമ്പ് അവരിലുണ്ടായിരുന്ന പല നബിമാരെയും അവർ കൊലപ്പെടുത്തുമായിരുന്നില്ല. അപ്പോൾ ആ പറഞ്ഞത് ശരിയല്ല. അത് മാത്രമോ? മൂസാ (عليه السلام) നബിയാണല്ലോ അവരുടെ പ്രവാചകൻമാരിൽ തലവൻ. അദ്ദേഹം അല്ലാഹുവിൻെറ ഏകത്വത്തിന് സുവ്യക്തങ്ങളായ പല ദൃഷ്ടാന്തങ്ങളും കൊണ്ട് വന്നിട്ടുകൂടി പശുക്കുട്ടിയെ ദൈവമാക്കി ആരാധിച്ചവരാണവർ. അപ്പോൾ, ഖുർആനിലും, നബി (ﷺ) യിലും അവർ വിശ്വസിക്കുന്നില്ലെന്ന് മാത്രമല്ല, അവരുടെ വേദഗ്രന്ഥമായ തൗറാത്തിലും, അവരുടെ പ്രവാചകനായ മൂസാ (عليه السلام) നബിയിലും തന്നെ ശരിക്ക് വിശ്വാസമില്ലാത്തവരാണവർ.

وَإِذْ أَخَذْنَا مِيثَـٰقَكُمْ وَرَفَعْنَا فَوْقَكُمُ ٱلطُّورَ خُذُوا۟ مَآ ءَاتَيْنَـٰكُم بِقُوَّةٍ وَٱسْمَعُوا۟ ۖ قَالُوا۟ سَمِعْنَا وَعَصَيْنَا وَأُشْرِبُوا۟ فِى قُلُوبِهِمُ ٱلْعِجْلَ بِكُفْرِهِمْ ۚ قُلْ بِئْسَمَا يَأْمُرُكُم بِهِۦٓ إِيمَـٰنُكُمْ إِن كُنتُم مُّؤْمِنِينَ ﴿٩٣﴾

93 നാം നിങ്ങളുടെ ഉറപ്പ് [കരാർ] വാങ്ങുകയും, നിങ്ങളുടെ മീതെ നാം 'ത്വൂർ' [പർവ്വതം] ഉയർത്തുകയും ചെയ്ത സന്ദർഭം; ''നിങ്ങൾക്ക് നാം നൽകിയതിനെ നിങ്ങൾ ബലമായി പിടിക്കുവിൻ; കേൾക്കുകയും (മനസ്സിലാക്കുകയും) ചെയ്യുവിൻ'' (എന്നു പറഞ്ഞുംകൊണ്ട്) . അവർ പറഞ്ഞു: ''ഞങ്ങൾ കേട്ടു; ഞങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നു.'' അവരുടെ അവിശ്വാസം നിമിത്തം, അവരുടെ ഹൃദയങ്ങളിൽ അവർക്ക് പശുക്കുട്ടി കുടിപ്പിക്കപ്പെടുക [പശുക്കുട്ടിയോടുള്ള സ്നേഹം നിറയുക] യും ചെയ്തിരിക്കുന്നു. പറയുക: ''നിങ്ങളുടെ (ആ) വിശ്വാസം നിങ്ങളോട് കൽപിക്കുന്നത് വളരെ ചീത്തയത്രെ -നിങ്ങൾ വിശ്വാസികളാണെങ്കിൽ!''

93 وَإِذْ أَخَذْنَا നാം വാങ്ങിയ സന്ദർഭം. مِيثَاقَكُمْ നിങ്ങളുടെ ഉറപ്പ് കരാർ. وَرَفَعْنَا നാം ഉയർത്തുകയും ചെയ്തു. فَوْقَكُمُ നിങ്ങളുടെ മീതെ. الطُّورَ ത്വൂർ പർവ്വതം. خُذُوا പിടിച്ചു (എടുത്തു) കൊള്ളുവിൻ. مَا آتَيْنَاكُم നിങ്ങൾക്ക് നാം നൽകിയത്. بِقُوَّةٍ ബലമായി. وَاسْمَعُوا കേൾക്കുകയും ചെയ്യുവിൻ. قَالُوا അവർ പറഞ്ഞു. سَمِعْنَا ഞങ്ങൾ കേട്ടു. وَعَصَيْنَا ഞങ്ങൾ അനുസരണക്കേട് കാണിച്ചു, എതിർ പ്രവർത്തിക്കുന്നു. وَأُشْرِبُوا അവർക്ക് കുടിപ്പിക്കപ്പെട്ടിരിക്കുന്നു. فِي قُلُوبِهِمُ അവരുടെ ഹൃദയങ്ങളിൽ. الْعِجْلَ പശുക്കുട്ടി. بِكُفْرِهِمْ അവരുടെ അവിശ്വാസം നിമിത്തം. قُلْ പറയുക. بِئْسَمَا യാതൊന്ന്, വളരെ ചീത്ത. يَأْمُرُكُم بِهِ അതിനെ നിങ്ങളോട് കൽപിക്കുന്നു. إِيمَانُكُمْ നിങ്ങളുടെ വിശ്വാസം. إِن كُنتُم നിങ്ങൾ ആകുന്നുവെങ്കിൽ. مُّؤْمِنِينَ വിശ്വാസികൾ.

ഇസ്റാഈല്യരോട് ഉറപ്പ് വാങ്ങിയെന്നും, പർവ്വതം ഉയർത്തിയെന്നും പറഞ്ഞത് മുമ്പ് 63-ാം വചനത്തിൽ പ്രസ്താവിച്ച അതേ സംഭവങ്ങൾ തന്നെ ഒന്നു കൂടി ആവർത്തിച്ച് ഓർമ്മിപ്പിക്കുകയും, അതോടൊപ്പം ബന്ധപ്പെട്ട ചില വിഷയങ്ങൾ കൂടി വിവരിക്കുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്. തൗറാത്ത് വളരെ കാര്യമായും കണിശമായും സ്വീകരിക്കണം, അതിലെ കൽപ്പനകളെല്ലാം കേട്ട് മനസ്സിലാക്കണം എന്നൊക്കെ അവരോട് പറഞ്ഞപ്പോൾ അവർ പറഞ്ഞ മറുപടി سمعنا وعصينا (ഞങ്ങൾ കേട്ടു, അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നു) എന്നായിരുന്നു. കാതുകൊണ്ട് കേട്ടുകൊള്ളാം, പക്ഷെ പ്രവർത്തനത്തിൽ കൊണ്ടുവരാൻ തയ്യാറില്ല എന്ന് സാരം. വാക്കുകളിലും പ്രവർത്തികളിലും ധിക്കാരവും ധാർഷ്ട്യവും കാണിക്കൽ ഇസ്റാഈല്യരുടെ പതിവാണല്ലോ. 'താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങളിവിടെ ഇരിക്കുകയാണ് ' എന്നും, 'അല്ലാഹുവിനെ നേരിൽ കാണാതെ ഞങ്ങൾ താങ്കളെ വിശ്വസിക്കുകയില്ല'. എന്നു മറ്റും മൂസാ (عليه السلام) നബിയോട് പറഞ്ഞതുമോലെയുള്ള ഒരു വാക്കായിട്ടേ അവരെ സംബന്ധിച്ചിടത്തോളം ഇതിനെപ്പറ്റിയും കരുതേണ്ടതുള്ളു. ഒരു പക്ഷെ, വായ കൊണ്ട് അനുസരിച്ചുവെന്നും, ഭാവംകൊണ്ടും പ്രവൃത്തി കൊണ്ടും അനുസരണക്കേട് കാണിക്കുകയാണുണ്ടായതെന്നും, ആയിരിക്കാം ആ വാക്കിന്റെ ഉദ്ദേശ്യം. അല്ലെങ്കിൽ, മല ഉയർത്തി ഉറപ്പ് വാങ്ങിയപ്പോൾ കേട്ടനുസരിച്ചുകൊള്ളാമെന്ന് പറഞ്ഞുവെന്നും, പിന്നീട് കുറേ കഴിഞ്ഞപ്പോൾ അനുസരിക്കുവാൻ തയ്യാറില്ലെന്ന് പറഞ്ഞു വെന്നും ആവാം. (അല്ലാഹുവിനറിയാം)

واشربوا فى قلوبهم الخ (അവരുടെ അവിശ്വാസം നിമിത്തം അവരുടെ ഹൃദയങ്ങളിൽ അവർക്ക് പശുക്കുട്ടി കുടിപ്പിക്കപ്പെട്ടിരിക്കുന്നു) എന്ന വാക്യം, അവർ ആരാധ്യവസ്തുവായി സ്വീകരിച്ച ആ പശുക്കുട്ടിയോട് അവർക്കുള്ള പ്രേമത്തിന്റെ ആധിക്യമാണ് ചൂണ്ടിക്കാട്ടുന്നത്. ആലങ്കാരികമായ ഒരു ഉന്നത സാഹിത്യശൈലിയിലാണ് ഈ വാചകമുള്ളത്. പശുക്കുട്ടിയെ- അഥവാ അതിനോടുള്ള പ്രേമത്തെ- ഒരു പാനീയത്തോടും, ഹൃദയങ്ങളെ വയറുകളോടും ഇതിൽ സാദൃശ്യപ്പെടുത്തിയിരിക്കുന്നു. വളരെ രുചികരവും ഹൃദ്യവുമായ പാനീയം മൂക്കറ്റം കുടിച്ച് വയറ് നിറഞ്ഞാലുണ്ടാകുന്ന ഒരു പ്രതീതിയാണ് ആ പശുക്കുട്ടിയോടുള്ള സ്നേഹത്തിൽ അവരുടേത്- ആകയാൽ അവരുടെ ഹൃദയത്തിലേക്ക് ഉപദേശങ്ങൾക്കൊന്നും പ്രവേശന മില്ലാതായിരിക്കുന്നു- എന്ന് ചുരുക്കം. ഞങ്ങൾ മുമ്പേ വിശ്വാസികളാണ്, ഇനി പുതുതായി ഒന്നിലും ഞങ്ങൾ വിശ്വസിക്കേണ്ടതില്ല എന്നാണല്ലോ യഹൂദികളുടെ വാദം. വിശ്വാസമാകട്ടെ, സൽക്കർമ്മങ്ങളിലേക്കും സൻമാർഗ്ഗത്തിലേക്കുമാണ് നയിക്കുക. അവരുടെ നിലയാണെങ്കിൽ നേരെ മറിച്ചുമാണ്. ഇതിനെപ്പറ്റിയാണ് അവരോട് بئسما يأمركم به ايمانكم (നിങ്ങളുടെ വിശ്വാസം നിങ്ങളോട് കൽപിക്കുന്നത് വളരെ ചീത്ത!) എന്ന് പറഞ്ഞിരിക്കുന്നത് നിങ്ങൾ വിശ്വസിച്ചിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല; ശരിയാണെങ്കിൽ നിങ്ങളുടെ സ്ഥിതി ഗതികൾ ഇപ്രകാരമാകുമായിരുന്നില്ല എന്ന് സൂചന.

قُلْ إِن كَانَتْ لَكُمُ ٱلدَّارُ ٱلْـَٔاخِرَةُ عِندَ ٱللَّهِ خَالِصَةً مِّن دُونِ ٱلنَّاسِ فَتَمَنَّوُا۟ ٱلْمَوْتَ إِن كُنتُمْ صَـٰدِقِينَ ﴿٩٤﴾

94 (നബിയേ) പറയുക: ''പരലോക ഭവനം(മറ്റുള്ള) മനുഷ്യരെക്കൂടാതെ, അല്ലാഹുവിങ്കല്‍ നിങ്ങള്‍ക്ക് മാത്രമായുള്ളതാണെങ്കില്‍, നിങ്ങള്‍ മരിക്കുവാന്‍ കൊതിക്കുവിന്‍- നിങ്ങള്‍ സത്യം പറയുന്നവരാണെങ്കില്‍!

وَلَن يَتَمَنَّوْهُ أَبَدًۢا بِمَا قَدَّمَتْ أَيْدِيهِمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّـٰلِمِينَ ﴿٩٥﴾

95 അവരുടെ കൈകള്‍ മുന്‍ചെയ്തു വെച്ചിട്ടുള്ളത് നിമിത്തം, അവര്‍ അതിന് ഒരു കാലത്തും കൊതിക്കുകയില്ല തന്നെ. അല്ലാഹു അക്രമികളെപ്പറ്റി (ശരിക്ക്) അറിയുന്നവനാകുന്നു.

وَلَتَجِدَنَّهُمْ أَحْرَصَ ٱلنَّاسِ عَلَىٰ حَيَوٰةٍ وَمِنَ ٱلَّذِينَ أَشْرَكُوا۟ ۚ يَوَدُّ أَحَدُهُمْ لَوْ يُعَمَّرُ أَلْفَ سَنَةٍ وَمَا هُوَ بِمُزَحْزِحِهِۦ مِنَ ٱلْعَذَابِ أَن يُعَمَّرَ ۗ وَٱللَّهُ بَصِيرٌۢ بِمَا يَعْمَلُونَ ﴿٩٦﴾

96 നിശ്ചയമായും, മനുഷ്യരില്‍വെച്ച് ജീവിതത്തിന് ഏറ്റവും ആര്‍ത്തിയുള്ളവരായി അവരെ നീ കണ്ടെത്തുക തന്നെ ചെയ്യും; 'ശിര്‍ക്ക്' [ബഹുദൈവ വിശ്വാസം]സ്വീകരിച്ചവരേക്കാള്‍ തന്നെയും അവരില്‍ ഒരാള്‍ [ഓരോരുത്തന്‍] മോഹിക്കുന്നു, തനിക്ക് ആയിരം കൊല്ലം ആയുസ്സ് നല്‍കപ്പെട്ടിരുന്നെങ്കില്‍ എന്ന്!. അവന് ദീര്‍ഘായുസ്സ് നല്‍കപ്പെടുന്നത് അവനെ ശിക്ഷയില്‍നിന്ന് അകറ്റിക്കളയുന്നതല്ല താനും. അല്ലാഹു അവര്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

---

94 **قُلْ** പറയുക. **إن كانت** ആണെങ്കില്‍, ആയിരുന്നാല്‍. **لكُم** നിങ്ങള്‍ക്ക്. **الدار الآخرةُ** പരലോക ഭവനം. **عند اللهِ** അല്ലാഹുവിങ്കല്‍. **خالصةً** മാത്രമായി. **مّن دون** കൂടാതെ, പുറമെ. **الناس** മനുഷ്യരെ. **فتمنوا** എന്നാല്‍ നിങ്ങള്‍ കൊതിക്കുവിന്‍. **الموت** മരണം, മരിക്കാന്‍. **إن كُنتم** നിങ്ങളാണെങ്കില്‍. **صادقين** സത്യം പറയുന്നവര്‍. 95 **ولن يتمنوه** അവര്‍ അതിന് കൊതിക്കുകയേ ഇല്ല. **أبدا** ഒരു കാലത്തും. **بما قدّمت** മുന്‍ ചെയ്തത് നിമിത്തം. **أيديهم** അവരുടെ കൈകള്‍. **والله** അല്ലാഹു. **عليم** (വളരെ) അറിയുന്നവനാണ്. **بالظالمين** അക്രമികളെപ്പറ്റി. 96 **ولتجِدنهم** തീര്‍ച്ചയായും അവരെ നീ കണ്ടെത്തുകതന്നെ ചെയ്യും. **أحرص الناس** മനുഷ്യരില്‍ ഏറ്റവും മോഹമുള്ളവരായി. **على حياة** ജീവിതത്തിന്. **ومن الذين** യാതൊരു കൂട്ടരെക്കാളും. **أشركُوا** അവര്‍ ശിര്‍ക്ക് സ്വീകരിച്ചു. **يود** മോഹിക്കുന്നു. **أحدهم** അവരിലൊരാള്‍. **لو يعمر** അവന് ദീര്‍ഘായുസ്സ് നല്‍കപ്പെട്ടിരുന്നെങ്കില്‍ എന്ന്. **ألف سنة** ആയിരംകൊല്ലം. **وما هو** അതല്ലതാനും. **بمزحزحه** അവനെ അകറ്റിക്കളയും. **من العذابِ** ശിക്ഷയില്‍നിന്ന്. **أن يعمر** അവന് ദീര്‍ഘായുസ്സ് നല്‍കപ്പെടല്‍. **والله** അല്ലാഹു. **بصير** കറിയുന്നവനാണ്. **بما يعملونَ** അവര്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി.

പരലോകഭവനം (الدار الآخرة) കൊണ്ടുദ്ദേശ്യം സ്വര്‍ഗ്ഗമത്രെ. സ്വര്‍ഗ്ഗം തങ്ങളുടെ കുത്തകാവകാശമാണെന്നും, മറ്റാരും സ്വര്‍ഗ്ഗത്തില്‍ പ്രവേശിക്കയില്ലെന്നും, തങ്ങള്‍ അല്ലാഹുവിന്‍റെ ഇഷ്ടക്കാരും മക്കളുമാണെന്നുമൊക്കെ യഹൂദികള്‍ വാദിക്കുന്നു. ക്രിസ്ത്യാനികളിലുമുണ്ട് ഈ വാദങ്ങള്‍. (2:80; 2:111; 5:20 നോക്കുക) ഈ വാദത്തെ അല്ലാഹു അടിയോടെ ഖണ്ഡിക്കുകയും, കളവാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. സത്യമായും,

ആത്മാർത്ഥതയോടുകൂടിയുമാണ് അവർ ഈ വാദം പുറപ്പെടുവിക്കുന്നതെങ്കിൽ അവരൊന്ന് മരിക്കുവാൻ കൊതിക്കട്ടെ എന്ന് പറഞ്ഞ് അല്ലാഹു മതിയാക്കുന്നില്ല. ഒരു കാലത്തും അവരതിന് തയ്യാറാകുകയില്ലെന്നു കൂടി ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. അത്രയുമല്ലാ എല്ലാ മനുഷ്യരെക്കാളും-പരലോകത്തിൽ വിശ്വസിക്കാത്ത മുശ്‌രിക്കുകളേക്കാൾ പോലും-ജീവിക്കുവാനുള്ള ആഗ്രഹമാണവർക്കുള്ളതെന്നും, ഒരു പക്ഷേ ആയിരം കൊല്ലത്തെ ജീവിതം അവരിൽ ആർക്കെങ്കിലും ലഭിച്ചാൽ തന്നെയും അതുകൊണ്ട് അവന് ശിക്ഷക്കു യാതൊരു ഒഴിവും ലഭിക്കുവാൻ പോകുന്നില്ലെന്നും കൂടി വ്യക്തമാക്കിയിരിക്കുന്നു.

فتمنوا الموت (നിങ്ങൾ മരിക്കുവാൻ കൊതിക്കുവിൻ) എന്നു പറഞ്ഞതിൻെറ താൽപര്യം അവർ അവരുടെ മനസ്സുകൊണ്ട് മോഹിക്കുക എന്നാവാൻ തരമില്ല. കാരണം, മനസ്സിൽ ഒട്ടും മോഹമില്ലാതെത്തന്നെ 'ഞങ്ങൾ മോഹിക്കുന്നു' എന്നു അവർ പറയുന്നപക്ഷം, അത് കളവാണെന്നു സ്ഥാപിക്കുവാൻ പ്രയാസമാണല്ലോ. അതുകൊണ്ട് تمنوا (നിങ്ങൾ കൊതിക്കുവിൻ) എന്നു പറഞ്ഞതിൻെറ സാരം രണ്ട് പ്രകാരത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ വിവരിച്ചിരിക്കുന്നു. (1) 'ഞങ്ങൾ മരിച്ചാൽ നന്നായേനേ' എന്ന് അവർ വായകൊണ്ടു പറയുക എന്നാണുദ്ദേശ്യം. ഖുർആൻെറ വാക്കിനോട് കൂടുതൽ യോജിച്ചത് ഇതാണെന്നും, ഇതിനാണ് മുൻഗണന നൽകേണ്ടതെന്നുമാണ് ഇമാം റാസീ(ﷺ) പറയുന്നത്. (2) മുസ്‌ലിംകളും യഹൂദികളുമാകുന്ന ഇരുകക്ഷികളിൽ അസത്യവാദിയായ കക്ഷി ഏതാണോ ആ കക്ഷി മരണമടയട്ടെ എന്നു പ്രാർത്ഥിക്കുവാൻ അവർ തയ്യാറാവുക എന്നാണ് സാരം. ഇബ്നു അബ്ബാസ് (ﷺ) ൻെറ അഭിപ്രായം ഇതാണ്. ഇതനുസരിച്ച് ഇത് യഹൂദികളോടുള്ള ഒരു 'മുബാഹലഃ' (അന്യോന്യം ശാപപ്രാർത്ഥന നടത്തൽ) ക്കുള്ള(*) ഒരു വെല്ലുവിളിയായിരിക്കും. ഇബ്നുകഥീർ (ﷺ) ശരിവച്ചിരിക്കുന്നത് ഈ അഭിപ്രായമാകുന്നു. ഒന്നാമത്തെ അഭിപ്രായത്തെ അദ്ദേഹം വിമർശിച്ചിരിക്കുകയാണ്. വിമർശനത്തിൻെറ ചുരുക്കം ഇതാകുന്നു;-

''ആ വ്യഖ്യാനം യഹൂദികൾക്കെതിരിൽ ന്യായീകരിക്കാവതല്ല. അവരുടെ വാദത്തിൽ അവർ സത്യവാൻമാരാണെന്നു അവർ വിശ്വസിക്കുന്നതുകൊണ്ട് അവർ മരണത്തിനു കൊതിച്ചുകൊള്ളണമെന്നില്ല. മരണമോഹവും നൻമയും തമ്മിൽ അഭേദ്യമായ ബന്ധമൊന്നുമില്ല. എത്രയോ നല്ല മനുഷ്യർ മരണപ്പെടുവാൻ മോഹിക്കാത്തവരായുണ്ട്. കൂടുതൽ പദവികൾ ലഭിക്കുവാനായിരിക്കും അവരുടെ മോഹം. 'ആയുസ്സു വർദ്ധിച്ചു കിട്ടുകയും, കർമ്മം നന്നായിരിക്കുകയും ചെയ്തവനാണ് നിങ്ങളിൽ വെച്ചു ഉത്തമൻ' എന്നു ഹദീസിൽ വന്നിട്ടുമുണ്ട്. യഹൂദികൾ ഇങ്ങിനെ പറയുവാനും ഇടയുണ്ട്: ''മുസ്‌ലിംകളേ, നിങ്ങൾ സ്വർഗ്ഗാവകാശികളാണെന്നു നിങ്ങൾ പറയുന്നുവല്ലോ. എന്നിട്ടും നിങ്ങൾ ആരോഗ്യമുള്ളപ്പോൾ മരിക്കുവാൻ കൊതിക്കുന്നില്ല. എന്നിരിക്കെ, നിങ്ങൾക്ക് ബാധകമാകാത്ത ആ കാര്യം ഞങ്ങൾക്കു ബാധകമാകുന്നതെങ്ങിനെ?'' പ്രസ്തുത വ്യാഖ്യാനത്തിൻെറ ന്യൂനതയാണിത്. ഇബ്നുഅബ്ബാസ്(ﷺ) ൻെറ വ്യാഖ്യാനപ്രകാരം ഈ ദോഷമൊന്നുമില്ല. നിങ്ങൾ സ്വർഗ്ഗാവകാശികളും, അല്ലാഹുവിൻെറ ഇഷ്ടക്കാരുമൊക്കെയാണെന്നു നിങ്ങൾക്ക് ശരിക്കു വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ ഒരു 'മുബാഹലഃ' ക്കു തയ്യാറാകുവിൻ. അഥവാ രണ്ടു കൂട്ടരിൽ വ്യാജവാദിയായ കക്ഷി ഏതാണെങ്കിൽ അവർ മരണമടയട്ടെ. എന്നു പ്രാർത്ഥന നടത്തുക എന്നാണ് ആ വ്യാഖ്യാനത്തിൻെറ താൽപര്യം. മുബാഹലഃ വ്യാജവാദികളെ തീർച്ചയായും നശിപ്പിക്കുമെന്ന് യഹൂദികൾക്ക് അറിയാവുന്നതുകൊണ്ട് അവരതിന് തയ്യാറായില്ല. ഈ മുബാഹലഃക്ക് تمني (കൊതിക്കുക) എന്നു പറയുവാൻ കാരണം, അസത്യത്തിൻെറ കക്ഷിയെ

* ഇരുകക്ഷികളിൽ വ്യാജവാദിയായ കക്ഷി ഏതാണോ അതിൻെറമേൽ അല്ലാഹുവിൻെറ ശാപത്തിനും ശിക്ഷക്കുംവേണ്ടി ഇരുകൂട്ടരും പ്രാർത്ഥിക്കുന്നതിനാണ് 'മുബാഹലഃ' (مباهلة) എന്നു പറയുന്നത്. ക്രി സ്ത്യാനികളെ ഒരു 'മുബാഹല'ക്കു ആഹ്വാനം ചെയ്ത വിവരം ആലുഇംറാൻ 61ൽ വെച്ചുകാണാവുന്നതാണ്.

അല്ലാഹു നശിപ്പിച്ചാൽ നന്നായേനേ എന്ന് സത്യത്തിൻെറ കക്ഷിക്കു കൊതിയുണ്ടാകുന്നതാണ് വ്യക്തമായ തെളിവുള്ളപ്പോൾ വിശേഷിച്ചും.''

ഏതായാലും യഹൂദികൾ ഈ വെല്ലുവിളിയെ നേരിടുവാൻ ധൈര്യപ്പെട്ടില്ല. ധൈര്യപ്പെടുകയില്ലെന്നു അല്ലാഹു തീർത്തു പറയുകയും ചെയ്തിട്ടുണ്ടല്ലോ. അപ്പോൾ, നബി (ﷺ) തിരുമേനിയുടെ സത്യതക്കു ഒന്നല്ല- രണ്ടു തെളിവുകൾ തന്നെ- ഈ വെല്ലുവിളി ഉൾക്കൊള്ളുന്നു. യഹൂദികളോടുള്ള ഈ വെല്ലുവിളി സൂറത്തുൽ ജുമഅ;യിലും ആവർത്തിക്കപ്പെട്ടു കാണാം. فل الله الحجة البالغة

വിഭാഗം–12

قُلْ مَن كَانَ عَدُوًّا لِّجِبْرِيلَ فَإِنَّهُۥ نَزَّلَهُۥ عَلَىٰ قَلْبِكَ بِإِذْنِ ٱللَّهِ مُصَدِّقًا لِّمَا بَيْنَ يَدَيْهِ وَهُدًى وَبُشْرَىٰ لِلْمُؤْمِنِينَ ﴿٩٧﴾

97 (നബിയേ) പറയുക: ആരെങ്കിലും ജിബ്‌രീലിന് ശത്രുവാണെങ്കിൽ (ആയിക്കൊള്ളട്ടെ) ! എന്നാൽ, അദ്ദേഹമത്രെ അല്ലാഹുവിൻെറ ഉത്തരവ് പ്രകാരം അത് [ഖുർആൻ] നിൻെറ ഹൃദയത്തിൽ അവതരിപ്പിച്ചത്; അതിൻെറ മുമ്പിലുള്ളതിനെ സത്യമാക്കിക്കൊണ്ടും, സത്യവിശ്വാസികൾക്ക് മാർഗ്ഗ ദർശനവും, സന്തോഷ വാർത്തയുമായിക്കൊണ്ടും.

مَن كَانَ عَدُوًّا لِّلَّهِ وَمَلَٰٓئِكَتِهِۦ وَرُسُلِهِۦ وَجِبْرِيلَ وَمِيكَىٰلَ فَإِنَّ ٱللَّهَ عَدُوٌّ لِّلْكَٰفِرِينَ ﴿٩٨﴾

98 ആരെങ്കിലും അല്ലാഹുവിനും, അവൻെറ മലക്കുകൾക്കും, അവൻെറ റസൂലുകൾക്കും, ജിബ്‌രീലിനും, മീകാഈലിനും ശത്രുവാണെങ്കിൽ (അവർ അറിഞ്ഞിരിക്കട്ടെ): എന്നാൽ, നിശ്ചയമായും അല്ലാഹു (ആ) അവിശ്വാസികൾക്ക് ശത്രുവാകുന്നു.

---

97 قُلْ പറയുക. مَن كَانَ ആരെങ്കിലുമാണെങ്കിൽ. عدوا ശത്രു. لجبريل ജിബ്‌രീലിന്. فإنه എന്നാലദ്ദേഹം. نزله അതിനെ അവതരിപ്പിച്ചു. على قلبك നിൻെറ ഹൃദയത്തിൽ. بإذْن ഉത്തരവ് (അനുമതി) പ്രകാരം. الله അല്ലാഹുവിൻെറ. مصدقًا സത്യമാക്കിക്കൊണ്ട്. لما بين يديه അതിൻെറ മുമ്പിലുള്ളതിനെ. وهدى മാർഗ്ഗദർശനമായും. وبشرى സന്തോഷവാർത്തയായും. للمؤمنين സത്യവിശ്വാസികൾക്ക്. 98 من كَانَ ആരെങ്കിലുമായാൽ. عدوا ശത്രു. لله അല്ലാഹുവിന്. وملائكته അവൻെറ മലക്കുകൾക്കും. ورسله അവൻെറ റസൂലുകൾക്കും, ദൂതൻമാർക്കും. وجبريلَ ജിബ്‌രീലിനും. وميكالَ മീകാഈലിനും. فَإن الله എന്നാൽ നിശ്ചയമായും അല്ലാഹു. عدو ശത്രുവാണ്. للكافرين അവിശ്വാസികൾക്ക്.

ജിബ്‌രീൽ (عليه السلام) തങ്ങളുടെ ശത്രുവാണെന്നും, അതിനാൽ അദ്ദേഹം കൊണ്ടു വന്നുതന്ന ഖുർആൻ തങ്ങൾക്ക് സ്വീകാര്യമല്ലെന്നും യഹൂദികൾ പറഞ്ഞതിനെത്തുടർന്നാണ് ഈ വചനങ്ങൾ അവതരിച്ചതെന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. ജിബ്‌രീലിനെ ആരെങ്കിലും ശത്രുവായി ഗണിക്കുന്നുവെങ്കിൽ ഗണിക്കട്ടെ, അതിൻെറ ഫലം അവർക്ക് കാണാം. എന്നാൽ, അവർ ഒരു യഥാർത്ഥം അറിഞ്ഞിരിക്കട്ടെ. അല്ലാഹുവിൻെറ ഉത്തരവുപ്രകാരമാണ് നബി (ﷺ) ക്ക് അദ്ദേഹം ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്. അല്ലാതെ, അദ്ദേഹത്തിൻെറ സ്വന്തം ഇഷ്ടത്തിനൊത്ത് അവതരിപ്പിച്ചതൊന്നുമല്ല. അല്ലാഹുവിൻെറ ഒരു ദൂതൻ മാത്രമാണദ്ദേഹം. ഖുർആനാകട്ടെ, മുൻ വേദങ്ങളെ നിഷേധിക്കുന്നുമില്ല. അവയുടെ സത്യത സ്ഥാപിക്കുക മാത്രമാണ് ചെയ്യുന്നത്. അതോടുകൂടി സത്യവിശ്വാസികൾക്ക് അത് സൻമാർഗ്ഗദായകവും വമ്പിച്ച നേട്ടങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നതു

മാണുതാനും. എന്നിരിക്കെ, ജിബ്‌രീലിനോട് പകവെക്കുന്നവർ, അല്ലാഹുവിനോടും, അവൻെറ ദൂതൻമാരായ ജിബ്‌രീൽ മീകാഈൽ തുടങ്ങിയ മലക്കുകളോടും, മനുഷ്യദൂതൻമാരായ പ്രവാചകൻമാരോടും പകവെക്കുകയാണ് ചെയ്യുന്നത്. ഇതാകട്ടെ, തനി കുഫ്‌റും നിഷേധവുമാണ്. അല്ലാഹു അവരുടെ ശത്രുവുമാകുന്നു. എന്നൊക്കെയാണ് അല്ലാഹു അവരോട് പറഞ്ഞതിൻെറ സാരം.

നബി (ﷺ) തിരുമേനിയും, യഹൂദികളും തമ്മിൽ നടന്ന ഒരു സംഭാഷണത്തിൽ, അവിടുത്തെ പ്രവാചകത്വത്തെ സംബന്ധിച്ച ഒരു വാഗ്വാദത്തിലായിരുന്നു അവർ ജിബ്‌രീൽ (عليه السلام) തങ്ങളുടെ ശത്രുവാണെന്ന് പറഞ്ഞതെന്നും, അതല്ല, ഉമറും (رضي الله عنه) അവരും തമ്മിൽ നടന്ന ഒരു സംഭാഷണത്തിലാണ് അതുണ്ടായതെന്നും കാണിക്കുന്ന രണ്ടു തരം രിവായത്തുകൾ കാണാം. എങ്കിലും നബി (ﷺ) യുമായി നടന്ന സംഭാഷണത്തിലാണെന്നുള്ള രിവായത്തുകൾക്കാണ് മുൻഗണനയുള്ളത്. രണ്ടായിരുന്നാലും അവയുടെ സാരം ചുരുക്കത്തിൽ ഇതാണ്: യഹൂദികൾ ചില ചോദ്യങ്ങൾ ഉന്നയിച്ചു. മറുപടി അവർ സമ്മതിക്കേണ്ടിവരുകയും ചെയ്തു. എന്നാൽ പിന്നെ നിങ്ങൾ എന്തുകൊണ്ട് നബി (ﷺ) യിൽ വിശ്വസിക്കുന്നില്ല? എന്ന് ചോദിക്കപ്പെട്ടപ്പോൾ അവർ മറുപടി പറഞ്ഞത് ഇങ്ങിനെയായിരുന്നു: 'നബി (ﷺ) ക്ക് വഹ്‌യ് കൊണ്ടുവരുന്നത് ജിബ്‌രീലാകകൊണ്ടാണ് ഞങ്ങൾ വിശ്വസിക്കാത്തത്. അദ്ദേഹം ഞങ്ങളുടെ ശത്രുവാണ്. ആപത്തുകളും ശിക്ഷകളുമായി വരുന്ന ആളാണദ്ദേഹം. മീകാഈലാണ് കൊണ്ടുവരുന്നതെങ്കിൽ ഞങ്ങൾ വിശ്വസിക്കുമായിരുന്നു. അദ്ദേഹം ഞങ്ങളുടെ മിത്രമാണ്'.

അനസ് (رضي الله عنه) പ്രസ്താവിച്ചതായി ബുഖാരീ (رحمه الله) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിട്ടുള്ളതിൻെറ ചുരുക്കം ഇപ്രകാരമാകുന്നു: 'റസൂൽ (ﷺ) തിരുമേനി മദീനായിൽ വന്ന വിവരം അറിഞ്ഞ് അബ്ദുല്ലാഹിബ്‌നു സലാം(رضي الله عنه) തിരുമേനിയുടെ അടുക്കൽ വന്നു. പ്രവാചകൻമാർക്കല്ലാതെ മറുപടി പറയുവാൻ കഴിയാത്ത ചില കാര്യങ്ങളെക്കുറിച്ച് നബി (ﷺ) യോട് ചില ചോദ്യങ്ങൾ ചോദിച്ചു. അൽപം മുമ്പ് ജിബ്‌രീൽ (عليه السلام) എനിക്ക് അവയെക്കുറിച്ച് വിവരം നൽകിയിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് നബി (ﷺ) അതിന് മറുപടിയും കൊടുത്തു. ജിബ്‌രീൽ (عليه السلام) നെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "ജിബ്‌രീലോ? അദ്ദേഹം യഹൂദികളുടെ ശത്രുവാണ്.' അപ്പോൾ, തിരുമേനി ഈ വചനങ്ങൾ ഓതി, തിരുമേനിയുടെ മറുപടി കേട്ട് അബ്ദുല്ലാഹിബ്‌നുസലാം (رضي الله عنه) അപ്പോൾ തന്നെ വിശ്വസിക്കുകയും ചെയ്തു. ഇമാം അസ്ഖലാനീ (رحمه الله) ബുഖാരിയുടെ വ്യാഖ്യാനത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ, അബ്ദുല്ലാഹി ബ്‌നുസലാം (رضي الله عنه) ൻെറ സംഭാഷണത്തിന് മുമ്പ് ഈ വചനങ്ങൾ അവതരിച്ചിട്ടുണ്ടായിരിക്കുമെന്നാണ് ഈ ഹദീസിൽ നിന്ന് വ്യക്തമാകുന്നത്. **الله اعلم** യഹൂദികളുടെ കൂട്ടത്തിലുള്ള ഒരു വലിയ പണ്ഡിതനും നേതാവുമായിരുന്നു അബ്ദുല്ലാഹിബ്‌നുസലാം(رضي الله عنه)

99 തീർച്ചയായും, നിനക്ക് നാം സുവ്യക്തങ്ങളായ പല ദൃഷ്ടാന്തങ്ങൾ ഇറക്കിത്തന്നിട്ടുണ്ട്. തോന്നിയവാസികളല്ലാതെ (ആരും) അവയിൽ അവിശ്വസിക്കുകയില്ല.

وَلَقَدْ أَنزَلْنَآ إِلَيْكَ ءَايَٰتٍۭ بَيِّنَٰتٍۖ وَمَا يَكْفُرُ بِهَآ إِلَّا ٱلْفَٰسِقُونَ ﴿٩٩﴾

100 അവർ വല്ല കരാറും (അഥവാ പ്രതിജ്ഞയും) ചെയ്യുമ്പോഴൊക്കെയും അവരിൽ നിന്ന് ഒരു കൂട്ടർ അതിനെ വലിച്ചെറിയുകയാണോ?! എന്നല്ല, അവരിൽ അധികമാളും വിശ്വസിക്കുന്നില്ല.

أَوَكُلَّمَا عَٰهَدُوا۟ عَهْدًا نَّبَذَهُۥ فَرِيقٌ مِّنْهُم ۚ بَلْ أَكْثَرُهُمْ لَا يُؤْمِنُونَ ﴿١٠٠﴾

101 അവരുടെ കൂടെയുള്ളതിനെ സത്യമാക്കുന്നതായ ഒരു റസൂൽ അവർക്ക് അല്ലാഹുവിങ്കൽനിന്ന് വന്നപ്പോൾ,

وَلَمَّا جَآءَهُمْ رَسُولٌ مِّنْ عِندِ ٱللَّهِ مُصَدِّقٌ

لِّمَا مَعَهُمۡ نَبَذَ فَرِيقٞ مِّنَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ كِتَٰبَ ٱللَّهِ وَرَآءَ ظُهُورِهِمۡ كَأَنَّهُمۡ لَا يَعۡلَمُونَ ١٠١

ഗ്രന്ഥം നൽകപ്പെട്ടവരിൽ ഒരു കൂട്ടർ അല്ലാഹുവിൻെറ ഗ്രന്ഥം തങ്ങളുടെ പിൻ പുറത്തേക്ക് വലിച്ചെറിഞ്ഞു; അവർ അറി യാത്തതുപോലെ.

---

99 **ولَقَد** തീർച്ചയായും ഉണ്ട്. **أنزلنا** നാം ഇറക്കി (യിട്ടുണ്ട്) . **إليك** നിനക്ക്. **آيات** പല ദൃഷ്ടാന്തങ്ങൾ, സൂക്തങ്ങൾ. **بينات** സുവ്യക്തങ്ങളായ. **وما يكْفُر** അവിശ്വസിക്കുകയില്ല (താനും) . **بها** അവയിൽ. **إلا الْفَاسقُون** തോന്നിയവാസികൾ (ദുർന്നടപ്പുകാർ) അല്ലാതെ. 100 **أو كُلما** എല്ലായ്പ്പോഴുമോ. **عاهدوا** അവർ കരാർ ചെയ്തു. **عهدا** വല്ല കരാറും, ഒരു ഉടമ്പടി. **نبذَه** അതിനെ ഇട്ടു (എറിഞ്ഞു) കളഞ്ഞു. **فَريق منهم** അവരിൽനിന്ന് ഒരു സംഘം. **بلْ** എന്നല്ല പക്ഷെ. **أكْثَرهم** അവരിലധികം (ആൾ) . **لا يؤمنونَ** വിശ്വസിക്കുന്നില്ല. 101 **ولما جاءَهم** അവർക്ക് വന്നപ്പോൾ. **رسولٌ** ഒരു റസൂൽ. **من عند الله** അല്ലാഹു വിൻെറ അടുക്കൽനിന്ന്. **مصدق** സത്യമാക്കുന്ന. **لما معهم** അവരുടെ കൂടെയുള്ളതിനെ. **نبذَ** ഇട്ടു (എ റിഞ്ഞു) കളഞ്ഞു. **فَريق** ഒരു കൂട്ടർ, വിഭാഗം. **من الذين** യാതൊരുവരിൽ നിന്ന്. **أوتوا الْكتاب** അവർക്ക് (വേദ) ഗ്രന്ഥം നൽകപ്പെട്ടു. **كتاب الله** അല്ലാഹുവിൻെറ ഗ്രന്ഥത്തെ. **وراءَ** പിമ്പുറത്ത്. **ظُهورهم** തങ്ങ ളുടെ മുതുക് (പുറം) കളുടെ. **كَأنهم** അവർ (ആകുന്നു) എന്നപോലെ. **لا يعلمونَ** അവർ അറിയു ന്നില്ല.

സുവ്യക്തങ്ങളായ ദൃഷ്ടാന്തങ്ങൾ (ايات بينات) എന്ന വാക്ക് ഏതെങ്കിലും പ്രത്യേക തരത്തിലുള്ള ദൃഷ്ടാന്തങ്ങളെ സൂചിപ്പിക്കുന്നില്ലെങ്കിലും സന്ദർഭം നോക്കുമ്പോൾ, വേദക്കാരുമായി ബന്ധപ്പെട്ട ദൃഷ്ടാന്തങ്ങളെ ഉദ്ദേശിച്ചായിരിക്കുവാനാണ് കൂടുതൽ സാദ്ധ്യത. യഹൂദികൾക്കു മാത്രം അറിയാമായിരുന്ന വിവരങ്ങൾ, അല്ലെങ്കിൽ അവരുടെ പണ്ഡി തൻമാർക്കു മാത്രം അറിയാമായിരുന്ന രഹസ്യങ്ങൾ, മുൻഗാമികളായ ഇസ്റാഈല്യരിൽ കഴിഞ്ഞുപോയ വാർത്തകൾ, വേദഗ്രന്ഥത്തിൽ അവർ നടത്തിയ കൈകടത്തലുകൾ ആദിയായവയെപ്പറ്റി ഖുർആൻ മുഖേന നബി (ﷺ) വെളിപ്പെടുത്തിയ ദൃഷ്ടാന്തങ്ങളെല്ലാം അതിൽ ഉൾപ്പെടുന്നു. അക്ഷരജ്ഞാനവും, വേദഗ്രന്ഥങ്ങളെക്കുറിച്ച് പരിചയവും ഇല്ലാത്ത നബി (ﷺ) അതെല്ലാം വെളിപ്പെടുത്തുമ്പോൾ, അവിടുത്തെ സത്യതയെ നിഷേധിക്കുവാൻ നിഷ്പക്ഷ ബുദ്ധിയും നീതിബോധവുമുള്ള ആർക്കും സാദ്ധ്യമല്ലല്ലോ. ധിക്കാരികളും തോന്നിയവാസികളും മാത്രമേ അതിനു മുതിരുകയുള്ളൂ.

പ്രതിജ്ഞകളും, കരാറുകളും ലംഘിക്കൽ ഇസ്റാഈല്യരുടെ ചിരകാല പാരമ്പര്യമാണെന്നു ഇതുവരെയുള്ള വചനങ്ങളിൽ നിന്നു വ്യക്തമാണ്. എന്നാലും അതിൽ ഉൾപ്പെടാത്തവരായി ചുരുക്കം വ്യക്തികളെങ്കിലും നല്ലവരുണ്ടായിരിക്കുമെന്ന് പറയേണ്ടതില്ല. അതാണ് 'അവർ അത് വലിച്ചെറിഞ്ഞു' എന്ന് പറയാതെ 'അവരിൽ ഒരു കൂട്ടർ അത് വലിച്ചെറിഞ്ഞു (نبذ فريق منهم)' എന്നു പറഞ്ഞതിലെ സൂചന. പക്ഷെ, കരാർ പാലിക്കാതെ വലി ച്ചെറിഞ്ഞവരായിരുന്നു അവരിൽ അധികഭാഗവും എന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. കരാർ ലംഘിക്കുക പതിവാക്കിയ അവർ അവസാനം അവരുടെ വേദഗ്രന്ഥത്തെത്തന്നെ പുറം തള്ളിക്കളയുകയാണ് ചെയ്തിരിക്കുന്നത്. അതെ, അവരുടെ ഗ്രന്ഥത്തിൽ പ്രവചിച്ചതും, അവർക്ക് വേണ്ടത്ര അറിയാവുന്നതും, അവർ അക്ഷമരായി കാത്തിരുന്നതും, തങ്ങളുടെ ഗ്രന്ഥത്തിൻെറ സാതൃത ശരിവെച്ച് സ്ഥാപിക്കുന്നതുമായ ആ അന്ത്യപ്രവാചകൻ വന്നു കഴിഞ്ഞപ്പോൾ, തങ്ങൾക്കു അദ്ദേഹത്തെപ്പറ്റിയാതൊന്നും അറിയാത്ത ഭാവത്തിൽ – തനി അസൂയയും ധിക്കാരവും കൊണ്ടു മാത്രം–അദ്ദേഹത്തെ അവർ നിഷേധിക്കുകയാണ് ചെയ്തത്. അങ്ങനെ തങ്ങൾ വിശ്വസിക്കുന്നതും, തങ്ങളുടെ ഏക ഗ്രന്ഥവുമെന്ന് അവർ അവക ാശപ്പെടുന്നതുമായ തൗറാത്തിനെ പുറകോട്ട് വലിച്ചെറിയുകയാണ് ഫലത്തിൽ അവർ ഇപ്പോൾ

ചെയ്തിരിക്കുന്നത്. അത് മാത്രമോ? അവർ ‘സിഹ്റി’ൻെറ മാർഗ്ഗം പിൻപറ്റുക കൂടി ചെയ്തിരിക്കുകയാണ്. അല്ലാഹു പറയുന്നു;-

102 സുലൈമാൻെറ രാജവാഴ്ചയെപ്പറ്റി പിശാചുക്കൾ ഓതി (പ്രചരിപ്പിച്ചു) വന്നിരുന്നതിനെ അവർ പിൻപറ്റുകയും ചെയ്തു. സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, മനുഷ്യർക്ക് ‘സിഹ്ർ’ [ആഭിചാരം] പഠിപ്പിച്ചുകൊണ്ട് പിശാചുക്കളത്രെ അവിശ്വസിച്ചത്. ബാബിലിൽ [ബാബിലോണിൽ] ഹാറൂത്തും, മാറൂത്തുമെന്ന രണ്ടു മലക്കുകൾക്ക് ഇറക്കപ്പെട്ടതും (അവർ പിൻപറ്റി) . (അവരാകട്ടെ.) “ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ നീ അവിശ്വസിച്ചു പോകരുത്” എന്നു പറയാതെ, ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല. എന്നാൽ, മനുഷ്യൻെറയും, അവൻെറ ഇണയുടെയും ഇടയിൽ ഭിന്നിപ്പിക്കുന്ന കാര്യം അവർ ആ രണ്ടാളിൽനിന്നും പഠിച്ചിരുന്നു. (വാസ്തവത്തിൽ) , അല്ലാഹുവിൻെറ അനുമതി പ്രകാരമല്ലാതെ ഒരാൾക്കും തന്നെ അതുകൊണ്ട് അവർ ഉപദ്രവം വരുത്തുന്നവരല്ലതാനും. അവർക്ക് ഉപദ്രവം വരുത്തുകയും, അവർക്ക് ഉപകാരം ചെയ്യാതിരിക്കുകയും ചെയ്യുന്ന കാര്യം അവർ പഠിക്കുകയും ചെയ്യും. തീർച്ചയായും, അവർ അറിഞ്ഞിട്ടുണ്ട്; അതിനെ ആർ വാങ്ങിയോ അവന് പരലോകത്തിൽ യാതൊരു ഓഹരിയും ഇല്ലെന്ന്. യാതൊന്നിന് (പകരം) അവർ തങ്ങളുടെ സ്വന്തങ്ങളെ വിറ്റു (കളഞ്ഞു) വോ അത് വളരെ ചീത്തതന്നെ! അവർ അറിഞ്ഞിരുന്നുവെങ്കിൽ (നന്നായേനെ) !

وَٱتَّبَعُوا۟ مَا تَتْلُوا۟ ٱلشَّيَـٰطِينُ عَلَىٰ مُلْكِ سُلَيْمَـٰنَ ۖ وَمَا كَفَرَ سُلَيْمَـٰنُ وَلَـٰكِنَّ ٱلشَّيَـٰطِينَ كَفَرُوا۟ يُعَلِّمُونَ ٱلنَّاسَ ٱلسِّحْرَ وَمَآ أُنزِلَ عَلَى ٱلْمَلَكَيْنِ بِبَابِلَ هَـٰرُوتَ وَمَـٰرُوتَ ۚ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّىٰ يَقُولَآ إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ ۖ فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِۦ بَيْنَ ٱلْمَرْءِ وَزَوْجِهِۦ ۚ وَمَا هُم بِضَآرِّينَ بِهِۦ مِنْ أَحَدٍ إِلَّا بِإِذْنِ ٱللَّهِ ۚ وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنفَعُهُمْ ۚ وَلَقَدْ عَلِمُوا۟ لَمَنِ ٱشْتَرَىٰهُ مَا لَهُۥ فِى ٱلْـَٔاخِرَةِ مِنْ خَلَـٰقٍ ۚ وَلَبِئْسَ مَا شَرَوْا۟ بِهِۦٓ أَنفُسَهُمْ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿١٠٢﴾

103 അവർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ! അല്ലാഹുവിങ്കൽ നിന്നുള്ള ഏതൊരു പ്രതിഫലവും ഏറ്റവും ഉത്തമമത്രെ. അവർ അറിഞ്ഞിരുന്നുവെങ്കിൽ (നന്നായേനെ) !

وَلَوْ أَنَّهُمْ ءَامَنُوا۟ وَٱتَّقَوْا۟ لَمَثُوبَةٌ مِّنْ عِندِ ٱللَّهِ خَيْرٌ ۖ لَّوْ كَانُوا۟ يَعْلَمُونَ ﴿١٠٣﴾

---

102 **واتبعوا** അവൻ പിൻപറ്റുകയും ചെയ്തു. **ما تتلوا** ഓതിയിരുന്നതിനെ. **الشياطين** പിശാചുക്കൾ. **على ملك** രാജത്വത്തിൻെറ പേരിൽ, രാജവാഴ്ചയെപ്പറ്റി. **سليمانَ** സുലൈമാൻെറ. **وما كفر** അവിശ്വസിച്ചിട്ടുമില്ല. **سليمانُ** സുലൈമാൻ. **ولكن** എങ്കിലും. **الشياطين** പിശാചുക്കൾ. **كفروا** അവർ അവിശ്വസിച്ചു. **يعلمونَ** പഠിപ്പിച്ചുകൊണ്ട്. **الناس** മനുഷ്യർക്ക്. **السحر** സിഹ്ർ, ആഭിചാരം, മാരണം,. **وما أنزلَ** ഇറക്കപ്പെട്ടതും. **على الملكين** രണ്ട് മലക്കുകളുടെമേൽ. **ببابِلَ** ബാബിലി (ബാബിലോണി) ൽ. **هاروت** അതായത് ഹാറൂത്തിന്. **وماروت** മാറൂത്തിനും. **وما يعلمان** അവർ രണ്ടാളും പഠിപ്പിച്ചിരുന്നില്ല. **من أحد**

ഒരാൾക്കുംതന്നെ. **حتى يقُولا** അവർ രണ്ടാളും പറയുന്നത്വരെ (പറയാതെ) . **إنما نحن** ഞങ്ങൾ മാത്രമാണ്, നിശ്ചയമായും ഞങ്ങൾ. **فتنةٌ** ഒരു പരീക്ഷണം (മാത്രമാണ്) . **فَلَا تكْفُر** അതിനാൽ നീ അവിശ്വസിക്കരുത്, കാഫിറാകേണ്ട. **فَيتعلمونَ** എന്നിട്ട് അവർ പഠിച്ചിരുന്നു, പഠിക്കും. **منهما** രാളിൽനിന്നും. **ما** യാതൊന്ന്, ഒരു കാര്യം. **يفَرقُونَ** അവർ ഭിന്നിപ്പുാക്കും, വേർപെടുത്തും. **به** അതുകൊണ്ട്, അതിനാൽ. **بين المرءِ** മനുഷ്യന്റെ ഇടയിൽ. **وزوجه** അവന്റെ ഇണ (ഭാര്യ) യുടെയും. **وما هم** അവരല്ലതാനും. **بِضارين** ഉപദ്രവം വരുത്തുന്നവർ. **به** അതുകൊണ്ട്. **من أحد** ഒരാളെയും (തന്നെ) . **إلا بِإِذْنِ** അനുമതി (ഉത്തരവ്) കൂടാതെ. **اللهِ** അല്ലാഹുവിന്റെ. **ويتعلمونَ** അവർ പഠിക്കുകയും ചെയ്യും. **ما يضرهم** അവർക്ക് ഉപദ്രവം വരുത്തുന്നത്. **ولا ينفعهم** അവർക്ക് ഉപകാരം ചെയ്യാത്തതും. **ولَقَد علموا** തീർച്ചയായും അവർ അറിഞ്ഞിട്ടുണ്ട്. **لمنِ اشتراه** അതിനെ വാങ്ങിയവൻ (തീർച്ചയായും) . **ما لَه** അവനില്ല. **في الآخرة** പരലോകത്തിൽ. **من خلاقٍ** ഒരു ഓഹരിയും, വിഹിതവും. **ولَبِئْس** വളരെ ചീത്തതന്നെ. **ما** യാതൊന്ന് (കാര്യം) . **شروا** അവർ വിറ്റു. **به** അതിന്. **أنفُسهم** തങ്ങളെത്തന്നെ, തങ്ങളുടെ സ്വന്തങ്ങളെ. **لو كَانوا** അവരായിരുന്നെങ്കിൽ (നന്നായേനെ) . **يعلمونَ** അവർ അറിയും. 103 **ولَو أنهم** അവർ ആയിരുന്നെങ്കിൽ. **آمنوا** അവർ വിശ്വസിച്ചു. **واتقَوا** അവർ സൂക്ഷിക്കുകയും ചെയ്തു. **لَمثُوبةٌ** തീർച്ചയായും വല്ല പ്രതിഫലവും, ഒരു പ്രതിഫലം. **منّ عند اللهِ** അല്ലാഹുവിന്റെ പക്കൽനിന്നുള്ള. **خير** നല്ലതാണ്, ഏറ്റം ഉത്തമമാണ്. **لو كَانوا** അവരായിരുന്നെങ്കിൽ. **يعلَمونَ** അവർ അറിയും.

ഇസ്റാഈല്യർ തങ്ങളുടെ വേദഗ്രന്ഥത്തിന്റെ അദ്ധ്യാപനങ്ങളെ പുറംതള്ളിക്കളഞ്ഞ വിവരം കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. അവരുടെ മറ്റൊരു ദുഷ്ചെയ്തിയാണ് ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. 'സിഹ്ർ' അഥവാ ക്ഷുദ്രകല അഭ്യസിക്കലും, പ്രവർത്തിക്കലും, പ്രചരിപ്പിക്കലും, അതിന് മതത്തിന്റെ പരിവേഷം നൽകലും അവരുടെ പതിവായിരുന്നു. പല കൃതികളും ഈ വിഷയത്തിൽ അവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. അങ്ങിനെയുള്ള കൃതികളെല്ലാം ശേഖരിച്ച് സുലൈമാൻ (عليه السلام) നബി ഭൂമിക്കടിയിൽ കുഴിച്ചിട്ടുവെന്നും, അദ്ദേഹത്തിന്റെ മരണത്തിനുശേഷം പിശാചുക്കൾ അവയെപ്പറ്റി മനുഷ്യർക്ക് അറിവു കൊടുത്തുവെന്നും, ജനങ്ങൾ അവ കണ്ടെടുത്ത് അവ ഉപയോഗപ്പെടുത്തി വന്നുവെന്നും പ്രസ്താവിക്കപ്പെട്ടു കാണുന്നു. ഏതായാലും സുലൈമാൻ (عليه السلام) ന്റെ രാജാവാഴ്ച നടന്ന കാലത്ത് ജിന്നുകൾ, പറവകൾ മുതലായവയെ കീഴ്പ്പെടുത്തുക തുടങ്ങി മറ്റാർക്കും സിദ്ധിക്കാത്ത പല കഴിവുകളും അദ്ദേഹത്തിന് സിദ്ധിച്ചിരുന്നുവല്ലോ. ഇതൊക്കെ സിഹ്ർ മൂലമാണെന്ന് അവർ ജനമദ്ധ്യെ പ്രചരിപ്പിച്ചു. അങ്ങിനെ സിഹ്റിനു പ്രചുരപ്രചാരം സിദ്ധിച്ചു. ഇതിനെപ്പറ്റിയാണ് ഈ വചനത്തിൽ പരാമർശിക്കുന്നത്. സിഹ്റിന്റെ പാരമ്പര്യം നിലനിറുത്തിപ്പോന്ന യഹൂദികൾ സുലൈമാൻ (عليه السلام) നെ ആഭിചാര വിദഗ്ദനായ ഒരു രാജാവായി ഗണിച്ചു വരുന്നു. അതിനൊരു ഖണ്ഡനം കൂടിയാണ് ഈ വചനം.

تلاوة (ഓതുക, പാരായണം ചെയ്യുക) എന്ന വാക്ക് വേദഗ്രന്ഥങ്ങളെപ്പോലെ വന്ദിക്കപ്പെടുന്ന ഗ്രന്ഥങ്ങളുടെ വായനയിലാണ് സാധാരണ ഉപയോഗിക്കപ്പെടാറുള്ളത്. സിഹ്റിനു ഒരു മത വിജ്ഞാനത്തിന്റെ ഛായ കൂടി അവർ നൽകിയിരുന്നതു കൊണ്ടാണ് ما تتلو الشياطين (പിശാചുക്കൾ ഓതിക്കൊടുത്തിരുന്നത്) എന്ന് സിഹ്റിന്റെ വായനയെപ്പറ്റി പ്രസ്താവിച്ചതെന്നു ഇമാം റാഗിബ് (رحمه الله) ചൂണ്ടിക്കാട്ടിയിരിക്കുന്നു. 'പിശാചുക്കൾ' കൊണ്ട് ഇവിടെ ഉദ്ദേശ്യം ജിന്നു വർഗ്ഗത്തിൽ പെട്ടവരും, മനുഷ്യവർഗ്ഗത്തിൽ പെട്ടവരുമായ രണ്ടുതരം പിശാചുക്കളുമാണെന്നാണ് മനസ്സിലാകുന്നത്. 'മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളെ എല്ലാ നബിമാർക്കും നാം ശത്രുക്കളായിട്ടുണ്ട് ....وكذلك جعلنا لكل نبي عدو' എന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. (6: 112)

ആഭിചാരം, ക്ഷുദ്രം, ഇന്ദ്രജാലം, ചെപ്പടിവിദ്യ, മായതന്ത്രം, വശീകരണം, ജാലവിദ്യ, കൺകെട്ട്, മാരണം, എന്നീ അർത്ഥങ്ങളിലെല്ലാം മൊത്തത്തിൽ ഉപയോഗിക്കുന്ന വാക്കാണ് 'സിഹ്ർ' (السحر) കാര്യകാരണബന്ധം മനസ്സിലാക്കുവാൻ പ്രയാസമായ എല്ലാ ഉപായ കൃത്യങ്ങൾക്കും സിഹ്ർ എന്നു പറയാം, സിഹ്റിൻെറ പല വകുപ്പുകളും ഉദാഹരണങ്ങളും പല മഹാൻമാരും വിവരിച്ചു കാണാം. ചുരുക്കത്തിൽ മന്ത്രതന്ത്രങ്ങൾ, ജപഹോമാദികൾ, ഉറുക്കു നറുക്കുകൾ, അക്കക്കളങ്ങൾ, രക്ഷാതകിടുകൾ, കയ്യൊതുക്കം, മെസ്മരിസം, ഹിപ്നോട്ടിസം, മയക്കുവിദ്യകൾ ആദിയായവയെല്ലാം സിഹ്റിൻെറ ഇനങ്ങളത്രെ. 'ഇസ്മിൻെറ പണി' 'ത്വൽസമാത്ത് ' മുതലായ പേരുകളിലറിയപ്പെടുന്ന വിദ്യകളും അങ്ങിനെത്തന്നെ. മിക്കതിലും ഭൂതം, ജിന്ന്, മലക്ക്, ദേവൻ, ദേവി, പിശാച്, മരണമടഞ്ഞവർ, നക്ഷത്രഗ്രഹങ്ങൾ ആദിയായ ഏതിൽ നിന്നെങ്കിലുമുള്ള സഹായാർത്ഥനളും, ചില പ്രത്യേക തരത്തിലുള്ള കർമ്മ മുറകളും അടങ്ങിയിരിക്കും. ചിലപ്പോൾ, ചില മരുന്നുകളും മന്ത്രതന്ത്രങ്ങളും കൂട്ടിയിണക്കി ക്കൊണ്ടുമായിരിക്കും . ഗൂഢവും അദൃശ്യവുമായ മാർഗ്ഗത്തിലൂടെ ആപത്തുകളിൽനിന്നു രക്ഷനേടുക, ശത്രുക്കൾക്കും മററും ആപത്ത് വരുത്തുക, മറഞ്ഞ കാര്യങ്ങൾ അറിയുക, വൻകാര്യങ്ങൾ സാധിക്കുക, ആളുകൾ തമ്മിൽ ഇണക്കുകയോ പിണക്കുകയോ ചെയ്യുക, മരണപ്പെട്ടവരുടെ ആത്മാക്കളുമായി ബന്ധപ്പെടുക, അൽഭുത കൃത്യങ്ങൾ കാണിക്കുക. മുതലായവയാണ് സിഹ്റിൻെറ ലക്ഷ്യങ്ങൾ, മിക്കവാറും ഇനങ്ങൾ യാഥാർത്ഥ്യമില്ലാത്തതും, തനി പകിട്ടും മായയുമായിരിക്കും . ചിലതാകട്ടെ, മാനസികമായ ചില മാറ്റങ്ങൾ ഉണ്ടാകുന്നതും, അതുവഴി ചില അനുഭവങ്ങൾ പ്രകടമാകുന്നതുമായിരിക്കും.

മേൽവിവരിച്ചതിൽനിന്ന് സിഹ്ർ പല തരത്തിലുണ്ടെന്നും, ഗൗരവത്തിലും ലാഘവത്തിലും എല്ലാം ഒരുപോലെയല്ലെന്നും മനസ്സിലാക്കാമല്ലോ. മൊത്തത്തിൽ എല്ലാം കുറ്റകരവും വെറുക്കപ്പെട്ടതും തന്നെയെങ്കിലും എല്ലാ തരം സിഹ്റും യഥാർത്ഥത്തിൽ ശിർക്കും കുഫ്റുമാകുന്നില്ല എന്നുള്ളതാണ് വാസ്തവം. എല്ലാ സിഹ്റും കുഫ്റാണെന്നു ചിലർ പറഞ്ഞു കാണാമെങ്കിലും സിഹ്റിൻെറ അർത്ഥവ്യാപ്തിയും അതിലെ തരാതരങ്ങളും ഗൗനിക്കാതെയുള്ള ഒരഭിപ്രായം മാത്രമാണത്. ഏതായാലും സത്യവിശ്വാസത്തിനും സത്യവിശ്വാസികൾക്കും യോജിക്കാത്തതും, അവിശ്വാസത്തിനും, അവിശ്വാസികൾക്കും മാത്രം യോജിക്കുന്നതുമാണ് സിഹ്റിൻെറ എല്ലാ ഇനങ്ങളുമെന്നതിൽ സംശയമില്ല. كفر (കുഫ്ർ) എന്ന ശീർഷകത്തിൽ ഇമാംറാഗിബ് (رحمه الله) ചൂണ്ടിക്കാട്ടിയ ഒരു വസ്തുത ഇവിടെ അറിയുന്നത് ഉപകാരമായിരിക്കും. അദ്ദേഹം പറഞ്ഞതിൻെറ ചുരുക്കം ഇതാണ്: ''പ്രശംസിക്കപ്പെട്ട എല്ലാ (നല്ല) കാര്യങ്ങളും, ഈമാനിൽ (സത്യവിശ്വാസത്തിൽ) ഉൾപ്പെടുത്തപ്പെട്ടതാകകൊണ്ട് ആക്ഷേപിക്കപ്പെട്ട എല്ലാ (ചീത്ത) കാര്യങ്ങളും കുഫ്റിൽ (അവിശ്വാസത്തിൽ) ഉൾപ്പെടുന്നതായും ഗണിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് സിഹ്റിനെക്കുറിച്ച് പറഞ്ഞപ്പോൾ (ഇവിടെ) 'സുലൈമാൻ അവിശ്വസിച്ചിട്ടില്ല, എങ്കിലും സിഹ്ർ പഠിപ്പിച്ചും കൊണ്ട് പിശാചുക്കൾ അവിശ്വസിച്ചിരിക്കുന്നു.' എന്നും, ഹജ്ജിൻെറ നിർബന്ധത്തെപ്പറ്റി പറഞ്ഞപ്പോൾ 'ആരെങ്കിലും അവിശ്വസിച്ചാൽ അല്ലാഹു ലോകരുടെ ആശ്രയം വേണ്ടാത്തവനാണ്' (3:97) എന്നുമൊക്കെ (ഖുർആനിൽ) പറഞ്ഞിരിക്കുന്നത്.''

സുലൈമാൻ (عليه السلام) നബിയുടെ ജ്ഞാനം, അദ്വിതീയവും അതിവിദഗ്ധവുമായ രാജവാഴ്ച, ഭരണപരവും കലാപരവുമായ അഭിവൃദ്ധി ആദിയായവയെപ്പറ്റി വേദക്കാർ പുകഴ്ത്തിപ്പറയുക പതിവാണ്. അവരുടെ ഗ്രന്ഥങ്ങളിൽ അതു സംബന്ധമായ അനേകം പ്രസ്താവനകളും കാണാം. അതേ സമയത്ത് അദ്ദേഹത്തെ അവർ ഒരു പ്രവാചകനായ രാജാവായിട്ടല്ല ഗണിക്കുന്നത്. കേവലം അക്രമിയും, ധൂർത്തനും, സ്വേച്ഛാധിപതിയുമായ ഒരു രാജാവായിട്ടേ ഗണിക്കുന്നുള്ളു. വിഗ്രഹാരാധനപോലും അദ്ദേഹത്തിൻെറ പേരിൽ അവർ ചുമത്തിക്കാണാം. വേദപുസ്തക നിഘണ്ടുവിൽ അദ്ദേഹത്തെ പരാമർശിച്ചെഴുതിയ ചില വാക്യങ്ങളിൽ നിന്നുതന്നെ ഈ വാസ്തവം മനസ്സിലാക്കാവുന്നതാണ്. അതിലെ ചില വാചകങ്ങൾ നോക്കുക: (1) ''ഇവൻ (ശലോമോൻ) ഇതര ജനങ്ങളാൽ എത്രത്തോളം പ്രശംസനീയനായിത്തീർന്നുവോ അത്രത്തോളം

സ്വജനങ്ങളെ നാശഗർത്തത്തിലേക്ക് വലിച്ചുകൊണ്ടുപോയി എന്ന് പറയാവുന്നതാണ്. എങ്കിലും ഇവൻെറ കാലത്ത് യഹോവയുടെ ആരാധനക്ക് വളരെ പ്രസിദ്ധിയുണ്ടായി.'' (2) ''ഇവൻ(ശാലോമോൻ) ഉത്തമമായ യഹോവേ വന്ദന സ്ഥാപിക്കുന്നതിനും, യിസ്രായേൽ രാജ്യത്തെ വിസ്തൃതമാക്കുന്നതിനും, ഇതര ജനങ്ങൾക്കും യിസ്രായേൽ ജനതക്കുമിടയിൽ സഖ്യമുണ്ടാക്കുന്നതിനും ആദ്യമായി ശ്രമിച്ചു. എന്നാൽ, ഇവൻ താമസിപ്പിച്ചിരുന്ന അനേകം ഭാര്യമാരുടെ പ്രേരണക്ക് വശംവദനായി അന്യദേവൻമാരെ ആരാധിക്കയാലും, വ്യർത്ഥാഢംബരങ്ങൾക്കായി അനവധി ദ്രവ്യം ദുർവ്യയം ചെയ്കയാലും തൻെറ രാജ്യത്തിൽ താൻ ഉണ്ടാക്കിയ അഭിവൃദ്ധിയെല്ലാം നഷ്ടമാക്കി. തനിക്കുണ്ടായിരുന്ന ജ്ഞാനത്താൽ തന്നെത്താൻ നിയന്ത്രിച്ചു നടത്തുന്നതിന് പ്രാപ്തിയില്ലാതെ സ്വാർത്ഥതൽപരതയും, അഹംഭാവവും നിമിത്തം തനിക്കു മുമ്പുണ്ടായിരുന്ന മഹിമയെല്ലാം അവൻ ക്ഷയിപ്പിച്ചു.'' അതേ പുസ്തകത്തിൽ തന്നെ യിസ്രായേലിൻെറ ചരിത്രത്തിന്നാധരാമയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞ കൂട്ടത്തിൽ ഇങ്ങിനെയും പറഞ്ഞിരിക്കുന്നു; ''ഇവയെല്ലാം ഒത്തുനോക്കിയാൽ ശലോമോൻെറ മരണപര്യന്തമുള്ള ചരിത്രത്തിലെ ചില ഭാഗങ്ങളിൽ കുറേശ്ശേ സംശയങ്ങൾ ഉള്ളതായി തോന്നാം.''

സുലൈമാൻ (عليه السلام) നബിയെപ്പറ്റി വേദക്കാർ ഗണിച്ചുവരുന്നതെങ്ങിനെയാണെന്നു ഈ വരികളിൽ നിന്ന് വ്യക്തമാണല്ലോ. ഇതെല്ലാം കാരണമായിട്ടാണ് 'സുലൈമാൻ സിഹ്ർ ചെയ്തിട്ടില്ല' എന്നോ മറ്റോ പറയാതെ وما كفر سليمان ولكن الشياطين كفروا (സുലൈമാൻ അവിശ്വസിച്ചിട്ടില്ല; എങ്കിലും പിശാചുക്കളത്രെ അവിശ്വസിച്ചത്) എന്ന് അല്ലാഹു പറയുന്നതും. എല്ലാ ദുർമാർഗ്ഗത്തിൻെറയും ദുഷ്ടതകളുടെയും മൂർത്തികളാണല്ലോ പിശാചുക്കൾ. ജിന്നു പിശാചുക്കൾ അവരാൽ കഴിയുന്ന മാർഗ്ഗങ്ങളും മനുഷ്യ പിശാചുക്കൾ അവരാൽ കഴിയുന്ന മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി മനുഷ്യർക്ക് സിഹ്റിൻെറ വിദ്യകൾ പഠിപ്പിച്ചും പ്രചരിപ്പിച്ചും കൊണ്ടിരുന്നതിനെപ്പറ്റിയാണ് يعلمون الناس السحر (അവർ ജനങ്ങൾക്ക് സിഹ്ർ പഠിപ്പിച്ചിരുന്നു) എന്ന് പറഞ്ഞത്. അടുത്ത വാക്യത്തിൽ وما انزل على الملكين ببابل (ബാബിലോണിൽ രണ്ടു മലക്കുകൾക്കു ഇറക്കപ്പെട്ടതും) എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം വിവരിക്കുന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്.

അവയുടെ ചുരുക്കം ഇതാണ്: (1) وما انزل എന്ന വാക്കിന് 'ഇറക്കപ്പെട്ടതും' എന്നാണ് ഭൂരിപക്ഷം വ്യാഖ്യാതാക്കളും അർത്ഥം കൽപിച്ചിരിക്കുന്നത്. വാചകഘടനയുടെ സ്വാഭാവികമായ നില നോക്കുമ്പോഴും അതാണ് മുൻഗണന അർഹിക്കുന്നത്. ഇതനുസരിച്ച് ഈ വാക്ക് അതിൻെറ നേരെ മുമ്പുള്ള يعلمون الناس السحر (അവർ മനുഷ്യർക്ക് സിഹ്ർ പഠിപ്പിച്ചിരുന്നു.) എന്ന വാക്യത്തോട് ചേർന്നതായിരിക്കും. അപ്പോൾ, പിശാചുക്കൾ സിഹ്റും അതിനു പുറമേ രണ്ടു മലക്കുകൾക്ക് ഇറക്കപ്പെട്ടതും പഠിപ്പിച്ചിരിന്നു എന്നായിരിക്കും അർത്ഥം. അല്ലെങ്കിൽ, اتبعوا ما تتلو الشياطين (പിശാചുക്കൾ ഓതി കൊടുത്തതിനെ അവർ പിൻപറ്റി) എന്ന വാക്യത്തോട് ചേർന്നതുമാവാം. ഇതാണ് പലരും സ്വീകരിച്ചുകാണുന്നത്. അപ്പോൾ, പിശാചുക്കൾ ഓതിക്കൊടുത്തിരുന്നതിനു പുറമെ രണ്ട് മലക്കുകൾക്ക് ഇറക്കപ്പെട്ടതും യഹൂദികൾ പിൻപറ്റി- അഥവാ പ്രയോഗിച്ചു വന്നു- എന്നായിരിക്കും അർത്ഥം.(2) وما انزل എന്ന വാക്കിന് 'ഇറക്കപ്പെട്ടിട്ടുമില്ല' എന്നും ചില വ്യാഖ്യാതാക്കൾ അർത്ഥം കൽപിച്ചിരിക്കുന്നു. ما (عليه السلام) എന്ന പദത്തിന് 'ഇല്ല' എന്ന നിഷേധത്തി نفي ൻെറ അർത്ഥമുണ്ടങ്കിലും, വാചകത്തിൻെറ ഘടനാപരമായ സ്വഭാവം, ആ മലക്കുകളെപ്പറ്റി തുടർന്നു പറയുന്ന പ്രസ്താവനകൾ മുതലായവ നോക്കുമ്പോൾ ഈ അഭിപ്രായം കേവലം ദുർബ്ബലമായ ഒരു അഭിപ്രായമായിട്ടാണ് തോന്നുന്നത്. ദൈർഘ്യം ഭയന്ന് കൂടുതൽ വിശദീകരിക്കുന്നില്ല. ഒന്നാമത്തെ അഭിപ്രായ പ്രകാരം 'മലക്കുകൾക്ക് ഇറക്കപ്പെട്ടതും' എന്ന് അർത്ഥമാകുമ്പോൾ, മലക്കുകൾക്ക് സിഹ്റിൻെറ വകുപ്പിൽ പെട്ട കാര്യങ്ങൾ അവതരിക്കപ്പെട്ടുവെന്നും, അവർ ജനങ്ങൾക്ക് സിഹ്ർ പഠിപ്പിച്ചുവെന്നും വരുമല്ലോ. ഇതിൽ നിന്നുളവാക്കുന്ന സംശയങ്ങൾക്കാണ് വാസ്തവത്തിൽ 'മലക്കുകൾക്ക് ഇറക്കപ്പെട്ടിട്ടില്ല' എന്ന രണ്ടാമത്തെ അർത്ഥം കൽപിക്കപ്പെടുവാൻ കാ

രണമായിരിക്കുന്നത്. ഈ സംശയങ്ങൾക്കുള്ള മറുപടി താഴെ വരുന്ന വിവരണങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. إن شاءالله

ملكين (മലകൈനി) എന്ന് പറഞ്ഞത് രണ്ട് യഥാർത്ഥ മലക്കുകളെ ഉദ്ദേശിച്ചുതന്നെയാണെന്നത്രെ ഭൂരിപക്ഷാഭിപ്രായം. മലക്കുകളെപ്പോലെ ശുദ്ധൻമാരായ- അല്ലെങ്കിൽ ശുദ്ധൻമാരും നല്ലവരുമെന്ന് കരുതപ്പെടുന്ന- രണ്ട് മനുഷ്യൻമാർ എന്നാണുദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. ملكين (മലികൈനി) എന്നും ആ വാക്ക് വായിക്കപ്പെട്ടിട്ടുണ്ടുതാനും. 'രണ്ടു രാജാക്കൾ' എന്നായിരിക്കും അപ്പോൾ അതിനർത്ഥം. യഥാർത്ഥ മലക്കുകൾ തന്നെ എന്നുള്ളതാണ് കൂടുതൽ ബലപ്പെട്ട അഭിപ്രായം. മലക്കുകൾ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുകയും, ജനങ്ങളുമായി ഇടപെടുകയും ചെയ്യുന്നത് അസാധാരാണമാണെങ്കിലും അതിൽ അസാംഗത്യമായി ഒന്നുമില്ല. ഉദ്ദേശിച്ചതുപോലെയുള്ള രൂപത്തിൽ പ്രത്യക്ഷപ്പെടുവാൻ കഴിവുള്ളവരാണ് മലക്കുകൾ. തുടർന്നു പറയുന്നതുപോലെ, ഒരു പരീക്ഷണമായിരിന്നു അതെന്നുകൂടി വരുമ്പോൾ, അതൊട്ടും വിദൂരമല്ലതാനും. ഇബ്റാഹീം (عليه السلام) നബിയുടെ അടുക്കൽ അതിഥികളുടെ രൂപത്തിലും, ലൂത്ത് (عليه السلام) ൻെറ അടുക്കൽ സുന്ദരൻമാരായ യുവാക്കളുടെ രൂപത്തിലും, മർയം (عليها السلام) ൻെറ അടുക്കൽ പുരുഷരൂപത്തിലും മലക്കുകൾ ചെന്നത് ഖുർആനിൽ തന്നെ പ്രസ്താവിക്കപ്പെട്ടതാണല്ലോ. ഒരിക്കൽ സഹാബികൾക്ക് അപരിചിതനായ ഒരാൾ വന്നു നബി (ﷺ) യോട് പലതും ചോദിച്ചറിഞ്ഞു പോയശേഷം, അത് ജിബ്രീൽ (عليه السلام) ആയിരുന്നുവെന്നും, മതകാര്യങ്ങൾ ചോദിച്ചറിയുന്നതെങ്ങിനെയെന്ന് നിങ്ങൾക്ക് കാണിച്ചു തരുവാൻ വേണ്ടി വന്നതായിരുന്നു അദ്ദേഹമെന്നും നബി (ﷺ) പറഞ്ഞതായി മുസ്ലിം (رحمه الله) ഉദ്ധരിച്ച ഒരു പ്രസിദ്ധ ഹദീസിലും കാണാം. 'ഇറക്കപ്പെട്ടത്' (ما انزل) എന്ന് പറഞ്ഞിരിക്കകൊണ്ട് അത് 'വഹ്‌യി'ൻെറ നിലക്കുള്ളതാവണമെന്നൊന്നുമില്ല. ഭൂമിയിൽ ഇരുമ്പ് ഉല്പാദിച്ചതിനെപ്പറ്റി وانزلنا الحديد (നാം ഇരുമ്പ് ഇറക്കുകയും ചെയ്തു) (57 : 25) എന്നും, റസൂൽ (ﷺ) തിരുമേനിക്കും സത്യവിശ്വാസികൾക്കും മനശ്ശാന്തി നല്കുന്നതിനെപ്പറ്റി) انزل الله سكينة അല്ലാഹു അവൻെറ ശാന്തി ഇറക്കി (9 : 26) എന്നും അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ അപ്പോൾ, ജനങ്ങൾക്കൊരു പരീക്ഷണമായി അയക്കപ്പെട്ട ആ രണ്ട് മലക്കുകൾക്ക് ഏതെങ്കിലും വിധേന അറിയപ്പെട്ടുവെന്നേ അതിൽ നിന്ന് മനസ്സിലാക്കേണ്ടതുള്ളൂ. ഏതായാലും അവർക്ക് പ്രത്യേകമായി നൽകപ്പെട്ടിരുന്നത് സിഹ്റിൻെറ ഇനത്തിൽപ്പെട്ട ചില അറിവുകളായിരുന്നുവെന്ന് തുടർന്നുള്ള പ്രസ്താവനകളിൽ നിന്ന് മനസ്സിലാക്കാം.

പരീക്ഷണമായി അയക്കപ്പെട്ട ആ രണ്ടു പേരും യഥാർത്ഥ മലക്കുകളാണെങ്കിലും അല്ലെങ്കിലും ശരി, അവരുടെ പേർ ഹാറൂത്ത് എന്നും മാറൂത്ത് എന്നുമായിരുന്നു. സംഭവം നടന്നത് ബാബിലോണിൽ വെച്ചുമായിരുന്നു. (ببابل هاروت وما روت) നെ ബോഖദ്നേസർ (بختنصر) രാജാവിൻെറ ആക്രമത്തിൽ ഇസ്റാഈല്യരെ ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടതും, വളരെക്കാലം അവിടെ അവർ അടിമകളായി കഴിഞ്ഞുകൂടിയതും പ്രസിദ്ധമാണ്. അക്കാലത്തായിരിക്കാം ഒരു പക്ഷെ ഈ സംഭവം. (അല്ലാഹുവിനറിയാം.) ഹാറൂത്തും, മാറൂത്തും ചെയ്തിരുന്നതെന്താണെന്നും അതിൻെറ ലക്ഷ്യമെന്താണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു: وما يعلمان من احد حتي يقولا انما نحن فتنة فلا تكفر (ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ് അതു കൊണ്ട് നീ അവിശ്വാസിയായിപ്പോകരുത് എന്ന് പറയാതെ അവർ ആർക്കും പഠിപ്പിക്കുമായിരുന്നില്ല.) അതെ, അവർ ജനങ്ങൾക്ക് ചിലതെല്ലാം പഠിപ്പിച്ചു കൊടുത്തിരുന്നു. പക്ഷെ, ഇത് പഠിച്ച് പ്രയോഗിക്കുവാനുള്ളതല്ല, അങ്ങിനെ ചെയ്താൽ നീ അവിശ്വാസിയാകുവാൻ ഇടവരും, അത് സൂക്ഷിക്കണം, നല്ലവരെയും ദുഷിച്ചവരേയും വേർതിരിക്കുവാനുള്ള ഒരു പരീക്ഷണമായി നിയോഗിക്കപ്പെട്ടവർ മാത്രമാണ് ഞങ്ങൾ, അതുകൊണ്ട് നീ വഞ്ചിതനാകരുത് എന്നൊക്കെ ഉപദേശിച്ചുകൊണ്ടായിരുന്നു അവർ ജനങ്ങൾക്ക് അത് പഠിപ്പിച്ചിരുന്നത്.

ആ രണ്ടു പേരിൽ നിന്ന് മനുഷ്യർ പഠിച്ചിരുന്ന അറിവിൻെറ സ്വഭാവം എന്തായിരുന്നുവെന്നും അല്ലാഹു വ്യക്തമാക്കുന്നു: فيتعلمون منهما ما يفرقون به بين المرء وزوجه അതെ, മനുഷ്യനും അവൻെറ ഇണക്കുമിടയിൽ-അഥവാ ഭാര്യാഭർത്താക്കൾക്കിടയിൽ - ഭിന്നിപ്പും ഛിദ്രവുമുണ്ടാക്കുന്ന ചില കാര്യങ്ങൾ. ഇത് സിഹ്റിൻെറ ഇനത്തിൽ പെട്ടതും വിരോധിക്കപ്പെട്ടതാണെന്നും പറയേണ്ടതില്ല. എന്നിരിക്കെ, അതുമൂലം ഭാര്യാഭർത്താക്കൾ പിണക്കവും ഭിന്നിപ്പുമുണ്ടാക്കുവാൻ അവർക്കെങ്ങിനെ കഴിയും? അതെ, وماهم بضارين به من احد الا باذن الله (അല്ലാഹുവിൻെറ ഉത്തരവുകൂടാതെ ഒരാൾക്കും അവർ ഉപദ്രവം വരുത്തുന്നവരല്ല) ഇന്ന കാര്യം പ്രവർത്തിച്ചാൽ ഇന്ന ഫലമുണ്ടാകുമെന്ന് അല്ലാഹു നിശ്ചയിച്ചുവെച്ചിട്ടുണ്ട്. ഫലങ്ങളാകട്ടെ, നല്ലതും ചീത്തയുമാവാം. ഉപകാരവും ഉപദ്രവവുമാകാം. അതുകൊണ്ടാണ് ചീത്തയും ഉപദ്രവകരവുമായ കാര്യങ്ങൾ ചെയ്യരുതെന്ന് അവൻ വിരോധിക്കുന്നതും. ഉദാഹരണമായി, വാളെടുത്ത് മനുഷ്യൻെറ കഴുത്തിന് വെട്ടിയാൽ മരണത്തിന് ഇടയാകുമെന്നുള്ളത് അല്ലാഹുവിൻെറ നിശ്ചയങ്ങളിൽ ഒന്നാണ്. അതുകൊണ്ടാണ് വിരോധിക്കപ്പെട്ടിരിക്കുന്നതും . അതേ സമയത്ത് അല്ലാഹുവിൻെറ ഉദ്ദേശ്യവും ഉത്തരവും കൂടാതെ ഒരു കാര്യവും സംഭവിക്കുന്നതുമല്ല. ഓരോന്നിനും കാരണങ്ങൾ നിശ്ചയിച്ചതും, ആ കാരണങ്ങൾ ഉണ്ടാകുമ്പോൾ അതതു കാര്യങ്ങൾ സംഭവിക്കുന്നതും അവൻെറ ഉദ്ദേശ്യവും ഉത്തരവും അനുസരിച്ചു തന്നെ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അല്ലാഹുവിൻെറ ഉദ്ദെശ്യവും ഉത്തരവും കൂടാതെ സിഹ്റിൻെറയോ, സിഹ്ർ ചെയ്യുന്നവൻെറയോ സ്വന്തം കഴിവുകൊണ്ടല്ല.- സിഹ്റിനെ ഒരു ഉപദ്രവകാരണമാക്കി അല്ലാഹു നിശ്ചയിച്ചതുകൊണ്ടാണ് -ഭാര്യഭർത്താക്കൾക്കിട യിൽ അതുമൂലം ഭിന്നിപ്പുണ്ടാകുന്നത് എന്ന് സാരം.

ഇവിടെ പ്രത്യേകം മനസ്സിരുത്തേണ്ടുന്ന ഒരു സംഗതിയുണ്ട്: 'ഭാര്യാഭർത്താക്കൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന കാര്യം' എന്ന് മൊത്തത്തിലങ്ങ് പറഞ്ഞതല്ലാതെ, അക്കാര്യം പ്രാവർത്തി കമാകുന്നത് എങ്ങിനെയണെന്ന് അല്ലാഹു വിവരിച്ചിട്ടില്ല. അത് വിവരിക്കല്ല ഇവിടെ ഉദ്ദേശ്യവും. അങ്ങിനെ ചില ദുഷ്പ്രവർത്തികളൊക്കെയുണ്ട്; അവ അവിശ്വാസത്തിൽ പെട്ടതാണ്; പക്ഷെ, അവമൂലം ഉപദ്രവകരങ്ങളായ അനുഭവങ്ങൾ വല്ലതും ഉണ്ടായേക്കാം; എന്നാലത് തൽകർത്താ ക്കൾക്ക് അദൃശ്യമോ അമാനുഷികമോ ആയ വല്ല കഴിവുകളും ഉള്ളതുകൊണ്ടാന്നുമല്ല; അല്ലാഹു നിശ്ചയിച്ചതും മനുഷ്യർക്ക് കണ്ടു പിടിക്കുവാൻ സാധിക്കാത്തതുമായ ചില രഹസ്യ ങ്ങൾ നിലവിലുണ്ട്; അതുകൊണ്ട് അത്തരം വിഷയങ്ങൾ കണ്ട് മനുഷ്യർ വഞ്ചിതരാവരുത്. എന്നൊക്കെ ഉണർത്തുകയാണ് ഈ വാക്യം കൊണ്ട് ഉദ്ദേശ്യം. തുടർന്നു പറയുന്ന വാക്യങ്ങൾ നോക്കുക:-

ويتعلمون ما يضرهم ولا ينفعهم (അവർക്ക് ഉപദ്രവം വരത്തുന്നതും അവർക്ക് ഉപകാരം വരുത്താത്തതുമായ കാര്യം അവർ പഠിക്കുന്നു) സിഹ്ർ മൂലം യാതൊരു ഗുണവും ലഭിക്കുവാനില്ലെന്നു മാത്രമല്ല, അത് ദോഷം വരുത്തുകയും ചെയ്യുന്നു. ഇനി, ഇഹത്തിൽ വെച്ച് താൽക്കാലികമായ വല്ല നിസ്സാര നേട്ടങ്ങളും അതുവഴി ലഭിച്ചാൽ തന്നെയും അവരുടെ പരലോ കഗുണം നഷ്ടപ്പെടലാണ് അതുകൊണ്ടുണ്ടാകുന്നത്. ولقد علموا لمن اشتريه ما له في الاخرة من خلاق (അവർക്ക് തീർച്ചയായും അറിയാം, അതിനെ വാങ്ങിയവന് പരലോകത്തിൽ യാതൊരു പങ്കു മില്ലെന്ന്) ഞങ്ങൾ വെറും പരീക്ഷണമാണെന്നും, ഇത് പഠിച്ച് അവിശ്വസിയാകുവാൻ ഇടവരുത്തരുതെന്നുമുള്ള താക്കീതോട് കൂടിയാണല്ലോ മലക്കുകൾ അതു പഠിച്ചുമിരുന്നത്. അപ്പോൾ അറിയാതെ അപകടത്തിൽ ചാടുകയല്ല അവർ ചെയ്തിരുന്നത് എന്ന് സാരം. അറിഞ്ഞുകൊണ്ടും കൽപിച്ചുകൂട്ടിയും പരലോക ഗുണം നഷ്ടപ്പെടുത്തുകയും ആപത്ത വിലക്കുവാങ്ങുകയുമാണവർ ചെയ്യുന്നത്. അതെ, ولبئس ما شروا به انفسهم (അവർ തങ്ങളുടെ സ്വന്തങ്ങളെ ഏതൊന്നിനു വിറ്റു കളഞ്ഞുവോ അത് വളരെ ചീത്തതന്നെ!) ഈ വാസ്തവം അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇത്രയും ഭീമമായ അപകടത്തിൽ അവർ പതിക്കുമായിരുന്നില്ല. ഹാ! لو كانوا يعلمون (അവർ അറിഞ്ഞിരുന്നെങ്കിൽ നന്നായേനേ!)

ولو انهم امنوا واتقوا الخ (അവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ! അല്ലാഹുവിങ്കൽ നിന്നു ലഭിക്കുന്ന ഏതൊരു പുണ്യഫലവും അവർക്ക് വളരെ ഉത്തമം തന്നെ. അവർ അറിഞ്ഞിരുന്നങ്കിൽ നന്നായേനേ!) അതെ, ഇത്രയും വിനാശകരമായ സിഹ്റിൻെറ പ്രവർത്തനം പിൻപറ്റി പരലോകഗുണം പാടെ നഷ്ടപ്പെടുത്തുന്നതിനു പകരം, അവർ സത്യവ ിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും, അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിച്ചുപോരുകയും ചെയ്തിരുന്നുവെങ്കിൽ അവർക്ക് അല്ലാഹുവിങ്കൽ ലഭിക്കുവാനിരിക്കുന്ന പുണ്യഫലം എത്രമാത്രം ഉത്തമമായിരുന്നു! പക്ഷെ, അതൊന്നും അവർ മനസ്സിലാക്കിയില്ല. കഷ്ടം!

ബാബിലോണിൽവെച്ചു ഇസ്റാഈല്യർക്കിടയിൽ സിഹ്റിനു പ്രചാരം സിദ്ധിച്ചതും, സിഹ്റിൻെറ പ്രവർത്തനങ്ങളിൽ അവർ മുഴികിയിരുന്നതും വേദക്കാർക്കിടയിൽ പരക്കെ അറിയപ്പെടുന്ന വിഷയമാണ്. ബൈബിളിൽ നിന്നു തന്നെ ഈ വാസ്തവം സ്പഷ്ടമാണ്. അതു കൊണ്ടാണ് ഈ വിഷയത്തെപ്പറ്റി അല്ലാഹു വിശദമായി വിവരിക്കാതെ വിഷയം ചൂണ്ടിക്കാട്ടുക മാത്രം ചെയ്തിരിക്കുന്നത്. ഇസ്രാഈല്യർ സത്യമാർഗ്ഗം വിട്ടു വ്യതിചലിച്ചുപോയ കാരണങ്ങൾ എടുത്തു പറയുന്ന കൂട്ടത്തിൽ അതും എടുത്തു പറയുക മാത്രമാണിവിടെ അല്ലാഹു ചെയ്തിരിക്കുന്നത്. ഖുർആൻ അവതരിച്ച കാലത്തുള്ള യഹൂദികൾക്കു ഖുർആൻെറ ഈ അരോപണത്തെ എതിർക്കുവാനോ വിമർശിക്കുവാനോ കഴിയാതെ അവർ മൗനമവലംബിച്ചതും അതുകൊണ്ടായിരുന്നു. (*)

* ബൈബിളിൻെറ ആധികാരിക നിഘണ്ടുവായ വേദപുസ്തക നിഘണ്ടുവിൽനിന്ന് ക്ഷുദ്രത്തെ (സിഹ്റിനെ) സംബന്ധിച്ച ചില പ്രസ്താവനകൾ ഇവിടെ സ്മർത്തവ്യമാകുന്നു. അതിലെ ചില പ്രസക്ത ഭാഗങ്ങൾ മാത്രം ചുരുക്കി ഉദ്ധരിക്കാം:- 1) എബ്രായർ (ഇസ്രാഈല്യർ) കനാൽ (ഫലസ്തീൻ) ദേശത്തു വന്നപ്പോൾ പൂർവ്വനിവാസികൾ ആരാധിച്ചു വന്നിരുന്ന ദേവൻമാരുടെ ദയ ലഭിക്കുകയും രഹസ്യങ്ങൾ വെളിപ്പെടുത്തി കിട്ടുകയും വേണമെന്നുള്ളത് അവരുടെ ഇടയിൽ നടപ്പുള്ള ക്ഷുദ്രത്തിനു കാരണമായി. 2) മന്ത്രോച്ചാരണത്താൽ ദൈവഹിതം മനസ്സിലാക്കാമെന്ന് എല്ലാ ദേശക്കാരും പൊതുവെ വിചാരിച്ചിരുന്നപോലെ ക്ഷുദ്രവിദഗ്ധൻമാർക്ക് മരിച്ചവരെ പാതാളത്തിൽനിന്നു വിളിച്ചു വരുത്തുവാൻ കഴിയുമെന്നുള്ള വിശ്വാസം എബ്രായർക്ക് ദൃഢമായിരുന്നു. 3) അശ്ശൂര്യർ (ബാബിലോണിയക്കാർ) യിസ്രായേ-- ല്യരോട് യുദ്ധത്തിന് വന്നപ്പോൾ യിസ്രായേല്യർ ചുറ്റുമുള്ളവരോട് യോജിച്ച് അവരിൽനിന്ന് ക്ഷുദ്രപ്രയോഗം വശമാക്കുവാൻ തങ്ങളുടെ ദേശത്ത് അവർക്ക് സ്ഥലം കൊടുക്കുവാനിടയായി. 4) ബാബിലോൺ പ്രവാസകാലത്ത് പല രസകരങ്ങളായ ക്ഷുദ്രപ്രയോഗങ്ങളെക്കുറിച്ച് എബ്രായർക്ക് അറിയാനിടയായി. ബാബിലോണിൽ ക്ഷുദ്രപ്രയോഗവും, രഹസ്യം വെളിപ്പെടുത്തലും രാജാവിൻെറ പരിവാരങ്ങളിൽ പലരുടെയും ഉദ്യോഗമായിരുന്നു. മന്ത്രവാദികളും, ആഭിചാരികളും, ക്ഷുദ്രക്കാരും ഉണ്ടായിരുന്നു. 5) സ്വപ്നം മൂലമായി യഹോവയുടെ ഇഷ്ടം അറിയാമെന്ന് യിസ്രായേൽ ദൃഢമായി വിശ്വസിച്ചു. ചിലപ്പോൾ ഇത് വാസ്തവമാണെങ്കിലും കള്ളപ്രവാചകൻമാർ ഇതുമൂലം പലരെയും കബളിപ്പിച്ചിട്ടുണ്ട്. 6) ലക്ഷണം നോക്കൽ പല വിധത്തിലായിരുന്നു. പാത്രത്തിൽ വെള്ളമോ വീഞ്ഞോ ഒഴിച്ച് അഞ്ജനം നോക്കുന്നവരെപ്പോലെ നോക്കി ഭാവിഫലങ്ങൾ പറയാമെന്ന് വാദിച്ചു. മേഘങ്ങളെയും നക്ഷത്രങ്ങളെയും നോക്കി ലക്ഷണം പറയുന്ന ജോൽസ്യൻമാർ ബാബിലോണിലുണ്ടായിരുന്നു. 7) ക്ഷുദ്രവിദഗ്ധൻമാർ ഭാവി കാര്യം അറിയുവാൻ ഭൂതങ്ങളെയും മരിച്ചവരെയും വിളിച്ചു വരുത്തുമെന്നും മറ്റും യിസ്രായേല്യർ ദൃഢമായി വിശ്വസിച്ചു. യെഹൂദർ മാത്രമല്ല, യവൻമാരും (ഗ്രീക്കുകാരും) വിശ്വസിച്ചിരുന്നു. മരിച്ചവരുടെ ആത്മാക്കൾ ഈ ലോകത്ത് വരികയില്ലെന്ന് നമുക്ക് പറയുവാൻ കഴിയുകയില്ല. എന്നാൽ ക്ഷുദ്രപ്രയോഗത്തിന് അവയെ വരുത്തുവാൻ കഴിയുമെന്നുള്ളതിന് തെളിവില്ല. 8) ഭൂമിയിൽനിന്ന് നിധി എടുക്കുക, ശത്രുക്കൾക്ക് ആപത്തുണ്ടാക്കുക എന്നിവ ക്ഷുദ്രത്താൽ സാധിക്കുമെന്ന് എബ്രായർ വിശ്വസിച്ചു. ക്ഷുദ്രത്തിലുള്ള ആപത്തിന് പകരം ക്ഷുദ്രം നല്ലതാണെന്നായിരുന്നു ആ അഭിപ്രായം. 9) മറ്റുള്ളവർക്ക് വിരോധമായ ക്ഷുദ്രത്തെക്കുറിച്ച് പ്രവാചകൻമാർ പലപ്പോഴും ശാസിച്ചിട്ടുണ്ട്. ചിലർ മന്ത്രം പറഞ്ഞു ചീരവേവിച്ച് ശാപവാക്കുകൾ ഉച്ചരിക്കും. ചിലർ മരുന്നിടും. ചിലർ കയറുകളിൽ മുടിച്ചിടും (കെട്ടുകളിടും). ചിലർ ശുഭാശുഭ ദിനങ്ങൾ ഗണിക്കും. ചിലർ ശത്രുക്കളുടെ രൂപമുണ്ടാക്കി അതിൽ മുറിവുകളുണ്ടാക്കും. 10) ആദ്യക്രിസ്ത്യാനികളിൽ പലരും ക്ഷുദ്രത്തെ ഭയപ്പെട്ടു. എന്നാൽ, കാലക്രമത്തിൽ ക്ഷുദ്രത്തിൽ യാതൊരു വാസ്തവവുമില്ലെന്ന് അവർ തീരുമാനിച്ചു. 11) ക്ഷുദ്രക്കാർ മറ്റുള്ളവർക്ക് അജ്ഞാതമായ ശാസ്ത്രജ്ഞാനം നിമിത്തം അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്നും, അവർ പറഞ്ഞതുപോലെ യാദൃശ്ചികമായി സംഭവിക്കുന്നത് കണ്ട് അവർക്ക് അത്ഭുത കാര്യങ്ങൾ പ്രവർത്തിക്കാമെന്നും ബുദ്ധിഹീനൻമാർ വിചാരിച്ചു.

മലക്കുകൾ വന്നു ജനങ്ങൾക്ക് സിഹ്റിൻെറ വകുപ്പുകൾ പഠിപ്പിച്ചുവെന്നതിനെ സംബന്ധിച്ചുണ്ടാകുന്ന പല സംശയങ്ങൾക്കും മുകളിൽ കണ്ട വിവരണത്തിൽ നിന്നു മറുപടി ലഭിക്കുന്നതാണ്. മർഹൂം സയ്യിദ് ഖുത്ത്ബ് അദ്ദേഹത്തിൻെറ (فى ظلال القرأن) (ഖുർആൻെറ തണലുകളിൽ) എന്ന തഫ്സീർ ഗ്രന്ഥത്തിൽ, ഈ വചനത്തിൻെറ വ്യാഖ്യാനത്തോടനുബന്ധിച്ചു ചെയ്ത ഒരു പ്രസ്താവനയിൽ നിന്നു ഇതിലേക്ക് കൂറേക്കൂടി വെളിച്ചം ലഭിക്കുന്നതുകൊണ്ട് അതിൻെറ സാരം കൂടി ഇവിടെ ഉദ്ധരിക്കുന്നതു നന്നായിരിക്കും. ആ പ്രസ്താവന അദ്ദേഹം ഇങ്ങിനെ ആരംഭിക്കുന്നു: 'ഇനി, ആ യഹൂദികൾ അല്ലാഹുവിൻെറ കിത്താബിനെ ഉപേക്ഷിച്ചുകൊണ്ടു പിൻപറ്റിയ സിഹ്റിനെയും, ഭാര്യാഭർത്താക്കൾക്കിടയിൽ ഭിന്നിപ്പിച്ചിരുന്ന കാര്യത്തെയും കുറിച്ചു ഒരു വാക്ക് പറയേണ്ടിയിരിക്കുന്നു'. അദ്ദേഹം തുടർന്നു പറയുന്നു:-

'ശാസ്ത്രത്തിനു യാഥാർത്ഥ്യം വ്യക്തമായി മനസ്സിലാക്കുവാൻ കഴിയാത്ത ചില പ്രത്യേകതകൾ ചില ആളുകളിൽ എല്ലാ കാലത്തും കാണപ്പെടാറുണ്ട്. അവക്ക് ശാസ്ത്രം ചില പേരുകൾ മാത്രം നൽകുന്നു. അവയുടെ യാഥാർത്ഥ്യമോ മാർഗ്ഗമോ അതിനറിയുകയില്ല. ഇതാ 'ടെലെപതി' (*) നോക്കുക. എന്താണത്? അതെങ്ങിനെ സാധിക്കുന്നു? മനുഷ്യൻെറ കാഴ്ചയോ, ശബ്ദമോ എത്താത്ത ദൂരത്ത് നിന്ന് ഒരാൾ ഒരാളെ വിളിച്ചു പറയുകയും അത് മറ്റേയാൾ കേട്ട് സ്വീകരിക്കുകയും ചെയ്യുന്നു. മറകളും ദൂരങ്ങളും അതിന് തടസ്സമാകുന്നില്ല. ഇതാ 'മാഗ്നറ്റിസം'.(†) അതെന്താണ്? എങ്ങിനെയാണ്? ഒരാളുടെ ഉദ്ദേശ്യം മറ്റേയാളിൽ എങ്ങിനെ ശക്തി ചെലുത്തുന്നു? ഒരു തുറന്ന പുസ്തകം നോക്കി വായിച്ചാലെന്നപോലെ ഒരാളുടെ സ്വകാര്യ സന്ദേശം മറ്റേയാൾ ഏറ്റുവാങ്ങുന്നു. ഇതിനൊക്കെ ചില പേരുകൾ നൽകുകയല്ലാതെ അതിനെ അപഗ്രഥിക്കുവാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ഇങ്ങിനെ പലതുമുണ്ട്. സമ്മതിച്ചുകൊടുക്കുവാൻ മതിയായ അനുഭവമോ, പരിചയമോ, സിദ്ധിക്കാത്തതിൻെറ പേരിൽ, ശാസ്ത്രം അവയെപ്പറ്റി തർക്കവിമർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ ആത്മീയ ശക്തികളെയും നിഷേധിച്ചു തള്ളുന്ന വമ്പൻമാർക്ക് അങ്ങിനെ ഒന്നില്ലെന്ന് സ്ഥാപിക്കുവാൻ കഴിയുകയില്ല. അജ്ഞാതമായ ഭാവിയെക്കുറിച്ച് ഞാനൊരു സ്വപ്നം കാണുന്നു. ആ സ്വപ്നം അതേമാതിരി പുലരുന്നു. അവർ നിഷേധിക്കുന്ന ആത്മീയേന്ദ്രിയങ്ങൾക്ക് ഇങ്ങിനെയൊരു ഭാവി സംഭവിക്കുവാൻ പോകുന്നുവെന്ന് എങ്ങിനെയാണ് ബോധമുണ്ടാകുന്നത്? അറിയായ്മയും, കണ്ടുപിടിക്കാനുള്ള മാർഗ്ഗം ഇല്ലായ്മയും കൊണ്ടു മാത്രം മനുഷ്യനിൽ അന്തർഭവിച്ചു കിടപ്പുള്ള ഇത്തരം അജ്ഞാത ശക്തികളെ നിഷേധിക്കുന്നത് തികച്ചും ഗർവ്വല്ലാതെ മറ്റൊന്നുമല്ല.'

സയ്യിദ്ഖുത്ത്ബ് തുടരുന്നു: 'ഈ ഇനത്തിൽപെട്ടതാണ് സിഹ്റും. പിശാചുക്കൾ മനുഷ്യർക്ക് പഠിപ്പിക്കലും അതിൽ പെട്ടതുതന്നെ. ഒരു പക്ഷെ, ശരീരത്തിലോ, അവയവങ്ങളിലോ, ഇന്ദ്രിയശക്തികളിലോ, ചിന്താ ശക്തികളിലോ സ്വാധീനം ചെലുത്തുവാനുള്ള വല്ല കഴിവുകളുമായിരിക്കും ഇതിൻെറ രൂപങ്ങളിൽ ഒന്ന്. എന്നാൽ ഫിർഔനിൻെറ സിഹ്റുകാർ ചെയ്തതായി ഖുർആനിൽ പറഞ്ഞ സിഹ്ർ കേവലം ചില പകിട്ട് വിദ്യകളായിരുന്നു. (അതും, ഇതും തമ്മിൽ വ്യത്യാസമുണ്ട്) അതിന് യാഥാർത്ഥ്യമുണ്ടായിരുന്നില്ല. يخيل اليه من سحرهم انها تسعى അവരുടെ സിഹ്ർമൂലം അവരുടെ വടികളും കയറുകളും ഓടുന്നതായി മൂസാ നബിക്ക് തോന്നിപ്പിക്കപ്പെട്ടിരുന്നു. എന്നു അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. ഇങ്ങിനെയുള്ള ഏതെങ്കിലും ഒരു സ്വാധീനം ഭാര്യാഭർത്താക്കൾക്കും സ്നേഹജനങ്ങൾക്കുമിടയിൽ ഭിന്നിപ്പുണ്ടാക്കുകയെന്ന ഫലം ഉളവാക്കുന്നതിന് തടസ്സമില്ല. പ്രതികരണങ്ങളിൽ നിന്ന്

---

* Telepathy-മാനസസന്ദേശം, അന്തകരണവിദ്യ-അഥവാ മനസ്സുകൾക്കിടയിൽ നടക്കുന്ന വാർത്താ വിനിമയം

† Personal Magnetism-വ്യക്തിത്വത്തിൻെറ വശീകരണശക്തി

മാനസാന്തരം ഉണ്ടാകുന്നു. കാര്യങ്ങളും, കാരണങ്ങളുമെല്ലാം അല്ലാഹുവിൻെറ അനുമതികൊണ്ടല്ലാതെ സംഭവിക്കുന്നതല്ലെന്ന് മുമ്പ് പറഞ്ഞുവല്ലോ.''

വീണ്ടും അദ്ദേഹം തുടരുന്നു: ''ഇനി, ഹാറൂത്ത്, മാറൂത്ത് എന്നുള്ള മലക്കുകൾ ആരാണ്? എപ്പോഴാണവർ ബാബിലോണിൽ ഉണ്ടായിരുന്നത്? ഇതിൻെറ കഥ യഹൂദുകൾക്കിടിൽ സുപരിചിതമായിരുന്നു. ഖുർആനിൽ അത് ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്തത്. അതവർ നിഷേധിക്കുകയോ, കളവാക്കുകയോ ചെയ്യാത്തതു തന്നെ അതിനു തെളിവാണ്. ഏതൊരു കൂട്ടരെ അഭിമുഖീകരിച്ചുകൊണ്ടാണോ പറയുന്നതെങ്കിൽ, അവർക്കിടയിൽ പരിചയമുള്ള സംഭവം പറയുമ്പോൾ, ഖുർആൻ അത് വിസ്തരിച്ചു പറയാതെ ചൂണ്ടിക്കാട്ടിക്കൊണ്ട് പലപ്പോഴും പറയാറുണ്ട്. ഉദ്ദേശ്യം നിറവേറുവാൻ അതുമതി. പിന്നെ, വിശദീകരണത്തിൻെറ ആവശ്യമില്ലല്ലോ. രണ്ട് മലക്കുകളുടെ സംഭവത്തെപ്പറ്റി വന്നിട്ടുള്ള കഥകളുടെ പിന്നാലെ പോകുവാൻ 'ഖുർആൻെറ തണലുകളിൽ' (ഈ ഗ്രന്ഥത്തിൽ) നാം ഉദ്ദേശിക്കുന്നില്ല. വിശ്വസിനീയമായ ഒരു രിവായത്തും അതിൽ ഇല്ല.''

''മനുഷ്യചരിത്രത്തിൽ അതതു കാലഘട്ടങ്ങൾക്കനുസൃതമായി പലവിധ ദൃഷ്ടാന്തങ്ങളും പരീക്ഷണങ്ങളും കഴിഞ്ഞുപോയിട്ടുണ്ട്. അക്കൂട്ടത്തിൽ രണ്ടു മലക്കുകളുടെയോ, മലക്കുകളെപ്പോലെയുള്ള രണ്ടു സൽപുരുഷൻമാരുടെയോ ഒരു പരീക്ഷണം നടന്നു വെങ്കിൽ-മനുഷ്യചരിത്രത്തിൽ കഴിഞ്ഞുപോയ അസാധാരണങ്ങളും വിവിധ രൂപങ്ങളിലുള്ള വയുമായ സംഭവങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ- അതിൽ പുതുമയൊന്നുമില്ല തന്നെ. ദൈവികമായ പ്രകാശകിരണങ്ങളിലേക്ക് മനുഷ്യചരിത്രം അടിവെച്ചു നീങ്ങിക്കൊണ്ടിരിക്കുക യാണ് ചെയ്യുന്നത്. ഈ ആയത്തിൽ വ്യക്തവും ദൃഢവുമായി പ്രസ്താവിക്കപ്പെട്ട സാരങ്ങൾ ഒരു നീണ്ട കാലത്തിനുശേഷം, അവ്യക്തങ്ങളായ മറ്റൊന്നിനെയും ആശ്രയിക്കാതെ നമുക്ക് മനസ്സിലായേക്കും. ഐതിഹ്യങ്ങളുടെ പിന്നാലെ കൂടിയും അല്ലാഹുവിൻെറ കിതാബിനെ പുറം തള്ളിയും ഇസ്റാഈല്യർ വഴിപിഴച്ചുപോയി എന്നും സിഹ്ർ പിശാചിൻെറ പ്രവർത്തിയാ ണെന്നും, അത് കുഫ്റിൽപ്പെട്ടതാണെന്നും അത് പരലോകം നിശേഷം നഷ്ടപ്പെടുത്തുമെന്നും അറിയുന്നതുകൊണ്ട് നമുക്കിപ്പോൾ മതിയാക്കാം. (فى ظلال القرأن)

വിഭാഗം-13

104 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ 'റാഇനാ' [ഞങ്ങളെ ഗൗനിക്കണം] എന്ന് പറയരുത്. നിങ്ങൾ 'ഉൻളുർനാ' [ഞങ്ങളെ നോക്കണം] എന്ന് പറയുകയും, (പറയുന്നത്) കേൾക്കുകയും ചെയ്യുവിൻ. അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقُولُوا۟ رَٰعِنَا وَقُولُوا۟ ٱنظُرْنَا وَٱسْمَعُوا۟ ۗ وَلِلْكَـٰفِرِينَ عَذَابٌ أَلِيمٌ ﴿١٠٤﴾

105 വേദക്കാരിൽ നിന്നാകട്ടെ, ബഹുദൈവ വിശ്വാസികളിൽ നിന്നാകട്ടെ, അവിശ്വസിച്ചിട്ടുള്ളവർ ഇഷ്ടപ്പെടുന്നില്ല, നിങ്ങളുടെ രക്ഷിതാവിൽ നിന്ന് നിങ്ങൾക്ക് വല്ല ഗുണവും ഇറക്കപ്പെടുന്നത്. അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്നവരെ അവൻെറ കാരുണ്യംകൊണ്ട് അവൻ പ്രത്യേകമാക്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹശാലിയുമാകുന്നു.

مَّا يَوَدُّ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَلَا ٱلْمُشْرِكِينَ أَن يُنَزَّلَ عَلَيْكُم مِّنْ خَيْرٍ مِّن رَّبِّكُمْ ۗ وَٱللَّهُ يَخْتَصُّ بِرَحْمَتِهِۦ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿١٠٥﴾

104 يا أيها الذين آمنوا വിശ്വസിച്ചവരേ. لا تقُولُوا നിങ്ങൾ പറയരുത്. راعنا 'റാഇനാ' എന്ന്. وقُولُوا പറയുകയും ചെയ്യുവിൻ. انظُرنا 'ഉൻളുർനാ' എന്ന്. واسمعوا കേൾക്കുകയും ചെയ്യുവിൻ. وللكافرين അവിശ്വാസികൾക്കുണ്ട്. عذَاب ശിക്ഷ. أليم വേദനയേറിയ. 105 ما يود ഇഷ്ടപ്പെടുന്നില്ല, ആഗ്രഹിക്കുന്നില്ല. الذين كفَروا അവിശ്വസിച്ചവർ. من أهل الكتابِ വേദക്കാരിൽനിന്ന്. ولا المشركين ബഹുദൈവവിശ്വാസികളിൽനിന്നുമില്ല. أن ينزلَ ഇറക്കപ്പെടുന്നത്. عليكُم നിങ്ങൾക്ക്. من خير ഒരു ഗുണവും. من ربكُم നിങ്ങളുടെ രക്ഷിതാവിൽനിന്ന്. والله അല്ലാഹുവാകട്ടെ. يختص അവൻ പ്രത്യേകമാക്കുന്നു. برحمته അവൻെറ കാരുണ്യംകൊണ്ട്. من يشاءُ അവൻ ഉദ്ദേശിക്കുന്നവരെ. والله അല്ലാഹു. ذُ الفَضل അനുഗ്രഹം (ദയവ്, ഔദാര്യം) ഉള്ളവനാകുന്നു. العظيم മഹത്തായ, വമ്പിച്ച.

راعنا (റാഇനാ) എന്ന വാക്കിനു 'ഞങ്ങളെ ഗൗനിക്കണം', അഥവാ ഞങ്ങൾക്കു മനസ്സിലാക്കുന്ന വിധം പറഞ്ഞു തന്നു ഞങ്ങളെപ്പറ്റി ശ്രദ്ധിക്കണം എന്നാണർത്ഥം. അതേ വാക്കുതന്നെ അവരുടെ ഭാഷയിൽ 'വിഡ്ഢി, മൂഢൻ' എന്നിങ്ങിനെ ചീത്ത പറയുന്ന വാക്കായും ഉപയോഗിച്ചിരുന്നു. നബി (ﷺ) വല്ലതും പറയുമ്പോൾ, സന്ദർഭത്തിനൊത്ത് ആദരവും മര്യാദയും പാലിക്കുകയാണെന്ന് തോന്നുമാറ് യഹൂദികൾ നബി (ﷺ) യോട് ഈ വാക്ക് പറയും. അവരുടെ യഥാർത്ഥ ഉദ്ദേശ്യമാകട്ടെ, തിരുമേനിയെ വിഡ്ഢിയെന്നു വിളിച്ചു പരിഹസിക്കലുമായിരുന്നു. (ഇതു പോലെ വേറെയും ചില കൃത്രിമ വാക്കുകൾ അവർ ഉപയോഗിച്ചിരുന്നതായി സൂറ: നിസാഉ് 46ൽ കാണാവുന്നതാണ്) സത്യവിശ്വാസികളും നബി (ﷺ) യോട് ഈ വാക്കു പറയാറുണ്ടായിരുന്നതുകൊണ്ട് പ്രത്യക്ഷത്തിൽ അവരെ കുറ്റപ്പെടുത്തുവാനും നിവൃത്തിയില്ല. മാത്രമല്ല സത്യവിശ്വാസികളും തങ്ങളെപ്പോലെ ആ വാക്ക് ഉപയോഗിക്കുന്നതിൽ യഹൂദികൾ സന്തോഷം കൊള്ളുകയും ചെയ്യും. അതുകൊണ്ട് അത്തരം വാക്കുകൾ സത്യവിശ്വാസികൾ ഉപയോഗിക്കരുതെന്നും, അർത്ഥ ശങ്കക്കിടമില്ലാത്തതും, കളങ്കരഹിതവുമായ വാക്കുകൾ ഉപയോഗിക്കണമെന്നും അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുകയാണ്. 'റാഇനാ'യുടെ സ്ഥാനത്ത് 'ഉൻളുർനാ' (انظرنا) എന്നു പറയുവാനും, നബി (ﷺ) പറയുന്നത് ശരിക്കു കേട്ടു മനസ്സിലാക്കുവാനും കൽപിക്കുകയും ചെയ്യുന്നു. ഞങ്ങളെ നോക്കണം-അഥവാ ശ്രദ്ധിക്കണം- എന്നു തന്നെയാണ് ഈ വാക്കിൻെറ അർത്ഥം. പക്ഷെ 'റാഇനാ'യിലുള്ളതുപോലെ കളങ്കത്തിനും പരിഹാസത്തിനും ഇതിൽ പഴുതില്ല. ആയത്തിൻെറ അവസാനത്തിൽ ''അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ട് '' എന്ന താക്കീതിൽ അത്തരം പരിഹാസവാക്കുകൾ നബി (ﷺ) യോട് ഉപയോഗിക്കുന്നത് അവിശ്വാസം നിമിത്തമാണെന്നും, സത്യവിശ്വാസികൾക്ക് യേജിച്ചതല്ലെന്നും സൂചനയുണ്ട്.

സത്യവിശ്വാസികളായ നിങ്ങൾക്ക് അല്ലാഹുവിൻെറ ഭാഗത്ത് നിന്ന് യാതൊരു നൻമയും ലഭിക്കുന്നത് വേദക്കാരും മുശ്‌രിക്കുകളുമാകുന്ന അവിശ്വാസികൾക്ക് ഇഷ്ടപ്പെടുകയില്ല. അഥവാ അവരുടെ ശത്രുതയും ദുഷ്ടമനസ്ഥിതിയും വളരെ കടുത്തതാണ്. പ്രവാചകത്വമാകുന്ന അനുഗ്രഹം, അതിൽ വിശ്വസിച്ചു വിജയം നേടുവാനുള്ള ഭാഗ്യം എന്നിവയൊക്കെ എല്ലാവർക്കും ലഭിക്കാതെ, ചിലർക്ക് മാത്രം ലഭിക്കുന്നത് അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും കുടുസ്സായതു കൊണ്ടല്ല. അതു വളരെ മഹത്തായതും വമ്പിച്ചതും തന്നെ. പക്ഷെ, അവന് മാത്രം അറിയാവുന്ന ചില യുക്തി രഹസ്യങ്ങളനുസരിച്ച് അവൻ ഉദ്ദേശിക്കുന്നവർക്കായിരിക്കും അവനത് നൽകുക. എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിലെ ആശയം. അല്ലാഹുവിൻെറ മാർഗ്ഗം വിട്ടു പിഴച്ചു പോകുന്നവർ ആരാണെന്നും, നേർമാർഗ്ഗം പ്രാപിക്കുന്നവർ ആരാണെന്നും അവന് നല്ലതുപോലെ അറിയാമല്ലോ. (6 ;117)

۞ مَا نَنسَخْ مِنْ ءَايَةٍ أَوْ نُنسِهَا نَأْتِ بِخَيْرٍ مِّنْهَآ أَوْ مِثْلِهَآ ۗ أَلَمْ تَعْلَمْ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٠٦﴾

106 വല്ല 'ആയത്തി'നെ [വചനത്തെ]യും നാം നീക്കം ചെയ്യുക (അഥവാ ദുർബ്ബലപ്പെടുത്തുക) യോ, അതിനെ വിസ്മരിപ്പിക്കുകയോ ചെയ്യുന്നതായാൽ അതിനേക്കാൾ ഉത്തമമായതിനെയോ, അതുപോലെയുള്ളതിനെയോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടേ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്?!

أَلَمْ تَعْلَمْ أَنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿١٠٧﴾

107 നിനക്കറിഞ്ഞുകൂടേ, അല്ലാഹുവിന് തന്നെയാണ് ആകാശങ്ങളുടെയും, ഭൂമിയുടേയും രാജാധികാരമുള്ളതെന്ന്?! അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയുമില്ല: ഒരു സഹായകനുമില്ല.

---

106 **ما ننسخ** വല്ലതും നാം നീക്കം ചെയ്താൽ, ദുർബ്ബലപ്പെടുത്തിയാൽ. **من آية** ആയത്തിൽപെട്ട വല്ല ആയത്തിനെയും. **أو ننسها** അല്ലെങ്കിൽ അതിനെ വിസ്മരിപ്പിച്ചാൽ. **نأت** നാം (കൊണ്ട്) വരും. **بخير** കൂടുതൽ നല്ലതിനെ. **منها** അതിനേക്കാൾ. **أو مثلها** അല്ലെങ്കിൽ അതുപോലെയുള്ളത്. **ألم تعلم** നിനക്കറിഞ്ഞുകൂടേ. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **على كل شيء** എല്ലാ കാര്യത്തിനും. **قدير** കഴിവുള്ളവനാകുന്നു. 107 **ألم تعلم** നിനക്കറിഞ്ഞുകൂടേ. **أن الله** അല്ലാഹു (ആകുന്നു) വെന്ന്. **له** അവന്നാകുന്നു. **ملك** രാജാധിപത്യം. **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടേയും. **وما لكم** നിങ്ങൾക്ക് ഇല്ലതാനും. **من دون الله** അല്ലാഹുവന് പുറമെ. **من ولي** ഒരു ബന്ധവും, രക്ഷാധികാരി, മിത്രം. **ولا نصير** സഹായകനും ഇല്ല.

نسخ (നസ്ഖ്) എന്നാൽ 'നീക്കം ചെയ്യുക, പകർത്തുക' എന്നൊക്കെയാണ് ഭാഷാർത്ഥം. ഒരു മതവിധിക്ക് ആസ്പദമായ തത്വം അവസാനിക്കുമ്പോൾ, ആ വിധി ദുർബ്ബലപ്പെടുത്തി തൽസ്ഥാനത്ത് മറ്റൊരുവിധി കൊണ്ടു വരുക എന്നാണതുകൊണ്ട് വിവക്ഷ. اية (ആയത്ത്) എന്നാൽ 'അടയാളം, ദൃഷ്ടാന്തം, ചിഹ്നം' എന്നൊക്കെ വാക്കർത്ഥമാകുന്നു. വേദവാക്യങ്ങൾക്കും, ഖുർആൻ വചനങ്ങൾക്കും 'ആയത്തുകൾ' എന്നു പറയപ്പെടുന്നു. അല്ലാഹുവിൻെറ വിധിവിലക്കുകൾക്കും സന്ദേശങ്ങൾക്കുമുള്ള ദൃഷ്ടാന്തങ്ങളാണല്ലോ അവ ننسها (ആയത്തുകളെ വിസ്മരിപ്പിക്കുക.) എന്നു പറഞ്ഞതിൻെറ താൽപര്യം, വായനയിൽ നിന്നും ഹൃദയങ്ങളിൽ നിന്നും അവയെ നീക്കം ചെയ്ത് അവയെക്കുറിച്ചുള്ള സ്മരണ ഇല്ലാതാക്കുക എന്നത്രെ.

ഇസ്‌ലാമിനെതിരിൽ യഹൂദികൾ ഉന്നയിക്കാറുണ്ടായിരുന്ന ആക്ഷേപങ്ങളിൽ ഒന്നിൻെറ മറുപടിയായിട്ടാണ് ഈ വചനം അവതരിച്ചിരിക്കുന്നത്. മുഹമ്മദ് ഒരു പ്രവാചകനും, ഖുർആൻ ദൈവവചനവുമാണെന്നാണല്ലോ പറയുന്നത്. വേദഗ്രന്ഥങ്ങളൊക്കെ അവതരിപ്പിച്ചത് അല്ലാഹുവാണ്. എന്നിരിക്കെ തൗറാത്തിലെ ചില നിയമങ്ങളെ ഖുർആൻ ദുർബ്ബലപ്പെടുത്തി പുതിയ നിയമങ്ങൾ കൊണ്ടുവരുന്നു. ഖുർആനിൽ പോലും നസ്ഖ് ഉള്ളതായി കാണുന്നു. ഇതെല്ലാം എങ്ങിനെ സംഭവിക്കുന്നു? അല്ലാഹു ഒരിക്കൽ അവതരിച്ചത് പിന്നീട് അവൻ തന്നെ മാറ്റുകയോ? ആദ്യത്തെ വിധിയിൽ അവനു അബദ്ധം പിണഞ്ഞതുകൊണ്ടാണോ അത്? എന്നൊക്കെയായിരുന്നു അവരുടെ ആക്ഷേപത്തിൻെറ സ്വഭാവം. 142 -ാം വചനത്തിലും അതിനെ തുടർന്നുള്ള ചില വചനങ്ങളിലും കാണാവുന്നതുപോലെ, ഖിബ്‌ലഃ ബൈത്തുൽ മുഖദ്ദസായിരുന്നത് മാറ്റി കഅ്ബഃയെ ഖിബ്‌ലഃയാക്കി സ്ഥിരപ്പെടുത്തിയ അവസരത്തിലാണ് ഈ ആരോപണം മൂർച്ഛിച്ചത്. അജ്ഞതകൊണ്ടോ, അന്വേഷണ വാഞ്ഛകൊണ്ടോ ഉളവായ സംശയങ്ങളായിരു

ന്നില്ല അത്. കിട്ടുന്ന പഴുത് ഉപയോഗപ്പെടുത്തി ഖുർആനെ എതിർക്കുകയും, സത്യവിശ്വാസികളിൽ ആശയക്കുഴപ്പമുണ്ടാക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം.

വാസ്തവത്തിൽ, ഖുർആനിൽ മാത്രമായി കണ്ടുതുടങ്ങിയതല്ല നസ്ഖ്. മുൻ വേദഗ്രന്ഥങ്ങളിലും നസ്ഖുണ്ടായിരുന്നു. അവരുടെ കയ്യിലുള്ള തൗറാത്തിൽ തന്നെയും നസ്ഖ് കാണാം. ആദം (عليه السلام) നബിയുടെ കാലത്ത് അദ്ദേഹത്തിൻെറ പുത്രൻമാരും, പുത്രിമാരും തമ്മിൽ വിവാഹം നടത്താമായിരുന്നു. അന്ന് അന്യസ്ത്രികൾ ഉണ്ടായിരുന്നില്ല. പിന്നീട് അത് നിരോധിക്കപ്പെട്ടു. ഇസ്റാഈല്യർക്ക് ആദ്യകാലത്ത് രണ്ട് സഹോദരിമാരെ ഒന്നിച്ചു വിവാഹം കഴിക്കാമായിരുന്നത് തൗറാത്ത് മുഖേന ദുർബ്ബലപ്പെടുത്തി ഇബ്റാഹീം (عليه السلام) നബിയോട് മകനെ അറുക്കുവാൻ ആദ്യം കൽപിച്ചു. പിന്നീട് ആ കൽപന ദുർബലപ്പെടുത്തി ഒരു ആടിനെ അറുത്താൽ മതിയെന്ന് നിശ്ചയിച്ചു. പശുക്കുട്ടിയെ ആരാധിച്ച ഇസ്റാഈല്യരെ കൊല്ലുവാൻ ആദ്യം കൽപിച്ചു. കുറെ പേർ കൊല്ലപ്പെട്ടപ്പോൾ കൊല നിറുത്തൽ ചെയ്യാൻ കൽപിക്കപ്പെട്ടു. അങ്ങനെ പലതും. ഇതെല്ലാം യഹൂദികൾക്ക് നിഷേധിക്കുക സാദ്ധ്യമല്ല. ഈ ആരോപണത്തിന് അല്ലാഹു നൽകുന്ന മറുപടി കേവലം യഹൂദികളെ വായടപ്പിക്കുന്ന ഒരു മറുപടി മാത്രമല്ല. എല്ലാവരും പൊതുവിൽ അറിയേണ്ടതും മനസ്സിലാക്കേണ്ടതുമായ ഒരു യാഥാർതഥ്യം കൂടിയാകുന്നു. മതവിധികളിൽ നസ്ഖ് ഉണ്ടാകാവതല്ലെന്നും, അത് യുക്തിക്ക് യോജിക്കുകയില്ലെന്നും വാദിക്കുന്ന ഏവർക്കും ധാരാളം ചിന്തിക്കുവാനുള്ള വക ഈ മറുപടിയിൽ അടങ്ങിയിരിക്കുന്നു. ഇതേ വാദം ഖുറൈശികളും വാദിക്കുകയും, അതിൻെറ പേരിൽ ഖുർആൻ നബി (ﷺ) യുടെ സ്വന്തം കൃതിയാണെന്ന് അവർ ആരോപിക്കുകയും ചെയ്തതിന് അല്ലാഹു നൽകിയ മറുപടി സൂറത്തുന്നഹ്ൽ 101 ൽ വെച്ചു കാണാം. ആ മറുപടിയും ഇവർ ഗൗനിക്കേണ്ടിയിരിക്കുന്നു.

ഇവിടെ പറഞ്ഞ മറുപടയിയുടെ താൽപര്യം ഇതാണ്: ആകാശ ഭൂമികളും അവയിലുള്ളതുമെല്ലാം അല്ലാഹുവിൻേറതാണ്. ഉടമസ്ഥതയും, ഭരണാധികാരവും, രക്ഷാകർതൃത്വവും അവന് തന്നെ. അവയിലുള്ളവർക്ക് വേണ്ടുന്നതെല്ലാം നിർണ്ണയിക്കുവാനും അവൻ മാത്രമേയുള്ളു. അവൻ ഉദ്ദേശിക്കുന്ന നിയമനടപടികൾ നടപ്പാക്കുവാനും, എടുത്തകളയുവാനും, എപ്പോൾ -എവിടെ -ആർക്ക്-ഏതേത് നിയമങ്ങൾ വേണം എന്നൊക്കെ നിശ്ചയിക്കുവാനും അവനാണ് അവകാശവും അർഹതയുമുള്ളത്. അതിനെ ചോദ്യം ചെയ്വാൻ ആർക്കും അധികാരമില്ല. അവരുടെ നൻമയും ഗുണവും ഏതിലാണ്, അവർക്ക് കൂടുതൽ അനുയോജ്യമായത് ഏതാണ് എന്നൊക്കെ അറിയുന്നവനാണവൻ. എല്ലാ കാര്യത്തിനും കഴിയുന്നവനുമാകുന്നു. ഇതെല്ലാം സുസമ്മതമായ യാഥാർത്ഥ്യങ്ങളാണല്ലോ. അങ്ങിനെയുള്ള അവൻ വേദഗ്രന്ഥങ്ങളിലെ ഏതെങ്കിലും വിധിയെ ദുർബലപ്പെടുത്തി, അല്ലെങ്കിൽ ജനഹൃദയങ്ങളിലും പാരായണങ്ങളിലും അവശേഷിക്കാത്ത വിധം തീരെ വിസ്മരിപ്പിച്ചുകളഞ്ഞു എന്നിരിക്കട്ടെ. എന്നാൽ, അതിനെക്കാൾ ഉത്തമവും ഗുണകരവുമായ മറ്റൊരു വിധി തൽസ്ഥാനത്ത് അവൻ കൊണ്ട് വരുകയും ചെയ്യുന്നു. ചുരുങ്ങിയപക്ഷം അതിന് സമാനമായതെങ്കിലും കൊണ്ടുവരും. വസതുത ഇതായിരിക്കെ, അതിനെ ചോദ്യം ചെയ്യുന്നതും, വിമർശിക്കുന്നതും ധിക്കാരവും അക്രമവുമാകുന്നു.

ബുദ്ധിപരവും, മാനസികവും, സാംസ്കാരികവും, സാമൂഹ്യവുമായ തുറകളിൽ മനുഷ്യവർഗ്ഗം, മറ്റുള്ള ജീവവർഗ്ഗങ്ങളെപ്പോലെ അതിൻെറ ആദ്യകാലം തൊട്ടു ഇന്നുവരെ ഒരേ നിലവാരത്തിലല്ല ഉള്ളത്. കാലം ചെല്ലുംതോറും പുരോഗമിച്ചും വളർന്നുംകൊണ്ടിരിക്കുകയാണ്. ചുറ്റുപാടും പരിസ്ഥിതികളും മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ മാറ്റത്തിൽ വാർത്താവിതരണ മാർഗ്ഗങ്ങൾ, ഗതാഗത സൗകര്യങ്ങൾ ആദിയായവക്കും പങ്കുണ്ട്. അതനുസരിച്ചാണ് മുൻകാലങ്ങളിൽ വന്നിട്ടുള്ള പ്രവാചകൻമാരും, അവരുടെ ദൗത്യങ്ങളും, പ്രബോധനങ്ങളും ഏതെങ്കിലും കാലത്തേക്കും ദേശത്തേക്കും മാത്രമായിരുന്നത്. അങ്ങനെ, മനുഷ്യൻെറ വളർച്ചയുടെ ബാല്യദശ പിന്നിട്ടശേഷം, എല്ലാ കാലത്തേക്കും ദേശത്തേക്കുമുള്ള റസൂലും

അന്തിമ പ്രവാചകനുമായി മുഹമ്മദ് (ﷺ) നിയമിക്കപ്പെടുകയും, ലോകജനതക്കാകമാനമുള്ള വേദഗ്രന്ഥമായി ഖുർആൻ അവതരിക്കുകയും ചെയ്തിരിക്കുകയാണ്. ആ നിലക്ക് ഒരു കാലത്തോ, ഒരു ജനതക്കോ അന്നത്തെ പരിതസ്ഥിതികൾക്കനുസരിച്ച് വിധിക്കപ്പെട്ടിരുന്ന ചില നിയമനടപടികൾ എല്ലാ കാലത്തേക്കും പ്രായോഗികവും യുക്തവുമല്ലാതായിത്തീരുക സ്വാഭാവികം മാത്രമാണ്. അവക്ക് പകരം എല്ലാവരിലും പ്രായോഗികമായ സ്ഥിരപ്പെട്ട നിയമ നടപടികൾ ആവശ്യമായിതീർന്നു. അപ്പോൾ, മുൻവേദ ഗ്രന്ഥങ്ങളിലെ ഏതെങ്കിലും ചില നിയമങ്ങളും, ആചാരനുഷ്ഠാനമുറകളും ഖുർആൻ വഴി നസ്ഖ് ചെയ്യുന്നത് കേവലം യുക്തമായ ഒരു നടപടി മാത്രമല്ല, അനിവാര്യമായ ഒരാവശ്യംകൂടിയാകുന്നു. അല്ലാഹുവിൻെറ നിയമനിർമ്മാണത്തിലുള്ള പോരായ്മയല്ല, അതിൻെറ പരിപൂർണ്ണതയാണത് കാണിക്കുന്നത്.

തൗറാത്തിലെ ചില നിയമങ്ങൾ ഇഞ്ചീലിലും, രണ്ടിലേയും ചില നിയമങ്ങൾ ഖുർആനിലും അല്ലാഹു നസ്ഖ് ചെയ്തിട്ടുണ്ട്. ഇബ്റാഹീം (عليه السلام), മൂസാ (عليه السلام) മുതലായ ചില പ്രവാചകൻ മാർക്ക് നൽകപ്പെട്ടിരുന്ന ചില ദൈവിക ഗ്രന്ഥങ്ങൾ- അഥവാ ഏടുകൾ (**الصحف**) പിന്നീട് നിലനിറുത്തപ്പെടാതെ ജനസ്മൃതിയിൽ നിന്നുപോലും എടുക്കപ്പെട്ടുപോകുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കെ, തൗറാത്തിലെ ചില നിയമങ്ങളെ ഖുർആനിൽ നസ്ഖ് ചെയ്തതിനെപ്പറ്റി മാത്രം യഹൂദികളോ മറ്റോ ആക്ഷേപം പുറപ്പെടുവിക്കുന്നതിൽ അർത്ഥമില്ല.

മതവിധികളിൽ 'നസ്ഖ് ' ഉണ്ടാവാമെന്നും, ഉണ്ടായിട്ടുണ്ടെന്നുമുള്ളതിൽ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. ഖുർആനിൽ തന്നെയും നസ്ഖ് ചെയ്യപ്പെട്ട(വിധി ദുർബ്ബലപ്പെടുത്തപ്പെട്ട) ചുരുക്കം ആയത്തുകൾ ഉണ്ടെന്നാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. വസ്തുതാപരമായി നോക്കുമ്പോൾ ഇതുതന്നെയാണ് ശരിയായ അഭിപ്രായവും. ഇമാം ഇബ്നു കഥീർ (رحمه الله) ൻെറ ഒരു പ്രസ്താവനയിൽ നിന്ന് ഇതു മനസ്സിലാക്കുവാൻ കഴിയും. അദ്ദേഹം പറയുന്നു: ''അല്ലാഹുവിൻെറ 'ഹുക്മു' (മതവിധി) കളിൽ നസ്ഖ് ഉണ്ടാകുന്നതിന് വിരോധമില്ലെന്നുള്ളതിൽ മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. കാരണം, അതിൽ ശക്തിമത്തായ യുക്തി അടങ്ങിയിട്ടുണ്ട്, അത് സംഭവിച്ചിട്ടുണ്ടെന്നും അവരെല്ലാം പറയുന്നു: ഖുർആൻ വ്യാഖ്യാതാവായ അബൂമുസ്‌ലിം ഇസ്ഫഹാനീ (رحمه الله) പറയുന്നു: ഖുർആനിൽ ഒരു നസ്ഖും ഉണ്ടായിട്ടില്ലെന്ന്. അദ്ദേഹത്തിൻെറ ഈ വാക്ക് ദുർബ്ബലവും അബദ്ധവുമാകുന്നു. ഉണ്ടായ നസ്ഖുകളെപ്പറ്റി മറുപടി പറയുവാൻ അദ്ദേഹം സാഹസപ്പെട്ടിരിക്കുകയാണ്. (ഭർത്താവ് മരണപ്പെട്ട സ്ത്രീയുടെ) ഇദ്ദകാലം ഒരു കൊല്ലമായിരുന്നത് നാലുമാസവും പത്ത് ദിവസവും ആക്കപ്പെട്ടത് അതിലൊന്നാണ്. ഇതിന് അദ്ദേഹം സ്വീകാര്യമായ ഒരു മറുപടിയും പറഞ്ഞിട്ടില്ല. ബൈത്തുൽ മുഖദ്ദസ് ഖിബ്‌ലഃയായിരുന്നതിനുശേഷം, അത് കഅ്ബഃയിലേക്ക് മാറ്റിയതും അതിൽപെട്ടതാണ്. ഇതിന് അദ്ദേഹം മറുപടി പറഞ്ഞിട്ടുമില്ല........'' (പ്രസ്താവനയുടെ പൂർണ്ണരൂപം മുഖവുരയിൽ കഴിഞ്ഞുപോയിട്ടുണ്ട്. 'നസ്ഖ് ' എന്ന ശീർഷകം നോക്കുക.)

''(മരണപ്പെട്ട ആളുടെ) സ്വത്ത് മക്കൾക്കായിരുന്നു. മാതാപിതാക്കൾക്ക് വസിയ്യത്തായിരുന്നു ഉണ്ടായിരുന്നത്. (ഒരു നിശ്ചിത ഓഹരി ഇല്ലായിരുന്നു.) പിന്നീട് അല്ലാഹു അതിൽ അവൻ ഉദ്ദേശിച്ചതിനെ നസ്ഖു ചെയ്തു. അങ്ങനെ, ആണിന് രണ്ടു പെണ്ണിൻെറ ഓഹരിയാക്കി. മാതാപിതാക്കൾ ഓരോരുത്തർക്കും ആറിലൊന്നും മൂന്നിലൊന്നുമാക്കി. ഭർത്താവിനു പകുതിയും നാലിലൊന്നുമാക്കി. ഭാര്യക്ക് നാലിലൊന്നും എട്ടിലൊന്നുമാക്കി.'' ([*]) എന്നിങ്ങിനെ ഇബ്നു അബ്ബാസ് (رضي الله عنهما) യിൽ നിന്ന് ബുഖാരീ(رحمه الله) ഉദ്ധരിച്ച ഹദീസിൻെറ വ്യാഖ്യാനത്തിൽ, ഇമാം ഇബ്നുഹജർ അസ്ഖലാനീ (رحمه الله) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''..... നസ്ഖിനെ നിഷേധിക്കുന്നവർക്ക് ഈ ഹദീസിൽ ഖണ്ഡനമുണ്ട്. ഖുർആൻ വ്യാഖ്യാതാവായ അബമുസ്‌ലിം ഇസ്ഫഹാനീ

---

[*] മരണപ്പെട്ട ആൾക്ക് മക്കൾ ഉള്ളപ്പോഴും, ഇല്ലാത്തപ്പോഴും പ്രസ്തുത അവകാശികളുടെ ഓഹരിയിൽ ഉണ്ടാവുന്ന വ്യത്യാസം മൂലമാണ് ഒരാൾക്ക് തന്നെ രണ്ടുവിഹിതം പറഞ്ഞിട്ടുള്ളത്. ചിലർ ശുഭാശ

(رحمه الله) യിൽ നിന്നില്ലാതെ, മുസ്‌ലിംകളിൽ ഒരാളിൽ നിന്നും അതിൽ നിഷേധം ഉദ്ധരിക്കപ്പെട്ടിട്ടില്ല താനും. അദ്ദേഹം നസ്ഖിനെ നിരുപാധികം നിഷേധിച്ചിരിക്കുകയാണ്. മുമ്പുള്ള എല്ലാ ശരീഅത്തിനെ (മതനിയമസംഹിതയെ) യും ഇസ്‌ലാം ശരീഅത്ത് നസ്ഖു ചെയ്തിരിക്കയാണെന്നുള്ളതിലുള്ള 'ഇജ്മാഉ' (മുസ്‌ലിംകളുടെ ഏകകണ്ഠമായ അഭിപ്രായം) കൊണ്ട് അദ്ദേഹം ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു. ഈ ശരീഅത്ത് വെളിപ്പെടുന്നതുവരെ മാത്രമേ മുൻ ശരീഅത്തുകൾ നിലവിലുള്ളു. അതുകൊണ്ട് അതിന് 'തഖ്‌സ്വീസ്' (പ്രത്യേകപ്പെടുത്തുക) എന്നല്ലാതെ, 'നസ്ഖ്' എന്ന് പറഞ്ഞുകൂടാ എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായമെന്ന് അദ്ദേഹത്തിനുവേണ്ടി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഇബ്നുസ്സംആനീ (رحمه الله) ഇങ്ങിനെ പറഞ്ഞത്: "ഈ ശരീഅത്തിൽ നസഖുചെയ്യപ്പെട്ട കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അബൂമുസ്‌ലിം സമ്മതിക്കുന്നില്ലെങ്കിൽ അത് ഒരു ഗർവ്വ് മാത്രമാണ്. ഞാൻ അതിന് നസ്ഖ് എന്ന് പേരു പറയുന്നില്ല എന്നാണദ്ദേഹം പറയുന്നതെങ്കിൽ, ഭിന്നിപ്പ് കേവലം വാക്കുകളിൽ മാത്രമാണ്. (യഥാർത്ഥത്തിൽ ഭിന്നിപ്പില്ല.) "

നസ്ഖിനെ സംബന്ധിച്ച മുഖവുരയിൽ ഒരു പ്രത്യേക ശീർഷകം തന്നെയുണ്ട്. ഇസ്‌ലാം ശരീഅത്തിലും, ഖുർആനിലും നസ്ഖു വരുന്നതിനെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളും, നസ്ഖിൻെറ പല ഉദാഹരണങ്ങളും അതിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. കൂടുതൽ വിവരണത്തിന് അവിടെ നോക്കുക. (പേജ്: 74-77)

ഒരു ആയത്ത് നസ്ഖ് ചെയ്യുകയോ വിസ്മരിപ്പിക്കുകയോ ചെയ്താൽ അതിനേക്കാൾ ഉത്തമമായതോ, അതുപോലെയുള്ളതോ മറ്റൊന്നു നാം കൊണ്ടുവരുന്നതാണ് എന്നു പറഞ്ഞുവല്ലോ. മനുഷ്യരുടെ നൻമ, സൗകര്യം, ലഘുത്വം, പ്രയോഗികത, പുണ്യഫലം ആദിയായവയുടെ അടിസ്ഥാനത്തിലായിരിക്കും അവയുടെ മേൻമയും തുല്യതയുമെന്ന് കരുതാം.
والله اعلم

108 അതല്ല, മുമ്പ് മൂസായോട് ചോദിക്കപ്പെട്ടതു പോലെ, നിങ്ങളുടെ റസൂലിനോട് ചോദിക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ?! ആർ അവിശ്വാസത്തെ സത്യവിശ്വാസത്തിന് പകരം സ്വീകരിച്ചുവോ അവൻ തീർച്ചയായും ശരിയായ മാർഗ്ഗം പിഴച്ചുപോയി.

أَمْ تُرِيدُونَ أَن تَسْـَٔلُوا۟ رَسُولَكُمْ كَمَا سُئِلَ مُوسَىٰ مِن قَبْلُ ۗ وَمَن يَتَبَدَّلِ ٱلْكُفْرَ بِٱلْإِيمَـٰنِ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١٠٨﴾

108 أَمْ അതല്ല. تُرِيدُونَ നിങ്ങൾ ഉദ്ദേശിക്കുന്നു (വോ) . أن تَسْألُوا നിങ്ങൾ ചോദിക്കുവാൻ. رَسُولَكُمْ നിങ്ങളുടെ റസൂലിനോട്. كَمَا سُئِلَ ചോദിക്കപ്പെട്ടതുപോലെ. مُوسَى മൂസായോട്. مِن قَبْلُ മുമ്പ്. وَمَن ആരെങ്കിലും. يَتَبَدَّلِ പകരം സ്വീകരിച്ചാൽ. الْكُفْرَ അവിശ്വാസത്തെ. بِالإيمَانِ സത്യവിശ്വാസത്തിന്. فَقَدْ ضَلَّ എന്നാൽ തീർച്ചയായും അവർവഴി പിഴച്ചു. سَوَاءَ السَّبِيلِ ശരിയായ (മദ്ധ്യമ) മാർഗ്ഗം.

മൂസാ (عليه السلام) ൻെറ നേരെ ഇസ്‌റാഈല്യർ തൊടുത്തുവിട്ടിരുന്ന ചോദ്യങ്ങളുടെ പല ഉദാഹരണങ്ങളും മുൻവചനങ്ങളിൽ നാം കണ്ടുവല്ലോ. ചിലത് അധികപ്പറ്റായിരുന്നുവെങ്കിൽ, ചിലത് ധിക്കാരവും ഭോഷത്തവും, മറ്റുചിലത് പരിഹാസവുമായിരുന്നു. പശുവിനെ അറുക്കാൻ കൽപ്പിച്ചപ്പോഴുണ്ടായ ചോദ്യങ്ങളും, അല്ലാഹുവിനെ കാണിച്ചുകൊടുക്കുവാനാവശ്യപ്പെട്ടതും അവയിൽപെട്ട ചിലതാണ്. അനാവശ്യമായ ചോദ്യങ്ങളും അന്വേഷണങ്ങളും നബി (ﷺ) യോട് യഹൂദികളും നടത്തിയിരുന്നു. മുസ്‌ലിംകളെ അതിനവർ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. അതിനാൽ, യഹൂദികളുടെ നേരെയുള്ള പ്രതിഷേധത്തോടൊപ്പം, സത്യവിശ്വാസികൾ നബി (ﷺ) യോട് ചോദ്യങ്ങൾ ചോദിക്കുന്നതിൽ മിതത്വവും മര്യാദയും

പാലിക്കേണ്ടതുണ്ടെന്നുകൂടി ഈ വചനം മുഖേന അല്ലാഹു മുസ്‌ലിംകളോട് കൽപിക്കുകയും ചെയ്യുന്നു. ചോദ്യത്തിൽ അതിരുകവിയൽ അവിശ്വാസത്തിലേക്ക് വഴി തെളിയിക്കുമെന്നും, അത് ഗൗരവപൂർവ്വം സൂക്ഷിക്കേണ്ടതുണ്ടെന്നും താക്കീതും ചെയ്യുന്നു.

നബി (ﷺ) യോട് സംശയങ്ങൾ ചോദിച്ചറിയുകയോ, ആവശ്യമുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയോ ചെയ്തുകൂടാ എന്നല്ല ഇപ്പറഞ്ഞതിൻെറ അർത്ഥം. മൂസാ(عليه السلام) നോട് അദ്ദേഹത്തിൻെറ ജനത ചോദിച്ചമാതിരി ചോദ്യങ്ങൾ നബി (ﷺ) യോട് ചോദിക്കരുതെന്നാണ് അല്ലാഹു പറഞ്ഞത്. സൂറഃ മാഇദഃയിൽ പറയുന്നു:
يا ايها الذين امنوا لا تسألوا عن ا شياء ان تبدلكم تسؤكم.........كافرين (സാരം: ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് വെളിപ്പെടുത്തപ്പെടുന്ന പക്ഷം നിങ്ങൾക്ക് വെറുപ്പായിത്തീരുന്ന കാര്യങ്ങളെപ്പറ്റി നിങ്ങൾ ചോദിക്കരുത്. ഖുർആൻ അവതരിപ്പിക്കപ്പെടുന്ന സമയത്ത് അവയെപ്പറ്റി നിങ്ങൾ ചോദിക്കുന്നപക്ഷം അവ നിങ്ങൾക്ക് വെളിവാക്കപ്പെടുന്നതുമാണ്......... അങ്ങിനെയുള്ള ചോദ്യങ്ങൾ നിങ്ങൾക്കു മുമ്പുള്ള ചില ജനങ്ങൾ ചോദിക്കുകയുണ്ടായി. പിന്നീട് അവരതിൽ അവിശ്വാസികളായിത്തീരുകയാണ് ചെയ്തത്.) (മാഇദ: 104,105.) മുഗീറത്തുബ്നുശുഅ്ബ: (رضي الله عنه) പ്രസ്താവിച്ചതായി ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ''(അവൻ പറഞ്ഞു, ആരോ പറഞ്ഞു എന്നിങ്ങിനെ) കണ്ടതും കേട്ടതും പറയുന്നതും, ധനം പാഴാക്കിക്കളയുന്നതും, അധികം ചോദ്യം ചെയ്യുന്നതും നബി (ﷺ) വിരോധിച്ചിരിക്കുന്നു.'' (ബു; മു.) മറ്റൊരു ഹദീസിൽ നബി (ﷺ) പറയുന്നു: ''ഞാൻ നിങ്ങളെ ഒഴിവാക്കി വിടുമ്പോൾ (ഇന്ന കാര്യം ഇന്ന പ്രകാരം വേണമെന്ന് കൽപിക്കാതിരിക്കുമ്പോൾ) നിങ്ങൾ എന്നെ വിട്ടേക്കുവിൻ. നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവർ നാശത്തിൽപെട്ടത് അവർ ചോദ്യം അധികരിപ്പിക്കുകയും, അവരുടെ നബിമാരോട് അനുസരണക്കേട് കാണിക്കുകയും ചെയ്തതു കൊണ്ടുമാത്രമായിരുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോട് വല്ലതും കൽപിച്ചാൽ, അതിൽ നിന്ന് നിങ്ങൾക്ക് സാധിക്കുന്നത്ര ചെയ്തുകൊള്ളുവിൻ. ഞാൻ നിങ്ങളോട് വല്ലതിനെപ്പറ്റിയും വിരോധിച്ചാൽ നിങ്ങൾ അതിനെ (പാടെ) വർജ്ജിക്കുകയും ചെയ്യുവിൻ.'' (മു) അനാവശ്യമോ, അർത്ഥശൂന്യമോ ആയ ചോദ്യങ്ങൾ ചോദിക്കുക, ആവശ്യത്തിലധികം ചുഴിഞ്ഞന്വേഷണം നടത്തുക, അനുഷ്ഠാനത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശമില്ലാതെ വൃഥാചോദ്യം ചെയ്യുക എന്നിങ്ങിനെയുള്ള ദുഷിച്ച സമ്പ്രദായങ്ങളാണ് വിരോധിക്കപ്പെട്ടിട്ടുള്ളതെന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാമല്ലോ. വിവരമില്ലാത്തത് ചോദിച്ചറിയണമെന്ന് ഖുർആനിലും ഹദീസിലും പ്രത്യേകം പ്രോൽസാഹിപ്പിക്കപ്പെട്ടിട്ടുണ്ടുതാനും.

وَدَّ كَثِيرٌ مِّنْ أَهْلِ ٱلْكِتَٰبِ لَوْ يَرُدُّونَكُم مِّنۢ بَعْدِ إِيمَٰنِكُمْ كُفَّارًا حَسَدًا مِّنْ عِندِ أَنفُسِهِم مِّنۢ بَعْدِ مَا تَبَيَّنَ لَهُمُ ٱلْحَقُّ ۖ فَٱعْفُوا۟ وَٱصْفَحُوا۟ حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦٓ ۗ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٠٩﴾

109 വേദക്കാരിൽ നിന്ന് അധികമാളുകളും നിങ്ങളുടെ സത്യവിശ്വാസത്തിന് ശേഷം നിങ്ങളെ അവർക്ക് അവിശ്വാസികളായി മടക്കാൻ (കഴിഞ്ഞെ) ങ്കിൽ (കൊള്ളാമായിരുന്നു) എന്ന് ആഗ്രഹിക്കുകയാണ്; അവർക്ക് യഥാർത്ഥം വ്യക്തമായിട്ടുള്ളതിനുശേഷം, അവരുടെ മനസ്സുകളിൽ നിന്നുള്ള അസൂയയാൽ! എന്നാൽ, അല്ലാഹു അവൻെറ കൽപന കൊണ്ട് വരുന്നതു വരേക്കും നിങ്ങൾ മാപ്പ് ചെയ്കയും, തിരിഞ്ഞുകളയുകയും ചെയ്തു കൊള്ളുവിൻ. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ ۚ وَمَا

110 നിങ്ങൾ നമസ്കാരം നിലനിർത്തുകയും, സക്കാത്ത് കൊടുക്കുകയും ചെയ്യുവിൻ.

تُقَدِّمُواْ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ عِندَ ٱللَّهِ ۗ إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿١١٠﴾

നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങൾക്കു വേണ്ടി നന്മയായി ഏതൊന്നും മുൻകൂട്ടി ചെയ്യുന്നതെന്തും, അത് അല്ലാഹുവിൻെറ അടുക്കൽ നിങ്ങൾ കണ്ടെത്തുന്നതാണ്. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് കണ്ടറിയുന്നവനാകുന്നു.

---

109 **ود** മോഹിക്കുയാണ്. **كثير** അധികമാളുകൾ. **مّن أهل الكتاب** വേദക്കാരിൽനിന്ന്. **لو يردونكم** അവർ നിങ്ങളെ മടക്കിയെങ്കിൽ കൊള്ളാം എന്ന്. **مّن بعد** ശേഷം. **إيمانِكُم** നിങ്ങളുടെ വിശ്വാസത്തിന്. **كُفارا** അവിശ്വാസികളായി. **حسدا** അസൂയയാൽ. **مّن عند أنفُسِهِم** അവരുടെ മനസ്സുകളിൽനിന്ന്. **مّن بعد** ശേഷം. **ما تبين** വ്യക്തമായതിന്. **لَهم** അവർക്ക്. **الْحق** യഥാർത്ഥം. **فَاعفُوا** എന്നാൽ നിങ്ങൾ മാപ്പാക്കുവിൻ. **واصفحوا** തിരിഞ്ഞുകളയുക (അവഗണിക്കുക) യും ചെയ്‌വിൻ. **حتى يأتي** വരുന്നത് വരേക്ക്. **اللهُ** അല്ലാഹു. **بِأمره** അവൻെറ കൽപനയുംകൊണ്ട്. **إن الله** നിശിചയമായും അല്ലാഹു. **على كُل شيءٍ** എല്ലാ കാര്യത്തിനും. **قدير** കഴിവുള്ളവനാണ്.. 110 **وأقيموا** നിലനിറുത്തുകയും ചെയ്യുക. **الصلاةَ** നമസ്കാരം. **وآتوا** കൊടുക്കുകയും ചെയ്യുക. **الزكاةَ** സകാത്ത്. **وما تقدموا** നിങ്ങൾ എന്ത് (ഏത്-യാതൊന്ന്) മുൻകൂട്ടി ചെയ്തുവോ, മുന്തിച്ചാലും. **لأنفُسِكُم** നിങ്ങളുടെ സ്വന്തങ്ങൾക്ക്‌വേണ്ടി. **مّن خير** നന്മയായി. **تجدوه** അത് നിങ്ങൾ കണ്ടെത്തും. **عند اللهِ** അല്ലാഹുവിൻെറ അടുക്കൽ. **إن الله** നിശ്ചയമായും അല്ലാഹു. **بما تعملونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. **بصير** കണ്ടറിയുന്നവനാണ്..

വേദക്കാരായ അവിശ്വാസികൾ ഇസ്‌ലാമിന് വിരുദ്ധമായി സ്വീകരിച്ചു വരുന്ന വിഷയങ്ങളിലൊന്നും നിങ്ങൾ പങ്ക് കൊള്ളരുത്. അവർ നിങ്ങളുടെ ശത്രുക്കളാണ്. നിങ്ങളെ എങ്ങിനെയെങ്കിലും സത്യവിശ്വാസത്തിൽ നിന്ന് പിഴപ്പിച്ച് അവരെപ്പോലെ അവിശ്വാസികളാക്കണമെന്നാണ് അവരിൽ പലരുടെയും മോഹം. അതിനാണവർ ശ്രമിക്കുന്നതും. യഥാർത്ഥം മനസ്സിലാവാത്തതു കൊണ്ടല്ല- വ്യക്തമായി മനസ്സിലാക്കിക്കൊണ്ടു തന്നെയാണ്- അവരതു ചെയ്യുന്നത്. അവരുടെ മനസ്സുകളിൽ അടിയുറച്ചു കഴിഞ്ഞിട്ടുള്ള അസൂയകൊണ്ടു മാത്രമാണത്. അതിനാൽ, അവരുടെ കെണിയിൽ അകപ്പെടാതെ നിങ്ങൾ സൂക്ഷിക്കണം. അവർ പ്രവർത്തിക്കുന്നത് അവർ പ്രവർത്തിച്ച് കൊള്ളട്ടെ, വഴിയെ അതിനുള്ള പരിഹാരം അല്ലാഹു ചെയ്‌വാൻ പൊകുന്നുണ്ട്. (നിങ്ങൾക്ക് വിജയവും പ്രതാപവും നൽകിയും, അവർക്ക് പരാജയവും അപമാനവും നൽകിയും അവനത് നടപ്പിൽ വരുത്തുക തന്നെ ചെയ്യും.) അവന് കഴിയാത്തതായി ഒന്നുമില്ല. അതുവരെ നിങ്ങൾ കാത്തിരിക്കുകയും, ക്ഷമയും അവഗണനയും അവലംബിക്കുകയും ചെയ്തുകൊള്ളുക. നിങ്ങളുടെ പ്രധാന കടമകളായ നമസ്കാരവും സക്കാത്തും മുറക്കു പാലിച്ചും കൊണ്ടിരിക്കുക. എന്നു വേണ്ട, നൻമയും പുണ്യവുമായിട്ടുള്ളതെന്തും ചെയ്ത് സമ്പാദിക്കുവാനും നോക്കുക. മരണത്തിന് മുമ്പ് നിങ്ങൾ ചെയ്യുന്ന ഏതൊരു നൻമക്കും അല്ലാഹുവിൻെറ അടുക്കൽ നിന്നു വമ്പിച്ച പ്രതിഫലം ലഭിക്കാതെ ഒന്നും പാഴായിപ്പോകുന്നതേയല്ല. അവൻെറ അറിവിലും കണക്കിലും ഉൾപ്പെടാതെ ഒന്നും വിട്ടുപോകുന്നതുമല്ല. എന്നിങ്ങനെയുള്ള പല ഉപദേശ നിർദ്ദേശങ്ങളും അല്ലാഹു സത്യവിശ്വാസികൾക്ക് നൽകുകയാണ്.

وَقَالُواْ لَن يَدْخُلَ ٱلْجَنَّةَ إِلَّا مَن كَانَ هُودًا أَوْ نَصَٰرَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ قُلْ هَاتُواْ بُرْهَٰنَكُمْ

111 അവർ [വേദക്കാർ] പറയുകയാണ്; ''ജൂതന്മാരോ, നസ്രാണി [ക്രിസ്ത്യാനി]കളോ ആയവരല്ലാതെ സ്വർഗ്ഗത്തിൽ (മറ്റാരും) പ്രവേശിക്കുന്നതേയല്ല.'' അതവരുടെ വ്യാമോഹങ്ങളത്രെ. (നബിയേ)

إِن كُنتُمْ صَـٰدِقِينَ ﴿١١١﴾

പറയുക: ''നിങ്ങളുടെ തെളിവുകൊണ്ടു വരുവിൻ, നിങ്ങൾ സത്യവാന്മാരാ ണെങ്കിൽ!''

بَلَىٰ مَنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ فَلَهُۥٓ أَجْرُهُۥ عِندَ رَبِّهِۦ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١١٢﴾

112 അങ്ങനെയല്ല, ആരൊരുവൻ, താൻ സുകൃതം ചെയ്യുന്നവനായുംകൊണ്ട് തന്റെ മുഖം അല്ലാഹുവിന് കീഴ്പെടു ത്തിയോ [പൂർണ്ണമായി കീഴൊതുങ്ങി യോ] അവന് തന്റെ റബ്ബിന്റെ അടുക്കൽ തന്റെ പ്രതിഫലം ഉണ്ട്; അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുന്നതുമല്ല.

---

111 **وقالوا** അവർ പറയുകയാണ്. **لن يدخل** പ്രവേശിക്കുന്നതേയില്ല. **الجنة** സ്വർഗ്ഗത്തിൽ. **إلا من كان** ആയവരൊഴികെ. **هودا** യഹൂദികൾ. **أو نصارى** അല്ലെങ്കിൽ നസ്രാണികൾ. **تلك** അത്. **أمانيهم** അവരുടെ മോഹങ്ങളാണ്. **قُلْ** പറയുക. **هاتوا** കൊണ്ടുവരിൻ. **برهانكم** നിങ്ങളുടെ തെളിവ് . **إن كنتم** നിങ്ങളാണെങ്കിൽ. **صادقين** സത്യവാൻമാർ. 112 **بلى** അങ്ങനെയല്ല, ഇല്ലാതെ (ഉണ്ട്) . **من أسلم** ആർ കീഴൊതുക്കിയോ. **وجهه** തന്റെ മുഖം. **لله** അല്ലാഹുവിന്. **وهو** അവൻ (ആയിക്കൊണ്ട്) . **محسن** സുകൃതം ചെയ്യുന്നവൻ. **فله** എന്നാലവനുണ്ട്. **أجره** അവന്റെ പ്രതിഫലം. **عند ربه** തന്റെ റബ്ബിന്റെ അടുക്കൽ. **ولا خوف** ഒരു ഭയവുമില്ല. **عليهم** അവരുടെ മേൽ. **ولا هم** അവരില്ലതാതനും. **يحزنونَ** വ്യസനിക്കും,.

വേദക്കാർ സ്വയം വഞ്ചിതരായി വഴിപിഴവിലായ ചില വാദങ്ങളിൽ ഒന്നാണ് സ്വർഗ്ഗത്തിന്റെ അവകാശികൾ തങ്ങൾ മാത്രമാണെന്നുള്ള അവരുടെ വാദം. ഈ വാദത്തിൽ യഹൂദികളും ക്രിസ്ത്യാനികളും യോജിക്കുന്നുവെങ്കിലും, ക്രിസ്ത്യാനികൾക്ക് ആ അവകാശം വക വെക്കുവാൻ യഹൂദികളോ, യഹൂദികൾക്കു വക വെക്കുവാൻ ക്രിസ്ത്യാനികളോ തയ്യാറില്ല താനും. അടുത്ത വചനത്തിൽ നിന്ന് ഇത് വ്യക്തമാകുന്നതാണ്. അവരുടെ വെറും ഒരു വ്യാ മോഹമെന്നല്ലാതെ, തെളിവിന്റെയും ന്യായത്തിന്റെയും കണികപോലും അതിലില്ലെന്നു അല്ലാഹു ഉറപ്പിച്ചും തറപ്പിച്ചും പറയുന്നു. വല്ല തെളിവും ഉണ്ടെങ്കിൽ അതു സമർപ്പിക്കുവാൻ അവരെ വെല്ലുവിളിക്കുകയും ചെയ്യുന്നു. അതോടൊപ്പം വിഷയത്തിന്റെ യഥാർത്ഥ നില ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. സുകൃതങ്ങൾ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ വിധി വിലക്കുകൾക്കു തികച്ചും കീഴടങ്ങുന്നവരാരോ അവർക്കാണ് രക്ഷയും സ്വർഗ്ഗവു മൊക്കെയുള്ളത്. അവർക്ക് ഭയപ്പെടുവാനോ വ്യസനപ്പെടുവാനോ ഒന്നുമില്ലതാനും. അല്ലാത്ത വർക്ക് സ്വർഗ്ഗമാകട്ടെ, അഭയമാകട്ടെ ഒന്നും അല്ലാഹുവിങ്കൽ ലഭിക്കുവാനില്ല. ഇതിൽ വർഗ്ഗത്തിനോ, സമൂഹത്തിനോ, ആഭിജാത്യത്തിനോ ഒട്ടും സ്ഥാനമില്ല. ഇതാണ് യഥാർത്ഥം എന്നു സാരം.

محسن (മുഹ്സിൻ) എന്ന വാക്കിന് 'സുകൃതം ചെയ്യുന്നവൻ, സൽഗുണവാൻ, നൻമ ചെയ്യുന്നവൻ' എന്നൊക്കെയാണ് വാക്കർത്ഥം. നിഷ്കളങ്കമായും, വിശ്വാസത്തോടും സദുദ്ദേശ്യത്തോടു കൂടിയും നല്ല കാര്യങ്ങൾ ചെയ്യുന്നവൻ-അഥവാ മതദൃഷ്ട്യാ അംഗീകൃ തമായ സൽകാര്യങ്ങൾ അല്ലാഹുവിന്റെ പ്രീതിയെ ലക്ഷ്യംവെച്ചുകൊണ്ട് ചെയ്യുന്നവൻ- എന്നുദ്ദേശ്യം. അതുകൊണ്ടാണ് അവിശ്വാസികൾ ചെയ്യുന്ന സൽകർമ്മങ്ങൾ അല്ലാഹുവിങ്കൽ വിലപ്പോകാത്തത്. അല്ലാഹു പറയുന്നു: وقدمنا الى ما عملوا........منثورا (അവർ പ്രവൃത്തിച്ചിട്ടുള്ള കർമ്മങ്ങളുടെ നേരെ ചെന്ന് അതിനെ നാം വിതറപ്പെട്ട ധൂളിയാക്കിത്തീർക്കുന്നതാണ്) (സൂ;ഫുർഖാൻ 23) മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ചെയ്യപ്പെടുന്ന കർമ്മങ്ങളൊന്നും അല്ലാഹുവിങ്കൽ സ്വീകാര്യമാകുകയില്ലെന്നുള്ളതും പരക്കെ അറിയപ്പെട്ടതാണ്. നബി (ﷺ)

പറയുന്നു: من عمل عملا ليس عليه امرنا فهو رد – مسلم (സാരം: നമ്മുടെ കാര്യം -അഥവാ നടപടി- എപ്രകാരമാണോ അപ്രകാരമല്ലാത്ത വല്ല കർമ്മവും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെട്ടതായിരിക്കും.) (മു) 'ഇഹ്സാൻ' എന്നാലെന്താണെന്ന് ചോദിക്കപ്പെട്ടതിന് ഒരു ഹദീസിൽ നബി (ﷺ) നൽകിയ ഉത്തരം ഇപ്രകാരമായിരുന്നു:
ان تعبد الله كانك تراه فان لم تك تراه فان يراك – مسلم (അല്ലാഹുവിനെ നീ കാണുന്നുണ്ടെന്നോണം അവനെ നീ ആരാധിക്കലാണ്. അവനെ നീ കാണുന്നില്ലെങ്കിലും നിന്നെ അവൻ കാണുന്നുണ്ട്.) (മു)

വിഭാഗം-14

وَقَالَتِ ٱلْيَهُودُ لَيْسَتِ ٱلنَّصَـٰرَىٰ عَلَىٰ شَىْءٍ وَقَالَتِ ٱلنَّصَـٰرَىٰ لَيْسَتِ ٱلْيَهُودُ عَلَىٰ شَىْءٍ وَهُمْ يَتْلُونَ ٱلْكِتَـٰبَ ۗ كَذَٰلِكَ قَالَ ٱلَّذِينَ لَا يَعْلَمُونَ مِثْلَ قَوْلِهِمْ ۚ فَٱللَّهُ يَحْكُمُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿١١٣﴾

113 ജൂതൻമാർ പറയുന്നു; ''നസ്രാണി [ക്രിസ്ത്യാനി]കൾ ഒന്നിലുമല്ല. [-അവർക്ക് ഒരടിസ്ഥാനവുമില്ല]'' എന്ന്; നസ്രാണികൾ പറയുന്നു; ജൂതൻമാർ ഒന്നിലുമല്ല [-അവർക്ക് ഒരടിസ്ഥാനവുമില്ല] എന്ന്. അവർ (ഇരുകൂട്ടരും) വേദഗ്രന്ഥം പാരായണം ചെയ്തുവരുന്നുതാനും. അതുപോലെ, ഇവരുടെ വാക്കുപോലെ (ത്തന്നെ) അറിവില്ലാത്തവരും പറഞ്ഞിരിക്കുന്നു, എന്നാൽ, യാതൊരു കാര്യത്തിൽ അവർ ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നുവോ അതിൽ, 'ഖിയാമത്തു'നാളിൽ അല്ലാഹു അവർക്കിടയിൽ വിധി കൽപിക്കുന്നതാണ്.

---

113 وقالت اليهود ജൂതൻമാർ പറയുന്നു. ليست النصارى ക്രിസ്ത്യാനികളല്ല. على شيء ഒരു കാര്യത്തിലും. وقالت النصارى ക്രിസ്ത്യാനികൾ പറയുന്നു. ليست اليهود ജൂതൻമാരല്ല. على شيء ഒന്നിലും. وهم അവരാകട്ടെ. يتلون പാരായണം ചെയ്യുന്നു. الكتاب (വേദ) ഗ്രന്ഥം. كذلك അതുപോലെ. قال പറഞ്ഞിരിക്കുന്നു, പറയുന്നു. الذين യാതൊരു കൂട്ടർ. لايعلمون അവർ അറയുകയില്ല. مثل പോലെ. قولهم അവരുടെ വാക്ക്. فالله എന്നാൽ അല്ലാഹു. يحكم വിധിക്കും. بينهم അവർക്കിടയിൽ. يوم القيامة ഖിയാമത്തുനാളിൽ. فيما യാതൊന്നിൽ. كانوا فيه അതിൽ അവരായിരുന്നു. يختلفون ഭിന്നിക്കും.

ഏതാനും ചില കാര്യങ്ങളിൽ ഇരു കൂട്ടർക്കും യോജിപ്പുണ്ടെങ്കിലും യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ ബദ്ധവൈരമാണ് യഥാർത്ഥത്തിലുള്ളത്. ക്രിസ്ത്യാനികൾക്കു യാതൊരടിസ്ഥാനവും, പ്രമാണവുമില്ലെന്ന് യഹൂദികളും, നേരെ മറിച്ച് യഹൂദികളെപ്പറ്റി അതുപോലെ ക്രിസ്ത്യാനികളും വാദിക്കുന്നു. രണ്ടുകൂട്ടരും വേദഗ്രന്ഥം പാരായണം ചെയ്തു വരുന്നുണ്ട് താനും. പിന്നീട് വരുന്ന പ്രവാചകൻമാരിൽ വിശ്വസിക്കേണ്ടതിൻെറ ആവശ്യകതയും, ഈസാ (عليه السلام) ൻെറ വരവിനെക്കുറിച്ചുള്ള പ്രവചനവും തൗറാത്തിൻെറ ആൾക്കാരായ യഹൂദികൾക്കറിയാം. മുൻപ്രവാചകൻമാരെ നിഷേധിക്കുവാനല്ല- ബലപ്പെടുത്തുവാനാണ്-താൻ വന്നിരിക്കുന്നതെന്നു ഈസാ (عليه السلام) പറഞ്ഞത് ഇഞ്ചീലിൻെറ ആൾക്കാരായ ക്രിസ്ത്യാനികൾക്കും അറിയാം. ഇതൊന്നും വകവെക്കാതെയാണ് ഓരോ കൂട്ടരും പരസ്പരം മറ്റേവരുടെ അടിസ്ഥാനത്തെത്തന്നെ നിഷേധിക്കുന്നത്. എന്നിരിക്കെ, വേദഗ്രന്ഥത്തെപ്പറ്റി അറിഞ്ഞുകൂടാത്ത ജനങ്ങളും ഇതുപോലെ വാദിക്കുന്നതിൽ അൽഭുതമില്ലല്ലോ. ഏതായാലും, ഖിയാമത്തുനാളിൽ അല്ലാഹു എല്ലാ വിഭാഗക്കാരെയും വിചാരണ ചെയ്തു തീരുമാനമെടുക്കാതിരിക്കുകയില്ല. അപ്പോൾ അറിയാം, സത്യത്തിൻെറ കക്ഷി ഏതാണ്, ആരുടെ വാദമാണ് ശരി എന്നൊക്കെ.

الذين لا يعلمون (അറിയാത്തവര്‍) എന്നു പറഞ്ഞത് അറബി മുശ്‌രിക്കുകളെ ഉദ്ദേശിച്ചാണെന്നാണ് അധിക വ്യഖ്യാതാക്കളും പറയുന്നത്. തൗറാത്തിന് മുമ്പുള്ളവരെ ഉദ്ദേശിച്ചാണെന്നും ചിലര്‍ പറയുന്നു. ഒരു പ്രത്യേക വിഭാഗത്തെ ഉദ്ദേശിച്ചല്ല, വേദഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ടിട്ടില്ലാത്തവരെല്ലാം അതില്‍ ഉള്‍പ്പെടുമെന്നാണ് ഇബ്നുജരീര്‍ (ﷺ) ശരിവെച്ച അഭിപ്രായം. ഇതാണ് കൂടുതല്‍ നന്നായി തോന്നുന്നതും, മുന്‍കാലത്തും, പില്‍ക്കാലത്തുമുള്ള പല സമുദായക്കാരിലും, മതക്കാരിലും കാണപ്പെടുന്ന ഒരു വാദം തന്നെയാണ് മറ്റുള്ളവരെല്ലാം അടി സ്ഥാനമില്ലാത്തവരാണ്, തങ്ങള്‍ മാത്രമാണ് അടിസ്ഥാനമുള്ളവര്‍ എന്ന വാദം. ഇന്ത്യയിലെ പല ജാതിക്കാരിലും ഈ വിശ്വാസം കാണാവുന്നതാണ്. ഈ വചനത്തിലെ അവസാനത്തെ താക്കീത് എല്ലാവര്‍ക്കും ബാധകം തന്നെ. അതെ, ഖിയാമത്തുനാളില്‍ എല്ലാവരുടെ കാര്യത്തിലും അല്ലാഹു വിധി നടത്തുന്നതാണ്.

وَمَنْ أَظْلَمُ مِمَّن مَّنَعَ مَسَٰجِدَ ٱللَّهِ أَن يُذْكَرَ فِيهَا ٱسْمُهُۥ وَسَعَىٰ فِى خَرَابِهَآ ۚ أُو۟لَٰٓئِكَ مَا كَانَ لَهُمْ أَن يَدْخُلُوهَآ إِلَّا خَآئِفِينَ ۚ لَهُمْ فِى ٱلدُّنْيَا خِزْىٌ وَلَهُمْ فِى ٱلْءَاخِرَةِ عَذَابٌ عَظِيمٌ ﴿١١٤﴾

114 അല്ലാഹുവിന്‍റെ പള്ളികളെ - അവയില്‍വെച്ച് അവന്‍റെ നാമം സ്മരിക്കപ്പെടുന്നതിനെ-തടസ്സപ്പെടുത്തുകയും, അവയുടെ ശൂന്യതയില്‍ (അഥവാ അവയെ പാഴാക്കുന്നതില്‍) പരിശ്രമിക്കുകയും ചെയ്തവനേക്കാള്‍ അധികം അക്രമി ആരാണുള്ളത്?! (അങ്ങിനെയുള്ള) അക്കൂട്ടര്‍, ഭയപ്പെട്ടവരായിക്കൊണ്ടല്ലാതെ അവര്‍ക്ക് അതില്‍ പ്രവേശിക്കാവതല്ല. ഇഹലോകത്ത് അവര്‍ക്ക് അപമാനമുണ്ടായിരിക്കും; പരലോകത്ത് അവര്‍ക്ക് വമ്പിച്ച ശിക്ഷയുമുണ്ട്.

---

114 **ومن** ആരുണ്ട്. **أظلم** അധികം അക്രമി. **ممن** ഒരുവനെക്കാള്‍. **منع** അവന്‍ തടസ്സപ്പെടുത്തി. **مساجد الله** അല്ലാഹുവിന്‍റെ പള്ളികളെ. **أن يذكر** സ്മരിക്കപ്പെടുന്നതിനെ. **فيها** അവയില്‍വെച്ച്. **اسمه** അവന്‍റെ പേര്‍. **وسعى** അവന്‍ പരിശ്രമിക്കുകയും ചെയ്തു. **في خرابها** അവയുടെ ശൂന്യതയില്‍, നാശത്തില്‍. **أولئك** അക്കൂട്ടര്‍. **ما كانَ لهم** അവര്‍ക്ക് ആകാവതല്ല (പാടില്ല) . **أن يدخلوها** അവയില്‍ പ്രവേശിക്കല്‍. **إلا خائفين** ഭയപ്പെട്ടവരായിട്ടല്ലാതെ. **لهم** അവര്‍ക്കുണ്ട്. **في الدنيا** ഇഹത്തില്‍. **خزي** അപമാനം. **ولهم** അവര്‍ക്കുണ്ട് (താനും) . **في الآخرة** പരത്തില്‍. **عذاب** ശിക്ഷ. **عظيم** വമ്പിച്ച.

مسجد (മസ്ജിദ്) ന്‍റെ ബഹുവചനമാണ് مساجد സജൂദു ചെയ്യുന്ന സ്ഥലം എന്ന് വാക്കര്‍ത്ഥം. അല്ലാഹുവിനെ മാത്രം ആരാധിക്കുവാന്‍വേണ്ടി നിര്‍മ്മിക്കപ്പെടുന്ന പള്ളി (മുസ്‌ലിംപള്ളി) കള്‍ക്കുള്ള പേരാണത്. അതില്‍ വെച്ച് അവന്‍റെ നാമം സ്മരിക്കപ്പെടുക- അല്ലെങ്കില്‍ കീര്‍ത്തിക്കപ്പെടുക- എന്നത് കൊണ്ടുദ്ദേശ്യം, നമസ്കാരം, പ്രാര്‍ത്ഥന മുതലായ ആരാധനാകര്‍മ്മങ്ങളാകുന്നു. خراب (ഖറാബ്) എന്ന വാക്കിന് 'ശൂന്യത, പാഴാകുക, നാശം' എന്നൊക്കെയാണര്‍ത്ഥം. ഒരു വീട്ടില്‍ ആള്‍ പാര്‍പ്പില്ലാതെയോ, ഉപയോഗിക്കുവാന്‍ കൊള്ളാതെയോ വന്നാലും, അതുപൊളിച്ചോ മറ്റോ അതിനു കേടുപാടുവന്നാലും ആ വിട്ടീനെപ്പറ്റി بيت خراب (ഖറാബായ വീട്) എന്നു പറയാം.

അല്ലാഹുവിനെ ആരാധിക്കുവാനും, അവന്‍റെ നാമം സ്മരിക്കപ്പെടുവാനും, കീര്‍ത്തിക്കപ്പെടുവാനുംവേണ്ടി സ്ഥാപിക്കപ്പെടുന്ന പള്ളികളില്‍വെച്ച് അത് നടത്തപ്പെടുന്നതിന് തടസ്സമുണ്ടാക്കുകയും, അതിനനുവദിക്കാതെ അതിനെ ശൂന്യമാക്കുവാന്‍ ശ്രമിക്കുകയും ചെയ്യുന്നത് അക്രമങ്ങളില്‍വെച്ച് ഏറ്റവും വലിയ അക്രമമാണെന്നും, അങ്ങിനെ ചെയ്യുന്ന അക്രമകാരികള്‍ക്ക് പള്ളികളില്‍ നിര്‍ഭയം പ്രവേശിക്കുവാന്‍ അവകാശമില്ലെന്നും ഈ വചനത്തില്‍ അറിയിക്കുന്നു. ഇഹത്തില്‍ അവര്‍ക്ക് അപമാനവും, പരത്തില്‍ വമ്പിച്ച ശിക്ഷയും

അനുഭവിക്കേണ്ടിവരുമെന്നും താക്കീതും ചെയ്യുന്നു. ഏതെങ്കിലും ഒരു പ്രത്യേക പള്ളിയെമാത്രം പരാമർശിച്ചുകൊണ്ടുള്ളതല്ല ഈ വചനം. ഇതിലടങ്ങിയ ആശയം എല്ലാ പള്ളികളെയും ബാധിക്കുന്നത് തന്നെയാകുന്നു. അവിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നവർക്ക് പള്ളികൾ പരിപാലിക്കുവാനും, സംരക്ഷിക്കുവാനും അവകാശമില്ലെന്നും, അല്ലാഹുവിലും അന്ത്യ നാളിലും വിശ്വസിക്കുകയും, നമസ്കാരവും സകാത്തും നിർവ്വഹിക്കുകയും, അല്ലാഹുവിനെമാത്രം ഭയപ്പെടുകയും ചെയ്യുന്നവർക്ക് മാത്രമേ അതിനവകാശമുള്ളുവെന്നും സൂ: തൗബ 17, 18 വചനങ്ങളിലും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. കൂടുതൽ വിവരം അവിടെവെച്ചു കാണാം.

പള്ളികളെപ്പറ്റി മൊത്തത്തിലാണ് ആയത്തിൽ പ്രസ്താവിക്കുന്നതെങ്കിലും അതിൻെറ വാചകശൈലി നോക്കുമ്പോൾ പള്ളിയെ മുടക്കംചെയ്ത ഏതോ ഒരു സംഭവം നടന്നിട്ടുണ്ടെന്ന ഒരു സൂചന അതിൽ കാണാവുന്നതാണ്. ഈ സംഭവം ഏതാണെന്നുള്ളതിൽ അഭിപ്രായ വ്യത്യാസം കാണാം. നബി (ﷺ) യും, സഹാബികളും ഉംറഃ കർമ്മത്തെ ഉദ്ദേശിച്ചുകൊണ്ട് മദീനായിൽനിന്ന് പുറപ്പെട്ടു മക്കാ ഹറമിനടുത്ത് ഹുദൈബിയ്യയിലെത്തിയപ്പോൾ ഖുറൈശികൾ അവരെ തടഞ്ഞതും, അവസാനം പ്രസിദ്ധമായ ഹുദൈബിയാസന്ധി നടന്നതും, തൽക്കാലം മടങ്ങി അടുത്തകൊല്ലം ഉംറഃ കർമ്മം നടത്തപ്പെടുകയുണ്ടായതും ചരിത്ര പ്രസിദ്ധമാണല്ലോ. ഇഹത്തിൽവെച്ച് ആ അക്രമികൾക്ക് അനുഭവപ്പെട്ട അപമാനവും പ്രസ്സിദ്ധമാണ്. ഈ സംഭവമാണ് ഇതിൻെറ പിന്നിലുള്ളതെന്നാണ് ചിലർ പറയുന്നത്. ക്രിസ്ത്യാനികൾ മുമ്പ് അവർക്ക് യഹൂദികളോടുള്ള വൈരാഗ്യം നിമിത്തം ബൈത്തുൽ മുഖദ്ദസിൽ അക്രമം നടത്തുകയും, യഹൂദികളെ തടയുകയും ചെയ്യുകയുണ്ടായിട്ടുള്ളതിനെയാണ് സൂചിപ്പിക്കുന്നതെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. ഓരോ അഭിപ്രായത്തെക്കുറിച്ചും ചില വിമർശനങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതേ സമയത്ത് നടന്നു കഴിഞ്ഞ ഒരു സംഭവത്തെയല്ല അതിൽ സൂചിപ്പിക്കുന്നതെന്നും, ഭാവിയിൽ ഉണ്ടായേക്കുന്ന ചില സംഭവങ്ങളെ സംബന്ധിച്ചുള്ള സൂചനയാണതിലുള്ളതെന്നും ചിലർക്കഭിപ്രായമുണ്ട്. (അല്ലാഹുവിനറിയാം) ഏതായിരുന്നാലും ആയത്തിലെ ആശയവും താൽപര്യവും വ്യക്തം തന്നെ.

ചില അഭിപ്രായഭിന്നിപ്പുകളുടെ പേരിൽ, ഒരു പ്രദേശത്തുള്ള മുസ്ലിംകളിൽ ഭൂരിപക്ഷവും സ്വാധീന ശക്തിയും ഉള്ള കക്ഷി മറ്റേകക്ഷിയെ പള്ളികളിൽ പ്രവേശിക്കുവാൻ അനുവദിക്കാതിരിക്കുകയോ, അതിന് തടസ്സമുണ്ടാക്കിക്കൊണ്ടിരിക്കുകയോ ചെയ്യുന്ന ചില സംഭവങ്ങൾ ഇക്കാലത്ത് സമുദായമദ്ധ്യെ നടന്നു വരുന്നത് എല്ലാവർക്കുമറിയാം. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുന്ന വിഭാഗത്തോടാണ്- അവരായിരിക്കുമല്ലോ മിക്കപ്പോഴും ന്യൂനപക്ഷം- ഈ അക്രമം അധികവും നടത്തപ്പെടാറുള്ളത്. ഇങ്ങിനെയുള്ളവരും ഈ വചനം പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

وَلِلَّهِ ٱلۡمَشۡرِقُ وَٱلۡمَغۡرِبُۚ فَأَيۡنَمَا تُوَلُّواْ فَثَمَّ وَجۡهُ ٱللَّهِۚ إِنَّ ٱللَّهَ وَٰسِعٌ عَلِيمٞ ١١٥

115 അല്ലാഹുവിൻേറതാണ് ഉദയസ്ഥാനവും, അസ്തമനസ്ഥാനവും. ആകയാൽ, നിങ്ങൾ എവിടേക്ക്തന്നെ തിരിഞ്ഞാലും അവിടെ അല്ലാഹുവിൻെറ മുഖം ഉണ്ടായിരിക്കും. നിശ്ചയമായും, അല്ലാഹു വിശാലനാണ്, സർവ്വജ്ഞനാണ്.

---

115 **ولله** അല്ലാഹുവിനാണ്. **المشرق** ഉദയ സ്ഥാനം. **والمغرب** അസ്തമന സ്ഥാനവും. **فأينما** അതിനാൽ എവിടേക്ക്. **تولوا** നിങ്ങൾ തിരിയുന്ന (തായാലും) . **فثم** അപ്പോൾ അവിടെയുണ്ടായിരിക്കും. **وجه الله** അല്ലാഹുവിൻെറ മുഖം. **إن الله** നിശ്ചയമായും അല്ലാഹു. **واسع** വിശാലനാകുന്നു. **عليم** സർവ്വജ്ഞൻ.

ഉദയാസ്തമന സ്ഥാനങ്ങൾ-അഥവാ കിഴക്കും പടിഞ്ഞാറുമെല്ലാം- അല്ലാഹുവിനാകുന്നു. അതെ, എല്ലാ ഭാഗവും അല്ലാഹുവിൻെറ ഉടമയും, അവൻെറ അറിവിലും നിയന്ത്രണ ത്തിലുമാകുന്നു. ഏതെങ്കിലും ഭാഗവുമായോ പ്രദേശവുമായോ അവന് പ്രത്യേകം അടുപ്പവും ബന്ധവുമില്ല. അതിനാൽ, അവനു ചെയ്യുന്ന ആരാധനാ കർമ്മങ്ങളിലും പ്രാർത്ഥനകളിലും ഇന്നഭാഗത്തേക്ക് തിരിഞ്ഞുകൊണ്ടായെങ്കിലേ അവൻെറ ആഭിമുഖ്യവും ശ്രദ്ധയും അതിലുണ്ടാക ുകയുള്ളുവെന്നില്ല. അവൻ ഏതെങ്കിലും സ്ഥലത്തോ ഭാഗത്തോ പരിമിതമായുള്ളവനല്ല. വിശാലനും സർവ്വജ്ഞനുമാകുന്നു. എങ്ങോട്ട് തിരിഞ്ഞു ചെയ്യുന്ന കർമ്മവും അവൻെറ അറിവിലും ശ്രദ്ധയിലും ഉൾപ്പെടും എന്ന് സാരം.

ഒരു പ്രത്യേകഭാഗം ഖിബ്ലയാക്കി നിശ്ചയിക്കപ്പെടുന്നത് അല്ലാഹു ആ ഭാഗത്തായത് കൊണ്ടോ, ആ ഭാഗത്തോട് അവന് പ്രത്യേക ബന്ധമുള്ളതുകൊണ്ടോ അല്ല. സമുദായത്തിൻെറ ഏകീകരണം, സൗകര്യം തുടങ്ങിയ പല ലക്ഷ്യങ്ങളെയും ഉന്നമാക്കിക്കൊണ്ടാണത്. നിബി (ﷺ) മക്കാജീവിതകാലത്ത് ഖുറൈശികളുടെ പതിവനുസരിച്ചു കഅ്ബയെ ഖിബ്ലയായി സ്വീകരിച്ചിരുന്നു. മദീനായിൽ വന്നശേഷം യഹൂദികളുടെ ഖിബ്ലയായിരുന്ന ബൈത്തുൽ മുഖദ്ദസ് തിരുമേനിയും ഖിബ്ലായായി സ്വീകരിച്ചുവന്നു. പതിനാറോ പതിനേഴോ മാസങ്ങൾക്ക് ശേഷം താഴെ വചനങ്ങളിൽ കാണുന്ന പ്രകാരം വീണ്ടും കഅ്ബയിലേക്ക് തന്നെ തിരിഞ്ഞുകൊള്ളുവാൻ കൽപ്പിക്കപ്പെട്ടു. ഈ മാറ്റങ്ങളെക്കുറിച്ച് യഹൂദികൾ പലതും പറഞ്ഞു പരത്തുകയും, മുസ്‌ലിംകൾക്കിടയിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ അവർ അതൊരായുധമാക്കുകയും ചെയ്തു. ബൈത്തുൽ മുഖദ്ദസിനെ ഖിബ്ലയാക്കിയതിനെപ്പറ്റി അറബികളിലും പിറുപിറുപ്പുണ്ടായിരുന്നു. ഇതിനെല്ലാം ഒരു മറുപടിയായിക്കൊണ്ടുള്ളതാണ് ഈ വചനം.

فاينما تولوا فثم وجه الله (നിങ്ങളെങ്ങോട്ട് തിരിഞ്ഞാലും അവിടെ അല്ലാഹുവിൻെറ മുഖമുണ്ട്) എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം, നിങ്ങൾ തിരിയുന്ന ഭാഗത്തായിരിക്കും അവൻെറ മുഖം സ്ഥിതി ചെയ്യുന്നതെന്നോ, അവൻ എല്ലാ ഇടത്തിലും സ്ഥിതിചെയ്യുന്ന സർവ്വവ്യാപിയാണെന്നോ അല്ല. ഈ സങ്കൽപം അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലും, സൃഷ്ടികളെ കണക്കാ ക്കുന്ന മാനദണ്ഡംവെച്ച് അവനെ കണക്കാക്കലുമാകുന്നു. ليس كمثله شيئ وهو السميع البصير (അവനെപ്പോലെ ഒരു വസ്തുവും ഇല്ല. അവനത്രെ എല്ലാം കേട്ടും കണ്ടും അറിയുന്നവൻ) അവനില്ലാതെ ഒരു സ്ഥലവും ഒഴിവായിരിക്കുകയില്ല (لا يخلو منه مكان) എന്ന് ചിലർ പ്രസ്താവിച്ചു കാണുന്നതിനെപ്പറ്റി ഇബ്നുകഥീർ (رحمه الله) പറയുകയാണ്: ‘‘അല്ലാഹുവിൻെറ അറിവ് എല്ലാ ഇടത്തും ഉണ്ടെന്ന അർത്ഥത്തിലാണത് പറഞ്ഞിട്ടുള്ളതെങ്കിൽ ശരിയാണ്. അവൻെറ അറിവ് അഖിലത്തെയും വലയം ചെയ്തിരിക്കുന്നത്. ഇനി, അല്ലാഹുവിൻെറ സത്ത അവൻെറ സൃഷ്ടികളിൽ സ്ഥിതിചെയ്യുന്നു എന്ന അർത്ഥത്തിലാണെങ്കിൽ അത് ശരിയല്ല. تعال الله عن ذلك علوا كبيرا (അല്ലാഹു അതിൽ നിന്നെല്ലാം വളരെ ഉന്നതനാകുന്നു) വാസ്തവത്തിൽ, ആ വാക്യത്തിൻെറ താൽപര്യം മനസ്സിലാക്കുവാൻ ബുദ്ധിയുള്ളവർക്ക് അതിൻെറ തൊട്ടവാചകം തന്നെ ശ്രദ്ധിച്ചാൽ മതിയാകും. അതെ, അല്ലാഹു വിശാലനും സർവ്വജ്ഞനുമാകുന്നു. (ان الله واسع عليم) എന്ന അവസാന വാക്യം.

(وجه الله) ‘അല്ലാഹുവിൻെറ മുഖം’, (يد الله)‘അല്ലാഹുവിൻെറ കൈ’ എന്നൊക്കെ ഖുർ ആനിലോ ഹദീസിലോ പ്രയോഗിച്ചു കാണുമ്പോൾ, അതിനൊന്നും സ്വന്തം വകയായി വ്യാ ഖ്യാനങ്ങൾ നൽകാതെ, ‘വാക്കിൻെറ അർത്ഥം നമുക്കറിയാം- അതിൻെറ യാഥാർത്ഥ്യം എന്താണെന്ന് നമുക്കറിഞ്ഞുകൂടാ’ എന്ന് പറയലാണ് മുൻഗാമി (سلف)കളായ മഹാൻമാരുടെ പതിവ്. അവരതിൽ വിശ്വസിക്കുകയും, യഥാർത്ഥം അല്ലാഹുവിനറിയാമെന്നുവെച്ച് വിട്ടേക്കുക യും ചെയ്യും. പിൻഗാമി (خلف) കളിൽ പലരും സന്ദർഭത്തിനൊത്ത് അവർക്ക് ചില വ്യാഖ്യാനം നൽകുകയാണ് പതിവ്. രണ്ടു കൂട്ടരുടെയും ലക്ഷ്യം അല്ലാഹുവിന് സൃഷ്ടികളോട് വല്ല

വിധത്തിലും സാമ്യതതോന്നിപ്പിക്കുന്ന അർത്ഥം ആ വാക്കുകൾക്ക് കൽപിക്കാതിരിക്കുക എന്നുള്ളതത്രെ. കൂടുതൽ സുരക്ഷിതമായ മാർഗ്ഗം മുൻഗാമികളുടേതാണുതാനും. ബാഹ്യാർത്ഥം നോക്കുമ്പോൾ, സൃഷ്ടി ഗുണങ്ങളോട് സാമ്യത തോന്നിക്കുന്ന ഇത്തരം വാക്കുകൾ ഉപയോഗിക്കപ്പെട്ടിട്ടുള്ള ഖുർആൻ വചനങ്ങളുടെയും നബി വചനങ്ങളുടെയും ശൈലിയും സന്ദർഭവും പരിശോധിച്ചാൽ തന്നെ- ഒരു പക്ഷെ വാക്ക് രൂപത്തിൽ നിർവ്വചിക്കുവാൻ വിഷമമുണ്ടാകാമെങ്കിൽപോലും-അവയുടെ സാരം ഇന്നതാണെന്ന് ഏറെക്കുറെ ഓരോരുത്തർക്കും അവരവരുടെ സ്ഥിതിക്കനുസരിച്ച് മനസ്സിലാക്കാവുന്നതായിരിക്കും. ومن الله توفيق

وَقَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ۗ سُبْحَـٰنَهُۥ ۖ بَل لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ كُلٌّ لَّهُۥ قَـٰنِتُونَ ﴿١١٦﴾

116 അവർ പറയുന്നു: ''അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു'' എന്ന്! (ഹാ!) അവൻ മഹാ പരിശുദ്ധൻ! (അങ്ങിനെയല്ല;) പക്ഷേ, അവന്നത്രെ ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (ഒക്കെയും) . എല്ലാവരും അവന് കീഴൊതുങ്ങിയവരാണ്.

بَدِيعُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَإِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿١١٧﴾

117 ആകാശങ്ങളെയും, ഭൂമിയെയും മാതൃകയില്ലാതെ നിർമ്മിച്ചവനത്രെ (അവൻ) അവൻ ഒരു കാര്യം (വേണമെന്ന്) തീരുമാനിച്ചാൽ, ''ഉണ്ടാകുക'' എന്ന് അതിനോട് പറയുകയേ വേണ്ടൂ, അത് ഉണ്ടാകുന്നതാണ്.

---

116 **وقالوا** അവർ പറയുന്നു. **اتخذ** സ്വീകരിച്ചു. **الله** അല്ലാഹു. **ولدا** സന്താനം. **سبحانه** അവൻ പരിശുദ്ധൻ. **بل** പക്ഷേ, എന്നാൽ. **له** അവന്നാണ്. **ما في السماوات** ആകാശങ്ങളിലുള്ളത്. **والأرض** ഭൂമിയിലും. **كُلٌ له** എല്ലാം അവന്ന്. **قَانِتونَ** കീഴ്പ്പെട്ടവരാണ്.. 117 **بديع** മാതൃകയില്ലാതെ നിർമ്മിച്ചവൻ. **السماوات** ആകാശങ്ങളെ. **والأرض** ഭൂമിയെയും. **وإذا قضى** അവൻ തീരുമാനിച്ചാൽ. **أمرا** ഒരു കാര്യം. **فَإنما يقُولُ** എന്നാൽ പറയുകയേയുള്ളൂ. **له** അതിനോട്. **كُن** ഉണ്ടാവുക. **فَيكُونُ** അപ്പോഴതുണ്ടാകുന്നു.

അല്ലാഹുവിന് സന്താനമുണ്ടെന്ന് വാദിക്കുന്ന കക്ഷികൾ പലതുണ്ട്. മുൻപന്തിയിൽ നിൽക്കുന്നത് ക്രിസ്ത്യാനികളാണെന്ന് പറയാം. ക്രിസ്തീയ മതത്തിന്റെ തറക്കല്ലുതന്നെ ഈസാ (عليه السلام) ദൈവപുത്രനാണെന്നുള്ളതാണ്. ഉസൈർ (عليه السلام) (عزير) അല്ലാഹുവിന്റെ പുത്രനാണെന്ന് യഹൂദികൾക്കും, മലക്കുകൾ അല്ലാഹുവിന്റെ പുത്രിമാരാണെന്ന് അറബിമുശ്‌രിക്കുകൾക്കും വാദമുണ്ട്. ഇതുപോലെ ഹിന്ദുമതക്കാരും മറ്റും ചില വ്യക്തികളെക്കുറിച്ച് ദൈവ സന്താനങ്ങളെന്നു സങ്കൽപിച്ചുവരുന്നു. ഈ വാദത്തെപ്പറ്റി ഈ വചനത്തിലുള്ളതിനേക്കാൾ വളരെ അമർഷവും, ഗൗരവവും നിറഞ്ഞ വാക്കുകളിൽ ഖുർആനിൽ പലേടത്തും അല്ലാഹു ആക്ഷേപിച്ചിരിക്കുന്നത് കാണാം. അല്ലാഹുവിന്റെ മഹിതമഹത്വത്തിനും, പരമപരിശുദ്ധതയ്ക്കും നിരക്കാത്തതും, അവന് വളരെയേറെ ക്രോധകരവുമായ ഈ വാദമുന്നയിക്കുന്നവരുടെമേൽ, ഈ ലോകത്ത് വെച്ചുതന്നെ അവൻ ശിക്ഷാനടപി എടുക്കാത്തത് അവന്റെ കാരുണ്യവിശാലത തന്നെ. അത് സൂചിപ്പിച്ചുകൊണ്ടായിരിക്കാം ഈ വാദത്തെപ്പറ്റി പ്രസ്താവിക്കുന്ന പലേടത്തും (19:88, 91,92, 21:26; 43:17,81) അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽവെച്ചു വളരെ പ്രാധാന്യം അർഹിക്കുന്ന 'പരമകാരുണികൻ' (الرحمن) എന്ന നാമം ഉപയോഗിച്ചു കാണുന്നത്. الله اعلم തികച്ചും നീചവും നികൃഷ്ടവുമായ ഈ വാദത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന നാലഞ്ച് യാഥാർത്ഥ്യങ്ങൾ അല്ലാഹു ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു:-

(1) سبحانه (അവൻ മഹാപരിശുദ്ധൻ!) എന്നുള്ളതുതന്നെ അൽഭുതത്തെ സൂചിപ്പിക്കുന്ന ഒരു വാക്കാണിതെന്നുള്ളതിനുപുറമേ, അതിലടങ്ങിയ ആശയവിശാലത നോക്കുമ്പോൾ ഈ വാദത്തിൻെറ മറ്റു ഖണ്ഡനങ്ങളെല്ലാം അതിൽ ഒതുങ്ങിയിരിക്കുന്നത് കാണാം. സൃഷ്ടിഗുണങ്ങളിൽ നിന്നെല്ലാം പരമപരിശുദ്ധനും, എല്ലാ ഉൽക്കൃഷ്ട ഗുണങ്ങളിലും പരിപൂർണ്ണനും പരമോന്നതനുമാണ് അവൻ എന്നിരിക്കെ, സൃഷ്ടികളെപ്പോലെ അവന് മക്കളുണ്ടാകുന്നത് എങ്ങിനെയാണ്?! എന്നു താൽപര്യം

(2) له مافي السموت والارض (ആകാശഭൂമിയിലുള്ളതെല്ലാം അവൻേറതാണ്) എല്ലാം അവൻ സൃഷ്ടിച്ചത്, അവൻെറ ഉടമ, അവൻെറ നിയന്ത്രണവും അധികാരവുമനുസരിച്ച് നിലകൊള്ളുന്നത് അതിലൊന്നും അവന് ഇണയോ, തുണയോ, സഹായികളോ, പങ്കുകാരോ ഇല്ല. ഈസായോ, ഉസൈറോ, മലക്കുകളോ, 'ദേവീദേവൻമാരോ'- എന്നുവേണ്ട, ഒരൊറ്റ വസ്തുവും-ഇതിൽനിന്ന് ഒഴിവല്ല. എന്നിരിക്കെ, അവൻെറ സൃഷ്ടികളിൽ ചിലത് എങ്ങിനെ അവൻെറ സന്താനങ്ങളാകും?! انى يكون له ولد ولم تكن له صاحبة وخلق كل شيئ وهوبكل شيئ عليم (അവന് എങ്ങിനെ സന്താനമുണ്ടാകും? അവന് ഒരു തുണയുമില്ല; എല്ലാറ്റിനെയും അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു; അവനാകട്ടെ എല്ലാ വസ്തുക്കളെക്കുറിച്ചും അറിയുന്നവനുമാകുന്നു എന്നിരിക്കെ! (ആൻആം: 101)

(3) كل له قانتون (എല്ലാവരും അവന് കീഴൊതുങ്ങുന്നവരാണ്) എല്ലാവരും അവൻ നിശ്ചയിച്ച നിയമവ്യവസ്ഥകൾക്കും, പ്രകൃതിചട്ടങ്ങൾക്കും, അവൻെറ ഉദ്ദേശ്യങ്ങൾക്കും വിധേയരാണ്. എന്നിരിക്കെ ചിലർ മാത്രം അതിൽനിന്ന് ഒഴിവായി അവൻെറ സന്തതിസ്ഥാനത്തേക്കും അവൻെറ തുല്യതയിലേക്കും എങ്ങിനെ എത്തിച്ചേരുന്നു?! മക്കൾ മാതാപിതാക്കളുടെ വർഗ്ഗസ്വഭാവത്തോട് കൂടിയവരായിരിക്കുമല്ലോ. ഇവിടെയാണെങ്കിൽ വർഗ്ഗമൊന്നില്ലതാനും.
(4) بديع السموات والارض (ആകാശ ഭൂമികളെ മാതൃകകൂടാതെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ) അതെ, മറ്റൊരു മാതൃകയില്ലാതെ, ശുദ്ധശൂന്യതയിൽനിന്ന് അവൻ സൃഷ്ടിച്ചുണ്ടാക്കി. എല്ലാം അവൻ നിർമ്മിച്ചുണ്ടാക്കിയതല്ലാതെ അവനിൽനിന്ന് ജനിച്ചതായി ഒന്നുമില്ല. അവൻ മറ്റൊന്നിൽനിന്ന് ജനിച്ചതുമല്ല. അവന് തുല്യമായി വല്ലതുമുണ്ടോ? അതുമില്ല. لم يلد ولم يولد ولم يكن له كفوا احد (5) واذا قضي امرا .... الخ (അവൻ ഒരു കാര്യം തീരുമാനിച്ചാൽ 'ഉണ്ടാകുക' എന്ന് അതിനോട് പറയുകയേ വേണ്ടൂ. അതുണ്ടാകുന്നതാണ്) ചെറുതും വലുതും ജീവിയും നിർജ്ജീവിയുമെല്ലാം ഇതിൽ സമമാണ്. എന്നിരിക്കെ, ചിലരെ അതിൽ നിന്നൊഴിവാക്കി അവർ അവൻെറ സന്താനങ്ങളായി അസ്തിത്വം പൂണ്ടവരാണെന്ന് പറയുന്നതിന് ഒരു ന്യായവുമില്ല. ഈ യാഥാർത്ഥ്യങ്ങളുടെ നേരെയെല്ലാം കണ്ണടച്ചുകൊണ്ട് അല്ലാഹുവിന് സന്താനമുണ്ടെന്ന് വാദിക്കുന്നത് അല്ലാഹുവിനെ പഴിക്കലും, അവൻെറ പരമോന്നതയും പരമപരിശുദ്ധതയും ഇടിച്ചുതാഴ്ത്തലുമല്ലാതെ മറ്റെന്താണ്?

നബി (ﷺ) പ്രസ്താവിച്ചതായി ഇബ്നുഅബ്ബാസ് (رضي الله عنه) ഉദ്ധരിക്കുന്നു; 'അല്ലാഹു പറയുന്നു: ''ആദമിൻെറ മകൻ (മനുഷ്യൻ) എന്നെ കളവാക്കി. അവനത് പാടില്ലായിരുന്നു. അവൻ എന്നെ പഴിപറയുകയും ചെയ്തു. അതും അവന് പാടില്ലായിരുന്നു. അവൻ എന്നെ കളവാക്കിയതെന്തെന്നുവെച്ചാൽ, അവൻ (ആദ്യം) ഉണ്ടായിരുന്നതുപോലെ എനിക്കവനെ (രണ്ടാമത്) മടക്കിക്കൊണ്ടുവരുവാൻ കഴിയുകയില്ലെന്ന് അവൻ പറയുന്നതാണ്. അവൻ എന്നെ പഴിപറഞ്ഞതാകട്ടെ, എനിക്ക് സന്താനമുണ്ടെന്ന് അവൻ പറയുന്നതാണ്. ഒരു തുണക്കാരിയെയോ സന്താനത്തെയോ സ്വീകരിക്കുന്നതിൽനിന്നും ഞാതെത്രയോ പരിശുദ്ധൻ!'' (ബുഖാരി) വേറൊരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ''സൈ്വര്യം കെട്ടവാക്കുകൾ കേട്ടിട്ടു അതിനെപ്പറ്റി (നടപടി എടുക്കാതെ) അല്ലാഹുവിനെക്കാൾ ക്ഷമിച്ചിരിക്കുന്നവർ വേറെ ഒരാളും തന്നെയില്ല. അവർ (അവിശ്വാസികൾ) അവന് സന്താനത്തെ ആരോപിക്കുന്നു. അവനാകട്ടെ, അവർക്ക് ആഹാരം നൽകുകയു, ആരോഗ്യം നൽകുകയും ചെയ്യുന്നു.'' (ബു ; മു.)

وَقَالَ ٱلَّذِينَ لَا يَعْلَمُونَ لَوْلَا يُكَلِّمُنَا ٱللَّهُ أَوْ تَأْتِينَآ ءَايَةٌ ۗ كَذَٰلِكَ قَالَ ٱلَّذِينَ مِن قَبْلِهِم مِّثْلَ قَوْلِهِمْ ۘ تَشَٰبَهَتْ قُلُوبُهُمْ ۗ قَدْ بَيَّنَّا ٱلْءَايَٰتِ لِقَوْمٍ يُوقِنُونَ ﴿١١٨﴾

118 അറിഞ്ഞുകൂടാത്തവര്‍ പറയുന്നു: ''അല്ലാഹു ഞങ്ങളോട് സംസാരിക്കുകയോ അല്ലെങ്കില്‍ ഞങ്ങള്‍ക്കു വല്ല ദൃഷ്ടാന്തവും വരുകയോ ചെയ്തുകൂടേ?! [എന്തു കൊണ്ട് അതൊന്നും ഉണ്ടാകുന്നില്ല!]'' അതുപോലെ, ഇവര്‍ പറഞ്ഞതുപോലെ (ത്തന്നെ) ഇവരുടെ മുമ്പുള്ളവരും പറഞ്ഞിരിക്കുന്നു. അവരുടെ (ഇരുകൂട്ടരുടെയും) ഹൃദയങ്ങള്‍ പരസ്പരം സാദൃശ്യമായിരിക്കുകയാണ്. ദൃഢമായി വിശ്വസിക്കുന്ന ജനങ്ങള്‍ക്ക് നാം ദൃഷ്ടാന്തങ്ങള്‍ വ്യക്തമായി വിവരിച്ചിട്ടുണ്ട്.

---

118 **وقَالَ** പറയുന്നു. **الذين** യാതൊരു കൂട്ടര്‍. **لا يعلمونَ** അവര്‍ അറിയുകയില്ല. **لو لا** ആയിക്കൂടേ, എന്തുകൊണ്ടില്ല. **يكلّمنا** ഞങ്ങളോട് (നമ്മോട്) സംസാരിക്കും. **الله** അല്ലാഹു. **أو تأتينا** അല്ലെങ്കില്‍ നമുക്ക് (ഞങ്ങള്‍ക്ക്) വരും. **آيةٌ** വല്ല ദൃഷ്ടാന്തവും. **كَذَلِكَ** അപ്പോലെ, അതുപ്രകാരം. **قَالَ الذين** യാതൊരു കൂട്ടര്‍ പറഞ്ഞു. **من قَبلهم** ഇവരുടെ മുമ്പുള്ള. **مّثْلَ قولهم** ഇവരുടെ വാക്ക്പോലെ. **تشابهت** പരസ്പരം സാദൃശ്യമായിരിക്കുന്നു. **قُلُوبهم** അവരുടെ ഹൃദയങ്ങള്‍. **قد بينا** നാം വിവരിച്ചിട്ടുണ്ട് വ്യക്തമാക്കിയിട്ടുണ്ട്. **الآيات** ദൃഷ്ടാന്തങ്ങളെ. **لقومٍ** ഒരു ജനങ്ങള്‍ക്ക്. **يوقنونَ** അവര്‍ ദൃഢമായി വിശ്വസിക്കുന്നു.

الذين لا يعلمون(അറിയാത്തവര്‍) എന്നു പറഞ്ഞത് അറബി മുശ്‌രിക്കുകളെപ്പറ്റിയാകുന്നു. അവര്‍ വേദഗ്രന്ഥങ്ങളെപ്പറ്റി അറിഞ്ഞുകൂടാത്തവരാണല്ലോ. വിഡ്ഢികള്‍ എന്ന ഉദ്ദേശ്യത്തിലും ആയിക്കൂടാ എന്നില്ല. മുഹമ്മദേ, നീ പറയുന്നതൊക്കെ സത്യമാണെങ്കില്‍, എന്തുകൊണ്ട് അത് ഞങ്ങളോട് നേരിട്ട് അല്ലാഹുവിന് പറഞ്ഞുകൂടാ?! എന്തുകൊണ്ട് അത് നിന്‍റെ മാദ്ധ്യമത്തോട് കൂടിത്തന്നെ ആവണം?! അല്ലെങ്കില്‍, ഞങ്ങള്‍ നിന്നെ വിശ്വസിക്കുവാന്‍ നിര്‍ബന്ധിതരാകത്തക്കവണ്ണം വല്ല പ്രത്യക്ഷ ദൃഷ്ടാന്തവും എന്തുകൊണ്ട് ഞങ്ങള്‍ക്ക് കാട്ടിത്തന്നുകൂടാ?! അല്ലാഹുവിന് അതിനു കഴിവില്ലേ?! എന്നൊക്കെ അവര്‍ നബി (ﷺ) യോട് പറഞ്ഞിരുന്നു.ഇതിന് അല്ലാഹു നല്‍കിയ മറുപടിയുടെ സാരം ഇതാണ് : ഇത്തരം ആവശ്യങ്ങള്‍ പുറപ്പെടുവിക്കുന്നത് ഇവര്‍ ആദ്യമായിട്ടല്ല. മുമ്പും പലരും-ഇസ്റാഈല്യരും മറ്റും- അവരവരുടെ നബിമാരോട് ഇങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ട്. ദുര്‍വാശി, സത്യനിഷേധം, ധിക്കാരം ആദിയായവയില്‍ എല്ലാവരുടെയും മനസ്ഥിതി ഒരേ പ്രകാരത്തിലാണുള്ളത്. ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ട് സംശയം തീര്‍ക്കുകയോ, സത്യം ഗ്രഹിക്കുകയോ അല്ല അവരുടെയൊന്നും ഉദ്ദേശ്യം. അതിനു വേണ്ടിയാണെങ്കില്‍, വേണ്ടത്ര ദൃഷ്ടാന്തങ്ങളും ലക്ഷ്യങ്ങളും അവര്‍ക്ക് നല്‍കിക്കഴിഞ്ഞിട്ടുണ്ട്. ഇനി പുതുതായി ഒന്നിന്‍റെയും ആവശ്യമില്ല.

അവര്‍ ദൃഷ്ടാന്തം ആവശ്യപ്പെട്ടതിനുള്ള മറുപടിയേ ഈ വചനത്തില്‍ അല്ലാഹു പറഞ്ഞിട്ടുള്ളു. അല്ലാഹു അവരോട് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടതിന് മറുപടിയായി ഒന്നും അല്ലാഹു പറഞ്ഞിട്ടില്ല. യാതൊരു മറുപടിയും അര്‍ഹിക്കാത്തവിധം ദുരുപദിഷ്ടവും ധിക്കാരപരവുമായ ഒരാവശ്യമായതുകൊണ്ട് അല്ലാഹു അതിനെ അവഗണിച്ചു കളഞ്ഞിരിക്കുകയാണ്. ഇതേമാതിരിയുള്ള അവരുടെ വേറെ ചില ആവശ്യങ്ങളെ ഉദ്ധരിച്ചുകൊണ്ട് സൂറത്തില്‍ ഫുര്‍ഖാനില്‍ അല്ലാഹു പറയുന്നു: وقال الذين لا يرجون لقاءنا .....وعتوا عتوا كبيرا (സാരം: നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവര്‍ പറയുന്നു: നമ്മുടെമേല്‍ മലക്കുകള്‍ ഇറക്കപ്പെടുകയോ, അല്ലെങ്കില്‍ നമ്മുടെ റബ്ബിനെ നാം കാണുകയോ ചെയ്തുകൂടേ?!

എന്ന്.തീർച്ചയായും അവർ തങ്ങളുടെ മനസ്സിൽ ഗർവ്വ് നടിക്കുകയും, വലിയ ധിക്കാരം ധിക്കരിക്കുകയും ചെയ്തിരിക്കുകയാണ്! (ഫുർഖാൻ ;21)

إِنَّآ أَرۡسَلۡنَٰكَ بِٱلۡحَقِّ بَشِيرٗا وَنَذِيرٗاۖ وَلَا تُسۡـَٔلُ عَنۡ أَصۡحَٰبِ ٱلۡجَحِيمِ ١١٩

119 നിശ്ചയമായും, നിന്നെ നാം സന്തോഷവാർത്ത അറിയിക്കുവാനും, താക്കീത് നൽകുന്നവനുമായിക്കൊണ്ട് യഥാർത്ഥവുമായി അയച്ചിരിക്കുകയാണ്. കത്തിജ്ജ്വലിക്കുന്ന നരകത്തിൻെറ ആൾക്കാരെപ്പറ്റി നിന്നോട് ചോദിക്കപ്പെടുകയില്ല.

---

119 **إنا أرسلناك** നിശ്ചയമായും നാം നിന്നെ അയച്ചു. **بالحق** യഥാർത്ഥവുമായി. **بشيرا** സന്തോഷമറിയിക്കുന്നവനായി. **ونذيرا** താക്കീത്കാരനായും. **ولا تسألُ** നീ ചോദിക്കപ്പെടുകയുമില്ല. **عن أصحاب** ആൾക്കാരെപ്പറ്റി. **الْجحيم** കത്തിജ്ജ്വലിക്കുന്നതിൻെറ (നരകത്തിൻെറ) .

പ്രവാചകൻമാരുടെ പ്രബോധനത്തിൻെറ രണ്ട് വശങ്ങളാണ് സന്തോഷവാർത്ത അറിയിക്കലും, ഭയവാർത്ത അറിയിക്കലും. അതായത്, സത്യവും നേർമാർഗ്ഗവും വിവരിച്ചു കൊടുക്കുന്നതോടൊപ്പം അതിനാൽ ലഭിക്കുവാനിരിക്കുന്ന നേട്ടങ്ങളെയും പുണ്യഫലങ്ങളെയും കുറിച്ചുള്ള സുവിശേഷ വാർത്തകൾ അറിയിച്ചുകൊടുക്കലും, അസത്യവും ദുർമാർഗ്ഗവും വിവരിച്ചുകൊടുത്തുകൊണ്ട് അതിനാൽ നേരിടുവാനിരിക്കുന്ന ഭവിഷ്യത്തുകളെയും ശിക്ഷകളെയും കുറിച്ച് മുന്നറിയിപ്പും താക്കീതും നൽകലും. ഇതാണ് പ്രവാചകൻമാരുടെ ചുമതല. അതോടെ അവരുടെ കർത്തവ്യം നിറവേറുന്നു. സത്യം സ്വീകരിക്കുന്നതും, അസത്യം നിരാകരിക്കുന്നതും ഓരോ വ്യക്തിയുടെയും കടമയാകുന്നു. നബിമാർക്കതിൽ ബാധ്യതയില്ല. എന്തുകൊണ്ട് ഇന്നിന്നവൻ വിശ്വസിച്ചില്ല, അല്ലെങ്കിൽ സൻമാർഗ്ഗിയായില്ല എന്ന് അവരോട് ചോദിക്കപ്പെടുകയില്ല. അല്ലാഹു പറയുന്നു: **فانما عليك البلاغ وعلينا الحساب – الرعد : ٤٠** പ്രബോധനം മാത്രാമണ് നിൻെറ ബാധ്യത, വിചാരണ നമ്മുടെ ബാധ്യയാണ് എന്ന് സാരം.

وَلَن تَرۡضَىٰ عَنكَ ٱلۡيَهُودُ وَلَا ٱلنَّصَٰرَىٰ حَتَّىٰ تَتَّبِعَ مِلَّتَهُمۡۗ قُلۡ إِنَّ هُدَى ٱللَّهِ هُوَ ٱلۡهُدَىٰۗ وَلَئِنِ ٱتَّبَعۡتَ أَهۡوَآءَهُم بَعۡدَ ٱلَّذِي جَآءَكَ مِنَ ٱلۡعِلۡمِ مَا لَكَ مِنَ ٱللَّهِ مِن وَلِيّٖ وَلَا نَصِيرٍ ١٢٠

120 യഹൂദികളാകട്ടെ, നസ്രാണി [ക്രിസ്ത്യാനി]കളാകട്ടെ, അവരുടെ (നടപടി) മാർഗ്ഗത്തെ നീ പിൻ പറ്റുന്നതുവരെയും നിന്നെക്കുറിച്ച് തൃപ്തിപ്പെടുകയില്ലതന്നെ. പറയുക: ''നിശ്ചയമായും അല്ലാഹുവിൻെറ മാർഗ്ഗദർശനമത്രെ മാർഗ്ഗദർശനം.'' നീ (എങ്ങാനും) അറിവിൽനിന്നും നിനക്ക് വന്ന് കിട്ടിയതിനുശേഷം, അവരുടെ ഇച്ഛകളെ പിൻപറ്റിയെങ്കിൽ, നിനക്ക് അല്ലാഹുവിങ്കൽ നിന്ന് യാതൊരു രക്ഷകനുമില്ല; യാതൊരു സഹായകനുമില്ല.

ٱلَّذِينَ ءَاتَيۡنَٰهُمُ ٱلۡكِتَٰبَ يَتۡلُونَهُۥ حَقَّ تِلَاوَتِهِۦٓ أُوْلَٰٓئِكَ يُؤۡمِنُونَ بِهِۦۗ وَمَن يَكۡفُرۡ بِهِۦ فَأُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ١٢١

121 യാതൊരുകൂട്ടർ, അവർക്ക് നാം വേദഗ്രന്ഥം നൽകി അവരത് പാരായണ മുറപ്രകാരം പാരായണം ചെയ്തു വരുന്നുവോ, അക്കൂട്ടർ അതിൽ വിശ്വസിക്കുന്നതാണ്. ആർ അതിൽ അവിശ്വസിക്കുന്നുവോ, അക്കൂട്ടർതന്നെയാണ് നഷ്ടക്കാർ.

120 **ولن ترضى** തൃപ്തിപ്പെടുകയില്ല തന്നെ **عنك** നിന്നെക്കുറിച്ച്. **اليهود** യഹൂദികൾ **ولا النصارى** ക്രിസ്ത്യാനികളും ഇല്ല **حتى تتبع** നീ പിൻപറ്റുവോളം **ملتهم** അവരുടെ മാർഗ്ഗത്തെ, നടപടിക്രമത്തെ, മതത്തെ. **قُلْ** പറയുക. **إن هدى الله** നിശ്ചയമായും അല്ലാഹുവിൻെറ മാർഗ്ഗദർശനം **هو الهدى** അതത്രെമാർഗ്ഗദർശനം. **ولئن اتبعت** നീ പിൻപറ്റിയെങ്കിൽ. **أهواءهم** അവരുടെ ഇച്ഛകളെ. **بعد الذي** യാതൊന്നിന്ശേഷം **جاءَك** നിനക്ക് വന്നിരിക്കുന്നു **من العلم** അറിവിൽനിന്നും **ما لك** നിനക്കില്ല **من الله** അല്ലാഹുവിൽനിന്ന്. **من ولي** ഒരു ബന്ധവും (രക്ഷകനും) , രക്ഷാധികാരിയും. **ولا نصير** ഒരു സഹായകനുമില്ല. 121 **الذين** യാതൊരുകൂട്ടർ. **آتيناهم** അവർക്ക് നാം നൽകിയിരിക്കുന്നു. **الكتاب** (വേദ) ഗ്രന്ഥം. **يتلونه** അതവർ പാരായണം ചെയ്യുന്ന നിലയിൽ. **حق تلاوته** അതിനെ ഓതുന്ന (പാരായണം ചെയ്യുന്ന) മുറപ്രകാരം. **أولئك** അക്കൂട്ടർ. **يؤمنونَ به** അതിൽ വിശ്വസിക്കും. **ومن** ആരെങ്കിലും, വല്ലവരും **يكْفُرْ به** അതിൽ അവിശ്വസിക്കുന്ന (തായാൽ) . **فأولئك** എന്നാൽ അക്കൂട്ടർ. **هم** അവർ (തന്നെ) . **الْخاسرونَ** നഷ്ടക്കാർ.

യഹൂദികളും ക്രിസ്ത്യാനികളും വേദക്കാരായിരുന്നിട്ടും നബി (ﷺ) യിൽ വിശ്വസിക്കാത്തത് അവിടുത്തെ സത്യതയിൽ അവർക്ക് സംശയമുള്ളതുകൊണ്ടല്ല. തെളിവ് പോരാത്തതുകൊണ്ടുമല്ല. അവർ സ്വീകരിച്ചുവരുന്ന നടപടി മാർഗ്ഗങ്ങൾ നബി (ﷺ) സ്വീകരിക്കുന്നില്ലന്നുള്ള ഏക കാരണം കൊണ്ടാണ്. നബി (ﷺ) അവയെ പിൻപറ്റാത്ത കാലത്തോളം അവർ നബി (ﷺ) യെക്കുറിച്ചു തൃപ്തിപ്പെടുവാനും പോകുന്നില്ല. അതിനാൽ അവർ വിശ്വസിക്കാത്തതിൽ പരിഭവമോ വ്യസനമോ വേണ്ടതില്ല എന്ന് അല്ലാഹു നബി (ﷺ) യെ സമാധാനിപ്പിക്കുന്നു. ഖത്താദ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, സത്യത്തിനും തെളിവിനും വില കൽപിക്കാത്ത ദുർമാർഗ്ഗികളുമായി വാദ്വാദം നടക്കുമ്പോൾ സത്യവിശ്വാസികൾക്ക് അവർക്കെതിരെ സമർപ്പിക്കുവാനുള്ള ഒരന്തിമ ന്യായം അല്ലാഹു നബി (ﷺ) ക്ക് പഠിപ്പിക്കുകയും ചെയ്യുന്നു. അതത്രെ, 'അല്ലാഹുവിൻെറ മാർഗ്ഗദർശ്ശനമാണ് മാർഗ്ഗദർശ്ശനം' (ان هدى الله هو الهدى) എന്ന വാക്യത്തിൽ കാണുന്നത്. അതായത്, ശരിയായ മാർഗ്ഗം ഏതാണെന്ന് കാണിച്ചു തരുന്നത് അല്ലാഹുവാണ്. അവൻെറ മാർഗ്ഗദർശനമാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്. അതുവിട്ട് മറ്റൊരു മാർഗ്ഗദർശനം സ്വീകരിക്കുവാൻ ഞാൻ ആളല്ല. എന്നെക്കുറിച്ച് അങ്ങിനെയൊരു പ്രതീക്ഷ നിങ്ങൾ വെച്ചുകൊണ്ടിരിക്കുകയും വേണ്ടാ എന്ന് സാരം.

വേദക്കാരുടെയെന്നല്ല, ആരുടെയും തന്നെ ഇച്ഛക്കോ, തന്നിഷ്ടത്തിനോ നബി (ﷺ) വഴങ്ങുകയില്ലെന്ന് തീർച്ചയാണ്. എന്നിരിക്കെ, അവരുടെ ഇച്ഛകളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ, അല്ലാഹുവിങ്കൽ നിന്ന് യാതൊരു രക്ഷകനോ, സഹായകനോ ഉണ്ടായിരിക്കുകയില്ല. (ولئن اتبعت اهواءهم الخ) എന്നിങ്ങിനെ കഠിനസ്വരത്തിലുള്ളഒരു താക്കീതിൻെറ ആവശ്യമെന്താണെന്ന് വല്ലവർക്കും സംശയം തോന്നിയേക്കാം. നബി നിങ്ങളുടെ ഇച്ഛക്ക് വഴിപ്പെടുമെന്നുള്ള വ്യാമോഹം നിങ്ങൾക്ക് വേണ്ടാ എന്നു വേദക്കാരെ നിരാശപ്പെടുത്തലും, അറിഞ്ഞോ അറിയാതെയോ ആരെങ്കിലും അവരുടെ വലയിൽ അകപ്പെട്ടുപോകുന്നത് ഗൗരവപൂർവ്വം സൂക്ഷിക്കണമെന്ന് സത്യവിശ്വാസികൾക്കുള്ള താക്കീതുമാണ് അതിൻെറ താൽപര്യം.

121-ാം വചനത്തിന് രണ്ടുമൂന്നു പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെടാവുന്നതാണ്. (1) ഒരു വേദഗ്രന്ഥം ലഭിച്ചിട്ടുള്ളവർ ആ ഗ്രന്ഥം മുറപ്രകാരം പാരായണം ചെയ്യുന്നപക്ഷം, അവരതിൽ ശരിക്കും വിശ്വസിക്കാതിരിക്കുകയില്ല. ഈ വാഖ്യാനപ്രകാരം തൗറാത്തും ഖുർആനും അടക്കം എല്ലാ വേദഗ്രന്ഥങ്ങളും, അതതിൻെറ അനുയായികളും ഇതിൽ ഉൾപ്പെടുന്നു. (2) വേദക്കാർ അവരുടെ ഗ്രന്ഥം വേണ്ടതുപോലെ പാരായണം ചെയ്യുന്നപക്ഷം അവർ ഇതിലും – ഖുർആനിലും – വിശ്വസിക്കുക തന്നെ ചെയ്യും. കാരണം, നബി (ﷺ) യെക്കുറിച്ചുള്ള പല പ്രവചനങ്ങളും ആ ഗ്രന്ഥങ്ങളിൽ ഉണ്ടല്ലോ. (3) ഖുർആനാകുന്നു ഈ ഗ്രന്ഥം ശരിക്കു പാരായണം ചെയ്യുന്നവർ

നബി (ﷺ) യിലും ഖുർആനിലും അചഞ്ചലമായി വിശ്വസിക്കാതിരിക്കുകയില്ല. പാരായണം അതിൻെറ മുറപ്രകാരമല്ലാതിരിക്കുന്ന പക്ഷം, വിശ്വാസം നാമമാത്രമായിരിക്കയും ചെയ്യും. الكتاب (ഗ്രന്ഥം) കൊണ്ടും به (അതിൽ) എന്നതിലെ സർവ്വനാമം കൊണ്ടുമുള്ള വിവക്ഷ നിർണ്ണയിക്കുന്നതിലുള്ള വ്യത്യസ്ത സാധ്യതകളാണ് ഈ വാഖ്യാനങ്ങൾക്ക് കാരണം. തത്വത്തിൽ മൂന്നും എതിരല്ലതാനും. എങ്കിലും രണ്ടാമത്തെ വ്യാഖ്യാനത്തിനാണ് മുൻതൂക്കം കാണുന്നത്.

വേദഗ്രന്ഥത്തിൻെറ പാരായണം മുറപ്രകാരമായിരിക്കുക എന്നു പറഞ്ഞത് വളരെ ശ്രദ്ധാർഹമാകുന്നു. ഖുർആനെ വേദഗ്രന്ഥമായി അംഗീകരിച്ച മുസ്‌ലിംകൾ വിശേഷിച്ചും ശ്രദ്ധിക്കേണ്ടുന്ന ഒരു സംഗതിയാണിത്. നൂറ്റാണ്ടുകളായി മുസ്‌ലിം സമുദായത്തെ ബാധിച്ചു കൊണ്ടിരിക്കുന്നതും, കാലംചൊല്ലുംതോറും അവരിൽ വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നതുമായ എല്ലാ അധഃപതനങ്ങൾക്കും കാരണം, മുസ്‌ലിംകൾ ഖുർആൻ പാരായണം ചെയ്യാത്തതല്ല; അത് അതിൻെറ മുറപ്രകാരമല്ലാത്തത് മാത്രമാണ്. ഒന്നാമതായി അർത്ഥവും ആശയവും മനസ്സിലാക്കണം. അതുകൊണ്ടായില്ല, ചിന്തിച്ചും മനസ്സിരുത്തിയുംകൊണ്ടും, അല്ലാഹുവിൻെറ വചനമാണതെന്നും, മനുഷ്യൻെറ സകല നൻമക്കുമുള്ള ഏക നിദാനവുമാണതെന്നുമുള്ള ബോധത്തോടുകൂടിയും ആയിരിക്കണം. അതിൻെറ വിധി വിലക്കുകളും, ഉപദേശനിർദ്ദേശങ്ങളും അപ്പടി സ്വീകരിക്കുവാനുള്ള പൂർണ്ണസന്നദ്ധതയും, മനസ്സുറപ്പും ഉണ്ടായിരിക്കണം. അതിൻെറ നേർക്കുനേരെയുള്ള ആശയങ്ങൾക്കുമുമ്പിൽ സ്വന്തം താൽപര്യങ്ങളും അഭിപ്രായങ്ങളുമെല്ലാം ബലികഴിക്കുവാനുള്ള കരളുറപ്പും വേണം. അല്ലാഹുവിൻെറ വാഗ്ദാനങ്ങളിൽ വിശ്വസിച്ചും ആവേശം വെച്ചുകൊണ്ടും, അവൻെറ താക്കീതുകളെ സൂക്ഷിച്ചും ഭയന്നും കൊണ്ടുമായിരിക്കണം. ഉറ്റാലോചനയോടും ഭയഭക്തിയോടും കൂടിയുമായിരിക്കണം ഖുർആൻ പാരായണം ചെയ്യുന്നത്. والله الموفق والمعين

വിഭാഗം-15

122 ഹേ, ഇസ്രാഈൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് ചെയ്തുതന്നിട്ടുള്ള എൻെറ അനുഗ്രഹം നിങ്ങൾ ഓർക്കുവിൻ. ഞാൻ നിങ്ങളെ (മറ്റുള്ള) ലോകരെക്കാൾ ശ്രേഷ്ഠരാക്കിയതും (ഓർക്കുവിൻ) .

يَـٰبَنِىٓ إِسۡرَٰٓءِيلَ ٱذۡكُرُواْ نِعۡمَتِىَ ٱلَّتِىٓ أَنۡعَمۡتُ عَلَيۡكُمۡ وَأَنِّى فَضَّلۡتُكُمۡ عَلَى ٱلۡعَـٰلَمِينَ ١٢٢

123 ഒരു (വമ്പിച്ച) ദിവസത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ: (അന്ന്) ഒരു ദേഹവും ഒരു ദേഹത്തിനും (അഥവാ ഒരാൾ ഒരാൾക്കും) ഒട്ടും ഉപകരിക്കുന്നതല്ല; അതിൽ (അഥവാ ഒരാളിൽ) നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുകയുമില്ല; അതിന് (അഥവാ ഒരാൾക്കും) ഒരു ശുപാർശയും പ്രയോജനം ചെയ്കയുമില്ല. അവർ സഹായിക്കപ്പെടുകയുമില്ല. (അങ്ങിനെയുള്ള ഒരു ദിവസം) .

وَٱتَّقُواْ يَوۡمًا لَّا تَجۡزِى نَفۡسٌ عَن نَّفۡسٍ شَيۡـًٔا وَلَا يُقۡبَلُ مِنۡهَا عَدۡلٌ وَلَا تَنفَعُهَا شَفَـٰعَةٌ وَلَا هُمۡ يُنصَرُونَ ١٢٣

---

122 يا بنِي إسرائيلَ ഇസ്രാഈൽസന്തതികളേ. اذْكُروا ഓർക്കുവിൻ. نِعمتي എൻെറ അനുഗ്രഹം. التي أنعمتُ ഞാൻ അനുഗ്രഹം ചെയ്തതായ. عليْكُم നിങ്ങൾക്ക്. وأنِّي ഞാൻ (ആകുന്നു) എന്നും. فَضلْتكُم നിങ്ങളെ ശ്രേഷ്ഠരാക്കി (എന്നും) . على الْعالَمين ലോകരെക്കാൾ. 123 واتقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. يوما ഒരു ദിവസത്തെ. لاَ تجزي ഉപകരിക്കുക (പ്രതിഫലം നൽകുക) യില്ല. نفْس ഒരു ദേഹവും, ആത്മാവും, വ്യക്തിയും. عن نفْسٍ ഒരു ദേഹത്തിനും شيئًا യാതൊന്നും (ഒട്ടും)

ولا يقْبَلُ . സ്വീകരിക്കപ്പെടുകയുമില്ല. **منها** അതിൽനിന്ന്. **عدلٌ** സമാനമായത്, പ്രായശ്ചിത്തം, തെണ്ടം. **ولا تنفَعها** അതിന് പ്രയോജനപ്പെടുകയുമില്ല. **شفَاعَةٌ** ഒരു ശുപാർശയും. **ولا هم** അവർ ഇല്ല താനും. **ينصرونَ** സഹായിക്കപ്പെടും.

ഏറെക്കുറെ ഇതേപ്രകാരത്തിലുള്ള രണ്ടുവചനങ്ങൾ (47ലും 48ലുമായി) മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. അവയുടെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ച കാര്യങ്ങൾ ഇവിടെയും ഓർക്കുക. ഇസ്റാഈല്യരെപ്പറ്റിയും, അവരെ അഭിമുഖീകരിച്ചുകൊണ്ടും പലതും പ്രസ്താവിച്ചശേഷം, അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ ഓർത്തുകൊണ്ട് അവർ സത്യവിശ്വാസത്തിലേക്ക് മടങ്ങുവാനും, ഇല്ലാത്തപക്ഷം നേരിടുന്ന ഭവിഷത്തുകളെക്കുറിച്ച് അവർ ജാഗരൂകരായിരിക്കുവാനും വീണ്ടും ആവർത്തിച്ചുണർത്തുകയാണ്. വേദക്കാരെ സംബന്ധിച്ചുള്ള ദീർഘമായ പ്രസ്താവനകൾക്കിടയിലൂടെ അറബി മുശ്രിക്കുകളെ സംബന്ധിച്ചും ചിലതെല്ലാം പ്രസ്താവിക്കുകയുണ്ടായി.

രണ്ടുകൂട്ടരുടെയും വംശപിതാവും, എല്ലാവരും അഭിമാനപൂർവ്വം ബഹുമാനിച്ചാദരിച്ചുവരുന്ന പ്രവാചകവര്യനും, തൗഹീദിന്റെ പ്രബോധന ചരിത്രത്തിൽ ഏറ്റവുമധികം ത്യാഗംവരിച്ച മഹാനുഭാവനുമായ ഇബ്റാഹീം(عليه السلام) നബിയെ സംബന്ധിച്ച ചില പരാമർശങ്ങളാണ് അടുത്ത വചനങ്ങളിൽ വരുന്നത്. അദ്ദേഹത്തിന്റെ ഒരു പുത്രനായസ്ഹാഖ് (عليه السلام) ന്റെ സന്താനപരമ്പരയാണ് യഹൂദികളും ക്രിസ്ത്യാനികളും അടങ്ങുന്ന ഇസ്റാഈല്യർ. മറ്റൊരു പുത്രനായ ഇസ്മാഈൽ (عليه السلام) ന്റെ സന്താനപരമ്പരയാണ് അറബികൾ. ഓരോ വിഭാഗക്കാരും തങ്ങൾ ഇബ്റാഹീം (عليه السلام) നബിയുടെ മാർഗ്ഗം സ്വീകരിച്ചു വരുന്നവരാണെന്നാണ് വാദിക്കുന്നതും. ആ നിലക്ക് ഇബ്റാഹീം (عليه السلام) നബിയുടെ യഥാർത്ഥ സ്ഥിതി ഇന്നതാണെന്ന് വ്യക്തമായിക്കഴിഞ്ഞാൽ ഇരുകൂട്ടരും തങ്ങളിൽ വന്നിട്ടുള്ള വ്യതിയാനങ്ങൾ തിരുത്തുവാൻ ബാധ്യസ്ഥരാണല്ലോ. അല്ലാഹു പറയുന്നു:-

۞ وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَـٰتٍ فَأَتَمَّهُنَّ ۖ قَالَ إِنِّى جَاعِلُكَ لِلنَّاسِ إِمَامًا ۖ قَالَ وَمِن ذُرِّيَّتِى ۖ قَالَ لَا يَنَالُ عَهْدِى ٱلظَّـٰلِمِينَ ﴿١٢٤﴾

124 ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ റബ്ബ് ചില വാക്കുകൾ [കൽപനകൾ] മൂലം പരീക്ഷണം നടത്തിയ സന്ദർഭം (ഓർക്കുക) . എന്നിട്ട്, അദ്ദേഹം അവ പൂർത്തിയാക്കി (നിർവ്വഹിച്ചു) . അവൻ പറഞ്ഞു: ''ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്.'' അദ്ദേഹം പറഞ്ഞു: ''എന്റെ സന്തതികളിൽ നിന്നും (നേതാക്കളെ ഉണ്ടാക്കേണമേ!) '' അവൻ പറഞ്ഞു: ''എന്റെ കരാറ് (അഥവാ വാഗ്ദത്തം) അക്രമികൾക്ക് ബാധകമാകുകയില്ല.''

---

124 **وإذِ ابتلى** പരീക്ഷണം ചെയ്ത സന്ദർഭം. **إبراهيم** ഇബ്രാഹീമിനെ. **ربه** അദ്ദേഹത്തിന്റെ റബ്ബ്. **بِكَلمات** ചില വാക്കുകൾമൂലം. **فأتمهن** എന്നിട്ട് അവയെ അദ്ദേഹം പൂർത്തിയാക്കി. **قَالَ** അവൻ പറഞ്ഞു. **إني جاعلُك** നിശ്ചയമായും ഞാൻ നിന്നെ ആക്കുന്നവനാണ്. **للناس** മനുഷ്യർക്ക്. **إماما** നേതാവ്, മുമ്പൻ. **قَالَ** അദ്ദേഹം പറഞ്ഞു. **ومن ذُريتي** എന്റെ സന്തതികളിൽ (സന്താനപരമ്പരയിൽ) നിന്നും. **قَالَ** അവൻ പറഞ്ഞു. **لا ينالُ** ബാധിക്കുക (എത്തുക, കിട്ടുക) യില്ല. **عهدي** എന്റെ കരാർ, വാഗ്ദത്തം. **الظالمين** അക്രമികളെ.

ഇബ്റാഹീം (عليه السلام) നെ അല്ലാഹു പരീക്ഷണം നടത്തിയ ആ വാക്കുകൾ - അഥവാ കൽപനകൾ- ഏതായിരുന്നു? ഇസ്ലാമിന്റെ അനുഷ്ഠാനപരമായ ചില നടപടികളായിരുന്നുവെന്നും,

ഇസ്മാഈൽ (عليه السلام) നെ ബലി അർപ്പിക്കുവാനുള്ള കൽപന മുതലായ ചിലതായിരുന്നുവെന്നും, തൗഹീദിൻെറ ദൗത്യനിർവ്വഹണത്തിനുവേണ്ടിയുള്ള ത്യാഗപരിശ്രമങ്ങളായിരുന്നുവെന്നും മറ്റും കാണിക്കുന്ന ഏതാനും ചില രിവായത്തുകൾ ഉദ്ധരിച്ചുകൊണ്ട് ഇമാംഇബ്നു ജരീർ (رحمه الله) പറയുന്നു: ''ആ വാക്കുകൾകൊണ്ട് വിവക്ഷ ഇതെല്ലാം കൂടിയായിരിക്കാം, അവയിൽ ചിലതു മായിരിക്കാം. ഹദീസോ പണ്ഡിതൻമാരുടെ ഏകോപിച്ച അഭിപ്രായമോ ഇല്ലാതെ ഒന്നും തീർത്തുപറയുവാൻ പാടില്ല.'' എല്ലാം ഉൾപപെടാമെന്ന അഭിപ്രായമാണ് ഇബ്നുകഥീർ (رحمه الله) ശരിവെച്ചിരിക്കുന്നത്.

പ്രസ്തുത കൽപനകൾ ഏതായിരുന്നാലും ശരി, ആ കൽപനകൾ പൂർണ്ണമായി നിർവ്വഹിക്കൽ സാധാരണക്കാരായ ആളുകൾക്ക് സാധ്യമല്ലാത്തതും, അദ്ദേഹത്തിന് മനുഷ്യരുടെ നേതൃത്വം നൽകപ്പെടുമാറ് അദ്ദേഹത്തെ ഉൽകൃഷ്ടമാക്കുന്നതുമായിരിക്കുവാനാണ് ന്യായ മുള്ളത്. وابراهيم الذي وفى (കടമകൾ പൂർണ്ണമായി നിറവേറ്റിയ ഇബ്റാഹീം 53:37) എന്നാണ് അല്ലാഹു ഒരു സ്ഥലത്ത് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. അപ്പോൾ - ചിലർ പ്രസ്താവിച്ചു കാണാറുള്ളതുപോലെ - നഖം മുറിക്കുക, മീശ വെട്ടുക, ചേലാകർമ്മം നടത്തുക പോലെയുള്ള ചില കാര്യങ്ങൾ മാത്രമായിരിക്കുകയില്ലെന്ന് കരുതേണ്ടിയിരിക്കുന്നു. പ്രവാചകവ ര്യനായ ആ മഹാൻെറ ചരിത്രത്തെയും, അദ്ദേഹത്തെപ്പറ്റി ഖുർആനിൽ പലേടത്തായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളെയും മുമ്പിൽ വെച്ചാലോചിക്കുമ്പോൾ, അദ്ദേഹത്തെ പരീക്ഷണം ചെയ്ത ആ കൽപനകളുടെ ഗൗരവത്തെപ്പറ്റി നമുക്ക് എറെക്കുറെ ഊഹിക്കാവുന്നതാണ്. (*)

امام (ഇമാം) എന്നാൽ പിൻതുടരപ്പെടുന്ന ആൾ- അഥവാ നേതാവ്- എന്നർത്ഥം. ഏത് വിഷയത്തിലാണോ പിൻപറ്റപ്പെടുന്നതെങ്കിൽ ആ വിഷയത്തിൽ അദ്ദേഹം മുമ്പനും മറ്റുള്ളവർക്ക് മാതൃകയുമായിരിക്കും. ഇബ്റാഹീം (عليه السلام) നബിയെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിൻെറ ജീവിത്തിൻെറ ഓരോ കണ്ണിയും മനുഷ്യർക്ക് മാതൃകയായിരുന്നുവെന്ന് പറയേണ്ടതില്ല. അതുകൊണ്ടാണ് അദ്ദേഹത്തിൻെറ ശേഷമുള്ള എല്ലാ പ്രവാചകൻമാരും, അവരുടെ സമുദായങ്ങളും അദ്ദേഹത്തിൻെറ മാതൃക പിൻപറ്റുവാൻ ആജ്ഞാപിക്ക പ്പെട്ടിരിക്കുന്നതും, ഓരോ സമുദായവും - തെറ്റായാലും ശരിയായാലും -തങ്ങൾ അദ്ദേഹ ത്തിൻെറ മാതൃക പിൻപറ്റുന്നവരാണെന്ന് അഭിമാനപൂർവ്വം പറയുന്നതും ഖുർആനിൽ പലേടത്തും ഇതിനെപ്പറ്റി പ്രസ്താവിച്ചു കാണാം. (അടുത്ത 130,135 എന്നീ വചനങ്ങളും, നിസാഉ് 125; ആൻആം 161; നഹ്ൽ 123 ; ഹജ്ജ് 78 മുതലായ വചനങ്ങളും കാണുക) സൂറഃ ആലു ഇംറാനിൽ അല്ലാഹു പറയുന്നു:- ان اولى الناس بابراهيم الذين اتبعوه وهذا النبي والذين امنوا
ال عمران – ٦٨ (മനുഷ്യരിൽ വെച്ച് ഇബ്റാഹീമിനോട് ഏറ്റവും ബന്ധപ്പെട്ടവർ അദ്ദേഹത്തെ പിൻപറ്റിയവരും, ഈ പ്രവാചകനും, വിശ്വസിച്ചവരുമാകുന്നു)

അദ്ദേഹത്തെ നേതാവാക്കുന്നുവെന്ന് അല്ലാഹു അറിയിച്ചപ്പോൾ, അദ്ദേഹത്തിൻെറ സന്തതികളിലും ആ നേതൃത്വം അവശേഷിക്കണമെന്ന് അദ്ദേഹം പ്രാർത്ഥിച്ചു. അല്ലാഹുവിൻെറ തൗഹീദും സന്ദേശങ്ങളും പ്രബോധനം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള നേതൃത്വമല്ലാതെ, ഭൗതികമായ നേതൃത്വപദവിയല്ലല്ലോ അദ്ദേഹത്തിൻെറ ലക്ഷ്യം. അതുകൊണ്ട് ആ അനുഗൃഹീത പദവി തൻെറ സന്താന പരമ്പരയിലും നിലനിൽക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പ്രവാചകൻമാരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ തൗഹീദു പ്രബോധനത്തിനു ജനമദ്ധ്യെ സ്വീകരണം ലഭിക്കുന്നതും, തങ്ങളുടെ കാലശേഷവും തങ്ങളുടെ സ്വന്തക്കാരിൽ ആ പ്രബോധനം തുടർന്ന് നടത്തുന്ന ആളുകളുണ്ടായിരിക്കുകയെന്നുള്ളതും അവരുടെ അതിരറ്റ ആഗ്രഹമായിരിക്കുന്നതാണ്. അതുകൊണ്ടാണല്ലോ, തനിക്കു വാർദ്ധക്യം പ്രാപിച്ചിട്ടും

* സൂറത്തു ഇബ്റാഹീമിൻെറ ആമുഖമായി കൊടുത്ത കുറിപ്പ് നോക്കുക.

മക്കളില്ലാതെ വന്നപ്പോൾ, സകരിയ്യാ (عليه السلام) നബി പ്രാർത്ഥനയിൽ ഇങ്ങനെ പറഞ്ഞത്:‘‘........ എന്റെ പിന്നീടുണ്ടാകുന്ന കുടുംബങ്ങളെക്കുറിച്ചു ഞാൻ ഭയപ്പെടുന്നു. എന്റെ ഭാര്യ മച്ചിയുമാണ്. അതുകൊണ്ട് എനിക്കും, യഅ്ഖൂബ് കുടുംബത്തിനും അനന്തരാവകാശിയായി ത്തീരുന്ന ഒരു ബന്ധുവെ നിന്റെ പക്കൽനിന്നും നീ എനിക്കു പ്രദാനം ചെയ്യണമേ! റബ്ബേ, അവനെ നീ ഒരു സമ്മതനായ ആളാക്കുകയും വേണമേ! ....وانى خفت الموالي من وراء (മർയം 5) മൂസാ (عليه السلام) നബിക്ക് അല്ലാഹു ദിവ്യദൗത്യം (രിസാലത്തു) നൽകിയപ്പോൾ: ‘‘എന്റെ സ്വന്തക്കാരിൽ നിന്നും എനിക്കൊരു സഹായകനെ നൽകണേ! (واجعل لى وزيرا من اهلى)’’ (ത്വാഹാ 29) എന്ന് അദ്ദേഹവും പ്രാർത്ഥിക്കുകയുണ്ടായി. അങ്ങിനെ, ഇബ്റാഹീം (عليه السلام) നബി തൗ ഹീദിന്റെ പ്രബോധനത്തിലുള്ള മാതൃകാനേതൃത്വം തന്റെ ശേഷം തന്റെ സന്തതികളിലും നിലനിറുത്തണമെന്ന് പ്രാർത്ഥിച്ചു. അല്ലാഹു ആ പ്രാർത്ഥന സ്വീകരിച്ചിട്ടുമുണ്ട്. അല്ലാഹു പറയുന്നു: وجعلنا فى ذيرته النبوة والكتاب – العنكبوت : ٢٧ (അദ്ദേഹത്തിന്റെ സന്തതികളിൽ നാം പ്രവാചകത്വവും വേദഗ്രന്ഥവും ഏർപ്പെടുത്തുകയും ചെയ്തു.)

എന്നാൽ, ഒരു യാഥാർത്ഥ്യം അല്ലാഹു നേരത്തെത്തന്നെ അദ്ദേഹത്തെ ഉണർത്തി; ‘‘എന്റെ കരാർ അക്രമികൾക്കു ബാധകമാകുകയില്ല (لا ينال عهدى الظالمين)’’ എന്നായിരുന്നു അത്. തന്റെ സന്തതികളെല്ലാം നല്ലവരായിരിക്കുകയില്ലെന്നും, അവരിൽ അക്രമികളും ഉണ്ടായി രിക്കുമെന്നുമുള്ള ഒരു അറിയിപ്പാണിത്, അല്ലാതെ, അദ്ദേഹത്തിന്റെ നേരെയുള്ള വെറുപ്പോ പ്രതിഷേധമോ അല്ല. അദ്ദേഹത്തിന്റെ രണ്ടു പുത്രൻമാരായ ഇസ്മാഈൽ, ഇസ്ഹാഖ് (عليهما السلام) എന്നീ പ്രവാചകൻമാർ വഴിയാണല്ലോ അദ്ദേഹത്തിന്റെ സന്താനപരമ്പര നിലനിൽക്കുന്നത്. ‘‘അവർ രണ്ടു പേരുടെയും സന്തതികളിൽ സുകൃതവാൻമാരും അക്രമികളുമുണ്ട്. (ومن ذيرتهما محسن وظالم لنفسه مبين – الصافات ١٠٣)’’ എന്ന് അല്ലാഹു തന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. സുകൃതം ചെയ്യുന്നവരല്ലാത്തവരാണ് ‘അക്രമികൾ’ കൊണ്ടുദ്ദേശ്യമെന്നുകൂടി ഈ വാക്യത്തിൽ നിന്നു മനസ്സിലാക്കാം. ‘‘എന്റെ കരാർ അക്രമികൾക്ക് ബാധകമല്ല’’ എന്ന് അല്ലാഹു പറഞ്ഞതിനെ ആസ്പദമാക്കി അക്രമികൾക്ക് ഖലീഫയോ, ന്യായാധിപനോ, ഭരണാധികാരിയോ, മുഫ്ത്തിയോ (മതവിധി പറയുന്നവനോ) , സാക്ഷിയോ, നിവേദകനോ ആകുവാൻ അർഹതയില്ലെന്ന് ചില മഹാൻമാർ പ്രസ്താവിച്ചിട്ടുള്ളത്. പ്രസ്താവ്യമത്രെ.

وَإِذْ جَعَلْنَا ٱلْبَيْتَ مَثَابَةً لِّلنَّاسِ وَأَمْنًا وَٱتَّخِذُوا۟ مِن مَّقَامِ إِبْرَٰهِـۧمَ مُصَلًّى ۖ وَعَهِدْنَآ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَـٰعِيلَ أَن طَهِّرَا بَيْتِىَ لِلطَّآئِفِينَ وَٱلْعَـٰكِفِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿١٢٥﴾

125 (ആ) വീട്ടിനെ [കഅ്ബഃയെ] നാം മനുഷ്യർക്ക് ഒരു സങ്കേതവും, ഒരു നിർഭയ (സ്ഥാന) വും ആക്കിവെച്ച സന്ദർഭം (ഓർക്കുക) . ‘മഖാമു ഇബ്റാഹീമി’ൽ [ഇബ്റാഹീം നിന്ന സ്ഥാനത്തിൽ] നിന്നും ഒരു നമസ്കാര സ്ഥാനം നിങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുവിൻ, ഇബ്റാഹീമിനും, ഇസ്മാഈലിനും നാം കൽപന കൊടുക്കുകയും ചെയ്തിരിക്കുന്നു; ‘ത്വവാഫ്’ [പ്രദക്ഷിണം] ചെയ്യുന്നവർക്കും, ഭജനമിരിക്കുന്നവർക്കും, സാഷ്ടാംഗം കുമ്പിട്ട് നമസ്കരിക്കുന്നവർക്കും വേണ്ടി നിങ്ങൾ രണ്ടാളും എന്റെ വീടിനെ ശുദ്ധമാക്കണമെന്ന്.

125 **وإِذْ جعلنا** നാം ആക്കിയ സന്ദർഭം. **البيت** ആ വീട് (കഅ്ബഃ) . **مثابةً** ഒരു സങ്കേതം. **للناس** മനുഷ്യർക്ക്. **وأمنا** അഭയവും. **واتخذُوا** നിങ്ങൾ ഉണ്ടാക്കുകയും ചെയ്യുവിൻ. **من مقامِ إبراهيم** ഇബ്രാഹിം നിന്ന സ്ഥാനത്ത്നിന്ന്. **مصلى** ഒരു നമസ്കാര സ്ഥാനം. **وعهدنا** നാം കൽപന കൊടുക്കുകയും

ചെയ്ത്. **إِلَىٰ إِبْرَاهِيمَ** ഇബ്രാഹീമിന്. **وَإِسْمَاعِيلَ** ഇസ്മാഈലിനും. **أَن طَهِّرَا** നിങ്ങൾ രണ്ടാളും ശുദ്ധമാക്കണമെന്ന്. **بَيْتِيَ** എന്റെ വീട്. **لِلطَّائِفِينَ** ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക്. **وَالْعَاكِفِينَ** ഭജനമിരിക്കുന്നവർക്ക്. **وَالرُّكَّعِ** കുമ്പിടുന്ന (കുമ്പിട്ടു നമസ്കരിക്കുന്ന) വർക്കും. **السُّجُودِ** സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായ.

'ബൈത്തുൻ' എന്നാൽ 'വീട് ' എന്നർത്ഥം. **البيت** (അൽബൈത്ത്) എന്നു പറയുമ്പോൾ, 'ആ വീട് 'അഥവാ 'ഉദ്ദേശിക്കപ്പെട്ട പ്രത്യേക വീട് ' എന്നർത്ഥമാകും. അല്ലാഹുവിന്റെ വീടാ (**بيت الله**) കുന്ന കഅ്ബയെ ഉദ്ദേശിച്ച് ആ വാക്ക് സാധാരണ ഉപയോഗിക്കപ്പെടുന്നു. ഇവിടെയും അതാണുദ്ദേശ്യം. 'സമ്മേളിക്കുന്ന സ്ഥാനം, അഭയസ്ഥാനം, രക്ഷാകേന്ദ്രം, മടങ്ങി ചെന്നുകൊണ്ടിരിക്കുന്ന സ്ഥലം, പ്രതിഫലം ലഭിക്കുന്ന സ്ഥാനം, പുണ്യസ്ഥലം' എന്നൊക്കെ അർത്ഥങ്ങളുള്ളവാക്കാണ് **مثابة**. വാസ്തവത്തിൽ, ഈ അർത്ഥങ്ങളെല്ലാം ഒത്തിണങ്ങുന്ന ഒരു സങ്കേതം തന്നെയാണ് കഅ്ബാലയം എന്നതിൽ സംശയമില്ല. **امن** എന്നാൽ 'നിർഭയം, സമാധാനം' എന്നർത്ഥം. അല്ലാഹുവിങ്കൽ നിന്ന് പാപമോചനവും കാരുണ്യവും തേടിച്ചെല്ലുന്നവർക്കെന്നപോലെ, ശത്രുക്കളിൽ നിന്നും, കയ്യേറ്റക്കാരിൽ നിന്നും അഭയം തേടിച്ചെല്ലുന്നവർക്കും അത് നിർഭയസ്ഥനമാകുന്നു. കഅ്ബയുടെ പരിസരപ്രദേശമായ ഹറമിൽവെച്ച് ആരെയും കയ്യേറ്റം ചെയ്യാനോ, ശിക്ഷാനടപടികൾ എടുക്കുവാനോ പാടില്ലാത്തതാകുന്നു. അല്ലാഹു പറയുന്നു: **ومن دخله كان امنا – ال عمران : ٩٧** (അതിൽ ആർ പ്രവേശിച്ചുവോ അവൻ നിർഭയനായി) യുദ്ധപ്രിയരും, കലഹപ്രിയരുമായിരുന്ന അറബികൾ 'ജാഹിലയ്യാ' കാലത്തുപോലും അവിടെ വെച്ച് യുദ്ധമോ, കയ്യേറ്റമോ, നടത്തുമായിരുന്നില്ല. മക്കാ ഹറമിന്റെ അതിർത്തിക്കുള്ളിൽ വെച്ച് ജന്തുക്കളെ വേട്ടയാടുവാനും, മരങ്ങളും ചെടികളും മുറിച്ചുകളയുവാനും പാടില്ല. അടുത്ത വചനത്തിൽ കാണാവുന്നതുപോലെ, ഇബ്റാഹീം (عليه السلام) ചെയ്ത പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകിയ കൂട്ടത്തിൽ ഒന്നാണിത്.

مقام ابراهيم (മഖാമു ഇബ്റാഹീം) എന്ന വാക്കിന് ഇബ്റാഹീം (عليه السلام) നബി നിന്ന സ്ഥാനം എന്നാണ് വാക്കർത്ഥം. മക്കായിലെ ഹറമ് മുഴുവനും, അല്ലങ്കിൽ-സഫാ, മർവാ, മിനാ, അറഫാത്ത് മുതലായി-ഹജ്ജിന്റെ കർമ്മങ്ങൾ നടക്കുന്ന സ്ഥലങ്ങൾ മുഴുവനും മഖാമു ഇബ്റാഹീമിൽ ഉൾപ്പെടുമെന്ന് കാണിക്കുന്ന ചില രിവായത്തുകൾ കാണാം. പക്ഷേ, അവ വിശ്വാസയോഗ്യങ്ങളല്ല. മഖാമു ഇബ്റാഹീം (ഇബ്രാഹീം മഖാം) എന്ന പേരിൽ തന്നെ പരക്കെ അറിയപ്പെടുന്നതും, കഅ്ബയുടെ അടുത്ത് അതിന്റെ വാതിലിന് മുൻവശത്ത് വാതിലിനെ അഭിമുഖീകരിച്ചു നിൽക്കുന്നവരുടെ അൽപം വലഭാഗത്തായി സ്ഥിതിചെയ്യുന്നതുമായ പ്രസിദ്ധ കല്ലാണ് അത് എന്നത്രെ, ഭൂരിപക്ഷം ഖുർആൻ വ്യഖ്യാതാക്കളും പണ്ഡിതൻമാരും പറയുന്നത്. ഈ അഭിപ്രായത്തെ ശക്തിപ്പെടുത്തുന്ന ബലപ്പെട്ട ചില ഹദീസുകളുമുണ്ട്. കല്ലിനെപ്പറ്റി താഴെ വിവരിക്കുന്നതാണ്.
إن شاء الله

അനസ് (رضي الله عنه) പ്രസ്താവിച്ചതായി ഇമാം അഹ്മദ് (رحمه الله) ഉദ്ദരിക്കുന്നു: ''ഉമർ പ്രസ്താവിക്കുകയുണ്ടായി: ഞാൻ എന്റെ റബ്ബുമായി മൂന്നു കാര്യത്തിൽ ഒത്തുവന്നിട്ടുണ്ട്. (*) (റസൂൽ

---

* ഞാൻ അഭിപ്രായപ്പെട്ടതുപോലെ അല്ലാഹു നിയമം അവതരിപ്പിച്ചു എന്നാണ് ഉമർ (رضي الله عنه)പറഞ്ഞതിന്റെ താൽപര്യം. നബി (ﷺ) തിരുമേനിക്ക് അക്കാര്യങ്ങൾ മുൻകൂട്ടി മനസ്സിലായിരുന്നില്ലെന്നോ, അല്ലെങ്കിൽ തിരുമേനിക്ക് അതിൽ എതിരഭിപ്രായമുണ്ടായിരുന്നുവെന്നോ ഇതിൽനിന്ന് ധരിച്ചുകൂടാ. കൽപന കിട്ടാതെ തിരുമേനി ആ വിഷയങ്ങളിൽ സ്വന്തം അഭിപ്രായം നടപ്പാക്കുവാൻ മുമ്പോട്ട് വന്നില്ലെന്ന് മാത്രമേ അതിലുള്ളൂ. 'എന്നോട് കൽപിക്കപ്പെട്ടതേ ഞാൻ ചെയ്യൂ' എന്ന് തിരുമേനി പറഞ്ഞതായും ചില നിവേദനങ്ങളിൽ വന്നിട്ടുണ്ടുതാനും.

തിരുമേനിയോട്) ഞാൻ പറഞ്ഞു; അല്ലാഹുവിൻെറ റസൂലേ, മഖാമു ഇബ്രാഹീമിൽ നിന്ന് (അതിനടുത്തുവെച്ച്) നാം ഒരു നമസ്കാരസ്ഥാനം സ്വീകരിച്ചെങ്കിൽ ! എന്ന്. അങ്ങനെ, **واتخذوا من مقام ابراهيم مصلى** (മഖാമു ഇബ്രാഹീമിൽനിന്നും നിങ്ങൾ ഒരു നമസ്കാരസ്ഥാനം സ്വീകരിച്ചുകൊള്ളുവിൻ) എന്ന് അവതരിച്ചു .ഞാൻ പറഞ്ഞു: അല്ലാഹുവിൻെറ റസൂലേ, അങ്ങയുടെ ഭാര്യമാരുടെ അടുക്കൽ നല്ലവരും ദുഷിച്ചവരും പ്രവേശിച്ചേക്കുമല്ലോ. അതുകൊണ്ട് അവരോട് പർദ്ധ ആചരിക്കുവാൻ അവിടുന്ന് പറഞ്ഞെങ്കിൽ ! എന്ന്. അങ്ങനെ, പർദ്ദയുടെ ആയത്ത് അവതരിച്ചു. റസൂൽ തിരുമേനിയുടെ ഭാര്യമാർ തിരുമേനിക്കെതിരെ (ചിലവിനു കിട്ടിയതു പോരാ എന്ന പ്രശ്നത്തിൽ) ഏകോപിക്കുകയുണ്ടായി. അപ്പോൾ അവരോട് ഞാൻ പറഞ്ഞു: അദ്ദേഹം (നബി) നിങ്ങളെ വിവാഹമോചനം ചെയ്തുവെങ്കിൽ അദ്ദേഹത്തിൻെറ റബ്ബ് അദ്ദേഹത്തിന് നിങ്ങളെക്കാൾ ഉത്തമകളായ ഭാര്യമാരെ നൽകിയേക്കാം എന്ന്. അതേപ്രകാരം **عسي ربه ان طلقكن........التحريم ٥** എന്ന് അവതരിക്കുകയും ചെയ്തു''. ഉമർ (ﷺ) ൻെറ ഈ പ്രസ്താവന അൽപസ്വൽപ വ്യത്യാസങ്ങളോടുകൂടിയാണെങ്കിലും പല സഹാബികളിൽ നിന്നും പല മാർഗ്ഗങ്ങളിൽകൂടി ബുഖാരീ, മുസ്‌ലിം, തിർമദീ, നസാഈ, ഇബ്നുമാജഃ (ﷺ) മുതലായ പലരും രേഖപ്പെടുത്തിയിട്ടുള്ളതാണ്. കഅ്ബഃ പ്രദക്ഷിണം (ത്വവാഫ്) കഴിഞ്ഞ ഉടനെ മഖാമു ഇബ്റാഹീമിൻെറ പിന്നിൽ - മഖാമും കഅ്ബയും മുന്നിലാക്കിക്കൊണ്ട്-നബി (ﷺ) രണ്ട് റക്അത്ത് നമസ്കരിച്ചതായി വ്യക്തമാക്കുന്ന ഹദീസുകൾ ബുഖാരീ, മുസ്‌ലിം (ﷺ) മുതലായവർ വേറെയും രേഖപ്പെടുത്തിയിട്ടുണ്ട്. തിരുമേനി നടപ്പാക്കിയ ഈ സുന്നത്ത് നമസ്കാരം ത്വാവഫ് കഴിഞ്ഞ ശേഷം അന്നു മുതൽ എല്ലാവരും ആചരിച്ചു വരുന്നു.

മേലുദ്ധരിച്ചതുപോലെ, മഖാമു ഇബ്രാഹീമിനെ സംബന്ധിച്ചു വന്ന പല ഹദീസുകളും ഉദ്ധരിച്ച ശേഷം ഇബ്നു കഥീർ (ﷺ) പ്രസ്താവിച്ച ചില പ്രസ്താവനകളുടെ സാരം അറിയുന്നത് നന്നായിരിക്കും. അതിങ്ങിനെ ഉദ്ധരിക്കാം: ''കഅ്ബഃ പടുത്തുയർത്തുവാൻ വേണ്ടി ഇബ്റാഹീം (عليه السلام) നിന്നിരുന്ന കല്ലാണ് മഖാമു ഇബ്റാഹീം കൊണ്ടുദ്ദേശ്യമെന്ന് ഇതെല്ലാം തെളിയിക്കുന്നു. ചുവർ പൊന്തിയപ്പോൾ അദ്ദേഹത്തിന് (ചവിട്ടി) നിൽക്കുവാൻ ഇസ്മാഈൽ (عليه السلام) കൊണ്ടുവന്ന് കൊടുത്തതാണത്. അങ്ങനെ, ഇസ്മാഈൽ കല്ലുകൾ കൊണ്ടുവരുകയും അദ്ദേഹം അതിൻമേൽ നിന്ന് ചുവർ പടുത്തു പൊന്തിക്കുകയും ചെയ്യുമായിരുന്നു. ഒരു ഭാഗം പൂർത്തിയാകുമ്പോൾ അത് മറ്റേ ഭാഗത്തേക്ക് നീക്കും. അങ്ങിനെ, ചുവർ പൂർത്തിയായി. അദ്ദേഹത്തിൻെറ കാൽപ്പാടുകൾ രണ്ടും ആ കല്ലിൽ വ്യക്തമായി പതിഞ്ഞിരുന്നു. ഈ കല്ല് പിന്നീട് അറിയപ്പെട്ടുകൊണ്ടേ വന്നു. ജാഹിലിയ്യാ കാലത്തെ അറബികൾക്കും അത് സുപരിചിതമായിരുന്നു. അബൂത്വാലിബിൻെറ പ്രസിദ്ധമായ 'ലാമിയ്യഃ' ('ലാം' എന്ന അക്ഷരത്തിൽ അവസാനിക്കുന്ന കവിത) യിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. മുസ്‌ലിംകളും അതിനെ മനസ്സിലാക്കിവന്നു. അനസുബ്നുമാലിക്ക് (ﷺ) ൽ നിന്ന് അബ്ദുല്ലാഹിബ്നു വഹബ് ഉദ്ധരിക്കുന്നു: ''മഖാമിൽ അദ്ദേഹത്തിൻെറ വിരലുകളും കാലടികളും ഞാൻ കാണുകയുണ്ടായി. പക്ഷേ ജനങ്ങളുടെ കൈകൾ തൊട്ടുതടവി അത് മായ്ച്ചിരിക്കുന്നു''.

ഇബ്നു കഥീർ (ﷺ) തുടരുന്നു: ''**واتخذوا من مقام ابراهيم مصلى** (മഖാമു ഇബ്രാഹീമിൽനിന്നു ഒരു നമസ്ക്കാരസ്ഥാന സ്വീകരിക്കുവിൻ) എന്ന വചനം ഉദ്ധരിച്ചുകൊണ്ട് ഖത്താദഃ (ﷺ) പ്രസ്താവിച്ചതായി ഇബ്നുജരീർ (ﷺ) ഉദ്ധരിക്കുന്നു: അതിൻെറ അടുക്കൽ വെച്ച് നമസ്ക്കരിക്കുവാനേ മനുഷ്യരോട് കൽപിക്കപ്പെട്ടിട്ടുള്ളു. അത് തൊട്ടു തടവാൻ കൽപ്പിക്കപ്പെട്ടിട്ടില്ല. മുൻസമുദായങ്ങൾ ചെയ്യാത്ത ഒരു കാര്യം ചെയ്യുവാൻ ഈ സമുദായം സാഹസപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിൻെറ- ഇബ്റാഹീം (عليه السلام) ൻെറ-മടമ്പിൻെറയും വിരലുകളുടെയും പാടുകൾ അതിൽ കണ്ടവർ നമ്മോടു പറയുകയുണ്ടായിട്ടുണ്ട്. ഈ സമുദായം തൊട്ടുതടവി അത് തേഞ്ഞും മാഞ്ഞും പോയിരിക്കുകയാണ്.ഞാൻ (ഇബ്നു കഥീർ) പറയുന്നു: ''പണ്ടു കാലത്ത് ഈ കല്ല് കഅ്ബ്യുടെ ചുവരിനോട് തൊട്ടുകിടക്കുകയായിരുന്നു. ഇന്ന് കഅ്ബ്യുടെ വാതിലിൻെറ നേരെ മുമ്പിൽനിന്ന് അൽപം വലത്തോട്ടു മാറി ഒരു പ്രത്യേക

സ്ഥലത്ത് അതിൻെറ സ്ഥാനം പ്രസിദ്ധമാണ്. പടവ് കഴിഞ്ഞപ്പോൾ ഇബ്റാഹീം (عليه السلام) അത് കഅ്ബഃയുടെ ചുവരിനോട് ചേർത്ത് വെച്ചതായിരുന്നു. അല്ലെങ്കിൽ അവിടെവെച്ച് പടവ് അവസാനിച്ചപ്പോൾ അവസാനിച്ചേടത്തുതന്നെ വിട്ടേച്ചതായിരിക്കാം. അല്ലാഹുവിനറിയാം. ഇതുകൊണ്ടായിരിക്കാം, ത്വവാഫു കഴിയുമ്പോൾ അതിനടുത്ത് വെച്ച് നമസ്ക്കരിക്കുവാൻ കൽപിച്ചത്. കഅ്ബയുടെ ചുവരിൻെറ അടുത്ത് നിന്ന് അത് പിന്നോട്ട് വെച്ചത് 'ഖുലഫാഉ റാശിദീനി'ൽപ്പെട്ട ഒരാളും, ''എൻെറ ശേഷമുള്ള രണ്ടു ഖലീഫാമാരെ- അബൂബക്കറിനെയും ഉമറിനെയും-തുടരുവിൻ'' എന്നു നബി (صلى الله عليه وسلم) പറഞ്ഞവരിൽ ഒരാളുമായ ഉമർ (رضي الله عنه) തന്നെയായിരുന്നു. അതിൻെറ അടുത്ത് വെച്ച് നമസ്കരിച്ചാൽ കൊള്ളാമെന്ന് അദ്ദേഹത്തിൻെറ അഭിപ്രായത്തോട് യോജിച്ചാണല്ലോ ഖുർആൻ അവതരിച്ചതും, അതിനാൽ, സഹാബികളിൽ ആരും അതിനെപ്പറ്റി പ്രതിഷേധിച്ചതുമില്ല.'' ابن كثير

ഇബ്റാഹീം (عليه السلام) നബിക്കുശേഷം-ആയിരക്കണക്കിന് കൊല്ലങ്ങൾ ആ കല്ല് കഅ്ബ്യുടെ ചുവരിനോട് തൊട്ട് കിടന്നശേഷം-അല്ലെങ്കിൽ ചില രിവായത്തുകൾ വന്നതുപോലെ, മലവെള്ളം വന്ന് കല്ല് ഒലിച്ചുപോകുമോ എന്ന് ഭയന്ന് മുമ്പാരോ സ്ഥാനത്ത് നിന്ന നീക്കിവെക്കുകയും കൊല്ലങ്ങൾ പിന്നിടുകയും ചെയ്തശേഷം-ഉമർ (رضي الله عنه) അതിനെ ചുവരിൽനിന്ന് അൽപം അകറ്റിവെച്ചത് ത്വവാഫ് ചെയ്യുന്നവരുടെ സൗകര്യത്തെ മുൻനിറുത്തിയാണെന്നും ചില രിവായത്തുകളിൽ കാണാം. ഏതായാലും, ഉമർ(رضي الله عنه) മാറ്റിവെച്ച സ്ഥാനത്ത് 1300ൽപരം കൊല്ലം സ്ഥിതി ചെയ്തശേഷം, ത്വാവാഫിനു വരുന്നവരുടെ വർദ്ധിച്ചുകൊണ്ടിരുന്ന തിരക്കും ആധിക്യവും നിമിത്തം, ലോകമുസ്ലിം പണ്ഡിതൻമാരുടെ അഭിപ്രായങ്ങൾ ആരാഞ്ഞറിഞ്ഞശേഷം-ഏതാണ്ട് പന്ത്രണ്ട് കൊല്ലം മുമ്പ് ഫൈസലു അബ്നു അബ്ദിൽ അസീസ് രാജാവ് (*) ആ കല്ല് അൽപ്പംകൂടി പുറകോട്ട് മാറ്റി സ്ഥാപിച്ചിരിക്കുന്നു. നൂറ്റാണ്ടുകളായി ഒരു ചെറിയ കെട്ടിടത്തിൽ ('ഖുബ്ബ'യിൽ) പരക്കെ ആർക്കും കാണുവാൻ സാധ്യമല്ലാത്തവിധം അത് ഭദ്രമായി വെക്കപ്പെട്ടിരിക്കുകയായിരുന്നു. ഇപ്പോൾ ആ കെട്ടിടം പൊളിച്ചുനീക്കി ഒരു വലിയ പളുങ്കുകൂട്ടിൽ, പുറമെ നിന്ന് കാണത്തക്കവണ്ണം കഅ്ബയുടെ മുൻവശത്ത് അത് സ്ഥിതി ചെയ്യുന്നു.

മുഹമ്മദ് ത്വാഹിറുൽ കുർദീ-അൽമക്കീ (†) എന്ന പണ്ഡിതൻ അദ്ദേഹത്തിൻെറ 'മഖാമു ഇബ്റാഹീം' എന്ന ഗ്രന്ഥത്തിൽ ആ കല്ലിനെപ്പറ്റി വിവരിച്ച ചില വിവരങ്ങൾ അറിയുന്നത് സന്ദർഭോചിതമായിരിക്കാം:- ''ഏതാണ്ട് ചതുരാകൃതിയിലുള്ള ആ കല്ലിൻെറ മുകൾഭാഗത്ത് മൂന്ന് വശം 36 സെ. മീറ്റർ വീതവും ഒരുവശം 38 സെ. മീറ്ററുമാകുന്നു. അടിഭാഗം അൽപം കൂടുതൽ വരും. ഉയരം-അഥവാ കനം- 20 സെ.മീറ്റർ. അതേ വലിപ്പത്തിലുള്ള ഒരു മാർബിൾ തറയിൽ അത് ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഈ തറ മറ്റൊരു തറയിലും അതൊരു മരപ്പെട്ടിയിലുമാണ്. എല്ലാം

---

* ഹിജാസുകൂടി ഉൾക്കൊള്ളുന്ന സുഊദീ അറേബ്യയുടെ സ്ഥാപക രാജാവായ മർഹൂം അബ്ദുൽ അസീസിൻെറ മരണത്തെത്തുടർന്ന് ക്രി. 1953ൽ മൂത്തപുത്രൻ സുഊദ് രാജാവായി. പിന്നീട് ക്രി. 1964ൽ അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും, അനുജൻ ഫൈസൽ രാജാവായി നിയമിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹത്തിൻെറ ഭരണം മതരംഗത്തും ഭരണരംഗത്തും വളരെ കീർത്തി നേടിക്കൊണ്ടിരുന്നു, ക്രി. 1975 മാർച്ച് മാസത്തിൽ-ഹി. 1395 റബീഉൽഅവ്വലിൽ-രാജകുടുംബത്തിൽപെട്ട ഒരക്രമിയുടെ വെടിയേറ്റ് അദ്ദേഹം പരലോകം പ്രാപിക്കുകയാണുണ്ടായത്. അല്ലാഹു അദ്ദേഹത്തിന് കരുണ നൽകട്ടെ. ഇപ്പോഴത്തെ രാജാവ് അദ്ദേഹത്തിൻെറ അനുജൻ ഖാലിദാകുന്നു.1

† ഹിജ്റ 1369ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകൃതമായത്. കഅ്ബഃയെയും ബന്ധപ്പെട്ട സ്ഥലങ്ങളെയും കുറിച്ച് ഇതിൽ സവിസ്തരം വിവരിച്ചിരിക്കുന്നു. ഹി. 1367 ശഅ്ബാൻ 27ന് അന്നത്തെ രാജാവായ അബ്ദുൽ അസീസ് രാജാവിൻെറ കിരീടാവകാശിയായിരുന്ന അമീർസുഊദിൻെറ അനുമതി പ്രകാരം അദ്ദേഹത്തിന് മഖാമു ഇബ്റാഹീം സൂക്ഷിക്കപ്പെട്ടിരുന്ന ഖുബ്ബഃ തുറന്നുകൊടുക്കപ്പെട്ടുവെന്നും. ആ അവസരത്തിൽ മറ്റു പല പ്രമുഖ നേതാക്കളുടെയും സാന്നിധ്യത്തിൽ താൻ ശരിക്ക് അളന്ന് പരിശോധിച്ചാണ് അതിനെ സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം അതിൽ പ്രസ്താവിച്ചിരിക്കുന്നു.

വെള്ളിത്തകിട് പതിക്കപ്പെട്ടിരിക്കുന്നു. (*) ഈ തകിട് ഹിജ്റ 1113 ൽ നിർമ്മിക്കപ്പെട്ടതാണെന്ന് അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇബ്റാഹീം (عليه السلام) ൻെറ കാൽപ്പാടുകൾ പതിഞ്ഞ സ്ഥലത്ത് ദീർഘകാലമായി ജനങ്ങൾ തൊട്ടുതടവിക്കൊണ്ടിരുന്നതിനാൽ, വലിയ രണ്ട് കുഴികളാണുള്ളത്. അവയുടെ നീളം മുകൾപ്പരപ്പിൽ 27 സെ.മീറ്ററും അടിയിൽ 25 സെ.മീറ്ററും വരും. രണ്ടും തമ്മിലുള്ള വിടവ് ഒരു സെ.മീറ്റർ മാത്രം. കുഴികൾ വലുതായതോടെ തമ്മിലുള്ള അകലം കുറഞ്ഞുവന്നതാണ്. വിരലടയാളം തീരെ കാണുകയില്ല. കല്ലിൻെറ നിറം കുറേശ്ശേ ചുവപ്പും മഞ്ഞയും കലർന്ന വെള്ളനിറത്തിലാണ് കാണുന്നത്.''

ആ ഗ്രന്ഥത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടിയ ഒരു സംഗതികൂടി അറിയുന്നത് നന്നെന്ന് തോന്നുന്നു. അതിൻെറ ചുരുക്കം ഇതാണ്: ''ജാഹിലിയ്യാ അറബികൾ- മക്കാ പരിസരങ്ങളിലുള്ളവർ പ്രത്യേകിച്ചും-കല്ലുകളെ ആരാധിക്കുന്നതിൽ പ്രസിദ്ധരായിരുന്നുവല്ലോ. എന്നാലും 'ഹജറുൽ അസ്‌വദി'നെയും, 'മഖാമു ഇബ്റാഹീമി'നെയും അവർ ആരാധിച്ചതായി അറിയുന്നില്ല. അതേ സമയത്ത് ആ രണ്ടുകല്ലിനെയും അവർ ബഹുമാനിക്കുകയും ചെയ്തിരുന്നു. ഇതിനെപ്പറ്റി ചിന്തിച്ചപ്പോൾ മനസ്സിലായത് ഇതാണ്: അന്ന് അവ ആരാധിക്കപ്പെട്ടിരുന്നുവെങ്കിൽ, പിന്നീട് (ത്വവാഫിൽ) ഹജറുൽ അസ്‌വദിൻെറ മൂല ركن الحجر തൊട്ട് മുത്തുവാനും, മഖാമുഇബ്റാഹീമിങ്കൽ നമസ്ക്കരിക്കുവാനും കൽപ്പിക്കപ്പെടുന്നപക്ഷം, ഇസ്‌ലാമിൻെറ ശത്രുക്കളും കപടവിശ്വാസികളും അതിനെ ആയുധമാക്കി വിഗ്രഹങ്ങളോടുള്ള ബഹുമാനത്തിൽനിന്ന് ഇസ്‌ലാമും ശുദ്ധമല്ലെന്ന് പറയുമായിരുന്നു. അതുകൊണ്ടായിരിക്കാം രണ്ടും ആരാധിക്കപ്പെടുവാൻ ഇടവരാതെ അല്ലാഹു കാത്തു സൂക്ഷിച്ചത്.'' ഇദ്ദേഹത്തിൻെറ ഈ അഭിപ്രായം ഏതാണ്ട് യുക്തമായി തോന്നുന്നു.
والله اعلم

''واتخذوا من مقام ابراهيم مصلى മഖാമുഇബ്റാഹീമിൽനിന്നും ഒരു നമസ്കാരസ്ഥാനം ഏർപ്പെടുത്തികൊള്ളുക.''എന്നുള്ള അല്ലാഹുവിൻെറ കൽപന, ത്വവാഫിന്ശേഷം അതിൻെറ അടുത്തുവെച്ച് രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരം വഴി നബി (صلى الله عليه وسلم) നടപ്പാക്കിയെന്ന് മേലുദ്ധരിച്ച ഹദീസിൽ കണ്ടുവല്ലോ. മുസ്‌ലിംകൾ ഇന്നും അത് ആചരിച്ചുപോരുകയും ചെയ്യുന്നു. എന്നാൽ, എല്ലാവരും പറയുന്നതിൽ നിന്നും വ്യത്യസ്തമായ പുത്തൻ അഭിപ്രായങ്ങൾ പറയുവാൻ താൽപര്യം കാണിക്കാറുള്ള ഒരു ആധുനികപ്രിയനായ പണ്ഡിതൻ പറയുന്നത്: 'മഖാമുഇബ്റാഹീം' എന്നാൽ ഇബ്രാഹീം (عليه السلام) നമസ്ക്കരിച്ച സ്ഥലം- അഥവാ കഅ്ബയാണെന്നും, കഅ്ബയെ നമസ്കാരസ്ഥലമാക്കുവാനുള്ള കൽപനയാണ് ഇത്' എന്നുമാകുന്നു. ആശ്ചര്യം തോന്നുന്നു! എവിടെനിന്നാണ് ഈ വ്യാഖ്യാനം അദ്ദേഹത്തിന് കിട്ടിയതെന്ന് അല്ലാഹുവിനറിയാം. (مقام) 'മഖാമു' എന്ന വാക്കിന് നമസ്കരിച്ച സ്ഥലം എന്നർത്ഥമില്ല. വാക്കർത്ഥമില്ലെങ്കിലും ഉദ്ദേശ്യം അതാണെന്നുള്ളതിന് ഒരു തെളിവും ഇല്ല. ചില പ്രത്യേക അവസരങ്ങളിൽ കഅ്ബയുടെ വാതിൽ തുറക്കപ്പെടുമ്പോൾ ചുരുക്കം ചിലർ അതിനുള്ളിൽ കടന്ന് എപ്പോഴെങ്കിലും സുന്നത്ത് നമസ്കരിക്കുന്നതല്ലാതെ, കഅ്ബയെ ഒരു നമസ്കാരസ്ഥലമാക്കിക്കൊണ്ടുള്ള നടപടി ഇസ്‌ലാമിൽ അറിയപ്പെടുന്നില്ല. മക്കാ വിജയസംഭവമുണ്ടായ അവസരത്തിലോ, ഹജ്ജത്തുൽവിദാഇലോ (തിരുമേനിയുടെ അവസാനത്തെ ഹജ്ജിലോ) അല്ലാതെ, നബി (صلى الله عليه وسلم) യും കഅ്ബയുടെ ഉള്ളിൽ നമസ്കാരം നടത്തിതായി അറിയപ്പെടുന്നില്ല. ഒരു പക്ഷേ, കഅ്ബ്യെ നമസ്കാരസ്ഥലമാക്കുക എന്ന് പറഞ്ഞതിൻെറ താൽപര്യം, അതിൻെറ അടുത്തസ്ഥലത്ത്- മസ്ജിദുൽഹറാമിൽ-നമസ്കരിക്കുക എന്നാണെന്ന് പറഞ്ഞേക്കാം. എന്നാൽ, സൂഃ ആലുഇംറാൻ 97 ൽ കഅ്ബയെപ്പറ്റി, അതിൽ

---

* ഇന്ന് ഇതിലെല്ലാം വ്യത്യാസം വരുത്തപ്പെട്ടിട്ടുണ്ട്.
(1) ഈ പുനഃപ്രസിദ്ധീകരണ സമയത്ത് ഭരണാധികാരി ഫഹ്ദ്ബ്നു അബദിൽ അസീസാണ്. (പ്രസാധകർ)

സുവ്യക്തങ്ങളായ ദൃഷ്ടാന്തങ്ങളുണ്ടെന്ന് പറഞ്ഞുകൊണ്ട് മഖാമുഇബ്റാഹീം പ്രത്യേകം അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നത് فيه ايات بينات مقام ابراهيم കാണാം. അപ്പോൾ, മഖാമു ഇബ്റാഹീമിനെ കൊണ്ടുദ്ദേശ്യം കഅ്ബയാണെന്നു വെക്കുന്നപക്ഷം, കഅ്ബയിൽ കഅ്ബയുണ്ടെന്നായിരിക്കണമല്ലോ അതിനർത്ഥം. ഇങ്ങിനെയൊക്കെ പറയുവാൻ ഇവരെ പ്രേരിപ്പിക്കുന്ന മനസ്ഥിതി വളരെ അൽഭുതംതന്നെ!

ഇനി, ത്വവാഫ് ചെയ്യുന്നവർക്കും, ഭജനമിരിക്കുന്നവർക്കും, സാഷ്ടാംഗം കുമ്പിട്ടു നമസ്കരിക്കുന്നവർക്കുംവേണ്ടി എൻെറ വീട് ശുദ്ധിയാക്കണമെന്ന് ഇബ്റാഹീം (عليه السلام) നോടും, ഇസ്മാഈൽ (عليه السلام) നോടും കൽപ്പിച്ചതിനെപ്പറ്റി ആലോചിക്കാം. 'എൻെറ വീട് (بيتى) എന്ന് പറഞ്ഞത് കഅ്ബയെ ഉദ്ദേശിച്ചുതന്നെ. ആ പരിശുദ്ധാലയത്തിന് അല്ലാഹു കൽപിച്ച ഉന്നതസ്ഥാനമാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. അതിൻെറ പ്രാധാന്യത്തെപ്പറ്റി അടുത്ത സൂറത്ത് 96ൽ പ്രസ്താവിക്കുന്നുണ്ട്. കഅ്ബയുടെ വാതിലിനെ അഭിമുഖീകരിക്കുന്നവരുടെ ഇടത് ഭാഗത്തെ മൂലയിൽ സ്ഥിതിചെയ്യുന്ന 'ഹജറുൽ അസ്‌വദ് ' മുതൽ ആരംഭിച്ച കഅ്ബയെ ഇടത് വശത്താക്കിക്കൊണ്ട് ഏഴുവട്ടം പ്രദക്ഷിണം ചെയ്യുന്നതിനാണ് ത്വവാഫ് എന്ന് പറയുന്നത്. പള്ളികളിൽ പ്രവേശിക്കുന്നവർ രണ്ട് റക്അത്ത് 'തഹിയ്യത്ത്' (ഉപചാര നമസ്കാരം) നമസ്കരിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളതുപോലെ, മസ്ജിദുൽ ഹറാം പള്ളിയിൽ പ്രവേശിക്കുന്നവർ അതിൻെറ സ്ഥാനത്ത് ചെയ്യേണ്ടത് ത്വവാഫത്രെ. ഹജ്ജ് കർമ്മത്തിലും ഉംറഃ കർമ്മത്തിലും അത് നിർബന്ധവുമാകുന്നു. സൗകര്യപ്പെടുമ്പോഴെല്ലാം ചെയ്യുന്നത് നല്ലതുമാകുന്നു. 'ഭജനമിരിക്കുന്നവർ' എന്ന് അർത്ഥം നൽകിയിരിക്കുന്നത് (عاكفين) എന്ന വാക്കിനാണ്. ഒരു വസ്തുവോടുള്ള ബഹുമാനം നിമിത്തം അതിനെ വേറിട്ട് പോകാതിരിക്കുന്നതിന് (عكوف) എന്ന് പറയുന്നു. كما فى المفردات പള്ളികളിൽ നമസ്കാരം, പ്രാർത്ഥന മുതലായ കർമ്മങ്ങൾക്കുവേണ്ടി മിനക്കെട്ടിരിക്കുന്നതിന് 'ശർഇ'ൻെറ സാങ്കേതികഭാഷയിൽ اعتكاف (ഭജനമിരിക്കൽ) എന്ന് പറയുന്നു. ഇതേ ആവശ്യാർത്ഥം കഅ്ബയുടെ അടുക്കൽ (മസ്ജിദുൽ ഹറാമിൽ) വന്നുകൂടുന്നവരാണിവിടെ ഉദ്ദേശ്യം. സാഷ്ടാംഗം കുമ്പിടുന്നവർ الركع السجود എന്ന് പറഞ്ഞത് നമസ്കരിക്കുന്നവരെ ഉദ്ദേശിച്ചുമാകുന്നു. (നമസ്കാരത്തെ ഉദ്ദേശിച്ച് 'സുജൂദ് ' എന്നും 'റുകൂഉ' എന്നും പറയപ്പെടുന്നതിനെപ്പറ്റി 43-ാം വചനത്തിൻെറ വ്യാഖ്യാനത്തിലും മറ്റും വിവരിച്ചിട്ടുണ്ട്)

വിഗ്രഹങ്ങൾ, ശിർക്ക്പരമായ ആരാധനകൾ, മ്ളേച്ഛതകൾ, തോന്നിയവാസങ്ങൾ, സഭ്യമല്ലാത്ത സംസാരങ്ങൾ, മാലിന്യങ്ങൾ, അക്രമങ്ങൾ ആദിയായവയിൽ നിന്നെല്ലാം ആ പരിശുദ്ധാലയം ശുദ്ധമായിരിക്കണം. അതിനൊന്നും അവിടെ സ്ഥാനമുണ്ടാകരുത്. എന്നൊക്കെയാണ് 'അവർക്ക് വേണ്ടി ആ വീട്ടിനെ ശുദ്ധമാക്കേണമെന്ന്' കൽപനയുടെ താൽപര്യം. ഇബ്റാഹീം (عليه السلام) ൻെറ കാലത്ത് അവിടെ വിഗ്രഹങ്ങളോ, വിഗ്രഹാരാധനയോ ഉണ്ടായിരിക്കാൻ അവകാശമില്ല. ഉണ്ടായതായി അറിയുന്നുമില്ല. എങ്കിലും, നൂഹ് (عليه السلام) നബിയുടെ കാലം മുതൽക്കേ വിഗ്രഹാരാധന ജനമദ്ധ്യേ പ്രചാരത്തിൽ വന്നു കഴിഞ്ഞിട്ടുണ്ട്. ഇബ്റാഹീം (عليه السلام) നബിയുടെ നാടും വീടുമെല്ലാം വിഗ്രഹകേന്ദ്രങ്ങളായിരുന്നതും, അവയോട് പടപൊരുതിക്കൊണ്ടുള്ള അദ്ദേഹത്തിൻെറ ചരിത്രവും പ്രസിദ്ധമാണല്ലോ. ആ സ്ഥിതിക്ക് അല്ലാഹു അല്ലാത്തവരുടെ ആരാധനകളിൽ നിന്നെല്ലാം പരിപൂർണ്ണമായും ഒഴിവായിക്കൊണ്ടും, അല്ലാഹുവിൻെറ ആരാധനമാത്രം നടത്തപ്പെട്ടുകൊണ്ടുമായിരിക്കണം ആ പരിശുദ്ധ മന്ദിരം എന്നായിരിക്കും മുഖ്യമായും ആ ശുദ്ധീകരണംകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് കരുതാം. ഇബ്റാഹീം (عليه السلام) തങ്ങളുടെ കുലപിതാവാണെന്നതിൽ അഭിമാനിക്കുകയും, അദ്ദേഹത്തിൻെറ മാർഗ്ഗമാണ് തങ്ങൾ ആചരിച്ചുവരുന്നതെന്ന് അവകാശപ്പെടുകയും, അതേ സമയത്ത് നൂറുകണക്കായ വിഗ്രഹങ്ങൾകൊണ്ട് കഅ്ബയെ മ്ളേച്ഛമാക്കുകയും ചെയ്ത അറബീ മുശ്‌രിക്കുകൾ അവരുടെ നിലപാടിനെപ്പറ്റി ചിന്തിച്ചുനോക്കുവാനുള്ള ഒരു ആഹ്വാനം കൂടി ഈ വചനത്തിൽ അടങ്ങിയിരിക്കുന്നു.

وَإِذْ قَالَ إِبْرَٰهِـۧمُ رَبِّ ٱجْعَلْ هَـٰذَا بَلَدًا ءَامِنًا وَٱرْزُقْ أَهْلَهُۥ مِنَ ٱلثَّمَرَٰتِ مَنْ ءَامَنَ مِنْهُم بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۖ قَالَ وَمَن كَفَرَ فَأُمَتِّعُهُۥ قَلِيلًا ثُمَّ أَضْطَرُّهُۥٓ إِلَىٰ عَذَابِ ٱلنَّارِ ۖ وَبِئْسَ ٱلْمَصِيرُ ﴿١٢٦﴾

126 ഇബ്റാഹീം പറഞ്ഞ സന്ദർഭം (ഓർക്കുക) : ''എന്റെ റബ്ബേ, നീ ഇതൊരു നിർഭയമായ രാജ്യമാക്കുകയും, അതിലെ ആൾക്കാർക്ക് ഫലവർഗ്ഗങ്ങളിൽനിന്നും ആഹാരം നൽകുകയും വേണമേ! (അതെ) അവരിൽനിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവർക്ക് (ആഹാരവും നൽകണേ) '' അവൻ പറഞ്ഞു: ''അവിശ്വസിച്ചവന്നും (ആഹാരം നൽകുന്നതാണ്) . എന്നാൽ, അവനെ ഞാൻ അൽപം സുഖമനുഭവിപ്പിക്കും; പിന്നീട് അവനെ ഞാൻ നരകശിക്ഷയിലേക്ക് (വരുവാൻ) നിർബന്ധിതനാക്കുന്നതാണ്. (ആ) വന്ന് ചേരുന്ന (മടക്ക) സ്ഥാനം വളരെ ചീത്ത!''

---

126 **وإذْ قَالَ** പറഞ്ഞ സന്ദർഭം. **إبراهيم** ഇബ്രാഹീം. **رب** എന്റെ റബ്ബേ. **اجعلْ هذَا** ഇതിനെ നീ ആക്കേണമേ. **بلدًا** ഒരു രാജ്യം. **آمنًا** നിർഭയമായ. **وارزق** നീ ആഹാരം (ഉപജീവനം) നൽക്കുകയും വേണമേ. **أهلَه** അതിലെ ആൾക്കാർക്ക്. **من الثمرات** ഫലങ്ങളാൽ, ഫലവർഗ്ഗങ്ങളിൽനിന്ന്. **من آمن** വിശ്വസിച്ചവർക്ക്. **منهم** അവരിൽനിന്ന്. **بالله** അല്ലാഹുവിൽ. **واليوم الآخر** അവസാനത്തെ ദിവസത്തിലും. **قَالَ** അവൻ പറഞ്ഞു. **ومن كَفَرَ** അവിശ്വസിച്ചവർക്കും, അവിശ്വസിച്ചവനും. **فأمتعه** എന്നിട്ട് (എന്നാൽ) അവന് ഞാൻ സുഖമനുഭവിപ്പിക്കും, ഉപയോഗപ്പെടുത്തിക്കൊടുക്കും. **قليلاً** അൽപം. **ثُمّ** പിന്നെ. **أضطره** അവനെ ഞാൻ നിർബ്ബന്ധിതനാക്കും, നിർബ്ബന്ധമായി ക്കൊണ്ടുവരും. **إلى عذَاب** ശിക്ഷയിലേക്ക്. **النار** നരകത്തിന്റെ. **وبئس** വളരെ ചീത്ത. **المصير** (ആ) ചെന്നെത്തുന്ന (മടങ്ങിച്ചെല്ലുന്ന) സ്ഥാനം.

രണ്ട് കാര്യങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷകളാണ് ഈ പ്രാർത്ഥനയിലടങ്ങിയിരിക്കുന്നത്. ഒന്ന് മക്കാരാജ്യത്തെ നിർഭയമായ ഒരു രാജ്യമാക്കുവാനും, മറ്റൊന്ന് അതിലെ നിവാസികൾക്ക് ഫലവർഗ്ഗങ്ങളാൽ ആഹാരം നൽകുവാനും. ഒന്നാമത്തേതിനെക്കുറിച്ച് കഴിഞ്ഞ വചനത്തിന്റെ വ്യഖ്യാനത്തിൽ വിവരിച്ചുവല്ലോ. രണ്ടാമത്തേതിനെപ്പറ്റി വഴിയെ വിവരിക്കാം. സൂഃഇബ്റാഹീമിലും അദ്ദേഹം ഈരണ്ട് കാര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചതായി പ്രസ്താവിച്ചിരിക്കുന്നത് കാണാം. എന്നാൽ-ഇബ്നുകഥീർ (رحمه الله) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ-അവിടെയും ഇവിടെയും ഉപയോഗിച്ച വാക്കുകളിലുള്ള വ്യത്യാസങ്ങളിൽ നിന്ന് ഈ പ്രാർത്ഥനകൾ രണ്ടും രണ്ട് സന്ദർഭങ്ങളിലായി അദ്ദേഹം ചെയ്തതാണെന്നു മനസ്സിലാകുന്നു. ഭാര്യ ഹാജറിനെയും മകൻ ഇസ്മാഈലിനെയും (عليه السلام) മക്കായിൽ താമസിപ്പിക്കുകയും, കഅ്ബഃ നിർമ്മിക്കുകയും ചെയ്തശേഷമായിരുന്നു അദ്ദേഹം ആ പ്രാർത്ഥന ചെയ്തതെന്ന് ആ സൂറത്തിലെ വാക്യങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇവിടെ ഉദ്ധരിച്ചത് ഒരു പക്ഷെ, അവരെ ആദ്യമായി മക്കായിൽകൊണ്ടുപോയി ആക്കിയ ഉടനെ ചെയ്ത പ്രാർത്ഥനയുമായിരിക്കാം. അന്ന് അവിടെ ജനവാസമോ വെള്ളത്താവളമോ ഒന്നും ഉണ്ടായിരിന്നില്ലെന്നും, പിന്നീടാണ് അതെല്ലാം ഉണ്ടായിത്തീർന്നതെന്നും ഖുർആനിൽ നിന്നും ഹദീസിൽ നിന്നും അറിയപ്പെട്ടതുമാണ്. അതുകൊണ്ടായിരിക്കാം ഇവിടെ പ്രാർത്ഥനയിൽ 'ഇതൊരു നിർഭയമായ രാജ്യമാക്കണേ (اجعل هذا بلدا امنا)' എന്നും അവിടെ ആ പ്രാർത്ഥനയിൽ 'ഈ രാജ്യത്തെ നിർഭയമായ രാജ്യമാക്കണേ (اجعل هذا بلدا امنا)' എന്നും അദ്ദേഹം പറഞ്ഞത് അഥവാ, ഈ പ്രാർത്ഥനാവേളയിൽ അതൊരു ജനവാസമുള്ള രാജ്യമായിരുന്നില്ലെന്നും, രണ്ടാമത്തെ

പ്രാർത്ഥനയുണ്ടായത് അവിടെ ജനവാസം തുടങ്ങുകയും, അതൊരു രാജ്യമെന്ന് പറയുമാറായിത്തീരുകയും ചെയ്ത ശേഷമായിരിക്കുമെന്നും കരുതേണ്ടിയിരിക്കുന്നു.' (അല്ലാഹുവിനറിയാം)

പ്രാർത്ഥനയിലെ രണ്ടാമത്തെ അപേക്ഷ ആ രാജ്യക്കാർക്ക് ഫലവർഗ്ഗങ്ങളാൽ ആഹാരത്തിന് വക നൽകണേ وارزق اهله من الثمرات എന്നുള്ളതാണ്. തന്റെ സന്തതികളിലും നേതൃത്വം നിലനിർത്തുവാൻ വേണ്ടി പ്രാർത്ഥിച്ചപ്പോൾ, അക്രമികളായുള്ളവർക്ക് നേതൃത്വം നൽകുകിയില്ലെന്ന് അല്ലാഹു അദ്ദേഹത്തെ ഉണർത്തിയല്ലോ. അതുകൊണ്ട് ഒരുപക്ഷേ, എല്ലാവർക്കും ആഹാരം നൽകുവാൻ പ്രാർത്ഥിക്കുന്നത് മര്യാദക്കേടായിത്തീരുമെന്ന് അദ്ദേഹം തരുതിയിരിക്കാം. അതിനാലായിരിക്കാം ആ രാജ്യക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവർക്ക് من امن منهم بالله واليوم الآخر എന്ന് അദ്ദേഹം പ്രത്യേകം എടുത്ത് പറഞ്ഞത്. (അല്ലാഹുവിനറിയാം) എന്നാൽ, നേതൃത്വത്തിന്റെ മാതിരിയല്ല ആഹാരത്തിന്റെ കാര്യമെന്നും, ആഹാരം നൽകുന്ന വിഷയത്തിൽ വിശ്വാസി-അവിശ്വാസി, നീതിമാൻ-അക്രമിയെന്ന വ്യത്യാസമില്ലെന്നും അല്ലാഹു അദ്ദേഹത്തെ മനസ്സിലാക്കി. അതാണ് ومن كفر (അവിശ്വസിച്ചവർക്കും ആഹാരം നൽകാം) എന്ന വാക്യം കുറിക്കുന്നത്. പക്ഷേ, ആഹാരവിഷയത്തിൽ എല്ലാവരും ഒരുപോലെയാണെന്ന് വെച്ച് മറ്റു വിഷയങ്ങളിലും അവർ തുല്യനിരക്കാരായിരിക്കുമെന്ന് കരുതേണ്ടതില്ലെന്നും അതോടൊപ്പം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ....فامتعه قليلا ثم (എന്നാൽ അവന് ഞാൻ അൽപം സുഖമനുഭവിപ്പിക്കുകയും, പിന്നീടവനെ നരകത്തിലേക്ക് വരുവാൻ നിർബന്ധിതനാക്കുകയും ചെയ്യും.) അതെ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരു ദുരുപയോഗമുണ്ടാകുകയില്ല. ആഹാരത്തിലും സുഖസൗകര്യങ്ങളിലും ലഭിക്കുന്ന ഏറ്റക്കുറവ് ഒരാളുടെ നൻമതിൻമയുടെ അടിസ്ഥാനത്തിലല്ല; അത് അല്ലാഹു-അവന് മാത്രം അറിയാവുന്ന ചില രഹസ്യങ്ങളുടെ അടിസ്ഥാനത്തിൽ-കണക്കാക്കുന്നതാണ് എന്ന് താൽപര്യം.

ഫലവർഗ്ഗങ്ങളിൽ നിന്ന് ആഹാരം നൽകണേ എന്നാണല്ലോ അദ്ദേഹം പ്രാർത്ഥിച്ചത്. ثمرات എന്ന വാക്ക് ചിലപ്പോൾ എല്ലാതരും ഫലവിഭവങ്ങളെ ഉദ്ദേശിച്ചും പറയപ്പെടുമെങ്കിലും വൃക്ഷങ്ങളിൽ നിന്നുള്ള ഫലങ്ങൾക്കാണ് സാധാരണയായി ഉപയോഗിച്ചുവരുന്നത്. സൂഃഇബ്റാഹീമിലെ വാചകത്തിൽ ''ഞങ്ങളുടെ റബ്ബേ എന്റെ സന്തതികളിൽ ചിലരെ കൃഷിയിടമില്ലാത്ത ഒരു താഴ്വരയിൽ, നിന്റെ വീട്ടിന്നടുക്കൽ ഞാൻ താമസിപ്പിച്ചിരിക്കുന്നു (ربنا انى اسكنت من ذرتى بواد غير ذى زرع عند بيتك المحرم)'' എന്ന് പറഞ്ഞുകൊണ്ടാണ് അവർക്ക് ഫലവർഗ്ഗങ്ങളിൽനിന്ന് ആഹാരം നൽകണേ എന്ന് അദ്ദേഹം പ്രാർത്ഥിച്ചിരിക്കുന്നത്. അറേബ്യ, വെള്ള സൗകര്യങ്ങളും കൃഷിസൗകര്യങ്ങളും ഇല്ലാത്ത രാജ്യമാണല്ലോ.(*) സംസം زمزم പ്രത്യക്ഷപ്പെട്ടതോടെയാണ് മക്കായിൽ ആദ്യമായി ഒരു വെള്ളത്താവളമുണ്ടായതെന്ന് ഹദീസുകളിൽ നിന്നും മറ്റും മനസ്സിലാക്കാം. അതുകൊണ്ടാണ് അദ്ദേഹം അങ്ങിനെ പ്രാർത്ഥിച്ചത്. ബുഖാരീ(رحمه الله) ഉദ്ധരിച്ച ഒരു ഹദീസിൽ ''അന്ന് അവിടെ ആ രാജ്യക്കാർക്ക് ധാന്യം ഉണ്ടായിരുന്നില്ല; ഉണ്ടായിരിന്നുവെങ്കിൽ അദ്ദേഹം അവർക്ക് അതിനുവേണ്ടിയും പ്രാർത്ഥിക്കുമായിരുന്നു. (ولم يكن لهم يومئذ حب ولو كان لهم لدعالهم فيه)'' എന്ന് നബി (ﷺ) പ്രസ്താവിച്ചിരിക്കുന്നു. ഇബ്റാഹീം (عليه السلام) നബിയുടെ ഈ പ്രാർത്ഥനയും അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്ന് പറയേണ്ടതില്ല. മക്കായിൽ നിന്ന് ഏതാണ്ട് അമ്പത് നാഴിക അകലെ സ്ഥിതിചെയ്യുന്ന ത്വാഇഫ് (طائف) രാജ്യം വളരെ ഫലസമൃദ്ധമായ ഒരു പ്രദേശമാണ്. അവിടെ നിന്നും ചുറ്റുപാടിലുള്ള മറ്റു പ്രദേശങ്ങളിൽ നിന്നും, ഫലസ്തീൻ ശാം മുതലായ ദൂരദേശങ്ങളിൽ നിന്നുമായി എല്ലാ കാലത്തും, എല്ലാതരം

* ഇപ്പോൾ അവിടവിടെ ചില വെള്ളത്താവളങ്ങൾ ഉണ്ടായിത്തീരുകയും, അവ ഉപയോഗപ്പെടുത്തി ചുരുങ്ങിയ തോതിലുള്ള കൃഷിസ്ഥലങ്ങൾ നിലവിൽ വരുകയും ചെയ്തിട്ടുണ്ടെങ്കിലും പൊതുവിൽ ഇന്നും അറേബ്യാ ഉപദ്വീപ് ഒരു കർഷകരാജ്യമല്ല.

ഫലവർഗ്ഗങ്ങളും മക്കായിലേക്ക് മുമ്പു മുതൽക്കേ ഇറക്കുമതി ചെയ്യപ്പെട്ടു വരുന്നു. ഇന്നാകട്ടെ, അതിവിദൂര പ്രദേശങ്ങളിൽ നിന്നുപോലും എല്ലാതരം ഭക്ഷ്യവിഭവങ്ങളും മക്കായിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. സൂഃ ഖസ്വസ്വിൽ അല്ലാഹു പറയുന്നു:‘‘

٥٧ : القصص – اولم نمكن لهم حرما امنا يجبى اليه ثمرات كل شيئ رزقا من لدنا (നിർഭയമായ ഒരു ഹറം അവർക്ക് നാം സൗകര്യപ്പെടുത്തിക്കൊടുത്തിട്ടില്ലേ? നമ്മുടെ പക്കൽ നിന്നുള്ള ആഹാരമായി എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ചു കൊണ്ട് വരപ്പെടുന്നു.) ’’ സൂറഃ ഇബ്രാഹീമിൽവെച്ച് കൂടുതൽ വിവരം കാണാം. **إن شاء الله**

وَإِذۡ يَرۡفَعُ إِبۡرَٰهِـۧمُ ٱلۡقَوَاعِدَ مِنَ ٱلۡبَيۡتِ وَإِسۡمَٰعِيلُ رَبَّنَا تَقَبَّلۡ مِنَّآۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ١٢٧

127 (ആ) വീട്ടിൽ നിന്നും (അതിൻെറ) അടിത്തറ ഇബ്റാഹീമും, ഇസ്മാഈലും (കെട്ടി) ഉയർത്തിയിരുന്ന സന്ദർഭം (ഓർക്കുക) . (അവർ ഇങ്ങിനെ പ്രാർത്ഥിച്ചിരുന്നു:) ‘‘ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽനിന്ന് നീ (ഈ കർമ്മം) സ്വീകരിക്കേണമേ! നിശ്ചയമായും, നീ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമായുള്ളവൻ.’’

رَبَّنَا وَٱجۡعَلۡنَا مُسۡلِمَيۡنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةٗ مُّسۡلِمَةٗ لَّكَ وَأَرِنَا مَنَاسِكَنَا وَتُبۡ عَلَيۡنَآۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ١٢٨

128 ‘‘ഞങ്ങളുടെ റബ്ബേ, ഞങ്ങളെ (രണ്ടാളെയും) നിനക്ക് കീഴൊതുങ്ങിയവരാക്കുകയും ചെയ്യേണമേ! ഞങ്ങളുടെ സന്തതികളിൽനിന്നും നിനക്ക് കീഴ്പ്പെടുന്നതായ ഒരു സമുദായത്തെ (ഉണ്ടാക്കേണമേ!) ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാ കർമ്മങ്ങൾ (അഥവാ ത്യാഗ കർമ്മങ്ങൾ) കാണിച്ചുതരികയും, ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ! നിശ്ചയമായും, നീ തന്നെയാണ് (വളരെ) പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

رَبَّنَا وَٱبۡعَثۡ فِيهِمۡ رَسُولٗا مِّنۡهُمۡ يَتۡلُواْ عَلَيۡهِمۡ ءَايَٰتِكَ وَيُعَلِّمُهُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَيُزَكِّيهِمۡۖ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ ١٢٩

129 ‘‘ഞങ്ങളുടെ റബ്ബേ, അവരിൽ, അവരിൽ നിന്ന് (തന്നെ) ഒരു റസൂലിനെ നീ നിയോഗിക്കുകയും ചെയ്യേണമേ! (അതെ,) അവർക്ക് നിൻെറ ‘ആയത്ത്’ [ദൃഷ്ടാന്തം] കൾ ഓതിക്കൊടുക്കുകയും, അവർക്ക് വേദഗ്രന്ഥവും, വിജ്ഞാനവും പഠിപ്പിക്കുകയും, അവരെ സംസ്ക്കരിക്കുകയും ചെയ്യുന്ന (ഒരു റസൂലിനെ) , നിശ്ചയമായും, നീ തന്നെയാണ് പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവൻ.’’

---

127 **وَإِذْ يرفَع** ഉയർത്തുന്ന (പൊക്കിയിരുന്ന) സന്ദർഭം. **إبراهيم** ഇബ്രാഹീം. **الْقَواعد** അടിത്തറകളെ, അസ്തിവാരം. **من البيت** (ആ) വീട്ടിൽനിന്ന്. **وإسمعيلُ** ഇസ്മാഈലും. **ربنا** ഞങ്ങളുടെ റബ്ബേ. **تقبلْ** നീ സ്വീകരിക്കണേ. **منا** ഞങ്ങളിൽനിന്ന്. **إنك أنتَ** നിശ്ചയമായും നീ തന്നെ. **السميع** കേൾക്കുന്നവൻ. **الْعليم** അറിയുന്നവൻ. 128 **ربنا** ഞങ്ങളുടെ റബ്ബേ. **واجعلنا** ഞങ്ങളെ നീ ആക്കുകയും വേണമേ. **مسلمين** കീഴൊതുങ്ങിയവർ. **لك** നിനക്ക്. **ومن ذُرِّيتنا** ഞങ്ങളുടെ സന്തതികളിൽനിന്നും.

أُمَّةً ഒരു സമുദായത്തെ. **مُسْلِمَةً** കീഴ്പ്പെട്ട. **لَكَ** നിനക്ക്. **وَأَرِنَا** ഞങ്ങൾക്ക് കാട്ടിത്തരുകയും വേണമേ. **مَنَاسِكَنَا** ഞങ്ങളുടെ ആരാധനാ കർമ്മങ്ങളെ, ത്യാഗ കർമ്മങ്ങളെ, ബലികാര്യങ്ങളെ **وَتُبْ عَلَيْنَا** ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും വേണമേ. **إِنَّكَ أَنتَ** നിശ്ചയമായും നീ തന്നെയാണ്. **التَّوَّابُ** അധികം പശ്ചാത്താപം സ്വീകരിക്കുന്നവൻ. **الرَّحِيمُ** കരുണാനിധി. 129 **رَبَّنَا** ഞങ്ങളുടെ റബ്ബേ. **وَابْعَثْ** നീ നിയോഗിക്കുയും വേണമേ. **فِيهِمْ** അവരിൽ. **رَسُولاً** ഒരു ദൂതനെ. **مِنْهُمْ** അവരിൽ നിന്ന്. **يَتْلُوا** ഓതികൊടുക്കും. **عَلَيْهِمْ** അവർക്ക്. **آيَاتِكَ** നിൻെറ ആയത്തുകൾ, ലക്ഷ്യങ്ങൾ (വചനങ്ങൾ) . **وَيُعَلِّمُهُمُ** അവർക്ക് പഠിപ്പിക്കുകയും ചെയ്യും. **الْكِتَابَ** വേദ (ഗ്രന്ഥം) . **وَالْحِكْمَةَ** വിജ്ഞാനവും തത്വവും. **وَيُزَكِّيهِمْ** അവരെ സംസ്കരിക്കും. **إِنَّكَ أَنتَ** നിശ്ചയമായും നീ തന്നെ. **الْعَزِيزُ** പ്രതാപശാലി. **الْحَكِيمُ** അഗാധജ്ഞൻ, യുക്തിമാൻ.

ഇബ്റാഹീം (عليه السلام) നബിയും, ഇസ്മാഈൽ (عليه السلام) നബിയും കഅ്ബാമന്ദിരം കെട്ടി ഉയർത്തുമ്പോൾ ചെയ്ത പ്രാർത്ഥനകളാണിത്. കഅ്ബയുടെ അടിത്തറ മാത്രമല്ല, അതിൻെറ മീതെ ഭിത്തികെട്ടി പൂർത്തിയാക്കുകയും അവർ ചെയ്തിട്ടുണ്ട്. അടിത്തറകെട്ടുമ്പോൾ തന്നെ പ്രാർത്ഥനയും നടന്നിരുന്നുവെന്നാണ് ഈ വചനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ഞങ്ങളുടെ ഈ കർമ്മം സ്വീകരിക്കണമേ എന്നും മറ്റും പ്രാർത്ഥിക്കുവാൻ ഏറ്റവും യോജിച്ച സന്ദർഭമാണല്ലോ അത്. കഅ്ബ നിർമ്മിക്കുവാനുള്ള കൽപന ലഭിച്ചത് ഇബ്റാഹീം (عليه السلام) നബിക്കായിരുന്നുവെന്നും, അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം പുത്രൻ ഇസ്മാഈലും (عليه السلام) അതിൽ സഹകരിച്ചുവെന്നും, ഇസ്മാഈൽ (عليه السلام) കല്ല് ശേഖരിച്ചുകൊണ്ടുവന്ന് കൊടുക്കുകയും, ഇബ്റാഹീം (عليه السلام) അത് വാങ്ങി ഭിത്തിപടുക്കുകയുമായിരുന്നു ചെയ്തിരുന്നതെന്നും ഹദീസു കളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഈ പ്രാർത്ഥനയിൽ താഴെ കാണുന്ന ആറ് അപേക്ഷകളാണ് അവർ അല്ലാഹുവിനോട് അപേക്ഷിച്ചിരിക്കുന്നത്. ഓരോന്നിൽ നിന്നും നമുക്ക് പലതും മനസ്സിലാക്കുവാനുണ്ട്. അതിനുവേണ്ടിത്തന്നെയാണല്ലോ അല്ലാഹു അതൊക്കെ ഉദ്ധരിച്ചതും. ഇവയാണത്:-

(1) ربنا تقبل منا..... (റബ്ബേ, ഞങ്ങളിൽനിന്ന് ഈ കർമ്മം സ്വീകരിക്കണേ) എന്നാകുന്നു. പ്രവർത്തിക്കുന്ന കാര്യം കൽപിക്കപ്പെട്ടതും, പുണ്യകർമ്മവുമായിരുന്നാൽ തന്നെയും അത് അല്ലാഹു സ്വീകരിച്ചെങ്കിലേ അതിന് പ്രതിഫലം ലഭിക്കുകയുള്ളൂ. പ്രത്യക്ഷത്തിൽ കാണപ്പെടാവുന്നതോ, അല്ലാത്തതോ ആയ പല കാരണങ്ങളാലും അത് അല്ലാഹുവിങ്കൽ സ്വീകാര്യമാകാതിരിക്കുവാൻ സാധ്യതയുണ്ട്. സജ്ജനങ്ങളുടെ ഗുണങ്ങൾ വിവരിക്കുന്ന മദ്ധ്യെ, വല്ല ദാനധർമ്മവും നൽകുമ്പോൾ തങ്ങൾ തങ്ങളുടെ റബ്ബിങ്കലേക്ക് മടങ്ങിച്ചെല്ലുന്നവരാണെന്നുള്ള ചിന്തയാൽ അവരുടെ ഹൃദയങ്ങൾ നടുങ്ങിക്കൊണ്ടായിരിക്കും അവരത് നൽകുക.
(والذين يؤتون ما اتوا.......) എന്ന് (23: 60 ൽ) അല്ലാഹു പ്രസ്താവിച്ചത് സ്മരണീയമത്രെ.
(2) واجعلنا مسلمين لك (ഞങ്ങളെ രണ്ടാളെയും നിനക്ക് കീഴൊതുങ്ങിയവർ - അഥവാ മുസ്ലിംകൾ-ആക്കേണമേ) എന്നാണ്. നിൻെറ വിധിവിലക്കുകൾക്കെതിരായി ആരുടെ കൽപനകൾക്കും വഴങ്ങാത്ത, നിന്നെ മാത്രം ആരാധിക്കുന്ന നിഷ്കളങ്കരാക്കണേ എന്ന് സാരം. മുസ്ലിംകളെന്ന് മാത്രമല്ല, പ്രവാചകൻമാർകൂടിയായ ആ മഹാൻമാർ ഇങ്ങിനെ പ്രാർത്ഥിക്കുമ്പോൾ, നമ്മെപ്പോലെ പാപികളും, തെറ്റുകുറ്റങ്ങളിൽ മുഴുകിയവരുമായ ആളുകളെ സംബന്ധിച്ചിടത്തോളം ഈ പ്രാർത്ഥനയുടെ ആവശ്യകത എത്ര വമ്പിച്ചതാണെന്ന് ആലോചിച്ചു നോക്കുക! ഒരാൾ പ്രത്യക്ഷത്തിൽ നിയമദൃഷ്ട്യാ മുസ്ലിമായാൽപോരാ, അല്ലാഹുവിന് തികച്ചും കീഴ്പെട്ട യഥാർത്ഥ മുസ്ലിം തന്നെ ആയിരിക്കേണ്ടതുണ്ട്. ഒരിക്കൽ മുസ്ലീമായിക്കഴിഞ്ഞാൽ പോരാ, മരണം വരെ ആ ഇസ്ലാം നില നിൽക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: ولا تموتن الا وانتم مسلمون (നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കരുത്.)

(3) ومن ذريتنا امة مسلمة لك (ഞങ്ങളുടെ സന്തതികളിലും നിനക്ക് കീഴ്പ്പെടുന്ന ഒരു സമുദായത്തെ-മുസ്ലിംകളായ സമുദായത്തെ- ഉണ്ടാക്കണേ) എന്ന്. അവനവന് വേണ്ടി മാത്രം

പ്രാർത്ഥിച്ചാൽ പോരാ, അവനവൻെറ മക്കൾക്കും, കുടുംബത്തിനും, ഭാവിതലമുറക്കും വേണ്ടികൂടി പ്രാർത്ഥിക്കേണ്ടതുണ്ട്; അവരും നന്നായിത്തീരണമെന്നുള്ള മോഹവും താൽപര്യവും ഓരോരുത്തർക്കും ഉണ്ടായിരിക്കണം; പ്രാർത്ഥനയിൽ ആദ്യം സ്വന്തത്തിനു വേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്; പിന്നീടാണ് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് എന്നൊക്കെ ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. സജ്ജനങ്ങളുടെ സവിശേഷ ഗുണങ്ങൾ പലതും പറഞ്ഞ കൂട്ടത്തിൽ ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു: ' والذين يقولون ربنا ه لنا من ازواجنا.... (ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും നീ ഞങ്ങൾക്ക് കൺകുളിർമ്മ പ്രദാനം ചെയ്യുകയും, ഞങ്ങളെ നീ ഭയഭക്തൻമാർക്ക് മുമ്പൻമാരാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമായിരിക്കും അവർ (25:74) . നിന്നെ ഞാൻ ജനങ്ങൾക്ക് നേതാവാക്കുന്നതാണെന്ന് അല്ലാഹു അറിയിച്ചപ്പോൾ, തൻെറ സന്തതികളിലും നേതൃത്വം നിലനിർത്തുവാൻവേണ്ടി ഇബ്റാഹീം (عليه السلام) നബി പ്രാർത്ഥിച്ചതും നാം കണ്ടുവല്ലോ. ഞങ്ങളുടെ സന്തതികൾ (ذريتنا) എന്ന വാക്കിൽ ഇസ്ഹാഖ് (عليه السلام) ൻെറ സന്താനപരമ്പരയായ ഇസ്റാഈല്യരും, ഇസ്മാഈൽ (عليه السلام) ൻെറ സന്താനപരമ്പരയായ അറബികളും ഉൾപ്പെടുമെങ്കിലും – സന്ദർഭം നോക്കുമ്പോൾ– മുഖ്യമായും ഈ പ്രാർത്ഥന അറബികളുടെ വിഷയത്തിലാണ് സാക്ഷാൽകൃതമാകുന്നതെന്നുവേണം കരുതുവാൻ. മുസ്ലിം സമുദായം നിലനിന്ന് വന്നതും പ്രധാനമായും അവരിലൂടെത്തന്നെയാണല്ലോ.

(4) وارنا مناسكنا (ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാ കർമ്മങ്ങൾ കാണിച്ചു തരേണമേ) എന്നുള്ളതാണ് مناسك എന്നാൽ ആരാധനാ കർമ്മങ്ങൾ എന്നാണ് വാക്കർത്ഥമെങ്കിലും, ഹജ്ജുസംബന്ധമായ ആരാധനാ കർമ്മങ്ങളെ പ്രത്യേകം ഉദ്ദേശിച്ചുകൊണ്ടും അതുപയോഗിക്കപ്പെടാറുണ്ട്. സന്ദർഭം പരിഗണിക്കുമ്പോൾ ഇവിടെയും ഈ ഉദ്ദേശ്യമായിരിക്കുവാനാണ് കൂടുതൽ സാധ്യത കാണുന്നത്. (അല്ലാഹുവിനറിയാം) അല്ലാഹുവിനായി ചെയ്യപ്പെടുന്ന ആരാധനാ കർമ്മങ്ങളുടെ രൂപവും സ്വഭാവങ്ങളും എപ്രകാരമായിരിക്കണമെന്ന് അവനിൽ നിന്നു തന്നെ അറിവും അനുമതിയും കിട്ടേണ്ടതുണ്ടെന്നും, മനുഷ്യൻ അവക്ക് സ്വയം രൂപകൽപന നൽകിയാൽപോരാ എന്നും ഈ പ്രാർത്ഥനയിൽ നിന്നു മനസ്സിലാക്കാം. لايعبد الله الا بما شرع (അല്ലാഹു നിയമിച്ച പ്രകാരമല്ലാതെ അവന് ആരാധന ചെയ്യപ്പെട്ടുകൂടാ) എന്നുള്ളത് ഇസ്ലാമിലെ ഒരു അംഗീകൃത തത്വമാകുന്നു. അതുകൊണ്ടാണ്, അല്ലാഹുവോ, അവൻെറ റസൂലോ, കാണിച്ചും അംഗീകരിച്ചും തന്നിട്ടില്ലാത്ത എല്ലാ ആരാധനാ രൂപങ്ങളും അനാചാരങ്ങളായിത്തീരുന്നതും.

(5) وتـ علينا (ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കണേ) എന്നാകുന്നു. പ്രവാചകൻമാർപോലും പാപമോചനം തേടുകയും, അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങിക്കൊണ്ടിരിക്കുകയും പതിവാണെന്നിരിക്കെ, ആ വിഷയത്തിൽ നാം എത്ര മാത്രം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ടെന്ന് ആലോചിച്ചു നോക്കുക! നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: ''ഹേ, മനുഷ്യരേ, നിങ്ങൾ അല്ലാഹുവിലേക്കു പശ്ചാത്തപിച്ചു മടങ്ങുവിൻ. ഞാൻ തന്നെ, ദിനംപ്രതി നൂറുപ്രാവശ്യം പശ്ചാത്താപിച്ചുകൊണ്ടിരിക്കുന്നു.'' (മു)

(6) .....ربنا وابعث فيهم رسولا (അവർക്ക് അവരിൽനിന്ന് ഒരു റസൂലിനെ നിയോഗിക്കണേ) എന്നു തുടങ്ങിയുള്ള അപേക്ഷയാകുന്നു. തങ്ങളുടെ ഭാവിസന്തതികളിൽ അല്ലാഹുവിന് കീഴ്പ്പെട്ടു ജീവിക്കുന്ന ഉത്തമ സമുദായമുണ്ടായിരിക്കണമെന്നുള്ള ആ മഹാൻമാരുടെ ആവേശത്തിൽനിന്ന് ഉളവായതാണ് ഈ പ്രാർത്ഥന, ഒരു ജനതക്കു സത്യോപദേശം നൽകുവാൻവേണ്ടി നിയുക്തനാകുന്ന ദൈവദൂതൻ, അതേ ജനതക്കു പരിചിതനായ ഒരാളായിരിക്കുന്നതാണല്ലോ പല നിലക്കും നന്നായിരിക്കുക. ഇബ്റാഹീം (عليه السلام) നബിയുടെ ഈ പ്രാർത്ഥന നബി മുഹമ്മദ് (ﷺ) തിരുമേനിയുടെ നിയോഗം മൂലം അല്ലാഹു നിവൃത്തിയാക്കിയിരിക്കുന്നു. انا دعوة ابى ابراهيم (ഞാൻ എൻെറ പിതാവ് ഇബ്റാഹീമിൻെറ പ്രാർത്ഥനയാണ്) എന്ന് നബി (ﷺ) പ്രസ്താവിച്ചതായി ഹദീസുകളിൽ വന്നിട്ടുമുണ്ട്. നബി (ﷺ) തിരുമേനിയെ നിയോഗിച്ചയച്ച അനുഗ്രഹം

ഓർമ്മിപ്പിക്കുന്ന സന്ദർഭങ്ങളിൽ, ഇബ്റാഹീം (عليه السلام) ൻെറ ഈ പ്രാർത്ഥനയിൽ റസൂലിൻെറ ഗുണവിശേഷങ്ങളായി അദ്ദേഹം എടുത്തു പറഞ്ഞിട്ടുള്ള അതേ ഗുണങ്ങളാൽ നബി (ﷺ)യെ വിശേഷിപ്പിച്ചുകൊണ്ടാണ് അല്ലാഹു അത് ഓർമ്മിപ്പിക്കാറുള്ളത്. താഴെ 151-ാം വചനവും, സൂറ: ജുമുഅ: 2-ാം വചനവും നോക്കുക.)

ഇബ്റാഹീം (عليه السلام) ആ പ്രാർത്ഥന ചെയ്ത കാലത്ത് മക്കാ പരിസരത്ത് ഒരു ജനതയാകട്ടെ, സമുദായമാകട്ടെ നിലവിൽ വന്നു കഴിഞ്ഞിട്ടില്ല. ഭാവിയിൽ വരാൻ പോകുന്നതേയുള്ളു. ഓരോ പ്രാർത്ഥനയുടെയും ലക്ഷ്യമെന്താണെന്നും, അത് സഫലമാക്കേണ്ടുന്ന സന്ദർഭമേതാണെന്നും ഏറ്റവും അറിയുന്നവൻ അല്ലാഹുവാണല്ലോ. അങ്ങനെ, ആ പ്രാർത്ഥനക്കുശേഷം -ഏറെക്കുറെ നാലായിരംകൊല്ലങ്ങൾക്കു ശേഷം- അല്ലാഹു ആ പ്രാർത്ഥനയുടെ ഫലമായി അറേബ്യായിൽ നബി (ﷺ) തിരുമേനിയെ റസൂലാക്കി നിയോഗിച്ചു. ഇതിൽ നിന്ന് ഒരു സംഗതി പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. പ്രാർത്ഥനകൾക്ക് അപ്പപ്പോൾ തന്നെ ഉത്തരം കിട്ടിക്കൊള്ളണമെന്നില്ല. ഓരോന്നും തക്കസമയത്തായിരിക്കും അല്ലാഹു നടപ്പിലാക്കുക. പ്രാർത്ഥനകളിൽ ധൃതികൂട്ടരുതെന്നും, ധൃതികൂട്ടാത്ത പ്രാർത്ഥനക്ക് ഉത്തരം കിട്ടുമെന്നും നബി (ﷺ) സത്യവിശ്വാസികളോട് ഉപദേശിച്ചിട്ടുള്ളതും അതുകൊണ്ടാകുന്നു; (ബു ;മു)

റസൂലിൻെറ പ്രത്യേകതകളായി ഇബ്റാഹീം (عليه السلام) പ്രാർത്ഥനയിൽ എടുത്തു പറഞ്ഞതും, ഖുർആനിൽ അല്ലാഹു ഒന്നിലധികം സ്ഥലത്ത് റസൂൽ (ﷺ) തിരുമേനിയെ വിശേഷിപ്പിച്ചതുമായ ആ ഗുണവിശേഷങ്ങൾ ഇവയാണ്:(1) അല്ലാഹുവിൻെറ ആയത്തുകൾ- അഥവാ ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും-അവർക്ക് ഓതിക്കേൾപ്പിക്കുക. (يتلو عليهم اياتك) അല്ലാഹുവിൻെറ ഏകത്വം, മരണാനന്തരജീവിതം മുതലായവ സംബന്ധിച്ചു ആവശ്യമായ ലക്ഷ്യദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയെന്നു സാരം. (2) അവർക്ക് വേദഗ്രന്ഥം പഠിപ്പിക്കുക. (ويعلمهم الكتاب) വിശുദ്ധ ഖുർആൻമുഖേനയാണ് ഈ വിശേഷണം പൂർത്തിയാകുന്നത്. (3) അവർക്ക് വിജ്ഞാനവും പഠിപ്പിക്കുക. والحكمة 'യുക്തി, യുക്തിതത്വം, വിജ്ഞാനം' എന്നൊക്കെയാണ് حكمة (ഹിക്മത്ത്) നു വാക്കർത്ഥം കൽപിക്കപ്പെടാറുള്ളത്. ഓരോ കാര്യവും അതതിൻെറ സ്ഥാനത്തും യഥാരൂപത്തിലും അറിയുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നാണതുകൊണ്ട് വിവക്ഷ. നബി (ﷺ) ജനങ്ങൾക്ക് 'ഹിക്മത്ത് ' പഠിപ്പിച്ചു കൊടുക്കുക എന്നത് അവിടുത്തെ 'സുന്നത്താ'കുന്ന ചര്യമുഖേനയാണ് നിവൃത്തിയാകുന്നത്. അല്ലാഹുവിങ്കൽ നിന്നു ലഭിക്കുന്ന സന്ദേശങ്ങളുടെയും, നിയമനിർദ്ദേശങ്ങളുടെയും പ്രാവർത്തികരൂപവും, അവയനുസരിച്ചുള്ള ജീവിതക്രമവും, തിരുമേനി സമുദായത്തിനു വിവരിച്ചുകൊടുത്തിരിക്കുന്നത് അവിടുത്തെ വാക്ക് മുഖേനയും പ്രവൃത്തി മുഖേനയുമാണല്ലോ. അതാണ് അവിടുത്തെ സുന്നത്തും. ചില ഭൗതികപ്രേമികൾ കരുതുന്നതുപോലെ, ഭൗതികശാസ്ത്രങ്ങളോ, ശാസ്ത്രീയ തത്വങ്ങളോ അല്ല അതു കൊണ്ടുദ്ദേശ്യം. (4) അവരെ സംസ്കരിക്കുക. (ويزكيهم) കേവലം ഐഹികമായ ഏതാനും ജീവിതപരിഷ്കരണങ്ങൾ നബി (ﷺ) വരുത്തിയിട്ടുണ്ടെന്നല്ല ഇതിൻെറ താൽപര്യം. വിശ്വാസാചാരങ്ങളിലോ, സ്വഭാവത്തിലോ, പെരുമാറ്റത്തിലോ, ഇടപാടുകളിലോ മാത്രമല്ല, മാനുഷിക ജീവിതത്തിൻെറ- പ്രധാനമെന്നോ അപ്രധാനമെന്നോ വ്യത്യാസമില്ലാതെ-എല്ലാ തുറകളിലും വ്യാപകമായിരുന്നതായിരുന്നു നബി (ﷺ) തിരുമേനി വരുത്തിയ സംസ്കരണം. ഇസ്ലാമിൻെറ ശത്രുക്കൾക്കുപോലും നിഷേധിക്കുവാൻ കഴിയാത്ത ഒരു ചരിത്ര സത്യമാണിത്. ഇതിന് ഉദാഹരണങ്ങൾ നിരത്തിക്കാട്ടുന്ന പക്ഷം, അത് വളരെയേറെ ദീർഘിച്ചു പോകും കേവലം ഒന്നുരണ്ടു ചെറിയ ഉദാഹരണം മാത്രം ഇവിടെ ചൂണ്ടിക്കാട്ടാം:-

സൽമാൻ (رضي الله عنه) പറയുകയാണ്: ''മുശ്രിക്കുകളിൽ ചിലർ പരിഹസിച്ചുകൊണ്ട് ഇങ്ങിനെ പറയുകയുണ്ടായി: നിങ്ങളുടെ ആൾ (നബി തിരുമേനി) നിങ്ങൾക്ക് മലമൂത്രവിസർജ്ജനംകൂടി പഠിപ്പിക്കുന്നതായി കാണുന്നുവല്ലോ.'' ഞാൻ പറഞ്ഞു: ''ശരി, ഞങ്ങൾ (വിസർജ്ജനവേളയിൽ) ഖിബ്ലക്കു മുന്നിടരുതെന്നും, വലങ്കൈകൊണ്ട് ശുചീകരണം ചെയ്യരുതെന്നും, മൂന്നിൽ

കുറഞ്ഞകല്ലുകള്‍കൊണ്ട് മതിയാക്കരുത്-അതില്‍ കാഷ്ടവും എല്ലും ഉണ്ടാവരുത്- എന്നും അവിടുന്ന് ഞങ്ങളോട് കല്‍പിച്ചിരിക്കുന്നു.'' (അ. മു.) ആയിശ (ﷺ) യില്‍ നിന്ന് ഉര്‍വത്തുബ്നുസുബൈര്‍ (ﷺ) ഉദ്ധരിച്ച ഒരു ഹദീസിന്‍െറ സാരം ഇപ്രകാരമാകുന്നു: ''നാല് വിധത്തിലായിരുന്നു 'ജാഹിലയ്യ'ത്തില്‍ വിവാഹം നടന്നിരുന്നത്. അവയില്‍ ഒന്ന് ഇന്ന് ജനങ്ങള്‍ സ്വീകരിച്ചു വരുന്ന വിവാഹമാകുന്നു. അതായത്, ഒരാള്‍ ഒരാളുടെ അടുക്കല്‍ അയാളുടെ മകളെയോ അധികാരത്തില്‍ പെട്ടവളെയോ വിവാഹാലോചന നടത്തി മഹ്ര്‍ കൊടുത്ത് വിവാഹം ചെയ്യുക. മറ്റൊന്ന്: ഒരാള്‍ തന്‍െറ ഭാര്യ ആര്‍ത്തവത്തില്‍നിന്ന് ശുദ്ധിയാകുമ്പോള്‍ അവളോട്; ''നീ ഇന്ന ആളുടെ അടുക്കല്‍ചെന്ന് ദാമ്പത്യ ജീവിതം നയിച്ചുകൊള്ളുക'' എന്നു പറഞ്ഞു അവളെ അയക്കുകയും, പിന്നീട് അവന്‍ അവളുമായി സമീപിക്കാതിരിക്കുകയും ചെയ്യുക. അങ്ങിനെ അയാളില്‍നിന്ന് അവള്‍ ഗര്‍ഭം ധരിച്ച് കഴിഞ്ഞാല്‍ അവന്‍ ഇഷ്ടപ്പെടുന്ന പക്ഷം അവന്‍ അവളെ സ്വീകരിക്കുകയും ചെയ്യും. കുട്ടിക്ക് സാമര്‍ത്ഥ്യവും യോഗ്യത യുമുണ്ടായിത്തീരുവാന്‍ വേണ്ടിയാണിത് ചെയ്യുന്നത്. ([*]) വേറൊരു വിവാഹം ഇതാണ്: പത്തിനു താഴെ പുരുഷന്‍മാര്‍ ഒരു സ്ത്രീയുടെ അടുക്കല്‍ചെന്ന് അവളുമായി സംസ്സര്‍ഗ്ഗമുണ്ടാകുക. അവള്‍ ഗര്‍ഭം ധരിച്ച് പ്രസവം കഴിഞ്ഞാല്‍, അവള്‍ അവരെ വിളിച്ചുവരുത്തി അവരില്‍ ഇന്നവമേതാണ് കുട്ടി എന്ന് നിര്‍ണ്ണയിക്കുക. അങ്ങിനെ, കുട്ടി അവന്‍േറതായി ഗണിക്കപ്പെടുക. അതവന് നിഷേധിക്കുവാന്‍ വയ്യ. നാലാമത്തെ വിവാഹം ഇങ്ങിനെയാണ്: ഒരു സ്ത്രീയെ പലരും സമീപിക്കുക. ആരുചെന്നാലും അവള്‍ സ്വീകരിക്കും. തേവിടിശ്ശികളാണിവര്‍. ആര്‍ക്കും പ്രവേശനമുണ്ടെന്നറിയിക്കുവാന്‍ അവര്‍ തങ്ങളുടെ വാതില്‍ക്കല്‍ ഒരു കൊടി നാട്ടുകയും ചെയ്യും. ഗര്‍ഭം ധരിച്ചു കുട്ടിയെ പ്രസവിച്ചാല്‍ എല്ലാവരെയും വിളിച്ചുകൂട്ടി അവരില്‍ ആരുടെ കുട്ടിയാണെന്നാണോ നിരീക്ഷകന്‍െറ അഭിപ്രായമെങ്കില്‍ അപ്രകാരം അവന്‍േറതാണെന്ന് നിശ്ചയിക്കുക. അവനത് നിരസിക്കുവാന്‍ പാടില്ല. ([†]) അങ്ങനെ, സത്യവുമായി മുഹമ്മദ് (ﷺ) നിയോഗിക്കപ്പെട്ടപ്പോള്‍, ഇന്ന് ജനങ്ങളില്‍ നിലവിലുള്ള ഈ (ഒന്നാമത്തെ) വിവാഹമല്ലാത്ത ജാഹിലിയ്യാ വിവാഹങ്ങളെല്ലാം അവിടുന്ന് തകര്‍ത്തുകളഞ്ഞു.'' (ബുഖാരി)

ഇബ്റാഹീം (عليه السلام) നബിയുടെ പ്രാര്‍ത്ഥനകള്‍ അടങ്ങിയ ഈ മൂന്ന് വചനങ്ങളില്‍ ഓരോന്നിന്‍േറയും അവസാനത്തെ വാചകം ശ്രദ്ധിച്ചു നോക്കുക. ആദ്യത്തേതില്‍, തങ്ങളുടെ കര്‍മ്മം സ്വീകരിക്കുവാന്‍ പ്രാര്‍ത്ഥിച്ചുകൊണ്ട് ''അല്ലാഹുവേ, നീ എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാണ്.'' എന്ന് പറഞ്ഞിരിക്കുന്നു. രണ്ടാമത്തേതില്‍, ഞങ്ങളെ മുസ്ലിംകളാക്കു കയും, ഞങ്ങളുടെ സന്താനങ്ങളിലും മുസ്ലിംകളായ ഒരു സമുദായം ഉണ്ടായിരിക്കുകയും ചെയ്യണമെന്നും മറ്റും പ്രാര്‍ത്ഥിച്ചുകൊണ്ട് ''അല്ലാഹുവേ, നീ വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണ്.'' എന്നും പറഞ്ഞിരിക്കുന്നു. മൂന്നാമത്തേതില്‍, ഭാവി യില്‍ അവരില്‍ ഒരു റസൂലിനെ നിയോഗിക്കുക വഴി അവരെ ഒരുത്തമ സമുദായ മാക്കിത്തീര്‍ക്കുവാന്‍ വേണ്ടതൊക്കെ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് ''അല്ലാഹുവേ, നീ പ്രതാപശാലിയും അഗാധജ്ഞനുമാണ്'' എന്നും പറഞ്ഞിരിക്കുന്നു. പ്രാര്‍ത്ഥനാവേളയില്‍, പ്രാര്‍ത്ഥിക്കപ്പെടുന്ന വിഷയങ്ങള്‍ സാധിപ്പിച്ചുതരുമാറുള്ള അല്ലാഹുവിന്‍െറ ഉല്‍കൃഷ്ട ഗുണങ്ങള്‍ വഴി സന്ദര്‍ഭോചിതം അവനെ പുകഴ്ത്തിപ്പറയുന്നത് നല്ലതാണെന്നും, അത് പ്രാര്‍ത്ഥനയുടെ ഒരു മര്യാദയാണെന്നും ഇതില്‍ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഈ സംഗതി വേറെയും ഖുര്‍ആന്‍ വചനങ്ങളില്‍ നിന്നും, നബിവാക്യങ്ങളില്‍ നിന്നും ഗ്രാഹ്യമാണ്.

---

[*] നേതാക്കളും യോഗ്യന്‍മാരുമായവരുടെ അടുക്കലേക്ക് മാത്രമേ സ്വന്തം ഭാര്യയെ ഇങ്ങിനെ വിട്ടയക്കാറുള്ളു. അവരില്‍നിന്ന് ജനിക്കുന്ന കുട്ടിക്ക് സാമര്‍ത്ഥ്യവും ബുദ്ധിയുമൊക്കെ ഉണ്ടാകു മെന്നാണവരുടെ കണക്ക് കൂട്ടല്‍ فتح البارى

[†] അവസാനത്തെ രണ്ടും ചില അപരിഷ്കൃത വിഭാഗങ്ങളില്‍ ഇന്നും ദുര്‍ല്ലഭമായെങ്കിലും നിലവിലുള്ളതാണ്. അല്‍പം ചില വ്യത്യാസം ഉണ്ടാകുമെന്ന് മാത്രം.

വിഭാഗം -16

130 ആരാണ് ഇബ്റാഹീമിൻെറ മാർഗ്ഗത്തോട് അതൃപ്തി കാണിക്കുക-തന്നെത്തന്നെ ഭോഷനാക്കിയവനല്ലാതെ?! ഇഹത്തിൽ അദ്ദേഹത്തെ നാം (ശുദ്ധനായി) തിരഞ്ഞെടുത്തിട്ടുണ്ട്; പരലോകത്തിൽ അദ്ദേഹമാകട്ടെ, നിശ്ചയമായും സജ്ജനങ്ങളിൽപെട്ടവനുമാകുന്നു.

وَمَن يَرْغَبُ عَن مِّلَّةِ إِبْرَٰهِـۧمَ إِلَّا مَن سَفِهَ نَفْسَهُۥ ۚ وَلَقَدِ ٱصْطَفَيْنَـٰهُ فِى ٱلدُّنْيَا ۖ وَإِنَّهُۥ فِى ٱلْـَٔاخِرَةِ لَمِنَ ٱلصَّـٰلِحِينَ ﴿١٣٠﴾

131 അദ്ദേഹത്തോട് തൻെറ രക്ഷിതാവ് ''നീ കീഴൊതുങ്ങുക [മുസ്ലിമാകുക]'' എന്ന് പറഞ്ഞപ്പോൾ,- അദ്ദേഹം പറഞ്ഞു: ''ഞാൻ ലോകരക്ഷിതാവിന് കീഴൊതുങ്ങിയിരിക്കുന്നു.''

إِذْ قَالَ لَهُۥ رَبُّهُۥٓ أَسْلِمْ ۖ قَالَ أَسْلَمْتُ لِرَبِّ ٱلْعَـٰلَمِينَ ﴿١٣١﴾

132 ഇതിനെപ്പറ്റി ഇബ്റാഹീം തൻെറ മക്കളോട് വസിയ്യത്തും ചെയ്തിരിക്കുന്നു; യഅ്ഖൂബും, തൻെറ മക്കളോട് (അതെ) ''എൻെറ മക്കളേ, നിശ്ചയമായും, അല്ലാഹു നിങ്ങൾക്ക് മതത്തെ (ശുദ്ധമാക്കി) തിരഞ്ഞെടുത്ത് തന്നിരിക്കുന്നു; ആകയാൽ, നിങ്ങൾ കീഴൊതുങ്ങിയവരായി [മുസ്ലിംകളായി] ക്കൊണ്ടല്ലാതെ തീർച്ചയായും മരണപ്പെടരുത്'' എന്ന്.

وَوَصَّىٰ بِهَآ إِبْرَٰهِـۧمُ بَنِيهِ وَيَعْقُوبُ يَـٰبَنِىَّ إِنَّ ٱللَّهَ ٱصْطَفَىٰ لَكُمُ ٱلدِّينَ فَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٣٢﴾

---

130 **ومن** ആർ, ഏതൊരുത്തൻ. **يرغَب عن** അതൃപ്തിപ്പെടും. **ملّة إبراهيم** ഇബ്രാഹീമിൻെറ മാർഗ്ഗത്തോട്. **إلا من** യാതൊരുവനല്ലാതെ. **سفه** അവൻ വിഡ്ഢിയാക്കി. **نفْسه** തന്നെതന്നെ. **ولقد** തീർച്ചയായും ഉണ്ട്. **اصطفَيناه** അദ്ദേഹത്തെ നാം തിരഞ്ഞെടുത്തു, തെളിയിച്ചെടുത്തു. **في الدنيا** ഇഹലോകത്തിൽ. **وإنه** നിശ്ചയമായും അദ്ദേഹമാകട്ടെ. **في الآخرة** പരലോകത്തിൽ. **لمن الصالحين** സജ്ജനങ്ങളിൽപെട്ടവനാണ്. 131 **إذْ قالَ له** അദ്ദേഹത്തോട് പറഞ്ഞപ്പോൾ. **ربه** അദ്ദേഹത്തിൻെറ രക്ഷിതാവ്. **أسلم** നീ കീഴൊതുങ്ങുക, മുസ്ലിമാകുക. **قالَ** അദ്ദേഹം പറഞ്ഞു. **أسلمتُ** ഞാൻ കീഴൊതുങ്ങിയിരിക്കുന്നു. **لرب العالمين** ലോകരക്ഷിതാവിന്. 132 **ووصى بها** ഇതിനെപ്പറ്റി വസിയ്യത്തും ചെയ്തു. **إبراهيم** ഇബ്രാഹീം. **بنيه** തൻെറ മക്കളോട്, പുത്രന്മാരോട്. **ويعقوب** യഅ്ഖൂബും. **يا بَني** എൻെറ മക്കളെ, പുത്രൻമാരേ. **إن الله** നിശ്ചയമായും അല്ലാഹു. **اصطفى** തിരഞ്ഞെടുത്തു (തെളിയിച്ചെടുത്തു) തന്നിരിക്കുന്നു. **لكُم** നിങ്ങൾക്ക്. **الدين** മതത്തെ, നടപടിക്രമത്തെ. **فلا تموتن** അതിനാൽ തീർച്ചയായും നിങ്ങൾ മരണപ്പെടരുത്. **إلا وأنتم** നിങ്ങൾ ആയിക്കൊണ്ടല്ലാതെ. **مسلمونَ** കീഴൊതുങ്ങിയവർ, മുസ്ലിംകൾ.

يرغَب (യർഗബ്) എന്ന ക്രിയാരൂപത്തിൻെറ തൊട്ടുനിൽക്കുന്ന അവ്യയം **في** ആകുമ്പോൾ അതിന് 'ആഗ്രഹിക്കുക, തൃപ്തി കാണിക്കുക' എന്നും **عن** ആകുമ്പോൾ 'വെറുക്കുക അതൃപ്തി കാണിക്കുക' എന്നും അർത്ഥമായിരിക്കും. രണ്ടാമത്തെ രൂപത്തിലാണ് ഇവിടെയുള്ളത്. ഈ വചനങ്ങളുടെ സാരം ഇങ്ങിനെ സംഗ്രഹിക്കാം:-

ഇബ്റാഹീം (عليه السلام) സ്വീകരിച്ചുവന്ന വിശ്വാസാദർശങ്ങളും നടപടി ക്രമങ്ങളും മുകളിൽ പ്രസ്താവിച്ച പ്രകാരമായിരുന്നു. അതെ, ഇസ്ലാമിൻെറ മാർഗ്ഗമായിരുന്നു അദ്ദേഹത്തിൻെറ

മാര്‍ഗ്ഗം. അപ്പോള്‍, അദ്ദേഹത്തിന്‍െറ ആ മാര്‍ഗ്ഗം വിട്ടേച്ച് മറ്റൊരു മാര്‍ഗ്ഗം സ്വീകരിക്കുന്നവര്‍ തങ്ങളെത്തന്നെ സ്വയം വിഡ്ഢികളാക്കുകയാണ് ചെയ്യുന്നത്. ഇബ്റാഹീം (عليه السلام) ആണെങ്കില്‍, ജനങ്ങള്‍ക്ക് നേര്‍മാര്‍ഗ്ഗവും തൗഹീദും വിവരിച്ചുകൊടുക്കുവാന്‍ വേണ്ടി ഈ ലോകത്ത് അല്ലാഹു തിരഞ്ഞെടുത്തയച്ച ഒരു നേതാവാണ്. പരലോകത്തിലോ, അല്ലാഹുവിന്‍െറ നല്ലവരായ അടിയാന്‍മാരില്‍ ഒരാളുമാകുന്നു. ചുരുക്കത്തില്‍, അല്ലാഹു സര്‍വ്വലോക രക്ഷിതാവാകകൊണ്ട് അവന്‍െറ കല്‍പനകള്‍ക്ക് കീഴൊതുങ്ങി ജീവിക്കല്‍ മനുഷ്യന്‍െറ കടമയാണെന്നുള്ള ബോധത്തോടെ, അവന്‍െറ കല്‍പനകള്‍ക്കെല്ലാം പരിപൂര്‍ണ്ണമായി കീഴൊതുങ്ങിയ ഒരു മുസ്ലിമായിരുന്നു അദ്ദേഹം. അതാണതിന് കാരണം. മാത്രമല്ല, തന്‍െറ മക്കളോടും സന്തതികളോടും അതേ നിലയില്‍ ജീവിക്കുവാന്‍ അദ്ദേഹം വസിയ്യത്ത് ചെയ്യുകകൂടി ചെയ്തിരിക്കുന്നു. അപ്പോള്‍, അദ്ദേഹത്തിന്‍െറ സന്താനപരമ്പരകളായ ഇസ്റാഈല്യരും അറബികളുമെല്ലാം അദ്ദേഹത്തിന്‍െറ ആ മാര്‍ഗ്ഗം പിന്‍തുടരുവാന്‍ ബാധ്യസ്ഥരാണ്. അദ്ദേഹത്തിന്‍െറ പൗത്രനായ യഅ്ഖൂബ് (عليه السلام) ന്‍െറ സന്തതികളാണല്ലോ ഇസ്റാഈല്യര്‍. യഅ്ഖൂബും (عليه السلام) തന്നെ അപ്രകാരം അദ്ദേഹത്തിന്‍െറ മക്കളോടും വസിയ്യത്തുചെയ്തിരിന്നു. നിങ്ങള്‍ക്ക് അല്ലാഹു നിശ്ചയിച്ച് അനുഗ്രഹിച്ച് തന്നിട്ടുള്ള മതമാണ് ഇസ്ലാം; നിങ്ങളുടെ സര്‍വ്വ നന്‍മകള്‍ക്കുമുള്ള ഏകാവലംബം അതാണ്; ആകയാല്‍, മറ്റൊരു മാര്‍ഗ്ഗത്തിലേക്കും വഴുതിപ്പോകാതെ യഥാര്‍ത്ഥ മുസ്ലിംകളായിക്കൊണ്ടേ നിങ്ങള്‍ മരിക്കാവൂ. എന്നൊക്കെയായിരുന്നു രണ്ടുപേരുടെയും വസിയ്യത്ത്.

ജീവിതവും, മരണവും അല്ലാഹുവിന്‍െറ കയ്യിലാണ്; മനുഷ്യന് അതിലൊന്നും സ്വാതന്ത്ര്യമില്ല. എന്നിരിക്കെ, ഇന്ന സ്ഥിതിയിലേ മരിക്കാവൂ എന്ന് മനുഷ്യരോട് കല്‍പിക്കുന്നതിന്‍െറ ഉദ്ദേശ്യമെന്താണ്? എന്ന് ചോദിക്കപ്പെടാം. ഇബ്നുജരീര്‍ (رحمه الله) ചൂണ്ടിക്കാട്ടിയപോലെ, ഇതിനുള്ള മറുപടി ഇതാണ്: നിങ്ങളുടെ ജീവിതകാലത്തില്‍ ഒരിക്കലും നിങ്ങള്‍ ഇസ്ലാമിനെ കൈവിടരുത്, എപ്പോഴാണ് മരണം വന്നെത്തുകയെന്ന് നിങ്ങള്‍ക്കറിഞ്ഞുകൂടല്ലോ. അതുകൊണ്ട് മരണം എപ്പോള്‍ വന്നാലും അപ്പോഴൊക്കെ നിങ്ങള്‍ മുസ്ലിംകളല്ലാതായിരിക്കുവാന്‍ ഇടവരരുത്, ഇടവരുത്തിയാല്‍ നിങ്ങള്‍ അല്ലാഹുവിന്‍െറ ശിക്ഷക്കും കോപത്തിനും പാത്രമായിത്തീരും.

أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ ٱلْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ مِنۢ بَعْدِى قَالُوا۟ نَعْبُدُ إِلَـٰهَكَ وَإِلَـٰهَ ءَابَآئِكَ إِبْرَٰهِـۧمَ وَإِسْمَـٰعِيلَ وَإِسْحَـٰقَ إِلَـٰهًا وَٰحِدًا وَنَحْنُ لَهُۥ مُسْلِمُونَ ﴿١٣٣﴾

133 അതല്ല, യഅ്ഖൂബിന് മരണം ആസന്നമായ അവസരത്തില്‍ നിങ്ങള്‍ (അവിടെ) സന്നിഹിതരായിരുന്നുവോ? അതായത്, അദ്ദേഹം തന്‍െറ മക്കളോട്: ''നിങ്ങള്‍ എന്‍െറ ശേഷം എന്തിനെയാണ് ആരാധിക്കുക'' എന്ന് പറഞ്ഞപ്പോള്‍, അവര്‍ പറഞ്ഞു: ''നിങ്ങളുടെ ആരാധ്യനും, നിങ്ങളുടെ പിതാക്കളുടെ ഇബ്റാഹീമിന്‍െറയും, ഇസ്മാഈലിന്‍െറയും, ഇസ്ഹാഖിന്‍െറയും-ആരാധ്യനുമായുള്ളവനെ-(അതെ) ഒരേ ഒരു ആരാധ്യനെ-(ത്തന്നെ) ഞങ്ങള്‍ ആരാധിക്കും: ഞങ്ങള്‍ അവന് കീഴൊതുങ്ങിയവരും [മുസ്ലിംകളും] ആയിരിക്കും.''

تِلْكَ أُمَّةٌ قَدْ خَلَتْ ۖ لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ ۖ وَلَا تُسْـَٔلُونَ عَمَّا كَانُوا۟ يَعْمَلُونَ ﴿١٣٤﴾

134 അതൊരു സമുദായം- അതു (കാലം) കഴിഞ്ഞുപോയി! അത് സമ്പാദിച്ചുവെച്ചത് അതിനുണ്ടായിരിക്കും; നിങ്ങള്‍ സമ്പാദിച്ചുവെച്ചത് നിങ്ങള്‍ക്കുമുണ്ടായിരിക്കും. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനെ

പ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുന്നതുമല്ല.

---

133 **أَمْ** അതല്ല അതോ. **كُنتم** നിങ്ങൾ ആയിരുന്നു (വോ) . **شهداءَ** സാക്ഷികൾ, സന്നിഹിതർ. **إذْ حضر** ആസന്നമായ സന്ദർഭത്തിൽ. **يعقُوب** യഅ്ഖൂബിന്. **الموت** മരണം. **إذْ قَالَ** അതായത് അദ്ദേഹം പറഞ്ഞപ്പോൾ. **لبنِيه** തൻെറ മക്കളോട്, പുത്രൻമാരോട്. **ما تعبدونَ** നിങ്ങൾ എന്തിനെ (ഏതിനെ) ആരാധിക്കും . **من بعدي** എൻെറ ശേഷം. **قَالُوا** അവർ പറഞ്ഞു. **نعبد** ഞങ്ങൾ ആരാധിക്കും. **إلٰهَكَ** നിങ്ങളുടെ ആരാധ്യനെ-ദൈവത്തെ. **وإلٰه آبائكَ** നിങ്ങളുടെ പിതാക്കളുടെ ആരാധ്യനെയും. **إبراهيم** അതായത് ഇബ്രാഹീമിൻെറ. **وإسمعيلَ** ഇസ്മാഈലിൻെറയും. **وإسحق** ഇസ്ഹാഖിൻെറയും. **إلٰها واحدا** ഓരോ ഒരാരാധ്യനെ. **ونحن له** ഞങ്ങളാകട്ടെ അവന്. **مسلمونَ** മുസ്‌ലിംകൾ (കീഴൊതുങ്ങിയവർ) ആകുന്നു (താനും) . 134 **تلكَ** അത്. **أمةٌ** ഒരു സമുദ്രയാത്ര. **قَدْ خلت** അത് കഴിഞ്ഞുപോയി. **لها** അതിനുണ്ട്, ഉണ്ടായിരിക്കും. **ما كَسبت** അത് സമ്പാദിച്ചു വെച്ചത്, നേടിയത്. **ولَكُم** നിങ്ങൾക്കുമു്. **ما كَسبتم** നിങ്ങൾ സമ്പാദിച്ചുവെച്ചത്. **ولا تسألُونَ** നിങ്ങളോട് ചോദിക്കപ്പെടുന്നതുമല്ല. **عما كَانوا** അവർ ആയിരുന്നതിനെപ്പറ്റി. **يعملُونَ** അവർ പ്രവർത്തിക്കും..

ഇബ്റാഹീം (عليه السلام) നബിയുടെ പാരമ്പര്യവാദികളായ അറബി മുശ്‌രിക്കുകളെയും, ഇസ്റാഈല്യരായ അവിശ്വാസികളെയും പൊതുവെ അഭിമുഖീകരിക്കുന്നതാണ് മേൽ കണ്ട ചോദ്യം. ആ വാദത്തിൻെറ ഒരു ഖണ്ഡനമാണത്. ഇബ്റാഹീം (عليه السلام) യഅ്ഖൂബ്(عليه السلام) എന്നിവരുടെ വസിയ്യത്തിനെപ്പറ്റി കഴിഞ്ഞ വചനത്തിൽ പറഞ്ഞുവല്ലോ. അറബികളുടെയും ഇസ്റാഈല്യരുടെയും സ്ഥിതിഗതികളാകട്ടെ, അതിനു കടകവിരുദ്ധവുമാണ്. അവരുടെ നിലപാട് കണ്ടാൽ, ആ വസിയ്യത്ത് മേലുദ്ധരിച്ച മാതിരിയിലല്ല-മറ്റേതോ വിധത്തിലായിരുന്നു-എന്നു തോന്നിപ്പോകും. അതുകൊണ്ടാണ് അവരോട് നിങ്ങൾ ആ വസിയ്യത്ത് നടന്നപ്പോൾ അവിടെ ഹാജരുണ്ടായിരുന്നുവോ എന്ന് നിഷേധരൂപത്തിൽ അല്ലാഹു ചോദിക്കുന്നത്.

യഅ്ഖൂബ് (عليه السلام) ന് മരണമടുത്ത സമയത്ത് അദ്ദേഹം തൻെറ മക്കളെ വിളിച്ച് എൻെറ ശേഷം നിങ്ങൾ ആരെയാണ് ഇലാഹായി സ്വീകരിച്ചാരാധിക്കുക-അഥവാ നിങ്ങൾ തൗഹീദിൻെറ മാർഗ്ഗം വിട്ടേച്ച് ഇതര ജാതിക്കാരുടെ ദൈവങ്ങളെ സ്വീകരിച്ചേക്കുമോ-എന്ന് ചോദിക്കുകയുണ്ടായി. അവർ ഒരേ സ്വരത്തിൽ മറുപടി പറഞ്ഞു: നിങ്ങളും, നിങ്ങളുടെ പിതാക്കളും (ഞങ്ങളുടെ പിതാമഹൻമാരും) ചെയ്തിരുന്ന മാതിരി അല്ലാഹുവിനെ ത്തന്നെയായിരിക്കും ഞങ്ങൾ ആരാധിക്കുക; ഞങ്ങൾ മുസ്‌ലിംകളായിത്തന്നെ ജീവിക്കും; മറ്റൊരു മാർഗ്ഗവും ഞങ്ങൾ സ്വീകരിക്കുകയില്ല എന്നൊക്കെ. ഇതാണ് യഥാർത്ഥത്തിൽ നടന്നത്. അങ്ങിനെയല്ല-മറ്റൊരു വിധത്തിലായിരുന്നു-അതെന്നു നിങ്ങൾ വാദിക്കുന്ന പക്ഷം, അതറിയുവാൻ തക്കവണ്ണം നിങ്ങൾ അപ്പോഴവിടെ ഹാജറുണ്ടായിരുന്നുവോ? ഇല്ലെന്നു തീർച്ചതന്നെ. അതിരിക്കട്ടെ, സംഭവിച്ചത് എന്തുതന്നെയായാലും ശരി, അവരെല്ലാം എത്രയോ മുമ്പ് കഴിഞ്ഞുപോയി. അവരെല്ലാം ഒരേ ആദർശത്തിലും മാർഗ്ഗത്തിലും അടിയുറച്ചു ജീവിച്ചവരായിരുന്നു. അവരെപ്പറ്റി തർക്കിച്ചിട്ടു കാര്യമില്ല. അവരുടെ കർമ്മഫലം അവർക്ക് മാത്രമായിരിക്കും. നിങ്ങളുടെ കർമ്മഫലം നിങ്ങൾ തന്നെ അനുഭവിക്കണം. അവരുടെ പിൻതുടർച്ചക്കാരാണെന്ന് അവകാശപ്പെട്ടത് കൊണ്ട് നിങ്ങൾക്ക് രക്ഷ കിട്ടുകയില്ല. അവരുടെ ചെയ്തികളെപ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുകയില്ല. നിങ്ങളുടെ ചെയ്തികളെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടാതിരിക്കുകയുമില്ല. അതുകൊണ്ട് നിങ്ങളുടെ പാരമ്പര്യ വാദത്തിന് ഒരർത്ഥവുമില്ല എന്ന് സാരം.

യഅ്ഖൂബ് (عليه السلام)ൻെറ പിതാവ് ഇസ്ഹാഖ് (عليه السلام) ആകുന്നു. ഇസ്മാഈൽ (عليه السلام) അദ്ദേഹത്തിൻെറ പിതൃവ്യനാകുന്നു. പിതാക്കളുടെ കൂട്ടത്തിൽ പിതൃവ്യനെയും എണ്ണിയിരിക്കുകയാണ്. ഏതാണ്ട് പിതാവിൻെറ സ്ഥാനം തന്നെയാണല്ലോ പിതൃവ്യനുമുള്ളത് كَسب (സമ്പാദ്യം) കൊണ്ടുദ്ദേശ്യം ജീവിതത്തിൽ ചെയ്തുവെക്കുന്ന കർമ്മങ്ങളത്രെ. അതാണല്ലോ

പരലോകത്തേക്ക് ഈ ലോകത്തു നിന്ന് നേടിക്കൊടുക്കുവാനുള്ള സമ്പാദ്യം. നല്ല കർമ്മമെങ്കിൽ നല്ല സമ്പാദ്യവും. ചീത്ത കർമ്മമെങ്കിൽ ചീത്ത സമ്പാദ്യവുമായിരിക്കുമെന്നു മാത്രം.

وَقَالُوا۟ كُونُوا۟ هُودًا أَوْ نَصَٰرَىٰ تَهْتَدُوا۟ ۗ قُلْ بَلْ مِلَّةَ إِبْرَٰهِـۧمَ حَنِيفًا ۖ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٣٥﴾

135 അവർ [വേദക്കാർ] പറയുന്നു: ''നിങ്ങൾ യഹൂദികളോ, നസ്രാണി [ക്രിസ്ത്യാനി] കളോ ആയിക്കൊള്ളുവിൻ, എന്നാൽ നിങ്ങൾ സൻമാർഗ്ഗം പ്രാപിക്കും'' പറയുക: ''(അതല്ല,) പക്ഷേ, ഋജുമനസ്കനായിരുന്ന ഇബ്റാഹീമിൻെറ മാർഗ്ഗം. [അതാണ് ഞങ്ങൾ പിൻപറ്റുക] അദ്ദേഹം 'മുശ്രിക്കു' [ബഹുദൈവവിശ്വാസി]കളിൽ പെട്ടവനായിരുന്നതുമില്ല.''

---

135 **وقالوا** അവർ പറയുന്നു, പറയുകയും ചെയ്തു. **كُونوا** നിങ്ങൾ ആകുവിൻ. **هودا** ജൂതൻമാർ. **أو نصارى** അല്ലെങ്കിൽ ക്രിസ്ത്യാനികൾ. **تهتدوا** (എന്നാൽ) നിങ്ങൾ സൻമാർഗ്ഗം പ്രാപിക്കും. **قُلْ** പറയുക. **بلْ** പക്ഷേ. **ملةَ إبراهيم** ഇബ്രാഹീമിൻെറ മാർഗ്ഗം, മതം, നടപടി. **حنيفًا** ഋജുമാനസനായിക്കൊണ്ട് ശുദ്ധഹൃദയനായിക്കൊണ്ടുള്ള. **وما كَانَ** അദ്ദേഹം ആയിരുന്നിട്ടുമില്ല . **من المشركين** മുശ്രിക്കുകളിൽ പെട്ട(വൻ) .

വേദക്കാർ സത്യവിശ്വാസികളോട് പറയാറുള്ള ചില വാക്കുകളെ അല്ലാഹു ആക്ഷേപസ്വരത്തിൽ ഉദ്ധരിച്ചതാണിത്. യഹൂദികൾ പറയും: ഞങ്ങളെപ്പോലെ ജൂതമതം സ്വീകരിച്ചാൽ നിങ്ങൾക്കു സൻമാർഗ്ഗം പ്രാപിക്കാമെന്ന്. ക്രിസ്ത്യാനികൾ പറയും. ഞങ്ങളെപ്പോലെ ക്രിസ്തീയമതം സ്വീകരിച്ചാൽ നിങ്ങൾക്കു സന്മാർഗ്ഗം പ്രാപിക്കാമെന്ന്. അഥവാ ഞങ്ങളുടെ കൂട്ടത്തിൽ ചേർന്നെങ്കിലേ സൻമാർഗ്ഗം പ്രാപിക്കുകയുള്ളു. ഇല്ലെങ്കിൽ നിങ്ങൾ വഴിപിഴച്ചവരായിക്കുമെന്ന് ഓരോ കൂട്ടരും പറയുമെന്നർത്ഥം. ഓരോ കൂട്ടരും മറ്റേവർ പിഴച്ചവരാണെന്ന് വാദിക്കുന്നവരാണല്ലോ. അവരോട് ഇങ്ങിനെ മറുപടി പറയുവാൻ അല്ലാഹു നബി (ﷺ) യോടു കൽപിക്കുന്നു: ഇല്ല. അതിനു ഞങ്ങൾ തയ്യാറില്ല. അതുവഴി സൻമാർഗ്ഗം ലഭിക്കുവാനും പോകുന്നില്ല. പക്ഷേ, നിങ്ങളും ഞങ്ങളും ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന നമ്മുടെ പിതാമഹൻ ഇബ്റാഹീം (عليه السلام) നബി സ്വീകരിച്ചിരുന്ന മാർഗ്ഗം നമുക്ക് പിൻപറ്റാം. അതാണ് ഞങ്ങൾ പിൻപറ്റി വരുന്നത്. അദ്ദേഹം നിങ്ങളെപ്പോലെ ശിർക്കുപരമായ യാതൊരു മാർഗ്ഗവും സ്വീകരിക്കാതെ, അതിൽനിന്നെല്ലാം വിട്ടൊഴിഞ്ഞ് ഞങ്ങളെപ്പോലെ തൗഹീദിൻെറ ഏകമാർഗ്ഗം സ്വീകരിച്ച ആളായിരുന്നു. അതുകൊണ്ട് ആ മാർഗ്ഗം കൈവിടുവാൻ ഞങ്ങൾ തയ്യാറില്ല.

قُولُوٓا۟ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيْنَا وَمَآ أُنزِلَ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَمَآ أُوتِىَ مُوسَىٰ وَعِيسَىٰ وَمَآ أُوتِىَ ٱلنَّبِيُّونَ مِن رَّبِّهِمْ لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُۥ مُسْلِمُونَ ﴿١٣٦﴾

136 (സത്യ വിശ്വാസികളേ) നിങ്ങൾ പറയുവിൻ: ''ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും, ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും (അദ്ദേഹത്തിൻെറ) സന്തതികൾക്കും അവതരിക്കപ്പെട്ടതിലും, മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും, പ്രവാചകൻമാർക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് നൽകപ്പെട്ടതിലും (എല്ലാം) വിശ്വസിച്ചിരിക്കുന്നു. അവരിൽനിന്ന് ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം വരു

ത്തുന്നില്ല. ഞങ്ങൾ അവന്[അല്ലാഹുവിന്] കീഴൊതുങ്ങിയവരും [മുസ്ലിംകളും] ആകുന്നു.''

137 എന്നിട്ട്, നിങ്ങൾ ഏതൊന്നിൽ വിശ്വസിച്ചിരിക്കുന്നുവോ അപ്രകാരമുള്ളതിൽ അവരും വിശ്വസിച്ചുവെങ്കിൽ, അവർ സൻമാർഗ്ഗം പ്രാപിച്ചു കഴിഞ്ഞു. അവർ തിരിഞ്ഞുകളയുകയാണെങ്കിലോ, നിശ്ചയമായും അവർ കക്ഷി പിരിവിൽ തന്നെയാകുന്നു. എന്നാൽ, അവരെ (നേരിടുവാൻ) നിനക്ക് അല്ലാഹു മതിയാകും. അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.

فَإِنْ ءَامَنُوا۟ بِمِثْلِ مَآ ءَامَنتُم بِهِۦ فَقَدِ ٱهْتَدَوا۟ ۖ وَّإِن تَوَلَّوْا۟ فَإِنَّمَا هُمْ فِى شِقَاقٍ ۖ فَسَيَكْفِيكَهُمُ ٱللَّهُ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ١٣٧

138 (അതെ) അല്ലാഹുവിൻെറ വർണ്ണം നൽകൽ! [അതത്രെ, ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്] ആരാണ്, വർണ്ണം നൽകുന്നതിൽ അല്ലാഹുവിനെക്കാൾ നല്ലവൻ?! ഞങ്ങൾ അവന് തന്നെ ആരാധന ചെയ്യുന്നവരുമാകുന്നു.

صِبْغَةَ ٱللَّهِ ۖ وَمَنْ أَحْسَنُ مِنَ ٱللَّهِ صِبْغَةً ۖ وَنَحْنُ لَهُۥ عَـٰبِدُونَ ١٣٨

---

136 **قُولُوا** പറയുവിൻ. **آمنا** ഞങ്ങൾ വിശ്വസിച്ചു. **بِاللهِ** അല്ലാഹുവിൽ. **وما أنزلَ** അവതരിപ്പിക്കപ്പെട്ടതിലും. **إلينا** ഞങ്ങൾക്ക്. **وما أنزلَ** ഇറക്കപ്പെട്ടതിലും. **إلى إبراهيم** ഇബ്റാഹീമിന്. **وإسمعيلَ** ഇസ്മാഈലിനും. **وإسحاق** ഇസ്ഹാഖിനും. **ويعقُوب** യഅ്ഖൂബിനും. **والأسباط** സന്തതി (കുലം) കൾക്കും, പൗത്രൻമാർക്കും. **وما أوتي** കൊടുക്കപ്പെട്ടതിലും. **موسى وعيسى** മൂസാക്കും ഈസാക്കും. **وما أوتي** കൊടുക്കപ്പെട്ടതിലും. **النبيونَ** പ്രവാചകൻമാർക്ക്. **من ربهم** അവരുടെ റബ്ബിങ്കൽ നിന്ന്. **لا نفرق** ഞങ്ങൾ വ്യത്യാസം വരുത്തുകയില്ല, വേർപിരിക്കുന്നതല്ല. **بين أحد** ഒരാൾക്കിടയിലും. **منهم** അവരിൽനിന്ന്. **ونحن** ഞങ്ങളാവട്ടെ. **له** അവന്. **مسلمونَ** കീഴൊതുങ്ങിയവർ (മുസ്ലിംകൾ) ആകുന്നു.. 137 **فإنْ آمنوا** എന്നിട്ട് അവർ വിശ്വസിച്ചെങ്കിൽ. **بمثْلِ ما** യാതൊന്നുപോലെയുള്ളതിൽ. **آمنتم به** നിങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. **فقد** എന്നാൽ തീർച്ചയായും. **اهتدوا** അവൻ സന്മാർഗ്ഗം പ്രാപിച്ചു. **وإن تولوا** അവർ തിരിഞ്ഞുകളഞ്ഞുവെങ്കിൽ. **فإنما هم** എന്നാൽ നിശ്ചയമായും അവർ. **في شقاق** കക്ഷി പിരിവിൽ (കക്ഷിത്തത്തിൽ) തന്നെ. **فسيكْفيكهم** എന്നാൽ വഴിയെ അവൻ അവരെ നിനക്ക് തടുത്തുതരും, അവരോട് നിനക്ക് മതിയായേക്കും. **اللهُ** അല്ലാഹു. **وهو** അവൻ, അവൻതന്നെ. **السميع** കേൾക്കുന്നവൻ. **العَليم** അറിയുന്നവൻ. 138 **صبغة** വർണ്ണം നൽകൽ. **اللهِ** അല്ലാഹുവിൻെറ . **ومن** ആരാണ്, ആരുണ്ട്. **أحسن** അധികം നല്ലവൻ. **من اللهِ** അല്ലാഹുവിനെക്കാൾ. **صبغةً** വർണ്ണം നൽകലിൽ, ചായം കൊടുക്കലിൽ. **ونحن** ഞങ്ങളാവട്ടെ. **له** അവന്. **عابِدونَ** ആരാധിക്കുന്നവരാകുന്നു.

നിങ്ങൾ യഹൂദികളോ ക്രിസ്ത്യാനികളോ ആയാൽ നിങ്ങൾക്ക് സൻമാർഗ്ഗം ലഭിക്കുമെന്ന് വേദക്കാർ പറഞ്ഞതിന് അർത്ഥഗർഭവും, ചിന്താർഹവും, അതോടൊപ്പം അൽപം ഗൗരവസ്വരത്തിലുള്ളതുമായ ഒരു മറുപടി കഴിഞ്ഞ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചു. ഈ വചനങ്ങളിൽ, അൽപം ശാന്തവും, അതോടൊപ്പം ഇസ്ലാമിക വിശ്വാസവും വേദക്കാരുടെ വിശ്വാസവും തമ്മിലുള്ള മൗലികമായ അന്തരം തുറന്ന് കാട്ടുന്നതുമായഒരു മറുപടി കൂടി സത്യവിശ്വാസികൾക്ക് അല്ലാഹു അറിയിച്ചുകൊടുക്കുന്നു. ഞങ്ങൾ നിങ്ങളെപ്പോലെ, ചില നബിമാരിലും ചില വേദഗ്രന്ഥത്തിലും മാത്രം വിശ്വസിച്ച് ബാക്കിയുള്ളതിൽ അവിശ്വസി

ക്കുകയല്ല ചെയ്യുന്നത്. ഞങ്ങളുടെ നിലപാടിതാണ്: ശിര്‍ക്കിന്‍റെ കലര്‍പ്പൊന്നുമില്ലാതെ ഞങ്ങള്‍ അല്ലാഹുവില്‍ വിശ്വസിക്കുന്നു. ആള്‍ വ്യത്യാസമോ കാലവ്യത്യാസമോ നോക്കാതെ, ഇബ്റാഹീം, ഇസ്മാഈല്‍, ഇസ്ഹാഖ് (عليه السلام) എന്നിവരും, അവരുടെ സന്തതികളില്‍പെട്ട വരുമടക്കം എല്ലാ പ്രവാചകന്‍മാരിലും, അവര്‍ക്ക് നല്‍കപ്പെട്ട എല്ലാ ദിവ്യസന്ദേശങ്ങളിലും ഞങ്ങള്‍ വിശ്വസിക്കുന്നുണ്ട്. ഇന്നവരില്‍ വിശ്വസിക്കും, ഇന്നവരില്‍ വിശ്വസിക്കുകയില്ല എന്നിങ്ങിനെയുള്ള പക്ഷഭേദമൊന്നും ഞങ്ങള്‍ക്കില്ല. അതോടുകൂടി അല്ലാഹുവിന്‍റെ എല്ലാ ശാസനകള്‍ക്കും കീഴൊതുങ്ങി ജീവിക്കുന്ന മുസ്‌ലിംകളുമാണ് ഞങ്ങള്‍. എന്നൊക്കെയാണ് ആ മറുപടിയുടെ സാരം.

തികച്ചും ന്യായയുക്തവും, വര്‍ഗ്ഗീയതയോ, കക്ഷിത്വമോ തീണ്ടാത്തതുമായ ഈ വിശ്വാസസിദ്ധാന്തം സ്വീകരിക്കുവാന്‍ വേദക്കാര്‍ തയ്യാറുണ്ടെങ്കില്‍, അവരും സന്മാര്‍ഗ്ഗം പ്രാപിക്കും. ഒരുക്കമില്ലെങ്കില്‍, അതവരുടെ ചേരിപിരിവും, മാല്‍സര്യവും മാത്രമാണ്. അവരാല്‍ നേരിട്ടേക്കാവുന്ന എല്ലാ പ്രതിസന്ധികളില്‍നിന്നും അല്ലാഹു നിങ്ങള്‍ക്ക് രക്ഷ നല്‍കുന്നതാണ്. അവരില്‍നിന്ന് നിങ്ങളെ സഹായിക്കുവാന്‍ അല്ലാഹു തന്നെ മതി. എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാണല്ലോ അവന്‍, എന്നൊക്കെ അല്ലാഹു നബി (ﷺ) യെയും സത്യ വിശ്വാസികളെയും സമാധാനിപ്പിക്കുകയും ചെയ്യുന്നു.

سبط (സിബ്ത്) എന്ന വാക്കിന്‍റെ ബഹുവചനമാണ് اسباط (അസ്ബാത്) . 'സന്തതികള്‍, കുലങ്ങള്‍, ഗോത്രങ്ങള്‍, പൗത്രപരമ്പര' എന്നൊക്കെയാണിതിന് അര്‍ത്ഥം. ഇസ്രാഈല്‍ എന്നുകൂടി പേരുണ്ടായിരുന്ന യഅ്ഖൂബ് (عليه السلام) നബിക്ക് പന്ത്രണ്ട് പുത്രന്‍മാരാണുണ്ടായിരുന്നത്. ഓരോരുത്തരുടെയും സന്താനപരമ്പരകള്‍ക്ക് സിബ്ത് എന്നു പറയപ്പെടുന്നു. അറബികള്‍ തങ്ങളുടെ ഗോത്രങ്ങള്‍ക്ക് قبيلة (ഖബീലഃ) എന്ന് പറഞ്ഞുവരുന്നതിന്‍റെ സ്ഥാനത്ത് ഇസ്റാഈല്യര്‍ 'സിബ്ത് ' എന്ന് പറയുന്നു. ഇസ്റാഈല്യരെ നാം പന്ത്രണ്ട് സിബ്തുകളാക്കി ഭാഗിച്ചിട്ടുണ്ട്. (وقطعناهم اثنتى عشرة اسباطا) എന്ന് (7:160) അല്ലാഹു പ്രസ്താവിച്ചു കാണാം.

നബിമാരില്‍ വിശ്വസിച്ചു എന്ന് പൊതുവില്‍ പറഞ്ഞതുമതിയാക്കാതെ, ചില നബിമാരുടെ പേരുകള്‍ പ്രത്യേകം എടുത്തുപറയുവാന്‍ കല്‍പിച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. ആദ്യം ഇബ്റാഹീം, ഇസ്മാഈല്‍, ഇസ്ഹാഖ്, യഅ്ഖൂബ് (عليه السلام) എന്നിവരുടെ പേരുകള്‍ എടുത്തു പറഞ്ഞു. ഇസ്റാഈല്യരുടെയും, അറബികളുടെയും വന്ദ്യരായ പിതാമഹന്‍മാരും, ഗോത്ര പിതാക്കളുമാണല്ലോ അവര്‍ നാലുപേരും. തുടര്‍ന്നുകൊണ്ട് ഇസ്റാഈല്യരില്‍ ഉണ്ടായിട്ടുള്ള മറ്റെല്ലാ പ്രവാചകന്‍മാരെക്കുറിച്ചും മൊത്തതില്‍ والاسباط (സന്തതികള്‍ക്കും) എന്നും പറഞ്ഞു. അതിനുശേഷം ഇസ്രാഈലികളാകുന്ന യഹൂദികള്‍ തങ്ങളുടെ പ്രത്യേക പ്രവാചകനായി സ്വീകരിക്കുന്ന ആളെന്ന നിലക്ക് മൂസാ (عليه السلام) നെയും, പിന്നീട് ഇസ്റാഈല്യരും അല്ലാത്തവരും ഉള്‍ക്കൊള്ളുന്ന ക്രിസ്ത്യാനികള്‍ അവരുടെ പ്രത്യേക പ്രവാചകനായി സ്വീകരിച്ചുവരുന്ന ഈസാ(عليه السلام) നെയും എടുത്തു പറഞ്ഞിരിക്കുന്നു. അവസാനം, ഇവര്‍ക്ക് പുറമെ ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകന്‍മാരെയും ഉള്‍പ്പെടുത്തിക്കൊണ്ട് പ്രവാചകന്‍ മാര്‍ക്ക് നല്‍കപ്പെട്ടതിലും وما اوتى النبيون എന്നും പറഞ്ഞിരിക്കുകയാണ്.

എല്ലാ പ്രവാചകന്‍മാര്‍ക്കും അവതരിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരാണ് സത്യ വിശ്വാസികള്‍. എന്നാല്‍, മുഹമ്മദ് നബി (ﷺ) തിരുമേനിക്ക് ഇറക്കപ്പെട്ട ഖുര്‍ആനിലുള്ള അവരുടെ വിശ്വാസം വിശദരൂപത്തില്‍തന്നെ ആയിരിക്കേണ്ടതുണ്ട്. അഥവാ അതിലെ ഓരോ വചനത്തിലും, അതുള്‍ക്കൊള്ളുന്ന ഓരോ തത്വസിദ്ധാന്തത്തിലും തന്നെ വിശ്വസിക്കേണ്ടി യിരിക്കുന്നു. മറ്റുള്ളവര്‍ക്ക് ഇറക്കപ്പെട്ടതില്‍ വിശ്വസിക്കുക എന്നതിന്‍റെ ഉദ്ദേശ്യം, അവയെല്ലാം അല്ലാഹുവില്‍ നിന്നുള്ളതാണെന്നും, സത്യമാണെന്നും മൊത്തത്തില്‍ വിശ്വസിക്കുക എന്നത്രെ. ഖുര്‍ആനെപ്പോലെ വിശദമായ വിശ്വാസം അവയെ സംബന്ധിച്ചേടത്തോളം സാധ്യമല്ലല്ലോ.

കാരണം, അവയിൽ പലതും തീരെ അജ്ഞാതമായിപ്പോയിരിക്കുന്നു. ചിലതിൽ മാറ്റത്തിരുത്തലും കൈകടത്തലും വന്നുപോയത് നിമിത്തം യഥാർത്ഥത്തിലുള്ളത് ഏതാണെന്ന് തിരിച്ചറിയുവാൻ സാധ്യമല്ലാതെയും വന്നിരിക്കുന്നു. എന്നാലും അവയിൽ ഖുർആനോട് ശരിക്കും യോജിച്ച് കാണുന്നഭാഗം സത്യമെന്ന് വിശ്വസിക്കൽ നിർബന്ധമാണുതാനും. ഖുർആൻെറ പ്രസ്താവനക്ക് വ്യക്തമായും എതിരായിക്കാണുന്ന ഭാഗം നിരസിക്കുകയല്ലാതെ നിവൃത്തിയുമില്ല. രണ്ടും കൽപിക്കുവാൻ വയ്യാത്ത ഭാഗത്തെപ്പറ്റി- തൗറാത്തും ഇഞ്ചീലും അടങ്ങിയതെന്ന് പറയപ്പെടുന്ന ഇന്നത്തെ ബൈബിളിലെ അധികഭാഗവും ഈ വിഭാഗത്തിൽപെട്ടതാണുതാനും- മൗനമവലംബിക്കുവാനേ നിവൃത്തിയുള്ളു. അബൂഹുറൈറ (رضي الله عنه) യിൽ നിന്ന്ബുഖാരീ (رحمه الله) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''ഹിബ്രു ഭാഷയിൽനിന്ന് വേദക്കാർ തൗറാത്ത് വായിച്ച് മുസ്ലിംകൾക്ക് അറബിഭാഷയിൽ വ്യാഖ്യാനിച്ചു കൊടുക്കാറുണ്ടായിരുന്നു. അപ്പോൾ, അല്ലാഹുവിൻെറ റസൂൽ പറഞ്ഞു: ''നിങ്ങൾ വേദക്കാരെ സത്യമാക്കുകയും അവരെ വ്യാജമാക്കുകയും ചെയ്യരുത് അല്ലാഹുവിലും അല്ലാഹു അവതരിപ്പിച്ചതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് പറയുകയും ചെയ്യുവിൻ.''

സത്യവിശ്വാസികൾ അവരുടെ വിശ്വാസം പ്രഖ്യാപിക്കേണ്ടതെങ്ങിനെയെന്നു 136-ാം വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടി. ആ പ്രഖ്യാപനത്തിന് വേദക്കാരിൽ നിന്നുണ്ടാകുന്ന പ്രതികരണങ്ങളെ സംബന്ധിച്ചുള്ള അല്ലാഹുവിൻെറ മറുപടി 137-ാം വചനത്തിലും പ്രസ്താവിച്ചു. അതിന് ശേഷം ആ വിശ്വാസ പ്രഖ്യാപനത്തിന് ആസ്പദമായ ഒരു തത്വം വിവരിച്ചുകൊണ്ട് അതിൻെറ തുടർച്ച എന്ന നിലക്കാണ് 138-ാം വചനം നിലകൊള്ളുന്നത്. ഈ വചനത്തിൻെറ വ്യാഖ്യാനത്തിൽ-വിശദാംശങ്ങളിൽ അൽപമൊക്കെ വ്യത്യാസങ്ങൾ കാണാമെങ്കിലും -മഹാൻമാരായ പല ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിച്ചിട്ടുള്ളതിൻെറ ആകെ സാരം ഇതാകുന്നു: വേദക്കാരായ നിങ്ങൾ നടത്താറുള്ള സ്നാനകർമ്മം വഴി ആളുകൾക്ക് ജൂദവർണ്ണവും, ക്രിസ്തീയ വർണ്ണവും നൽകി ജാതി തിരിക്കലാണല്ലോ നിങ്ങളുടെ പതിവ്. ഞങ്ങൾ യഹൂദികളോ ക്രിസ്ത്യാനികളോ ആയാൽ ഞങ്ങൾ നേർമാർഗ്ഗത്തിലാകുമെന്ന് നിങ്ങൾ പറയുന്നതിൻെറ അർത്ഥം, ആ വർണ്ണം, നൽകി ജാതിതിരിക്കലല്ലാതെ മറ്റൊന്നുമാകയില്ല. എന്നാൽ, നിങ്ങൾ ചെയ്യുന്നപോലെയുള്ള ചില ചടങ്ങുകൾ വഴി സ്വീകരിച്ച വർണ്ണമല്ല ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഞങ്ങൾ സ്വീകരിച്ചവർണ്ണം-അതെ, ഞങ്ങളുടെ മതം-മനുഷ്യ പ്രകൃതിക്കനുയോജ്യമായി അല്ലാഹു അംഗീകരിച്ചു തന്ന ഇസ്ലാമാകുന്ന വർണ്ണമാകുന്നു. അല്ലാഹുവിനേക്കാൾ നന്നായി വർണ്ണം നൽകുവാൻ ആർക്കാണ് കഴിയുക?! ഞങ്ങൾ ആരാധിക്കുന്നത് അവനെ മാത്രമാണുതാനും. ഇതാണ് ഇബ്റാഹീം (عليه السلام) നബിയും സ്വീകരിച്ചിരുന്ന വർണ്ണം. അഥവാ മതം. അല്ലാതെ, നിങ്ങളെപ്പോലെ, സ്നാനജലം കൊണ്ട് വർണ്ണം നൽകി ജാതി തിരിക്കുന്ന മതമായിരുന്നില്ല അദ്ദേഹത്തിമേത്.

അല്ലാഹു നൽകിയ വർണ്ണം صبغة الله കൊണ്ട് വിവക്ഷ അവൻെറ മതമായ ഇസ്ലാമാണെന്നു മേൽ വിവരിച്ചതിൽ നിന്ന് മനസ്സിലായല്ലോ. അല്ലാഹു നൽകിയ പ്രകൃതി فطرة الله യാണ് അത് കൊണ്ടുദ്ദേശ്യമെന്നും പറയപ്പെടാറുണ്ട്. ഇതിൻെറയും താൽപര്യം, മനുഷ്യന് അല്ലാഹു നൽകിയ പ്രകൃതി-അഥവാ ആ പ്രകൃതിക്കനുസരിച്ച നടപടിക്രമം- എന്ന് തന്നെയാകുന്നു. ഇസ്ലാംമതത്തെക്കുറിച്ച് دين الفطرة (പ്രകൃതി മതം) എന്നും, മനുഷ്യൻെറ യഥാർത്ഥ പ്രകൃതിക്കൊത്തമതം എന്ന ഉദ്ദേശ്യത്തിൽ فطرة الاسلام (ഇസ്ലാമാകുന്ന പ്രകൃതി) എന്നുമൊക്കെ പറയപ്പെടുന്നതും ഇതനുസരിച്ചു തന്നെ ഇസ്ലാം മതം മനുഷ്യമതമായി അംഗീകരിച്ചതിനെപ്പറ്റി വർണ്ണം നൽകുക صبغة എന്ന് ഉപയോഗിച്ചത്, തങ്ങളുടെ മതത്തിൽ ഒരാൾക്ക് ഔപചാരികമായ അംഗത്വം നൽകുന്നതിന് വേണ്ടി വേദക്കാർ ചെയ്യാറുള്ള ഒരു ചടങ്ങിനോട് കിടയൊപ്പിച്ചുകൊണ്ടുള്ള ഒരു പ്രയോഗമെത്ര. ഇതിന് അറബി സാഹിത്യത്തിൽ مشاكلة (മുശാകലത്ത്) എന്ന് പറയുന്നു. ഇബ്നുജരീർ (رحمه الله) പറയുകയാണ്: ''ഇവിടെ വർണ്ണം നൽകൽകൊണ്ട് വിവക്ഷ ഇസ്ലാമിൻെറ വർണ്ണം നൽകലാണ്. ക്രിസ്ത്യാനികൾ അവരുടെ

കുട്ടികളെ ക്രിസ്ത്യാനികളാക്കുവാൻ ഉദ്ദേശിക്കുമ്പോൾ അവരുടെ ഒരു പ്രത്യേക തരം വെള്ളത്തിൽ അവരെ മുക്കുമായിരുന്നു. മുസ്‌ലിംകളുടെ 'ജനാബത്ത് ' കുളി (വലിയ അശുദ്ധിയിൽ നിന്നുള്ള കുളി) പോലെയുള്ള ഒരു തരം ശുദ്ധീകരണമാണിതെന്ന് അവർ പറയുന്നു. ക്രിസ്ത്യാനിസത്തിലുള്ള ഒരു വർണ്ണം നൽകൽ ചടങ്ങാണത്.'' ഇതുപോലെ വേറെ ചില വ്യാഖ്യാതാക്കളും പറഞ്ഞു കാണാം. ഈ സ്നാനത്തിന് ഉപയോഗിച്ചു വന്നിരുന്നത് മഞ്ഞ വർണ്ണത്തിലുള്ള ഒരു തരം വെള്ളമായിരുന്നുവെന്നും, അതുകൊണ്ടാണ് അതിന് ചായം (വർണ്ണം) കൊടുക്കൽ എന്നർത്ഥമായ صبغة എന്ന പേർ വന്നതെന്നും പറയപ്പെടുന്നു. الله اعلم

യഹൂദികളും ക്രിസ്ത്യാനികളുമാകുന്ന വേദക്കാരെ അഭിമുഖീകരിച്ചുകൊണ്ടാണല്ലോ ഈ വചനങ്ങളുള്ളത്. ആ നിലക്ക്- ചില വ്യാഖ്യാതാക്കൾ സൂചിപ്പിക്കുന്നതുപോലെ- ആ രണ്ടുകൂട്ടരുടെയും ഇടയിൽ നടപ്പുള്ളതല്ലാത്ത-അഥവാ ക്രിസ്ത്യാനികളിൽ മാത്രം നടപ്പുള്ള ഒരു കർമ്മത്തെ ആസ്പദമാക്കി ഉപയോഗിച്ചതായിരിക്കും ആ വാക്ക് صبغة എന്നുവെക്കുവാൻ ന്യായം കാണുന്നില്ല. രണ്ടുകൂട്ടരുടെ ഇടയിലും നടപ്പിലുണ്ടായിരുന്ന ഏതെങ്കിലും വർണ്ണം കൊടുക്കൽ കർമ്മത്തെ സൂചിപ്പിച്ചുകൊണ്ടായിരിക്കണം ആ വാക്ക് എന്നുവെക്കുവാനാണ് ന്യായം കാണുന്നത്. (അല്ലാഹുവിനറിയാം) ബൈബിൾ പരിശോധിക്കുമ്പോഴും രണ്ടുകൂട്ടരിലും ഓരോ തരത്തിലുള്ള സ്നാന സമ്പ്രദായം നടപ്പിലുണ്ടായിരുന്നുവെന്നാണ് മനസ്സിലാകുന്നതും. (*)

139 പറയുക: ''അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങൾ ഞങ്ങളോട് ന്യായവാദം നടത്തുകയോ? അവനാകട്ടെ, ഞങ്ങളുടെ റബ്ബും, നിങ്ങളുടെ റബ്ബുമാണ് താനും. ഞങ്ങൾക്ക് ഞങ്ങളുടെ കർമ്മങ്ങളും, നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങളുമാണുള്ളതും. ഞങ്ങൾ അവനോട് നിഷ്കളങ്കൻമാരുമത്രെ''.

قُلْ أَتُحَآجُّونَنَا فِى ٱللَّهِ وَهُوَ رَبُّنَا وَرَبُّكُمْ وَلَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ وَنَحْنُ لَهُۥ مُخْلِصُونَ ﴿١٣٩﴾

140 അതല്ല, നിങ്ങൾ പറയുന്നുവോ:''നിശ്ചയമായും, ഇബ്റാഹീമും, ഇസ്മാഈലും, ഇസ്ഹാഖും, യഅ്ഖൂബും, സന്തതികളും യഹൂദികളോ, അല്ലെങ്കിൽ നസ്രാണി [ക്രിസ്ത്യാനി]കളോ ആയിരുന്നു''എന്ന്?! പറയുക: ''നിങ്ങളാണോ ഏറ്റവും അറി

أَمْ تَقُولُونَ إِنَّ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ وَيَعْقُوبَ وَٱلْأَسْبَاطَ كَانُوا۟ هُودًا أَوْ نَصَٰرَىٰ ۗ قُلْ ءَأَنتُمْ أَعْلَمُ أَمِ ٱللَّهُ ۗ وَمَنْ

* ബൈബിളിലെ പുതിയ നിയമത്തിൽ നിന്നും പഴയ നിയമത്തിൽ നിന്നുമുള്ള ഉദ്ധരണികളെ അടിസ്ഥാനമാക്കി ഈ സ്നാനത്തെപ്പറ്റി വേദപുസ്തക നിഘണ്ടുവിൽ ഒരു നീണ്ട വിവരണം നൽകിക്കാണാം. പിൽക്കാലക്കാരായ യഹൂദികളിലും ചില സ്നാന സമ്പ്രദായങ്ങൾ ഉണ്ടായിരുന്നുവെന്നും, ഈസാ (عليه السلام)നബിക്ക് ശേഷം ക്രിസ്ത്യാനികളിലും പലതരം സ്നാനങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നും അതിൽനിന്ന് വ്യക്തമാകുന്നു. അതിലെ ചുരുക്കം ചില വാക്യങ്ങൾ ഉദ്ധരിക്കാം: (1) ക്രിസ്തവിന് ഏകദേശം 250 കൊല്ലം മുമ്പെഴുതിയ ഒരു ഗ്രന്ഥത്തിലാണ് 'സ്നാനം' 'സ്നാനം കഴിക്കൽ' എന്നീ അർത്ഥമുള്ള പദം ആദ്യമായി കാണുന്നത്. (2) ബപ്തിസൈൻ Baptisain എന്ന പദം യഹൂദാചാരപ്രകാരമുള്ള ശുദ്ധീകരണത്തെക്കുറിക്കുന്നു. (3) യോഹന്നാൻ സ്നാപകൻെറ അടുക്കൽ സ്നാനം കഴിപ്പിച്ചവർ അതിന് ബപ്തിസം Baptism എന്ന് പേർ പറഞ്ഞത്കൊണ്ട് ക്രിസ്ത്യാനികളും ആ പേർ സ്വീകരിച്ചു. (4) ഏതായാലും ആദ്യം ഇത് യഹൂദികളുടെ ശുദ്ധീകരണത്തെ മാത്രം കുറിക്കുന്നതായിരുന്നു. (5) ക്രൈസ്തവസ്നാനം ആത്മീയമാണ്. യേശുവിൻെറ ശേഷമാണിത് നടപ്പിലായത്. (6) പുതിയ നിയമത്തിൽ സ്നാനത്തിൻെറ വിധം വിശദമാക്കിയിട്ടില്ല. അതിൽ ഭിന്നാഭിപ്രായമാണുള്ളത്. (7) ജ്ഞാന സ്നാനം, മരിച്ചവനെ തൊട്ട് അശുദ്ധനായവൻെറ ശുദ്ധീകരണം, മാനസാന്തര സ്നാനം., ശിശുസ്നാനം, എന്നിങ്ങിനെ സ്നാനങ്ങൾ പലതുണ്ട്.

أَظْلَمُ مِمَّن كَتَمَ شَهَٰدَةً عِندَهُۥ مِنَ ٱللَّهِ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿١٤٠﴾

യുന്നവർ,അതല്ല, അല്ലാഹുവോ?!. അല്ലാഹുവിങ്കൽനിന്ന് (സിദ്ധിച്ചതായി) തൻെറ പക്കലുള്ള വല്ല സാക്ഷ്യത്തെയും മറച്ചുവെച്ചവനെക്കാൾ അധികം അക്രമി ആരുണ്ട്?! നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല.''

---

139 **قُلْ** പറയുക. **أتحاجوننا** നിങ്ങൾ ഞങ്ങളോട് ന്യായവാദം (തർക്കം) നടത്തുകയോ. **في الله** അല്ലാഹുവി(ൻെറ കാര്യത്തി) ൽ. **وهو ربنا** അവൻ ഞങ്ങളുടെ റബ്ബാണ്. **وربكُم** നിങ്ങളുടെ റബ്ബുമാണ്, നിങ്ങളുടെയും റബ്ബാണ്. **ولنا** ഞങ്ങൾക്കായിരിക്കും, ഞങ്ങൾക്കുണ്ടായിരിക്കും. **أعمالنا** ഞങ്ങളുടെ കർമ്മങ്ങൾ. **ولكُم** നിങ്ങൾക്കുണ്ടായിരിക്കും,. **أعمالكُم** നിങ്ങളുടെ കർമ്മങ്ങൾ. **ونحن** ഞങ്ങളാവട്ടെ. **له** അവന്. **مخلصونَ** നിഷ്കളങ്കരാകുന്നു. 140 **أم تقُولُونَ** അതല്ല നിങ്ങൾ പറയുന്നന്നുവോ. **إن إبراهيم** നിശ്ചയമായും ഇബ്രാഹീം. **وإسمعيلَ** ഇസ്മാഈലും. **وإسحق** ഇസ്ഹാഖും. **ويعقُوب** യഅ്ഖൂബും. **والأسباط** (യഅ്ഖൂബ്) സന്തതികളും. **كانوا** അവരായിരുന്നു (എന്ന്) . **هودا** ജൂതൻമാർ. **أو نصارى** അല്ലെങ്കിൽ ക്രിസ്ത്യാനികൾ. **قُلْ** പറയുക. **أأنتم** നിങ്ങളോ. **أعلم** അധികം അറിയുന്നവർ. **أمِ الله** അതോ അല്ലാഹുവോ. **ومن** ആരാണ്. **أظلم** അധികം ആക്രമി. **ممن كتم** മറച്ചുവെച്ചവനേക്കാൾ. **شهادةً** ഒരു സാക്ഷ്യം, വല്ല സാക്ഷ്യത്തെയും. **عنده** തൻെറ പക്കലുളള. **من الله** അല്ലാഹുവിൽനിന്ന്. **وما الله** അല്ലാഹു അല്ലതാനും. **بِغافِلٍ** അശ്രദ്ധനേ. **عما تعملونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി.

ജൂതമതമോ, ക്രിസ്തീയമതമോ സ്വീകരിച്ചെങ്കിലേ രക്ഷയുള്ളു, ഞങ്ങളുടെ വേദവും മതവുമാണ് മുമ്പേയുള്ളത്, നമ്മുടെയെല്ലാം പിതാക്കളായ ഇബ്റാഹീം നബി തുടങ്ങിയവരുടെ മതമാണ് ഞങ്ങൾ സ്വീകരിച്ചു വരുന്നത്. അതുകൊണ്ട് യഥാർത്ഥ സൻമാർഗ്ഗികൾ ഞങ്ങളാണ് എന്നിങ്ങിനെയുള്ള വേദക്കാരുടെ ന്യായവാദങ്ങൾക്കും കുതർക്കങ്ങൾക്കുമുള്ള മറുപടിയാണ് ഈ വചനങ്ങളിൽ. യഹൂദികളെയും ക്രിസ്ത്യാനികളെയും പൊതുവിൽ ബാധിക്കുന്നതാണ് മറുപടി. ആദ്യത്തെ വചനത്തിൻെറ ചുരുക്ക സാരം ഇങ്ങിനെ മനസ്സിലാക്കാം: അല്ലാഹു നമ്മിൽ ഒരു കൂട്ടരുടെ മാത്രം റബ്ബല്ല. രണ്ടു കൂട്ടരുടെയും റബ്ബാണവൻ. എല്ലാവരുടെയും കർമ്മഫലങ്ങൾ അവരവർ തന്നെ അനുഭവിക്കുകയും വേണം. ഒരു കൂട്ടരുടെ ചെയ്തികളെപ്പറ്റി മറ്റേ കൂട്ടർക്ക് ബാധ്യതയൊന്നുമില്ല. അവൻെറ ആരാധനയിൽ കളങ്കം ചേർക്കുകയും, അവൻെറ മതശാസനകളിൽ മായം ചേർക്കുകയും ചെയ്യുന്നവർ നമ്മിൽ ആരാണോ അവർ പിഴച്ചവരും, അവയിൽ നിഷ്കളങ്കത പാലിക്കുന്നവർ ആരോ അവർ നേർമ്മാർഗ്ഗികളുമായിരിക്കും. ആരാധനയിലാകട്ടെ, മതശാസനകളിലാകട്ടെ, കളങ്കവും കാപട്യവും കലർത്തുന്ന പതിവ് ഞങ്ങൾക്കില്ല നിങ്ങൾക്കാണുള്ളത്. എന്നിരിക്കെ, നിങ്ങളുടെ ന്യായവാദങ്ങൾക്കും തർക്കങ്ങൾക്കും ഒർത്ഥവുമില്ല.

രണ്ടാമത്തെ വചനത്തിലെ ആശയം ഇങ്ങിനെ വിവരിക്കാം: നമ്മുടെ പിതാക്കളും, മുൻപ്രവാചകൻമാരുമായിരുന്ന അവരൊക്കെ യഹൂദികളോ ക്രിസ്ത്യാനികളോ ആയിരുന്നുവെന്നാണോ നിങ്ങൾ പറയുന്നത്? അവരാരും യഹൂദികളോ ക്രിസ്ത്യാനികളോ ആയിരുന്നില്ല. ഇസ്റാഈല്യരുടെ ഉത്ഭവംതന്നെ ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ് (عليه السلام) എന്നിവരുടെ ശേഷം യഅ്ഖൂബ് (عليه السلام) മുതൽക്കാണ്. മൂസാ (عليه السلام) നബിയുടെ തൗറാത്താണെങ്കിൽ, പിന്നീട് വളരെ കാലത്തിനുശേഷം അവതരിച്ചതും. യഹൂദ മതമാകട്ടെ, അത് തൗറാത്തിനെമാത്രം പ്രമാണമാക്കിക്കൊണ്ടുള്ളതുമല്ല. പിന്നീട് നിലവിൽവന്ന യഹൂദപണ്ഡിത സഭയാൽ ആവിഷ്കൃതമായ ആചാരമുറകളനുസരിച്ചാണുള്ളത്. ക്രിസ്ത്യാനികളെക്കുറിച്ചു പറയുകയാണെങ്കിൽ, അവർ ഈസാ (عليه السلام) നബിയുടെ അനുയായികളെന്നാണല്ലോ വാദിക്കുന്നത്. അദ്ദേഹത്തിൻെറ

ജനനം മേൽപറഞ്ഞവരുടെശേഷം എത്രയോ കാലം കഴിഞ്ഞിട്ടാണ്. അവർ ആചരിച്ചുവരുന്ന മതമാകട്ടെ, അദ്ദേഹത്തിൻെറയോ അദ്ദേഹം കൊണ്ടുവന്ന ഇഞ്ചീലിൻെറയോ അദ്ധ്യപാനങ്ങളെ അടി സ്ഥാനമാക്കിയുള്ളതുമല്ല. അദ്ദേഹത്തിനുശേഷം നിലവിൽ വന്ന ക്രിസ്തീയ സഭകളാൽ ആവിഷ്കരിക്കപ്പെട്ട ചില പുതിയ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമാകുന്നു. വാസ്തവം ഇതെല്ലാമായിരിക്കെ, ആ വാദത്തിന് എന്താണർത്ഥമുള്ളത്?! ആ പ്രവാചകൻ മാരൊക്കെ നിങ്ങളുടെ മതം ആചരിക്കുന്നവരായിരുന്നുവെന്ന് നിങ്ങൾ പറയുന്നു. അല്ലെന്ന് അല്ലാഹുവും പറയുന്നു. ആർ പറയുന്നതായിരിക്കും ശരി?! ആർക്കാണ് വാസ്തവം കൂടുതൽ അറിയുക?! നിങ്ങൾക്കോ, അല്ലാഹുവിനോ?! അല്ലാഹുവിനു തന്നെ. സംശയമില്ല. അല്ലാഹുവിങ്കൽനിന്ന് അവൻെറ പ്രവാചകൻമാരും വേദഗ്രന്ഥങ്ങളും മുഖേന ലഭിച്ചിട്ടുള്ള സത്യസാക്ഷ്യങ്ങളെ വെളിപ്പെടുത്താതെ, സ്വാർത്ഥലാഭങ്ങളെയും, തന്നിഷ്ടങ്ങളെയും ലക്ഷ്യ മാക്കി പുതിയ നിയമങ്ങൾ നിർമ്മിച്ചും ദുർവ്യാഖ്യാനം ചെയ്തും യഥാർത്ഥം മൂടിവെക്കുന്ന നിങ്ങളേക്കാൾ അക്രമം പ്രവർത്തിക്കുന്നവർ വേറെ ആരാണുള്ളത്?! ഇതൊന്നും അല്ലാഹു അറിയുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ലെന്ന് കരുതേണ്ടാ. അവൻെറ മുമ്പിൽ നിങ്ങൾ ശരിക്കും ഉത്തരം പറയേണ്ടി വരുമെന്ന് ഓർത്തുകൊള്ളുക!

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: يا اهل الكتاب لم تحاجون فى ابراهيم.......افلا تعقلون ഹേ, വേദക്കാരേ, എന്തിനാണ് ഇബ്റാഹീമിൻെറ കാര്യത്തിൽ നിങ്ങൾ ന്യായവാദം നടത്തുന്നത് ? തൗറാത്തും ഇഞ്ചീലും അദ്ദേഹത്തിന് ശേഷമല്ലാതെ അവതരിപ്പിക്കപ്പെട്ടിട്ടില്ലല്ലോ! അപ്പോൾ, നിങ്ങൾ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുന്നില്ലേ?! (ആലുഇംറാൻ 65) പ്രവാചകൻമാർ മുഖേനയോ വേദഗ്രന്ഥം മുഖേനയോ സ്ഥാപിതമായ വാസ്തവങ്ങൾക്ക് നിരക്കാത്ത വിധിനിയമങ്ങളും സിദ്ധാന്തങ്ങളും മതത്തിൻെറ പേരിൽ വെച്ചുകെട്ടുന്ന പണ്ഡിതൻമാരെ-അവർ യഹൂദികളോ, ക്രിസ്ത്യാനികളോ, മുസ്ലീംകളോ മറ്റോ എന്ന വ്യത്യാസം കൂടാതെ- പ്രത്യേകം ബാധിക്കുന്ന ഒരു കനത്ത താക്കീതാണ്. .....ومن اظلم ممن كتم شهادة عنده (അല്ലാഹുവിങ്കൽനിന്ന് തൻെറ പക്കൽ സിദ്ധിച്ചിട്ടുള്ള വല്ല സാക്ഷ്യത്തെയും മറച്ചു വെക്കുന്നവനേക്കാൾ അക്രമി ആരാണുള്ളത്?!....) എന്നുള്ള വാക്യം. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

تِلْكَ أُمَّةٌ قَدْ خَلَتْ ۖ لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ ۖ وَلَا تُسْأَلُونَ عَمَّا كَانُوا يَعْمَلُونَ ﴿١٤١﴾

141 അതൊരു സമുദായം-അത് (കാലം) കഴിഞ്ഞുപോയി. അത് സമ്പാദിച്ചുവെച്ചത് അതിനുണ്ടായിരിക്കും; നിങ്ങൾ സമ്പാദിച്ചുവെച്ചത് നിങ്ങൾക്കുമുണ്ടായിരിക്കും. ‘‘അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുന്നതുമല്ല.’’

---

141 تلك അത്. أمةٌ ഒരു സമുദായം. قد خلت അത് കഴിഞ്ഞുപോയി. لها അതിനുായിരിക്കും. ما كسبت അത് സമ്പാദച്ചത്. ولكُم നിങ്ങൾക്കുായിരിക്കും. ما كسبتم നിങ്ങൾ സമ്പാദിച്ചത്. ولا تسألونَ നിങ്ങളോട് ചോദിക്കപ്പെടുന്നതല്ല. عما كانوا അവർ ആയിരുന്നതിനെപ്പറ്റി. يعملونَ അവർ പ്രവർത്തിക്കും.

ഇതേ മാതിരി ഒരു വചനം 134ൽ മുമ്പു കഴിഞ്ഞുപോയിട്ടുണ്ട്. അവിടെ കൊടുത്ത വിവരണം ഇവിടെയും ഓർമ്മിക്കുക. ഇബ്റാഹീം(عليه السلام) നബി തുടങ്ങി മേൽപ്രസ്താവിച്ച ആ പ്രവാചകൻമാരെ ചൂണ്ടിക്കൊണ്ടു തന്നെയാണ് അവിടെയും ഇവിടെയും ഈ പ്രസ്താവന യുള്ളത്, 40-ാം വചനം മുതൽ ഇതുവരെയുള്ള വചനങ്ങൾ മിക്കവാറും വേദക്കാരെയും, അവരുടെ ചെയ്തികളെയും സംബന്ധിക്കുന്നവയായിരുന്നു. അടുത്ത വചനം മുതൽ സംസാരഗതി മറ്റൊരു ഭാഗത്തേക്ക് നീങ്ങുകയാണ്.

ജുസ്ഉ് -2

വിഭാഗം-17

മക്കാ ജീവിതകാലത്ത് നബി (ﷺ) ഖിബ്‌ലയായി (അഭിമുഖകേന്ദ്രമായി) നമസ്കാരത്തിൽ അംഗീകരിച്ചു പോന്നത് കഅ്ബയായിരുന്നുവെന്നും, ബൈത്തുൽ മുഖദ്ദസായിരുന്നുവെന്നും, അതല്ല, രണ്ടിനെയും അഭിമുഖീകരിച്ചുകൊണ്ടായിരുന്നു നമസ്കരിച്ചിരുന്നതെന്നുമൊക്കെ അഭിപ്രായങ്ങൾ കാണാം. ഏതായാലും അത് അല്ലാഹുവിൽ നിന്നുള്ള വല്ല പ്രത്യേക കൽപനയും അനുസരിച്ചായിരുന്നുവോ, അല്ലേ എന്നുള്ളതിന് പറയത്തക്ക തെളിവുകളൊന്നുമില്ല. മദീനായിൽ ചെന്നശേഷം, പതിനാറോ, പതിനേഴോ മാസക്കാലം ബൈത്തുൽ മുഖദ്ദസിനെ ഖിബ്‌ലയാക്കിക്കൊണ്ടായിരുന്നു നബി (ﷺ) യും സത്യവിശ്വാസികളും നമസ്കരിച്ചിരുന്നത്. മദീന ജൂതൻമാരുടെ അധിവാസകേന്ദ്രമായിരുന്നതുകൊണ്ട് അവരെ ഇസ്‌ലാമിലേക്ക് ആകർഷിക്കുവാനുള്ള ഒരു മാർഗ്ഗമെന്ന നിലക്ക് കൂടിയായിരുന്നു അതെന്ന് പറയപ്പെടുന്നു. ഇതും അല്ലാഹുവിങ്കൽനിന്നുള്ള വല്ല കൽപന പ്രകാരമായിരുന്നുവോ അല്ലേ എന്ന് ഉറപ്പിക്കത്തക്ക തെളിവുകൾ കാണുന്നില്ല. എങ്കിലും അല്ലാഹുവിങ്കൽ നിന്ന് വഹ്‌യ് മൂലമുള്ള ഒരു നിർദ്ദേശമനുസരിച്ചായിരുന്നു ഇതെന്ന് അടുത്ത വചനത്തിൽ നിന്ന് മനസ്സിലാകുന്നുവെന്നു മാത്രം. വാസ്തവം അല്ലാഹുവിനറിയാം.

യഹൂദികളാകട്ടെ, ഇതിൽ നിന്ന് മുതലെടുക്കുവാൻ തുടങ്ങി. മുഹമ്മദും കൂട്ടരും ഞങ്ങളുടെ ഖിബ്‌ല സ്വീകരിച്ചത് ഞങ്ങളുടെ മാർഗ്ഗം ശരിയാണെന്നുള്ളതുകൊണ്ടാണല്ലോ. ആ സ്ഥിതിക്ക് ഞങ്ങളെ അവരുടെ പുതിയ മതത്തിലേക്ക് അങ്ങോട്ട് ക്ഷണിക്കുകയല്ല-അവർ ഞങ്ങളുടെ മതത്തിലേക്ക് ഇങ്ങോട്ട് വരികയാണ്- വേണ്ടത് എന്നും മറ്റും അവർ അഹങ്കരിക്കുകയായി. അതേ അവസരത്തിൽ, അറബികളായ മുസ്‌ലിംകൾക്കോ? കഅ്ബയോടുള്ള അചഞ്ചലമായ ബഹുമാനവും, യഹൂദികളുടെ ദുഷ്പ്രചാരണവും അഹങ്കാരവും കാരണം വളരെ മനപ്രയാസവും നബി (ﷺ) തിരുമേനിയെ സംബന്ധിച്ചിടത്തോളം, കഅ്ബയെത്തന്നെ ഖിബ്‌ലയായി അംഗീകരിച്ചു കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹവുമായി. അതുസംബന്ധിച്ച് വഹ്‌യു വരുന്നതും പ്രതീക്ഷിച്ച് അവിടുന്ന് മേൽപോട്ട് നോക്കിക്കൊണ്ടിരിക്കുക പതിവായിരുന്നു. എങ്കിലും തിരുമേനി മൗനമവലംബിക്കുകയാണ് ചെയ്തിരുന്നത്. കൽപന കിട്ടാതെ ഒന്നും പ്രവർത്തിക്കുന്നത് ശരിയല്ലല്ലോ. അങ്ങിനെയിരിക്കെ, നബി (ﷺ) യുടെ ആഗ്രഹം അനുസരിച്ച് ഖുർആൻ അവതരിക്കുകയും, കൽപന കിട്ടുകയും ചെയ്തു. ഇതോടുകൂടി, ഇസ്‌ലാമിൻെറ ശത്രുക്കളിൽ നിന്ന് പുതിയ ആരോപണങ്ങളും ആക്ഷേപങ്ങളും ഉയർന്നു. ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുവാൻ അവർ ഇതൊരു ആയുധമാക്കി. തുടർന്നുള്ള ഏതാനും വചനങ്ങളിലെ സംസാരവിഷയം ഇതാകുന്നു. അല്ലാഹു പറയുന്നു:-

۞ سَيَقُولُ ٱلسُّفَهَآءُ مِنَ ٱلنَّاسِ مَا وَلَّىٰهُمْ عَن قِبْلَتِهِمُ ٱلَّتِى كَانُوا۟ عَلَيْهَا ۚ قُل لِّلَّهِ ٱلْمَشْرِقُ وَٱلْمَغْرِبُ ۚ يَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿١٤٢﴾

142 മനുഷ്യരിൽ നിന്നുള്ള ഭോഷന്മാർ (അടുത്ത ഭാവിയിൽ) പറയും: ''ഇവർ (ഇതേവരെ) യാതൊരു ഖിബ്‌ലയിൽ (നിലകൊള്ളുന്നവർ) ആയിരുന്നുവോ അതിൽനിന്ന് ഇവരെ തിരിച്ചുവിട്ടതെന്താണ്?!'' പറയുക: ''അല്ലാഹുവിൻേറതാണ് ഉദയ സ്ഥാനവും, അസ്തമന സ്ഥാനവും. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരേയുള്ള [ചൊവ്വായ] പാതയിലേക്ക് വഴി ചേർക്കുന്നതാണ്.''

---

142 سيقُولُ പറഞ്ഞേക്കും, വഴിയെ പറയും. السفهاءُ ഭോഷൻമാർ. من الناس മനുഷ്യരിൽനിന്ന്. ما ولاهم അവരെ തിരിച്ചതെന്താണ്. عن قبلتهم അവരുടെ ഖിബ്‌ലയിൽനിന്ന്. التي كانوا അവർ ആയിരുന്നതായ. عليها അതിൽ (നിലകൊള്ളുന്നവർ) . قُلْ പറയുക. للّٰه അല്ലാഹുവിൻെറതാണ്. المشرق ഉദയ

സ്ഥാനം. **و المغرب** അസ്തമനസ്ഥാനവും. **يهدي** അവൻ വഴി ചേർക്കുന്നു, മാർഗ്ഗദർശനം നൽകുന്നു. **من يشاء** അവൻ ഉദ്ദേശിക്കുന്നവരെ. **إلى صراط** പാതയിലേക്ക്. **مستقيم** നേരെയുള്ള, ചൊവ്വായ.

മുമ്പു പറഞ്ഞതുപോലെ, ഏതാനും മാസക്കാലം ബൈത്തുൽ മുഖദ്ദസ് ഖിബ് ലയായി സ്വീകരിക്കപ്പെട്ടതിനുശേഷം, കഅ്ബയെ സ്ഥിരം ഖിബ്‌ലയാക്കി നിയമിച്ചുകൊണ്ടവതരിച്ച വചനങ്ങളാണ് ഇതും തുടർന്നുള്ള ചില വചനങ്ങളും. ഖിബ്‌ല മാറ്റി നിശ്ചയിച്ചുകൊണ്ടുള്ള യഥാർത്ഥ കൽപന അടുത്ത രണ്ടാമത്തെ (144-ാം) വചനത്തിലാണുള്ളത്. അതിനു മുമ്പു തന്നെ, ആ മാറ്റത്തെത്തുടർന്ന് ശത്രുപക്ഷക്കാരിൽ നിന്നുണ്ടാവാൻ പോകുന്ന ആരോപണങ്ങളെപ്പറ്റി അല്ലാഹു മുൻകൂട്ടി അറിയിക്കുകയാണ്. അതുകൊണ്ടാണ് അടുത്ത ഭാവിയിൽ പറയും എന്ന അർത്ഥത്തിലുള്ള سيقول എന്ന വാക്ക് ഉപയോഗിച്ചത്. ആരോപണങ്ങൾക്കുള്ള മറുപടിയും അതോടൊപ്പം അറിയിച്ചിരിക്കുന്നു.

കൽപന വരേണ്ട താമസമേ ഉണ്ടായുള്ളു. ശത്രുചേരികളിൽ കോലാഹലങ്ങളും തുടങ്ങി. പൂർവ്വ പ്രവാചകൻമാരുടെ ഖിബ്‌ലയെ-(ബൈത്തുൽ മുഖദ്ദസിനെ) മുഹമ്മദ് പുറംതള്ളിക്കളഞ്ഞു. അതിലേക്ക് വീണ്ടും തിരിച്ചുവരാതെ ഞങ്ങളവനെ സ്വീകരിക്കുകയില്ല. എന്നും മററും യഹൂദികൾ പറഞ്ഞുവന്നു. മുഹമ്മദിന് ഒന്നിലും സ്ഥിരതയില്ല. ഒരിക്കൽ തൻെറ പിതാക്കളുടെ ഖിബ്‌ല (കഅ്ബ) വേണ്ടെന്നുവെച്ചു. ഇപ്പോഴിതാ വീണ്ടും അതുതന്നെ സ്വീകരിച്ചിരിക്കുന്നു. കുറേ കഴിയുമ്പോൾ, ഇതുപോലെ ഞങ്ങളുടെ (വിഗ്രഹ) മതത്തിലേക്കുതന്നെ അവൻ തിരിച്ചു വന്നേക്കും എന്നിങ്ങിനെ അറബി മുശ്രിക്കുകളും. കപടവിശ്വാസികൾക്ക് സ്വന്തമായ ഒരുറച്ച നിലപാടില്ലാത്തതുകൊണ്ട് അവസരം പോലെ അവരും അതെല്ലാം ഏറ്റുപാടുകയും ചെയ്തു.

അധികം ഒച്ചപ്പാടുണ്ടാക്കിയതും, ദുർബ്ബലഹൃദയരായ മുസ്‌ലിംകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ കാരണമാക്കിയതും ചില യഹൂദികളായിരുന്നു. 'മുഹമ്മദിൻെറ മതം അല്ലാഹുവിൽ നിന്നുള്ളതല്ല. ആണെന്നുണ്ടെങ്കിൽ ഒരിക്കൽ നടപ്പാക്കിയ നിയമം അവൻ പിന്നീടു മാറ്റുകയില്ല.(*) സ്വയം നിർമ്മിക്കുന്ന മതമായതുകൊണ്ടാണ് ഇങ്ങിനെ മാറ്റേണ്ടി വരുന്നത്.' എന്നു പറഞ്ഞുകൊണ്ട് അവർ അവരെ ആശയക്കുഴപ്പത്തിലാക്കിയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഖിബ്‌ല മാറ്റിയത് നിമിത്തം മതത്തിൻെറ അടിത്തറതന്നെ പൊളിഞ്ഞു പോയതായി ശത്രുക്കൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നു. ഈ ആരോപണങ്ങളെക്കുറിച്ചോ, അവയുടെ വക്താക്കളെക്കുറിച്ചോ വിശദീകരണമൊന്നും കൂടാതെ അവയെല്ലാം ഉൾക്കൊള്ളുന്ന ഒരൊറ്റവാക്യംകൊണ്ട് അല്ലാഹു മതിയാക്കിയിരിക്കുകയാണ്:
... سيقول السفهاء (മനുഷ്യരിൽ നിന്നുള്ള ഭോഷൻമാർ പറയും:. ഇവർ ഇതേവരെ നിലകൊണ്ടിരുന്നതായ ഖിബ്‌ലയിൽ നിന്നു ഇവരെ തിരിച്ചു വിട്ടതെന്താണെന്ന്) ആ ആരോപണങ്ങളെല്ലാം തനിഭോഷത്വമാണെന്നും, ഒന്നും മറുപടി അർഹിക്കുന്നില്ലെന്നും സാരം. അവയത്രയും നിരർത്ഥങ്ങളാണെന്നു കാണിക്കുന്ന ഒരു യാഥാർത്ഥ്യം അവരെ ഓർമ്മിപ്പിക്കുവാൻ നബി (ﷺ) യോട് കൽപിക്കുകയും ചെയ്തിരിക്കുന്നു: قل لله المشرق والمغرب (പറയുക: അല്ലാഹുവിനുള്ളതാണ് ഉദയസ്ഥാനവും അസ്തമനസ്ഥാനവും) കിഴക്കും പടിഞ്ഞാറുമെല്ലാം-അഥവാ ഭൂമിയുടെ മുഴുവൻ ഭാഗവും- അല്ലാഹുവിനുള്ളതാണ്. ഏതെങ്കിലും ഒരു നിശ്ചിത സ്ഥാനം ഖിബ്‌ലയാക്കി ആ ഭാഗത്തേക്ക് തിരിയുവാൻ അവൻ കൽപിച്ചാൽ അങ്ങോട്ടു തിരിയണമെന്നല്ലാതെ, ഇന്നഭാഗത്തേക്ക് തിരിയൽ അനിവാര്യമാണെന്നു വരത്തക്ക പ്രത്യേകത ഒരിടത്തിനുമില്ല

---

* മതപരമായ ഒരു വിധി മാറ്റി അതിൻെറ സ്ഥാനത്ത് മറ്റൊരു വിധിക്കൊണ്ടു വരുക എന്ന അർത്ഥത്തിലുള്ള 'നസ്ഖ്' (نسخ)നെ യഹൂദികൾ പാടേ നിഷേധിച്ചിരുന്നു. ഇതിനെപ്പറ്റി 106-ാം വചനത്തിലും വ്യാഖ്യാനത്തിലും മുഖവുരയിലും മുമ്പ് വിവരിച്ചിട്ടുണ്ട്.

എന്നാണ് ഈ വാക്യത്തിൻെറ സാരം. (115-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ ഈ വാക്യത്തെപ്പറ്റി മുമ്പു വിവരിച്ചത് ഓർക്കുക.)

ഇന്ന ഭാഗത്തേക്കു തിരിയണം എന്നു അല്ലാഹു കൽപിച്ചാൽ യുക്തിമത്തായ ചില തത്വങ്ങൾ അതിലുണ്ടായിരിക്കുമെന്ന് തീർച്ചയാണ്. അത് ചോദ്യം ചെയ്യുവാൻ മനുഷ്യർക്ക് അധികാരമില്ല. നിരുപാധികം ആ കൽപന അനുസരിക്കലാണ് മനുഷ്യരുടെ കടമ. അതാണ് നേർക്കുനേരെയുള്ള മാർഗ്ഗം. ആ മാർഗ്ഗമാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അല്ലാഹു ഉദ്ദേശിച്ചവർക്കേ അതിനുള്ള ഭാഗ്യം ലഭിക്കുകയുള്ളൂ. അങ്ങിനെ, ഇബ്റാഹീം (عليه السلام) നബിയാൽ തൗഹീദിൻെറ കേന്ദ്രമായി സ്ഥാപിക്കപ്പെട്ട കഅബ്‌യെ ഖിബ്‌ലയാക്കുവാനുള്ള ഭാഗ്യം അല്ലാഹു ഞങ്ങൾക്ക് തന്നനുഗ്രഹിച്ചിരിക്കുന്നു. എന്നൊക്കെയാണ്..... يهدى من يشاء (അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് വഴി കാട്ടുന്നു.) എന്ന വാക്യത്തിലടങ്ങിയ ആശയം. സത്യവിശ്വാസികളോട് അല്ലാഹു പറയുന്നു:-

وَكَذَٰلِكَ جَعَلْنَٰكُمْ أُمَّةً وَسَطًا لِّتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ وَيَكُونَ ٱلرَّسُولُ عَلَيْكُمْ شَهِيدًا ۗ وَمَا جَعَلْنَا ٱلْقِبْلَةَ ٱلَّتِى كُنتَ عَلَيْهَآ إِلَّا لِنَعْلَمَ مَن يَتَّبِعُ ٱلرَّسُولَ مِمَّن يَنقَلِبُ عَلَىٰ عَقِبَيْهِ ۚ وَإِن كَانَتْ لَكَبِيرَةً إِلَّا عَلَى ٱلَّذِينَ هَدَى ٱللَّهُ ۗ وَمَا كَانَ ٱللَّهُ لِيُضِيعَ إِيمَٰنَكُمْ ۚ إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ ١٤٣

143 അപ്രകാരം, നാം നിങ്ങളെ ഒരു മദ്ധ്യമ (അഥവാ ഉത്തമ) സമുദായമാക്കുകയും ചെയ്തിരിക്കുന്നു; നിങ്ങൾ മനുഷ്യരുടെ മേൽ സാക്ഷ്യം വഹിക്കുന്നവരായിരിക്കുവാനും, നിങ്ങളുടെമേൽ റസൂൽ സാക്ഷ്യം വഹിക്കുന്നവനായിരിക്കുവാനും വേണ്ടി (യത്രെ അത്) . നീ (ഇതേവരെ) യാതൊരു ഖിബ്‌ലയിൽ (നിലകൊള്ളുന്നവൻ) ആയിരുന്നുവോ അതിനെ നാം ഏർപ്പെടുത്തിയിട്ടില്ല. (വന്നപാടെ) മടമ്പുകളിൽ തിരിഞ്ഞു (മടങ്ങി) പോകുന്നവരിൽ നിന്ന് റസൂലിനെ പിൻപറ്റുന്നവരെ നമുക്ക് (വേർതിരിച്ച്) അറിയുവാൻ വേണ്ടിയല്ലാതെ. അല്ലാഹു നേർമാർഗ്ഗത്തിലാക്കിയവർക്കൊഴികെ അത് ഒരു വലിയ കാര്യം തന്നെയാകുന്നു. നിങ്ങളുടെ സത്യ വിശ്വാസം പാഴാക്കിക്കളയുവാൻ അല്ലാഹു(വിന് ഉദ്ദേശ്യം) ഇല്ല. നിശ്ചയമായും അല്ലാഹു മനുഷ്യരോട് ദയാലുവും കരുണാനിധിയും തന്നെ.

---

143 **و كَذَلِكَ** അപ്രകാരം. **جعلناكُم** നിങ്ങളെ നാം ആക്കി. **أمةً** ഒരു സമുദായം. **وسطًا** മദ്ധ്യമ, മദ്ധ്യനിലയിലുള്ള(ഉത്തമ) . **لتكُونوا** നിങ്ങളായിരിക്കുവാൻവേണ്ടി. **شهداءَ** സാക്ഷികൾ. **على الناس** മനുഷ്യർക്ക്, മനുഷ്യരുടെമേൽ. **و يكُونَ الرسولُ** റസൂൽ ആയിരിക്കുവാനും. **عليكُم** നിങ്ങൾക്ക്, നിങ്ങളുടെ മേൽ. **شهيدا** സാക്ഷി. **و ما جعلنا** നാം ആക്കി (ഏർപ്പെടുത്തി) യിട്ടില്ല. **القبلةَ التي** യാതൊരു ഖിബ്‌ലയെ. **كُنتَ** നീ ആയിരുന്നു. **عليها** അതിൽ. **إلا لنعلم** നാം (നമുക്ക്) അറിയുവാനല്ലാതെ. **من يتبع** ആർ പിൻപറ്റുമെന്ന്, പിൻപറ്റുന്നതാരെന്ന്. **الرسولَ** റസൂലിനെ. **ممن ينقلب** മറിഞ്ഞു (തിരിഞ്ഞു മടങ്ങി) പോകുന്നവരിൽ നിന്ന്. **على عقبيه** തൻെറ കുതി (മടമ്പ്) കാലുകളിൽ. **و إن كانت** അത് ആയിരിക്കുന്നു.. **لكَبِيرةً** ഒരു വലിയ കാര്യം തന്നെ. **إلا** ഒഴികെ. **على الذين** യാതൊരുവരുടെ മേൽ. **هدى الله** അല്ലാഹു നേർമാർഗ്ഗത്തിലാക്കി. **و ما كَانَ الله** അല്ലാഹു (തയ്യാർ) ഇല്ല, അല്ലാഹു (ഉദ്ദേശിക്കുന്നവൻ) അല്ല. **ليضيع** വിഫലമാക്കുന്നതിന്. **إيمانكُم** നിങ്ങളുടെ വിശ്വാസത്തെ. **إن الله** നിശ്ചയമായും അല്ലാഹു. **بِالناس** മനുഷ്യരോട്. **لَرؤُوف** ദയയുള്ളവൻ തന്നെ. **رحيم** കാരുണ്യമുള്ളവനും.

ഈ വചനത്തിൽ പല വിഷയങ്ങളും അടങ്ങിയിരിക്കുന്നു. അവ ഇങ്ങിനെ വിവരിക്കാം: (ഒന്ന്) ഖിബ്‌ലയുടെ കാര്യത്തിൽ നിങ്ങളെ അല്ലാഹു നേർമാർഗ്ഗത്തിലാക്കിയിട്ടുള്ളതുപോലെ, നിങ്ങളെ അവൻ ഒരു ഉത്തമ സമുദായമാക്കുകയും ചെയ്തിരിക്കുന്നു. وكذلك جعلنا كم امة وسط എന്ന് അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. وسط (വസത്വ്) എന്ന വാക്കിന് 'മദ്ധ്യമം, മദ്ധ്യത്തിലുള്ളത് ' എന്നിങ്ങനെയാണ് വാക്കർത്ഥം. 'ഉത്തമമായത്, ശ്രേഷ്ഠമായത്, മിതമായത്' എന്നിങ്ങനെയുള്ള ഉദ്ദേശ്യങ്ങളിൽ അത് ഉപയോഗിക്കപ്പെടുന്നു. സയ്യിദ്ഖുത്ത്ബ് ചൂണ്ടിക്കാണിച്ചതുപോലെ, ആ വാക്കിന് ഏത് അർത്ഥം കൽപിച്ചാലും ശരി, മുസ്‌ലിം സമുദായം ആ വിശേഷണത്തിന് അർഹർതന്നെ. വിശ്വാസാചാരങ്ങളിലും, വിചാരവികാരാദികളിലുമെല്ലാം തന്നെ. അവർ മറ്റു സമുദായങ്ങളെ അപേക്ഷിച്ച് മദ്ധ്യനിലയിലുള്ളവരും, ശ്രേഷ്ഠൻമാരും, മിതത്വമുള്ളവരുമാകുന്നു. ഇബ്നുജരീർ (رحمه الله) അഭിപ്രായപ്പെട്ടതുപോലെ, ക്രിസ്ത്യാനികളുടെ മാതിരി മതത്തിൽ വെച്ചുകെട്ടി അതിരുകവിഞ്ഞവരോ യഹൂദികളുടെ മാതിരി മതത്തെ വെട്ടിച്ചുരിക്കയവരോ അല്ല മുസ്‌ലിം സമുദായം. മുസ്‌ലിം സമുദായം കൊണ്ട് ഇവിടെ വിവക്ഷ നാമമാത്രമായ മുസ്‌ലിംകളല്ലെന്നും, അല്ലാഹുവും റസൂലും കാണിച്ചു തന്ന യഥാർത്ഥ ഇസ്‌ലാമിനെ അംഗീകരിച്ച മുസ്‌ലിംകളാണെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

(രണ്ട്) ഈ സമുദായത്തെ മദ്ധ്യമ സമുദായം-അഥവാ ഉത്തമസമുദായം-ആക്കിയതിൻെറ പരിണിതഫലം അല്ലാഹു വിവരിച്ചത് ''നിങ്ങൾ മനുഷ്യരുടെമേൽ സാക്ഷ്യം വഹിക്കുന്നവരും, റസൂൽ നിങ്ങളുടെമേൽ സാക്ഷ്യം വഹിക്കുന്ന ആളും ആയിത്തീരുവാൻവേണ്ടി (لتكونوا شهداء على الناس.....) '' എന്നാണ്. ഈ സാക്ഷ്യംകൊണ്ടുള്ള വിവക്ഷയെപ്പറ്റി ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടു കാണാം. ഇഹത്തിൽവെച്ചുള്ള സാക്ഷ്യമാണെന്നും, പരലോകത്ത്വെച്ചുള്ള സാക്ഷ്യമാണെന്നും, ഇഹത്തിലും പരത്തിലും വെച്ചുള്ള സാക്ഷ്യമാണെന്നും അഭിപ്രായങ്ങളുണ്ട്. അവയുടെ ചുരുക്കം ഇങ്ങിനെ സംഗ്രഹിക്കാം; (1) വിശ്വാസാചാരങ്ങളിലും, കർമ്മപരമായ നടപടികളിലുമെല്ലാം മറ്റുള്ളവർക്ക് മാതൃകയും നേതൃത്വവും നൽകിക്കൊണ്ട് നിങ്ങൾ മനുഷ്യസമുദായങ്ങൾക്ക് സാക്ഷികളായിരിക്കണം. നിങ്ങളുടെ ജീവിതവും നടപടിക്രമങ്ങളും എപ്രകാരമായിരിക്കണമെന്നുള്ളതിന് നിങ്ങൾക്ക് മാതൃകയും നേതൃത്വവും നൽകികൊണ്ട് റസൂൽ (ﷺ) നിങ്ങൾക്കും സാക്ഷിയായിരിക്കും. (2) മറ്റുള്ളവർ സന്മാർഗ്ഗത്തിലാണോ, ദുർമാർഗ്ഗത്തിലാണോ എന്നുള്ളതിന് നിങ്ങൾ സാക്ഷ്യം വഹിക്കേണ്ടതുണ്ട്. അഥവാ നിങ്ങളുടെ സാൻമാർഗ്ഗിക ജീവിതത്തെ മാനദണ്ഡമാക്കിക്കൊണ്ടാണ് മറ്റുള്ളവരുടെ നൻമയും തിൻമയും അളക്കപ്പെടുക. നിങ്ങളുടെ നൻമയും തിൻമയുമാകട്ടെ, റസൂൽ കാണിച്ചും പഠിപ്പിച്ചും തന്നതിൻെറ അടിസ്ഥാനത്തിലും അളക്കപ്പെടും. (3) ദൃഷ്ടാന്തങ്ങളും വേദഗ്രന്ഥങ്ങളും മുഖേനയും, പ്രവാചകൻമാർ മുഖേനയും നിങ്ങൾക്ക് വേണ്ടത്ര തെളിവുകൾ ലഭിച്ചിട്ടുള്ളതു കൊണ്ട് മുൻകഴിഞ്ഞ പ്രവാചകൻമാർ അവരുടെ സമുദായങ്ങൾക്ക് സത്യമാർഗ്ഗം ഇന്നതാണെന്ന് ശരിക്കും വിവരിച്ചുകൊടുത്തിരിക്കുന്നുവെന്നും, സത്യമാർഗ്ഗം വിവരിച്ചു കൊടുക്കുന്നതിൽ ഒരു സമുദായത്തോടും അല്ലാഹു പിശുക്ക് കാണിച്ചിട്ടില്ലെന്നും നിങ്ങൾ പരലോകത്തു വെച്ച് അവർക്കെതിരെ സാക്ഷികളായിരിക്കുന്നതാണ്. അഥവാ സാക്ഷ്യം വഹിക്കേണ്ടവരാണ്. പ്രവാചകൻെറയും വേദഗ്രന്ഥത്തിൻെറയും അദ്ധ്യാപനങ്ങൾ നിങ്ങൾ ശരിക്ക് പാലിച്ചിട്ടുണ്ടോ ഇല്ലേ എന്നതിന് നിങ്ങളെ സംബന്ധിച്ച് റസൂലും സാക്ഷ്യം വഹിക്കുന്നതാണ്. പ്രത്യക്ഷത്തിൽ പരസ്പരം വ്യത്യസ്തങ്ങളായി തോന്നുന്ന ഈ വ്യാഖ്യാനങ്ങളിലെല്ലാം അടങ്ങിയിരിക്കുന്ന അടിസ്ഥാനതത്വം എല്ലാറ്റിലും ഒന്നുതന്നെയാണെന്ന് അൽപം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാകുന്നു. അതോടുകൂടി മറ്റൊരു വസ്തുതകൂടി ഇതിൽ നിന്ന് മനസ്സിലാക്കേണ്ടതുണ്ട്. അതായത്, ഈ സമുദായം മറ്റുള്ളവർക്ക് സാക്ഷിയായിത്തീരുന്നത് ഈ സമുദായത്തിൻെറ ശ്രേഷ്ഠതയായതോടൊപ്പം തന്നെ, മറ്റുസമുദായങ്ങളെ അപേക്ഷിച്ച് ഈ സമുദായത്തിൻെറ മേലുള്ള ഒരു വമ്പിച്ച ബാധ്യതകൂടിയാണ് അത് കുറിക്കുന്നത്. കാരണം, ആ സാക്ഷ്യത്തിനുള്ള അർഹതക്ക് കളങ്കം വരുത്താതെ സൂക്ഷിക്കേണ്ടത് മുസ്‌ലിം സമുദായത്തിൻെറ കടമയാകുന്നു.

ഈ വാക്യത്തിൻെറ അർത്ഥവിശാലതയിലേക്ക് വെളിച്ചം നൽകുന്നതും, സാക്ഷ്യത്തിൻെറ ചില ഉദാഹരണങ്ങൾ ഉൾക്കൊള്ളുന്നതുമായ പല ഹദീസുകളും രിവായത്തുളുംഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും, ഹദീസ് ഗ്രന്ഥങ്ങളിലും കാണാവുന്നതാണ്. ഉദാഹരണാർത്ഥം ചിലത് ഇവിടെ ഉദ്ധരിക്കാം; (1) ബുഖാരീ, മുസ്‌ലിം (ﷺ) മുതലായവർ അനസ് (ﷺ) പ്രസ്താവിച്ചതായി ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു: നബി (ﷺ) യും സഹാബികളും ഒരു ജനാസയൊന്നിച്ച് (മൃതദേഹം കൊണ്ടുപോകുന്ന കൂട്ടത്തിൽ) പോകുമ്പോൾ, ആ ആളെപ്പറ്റി ആരോ പുകഴ്ത്തിപ്പറയുകയുണ്ടായി. അപ്പോൾ നബി (ﷺ) : ''അതു സ്ഥിരപ്പെട്ടു'' എന്ന് മൂന്നു പ്രവാശ്യം പറഞ്ഞു. മറ്റൊരു ജനാസയൊന്നിച്ചു പോകുമ്പോൾ, ആ ആളെപ്പറ്റി മോശമായ നിലയിൽ പറയപ്പെട്ടു. അപ്പോഴും തിരുമേനി അതേമാതിരിത്തന്നെ പറഞ്ഞു. പിന്നീട് ഉമർ (ﷺ) ഇതിനെപ്പറ്റി ചോദിച്ചപ്പോൾ, തിരുമേനി പറഞ്ഞു: ''നിങ്ങൾ ആരെപ്പറ്റി നല്ല നിലയിൽ പുകഴ്ത്തിപ്പറയുന്നുവോ അവന് സ്വർഗ്ഗം സ്ഥിരപ്പെട്ടു. നിങ്ങൾ ആരെപ്പറ്റി മോശമായ നിലയിൽ പ്രസത്ാവിക്കുന്നുവോ അവന് നരകവും സ്ഥിരപ്പെട്ടു. നിങ്ങൾ ഭൂമിയിൽ അല്ലാഹുവിൻെറ സാക്ഷികളാകുന്നു.'' ഈ വാക്യം തിരുമേനി മൂന്ന് പ്രാവശ്യം പറയുകയുണ്ടായി. തിർമദീ (ﷺ) ഉദ്ധരിച്ച രിവായത്തിൽ, തിരുമേനി അപ്പോൾ.... وكذلك جعلنا كم എന്നുള്ള ഈ വചനം അവസാനംവരെ ഓതി എന്നുകൂടിയുണ്ട്. സത്യവിശ്വാസികൾ ഒരാളെക്കുറിച്ച് സ്തുതിച്ചു പറയുമ്പോൾ, അയാൾ ഒരു നല്ല മനുഷ്യനാണെന്നുള്ളതിൻെറയും, ഒരാളെപ്പറ്റി അവർ ദുഷിച്ചു പറയുമ്പോൾ, അയാൾ ഒരു ചീത്ത മനുഷ്യനാണെന്നുള്ളതിൻെറയും അടയാളമായിരിക്കും അത് എന്നത്രെ ഈ ഹദീസിലടങ്ങിയ തത്വം. ഈ വിഷയത്തിൽ ഇതുപോലെ വേറെയും ചില ഹദീസുകളും, രിവായത്തുകളും കാണാവുന്നതാണ്.

(2) ഇമാം അഹ്മദും (ﷺ) മറ്റു ചിലരും അബൂസഈദിൽ ഖുദ്‌രീ (ﷺ) പ്രസ്താവിച്ചതായി ഉദ്ധരിച്ച ഒരു ഹദീസിൻെറ ചുരുക്കം ഇങ്ങിനെയാണ്: ''ഖിയാമത്ത് നാളിൽ നബിമാരും അവരുടെ സമുദായങ്ങളും കൊണ്ടുവരപ്പെടും. ചിലരൊന്നിച്ച് ഒരാളോ, രണ്ടാളോ, അതിലധികമോ മാത്രമായിരിക്കും ഉണ്ടായിരിക്കുക. അങ്ങനെ, ഒരു നബിയുടെ ജനതയെ വിളിച്ചു നിങ്ങൾക്ക് ഇദ്ദേഹം പ്രബോധനം ചെയ്തിരുന്നുവോ എന്ന് ചോദിക്കപ്പെടും. ''ഇല്ല'' എന്ന് അവർ ഉത്തരം പറയും. ആ നബിയോട് ചോദിക്കുമ്പോൾ അദ്ദേഹം ''അതെ'' എന്നും പറയും. അപ്പോൾ, അദ്ദേഹത്തോട്: തനിക്ക് സാക്ഷിയായി ആരുണ്ട് എന്ന് ചോദിക്കപ്പെടും. അദ്ദേഹം മുഹമ്മദും അദ്ദേഹത്തിൻെറ സമുദായവും ഉണ്ടെന്ന് ഉത്തരം പറയും. ഇദ്ദേഹം ആ ജനതക്ക് പ്രബോധനം നൽകിയിട്ടുണ്ടോ എന്ന് അവരോട് ചോദിക്കപ്പെടും. അവർ ''ഉണ്ട് '' എന്ന് മറുപടി പറയും. നിങ്ങൾക്ക് അതിനെപ്പറ്റി വിവരം ലഭിച്ചത് എങ്ങിനെ എന്ന് ചോദിക്കപ്പെടും. അവർ പറയും: ''ഞങ്ങൾക്ക് ഞങ്ങളുടെ നബി വന്ന് വിവരിച്ചു തന്നിട്ടുണ്ട്, റസൂലുകൾ അവരവരുടെ ജനങ്ങൾക്ക് പ്രബോധനം നൽകിയിട്ടുണ്ടെന്ന്. അതാണ് അല്ലാഹു പറഞ്ഞത് ....وكذلك جعلنا كم امة (അതുപോലെ നിങ്ങളെ നാം ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു......) '' ഒരു രിവായത്തിൽ ഇങ്ങിനെയും കൂടി ഉണ്ട്: ''അപ്പോൾ മുഹമ്മദിനെ വരുത്തും. എന്നിട്ട് അദ്ദേഹത്തോട് തൻെറ സമുദായത്തെപ്പറ്റി ചോദിക്കും. അപ്പോൾ അദ്ദേഹം അവരെപ്പറ്റി വളർത്തിപ്പറയും. അവരെപ്പറ്റി അവർ മര്യാദക്കാരാണെന്ന് സാക്ഷ്യപ്പെടുത്തുകയുംചെയ്യും.'' ഈ ഹദീസിലെ വിഷയം ഉൾക്കൊള്ളുന്ന വേറെയും ചില ഹദീസുകൾ ബുഖാരിയിലും, മുസ്‌ലിമിലും മറ്റും കാണാവുന്നതാണ്.

എല്ലാ നബിമാരിലും വേദഗ്രന്ഥങ്ങളിലും വിശ്വസിക്കൽ മുസ്‌ലിംകൾക്ക് കടമയാണല്ലോ. ഇതിൽ നിന്നാണ് മറ്റുള്ള നബിമാരെയും സമുദായങ്ങളെയും സംബന്ധിച്ച് സാക്ഷ്യം വഹിക്കുവാൻ മുസ്‌ലിം സമുദായത്തിന് സാധ്യമാകുന്നത്. ചില നബിമാരൊന്നിച്ച് ഒന്നോ രണ്ടോ അതിലധികമോ ആളുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളുവെന്ന് പറഞ്ഞതിൻെറ സാരം, ആ നബിമാരിൽ വിശ്വസിച്ചവർ അത്രമാത്രമായിരിക്കുമെന്നും, അദ്ദേഹത്തിൻെറ ജനതയിൽ ബാക്കിയുള്ളവരെല്ലാം അവിശ്വാസികളായിരിക്കുമെന്നുമാകുന്നു.

(3) നബി (ﷺ) മദീനായിൽ വന്നതു മുതൽ ഇതുവരെ സ്വീകരിച്ചു വന്ന ഖിബ്‌ലയെ-ബൈത്തുൽ മുഖദ്ദസിനെ-താൽക്കാലിക ഖിബ്‌ലയാക്കി വെക്കുവാനുള്ള കാരണം, അതിൽ ആരൊക്കെയാണ് റസൂലിനെ പിൻപറ്റുകയെന്നും ആരൊക്കെയാണ് അതിൻെറ പേരിൽ (അവിശ്വാസത്തിലേക്ക് തന്നെ) മടങ്ങിപ്പോകുകയെന്നും പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു കണ്ടറിയുവാൻവേണ്ടി മാത്രമാണ് وما جعلنا القبلة التي كنت عليها എന്ന് അല്ലാഹു വ്യക്തമാക്കുന്നു. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം റസൂൽ (ﷺ) കൊണ്ടുവന്നതെന്തും ചോദ്യം ചെയ്യുകയോ, വിമർശിക്കുകയോ ചെയ്യാതെ സ്വീകരിക്കുകയാണ് അവരുടെ കടമ. അതിന് തയ്യാറില്ലാത്തവരുടെ വിശ്വാസം യഥാർത്ഥ വിശ്വാസമായിരിക്കുകയില്ല. അതുകൊണ്ടാണ് ഖിബ്‌ല മാറ്റം പോലെയുള്ള വല്ല പുതിയ വിധികളും നിയമങ്ങളും വരുമ്പോൾ അവർക്ക് സംശയവും ആശയക്കുഴപ്പവും നേരിടുന്നത്. 'വല്ല സൂറത്തും അവതരിക്കപ്പെടുമ്പോൾ...... സത്വവിശ്വാസി കൾക്ക് അത് വിശ്വാസം വർദ്ധിപ്പിക്കുകയും, അവർ സന്തോഷിക്കുകയും ചെയ്യുമെന്നും, ഹൃദയത്തിൽ രോഗമുള്ളവർക്ക് അത് മ്ളേച്ഛതയിൽകൂടി മ്ളേച്ഛത വർദ്ധിപ്പിക്കുകയായിരിക്കും ചെയ്യുക' എന്നും സൂ:തൗബ: 124,125 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് സ്മരണീയമ ാകുന്നു.

ഇബ്നു ഉമർ (رضي الله عنه) പ്രസ്താവിച്ചതായി ബുഖാരീ (رحمه الله) ഉദ്ധരിച്ചിരിക്കുന്നു. ''ഖുബായിലെ പള്ളിയിൽ വെച്ച് ജനങ്ങൾ സുബ്ഹ് നമസ്കരിക്കുമ്പോൾ, ഒരാൾ വന്നു ഇങ്ങിനെ പറഞ്ഞു: ''ഇന്ന് നബി (ﷺ) ക്ക് ചില ഖുർആൻ (വാക്യങ്ങൾ) അവതരിച്ചിട്ടുണ്ട്. തിരുമേനിയോട് കഅ്ബയുടെ നേരെ മുന്നിട്ട് നമസ്കരിക്കുവാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അങ്ങോട്ട് തിരിഞ്ഞുകൊള്ളുവിൻ. ഉടനെ, അവർ (അതേ നമസ്കാരത്തിൽവെച്ചുതന്നെ) അങ്ങോട്ട് തിരിഞ്ഞു.'' ഈ സംഭവം മുസ്‌ലിമും (رحمه الله) വേറെ മാർഗ്ഗത്തിലൂടെ ഉദ്ധരിച്ചിരിക്കുന്നു. തിർമദീ (رحمه الله) യുടെ രിവായത്തിൽ, അവർ റുകൂഉ് ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് അത് ഉണ്ടായതെന്നും, റുകൂഉ് ചെയ്തുകൊണ്ട് അപ്പാടെ തന്നെ അവർ വട്ടത്തിൽ തിരിഞ്ഞ് ഖിബ്‌ലിക്ക് നേരെ തിരിഞ്ഞു എന്നും കൂടി വന്നിരിക്കുന്നു. അതായത്, മുമ്പിലുള്ളവരും ഇമാമും പിമ്പിലും, പിന്നിലുള്ളവർ മുമ്പിലും വരത്തക്കവണ്ണം അർദ്ധവൃത്താകൃതിയിൽ അവർ നടന്നു തിരിഞ്ഞുവെന്നർത്ഥം. (കഅ്ബ അവിടെ നിന്ന് തെക്കുഭാഗത്തും, ബൈത്തുൽ മുഖദ്ദസ് വടക്കുഭാഗത്തുമായിട്ടാണ് സ്ഥിതിചെയ്യുന്നത്.) സത്യവിശ്വാസികൾ റസൂലിനെ പിൻപറ്റുന്ന വരായിരിക്കുമെന്നതിൻെറ ഒരു ഉത്തമ മാതൃകയാണ് ഖുബായിലെ ഈ സംഭവം. നേരെ മറിച്ച് ചില ആളുകൾ ഈ ഖിബ്‌ല മാറ്റത്തെത്തുടർന്ന് ഇസ്‌ലാമിനെത്തന്നെ ബഹിഷ്കരിച്ചു പോകുകയും ഉണ്ടായി. അപ്പോൾ, രണ്ടു കൂട്ടരെയും വേർതിരിച്ചറിയുവാനാണ് അങ്ങിനെ ചെയ്തതെന്ന് അല്ലാഹു പറഞ്ഞത് പ്രത്യക്ഷത്തിൽ പുലരുകയും ചെയ്തുവല്ലോ.

(4) അല്ലാഹു നേർമാർഗ്ഗത്തിലാക്കിയ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, ഈ ഖിബ്‌ല മാറ്റവും മറ്റും അത്ര വമ്പിച്ച കാര്യമൊന്നുമല്ല. റസൂൽ (ﷺ) മുഖേന നടപ്പാക്കപ്പെടുന്ന ഏതൊരു കാര്യത്തിലും അവർക്ക് ആശയക്കുഴപ്പമോ മനപ്രയാസമോ തോന്നുകയില്ല. ചോദ്യം ചെയ്യാതെ അത് അപ്പടി സ്വീകരിക്കുവാൻ അവർ ഒരുക്കമായിരിക്കും. എന്നാൽ, നേർമാർഗ്ഗം ലഭിച്ചിട്ടില്ലാത്തവർക്കാകട്ടെ, വലിയൊരു വിഷമമായിട്ടേ അതിനെ ഗണിക്കുവാൻ കഴിയുകയുള്ളു. وان كانت لكبيرة الا على الذين هدى الله അതെ, നാമമാത്ര വിശ്വാസികളും കപടവിശ്വാസി കളുമായുള്ളവർക്കും, അവിശ്വാസികൾക്കും ഇത്തരം കാര്യങ്ങൾ അനുകൂലിക്കുവാനും ന്യായീകരിക്കുവാനും കഴിയാതിരിക്കുക സ്വാഭാവികമാണ്. അതിൽ അൽഭുതപ്പെടുവാനൊന്നുമില്ല

ഇവിടെ ഒരു സംഗതി ചൂണ്ടിക്കാട്ടുന്നത് ആവശ്യമായിത്തോന്നുന്നു; അല്ലാഹു നേർമാർഗ്ഗം നൽകിയവരല്ലാത്തവരുടെ അടുക്കൽ ഇതൊരു വലിയ കാര്യമായിരിക്കുമെന്നും, ഉദയാസ്തമന സ്ഥാനങ്ങൾ അല്ലാഹുവിമേതാണെന്നും ഈ വചനത്തിലും, നിങ്ങൾ എവിടേക്ക് തിരിഞ്ഞാലും

അവിടെ അല്ലാഹുവിന്‍െറ മുഖമുണ്ടായിരിക്കുമെന്ന് 115-ാം വചനത്തിലും അല്ലാഹു പ്രസ്താവിച്ചതിനെപ്പറ്റി വിവരിക്കുന്ന മദ്ധ്യെ, ഇപ്പോള്‍ ചില ആളുകള്‍ കുറേ അതിരു കവിഞ്ഞതായി കാണുന്നു. ഖിബ്ലയെ അഭിമുഖീകരിക്കുകയെന്നത് ഒരു ചടങ്ങ് മാത്രമാണ് കൂടുതല്‍ പ്രാധാന്യമൊന്നും അതിനില്ലെന്നാണ് അവരുടെ വിവരണം കാണിക്കുന്നത്. തികച്ചും വാസ്തവവിരുദ്ധവും, ഇസ്ലാമിന്‍െറ ചിഹ്നങ്ങളില്‍പെട്ട ഒന്നിനെ നിസ്സാരമാക്കലുമാണിത്. ഇസ്ലാമിന്‍െറ ചിഹ്നങ്ങളെ ബഹുമാനിക്കേണ്ടതിന്‍െറ ആവശ്യകതയെപ്പറ്റി സൂറത്തുല്‍ ഹജ്ജ്: 30,32 എന്നീ വചനങ്ങളില്‍ അല്ലാഹു പ്രസ്താവിച്ചതിന്‍െറ വെളിച്ചത്തില്‍ പരിശോധിച്ചാല്‍, അതവര്‍ക്ക് ഗുണകരമല്ലെന്നും, ഹൃദയത്തില്‍ ഭയഭക്തിയുടെ കുറവാണതിന് കാരണമെന്നും വ്യക്തമാകുന്നതാണ്. (കൂടുതല്‍ വിവരം അവിടെ നോക്കുക) ഖിബ്ലയിലേക്ക് തിരിഞ്ഞു നില്‍ക്കുന്നതിന് അല്ലാഹു കല്‍പിക്കുന്ന പ്രാധാന്യം താഴെ 149,150 വചനങ്ങളില്‍ നിന്നും ശരിക്ക് മനസ്സിലാക്കാവുന്നതാണ്.

ഈ വിഷയകമായി മര്‍ഹൂം സയ്യിദുഖുത്തുബ് അദ്ദേഹത്തിന്‍െറ തഫ്സീറില്‍ ഈ വചനത്തിന്‍െറ വ്യാഖ്യാനത്തില്‍വെച്ച് ചെയ്തിട്ടുള്ള ഒരു ദീര്‍ഘമായ പ്രസ്താവനയുടെ സാരം ഇവിടെ ഉദ്ധരിക്കുന്നത് സന്ദര്‍ഭോചിതമായി തോന്നുന്നു. അതിങ്ങിനെ വായിക്കാം:-

'വിശ്വാസത്തിലും ഭാവനയിലും ആരാധനയിലും ഖിബ്ലയിലുമെല്ലാം തന്നെ, മുസ്ലിം സമുദായത്തിനും അതിമേതായ വിശേഷതകള്‍ അനിവാര്യമാണ്. എന്നാല്‍, ആരാധനാപരമായ ചിഹ്നങ്ങളിലും, ഖിബ്ലയിലുമുള്ളതുപോലെ, മറ്റൊന്നിലും ഈ പ്രത്യേകത അത്ര വ്യക്തമായി വെളിപ്പെട്ടു കാണുകയില്ല. ഇതില്‍ നിന്നാണു ആരാധനാ കര്‍മ്മങ്ങളുടെ ബാഹ്യരൂപങ്ങള്‍ പുലര്‍ത്തേണ്ടുന്ന ആവശ്യം നേരിടുന്നത്. അവയെപ്പറ്റിയും മാനുഷിക മനശാസ്ത്രത്തെപ്പറ്റിയും വേണ്ടതുപോലെ ചിന്തിക്കാത്തവര്‍ക്കു അവ കുടുസ്സായ ചില യാഥാസ്ഥിതികത്വങ്ങളായോ, ബാഹ്യമായ ചില ചടങ്ങുകളായോ തോന്നിയേക്കും. ദൃശ്യമായ ശരീരവും, അദൃശ്യമായ ആത്മാവും ചേര്‍ന്നുള്ള മനുഷ്യപ്രകൃതി തന്നെ ആവശ്യപ്പെടുന്നുണ്ട് അവന്‍െറ വിചാര വികാരങ്ങളെ ബാഹ്യത്തില്‍ പ്രകടിപ്പിക്കുന്നതിനുള്ള ചില കര്‍മ്മരൂപങ്ങള്‍ ഉണ്ടായിരിക്കണമെന്ന്. പ്രകൃത്യായുള്ള ഈ അടിസ്ഥാനത്തിലാണ് ഇസ്ലാം അതിന്‍െറ ആരാധനാപരമായ ചിഹ്നങ്ങളെ നിലനിറുത്തിയിരിക്കുന്നത്. വെറും ഉദ്ദേശ്യംകൊണ്ടോ, ആത്മസാന്നിദ്ധ്യം കൊണ്ടോ, ആ ലക്ഷ്യം നിറവേറുന്നതല്ല. അതിനാല്‍, ഇന്നഭാഗത്തേക്ക് തിരിഞ്ഞു നില്‍ക്കണം, ഇന്നപ്രകാരം കുമ്പിടണം, തലവെക്കണം, ഇന്നേടത്തുനിന്ന് 'ഇഹ്റാം' (ഹജ്ജിലും ഉംറഃയിലുള്ള പ്രവേശം) നടത്തണം, ഇന്ന വസ്ത്രം ധരിക്കണം, ഇന്നതുചൊല്ലണം, കരുതണം, ഇന്നത് തിന്നരുത്, ചെയ്യരുത് എന്നിങ്ങിനെ രൂപവും ഭാവവും ഓരോന്നിലും നിര്‍ണ്ണയിക്കാതെ പറ്റുകയില്ല. വിചാരവികാരങ്ങള്‍ ബാഹ്യമായി പ്രകടിപ്പിക്കേണ്ടതിനു അധികൃതമായ രൂപങ്ങള്‍ സ്വീകരിക്കപ്പെടാത്തതില്‍നിന്നാണ് കല്ല്, മരം, സൂര്യന്‍, നക്ഷത്രം, പക്ഷി, മൃഗം ആദിയായവയുടെ ആരാധനകള്‍ രൂപം കൊണ്ടിരിക്കുന്നത്.'

''ആകയാല്‍, ആരാധനാ സംബന്ധമായ ചിഹ്നങ്ങള്‍ക്കു ഒരു നിശ്ചിത രൂപം വേണമെന്ന മനുഷ്യപ്രകൃതിയുടെ ആവശ്യത്തെ ഇസ്ലാം സ്വാഗതം ചെയ്തു. അവന്‍െറ മനസ്സും ശരീരവ ുംകൊണ്ട് അവന്‍ അല്ലാഹുവിങ്കലേക്ക് മുന്നിടുമ്പോള്‍ എങ്ങോട്ടാണവന്‍ തിരിഞ്ഞു നില്‍ക്കേണ്ടതെന്നു നിശ്ചയിച്ചുകൊടുത്തു. പക്ഷേ, ഒരു നിബന്ധനയുണ്ട്: അല്ലാഹുവിന്‍െറ സത്തയെക്കുറിച്ചുള്ള യാതൊരു രൂപസങ്കല്‍പവും ഉണ്ടായിക്കൂടാ. അമുസ്ലിംകളുടേതായ പ്രത്യേകതകളില്‍ അവരോട് സാദൃശ്യം വഹിക്കുവാനും, അവരെ അനുകരിക്കുവാനും പാടില്ലെന്ന് വിലക്കിയതും ഈ പശ്ചാത്തലത്തില്‍ തന്നെ. ഇതൊക്കെ കേവലം ചില വര്‍ഗ്ഗീയ കാര്യങ്ങളോ, യാഥാസ്ഥിതികങ്ങളോ, ചടങ്ങുകളോ അല്ല. ബുദ്ധി, വിചാരം, വികാരം, മനസ്സ്, സ്വഭാവം, ആഭിമുഖ്യം, ആദിയായവയിലെല്ലാം ഒരു ജനതയെ ഇതര ജനതകളില്‍നിന്നു വേര്‍തിരിക്കുന്നതിനുള്ള നിദാനങ്ങളത്രെ അവ. റസൂല്‍ (ﷺ) അരുളിച്ചെയ്തതായി

അബുഹുറൈറ (ﷺ) പറയുന്നു: ‘‘ജൂതരും ക്രിസ്ത്യാനികളും (നരച്ച താടി മുടിക്ക്) വർണ്ണം കൊടുക്കാറില്ല. നിങ്ങൾ അവരോട് എതിരായിരിക്കണം.’’ (മാ;ബു;മു;ദാ.) നബി (ﷺ) തിരുമേനി ഒരു ജനക്കൂട്ടത്തിൽ വന്നപ്പോൾ അവർ എഴുന്നേറ്റു നിന്നു. തിരുമേനി പറഞ്ഞു: ‘‘അജമികൾ (പേർഷ്യക്കാർ തുടങ്ങിയ അനറബികൾ) തമ്മതമ്മിൽബഹുമാനപൂർവ്വം എഴുന്നേൽക്കാറുള്ളതുപോലെ നിങ്ങൾ എഴുന്നേൽക്കരുത്.’’ (ദാ;ജ) . തിരുമേനി പറഞ്ഞു: ‘‘ക്രിസ്ത്യാനികൾ മർയമിൻെറ മകനെ (ഈസാനബിയെ) അമിതപ്രശംസനടത്തിയതുപോലെ എന്നെ നിങ്ങൾ അമിത പ്രശംസ നടത്തരുത്. ഞാൻ ഒരു അടിയാൻ മാത്രമാകുന്നു. അല്ലാഹുവിൻെറ അടിയാനും അവൻെറ റസൂലും എന്നുപറഞ്ഞുകൊള്ളുക.’’ (ബു.) കാഴ്ചപ്പാട്, വസ്ത്രവേഷം, വാക്ക്, പ്രവൃത്തിപോലെയുള്ള എല്ലാറ്റിലും മുസ്‌ലിംകൾ മറ്റുള്ളവരോട് സാദൃശ്യം വഹിക്കൽ വിരോധിക്കപ്പെട്ടിരിക്കുന്നു. ഇതിൻെറയൊക്കെ പിന്നിലുള്ള കാരണം, വിചാരവികാരമാറ്റങ്ങൾക്കു അവ പ്രചോദനമാകുമെന്നുള്ളതാകുന്നു.’’ فى ظلال القرا ن

(5) നിങ്ങളുടെ സത്യവിശ്വാസത്തെ അല്ലാഹു പാഴാക്കിക്കളയുകയില്ല. وما كان الله ليضيع ايمانكم എന്ന് അല്ലാഹു സത്യവിശ്വാസികളെ സമാധാനിപ്പിക്കുന്നു. ബൈത്തുൽ മുഖദ്ദസ് മാറ്റി കഅ്ബയെ സ്ഥിരം ഖിബ്‌ലയാക്കി നിയമിച്ചപ്പോൾ, ആ ഇടക്കാലത്തിൽ മരണമടഞ്ഞ ചില സത്യവിശ്വാസികളുടെ നമസ്കാരത്തിൻെറ സ്ഥിതി എന്തായിരിക്കുമെന്ന് സഹാബികളിൽ ചിലർക്ക് സംശയം തോന്നി. ഇതിനുള്ള മറുപടിയാണിതെന്ന് ഹദീസുകളിൽ വന്നിരിക്കുന്നു. അപ്പോൾ, ‘നിങ്ങളുടെ സത്യവിശ്വാസത്തെ അല്ലാഹു പാഴാക്കുകയില്ല.’ എന്നു പറഞ്ഞതിൻെറ സാരം, സത്യവിശ്വാസത്തോടുകൂടി നിങ്ങൾ ചെയ്തിട്ടുള്ള നമസ്കാരം പോലെയുള്ള കർമ്മങ്ങളെ അല്ലാഹു വെറുതെയാക്കുകയില്ല അത് അവൻ സ്വീകരിക്കുകയും അതിന് പ്രതിഫലം നൽകുകയും ചെയ്യും-എന്നാണെന്ന് മനസ്സിലാക്കാം. ഇമാം ബുഖാരീ (ﷺ) മുതലായ ചില മഹാൻമാർ ايمانكم (നിങ്ങളുടെ സത്യവിശ്വാസം) എന്നു പറഞ്ഞത് കൊണ്ടുദ്ദേശ്യം ‘നിങ്ങളുടെ നമസ്കാരം’ എന്നാണെന്ന് പറയുന്നതിൻെറ താൽപര്യം ഇതിൽ നിന്ന് മനസ്സിലാക്കാം. ഒരു കൽപന നിരുപാധികം അനുസരിക്കുകയും, ആ അനുസരണം വിശ്വാസത്തോടുകൂടി ആയിരിക്കുകയും ചെയ്യുമ്പോൾ, ആ കൽപന പ്രകാരം ചെയ്യപ്പെടുന്ന കർമ്മങ്ങളെ സ്വീകാര്യമല്ലാതാക്കുന്നത് ദയയില്ലായ്മയും കാരുണ്യമില്ലായ്മയുമാണല്ലോ. അല്ലാഹുവാകട്ടെ മനുഷ്യരോട് വളരെ ദയയും വാൽസല്യവും ഉള്ളവനാണ്, വളരെ കാരുണ്യമുള്ളവനുമാണ്. എന്നിരിക്കെ, അവൻ നിങ്ങളുടെ ആ നമസ്ക്കാരങ്ങളെ പാഴാക്കുമെന്ന് നിങ്ങൾ ഒരിക്കലും വിചാരിക്കേണ്ടതില്ല എന്നും അവസാനം അവരെ ഉണർത്തുന്നു.
ان الله بالناس لرؤف رحيم

ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ‘‘ഒരു യുദ്ധത്തിൽ ബന്ധനസ്ഥരായവരുടെ കൂട്ടത്തിൽ ഒരു സ്ത്രീയെ നബി (ﷺ) കണ്ടു. അവളുടെ കുട്ടി അവളിൽ നിന്നും കൈവിട്ടുപോയിരുന്നു. അവൾ അവളുടെ കുട്ടിയെ തിരഞ്ഞു കൊണ്ട് ചുറ്റി നടക്കുകയായി. ഇടക്കുവെച്ച് കാണുന്ന കുട്ടികളെയെല്ലാം എടുത്ത് അവൾ മാറോടണപ്പിക്കും. സ്വന്തം കുട്ടിയെ കണ്ട ഉടനെ അതിനെ എടുത്ത് അണച്ചുപിടിച്ച് അതിനു മുല കൊടുത്തു. തിരുമേനി ഇത് കണ്ട് (സഹാബികളോട്) ചോദിച്ചു: ഇവളുടെ കുട്ടിയെ തീയിൽ ഇടാതിരിക്കുവാൻ ഇവൾക്ക് കഴിവുള്ളപ്പോൾ, ഇവൾ ഇവളുടെ കുട്ടിയെ തീയിൽ ഇട്ടേക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? -അവർ ഉത്തരം പറഞ്ഞു: ഇല്ല- റസൂലേ അപ്പോൾ, തിരുമേനി പറഞ്ഞു: എന്നാൽ, അല്ലാഹു അവൻെറ അടിയാൻമാരോട് ഇവൾക്ക് ഇവളുടെ കുട്ടിയോടുള്ളതിനെക്കാൾ കാരുണ്യമേറിയവനാകുന്നു.’’ (ബുഖാരി) അല്ലാഹുവേ! നീ ഞങ്ങളെയെല്ലാം നിൻെറ വിശാലമായ കാരുണ്യത്തിന് പാത്രമാക്കേണമേ!

144 (നബിയേ) , നിൻെറ മുഖം ആകാശ ത്തിൽ (നോട്ടമിട്ടു) തിരിഞ്ഞുകൊണ്ടിരി

قَدْ نَرَىٰ تَقَلُّبَ وَجْهِكَ فِي ٱلسَّمَآءِ ۖ فَلَنُوَلِّيَنَّكَ

قِبْلَةً تَرْضَىٰهَا ۚ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۚ وَحَيْثُ مَا كُنتُمْ فَوَلُّوا۟ وُجُوهَكُمْ شَطْرَهُۥ ۗ وَإِنَّ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ لَيَعْلَمُونَ أَنَّهُ ٱلْحَقُّ مِن رَّبِّهِمْ ۗ وَمَا ٱللَّهُ بِغَـٰفِلٍ عَمَّا يَعْمَلُونَ ﴿١٤٤﴾

ക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ, നീ തൃപ്തിപ്പെടുന്നതായ ഒരു ഖിബ്‌ല (യിലേ) ക്ക് നാം നിന്നെ നിശ്ചയമായും തിരിച്ചുതരാം. ഇനി, നിൻെറ മുഖത്തെ 'മസ്ജിദുൽ ഹറാമി'ൻെറ നേർക്ക് നീ തിരിച്ചു കൊള്ളുക. നിങ്ങൾ എവിടെയാ യാലും നിങ്ങളുടെ മുഖങ്ങളെ അതിൻെറ നേർക്ക് തിരിച്ചുകൊള്ളുവിൻ. നിശ്ചയ മായും, വേദഗ്രന്ഥം നൽകപ്പെട്ടവർക്ക് അറിയാം, അത് അവരുടെ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥമാകുന്നുവെന്ന്. അവ ർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാ ഹു അശ്രദ്ധനൊന്നുമല്ല.

---

144 **قَدْ نرى** നാം കാണുന്നുണ്ട്. **تقلب** തിരിഞ്ഞു (മറിഞ്ഞു) കൊണ്ടിരിക്കുന്നത്. **وجهك** നൻെറ മുഖം. **في السماءِ** ആകാശത്തിൽ. **فَلَنولينك** അതിനാൽ (എന്നാൽ) നാം നിശ്ചയമായും നിന്നെ തിരിച്ചുതരാം, തന്നിരിക്കുന്നു.. **قبلةً** ഒരു ഖിബ്‌ല(യിലേ) ക്ക്, അഭിമുഖകേന്ദ്രത്തിന്. **ترضاها** അതിനെ നീ തൃപ്തിപ്പെടുത്തുന്നു. **فَوَل** ഇനി (അതിനാൽ) നീ തിരിക്കുക. **وجهك** നിൻെറ മുഖം. **شطر** നേരെ ഭാഗത്തേക്ക്. **المسجدِ الحرام** മസ്ജിദുൽ ഹറാമിൻെറ, പവിത്രമായ പള്ളിയുടെ. **وحيثُما كُنتم** നിങ്ങൾ എവിടെയായാലും ആകുന്നിടത്ത് വെച്ച്. **فَولوا** നിങ്ങൾ തിരിക്കുവിൻ. **وجوهكُم** നിങ്ങളുടെ മുഖങ്ങളെ. **شطره** അതിൻെറ നേരെ. **و إن الذين** നിശ്ചയമായും യാതൊരുകൂട്ടർ. **أُوتوا الكتاب** അവർക്ക് ഗ്രന്ഥം നൽകപ്പെട്ടിരിക്കുന്നു. **لَيعلمونَ** അവർ അറിയുകതന്നെ ചെയ്യും. **أنه** അതാണെന്ന്. **الحق** യഥാർത്ഥം, ന്യായമായത് . **من ربهم** തങ്ങളുടെ റബ്ബിൽനിന്ന് . **و ما اللهُ** അല്ലാഹു അല്ലതാനും. **بِغافلٍ** അശ്രദ്ധനേ. **عما يعملونَ** അവർ പ്രവർത്തിക്കുന്ന(തിനെപ്പറ്റി) .

ബൈത്തുൽ മുഖദ്ദസ് ഖിബ്‌ലയായി സ്വീകരിച്ചുകൊണ്ടുള്ള താൽക്കാലിക നിയമം മാറ്റി തൽസ്ഥാനത്ത് കഅ്ബയെ സ്ഥിരം ഖിബ്‌ലയാക്കി നിയമിച്ചുകൊണ്ടുള്ള കൽപനയാണിത്. ഇബ്‌റാഹീം (عليه السلام) നബിയുടെ ഖിബ്‌ല മുസ്‌ലിംകളുടെ ഖിബ്‌ലയായി കിട്ടിയാൽ കൊള്ളാമെന്ന അതിയായ മോഹവും, തങ്ങളുടെ മതം സ്വീകരിക്കാതെ തങ്ങളുടെ ഖിബ്‌ലയെ അംഗീകരിച്ചിരിക്കുകയാണെന്ന് പറഞ്ഞുകൊണ്ട് യഹൂദികളിൽനിന്നുള്ള സ്വൈര്യക്കേടും നിമിത്തം, അല്ലാഹുവിങ്കൽ നിന്ന് വല്ല വഹ്‌യും പ്രതീക്ഷിച്ചുകൊണ്ട് നബി (ﷺ) ആവേശപൂർവ്വം മേൽപോട്ട് നോക്കാറുണ്ടായിരുന്നു. **تقلب** (തിരിഞ്ഞുമറിഞ്ഞുകൊണ്ടിരിക്കുക) എന്ന പദം ഉപയോഗിച്ചതിൽ നിന്ന് നബി (ﷺ) പലപ്പോഴും അങ്ങിനെ ചെയ്തിരുന്നുവെന്നും, ആഗ്രഹം മനസ്സിൽ അടക്കി വെക്കുകയല്ലാതെ പുറത്ത് പറയാറുണ്ടായിരുന്നില്ലെന്നും മനസ്സിലാകുന്നു. അതൊക്കെ നാം കാണുന്നുണ്ട്, ആ ആഗ്രഹം നാം നിറവേറ്റിത്തരാം, താൻ ആശിക്കുന്ന ഖിബ്‌ല തന്നെ തനിക്ക് നിയമിച്ചുതരാം എന്നിങ്ങനെയുള്ള സന്തോഷസൂചകമായ ഒരു മുഖവുരയോടു കൂടിയാണ് ഈ കൽപന അല്ലാഹു നബി (ﷺ) യെ അറിയിക്കുന്നത്.

ഹിജ്ര രണ്ടാംകൊല്ലത്തിലാണ് ഈ കല്പന അവതരിച്ചത്. ഇതിനുശേഷം കഅ്ബയിലേക്ക് തിരിഞ്ഞുകൊണ്ട് നബി (ﷺ) ആദ്യം നമസ്കരിച്ചത് അസർ നമസ്കാരമായിരുന്നുവെന്ന് ബുഖാരിയും മുസ്‌ലിമും (رحمهما الله) ഉദ്ധരിച്ച ഹദീസിൽ വന്നിരിക്കുന്നു. നബി (ﷺ) ഒന്നാമതായി സ്ഥാപിച്ച ഖുബായിലെ പള്ളി മദീനായിൽ നിന്ന് രണ്ടുമൂന്ന് നാഴിക അകലെ സ്ഥിതി ചെയ്യുന്നതാകകൊണ്ട് അവിടെ ആ വിവരം ലഭിച്ചത് സുബ്ഹ് നമസ്കാരത്തിൻെറ ജമാഅത്ത് നടക്കുമ്പോഴായിരുന്നു. അതാണ്-മുമ്പ് പറഞ്ഞപ്രകാരം - സുബ്ഹ് നമസ്കാരത്തിൽ അവർ കഅ്ബയിലേക്ക് തിരുയുവാൻ കാരണം. നമസ്കാരം ഖിബ്‌ലയുടെ നേരെ തിരിഞ്ഞു കൊണ്ടായിരിക്കൽ നിർബ്ബന്ധമാണല്ലോ. നമസ്കാരത്തിൽ അല്ലാതെയും ഖിബ്‌ലയുടെ നേരെ

തിരിയുന്നത് നന്നായിരിക്കുന്ന ചില അവസരങ്ങളുണ്ട്. പ്രാർത്ഥന ചെയ്യുമ്പോഴും, മരണപ്പെട്ടവരെ ഖബ്റിൽ കിടത്തുമ്പോഴും അതുവേണ്ടതാണെന്ന് ഹദീസുകളിൽ നിന്ന് മനസ്സിലാക്കാം.

എവിടെയായിരുന്നാലും അതിൻെറ നേർക്ക് മുഖം തിരിക്കണം ....وَحَيْثُمَا كُنتُمْ فَوَلُّوا എന്നു പറഞ്ഞിരിക്കകൊണ്ട് അടുത്തുള്ളവരും, ദൂരത്തുള്ളവരും ഈ വിഷയത്തിൽ വ്യത്യാസമില്ലെന്ന് വ്യക്തമാകുന്നു. എന്നാൽ, യാത്രക്കാരെ സംബന്ധിച്ചിടത്തോളം സുന്നത്ത് നമസ്കാരങ്ങളിൽ ഈ നിയമത്തിൽ ഇളവുള്ളതായി ഹദീസുകളിൽ കാണാം. നമസ്കരിക്കുന്ന ആൾ നേരെ മുമ്പോട്ടുപോയാൽ, കഅ്ബയുടെ കെട്ടിടത്തിൽ ചെന്നുമുട്ടുമാറ് സൂക്ഷ്മമായി തിരിയേണ്ടതുണ്ടോ? അതല്ല, ഏതാണ്ട് കഅ്ബയുടെ ഭാഗത്തേക്കാകത്തക്കവണ്ണം ആയിരുന്നാൽ മതിയോ? പണ്ഡിതൻമാർക്കിടയിൽ മുമ്പേ ഭിന്നാഭിപ്രായമുള്ള ഒരു വിഷയമാണിത്. കഴിവതും സൂക്ഷ്മമായിരിക്കുകയാണ് വേണ്ടതെന്നുള്ളതിൽ സംശയമില്ല. എന്നാൽ, ചില പണ്ഡിതൻമാർ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുപോലെ, ശാസ്ത്രീയനിരീക്ഷണങ്ങളും ഉപകരണങ്ങളും വഴി കൃത്യത ബോധ്യപ്പെട്ടെങ്കിലേ ഓരോ നമസ്കാരവും ശരിയാവുകയുള്ളുവെന്നില്ലതാനും. പക്ഷേ, സൂക്ഷ്മമായ വിവരമുള്ളവരും കഅ്ബയുടെ അടുത്ത സ്ഥലങ്ങളിലുള്ളവരും അതിലേക്ക് കൃത്യമായിത്തന്നെ തിരിയണമെന്നുള്ളതിൽ സംശയവുമില്ല. അതുകൊണ്ടാണ് മസ്ജിദുൽ ഹറാമിൽവെച്ച് ജമാഅത്തായി നമസ്കരിക്കുമ്പോൾ, ജനങ്ങൾ ഇമാമിൻെറ പിന്നിൽ ചൊവ്വെയുള്ള അണികളായി നിൽക്കാതെ, കഅ്ബയെയും ഇമാമിനെയും മദ്ധ്യത്തിലാക്കി വട്ടമിട്ടുള്ള അണികളായി നിൽക്കുന്നതും. അല്ലാത്തപക്ഷം, കുറച്ചാളുടെ നമസ്കാരംമാത്രം കഅബ്യുടെ നേരെയും, മറ്റുള്ളവരുടേത് അല്ലാതെയും ആയിരിക്കുമല്ലോ. കഅബ്യുടെ ഉള്ളിൽവെച്ച് നമസ്കരിക്കുമ്പോൾ ഏത് ഭാഗത്തേക്കും തിരിയാവുന്നതുമാണ്.

ഈ കൽപന അല്ലാഹുവിങ്കൽനിന്നുള്ള യഥാർത്ഥമാണെന്ന് വേദക്കാർക്ക് തീർച്ചയായും അറിയാമെന്ന് അല്ലാഹു പറയുന്നു. നബി (ﷺ) തിരുമേനിയുടെയും തിരുമേനിയിൽ വിശ്വസിക്കുന്നവരുടെയും വിശേഷതകളെക്കുറിച്ച് അവരുടെ വേദഗ്രന്ഥങ്ങളിൽനിന്നും പ്രവാചകരിൽനിന്നും അവർക്ക് ലഭിച്ചിട്ടുള്ള അറിവായിരിക്കാം ഇതുകൊണ്ടുദ്ദേശ്യം. കൂടാതെ, അല്ലാഹുവിനെ ആരാധിക്കാൻവേണ്ടി ഒന്നാമതായി സ്ഥാപിക്കപ്പെട്ട ആരാധനാലയവും,(*) ഇബ്റാഹീം (عليه السلام) നബിയുടെ ഖിബ്ലയും കഅ്ബയായിരുന്നുവെന്നും, ഇബ്രാഹീം(عليه السلام) നബിയുടെ മാർഗ്ഗമാണ് നബി (ﷺ) പിൻപറ്റേണ്ടതെന്നും വേദക്കാർക്ക് അജ്ഞാതമല്ല. ഏതായാലും-അടുത്ത് 146-ാം വചനത്തിൽ കാണുന്നതുപോലെ-അവർക്ക് അറിവുണ്ടായിട്ട് പിന്നെയും അതുമൂടിവെച്ച് കൊണ്ടാണവർ ആരോപണങ്ങൾക്കും കുഴപ്പത്തിനും മുതിരുന്നത്. അതവർക്ക് നന്നല്ലെന്നും, അതിൻെറ ഫലം അവർ അനുഭവിക്കേണ്ടിവരുമെന്നുമുള്ള താക്കീതാണ് അവസാനം ''അവർ പ്രവൃത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല'' എന്ന വാക്യം. അല്ലാഹു തുടർന്നു പറയുന്നു:-

وَلَئِنْ أَتَيْتَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ بِكُلِّ ءَايَةٍ مَّا تَبِعُوا۟ قِبْلَتَكَ ۚ وَمَآ أَنتَ بِتَابِعٍ قِبْلَتَهُمْ ۚ وَمَا

145 വേദഗ്രന്ഥം നൽകപ്പെട്ടവരുടെ അടുക്കൽ എല്ലാ(വിധ) ദൃഷ്ടാന്തവുമായി നീ ചെന്നുവെങ്കിൽതന്നെയും അവർ നിൻെറ ഖിബ്ലയെ പിൻതുടരുകയില്ല. നീ അവരുടെ ഖിബ്ലയെ പിൻതുടരുന്നവനുമല്ല. അവരിൽ

---

* ഖുർആൻ അവതരിക്കുന്നതിന് മുമ്പ് ഏറെക്കുറെ 4000 കൊല്ലം മുമ്പാണ് കഅ്ബയുടെ സ്ഥാപനം. ഏതാണ്ട് 1000ത്തിലധികം കൊല്ലംമുമ്പ് മാത്രമാണ് ബൈത്തുൽമുഖദ്ദസ് സ്ഥാപിക്കപ്പെട്ടത്.

بَعۡضُهُم بِتَابِعٖ قِبۡلَةَ بَعۡضٖۚ وَلَئِنِ ٱتَّبَعۡتَ أَهۡوَآءَهُم مِّنۢ بَعۡدِ مَا جَآءَكَ مِنَ ٱلۡعِلۡمِ إِنَّكَ إِذٗا لَّمِنَ ٱلظَّٰلِمِينَ ١٤٥

ചിലർ, ചിലരുടെ ഖിബ്ലയെ പിൻതുടരുന്നവരുമല്ല. അറിവിൽനിന്നും നിനക്ക് വന്നു കിട്ടിയതിനുശേഷം, നീ (എങ്ങാനും) അവരുടെ ഇച്ഛകളെ പിൻപറ്റിയെങ്കിൽ, നിശ്ചയമായും, അപ്പോൾ നീ, അക്രമികളിൽപെട്ടവൻ തന്നെയായിരിക്കും.

ٱلَّذِينَ ءَاتَيۡنَٰهُمُ ٱلۡكِتَٰبَ يَعۡرِفُونَهُۥ كَمَا يَعۡرِفُونَ أَبۡنَآءَهُمۡۖ وَإِنَّ فَرِيقٗا مِّنۡهُمۡ لَيَكۡتُمُونَ ٱلۡحَقَّ وَهُمۡ يَعۡلَمُونَ ١٤٦

146 നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ, തങ്ങളുടെ മക്കളെ അറിയുന്നത് പോലെ അദ്ദേഹത്തെ അറിയുന്നതാണ്. നിശ്ചയമായും, അവരിൽനിന്ന് ഒരു വിഭാഗം, അവർ അറിഞ്ഞുംകൊണ്ടു(തന്നെ) യഥാർത്ഥം ഒളിച്ചുവെക്കുന്നു.

ٱلۡحَقُّ مِن رَّبِّكَۖ فَلَا تَكُونَنَّ مِنَ ٱلۡمُمۡتَرِينَ ١٤٧

147 യഥാർത്ഥം നിൻെറ റബ്ബിങ്കൽനിന്നത്രെ (ലഭിക്കുന്നത്) . അതിനാൽ, സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിൽ തീർച്ചയായും നീ ആയിത്തീരരുത്.

---

145 **ولئن** എങ്കിൽതന്നെയും. **أتيت** നീ ചെന്നു. **الذين** യാതൊരുവരുടെ അടുക്കൽ. **أوتوا الكتاب** അവർക്ക് ഗ്രന്ഥം നൽകപ്പെട്ടു. **بكُل آية** എല്ലാ ദൃഷ്ടാന്തവുംകൊണ്ട്. **ما تبعوا** അവർ പിൻതുടരുന്നതല്ല. **قبلتك** നിൻെറ ഖിബ്ലയെ. **وما أنت** നീ അല്ലതാനും. **بتابعٍ** പിൻതുടരുന്നവൻ. **قبلتهم** അവരുടെ ഖിബ്ലയെ. **ومابعضهم** അവരിൽ ചിലരുമല്ല. **بتابعٍ** പിൻതുടരുന്നവർ. **قبلَةَ بعضٍ** ചിലരുടെ ഖിബ്ലയെ. **ولئن اتبعت** നീ പിൻപറ്റിയെങ്കിൽ. **أهواءهم** അവരുടെ ഇച്ഛകളെ, തന്നിഷ്ടങ്ങളെ. **من بعد** ശേഷം, ശേഷമായി. **ما جاءَكَ** നിനക്ക് വന്നതിൻെറ. **من العلم** ജ്ഞാനത്തിൽനിന്ന്. **إنك إذًا** നിശ്ചയമായും അപ്പോൾ നീ. **لمن الظالمين** ആക്രമികളിൽപെട്ട(വൻ) തന്നെ. 146 **الذين** യാതൊരുകൂട്ടർ. **آتيناهم** അവർക്ക് നാം നൽകിയിരിക്കുന്നു. **الكتاب** (വേദ്ര) ഗ്രന്ഥം. **يعرفُونه** അദ്ദേഹത്തെ അവർ അറിയും, അതിനെ (പരിചയപ്പെട്ട്) അറിയും. **كما يعرفُونَ** അവർ അറിയുന്നതുപോലെ. **أبناءَهم** അവരുടെ പുത്രൻമാരെ(മക്കളെ) . **وإن فَرِيقًا** നിശ്ചയമായും ഒരു വിഭാഗം. **منهم** അവരിൽ നിന്നുള്ള. **ليكتُمونَ** അവർ ഒളിച്ചു (മറച്ചു, മൂടി) വെക്കുകതന്നെ ചെയ്യുന്നു. **الحق** യഥാർത്ഥം, സത്യം, ന്യായം. **وهم** അവരാകട്ടെ. **يعلمونَ** അറിയുന്നുതാനും. 147 **الحق** യഥാർത്ഥം, സത്യം. **من ربك** നിൻെറ റബ്ബിങ്കൽ നിന്നാകുന്നു. **فلا تكونن** ആകയാൽ തീർച്ചയായും നീ ആയിത്തീരരുത്. **من الممترين** സന്ദേഹപ്പെടുന്നവരിൽ, സംശയാലുക്കളിൽ(പെട്ടവൻ) .

സത്യവും യാഥാർത്ഥ്യവും മനസ്സിലാകാത്തതുകൊണ്ടാണ് വേദക്കാർ ഖിബ്ലയുടെ വിഷയം അനുകൂലിക്കാത്തതെങ്കിൽ, അവർക്ക് ദൃഷ്ടാന്തവും തെളിവും ബോധ്യപ്പെടുത്തി കാര്യം മനസ്സിലാക്കാമയിരുന്നു. പക്ഷെ, യഥാർത്ഥം ശരിക്കും അറിഞ്ഞു കൊണ്ട് കൽപിച്ചുകൂട്ടി അത് മൂടിവെക്കുകയാണവർ ചെയ്യുന്നത്. എന്നിരിക്കെ, അവർക്ക് തെളിവുകൾ കാട്ടിക്കൊടുത്തിട്ട് ഫലമില്ലല്ലോ. എന്നാൽ പിന്നെ, നബി (ﷺ) ക്ക് അവരുടെ ഖിബ്ലയെത്തന്നെ പിൻപറ്റിക്കൊണ്ടിരിക്കുവാൻ കഴിയുമോ? ഇല്ല. യഹൂദികളുടെ ഖിബ്ല ബൈത്തുൽ മുഖദ്ദസും ക്രിസ്ത്യാനികളുടേത് കിഴക്കുഭാഗവുമാണ്. പിൻപറ്റാമെന്ന് സങ്കൽപിച്ചാൽ തന്നെയും രണ്ടിലൊന്നല്ലാതെ സ്വീകരിക്കുക സാദ്ധ്യമല്ല. ഇനി വേദക്കാർ തമ്മിൽ യോജിച്ച് ഒരു കൂട്ടർ മറ്റേ കൂട്ടരുടെ ഖിബ്ല സ്വീകരിക്കുവാൻ തയ്യാറാകുമോ? അതും ഉണ്ടാവാൻ പോകുന്നില്ല. ചുരുക്കത്തിൽ, ഖിബ്ലയുടെ വിഷയത്തിൽ നബിയും വേദക്കരും തമ്മിൽ ഒരു നിലക്കും യോജിക്കുന്ന പ്രശ്നമില്ല. അവർ തമ്മിലും യോജിക്കകയില്ല.

അവരുടെ ഇച്ഛകളെ നീ പിൻപറ്റിയാൽ നീ അക്രമികളിൽ പെട്ടവനായിരിക്കുമെന്നും, നീ

സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിൽ ആയിത്തീരരുതെന്നും നബി (ﷺ) യെ അഭിമുഖീകരിച്ചു പറഞ്ഞത് നബി (ﷺ) ക്ക് വല്ല ചാഞ്ചല്യവും ഉണ്ടായേക്കാമെന്ന നിലക്കല്ല. വല്ല സന്ദർഭത്തിലും നബി (ﷺ) അവരുടെ ഇഷ്ടത്തിനും മോഹത്തിനും വഴങ്ങിയേക്കാമെന്നോ, കുറച്ച് കാലം ബൈത്തുൽ മുഖദ്ദസിനെ ഖിബ്ലയായി അംഗീകരിച്ചതുപോലെ ഇനിയൊരിക്കൽ ഈ കൽപ നയിൽ വല്ല മാറ്റവും സംഭവിച്ചേക്കുമെന്നോ മറ്റോ അവർ വ്യാമോഹം വെച്ച് കൊണ്ടി രിക്കേണ്ടതില്ലെന്ന് അവരെ തെര്യപ്പെടുത്തുകയാണ് അതുകൊണ്ടുദ്ദേശ്യം. സത്യവിശ്വാസികൾക്ക് ഈ കൽപനയുടെ ഗൗരവം മനസ്സിലാക്കുവാനും അത് ഉതകുന്നു.

يعرفونه എന്ന വാക്കിലെ (ه എന്ന) സർവ്വനാമത്തിന് 'അദ്ദേഹത്തെ' എന്നും, 'അതിനെ' എന്നും അർത്ഥം വരാം. അതുകൊണ്ട് ആ വാക്യത്തിന് രണ്ട് പ്രകാരത്തിൽ അർത്ഥം കൽപിക്കപ്പെടാറുണ്ട്; (1) അദ്ദേഹത്തെ-അഥവാ നബി (ﷺ) യെ-അവർ അവരുടെ സ്വന്തം മക്കളെ അറിയുന്നതുപോലെ അറിയും എന്ന്. അതായത്, തിരുമേനി അല്ലാഹുവിൻെറ പ്രവാചകനാണ്, അദ്ദേഹം കൊണ്ടുവരുന്നതെല്ലാം യഥാർത്ഥമാണ് എന്നൊക്കെ നിസ്സംശയം അവർക്കറിയാമെന്ന് താൽപര്യം. ഈ അർത്ഥമാണ് അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചി രിക്കുന്നതും, പരിഭാഷയിൽ നാം കൊടുത്തതും. സംശയലേശം കൂടാതെ അറിയാമെന്ന ഉദ്ദേശത്തിലാണ് മക്കളെ അറിയും പോലെ അറിയാമെന്ന് പറയുന്നത്. ഈ പ്രയോഗം അറബിയിലെന്നപോലെ വേറെ ഭാഷകളിലും ഇല്ലാതില്ല. നബി (ﷺ) യെക്കുറിച്ച് ഇതിൻെറ മുമ്പ് പ്രസ്താവിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ആ സർവ്വനാമം കൊണ്ട് നബി (ﷺ) യെ ഉദ്ദേശിക്കു ന്നതെങ്ങിനെയെന്ന് ചോദിക്കപ്പെടാം. സന്ദർഭം കൊണ്ട് മനസ്സിലാക്കാമെന്നും, മക്കളെ അറിയുന്നതുപോലെ എന്ന ഉപമയിൽ നിന്ന് അതാണ് മനസ്സിലാകുന്നതെന്നുമാണ് ഇതിന് മറുപടി. (2) അത് -അഥവാ ഖിബ്ലയുടെ കാര്യം- അവർക്ക് തങ്ങളുടെ മക്കളെ അറിയാവു ന്നതുപോലെ നന്നായി അറിയാം എന്ന്. അതായത്, ഇബ്റാഹീം (عليه السلام) ൻെറ ഖിബ്ലയാണ് കഅ്ബ എന്നും, അതാണ് നബി (ﷺ) യുടെയും ഖിബ്ലയായിരിക്കേണ്ടതെന്നും അവർക്ക് ശരിക്കറിയാമെന്ന് സാരം. ഏതാണ്ട് ഇതുപോലെയുള്ള വേറെയും അഭിപ്രായങ്ങളുണ്ട്. എല്ലാം ഒരേ തത്വത്തിൽ തന്നെ കലാശിക്കുന്നവയാകുന്നു. നബി (ﷺ) യെക്കുറിച്ചായാലും, ഖിബ്ല യെക്കുറിച്ചായാലും വേദക്കാരിലുള്ള പണ്ഡിതൻമാർക്കാണല്ലോ ആ അറിവുണ്ടായിരിക്കുക. അവരിൽ നിന്നുള്ള വല്ല കേട്ടുകേൾവിയും മാത്രമേ സാധാരണക്കാർക്കുണ്ടായിരിക്കുകയുള്ളു. അതുകൊണ്ട് അവരിലുള്ള പണ്ഡിതൻമാരെ സൂചിപ്പിച്ചുകൊണ്ടാണ് ''അവരിൽ നിന്നുള്ള ഒരു വിഭാഗക്കാർ അറിഞ്ഞുംകൊണ്ട് യഥാർത്ഥം മറച്ചുവെക്കുകയാണ് ചെയ്യുന്നത് '' എന്ന് പറഞ്ഞത്.

വിഭാഗം-18

وَلِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا ۖ فَاسْتَبِقُوا الْخَيْرَاتِ ۚ أَيْنَ مَا تَكُونُوا يَأْتِ بِكُمُ اللَّهُ جَمِيعًا ۚ إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿١٤٨﴾

148 എല്ലാവർക്കും [ഓരോ വിഭാഗത്തിനും] ഉണ്ട് ഒരു അഭിമുഖ സ്ഥാനം; അത് [ഓരോ വിഭാഗവും] അതിന് (മുഖം) തിരിക്കു ന്നതായിരിക്കും. അതിനാൽ, നിങ്ങൾ ഉത്ത മ (കാര്യ) ങ്ങളിലേക്ക് മുന്നോട്ടു വരുവിൻ. നിങ്ങൾ എവിടെ (തന്നെ) ആയിരുന്നാലും അല്ലാഹു നിങ്ങളെ മുഴുവനും കൊണ്ടു വരുന്നതാണ്. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

---

148 **ولكُلّ** എല്ലാവർക്കും (ഓരോവിഭാഗത്തിനും) ഉ്. **وجهةٌ** ഒരു അഭിമുഖസ്ഥാനം, ലക്ഷ്യം. **هو** അവൻ, അത്. **موليها** അതിന് (അതിലേക്ക്) തിരിക്കുന്നതായിരിക്കും. **فَاستبِقُوا** ആകയാൽ നിങ്ങൾ മുന്നേറുവിൻ, മുൻകടക്കുവാൻ ശ്രമിക്കുവിൻ, (വാശിയോടെ) മുമ്പോട്ട് പോകുക. **الْخيرات** നല്ല

കാര്യങ്ങൾക്ക്, ഉത്തമങ്ങളിലേക്ക്. **أين ما** എവിടെത്തന്നെ. **تكونوا** നിങ്ങൾ ആയിരുന്നാലും. **يأت بكم** നിങ്ങളെ കൊണ്ടുവരും. **الله** അല്ലാഹു. **جميعا** മുഴുവനും, എല്ലാം. **إن الله** നിശ്ചയമായും അല്ലാഹു. **على كل شيء** എല്ലാ കാര്യത്തിനും. **قدير** കഴിയുള്ളവനാണ്..

സാരം: ജൂതൻമാർ, ക്രിസ്ത്യാനികൾ തുടങ്ങിയ എല്ലാ മതക്കാർക്കും വിഭാഗക്കാർക്കും അവരവരുടെ ആരാധനകളിൽ മുഖം തിരിക്കുവാനുള്ള ഓരോ ലക്ഷ്യസ്ഥാനം-അഥവാ ഖിബ്‌ല-ഉണ്ടായിരിക്കും. ഓരോ വിഭാഗവും അവരുടേതായ ആ ലക്ഷ്യത്തിലേക്ക് തിരിയുന്നതാണ്. അതുകൊണ്ട് മറ്റുള്ളവരുടെ അനുകൂലമോ പ്രതികൂലമോ നോക്കാതെ, ഖിബ്‌ലയുടെ കാര്യത്തിലും മറ്റുള്ള കാര്യങ്ങളിലുമെല്ലാം തന്നെ, കൂടുതൽ ഉത്തമവും ഗുണപ്രദവുമായത് നേടിയെടുക്കുവാൻ വേണ്ടി-പരസ്പരം വാശിയോടെന്നപോലെ-ധൃതിപൂർവ്വം മുന്നേറുവാൻ ശ്രമിക്കുവിൻ. ആർ, എവിടെ, എങ്ങിനെ ആയിരുന്നാലും ശരി, എല്ലാവരെയും അല്ലാഹു ഖിയാമത്ത് നാളിൽ ഒരുമിച്ചുകൂട്ടി എല്ലാവരുടെ മേലും തക്ക നടപടി എടുക്കാതിരിക്കയില്ല. അവന് കഴിയാത്ത ഒരു കാര്യവുമില്ല.

وَمِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۖ وَإِنَّهُۥ لَلْحَقُّ مِن رَّبِّكَ ۗ وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿١٤٩﴾

149 നീ പുറപ്പെട്ടുപോയേടത്തുനിന്ന് (എല്ലാം തന്നെ) നിൻെറ മുഖം 'മസ്ജിദുൽ ഹറാമി'ൻെറ നേരെ തിരിച്ചു കൊള്ളുക. നിശ്ചയമായും, അത് നിൻെറ റബ്ബിങ്കൽ നിന്നുള്ള യഥാർത്ഥം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല.

وَمِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۚ وَحَيْثُ مَا كُنتُمْ فَوَلُّوا۟ وُجُوهَكُمْ شَطْرَهُۥ لِئَلَّا يَكُونَ لِلنَّاسِ عَلَيْكُمْ حُجَّةٌ إِلَّا ٱلَّذِينَ ظَلَمُوا۟ مِنْهُمْ فَلَا تَخْشَوْهُمْ وَٱخْشَوْنِى وَلِأُتِمَّ نِعْمَتِى عَلَيْكُمْ وَلَعَلَّكُمْ تَهْتَدُونَ ﴿١٥٠﴾

150 നീ പുറപ്പെട്ടുപോയേടത്തുനിന്ന് (എല്ലാം തന്നെ) നിൻെറ മുഖം 'മസ്ജിദുൽ ഹറാമി'ൻെറ നേരെ തിരിച്ചു കൊള്ളുക. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ മുഖങ്ങൾ നിങ്ങൾ അതിനുനേരെ തിരിക്കുവിൻ; നിങ്ങൾക്കെതിരിൽ മനുഷ്യർക്ക് ഒരു ന്യായവും (കൊണ്ടുവരുവാൻ) ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി; (അതെ,) അവരിൽ നിന്ന് അക്രമം ചെയ്തവർക്കൊഴികെ. എന്നാൽ, അവരെ നിങ്ങൾ പേടിക്കേണ്ടാ, എന്നെ പേടിക്കുകയും ചെയ്തുകൊള്ളുവിൻ. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തരുവാനും, നിങ്ങൾ സൻമാർഗ്ഗം പ്രാപിച്ചേക്കുവാനും വേണ്ടിയത്രെ (അത്) .

---

149 **ومن حيثُ** ഇടത്തിൽനിന്ന്, ഇടത്തിൽ വെച്ച്. **خرجت** നീ പുറത്തുപോയി, പുറപ്പെട്ട്. **فَول** നീ തിരിക്കുക. **وجهك** നിൻെറ മുഖം. **شطر** നേരെ, ഭാഗത്തിന്. **المسجد الحرام** മസ്ജിദുൽ ഹറാമിൻെറ. **وإنه** നിശ്ചയമായും അത്. **لَلحق** യഥാർത്ഥം (സത്യം) തന്നെ. **من ربك** നിൻെറ റബ്ബിങ്കൽനിന്നുള്ള. **وما الله** അല്ലാഹു അല്ലതാനും. **بغافل** അശ്രദ്ധേന. **عما تعملونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. 150 **ومن حيثُ خرجت** നീ പുറപ്പെട്ടു പോയേടത്തു നിന്ന്. **فَول وجهك** നിൻെറ മുഖത്തെ നീ തിരിക്കുക. **شطرالمسجد** മസ്ജിദിൻെറ(പളളിയുടെ) നേരെ. **الحرام** പവിത്രമായ. **وحيثما كُنتم** നിങ്ങൾ എവിടെയായാലും, നിങ്ങൾ ആകുന്നിടത്ത് വെച്ച്. **فَولوا** നിങ്ങൾ തിരിക്കുവിൻ. **وجوهكُم** നിങ്ങളുടെ മുഖങ്ങളെ. **شطره** അതിൻെറ നേരേ ഭാഗത്തേക്ക്. **لئلا يكُونَ** ഉണ്ടാവാതിരിക്കുവാൻവേണ്ടി. **للناس** മനുഷ

ൃർക്ക്. **عليْكُم** നിങ്ങളുടെ മേൽ, നിങ്ങൾക്കെതിരിൽ. **حجةٌ** ഒരു ന്യായം , തെളിവ്. **إلا الذين** യാതൊരു കൂട്ടർക്ക് ഒഴികെ. **ظلَموا** ആക്രമം ചെയ്ത, അവർ അനീതി പ്രവർത്തിച്ചു. **منهم** അവരിൽനിന്ന്. **فلا تخشوهم** അതിനാൽ (എന്നാൽ) നിങ്ങൾ അവരെ പേടിക്കേണ്ട. **واخشوني** എന്നെ പേടിക്കുകയും ചെയ്യുവിൻ. **ولأتم** ഞാൻ പൂർത്തിയാക്കുവാൻവേണ്ടിയും. **نِعمتي** എൻെറ അനുഗ്രഹം. **عليكُم** നിങ്ങൾക്ക് നിങ്ങളുടെമേൽ. **ولعلكُم** നിങ്ങളായേക്കുവാനും. **تهتدونَ** നിങ്ങൾ സൻമാർഗ്ഗം പ്രാപിക്കുക..

ഖിബ്‌ലയുടെ വിഷയം എത്ര ഗൗരവത്തോടുകൂടിയാണ് അല്ലാഹു കണക്കിലെടുത്തിരിക്കുന്നതെന്ന് ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ വാക്യങ്ങളും, അവക്കിടയിലൂടെ ചൂണ്ടിക്കാട്ടിയിട്ടുള്ള തത്വങ്ങളും മനസ്സിരുത്തി ചിന്തിച്ചു നോക്കുക. മതചിഹ്നങ്ങളിൽ ഖിബ്‌ലക്കുള്ള സ്ഥാനവും, ഖിബ്‌ല മാറ്റത്തെത്തുടർന്ന് ശത്രുചേരികളിൽ നിന്ന് പ്രകടമായ എതിർപ്പിൻെറ രൂക്ഷതയും അതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. ആദ്യം 144-ാം വചനത്തിൽ, നബി (ﷺ) യുടെ ആഗ്രഹം നിറവേറ്റിത്തരാമെന്ന് അറിയിച്ചുകൊണ്ട് മസ്ജിദുൽ ഹറാമിൻെറ നേരെ തിരിഞ്ഞുകൊള്ളുവാൻ തിരുമേനിയോട് കൽപിച്ചു. പിന്നീട് അതുമായി ബന്ധപ്പെട്ട പല കാര്യങ്ങളും വിവരിച്ചശേഷം, ഈ വചനങ്ങളിൽ നബി (ﷺ) യെ അഭിമുഖീകരിച്ചുകൊണ്ട് രണ്ടു പ്രാവശ്യം വീണ്ടും ആ കൽപന ആവർത്തിച്ചിരിക്കുന്നു. അതോടൊപ്പം സത്യവിശ്വാസികളെയും കൂടി അഭിമുഖീകരിച്ചുകൊണ്ട് നാലാമതും അത് ആവർത്തിക്കുന്നു.

പ്രസ്താവിക്കപ്പെടുന്ന വിഷയത്തിൻെറ പ്രാധാന്യം ശ്രോതാക്കളെ ഓർമ്മിപ്പിക്കുവാൻ വേണ്ടി വാക്കുകളെയോ, വാക്യങ്ങളെയോ ആവർത്തിക്കുക ഭാഷകളിൽ പൊതുവെ അംഗീകരിക്കപ്പെടാറുള്ള ഒരു പതിവാകുന്നു. അറബി ഭാഷയിൽ പ്രത്യേകിച്ചും ഈ പതിവ് കാണാം. ഇത്രയും ശക്തമായ രൂപത്തിൽ ഈ വിഷയം ആവർത്തിച്ചുറപ്പിക്കുവാനുള്ള പല കാരണങ്ങളും ഈ വചനങ്ങളിൽ അല്ലാഹു എടുത്തു കാണിച്ചിരിക്കുന്നു. എല്ലാ മതക്കാർക്കും ഓരോ ഖിബ്‌ലയുണ്ട്; അതുപോലെ മുസ്‌ലിംകൾക്കും ഒരു ഖിബ്‌ല വേണ്ടതുണ്ട്; അത് എല്ലാറ്റിലും കൂടുതൽ ഉത്തമവും ഗുണകരവുമായിരിക്കണം എന്നൊക്കെ 148-ാം വചനത്തിൽ സൂചിപ്പിച്ചു. ഇത് അല്ലാഹുവിങ്കൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്ന വേണ്ടപ്പെട്ടതായ ഒരു യഥാർത്ഥമാണെന്ന് 149ലും ചൂണ്ടിക്കാട്ടി. എതിർ കക്ഷികൾ മുസ്‌ലിംകൾക്കെതിരെ ന്യായവാദമൊന്നും കൊണ്ടുവരാതിരിക്കുവാനും, അല്ലാഹുവിൻെറ അനുഗ്രഹം അവർക്ക് പൂർത്തിയാക്കിക്കൊടുക്കുവാനും, അവർ സന്മാർഗ്ഗം പ്രാപിക്കുവാനും വേണ്ടിയാണിതെന്ന് 150ലും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അൽപം മനസ്സിരുത്തി പരിശോധിക്കുന്നപക്ഷം വേറെയും പല സൂചനകളും ഈ വചനങ്ങളിൽ കണ്ടെത്തുവാൻ കഴിയും. ഈ വിഷയം ഇത്രയും ഗൗരവമർഹിക്കുവാൻ അന്നത്തെ ചുറ്റുപാടിൽ വേറെയും ഒരു കാരണമുണ്ടായിരുന്നു. മതപരമായ അനുഷ്ഠാന നിയമങ്ങളിൽ ഏർപ്പെട്ട ഒന്നാമത്തെ 'നസ്ഖ് ' (നിലവിലുള്ള ഒരു വിധി മാറ്റി തൽസ്ഥാനത്ത് വേറൊരു വിധി നടപ്പാക്കൽ) ആയിരുന്നു ഈ ഖിബ്‌ല മാറ്റം. നസ്ഖിൻെറ പേരിൽ ഇസ്‌ലാമിൻെറ ശത്രുക്കളിൽ നിന്നുണ്ടായ രൂക്ഷമായ എതിർപ്പുകളും, ശുദ്ധഗതിക്കാരായ ചില മുസ്‌ലിംകളിൽ അത് വരുത്തിയ ആശയക്കുഴപ്പങ്ങളും സംബന്ധിച്ച് 106-ാം വചനത്തിലും അതിൻെറ വ്യാഖ്യാനത്തിലും നാം കണ്ടുവല്ലോ.

''പുറത്തുപോയേടത്തു നിന്നെല്ലാം മസ്ജിദുൽ ഹറാമിൻെറ നേരെ തിരിയണം. ......ومن حيث خرجت'' എന്നു പറഞ്ഞതിൻെറ സാരം, എവിടെ യാത്ര പോയാലും അവിടെ നിന്നെല്ലാം നമസ്കാരത്തിൽ കഅ്ബയിലേക്ക് തിരിയണമെന്നും, ''നിങ്ങൾ ആയിരിക്കുന്നേടത്തു നിന്നൊക്കെ തിരിയണം (وحيثما كنتم الخ'') എന്നു പറഞ്ഞതിൻെറ സാരം, നിങ്ങൾ കഅ്ബയുടെ അടുത്തോ ദൂരെയോ ആയാലും, കഅ്ബ കാണാവുന്നിടത്തോ കാണാത്തിടത്തോ ആയാലും

അങ്ങിനെ ചെയ്യണമെന്നുമാകുന്നു. ബൈത്തുൽ മുഖദ്ദസിനെ സ്ഥിരം ഖിബ്‌ലയായി നിയമിക്കുന്ന പക്ഷം, ഇവർ എന്തുകൊണ്ടാണ് ഞങ്ങളുടെ ഖിബ്‌ലയെ അനുകരിക്കുന്നതെന്നും, ഇവർ കഅ്ബയെ ഖിബ്‌ല:യാക്കേണ്ടവരല്ലേ എന്നുമൊക്കെ വേദക്കാർ പറയുവാൻ ഇടവരും. മുഹമ്മദിൻെറ മാർഗ്ഗം ഇബ്‌റാഹീം (عليه السلام) ൻെറ മാർഗ്ഗമാണെന്ന് വാദിക്കുകയും, അതോടുകൂടി ഇബ്‌റാഹീം (عليه السلام) ൻെറ ഖിബ്‌ല അവൻ ഉപേക്ഷിക്കുകയും ചെയ്യുന്നുവെന്നും മറ്റും മുശ്‌രിക്കുകളും പറഞ്ഞേക്കും. ഇതൊക്കെ സൂചിപ്പിച്ചാണ് "നിങ്ങൾക്കെതിരെ മനുഷ്യർക്ക് ഒരു ന്യായം ഉണ്ടാകാതിരിക്കുവാൻ വേണ്ടി (لئلا يكون الناس الخ") എന്നു പറഞ്ഞിരിക്കുന്നത്. എന്നാൽ, ദുർവാശിക്കാരും, ദുരുദ്ദേശപൂർവ്വം നിഷേധത്തിനൊരുങ്ങിയവരുമായ ആളുകളെ സംബന്ധിച്ചിടത്തോളം സത്യത്തിനും ന്യായത്തിനും സ്ഥാനമില്ല. ഖിബ്‌ല മാറ്റിയാലും ഇല്ലെങ്കിലും, കഅ്ബയായാലും അല്ലെങ്കിലും അവർ- ഒന്നല്ലെങ്കിൽ മറ്റൊന്നായി-ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ടിരിക്കുക സ്വാഭാവികമാണ്. ഇത്തരക്കാരെപ്പറ്റിയാണ്, "അവരിൽ നിന്നുള്ള അക്രമികളൊഴികെ(....الا الذين ظلمو") എന്നു പറഞ്ഞത്.

ഇങ്ങിനെയുള്ള ആക്ഷേപങ്ങളും ആരോപണങ്ങളുമൊന്നും ചെവിക്കൊള്ളേണ്ടതില്ല; അവഗണിച്ചു തള്ളുകയേ വേണ്ടൂ; അവർ മൂലം ഒന്നും സംഭവിക്കുവാൻ പോകുന്നില്ല; അവരെയൊന്നും ഭയപ്പെടേണ്ട; അല്ലാഹുവിനെ മാത്രമാണ് ഭയപ്പെടേണ്ടത്; നിങ്ങളുടെ മതനിയമങ്ങൾ വ്യവസ്ഥപ്പെടുത്തി നിയമിച്ചു തരുന്നത് നിങ്ങൾക്ക് അവൻ കനിഞ്ഞേകുന്ന അനുഗ്രഹമാണ്; അത് മുഖേന നിങ്ങൾക്ക് നേർമാർഗ്ഗം പ്രാപിച്ചു വിജയം നേടാവുന്നതാണ് എന്നൊക്കെ സത്യവിശ്വാസികളെ ഉണർത്തിക്കൊണ്ട് അല്ലാഹു തുടരുന്നു:-

151 (അതെ) നിങ്ങളിൽ, നിങ്ങളിൽ നിന്നുള്ള ഒരു റസൂലിനെ നാം അയച്ചത് പോലെ; അദ്ദേഹം നിങ്ങൾക്ക് നമ്മുടെ 'ആയത്ത്' [ലക്ഷ്യം] കൾ ഓതിത്തരുകയും, നിങ്ങളെ സംസ്കരിക്കുകയും, നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു; നിങ്ങൾക്ക് അറിയുമായിരുന്നില്ലാത്തത് അദ്ദേഹം നിങ്ങൾക്ക് പഠിപ്പിച്ചുതരുകയും ചെയ്യുന്നു. [അങ്ങിനെയുള്ള ഒരു റസൂലിനെ.]

كَمَآ أَرۡسَلۡنَا فِيكُمۡ رَسُولٗا مِّنكُمۡ يَتۡلُواْ عَلَيۡكُمۡ ءَايَٰتِنَا وَيُزَكِّيكُمۡ وَيُعَلِّمُكُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَيُعَلِّمُكُم مَّا لَمۡ تَكُونُواْ تَعۡلَمُونَ ١٥١

152 ആകയാൽ, നിങ്ങൾ എന്നെ സ്മരിക്കുവിൻ, (എന്നാൽ) ഞാൻ നിങ്ങളെ(യും) സ്മരിക്കുന്നതാണ്. എനിക്ക് നന്ദി കാണിക്കുകയും ചെയ്യുവിൻ; എന്നോട് നന്ദികേട് കാണിക്കുകയും അരുത്.

فَٱذۡكُرُونِيٓ أَذۡكُرۡكُمۡ وَٱشۡكُرُواْ لِي وَلَا تَكۡفُرُونِ ١٥٢

---

151 **كما أرسلنا** നാം അയച്ചതുപോലെ. **فيكُم** നിങ്ങളിൽ. **رسولاً** ഒരു റസൂലിനെ, ദൂതനെ. **منكُم** നിങ്ങളിൽനിന്ന്. **يتلُوا عليكُم** അദ്ദേഹം നിങ്ങൾക്ക് ഓതിത്തരുന്നു. **آياتنا** നമ്മുടെ ആയത്തു (വചനം-ദൃഷ്ടാന്തം-ലക്ഷ്യം) കളെ. **ويزكيكُم** നിങ്ങളെ സംസ്കരിക്കുകയും ചെയ്യും. **ويعلمكُم** നിങ്ങൾക്ക് പഠിപ്പിക്കുകയും. **الكتاب** (വേദ) ഗ്രന്ഥം. **والحكمة** വിജ്ഞാനവും, തത്വജ്ഞാനവും. **ويعلمكُم** നിങ്ങൾക്ക് പഠിപ്പിക്കുകയും (ചെയ്യും) . **ما لم تكُونوا** നിങ്ങൾ ആയിരുന്നില്ലാത്തത്. **تعلمونَ** നിങ്ങൾ അറിയും.
152 **فَاذْكُروني** ആകയാൽ എന്നെ സ്മരിക്കുവിൻ. **أذْكُركُم** ഞാൻ നങ്ങളെ ഓർമ്മിക്കാം. **واشكُروا** നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുവിൻ. **لي** എനിക്ക്, എന്നോട്. **ولا تكْفُرون** എന്നോട് നന്ദികേട് (കൃതഘ്നത) കാണിക്കുകയും ചെയ്യരുത്.

കഅ്ബയെ ഖിബ്‌ലയാക്കിയതിലടങ്ങിയ തത്വങ്ങളെക്കുറിച്ച് പ്രസ്താവിച്ച കൂട്ടത്തിൽ, നിങ്ങൾക്ക് എന്റെ അനുഗ്രഹം പൂർത്തിയാക്കിത്തരുവാനും, നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുവാനും വേണ്ടിയാണ് അതെന്ന് കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. അതു മാത്രമല്ല, വേറെയും ഒരു വമ്പിച്ച അനുഗ്രഹം ഞാൻ നിങ്ങൾക്ക് ചെയ്തു തന്നിട്ടുണ്ട്; ആ അനുഗ്രഹത്തിന്റെ ഒരു വശം മാത്രമാണിത്; നിങ്ങൾക്ക് സന്മാർഗ്ഗം കാണിച്ചു തരുവാനായി ഒരു റസൂലിനെ ഞാൻ നിങ്ങൾക്ക് അയച്ചു തന്നിട്ടുണ്ട്; അതാണ് ഇതിനെക്കാൾ വലിയ അനുഗ്രഹം എന്നൊക്കെ ഈ വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുന്നു. തുടർന്നുകൊണ്ട് റസൂലിന്റെ സ്ഥിതിഗതികളും കൃത്യങ്ങളും ഇന്നതാണെന്ന് ചൂണ്ടിക്കാട്ടുന്നു. അതിനുശേഷം, ഇത്രയും വമ്പിച്ച അനുഗ്രഹം ഞാൻ നിങ്ങൾക്ക് ചെയ്തുതന്നിരിക്കകൊണ്ട് നിങ്ങൾ എപ്പോഴും എന്നെക്കുറിച്ച് സ്മരണയുള്ളവരായിരിക്കണമെന്നും, ഒരിക്കലും എന്നോട് നന്ദികേട് കാണിക്കരുതെന്നും, അതിന്റെ ഫലം നിങ്ങൾക്ക് തന്നെയാണെന്നും ഓർമ്മിപ്പിക്കുന്നു.

നബി (ﷺ)യുടെ ചുമതലകളായി പ്രസ്താവിച്ച കാര്യങ്ങളെ-അല്ലാഹുവിന്റെ ആയത്തുകൾ ഓതിത്തരുക, സംസ്ക്കരിക്കുക, വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുക എന്നിവയെ-പ്പറ്റി ഇബ്റാഹീം (عليه السلام) ന്റെ പ്രാർത്ഥനയുടെ വിവരണത്തിൽ (129 -ാം വചനത്തിൽ വെച്ച്) മുമ്പ് വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ അതാവർത്തിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഉത്തരമെന്ന നിലക്കാണ് റസൂൽ (ﷺ) നിയോഗിക്കപ്പെട്ടതെന്നും അവിടെ നാം കണ്ടുവല്ലോ. നിങ്ങൾക്ക് അറിയുമായിരുന്നില്ലാത്തതും അദ്ദേഹം നിങ്ങൾക്ക് പഠിപ്പിക്കും (ويعلمكم مالم تكونوا تعلمون) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, വഹ്‌യു മൂലവും പ്രവാചകൻ മുഖേനയുമല്ലാതെ -ബുദ്ധികൊണ്ടോ മറ്റോ-അറിയുവാൻ കഴിയാത്ത കാര്യങ്ങൾ പലതും അദ്ദേഹം മുഖേന നിങ്ങൾക്ക് അറിയുവാൻ കഴിയുന്നു എന്നത്രെ.

ഇമാം അഹ്മദ് (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇപ്രാകാരമാകുന്നു; അല്ലാഹു പറയുന്നു: ‘‘ആദമിന്റെ മകനെ, എന്നെക്കുറിച്ച് നീ നിന്റെ സ്വന്തത്തിൽ (മനസ്സിൽ) ഓർമ്മിക്കുന്നതായാൽ, ഞാൻ എന്റെ സ്വന്തത്തിൽ നിന്നെയും ഓർമ്മിക്കും. എന്നെക്കുറിച്ച് നീ ഒരു സംഘത്തിൽ വെച്ച് ഓർമ്മിക്കുന്നതായാൽ (പ്രസ്താവിച്ചാൽ) അതിനെക്കാൾ ഉത്തമമായ സംഘത്തിൽ (മലക്കുകളുടെ സംഘത്തിൽ) വെച്ച് ഞാനും നിന്നെ ഓർമ്മിക്കും. നീ എന്നോട് ഒരു ചാൺ അടുക്കുന്ന പക്ഷം, ഞാൻ നിന്നോട് ഒരു മുഴം അടുക്കും. നീ എന്നോട് ഒരു മുഴം അടുക്കുന്നതായാൽ ഞാൻ നിന്നോട് ഒരു മാർ അടുക്കുന്നതാണ്. നീ എന്റെ അടുക്കലേക്ക് (പതുക്കെ) നടന്നുവരുന്നതായാൽ, ഞാൻ നിന്റെ അടുക്കലേക്ക് (വേഗം) ഓടി വരുന്നതാണ്.’’ ഈ അർത്ഥത്തിലുള്ള വേറെ ഹദീസ് ബുഖാരിയിലും മുസ്‌ലിമിലും കാണാം.

വിഭാഗം - 19

153 ഹേ, വിശ്വസിച്ചവരേ, ക്ഷമയും, നമസ്കാരവും വഴി നിങ്ങൾ സഹായം തേടിക്കൊള്ളുവിൻ. നിശ്ചയമായും, അല്ലാഹു ക്ഷമിക്കുന്നവരോടൊപ്പമായിരിക്കും.	يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ﴿١٥٣﴾

153 يا أيها الذين آمنوا വിശ്വസിച്ചവരേ. استعينوا നിങ്ങൾ സഹായം തേടുവിൻ. بالصبر സഹനം കൊണ്ട്. والصلاة നമസ്കാരവും. إن الله നിശ്ചയമായും അല്ലാഹു. مع الصابرين ക്ഷമിക്കുന്നവരുടെ കൂടെയാണ്.

കഴിഞ്ഞ വചനത്തിൽ അല്ലാഹുവിനെ ഓർക്കുവാനും, അവനോട് നന്ദി കാണിക്കുവാനും പറഞ്ഞശേഷം, ഈ വചനത്തിൽ ക്ഷമയും നമസ്കാരവും മുറുകെ പിടിക്കുവാനും, അത് വഴി

സഹായം തേടിക്കൊള്ളുവാനും ഉപദേശിക്കുന്നു. ക്ഷമയുള്ളവരുടെ പക്ഷത്തായിരിക്കും അല്ലാഹു എന്ന് പറഞ്ഞുകൊണ്ട് ക്ഷമയുടെ കാര്യം പ്രത്യേകം ഊന്നിപ്പറയുകയും ചെയ്തിരിക്കുന്നു. അവന്റെ പ്രത്യേക സഹായവും അനുഗ്രഹാശിസ്സുകളും അവർക്കുണ്ടായിക്കൊണ്ടിരിക്കുമെന്ന് താൽപര്യം. അനുഗ്രഹത്തിലും സന്തോഷത്തിലും നന്ദിയെന്നപോലെ, പരീക്ഷണങ്ങളിലും വിഷമങ്ങളിലും ക്ഷമ കൈക്കൊള്ളൽ സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കേണ്ടതാണ്. ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെ. അവന്റെ കാര്യങ്ങളിലെല്ലാം അവന് ഗുണകരമായിരിക്കും. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവന് സന്തോഷകരമായത് വല്ലതും ഭവിച്ചാൽ അവൻ നന്ദി കാണിക്കുന്നു. അപ്പോൾ, അതവന് ഗുണമായിത്തീരുന്നു. അവന് ഉപദ്രവകരമായത് വല്ലതും ഭവിച്ചാൽ അവൻ ക്ഷമിക്കുകയും ചെയ്യും. അപ്പോൾ അതും അവന് ഗുണമായിത്തീരുന്നു.'' (മു) ക്ഷമയെക്കുറിച്ചും, അതിന് പ്രോൽസാഹിപ്പിച്ചുകൊണ്ടുമുള്ള വളരെ ഖുർആൻ വചനങ്ങളും നബിവാക്യങ്ങളും കാണാവുന്നതാണ്.

നമസ്കാരമാകട്ടെ, ശാരീരികമായ അനുഷ്ഠാന കർമ്മങ്ങളിൽ അതി പ്രധാനമായ ഒരു കർമ്മമാകുന്നു. അല്ലാഹുവുമായുള്ള ഒരു കൂടിക്കാഴ്ചയും, അവന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്തുകൊണ്ട് നടത്തപ്പെടുന്ന ഭക്തി നിർഭരമായ പ്രാർത്ഥനയുമാകുന്നു അത്. ആ പ്രാർത്ഥനക്ക് അല്ലാഹു പ്രത്യേകം വില കൽപ്പിക്കുമെന്നുള്ളതിൽ സംശയിക്കുവാനില്ല. വല്ല അനിഷ്ട സംഭവങ്ങളും നേരിടുമ്പോൾ, നബി (ﷺ) നമസ്കാരത്തെ അഭയം പ്രാപിച്ചിരുന്നതായി -വേഗം നമസ്കാരത്തിലേക്ക് പ്രവേശിച്ചിരുന്നതായി-ഹദീസുകളിൽ വന്നിട്ടുള്ളതും അതുകൊണ്ടാകുന്നു. ഈ വചനത്തിന്റെ വിവരണത്തിലേക്ക് ആവശ്യമായ വിവരങ്ങൾ പലതും 45-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പ് കഴിഞ്ഞുപോയിട്ടുള്ളത് ഓർക്കുക.

وَلَا تَقُولُوا۟ لِمَن يُقْتَلُ فِى سَبِيلِ ٱللَّهِ أَمْوَٰتٌۢ ۚ بَلْ أَحْيَآءٌ وَلَٰكِن لَّا تَشْعُرُونَ ﴿١٥٤﴾

154 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടുന്നവരെക്കുറിച്ച് നിങ്ങൾ, 'മരണപ്പെട്ടവർ' എന്ന് പറയരുത്. എന്നാൽ, (അവർ) ജീവിച്ചിരിക്കുന്നവരാകുന്നു; എങ്കിലും നിങ്ങൾ (അത്) ഗ്രഹിക്കുകയില്ല.

154 **ولا تقُولُوا** നിങ്ങൾ പറയരുത്. **لمن يقْتَلُ** കൊല്ലപ്പെടുന്നവരെക്കുറിച്ച്. **في سبيل الله** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ. **أموات** മരിച്ചുപോയവർ എന്ന്. **بَلْ** പക്ഷേ, എന്നാൽ. **أحياءٌ** ജീവിച്ചിരിക്കുന്നവരാണ്. **ولكن** എങ്കിലും. **لا تشعرونَ** നിങ്ങൾ ഗ്രഹിക്കുകയില്ല, അറിയുകയില്ല..

മുൻ ആയത്തിൽ ക്ഷമയെയും നമസ്കാരത്തെയും കുറിച്ച് പ്രസ്താവിച്ചു. ക്ഷമയുള്ളവർ സഹനമുള്ളവരും, നമസ്കാരമുള്ളവർ ഭയഭക്തരുമായിരിക്കുമല്ലോ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുവാനും ജീവൻ ത്യജിക്കുവാനും തയ്യാറാകുന്നതും ഇങ്ങിനെയുള്ളവരായിരിക്കും. സമരവേളയിൽ വല്ലവരും വധിക്കപ്പെട്ട് രക്തസാക്ഷികളാകുന്ന പക്ഷം, അവർ പ്രത്യക്ഷത്തിൽ മരണപ്പെട്ടവരാണെങ്കിലും യഥാർത്ഥത്തിൽ മരണപ്പെട്ടവരല്ല; അതുകൊണ്ട് അവരെപ്പറ്റി സാധാരണ മരണപ്പെട്ടവരെപ്പോലെ കരുതിക്കൂടാ; അവർ അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവർ തന്നെയാണ്; പക്ഷേ നിങ്ങൾക്കതു മനസ്സിലാകുവാൻ കഴിയുകയില്ല എന്നൊക്കെ അല്ലാഹു അറിയിക്കുന്നു. രക്തസാക്ഷികളുടെ (ശഹീദുകളുടെ) മരണം വാസ്തവത്തിൽ മരണമല്ലെന്നോ, മരിച്ചുവെന്ന് അവരെപ്പറ്റി പറയുവാൻ പാടില്ലെന്നോ അല്ല- മറ്റുള്ളവരുടെ മരണവും അവരുടെ മരണവും ഒരേ നിലയിൽ കണക്കാക്കിക്കൂടാ എന്നത്രെ-അല്ലാഹു പറഞ്ഞതിന്റെ അർത്ഥം. ആലുഇംറാൻ 169-171 വചനങ്ങളിൽ ഇതിനെപ്പറ്റി കൂടുതൽ വിവരം കാണാവുന്നതാണ്. إن شاء الله അവർക്ക് ആഹാരം നൽകപ്പെട്ടുകൊണ്ടിരിക്കുമെന്നും, അതോടൊപ്പം വന്നുചേരുവാനിരിക്കുന്നവരെപ്പറ്റി അവർ സന്തുഷ്ടരായിക്കൊണ്ടിരിക്കുമെന്നും മറ്റും അവിടെ പ്രസ്താവിച്ചിരിക്കുന്നു.

ശുഹദാക്കളുടെ (രക്തസാക്ഷികളുടെ) ആത്മാക്കൾ പച്ചവർണ്ണമുള്ള ചില പക്ഷികളുടെ ഉള്ളങ്ങളിലായി സ്വർഗ്ഗത്തിൽ അവർ ഉദ്ദേശിച്ചേടത്തുകൂടി മേഞ്ഞുകൊണ്ടിരിക്കുമെന്നും, അവർക്ക് ലഭിക്കുവാനിരിക്കുന്ന പ്രതിഫലങ്ങൾകണ്ട് തങ്ങളെ ഇഹത്തിലേക്ക് മടക്കി വീണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധംചെയ്തു കൊല്ലപ്പെടുമാറാക്കിക്കൊടുക്കുവാൻ അവർ അല്ലാഹുവിനോട് അപേക്ഷിക്കുമെന്നും, ഇനി മടക്കമില്ലെന്നു നിശ്ചയിച്ചു വെച്ചിരിക്കുന്നതായി അല്ലാഹു അവരോട് മറുപടി പറയുമെന്നും നബി (ﷺ) പ്രസ്താവിച്ചിരിക്കുന്നു. (മു) അല്ലാഹുവും റസൂലും അറിയിച്ചുതന്നതിനപ്പുറം അവരുടെ ആത്മീയമായ ആ അദൃശ്യജീവിതത്തെപ്പറ്റി നമുക്കൊന്നും അനുമാനിക്കുവാൻ സാധ്യമല്ല. അതാണ് **ولكن لا تشعرون** (എങ്കിലും നിങ്ങൾ അത് ഗ്രഹിക്കുകയില്ല) എന്ന് അല്ലാഹു പറഞ്ഞതും. യുദ്ധത്തിൽവെച്ചോ, ശത്രുക്കളുടെ കൈക്കോ കൊല്ലപ്പെട്ടാൽ മാത്രംപോരാ. നിഷ്കളങ്ക മനസ്സോടും, ഐഹികമായ ലക്ഷ്യങ്ങൾ വെച്ചു കൊണ്ടല്ലാതെയും രണാങ്കണത്തിലിറങ്ങി കൊല്ലപ്പെവരായെങ്കിൽ മാത്രമേ ഇപ്പറഞ്ഞ നേട്ടങ്ങൾ ഉണ്ടായിരിക്കുകയുള്ളുവെന്ന് പല ഹദീസുകളിലും നബി (ﷺ) വ്യക്തമാക്കിയിരിക്കുന്നു. ക്ഷമയെപ്പറ്റി വീണ്ടും പറയുന്നു;-

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ ٱلْخَوْفِ وَٱلْجُوعِ وَنَقْصٍ مِّنَ ٱلْأَمْوَٰلِ وَٱلْأَنفُسِ وَٱلثَّمَرَٰتِ ۗ وَبَشِّرِ ٱلصَّٰبِرِينَ ﴿١٥٥﴾

155 ഭയം, വിശപ്പ്, സ്വത്തുക്കളിലും ദേഹങ്ങളിലും ഫലങ്ങളിലും കുറവ് എന്നിവയിൽ പെട്ട വല്ലതുംകൊണ്ട് നിശ്ചയമായും നാം നിങ്ങളെ പരീക്ഷണം ചെയ്യുന്നതാണ്. ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുക;

ٱلَّذِينَ إِذَآ أَصَٰبَتْهُم مُّصِيبَةٌ قَالُوٓا۟ إِنَّا لِلَّهِ وَإِنَّآ إِلَيْهِ رَٰجِعُونَ ﴿١٥٦﴾

156 അതായത് യാതൊരു കൂട്ടർക്ക്: അവർക്ക് വല്ല ബാധയും [ആപത്തും] ബാധിച്ചാൽ അവർ പറയും: "ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്; ഞങ്ങൾ അവങ്കലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു".

أُو۟لَٰٓئِكَ عَلَيْهِمْ صَلَوَٰتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُهْتَدُونَ ﴿١٥٧﴾

157 അക്കൂട്ടർ-അവരിൽ, അവരുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹാശിസ്സുകളും, കാരുണ്യവും ഉണ്ടായിരിക്കും. അക്കൂട്ടർ തന്നെയാണ്, സന്മാർഗ്ഗം പ്രാപിച്ചവരും.

---

155 **ولنبلونّكم** നിങ്ങളെ നാം നിശ്ചയമായും പരീക്ഷിക്കുക തന്നെ ചെയ്യും. **بشيء** ഒരു വസ്തു (അൽപം-വല്ലതും) കൊണ്ട്. **مّن الخوف** ഭയത്തിൽനിന്ന്. **والجوع** വിശപ്പിൽ നിന്നും. **ونقْص** കുറവിൽ (ചുരുക്കത്തിൽ) നിന്നും. **مّن الأموال** സ്വത്തുക്കളിൽ നിന്ന്. **والأنفُس** ദേഹങ്ങളിൽ നിന്നും. **والثمرات** ഫലങ്ങളിൽനിന്നും. **وبشر** സന്തോഷമറിയിക്കുകയും ചെയ്യുക. **الصابرين** ക്ഷമിക്കുന്നവർക്ക്.. 156 **الذين** യാതാരുകൂട്ടർക്ക്. **إذآ أصابتهم** അവർക്ക് ബാധിച്ചാൽ, എത്തിയാൽ. **مصيبةٌ** വല്ല ബാധയും, ഒരു വിപത്ത്. **قالُوا** അവർ പറയും. **إنا لله** ഞങ്ങൾ നിശ്ചയമായും അല്ലാഹുവിന് (ഉള്ളവർ) ആകുന്നു. ഞങ്ങൾ അല്ലാഹുവിനുതന്നെ. **وإنا إليه** ഞങ്ങൾ അവനിലേക്ക് തന്നെ. **راجعونَ** മടങ്ങുന്നവരുമാണ്.

---

157 **أولئك** അക്കൂട്ടർ. **عليهم** അവരുടെ മേൽ ഉ‌ായിരിക്കും, അവർക്കു്. **صلوات** അനുഗ്രഹാശിസ്സുകൾ. **مّن ربهم** അവരുടെ റബ്ബിൽ നിന്ന്. **و رحمةٌ** കാരുണ്യവും. **وأولئك** അക്കൂട്ടർ. **هم** അവർതന്നെ. **المهتدونَ** സന്മാർഗ്ഗികൾ, നേർമാർഗ്ഗം പ്രാപിക്കുന്നവർ.

അല്ലാഹുവിങ്കൽനിന്നുള്ള പരീക്ഷണം രണ്ടുവിധത്തിലുണ്ട്. തിൻമ മുഖേനയും നന്മ മുഖേനയും. ''ونبلوكم بالشر والخير فتنة – الانبياء (തിൻമകൊണ്ടും നന്മകൊണ്ടും നിങ്ങളെ നാം ഒരു പരീക്ഷണം പരീക്ഷിക്കുന്നതാണ്.) '' (21;35) തിൻമയിൽ ക്ഷമയും സഹനവും, നൻമയിൽ നന്ദിയുംകൂറും പുലർത്തുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. അങ്ങിനെ ചെയ്യുന്നപക്ഷം 153-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ ഉദ്ധരിച്ച നബി വചനത്തിൽ കണ്ടതുപോലെ രണ്ടുതരം പരീക്ഷണവും അവർക്കു ഗുണകരമായിതന്നെ കലാശിക്കും. ഇല്ലെങ്കിലോ? രണ്ടും ദോഷമല്ലാതെ വരുത്തുകയുമില്ല. കഴിഞ്ഞ വചനങ്ങളിൽ ക്ഷമയെക്കുറിച്ച് പലതും പ്രസ്താവിച്ചു. അതിനെത്തുടർന്നു മനുഷ്യനിൽ ഇടക്കിടെ അനുഭവപ്പെട്ടേക്കുന്ന വിപത്തുകൾ മുഖേനയുണ്ടാകുന്ന പരീക്ഷണങ്ങളെക്കുറിച്ചും, അവയിൽ ക്ഷമ കൈകൊള്ളേണ്ടതിനെക്കുറിച്ചും ഈ വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുകയാണ്.

അഞ്ചുവിധം പരീക്ഷണങ്ങളെയാണ് അല്ലാഹു എടുത്തു പറഞ്ഞത്: (1) ഭയം, യുദ്ധം, കലഹം, ശത്രുക്കൾ തുടങ്ങിയ എല്ലാ കാരണത്താലും ഏർപ്പെടുന്ന ഭയം ഇതിൽ ഉൾപ്പെടുന്നു. (2) വിശപ്പ്: ക്ഷാമംകൊണ്ടോ ദാരിദ്ര്യാധിക്യംകൊണ്ടോ, മറ്റു കാരണംകൊണ്ടോ ഉണ്ടാകുന്ന പട്ടിണിയെന്നർത്ഥം. (3) ധനനഷ്ടം: ഉള്ള ധനത്തിന് നാശനഷ്ടം പിണഞ്ഞും, വരവ് കുറഞ്ഞും ഉണ്ടാകുന്ന എല്ലാതരം നഷ്ടങ്ങളും.(4) ആൾ നഷ്ടം: രോഗം, പകർച്ചവ്യാധികൾ, അപകടങ്ങൾ, യുദ്ധങ്ങൾ, അത്യാഹിതങ്ങൾ എന്നിങ്ങനെയുള്ള ഏതെങ്കിലും കാരണത്താൽ സ്വന്തം കുടുംബങ്ങളിലും ബന്ധുമിത്രങ്ങളിലും ഉണ്ടാകുന്ന എല്ലാ ജീവനാശങ്ങളും. (5) ഫലങ്ങളുടെ കുറവ്: കൃഷിയുൽപന്നങ്ങൾ, കായ്കനികൾ മുതലായവയിൽ ഏർപ്പെടുന്ന ഉൽപാദനക്കുറവ്. ഇവയെല്ലാം പലപ്പോഴും ഉണ്ടാകാറുള്ള വിപത്തുകളാണല്ലോ. ബാഹ്യമായ കാര്യകാരണബന്ധങ്ങളെ മുൻനിറുത്തി ഇവക്കെല്ലാം ചില കാരണങ്ങൾ മനുഷ്യന് പലപ്പോഴും പറയുവാനുണ്ടായിരിക്കും. എങ്കിലും അവയൊക്കെ വാസ്തവത്തിൽ അല്ലാഹുവിങ്കൽ നിന്നുള്ള ചില പരീക്ഷണങ്ങളാകുന്നു. അവയിൽ ക്ഷമ കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിങ്കൽ നിന്ന് മഹത്തായ അനുഗ്രഹങ്ങളും നൻമകളും ലഭിക്കുന്നതാണെന്നും, അവരാണ് സൻമാർഗ്ഗം പ്രാപിച്ച ഭാഗ്യവാൻമാരെന്നും അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നു. നേരെമറിച്ച് അക്ഷമയും വേവലാതിയുമായി കഴിയുന്നവരെ സംബന്ധിച്ചിടത്തോളം, ഇഹത്തിൽ ആപത്തുകളുടെ ഗൗരവം വർദ്ധിക്കലും, പരത്തിൽ അല്ലാഹുവിൻെറ അപ്രീതി സമ്പാദിക്കലും മാത്രമായിരിക്കും അനുഭവം.

മേൽപറഞ്ഞ അഞ്ച് കാര്യങ്ങളെക്കൊണ്ടും പരീക്ഷണം നടത്തും എന്ന് പറയാതെ ''അവയിൽ അൽപം വല്ലതും കൊണ്ട് പരീക്ഷണം നടത്തും (ولنبلونكم بشيء) എന്നത്രെ അല്ലാഹു പറഞ്ഞ വാക്ക്. ഇവയിൽപ്പെട്ട ഏതെങ്കിലും ചിലതൊക്കെ ചിലപ്പോൾ നിങ്ങൾക്ക് അനുഭവപ്പെട്ടെന്നു വരും, അപ്പോൾ അതിൻെറ പേരിൽ ക്ഷമകേടും നിരാശയും ബാധിക്കരുത്, നേരെമറിച്ച് ക്ഷമ അവലംബിച്ചുകൊണ്ട് അവ നിങ്ങൾക്ക് ഗുണകരമായി കലാശിക്കുവാൻ ശ്രമിക്കേണ്ടതാണ്, അതിനെക്കാൾ വമ്പിച്ച ആപത്തുകൾ സംഭവിക്കാത്തത് അല്ലാഹുവിങ്കൽ നിന്നുള്ള ഔദാര്യമായി കരുതണം എന്നൊക്കെയുള്ള സൂചനകൾ ആ വാക്കിൽ അടങ്ങിയിരിക്കുന്നതായി കാണാം. ഒരു ആപത്ത് നേരിടുമ്പോൾ, അതുപോലെ സംഭവിക്കുവാൻ സാധ്യതയുള്ള കൂടുതൽ വലുതായ ആപത്തുകളെപ്പറ്റി വിഭാവനം ചെയ്യുന്നത് സംഭവിച്ച ആപത്തിൻെറ ഗൗരവം ലഘൂകരിക്കുവാൻ ഉതകുന്നതായിരിക്കും. ക്ഷമാലുക്കളുടെ ഒരു നിർവ്വചനമെന്നോണം അവരെ അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ''അവർക്ക് വല്ല ആപത്തു ബാധിച്ചാൽ, انا لله وانا اليه راجعون (ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്; ഞങ്ങൾ അവങ്കലേക്ക് തന്നെ മടങ്ങുന്നവരുമാണ്.) എന്ന് അവർ പറയും.''

വല്ല ആപത്തുകളും നേരിടുമ്പോൾ ഈ വാക്ക് പറയുന്നത് നല്ലതാണെന്ന് ഈ

വചനത്തിൽ നിന്നും പല ഹദീസുകളിൽ നിന്നും മനസ്സിലാക്കാം. എന്നാൽ, നാവുകൊണ്ട് ഉരുവിട്ടതുകൊണ്ട് മാത്രം പ്രയോജനമില്ല. അതിലടങ്ങിയ ആശയം മനസ്സിലാക്കിക്കൊണ്ടും, ഓർമ്മിച്ചുകൊണ്ടും ആയിരിക്കണം അത്. തങ്ങൾ അല്ലാഹുവിൻെറ സൃഷ്ടികളാണ് അവൻെറ അടിമകളാണ്, തങ്ങളുടെ കൈകാര്യങ്ങളും നിയന്ത്രണങ്ങളുമെല്ലാം അവൻെറ കയ്യിലാണ്, അവന് തങ്ങളിൽ എന്തും നടപ്പിലാക്കുവാൻ അധികാരാവകാശമുണ്ട്. അതിന് വഴങ്ങുന്നത് തങ്ങളുടെ കടമയാണ്, ഞങ്ങൾ മരണാനന്തരം അവനിലേക്ക് മടങ്ങിച്ചെല്ലേണ്ടവരുമാണ്, ഇവിടെ വെച്ച് ഞങ്ങൾ ചെയ്യുന്ന എല്ലാറ്റിനും അവൻെറ മുമ്പിൽ ഞങ്ങൾ ഉത്തരം പറയേണ്ടി വരും. യാതൊരു നൻമയും അവൻെറയടുക്കൽ ഞങ്ങൾക്ക് പാഴായിപ്പോകുകയില്ല. ഒരു തിൻമയും അവൻെറ ശ്രദ്ധയിൽപെടാതെ ഒഴിവാകുകയില്ല. എന്നൊക്കെയാണ് ആ വാക്യത്തിലടങ്ങിയ ആശയം. ആപത്തുകൾ നേരിടുമ്പോൾ, ഈ ബോധത്തോടുകൂടി ആ വാക്ക് പറഞ്ഞു സ്വയം സമാധാനിക്കുന്ന ക്ഷമാലുക്കൾക്ക് അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹാശിസ്സുകളും കാരുണ്യവും ഉണ്ടായിരിക്കുമെന്നു സന്തോഷവാർത്ത അറിയിക്കുക മാത്രമല്ല അല്ലാഹു ചെയ്യുന്നത്. അവർ തന്നെയാണ് സൻമാർഗ്ഗികൾ എന്നൊരു സാക്ഷിപത്രം കൂടി അവർക്ക് നൽകിയിരിക്കുകയാണ്. ഇതിൽ നിന്നു തന്നെ, ഈ വാക്യം വളരെ മഹത്തായ ഒരു ആശയമാണ് ഉൾക്കൊള്ളുന്നതെന്ന് ഊഹിക്കാമല്ലോ. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: ''الصابرون اجرهم بغير حساب (ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലങ്ങൾ ഒരു കണക്കും കൂടാതെ ത്തന്നെയായിരിക്കും നിറവേറ്റപ്പെടുക.) (സുമർ: 10)

ആപത്തുകൾ ചെറുതായാലും വലുതായാലും ശരി, അത് സംഭവിക്കുമ്പോൾ ഇപ്രകാരം (انا لله الخ) പറയേണ്ടതാണെന്ന് ഹദീസുകളിൽ നിന്നു വ്യക്തമാകുന്നു. ആയത്തിൽ നിന്നു തന്നെയും മനസ്സിലാക്കാവുന്നതാണത്. ഈ വാക്ക് പറയുന്നതിന് 'ഇസ്തിർജാഉ്' (استرجاع=മടക്കം കാണിക്കൽ) എന്നു പറയപ്പെടുന്നു. വല്ല ആപത്തും സംഭവിച്ചശേഷം, കുറേകാലം കഴിഞ്ഞിട്ട് പിന്നെയും അത് ഓർമ്മവരുമ്പോൾ 'ഇസ്തിർജാഉ് ' പുതുക്കുന്ന പക്ഷം, അല്ലാഹു അതിന് പ്രതിഫലം നൽകാതിരിക്കുകയില്ല എന്ന് അഹ്മദും, ഇബ്നുമാജഃ (رحمهم الله) യും നിവേദനം ചെയ്ത ഒരു ഹദീസിൽവന്നിട്ടുണ്ട്. നബി (ﷺ) യുടെ പത്നി ഉമ്മുസലമ (رضي الله عنها) പറഞ്ഞതായി മുസ്‌ലിം (رحمه الله) ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: ''വല്ല അടിയാന്നും ഒരു ആപത്ത് ബാധിക്കുമ്പോൾ അവൻ انا لله وانا اليه راجعون.اللهم اجرني فى مصيبتي واخلف لى خيرا منها (ഞങ്ങൾ അല്ലാഹുവിമേതാണ് ഞങ്ങൾ അവനിലേക്ക് തന്നെ മടങ്ങുന്നവരുമാണ്. അല്ലാഹുവേ, എൻെറ ഈ ആപത്തിൽ നീ എനിക്ക് പ്രതിഫലം നൽകേണമേ! എനിക്ക് അതിനെക്കാൾ ഉത്തമമായതിനെ നീ പകരം നൽകുകയും ചെയ്യേണമേ!) എന്നു പറയുന്ന പക്ഷം, അവൻെറ ആപത്തിൽ അല്ലാഹു അവന് പ്രതിഫലം കൊടുക്കുകയും, അതിനെക്കാൾ ഉത്തമമായതിനെ അവന് പിന്നീട് നൽകുകയും ചെയ്യാതിരിക്കയില്ല.'' എന്നിങ്ങനെ റസൂൽ (ﷺ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ, എൻെറ ഭർത്താവ് അബൂ സലമഃ മരണപ്പെട്ടപ്പോൾ, റസൂൽ (ﷺ) കൽപിച്ച പ്രകാരം ഞാൻ പറഞ്ഞു. എനിക്ക് അദ്ദേഹത്തേക്കാൾ ഉത്തമനായ ആളെ അല്ലാഹു പകരം തരുകയും ചെയ്തു. അതെ, അല്ലാഹുവിൻെറ റസൂലിനെ.

۞ إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ ۖ فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا ۚ وَمَن تَطَوَّعَ خَيْرًا فَإِنَّ ٱللَّهَ شَاكِرٌ عَلِيمٌ ﴿١٥٨﴾

158 നിശ്ചയമായും, 'സ്വഫാ'യും, 'മർവഃ'യും അല്ലാഹുവിൻെറ (വക) ചിഹ്നങ്ങളിൽ പെട്ടതാണ്. അതിനാൽ, ആരെങ്കിലും (ആ) ഭവനത്തിങ്കൽ [കഅ്ബയുടെ അടുക്കൽ] 'ഹജ്ജു' ചെയ്യുകയോ, 'ഉംറഃ' ചെയ്യുകയോ ചെയ്യുന്നതായാൽ, അവൻ ആ രണ്ടിലൂടെയും പ്രദക്ഷിണം ചെയ്യുന്നതിന് തെറ്റില്ല. ആരെങ്കിലും സ്വമേധയാ വല്ല നൻമയും പ്രവർത്തിക്കുന്നതായാൽ, നിശ്ചയമായും, അല്ലാഹു നന്ദി കാണിക്കുന്നവനും,

സർവജ്ഞനുമാകുന്നു. [അതവൻ പാഴാ
ക്കുകയില്ല]

---

158 إن الصفا നിശ്ചയമായും സ്വഫാ. والمروة മർവഃയും. من شعائر ചിഹ്ന(അടയാള) ങ്ങളിൽപെട്ട താണ്. الله അല്ലാഹുവിൻെറ. فمن حج അതുകൊണ്ട് ആരെങ്കിലും ഹജ്ജ് ചെയ്താൽ, കരുതിച്ചെന്നാൽ. البيت (ആ) വീട്ടിങ്കൽ, വീട്ടിനെ (കഅ്ബയെ) . أو اعتمر അല്ലെങ്കിൽ ഉംറഃ ചെയ്താൽ, സന്ദർശനത്തിന് വന്നാൽ. فلا جناح എന്നാൽ തെറ്റില്ല, വിരോധമില്ല. عليه അവൻെറമേൽ. أن يطوف അവൻ പ്രദിക്ഷണം ചെയ്യൽ, ചുറ്റിനടക്കൽ. بهما അവ രണ്ടിനെയും, രണ്ടിലൂടെ. ومن تطوع വല്ലവരും സ്വമേധയാ ചെയ്താൽ, പുണ്യം പ്രവർത്തിച്ചാൽ. خيرا ഒരു നൻമയെ, വല്ല ഗുണവും. فإن الله എന്നാൽ നിശ്ചയമായും അല്ലാഹു. شاكر നന്ദി ചെയ്യുന്നവനാണ്. عليم അറിവുള്ളവനാണ്, സർവ്വജ്ഞനാണ്.

കഅ്ബയുടെ അടുത്തായി സ്ഥിതി ചെയ്യുന്ന രണ്ട് മേട് (ചെറിയകുന്ന്) കളാണ് സ്വഫായും, മർവയും, ഹജ്ജും, ഉംറയും ചെയ്യുന്നവർ അവ രണ്ടിനുമിടയിൽ അങ്ങോട്ടും ഇങ്ങോട്ടുമായി ഏഴ് പ്രാവശ്യം നടക്കേണ്ടതുണ്ട്. ഇബ്രാഹീം (عليه السلام) ഹാജറിനെയും ഇസ്മാഈൽ (عليه السلام) നെയും മക്കായിൽ കൊണ്ടുവന്നാക്കി തിരിച്ചുപോയശേഷം, തനിക്കും തൻെറ പൈതലിനും വെള്ളമില്ലാതെ ഹാജറ വിഷമിച്ചു. ദാഹം കഠിനമായപ്പോൾ, വല്ല വഴിയാത്രക്കാരും ആ വഴിക്ക് പോകുന്നതു കണ്ടാൽ അവരോട് വെള്ളം ചോദിച്ചുനോക്കാമെന്ന് കരുതി ഇസ്മാഈലിനെ ഇപ്പോൾ സംസം കിണർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കിടത്തി അവർ ആ കുന്നുകളിൽ ഓരോന്നിലും കയറി നോക്കുകയുണ്ടായി. രണ്ടിനുമിടയിൽ അങ്ങോട്ടും ഇങ്ങോട്ടുമായി അവർ ഏഴു പ്രാവശ്യം നടക്കുകയുണ്ടായി....... ഈ സംഭവം സവിസ്തരം ഹദീസുകളിൽ വിവരിക്കപ്പെട്ടതാണ്. (കൂടുതൽ വിവരത്തിന് സൂ: ഇബ്റാഹീമിൻെറ ആമുഖകുറിപ്പ് നോക്കുക) ഹജ്ജുകർമ്മങ്ങളുടെ അധികഭാഗവും ഇബ്റാഹീം (عليه السلام) നബിയുടെയും, ഇസ്മാഈൽ (عليه السلام) നബിയുടെയും ചരിത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളാണല്ലോ. ഹാജറിൻെറ ആ നടത്തത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ നടത്തം എന്ന് ഇബ്നു അബ്ബാസ്(رضي الله عنه) പ്രസ്താവിച്ചതായി ബുഖാരീ (رحمه الله) ഉദ്ധരിച്ചിരിക്കുന്നു. 'സഅ്യു' (سعي- വേഗംനടക്കൽ) എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ഈ നടത്തത്തെപ്പറ്റിയാണ് ان يطوف بهما (അവ രണ്ടിനുമിടയിൽ പ്രദക്ഷിണം ചെയ്യുക) എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്.

ഏതാനും കൊല്ലങ്ങളായി സുഊദി ഭരണകൂടം മസ്ജിദുൽഹറാമിൽ നടത്തിവരുന്ന വിപുലീകരണത്തിൻെറയും പരിഷ്കരണങ്ങളുടെയും കൂട്ടത്തിൽ, സഫായും, മർവയും, അവരുടെ ഇടയിലുള്ള നടപ്പാതയും മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ട് സുദീർഘവും ഭീമവുമായ ഒരു കെട്ടിടം നിർമ്മിച്ചിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ 'സഅ്യു' ചെയ്യുന്നവർക്കു വെയിലും മഴയും കൊള്ളാതെ അതു നിർവ്വഹിക്കുവാൻ കഴിയും. ഹജ്ജിലും ഉംറയിലും 'സഅ്യു' നിർബന്ധമാണ്. അത് നിർബന്ധമല്ലെന്നു തോന്നിയേക്കാവുന്നവിധം لا جناح (തെറ്റില്ല) എന്ന് അല്ലാഹു പറയുവാനുള്ള കാരണം താഴെ വിവരിക്കുന്നുണ്ട്. ഹജ്ജും, ഉംറയും തമ്മിലുള്ള വ്യത്യാസം ഇതാണ്: ഹജ്ജ് കർമ്മങ്ങൾ നടക്കുന്നത് ദുൽഹജ്ജു മാസത്തിലെ നിശ്ചിത ദിവസങ്ങളിലായിരിക്കൽ നിർബന്ധമാണ്. ഉംറക്കു കാലനിശ്ചയമില്ല. മറ്റൊന്ന്: ഹജ്ജിൻെറ പ്രധാന ഘടകമാണു അറഫയിൽ സമ്മേളിക്കൽ. ഉംറയിൽ അതില്ല താനും. മറ്റു കാര്യങ്ങളിലെല്ലാം രണ്ടും ഒരുപോലെത്തന്നെ.

ജാഹിലിയ്യാ കാലത്ത് മുശ്രിക്കുകളുടെ മേൽനോട്ടത്തിലായിരുന്നുവല്ലോ കഅ്ബയും, ഹജ്ജു കർമ്മവുമെല്ലാം. കഅ്ബയും പരിസരങ്ങളും വിഗ്രഹങ്ങളാൽ നിറക്കപ്പെട്ടിരുന്ന അക്കാലത്ത് സഫായിൽ 'ഇസാഫ് ' اساف എന്നും, മർവയിൽ 'നാഇലഃ' نائلة എന്നും ഓരോ

ബിംബങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. മക്കാ വിജയത്തോടുകൂടി വിഗ്രഹങ്ങളെല്ലാം തുടച്ചു നീക്കപ്പെട്ട കൂട്ടത്തിൽ അവയും നീക്കപ്പെട്ടു. എന്നാലും, ആ രണ്ടു സ്ഥലവും വിഗ്രഹങ്ങളുടെയും വിഗ്രഹാരാധനയുടെയും സ്ഥാനമായിരുന്നതുകൊണ്ടും, ആ രണ്ടു സ്ഥലത്തിനും ഇസ്ലാമിലുള്ള യഥാർത്ഥ സ്ഥാനമെന്താണെന്ന് അറിയപ്പെടാതിരിക്കുന്നതുകൊണ്ടും രണ്ടിനുമിടയിൽ 'സഅ്യു' നടത്തുന്നത്. നന്നല്ലെന്നും, അത് തെറ്റായിരിക്കുമെന്നും മുസ്ലിംകൾക്കിടയിൽ ഒരു ധാരണ ഉളവായി. കൂടാതെ, ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചതുപോലെ, ജാഹിലിയ്യാ സമ്പ്രദായപ്രകാരം മദീനായിൽനിന്നു ഹജ്ജിനു വരുന്നവർ 'മനാത്ത് ' مناة എന്ന വിഗ്രഹത്തിൻെറ നാമത്തിൽ ഹജ്ജുകർമ്മം നിർവ്വഹിക്കുന്നവരും, സ്വഫാ- മർവയിൽ ബിംബങ്ങൾക്കിടയിൽ സഅ്യു ചെയ്വാൻ മടിക്കുന്നവരുമായിരുന്നു. കഅ്ബയെ മാത്രം പ്രദക്ഷിണം ചെയ്താൽ മതിയെന്നായിരുന്നു അവരുടെ നിലപാട്.

പ്രസ്തുത ധാരണ ശരിയല്ലെന്നും, സ്വഫായും, മർവയും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽ പെട്ട പരിപാവന സ്ഥാനങ്ങളാണെന്നും, ഇബ്റാഹീം (عليه السلام) മുതൽക്കു തന്നെ നടപ്പാക്കപ്പെട്ട ഹജ്ജു കർമ്മങ്ങളിൽ അവർക്കിടയിലുള്ള നടത്തവും ഉൾപ്പെടുമെന്നും, ബിംബങ്ങളിൽ നിന്ന് ശുദ്ധമാക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇനി ആ കർമ്മം നിർവ്വഹിക്കുന്നതിൽ അവർ ധരിച്ചതു പോലെയുള്ള ആശങ്കകൾക്കൊന്നും സ്ഥാനമില്ലെന്നും ഈ വചനം മുഖേന അല്ലാഹു സത്യവിശ്വാസികളെ പഠിപ്പിക്കുകയാണ്. അതുകൊണ്ടാണ് ''ഹജ്ജും ഉംറയും ചെയ്യുന്നവർ അവ രണ്ടിലൂടെയും പ്രദക്ഷിണം ചെയ്യുന്നതിന് തെറ്റില്ല'' എന്നു പറഞ്ഞത്. 'അതിനു തെറ്റില്ല' എന്ന് പറയുമ്പോൾ, 'അത് ചെയ്യാതിരിക്കുന്നതിനും വിരോധമില്ലല്ലോ' എന്നു ഉർവത്തുബ്നു സുബൈർ (رحمه الله) ചോദിച്ചപ്പോൾ, ആയിശാ (رضي الله عنها) ഈ വചനം അവതരിച്ച (മേൽ വിവരിച്ച) പശ്ചാത്തലം അദ്ദേഹത്തിനു വിവരിച്ചുകൊടുക്കുകയും, അത് റസൂൽ (ﷺ) ചെയ്തു നടപ്പാക്കിയിട്ടുള്ളതാകകൊണ്ട് ആർക്കും അത് വിട്ടുകളയുവാൻ പാടില്ലാത്തതാണെന്നു മനസ്സിലാക്കികൊടുക്കുകയും ചെയ്തതായി ബുഖാരീ (رحمه الله) രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെ ശക്തിപ്പെടുത്തുന്ന വേറെയും ഹദീസുകൾ ബുഖാരിയിലും മുസ്ലിമിലും മറ്റും കാണാവുന്നതാണ്.

شعيرة (ശഈറത്ത്) എന്ന വാക്കിൻെറ ബഹുവചനമാണ് شعائر (ശആഇർ) 'അടയാളം, ചിഹ്നം' എന്നാണ് വാക്കർത്ഥം. അല്ലാഹുവിൻെറ ചിഹ്നങ്ങൾ എന്നോ ഇസ്ലാമിൻെറ ചിഹ്നങ്ങൾ എന്നോ شعائر الاسلام, شعائر الله പറയുമ്പോൾ, മതകല്പനകളും മതസിദ്ധാന്തങ്ങളും അനുഷ്ഠിക്കുകയും മാനിക്കുകയും ചെയ്യുന്നതിൻെറ പ്രത്യക്ഷ അടയാളമായി ഗണിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടുന്നു. ഹജ്ജും ഉംറയുമാകുന്ന ആരാധനാകർമ്മങ്ങളും അവയുമായി ബന്ധപ്പെട്ട സ്ഥാനങ്ങളുമാണ് ഇവിടെ പ്രധാനമായും ഉദ്ദേശ്യം. ഈ രണ്ടു സ്ഥലവും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽപ്പെട്ടതാണെന്ന് അല്ലാഹു പറഞ്ഞപ്പോൾ, അത് രണ്ടും രണ്ട് പരിപാവന സ്ഥലങ്ങളാണെന്നും, അവയുടെ ഇടയിലുള്ള 'സഅയു' ഒരു പ്രധാനപ്പെട്ട പുണ്യകർമ്മമാണെന്നും വ്യക്തമാണ്. അല്ലാഹു പറയുന്നു: ''
ومن يعظم شعائر الله فانهم من تقوى القلوب – الحج (ആരെങ്കിലും അല്ലാഹുവിൻെറ ചിഹ്നങ്ങളെ ബഹുമാനിക്കുന്നപക്ഷം, നിശ്ചയമായും അത് ഹൃദയങ്ങളുടെ ഭക്തിയിൽ നിന്നുള്ളതാകുന്നു.) '' (ഹജ്ജ്:32) ومن تطوع خيرا الخ (ആരെങ്കിലും സ്വമേധയാ വല്ല നല്ല കർമ്മവും പ്രവർത്തിച്ചാൽ അല്ലാഹു നന്ദി കാണിക്കുന്നവനും, എല്ലാം അറിയുന്നവനുമാണ്.) എന്ന വാക്യവും തന്നെ അതിന് അല്ലാഹു കൽപിക്കുന്ന പ്രാധാന്യത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. ഒരു വസ്തുത പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ട്: ഏതെങ്കിലും പുണ്യസ്ഥലങ്ങളെപ്പറ്റി അവ അല്ലാഹുവിൻെറ ചിഹ്നങ്ങളാണെന്നോ, അവയെ ബഹുമാനിക്കേണ്ടതാണെന്നോ പറയുന്നതിൻെറ അർത്ഥം, ആ സ്ഥലത്തെ മണ്ണിനോ കല്ലിനോ മറ്റോ ഒരു തരം ദിവ്യത്വമുണ്ടെന്നോ, അവ തൊട്ടു തടവിയോ മറ്റോ വല്ല കാര്യങ്ങളും സാധിപ്പിക്കാമെന്നോ അല്ല. ആ സ്ഥലങ്ങളിൽവെച്ച് നിർവ്വഹിക്കപ്പെടുവാൻ നിയമിക്കപ്പെട്ട കർമ്മങ്ങൾ യഥാവിധി ഭയഭക്തിയോടെ അനുഷ്ഠിക്കുകയും, അവയെ ഒരു വിധത്തിലും അനാദരിക്കുകയോ അവഹേളിക്കുകയോ

ചെയ്യാതിരിക്കുകയും ചെയ്യുക എന്നാണുദ്ദേശ്യം. ആ സ്ഥലങ്ങളിൽവെച്ചുള്ള പ്രാർത്ഥനകൾക്ക് അല്ലാഹുവിൻെറ അടുക്കൽ പ്രത്യേക പരിഗണനയുണ്ടായിരിക്കുന്നതുമാകുന്നു.

ومن تطوع خيرا الخ (ആരെങ്കിലും സ്വമേധയാ ഒരു നല്ല കർമ്മംചെയ്താൽ.......) എന്ന വാക്യത്തിൽ നിർബന്ധകർമ്മങ്ങൾക്ക് പുറമെ ചെയ്യപ്പെടുന്ന എല്ലാ ഐച്ഛിക കർമ്മങ്ങൾക്കുമുള്ള പ്രോൽസാഹനം അടങ്ങിയിരിക്കുന്നു. എന്നാലും -സന്ദർഭം നോക്കുമ്പോൾ- ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഐച്ഛികമായി ചെയ്യപ്പെടുന്ന ഹജ്ജും ഉംറയുമാണെന്ന് കാണാവുന്നതാണ്. സഫാ-മർവക്കിടയിലുള്ള നടത്തമാകട്ടെ, ഹജ്ജിലും ഉംറയിലുമല്ലാതെ ഒരു പ്രത്യേക കർമ്മമായി നിയമിക്കപ്പെട്ടിട്ടുമില്ല. അഥവാ കഴിവുള്ളവർക്ക് ആയുസ്സിൽ ഒരിക്കൽ മാത്രമേ ഹജ്ജും ഉംറയും നിർബന്ധമുള്ളുവെങ്കിലും, കൂടുതൽ ചെയ്യുന്നത് പുണ്യകർമ്മവും അല്ലാഹു ഇഷ്ടപ്പെടുന്നതുമാണെന്ന് ഈ വാക്യത്തിൽനിന്ന് മനസ്സിലാക്കാം. ഹദീസുകളിൽനിന്ന് അത് വ്യക്തമായി മനസ്സിലാക്കുവാനും കഴിയുന്നു. അപ്പോൾ, കഴിവുള്ളവർക്ക് പോലും ഒന്നിലധികം പ്രാവശ്യം ഹജ്ജും ഉംറയും ചെയ്യുന്നതിന് ഇസ്‌ലാമിൽ പരിഗണനയൊന്നുമില്ലെന്നും മറ്റുമൊക്കെ വക്രതാൽപര്യക്കാരായ ചില ആധുനിക പണ്ഡിതൻമാർ പറഞ്ഞും പ്രചരിപ്പിച്ചും വരുന്നത് തെറ്റാണെന്നും, അടുത്ത വചനത്തിലെ താക്കീത് അവർക്കും ബാധകമായേക്കുമെന്ന് അവർ ഭയപ്പെടേണ്ടതുണ്ടെന്നും അതിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. മദീനാ ഹിജ്റക്ക് ശേഷം നബി (ﷺ) ഒരു ഹജ്ജല്ലാതെ ചെയ്തതായി അറിയപ്പെട്ടിട്ടില്ല. വാസ്തവത്തിൽ അതിന് ചില കാരണങ്ങളുമുണ്ടായിരുന്നതായി കാണാം. മക്കാ ജീവിതകാലത്ത് അവിടുന്ന് എത്ര ഹജ്ജു ചെയ്തിരിക്കുമെന്നുള്ളതിന് തെളിവുമില്ല. പക്ഷെ, മദീനാ ഹിജ്റക്കുശേഷം നബി (ﷺ) തിരുമേനിയുടെ അറിവോടും കൽപനപ്രകാരവും തന്നെ സഹാബികൾ ഹജ്ജും ഉംറയും ഒന്നിലധികം ചെയ്തിട്ടുണ്ടെന്ന് തീർച്ചയാണ്. والله اعلم

إِنَّ ٱلَّذِينَ يَكْتُمُونَ مَآ أَنزَلْنَا مِنَ ٱلْبَيِّنَٰتِ وَٱلْهُدَىٰ مِنۢ بَعْدِ مَا بَيَّنَّٰهُ لِلنَّاسِ فِى ٱلْكِتَٰبِ ۙ أُو۟لَٰٓئِكَ يَلْعَنُهُمُ ٱللَّهُ وَيَلْعَنُهُمُ ٱللَّٰعِنُونَ ﴿١٥٩﴾

159 നിശ്ചയമായും, (വ്യക്തമായ) തെളിവുകളായും, മാർഗ്ഗദർശനമായും നാം അവതരിപ്പിച്ചിട്ടുള്ളതിനെ-വേദഗ്രന്ഥത്തിൽ നാം അത് മനുഷ്യർക്ക്‌വേണ്ടി വിവരിച്ചതിനുശേഷം-മറച്ചുവെക്കുന്നവർ, (അതെ,) അക്കൂട്ടർ-അവരെ അല്ലാഹു ശപിക്കുന്നതാണ്; (മറ്റ്) ശപിക്കുന്നവരും അവരെ ശപിക്കുന്നതാണ്;-

إِلَّا ٱلَّذِينَ تَابُوا۟ وَأَصْلَحُوا۟ وَبَيَّنُوا۟ فَأُو۟لَٰٓئِكَ أَتُوبُ عَلَيْهِمْ ۚ وَأَنَا ٱلتَّوَّابُ ٱلرَّحِيمُ ﴿١٦٠﴾

160 പശ്ചാത്തപിക്കുകയും, (പ്രവർത്തി) നന്നാക്കുകയും (വ്യക്തമാക്കി) വിവരിച്ചുകൊടുക്കുകയും ചെയ്തവരെയൊഴികെ. എന്നാൽ, അക്കൂട്ടരാകട്ടെ, അവരുടെ പശ്ചാത്താപം നാം സ്വീകരിക്കുന്നതാണ്. ഞാനത്രെ, വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

---

159 **إن الذين** നിശ്ചയമായും യാതൊരുകൂട്ടർ. **يكْتمونَ** അവർ മൂടിവെക്കും. **ما أنزلنا** നാം അവതരിപ്പിച്ചതിനെ. **من الْبينات** വ്യക്തമായ തെളിവുകളായി, തെളിവുകളിൽനിന്നും. **والْهدى** മാർഗ്ഗദർശനവും, സൻമാർഗ്ഗവും. **من بعد** ശേഷം, പിറകെയായി. **ما بيناه** നാമതിനെ വിവരിച്ചതിൻെറ, വ്യക്തമാക്കിയതിൻെറ. **للناسِ** മനുഷ്യർക്ക്. **في الْكتابِ** (വേദ) ഗ്രന്ഥത്തിൽ. **أولَئك** അക്കൂട്ടർ. **يلْعنهم** അവരെ ശപിക്കും. **اللّٰهُ** അല്ലാഹു. **ويلْعنهم** അവരെ ശപിക്കുകയും ചെയ്യും. **اللاعنونَ** ശപിക്കുന്നവർ. 160 **إلا الذين** യാതൊരു കൂട്ടരെയൊഴികെ. **تابوا** അവർ പശ്ചാത്തപിച്ചു. **وأصلَحوا** അവർ നല്ലത് ചെയ്കയും ചെയ്തു. **وبينوا** വ്യക്തമാക്കുകയും, വിവരിക്കുകയും ചെയ്തു. **فَأولَئك** എന്നാൽ അക്കൂട്ടർ. **أتوب**

عليهم ഞാൻ അവരുടെ പശ്ചാത്താപം സ്വീകരിക്കും. **وأنا** ഞാൻ. **التواب** വളരെ പശ്ചാത്താപം സ്വീകരിക്കുന്നവൻ. **الرحيم** കരുണാനിധി.

നബി (ﷺ) തിരുമേനിയെയും, അവിടുത്തെ ദൗത്യങ്ങളെയും സംബന്ധിച്ചു തൗറത്തിലും ഇഞ്ചീലിലും വന്നിട്ടുള്ള വിവരങ്ങൾ ജനങ്ങൾക്ക് വിവരിച്ചുകൊടുക്കാതെ മൂടിവെക്കുന്ന ജൂദ-ക്രിസ്തീയ പണ്ഡിതൻമാരെപ്പറ്റിയാണ് ഈ വചനം അവതരിച്ചതെന്ന് ചില രിവായത്തുകളിൽ വന്നിട്ടുണ്ടെങ്കിലും സത്യം മൂടിവെക്കുകയും ജനങ്ങൾക്ക് അത് വിവരിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്ന എല്ലാവർക്കും ബാധകമാണ് ഈ താക്കീതെന്നുള്ളതിൽ സംശയമില്ല. അവതരണഹേതു പ്രത്യേകമായിരുന്നാലും ആയത്തുകളിലെ വിധി തത്തുല്യമായ എല്ലാ സംഭവങ്ങൾക്കും ബാധകമാണെന്നുള്ളതിൽ തർക്കമില്ലാത്തതാണ്.

അബുഹുറൈറ (رضي الله عنه) പറഞ്ഞതായി ബുഖാരീ (رحمه الله) ഉദ്ധരിക്കുന്നു: ''അല്ലാഹുവിൻെറ കിതാബിലുള്ള ഒരു ആയത്ത് ഇല്ലായിരുന്നുവെങ്കിൽ, ഞാൻ നിങ്ങൾക്ക് ഒരു വിവരവും പറഞ്ഞുതരുമായിരുന്നില്ല.'' തുടർന്നുകൊണ്ട് അദ്ദേഹം ഈ വചനം ഓതുകയും ചെയ്തു. റസൂൽ (ﷺ) അരുളിച്ചെയ്തതായി അബൂഹുറൈറ (رضي الله عنه) യിൽ നിന്നു ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ''ആരോടെങ്കിലും ഒരു അറിവിനെക്കുറിച്ച് ചോദിക്കപ്പെട്ടിട്ട് അവൻ അത് (ശരിക്കു പറഞ്ഞുകൊടുക്കാതെ) മറച്ചുവെക്കുന്നപക്ഷം, ഖിയാമത്തു നാളിൽ അവന് അഗ്നിയാലുള്ള ഒരു കടിഞ്ഞാണിടപ്പെടുന്നതാകുന്നു.'' (ദാ;തി.) അബൂഉമാമഃ (رضي الله عنه) യിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ''നിശ്ചയമായും, അല്ലാഹുവും, അവൻെറ മലക്കുകളും, ആകാശങ്ങളിലും ഭൂമിയിലുള്ളവരും-മാളത്തിലുള്ള ഉറുമ്പുപോലും-ജനങ്ങൾക്ക് നല്ല കാര്യം പഠിപ്പിക്കുന്ന ആളുടെ മേൽ അനുഗ്രഹം നേരുന്നതാണ്.'' (തി.) ജനങ്ങൾക്കുവേണ്ടപ്പെട്ട കാര്യങ്ങൾ പഠിപ്പിക്കുന്നവർക്ക് ലഭിക്കുന്നതായി നബി (ﷺ) പ്രസ്താവിച്ച ഈ മഹാഭാഗ്യത്തിൻെറ നേരെ വിപരീത ഫലമാണ്, അറിവുണ്ടായിട്ടും അത് മൂടിവെക്കുന്നവർക്ക് അല്ലാഹു ഈ വചനത്തിൽ താക്കീതു ചെയ്തിരിക്കുന്നത്. മതവിജ്ഞാനങ്ങൾ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യാതിരിക്കുന്നതിനെക്കാൾ കടുത്ത അക്രമമാണല്ലോ അറിഞ്ഞിട്ടു പിന്നെയും കൽപിച്ചുകൂട്ടി അത് മൂടിവെക്കുന്നത്. അല്ലാഹുവിനോടും, വേദഗ്രന്ഥത്തോടും, ജനങ്ങളോടും, സ്വന്തം ആത്മാവിനോടും ചെയ്യുന്ന കടുത്ത വഞ്ചനയും അനീതിയുമാണത്. അതുകൊണ്ട് അതുമൂലം നേരിടുന്ന ഭവിഷ്യത്തും അതിഭയങ്കരമായിരിക്കും. അതെ, അല്ലാഹുവിൻെറ ശാപവും, ശപിക്കുന്ന എല്ലാവരുടെയും ശാപങ്ങളും!

വെറുപ്പിൻെറ ആധിക്യം നിമിത്തം ദയാകാരുണ്യങ്ങളിൽനിന്ന് അകറ്റിക്കളയുന്നതിനാണ് ശാപം **لعنة** എന്ന് പറയുന്നത്. അല്ലാഹുവിൻെറ ശാപംകൊണ്ട് വിവക്ഷ ഇഹത്തിലും പരത്തിലും അവൻെറ ദയാദാക്ഷിണ്യങ്ങളും സഹായവും ലഭിക്കാതിരിക്കലും പരലോകശിക്ഷക്ക് വിധേയമാകലുമാകുന്നു. സൃഷ്ടികൾ ഒരാളെ ശപിക്കുക എന്നതിൻെറ താൽപര്യം അവർക്ക്, അവനോട് വെറുപ്പും വിരോധവും ഉണ്ടായിരിക്കലും അവന്നെതിരിൽ പ്രാർത്ഥിക്കലുമായിരിക്കും. 'അല്ലാഹുവും ശപിക്കുന്നവരും ശപിക്കും' എന്ന് ഒറ്റവാക്യമായി പറയാതെ, 'അല്ലാഹു ശപിക്കും, ശപിക്കുന്നവരും ശപിക്കും' എന്ന് രണ്ട് വാക്യങ്ങളായി പറഞ്ഞതിൽ രണ്ട് ശാപങ്ങളും തമ്മിലുള്ള വ്യത്യാസത്തിലേക്ക് സൂചന കാണാം. 'ശപിക്കുന്നവർ' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം , ശാപം ആരിൽനിന്നെല്ലാം ഉണ്ടാകാമോ അവരുടെയെല്ലാം ശാപം എന്ന് തന്നെ. അടുത്ത വചനത്തിൽ കാണാവുന്നതുപോലെ, മലക്കുകളും മനുഷ്യരും അതിൽ ഉൾപ്പെടുന്നു. ഇത്രയും കടുത്ത അപരാധമാണ് യഥാർത്ഥത്തെ മൂടിവെക്കൽ. എങ്കിലും ഖേദിച്ചു മടങ്ങുന്നവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. പശ്ചാത്തപിച്ചു മടങ്ങൽ യഥാർത്ഥവും ഫലപ്രദവുമാകേണമെങ്കിൽ, ചെയ്തുപോയതിനെപ്പറ്റി നിർവ്യാജം ഖേദിക്കുകയും, ചെയ്ത തെറ്റ് തിരുത്തുകയും-അഥവാ മൂടിവെച്ചത് വ്യക്തമാക്കുകയും- അതാവർത്തിക്കാതി

രിക്കുകയും വേണമല്ലോ. 'പശ്ചാത്തപിക്കുകയും പ്രവൃത്തി നന്നാക്കുകയും വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തവരൊഴികെ' എന്ന വാക്യത്തിന്റെ താൽപര്യം ഇതൊക്കെത്തന്നെയാണ്.

إِنَّ ٱلَّذِينَ كَفَرُواْ وَمَاتُواْ وَهُمْ كُفَّارٌ أُوْلَٰٓئِكَ عَلَيْهِمْ لَعْنَةُ ٱللَّهِ وَٱلْمَلَٰٓئِكَةِ وَٱلنَّاسِ أَجْمَعِينَ ﴿١٦١﴾

161 നിശ്ചയമായും, അവിശ്വസിക്കുകയും, അവിശ്വാസികളായുംകൊണ്ട് മരണപ്പെടുകയും ചെയ്തവർ, (അതെ,) അക്കൂട്ടർ -അവരുടെ മേൽ അല്ലാഹുവിന്റെയും, മുഴുവൻ മലക്കുകളുടെയും, മനുഷ്യരുടെയും ശാപമുണ്ടായിരിക്കും;

خَٰلِدِينَ فِيهَا لَا يُخَفَّفُ عَنْهُمُ ٱلْعَذَابُ وَلَا هُمْ يُنظَرُونَ ﴿١٦٢﴾

162 -അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെടുകയുമില്ല; അവർക്ക് ഇടകൊടുക്കപ്പെടുകയുമില്ല.

---

161 **إن الذين كفروا** നിശ്ചയമായും അവിശ്വസിച്ചവർ. **وماتوا** അവർ മരണപ്പെടുകയും ചെയ്തു. **وهم** അവരാകട്ടെ. **كُفّار** അവിശ്വാസികളുമാണ്. **أولئك** അക്കൂട്ടർ. **عليهم** അവരുടെ മേലുായിരിക്കും. **لعنةُ اللهِ** അല്ലാഹുവിന്റെ ശാപം. **والملائكة** മലക്കുകളുടെയും. **والناسِ** മനുഷ്യരുടെയും. **أجمعين** മുഴുവൻ. 162 **خالدين** ശാശ്വത വാസികളായിട്ട്. **فيها** അതിൽ. **لا يخفف** ലഘുവാക്കപ്പെടുകയില്ല. **عنهم** അവർക്ക്. **العذاب** ശിക്ഷ. **ولا هم** അവരല്ലതാനും. **ينظرونَ** അവർ നോക്കപ്പെടും.(ഇടകൊടുക്കപ്പെടും)

ഒരാൾ സത്യവിശ്വാസിയോ അവിശ്വാസിയോ എന്ന് അവസാനമായി തിട്ടപ്പെടുത്തുന്നത് അയാളുടെ മരണത്തോടു കൂടിയായിരിക്കും. ആയുഷ്കാലമത്രെയും അവിശ്വാസിയായിരുന്ന ഒരാൾ, ഒടുക്കംവെച്ച് സത്യവിശ്വാസം സ്വീകരിക്കുകയും അതേ നിമിഷത്തിൽ തന്നെ മരിക്കുകയും ചെയ്യുന്ന പക്ഷം അയാൾ സത്യവിശ്വാസികളിൽ ഒരാളായിത്തീരുന്നു. മറിച്ച് ഒരു സത്യവിശ്വാസി മരണത്തിന്റെ തൊട്ടു മുമ്പുള്ള നിമിഷത്തിൽ ആ വിശ്വാസം വെടിഞ്ഞ് അവിശ്വാസം സ്വീകരിക്കുന്ന പക്ഷം അയാൾ അവിശ്വാസികളുടെ കൂട്ടത്തിലുമാകുന്നു. അതുകൊണ്ടാണ് ശാപത്തെക്കുറിച്ച് പറഞ്ഞപ്പോൾ, 'അവിശ്വസിച്ചവരുടെ മേൽ' എന്ന് പറഞ്ഞു മതിയാക്കാതെ, 'അവിശ്വസിക്കുകയും, അവിശ്വാസികളായി മരണമടയുകയും ചെയ്തവരുടെ മേൽ' എന്ന് പറഞ്ഞിരിക്കുന്നത്. അപ്പോൾ, ഒരാൾ അവിശ്വാസിയായി കാണപ്പെട്ടതുകൊണ്ട് അയാളെ ശപിക്കുവാൻ പാടില്ലെന്നും, അവിശ്വാസിയായി മണപ്പെട്ടുവെന്ന് അറിയപ്പെട്ടെങ്കിൽ മാത്രമേ അയാളെ ശപിക്കുവാൻ പാടുള്ളുവെന്നും ഇതിൽ നിന്നു മനസ്സിലാക്കാം. അവിശ്വാസികളെ മൊത്തത്തിൽ ശപിക്കാമെങ്കിലും, അവിശ്വാസിയായ പ്രത്യേക വ്യക്തികളെ ശപിക്കുവാൻ പാടില്ലെന്ന് പണ്ഡിതൻമാർ പറയുവാൻ കാരണം ആ വ്യക്തിയുടെ അന്ത്യം എങ്ങിനെ കലാശിച്ചുവെന്ന് അല്ലാഹുവിനല്ലാതെ അറിയുകയില്ല എന്നുള്ളതാണ്. വഹ്‌യുകൊണ്ട് മാത്രമേ നബിമാർക്കുപോലും അത് തീർച്ചപ്പെടുത്തുവാൻ കഴിയുകയുള്ളു. എന്നാൽ തന്നെയും ആ വ്യക്തിയെ ശപിക്കാമെന്നല്ലാതെ, അതൊരു നല്ല കർമ്മമായി ഗണിക്കുന്നതുമല്ല. അവിശ്വാസികളെയും, അക്രമികൾ, വ്യാജവാദികൾ മുതലായവരെയും പൊതുവെ ശപിച്ചുകൊണ്ടുള്ള പല വാക്യങ്ങളും ഖുർആനിൽ കാണാം. എന്നാൽ പിശാചിനെയല്ലാതെ വ്യക്തികളെ ശപിച്ചുകൊണ്ടുള്ള ഖുർആൻ വാക്യങ്ങൾ കാണുന്നില്ല. പല പ്രാവശ്യം മദ്യപാനംചെയ്ത ഒരാളെ ശിക്ഷിച്ച അവസരത്തിൽ, അവിടെ സന്നിഹിതരായിരുന്നവരിൽ ഒരാൾ: "അല്ലാഹു അവനെ ശപിക്കട്ടെ, എത്രയധികം പ്രാവശ്യമാണവൻ കുടിച്ചത്.!" എന്ന് പറയുകയുണ്ടായെന്നും, അത് കേട്ടപ്പോൾ, 'നിങ്ങളുടെ സഹോദരനെതിരിൽ നിങ്ങൾ പിശാചിന് സഹായമായിത്തീരരുത്' എന്ന് നബി (ﷺ) പറഞ്ഞുവെന്നും ഹദീസിൽ വന്നിരിക്കുന്നു. (ബു,മു.)

മനുഷ്യരിൽ വിശ്വാസികളും അവിശ്വാസികളും ഉണ്ടായിരിക്കെ, അവിശ്വാസികളുടെമേൽ എല്ലാ മനുഷ്യരുടെയും ശാപമുണ്ടാകുന്നതെങ്ങിനെ? അവിശ്വാസികൾ പരസ്പരം ശപിക്കുമോ? എന്ന് ചോദിക്കപ്പെടാം. സത്യവിശ്വാസികളായ ആളുകളുടെ ശാപമാണ് ഇവിടെ ഉദ്ദേശ്യമെന്നത്രെ ചിലർ ഇതിന് നൽകുന്ന മറുപടി. പക്ഷെ, ഈ ശപിക്കൽ ഇഹത്തിൽവെച്ചോ, പരലോകത്തിൽ വെച്ചോ, രണ്ടിടത്തുംവെച്ചോ എന്നൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. അതേസമയം പരലേ ാകത്തുവെച്ച് അവിശ്വാസികൾ പരസ്പരം നിഷേധിക്കുകയും ശപിക്കുകയും ചെയ്യുന്നതാണ് എന്ന് സൂറ: അങ്കബൂത്ത് 25ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടുതാനും. ഇവിടെയും അതാവാം ഉദ്ദേശ്യം. അല്ലാഹുവിനറിയാം. ഏതായാലും, ശാപത്തിൽനിന്ന് അവിശ്വാസികൾക്ക് ഒരിക്കലും രക്ഷയില്ലെന്നും അവർക്ക് കാലാകാല ശിക്ഷയായിരിക്കും അനുഭവമെന്നും, ഒരിക്കലെങ്കിലും ശിക്ഷ ലഘൂകരിക്കപ്പെടുകയോ ആശ്വാസത്തിമേതായ ഇടവേളയോ അവധി നൽകപ്പെടുകയോ ഇല്ലെന്നും അല്ലാഹു സ്പഷ്ടമാക്കുന്നു.

وَإِلَٰهُكُمْ إِلَٰهٌ وَاحِدٌ ۖ لَّا إِلَٰهَ إِلَّا هُوَ الرَّحْمَٰنُ الرَّحِيمُ ﴿١٦٣﴾

163 നിങ്ങളുടെ 'ഇലാഹ്'(ആരാധ്യൻ) ഏക 'ഇലാഹാ'കുന്നു. അവനല്ലാതെ 'ഇലാഹേ' യില്ല; കാരുണ്യവാനും കരുണാനിധിയുമായുള്ളവനത്രെ (അവൻ) .

---

163 **وإلهكم** നിങ്ങളുടെ ഇലാഹ്, ആരാധ്യൻ, ദൈവം. **إله واحد** ഒരേ ഇലാഹാകുന്നു. **لا إله** ഒരു ഇലാഹുമില്ല. **إلا هو** അവനല്ലാതെ. **الرحمن** കാരുണ്യവാൻ. **الرحيم** കരുണാനിധി.

اله (ഇലാഹ്=ആരാധ്യൻ) എന്ന വാക്കിലടങ്ങിയ സാരങ്ങളെപ്പറ്റി സൂറത്തുൽ ഫാതിഹയുടെ വ്യാഖ്യാനത്തിലും الرحمن الرحيم (റഹ്മാൻ, റഹീം) എന്നീ വാക്കുകളിലടങ്ങിയ സാരങ്ങളെപ്പറ്റി 'ബിസ്മി'യുടെ വിവരണത്തിലും മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. لا اله الا الله (അല്ലാഹു അല്ലാതെ ഇലാഹ്-ആരാധ്യൻ-ഇല്ല) എന്നു പറയുന്നതിൻെറ അർത്ഥം അല്ലാഹുവിനല്ലാതെ മറ്റാർക്കും ആരാധനചെയ്യപ്പെടുന്നില്ല എന്നല്ല. യഥാർത്ഥത്തിലുള്ള ആരാധ്യൻ അല്ലാഹുമാത്രമാണ്, ആരാധനക്ക് അർഹനായുള്ളവൻ അവനല്ലാതെ വേറെയില്ല, ആരാധ്യനായി ഗണിക്കപ്പെട്ടു വരുന്നവയെല്ലാം മിഥ്യകളും കൃത്രിമങ്ങളുമാണ് എന്നൊക്കെയാണ് അർത്ഥം. അല്ലാഹു മാത്രമേ ഇലാഹായിരിക്കുവാൻ അർഹനായുള്ളുവെന്നുള്ളതിൻെറ തെളിവുകളാണ് അടുത്ത വചനത്തിൽ കാണുന്നത്:-

വിഭാഗം-20

إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ وَالْفُلْكِ الَّتِي تَجْرِي فِي الْبَحْرِ بِمَا يَنفَعُ النَّاسَ وَمَا أَنزَلَ اللَّهُ مِنَ السَّمَاءِ مِن مَّاءٍ فَأَحْيَا بِهِ الْأَرْضَ بَعْدَ مَوْتِهَا وَبَثَّ فِيهَا مِن كُلِّ دَابَّةٍ وَتَصْرِيفِ الرِّيَاحِ وَالسَّحَابِ الْمُسَخَّرِ بَيْنَ السَّمَاءِ وَالْأَرْضِ

164 നിശ്ചയമായും, ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചതിലും, രാവും, പകലും (മാറി മാറി) വ്യത്യാസപ്പെടുന്നതിലും, മനുഷ്യർക്ക് ഉപകാരപ്പെടുന്ന വ(സ്തുക്കളെ)യും കൊണ്ടു സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന കപ്പലുകളിലും, ആകാശത്തുനിന്ന് അല്ലാഹു വെള്ളത്തെ ഇറക്കുകയും, എന്നിട്ട് അത്മൂലം, ഭൂമിയുടെ നിർജ്ജീവതക്ക്ശേഷം അതിനെ സജീവമാക്കി അതിൽ എല്ലാ (തരം) ജീവജന്തുക്കളെയും വ്യാപിപ്പിക്കുകയും ചെയ്തി ട്ടുള്ളതിലും, കാറ്റുകളുടെയും, ആകാശത്തിനും ഭൂമിക്കുമിടയിൽ കീഴ്പ്പെടുത്ത [നിയന്ത്രിക്ക]പ്പെടുന്ന

لَأٓيَٰتٖ لِّقَوۡمٖ يَعۡقِلُونَ ﴿١٦٤﴾

മേഘത്തിൻെറയും നടത്തിപ്പിലും, ബുദ്ധി കൊടു (ത്ത് ഗ്രഹി)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

164 **إن في خلق** നിശ്ചയമായും സൃഷ്ടിപ്പിൽ (ഉണ്ട്) . **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടെയും. **واختلاف** വ്യത്യാസത്തിലും, വ്യത്യാസപ്പെടുന്നതിലും. **الليل** രാത്രിയുടെ. **والنهار** പകലിൻെറയും. **والفُلْك** കപ്പലുകളിലും, കപ്പലിലും. **التي تجري** സഞ്ചരിക്കുന്ന. **في البحر** സമുദ്രത്തിൽ. **بما ينفع** ഉപകാരം ചെയ്യുന്നതുമായി. **الناس** മനുഷ്യർക്ക്. **وما أنزلَ** ഇറക്കിയതിലും. **الله** അല്ലാഹു. **من السماءِ** ആകാശത്ത്നിന്ന്. **من ماءٍ** വെള്ളമായി, വെള്ളത്തിൽനിന്നും. **فأحيا به** എന്നിട്ട് അതുകൊണ്ട് അവൻ ജീവിപ്പിച്ചു. **الأرض** ഭൂമിയെ. **بعد موتها** അതിൻെറ മരണത്തിൻെറ ശേഷം. **وبث** പരത്തുക (വിതരണം ചെയ്യുക-വ്യാപിപ്പിക്കുകയും) . **فيها** അതിൽ. **من كُلِّ دابة** എല്ലാ(തരം) ജന്തുക്കളെയും, ജന്തുക്കളിൽനിന്നും. **وتصريف** നടത്തിപ്പിലും, നിയന്ത്രണത്തിലും. **الرِّياح** കാറ്റുകളുടെ. **والسحاب** മേഘത്തിൻെറയും. **المسخر** കീഴ്പെടുത്തപ്പെട്ട(നിയന്ത്രിക്കപ്പെടുന്ന) . **بين السماءِ والأرض** ആകാശത്തിനും ഭൂമിക്കുമിടയിൽ. **لآيات** പല (ചില) ദൃഷ്ടാന്തങ്ങൾ (ഉണ്ട്) . **لّقوم** ഒരു ജനതക്ക്. **يعقلونَ** അവർ ചിന്തിക്കും.

അല്ലാഹുവിൻെറ ഏകത്വം, സാർവ്വത്രികമായ കഴിവ്, മഹത്തായ അനുഗ്രഹം, സൃഷ്ടിവൈഭവം ആദിയായവക്ക് സ്പഷ്ടമായ ദൃഷ്ടാന്തങ്ങളാണ് ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട ഓരോ കാര്യവും. ഓരോന്നിനെക്കുറിച്ചും എത്ര ഗാഢമായും വ്യാപകമായും ചിന്തിക്കുവാൻ മനുഷ്യന് കഴിയുമോ- അല്ലെങ്കിൽ അവൻ അതിനു തയ്യാറാകുമോ- അത്രത്തോളമായിരിക്കും അവയിൽ നിന്ന് അവന് സിദ്ധിക്കുന്ന വിജ്ഞാന സമ്പത്തുകൾ. അല്ലാഹു ചൂണ്ടിക്കാട്ടിയ ദൃഷ്ടാന്തങ്ങൾ ഇവയാകുന്നു:-

(1) ആകാശഭൂമികളെ സൃഷ്ടിച്ചത്. അനന്തവിശാലമായ ആകാശങ്ങൾ, എണ്ണവും വണ്ണവും അജ്ഞാതങ്ങളായ അവയിലെ നക്ഷത്ര ലോകങ്ങൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, ഓരോന്നിൻെറയും വ്യവസ്ഥാപിതവും അത്യൽഭുതകരവുമായ ഗതിവിഗതികൾ, പരസ്പര ബന്ധങ്ങൾ, നാം നിവസിക്കുന്ന ഈ ഭൂമി, അതിൻെറചലനങ്ങൾ, അതുൾക്കൊള്ളുന്ന വൻകരകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ, നദികൾ, മരുഭൂമികൾ, നാടുകൾ, കാടുകൾ, ജീവജാലങ്ങൾ, പദാർത്ഥങ്ങൾ, വ്യത്യസ്തമായ ഭൂപ്രകൃതികൾ, അവയെ കീഴടക്കുവാനും ചൂഷണം ചെയ്യുവാനുമുള്ള മാർഗ്ഗങ്ങൾ, അങ്ങിനെ പലതും പലതും. (2) രാപ്പകലുകളുടെ വ്യത്യാസം. ഒന്നിന് പിന്നാലെ മറ്റൊന്നായിക്കൊണ്ട് അവ രണ്ടും മാറിമാറിക്കൊണ്ടിരിക്കുന്നു. ഒന്നിൻെറസമയം വർദ്ധിച്ചാൽ മറ്റേതിൻെറ സമയം ചുരുങ്ങുന്നു. ഭൂമിയുടെ ഒരർദ്ധഭാഗത്ത് പകൽ വെളിച്ചം വീശുമ്പോൾ മറ്റേ അർദ്ധഭാഗത്ത് രാത്രി ഇരുട്ടു മൂടുന്നു. അങ്ങിനെ പലതും. (3) ജനങ്ങൾക്ക് ഉപകാരപ്രദങ്ങളായ വസ്തു വിഭവങ്ങളെ വഹിച്ചുകൊണ്ടു സമുദ്രങ്ങളിലൂടെ അങ്ങുമിങ്ങും സഞ്ചരിക്കുന്ന കപ്പലുകൾ. അഥവാ ആഴക്കടലും, ദൂരെക്കടലും വ്യത്യാസമില്ലാതെ, രാപ്പകൽ വ്യത്യാസം കൂടാതെ, ഓരോ നാട്ടിലെ കയറ്റുമതിച്ചരക്കുകൾ മറ്റു നാടുകളിൽ എത്തിച്ചു ഇറക്കുമതി ചെയ്യുവാനും, സമുദ്രവിഭങ്ങളെ തേടിപ്പിടിക്കുവാനും കാറ്റും കോളും തിരമാലകളും ഭേദിച്ചുകൊണ്ട് അന്തരീക്ഷത്തിൽ പാറിപ്പറന്നുനടക്കുന്ന പറവകൾ കണക്കെ, അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്ന വിവിധ തരത്തിലുള്ള എണ്ണമറ്റ ജലവാഹനങ്ങളും, അവയുടെ സഞ്ചാരത്തിന് ഉപയുക്തമാംവിധം സമുദ്രമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയതും മറ്റും.

(4) ആകാശത്തുനിന്ന്-അഥവാ ഉപരിഭാഗത്ത് നിന്ന്- മഴവെള്ളം ഇറക്കി അതു വഴി, നിർജ്ജീവമായിക്കിടക്കുന്ന തരിശു ഭൂമികൾക്കു നവജീവൻ നൽകുന്നത്. ഈർപ്പമില്ലാതെ, ഉൽപാദന ശേഷിയില്ലാതെ, വരണ്ടു കിടക്കുന്ന ഭൂമിയിൽ മഴപെയ്യുന്നതോടുകൂടി അതിൻെറ മട്ടുമാറുന്നു. നനവുതട്ടി മണ്ണു ചീർക്കുന്നു. സസ്യലതാദികൾ മുളച്ചുപൊങ്ങുന്നു. കൃഷിയോഗ്യ

മായിത്തീരുന്നു. അങ്ങിനെ ഭൂതലം പച്ച വിതാനമായിമാറുന്നു. (5) വിവിധതരം ജീവജന്തുക്കളെ ഭൂമിയിൽ വിതരണം ചെയ്തത്. ദൃഷ്ടിക്കു ഗോചരമല്ലാത്ത വിധം ചെറുതായ പ്രാണികൾ തൊട്ട് ഭീമാകാരികളായ ജീവികൾ വരെ, ഏററവും അപരിഷ്കൃതങ്ങളെന്ന് കരുതപ്പെടുന്ന താഴേകിട ജീവികൾ തൊട്ട് ഏററവും പരിഷ്കൃതരും മേലേ കിടയിലുള്ളവരുമായ മനുഷ്യർവരെ, കരയിലും കടലിലും, നാട്ടിലും കാട്ടിലും, അന്തരീക്ഷത്തിലുമായി കഴിഞ്ഞുകൂടുന്ന എണ്ണമറ്റ ജീവജാലങ്ങൾ, അവയുടെ ജാതി-വർണ്ണർഗ്ഗ-സ്വഭാവവ്യത്യാസങ്ങൾ, ഒന്നിനൊന്ന് വ്യത്യസ്തമായ ജീവിത രീതി കൾ, ആവശ്യങ്ങൾ, ഉപയോഗങ്ങൾ, ആകൃതികൾ, പ്രകൃതികൾ തുടങ്ങിയവ. (6) കാറ്റുകളുടെ നടത്തിപ്പും നിയന്ത്രണവും. കാലവർഷക്കാറ്റ്, വാണിജ്യക്കാറ്റ്, ശീതക്കാറ്റ്, ഉഷ്ണക്കാറ്റ്, ഇളങ്കാറ്റ്, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് ആദിയായവയും, അവയുടെ ഉൽഭവം , ഗതി, ഉപകാരം, ഉപദ്രവം ആദിയായവയും . (7) ആകാശത്തിനും ഭൂമിക്കുമിടയിൽവെച്ച് നിയന്ത്രിക്കപ്പെടുന്ന മേഘത്തി ൻെറനടത്തിപ്പ്. ആവശ്യത്തിലധികം മേൽപോട്ട് കയറിപ്പോകാതെ, ഉപദ്രവകരമായവിധം ഭൂമിയിൽ താഴോട്ടിറങ്ങി ഉപദ്രവിക്കാതെ, അന്തരീക്ഷത്തിൽ ഒതുങ്ങി നിൽക്കുകയും, ആവശ്യമുള്ള ഭാഗങ്ങളിലേക്ക് ഓടിനീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്ന കാർമേഘങ്ങളുടെ നിയന്ത്രണ നടപടി ക്രമങ്ങൾ തുടങ്ങിയവ.

ഇത്യാദി മഹൽ കാര്യങ്ങളെല്ലാം ഒന്നിനൊന്ന് വിരുദ്ധമോ തടസ്സമോ ആകാതെ തികച്ചും വ്യവസ്ഥാപിതമായ രീതിയിൽ, സൃഷ്ടിച്ചു നിയന്ത്രിച്ചു നടത്തിപ്പോരുന്നവനാരോ അവന്- അല്ലാഹുവിന്- മാത്രമേ ഇലാഹായിരിക്കുവാൻ (ആരാധിക്കപ്പെടുവാൻ) അർഹതയുള്ളുവെന്നും, മറ്റുള്ള ആരാധ്യവസ്തുക്കളൊന്നും ആരാധനക്കർഹതയില്ലാത്ത മിഥ്യകളാണെന്നും ബുദ്ധി കൊടുത്ത് ചിന്തിക്കുന്ന ഏവർക്കും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ഇവ മാത്രമല്ല, ഇവപോലെയുള്ള അനേകം ദൃഷ്ടാന്തങ്ങൾ വേറെയും.

പക്ഷെ, യഥാർത്ഥ സ്രഷ്ടാവിനെ നേരത്തെത്തന്നെ ചിന്താമണ്ഡലത്തിൽനിന്ന് വൈരാഗ്യപൂർവ്വം ഒഴിച്ചു നിറുത്തി പകരം മറ്റൊരു സ്രഷ്ടാവിനെ -അതിന് പേർ പ്രകൃതി യെന്നോ, ഊർജ്ജമെന്നോ, പരിണാമമെന്നോ, വിസ്ഫോടനമെന്നോ എന്തു തന്നെ പറഞ്ഞാലും ശരി-പ്രതിഷ്ഠിച്ചു പൂജിച്ചുകൊണ്ടു അവയെപ്പറ്റി ചിന്തിക്കുന്നവർക്ക് അവയിലൂടെ യഥാർത്ഥ സ്രഷ്ടാവിനെയും അവൻെറ മാഹാത്മ്യങ്ങളെയും കണ്ടെത്തുവാൻ കഴിഞ്ഞെന്ന് വരുകയില്ല. മുൻവിധിയും യഥാവിധം ബുദ്ധി ഉപയോഗിക്കാത്തതും, ചിലപ്പോൾ അഹന്തയുമായിരിക്കും അതിൻെറ കാരണം. എന്നാൽ മുൻവിധികൂടാതെ സത്യം ദർശിക്കുവാനുള്ള താൽപര്യത്തിൽ ബുദ്ധി ഉപയോഗിക്കുന്നവർ സ്രഷ്ടാവിനെയും സൃഷ്ടിമാഹാത്മ്യത്തെയും കണ്ടെത്തുകയും സ്രഷ്ടാവിനെ വളർത്തുകയും ചെയ്യും. സൂ:ആലു ഇംറാനിൽ അല്ലാഹു പറയുന്നു: ''ആകാശ ഭൂമികളെ സൃഷ്ടിച്ചതിലും, രാവും പകലും വ്യത്യാസപ്പെടുന്നതിലും നിശ്ചയമായും ബുദ്ധിമാൻമാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്'' അതായത്, നിന്നും, ഇരുന്നും, പാർശ്വങ്ങളിലായും -അഥവാ കിടന്നും-അല്ലാഹുവിനെ ഓർമ്മിക്കുകയും, ആകാശഭൂമികളുടെ സൃഷ്ടിയിൽ ചിന്തിക്കുകയും ചെയ്യുന്നവർ. തുടർന്നുകൊണ്ട് അവരുടെ ചിന്താഫലമായി അവർ ഇങ്ങിനെ പറയുമെന്നുകൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു: ''
ربنا ما خلقت هذا باطلا سبحانك فقنا عذاب النار – ال عمران (സാരം: ഞങ്ങളുടെ രക്ഷിതാവേ, ഇതൊക്കെ നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല. നീ മഹാപരിശുദ്ധൻ! ആകയാൽ നീ ഞങ്ങളെ നരകത്തിൽനിന്ന് കാത്തു രക്ഷിക്കണേ!) '' (ആലുംഇംറാൻ: 190, 191)

165 മനുഷ്യരിലുണ്ട് ചിലർ: അവർ അല്ലാഹുവിന് പുറമെ (അവന്) ചില സമൻമാരെ ഉണ്ടാക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നതു പോലെ അവർ അവരെ സ്നേഹിക്കുന്നു. വിശ്വസിച്ചവരാകട്ടെ, അല്ലാഹുവിനോട് ഏറ്റവും ശക്തമായ സ്നേഹമുള്ളവരത്രെ. (ആ) അക്രമം പ്രവർത്തിച്ചവർ ശിക്ഷയെ

وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ ۖ وَٱلَّذِينَ ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ ۗ وَلَوْ يَرَى ٱلَّذِينَ ظَلَمُوٓا۟ إِذْ

يَرَوْنَ ٱلْعَذَابَ أَنَّ ٱلْقُوَّةَ لِلَّهِ جَمِيعًا وَأَنَّ ٱللَّهَ شَدِيدُ ٱلْعَذَابِ ﴿١٦٥﴾

(നേരിൽ) കാണുന്ന അവസരത്തിൽ, ശക്തി മുഴുവനും അല്ലാഹുവിനാണുള്ള തെന്ന് അവർ കണ്ടറിഞ്ഞിരുന്നുവെങ്കിൽ...! അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും (കണ്ടറിഞ്ഞിരുന്നുവെങ്കിൽ) ....!

إِذْ تَبَرَّأَ ٱلَّذِينَ ٱتُّبِعُوا۟ مِنَ ٱلَّذِينَ ٱتَّبَعُوا۟ وَرَأَوُا۟ ٱلْعَذَابَ وَتَقَطَّعَتْ بِهِمُ ٱلْأَسْبَابُ ﴿١٦٦﴾

166 (അതെ) പിൻപറ്റപ്പെട്ടവർ (തങ്ങളെ) പിൻ പറ്റിയവരിൽനിന്ന് ഒഴിഞ്ഞുമാറുന്ന സന്ദർഭം; അവർ (രണ്ടു കൂട്ടരും) ശിക്ഷ(നേരിൽ) കാണുകയും, അവരിൽ (നിന്ന്) ബന്ധങ്ങൾ മുറിഞ്ഞുപോകുകയും ചെയ്യുന്ന (സന്ദർഭം) .

وَقَالَ ٱلَّذِينَ ٱتَّبَعُوا۟ لَوْ أَنَّ لَنَا كَرَّةً فَنَتَبَرَّأَ مِنْهُمْ كَمَا تَبَرَّءُوا۟ مِنَّا ۗ كَذَٰلِكَ يُرِيهِمُ ٱللَّهُ أَعْمَٰلَهُمْ حَسَرَٰتٍ عَلَيْهِمْ ۖ وَمَا هُم بِخَٰرِجِينَ مِنَ ٱلنَّارِ ﴿١٦٧﴾

167 പിൻപറ്റിയവർ പറയുകയും ചെയ്യും: ‘‘ഞങ്ങൾക്ക് ഒരു മടക്കം ഉണ്ടായിരുന്നെങ്കിൽ, എന്നാൽ-ഞങ്ങളിൽനിന്ന് അവർ ഒഴിഞ്ഞുമാറിയതുപോലെ, അവരിൽനിന്ന് ഞങ്ങളും ഒഴിഞ്ഞുമാറുമായിരുന്നു!’’ അപ്രകാരം, അവരുടെ കർമ്മങ്ങളെ അവരുടെമേൽ വേദങ്ങളായി അല്ലാഹു അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. അവർ, നരകത്തിൽനിന്ന് പുറത്ത് പോകുന്നവരല്ല താനും.

---

165 **ومن الناس** മനുഷ്യരിലുണ്ട്. **من يتخذُ** ചിലർ-അവരുണ്ടാക്കും, ഉണ്ടാക്കുന്ന(സ്വീകരിക്കുന്ന) ചിലർ. **من دون اللهِ** അല്ലാഹുവിന് പുറമെ, അല്ലാഹുവിനെകൂടാതെ. **أندادا** (ചില) സമൻമാരെ. **يحبونهم** അവർ അവരെ സ്നേഹിക്കും. **كحب الله** അല്ലാഹുവിനെ സ്നേഹിക്കുന്നത്പോലെ. **والذين آمنوا** വിശ്വസിച്ച വരാകട്ടെ.**أشد حبا** സ്നേഹത്തിൽ കൂടുതൽ ശക്തരാണ്. **للّٰه** അല്ലാഹുവിനോട്. **ولو يرى** കണ്ടിരുന്നെങ്കിൽ. ആക്രമം ചെയ്തവർ. **إذْ يرونَ** അവർ കാണുന്ന സന്ദർഭം, കാണുമ്പോൾ. **العذاب** ശിക്ഷയെ. **أنَّ القوة** ശക്തി (ആകുന്നു) എന്ന്. **لله** അല്ലാഹുവിന്. **جميعا** മുഴുവനും. **وأن الله** അല്ലാഹു (ആകുന്നു) എന്നും. **شديد** കഠിനമായവൻ. **العذاب** ശിക്ഷ. 166 **إذْ تبرأ** ഒഴിഞ്ഞുമാറുമ്പോൾ, നിരപരാധിത്വം നടിക്കുമ്പോൾ. **الذين اتبِعوا** പിൻപറ്റപ്പെട്ടവർ (നേതാക്കൾ) . **من الذين** യാതൊരുവരിൽ നിന്ന്. **اتبعوا** അവൻ പിൻതുടർന്നിരിക്കുന്നു. **و رأوا** അവർ കാണുകയും (ചെയ്യുമ്പോൾ) . **العذاب** ശിക്ഷയെ. **وتقطّعت** മുറിഞ്ഞു (അറ്റു) പോകുകയും. **بهم** അവരിൽ. **الأسباب** ബന്ധങ്ങൾ (ബന്ധപ്പെട്ട കാരണങ്ങൾ) . 167. وقال പറയുകയും ചെയ്യും الذين اتبعوا പിൻപറ്റിയവർ لو انّ لنا ഞങ്ങൾക്കുണ്ടായിരുന്നെങ്കിൽ كرّة ഒരു മടക്കം, ഒരു ചാട്ടം, ഒരു പ്രാവശ്യം فنتبرّأ منهم എന്നാൽ ഞങ്ങൾ അതിൽ നിന്ന് ഒഴിഞ്ഞുമാറിയിരുന്നു. ഞങ്ങൾക്ക് ഒഴിഞ്ഞുമാറാമായിരുന്നു كما تبرّءوا അവർ ഒഴിഞ്ഞുമാറിയതുപോലെ منّا ഞങ്ങളിൽ നിന്ന് كذلك അപ്രകാരം يريهم الله അവർക്ക് അല്ലാഹു കാണിക്കും اعمالهم അവരുടെ പ്രവർത്തികളെ حسرات ഖേദങ്ങളായി, ഖേതങ്ങളായി عليهم അവർക്ക് അവരുടെമേൽ وماهم അവരല്ലതാനും بخارجين പുറത്ത് പോകുന്നവരേ من النار നരകത്തിൽ നിന്ന്.

പ്രാഥമിക ബുദ്ധികൾക്കുപോലും ഗ്രഹിക്കുവാൻ കഴിയുന്ന മുൻ വിവരിച്ചതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ പലതുണ്ടായിട്ടും അവയെപ്പറ്റി ചിന്തിക്കുവാൻ തയ്യാറില്ലാതെ, അല്ലാഹുവിന് ചില സമൻമാരെ സ്വീകരിച്ച് അവരെ ആരാധിച്ചും, അവരോട് പ്രാർത്ഥിച്ചും വരുന്ന ഒരു തരം അളുകൾ മനുഷ്യരിലുണ്ടെന്നും, അവർക്ക് നേരിടുവാനിരിക്കുന്ന ഭാവി അങ്ങേയറ്റം ഖേദകരമായിരിക്കുമെന്നും, ഇപ്പോൾ അവർ കണ്ണു തുറക്കാത്ത പക്ഷം അന്ന് കണ്ണു തുറക്കുമെന്നും,

പക്ഷെ, അതുകൊണ്ട് ഒരു പ്രയോജനവും അവർക്ക് ലഭിക്കുകയില്ലെന്നും അല്ലാഹു ശക്തിയായി താക്കീതു ചെയ്യുന്നു.

انداد (സമൻമാർ) എന്ന വാക്കിൻെറ അർത്ഥോദ്ദേശ്യത്തെപ്പറ്റി 22-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. സമൻമാരെക്കൊണ്ട് ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നത് വിഗ്രഹങ്ങളാണെന്നും, ശിർക്കിൻെറ നേതാക്കളും തലവൻമാരുമാണെന്നും, അതല്ല, അല്ലാഹുവിൻെറ ഏതെങ്കിലും ഗുണവിശേഷണങ്ങളിലോ, പ്രവർത്തികളിലോ, അധികാരാവകാശങ്ങളിലോ, സാമ്യമോ പങ്കോ ഉണ്ടെന്ന് കരുതപ്പെടുന്ന എല്ലാവസ്തുക്കളുമാണെന്നും ഖുർആൻ വ്യഖ്യാതാക്കൾ പ്രസ്താവിച്ചുകാണാം. സൂക്ഷ്മജ്ഞാനികളായ പല മഹാൻമാരും അഭിപ്രായപ്പെടുന്നതുപോലെ, ഒടുവിൽ പറഞ്ഞ അഭിപ്രായമാണ് ഏറ്റവും ശരിയായിട്ടുള്ളത്. ഈ ഖുർആൻ വചനങ്ങൾ ഒന്നാമതായി അഭിമുഖീകരിക്കുന്നത് അറബിമുശ്രിക്കുകളെയാണല്ലോ അപ്പോൾ, അന്ന് അവർ ദിവ്യത്വം കൽപിച്ചിരുന്ന കല്ലുകൾ, മരങ്ങൾ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, മലക്കുകൾ, പിശാചുക്കൾ മുതലായവർ തന്നെയായിരിക്കും പ്രധാനമായും ഉദ്ദേശ്യമെന്ന് കരുതാം. അല്ലാഹുവിൽ നിന്ന് ശ്രദ്ധവിടുത്തിക്കളയുന്ന എല്ലാവസ്തുക്കളും സമൻമാരിൽ ഉൾപ്പെട്ടേക്കുമെന്നാണ് ഇമാം ബൈളാവീ(ﷺ) അഭിപ്രായപ്പെട്ടിരിക്കുന്നത്. സയ്യിദുഖുത്ത്ബ് ചൂണ്ടിക്കാട്ടിയതുപോലെ, സ്ഥലകാലങ്ങൾക്കനുസരിച്ച് സമൻമാരുടെ സ്വഭാവത്തിലും മാറ്റങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ആളുകളോ, വസ്തുക്കളോ, ചിഹ്നങ്ങളോ, പ്രതിമകളോ എല്ലാം തന്നെ സമൻമാരായി ഗണിക്കപ്പെടാവുന്നതാണ്. അല്ലാഹുവിന് സമത്വം കൽപിക്കുകയെന്നതിൻെറ വൃത്തം എത്ര വലുതാണെന്നും, ശിർക്ക് കടന്നുകൂടുവാനുള്ള മാർഗ്ഗങ്ങൾ എത്ര നിഗൂഢങ്ങളാണെന്നും താഴെ കാണുന്നതുപോലെയുള്ള ഉദ്ധരണികളിൽ നിന്ന് സത്യാന്വേഷികൾക്ക് മനസ്സിലാക്കാവുന്നതാകുന്നു:-

1. ഇബ്നു അബ്ബാസ് (رضي الله عنهما) പറയുന്നു: ‘‘അല്ലാഹുവും അങ്ങുന്നും ഉദ്ദേശിച്ചത് **ماشاءالله وشعت**’’എന്ന് ഒരു മനുഷ്യൻ ഒരിക്കൽ നബി (ﷺ) യോട് പറയുകയുണ്ടായി. അപ്പോൾ, തിരമേനി പറഞ്ഞു: ‘‘താൻ എന്നെ അല്ലാഹുവിന് സമനാക്കി! അല്ലാഹുമാത്രം ഉദ്ദേശിച്ചത് എന്നാണ് പറയേണ്ടത്.’’ (അ; ന; ജ. മുതലായവരും അദബുൽ മുഫ്റദിൽ ബുഖാരിയും) 2. ഹുദൈഫത്തുബ്നുൽയമാൻ (رضي الله عنه) നബി (ﷺ) പറഞ്ഞതായി ഉദ്ധരിക്കുന്നു: ‘‘അല്ലാഹുവും ഇന്ന ആളും ഉദ്ദേശിച്ചത് **ماشاءالله وشاء فلان** എന്ന് നിങ്ങൾ പറയരുത്. അല്ലാഹു ഉദ്ദേശിച്ചത് എന്നും, പിന്നീട് ഇന്ന ആൾ ഉദ്ദേശിച്ചത് എന്നും പറഞ്ഞുകൊള്ളുക.’’ (അ;ദാ,ന;ജ;ബ; ഇബ്നു അബീശൈബഃ) ഇതേ അർത്ഥത്തിൽ വേറെയും രിവായത്തുകളുണ്ട്. 3. ഇബ്നു അബ്ബാസ് (رضي الله عنهما) പ്രസ്താവിച്ചതായി ഇബ്നു അബീഹാതീം (رحمه الله) ഉദ്ധരിച്ച ഒരു രിവായത്ത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അതിപ്രകാരമാണ്: ‘അൻദാദ് ’ (സമൻമാർ) എന്ന് പറഞ്ഞത്, രാത്രിയുടെ ഇരുട്ടിൽ കറുത്ത മിനുസമുള്ള കല്ലില്ലൂടെ ഉറുമ്പ് അരിക്കുന്നതുപോലെ വളരെ ഗൂഢമായ ശിർക്കാകുന്നു. (ഒരാളെ അഭിമുഖീകരിച്ചുകൊണ്ട്) അല്ലാഹുവിനെത്തന്നെയാണ്, താങ്കളുടെ ജീവിതത്തെയും തന്നെയാണ് എൻെറ ജീവിതത്തെയും തന്നെയാണ് (സത്യം!) എന്നിങ്ങിനെ പറയുക, ഇന്ന ആളുടെ പട്ടി ഇല്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ വീട്ടിൽ ഇന്നലെ രാത്രി കള്ളൻമാർ വരുമായിരുന്നുവെന്നും, പാറാവില്ലായിരുന്നുവെങ്കിൽ കള്ളൻമാർ വന്നിരുന്നുവെന്നും പറയുക, അല്ലാഹുവും താനും ഉദ്ദേശിച്ചപ്രകാരം എന്ന് പറയുക, അല്ലാഹുവും ഇന്ന ആളും ഇല്ലായിരുന്നുവെങ്കിൽ ..... എന്ന് പറയുക. ഇവയെല്ലാം ശിർക്കാകുന്നു.’’ 4. പാപങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചത് ഏതാണെന്ന് നബി(ﷺ) യോട് ഇബ്നുമസ്ഊദ് (رضي الله عنه) ചോദിച്ചു. ‘‘നിന്നെ സൃഷ്ടിച്ചത് അല്ലാഹുവായിരിക്കെ, അവന് നീ വല്ല സമനെയും ഏർപ്പെടുത്തലാണ്.’’ എന്നായിരുന്നു നബി (ﷺ) മറുപടി പറഞ്ഞത്. (ബു;മു)

ഇതുപോലെയുള്ള രേഖകൾ മുമ്പിൽവെച്ചുകൊണ്ട് മുസ്ലിം ബഹുജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ചില വാക്കുകളെപ്പറ്റിയും, ആ വാക്കുകൾ പ്രതിനിധീകരിക്കുന്ന

വിശ്വാസങ്ങളെപ്പറ്റിയും ഒന്നാലോചിച്ചു നോക്കുക! ഉദാഹരണമായി: ‘‘അല്ലാഹുവിൻെറയും നിങ്ങളുടെയും സഹായം ഉണ്ടെങ്കിൽ’’, ‘‘പടച്ചവനും നേർച്ചക്കാരും സഹായിച്ചാൽ’’, ‘‘അല്ലാഹുവിൻെറയും ശുഹദാക്കളുടെയും കാവൽ’’, ‘‘അല്ലാഹുവിൻെറയും അമ്പിയാ-ഔലിയാക്കളുടെയും സഹായംകൊണ്ട് ’’, ‘‘ശൈഖിൻെറബർക്കത്ത് കൊണ്ട് ’’ എന്നിത്യാദി പലതും! ഇതെല്ലാം അല്ലാഹുവിന് ഓരോ തരത്തിലുള്ള സമൻമാരെ ഏർപ്പെടുത്തലാണെന്ന് നിഷ്പക്ഷ ഹൃദയത്തോടുകൂടി ചിന്തിക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതാണ്. ഇങ്ങിനെയുള്ള ഒരു വാക്ക് ഒരു വ്യക്തി പറയുമ്പോഴേക്ക് അയാൾ മുശ്രിക്കായി എന്നോ, അയാൾ ഇസ്ലാമിൽനിന്ന് ഭ്രഷ്ടായിപ്പോയി എന്നോ വിധി കൽപിക്കാം-അഥവാ കൽപിക്കണം-എന്നല്ല ഇപ്പറഞ്ഞതിൻെറ അർത്ഥം. ശിർക്കിൽ തന്നെ പ്രത്യക്ഷമായതും, പരോക്ഷമായതും, ചെറുതും, വലുതും ഉള്ളതുകൊണ്ട് യാതൊരു വിധ വ്യാഖ്യാനത്തിനും ഇടമില്ലാത്തവണ്ണം വ്യക്തമായ അവിശ്വാസം (كفر بواحا) കൊണ്ടേ വ്യക്തിയെക്കുറിച്ച് അങ്ങിനെ വിധി കൽപ്പിക്കപ്പെടാവൂ. പാപങ്ങളിൽ വെച്ച് ഏറ്റവും വലിയതും, പൊറുക്കുകയില്ലെന്ന് അല്ലാഹു വ്യക്തമായി പ്രഖ്യാപിച്ചതുമാണ് ശിർക്ക് എന്നോർക്കേണ്ടതുണ്ട്. എന്നിരിക്കെ, ന്യായീകരിക്കുവാൻ കാരണങ്ങൾ എത്രതന്നെ നിലവിലുണ്ടായിരുന്നാലും ശരി, ശിർക്കിൻെറ ഇനങ്ങളിൽ പെട്ടതായിരിക്കുവാൻ സാധ്യതയുള്ള ഏതൊരുകാര്യത്തിൽനിന്നും തികച്ചും ഒഴിഞ്ഞു നിൽക്കുന്നത് ഒരോ സത്യവിശ്വാസിയുടെയും ഒഴിച്ചുകൂടാത്ത കടമയത്രെ. അല്ലാത്തപക്ഷം അവൻെറ ഭാവിയെപ്പറ്റി അവൻ ഭയപ്പെടേണ്ടതാകുന്നു.

അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്നതുപോലെ അവൻെറ സൃഷ്ടികളായ ചില മഹാൻമാരെ വിളിച്ചു പ്രാർത്ഥിക്കുക, അവനോട് സഹായം തേടുന്ന അതേ മാതിരി അവരോട് സഹായം തേടുക, അവരുടെ നാമത്തിൽ നേർച്ചവഴിപാടുകൾ നടത്തുക മുതലായ ചില കാര്യങ്ങളെ ശിർക്കിൽനിന്ന് മാറ്റിനിർത്തുവാനും, അവയൊക്കെ ഇസ്ലാമികാചാരങ്ങളായി സമർത്ഥിക്കുവാനും ചില പണ്ഡിതൻമാർ പാടുപെടുന്നത് കാണുമ്പോൾ വളരെ അത്ഭുതവും സങ്കടവും തോന്നിപ്പോകുന്നു. എന്തെല്ലാം വ്യാഖ്യാനങ്ങളോ, ന്യായവാദങ്ങളോ അവർക്ക് സമർപ്പിക്കുവാനുണ്ടെങ്കിലും ശരി, അല്ലെങ്കിൽ ചില നല്ല പേരുകൾ നൽകിയോ, മതഛായ നൽകിയോ അവയെ മോടികൂട്ടിയാലും ശരി, വാസ്തവത്തിൽ അവയെല്ലാം നേർക്കുനേരെയുള്ള അർത്ഥത്തിൽ തന്നെ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കലാകുന്നു. സത്യാന്വേഷിയും നിഷ്പക്ഷ ബുദ്ധിയുമായ ഒരാൾക്ക് ഇത്തരം കാര്യങ്ങളുടെ യഥാർത്ഥനില മനസ്സിലാക്കുവാൻ അധികമൊന്നും പരതിനോക്കേണ്ടതില്ല, ഖുർആനിലെ രണ്ടുമൂന്ന് വാക്യങ്ങൾ മാത്രം മതിയാകുന്നതാണ്. ഉദാഹരണമായി: ഓരോ മുസ്ലിമും നിത്യം ഓതിവരുന്ന സൂറത്തുൽ ഫാതിഹഃയിലെ اياك نعبد واياك نستعين (നിനക്ക് മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായമർത്ഥിക്കുന്നു) എന്ന വാക്യവും, സൂറത്തുൽ ജിന്നിലെ فلا تدعوا مع الله احدا (നിങ്ങൾ അല്ലാഹുവിനോട് കൂടി ഒരാളെയും വിളിച്ച് പ്രാർത്ഥിക്കരുത്) എന്ന വാക്യവും, സൂറത്ത്-സുമർ: 36ലെ أليس الله بكاف عبده (അല്ലാഹുപോരേ, അവൻെറ അടിയാന്ന്?!) എന്ന വാക്യവും. വാസ്തവത്തിൽ ഈ മൂന്ന് വാക്യങ്ങൾ മുഴുവൻ തന്നെയും ആവശ്യമില്ല-ഇവയിൽ ഏതെങ്കിലും ഒരു വാക്യം തന്നെ മതി-ഒരു സത്യാന്വേഷിക്ക് കാര്യം സ്പഷ്ടമായി മനസ്സിലാക്കുവാൻ.

ഒരു വസ്തുത പ്രത്യേകം മനസ്സിരുത്തേണ്ടതുണ്ട്. നിരീശ്വരവാദികൾ അല്ലാഹുവിനെയും, അവൻെറ ഗുണങ്ങളെയും നിഷേധിക്കുന്നവരാകകൊണ്ട് അവർ അല്ലാഹുവിനോട് മറ്റുള്ളവരെ സമപ്പെടുത്തുന്നവരായിരിക്കയില്ല. അല്ലാഹുവിൻെറ സ്ഥാനത്ത് മറ്റു വല്ലതിനെയും പ്രതിഷ്ഠിക്കുകയായിരിക്കും അവർ ചെയ്യുക. ദൈവവാദികളും, അതോടൊപ്പം വിശ്വാസം ശരിയായിട്ടില്ലാത്തവരുമായിരിക്കും മറ്റുള്ളവർക്ക് അല്ലാഹുവിനോട് സമത്വം കൽപിക്കുക. ഇങ്ങിനെയുള്ളവരാണ് മനുഷ്യരിൽ അധികഭാഗവും. അല്ലാഹു പറയുന്നു: ‘‘
وما يؤمن اكثرهم باالله الا وهم مشركون (അവരിൽ- മനുഷ്യരിൽ-അധികമാളുകളും തങ്ങൾ ശിർക്ക് പ്രവർത്തിക്കുന്നവരായുംകൊണ്ടല്ലാതെ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല.) ’’ (യൂസുഫ്: 106)

മുൻകാലത്തും ഇക്കാലത്തുമുള്ള വിഗ്രഹാരാധകൻമാരും അല്ലാഹുവിനെ നിഷേധിക്കുന്നവരല്ല. അല്ലാഹുവിൽ അവർക്ക് വിശ്വാസമുണ്ട്. പക്ഷേ, വിശ്വാസം യഥാർത്ഥ രൂപത്തിലും പൂർണ്ണ രൂപത്തിലുമല്ലെന്നുള്ളതാണ് അവരുടെ ശിർക്കിന് കാരണം. ഈ ദുരവസ്ഥ തന്നെയാണ് ഇന്ന് മുസ്‌ലിം സമുദായത്തിലും കടന്നുകൂടിയിരിക്കുന്നതെന്ന്-അപാരമായ വ്യസനത്തോടും ലജ്ജ യോടും കൂടിയാണെങ്കിലും-പറയാതെ വയ്യ. വിഗ്രഹാരാധകൻമാർ തങ്ങളുടെ ആരാധനയെ ന്യായീകരിക്കുവാൻ പറഞ്ഞിരുന്നതും, പറഞ്ഞുവരുന്നതുമായ അതേ ന്യായങ്ങളും, അവർക്ക് സമാന്തരങ്ങളായ മറ്റു ചില ന്യായങ്ങളും തന്നെയാണ് ശിർക്കുപരമായ പ്രവർത്തനങ്ങളെ ന്യായീകരിക്കുവാൻ മുസ്‌ലിംകൾക്കിടയിലും നിലവിലുള്ളത്. ''ബാഹ്യത്തിൽ മഹാത്മാക്കളെ വിളിച്ചാണ് പ്രാർത്ഥിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ പ്രാർത്ഥന അല്ലാഹുവിനോടാണ്; ഗുണവും ദോഷവും ചെയ്‌വാൻ അല്ലാഹുവിന് മാത്രമേ യഥാർത്ഥത്തിൽ കഴിവുള്ളു വെന്നറിഞ്ഞുകൊണ്ട് മഹാത്മാക്കളെ വിളിച്ചു വല്ല കാര്യത്തിനും അപേക്ഷിക്കുന്നത് അവർ അക്കാര്യം സാധിപ്പിച്ചു തരുമെന്ന് കരുതിക്കൊണ്ടല്ല; അവരുടെ ശുപാർശ മൂലം അല്ലാഹു അത് സാധിപ്പിച്ചു തരുമെന്നുള്ള വിശ്വാസത്തിലാണ്; ആ മഹാത്മാക്കൾ സ്വന്തം നിലക്ക് തന്നെ അത് സാധിപ്പിച്ചു തരുമെന്ന വിശ്വാസത്തോടെ അപേകഷിക്കുന്നത് മാത്രമേ പ്രാർത്ഥനയാകുക യുള്ളു.......'' എന്നൊക്കെയാണല്ലോ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നതിന് പറയപ്പെ ടാറുള്ള ന്യായങ്ങൾ. പണ്ഡിത വിഭാഗങ്ങളിൽ നിന്ന് കേൾക്കുന്ന ഇടത്തരം ന്യായങ്ങൾ കേട്ട് സാധാരണക്കാർ വഞ്ചിതരാവുകയും ചെയ്യുന്നു! نعوذ بالله

സ്വാർത്ഥലാഭങ്ങൾക്ക് വേണ്ടിയോ, നേതൃത്വവും സ്വാധീനവും നിലനിറുത്തുവാൻ വേണ്ടിയോ, കക്ഷി താൽപര്യങ്ങൾക്കു വേണ്ടിയോ കൽപ്പിച്ചുകൂട്ടി സത്യത്തെ മൂടിവെക്കുകയും പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നവർക്ക് രേഖകളും തെളിവുകളും വിവരിച്ചിട്ട് കാര്യമില്ല. എങ്കിലും, അറിവില്ലായ്മകൊണ്ടും, തെറ്റിദ്ധരിച്ചുകൊണ്ടും ശിർക്കുപരമായ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അകപ്പെടുന്നവർക്ക് വേണ്ടി ചില സംഗതികൾ ഇവിടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു. സൽബുദ്ധിയും, ശുദ്ധമനസ്കതയും ഉള്ളവർക്ക് നിശ്ചയമായും അതിൽ നിന്ന് ഏറെക്കുറെ സത്യാവസ്ഥ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. إن شاء الله

(1) മഹാൻമാരും പുണ്യാത്മാക്കളുമായ അമ്പിയാഉ്, ശൈഖുകൾ, ശുഹദാക്കൾ മു തലായവരെ വിളിച്ചു സഹായത്തിനും രക്ഷക്കും അപേക്ഷിക്കുന്നത് ഇസ്‌ലാമിലെ ഒരു നിർബന്ധ നിയമമാണെന്നോ, ഒരു മുസ്‌ലിം തൻെറ മരണം വരെ അല്ലാഹുവിനെയല്ലാതെ മറ്റാരെയും വിളിച്ചു പ്രാർത്ഥിക്കാത്ത പക്ഷം, അവൻ ഇസ്‌ലാമിൽ നിന്ന് തെററിപ്പോകുമെന്നോ ഒരൊററ മുസ ്ലിമിനും വാദമില്ല . അങ്ങിനെ ആരും വിശ്വസിക്കുന്നുമില്ല. എന്തെല്ലാം ദുർന്യായങ്ങൾ സമർപ്പിച്ചാലും ശരി, അത് അനുവദനീയമാണെന്നോ, കവിഞ്ഞ പക്ഷം ഒരു നല്ല കാര്യമാ ണെന്നോ അല്ലാതെ, അതിനപ്പുറം ഒരു കക്ഷിയും വാദിക്കുന്നുമില്ല. അതേ സമയത്ത് അത് അല്ലാഹുവിനോട് ആ മഹാൻമാരെ സമപ്പെടുത്തലും ശിർക്കുമാണെന്ന് ഖുർആനും, ഹദീസും, മുൻഗാമികളായ മഹാൻമാരുടെ പ്രസ്താവനകളും തുറന്ന മനസ്സോടെ പരിശോധിക്കുന്ന ഏവർക്കും വ്യക്തമാകുന്നതുമാണ്. ആ സ്ഥിതിക്ക് അതിനെ ന്യായീകരിക്കുന്നവരുടെ വാദമനു സരിച്ച് പുണ്യം സമ്പാദിക്കാമെന്നാണോ, അതല്ല, അത് ശിർക്കും ഏററവും വമ്പിച്ച മഹാപാപവുമാണെന്നുവെച്ച് നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടണമെന്നാണോ ഒരു മുസ്‌ലിം നിശ്ചയിക്കേണ്ടത്? വിശേഷബുദ്ധിയുള്ളവർ ചിന്തിക്കട്ടെ.!

(2) മക്കാ മുശ്‌രിക്കുകൾ അവരുടെ ആരാധ്യ വസ്തുക്കളായ ദൈവങ്ങൾ അവർക്ക് ഗുണമോ ദോഷമോ ചെയ്‌വാൻ കഴിവുള്ളവരായിരുന്നുവെന്ന് വിശ്വസിച്ചുകൊണ്ടല്ല അവയെ ആരാധിച്ചിരുന്നത്. അവയെ ആരാധിക്കുന്നതു വഴി അവ തങ്ങൾക്ക് അല്ലാഹുവിങ്കൽ സാമീപ്യം നേടിക്കൊടുക്കുമെന്നും, അവ അല്ലാഹുവിൻെറ അടുക്കൽ തങ്ങൾക്കുവേണ്ടി ശുപാർശ

നടത്തുമെന്നും, അങ്ങനെ അല്ലാഹു അവരുടെ കാര്യം സാധിപ്പിച്ചു കൊടുക്കുമെന്നുള്ള വിശ്വാസത്തോടെയായിരുന്നു ആരാധിച്ചു വന്നിരുന്നത്. തനി പാമരൻമാരല്ലാത്ത എല്ലാ വിഗ്രഹാരാധകരുടെയും ന്യായം ഇതുതന്നെയായിരിക്കും. അല്ലാഹു പറയുന്നു: "والذين اتخذوا من دونه اولياء – إلى قوله زلفى – الزمر (സാരം: അല്ലാഹുവിന് പുറമെ ഔലിയാ ഇനെ-കാര്യകർത്താക്കളെ-സ്വീകരിച്ചവർ പറയുന്നു: അല്ലാഹുവിങ്കലേക്ക് ഞങ്ങളെ ഒരു അടുപ്പം അടുപ്പിക്കുവാൻ വേണ്ടിയല്ലാതെ ഞങ്ങൾ അവരെ ആരാധിക്കുന്നില്ല.) " (സുമർ: 3) വീണ്ടും പറയുന്നു: " ويعبدون من دون الله مالا يضرهم ويقولون هؤلاء شفعاؤنا عند الله – يونس (തങ്ങൾക്ക് ഉപകാരം ചെയ്യാത്തതും ഉപദ്രവം ചെയ്യാത്തതുമായ വസ്തുക്കളെ അവർ ആരാധിക്കുന്നു. ഇവർ അല്ലാഹുവിൻെറ അടുക്കൽ നമ്മുടെ ശുപാർശക്കാരാണെന്ന് അവർ പറയുകയും ചെയ്യുന്നു) " (യൂനുസ്:18) . ഇതേ ന്യായീകരണം തന്നെയാണ് മഹാൻമാരെ വിളിച്ച് പ്രാർത്ഥിക്കുന്നവർക്കുള്ള ന്യായീകരണവും. അപ്പോൾ, പ്രാർത്ഥിക്കപ്പെടുന്നവർക്ക് ഗുണവും ദോഷവും ചെയ്‌വാൻ കഴിയുമെന്ന വിശ്വാസമല്ല ഇത് ശിർക്കാകുവാൻ കാരണമെന്ന് ഇതിൽ നിന്ന് സ്പഷ്ടമാണല്ലോ.

(3) നമസ്കാരം പോലെയുള്ള ശാരീരികമായ കർമ്മങ്ങൾ മാത്രമേ ആരാധനയാകുക യുള്ളുവെന്നില്ല. സത്യം ചെയ്യൽ, നേർച്ചയാക്കൽ, അദൃശ്യമായ മാർഗ്ഗേണ ലഭിക്കേണ്ടുന്ന കാര്യ ങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷ, അഥവാ പ്രാർത്ഥന, അത്തരം കാര്യങ്ങൾക്ക് കഴിവുണ്ടെന്ന വിശ്വാസം ഇവയെല്ലാം തന്നെ ആരാധനകളിൽ പെട്ടതും, അത് അല്ലാഹു അല്ലാത്ത ഏതൊരാളു ടെ പേരിലായാലും ശിർക്കും, അല്ലാഹുവിനോട് അവരെ സമപ്പെടുത്തലുമാകുന്നു. അല്ലാഹു വിൻെറ പേരിലും, അവൻെറമഹത്വത്തെയും പ്രീതിയെയും ഉന്നമാക്കിയും കൊണ്ട് ചെയ്യപ്പെ ടേണ്ടുന്ന ഏത് കാര്യങ്ങളും അവനല്ലാത്തവരുടെ പേരിലോ, അവരുടെ മഹത്വത്തെയും പ്രീതി യെയും ഉന്നംവെച്ചുകൊണ്ടോ ചെയ്യപ്പെടുന്ന പക്ഷം, അത് അവരെ അല്ലാഹുവിനോട് സമമാക്കൽ തന്നെ. സത്യത്തെ സത്യമായും, അസത്യത്തെ അസത്യമായും കാണുവാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖ് നൽകട്ടെ. آمين

അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ ആ സമൻമാരെയും സ്നേഹിക്കും (يحبونهم كحب الله) എന്ന് പറഞ്ഞതിൻെറ സാരം ഇതാണ്: അല്ലാഹുവിനെ അവർ നിഷേധിക്കുകയോ, നിശ്ശേഷം കൈവെടിയുകയോ ചെയ്യുന്നില്ല; പക്ഷേ, ആരാധനകളും പ്രാർത്ഥനകളും സമർപ്പിക്കുകവഴി അല്ലാഹുവിനെ ബഹുമാനിക്കുന്നതുപോലെ അവരെ ബഹുമാനിക്കുകയും, അവനോട് ഭക്തി കാണിക്കുന്നതുപോലെ അവരോട് ഭക്തി കാണിക്കുകയുമാണ് ചെയ്യുന്നത്. സ്നേഹത്തിൽ നിന്നാണല്ലോ ഭക്തിയും ബഹുമാനവും ഉൽഭവിക്കുന്നത്. കരുണയും ദയയും തോന്നുന്നതും സ്നേഹം നിമിത്തം തന്നെ. (ഇതിനെപ്പറ്റി ഇബാദത്തിൻെറ അർത്ഥ വിവരണത്തിൽ സൂറത്തുൽ ഫാതിഹയിൽവെച്ച് വിവരിച്ചത് ഓർക്കുക.) അല്ലാഹു പറയുന്നു: " قل ان كنتم تحبون الله فاتبعوني يحببكم الله – ال عمران (പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻപറ്റിക്കൊള്ളുവിൻ. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് അവൻ പൊറുത്തുതരുകയും ചെയ്യും) (ആലുംഇംറാൻ :31) . എന്നാൽ, സത്യവിശ്വാസികളുടെ സ്ഥിതി ഇതിൽനിന്ന് വ്യത്യസ്തമാണ്. അവർക്ക് മറ്റുള്ളവരോട് സ്നേഹമുണ്ടായിരിക്കുമെങ്കിലും അതിനൊരു പരിധിയുണ്ട്. അവരെ ആരാധിക്കുവാനോ പ്രാർത്ഥിക്കുവാനോ അതവരെ പ്രേരിപ്പിക്കുകയില്ല. അല്ലാഹുവിനോടുള്ള അവരുടെ സ്നേഹംമാത്രമേ അതിന് അവരെ പ്രേരിപ്പിക്കുകയുള്ളു. അതെ, അല്ലാഹുവിനോടുള്ള അവരുടെ സ്നേഹം ഏറ്റവും കടുത്ത സ്നേഹമായിരിക്കും. والذين امنوا اشد حبالله

ആ അക്രമം ചെയ്തവർ കണ്ടിരുന്നുവെങ്കിൽ (ولويرى الذين ظلموا) എന്നു തുടങ്ങിയ വാക്യത്തിലെ ആശയം ഇപ്രകാരമാകുന്നു: അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കുകവഴി അനീതി പ്രവർത്തിച്ചവർ പരലോകത്ത് ചെല്ലുമ്പോൾ, അല്ലാഹുവിനല്ലാതെ-അവരുടെ ആരാധ്യ

വസ്തുക്കൾക്കോ മറ്റോ-യാതൊരു കഴിവുമില്ലെന്നും അല്ലാഹുവിൻെറ ശിക്ഷാ നടപടികളിൽ നിന്ന് അവരെ രക്ഷിക്കുവാൻ ആർക്കും സാദ്ധ്യമല്ലെന്നും അവർക്ക് അനുഭവത്തിൽ കാണാറാകും. അപ്പോൾ അവർ തീരാദുഃഖത്തിലും ഖേദത്തിലുമായിത്തീരും. ഈ സംഗതി അവർ നേരത്തെത്തന്നെ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ കടുത്ത ദുരവസ്ഥ അവർക്ക് നേരിടുമായിരുന്നില്ല.

166,167 വചനങ്ങളുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം: ദുർമാർഗ്ഗത്തിൻെറയും, ശിർക്കിൻെറയും നേതൃത്വം വഹിച്ചിരുന്ന തലവൻമാരും, അവരെ പിൻപറ്റിയിരുന്ന അനുയായികളും ഒരുപോലെ ശിക്ഷക്ക് വിധേയരും നിസ്സഹായരുമായിത്തീരും. ആ അവസരത്തിൽ, തങ്ങൾക്ക് വല്ല ലഘുത്വവും കിട്ടിയെങ്കിലോ എന്നു കരുതി അനുയായികൾ നേതാക്കളെപ്പറ്റി ആക്ഷേപിക്കുകയും, അവരെ പഴി ചാരുകയും ചെയ്യും. നേതാക്കളാകട്ടെ, അതിനെ നിഷേധിക്കുകയും, ഞങ്ങളവരെ പിഴപ്പിച്ചതല്ലെന്നും അവർ സ്വയം പിഴച്ചുപോയതാണെന്നും വാദിക്കുകയുമാണ് ചെയ്യുക. ഇരുകൂട്ടരും തമ്മിലുണ്ടായിരുന്ന ആ പഴയ ബന്ധങ്ങളും, കൂട്ടുകെട്ടുകളുമൊന്നും അവിടെ കാണുകയില്ല. ഓരോരുത്തർക്കും അവരുടെ സ്വന്തം കാര്യം മാത്രമായിരിക്കും പ്രശ്നം. അനുയായികളുടെ സങ്കടവും അമർഷവും ഇതുമൂലം വർദ്ധിക്കുമല്ലോ. ഈ സന്ദർഭത്തിൽ അവർ പറയും: അയ്യോ! ഭൂമുഖത്തേക്ക് ഒന്നു കൂടി മടങ്ങിപ്പോകുവാനുള്ള ഒരവസരം ഞങ്ങൾക്ക് കിട്ടിയിരുന്നെങ്കിൽ എത്ര നന്നായേനെ! എന്നാൽ ഇതിന് പകരം ഞങ്ങൾ അവർക്ക് കാട്ടിക്കൊടുത്തേനെ!........ എന്നൊക്കെ. പക്ഷേ, രണ്ട് കൂട്ടർക്കും ഒരിക്കലെങ്കിലും ഒഴിവുകിട്ടാത്ത ശാശ്വതമായ നരകശിക്ഷ തന്നെയായിരിക്കും ഫലം.

വിഭാഗം-21

168 ഹേ, മനുഷ്യരേ, ഭൂമിയിലുള്ളവയിൽനിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ തിന്നുകൊള്ളുവിൻ. പിശാചിൻെറ കാലടികളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്. നിശ്ചയമായും, അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

يَـٰٓأَيُّهَا ٱلنَّاسُ كُلُوا۟ مِمَّا فِى ٱلْأَرْضِ حَلَـٰلًا طَيِّبًا وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَـٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿١٦٨﴾

169 തിന്മക്കും, നീചവൃത്തിക്കും മാത്രമേ അവൻ നിങ്ങളോട് കൽപിക്കുകയുള്ളു; (കൂടാതെ) അല്ലാഹുവിൻെറ പേരിൽ, നിങ്ങൾക്കറിഞ്ഞുകൂടാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുവാനും.

إِنَّمَا يَأْمُرُكُم بِٱلسُّوٓءِ وَٱلْفَحْشَآءِ وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿١٦٩﴾

---

168 **يا أيها الناس** ഹേ മനുഷ്യരേ. **كُلُوا** തിന്നുകൊള്ളുവിൻ. **مما** യാതൊന്നിൽനിന്ന്. **في الأرض** ഭൂമിയിലുള്ള. **حلالاً** അനുവദനീയമായത്. **طيبا** നല്ല, ശുദ്ധമായ, ഹൃദ്യമായത്, വിശിഷ്ടമായത്. **ولا تتبعوا** പിൻപറ്റുകയും ചെയ്യരുത്. **خطُوات** കാലടികളെ, ചവിട്ടടികളെ. **الشيطان** പിശാചിൻെറ. **إنه لكُم** നിശ്ചയമായും അവൻ നിങ്ങൾക്ക്. **عدو** ശത്രുവാണ്. **مبين** പ്രത്യക്ഷമായ. 169 **إنما يأمركُم** അവൻ നിങ്ങളോട് കൽപിക്കുകയുള്ളു. നിശ്ചയമായും കൽപിക്കുന്നു. **بالسوء** തിന്മകൊണ്ട് (മാത്രം) . **والفَحشاءِ** നീച(ദുഷ്ട) വൃത്തിയും. **وأن تقُولوا** നിങ്ങൾ പറയുവാനും. **علَى اللهِ** അല്ലാഹുവിൻെറമേൽ. **ما لا تعلمونَ** നിങ്ങൾക്കറിയാത്തത്.

അല്ലാഹു മാത്രമാണ് സ്രഷ്ടാവും, രക്ഷിതാവുമെന്നപോലെ, അവൻ മാത്രമാണ് ആരാധ്യനുമെന്നതിനെക്കുറിച്ച് പലതും കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. അതിനുശേഷം അന്നദാതാവും അവൻതന്നെയാണെന്നും, ഭൂവിഭവങ്ങളിൽ പ്രത്യേകം വിരോധിക്കപ്പെട്ടതോ

ദോഷകരമായതോ അല്ലാത്ത വസ്തുക്കളെല്ലാം മനുഷ്യര്‍ക്ക് ഭക്ഷിക്കാവുന്നതാണെന്നും, പിശാചിന്‍െറ ദുരുപദേശങ്ങള്‍ക്ക് വിധേയരായിക്കൊണ്ട് ഇല്ലാത്ത നിരോധങ്ങള്‍ കെട്ടിച്ചമച്ചുണ്ടാക്കി അവയെ കുടുസ്സാക്കരുതെന്നും ഓര്‍മ്മിപ്പിക്കുന്നു. ഖുര്‍ആന്‍ അവതരിക്കുന്ന കാലത്ത് വിഗ്രഹങ്ങളുടെ പേരില്‍ നേര്‍ച്ച വഴിപാടാക്കപ്പെട്ട ചില മൃഗങ്ങളെ മുശ്‌രിക്കുകള്‍ നിഷിദ്ധമായി ഗണിച്ചുവന്നിരുന്നു. (ഇവയെപ്പറ്റി കൂടുതല്‍ വിവരം മാഇദ: 106ല്‍ വരുന്നുണ്ട്.) യഹൂദികളില്‍ ചിലര്‍ ഒട്ടക മാംസവും, വേറെ ചിലര്‍ മറ്റു ചില വസ്തുക്കളും നിഷിദ്ധമാക്കിയിരുന്നതായും പറയപ്പെടുന്നു. ഇതെല്ലാം വളരെ പ്രധാനപ്പെട്ട മതനിയമങ്ങളായിട്ടാണ് ആചരിക്കപ്പെട്ടിരുന്നതും. ഇങ്ങിനെയുള്ള വിലക്കുകളൊന്നും അല്ലാഹു നിയമിച്ചിട്ടുള്ളതല്ല; മനുഷ്യന്‍െറ പ്രത്യക്ഷ ശത്രുവായ പിശാചിന്‍െറ പ്രേരണ പ്രകാരം അല്ലാഹുവിന്‍െറ പേരില്‍ വെച്ചുകെട്ടപ്പെടുന്ന നിയമങ്ങള്‍ മാത്രമാണവ; ദുരുപദേശങ്ങള്‍വഴി മനുഷ്യനെ വഴിപിഴപ്പിക്കുവാന്‍ ഒരുമ്പെട്ടവനാണ് പിശാച്; അതുകൊണ്ട് അവന്‍െറ കെണിയില്‍ പെടുന്നതിനെക്കുറിച്ച് നിങ്ങള്‍ സദാ ജാഗരൂകരായിരിക്കണം എന്നൊക്കെ മനുഷ്യരെ ഉണര്‍ത്തുകയാണ് അല്ലാഹു.

ഭൂമിയിലുള്ളതെല്ലാം മനുഷ്യര്‍ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് 29-ാം വചനത്തില്‍ പ്രസ്താവിച്ചുവല്ലോ. ഒരു പ്രകാരത്തിലല്ലെങ്കില്‍ മറ്റൊരു പ്രകാരത്തില്‍ ഉപയോഗപ്രദമായിരിക്കാത്ത പദാര്‍ത്ഥങ്ങള്‍ ഭൂമിയിലില്ല. എങ്കിലും മുഴുവന്‍ വസ്തുക്കളും തിന്നാന്‍ കൊള്ളുന്നവയല്ല. അതുകൊണ്ടാണ് كلوا مما فى الارض (ഭൂമിയിലുള്ളവയില്‍ നിന്ന് തിന്നുകൊള്ളുവിന്‍) എന്ന് പറഞ്ഞിരിക്കുന്നത്. താഴെ, 173-ാം വചനത്തില്‍ കാണാവുന്നതുപോലെ, അല്‍പം ചില വസ്തുക്കള്‍ ഭക്ഷിക്കുന്നത് വിരോധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഭക്ഷിക്കുവാന്‍ കഴിയുന്ന വസ്തുക്കളില്‍ ചിലത് വൃത്തികെട്ടതോ ഉപദ്രവകരമോ ആയിരിക്കുകയും ചെയ്യും. അതുകൊണ്ടാണ് (حلالا طيبا) 'അനുവദനീയമായതും വിശിഷ്ടമായതും' എന്നു കൂടി പറഞ്ഞിരിക്കുന്നത്. 'നല്ലത്, ശുദ്ധമായത്, ഹൃദ്യമായത്, വിശിഷ്ടമായത്' എന്നൊക്കെ അര്‍ത്ഥം കല്‍പിക്കാവുന്ന വാക്കാണ് طيب (ത്വയ്യിബ്) . ഇതിന്‍െറ എതിര്‍ പദമാണ് خبيث (ഖബീഥ്) . 'ചീത്തയായത്, ദുഷിച്ചത്, മ്ളേച്ഛമായത്' എന്നൊക്കെയാണിതിനര്‍ത്ഥം മനസ്സിന് സ്വതവേ നന്നായും തൃപ്തികരമായും തോന്നുന്നത് എന്നാണ് ഇവിടെ ഉദ്ദേശ്യമെന്ന് സാമാന്യായി പറയാം. ചുരുക്കത്തില്‍, മതത്തിന്‍െറ വ്യക്തമായ വിലക്കില്ലാത്തതും, മ്ളേച്ഛവും ഉപദ്രവകരവുമല്ലാത്തതുമായ വസ്തുക്കളെല്ലാം ഭക്ഷിക്കുന്നതിന് വിരോധമില്ലെന്നാണ് ഇസ്‌ലാമിന്‍െറ വിധിയെന്നു പൊതുവില്‍ മനസ്സിലാക്കാവുന്നതാണ്.

170 ''അല്ലാഹു അവതരിപ്പിച്ചതിനെ പിന്‍പറ്റുവിന്‍'' എന്ന് അവരോട് പറയപ്പെട്ടാല്‍, അവര്‍ പറയും; ''(ഇല്ല) പക്ഷേ, ഞങ്ങളുടെ പിതാക്കളെ ഞങ്ങള്‍ ഏതൊരു പ്രകാരത്തില്‍ കണ്ടെത്തിയോ അത് ഞങ്ങള്‍ പിന്‍പറ്റും.'' അവരുടെ പിതാക്കള്‍ യാതൊന്നും ബുദ്ധികൊടു(ത്തു ഗ്രഹി) ക്കാതെയും, സന്‍മാര്‍ഗ്ഗം പ്രാപിക്കാതെയും ആയിരുന്നാലുമോ [എന്നിരുന്നാലും അവരെത്തന്നെ പിന്‍പറ്റുമോ]?!

وَإِذَا قِيلَ لَهُمُ ٱتَّبِعُوا۟ مَآ أَنزَلَ ٱللَّهُ قَالُوا۟ بَلْ نَتَّبِعُ مَآ أَلْفَيْنَا عَلَيْهِ ءَابَآءَنَآ ۗ أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْقِلُونَ شَيْـًٔا وَلَا يَهْتَدُونَ ﴿١٧٠﴾

171 അവിശ്വസിച്ചവരുടെ ഉദാഹരണം (പറയുന്നതായാല്‍,) ഒരു 'വിളിയും തെളിയും' അല്ലാതെ (മറ്റൊന്നും) കേട്ടറിയാത്തതിനോട് [മൃഗത്തോട്] ഒച്ചയിടുന്നവന്‍െറ മാതിരിയാണ്. (അതെ) ബധിരന്‍മാര്‍! ഊമകള്‍!! അന്ധന്‍മാര്‍!!! അതിനാല്‍, അവര്‍ ബുദ്ധികൊടു (ത്തു ഗ്രഹി)

وَمَثَلُ ٱلَّذِينَ كَفَرُوا۟ كَمَثَلِ ٱلَّذِى يَنْعِقُ بِمَا لَا يَسْمَعُ إِلَّا دُعَآءً وَنِدَآءً ۚ صُمٌّۢ بُكْمٌ عُمْىٌ فَهُمْ لَا يَعْقِلُونَ ﴿١٧١﴾

ക്കുകയില്ല.

---

170 وَإِذَا قِيلَ പറയപ്പെട്ടാൽ. لَهُمُ അവരോട്. اتَّبِعُوا പിൻപറ്റുവിൻ, തുടരുവിൻ. مَا أَنزَلَ اللَّهُ അല്ലാഹു അവതരിപ്പിച്ചതിനെ. قَالُوا അവർ പറയും. بَلْ പക്ഷേ. نَتَّبِعُ ഞങ്ങൾ പിൻപറ്റും. مَا യാതൊന്ന്. أَلْفَيْنَا عَلَيْهِ അത് പ്രകാരം ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. آبَاءَنَا ഞങ്ങളുടെ പിതാക്കളെ (പൂർവികൻമാരെ) . أَوَلَوْ كَانَ ആയിരുന്നാലുമോ. آبَاؤُهُمْ അവരുടെ പിതാക്കൾ. لَا يَعْقِلُونَ അവർ ഗ്രഹിക്കുകയില്ല. شَيْئًا യാതൊന്നും. وَلَا يَهْتَدُونَ അവർ സൻമാർഗ്ഗം പ്രാപിച്ചിരുന്നതുമില്ല. 171 وَمَثَلُ الَّذِينَ യാതൊരു കൂട്ടരുടെ ഉപമ, ഉദാഹരണം. كَفَرُوا അവർ അവിശ്വസിച്ചു. كَمَثَلِ الَّذِي യാതൊരുവൻെറമാതിരിയാണ്. يَنْعِقُ അവൻ ശബ്ദം (ഒച്ച) ഇടുന്നു. بِمَا لَا يَسْمَعُ കേൾക്കാത്ത (കേട്ടറിയാത്ത) തിനോട്. إِلَّا دُعَاءً ഒരു വിളി (ക്കുന്ന ശബ്ദം) അല്ലാതെ. وَنِدَاءً ഒരു വിളി(തെളി) യും, സംബോധനവും. صُمٌّ ബധിരർ. بُكْمٌ ഊമകൾ. عُمْيٌ അന്ധൻമാർ. فَهُمْ അതിനാലവർ. لَا يَعْقِلُونَ ഗ്രഹിക്കുകയില്ല..

സത്യവും തെളിവും അന്വേഷിച്ചറിയുവാൻ തുനിയാതെയും, അതു വിവരിച്ചുകൊടുത്താൽ സ്വീകരിക്കുവാൻ തയ്യാറില്ലാതെയും പൂർവ്വീകൻമാരുടെ വിശ്വാസാചാരങ്ങളെ അനുകരിച്ചു വരുന്ന സമ്പ്രദായത്തെക്കുറിച്ചുള്ള ആക്ഷേപമാണ് ആദ്യത്തെ വചനത്തിൽകാണുന്നത്. അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കുക, അനുവദനീയമായ ചില വസ്തുക്കളെ നിഷിദ്ധമാക്കുക പോലെയുള്ള ദുർമാർഗ്ഗങ്ങളെല്ലാം ആ സമ്പ്രദായത്തിൻെറ സന്തതികളാണല്ലോ. ഈ അന്ധമായ അനുകരണ രോഗം ബാധിച്ചവരെ സത്യോപദേശം നൽകി നേർമാർഗ്ഗത്തിലേക്ക് വരുത്തുവാൻ സാധ്യമല്ലെന്ന് രണ്ടാമത്തെ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു.

അവതരണഹേതു അന്നത്തെ മുശ്രിക്കുകളോ യഹൂദികളോ ആയിരുന്നുകൊള്ളട്ടെ. പൂർവ്വികൻമാരെ അനുകരിക്കൽ സത്യത്തിൻെറ മാനദണ്ഡമായി കണക്കാക്കുന്ന സമ്പ്രദായം എല്ലാ കാലത്തും മനുഷ്യരിൽ കണ്ടുവരുന്ന ഒരു മഹാവ്യാധിയാകുന്നു. അല്ലാഹുവും, അവൻെറ റസൂലും കാണിച്ചു തരുന്നത് ഇന്നിന്നപ്രകാരമാണ്, അതിലേക്ക് മടങ്ങേണ്ടതാണ് എന്ന് അവരോട് പറയപ്പെട്ടാൽ, അക്കാലത്തുള്ള അവിശ്വാസികൾ പറഞ്ഞിരുന്ന അതേ മറുപടി തന്നെയായിരിക്കും എല്ലാവർക്കും പറയുവാനുള്ളത്. വാസ്തവത്തിൽ, പൂർവ്വീകൻമാർ എങ്ങിനെയായിരുന്നുവെന്നല്ല- അല്ലാഹു നിയമിച്ചിരിക്കുന്നത് എങ്ങിനെയാണെന്നത്രെ- നോക്കേണ്ടത്. അല്ലാഹുവിൻെറ നിയമങ്ങളനുസരിച്ചു തന്നെയാണ് പൂർവ്വീകൻമാരുടെ നടപടിയെങ്കിൽ അതിൽ ആക്ഷേപിക്കുവാനൊന്നുമില്ല; അവരെ അതിൽ പിൻതുടരുന്നത് ആവശ്യവുമാണ്. നേരെ മറിച്ച് അല്ലാഹു നിമയമിച്ചതും, അവരിൽ നിന്നു ലഭിച്ച പാരമ്പര്യവും പരസ്പരം വ്യത്യസ്തമാണെങ്കിൽ, അവർ സത്യം ഗ്രഹിച്ചിരുന്നില്ലെന്നും, അവർ സ്വീകരിച്ചു വന്ന മാർഗ്ഗം ശരിയായിരുന്നില്ലെന്നുമുള്ളതിന് തെളിവാണത്. അതാണ് അല്ലാഹു ചോദിക്കുന്നത്; ‘‘അവരുടെ പിതാക്കൾ യാതൊന്നും ഗ്രഹിക്കുകയാകട്ടെ, നേർമാർഗ്ഗം പ്രാപിക്കുകയാകട്ടെ ചെയ്യാതായിരുന്നാലും അവരെത്തന്നെ പിൻപറ്റുകയോ?!’’

അനുകരണത്തിൻെറയും പാരമ്പര്യത്തിൻെറയും പേരിൽ, അവിശ്വാസത്തിലും അന്ധവിശ്വാസത്തിലും അടിയുറച്ച് സത്യത്തെക്കുറിച്ച് ചിന്തിക്കുവാൻ തയ്യാറില്ലാത്തവർ തനി മൃഗതുല്യരാണെന്നാണ് രണ്ടാമത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. അവയെ മേക്കുന്നവൻ അവയെ വിളിക്കുകയോ, തെളിക്കുകയോ ചെയ്യുമ്പോൾ അവൻെറ ശബ്ദം അവ കേൾക്കുന്നുവെന്നല്ലാതെ, അവൻ പറയുന്നതെന്താണെന്നും, ആ ശബ്ദമിടുന്നവൻ പറയുന്നതിൻെറഅർത്ഥവും സാരവുമെന്താണെന്നും ആ മൃഗങ്ങൾക്കറിയുകയില്ലല്ലോ. അതുപോലെത്തന്നെയാണ് ഇവരുടെയും സ്ഥിതി. അവരെ സത്യത്തിലേക്ക് ക്ഷണിക്കുകയും, അവർക്ക് ഉപദേശം നൽകുകയും ചെയ്യുന്നവരുടെ ശബ്ദം കേൾക്കുകയല്ലാതെ അതിനപ്പുറമൊന്നും അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുകയില്ല; അവരുടെ നാവിലൂടെ സത്യത്തിൻെറ വാക്കുകൾ പുറത്തു വരുകയുമില്ല; കണ്ണുകൊണ്ട് നോക്കി സത്യാവസ്ഥ അവർ മനസ്സിലാക്കു

കയുമില്ല. അതെ, സത്യത്തെ സംബന്ധിച്ചിടത്തോളം അവര്‍ ബധിരന്‍മാരും ഊമകളും അന്ധന്‍മാരുമായിരിക്കും എന്ന് സാരം.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ وَٱشْكُرُوا۟ لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١٧٢﴾

172 ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ക്ക് നാം നല്‍കിയിട്ടുള്ള വിശിഷ്ടമായ വസ്തുക്കളില്‍ നിന്നു നിങ്ങള്‍ തിന്നുകൊള്ളുവിന്‍. നിങ്ങള്‍ അല്ലാഹുവിന് നന്ദി കാണിക്കുകയും ചെയ്യുവിന്‍-നിങ്ങള്‍ അവനെത്തന്നെയാണ് ആരാധിക്കുന്നതെങ്കില്‍.

---

172 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ,. **كُلُوا** നിങ്ങള്‍ തിന്നുവിന്‍. **من طيبات** നല്ലതായ (വിശിഷ്ടമായ) വയില്‍നിന്ന്. **ما رزقْناكُم** നിങ്ങള്‍ക്ക് നാം നല്‍കിയിട്ടുള്ള. **واشكُروا** നിങ്ങള്‍ നന്ദികാണിക്കുകയും ചെയ്യുവിന്‍. **لله** അല്ലാഹുവിനോട്. **إن كُنتم** നിങ്ങള്‍ ആകുന്നെങ്കില്‍. **إياه** അവനെ (തന്നെ) . **تعبدونَ** ആരാധിക്കുന്നു..

മനുഷ്യരെ പൊതുവില്‍ സംബോധന ചെയ്തുകൊണ്ട് ഭൂവിഭവങ്ങളില്‍ നിന്ന് അനുവദനീയവും വിശിഷ്ടവുമായ വസ്തുക്കളെ ഭക്ഷിച്ച് കൊള്ളുവാന്‍ എന്ന് 168-ാം വചനത്തില്‍ പ്രസ്താവിച്ചു. സത്യവിശ്വാസികളെ പ്രത്യേകം സംബോധന ചെയ്തുകൊണ്ട് അവര്‍ക്ക് അല്ലാഹു നല്‍കിയിട്ടുള്ള വിശിഷ്ടവസ്തുക്കളെ ഭക്ഷിച്ചുകൊള്ളുവിന്‍ ഈ വചനത്തില്‍ വീണ്ടും കല്‍പിച്ചിരിക്കുകയാണ്. അവിടെ ആ കല്‍പനയോടൊപ്പം, അല്ലാഹു അനുമവദിച്ചുതന്ന ചില വസ്തുക്കളെ നിഷിദ്ധമാക്കുക പോലുള്ള പൈശാചിക സമ്പ്രദായങ്ങളെക്കുറിച്ച് താക്കീതും ചെയ്യുകയുണ്ടായി. ഇവിടെ, ആ കല്‍പനയോടനുബന്ധിച്ചു കൊണ്ട് പറഞ്ഞത് നിങ്ങള്‍ അല്ലാഹുവിനെയാണ് ആരാധിക്കുന്നതെങ്കില്‍ അവന് നന്ദിയും ചെയ്യണം എന്നത്രെ. അവിടെ 'ഭൂമിയിലുള്ള വസ്തുക്കളില്‍ അനുവദനീയവും വിശിഷ്ടവുമായത് തിന്നുകൊള്ളുവിന്‍ (كلوا مما فى الارض حلالا طيبا') എന്ന് പറഞ്ഞതിന് പകരം, ഇവിടെ 'നിങ്ങള്‍ക്ക് നാം നല്‍കിയിട്ടുള്ള വിശുദ്ധ വസ്തുക്കളില്‍ നിന്ന് തിന്നുകൊള്ളുവിന്‍ (كلوا من طيبات ما رزقناكم') എന്നുമാണ് പറഞ്ഞിരിക്കുന്നത്. അഥവാ അനുവദനീയമായത് حلال എന്ന് ഇവിടെ വിശേഷിപ്പിച്ചിട്ടില്ല. അവിടത്തെ ആഭിമുഖ്യം വിശ്വാസികളും അവിശ്വാസികളുമടക്കം എല്ലാ മനുഷ്യരോടും, ഇവിടത്തെ ആഭിമുഖ്യം സത്യവിശ്വാസികളോട് മാത്രവുമായതാണ് ഇതിന് കാരണം.

അല്ലാഹു അനുവദനീയമാക്കിയതെല്ലാം അനുവദനീയവും, അല്ലാഹു നിഷിദ്ധമാക്കിയത് മാത്രം നിഷിദ്ധവുമാക്കുന്നവരായിരിക്കും സത്യവിശ്വാസികള്‍. അവര്‍ അല്ലാഹുവിനെ മാത്രമേ ആരാധിക്കുകയും ചെയ്കയുള്ളു. എന്നിരിക്കെ, അവരോട് വിശിഷ്ടമായ വസ്തുക്കള്‍ ഭക്ഷിക്കണമെന്നും, അല്ലാഹുവിനെയാണ് ആരാധിക്കുന്നതെങ്കില്‍ അവനോട് നന്ദികാണിക്കണമെന്നും കല്‍പിക്കുന്നതില്‍ ചില സൂചനകള്‍ അടങ്ങിയിട്ടുള്ളതായി കാണാം. ബാഹ്യദൃഷ്ട്യാ അനുവദനീയമാണെന്ന് തോന്നാമെങ്കിലും-താഴെ ഉദ്ധരിക്കുന്ന ഹദീസില്‍ കാണാവുന്നതുപോലെ -ഏതെങ്കിലും വിധേനയുള്ള സംശയത്തിന്‍െറയോ പാപത്തിന്‍െറയോ കലര്‍പ്പില്‍ നിന്നുകൂടി ആ വസ്തുക്കള്‍ ശുദ്ധമായിരിക്കുവാന്‍ സത്യവിശ്വാസികള്‍ സൂക്ഷിക്കേണ്ടതുണ്ടെന്നും, നിങ്ങള്‍ അല്ലാഹുവിനെമാത്രം ആരാധിച്ചുവരുന്നവരായ സ്ഥിതിക്ക് അവന്‍ നിങ്ങള്‍ക്ക് ഭക്ഷണം നല്‍കി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിന്‍െറപേരില്‍ നിങ്ങള്‍ അവനോട് സദാ നന്ദിയുള്ളവരും കൂടിയായിരിക്കേണ്ടതുണ്ടെന്നും മറ്റുമാണ് ആ സൂചനകള്‍.

മനുഷ്യരെ പൊതുവിലും, സത്യവിശ്വാസികളെ പ്രത്യേകമായും അഭിമുഖീകരിച്ചുകൊണ്ടുള്ള ഈ കല്‍പന അല്ലാഹുവിന്‍െറ റസൂലുകളെ സംബോധന ചെയ്തുകൊണ്ടും

മറ്റൊരിടത്ത് അല്ലാഹു കൽപ്പിച്ചിരിക്കുന്നത് കാണാം, അല്ലാഹു പറയുന്നു: يا ايها الرسل كلوا من الطيبات واعملوا صالحا انى بما تعملون عليم – المؤمنون (ഹേ, റസൂലുകളേ, നിങ്ങൾ വിശിഷ്ടമായ വസ്തുക്കളിൽനിന്ന് തിന്നുകൊള്ളുവിൻ. സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞാൻ അറിയുന്നവനാണ്. (മുഅമിനൂൻ: 51) . ഇവിടെയും 'അനുവദനീയമായത്' എന്ന് വിശേഷിപ്പിച്ചിട്ടില്ല. സത്യവിശ്വാസികളോട് 'നന്ദി ചെയ്യുവിൻ' എന്ന് കൽപിച്ചതിന്റെ സ്ഥാനത്ത് ഇവിടെ 'സൽക്കർമ്മം പ്രവർത്തിക്കുവിൻ' എന്നുമാണ് പറഞ്ഞിരിക്കുന്നത് ഒരേ വിഷയം തന്നെയാണെങ്കിലും അത് ആരെ അഭിമുഖീകരിച്ചുകൊണ്ട് പറയുന്നുവോ അവരുടെ സ്ഥിതിഗതികൾ കണക്കിലെടുത്ത് കൊണ്ട് അവതരിപ്പിക്കലും, അവരോട് യോജിച്ച ചില നിർദ്ദേശങ്ങളും സൂചനകളും അതോടൊപ്പം നൽകലും ഖുർആന്റെ പതിവാകുന്നു.

ബാഹ്യാവസ്ഥ നോക്കുമ്പോൾ നിയമാനുസൃതമാകാമെങ്കിലും, യഥാർത്ഥത്തിൽ വല്ല ദോഷവും കലർന്നിരിക്കുവാൻ ഇടയുള്ള ഭക്ഷ്യ വസ്തുക്കൾ ഒഴിവാക്കേണ്ടതാണെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഭക്ഷ്യ വസ്തുക്കളിൽ മാത്രമല്ല, എല്ലാ വസ്തുക്കളിലും ഇത് ഗൗനിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. നബി(ﷺ) അരുളിച്ചെയ്യുന്നു: ''നിശ്ചയമായും, അല്ലാഹു വിശിഷ്ടനാകുന്നു. വിശിഷ്ടമായതല്ലാതെ അവൻ സ്വീകരിക്കുകയുമില്ല. റസൂലുകളോട് കൽപിച്ചപ്രകാരംതന്നെ അല്ലാഹു സത്യവിശ്വാസികളോടും കൽപിച്ചിരിക്കുന്നു. അതായത്, (റസൂലുകളോട്) അവൻ പറഞ്ഞു: يا ايها الرسل كلوا من الطيبات الخ (ഹേ, റസൂലുകളേ, നിങ്ങൾ വിശിഷ്ട വസ്തുക്കളിൽനിന്ന് തിന്നുകൊള്ളുവിൻ. സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ....) എന്ന്. (സത്യവിശ്വാസികളോട്) അവൻ പറഞ്ഞു: يا ايها الذين امنوا كلوا من طيبات الخ (ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വിശിഷ്ട വസ്തുക്കളിൽ നിന്ന് തിന്നുകൊള്ളുവിൻ.....) എന്നും. (തിരുമേനി തുടർന്നു:) ജഡമുടിയും, പൊടിയാടിയുംകൊണ്ട് മനുഷ്യൻ ദീർഘയാത്ര ചെയ്യും. അവന്റെ ഭക്ഷണമാകട്ടെ, അവന്റെ പാനീയമാകട്ടെ, അവന്റെ വസ്ത്രമാകട്ടെ ഹറാമും(നിഷിദ്ധവും) ആയിരിക്കും. അവൻ അന്നമൂട്ടി വളർത്തപ്പെട്ടിരിക്കുന്നതും ഹറാമുകൊണ്ടായിരിക്കും. അവൻ ആകാശത്തേക്ക് 'എന്റെറബ്ബേ' എന്ന് കൈ നീട്ടും. അപ്പോൾ, അതിന്എങ്ങിനെയാണ് അവന് ഉത്തരം കിട്ടുക?!'' (അ;മു;തി.)

إِنَّمَا حَرَّمَ عَلَيْكُمُ ٱلْمَيْتَةَ وَٱلدَّمَ وَلَحْمَ ٱلْخِنزِيرِ وَمَآ أُهِلَّ بِهِۦ لِغَيْرِ ٱللَّهِ ۖ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَلَآ إِثْمَ عَلَيْهِ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٧٣﴾

173 ശവവും, രക്തവും, പന്നിമാംസവും, അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ട [അറുക്കപ്പെട്ട]തും മാത്രമേ അവൻ നിങ്ങൾക്ക് 'ഹറാമാ'ക്കി [നിഷിദ്ധമാക്കി] യിട്ടുള്ളു. എന്നാൽ, (നിയമലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും, അതിരുവിട്ടവനല്ലാതെയും ആരെങ്കിലും നിർബന്ധിതനാകുന്നപക്ഷം, അവന്റെമേൽ (അതിൽ) കുറ്റമില്ല. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

---

173 **إنما حرم** അവൻ നിഷിദ്ധമാക്കിയിട്ടുളള. **عليكم** നിങ്ങൾക്ക്. **الميتة** ശവം(മാത്രം) . **والدم** രക്തവും. **ولحم** മാംസവും. **الخـنـزير** പന്നിയുടെ. **وما** യാതൊന്നും. **أهل به** അതുകൊണ്ട് (അതുമൂലം) ശബ്ദമുയർത്തപ്പെട്ടിരിക്കുന്നു, ഉറക്കെ ശബ്ദിക്കപ്പെട്ടിരിക്കുന്നു. **لغيرالله** അല്ലാഹു അല്ലാത്തവർക്കായി. **فمن** എന്നാൽ വല്ലവനും. **أضطر** നിർബന്ധത്തിലകപ്പെട്ടു (നിർബന്ധിതനായി) . **غيرباغ** കാംക്ഷിക്കുന്നവനല്ലാത്ത നിലയിൽ, ധിക്കാരം ചെയ്യുന്നവനല്ലാതെ. **ولاعاد** അതിക്രമം ചെയ്യുന്ന (അതിരുവിട്ട) വനുമല്ലാതെ. **فلا إثم** എന്നാൽ കുറ്റമില്ല, പാപമില്ല. **عليه** അവന്റെമേൽ. **إن الله** നിശ്ചയമായും അല്ലാഹു. **غفور** വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്..

മനുഷ്യരെ പൊതുവായും, സത്യവിശ്വാസികളെ പ്രത്യേകമായും സംബോധന ചെയ്തു കൊണ്ട് ഈ ഭൂമിയിലെ വിശിഷ്ട വസ്തുക്കളെ ഭക്ഷിക്കുവാൻ അനുവദിച്ചുകൊടുത്ത അനുഗ്രഹത്തിന് അവർ നന്ദി ചെയ്വാനും, പിശാചിനെ പിൻപറ്റികൊണ്ട് ആ അനുഗ്രഹത്തെ അവഗണിക്കാതിരിക്കുവാനും കൽപ്പിച്ചശേഷം, വളരെ കുറഞ്ഞ വസ്തുക്കളെ മാത്രമേ യഥാർത്ഥത്തിൽ അല്ലാഹു നിയമവിരുദ്ധമാക്കിയിട്ടുള്ളുവെന്നും, അവ ഇന്നതൊക്കെയാണെന്നും ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. നിരോധിച്ച വസ്തുക്കൾ ആകെ നാലെണ്ണ മാണുള്ളത്. ഈ വചനത്തിനു പുറമേ, സൂ: മാഇദാഃ4ലും, അൻആം 145ലും, നഹ്ൽ 115ലും ഈ വിഷയം പ്രസ്താവിച്ചിട്ടുണ്ട്. ഈ വചനത്തിലുള്ളതുപോലെ, പ്രത്യേക വിശദീകരണമൊന്നും കൂടാതെയാണ് സൂ: നഹ്‌ലിലെ ആയത്തും ഉള്ളത്. മാഇദഃ യിലെയും, അൻആമിലെയും ആയത്തുകളിൽ വിഷയം കുറെകൂടി വിശദീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇവിടെ ഒരു ചുരുങ്ങിയ വിവരണംകൊണ്ട് മതിയാക്കി കൂടുതൽ വിവരം നമുക്ക് ആ രണ്ട് സൂറത്തുകളിലേക്കും നീട്ടിവെക്കാം. ومن الله التوفيق

നിഷിദ്ധമാക്കപ്പെട്ട വസ്തുക്കൾ ഇവയാകുന്നു:- الميتة (ശവം) . അറവുകൊണ്ടല്ലാതെ -രോഗം കൊണ്ടോ പരുക്കുകൊണ്ടോ-ജീവൻ നഷ്ടപ്പെട്ട എല്ലാ ശവങ്ങളും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ, സമുദ്രത്തിൽനിന്ന് വേട്ടയാടി പിടിക്കപ്പെടുന്ന വസ്തുക്കൾ ഇതിൽനിന്നു ഒഴിവാ ണെന്ന് മാഇദഃ 99ൽനിന്നും, മൽസ്യവും വെട്ടുകിളിയും ഒഴിവാണെന്ന് ഹദീസുകളിൽനിന്നും വ്യക്തമാകുന്നതുകൊണ്ട് കരജീവികളുടെ ശവമാണ് ഉദ്ദേശ്യമെന്ന് മനസ്സിലാക്കാം. നബി (ﷺ) പറയുന്നു: ''രണ്ടു ശവങ്ങളും, രണ്ടു രക്തങ്ങളും നമുക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. അതായത്, മൽസ്യവും വെട്ടുകിളിയും, കരളും പ്‌ളീഹയും (അ;ജ;ഹാ) ജാബീർ (رضي الله عنه) ഉദ്ധരിച്ച ഒരു പ്രസിദ്ധ സംഭവത്തിൽ, സമുദ്രത്തിൽനിന്ന് കരക്കടിഞ്ഞ ഒരു ചത്ത തിമിംഗലത്തെ സഹാബികൾ ഭക്ഷിച്ചതായും, നബി (ﷺ) അതിനെ അനുകൂലിച്ചതായും ബുഖാരിയും മുസ്‌ലിമും (رحمهما الله) ഉദ്ധരിച്ചിരിക്കുന്നു. (2) الدم (രക്തം) . മാംസത്തിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന രക്തത്തിനു വിരോധമില്ലെന്നും ഒഴുകി വരുന്ന രക്തമാണ് വിരോധിക്കപ്പെട്ടിരിക്കുന്നതെന്നും സൂ: ആൻആ മിലെ 145-ാംആയത്തിൽ നിന്നു മനസ്സിലാക്കാം. അവിടെ مسفوح (ഒഴുക്കപ്പെട്ടത്) എന്ന് രക്തത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. (3) لحمالخنزير (പന്നി മാംസം) . സാധാരണ നിലക്ക് ഭക്ഷിക്കപ്പെടാറുള്ളത് മാംസമായതുകൊണ്ട് 'മാംസം' എന്ന് പറഞ്ഞുവെങ്കിലും പന്നിയുടെ എല്ലു മുതലായ അംശങ്ങളും വിരോധിക്കപ്പെട്ടതു തന്നെ. പന്നിയെ നിഷിദ്ധമാക്കുവാൻ കാരണം അത് മ്ളേച്ഛമായ ഒരു വസ്തുവാണ് (فانه رجس) എന്ന് അൻആമിൽ പറയുന്നുണ്ട്. പന്നി അറുക്കപ്പെട്ടതായാലും അല്ലെങ്കിലും നിഷിദ്ധം തന്നെ.''

(4) ما اهل به لغير الله (അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ടത്) . അല്ലാഹു അല്ലാത്ത മറ്റാരുടെയെങ്കിലും- അത് വിഗ്രഹങ്ങളോ മഹാൻമാരോ പിശാചുക്കളോ ആരുതന്നെ ആയാലും ശരി-നാമത്തിലോ, അവരുടെ പ്രീതിക്കുവേണ്ടിയോ അറുക്കപ്പെട്ടത് എന്നാണി തുകൊണ്ട് വിവക്ഷ. അല്ലാഹു അല്ലാത്തവർക്ക് നേർച്ചയോ വഴിപാടോ ആയി അറുക്കപ്പെട്ടതും, യാഗം, ബലി മുതലായവക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥനങ്ങളിൽവെച്ച് അറുക്ക പ്പെട്ടതുമെല്ലാം ഇതിൽ ഉൾപ്പെടുന്നതാണ്. 'അറുക്കപ്പെട്ടത് ' എന്ന ഉദ്ദേശ്യത്തിൽ ما اهل به (ശബ്ദം ഉയർത്തപ്പെട്ടത്) എന്ന വാക്ക് പ്രയോഗിച്ചിരിക്കുന്നതിനെപ്പറ്റി ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചതിൻെറ സാരം ഇബ്നുജരീർ (رحمه الله) പറയുന്നതു കാണുക. ما اهل به എന്നു പറയുവാൻ കാരണം, അവർ (മുശ്‌രിക്കുകൾ) തങ്ങളുടെ ദൈവങ്ങൾക്ക് വഴിപാടാക്കപ്പെട്ടിരുന്ന വസ്തുക്കളെ അറുക്കുവാൻ ഉദ്ദേശിക്കുമ്പോൾ, ആ ദൈവങ്ങളുടെ പേരുകൾ പറയുകയും, അത് ഉച്ചത്തിൽ ശബ്ദിക്കുകയും ചെയ്യുമായിരുന്നു. ഇങ്ങിനെ പതിവായിപ്പോന്ന് അവസാനം, (ദൈവങ്ങളുടെ) പേരുപറഞ്ഞോ പറയാതെയോ, ഉച്ചത്തിൽ ശബ്ദിച്ചോ അല്ലാതെയോ അറു

ക്കുന്ന എല്ലാവര്‍ക്കും مهل (ശബ്ദം ഉയര്‍ത്തുന്നവന്‍) എന്നു പറയപ്പെട്ടുവന്നു. ما اهل به لغير الله(അല്ലാഹു അല്ലാത്തവര്‍ക്ക് വേണ്ടി ശബ്ദം ഉയര്‍ത്തപ്പെട്ടത്) എന്ന് അല്ലാഹു പറഞ്ഞതിന്‍റെ ശബ്ദം ഉയര്‍ത്തല്‍ الهلال കൊണ്ട് വിവക്ഷ ഇതാണ്. 'ഹജ്ജിലോ ഉംറയിലോ 'തല്‍ബിയത്ത്' (*) പറയുന്നവന്‍ ശബ്ദം ഉയര്‍ത്താറുള്ളത് കൊണ്ട് അവനെപ്പറ്റി مهل (ശബ്ദം ഉയര്‍ത്തുന്നവന്‍ എന്ന് പറയുന്നതും, ശിശുജനിക്കുമ്പോള്‍ അത് ഒച്ചയിട്ട് കരയുന്നതിനും, മഴ നിലത്ത് വീണ് ഉച്ചത്തില്‍ ശബ്ദമുണ്ടാക്കുന്നതിനും استهلال (ശബ്ദം ഉയര്‍ത്തിക്കാട്ടുക) എന്നു പറയുന്നതും ഈ കൂട്ടത്തില്‍പെട്ടതാണ്.' (†)

ഇബ്നു ജരീര്‍ (رحمه الله)ന്‍റെ പ്രസ്താവനയില്‍നിന്ന് ചില കാര്യങ്ങള്‍ നമുക്ക് മനസ്സിലാക്കുവാന്‍ കഴിയും; അറുക്കുമ്പോള്‍ ആരുടെ പേര് പറഞ്ഞുവെന്നല്ല നോക്കേണ്ടത്. ആര്‍ക്ക് വേണ്ടിയാണ്-അഥവാ ആരുടെ പേരിലോ, പ്രീതിക്കോ വേണ്ടിയാണ്-അറുക്കപ്പെടുന്നത് എന്നാണ് നോക്കേണ്ടത്. അല്ലാഹു അല്ലാത്ത ആരുടെ പേരിലോ ആരുടെ പ്രീതിക്കോ ആര്‍ക്ക് നേര്‍ച്ച വഴിപാടായോ അറുക്കപ്പെട്ടാലും, അതെല്ലാം ഈ വാക്കില്‍ ഉള്‍പ്പെടുന്നതും ഭക്ഷിക്കുവാന്‍ പാടില്ലാത്തതുമാകുന്നു. അല്ലാഹു അല്ലാത്തവരില്‍ വിഗ്രഹങ്ങളും, മഹാന്‍മാരും, ദേവീദേവന്‍മാരും, വിശിഷ്ടന്‍മാരും, നികൃഷ്ടന്‍മാരും എന്നിങ്ങിനെയുള്ള വ്യത്യാസമില്ലാതെ എല്ലാ വസ്തുക്കളും ഉള്‍പ്പെടുന്നതാണ്. അലി(رضي الله عنه) യില്‍നിന്ന് മുസ്ലിം(رحمه الله) ഉദ്ധരിച്ച ഒരു നബി വചനത്തില്‍ ولعن الله من ذبح لغير الله (അല്ലാഹു അല്ലാത്തവര്‍ക്ക് വേണ്ടി അറുത്തവനെയും അല്ലാഹു ശപിച്ചിരിക്കുന്നു) എന്ന വാക്യത്തിന്‍റെ വ്യഖ്യാനത്തില്‍ ഇമാം നവവീ (رحمه الله) ഇപ്രകാരം പ്രസ്താവിച്ചു കാണാം: ''അല്ലാഹു അല്ലാത്തവര്‍ക്കുവേണ്ടി അറുക്കുക എന്നതുകൊണ്ടുദ്ദേശ്യം, അല്ലാഹു അല്ലാത്തവരുടെ പേരില്‍ അറുക്കുക എന്നാകുന്നു. അതായത്, വിഗ്രഹത്തിനോ, കുരിശിനോ, മൂസാ(عليه السلام) ക്കോ, ഈസാ(عليه السلام) ക്കോ, കഅ്ബ മുതലായതിനോ വേണ്ടി അറുക്കുന്നതുപോലെ. ഇതെല്ലാം 'ഹറാമാ'കുന്നു. ഈ അറുക്കപ്പെട്ടത് (ഭക്ഷിക്കല്‍) അനുവദനീയവുമല്ല. അറുത്തവന്‍ മുസ്ലിമോ, ക്രിസ്ത്യാനിയോ, യഹൂദിയോ ആയിക്കൊള്ളട്ടെ. ശാഫിഈ (رحمه الله) ഇത് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ ആള്‍ക്കാര്‍ (പണ്ഡിതന്‍മാര്‍) അതില്‍ യോജിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവല്ലാത്ത ഏതൊന്നിനായി അറുക്കപ്പെട്ടുവോ അതിനെ ബഹുമാനിക്കലും ആരാധിക്കലും കൂടി അതോടൊപ്പം കരുതിയിട്ടുണ്ടെങ്കില്‍ അത് 'കുഫറു' (അവിശ്വാസവു) മാണ്. അറുത്തവന്‍ മുമ്പ് മുസ്ലിമായിരുന്നാല്‍ അവനിപ്പോള്‍ മതഭ്രഷ്ടനാകുകയും ചെയ്തു.'' من شرح مسلم

സുല്‍ത്താന്‍റെ (ഭരണാധിപന്‍റെ) സ്വീകരണവേളയില്‍, അദ്ദേഹത്തിന്‍റെ സാമീപ്യം ഉദ്ദേശിച്ചുകൊണ്ടുള്ള അറവ് ഹറാമാണെന്നും, അത് അല്ലാഹു അല്ലാത്തവര്‍ക്ക് വേണ്ടി അറുക്കപ്പെട്ട (ما اهل به لغير الله) തില്‍ പെടുമെന്നും, അദ്ദേഹത്തിന്‍റെ വരവിലുള്ള സന്തോഷ പ്രകടനമെന്ന നിലക്കാണെങ്കില്‍ വിരോധമില്ലെന്നുമുള്ള ചില അഭിപ്രായങ്ങളും തുടര്‍ന്നുകൊണ്ട് നവവീ(رحمه الله) ഉദ്ധരിച്ചു കാണാം. അപ്പോള്‍, അറുക്കുമ്പോള്‍ അല്ലാഹുവിന്‍റെ പേര് പറഞ്ഞ് അറുത്താല്‍തന്നെയും അല്ലാഹു അല്ലാത്ത ഏതെങ്കിലും ആളുടെയോ വസ്തുവിമേയോ ബഹുമാനാര്‍ത്ഥം അറുക്കുന്നതും നിഷിദ്ധമാണെന്ന് ഇതില്‍ നിന്നൊക്കെ മനസ്സിലാക്കാവുന്നതാണ്. ഈ വചനത്തില്‍ പ്രസ്താവിച്ച നാലു വസ്തുക്കള്‍ക്ക് പുറമെയാണെന്ന് ബാഹ്യത്തില്‍ തോന്നാവുന്നതും, വാസ്തവത്തില്‍ ഈ നാലില്‍തന്നെ ഉള്‍പ്പെടുന്നതുമായ ചില ഇനങ്ങളെപ്പറ്റി സൂ: മാഇദയിലും, ഇവര്‍ക്ക് പുറമെ നബി(ﷺ) ചില വസ്തുക്കളെക്കുറിച്ച്

---

* ഹജ്ജിലും ഉംറയിലും لبيك اللهم لبيك الخ ചൊല്ലപ്പെടാറുള്ളതിനാണ് 'തല്‍ബിയത്ത് ' (تلبية) എന്ന് പറയപ്പെടുന്നത്.

† മാസപ്പിറവി കണ്ടു വിളിച്ചു പറയുന്നതിലും ഈ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്.

വിരോധിച്ചതായി ഹദീസുകളിലും കാണാം. ആദ്യത്തേതിനെപ്പറ്റി മാഇദ 4ൻെറയും, രണ്ടാമത്തേതിനെപ്പറ്റി ആൻആം: 145 ൻെറയും വ്യാഖ്യാനത്തിൽവെച്ച് നമുക്ക് സംസാരിക്കാം. ان شاء الله

ഈ നാലു വസ്തുക്കളും നിഷിദ്ധങ്ങളാകകൊണ്ട് അവ ഉപയോഗിക്കുന്നത് അല്ലാഹുവിൻെറ അടുക്കൽ ശിക്ഷാർഹമായ പാപമാണെന്ന് പറയേണ്ടതില്ല. എന്നാൽ, നിർബന്ധിതാവസ്ഥ നേരിടുന്ന പക്ഷം, അപ്പോൾ അവ ഉപയോഗിക്കുന്നതിന് തെറ്റില്ലെന്ന് അല്ലാഹു അറിയിക്കുന്നു. സഹിക്കവയ്യാത്ത വിശപ്പോ ദാഹമോ ഉണ്ടാകുകയും, ഇവയിൽ ഏതെങ്കിലുമല്ലാതെ മറ്റൊന്നും കിട്ടാതിരിക്കുകയും ചെയ്യുക എന്നത്രെ നിർബന്ധിതാവസ്ഥ കൊണ്ടുദ്ദേശ്യം. പക്ഷേ, ഇതിലും ചില ഉപാധികളുണ്ട്; നിയമത്തെ ലംഘിക്കുവാൻ ആഗ്രഹിച്ചുകൊണ്ടാവരുത്; ആവശ്യത്തിൽ കവിഞ്ഞുകൊണ്ടുമാവരുത്. അഥവാ നിഷിദ്ധ വസ്തുക്കളെ ഉപയോഗിക്കുവാൻ സ്വന്തം നിലക്ക് ആഗ്രഹം തോന്നാതിരിക്കുകയും, അസഹനീയമായ വിഷമത്തിൽ നിന്നു മോചനം ലഭിക്കുവാനുള്ള അളവിൽ കവിയാതിരിക്കുകയും വേണം. ഇസ്‌ലാമിക ഭരണകൂടത്തിനെതിരിൽ രാജ്യദ്രോഹം നടത്തുക, കൊള്ളയും കവർച്ചയും നടത്തുക മുതലായ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത് നിമിത്തമാണ് നിർബന്ധിതാവസ്ഥ നേരിട്ടതെങ്കിൽ, ഈ ആനുകൂല്യം അങ്ങിനെയുള്ളവർക്ക് ബാധകമാകുന്നതല്ലെന്ന് ഈ ഉപാധികളെ വ്യാഖ്യാനിച്ചുകൊണ്ട് ചില മഹാൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ, ഇത്തരം അക്രമ പ്രവർത്തനങ്ങൾ തെറ്റായത് കൊണ്ട് ഒരാൾ അയാളുടെ ജീവനെ പട്ടിണിയിട്ട് കൊല്ലുകയെന്ന തെറ്റ് ഇല്ലതാകുന്നു, അതുകൊണ്ട് നിർബ്ബന്ധിതാവസ്ഥയിലുള്ള ഈ ആനുകൂല്യം അവർക്കും ബാധകം തന്നെയാണെന്നുമാണ് ഇബ്നു ജരീർ (رحمه الله) മുതലായവരുടെ അഭിപ്രായം. ഈ ആനുകൂല്യത്തെയും ഉപാധിയെയും സംബന്ധിച്ചു മാഇദഃയിലെ ആയത്തിലെ വാചകം ഇപ്രകാരമാകുന്നു. فمن اضطر مخمصة غير متجانف لاثم فان الله غفور رحيم (എന്നാൽ, ആരെങ്കിലും കുറ്റത്തിലേക്ക് ചായ്‌വു കാണിക്കാതെ കഠിന വിശപ്പിലായി നിർബ്ബന്ധിതനായാൽ, അപ്പോൾ അല്ലാഹു നിശ്ചയമായും പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.)

174 നിശ്ചയമായും, വേദഗ്രന്ഥത്തിൽനിന്ന് അല്ലാഹു അവതരിപ്പിച്ചതിനെ മറച്ചുവെക്കുകയും, അതിന് (പകരം) അൽപമായ വില വാങ്ങുകയും ചെയ്യുന്നവർ, അക്കൂട്ടർ-അവരുടെ വയറുകളിൽ (നരക) അഗ്നിയല്ലാതെ തിന്നു (നിറക്കു) ന്നില്ല; 'ഖിയാമത്തു' നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയുമില്ല; അവരെ സംസ്കരി (ച്ചു ശുദ്ധമാ) ക്കുകയുമില്ല; അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

إِنَّ ٱلَّذِينَ يَكۡتُمُونَ مَآ أَنزَلَ ٱللَّهُ مِنَ ٱلۡكِتَٰبِ وَيَشۡتَرُونَ بِهِۦ ثَمَنٗا قَلِيلًا ۙ أُوْلَٰٓئِكَ مَا يَأۡكُلُونَ فِي بُطُونِهِمۡ إِلَّا ٱلنَّارَ وَلَا يُكَلِّمُهُمُ ٱللَّهُ يَوۡمَ ٱلۡقِيَٰمَةِ وَلَا يُزَكِّيهِمۡ وَلَهُمۡ عَذَابٌ أَلِيمٌ ﴿١٧٤﴾

175 അക്കൂട്ടർ, സന്മാർഗ്ഗത്തിന് (പകരം) ദുർമാർഗ്ഗവും, പാപമോചനത്തിന് (പകരം) ശിക്ഷയും വാങ്ങിയവരത്രെ.അപ്പോൾ നരകത്തെപ്പറ്റി അവർക്ക് (ഇത്രയേറെ) സഹനമുണ്ടാക്കിയതെന്താണ്?!

أُوْلَٰٓئِكَ ٱلَّذِينَ ٱشۡتَرَوُاْ ٱلضَّلَٰلَةَ بِٱلۡهُدَىٰ وَٱلۡعَذَابَ بِٱلۡمَغۡفِرَةِ ۚ فَمَآ أَصۡبَرَهُمۡ عَلَى ٱلنَّارِ ﴿١٧٥﴾

176 വേദഗ്രന്ഥത്തെ അല്ലാഹു യഥാർത്ഥ (മുറ) പ്രകാരം അവതരിപ്പിച്ചിരിക്കുന്നതുകൊണ്ടത്രെ അത്. [അതാണ് ഈ കടുത്ത ശിക്ഷക്ക് കാരണം] വേദഗ്രന്ഥത്തിൽ ഭിന്നാഭിപ്രായം കാണിച്ചവരാകട്ടെ, നിശ്ചയമായും,

ذَٰلِكَ بِأَنَّ ٱللَّهَ نَزَّلَ ٱلۡكِتَٰبَ بِٱلۡحَقِّ ۗ وَإِنَّ ٱلَّذِينَ ٱخۡتَلَفُواْ فِي ٱلۡكِتَٰبِ لَفِي شِقَاقِۭ بَعِيدٖ ﴿١٧٦﴾

വിദൂരമായ കക്ഷി പിരിവില്‍ തന്നെയാ
കുന്നു. ١٧٦

---

174 **إن الذين** നിശ്ചയമായും യാതൊരുകൂട്ടര്‍. **يكْتمونَ** അവര്‍ മറച്ചു(മൂടി) വെക്കും. **ما أَنزلَ اللهُ** അല്ലാഹു അവതരിപ്പിച്ചതിനെ. **من الْكتابِ** (വേദ) ഗ്രന്ഥത്തില്‍നിന്ന്, ഗ്രന്ഥത്തില്‍പെട്ടതായി. **ويشترونَ** അവര്‍ വാങ്ങുകയും ചെയ്യും.. **به** അതിന് (പകരം) . **ثمنا** വില. **قليلاً** അല്പമായ. **أُولئك** ആ കൂട്ടര്‍. **ما يأْكُلُونَ** അവര്‍ തിന്നുന്നില്ല. **في بطُونِهم** അവരുടെ വയറുകളില്‍. **إلا النار** അഗ്നിയല്ലാതെ. **ولاَ يكلمهم** അവരോട് സംസാരിക്കയുമില്ല. **اللهُ** അല്ലാഹു. **يوم القيامة** ഖിയാമത്തുനാളില്‍. **ولا يزكيهم** അവരെ സംസ്കരിക്കുക (ശുദ്ധമാക്കി നന്നാക്കുക) യുമില്ല. **ولَهم** അവര്‍ക്കുണ്ടുതാനും. **عذَاب أَليم** വേദനയേറിയ ശിക്ഷ. 175 **أُولئك** അവര്‍ യാതൊരുകൂട്ടരാണ്. **الذين اشتروا** അവര്‍ വാങ്ങി. **الضلاَلَةَ** വഴിപിഴവ്, ദുര്‍മ്മാര്‍ഗ്ഗം. **بِالهدى** നേര്‍മ്മാര്‍ഗ്ഗത്തിന് (പകരം) . **والعذَاب** ശിക്ഷയെയും. **بِالمغفرة** പാപമോചനത്തിന്, പൊറുക്കുന്നതിന്. **فَما أَصبرهم** അപ്പോള്‍ അവര്‍ക്ക് സഹനമുാക്കിയതെന്ത്. **على النار** നരകത്തെക്കുറിച്ച്. 176 **ذَلك** അത്. **بِأَن اللهَ** അല്ലാഹു (ആകുന്നു) എന്നതുകൊാണ്. **نزلَ الْكتاب** ഗ്രന്ഥം ഇറക്കി (എന്നത്) . **بِالْحق** യഥാര്‍ത്ഥപ്രകാരം മുറയനുസരിച്ച്. **وإِن الذين** നിശ്ചയമായും യാതൊരുകൂട്ടര്‍. **اختلَفُوا** അവര്‍ ഭിന്നാഭിപ്രായത്തിലായിരിക്കുന്നു. **في الْكتابِ** (വേദ) ഗ്രന്ഥത്തില്‍. **لَفي شقَاقٍ** കക്ഷിത്തത്തില്‍ തന്നെ. **بعيد** വിദൂരമായ.

അവതരണ സന്ദര്‍ഭം നോക്കുമ്പോള്‍, നബി (ﷺ) തിരുമേനിയുടെ സത്യതയെ സ്ഥാപിച്ചും പ്രവചിച്ചുംകൊണ്ട് തൗറാത്തിലും ഇഞ്ചീലിലും വന്നിട്ടുള്ള സത്യങ്ങളെ ജനങ്ങള്‍ക്ക് വെളിവാക്കിക്കൊടുക്കാതെ മൂടിവെക്കുന്ന വേദക്കാരായ പണ്ഡിതന്‍മാരെ-വിശേഷിച്ചും യഹൂദീ പണ്ഡിതന്‍മാരെ-സംബന്ധിച്ചാണ് ഈ വചനങ്ങളില്‍ പ്രസ്താവിക്കപ്പെടുന്നത്. പക്ഷേ, ഈ വചനങ്ങളിലെ വാചകങ്ങള്‍ പരിശോധിക്കുമ്പോഴും, അവതരണ കാരണം പ്രത്യേകമായിരുന്നാലും വിധി പൊതുവായിരിക്കുമെന്ന തത്വപ്രകാരവും ഈ വചനങ്ങള്‍ അവരെ മാത്രം ബാധിക്കുന്നതാണെന്ന് കരുതിക്കൂടാ. വേദവിജ്ഞാനങ്ങളും മതസത്യങ്ങളും അറിഞ്ഞുകൊണ്ട്-എന്തെങ്കിലും കാര്യലാഭങ്ങളെയും സ്വാര്‍ത്ഥ താല്‍പര്യങ്ങളെയും ഉദ്ദേശിച്ചുകൊണ്ട്-മൂടിവെക്കുന്ന എല്ലാവര്‍ക്കും ബാധകമാണ് ഈ താക്കീതുകള്‍ എന്ന് സംശയമില്ല. ഈ ദുസ്സമ്പ്രദായത്തിന്‍െറ ഭയങ്കരത എത്രമാത്രമാണെന്ന് ഈ വചനങ്ങളില്‍ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നത് നോക്കുക:-

(1) അല്ലാഹു വേദഗ്രന്ഥത്തില്‍ അവതരിപ്പിച്ചതിനെയാണവര്‍ മൂടിവെക്കുന്നത്. ഇത് അല്ലാഹുവിനോട് ചെയ്യുന്ന ധിക്കാരമാണല്ലോ.(2) മൂടിവെക്കുന്നതിന് പകരം അവര്‍ക്ക് ലഭിക്കുന്ന വില- അഥവാ അതിന് പകരം ലഭിക്കുന്ന നേട്ടം - കേവലം തുച്ഛവും നിസ്സാരവുമായിരിക്കും. ഐഹികമായ ലഭ്യങ്ങളോ താല്‍കാലിക നേട്ടങ്ങളോ മാത്രമാണ് ഈ കൃത്യത്തിന് അവരെ പ്രേരിപ്പിക്കുന്നത്. ഐഹികമായ നേട്ടങ്ങള്‍ എത്ര തന്നെ വമ്പിച്ചതായിരുന്നാലും അത് കേവലം നിസ്സാരം തന്നെയായിരിക്കും. فما متاع الحيوة الدنيا فى الاخرة الا قليل (ഇഹലോക ജീവിതത്തിന്‍െറ സുഖസൗകര്യം, പരലോകസുഖത്തെ അപേക്ഷിച്ച് തുച്ഛമല്ലാതെ ഇല്ല.) (തൗബ:38) . (3) ധനസമ്പാദനവും നേതൃത്വമോഹവും ഉദരപൂരണവുമായിരിക്കുമല്ലോ ഇത്തരക്കാരുടെ പ്രധാന ലക്ഷ്യം. വാസ്തവത്തില്‍ അത് അഗ്നികൊണ്ട് വയറുനിറക്കലാണ്. അഥവാ അതിന്‍െറ പേരില്‍ അവര്‍ക്ക് ലഭിക്കുന്ന നേട്ടങ്ങള്‍ ഓരോന്നും പരലോകത്തില്‍ അവരെ നരകാഗ്നിക്ക് ഇരയാക്കുകയാണ് ചെയ്യുന്നത്. (4) അത്തരക്കാര്‍ ഇവിടെ വലിയ നേതാക്കളും വമ്പന്‍മാരുമായി അഭിനയിക്കുന്നവരായിരിക്കുമെങ്കിലും അല്ലാഹുവിന്‍െറ മുമ്പില്‍ അവര്‍ നിന്ദ്യരും വെറുക്കപ്പെട്ടവരുമായിരിക്കും. അതിനാല്‍, ഖിയാമത്തുനാളില്‍ അല്ലാഹു അവരോട് സംസാരിക്കുകപോലും ചെയ്കയില്ല. ഇതിലധികം നിന്ദ്യത മറ്റെന്താണുള്ളത്?! (5) അവരുടെ ദയനീയതയോ നിസ്സഹായതയോ പരിഗണിച്ച് അവരെ ഏതെങ്കിലും വിധേന നന്നാക്കി എടുക്കുവാനോ,

അവർക്ക് പരിശുദ്ധി നൽകുവാനോ അല്ലാഹു തയ്യാറാകുന്നതുമല്ല. (6) ഇതിനെല്ലാം പുറമെ, വേദനയേറിയ ശിക്ഷയും. അഥവാ കഠിനകഠോരമായ നരകശിക്ഷയും!

സത്യം ഇന്നപ്രകാരമാണെന്ന് അറിയാതെയും, അന്വേഷിക്കാതെയും വഴിപിഴച്ചു പോകുന്നതിനെക്കാൾ ഗൗരവപ്പെട്ടതാണ് ഇക്കൂട്ടരുടെ വഴിപിഴവ്. സത്യം അറിഞ്ഞിട്ടും കൽപിച്ചു കൂട്ടി ഒളിച്ചുവെക്കുകയാണിവർ ചെയ്യുന്നത്. അതും തുച്ഛമായ നേട്ടങ്ങൾക്കു വേണ്ടി. അപ്പോൾ, സൻമാർഗ്ഗം വിറ്റ് ദുർമാർഗ്ഗം വിലക്കുവാങ്ങുകയും, അല്ലാഹുവിങ്കൽ നിന്ന് പാപമോചനം ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ കൊട്ടി അടച്ച് അതിന് പകരം അവൻെറ ശിക്ഷ കൈ നീട്ടി വാങ്ങുകയുമാണ് വാസ്തവത്തിൽ ഈ പ്രവർത്തനം മുഖേന സംഭവിക്കുന്നത്. നരക ശിക്ഷ എത്ര തന്നെ കഠിനകഠോരമായാലും അത് തങ്ങൾ സഹിച്ചും ക്ഷമിച്ചും കൊള്ളാം, താൽകാലിക മായ ഈ കാര്യലാഭങ്ങളാണ് അതിനെക്കാൾ തങ്ങൾക്ക് പ്രിയംകരമായത് എന്ന ഭാവമാണല്ലോ ഇവരിൽ നിന്ന് പ്രകടമാകുന്നത്. അതാണ് അല്ലാഹു ചോദിക്കുന്നത്: "ഇവർക്ക് നരകത്തെപ്പറ്റി ഇത്ര സഹനം നൽകിയത് എന്താണ്?! فما اصبرهم على النار എന്ന്. ഇക്കാര്യം ഇത്രത്തോളം ഭയങ്കര പാതകമാകുവാനുള്ള മർമ്മപ്രധാനമായ കാരണങ്ങളാണ് അവസാനത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. അതായത്: അല്ലാഹു വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് യഥാർത്ഥ മുറയനുസരിച്ചാണ്. അതിലുള്ളതെല്ലാം തന്നെയാണ് യഥാർത്ഥം. അത് വിവരിക്കേണ്ടുന്ന മുറപ്രകാരംതന്നെ അതിൽ വിവരിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ, അതിൽ നിന്ന് വല്ലതും ഒളിപ്പിച്ചുവെക്കുന്നത് യഥാർത്ഥത്തിൽ വേദഗ്രന്ഥത്തിൻെറ നിഷേധവും, അല്ലാഹുവിൻെറ ലക്ഷ്യത്തെ അവതാളപ്പെടുത്തലുമാണ്. വേദഗ്രന്ഥത്തിൽ ഭിന്നിപ്പും ഭിന്നാഭിപ്രായവും ഉണ്ടാക്കുന്ന ഇവർ അല്ലാഹുവിൻെറ എതിർകക്ഷിയായി അവനെതിരിൽ മത്സരം നടത്തുകയാണ് ചെയ്യുന്നത്. ഇതാകട്ടെ, വിജയ സാധ്യതയിൽ നിന്നും, ന്യായ സാധ്യതയിൽ നിന്നും അതിവിദൂരം തന്നെ!

വിഭാഗം-22

۞ لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ وَٱلْمَغْرِبِ وَلَٰكِنَّ ٱلْبِرَّ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَٱلْمَلَٰٓئِكَةِ وَٱلْكِتَٰبِ وَٱلنَّبِيِّۦنَ وَءَاتَى ٱلْمَالَ عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينَ وَٱبْنَ ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَٱلْمُوفُونَ بِعَهْدِهِمْ إِذَا عَٰهَدُوا۟ ۖ وَٱلصَّٰبِرِينَ فِى ٱلْبَأْسَآءِ وَٱلضَّرَّآءِ وَحِينَ ٱلْبَأْسِ ۗ أُو۟لَٰٓئِكَ ٱلَّذِينَ صَدَقُوا۟ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُتَّقُونَ ﴿١٧٧﴾

177 നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ ഉദയ സ്ഥാനത്തിൻെറയും, അസ്തമന സ്ഥാന ത്തിൻെറയും നേർക്ക് [കിഴക്കോട്ടും പടിഞ്ഞാട്ടും] തിരിക്കുന്നതല്ല പുണ്യം. പക്ഷെ, പുണ്യവാൻ എന്നാൽ യാതൊരു വനാണ്: അല്ലാഹുവിലും, അന്ത്യദിനത്തി ലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും അവൻ വിശ്വസിച്ചു; ധനം-അതിനോട് പ്രിയമുള്ളതോടെ (തന്നെ) -കുടുംബ ബന്ധമുള്ളവർക്കും, അനാഥ (ക്കുട്ടി) കൾക്കും, അഗതികൾക്കും, വഴിപോക്കനും, ചോദിച്ചു വരുന്നവർക്കും, അടിമകളുടെ വിഷയത്തിലും അവൻ കൊടുക്കുകയും ചെയ്തു; നമസ്കാരം നിലനിർത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്തു. (ഇങ്ങിനെയുള്ളവനാണ്) . (അതെ) കരാർ ചെയ്താൽ, തങ്ങളുടെ കരാർ നിറവേറ്റുന്നവരും. (വിശേഷിച്ച്) വിഷമതയിലും, കഷ്ടതയിലും, യുദ്ധത്തിൻെറ അവസരത്തിലും ക്ഷമ കൈകൊള്ളുന്നവരും. അക്കൂട്ടരത്രെ, സത്യം പറഞ്ഞവർ. അക്കൂട്ടർ തന്നെയാണ്

സൂക്ഷ്മതയുള്ള [ഭയഭക്തരായുള്ള] വരും.

---

177 ليس അല്ല. البِر പുണ്യം, നൻമ. أن تولوا നിങ്ങൾ തിരിക്കൽ. وجوهكُم നിങ്ങളുടെ മുഖങ്ങളെ. قبلَ നേരെ നേർക്ക്. المشرق ഉദയസ്ഥാനത്തിൻെറ, കിഴക്കിൻെറ. والمغربِ അസ്തമന സ്ഥാനത്തി (പടിഞ്ഞാറി) ൻെറയും. ولكن പക്ഷേ, എങ്കിലും, എന്നാൽ. البِر പുണ്യം, പുണ്യവാൻ, നൻമ, നൻമ ചെയ്യുന്നവൻ. من യാതൊരുവനാണ്, യാതൊരുവൻെറയാണ്. آمن അവൻ വിശ്വസിച്ചു. بِالله അല്ലാഹുവിൽ. واليوم الآخر അന്ത്യദിനത്തിലും. والملائكة മലക്കുകളിലും. والكتابِ (വേദ) ഗ്രന്ഥത്തിലും. والنبيين (പ്രവാചകൻ) മാരിലും. وآتى കൊടുക്കുകയും ചെയ്തു.. المالَ ധനം. على حبه അതിനോട് പ്രിയത്തോടെ. ذَوي القُربى അടുത്ത (കുടുംബ) ബന്ധം ഉള്ളവർക്ക്. واليتامى അനാഥകൾക്കും. والمساكين അഗതകൾക്കും. وابن السبيل വഴിപോക്കനും. والسائلين ചോദിക്കുന്നവർക്കും. وفي الرِّقَابِ അടിമകളിലും. وأقَامَ അവൻ നിലനിറുത്തുകയും ചെയ്തു. الصلاة നമസ്കാരം. وآتى الزكاةَ സകാത്തു കൊടുക്കുകയും (ചെയ്തു) . والموفُونَ നിറവേറ്റുന്നവരും. بِعهدهم തങ്ങളുടെ കരാറിനെ, ഉടമ്പടിയെ, പ്രതിജ്ഞയെ. إذَا عاهدوا അവർ കരാൽ (ഉടമ്പടി-പ്രതിജ്ഞ) ചെയ്താൽ. والصابِرين ക്ഷമിക്കുന്നവരും (വിശേഷിച്ച്) . في البَأساءِ വിഷമതയിൽ, ദുരിതാവസ്ഥയിൽ. والضراءِ കഷ്ടപ്പാടിലും. وحين البأسِ സങ്കടത്തിൻെറ (യുദ്ധത്തിൻെറ) അവസരത്തിലും. أُولئك അക്കൂട്ടർ. الذين صدقُوا സത്യം പറഞ്ഞവരത്രെ. وأُولئك അക്കൂട്ടർ. هم അവർ (തന്നെ) . المتقُونَ സൂക്ഷമതയുള്ളവർ, ഭയഭക്തൻമാർ.

بر (ബിർ-റ്) എന്നാൽ ‘പുണ്യം’, ‘നല്ലകാര്യം’ എന്നൊക്കെയാണ് അർത്ഥം. ‘പുണ്യവാൻ, നൻമ ചെയ്യുന്നവൻ’ എന്നീ അർത്ഥങ്ങളിലും അതേ വാക്ക് ഉപയോഗിക്കപ്പെടും. ഈ വചനത്തിലും താഴെ 189-ാം വചനത്തിലും ഈ രണ്ടർത്ഥത്തിൽ അത് ഉപയോഗിച്ചിരിക്കുന്നു. ഇതുപോലെയുള്ള മറ്റൊരു പദമാണ് عدل (അദ്ൽ) ‘നീതി’ എന്നും ‘നീതിമാൻ’ എന്നുമുള്ള അർത്ഥങ്ങളിൽ ഇതും ഉപയോഗിക്കാറുണ്ട്.

ഉദയസ്ഥാനത്തിൻെറയും അസ്തമനസ്ഥാനത്തിമേയും നേരെ തിരുയുക-അഥവാ കിഴക്കോട്ടും പടിഞ്ഞാട്ടും തിരിയുക-എന്ന് പറഞ്ഞത് ഖിബ്ല മാറ്റത്തെച്ചൊല്ലി വേദക്കാർ പുറപ്പെടുവിച്ച ആക്ഷേപങ്ങളെ സൂചിപ്പിക്കുന്നുവെന്ന് ചിലരും, അതല്ല, ഉപമാലങ്കാര രൂപത്തിൽ പറഞ്ഞതാണെന്ന് ചിലരും അഭിപ്രായപ്പെട്ടു കാണാം. രണ്ടായാലും ഈ വചനത്തിലടങ്ങിയ ആശയത്തിൻെറ ചുരുക്കം ഇതാണ്: ഒരു നിശ്ചിത ഭാഗത്തേക്ക് തിരയുകപോലെയുള്ള ചില ബാഹ്യമായ ആചാരങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ട് ഒരാൾ പുണ്യവാനും സദ്വൃത്തനും ആകുന്നതല്ല. ഇന്ന ഭാഗത്തേക്ക് തിരിയണമെന്ന് അല്ലാഹു കൽപിക്കുമ്പോൾ അത് നിർബന്ധമായിത്തീരുന്നുവെന്നല്ലാതെ, അതുകൊണ്ട് മാത്രം പുണ്യം നേടുക സാധ്യമല്ല. ഒരാൾ പുണ്യവാനായിത്തീരണമെങ്കിൽ, അവൻ വിശ്വസിക്കേണ്ടുന്ന കാര്യങ്ങളിലെല്ലാം വിശ്വസിക്കുകയും, അനുഷ്ഠിക്കേണ്ടുന്ന കാര്യങ്ങളെല്ലാം അനുഷ്ഠിക്കുകയും വേണം.

വിശ്വാസകാര്യങ്ങളിൽ പ്രധാനമായവ ഇവയാണ്: (1) അല്ലാഹുവിലുള്ള വിശ്വാസം. അതായത്, അല്ലഹുവിൻെറഅസ്തിത്വം, ഏകത്വം, അധികാരാവകാശങ്ങൾ, ഉൽകൃഷ്ട ഗുണങ്ങൾ എന്നിവയിലെല്ലാം വിശ്വസക്കുക.(2) അന്ത്യനാളിലുള്ള വിശ്വാസം. അതായത്, ഐഹിക ജീവിതത്തിനു ശേഷം രണ്ടാമതൊരു ജീവിതം കൂടിയുണ്ട്; ഈ ജീവിത്തിൽ ചെയ്ത സകല കർമ്മങ്ങളെക്കുറിച്ചും അവിടെ വെച്ച് ചോദ്യം ചെയ്യപ്പെടുകയും പ്രതിഫലം നൽകപ്പെടുകയും ചെയ്യും; സൽക്കർമ്മികൾക്ക് രക്ഷയും ദുഷ്ക്കർമ്മികൾക്ക് ശിക്ഷയുമായിരിക്കും ഫലം. ആദിയായ വിശ്വാസം. (3) മലക്കുകളിലെ വിശ്വാസം. മലക്കുകൾ എന്ന ഒരുതരം ആത്മീയ ജീവികളുണ്ട്. അവർ അല്ലാഹുവിൻെറ ആജ്ഞയനുസരിച്ച് മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അല്ലാഹുവിന് അവർ സ്തോത്രകീർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കും. ഈ ലോകവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും അവർ മുഖാന്തരം അല്ലാഹു നടത്താറുണ്ട്. അല്ലാഹുവിനും

അവൻെറ പ്രവാചകൻമാരായ റസൂലുകൾക്കുമിടയിലുള്ള ദൗത്യവാഹകൻമാർ മലക്കുകളാണ്. എന്നിങ്ങനെയുള്ള വിശ്വാസങ്ങൾ. (4) വേദഗ്രന്ഥങ്ങളിലുളള വിശ്വാസം. അല്ലാഹു അവൻെറ പ്രവാചകൻമാർക്ക് നൽകിയിട്ടുള്ള വേദഗ്രന്ഥങ്ങളിൽ പൊതുവിലും മൊത്തമായും വിശ്വസിക്കുക. ഖുർആൻ അവസാനത്തെ ഗ്രന്ഥവും ലോകാവസാനം വരെ നിലനിൽക്കുന്നതു മാകകൊണ്ട് അതിൽ പ്രത്യേകം വിശദമായും വിശ്വസിക്കുക. (5) നബിമാരിൽ വിശ്വസിക്കുക. പേരറിയപ്പെട്ടവരും അല്ലാത്തവരുമായി മുൻ കഴിഞ്ഞ എല്ലാ പ്രവാചകൻമാരിലും പൊതുവെയും, അന്ത്യപ്രവാചകനായ മുഹമ്മദ് (ﷺ) തിരുമേനിയിൽ പ്രത്യേകമായും വിശ്വസിക്കുക. ഇവയാണ് വിശ്വാസകാര്യങ്ങളിൽ പ്രധാനമായ വിഷയങ്ങൾ. അല്ലാഹുവിൻെറ വിധിവ്യവസ്ഥകൾ (القضاء والقدر) സ്വർഗ്ഗനരകങ്ങൾ ആദിയായവയിലുള്ള വിശ്വാസങ്ങൾ ഒന്നാമത്തെയും രണ്ടാമത്തെയും വിഷയങ്ങളുടെ വിശദാംശങ്ങളിൽ ഉൾപ്പെടുന്നവയത്രെ.

അനുഷ്ഠാനപ്രധാനമായ വിഷയങ്ങളിൽ അല്ലാഹു എടുത്തു പറഞ്ഞ 1-ാമത്തെ വിഷയം ധനത്തോട് ഇഷ്ടവും സ്നേഹവും ഉണ്ടായിരിക്കെ അത് ചിലവഴിക്കുക എന്നാകുന്നു. ധനത്തിൽ പ്രതിപത്തിയോ മോഹമോ ഇല്ലാത്തവർക്ക് ധനം ചിലവാക്കുന്നതിൽ മടിയുണ്ടാകുകയില്ല. അവരെ സംബന്ധിച്ചിടത്തോളം അതിൽ ത്യാഗത്തിൻെറ മനസ്ഥിതിയോ പുണ്യസമ്പാദന ത്തിൻെറ മോഹമോ ഉണ്ടായിരിക്കുന്നതുമല്ല. ധനത്തോടുള്ള പ്രേമം എത്ര കണ്ടുണ്ടോ അതനുസരിച്ചായിരിക്കും അത് നല്ല വിഷയത്തിൽ ചിലവഴിക്കുന്നവൻെറ ഉദ്ദേശ്യശുദ്ധി വിലയിരുത്തപ്പെടുന്നത്. അതുകൊണ്ടാണ് നബി (ﷺ) ഇപ്രകാരം അരുളിചെയ്തതും: ''ദാന ധർമ്മത്തിൽ വെച്ച് ഏറ്റം ശ്രേഷ്ടമായത്, നീ ധനത്തെ മോഹിച്ചും, ദാരിദ്ര്യത്തെ ഭയന്നും കൊണ്ട് ആരോഗ്യവാനും പിശുക്കനുമായിരിക്കെ ചെയ്യുന്ന ദാനധർമ്മമാകുന്നു.'' (ബു;മു.) വേറൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: ''നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽ നിന്ന് ചിലവഴിക്കുന്നതുവരെ നിങ്ങൾ പുണ്യം പ്രാപിക്കുകയില്ല.'' (3:92) . ഇതിനേക്കാൾ കുറച്ചുകൂടി കവിഞ്ഞ നിലപാടാണ് സ്വന്തം നിലക്ക് അത്യാവശ്യമുണ്ടായിരുന്നിട്ടുപോലും മറ്റുള്ളവരുടെ ആവശ്യത്തിന് മുൻഗണന നൽകൽ. ഇത് അൻസാരികളായ സഹാബികളുടെ ഒരു വിശിഷ്ട ഗുണമായി സൂറത്തുൽ ഹശ്റിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം.(59:9)

ധനം ചിലവഴിക്കേണ്ട മാർഗ്ഗങ്ങൾ കൂടി അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. ചിലവഴിക്കു ന്നവൻെറ മനസ്ഥിതിപോലെത്തന്നെ, അത് വിനിയോഗിക്കപ്പെടുന്നത് ആരിലാണെന്നും, ആർക്കാണ് മുൻഗണന നൽകേണ്ടതെന്നു കൂടി ഗൗനിക്കേണ്ടതുണ്ടെന്നാണ് ഇത് പഠിപ്പിക്കുന്നത്. (1) കുടുംബബന്ധമുള്ളവർ. ഒരു ഹദീസിൽ നബി(ﷺ) പറയുന്നു: ''സാധുക്കൾക്ക് ധർമ്മം കൊടുക്കുന്നത് ഒരു ധർമ്മമാകുന്നു. ചാർച്ച ബന്ധമുള്ളവർക്ക് കൊടുക്കുന്നത് രണ്ടു കാ ര്യങ്ങളാണ്: ധർമ്മവും ചാർച്ചബന്ധം പാലിക്കലും.'' (അ;തി;ന;ജ.) (2) 'യതീമു' (അനാഥ) കൾ. അതായത്, പിതാക്കൾ മരണപ്പെട്ടവരും; ഉപജീവനത്തിനു വകയില്ലാത്തവരുമായ കുട്ടികൾ. ഇവരെപ്പറ്റി ഖുർആനും ഹദീസും ശക്തിയായ ഭാഷയിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ള കാര്യം പ്രസിദ്ധമാണല്ലോ. ഒരു ഹദീസിൽ നബി(ﷺ) പറയുകയാണ്: ''തമേതോ മറ്റുള്ളവരുടേതോ ആയ യത്തീമിനെ ഏറ്റെടുക്കുന്നവനും ഞാനും സ്വർഗ്ഗത്തിൽ ഇപ്രകാരമായിരിക്കും.'' ഇതു പറയു മ്പോൾ തിരുമേനി ചൂണ്ടാണിവിരലും നടുവിരലും വിടർത്തിപ്പിടിച്ചു കാണിക്കുകയും ചെയ്തിരുന്നു.(മു) സ്വന്തം കുടുംബത്തിൽ പെട്ടതായാലും അന്യകുടുംബത്തിൽ പെട്ടതായാലും ശരി, യത്തീമിൻെറ ഉത്തരവാദിത്വം ഏൽക്കുന്നവന് സ്വർഗ്ഗത്തിൽ വമ്പിച്ച പദവിയാണുള്ളതെന്നു സാരം.(3) 'മിസ്കീനുകൾ' (അഗതികൾ) . മിസ്കീൻ എന്നാൽ ആരാണെന്നു നബി (ﷺ) ഒരു ഹദീസിൽ പ്രസ്താവിച്ചു കാണാം. ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു: ''ഒരു കാരക്കയോ, രണ്ടു കാരക്കയോ, ഒരു പിടി ഭക്ഷണമോ, രണ്ടു പിടി ഭക്ഷണമോ കിട്ടിയാൽ മടങ്ങുമാറ് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഈ ആളുകൾക്കല്ല മിസ്കീൻ എന്നു പറയുന്നത്. എന്നാൽ, മറ്റൊരാളെ ആശ്രയിക്കാതിരിക്കത്തക്ക ധനം കയ്യിലില്ലാതിരിക്കുകയും, മറ്റുള്ളവരിൽ നിന്നു വല്ല ദാനധർമ്മവും കിട്ടത്തക്കവണ്ണം തൻെറ സ്ഥിതി മററുള്ളവർക്ക് മനസ്സിലാകാതിരിക്കുകയും

ചെയ്യുന്നവനാണ് മിസ്കീൻ'' (ബു; മു.) അഥവാ ബുദ്ധിമുട്ടും തിടുക്കവുമുണ്ടെങ്കിലും അത് മറ്റുള്ളവരെ അറിയിക്കാതെ അഭിമാനം കാത്തുസൂക്ഷിച്ച് വരുന്നവൻ എന്നു താൽപര്യം.

(4) വഴിപോക്കൻ. അതായത്, സ്വദേശത്തേക്ക് തിരിച്ചു പോകുവാൻ വകയില്ലാതെ ബുദ്ധിമുട്ടുന്ന യാത്രക്കാരൻ, വേണ്ടപ്പെട്ട കാര്യങ്ങൾക്കു വേണ്ടി യാത്രക്കൊരുങ്ങിയവൻ, നിരാശ്രയരായ വിദേശികൾ മുതലായവർ. (5) ചോദിച്ചു വരുന്നവർ. യാചിക്കുന്ന സമ്പ്രദായം മാന്യൻമാർക്ക് യോജിച്ചതല്ല. ഇസ്‌ലാമാണെങ്കിൽ, വളരെയധികം വെറുക്കുന്ന ഒരു കാര്യവുമ ാകുന്നു അത്. നേരെ മറിച്ച് യാചിച്ചു വരുന്നവരെപ്പറ്റി ചുഴിഞ്ഞന്വേഷണം നടത്തി വഷളാക്കി വിടുവാൻ ശ്രമിക്കുന്നതും, ഒന്നും കൊടുക്കാതെ-നല്ലവാക്കെങ്കിലും പറയാതെ-വിരട്ടി അയക്കു ന്നതും അങ്ങിനെത്തന്നെ. ഒരു ഹദീസിൽ ഇപ്രകാരം വന്നിട്ടുള്ളത് ശ്രദ്ധേയമാകുന്നു; 'ചോദിച്ചു വന്നവന് ഒരവകാശമുണ്ട്. അവൻ കുതിരപ്പുറത്ത് വന്നിരുന്നാലും ശരി.' (അ; ദ.) സജ്ജനങ്ങളുടെ ഗുണങ്ങളെ എടുത്ത് പറയുന്ന കൂട്ടത്തിൽ 'അവരുടെ സ്വത്തുക്കളിൽ ചോദിക്കുന്നവനും, (ചോദിക്കുവാൻ) തടസ്സം നേരിട്ടവനും അവകാശമുണ്ടായിരിക്കും.' (51:19;70:24;25.) എന്ന് അല്ലാഹുവും പറയുന്നു. (6) അടിമകളുടെ വിഷയത്തിൽ. അതായത്, അടിമകളെ മോചിപ്പിക്കുക, അവരുടെ മോചനത്തിനും, രക്ഷക്കും സഹായകമാകുന്ന സംരംഭങ്ങളിൽ ധന സഹായം ചെയ്യുക മുതാലായവ. ഇക്കാര്യവും ഖുർആനിലും ഹദീസിലും വളരെയധികം പ്രാധാന്യം കൽപ്പിക്കപ്പെട്ടിട്ടുള്ളതത്രെ.

അനുഷ്ഠാന കാര്യങ്ങളിൽ 2-ാമത്തെ വിഷയം നമസ്കാരം നിലനിറുത്തലും, 3-ാമത്തേത് സകാത്ത് കൊടുക്കലുമാണ്. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുമുള്ള ഖുർആൻ വചനങ്ങളും നബി വചനങ്ങളും നിരവധിയാണ്. രണ്ടിനും ഇസ്‌ലാം കൽപിച്ചിട്ടുള്ള പ്രാധാന്യം-രണ്ടിലും വീഴ്ച വരുത്തുന്നവർക്കിടയിൽപോലും- പ്രസിദ്ധമാണ്. 4-ാമത്തെ വിഷയം കരാർ ചെയ്താൽ അത് നിറവേറ്റുകയാണ്. ഇതിൻെറ പ്രാധാന്യത്തെപ്പറ്റിയും ഒരു വിശദീകരണത്തിൻെറ ആവശ്യമില്ല. കപടവിശ്വാസിയുടെ ലക്ഷണങ്ങൾ, കളവുപറയലും, വാഗ്ദത്തം ലംഘിക്കലും, വിശ്വാസ വഞ്ചനയും എന്നിങ്ങിനെ മൂന്നെണ്ണമാണെന്നുള്ള സുപ്രസിദ്ധ നബി വചനം മാത്രം മതി ഇതി ൻെറ ഗൗരവം മനസ്സിലാക്കുവാൻ. 5-മത്തേത് ക്ഷമയാണ്. ക്ഷമയും തന്നെ ധാരാളക്കണക്കിൽ ഖുർആനിലും ഹദീസിലും പരാമർശ വിഷയമാകുന്നു. ക്ഷമിക്കുന്നവരെപ്പറ്റി പ്രസ്താവിച്ചപ്പോൾ, അതിൻെറ മുമ്പുള്ള വാക്യങ്ങളിൽ തുടർന്നുപോന്ന വ്യാകരണശൈലിയിൽ അൽപമൊരു മാറ്റം വരുത്തിക്കൊണ്ട് 'ക്ഷമിക്കുന്നവരെപ്പറ്റി വിശേഷിച്ചും ഓർമ്മിപ്പിക്കുന്നു' എന്നർത്ഥം വരാറുമുള്ള ഒരു പ്രത്യേക ശൈലി(*) അല്ലാഹു സ്വീകരിച്ചതും ശ്രദ്ധേയമാകുന്നു. (അറബി വ്യാകരണത്തിൽ അൽപ പരിചയമുള്ളവർക്ക് ഇത് വേഗം മനസ്സിലാകും.) ക്ഷമകൈകൊള്ളേണ്ടത് എപ്പോഴാ ണെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അതെ, വിഷമാവസ്ഥയിലും, കഷ്ടാവസ്ഥയിലും അഥവാ ദാരിദ്ര്യം തുടങ്ങിയ ബുദ്ധിമുട്ടുകളിലും, രോഗം പോലെയുള്ള കഷ്ടനഷ്ട ങ്ങളിലുമെല്ലാം തന്നെ. കൂട്ടത്തിൽ വളരെ ഗൗരവപ്പെട്ടതും, സത്യവിശ്വാസികൾക്ക് നേരിടേണ്ടി വരുന്നതുമായ ഒരു ഘട്ടമാണല്ലോ യുദ്ധാവസരം. അതുകൊണ്ട് അത് പ്രത്യേകം എടുത്ത് പറയുകയും ചെയ്തിരിക്കുന്നു.

പുണ്യപ്രധാനങ്ങളായ വിശ്വാസാനുഷ്ഠാന കാര്യങ്ങൾ യഥാവിധി സ്വീകരിച്ചു വരുന്നവർക്ക് അവസാനമായി രണ്ടു സാക്ഷ്യപത്രങ്ങളും അല്ലാഹു നൽകിയിരിക്കുന്നു.
(1) اولئك الذين صدقوا (അവരാണ് സത്യം പറഞ്ഞവർ) എന്നും, (2) واولئك هم المتقون അവർ തന്നെയാണ് മുത്തഖീകളും) എന്നും. അതെ, വിശ്വാസം സാക്ഷാൽക്കരിച്ചവരും, വിശ്വാസികളാണെന്ന വാദം പ്രവർത്തനം മുഖേന സത്യമായി പുലർത്തിയവരും അവരാണ്. അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് സൂക്ഷ്മത പാലിക്കുകയും, പുണ്യകർമ്മങ്ങൾ

---

* ينى ان قوله : الصابرين منصو ب على المدح والحث فلهذا لم يرفع ولم يعطف عطف النسق

ചെയ്തുകൊണ്ട് ഭയഭക്തരായിത്തീരുകയും ചെയ്ത യഥാർത്ഥ പുണ്യവാൻമാരും അവരാണ്. എന്ന് സാരം. ഇങ്ങിനെയുള്ള പുണ്യവാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. آمين

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ عَلَيْكُمُ ٱلْقِصَاصُ
فِى ٱلْقَتْلَى ۖ ٱلْحُرُّ بِٱلْحُرِّ وَٱلْعَبْدُ بِٱلْعَبْدِ
وَٱلْأُنثَىٰ بِٱلْأُنثَىٰ ۚ فَمَنْ عُفِىَ لَهُۥ مِنْ أَخِيهِ
شَىْءٌ فَٱتِّبَاعٌۢ بِٱلْمَعْرُوفِ وَأَدَآءٌ إِلَيْهِ بِإِحْسَٰنٍ
ۗ ذَٰلِكَ تَخْفِيفٌ مِّن رَّبِّكُمْ وَرَحْمَةٌ ۗ فَمَنِ
ٱعْتَدَىٰ بَعْدَ ذَٰلِكَ فَلَهُۥ عَذَابٌ أَلِيمٌ ﴿١٧٨﴾

178 ഹേ, വിശ്വസിച്ചവരേ, കൊല്ലപ്പെട്ടവരുടെ വിഷയത്തിൽ പ്രതിക്രിയ നടത്തൽ നിങ്ങളുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു. അതായത്, സ്വതന്ത്രന് സ്വതന്ത്രനും, അടിമക്ക് അടിമയും, സ്ത്രീക്ക് സ്ത്രീയും (എന്ന നിലക്ക്) . എന്നാൽ, ആർക്കെങ്കിലും തൻെറ സഹോദരനിൽനിന്ന് വല്ലതും മാപ്പു ചെയ്ത് കിട്ടുന്നപക്ഷം, അപ്പോൾ, (ആചാര) മര്യാദയെ പിൻപറ്റലും, നല്ലനിലയിൽ അവന് കൊടുത്തു വീട്ടലുമാണ് (വേണ്ടത്) . അത്, നിങ്ങളുടെ റബ്ബിങ്കൽനിന്ന് (നിങ്ങൾക്ക്) ഒരു ഇളവ് നൽകലും, കാരുണ്യവുമാകുന്നു. ഇനി, അതിനുശേഷം, ആരെങ്കിലും അതിരുവിട്ടു പ്രവർത്തിക്കുന്നപക്ഷം, അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

وَلَكُمْ فِى ٱلْقِصَاصِ حَيَوٰةٌ يَٰٓأُو۟لِى ٱلْأَلْبَٰبِ
لَعَلَّكُمْ تَتَّقُونَ ﴿١٧٩﴾

179 പ്രതിക്രിയ നടത്തുന്നതിൽ നിങ്ങൾക്ക്-ഹേ, ബുദ്ധിമാൻമാരേ-ഒരു (തരം) ജീവിതം ഉണ്ടായിരിക്കും, നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാവുന്നതാണ്.

---

178 يا أيها الذين آمنوا ഹേ വിശ്വസിച്ചവരെ. كُتب രേഖപ്പെടുത്ത(നിയമിക്ക) പ്പെട്ടിരിക്കുന്നു. عليكُم നിങ്ങളുടെമേൽ. القِصاص പ്രതിക്രിയ നടത്തൽ. في القَتلى വധിക്കപ്പെട്ട വിഷയത്തിൽ. الحر സ്വതന്ത്രൻ. بالحر സ്വതന്ത്രന് (പകരം) . والعبد അടിമയും. بالعبد അടിമക്ക് (പകരം) . والأنثى സ്ത്രീയും. بالأنثى സ്ത്രീക്കു(പകരം) . فمن അപ്പോൾ വല്ലവരും, ആർ. عفي له അവന് മാപ്പ് ചെയ്യപ്പെട്ടു (വെങ്കിൽ) . من أخيه തൻെറ സഹോദരനിൽനിന്ന്. شيءٌ വല്ലതും, എന്തെങ്കിലും വസ്തു. فَاتباع എന്നാൽ പിൻപറ്റൽ, തുടരൽ. بالمعروف സദാചാരപ്രകാരം, മര്യാദ (വഴക്കം) അനുസരിച്ച്. وأداءٌ കൊടുത്തുവീട്ടലും. إليه അവനിലേക്ക്, അവന്. إحسان ന^{3}മ ചെയ്തുകൊണ്ട് (നല്ലനിലയിൽ) . ذَلك അത്. تخفيف ലഘൂകരണം (ഇളവ്) . من ربكُم നിങ്ങളുടെ റബ്ബിങ്കൽ നിന്ന്. ورحمةٌ കാരുണ്യവും. فَمن اعتدى ഇനി ആരെങ്കിലും അതിരുവിട്ടാൽ, ക്രമം തെറ്റിയാൽ. بعد ذَلك അതിനുശേഷം. فَلَه എന്നാൽ അവനുണ്ട്. عذَاب أَليم വേദനയേറിയ ശിക്ഷ. 179 ولكُم നിങ്ങൾക്കുണ്ട്. في القِصاص പ്രതികാര നടപടിയിൽ. حياةٌ ഒരു (തരം) ജീവിതം. يا أولي الألباب ബുദ്ധിമാൻമാരേ. لعلكُم നിങ്ങളായേക്കാം, ആകുവാൻവേണ്ടി. تتقُونَ നിങ്ങൾ സൂക്ഷ്മത പാലിക്കും.

كتب (കതബ) എന്ന ക്രിയയുടെ കർമ്മണി പ്രയോഗ (مجهول) രൂപമാണ് كُتب (കുതിബ) . ഒന്നൊന്നിനോട് കൂട്ടിച്ചേർക്കുക എന്നത്രെ ഇതിൻെറ സാക്ഷാൽ ഭാഷാർത്ഥം അക്ഷരങ്ങളും പദങ്ങളും അന്യോന്യം കൂട്ടിച്ചേർക്കലെന്ന നിലക്ക് 'എഴുതുക' എന്ന അർത്ഥത്തിലാണത് സാധാരണയായി ഉപയോഗിക്കപ്പെടാറുള്ളത്. ഇതിൽനിന്നാണ് 'ഗ്രന്ഥം' എന്ന് كتاب (കിതാബ്) എന്ന പദത്തിന് അർത്ഥം വരുന്നതും 'രേഖപ്പെടുത്തുക, നിയമിക്കുക, വിധിക്കുക, നിശ്ചയിക്കുക' എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലും അത് ഉപയോഗിക്കപ്പെടുന്നു, 'നിയമിക്കപ്പെട്ടു' എന്ന അർത്ഥത്തിലാണ് ഇവിടെയും, താഴെ 180,183 മുതലായ സ്ഥലങ്ങളിലും كُتب (കുതിബ) ഉപയോഗിച്ചിരിക്കുന്നത്. ഈ അർത്ഥത്തിൽ വരുമ്പോൾ മിക്കപ്പോഴും ആ നിയമനം നിർബന്ധ

രൂപത്തിലുള്ളതായിരിക്കുകയാണ് പതിവ് ചിലപ്പോൾ നിർബന്ധമല്ലാതെയും വന്നേക്കും. എല്ലാം സന്ദർഭംകൊണ്ടും, മറ്റു തെളിവുകൾകൊണ്ടും മനസ്സിലാക്കേണ്ടതാകുന്നു **معروف** (മഅ്റൂഫ്) എന്ന പദം ഖുർആനിൽ പലേടത്തും ഉപയോഗിച്ചു കാണാം. 'അറിയപ്പെട്ടത്, പരിചയപ്പെട്ടത് ' എന്നൊക്കെയാണതിന് വാക്കർത്ഥം. ഇമാം റാഗിബ് (ﷺ) പ്രസ്താവിച്ചതുപോലെ ബുദ്ധി മുഖേനയോ, മതനിയമങ്ങൾ മുഖേനയോ നല്ല വഴക്കമായി അറിയപ്പെട്ട എല്ലാ കാര്യത്തിനും 'മഅ്റൂഫ് ' എന്ന് പറയപ്പെടും. ഇതിൻെറനേരെ വിപരീതമാണ് **منكر** (മുൻകർ) ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് **معروف** 'സദാചാരം, ആചാരം, മര്യാദ' എന്നിങ്ങിനെയും, **منكر** ന് ദുരാചാരം, ദുർമര്യാദ, വെറുക്കപ്പെട്ടത്, അപരിചിതം' എന്നിങ്ങിനെയും സന്ദർഭോചിതം അർത്ഥം കൽപ്പിക്കപ്പെട്ടു വരുന്നു.

കൊലക്ക് പകരം കൊല എന്ന സമ്പ്രദായം അറബികളിലും വേദക്കാരിലും മുമ്പേ പതിവുണ്ടായിരുന്നു. പക്ഷേ, അതിൽ നീതിയും സമത്വവും പാലിക്കപ്പെട്ടിരുന്നില്ല. മേലേക്കിടയിലുള്ളവരായി ഗണിക്കപ്പെടുന്നവരെ താഴേക്കിടയിലുള്ളവർ കൊലപ്പെടുത്തിയാൽ ഒന്നിലധികം പേരെ പകരം കൊല്ലുക. ഘാതകൻ അടിമയാണെങ്കിൽ അവൻെറയജമാനനെ കൊല്ലുക, സ്ത്രീയാണെങ്കിൽ ഭർത്താവിനെയോ ബന്ധത്തിൽപെട്ട ഏതെങ്കിലും പുരുഷനെയോ കൊല്ലുക എന്നിങ്ങനെയുള്ള അക്രമങ്ങളും അനീതികളും അംഗീകരിക്കപ്പെട്ടിരുന്നു. നേരെമറിച്ച് പ്രതാപത്തിലും ശക്തിയിലും താണ നിലവാരക്കാരെ ഉയർന്നവർ കൊല്ലുന്നപക്ഷം ഏതെങ്കിലും തരത്തിലുള്ള ഉപായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഘാതകനെ പ്രതിക്കൊലയിൽനിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യും. ഇങ്ങിനെയുള്ള ചില അനീതികൾ ഇന്നും ചില ജനവിഭാഗങ്ങളിൽ നിലവിലുള്ളതാണ്. ഇത്തരം നീതികെട്ട സമ്പ്രദായങ്ങളെ ഉൻമൂലനം ചെയ്ത് കൊലക്കുറ്റത്തിനുള്ള പ്രതികാരത്തിൽ സമത്വം പാലിക്കൽ നിർബ്ബന്ധമാണെന്ന് ഈ വചനം മുഖേന അല്ലാഹു കൽപിക്കുന്നു. പ്രതിക്രിയ നടത്തൽ നിങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്നു. (**كتب عليكم القصاص**) എന്നു പറഞ്ഞതിൻെറ താൽപര്യം കൊന്നവനെ കൊല്ലൽ നിർബന്ധമാണെന്നല്ല. പ്രതിക്കൊലയിൽ സമത്വവും നീതിയും പാലിക്കേണമെന്നാണ് ഉദ്ദേശ്യം. സ്വതന്ത്രന് സ്വതന്ത്രനും, അടിമക്ക് അടിമയും, സ്ത്രീക്ക് സ്ത്രീയും എന്ന് പറഞ്ഞത് അതിൻെറ വിശദീകരണമത്രെ. പകരം കൊല്ലാതെ, പ്രായശ്ചിത്തം-അഥവാ തെണ്ടം-കൊണ്ട് മതിയാക്കുവാൻ വധിക്കപ്പെട്ടവൻെറ അവകാശികൾക്ക് അധികാരം നൽകിയിരിക്കുന്നതും, അതിന് അവർക്ക് പ്രോത്സാഹനം നൽകപ്പെട്ടിരിക്കുന്നതും അതുകൊണ്ടാണല്ലോ.

എന്നാൽ, ഒരു അടിമയെ ഒരു സ്വതന്ത്രനോ, അല്ലെങ്കിൽ മറിച്ചോ, ഒരു സ്ത്രീയെ ഒരു പുരുഷനോ, അല്ലെങ്കിൽ മറിച്ചോ വധിച്ചുവെങ്കിലോ? ഇതിനെപ്പറ്റിയൊന്നും ഇവിടെ വിവരിക്കുന്നില്ല. അതുകൊണ്ട് പണ്ഡിതൻമാർക്കിടയിൽ ഇതിൻെറ വിശദീകരണത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ കാണാം. ആ അഭിപ്രായങ്ങളും തെളിവുകളും ന്യായങ്ങളും ഉദ്ധരിക്കുന്ന പക്ഷം അത് കുറേ ദീർഘിച്ചുപോകുന്നത് കൊണ്ട് ഇവിടെ അതിലേക്ക് പ്രവേശിക്കുന്നില്ല. ഫിഖ്ഹിൻെറ(കർമ്മ ശാസ്ത്രത്തിൻെറ) ഗ്രന്ഥങ്ങളിലാണ് അതിൻെറസ്ഥാനം. സു: മാഇദഃ 48ൽ വെച്ച് ഏതാനും ചില വിവരങ്ങൾ കാണാവുന്നതുമാകുന്നു **إن شاء الله** ഒരാളെ കൊല ചെയ്തത് ഒന്നിലധികം പേർ ചേർന്നുകൊണ്ടാണെങ്കിൽ, അവരെല്ലാം കൊല ശിക്ഷക്ക് ബാദ്ധ്യസ്ഥരാണെന്നത്രെ ഭൂരിപക്ഷാഭിപ്രായം. ഒരു സംഭവത്തിൽ ഉമർ (رضي الله عنه) അപ്രകാരം വിധിച്ചതായി ബുഖാരി (ﷺ) രേഖപ്പെടുത്തിയിട്ടുമുണ്ട്.

فمن عفى له من اخيه شيئ.... (ആർക്കെങ്കിലും തൻെറ സഹോദരനിൽനിന്ന് വല്ലതും മാപ്പ് ചെയ്യപ്പെടുന്ന പക്ഷം, അപ്പോൾ സദാചാര മര്യാദയെ പിൻപറ്റലും, അവന് നല്ല നിലയിൽ കൊടുത്തുവീട്ടലുമാണ് വേണ്ടത്) എന്ന വാക്യത്തിൽ ഇരു ഭാഗക്കാരേയും ബാധിക്കുന്ന പല സംഗതികളും അടങ്ങിയിരിക്കുന്നു. ഉദാരഹരണമായി:(1) ഒരു കൊലപാതകം നടന്നതുകൊണ്ട് ഇരുകൂട്ടരും തമ്മിലുള്ള ഇസ്ലാമിക സാഹോദര്യ ബന്ധം മുറിഞ്ഞുപോകുന്നില്ല. 'അവൻെറ

സഹോദരനില്‍നിന്ന് വല്ലതും മാപ്പ് ചെയ്യപ്പെട്ടാല്‍' എന്ന വാക്ക് ഇത് സൂചിപ്പിക്കുന്നു. പരസ്പരം സഹോദരന്‍മാരായതുകൊണ്ട് പ്രതിക്രിയയില്‍ വല്ലതും വിട്ടുകൊടുക്കേണ്ടതാണെന്നും അത് സൂചിപ്പിക്കുന്നു. (2) കൊല്ലപ്പെട്ടവന്‍റെ കൈകാര്യം നടത്തുന്നവരില്‍ ചിലരെങ്കിലും പ്രതിക്കൊല നടത്തുന്നതില്‍ ഇളവ് നല്‍കുന്ന പക്ഷം ഘാതകനെ പകരം കൊല ചെയ്തുകൂടാ എന്നും ഇതില്‍നിന്ന് മനസ്സിലാക്കാം. 'വല്ലതും മാപ്പ് ചെയ്യപ്പെട്ടാല്‍' എന്നാണല്ലോ അല്ലാഹു പറഞ്ഞത്. (3) പ്രതിക്കൊലയില്‍നിന്ന് ഒഴിവാക്കപ്പെട്ടാല്‍ പിന്നെ സദാചാര മര്യാദയെ പിന്‍പറ്റലും അവന് നല്ല നിലയില്‍ കൊടുത്തുതീര്‍ക്കലുമാണ് വേണ്ടത്. അതായത് സദാചാര മുറപ്രകാരമുള്ള നഷ്ടപരിഹാരം-അഥവാ പ്രായശ്ചിത്തം-ഘാതകന്‍റെ പക്ഷത്തുനിന്ന് വധിക്കപ്പെട്ടവന്‍റെ അവകാശികള്‍ക്ക് കൊടുത്തു തീര്‍ക്കണം. അതില്‍ വീഴ്ചയോ, തര്‍ക്കമോ നടത്തിക്കൂടാ. ഭംഗിയായും നല്ലനിലയിലും അത് നിര്‍വ്വഹിക്കണം. എന്നിങ്ങിനെ പലതും ഈ വാക്യത്തില്‍ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ഒരിക്കല്‍ കൊലയില്‍നിന്ന് മാപ്പ് നല്‍കിയിട്ട് പിന്നെയും കൊലപ്പെടുത്തുക, ചില അവകാശികള്‍ മാപ്പ് നല്‍കിയശേഷം മറ്റേ അവകാശികള്‍ കൊല നടത്തുക പ്രായശ്ചിത്തം വാങ്ങിയിട്ടു പിന്നെയും കൊലചെയ്യുക യഥാര്‍ത്ഥ ഘാതനെയല്ലാതെ മറ്റാരേയെങ്കിലും കൊല്ലുക, പ്രായശ്ചിത്തത്തിന്‍റെ സംഖ്യയില്‍ ആചാര വഴക്കത്തില്‍ കവിഞ്ഞ് ആവശ്യപ്പെടുക, പ്രായശ്ചിത്തം നല്‍കുവാന്‍ നിശ്ചയിച്ചിട്ട് അത് ശരിക്ക് കൊടുത്ത് തീര്‍ക്കാതിരിക്കുക മുതലായ അനീതികളെക്കുറിച്ചുള്ള താക്കീതാണ് فمن اعتدى بعد ذلك ...... (അതിനുശേഷം ആരെങ്കിലും അതിക്രമം പ്രവര്‍ത്തിച്ചാല്‍ അവന് വേദനയേറിയ ശിക്ഷയുണ്ട്) എന്ന വാക്യം. ഉദ്ദേശ്യപൂര്‍വ്വമല്ലാതെ അബദ്ധത്തില്‍ വന്നുപോകുന്ന കൊലകളില്‍ പ്രായശ്ചിത്തം നല്‍കുകയാണ് വേണ്ടതെന്ന് സൂറത്തുന്നിസാഉ് 92-ാംവചനത്തില്‍ വ്യക്തമാക്കപ്പെട്ടിരിക്കുന്നതുകൊണ്ട് കല്‍പിച്ചു കൂട്ടിയുള്ള കൊലയെപ്പറ്റിയാണ് ഇവിടെ പ്രസ്താവിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. പ്രായശ്ചിത്തം നൂറ് ഒട്ടകമാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അവ കൊടുത്ത് തീര്‍ക്കേണ്ടതെങ്ങിനെയാണെന്നും മറ്റുമുള്ള വിവരങ്ങള്‍ ഹദീസ് ഗ്രന്ഥങ്ങളിലും ഫിഖ്ഹ് ഗ്രന്ഥങ്ങളിലും വിശദീകരിക്കപ്പെട്ടുകാണാം.

يا اولى الالباب (ബുദ്ധിമാന്‍മാരെ) എന്ന സംബോധനയോടുകൂടി 179-ാം വചനത്തില്‍ കൊലക്ക് പകരം കൊല ചെയ്യുകയെന്ന നിയമത്തിലടങ്ങിയ തത്വം അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ബുദ്ധിമാന്‍മാര്‍ക്കേ അത് ചിന്തിച്ച് ഗ്രഹിക്കുവാന്‍ കഴിയുകയുള്ളു-സാധാരണക്കാര്‍ക്കും ബാഹ്യാവസ്ഥ മാത്രം കണക്കിലെടുക്കുന്നവര്‍ക്കും അത് വേഗത്തില്‍ മനസ്സിലാക്കുവാന്‍ കഴിഞ്ഞെന്ന് വരികയില്ല- എന്നാണ് ആ സംബോധന സൂചിപ്പിക്കുന്നത്. പ്രതിക്കൊല നിയമിച്ചതില്‍ മനുഷ്യര്‍ക്ക് ഒരു ജീവിതമുണ്ട്-അഥവാ അവരുടെ ജീവന് ഒരു തരത്തില്‍ രക്ഷയുണ്ട്- എന്നാണ് അല്ലാഹു പറഞ്ഞത്. ആലോചിച്ചു നോക്കുക! ഈ നിയമം മുഖേന കൊലക്കുറ്റം സമുദായത്തില്‍ കുറഞ്ഞുപോകുമെന്ന് തീര്‍ച്ചയാണ്. എന്തെങ്കിലും വിരോധമോ, സ്വാര്‍ത്ഥമോ ഉണ്ടാകുമ്പോഴേക്കും അന്യനെ വധിക്കുവാന്‍ പ്രേരിതരാകുന്ന ആളുകള്‍- ഇത്തരക്കാര്‍ മനുഷ്യസമുദായത്തില്‍ ദുര്‍ല്ലഭമല്ലെന്നുള്ളത് അനിഷേധ്യമത്രെ- ആ കൃത്യത്തില്‍ നിന്ന് പിന്‍മാറുവാന്‍ ഈ നിയമം കാരണമാകുന്നു. ഒരിക്കല്‍ ഒരാളെ കൊലചെയ്തവന്, അവന്‍ ഒരു കഠിന ശിക്ഷക്ക് വിധേയനാകുന്നില്ലാത്തപക്ഷം, വീണ്ടും കൊല നടത്തുവാനുള്ള ധൈര്യം വര്‍ദ്ധിക്കുകയാണ് ചെയ്യുക. അവന്‍ കൊലശിക്ഷ അനുഭവിക്കേണ്ടി വരുന്നത് അവനെപ്പോലെയുള്ള മറ്റുള്ളവര്‍ക്കും ഒരു പാഠമായിരിക്കുമെന്നപോലെത്തന്നെ, അവന്‍റെ കൈക്ക് വീണ്ടും കൊല നടക്കുവാനുള്ള മാര്‍ഗ്ഗം ഇല്ലാതായിത്തീരുകയും ചെയ്യുന്നു. ദശക്കണക്കിലും നൂറുകണക്കിലും ഭീമമായ കൊലകള്‍ നടത്തിയ ക്രൂരന്‍മാരെപ്പറ്റി പലപ്പോഴും നാം കേള്‍ക്കാറുണ്ട്. ഒന്നാമത്തെ കൊലയില്‍ അവന്‍റെ മേല്‍ കൊലശിക്ഷ വിധിക്കപ്പെട്ടിരുന്നുവെങ്കില്‍, അങ്ങിനെ സംഭവിക്കുമായിരുന്നില്ലെന്ന് പറയേണ്ടതില്ല. മനുഷ്യപ്രകൃതിയെയും, അവന്‍റെ അക്രമവാസനയില്‍ നിന്നും അവിവേകത്തില്‍ നിന്നും അവനെ തടയുവാനുള്ള നടപടിയെയും കുറിച്ച്

മനുഷ്യനേക്കാൾ അറിയുക അവനെ സൃഷ്ടിച്ച സ്രഷ്ടാവിനാണല്ലോ. അക്രമവാസനകളിൽ നിന്ന് മനുഷ്യരെ തടയുവാനുള്ള മാർഗ്ഗം, കുറ്റത്തിനനുസരിച്ച് ശിക്ഷ നൽകുകയാണെന്നുള്ള അടിസ്ഥാന തത്വം സ്വീകരിക്കാത്തവർ-അവർ നിർമ്മത നിരീശ്വരവാദികളായിരുന്നാൽ പോലും -ഉണ്ടായിരിക്കുമെന്ന് തോന്നുന്നില്ല. അല്ലെന്ന് വല്ലവരും കരുതുന്നുണ്ടെങ്കിൽ അവർ വിഡ്ഢികളിൽ വിഡ്ഢികളാണെന്നേ പറയുവാനുള്ളു, ഈ അടിസ്ഥാന തത്വമനുസരിച്ച് പ്രായോഗികവും യുക്തവുമായ ശിക്ഷാനിയമങ്ങളാണ് അല്ലാഹു ഇസ്‌ലാമിൻെറ നിയമങ്ങളായി അവതരിപ്പിച്ചിരിക്കുന്നതും.

കൊലക്കു പകരം പ്രതിക്കൊല ചെയ്യുന്നതിൽ ജാഹിലിയ്യാ കാലത്ത് പലരും അതിരുകവിഞ്ഞിരുന്നതായി മുമ്പ് പ്രസ്താവിച്ചുവല്ലോ. എന്നാൽ, അവരിൽ ചില വിഭാഗക്കാർ പ്രതിക്കൊല നടത്താതെ നഷ്ടപരിഹാരം വാങ്ങി തൃപ്തി അടഞ്ഞിരുന്നതായും പറയപ്പെടുന്നു. ഇന്ന് 'പരിഷ്കൃത രാഷ്ട്രങ്ങൾ' എന്ന് അഭിമാനിക്കുന്ന ചില നാടുകളിൽ പ്രതിക്കൊല നടത്തുന്നത് ഒരു പഴഞ്ചൻ സമ്പ്രദായമാണെന്നും, കിരാതനിയമമാണെന്നുമൊക്കെയുള്ള ഒരു ചിന്താഗതി പ്രചരിച്ചിരിക്കുന്നു. ഭൗതികവീക്ഷണഗതികളിൽ നിന്നും പൈശാചികമായ ദുഷ്പ്രേരണകളിൽ നിന്നും ഉടലെടുത്ത ഈ ചിന്താഗതി നിമിത്തം ചിലേടങ്ങളിൽ കൊല ശിക്ഷ നിറുത്തൽ ചെയ്യുകയും, പകരം മററു ചില ശിക്ഷകൾകൊണ്ട് മതിയാക്കുകയും ചെയ്തിരിക്കുന്നു, അതിൻെറ ഫലമോ? കൊലക്കുറ്റത്തിൻെറ വർദ്ധനവും, കൊല ചെയ്യുന്ന രൂപത്തിലുള്ള വികൃത പരിഷ്കാരങ്ങളുമല്ലാതെ മറ്റൊന്നുമല്ലതാനും! കണ്ണുള്ളവർക്കൊക്കെ കാണുവാനും, കാതുള്ളവർക്കൊക്കെ കേൾക്കുവാനും കഴിയുന്ന ഒരു പരമാർത്ഥമാണിത്. കൊലശിക്ഷ എടുത്തുകളഞ്ഞശേഷം വീണ്ടും അതു നടപ്പിലാക്കുവാൻ നിർബ്ബന്ധിതമായ രാഷ്ട്രങ്ങളും ഉണ്ട്. പഴഞ്ചനെന്നും കിരാതമെന്നും മുദ്രകുത്തപ്പെട്ട ആ ഇസ്‌ലാമിക ശിക്ഷാനിയമങ്ങൾ നടപ്പിലുള്ള നാട്ടിലും, പരിഷ്കൃതമെന്നും ആധുനികമെന്നും മറ്റും ഘോഷിക്കപ്പെടുന്ന ശിക്ഷാനിയമങ്ങൾ നിലവിലുള്ള നാടുകളിലും നടമാടിക്കൊണ്ടിരിക്കുന്ന കൊല, കളവ്, കവർച്ച തുടങ്ങിയ അക്രമങ്ങളുടെ കണക്കുകളൊന്ന് പരിശോധിച്ചു നോക്കിയാൽ ഈ പരമാർത്ഥം ആർക്കും ബോധ്യപ്പെടും. ഇസ്‌ലാമിക നിയമം നടപ്പുള്ള രാഷ്ട്രങ്ങളിൽ ഒരു കൊല്ലം പത്തിനു താഴെ കൊലകളാണ് നടക്കുന്നതെങ്കിൽ, മറ്റേതിൽ മണിക്കൂറിൽ പത്തോ നൂറോ കണക്കിലായിരിക്കും കൊലപാതകങ്ങളുടെ എണ്ണം കാണുക. എന്നിട്ടും മനുഷ്യൻ കണ്ണു തുറക്കാത്തതാണ് അൽഭുതം. (*) പക്ഷേ, സ്രഷ്ടാവിനെയും, സ്രഷ്ടാവിൻെറ നിയമങ്ങളെയും ധിക്കരിക്കുന്നവർക്ക് ഈ വക യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ കഴിയാത്തതിൽ അൽഭുതമില്ല.

كُتِبَ عَلَيْكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ إِن تَرَكَ خَيْرًا ٱلْوَصِيَّةُ لِلْوَٰلِدَيْنِ وَٱلْأَقْرَبِينَ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ﴿١٨٠﴾

180 നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമായാൽ-അവൻ വല്ല ഗുണവും [ധനവും] വിട്ടുപോകുന്നപക്ഷം-നിങ്ങളുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു: മാതാപിതാക്കൾക്കും, അടുത്ത ബന്ധുക്കൾക്കും (ആചാര) മര്യാദയനുസരിച്ച് 'വസിയ്യത്ത് ' ചെയ്യൽ. സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ ഒരു കടമ(യത്രെ അത്) .

فَمَنۢ بَدَّلَهُۥ بَعْدَمَا سَمِعَهُۥ فَإِنَّمَآ إِثْمُهُۥ عَلَى

181 എന്നിട്ട് ആരെങ്കിലും അത് കേട്ടതിനു ശേഷം അതിനെ മാറ്റി മറിച്ചാൽ, അതിൻെറ കുറ്റം അത് മാറ്റിമറിക്കുന്നവരുടെ മേൽ

* വാഷിംഗ്ടനിൽ നിന്നുള്ള ഒരു വാർത്തയിൽ, ലോകത്തിലെ ഏറ്റവും പരിഷ്കൃതവും സമ്പന്നരാഷ്ട്രവുമായ അമേരിക്കയിൽ കഴിഞ്ഞവർഷം 12,000 ആളുകൾ-അതായത് ദിനംപ്രതി 32പേർ-കൊല്ലപ്പെട്ടതായി 'മലയാളമനോരമ' ദിനപ്പത്രം അതിൻെറ 10-7-78ലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

ٱلَّذِينَ يُبَدِّلُونَهُۥٓ ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿١٨١﴾

തന്നെയായിരിക്കും. നിശ്ചയമായും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

فَمَنْ خَافَ مِن مُّوصٍ جَنَفًا أَوْ إِثْمًا فَأَصْلَحَ بَيْنَهُمْ فَلَآ إِثْمَ عَلَيْهِ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٨٢﴾

182 ഇനി, 'വസിയ്യത്ത്' ചെയ്യുന്ന വല്ലവനിൽ നിന്നും (ഏതെങ്കിലും) ഒരു തെറ്റോ കുറ്റമോ (ഉണ്ടായതായി) ആരെങ്കിലും ഭയപ്പെട്ടിട്ട് അവരുടെ [വസിയ്യത്ത് ചെയ്യപ്പെടുന്നവരുടെ] ഇടയിൽ അവൻ നന്നാക്കിത്തീർത്താൽ, അവൻെറ മേൽ (അതിൽ) കുറ്റമില്ല. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

---

180 **كُتب** നിയമിക്ക(രേഖപ്പെടുത്ത) പ്പെട്ടിരിക്കുന്നു. **عليكُم** നിങ്ങളുടെമേൽ. **إذا حضر** ആസന്നമായാൽ. **أحدكُم** നിങ്ങളിൽ ഒരുവന്. **الموت** മരണം. **إن ترك** അവൻ വിട്ടു (ബാക്കിയാക്കി) പോകുന്ന പക്ഷം. **خيرا** വല്ല ഗുണവും, നല്ലതിനെ. **الوصيةُ** വസിയ്യത്ത് (ഒസ്യത്ത്) ചെയ്യൽ. മരണപത്രം. **للوالدين** മാതാപിതാക്കൾക്ക്. **والأقربين** അടുത്ത ബന്ധുക്കൾക്കും. **بالمعروف** ആചാരമനുസരിച്ച്, മര്യാദപ്രകാരം. **حقا** കടമ, മറ. **على المتقين** സൂക്ഷ്മത പാലിക്കുന്നവരുടെ (ഭയഭക്തൻമാരുടെ) മേൽ. 181 **فمن** എന്നിട്ട് (എന്നാൽ) ആരെങ്കിലും. **بدله** അതിനെ മാറ്റി മറിച്ചു. ഭേദഗതി വരുത്തി. **بعد** ശേഷം, പിറകെ. **ما سمعه** അതവൻ കേട്ടതിൻെറ. **فإنما إثمه** എന്നാലതിൻെറ കുറ്റം (തന്നെ-മാത്രം) . **على الذين** യാതൊരുവരുടെ മേൽ (തന്നെ - മാത്രം) . **يبدلونه** അവൻ അതിനെ മാറ്റി മറിക്കും. **إن الله** നിശ്ചയമായും അല്ലാഹു. **سميع** കേൾക്കുന്നവനാണ്. **عليم** അറിയുന്നവനാണ്. 182 **فمن خاف** എന്നാൽ ആരെങ്കിലും ഭയപ്പെട്ടാൽ. **من موص** വല്ല വസിയ്യത്തുകാരനിൽ(വസിയ്യത്തുചെയ്യുന്ന ഒരാളിൽ) നിന്ന്. **جنفًا** വല്ല ചായ്വും, മറിവും, തെറ്റ്. **أو إثماً** അല്ലെങ്കിൽ തെറ്റ്, പാപം. **فأصلح** എന്നിട്ട് അവൻ നന്നാക്കി. **بينهم** അവർക്കിടയിൽ. **فلا** എന്നാൽ ഇല്ല. **إثم** കുറ്റം. **عليه** അവൻെറമേൽ. **إن الله** നിശ്ചയമായും അല്ലാഹു. **غفُور** വളരെ പൊറുക്കുവാനാണ്. **رحيم** കരുണാനിധിയാണ്.

خير (ഗുണം അഥവാ നൻമ) കൊണ്ട് ഇവിടെ ധനമാണ് വിവക്ഷ. ധനത്തെ ഉദ്ദേശിച്ച് അറബികൾക്കിടയിൽ ആ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്. മലയാള ഭാഷക്കാരായ നമ്മുടെ ഇടയിലും ധനത്തെ ഉദ്ദേശിച്ച് 'ഗുണം' എന്ന് പറയാറുണ്ടല്ലോ. എന്നാൽ, നാമമാത്രമായ അൽപം വല്ലതിനെയും ഉദ്ദേശിച്ച് ഈ വാക്ക് ഉപയോഗിക്കാറില്ലെന്നും ഒരു ധനികൻ എന്നു പറയപ്പെടത്തക്കവണ്ണം കുറച്ചധികം വല്ലതും ഉണ്ടാകുമ്പോഴേ ആ വാക്ക് പറയാറുള്ളുവെന്നും, അതുകൊണ്ട് എല്ലാവർക്കും ഈ വസിയ്യത്ത് ബാധകമല്ല-അൽപം വകയും കഴിവും ഉള്ളവർക്കേ നിർബന്ധമുള്ളു-എന്നും ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. **معروف** (മര്യാദ) എന്ന വാക്കിൻെറ അർത്ഥവും ഉദ്ദേശ്യവും കഴിഞ്ഞ വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഈ വചനത്തിൽ പ്രസ്താവിച്ചതിൻെറ സാരം ഇങ്ങിനെ മനസ്സിലാക്കാം: അൽപം ധനം കൈവശമുള്ള ആളുകൾ ആസന്നമരണരാകുമ്പോൾ-അതായത് മരണം അടുത്തിരിക്കുന്നുവെന്ന് തോന്നിക്കുന്ന രോഗമോ മറ്റോ സംഭവിക്കുമ്പോൾ-തങ്ങളുടെ മാതാപിതാക്കൾക്കും, അടുത്ത കുടുംബന്ധമുള്ളവർക്കും സാധാരണ നിലക്ക് മര്യാദയായി ഗണിക്കപ്പെടുന്ന തോതിൽ തൻെറ ധനത്തിൽ നിന്ന് കൊടുക്കുവാൻ ഒസ്യത്ത് ചെയ്യുന്നത് സത്യവിശ്വാസികളുടെ മേൽ കടമയാകുന്നു. അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിച്ചുപോരുന്ന ഭയഭക്തൻമാരെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയാണത്. ഒസ്യത്ത് ശരിക്ക് കേട്ട് മനസ്സിലാക്കിയ ശേഷം, സാക്ഷികളിലോ, ഒസ്യത്ത് പ്രകാരം ധനം ലഭിക്കേണ്ടവരിലോ ആരെങ്കിലും അതിൻെറ യഥാരൂപത്തിന് വല്ല വ്യത്യാസവും വരുത്തുന്ന പക്ഷം, അതിൻെറകുറ്റം

അവർക്കായിരിക്കും. ഒസ്യത്ത് ചെയ്തവന് അതുകൊണ്ട് കുറ്റമൊന്നും ബാധിക്കുവാനില്ല. യഥാർത്ഥ കുറ്റക്കാർ ആരാണെന്നുള്ളത് അല്ലാഹുവിന് നല്ലവണ്ണം അറിയുന്നതാണല്ലോ. ഇനി, ഒരാളുടെ ഒസ്യത്തിൽ മര്യാദക്കേടായി വല്ലതും വന്നുപോകുകയോ, കുറ്റകരമായ വല്ലതും ഉൾപ്പെടുത്തുകയോ ചെയ്തതായി കണ്ടാൽ, അത് മനസ്സിലാക്കിയവർ ആ തെറ്റുകുറ്റം പരിഹരിക്കുമാറ് വസിയ്യത്തിൻെറ അവകാശികൾക്കിടയിൽ യോജിപ്പുണ്ടാക്കി നന്നാക്കി വിടുന്നതിന് വിരോധമില്ലതാനും. അത് നല്ലതും കൂടിയാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും കാരുണ്യവും അവർക്ക് സിദ്ധിച്ചേക്കുന്നതുമാണ്.

സൂറത്തുന്നിസാഇൽ അനന്തരാവകാശ നിയമങ്ങൾ സവിശദം വിവരിച്ചുകൊണ്ടുള്ള കൽപനകൾ അവതരിക്കുന്നതിന് മുമ്പ് അവതരിച്ചതാണ് ഈ വചനങ്ങൾ. അനന്തരാവകാശികൾ ആരെല്ലാമാണെന്നും ഓരോരുത്തരുടെയും അവകാശം ഇന്നിന്ന പ്രകാരമാണെന്നും അവിടെ വിവരിച്ചിരിക്കുന്നതുപോലെ. ഒസ്യത്തിനെക്കുറിച്ച് ഇവിടെ വിശദമായി വിവരിച്ചിട്ടില്ല. ധനത്തിൻെറ എത്രഭാഗം ഒസ്യത്ത് ചെയ്യണമെന്നോ, ഓരോരുത്തർക്ക് എത്ര വീതം നൽകണമെന്നോ, മാതാപിതാക്കൾക്ക് പുറമെ പറഞ്ഞ അടുത്ത ബന്ധുക്കളിൽ ആരൊക്കെ ഉൾപ്പെടുമെന്നോ നിർണ്ണയിക്കപ്പെട്ടിട്ടുമില്ല. 'മര്യാദയനുസരിച്ച് بالمعروف' എന്ന് മാത്രമെ പറഞ്ഞിട്ടു ള്ളു. അനന്തരാവകാശികൾക്കെല്ലാം അനന്തരാവകാശ നിയമപ്രകാരം അവരവരുടെ അവക ാശങ്ങൾ നിശ്ചയിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളതുകൊണ്ട് അനന്തരാവകാശികൾക്ക് മേലിൽ ഒസ്യത്ത് പാടില്ലെന്ന് താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള ഹദീസുകളിൽ വന്നിട്ടുമുണ്ട്. ഇതെല്ലാം കാ രണമായി, ഈ വചനങ്ങളിൽ കൽപിക്കപ്പെട്ട ഒസ്യത്തിൻെറ വിധിയെപ്പറ്റി പണ്ഡിതൻ മാർക്കിടയിൽ ഒന്നിലധികം അഭിപ്രായങ്ങളാണുള്ളത്. അവ ശരിക്കു പരിശോധിക്കുന്നപക്ഷം, ചില വിശദാംശങ്ങളൊഴിച്ച് ബാക്കിയുള്ളതിലെല്ലാം അവ പരസ്പര വിരുദ്ധങ്ങളാകുന്നില്ലെന്നും, സാങ്കേതികമായ ചില സമീപനങ്ങളിൽ നിന്നുൽഭവിച്ചവയാണ് ആ അഭിപ്രായങ്ങളെന്നും കാണാവുന്നതാകുന്നു. الله اعلم

ഭൂരിപക്ഷം പണ്ഡിതൻമാരുടെയും, പ്രധാനപ്പെട്ട പല ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം, അനന്തരാവകാശത്തിൻെറ ആയത്തുകൾ അവതരിച്ചതോടുകൂടി ഒസ്യത്തിൻെറ നിർബന്ധം കാലാഹരണപ്പെട്ടു (മൻസൂഖായി) പോയിട്ടുണ്ട് എന്നാകുന്നു. മേൽ സൂചിപ്പിച്ച വസ്തുക്കൾക്ക് പുറമെ, ഇവർക്കുള്ള പ്രധാന തെളിവുകൾ താഴെ കാണുന്നതുപോലെയുള്ള ഹദീസുകളാണ്: (1) ഒരു പ്രസംഗത്തിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞതായി അംറുബ്നുഖാരിജഃ (رضي الله عنه) ഉദ്ധരിച്ചിരിക്കുന്നു. ''നിശ്ചയമായും, എല്ലാ അനന്തരാവകാശികൾക്കും അവരുടെ അവക ാശം (ഓഹരി) കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതിനാൽ, ഒരു അനന്തരാവകാശിക്കും ഒസ്യത്തില്ല.'' (അ:ജ:ബ:ദാ.) അൽപം ചില അക്ഷരവ്യത്യാസങ്ങളോടുകൂടിയാണെങ്കിലും ഈ ആശയം വ്യക്തമാക്കുന്ന ഹദീസുകളും, മഹാൻമാരിൽ നിന്നുള്ള രിവായത്തുകളും വേറെയും പലരും ഉദ്ധരിച്ചിട്ടുണ്ട്. ഹദീസാണെങ്കിൽ ന്യൂനതകളില്ലാത്തതുമാകുന്നു. (2) സഅ്ദുബ്നു അബീവക്-ഖാസ് (رضي الله عنه) രോഗ ശയ്യയിലായിരുന്നപ്പോൾ, തനിക്ക് കുറേ ധനമുണ്ടെന്നും, നേരെ അവകാശിയായി ഒരു മകൾ മാത്രമേ ഉള്ളുവെന്നും പറഞ്ഞുകൊണ്ട് തൻെറ ധനത്തിൻെറ മൂന്നിൽ രണ്ടംശം ഒസ്യത്തായി നൽകാമോ എന്ന് നബി (ﷺ) യോട് അദ്ദേഹം ചോദിക്കുക യുണ്ടായി. അത് പാടില്ലെന്ന് നബി (ﷺ) പറഞ്ഞു. എന്നാൽ പകുതി ആകാമോ എന്ന് അദ്ദേഹം ചോദിച്ചു. അതും നബി (ﷺ) അനുവദിച്ചില്ല. എന്നാൽ മൂന്നിൽ ഒരംശം ആകാമോ എന്ന് അദ്ദേഹം ചോദിച്ചു. അപ്പോൾ നബി (ﷺ) ഇങ്ങിനെ പറഞ്ഞു: ''എന്നാൽ മൂന്നിലൊന്ന്. മൂന്നിലൊന്ന് തന്നെ ധാരാളമാണ്. തൻെറ അനന്തരാവകാശികളെ ജനങ്ങളോട് കൈകാട്ടു ന്നവരായി വിട്ടുപോകുന്നതിനെക്കാൾ തനിക്ക് ഉത്തമം, അവരെ ധനികരായി വിട്ടുപോകു ന്നതാകുന്നു.'' ഈ സംഭവം ബുഖാരിയും, മുസ്ലിമും(رحمهما الله) രേഖപ്പെടുത്തിയിട്ടുള്ളതാണ്.

അനന്തരാവകാശ നിയമപ്രകാരം സ്വത്തിന് അവകാശികളായിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഒസ്യത്തിൻെറനിയമം ദുർബ്ബലപ്പെട്ടുപോയിട്ടുണ്ടെന്നും, അവകാശികളല്ലാതായിത്തീരുന്ന മാതാപിതാക്കളെയും അടുത്ത കുടുംബങ്ങളെയും സംബന്ധിച്ചിടത്തോളം ഒസ്യത്തിൻെറ നിയമം നിലവിലുണ്ടെന്നുമാണ് മറ്റൊരു അഭിപ്രായം. വിമതസ്ഥരായതുകൊണ്ടോ, സ്വത്തുടമയെ വധിച്ചതുകൊണ്ടോ മാതാപിതാക്കൾക്ക് നിയമപ്രകാരം അനന്തരാവകാശം ലഭിക്കാതെ വരാം. കൂടുതൽ അടുത്ത കുടംബാംഗങ്ങൾ ഉള്ള കാരണത്താൽ അവരെക്കാൾ അകന്ന കുടുംബാംഗങ്ങൾക്കും അവകാശം കിട്ടാതെ വരാം. അതോടുകൂടി അവർ ദരിദ്രരും ജീവിത ക്ളേശം അനുഭവിക്കുന്നവരും ആയിരിക്കാം. ഇങ്ങിനെയുള്ള അവസരങ്ങളിൽ ഈ മാതാപിതാക്കൾക്കും കുടുംബങ്ങൾക്കും ഒസ്യത്ത് ചെയ്യേണ്ടതുണ്ടെന്നും, അനന്തരാവകാശം ലഭിക്കുന്ന ആർക്കും ഒസ്യത്ത് നിർബന്ധമില്ലെന്നുമാണ് ഈ അഭിപ്രായക്കാരുടെ പക്ഷം. ഒസ്യത്തിൻെറകൽപന ഒരു നിർബന്ധ നിയമമല്ലെന്ന അടിസ്ഥാനത്തിലാണ് ഈ അഭിപ്രായം. അനന്തരാവകാശനിയമം കൊണ്ട് ഒസ്യത്തിൻെറ നിയമം ദുർബ്ബലപ്പെടുത്തപ്പെടുകയല്ല ചെയ്തിരിക്കുന്നതെന്നും, ഒസ്യത്തിൻെറ നിയമം പ്രാവർത്തിക്കമാക്കുന്നതിൻെറ ഒരു വിശദീകരണം മാത്രമാണ് അനന്തരാവകാശ നിയമങ്ങളെന്നുമാണ് വേറെ ചിലർ പറയുന്നത്. ഇത് അർത്ഥവത്തായ ഒരഭിപ്രായമായി തോന്നുന്നില്ല.

മേൽ കണ്ട അഭിപ്രായങ്ങളും, അവയുടെ ഏതാനും തെളിവുകളും ചൂണ്ടിക്കാട്ടിയശേഷം ഇബ്നു കഥീർ (ﷺ) ചെയ്ത ഒരു പ്രസ്താവന ശ്രദ്ധേയമാകുന്നു. അതിങ്ങിനെ ഉദ്ധരിക്കാം: ഒസ്യത്തിൻെറ നിയമം ഒരു നിർബന്ധ നിയമം തന്നെ ആയിരുന്നുവെന്നാണ് ചിലർ പറയുന്നത്. അതുതന്നെയാണ് ആയത്തിൻെറ വാചകങ്ങളിൽ നിന്ന് വ്യക്തമാകുന്നതും. അപ്പോൾ, ഖുർആൻ വ്യാഖ്യാതാക്കളിൽ അധികമാളുകളും ഫുഖഹാക്കളിൽ കാര്യപ്പെട്ടവരായ ആളുകളും പറയുന്നതുപോലെ, ഇത് -ഒസ്യത്തിൻെറ ഈ ആയത്ത്- അനന്തരാവകാശകത്തിൻെറ ആയത്ത് മുഖേന 'മൻസൂഖാ'യി (കാലഹരണപ്പെട്ടതായി)രിക്കണമെന്ന് തീർച്ചപ്പെടുന്നു. കാരണം, അനന്തരാവകാശികളായി വരുന്ന മാതാപിതാക്കൾക്കും അടുത്ത കുടുംബങ്ങൾക്കും ഒസ്യത്ത് ചെയ്യുന്നതിൻെറ നിർബന്ധം ദുർബ്ബലപ്പെട്ടുപോയിട്ടുണ്ടെന്ന് 'ഇജ്മാഉ് ' (പണ്ഡിതൻമാരുടെ ഏകോപിച്ച അഭിപ്രായം) ഉള്ളതാകുന്നു. അത്രയുമല്ല, 'എല്ലാ അനന്തരാവകാശികൾക്കും അവരുടെ അവകാശം അല്ലാഹു കൊടുത്തിട്ടുണ്ട്. ഇനി ഒരു അനന്തരാവകാശിക്കും ഒസ്യത്തില്ല' എന്ന് മേലുദ്ധരിച്ച ഹദീസുമൂലം അത് വിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അപ്പോൾ, അനന്തരാവകാശത്തിൻെറ ആയത്ത് ഒരു സ്വതന്ത്ര നിയമം തന്നെയാകുന്നു. (അത് ഒസ്യത്തിൻെറ വിശദീകരണമല്ല) അനന്തരാവകാശത്തിൽ ഓഹരിയും പങ്കുമുള്ളവർക്ക് അല്ലാഹു നിശ്ചയിച്ചുകൊടുത്ത ഒരു നിർബന്ധ വിധിയുമാണത്. അത് മുഖേന ഒസ്യത്തിൻെറ ഈ വിധി പാടെ നിറുത്തൽ ചെയ്യപ്പെട്ടിരിക്കുന്നു. ഇനി, അനന്തരാവകാശികളല്ലാത്ത അടുത്ത ബന്ധുക്കളുടെ കാര്യമാണ് ബാക്കിയുള്ളത്. അവർക്ക് സ്വത്തിൻെറ മൂന്നിലൊരുഭാഗത്തിൽ നിന്ന് ഒസ്യത്ത് ചെയ്യുന്നത് ഒരു വേണ്ടപ്പെട്ട കാര്യവുമാകുന്നു. ഈ ആയത്തിൻെറ സാരം വ്യാപകമാണെന്നുള്ളതിന് പുറമെ, ഇബ്നു ഉമർ (رضي الله عنه) ൽ നിന്ന് ബുഖാരിയിലും മുസ്ലിമിലും ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതും ഇതിന് തെളിവാകുന്നു. അതായത്, ''ഒരാൾക്ക് ഒസ്യത്ത് ചെയ്യത്തക്ക വല്ലതും ഉണ്ടെങ്കിൽ അത് തൻെറ അടുക്കൽ എഴുതിവെക്കപ്പെടാതെ രണ്ടു രാത്രി കഴിച്ചുകൂട്ടാതിരിക്കൽ അവൻെറ കടമയാണ് എന്ന് റസൂൽ (ﷺ) പറഞ്ഞിരിക്കുന്നു.'' ഇബ്നു ഉമർ(رضي الله عنه) പറയുകയാണ്: ''റസൂൽ (ﷺ) ഇതു പറയുന്നത് കേട്ടമുതൽ ഒരു രാത്രി പോലും എൻെറ ഒസ്യത്ത് എൻെറ അടുക്കൽ എഴുതിവെക്കപ്പെടാതെ ഉണ്ടായിട്ടില്ല.'' അടുത്ത ബന്ധുക്കൾക്ക് നൻമയും ഗുണവും ചെയ്തുകൊടുക്കുന്നത് സംബന്ധിച്ച് ആയത്തുകളും ഹദീസുകളും വളരെ അധികമുണ്ടുതാനും.'' ابن كثير

ഒരാളുടെ ധനം എത്ര കുറച്ചോ അധികമോ ആയിരുന്നാലും അയാളുടെ അവകാശികൾ ആരൊക്കെയാണെന്നും, ഓരോരുത്തർക്കും അവകാശപ്പെട്ടത് എത്രയാണെന്നും അനന്തരാവ

കാശ നിയമപ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഒസ്യത്തും കടവും ഉണ്ടെങ്കിൽ അത് രണ്ടും കഴിച്ചു ബാക്കി മാത്രമേ അവകാശികൾക്ക് ഭാഗിക്കാവൂ എന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഒസിയ്യത്ത് ആർക്കെല്ലാം എത്ര വീതം വേണമെന്ന് ആയത്തിലും ഹദീസിലും നിർണ്ണയിക്കപ്പെട്ടിട്ടുമില്ല. കവിഞ്ഞപക്ഷം ആകയുള്ള സ്വത്തിൻെറ മൂന്നിലൊരംശം മാത്രമേ ഒസ്യത്ത് ചെയ്യാവൂ എന്ന് മുകളിൽ സഅ്ദുബ്നു അബീവക്-ഖാസ് (ﷺ) ൻെറ സംഭവത്തിൽ നബി (ﷺ) കൽപിക്കുകയും ചെയ്തിരിക്കുന്നു. മേൽ ചൂണ്ടിക്കാട്ടിയ എല്ലാ വസ്തുതകളും തെളിവുകളും പരിശോധിക്കുമ്പോൾ ഒസ്യത്തിനെ സംബന്ധിച്ചു ഇത്രയും കാര്യങ്ങൾ നമുക്ക് മനസസ്സിലാക്കാൻ കഴിയുന്നതാണ്:-

(1) അനന്തരാവകാശ നിയമപ്രകാരം സ്വത്തവകാശം ലഭിക്കുന്ന കുടുംബാംഗങ്ങൾക്ക് പ്രത്യേകമായി ഒസ്യത്തു ചെയ്യേണ്ടതില്ല. അത് പാടില്ലാത്തതുമാകുന്നു. (2) സ്വത്തവകാശം കിട്ടുന്നവരിൽ തന്നെ കൂടുതൽ ദാരിദ്ര്യവും ബുദ്ധിമുട്ടുള്ളവർക്ക് അവരുടെ ആ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് വല്ലതും ഒസ്യത്ത് ചെയ്യുന്നപക്ഷം, അത് മറ്റുള്ള അവകാശികളുടെ സമ്മതത്തോടുകൂടി ആയിരിക്കേണ്ടതാണ്. ചില ഹദീസുകളിൽ ഇത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. (3) സ്വത്തവകാശം ലഭിക്കാത്ത അടുത്ത ബന്ധുക്കൾക്ക് വല്ലതുമൊക്കെ ഒസ്യത്ത് ചെയ്യൽ എല്ലാവരുടെയും ധാർമ്മികമായ കടമയാകുന്നു. ഈ കടമയെക്കുറിച്ച് നീതിന്യായ കോടതിയിൽ നിയമപരമായി ചോദ്യം ചെയ്യപ്പെടാവതല്ലെങ്കിലും ഒഴിച്ചുകൂടാത്ത ഒരു ബാധ്യതയാണത്. സൂക്ഷ്മതയുള്ള ഭയഭക്തൻമാരുടെ മേൽ കടമയാണത് حقا على المتقين എന്ന വാക്യത്തിൽ നിന്ന് ഇതിൻെറ ഗൗരവം മനസ്സിലാക്കാം. (4) ധനത്തിൻെറ തോതും, അടുത്ത ബന്ധുക്കളുടെ സ്ഥിതി ഗതികളും കണക്കിലെടുത്തുകൊണ്ടായിരിക്കണം ഒസ്യത്ത്. അതിൽ പക്ഷഭേദം വരുത്താതെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഒസ്യത്ത് ആചാരമര്യാദയനുസരിച്ച് بالمعروف ആയിരിക്ക ണമല്ലോ. (5) ആകെ സ്വത്തിൻെറ മൂന്നിലൊരംശത്തിൽ ഒതുങ്ങി നിൽക്കണം ഒസ്യത്ത്. ഒരു കാരണത്താലും അതിൽ കവിയുവാൻ പാടില്ലെന്ന് നബി (ﷺ) യുടെ ഹദീസിൽ നിന്ന് വ്യക്തമാണ്.

ഒസ്യത്തിൻെറ പ്രാധാന്യത്തെ സംബന്ധിച്ച് ഖുർആനിലും ഹദീസിലും വളരെ അധികം പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിലും മുസ്‌ലിം സമുദായ മദ്ധ്യെ ഈ വിഷയത്തിൽ വളരെ അലസതയും അവഗണനയുമാണുള്ളത്. ഒസ്യത്ത് ചെയ്യുന്നവരിൽ പോലും ചിലർ അവകാശി കളെ തോൽപിക്കുക മുതലായ ചില ദുരുദ്ദേശ്യങ്ങൾ വെച്ചു കൊണ്ട് അത് ചെയ്യുന്നവരും ദുർലഭമല്ല. ഇത്തരം സമ്പ്രദായങ്ങളിൽ നിന്നാണ് ഇസ്‌ലാമിൻെറ ഗുണകാംക്ഷികളായി ചമയ ുകയും, യഥാർത്ഥത്തിൽ ഇസ്‌ലാമിക നിയമങ്ങളെ മാറ്റിമറിക്കുവാൻ യത്നിച്ചുകൊണ്ടിരി ക്കുകയും ചെയ്യുന്ന ചില പിൻതിരിപ്പൻമാർ മുതലെടുത്തു വരുന്നത്. ഒരാളുടെ ജീവിതകാലത്ത് അയാളുടെ ഒരു പുത്രൻ മരണപ്പെട്ടാൽ, മറ്റു ജീവിച്ചിരിപ്പുള്ള പുത്രൻമാരെപ്പോലെ ആ മരണപ്പെട്ട പുത്രൻെറ മക്കൾക്കും-അഥവാ സ്വത്തുടമയുടെ നേരെ പുത്രൻമാരുള്ളപ്പോൾ തന്നെ പൗത്രൻമാർക്കും-സ്വത്താവകാശം നൽകപ്പെടാത്തത് അനന്തരാവകാശ നിയമത്തിലെ ഒരു അനീതിയാണെന്നും, അനാഥരായ ആ പൗത്രരോട് ചെയ്യുന്ന ഒരു അക്രമമാണതെന്നും, ഈ നിയമം തിരുത്തേണ്ടതാണെന്നും മറ്റും അവർ ജൽപിക്കുന്നു. ഇസ്‌ലാമിൻെറ പേരിൽ ഈ അപവാദം പുറപ്പെടുവിക്കുന്ന ആ ആളുകൾ ഒരു യഥാർത്ഥം വിസ്മരിച്ചിരിക്കുകയാണ്. ഒരാൾ മരണപ്പെടുമ്പോൾ ജീവിച്ചിരിപ്പുള്ളവരിൽ അയാളുമായി കൂടുതൽ അടുപ്പവും ബന്ധവുമുള്ളവർ ആരാണെന്ന അടിസ്ഥാനത്തിലാണ് അനന്തരാവകാശം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ദാരിദ്ര്യമോ ധനമോ, കഴിവോ കഴിവുകേടോ അതിൽ പരിഗണിക്കപ്പെട്ടിട്ടില്ല. നേരെ മറിച്ചു ഒസ്യത്തിലാകട്ടെ, അക്കാര്യങ്ങളാണ് പ്രധാനമായും പരിഗണിക്കപ്പെട്ടിരിക്കുന്നതും. അതുകൊണ്ടാണ് ഇന്നിന്നവർക്ക് ഇത്രവീതം എന്നു കണക്കാക്കാതെ മര്യാദയും സദാചാരവുമനുസരിച്ചായിരിക്കണം ഒസ്യത്ത് എന്ന് കൽപിച്ചിരിക്കുന്നതും അല്ലാഹുവും അവൻെറ റസൂലും പഠിപ്പിച്ചു തന്ന മുറപ്രകാരം അനന്തരാവകാശനിയമവും, ഒസ്യത്ത് നിയമവും സമുദായം കൈകാര്യം ചെയ്യാത്തതിൽ

നിന്നാണ് ഇത്തരക്കാർക്ക് ഇസ്‌ലാമിൻെറ പേരിൽ ആരോപണങ്ങൾ ഉന്നയിക്കുവാൻ ഇടവന്നതും, വരുന്നതുമെന്ന് മുസ്‌ലിം സമുദായം ഓർക്കേണ്ടിയിരിക്കുന്നു.

വിഭാഗം–23

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣﴾

183 ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ നിയമിക്കപ്പെട്ടതുപോലെ, നിങ്ങളുടെ മേലും നോമ്പു നോൽക്കൽ നിയമിക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം.

أَيَّامًا مَّعْدُودَٰتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۚ وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُۥ ۚ وَأَن تَصُومُوا۟ خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿١٨٤﴾

184 (അതെ) എണ്ണപ്പെട്ട (അൽപം) ചില ദിവസങ്ങളിൽ. എന്നാൽ, നിങ്ങളിൽ ആരെങ്കിലും രോഗിയോ, യാത്രയിലോ ആയിരുന്നാൽ, അപ്പോൾ, മറ്റു ദിവസങ്ങളിൽനിന്ന് (അത്ര) എണ്ണം (പൂർത്തിയാക്കണം) അതിന് (ഞെരുങ്ങി) സാധിപ്പുണ്ടാകുന്നവരുടെമേൽ (അവർ നോമ്പു നോൽക്കാതിരുന്നാൽ) തെണ്ടം-ഒരു സാധുവിൻെറ ഭക്ഷണം-(കടമ) ഉണ്ടായിരിക്കും. എന്നാൽ, ആരെങ്കിലും ഒരു നന്മ സ്വമേധയാ ചെയ്യുന്നതായാൽ അതവന് ഉത്തമമത്രെ. നിങ്ങൾ നോമ്പുനോൽക്കുന്നതാകട്ടെ, നിങ്ങൾക്ക്(കൂടുതൽ) ഉത്തമമാകുന്നു; നിങ്ങൾക്ക് അറിയാവുന്നതാണെങ്കിൽ.

شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ وَبَيِّنَٰتٍ مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ ۚ فَمَن شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ۖ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۗ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ وَلِتُكْمِلُوا۟ ٱلْعِدَّةَ وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ وَلَعَلَّكُمْ تَشْكُرُونَ ﴿١٨٥﴾

185 'റമളാൻ' മാസം ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാ(യ മാസമാ) കുന്നു;- മനുഷ്യർക്ക് സൻമാർഗ്ഗദർശകമായും, മാർഗ്ഗദർശനവും (സത്യാസത്യ) വിവേചനവുമാകുന്ന വ്യക്തമായ തെളിവുകളായും കൊണ്ട്. ആകയാൽ നിങ്ങളിൽ ആർ (ആ) മാസത്തിൽ ഹാജറുണ്ടായോ അവൻ, അതിൽ നോമ്പുനോറ്റുകൊള്ളട്ടെ. ആരെങ്കിലും രോഗിയോ, യാത്രയിലോ ആയിരുന്നാൽ, മറ്റു ദിവസങ്ങളിൽ നിന്ന് (അത്ര) എണ്ണം (പൂർത്തിയാക്കണം) . അല്ലാഹു നിങ്ങളിൽ എളുപ്പത്തെ [സൗകര്യത്തെ] ഉദ്ദേശിക്കുന്നു; നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നുമില്ല. നിങ്ങൾ എണ്ണം പൂർത്തിയാക്കുവാൻ വേണ്ടിയും, നിങ്ങൾക്ക് അല്ലാഹു സൻമാർഗ്ഗം കാണിച്ചു തന്നതിൻെറ പേരിൽ നിങ്ങൾ അവന് 'തക്ബീർ' [മഹത്വകീർത്തനം] നടത്തുവാൻവേണ്ടിയും, നിങ്ങൾ നന്ദി കാണിക്കുവാൻവേണ്ടിയുമാകുന്നു (ഇതല്ലാം നിശ്ചയിച്ചത്) .

183 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരെ. **كُتب** നിയമിക്ക (രേഖപ്പെടുത്ത) പ്പെട്ടിരിക്കുന്നു. **عليكُم** നിങ്ങളുടെമേൽ. **الصيام** നോമ്പുനോൽക്കൽ. **كما كُتب** നിയമിക്കപ്പെട്ടതുപോലെ. **على الذين من قَبلكُم** നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ. **لَعلكُم** നിങ്ങളായേക്കാം, ആകുവാൻ വേണ്ടി. **تتقُونَ** സൂക്ഷ്മത പാലിക്കും. 184 **أياما** ചില ദിവസങ്ങളിൽ. **معدودات** എണ്ണപ്പെട്ട (എണ്ണം കണക്കാക്കപ്പെട്ട) . **فَمن كَانَ** എന്നാൽ ആരെങ്കിലുമായിരുന്നാൽ. **منكُم** നിങ്ങളിൽനിന്ന്. **مريضا** രോഗി. **أو** അല്ലെങ്കിൽ. **على سفَر** യാത്രയിൽ. **فَعدةٌ** എന്നാൽ (അപ്പോൾ) എണ്ണം. **من أيامٍ** ദിവസങ്ങളിൽനിന്ന്. **أخر** മറ്റുള്ള. **وعلى الذين** യാതൊരുവരുടെമേലുണ്ടായിരിക്കും. **يطيقُونه** അതിന്ന് സാധിപ്പുാകും, അതിനവർക്ക് കഴിവുണ്ടായിത്തീരുന്നതാണ്. **فدية** ഒരു തെണ്ടം (പ്രായശ്ചിത്തം) . **طَعام** (അതായത്) ഭക്ഷണം. **مسكينٍ** ഒരു സാധുവിൻെറ പാവത്തിൻെറ. **فَمن** എന്നാൽ ആർ, ആരെങ്കിലും. **تطَوع** സ്വമേധയാ ചെയ്തു, സ്വയം വഴിപ്പെട്ടു ചെയ്തു. **خيرا** വല്ല നൻമയും, നല്ലകാര്യം. **فَهو** എന്നാലത്. **خير له** അവന് ഗുണമാണ്, കൂടുതൽ നല്ലതാണ്. **وأَن تصوموا** നിങ്ങൾ നോമ്പു നോൽക്കുന്നത്. **خير لَكُم** നിങ്ങൾക്ക് ഉത്തമമാണ്, കൂടുതൽ നല്ലതാകുന്നു. **إِن كُنتم** നിങ്ങളാകുന്നുവെങ്കിൽ. **تعلَمونَ** നിങ്ങൾ അറിയും. 185 **شهر رمضَانَ** റമളാൻ മാസം. **الذي أُنزِلَ** അവതരിപ്പിക്കപ്പെട്ടതാണ്. **فيه** അതിൽ. **الْقُرآنُ** ഖുർആൻ. **هدى** മാർഗ്ഗദർശനമായി, സന്മാർഗ്ഗമായി. **للناس** മനുഷ്യർക്ക്. **وبينات** തെളിവുകളായും, വ്യക്തമായ അടയാളങ്ങളായും. **من الهدى** മാർഗ്ഗദർശനമാകുന്ന, സൻമാർഗ്ഗത്തിൽപെട്ട. **والْفُرقَان** വിവേചനവും, വേർതിരിക്കുന്നതും. **فَمن شهِد** ആകയാൽ (അപ്പോൾ) ആരെങ്കിലും ഹാജറുണ്ടായാൽ. **منكُم** നിങ്ങളിൽനിന്ന്. **الشهر** (ആ) മാസത്തിൽ. **فَلْيصمه** എന്നാലവൻ അതിൽ നോമ്പുനോൽക്കട്ടെ. **ومن كَانَ** ആരെങ്കിലും ആയിരുന്നാൽ, ആണെങ്കിൽ. **مريضا** രോഗി. **أو على سفَر** അല്ലെങ്കിൽ യാത്രയിൽ. **فَعدةٌ** എന്നാൽ എണ്ണം. **من أيامٍ أُخر** മറ്റുദിവസങ്ങളിൽനിന്ന്. **يريد الله** അല്ലാഹു ഉദ്ദേശിക്കുന്നു. **بِكُم** നിങ്ങൾക്ക്. **اليسر** എളുപ്പം (സൗകര്യം) , ലഘുത്വം. **ولا يريد بِكُم** നിങ്ങളിൽ അവൻ ഉദ്ദേശിക്കുന്നുമില്ല. **العسر** ഞെരുക്കം, പ്രയാസം. **ولتكْملُوا** നിങ്ങൾ പൂർത്തിയാക്കുവാൻ വേണ്ടിയും. **الْعدةَ** എണ്ണം. **ولتكَبروا** നിങ്ങൾ 'തക്ബീർ' ചെയ്വാനും, മഹത്വകീർത്തനം നടത്തുവാനും. **الله** അല്ലാഹുവിന. **على ما هداكُم** അവൻ നിങ്ങൾക്ക് മാർഗ്ഗദർശനം നൽകിയതിൻെറ പേരിൽ. **ولَعلَّكُم** നിങ്ങൾ ആകുവാനും, ആകുകയും ചെയ്യാം. **تشكُرونَ** നന്ദി കാണിക്കും.

ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നായ നോമ്പ് നിയമമാക്കിയതും, അത് സംബന്ധിച്ച കുറേ കാര്യങ്ങളുമാണ് ഈ വചനങ്ങളുടെ ഉള്ളടക്കം. അവയിൽ നിന്ന് മനസ്സിലാക്കുവാനുള്ള കാര്യങ്ങളെപ്പറ്റി നമുക്കിവിടെ ഒരു സാമാന്യവീക്ഷണം നടത്താം. താഴെ പറയുന്ന കാര്യങ്ങൾ ഈ വചനങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

(1) ഹേ, വിശ്വസിച്ചവരേ എന്ന് വിളിച്ചുകൊണ്ടാണ് നോമ്പ് നിങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നത്. അതിനാൽ, ഓരോ സത്യവിശ്വാസിക്കും നോമ്പ് നിർബന്ധമാകുന്നു. പ്രത്യേകം ഒഴിവ് നൽകപ്പെട്ടവർ മാത്രമേ ഇതിൽ നിന്ന് ഒഴിവുള്ളു. ഈ വിഷയത്തിൽ മുസ്ലിംകൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. (2) ഭക്ഷണപാനീയങ്ങളും സ്ത്രീ സംസർഗ്ഗവും ഉപേക്ഷിച്ചുകൊണ്ടുള്ള വ്രതമാണ് ഇസ്ലാമിലെ നോമ്പ്. ഇത് പൊതുവെ എല്ലാവർക്കും അൽപം പ്രയാസകരമായ ഒന്നാണെന്ന് പറയേണ്ടതില്ല. ആ നിലക്ക് ഇതൊരു ഭാരപ്പെട്ട നിയമമായി കരുതപ്പെടുവാൻ കാരണമുണ്ട്. മുഹമ്മദ് (ﷺ) നബിയുടെ സമുദായമായ നിങ്ങൾക്ക് മാത്രം നിശ്ചയിക്കപ്പെട്ട ഒരു നിയമമല്ല ഇതെന്നും, മുൻ സമുദായങ്ങളിലും നോമ്പ് നിയമിക്കപ്പെട്ടിരുന്നുവെന്നും, നിർണ്ണയം ചെയ്യപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രമെ നോമ്പ് നോൽക്കേണ്ടതുള്ളുവെന്നുമൊക്കെ പ്രസ്താവിച്ചിരിക്കുന്നത് ഈ മനഃപ്രയാസം നീക്കം ചെയ്യുവാൻ വേണ്ടിയാകുന്നു. (3) മുൻ സമുദായങ്ങളിൽ നിയമിക്കപ്പെട്ടതുപോലെ എന്ന് പറഞ്ഞിരിക്കകൊണ്ട് മുൻ സമുദായങ്ങളുടെ നോമ്പും ഈ സമുദായത്തിൻെറ നോമ്പും എല്ലാം വിശദാംശങ്ങളിലും യോജിച്ചിരിക്കണമെന്നില്ല. രണ്ടും തമ്മിൽ അൽപമൊക്കെ വ്യത്യാസം ഉണ്ടാകുന്നതിന് വിരോധമില്ല.

(4) നോമ്പുകൊണ്ട് സാധിക്കുവാനുള്ള ലക്ഷ്യമായി അല്ലാഹു പറഞ്ഞത് لعلكم تتقون (നിങ്ങൾ സൂക്ഷ്മത പാലിക്കുന്നവരാകുവാൻ വേണ്ടി) എന്നാകുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകളെപാലിക്കുക വഴി ഭയഭക്തിയുള്ളവരായിരിക്കുക എന്നത്രെ സൂക്ഷ്മത പാലിക്കൽ കൊണ്ട് വിവക്ഷ. ഇക്കാര്യം ഒന്നിലധികം പ്രാവശ്യം മുമ്പ് നാം പ്രസ്താവിച്ചു കഴിഞ്ഞിട്ടുള്ളതാണ്. മനുഷ്യനിൽ നിന്നുണ്ടാകുന്ന പാപങ്ങളും തെററുകുററങ്ങളും അവന്റെ ശരീരേച്ഛകളിൽ നിന്നും, വികാരങ്ങളിൽ നിന്നും ഉണ്ടാകുന്നതാണല്ലോ. നോമ്പാകട്ടെ, ആ രണ്ടിനെയും നിയന്ത്രിക്കുന്നതാണുതാനും. അതുകൊണ്ടാണ് വിവാഹം ചെയ്വാൻ കഴിവില്ലാത്ത യുവാക്കളോട് നബി (ﷺ) നോമ്പ് നോൽക്കുവാൻ ഉപദേശിച്ചതും, നോമ്പ് പാപങ്ങളെ തടുക്കുന്ന ഒരു പരിചയാണെന്ന് പറഞ്ഞതും. (ബു;മു.) ഒന്നോ രണ്ടോ നോമ്പ് നോൽക്കുമ്പോഴേക്കും അത് ശാരീരിക വികാരങ്ങളെ നിയന്ത്രിച്ചു നിറുത്തുമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. നോമ്പ് പതിവായി നോൽക്കുന്ന പക്ഷം ശരീരവും ആത്മാവും മനസ്സുമെല്ലാം സ്വയം നിയന്ത്രിതമാകുമെന്ന് തീർച്ച തന്നെ. കേവലം ശാരീരികമായ പരിശീലനമോ, ആരോഗ്യപരമായ ഒരു ശുദ്ധീകരണമോ മാത്രമല്ല നോമ്പ്. മാനസികവും, ആത്മീയവുമായ വമ്പിച്ച നേട്ടങ്ങളും അത് മുഖേന സിദ്ധിക്കുവാനുണ്ട്. പക്ഷേ, നോമ്പ് നാമമാത്രമായാൽ പോരാ, ശരിയായ അർത്ഥത്തിൽ തന്നെയുള്ളതായിരിക്കണം. അതാണ് നബി (ﷺ) ഒരു ഹദീസിൽ ചൂണ്ടിക്കാട്ടിയത്: ''അക്രമം പറയുന്നതും പ്രവർത്തിക്കുന്നതും ആർ ഉപേക്ഷിച്ചില്ലയോ അവൻ അവന്റെ ഭക്ഷണവും പാനീയവും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് ഒരാവശ്യവുമില്ല.'' (ബു.) (5) എണ്ണപ്പെട്ട ചില ദിവസങ്ങൾ (اياما معدودات) എന്ന് പറഞ്ഞതിന്റെ വിവക്ഷ റമളാൻ മാസത്തിലെ ദിവസങ്ങളാണെന്ന് മൂന്നാമത്തെ വചനം കൊണ്ട് വ്യക്തമാണ്. അധികകാലമൊന്നുമില്ല-കുറച്ചു ദിവസങ്ങളെ വേണ്ടതുള്ളു-എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് നോമ്പിന്റെ ഭാരം കുറച്ച് കാണിക്കുകയാണ് ആ വാക്ക് ചെയ്യുന്നത്.

(6) രോഗികളെയും ,യത്രക്കാരെയും നോമ്പിന്റെ നിർബന്ധത്തിൽ നിന്ന് അല്ലാഹു ഒഴിവാക്കിയിരിക്കുന്നു. എന്നാൽ, രോഗവും യാത്രയും ഏത് തരത്തിലുള്ളതായിരിക്കണമെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. അവ നിമിത്തം എത്ര ദിവസത്തെ നോമ്പ് വിട്ടുപോയോ അത്ര എണ്ണം മറ്റ് ദിവസങ്ങളിലായി അത് നോറ്റ് വീട്ടണമെന്ന് കൽപിക്കുകയും ചെയ്തിരിക്കുന്നു. നോമ്പ് പിടിക്കുവാൻ കഴിയാതിരിക്കത്തക്കതോ, നോമ്പ് നോൽക്കുന്ന പക്ഷം ശരീരത്തിനോ അവയവങ്ങൾക്കോ വല്ല കേടുപാടും സംഭവിക്കാവുന്നതോ ആയ രോഗമായിരിക്കണമെന്നും, നമസ്കാരം ചുരുക്കി (ഖസ്വറാക്കി) നമസ്കരിക്കുവാൻ അനുവദിക്കപ്പെടുന്നത്ര ദൂരയാത്രയായിരിക്കണമെന്നുമാണ് പല പണ്ഡിതൻമാരും പറഞ്ഞ് കാണുന്നത്. നമസ്കാരം ഖസ്റാക്കുന്നതിനുള്ള ദൂരം നിർണ്ണയിക്കുന്നതിലാണെങ്കിൽ, പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടുതാനും. അവയിൽ ഇന്നത് മാത്രമാണ് ശരിയായതെന്ന് തീരുമാനിക്കത്തക്ക തെളിവുകളില്ലാത്ത സ്ഥിതിക്കും, അല്ലാഹു ഒരു ഉപാധിയും സൂചിപ്പിച്ചിട്ടില്ലാത്ത സ്ഥിതിക്കും സാധാരണ പതിവനുസരിച്ച് 'രോഗി' എന്നും 'യാത്രക്കാരൻ' എന്നും ശരിയായ അർത്ഥത്തിൽ പറയപ്പെടത്തക്ക രോഗവും യാത്രയും ഉണ്ടായാൽ മതിയാകും എന്നത്രെ മറ്റൊരഭിപ്രായം. ഇതാണ് കൂടുതൽ ന്യായയുക്തമായി തോന്നുന്നത്. (അല്ലാഹുവിനറിയാം)

പക്ഷേ, ഒരു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്: അങ്ങാടിയിൽ സാമാനം വാങ്ങാൻ പോകുന്നവനും, അൽപം ജലദോഷം പിടിപെട്ടവനുമൊക്കെ യാത്രക്കാരനും രോഗിയുമായി കണക്കാക്കാമെന്നും, അവർക്കൊക്കെ നോമ്പിൽ നിന്ന് ഒഴിവാകാമെന്നും വരെ ഇതിനെ വ്യാഖ്യാനിച്ചുകൂടാത്തതാകുന്നു. രോഗിക്കും യാത്രക്കാരനും ഇളവ് നൽകിയതിലുള്ള ഒരു തത്വം, അവർക്ക് നോമ്പ് നോൽക്കുവാൻ സ്വാഭാവികമായുണ്ടാകുന്ന വിഷമമാണല്ലോ. വിഷമമാകട്ടെ, തിട്ടപ്പെടുത്തി അളന്ന് കണക്കാക്കാവുന്ന കാര്യവുമല്ല. മാത്രമല്ല, വിഷമമുണ്ടെങ്കിൽ എന്നൊരു ഉപാധി അല്ലാഹു പ്രസ്താവിച്ചിട്ടുമില്ല ഹദീസിലും അത് വ്യക്തമാക്കപ്പെട്ടു കാണുന്നില്ല. അതു

കൊണ്ട് നോമ്പിന് ബുദ്ധിമുട്ടുണ്ടായാലും ഇല്ലെങ്കിലും രോഗിക്കും യാത്രക്കാരനും നോമ്പ് ഒഴിവാക്കുന്നതിന് വിരോധമില്ലെന്നും, ബുദ്ധിമുട്ടുള്ള പക്ഷം നോമ്പ് ഉപേക്ഷിക്കുകതന്നെ വേണമെന്നും മൊത്തത്തിൽ മനസ്സിലാക്കാം. ഹദീസുകൾ പരിശോധിക്കുമ്പോൾ അതാണ് മനസ്സിലാകുന്നതും. ചില ഹദീസുകൾ താഴെ ഉദ്ധരിക്കുന്നുമുണ്ട്. ان شاء الله

(7) ...وعلى الذين يطيقونه فدية (നോമ്പിന് സാധിപ്പുണ്ടാകുന്നവരുടെ മേൽ തെണ്ടം കടമയുണ്ട്) എന്ന് പറഞ്ഞതിൻെറ താൽപര്യത്തെപ്പറ്റി രണ്ടഭിപ്രായങ്ങളാണുള്ളത്. ഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കളും പണ്ഡിതൻമാരും സ്വീകരിച്ച അഭിപ്രായം ഇങ്ങിനെയാകുന്നു: നോമ്പ് നിർബ്ബന്ധമാക്കപ്പെട്ട ആദ്യഘട്ടത്തിൽ സത്യവിശ്വാസികൾക്ക് അത് കുറേ പ്രയാസകരമായി അനുഭവപ്പെട്ടിരുന്നു. (ഹിജ്റ രണ്ടാം കൊല്ലത്തിൽ യുദ്ധ നിയമം അവതരിക്കുന്നതിന് അൽപം മുമ്പായിരുന്നു നോമ്പിൻെറ നിയമമായത്) അതുകൊണ്ട് അല്ലാഹു അവർക്ക് അന്ന് അനുവദിച്ചുകൊടുത്ത ഒരു ഇളവായിരുന്ന് അത്. അതായത്, നോമ്പ് പിടിക്കുവാൻ കഴിവുള്ളവർക്ക്-രോഗികളും യാത്രക്കാരുമല്ലാത്തവർക്ക്-നോമ്പ് നോൽക്കുകയോ, നോമ്പിന് പകരം ഓരോ ദിവസത്തിനും ഓരോ സാധുവിൻെറ ഭക്ഷണം വീതം തെണ്ടമായി കൊടുക്കുകയോ ചെയ്താൽ മതിയായിരുന്നു. അതേ സമയം നോമ്പ് നോൽക്കുന്നതാണ് കൂടുതൽ ഉത്തമമെന്നും അറിയിച്ചിരുന്നു. നോമ്പ് പിടിക്കാതെ തെണ്ടംകൊണ്ട് മതിയാക്കുന്നവർ പിന്നെ ആ നോമ്പ് നോറ്റ് വീട്ടേണ്ടതുമില്ല, ഇതാണ് ആ വാക്യത്തിൻെറ താൽപര്യം. പിന്നീട്-ഒരു കൊല്ലത്തിനുശേഷമാണെന്ന് പറയപ്പെടുന്നു- അടുത്ത (185-ാം) വചനത്തിൽ فمن شهد منكم الشهر فليصمه (ആമാസത്തിൽ ആർ ഹാജറുണ്ടായോ അവൻ അതിൽ നോമ്പ് നോൽക്കട്ടെ) എന്ന് അവതരിച്ചതോടെ ഈ ഇളവ് ദുർബ്ബലപ്പെട്ടുപോകുകയും, നോമ്പ് നോൽക്കുകതന്നെ വേണമെന്ന് നിയമമായിത്തീരുകയും ചെയ്തു. ഇസ്ലാമിലെ മറ്റ് പല നിയമങ്ങളുമെന്നപോലെ, നോമ്പിൻെറ നിയമവും ക്രമേണയായിട്ടാണ് സ്ഥിരപ്പെടുത്തപ്പെട്ടത്. ഈ അഭിപ്രായത്തിന് ആസ്പദമായ ഹദീസ് ഇതാകുന്നു:-

സലമത്ത്ബ്നുൽ അക്വഉ് سلمة بن الاكوع – رض പ്രസ്താവിച്ചതായി പ്രധാന ഹദീസുഗ്രന്ഥങ്ങളിലെല്ലാം ഇപ്രകാരം വന്നിട്ടുണ്ട്: ‘‘...وعلى الذين يطيقونه فدية (സാധിപ്പുണ്ടാകുന്നവരുടെ മേൽ തെണ്ടമുണ്ട്) എന്ന വചനം അവതരിച്ചപ്പോൾ, ഞങ്ങളിൽ നോമ്പ് നോൽക്കുവാൻ ഉദ്ദേശിച്ചവർ നോൽക്കുകയും, നോമ്പ് വിട്ടുകളയുവാൻ ഉദ്ദേശിച്ചവർ വിട്ടുകളയും തെണ്ടം കൊടുക്കുകയും ചെയ്യുമായിരുന്നു. ഇതിൻെറ ശേഷമുള്ള فمن شهد منكم الشهر فليصمه (ആ മാസത്തിൽ ഹാജറുള്ളവർ നോമ്പുനോൽക്കട്ടെ) എന്ന വചനം അവതരിച്ച് അതിനെ ‘നസ്ഖു’ ചെയ്യുന്നത് (ദുർബലപ്പെടുത്തുന്നത്) വരെ അങ്ങിനെ ചെയ്ത് വന്നു’’ (ബു;മു;ദാ;തി;ന;ത്വ. മുതലായവർ) രണ്ടാമത്തെ അഭിപ്രായം, ഇബ്നു അബ്ബാസ് (رضي الله عنه) മുതലായവരുടേതാണ്. നോമ്പിന് കഴിവുള്ളവർ തെണ്ടം കൊടുക്കണമെന്ന് പറഞ്ഞത്, വാർദ്ധക്യം മൂലം നോമ്പ് നോൽക്കുവാൻ പ്രയാസം നേരിടുന്ന സ്ത്രീ പുരുഷൻമാരെ സംബന്ധിച്ചാണ് എന്ന് ഇബ്നു അബ്ബാസ് (رضي الله عنه) പ്രസ്താവിച്ചതായി ബുഖാരീ (رحمه الله) രേഖപ്പെടുത്തിയിരിക്കുന്നു. നോമ്പ് മൂലം ഗർഭസ്ഥ ശിശുവിന് ദോഷം ബാധിക്കുമെന്ന് കാണുന്ന ഗർഭിണികളും, മുല കുടിക്കുന്ന കുട്ടിക്ക് ദോഷം ബാധിക്കുമെന്ന് കാണുന്ന മാതാക്കളും ഇക്കൂട്ടത്തിൽ ഉൾപ്പെടുമെന്ന് വേറെ ചിലരിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇമാം റാഗിബ് (رحمه الله) പ്രസ്താവിച്ചതുപോലെ, അൽപം വിഷമം സഹിച്ചുകൊണ്ട് മനുഷ്യന് ചെയ്‌വാൻ കഴിയുന്നത് എന്നാണ് طاقة (ത്വാഖത്ത്) ൻെറ അർത്ഥം. ഈ മൂലത്തിൽ നിന്നുള്ള ക്രിയയാണ് يطيق(യുത്വീഖു) . അതോടുകൂടി, يطوقونه (യുത്വാവ്വഖൂന) എന്നും മറ്റും ഇവിടെ വായനയുമുണ്ട്. ഞെരുങ്ങിക്കഴിവുണ്ടാക്കുക എന്നാണിതിന് അർത്ഥം. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് الذين يطوقونه എന്ന വാക്കിന് ‘അതിന് (ഞെരുങ്ങി) കഴിവുണ്ടാകുന്നവർ’ എന്ന് നാം അർത്ഥം കൽപിച്ചിരിക്കുന്നത്.

മേൽക്കണ്ട അഭിപ്രായങ്ങളും അവയുടെ തെളിവുകളും ഉദ്ധരിച്ചശേഷം ഇമാം ഇബ്നു ജരീർ (ﷺ) ചെയ്ത ഒരു പ്രസ്താവനയുടെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കാം:- ‘‘ ...وعلى الذين يطيقونه فدية (അതിന് സാധിപ്പുണ്ടാകുന്നവരുടെ മേൽ ഒരു സാധുവിൻെറ ഭക്ഷണം നൽകുകയെന്ന തെണ്ടമുണ്ട്) എന്നതിൻെറ വ്യാഖ്യാനത്തിൽ ഏറ്റവും നല്ല അഭിപ്രായം, അത് ‘മൻസൂഖാ’ കുന്നുവെന്നുള്ളതാണ്. കാരണം, നോമ്പിന് കഴിവുണ്ടാകുന്നവരുടെ മേൽ തെണ്ടം കൊടുക്കൽ നിർബന്ധമാണെന്ന് വരുകയും, അതേ സമയം യാത്രക്കാരല്ലാത്ത ആരോഗ്യവാൻമാരായി നാട്ടിൽ വസിക്കുന്നവരിൽ നോമ്പിന് കഴിവുള്ളവരെല്ലാം നോമ്പ് നോൽക്കൽ നിർബ്ബന്ധമാണെന്നും നോമ്പ് നോൽക്കാതെ തെണ്ടം കൊടുക്കുന്നത് അനുവദനീയ മല്ലെന്നും മുസ്ലിംകളെല്ലാം ഏകോപിക്കുകയും ചെയ്തിരിക്കുമ്പോൾ, ആ വചനം മൻസൂഖാ ണെന്ന് തീർച്ചയാണ്. മാത്രമല്ല, ഇതിനെ ബലപ്പെടുത്തുന്ന തെളിവുകൾ മുആദ്, ഇബ്നുഉമർ, സലമത്തുബ്നുൽ അക്വഉ് (رضي الله عنهم) എന്നിവരിൽ നിന്ന് ഇതിന് മുമ്പ് നാം ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടല്ലോ.’’

മൊത്തത്തിൽ ഇങ്ങിനെ പറയാം: ‘‘നോമ്പ് പിടിക്കുവാൻ പ്രയാസമുള്ള കിഴവൻമാരും കിഴവികളും നോമ്പ് നോൽക്കേണ്ടതില്ല. കഴിവുള്ള പക്ഷം ഓരോ ദിവസത്തിനും ഒരു സാധുവിൻെറ ഭക്ഷണം തെണ്ടം കൊടുക്കണം. പിന്നീട് നോറ്റു വീട്ടുന്ന പ്രശ്നം അവരെ ബാധിക്കുന്നില്ല. ഗർഭത്തിലിരിക്കുന്നതോ, മുലകുടിക്കുന്നതോ ആയ ശിശുക്കളെപ്പറ്റിയോ, സ്വന്തം ദേഹങ്ങളെപ്പറ്റിയോ നോമ്പുമൂലം ദോഷം ഭവിക്കുമെന്ന് ഭയപ്പെടുന്ന സ്ത്രീകളും നോമ്പ് പിടിക്കേണ്ടതില്ല. പക്ഷേ, തെണ്ടം കൊടുത്താൽ മതിയെന്നും, അതല്ല സാധ്യമാകുമ്പോൾ നോറ്റ് വീട്ടുകകൂടി വേണ്ടതുണ്ടെന്നും, തെണ്ടം വേണ്ടതില്ല-നോറ്റു വീട്ടുകയാണ് വേണ്ടത്- എന്നും അഭിപ്രായങ്ങളുണ്ട്. كما في ابن كثير വിശദീകരണങ്ങൾക്കും ഓരോന്നിൻെറയും ന്യായങ്ങൾക്കും ഇവിടെ മുതിരുന്നില്ല. രോഗികളെയും, യാത്രക്കാരെയും സംബന്ധിച്ചു അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രായം തികയാത്ത കുട്ടികൾക്കും വിശേഷബുദ്ധിയില്ലാത്തവർക്കും നോമ്പും മറ്റും നിർബ്ബന്ധമില്ലെന്നുള്ളതിലും തർക്കമില്ല. ഇപ്പറഞ്ഞവരല്ലാത്ത ആളുകളെല്ലാം റമളാൻ നോമ്പുനോൽക്കൽ നിർബ്ബന്ധമാണെന്നുള്ളതിൽ മുസ്ലിംകൾക്കിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടില്ല. ഈ അടുത്തകാലത്ത് മാത്രം ചിലർ മേൽപറഞ്ഞ യഥാർത്ഥങ്ങളൊന്നും വകവെക്കാതെ ഈ വാക്യത്തിൻെറ ബാഹ്യാർത്ഥം മാത്രം കണക്കിലെടുത്തുകൊണ്ട് റമളാൻ മാസത്തിൽ നോമ്പ് നോൽക്കുകയോ, പകരം തെണ്ടം കൊടുക്കുകയോ ചെയ്താൽ മതിയെന്നാണ് ഇസ്ലാമിലെ വിധി എന്നു സമർത്ഥിക്കാറുണ്ട്. തങ്ങൾക്കല്ലാതെ മുമ്പുള്ളവർക്കൊന്നും ഖുർആൻ വേണ്ടത് പോലെ മനസ്സിലാക്കുവാനോ, ഖുർആൻെറ സിദ്ധാന്തങ്ങൾ വിലയിരുത്തുവാനോ കഴിഞ്ഞിട്ടില്ലെന്ന ഒരു പൊങ്ങച്ചഭാവം കൂടി ഇവരുടെ വാക്കുകളിൽ പ്രകടമാകുന്നു. ആധുനിക ലഹരി, ഭൗതിക ചിന്താഗതി, പുത്തൻ അഭിപ്രായങ്ങൾ വഴി ജനശ്രദ്ധ ആകർഷിക്കുവാനുള്ള താൽപര്യം ആദിയായവയാണ് ഇതുപോലയുള്ള അഭിപ്രായങ്ങൾക്ക് പിന്നിലുള്ളതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. മതവിശ്വാസികളിൽപോലും മതബോധം നശിച്ചു കൊണ്ടിരിക്കുന്ന ഇക്കാലത്ത് മതശാസനകളിൽ ഇതുപോലെ അയവ് ലഭിക്കുമാറുള്ള ഏത് അഭിപ്രായവും സ്വാഗതം ചെയ്വാൻ ഇക്കാലത്ത് ആളെ കിട്ടാതെ വരികയില്ലല്ലോ.

(8) തെണ്ടം കൊടുക്കേണ്ടത് ഒരു സാധുവിൻെറ ഭക്ഷണം طعام مسكين ആണെന്നാണ് അല്ലാഹുപറഞ്ഞത്. അത് ഇന്നതരം ഭക്ഷണമായിരിക്കണമെന്നോ, ഇത്ര അളവ് വേണമെന്നോ പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് സാധാരണ ഗതിയിൽ ഭക്ഷണമായി കരുതപ്പെടുന്ന ഭക്ഷ്യപദാർത്ഥവും, സാധാരണഗതിയിൽ ഒരാൾക്ക് ഭക്ഷിക്കുവാൻ വേണ്ടിവരുന്ന അളവും മതിയാകുമെന്ന് വെക്കുവാനാണ് ന്യായം. ഒരു ദിവസത്തെ നോമ്പിൻെറ സ്ഥാനത്താണ് ഇപ്പറഞ്ഞത്. കൂടുതൽ ദിവസത്തേക്ക് കൂടുതൽ സാധുക്കൾക്ക് വേണ്ടുന്ന ഭക്ഷണവും നൽകണം. അനസുബ്നുമാലിക് (رضي الله عنه) അദ്ദേഹത്തിന് പ്രായാധിക്യം നിമിത്തം നോമ്പ്

പിടിക്കുവാൻ പ്രയാസമായിത്തീർന്നപ്പോൾ ഒന്നോ രണ്ടോ കൊല്ലം ഓരോ ദിവസവും ഓരോ സാധുവിന് മാംസവും റൊട്ടിയും ഭക്ഷിക്കുവാൻ കൊടുത്തിരുന്നതായി സഹീഹുൽ ബുഖാരിയിൽ (നിവേദന പരമ്പര കൂടാതെ) ഉദ്ധരിച്ചിരിക്കുന്നു. ഒരാളുടെ ഭക്ഷണത്തിന് ഒരു 'മുദ്ദ്' (രണ്ട് കൈകളും ചേർത്ത് വാരിയാൽ കിട്ടുന്നത്ര) ധാന്യം എന്ന് ചില മഹാൻമാർ കണക്കാക്കിക്കാണുന്നത് അതിൻെറ ഒരേകദേശ നിർണ്ണയമെന്നാണ് മനസ്സിലാകുന്നത്. ഭക്ഷണം പാകം ചെയ്തതായാലും മതിയെന്നത്രെ അനസ് (ﷺ) ൻെറ പ്രവർത്തിയിൽനിന്നും മറ്റും മനസ്സിലാക്കുന്നത്. والله اعلم (9) ഒരു പൊതുതത്വമെന്ന നിലക്കാണ്
ومن تطوع خيرا فهو خير له (ആരെങ്കിലും ഒരു നല്ല കാര്യം സ്വയമേവ ചെയ്യുന്നതായാൽ അതവന് ഉത്തമമായിരിക്കും) എന്ന വാക്യം നിലകൊള്ളുന്നത്. എങ്കിലും സന്ദർഭം നോക്കുമ്പോൾ, ഒരാളുടെ ഭക്ഷണത്തെക്കാൾ കൂടുതലായി വല്ലതും നൽകുകയോ, അല്പം പ്രയാസം സഹിച്ചു കൊണ്ടെങ്കിലും നോമ്പ് തന്നെ പിടിക്കുകയോ, അല്ലെങ്കിൽ നോമ്പ് പിടിക്കുന്നതോടൊപ്പം സാധുവിന് ഭക്ഷണം നൽകുകകൂടി ചെയ്യുകയോ ചെയ്യുന്നപക്ഷം അത് കൂടുതൽ പുണ്യപ്പെട്ടതാണ് എന്നായിരിക്കും അതിൻെറ താൽപര്യം.

(10) തെണ്ടം കൊടുത്ത് നോമ്പിൻെറ നിർബ്ബന്ധത്തിൽനിന്ന് ഒഴിവാകാവുന്ന അവസരത്തിൽപോലും കഴിയുന്നതും നോമ്പ് നോൽക്കുവാൻ തന്നെ ശ്രമിക്കേണ്ടതാണെന്ന് അല്ലാഹു പ്രത്യേകം ഉണർത്തുന്നു: وان تصوموا خير لكم (നിങ്ങൾ നോമ്പ് നോൽക്കുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമാകുന്നു.) നോമ്പ് മൂലം ലഭിക്കുവാനുള്ള നേട്ടങ്ങളും പ്രതിഫലങ്ങളും അപേക്ഷിച്ചു നോക്കുമ്പോൾ, അത് തെണ്ടം മൂലം ലഭിക്കുവാനിരിക്കുന്ന ഗുണത്തെക്കാൾ വമ്പിച്ചതാണെന്നും, തൽക്കാലത്തെ വിഷമവും പ്രയാസവും ഓർത്ത് ആ നൻമ നഷ്ടപ്പെടുത്തരുതെന്നും താൽപര്യം. ان كنتم تعلمون (നിങ്ങൾക്കറിയാമെങ്കിൽ) എന്ന വാക്ക് ഈ യഥാർത്ഥത്തെപ്പറ്റി ചിന്തിച്ച് നോക്കുവാൻ സത്യവിശ്വാസികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നോമ്പിൻെറ പ്രാധാന്യവും, അതിന് അല്ലാഹു കൽപിക്കുന്ന സ്ഥാനവും എത്ര വമ്പിച്ചതാണെന്ന് നബി(ﷺ) യുടെ ഒരു വചനത്തിൽനിന്ന് ഏറെക്കുറെ മനസ്സിലാക്കാം. അവിടുന്ന് പറയുന്നു: ''മനുഷ്യൻെറഎല്ലാ കർമ്മങ്ങൾക്കും പത്തിരട്ടി മുതൽ എഴുനൂറിരട്ടിവരെ പ്രതിഫലം നൽകപ്പെടും.'' അല്ലാഹു പറയുന്നു: ''നോമ്പൊഴികെ-അത് എനിക്കുള്ളതാണ്-ഞാനാണതിന് പ്രതിഫലം നൽകുക. അവൻ എൻെറ കാരണത്താൽ അവൻെറ ഇച്ഛയും ഭക്ഷണവും ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.'' (ബു;മു.)

(11) ......شهر رمضان الذى (റമളാൻ മാസം ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു) എന്ന വാക്യം, മുൻവചനത്തിൽ എണ്ണം കണക്കാക്കപ്പെട്ട ദിവസങ്ങൾ اياما معدودات എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം സ്പഷ്ടമാക്കുന്നതോടുകൂടി, നോമ്പിന് ആ മാസം തിരഞ്ഞെടുക്കുവാനുള്ള കാരണവുംകൂടി ചൂണ്ടിക്കാട്ടുന്നു. അല്ലാഹു വ്യക്തമാക്കിയതുപോലെ മനുഷ്യവർഗ്ഗത്തിന് മാർഗ്ഗദർശനം നൽകുവാനും, സത്യാസത്യവിവേചനം നൽകുവാനും വേണ്ടി അവതരിച്ചതാണല്ലോ വിശുദ്ധ ഖുർആൻ. ആ ദിവ്യഗ്രന്ഥം അവതരിച്ചത് ആ മാസത്തിലാണെന്ന നിലക്കും, ഖുർആൻെറ അവതരണ സ്മരണ നിലനിറുത്തുവാൻ ഉതകുന്നതെന്ന നിലക്കും, ആ മാസത്തെ അല്ലാഹു തിരഞ്ഞെടുത്തിരിക്കുകയാണ്. മറ്റുള്ള ദൈവിക ഗ്രന്ഥങ്ങളുടെ അവതരണവും ഇതേ മാസത്തിൽ തന്നെയായിരുന്നുവെന്നും ചില ഹദീസുകളിൽ വന്നിട്ടുണ്ട്. (അ.) ഏതായാലും, ഖുർആൻ അവതരിച്ച മാസത്തിലാണ് നോമ്പ് നിയമിക്കപ്പെട്ടതെന്നിരിക്കുമ്പോൾ, ആ മാസത്തിൽ ഖുർആൻ പാരായണത്തിനും, പഠനത്തിനും കൂടുതൽ പരിഗണന നൽകപ്പെടേണ്ടതുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. ഹദീസുകൾ ഇതിന് പിൻബലം നൽകുന്നുമുണ്ട്. എല്ലാ റമളാനിലും ജിബ്‌രീൽ (عليه السلام) നബി(ﷺ) യുടെ അടുക്കൽവന്ന് ഖുർആൻ പാഠം നോക്കാറുണ്ടായിരുന്നുവെന്നും, അവസാനത്തെ റമളാനിൽ അങ്ങിനെ രണ്ടു പ്രാവശ്യം സംഭവിക്കുകയുണ്ടായെന്നും ഹദീസിൽ വന്നിട്ടുള്ളതും പ്രസിദ്ധമാണല്ലോ.

ഖുർആൻ അവതരിച്ചത് 'ലൈലത്തുൽ ഖദ്റി'ലാണെന്ന് സൂ: ഖദ്റിലും, ഒരു അനുഗൃഹീത രാത്രിയിലാണെന്ന് സൂ:ദുഖാനിലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഖുർആന്റെ അവതരണം പൂർത്തിയായതാകട്ടെ, ഇരുപത്തിമൂന്ന് കൊല്ലംകൊണ്ടുമാണ്. അപ്പോൾ, ആ മാസത്തിലാണ് ഖുർആൻ അവതരിച്ചതെന്ന് പറഞ്ഞതിന്റെ അർത്ഥമെന്തെന്ന് ചോദിക്കപ്പെടാം. ഇതിനെപ്പറ്റി ആ രണ്ടു സൂറത്തുകളിലുംവെച്ച് നാം വിവരിക്കുന്നു. ചുരുക്കം ഇതാണ്: ലൈലത്തുൽ ഖദ്റും, അനുഗൃഹീത രാത്രിയും ഒന്നുതന്നെ. ആ രാത്രി റമളാനിലുമാണ്. ആ രാത്രിയിലും ആ മാസത്തിലും അവതരിച്ചു എന്ന് പറയുന്നതിന്റെ താൽപര്യം, അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന 'ലൗഹുൽ മഹ്ഫൂളി' (اللوح المحفوظ) ൽ നിന്ന് അടുത്ത ആകാശത്തേക്ക് ആ രാത്രിയിൽ അവതരിക്കുകയും, പിന്നീട്, അവിടെനിന്ന് ഗഡുക്കളായി അവതരിക്കുകയും ചെയ്തുവെന്നാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. അതല്ല, ഖുർആൻ ആദ്യം അവതരിക്കുവാൻ തുടങ്ങിയത് റമളാനിലാണെന്നാണ് അതിന്റെ താൽപര്യമെന്നത്രെ മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം . ഈ രണ്ടഭിപ്രായവും ശരിയായിരിക്കുന്നതിന് വിരോധമില്ലതാനും. والله اعلم

(12) നോമ്പ് റമളാനിലാക്കിയതിന്റെ തത്വം ചൂണ്ടിക്കാട്ടിയ ശേഷം അല്ലാഹു പറയുന്നു: فمن شهد منكم الشهر فليصمه (അതിനാൽ, ആ മാസത്തിൽ ആർ ഹാജറുണ്ടായോ അവൻ അതിൽ നോമ്പ് നോറ്റ് കൊള്ളട്ടെ) നോമ്പിന്റെ നിയമം ഉണ്ടായ ആദ്യകാലത്ത് നോമ്പ് പിടിക്കുവാൻ കഴിവുള്ളവർക്കും വേണമെങ്കിൽ തെണ്ടംകൊണ്ട് മതിയാക്കാമായിരുന്നുവെന്നും, പിന്നീടത് ഈ വചനം മുഖേന എടുത്തുകളയപ്പെടുകയാണുണ്ടായതെന്നുമാണ് ഭൂരിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായമെന്ന് മുമ്പ് പറഞ്ഞുവല്ലോ. ഈ അഭിപ്രായപ്രകാരം, ഈ വചനം ആദ്യത്തെ ആ സ്വാതന്ത്ര്യം എടുത്തുകളയുകയും, റമളാനിൽ എല്ലാവരും നോമ്പ് പിടിക്കുകതന്നെ വേണമെന്ന് ശാസിക്കുകുയം ചെയ്യുന്നു. ആ മാസത്തിൽ ഹാജരുള്ളവരെല്ലാം നോമ്പ് പിടിക്കണമെന്ന് വരുമ്പോൾ, മുൻ ആയത്തിൽ ഒഴിവു നൽകപ്പെട്ട രോഗികൾക്കും, യാത്രക്കാർക്കും കൂടി ഈ കൽപന ബാധകമാകുമോ എന്ന് സംശയം തോന്നാതിരിക്കുവാൻവേണ്ടിയാണ് അവരെപ്പറ്റി വീണ്ടും ഒന്നുകൂടി ഈ വചനത്തിൽ................ ومن كان مريضا او على سفر (ആരെങ്കിലും രോഗിയോ, യാത്രയിലോ ആയിരുന്നാൽ മറ്റു ദിവസങ്ങളിൽനിന്ന് അത്ര എണ്ണം) എന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നതെന്നും അവർ പറയുന്നു. രണ്ടാമത്തെ അഭിപ്രായപ്രകാരം, മുൻ ആയത്തിൽ പ്രസ്താവിച്ച അക്കാര്യം ഒന്നുകൂടി ആവർത്തിച്ചുറപ്പിക്കുക മാത്രമായിരിക്കും ഈ ആവർത്തനം കൊണ്ടുദ്ദേശ്യം. കൂടുതൽ യുക്തമായി തോന്നുന്നത് ഭൂരിപക്ഷാഭിപ്രായം തന്നെ.

ആ മാസത്തിൽ ഹാജരുണ്ടായിരിക്കുക എന്നു പറഞ്ഞിതിന്റെ ഉദ്ദേശ്യം, ആ മാസം വരുമ്പോൾ ആരോഗ്യവാനായിക്കൊണ്ട് സ്വദേശത്തുണ്ടായിരിക്കുക എന്നത്രേ. രോഗികൾക്കും യാത്രക്കാർക്കും നോമ്പിൽ ഇളവുണ്ടെന്നും കുട്ടികൾക്കും വിശേഷ ബുദ്ധിയില്ലാത്തവർക്കും നോമ്പ് നിർബന്ധമില്ലെന്നും പ്രസവ രക്തവും ഋതു രക്തവുമുള്ളവർക്ക് നോമ്പ് നിഷിദ്ധമാണെന്നും മറ്റു തെളിവുകളാൽ അിറയപ്പെടുകയും ചെയ്തിട്ടുണ്ടല്ലോ. പ്രത്യേകം ഒഴിവ് നൽകപ്പെട്ടിട്ടില്ലാത്ത ഒരോ വ്യക്തിയും-അവൻ റമളാൻ മാസക്കാലത്ത് ജീവിച്ചിരിപ്പുണ്ടെങ്കിൽ-നോമ്പ് പിടിക്കൽ നിർബന്ധമാണ്-നോമ്പിന് പകരം തെണ്ടം കൊടുത്താൽ പോരാ-എന്ന് ചുരുക്കം.

(13) രോഗിയാകുകയോ യാത്രയിലായിരിക്കുകയോ ചെയ്താൽ അതുമൂലം എത്ര ദിവസത്തെ നോമ്പ് ഒഴിവായോ അത്ര എണ്ണം നോമ്പ് വേറെ ദിവസങ്ങളിൽ നോൽക്കണമെന്നു കൽപിച്ചതിനെത്തുടർന്ന്. يريدالله بكم اليسر (അല്ലാഹു നിങ്ങളിൽ എളുപ്പത്തെ-അഥവാ നിങ്ങൾക്ക് സൗകര്യം വരുത്തണമെന്ന്-ഉദ്ദേശിക്കുന്നു; നിങ്ങളിൽ ഞെരുക്കത്തെ അവൻ ഉദ്ദേശിക്കുന്നുമില്ല) എന്നു പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അല്ലാഹു സ്വയം സ്വീകരിച്ചിട്ടുള്ള ഒരു പൊതു തത്വവും അവന്റെ മഹത്തായ ഒരു അനുഗ്രഹവുമാണ് ഈ വാക്യം കുറിക്കുന്നത്. വുളുവിനും

കുളിക്കും വെള്ളം കിട്ടാത്തപ്പോൾ മണ്ണുകൊണ്ട് 'തയമ്മും', ചെയ്യണമെന്ന് കൽപിച്ചുകൊണ്ട് അല്ലാഹു സൂ; മാഇദഃയിൽ പറയുന്നു: ما يريد الله ليجعل عليكم من حرج (നിങ്ങളുടെ മേൽ വല്ല വിഷമവും ഉണ്ടാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. (മാഇദ: 7) . അല്ലാഹുവിൻെറ മാർഗ്ഗത്തിൽ മുറപ്രകാരം സമരം നടത്തണമെന്ന് കൽപിച്ച ശേഷം സൂ: ഹജ്ജിൽ പറയുന്നു. وما جعل عليكم فى الدين من حرج (നിങ്ങളുടെ മേൽ മത കാര്യത്തിൽ അവൻ ഒരു വിഷമവും ഏർപ്പെടുത്തിയിട്ടില്ല (ഹജ്ജ് :78) بعثت بالحنيفية السمحة (വിട്ടുവീഴ്ചയുള്ള-വിശാലമായ-ഋജുവായ മാർഗ്ഗവും കൊണ്ട് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു) എന്നും മറ്റും നബി (ﷺ) തിരുമേനിയും അരുളിച്ചെയ്തിരിക്കുന്നു. മനുഷ്യർക്ക് അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ലാത്ത കൽപനകളൊന്നും മതത്തിലില്ല: മനുഷ്യരുടെ കഴിവും പരിതസ്ഥികളും പരിഗണിക്കപ്പെട്ടുകൊണ്ടും, ആവശ്യവായ വിട്ടുവീഴ്ചകൾ അനുവദിച്ചുകൊണ്ടും മാത്രമേ മതവിധികളുള്ളു എന്നൊക്കെയാണ് ഇവയുടെ സാരം. രോഗമുള്ളപ്പോഴും, .യാത്രയിലായിരിക്കുമ്പോഴും നോമ്പ് നോൽക്കുകതന്നെ വേണമെന്ന് നിർബ്ബന്ധിച്ചു നിങ്ങളെ ബുദ്ധിമുട്ടിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല, അതുകൊണ്ടാണ് വേറെ ദിവസങ്ങളിൽ എണ്ണം തികച്ചാലും മതി എന്ന് വെച്ചിരിക്കുന്നതെന്നാണ് ഇവിടത്തെ സൂചന.

ഹൃദയത്തിൽ മത ബോധം തീണ്ടാത്തവരും, മതതത്വങ്ങളെപ്പറ്റി വേണ്ടതുപോലെ അറിയാത്തവരുമായ ചില ആളുകൾ, തങ്ങളുടെ ഇച്ചക്കൊത്തവണ്ണം മതകൽപനകളെ മറികടക്കുവാൻവേണ്ടി ഈ തത്വം-അല്ലാഹു നിങ്ങളിൽ ഞെരുക്കത്തെ ഉദ്ധേശിക്കുന്നില്ല എന്ന തത്വം-ഒരു ആയുധമാക്കി എടുക്കാറുണ്ട്. അവരുടെ ന്യായം കേട്ടാൽ തോന്നും, അൽപം ഞെരുക്കമോ ബുദ്ധിമുട്ടോ ആയി തോന്നാവുന്ന ഒരു മതവിധിയും ഇസ്ലാമിൽ ഇല്ലെന്നും, ഓരോരുത്തർക്കും അവരവരുടെ ഹിതത്തിനും സൗകര്യത്തിനും അനുസരിച്ച് മതാനുഷ്ഠാനങ്ങൾ നടത്തുവാൻ സ്വാതന്ത്ര്യമുണ്ടെന്നുമാണിതിൻെറ അർത്ഥമെന്നും! معاذ الله

(14) ഒഴിഞ്ഞുപോയ നോമ്പ് മറ്റു ദിവസങ്ങളിൽ നോറ്റു വീട്ടണമെന്നും, നിങ്ങൾക്ക് ഞെരുക്കം കൂടാതെ കഴിച്ചുകൂട്ടുവാൻ വേണ്ടിയാണ് അങ്ങിനെ നിശ്ചയിച്ചിതെന്നും പറഞ്ഞ ശേഷം, അല്ലാഹു ഈ വിഷയം അവസാനിപ്പിക്കുന്നത് നോക്കുക: ولتكملوا العدة............ ولعلكم تشكرون (നിങ്ങൾ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് മാർഗ്ഗദർശനം നൽകിയതിൻെറ പേരിൽ നിങ്ങൾ അല്ലാഹുവിന് മഹത്വകീർത്തനം ചെയ്വാനും വേണ്ടിയും, നിങ്ങൾ നന്ദി കാണിക്കുവാൻ വേണ്ടിയും.) ഇതിൽ നിന്ന് പ്രധാനപ്പെട്ട ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഉദാഹരണമായി: (ഒന്ന്) അല്ലാഹു ഒരു കാര്യം കൽപിക്കുമ്പോൾ, അതിൻെറ പരിപൂർണ്ണ രൂപത്തിൽ കൊണ്ടുവരാൻ കഴിയാത്ത പക്ഷം, കഴിയുന്നത്ര അവൻ കൽപിച്ചതുപോലെ ആയിരിക്കുവാൻ ശ്രമിക്കണമെന്നുള്ളതാണ്. ഞാൻ നിങ്ങളോട് വല്ല കാര്യത്തെക്കുറിച്ചും വിരോധിച്ചാൽ നിങ്ങളത് (അപ്പടി) വർജ്ജിക്കണമെന്നും, ഞാൻ നിങ്ങളോട് വല്ലകാര്യത്തെക്കുറിച്ചും കൽപിച്ചാൽ അതിൽ നിന്ന് നിങ്ങൾക്ക് കഴിയുന്നത്ര കൊണ്ടുവരണമെന്നും നബി (ﷺ) അരുളിചെയ്തതായി പ്രബലമായ ഹദീസിൽ വന്നിട്ടുള്ളത് ഇവിടെ സ്മരണീയമാകുന്നു. നിങ്ങൾക്ക് സാധിക്കുന്നത്ര നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ എന്ന് (64: 16) അല്ലാഹുവും പറഞ്ഞിരിക്കുന്നു. ഒരു നിർബന്ധ കർമ്മം, അല്ലെങ്കിൽ ഒരു കൽപന തികച്ചും അതിൻെറ യഥാരൂപത്തിൽ കൊണ്ടുവരാൻ സാധിക്കാത്തതിൻെറ പേരിൽ അത് പാടെ വിട്ടുകളയുവാൻ പാടില്ലെന്നും, ആകുന്നത്ര അതിൻെറ ബാഹ്യവും ആന്തരീകവുമാകുന്ന വശങ്ങൾ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കണമെന്നുമാണ് ഇതിൻെറയെല്ലാം സാരം. (രണ്ട്) ഒരു നല്ല കർമ്മം ചെയ്തു കഴിയുമ്പോൾ, അല്ലാഹുവിനെ സ്മരിക്കുയും, ആ സൽകാര്യം ചെയ്വാൻ അനുഗ്രഹിച്ചതിൽ അല്ലാഹുവിന് നന്ദികാണിക്കയും ചെയ്യുന്നത് ആവശ്യമാണെന്നുള്ളതാണ്. 'മഹത്വകീർത്തനം' എന്ന് അർത്ഥം കൽപിച്ചത് تكبير (തക്ബീറി) നാകുന്നു. 'അല്ലാഹു അക്ബർ' (അല്ലാഹു ഏറ്റവും വലിയ മഹാൻ) എന്നുള്ള കീർത്തനത്തിനാണ് 'തക്ബീർ' എന്ന് സാധാരണ പറഞ്ഞു വരുന്നത്. ഒരു നൻമ ചെയ്തുതീർക്കുവാൻ കഴിയുമ്പോൾ അതിൽ സന്തോഷം തോന്നുന്നതും, ഒരു ചീത്തകാര്യം ചെയ്തുപോയാൽ

അതിൽ വെറുപ്പ് തോന്നുന്നതും സത്യവിശ്വാസിയുടെ ലക്ഷണമാണെന്ന് ഹദീസിൽ വന്നിട്ടുമുണ്ട്. (അ.)

അപ്പോൾ, ഒരുമാസക്കാലം അല്ലാഹുവിനു വേണ്ടി സുഖസൗകര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് നോമ്പുനോൽക്കുവാൻ സാധിച്ചതിലുള്ള സന്തോഷവും നന്ദിയും അല്ലാഹുവിൻെറ സ്മരണയിലൂടെ പ്രകടമാക്കുക എന്നുള്ളതാണ് ഇതിലടങ്ങിയ തത്വം. നോമ്പിൽ മാത്രമല്ല, മറ്റുള്ള അനുഷ്ഠാനകർമ്മങ്ങളിലും ഈ തത്വം ഗൗനിക്കപ്പെടേണ്ടതുണ്ട്. ഹജ്ജുകർമ്മം നിർവ്വഹിക്കപ്പെട്ട് കഴിഞ്ഞാൽ, നിങ്ങളുടെ പിതാക്കളെ സ്മരിക്കുന്നതുപോലെ, അഥവാ അതിൽ ഉപരിയായി നിങ്ങൾ അല്ലാഹുവിനെ സ്മരിക്കണമെന്ന് താഴെ (200-ാം വചനത്തിൽ) അല്ലാഹു പറയുന്നുണ്ട്. ജുമുഅ നമസ്കാരം നിർവ്വഹിക്കപ്പെട്ടാൽ, ഭൂമിയിൽ പരന്ന് അല്ലാഹുവിൻെറഅനുഗ്രഹം തേടിക്കൊള്ളുകയും, അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുകയും വേണമെന്നും (സൂ: ജുമുഅഃ 10) നമസ്കാരത്തിന് ശേഷം അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്യണമെന്നും (സൂറഃ ഖാഫ് :40) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നമസ്കാര കർമ്മങ്ങൾക്കു ശേഷം പല 'ദിക്റു' കളും നബി (ﷺ) ഉപദേശിക്കുകയും അനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളതും പ്രസിദ്ധമാണല്ലോ. (മൂന്ന്) റമളാൻ നോമ്പ് അവസാനിക്കുന്നതോടുകൂടി ഉണ്ടാകുന്ന ചെറിയ പെരുന്നാൾ ദിവസം തക്ബീറിൻെറയും, നന്ദിയുടെയും, സന്തോഷത്തിൻെറയും ദിവസമാണെന്നുള്ള ഒരു സൂചനയും ഇതിൽ കാണാം. والله اعلم

യാത്രകളിൽ നോമ്പ് നിർബന്ധമില്ലെങ്കിലും കൂടുതൽ നല്ലത് നോമ്പ് പിടിക്കലോ, പിടിക്കാതിരിക്കലോ എന്ന വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസം കാണാം. ഇതുസംബന്ധമായി ഹദീസുകളുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ, ആ അഭിപ്രായങ്ങളിൽ ഏതെങ്കിലും ഒന്ന് അപ്പടി ശരിവെക്കുവാൻ ന്യായം കാണുന്നില്ല. സന്ദർഭവും, പരിതസ്ഥിതിയും, വ്യക്തികളുടെ സ്ഥിതിഗതിയും അനുസരിച്ച് ചിലപ്പോൾ നോമ്പ് അനുഷ്ഠിക്കലും, ചിലപ്പോൾ നോമ്പ് വിട്ടുകളയലുമാണ് നന്നായിരിക്കുക എന്നാണ് പൊതുവെ മനസ്സിലാകുന്നത്. (അല്ലാഹുവിനറിയാം) ഉദാഹരണാർത്ഥം ചില ഹദീസുകൾ ഉദ്ധരിക്കാം:-

1. ജാബിർ (رضي الله عنه) പറയുന്നു: ''മക്കാ വിജയയാത്രയിൽ കുറാഉൽ ഗമീം(*) എന്ന സ്ഥലത്ത് എത്തുന്നതുവരെ നബി(ﷺ) റമളാൻ നോമ്പ് പിടിച്ചിരുന്നു. അവിടെ എത്തിയപ്പോൾ, തിരുമേനി ഒരു കോപ്പ വെള്ളം കൊണ്ടു വരുവാൻ കൽപിച്ചു അത് ജനങ്ങൾ നോക്കിക്കാണുമാറ് പൊക്കിപ്പിടിച്ചുകൊണ്ട് അവിടുന്ന് കുടിക്കുകയും ചെയ്തു. പിന്നീട് ചില ആളുകൾ നോമ്പ് തുടരുകയാണെന്ന് പറയപ്പെട്ടപ്പോൾ, തിരുമേനി പറഞ്ഞു: അവർ അനുരണക്കേട് കാണിക്കുന്നവരാണ്! അവർ അനുസരണക്കേട് കാണിക്കുന്നവരാണ്!'' (മു:തി.) പിന്നീട് അവരും നോമ്പ് മുറിച്ചതായി രിവായത്തുണ്ട്. 2. അനസ് (رضي الله عنه) പറയുന്നു: ''ഞങ്ങൾ നബി(ﷺ) യൊന്നിച്ച് ഒരു യാത്രയിലായിരുന്നു ഞങ്ങളിൽ നോമ്പുള്ളവരും, നോമ്പില്ലാത്തവരും ഉണ്ടായിരുന്നു അങ്ങനെ, ഉഷ്ണമുള്ള ഒരു ദിവസം ഞങ്ങളൊരു താവളത്തിൽ ഇറങ്ങി. പുതപ്പ് കൈവശമുള്ള ആളുകളായിരുന്നു ഞങ്ങളിൽ അധികം തണൽ കിട്ടുന്ന ആളുകൾ. ചിലർ കൈകൊണ്ട് വെയിൽ തടുക്കുമായിരുന്നു. അങ്ങനെ, നോമ്പുള്ളവർ തളർന്നു. നോമ്പില്ലാത്തവർ എഴുന്നേറ്റു തമ്പുകൾ കെട്ടുകയും, വാഹനമൃഗങ്ങൾക്ക് വെള്ളം കൊടുക്കുകയും ചെയ്തു. അപ്പോൾ, നബി(ﷺ) പറഞ്ഞു: ''നോമ്പു പിടിക്കാത്തവർ കൊണ്ടുപോയി, ഇന്ന് പ്രതിഫലം!'' (ബു;മു;ന.) 3. അനസ് (رضي الله عنه) ഉദ്ധരിച്ച വേറെ ഒരു ഹദീസിൽ, നോമ്പുള്ളവർ ഇല്ലാത്തവരെയും, ഇല്ലാത്തവർ ഉള്ളവരെയും കുറ്റപ്പെടുത്തിയിരുന്നില്ല എന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. (മാ; ബു; മു;

* കുറാഉൽഗമീം (كراع الغميم) ഉസ്ഫാനീ (عسفان)ൽ നിന്ന് മൂന്ന് നാഴിക അകലെയാണ് മക്കയിൽ നിന്ന് രണ്ട് 'മർഹലഃ' (രണ്ട് ദിവസത്തെ യാത്രാദൂരം) അകലെ മദീനായിലേക്കുള്ള മാർഗ്ഗത്തിൽ ഉസ്ഫാനും സ്ഥിതിചെയ്യുന്നു. (القاموس)

ദാ.)

(4) . ജാബിർ (رضي الله عنه) പറയുന്നു: ''ഒരു യാത്രയിൽ (ഞങ്ങളൊന്നിച്ച്) നബി (صلى الله عليه وسلم) ഉണ്ടായിരുന്നു. ഒരു മനുഷ്യൻെറ അടുക്കൽ ആളുകൾ ഒരുമിച്ചുകൂടുകയും, അദ്ദേഹത്തിന് മീതെ തണലുണ്ടാക്കിക്കൊടുക്കകയും ചെയ്തതായി അവിടുന്നു കണ്ടു. അയാൾക്ക് എന്താണെന്ന് അവിടുന്ന് ചോദിച്ചു. അയാൾ നോമ്പുകാരനാണെന്ന് അവർ ഉത്തരം പറഞ്ഞു.'' അപ്പോൾ റസൂൽ (صلى الله عليه وسلم) പറഞ്ഞു: ''യാത്രയിൽ നോമ്പുനോൽക്കൽ പുണ്യകാര്യത്തിൽപെട്ടതല്ല'' (മാ;ബു; മു;ദാ;ന.) 5. ആയിശ (رضي الله عنها) പറയുന്നു: ''ഹംസത്തുബ്നു അംറിൽ അസ്ലമീ (رضي الله عنه) യാത്രയിലെ നോമ്പിനെപ്പറ്റി നബി (صلى الله عليه وسلم) യോടു ചോദിച്ചു. അദ്ദേഹം വളരെ നോമ്പുനോൽക്കാറുള്ള ഒരാളായിരുന്നു.'' അപ്പോൾ, നബി (صلى الله عليه وسلم) പറഞ്ഞു: ''തനിക്ക് വേണമെങ്കിൽ നോമ്പ് നോറ്റുകൊള്ളുക; വേണമെങ്കിൽ നോമ്പ് വിട്ടുകൊള്ളുക.'' (മാ;ബു;മു;ദാ;തി;ന.) 6. അബുദ്ദർദാഉ് (رضي الله عنه) പറയുന്നു: ''ഉഷ്ണത്തിൻെറ കാഠിന്യം നിമിത്തം തലയിൽ കൈവെച്ചുപോകുമായിരുന്ന വിധം കഠിന ഉഷ്ണമുള്ള ഒരു ദിവസം ഞങ്ങൾ നബി (صلى الله عليه وسلم) യൊന്നിച്ച് റമളാനിൽ യാത്ര പുറപ്പെടുകയുണ്ടായി. ഞങ്ങളിൽ റസൂൽ (صلى الله عليه وسلم) തിരുമേനിയും, ഇബ്നുറവാഹത്തും (رضي الله عنه) അല്ലാതെ നോമ്പുള്ളവർ ഉണ്ടായിരുന്നില്ല.'' (ബു: മു;ദാ.) 7. ഹംസത്തുബ്നു അംറിൽ അസ്ലമീ (رضي الله عنه) പറയുകയുണ്ടായി: ''അല്ലാഹുവിൻെറ റസൂലേ, എനിക്ക് യാത്രയിൽ നോമ്പിന് ശക്തിയുള്ള തായി ഞാൻ കാണുന്നു. അതുകൊണ്ട് എനിക്കതിൽ തെറ്റുണ്ടോ?'' അപ്പോൾ തിരുമേനി പറഞ്ഞു: ''അത് പ്രതാപശാലിയും മഹാനുമായ അല്ലാഹുവിൻെറ വക ഒരു ഇളവാകുന്നു. അത് ആരെങ്കിലും സ്വീകരിച്ചാൽ അത് നല്ലതാണ്. ഒരാൾ നോമ്പ് നോൽക്കുവാൻ ഇഷ്ടപ്പെട്ടാൽ അവൻെറമേൽ തെറ്റുമില്ല.'' (മു) ഇതിനെക്കുറിച്ചായിരിക്കും 5-ാമത്തെ ഹദീസിൽ ആയിശാ (رضي الله عنها) പ്രസ്താവിച്ചത്. الله اعلم

ഇതുപോലെ ഹദീസുകൾ വേറെയും പലതും ഉദ്ധരിക്കുവാനുണ്ട്. യഥാർത്ഥം മനസ്സിലാക്കുവാൻ ഇവതന്നെ മതിയല്ലോ. ഇവയിൽ ഏതെങ്കിലും ഹദീസുകളെയോ സംഭവത്തെയോ മാത്രം കണക്കിലെടുത്തുകൊണ്ട് യാത്രക്കാരന് നോമ്പാണ് നല്ലതെന്നോ, നോമ്പുനോൽക്കാതിരിക്കലാണ് നല്ലതെന്നോ പൊതുവിൽ ഒരു വിധി കൽപിക്കുന്നത് ശരിയായിരിക്കയില്ല. ഓരോന്നിൻെറയും സന്ദർഭംകൂടി കണക്കിലെടുത്തുവേണം യഥാർത്ഥം മനസ്സിലാക്കുവാൻ.

അല്ലാഹു നൽകിയ ഇളവുകളും വിട്ടുവീഴ്ചകളും ഉപയോഗപ്പെടുത്തുന്നത് നന്നല്ലെന്ന ഭാവത്തിൽ, ബുദ്ധിമുട്ടുകൾ സ്വയം അനുഭവിക്കുന്ന സ്വഭാവവും, നേരെമറിച്ച് നാമ മാത്രമായെങ്കിലും കാണുന്ന പഴുതുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അല്ലാഹു നൽകിയ ഇളവിൻെറ പേരിൽ നിയമത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്ന സ്വഭാവവും-രണ്ടും തന്നെ-നന്നല്ലെന്നും, ഒന്നാമത്തേത് ഒരു തരം നന്ദികേടും, രണ്ടാമത്തേത് ഒരു തരം ധിക്കാര വുമാണെന്നും ഇതിൽനിന്നൊക്കെ മനസ്സിലാക്കാവുന്നതാണ്. നോമ്പ് വിട്ടുകളയുവാൻ ഒരാൾക്ക് തക്കതായ കാരണമുണ്ടായാൽ തന്നെയും ആ കാരണം മറ്റുള്ളവർക്ക് മനസ്സിലാക്കുവാൻ കഴിയാത്തതായിരിക്കുമ്പോൾ, അയാൾ ഭക്ഷണം കഴിക്കുക മുതലായി നോമ്പിന് യോജിക്കാത്ത കാര്യങ്ങൾ നടത്തുന്നത് പരസ്യമാക്കാതെ സൂക്ഷിക്കേണ്ടതാകുന്നു. പ്രത്യേകിച്ചും അമുസ്ലി ംകൾക്കിടയിൽ ഇത് ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. അല്ലാത്തപക്ഷം വൃഥാ തെറ്റിദ്ധാരണകൾക്ക് കാ രണമാകുമെന്നുള്ളത് മാത്രമല്ല ഇതിലുള്ള ദോഷം. ഒരു തരത്തിൽ റമളാൻ മാസത്തിൻെറ നേരെയുള്ള ഒരു അനാദരവും, ഇസ്ലാമിന് നേരെ വിമതസ്ഥർക്ക് പരിഹാസം തോന്നിക്കുവാൻ ഇടവരുത്തുന്നതുമാണത്. അല്ലാഹുവിൻെറ വിധിവിലക്കുകൾ ശരിക്കും പാലിക്കുന്ന ഭയഭക്തൻമാരുടെ കൂട്ടത്തിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. آمين

186 (നബിയേ) എൻെറ അടിയാൻമാർ എന്നെ പ്പറ്റി നിന്നോട് ചോദിച്ചാൽ, നിശ്ചയമായും

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ

ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

ഞാൻ സമീപസ്ഥനാകുന്നു (എന്നുപറയുക) . എന്നെ വിളി(ച്ചു പ്രാർത്ഥി) ച്ചാൽ ഞാൻ വിളി (ച്ചു പ്രാർത്ഥി) ക്കുന്നവൻെറ വിളിക്ക് ഉത്തരം നൽകുന്നതാണ്. എന്നാൽ, അവർ എനിക്ക് [എൻെറ വിളിക്ക്] ഉത്തരം ചെയ്യുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ; അവർ നേർവഴി പ്രാപിച്ചേക്കുന്നതാണ്.

---

186 **وإذا سألك** നിന്നോട് ചോദിച്ചാൽ. **عبادي** എൻെറ അടിയാന്മാർ. **عني** എന്നെപ്പറ്റി. **فإني** എന്നാൽ നിശ്ചയമായും ഞാൻ. **قريب** സമീപസ്ഥനാണ്. **أجيب** ഞാൻ ഉത്തരം നൽകും. **دعوة** വിളിക്ക്, പ്രാർത്ഥനക്ക്. **الداع** വിളിക്കുന്ന (പ്രാർത്ഥിക്കുന്ന) വൻെറ. **إذا دعان** അവൻ എന്നെ വിളിച്ചാൽ, എന്നോട് പ്രാർത്ഥിച്ചാൽ. **فليستجيبوا** എന്നാൽ അവൻ ഉത്തരം ചെയ്യട്ടെ, അതിനാൽ അവർ ഉത്തരം തേടിക്കൊള്ളട്ടെ. **لي** എനിക്ക്, എന്നോട്. **وليؤمنوا** അവർ വിശ്വസിക്കുകയും ചെയ്യട്ടെ. **بي** എന്നിൽ, എന്നെക്കൊ്. **لعلهم** അവരായേക്കാം, ആകുവാൻ വേി. **يرشدونَ** അവർ നേർവഴിക്കാകും.

കഴിഞ്ഞ വചനങ്ങളിൽ നോമ്പിനെക്കുറിച്ച് പലതും പ്രസ്താവിച്ചു. അവസാനം അല്ലാഹുവിനെ മഹത്വപ്പെടുത്തുവാനും, അവന് നന്ദി കാണിക്കുവാനും ഉപദേശിച്ചു. തുടർന്നു കൊണ്ട് ഈ വചനത്തിൽ പ്രാർത്ഥനയെക്കുറിച്ച് പ്രസ്താവിക്കുന്നു. അടുത്ത വചനത്തിൽ വീണ്ടും നോമ്പ് സംബന്ധമായ കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. ഇടക്കുവെച്ച് പ്രാർത്ഥനയുടെ കാര്യം പറയുകയും, അതിന് പ്രേരിപ്പിക്കുകയും ചെയ്തതിൽനിന്ന് നോമ്പും പ്രാർത്ഥനയും തമ്മിൽ ബന്ധമുണ്ടെന്ന്-അഥവാ നോമ്പ് കാലത്തെ പ്രാർത്ഥനക്ക് പ്രത്യേകം പ്രാധാന്യമുണ്ടെന്ന് -മനസ്സിലാക്കുവുന്നതാണ്. നോമ്പുകാരൻ നോമ്പ് തുറക്കുമ്പോൾ ചെയ്യുന്ന പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്നതാണെന്ന് ഹദീസുകളിൽ വന്നിട്ടുള്ളതും, ഇക്കാരണത്താൽ ഇബ്നു ഉമർ (رضي الله عنه) നോമ്പ് തുറക്കുന്ന സമയത്ത് തൻെറ വീട്ടുകാരേയും മക്കളെയും ഒരുമിച്ച് കൂട്ടി പ്രാർത്ഥിക്കാറുണ്ടായിരുന്നുവെന്ന് രിവായത്ത് ചെപ്പെട്ടിട്ടുള്ളതും പ്രസ്താവ്യമാകുന്നു. (ഇബ്നുകസീർ നോക്കുക) ഈ വചനവും, ഇതിൻെറ മുമ്പും പിമ്പുമുള്ള വചനങ്ങളും മനസ്സിരുത്തി പരിശോധിക്കുന്നവർക്ക് നോമ്പും പ്രാർത്ഥനയും തമ്മിലുള്ള പ്രത്യേക ബന്ധം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

എന്നാൽ-മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ-നോമ്പിന് കഴിവുള്ളവർ നോമ്പ് നോൽക്കാതെ പകരം തെണ്ടം കൊടുത്താലും മതിയെന്നുള്ള വിധി ഇന്നും നിലവിലുണ്ടെന്നുള്ള പുത്തൻ അഭിപ്രായക്കാരുടെ ദൃഷ്ടിയിൽ നോമ്പിനോ, നോമ്പും പ്രാർത്ഥനയും തമ്മിലുള്ള ബന്ധത്തിനോ അത്ര വലിയ സ്ഥാനമൊന്നും ഇല്ലാതിരിക്കുക സ്വാഭാവികമാണല്ലോ. അതു കൊണ്ടായിരിക്കാം അവരിൽ ചിലർ, ഈ ആയത്തും ഇതിൻെറ മുമ്പത്തെ ആയത്തുകളും തമ്മിൽ ഒരു പുതിയ കൂട്ടി ഇണക്കൽ നടത്തിക്കാണുന്നത്. ഈ ആയത്തിൻെറ അർത്ഥോദ്ദേശ്യങ്ങൾ വിവരിച്ചുകൊണ്ട് അവർ പറയുന്നു: ''പട്ടിണി കിടന്ന് ദേഹം പീഡിപ്പിച്ചാലേ ദൈവസാമീപ്യം പ്രാപിക്കാറാവുകയുള്ളുവെന്നുള്ള പഴയ ധാരണ തെറ്റാണ്. എൻെറ അടിമകൾ നിന്നോട് എന്നെക്കുറിച്ച് ചോദിച്ചാൽ (നീ പറയുക: എന്നെ സമീപിക്കുവാൻ അവർ പാടുപെടേണ്ടതില്ല) ഞാൻ (അവരുടെ) സമീപസ്ഥനാകുന്നു....'' ഈ വാചകങ്ങളുടെ പിന്നിലുള്ള മനസ്സിരുപ്പ് നോമ്പിന് ഇസ്ലാമിൽ കൽപിക്കപ്പെട്ടിട്ടുള്ള സ്ഥാനം-അഥവാ അതിൻെറ ആത്മീയ വശം-ഒന്ന് താഴ്ത്തിക്കാട്ടലല്ലാതെ മറ്റൊന്താണെന്ന് നമുക്ക് മനസ്സിലാകുന്നില്ല. ഇത്തരം ചില പ്രയോഗങ്ങൾ ഇവരിൽ നിന്നൊക്കെ വേറെയും കാണാറുള്ളതാണ്. നബി (ﷺ) യുടെ ചര്യയിൽ നിന്നറിയപ്പെട്ട സുന്നത്ത് നോമ്പുകളെ സംബന്ധിച്ചിടത്തോളം വളരെ പുച്ഛമായ സ്വരത്തിൽ ഇത്തരക്കാരുടെ പ്രസ്താവനകൾ അവയിൽ ചിലതാകുന്നു.

''നമ്മുടെ റബ്ബ് സമീപസ്ഥനാണോ? എങ്കിൽ നമുക്ക് അവനുമായി പതുക്കെ സംഭാഷണം ചെയ്യാം. അവൻ ദൂരസ്ഥനാണോ? എങ്കിൽ അവനോട് നമുക്ക് വിളിച്ചു ചോദിക്കാം'' എന്ന് ഒരു അഅ്റാബി (മരുഭൂമിവാസിയായ അറബി) ചോദിച്ചതിനെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്നും, ''നമ്മുടെ റബ്ബ് എവിടെയാണ്?'' എന്നു ചിലർ അന്വേഷിച്ചതിനെത്തുടർന്ന് അവതരിച്ചതാണെന്നുമൊക്കെ ചില രിവായത്തുകൾ കാണാം. യഥാർത്ഥത്തിൽ അങ്ങിനെ ഒരു ചോദ്യം സംഭവിച്ചിട്ടില്ലെങ്കിൽ പോലും ആരെങ്കിലും അങ്ങിനെ ചോദിച്ചാൽ ഇന്ന വിധത്തിൽ ഉത്തരം പറയണമെന്ന് അല്ലാഹു നബി(ﷺ) യെ പഠിപ്പിച്ചതുമാകാവുന്നതാണ്. (അല്ലാഹു വിനറിയാം) ഏതായാലും 'എന്റെ അടിമകൾ ചോദിച്ചാൽ (اذا سألك عبيدى)' എന്നോ മറ്റോ പറയാതെ 'എന്റെ അടിയാൻമാർ ചോദിച്ചാൽ اذا سألك عبادى' എന്ന പ്രയോഗത്തിൽ, എന്നെ ആരാധിക്കുന്ന എന്റെ അടിമകളായ ആളുകൾക്ക് എന്നെപ്പറ്റി അറിയുവാൻ ആഗ്രഹമുണ്ടാകും-അതുകൊണ്ട് അവർക്ക് പറഞ്ഞു കൊടുക്കുക-എന്നൊരു ആശയം അതിൽ അന്തർഭവിച്ചിരിക്കുന്നു.(*) അല്ലാഹു എപ്പോഴും തന്റെ അടിയാൻമാരുടെ അടുത്തു തന്നെയുണ്ട്, അവരുടെ പ്രാർത്ഥനകളെല്ലാം അവൻ എപ്പോഴും കേൾക്കുകയും അറിയുകയും ചെയ്യും, അവരുടെ അപേക്ഷകളെ അവൻ പാഴാക്കിക്കളയുകയില്ല, അതുകൊണ്ട് അവന്റെ മുമ്പിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് അവർ പ്രത്യേക സമയമോ സ്ഥലമോ നോക്കേണ്ടതില്ല, മറ്റൊരാളുടെ മദ്ധ്യസ്ഥമോ ശുപാർശയോ അതിൽ കൂട്ടിച്ചേർക്കേണ്ടതുമില്ല, അവനെ കേൾപ്പിക്കുവാൻവേണ്ടി ഉച്ചത്തിൽ വിളിച്ചു പറയേണ്ടതുമില്ല എന്നൊക്കെ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുവാൻ അല്ലാഹു ഈ വചനം മുഖേന നബി (ﷺ) യോട് കൽപിക്കുന്നു. അവർ എന്നെ വിളിച്ചു പ്രാർത്ഥിക്കുന്നതിന് ഉത്തരം നൽകുവാൻ സദാ ഞാൻ സന്നദ്ധനായിരിക്കുന്ന സ്ഥിതിക്ക് എന്റെ കൽപനാ നിർദ്ദേശങ്ങൾ അനുസരിക്കുക വഴി എന്റെ വിളിക്കും അവരും ഉത്തരം ചെയ്യേണ്ടതാണെന്നും, എന്നിൽ ശരിക്കും വിശ്വസിച്ചിരിക്കേണ്ടതാണെന്നുംകൂടി ഉണർത്തുന്നു. فليستجيبوا لى എന്നവാക്കിനു 'അതിനാൽ അവർ എന്നോട് ഉത്തരം നൽകുവാൻ തേടിക്കൊള്ളട്ടെ' എന്നും അർത്ഥം വരാവുന്നതാണ്. ഈ അർത്ഥം സ്വീകരിച്ചാലും അവസാനം അതും മേൽ വിവരിച്ച സാരത്തിൽ തന്നെ കലാശിക്കുന്നതാണ്. കാരണം, അല്ലാഹുവിനെ അനുസരിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തുകൊണ്ടല്ലാതെ അവനോട് ഉത്തരം നൽകുവാൻ അപേക്ഷിക്കുന്നതിന് അർത്ഥമില്ല. എങ്കിലും ആദ്യം സൂചിപ്പിച്ച അർത്ഥമാണ് ആ വാക്കിന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചു കാണുന്നത്. കൂടുതൽ നന്നായി തോന്നുന്നതും അതുതന്നെ.

'വിളിച്ചു, പ്രാർത്ഥിച്ചു, അപേക്ഷിച്ചു, യാചിച്ചു, തേടി' എന്നൊക്കെ സന്ദർഭോചിതം അർത്ഥങ്ങൾ വരുന്ന دعا (ദആ) എന്ന ക്രിയയുടെ ധാതുവാണ് دعاء (ദുആഅ്) എന്ന വാക്ക്. ഇതേ മാതിരിയുള്ള മറ്റൊരു വാക്കാണ് دعوة (ദഅ്വത്ത്) എന്നതും. അല്ലാഹുവിനെ വിളിച്ചു, അവനോട് തേടി' എന്നൊക്കെ മലയാളത്തിൽ പറയുമ്പോൾ അവനെ വിളിച്ചു പ്രാർത്ഥിച്ചു എന്നുള്ള അർത്ഥത്തിലായിരിക്കുമല്ലോ അത്, അതുപോലെ, ഈ വാക്കുകളും അല്ലാഹുവിനോട് ചേർത്ത് പറയുമ്പോൾ അവനെ വിളിച്ചു പ്രാർത്ഥിക്കുക എന്ന അർത്ഥത്തിലാണ് ഉപയോഗിക്കപ്പെടാറുള്ളത്. പ്രാർത്ഥനയാകട്ടെ, ആരാധനയുടെ വിവിധ രൂപങ്ങളിൽ ഒന്നാണു താനും. അത്രയുമല്ല, ആരാധനകളുടെ കാതലായ വശം തന്നെ പ്രാർത്ഥനയാണ്. നബി (ﷺ) പറയുന്നു: 'ദുആ (പ്രാർത്ഥന) തന്നെയാണ് ഇബാദത്ത് (ആരാധന.) ' തുടർന്നുകൊണ്ട് (ഇതിന് തെളിവായി) സൂറത്തുൽ മുഅ്മിൻ 60-ാം വചനം തിരുമേനി ഓതുകയും ചെയ്തു. (അ; തി; ദ; ന,) പ്രസ്തുത വചനത്തിന്റെ സാരം ഇതാകുന്നു: 'നിങ്ങളുടെ റബ്ബു പറയുന്നു: നിങ്ങൾ എന്നെ

* അടിമ എന്നർത്ഥമായ عبد (അബ്ദ്)ലുള്ള തരവ്യത്യാസങ്ങളെയും, അതിന്റെ ബഹുവചനങ്ങളായ عباد، عبيد (ഇബാദു, അബീദ്) എന്നീ പദങ്ങൾ തമ്മിലുള്ള വ്യത്യാസത്തെയും കുറിച്ചു ഇമാംറാഗിബ്(رحمه الله) ന്റെ പ്രസ്താവനകൾ സൂ:ആലുഇംറാൻ 182-ാം വചനത്തിന്റെ വിവരണത്തിൽ കാണുക.

വിളിച്ചു പ്രാർത്ഥിക്കുവിൻ. ഞാൻ നിങ്ങൾക്ക് ഉത്തരം ചെയ്യും. നിശ്ചയമായും, എന്നെ ആരാധിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്നവർ നിന്ദ്യൻമാരായ നിലയിൽ വഴിയെ നരകത്തിൽ പ്രവേശിക്കുന്നതാണ്.' ഈ വചനത്തിൽ ആദ്യം പറഞ്ഞ പ്രാർത്ഥനയെ പറ്റിയാണ് രണ്ടാമത് ആരാധന എന്ന് പ്രയോഗിച്ചത്. മറ്റൊരു ഹദീസിൽ നബി (ﷺ) പറഞ്ഞ വാചകം: 'ദുആ ഇബാദത്തിൻെറ മജ്ജയാകുന്നു.' എന്നാകുന്നു. (തി.) ഇതുകൊണ്ടാണ്, ആരാധനയിലുള്ള തൗഹീദിനെയും, ശിർക്കിനെയുംകുറിച്ചു പറയുമ്പോൾ, മറ്റുള്ള ആരാധനാകർമ്മങ്ങളെക്കാൾ അധികമായി 'ദുആ'യെ (വിളിച്ചു പ്രാർത്ഥിക്കലിനെ) ക്കുറിച്ചു കൂടുതൽ പരാമർശി ക്കപ്പെട്ടുകാണുന്നതും.

انى قريب (ഞാൻ സമീപത്തുള്ളവനാണ്) എന്നു പറഞ്ഞതിൻെറ താൽപര്യം, ഞാൻ പ്രാർത്ഥിക്കുന്നവൻെറ അടുത്ത സ്ഥലത്ത് സ്ഥിതി ചെയ്യുന്നുവെന്നല്ല. താഴെ ഉദ്ധരിക്കുന്ന ഹദീസുകളിൽ നിന്നു അതിൻെറ താൽപര്യം വ്യക്തമായി മനസ്സിലാക്കാം: അഹ്മദ്, ബുഖാരീ, മുസ്‌ലിം (رحمه الله) മുതലായ പലരും അബൂമൂസൽ അശ്അരീ(رضي الله عنه) പറഞ്ഞതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''ഞങ്ങൾ റസൂൽ (ﷺ) തിരുമേനിയൊന്നിച്ച് ഒരു യുദ്ധയാത്ര യിലായിരുന്നപ്പോൾ, ഞങ്ങൾ വല്ല കുന്നിലേക്കും കയറുകയോ, കുന്നിൻ മുകളിലായിരിക്കു കയോ, വല്ല താഴ്‌വരയിലും ഇറങ്ങുകയോ ചെയ്യുമ്പോഴെല്ലാം തന്നെ, ശബ്ദം ഉയർത്തി 'തക് ബീർ' ചൊല്ലാതിരിക്കുമായിരുന്നില്ല.'' അപ്പോൾ തിരുമേനി പറഞ്ഞു: ''ഹേ, മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ ദേഹങ്ങളോട് മിതത്വം കാണിക്കുവിൻ. നിങ്ങൾ വിളിക്കുന്നത് ബധിരനായ ഒരുവനെയോ, സന്നിഹിതനല്ലാത്ത ഒരുവനെയോ അല്ല. (എല്ലാം) കേൾക്കുന്നവനും കാണുന്ന വനുമായ ഒരുവനെയാണ് നിങ്ങൾ വിളിക്കുന്നത്. നിശ്ചയമായും, നിങ്ങൾ വിളിക്കുന്നവൻ നിങ്ങൾ ഒരോരുത്തരുടെയും കഴുത്തിനെക്കാൾ അവനോട് അടുപ്പമുള്ളവനാകുന്നു....'' നബി (ﷺ) പറഞ്ഞുകേട്ടതായി അബൂഹുറൈറ: (رضي الله عنه) യിൽ നിന്നു ഇമാം അഹ്മദ് (رحمه الله) ഇങ്ങിനെ ഉദ്ധരിക്കുന്നു: ''എൻെറഅടിയാൻ എന്നെ സ്മരിക്കുകയും, എന്നെകുറിച്ചു അവൻെറ അധര ങ്ങൾ ഇളകിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോഴെക്കെ ഞാൻ അവനോടുകൂടെ ഉണ്ടായിരിക്കു ന്നതാണ്.''

''എന്നെ വിളിച്ചു പ്രാർത്ഥിക്കുന്നവൻെറ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും (اجيب دعوة الداع....)'' എന്നു അല്ലാഹു പറഞ്ഞിരിക്കെ, നാം പ്രാർത്ഥിക്കുന്ന എല്ലാ പ്രാർത്ഥന കൾക്കും ഉത്തരം കിട്ടിക്കാണാത്തതെന്താണെന്ന് വല്ല വരും സംശയിച്ചേക്കാം. ഇതിനുള്ള മറുപടി നബി(ﷺ) യുടെ ഹദീസുകളിൽ നിന്നു ലഭിക്കുന്നതാണ്. തിർമദിയും, ഇമാം അഹ്മദിൻെറ പുത്രൻ അബ്ദുല്ലാ (رحمه الله) യും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബി(ﷺ) പറയുന്നു: ''ഭൂമിയുടെ മുകളിലുള്ള മുസ്‌ലിമായ ഏതൊരുവനും അല്ലാഹുവിനോട് വല്ലതും പ്രാർത്ഥിച്ചാൽ-അവൻ ഒരു കുറ്റകരമായ കാര്യത്തിനോ, ചാർച്ചാബന്ധം മുറിക്കുന്നതിനോ പ്രാർത്ഥിക്കാത്തപക്ഷം-അല്ലാഹു അവന് അത് നൽകുകയോ, അല്ലെങ്കിൽ തിൻമയിൽ നിന്നു അതിനോട് തുല്യമായതൊന്നു തട്ടിനീട്ടിക്കൊടുക്കുകയോ ചെയ്യാതിരിക്കുകയില്ല. അബൂസഈദിൽ ഖുദ്‌രീ (رضي الله عنه) യിൽനിന്ന് ഇമാം അഹ്മദ് (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിലെ വാചകം ഇങ്ങിനെയാണ്: ''കുറ്റമില്ലാത്തതോ, ചാർച്ചാബന്ധം മുറിക്കലില്ലാത്തതോ ആയ വല്ല പ്രാർത്ഥനയും ഒരു മുസ്‌ലിം ചെയ്യുന്നതായാൽ, അല്ലാഹു അവനു മൂന്നിൽ ഒരു കാര്യം ചെയ്തു കൊടുക്കാതിരിക്കുകയില്ല: ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം അവനു വേഗമാക്കിക്കൊടുക്കുക; അല്ലെങ്കിൽ അതിനെ അവനുവേണ്ടി പരലോകത്തേക്ക് സൂക്ഷിച്ചു വെക്കുക; അല്ലെങ്കിൽ അവനിൽനിന്ന് അതിൻെറ അത്ര തിൻമയെ തിരിച്ചുകളയുക.'' അപ്പോൾ, സാഹാബികൾ പറഞ്ഞു: ''എന്നാൽ നമുക്ക് (പ്രാർത്ഥന) അധികരിപ്പിക്കാമല്ലോ!'' തിരുമേനി പറഞ്ഞു: ''അല്ലാഹു കൂടുതൽ അധികം നൽകുന്ന വനാകുന്നു.'' ഇമാം മുസ്‌ലിം (رحمه الله) രേഖപ്പെടുത്തിയ ഒരു ഹദീസ് ഇങ്ങിനെയാകുന്നു: നബി (ﷺ) പറഞ്ഞു: ''കുറ്റകരമായതിനോ ചാർച്ചാബന്ധം മുറിക്കുന്നതിനോ, ഒരു അടിയാൻ പ്രാർത്ഥിക്കാത്തപ്പോൾ-അവൻ ധൃതികൂട്ടാത്തപക്ഷം-അവനു ഉത്തരം

നല്‍കപ്പെട്ടുകൊണ്ടിരിക്കും.'' അപ്പോള്‍ ചോദിക്കപ്പെട്ടു: 'ധൃതികൂട്ടുക എന്നാലെന്ത്?' തിരുമേനി പറഞ്ഞു: ''ഞാന്‍ പ്രാര്‍ത്ഥിച്ചു, ഞാന്‍ പ്രാര്‍ത്ഥിച്ചു, എനിക്കു ഉത്തരം കിട്ടിക്കാണുന്നില്ല എന്നു പറയുകയും, അങ്ങിനെ കുണ്ഠിതപ്പെട്ട് പ്രാര്‍ത്ഥന വിട്ടുകളയുകയും ചെയ്യുക.'' വേറെ ഒരു ഹദീസില്‍ നബി (ﷺ) പറയുകയാണ്: ''അടിയാന്‍ അല്ലാഹുവിങ്കലേക്ക് രണ്ടു കയ്യും നീട്ടി അതിലേക്ക് വല്ല നന്‍മയും ചോദിച്ചിട്ട് (ഒന്നും നല്‍കാതെ) അതു രണ്ടിനെയും പരാജയമടഞ്ഞ നിലയില്‍ മടക്കിക്കളയുവാന്‍ നിശ്ചയമായും അല്ലാഹു ലജ്ജിക്കുന്നതാണ്.'' (ദാ; തി;ജ.) ''പ്രാര്‍ത്ഥിക്കുന്നവന്റെ പ്രാര്‍ത്ഥന എപ്പോള്‍, എങ്ങിനെ, എത്രകണ്ട് സ്വീകരിക്കണമെന്നും, അവനു കൂടുതല്‍ മെച്ചം ഏതായിരിക്കുമെന്നുമൊക്കെ അവനെക്കാളും, മറ്റാരെക്കാളും അറിയുക അല്ലാഹുവിനാണല്ലോ.'' വീണ്ടും നോമ്പിന്റെ വിഷയം തന്നെ തുടര്‍ന്നുകൊണ്ട് അല്ലാഹു പറയുന്നു:-

أُحِلَّ لَكُمْ لَيْلَةَ ٱلصِّيَامِ ٱلرَّفَثُ إِلَىٰ نِسَآئِكُمْ ۚ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ۗ عَلِمَ ٱللَّهُ أَنَّكُمْ كُنتُمْ تَخْتَانُونَ أَنفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنكُمْ ۖ فَٱلْـَٔـٰنَ بَـٰشِرُوهُنَّ وَٱبْتَغُوا۟ مَا كَتَبَ ٱللَّهُ لَكُمْ ۚ وَكُلُوا۟ وَٱشْرَبُوا۟ حَتَّىٰ يَتَبَيَّنَ لَكُمُ ٱلْخَيْطُ ٱلْأَبْيَضُ مِنَ ٱلْخَيْطِ ٱلْأَسْوَدِ مِنَ ٱلْفَجْرِ ۖ ثُمَّ أَتِمُّوا۟ ٱلصِّيَامَ إِلَى ٱلَّيْلِ ۚ وَلَا تُبَـٰشِرُوهُنَّ وَأَنتُمْ عَـٰكِفُونَ فِى ٱلْمَسَـٰجِدِ ۗ تِلْكَ حُدُودُ ٱللَّهِ فَلَا تَقْرَبُوهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ ءَايَـٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ﴿١٨٧﴾

187 നോമ്പിന്റെ രാത്രിയില്‍ നിങ്ങളുടെ സ്ത്രീ [ഭാര്യ] കളുമായി സംസര്‍ഗ്ഗം നിങ്ങള്‍ക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവര്‍ നിങ്ങള്‍ക്ക് ഒരു (തരം) വസ്ത്രമാണ്; നിങ്ങള്‍ അവര്‍ക്കും ഒരു (തരം) വസ്ത്രമാകുന്നു. നിങ്ങള്‍ നിങ്ങളുടെ സ്വന്തങ്ങളോടു തന്നെ വഞ്ചന നടത്തിയിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാല്‍, അവന്‍ നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും, നിങ്ങള്‍ക്ക് മാപ്പു നല്‍കുകയും ചെയ്തിരിക്കുന്നു. ഇനി, ഇപ്പോള്‍, നിങ്ങള്‍ അവരുമായി സ്പര്‍ശനം നടത്തുകയും [കൂടിച്ചേരുകയും] അല്ലാഹു നിങ്ങള്‍ക്ക് (വിധിച്ചു) നിശ്ചയിച്ചതിനെ നിങ്ങള്‍ തേടുകയും ചെയ്തുകൊള്ളുവിന്‍; നിങ്ങള്‍ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിന്‍; കറുപ്പു നൂലില്‍ [ഇരുട്ടില്‍] നിന്നു പ്രഭാതമാകുന്ന വെള്ളനൂല്‍ നിങ്ങള്‍ക്ക് വ്യക്തമായിത്തീരുന്നതുവരേക്കും.പിന്നെ, നിങ്ങള്‍ രാത്രിവരെ നോമ്പ് പൂര്‍ത്തിയാക്കുക. നിങ്ങള്‍ പള്ളികളില്‍ 'ഇഅ്തികാഫ്' [ഭജനമിരിക്കല്‍] ചെയ്യുന്നവരായിരിക്കുമ്പോഴും അവരുമായി നിങ്ങള്‍ സ്പര്‍ശനം നടത്തരുത് [കൂടിച്ചേരരുത്] അവ(യൊക്കെ) അല്ലാഹുവിന്റെ (നിയമ) അതിര്‍ത്തികളാകുന്നു: അതിനാല്‍, അവയെ നിങ്ങള്‍ സമീപിക്കരുത്. അപ്രകാരം, അല്ലാഹു അവന്റെ 'ആയത്തു' [ലക്ഷ്യം]കളെ മനുഷ്യര്‍ക്ക് (വ്യക്തമാക്കി) വിവരിച്ചുതരുന്നു; അവര്‍ സൂക്ഷ്മത പാലിച്ചേക്കാം.

---

187 **أُحل** ഹലാലാക്ക (അനുവദിക്ക) പ്പെട്ടിരിക്കുന്നു. **لَكُم** നിങ്ങള്‍ക്ക്. **لَيلَةَ** രാത്രിയില്‍. **الصيام** നോമ്പിന്റെ. **الرفَثُ** സ്വകാര്യ സല്ലാപം, സംസര്‍ഗ്ഗം. **إِلَى نِسائِكُم** നിങ്ങളുടെ സ്ത്രീകളുമായി. **هن** അവര്‍. **لباس لَكُم** നിങ്ങള്‍ക്ക് ഒരു വസ്ത്രമാണ്. **وأنتم** നിങ്ങളും. **لباس لهن** അവര്‍ക്ക് ഒരു വസ്ത്രമാണ്. **علم الله** അല്ലാഹു അറിഞ്ഞിരിക്കുന്നു. **أنَّكُم كُنتم** നിങ്ങളായിരുന്നവെന്ന്. **تختانونَ** നിങ്ങള്‍ വഞ്ചന പ്രവര്‍ത്തിക്കും. **أَنفُسكُم** നിങ്ങളുടെ സ്വന്തങ്ങളോട്. **فَتاب عليكُم** എന്നാല്‍ അവന്‍

നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചിരിക്കുന്നു. **وعفا** മാപ്പു നൽകുകയും ചെയ്തിരിക്കുന്നു. **عنكُم** നിങ്ങൾക്ക്. **فَالْآنَ** അതിനാൽ ഇപ്പോൾ. **باشروهن** നിങ്ങൾ അവരോട് സ്പർശനം (കൂടിച്ചേരൽ) നടത്തിക്കൊള്ളുവിൻ. **وابتغوا** നിങ്ങൾ തേടുക (ആഗ്രഹിക്കുക) യും ചെയ്യുവിൻ. **ما كتب الله** അല്ലാഹു നിശ്ചയിച്ച (വിധിച്ച-രേഖപ്പെടത്തിയ) തു. **لَكُم** നിങ്ങൾക്ക്. **وكُلُوا** നിങ്ങൾ തിന്നുകയും ചെയ്യുവിൻ. **واشربوا** കുടിക്കുകയും ചെയ്യുവിൻ. **حتى يتبين** വ്യക്തമായിത്തീരുന്നതുവരേക്ക്. **لَكُم** നിങ്ങൾക്ക്. **الْخيطُ** നൂൽ. **الأبيض** വെള്ള വെളുത്ത. **من الخيط** നൂലിൽനിന്ന്. **الأسود** കറുത്ത. **من الْفَجر** പ്രഭാതത്തിനാൽ, പ്രഭാതമാകുന്ന. **ثُم أتموا** പിന്നെ നിങ്ങൾ പൂർത്തിയാക്കുവിൻ. **الصيام** നോമ്പ്. **إلى الليل** രാത്രിവരെ. **ولاَ تباشروهن** നിങ്ങളവരോട് സ്പർശനം നടത്തരുത്. **وأنتم** നിങ്ങൾ ആയിരിക്കെ. **عاكِفُونَ** നിങ്ങൾ ഇഅ്തികാഫ് ചെയ്യുന്നവർ, ഭജനമിരിക്കുന്നവർ. **في المساجِد** പള്ളി കളിൽ. **تلْك** അവ, അത്. **حدود الله** അല്ലാഹുവിൻെറ അതിര് (അതിർത്തി) കളാകുന്നു. **فَلَا تقْربوها** അതിനാൽ അവയോട് അടുക്കരുത്. **كَذَلِكَ** അപ്രകാരം. **يبين الله** അല്ലാഹു വിവരിക്കുന്നു, വ്യക്ത മാക്കും. **آياته** അവൻെറ ആയത്തു (ലക്ഷ്യം-വചനം) കൾ. **للناس** മനുഷ്യർക്ക്. **لَعلهم** അവരായേ ക്കാം, ആകുവാൻ വേി. **يتقُونَ** സൂക്ഷ്മത പാലിക്കും.

നോമ്പുകാലത്ത് രാത്രി ഉറങ്ങിക്കഴിഞ്ഞാൽ പിന്നീട് മുസ്ലിംകൾ ഭക്ഷണം കഴിക്കുകയോ, ഭാര്യമാരെ സമീപിക്കുകയോ ചെയ്തിരുന്നില്ല. ഭക്ഷണത്തിനു മുമ്പായി ഉറങ്ങിപ്പോയാൽ പിറ്റേന്ന് നോമ്പ് തുറക്കാറാകുന്നതുവരെ ഭക്ഷണം കഴിക്കാതിരിക്കും. ഇതിന് കാരണമെന്താണെന്ന് തീർത്തു പറഞ്ഞുകൂടാ. വേദക്കാർ ആചരിച്ചു വന്നിരുന്ന സമ്പ്രദായം മുസ്ലിംകളും അനുവർത്തിച്ചു വന്നതാണെന്നും, നോമ്പിൻെറ ആയത്തിൽ (183-ാം വചനത്തിൽ) ''നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ നിയമിക്കപ്പെട്ടതുപോലെ (كما كتب علي الذين من قبلكم)'' എന്ന് പറഞ്ഞതിൽ നിന്ന് അവരങ്ങിനെ ധരിച്ചുവശായതാണെന്നും മറ്റും പറയപ്പെട്ടു കാണുന്നു. (അല്ലാഹു വിനറിയാം.) കാരണമെന്തായാലും ആ സമ്പ്രദായം തുടരുക വളരെ വിഷമകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഒരു സഹാബിക്ക് നോമ്പ് തുറക്കുന്ന സമയത്ത് ഭക്ഷണം കഴിക്കുവാൻ സൗകര്യപ്പെടാതെ വരുകയും, അദ്ദേഹം പകലത്തെ അദ്ധ്വാനക്ഷീണം നിമിത്തം ഉറങ്ങിപ്പോ കുകയും ഉണ്ടായെന്നും, പിറ്റേന്ന് നോമ്പുനോറ്റുകൊണ്ട് ഉച്ചയായപ്പോഴേക്കും അദ്ദേഹത്തിന് ബോധക്ഷയമുണ്ടായെന്നും ബുഖാരീ (ﷺ) ഉദ്ധരിച്ചിരിക്കുന്നു. ഉറങ്ങിയ ശേഷം ചിലർ ഭാര്യമാരെ സമീപിക്കുകയും, വേറെ ചിലർ ഭക്ഷണം കഴിക്കുകയും ചെയ്വാനിടയാകുകയും, പിന്നീട് ഖേദിച്ച് വ്യസനത്തിലാകുകയും ചെയ്ത സംഭവങ്ങളും ഉണ്ടായതായി ഹദീസു ഗ്രന്ഥങ്ങളിൽ കാണാം. ഇങ്ങിനെയുള്ള കർശനങ്ങളിൽ നിന്ന് സത്യവിശ്വാസികൾക്ക് ലഘുത്വം നൽകുകയാണ് ഈ വചനം മുഖേന അല്ലാഹു ചെയ്യുന്നത്.

رفث (റഫഥ്) എന്നാൽ, വെളിക്ക് പറയുവാൻ അപമാനമോ പോരായ്മയോ തോന്നുന്ന സംസാരം, സ്ത്രീകളുമായുള്ള സ്വകാര്യ സല്ലാപം എന്നൊക്കെയാണ് സാക്ഷാൽ അർത്ഥം. വ്യംഗ്യാർത്ഥം സ്ത്രീസംസർഗ്ഗമെന്നും. അതാണിവിടെ ഉദ്ദേശ്യമെന്നത്രെ പ്രധാന ഖുർആൻ വ്യാഖ്യാതാക്കളെല്ലാം പറയുന്നത്. നോമ്പിൻെറ രാത്രിയിൽ ഭാര്യാഭർത്താക്കൾ തമ്മിലുള്ള എല്ലാവിധ സമ്പർക്കവും നടത്തുന്നതിന് വിരോധമില്ല-അത് അനുവദനീയമാണ്-എന്ന് അറിയിക്കുന്നതോടൊപ്പം അതനുവദിച്ചതിലടങ്ങിയ തത്വം കൂടി അല്ലാഹു ചൂണ്ടിക്കാട്ടി യിരിക്കുന്നു. അതെ, അവർ നിങ്ങൾക്കും, നിങ്ങൾ അവർക്കും ഒരു തരത്തിലുള്ള വസ്ത്രമായിട്ടാ ണുള്ളത് هن لباس لكم وانتم لباس لهن എന്ന്. എത്ര അർത്ഥഗർഭവും എത്ര ആകർഷകവുമായ ഒരു വാക്യം?! ഭാര്യാഭർത്തൃബന്ധത്തെ ഇത്ര മാന്യമായും ഭംഗിയായും ചിത്രീകരിക്കുന്ന ഒരു അലങ്കാരവാക്യം വേറെ ഏതാണുള്ളത്?! ഇതിലടങ്ങിയ അർത്ഥസൂചനകൾ വിവരിക്കേണ്ട തില്ലല്ലോ.

''നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങളോടുതന്നെ വഞ്ചന പ്രവർത്തിച്ചിരുന്നത് അല്ലാഹു അറിഞ്ഞിരിക്കുന്നു'' എന്ന് പറഞ്ഞത് മേൽ സൂചിപ്പിച്ചതുപോലെയുള്ള സംഭവങ്ങളെ

ഉദ്ദേശിച്ചാകുന്നു. ദുരുദ്ദേശ്യത്തോടുകൂടിയല്ലെങ്കിലും പാടില്ലാത്തതാണെന്ന് ധരിച്ച കാര്യങ്ങൾ ചെയ്യുന്നത് സ്വന്തം ആത്മാക്കളോട് ചെയ്യുന്ന വഞ്ചനയും അനീതിയുമാണല്ലോ. എന്നാലും അവരുടെ ഖേദവും മടക്കവും അല്ലാഹു സ്വീകരിക്കുകയും, തെറ്റ് മാപ്പു ചെയ്കയും ചെയ്തിട്ടുണ്ടെന്ന് അല്ലാഹു അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നു. മേലിൽ അങ്ങിനെയുള്ള തെറ്റുകൾ സംഭവിക്കാതിരിക്കത്തക്കവണ്ണം പ്രഭാതം വരെ നിരുപാധികം ഭാര്യമാരുമായി സമ്പർക്കം നടത്തുന്നതിനോ, ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനോ വിരോധമില്ലെന്നും അറിയിക്കുന്നു. അതോടുകൂടി മറ്റൊരു സംഗതികൂടി പ്രത്യേകം ഉണർത്തുന്നു: ഭാര്യാഭർത്തൃബന്ധം കേവലം ശാരീരികമായ സുഖാസ്വാദനമായിക്കരുതിയാൽ പോരാ, വൈവാഹിക ജീവിതം മുഖേന സന്താനലാഭംകൂടി ഉദ്ദേശിക്കേണ്ടതുണ്ടെന്നും, അതിനുള്ള മാർഗ്ഗമായി അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചു തന്നതാണ് ആ ബന്ധമെന്നും, അതുകൊണ്ട് നിങ്ങൾ അല്ലാഹു വിധിച്ചിട്ടുള്ള സന്താനലബ്ധിക്കായി നിങ്ങൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ടെന്നുമത്രെ ആ സംഗതി. അതാണ് وابتغوا ما كتب الله لكم (അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് നിങ്ങൾ തേടുവിൻ) എന്ന വാക്യം കുറിക്കുന്നത്. ഭൗതികമായ സുഖസൗകര്യങ്ങളെയും ക്ഷേമൈശ്വര്യങ്ങളെയും ജീവിതലക്ഷ്യമായി ഗണിക്കുകയും, സന്താനങ്ങൾമൂലം അതിൽ ഭംഗം നേരിട്ടേക്കുമെന്ന് ഭയപ്പെടുകയും ചെയ്യുന്നവർക്ക് ഈ വാക്യവും ഇതുപോലെയുള്ള മറ്റു ചില ഖുർആൻ വാക്യങ്ങളും രുചിച്ചില്ലെന്ന് വരാം. പക്ഷെ, വമ്പിച്ച ഒരു അനുഗ്രഹവും, മനുഷ്യവർഗ്ഗത്തിൻെറ നിലനിൽപിനും വളർച്ചക്കും പ്രകൃതിപരമായ ഒരാവശ്യവുമായിട്ടാണ് ഖുർആൻ സന്താനലബ്ധിയെ വിലയിരുത്തിയിരിക്കുന്നത്. ഇതുസംബന്ധമായി ഖുർആൻെറ പ്രസ്താവനകൾ യഥാസ്ഥാനങ്ങളിൽവെച്ച് നമുക്ക് കാണാവുന്നതാണ്. إن شاء الله

സൂര്യാസ്തമനം മുതൽ സൂര്യോദയംവരെയുള്ള സമയം രാത്രിയും, പിന്നീട് അടുത്ത അസ്തമനംവരെയുള്ള സമയം പകലുമായിട്ടാണ് പൊതുവിൽ കണക്കാക്കപ്പെടാറുള്ളത്. പക്ഷേ, ഇസ്ലാം ശരീഅത്തിൻെറദൃഷ്ടിയിൽ പ്രഭാതം (فجر) മുതൽ അസ്തമനം (غروب) വരെയുള്ള സമയം പകലും, പിന്നീട് പ്രഭാതംവരെയുള്ള സമയം രാത്രിയുമായിട്ടാണ് ഗണിക്കപ്പെടുന്നത്. അതുകൊണ്ടാണ് രാത്രിയിൽ നിങ്ങൾക്ക് സ്ത്രീകളുമായി സംസർഗ്ഗം നടത്താമെന്ന് ആദ്യം പറഞ്ഞശേഷം, പ്രഭാതം വെളിപ്പെടുന്നതുവരെ എന്ന് അതിന് അതിർത്തി നിശ്ചയിച്ചതും, പിന്നീട് അതുമുതൽ രാത്രി-അഥവാ അടുത്ത അസ്തമനം-വരെ നോമ്പു തുടരണമെന്ന് കൽപിച്ചതും. പ്രഭാതത്തെക്കുറിച്ച് പറഞ്ഞപ്പോൾ, حتى يتبين لكم الخيط الابيض من الخيط الاسود (വെള്ളനൂൽ കറുപ്പുനൂലിൽനിന്ന് വ്യക്തമായിത്തീരുന്നതുവരെ) എന്നൊരു ഉപമാലങ്കാരത്തിന്ശേഷം من الفجر (പ്രഭാതമാകുന്ന) എന്നു പറഞ്ഞുകൊണ്ട് അതിനെ വിവരിക്കുക്കുകയാണ് ചെയ്തിരിക്കുന്നത്. വെള്ളനൂലിനോട് ഉപമിച്ചത് പ്രഭാതത്തെയാണെന്ന് വ്യക്തമാണ്. അപ്പോൾ, കറുപ്പുനൂലിനോട് ഉപമിക്കുന്നത് രാത്രിയുടെ ഇരുട്ടിനെയാണെന്നും മനസ്സിലാക്കാം. രാത്രിയുടെ ഇരുട്ട് നീങ്ങി പ്രഭാതം പുലരുന്നതുവരെ എന്ന് സാരം. ഈ വാക്യത്തിൻെറബാഹ്യാർത്ഥം അനുസരിച്ചു ചിലർ രാത്രി വെള്ളനൂലും കറുപ്പുനൂലും എടുത്തുവെച്ച് രണ്ടും തമ്മിൽ തിരിച്ചറിയുന്നത് പരിശോധിച്ചതായും, വെള്ളനൂൽ പ്രഭാതത്തെയും കറുപ്പുനൂൽ രാത്രിയുടെ ഇരുട്ടിനെയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് നബി (ﷺ) അവർക്ക് വിവരിച്ചുകൊടുത്തതായും ഹദീസുകളിൽ വന്നിട്ടുണ്ട്. (ഈ ഹദീസുകൾ ചിലരുടെ വിമർശനത്തിന് വിധേയമായിക്കാണുന്നു. ഇന്നത്തെപ്പോലെ സമയം കൃത്യമായി അറിയുവാൻ ഘടികാരങ്ങളോ മറ്റോ ഇല്ലാതിരുന്ന അക്കാലത്ത് ആ വാക്യത്തിൻെറ ബാഹ്യാവസ്ഥയിൽനിന്ന് കറുപ്പുനൂലും വെളുപ്പുനൂലും തമ്മിൽ തിരിച്ചറിയുന്നത് പ്രഭാതം പുലരുന്നതിൻെറ അടയാളമാണന്നു ധരിച്ചുകൊണ്ട് ശുദ്ധഗതിക്കാരായ ചില ആളുകൾ അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ അസാംഗത്യമായി ഒന്നുമില്ല. കേവലം സ്വാഭാവികമാണത്. (വാസ്തവം അല്ലാഹുവിനറിയാം.)

'പിന്നെ നിങ്ങൾ രാത്രിവരെ നോമ്പ് പൂർത്തിയാക്കുവിൻ' എന്നു പറഞ്ഞതിൽനിന്ന് നോമ്പിൻെറ തുടക്കം പ്രഭാതം മുതൽക്കാണെന്നും അതിൻെറ അവസാനം രാത്രിയാകുന്ന

തോടെ-അതെ, അസ്തമനത്തോടെ-യാണെന്നും മനസ്സിലായി. മറ്റൊരു സംഗതികൂടി ഈ വാക്യത്തിൽനിന്ന് വ്യക്തമാണ്. അതായത്, ഈ സമയത്തിന്നിടയിൽ ഭക്ഷണ പാനീയങ്ങൾ കഴിക്കുകയോ സ്ത്രീകളുമായി സംസർഗ്ഗം ഉണ്ടാകുകയോ പാടില്ലെന്നും, അതുമൂലം നോമ്പ് നഷ്ടപ്പെടുമെന്നും.

നോമ്പുകാലത്ത് അനുഷ്ഠിക്കപ്പെടാറുള്ളതും, നബി (ﷺ) വാക്കുമൂലവും പ്രവർത്തി മൂലവും വളരെ പ്രോത്സാഹനം നൽകിയിട്ടുള്ളതുമായ ഒരു പുണ്യ കർമ്മമാണ് 'ഇഅ്തി കാഫ് ' (الاعتكاف) ഏതെങ്കിലും ഒന്നിൽ നിന്ന് വേർപിരിയാതെ അതിൻെറ അടുക്കൽ ചുറ്റിപ്പറ്റി കഴിഞ്ഞുകൂടുക എന്നാണ് ആ വാക്കിൻെറ അർത്ഥം. അല്ലാഹുവിൻെറ ആരാധനയിലും, ധ്യാനം, പ്രാർത്ഥന മുതലായ സ്മരണകളിലുമായി പള്ളിയിൽ അടങ്ങിയിരിക്കുക എന്നാണ് അതിന് ഇസ്ലാമിലെ സാങ്കേതികമായ അർഥം. 'ഇഅ്തികാഫ് ' എല്ലാ കാലത്തും ചെയ്യാവുന്ന ഒരു പുണ്യകർമ്മമാകുന്നു. റമളാനിലും, വിശേഷിച്ച് അവസാനത്തെ പത്തു ദിവസങ്ങളിലും പ്രത്യേകം പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. നോമ്പ് സമയങ്ങളിൽ സ്ത്രീകളുമായുള്ള അടുപ്പത്തെക്കുറിച്ച് പറഞ്ഞപ്പോൾ-സന്ദർഭവശാൽ-ഇഅ്തികാഫിലും അത് പാടില്ലെന്ന് കൂടി അല്ലാഹു അറിയിക്കുന്നു: ''നിങ്ങൾ പള്ളികളിൽ 'ഇഅ്തികാഫ് ' ചെയ്യുന്നവരായിരിക്കുമ്പോഴും , അവരുമായി സ്പർശനം നടത്തരുത് '' 'ഇഅ്തികാഫി'ൽ ഭക്ഷണ പാനീയങ്ങളും മറ്റു നിത്യാവശ്യങ്ങളും തടയപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അവയൊന്നും പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ.

ഈ നിയമങ്ങളെല്ലാം വിവരിച്ചശേഷം അവയെ ചൂണ്ടിക്കൊണ്ട് പറയുന്നു: تلك حدود الله فلا تقربوها (അവ അല്ലാഹുവിൻെറ അതിർത്തികളാകുന്നു; അതുകൊണ്ടു അവയെ നിങ്ങൾ സമീപിക്കരുത്) അതായത്, മേൽപറഞ്ഞതെല്ലാം അല്ലാഹു നിശ്ചയിച്ച നിയമപരമായ അതിർത്തികളാണ്; ആ അതിർത്തി വിട്ടുകടക്കുന്നതും അത് ലംഘിക്കുന്നതും കുറ്റകരവും ശിക്ഷാർഹവുമാകുന്നു; അതുകൊണ്ട് ആ അതിർത്തികളുടെ അടുത്തുപോലും നിങ്ങൾ ചെല്ലരുത്: നിയമങ്ങളെ ലംഘിക്കുവാൻ അത് ഇടയാക്കിയേക്കും എന്ന് സാരം. വളരെ ശ്രദ്ധേയമായ ഒരു ഉപദേശമാണ് ഈ വാക്യം മൂലം അല്ലാഹു സത്യവിശ്വാസികൾക്ക് നൽകുന്നത്. അനുവാദത്തിൻെറ പരിധി എവിടെ വെച്ചവസാനിക്കുന്നുവോ അതേ ബിന്ദുവിൽനിന്നുതന്നെ നിരോധത്തിൻെറ പരിധി ആരംഭിക്കുകയും ചെയ്യുന്നു. രണ്ടിനുമിടയിലുള്ള അതിർത്തിവരമ്പ് കേവലം സാങ്കൽപികം മാത്രമായിരിക്കും. അതുകൊണ്ട് അനുവാദത്തിൻെറ പരിധി നിശ്ശേഷം ഉപയോഗപ്പെടുത്തുവാൻ തുനിയുമ്പോൾ, അതു നിരോധത്തിൻെറ വലയത്തിൽ ചെന്നുചാടുവാൻ എളുപ്പമാകുമല്ലോ. അനുവാദങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ അത്ര പോകരുതെന്നും, അതിർത്തിയുടെ ഏതാണ്ടടുത്തുവെച്ച് മതിയാക്കണമെന്നുമാണ് ഈ ഉപദേശത്തിലടങ്ങിയ തത്വം. ഇത് ഇവിടെ മാത്രമല്ല, എല്ലാ നിയമാതിർത്തികളിലും ഗൗനിക്കപ്പെടേണ്ടതാകുന്നു. വ്യഭിചാരം, അനാഥയുടെ ധനം കൈകാര്യം ചെയ്യൽപോലെയുള്ള കാര്യങ്ങളെക്കുറിച്ച് പറയുമ്പോഴും നിങ്ങൾ അവയെ സമീപിക്കരുത് (.....لا تقربو) എന്നുള്ള വാക്ക് ഖുർആനിൽ ഉപയോഗിച്ചുകാണാം. ഇതുകൊണ്ടൊന്നും മതിയാക്കാതെ, അവസാനമായി അല്ലാഹു ഈ വചനം ഇങ്ങിനെ അവസാനിപ്പിക്കുന്നു: അപ്രകാരം അല്ലാഹു അവൻെറ ആയത്തുകളെ മനുഷ്യർക്ക് വിവരിച്ചുകൊടുക്കുന്നു-അവർ സൂക്ഷമത പാലിച്ചേക്കാമല്ലോ. ആദ്യം (183-ാം വചനത്തിൽ) നോമ്പിൻെറ നിയമനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അവിടെ ''നിങ്ങൾ സൂക്ഷമത പാലിച്ചേക്കുവാൻവേണ്ടിയാണ് അത് (لعلكم تتقون)'' എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുകയുണ്ടായി. അതേ വാക്കുകൊണ്ട് തന്നെ നോമ്പിൻെറ വിഷയം ഇവിടെ അവൻ അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഈ വചനത്തിൻെറ ഉള്ളടക്കങ്ങളിലേക്കും, മേൽവിവരിച്ച ചില വിഷയങ്ങളിലേക്കും കൂടുതൽ വെളിച്ചം ലഭിക്കത്തക്ക ചുരുക്കം ചില നബി വചനങ്ങൾ ഇവിടെ ഓർക്കുന്നത്

നന്നായിരിക്കും. റസൂൽ (ﷺ) പറയുന്നു: (1) ''നിങ്ങൾ അത്താഴം (രാത്രിയുടെ അവസാന യാമത്തിലെ ഭക്ഷണം) കഴിക്കണം. നിശ്ചയമായും അത്താഴത്തിൽ ബറക്കത്തുണ്ട്.'' (ബു;മു) (2) ''നമ്മുടെ നോമ്പിനും വേദക്കാരുടെ നോമ്പിനുമിടക്കുള്ള വ്യത്യാസം അത്താഴവേളയിൽ ഭക്ഷണം കഴിക്കലാണ്.'' (മു) 3. ''എൻെറസമുദായം നോമ്പുതുറക്കൽ വേഗമാക്കുക (സമയമായ ഉടനെത്തന്നെ നോമ്പ് തുറക്കുക) യും, അത്താഴം പിന്തിച്ചാക്കുക (പ്രഭാതത്തോടടുത്ത സമയമാക്കുക) യും ചെയ്യുന്ന കാലത്തോളം അവർ ഗുണത്തിലായിരിക്കുന്നതാണ് '' (عليه السلام) . അല്ലാഹു നൽകുന്ന ഇളവും അനുവാദവും ഉപയോഗപ്പെടുത്തുന്നതിലുള്ള സന്തോഷവും നന്ദിയും പ്രകടമാക്കലാണല്ലോ അതുരണ്ടും. 4. ഒരാൾ വലിയ അശുദ്ദി (ജനാബത്ത്) യോടെ നേരം പുലർന്നാൽ അത് നോമ്പിന് തടസ്സമാകുമോ? എന്ന് ചോദിക്കപ്പെട്ടപ്പോൾ, നബി(ﷺ) പറഞ്ഞു: ''ഞാൻ ജനാബത്തുകാരനായിരിക്കെ എനിക്ക് നമസ്കാരം (സുബ്ഹ് നമസ്ക്കാരത്തിനുള്ള) സമയമാകാറുണ്ട്. എന്നിട്ടും ഞാൻ നോമ്പ് പിടിക്കുന്നു'' (ബു;മു.) അതായത്, 'ജനാബത്ത് ' ഉണ്ടായാൽനമസ്കാരത്തിന് മുമ്പ് കുളിക്കണമെന്നല്ലാതെ, നോമ്പിന് അത് തടസ്സമാകുകയില്ലെന്ന് സാരം. 5. ''ഈ ഭാഗത്തിലൂടെ രാത്രി മുന്നോട്ട് വരികയും, ഈ ഭാഗത്തിലൂടെപകൽ പിന്നോട്ട് പോകുകയും സൂര്യൻ അസ്തമിക്കുകയും ചെയ്യുമ്പോൾ നോമ്പുകാരന് നോമ്പില്ലാതായി.'' (ബു;മു) അസ്തമനത്തോടെ നോമ്പ് അവസാനിച്ചുവെന്ന് സാരം.

6. ആയിശാ (رضي الله عنها) പറയുകയാണ്: ''റസൂൽ (ﷺ) തിരുമേനി മരണമടയുന്നതു വരെ റമളാൻ അവസാനത്തെ പത്തു ദിവസങ്ങളിൽ 'ഇഅ്തികാഫ്' ചെയ്യുമായിരുന്നു പിന്നീട്, തിരുനമേനിയുടെ ശേഷം അവിടുത്തെ ഭാര്യമാരും 'ഇഅ്തികാഫ്' ചെയ്യാറുണ്ടായിരുന്നു.'' (ബു;മു.) 7. അബൂഹുറൈറ: (رضي الله عنه) നിവേദനം ചെയ്ത ഒരു ഹദീസിൻെറ അന്ത്യഭാഗം ഇങ്ങിനെയാകുന്നു: ''നബി (ﷺ) എല്ലാ കൊല്ലവും (റമളാനിലെ) പത്തു ദിവസം ഇഅ്തികാഫ് ചെയ്യാറുണ്ടായിരുന്നു. അവിടുന്ന് കാലഗതി പ്രാപിച്ച കൊല്ലത്തിൽ ഇരുപത് ദിവസം ഇഅ്തികാഫ് ചെയ്തു.'' (ബു.) ആയിശാ(رضي الله عنها) പ്രസ്താവിക്കുന്നു: ''റസൂൽ ഇഅ്തികാഫ് ചെയ്യുമ്പോൾ, അവിടുന്ന് പള്ളിയിൽ ഇരുന്നു കൊണ്ട് തല എൻെറ അടുക്കലേക്ക് (വെളിയിലേക്ക്) കാട്ടിത്തരും. എന്നിട്ട് ഞാൻ (തലമുടി) വാർന്നുകൊടുക്കും (മലമൂത്രവിസ്ർജ്ജനം മുതലായ) മനുഷ്യാവശ്യങ്ങൾക്കല്ലാതെ വീട്ടിൽ പ്രവേശിക്കാറില്ലായിരുന്നു.'' (ബു;മു.) 8. ഇഅ്തികാഫിലായിരിക്കുമ്പോൾ നബി (ﷺ) രോഗികളെ സന്ദർശിക്കുവാൻ പോയിരുന്നുവെന്നും, എന്നാൽ വഴിയിലൊന്നും അവിടുന്ന് തങ്ങിത്തിരിയാതെ നടന്നു പോകലായിരുന്നു പതിവെന്നു ആയിശാ (رضي الله عنها) പറഞ്ഞതായും ഹദീസിൽ വന്നിട്ടുണ്ട്. (ദാ ;ജ.)

وَلَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ وَتُدْلُوا۟ بِهَآ إِلَى ٱلْحُكَّامِ لِتَأْكُلُوا۟ فَرِيقًا مِّنْ أَمْوَٰلِ ٱلنَّاسِ بِٱلْإِثْمِ وَأَنتُمْ تَعْلَمُونَ ﴿١٨٨﴾

188 നിങ്ങൾ, നിങ്ങളുടെ സ്വത്തുക്കളെ നിങ്ങൾക്കിടയിൽ [തമ്മതമ്മിൽ] അന്യായമായ വഴിക്കു തിന്നരുത്; അവയെ വിധികർത്താക്കളിലേക്ക് (അഥവാ ഭരണാധികാരികളിലേക്ക്) ഇട്ടുകൊടുക്കുകയും (അരുത്) ; മനുഷ്യരുടെ സ്വത്തുക്കളിൽ നിന്ന് ഒരു വിഭാഗത്തെ നിങ്ങൾ അറിഞ്ഞുംകൊണ്ട് (തന്നെ) കുറ്റമായ നിലക്ക് നിങ്ങൾ തിന്നുവാൻ വേണ്ടി.

188 **ولا تأكلوا** നിങ്ങൾ തിന്നരുത്. **أموالكم** നിങ്ങളുടെ സ്വത്തുക്കളെ. **بينكم** നിങ്ങൾക്കിടയിൽ. **بالباطل** അന്യായം വഴി. **وتدلوا** ഇട്ട് കൊടുക്കുകയും (സമീപിക്കുകയും) . **بها** അതിനെ (അതുമായി) . **إلىَ الحكام** വിധികർത്താക്കളിലേക്ക്, ഭരണാധികാരികളുടെ അടുക്കൽ. **لتأكلوا** നിങ്ങൾ തിന്നുവാൻ വേണ്ടി. **فريقًا** ഒരു വിഭാഗം. **من أموال** സ്വത്തുക്കളിൽ (ധനത്തിൽ) നിന്ന്. **الناس** മനുഷ്യരുടെ. **بالإثم** കുറ്റ(കര) മായിട്ട്, തെറ്റായിക്കൊണ്ട്, പാപമായി. **وأنتم** നിങ്ങളോ. **تعلمونَ** അറിയുന്നു (താനും) .

സത്യവിശ്വാസികൾ സഹോദരന്മാരും, ഒരേ ശരീരത്തിന്റെ അവയവങ്ങളെപ്പോലെ വർത്തിക്കേണ്ടവരുമാണല്ലോ. ഇബ്നുജരീർ (ﷺ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ, ''അന്യരുടെ ധനം തിന്നരുത് '' എന്നു പറയാതെ ''നിങ്ങളുടെ ധനം തിന്നരുത് (لا تأكلوا اموالكم)'' എന്ന് പറഞ്ഞത് അതുകൊണ്ടാകുന്നു. ഇതുപോലെയുള്ള പ്രയോഗം 4:29 ലും കാണാം. കൂടാതെ, കൊലയെപ്പറ്റി പ്രസ്താവിച്ചപ്പോൾ, (4: 29ൽ തന്നെ) ''നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തരുത് (لا تقتلو انفسكم)'' എന്നും പറഞ്ഞിരിക്കുന്നു. ഇതെല്ലാം ഈ തത്വം തന്നെയാണ് സൂചിപ്പിക്കുന്നത്. അനുവദനീയവും ന്യായവുമല്ലാത്ത ഏതൊരു മാർഗ്ഗത്തിലൂടെയും ഒരാൾ മറ്റൊരാളുടെ ധനം കൈക്കലാക്കുവാൻ പാടില്ലെന്ന് മൊത്തത്തിൽ പറഞ്ഞ ശേഷം, അധികാരസ്ഥൻമാർ മുഖാന്തരം മറ്റുള്ളവരുടെ ധനം കൈക്കലാക്കുവാൻ ശ്രമിക്കുന്നതിനെക്കുറിച്ച് പ്രത്യേകം നിരോധിച്ചിരിക്കുകയാണ്. ''വിധികർത്താക്കളിലേക്ക് ധനത്തെ ഇട്ടുകൊടുക്കുക.'' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അന്യന്റെ ധനം കൈവശപ്പെടുത്തുവാൻ സാധിക്കുമാറുള്ള വിധിയും സ്വാധീനവും ലഭിക്കുവാൻ വേണ്ടി വിധികർത്താക്കളെ സമീപിക്കുക-അഥവാ അധികാരികളുടെ മുമ്പിൽ കള്ളക്കേസ് സമർപ്പിക്കുക-എന്നും, പ്രസ്തുത ആവശ്യാർത്ഥം അവർക്ക് കൈക്കൂലി കൊടുക്കുക എന്നും ആകാവുന്നതാണ്. രണ്ടായാലും ഫലത്തിൽ ഒരുപോലെത്തന്നെ. ധനം കൈക്കലാക്കുന്നതിനെ ഉദ്ദേശിച്ചാണ് 'തിന്നുക (تاكلوا)' എന്ന് പറഞ്ഞിരിക്കുന്നത്. അത് കേവലം നിന്ദ്യവും മൃഗീയവുമായ ഒരു നീചസ്വഭാവമാണെന്നുള്ള സൂചനയാണതിൽ അടങ്ങിയിരിക്കുന്നത്. അന്യന്റെ ധനം വഞ്ചിക്കുകയോ അക്രമിക്കുകയോ ചെയ്യുന്നതിനെപ്പറ്റി പറയുമ്പോൾ മലയാളക്കാർക്കിടയിലും 'തിന്നുക' എന്ന വാക്ക് ഉപയോഗിക്കാറുണ്ടല്ലോ.

റസൂൽ (ﷺ) അരുളി ചെയ്തതായി ഉമ്മുസലമഃ (رضي الله عنها) ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇതാകുന്നു: ''ഞാൻ ഒരു മനുഷ്യൻ തന്നെ. നിങ്ങൾ എന്റെ അടുക്കൽ കേസ്സ് സമർപ്പിക്കും. ഒരു പക്ഷേ, നിങ്ങളിൽ ചിലർ, മറ്റേവരെക്കാൾ തെളിവ് കൊണ്ടു വന്നിരിക്കാം. അങ്ങനെ, അയാളിൽ നിന്ന് ഞാൻ കേട്ടതനുസരിച്ച് അയാൾക്ക് ഞാൻ വിധിച്ചുകൊടുക്കുകയും ചെയ്തിരിക്കാം. എന്നാൽ, ഏതെങ്കിലും ഒരാൾക്ക് (യഥാർത്ഥത്തിൽ) അവന്റെ സഹോദരന് അവകാശപ്പെട്ട വല്ലതും ഞാൻ വിധിച്ചു കൊടുക്കുന്ന പക്ഷം, ഞാൻ അവന് വിധിച്ചുകൊടുക്കുന്നത് നരകത്തിൽ നിന്നുള്ള കഷ്ണമായിരിക്കുന്നതാണ്.'' (ബു;മു.) തെളിവനുസരിച്ചാണല്ലോ വിധികർത്താവ് കേസ്സുകളിൽ വിധി കൽപിക്കുക. തെളിവ് നൽകുന്നവന്റെ തെളിവുകളിലുള്ള കൃത്രിമങ്ങളുടെ ഉത്തരവാദിത്വവും, അതിനാൽ ഉണ്ടാകുന്ന ശിക്ഷയും അവനായിരിക്കും. അതിൽ വിധികർത്താക്കൾക്ക് ഉത്തരവാദിത്വമില്ല. അതുകൊണ്ട് വിധി കർത്താവ് വിധിച്ചതിന്റെ പേരിൽ, മറ്റൊരാളുടെ ധനം കൈവശപ്പെടുത്തുന്നത് അക്രമവും കുറ്റകരവുമാണ് എന്ന് സാരം. നബി (ﷺ) തിരുമേനി വിധിച്ച വിധിയുടെ സ്ഥിതിപോലും ഇതാണെങ്കിൽ, മറ്റുള്ള വിധികർത്താക്കളുടെ-അവർ ഇസ്ലാമിക നിയമമനുസരിച്ചുതന്നെ വിധിക്കുന്നവരായാലും ശരി-വിധിയെക്കുറിച്ച് പറയുവാനുണ്ടോ?! ഇന്നത്തെ കോടതികളെപോലെ, തെളിവുകളിലും വിധികളിലുമെല്ലാം തന്നെ, ഇസ്ലാമിന് നിരക്കാത്ത നിയമനടപടികൾ സ്വീകരിച്ചുകൊണ്ടുള്ള വിധികളാകുമ്പോൾ പ്രത്യേകിച്ചും! കോടതികളിൽ നിന്ന് വിധി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മറ്റൊരാളുടെ വസ്തുക്കൾ അന്യായമായി കൈവശപ്പെടുത്തുന്ന ആളുകൾക്ക് ആ വ്സുത്ക്കൾ മൂലം ലഭിക്കുന്നത് നരകത്തിലെ തീ കഷ്ണങ്ങളാണെന്ന് അവർ ഓർക്കേണ്ടതാണ്. ഇബ്നുഉമർ (رضي الله عنه) പ്രസ്താവിച്ചിരിക്കുന്നു: ''കൈക്കൂലി കൊടുക്കുന്നവനെയും, കൈക്കൂലി മേടിക്കുന്നവനെയും റസൂൽ (ﷺ) ശപിച്ചിരിക്കുന്നു.'' (ദാ;ജാ;തി.) അബൂഹുറൈറ (رضي الله عنه) യിൽ നിന്നുള്ള മറ്റൊരു രിവായത്തിൽ ''കൈക്കൂലി വാങ്ങിക്കൊടുക്കുന്നവനെയും'' എന്നുകൂടിയുണ്ട്. (അ;ബ.)

വിഭാഗം-24

189 (നബിയേ) അവർ നിന്നോട് മാസപ്പിറവികളെപ്പറ്റി ചോദിക്കുന്നതാണ് പറയുക: ''അവ മനുഷ്യർക്കും ഹജ്ജിനുമുള്ള സമയനിർണ്ണയങ്ങളാകുന്നു. നിങ്ങൾ വീടുകളിൽ അവയുടെ പുറഭാഗങ്ങളിലൂടെ ചെല്ലുന്നതു കൊണ്ടല്ല പുണ്യം (ലഭിക്കുന്നത്) . എങ്കിലും, സൂക്ഷ്മത പാലിച്ചവനത്രെ പുണ്യവാൻ. വീടുകളിൽ അവയുടെ വാതിലുകളിൽകൂടി (തന്നെ) ചെല്ലുകയും ചെയ്യുവിൻ; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

۞ يَسْـَٔلُونَكَ عَنِ ٱلْأَهِلَّةِ ۖ قُلْ هِىَ مَوَٰقِيتُ لِلنَّاسِ وَٱلْحَجِّ ۗ وَلَيْسَ ٱلْبِرُّ بِأَن تَأْتُوا۟ ٱلْبُيُوتَ مِن ظُهُورِهَا وَلَـٰكِنَّ ٱلْبِرَّ مَنِ ٱتَّقَىٰ ۗ وَأْتُوا۟ ٱلْبُيُوتَ مِنْ أَبْوَٰبِهَا ۚ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ﴿١٨٩﴾

---

189 **يسألونك** അവർ നിന്നോട് ചോദിക്കും, ചോദിക്കുന്നു. **عن الأهلة** മാസപ്പിറവികളെക്കുറിച്ച് (ബാലചന്ദ്രൻമാരെപ്പറ്റി) . **قُلْ** പറയുക. **هي** അവ. **مواقيت** സമയ നിർണ്ണയങ്ങളാണ്. **للناس** മനുഷ്യർക്ക്. **والحج** ഹജ്ജിനും. **وليس البر** പുണ്യമല്ല. **بأن تأتوا** നിങ്ങള ചെല്ലുന്നത്കൊണ്ട്. **البيوت** വീടുകളിൽ. **من ظهورها** അവയുടെ പിൻവശങ്ങളിലൂടെ, പുറങ്ങളിലൂടെ. **ولكن** എങ്കിലും. **البر** പുണ്യം, പുണ്യവാൻ. **من اتقى** സൂക്ഷ്മത പാലിച്ചവനാണ്. **وأتوا** നിങ്ങൾ ചെല്ലുകയും ചെയ്യുവിൻ. **البيوت** വീടുകളിൽ. **من أبوابها** അവയുടെ വാതിലുകളിലൂടെ. **واتقوا** സൂക്ഷിക്കുകയും ചെയ്യുവിൻ. **الله** അല്ലാഹുവിനെ. **لعلكم** നിങ്ങളായേക്കാം, ആകുവാൻവേണ്ടി. **تفْلحونَ** നിങ്ങൾ വിജയം പ്രാപിക്കുക..

മാസപ്പിറവി-അഥവാ ബാലചന്ദ്രൻ-എന്നർത്ഥമായ هلال (ഹിലാൽ) ൻെറ ബഹുവചനമാണ് أهلة (അഹില്ലത്ത്) بر എന്ന പദത്തിന് പുണ്യം എന്നും, പുണ്യവാൻ എന്നും അർത്ഥം വരുമെന്ന് 177-ാം വചനത്തിൽ കണ്ടുവല്ലോ. മാസപ്പിറവികളെപ്പറ്റി അവർ ചോദിക്കുന്നുവെന്നു മാത്രമേ അല്ലാഹു പറഞ്ഞിട്ടുള്ളു. ചോദ്യത്തിൻെറ വിശദരൂപം വിവരിക്കപ്പെട്ടിട്ടില്ല. മാസപ്പിറവി കാണുമ്പോൾ ചന്ദ്രൻ ക്ഷയിച്ചും പിന്നീട് വൃദ്ധി പ്രാപിച്ചുംകൊണ്ടിരിക്കുവാനുള്ള കാരണം, അതിലടങ്ങിയ രഹസ്യം ആദിയായവയെക്കുറിച്ചു ജനങ്ങൾ നബി (ﷺ) യോട് ചോദിക്കുകയുണ്ടായെന്ന് ചില രിവായത്തുകളിൽ വന്നിരിക്കുന്നു. ഇതു ശരിയാണെങ്കിൽ, ഗോളശാസ്ത്ര സംബന്ധമായ കുറേ മുഖവുരകൾ സഹിതമുള്ള ഒരു വിവരണമായിരിക്കും അതിനു മറുപടിയായി നൽകേണ്ടത്. എന്നാൽ, ഖുർആനെ സംബന്ധിച്ചിടത്തോളം-ശാസ്ത്രീയമായ അനേകം തത്വങ്ങളും വിജ്ഞാനങ്ങളും അതിൽ സ്വാഭാവികമായും അടങ്ങിയിട്ടുണ്ടെങ്കിലും-ശാസ്ത്രീയ തത്വങ്ങൾ വിവരിക്കുക അതിൻെറ ലക്ഷ്യമല്ല. അക്കാര്യം മനുഷ്യൻെറ ബുദ്ധിക്കും നിരീക്ഷണ പരീക്ഷണങ്ങൾക്കും വിട്ടുകൊടുത്തിരിക്കുകയാണ്. പ്രവാചകൻമാരുടെ പ്രബോധനത്തിൽ അതൊരു വിഷയവുമല്ല. കൂടാതെ, പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം അത്തരം വിവരണങ്ങൾ അവർക്ക് ഗ്രഹിക്കുവാൻ പ്രയാസവുമാകുന്നു. പ്രബോധന വിഷയങ്ങളാകട്ടെ, എല്ലാ തരക്കാർക്കും ഗ്രാഹ്യമായിരിക്കേണ്ടതുമുണ്ട്. അതുകൊണ്ട് ചോദിക്കപ്പെട്ട വിഷയത്തെപ്പറ്റി പരക്കെ മനസ്സിലാക്കാവുന്നതും, മതദൃഷ്ട്യാ അറിഞ്ഞിരിക്കേണ്ടതുമായ ഒരു മറുപടി മാത്രം നൽകുവാൻ അല്ലാഹു നബി(ﷺ) യോടു കൽപിക്കുന്നു. ''പറയുക: അവ മനുഷ്യർക്കും ഹജ്ജിനുമുള്ള കാലനിർണ്ണയങ്ങളാണെന്ന്.''

അതായത്, ലൗകീകമോ മതപരമോ ആയ കാര്യങ്ങളിൽ, സമയം നിർണ്ണയിച്ചറിയേണ്ടുന്ന ആവശ്യം നേരിടുന്ന എല്ലാ സന്ദർഭങ്ങളിലും--ഇന്നപ്പോൾ, ഇന്ന സമയം മുതൽ ഇന്ന സമയംവരെ എന്നൊക്കെ-നിർണ്ണയിക്കുവാൻ പൊതുവിലും, ഹജ്ജു സംബന്ധമായ കാര്യങ്ങളുടെ കാലം കണക്കാക്കുവാൻ പ്രത്യേകിച്ചും ഈ മാസപ്പിറവികൾ സഹായമാകുന്നുവെന്നു

സാരം. മതപരമായിത്തന്നെ, ഹജ്ജല്ലാത്ത പലതിലും സമയനിർണ്ണയത്തിൻെറ ആവശ്യങ്ങളുണ്ടല്ലോ. ഹജ്ജിനെ സംബന്ധിച്ചിടത്തോളം അതിൻെറ മാസങ്ങളും, ദിവസങ്ങളും നാഴികകളുമെല്ലാം ലോകമുസ്‌ലിംകൾക്കു പൊതുവിലും, ഹജ്ജിനു പോകുന്നവർക്കും അറബികൾക്കും പ്രത്യേകിച്ചും അറിയേണ്ടതായുണ്ട്. ഇതെല്ലാം മുൻനിറുത്തിക്കൊണ്ടാണ് ഹജ്ജിൻെറ കാര്യം പ്രത്യേകം അല്ലാഹു എടുത്തുപറയുന്നത്.

ഹജ്ജിൽ പ്രവേശിച്ചു കഴിഞ്ഞാൽ, അത് അവസാനിക്കുന്നതിനുമുമ്പു വീടുകളിൽ പ്രവേശിക്കേണ്ടി വരുമ്പോൾ, ശരിക്കുള്ള വാതിലുകളിലൂടെ അകത്തു കടക്കാതെ, ചുവർ കയറിയോ, പിൻപുറങ്ങളിലുള്ള ജനൽ പഴുതുകളിലൂടെയോ അകത്തു കടക്കുക ഒരു ജാഹിലിയ്യാ സമ്പ്രദായമായിരുന്നു. ഇതൊരു പുണ്യാചാരമായി അവർ ഗണിക്കുകയും ചെയ്തിരുന്നു. ചിലർ വീട്ടിൽനിന്നു യാത്ര പുറപ്പെട്ടുപോയശേഷം, വഴിയിൽ വെച്ചു വീട്ടിൽ വരേണ്ടുന്ന വല്ല ആവശ്യം നേരിട്ടാലും അങ്ങിനെ ചെയ്തിരുന്നവത്രെ. ഇത് നിരർത്ഥമായ ഒരു പതിവാണെന്നും, അതിൽ ഒരു പുണ്യവുമില്ലെന്നും, വീട്ടിൽ പ്രവേശിക്കുമ്പോഴെല്ലാം നേരെയുള്ള പ്രവേശന മാർഗ്ഗങ്ങളിൽകൂടിത്തന്നെ പ്രവേശിച്ചുകൊള്ളണമെന്നും, അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് സൂക്ഷ്മതയുള്ളവരായിരിക്കുന്നതിലാണ് പുണ്യമുള്ളതെന്നും, അതുകൊണ്ടേ വിജയവും മോക്ഷവും ലഭിക്കുകയുള്ളുവെന്നും അറിയിക്കുന്നതാണ് ആയത്തിൻെറ തുടർന്നുള്ള ഭാഗം. ഓരോ കാര്യത്തിലും പ്രവേശിക്കുന്നത് അതതിന് നേർക്കുനേരെയുള്ള മാർഗ്ഗങ്ങളിലൂടെയായിരിക്കണം-വളഞ്ഞ മാർഗ്ഗങ്ങളിലൂടെയാകരുത്-എന്ന അർത്ഥത്തിലുള്ള ഒരു ഉപമാവാക്യം കൂടിയാണ് وأتوا البيوت من ابوابها (വീടുകളിൽ അവയുടെ വാതിലുകളിൽകൂടി ചെല്ലുക) എന്ന വാക്യം.

وَقَٰتِلُواْ فِي سَبِيلِ ٱللَّهِ ٱلَّذِينَ يُقَٰتِلُونَكُمۡ وَلَا تَعۡتَدُوٓاْۚ إِنَّ ٱللَّهَ لَا يُحِبُّ ٱلۡمُعۡتَدِينَ ١٩٠

190 നിങ്ങളോട് യുദ്ധത്തിന് വരുന്നവരോട് അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധം ചെയ്യുവിൻ. നിങ്ങൾ അതിക്രമിക്കുകയുമരുത്. നിശ്ചയമായും, അല്ലാഹു അതിക്രമിക്കുന്നവരെ ഇഷ്ടപ്പെടുന്നതല്ല.

وَٱقۡتُلُوهُمۡ حَيۡثُ ثَقِفۡتُمُوهُمۡ وَأَخۡرِجُوهُم مِّنۡ حَيۡثُ أَخۡرَجُوكُمۡۚ وَٱلۡفِتۡنَةُ أَشَدُّ مِنَ ٱلۡقَتۡلِۚ وَلَا تُقَٰتِلُوهُمۡ عِندَ ٱلۡمَسۡجِدِ ٱلۡحَرَامِ حَتَّىٰ يُقَٰتِلُوكُمۡ فِيهِۖ فَإِن قَٰتَلُوكُمۡ فَٱقۡتُلُوهُمۡۗ كَذَٰلِكَ جَزَآءُ ٱلۡكَٰفِرِينَ ١٩١

191 കണ്ടുമുട്ടിയേടത്തുവെച്ച് നിങ്ങൾ അവരെ കൊലപ്പെടുത്തിക്കൊള്ളുവിൻ. അവർ നിങ്ങളെ പുറത്താക്കിയിടത്തുനിന്ന് നിങ്ങൾ അവരെ പുറത്താക്കുകയും ചെയ്യുവിൻ. 'ഫിത്‌ന' [കുഴപ്പം] കൊലയെക്കാൾ കഠിനമായിട്ടുള്ളതാകുന്നു. 'മസ്ജിദുൽ ഹറാമി'ങ്കൽ വെച്ച് അവർ നിങ്ങളോട് (ഇങ്ങോട്ട്) യുദ്ധത്തിന് വരുന്നതുവരെ, നിങ്ങൾ അവിടെ വെച്ച് അവരോട് (അങ്ങോട്ട്) യുദ്ധം ചെയ്യരുത്. ഇനി, അവർ (അവിടെ വെച്ച്) നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിൽ, അപ്പോൾ (അവിടെവെച്ച്) നിങ്ങൾ അവരെ കൊന്നുകൊള്ളുക. അപ്രകാരമാണ് അവിശ്വാസികളുടെ പ്രതിഫലം.

فَإِنِ ٱنتَهَوۡاْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٞ ١٩٢

192 എന്നാൽ, അവർ (പിൻമാറി) വിരമിച്ചെങ്കിൽ, നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

وَقَٰتِلُوهُمۡ حَتَّىٰ لَا تَكُونَ فِتۡنَةٞ وَيَكُونَ ٱلدِّينُ لِلَّهِۖ فَإِنِ ٱنتَهَوۡاْ فَلَا عُدۡوَٰنَ إِلَّا عَلَى ٱلظَّٰلِمِينَ ١٩٣

193 'ഫിത്ന' [കുഴപ്പം] ഉണ്ടാകാതിരിക്കുകയും,'ദീൻ' [മതം] അല്ലാഹുവിന് ആയിത്തീരുകയും ചെയ്യുന്നതുവരേക്കും നിങ്ങൾ അവരോട് യുദ്ധം നടത്തിക്കൊള്ളുവിൻ. അങ്ങനെ, അവർ വിരമിച്ചുവെങ്കിൽ, അപ്പോൾ (പിന്നെ) , അക്രമം ചെയ്യുന്നവർക്കെതിരെയല്ലാതെ അതിക്രമം ഇല്ല [പാടില്ല]

---

190 وقاتلوا യുദ്ധം ചെയ്യുവിൻ. في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. الذين യാതൊരുവരോട്. يقاتلونكم അവർ നിങ്ങളോട് യുദ്ധം ചെയ്യുന്നു. ولا تعتدوا അതിക്രമം ചെയ്യുകയുമരുത്. إن الله നിശ്ചയമായും അല്ലാഹു. لا يحب അവൻ ഇഷ്ടപ്പെടുകയില്ല. المعتدين അതിക്രമം ചെയ്യുന്നവരെ. 191 واقتلوهم അവരെ കൊല്ലുകയും ചെയ്യുവിൻ. حيث ഇടത്തുവെച്ച്. ثقفتموهم അവരെ കണ്ടുമുട്ടിയ. وأخرجوهم അവരെ പുറത്താക്കുകയും ചെയ്യുവിൻ. من حيث ഇടത്തിൽനിന്ന്. أخرجوكم അവർ നിങ്ങളെ പുറത്താക്കിയ. والفتنة കുഴപ്പം. أشد അധികംകഠിനമായതാണ്. من القتل കൊലയേക്കാൾ. ولا تقاتلوهم നിങ്ങളവരോട് യുദ്ധം ചെയ്യരുത്. عند المسجد الحرام മസ്ജിദുൽ ഹറാമിങ്കൽവെച്ച്. حتى يقاتلوكم അവർ നിങ്ങളോട് യുദ്ധം ചെയ്യുന്നതു വരെ . فيه അതിൽ. فإن قاتلوكم ഇനി അവർ നിങ്ങളോട് യുദ്ധം ചെയ്താൽ. فاقتلوهم നിങ്ങളവരെ കൊല്ലുവിൻ. كذلك അപ്രകാരമാണ്. جزاء പ്രതിഫലം പകരം കൊടുക്കൽ. الكافرين അവിശ്വാസികളുടെ. 192 فإن انتهوا എന്നാൽ (അങ്ങനെ, ഇനി) അവർ വിരമിച്ചാൽ. فإن الله എന്നാൽ നിശ്ചയമായും അല്ലാഹു. غفور വളരെ പൊറുക്കുന്നവനാണ്. رحيم കരുണാനിധിയാണ്. 193 وقاتلوهم അവരോട് യുദ്ധം ചെയ്യുക. حتى لا تكونَ ഉണ്ടാകാതിരിക്കുവോളം, ഇല്ലാതിരിക്കുന്നവരെ. فتنة കുഴപ്പം. ويكونَ الدين ദീൻ (മതം) ആകുകയും. لله അല്ലാഹുവിന്. فإن انتهوا അങ്ങനെ അവർ വിരമിച്ചാൽ. فلا عدوانَ അപ്പോൾ അതിക്രമമില്ല. إلا على الظالمين ആക്രമികളുടെ അല്ലാതെ.

മദീനായിൽവെച്ച് യുദ്ധസംബന്ധമായി ആദ്യഘട്ടങ്ങളിൽ അവതരിച്ച ഖുർആൻ വചനങ്ങളിൽപെട്ടവയാണ് ഈ വചനങ്ങൾ. ഇസ്‌ലാമിൻെറ ശത്രുക്കളുമായുള്ള ധർമ്മ യുദ്ധങ്ങളിൽ അനുവർത്തിക്കേണ്ടുന്ന പല അടിസ്ഥാനതത്വങ്ങളും ഈ വചനങ്ങൾ മുഖേന സത്യവിശ്വാസികൾക്ക് അല്ലാഹു പഠിപ്പിച്ചു കൊടുക്കുന്നു. ഇവയിലെ ഉള്ളടക്കം ഇങ്ങിനെ സംഗ്രഹിക്കാവുന്നതാണ്:-

(1) ''നിങ്ങളോട് യുദ്ധത്തിന് വരുന്നവരോട് അല്ലാഹുവിൻെറ മാർഗ്ഗത്തിലായി നിങ്ങൾ യുദ്ധം നടത്തിക്കൊള്ളുവിൻ.'' നിങ്ങളോട് യുദ്ധത്തിനു വരുന്നവർ എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം, സത്യവിശ്വാസികളോട് യുദ്ധം ചെയ്വാൻ പരിപാടിയിടുകയും, ഒരുക്കം കൂട്ടുകയും ചെയ്യുന്നവരാകുന്നു. ഇങ്ങോട്ടുവന്ന് യുദ്ധം തുടങ്ങിയ ശേഷമേ അങ്ങോട്ട് യുദ്ധം ചെയ്യാവൂ എന്ന് വെക്കുന്നത് വിഡ്ഢിത്തവും, ആത്മഹത്യാപരവുമാണല്ലോ. അതുകൊണ്ട് ഇങ്ങോട്ട് എതിർക്കുവാൻ തയ്യാറെടുത്ത് തക്കം പാർത്തുകൊണ്ടിരിക്കുന്നവരോട് യുദ്ധം ചെയ്തു കൊള്ളുവാൻ അല്ലാഹു കല്പിക്കുന്നു. യുദ്ധം ചെയ്യുന്നത് ശത്രുക്കളോട് പക വീട്ടുവാനോ, പേരിനും പെരുമക്കും വേണ്ടിയോ ആയിരിക്കാതെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ മാത്രമായിരിക്കണം-അഥവാ അല്ലാഹുവിൻെറ ദീനിൻെറ സുരക്ഷിതത്വത്തിനും, അവൻെറ വാക്യം ഉന്നതിപ്പെടുത്തുന്നതിനും വേണ്ടിയായിരിക്കണം-- എന്ന് പ്രത്യേകം ഉണർത്തുകയും ചെയതിരിക്കുന്നു. (2) ''അതിക്രമം ചെയ്യരുത്. നിശ്ചയമായും അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'' ഇങ്ങോട്ട് ചെയ്യണമെന്നുദ്ദേശ്യമില്ലാത്ത സമാധാനപ്രിയരായ-അല്ലെങ്കിൽ സഖ്യ ഉടമ്പടികൾ കാരണം അടങ്ങിയിരിക്കുന്ന-കൂട്ടരുടെ നേരെ യുദ്ധത്തിനൊരുങ്ങുക, യുദ്ധശാലികളല്ലാത്ത വൃദ്ധൻമാർ, കുട്ടികൾ, സ്ത്രീകൾ മുതലായവരെ വധിക്കുക. യുദ്ധത്തിൽവെച്ച് കൊല്ലപ്പെട്ടവരുടെ അംഗങ്ങൾ ഛേദിക്കുക പോലെയുള്ള കടുംകൈകൾ

ചെയ്യുക എന്നിത്യാദി കാര്യങ്ങൾ സത്യവിശ്വാസികളുടെ ഭാഗത്തുനിന്നുണ്ടാവാൻ പാടില്ലാത്തതും, അതെല്ലാം അല്ലാഹുവിന് ഇഷ്ടമില്ലാത്ത കാര്യങ്ങളുമാണെന്ന് സാരം. ഇത്തരം കാര്യങ്ങൾ പ്രത്യേകം നിരോധിച്ചുകൊണ്ടുള്ള പല ഹദീസുകളും കാണാവുന്നതുമാണ്.

(3) ‘‘അവരെ കണ്ടുമുട്ടിയിടത്തുവെച്ച് കൊലപ്പെടുത്തണം.’’ മേൽചൂണ്ടിക്കാട്ടിയ പ്രകാരം അങ്ങോട്ട് യുദ്ധം ചെയ്യപ്പെടുവാൻ അർഹരായ ശത്രുക്കളെ കിട്ടുന്ന തക്കം ഉപയോഗപ്പെടുത്തി വധിക്കുകതന്നെവേണം. അവരെ ബാക്കി വെക്കുന്നത് സത്യവിശ്വാസികൾക്കും ഇസ്‌ലാമിനും ആപത്തായിരിക്കുമെന്നാണ് ഇതിലടങ്ങിയ തത്വം. (4) ‘‘അവർ നിങ്ങളെ പുറത്താക്കിയിടത്തുനിന്ന് നിങ്ങൾ അവരെയും പുറത്താക്കിക്കൊള്ളുക.’’ മക്കാ മുശ്‌രിക്കുകൾ-അവരാണല്ലോ മുഖ്യ ശത്രു-നബി (ﷺ) യുടെയും, സത്യവിശ്വാസികളുടേയും നേരെ അഴിച്ചുവിട്ട മൃഗീയമായ അക്രമ മർദ്ദനങ്ങളാൽ നിൽക്കപ്പൊറുതിയില്ലാതെ നാടും വീടും വിട്ടോടിപ്പോന്നിരിക്കയാണല്ലോ അവർ. അതുപോലെ അവരെയും അവിടെനിന്ന് പുറത്താക്കണമെന്ന് സാരം. മക്കാ വിജയത്തൊടെ ഇത് പ്രയോഗത്തിൽ വരുകയും ചെയ്തു. മക്കയിലെ മുശ്‌രിക്കുകൾ മിക്കവാറും ഇസ്‌ലാമിനെ അംഗീകരിക്കുകയും ശിർക്കിൽതന്നെ ഉറച്ചുനിന്നവർ പുറത്താക്കപ്പെടുകയും, മേലിൽ മുശ്‌രിക്കുകൾക്ക് അവിടെ പ്രവേശനം നിരോധിക്കപ്പെടുകയും ചെയ്തു. ഈ നിരോധം അന്ന് തൊട്ട് ഇന്നോളം നിലവിലുണ്ടുതാനും.

(5) ‘‘ഫിത്ന’-അഥവാ കുഴപ്പം-കൊലയെക്കാൾ കഠിനമായതാണ്.’’ മനുഷ്യൻ കൊല്ലപ്പെടുന്ന കാര്യം ഒരു കഠിനകൃത്യം തന്നെ. എന്നാൽ, ഫിത്നയുടെ കാര്യം അതിലും ഭയങ്കരമാണ്. അതുകൊണ്ട് കൂടുതൽ ആപൽക്കരമായ അക്കാര്യം ഇല്ലാതാക്കുവാൻ വേണ്ടിയാണ് ശത്രുക്കളോട് യുദ്ധം ചെയ്യുവാനും, അവരെ കൊലപ്പെടുത്തുവാനും കൽപിക്കുന്നത് എന്ന് താൽപര്യം. ‘ഫിത്ന’ (الفتنة) എന്ന വാക്ക് പല അർത്ഥങ്ങളും വരുന്ന ഒരു പദമത്രെ. ‘(സ്വർണ്ണം മുതലായ ലോഹങ്ങൾ) തീയിൽ കാട്ടി ഉരുക്കുക, വഴിപിഴപ്പിക്കുക, ഭ്രാന്ത്, ആപത്ത്, പരീക്ഷണം,സ്വാഭിപ്രായത്തിൽ സംതൃപ്തി അടയുക, സമ്പത്തും സന്തതികളും, ആദർശത്തിലെ ഭിന്നിപ്പ്, പാപം, അവിശ്വാസം, അപമാനം, ശിക്ഷ, മർദ്ദനം’ എന്നീ അർത്ഥങ്ങളെല്ലാം സന്ദർഭമനുസരിച്ച് ആ പദത്തിന് വരും. ഈ അർത്ഥങ്ങളിൽ മിക്കതും ഉൾകൊള്ളുന്ന ഒരർത്ഥത്തിലാണ് അതിവിടെ നിലകൊള്ളുന്നത് എന്ന് പറയാം. താഴെ 217-ാം വചനത്തിൽ നിന്ന് ഏറെക്കുറെ ഈ വസ്തുത മനസ്സിലാക്കാവുന്നതുമാണ്. ഈ വാക്കുകൊണ്ട് ഇവിടെയുള്ള വിവക്ഷയെപ്പറ്റി ഖുർആൻ വ്യാഖ്യാതാക്കളുടെ വിവരണം പലതരത്തിലാണുള്ളത്. എല്ലാം ഫിത്നയുടെ ഓരോ വശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതാണതിന് കാരണമെന്ന് അവ പരിശോധിച്ചാൽ കാണാവുന്നതാണ്. മുശ്‌രിക്കുകളുടെ അവിശ്വാസവും, അതിനെത്തുടർന്ന് സത്യവിശ്വാസത്തിനും സത്യവിശ്വാസികൾക്കും എതിരെ അവർ അഴിച്ചുവിടുന്ന അക്രമ മർദ്ദനങ്ങളും നോക്കുമ്പോൾ, യുദ്ധം നിമിത്തം ഉണ്ടാകുന്ന ഭവിഷ്യത്തുകൾ അവയെക്കാൾ ലഘുവാണെന്നാണ് മൊത്തത്തിൽ അവയുടെ രത്നചുരുക്കം.

സഹാബികളുടെ കാലത്ത് നടന്ന ആഭ്യന്തര യുദ്ധങ്ങളിൽ പങ്കെടുക്കാതിരുന്ന ഇബ്നുഉമർ(رضي الله عنه) നോട് അതിനെപ്പറ്റി ചിലർ ചോദിക്കുകയും, അദ്ദേഹം അവരോട് മറുപടി പറയുകയും ചെയ്തതായി ബുഖാരീ(رحمه الله) ഉദ്ധരിച്ചിട്ടുണ്ട്. അതിൽ, (193 -ാം വചനത്തിലെ ‘‘ഫിത്ന ഉണ്ടാകാതിരിക്കുന്നതുവരെ യുദ്ധം ചെയ്യുവിൻ (وقاتلو هم حتي لاتكون فتنة’’) എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ എന്ന് ചോദ്യകർത്താവ് ചോദിച്ചതിന് അദ്ദേഹം ഇങ്ങിനെ മറുപടി പറഞ്ഞുകാണും: ‘‘ഫിത്ന ഇല്ലാതാകുകയും, മതം അല്ലാഹുവിനായിരിക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾ യുദ്ധം ചെയ്തിരിക്കുന്നു. നിങ്ങൾ, ഫിത്ന ഉണ്ടാകുകയും മതം അല്ലാഹുവിനല്ലാതിരിക്കുകയും ചെയ്യുന്നതുവരെ യുദ്ധം ചെയ്വാൻ ഉദ്ദേശിക്കുകയാണ്.’’ മറ്റൊരു വാചകത്തിൽ ഇങ്ങിനെയാണ് അദ്ദേഹം പറഞ്ഞത്: ‘‘അതെ, റസൂൽ (ﷺ) തിരുമേനിയുടെ കാലത്ത് ഞങ്ങൾ അങ്ങിനെ ചെയ്തിട്ടുണ്ട്. അന്ന് ഇസ്‌ലാം (മുസ്‌ലിംകൾ) അൽപമായിരുന്നു. അതിനാൽ, മനുഷ്യൻ തന്റെ

മത കാര്യത്തിൽ ഫിത്നക്ക് (പരീക്ഷണത്തിന്) വിധേയനാകുമായിരുന്നു. ഒന്നുകിൽ അവൻ കൊല്ലപ്പെടും, അല്ലെങ്കിൽ മർദ്ദിക്കപ്പെടും. അങ്ങനെ, ഇസ്ലാം (മുസ്ലിംകൾ) വർദ്ധിച്ചു. അപ്പോൾ ഫിത്ന ഇല്ലാതായി.......''

(6) ''മസ്ജിദുൽ ഹറാമിൻെറ അടുക്കൽവെച്ച് അവർ (ശത്രുക്കൾ) ഇങ്ങോട്ട് യുദ്ധം ചെയ്യുന്നതുവരെ അവിടെ വെച്ച് നിങ്ങൾ അങ്ങോട്ട് യുദ്ധം ചെയ്യരുത്.'' മസ്ജിദുൽ ഹറാമിൻെറ അടുക്കൽ എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം മക്ക ഹറമാകുന്നു. ഇബ്രഹീം നബി (عليه السلام) കഅബാ മന്ദിരംകെട്ടി ഉയർത്തുകയും, ആ രാജ്യം ഒരു നിർഭയമായ രാജ്യമാക്കിത്തീർക്കുവാൻവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത വിവരം മുമ്പ് പറഞ്ഞുവല്ലോ. അന്ന് തൊട്ട് മക്കാ ഹറമിൽ യുദ്ധമോ കയ്യേറ്റങ്ങളോ ഒന്നും പാടില്ലെന്ന് എല്ലാ കാലത്തുമുള്ള അറബികൾ പൊതുവെ സ്വീകരിച്ചും പാലിച്ചും വന്നിട്ടുള്ളതാണ്. ജാഹിലിയ്യാ കാലത്തുപോലും അതിൽ മാറ്റമുണ്ടായിട്ടില്ല. മുസ്ലിം കളെ സംബന്ധിച്ചിടത്തോളം അവർ ഈ തത്വം സ്വീകരിക്കുവാൻ കൂടുതൽ ബാദ്ധ്യസ്ഥരാണല്ലോ. അതിനാൽ, യുദ്ധത്തിന് വട്ടം കൂട്ടുന്ന ശത്രുക്കളെ എവിടെവെച്ചു കണ്ടു കിട്ടിയാലും കൊലപ്പെടുത്തണമെന്ന് പറഞ്ഞതിൽനിന്ന് മക്കാഹറം സ്വഭാവേന ഒഴിവാകുന്നു. പക്ഷെ, അതുകാരണത്താൽ, ശത്രുക്കൾ കഅ്ബയുടെ പരിസരത്തുവെച്ചു തന്നെ യുദ്ധത്തിനൊരുങ്ങിയാലും മുസ്ലിംകൾ അവരോട് നേരിടാതെ--കയ്യുംകെട്ടി--നിൽക്കണ മെന്നുണ്ടോ? ഇല്ല. അതുവേണ്ടതില്ല. അവിടെ വെച്ച് മുസ്ലിംകൾ അങ്ങോട്ട് യുദ്ധം ആരംഭിക്കുവാൻ പാടില്ല. നേരെമറിച്ച് ശത്രുക്കൾ അവിടെ വെച്ചു ഇങ്ങോട്ട് യുദ്ധം തുടങ്ങുന്നപക്ഷം പിന്നെ പിൻമാറേണ്ടതില്ല. അവിടെവെച്ചുതന്നെ അങ്ങോട്ടും നടപടി എടുത്തുകൊള്ളണം. എന്നൊക്കെ അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുകയാണ്.

(7) ''എന്നാൽ, അവർ (ശത്രുക്കൾ) വിരമിച്ചുവെങ്കിൽ അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'' അതെ, ശത്രുക്കൾ അവരുടെ നിലപാടുമാറ്റി സത്യവിശ്വാസം സ്വീകരിക്കുകയും, യുദ്ധങ്ങളും എതിർപ്പുകളും ഉപേക്ഷിക്കുകയും ചെയ്താൽ അല്ലാഹു അവർക്ക് മാപ്പ് നൽകുന്നതാണ്. മുമ്പു ചെയ്ത അക്രമങ്ങളുടെ പേരിൽ അവരോട് നടപടി എടുക്കുകയില്ല. (8) ''ഫിത്ന ഉണ്ടാകാതിരിക്കുകയും, ദീൻ അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ അവരുമായി യുദ്ധം നടത്തിക്കൊള്ളുക'' അഥവാ യുദ്ധ നടപടികൾമൂലം സാധിക്കേണ്ടുന്ന രണ്ടു കാര്യങ്ങളാണ് ഫിത്ന ഇല്ലാതാവലും, മതം അല്ലാഹുവിനായിരിക്കലും. എന്നുവെച്ചാൽ, മേൽ പ്രസ്താവിച്ചതുപോലെയുള്ള കുഴപ്പങ്ങൾ അവസാനിക്കുകയും, അല്ലാഹുവിൻെറ മതമാകുന്ന ഇസ്ലാമിനെതിരെ ആക്രമണങ്ങളും കൈകടത്തലുകളും ഇല്ലാതായിത്തീരുകയും, അതിനു ലോകത്ത് അഭിമാനപൂർവ്വം സ്വൈരവിഹാരം കൊള്ളു മാറാകുകയും ചെയ്യുന്ന സന്ദർഭം എപ്പോൾ ഉണ്ടാകുന്നുവോ, അതുവരെ യുദ്ധത്തിൻെറ ആവശ്യകത നിലവിലുണ്ടായിരിക്കും എന്ന് താൽപര്യം. അല്ലാതെ, ലോകത്ത് എവിടെയും ശിർക്കും, കുഫ്റും അവശേഷിക്കാതെ എല്ലാ മനുഷ്യരും മുസ്ലിംകളായിത്തീരുന്നതുവരെ യുദ്ധം നടത്തിക്കൊണ്ടിരിക്കണമെന്നല്ല ഇതിൻെറ അർത്ഥം. ഇസ്ലാമിൽ അങ്ങിനെ ഒരു വിധിയി ല്ലതാനും. മതവിഷയത്തിൽ നിങ്ങളോട് യുദ്ധം നടത്തുകയോ നിങ്ങളെ നിങ്ങളുടെ വാസ സ്ഥലങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിക്കുകയോ ചെയ്യാത്തവർക്ക് നൻമ ചെയ്യുകയും, അവരോട് നീതിമുറ പാലിക്കുകയും ചെയ്യുന്നതിന് വിരോധമില്ലെന്നും, മതവിഷയത്തിൽ നിങ്ങളോട് യുദ്ധം നടത്തുകയും നിങ്ങളുടെ വാസസ്ഥലങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിക്കുകയും അതിന് പിന്തുണ നൽകുകയും ചെയ്യുന്നവരോട് നിങ്ങൾ മൈത്രി കാണിക്കുന്നത് മാത്രമേ വിരോധമുള്ളുവെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്. (സൂ: മുംതഹിന:8,9 നോക്കുക)

(9) ''അവർ വിരമിച്ചാൽ പിന്നെ അക്രമകാരികൾക്കതിരായിട്ടല്ലാതെ അതിക്രമം പാടില്ല.'' അതായത്, ശത്രുക്കൾ അവരുടെ അക്രമമർദ്ദനങ്ങളും കയ്യേറ്റങ്ങളും നിറുത്തൽ ചെയ്താൽ മുസ

ലിംകളുടെ ഭാഗത്തുനിന്ന് അവര്‍ക്കെതിരെ യുദ്ധമോ ആക്രമണമോ ഒന്നും ഉണ്ടായിക്കൂടാ. ഉണ്ടാകുന്നപക്ഷം അത് അക്രമവും അനീതിയുമായിരിക്കും. അവര്‍ മുമ്പ് അക്രമികളായിരുന്നുവെന്നുവെച്ച് ഇപ്പോള്‍ അവരുടെ നേരെ അത്തരം നടപടികളൊന്നും എടുക്കുവാന്‍ പാടില്ല എന്നു സാരം. അക്രമികള്‍ ഇങ്ങോട്ട് സ്വീകരിക്കുന്ന അതിക്രമങ്ങള്‍ക്കു പകരം അതേ മാതിരി അങ്ങോട്ടും നടപടികള്‍ സ്വീകരിക്കുന്നതിനെ ഉദ്ദേശിച്ചാണ് ഇവിടെ അതിക്രമം (عدوان) എന്നു പറഞ്ഞിരിക്കുന്നതെന്ന് അടുത്ത വചനത്തില്‍ നിന്നു മനസ്സിലാക്കാം. യഥാര്‍ത്ഥത്തില്‍ ഇത് അതിക്രമമല്ലെങ്കിലും ബാഹ്യത്തില്‍ അതിക്രമതുല്യമാണല്ലോ.

ٱلشَّهْرُ ٱلْحَرَامُ بِٱلشَّهْرِ ٱلْحَرَامِ وَٱلْحُرُمَٰتُ قِصَاصٌ ۚ فَمَنِ ٱعْتَدَىٰ عَلَيْكُمْ فَٱعْتَدُوا۟ عَلَيْهِ بِمِثْلِ مَا ٱعْتَدَىٰ عَلَيْكُمْ ۚ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ مَعَ ٱلْمُتَّقِينَ ﴿١٩٤﴾

194 'ഹറാമാ'യ [പവിത്രമായ] മാസം 'ഹറാമാ'യ [പവിത്രമായ] മാസത്തിന് (പകരം) ആകുന്നു. 'ഹുര്‍മത്തു'[പവിത്ര വസ്തു]ക്കളും പ്രതിക്രിയ (നടത്തപ്പെടുന്നവ) യാകുന്നു. ആകയാല്‍, ആരെങ്കിലും നിങ്ങളുടെമേല്‍ അതിക്രമം പ്രവര്‍ത്തിച്ചാല്‍, നിങ്ങളുടെ മേല്‍ അവന്‍ അതിക്രമം പ്രവര്‍ത്തിച്ച (അതേ) മാതിരിയില്‍ നിങ്ങള്‍ അവന്‍റെ മേലും അതിക്രമം പ്രവര്‍ത്തിച്ചുകൊള്ളുവിന്‍; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിന്‍. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെകൂടെയായിരിക്കുമെന്ന് നിങ്ങള്‍ അറിഞ്ഞുംകൊള്ളുവിന്‍.

---

194 **الشهر** മാസം. **الحرام** ഹറാമായ, അലംഘ്യമായ, പവിത്രമായ. **بالشهر** മാസത്തിനു (പകരം) ആകുന്നു. **الحرام** ഹറാമായ. **والحرمات** ഹുര്‍മത്തുകള്‍, അലംഘ്യവസ്തുക്കള്‍, പവിത്രമായവ. **قصاص** പ്രതികാരമാകുന്നു. **فمن** അതിനാല്‍ (അപ്പോള്‍) ആരെങ്കിലും. **اعتدى** അതിക്രമം ചെയ്തു, അതിരുവിട്ടു. **عليكم** നിങ്ങളുടെ മേല്‍, നിങ്ങള്‍ക്കെതിരെ. **فاعتدوا** എന്നാല്‍ അതിക്രമം ചെയ്തുകൊള്ളുവിന്‍. **عليه** അവന്‍റെമേല്‍ (എതിരില്‍) . **بمثل** പോലെയുള്ളതുകൊണ്ട്, മാതിരിയില്‍. **ما اعتدى** അവന്‍ അതിക്രമം ചെയ്തത്. **عليكم** നിങ്ങളുടെമേല്‍. **واتقوا الله** അല്ലാഹുവിനെ സൂക്ഷിച്ചും കൊള്ളുവിന്‍. **واعلموا** അറിയുകയും ചെയ്യുക. **أن الله** അല്ലാഹു ആണെന്ന്. **مع المتقين** സൂക്ഷിക്കുന്നവരോടുകൂടെ.

അലംഘ്യത, പവിത്രത, ആദരണീയത, നിഷിദ്ധത എന്നിങ്ങിനെയുള്ള അര്‍ത്ഥങ്ങള്‍ ഉള്‍ക്കൊള്ളുന്ന വാക്കുകളാണ് حرمة ،حرام (ഹറാം, ഹുര്‍മത്ത്) എന്നിവ. പവിത്രമായ മാസം (الشهر الحرام) എന്നു പറഞ്ഞത് യുദ്ധം നിഷിദ്ധമായ പവിത്രമാസങ്ങളെയും, പവിത്ര വസ്തുക്കള്‍ (حرمات) എന്നു പറഞ്ഞത് അനാദരിക്കപ്പെടുവാന്‍ പാടില്ലാത്ത എല്ലാ പവിത്ര വസ്തുക്കളെയും ഉദ്ദേശിച്ചാകുന്നു. ദുല്‍ഖഅ്ദ്, ദുല്‍ഹജ്ജ്, മുഹറം എന്നീ തുടര്‍ച്ചയായ മൂന്നു മാസങ്ങളും, റജബു മാസവും കൂടി നാലു മാസങ്ങളാണ് യുദ്ധം നിരോധിക്കപ്പെട്ട മാസങ്ങള്‍. ആരാധനാ സ്ഥലങ്ങള്‍, പൊതുസ്ഥാപനങ്ങള്‍, പുണ്യദിവസങ്ങള്‍, പുണ്യസ്ഥലങ്ങള്‍ ആദിയായവയെല്ലാം പവിത്രമായ വസ്തുക്കളിലും ഉള്‍പ്പെടുന്നു.

നാനാഭാഗങ്ങളില്‍ നിന്നും ഹജ്ജിനു വരുന്ന ആളുകള്‍ക്ക് ഭയാശങ്കകളൊന്നും കൂടാതെ, സ്വൈര്യപൂര്‍വ്വം ഹജ്ജുകര്‍മ്മങ്ങള്‍ നിറവേറ്റി തിരച്ചുപോകുവാന്‍ വേണ്ടിയാണ് ആദ്യത്തെ മൂന്നു മാസങ്ങള്‍ തുടര്‍ച്ചയായി പവിത്രമാസങ്ങളാക്കപ്പെട്ടിരിക്കുന്നത്. ഹജ്ജിന്‍റെ പ്രധാനകര്‍മ്മങ്ങള്‍ നടക്കുന്നത് ദുല്‍ഹജ്ജിലാണെങ്കിലും ദൂരദിക്കില്‍നിന്ന് വരുന്നവരുടെയും മടങ്ങുന്നവരുടെയും സൗകര്യവും മറ്റും കണക്കിലെടുത്തുകൊണ്ട് അതിന്‍റെമുമ്പും പിമ്പും ഓരോ മാസവും കൂട്ടിച്ചേര്‍ക്കപ്പെട്ടിരിക്കുകയാണ്. ഇടക്കുവെച്ച് ഉംറാകര്‍മ്മം ചെയ്വാന്‍

ആഗ്രഹിക്കുന്നവർക്ക് അത് നിർവ്വഹിച്ചുപോകുവാൻ സൗകര്യപ്പെടുമാറ് റജബുമാസവും പവിത്രമാക്കപ്പെട്ടിരിക്കുന്നു. ഈ മാസങ്ങളിൽ യുദ്ധങ്ങളും ആക്രമണങ്ങളുമില്ലാതെ എല്ലാവരും സമാധാനത്തിലായിരിക്കണമെന്നുള്ളത് അറബികൾക്കിടയിൽ പൊതുവെ അംഗീകരിക്കപ്പെട്ടുവന്നിരുന്ന ഒരു തത്വമാകുന്നു. 217-ാം വചനത്തിൽ കാണാവുന്നതുപോലെ, ഇസ്‌ലാമിലും നിലവിലുള്ള നിയമമാണത്. എന്നാൽ, പ്രസ്തുത മാസങ്ങളിൽപെട്ട ഏതെങ്കിലും ഒന്നിൽവെച്ച് യുദ്ധം അത്യാവശ്യമാണെന്നു കണ്ടാൽ ആ മാസത്തിൽ തന്നെ യുദ്ധം നടത്തുകയും, അതിനുപകരം മറ്റൊരു മാസത്തെ പവിത്രമാസമായി ആചരിക്കുകയും ചെയ്യുന്ന ഒരു പതിവ് ജാഹിലിയ്യാ കാലത്ത് അറബി മുശ്‌രിക്കുകൾ സ്വീകരിച്ചു വന്നിരുന്നു. (ഇതിനെപ്പറ്റി സൂ:തൗബ:37ൽ പ്രസ്താവിക്കുന്നുണ്ട്)

ശത്രുക്കൾ ഹറമിൽ വെച്ച് ഇങ്ങോട്ട് യുദ്ധത്തിനൊരുങ്ങുമ്പോൾ, അവിടെ വെച്ചുതന്നെ അവരോട് യുദ്ധം നടത്തണമെന്ന് കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. അതുപോലെ, ഈ പവിത്രമാസങ്ങളെ അനാദരിച്ചുകൊണ്ട് അവർ യുദ്ധത്തിന് വന്നാൽ അപ്പോൾ, ആ മാസങ്ങളുടെ പവിത്രത കാരണം പിന്നോക്കം നിൽക്കാതെ മുസ്‌ലിംകളും അവരോട് ഏറ്റുമുട്ടണമെന്നും, അങ്ങനെ ആ അതിക്രമണത്തിനെതിരിൽ അതേ മാതിരി നടപടി അങ്ങോട്ടും സ്വീകരിക്കണമെന്നും ഈ വചനത്തിൽ അല്ലാഹു സത്യവിശ്വാസികളോട് കൽപിക്കുന്നു. മാത്രമല്ല, അലംഘ്യവും ആദരണീയവുമായി കരുതപ്പെടുന്ന മറ്റേത് പവിത്രവസ്തുക്കളെയോ വസ്തുതകളെയോ അവഗണിച്ചുകൊണ്ട് അവർ നടത്തുന്ന ഏതു അക്രമങ്ങളിലും അതേപടി അങ്ങോട്ടും പ്രതികാരം ചെയ്യുന്നതാവശ്യമാണെന്ന ഒരു പൊതു തത്വം കൂടി അല്ലാഹു അറിയിക്കുന്നു. ഈ തത്വം സ്വീകരിക്കാത്ത പക്ഷം--ശത്രുക്കൾ ചെയ്യുന്നതുപോലെ നമുക്ക് അങ്ങിനെ ചെയ്തുകൂടാ എന്നുവെച്ച് മുസ്‌ലിംകൾ ഒഴിഞ്ഞുനിൽക്കുന്ന പക്ഷം-അതിന്റെ ഭവിഷ്യത്ത് പറയേണ്ടതില്ലല്ലോ. എന്നാൽ, ഈ പ്രതികാര നടപടിയിലും തങ്ങളുടെ പക്കൽ നിന്ന് വല്ല പാകപ്പിഴവുകളും ഉണ്ടാകുന്നത് പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ടെന്നും, അങ്ങിനെ സൂക്ഷിക്കുന്നവരുടെ പക്ഷത്ത് അല്ലാഹു ഉണ്ടായിരിക്കുമെന്നും പ്രത്യേകം ഉണർത്തുകയും ചെയ്തിരിക്കുന്നു.

وَأَنفِقُواْ فِي سَبِيلِ ٱللَّهِ وَلَا تُلۡقُواْ بِأَيۡدِيكُمۡ إِلَى ٱلتَّهۡلُكَةِ وَأَحۡسِنُوٓاْ إِنَّ ٱللَّهَ يُحِبُّ ٱلۡمُحۡسِنِينَ ١٩٥

195 നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുവിൻ. നിങ്ങളുടെ കൈകളെ നിങ്ങൾ നാശത്തിലേക്ക് ഇട്ടേക്കുകയും ചെയ്യരുത്. നിങ്ങൾ നന്മ പ്രവർത്തിക്കുകയും ചെയ്യണം. നിശ്ചയമായും, നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നതാണ്.

---

195 **وأنفقوا** നിങ്ങൾ ചിലവഴിക്കുവിൻ. **في سبيل** മാർഗ്ഗത്തിൽ. **لله** അല്ലാഹുവിന്റെ. **ولا تلقوا** ഇടുകയും ചെയ്യരുത്. **بأيديكم** നിങ്ങളുടെ കൈകളെ. **إلى التهلكة** നാശത്തിലേക്ക്, അപായത്തിലേക്ക്. **وأحسنوا** നിങ്ങൾ നൻമ ചെയ്യുവിൻ. നന്നായി പ്രവർത്തിക്കുകയും ചെയ്യുവിൻ. **إن الله** നിശ്ചയമായും അല്ലാഹു. **يحب** ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു. ³\ **المحسنين**മ ചെയ്യുന്നവരെ, നന്നായി പ്രവർത്തിക്കുന്നവരെ..

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നാടും, വീടും, സമ്പത്തും നൽകി സഹായിച്ചുകൊണ്ടിരുന്ന അൻസാരികളായ ചില സഹാബികൾ-ഇസ്‌ലാമിന് പ്രതാപവും ശക്തിയും സിദ്ധിച്ചു കഴിഞ്ഞപ്പോൾ-ഇനി നാം മുമ്പത്തെ അത്രതന്നെ ചിലവഴിക്കേണ്ടുന്ന ആവശ്യമില്ലെന്നും, നമുക്ക് നമ്മുടെ സ്വത്തും ധനവുമൊക്ക അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിക്കാമെന്നും തമ്മതമ്മിൽ സ്വകാര്യം പറയുകയുണ്ടായി. അതിനെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്ന് അബൂഅയ്യൂബിൽ അൻസാരീ (رضي الله عنه) യുടെ ഒരു ഹദീസിൽ വന്നിരിക്കുന്നു. (മു; ജ; ന; തി.) അവതരണസന്ദർഭം അതായിരുന്നാൽ തന്നെയും ആയത്തിന്റെ ഉള്ളടക്കം പൊതുവെ ബാധകമാണെന്നുള്ളതിൽ സംശയമില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഴിയുന്നത്ര ധനം

ചിലവഴിക്കണമെന്നും, പിശുക്കു പിടിച്ച് നാശഗർത്തത്തിൽ പതിക്കുവാൻ ഇടവരാതെ സൂക്ഷിക്കണമെന്നും സത്യവിശ്വാസികളോട് ഈ വചനത്തിൽ അല്ലാഹു കൽപിക്കുന്നു. ചെയ്യുന്ന കാര്യങ്ങൾ നന്നായും, നിഷ്കളങ്കമായും, ഭംഗിയായും ചെയ്യണമെന്നും, അങ്ങിനെ ചെയ്യുന്നവരുടെ പക്ഷത്തായിരിക്കും അല്ലാഹു-അഥവാ അവൻെറ കാരുണ്യവും സഹായവും അവർക്കാണ് ലഭിക്കുക-എന്നും ഉണർത്തിക്കൊണ്ട് അവരെ അതിന് ആവേശഭരിതരാക്കുകയും ചെയ്യുന്നു.

فى سبيل الله (അല്ലാഹുവിൻെറമാർഗ്ഗത്തിൽ) എന്ന് പറഞ്ഞതിൽ, അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാ വിഷയങ്ങളും ഉൾപ്പെടും. ഇസ്ലാമിൻെറ നിലനിൽപിനും അഭിവൃദ്ധിക്കും വളർച്ചക്കും ആവശ്യമായ കാര്യങ്ങൾ, ശത്രുക്കളുമായുള്ള സമരങ്ങൾ ആദിയായവ അവയുടെ മുൻപന്തിയിൽ നിലകൊള്ളുന്നു. കഴിഞ്ഞ വചനങ്ങളിൽ ശത്രുക്കളുമായി യുദ്ധം നടത്തുന്നത് സംബന്ധിച്ച പലതും വിവരിച്ചതിനെത്തുടർന്നാണ് ഈ വചനത്തിൽ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കുവാൻ കൽപിക്കുന്നതെന്ന് ഓർക്കുമ്പോൾ, ഈ അവസാനം പറഞ്ഞ കാര്യമാണ് ഇവിടെ മുഖ്യമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് കരുതാവുന്നതാണ്. നിങ്ങളുടെ കൈകളെ നാശത്തിലേക്ക് ഇടരുത് (ولا تلقوا بايديكم الى التهلكة) എന്ന വാക്യം സത്യവിശ്വാസികൾ വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മേൽ സൂചിപ്പിച്ചതുപോലെയുള്ള വിഷയങ്ങളിൽ--മതസംബന്ധമായ സമരകാര്യങ്ങളിൽ വിശേഷിച്ചും--ധനം ചിലവഴിക്കുവാൻ നിങ്ങൾ മുന്നോട്ട് വരാത്ത പക്ഷം, അത് നിങ്ങളുടെ ശത്രുക്കൾക്ക് ശക്തി വർദ്ധിക്കുവാനും, നിങ്ങളുടെ ഭാവി അപകടപ്പെടുവാനും കാരണമായേക്കും; അതുകൊണ്ട് അതിന് ഇടവരുത്തരുത് എന്നുള്ള ഒരു താക്കീതാണിത്.

വേണ്ടപ്പെട്ട വിഷയങ്ങളിൽ ചിലവഴിക്കാതിരിക്കുന്നത് നിങ്ങളുടെ നാശത്തിന് ഹേതുവായേക്കുമെന്നും, അത് സൂക്ഷിക്കണമെന്നും മാത്രമല്ല, വേണ്ടാത്ത വിഷയത്തിൽ ധനം ചിലവഴിച്ച് നിങ്ങൾക്ക് ആപത്ത് പിണയുവാൻ ഇടയുണ്ടെന്നും, അതിന് ഇടവരുത്തരുതെന്നുകൂടി ആ വാക്യത്തിൽ സൂചനയുണ്ട് എന്നും ചില വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ആ വാക്യത്തിൻെറ അർത്ഥവ്യാപ്തി നോക്കുമ്പോൾ ഇത് ശരിയാണുതാനും. 'ആപത്തിൽ കയ്യിടരുത് 'എന്നും 'കഷ്ടകാലം കടംകൊള്ളരുത് ' എന്നും പറയാറുള്ളതുപോലെ ഒരു അലങ്കാര പ്രയോഗമാണ് 'നാശത്തിലേക്ക് നിങ്ങളുടെ കൈ ഇടരുത്' എന്നുള്ള ഈ വാക്യവും. അടുത്ത വചനങ്ങളിൽ ഹജ്ജിനേയും, ഉംറയേയും കുറിച്ചു പറയുന്നു:-

وَأَتِمُّوا۟ ٱلْحَجَّ وَٱلْعُمْرَةَ لِلَّهِ ۚ فَإِنْ أُحْصِرْتُمْ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۖ وَلَا تَحْلِقُوا۟ رُءُوسَكُمْ حَتَّىٰ يَبْلُغَ ٱلْهَدْىُ مَحِلَّهُۥ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ بِهِۦٓ أَذًى مِّن رَّأْسِهِۦ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ ۚ فَإِذَآ أَمِنتُمْ فَمَن تَمَتَّعَ بِٱلْعُمْرَةِ إِلَى ٱلْحَجِّ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۚ فَمَن لَّمْ يَجِدْ فَصِيَامُ ثَلَٰثَةِ أَيَّامٍ فِى ٱلْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ ۗ

196 നിങ്ങൾ അല്ലാഹുവിനായി 'ഹജ്ജും', 'ഉംറഃ'യും പൂർത്തിയാക്കുവിൻ. ഇനി, നിങ്ങൾക്ക് മുടക്ക് ബാധിച്ചെങ്കിൽ, അപ്പോൾ 'ഹദ്‌യി'ൽ [ബലിമൃഗത്തിൽ] നിന്നും സൗകര്യപ്പെട്ടതു (ബലികഴിക്കുക) . 'ഹദ്‌യു' അതിൻെറ അനുവദനീയ സ്ഥാനത്ത് [നിശ്ചിത സ്ഥാനത്ത്] എത്തുന്നതുവരേക്കും നിങ്ങൾ നിങ്ങളുടെ തല മുണ്ഡനം ചെയ്യരുത്. എന്നാൽ, നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുകയോ, അല്ലെങ്കിൽ അവനിൽ അവൻെറ തലയിൽനിന്നുള്ള വല്ല ഉപദ്രവവും ഉണ്ടായിരിക്കുകയോ ചെയ്താൽ, അപ്പോൾ നോമ്പോ ദാനധർമ്മമോ ബലികർമ്മമോ ആകുന്ന ഒരു തെണ്ട [പ്രായശ്ചിത്ത]മാകുന്നു (വേണ്ടത്) . എന്നാൽ, നിങ്ങൾ നിർഭയാവസ്ഥയിലായാൽ-എന്നിട്ട് ആരെങ്കി

تِلْكَ عَشَرَةٌ كَامِلَةٌ ۗ ذَٰلِكَ لِمَن لَّمْ يَكُنْ أَهْلُهُۥ حَاضِرِى ٱلْمَسْجِدِ ٱلْحَرَامِ ۚ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿١٩٦﴾

ലും 'ഉംറഃ' (നിർവ്വഹിച്ചു) കൊണ്ട് 'ഹജ്ജു' വരെ സുഖമെടുക്കുന്നപക്ഷം, അപ്പോൾ, 'ഹദ്‌യ'ിൽ [ബലിമൃഗത്തിൽ] നിന്നു സൗകര്യപ്പെട്ടത് (ബലികഴിക്കുക) . ഇനി, ആർക്കെങ്കിലും (അതു) കിട്ടാത്തപക്ഷം, ഹജ്ജി(ന്റെ ദിവസങ്ങളി) ൽ മൂന്നു ദിവസവും നിങ്ങൾ മടങ്ങിപ്പോയാൽ (വേറെ) ഒരു ഏഴും നോമ്പ് നോൽക്കുക. (അങ്ങനെ) അത് പൂർത്തിയായ പത്ത് (നോമ്പ്) . അത് [ആ പറഞ്ഞ വിധി], ആരുടെ കുടുംബം 'മസ്ജിദുൽ ഹറാമി' ങ്കൽ സന്നിഹതർ [നിവസിക്കുന്നവർ] ആയിട്ടില്ലയോ അവർക്കുള്ളതാകുന്നു. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. അല്ലാഹു കഠിനമായ ശിക്ഷാ നടപടി എടുക്കുന്നവനാണെന്നു നിങ്ങൾ അറിഞ്ഞും കൊള്ളുവിൻ.

---

196 **وأتموا** നിങ്ങൾ പൂർത്തിയാക്കുവിൻ. **الحج** ഹജ്ജ്. **والعمرةَ** ഉംറയും. **لله** അല്ലാഹുവിന് വേണ്ടി. **فَإِنْ أحصرتم** ഇനി (എന്നന്നാൽ) നിങ്ങൾ ഉപരോധിക്കപ്പെട്ടുവെങ്കിൽ, മുടക്കം ചെയ്യപ്പെടുന്ന (തടയപ്പെടുന്ന) പക്ഷം. **فما** അപ്പോൾ യാതൊന്ന്. **استيسر** എളുപ്പമായ, സൗകര്യപ്പെട്ട. **من الهدي** ഹദ്‌യിൽ (ബലിമൃഗത്തിൽ) നിന്ന്. **ولا تحلقُوا** നിങ്ങൾ മുണ്ഡനം ചെയ്യരുത്. **رؤُوسكُم** നിങ്ങളുടെ തലകളെ. **حتى يبلُغَ** എത്തുന്നതുവരെ. **الهدي** ഹദ്‌യ്. **محله** അതിന്റെ നിശ്ചിത സ്ഥാനത്ത്, അനുവദനീയ സ്ഥാനത്ത്. **فَمن كانَ** എന്നാൽ (ഇനി) ആരെങ്കിലും ആയാൽ. **منكُم** നിങ്ങളിൽ നിന്ന്. **مريضا** രോഗി. **أو به** അല്ലെങ്കിൽ അവനിൽ ഉണ്ട്. **أذًى** വല്ല ഉപദ്രവവും, ശല്യം. **من رأسه** അവന്റെ തലയിൽനിന്ന്. **ففديةٌ** അപ്പോൾ ഒരു തെണ്ടം. **من صيامٍ** നോമ്പിനാലുള്ള. **أو صدقة** അല്ലെങ്കിൽ ദാനധർമ്മം. **أو نسك** അല്ലെങ്കിൽ ബലികർമ്മം. **فَإِذَا أمنتم** ഇനി നിങ്ങള നിർഭയത്തിലായാൽ. **فَمن** അപ്പോൾ ആരെങ്കിലും. **تمتع** സുഖമെടുത്തു. 'മുത്അത്' ചെയ്തു(എങ്കിൽ) . **بالعمرة** ഉംറകൊണ്ട് (മുഖേന) . **إلى الحج** ഹജ്ജുവരെ. **فَما استيسر** എന്നാൽ സൗകര്യമായത്. **من الهدي** ഹദ്‌യിൽ നിന്ന്. **فَمن لم يجد** ഇനി ആർക്കെങ്കിലും കിട്ടിയില്ലെങ്കിൽ. **فَصيام** എന്നാൽ നോമ്പ്. **ثَلاثَة أيام** മൂന്നുദിവസങ്ങൾ. **في الحج** ഹജ്ജി(ദിവസങ്ങളി) ൽ. **وسبعة** ഒരു ഏഴും. **إذَا رجعتم** നിങ്ങൾ മടങ്ങിയാൽ. **تلك** അത്, അവ. **عشرةٌ** ഒരു പത്താകുന്നു. **كَاملةٌ** പൂർത്തിയായ. **ذَلك** അത്. **لمن** യാതൊരുവന്നാണ്. **لم يكُن** ആയിട്ടില്ല. അല്ല. **أهلُه** അവന്റെ കുടുംബം, ആൾക്കാർ. **حاضري** ഹാജറുള്ളവർ (നിവസിക്കുന്നവർ) . **المسجِد الحرامِ** മസ്ജിദുൽ ഹറാമിങ്കൽ. **واتقُوا الله** അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. **واعلموا** അറിയുകയും ചെയ്‌വിൻ. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **شديد** കഠിനമായവൻ. **العقَابِ** ശിക്ഷാനടപടി.

അൽപം ദീർഘമായ ഈ വചനത്തിൽ ഹജ്ജ്, ഉംറ എന്നീ കർമ്മങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പലതും അടങ്ങിയിരിക്കുന്നു. ഹജ്ജിന്റെ ഘടകകർമ്മങ്ങളായ അറഫായിൽ സമ്മേളിക്കൽ ഒഴിച്ചു മറ്റുള്ളതെല്ലാം ഉംറയിലും അനുഷ്ഠിക്കപ്പെടേണ്ടതുണ്ട്. നിശ്ചിത മാസങ്ങളിലും ദിവസങ്ങളിലും മാത്രമേ ഹജ്ജിന്റെ കർമ്മങ്ങൾ ചെയ്യാവൂ. ഉംറക്ക് കാലനിർണ്ണയമില്ല. താഴെ പറയുന്ന പ്രകാരം ഹജ്ജിനോടൊപ്പവും,സ്വന്തമായും ഉംറ നിർവ്വഹിക്കപ്പെടാം. കഴിവുള്ളവർ ആയുസ്സിൽ ഒരു പ്രാവശ്യം ഹജ്ജ് ചെയ്യൽ നിർബ്ബന്ധമാകുന്നു. (ആലുംഇംറാൻ, 97 നോക്കുക) ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അഞ്ചാമത്തേതുമാണത്. ഉംറ ഒരിക്കലെങ്കിലും നിർവ്വഹിക്കൽ നിർബന്ധമുണ്ടോ എന്നതിൽ രണ്ടഭിപ്രായം സഹാബികൾ മുതൽക്കേ പണ്ഡിതൻമാർക്കിടയിൽ നിലവിലുണ്ട്. രണ്ടിലൊന്നു തീർത്തു പറയുവാൻ തെളിവില്ലാത്ത സ്ഥിതിക്ക് നിർബന്ധമാണെന്ന്

പറയാതിരിക്കുകയാണ് വേണ്ടതെന്ന്- രണ്ടു വിഭാഗക്കാരുടെയും തെളിവുകൾ പരിശോധിച്ചുകൊണ്ട്- ഇബ്നുജരീർ (ﷺ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. നിർബന്ധമായാലും അല്ലെങ്കിലും ശരി, ഹജ്ജും ഉംറയും ഇസ്‌ലാമിലെ പ്രധാനപ്പെട്ട രണ്ട് ആരാധനാ കർമ്മങ്ങളത്രെ. സൗകര്യവും കഴിവുമുള്ളവർ രണ്ടും കൂടുതൽ അനുഷ്ഠിച്ച് അല്ലാഹുവിന്റെ പ്രീതി നേടുവാൻ ശ്രമിക്കേണ്ടതുമാകുന്നു.

നബി (ﷺ) തിരുമേനി മക്കാജീവിതകാലത്ത് എത്ര ഹജ്ജും ഉംറയും ചെയ്തിട്ടുണ്ടെന്ന് കാണിക്കുന്ന തെളിവുകളൊന്നുമില്ല. പലവട്ടം ചെയ്തിരിക്കുവാനാണ് സാധ്യത. ഹിജ്റക്കുശേഷം മിക്കവാറും അഞ്ചാം കൊല്ലത്തിൽ ഇസ്‌ലാമിൽ ഹജ്ജിന്റെ നിയമം അവതരിച്ചുവെങ്കിലും അക്കാലത്ത് മക്കായിലെ സ്ഥിതിഗതികൾ സുരക്ഷിതമല്ലാതിരുന്നതുകൊണ്ട് നബി (ﷺ) യും സഹാബികളും അക്കാലത്ത് ഹജ്ജു ചെയ്കയുണ്ടായിട്ടില്ല. ഒമ്പതാം കൊല്ലത്തിൽ അബൂബക്കർ (رضي الله عنه) ന്റെ നേതൃത്വത്തിൽ ഒരു സംഘം സഹാബികൾ ഹജ്ജ് നിർവ്വഹിക്കുകയുണ്ടായി. പത്താം കൊല്ലത്തിൽ നബി (ﷺ) യും സഹാബികളും ഒന്നിച്ചുപോയി ഹജ്ജ് നിർവഹിച്ചുപോന്നു. ഇതാണ് الحجة الوداع (ഹജ്ജത്തുൽ വിദാഉ്) എന്ന പേരിൽ പ്രസിദ്ധമായ നബി (ﷺ) യുടെ അവസാനത്തെ ഹജ്ജ്. ഉംറ കർമ്മം മൂന്നു പ്രാവാശ്യമാണ് നബി (ﷺ) ചെയ്തിട്ടുള്ളതെങ്കിലും അതിനുവേണ്ടി നാലു പ്രാവശ്യം അവിടുന്ന് മദീനായിൽ നിന്നു പോയിട്ടുണ്ട്. ഒന്നാമത്തേത് ഹിജ്റ 6-ാം കൊല്ലത്തിലായിരുന്നു. പക്ഷേ, മുശ്‌രിക്കുകളുടെ തടസ്സം നിമിത്തം ഹുദൈബിയ്യയിൽ വെച്ചുണ്ടായ സുപ്രസിദ്ധ ഉടമ്പടിയനുസരിച്ച് തിരുമേനി അന്ന് മടങ്ങിപ്പോന്നു. രണ്ടാമത്തേത്, ആ സന്ധി നിശ്ചയപ്രകാരം അടുത്ത കൊല്ലംപോയി ഉംറ നിർവ്വഹിച്ചു പോന്നതാകുന്നു. മൂന്നാമത്തേത്, 8-ാം കൊല്ലത്തിലായിരുന്നു. ഇതിന് 'ഇഹ്റാം' (പ്രവേശനം) ഉണ്ടായത് ജിഇർ-റാന (جعرانة) എന്ന സ്ഥലത്തു നിന്നായതുകൊണ്ട് 'ഉംറത്തുൽ-ജിഇർ റാന' എന്ന പേരിൽ ഇത് അറിയപ്പെടുന്നു. നാലമത്തേത്, ഹജ്ജത്തുൽ വിദാഇലുമായിരുന്നു. ഇനി നമുക്ക് ആയത്തിൽ പ്രസ്താവിച്ച മുഖ്യവിഷയങ്ങൾ ശ്രദ്ധിക്കാം. അവ ഇങ്ങിനെ സംഗ്രഹിക്കാവുന്നതാണ്:-

(1) അല്ലാഹുവിനുവേണ്ടി ഹജ്ജും ഉംറയും പൂർത്തിയാക്കുക, അല്ലാഹുവിന്റെ കൽപന അനുസരിച്ചും, അവന്റെ പ്രീതിയും പ്രതിഫലവും ഉദ്ദേശിച്ചും കൊണ്ട് അത് രണ്ടും നിർവ്വഹിച്ചുകൊള്ളുക എന്നു സാരം. ഏതൊരു കാര്യത്തെക്കുറിച്ചും 'അല്ലാഹുവിനായി ചെയ്യുക' എന്നു പറയുന്നതിന്റെതാൽപര്യം ഇതുതന്നെ, എന്നല്ലാതെ, അല്ലാഹുവിന്റെ ഏതെങ്കിലും ആവശ്യമോ ഗുണമോ നിറവേററുവാൻവേണ്ടി എന്ന് അതിനർത്ഥമില്ല. സൃഷ്ടികളുടെ ആരാധനകൊണ്ടോ, മറേറതെങ്കിലും കാര്യങ്ങൾ മുഖേനയോ അല്ലാഹുവിന് യാതൊരു നേട്ടവും ഉണ്ടാകുവാനില്ല തന്നെ. ആരുടെയും ആശ്രയമോ സഹായമോ ആവശ്യമില്ലാത്ത സർവ്വധന്യനാണല്ലോ അവൻ. 'ഹജ്ജും ഉംറയും പൂർത്തിയാക്കുക' എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: 1. രണ്ടിലും ആചരിക്കപ്പെടേണ്ടുന്ന എല്ലാ കാര്യങ്ങളും ആദ്യന്തം ശരിയായും നന്നായും ചെയ്തുതീർക്കുക. 2. നിർബ്ബന്ധകടമയെന്ന നിലക്കായാലും, ഐച്ഛികമെന്ന നിലക്കായാലും രണ്ടിൽ ഏതെങ്കിലും ഒന്നിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ അതു മുഴുവൻ ചെയ്തു പൂർത്തിയാക്കുക തന്നെ വേണം. ഇടക്കുവെച്ച് വല്ല തെററുകൾ വന്നുപോയാൽപോലും ബാക്കി മുഴുമിക്കാതെ ഇടക്കുവെച്ച് നിറുത്തിക്കളയുവാൻ പാടില്ല. 3. പ്രസ്തുത കർമ്മങ്ങളെമാത്രം ലക്ഷ്യംവെച്ചുകൊണ്ടായിരിക്കണം അവക്കുള്ള യാത്ര. അഥവാ, കച്ചവടം മുതലായ മററു ലക്ഷ്യങ്ങൾ വെച്ചുകൊണ്ടുവരുകയോ, വന്ന സ്ഥിതിക്ക് അവകൂടി നടത്തുമെന്നു വെക്കുകയോ ചെയ്യാതിരിക്കുക.(*) 4. രണ്ടിന്റെയും യാത്രച്ചിലവുകൾക്ക് ഉപയോഗിക്കുന്ന ധനം ശുദ്ധമായ

* ഇപ്പോഴത്തെ ഹജ്ജു യാത്രക്കാരിൽ ഒരു വിഭാഗം ഇത്തരക്കാരാകുന്നുവെന്നത് ഖേദകരമാകുന്നു.

തും, അനുവദനീയ മാർഗ്ഗങ്ങളിൽകൂടി സമ്പാദിച്ചതുമായിരിക്കുക. (*) ഇവ കൂടാതെ വേറെയും അഭിപ്രായങ്ങൾ കാണാം. വാസ്തവത്തിൽ 'അല്ലാഹുവിനായി പൂർത്തിയാക്കുക' എന്നതിന്റെ സാരത്തിൽ ഇപ്പറഞ്ഞതെല്ലാം ഉൾപ്പെടുന്നുണ്ടെന്നുള്ളതാണ് യഥാർത്ഥം.
والله اعلم

(2) വല്ല മുടക്കും ബാധിച്ചാൽ സൗകര്യപ്പെട്ട ഒരു മൃഗത്തെ ബലി ചെയ്യുക. മുടക്കു ബാധിക്കുക എന്ന് അർത്ഥം നൽകിയത് احصر എന്ന ക്രിയക്കാകുന്നു. ഇമാം റാഗിബ് (رحمه الله) ചൂണ്ടിക്കാട്ടിയപോലെ, ശത്രുക്കളിൽനിന്നുണ്ടാകുന്നതുപോലെയുള്ള പ്രത്യക്ഷ മുടക്കുകളിലും, രോഗം മുതലായവ മൂലമുണ്ടാകുന്ന മററുതരം മുടക്കുകളിലും, ആ വാക്ക് ഉപയോഗിക്കപ്പെടും. ശത്രുക്കളാൽ നേരിടുന്ന മുടക്കാണ് ഇവിടെ ഉദ്ദേശ്യമെന്നാണ് അധിക ഖുർആൻ വ്യാഖ്യാതാക്കളും സ്വീകരിച്ചു കാണുന്നത്. ഹിജ്റ 6-ാം കൊല്ലത്തിൽ നബി (ﷺ) യും സഹാബികളും ഉംറക്കു പോയപ്പോൾ ഹുദൈബിയ്യയിൽവെച്ച് ഖുറൈശികൾ അവരെ തടഞ്ഞുവല്ലോ. ആ സംഭവത്തെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്നും മററുമാണ് ഇതിന് അവർ പറയുന്ന ന്യായം. എങ്കിലും, ഭാഷാപരമായി നോക്കുമ്പോഴും, ചില ഹദീസുകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോഴും ശത്രുക്കൾ നിമിത്തമോ, രോഗം മുതലായ കാരണങ്ങൾ നിമിത്തമോ ഏർപ്പെടുന്ന എല്ലാ മുടക്കുകളും അതിൽ ഉൾപ്പെടുമെന്നുള്ളതാണ് ശരിയായി തോന്നുന്നത്. അവതരണ സന്ദർഭം അതായതുകൊണ്ട് അതു മാത്രമാണ് ഉദ്ദേശ്യമെന്നുവെച്ച് ആ വാക്കിന്റെ അർത്ഥ വ്യാപ്തി പരിമിതപ്പെടുത്തേണ്ടതില്ലല്ലോ. (വാസ്തവം അല്ലാഹുവിനറിയാം) هدي (ഹദ്‌യു) എന്ന വാക്കിനാണ് ബലിമൃഗം എന്ന് അർത്ഥം കൽപിച്ചത്. ഈ വാക്കിന് 'ചര്യ, നടപടി, പവിത്രമായത് ' എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്. ഹറമിലേക്ക് ബലികർമ്മത്തിനായി കൊണ്ടുപോകുന്ന ആട്, മാട്, ഒട്ടകം എന്നീ മൃഗങ്ങളെ പ്രത്യേകം ഉദ്ദേശിച്ചു കൊണ്ട് ആ വാക്ക് ഉപയോഗിക്കുക സാധാരണമാകുന്നു. അതാണ് ഇവിടെയും ഉദ്ദേശ്യം. 'സൗകര്യപ്പെട്ട ബലി മൃഗത്തെ ബലികഴിക്കണം.' എന്ന് പറഞ്ഞതിൽനിന്ന് ഹജ്ജിന്റെയോ ഉംറയുടെയോ കൃത്യങ്ങൾ പൂർത്തിയാക്കുവാൻ കഴിയാത്ത വല്ല മുടക്കും നേരിടുമ്പോൾ ഒരു മൃഗത്തെ ബലിചെയ്യൽ നിർബ്ബന്ധമാണെന്നും, അത് ഒരു ആടായാലും മതിയാകുമെന്നും, മാടോ ഒട്ടകമോ ആയിരിക്കണമെന്ന് നിർബന്ധമില്ലെന്നും മനസ്സിലാക്കാവുന്നതാണ്.

(3) ബലിമൃഗം അതിന്റെ നിശ്ചിത സ്ഥാനത്ത് എത്തുന്നതുവരെ തലമുടി കളയുവാൻ പാടില്ല. ഹജ്ജിന്റെയും ഉംറയുടെയും പ്രധാന കർമ്മങ്ങൾ അവസാനിച്ച ശേഷം തലമുടി എടുക്കേണ്ടതുണ്ട്. അതോടുകൂടിയാണ് അവയിൽനിന്ന് വിരമിക്കുന്നത്. തലമുടി കളയുകതന്നെ വേണമെന്നില്ല- മുടിവെട്ടിയാലും മതിയാകും- എന്ന് സൂ: ഫത്ഹ് 27-ാം വചനത്തിൽനിന്നും ഹദീസുകളിൽനിന്നും മനസ്സിലാക്കാം. അതുകൊണ്ട് 'തല മുണ്ഡനം ചെയ്യുക' എന്നതു കൊണ്ടുദ്ദേശ്യം 'തലമുടി എടുക്കുക'യാണെന്ന് മനസ്സിലാക്കാം. ബലി കർമ്മം കഴിഞ്ഞതിന് ശേഷമായിരിക്കണം മുടി എടുക്കൽ എന്നും, ബലി നടത്തുന്നത് അതിന് നിശ്ചയിക്കപ്പെട്ട സ്ഥലത്തു വെച്ചായിരിക്കണമെന്നും ഈ വചനത്തിൽനിന്ന് വ്യക്തമാണ്. ബലികർമ്മത്തിന് നിശ്ചയിക്കപ്പെട്ട സ്ഥാനം (محل) മക്കാഹറമാകുന്നു. എന്നാൽ, നബി (ﷺ) യും സഹാബികളും ഹുദൈബിയ്യായിൽവെച്ചു ശത്രുക്കളാൽ തടയപ്പെട്ടതിനെത്തുടർന്ന് മടങ്ങേണ്ടി വന്നപ്പോൾ, അവർ ബലികർമ്മത്തിനായി കൂടെക്കൊണ്ടുവന്നിരുന്ന ഒട്ടകങ്ങളെ അവിടെവെച്ചുതന്നെ ബലികഴിക്കുകയാണുണ്ടായത്. ശത്രുക്കളുടെ തടസ്സം കാരണം അവയെ ഹറമിലേക്ക് എത്തിക്കുവാൻ കഴിയാതെ വന്നതുകൊണ്ടാണ് അങ്ങിനെ ചെയ്തതെന്നും, അങ്ങിനെയുള്ള മുടക്കുകൾ നേരിടുമ്പോൾ മുടക്കു നേരിടുന്ന സ്ഥലത്തുവെച്ചുതന്നെ ബലി നടത്താമെന്നുമാണ് ഇത് സംബന്ധിച്ച് ഒരഭിപ്രായം. മററൊരഭിപ്രായപ്രകാരം, അവർ ഹുദൈബിയ്യായിൽവെച്ച്

* ഈ വിഷയത്തിലും പലരുടെയും നില ശോചനീയം തന്നെ.

അവയെ ബലികഴിച്ച സ്ഥലം ഹറമിൻെറ അതിർത്തിക്കുള്ളിൽ പെട്ടതുതന്നെയായിരുന്നുവെന്നുമാണ്. ഏതായാലും, സാധാരണ ഗതിയിൽ ബലികർമ്മം നടത്തുന്നത് ഹറമിൽ വെച്ചായിരിക്കൽ നിർബ്ബന്ധമാകുന്നു. അതിനു ശേഷമായിരിക്കണം തലമുടി എടുക്കുന്നത്.

(4) വല്ല രോഗം നിമിത്തമോ, തലയിൽ പേൻ മുതലായ മററു ശല്യങ്ങൾ നിമിത്തമോ മുൻകൂട്ടി മുടി കളയേണ്ടുന്ന അത്യാവശ്യം നേരിട്ടാൽ അതിന് വിരോധമില്ല. അതിന് പ്രതിവിധിയായി ഒരു തെണ്ടം വേണ്ടതുണ്ട്. നോമ്പ്, അല്ലെങ്കിൽ ദാനധർമ്മം, അല്ലെങ്കിൽ ഒരു ബലി കർമ്മം. ഇതാണ് തെണ്ടം. ഇവയിൽ ഓരോന്നും എത്ര വീതമെന്നോ, ഏതു രൂപത്തിലായിരിക്കണമെന്നോ, അല്ലാഹു വ്യക്തമാക്കിയിട്ടില്ല. എങ്കിലും നബി (ﷺ) യുടെ സുന്നത്തിൽ നിന്ന് അവയെപ്പററി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. കഅ്ബുബ്നു ഉജ്റഃ (كعببن عجرة – رض) യോട് ഒരാൾ ഇതിനെപ്പററി ചോദിച്ചപ്പോൾ, അദ്ദേഹം ഉത്തരം പറഞ്ഞത് ഇപ്രകാരമായിരുന്നു: എന്നെ നബി (ﷺ) യുടെ അടുക്കലേക്ക് കൊണ്ടുപോകുകയുണ്ടായി. എൻെറ മുഖത്തിലൂടെ പേൻ ഉതിർന്നുവീഴുന്നുണ്ടായിരുന്നു. അപ്പോൾ തിരുമേനി പറഞ്ഞു: തനിക്ക് ഇത്രക്കണ്ട് ബുദ്ധിമുട്ടുള്ളതായി ഞാൻ വിചാരിച്ചിരുന്നില്ല. തനിക്ക് ഒരു ആടിനെ കിട്ടുമോ? (ആടിനെ ബലികഴിക്കുവാൻ കഴിയുമോ?) ഞാൻ പറഞ്ഞു: ഇല്ല, തിരുമേനി : എന്നാൽ, താൻ മൂന്നു ദിവസം നോമ്പ് നോൽക്കുക. അല്ലെങ്കിൽ ആറ് സാധുക്കൾക്ക് അര 'സ്വാഉ് ': ([*]) വീതം ഭക്ഷണം നൽകുക. മുടി കളഞ്ഞേക്കുകയും ചെയ്യുക. ഈ വിധി (ഈ മൂന്നിൽ ഒന്നു ചെയ്യണമെന്ന വിധി) എൻെറ പ്രത്യേക വിഷയത്തിലാണുണ്ടായതെങ്കിലും അത് നിങ്ങൾക്കെല്ലാം പൊതുവെയുള്ള വിധിയാകുന്നു. സംഭവം അഹ്മദ്, ബുഖാരി (رحمهما الله) മുതലായവർ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇത് ഹുദൈബിയാ സംഭവകാലത്തായിരുന്നുവെന്നു ചില രിവായത്തുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, മൂന്നു ദിവസം നോമ്പു പിടിക്കുകയോ, ഒരു ആടിനെ ബലികഴിക്കുകയോ, അര 'സ്വാഉ' വീതം ആറ് സാധുക്കൾക്ക് ഭക്ഷണസാധനം നൽകുകയോ ചെയ്യുകയെന്നാണ് ഈ തെണ്ടംകൊണ്ട് ഉദ്ദേശ്യമെന്ന് ഇതിൽനിന്ന് സ്പഷ്ടമായല്ലോ. എന്നാൽ, ഈ മൂന്നു കാര്യങ്ങൾ- അല്ലെങ്കിൽ അവയിൽ ചിലത്- ഹറമിൽ വെച്ചുതന്നെ വേണമോ? അതല്ല, എവിടെ വെച്ചും ആവാമോ? ഇതിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമുള്ളത്. രണ്ടായാലും വിരോധമില്ലെന്നാണ് ഹദീസിൽ നിന്ന് പ്രത്യക്ഷത്തിൽ മനസ്സിലാകുന്നത്. അതിനെതിരിൽ തക്ക തെളിവുകളില്ലതാനും الله اعلم

(5) സമാധാനാവസ്ഥയിലായിരിക്കുമ്പോൾ-അപ്പോഴാണല്ലോ എല്ലാ കർമ്മങ്ങളും യഥാവിധി നിർവ്വഹിക്കുവാൻ കഴിയുക-ഹജ്ജിൽ പ്രവേശിക്കുന്നതിന് മുമ്പായി ഉംറ നിർവ്വഹിച്ച് കഴിയുകയും, അങ്ങനെ, അതുവരെ നിഷിദ്ധമാക്കപ്പെട്ടിരുന്ന (താഴെ കാണുന്ന) കാര്യങ്ങൾ അനുവദനീയമായിത്തീരുമാറ് സുഖമെടുക്കുകയും ചെയ്യുന്നവർ സൗകര്യപ്പെട്ട ഒരു മൃഗത്തെ ബലിചെയ്യേണ്ടതാണ്. 'സൗകര്യപ്പെട്ടത്' എന്ന് പറഞ്ഞിരിക്കകൊണ്ട്-മുമ്പ് പറഞ്ഞതുപോലെ- അത് ആടായാലും മതി. മാടോ, ഒട്ടകമോ ആകുന്നത് കൂടുതൽ നല്ലതുമാണ്.

ഹജ്ജിലും ഉംറയിലും ഔപചാരികമായി പ്രവേശിച്ച് കഴിഞ്ഞാൽ പിന്നീട് അത് അവസാനിച്ച് അതിൽ നിന്ന് ഒഴിവാകുന്നതുവരെ പുരുഷൻമാർ തലമറക്കൽ, സ്ത്രീകൾ മുഖം മറക്കൽ, വാസനാദ്രവ്യം ഉപയോഗിക്കൽ, കാലുറ-കുപ്പായം-തൊപ്പി പോലെയുള്ളവ ധരിക്കൽ, മുടി എടുക്കൽ, സ്ത്രീപുരുഷബന്ധം, ജന്തുവേട്ട എന്നിങ്ങിനെ ചില കാര്യങ്ങൾ നിഷിദ്ധമായിത്തീരുന്നു. അതുകൊണ്ട് അവയിൽ പ്രവേശിക്കുന്നതിന് 'ഇഹ്റാം' احرا അഥവാ നിഷിദ്ധം ഏർപ്പെടുത്തൽ) എന്നും, അവയിൽ നിന്ന് ഒഴിവാകുന്നതിന് 'തഹല്ലുൽ (تحلل അഥവാ അനുവദനീയമാകൽ) ' എന്നും പറയപ്പെടുന്നു. ഓരോ ഭാഗത്തുനിന്നും വരുന്ന ആളുകൾ

[*] നാല് مد. 'മുദ്ദ്' ചേർന്നതാണ് ഒരു صاع. 'സ്വാഉ്' ഏതാണ്ട് രണ്ട് കൈയും നിറയെ വാരിയാൽ കിട്ടുന്നത്രയുള്ള ഒരു അളവാണ് മുദ്ദ്. (ഒരു സാഉ് 2.024 കിലോഗ്രാം എന്നാണ് വിദഗ്ദാഭിപ്രായം-പ്രസാ.)

ഇന്നിന്ന സ്ഥലങ്ങളിൽ നിന്ന് ഇഹ്റാം ചെയ്യണമെന്ന് നിബന്ധനയുണ്ട്. ആ സ്ഥാനങ്ങൾക്ക് 'മീഖാത്ത്' ميقات -അഥവാനിശ്ചിത സ്ഥാനം) എന്നും പറയപ്പെടുന്നു. വിദേശത്ത് നിന്ന് വരുന്നവർ ആദ്യം ഒരു ഉംറ കർമ്മം ചെയ്ത് പൂർത്തിയാക്കുന്നതോട് കൂടി മേൽ കണ്ട നിരോധനങ്ങൾ നീങ്ങിപ്പോകും. പിന്നീട് ഹജ്ജിന്റെ ദിവസങ്ങൾ ആസന്നമാകുമ്പോൾ മക്കാ നിവാസികളെപ്പോലെ മീഖാത്തുകളിൽ പോകാതെ അവരവർ താമസിക്കുന്ന സ്ഥലത്തു വെച്ചുതന്നെ ഹജ്ജിന് ഇഹ്റാം ചെയ്താൽ മതിയാകും. ഈ ഇടക്കാലത്ത് മേൽ പറഞ്ഞ നിരോധങ്ങളിൽ നിന്ന് ഒഴിവായി സ്വതന്ത്രമാകുന്നതിനെപ്പറ്റിയാണ് 'ഉംറ ചെയ്തുകൊണ്ട് ഹജ്ജ് വരെ സുഖമെടുക്കുക' تمتع با لعمرة إلى الحج) എന്ന് പറഞ്ഞത്. ദൂരെ നിന്ന് വരുന്നവർ അധികവും സൗകര്യം ഓർത്ത് ഇങ്ങിനെയാണ് ചെയ്തുവരുന്നത്. ഹജ്ജിനുവേണ്ടി മാത്രം മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യുന്നതിന് إفراد (ഒറ്റപ്പെടുത്തുക) എന്നും, ഹജ്ജിനും ഉംറക്കും കൂടി ഇഹ്റാം ചെയ്യുന്നതിന് قران (കൂട്ടിച്ചേർക്കൽ) എന്നും പറയപ്പെടുന്നു. ഈ വചനത്തിൽ പ്രസ്താവിച്ചത് ആദ്യം പറഞ്ഞ تمتع (സുഖമെടുക്കൽ) ന്റെ ഉംറയെക്കുറിച്ചാകുന്നു.

(6) تمتع (സുഖമെടുക്കൽ) ചെയ്യുന്നവർ അവർക്ക് ഇടക്കുവെച്ച് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പകരം സൗകര്യപ്രദമായ ഒരു ബലി (هدي) നടത്തണമെന്ന് പറഞ്ഞുവല്ലോ. അതിന് സാധിക്കാത്ത പക്ഷം, അവർ പത്ത് നോമ്പ് നോൽക്കുകയാണ് വേണ്ടത്. ഇതിൽ മൂന്നെണ്ണം ഹജ്ജിന്റെ ദിവസങ്ങളിൽ-അഥവാ ദുൽഹജ്ജ് പത്തിന് മുമ്പായി-തീർക്കണം. ബാക്കി ഏഴും നാട്ടിൽ മടങ്ങിയെത്തിയ ശേഷം പൂർത്തിയാക്കണം. എന്നാൽ 'തമത്തുഇ'ന്റെ ആനുകൂല്യം ഹറം നിവാസികൾക്കില്ല. അതിനാൽ അനുബന്ധ പ്രായശ്ചിത്തവും അവർക്ക് ബാധകമല്ല.

മേൽ പ്രസ്താവിച്ച ഓരോന്നിനെ സംബന്ധിച്ചും കൂടുതൽ വിശദീകരണം അറിയുവാൻ ആഗ്രിക്കുന്നവർ ഫിഖ്ഹു ഗ്രന്ഥങ്ങളെയും 'മനാസികി' ന്റെ(ഹജ്ജ് കർമ്മ സംബന്ധമായ കാര്യങ്ങളുടെ) പ്രത്യേക ഗ്രന്ഥങ്ങളെയും അവലംബിക്കേണ്ടതാകുന്നു. ആയത്തിന്റെ അവസാന ഭാഗം പ്രത്യേകം ശ്രദ്ധിക്കുക. എല്ലാ കർമ്മങ്ങളും അതതിന്റെ യഥാരൂപത്തിലും, സൂക്ഷ്മതയോടുകൂടിയും, ഭക്തിനിർഭരമായും പ്രവർത്തിക്കണം. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം ലക്ഷ്യമാക്കിക്കൊണ്ടുമായിരിക്കണം. അല്ലാത്തപക്ഷം അല്ലാഹുവിന്റെ ശിക്ഷാ നടപടിയെക്കുറിച്ച് ഭയപ്പെടേണ്ടതാണ്, എന്നൊക്കെയാണ് ആ വാക്യത്തിലെ സൂചനകൾ. والله الموافق والمعين

വിഭാഗം—25

ٱلْحَجُّ أَشْهُرٌ مَّعْلُومَٰتٌ ۚ فَمَن فَرَضَ فِيهِنَّ ٱلْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِى ٱلْحَجِّ ۗ وَمَا تَفْعَلُوا۟ مِنْ خَيْرٍ يَعْلَمْهُ ٱللَّهُ ۗ وَتَزَوَّدُوا۟ فَإِنَّ خَيْرَ ٱلزَّادِ ٱلتَّقْوَىٰ ۚ وَٱتَّقُونِ يَٰٓأُو۟لِى ٱلْأَلْبَٰبِ ﴿١٩٧﴾

197 ഹജ്ജു(കാലം) അറിയപ്പെട്ട ചിലമാസങ്ങളാകുന്നു. എന്നാൽ, അവയിൽ ആരെങ്കിലും ഹജ്ജ് നിർബന്ധമാക്കിയാൽ [ഹജ്ജിൽ പ്രവേശിച്ചാൽ] സ്ത്രീ സല്ലാപമാകട്ടെ തോന്നിയവാസമാകട്ടെ, തർക്കം നടത്തലാകട്ടെ ഹജ്ജിൽ പാടില്ല. നിങ്ങൾ നന്മയായുള്ളത് എന്തു ചെയ്താലും അത് അല്ലാഹു അറിയുന്നതാണ്. നിങ്ങൾ യാത്രാഭക്ഷണം [യാത്രക്കുള്ളവിഭവങ്ങൾ] ഒരുക്കുകയും ചെയ്യുവിൻ. എന്നാൽ, യാത്രാ ഭക്ഷണത്തിൽ ഏറ്റവും ഉത്തമമായത് 'തഖ്‌വ' [സൂക്ഷ്മത]യാകുന്നു. എന്നെ സൂക്ഷിക്കുകയും ചെയ്യുവിൻ-ഹേ, ബുദ്ധിമാൻമാരേ!

ٱلۡحَجُّ أَشۡهُرٞ مَّعۡلُومَٰتٞۚ فَمَن فَرَضَ فِيهِنَّ ٱلۡحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي ٱلۡحَجِّۗ وَمَا تَفۡعَلُواْ مِنۡ خَيۡرٖ يَعۡلَمۡهُ ٱللَّهُۗ وَتَزَوَّدُواْ فَإِنَّ خَيۡرَ ٱلزَّادِ ٱلتَّقۡوَىٰۖ وَٱتَّقُونِ يَٰٓأُوْلِي ٱلۡأَلۡبَٰبِ ﴿١٩٧﴾

197 ഹജ്ജു(കാലം) അറിയപ്പെട്ട ചിലമാസങ്ങളാകുന്നു. എന്നാല്‍, അവയില്‍ ആരെങ്കിലും ഹജ്ജ് നിര്‍ബന്ധമാക്കിയാല്‍ [ഹജ്ജില്‍ പ്രവേശിച്ചാല്‍] സ്ത്രീ സല്ലാപമാകട്ടെ തോന്നിയവാസമാകട്ടെ, തര്‍ക്കം നടത്തലാകട്ടെ ഹജ്ജില്‍ പാടില്ല. നിങ്ങള്‍ നന്മയായുള്ളത് എന്തു ചെയ്താലും അത് അല്ലാഹു അറിയുന്നതാണ്. നിങ്ങള്‍ യാത്രാഭക്ഷണം [യാത്രക്കുള്ളവിഭവങ്ങള്‍] ഒരുക്കുകയും ചെയ്യുവിന്‍. എന്നാല്‍, യാത്രാ ഭക്ഷണത്തില്‍ ഏറ്റവും ഉത്തമമായത് 'തഖ്‌വ' [സൂക്ഷ്മത]യാകുന്നു. എന്നെ സൂക്ഷിക്കുകയും ചെയ്യുവിന്‍-ഹേ, ബുദ്ധിമാന്‍മാരേ!

لَيۡسَ عَلَيۡكُمۡ جُنَاحٌ أَن تَبۡتَغُواْ فَضۡلٗا مِّن رَّبِّكُمۡۚ فَإِذَآ أَفَضۡتُم مِّنۡ عَرَفَٰتٖ فَٱذۡكُرُواْ ٱللَّهَ عِندَ ٱلۡمَشۡعَرِ ٱلۡحَرَامِۖ وَٱذۡكُرُوهُ كَمَا هَدَىٰكُمۡ وَإِن كُنتُم مِّن قَبۡلِهِۦ لَمِنَ ٱلضَّآلِّينَ ﴿١٩٨﴾

198 നിങ്ങളുടെ റബ്ബിങ്കല്‍ നിന്നുള്ള വല്ല അനുഗ്രഹവും നിങ്ങള്‍ തേടുന്നതിന് നിങ്ങളുടെ മേല്‍ തെറ്റില്ല. അങ്ങനെ, 'അറഫാത്തു' നിന്നു നിങ്ങള്‍ ഒഴുകിപ്പോന്നാല്‍, 'മശ്അറുല്‍ ഹറാമി'ന്‍റെ അടുക്കല്‍വെച്ച് നിങ്ങള്‍ അല്ലാഹുവിനെ സ്മരിക്കുവിന്‍. അവന്‍ നിങ്ങള്‍ക്കു മാര്‍ഗ്ഗദര്‍ശനം നല്‍കിയപോലെ, നിങ്ങള്‍ അവനെ (യും) സ്മരിക്കുവിന്‍. നിശ്ചയമായും, നിങ്ങള്‍ ഇതിനുമുമ്പ് വഴിപിഴച്ചവരില്‍പെട്ടവര്‍തന്നെയായിരുന്നു.

ثُمَّ أَفِيضُواْ مِنۡ حَيۡثُ أَفَاضَ ٱلنَّاسُ وَٱسۡتَغۡفِرُواْ ٱللَّهَۚ إِنَّ ٱللَّهَ غَفُورٞ رَّحِيمٞ ﴿١٩٩﴾

199 പിന്നെ (ഒരുകാര്യം) മനുഷ്യന്‍മാര്‍ ഒഴുകിപ്പോരുന്നേടത്തുനിന്നു (തന്നെ) നിങ്ങള്‍ ഒഴുകിപ്പോരുവിന്‍. അല്ലാഹുവിനോട് നിങ്ങള്‍ പാപമോചനം തേടുകയും ചെയ്യുവിന്‍ നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

197 **الحج** ഹജ്ജു. **أشهر** (ചില) മാസങ്ങളാണ്. **معلومات** അറിയപ്പെട്ട. **فمن فرض** എന്നാല്‍ ആരെങ്കിലും നിര്‍ബന്ധമാക്കിയാല്‍. **فيهن** അവയില്‍. **الحج** ഹജ്ജിനെ. **فلا رفث** അപ്പോള്‍ സ്ത്രീസല്ലാപം (സ്ത്രീകളുമായുള്ള സമ്പര്‍ക്കം) ഇല്ല(പാടില്ല) . **ولا فسوق** തോന്നിയവാസവും ഇല്ല(പാടില്ല) . **ولا جدال** തര്‍ക്കം നടത്തലും ഇല്ല (പാടില്ല) . **في الحج** ഹജ്ജില്‍. **وما تفعلوا** നിങ്ങള്‍ എന്തു ചെയ്യുന്നുവോ (ചെയ്താലും) . **من خير** നന്മയായുള്ളത്. **يعلمه** അതിനെ അറിയും. **الله** അല്ലാഹു. **وتزودوا** നിങ്ങള്‍ യാത്രാഭക്ഷണം (യാത്രാവിഭവം) ഒരുക്കുകയും ചെയ്‌വിന്‍. **فإن خير** എന്നാല്‍ ഏറ്റവും ഉത്തമം. **الزاد** യാത്രാഭക്ഷണത്തിലെ, യാത്രാവിഭവത്തിലെ. **التقوى** ഭയഭക്തിയാണ്. **واتقون** എന്നെ സൂക്ഷിക്കുകയും ചെയ്യുവിന്‍. **يا أولي الألباب** ബുദ്ധിമാന്‍മാരേ. 198 **ليس عليكم** നിങ്ങളുടെ മേല്‍ ഇല്ല. **جناح** തെറ്റ്. **أن تبتغوا** നിങ്ങള്‍ തേടുന്നതിന്. **فضلاً** അനുഗ്രഹം, ദയവ്. **من ربكم** നിങ്ങളുടെ റബ്ബിങ്കല്‍ നിന്ന്. **فإذا أفضتم** അങ്ങനെ നിങ്ങള്‍ ഒഴുകിവന്നാല്‍ (പോന്നാല്‍) . **من عرفات** അറഫാത്തില്‍ നിന്ന്. **فاذكروا** അപ്പോള്‍ നിങ്ങള്‍ സ്മരിക്കുവിന്‍. **الله** അല്ലാഹുവിനെ. **عند المشعر الحرام** മശ്അറുല്‍ ഹറാ

മിൻെറ അടുക്കൽ വെച്ച്. **واذْكُروه** അവനെ നിങ്ങൾ സ്മരിക്കുകയും ചെയ്യുവിൻ. **كما هداكُم** അവൻ നിങ്ങൾക്ക് മാർഗ്ഗദർശനം നൽകിയപോലെ. **وإن كُنتم** നിശ്ചയമായും നിങ്ങളായിരുന്നു. **من قبْله** അതിനുമുമ്പ്. **لَمن الضالين** വഴിപിഴച്ചവരിൽ തന്നെ.199 **ثُم** പിന്നെ. **أَفيضوا** നിങ്ങൾ ഒഴുകിപ്പോരുവിൻ(വരുവിൻ) . **من حيثُ أَفَاض** ഒഴുകിപ്പോരുന്നിടത്തു നിന്ന്. **الناس** മനുഷ്യർ. **واستغفروا** പാപമോചനം തേടുകയും ചെയ്യുവിൻ. **الله** അല്ലാഹുവിനോട്. **إن الله** നിശ്ചയമായും അല്ലാഹു. **غَفُور** വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്.

ഹജ്ജിൻെറ മാസങ്ങൾ പരക്കെ അറിയപ്പെടുന്ന ചില മാസങ്ങളാകുന്നു. അതായത്, ശവ്വാലും, ദുൽഖഅ്ദും, ദുൽഹജ്ജും, ഹജ്ജിൻെറ കർമ്മങ്ങൾ ദുൽഹജ്ജ് ആദ്യത്തെ പകുതിയിൽ അവസാനിക്കുന്നുവെങ്കിലും ഹജ്ജിൻെറ മാസങ്ങൾ എണ്ണുമ്പോൾ അതും എണ്ണപ്പെടുന്നുവെന്നുമാത്രം. നിശ്ചിത കാലത്തല്ലാതെ ഹജ്ജ് ചെയ്യാൻ പാടില്ലാത്തതുകൊണ്ട് ശവ്വാലിന് മുമ്പായി ഹജ്ജിന് ഇഹ്റാം ചെയ്യുവാൻ പാടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഈ മാസങ്ങളിൽ ഹജ്ജ് നിർബന്ധമാക്കുക (**فرض فيهن الحج**) എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം അതിനുവേണ്ടി ഇഹ്റാം ചെയ്തു പ്രവേശിക്കുക എന്നത്രെ. ഹജ്ജിൽ പ്രവേശിച്ച് കഴിഞ്ഞാൽ, ഇടക്കുവെച്ച് മുടക്കം ബാധിച്ചാൽ തന്നെയും അതിന് നിശ്ചയിക്കപ്പെട്ട പരിഹാരമാർഗ്ഗം സ്വീകരിക്കണമെന്നല്ലാതെ, നിരുപാധികം വിരമിക്കുവാൻ പാടില്ലെന്ന് 196-ാം വചനത്തിൽ നിന്ന് മനസ്സിലായല്ലോ. അപ്പോൾ, ഹജ്ജിൽ പ്രവേശിക്കുന്നതോടുകൂടി അത് പൂർത്തിയാക്കൽ നിർബ്ബന്ധമായിത്തീരുന്നു. അതുകൊണ്ടാണ് 'ഹജ്ജ് നിർബ്ബന്ധമാക്കുക' എന്ന് പറഞ്ഞത്.

ഹജ്ജിൽ പ്രവേശിച്ചാൽ പിന്നീട് മൂന്ന് കാര്യങ്ങളെ അല്ലാഹു കർശനമായി വിരോധിച്ചിരിക്കുന്നു: സ്ത്രീ സല്ലാപവും, തോന്നിയവാസവും, തർക്കവും (**رفث، فسوق، جدال**) ഇവയിൽ **رفث** എന്ന വാക്കിൻെറ അർത്ഥോദ്ദേശ്യങ്ങളെക്കുറിച്ച് 187-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. അവിടെ അതുകൊണ്ടുദ്ദേശിക്കപ്പെട്ടത് സ്ത്രീ സംസർഗ്ഗമായിരുന്നു ഇവിടെ, സംയോഗം മാത്രമല്ല, അതുമായി ബന്ധപ്പെട്ട ചുംബനം മുതലായ പ്രാഥമിക ക്രീഡകളും സംസാരങ്ങളും കൂടിയാണ് ഉദ്ദേശ്യമെന്ന് ഹദീസുകളിൽനിന്നും, മുൻഗാമികളുടെ പ്രസ്താവനകളിൽ നിന്നും മനസ്സിലാക്കാം. അതുകൊണ്ടാണ് ഇവിടെ നാം അതിന് 'സ്ത്രീ സല്ലാപം' എന്ന് വിവർത്തനം നൽകിയിരിക്കുന്നത്. തോന്നിയവാസം (**فسوق**) എന്ന് പറഞ്ഞതിൽ മതത്തിൻെറ വിധിവിലക്കുകൾ അനുസരിക്കാതെയും, അച്ചടക്കം പാലിക്കാതെയുമുള്ള എല്ലാ ചെയ്തികളും ഉൾപ്പെടുന്നു. അന്യോന്യം കയർത്തും, ശണ്ഠകൂടിയും, വിവാദം നടത്തിയും കൊണ്ടുള്ള എല്ലാ സംസാരങ്ങളും തർക്കം നടത്തലി (**جدال**) ലും ഉൾപ്പെടുന്നു. അവസാനത്തെ രണ്ടുകാര്യങ്ങളും എല്ലായ്പ്പോഴും വർജ്ജിക്കൽ നിർബന്ധം തന്നയാണെങ്കിലും ഹജ്ജ് സമയത്ത് കൂടുതൽ കർശനമായി വിരോധിക്കപ്പെട്ടിരിക്കുകയാണ്. ഈ മൂന്ന് കാര്യങ്ങളും വർജ്ജിക്കുവാൻ കൽപിക്കുന്നതോടുകൂടി പുണ്യകരമായ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുവാൻ പ്രോൽസാഹിപ്പിക്കുകയും, നല്ല കാര്യം എത്ര ചെറുതായാലും അല്ലാഹു അത് പാഴാക്കുകയില്ലെന്ന് ഉണർത്തുകയും ചെയ്തിരിക്കുന്നു.

അനന്തരം, ഹജ്ജുയാത്രക്കൊരുങ്ങുമ്പോൾ അതിനാവശ്യമായ അത്യാവശ്യ വസ്തുക്കളെല്ലാം ഒരുക്കിക്കൊണ്ടായിരിക്കണം പോകുന്നതെന്ന് അല്ലാഹു ഉപദേശിക്കുന്നു.
زاد (സാദു) എന്നാണ് അല്ലാഹു ഇതിനുപയോഗിച്ച വാക്ക്. യാത്രക്കുള്ള ഭക്ഷണസാധനമെന്നാണ് അതിൻെറ വാക്കർത്ഥമെങ്കിലും, യാത്രക്ക് ആവശ്യമായ എല്ലാ സാമാനങ്ങളുമാണ് അതുകൊണ്ട് വിവക്ഷിക്കപ്പെടാറുള്ളത്. ഹജ്ജുകർമ്മത്തിന് പോകുമ്പോൾ, യാത്രക്കുള്ള സാധനസാമഗ്രികൾ ഒരുക്കിക്കൊണ്ട് പോകുന്നത് നന്നല്ലെന്നും, അതാവശ്യമില്ലെന്നും, അത് 'തവക്കുലി'ന് (അല്ലാഹുവിൽ കാര്യങ്ങൾ ഭരമേൽപിക്കണമെന്നുള്ളതിന്) എതിരാണെന്നുമൊക്കെ ജാഹിലിയ്യാ കാലത്ത് ചിലർ കരുതിയിരുന്നു. ഇക്കാലത്തും ചുരുക്കം ചിലർക്ക് ഈ

ധാരണ ഇല്ലാതില്ല. ഇത്തരക്കാർക്ക് ഒരു ഖണ്ഡനമാണിത്. യമൻ പ്രദേശത്ത് നിന്നു ഹജ്ജിന് വരുന്നവർ, തങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവരാണെന്ന് പറഞ്ഞുകൊണ്ട് യാത്രാസാമാനങ്ങളൊന്നും കൂടാതെ വരാറുണ്ടായിരുന്നുവെന്നും, അതാണ് ഇതവതരിക്കുവാൻ കാരണമെന്നും ഇബ്നു അബ്ബാസ് (ﷺ) പറഞ്ഞതായി ബുഖാരീ (ﷺ) യും മറ്റും ഉദ്ധരിച്ചിരിക്കുന്നു. ഇക്കാലത്ത് പണം കൈവശമുണ്ടെങ്കിൽ മിക്കവാറും എല്ലാ സാധനങ്ങളും മക്കായിൽ വാങ്ങുവാൻ കഴിയും. എന്നാലും ചില ഉപകരണങ്ങളെല്ലാം കരുതുന്നത് അത്യാവശ്യമായിരിക്കും. മുൻകാലത്ത് പണം കയ്യിലുണ്ടായാൽ തന്നെയും ആവശ്യവസ്തുക്കൾ വിലക്ക് കിട്ടുവാൻ പ്രയാസമായിരിക്കുമല്ലോ. അവസാനം അവർ സ്വയം കഷ്ടത അനുഭവിക്കേണ്ടി വരുകയോ, മറ്റുള്ളവർക്ക് ഒരു ഭാരമായിത്തീരുകയോ ആയിരിക്കും ഉണ്ടാകുക. അതിന് ഇടവരുത്തരുതെന്നും, യാത്രയിൽ ആവശ്യവസ്തുക്കൾ കരുതിക്കൊണ്ടുപോകുന്നത് ഹജ്ജിൻെറ ലക്ഷ്യത്തിന് വിരുദ്ധമല്ലെന്നും അല്ലാഹു ഈ കൽപന മുഖേന അറിയിക്കുന്നു. അതോടൊപ്പം തന്നെ, മറ്റൊരു യാഥാർത്ഥ്യംകൂടി ഉണർത്തുന്നു: യാത്രാസാമാനങ്ങളിൽവെച്ച് ഏറ്റവും ഉത്തമമായത് തഖ്‌വാ (تقوى) യാണ് എന്നത്രെ അത്. മറ്റുള്ളവരെ ആശ്രയിക്കാതെയും യാചിക്കുവാൻ ഇടയാക്കാതെയും സൂക്ഷിക്കുക എന്നും, അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിക്കുക-അഥവാ ഭയഭക്തി-എന്നും രണ്ട് പ്രകാരത്തിൽ ഇവിടെ ഈ വാക്യത്തിന് വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്.

സന്ദർഭം നോക്കുമ്പോൾ ഈ രണ്ട് വ്യാഖ്യാനത്തിലെയും ആശയം ഉൾക്കൊള്ളുന്ന ഒരു പൊതു അർത്ഥത്തിലാണ് ആ വാക്യമെന്നും വരാം. (അല്ലാഹുവിനറിയാം.) (تقوى) എന്ന പദത്തിൻെറ വാക്കർത്ഥം സൂക്ഷിക്കുക എന്നുതന്നെ. എങ്കിലും അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിച്ചുകൊണ്ടുള്ള ഭയഭക്തിയെ ഉദ്ദേശിച്ചാണ് ഖുർആനിലും മറ്റും അതും അതിൽനിന്നുൽഭവിക്കുന്ന മറ്റ് പദങ്ങളും അധികം ഉപയോഗിക്കപ്പെടാറുള്ളത്. അടുത്ത വാക്യത്തിൽ (واتقون يا اولى الالباب) (ബുദ്ധിമാൻമാരേ, എന്നെ സൂക്ഷിക്കുകയും വേണം) എന്ന് പറഞ്ഞതിലെ സൂക്ഷ്മതകൊണ്ടുദ്ദേശ്യം രണ്ടാമത് പറഞ്ഞതാണെന്നുള്ളതിൽ സംശയമില്ല. പ്രത്യക്ഷത്തിൽ ഐഹികമായ ഒരാവശ്യമാണല്ലോ യാത്രാസാമാനങ്ങൾ ഒരുക്കുന്നത് അതുകൊണ്ട് ഈ കൽപനയെ ആസ്പദമാക്കി ഐഹിക സുഖസൗകര്യങ്ങളിൽ അധികം പൂണ്ടുപിടിക്കരുത്-അല്ലാഹുവിനെ സൂക്ഷിക്കുന്ന കാര്യമാണ് കൂടുതൽ ഗൗനിക്കപ്പെടേണ്ടത്-എന്നത്രെ ഇതെല്ലാം ഉണർത്തുന്നത്. മനുഷ്യർക്ക് നഗ്നത മറക്കുവാനും, അലങ്കാരത്തിനുമുള്ള വസ്ത്രങ്ങൾ നൽകിയ അനുഗ്രഹത്തെ ഓർമ്മിപ്പിച്ചുകൊണ്ട് സൂ:അഅ്റാഫ് 26ൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ولباس التقوى ذلك خير (തഖ്‌വയാകുന്ന വസ്ത്രമത്രെ കൂടുതൽ ഉത്തമമായത്.) അതും ഈ തത്വം തന്നെയാണ് ഓർമ്മിപ്പിക്കുന്നത്.

തുടർന്നുകൊണ്ട് മുസ്‌ലിംകളിൽ കടന്നുകൂടിയിരുന്ന ഒരു തെറ്റിദ്ധാരണ നീക്കം ചെയ്യുന്നതാണ് 198-ാം വചനത്തിൽ കാണുന്നത്. ഉകാള്, മജ്നഃ, ദുൽമജാസ് (عكاظ, مجنة, ذوالمجاز) മുതലായ സ്ഥലങ്ങളിൽ വെച്ച് ജാഹിലിയ്യാ അറബികൾ ഹജ്ജു കാലത്ത് വമ്പിച്ച കച്ചവടങ്ങൾ നടത്തുക പതിവുണ്ടായിരുന്നു. ഇത് നന്നല്ലെന്ന് കരുതി മുസ്‌ലിംകൾ അതിൽനിന്ന് ഒഴിഞ്ഞ് നിൽക്കുമായിരുന്നു. ഇതിനെപ്പറ്റിയാണ് ....ليس عليكم جناح (നിങ്ങളുടെ റബ്ബിങ്കൽ നിന്നുമുള്ള അനുഗ്രഹം തേടുന്നതിന് നിങ്ങൾക്ക് തെറ്റില്ല.) എന്ന് അവതരിച്ചതെന്ന് ഇബ്നു അബ്ബാസ് (ﷺ) മുതലായവരിൽനിന്ന് ബുഖാരീ (ﷺ) അടക്കം പലരും ഉദ്ധരിച്ച രിവായത്തുകളിൽ വന്നിരിക്കുന്നു. ഇബ്നു ജരീർ (ﷺ) ഇപ്രകാരം ഉദ്ധരിക്കുന്നു: 'ഉമർ (ﷺ) നോട് അബൂസ്വാലിഹ് (ﷺ) ചോദിച്ചു: 'അമീറുൽ മുഅ്മിനീൻ! ഹജ്ജു കാലത്ത് നിങ്ങൾ കച്ചവടം നടത്തിയിരുന്നുവോ? അദ്ദേഹം പറഞ്ഞു: അവരുടെ (അറബികളുടെ) ജീവിതമാർഗ്ഗങ്ങൾ ഹജ്ജിലല്ലാതെ (മറ്റ് വല്ലതിലും) ആയിരുന്നുവോ?!'

ദുൽഹജ്ജ് 9-ാം ദിവസം ഹാജിമാർ അറഫായിൽ സമ്മേളിക്കുന്നു. അവിടെനിന്നുള്ള മടക്കത്തെ ഉദ്ദേശിച്ചാണ് 'ഒഴുകിപ്പോരുക (أفاضة)' എന്ന് പറയുന്നത്. ഹാജിമാരുടെ പ്രവാഹത്തെ

വെള്ളം ഒഴുകുന്നതിനോട് ഉപമിച്ചുകൊണ്ടുള്ളതാണ് ആ പ്രയോഗം. 'അറഫാത്ത്' എന്നും 'അറഫ' (عرفة ,عرفات) എന്നും പറയുന്നത് ഒന്നുതന്നെ. അറഫായിൽ നിന്ന് വൈകുന്നേരം ഇറങ്ങിപ്പോരുമ്പോൾ മുസ്ദലിഫ مزدلفة എന്നിടത്ത് രാത്രി തങ്ങേണ്ടതുണ്ട്. മുസ്ദലിഫയെ-അല്ലെങ്കിൽ അവിടെയുള്ള ഖുസഹ് قزح എന്ന കുന്നിനെ-ഉദ്ദേശിച്ചാണ് 'മശ്അറുൽഹറാം' المشعر الحرام എന്ന് പറയുന്നത്. അറഫായിൽനിന്ന് ഒഴുകിപ്പോരുമ്പോൾ അറിഞ്ഞിരിക്കേണ്ടുന്ന കാര്യങ്ങൾ അല്ലാഹു പ്രത്യേകം എടുത്ത് കാട്ടിയിരിക്കുന്നു: (1) മശ്അറുൽഹറാമിൽവെച്ച് അല്ലാഹുവിനെ പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. അവിടെവെച്ച് ഇന്നിന്ന 'ദിക്റോ' 'ദുആ'യോ വേണമെന്നൊന്നും നിർബ്ബന്ധമില്ല. എങ്കിലും, ദിക്ർ, ദുആ, തൽബിയത്ത് എന്നിവയൊക്കെ കഴിയുന്നത്ര വർദ്ധിപ്പിക്കേണ്ടതാകുന്നു. മഗ്രിബും ഇശായും അവിടെവെച്ചു ജംആക്കി (ഒരുമിച്ച്) നമസ്കരിക്കുകയും വേണം. ഇതെല്ലാമാണ് അതുകൊണ്ടുദ്ദേശ്യമെന്ന് പറയാം. (2) ഹജ്ജ് കർമ്മങ്ങളിലും അവയുടെആചരണങ്ങളിലും ജാഹിലിയ്യാ കാലത്ത് പല അനാചാരങ്ങളും കടന്നുകൂടിയിരുന്നു. അവയിലെ ശരിയും തെറ്റും തിരിച്ചറിയുവാൻപോലും സാധിച്ചിരുന്നില്ല. ഇപ്പോൾ, അവയുടെ യഥാർത്ഥ രൂപം വിവരിച്ചുകൊടുത്തും, സത്യവിശ്വാസവും സൻമാർഗവും സ്വീകരിക്കുവാനുള്ള ഭാഗ്യം നൽകിയുംകൊണ്ട് മുസ്ലിംകളെ അല്ലാഹു അനുഗ്രഹിച്ചിരിക്കുകയാണ്. അതിന് നന്ദിയായി എല്ലായ്പ്പോഴും പൊതുവിലും, ഹജ്ജ് കർമ്മങ്ങൾക്കിടയിൽ പ്രത്യേകിച്ചും അല്ലാഹുവിനെ ഓർത്തിരിക്കേണ്ടതുണ്ടെന്നും ഉണർത്തുന്നു.

(3) ഒഴുകിപ്പോരുമ്പോൾ മനുഷ്യൻ പൊതുവെ ഒഴുകിപ്പോരുന്ന സ്ഥലത്തു നിന്നുതന്നെയായിരിക്കണം പോരുന്നത് എന്നുള്ളതാണ് മറ്റൊരു കാര്യം. ഖുറൈശികൾ അവരുടെ ആഭിജാത്യത്തിൻെറയും, നേതൃത്വത്തിൻെറയും പേരിൽ ഹജ്ജിൻെറ അനുഷ്ഠാനങ്ങളിൽ കടത്തിക്കൂട്ടിയിരുന്ന ഒരു ദുസ്സമ്പ്രദായത്തിൻെറ ഖണ്ഡനമാണിത് അറഫായിൽനിന്ന് പോരുമ്പോൾ അറിഞ്ഞിരിക്കേണ്ടുന്ന ചില കാര്യങ്ങളെക്കുറിച്ച് ആദ്യം വിവരിച്ചശേഷം, പിന്നെ മറ്റൊരു കാര്യംകൂടി ثم എന്ന് പറഞ്ഞുകൊണ്ടാണ് ഇക്കാര്യം അല്ലാഹു ഉണർത്തുന്നത്. ഇബ്റാഹീം (عليه السلام) നബിയുടെ കാലം മുതൽക്കേ ഹജ്ജിൽ സമ്മേളിക്കുന്ന ആളുകൾ അറഫായിൽ പോകുകയും, അവിടെനിന്ന് മുസ്ദലിഫാ വഴി മടങ്ങുകയുമാണ് പതിവ് എന്നാൽ, ഖുറൈശികളും, അവരുമായി ബന്ധപ്പെട്ട ചിലരും മറ്റുള്ള ജനങ്ങളുടെ കൂട്ടത്തിൽ ചേരാതെ, 'ഞങ്ങൾ യോഗ്യൻമാരും വീരൻമാരുമാണ് (نحن الحمس)' എന്നും മറ്റും അഹങ്കരിച്ചുകൊണ്ട് മുസ്ദലിഫായിൽ സമ്മേളിക്കുകയും, അവിടെനിന്ന് തിരിച്ചുപോരുകയും ചെയ്യുമായിരുന്നു, മേലിൽ മുസ്ലിംകൾ ആരും അങ്ങിനെ ചെയ്യരുതെന്നും. എല്ലാവരും അറഫായിൽ പോയി അവിടെനിന്നുതന്നെ മടങ്ങണമെന്നും അല്ലാഹു കൽപിച്ചിരിക്കയാണ് (4) അവസാനം അല്ലാഹുവിനോട് പാപമോചനം തേടുവാൻ ഉപദേശിക്കുകയും, അവൻ വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു.

നമസ്കാരത്തിനുശേഷവും നോമ്പിനുശേഷവും ഇതേപ്രകാരം കല്പിച്ചതിനെപ്പറ്റി മുമ്പ് നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ഇവിടെ, അറഫായിൽനിന്നുള്ള മടക്കത്തെക്കുറിച്ച് പ്രസ്താവിച്ചതിനെത്തുടർന്നാണ് ഈ ഉപദേശം. ഹജ്ജ് സംബന്ധമായ എല്ലാ കർമ്മങ്ങളും നിർവ്വഹിച്ചു കഴിയുന്ന അവസരത്തിലും അല്ലാഹുവിനെ ഓർക്കണമെന്ന് അടുത്ത വചനത്തിൽ വീണ്ടും ഇതുപോലെ അല്ലാഹു ഉപദേശിച്ചിരിക്കുന്നത് കാണാം. എല്ലാ ആരാധനകളുടെയും സത്തയും ജീവനും സ്ഥിതി ചെയ്യുന്നത് അല്ലാഹുവിൻെറ സ്മരണയിലും അവനെക്കുറിച്ചുള്ള ബോധത്തിലുമാണല്ലോ. ഇതാണിതിന് കാരണം. ഈ സന്ദർഭത്തിൽ പാപമോചനം തേടുവാൻ ഉപദേശിച്ചതിൽ ഒരു പ്രത്യേക രഹസ്യംകൂടി അടങ്ങിയിരിക്കുന്നതായി കാണാം. പ്രാർത്ഥനകൾക്ക് കൂടുതൽ ഉത്തരം കിട്ടാവുന്നതും, അവൻെറ കൃപാ കടാക്ഷങ്ങൾ കൂടുതൽ ലഭിക്കാവുന്നതുമായ സന്ദർഭങ്ങളിലും, സ്ഥാനങ്ങളിലുമാണല്ലോ അവർ (ഹജ്ജ് ചെയ്യുന്നവർ) ഇപ്പോഴുള്ളത്. അതുകൊണ്ട് ഈ അവസരം അതിന് ഉപയോഗിക്കുവാൻ ശ്രദ്ധിക്കണമെന്നത്രെ

അത്. ذكر (ദിക്ർ) എന്ന വാക്കിന് വാക്കർത്ഥം 'ഓർമ്മിക്കുക, സ്മരിക്കുക, ധ്യാനിക്കുക, പറയുക, കീർത്തനം ചെയ്യുക' എന്നൊക്കെയാണ്. ഇത്തരം സ്ഥലങ്ങളിൽ അത് പ്രാവർത്തികമാകുന്നത് ഹംദ്, തസ്ബീഹ്, തഹ്‌ലീൽ, തക്ബീർ, ദുആ മുതലായവ മുഖേനയാകുന്നു. മനസ്സാന്നിധ്യവും, നിഷ്കളങ്കതയും, ഭയഭക്തിയും അവയുടെ ജീവൽവശമാകുന്നു. ومن الله التوفيق

فَإِذَا قَضَيْتُم مَّنَـٰسِكَكُمْ فَٱذْكُرُوا۟ ٱللَّهَ كَذِكْرِكُمْ ءَابَآءَكُمْ أَوْ أَشَدَّ ذِكْرًا ۗ فَمِنَ ٱلنَّاسِ مَن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا وَمَا لَهُۥ فِى ٱلْـَٔاخِرَةِ مِنْ خَلَـٰقٍ ﴿٢٠٠﴾

200 അങ്ങനെ, നിങ്ങൾ നിങ്ങളുടെ (ഹജ്ജ് സംബന്ധമായ) ആരാധനാകർമ്മങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പിതാക്കളെ സ്മരിക്കുന്നതുപോലെ-അഥവാ അതിനെക്കാൾ ശക്തമായ സ്മരണ-അല്ലാഹുവിനെ സ്മരിച്ചുകൊള്ളുവിൻ. എന്നാൽ, മനുഷ്യരിലുണ്ട് ചിലർ-അവർ പറയും: ''ഞങ്ങളുടെ റബ്ബേ! നീ ഞങ്ങൾക്ക് ഇഹലോകത്തിൽ നൽകേണമേ!'' പരലോകത്തിൽ അവർക്ക് യാതൊരു ഓഹരിയും ഇല്ലതാനും.

وَمِنْهُم مَّن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

201 അവരിലുണ്ട് ചിലരും അവർ പറയും: ''ഞങ്ങളുടെ റബ്ബേ! നീ ഞങ്ങൾക്ക് ഇഹലോകത്തിൽ നന്മ നൽകേണമേ!, പരലോകത്തിലും നന്മ (നൽകേണമേ) ! ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാത്തു തരുകയും ചെയ്യേണമേ!''

أُو۟لَـٰٓئِكَ لَهُمْ نَصِيبٌ مِّمَّا كَسَبُوا۟ ۚ وَٱللَّهُ سَرِيعُ ٱلْحِسَابِ ﴿٢٠٢﴾

202 അക്കൂട്ടർക്ക് അവർ സമ്പാദിച്ചതു നിമിത്തം ഒരു (വമ്പിച്ച) വിഹിതമുണ്ടായിരിക്കും. അല്ലാഹുവാകട്ടെ, വിചാരണ വേഗം നടത്തുന്നവനാകുന്നു.

---

200 فَإِذَا قَضَيتم അങ്ങനെ നിങ്ങൾ നിർവ്വഹിച്ചാൽ. مناسككم നിങ്ങളുടെ ആരാധനാ (ഹജ്ജു) കർമ്മങ്ങളെ. فَاذْكُروا അപ്പോൾ നിങ്ങൾ സ്മരിക്കുവിൻ. الله അല്ലാഹുവിനെ. كذكْركُم നിങ്ങൾ ഓർമ്മിക്കുന്നപോലെ. آباءَكُم നിങ്ങളുടെ പിതാക്കളെ. أو أشد അല്ലെങ്കിൽ (അഥവാ) , കൂടുതൽ ശക്തമായ. ذكْرا സ്മരണ. فَمن الناس എന്നാൽ മനുഷ്യരിലുണ്ട്. من يقُول പറയുന്നവർ, ചിലർ പറയും. ربنا آتنا ഞങ്ങളുടെ റബ്ബേ ഞങ്ങൾക്കു നൽകണേ. في الدنيا ഇഹ(ലോക) ത്തിൽ. وما له അവന്നില്ലതാനും. في الآخرة പര(ലോക) ത്തിൽ. من خلاق ഒരു അംശവും, ഓഹരിയിൽനിന്നും (ഒന്നും) . 201 ومنهم അവരിലുണ്ട്. من يقُول പറയുന്നവർ. ربنا آتنا റബ്ബേ ഞങ്ങൾക്ക് നൽകണേ. في الدنيا ഇഹത്തിൽ. حسنة നന്മ/ നല്ലത്. وفي الآخرة പരത്തിലും. حسنةً നന്മ നല്ലത്. وقنا ഞങ്ങളെ കാക്കുകയും (ഞങ്ങൾക്ക് കാത്തുതരുകയും) വേണമേ. عذاب ശിക്ഷയിൽ നിന്ന്, ശിക്ഷയെ. النار നരകത്തിൻെറ. 202 أولئك അക്കൂട്ടർ. لهم അവർക്കുണ്ട്. نصيب പങ്കു, ഓഹരി. مما كسبوا അവർ സമ്പാദിച്ചതിനാൽ, അവർ ചെയ്തുവെച്ചതിൽ നിന്ന്. والله അല്ലാഹുവാകട്ടെ. سريع വേഗമുള്ളവനാകുന്നു. الحساب വിചാരണ, കണക്കു നോക്കൽ.

مناسك(മനാസിക്) എന്ന വാക്കിന് 'ത്യാഗകർമ്മങ്ങൾ, ആരാധനാകർമ്മങ്ങൾ' എന്നൊക്കെയാണ് വാക്കർത്ഥമെങ്കിലും ഹജ്ജ് സംബന്ധമായ കർമ്മങ്ങൾക്കാണത് അധികവും ഉപയോഗിക്കപ്പെടാറുള്ളത് ഹജ്ജ് കർമങ്ങൾ നിർവ്വഹിച്ചു കഴിഞ്ഞാൽ കീർത്തനം, ധ്യാനം,

പ്രാര്‍ത്ഥന മുതലായവ നടത്തിക്കൊണ്ട് അല്ലാഹുവിന്‍റെ സ്മരണ പുതുക്കിക്കൊണ്ടിരിക്കുവാന്‍ കല്‍പിക്കുകയാണ്. 'നിങ്ങളുടെ പിതാക്കളെ സ്മരിക്കുന്നതുപോലെ' എന്ന് പറയുവാന്‍ കാരണം. ഹജ്ജ് കഴിഞ്ഞാല്‍, മിനായിലും മററും സമ്മേളിച്ച് ഓരോ ഗോത്രക്കാരും തങ്ങളുടെ പൂര്‍വ്വീകന്മാരുടെയും, പിതാക്കളുടെയും യോഗ്യതകളും മഹത്വങ്ങളും എണ്ണിപ്പറഞ്ഞും, പാടിപുകഴ്ത്തിയും കൊണ്ടിരിക്കുക അറബികളുടെ പതിവായിരുന്നു. ഇതിന്‍റെ അനൗചിത്യം സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്: നിങ്ങള്‍ ചെയ്യേണ്ടത് അതല്ല ; അതിന്‍റെ സ്ഥാനത്ത് അല്ലാഹുവിനെക്കുറിച്ചാണ് നിങ്ങള്‍ക്ക് ഓര്‍മ്മയും കീര്‍ത്തനവുമൊക്കെ ഉണ്ടായിരിക്കേണ്ടത്. അല്ല, അതുപോര; അതിലുപരിയായിത്തന്നെ അല്ലാഹുവിന്‍റെ സ്മരണക്ക് നിങ്ങള്‍ പ്രാധാന്യം കല്‍പ്പിക്കേണ്ടതുണ്ട് എന്നൊക്കെ. ഈ കല്‍പന വേറൊരു പ്രകാരത്തിലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. നിങ്ങള്‍ കുട്ടികളായിരിക്കുമ്പോള്‍, എന്‍റെ ബാപ്പ, എന്‍റെ ഉമ്മ എന്നൊക്കെ വിളിച്ചും പറഞ്ഞും ആവശ്യപ്പെട്ടും കൊണ്ടിരിക്കുമല്ലോ: അതുപോലെയും, അതിലുപരിയായും നിങ്ങള്‍ അല്ലാഹുവിനെക്കുറിച്ച് സ്മരിക്കുകയും അവനോട് പ്രാര്‍ത്ഥിക്കുകയുമാണ് വേണ്ടത് എന്നത്രെ ആ വ്യാഖ്യാനത്തിന്‍റെ ചുരുക്കം. രണ്ടായാലും ഒരേ ആശയത്തില്‍ തന്നെ- അല്ലാഹുവിനെ ഓര്‍മ്മിക്കേണ്ടതിന്‍റെ ആവശ്യകതയില്‍തന്നെ-കലാശിക്കുന്നു. തുടര്‍ന്നുകൊണ്ട് അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കുന്നത് എങ്ങിനെയാവണം, എങ്ങിനെ ആവരുത് എന്നുകൂടി അല്ലാഹു പറയുന്നു :-

ചില മനുഷ്യര്‍ അല്ലാഹുവിനെ വിളിച്ചു പ്രാര്‍ത്ഥിച്ചുകൊണ്ടിരിക്കുമെങ്കിലും അവര്‍ക്ക് ഐഹികമായ കാര്യങ്ങള്‍ മാത്രമെ ലക്ഷ്യമുണ്ടായിരിക്കയുള്ളു. 'റബ്ബേ, ഞങ്ങള്‍ക്ക് ഇഹത്തില്‍ ഇന്നിന്ന കാര്യങ്ങള്‍ നല്‍കേണമേ'! (ربنا اتنا فى الدنيا) എന്നായിരിക്കും അവരുടെ പ്രാര്‍ത്ഥന. പരലോക കാര്യങ്ങളെക്കുറിച്ച് അവര്‍ക്ക് പ്രാര്‍ത്ഥിക്കുവാനുണ്ടായിരിക്കുകയില്ല. ഇങ്ങിനെയുള്ളവര്‍ക്കു പരലോകത്തുവെച്ച് ഒന്നും ലഭിക്കുവാനുണ്ടാവുകയില്ല. ഐഹികാവശ്യങ്ങളാകട്ടെ, അല്ലാഹു ഉദ്ദേശിച്ച അളവില്‍ ലഭിച്ചുകൊണ്ടുമിരിക്കും. വേറൊരു വിഭാഗം ആളുകളുണ്ട് : അവര്‍ ഐഹികവും പാരത്രികവുമായ നന്‍മക്ക് വേണ്ടി പ്രാര്‍ത്ഥിച്ചുകൊണ്ടിരിക്കും. 'ഞങ്ങള്‍ക്ക് ഇഹത്തിലും പരത്തിലും നന്‍മ നല്‍കേണമേ! ('ربنا اتنا فى الدنيا حسنة وفى الاخرة حسنة*') എന്നായിരിക്കും അവര്‍ പറയുക. അതെ, ആരോഗ്യം, സമാധാന ജീവിതം, ആവശ്യത്തിനുള്ള ധനം, പാര്‍പ്പിടം, നല്ല വീട്ടുകാര്‍, ജനസമ്മതി, അറിവ്, വിജ്ഞാനം, സല്‍കര്‍മ്മം ചെയ്വാനുള്ള സൗകര്യം, ആപത്തുകളില്‍നിന്നും വിഷമങ്ങളില്‍ നിന്നുമുള്ള രക്ഷ ആദിയായി ലൗകികമായ എല്ലാ നന്‍മകള്‍ക്കുവേണ്ടിയും അവര്‍ പ്രാര്‍ത്ഥിക്കും. എന്നാല്‍ അവരുടെ ലക്ഷ്യം അതുകൊണ്ടവസാനിക്കുന്നില്ല. അല്ലാഹുവിന്‍റെ പ്രീതി, പാപമോചനം, സ്വര്‍ഗ്ഗീയാനുഗ്രഹങ്ങള്‍ തുടങ്ങിയ നന്‍മകള്‍ ലഭിക്കലായിരിക്കും അവരുടെ പ്രധാന ലക്ഷ്യം. അതുകൊണ്ട് അല്ലാഹുവിന്‍റെ കോപശാപങ്ങള്‍ക്ക് കാരണമാകുന്ന പ്രവൃത്തികള്‍ ചെയ്തു നരകശിക്ഷക്കു വിധേയരാകാതെ ഞങ്ങളെ കാത്തു രക്ഷിക്കണേ (وقنا عذاب النار) എന്നുകൂടി അവര്‍ പ്രാര്‍ത്ഥിക്കും. ഇങ്ങിനെയുള്ളവര്‍ക്കും മററുള്ളവരെപ്പോലെ ഇഹത്തില്‍വെച്ചു അല്ലാഹു ഉദ്ദേശിച്ച കാര്യങ്ങള്‍ ലഭിക്കും. പരലോകത്തിലാകട്ടെ അവരുടെ പ്രാര്‍ത്ഥനകളും കര്‍മ്മങ്ങളുമായി അവര്‍ ഇഹത്തില്‍വെച്ചു സമ്പാദിച്ചുവെച്ച നേട്ടങ്ങള്‍ക്കനുസരിച്ച് അതിമഹത്തായ ഭാഗ്യം ലഭിക്കുകയും ചെയ്യുന്നു. ഈ രണ്ടുതരം പ്രാര്‍ത്ഥനകളില്‍ ഏതാണ് മാതൃകായോഗ്യമെന്നും, ഏതാണ് സ്വീകരിക്കേണ്ടതെന്നും ആലോചിച്ച് ഉചിതമായത് അനുഷ്ഠിച്ചുകൊള്ളുക എന്ന് സാരം . അല്ലാഹു എല്ലാവരുടെയും വിചാരണ വളരെ വേഗം നടത്തി അവരവര്‍ അര്‍ഹിക്കുന്ന പ്രതിഫലം നല്‍കുന്നതാണെന്നും, കാലതാമസമോ മററു പ്രതിബന്ധങ്ങളോ ഒന്നും അതില്‍ നേരിടുവാനില്ലെന്നും അവസാനം ഉണര്‍ത്തുന്നു.

സൂ: ഇസ്രാഉല്‍ അല്ലാഹു പറയുന്നു: 'താല്‍ക്കാലികമായി ഈ ലോകത്തെ ആരെങ്കിലും ഉദ്ദേശിക്കുന്ന പക്ഷം, നാം വേണമെന്നുവെക്കുന്നത് നാം ഉദ്ദേശിക്കുന്നവര്‍ക്ക് നാം വേഗമാക്കിക്കൊടുക്കും. പിന്നീട് അവന് നാം നരകത്തെ ഏര്‍പ്പെടുത്തിക്കൊടുക്കും. അവന്‍ അതില്‍ ആക്ഷേപിക്കപ്പെട്ടവനായും, നിന്ദിക്കപ്പെട്ടവനായും കൊണ്ട് എരിയുന്നതാണ്.

ആരെങ്കിലും പരലോകത്തെ ഉദ്ദേശിക്കുകയും, അതിനുവേണ്ടി സത്യവിശ്വാസിയായും കൊണ്ട് അതിന്മേതായ പരിശ്രമം പരിശ്രമിക്കുകയും ചെയ്യുന്ന പക്ഷം, അങ്ങിനെയുള്ളവരുടെ പരിശ്രമം നന്ദിയോടെ സ്വീകരികക്കപ്പെടുന്നതാകുന്നു. എല്ലാവർക്കും-അക്കൂട്ടർക്കും ഇക്കൂട്ടർക്കും തന്നെ-നിന്റെ റബ്ബിന്റെവക കൊടുതിയെ നാം അയച്ചിട്ടുകൊടുക്കുന്നതാണ്. നിന്റെ റബ്ബിന്റെ കൊടുതി തടസ്സം ചെയ്യപ്പെടുന്നതായിരിക്കയില്ല.'' (ഇസ്രാഉ് ,18,19,20) ഒരു മാതൃകാ പ്രാർത്ഥന യായി അല്ലാഹു പഠിപ്പിച്ചുതന്ന ഈ പ്രാർത്ഥന: ربنا اتنا فى الدنيا حسنة وفى الاخرة حسنة وقنا عذاب النار നാവുകൊണ്ട് ഉച്ചരിക്കുവാൻ വളരെ ലഘുവായതോടൊപ്പം ഐഹികവും പാരത്രികവുമായ എല്ലാവിധ നൽമകളെയും ലക്ഷ്യം വെച്ചുകൊണ്ടുള്ള മഹത്തായ ഒരു പ്രാർത്ഥനയാകുന്നു. അതുകൊണ്ട് തന്നെയാണ് നബി(ﷺ) ഈ പ്രാർത്ഥന സാധാരണ പ്രാർത്ഥിക്കാറുണ്ടായിരുന്നതും, (ബു) തിരുമേനിയുടെ പ്രാർത്ഥന അധികവും ഈ വാചകങ്ങളിലായിരുന്നതും, (عليه السلام) കഅ്ബയെ ത്വവാഫു ചെയ്യുക. മുതലായ ഹജ്ജ് കർമ്മങ്ങൾക്കിടയിലും ഈ പ്രാർത്ഥനക്ക് വളരെ സ്ഥാനം നൽകപ്പെട്ടിരിക്കുന്നതും പ്രസ്താവ്യമാകുന്നു.

۞ وَٱذْكُرُوا۟ ٱللَّهَ فِىٓ أَيَّامٍ مَّعْدُودَٰتٍ ۚ فَمَن تَعَجَّلَ فِى يَوْمَيْنِ فَلَآ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلَآ إِثْمَ عَلَيْهِ ۚ لِمَنِ ٱتَّقَىٰ ۗ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّكُمْ إِلَيْهِ تُحْشَرُونَ ﴿٢٠٣﴾

203 എണ്ണപ്പെട്ട (അൽപം) ചില ദിവസങ്ങളിലും നിങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊള്ളുവിൻ. എന്നാൽ, ആരെങ്കിലും രണ്ടുദിവസം കൊണ്ട് ധൃതിപ്പെട്ടുപോരുന്ന പക്ഷം, അവന്റെ മേൽ കുറ്റമില്ല. ആരെങ്കിലും പിന്തി നിന്നാൽ അവന്റെ മേലും കുറ്റമില്ല; (അതെ) സൂക്ഷ്മത പാലിക്കുന്നവർക്ക്. [അവർക്കാണ് ഇപ്പറഞ്ഞത്] നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നിങ്ങൾ അവങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവിൻ.

---

203 **واذْكُروا الله** അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യുവിൻ. **في أيامٍ** ചില ദിവസങ്ങളിൽ. **معدودات** എണ്ണപ്പെട്ട. **فَمن** എന്നാൽ ആരെങ്കിലും. **تعجلَ** ധൃതിപ്പെട്ടു(വെങ്കിൽ) . **في يومين** രു ദിവസങ്ങളിൽ. **فَلا إِثْم** എന്നാൽ കുറ്റമില്ല. **عليه** അവന്റെ മേൽ. **ومن تأخر** ആരെങ്കിലും പിന്തി നിന്നാൽ, താമസിച്ചെങ്കിൽ. **فَلا إِثم عليه** എന്നാലവന്റെ മേൽ കുറ്റമില്ല. **لمن اتقى** സൂക്ഷിക്കുന്നവർക്ക്. **واتقُوا الله** അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. **واعلموا** അറിയുകയും ചെയ്യുവിൻ. **أنكُم** നിങ്ങൾ (ആകുന്നു) എന്ന്. **إليه تحشرونَ** അവനിലേക്ക് ഒരുമിച്ച് കൂട്ടപ്പെടും (എന്ന്) .

ايام معدودات (എണ്ണപ്പെട്ട ചില ദിവസങ്ങൾ) കൊണ്ട് ഇവിടെ ഉദ്ദേശ്യം വലിയ പെരുന്നാൾ ദിവസത്തെ തുടർന്നുള്ള മൂന്ന് ദിവസങ്ങളാകുന്നു. അതായത് 'അയ്യാമുത്തശ്‌രീഖ് (ايام التشريق)' എന്ന് പറയപ്പെടുന്ന ദുൽഹജ്ജ് 11,12,13 തിയ്യതികൾ. ഈ ദിവസങ്ങളിൽ പ്രത്യേകം അല്ലഹുവിന്റെ ദിക്ർ (സ്മരണ) വേണ്ടതുണ്ടെന്ന് അല്ലാഹു ഓർമ്മിപ്പിക്കുന്നു. ഈ അടിസ്ഥാനത്തിൽ തന്നെയാണ്, ആ ദിവസങ്ങളിൽ നമസ്കാരങ്ങൾക്ക് ശേഷവും ജംറഃ(*) കളിൽ എറിയുമ്പോഴും, ബലിമൃഗങ്ങളെ അറുക്കുമ്പോഴും മറ്റും തക്ബീർ ചൊല്ലുന്നത് സുന്നത്താക്കപ്പെട്ടിരിക്കുന്നതും, 'അയ്യാമുത്തശ്‌രീഖ്' തിന്നുവാനും, കുടിക്കുവാനും, ദിക്റിനുമുള്ള ദിവസങ്ങളാണെന്ന് നബി (ﷺ) അരുളിചെയ്തിട്ടുമുണ്ട്. (മു) ഈ ദിവസങ്ങളിൽ ഹാജിമാർ മിനായിൽ താമസിച്ചുകൊണ്ട് ജംറകളിൽ കല്ലേറുനടത്തേണ്ടതുണ്ട്. എന്നാൽ, രണ്ട് ദിവസം കൊണ്ട് അത് പൂർത്തിയാക്കി രണ്ടാം ദിവസം അവിടെ വിട്ടുപോരുന്നതിനും, മൂന്ന്

---

* മിനായിൽ വെച്ചു മൂന്നു പ്രത്യേക സ്ഥാനങ്ങളിൽ ഏഴേഴു പ്രാവശ്യം കല്ലെറിയേണ്ടതുണ്ടല്ലോ. ആ സ്ഥലങ്ങൾക്കാണ് ജംറഃ (جمرة)കൾ എന്ന് പറയുന്നത്.

ദിവസം നിന്ന് മൂന്നാം ദിവസം പോരുന്നതിനും വിരോധമില്ലെന്നും അല്ലാഹു അറിയിക്കുന്നു. മൂന്നാം ദിവസം പോരുന്നതാണ് നല്ലതെങ്കിലും രണ്ടും ആവാമെന്ന് സാരം. രണ്ടോ മൂന്നോ ദിവസമെന്നുള്ളതിനെക്കാൾ പ്രാധാന്യം കൽപിക്കേണ്ടത് ഭയഭക്തിക്കും സൂക്ഷമതക്കുമാണെന്നും, രണ്ടും സ്വന്തം സ്വാർത്ഥങ്ങളെ മുൻനിറുത്തിയാകരുതെന്നും ഉണർത്തുന്നു. അവസാനം-മുമ്പ് പലപ്പോഴും കണ്ടതുപോലെ-അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ട് ജീവിക്കണമെന്നും, എല്ലാവരും അവസാനം അവൻെറ അടുക്കൽ തിരിച്ച് ചെല്ലേണ്ടി വരുമെന്ന് ഓർമ്മിച്ചുകൊണ്ടിരിക്കണമെന്നും വീണ്ടു ഓർമ്മിപ്പിക്കുന്നു.

وَمِنَ ٱلنَّاسِ مَن يُعۡجِبُكَ قَوۡلُهُۥ فِي ٱلۡحَيَوٰةِ
ٱلدُّنۡيَا وَيُشۡهِدُ ٱللَّهَ عَلَىٰ مَا فِي قَلۡبِهِۦ وَهُوَ أَلَدُّ
ٱلۡخِصَامِ ٢٠٤

204 മനുഷ്യരിലുണ്ട് (ഇങ്ങിനെ) ചിലരും: ഐഹിക ജീവിത (വിഷയ) ത്തിൽ അവൻെറ വാക്ക് [സംസാരം] നിന്നെ അൽഭുതപ്പെടുത്തും; അവൻെറ ഹൃദയത്തിലുള്ളതിനെ [ആത്മാർത്ഥതയെ] പ്പറ്റി അവൻ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യും. അവനാകട്ടെ, (വാസ്തവത്തിൽ) കുതർക്കിയായ വഴക്കുകാരനും (അഥവാ കടുത്ത വൈരാഗ്യമുള്ളവനും) ആയിരിക്കും.

وَإِذَا تَوَلَّىٰ سَعَىٰ فِي ٱلۡأَرۡضِ لِيُفۡسِدَ فِيهَا
وَيُهۡلِكَ ٱلۡحَرۡثَ وَٱلنَّسۡلَۚ وَٱللَّهُ لَا يُحِبُّ
ٱلۡفَسَادَ ٢٠٥

205 അവൻ തിരിഞ്ഞുപോയാലാകട്ടെ, അവൻ ഭൂമിയിൽ പരിശ്രമം നടത്തുകയായി, അതിൽ നാശം [കുഴപ്പം] ഉണ്ടാക്കുവാനും, വിളയും സന്തതിയും നാശപ്പെടുത്തുവാനും! അല്ലാഹുവാകട്ടെ, നാശം[കുഴപ്പ]ത്തെ ഇഷ്ടപ്പെടുന്നില്ലതാനും.

وَإِذَا قِيلَ لَهُ ٱتَّقِ ٱللَّهَ أَخَذَتۡهُ ٱلۡعِزَّةُ بِٱلۡإِثۡمِۚ
فَحَسۡبُهُۥ جَهَنَّمُۖ وَلَبِئۡسَ ٱلۡمِهَادُ ٢٠٦

206 അവനോട്: ''നീ അല്ലാഹുവിനെ സൂക്ഷിക്കുക'' എന്ന് പറയപ്പെട്ടാലാകട്ടെ, പ്രതാപം (അഥവാ രോഷം) അവനെ കുറ്റ(കൃത്യ) ത്തിന്നു പ്രേരിപ്പിക്കുകയായി. എന്നാൽ, അവനു 'ജഹന്നം' [നരകം] മതി! അത് എത്രയോ മോശപ്പെട്ട വിതാനം തന്നെ!

وَمِنَ ٱلنَّاسِ مَن يَشۡرِي نَفۡسَهُ ٱبۡتِغَآءَ
مَرۡضَاتِ ٱللَّهِۚ وَٱللَّهُ رَءُوفُۢ بِٱلۡعِبَادِ ٢٠٧

207 മനുഷ്യരിലുണ്ട് (വേറെ) ചിലരും: അല്ലാഹുവിൻെറ പ്രീതിയെ തേടിക്കൊണ്ട് തൻെറ സ്വന്തത്തെ [ആത്മാവിനെ] അവൻ വിൽക്കുന്നതാണ്. അല്ലാഹു അടിയാൻമാരോടു വളരെ കൃപയുള്ളവനുമാകുന്നു.

204 **ومن الناس** മനുഷ്യരിലുണ്ട്. **من** യാതൊരുവൻ, ചിലർ. **يعجبك** നിന്നെ അത്ഭുതപ്പെടുത്തും. **قوله** അവൻെറ വാക്ക്. **في الحياة** ജീവിതത്തിൽ. **الدنيا** ഐഹികമായ. **ويشهد** അവൻ സാക്ഷ്യപ്പെടുത്തുകയും ചെയ്യും. **الله** അല്ലാഹുവിനെ. **على ما في قلبه** അവൻെറ ഹൃദയത്തിലുള്ളതിനെപ്പറ്റി. **وهو** അവനാകട്ടെ. **ألد** കുതർക്കിയാണ്, മഹാവഴക്കുകാരനാകുന്നു. **الخصام** തർക്കം (വഴക്ക്-കേസ്സ്-എതിർപ്പ്) കൂടുന്നതിൽ. 205 **وإذا تولى** അവൻ തിരിഞ്ഞുപോയാൽ, അധികാരം ലഭിച്ചാൽ. **سعى** അവൻ പരിശ്രമിക്കും, ഉൽസാഹിക്കുകയായി. **في الأرض** ഭൂമിയിൽ. **ليفسد** നാശം(കുഴപ്പം) ഉണ്ടാക്കുവാൻ. **فيها** അതിൽ. **ويهلك** നശിപ്പിക്കുവാനും. **الحرث** വിള, കൃഷി. **والنسل** സന്തതി, വംശം. **والله** അല്ലാഹുവാകട്ടെ. **لا يحب** അവൻ ഇഷ്ടപ്പെടുന്നില്ല. **الفساد** നാശം കുഴപ്പം. 206 **وإذا قيل له** അവനോട് പറയപ്പെട്ടാൽ. **اتق الله** അല്ലാഹുവിനെ സൂക്ഷിക്കുക. **أخذته** അവനെ പിടികൂടും. **العزة**

പ്രതാപം (രോഷം, ദുരഭിമാനം, അഹങ്കാരം) . **بِالإِثْم** കുറ്റത്തിന്, പാപത്തിന്. **فَحسبه** എന്നാൽ അവനു മതി. **جهنم** ജഹന്നം, നരകം. **ولَبِئْس** എത്രയോ മോശം തന്നെ വളരെ ചീത്ത. **الْمهاد** (ആ) തൊട്ടിൽ, വിതാനം, വിരിപ്പ്. 207 **ومن الناس** മനുഷ്യരിലുണ്ട്. **من يشري** വിൽക്കുന്നവൻ. **نفْسه** തന്നെ ത്തന്നെ, സ്വന്തത്തെ, തന്റെ ആത്മാവിനെ. **ابتغاء** ആഗ്രഹിച്ചതിനാൽ. **مرضات الله** അല്ലാഹുവിന്റെ പ്രീതി, പൊരുത്തപ്പാട്. **والله رءُوف** അല്ലാഹു വളരെ കൃപ (ദയ-കനിവ്) ഉള്ളവനാണ്. **بِالْعباد** അടി യാൻമാരോട്.

ഐഹികമായ കാര്യങ്ങൾക്കുവേണ്ടി മാത്രം പ്രാർത്ഥിക്കുന്നവരും, ഐഹികവും പാരത്രികവുമായ നൻമകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവരുമായ രണ്ട് തരം ആളുകളെക്കുറിച്ച് പ്രസ്താവിച്ചശേഷം, അതുപോലെയുള്ള വേറെ രണ്ട് തരം ആളുകളെയും അവരുടെ സ്വഭാവങ്ങളെയും സംബന്ധിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. ഒരു കൂട്ടർ കപടൻമാരും ദുഷ്ട മനസ്ഥിതിക്കാരും, മറ്റേവർ നിഷ്കളങ്കരും വിശിഷ്ട മനസ്ഥിതി ക്കാരുമാകുന്നു.

ഇങ്ങിനെ രണ്ടുതരം മനുഷ്യരെപ്പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത്. ഒന്നാമത്തെ തരക്കാരെപ്പറ്റി പറഞ്ഞതിന്റെ സാരം: ആകർഷകവും, മധുരമയവുമായ സംസാരം. കേൾക്കുന്നവർക്ക് കൗതുകവും ആശ്ചര്യവും തോന്നിപ്പോകും. തങ്ങളുടെ ആത്മാർത്ഥതയും ശുദ്ധതയും സ്ഥാപിക്കുവാൻവേണ്ടി അല്ലാഹുവിന്റെ നാമം ഇടക്കിടെ അവർ ഉപയോഗ പ്പെടുത്തുകയും അവനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യും. യഥാർത്ഥത്തിൽ സത്യത്തോടും സത്യത്തിന്റെ കക്ഷിയോടും കടുത്ത ശത്രുതയും വൈരാഗ്യവുമാണ് അവരുടെ ഉള്ളിലുള്ളത്. കുതർക്കവും വഴക്കും കൂടുന്നതിൽ നിപുണൻമാരുമായിരിക്കും. സംസാര രംഗത്ത് നിന്ന് മാറി കർമരംഗത്ത് വന്നാലാകട്ടെ, നാട്ടിൽ കുഴപ്പത്തിന്റെയും നാശത്തിന്റെയും മാർഗ്ഗങ്ങളി ലായിരിക്കും അവരുടെ യത്നവും ശ്രദ്ധയും. ഉൽപന്നങ്ങൾ നശിപ്പിക്കുക, സമാധാന ജീവിതം താറുമാറാക്കുക മുതലായ അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യും. ഇതെല്ലാം കാണുമ്പോൾ, ആരെങ്കിലും അവരോട് അല്ലാഹുവിനെ സൂക്ഷിക്കണം, ഇതൊന്നും അവൻ ഇഷ്ടപ്പെടാത്തതാണ് എന്നൊക്കെ പറഞ്ഞാൽ അതിലേക്ക് ചെവി കൊടുക്കുകയില്ലെന്ന് മാത്രമല്ല, നേരെ മറിച്ച് അഹങ്കാരവും രോഷവും പിടികൂടുകയും, കൂടുതൽ തോന്നിയവാസവും ധിക്കാരവും പ്രവർത്തിക്കുവാൻ തങ്ങളുടെ ഊക്കും പ്രതാപവും അവരെ പ്രേരിപ്പിക്കുകയു മായിരിക്കും ചെയ്യുക. ഇങ്ങിനെയുള്ളവരെ ഗുണദോഷിച്ചിട്ടോ, ഉപദേശിച്ചിട്ടോ ഫലമില്ല. അവരെ ഒതുക്കുവാൻ അല്ലാഹു നേരത്തെത്തന്നെ ഒരുക്കിവെച്ചിട്ടുണ്ട്-നരകം! അതുമതി അവർക്ക്! അവിടെ എത്തുമ്പോൾ അവരുടെ ഈ ഊക്കും ധിക്കാരവുമൊന്നും കാണുകയില്ല. എന്നൊക്കെയാണ് ഇത്തരക്കാരെപ്പറ്റി പറഞ്ഞതിന്റെ സാരം. നന്നേ ചുരുക്കം വാക്കുകളിലായി അവരോട് ചെയ്ത ഈ താക്കീതിന്റെ ഗൗരവം ഒന്നാലോചിച്ചു നോക്കുക!

അക്കാലത്തുള്ള കപടവിശ്വാസികളെ അല്ലെങ്കിൽ അവരിൽപെട്ട ചിലരെ-പ്പറ്റിയാണ് ഈ വിവരണമെന്നും, അവരുടെ കാര്യത്തിലാണ് ഇതിന്റെ അവതരണമെന്നും വ്യാഖ്യാതാക്കളിൽ ചിലരൊക്കെ പ്ര്താവിച്ച് കാണാമെങ്കിലും-ഖത്താദ, മുജാഹിദ്, റബീഉ് (رحمهم الله) മുതലായവർ പ്രസ്താവിച്ചതുപോലെ-സത്യവിശ്വാസികളിലാകട്ടെ, കപടവിശ്വാസികളിലാകട്ടെ, ഈ സ്വഭാവക്കാരായ എല്ലാവരെയും സംബന്ധിക്കുന്നതാണിത് എന്നത്രെ ശരിയായ അഭിപ്രായം. ഇത്തരക്കർ താരതമ്യേന എല്ലാ കാലത്തും സുലഭമാണല്ലോ. നമ്മുടെ ഇക്കാലത്ത് വിശേഷിച്ചും. **واذا تولى** എന്ന വാക്കിന് 'തിരിഞ്ഞു പോയാൽ' എന്നും, 'അധികാരം ലഭിച്ചാൽ' എന്നും അർത്ഥം വരാവുന്നതാണ്. ഒന്നാമത്തെ അർത്ഥപ്രകാരം അവർ സംസാരരംഗത്തുനിന്ന് വിട്ടുമാറിയാൽ എന്നും, രണ്ടാമത്തെ അർത്ഥപ്രകാരം അവർക്ക് നാട്ടിൽ വല്ല അധികാരമോ സ്വാധീനമോ കൈവന്നാൽ എന്നും ഉദ്ദേശ്യമായിരിക്കും. ഒന്നാമത്തെ അർത്ഥത്തെ ആസ്പദമാക്കിയാണ്

മുകളില്‍ കണ്ട വിവരണം. വാചകഘടന നോക്കുമ്പോള്‍ അതിനാണ് മുന്‍തൂക്കം കാണുന്നത്. രണ്ടാമത്തെ അര്‍ത്ഥമാണ് ഖുര്‍ആന്‍ വ്യാഖ്യാതാക്കളില്‍ ഒരു വിഭാഗം സ്വീകരിച്ചിരിക്കുന്നത്. ഇതനുസരിച്ച് ആശയം കൂടുതല്‍ വ്യക്തവുമാണ്. യഥാര്‍ത്ഥ വിശ്വാസവും അല്ലാഹുവിനെക്കുറിച്ചുള്ള ഭയഭക്തിയും മനസ്സില്‍ തീണ്ടാത്തവര്‍ക്ക് അധികാരവും സ്വാധീനവും കിട്ടിയാലുണ്ടാകുന്ന ചെയ്തികളെപ്പറ്റി അല്ലാഹു നല്‍കിയ ആ വിവരണം അക്ഷരാര്‍ത്ഥത്തില്‍ നാം കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുകയാണല്ലോ.

രണ്ടാമത്തെ തരക്കാരെപ്പറ്റി അല്ലാഹു അധികം വിശദീകരിച്ചിട്ടില്ല. വിശദീകരണം കൂടാതെത്തന്നെ അവരെപ്പറ്റി മനസ്സിലാക്കാവുന്നതാണുതാനും. അല്ലാഹുവിന്‍റെ പ്രീതിയും പൊരുത്തപ്പാടുമാണ് അവരുടെ ഏക ലക്ഷ്യം. അതിനായി ഏത് ത്യാഗവും വരിക്കുവാന്‍ അവര്‍ തയ്യാറാണ്. ധനം, പ്രതാപം മുതലായവ മാത്രമല്ല, സ്വന്തം ആത്മാവിനെപ്പോലും അതിന് വേണ്ടി ബലി കഴിക്കുവാന്‍ അവര്‍ ഒരുക്കമാണ്. എന്നിരിക്കെ, അവരുടെ വാക്കും പ്രവര്‍ത്തിയും അതിനനുസരിച്ചായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഇതിനൊരു ഉദാഹരണമായി സ്വുഹൈബ് (رضي الله عنه) ന്‍റെ(*) സംഭവം ഖുര്‍ആന്‍ വ്യാഖ്യാതാള്‍ എടുത്ത് കാണിക്കുന്നു. അദ്ദേഹത്തിന്‍റെ കാര്യത്തിലാണ് ഈ വചനം അവതരിച്ചതെന്നും ചിലര്‍ പ്രസ്താവിച്ചിരിക്കുന്നു. അവതരണ കാരണം ഏതായാലും അതിലെ ഉള്ളടക്കം അദ്ദേഹത്തിനുമാത്രം ബാധമമായതല്ല പൊതുവെ ബാധകമാണ്-എന്നതില്‍ സംശയമില്ല. സ്വുഹൈബ് (رضي الله عنه) ഹിജ്റക്ക് ഒരുങ്ങിയപ്പോള്‍, ഖുറൈശികള്‍ അദ്ദേഹത്തെ തടഞ്ഞു. നീ ഒരു ദരിദ്രനായിക്കൊണ്ട് ഈ നാട്ടില്‍വന്ന് ഇവിടെവെച്ച് സമ്പാദിച്ച സ്വത്തുക്കളുമായി നാടുവിടുവാന്‍ ഞങ്ങള്‍ സമ്മതിക്കുകയില്ലെന്ന് അവര്‍ ശഠിച്ചു. വേണമെങ്കില്‍ സ്വന്തം ദേഹവുമായി പോയിക്കൊള്ളാമെന്നായി. അമ്പെയ്ത്തിലും മറ്റും വിദ്ഗദനായിരുന്ന അദ്ദേഹം അവരുമായി ഒരു സംഘട്ടനത്തിനൊരുങ്ങാതെ, തന്‍റെ സ്വത്തുക്കളത്രയും മക്കായില്‍ വിട്ടേച്ചുകൊണ്ട് മദീനായിലേക്ക് യാത്രപോയി. ഈ വിവരം അറിഞ്ഞപ്പോള്‍ നബി (ﷺ) പറഞ്ഞു: ''സ്വുഹൈബ് ലാഭം നേടി! സ്വുഹൈബിന്‍റെ കടച്ചവടം ലാഭത്തിലായി!'' ഇതാണാസംഭവം. ആദ്യത്തെ തരക്കാരെപ്പറ്റി 'അവര്‍ക്ക് ജഹന്നം മതി' എന്നാണ് അല്ലാഹു പറഞ്ഞതെങ്കില്‍ ഈ വിഭാഗക്കാര്‍ക്ക് ലഭിക്കുന്ന നേട്ടത്തെപ്പറ്റി പറഞ്ഞത് والله رؤوف بالعباد (അല്ലാഹു അടിയാന്‍മാരെപ്പറ്റി കൃപയുള്ളവനാണ്.) എന്നത്രെ. ജീവിതമത്രയും അല്ലാഹുവിന്‍റെ പ്രീതിക്കായി നീക്കിവെച്ച ഇവര്‍ക്ക് ഇതിലധികം വലിയൊരു വാഗ്ദാനം വേറെ പ്രതീക്ഷിക്കേണ്ടതുണ്ടോ?!

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱدْخُلُوا۟ فِى ٱلسِّلْمِ كَآفَّةً وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ٢٠٨

208 ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ മുഴുവനുമായി സമാധാനത്തില്‍ [ഇസ്ലാമില്‍] പ്രവേശിക്കുവിന്‍, നിങ്ങള്‍ പിശാചിന്‍റെ കാലടികളെ പിന്‍പറ്റുകയും ചെയ്യരുത്. നിശ്ചയമായും അവന്‍ നിങ്ങള്‍ക്കു പ്രത്യക്ഷ ശത്രുവാകുന്നു.

فَإِن زَلَلْتُم مِّنۢ بَعْدِ مَا جَآءَتْكُمُ ٱلْبَيِّنَٰتُ

209 എന്നാല്‍, നിങ്ങള്‍ക്ക് വ്യക്തമായ തെളിവുകള്‍ വന്നുകിട്ടിയതിന് ശേഷം (പിന്നെയും) നിങ്ങള്‍ വഴുതിപ്പോകുകയാണെങ്കില്‍, നിങ്ങള്‍ അറിഞ്ഞുകൊള്ളണം, അല്ലാഹു

* (صحيب) സ്വുഹൈബ് സ്വതവേ ഇറാഖുകാരനായിരുന്നു. ചെറുപ്പകാലത്ത് ഒരു യുദ്ധത്തില്‍ റോമക്കാര്‍ അദ്ദേഹത്തെ പിടിച്ച് അടിമയാക്കിക്കൊണ്ടുപോയി. കാലക്രമത്തില്‍ അദ്ദേഹം മക്കായില്‍ വന്നു താമസമാക്കി വ്യാപാരം വഴി കുറേ സമ്പാദിച്ചു. ഇസ്ലാമില്‍ ആദ്യമായി വിശ്വസിച്ച പൂര്‍വ്വ വിശ്വാസികളില്‍ ഒരാളായ അദ്ദേഹത്തിന് നാട്ടില്‍ ഉറ്റവരാരുമില്ലത്തതുകൊണ്ട് ഖുറൈശി മുശ്രിക്കുകളില്‍നിന്ന് വളരെകൂടുതല്‍ മര്‍ദ്ദനങ്ങള്‍ അനുഭവിക്കേണ്ടതായി വന്നിരുന്നു.

فَٱعۡلَمُوٓاْ أَنَّ ٱللَّهَ عَزِيزٌ حَكِيمٌ ٢٠٩

പ്രതാപശാലിയും, അഗാധജ്ഞനുമാണെന്ന്!

---

208 يا أيها الذين آمنوا ഹേ വിശ്വസിച്ചവരേ. ادخلوا പ്രവേശിക്കുവിൻ. في السلم സമാധാനത്തിൽ, കീഴൊതുക്കത്തിൽ, ഇസ്‌ലാമിൽ. كَافَّةً മുഴുവനും, ആകമാനമായി. ولا تتبعوا പിൻപറ്റുകയും അരുത്. خطوات കാലടികളെ, ചവിട്ടടികളെ. الشيطان പിശാചിൻെറ. إنه لكم നിശ്ചയമായും അവൻ നിങ്ങൾക്ക്. عدو ശത്രുവാകുന്നു. مبين പ്രത്യക്ഷമായ, തനി. 209 فإن زللتم ഇനി (എന്നാൽ) നിങ്ങൾ വഴുതിയെങ്കിൽ, ഇടറിയാൽ. من بعد ശേഷമായി. ما جاءتكم നിങ്ങൾക്കാവുന്നതിന്. البينات തെളിവുകൾ. فاعلموا നിങ്ങൾ അറിയുവിൻ. أن الله അല്ലാഹു (ആകുന്നു) എന്ന്. عزيز പ്രതാപശാലി. حكيم അഗാധജ്ഞൻ.

ഇസ്‌ലാമിലെ ചില നിയമനടപടികൾ അംഗീകരിക്കുകയും, മറ്റ് ചിലത് അംഗീകരിക്കാതിരിക്കുകയും ചെയ്‌വാൻ പാടില്ലെന്നും, ഇസ്‌ലാമിൽ പ്രവേശിക്കുന്നത് അതിലെ മുഴുവൻ നടപടിക്രമങ്ങളെയും സ്വീകരിച്ചുകൊണ്ടായിരിക്കണമെന്നും അല്ലാഹു സത്യവിശ്വാസികളെ വിളിച്ച് കൽപിക്കുന്നു. വേദക്കാരിൽപെട്ട ചിലർ ഇസ്‌ലാമിൽവന്ന് ശേഷവും അവരുടെ പഴയ ചില ആചാരങ്ങൾ വിട്ടേക്കുവാൻ മടിച്ചതിനെത്തുടർന്നാണ് ഈ കൽപനയുണ്ടായതെന്ന് പറയപ്പെടുന്നു. അത് ശരിയാണെങ്കിൽ, മേൽ പ്രസ്താവിച്ച തത്വത്തെ അത് കൂടതൽ ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. മതത്തിൻെറ ഏതാനും വശങ്ങളിൽ ഇസ്‌ലാമിക നിയമങ്ങൾ അനുഷ്ഠിക്കുകയും അതോടൊപ്പം സ്വാർത്ഥ താൽപര്യങ്ങളെയും കാര്യ ലാഭങ്ങളെയും മുൻനിറുത്തി മറ്റു വശങ്ങളിൽ അനിസ്‌ലാമിക നിയമങ്ങളും തത്വങ്ങളും സ്വീകരിച്ചു വരുകയും ചെയ്യുന്നവർക്കെല്ലാം ബാധകമാണ് ഈ കല്പന. അങ്ങിനെ ചെയ്യുന്നത് പിശാചിൻെറ കാലടികളെ പിൻപററലാണെന്നും, അവൻ സത്യവിശ്വാസികളുടെ പരമ ശത്രുവാണെന്നും അല്ലാഹു താക്കീതും നൽകുന്നു. പിശാചിനെ അനുകൂലിക്കുന്നവരെ നരകത്തിനവകാശികളാക്കിത്തീർക്കുവാനല്ലാതെ അവൻ ശ്രമിക്കുകയില്ലല്ലോ انما يدعوا حزبه ليكونا من اصحاب السعير (അവൻെറ കക്ഷിയെ അവർ നരകത്തിൻെറ ആൾക്കാരിൽപെട്ടവരായിരിക്കുവാൻ മാത്രമെ അവൻ ക്ഷണിക്കുകയുള്ളു.)

സത്യം ഇന്നതാണ്, ഇസ്‌ലാമിലെ നിയമ നടപടി ഇന്നതാണ് എന്നൊക്കെ വ്യക്തമായ അറിവ് കിട്ടിയിട്ട് പിന്നെയും നേർമാർഗം വിട്ട് കാൽ വഴുതിപ്പോകുന്നവർക്ക് നീതിയുക്തമായ ശിക്ഷ കിട്ടുമെന്നും, അതിൽനിന്ന് രക്ഷപ്പെടുവാനോ, രക്ഷപ്പെടുത്തുവാനോ ആർക്കും സാധ്യമല്ലെന്നും രണ്ടാമതും ഒരു താക്കീതാണ് രണ്ടാമത്തെ വചനത്തിൽ കാണുന്ന്ത്. سلم (സിൽമ്) എന്ന വാക്കിന് 'കീഴൊതുക്കം, സമാധാനം, അനുസരണം' എന്നൊക്കെയാണ് വാക്കർത്ഥം. ഇവയിൽ ഏത് അർത്ഥം എടുത്താലും അതിൻെറ വ്യാഖ്യാനം പര്യവസാനിക്കുന്നത് ഇസ്‌ലാം എന്നതിൽ തന്നെയായിരിക്കും. അതുകൊണ്ടാണ് പലരും അതിന് ഇസ്‌ലാം എന്നർത്ഥം കൽപിച്ചുകാണുന്നതും.

هَلۡ يَنظُرُونَ إِلَّآ أَن يَأۡتِيَهُمُ ٱللَّهُ فِي ظُلَلٖ مِّنَ ٱلۡغَمَامِ وَٱلۡمَلَٰٓئِكَةُ وَقُضِيَ ٱلۡأَمۡرُۚ وَإِلَى ٱللَّهِ تُرۡجَعُ ٱلۡأُمُورُ ٢١٠

210 അവർ നോക്കി (കാത്തു) ക്കൊണ്ടിരിക്കുന്നുവോ? അവരുടെ അടുക്കൽ മേഘത്തണലുകളിലായി അല്ലാഹുവും, മലക്കുകളും വരുന്നതിനെയല്ലാതെ! കാര്യം തീരുമാനം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

---

210 هَلْ يَنظُرُونَ അവർ നോക്കുന്നുവോ, കാത്തിരിക്കുന്നോ. إلا أن يأتيهم അവർക്ക് വരുന്നതിനെയല്ലാതെ. الله അല്ലാഹു. في ظُلَلٍ തണലുകളിൽ. من الغمام മേഘത്തിനാലുളള. والملائكةُ മലക്കുകളും. وقُضِي വിധിക്ക(തിരുമാനിക്ക) പ്പെടുകയും ചെയ്തിരിക്കുന്നു. الأمر കാര്യം. وإلى الله അല്ലാഹുവിലേക്ക് (തന്നെ) . ترجع മടക്കപ്പെടും, മടക്കപ്പെടുന്നു. الأمور കാര്യങ്ങൾ.

അല്ലാഹു മേഘത്തണലുകളിൽ വരുക എന്നതിന് ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടു കാണാം. ഖുർആനിലും നബി വാക്യങ്ങളിലുംവന്നിട്ടുള്ള അല്ലാഹുവിൻെറ തിരുനാമങ്ങളെയും ഗുണ വിശേഷണങ്ങളെയും, (اسماء الله وصفاته) വ്യാഖ്യാനിക്കുന്നതിൽ പണ്ഡിതൻമാർക്കിടയിൽ അംഗീരിക്കപ്പെട്ടുവന്നിട്ടുള്ള രണ്ട് വ്യത്യസ്ത നിലപാടുകളാണ് ഇതിന് കാരണം. അതിൻെറ ചുരുക്കം ഇതാണ്: (1) അവർക്ക് വ്യാഖ്യാനങ്ങളോ ഉപാധികളോ നൽകാതെ അവയുടെ ബാഹ്യാർത്ഥത്തിൽനിന്ന് മനസ്സിലാകുന്നതുകൊണ്ട് മതിയാക്കുകയും, സാക്ഷാൽ ഉദ്ദേശ്യവും വ്യാഖ്യാനവും അല്ലാഹുവിനറിയാമെന്നുവെച്ച് വിട്ടേക്കുകയും ചെയ്യുക. അവ ഉപവയോഗിച്ച് സന്ദർഭങ്ങളിൽനിന്ന് അടർത്തിയെടുത്തുകൊണ്ട് അവയെ കൈകാര്യം ചെയ്യാതെയും ഇരിക്കുക. ഇതാണ് മുൻഗാമികളായ മഹാൻമാർ സ്വീകരിച്ചുവന്ന നയം. (2) അല്ലാഹുവിൻെറ മഹത്വത്തിനും പരിശുദ്ധതക്കും എതിരാവാത്ത വിധം സന്ദർഭത്തിനനുസരിച്ച അർത്ഥ വ്യാഖ്യാനങ്ങൾ അവർക്ക് നൽകുക. 'മുതകല്ലിമു'കളും (വിശ്വാസ ശാസ്ത്ര പണ്ഡിതൻമാരും) പിൻഗാമികളിൽ അധികപക്ഷവും സ്വീകരിച്ചുവരുന്ന മാർഗ്ഗം ഇതാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇതാണ് കൂടുതൽ കരണീയമായി തോന്നുകയെങ്കിലും കൂടുതൽ സുരക്ഷിതവും, അല്ലാഹുവിൻെറ മഹിത മഹത്വത്തോട് കൂടുതൽ യോജിച്ചതും മുൻഗാമികളുടെ നയമത്രെ. ഈ വിഷയകമായി കുറേകൂടി വിശദീകരണം ആലുഇംറാൻ, 7-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വരുന്നതാണ്. إن شاء الله

ഖിയാമത്ത് നാളിൽ സൃഷ്ടികളെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന ആ 'മഹ്ശർ' മഹാസമ്മേളനത്തിൽ എല്ലാവരും ദീർഘകാലം അങ്ങേഅറ്റം പരിഭ്രമത്തിലും ഭയത്തിലും മുഴുകിക്കൊണ്ടിരിക്കെ, തങ്ങളുടെ കാര്യത്തിൽ വല്ല തീരുമാനവും എടുക്കുവാൻവേണ്ടി അല്ലാഹുവിനോട് ശുപാർശ ചെയ്വാനപേക്ഷിച്ചുകൊണ്ട് അവർ പ്രാവാചകൻമാരിൽ പ്രധാനികളായ പലരെയും സമീപിക്കുമെന്നും, എല്ലാവരും ഓരോ കാരണം പറഞ്ഞ് അതിൽനിന്ന് ഒഴിവാകുമെന്നും, ഒടുക്കം നബി മുഹമ്മദ് (ﷺ) തിരുമേനി അല്ലാഹുവിനോട് അതിനായി അപേക്ഷിക്കുമെന്നും, ആ ശുപാർശ സ്വീകരിച്ചുകൊണ്ട് അല്ലാഹു സൃഷ്ടികളുടെ വിചാരണ നടത്തുമെന്നും പല ഹദീസുകളിലും വന്നിട്ടുള്ളത് പ്രസിദ്ധമാകുന്നു. അക്കൂട്ടത്തിൽ, ഇബ്നു ജരീർ (رحمه الله) മുതലായ പലരും അബൂഹുറൈറ (رضي الله عنه) യിൽനിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ അല്ലാഹുവിൻെറയും മലക്കുകളുടെയും വരവിനെപ്പറ്റി പ്രസ്താവിച്ചതിൻെറ ചുരുക്കം ഇതാകുന്നു: '......എന്നിട്ട് ഓരോ ആകാശവും പൊട്ടിപ്പിളർന്ന് അതിലെ മലക്കുകളെല്ലാം ഇറങ്ങിവരും. അങ്ങനെ, മേഘത്തണലുകളിലായി അല്ലാഹുവും മലക്കുകളും വരും. മലക്കുകൾ പലവിധം തസ്ബീഹ് (സ്തോത്ര കീർത്തനം) കൾ ആലപിച്ചുകൊണ്ടിരിക്കും. അല്ലാഹു പറയും: ജിന്നുകളുടെയും, മനുഷ്യരുടെയും കൂട്ടമേ! നിങ്ങളെ സൃഷ്ടിച്ചത് മുതൽ ഇതുവരെ ഞാൻ നിങ്ങളോട് സംസാരിക്കാതിരുന്നുവെങ്കിലും നിങ്ങൾ പറയുന്നതും ചെയ്യുന്നതുമൊക്കെ ഞാൻ കേട്ടും കണ്ടും കൊണ്ടിരുന്നു. നിങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്തിയ ഏടുകൾ ഇതാ. അതിൽ നൻമ കണ്ടെത്തുന്നവർ അല്ലാഹുവിനെ സ്തുതിച്ചുകൊള്ളട്ടെ, മറ്റ് വല്ലതും കാണുന്നവർ അവരവരെത്തന്നെയല്ലാതെ കുറ്റപ്പെടുത്താതിരുന്നുംകൊള്ളട്ടെ. അങ്ങനെ, അല്ലാഹു സൃഷ്ടികൾക്കിടയിൽ തീരുമാനമെടുക്കും.'

ഖിയാമത്ത് നാളിൽ അല്ലാഹു സൃഷ്ടികളുടെ വിചാരണക്ക് വരുന്ന സന്ദർഭത്തെ സൂചിപ്പിച്ചുകൊണ്ടാണ് ഇവിടെ പ്രസ്താവിച്ചതെന്നാണ് ഈ ഹദീസിൽനിന്ന് മനസ്സിലാകുന്നത്. എന്നാൽ, മേഘത്തണൽ എന്നു പറഞ്ഞത് എന്താണ്? എങ്ങിനെയാണ്? എന്തുകൊണ്ട്

മേഘത്തണലിൽ വരുന്നു? ഇതൊന്നും നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനറിയാം. അവൻ പറഞ്ഞതിൽ ഒന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ നമുക്കത് വിശ്വസിക്കാം. അപ്പോൾ, ഈ വചനത്തിൻെറ താൽപര്യം ഇങ്ങിനെയായിരിക്കും: അവർ-കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച പ്രകാരം ഇസ്ലാമിൽ പരിപൂർണ്ണമായി പ്രവേശിക്കാതെ പിശാചിൻെറ കാലടികളെ പിൻപറ്റി പിഴച്ചുപോയവർ-വ്യക്തമായ തെളിവുകളിൽനിന്ന് സത്യം മനസ്സിലാക്കി നേർമാർഗത്തിൽ ചരിക്കുന്നില്ലാത്ത പക്ഷം, മലക്കുകൾ സഹിതം അല്ലാഹു വന്ന് അവരുടെ വിചാരണ നടത്തി തീരുമാനമെടുക്കുന്ന ആ സന്ദർഭമല്ലാതെ, മറ്റെന്താണ് അവർക്ക് കാത്തിരിക്കുവാനുള്ളത്?! അതെ, മറ്റൊന്നും കാത്തിരിക്കുവാനില്ല. ആ സന്ദർഭം വന്നുകഴിഞ്ഞാൽ പിന്നെ അവർക്കൊട്ടു രക്ഷയുമില്ല.

'അല്ലാഹു വരുക' എന്നതിൻെറ ഉദ്ദേശ്യം, അല്ലാഹുവിൻെറ കൽപന-അല്ലെങ്കിൽ ശിക്ഷ-വരുക എന്നും മറ്റുമാണ് മേൽ പ്രസ്താവിച്ച രണ്ടാമത്തെ മാർഗ്ഗം സ്വീകരിച്ചവരുടെ അഭിപ്രായം. മുമ്പ് ചില സമുദായങ്ങളിൽ ഇറങ്ങിയ ശിക്ഷയുടെ മുന്നോടിയായി അവർ ആദ്യം കണ്ടത് മേഘരൂപത്തിലുള്ള വസ്തുവായിരുന്നു, മഴപെയ്യുമെന്ന സുപ്രതീക്ഷയോടെ അവർ സന്തോഷപ്പെട്ടുകൊണ്ടിരിക്കെയാണ് മലക്കുകൾ അവരിൽ മഹാ ശിക്ഷ വർഷിപ്പിച്ചത്. അതുപോലെയുള്ള വൻശിക്ഷ ഇവർക്കും സംഭവിക്കുവാൻ കാത്തിരിക്കുകയാണോ ഇവർ ചെയ്യുന്നത്?! എന്നിങ്ങിനെയായിരിക്കും ഈ അഭിപ്രായ പ്രകാരം ഏതായാലും ആയത്തിൻെറ സാരം. രണ്ടായിരുന്നാലും, അവസരം മുഴുവൻ പാഴാക്കിക്കളഞ്ഞ ശേഷം, പിന്നീട് ഖേദിച്ചിട്ട് ഫലമില്ലാത്ത അവസരത്തിൽ ഖേദിക്കേണ്ടി വരുമെന്ന ശക്തിയായ ഒരു താക്കീതാണിത്.

وقضى الامر (കാര്യം തീരുമാനിക്കപ്പെടുകയും ചെയ്തിരിക്കുന്നു) എന്ന് പറഞ്ഞതിൻെറ താൽപര്യം, ഇന്ന കാര്യം ഇന്ന വിധമെന്നും, വിശ്വാസത്തിൻെറയും പ്രവർത്തനത്തിൻെറയും കാലം ഇന്നതാണെന്നും, പ്രതിഫലത്തിൻെറ സന്ദർഭം ഇന്നതാണെന്നുമൊക്കെ മുമ്പേ വ്യവസ്ഥപ്പെടുത്തി തീരുമാനിക്കപ്പെട്ടിരിക്കുന്നുവെന്നാകുന്നു. ഭൂതക്രിയാരൂപത്തിലാണ് قضى എന്ന ക്രിയ ഉള്ളത് എന്ന നിലക്കാണ് ഇപ്പറഞ്ഞത്. 'തീരുമാനിക്കപ്പെടുകയും ചെയ്യും' എന്ന് ഭാവികാലരൂപത്തിലും അതിനർത്ഥം വന്നുകൂടാ എന്നില്ല. ചില വ്യാഖ്യാതാക്കൾ ഇങ്ങിനെയാണതിന് അർത്ഥം കൽപിക്കുന്നതും. അപ്പോൾ ഉദ്ദേശ്യം കൂടുതൽ വ്യക്തവുമാണല്ലോ. സംഭവിക്കുമെന്ന് തിട്ടപ്പെട്ട കാര്യം ഭൂതകാലരൂപത്തിൽ വിവരിക്കുക ഭാഷയിൽ പതിവുള്ളതും, ഖുർആനിൽ പലപ്പോഴും കാണപ്പെടാറുള്ളതുമാകുന്നു. എല്ലാം വ്യവസ്ഥ ചെയ്തുവെച്ച അല്ലാഹുവിങ്കലേക്ക് തന്നെയാണല്ലോ എല്ലാ കാര്യങ്ങളും ഒടുക്കം ചെന്നവസാനിക്കുന്നതും. (وإلى الله ترجع الامور)

വിഭാഗം-26

سَلْ بَنِىٓ إِسْرَٰٓءِيلَ كَمْ ءَاتَيْنَٰهُم مِّنْ ءَايَةٍۭ بَيِّنَةٍ ۗ وَمَن يُبَدِّلْ نِعْمَةَ ٱللَّهِ مِنۢ بَعْدِ مَا جَآءَتْهُ فَإِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٢١١﴾

211 (നബിയേ) ഇസ്രാഈൽ സന്തതികളോട് ചോദി(ച്ചുനോ) ക്കുക: വ്യക്തമായ എത്ര ദൃഷ്ടാന്തമാണ് നാം അവർക്കു നൽകിയിരിക്കുന്നത്?! ആരെങ്കിലും അല്ലാഹുവിൻെറ അനുഗ്രഹം തനിക്ക് വന്നതിനുശേഷം അതിനെ മാറ്റി മറിക്കുന്ന പക്ഷം, നിശ്ചയമായും, അല്ലാഹു കഠിനമായി ശിക്ഷാനടപടി എടുക്കുന്നവനാകുന്നു.

زُيِّنَ لِلَّذِينَ كَفَرُوا۟ ٱلْحَيَوٰةُ ٱلدُّنْيَا وَيَسْخَرُونَ

212 അവിശ്വസിച്ചിട്ടുള്ളവർക്ക് ഐഹികജീവിതം ഭംഗിയാക്കപ്പെട്ടിരിക്കുന്നു. വിശ്വസിച്ചവരെപ്പറ്റി അവർ പരിഹസിക്കുകയും ചെയ്യു

مِنَ ٱلَّذِينَ ءَامَنُوا۟ ۘ وَٱلَّذِينَ ٱتَّقَوْا۟ فَوْقَهُمْ يَوْمَ ٱلْقِيَٰمَةِ ۗ وَٱللَّهُ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ﴿٢١٢﴾

ന്നതാണ്, സൂക്ഷ്മത പാലിച്ചവരാകട്ടെ, ഖിയാമത്തുനാളിൽ അവരുടെ മീതെയു മായിരിക്കും. അല്ലാഹു, അവൻ ഉദ്ദേശി ക്കുന്നവർക്ക് കണക്കില്ലാതെ നൽകുകയും ചെയ്യും.

---

211 **سلْ** ചോദിക്കുക. **بنِي إسرائيلَ** ഇസ്രാഈൽ സന്തതികളോട്. **كم** എത്ര(യധികം) . **آتيناهم** അവർക്ക് നാം നൽകിയിരിക്കുന്നു. **من آية** ദൃഷ്ടാന്തമായിട്ട്. **بينة** വ്യക്തമായ, തെളിവായ. **ومن يبدلْ** ആരെങ്കിലും പകരമാക്കിയാൽ, മാറ്റിമറിച്ചെങ്കിൽ. **نِعمةَ الله** അല്ലാഹുവിന്റെ അനുഗ്രഹത്തെ. **من بعد** ശേഷം, ശേഷമായി. **ما جاءَته** അതവന്നുവന്നതിന്. **فإنَّ اللهَ** എന്നാൽ നിശ്ചയമായും അല്ലാഹു. **شديد** കഠിനമായവനാണ്. **العقابِ** ശിക്ഷാനടപടി. 212 **زين** ഭംഗിയാക്കപ്പെട്ടിരിക്കുന്നു, അലങ്കാരമാക്കപ്പെട്ടു. **للذين** യാതൊരുവർക്ക്. **كفَروا** അവർ അവിശ്വസിച്ചു. **الحياةُ الدنيا** ഐഹിക ജീവിതം. **ويسخرونَ** അവർ പരിഹസിക്കുകയും ചെയ്യും. **من الذين آمنوا** വിശ്വസിച്ചവരെ. **والذين اتقوا** സൂക്ഷ്മത പാലിച്ചവരാകട്ടെ. **فوقهم** അവരുടെ മീതെയായിരിക്കും. **يوم القيامة** ഖിയാമത്തുനാളിൽ. **والله يرزق** അല്ലാഹു നൽകും. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **بِغير حسابٍ** കണക്കില്ലാതെ.

ഇസ്റാഈല്യർക്ക് സുവ്യക്തങ്ങളായ എത്രയോ ദൃഷ്ടാന്തങ്ങൾ കാണിച്ച് കൊടുത്തുകൊണ്ട് അല്ലാഹു അവരെ അനുഗ്രഹിച്ചിട്ടുണ്ട്. അവർക്ക് നന്ദി കാണിക്കുന്നതിന് പകരം അവർ നന്ദികേട് കാണിക്കുകയാണ് ചെയ്തത് അതിന് തക്കതായ കഠിനശിക്ഷ അല്ലാഹു നൽകാതിരിക്കുകയില്ല. അതുപോലെ സത്യവിശ്വാസികൾ ആയിത്തീരരുത് എന്നത്രെ ആദ്യത്തെ വചനത്തിന്റെ താൽപര്യം. സത്യനിഷേധികൾ സത്യവിശ്വാസം സ്വീകരിക്കാതിരിക്കുവാൻ കാരണം അവർ ഐഹിക ജീവിതത്തിന്റെ മോടിയിൽ വഞ്ചിതരായതാണ്. അവരുടെ ഏക ലക്ഷ്യം ഐഹിക സുഖസൗകര്യങ്ങളായിരിക്കും. അതുകൊണ്ട് സത്യവിശ്വാസികൾ സ്വാഭാവിക മായും സുഖസൗകര്യങ്ങളിൽ അവരുടെ താഴേക്കിടയിലായി കാണുന്നതിനെയും, സത്യത്തിന്റെ മാർഗ്ഗത്തിൽ അവർ പരമാവധി പരിശ്രമിക്കുകയും ചിലവഴിക്കുകയും ചെയ്യുന്നതിനെയും സംബന്ധിച്ച് അവർ പരിഹസിച്ചുകൊണ്ടിരിക്കും. അത് വിലവെക്കരുത്, ഇഹത്തിലെ സ്ഥിതി എന്തായിരുന്നാലും ശരി, സത്യവിശ്വാസം സ്വീകരിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിച്ച് ജീവിക്കുകയും ചെയ്തവരായിരിക്കും ഖിയാമത്ത് നാളിൽ അവരെക്കാൾ മീതെക്കിടയിലുള്ളവർ. അതിനും പുറമെ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ കണക്കില്ലാത്ത അനുഗ്രഹങ്ങൾ നൽകുകയും ചെയ്യും എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിന്റെസാരം.

كَانَ ٱلنَّاسُ أُمَّةً وَٰحِدَةً فَبَعَثَ ٱللَّهُ ٱلنَّبِيِّـۧنَ مُبَشِّرِينَ وَمُنذِرِينَ وَأَنزَلَ مَعَهُمُ ٱلْكِتَٰبَ بِٱلْحَقِّ لِيَحْكُمَ بَيْنَ ٱلنَّاسِ فِيمَا ٱخْتَلَفُوا۟ فِيهِ ۚ وَمَا ٱخْتَلَفَ فِيهِ إِلَّا ٱلَّذِينَ أُوتُوهُ مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ بَغْيًۢا بَيْنَهُمْ ۖ فَهَدَى ٱللَّهُ ٱلَّذِينَ ءَامَنُوا۟ لِمَا ٱخْتَلَفُوا۟

213 മനുഷ്യർ ഒരേ സമുദായമായിരുന്നു. അങ്ങനെ സന്തോഷവാർത്ത അറിയിക്കുന്ന വരും, താക്കീത് നൽകുന്നവരുമായി അല്ലാ ഹു നബിമാരെ നിയോഗി(ച്ചയ) ച്ചു. അവ രോടൊപ്പം യഥാർത്ഥവുമായി വേദഗ്രന്ഥ വും അവൻ അവതരിപ്പിച്ചു; മനുഷ്യർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലായോ അതിൽ അവർക്കിടയിൽ അതു വിധി കൽ പിക്കുവാൻ വേണ്ടി. അത് നൽകപ്പെട്ട വരല്ലാതെ അതിൽ ഭിന്നാഭിപ്രായത്തിലായി ല്ലതാനും; (അതെ) അവർക്കു (വ്യക്തമായ) തെളിവുകൾ വന്നു കിട്ടിയതിനു ശേഷം,

فِيهِ مِنَ ٱلْحَقِّ بِإِذْنِهِۦ ۗ وَٱللَّهُ يَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢١٣﴾

അവർക്കിടയിലുള്ള സ്പർദ്ധ (അഥവാ ധിക്കാരം) നിമിത്തം. അപ്പോൾ, യാതൊന്നിൽ അവർ ഭിന്നാഭിപ്രായത്തിലായോ ആ യഥാർത്ഥത്തിലേക്ക് തൻെറ അനുമതി പ്രകാരം അല്ലാഹു വിശ്വസിച്ചവർക്ക് മാർഗ്ഗദർശനം നൽകി. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് (നേരെ) ചൊവ്വായ പാതയിലേക്ക് മാർഗ്ഗദർശനം നൽകുന്നതാണ്.

---

213 **كَانَ النَاس** മനുഷ്യരായിരുന്നു. **أُمَةً واحدةً** ഒരേ സമുദായം. **فَبَعَثَ** എന്നിട്ട് (അങ്ങനെ) അയച്ചു നിയോഗിച്ചു. **الله** അല്ലാഹു. **النَبِيين** പ്രവാചകൻമാരെ. **مبشرين** സന്തോഷവാർത്ത അറിയിക്കുന്നവരായി. **ومنذرين** താക്കീതു (മുന്നറിയിപ്പ്) നൽകുന്നവരായും. **وأَنزلَ** അവതരിപ്പിക്കുകയും ചെയ്തു. **معهم** അവരോടൊപ്പം. **الكتاب** (വേദ) ഗ്രന്ഥം. **بِالْحق** യഥാർത്ഥവുമായി. **ليحكُم** അത് (അവൻ-അദ്ദേഹം) വിധിക്കുവാൻ വേണ്ടി. **بين الناس** മനുഷ്യർക്കിടയിൽ. **فيما** യാതൊന്നിൽ. **اختلفُوا** അവർ ഭിന്നിച്ചു (ഭിന്നാഭിപ്രായത്തിലായി) , വ്യത്യാസപ്പെട്ടു. **فيه** അതിൽ. **وما اختلف** ഭിന്നിച്ചതുമില്ല. **فيه** അതിൽ. **إلا الذين** യാതൊരുവരൊഴികെ. **أُوتوه** അവർക്കതു നൽകപ്പെട്ടു. **من بعد** ശേഷം. **ما جاءَتهم** അവർക്ക് വന്നതിന്. **البينات** തെളിവുകൾ. **بغيا** സ്പർദ്ധ(അതിക്രമം-ധിക്കാരം-മാൽസര്യം-അസൂയ) നിമിത്തം. **بينهم** അവർക്കിടയിൽ. **فَهدى الله** അപ്പോൾ അല്ലാഹു മാർഗ്ഗദർശനം നൽകി. **الذين آمنوا** വിശ്വസിച്ചവരെ. **لما** യാതൊന്നിലേക്ക്. **اختلَفُوا فيه** അതിൽ അവർ ഭിന്നിച്ചിരിക്കുന്നു. **من الحق** യഥാർത്ഥത്തിൽനിന്നും, യഥാർത്ഥമാകുന്ന. **بإِذْنِه** അവൻെറ അനുമതി (സമ്മത) പ്രകാരം, അനുവാദംകൊണ്ട്. **والله يهدي** അല്ലാഹു മാർഗ്ഗദർശനം നൽകുന്നു. വഴി കാട്ടുന്നു, ചേർക്കുന്നു. **من يشاءُ** അവൻ ഉദ്ദേശിക്കുവരെ. **إلى صراط** പാതയിലേക്ക്. **مستقيم** നേരെയുള്ള, ചൊവ്വായ.

മനുഷ്യസമുദായം അതിൻെറ ആരംഭം മുതൽ നേരായ മാർഗ്ഗത്തിലൂടെയാണ് ചരിച്ചുകൊണ്ടിരുന്നത്. ഭിന്നിപ്പോപിളർപ്പോ ഉണ്ടായിരുന്നില്ല. ക്രമേണ അഭിപ്രായ ഭിന്നതകളും പിളർപ്പുകളുമായി. അപ്പോൾ അല്ലാഹു നബിമാരെയും വേദഗ്രന്ഥങ്ങളെയും അയച്ച് ഭിന്നിപ്പുള്ള വിഷയങ്ങളുടെ യഥാർത്ഥം മനസ്സിലാക്കിക്കൊടുത്തു. എന്നിട്ടും ഭിന്നിച്ചവർ അവരുടെ ധിക്കാരവും, സ്പർദ്ധയും കൈവിടാതെ അതിൽ തന്നെ ശഠിച്ച് നിൽക്കുകയാണ് ചെയ്തത്. വ്യക്തമായ തെളിവുകൾ ലഭിക്കാതെ ആരും ഭിന്നിപ്പിൽ ഉറച്ചുനിൽക്കേണ്ടി വന്നിട്ടില്ല. എന്നാൽ, സത്യം മനസ്സിലാക്കി അതിൽ വിശ്വസിക്കുവാൻ തയ്യാറായവർക്ക് അതുവഴി സൻമാർഗം പ്രാപിക്കുവാനുള്ള ഭാഗ്യം അല്ലാഹു കൊടുത്തു. അവരെ അവൻ നേർവഴിയിലാക്കിത്തീർത്തു.

സൂറത്തുയൂനുസിൽ അല്ലാഹു പറയുന്നു: وما كان الناس الا امة واحدة فاختلفوا (മനുഷ്യർ ഒരേ സമുദായമല്ലാതെ ആയിരുന്നില്ല. എന്നിട്ട് അവർ ഭിന്നിക്കുകയാണ് ചെയ്തത്. യൂനുസ്, 19.) ഇബ്നു അബ്ബാസ് (رضي الله عنه) പ്രസ്താവിച്ചതായി ഇബ്നുജരീറും, ഹാകിമും (رحمه الله) ഉദ്ധരിക്കുന്നു: ''ആദമിനും, നൂഹിനും (عليه السلام) ഇടയിൽ പത്തുതലമുറയുണ്ടായിരുന്നു. എല്ലാവരും യഥാർത്ഥ ശരീഅത്തിൽ തന്നെയായിരുന്നു. എന്നിട്ട് അവർ ഭിന്നിച്ചു. അപ്പോൾ അല്ലാഹു നബിമാരെ സന്തോഷവാർത്ത അറിയിക്കുന്നവരായും, താക്കീത് നൽകുന്നവരായുംകൊണ്ട് നിയോഗിച്ചയച്ചു.'' ആദ്യകാലങ്ങളിൽ മനുഷ്യരെല്ലാം നേർമ്മാർഗ്ഗത്തിലായിരുന്നു. പിന്നീടാണ് അഭിപ്രായ ഭിന്നതകളുണ്ടായത്, അപ്പോഴാണ് അല്ലാഹു പ്രവാചകൻമാരെ അയച്ചുവന്നത് എന്ന് കാണിക്കുന്ന ചില രിവായത്തുകൾ അബുൽആലിയ:, ഖത്താദ:, മുജാഹിദ് (رحمه الله) എന്നിവരിൽനിന്ന് ഇബ്നു കഥീറും (رحمه الله) ഉദ്ധരിച്ച് കാണാം. അദ്ദേഹം ചൂണ്ടിക്കാട്ടിയതുപോലെ, ആദ്യകാലത്ത് മനുഷ്യരെല്ലാം ആദം (عليه السلام) നബിയുടെ മതമാർഗ്ഗം സ്വീകരിച്ച് വരുന്നവരായിരുന്നു. കുറേ കഴിഞ്ഞപ്പോൾ വിഗ്രഹാരാധന നിലവിൽ വന്നു. അപ്പോൾ അല്ലാഹു നൂഹ് (عليه السلام) നബിയെ

റസൂലായി അയച്ചു. അങ്ങനെ, അദ്ദേഹമാണ് അറിയപ്പെട്ടേടത്തോളം ഒന്നാമതായി അയക്കപ്പെട്ട റസൂൽ.

'ആരംഭകാലത്ത് മനുഷ്യന് ദൈവത്തെപ്പറ്റി ഒന്നും അറിഞ്ഞിരുന്നില്ല; ക്രമേണ ചില ശക്തികളെയും വസ്തുക്കളെയും ദൈവങ്ങളായി ഗണിച്ച് വന്നു; അവസാനമാണ് ദൈവവിശ്വാസത്തിലും ഏകദൈവ വിശ്വാസത്തിലും മനുഷ്യൻ എത്തിച്ചേർന്നത്.' എന്നും മറ്റുമൊക്കെ ചിലർ മനുഷ്യചരിത്രത്തെക്കുറിച്ച് ഊഹിച്ച് പറയാറുണ്ട്. ഇത് ശരിയല്ലെന്നും നേരെ മറിച്ചാണ് യഥാർത്ഥത്തിലുള്ളതെന്നും മേൽവിവരിച്ചതിൽനിന്ന് വ്യക്തമാണല്ലോ.

أَمْ حَسِبْتُمْ أَن تَدْخُلُوا۟ ٱلْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ ٱلَّذِينَ خَلَوْا۟ مِن قَبْلِكُم ۖ مَّسَّتْهُمُ ٱلْبَأْسَآءُ وَٱلضَّرَّآءُ وَزُلْزِلُوا۟ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ مَتَىٰ نَصْرُ ٱللَّهِ ۗ أَلَآ إِنَّ نَصْرَ ٱللَّهِ قَرِيبٌ ﴿٢١٤﴾

214 അതല്ല, (ഒരുപക്ഷെ) നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്ന് നിങ്ങൾ ഗണിച്ചിരിക്കുന്നുവോ? നിങ്ങളുടെ മുമ്പു കഴിഞ്ഞുപോയിട്ടുള്ളവരുടെ മാതൃക നിങ്ങൾക്ക് വന്നുകഴിഞ്ഞിട്ടില്ലാതെ! അവർക്ക് വിഷമതയും, കഷ്ടതയും ബാധിക്കുകയുണ്ടായി. (മാത്രമല്ല) റസൂലും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും ''അല്ലാഹുവിൻെറ സഹായം എപ്പോഴായിരിക്കും'' എന്നു പറയു(കപോലും ചെയ്യു) മാറ് അവർ കിടിലം കൊള്ളുകയും ചെയ്തു. അല്ലാ (-അറിഞ്ഞേക്കുക) ! നിശ്ചയമായും, അല്ലാഹുവിൻെറ സഹായം സമീപത്തുള്ളതു (തന്നെ) ആകുന്നു.

---

214 **أَمْ** അതല്ല, അതോ. **حسبتم** നിങ്ങൾ ഗണിച്ചു, ധരിച്ചു(വോ) . **أَن تدخلُوا** നിങ്ങൾ കടക്കുമെന്ന്, നിങ്ങൾക്ക് പ്രവേശിക്കാമെന്ന്. **الْجنةَ** സ്വർഗ്ഗത്തിൽ. **ولما يأتكُم** നിങ്ങൾക്ക് വന്നിട്ടുമില്ല വരാതെ. **مثَلُ الذين** യാതൊരു കൂട്ടരുടെ മാതൃക, മാതിരി. **خلوا** അവർ കഴിഞ്ഞുകൂടുന്നു. **من قَبلكُم** നിങ്ങളുടെ മുമ്പ്. **مستهم** അവരെ സ്പർശിച്ചു, ബാധിച്ചു. **البأساءُ** വിഷമത, ബുദ്ധിമുട്ട്. **والضراءُ** കഷ്ടപ്പാടും, ദുരിതവും. **وزلزلُوا** അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. **حتى يقُولَ** പറയുംവരെ, പറയുമാറ്. **الرسولُ** (ദൈവ) ദൂതൻ. **والذين آمنوا** വിശ്വസിച്ചവരും. **معه** അദ്ദേഹത്തോടൊപ്പം. **متى** എപ്പോഴാണ്. **نصر اللِ** അല്ലാഹുവിൻെറ സഹായം. **ألا** അറിയുക, അല്ല. **إن نصر اللِ** നിശ്ചയമായും അല്ലാഹുവിൻെറ സഹായം. **قَريب** അടുത്തതാണ്; സമീപത്തുള്ളതാണ്.

മുൻ കഴിഞ്ഞ പ്രവാചകൻമാരുടെ സമുദായങ്ങളിലും രോഗം, യുദ്ധം, ദാരിദ്ര്യം, ക്ഷാമം തുടങ്ങിയ ദുരിതങ്ങളും കഷ്ടപ്പാടുകളും ഉണ്ടായിട്ടുണ്ട്. സത്യനിഷേധികളുടെ ഭാഗത്ത് നിന്നും സത്യവിശ്വാസികൾ വളരെയേറെ മർദ്ദനങ്ങളും, ആക്രമണങ്ങളും, യാതനകളും അനുഭവിക്കേണ്ടിയും വന്നിട്ടുണ്ട്. സഹിക്കവയ്യാതെ ഭയവിഹ്വലരായിത്തീരുകയും, പേടിച്ച് വിറക്കുകയും ചെയ്തുകൊണ്ട് 'എപ്പോഴാണ് ഇനി നമുക്ക് അല്ലാഹുവിങ്കൽ നിന്നുള്ള സഹായം വന്നെത്തുക-നമുക്ക് സഹിക്കവയ്യാതായല്ലോ.....' എന്നൊക്കെ സമുദായങ്ങളിലുണ്ടായിരുന്ന റസൂലുകളും, അവരോടൊപ്പമുള്ള സത്യവിശ്വാസികളും സങ്കടപ്പെടുകപോലും ഉണ്ടായിട്ടുണ്ട്. അത്രയും കടുത്ത പരീക്ഷണങ്ങൾക്ക് അവർ വിധേയരായിരുന്നു. സത്യത്തിൻെറ മാർഗ്ഗത്തിൽ അങ്ങിനെയുള്ള ചില പരീക്ഷണങ്ങൾക്ക് നിങ്ങളും വിധേയരാകേണ്ടി വരും. അതൊന്നും കൂടാതെ, സത്യവിശ്വാസം സ്വീകരിച്ച് കഴിയുമ്പോഴേക്കും സ്വർഗത്തിൽ കടന്നുകളയാമെന്ന് നിങ്ങൾ കണക്കുകൂട്ടുന്നുണ്ടെങ്കിൽ അത് ശരിയല്ല എന്ന് അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുകയാണ്. അങ്ങിനെയുള്ള പരീക്ഷണ ഘട്ടങ്ങളുടെ പിന്നാലെത്തന്നെ അല്ലാഹുവിൻെറ സഹായവും ഉണ്ടായിരിക്കും. അത് വളരെ വിദൂരമൊന്നുമല്ല, അതിൻെറ സമയമാകു

മ്പോൾ ലഭിക്കത്തക്കവണ്ണം സമീപത്തുതന്നെയുണ്ട് എന്നൊക്കെ അവരെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നു. ഈ വചനത്തിലടങ്ങിയ ആശയം സൂ: അൻകബൂത്ത്, 2,3 വചനങ്ങളിലും മറ്റുമായി അല്ലാഹു വേറെ സ്ഥലത്തും വ്യക്തമാക്കിയിരിക്കുന്നത് കാണാം.

ഖബ്ബാബുബ്നുൽ അറത്ത് (رضي الله عنه) ൽനിന്നുള്ള ഒരു ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു: ''അല്ലാഹുവിൻെറ റസൂലിനോട് അങ്ങുന്ന് ഞങ്ങൾക്ക് വേണ്ടി സഹായം തേടുന്നില്ലേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ലേ എന്നിങ്ങിനെ ഞങ്ങൾ പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു: ''നിങ്ങളുടെ മുമ്പുണ്ടായിരുന്നവരിൽ, ഒരാളുടെ തലയുടെ മൂർദ്ധാവിൽ ഈർച്ചവാൾ വെച്ച് അയാളുടെ കാലടി വരെ പൊളിക്കപ്പെടുമായിരുന്നു. എന്നിട്ടത് അയാളെ അയാളുടെ മതത്തിൽനിന്ന് തിരിച്ചുകളയുമായിരുന്നില്ല. ഇരുമ്പിൻെറ ചീർപ്പുകൊണ്ട് ഒരാളുടെ മാംസം എല്ലിൽ നിന്നും ഈർന്നെടുക്കപ്പെടുമായിരുന്നു. അതും അയാളുടെ മതത്തിൽനിന്ന് അയാളെ തിരിച്ചുകളയുമായിരുന്നില്ല.'' പിന്നീട് തിരുമേനി പറഞ്ഞു: ''നിശ്ചയമായും, അല്ലാഹു ഇക്കാര്യം പൂർത്തിയാക്കുകതന്നെ ചെയ്യും. ഒരു വാഹനക്കാരൻ സ്വൻആയിൽ നിന്ന് ഹള്ർമൗത്തുവരെ അല്ലാഹുവിനെയും, ആടുകളെ സംബന്ധിച്ച് ചെന്നായകളെയും അല്ലാതെ മറ്റൊന്നും പേടിക്കുവാനില്ലാതെ യാത്രചെയ്തേക്കുകയും ചെയ്യും. പക്ഷേ, നിങ്ങൾ ധൃതികൂട്ടുകയാണ് ചെയ്യുന്നത്. (ബു.) (*)

يَسْـَٔلُونَكَ مَاذَا يُنفِقُونَ ۖ قُلْ مَآ أَنفَقْتُم مِّنْ خَيْرٍ فَلِلْوَٰلِدَيْنِ وَٱلْأَقْرَبِينَ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَٱبْنِ ٱلسَّبِيلِ ۗ وَمَا تَفْعَلُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ﴿٢١٥﴾

215 (നബിയേ) അവർ നിന്നോട് ചോദിക്കുന്നു: എന്താണ് അവർ ചിലവഴിക്കേണ്ടത് എന്ന്. പറയുക: നല്ലതായുള്ളതെന്തു (തന്നെ) നിങ്ങൾ ചിലവഴിക്കുന്നുവോ അതു, മാതാപിതാക്കൾക്കും, അടുത്ത ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കനുമാണ് (വേണ്ടത്) . നിങ്ങൾ നല്ലതായുള്ളതെന്തു ചെയ്താലും നിശ്ചയമായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു.

---

215 **يسألونك** അവർ നിന്നോട് ചോദിക്കും, ചോദിക്കുന്നു. **ماذا** എന്തൊന്ന്. **ينفقون** അവർ ചിലവഴിക്കും, ചിലവവാക്കണം. **قُلْ** പറയുക. **ما أنفقتم** നിങ്ങൾ എന്തു ചിലവഴിച്ചുവോ, എന്തു ചിലവഴിച്ചാലും. **من خير** നല്ലതായി, നല്ലതിൽപെട്ട. **فللوالدين** (അതു) മാതാപിതാക്കൾക്കാണ് (വേണ്ടത്) . **والأقربين** അടുത്തവർ (ബന്ധു കുടുംബങ്ങൾ) ക്കും. **واليتامى** അനാഥകൾക്കും. **والمساكين** അഗതികൾക്കും, പാവങ്ങൾക്കും. **وابن السبيل** വഴിപോക്കനും. **وما تفعلوا** നിങ്ങൾ എന്തു ചെയ്യുന്നുവോ. **من خير** നല്ലതായിട്ട്, വല്ല നൻമയും. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **به عليم** അതിനെപ്പറ്റി അറിയുന്നവനാകുന്നു.

എന്താണ് ചിലവഴിക്കേണ്ടത് എന്നതിനെക്കാൾ പ്രസക്തം എങ്ങിനെയാണ് ചിലവഴിക്കേണ്ടത് എന്നുള്ളതാകുന്നു. എന്തെങ്കിലിലും നൻമ-അഥവാ പ്രയോജനം-ഉള്ള ഏത് വസ്തുവും ചിലവഴിക്കുവാൻ പറ്റിയത് തന്നെ. വൻതുകയോ, വിലപിടിച്ചതോ തന്നെ ആയിരിക്കണമെന്നൊന്നുമില്ല. എന്നാൽ, ചിലവഴിക്കുമ്പോൾ മുൻഗണന നൽകേണ്ടത് മാതാ

* യമനിലെ ഒരു പ്രധാന പട്ടണമാണ് സ്വൻആഅ് (صنعاء). അവിടെനിന്ന് ഹള്ർമൗത്തി (حضرموت) ലേക്ക് പോകുന്നവർ അറേബ്യാ ഉപദ്വീപിൻെറ തെക്കേ തീരങ്ങളിലും അറബിക്കടലിൻെറ വടക്കേ കരയിലുമായി അനേകം മലമ്പ്രദേശങ്ങൾ താണ്ടിപോകണ്ടതുണ്ട്.

പിതാക്കൾ, അടുത്ത കുടുംബങ്ങൾ, അനാഥകൾ, സാധുക്കൾ, സ്വദേശം വിട്ട് ബുദ്ധിമുട്ടുന്ന വഴിയാത്രക്കാർ എന്നിവർക്കൊക്കെയാകുന്നു. ദാനധർമ്മങ്ങളിലെന്നല്ല, എല്ലാ തുറയിലുമുള്ള ഏത് നൻമയും വൃഥാവിലായിപ്പോകുകയില്ല. എല്ലാം അല്ലാഹു അറിഞ്ഞും കണക്കുവെച്ചും കൊണ്ടിരിക്കുന്നുണ്ട്. ഓരോന്നിനും അവൻ പ്രതിഫലം നൽകാതിരിക്കുകയില്ല എന്ന് സാരം. ധർമ്മവിഷയങ്ങളിൽ ഏറ്റവും മുൻഗണന നൽകേണ്ടത് കൂടുതൽ ഉറ്റവർക്കും, കൂടുതൽ ബുദ്ധിമുട്ടുള്ളവർക്കുമാണെന്നുള്ള തത്വം ഖുർആനിലും ഹദീസിലും ആവർത്തിച്ച് പറയപ്പെട്ടിട്ടുള്ളതാണ്. മേൽ പറയപ്പെട്ടവർക്ക് ഉപജീവനത്തിന് വകയില്ലാതെ ബുദ്ധിമുട്ടുമ്പോൾ അത് നൽകൽ ഓരോരുത്തൻെറയും കഴിവനുസരിച്ച് ഒഴിച്ചുകൂടാത്ത കടമകൂടിയാകുന്നു.

كُتِبَ عَلَيْكُمُ ٱلْقِتَالُ وَهُوَ كُرْهٌ لَّكُمْ ۖ وَعَسَىٰٓ أَن تَكْرَهُوا۟ شَيْـًٔا وَهُوَ خَيْرٌ لَّكُمْ ۖ وَعَسَىٰٓ أَن تُحِبُّوا۟ شَيْـًٔا وَهُوَ شَرٌّ لَّكُمْ ۗ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿٢١٦﴾

216 (സത്യവിശ്വാസികളേ) നിങ്ങളുടെ മേൽ യുദ്ധം നിയമിക്കപ്പെട്ടിരിക്കുന്നു. അതാവട്ടെ, നിങ്ങൾക്കു (സ്വതവേ) ഒരു വെറുപ്പു(ള്ളതു) മാകുന്നു. ഒരു കാര്യം നിങ്ങൾക്ക് (വാസ്തവത്തിൽ) ഗുണകരമായിരിക്കെ, നിങ്ങൾക്കതിനോട് വെറുപ്പുണ്ടായേക്കാം; ഒരു കാര്യം നിങ്ങൾക്കു (വാസ്തവത്തിൽ) ദോഷകരമായിരിക്കെ നിങ്ങൾ അതിനെ ഇഷ്ടപ്പെടുകയും ചെയ്തേക്കാം. (യഥാർത്ഥം) അല്ലാഹു അറിയുന്നു; നിങ്ങൾക്ക് അറിയുകയില്ല.

---

216 كُتب നിയമിക്ക(വിധിക്ക-രേഖപ്പെടുത്ത) പ്പെട്ടിരിക്കുന്നു. عليكم നിങ്ങളുടെ മേൽ. القتالُ യുദ്ധം. وهو അത്, അതാകട്ടെ,. كُره അനിഷ്ടമാണ്. لكُم നിങ്ങൾക്ക്. وعسى ആയേക്കാവുന്നതുമാണ്. أن تكْرهوا നിങ്ങൾ വെറുക്കുക. شيئًا ഒരു കാര്യം, വസ്തു. وهو അത്, അതാകട്ടെ. خير لكُم നിങ്ങൾക്ക് ഗുണം (നല്ലത്) ആയിരിക്കും. وعسى ആയേക്കുകയും ചെയ്യാം. أن تحبوا നിങ്ങൾ ഇഷ്ടപ്പെടുക. شيئًا ഒരു കാര്യം. وهو شر അത് ദോഷവുമാണ്, മോശമാകുന്നു. لكُم നിങ്ങൾക്ക്. والله يعلم അല്ലാഹു അറിയുന്നു. وأنتم നിങ്ങൾ, നിങ്ങളാകട്ടെ. لا تعلمونَ അറിയുന്നതല്ല (താനും) .

യുദ്ധം നിർബ്ബന്ധമാക്കിക്കൊണ്ടുള്ള കൽപനയാണിത്. യുദ്ധംമൂലം പലതരം ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകുന്നതുകൊണ്ട് അതിനോട് നിങ്ങൾക്ക് വെറുപ്പും, അനിഷ്ടവും ഉണ്ടാകുന്നത് സ്വാഭാവികമാണ്. തൽക്കാലം ചില ദോഷങ്ങൾ അതുമൂലം ഉണ്ടായേക്കുമെങ്കിലും ഇസ്ലാമിൻെറയും മുസ്ലിംകളുടെയും രക്ഷക്കും അഭിവൃദ്ധിക്കും അത്യാവശ്യമാണെന്ന് അല്ലാഹുവിനറിയാം. അതുകൊണ്ടാണതിന് കൽപിക്കുന്നത് എന്ന് അല്ലാഹു സത്യവിശ്വാസികളെ ഉൽബോധിപ്പിക്കുന്നു. ചില കാര്യങ്ങൾ പ്രത്യക്ഷത്തിൽ അനിഷ്ടമായിരിക്കുമെങ്കിലും യഥാർത്ഥത്തിൽ അവമൂലം പല നൻമയും ലഭിക്കുവാനുണ്ടായിരിക്കും. നേരെമറിച്ച് ചില കാര്യങ്ങൾ പ്രത്യക്ഷത്തിൽ വളരെ ഇഷ്ടപ്പെട്ടതും അഭികാമ്യവുമായിരിക്കുമെങ്കിലും യഥാർത്ഥത്തിൽ അവമൂലം പല ദോഷവും ബാധിക്കുവാനുമുണ്ടായിരിക്കും. അതൊന്നും മനുഷ്യന് അറിയുവാൻ കഴിയുകയില്ല. അല്ലാഹുവിന്നേ അതറിയൂ. അതിനാൽ, അല്ലാഹുവിൻെറ വിധിവിലക്കുകൾ നിങ്ങളുടെ യഥാർത്ഥ നന്മയും ഭാവിഗുണവും കണക്കിലെടുത്തുകൊണ്ടായിരിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കുകയും, പൂർണ്ണ മനസ്സോടെ അവ സ്വീകരിക്കുകയും വേണമെന്ന് കൂടി ഉണർത്തുകയും ചെയ്യുന്നു. ഇത് സത്യവിശ്വാസികൾക്ക് വളരെ മനസ്സമാധാനവും ആവേശവും നൽകുന്നതാണെന്ന് പറയേണ്ടതില്ലല്ലോ. (യുദ്ധം ആരോട് നടത്തേണമെന്നും മറ്റുമുള്ള വിവരങ്ങൾ കഴിഞ്ഞ 190-193 വചനങ്ങളിൽ വിവരിച്ചത് ഓർക്കുക.)

വിഭാഗം-27

يَسْـَٔلُونَكَ عَنِ ٱلشَّهْرِ ٱلْحَرَامِ قِتَالٍ فِيهِ ۖ قُلْ
قِتَالٌ فِيهِ كَبِيرٌ ۖ وَصَدٌّ عَن سَبِيلِ ٱللَّهِ
وَكُفْرٌۢ بِهِۦ وَٱلْمَسْجِدِ ٱلْحَرَامِ وَإِخْرَاجُ
أَهْلِهِۦ مِنْهُ أَكْبَرُ عِندَ ٱللَّهِ ۚ وَٱلْفِتْنَةُ أَكْبَرُ
مِنَ ٱلْقَتْلِ ۗ وَلَا يَزَالُونَ يُقَٰتِلُونَكُمْ حَتَّىٰ
يَرُدُّوكُمْ عَن دِينِكُمْ إِنِ ٱسْتَطَٰعُوا۟ ۚ وَمَن
يَرْتَدِدْ مِنكُمْ عَن دِينِهِۦ فَيَمُتْ وَهُوَ
كَافِرٌ فَأُو۟لَٰٓئِكَ حَبِطَتْ أَعْمَٰلُهُمْ فِى
ٱلدُّنْيَا وَٱلْءَاخِرَةِ ۖ وَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ
هُمْ فِيهَا خَٰلِدُونَ ﴿٢١٧﴾

217 (നബിയേ) നിന്നോട് അവർ 'ഹറാമാ'യ [പവിത്രമായ] മാസത്തെ-അതായത്, അതിൽ യുദ്ധം ചെയ്യുന്നതിനെ-പ്പറ്റി ചോദിക്കുന്നു. പറയുക: "അതിൽ യുദ്ധം ചെയ്യൽ ഒരു വലിയ കാര്യം (തന്നെ) ആകുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) തടയലും, അവനിൽ അവിശ്വസിക്കലും, 'മസ്ജിദുൽ ഹറാമി'ൽ നിന്ന് (ജനങ്ങളെ തടയലും) , അതിന്റെ ആൾക്കാരെ [അവിടുത്തുകാരെ] അവിടെ നിന്നു പുറത്താക്കലും അല്ലാഹുവിന്റെ അടുക്കൽ (അതിനെക്കാൾ) കൂടുതൽ വലിയതാകുന്നു. 'ഫിത്ന' [കുഴപ്പം] കൊലയെക്കാൾ വലിയതുമാകുന്നു. അവർക്ക് സാധ്യമായെങ്കിൽ, നിങ്ങളെ നിങ്ങളുടെ മതത്തിൽ നിന്ന് മടക്കിക്കളയുന്നതുവരേക്കും അവർ നിങ്ങളോട് യുദ്ധം നടത്തിക്കൊണ്ടേയിരിക്കുന്നതാണ്. നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതത്തിൽ നിന്ന് വിട്ടു പിൻതിരിയുകയും, അങ്ങനെ, അവൻ അവിശ്വാസിയായിക്കൊണ്ടു മരണപ്പെടുകയും ചെയ്യുന്നപക്ഷം, അപ്പോൾ അക്കൂട്ടർ, ഇഹത്തിലും, പരത്തിലും അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായി. അക്കൂട്ടർ, നരകത്തിന്റെ ആൾക്കാരുമാകുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും.

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَاجَرُوا۟
وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ أُو۟لَٰٓئِكَ يَرْجُونَ
رَحْمَتَ ٱللَّهِ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢١٨﴾

218 നിശ്ചയമായും, വിശ്വസിച്ചവരും, 'ഹിജ്റ' [സ്വദേശം വിട്ട്] പോകുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്തവരും, (അതെ) അക്കൂട്ടർ, അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവാകട്ടെ, വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

217 **يسألونك** അവർ നിന്നോട് ചോദിക്കുന്നു, ചോദിക്കും. **عن الشهر** മാസത്തെപ്പറ്റി. **الحرام** ഹറാമായ, അലംഘനീയമായ, പവിത്രമായ. **قتالٍ فيه** അതായത് അതിൽ യുദ്ധം ചെയ്യലിനെ(പ്പറ്റി) . **قُلْ** പറയുക. **قتالٌ فيه** അതിൽ യുദ്ധം ചെയ്യൽ. **كبيرٌ** വലുതാണ്, വലിയൊരു കാര്യമാണ്. **وصد** തടയൽ, തിരിച്ചുവിടൽ. **عن سبيل الله** അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന്. **وكُفْرٌ به** അവനിൽ അവിശ്വസിക്കലും. **والمسجد الحرام** മസ്ജിദുൽ ഹറാമിൽ നിന്നും. **وإخراج** ബഹിഷ്ക്കരിക്കലും. **أهله** അതിന്റെ ആൾക്കാരെ (അവിടുത്തുകാരെ) . **منه** അതിൽ നിന്ന്. **أكْبر** കൂടുതൽ (ഏറ്റം) വലുതാകുന്നു. **عند الله** അല്ലാഹുവിന്റെ അടുക്കൽ. **والفتنةُ** ഫിത്നഃ കുഴപ്പം. **أكْبر** അധികം വലിയതാണ്. **من القتل** കൊലയെക്കാൾ. **ولا يزالونَ** അവർ ആയിക്കൊണ്ടിരിക്കും. **يقاتلونكُم** അവർ നിങ്ങളോട് യുദ്ധം ചെയ്യും. **حتى يردوكُم** നിങ്ങളെ അവർ മടക്കുന്നത് (പിൻതിരിപ്പിക്കുന്നത്) വരേക്കും. **عن دينكُم** നിങ്ങളുടെ മതത്തിൽ നിന്ന്. **إن استطاعوا** അവർക്ക് സാധ്യമായെങ്കിൽ. **ومن** ആരെങ്കിലും. **يرتدد** പിൻതിരിയുന്ന(മടങ്ങുന്ന) തായാൽ. **منكُم** നിങ്ങളിൽ നിന്ന്. **عن دينه** തന്റെ മതത്തിൽനിന്ന്.

فَيمت എന്നിട്ട് (അങ്ങിനെ) അവൻ മരണപ്പെടുന്ന(തായാൽ) . **وهوكافر** അവൻ അവിശ്വാസിയായും കൊണ്ട്. **فأولئك** എന്നാൽ അക്കൂട്ടർ. **حبطت** നിഷ്ഫലമായി, വെറുതെയായി. **أعمالهم** അവരുടെ കർമ്മങ്ങൾ. **في الدنيا** ഇഹത്തിൽ. **والآخرة** പരത്തിലും. **وأولئك** അക്കൂട്ടരാകട്ടെ. **أصحاب النار** നരക ത്തിന്റെ ആൾക്കാരുമാകുന്നു. **هم فيها** അവർ അതിൽ. **خالدون** സ്ഥിരവാസികളാകുന്നു. 218 **إن الذين آمنوا** നിശ്ചയമായും വിശ്വസിച്ചവർ. **والذين** ഹിജ്റ പോയവരും. **هاجرواوجاهدوا** ജിഹാദു(സമരം) ചെയ്യുകയും ചെയ്തു. **في سبيل الله** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ. **أولئك** അക്കൂട്ടർ. **يرجون** പ്രതീ ക്ഷിക്കുന്നു, അഭിലഷിക്കുന്നു. **رحمة الله** അല്ലാഹുവിന്റെ കാരുണ്യത്തെ. **والله** അല്ലാഹു. **غفور** (വളരെ) പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്.

ഒരു പ്രത്യേക സംഭവത്തോട് ബന്ധപ്പെട്ടുകൊണ്ടാണ് ആദ്യത്തെ വചനത്തിന്റെ അവതരണമെന്ന് പല രിവായത്തുകളിൽ നിന്നും വ്യക്തമാകുന്നു. സംഭവത്തിന്റെ ചുരുക്കം ഇതാണ്: ഹിജ്റ രണ്ടാംകൊല്ലത്തിൽ അബ്ദുല്ലാ ഹിബ്നുജഹ്ശ് (ﷺ)ന്റെ നേതൃത്വത്തിൽ മുഹാജിറുകളായ ഏഴോ എട്ടോ പേരടങ്ങുന്ന ഒരു ചെറിയ സൈന്യസംഘത്തെ ഒരു എഴുത്ത് സഹിതം നബി (ﷺ) അയക്കുകയുണ്ടായി. രണ്ട് ദിവസത്തെ യാത്രക്കുശേഷം മാത്രമേ എഴുത്തുപൊളിച്ച് വായിക്കാവൂ എന്നും തിരുമേനി കൽപിച്ചിരുന്നു. അവരുടെ ലക്ഷ്യത്തെപ്പറ്റി ശത്രുക്കളാരും മണത്തറിവാൻ ഇടവരാതിരിക്കുവാനായിരുന്നു നബി (ﷺ) അങ്ങിനെ ചെയ്തത്. കത്ത് തുറന്ന് നോക്കുമ്പോൾ (മക്കായുടെയും ത്വാഇഫിന്റെയും ഇടയിലുള്ള ഒരു സ്ഥലമായ) നഖ്ല (نخلة) യിൽ ചെന്ന് പതിയിരുന്ന് ഖുറൈശികളുടെ നീക്കങ്ങളെ മനസ്സിലാക്കി വരണ മെന്നായിരുന്നു അതിലെ ഉള്ളടക്കം. ഇടക്കുവെച്ച് അവരിൽ രണ്ടുപേർ അവരുടെ വാഹന മായിരുന്ന ഒട്ടകം വഴിതെറ്റിപ്പോയത് നിമിത്തം കൂട്ടം വിട്ടുപോകയുണ്ടായി. ബാക്കിയുള്ളവർ നഖ്ലയിലായിരിക്കെ ഖുറൈശികളുടെ ഒരു ചെറിയ കച്ചവടസംഘം ആ വഴിക്കുവന്നു. അതിൽ അംറുബ്നുൽഹള്റമീയും വേറെ മൂന്ന് പേരുമാണുണ്ടായിരുന്നത്. അവിടെവെച്ച് സൈന്യ സംഘം എന്തുവേണമെന്ന് തമ്മിൽ കൂടിയാലോചന നടത്തി. അവസാനം കച്ചവടസംഘവുമായി ഏറ്റുമുട്ടി. ഏറ്റുമുട്ടലിൽ ഇബ്നുൽഹള്റമി കൊല്ലപ്പെടുകയും, രണ്ടുപേർ ബന്ധനസ്ഥരാ കുകയും ചെയ്തു. മൂന്നാമൻ ഓടി രക്ഷപ്പെട്ടു. ഇത് റജബ് മാസം അവസാനിക്കുകയും, ശഅ്ബാൻ മാസം ആരംഭിക്കുകയും ചെയ്യുന്ന അവസരത്തിലായിരുന്നു. അതല്ല, ജമാദുൽ ആഖിറിന്റെ അവസാനവും, റജ്ബിന്റെആദ്യവുമായിരുന്നുവെന്നും ചില രിവായത്തുകളിലുണ്ട്. ബന്ധനത്തിലാക്കിയവരെയും, കിട്ടിയ കച്ചവടച്ചരക്കുകളെയും കൊണ്ട് അവർ നബി (ﷺ) യുടെ അടുക്കൽ വന്നു. ഇതായിരുന്ന് മുസ്ലിംകൾക്ക് ശത്രുക്കളിൽനിന്ന് ലഭിച്ച ഒന്നാമത്തെ ഗനീമത്ത് (غنيمة യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്ന് ലഭിക്കുന്ന ധനം) . ശത്രുക്കൾ ഈ അവസരം ഉപയോ ഗപ്പെടുത്തിക്കൊണ്ട് ആക്ഷേപവും പരിഹാസവും തൊടുത്തുവിട്ടു. യുദ്ധം നിഷിദ്ധമായ മാസത്തിൽ (റജബിൽ) മുഹമ്മദും കൂട്ടരും യുദ്ധം നടത്തി അതിനെ അവഹേളിച്ചുവെന്ന് അവർ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ നിങ്ങളോട് യുദ്ധം നിഷിദ്ധമായ മാസത്തിൽ യുദ്ധം ചെയ്യാൻ കൽപിച്ചിട്ടില്ലല്ലോ എന്ന് നബി (ﷺ) യും പറഞ്ഞു. മുസ്ലിംകളും അവരോട് പ്രതിഷേധം നടത്തുകയുണ്ടായി. അവർ വളരെ ഖേദത്തിലായി. ഇതിനെത്തുടർന്നാണ് ഈ വചനം അവതരിച്ചത്.

ഇതിൽ, ശത്രുക്കളുടെ ഭാഗത്തുനിന്നുണ്ടായ ആരോപണങ്ങൾക്ക് അല്ലാഹു നൽകിയ മറുപടിയുടെ സാരം ഇതാണ്: യുദ്ധം ഹറാമായ (അലംഘ്യ) മാസത്തിൽ യുദ്ധം ചെയ്യുന്നത് വമ്പിച്ച തെറ്റുതന്നെ. എന്നാൽ, അല്ലാഹുവിന്റെ മാർഗമായ സത്യമതം സ്വീകരിക്കുന്നതിൽനിന്ന് ജനങ്ങളെ തടയുക, അല്ലാഹുവിൽ അവിശ്വസിക്കുക, അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ സ്ഥാപിതമായ മസ്ജിദുൽ ഹറാമിലേക്ക് സത്യവിശ്വാസികളെ പ്രവേശിക്കുവാൻ അനുവദിക്കാതി രിക്കുക, ആ നാട്ടുകാരായ ആളുകളെ അവിടെ താമസിക്കുവാൻ സമ്മതിക്കാതെ ബഹിഷ്ക്കരിക്കുക മുതലായ കുഴപ്പങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് അതിനേക്കാൾ വമ്പിച്ച

തെറ്റാകുന്നു. രണ്ട് തെറ്റുകൾ പരസ്പരം അഭിമുഖീകരിക്കുമ്പോൾ, കൂടുതൽ വമ്പിച്ച തെറ്റിനെ ഇല്ലാതാക്കുവാൻവേണ്ടി ചെറിയ തെറ്റ് സ്വീകരിക്കുകയെന്നുള്ളത് കേവലം ന്യായവും പ്രായോഗികവുമാകുന്നു. മാത്രമല്ല, പ്രസ്തുത കുഴപ്പങ്ങൾകൊണ്ടും അവർ മതിയാക്കുവാനും ഭാവമില്ല. ഇസ്‌ലാമിനെ അംഗീകരിച്ചവരെ കഴിയുമെങ്കിൽ അതിൽനിന്ന് പിൻമടക്കുവാനുള്ള ഉദ്ദേശ്യവും കൂടി അവർക്കുണ്ട്. അതിനായി മുസ്‌ലിംകളോട് യുദ്ധം തുടർന്നുകൊണ്ടിരിക്കുവാനാണ് അവരുടെ പരിപാടി. അപ്പോൾ, മുസ്‌ലിംകൾക്കെതിരിൽ അവർ (മുശ്‌രിക്കുകൾ) നടത്തുന്ന ഫിത്ത്നയുടെ ഗൗരവം വളരെ വമ്പിച്ചതാണ്. എന്നിരിക്കെ, അതിനെ അപേക്ഷിച്ച് അവരിൽനിന്ന് ചിലരെ കൊലപ്പെടുത്തിയത് കേവലം നിസ്സാരമായി ഗണിക്കാവതേയുള്ളു. (ഫിത്ത്നയെപ്പറ്റി 191-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചത് ഓർക്കുക)

സന്ദർഭവശാൽ മറ്റൊരു കാര്യംകൂടി സത്യവിശ്വാസകിളെ അല്ലാഹു ഇവിടെ ഉണർത്തുന്നു: സത്യവിശ്വാസം സ്വീകരിച്ച ഒരു മുസ്‌ലിം-സ്വന്തം നിലക്കാകട്ടെ, ശത്രുക്കളുടെ പ്രേരണ നിമിത്തമാകട്ടെ-ഇസ്‌ലാമിൽ നിന്ന് പിന്തിരിഞ്ഞുപോകുന്നപക്ഷം. അതിൻെറ ഭവിഷ്യത്ത് വളരെ വമ്പിച്ചതാണ്. അവൻ ചെയ്ത യാതൊരു കർമ്മവും ഇഹത്തിലാകട്ടെ, പരത്തിലാകട്ടെ സ്വീകാര്യമല്ല. ഇസ്‌ലാമിലായിരുന്നപ്പോൾ അവൻ ചെയ്ത കർമ്മങ്ങൾക്കുപോലും പരിഗണനയില്ല. അവിശ്വാസികളോടെന്നപോലെത്തന്നെ അവരോടും പെരുമാറും. പരലോകത്താകട്ടെ, കാലാകാല നരകശിക്ഷയും فيمت وهو كافر (അവൻ അവിശ്വാസിയായുംകൊണ്ട് മരണപ്പെടുകയും ചെയ്താൽ) എന്ന് പറഞ്ഞതിൽ നിന്ന് അവൻ വീണ്ടും ഇസ്‌ലാമിലേക്ക് തന്നെ മടങ്ങിവന്നാൽ അവൻെറ മടക്കം സ്വീകരിക്കപ്പെടുമെന്നും, മരിക്കുമ്പോഴത്തെ അവസ്ഥ നോക്കിയാണ് അവസാന തീരുമാനമെന്നും മനസ്സിലാക്കാം.

അബ്ദുല്ലാഹിബ്നുജഹ്ശും (ﷺ) കൂട്ടുകാരും ചെയ്തുപോയത് തെറ്റാണെങ്കിലും അവരുടെ ഉദ്ദേശ്യവും ലക്ഷ്യവും നല്ലതായിരുന്നുവെന്നും, അവർക്ക് അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നുവെന്നും 218-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. സത്യവിശ്വാസം സ്വീകരിക്കുകയും, ഹിജ്റ പോകുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്തവരാണല്ലോ അവർ. ഈ വചനം അവതരിച്ചപ്പോൾ, അവർക്ക് സന്തോഷമായെന്നും, അവർ കൊണ്ടുവന്നിരുന്ന ഗനീമത്ത് സ്വത്തുക്കളിൽനിന്ന് നബി (ﷺ) അതിൻെറ അഞ്ചിലൊരു ഭാഗം സ്വീകരിച്ചുവെന്നും മേൽസൂചിപ്പിച്ച ചില രിവായത്തുകളിൽ വന്നിരിക്കുന്നു. അവർ ബന്ധനത്തിലാക്കികൊണ്ട് വന്ന തടവുകാരെ മുമ്പ് അവരിൽനിന്ന് വഴിതെറ്റി പോയിരുന്ന രണ്ട് സഹാബികൾ തിരിച്ചെത്തിയശേഷം മുശ്‌രിക്കുകൾക്ക് നബി (ﷺ) വിട്ടുകൊടുക്കുകയും ചെയ്തു. അവരിൽ ഒരാൾ മുസ്‌ലിമായി മദീനായിൽ തന്നെ താമസമാക്കുകയാണ് ചെയ്തത്.

جهاد ,مجاهدة (ജിഹാദ്, മുജാഹദഃ) എന്നീ ധാതുക്കളിൽനിന്നുള്ള ക്രിയാരൂപമാണ് **جاهد** (ജാഹദ) . 'കഴിവതും പരിശ്രമിച്ചു, അത്യദ്ധ്വാനം ചെയ്തു, കിണഞ്ഞു ശ്രമം നടത്തി' എന്നൊക്കെയാണതിന് അർത്ഥം. യുദ്ധം അടക്കമുള്ള പല കാര്യങ്ങളും ജിഹാദിൽ ഉൾപ്പെടുമെന്നല്ലാതെ, യുദ്ധത്തിൻെറ ഒരു പര്യായപദമല്ല അത്. ഖുർആനിലും മറ്റും ഈ വാക്കുകൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന അർത്ഥം ഇമാംറാഗിബ് (ﷺ) ഇങ്ങിനെ വിവരിക്കുന്നു: 'ശത്രുവെ ചെറുക്കുന്നതിൽ മുഴുവൻ കഴിവും വിനിയോഗിക്കലാണ് 'ജിഹാദും', 'മുജാഹദത്തും'. 'ജിഹാദ്' മൂന്നുതരത്തിലുണ്ട്: പ്രത്യക്ഷ ശത്രുവിനോടുള്ളതും, പിശാചിനോടുള്ളതും, സ്വന്തം ദേഹത്തോടുള്ളതും. **وجاهدوا فى الله حق جهادة** (അല്ലാഹുവിൻെറകാര്യത്തിൽ ജിഹാദ് ചെയ്യേണ്ട മുറപ്രകാരം ജിഹാദ് ചെയ്യുവിൻ. (22: 78) എന്നും **وجاهدوا باموالكم وانفسكم فى سبيل الله** (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങളുടെ സ്വത്തുക്കളെക്കൊണ്ടും ദേഹങ്ങളെക്കൊണ്ടും ജിഹാദു ചെയ്യുവിൻ. (9:41) എന്നും മറ്റുമുള്ള വചനങ്ങൾ ഈ മൂന്നും അടങ്ങുന്നതാകുന്നു. 'മുജാഹത്ത്' നാവുകൊണ്ടും കൈകൊണ്ടും ഉണ്ടാകാവുന്നതാണ്: നബി (ﷺ) പറയുന്നു: ''നിങ്ങൾ അവിശ്വാസികളോട് നിങ്ങളുടെ കൈകൊണ്ടും നാവുകൊണ്ടും ജിഹാദ് ചെയ്യുവിൻ.'' **المفردات** ഈ ഉദ്ധരണിയിൽനിന്ന്

جهاد (ജിഹാദി) നും അതിൽ നിന്നുണ്ടാകുന്ന മറ്റുപദരൂപങ്ങൾക്കും വാളെടുത്ത് യുദ്ധം ചെയ്യുക എന്നല്ല അർത്ഥമെന്നും, 'സമരം ചെയ്യുക' എന്നർത്ഥത്തിലാണ് അത് ഉപയോഗിക്കപ്പെടുന്ന തെന്നും മനസ്സിലായല്ലോ. ഈ അടിസ്ഥാനത്തിലാണ് അന്ധവിശ്വാസങ്ങളോടും, അനാചാരങ്ങ ളോടും സമരം നടത്തുന്നതിന്ന് 'ജിഹാദ്' എന്നും, സമരം നടത്തുന്നവർക്ക് 'മുജാഹിദുകൾ' എന്നും പറയപ്പെടുന്നത്.

۞ يَسْـَٔلُونَكَ عَنِ ٱلْخَمْرِ وَٱلْمَيْسِرِ ۖ قُلْ فِيهِمَآ إِثْمٌ كَبِيرٌ وَمَنَٰفِعُ لِلنَّاسِ وَإِثْمُهُمَآ أَكْبَرُ مِن نَّفْعِهِمَا ۗ وَيَسْـَٔلُونَكَ مَاذَا يُنفِقُونَ قُلِ ٱلْعَفْوَ ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَٰتِ لَعَلَّكُمْ تَتَفَكَّرُونَ ﴿٢١٩﴾

219 കള്ളിനെയും 'മൈസിറി'നെ [ചൂതാട്ടത്തെ] യും കുറിച്ചു അവർ നിന്നോട് ചോദിക്കുന്നു. പറയുക: ''ആ രണ്ടിലും വലിയ കുറ്റ [ദോഷ]വും, മനുഷ്യർക്ക് ചില പ്രയോജനങ്ങളുമുണ്ട്. അവയുടെ കുറ്റ [ദോഷ]മാകട്ടെ, അവയുടെ പ്രയോജനത്തെക്കാൾ വലുതാകുന്നു,'' എന്താണവർ ചില വഴിക്കേണ്ടതെന്നും അവർ നിന്നോട് ചോദിക്കുന്നു. പറയുക: ''സൗകര്യപ്പെട്ടതു [ശിഷ്ടം] ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് 'ആയത്തു' [ലക്ഷ്യം] ൾ വിവരിച്ചു തരുന്നു; നിങ്ങൾ ചിന്തിച്ചുനോക്കുവാൻ വേണ്ടി,-''

---

219 يسألونك അവർ നിന്നോട് ചോദിക്കുന്നു. عن الخمر കള്ളിനെ (മദ്യത്തെ) പ്പറ്റി. والميسر മൈസറിനെയും, ചൂതാട്ടത്തെയും, പന്തയത്തെയും. قُلْ പറയുക. فيهما ആ രണ്ടിലുമുണ്ട്. إثْم കുറ്റം, പാപം, ദോഷം. كَبِير വലിയ. ومنافع ചില പ്രയോജന (ഉപകാര) ങ്ങളും. للناس മനുഷ്യർക്ക്. وإثْمهما അവരണ്ടിൻെറയും കുറ്റം(പാപം-ദോഷം) . أكْبَر അധികം വലുതാണ്. من نفْعهما അവയുടെ പ്രയോജനത്തെക്കാൾ. ويسألونك അവർ നിന്നോട് ചോദിക്കുകയും ചെയ്യുന്നു. ماذا എന്തൊന്ന്. ينفقونَ അവർ ചിലവഴിക്കും(ചിലവഴിക്കണം) എന്ന്. قُل പറയുക. العفْو മാപ്പ് (വിട്ടുവീഴ്ച) ചെയ്യാവുന്നത് (സൗകര്യപ്പെട്ടത്, ശിഷ്ടം) . كَذَٰلك അതുപോലെ, ഇപ്രകാരം. يبين الله അല്ലാഹു വിവരിക്കുന്നു. لَكُم നിങ്ങൾക്ക്. الآيات ആയത്തു (ലക്ഷ്യം-വചനം) കളെ. لَعلكُم നിങ്ങളാകുവാൻ, ആയേക്കാം. تتفكرونَ ചിന്തിക്കുക, ആലോചിച്ചു നോക്കുക.

خمر '(ഖംറ്) ' എന്ന വാക്കിന് കള്ള്, മദ്യം എന്നൊക്കെ അർത്ഥം പറഞ്ഞുവരുന്നു. അതിൻെറ ധാത്വർത്ഥം നോക്കുമ്പോൾ മൂടുക അഥവാ മറയ്ക്കുക എന്നാണ് ഭാഷയിൽ അർത്ഥം. മദ്യം ബുദ്ധിയെ മൂടി മറക്കുന്നതുകൊണ്ട് അതിന് ആ പേർ വന്നു. സ്ത്രീകൾ തലമുടി മറക്കുവാൻ തലയിലിടുന്ന മക്കനക്ക് (തട്ടത്തിന്) خمار (ഖിമാർ) എന്ന് പറയുന്നതും ഇതുപോലെതന്നെ. നമ്മുടെ നാട്ടിൽ പനവർഗ്ഗങ്ങളുടെ നീരിൽനിന്നുണ്ടാക്കപ്പെടുന്ന കള്ളിൻെറ സ്ഥാനത്ത് അറബികൾക്കിടയിൽ അക്കാലത്ത് മുന്തിരിച്ചാറിൽനിന്നും, ഈത്തപ്പഴച്ചാറിൽനിന്നും ഉണ്ടാക്കപ്പെടുന്ന കള്ളായിരുന്നു അധികം പ്രചാരത്തിലുണ്ടായിരുന്നത്. പക്ഷേ, കള്ളിൻെറ ഇനങ്ങളിൽപെട്ട എല്ലാറ്റിനും ആ പേർ പറയപ്പെടും. ഇവിടെയും എല്ലാതരം കള്ളുകളും തന്നെയാണുദ്ദേശ്യം. അർത്ഥശങ്കക്കിടയില്ലാത്തവണ്ണം നബി (ﷺ) അത് വ്യക്തമാക്കിയിട്ടുമുണ്ട്. അവിടുന്ന് പറഞ്ഞു: كل مسكر خمر (മത്തുണ്ടാക്കുന്നതെല്ലാം കള്ളാകുന്നു. ബു;മു) അപ്പോൾ, കള്ള്, മദ്യം, ചാരായം, വിസ്കി, ബ്രാണ്ടി, കഞ്ചാവ് തുടങ്ങിയ ഏതുപേരിൽ അറിയപ്പെടുന്നതായാലും ശരി, എല്ലാവിധ ലഹരി പദാർത്ഥങ്ങളും ഇതിൽ ഉൾപ്പെടുമെന്നും, എല്ലാം നിഷിദ്ധമാണെന്നുമുള്ളതിൽ സംശയമില്ല. ഒരു ഹദീസിൽ നബി (ﷺ) ഇങ്ങിനെയും പറയുന്നു: ''നിശ്ചയമായും, എൻെറ സമുദായത്തിൽനിന്നുള്ള ചില മനുഷ്യർ കള്ളുകുടിക്കും. അവർ

അതിന് മറ്റുപേർ നൽകുന്നതാണ് (ദാ;ജ.) തിരുമേനിയുടെ ഈ പ്രവചനത്തിൻെറ പുലർച്ച ലോകം കണ്ടുകൊണ്ടിരിക്കുന്നുമുണ്ട്.

ميسر (മൈസിർ) എന്ന വാക്കിനാണ് 'ചൂതാട്ടം' എന്നുഅർത്ഥം കൽപിക്കപ്പെട്ട് വരുന്നത്. ഭാഷാപരമായി നോക്കുമ്പോൾ അതിൻെറ ധാത്വർത്ഥം എളുപ്പവും വേഗവുമുള്ള വല്ല മാർഗ്ഗത്തിലൂടെയും ധനംകൈക്കലാക്കുക (اخذالمال بيسر وسهولة) എന്നത്രെ. എല്ലാതരം ചൂതുകളി കളെയും പന്തയങ്ങളെയും ഉൾപ്പെടുത്തുന്ന ഒരു വാക്കാണത്. അതിനോട് തികച്ചും അനുയോജ്യമായ ഒരു ഒറ്റവാക്ക് മലയാളത്തിൽ കാണുന്നില്ല. നമ്മുടെ നാടുകളിലും നമ്മുടെ കാലത്തും ചില പ്രത്യേകതരം ചൂതാട്ടങ്ങളും, ഷോടതികളും, ഭാഗ്യക്കുറികളും, പന്തയ ങ്ങളുമെല്ലാം നിലവിലുള്ളതുപോലെ, ഖുർആൻ അവതരിക്കുന്ന കാലത്ത് അറബികൾക്കിടയിലും ചില പ്രത്യേകതരം 'മൈസിറു'കൾ പ്രചാരത്തിലുണ്ടായിരുന്നു. എന്നുവെച്ച് അവ മാത്രമാണ് ഇവിടെ ഉദ്ദേശമെന്ന് പറയുവാൻ നിവൃത്തിയില്ല. ചൂതാട്ടങ്ങളും, പന്തയങ്ങളും, ഷോടതികളു മെല്ലാം തന്നെ നിഷിദ്ധങ്ങളാകുന്നു. ആകർഷകമോ, സുന്ദരമോ ആയ വല്ല പുതിയ പേരുകളും നിൽകിയതുകൊണ്ടോ, എന്തെങ്കിലും ചില യുക്തിന്യായങ്ങൾ പറഞ്ഞ് ന്യായീകരിച്ചതുകൊണ്ടോ ഒരു മുസ്ലിമിന് അവയില്ലൊന്നും പങ്കെടുക്കാവതല്ല.

(ഇസ്ലാമിലെ മറ്റ് ചില നിയമങ്ങളെപ്പോലെ, മദ്യപാനത്തെയും ചൂതാട്ടങ്ങളെയും നിരോധിച്ചുകൊണ്ടുള്ള കൽപനയും പടിപടിയായിട്ടാണ് നടപ്പാക്കപ്പെട്ടത്. അതിൻെറ ഒന്നാമത്തെ പടിയായിട്ടാണ് ഈ വചനം നിലകൊള്ളുന്നത്. രണ്ടിലും ചില ദോഷങ്ങളും ഗുണങ്ങളുമുണ്ട് എന്നാൽ ദോഷമാണ് മികച്ച് നിൽക്കുന്നത്; അതുകൊണ്ട് അത് രണ്ടും വർജ്ജിക്കുകയാണ് വേണ്ടത് എന്നാണിവിടെ അത് സംബന്ധിച്ച് പറഞ്ഞതിൻെറ സാരം. ഈ വചനം അവതരിച്ചതിനുശേഷം സത്യവിശ്വാസികൾ പലരും അവയിൽനിന്ന് വിരമിച്ചുവെങ്കിലും ചിലർ വീണ്ടും തുടർന്നുകൊണ്ടിരുന്നു. മദ്യപിച്ചതിനെ തുടർന്ന് അൽപം ചില അനിഷ്ട സംഭവങ്ങൾ അവരിൽനിന്നുണ്ടാകുകയും ചെയ്തു. അനന്തരം, ലഹരി ബാധിച്ചവരായിക്കൊണ്ട് നമസ്കാര ത്തെ സമീപിക്കരുതെന്ന് (സൂറ: നിസാഉ് 43ൽ) കൽപന വന്നു. പിന്നീടാണ് അവസാനം കർശനമായി നിരോധിച്ചുകൊണ്ടുള്ള കൽപന (മാഇദ: 93,91ൽ) അവതരിച്ചത്. കൂടുതൽ വിവരം അതാതിടത്തിൽവെച്ചുകാണാം. إن شاء الله)

فِى ٱلدُّنْيَا وَٱلْأَاخِرَةِ ۗ وَيَسْـَٔلُونَكَ عَنِ ٱلْيَتَـٰمَىٰ ۖ قُلْ إِصْلَاحٌ لَّهُمْ خَيْرٌ ۖ وَإِن تُخَالِطُوهُمْ فَإِخْوَٰنُكُمْ ۚ وَٱللَّهُ يَعْلَمُ ٱلْمُفْسِدَ مِنَ ٱلْمُصْلِحِ ۚ وَلَوْ شَآءَ ٱللَّهُ لَأَعْنَتَكُمْ ۚ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٢٢٠﴾

220 ഇഹത്തിൻെറയും, പരത്തിൻെറയും കാര്യത്തിൽ, അനാഥകളെപ്പറ്റിയും അവർ നിന്നോടു ചോദിക്കുന്നു. പറയുക: ''അവർക്കു നന്മ വരുത്തൽ ഉത്തമമായ കാര്യമാകുന്നു; നിങ്ങൾ, അവരുമായി കൂടിക്കല (ർന്നു ജീവിച്ചുവ) രുകയാണെങ്കിൽ, (അവർ) നിങ്ങളുടെ സഹോദരങ്ങളുമാകുന്നു. അല്ലാഹു വാകട്ടെ നാശമുണ്ടാക്കുന്നവനെ നന്മയുണ്ടാക്കുന്നവനിൽ നിന്നു (വേർതിരിച്ച്) അറിയുകയും ചെയ്യുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങളെ അവൻ ബുദ്ധിമുട്ടിക്കുക തന്നെ ചെയ്യുമായിരുന്നു. ''നിശ്ചയമായും, അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.''

220 **في الدنيا** ഇഹത്തി(ൻെറ കാര്യത്തി) ൽ, ഇഹത്തെ സംബന്ധിച്ചു. **والآخرة** പരത്തി(ൻെറ കാര്യത്തി) ലും പരത്തെപ്പറ്റിയും. **ويسألونك** അവർ നിന്നോട് ചോദിക്കുകയും ചെയ്യുന്നു. **عن اليتامى** അനാഥകളെപ്പറ്റി. **قُلْ** പറയുക. **إصلاح** ³\ മ വരുത്തൽ, നന്നാക്കിത്തീർക്കൽ, നൻമയുണ്ടാക്കൽ.

لهم അവർക്കു. **خير** ഉത്തമമമാണ്, നല്ലതാണ്. **وإن تخالطوهم** നിങ്ങൾ അവരോടുകൂടിക്കലരുന്നുവെങ്കിൽ. **فإخوانكم** അപ്പോൾ നിങ്ങളുടെ സഹോദരങ്ങളാണ്. **والله** അല്ലാഹു. **يعلم** അറിയും, അറിയുന്നു. **المفسد** നാശം (കുഴപ്പം) ഉണ്ടാക്കുന്ന(വരുത്തുന്ന) വനെ. **من المصلح** നന്മയുണ്ടാക്കുന്നവനിൽനിന്ന്. **ولو شاء** ഉദ്ദേശിച്ചിരുന്നെങ്കിൽ. **الله** അല്ലാഹു. **لأعنتكم** നിങ്ങളെ അവൻ ബുദ്ധിമുട്ടി (വിഷമിപ്പി) ക്കുകതന്നെ ചെയ്യുമായിരുന്നു. **إن الله** നിശ്ചയമായും അല്ലാഹു. **عزيز** പ്രതാപശാലിയാകുന്നു. **حكيم** അഗാധജ്ഞനാണു, യുക്തിമാനായ.

മദ്യപാനികളിൽനിന്ന് സ്വന്തം കുടുംബങ്ങൾക്കും, അയൽക്കാർക്കും, നാട്ടുകാർക്കും അനുഭവപ്പെടുന്ന ശല്യങ്ങളും അക്രമങ്ങളും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. വാക്കേറ്റവും, അടിപിടിയും മാത്രമല്ല, നിയമലംഘനം, കളവ്, തോന്നിയവാസങ്ങൾ, കൊലപാതകങ്ങൾ തുടങ്ങിയ എല്ലാ നീചകൃത്യങ്ങൾക്കും മദ്യപാനം ഇടയാക്കുന്നു. ആരോഗ്യപരവും സാമ്പത്തികവുമായ കഷ്ട നഷ്ടങ്ങൾ പുറമെയും, ചൂതാട്ടങ്ങളുടെ കഥയും ഏറെക്കുറെ ഇതുതന്നെ. കള്ളുകുടി നിമിത്തം ദുർവ്യയം ശീലിക്കുന്നുവെങ്കിൽ, ചൂതാട്ടം നിമിത്തം അന്യരുടെ ധനം അന്യായമായി കൈക്കലാക്കലായിരിക്കും ലക്ഷ്യം. ലക്ഷ്യം പ്രാപിക്കാതെ വരുമ്പോൾ പാപ്പരത്തവും നേരിടും. ഇതെല്ലാംതന്നെ കുറ്റകരവും പാപകരവുമാണല്ലോ. ഇങ്ങിനെയുള്ള ദോഷവശങ്ങളെ സൂചിപ്പിച്ചുകൊണ്ടാണ് فيهما اثم كبير (രണ്ടിലും വലിയ തെറ്റുണ്ട്) എന്ന് പറഞ്ഞത്. അതേസമയത്ത് താൽക്കാലികമായ ചില ഗുണങ്ങളും അവമൂലം ലഭിക്കുന്നു. ആനന്ദം, ഉൻമേഷം, ധൈര്യം, ദഹനശക്തി, ധനം നേടൽ, തൊഴിൽ സാദ്ധ്യത മുതലായവ. എല്ലാം താൽക്കാലികം മാത്രമാണെങ്കിലും അവ അതുമൂലം ലഭിക്കുന്ന പ്രയോജനങ്ങളാണല്ലോ. ഇത്തരം ഗുണങ്ങളെ ഉദ്ദേശിച്ചാണ് ومنافع للناس (മനുഷ്യർക്ക് ചില പ്രയോജനങ്ങളുമുണ്ട്) എന്ന് പറഞ്ഞത്. ഗുണങ്ങളേക്കാൾ ദോഷങ്ങളാണ് കവിഞ്ഞുനിൽക്കുന്നതെന്ന് വെറും ഭൗതിക വീക്ഷണത്തിൽക്കൂടിമാത്രം അവയെ വിലയിരുത്തുന്നവർക്കുപോലും അറിയാവുന്നതാണ്. അതെ, മനസ്സാക്ഷിയുണ്ടെങ്കിൽ, ഭൗതിക ജീവിതത്തിലും, പാരത്രിക ജീവിതത്തിലും നേരിടുവാനിരിക്കുന്ന ദോഷങ്ങളാകട്ടെ, കൂടുതൽ ഭയങ്കരവും ഗൗരവതരവുംതന്നെ. ചില ആളുകൾ ധരിക്കാറുള്ളതുപോലെ, ഗുണദോഷങ്ങളുടെ എണ്ണം നോക്കിയല്ല-ഗൗരവം നോക്കിയാണ്- അവയുടെ പ്രയോജനത്തെക്കാൾ കുറ്റമാണ് അധികം വലുത് واثمهما اكبر من نفعهما എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നതെന്ന് മേൽവിവരച്ചതിൽനിന്നുംമറ്റും സ്പഷ്ടമാണ്.

മൂന്ന് വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും മറുപടികളുമാണ് ഈ വചനങ്ങളിൽ ഉള്ളത്. സത്യവിശ്വാസികളുടെ ഭാഗത്തുനിന്നുണ്ടായ ചില അന്വേഷണങ്ങളായിരുന്നു യഥാർത്ഥത്തിൽ ഈ ചോദ്യങ്ങൾ എന്നാണ് പല രിവായത്തുകളിൽനിന്നുമായി മനസ്സിലാകുന്നത്. ഒരു പക്ഷേ, ചോദ്യം വാക്കാൽ ഉണ്ടായിട്ടില്ലെങ്കിൽതന്നെയും സന്ദർഭവും പരിതഃസ്ഥിതിയും നോക്കുമ്പോൾ, ആ വിഷയങ്ങളെക്കുറിച്ച് അറിയുവാനുള്ള അവരുടെ ആഗ്രഹത്തെ മുൻനിർത്തി ചോദ്യോത്തര രൂപത്തിൽ പ്രസ്താവിച്ചിരിക്കുകയാണെന്നും വരാവുന്നതാണ്. (അല്ലാഹുവിനറിയാം.) അഹമദ്, ഇബ്നുഅബീശൈബ, ഇബ്നു ഹുമൈദ്, അബൂദാവൂദ്, തിർമദീ, നസാഈ, ഇബ്നു ജരീർ (رحمهم الله) എന്നിവർ ഉദ്ധരിച്ച ഒരു രിവായത്തിൻെറ ചുരുക്കം ഇപ്രകാരമാകുന്നു: ''അല്ലാഹുവേ! ഞങ്ങൾക്ക് കള്ളിനെപ്പറ്റി മനസ്സമാധാനം നൽകുന്ന ഒരു വിവരണം നൽകേണമേ! കാരണം, അത് ധനത്തെയും, ബുദ്ധിയെയും നശിപ്പിക്കുന്നു. എന്ന് ഉമർ (رضي الله عنه) പറയുകയുണ്ടായി. അപ്പോൾ, يسألونك عن الخمر والميسر (അവർ നിന്നോട് കള്ളിനെയും ചൂതാട്ടത്തെയും കുറിച്ച് ചോദിക്കുന്നു) എന്ന വചനം അവതരിച്ചു. ഉമർ (رضي الله عنه) ഇത് ഓതിക്കേട്ടപ്പോൾ വീണ്ടും അങ്ങിനെ പറഞ്ഞു. എന്നിട്ട്, സൂറത്തുന്നിസാഇലെ (43-ാം) വചനം അവതരിച്ചു. അപ്പോഴും അദ്ദേഹം അങ്ങിനെത്തന്നെ പറഞ്ഞു. അങ്ങനെ, സൂറത്തുൽ മാഇദഃയിലെ (93,94) വചനം അവതരിച്ചു അതിൽ فهل انتم منتهون (നിങ്ങൾ വിരമിക്കുന്നോ?!) എന്നിടത്ത് എത്തിയപ്പോൾ അദ്ദേഹം; ഞങ്ങൾ വിരമിച്ചു! ഞങ്ങൾ വിരമിച്ചു! എന്ന് പറഞ്ഞു.'' കള്ളിൻെറയും ചൂതാട്ടത്തിൻെറയും

വിഷയത്തിലുള്ള വിധിയെന്താണെന്ന് ഞങ്ങൾക്ക് പറഞ്ഞുതരണമെന്ന് വേറെ ചിലരും നബി (ﷺ) യോട് ചോദിച്ചതായും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു.

ഇബ്നു ഇസ്ഹാഖും, ഇബ്നു അബീഹാതിമയും (رحمهما الله) ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്നുദ്ധരിച്ച ഒരു നിവേദനത്തിൻെറ സാരം ഇപ്രകാരമാണ്: ''സഹാബികളിൽപെട്ട ഒരു കൂട്ടരോട് അല്ലാഹുവിൻെറ മാർഗത്തിൽ ചിലവഴിക്കുവാൻ കൽപിക്കപ്പെട്ടു. അവർ നബി (ﷺ) യുടെ അടുക്കൽ ചെന്ന് പറഞ്ഞു: 'ഞങ്ങളുടെ ധനത്തിൽനിന്ന് ചിലവഴിക്കേണ്ടുന്നത് എന്താണെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. അപ്പോൾ **يسألونك ماذا ينفقون** (അവർ എന്ത് ചിലവഴിക്കണം എന്ന് നിന്നോട് ചോദിക്കുന്നു) എന്ന വചനം അവതരിച്ചു. അതിനുമുമ്പ് ഒരാൾ അയാളുടെ ധനം (മുഴുക്കെ) ചിലവഴിച്ച് ഒന്നും ബാക്കിയാകാതെയും, അയാൾക്ക് ധർമ്മം കിട്ടാത്തപക്ഷം ഭക്ഷണത്തിന് വകയില്ലാതെയും ഇരിക്കുമാറ് ചിലവഴിക്കാറുണ്ടായിരുന്നു.' ഇതുപോലെയുള്ള ചില രിവായത്തുകൾ വേറെയും ഉണ്ട്. ഇതിൽനിന്ന് ഈ രണ്ടാമത്തെ ചോദ്യത്തിൻെറ ഉദ്ദേശ്യം മനസ്സിലായല്ലോ. ഇതിനുള്ള മറുപടി **العفو** (വിട്ടുവീഴ്ച ചെയ്യാവുന്നത്-അഥവാ സൗകര്യപ്പെട്ടത്) എന്നാകുന്നു. ഞെരുക്കവും ബുദ്ധിമുട്ടും ഉണ്ടാക്കാത്തതും, അത്യാവശ്യം കഴിച്ച് മിച്ചമുള്ളതും എന്നാണിതുകൊണ്ട് വിവക്ഷയെന്ന് താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള ഹദീസുകളിൽ നിന്ന് മനസ്സിലാക്കാം. എല്ലാവർക്കും അനുഷ്ഠാനത്തിൽ കൊണ്ടുവരുവാൻ സാധിക്കുന്നതും പ്രായോഗികവും അതാണല്ലോ. ഒരാൾ കൂടുതൽ ത്യാഗസന്നദ്ധനായിക്കൊണ്ടും, തൻെറ ആവശ്യത്തെക്കാൾ മറ്റുള്ളവരുടെ ആവശ്യത്തിന് മുൻഗണന നൽകിക്കൊണ്ടും കൂടുതൽ ചിലവഴിക്കുന്നപക്ഷം അത് നല്ലതും ഉത്തമവും തന്നെ. അൻസാരികളായ സഹാബികളെ പ്രശം സിച്ചുകൊണ്ട് തങ്ങൾക്ക് അത്യാവശ്യമുണ്ടായിരുന്നാലും അവർ തങ്ങളുടെ ദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് പ്രാധാന്യം നൽകുന്നു (**ويؤثرون على انفسهم ولو كان بهم خصاصة**) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത് പ്രസ്താവ്യമാണ്. (59:9)

ഒരാളോട് റസൂൽ (ﷺ) ഇങ്ങിനെ പറഞ്ഞതായി ജാബിർ (رضي الله عنه) ഉദ്ധരിക്കുന്നു : ''നീ നിൻെറ ദേഹം കൊണ്ട് ആരംഭിക്കുക. അങ്ങനെ, അതിന് ധർമ്മം ചെയ്യുക. എന്നിട്ട് വല്ലതും മിച്ചമുണ്ടെങ്കിൽ, അത് നിൻെറ വീട്ടുകാർക്ക്. വീട്ടുകാരിൽനിന്ന് വല്ലതും മിച്ചമായെങ്കിൽ അത് നിൻെറ കുടുംബാംഗങ്ങൾക്കും, നിൻെറകുടുബങ്ങളിൽ നിന്നും മിച്ചമുണ്ടെങ്കിൽ ഇതാ, ഇങ്ങിനെയും ഇങ്ങനെയും ചെയ്തുകൊള്ളുക''. (മുസ്ലിം.) അതായത് പിന്നീട് ഇഷ്ടപ്പെട്ടവർക്ക് കൊടുത്തുകൊള്ളുക എന്ന് സാരം. മറെറാരു ഹദീസിൽ അവിടുന്ന് പറയുന്നു: ''ആദാമിൻെറ മകനെ, (മനുഷ്യാ) മിച്ചമുള്ളത് ചിലവഴിക്കുന്നത് നിശ്ചയമായും നിനക്ക് നല്ല കാര്യമാണ്. അത് പിടിച്ചുവെക്കുന്നത് നിനക്ക് ദോഷമുമാണ്. ആവശ്യത്തിന് മാത്രമുള്ളതിനെപ്പററി നിന്നെ ആക്ഷേപിക്കപ്പെടുന്നതല്ല. നിൻെറ പ്രാരാബ്ധത്തെ (നീ ചിലവഴിക്കുവാൻ ബാധ്യതപ്പെട്ട നിൻെറ ഭാര്യാമക്കളെ) ക്കൊണ്ട് ആരംഭിക്കുക. ഉയർന്നു നിൽക്കുന്ന (കൊടുക്കുന്ന) കൈ, താണു നിൽക്കുന്ന (വാങ്ങുന്ന) കൈയിനെക്കാൾ ഉത്തമമാകുന്നു''. (മുസ്ലിം)

മൂന്നാമത്തെ ചോദ്യം അനാഥക്കുട്ടികളുടെ വിഷയത്തിലാണ്. 'ഏററവും നല്ല മാർഗ്ഗത്തിലൂടെയല്ലാതെ അനാഥകളുടെ സ്വത്തിനെ സമീപിക്കരുത് ' (6: 152; 17: 34.) എന്നും, 'അനാഥകളുടെ സ്വത്ത് അക്രമമായി തിന്നുന്നവർ അവരുടെ വയറ് നിറക്കുന്നത് അഗ്നി മാത്രമാണ്.' (4: 10) എന്നുമൊക്കെ അവതരിച്ചപ്പോൾ, അനാഥകളുടെ കൈകാര്യം നടത്തി വന്നിരുന്നവർക്ക് വളരെ വിഷമം തോന്നി. ഭക്ഷണപാനീയങ്ങളിൽപോലും അവരുമായി കൂടിക്കലരാതെ സൂക്ഷിക്കുമാറ് അവർ സ്വയം കർശനം സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് സഹിക്കുവാൻ കഴിയാതായപ്പോൾ, അവരിൽനിന്നുണ്ടായ ചില അന്വേഷണങ്ങളാണ് ഈ ചോദ്യംകൊണ്ടുദ്ദേശ്യമെന്ന് അബൂദാവൂദ്, നസാഈ, ഇബ്നുജരീർ (رحمه الله) മുതലായവർ ഉദ്ധരിച്ച പല രിവായത്തുകളിൽ നിന്നും മനസ്സിലാകുന്നു. ഇതിന് നൽകിയ മറുപടിയുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം :-

സ്വത്തുക്കളിലാകട്ടെ, മററു വിഷയങ്ങളിലാകട്ടെ, അനാഥകൾക്ക് നൻമയും അഭിവൃദ്ധിയും ഉണ്ടാകുന്ന ഏത് കാര്യവും ചെയ്യുന്നത് നിങ്ങൾക്കും അവർക്കും വളരെ നല്ലതാകുന്നു. അവർക്ക് ഇഹത്തിലും നിങ്ങൾക്ക് പരത്തിലും അതുമൂലം വലിയ പ്രയോജനം സിദ്ധിക്കുവാനുണ്ട്. ഇതൊരു പൊതുതത്വമാകുന്നു. ഇനി, നിങ്ങളും അവരും കൂട്ടുജീവിതം സ്വീകരിച്ചു വരുകയാണെങ്കിൽ, അതിന് വിരോധമൊന്നുമില്ല. അവർ മതത്തിൽ-ചിലപ്പോൾ കുടുംബത്തിലും-നിങ്ങളുടെ സഹോദരങ്ങളാണല്ലോ. നിങ്ങളുടെ നേരെ സഹോദരങ്ങളെന്നപോലെ, സ്നേഹത്തിലും ഇണക്കത്തിലും അവരുമായി പെരുമാറുകയും, അവരുടെ ഗുണത്തിനും നൻമക്കും വേണ്ടി യത്നിക്കുകയും, അവർക്ക് നാശമോ നഷ്ടമോ വരുന്നത് സൂക്ഷിക്കുകയും വേണം. ഭക്ഷണപാനീയങ്ങൾപോലെയുള്ള നിത്യാവശ്യങ്ങളിൽ സഹോദരങ്ങൾ തങ്ങളുടെ സ്വത്തുക്കൾ അന്യോന്യം കൂട്ടായി വിനിയോഗിക്കുന്നതുപോലെ, നിങ്ങൾക്കും ചെയ്യാവുന്നതാണ്. പക്ഷേ, അവർക്ക് ഉപദ്രവവും നഷ്ടവും വരുത്തുവാനോ, അവരുടെ ധനം ചൂഷണം ചെയ്യാനോ ഇടയാകരുത് എന്നേയുള്ളു. നിങ്ങൾ എന്തുചെയ്യുന്നു, നിങ്ങളുടെ ഉദ്ദേശ്യമെന്ത് എന്നെക്കെ അല്ലാഹുവിന് നല്ലപോലെ അറിയാം. ഇത് നിങ്ങൾ ഓർമ്മവെക്കണം. നിങ്ങൾക്ക് പ്രാവർത്തികമാക്കുവാൻ കഴിയാത്ത നിയമങ്ങളും നിർബ്ബന്ധങ്ങളും ചുമത്തി നിങ്ങളെ ബുദ്ധിമുട്ടിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നൊക്കെയാണ് ആ മറുപടിയിൽ അല്ലാഹു പറഞ്ഞതിൻെറ താൽപര്യം. والله اعلم

وَلَا تَنكِحُوا۟ ٱلْمُشْرِكَٰتِ حَتَّىٰ يُؤْمِنَّ ۚ وَلَأَمَةٌ مُّؤْمِنَةٌ خَيْرٌ مِّن مُّشْرِكَةٍ وَلَوْ أَعْجَبَتْكُمْ ۗ وَلَا تُنكِحُوا۟ ٱلْمُشْرِكِينَ حَتَّىٰ يُؤْمِنُوا۟ ۚ وَلَعَبْدٌ مُّؤْمِنٌ خَيْرٌ مِّن مُّشْرِكٍ وَلَوْ أَعْجَبَكُمْ ۗ أُو۟لَٰٓئِكَ يَدْعُونَ إِلَى ٱلنَّارِ ۖ وَٱللَّهُ يَدْعُوٓا۟ إِلَى ٱلْجَنَّةِ وَٱلْمَغْفِرَةِ بِإِذْنِهِۦ ۖ وَيُبَيِّنُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٢١﴾

221 (സത്യവിശ്വാസികളേ) ബഹുദൈവ വിശ്വാസിനികളായ സ്ത്രീകൾ വിശ്വസിക്കുന്നതു വരേക്കും നിങ്ങൾ അവരെ വിവാഹം കഴിക്കരുത്. സത്യവിശ്വാസിനിയായ ഒരു അടിമ സ്ത്രീ തന്നെയാണ്, ഒരു ബഹുദൈവ വിശ്വാസിനിയായ സ്ത്രീയെക്കാൾ ഉത്തമം-അവൾ നിങ്ങളെ അത്ഭുതപ്പെടുത്തിയാലും [നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും] ശരി. ബഹുദൈവ വിശ്വാസികൾക്ക്, അവർ വിശ്വസിക്കുന്നതുവരേക്കും നിങ്ങൾ വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്യരുത്. സത്യവിശ്വാസിയായ ഒരു അടിമ തന്നെയാണ്, ഒരു ബഹുദൈവ വിശ്വാസിയെക്കാൾ ഉത്തമം-അവൻ നിങ്ങളെ അൽഭുതപ്പെടുത്തി [കൗതുകപ്പെടുത്തി]യാലും ശരി. (കാരണം) അക്കൂട്ടർ നരകത്തിലേക്കു ക്ഷണിക്കുന്നു; അല്ലാഹുവാകട്ടെ, അവൻ അവൻെറ ഉത്തരവ് [വിധി വിലക്കുകൾ] മുഖേന സ്വർഗ്ഗത്തിലേക്കും, പാപമോചനത്തിലേക്കും ക്ഷണിക്കുന്നു. അവൻ തൻെറ 'ആയത്തു' [ലക്ഷ്യം]കളെ മനുഷ്യർക്കു വിവരിച്ചു കൊടുക്കുകയും ചെയ്യുന്നു. അവർ ഉററാലോചിക്കുവാൻവേണ്ടി.

---

221 **ولا تنكحوا** നിങ്ങൾ വിവാഹം കഴിക്കരുത്. **المشركات** ബഹുദൈവ വിശ്വാസിനികളെ. **حتى يؤمن** അവർ വിശ്വസിക്കുന്നതുവരെ. **ولأمةٌ مؤمنةٌ** വിശ്വാസിനിയായ ഒരു അടിമ സ്ത്രീ തന്നെ. **خير** ഉത്തമം. **من مشركة** ഒരു ബഹുദൈവ വിശ്വാസിനിയേക്കാൾ. **ولو أعجبتكم** അവൾ നിങ്ങളെ അൽഭുത (കൗതുക) പ്പെടുത്തിയാലും. **ولا تنكحوا** നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുകയും അരുത്. **المشركين**

മുശ്‌രിക്കുകൾക്ക്. **حتى يؤمنوا** അവർ വിശ്വസിക്കുന്നവരെ. **ولَعبد مؤمن** സത്യവിശ്വാസിയായ ഒരു അടിമതന്നെ. **خير** ഉത്തമം. **من مشرك** ഒരു മുശ്‌രിക്കിനെക്കാൾ. **ولو أعجبكُم** അവൻ നിങ്ങളെ ആശ്ച ര്യ (കൗതുക) പ്പെടുത്തിയാലും. **أولَئك** അക്കൂട്ടർ. **يدعونَ** ക്ഷണിക്കുന്നു, അവർ വിളിക്കുന്നു. **إلى النار** നരകത്തിലേക്ക്. **والله** അല്ലാഹുവാകട്ടെ. **يدعو** ക്ഷണിക്കുന്നു, വിളിക്കുന്നു. **إلى الْجنة** സ്വർഗ്ഗത്തിലേക്ക്. **والْمغفرة** പാപമോചനത്തിലേക്കും. **بِإِذْنِه** അവൻെറ അനുമതി (സമ്മതം-ഉത്തര വു) മുഖേന. **ويبين** അവൻ വിവരിക്കുകയും ചെയ്യുന്നു. **آياته** അവൻെറ ലക്ഷ്യം (വചനം) കളെ. **للناس** മനുഷ്യർക്ക്. **لَعلهم** അവരാകുവാൻ വേണ്ടി, ആയേക്കാം. **يتذكرونَ** ഉറ്റാലോചിക്കും, ഓർമ്മ വെക്കും.

ഇതുമുതൽ ഏതാനും വചനങ്ങളിൽ, വൈവാഹികവും ഗാർഹികവുമായ തുറകളിൽ സത്യവിശ്വാസികൾ അനുഷ്ഠിക്കേണ്ടുന്ന പല നടപടിച്ചട്ടങ്ങളും നിയമങ്ങളുമാണ് അല്ലാഹു പഠിപ്പിക്കുന്നത്. സത്യവിശ്വാസികളായ-അതെ, മുസ്‌ലിംകളായ-പുരുഷൻമാർ മുശ്‌രിക്കുകളായ സ്ത്രീകളെ വിവാഹം ചെയ്യുവാനും, മുസ്‌ലിം സ്ത്രീകളെ മുശ്‌രിക്കുകളായ പുരുഷൻമാർക്കു വിവാഹം കഴിച്ചുകൊടുക്കുവാനും പാടില്ലെന്നു കൽപിച്ചുകൊണ്ട് മുസ്‌ലിംകളും അമുസ്‌ലികളും തമ്മിൽ വിവാഹബന്ധം നടത്തുന്നതിനെ അല്ലാഹു പാടെ നിഷിദ്ധമാക്കിയിരിക്കുകയാണ്. സൗന്ദര്യം, ധനം, ആഭിജാത്യം, ആകർഷകമായ പെരുമാററം, യോഗ്യത, മുതലായ ഏതെങ്കിലും കാരണത്താൽ അവരിൽപ്പെട്ട ഒരു സ്ത്രീയോ പുരുഷനോ നിങ്ങളെ എത്ര തന്നെ ആകർഷി ച്ചാലും അവരുമായി വിവാഹബന്ധം നടത്തിക്കൂടാ എന്നും, അതിനെക്കാൾ നല്ലത് സത്യ വിശ്വാസികളായ അടിമകളുമായി വിവാഹബന്ധം നടത്തലാണെന്നും കൂടി അല്ലാഹു വ്യക് തമാക്കിയിരിക്കുന്നു. എന്നാൽ, മുശ്‌രിക്കുകളെ (ബഹു ദൈവ വിശ്വാസികളെ) സംബന്ധിച്ച് മാത്രമാണല്ലോ അല്ലാഹു പറഞ്ഞതു-പൊതുവെ അവിശ്വാസി (കാഫിറു) കളെക്കുറിച്ചു ഒന്നും പ്രസ്താവിച്ചിട്ടില്ലല്ലോ- ആ സ്ഥിതിക്ക് മുശ്‌രിക്കുകളല്ലാതെ അവിശ്വാസികളല്ലാത്ത അവിശ്വാസി കളുമായി വിവാഹബന്ധം നടത്തിക്കൂടേ? എന്ന് ചോദിക്കപ്പെട്ടേക്കാം. ഇതിനു
മറുപടി:-

(1) സത്യവിശ്വാസിനികളായ സ്ത്രീകൾ ഹിജ്റ വന്നാൽ അവരെ അവിശ്വാസി (കാഫിറു) കളിലേക്ക് മടക്കി അയക്കരുതെന്ന് കൽപിച്ച ശേഷം സൂറത്തിൽ മുംതഹിനഃയിൽ അല്ലാഹു പറയുന്നു: لا هن حل لهم ولاهم يحلون لهن –الممتحنة– ١٠ (ആ സ്ത്രീകൾ അവർക്ക്- അവിശ്വാസികൾക്ക് - അനുവദനിയമല്ല; അവർ അവർക്കും - ആ സ്ത്രീകൾക്കും- അനുവദനീയമല്ല.) അപ്പോൾ മുശ്‌രിക്കുകളെപ്പോലെത്തന്നെയാണ് എല്ലാ കാഫിറു (അവിശ്വാസി) കളുമെന്ന് വ്യക്തമാകുന്നു. (2) വിഗ്രഹാരാധനപോലെ പ്രത്യക്ഷമായ ശിർക്കുകൾ ഒരു പക്ഷെ കാണപ്പെട്ടില്ലെങ്കിൽ തന്നെയും-ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ശിർക്കിൽ നിന്ന് ശുദ്ധമായ അവ ിശ്വാസികളെ കാണുകയില്ല താനും. (3) ഇരു കൂട്ടരും തമ്മിൽ വിവാഹബന്ധം പാടില്ലെന്ന് നിശ്ചയിച്ചതിലടങ്ങിയ തത്വം അല്ലാഹു തന്നെ വിവരിച്ചത്, 'അവർ ക്ഷണിക്കുന്നത് നരകത്തിലേക്കാണ്' (اولَئك يدعون إلى النار) എന്നാണല്ലോ. അവിശ്വാസികളുടെ വിശ്വാസാചാര ങ്ങളെല്ലാംതന്നെ നരകത്തിലേക്ക് വഴി തെളിയിക്കുന്നവയും സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം തടയുന്നതുമാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ, വേദക്കാരിൽനിന്നുള്ള സ്ത്രീകളെ ചുരുക്കം ചില ഉപാധികളോടുകൂടി മുസ്‌ലിംകൾക്ക് വിവാഹം ചെയ്യാമെന്ന് സൂറത്തുൽ മാഇദ: 6-ാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിൽ വിവാഹബന്ധം സ്ഥാപിക്കുവാൻ പാടില്ലെന്നുള്ള പൊതു നിയമത്തിൽനിന്ന് ഇതുമാത്രമെ ഒഴിവാക്കപ്പെട്ടിട്ടുള്ളു.

ഭൗതിക താൽപര്യങ്ങളുടെ ആഘാതം നിമിത്തം ചില ആധുനിക ചിന്താഗതിക്കാർ ഈ നിരോധത്തെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ, ഭാര്യാഭർത്താക്കൾ തമ്മിൽ ആദർശപ്പൊരുത്തം ഇല്ലാത്തപക്ഷം അവരുടെ വിവാഹബന്ധം വിജയകരമാകുകയില്ലെന്നും, അതാണ് അവർ

നരകത്തിലേക്കും അല്ലാഹു സ്വർഗത്തിലേക്കും ക്ഷണിക്കുന്നുവെന്ന് പറഞ്ഞതിൻെറ സാരമെന്നുമൊക്കെ പറഞ്ഞ് ഈ നിയമത്തിൻെറ കാർക്കശ്യം ഒന്ന് ലഘുവാക്കിക്കാണിക്കുവാൻ ശ്രമിക്കുന്നത് കാണാം. വാസ്തവത്തിൽ, വിവാഹബന്ധം വിജയകരമാകുകയെന്നത് ഇസ്ലാമിൻെറ ഉദ്ദേശ്യം തന്നെയാണെങ്കിലും അതിൻെറ വിജയപരാജയമല്ല ഈ നിരോധത്തിൽ പരിഗണിക്കപ്പെട്ടിരിക്കുന്ന യഥാർത്ഥ പശ്ചാത്തലം. സത്യവിശ്വാസത്തിലുള്ള ഐക്യവും അനൈക്യവുമാണ് അതിൽ പരിഗണിക്കപ്പെട്ടിരിക്കുന്നത്. ഈ വചനത്തിലെ വാക്കുകളിൽ നിന്നുതന്നെ അത് ആർക്കും മനസ്സിലാക്കാവുന്നതാകുന്നു. കേവലം വല്ല ആദർശത്തിൻെറയും ഐക്യത്തേക്കാൾ ഉപരിയാണ് മതത്തിലും വിശ്വാസത്തിലുമുള്ള യോജിപ്പ്. അതാണിവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: ''നാല് കാര്യങ്ങൾക്കുവേണ്ടി സ്ത്രീ വിവാഹം ചെയ്യപ്പെടുന്നു: അവളുടെ ധനത്തിനുവേണ്ടിയും, കുലമഹത്വത്തിനുവേണ്ടിയും, സൗന്ദര്യത്തിന് വേണ്ടിയും, മതത്തിന് വേണ്ടിയും, എന്നാൽ, മതമുള്ളവളെ (വിവാഹം കഴിച്ചു) കൊണ്ട് നീ ഭാഗ്യം നേടിക്കൊള്ളുക. (അല്ലാത്ത പക്ഷം) നിൻെറ കൈകൾ മൺപുരളട്ടെ''. (ബു ;മു.) അഥവാ നിനക്ക് നിർഭാഗ്യമായിരിക്കുമെന്ന് സാരം. മറ്റൊരു ഹദീസിൽ തിരുമേനി പറയുന്നു: ''ഇഹലോകം ഒരു വിഭവമത്രെ. ഇഹലോകവിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സദ്വൃത്തയായ സ്ത്രീ (ഭാര്യ) യാകുന്നു''. (മു.)

വിഭാഗം-28

وَيَسْـَٔلُونَكَ عَنِ ٱلْمَحِيضِ ۖ قُلْ هُوَ أَذًى فَٱعْتَزِلُوا۟ ٱلنِّسَآءَ فِى ٱلْمَحِيضِ ۖ وَلَا تَقْرَبُوهُنَّ حَتَّىٰ يَطْهُرْنَ ۖ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ ٱللَّهُ ۚ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴿٢٢٢﴾

222 അവർ നിന്നോട് ആർത്തവത്തെക്കുറിച്ചും ചോദിക്കുന്നു. പറയുക: ''അത് ഒരു(തരം) ഉപദ്രവമാകുന്നു; അതിനാൽ ആർത്തവ (കാല) ത്തിൽ നിങ്ങൾ സ്ത്രീകളെ വിട്ടു നിൽക്കുവിൻ. അവർ ശുദ്ധിയാകുന്നതു വരേക്കും നിങ്ങൾ അവരെ സമീപിക്കുകയും അരുത്. അങ്ങനെ, അവർ ശുദ്ധിയായിത്തീർന്നാൽ, അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിലൂടെ നിങ്ങൾ അവരുടെ അടുക്കൽ ചെന്നു കൊള്ളുവിൻ. നിശ്ചയമായും, പശ്ചാത്തപിച്ചു മടങ്ങുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു; ശുദ്ധി പ്രാപിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു.

نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُوا۟ حَرْثَكُمْ أَنَّىٰ شِئْتُمْ ۖ وَقَدِّمُوا۟ لِأَنفُسِكُمْ ۚ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّكُم مُّلَٰقُوهُ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٢٢٣﴾

223 നിങ്ങളുടെ സ്ത്രീകൾ [ഭാര്യമാർ] നിങ്ങളുടെ കൃഷി(യിടം) ആകുന്നു. അതിനാൽ, നിങ്ങളുടെ കൃഷിയുടെ അടുക്കൽ നിങ്ങൾ എങ്ങിനെ ഉദ്ദേശിച്ചുവോ അപ്രകാരം ചെന്നുകൊള്ളുക; നിങ്ങൾ നിങ്ങൾക്കുതന്നെ (വേണ്ടത്) മുൻകൂട്ടി ചെയ്തുവെക്കുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, നിങ്ങൾ അവനുമായി കണ്ടുമുട്ടുന്നവരാണെന്ന് അറിയുകയും ചെയ്യുവിൻ. (നബിയേ) സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

222 **ويسألونك** അവർ നിന്നോട് ചോദിക്കുകയും ചെയ്യുന്നു. **عن المحيض** ആർത്തവത്തെപ്പറ്റി ഋതുകാലത്തെപ്പറ്റി. **قُلْ** പറയുക. **هو** അത്. **أذًى** ഒരു ഉപദ്രവമാണ്, ശല്യമാണ് (മ്ലേഛമാണ്) . **فَاعتزلُوا** അതിനാൽ നിങ്ങൾ വിട്ടു (അകന്നു) നിൽക്കുവിൻ. **النساءَ** സ്ത്രീകളെ. **في المحيض** ആർത്തവത്തിൽ, ഋതുകാലത്തിൽ. **ولا تقربوهن** അവരെ സമീപിക്കുകയും ചെയ്യരുത്. **حتى يطْهرنَ** അവർ ശുദ്ധിയാകുന്നതുവെരെ. **فَإذَا تطهرنَ** എന്നിട്ട്(അങ്ങനെ) അവർ ശുദ്ധിയായിത്തീർന്നാൽ. **فَأتوهن** നിങ്ങളവരുടെ അടക്കുൽ ചെന്നുകൊള്ളുവിൻ. **من حيثُ** വിധത്തിലൂടെ. **أمركُم** നിങ്ങളോട് കൽപിച്ച. **اللهُ** അല്ലാഹു. **إن الله** നിശ്ചയമായും അല്ലാഹു. **يحب** അവൻ ഇഷ്ടപ്പെടുന്നു, സ്നേഹിക്കും. **التوابين** (പശ്ചാത്തപിച്ചു) മടങ്ങുന്നവരെ. **ويحب** അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. **المتطهرين** ശുദ്ധി പ്രാപിക്കുന്നവരെ. 223 **نِساؤكُم** നിങ്ങളുടെ സ്ത്രീകൾ. **حرثٌ** കൃഷി (വിളയിടം) ആകുന്നു. **لكُم** നിങ്ങൾക്ക്, നിങ്ങളുടെ. **فَأتوا** അതിനാൽ നിങ്ങൾ ചെല്ലുവിൻ. **حرثَكُم** നിങ്ങളുടെ വിളക്കൽ, കൃഷിയുടെ അടുക്കൽ. **أنى شئْتم** നിങ്ങൾ എങ്ങിനെ ഉദ്ദേശിച്ചുവോ (അങ്ങിനെ) . **وقدموا** നിങ്ങൾ മുൻകൂട്ടി (മുൻ ചെയ്തു വെയ്ക്കുകയും ചെയ്യുക) . **لأنفُسِكُم** നിങ്ങളുടെ സ്വന്തങ്ങൾക്ക്, നിങ്ങൾക്കുതന്നെ. **واتقوا الله** അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. **واعلَموا** അറിയുകയും ചെയ്യുക. **أنكُم** നിങ്ങൾ (ആകുന്നു) എന്ന്. **ملاقُوه** അവനുമായി കുമുട്ടുന്നവർ. **وبشر** സന്തോഷം അറിയിക്കുകയും ചെയ്യുക. **المؤمنين** സത്യവിശ്വാസികൾക്ക്.

ഇമാം അഹ്മദും, മുസ്ലിമും (ﷺ) ഉദ്ധരിച്ച ഒരു ഹദീസിൻെറ ചുരുക്കം ഇങ്ങിനെയാണ്: ‘‘സ്ത്രീകൾക്ക് ആർത്തവകാലമായാൽ യഹൂദികൾ അവരൊന്നിച്ച് ഭക്ഷണം കഴിക്കുകയോ, വീട്ടിൽ ഒന്നിച്ച് പെരുമാറുകയോ ചെയ്തിരുന്നില്ല. സഹാബികൾ ഇതിനെപ്പറ്റി നബി (ﷺ) യോടു ചോദിച്ചു. അപ്പോഴാണ് ഈ വചനം അവതരിച്ചത്. അങ്ങനെ, സംഭോഗം ഒഴിച്ചുള്ളതെല്ലാം ചെയ്തുകൊള്ളാമെന്ന് നബി (ﷺ) പറഞ്ഞു. ഇതുകേട്ടപ്പോൾ, ഈ മനുഷ്യന് നമ്മോട് എതിർ പ്രവർത്തിക്കണമെന്നേയുള്ളുവെന്ന് യഹൂദികൾ പറയുകയുണ്ടായി. അതിൽ പ്രതിഷേധിച്ചുകൊണ്ട് ചില സഹാബികൾ വന്ന് നബി (ﷺ) യോട്: എന്നാൽ, നമുക്ക് സംഭോഗവും കൂടി നടത്തിയാലെന്താണ് എന്ന് ചോദിച്ചു. അപ്പോൾ നബി (ﷺ) യുടെ മുഖഭാവം മാറി (ദേഷ്യപ്പെട്ടു) ’’. ഹിന്ദുക്കൾക്കിടയിലും യഹൂദികളെപ്പോലെ, ആർത്തവകാലത്ത് സ്ത്രീകളുമായി ഐത്തം ആചരിച്ച് വരുന്ന സമ്പ്രദായം നിലവിലുണ്ട്. എല്ലാ കാര്യത്തിലുമെന്നപോലെ, ഈ വിഷയത്തിലും ഇസ്ലാം വസ്തു നിഷ്ഠമായ ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ആർത്തവം ഒരു ഉപദ്രവമാകുന്നു. അഥവാ മാലിന്യവും വൃത്തിഹീനവുമാണ്. അതുകൊണ്ട് ആർത്തവകാലത്ത് ഭാര്യമാരുമായി സമീപിക്കാതെ വിട്ട് നിൽക്കണമെന്ന് അല്ലാഹു സത്യ വിശ്വാസികളോട് കൽപിക്കുന്നു. സമീപിക്കരുതെന്ന് പറഞ്ഞതിൻെറ താൽപര്യം അവരുടെ അടുത്തൊന്നും ചെന്നുകൂടാ എന്നോ, അവർക്ക് ആരേയും തീണ്ടുവാൻ പാടില്ലെന്നോ അല്ല. പ്രസ്തുത മാലിന്യ സ്ഥാനവുമായി ബന്ധപ്പെട്ട സമീപനം-അഥവാ സംഭോഗം-പാടില്ല എന്നാണെന്നും, മറ്റുള്ള സമീപനങ്ങൾക്കും സമ്പർക്കങ്ങൾക്കും വിരോധമില്ലെന്നും നബി (ﷺ) തിരുമേനിയുടെ ഹദീസുകളിൽനിന്ന് വ്യക്തമായിരിക്കുന്നു. ആർത്തവരക്തം ഒരു മാലിന്യ വസ്തുവാണെന്നല്ലാതെ, ആർത്തവമുള്ളപ്പോൾ സ്ത്രീകൾ മാലിന്യവതികളായിരിക്കുമെന്ന് അല്ലാഹു പ്രസ്താവിച്ചിട്ടില്ല. ‘ശുദ്ധിയാകുക’ എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശ്യം ആർത്തവരക്തം നിന്നുപോയശേഷം കുളിച്ച് ശുദ്ധിയാകുക എന്നാകുന്നു. ഈ കുളി നിർബ്ബന്ധമാണ് താനും. ‘അല്ലാഹു കൽപിച്ച വിധത്തിലൂടെ ചെല്ലുക’ എന്ന് പറഞ്ഞതിൻെറ താൽപര്യം, മാനുഷികവും പ്രകൃതിപരവുമായ മര്യാദകളും, മതനിർദ്ദേശങ്ങളും ലംഘിക്കാത്ത വിധത്തിൽ സമീപിക്കുക എന്നത്രെ. ഭാര്യാഭർത്താക്കൾ തമ്മിലുള്ള ദാമ്പത്യജീവിതത്തെ പൊതുവിൽ ബാധിക്കുന്ന ഒരു കൽപനയാണിത്. അഥവാ ആർത്തവ ശുദ്ധിക്കുശേഷമുള്ള സമീപനത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കൽപനയല്ല. ബാഹ്യത്തിലുള്ളതും ശാരീരികവുമായ ഒരു അശുദ്ധിയാണ് ആർത്തവമെന്നും, അതിൽനിന്നുള്ള ശുദ്ധീകരണമാണ് കുളിയെന്നും വ്യക്

തമാണല്ലോ. എന്നാൽ അതുപോലെ ആന്തരീകവും ആത്മീയവുമായ ചില മാലിന്യങ്ങളാണ് പാപങ്ങളെന്നും, അവയിൽനിന്നുള്ള ശുദ്ധീകരണം പശ്ചാത്താപമാണെന്നും, രണ്ടുതരം ശുദ്ധീകരണങ്ങളെയും അല്ലാഹു ഇഷ്ടപ്പെടുന്നതാണെന്നുംകൂടി അല്ലാഹു ഉണർത്തിയിരിക്കുന്നു. നിശ്ചയമായും, പശ്ചാതപിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു, ശുദ്ധി പ്രാപിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു.'

نساؤكم حرث لكم (നിങ്ങളുടെ സ്ത്രീകൾ-ഭാര്യമാർ-നിങ്ങളുടെ കൃഷിയിടമാണ്) എന്ന വാക്യം വളരെ മഹത്തായ ഒരു തത്വത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. നിലം ശരിപ്പെടുത്തി വിത്തിടുകയും, വിത്ത് മുളച്ച് ഉൽപന്നങ്ങൾ വിളയുകയും ചെയ്യുന്നതാണല്ലോ കൃഷി. അപ്പോൾ, ഒരർത്ഥത്തിൽ ഒരു കൃഷിയിടം തന്നെയാണ് ഭാര്യമാരും. കൃഷിയുടെ നൻമയും അനുകൂല സാഹചര്യങ്ങളും പൊതുവെ കർഷകന് ആനന്ദവും സന്തോഷവും ഉളവാക്കുന്നതായിരിക്കുമെങ്കിലും അതിൽ നിന്നുള്ള വിളവാണല്ലോ അതിൽ നിന്നും അവൻെറ ലക്ഷ്യം. അതുപോലെ സന്താനമാണ് ഈ കൃഷിയുടെ സാക്ഷാൽ ലക്ഷ്യം. മനുഷ്യവർഗ്ഗം ഈ ലോകത്ത് നിലനിൽക്കുന്നതും, വളർന്ന് വർദ്ധിക്കുന്നതും ഈ കൃഷിയിലൂടെയാകുന്നു. സ്രഷ്ടാവും പരിപാലകനുമായ അല്ലാഹു നിശ്ചയിച്ച ഒരു പ്രകൃതി നിയമമത്രെ അത്. കേവലം പ്രേമവികാരങ്ങളെയോ, ശാരീരിക മോഹങ്ങളെയോ നിവൃത്തിയാക്കുവാനുള്ള ഒരു ഉപാധി മാത്രമായിട്ടല്ല-അതും പരിഗണനീയം തന്നെയാണെങ്കിലും- അതിനെക്കാൾ ഉപരിയായ ആ ലക്ഷ്യത്തെ ഉന്നമാക്കിക്കൊണ്ടാണ് അല്ലാഹു വിവാഹ ബന്ധത്തെ കണക്കാക്കിയിരിക്കുന്നത് എന്നാണ് ഇതിൻെറ അർഥം. തുടർന്നുള്ള വാക്യങ്ങളിലും അതിലേക്കുള്ള സൂചന കാണാം. വേറെ പല ഖുർആൻ വചനങ്ങളിൽ നിന്നും ഈ യഥാർത്ഥം വളരെ വ്യക്തമായിത്തന്നെ മനസ്സിലാകുന്നതുമാണ്.

ഭാര്യമാർ കൃഷിയിടമാണെന്ന് പറഞ്ഞശേഷം, 'അതുകൊണ്ട് നിങ്ങളുടെ കൃഷിയിടത്തിൽ നിങ്ങൾ ഉദ്ദേശിച്ച പ്രകാരം ചെന്നുകൊള്ളുക' എന്നുകൂടി അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതെ, അവരുടെ അടുക്കൽ ചെല്ലുന്നതിൽ നിങ്ങൾക്കിഷ്ടപ്പെട്ട വിധമെല്ലാം സ്വീകരിക്കാമെന്ന് സാരം. എന്നാൽ, ഉൽപാദനത്തിനുപയുക്തമായ മാർഗ്ഗങ്ങളിലൂടെയായിരിക്കണം കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നതെന്നും, അതിന് വിരുദ്ധമായ പ്രവേശങ്ങൾ ശരിയല്ലെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. അല്ലാഹു അവൻെറ സൃഷ്ടിയായ മനുഷ്യർക്ക് പഠിപ്പിച്ചുകൊടുക്കുന്ന ദാമ്പത്യ പാഠങ്ങളും, അതിനുപയോഗിച്ച വാക്കുകളും നോക്കുക! വളരെ ലളിതവും, മാന്യവും ഹൃദ്യവുമായ ചുരുക്കം ചില വാക്കുകൾ! സ്നേഹവും കനിവും നിറഞ്ഞ ശൈലി! അല്ലാഹുവിൽ നിന്നല്ലാതെ ഇത്തരം അദ്ധ്യാപന ശൈലി എവിടെ കാണുവാനാണ്?! الله اكبر ഒരു മാതാവിന് അവളുടെ മുലകുടിക്കുന്ന പിഞ്ചോമനയോടുള്ളതിനേക്കാൾ കൃപയാണ് അല്ലാഹുവിന് അവൻെറ അടിയാൻമാരോടുള്ളതെന്ന് നബി (ﷺ) ഒരവസരത്തിൽ പ്രസ്താവിച്ചത് ഇവിടെ സ്മരണീയമാകുന്നു.

അടുത്ത വാക്യങ്ങൾ ശ്രദ്ധിക്കുക: 'നിങ്ങൾ നിങ്ങൾക്കുതന്നെവേണ്ടി മുന്നൊരുക്കം ചെയ്തുകൊള്ളണം, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം, അവനുമായി കണ്ടുമുട്ടേണ്ടി വരുമെന്ന് അറിഞ്ഞിരിക്കണം' എന്നൊക്കെ അല്ലാഹു ഉപദേശിക്കുന്നു. വൈവാഹിക ജീവിതത്തിലും മറ്റുമായി ശ്രദ്ധ ചെലുത്തിക്കൊണ്ട് സ്വന്തം ഭാവി മറന്നുപോകരുത്, സൽക്കർമ്മങ്ങൾ ചെയ്തും അല്ലാഹുവിൻെറ വിധി വിലക്കുകൾ പാലിച്ചുകൊണ്ട് ഭാവി വിജയത്തിനുള്ള മാർഗ്ഗങ്ങൾ നേരത്തെക്കൂട്ടി ഒരുക്കിക്കൊണ്ടിരിക്കണം, മരണാനന്തരം അല്ലാഹുവിൻെറ മുമ്പിൽ ഹാജരായി അവൻെറ വിചാരണ നേരിടേണ്ടിവരുമെന്ന് സദാ ഓർമ്മയുണ്ടായിരിക്കണമെന്ന് താൽപര്യം.

وقدموا لأنفسكم (നിങ്ങൾ നിങ്ങൾക്കുവേണ്ടിത്തന്നെ മുൻകൂട്ടി ചെയ്തുവെക്കുവിൻ) എന്ന വാക്യത്തിന് മേൽകണ്ട അർത്ഥത്തിലുള്ള വ്യാഖ്യാനമാണ് മിക്ക വ്യാഖ്യാതാക്കളും

നൽകിയിരിക്കുന്നത്. ഇബ്നുകഥീർ (ﷺ) സൂചിപ്പിച്ചതുപോലെ, അതിനുശേഷമുള്ള രണ്ടുവാക്യങ്ങളും-അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, അവനുമായി കണ്ടുമുട്ടുമെന്നറിഞ്ഞിരിക്കണമെന്നുമുള്ള വാക്യങ്ങൾ-ഈ വ്യാഖ്യാനത്തിന് പിൻബലം നൽകുകയും ചെയ്യുന്നു. ഭാര്യമാരുമായുള്ള സമീപനത്തിൽനിന്ന് സൽക്കർമ്മികളായ നല്ല സന്താനങ്ങൾ ജനിക്കുവാനും, അവർവഴി വംശപരമ്പര നിലനിൽക്കുവാനുമായിരിക്കണം നിങ്ങളുടെ ആഗ്രഹം, അതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുകയും വേണം എന്നൊക്കെയാണ് ഈ വാക്യത്തിൻെറതാൽപര്യമെന്നത്രെ മറ്റ് ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. ഭാര്യ-ഭർതൃ ബന്ധത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദർഭമാണിതെന്നുള്ളതിനെ ആസ്പദമാക്കിയാണ് ഈ അഭിപ്രായം. താഴെ ഉദ്ധരിക്കുന്ന ഹദീസിൽ കാണാവുന്നതുപോലെ-മരണശേഷവും മുറിഞ്ഞുപോകാതെ ഒരു സൽക്കർമ്മമാണല്ലോ നല്ല സന്താനം. എന്നിരിക്കെ, അതിനുവേണ്ടി ആഗ്രഹിക്കുന്നതും, പ്രാർത്ഥിക്കുന്നതും ഒരു നല്ല കർമം തന്നെയാണെന്നുള്ളതിൽ സംശയമില്ല. പക്ഷേ, അതുമാത്രമാണ് ഈ വാക്യം കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് കരുതിക്കൂടാ.

റസൂൽ (ﷺ) പറഞ്ഞതായി അബൂഹുറൈറ (رضي الله عنه) ഉദ്ധരിക്കുന്നു: ''മനുഷ്യൻ മരണമടഞ്ഞാൽ, മൂന്ന് കാര്യങ്ങളെ സംബന്ധിക്കുന്നതല്ലാത്ത അവൻെറ കർമ്മം (മുഴുവനും) മുറിഞ്ഞുപോകുന്നു. അതായത്, നടന്നുകൊണ്ടിരിക്കുന്ന ദാനധർമ്മവും, ഉപകാരപ്രദമായ ജ്ഞാനവും, തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തനായ സന്താനവും.'' (മു.) റസൂൽ(ﷺ) പറഞ്ഞതായി ഇബ്നു അബ്ബാസ് (رضي الله عنه) ഉദ്ധരിക്കുന്നു: ''നിങ്ങളൊരാൾ തൻെറ വീട്ടുകാരുടെ (ഭാര്യയുടെ) അടുക്കൽ ചെല്ലുമ്പോൾ (സംയോഗവേളയിൽ) بسم الله اللهم جنبنا الشيطان وجنب الشيطان ما رزقنا എന്ന് പറയുകയും, രണ്ടുപേർക്കുമിടയിൽ സന്താനം വിധിക്കപ്പെടുകയും ചെയ്യുന്നപക്ഷം, ആ സന്താനത്തിന് പിശാച് ഒരിക്കലും ഉപദ്രവം വരുത്തുകയില്ല'' (ബു; മു.) ഈ പ്രാർത്ഥനയുടെ സാരം ഇതാകുന്നു: ''അല്ലാഹുവിൻെറ നാമത്തിൽ. അല്ലാഹുവേ! ഞങ്ങളിൽനിന്ന് നീ പിശാചിനെ അകറ്റിത്തരേണമേ! ഞങ്ങൾക്ക് നീ നൽകുന്നതിൽ (സന്താനത്തിൽ) നിന്നും പിശാചിനെ അകറ്റിത്തരേണമേ!''

മേൽപറഞ്ഞ രണ്ടുമല്ലാത്ത വളരെ വിചിത്രമായ ഒരു അർത്ഥവ്യാഖ്യാനം ഈ വാക്യത്തിന് ഒരു പണ്ഡിതൻ ഇപ്പോൾ നൽകിക്കാണുന്നു. അതിങ്ങിനെയാണ്: '(കൃഷിസ്ഥലത്ത് ചെല്ലുമ്പോൾ വേണ്ട ഒരുക്കങ്ങൾ) മുൻകൂട്ടി ചെയ്തുവെക്കുകയും ചെയ്യുക.' ഈ വാക്യത്തിന് ആ പണ്ഡിതൻ തന്നെ നൽകിയ വ്യാഖ്യാനം ഇങ്ങിനെയുമാണ്: 'സ്ത്രീകളുടെ അടുക്കൽ ചെല്ലുമ്പോൾ ഭാവിയെക്കുറിച്ച് ചിന്തിക്കണം. അതായത്, അതിൽ സന്താനങ്ങൾ ജനിക്കുമ്പോൾ അവരുടെ പരിപാലനത്തിനും, പരിശീലനത്തിനും വേണ്ട ഒരുക്കങ്ങൾ ചെയ്തുവെക്കണം. സന്താനങ്ങളുണ്ടാകുമ്പോൾ മാത്രം അതിനെക്കുറിച്ച് ചിന്തിച്ചാൽ പോരാ എന്നർത്ഥം' ഖുർആൻെറ പ്രസ്താവനകളെ കഴിവതും ഭൗതികജീവിതത്തിൻെറ വിജയത്തിലേക്ക് മുതൽക്കൂട്ടായി ചിത്രീകരിക്കുവാൻ ശ്രമിച്ചുകൊണ്ട് നടത്തപ്പെടുന്ന അർത്ഥ വ്യാഖ്യാനങ്ങളിൽ ഒന്നത്രെ ഇത്. മനസ്സാക്ഷിയും നിഷ്പക്ഷബുദ്ധിയുള്ള ഏവർക്കും ഇതിൻെറ പിന്നിലുള്ള പ്രേരണ മനസ്സിലാക്കാവുന്നതാണ്. അതെന്തായാലും ശരി, ചില വസ്തുക്കൾ മുമ്പിൽ വെച്ചുകൊണ്ട് ഈ അർത്ഥവ്യാഖ്യാനമൊന്ന് പരിശോധിച്ച് നോക്കുക:-

നിങ്ങളുടെ സ്വന്തങ്ങൾക്ക്-അഥവാ നിങ്ങൾക്കുതന്നെ-വേണ്ടി മുൻകൂട്ടി ചെയ്തുവെക്കണം قدموا لأنفسكم എന്നാണ് അല്ലാഹു പറഞ്ഞത്. ഇവർ പറയുന്നതാകട്ടെ, ഭാവിയിൽ ജനിക്കുവാൻ പോകുന്ന സന്താനങ്ങളുടെ പരിപാലനത്തിനും പരിശീലനത്തിനും വേണ്ട ഒരുക്കങ്ങൾ ചെയ്തുവെക്കണമെന്നുമാണ്. ഈ ഒരുക്കങ്ങൾ ചെയ്തുവെക്കുന്നതാകട്ടെ,- ഇവർ പറഞ്ഞതനുസരിച്ചുതന്നെ-സ്ത്രീകളുടെ അടുക്കൽ ചെല്ലുമ്പോഴാണുതാനും. ഇതിൻെറ അർത്ഥം നമുക്ക് മനസ്സിലാകുന്നില്ല. വിവാഹത്തിന് മുമ്പ് തന്നെ ഈ ഒരുക്കം ചെയ്തുവെക്കേണമെന്നാണ് പറയുന്നതെങ്കിൽ അതിന് അൽപമെങ്കിലും ഒരത്ഥമുണ്ടെന്ന് സമ്മതിക്കാമായിരുന്നു. ഇനി,

സന്താനങ്ങളെ പോറ്റിവളർത്തുവാനും പരിശീലിപ്പിക്കുവാനുമൊക്കെയുള്ള വക മുൻകൂട്ടി കണ്ടുവെച്ച ശേഷമേ വിവാഹം കഴിക്കാവൂ എന്നോ, ഭാര്യമാരെ സമീപിക്കാവൂ എന്നോ അല്ലാഹുവും അവന്റെ റസൂലും കൽപിക്കുകയോ ഉപദേശിക്കുകയോ ചെയ്തിട്ടുണ്ടോ? അതുമില്ല. നേരെമറിച്ച് സ്വതന്ത്രകളായ സ്ത്രീകളെ വിവാഹം ചെയ്യാൻ കഴിയാത്തവർ അടിമസ്ത്രീകളെ വിവാഹം ചെയ്യാമെന്നും (4:25) , അവിവാഹിതർക്കും നല്ലവരായ അടിമകൾക്കും വിവാഹം ചെയ്തുകൊടുക്കണമെന്നും, അവർ ദരിദ്രരാണെങ്കിൽ അല്ലാഹു വഴിയെ അവർക്ക് ധന്യത നൽകിക്കൊള്ളുമെന്നും (24:32) അല്ലാഹു പറയുന്നു. വിവാഹം നടത്തുവാൻ കഴിവുള്ള യുവാക്കൾ വിവാഹം കഴിക്കണമെന്നും, കഴിവില്ലാത്തവർ നോമ്പ് പിടിക്കണമെന്നും നബി (ﷺ) യും കൽപിച്ചിരിക്കുന്നു. (ബു;മു,) വിവാഹം ചെയ്യാൻ കഴിവുണ്ടായാൽ അത് ചെയ്യാമെന്നല്ലാതെ അതിൽ ഉണ്ടായേക്കാവുന്ന സന്താനങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന വക മുൻകൂട്ടി കണ്ട് വെച്ചിട്ടുവേണം അതെന്ന് ഖുർആനിലും ഹദീസിലും പ്രസ്താവിച്ചിട്ടില്ല. ഇത്രയും പറഞ്ഞതിൽ നിന്നുതന്നെ ഇവരുടെ ഈ പുതിയ അർത്ഥവ്യാഖ്യാനം സത്യവിരുദ്ധമാണെന്ന് മനസ്സിലായല്ലോ.

وَلَا تَجْعَلُوا۟ ٱللَّهَ عُرْضَةً لِّأَيْمَـٰنِكُمْ أَن تَبَرُّوا۟ وَتَتَّقُوا۟ وَتُصْلِحُوا۟ بَيْنَ ٱلنَّاسِ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٢٢٤﴾

224 നിങ്ങൾ നിങ്ങളുടെ സത്യങ്ങൾക്ക് അല്ലാഹുവിനെ ഒരു വിലങ്ങ് [തടസ്സം] ആക്കരുത്; അതായത്, നിങ്ങൾ പുണ്യം പ്രവർത്തിക്കുകയും, സൂക്ഷ്മത പാലിക്കുകയും, മനുഷ്യർക്കിടയിൽ നന്മയുണ്ടാക്കുകയും ചെയ്യുന്നതിന്. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

لَّا يُؤَاخِذُكُمُ ٱللَّهُ بِٱللَّغْوِ فِىٓ أَيْمَـٰنِكُمْ وَلَـٰكِن يُؤَاخِذُكُم بِمَا كَسَبَتْ قُلُوبُكُمْ ۗ وَٱللَّهُ غَفُورٌ حَلِيمٌ ﴿٢٢٥﴾

225 നിങ്ങളുടെ സത്യങ്ങളിൽ (മനഃപൂർവ്വമല്ലാത്ത) വ്യർത്ഥവാക്കു മൂലം അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എങ്കിലും നിങ്ങളുടെ ഹൃദയങ്ങൾ (മനഃപൂർവ്വം) പ്രവർത്തിച്ചുവെച്ചതുമൂലം അവൻ നിങ്ങളെ പിടികൂടുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു.

---

224 **ولا تجعلوا** നിങ്ങൾ ആക്കരുത്. **الله** അല്ലാഹുവിനെ. **عرضةً** ഒരു വിലങ്ങ്, തടസ്സം നാട്ടക്കുറി. **لأيمانِكُم** നിങ്ങളുടെ സത്യങ്ങൾക്ക്. **أن تبروا** നിങ്ങൾ നൻമ (പുണ്യം) ചെയ്യുന്നതിന്. **وتتقُوا** നിങ്ങൾ സൂക്ഷമത പാലിക്കുകയും. **وتصلحوا** നിങ്ങൾ നൻമ പ്രവർത്തിക്കുകയും, നന്നാക്കുകയും. **بين الناس** മനുഷ്യർക്കിടയിൽ. **والله سميع** അല്ലാഹു കേൾക്കുന്നവനാകുന്ന. **عليم** അറിയുന്നവനാകുന്നു. 225 **لا يؤاخذُكُم** നിങ്ങളെ പിടികൂടുകയില്ല. **الله** അല്ലാഹു. **باللغو** അനുവശ്യം (വ്യർത്ഥം-പൊയ്വാക്ക്) മൂലം. **في أيمانِكُم** നിങ്ങളുടെ സത്യങ്ങളിൽ. **ولكن** എങ്കിലും. **يؤاخذُكُم** അവൻ നിങ്ങളെ പിടികൂടും. **بما كسبت** സമ്പാദിച്ചത് (ചെയ്തുവെച്ചത്, പ്രവർത്തിച്ചത്) നിമിത്തം. **قُلوبكُم** നിങ്ങളുടെ ഹൃദയങ്ങൾ. **والله** അല്ലാഹു. **غفُور** പൊറുക്കുന്നവനാണ്. **حليم** സഹനശീലനാണ്.

സൽക്കാര്യങ്ങൾ ചെയ്യുന്നതിനും, അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുസരിക്കുന്നതിനും, ജനങ്ങൾക്കിടയിൽ സന്ധിയാക്കുക മുതലായ നല്ല പ്രവൃത്തികൾ ചെയ്യുന്നതിനും ഭംഗം വരുത്തത്തക്കവിധം അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യരുത്. അഥവാ, അങ്ങിനെവല്ല സത്യവും ചെയ്തുപോയാൽ, ആ സത്യത്തിൽ നിന്ന് വിരമിക്കുകയും ആ നല്ലകാര്യം നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു. അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുന്നത്

അങ്ങിനെയുള്ള കാര്യങ്ങൾക്ക് തടസ്സമാകുവാൻ പാടില്ല. എന്നൊക്കെയാണ് ആദ്യത്തെ വചനത്തിൻെറ സാരം. മനഃപൂർവ്വമല്ലാതെ, നാവിലൂടെ വന്ന് പോകുന്ന സത്യവാക്യങ്ങളെ സംബന്ധിച്ചോ, സത്യം ചെയ്യുമ്പോൾ ഉദ്ദേശ്യപൂർവ്വമല്ലാതെ വന്നുവശാകുന്ന അബദ്ധവാക്കുകളെപ്പറ്റിയോ അല്ലാഹു ശിക്ഷാനടപടി എടുക്കുകയില്ലെന്നും, നേരെ മറിച്ച് മനസ്സറിഞ്ഞുകൊണ്ട് ഉദ്ദേശ്യപൂർവ്വം ചെയ്യുന്ന സത്യങ്ങളെ സംബന്ധിച്ചാണ് നടപടി എടുക്കുകയെന്നും രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. സംസാരമദ്ധ്യേ ചിലപ്പോൾ-അശ്രദ്ധ, വികാരം മുതലായ കാരണങ്ങളാൽ-മനസ്സറിയാതെ വല്ല വാക്കുകളും വന്നുപോയേക്കും. ചില വ്യക്തികളുടെയും, ചില ഭാഷക്കാരുടെയും സംസാരങ്ങളിൽ സ്ഥാനത്തും അസ്ഥാനത്തുമൊക്കെ 'അല്ലാഹുവിനെത്തന്നെയാണ്' എന്നിങ്ങിനെയുള്ള സത്യ വാക്യങ്ങളുടെ പ്രയോഗങ്ങൾ സുലഭമായിരിക്കും. ചിലപ്പോൾ, ഒരാൾ അയാളുടെ അറിവിനെ അടിസ്ഥാനമാക്കി ഇന്നകാര്യം ഇന്നപോലെ എന്ന് സത്യം ചെയ്തുപറഞ്ഞേക്കും. വാസ്തവം അതായിരിക്കുകയുമില്ല. ഇത്തരം സത്യങ്ങളുടെ യഥാർത്ഥനില എന്താണെന്ന് അല്ലാഹു നമുക്ക് വിവരിച്ച് തരുകയാണ്.

നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ഒരാൾ ഒരു കാര്യത്തെപ്പറ്റി സത്യം ചെയ്തിട്ട് അതിനേക്കാൾ ഉത്തമം മറ്റൊന്നായിരുന്നുവെന്ന് കണ്ടാൽ, അവൻ അവൻെറ സത്യത്തിന് പ്രായശ്ചിത്തം ചെയ്യുകയും, ആ ഉത്തമമായ കാര്യ ചെയ്യുകയും ചെയ്തുകൊള്ളട്ടെ.'' (ബു; മു.) സത്യം ലംഘിക്കുന്നതിന് ചെയ്യേണ്ടുന്ന പ്രായശ്ചിത്തം (كفارة) പത്ത് സാധുക്കൾക്ക് ഭക്ഷണമോ, വസ്ത്രമോ കൊടുക്കുക, അല്ലെങ്കിൽ ഒരു അടിമയെസ്വതന്ത്രമാക്കി വിടുക, അതിന് കഴിയാത്തപക്ഷം മൂന്ന് ദിവസം നോമ്പ് നോൽക്കുക ഇവയാകുന്നു. (മാഇദ:92) വേറൊരു ഹദീസ് ഇപ്രകാരമാകുന്നു: 'ആദമിൻെറ മകന് (മനുഷ്യന്) സാധിക്കാത്ത വിഷയത്തിലാകട്ടെ, അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്ന വിഷയത്തിലാകട്ടെ, കുടുംബബന്ധം മുറിക്കുന്നതിലാകട്ടെ, സത്യവും പാടില്ല, നേർച്ചയും പാടില്ല, ഒരാൾ, ഒരു കാര്യത്തിൽ ശപഥം ചെയ്തിട്ട് അതിനേക്കാൾ ഉത്തമം മറ്റൊന്നായിരുന്നുവെന്ന് കാണുന്നപക്ഷം, അതിനെ വിട്ടേച്ച് ആ ഉത്തമമായത് എടുത്തുകൊള്ളട്ടെ. ആ കാര്യം അവൻ ഉപേക്ഷിച്ചാൽ അതിന് പ്രായശ്ചിത്തം നൽകുകയും ചെയ്യേണ്ടതാണ്.' (ദ.) ആയിശാ (﵂) പ്രസ്താവിച്ചിരുന്നതായി ഇബ്നു അബീഹാതിം (﵀) ഉദ്ധരിക്കുന്നു: 'വ്യർത്ഥവാക്ക് اللغو എന്ന് പറയുന്നത് തമാശയിലും, വിനോദത്തിലും മാത്രമാകുന്നു. അതായത് (സംസാരവശാൽ) 'അല്ലാഹുവിനെത്തന്നെയാണ് ഇല്ല' എന്നും, 'അല്ലാഹുവിനെത്തന്നെയാണ് അതെ' എന്നുമൊക്കെ മനുഷ്യൻ പറയലാകുന്നു. അതിൽ പ്രായശ്ചിത്തം ഇല്ല. ചെയ്യണമെന്ന് ഹൃദയംകൊണ്ട് ഉറപ്പിക്കുകയും, പിന്നീട് ചെയ്യാതിരിക്കുകയും ചെയ്യുന്നതിലാണ് പ്രായശ്ചിത്തമുള്ളത്.'

ولا تجعلوا الله عرضة الخ (അല്ലാഹുവിനെ നിങ്ങളുടെ സത്യങ്ങൾക്ക് ഒരു വിലങ്ങാക്കരുത്) എന്ന് തുടങ്ങിയ വാചകത്തിന് ഇങ്ങിനെയും ഒരു വ്യാഖ്യാനം ചിലർ നൽകിയിട്ടുണ്ട്: പുണ്യം ചെയ്യുക, സൂക്ഷ്മത പാലിക്കുക, ജനങ്ങൾക്കിടയിൽ നല്ലത് പ്രവർത്തിക്കുക മുതലായ കാര്യങ്ങൾക്കുവേണ്ടി അല്ലാഹുവിനെ ഒരു നാട്ടുക്കുറിപോലെ ആക്കി സത്യം ചെയ്യരുത്. എന്നുവെച്ചാൽ, പ്രസ്തുത നല്ല കാര്യങ്ങൾ ചെയ്യുമെന്ന് അവൻെറ നാമത്തിൽ സത്യം ചെയ്തുകൊണ്ട് അവൻെറ നാമത്തെ വിലകെടുത്തരുത്, അത്യാവശ്യം നേരിടുമ്പോഴല്ലാതെ അല്ലാഹുവിൻെറ നാമത്തിൽ സത്യം ചെയ്യുന്ന സമ്പ്രദായം വർജ്ജിക്കേണ്ടതാണ് എന്ന് സാരം. സത്യംചെയ്യൽ അധികരിപ്പിക്കുന്നതിനെപ്പറ്റി (68:10ൽ) ഖുർആനിലും, നബി വാക്യങ്ങളിലും ആക്ഷേപിച്ചിട്ടുള്ളതാണുതാനും.

لِّلَّذِينَ يُؤْلُونَ مِن نِّسَآئِهِمْ تَرَبُّصُ أَرْبَعَةِ أَشْهُرٍ ۖ فَإِن فَآءُو فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٢٢٦﴾

226 തങ്ങളുടെ സ്ത്രീകളെ സംബന്ധിച്ച് (സംയോഗം ചെയ്യുകയില്ലെന്നു) ശപഥം ചെയ്യുന്നവർക്ക് നാലുമാസത്തെ കാത്തിരിപ്പുണ്ടായിരിക്കും. എന്നാൽ, അവർ മടങ്ങിവരുന്ന

പക്ഷം, നിശ്ചയമായും, അല്ലാഹു പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

وَإِنْ عَزَمُوا۟ ٱلطَّلَٰقَ فَإِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٢٢٧﴾

227 അവർ വിവാഹമോചനത്തിനു തീർച്ചയാക്കുകയാണെങ്കിലോ, നിശ്ചയമായും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

---

226 **للذين** യാതൊരുകൂട്ടർക്കു്. **يؤلون** ഈലാഉ് (ശപഥം) ചെയ്യുന്ന. **من نسائهم** തങ്ങളുടെ സ്ത്രീകളെപ്പറ്റി. **تربص** കാത്തിരിക്കൽ. **أربعة** നാല്. **أشهر** മാസങ്ങൾ. **فإن فاءوا** എന്നാൽ (എന്നിട്ട്) അവർ മടങ്ങിവന്നാൽ. **فإن الله** എന്നാൽ, നിശ്ചയമായും അല്ലാഹു. **غفور** വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്.. 227 **وإن عزموا** അവർ തീർച്ചയാക്കിയെങ്കിൽ, ഉറച്ചെങ്കിൽ. **الطلاق** ത്വലാഖ്, വിവാഹമോചനം. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **سميع** കേൾക്കുന്നവനാണ്. **عليم** അറിയുന്നവനാണ്.

يؤلون (യുഅ്ലൂന) എന്ന ക്രിയയുടെ ധാതു إيلاء (ഈലാഉ്) എന്നാണ് ശപഥം ചെയ്യുക എന്നത്രെ അതിന് ഭാഷയിൽ അർത്ഥം. ഭാര്യാഭർത്താക്കൾക്കിടയിൽ വല്ല അനിഷ്ടങ്ങളും ഉണ്ടാകുമ്പോൾ, മേലിൽ താൻ ഭാര്യയുമായി സംയോഗം നടത്തുകയില്ലെന്ന് ശപഥം ചെയ്യുന്ന ഒരു പതിവ് മുമ്പ് അറബികളിലുണ്ടായിരുന്നു. ഈ പ്രത്യേക ശപഥത്തിനാണ് 'ഈലാഉ്' എന്ന് മതത്തിൻെറ സാങ്കേതിക ഭാഷയിൽ പറയപ്പെടുന്നത്. ഇത് ചിലപ്പോൾ ഒരു നിശ്ചിതകാലം വരേക്കും, ചിലപ്പോൾ അനിശ്ചിത കാലത്തേക്കുമായിരിക്കും. ഇത് കേവലം വിവാഹമോചനമായി ('ത്വലാഖാ'യി) കരുതപ്പെടാറുമില്ല. എങ്കിലും, സ്ത്രീകളുമായി സംസർഗ്ഗം നടത്തായ്കമൂലം അവർക്കത് വിഷമവും ഉപദ്രവും വരുത്തുമല്ലോ. അതുകൊണ്ട് 'ഈലാഇ'നെ സംബന്ധിച്ച് ഇസ്ലാം ശരീഅത്തിൽ അനുവർത്തിക്കേണ്ട വിധി എന്താണെന്ന് ഈ വചനങ്ങളിൽ അല്ലാഹു അറിയിക്കുന്നു.

ഒരാൾ തൻെറ ഭാര്യയെ സംബന്ധിച്ച് ഈലാഉ് ചെയ്യുന്നപക്ഷം, പരമാവധി നാല് മാസം അവന് ഒഴിവ് നൽകാം. അതുവരെ അവൻെറ മേൽ നിയമനടപടിയൊന്നും എടുത്തുകൂടാ. നാലുമാസം തികയുന്നതോടെ-അല്ലെങ്കിൽ അതിന് മുമ്പ് തന്നെ-അവൻ ആ ശപഥത്തിൽനിന്ന് മടങ്ങി പിൻമാറിയെങ്കിൽ നല്ലത്. അവന് അല്ലാഹു പൊറുത്തുകൊടുത്തേക്കും. നാലുമാസം തികയുമ്പോൽ രണ്ടിലൊരു കാര്യം അനിവാര്യമായിത്തീരുന്നു. ഒന്നുകിൽ ശപഥം പിൻവലിച്ച് ഭാര്യയുമായി സംസർഗ്ഗം പുനരാരംഭിക്കണം. അല്ലാത്തപക്ഷം അവളെ വിവാഹമോചനം ചെയ്ത് വിട്ടയച്ചേക്കണം. വിവാഹമോചനത്തിന് തക്ക കാരണമുണ്ടോ. ഇല്ലേ എന്നിങ്ങനെയുള്ളതെല്ലാം അല്ലാഹുവിന് ശരിക്കും അറിയാം. അതുകൊണ്ട് സൂക്ഷിച്ചുവേണം അത് ചെയ്വാൻ, എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം.

'നാലുമാസത്തെ കാത്തിരിപ്പുണ്ട്' എന്നു പറഞ്ഞതിൽനിന്ന് 'ഈലാഉ്' ചെയ്ത ഭർത്താവിൻെറ പേരിൽ ഭാര്യക്കോ മറ്റോ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ നാലുമാസം കഴിഞ്ഞേ പാടുള്ളുവെന്ന് വ്യക്തമാകുന്നു. 'മടങ്ങൽ' വായകൊണ്ട് പറഞ്ഞാൽ പോരാ, പ്രവർത്തനംമൂലം നടപ്പിൽ വരുത്തേണ്ടതാണ്. ശപഥത്തിൽനിന്ന് മടങ്ങുകയാണ് അഭികാമ്യമെങ്കിലും-മുൻവചനങ്ങളിൽനിന്നും ഹദീസുകളിൽനിന്നും അറിയാവുന്നതുപോലെ-സത്യം ലംഘിച്ചതിനുള്ള പ്രായശ്ചിത്തം كفارة അവൻ നൽകേണ്ടതുണ്ടുതാനും. ഭൂരിപക്ഷം പണ്ഡിതൻമാരുടെ അഭിപ്രായവും അതുതന്നെ. 'വിവാഹമോചനം ചെയ്വാൻ തീർച്ചയാക്കിയാൽ' എന്ന് പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ നാലുമാസം കഴിയുമ്പോഴും അവൻ തൻെറ ശപഥത്തിൽനിന്ന് മടങ്ങാത്തപക്ഷം, അത് കേവലം വിവാഹമോചന

മായിത്തീരുകയില്ലെന്നും, നിയമാനുസൃതം വിവാഹമോചനം വേറെത്തന്നെ നടത്തേണ്ടതുണ്ടെന്നുമാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. നാല് മാസം കഴിയുന്നതോടെ ഭാര്യ ത്വലാഖായി (വിവാഹമോചിതയായി) പോകുമെന്നത്രെ ഉമർ, ഉസ്മാൻ, അലി (رضي الله عنهم) മുതലായ ചില സഹാബികളുടെയും മറ്റും അഭിപ്രായം.

'ഈലാഉ്'നെ സംബന്ധിച്ച ഈ വചനങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്ന ചില കാര്യങ്ങളെ ചില മഹാൻമാർ ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നത് ശ്രദ്ധേയമാകുന്നു. 'ഈലാഉ്' മുഖേനയല്ലെങ്കിലും തക്കതായ കാരണം കൂടാതെ കുറേ അധികകാലം ഒരു ഭർത്താവ് അയാളുടെ ഭാര്യയെ സമീപിക്കാതിരിക്കുവാൻ പാടില്ല. കവിഞ്ഞപക്ഷം സാധാരണനിലയിൽ ഭർത്താവിൻെറ സമീപനംകൂടാതെ ഒരു സ്ത്രീക്ക് നാലുമാസക്കാലത്തിലധികം ക്ഷമിച്ചിരിക്കുവാൻ സാധ്യമല്ലെന്നാണ് ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്. ചില കാരണങ്ങളെ തുടർന്ന് ഉമർ (رضي الله عنه) ഇതിനെപ്പറ്റി സ്ത്രീകളോട് ആലോചന നടത്തിയതായും, ആ അടിസ്ഥാനത്തിൽ തൻെറ സൈന്യങ്ങളിൽ ആരേയും നാലുമാസത്തിലധികം കാലം വീടുവിട്ടുപോകുവാൻ താൻ അനുവദിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞതായും ഇമാംമാലിക് (رحمه الله) നിവേദനം ചെയ്തിരിക്കുന്നു. ഭർത്താക്കളോട് ഭാര്യമാർക്കുള്ളതുപോലെ, ഭാര്യമാരോട് ഭർത്താക്കൾക്കും ചില മര്യാദകൾ പാലിക്കേണ്ട കടമയുണ്ടെന്ന് അടുത്ത വചനത്തിൽ പ്രസ്താവിച്ചു കാണാം. വിവാഹിതയും അവിവാഹിതയുമല്ലാത്ത വിധം സ്ത്രീകളെ ഇട്ട് കഷ്ടപ്പെടുത്തരുതെന്ന് അൽബഖറ: 231-ാം വചനത്തിലും 4:129ലും കാണാവുന്നതുമാകുന്നു. 'നിനക്ക് നിന്നോടും, നിൻെറ വീട്ടുകാരോടും ചില കടമകളുണ്ട്' എന്ന് നബി (ﷺ) യും പ്രസ്താവിച്ചിരിക്കുന്നു. (ബു.) സത്യം ചെയ്യാതെയാണെങ്കിലും ശരി, ന്യായമായ വല്ല കാരണവും കൂടാതെ ഭാര്യാഭർത്തൃസംബന്ധം പാലിക്കാത്ത ഭർത്താവിനെപ്പറ്റി ഭാര്യക്ക് ന്യായാധിപസ്ഥാനത്ത് സങ്കടം ബോധിപ്പിക്കാവുന്നതും, അതിന് ന്യായാധിപൻ പരിഹാരമുണ്ടാക്കിക്കൊടുക്കേണ്ടതുമാകുന്നു.

وَٱلْمُطَلَّقَـٰتُ يَتَرَبَّصْنَ بِأَنفُسِهِنَّ ثَلَـٰثَةَ قُرُوٓءٍ ۚ وَلَا يَحِلُّ لَهُنَّ أَن يَكْتُمْنَ مَا خَلَقَ ٱللَّهُ فِىٓ أَرْحَامِهِنَّ إِن كُنَّ يُؤْمِنَّ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۚ وَبُعُولَتُهُنَّ أَحَقُّ بِرَدِّهِنَّ فِى ذَٰلِكَ إِنْ أَرَادُوٓا۟ إِصْلَـٰحًا ۚ وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٢٨﴾

228 വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ അവരുടെ ദേഹങ്ങളുമായി [സ്വയം] മൂന്ന് 'ഖുർഉ്' [ആർത്തവശുദ്ധി] കൾ കാത്തിരിക്കണം. അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ ഒളിച്ചുവെക്കൽ അവർക്ക് അനുവദനീയമാകുകയില്ല; അവർ അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ. അതിൽ [ആ കാലത്തിൽ] അവരെ മട(ക്കിയെടു) ക്കുന്നതിന് അവരുടെ വരൻമാർ കൂടുതൽ അവകാശപ്പെട്ടവരുമാകുന്നു: (അതെ) അവർ നന്മ വരുത്തുന്നതിനെ ഉദ്ദേശിച്ചെങ്കിൽ. അവരുടെ [ഭാര്യമാരുടെ] മേലുള്ളതുപോലെ, (സദാചാര) മര്യാദയനുസരിച്ച് അവരോടും (ബാധ്യത) ഉണ്ട്. പുരുഷൻമാർക്ക് അവരെക്കാൾ ഒരു പദവി ഉണ്ടുതാനും. അല്ലാഹു പ്രതാപ ശാലിയും, അഗാധജ്ഞനുമാകുന്നു.

---

228 **والمطلقات** ത്വലാഖ് (വിവാഹമോചനം) ചെയ്യപ്പെട്ട സ്ത്രീകൾ. **يتربصن** അവർ കാത്തിരിക്കണം, പ്രതീക്ഷിക്കണം. **بِأَنفُسِهِنَّ** തങ്ങളുടെ ദേഹങ്ങളുമായി. **ثَلَاثَةَ** മൂന്ന്. **قُرُوءٍ** ഖുർഉ (ആർത്തവശുദ്ധി-ആർത്തവം) കൾ. **ولا يحل** അനുവദനീയമാകയില്ല. **لهن** അവർക്ക്. **أن يكتمن** അവർ ഒളിച്ചു (മറച്ചു-മൂടി) വെക്കൽ. **ما خلق الله** അല്ലാഹു സൃഷ്ടിച്ചതിനെ. **في أرحامهن** അവരുടെ

ഗർഭാശയ (ഗർഭപാത്ര) ങ്ങളിൽ. إِن كُنَّ يُؤْمِنَّ അവർ വിശ്വസിക്കുന്നവരാണെങ്കിൽ. بِاللَّهِ അല്ലാഹുവിൽ. وَالْيَوْمِ الْآخِرِ അന്ത്യദിനത്തിലും. وَبُعُولَتُهُنَّ അവരുടെ ഭർത്താക്കൾ. أَحَقُّ കൂടുതൽ അവകാശപ്പെട്ടവരാണ്. بِرَدِّهِنَّ അവരെ മടക്കുവാൻ (മടക്കി എടുക്കുവാൻ) . فِي ذَٰلِكَ അതിൽ. إِنْ أَرَادُوا അവർ ഉദ്ദേശിച്ചാൽ. إِصْلَاحًا നന്മ വരുത്തുവാൻ, നന്നാക്കിത്തീർക്കൽ. وَلَهُنَّ അവർക്കു്, അവരോടുമുണ്ട്. مِثْلُ الَّذِي യാതൊന്നും പോലെയുള്ളത്. عَلَيْهِنَّ അവരുടെമേൽ. بِالْمَعْرُوفِ മര്യാദ (ആചാരം-വഴക്കം) അനുസരിച്ചു. وَلِلرِّجَالِ പുരുഷൻമാർക്കു്. عَلَيْهِنَّ അവരുടെ മേൽ, അവരെക്കാൾ. دَرَجَةٌ ഒരു പദവി, പടി. وَاللَّهُ عَزِيزٌ അല്ലാഹു പ്രതാപശാലിയാകുന്നു. حَكِيمٌ അഗാധജ്ഞൻ, യുക്തിമാൻ.

قروء (ഖുറൂഉ്) എന്ന വാക്കിൻെറ ഏകവചനം قرء ('ഖുർഉ്') എന്നത്രെ. ആദ്യത്തെ അക്ഷരത്തിന് അകാരം فتح നൽകി 'ഖർഉ' എന്നും ഉപയോഗിക്കാറുണ്ട്. ഇതിൻെറ സാക്ഷാൽ അർത്ഥം, ശുദ്ധി അവസാനിച്ച ശേഷം ആർത്തവത്തിൽ പ്രവേശിക്കുകയാണെന്നും, ശുദ്ധിയെ ഉദ്ദേശിച്ചും ആർത്തവത്തെ ഉദ്ദേശിച്ചും അത് ഉപയോഗിക്കപ്പെടുമെന്നും ഇമാം റാഗിബ് (رحمه الله) ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഒരു നിശ്ചിതകാലത്ത് സംഭവിക്കാറുള്ള ഒരു കാര്യം സംഭവിക്കുകയോ, ഒരു നിശ്ചിതകാലത്ത് അവസാനിക്കാറുള്ള ഒരു കാര്യം അവസാനിക്കുകയോ ചെയ്യുന്ന സമയം എന്നാണ് ഭാഷയിൽ അതിനർത്ഥമെന്നും, അതിനാൽ ആർത്തവമുണ്ടാകുന്ന സമയത്തിനും, ശുദ്ധിയുണ്ടാകുന്ന സമയത്തിനും ആ വാക്ക് അറബികൾ ഉപയോഗിച്ചുവരുമെന്നും ഇമാം ഇബ്നുജരീറും(رحمه الله) പ്രസ്താവിച്ചിരിക്കുന്നു. വാക്കർത്ഥമെന്തായാലും ശുദ്ധിയുടെ സമയമെന്നും, ആർത്തവത്തിൻെറ സമയമെന്നുമുള്ള രണ്ട് വിപരീതാർത്ഥങ്ങളിലും ഒരുപോലെ ആ വാക്ക് ഉപയോഗപ്പെടാമെന്നതിൽ തർക്കമില്ല. ആ രണ്ടിലേതാണ് ഇവിടെ വിവക്ഷ എന്നുള്ളതിൽ സഹാബികൾ മുതൽക്കേ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസം കാണാം. ശുദ്ധി കാലം എന്ന അഭിപ്രായത്തിനാണ് ഇവിടെ മുൻഗണന കാണുന്നത്. الله اعلم

'ഈലാഇ'നെത്തുടർന്നായാലും അല്ലെങ്കിലും ശരി, ത്വലാഖ് (വിവാഹമോചനം) ചെയ്യപ്പെട്ട സ്ത്രീകൾ മൂന്ന് 'ഖുർഉ'കാലം കാത്തിരിക്കേണ്ടതുണ്ട്. ഈ കാത്തിരിപ്പിനാണ് عدة (ഇദ്ദഃ) എന്ന് പറയപ്പെടുന്നത്. ശുദ്ധികാലമാണ് 'ഖുർഉ'കൊണ്ടുദ്ദേശ്യമെന്നുവെക്കുമ്പോൾ, ശുദ്ധികാലത്ത് വിവാഹമോചനം ചെയ്യപ്പെട്ട ഒരു സ്ത്രീയുടെ ഇദ്ദഃ അതിന് ശേഷമുണ്ടാകുന്ന മൂന്നാമത്തെ ആർത്തവം തുടങ്ങുന്നതോടെ അവസാനിക്കുന്നു. അതായത്, വിവാഹമോചനം നടക്കുമ്പോഴുള്ള ശുദ്ധിയും, ഒന്നാമത്തെ ആർത്തവത്തിന് ശേഷവും രണ്ടാമത്തെ ആർത്തവത്തിനു ശേഷവും ഉണ്ടാകുന്ന ശുദ്ധികളുംകൂടി ആകെ മൂന്ന് ഖുർഉകൾ. ഇനി, 'ഖുർഉ'കൊണ്ടുദ്ദേശ്യം ആർത്തവമാണെന്നുവെക്കുകയാണെങ്കിൽ, മൂന്നാമത്തെ ആർത്തവം കഴിഞ്ഞ് അടുത്ത ശുദ്ധി ആരംഭിക്കുമ്പോഴേ മൂന്ന് ഖുർഉ പൂർത്തിയാകുകയുള്ളു. (ആർത്തവകാലത്ത് സ്ത്രീകളെ വിവാഹമോചനം ചെയ്യുന്നത് തെറ്റാണെന്നും മറ്റുമുള്ള വിവരങ്ങൾ സൂ:ത്വലാഖ് ആദ്യവചനത്തിലും അതിൻെറ വ്യാഖ്യാനത്തിലും പ്രസ്താവിച്ചിട്ടുണ്ട്. അവിടെ നോക്കുക.)

സംയോഗം നടന്നിട്ടില്ലാത്ത സ്ത്രീകൾക്ക് ഇദ്ദ ആചരിക്കേണ്ടതില്ല എന്ന് 33:49ലും, ആർത്തവം ഉണ്ടായിട്ടില്ലാത്തവരോ, ആർത്തവം നിലച്ചുപോയിട്ടുള്ളവരോ ആയ സ്ത്രീകളുടെ ഇദ്ദ മൂന്നുമാസമാണെന്നും, ഗർഭിണികളുടെ ഇദ്ദ അവരുടെ പ്രസവം വരെ ആണെന്നും 65:4ലും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അവർ സംയോഗം നടന്നിട്ടുള്ളവരും, ആർത്തവരക്തമുണ്ടാകാറുള്ളവരും, ഗർഭമില്ലാത്തവരുമായ സ്ത്രീകളുടെ ഇദ്ദയെക്കുറിച്ചാണ് മൂന്ന് 'ഖുർഉ'കൾ എന്നിവിടെ പറഞ്ഞ വിധിയെന്ന് മനസ്സിലാക്കാവുന്നതാണ്.

ولا يحل لهن ان يكتمن الخ (അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചതിനെ അപ്പോൾ ഒളിച്ചുവെക്കുവാൻ പാടില്ല.) എന്ന് പറഞ്ഞതിൻെറ താൽപര്യം, അവർക്ക് ഗർഭം ഉണ്ടെന്ന് കണ്ടാൽ അതും, ആർത്തവം ഉണ്ടായാൽ അതും മൂടിവെക്കരുതെന്നാകുന്നു. ഏതെങ്കിലും

സ്വാർത്ഥമോ പ്രേരണയോ നിമിത്തം ചിലപ്പോൾ, ഇദ്ദകാലം വേഗം അവസാനിക്കണമെന്നോ, കഴിവതും നീണ്ടുപോകണമെന്നോ അവർക്ക് ആഗ്രഹം തോന്നിയേക്കുവാനും, അതനുസരിച്ച് അവർ യഥാർത്ഥം മറച്ചുവെക്കുവാനും ഇടയായേക്കും. അതുകൊണ്ടാണ് ഈ കാര്യം അല്ലാഹു പ്രത്യേകം വിലക്കിയിരിക്കുന്നത്. അതുമൂലം സംഭവിക്കാവുന്ന ഭവിഷ്യത്താകട്ടെ, വലുതുമായിരിക്കും. മടക്കി എടുക്കലും പുതിയ വിവാഹം നടത്തലുമെല്ലാം ഇദ്ദയെ ആശ്രയിച്ചാണല്ലോ നടക്കുക. ബാഹ്യമായ തെളിവനുസരിച്ചേ നിയമനടപടികൾ എടുക്കുവാനും വഴിയുള്ളു. അതിനും പുറമെ, അക്കാര്യങ്ങൾ മിക്കവാറും സ്ത്രീകൾക്ക് മാത്രം അറിയാവുന്നതും, പരക്കെ അറിയാൻ കഴിയാത്തതുമാണുതാനും. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് വളരെ ഗൗരവ സ്വരത്തിൽ 'അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (ان كن يؤمن بالله واليوم الاخر) എന്നുകൂടി താക്കീത് നൽകിയിരിക്കുന്നത്. ഒളിച്ചുവെക്കുന്നത് വമ്പിച്ച തെറ്റും ശിക്ഷാർഹവുമാണെന്നത്രെ ഈ വാക്ക് സൂചിപ്പിക്കുന്നത്.

ഏതെങ്കിലും കാരണത്താൽ വിവാഹമോചനം ചെയ്തശേഷം, അതുവേണ്ടിയിരുന്നില്ലെന്ന് ഖേദിക്കലും, അല്ലെങ്കിൽ ആ കാരണം അവസാനിച്ചിരിക്കകൊണ്ട് മേലിൽ തങ്ങൾക്ക് യോജിച്ച് പോകാമായിരുന്നുവെന്ന് തോന്നലും മനുഷ്യസഹജമായ സ്വഭാവമാണല്ലോ, അതിനാൽ, വിവാഹമോചനം ചെയ്ത ഭർത്താവിന് ഇദ്ദകാലം കഴിയുംമുമ്പ് അവളെ വീണ്ടും പഴയ വിവാഹത്തിലേക്ക് മടക്കിയെടുക്കുവാൻ അല്ലാഹു ഇസ്‌ലാമിൽ നിയമപരമായിത്തന്നെ അവസരം നൽകിയിരിക്കുന്നു. പുതിയൊരു വിവാഹത്തെക്കാൾ നല്ലത് അതാണെന്നും, കഴിവതും മടക്കി എടുക്കുകയാണ് നല്ലതെന്നും സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതാണ് ''അതിൽ-ഇദ്ദകാലത്തിൽ-അവരെ മടക്കി എടുക്കുവാൻ അവരുടെ വരൻമാർ കൂടുതൽ അവകാശപ്പെട്ടവരാകുന്നു'' എന്ന് പറഞ്ഞത്. എന്നാൽ, രണ്ടുപ്രാവശ്യം വിവാഹമോചനം നടത്തുകയും, മടക്കി എടുക്കുകയും ചെയ്ത് കഴിഞ്ഞശേഷം മൂന്നാമതും വിവാഹമോചനം ചെയ്യുന്നപക്ഷം ഈ അവസരം നഷ്ടപ്പെട്ടുപോകുന്നതാണെന്ന് അടുത്ത വചനത്തിൽ കാണാവുന്നതാണ്. മടക്കി എടുക്കുമ്പോൾ ഒരു കാര്യം പ്രത്യേകം മനസ്സിരുത്തേണ്ടതുണ്ട്: മടക്കി എടുക്കുന്നത് വല്ല ദുരുദ്ദേശ്യവും വെച്ചുകൊണ്ടായിക്കൂടാ. മടക്കി എടുക്കുന്നത് കൊണ്ട് പ്രത്യേകം ഉപദ്രവമൊന്നും ഉണ്ടായിത്തീരുവാനും പാടില്ല. നൻമ വരുത്തണം, തമ്മിൽ നന്നായിത്തീരണം, തങ്ങളുടെ ഭാവി ഗുണകരമായിത്തീരണം എന്നൊക്കെയുള്ള ഉദ്ദേശ്യത്തോടെയായിരിക്കണം മടക്കി എടുക്കുന്നത്. 'അവൻ നൻമ വരുത്തുവാൻ ഉദ്ദേശിച്ചെങ്കിൽ' എന്ന ഉപാധിയോടെയാണ് മടക്കി എടുക്കുവാനുള്ള അവകാശം അല്ലാഹു നൽകിയിരിക്കുന്നതെന്ന് മടക്കി എടുക്കുന്നവരും, അതിന് പ്രേരിപ്പിക്കുന്നവരും ഓർത്തിരിക്കേണ്ടതുണ്ട്. വല്ല ദുരുദ്ദേശ്യത്തോടുകൂടിയും ഒരാൾ മടക്കി എടുക്കുന്നപക്ഷം, അത് തെളിയിക്കുവാനും, അതിൻെറപേരിൽ നിയമനടപടി എടുക്കുവാനും പ്രയാസമാണെങ്കിലും അത് അല്ലാഹുവിൻെറ മുമ്പിൽ വെളിച്ചത്താകുമെന്നും, അല്ലാഹു അതിൻെറ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുമെന്നും അവർ ഓർത്തിരിക്കേണ്ടതുമാകുന്നു.

തുടർന്നുകൊണ്ട് അല്ലാഹു അറിയിക്കുന്നു: ഭാര്യമാരുടെമേലുള്ള ബാധ്യതപോലെ അവരോട് ഭർത്താക്കൾക്കും ബാധ്യതയുണ്ട് (ولهن مثل الذى عليهن) എന്ന്, വളരെ വിശാലവും അർത്ഥഗർഭവുമായ ഒരാശയമാണ് ഈ വാക്യത്തിൽ അടങ്ങിയിരക്കുന്നത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം, പൊതുവിൽ പറഞ്ഞാൽ അവർ കേവലം വീട്ടുസാമാനങ്ങളെപ്പോലെയോ, അടിമകളെപ്പോലെയോ, അല്ലെങ്കിൽ ആടുമാടുകണക്കിലുള്ള ചില ജീവി കളെപ്പോലെയോ മാത്രം കണക്കാക്കപ്പെട്ടിരുന്ന ഒരു കാലത്ത് സ്ത്രീകൾക്ക് അവരർഹിക്കുന്ന അവകാശങ്ങളെല്ലാം ഈ ഒരൊറ്റ വാക്യം കൊണ്ട് അല്ലാഹു വകവെച്ച് കൊടുത്തിരിക്കുകയാണ്. ഓരോ ഭാഗത്ത് നിന്നും മറ്റേ ഭാഗത്തോട് നിറവേറ്റേണ്ടുന്ന ബാധ്യതകൾ ഇന്നതൊക്കയാണെന്ന് എണ്ണിപ്പറയുക പ്രയാസമാണല്ലോ. മതദൃഷ്ട്യാ പ്രത്യേകം അറിയപ്പെട്ടതും, സദാചാരപരമായി പൊതുവെ അറിയപ്പെട്ടതുമായ ബാധ്യതകളും, ഗാർഹികം, കുടുംബപരം, ദാമ്പത്യപരം,

സാമ്പത്തികം ആദിയായ തുറകളിൽ പരസ്പരം അനുവർത്തിക്കേണ്ടുന്ന ബാധ്യതകളും ഉണ്ടായിരിക്കും. ഇതെല്ലാം ഉൾക്കൊള്ളുമാറ് 'ആചാരമര്യാദയനുസരിച്ച്' (بالمعروف) എന്ന വിശേഷണം കൊണ്ട് അല്ലാഹു മതിയാക്കിയിരിക്കുന്നു.(*) എല്ലാതരം ബാധ്യതകളും ഈ വാക്കിൽ ഉൾക്കൊള്ളുന്നുവെന്നുമാത്രമല്ല, ആ ബാധ്യതകൾ പാലിക്കുന്നത് ഓരോരുത്തരുടെയും കഴിവും പരിതസ്ഥിതിയും അനുസരിച്ച് വേണമെന്ന ഒരു സൂചനകൂടി ഇതിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാം. സ്ത്രീകളോട് പുരുഷൻ നിറവേറ്റേണ്ടുന്ന ബാധ്യതകൾക്ക് ഏതാനും ചില ഉദാഹരണങ്ങളും, അതിൻെറ വിസ്തൃതിയെക്കുറിച്ച് ഏതാണ്ടൊരു അനുമാനവും താഴെ കാണുന്ന ഉദ്ധരണികളിൽ നിന്ന് നമുക്ക് ലഭിക്കുന്നതാണ്:-

1. നിങ്ങൾക്ക് സ്ത്രീകളോടും, സ്ത്രീകൾക്ക് നിങ്ങളോടും ചില കടപ്പാടുകളുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നബി (ﷺ) പറയുന്നു: ''എന്നാൽ സ്ത്രീകളുടെമേൽ നിങ്ങളോടുള്ള കടപ്പാട്: നിങ്ങൾ ഇഷ്ടപ്പെടാത്തവരെ നിങ്ങളുടെ വിരുപ്പിൽ ചവിട്ടുവാൻ അവർ അനുവദിക്കരുത്. നിങ്ങൾ ഇഷ്ടപ്പെടാത്തവർക്ക് നിങ്ങളുടെ വീടുകളിൽ അവർ അനുവാദം നൽകുകയും ചെയ്യരുത്. നിങ്ങളുടെമേൽ അവരോടുള്ള കടപ്പാട്: അവരുടെ വസ്ത്രങ്ങളിലും ഭക്ഷണത്തിലും നിങ്ങൾ അവർക്ക് നന്നാക്കിക്കൊടുക്കലാകുന്നു'' (തി;ന;ജ) 2. ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞതായി വകീഉം (رحمه الله) മറ്റുപലരും ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''എനിക്കുവേണ്ടി ഭാര്യ അഴക് സ്വീകരിക്കുന്നത് എനിക്ക് ഇഷ്ടമുള്ളതുപോലെ, അവൾക്കുവേണ്ടി ഞാൻ അഴക് സ്വീകരിക്കുന്നത് ഞാനും ഇഷ്ടപ്പെടുന്നു. കാരണം അല്ലാഹു പറയുന്നു.: ولهن مثل الذى عليهن (അവരുടെ മേലുള്ളതുപോലെ ബാധ്യത അവരോടുമുണ്ട്.) '' 3. നബി (ﷺ) പറയുന്നു: ''ഒരു സത്യവിശ്വാസി ഒരു സത്യവിശ്വാസിനിയോട് ഉരസലുണ്ടാകാതെ (ഈർഷ്യതയുണ്ടാക്കാതെ) ഇരുന്നുകൊള്ളട്ടെ. അവളിൽ നിന്ന് ഒരു സ്വഭാവം അവന് അനിഷ്ടമായെങ്കിൽ മറ്റൊരു സ്വഭാവം അവളിൽ നിന്ന് അവൻ തൃപ്തിപ്പെടുമായിരിക്കും.'' (മു.) 4. ഭാര്യയോട് ഭർത്താവിനുള്ള കടമയെപ്പറ്റി ഒരാൾ ചോദിച്ചപ്പോൾ നബി (ﷺ) പറഞ്ഞു: ''നീ ഭക്ഷിക്കുന്നതായാൽ അവൾക്കും ഭക്ഷണം നൽകുക. നീ വസ്ത്രം ധരിക്കുന്നതായാൽ അവൾക്കും വസ്ത്രം നൽകുക. മുഖത്തടിക്കരുത്, ചീത്തവാക്ക് പറയരുത്, വീട്ടിൽവെച്ചല്ലാതെ അവളുമായി പിണങ്ങാതിരിക്കുക (പിണക്കം നിമിത്തം വീടുവിട്ട് പോകുവാൻ ഇടവരുത്താതിരിക്കുക) ഇവയാണത്.'' (അ;ദാ;ജ) 5. ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''സത്യവിശ്വാസികളിൽ ഏറ്റവും വിശ്വാസം പൂർത്തിയായവർ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരാകുന്നു. നിങ്ങളിൽവെച്ച് ഉത്തമൻമാർ തങ്ങളുടെ ഭാര്യമാരോട് ഉത്തമൻമാരാകുന്നു.'' (തി.) 6. സ്ത്രീകളിൽവെച്ച് നല്ലവൾ ഏതാണെന്ന് ചോദിക്കപ്പെട്ടപ്പോൾ നബി (ﷺ) പറഞ്ഞു: ''അവൻ (ഭർത്താവ്) നോക്കിയാൽ അവന് സന്തോഷമുളവാക്കുകയും, അവൻ കൽപിച്ചാൽ അവനെ അനുസരിക്കുകയും, തൻെറ ദേഹത്തെയോ ധനത്തെയോ സംബന്ധിച്ച വിഷയത്തിൽ അവന് അതൃപ്തിയുണ്ടാകുന്ന വിധം എതിർ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവളാകുന്നു.'' (ന.ബ-ശുഅബുൽഈമാനിൽ)

സ്ത്രീകൾക്ക് പുരുഷൻമാരോടുള്ളതുപോലെ പുരുഷൻമാർക്ക് സ്ത്രീകളോടും കടമയുണ്ടെന്ന് പറഞ്ഞപ്പോൾ, പുരുഷനും സ്ത്രീയും എല്ലാ ബാദ്ധ്യതയിലും സമനിലക്കാരാണെന്നോ, സ്ത്രീയുടെ മേൽ പുരുഷന് യാതൊരു നിയന്ത്രണാധികാരവും ഇല്ലെന്നോ ധരിച്ചുപോകാതിരിക്കുവാൻവേണ്ടി അടുത്തവാക്യത്തിൽ അല്ലാഹു പറയുന്നു: ''പുരുഷൻമാർക്ക് അവരെക്കാൾ ഒരു പദവിയുണ്ടുതാനും (وللرجال عليهن درجة) ഈ പദവി എന്താണെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ലെങ്കിലും സൂ: നിസാഉ് 34ൽ നിന്ന് അത് വ്യക്തമാകുന്നതാണ്. പുരുഷന്മാർക്ക് പ്രകൃത്യാ അല്ലാഹു ചില ശ്രേഷ്ഠതകൾ നൽകിയിട്ടുള്ളതും, സ്ത്രീകളുടെ ചെലവുകൾക്ക് ധനം ചിലവഴിക്കുന്നത് പുരുഷൻമാരായതും നിമിത്തം അവരുടെ നിയന്ത്രണവും രക്ഷാധികാരവും

* معروف എന്ന വാക്കിൻെറ അർത്ഥോദ്ദേശ്യത്തെപ്പറ്റി 178-ാം വചനത്തിൻെറ വ്യാഖ്യാനത്തിലും മറ്റും വിവരിച്ചിട്ടുള്ളത് ഓർക്കുക

പുരുഷന്മാർക്കാണെന്നത്രെ അവിടെ അല്ലാഹു പറഞ്ഞതിൻെറ സാരം. (കൂടുതൽ വിവരം അവിടെവെച്ചുകാണാം.إن شاء الله) അല്ലാഹുവിൻെറ നിയമ നിർദ്ദേശങ്ങളെ വകവെക്കാത്തവരെ കീഴൊതുക്കുവാനും അവരുടെമേൽ തക്ക നടപടി എടുക്കാനും അവന് കഴിയുമെന്നും, അവൻെറനിയമനിർദ്ദേശങ്ങളെല്ലാം തന്നെ തികച്ചും യുക്തവും ന്യായവും മാത്രമായിട്ടുള്ള താണെന്നും അതിൽ യാതൊരു ഭേദഗതിക്കും സ്ഥാനമില്ലെന്നും അവസാനം ചൂണ്ടിക്കാട്ടുന്നു. والله عزيز حكيم (അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.)

സ്ത്രീകളുടെ അവകാശങ്ങൾ യഥാവിധി വകവെച്ചുകൊടുക്കുന്നതിൽ-പൊതുവെ നോക്കിയാൽ-പുരുഷന്മാർ എക്കാലത്തും വളരെ അമാന്തം കാണിച്ചുകൊണ്ടാണിരിക്കു ന്നതെങ്കിലും, മുൻകാലത്തെപ്പോലെ അവരെ ആടുമാടുകളെപ്പോലെയോ, അടിമകൾ കണക്കെ യോ കണക്കാക്കിവരുന്ന സമ്പ്രദായം ഇന്ന് അധികമൊന്നും കാണപ്പെടുമെന്ന് തോന്നുന്നില്ല. നേരെമറിച്ച് അവർക്ക് അനിയന്ത്രിതമായ സ്വാതന്ത്ര്യവും, യഥാർത്ഥത്തിൽ അവർ അർഹിക്കാത്ത അവകാശങ്ങളും നൽകപ്പെടുന്നതാണ് ഇന്ന് കൂടുതൽ ആപൽക്കരമായിട്ടുള്ളത്. സദാചാര രംഗത്തും, ധാർമ്മിക രംഗത്തും മാത്രമല്ല, സാമൂഹ്യ രംഗത്ത് പൊതുവെതന്നെയും ഇതുമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന അനർത്ഥങ്ങൾ ഭയങ്കരമാണ്. അല്ലാഹുവിൽ ശരണം!

വിഭാഗം-29

ٱلطَّلَٰقُ مَرَّتَانِ ۖ فَإِمۡسَاكُۢ بِمَعۡرُوفٍ أَوۡ تَسۡرِيحُۢ بِإِحۡسَٰنٍ ۗ وَلَا يَحِلُّ لَكُمۡ أَن تَأۡخُذُواْ مِمَّآ ءَاتَيۡتُمُوهُنَّ شَيۡـًٔا إِلَّآ أَن يَخَافَآ أَلَّا يُقِيمَا حُدُودَ ٱللَّهِ ۖ فَإِنۡ خِفۡتُمۡ أَلَّا يُقِيمَا حُدُودَ ٱللَّهِ فَلَا جُنَاحَ عَلَيۡهِمَا فِيمَا ٱفۡتَدَتۡ بِهِۦ ۗ تِلۡكَ حُدُودُ ٱللَّهِ فَلَا تَعۡتَدُوهَا ۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ فَأُوْلَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٢٢٩﴾

229 'ത്വലാഖു' [വിവാഹമോചനം] രണ്ടു പ്രാവശ്യമാകുന്നു (ഉള്ളത്) . എന്നിട്ട് (പിന്നെ, ആചാര) മര്യാദയനുസരിച്ച് വെച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ നന്മ ചെയ്തുകൊണ്ടു പിരിച്ചയക്കുക. (-ഇതാണ് വേണ്ടത്). നിങ്ങൾ അവർക്ക് [ഭാര്യമാർക്ക്] കൊടുത്തിട്ടുള്ളതിൽ നിന്ന് യാതൊന്നും (തിരിച്ചു) വാങ്ങൽ നിങ്ങൾക്ക് അനുവദനീയമാവുകയില്ല; അവർ [ഭാര്യാ-ഭർത്താക്കൾ]രണ്ടു പേരും അല്ലാഹുവിൻെറ (നിയമ) അതിർത്തികളെ നിലനിർത്തിപ്പോരുകയില്ലെന്ന് അവർ ഭയപ്പെടുന്നതായാലല്ലാതെ. ഇനി, അവർ രണ്ടുപേരും അല്ലാഹുവിൻെറ (നിയമ) അതിർത്തികളെ തങ്ങൾ നിലനിർത്തിപ്പോരുകയില്ലെന്ന് നിങ്ങൾ ഭയപ്പെട്ടെങ്കിൽ, അപ്പോൾ, അവൾ യാതൊന്നു(കൊടുത്തു) കൊണ്ട് സ്വയം മോചിതയാകുന്നുവോ അതിൽ രണ്ടുപേരുടെ മേലും തെറ്റില്ല. അത് (ഒക്കെയും) അല്ലാഹുവിൻെറ (നിയമ) അതിർത്തികളാകുന്നു; ആകയാൽ, അവയെ നിങ്ങൾ വിട്ടുകടക്കരുത്. ആർ അല്ലാഹുവിൻെറ (നിയമ) അതിർത്തികളെ വിട്ടു കടക്കുന്നുവോ അക്കൂട്ടർതന്നെയാണ് അക്രമികൾ.

فَإِن طَلَّقَهَا فَلَا تَحِلُّ لَهُۥ مِنۢ بَعۡدُ حَتَّىٰ تَنكِحَ زَوۡجًا غَيۡرَهُۥ ۗ فَإِن طَلَّقَهَا فَلَا جُنَاحَ

230 എന്നിട്ട് (പിന്നെയും) അവൻ അവളെ ത്വലാഖ് [വിവാഹമോചനം] നടത്തിയെങ്കിൽ അവനല്ലാത്ത (വേറെ) ഒരു ഭർത്താവിനെ അവൾ വിവാഹം കഴിക്കുന്നതുവരേക്കും

عَلَيْهِمَآ أَن يَتَرَاجَعَآ إِن ظَنَّآ أَن يُقِيمَا حُدُودَ ٱللَّهِ ۗ وَتِلْكَ حُدُودُ ٱللَّهِ يُبَيِّنُهَا لِقَوْمٍ يَعْلَمُونَ ﴿٢٣٠﴾

ഇനി അവൾ അവന് അനുവദനീയമാകുകയില്ല. എന്നിട്ട്; അവൻ [രണ്ടാമത്തേവൻ] അവളെ വിവാഹമോചനം നടത്തിയെങ്കിൽ,- അപ്പോൾ, അവർ രണ്ടുപേരും അന്യോന്യം മടങ്ങിവരുന്നതിന് അവരുടെ മേൽ തെറ്റില്ല; (അതെ) അവർ രണ്ടാളും അല്ലാഹുവിൻെറ (നിയമ) അതിർത്തികളെ തങ്ങൾ നിലനിർത്തിപ്പോരുമെന്ന് വിചാരിക്കുകയാണെങ്കിൽ. അവ (ഒക്കെയും) അല്ലാഹുവിൻെറ (നിയമ) അതിർത്തികളാകുന്നു; അറിയുന്ന ജനങ്ങൾക്കുവേണ്ടി അവൻ അവ വിവരിച്ചുകൊടുക്കുകയാണ്.

---

229 **الطلاق** വിവാഹമോചനം, ത്വലാഖ്. **مرتان** രു പ്രാവശ്യം ആകുന്നു. **فَإِمساك** എന്നിട്ട് പിടിച്ചുവെക്കൽ (പിരിച്ചയക്കാതിരിക്കുക) . **بِمعروف** ആചാരം (മര്യാദ) അനുസരിച്ച്. **أو تسريح** അല്ലെങ്കിൽ പിരിച്ചയക്കുക, വേർപെടുത്തുക വിട്ടയക്കുക. **بِإِحسان** നന്മ ചെയ്തുകൊണ്ട് (നല്ലനിലക്ക്) . **ولا يحل** അനുവദനീയമാകുകയില്ല. **لَكُم** നിങ്ങൾക്ക്. **أن تأخذُوا** നിങ്ങൾ വാങ്ങൽ. **مما آتيتموهن** അവർക്ക് നിങ്ങൾകൊടുത്തതിൽനിന്ന്. **شيئًا** യാതൊന്നും. **إلا أن يخافَا** അവർ രണ്ടുപേരും ഭയപ്പെടുന്നതായാലല്ലാതെ. **ألا يقيما** അവർ നിലനിറുത്തുക (നടത്തിപ്പോരുക) യില്ലെന്ന്. **حدود الله** അല്ലാഹുവിൻെറ അതിർത്തികളെ, പരിധികളെ. **فَإِنْ خفْتُم** ഇനി നിങ്ങൾ ഭയപ്പെട്ടുവെങ്കിൽ. **ألا يقيما** അവർ രാളും നിലനിർത്തുകയില്ലെന്ന്. **حدود الله** അല്ലാഹുവിൻെറ അതിർത്തികളെ, പിരിധികളെ. **فَلا جناح** എന്നാൽ കുറ്റമില്ല, തെറ്റില്ല. **عليهما** അവർ രണ്ടാളുടെയും മേൽ. **فيما** യാതൊന്നിൽ. **افْتدت** അവൾ സ്വയം മോചിതയായി, തെണ്ടം നൽകി. **بِه** അതുകൊ്, അതുമൂലം. **تلك** അത്, അവ. **حدود الله** അല്ലാഹുവിൻെറ അതിർത്തികളാകുന്നു. **فَلا تعتدوها** അതിനാൽ നിങ്ങളത് വിട്ടുകടക്കരുത്, അതിക്രമിക്കരുത് (ലംഘിക്കരുത്) . **ومن يتعد** ആരെങ്കിലും അതിക്രമിച്ചാൽ, വിട്ടുകടക്കുന്നപക്ഷം. **حدود الله** അല്ലാഹുവിൻെറ അതിരുകളെ. **فَأُولَئك هم** എന്നാൽ അക്കൂട്ടർതന്നെ. **الظالمونَ** അക്രമികൾ. 230 **فَإِن طلقها** എന്നിട്ട് അവൻ അവളെ വിവാഹമോചനം ചെയ്താൽ. **فَلا تحل له** എന്നാൽ അവൾ അവന് അനുവദനീയമാകയില്ല. **من بعد** പിന്നീട്, ശേഷം. **حتى تنكح** അവൾ വിവാഹം കഴിക്കുന്നത്വരെ. **زوجا** ഒരു ഭർത്താവിനെ. **غيره** അവനല്ലാത്ത, അവനൊഴികെ. **فَإِن طلقها** എന്നിട്ട് അവൻ അവളെ വിവാഹമോചനം ചെയ്താൽ. **فَلا جناح** എന്നാൽ തെറ്റില്ല. **عليهما** അവർ രാളുടെ മേൽ. **أن يتراجعا** അവർ രണ്ടാളും അന്യോന്യം മടങ്ങുന്നതിന്. **إِن ظنَّا** രണ്ടാളും വിചാരിച്ചെങ്കിൽ, ധരിച്ചാൽ. **أن يقيما** രണ്ടാളും നിലനിറുത്തുമെന്ന്. **حدود الله** അല്ലാഹുവിൻെറ അതിർത്തികളെ. **وتلْك** അവ, അതും. **حدود الله** അല്ലാഹുവിൻെറ അതിർത്തികളാകുന്നു. **يبينها** അവയെ അവൻ വിവരിക്കുകയാണ്, വ്യക്തമാക്കുന്നു. **لِقوم** ഒരു ജനതക്ക് (ജനങ്ങൾക്ക്) വേണ്ടി. **يعلمونَ** അവർ അറിയും.

കഴിഞ്ഞ 224, 225 വചനങ്ങളിൽ സത്യത്തെ സംബന്ധിച്ച ചില കാര്യങ്ങൾ അല്ലാഹു പ്രസ്താവിച്ചു. തുടർന്നുള്ള രണ്ട് വചനങ്ങളിൽ ഒരു പ്രത്യേകതരം സത്യമായ 'ഈലാഉ' നെക്കുറിച്ചും പ്രസ്താവിച്ചു. സന്ദർഭവശാൽ, അതിനോട് ബന്ധപ്പെട്ടുകൊണ്ട് ത്വലാഖിനെ (വിവാഹമോചനത്തെ) സംബന്ധിച്ചും സ്പർശിക്കുകയുണ്ടായി. അങ്ങിനെ, 228-ാം വചനത്തിൽ, ത്വലാഖ് സംബന്ധമായ നിയമങ്ങൾ വിവരിച്ച കൂട്ടത്തിൽ, ത്വലാഖിനുശേഷം ഭാര്യയെ മടക്കി എടുക്കുന്നതിനെപ്പറ്റിയും, ഇദ്ദയെപ്പറ്റിയും സംസാരിച്ചു. അതിനെ തുടർന്ന് ഇവിടെ മടക്കി എടുക്കാവുന്ന ത്വലാഖ് ഏതാണെന്നും, മടക്കി എടുക്കുവാൻ പാടില്ലാത്ത ത്വലാഖ് ഏതാണെന്നും, ത്വലാഖ് നിർവ്വഹിക്കേണ്ടുന്നത് എങ്ങിനെയായിരിക്കണമെന്നും മറ്റും വിവരിക്കുന്നു. ത്വലാഖ് സംബന്ധമായി പ്രധാനപ്പെട്ട പല നിയമങ്ങളും ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു.

ഇടക്കിടെ നാലഞ്ചുപ്രാവശ്യം അവയെപ്പറ്റി حدود الله (അല്ലാഹു നിശ്ചയിച്ച നിയമാതിർത്തികൾ) എന്ന് വിശേഷിപ്പിക്കുകയും, അവ ലംഘിക്കുന്നതിനെപ്പറ്റി കർശനമായ താക്കീത് നൽകുകയും ചെയ്തിരിക്കുന്നു പ്രസ്തുത നിയമങ്ങൾക്ക് അല്ലാഹു കൽപിച്ചിട്ടുള്ള ഗൗരവമാണ് ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത്. പക്ഷേ, ഇതൊക്കെയായിട്ടും മുസ്ലിം സമുദായം ഈ കർശനമായ നിയമാതിർത്തികളെ മിക്കതും ലംഘിക്കുകയും, മറികടക്കുകയും ചെയ്യുന്ന കാഴ്ചയാണ് കാണുന്നതെന്ന് അപാരമായ വ്യസനത്തോടുകൂടി പറയേണ്ടിവന്നിരിക്കുകയാണ്! فإلى الله المشتكى

അറബികൾക്കിടയിൽ നടപ്പിലുണ്ടായിരുന്ന പല നടപടിക്രമങ്ങളും-അവയിൽ ചില പരിഷ്ക്കാരങ്ങളോ, നിയന്ത്രണങ്ങളോ വരുത്തിക്കൊണ്ടു-ഇസ്ലാം അംഗീകരിക്കുകയുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽപെട്ടതാണ് വിവാഹമോചനവും, അതിനുശേഷമുള്ള മടക്കി എടുക്കലും (الطلاق والرجعة). ഒരാൾക്ക് അയാളുടെ ഭാര്യയെ എത്ര പ്രാവശ്യം വേണമെങ്കിലും വിവാഹമോചനം നടത്തുകയും, മടക്കി എടുക്കുകയും ചെയ്വാൻ അന്ന് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതുമൂലം സ്ത്രീകൾ വളരെയധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിയും വന്നിരുന്നു. വിവാഹം നിമിത്തം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കുകയോ, വിവാഹമോചനംവഴി ലഭിക്കേണ്ടുന്ന സ്വാതന്ത്ര്യം ലഭിക്കുകയോ ചെയ്യാതെ-അതെ, വിവാഹിതയോ, വിവാഹമോചിതയോ അല്ലാത്തവിധം-എത്രയോ സ്ത്രീകൾ -ആയുഷ്ക്കാലം ഉന്തിനീക്കേണ്ടി വരുകയും പതിവായിരുന്നു. തമ്മിൽ വല്ല വഴക്കോ വക്കാണമോ കൂടുമ്പോൾ ''ഞാൻ നിന്നെ ഒരു കാലത്തും ഏറ്റെടുക്കുകയുമില്ല, വിട്ടയക്കുകയുമില്ല'' എന്ന് ചിലർ തുറന്ന് പറയുക കൂടി ചെയ്തേക്കും. ഇസ്ലാമിന്റെആരംഭത്തിൽ അൻസാരികൾക്കിടയിൽ ഇങ്ങിനെ ഒരു സംഭവം ഉണ്ടാകുകയും, ആ സ്ത്രീ നബി (ﷺ) യുടെ അടുക്കൽ വന്ന് സങ്കടം ബോധിപ്പിക്കുകയും ഉണ്ടായതായി രിവായത്തുകൽ വന്നിട്ടുണ്ട്. ഈ നികൃഷ്ട സമ്പ്രദായത്തിന് അറുതി വരുത്തുകയും, നീതിയുകത്വും ഉപകാരപ്രദവും പ്രായോഗികവുമായ നിയമങ്ങൾ വഴി അതിന് നിയന്ത്രണം വരുത്തുകയും, അങ്ങനെ, അത്തരം അക്രമങ്ങൾക്ക് ഇരയാകുന്നതിൽനിന്ന് സ്ത്രീ സമുദായത്തെ രക്ഷപ്പെടുത്തുകയുമാണ് ഈ വചനങ്ങൾ മുഖേന അല്ലാഹു ചെയ്തിരിക്കുന്നത്.

ജാഹിലിയ്യ കാലത്ത് അറബികളിൽ സ്ത്രീകളുടെ വിവാഹമോചന വിഷയത്തിൽ ഒരുതരം അരാജകത്വമായിരുന്നു ഉണ്ടായിരുന്നതെന്ന് മേൽ പ്രസ്താവിച്ചതിൽ നിന്ന് മനസ്സിലായല്ലോ. അതുപോലെയോ, അതിലുപരിയായോ ഉള്ള ഒരരാജകത്വം പരിഷ്കൃത യുഗമെന്ന് പറയപ്പെടുന്ന ഇക്കാലത്തും-ക്രിസ്ത്യാനികൾക്ക് ബഹുഭൂരിപക്ഷമുള്ള യൂറോപ്യൻ നാടുകളിൽ പോലും-നടമാടിക്കൊണ്ടിരിക്കുന്നുണ്ട്. അതേ സമയത്ത് ക്രിസ്ത്യാനികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ബൈബിളിന്റെ വിധി നേരെ മറിച്ചാണുള്ളതും. ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചാൽ, പിന്നീട് ഒരു കാരണവശാലും അവന് അവളെ വിവാഹമോചനം നൽകി വിടുവാൻ പാടില്ലാത്തതാണ്. തമ്മിൽ യോജിക്കാതെ വേർപിരിഞ്ഞ് താമസിക്കേണ്ടി വന്നാൽ പോലും രണ്ട് കൂട്ടർക്കും വിവാഹം കഴിക്കുവാൻ പാടില്ല. വിവാഹം കഴിക്കുന്നപക്ഷം -പുരുഷനാവട്ടെ, സ്ത്രീയാവട്ടെ-അത് വ്യഭിചാരമായി ഗണിക്കപ്പെടുന്നതുമാകുന്നു. (മത്തായി: 5ൽ 31,32; ലൂക്കോസ്: 16ൽ 18;1. കൊരിന്ത്യർ: 7ൽ 10-12 നോക്കുക) അൽപാൽപ വ്യത്യാസം കാണപ്പെടുമെങ്കിലും ഏറെക്കുറെ ഹിന്ദുമതാനുയായികളിലും ഇതുപോലെയുള്ള നടപടിക്രമങ്ങളാണുള്ളത്. ഇസ്ലാമാകട്ടെ, പരസ്പര വിരുദ്ധങ്ങളായ ഈ രണ്ട് നയങ്ങൾക്കും മദ്ധ്യെ-മനുഷ്യപ്രകൃതിക്ക് അനുയോജ്യവും, പ്രായോഗിക ജീവതത്തിന് അനുയുക്തവുമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏവർക്കും മനസ്സിലാക്കാവുന്നതാകുന്നു. ഇനി നമുക്ക് ഈ വചനങ്ങളിലടങ്ങിയ മുഖ്യവിഷയങ്ങളിലേക്ക് ശ്രദ്ധ കൊടുക്കാം. ومن الله التوفيق

(ഒന്ന്:) الطلاق مرتان (ത്വലാഖ്-വിവാഹമോചനം-രണ്ടുപ്രാവശ്യമാകുന്നു.) ഇദ്ദ കാലത്ത് മടക്കിയെടുക്കാവുന്ന ത്വലാഖ് രണ്ടുപ്രാവശ്യമാണുള്ളതെന്ന് സാരം. അല്ലാതെ, ഒരാൾക്ക് തന്റെ

ഭാര്യയെ ആകെ രണ്ട് പ്രാവശ്യമേ ത്വലാഖ് നടത്താവൂ എന്നല്ല അര്‍ത്ഥം. തുടര്‍ന്നുള്ള വാക്യങ്ങളില്‍ നിന്ന് ഇത് സ്പഷ്ടമാണ്. എന്നുവെച്ചാല്‍ ഒന്നാമത്തെ പ്രാവശ്യം ത്വലാഖ് നടത്തിയാല്‍ അതിന്‍െറ ഇദ്ദ കഴിയും മുമ്പായി ഭര്‍ത്താവിന് ഭാര്യയെ വിവാഹത്തിലേക്ക് മടക്കിയെടുക്കാം. ഇദ്ദ കഴിയുന്നതുവരെ മടക്കിയെടുക്കാതെ വിവാഹമോചനം നിലനിര്‍ത്തുകയും ചെയ്യാം. മടക്കി എടുക്കുന്നപക്ഷം ആവശ്യം നേരിട്ടാല്‍ രണ്ടാമതും ത്വലാഖ് നടത്താം. ഈ ത്വലാഖിനുശേഷം ഭര്‍ത്താവ് രണ്ടിലൊന്ന് സ്വീകരിക്കുവാന്‍ ബാധ്യസ്ഥനായി: فامساك بمعروف او تسريح باحسان (സദാചാര മര്യാദപ്രകാരം അവളെ വെച്ചുകൊണ്ടിരിക്കുക, അല്ലെങ്കില്‍ നന്‍മചെയ്തു കൊണ്ടു-നല്ല നിലയില്‍-അവളെ പിരിച്ചുവിടുക.) അതായത് അവളെ വിവാഹത്തിലേക്ക് മടക്കി എടുത്ത് നല്ല രൂപത്തിലും മര്യാദയനുസരിച്ചും അവളുമായി പെരുമാറിക്കൊണ്ട് കഴിഞ്ഞ് കൂടുക. മടക്കി എടുക്കുന്നത് വല്ല ദുരുദ്ദേശ്യവും വെച്ചുകൊണ്ടോ, അവളുമായി സുഖകരമല്ലാത്ത പെരുമാറ്റം പെരുമാറിക്കൊണ്ടോ ആയിരിക്കരുത്. ഇതിന് തയ്യാറില്ലാത്ത-അല്ലെങ്കില്‍ സാധിക്കാത്ത-പക്ഷം, നല്ല നിലക്കും മാന്യമായ രീതിയിലും അവളെ പിരിച്ചയക്കുക. ഈ രണ്ടിലൊന്ന് സ്വീകരിക്കുവാന്‍ ഭര്‍ത്താവ് നിര്‍ബന്ധിതനാകുന്നു.

മേല്‍ പ്രസ്താവിച്ച നിയമങ്ങളുമായി ബന്ധപ്പെട്ട ചില വസ്തുതകളും വിശദീകരണങ്ങളും കൂടി അറിഞ്ഞിരിക്കുന്നത് സന്ദര്‍ഭോചിതമായിരിക്കും. ഉദാഹരണമായി: (1) 'ത്വലാഖ് രണ്ടെണ്ണമാണ്' എന്നോ മറ്റോ പറയാതെ 'ത്വലാഖ് രണ്ട് പ്രാവശ്യമാണ്' (الطلاق مرتان) എന്ന് പറഞ്ഞിരിക്കകൊണ്ട് ഒരേസമയംതന്നെ ഒരടിയായി രണ്ടോ മൂന്നോ ത്വലാഖുകള്‍ നടത്തുന്ന സമ്പ്രദായം ശരിയല്ലെന്നും, ഓരോ ത്വലാഖും വെവ്വേറെ പ്രാവശ്യത്തിലായിരിക്കേണ്ടതുണ്ടെന്നും മനസ്സിലാക്കാം. ഈ വിഷയത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ച് താഴെ സംസാരിക്കാം. إن شاء الله (2) ഇദ്ദയുടെ കാലം ദീര്‍ഘിച്ച് പോകുവാന്‍ ഇടയാകാത്ത അവസരത്തിലായിരിക്കണം ത്വലാഖ് നടക്കുന്നത്. അഥവാ, സംയോഗം നടന്നിട്ടില്ലാത്ത ശുദ്ധികാലത്തായിരിക്കണം. ആര്‍ത്തവകാലത്തോ, സംയോഗം നടന്നിട്ടുള്ള ശുദ്ധികാലത്തോ ആവരുത്. ഇത് സംബന്ധിച്ച് സൂ: ത്വലാഖിലെ ആദ്യത്തെ വചനത്തില്‍ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതിന് പുറമെ, ഹദീസില്‍ നബി (ﷺ) അത് വ്യക്തമായി പ്രസ്താവിച്ചിട്ടുമുണ്ട്. വിശദവിവരത്തിന് സൂ: ത്വലാഖിന്‍െറ വ്യാഖ്യാനം നോക്കുക. (3) ഒന്നാം പ്രാവശ്യത്തെ ത്വലാഖിനെ തുടര്‍ന്നുള്ള ഇദ്ദ അവസാനിക്കുന്നതുവരെ മടക്കി എടുക്കാത്തപക്ഷം, പിന്നീട് അവള്‍ക്ക് വേറെ വിവാഹം കഴിക്കാം. ഇരു വിഭാഗക്കാര്‍ക്കും ഇഷ്ടമാണെങ്കില്‍ വിവാഹമോചനം നടത്തിയ ആദ്യത്തെ ഭര്‍ത്താവിന് തന്നെയും അവളെ വിവാഹം കഴിക്കാവുന്നതാണ്. രണ്ടാം പ്രാവശ്യം ത്വലാഖ് നടത്തിയാലുള്ള വിധിയും ഇപ്പോലെ തന്നെ. ഇദ്ദ കാലത്ത് മടക്കി എടുക്കായ്കകൊണ്ടോ, താഴെ പറയും പ്രകാരം പ്രതിഫലം വാങ്ങിക്കൊണ്ടുള്ള ത്വലാഖായത് (خلع) നിമിത്തമോ ആണ് ഭാര്യയും ഭര്‍ത്താവും തമ്മില്‍ വേര്‍പ്പെട്ട് പോകുന്നതെങ്കില്‍, അതിന് بينونة صغرى (ചെറിയ വേര്‍പാട്) എന്നാണ് സാങ്കേതിക ഭാഷയില്‍ പറയപ്പെടുക. കാരണം, വേണമെങ്കില്‍ ഈ വേര്‍പാടിനുശേഷവും അവര്‍ക്ക് പുതിയൊരു വിവാഹംമുഖേന പഴയ ബന്ധത്തിലേക്ക് മടങ്ങാവുന്നതാണ്. മൂന്നാം പ്രാവശ്യത്തെ ത്വലാഖിന് ശേഷം മടക്കിയെടുക്കുവാന്‍ പാടില്ല. താഴെ പറയുന്നപ്രകാരം മറ്റൊരാള്‍ വിവാഹം കഴിക്കുകയും, അവന്‍ വിവാഹമോചനം നടത്തി ഇദ്ദ കഴിയുകയും ചെയ്താലല്ലാതെ വീണ്ടും വിവാഹം കഴിപ്പാനും പാടില്ല. അതുകൊണ്ട് ഈ വേര്‍പാടിന് بينونة كبرى (വലിയ വേര്‍പാട്) എന്നും പറയപ്പെടുന്നു. (4) ആര്‍ത്തവ (حيض) കാലത്തോ, സംയോഗം നടന്നിട്ടുള്ള ശുദ്ധികാലത്തോ ത്വലാഖ് നടത്തുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു. അതിന് അനാചാരമായ ത്വലാഖ് (طلاق بدعة) എന്ന് പറയപ്പെടുന്നു. ഈ ത്വലാഖ് സാധുവാകുമോ എന്നതില്‍ പണ്ഡിതന്‍മാര്‍ക്കിടയില്‍ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അതു വിരോധിക്കപ്പെട്ട താണെന്നുള്ളതില്‍ സംശയമില്ല.

(രണ്ട്:) ......ولا يحل لكم ان تأخذوا (നിങ്ങള്‍ അവര്‍ക്ക് കൊടുത്തിട്ടുള്ളതില്‍നിന്ന് യാതൊന്നും തിരിച്ച് മേടിക്കുവാന്‍ നിങ്ങള്‍ക്ക് പാടില്ല) വിവാഹത്തില്‍ മഹ്റായി (വിവാഹമൂല്യമായി)

നൽകപ്പെട്ട ധനമോ, അതിൻെറ ഒരു ഭാഗമോ തിരിച്ച് വാങ്ങിക്കൂടാ എന്നുദ്ദേശ്യം. സംഭാവനയായി വല്ലതും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അതും തിരിച്ചു വാങ്ങാവതല്ല. ഒരിക്കൽ ദാനമായി കൊടുത്തതിനെ പിന്നീട് തിരിച്ചുവാങ്ങുന്നത് ഛർദ്ദിച്ച വസ്തുവെ വീണ്ടും തിന്നുന്ന നായയുടെ സ്വഭാവമാണ് എന്നത്രെ നബി (ﷺ) അരുളിച്ചെയ്തിരിക്കുന്നത്. ഭാര്യാ ഭർത്താക്കൾ തമ്മിൽ സ്വരചേർച്ചയില്ലാതാകുമ്പോഴാണല്ലോ ത്വലാഖ് നടക്കുക. അപ്പോൾ, താൻ മുമ്പ് അവൾക്കു നൽകിയിരുന്ന വല്ലതും മടക്കികിട്ടുവാൻ അവൻ ആഗ്രഹിക്കുക സ്വാഭാവിക മായിരിക്കും. അതുകൊണ്ടാണ് ത്വലാഖിനെപ്പററി പ്രസ്താവിച്ചപ്പോൾ ഇക്കാര്യവും പ്രത്യേകം ഇവിടെ എടുത്തു പറയുന്നത്. ഒരാൾ തൻെറ ഭാര്യമാർക്കു വളരെ വമ്പിച്ച സംഖ്യതന്നെ കൊടുത്തിരുന്നാലും വിവാഹമോചന വേളയിൽ അതിൽനിന്ന് വല്ലതും തിരിച്ചു വാങ്ങുന്നത് കുററകരമാണെന്നും, മാന്യതക്ക് യോജിക്കാത്തതാണെന്നും സൂ: നിസാഉ് 20-21ൽ വെച്ച് കാണാവുന്നതാണ്. എങ്കിലും അവൾ സന്തോഷപൂർവ്വം വല്ലതും വിട്ടുകൊടുക്കുന്നപക്ഷം അതു സ്വീകരിക്കുന്നതിന് വിരോധമില്ലതാനും. (നിസാഉ് :4) എന്നാൽ, രണ്ടുപേരും തമ്മിൽ യോജിച്ചും പരസ്പരം ബാദ്ധ്യതകൾ നിറവേററിയുംകൊണ്ട് ഒത്തൊരുമിച്ച് കഴിയുകയില്ലെന്നു കണ്ടാൽ ഈ നിരോധം ബാധകമല്ല. അതാണ് الا ان يخاف الخ (അല്ലാഹുവിൻെറ നിയമാതിർത്തികളെ അവർ രണ്ടാളും നിലനിറുത്തുകയില്ലെന്നു അവർ ഭയപ്പെട്ടാലൊഴികെ.) എന്നു പറഞ്ഞതിൻെറ സാരം. ഈ അവസരത്തിൽ എന്താണുപോംവഴി എന്നു അടുത്തവാക്യത്തിൽ നിന്നു മനസ്സിലാക്കാം:-

(മൂന്ന്:) فان خفتم الا يقيما الخ (ഇനി, അവർ രണ്ടുപേരും അല്ലാഹുവിൻെറ നിയമാതിർത്തികളെ നിലനിർത്തുകയില്ലെന്നു നിങ്ങൾ ഭയപ്പെട്ടാൽ, അപ്പോൾ അവൾ ഏതൊന്നു കൊടുത്തുകൊണ്ടു സ്വയം മോചിതയാകുന്നുവോ അതിൽ രണ്ടുപേർക്കും തെററില്ല.) ഈ വാക്യത്തിൽ 'നിങ്ങൾ ഭയപ്പെട്ടാൽ' എന്ന വാക്കു പ്രത്യേകം ശ്രദ്ധേയമാകുന്നു. ഇരു പക്ഷത്തുമുള്ള ഉത്തരവാദപ്പെട്ടവർ, ഭരണകർത്താക്കൾ, മദ്ധ്യസ്ഥൻമാർ മുതലായവരെയാണ് ഇത് അഭിമുഖീകരിക്കുന്നത്. രണ്ടുപേരും തമ്മിൽ യോജിച്ചു പോകയില്ലെന്ന് അവർക്കുതോന്നുകയും, അവൾക്ക് അവനിൽനിന്ന് മോചനം സിദ്ധിക്കണമെന്ന് ആവശ്യമുണ്ടാകുകയും ചെയ്യുന്നപക്ഷം, വിവാഹ മോചനത്തിന് അവൾ പ്രതിഫലം കൊടുക്കുവാൻ നിശ്ചയിക്കുകയും, അവനതു സ്വീകരിച്ചു കൊണ്ട് വിവാഹമോചനം നൽകുകയും ചെയ്യുന്നതിന് വിരോധമില്ല എന്നു താല്പര്യം. ഇങ്ങിനെ പ്രതിഫലം നിശ്ചയിച്ചുകൊണ്ടുള്ള വിവാഹമോചനത്തിനാണ് 'ഖുൽഉ് ' (خلع) എന്ന് സാങ്കേതിക മായി പറയപ്പെടുന്നത്.(*) തക്കതായ കാരണംകൂടാതെ ഒരു സ്ത്രീ അവളുടെ ഭർത്താവിനോട് -പ്രതിഫലം നിശ്ചയിച്ചു കൊണ്ടോ അല്ലാതേയോ- വിവാഹമോചനത്തിന് ആവശ്യപ്പെട്ടുകൂടാത്ത താകുന്നു. ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ഏതെങ്കിലും ഒരു സ്ത്രീ എന്തെങ്കിലും വിഷമംകൂടാതെ അവളുടെ ഭർത്താവിനോട് തൻെറ ത്വലാഖിന് ആവശ്യപ്പെട്ടാൽ അവളുടെമേൽ സ്വർഗ്ഗത്തിൻെറ വാസന ഹറാമാകുന്നതാണ്.'' (ഇബ്നുജരീർ; തി; അ; ദാ.) ഈ ഹദീസിനെ അടിസ്ഥാനമാക്കി തമ്മിൽ കക്ഷി വഴക്കില്ലാത്തപ്പോൾ 'ഖുൽഉ' പാടില്ല എന്ന് പല മഹാൻമാരും അഭിപ്രായപ്പെട്ടിരിക്കുന്നു.

ഥാബിത്തുബ്നുഖൈസ് (رضي الله عنه) ൻെറ ഭാര്യ നബി (ﷺ) യുടെ അടുക്കൽവന്ന് തൻെറ ഭർത്താവിനെക്കുറിച്ച് മത വിഷയത്തിലോ സ്വഭാവത്തിലോ തനിക്ക് വെറുപ്പൊന്നുമില്ലെന്നും, പക്ഷേ, (അദ്ദേഹത്തിൻെറ ചില ശാരീരിക വൈകല്യങ്ങൾ നിമിത്തം) അദ്ദേഹമൊന്നിച്ച് കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ലെന്നും അറിയിക്കുകയുണ്ടായി. അദ്ദേഹം അവർക്ക് (മഹ്റായി) നൽകിയിരുന്ന തോട്ടം അങ്ങോട്ട് മടക്കിക്കൊടുക്കാമോ എന്ന് നബി (ﷺ) അവരോട് ചോദിച്ചു. കൊടുക്കാമെന്ന് അവർ മറുപടി പറഞ്ഞു. ആ തോട്ടം സ്വീകരിച്ചുകൊണ്ട് അവർക്ക് ത്വലാഖ് നൽകുവാൻ നബി (ﷺ) ഥാബിത്ത് (رضي الله عنه) നോട് ആവശ്യപ്പെടുകയും ചെയ്തു. ഈ സംഭവം

* 'ഉരിയുക, അഴിച്ചുവെക്കുക' എന്നൊക്കെയാണ് خلع ൻെറ ഭാഷാർത്ഥം.

ബുഖാരി (ﷺ) മുതലായവർ ഉദ്ധരിച്ചിട്ടുള്ളതാകുന്നു. 'ഖുൽഇ'ൽ പ്രതിഫലമായി നിശ്ചയിക്കപ്പെടുന്ന സംഖ്യ വിവാഹവേളയിൽ നൽകപ്പെട്ട മഹറിനേക്കാൾ കവിയാതിരിക്കുകയാണ് നല്ലതെന്ന് ഈ ഹദീസിൽനിന്ന് മനസ്സിലാകുന്നു. കൂടുതൽ ആവശ്യപ്പെടുന്നത് നീതിയും മര്യാദയുമല്ലതാനും. അതുകൊണ്ട് 'ഖുൽഇ' ൽ നിശ്ചയിക്കുന്ന പ്രതിഫലം 'മഹറി' നേക്കാൾ കവിയുവാൻ പാടില്ലെന്ന് ഒരു വിഭാഗം പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. എങ്കിലും, അവൾ ഏതൊന്നുകൊടുത്തുകൊണ്ട് സ്വയം മോചിതയാകുന്നുവോ അതിൽ രണ്ടാൾക്കും തെററില്ല (فلا جناح عليهما فيها افتدت به) എന്നാണല്ലോ അല്ലാഹുപറഞ്ഞ വാക്ക്. അവൾക്ക് ഭർത്താവിൽനിന്ന് മോചനം സിദ്ധിക്കുവാൻവേണ്ടി അവൾ സ്വയം നൽകുന്ന ഏതു പ്രതിഫലവും സ്വീകരിക്കാമെന്നാണ് ഇതിൽനിന്ന് ധ്വനിക്കുന്നത്. കൂടുതൽ ഒന്നും വാങ്ങിക്കൂടാ എന്ന് ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുമില്ല. അതുകൊണ്ട് ഇരുകൂട്ടരും തമ്മിൽ തീരുമാനിക്കുന്ന ഏത് തുകയും 'ഖുൽഇ' ൽ പ്രതിഫലമായി നിശ്ചയിക്കുന്നതിന് വിരോധമില്ല എന്നത്രെ ഭൂരിപക്ഷാഭിപ്രായം. ചില സഹാബികളും ഈ അഭിപ്രായക്കാരാണെന്ന് പറയപ്പെടുന്നു. ഏതായാലും പരസ്പരം ഒരു ധാരണയിലെത്താതെ, താങ്ങാനാവാത്ത സംഖ്യ ഭർത്താവിൻെറ ഭാഗത്തുനിന്ന് ആവശ്യപ്പെടുന്നത് അനീതിയും അക്രമവുമാകുന്നു. 'ഖുൽഉ' നടന്നാൽ പിന്നെ, അതിനെതുടർന്നുള്ള ഇദ്ദയിൽ മടക്കി എടുക്കുവാനുള്ള ഭർത്താവിൻെറ അവകാശം നഷ്ടപ്പെട്ടു പോകുന്നതാകുന്നു.

(നാല്:) فان طلقها فلا (ഇനി അവൻ അവളെ വിവാഹമോചനം നടത്തിയെങ്കിൽ, അവനല്ലാത്ത ഒരു ഭർത്താവിനെ അവൾ വിവാഹം കഴിക്കുന്നതുവരെ ഇനി അവൾ അവന് അനുവദനീയമാകുകയില്ല.) അതായത്, മുമ്പ് രണ്ട് വട്ടം ത്വലാഖ് കഴിഞ്ഞതിനുശേഷം മൂന്നാമതും ത്വലാഖ് നടത്തിയാൽ പിന്നെ മടക്കി എടുക്കുന്ന പ്രശ്നമില്ല. മറെറാരു ഭർത്താവ് അവളെ വിവാഹം കഴിക്കുകയും, അവൻ അവളെ വിവാഹമോചനം നടത്തുകയും വേണം. അതിൻെറ നിയമപ്രകാരമുള്ള ഇദ്ദ കഴിക്കുകയും വേണം. എന്നാൽ മാത്രമെ പിന്നീട് അവന് അവളെ വീണ്ടും വിവാഹം കഴിക്കാൻ പാടുള്ളു. 'അവളെ മറെറാരാൾ വിവാഹം കഴിക്കുന്നതുവരെ' എന്നോ മറേറാ പറയാതെ 'അവൾ മറെറാരു ഭർത്താവിനെ വിവാഹം കഴിക്കുന്നതുവരെ حتي تنكح زوجا غيره' എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. ആ വിവാഹം സാധാരണ ഗതിയിലുള്ള വിവാഹമായിരിക്കണം-ആദ്യ ഭർത്താവിൻെറയോ മറേറാ നിർബ്ബന്ധപ്രകാരമോ ആവശ്യപ്രകാരമോ ആയിരിക്കരുത്-എന്നാണത് കാണിക്കുന്നത്. 'വിവാഹം കഴിക്കുന്നതുവരെ' എന്ന് മാത്രമേ അല്ലാഹു പറഞ്ഞിട്ടുള്ളുവെങ്കിലും ആ വിവാഹത്തിൽ അവർ തമ്മിൽ സംയോഗം നടന്നിരിക്കുകകൂടി വേണമെന്ന് നബി (ﷺ) വ്യക്തമാക്കിയിരിക്കുന്നു. (ബു: മു) فان طلقها فلا جناح الخ (എന്നിട്ട് അവൻ അവളെ വിവാഹമോചനം നടത്തുന്നപക്ഷം, അവർ രണ്ടുപേരും അന്യോന്യം മടങ്ങിവരുന്നതിന് തെററില്ല.) എന്ന വാക്യത്തിൽ നിന്ന് ആ നിക്കാഹ് (വിവാഹം) പോലെത്തന്നെ ആ ത്വലാഖും സാധാരണ ഗതിയിൽ നടന്നതായിരിക്കണം -മറെറാരു നിർബ്ബന്ധത്തിന്നോ ആവശ്യത്തിനോ വഴങ്ങിക്കൊണ്ടാവരുത്-എന്നും മനസ്സിലാക്കാം. ത്വലാഖ് കഴിഞ്ഞാൽ പിന്നെ അതിനെത്തുടർന്നുള്ള ഇദ്ദയും കഴിയേണ്ടതുണ്ടെന്നും, ആ ഭർത്താവ് അവളെ മടക്കി എടുക്കാതിരിക്കേണ്ടതുണ്ടെന്നും പ്രത്യേകം എടുത്തുപറയേണ്ടുന്ന ആവശ്യമില്ലല്ലോ.

ഇതെല്ലാം ശരിയായാൽ പിന്നെയും ഒരു ഉപാധിയുണ്ട്. തമ്മിൽ വിവാഹബന്ധം നടന്നശേഷം മൂന്ന് പ്രാവശ്യം ആ ബന്ധത്തിന് വിഘാതം നേരിടുകയുണ്ടായ ആ ഭാര്യാഭർത്താക്കൾ തമ്മിൽ മേലിൽ അല്ലാഹുവിൻെറ നിയമപരിധിക്കുള്ളിൽ ഒതുങ്ങിനിന്നു രജ്ഞിപ്പോടെ കഴിഞ്ഞുകൂടുമെന്നുള്ള പ്രതീക്ഷ രണ്ടുപേർക്കും ഉണ്ടായിരിക്കണം. രണ്ടാൾക്കുമോ, രണ്ടിൽ ഒരാൾക്കോ അങ്ങിനെ പ്രതീക്ഷയില്ലാത്തപക്ഷം അവർ വീണ്ടും വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് ശരിയല്ല. ان ظنا ان يقيما حدود الله (അല്ലാഹുവിൻെറ അതിർത്തികളെ തങ്ങൾ നിലനിറുത്തിപ്പോരുമെന്ന് രണ്ടുപേരും കരുതിയാൽ) എന്ന വാക്യത്തിൽ നിന്ന് ഇത്

സ്പഷ്ടമാണ്. മൂന്നു പ്രാവശ്യം തെററിപ്പിരിഞ്ഞ അവർ നാലാമത്തെ പ്രാവശ്യം പ്രത്യേകം ഇക്കാര്യം ഗൗനിക്കേണ്ടതുണ്ടല്ലോ. മനുഷ്യരുടെ മനശ്ശാസ്ത്രം മനുഷ്യരെക്കാൾ അറിയാവു സ്രഷ്ടാവ് ഓരോ വാക്യത്തിലും മനുഷ്യൻെറ നൻമക്കുവേണ്ടി നൽകുന്ന മാർഗ്ഗദർശനത്തെപ്പററി ഒന്ന് ആലോചിച്ചുനോക്കുക! ബാഹ്യാവസ്ഥക്കല്ല-യഥാർത്ഥമായ മനസ്ഥിതിക്കാണ്-ഇവിടെ പരിഗണനയുള്ളതെന്ന് ആർക്കും വ്യക്തമാകും. മനസ്സിരുപ്പ് മറെറാന്നായിക്കൊണ്ടാണ് അവർ രണ്ടുപേരും തമ്മിൽ പിന്നെയും വിവാഹബന്ധം സ്ഥാപിക്കുന്നതെങ്കിൽ-നിയമദ്രഷ്ട്യാ വിവാഹം സാധുവായേക്കുമെങ്കിലും-അവർ അല്ലാഹുവിൻെറ മുമ്പിൽ കുററക്കാരായിരിക്കും. ഇഹത്തിലാകട്ടെ, ആ ബന്ധം അവർക്ക് പൂർവ്വാധികം അസ്വാസ്ഥ്യമുളവാക്കുവാനേ ഉപകരിക്കുകയുമുള്ളു

മൂന്ന് പ്രാവശ്യം വിവാഹമോചനം ചെയ്തതിനുശേഷം സ്ത്രീകളെ വീണ്ടും വിവാഹം കഴിക്കുവാൻ ഉദ്ദേശിക്കുന്നവർ അല്ലാഹു വ്യക്തമായി പ്രസ്താവിച്ച മേൽ കണ്ട ഉപാധികളെ മറി കടക്കുവാനുള്ള ചില സൂത്രങ്ങൾ നടത്തുന്ന പതിവ് ഇന്ന് മുസ്ലിംകൾക്കിടയിൽ പ്രചാരത്തിലുണ്ട്. ചില പണ്ഡിതവിഭാഗങ്ങൾ അതിന് അരുനിൽക്കുകയും പിന്തുണനൽകു കയും ചെയ്തും വരുന്നു. വല്ല വിഡ്ഢികളെയും പ്രതിഫലം കൊടുത്തോ മറ്റോ സ്വാധീനിച്ച് ഒരു നാമമാത്ര വിവാഹം ബാഹ്യത്തിൽ നടത്തുക, അടുത്ത അവസരം തന്നെ അവരെക്കൊണ്ട് വിവാഹമോചനവും ചെയ്യിക്കുക. ഇതാണ്. ചില വിഡ്ഢികൾ പ്രതിഫലം മോഹിച്ചുകൊണ്ട് സ്വയം തന്നെ അതിന് തയ്യാറെടുക്കലും ഉണ്ട്. 'ചടങ്ങ് നിൽക്കുക' എന്ന പേരിലാണ് ഈ വിവാഹം അറിയപ്പെടുന്നത്. ഈ പേരുതന്നെ അല്ലാഹുവിൻെറ നിയമത്തെ അവഗണിക്ക ലാണെന്നും അതിനെ കേവലം ഒരു ചടങ്ങായി മാറ്റലാണെന്നും വിളിച്ചോതുന്നു. തക്കതായ കാരണം കൂടാതെയും, ഭാവിയെപ്പറ്റി വീണ്ടുവിചാരമില്ലാതെയും രണ്ടും മൂന്നുമൊക്കെ ത്വലാഖ് ഒറ്റ അടിക്ക് നടത്തിക്കളയും. അടുത്ത ദിവസംതന്നെ അതിനെപ്പറ്റി ഖേദത്തിലുമാകും. അടുത്ത ആലോചന ഈ ശപിക്കപ്പെട്ട ചടങ്ങിനെക്കുറിച്ചായിരിക്കും. ഇങ്ങിനെ തോന്നിയവാസത്തിൽ നിന്ന് തോന്നിയവാസത്തിലേക്കായി അല്ലാഹുവിൻെറ നിയമപരിധികളെയെല്ലാം അവർ അതി ലംഘിക്കുന്നു. അല്ലാഹു കൽപിച്ച പ്രകാരമാണ് ആദ്യംമുതൽക്കേ ത്വലാഖ് നടക്കുന്നതെങ്കിൽ, ഇങ്ങിനെയുള്ള തോന്നിയവാസങ്ങൾക്കൊന്നും ആവശ്യം നേരിടുമായിരുന്നില്ല. ഏതായാലും ഈ ചടങ്ങുനിൽക്കലും, ചടങ്ങ് നിറുത്തലും, അതിൻെറ അടിസ്ഥാനത്തിൽ നടക്കുന്ന വിവാഹവും ശരിയല്ലെന്നും, അല്ലാഹുവിൻെറ നിയമങ്ങളെ ലംഘിക്കലാണെന്നും മുകളിൽ വിവരിച്ചതിൽ നിന്ന് വ്യക്തമായി മനസ്സിലാക്കാം. മാത്രമല്ല, ഈ ചടങ്ങിനെപ്പറ്റി നബി (ﷺ) പറഞ്ഞ വാക്യം ഓർമ്മയിലുള്ള ഒരു മുസ്ലിം-സത്യവിശ്വാസം അയാളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചിട്ടുണ്ടെങ്കിൽ-തീർച്ചയായും ഈ ചടങ്ങിനെ അനുകൂലിക്കുകയില്ലതന്നെ. 'വായ്പ വാങ്ങിയ കൂറ്റനെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?' എന്ന് ചോദിച്ചുകൊണ്ട് സഹാബികളോട് നബി (ﷺ) പറയുകയാണ്: ''അത് ചടങ്ങ് നിൽക്കുന്നവനാണ്. ചടങ്ങ് നിൽക്കു ന്നവനെയും, ആർക്കുവേണ്ടി ചടങ്ങുനിൽക്കുന്നുവോ അവനെയും അല്ലാഹു ശപിക്കട്ടെ!'' (ജ;ബ;ഹാ) ഇതുപോലെ വേറെയും ചില രിവായത്തുകൾ കാണാം.

ഈ വചനങ്ങളിലടങ്ങിയ വിധികളെല്ലാം വിട്ടുവീഴ്ചക്ക് പഴുതില്ലാത്തവിധം കർശനമായ വിധികളാണെന്നും, അവയെ ലംഘിക്കുകയോ മറികടക്കുകയോ ചെയ്യുന്നത് അല്ലാഹുവിൻെറ ശിക്ഷക്കും കോപശാപത്തിനും കാരണമായിത്തീരുമെന്നും അല്ലാഹു ശക്തിയായി താക്കീത് ചെയ്തിരിക്കുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ, അല്ലാഹുവിൻെറ നിയമാതിർത്തികളാണവയെന്ന് നാലഞ്ചു പ്രാവശ്യം ആവർത്തിച്ച് പറഞ്ഞു. ആ അതിർത്തി ലംഘിക്കുന്നവരാണ് അക്രമികളെന്ന് ആദ്യ വചനത്തിൻെറ അവസാനത്തിലും, അറിയുന്ന ജനങ്ങൾക്കുവേണ്ടിയാണിതൊക്കെ വിവരിക്കുന്നതെന്ന് രണ്ടാമത്തെ വചനത്തിൻെറ അവസാനത്തിലും ഓർമ്മിപ്പിച്ചിരിക്കുന്നു.

ഇനി-മുകളിൽ സൂചിപ്പിച്ചതുപോലെ-ഒരേ സമയത്തുതന്നെ ഒറ്റയടിക്ക് മൂന്ന് ത്വലാഖും

നടത്തുന്ന സമ്പ്രദായത്തെക്കുറിച്ച് രണ്ട് വാക്കുകൂടി സംസാരിക്കാം. ആയത്തിൽ കണ്ടപ്രകാരം ഓരോ ത്വലാഖും വെവ്വേറെ പ്രാവാശ്യത്തിലായിരിക്കുന്നതാണ് ത്വലാഖിൻെറ സാക്ഷാൽ രൂപമെന്നും, അങ്ങിനെയാണ് പ്രവർത്തിക്കേണ്ടതെന്നും, അതിനെതിര് പ്രവർത്തിക്കുന്നത് ശരിയല്ലെന്നുമുള്ളതിൽ ഖുർആനിൽ വിശ്വസിക്കുന്ന ഏതൊരു മുസ്ലിമിനും തർക്കമുണ്ടായിരിക്കുവാൻ അവകാശമില്ല. എന്നാലും അങ്ങിനെ ഒരേ അടിക്ക് മൂന്ന് ത്വലാഖും ഒന്നിച്ച് നടത്തിയൽ-അങ്ങിനെ ചെയ്യുന്നത് നിയമ ദൃഷ്ട്യാ ഹറാമാകട്ടെ, അല്ലാതിരിക്കട്ടെ-അതെങ്ങിനെ നടപ്പിൽ വരുത്താം? ഈ വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത്. ആ അഭിപ്രായങ്ങൾ ഇന്നും ഇന്നലെയും ഉണ്ടായതുമല്ല. ഏറെക്കുറെ സഹാബികളുടെ കാലം മുതൽക്കുതന്നെ നിലവിലുള്ളതാകുന്നു. എത്രയോ കക്ഷിവഴക്കുകളും, ആരോപണ പ്രത്യാരോപണങ്ങളും ഇത് സംബന്ധിച്ച് മുമ്പ് നടന്നിട്ടുണ്ട്. ഇപ്പോഴും നടക്കുന്നു. പണ്ഡിതൻമാർക്കിടയിലുള്ള അഭിപ്രായങ്ങളും, ത്വലാഖിന് പ്രയോഗിക്കുന്ന വാക്കുകളെ അടിസ്ഥാനമാക്കിയുള്ള വിശദീകരണങ്ങളും, ഓരോ അഭിപ്രായത്തിൻെറയും ന്യായങ്ങളും, തെളിവുകളും എതിർഭാഗത്തുനിന്നുള്ള മറുപടികളും സാമാന്യമായിട്ടെങ്കിലും വിവരിക്കുന്നപക്ഷം, അതൊരു പ്രത്യേക ഗ്രന്ഥം തന്നെ ആയിത്തീരും. ചിലരെല്ലാം അങ്ങിനെ പ്രത്യേക ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം അതിനിവിടെ സ്ഥാനവും സന്ദർഭവുമില്ല. ഖുർആൻ വചനങ്ങളുടെ ആശയവൃത്തത്തിൽനിന്ന് പുറത്തുകടന്നുള്ള വിവരണം നമുക്ക് യോജിച്ചതുമല്ല. അതോടുകൂടി, ഈ വിഷയത്തിലുള്ള തർക്കവിതർക്കങ്ങളെപ്പറ്റി സാമാന്യമായെങ്കിലും കേട്ടറിയാത്തവർ ഇക്കാലത്ത് തുലോം കുറവുമായിരിക്കും. അതുകൊണ്ട് യാതൊരു വിശദീകരണത്തിനും ഇവിടെ മുതിരുവാൻ ഉദ്ദേശിക്കുന്നില്ല. സന്ദർഭവശാൽ, നിലവിലുള്ള പ്രധാന അഭിപ്രായങ്ങളുടെ രത്നച്ചുരുക്കം മാത്രം ഉദ്ധരിച്ച് മതിയാക്കാം:-

മൂന്ന് ത്വലാഖും ഒന്നിച്ച് ഒരേ വാചകത്തിൽ പറഞ്ഞാൽ അതിൻെറ സാധുതയെപ്പറ്റി പ്രധാനമായും നാല് അഭിപ്രായങ്ങളാണ് പണ്ഡിതൻമാർക്കിടയിലുള്ളത്: (1) ഒന്നുപോലും സാധുവാകയില്ല. കാരണം, അത് ബിദ്അത്തായ (അനാചാരമായ) ത്വലാഖാകുന്നു. ളാഹിരീ الظاهرى മദ്ഹബുകാരായ ചിലരുടെയും ശീഅ്യ വിഭാഗത്തിൻെറയും അഭിപ്രായമാണിത്. ബിദ്അത്തായ ത്വലാഖിൽ ഇത് പെടുമോ, പെട്ടാൽതന്നെയും സാധുവാകുമോ എന്ന വിഷയത്തിലും പണ്ഡിതൻമാർക്ക് ഏകോപിച്ച അഭിപ്രായമില്ല. (2) ഒന്നുമാത്രം സാധുവാകും. ബാക്കി രണ്ടും നിരർത്ഥമായിരിക്കും. അതിനാൽ, ഇദ്ദകാലത്ത് മടക്കി എടുക്കുന്നതിന് അത് തടസ്സമാകുകയില്ല. ഖുർആനിൽ നിന്നും ഹദീസുകളിൽനിന്നും പൊതുവെ മനസ്സിലാകുന്നതും, ത്വലാഖിൻെറ അടിസ്ഥാന തത്വങ്ങളോട് യോജിച്ചതും ഈ അഭിപ്രായമാകുന്നു. സഹാബികളിലും മുൻഗാമികളായ മഹാൻമാരിലുംപെട്ട ചിലർ ഈ അഭിപ്രായക്കാരാകുന്നു.(*) ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ, ഇബ്നുൽഖയ്യിം (رحمه الله) മുതലായ പണ്ഡിതൻമാരും ഈ അഭിപ്രായമാണ് ശരിവെച്ചിരിക്കുന്നത്. തെളിവിൻെറ പിൻബലം കൂടുതൽ കാണുന്നതും ഇതിനാകുന്നു. (3) മൂന്നും സാധുവാകും. അതുകൊണ്ട് പിന്നീട് മടക്കി എടുക്കുവാനോ, മറ്റൊരാൾ വിവാഹം കഴിച്ച് ത്വലാഖും ഇദ്ദയും കഴിഞ്ഞശേഷമല്ലാതെ വീണ്ടും വിവാഹം കവിക്കുവാനോ പാടില്ല. മുൻകാലത്തും പിൽക്കാലത്തുമുള്ള ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം ഇതാകുന്നു. പ്രധാന മദ്ഹബുകളിലും ഈ അഭിപ്രായമാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത് (4) ഭർത്താവും ഭാര്യയും തമ്മിൽ സംയോഗം നടന്നിട്ടുണ്ടെങ്കിൽ മൂന്നും സാധുവാകും. ഇല്ലാത്ത പക്ഷം ഒന്നേ സാധുവാകുകയുള്ളു. ഇബ്നുഅബ്ബാസ് (رضي الله عنه) ൻെറ ശിഷ്യൻമാരായ പലരുടെയും, ഇസ്ഹാഖുബ്നു റാഹവൈഹി (رحمه الله) യുടെയും അഭിപ്രായം ഇതാണെന്ന് കാണുന്നു.

ഇതാണാഅഭിപ്രായങ്ങളുടെ ചുരുക്കം. കൂടുതൽ വിശദീകരണം ആഗ്രഹിക്കുന്നവർ

---

* راجع فتح البارى وغيره

യഥാസ്ഥാനങ്ങളിൽ നിന്ന് അന്വേഷിച്ചറിയേണ്ടതാകുന്നു. മേൽകണ്ട അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് വിവരിച്ചശേഷം. പ്രസിദ്ധ ഹദീസുഗ്രന്ഥമായ 'ബുലൂഗൽമറാമി'ന്റെ വ്യാഖ്യാതാവ് അല്ലാമാ മുഹമ്മദുബ്നു ഇസ്മാഈൽസ്വൻആനീ (رحمه الله) ചെയ്ത ഒരു പ്രസ്താവനയുടെ സാരം ഇവിടെ ഉദ്ധരിക്കുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറയുന്നു: "ശാഖാ വിഷയങ്ങളിൽ ചർച്ച നടത്തുന്നവർ ഈ വിഷയത്തിൽ ദീർഘമായി സംസാരിച്ചിട്ടുണ്ട്. ഉമർ (رضي الله عنه) മൂന്ന് ത്വലാഖും(*) നടപ്പിലാക്കി എന്നതിനെ (†) ആസ്പദമാക്കി നാല് മദ്ഹബുകളുടെ ആൾക്കാരെല്ലാം അതിൽ യോജിച്ചിരിക്കുന്നു. അതിനോട് വിയോജിക്കുന്നവരെപ്പറ്റി അവരുടെ പ്രതിഷേധം വളരെ കഠിനമാകുന്നു. ഒന്നേ സാധുവാകുകയുള്ളുവെന്ന് ഫത്‌വാ ചെയ്ത (വിധി പറഞ്ഞ) കാരണത്താൽ ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ്യ (رحمه الله) മർദ്ദനമേൽക്കുകയും, അദ്ദേഹത്തിന്റെ ശിഷ്യൻ ഹാഫിളുബ്നുൽഖയ്യിമിനെ (رحمه الله) ഒട്ടകപ്പുറത്ത് കയറ്റി നാട് ചുറ്റിക്കുകയും ഉണ്ടായിട്ടുണ്ട്. ശാഖാപരമായ ഒരു വിഷയത്തിലുള്ള കടുത്ത പക്ഷപാത മനസ്ഥിതി മാത്രമാണിതെന്ന് പറയേണ്ടതില്ല. സമുദായത്തിലെ മുൻഗാമികൾക്കും പിൻഗാമികൾക്കും അഭിപ്രായവ്യത്യാസമുള്ള ഒരു വിഷയമാണിത്. എന്നിരിക്കെ, ഭിന്നാഭിപ്രായമുള്ള വിഷയങ്ങളിൽ എന്തെങ്കിലും ഒന്നിനെ അനുകൂലിക്കുന്നവരെപ്പറ്റി ആക്ഷേപിക്കുവാനില്ലെന്ന വസ്തുത പ്രസിദ്ധമാണ്. ചിന്തകരും ഭയഭക്തൻമാരുമാകുന്ന നീതിമാൻമാരും, അല്ലാത്തവരും തമ്മിൽ വേർതിരിയുന്നത് ഇങ്ങിനെയുള്ള സന്ദർഭങ്ങളിലാകുന്നു".

وَإِذَا طَلَّقْتُمُ ٱلنِّسَآءَ فَبَلَغْنَ أَجَلَهُنَّ
فَأَمْسِكُوهُنَّ بِمَعْرُوفٍ أَوْ سَرِّحُوهُنَّ
بِمَعْرُوفٍ ۚ وَلَا تُمْسِكُوهُنَّ ضِرَارًا لِّتَعْتَدُوا۟ ۚ وَمَن
يَفْعَلْ ذَٰلِكَ فَقَدْ ظَلَمَ نَفْسَهُۥ ۚ وَلَا تَتَّخِذُوٓا۟
ءَايَٰتِ ٱللَّهِ هُزُوًا ۚ وَٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ
وَمَآ أَنزَلَ عَلَيْكُم مِّنَ ٱلْكِتَٰبِ وَٱلْحِكْمَةِ
يَعِظُكُم بِهِۦ ۚ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ بِكُلِّ
شَىْءٍ عَلِيمٌ ﴿٢٣١﴾

231 നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവർ അവരുടെ (ഇദ്ദയുടെ) അവധി പ്രാപിച്ചാൽ, അവരെ നിങ്ങൾ (ആചാര) മര്യാദയനുസരിച്ചു വെച്ചു കൊണ്ടിരിക്കുവിൻ; അല്ലെങ്കിൽ (ആചാര) മര്യാദയനുസരിച്ച് അവരെ പിരിച്ചുവിടുവിൻ. നിങ്ങൾ അതിരു വിട്ടുപോകുമാറ് ദ്രോഹമുണ്ടാക്കുവാനായിട്ട് അവരെ നിങ്ങൾ പിടിച്ചുവെക്കുകയും ചെയ്യരുത്. ആരെങ്കിലും അത് ചെയ്യുന്നപക്ഷം, അവൻ അവനോട് തന്നെ അക്രമം പ്രവർത്തിക്കുകയാണ് ചെയ്തത്. അല്ലാഹുവിന്റെ ആയത്തു [വചനം] കളെ നിങ്ങൾ പരിഹാസ്യമാക്കിത്തീർക്കരുത്, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമ്മിക്കുകയും ചെയ്യണം; വേദഗ്രന്ഥത്തിൽനിന്നും, വിജ്ഞാനത്തിൽനിന്നുമായി നിങ്ങൾക്ക് സദുപദേശം നൽകിക്കൊണ്ട് അവൻ നിങ്ങൾക്ക് ഇറക്കിത്തന്നിട്ടുള്ളതും(ഓർക്കുവിൻ) . നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാണെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവിൻ.

---

* ഒരേ അവസരത്തിൽ നടത്തപ്പെട്ട മൂന്ന് ത്വലാഖാണ് ഉദ്ദേശ്യം.

† ജനങ്ങൾ ത്വലാഖിന്റെ കാര്യത്തിൽ ധൃതികൂട്ടിത്തുടങ്ങിയതുകൊണ്ട് അവരെ ഒരു പാഠം പഠിപ്പിക്കുവാനായിരുന്നു അങ്ങിനെ അദ്ദേഹം നടപ്പാക്കിയതെന്ന് അതേ രിവായത്തിൽ തന്നെ കാണാം.

231 وإذا طلقتم നിങ്ങൾ വിവാഹമോചനം ചെയ്താൽ. النساء സ്ത്രീകളെ. فبلغن എന്നിട്ടവർ എത്തി, പ്രാപിച്ചു. أجلهن അവരുടെ അവധി. فأمسكوهن എന്നാലവരെ വെച്ചുകൊണ്ടിരിക്കുവിൻ. بمعروف ആചാരം (മര്യാദ) അനുസരിച്ചു. أو سرحوهن അല്ലെങ്കിൽ അവരെ പിരിച്ചയക്കുക, വേർപെടുത്തുക. بمعروف ആചാരപ്രകാരം, മര്യാദയനുസരിച്ച്. ولا تمسكوهن അവരെ നിങ്ങൾ പിടിച്ചുവെക്കരുത്. ضرارا ദ്രോഹം ചെയ്വാൻ,. لتعتدوا നിങ്ങൾ അതിരുവിടുവാനായിട്ട്, അതിക്രമം ചെയ്യുമാറ്. ومن يفعل ആരെങ്കിലും ചെയ്യുന്നതായാൽ. ذلك അത്. فقد ظلم എന്നാലവൻ അക്രമം പ്രവർത്തിച്ചുകളഞ്ഞു. نفسه അവനോട് തന്നെ. ولا تتخذوا നിങ്ങൾ ആക്കിത്തീർക്കരുത്. آيات الله അല്ലാഹുവിൻെറ ആയത്തുകളെ. هزوا പരിഹാസം (പരിഹാസ്യം) . واذكروا ഓർക്കുകയു ചെയ്വിൻ. نعمت الله അല്ലാഹുവിൻെറ അനുഗ്രഹത്തെ. عليكم നിങ്ങൾക്ക്. وما أنزل അവൻ ഇറക്കിയതിനെയും. عليكم നിങ്ങൾക്ക്. من الكتاب ഗ്രന്ഥത്തിൽനിന്ന്. والحكمة വിജ്ഞാനത്തിൽ നിന്നും. يعظكم به അതുവഴി നിങ്ങൾക്ക് അവൻ സദുപദേശംനൽകികൊണ്ട് (നൽകുവാൻ) . واتقوا الله അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. واعلموا അറിയുകയു ചെയ്വിൻ. أن الله അല്ലാഹു (ആകുന്നു) എന്ന്. بكل شيء എല്ലാ കാര്യത്തെപ്പറ്റിയും. عليم അറിയുന്നവൻ.

ത്വലാഖിനെത്തുടർന്ന് സ്ത്രീകൾ ആചരിക്കേണ്ടുന്ന ഇദ്ദകാലം കഴിയാറാകുമ്പോൾ ഭർത്താവ് രണ്ടിലൊന്ന് ചെയ്യേണ്ടിയിരിക്കുന്നു: ഒന്നുകിൽ അവളെ വിവാഹബന്ധത്തിലേക്ക് മടക്കി എടുത്ത് അവളെ വെച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ മടക്കി എടുക്കാതെ പിരിച്ച് വിടുക. മടക്കി എടുക്കുന്നത് ഇദ്ദകാലം കഴിയുംമുമ്പ് എപ്പോഴും ആവാമെന്ന് മുൻ വചനങ്ങളിൽനിന്ന് മനസ്സിലാക്കിയിട്ടുണ്ടല്ലോ ഇവിടെ വിഷയം രണ്ട് കാര്യത്തിലാണ് ഊന്നിനിൽക്കുന്നത്: ഇദ്ദയുടെ കാലാവധി അവസാനിക്കാറാകുമ്പോഴാണ് രണ്ടിലൊന്ന് അനിവാര്യമായിത്തീരുന്നത്. ഇദ്ദയുടെ അവസരം പാഴാക്കിയാൽ മടക്കി എടുക്കുന്ന പ്രശ്നം ഇല്ലാതായിത്തീരും. ഇതാണ് ഒന്ന്. മറ്റൊന്ന്: രണ്ടിൽ ഏത് സ്വീകരിച്ചാലും ശരി, അത് നീതിയും മര്യാദയും അനുസരിച്ചായിരിക്കണം. ഏതെങ്കിലും ദുരുദ്ദേശ്യം വെച്ചുകൊണ്ടോ, ഉപദ്രവും ബുദ്ധിമുട്ടും ഉണ്ടാകുന്ന തരത്തിലോ ആയിക്കൂടാ എന്നുള്ളതാണ്. ഇക്കാര്യമാണ് ഈ വചനത്തിലെ ഏറ്റവും പ്രധാനമായ വിഷയം. ആദ്യത്തെ ഒന്നുരണ്ട് വാക്യങ്ങൾ ഒഴിച്ചാൽ മറ്റ് വാക്യങ്ങളെല്ലാം ഈ വിഷയത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ളതാണെന്ന് കാണാം.

ചിലപ്പോൾ മടക്കി എടുക്കുന്നതിലായിരിക്കും ഇരുവരുടെയും നൻമ. ചിലപ്പോൾ ഭാര്യയെ സംബന്ധിച്ചിടത്തോളം അതായിരിക്കും നല്ലത്. ചില സന്ദർഭങ്ങളിൽ നേരെ മറിച്ചുമായിരിക്കും. പരിതസ്ഥിതികളും ചുറ്റുപാടുകളും കണക്കിലെടുത്തുകൊണ്ട് ഏതിലാണ് നൻമയെന്നും, ഏതാണ് കരണീയമെന്നും ആലോചിച്ച് വേണം രണ്ടിലൊന്ന് തീരുമാനിക്കുവാൻ. അൽപം വല്ല വഴക്കും ഉണ്ടാകുമ്പോഴേക്കും ഭാര്യയെ ത്വലാഖ് നടത്തുക, എന്നിട്ട് ഇദ്ദ കഴിയുമ്പോഴേക്ക് മടക്കിഎടുക്കുക, അധികം താമസിയാതെ മറെറാരു കാരണം കിട്ടുമ്പോൾ വീണ്ടും ത്വലാഖ് നടത്തുക, പിന്നെയും മടക്കിഎടുക്കുക, അങ്ങിനെ രണ്ടുമല്ലാത്ത നിലയിൽ അവളെ കഷ്ടപ്പെടുത്തുക, അല്ലെങ്കിൽ മടക്കിഎടുത്ത ശേഷം നല്ല നിലക്ക് പെരുമാറാതിരിക്കുക, ചെയ്തുകൊടുക്കേണ്ടുന്ന ബാധ്യതകളിൽ വീഴ്ച വരുത്തുക, അവസാനം പ്രതിഫലം നിശ്ചയിച്ചുകൊണ്ടുള്ള വിവാഹമോചനത്തിന് ('ഖുൽഇ'നു) അവൾ നിർബ്ബന്ധിതയാകുക തുടങ്ങിയ ദുസ്സമ്പ്രദായങ്ങളെക്കുറിച്ചുള്ള താക്കീതാണ് ولا تمسكوهن ضرارا الخ (അതിരുകവിയുമാറ് ദ്രോഹം ചെയ്വാനായിട്ട് അവരെ പിടിച്ചുവെക്കരുത്) എന്ന വാക്യം.

ഇത്തരം ഉപദ്രവങ്ങൾ ചെയ്വാൻ വേണ്ടി സ്ത്രീകളെ മടക്കിഎടുക്കരുതെന്ന് വിരോധിച്ചു കൊണ്ട് അല്ലാഹു വിഷയം മതിയാക്കുന്നില്ല. അങ്ങനെ ചെയ്യുന്നത് അവനവനോടുതന്നെ ചെയ്യുന്ന അക്രമമാണ്. അഥവാ ഇഹത്തിലും പരത്തിലും അതിൻെറ ഭവിഷ്യത്ത് അവരവർതന്നെ

അനുഭവിക്കേണ്ടിവരും എന്ന് താക്കീതും ചെയ്യുന്നു. മാത്രമല്ല, അത് അല്ലാഹുവിൻെറ ആയത്തുകളെ അവഗണിക്കലും പരിഹസിക്കലുമാണെന്നും അവൻെറ അനുഗ്രഹങ്ങളോടും, ഖുർആനിലൂടെയോ നബി (ﷺ) മുഖാന്തരമോ അവൻ നൽകിയ സദുപദേശങ്ങളോടും കാണിക്കുന്ന നന്ദികേടുമാണെന്നും സൂചിപ്പിക്കുകയും ചെയ്യുന്നു. അവസാനം അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, അവൻ എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്നവനാണെന്ന് ഓർമ്മവെക്കണമെന്നും ഉണർത്തുന്നു. അപ്പോൾ, ഈ വിഷയം എത്രമാത്രം ഗൗരവത്തിലാണ് അല്ലാഹു കണക്കിലെടുത്തിരിക്കുന്നതെന്ന് ആലോചിച്ചുനോക്കുക! ഇതെല്ലാമായിട്ടും ഇന്നത്തെ മുസ്‌ലിംകൾ അധികവും ഈ വിഷയത്തിൽ അവലംബിച്ചുവരുന്ന സമ്പ്രദായം ഓർക്കുമ്പോൾ അതിയായ സങ്കടം തോന്നുന്നു. ഇസ്‌ലാമിലെ വൈവാഹിക വ്യക്തിനിയമങ്ങൾക്കെതിരിൽ ഇസ്‌ലാമിൻെറ ശത്രുക്കൾ ഇന്ന് പ്രചാരണം നടത്തുന്നുവെങ്കിൽ, അതിനുള്ള യഥാർത്ഥ കാരണക്കാർ അല്ലാഹുവിൻെറഇത്തരം കൽപനകളെ അഗണ്യകോടിയിൽ തള്ളിക്കളയുന്ന മുസ്‌ലിംകൾ തന്നെയല്ലാതെ മറ്റാരുമല്ല. വൈവാഹിക ജീവിതത്തിൽ മാത്രമല്ല, മറ്റേത് തുറയിലും അല്ലാഹുവും അവൻെറ റസൂലും പഠിപ്പിച്ചും ഉപദേശിച്ചും തന്ന നിയമങ്ങൾ അതേപടി പാലിക്കുകയും, അവയിലടങ്ങിയ തത്വോദ്ദേശ്യങ്ങൾക്ക് നിരക്കാത്ത നടപടികൾ വർജ്ജിക്കുകയും ചെയ്തുകൊണ്ട് മുസ്‌ലിംകൾ ജീവിക്കുന്ന ഏതുകാലത്തും, ഏത് ദേശത്തും ഇസ്‌ലാമിൻെറ നിയമ നടപടികൾക്കെതിരെ പ്രചാരണം നടത്തുവാൻ അതിൻെറ ശത്രുക്കൾ ആയുധം കിട്ടാതെ കുഴങ്ങേണ്ടിവരുമെന്ന് തീർച്ച.

നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു; ‘‘മൂന്ന് വിഷയങ്ങളുണ്ട്: അതിൽ കാര്യവും കാര്യംതന്നെ തമാശയും കാര്യംതന്നെ. അതായത്, നികാഹും, ത്വലാഖും (വിവാഹവും, വിവാഹമോചനവും) , മടക്കിഎടുക്കലും’’. (ദാ;തി;ജ.) അതായത് ഈ മൂന്ന് വിഷയവും നടക്കുന്നത് കാര്യമായിട്ടായാലും, തമാശയായിട്ടായാലും നിയമ പരമായി അത് സാധുവായിത്തന്നെ ഗണിക്കപ്പെടും-അത് തമാശയായി നടന്നതാണെന്നുപറഞ്ഞ് ഒഴിവാകുവാൻ സാധ്യമല്ല-എന്ന് സാരം. ഈ ആശയം വ്യക്തമാക്കുന്ന ഹദീസുകൾ വേറെയും കാണാം.

വിഭാഗം-30

وَإِذَا طَلَّقْتُمُ ٱلنِّسَآءَ فَبَلَغْنَ أَجَلَهُنَّ فَلَا تَعْضُلُوهُنَّ أَن يَنكِحْنَ أَزْوَٰجَهُنَّ إِذَا تَرَٰضَوْا۟ بَيْنَهُم بِٱلْمَعْرُوفِ ۗ ذَٰلِكَ يُوعَظُ بِهِۦ مَن كَانَ مِنكُمْ يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۗ ذَٰلِكُمْ أَزْكَىٰ لَكُمْ وَأَطْهَرُ ۗ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿٢٣٢﴾

232 നിങ്ങൾ സ്ത്രീകളെ ‘ത്വലാഖ്’ [വിവാഹമോചനം] നടത്തിയിട്ട് അവർ അവരുടെ (ഇദ്ദയുടെ) അവധി പ്രാപിച്ചാൽ, അവർ അവരുടെ ഭർത്താക്കളെ-തങ്ങൾക്കിടയിൽ (സദാചാര) മര്യാദപ്രകാരം അവർ പരസ്പരം തൃപ്തിപ്പെട്ടാൽ-വിവാഹം ചെയ്യുന്നതിൽ നിന്ന് നിങ്ങളവരെ മുടക്കിയിടരുത്. ഇത് [ഈ കൽപന] മൂലം, നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുവരുന്നവർക്ക് സദുപദേശം നൽകപ്പെടുകയാണ്. അത് നിങ്ങൾക്ക് ഏറ്റം സംശുദ്ധമായതും, ഏറ്റം വൃത്തിയായതുമാകുന്നു. അല്ലാഹുവിനറിയാം; നിങ്ങൾക്ക് അറിഞ്ഞുകൂടാ.

---

232 **وإذا طلقتم** നിങ്ങൾ വിവാഹമോചനം ചെയ്താൽ. **النساء** സ്ത്രീകളെ. **فبلغن** എന്നിട്ടവർ എത്തി(യാൽ) , പ്രാപിച്ചു. **أجلهن** അവരുടെ അവധി. **فلا تعضلوهن** എന്നാൽ നിങ്ങളവരെ മുടക്കിയിടരുത്. **أن ينكحن** അവർ വിവാഹം ചെയ്യുന്നതിന് (ചെയ്യുന്നതിൽനിന്ന്) . **أزواجهن** അവരുടെ

ഭർത്താക്കളെ. **إِذَا تَرَاضَوْا** അവർ പരസ്പരം തൃപ്തിപ്പെട്ടാൽ. **بَيْنَهُم** അവർക്കിടയിൽ. **بِالْمَعْرُوفِ** മര്യാദ (സദാചാരം) അനുസരിച്ച്. **ذَٰلِكَ** അത്. **يُوعَظُ بِهِ** അത്മുഖേന സദുപദേശം ചെയ്യപ്പെടുന്നു. **مَن كَانَ** ആയിട്ടുള്ളവർക്ക്. **مِنكُمْ** നിങ്ങളിൽനിന്ന്. **يُؤْمِنُ** വിശ്വസിക്കുന്നു. **بِاللَّهِ** അല്ലാഹുവിൽ. **وَالْيَوْمِ الْآخِرِ** അന്ത്യനാളിലും. **ذَٰلِكُمْ** അത്. **أَزْكَىٰ لَكُمْ** നിങ്ങൾക്ക് ഏറ്റം സംശുദ്ധമായതാണ്. **وَأَطْهَرُ** അധികം വൃത്തിയായതും. **وَاللَّهُ يَعْلَمُ** അല്ലാഹു അറിയുന്നു. **وَأَنتُمْ** നിങ്ങളാകട്ടെ. **لَا تَعْلَمُونَ** നിങ്ങൾ അറിയുക(യില്ല) .

വിവാഹമോചനം നടത്തിയ ഭർത്താക്കളെയും, വിവാഹമോചനം നടത്തപ്പെട്ട സ്ത്രീകളുടെ കൈകാര്യ കർത്താക്കളെയും, മറ്റ് ഉത്തരവാദപ്പെട്ടവരെയും പൊതുവിൽ അഭിമുഖീകരിക്കുന്നതാണ് ഈ വചനം. എങ്കിലും സ്ത്രീയുടെ കൈകാര്യം നടത്തുന്ന ബന്ധുക്കളോടാണ് കൂടുതൽ ആഭിമുഖ്യമുള്ളത്. രണ്ടാമതായി, ത്വലാഖ് നടത്തിയ ഭർത്താക്കളോടും, ഇദ്ദകാലത്ത് മടക്കി എടുക്കപ്പെട്ടിട്ടില്ലാത്ത സ്ത്രീക്ക് സദാചാര മര്യാദകളെ അതിലംഘിക്കാത്തവിധം പരസ്പരം തൃപ്തിപ്പെട്ട ഭർത്താക്കളെ സ്വീകരിക്കുന്നതിന് തടസ്സമുണ്ടാക്കരുതെന്നും, അതിന് തടസ്സം നേരിടുമാറ് അവരെ മുടക്കിയിടുവാൻ പാടില്ലെന്നും രണ്ടുകൂട്ടരോടും അല്ലാഹു കൽപിക്കുന്നു. أزواجهن (അവരുടെ ഭർത്താക്കളെ) എന്ന് പറഞ്ഞതിൽ, വിവാഹമോചനം നടത്തിയ ആദ്യത്തെ ഭർത്താക്കളും, പുതുതായി ഭർത്തൃത്വം ഏൽക്കുവാൻ മുമ്പോട്ട് വരുന്നവരും ഉൾപ്പെടുന്നു. ഇരു ഭാഗത്തുനിന്നും പരസ്പരം നല്ല നിലക്കുള്ള തൃപ്തിഉളവായിട്ടുണ്ടോ എന്നുള്ളതാണ് പ്രധാനം.

ബുഖാരീ (ﷺ) മുതലായവർ ഉദ്ധരിച്ച് ഒരു സംഭവത്തിൽനിന്ന് ഈ വചനത്തിലെ ആശയം കൂടുതൽ വ്യക്തമായി മനസ്സിലാക്കാം. അതിങ്ങിനെയാണ്: മഅ്ഖലുബ്നുയസാർ (رضي الله عنه) ന്റെ സഹോദരിയെ അവരുടെ ഭർത്താവ് ത്വലാഖ് നടത്തി. ഇദ്ദ കഴിയുന്നതുവരെ മടക്കി എടുക്കാതെ അദ്ദേഹം അവരെ വിട്ടു. പിന്നെ, അദ്ദേഹത്തിന് ആ സ്ത്രീയോടും, സ്ത്രീക്ക് അദ്ദേഹത്തോടും സ്നേഹം തോന്നി. പിന്നീട് ആ സ്ത്രീയെ വിവാഹാലോചന നടത്തിയവരുടെ കൂട്ടത്തിൽ അദ്ദേഹവും വിവാഹാലോചന നടത്തുകയുണ്ടായി. അപ്പോൾ മഅ്ഖൽ (رضي الله عنه) പറഞ്ഞു: ''ഹേ, വിഡ്ഢി! അവളെക്കൊണ്ട് ഞാൻ നിന്നെ ആദരിക്കുകയും, അവളെ ഞാൻ നിനക്ക് ഇണയാക്കിത്തരുകയും ചെയ്തു. എന്നിട്ട് നീ അവളെ വിവാഹമോചനം നടത്തുകയാണ് ചെയ്തത്. അല്ലാഹുവിനെത്തന്നെയാണ്! ഇനി, നിന്റെ അടുക്കലേക്ക് അവൾ ഒരിക്കലും മടങ്ങി വരുകയില്ല!'' മഅ്ഖൽ (رضي الله عنه) പറയുകയാണ്: ''അപ്പോൾ, അദ്ദേഹത്തിന് അവളിലേക്കും അവൾക്ക് അദ്ദേഹത്തിലേക്കുമുള്ള ആവശ്യം അല്ലാഹു അറിഞ്ഞു. അവൻ واذا طلقتم الخ എന്നുള്ള (ഈ) വചനം അവതരിപ്പിച്ചു. എന്റെ ഈ വിഷയത്തിലാണ് ഇത് അവതരിച്ചത്.'' (ബു;തി;ജ;ദാ.)

അവതരണഹേതു പ്രത്യേകം സംഭവമായിരുന്നാലും ആയത്തിലെ വിധി പൊതുവെയുള്ളതുതന്നെ. അപ്പോൾ, സദാചാരമര്യാദകൾക്കനുസരിച്ച് പരസ്പരം തൃപ്തി തോന്നിയ ഭർത്താക്കളെ വിവാഹം കഴിക്കുന്നതിന് സ്ത്രീകളെ അനുവദിക്കാതെ, അവരുടെ കൈകാര്യക്കാരോ (വലിയ്യുകളോ) മറ്റാരെങ്കിലുമോ അവരെ കുടുക്കിലാക്കരുതെന്നാണ് ഈ വചനം മുഖേന അല്ലാഹു കൽപിക്കുന്നത്. കുലമഹത്വം, പൂർവ്വവൈരം, ദുരഭിമാനം, ദുർവ്വാശി, പ്രതികാര മനസ്ഥിതി, സ്വാർത്ഥതാൽപര്യം ആദിയായ കാരണങ്ങളാൽ, സ്ത്രീകളുടെ കൈകാര്യ കർത്താക്കളും, ചിലപ്പോൾ നാട്ടുകാരിൽ സ്വാധീനശക്തിയുള്ളവരും, ചിലപ്പോൾ മുമ്പ് വിവാഹ മോചനം നടത്തിയ ഭർത്താക്കളും, അവരുടെ പക്ഷക്കാരുമൊക്കെ ഇങ്ങിനെ സ്ത്രീകളെ വിഷമിപ്പിക്കുന്ന സംഭവങ്ങൾ സാധാരണമാണ്. മുൻ വചനത്തിലെന്നപോലെ, ഈ വചനത്തിലും ഈ വിഷയത്തിന് അല്ലാഹു കൽപിക്കുന്ന പ്രാധാന്യവും, അതിനെ അവഗണിക്കുന്നവർക്ക് അവൻ നൽകുന്ന താക്കീതും നോക്കുക! ''നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യനാളിലും

വിശ്വസിച്ചുവരുന്നവർക്കാണ് ഇതുമുഖേന സദുപദേശം നൽകപ്പെടുന്നത്'' എന്ന് ആദ്യമായി ഉണർത്തുന്നു. ഈ ഉപദേശം സ്വീകരിക്കാതിരിക്കുന്നത് അല്ലാഹുവിലും അന്ത്യദിനത്തിലും ശരിക്ക് വിശ്വാസമില്ലാത്തതുകൊണ്ടാണെന്നാണല്ലോ ഇതിൻെറ അർത്ഥം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവർ ഈ ഉപദേശം പാലിക്കാതിരിക്കുകയില്ല എന്ന് സാരം. തുടർന്നുകൊണ്ട് ''അതാണ് നിങ്ങൾക്ക് ഏറ്റവും സംശുദ്ധമായതും വെടുപ്പുള്ളതും'' എന്നും പറയുന്നു. ഈ ഉപദേശം വിലവെക്കാതിരുന്നാൽ ഇഹത്തിലും പരത്തിലും നിങ്ങൾക്കത് നിന്ദ്യതക്കും അപമാനത്തിനും കാരണമാകും, അതുകൂടാതെ കഴിക്കേണമെങ്കിൽ ഈ ഉപദേശം നിങ്ങൾ പാലിക്കേണ്ടതാണെന്ന് സാരം. അവസാനം അല്ലാഹുവിന് എല്ലാം അറിയാം, നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം ഗുണദോഷങ്ങളെ സംബന്ധിച്ചു പോലും അറിയുവാൻ കഴിയുകയില്ല. അഥവാ അതുകൊണ്ടാണ് ഇത്രയൊക്കെ ഉപദേശിക്കുന്നതും, ഇങ്ങിനെയെല്ലാം വിവരിച്ച് തരുന്നതും എന്നുകൂടി ഉണർത്തിയിരിക്കുന്നു. (والله يعلم وانتم لا تعلمون) അല്ലാഹുവിന് അവൻെറ സൃഷ്ടികളുടെ ഗുണത്തിലുള്ള താൽപര്യം എത്ര മഹത്തരം!

۞ وَٱلْوَٰلِدَٰتُ يُرْضِعْنَ أَوْلَٰدَهُنَّ حَوْلَيْنِ كَامِلَيْنِ ۖ
لِمَنْ أَرَادَ أَن يُتِمَّ ٱلرَّضَاعَةَ ۚ وَعَلَى ٱلْمَوْلُودِ لَهُۥ
رِزْقُهُنَّ وَكِسْوَتُهُنَّ بِٱلْمَعْرُوفِ ۚ لَا تُكَلَّفُ نَفْسٌ إِلَّا
وُسْعَهَا ۚ لَا تُضَآرَّ وَٰلِدَةٌۢ بِوَلَدِهَا وَلَا مَوْلُودٌ لَّهُۥ
بِوَلَدِهِۦ ۚ وَعَلَى ٱلْوَارِثِ مِثْلُ ذَٰلِكَ ۗ فَإِنْ أَرَادَا
فِصَالًا عَن تَرَاضٍ مِّنْهُمَا وَتَشَاوُرٍ فَلَا جُنَاحَ
عَلَيْهِمَا ۗ وَإِنْ أَرَدتُّمْ أَن تَسْتَرْضِعُوٓا۟ أَوْلَٰدَكُمْ فَلَا
جُنَاحَ عَلَيْكُمْ إِذَا سَلَّمْتُم مَّآ ءَاتَيْتُم بِٱلْمَعْرُوفِ ۗ
وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ۝٢٣٣

233 മാതാക്കൾ അവരുടെ സന്താനങ്ങൾക്ക് പൂർണ്ണമായ രണ്ടുകൊല്ലം മുലകൊടുക്കണം; (ഇത്) മുലകുടി(ക്കാലം) പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കുള്ളതത്രെ. യാതൊരുവന് (സന്താനം) ജനിച്ചിരിക്കുന്നുവോ അവൻെറ മേലാണ് (ആചാര) മര്യാദയനുസരിച്ച് അവരുടെ [മുലകൊടുക്കുന്നവരുടെ] ആഹാരവും, വസ്ത്രങ്ങളും(ബാധ്യത) ഉള്ളത്. ഒരു ദേഹത്തോടും അതിൻെറ കഴിവ് (അനുസരിച്ച്) അല്ലാതെ ശാസിക്കപ്പെടുകയില്ല. ഒരു മാതാവ് അവളുടെ സന്താനം നിമിത്തമാകട്ടെ, യാതൊരുവനു(സന്താനം) ജനിച്ചുവോ അവൻ അവൻെറ സന്താനം നിമിത്തമാകട്ടെ, ദ്രോഹം ചെയ്യപ്പെട്ടുകൂടാ. അനന്തരാവകാശിയായുള്ളവൻെറ മേലും അതുപോലെ (ബാധ്യത) യുണ്ട്. ഇനി, അവർ രണ്ടാളിൽനിന്നുമുള്ള പരസ്പര തൃപ്തിയോടെയും, കൂടിയാലോചനയോടെയും (മുലകുടി) പിരിക്കുവാൻ അവർ രണ്ടാളും ഉദ്ദേശിച്ചുവെങ്കിൽ, അപ്പോൾ, രണ്ടാളുടെമേലും (അതിൽ) തെറ്റില്ല. നിങ്ങളുടെ സന്താനങ്ങൾക്ക് (മറ്റൊരുവൾ മുഖേന) മുലകൊടുപ്പിക്കുവാൻ നിങ്ങൾ ഉദ്ദേശിച്ചുവെങ്കിൽ, അപ്പോൾ, (അതിനും) നിങ്ങളുടെമേൽ തെറ്റില്ല; നിങ്ങൾ കൊടുക്കുന്നത് (ആചാര) മര്യാദപ്രകാരം നിങ്ങൾ ഏൽപിച്ചു കൊടുത്താൽ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യുവിൻ.

233 **والوالدات** മാതാക്കൾ, പ്രസവിച്ച സ്ത്രീകൾ. **يرضعن** അവർ മുലകൊടുക്കണം. **أولادهن** അവരുടെ കുട്ടി (സന്താനം) കൾക്ക്. **حولين** ര് കൊല്ലം. **كاملين** (ര്) പൂർണ്ണമായ. **لمن أراد** ഉദ്ദേശിച്ചവർക്ക്. **أن يتم** പൂർത്തിയാക്കുവാൻ. **الرضاعة** മുലകുടി. **وعلى المولود له** യാതൊരുവന് ജനിച്ചുവോ അവന്റെ മേലാണ്. **رزقهن** അവരുടെ ആഹാരം, ഉപജീവനം. **وكسوتهن** അവരുടെ വസ്ത്രങ്ങളും. **بالمعروف** മര്യാദപ്രകാരം. **لا تكلف** ശാസിക്കപ്പെടുകയില്ല. **نفس** ഒരു ദേഹവും, ആത്മാവും. **إلا وسعها** അതിന്റെ കഴിവ് (സാധിക്കുന്നത്) അല്ലാതെ. **لا تضار** ദ്രോഹിക്കപ്പെട്ടുകൂടാ, ഉപദ്രവം ഏൽപ്പിക്കപ്പെടരുത്. **والدة** ഒരു മാതാവും. **بولدها** അവളുടെ കുട്ടി (സന്താനം) നിമിത്തം. **ولا مولود له** യാതൊരുവന്നു ജനിച്ചുവോ അവനും (പിതാവും) പാടില്ല. **بولده** അവന്റെ കുട്ടി (സന്താനം) കാരണം. **وعلى الوارث** അനന്തരാവകാശിയുടെ മേലുമുണ്ട്. **مثل ذلك** അത്പോലെയുള്ളത്. **فإن أرادا** എനി അവർ രാളും ഉദ്ദേശിച്ചെങ്കിൽ. **فصالاً** (മുലകുടി) പിരിക്കുവാൻ. **عن تراض** പരസ്പര തൃപ്തിയോടെ. **منهما** അവർ രാളിൽനിന്നും. **وتشاور** അന്യോന്യം ആലോചനയോടെയും. **فلا جناح** എന്നാൽ തെറ്റില്ല, കുറ്റമില്ല. **عليهما** അവർ ര ുളുടെമേൽ. **وإن أردتم** നിങ്ങൾ ഉദ്ദേശിച്ചെങ്കിൽ. **أن تسترضعوا** നിങ്ങൾ മുല കൊടുപ്പിക്കുവാൻ. **أولادكم** നിങ്ങളുടെ സന്താനങ്ങൾക്ക്. **فلا جناح** എന്നാൽ കുറ്റമില്ല, തെറ്റില്ല. **عليكم** നിങ്ങളുടെമേൽ, നിങ്ങൾക്ക്. **إذا سلمتم** നിങ്ങൾ ഏൽപിച്ചുകൊടുത്താൽ. **ما آتيتم** നിങ്ങൾ കൊടുക്കുന്നത്. **بالمعروف** മര്യാദപ്രകാരം, ആചാരമനുസരിച്ച്. **واتقوا الله** അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. **واعلموا** അറിയുകയും ചെയ്യുവിൻ. **أن الله** അല്ലാഹു (ആകുന്നു) എന്നു. **بما تعملون** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. **بصير** കണ്ടറിയുന്നവനാണ് (എന്നു) .

കഴിഞ്ഞ ചില വചനങ്ങളിൽ വിവാഹമോചനത്തെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെയും കുറിച്ച് പ്രസ്താവിച്ചു. ഈ വചനത്തിൽ ശിശുക്കളുടെ മുലകുടി സംബന്ധമായി ചില കാര്യങ്ങൾ വിവരിക്കുന്നു. ശിശുക്കളെ പാലൂട്ടി വളർത്തുന്ന കാര്യം വൈവാഹിക ജീവിതത്തിന്റെ ഒരു വശമാണല്ലോ. ഭാര്യാഭർത്താക്കൾ തമ്മിൽ വിവാഹമോചനംവഴി വേർപിരിയുമ്പോൾ അതൊരു വലിയ പ്രശ്നമായിമാറുന്നു. അതുകൊണ്ടാണ് പരമ കാരുണികനായ അല്ലാഹു വിവാഹമോചനം സംബന്ധമായ കാര്യങ്ങളോടൊപ്പം ഇക്കാര്യവും വിവരിക്കുന്നത്. ഈ വചനത്തിലടങ്ങിയ നിയമ നിർദ്ദേശങ്ങൾ ഇങ്ങിനെ സംഗ്രഹിക്കാം:-

(1) കുട്ടികളുടെ മാതാക്കളാണ്-അഥവാ കുട്ടികളെ പ്രസവിച്ചവരാണ്-അവർക്ക് മുല കൊടുക്കേണ്ടത് 'മാതാക്കൾ അവരുടെ സന്താനങ്ങൾക്ക് മുലകൊടുക്കണം (والوالدات يرضعن اولادهن)' എന്നാണ് അല്ലാഹു പറഞ്ഞ വാക്ക്. അവർ പ്രസവിച്ച കുട്ടികൾക്ക് അവരാണല്ലോ മുലകൊടുക്കുവാൻ ബാദ്ധ്യസ്ഥരും അവകാശപ്പെട്ടവരും എന്നൊരു സൂചന ആ വാക്യത്തിൽ കാണാം. അപ്പോൾ മാതാക്കൾ അത് നിറവേറ്റുവാൻ കഴിയാത്ത സാഹചര്യത്തിലേ മറ്റ് മാർഗ്ഗങ്ങൾ ആരായേണ്ടതുള്ളുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. മുലപ്പാലല്ലാത്ത മറ്റ് പാലുകളോ, കൃത്രിമാഹാരങ്ങളോ നൽകി ശിശുക്കളെ വളർത്തുകയും. അമ്മമാർ അവരുടെ യുവത്വവും സൗന്ദര്യവും കാത്തുസൂക്ഷിക്കുകയും ചെയ്തുകൊണ്ട് ആ കൃത്യത്തിൽനിന്ന് ഒഴിഞ്ഞ് നിൽക്കുന്നത് ഒരു പരിഷ്കാരമായി ചിലർ കരുതാറുണ്ട്. പക്ഷേ, ശിശുക്കലുടെ ആരോഗ്യത്തിനും നൻമക്കും-മാതാക്കളുടെ നൻമക്കുതന്നെയും-ഈ പരിഷ്കാരം ഹാനി വരുത്തുമെന്നുള്ള വസ്തുത വൈദ്യ ശാസ്ത്ര വിദഗ്ദ്ധൻമാർക്കിടയിൽ സമ്മതിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാകുന്നു. (2) പൂർണ്ണമായ രണ്ട് കൊല്ലമാണ് മുലകുടിയുടെ കാലം. മൂന്നോ നാലോ മാസം കഴിയുമ്പോൾ മുലപ്പാലിന് പുറമെ മററു ഭക്ഷണങ്ങളും കുറേശ്ശെ കുട്ടി കഴിക്കുമെങ്കിലും അക്കാലത്ത് മുലപ്പാലിന്റെആവശ്യം കുട്ടിക്ക് ഇല്ലാതാകുന്നില്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ആരോഗ്യ ശാസ്ത്രം മറ്റാരേക്കാളും അറിയുക അല്ലാഹുവിനാണല്ലോ. (3) രണ്ടുകൊല്ലക്കാലം എന്ന് പറഞ്ഞത് മുലകുടയുടെ പരിപൂർണ്ണ കാലമാകുന്നു. അഥവാ, താഴെ

പ്രസ്താവിക്കുന്ന ഉപാധികളുള്ളപ്പോൾ രണ്ട് കൊല്ലം പൂർത്തിയാക്കിക്കൊള്ളണമെന്നില്ല. രണ്ടുകൊല്ലത്തിലധികം കാലം മാതാവ് മുലകൊടുക്കുകയോ, അതിന് വേണ്ട ചിലവ് പിതാവ് വഹിക്കുകയോ വേണ്ടതില്ല. രണ്ടുകൊല്ലം തികയുന്നതിന് മുമ്പ് പ്രത്യേക കാരണം കൂടാതെ രണ്ടാൾക്കും അവരവരുടെ ബാധ്യതയിൽ നിന്ന് സ്വന്തം നിലക്ക് ഒഴിഞ്ഞുമാറാവുന്നതുമല്ല.

മുലകുടിയുടെ കാലം രണ്ടുകൊല്ലമാണെന്ന് നിശ്ചയിക്കപ്പെട്ടതിൽ നിന്ന് മറ്റൊരു കാര്യം കൂടി ഗ്രഹിക്കുവാൻ കഴിയും. മുലകൊടുക്കുന്നത് കുട്ടിയുടെ യഥാർത്ഥ മാതാവല്ലാത്ത മറ്റുവല്ല സ്ത്രീയുമാണെങ്കിൽ, മുലകുടിച്ച കുട്ടിയും അവളുമായി ആ മുലകുടി നിമിത്തം ഒരു മാതൃബന്ധം ഉണ്ടായിത്തീരുമെന്നും, വിവാഹകാര്യങ്ങളിലും മറ്റും ഈ മുലകുടി ബന്ധം കുടുംബ ബന്ധം പോലെത്തന്നെ പരിഗണിക്കപ്പെടുമെന്നുമാണല്ലോ ഇസ്‌ലാമിലെ വിധി. ഈ മുലകുടിബന്ധം സ്ഥാപിതമാകുന്നത് കുട്ടിക്ക് രണ്ട് വയസ്സ് തികയും മുമ്പായി മുലകുടിക്കുമ്പോൾ മാത്രമായിരിക്കുമെന്നും, പിന്നീട് മുലകുടിക്കുന്നതുകൊണ്ട് ഈ ബന്ധം സ്ഥാപിതമാകുകയില്ലെന്നും ഇതിൽനിന്ന്-മുലകുടിയുടെ പൂർണ്ണമായ കാലം രണ്ടുകൊല്ലമാണ് എന്ന് പറഞ്ഞതിൽ നിന്ന്-മനസ്സിലാക്കാവുന്നതാണ്. ഭൂരിപക്ഷം പണ്ഡിതൻമാരുടെ അഭിപ്രായവും അതാണ്. ഹദീസിൻെറ പിൻബലവും അതിനാണുള്ളത്.

(4) മുലകൊടുക്കുന്ന മാതാക്കൾക്ക് ഭക്ഷണത്തിനും വസ്ത്രങ്ങൾക്കുമുള്ള വക നൽകേണ്ടതുണ്ട്. കുട്ടി ആർക്ക് ജനിച്ചുവോ അവനാണ്-അതെ, പിതാവാണ്-അത് നൽകുവാൻ ബാദ്ധ്യസ്ഥൻ. രണ്ടുപേരും വിവാഹ ബന്ധത്തിലുള്ളപ്പോൾ, കുട്ടി മുല കുടിക്കുവാനില്ലെങ്കിലും അത് ഭർത്താവിൻെറ കടമയാകുന്നു. വിവാഹബന്ധം നിലവിലില്ലാത്തപ്പോൾ, കുട്ടിക്ക് മുല കൊടുത്ത് വളർത്തിപ്പോരുവാൻ അവൾ മിനക്കെടുന്നതിൻെറ പേരിലും, അക്കാലത്ത് വേറെ ഉപജീവന മാർഗങ്ങളിൽ പ്രവേശിക്കുവാൻ വേണ്ടത്ര സമയവും സൗകര്യവും അവൾക്ക് ഉണ്ടായിരിക്കാത്തതിൻെറ പേരിലും അവൾക്ക് നൽകപ്പെടുന്ന ഒരു ആനുകൂല്യവും അവകാശവുമാണത്. എന്നല്ലാതെ, തൻെറ കുട്ടിക്ക് മുലകൊടുക്കുന്നതിനുള്ള ഒരു നിശ്ചിത പ്രതിഫലമോ, കൂലിയോ എന്ന നിലക്കല്ല അത്. അല്ലാഹു പറഞ്ഞ വാക്കുകളിൽനിന്നുതന്നെ ഇത് മനസ്സിലാക്കാവുന്നതാകുന്നു. പിതാവിൻെറ ബാദ്ധ്യതകളാണിത് എന്ന് പറയാതെ, കുട്ടി ഏതൊരുവന് ജനിച്ചുവോ അവൻെറ ബാദ്ധ്യതയാണ് (وعلى المولود له الخ) എന്ന് പറഞ്ഞതും അർത്ഥവത്താണ്. അവന് ജനിച്ച കുട്ടിയെ മുലകൊടുത്ത് വളർത്തുവാൻവേണ്ടുന്ന ചിലവുകൾ ചെയ്യേണ്ടത് സ്വാഭാവികമായും അവനാണ് എന്നത്രെ ഇത് സൂചിപ്പിക്കുന്നത്. (5) ഭക്ഷണത്തിനും വസ്ത്രത്തിനും നൽകപ്പെടേണ്ടുന്ന തുകയോ അളവോ നിർണ്ണയിക്കപ്പെട്ടിട്ടില്ല. സാധാരണ നിലക്ക് മര്യാദയായി കരുതപ്പെടുന്ന അളവിൽ (بالمعروف) എന്നേയുള്ളു. അഥവാ കഷ്ടപ്പെടാതെയും, മറ്റുള്ളവരെ ആശ്രയിക്കാതെയും അവളുടെ ഭക്ഷണത്തിൻെറയും വസ്ത്രത്തിൻെറയും കാര്യം ഇതുമുഖേന അവൾക്ക് ലഭിക്കണം. രണ്ടുകൂട്ടരുടെയും കഴിവ്, ജീവിതമാർഗ്ഗം, ജീവിതരീതി, കുടുംബനില, നാടിൻെറയും കാലത്തിൻെറയും പരിതസ്ഥിതി ഇതെല്ലാം അനുസരിച്ച് ഇതിൻെറ അളവും തോതും വ്യത്യാസപ്പെടുന്നതാണ്. തമ്മിൽ തർക്കം നേരിടുന്നപക്ഷം മദ്ധ്യസ്ഥൻമാർ മുഖേനയോ, അധികാരസ്ഥൻമാർ മുഖേനയോ സംഖ്യയും തോതും നിർണ്ണയിക്കാവുന്നതാണ്. ഓരോരുത്തൻെറയും കഴിവും ബാധ്യതയും അനുസരിച്ചേ അവൻ നൽകേണ്ടതുള്ളുതാനും. (6) കഴിവിനപ്പുറം നൽകുവാൻ പിതാവിനോടോ, അത്യാവശ്യത്തിൽ കുറഞ്ഞതുകൊണ്ട് മതിയാക്കുവാൻ മാതാവിനോടോ നിർബ്ബന്ധിക്കുവാനും പാടില്ലാത്തതാകുന്നു. ഇക്കാര്യം ഇക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു. പിതാവിൻെറ കഴിവും ഞെരുക്കവും പരിഗണിക്കപ്പെടാതെ കഴിയുന്നത്ര വലിയ സംഖ്യ വിധിച്ചു കിട്ടുവാൻ വേണ്ടി മാതാവിൻെറ ഭാഗക്കാരും , നേരെമറിച്ച് മാതാവിന് നൽകേണ്ടുന്ന സംഖ്യയിൽ നിന്ന് കഴിവതും ഒഴിവായിക്കിട്ടുവാൻ വേണ്ടി പിതാവിൻെറ ഭാഗക്കാരും കൃത്രിമ രേഖകളുമായി കോടതികളെ സമീപിക്കൽ ഇക്കാലത്ത് പലരുടെയും പതിവാണല്ലോ.

(7) ഭക്ഷണത്തിനും വസ്ത്രത്തിനുമുള്ള തുക കൊടുക്കുന്നതിലും വാങ്ങുന്നതിലും മാത്രമല്ല, മറ്റുള്ള കാര്യങ്ങളിലും തന്നെ മുലകുടിക്കുന്ന കുട്ടിമൂലം മാതാവിനോ പിതാവിനോ ഉപദ്രവം ഉണ്ടാകാവതല്ല. കുട്ടിയെ തനിക്ക് വിട്ടുകിട്ടാതെ, അല്ലെങ്കിൽ ചിലവിനുള്ള വക നൽകപ്പെടാതെ, അല്ലെങ്കിൽ തനിക്ക് വിവാഹത്തിലേർപ്പെടുവാൻ നിവൃത്തിയില്ലാതെ എന്നിങ്ങിനെയുള്ള ബുദ്ധിമുട്ടുകളൊന്നും കുട്ടിമൂലം മാതാവിന് വരുത്തുവാൻപാടില്ല. കുട്ടിയെ ഏററുവാങ്ങാതെ, കഴിവിൽ കവിഞ്ഞ സംഖ്യ ആവശ്യപ്പെട്ടുകൊണ്ട്, കുട്ടിയെ കാണുവാൻപോലും അനുവദിക്കാതെ എന്നിങ്ങിനെയുള്ള ബുദ്ധിമുട്ടുകളൊന്നും പിതാവിനും വരുത്തുവാൻ പാടില്ല. രണ്ടുപേരും വിവാഹബന്ധത്തിലായിരിക്കുമ്പോഴും ഇത്തരം കാര്യങ്ങളെല്ലാം സൂക്ഷിക്കേണ്ടത് തന്നെ. എങ്കിലും വിവാഹബന്ധം നിലവിലില്ലാത്തപ്പോൾ പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ടല്ലോ. (8) അനന്തരാവകാശികൾക്കും മേൽപറഞ്ഞതുപോലെയുള്ള ബാധ്യതയുണ്ട്. (وعلى الوارث مثل ذلك) ഈ വാക്യത്തിൻെറ അർത്ഥവ്യാഖ്യാനങ്ങളിൽ ഒന്നിലധികം അഭിപ്രായ വ്യത്യാസങ്ങൾ കാണാവുന്നതാണ്. അനന്തരാവകാശി (الوارث) എന്ന് പറഞ്ഞത് പിതാവിൻെറ അവകാശികളെ ഉദ്ദേശിച്ചും, കുട്ടിയുടെ അവകാശികളായി വരുന്നവരെ ഉദ്ദേശിച്ചും, മാതാവടക്കം എല്ലാവരുടെയും അവകാശികളെ ഉദ്ദേശിച്ചും, അവകാശികളിൽതന്നെ മാതാപിതാക്കൾപോലുള്ള അടുത്ത അവകാശി (العصبة) കളെ ഉദ്ദേശിച്ചും ആയിരിക്കുവാൻ സാധ്യതയുള്ളതാണ് ഈ അഭിപ്രായ ഭിന്നിപ്പിന് പ്രധാന കാരണം. 'അതുപോലെയുള്ളത് (مثل ذلك) എന്ന് പറഞ്ഞതിൽ മുമ്പ് പറഞ്ഞ എല്ലാ ബാധ്യതകളും ഉൾപ്പെടുവാനും, അതിൻെറ തൊട്ടുമുമ്പ് പറഞ്ഞ കാര്യം-മാതാവിനും പിതാവിനും കുട്ടിമൂലം ദ്രോഹം ഉണ്ടാകാവതല്ല എന്നുള്ളതു-മാത്രം ഉദ്ദേശിക്കപ്പെട്ടിരിക്കുവാനും സാധ്യതയുണ്ട്. ഇതാണതിന് മറ്റൊരു കാരണം. ഈ ഓരോ ബാധ്യതയെയും അടിസ്ഥാനമാക്കി ഈ ഒരൊറ്റ ചെറുവാക്യത്തിൽനിന്ന് ശാഖോപശാഖകളായ പല കാര്യങ്ങളും കർമ്മശാസ്ത്ര നിയമങ്ങളിൽ വിവരിക്കപ്പെട്ട് കാണാം. ഇത് സംബന്ധിച്ച് സയ്യിദുറശീദുരിള (رحمه الله) 'തഫ്സീറുൽമനാറി'ൽ പ്രസ്താവിച്ചതാണ് നമുക്കും ഇവിടെ പറയുവാനുള്ളത്. അതായത്, ഇത്രയും വിപുലമായ അർത്ഥസാധ്യതയുള്ള ഈ വാചകം അല്ലാഹു ഇവിടെ ഉപയോഗിച്ചതിൻെറ രഹസ്യം, ഒരു പക്ഷേ അവയെല്ലാം അതിൽ ഉൾക്കൊണ്ടിരിക്കണമെന്നുള്ളത് തന്നെയായിരിക്കും. (അല്ലാഹുവിനറിയാം.) ഒരു കാര്യം ധൈര്യമായി പറയാം: പിതാവോ മാതാവോ ജീവിച്ചിരിപ്പില്ലെങ്കിൽ, അല്ലെങ്കിൽ രോഗംകൊണ്ടോ മറ്റോ ജീവിച്ചിരിപ്പില്ലാത്ത ഫലത്തിലാണെങ്കിൽ, ഇരുകൂട്ടരുടെയും ബന്ധപ്പെട്ടവർ കുട്ടിയുടെ കാര്യത്തിൽ വേണ്ടതുചെയ്യേണ്ടതുണ്ട്.

(9) രണ്ടുകൊല്ലമാണ് മുലകുടിയുടെ കാലം എന്ന് പറഞ്ഞുവല്ലോ. എന്നാൽ വല്ല പരിതസ്ഥിതിയും നിമിത്തം മാതാപിതാക്കൾ തമ്മിൽ കൂടിയാലോചിച്ച് പരസ്പരം തൃപ്തിയോടെ കുട്ടിയുടെ മുലകുടി അതിന് മുമ്പ് തന്നെ നിർത്തണമെന്ന് തീരുമാനിക്കുന്നതിന് വിരോധമില്ല. പക്ഷേ, തീരുമാനം ഏകപക്ഷീയമാകരുത്. കാരണം, തൻെറ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ടി മാതാവും, തൻെറ ബാദ്ധ്യതകളിൽനിന്ന് മുക്തി ലഭിക്കുവാൻ പിതാവും ചിലപ്പോൾ ധൃതികൂട്ടിയെന്ന് വരും. കുട്ടിയെ സംബന്ധിച്ചിടത്തോളം അത് ദോഷകരവുമായിരിക്കും. രണ്ട് ഭാഗത്തുനിന്നുമുള്ള പൂർണ്ണസമ്മതത്തോടെയാകുമ്പോൾ -ഇന്നത്തെപ്പോലെ സ്വന്തം കുഞ്ഞുങ്ങളോടുപോലും കുരണതോന്നാത്ത മൃഗീയ പരിഷ്ക്കാരത്തിൻെറ ലഹരി ബാധിക്കാത്ത മാതാപിതാക്കളാണെങ്കിൽ-തങ്ങളുടെ കുട്ടിയുടെ നൻമകൂടി കണക്കിലെടുത്തുകൊണ്ടേ ആ തീരുമാനമുണ്ടാകൂ. (10) കുട്ടിയുടെ നൻമയോ, മാതാവിൻെറ വിഷമതയോ പിതാവിൻെറപരിതസ്ഥിതികളോ പരിഗണിച്ച് മാതാവല്ലാത്ത മറ്റ് വല്ല സ്ത്രീകളെയും കുട്ടിക്ക് മുലകൊടുത്ത് വളർത്തുവാൻ ഏൽപിക്കുന്നതിൽ മാതാപിതാക്കൾക്ക് കുറ്റമില്ല. ഇക്കാര്യത്തിൽ ഇവിടെ അല്ലാഹു പ്രത്യേക ഉപാധികളൊന്നും പറഞ്ഞ് കാണുന്നില്ല. എങ്കിലും, മാതാവിൻെറ അനുമതികൂടാതെ പിതാവോ, പിതാവിൻെറ സമ്മതമില്ലാതെ മാതാവോ അങ്ങിനെ ചെയ്യുവാൻ പാടില്ലെന്ന് മേൽ വിവരിച്ച വസ്തുതകളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. സൂ: ത്വലാഖ് 6ൽ 'وان تعاسرتم فسترضع له اخرى' (നിങ്ങൾ പരസ്പരം ഞെരുക്കം പ്രകടിപ്പിക്കുന്നപക്ഷം അവന്

-ഭർത്താവിനു-വേണ്ടി മറ്റൊരു സ്ത്രീ മുല കൊടുക്കാം) എന്ന് പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധേയ മാകുന്നു. ഈ വിഷയം ഇവിടെയും സൂ: ത്വലാഖിലും പിതാക്കളെ അഭിമുഖീകരിച്ചുകൊണ്ടാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. കുട്ടിയുടെ നൻമയെപ്പറ്റി ഗൗനിക്കേണ്ടുന്ന ബാദ്ധ്യതയിൽ പിതാക്കൾക്കാണ് മുൻഗണനയെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. (11) മറ്റൊരു സ്ത്രീയാണ് കുട്ടിക്ക് മുലകൊടുക്കുന്നതെങ്കിൽ അവൾക്കും സാധാരണ ആചാരമര്യാദക്കനുസരിച്ചുള്ള വേതനം ലോഭം കൂടാതെ നൽകേണ്ടതാണ്. അതിൽ പിശുക്ക് പിടിക്കുകയോ, അമാന്തം വരുത്തുകയോ ചെയ്തുകൂടാ. ഇത് സ്വന്തം കുട്ടിക്ക് തന്നെ ദോഷമായി ഭവിക്കുന്നതിന് പുറമെ ആ കുട്ടിയെ വളർത്തുന്ന മാതാവിനോട് ചെയ്യുന്ന അനീതിയുമായിരിക്കുമല്ലോ. (12) അവസാനമായി -ഇങ്ങിനെയുള്ള നിയമോപദേശങ്ങൾ വിവരിച്ചശേഷം പലപ്പോഴും അല്ലാഹു ഉണർത്താറുള്ളതുപോലെ മേൽപറഞ്ഞ കാര്യങ്ങളെല്ലാം ശരിക്കും പാലിച്ചുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, അതിൽ വീഴ്ചയോ, കൃത്രിമമോ നടത്തുന്നത് അല്ലാഹു വീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും ഓർമ്മിപ്പിക്കുന്നു.

وَٱلَّذِينَ يُتَوَفَّوۡنَ مِنكُمۡ وَيَذَرُونَ أَزۡوَٰجٗا يَتَرَبَّصۡنَ بِأَنفُسِهِنَّ أَرۡبَعَةَ أَشۡهُرٖ وَعَشۡرٗاۖ فَإِذَا بَلَغۡنَ أَجَلَهُنَّ فَلَا جُنَاحَ عَلَيۡكُمۡ فِيمَا فَعَلۡنَ فِيٓ أَنفُسِهِنَّ بِٱلۡمَعۡرُوفِۗ وَٱللَّهُ بِمَا تَعۡمَلُونَ خَبِيرٞ ﴿٢٣٤﴾

234 നിങ്ങളിൽനിന്ന് യാതൊരു കൂട്ടർ മരിക്കുകയും, ഭാര്യമാരെ വിട്ടേച്ചു പോകുകയും ചെയ്യുന്നുവോ, (അവരുടെ ശേഷം) അവർ [ആ ഭാര്യമാർ] അവരുടെ ദേഹങ്ങളുമായി നാലു മാസവും ഒരു പത്തും [പത്തു ദിവസവും] കാത്തിരിക്കണം. എന്നിട്ട്, അവർ തങ്ങളുടെ അവധി പ്രാപിച്ചാൽ, അപ്പോൾ അവർ തങ്ങളുടെ ദേഹങ്ങളുടെ കാര്യത്തിൽ (ആചാര) മര്യാദയനുസരിച്ചു ചെയ്യുന്നതിൽ നിങ്ങളുടെ മേൽ തെറ്റില്ല. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

234 **والذين** യാതൊരു കൂട്ടർ. **يتوفون** അവർ മുഴുവനുമായി പിടിച്ചെടുക്കപ്പെടുന്നു (മരിക്കുന്നു) . **منكم** നിങ്ങളിൽനിന്ന്. **ويذرون** അവർ വിട്ടേക്കുകയും ചെയ്യുന്നു. **أزواجا** ഇണകളെ (ഭാര്യമാരെ) . **يتربصن** ആ സ്ത്രീകൾ കാത്തിരിക്കണം. **بأنفسهن** അവരുടെ ദേഹങ്ങളുമായി, സ്വന്തങ്ങളും കൊണ്ട് . **أربعة أشهر** നാലു മാസങ്ങൾ. **وعشرا** ഒരു പത്തും (പത്തുദിവസവും) . **فإذا بلغن** എന്നിട്ട് അവർ എത്തിയാൽ, പ്രാപിച്ചാൽ. **أجلهن** അവരുടെ അവധി. **فلا جناح** അപ്പോൾ തെറ്റില്ല. **عليكم** നിങ്ങളുടെമേൽ. **فيما فعلن** അവർ ചെയ്യുന്നതിൽ. **في أنفسهن** അവരുടെ സ്വന്തം (കാര്യ) ങ്ങളിൽ, ദേഹങ്ങളെപ്പറ്റി. **بالمعروف** മര്യാദ (ആചാര) പ്രകാരം. **والله** അല്ലാഹു. **بما تعملون** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. **خبير** സൂക്ഷമമായി അറിയുന്നവനാണ്.

توفي (തവഫ്-ഫ) എന്നാൽ 'നിറവേറ്റുക, പൂർത്തിയാക്കുക, മുഴുവൻ എടുക്കുക' എന്നൊക്കെയാണ് വാക്കർത്ഥം. ഒരാൾ മരണപ്പെടുന്നത് അയാളുടെ ആയുഷ്കാലം അല്ലാഹു പൂർത്തിയാക്കുമ്പോഴാണല്ലോ. അതുകൊണ്ട് 'മരണപ്പെടുക' എന്ന ഉദ്ദേശ്യത്തിൽ ആ ധാതുവിൽനിന്നുള്ള പദങ്ങൾ ഉപയോഗിക്കപ്പെടുക സാധാരണമാണ്. മരണപ്പെടുക എന്ന അർത്ഥത്തിൽ 'കാലം കഴിഞ്ഞും കാലഗതി പ്രാപിച്ചു' എന്നുംമറ്റും മലയാളത്തിൽ പറയപ്പെടാറുള്ളതുപോലെ അറബിയിലുള്ള ഒരു പ്രയോഗമാണിത്. **عشر** (അശ്ർ) എന്ന വാക്കിന് 'പത്ത്' എന്നേ വാക്കർത്ഥമുള്ളുവെങ്കിലും ഉദ്ദേശ്യം പത്തുദിവസം എന്നാകുന്നു. ദിവസങ്ങളാണുദ്ദേശ്യമെന്ന് മനസ്സിലാക്കാവുന്ന സന്ദർഭങ്ങളിൽ എണ്ണംപറഞ്ഞു മതിയാക്കൽ അറബിയിൽ പതിവുള്ളതാണ്. (20:103ലും ഇങ്ങിനെ ഉപയോഗിച്ച് കാണാം.)

ഭർത്താക്കൾ കാലഗതി പ്രാപിക്കുമ്പോൾ, അവരുടെ ഭാര്യമാർ നാലുമാസവും പത്ത് ദിവസവും ഇദ്ദ ആചരിക്കേണ്ടതുണ്ട്. അത് കഴിഞ്ഞാൽ അവർക്ക് സദാചാര മര്യാദകൾക്ക് വിരുദ്ധമല്ലാത്തവിധം അവരുടെ ഭാവികാര്യം തീരുമാനിക്കാവുന്നതാണ്. അതിൽ അവരെ മുടക്കംചെയ്യാൻ പാടില്ല. അവർക്ക് ഇഷ്ടപ്പെട്ട ഭർത്താക്കളെ സ്വീകരിക്കുകയോ, തൽക്കാലം വിവാഹം വേണ്ടെന്നുവെക്കുകയോ യുക്തംപോലെ ചെയ്യാം എന്ന് സാരം. ഇദ്ദ കാലങ്ങളിൽ വിവാഹവും വിവാഹാലോചനയും വിരോധിക്കപ്പെട്ടിട്ടുണ്ട്. ഭർത്താവിൻെറ മരണത്തെ ത്തുടർന്നുള്ള ഈ ഇദ്ദയിൽ സൗന്ദര്യാലങ്കാരങ്ങൾ ഉപയോഗിക്കുന്നതും വിലക്കപ്പെട്ടി രിക്കുന്നു. വിലക്കുകളെല്ലാം ഇദ്ദയോടൊപ്പം അവസാനിക്കുന്നു.

ഭർത്താവ് മരണപ്പെട്ടാൽ ഒരുകൊല്ലംവരെ സ്ത്രീകൾ അതിദയനീയമായ നിലയിൽ ദുഃഖാചരണം നടത്തുന്ന സമ്പ്രാദായമായിരുന്നു ജാഹിലിയ്യ കാലത്തുണ്ടായിരുന്നത്. അതുവരെ നിന്ദ്യവും മലിനവുമായ വസ്ത്രം ധരിച്ച് കൂട്ടുകുടുംബങ്ങളുമായി സമ്പർക്കം പാടില്ലാതെ, വല്ല കുടിലിലോ മറ്റോ വീട്ടുമൃഗങ്ങൾ കണക്കെ കഴിഞ്ഞുകൂടേണ്ടിയിരുന്നു. അതോടൊപ്പം കുറേ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ആചരിക്കുകയും വേണ്ടിയിരുന്നു. ഇസ്‌ലാമാകട്ടെ, ഇദ്ദയുടെ കാലം അതിൻെറ മൂന്നിലൊന്നാക്കി ചുരുക്കുകയും ദുഃഖാചരണത്തിലെ നിരർത്ഥകമായ മാമൂലുകളെല്ലാം ഇല്ലാതാക്കുകയും ചെയ്തു. സൗന്ദര്യാലങ്കാരങ്ങളിൽ നിന്നും വിവാഹാലോചനകളിൽ നിന്നും ഒഴിവായാൽ മതിയെന്നും നിശ്ചയിച്ചു. നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീയും തന്നെ ഭർത്താവിൻെറ പേരിൽ നാല് മാസവും പത്ത് ദിവസവുമല്ലാതെ-മറ്റാരെങ്കിലും മരണപ്പെട്ടതിൻെറ പേരിൽ മൂന്നുദിവസത്തിലധികം ദുഃഖാചരണം നടത്തുന്നത് അനുവദനീയമാകുകയില്ല.'' (ബു:മു.)

ഭർത്താവിൻെറ മരണത്തെത്തുടർന്നുള്ള ഇദ്ദ നാല് മാസവും പത്ത് ദിവസവുമാണെന്നുള്ളതിൽ സ്ത്രീകളുടെ ചെറുപ്പവലിപ്പമോ, സംയോഗം നടന്നിട്ടുണ്ടോ ഇല്ലേ എന്നോ മറ്റോ ഉള്ള വ്യത്യാസമൊന്നുമില്ലെന്നാണ് ആയത്തിൽ നിന്ന് വരുന്നത്. വിശദാംശങ്ങളിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ടുതാനും. എന്നാൽ ഈ വിധിയിൽനിന്ന് ഗർഭിണികൾ ഒഴിവാണെന്നും, അവരുടെ ഇദ്ദ ഗർഭം പ്രസവിക്കുന്നതുവരെ മാത്രമാണെന്നും സൂ: ത്വലാഖ് 4-ാം വചനത്തിൽ നിന്ന് വ്യക്തമാണ്. സഅ്ദുബ്നുഖൗലഃ (رضي الله عنه) മരണമടയുമ്പോൾ അദ്ദേഹത്തിൻെറ ഭാര്യ സുബൈഇയ്യഃ (رضي الله عنها – سبيعة) ഗർഭിണിയായിരുന്നുവെന്നും അധികം താമസിയാതെ അവർ പ്രസവിക്കുകയും അതോടെ അവരുടെ ഇദ്ദ അവസാനിച്ചതായി നബി (ﷺ) വിധികൊടുക്കുകയും ചെയ്തുവെന്നും ബുഖാരിയും, മുസ്‌ലിമും (رحمهما الله) രേഖപ്പെടുത്തിയിട്ടുമുണ്ട്. വിവാഹമോചനത്തിനും, ഭർത്താവിൻെറ മരണത്തിനും ശേഷം സ്ത്രീകൾ ഇദ്ദ ആചരിക്കുവാൻ നിയമിച്ചതിലടങ്ങിയ ഒരു പ്രധാന ഉദ്ദേശ്യം അവർക്ക് ഗർഭമുണ്ടോ എന്നറിയുകയാണ്. അതാകട്ടെ, സാധാരണ ഗതിയിൽ മൂന്നുനാല് മാസം കൊണ്ട് അറിയപ്പെടുകയും ചെയ്യും. എന്നിരിക്കെ, നാലുമാസവും പത്തുദിവസവുമെന്ന് ഇവിടെ ഇദ്ദകാലം കൃത്യമായി നിയമിച്ചതിൻെറ രഹസ്യമെന്താണെന്ന് നമുക്ക് അറിഞ്ഞുകൂടാ. അല്ലാഹുവിനറിയാം എന്നുമാത്രമേ നമുക്ക് പറയുവാൻ സാധിക്കയുള്ളൂ. ഇതുപോലെ, നമസ്കാരത്തിൻെറ എണ്ണം, സക്കാത്തിൻെറ തോത്, ചില ദിക്റുകളുടെ എണ്ണം എന്നിങ്ങിനെ പലതിൻെറയും നിർണ്ണയത്തിലടങ്ങിയ യുക്തിരഹസ്യം നമുക്കറിഞ്ഞുകൂടാത്തതായുണ്ട്. ചിലതിൽ ചില തത്വങ്ങൾ അടങ്ങിയതായി ഊഹിക്കുവാൻ നമുക്ക് കഴിയുമെന്നല്ലാതെ വസ്തുനിഷ്ഠമായി അവയെപ്പറ്റി തീരുമാനിക്കുവാൻ നമുക്ക് സാധ്യമല്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾക്ക് **تعبدى** ('തഅബ്ബുദീ'-അഥവാ ആരാധനാപരമായ കാര്യം) എന്ന് പറയപ്പെടുന്നു. ഈ ഇദ്ദയോട് ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി അടുത്ത വചനത്തിൽ അല്ലാഹു തടുർന്ന് പറയുന്നു:-

وَلَا جُنَاحَ عَلَيْكُمْ فِيمَا عَرَّضْتُم بِهِۦ مِنْ خِطْبَةِ ٱلنِّسَآءِ أَوْ أَكْنَنتُمْ فِىٓ أَنفُسِكُمْ ۚ عَلِمَ ٱللَّهُ أَنَّكُمْ سَتَذْكُرُونَهُنَّ وَلَـٰكِن لَّا تُوَاعِدُوهُنَّ سِرًّا إِلَّآ أَن تَقُولُوا۟ قَوْلًا مَّعْرُوفًا ۚ وَلَا تَعْزِمُوا۟ عُقْدَةَ ٱلنِّكَاحِ حَتَّىٰ يَبْلُغَ ٱلْكِتَـٰبُ أَجَلَهُۥ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ يَعْلَمُ مَا فِىٓ أَنفُسِكُمْ فَٱحْذَرُوهُ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ غَفُورٌ حَلِيمٌ ﴿٢٣٥﴾

235 (ആ) സ്ത്രീകളുടെ വിവാഹാർത്ഥന സംബന്ധിച്ചു നിങ്ങൾ (വല്ലതും) സൂചന നൽകുകയോ, അല്ലെങ്കിൽ നിങ്ങളുടെ മനസ്സുകളിൽ ഒളിച്ചുവെക്കുകയോ ചെയ്യുന്നതിൽ നിങ്ങളുടെ മേൽ തെറ്റില്ല. നിങ്ങൾ വഴിയേ അവരെ ഓർത്തേക്കുന്നതാണെന്ന് അല്ലാഹുവിനറിയാം, എങ്കിലും, നിങ്ങൾ അവരോട് രഹസ്യമായി (ഒരു) വാഗ്ദാനം നടത്തരുത്; - നിങ്ങൾ മര്യാദയുള്ള വല്ല വാക്കും പറയുക എന്നുള്ളതല്ലാതെ. നിയമം അതിൻെറ അവധിയിലെത്തുന്നതുവരേക്കും വിവാഹബന്ധം നിങ്ങൾ തീർച്ചപ്പെടുത്തുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെ മനസ്സുകളിലുള്ളത് അറിയുമെന്ന് നിങ്ങൾ അറിഞ്ഞുംകൊള്ളുക. ആകയാൽ, നിങ്ങൾ അവനെ ശ്രദ്ധിച്ചു (കാത്തു) കൊള്ളുവിൻ. അല്ലാഹു വളരെ പൊറുക്കുന്നവനും, സഹനശീലനുമാണെന്ന് അറിയുകയും ചെയ്യുവിൻ.

---

235 **ولا جناح عليكم** നിങ്ങളുടെ മേൽ തെറ്റില്ല. **فيما** യാതൊന്നിൽ, ഒരുകാര്യത്തിൽ. **عرضتم به** അതിനെപ്പറ്റി നിങ്ങൾ സൂചന നൽകി. **من خطبة** വിവാഹാർത്ഥന സംബന്ധിച്ചു. **النساء** (ആ) സ്ത്രീകളുടെ. **أو أكننتم** അല്ലെങ്കിൽ നിങ്ങൾ ഒളിച്ചു (മറച്ചു) വെച്ചു . **في أنفسكم** നിങ്ങളുടെ സ്വന്തങ്ങളിൽ (മനസ്സുകളിൽ) . **علم الله** അല്ലാഹുവിനറിയാം. **أنكم** നിങ്ങൾ (ആകുന്നു) എന്ന്. **ستذكرونهن** വഴിയെ നിങ്ങൾ അവരെ ഓർമ്മിക്കും. **ولكن** എങ്കിലും. **لا تواعدوهن** നിങ്ങളവരോട് വാഗ്ദാനം നടത്തരുത്. **سرا** രഹസ്യമായി, സ്വകാര്യത്തിൽ. **إلا أن تقولوا** നിങ്ങൾ പറയുന്നതൊഴികെ. **قولا** വല്ല വാക്കും. **معروفا** മര്യാദയായ (മിതമായ) . **ولا تعزموا** നിങ്ങൾ തീർച്ചപ്പെടുത്തുക (ഉറപ്പിക്കുക) യും അരുത്. **عقدة النكاح** വിവാഹബന്ധത്തെ. **حتى يبلغ** എത്തുന്നതുവരേക്ക്. **الكتاب** നിയമം, രേഖ. **أجله** അതിൻെറ അവധി. **واعلموا** അറിയുകയും ചെയ്വിൻ. **أن الله يعلم** അല്ലാഹു അറിയുന്നതാണെന്ന്. **ما في أنفسكم** നിങ്ങളുടെ മനസ്സുകളിലുള്ളത്. **فاحذروه** അതിനാൽ നിങ്ങളവനെ ശ്രദ്ധിച്ചു കാക്കുവിൻ. **واعلموا** അറിയുകയും ചെയ്യുക. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **غفور** വളരെ പൊറുക്കുന്നവൻ. **حليم** സഹനശീലൻ.

كتاب നിയമംകൊണ്ട് ഇവിടെ വിവക്ഷ ഇദ്ദയാകുന്നു. ഭർത്താക്കളുടെ മരണത്തെത്തുടർന്ന് ഇദ്ദയിലിരിക്കുന്ന സ്ത്രീകളുടെ നിശ്ചിതകാലം അവസാനിക്കും മുമ്പായി അവരോട് വിവാഹാഭ്യർത്ഥന നടത്തുകയോ, വിവാഹത്തെക്കുറിച്ച് രഹസ്യമായി വല്ല വാഗ്ദാനങ്ങളും നടത്തുകയോ, ഇദ്ദ കഴിഞ്ഞാൽ വിവാഹം കഴിക്കാമെന്ന് നിശ്ചയം ചെയ്യുകയോ പാടില്ലെന്ന് അല്ലാഹു ഈ വചനം മുഖേന കൽപ്പിക്കുന്നു. എന്നാൽ, സംഗതി തുറന്ന് പറയാതെ, വല്ല സൂചനാവാക്കും പറയുകയോ, ഇദ്ദ കഴിഞ്ഞാൽ വിവാഹം കഴിക്കാമെന്ന് മനസ്സിൽവെച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് വിരോധമില്ലെന്നും പ്രസ്താവിക്കുന്നു. ഈ വിഷയത്തിൽ, മടക്കി എടുക്കുവാൻ സാദ്ധ്യമല്ലാത്ത നിലക്കുള്ള വിവാഹമോചനത്തെത്തുടർന്ന് ഇദ്ദ ആചരിക്കുന്നവരും, ഭർത്താവിൻെറ മരണശേഷം ഇദ്ദയിലിരിക്കുന്നവരും ഒരുപോലെയാകുന്നു. എന്നാൽ മടക്കി എടുക്കുവാൻ സാദ്ധ്യതയുള്ള വിവാഹമോചനത്തിൻെറ ഇദ്ദയിലിരിക്കുന്ന സ്ത്രീകളോട് മേൽപറഞ്ഞപ്രകാരമുള്ള സൂചനപോലും പാടില്ല. കാരണം, അവളെ മടക്കി എടുക്കുവാൻ അവളുടെ ഭർത്താവിന്

എപ്പോഴും അവകാശമുള്ളതുകൊണ്ട് ആ അവകാശത്തിന് നേരെയുള്ള ഒരു കയ്യേറ്റമായിരിക്കും അത്. അല്ലാഹുവിൻെറ നിയമാതിർത്തികളെ ലംഘിക്കാതെ കാത്തുസൂക്ഷിക്കുന്നത് സംബന്ധിച്ച താക്കീതുകളാണ് ആയത്തിൻെറ അവസാന ഭാഗത്തിൽ കാണുന്നത്.

വിഭാഗം-31

لَّا جُنَاحَ عَلَيْكُمْ إِن طَلَّقْتُمُ ٱلنِّسَآءَ مَا لَمْ تَمَسُّوهُنَّ أَوْ تَفْرِضُوا۟ لَهُنَّ فَرِيضَةً ۚ وَمَتِّعُوهُنَّ عَلَى ٱلْمُوسِعِ قَدَرُهُۥ وَعَلَى ٱلْمُقْتِرِ قَدَرُهُۥ مَتَٰعًۢا بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُحْسِنِينَ ﴿٢٣٦﴾

236 സ്ത്രീകളെ [ഭാര്യമാരെ] നിങ്ങൾ സ്പർശിക്കുകയോ, അവർക്ക് (മഹ്റിൻെറ) ഒരു നിർണ്ണയം നിർണ്ണയിക്കുകയോ ചെയ്യാത്തപ്പോൾ, അവരെ നിങ്ങൾ വിവാഹമോചനം നടത്തിയെങ്കിൽ നിങ്ങളുടെ മേൽ തെറ്റില്ല, അവർക്ക് നിങ്ങൾ 'മുത്അത്ത്' [അനുഭവിക്കുവാനുള്ള വിഭവം] നൽകുകയും ചെയ്യണം;- നിവൃത്തിയുള്ളവൻെറ മേൽ അവൻെറ തോതും, ഞെരുക്കമുള്ളവൻെറ മേൽ അവൻെറ തോതുമത്രെ (ബാധ്യത) - (ആചാര) മര്യാദയനുസരിച്ചുള്ള ഒരു വിഭവം (നൽകണം) ;- (അതെ) സുകൃതം ചെയ്യുന്നവരുടെ മേൽ ഒരു കടമ!

---

236 **لا جناح عليكم** നിങ്ങളുടെ മേൽ തെറ്റില്ല. **إن طلقتم** നിങ്ങൾ വിവാഹമോചന നടത്തിയെങ്കിൽ. **النساء** സ്ത്രീകളെ. **ما لم تمسوهن** അവരെ നിങ്ങൾ സ്പർശിക്കാത്തപ്പോൾ. **أو تفرضوا لهن** അല്ലെങ്കിൽ അവർക്ക് നിശ്ചയിക്കാത്ത (നിർണ്ണയിക്കാത്ത-നിർബ്ബന്ധമാക്കാത്ത) പ്പോൾ. **فريضة** ഒരു നിർണ്ണയം, നിശ്ചയം, നിർബന്ധം. **ومتعوهن** നിങ്ങൾ അവർക്ക് മൂത്അത്ത് (വിഭാഗം-ഉപഭോഗ വസ്തു) കൊടുക്കുകയും ചെയ്യുക. **على الموسع** നിവൃത്തിയുള്ള (കഴിവുള്ള) വൻെറ മേല്യ്. **قدره** അവൻെറ തോത്. **وعلى المقتر** ഞെരുക്ക(തിടുക്ക) ക്കാരൻെറ മേലും ഉ്. **قدره** അവൻെറ തോത്. **متاعا** ഒരു വിഭവം (നൽകൽ) . **بالمعروف** ആചാര (മര്യാദ) പ്രകാരം. **حقا** കടമ, അവകാശം, ന്യായം. **على المحسنين** സുകൃതം (നൻമ) ചെയ്യുന്നവരുടെ മേൽ.

ഭാര്യമാരെ വിവാഹമോചനം നടത്തുന്നതിന് നിയമദൃഷ്ട്യാ അംഗീകാരമുണ്ടെങ്കിലും സ്വതവേ അതൊരു നല്ല കാര്യമല്ലല്ലോ. 'അനുവദനീയമായ കാര്യത്തിൽ വെച്ച് അല്ലാഹുവിന് ഏറ്റവും കോപകരമായുള്ളത് ത്വലാഖാകുന്നു (വിവാഹമോചനമാകുന്നു) ' എന്ന് ഹദീസിൽ വന്നിട്ടുള്ളതാണ്. (ദാ;ജ;ഹാ.) എന്നിരിക്കെ, വിവാഹകർമ്മം കഴിഞ്ഞതിനുശേഷം സ്ത്രീയും പുരുഷനും തമ്മിൽ സ്പർശനം-അഥവാ സംയോഗം-നടന്നിട്ടില്ലാതിരിക്കുകയും, അവർക്ക് വിവാഹമൂല്യമായി നൽകപ്പെടുന്ന സംഖ്യ (മഹ്ർ) എത്രയാണെന്ന് ഇരുകൂട്ടരും തമ്മിൽ നിർണ്ണയം ചെയ്യപ്പെട്ട് കഴിയാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ സ്ത്രീയെ വിവാഹമോചനം നടത്തുന്നതിന് വിരോധമുണ്ടോ എന്ന് സംശയിക്കാമല്ലോ. വിവാഹമോചനത്തിൻെറ ആവശ്യം നേരിടുന്നപക്ഷം ആ അവസരത്തിലും അത് നടത്താം-അതിൽ തെറ്റില്ല-അത് നിയമാനുസൃതം തന്നെയാണ് എന്നും, അവൾക്ക് മഹ്ർ കൊടുക്കേണ്ടതില്ലെന്നും അല്ലാഹു അറിയിക്കുന്നു. ഈ അവസരത്തിൽ ത്വലാഖ് നടക്കുന്നത് സ്വാഭാവികമായും അവരുടെ മനസ്സിന് വലിയ ക്ഷതം ഏൽപ്പിക്കുന്ന കാര്യമാണല്ലോ. അതുകൊണ്ട്-അവർക്ക് ഒരു മനസ്സമാധാനമെന്ന നിലക്ക്-എന്തെങ്കിലും ഒരു വിഭവം സമ്മാനമായി നൽകണമെന്നും, അത് ഓരോരുത്തരുടെയും കഴിവിനും പദവിക്കും അനുസരിച്ച് വേണമെന്നും കൽപിക്കുന്നു. ഈ വിഭവം **متعة** (മുത്അത്ത്) എന്ന പേരിൽ അറിയപ്പെടുന്നു.

'മുത്അത്ത്' എന്തായിരിക്കണം, എത്ര വേണം എന്നൊന്നും ഖുർആനിലോ ഹദീസിലോ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഭർത്താവിൻെറ കഴിവനുസരിച്ചും സദാചാരമര്യാദയനുസരിച്ചും വല്ലതും

കൊടുക്കണമെന്നേ കൽപിക്കപ്പെട്ടിട്ടുള്ളു. എന്നാൽ, സുകൃതവാൻമാരായ ആളുകൾക്ക് ഒഴിച്ചുകൂടാത്ത ഒരു കടമയാണ് അതെന്നുകൂടി അല്ലാഹു ഉണർത്തിയിരിക്കുന്നു. എല്ലാവരും അത് നൽകേണ്ടതില്ല എന്നല്ല ഇതിൻെറ ഉദ്ദേശ്യം. സുകൃതവും മാന്യവുമായ ഒരു കാര്യമാണതെന്നും, അതിൽ ആരും പിശുക്ക് കാണിക്കരുതെന്നും ശക്തിയായ ഭാഷയിലുള്ള ഒരു പ്രോൽസാഹനം നൽകലാണത്. മിതമായ തോതിലുള്ള 'മുത്അത്തി'ന് പല മഹാൻമാരും പല ഉദാഹരണങ്ങളും പറഞ്ഞുകാണാം. ഒരുകൂട്ടം വസ്ത്രം, ഒരു വേലക്കാരൻ, ഒരു കുപ്പായവും തട്ടവും തുണിയും എന്നിങ്ങനെയും, സാധാരണ ഗതിയിൽ അതത് സ്ത്രീകൾക്ക് ലഭിക്കാറുള്ള മഹ്റിൻെറ പകുതി, പത്തോ മുപ്പതോ പണം എന്നിങ്ങനെയുമൊക്കെ അതിന് ഉദാഹരണങ്ങൾ പറയപ്പെട്ട് കാണാം. ചില മഹാൻമാർ ആയിരക്കണക്കിൽ സംഖ്യ മുത്അത്ത് നൽകിയതായും നിവേദനം ചെയ്യപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ, കഴിവും, മാനമര്യാദയും, കാലദേശവ്യത്യാസങ്ങളുമനുസരിച്ച് ആ സ്ത്രീകൾക്ക് ഒരു മനസ്സമാധാനവും സന്തോഷവും ലഭിക്കാത്തക്കവിധം വല്ല വിഭവവും നൽകുക എന്നതാണ് 'മുത്അത്തു'കൊണ്ട് വിവക്ഷ എന്ന് സാമാന്യമായി പറയാം.

വിവാഹം കഴിക്കുമ്പോൾ ഭർത്താവ് ഭാര്യക്ക് മഹ്ർ കൊടുക്കൽ ഒഴിച്ചുകൂടാത്ത ഒരു നിർബ്ബന്ധമത്രെ. എന്നാൽ, വിവാഹകാര്യം (നിക്കാഹ്) നടക്കുമ്പോൾതന്നെ മഹ്റിൻെറ സംഖ്യ നിർണ്ണയിക്കൽ നിർബ്ബന്ധമില്ല. അത് പിന്നീട് നിശ്ചയിച്ചാലും മതിയാകും. വിവാഹ കർമ്മത്തോടോപ്പംതന്നെ മഹ്ർ മുഴുവൻ കൊടുത്തേതീരു എന്നുമില്ല. രണ്ടു കൂട്ടരും തമ്മിൽ നടക്കുന്ന നിശ്ചയപ്രകാരം പിന്നീട് കൊടുത്താലും മതിയാകും. എന്നൊക്കെ ഈ വചനത്തിൽനിന്നും അടുത്ത വചനത്തിൽനിന്നുമായി ഗ്രഹിക്കാവുന്നതാകുന്നു. കൂടാതെ, ഹദീസുകളിൽനിന്നും മനസ്സിലാക്കാം. എന്നാൽ വിവാഹകർമ്മം നടക്കുമ്പോൾ മഹ്ർ ഇത്രയാണെന്ന് പറയാറുണ്ടെങ്കിലും അത് കൊടുത്തുതീർക്കാതിരിക്കുന്ന ഒരു സമ്പ്രദായം ചിലർക്കിടയിൽ നടപ്പുണ്ട്. പിന്നീട് വിവാഹമോചനത്തെത്തുടർന്നോ, മരണത്തെത്തുടർന്നോ ഇരുകൂട്ടർക്കുമിടയിലുള്ള ധനപരമായ കണക്കുകൾ അന്യോന്യം പറയുമ്പോൾമാത്രമേ അവർ മഹ്റിൻെറ സംഖ്യയെപ്പറ്റി ആലോചിക്കാറുള്ളു. ഇത് ശരിയല്ലെന്നും, നിശ്ചയിച്ച മഹ്ർ യഥാസമയം കൊടുത്ത് തീർക്കണമെന്നും സമുദായ സ്നേഹികളായ പലരും ശബ്ദമുയർത്താറുള്ളതിൻെറ അർത്ഥം വേണ്ടപോലെ ഗ്രഹിക്കാത്തതിൻെറ ഫലമായി വിവാഹകർമ്മം നടക്കുമ്പോൾതന്നെ മഹ്ർ മുഴുവൻ കൊടുക്കൽ നിർബ്ബന്ധമാണെന്നും ചിലർ തെറ്റിദ്ധരിച്ചതായി കാണാം. വാസ്തവം മുകളിൽ പറഞ്ഞ പ്രകാരമാണുതാനും.

وَإِن طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ وَقَدْ فَرَضْتُمْ لَهُنَّ فَرِيضَةً فَنِصْفُ مَا فَرَضْتُمْ إِلَّآ أَن يَعْفُونَ أَوْ يَعْفُوَا۟ ٱلَّذِى بِيَدِهِۦ عُقْدَةُ ٱلنِّكَاحِ ۚ وَأَن تَعْفُوٓا۟ أَقْرَبُ لِلتَّقْوَىٰ ۚ وَلَا تَنسَوُا۟ ٱلْفَضْلَ بَيْنَكُمْ ۚ إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿٢٣٧﴾

237 അവരെ [ഭാര്യമാരെ] സ്പർശിക്കുന്നതിന് മുമ്പായി നിങ്ങൾ അവരെ വിവാഹ മോചനം ചെയ്തുവെങ്കിൽ, നിങ്ങൾ അവർക്ക് ഒരു നിർണ്ണയം നിർണ്ണയിച്ചിട്ടുണ്ടുതാനും-എന്നാൽ, നിങ്ങൾ നിർണ്ണയം ചെയ്തിട്ടുള്ളതിൻെറ പകുതിയാണ് (കൊടുക്കേണ്ടത്) ; അവർ [ആ സ്ത്രീകൾ] മാപ്പാക്കുകയോ, അല്ലെങ്കിൽ വിവാഹ ബന്ധം യാതൊരുവൻെറ കൈവശമാണോ അവൻ മാപ്പാക്കുകയോ ചെയ്യുന്നതായാലൊഴികെ. നിങ്ങൾ മാപ്പാക്കുന്നതാകട്ടെ, സൂക്ഷ്മത (അഥവാ ഭയഭക്തി) യിലേക്ക് കൂടുതൽ അടുത്തതുമാകുന്നു നിങ്ങൾക്കിടയിലുള്ള ശ്രേഷ്ഠത (അല്ലെങ്കിൽ ഔദാര്യം) നിങ്ങൾ മറന്നുകളയുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാ

ഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാണ്.

---

237 وَإِن طَلَّقْتُمُوهُنَّ നിങ്ങളവരെ ത്വലാഖ് (വിവാഹമോചനം) ചെയ്തുവെങ്കിൽ. مِن قَبْلِ മുമ്പായി, മുമ്പ്. أَن تَمَسُّوهُنَّ നിങ്ങളവരെ സ്പർശിക്കുന്നതിന്. وَقَدْ فَرَضْتُمْ നിങ്ങൾ നിർണ്ണയിച്ചിട്ടുമു്, നിശ്ചയിച്ചിരിക്കെ. لَهُنَّ അവർക്ക്, അവരോട്. فَرِيضَةً ഒരു നിർണ്ണയം, നിശ്ചയം. فَنِصْفُ എന്നാൽ പകുതിയാണ്. مَا فَرَضْتُمْ നിങ്ങൾ നിർണ്ണയിച്ചതിൻെറ, നിശ്ചയിച്ചതിൻെറ. إِلَّا أَن يَعْفُونَ അവർ മാപ്പാക്കിയാലല്ലാതെ, വിട്ടുവീഴ്ച ചെയ്താലൊഴികെ. أَوْ يَعْفُوَ അല്ലെങ്കിൽ മാപ്പുചെയ്യുക. الَّذِي യാതൊരുവൻ. بِيَدِهِ അവൻെറ കയ്യിലാണ്. عُقْدَةُ ബന്ധം, ഉറപ്പ്, കെട്ട്. النِّكَاحِ വിവാഹത്തിൻെറ. وَأَن تَعْفُوا നിങ്ങൾ മാപ്പുചെയ്യുന്നതാകട്ടെ. أَقْرَبُ കൂടുതൽ അടുത്തതാണ്. لِلتَّقْوَىٰ സൂക്ഷ്മതയോട്, ഭയഭക്തിക്ക്. وَلَا تَنسَوُا നിങ്ങൾ മറക്കുക (വിസ്മരിക്കുക) യും അരുത്. الْفَضْلَ ശ്രേഷ്ഠത, യോഗ്യത, ഔദാര്യം, ദയവ് .. بَيْنَكُمْ നിങ്ങൾക്കിടയിലുള്ള (തമ്മിലുള്ള) . إِنَّ اللَّهَ നിശ്ചയമായും അല്ലാഹു. بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. بَصِيرٌ കറിയുന്നവനാണ്.

ഭാര്യയുമായി സ്പർശനം-സംയോഗം-നടക്കുന്നതിനുമുമ്പ് അവളെ ഭർത്താവ് വിവാഹമോചനം ചെയ്തു. അവളുടെ മഹ്ർ എത്രയാണെന്ന് നേരത്തെ നിർണ്ണയിച്ചു കഴിഞ്ഞിട്ടുണ്ട്. എങ്കിൽ, ആ നിശ്ചയിച്ച മഹ്റിൻെറ പകുതി കൊടുക്കൽ നിർബ്ബന്ധമാകുന്നു. 'മുത്അത്തി'ൻെറ നിർബന്ധം ഇവിടെയില്ല. ഇനി, സ്ത്രീ അവളുടെ സ്വന്തം മനസ്സാലെ അതിൽ ഏതാനും ഭാഗമോ മുഴുവനുമോ ഒഴിവാക്കി കൊടുക്കുന്നപക്ഷം, ഭർത്താവ് പിന്നെ അത് കൊടുത്തുതീർക്കണമെന്നില്ല. ഭർത്താവ് അവൻെറ ഔദാര്യമെന്ന നിലക്ക് പകുതിയിലധികമോ മുഴുവൻ ഭാഗമോ അങ്ങ് കൊടുക്കുകയാണെങ്കിൽ അത് സ്വീകരിക്കുന്നതിന് അവൾക്കും വിരോധമില്ല. എന്നൊക്കെയാണ് ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നത്. രണ്ടിൽ ഏത് ഭാഗത്തുനിന്നായാലും വിട്ടുവീഴ്ചയില്ലാതെ ശാഠ്യവും പിശുക്കും കാണിക്കുന്നത് നന്നല്ലെന്നും, വിട്ടുവീഴ്ചാ മനസ്ഥിതിയാണ് സൂക്ഷ്മതക്കും ഭയഭക്തിക്കും അനുയോജ്യമായതെന്നും പ്രത്യേകം ഉണർത്തുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം നിങ്ങൾക്കിടയിലുള്ള ശ്രേഷ്ഠത-അഥവാ ഔദാര്യമനസ്ഥിതി -മറന്നുപോകരുതെന്നുകൂടി പറഞ്ഞുകൊണ്ട് അതിന് ആവേശമൂട്ടുകയും ചെയ്യുന്നു. ശ്രേഷ്ടഠതയും മാന്യതയും പാലിക്കുവാനും, ഔദാര്യവും വിട്ടുവീഴ്ചയും കാണിക്കുവാനും സ്ത്രീയെ അപേക്ഷിച്ച് പുരുഷനാണ് പലനിലക്കും കൂടുതൽ അവകാശപ്പെട്ടവൻ എന്ന് പറയേണ്ടതില്ല. ചിലപ്പോൾ പരിതസ്ഥിതികൾ മറിച്ചായെന്നുംവരും. അപ്പോൾ, സ്ത്രീയുടെ ഭാഗത്തായിരിക്കും അതിന് മുൻതൂക്കമുണ്ടായിരിക്കുക.

(الذي بيده عقدة النكاح) വിവാഹബന്ധത്തിൻെറ കൈവശമുള്ളവൻ) എന്ന് പറഞ്ഞത് ഭർത്താവിനെ ഉദ്ദേശിച്ചാകുന്നു. വിവാഹബന്ധം സ്ഥാപിക്കലും അത് മോചിപ്പിക്കലും അവൻെറ കൈക്കാണല്ലോ ബലത്തിൽ വരുന്നത്. ഭർത്താവ് മാപ്പാക്കുക-അല്ലെങ്കിൽ വിട്ടുവീഴ്ച ചെയ്യുക-എന്ന് പറഞ്ഞതിൻെറ അർത്ഥം അവൻ കൊടുക്കുവാൻ കടമപ്പെട്ടതിലും കൂടുതലായി കൊടുക്കുക എന്നത്രെ. നിശ്ചയപ്രകാരമുള്ള മഹ്റിൻെറ സംഖ്യ മുഴുവനും ഭർത്താവ് ത്വലാഖിന് മുമ്പ് തന്നെ കൊടുത്ത് കഴിഞ്ഞിരുന്നുവെങ്കിൽ, അപ്പോൾ അതിൽ പകുതി ഭാഗം തിരിച്ചുമേടിക്കുവാൻ അവനവകാശമുണ്ടായിരിക്കുമല്ലോ. അത് തിരിച്ചുവാങ്ങാതിരിക്കുന്നതും അവൻ ചെയ്യുന്ന ഔദാര്യമാകുന്നതാണ്. ആരെല്ലാമാണ് നിയമവും മര്യാദയും പാലിക്കുന്നത്, ആരെല്ലാമാണ് സൂക്ഷ്മതയും ഭയഭക്തിയുമുള്ളവർ എന്നൊക്കെ അല്ലാഹു കണ്ടറിഞ്ഞും വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന്-മുൻവചനങ്ങളിലെപ്പോലെ-അവസാനം ഇവിടെയും അല്ലാഹു ആവർത്തിച്ചുണർത്തിയിരിക്കുന്നു. അനുഷ്ഠാന നിയമങ്ങൾ വിവരിക്കുക മാത്രമല്ല അല്ലാഹുവിൻെറ ഉദ്ദേശ്യം. അവയെല്ലാം അനുഷ്ഠാനത്തിൽ വരുത്തി മനുഷ്യർ സൻമാർഗ്ഗി

കളായിത്തീരുകയാണ്. അതുകൊണ്ടാണ് നിയമ നിർദ്ദേശങ്ങൾ വിവരിച്ചുതന്നതിനോട് ചേർന്ന് ഇങ്ങിനെയുള്ള ഉപദേശങ്ങളും താക്കീതുകളും അല്ലാഹു ആവർത്തിക്കുന്നതും.

حَـٰفِظُوا۟ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُوا۟ لِلَّهِ قَـٰنِتِينَ ﴿٢٣٨﴾

238 (എല്ലാ) നമസ്കാരങ്ങളെയും (വിശിഷ്യാ) മദ്ധ്യനമസ്കാരത്തെയും സംബന്ധിച്ച് നിങ്ങൾ സൂക്ഷിച്ചുപോരുവിൻ. (ഒതുക്കത്തോടുകൂടി) ഭക്തിയുള്ളവരായ നിലയിൽ അല്ലാഹുവിന്‌വേണ്ടി നിൽക്കുകയും ചെയ്യുവിൻ.

فَإِنْ خِفْتُمْ فَرِجَالًا أَوْ رُكْبَانًا ۖ فَإِذَآ أَمِنتُمْ فَٱذْكُرُوا۟ ٱللَّهَ كَمَا عَلَّمَكُم مَّا لَمْ تَكُونُوا۟ تَعْلَمُونَ ﴿٢٣٩﴾

239 ഇനി, നിങ്ങൾ ഭയപ്പെടുന്നപക്ഷം, കാൽനടക്കാരായിക്കൊണ്ടോ, വാഹനമേറിയവരായിക്കൊണ്ടോ (ആവാം) എന്നാൽ, നിങ്ങൾ (ഭയം നീങ്ങി) സമാധാനത്തിലായാൽ, നിങ്ങൾക്കറിയുമായിരുന്നില്ലാത്തത് അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തന്നതുപോലെ, നിങ്ങൾ അവനെ സ്മരിക്കുവിൻ,

---

238 **حافظوا** സൂക്ഷിച്ചു (കാത്തു) പോരുവിൻ. **على الصلوات** നമസ്ക്കാരങ്ങളെപ്പറ്റി. **والصلاة** നമസ്ക്കാരത്തെയും. **الوسطى** മദ്ധ്യ (നടുവിലുള്ള-ശ്രേഷ്ഠമായ) . **وقوموا** നിൽക്കുകയും ചെയ്യുക. **لله** അല്ലാഹുവിന്നായി, അല്ലാഹുവിന്നുവേണ്ടി. **قانتين** ഭക്തരായിട്ട്, ഒതുക്കമുള്ളവരായിക്കൊണ്ട്. 239 **فإن خفتم** എനി നിങ്ങൾ ഭയപ്പെട്ടെങ്കിൽ. **فرجالاً** അപ്പോൾ കാൽനടക്കാരായിക്കൊണ്ട്. **أو ركبانا** അല്ലെങ്കിൽ വാഹനക്കാരായി (വാഹനമേറി) ക്കൊണ്ട്. **فإذا أمنتم** എന്നാൽ നിങ്ങൾ സമാധാനപ്പെട്ടാൽ, നിർഭയമായാൽ. **فاذكروا الله** അപ്പോൾ അല്ലാഹുവിനെ ഓർക്കുവിൻ. **كما علمكم** അവൻ നിങ്ങൾക്ക് പഠിപ്പിച്ച (അറിവു നൽകിയ) പോലെ. **ما لم تكونوا** നിങ്ങൾ ആയിരുന്നില്ലാത്തത്. **تعلمونَ** നിങ്ങൾ അറിയുക (യായിരുന്നില്ലാത്തത്) .

കഴിഞ്ഞ ഏതാനും വചനങ്ങളിൽ വൈവാഹികവും സാമുദായികവുമായ ചില വിഷയങ്ങളായിരുന്നു സംസാരവിഷയം. അടുത്ത വചനങ്ങളിൽ അവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വീണ്ടും തുടരുന്നുമുണ്ട്. ഇടക്കുവെച്ച് ഇസ്ലാമിലെ നിത്യാനുഷ്ഠാന കർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട നമസ്ക്കാരത്തെക്കുറിച്ചും, അത് കൃത്യമായി അനുഷ്ഠിക്കുന്നതിനെക്കുറിച്ചും ഈ രണ്ട് വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുകയാണ്. ഭാര്യാ മക്കൾ, ഗാർഹിക കാര്യങ്ങൾ, കുടുംബകാര്യങ്ങൾ ആദിയായവയിൽ ബദ്ധശ്രദ്ധരായിക്കൊണ്ട് അല്ലാഹുവിൻെറ സ്മരണയിലും നമസ്കാരത്തിലുമുള്ള ശ്രദ്ധ വിട്ടുപോയിക്കൂടാ എന്നൊരു സൂചനയായി ഇത് കണക്കാക്കാം.

اقامة الصلوة (നമസ്കാരം നിലനിറുത്തുക) എന്ന പ്രയോഗം ഖുർആനിൽ സാധാരണമാണ്. ഇവിടെ കണ്ടതുപോലെ محافظة على الصلوة (നമസ്കാരത്തെപ്പറ്റി സൂക്ഷിച്ചുപോരുക) എന്ന പ്രയോഗം ചുരുക്കം സന്ദർഭങ്ങളിലെ കാണപ്പെടുകയുള്ളു. പതിവായും കൃത്യസമയത്തും ചിട്ടയോടെ അനുഷ്ഠിച്ചുപോരുക എന്നത്രെ അതിൻെറ സാമാന്യ വിവക്ഷ. നമസ്കാരത്തിന് ഇസ്ലാം കൽപിച്ചിട്ടുള്ള പ്രാധാന്യം ഏറെക്കുറെ എല്ലാവർക്കും അറിയാവുന്നതാണ്. മനുഷ്യൻെറയും ശിർക്കു കുഫ്റുകളുടെയും ഇടക്കുള്ള അതിർവരമ്പാണ് നമസ്കാരം എന്നത്രെ നബി (ﷺ) ഒരു ഹദീസിൽ പ്രസ്താവിച്ചിരിക്കുന്നത്. (മു) കർമ്മങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് ഏതാണെന്ന് ഇബ്നു മസ്ഊദു (رضي الله عنه) ചോദിച്ചപ്പോൾ 'നമസ്കാരം അതിൻെറ സമയത്ത് ചെയ്യലാണ്' എന്നായിരുന്നു നബി (ﷺ) മറുപടി പറഞ്ഞത്. പിന്നെ ഏതാണെന്ന്

ചോദിച്ചപ്പോഴായിരുന്നു മാതാപിതാക്കൾക്ക് നൻമ ചെയ്യുന്നതിനെയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനെയുംകുറിച്ച് തിരുമേനി പറഞ്ഞത്. (ബു; മു.) ഓരോ നമസ്കാരവും അതതിൻെറ ആദ്യസമയത്ത് തന്നെ നിർവ്വഹിക്കുന്നതിൽ നബി (ﷺ) തിരുമേനിക്കുണ്ടായിരുന്ന നിഷ്കർഷയും, അതിൽ സഹാബികൾക്കുണ്ടായിരുന്ന ഉൽസാഹവും പ്രസിദ്ധമാണ്.

നമസ്കാരങ്ങളെപ്പറ്റി സൂക്ഷിച്ച് പോരണമെന്ന് മൊത്തത്തിൽ പറഞ്ഞശേഷം, മദ്ധ്യ നമസ്കാരത്തെ الصلوة الوسطى പ്പറ്റി പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. الوسطى എന്ന വാക്കിന് മദ്ധ്യത്തിലുള്ളത് എന്നാണ് സാക്ഷാൽ അർത്ഥമെങ്കിലും, 'ഉൽകൃഷ്ടമായത്, ഉത്തമമായത്' എന്നീ ഉദ്ദേശ്യങ്ങളിലും ഈ വാക്ക് ഉപയോഗിക്കാറുണ്ടെന്ന് മുമ്പ് 143-ാം വചനത്തിൽ നിന്ന് മനസ്സിലായിട്ടുണ്ടല്ലോ. ഇവിടെയും അതാണുദ്ദേശ്യം. 'മദ്ധ്യനമസ്കാരം' ഏതാണെന്നുള്ളതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. പക്ഷേ, അസർ നമസ്കാരമാണ് അതെന്ന് മനസ്സിലാക്കാവുന്നതും, വ്യക്തമാക്കുന്നതുമായ ഒന്നിലധികം ഹദീസുകൾ ഇമാം മുസ്‌ലിം (رحمه الله) മുതലായവർ നിവേദനം ചെയ്തിരിക്കുന്നു. (ഇമാം ഇബ്നുകഥിർ അവ ഉദ്ധരിച്ച് കാണാം.) അതിനാൽ പണ്ഡിതൻമാരിൽ അധിക ഭാഗവും അതാണ് ബലപ്പെടുത്തിയിരിക്കുന്നത്. അസർ നമസ്കാരത്തെ പ്രത്യേകം എടുത്ത് പറയുവാൻ കാരണം-ചില വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയതുപോലെ-അതിൻെറ സമയം ഉച്ചനേരത്തെ വിശ്രമശേഷമായതുകൊണ്ട് അത് കൃത്യസമയത്ത് നിർവ്വഹിച്ച് പോരണമെങ്കിൽ കൂടുതൽ പതിക്കേണ്ടതുകൊണ്ടായിരിക്കാം. മറ്റൊരു നിലക്ക് നോക്കുമ്പോൾ, പകലത്തെ രണ്ട് നമസ്കാരങ്ങളായ സുബ്ഹ്, ളുഹ്ർ എന്നിവയുടെയും, രാത്രി നമസ്കാരങ്ങളായ മഗ്‌രിബ്, ഇശാ എന്നിവയുടെയും മദ്ധ്യത്തിലാണ് അസർ നമസ്കാരം സ്ഥിതി ചെയ്യുന്നതും. والله اعلم

'നിങ്ങൾ അല്ലാഹുവിന്നുവേണ്ടി ഭക്തിയുള്ളവരായിക്കൊണ്ട് നിൽക്കുകയും ചെയ്യുവിൻ' എന്ന് പറഞ്ഞതിൻെറ സാരം, അല്ലാഹുവിൻെറ മുമ്പിൽ നമസ്കരിക്കുവാൻ നിൽക്കുന്നത് ഭക്തിയോടുകൂടിയും, അച്ചടക്കവും ഒതുക്കവും പാലിച്ചുകൊണ്ടുമായിരിക്കണം എന്നത്രെ. അപ്പോൾ, സംസാരം, തിരിഞ്ഞും മറിഞ്ഞുനോക്കൽ മറ്റ് വിഷയങ്ങളിലേക്ക് ശ്രദ്ധ കൊടുക്കൽ, ധൃതഗതിയിൽ കഴിച്ചുകൂട്ടൽ, കൈകാലുകൾ മുതലായവ അടക്കിവെക്കാതിരിക്കൽ ആദിയായ കാര്യങ്ങളെല്ലാം നമസ്കാത്തിൽ വർജ്ജിക്കേണ്ടതാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഹദീസുകളിലാകട്ടെ, ഇവയെക്കുറിച്ചെല്ലാം പ്രത്യേകം വിവരിച്ച് പറയപ്പെടുകയും ചെയ്തിരിക്കുന്നു.

സൈദുബ്നു അർഖം (رضي الله عنه) പറയുന്നു: ''ഞങ്ങൾ നമസ്കാരത്തിൽ സംസാരിക്കാറുണ്ടായിരുന്നു. ഒരാൾ തൻെറ സഹോദരനോട് തൻെറ ആവശ്യത്തെക്കുറിച്ച് സംസാരിച്ചിരുന്നു. അങ്ങനെ وقوموا لله قانتين എന്നുള്ള (ഈ വചനം) അവതരിച്ചു. അപ്പോൾ, ഞങ്ങളോട് അടങ്ങിക്കൊള്ളുവാൻ കൽപിക്കപ്പെട്ടു.'' (ബു.) ഒരാളോട് ഒരവസരത്തിൽ നബി (ﷺ) ഇങ്ങിനെ പറഞ്ഞു: ''ഈ നമസ്കാരത്തിൽ ജനങ്ങളുടെ സംസാരമൊന്നും പറ്റുകയില്ല, അത് തസ്ബീഹും, തക്ബീറും ഖുർആൻ പാരായണവുമാകുന്നു.'' (മു.) സുജൂദു ചെയ്യുമ്പോൾ (നിലത്തെ) മണ്ണു നിരപ്പാക്കിക്കൊണ്ടിരുന്ന ഒരാളോട് നബി (ﷺ) പറഞ്ഞു: ''നീ അങ്ങിനെ ചെയ്യുകയാണെങ്കിൽ അത് ഒരു പ്രാവശ്യമാകട്ടെ.'' (ബു; മു.) കൂടുതൽ ചെയ്യുന്നത് അച്ചടക്കത്തിന് നിരക്കാത്തതാണെന്ന് സൂചന. ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''നിങ്ങളിലൊരാൾ നമസ്കാരത്തിൽ കോട്ടുവാ ഇടുന്നതായാൽ കഴിയുന്നിടത്തോളം അവനത് ഒതുക്കി നിർത്തട്ടെ. അവൻ (വാ തുറന്ന്) 'ഹാ' എന്നു പറയരുത്. കാരണം, അതു പിശാചിൽ നിന്നുള്ളതാകുന്നു. അവൻ അതു നിമിത്തം (സന്തോഷിച്ച്) ചിരിക്കുന്നതാണ്.'' (ബു.) നമസ്കാരത്തിൽ ഊരക്കു കൈകുത്തി നിൽകുന്ന നബി (ﷺ) വിരോധിച്ചിട്ടുണ്ടെന്നു അബൂഹുറൈറ (رضي الله عنه) പ്രസ്താവിച്ചിരിക്കുന്നു. (ബു; മു.) നമസ്കാരത്തിൽ തിരിഞ്ഞുനോക്കുന്നതിനെപ്പററി ആയിശാ (رضي الله عنها) ചോദിച്ചതിന് നബി (ﷺ)

മറുപടി പറഞ്ഞതിങ്ങിനെയാണ് : "അടിയാൻെറ നമസ്കാരത്തിൽനിന്നു പിശാച് തട്ടിയെടുക്കുന്ന ഒരു തട്ടിയെടുക്കലാണത് " (ബു ; മു.)

നമസ്കാരം, കൃത്യസമയത്തും, ഭക്തിയോടുകൂടിയും അനുഷ്ഠിച്ചു പോരണമെന്ന് കൽപിക്കുമ്പോൾ, അതിനു സാദ്ധ്യമല്ലാതായിത്തീരുന്ന ദുർഘട ഘട്ടങ്ങളിൽ എന്തു ചെയ്യുമെന്ന് സംശയിച്ചേക്കാമല്ലോ: അതിനുള്ള മറുപടിയാണു രണ്ടാമത്തെ വചനം. അതായത്, ശത്രുക്കളെക്കുറിച്ചോ, അല്ലെങ്കിൽ അഗ്നി, കാട്ടുമൃഗം, കൊടുങ്കാററ്, മലവെള്ളം, അക്രമി എന്നിങ്ങനെയുള്ള വല്ലതിനെയും കുറിച്ചോ ഭയപ്പെടുകയും, നമസ്കാരം യഥാരൂപത്തിൽ നിർവ്വഹിക്കുവാൻ കഴിയാതെ വരുകയും ചെയ്താൽ നടന്നുകൊണ്ടോ, വാഹനപ്പുറത്തു കയറിയോ സാധിക്കുന്നതുപോലെ അത് നിർവ്വഹിക്കണം. എന്നാലും നമസ്ക്കാരം വിട്ടുകളയുവാൻ പാടില്ല എന്നു സാരം. ഈ അവസരത്തിൽ ഖിബ്‌ലക്കു തിരിഞ്ഞേ തീരൂ എന്നില്ല. അതുപോലെത്തന്നെ, സുജൂദ്, റുകൂഉ മുതലായവയും സാധിക്കുന്നത്ര നന്നായി ചെയ്താൽ മതിയാകും. സൗകര്യമുള്ളേടത്തോളം എല്ലാം ചെയ്യണമെന്നേയുള്ളു. ഭയപ്പാടിൻെറ കാരണം നീങ്ങി സമാധാനപ്പെട്ടാൽ അല്ലാഹു പഠിപ്പിച്ചുതന്നപോലെ ശരിയായ രൂപത്തിൽ തന്നെ അതു നിർവ്വഹിക്കുകയും വേണം.

وَٱلَّذِينَ يُتَوَفَّوْنَ مِنكُمْ وَيَذَرُونَ أَزْوَٰجًا وَصِيَّةً لِّأَزْوَٰجِهِم مَّتَـٰعًا إِلَى ٱلْحَوْلِ غَيْرَ إِخْرَاجٍ ۚ فَإِنْ خَرَجْنَ فَلَا جُنَاحَ عَلَيْكُمْ فِى مَا فَعَلْنَ فِىٓ أَنفُسِهِنَّ مِن مَّعْرُوفٍ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٤٠﴾

240 നിങ്ങളിൽ നിന്ന് യാതൊരു കൂട്ടർ മരിക്കുകയും, ഭാര്യമാരെ വിട്ടേച്ചുപോകുകയും ചെയ്യുന്നുവോ, തങ്ങളുടെ ഭാര്യമാർക്ക് ഒരു ഒസിയ്യത്ത് (അവർ ചെയ്യേണ്ടതാണ്) . അതായത്: (വീട്ടിൽ നിന്ന്) പുറത്താക്കാത്തവിധം (ഒരു) കൊല്ലത്തേക്കുള്ള (ഒരു) വിഭവം. ഇനി, അവർ (സ്വയം) പുറത്തുപോയെങ്കിൽ, അവർ തങ്ങളുടെ ദേഹങ്ങളുടെ കാര്യത്തിൽ (സദാചാര) മര്യാദയായി ചെയ്യുന്നതിൽ നിങ്ങളുടെ മേൽ തെറ്റില്ല. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

---

240 **والذين** യാതൊരു കൂട്ടർ. **يتوفونَ منكُم** നിങ്ങളിൽനിന്ന് മരിക്കുന്ന. **ويذَرونَ** വിട്ടുപോകുകയും ചെയ്യുന്ന. **أزواجا** ഭാര്യമാരെ. **وصيةً** ഒരു ഒസിയ്യത്ത്. **لأزواجهم** തങ്ങളുടെ ഭാര്യമാർക്ക്. **متاعا** ഒരു വിഭവം, സാമാനം. **إلى الحول** കൊല്ലത്തേക്ക്. **غيرإخراج** പുറത്താക്കാതെ. **فإنْ خرجن** എനി അവർ പുറത്ത് പോയെങ്കിൽ. **فلا جناح** എന്നാൽ തെറ്റില്ല. **عليكُم** നിങ്ങളുടെ മേൽ. **في ما فعلْن** അവർ ചെയ്ത (ചെയ്യുന്ന) തിൽ. **في أنفُسِهن** അവരുടെ ദേഹങ്ങളിൽ, തങ്ങളുടെ സ്വന്തങ്ങളുടെ കാര്യത്തിൽ. **من معروف** മര്യാദയായിട്ട്, ആചാരമായി. **والله** അല്ലാഹു. **عزيز** പ്രതാപശാലിയാണ്. **حكيم** അഗാധജ്ഞനാണ്, യുക്തിമാനാകുന്നു.

മുൻ ആയത്തുകളിൽ വിവാഹമോചന സംബന്ധമായും മററും സംസാരിച്ചിരുന്ന വിഷയങ്ങളുടെ തുടർച്ചയായിട്ടാണ് ഈ വചനവും അടുത്ത രണ്ട് വചനവും നിലകൊള്ളുന്നത്. ഭർത്താക്കൾ മരണപ്പെടുമ്പോൾ, തങ്ങളുടെ ഭാര്യമാരെ തങ്ങളുടെ വീട്ടിൽനിന്ന് മാറിത്താമസിപ്പിക്കാതെ ഒരു കൊല്ലം അവിടെത്തന്നെ പാർപ്പിക്കുവാനും, അക്കാലത്ത് അവർക്ക് വേണ്ടുന്ന ചിലവുകൾ കൊടുക്കുവാനും അവർ ഒസിയ്യത്ത് ചെയ്യേണ്ടതാണ്. എന്നാൽ, ആ സ്ത്രീകൾ അവരുടെ സ്വന്തം നിലക്ക് ആ വീട് വിട്ടുപോകുവാനും, സദാചാരവിരുദ്ധമല്ലാത്ത വിധത്തിൽ അവരുടെ (വിവാഹം മുതലായ) ഭാവികാര്യങ്ങൾ ചെയ്യുവാനും ഇഷ്ടപ്പെടുകയാണെങ്കിൽ അവരെ മുടക്കം ചെയ്യുകയും വേണ്ടാ. അവർക്ക് അവരുടെ വീടുകളിലേക്ക് നീങ്ങാവുന്നതാണ്.

ഇത്രയുമണ് ഈ വചനത്തിൽ പ്രസ്താവിച്ചതിൻെറ ചുരുക്കം. ഈ വചനത്തിൻെറ ആശയവും താൽപര്യവും വിവരിക്കുന്നതിൽ, മുൻഗാമികളും പിൻഗാമികളുമായ ഖുർആൻ വ്യാഖ്യാതാക്കൾ ഭിന്നമായ നിലപാടാണ് സ്വീകരിച്ചു കാണുന്നത്. അവയിൽ പ്രസക്തമായ രണ്ട് അഭിപ്രായങ്ങൾ ഇതാണ്:-

(1) ഇസ്ലാമിൻെറ ആദ്യകാലത്തുണ്ടായിരുന്ന വിധിയാണിത്. പിന്നീട് ഭർത്താക്കൾ മരണപ്പെട്ടാൽ സ്ത്രീകൾ നാലു മാസവും പത്തു ദിവസവും ഇദ്ദ ആചരിക്കണമെന്ന നിയമം, (234-ാം വചനത്തിൽ) അവതരിക്കുകയും, ഭാര്യമാർക്കുള്ള അനന്തരാവകാശം (സ്വത്തിൻെറ നാലിലൊന്നോ എട്ടിലൊന്നോ) നടപ്പാക്കപ്പെടുകയും ചെയ്തതോടുകൂടി ഈ വിധി-ഒരു കൊല്ലം വീട്ടിൽ താമസിപ്പിച്ചു ചിലവുകൊടുക്കണമെന്ന വിധി-ദുർബ്ബലപ്പെടുകയും ('മൻസൂഖാ'കുകയും) ചെയ്തിരിക്കുന്നു.([*]) ഖുർആൻ വ്യാഖ്യാതാക്കളിൽ അധികപക്ഷവും ഈ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പക്ഷേ, ഒരു വിധി 'മൻസൂഖാ'ണെന്നു വെക്കുവാനുള്ള ഉപാധികൾ പൂർത്തിയാകുകയും, രണ്ടു വിധികളും തമ്മിൽ കൂട്ടിയോജിപ്പിക്കുവാൻ മാർഗ്ഗമില്ലാതാകുകയും ചെയ്യുമ്പോൾ മാത്രമേ 'നസ്ഖി'ൻെറ പ്രശ്നം ഉത്ഭവിക്കുന്നുള്ളു. ഇവിടെയാണെങ്കിൽ, പ്രസ്തുത ഉപാധികൾ വേണ്ടത്ര പൂർത്തിയായിട്ടില്ലെന്ന് മാത്രമല്ല, താഴെ ഉദ്ധരിക്കുന്ന മുജാഹിദ് (ﷺ) മുതലായവരുടെ അഭിപ്രായത്തിൽ കാണുന്നതുപോലെ, രണ്ട് വിധികളും തമ്മിൽ പൊരുത്തക്കേടില്ലാത്ത വിധം യോജിപ്പിക്കുവാൻ സാധ്യതയുണ്ടുതാനും.

(2) ഭർത്താവിൻെറ മരണശേഷം സ്ത്രീ ആ വീട്ടിൽ താമസിക്കുവാനും അവിടെ നിന്ന് ചിലവ് പററാനും ഇഷ്ടപ്പെടുന്നപക്ഷം, ഒരു കൊല്ലം വരെ അവൾക്ക് താമസവും ചിലവും നൽകുവാൻ ഒസിയ്യത്ത് ചെയ്യണമെന്നാണ് ഈ വചനത്തിൻെറ താൽപര്യം. അവൾ അതിന് ഇഷ്ടപ്പെടാത്തപക്ഷം നാലു മാസവും പത്തു ദിവസവും നിർബ്ബന്ധമായും ഇദ്ദ ആചരിക്കണമെന്നാണ് ആ വചനത്തിൽ (234ൽ) പറയുന്നത്. അഥവാ, നാലു മാസവും പത്ത് ദിവസവും ഇദ്ദ ആചരിക്കൽ നിർബ്ബന്ധമാണെന്നും, പിന്നീടുള്ള ഏഴു മാസവും ഇരുപത് ദിവസവും കൂടി ആചരിക്കുന്നത് അവളുടെ ഇഷ്ടംപോലെയാവാമെന്നും ചുരുക്കം. ഈ അഭിപ്രായം മുജാഹിദ് (ﷺ) മുതലായവരുടേതായി അറിയപ്പെടുന്നു. ഈ അഭിപ്രായമാണ് കൂടുതൽ യുക്തമായി തോന്നുന്നത്. والله اعلم നിർബന്ധമായ ഇദ്ദയുടെ കാലം കഴിഞ്ഞശേഷം മററൊരു വിവാഹത്തിനുള്ള സൗകര്യം ലഭിക്കാത്തപ്പോൾ, ഒരു കൊല്ലം പൂർത്തിയാകുന്നതു വരേക്കും വിഷമം കൂടാതെ ജീവിക്കുവാൻ അവൾക്ക് ഈ ഒസിയ്യത്ത് വളരെ സഹായകരമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ഈ അഭിപ്രായം വിവരിച്ചശേഷം ഇബ്നുകഥീർ (ﷺ) ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു: അപ്പോൾ, പ്രസവംനിമിത്തമോ, നാലുമാസവും പത്തുദിവസവും തികഞ്ഞത് നിമിത്തമോ അവളുടെ ഇദ്ദ കഴിയുകയും, അവൾ ആ (ഭർത്താവിൻെറ വക) വീട്ടിൽനിന്ന് നീങ്ങുവാൻ ഉദ്ദേശിക്കുകയും ചെയ്താൽ അത് തടയുവാൻ പാടില്ല. അവർ പുറത്തുപോയി അവരുടെ കാര്യത്തിൽ വേണ്ടത് ചെയ്യുന്നതിന് വിരോധമില്ല فان خرجن فلا جنح الخ എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ. ഈ അഭപ്രായത്തിന് ന്യായമുണ്ട്. (ആയത്തിലെ) വാചകത്തിൽ അതിന് സാധ്യതയുമുണ്ട്. ഒരു കൂട്ടം ആളുകൾ ഈ അഭിപ്രായമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അവരിൽ ഒരാളാണ് അബുൽ അബ്ബാസ് ഇബ്നുതൈമിയ്യ: (ﷺ) . മററൊരു കൂട്ടർ ഇതിനെ ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്. അവരിൽ ഒരാളാണ് അബൂഉമർ ഇബ്നു അബ്ദിൽബർ-റ് (رضي الله عنه) .

[*] 'നസ്ഖി'നെ (മുൻവിധി ദുർബ്ബലപ്പെടുത്തലിനെ)പ്പറ്റി മുഖവുരയിലും 106-ാം വചനത്തിൻെറ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്.

وَلِلْمُطَلَّقَٰتِ مَتَٰعٌۢ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ﴿٢٤١﴾

241 വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് (ആചാര) മര്യാദയനുസരിച്ചു വല്ല വിഭവവും (ലഭിക്കേണ്ടത്) ഉണ്ട്. (അതെ) സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ ഒരുകടമ!

---

241 **وللمطلقات** വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്കുണ്ട്. **متاع** വല്ല വിഭവവും, ഒരു വിഭവം (നൽകൽ) മുത്അത്ത്. **بالمعروف** ആചാരം (മര്യാദ) അനുസരിച്ച്. **حقا** ഒരു കടമ, വേണ്ടപ്പെട്ടത്. **على المتقين** സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ.

വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്കെല്ലാം സദാചാരമര്യാദയനുസരിച്ച് വല്ല വിഭാഗവും ('മുത്അത്ത് ') നൽകേണ്ടതുണ്ടെന്നും, അത് സൂക്ഷ്മത പാലിക്കുന്നവരുടെ മേൽ കടമയാണെന്നും ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. സംയോഗം നടക്കുകയും, മഹ്ർ നിർണ്ണയിക്കപ്പെടുകയും ചെയ്തിട്ടില്ലാത്ത സ്ത്രീകൾ വിവാഹമോചനം ചെയ്യപ്പെടുമ്പോൾ അവർക്ക് 'മുത്അത്ത് ' നൽകൽ നിർബ്ബന്ധമാണെന്ന് 236-ാം വചനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. സംയോഗം നടന്നിട്ടില്ലാതിരിക്കുകയും മഹ്ർ നിർണ്ണയിക്കപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് മഹ്റിൻെറ പകുതി കൊടുത്താൽ മതി-മുത്അത്ത് നൽകാൻ നിർബ്ബന്ധമില്ല-എന്ന് 237-ാം വചനത്തിൽ നിന്നും മനസ്സിലാക്കാം. അതുകൊണ്ട് വിവാഹമോചനം നൽകപ്പെട്ട സ്ത്രീകൾക്ക് വല്ല വിഭവവും (മുത്അത്ത്) നൽകണമെന്നും, അത് സൂക്ഷമതയുള്ളവരുടെ മേൽ കടമയാണെന്നും ഈ വചനത്തിൽ പറഞ്ഞതിൻെറ താൽപര്യം വിവരിക്കുന്നതിലും പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. (1) സംയോഗം നടന്നവരെന്നോ നടക്കാത്തവരെന്നോ, മഹ്ർ നിശ്ചയിക്കപ്പെട്ടവരെന്നോ, അല്ലാത്തവരെന്നോ വ്യത്യാസം കൂടാതെ, വിവാഹമോചനം ചെയ്യപ്പെട്ട എല്ലാ സ്ത്രീകൾക്കും മുത്അത്ത് കൊടുക്കൽ നിർബ്ബന്ധമാണ്. ആരും ഇതിൽനിന്ന് ഒഴിവല്ല. (2) സംയോഗം നടന്നിട്ടില്ലാത്തവരെപ്പററി മുമ്പ് പ്രസ്താവിക്കപ്പെട്ടിരിക്ക കൊണ്ട് സംയോഗം നടന്നിട്ടുള്ളവർ മാത്രമാണ് ഈ വചനത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത. (3) നിർബ്ബന്ധമായതും അല്ലാത്തതു (ഐച്ഛികമായതു) മായ രണ്ടുതരം 'മുത്അത്തു'കൾ ഉൾക്കൊള്ളുന്നതാണ് ഈ വചനം. അതായത്, സംയോഗവും മഹ്ർ നിർണ്ണയവും ഉണ്ടായിട്ടില്ലാത്തവർക്ക് നിർബ്ബന്ധമായും നൽകേണ്ടുന്ന മുത്അത്തും, മററുള്ളവർക്ക് നിർബ്ബന്ധമല്ലാത്ത വിധം-ഐച്ഛികമായി-നൽകേണ്ടുന്ന മുത്അത്തും ഉൾപ്പെടുന്ന ഒരു പൊതുവിധിയാണിത്. ഇതനുസരിച്ച് കടമ **حقا**' എന്ന് പറഞ്ഞതിൻെറഉദ്ദേശ്യം വേണ്ടപ്പെട്ട ഒരു കാര്യം എന്നായിരിക്കും. ഇതാണ് ആ അഭിപ്രായങ്ങളുടെ ചുരുക്കം. കൂടാതെ, ഇവിടെ വിഭവം നൽകണം **متاعا** എന്ന് പറഞ്ഞതുകൊണ്ട് വിവക്ഷ മേൽ പ്രസ്താവിച്ച തരത്തിലുള്ള 'മുത്അത്ത'ല്ലെന്നും, ഇദ്ദയിലിരിക്കുമ്പോൾ നൽകപ്പെടേണ്ടുന്ന ചിലവുകളാണ് വിവക്ഷയെന്നും വേറെയും അഭിപ്രായമുണ്ട്.(*)

---

* 241-ാം വചനത്തിൽ പറഞ്ഞ 'മത്താഅ്' എന്ന പദത്തിന് ഇതഃപര്യന്തം മുഫസ്സിറുകൾ നൽകിയ വിശദീകരണമാണ് നാമിവിടെ കണ്ടത്. വിവാഹമോചനംമൂലം സ്ത്രീക്കേൾക്കുന്ന മാനസികാഘാതം ലഘൂകരിക്കുന്നതിനുപകരിക്കത്തവിധം പുരുഷൻ നൽകേണ്ടുന്ന ഒരു പാരിതോഷികമെന്നേ 'മതാഅ്' എന്നതിന് ഭൂരിപക്ഷം വ്യാഖ്യാതാക്കളും അർത്ഥം കൽപിച്ചിട്ടുള്ളൂ. എന്നാൽ വിവാഹമോചിതരായ എല്ലാ സ്ത്രീകൾക്കും അത് നല്കൽ നിർബ്ബന്ധമുണ്ടോ, ഇല്ലേ എന്നതിൽ മാത്രമാണ് അവർ തമ്മിൽ അഭിപ്രായ ഭിന്നതയുള്ളത്. ചുരുക്കം ചില വ്യാഖ്യാതാക്കൾ ഇദ്ദ കാലത്ത് പുരുഷൻ സ്ത്രീക്ക് നൽകേണ്ടുന്ന ജീവനാംശമാണ് ഈ വചനത്തിലെ മത്താഅ് കൊണ്ടുദ്ദേശ്യമെന്നും അല്ലാതെ മറ്റെന്തെങ്കിലും പാരിതോഷികം നൽകൽ നിർബ്ബന്ധമല്ലെന്നും പറയുന്നു. ഈ വ്യാഖ്യാനത്തിലെ 'ജീവനാംശ'മെന്നതിനെ പൊക്കിക്കാട്ടി, അത് ഇദ്ദ കാലത്തിൽ പരിമിതമാണെന്ന വസ്തുത സൗകര്യപൂർവ്വം വിസ്മരിച്ചുകൊണ്ട്, സ്ത്രീ പുനർ വിവാഹിതയാവുന്നതുവരെയോ മരിക്കുന്നതുവരെയോ ജീവനാംശം നൽകാൻ 2:241 ൻെറ ഖുർആൻ കൽപിച്ചിരിക്കുന്നുവെന്ന് ചില തൽപര കക്ഷികൾ ഈയിടെയായി തട്ടി വിടാറുണ്ട്. സത്യത്തിൽ 2:241 ൻെറ വ്യാഖ്യാനമായി ഒരൊറ്റ ഖുർആൻ വ്യാഖ്യാതാവും അങ്ങിനെ പറഞ്ഞ

242 അപ്രകാരം, അല്ലാഹു അവൻെറ 'ആയത്തു' (ലക്ഷ്യം) കൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു; നിങ്ങൾ ബുദ്ധി കൊടു(ത്തു മനസ്സിലാ) ക്കുവാൻ വേണ്ടി.

كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمۡ ءَايَٰتِهِۦ لَعَلَّكُمۡ تَعۡقِلُونَ ﴿٢٤٢﴾

തായി അറിയില്ല. ഇപ്പോൾ ആ വിധത്തിൽ ഈ ആയത്തിനെ ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കുന്നവർപോലും നേരത്തെ പ്രസദ്ധീകരിച്ച സ്വന്തം ഖുർആൻ വ്യാഖ്യാനത്തിൽ 'മത്താഅ്' എന്നതിന് മരണംവരെയോ പുനർവിവാഹം വരെയോഉള്ള ജീവനാംശമെന്ന് വ്യാഖ്യാനിച്ചില്ലെന്നത് ശ്രദ്ധേയമാണ്.

ഈ നൂതന വ്യാഖ്യാനത്തിൻെറ സാഹചര്യവും പ്രചോദനവും ഇവിടെ പ്രസക്തമാണ്. ജാതിമതഭേദമന്യെ ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും ബാധകമായ പൊതു സിവിൽകോഡുണ്ടാവണമെന്ന് പലരും ആഗ്രഹിക്കുന്നു. ദുരുദ്ദ്യേശ്യമില്ലാത്ത അപൂർവ്വം ചിലരക്കൂട്ടത്തിലുണ്ടെങ്കിലും സാർവ്വത്രികമായ ഹൈന്ദവവൽക്കൃത സംസ്കാരമാണ് അധിക പേരുടെയും മനസ്സിലിരുപ്പ് തുറന്നടിക്കുന്നവരും കുറവല്ല. ഈ നീക്കത്തിൽ പ്രധാന പ്രതികൂലികൾ മുസ്ലിംകളാണെന്നത് എല്ലാവർക്കുമറിയാം. വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം തുടങ്ങിയ കുടുംബ സംബന്ധമായ കാര്യങ്ങൾ ദൈവദത്തമായ ഒരു നിയമ സംഹിത (ശരീഅത്ത്) യനുസരിച്ച് നിർവ്വഹിക്കാൻ മുസ്ലിംകൾ മതപരമായി ബാദ്ധ്യസ്ഥരാണ്. അതിൽനിന്ന് ഒഴിഞ്ഞുനിൽക്കുക സാദ്ധ്യമല്ല. അതു കൊണ്ടുതന്നെയാണ് ബ്രിട്ടീഷ് ഭരണകർത്താക്കൾപോലും മുസ്ലിംകൾക്ക് പ്രത്യേക വ്യക്തിനിയമമനുവദിച്ചതും.

1973ൽ ക്രിമിനൽ നടപടിക്രമത്തിൽ ഭേദഗതി വരുത്തിയപ്പോൾ ഭർത്താവ് ഭാര്യക്ക് ചെലവിന് കൊടുക്കണമെന്ന നിയമത്തിലെ 'ഭാര്യ'യുടെ നിർവ്വചനത്തിൽ 'വിവാഹമോചനം നേടുകയോ വിവാഹമോചനം ചെയ്യപ്പെടുകയോ ചെയ്തിട്ട് പുനർ വിവാഹം ചെയ്യപ്പെടാത്ത സ്ത്രീ' എന്നുകൂടി കൂട്ടിച്ചേർത്തു. ഇത് സംബന്ധമായി മുസ്ലിംകളെ ഭേദഗതിയുടെ വരുതിയിൽ നിന്നൊഴിവാക്കാനുള്ള ഭേദഗതി വരുത്തുകയും ചെയ്തു. അങ്ങിനെ വിവാഹമുക്തയായ സ്ത്രീക്ക് പുനർവിവാഹംവരെ, അല്ലെങ്കിൽ മരണം വരെ മുൻഭർത്താവ് ജീവനാംശം നൽകണമെന്ന നിയമത്തിൽനിന്ന് മുസ്ലികൾ വാസ്തവത്തിൽ ഒഴിവായിരുന്നുവെങ്കിലും ചില ജഡ്ജിമാർ മുസ്ലിംകൾക്കും പ്രസ്തുത നിയമം ബാധകമാക്കിക്കൊണ്ടു വിധിക്കുകയുണ്ടായി.
ഇൻഡോറിലെ ഷാബാനുബീഗത്തിന് മുൻഭർത്താവ് അഡ്വ: മുഹമ്മദു അഹ്മദുഖാൻ ചെലവിന് കൊടുക്കണമെന്ന് മദ്ധ്യപ്രദേശിലെ കീഴ്കോടതിയും ഹൈക്കോടതിയും വിധിച്ചു. ഇതിനെതിരിൽ ഖാൻ സുപ്രീം കോടതിയിൽപോയി. ചീഫ് ജസ്റ്റീസടക്കം അഞ്ചു ജഡ്ജിമാരടങ്ങുന്ന ഭരണഘടനാ ബെഞ്ച് ഖാനെതിരിൽ വിധിയെഴുതി. ദേശിയോൽഗ്രന്ഥത്തിന് ഏക സിവിൽകോഡിൻെറ ആവശ്യകത വിധിയിൽ ഊന്നിപ്പറഞ്ഞു. ഖുർആൻ 2:241ൽ കൽപിച്ച 'മത്താഅ്' കൊണ്ടുദ്ദേശ്യം വിവാഹ മോചിതക്ക് മരണംവരെ, അല്ലെങ്കിൽ പുനർവിവാഹംവരെ ചെലവിന് കൊടുക്കുകയാണെന്നും പ്രസ്താവിച്ചു. യൂസുഫ് അലി തൻെറ ഖുർആൻ പരിഭാഷയിൽ ഇവിടെ 'മത്താഇ'ന് Maintenance അഥവാ ജീവനാംശം എന്നാണ് അർത്ഥം കൊടുത്തിട്ടുള്ളതെന്ന് പ്രത്യേകം ചൂണ്ടിക്കാണിച്ചു. (മുൻ മുഫസ്സിറുകളിൽ ചിലർ വ്യാഖ്യാനിച്ചപോലെ ഇദ്ദ കാലത്തിലെ ജീവനാംശത്തിലുപരി ആജീവനാന്ത ജീവനാംശമാണ് യൂസുഫ് അലി ഉദ്ദേശിച്ചതെന്ന് പറയുവാൻ യാതൊരു ന്യായവും കാണുന്നില്ല.)

ഈ വിധിക്കെതിരെ ദീനി താൽപര്യമുള്ള മുസ്ലിം സംഘടനകളും നേതാക്കളും യോജിച്ചു ശബ്ദമുയർത്തി. ശരീഅത്തിൻെറ സംരക്ഷണത്തിന് സമാധാനപൂർവ്വമായ സമരമുറകൾ കൈകൊണ്ടു. (അല്ലാഹുവിൻെറ അനുഗ്രഹത്താൽ മുസ്ലിംകൾ ലക്ഷ്യം നേടി. മുസ്ലിംകളുടെ കാര്യത്തിൽ പാർലമെൻറ് പ്രത്യേക നിയമം പാസ്സാക്കി). ഈ ഘട്ടത്തിൽ ഇസ്ലാമിൻെറ വിരോധികൾ ശരീഅത്തിനെ പഴഞ്ചൻ കാട്ടാള നിയമമായി നാടുനീളെ അപലപിച്ചു നടന്നു. വിവാഹമുക്തയായ മുസ്ലിം സ്ത്രീക്ക് വേണ്ടി അവർ മുതലക്കണ്ണീർ വാർത്തു. ഇതെല്ലാമായപ്പോൾ, ഇസ്ലാം പഴഞ്ചനായിപ്പോകരുതല്ലോ, ആധുനിക കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതാവണമല്ലോ എന്നതിൽ തൽപരരായ ചിലർ സുപ്രീം കോടതിയുടെ ചുവടുപിടിച്ചു 2:241ലെ 'മത്താഅ്'ന് നൂതനവ്യാഖ്യാനം നൽകുകയാണുണ്ടായത്. മുൻഭർത്താവിൻെറ ഓശാരംപറ്റി എന്നെന്നും ജീവിതം കഴിച്ചുകൂട്ടുവാൻ മാത്രം അന്തസ്സും അഭിമാനവുമില്ലാത്തവളായി സ്ത്രീയെ ഇസ്ലാം തരംതാഴ്ത്തീട്ടില്ലെന്നതാണ് വസ്തുത.

'മത്താഅ്' എന്തായിരിക്കണം, എത്ര വേണമെന്നതിനെ സംബന്ധിച്ച് പ്രത്യേക നിയമമില്ല. മഹ്ർ എത്രയെന്ന് നിശ്ചയിക്കാതെ സ്പർശനത്തിനുമുമ്പ് വിവാഹമോചനം ചെയ്താലുള്ള 'മത്താഅ്'നെപറ്റി 236-ാം വചനത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അവിടെ നൽകിയെ വിശദീകരണം ഇവിടെയും പ്രസ്ക്തമാണ്.

242 **كَذَٰلِكَ** അതുപോലെ. **يبين الله** അല്ലാഹു വിവരിക്കുന്നു. **لَكُمْ** നിങ്ങൾക്ക്. **آياته** അവന്റെ ആയത്ത് (വചനം-ലക്ഷ്യം-ദൃഷ്ടാന്തം) കളെ. **لَعَلَّكُمْ** നിങ്ങൾ ആക്കുവാൻവേ്, ആയേക്കാം. **تعقلونَ** ബുദ്ധി കൊടുക്കും, മനസ്സിലാക്കുന്ന (വർ) .

വളരെ അർത്ഥവത്തായ ഒരു ഉപദേശമാണിത്. അല്ലാഹു വിവരിച്ചുതരുന്ന നിയമങ്ങളും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും യഥാവിധി പാലിക്കുന്നതാണ് ബുദ്ധിപൂർവ്വകമായിട്ടുള്ളത്. എന്തെങ്കിലും ഒഴികഴിവുകളോ, യുക്തിന്യായങ്ങളോ, സ്വാർത്ഥതാൽപര്യങ്ങളോ നിമിത്തം അവയിൽ നിന്ന് ഒഴുഞ്ഞുമാറാൻ ശ്രമിക്കുന്നത് ബുദ്ധിഹീനതയാണ്. അങ്ങിനെയുള്ളവർക്ക് ഈ വിവരണങ്ങളൊന്നും ഫലപ്രദമാകയില്ല. നിങ്ങളുടെ ഐഹികവും പരോത്രികവുമായ ഗുണത്തിനു വേണ്ടിയാണ് ഇങ്ങിനെയൊക്കെ വിശദീകരിച്ചുതരുന്നതെന്ന് ബുദ്ധികൊടുത്ത് ചിന്തിച്ചാൽ നിങ്ങൾക്കുതന്നെ മനസ്സിലാകും. എന്നൊക്കെയുള്ള സൂചനകൾ ഈ വാക്യത്തിൽ കാണാം. والله الموافق والمعين

അനുഷ്ഠാനപരമായ പല നിയമങ്ങളും തത്വോപദേശങ്ങളും വിവരിച്ചശേഷം സത്യവിശ്വാസികൾക്ക് ത്യാഗസന്നദ്ധതയും, സമരവീര്യവും വർദ്ധിപ്പിക്കുവാനുതകുന്ന ചില ചരിത്ര പാഠങ്ങളാണ് തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നത്. ഈ പംക്തിയിൽ രണ്ട് സംഭവങ്ങൾ അല്ലാഹു വിവരിക്കുന്നുണ്ട്. ا لم تر (കണ്ടില്ലേ!) എന്നു പറഞ്ഞു ശ്രോതാക്കളുടെ ശ്രദ്ധയെ തട്ടിഉണർത്തിക്കൊണ്ടാണതു രണ്ടും ആരംഭിക്കുന്നത്. ഒന്നാമത്തേത് അതിലെ കഥാപാത്രങ്ങൾ ആരാണെന്ന് വ്യക്തമാക്കാതെ, സംഭവത്തിലെ മർമ്മപ്രധാനമായ ഭാഗം മാത്രം ഉദ്ധരിച്ചുകൊണ്ട് സംക്ഷിപ്തരൂപത്തിലും, രണ്ടാമത്തേത് ഏറെക്കുറെ വിശദമായ രൂപത്തിലുമാണുള്ളത്. അല്ലാഹു പറയുന്നു:-

വിഭാഗം-32

۞ أَلَمْ تَرَ إِلَى ٱلَّذِينَ خَرَجُوا۟ مِن دِيَـٰرِهِمْ وَهُمْ أُلُوفٌ حَذَرَ ٱلْمَوْتِ فَقَالَ لَهُمُ ٱللَّهُ مُوتُوا۟ ثُمَّ أَحْيَـٰهُمْ ۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٢٤٣﴾

243 നീ കണ്ടില്ലേ, യാതൊരു കൂട്ടരെ?! അവർ ആയിരങ്ങൾ ഉണ്ടായിട്ടും മരണഭയത്താൽ തങ്ങളുടെ ഭവനങ്ങളിൽ നിന്ന് അവർ പുറത്തുപോയി. എന്നിട്ട് അവരോട് അല്ലാഹു പറഞ്ഞു; ''നിങ്ങൾ മരണമടയുവിൻ;'' പിന്നെ, അവൻ അവരെ ജീവിപ്പിച്ചു. [ഇങ്ങിനെയുള്ള ഒരു കൂട്ടരെ കണ്ടില്ലേ?!] നിശ്ചയമായും, അല്ലാഹു മനുഷ്യരുടെ മേൽ ഔദാര്യം (അഥവാ അനുഗ്രഹം) ഉള്ളവൻ തന്നെയാകുന്നു. എങ്കിലും, മനുഷ്യരിൽ അധികമാളുകളും നന്ദി ചെയ്യുന്നില്ല.

---

243 **أ لم تر** നീ കണ്ടില്ലേ, നോക്കുന്നില്ലേ. **إلى الذين** യാതൊരു കൂട്ടരെ. **خرجوا** അവർ പുറപ്പെട്ടു, പുറത്തുപോയി. **من ديارهم** അവരുടെ വസതികളിൽനിന്ന്. **وهم ألوف** അവർ ആയിരങ്ങളുായിട്ടും. **حذَرَ** ഭയന്ന്, കാത്തുകൊണ്ട്. **الموت** മരണത്തെ. **فقالَ لهم** എന്നിട്ട് (അപ്പോൾ) അവരോട് പറഞ്ഞു. **الله** അല്ലാഹു. **موتوا** മരണപ്പെടുവിൻ. **ثم** പിന്നീട്. **أحياهم** അവരെ അവൻ ജീവിപ്പിച്ചു. **إنا لله** നിശ്ചയമായും അല്ലാഹു. **لَذُوفضل** ദയവ് (അനുഗ്രഹം-ഔദാര്യം) ഉള്ളവൻ തന്നെ. **على الناس** മനുഷ്യരുടെ മേൽ. **ولكن** എങ്കിലും. **أكْثَرُ الناس** മനുഷ്യരിൽ അധികവും. **لا يشكُرونَ** നന്ദി ചെയ്യുന്നില്ല.

ഈ സംഭവത്തെക്കുറിച്ച് ഒന്നിലധികം രിവായത്തുകൾ തഫ്സീർ ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചുകാണാം. ഒന്നും സ്വീകരിക്കത്തക്കവിധം ബലവത്തല്ല. ആകയാൽ, അവയെ ഉദ്ധരിച്ച് ദീർഘിപ്പിക്കുവാനും, അവയെ അടിസ്ഥാനമാക്കി ഒരു വിശദീകരണം നൽകുവാനും നാം തുനിയുന്നില്ല. സംഭവത്തിൽ നിന്ന് പഠിക്കേണ്ടുന്ന പാഠം പഠിക്കുവാൻ അതിന്റെ ആവശ്യവുമില്ല. ഉണ്ടായിരുന്നെങ്കിൽ അല്ലാഹു തന്നെ അതിന് വേണ്ടുന്ന വിശദീകരണം നൽകുമായിരുന്നു. അതുകൊണ്ട് അല്ലാഹു ചുരുക്കിപ്പറഞ്ഞ അതേ രൂപം കൊണ്ട് നമുക്കും മതിയാക്കാം. ആയിരക്കണക്കിലുള്ള ഒരു ജനത മരണത്തെ ഭയന്ന് തങ്ങളുടെ വാസസ്ഥലം വിട്ട് ഓടിപ്പോയി. ഭയത്തിന് കാരണം ശത്രുക്കളോ, ചില രിവായത്തുകളിൽ കാണാവുന്നതുപോലെ, മാരകമായ ഏതെങ്കിലും പകർച്ചവ്യാധിയോ ആയിരിക്കാം. الله اعلم അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണഭയവും, ധൈര്യക്ഷയവും കൂടാതെ സമരം ചെയ്യുവാനുള്ള പ്രചോദനവും പ്രോൽസാഹനവും നൽകലാണ് ഈ സംഭവം ഉദ്ധരിച്ചതുകൊണ്ട് ഉദ്ദേശ്യമെന്ന് അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ് ആ സ്ഥിതിക്ക് ഈ ജനതയുടെ ഭയം അവരുടെ ശത്രുക്കളെക്കുറിച്ചായിരുന്നുവെന്ന് അനുമാനിക്കുവാൻ ന്യായമുണ്ട്. ഏതായാലും മരണഭയം നിമിത്തമുള്ള അവരുടെ ഓടിപ്പോക്കുകൊണ്ട് ഫലമുണ്ടായില്ല. അല്ലാഹു അവരോട് മരണമടയുവാൻ കൽപിച്ചു. അതെ, അവർ മരണമടയുകതന്നെ ചെയ്തു. മരണം ഒരടിയായിട്ടായിരുന്നുവോ, ക്രമേണയായിരുന്നുവോ? ശത്രുക്കളുടെ കൈക്കോ, രോഗം നിമിത്തമോ ആയിരുന്നുവോ? അല്ലാഹുവിനറിയാം. ഒന്നും തട്ടിപ്പെടുത്തിപ്പറഞ്ഞുകൂടാ.

അതുപോലെത്തന്നെ, അല്ലാഹു ജീവിപ്പിച്ചു എന്ന് പറഞ്ഞതിന്റെ യഥാർത്ഥ താൽപര്യവും നമുക്കറിഞ്ഞുകൂടാ. ചില രിവായത്തുകളിൽ പറയുന്നതുപോലെ, ഏതെങ്കിലും പ്രവാചകന്റെ പ്രാർത്ഥനയെ തുടർന്നോ മറ്റോ ഒരിക്കൽ പെട്ടെന്ന് അങ്ങിനെ ഉണ്ടായിക്കൂടെന്നില്ല. അത് അല്ലാഹുവിന്റെ കഴിവിൽപെട്ടതാണല്ലോ. ചിലർ അഭിപ്രായപ്പെടുന്നതുപോലെ, മരണപ്പെട്ട തലമുറക്കുശേഷം, കൂടുതൽ മനോവീര്യവും ദൃഢവിശ്വാസവുമുള്ള ഒരു പിൻതലമുറ അവരുടെ ശേഷം രംഗത്ത് വന്ന് ആ സമുദായം പുനരുദ്ധരിച്ച് എന്ന അലങ്കാരാർത്ഥത്തിലുള്ള ഒരു വാക്കാണതെന്നുംവരാം. യഥാർത്ഥം നമുക്ക് അല്ലാഹുവിങ്കലേക്ക് വിടാം. അതാണ് സുരക്ഷിതമായ മാർഗ്ഗം.

ഏതായാലും, സംഭവത്തിൽനിന്ന് ലഭിക്കുവാനുള്ള ഗുണപാഠം വ്യക്തമാണ്. ജീവിതവും മരണവുമൊക്കെ അല്ലാഹു കണക്കാക്കുന്നതും, അവന്റെ നിയന്ത്രണത്തിലുള്ളതുമാകുന്നു. യുദ്ധമോ, മററു പരീക്ഷണ ഘട്ടങ്ങളോ നേരിടുമ്പോൾ ഭീരുത്വവും, വെപ്രാളവുംകാട്ടി ഓടി രക്ഷപ്പെടുന്നതുകൊണ്ട് കാര്യമില്ല. അങ്ങിനെയുള്ള ഘട്ടങ്ങൾ നേരിടുമ്പോൾ, എല്ലാം അല്ലാഹുവിൽ അർപ്പിച്ചും, അവന്റെ വിധിയിൽ തൃപ്തിപ്പെട്ടുംകൊണ്ട് ധൈര്യ സമേതം ഉറച്ച് നിൽക്കുകയാണ് വേണ്ടത്. അങ്ങിനെ ചെയ്യുമ്പോൾ, അവന്റെ പക്കൽനിന്നുള്ള സഹായവും ഔദാര്യവും ലഭിക്കുകയും, വിജയം കൈവരുകയും ചെയ്യും. വിഷമാവസ്ഥകളിൽ ത്യാഗത്തിന് തയ്യാറില്ലാതെ ഭീരുത്വം അവലംബിച്ചു പിൻമാറി പിന്നോക്കം പോകുന്നത് അല്ലാഹുവിനോട് ചെയ്യുന്ന നന്ദികേടുകൂടിയാണ്. എന്നിങ്ങിനെയുള്ള കാര്യങ്ങളാണ് ഇതിൽ നിന്ന് പഠിക്കുവാനുള്ള പാഠങ്ങൾ. ശത്രുക്കളുമായി നേരിടുന്നതിൽ ഭീരുത്വം നിമിത്തം ഓടിപ്പോകുന്നതിനെ ഖുർആനിലും (8:16) ഹദീസുകളിലും വിരോധിച്ചിട്ടുള്ളതാണല്ലോ. വിഷൂചിക മുതലായ പകർച്ചവ്യാധികളുടെ നാട്ടിലേക്ക് പോകരുതെന്നും, അവ ഒരു നാട്ടിൽ സംഭവിച്ചാൽ അവിടെനിന്ന് ഓടിപ്പോകരുതെന്നും നബി (ﷺ) പ്രസ്താവിച്ചിട്ടുണ്ട്. (ബു; മു.) ഇതെല്ലാം ഈ തത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അല്ലാഹു തുടർന്നുപറയുന്നു:-

وَقَـٰتِلُوا۟ فِى سَبِيلِ ٱللَّهِ وَٱعْلَمُوٓا۟ أَنَّ ٱللَّهَ سَمِيعٌ

244 നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുകയും, അല്ലാഹു (എല്ലാം)

عَلِيمٌ ﴿٢٤٤﴾

കേള്‍ക്കുന്നവനും അറിയുന്നവനുമാണെന്ന് അറിഞ്ഞുകൊള്ളുകയും ചെയ്‌വിന്‍.

---

244 **وقاتلوا** നിങ്ങള്‍ യുദ്ധം ചെയ്യുവിന്‍. **في سبيل الله** അല്ലാഹുവിന്‍െറ മാര്‍ഗ്ഗത്തില്‍. **واعلموا** അറിയുകയും ചെയ്യുക. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **سميع** കേള്‍ക്കുന്നവന്‍. **عليم** അറിയുന്നവന്‍.

ആപല്‍ഘട്ടങ്ങളില്‍ വെപ്രാളംപൂണ്ട് ഓടിപ്പോകുന്നതുകൊണ്ട് അല്ലാഹുവിന്‍െറ വിധിയെ തടുക്കുവാന്‍ കഴിയാത്തതുപോലെത്തന്നെ, അവന്‍െറ മാര്‍ഗത്തില്‍ യുദ്ധത്തിന് തയ്യാറാകാതെ ഒഴിഞ്ഞുമാറുകയോ യുദ്ധവേളയില്‍ പിന്‍തിരിഞ്ഞോടുകയോ ചെയ്തിട്ടും ഫലമുണ്ടാകാനില്ല സംഭവിക്കേണ്ടത് സംഭവിക്കുകതന്നെ ചെയ്യും. اينما تكونوا يدرككم الموت ولو كنتم فى بروج مشيدة (നിങ്ങള്‍ എവിടെയായിരുന്നാലും മരണം നിങ്ങളെ പ്രാപിക്കും. നിങ്ങള്‍ ഉന്നത സൗധങ്ങളിലായിരുന്നാലും ശരി. (4:78.) യുദ്ധത്തില്‍ പങ്കെടുക്കുന്നത് കൊണ്ട് മരണം നേരത്തെ സമീപിക്കുകയില്ലെന്നുള്ളതിനു ഒരു തെളിവാണ് മുസ്‌ലിം സൈന്യനേതാക്കളില്‍ അഗ്രഗണ്യനും 'സൈഫുല്ലാഹി' (അല്ലാഹുവിന്‍െറ വാള്‍) എന്നറിയപ്പെടുന്ന മഹാനായ ഖാലിദുബ്നുല്‍വലീദ് (رضي الله عنه) . അദ്ദേഹം മരണാസന്നനായ സമയത്ത് വ്യസനപൂര്‍വ്വം പറയുകയാണ്: ഞാന്‍ ഇത്രയിത്ര യുദ്ധങ്ങളില്‍ പങ്കെടുത്തിട്ടുണ്ട്. എന്‍െറ ഏതൊരു അവയവത്തിലും അമ്പോ, വെട്ടോ, കുത്തോ ഏററ് മുറിവ് പററാത്തതില്ല. എന്നിട്ടും ഞാനിതാ വിരുപ്പില്‍കിടന്ന് ഒട്ടകംചാകുംപോലെ മരണമടയേണ്ടിയിരിക്കുന്നു. ഭീരുക്കളുടെ കണ്ണുകള്‍ ഉറങ്ങാതിരിക്കട്ടെ! അല്ലാഹുവിന്‍െറ മാര്‍ഗ്ഗത്തില്‍ ദേഹംകൊണ്ട് യുദ്ധം ചെയ്താല്‍ മാത്രംപോരാ, അതില്‍ധനം ചിലവഴിക്കുക കൂടി വേണ്ടതുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് അല്ലാഹു ചോദിക്കുന്നു:-

مَّن ذَا ٱلَّذِى يُقْرِضُ ٱللَّهَ قَرْضًا حَسَنًا فَيُضَٰعِفَهُۥ لَهُۥٓ أَضْعَافًا كَثِيرَةً ۚ وَٱللَّهُ يَقْبِضُ وَيَبْصُۜطُ وَإِلَيْهِ تُرْجَعُونَ ﴿٢٤٥﴾

245 ആരുണ്ട് അല്ലാഹുവിന് നല്ല കടമായി കടംകൊടുക്കുന്നവന്‍?! എന്നാലവന് അതിനെ വളരെ ഇരട്ടികളായി ഇരട്ടിച്ച് അവന്‍ കൊടുക്കുന്നതാണ്. അല്ലാഹു (ചുരുക്കി) പിടിക്കുകയും, നീട്ടിക്കൊടുക്കുകയും ചെയ്യുന്നു; അവങ്കലേക്കുതന്നെ നിങ്ങള്‍ മടക്കപ്പെടുകയും ചെയ്യുന്നു.

---

245 **من ذا** ആരുണ്ട്, ഇങ്ങിനെയുള്ളവന്‍ ആരാണ്. **الذي يقْرض** കടം കൊടുക്കുന്നവന്‍. **الله** അല്ലാഹുവിന്. **قَرضا** കടം. **حسنا** നല്ലതായ. **فَيضاعفه** എന്നാല്‍ അവന്‍ അതിനെ ഇരട്ടിയായിക്കൊടുക്കും. **له** അവന്. **أضعافًا** ഇരട്ടികള്‍. **كَثيرةً** വളരെ, അധികം. **والله** അല്ലാഹു. **يقْبض** പിടിക്കുന്നു, ചുരുക്കി എടുക്കും. **ويبسط** നീട്ടുകയും ചെയ്യുന്നു, പരത്തുകയും ചെയ്യും. **وإليه** അവങ്കലേക്കുതന്നെ. **ترجعونَ** നിങ്ങള്‍ മടക്കപ്പെടുന്നു.

'അല്ലാഹുവിനു കടം കൊടുക്കുക' എന്നും 'നല്ല കടം' എന്നും പറഞ്ഞതിന്‍െറ ഉദ്ദേശ്യത്തെപ്പററി സൂറ: ഹദീദ്, 11ന്‍െറ വ്യാഖ്യാനത്തില്‍ കൂടുതല്‍ കാണുക. പൂര്‍ണ്ണമനസ്സോടെയും, അല്ലാഹുവിന്‍െറ പ്രതിഫലം മോഹിച്ചും നല്‍കുന്ന ഏതു സംഭാവനയും, ദാനധര്‍മ്മങ്ങളും അല്ലാഹു സ്വീകരിക്കും. ഒന്നും ഒഴിവാകാതെ എല്ലാം അവന്‍ കണക്കുവെക്കുകയും, അതിനെ വളര്‍ത്തി അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അവസാനം

ധാരാളക്കണക്കിൽ ഇരട്ടിപ്പിച്ചുകൊണ്ട് ധാരാളക്കണക്കിൽ പ്രതിഫലം നൽകുകയും ചെയ്യും. എന്നു സാരം. ഈ വചനം അവതരിച്ചപ്പോൾ, അൻസാരിക്കാരനായ അബുദ്ദഹ്ദാഹ് (ابو الدحداح – رض) അദ്ദേഹത്തിനുണ്ടായിരുന്ന ഏകസ്വത്തും അറുനൂറു ഈത്തപ്പനകൾ ഉൾക്കൊള്ളുന്നതുമായ ഒരു തോട്ടം 'ഞാനിതാ അല്ലാഹുവിനു കടംകൊടുക്കുന്നു' എന്നു പറഞ്ഞുകൊണ്ട് അതു നബി (ﷺ) യെ ഏൽപിച്ചു കൊടുക്കുകയുണ്ടായെന്ന് ഇബ്നു അബീഹാതിമും (ﷺ) മററും ഉദ്ധരിച്ചിരിക്കുന്നു.

നല്ല വിഷയത്തിൽ ധനം ചിലവഴിക്കുവാൻ മടിക്കേണ്ടതില്ല. ധനവും ഉപജീവനമാർഗ്ഗവുമൊക്കെ കൊടുക്കുന്നതും, എടുക്കുന്നതും, അതു വിശാലമാക്കുന്നതും, കുടുസ്സാക്കുന്നതും അല്ലാഹുവാണ്. അവസാനം എല്ലാവരും അവങ്കലേക്കു തന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും. അപ്പോൾ, ചെലവഴിച്ചതിൻെറ ലാഭവും, ചെലവഴിക്കാത്തതിൻെറ നഷ്ടവും അവിടെവെച്ചു അനുഭവപ്പെടും. എന്നൊക്കെയാണ് അവസാനത്തെ വാക്യത്തിൽ ഓർമ്മിപ്പിക്കുന്നത്.

أَلَمْ تَرَ إِلَى ٱلْمَلَإِ مِنۢ بَنِىٓ إِسْرَٰٓءِيلَ مِنۢ بَعْدِ مُوسَىٰٓ إِذْ قَالُوا۟ لِنَبِىٍّ لَّهُمُ ٱبْعَثْ لَنَا مَلِكًا نُّقَٰتِلْ فِى سَبِيلِ ٱللَّهِ ۖ قَالَ هَلْ عَسَيْتُمْ إِن كُتِبَ عَلَيْكُمُ ٱلْقِتَالُ أَلَّا تُقَٰتِلُوا۟ ۖ قَالُوا۟ وَمَا لَنَآ أَلَّا نُقَٰتِلَ فِى سَبِيلِ ٱللَّهِ وَقَدْ أُخْرِجْنَا مِن دِيَٰرِنَا وَأَبْنَآئِنَا ۖ فَلَمَّا كُتِبَ عَلَيْهِمُ ٱلْقِتَالُ تَوَلَّوْا۟ إِلَّا قَلِيلًا مِّنْهُمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّٰلِمِينَ ﴿٢٤٦﴾

246 നീ കണ്ടില്ലേ, മൂസായുടെ (കാല) ശേഷം ഇസ്രാഈൽ സന്തതികളിൽ നിന്നുള്ള പ്രധാനികളെ?!- അതായത്, അവർ അവരുടെ ഒരു പ്രവാചകനോടു പറഞ്ഞ സന്ദർഭം: ''താങ്കൾ ഞങ്ങൾക്ക് ഒരു രാജാവിനെ നിയോഗിച്ചു തരണം-ഞങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്തുകൊള്ളാം.'' അദ്ദേഹം പറഞ്ഞു; ''നിങ്ങളുടെ മേൽ യുദ്ധം നിയമിക്കപ്പെടുന്ന പക്ഷം, നിങ്ങൾ യുദ്ധം ചെയ്യാതിരുന്നേക്കുമോ?'' അവർ പറഞ്ഞു: ''ഞങ്ങൾക്കെന്താണ്, ഞങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യാതിരിക്കുവാൻ (കാരണമുള്ളത്) ? ഞങ്ങളുടെ ഭവനങ്ങളിൽനിന്നും, മക്കളിൽനിന്നും ഞങ്ങൾ പുറത്താക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക്!'' എന്നിട്ട്, അവരുടെമേൽ യുദ്ധം നിയമിക്കപ്പെടാതെ, അവർ തിരിഞ്ഞു കളഞ്ഞു-അവരിൽനിന്ന് അൽപം (ആളുകൾ) ഒഴികെ. അല്ലാഹു അക്രമകാരികളെപ്പറ്റി അറിയുന്നവനുമത്രെ.

---

246 **أ لم تر** കണ്ടില്ലേ, നോക്കുന്നില്ലേ. **إلى الملإ** പ്രധാനികളെ, സംഘത്തിലേക്ക്. **من بنِي إسرائيلَ** ഇസ്രാഈല്യരിൽനിന്നുള്ള. **من بعد موسى** മൂസായുടെ ശേഷം. **إذْ قَالُوا** അവർ പറഞ്ഞ സന്ദർഭം. **لنبِي لهم** അവരുടെ ഒരു നബിയോട്. **ابعثْ لنا** ഞങ്ങൾക്ക് നിയോഗിച്ചു തരുക. **ملكًا** ഒരു രാജാവിനെ. **نقَاتلْ** ഞങ്ങൾ യുദ്ധം ചെയ്യാം. **في سبِيلِ اللهِ** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **قَالَ** അദ്ദേഹം പറഞ്ഞു. **هلْ عسيتم** നിങ്ങൾ ആയേക്കുമോ. **إنْ كُتب** നിയമിക്ക (വിധിക്ക) പ്പെട്ടാൽ. **عليكُم** നിങ്ങളുടെ മേൽ,. **القتالُ** യുദ്ധം. **ألا تقَاتلُوا** നിങ്ങൾ യുദ്ധം ചെയ്യാതി(രിക്കുവാൻ) . **قَالُوا** അവർ പറഞ്ഞു. **وما لنَا** ഞങ്ങൾക്കെന്താണ്. **ألا نقَاتلَ** ഞങ്ങൾ യുദ്ധം ചെയ്യാതിരക്കുവാൻ. **في سبِيلِ اللهِ** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **وقَد أُخرجنا** ഞങ്ങൾ പുറത്താക്കപ്പെട്ടിരിക്കെ. **من ديارنا** ഞങ്ങളുടെ വസതികളിൽനിന്ന്. **وأبنائنا** ഞങ്ങളുടെ പുത്രൻമാരിൽ (മക്കളിൽ) നിന്നും. **فَلما كُتب** എന്നിട്ട് നിയമിക്ക (നിർബന്ധമാക്ക) പ്പെട്ടപ്പോൾ. **عليهم** അവരുടെ മേൽ. **القتالُ** യുദ്ധം. **تولوا** അവർ

തിരിഞ്ഞു കളഞ്ഞു. **إلا قليلا** അല്പം ഒഴികെ. **منهم** അവരിൽനിന്നു. **والله** അല്ലാഹു, അല്ലാഹുവാകട്ടെ. **عليم** അറിയുന്നവനാണ്. **بالظالمين** അക്രമികളെപ്പറ്റി.

മുമ്പ് ചൂണ്ടിക്കാട്ടിയ രണ്ടു ചരിത്ര സംഭവങ്ങളിൽ രണ്ടാമത്തേതാണ് ഈ വചനത്തിലും തുടർന്നുള്ള ചില വചനങ്ങളിലും വിവരിക്കുന്നത്. മൂസാ (عليه السلام) നബിക്കുശേഷം പല നൂററാണ്ടുകൾ കഴിഞ്ഞ് ദാവൂദ് (عليه السلام) നബിയുടെ ആദ്യകാലത്ത് സംഭവിച്ച ഒരു സംഭവമാണിത്. ''ഇസ്റാഈല്യരിൽ പ്രധാനികൾ തങ്ങളുടെ ഒരു പ്രവാചകനോട് പറഞ്ഞത് കണ്ടില്ലേ'' എന്ന് പറഞ്ഞ് സംഭവത്തിലേക്ക് അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ملا (മലഉ്) എന്ന വാക്കിന് ' പ്രധാനികൾ, മുഖ്യൻമാർ, മൂപ്പൻമാർ, പ്രമാണികൾ' എന്നൊക്കെ അർത്ഥം പറയാം. ചിലപ്പോൾ 'ജനക്കൂട്ട'ത്തെ ഉദ്ദേശിച്ചും ഉപയോഗിക്കപ്പെടും. ബഹുവചനാർത്ഥത്തിലേ അത് ഉപയോഗിക്കുകയുള്ളു. ഇസ്റാഈല്യരിൽ വളരെയധികം പ്രവാചകൻമാർ ഉണ്ടായിട്ടുണ്ടല്ലോ. പ്രവാചകൻെറ പേര് പറയാതെ അവരിൽപെട്ട ഒരു പ്രവാചകൻ എന്നുമാത്രം പറഞ്ഞത്, സംഭവത്തിലെ ഗുണപാഠങ്ങൾ മനസ്സിലാക്കുവാൻ പ്രവാചകൻെറ പേരറിയണമെന്നില്ലാത്തതുകൊണ്ടായിരിക്കും. താഴെ കാണുന്ന വിവരങ്ങളിൽ നിന്ന് അത് ശമവീൽ (شمويل – او صموييل – ع) അഥവാ ശമുവേൽ) പ്രവാചകനായിരുന്നുവെന്ന് മനസ്സിലാകുന്നു. ബൈബിളിൽ ശമുവേൽ ഒന്നാം പുസ്തകത്തിൽ (*) ഈ ചരിത്രം വളരെ വിസ്തരിച്ചു പറഞ്ഞു കാണാം. ചില പ്രസ്താവനകളിൽ അത് ഖുർആനുമായി യോജിക്കുന്നില്ല. ഈ വചനങ്ങളിലടങ്ങിയ പല പ്രസ്താവനകളുടെയും ഒരു വിശദീകരണം അതിൽ അടങ്ങിയിട്ടുമുണ്ട്. ഖുർആൻ വ്യാഖ്യാതാക്കളുടെയും, ചില പ്രവാചക ചരിത്ര ഗ്രന്ഥകാരൻമാരുടെയും, ബൈബിളിൻെറയും പ്രസ്താവനകൾ മുമ്പിൽവെച്ച് പരിശോധിക്കുമ്പോൾ, സംഭവത്തിൻെറ പശ്ചാത്തലം ഇങ്ങിനെ മനസ്സിലാക്കാവുന്നതാണ്:-

മൂസാ(عليه السلام) ൻെറ വിയോഗാനന്തരം, അദ്ദേഹത്തിൻെറ ശുശ്രൂഷകനായിരുന്ന യോശുവാ (يوشع بن نون – ع) പ്രവാചകൻെറ നേതൃത്വത്തിൽ ഇസ്രാഈൽ ജനത ഫലസ്തീനിൽ പ്രവേശിച്ചശേഷം, അദ്ദേഹം അവരുടെ ഓരോ ഗോത്രത്തിനുമുള്ള വാസസ്ഥലം നിർണ്ണയിച്ചു കൊടുക്കുകയും, (†) അവരിൽ ന്യായാധിപൻമാരെ നിയമിച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മരണംവരെ ഇസ്റാഈല്യർ അദ്ദേഹത്തിൻെറ നിയന്ത്രണത്തിലായിരുന്നു. മൂസാ (عليه السلام) ക്കു ശേഷം നാലാം നൂററാണ്ടിൻെറ മദ്ധ്യംവരെ അവരിൽ രാജാക്കളുണ്ടായിരുന്നില്ല. പ്രവാചകരുടെ നിർദ്ദേശങ്ങളനുസരിച്ച് ന്യായാധിപൻമാർ കാര്യങ്ങൾ നിയന്ത്രിച്ചുപോന്നു. പ്രവാചകൻമാർ അവർക്ക് മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കും. ചില സന്ദർഭങ്ങളിൽ പ്രവാചകൻതന്നെ ന്യായാധിപനുമായിരിക്കും. കാലക്രമേണ ബിംബാരാധനയും, ദൈവപ്രതിഷ്ഠകളുംവരേയുള്ള ദുരാചാരങ്ങളും തോന്നിയവാസങ്ങളും ഇസ്റാഈല്യരിൽ പടർന്നുപിടിച്ചു. ഇടക്കാലങ്ങളിൽ അമ്മോന്യർ, മിദ്യാനികൾ, ഫെലിസ്ത്യർ, മോവാബ്യർ മുതലായ അമാലിഖഃ (عمالقة) വർഗ്ഗങ്ങളും, ഇസ്രാഈൽ വർഗ്ഗവും തമ്മിൽ പല യുദ്ധങ്ങളും നടക്കുകയുണ്ടായി. നാലാം നൂററാണ്ടിൽ ഫെലിസ്ത്യരുമായുണ്ടായ യുദ്ധത്തിൽ ഇസ്റാഈല്യർക്ക് ദാരുണമായ പരാജയം നേരിട്ടു. തങ്ങളുടെ വിജയവും രക്ഷയും ഉദ്ദേശിച്ചുകൊണ്ട് തങ്ങൾ ഒപ്പം കൊണ്ടുപോയിരുന്ന നിയമപെട്ടകം(‡) എന്നറിയപ്പെടുന്ന 'താബൂത്തും' തൗറാത്തും ഫെലസ്ത്യർ

---

* ശമുവേൽ പ്രവാചകൻെറ ജനനം മുതൽ ദാവൂദ് (عليه السلام)ൻെറ മരണം വരെയാണിതിലെ ഉള്ളടക്കം.

† ഓരോ ഗോത്രത്തിനും ഫലസ്തീനിൽ ഭാഗിച്ചുകൊടുക്കപ്പെട്ട സ്ഥലം

‡ ഈ പെട്ടകത്തെക്കുറിച്ചാണ് التابوت താബൂത്ത് എന്ന് പറയുന്നത്. വേദപുസ്തക നിഘണ്ടു പറയുന്നു: 'ഇതിന് യഹോവയുടെ പെട്ടകം, വിശുദ്ധപെട്ടകം എന്നും മറ്റും പേരുണ്ട്. മരംകൊണ്ടുണ്ടാക്കി സ്വർണ്ണംകൊണ്ട് പൊതിഞ്ഞതാണിത്. അതിൽ ന്യായപ്രമാണപ്പലക (തൗറാത്ത് എഴുതി പലക) കൾ ഉണ്ടായിരുന്നു. യിസ്റാഈല്യർ ഇതിനെ ഭക്തിബഹുമാനത്തോടെ സൂക്ഷിച്ചു കൂടെകൊണ്ടുനടന്നു. ഒടുവിൽ ശിലോ എന്ന ആരാധനാ സ്ഥലത്ത് പ്രതിഷ്ഠിച്ചു. ഇത് ഇരുന്ന സ്ഥാനങ്ങളിലൊക്കെയും

പിടിച്ചെടുത്തുകൊണ്ടുപോയി. ഇതുമൂലം അവർ വമ്പിച്ച വിലാപത്തിലാകുകയും, അവരുടെ വീര്യവും ഗൗരവവും നശിക്കുകയും ചെയ്തു. ഇക്കാലത്ത് ഇസ്റാഈല്യരിൽ പ്രവാചകൻമാർ ഉണ്ടായിരുന്നില്ല. പ്രവാചക പാരമ്പര്യമുണ്ടായിരുന്ന കുടുംബത്തിലെ ഒരു സ്ത്രീ ഒരു ആൺകുട്ടിയെ പ്രസവിച്ചു. പ്രാർത്ഥനക്ക് ഉത്തരം കിട്ടി എന്ന അർത്ഥത്തിലാണത്രെ അതിന് ശെമുവേൽ (ശിംവീൽ) എന്ന് പേരിട്ടത്. അദ്ദേഹത്തിന് പിന്നീട് പ്രവാചകത്വവും സിദ്ധിച്ചു. അദ്ദേഹം അവരുടെ പ്രവാചകനും, ന്യായാധിപനുമായിരുന്നു.

അദ്ദേഹത്തിന് വാർദ്ധക്യം പിടിപെട്ട അവസരത്തിലായിരുന്നു തങ്ങളെ നയിക്കുവാനും, യുദ്ധത്തിലും മററും നേതൃത്വം നൽകുവാനുംവേണ്ടി ഒരു രാജാവിനെ നിയോഗിച്ചുതരണമെന്ന് ഇസ്റാഈല്യർ ആ പ്രവാചകനോടാവശ്യപ്പെട്ടത്. ഒരു രാജാവ് നിലവിൽ വന്നാൽ അവരിലുണ്ടാകുന്ന പ്രതികരണവും സ്വഭാവവും ഇന്നമാതിരിയായിരിക്കുമെന്ന് അവരുമായി ഇടപഴകിയ ആ പ്രവാചകന് ഊഹിക്കാമല്ലോ. അങ്ങിനെ, ഒരു രാജാവിനെ നിയോഗിച്ച് അദ്ദേഹത്തിൻെറ കീഴിൽ ശത്രുക്കളുമായി യുദ്ധം നടത്തേണ്ടി വരുമ്പോൾ നിങ്ങൾ പിൻമാറി അനുസരണക്കേട് കാണിച്ചേക്കുമോ? എന്ന് അദ്ദേഹം അവരോട് ചോദിച്ചു. ശത്രുക്കളുമായി യുദ്ധം നടത്തുവാൻ ഞങ്ങൾ സ്വയം തയ്യാറാകുമാറുള്ള കാരണങ്ങൾ ഞങ്ങൾക്കുണ്ടല്ലോ. ശത്രുക്കൾ ഞങ്ങൾക്ക് വരുത്തിത്തീർത്ത വിനകൾ കുറച്ചൊന്നുമല്ല. ഞങ്ങളെ നാട്ടിൽനിന്നും വീട്ടിൽനിന്നും തുരത്തിവിടുക, ഞങ്ങളുടെ കുട്ടികളെ പിടിച്ച് ബന്ധനത്തിലാക്കുക മുതലായ പലതും അവർ ചെയ്തിരിക്കെ, ഒരു രാജാവിൻെറ നേത്രത്വം കൂടി ലഭിച്ചാൽ ഞങ്ങൾ എങ്ങിനെ പിൻമാറും? എന്നായിരുന്നു അവരുടെ മറുപടി. അവസാനം സംഭവിച്ചത് മിക്കവാറും പ്രവാചകൻ സംശയിച്ചതുപോലെത്തന്നെ. അതാണ് അല്ലാഹു പറഞ്ഞത് : ''എന്നിട്ട് അവരുടെമേൽ യുദ്ധം നിയമിക്കപ്പെട്ടപ്പോൾ അവരിൽ അൽപം ആളുകളൊഴിച്ച് ബാക്കിയുള്ളവർ പിൻമാറി''. കൂടുതൽ വിവരം താഴെ വരുന്നുണ്ട്.

ഈ രംഗം ബൈബിൾ പ്രസ്താവിച്ചതിൻെറ ചുരുക്കം ഇങ്ങിനെയാണ്: ''യിസ്രായേൽ മൂപ്പൻമാർ ശമുവേലിൻെറ അടുക്കൽ വന്നു പറഞ്ഞു : നീ വൃദ്ധനായി. നിൻെറ പുത്രൻമാർ നിൻെറ വഴിയിൽ നടക്കുന്നില്ല. ആകയാൽ, എല്ലാ ജാതികൾക്കുമുള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഒരു രാജാവിനെ നിയമിച്ചുതരണം. ഇതു ശമുവേലിനു അനിഷ്ടമായി. ശമുവേൽ യഹോവയോടു (ദൈവത്തോടു) പ്രാർത്ഥിച്ചു. അവരുടെ അപേക്ഷ കേൾക്കുകയും, എന്നാൽ അവരെ വാഴുന്ന രാജാവിൻെറ ന്യായം അവരെ അറിയിക്കുകയും ചെയ്യുക എന്നു യഹോവ ഉത്തരം കേൾപ്പിച്ചു. അവർ തങ്ങൾക്കു രാജാവു വേണമെന്നു ശഠിച്ചു'' (1. ശമുവേൽ, 8:4-22)

247 അവരുടെ പ്രവാചകൻ അവരോടു പറഞ്ഞു: ''നിശ്ചയമായും, അല്ലാഹു ത്വാലൂത്തിനെ നിങ്ങൾക്കു രാജാവായി നിയോഗിച്ചു തന്നിട്ടുണ്ട്.'' അവർ പറഞ്ഞു: ''എങ്ങിനെയാണ് അവന് ഞങ്ങളുടെ മേൽ രാജത്വം ഉണ്ടാകുന്നത്? ഞങ്ങളാകട്ടെ, രാജത്വത്തിന് അവനെക്കാൾ അർഹതയുള്ളവരാകുന്നു; (മാത്രമല്ല) ധനം സംബന്ധിച്ചു (വേണ്ടുന്ന) ഒരു കഴിവും അവന് നൽകപ്പെട്ടിട്ടുമില്ല (എന്നിരിക്കെ) !'' അദ്ദേഹം പറഞ്ഞു: ''നിശ്ചയമായും,

وَقَالَ لَهُمْ نَبِيُّهُمْ إِنَّ ٱللَّهَ قَدْ بَعَثَ لَكُمْ طَالُوتَ مَلِكًا ۚ قَالُوٓا۟ أَنَّىٰ يَكُونُ لَهُ ٱلْمُلْكُ عَلَيْنَا وَنَحْنُ أَحَقُّ بِٱلْمُلْكِ مِنْهُ وَلَمْ يُؤْتَ سَعَةً مِّنَ ٱلْمَالِ ۚ قَالَ إِنَّ ٱللَّهَ ٱصْطَفَىٰهُ عَلَيْكُمْ وَزَادَهُۥ بَسْطَةً فِى ٱلْعِلْمِ وَٱلْجِسْمِ ۖ

യഹോവയുടെ സാന്നിദ്ധ്യമുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. ശലോമോൻ രാജാവ് (സുലൈമാൻ നബി) ദൈവാലയത്തിൽ ഇതിനെ പ്രതിഷ്ഠിച്ച ശേഷമുള്ള ചരിത്രം ഒന്നും അറിയാൻ പാടില്ല.'

وَٱللَّهُ يُؤْتِي مُلْكَهُۥ مَن يَشَآءُ ۚ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٢٤٧﴾	അല്ലാഹു അദ്ദേഹത്തെ നിങ്ങളുടെ മേൽ (രാജത്വത്തിന്) തിരഞ്ഞെടുത്തിരിക്കുന്നു; അവൻ അദ്ദേഹത്തിന് അറിവിലും, ശരീരത്തിലും വികാസം കൂട്ടുകയും ചെയ്തിരിക്കുന്നു. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവന്റെ (വക) രാജത്വം നൽകുന്നു. അല്ലാഹു വിശാലനും (എല്ലാം) അറിയുന്നവനുമാകുന്നു.''

247 **وقَالَ لَهم** അവരോട് പറയുകയും ചെയ്തു. **نبِيهم** അവരുടെ പ്രവാചകൻ. **إِنَّ الله** നിശ്ചയമായും അല്ലാഹു. **قَد بعَث** നിയോഗിച്ചുതന്നിട്ടുണ്ട്. **لَكُم** നിങ്ങൾക്ക്. **طَالُوت** ത്വാലൂത്തിനെ. **ملكًا** ഒരു രാജാവായിട്ട്. **قَالُوا** അവർ പറഞ്ഞു. **أنى يكُونُ** എങ്ങിനെ ഉണ്ടാകും, ആകുന്നതെങ്ങിനെ. **له** അവന്. **الْملك** രാജത്വം. **علينا** ഞങ്ങളുടെമേൽ. **ونحن** ഞങ്ങളാവട്ടെ. **أحق** കൂടുതൽ അർഹരാണ്. **بِالْملك** രാജത്വത്തിന്. **منه** അവനെക്കാൾ. **ولَم يؤت** അവന് നൽകപ്പെട്ടിട്ടുമില്ല. **سعةً** വല്ല കഴിവും, ഒരു വലുപ്പം വിശാലത. **من الْمال** ധനത്തിൽനിന്ന്, ധനത്താൽ, ധനം സംബന്ധിച്ച്. **قَالَ** അദ്ദേഹം പറഞ്ഞു. **إِنَّ الله** നിശ്ചയം അല്ലാഹു. **اصطفَاه** അദ്ദേഹത്തെ തിരഞ്ഞെടുത്തിരിക്കുന്നു. **علَيكُم** നിങ്ങളുടെമേൽ. **وزاده** അദ്ദേഹത്തിന് വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. **بسطَةً** വികാസം, വിശാലത, വലുപ്പം. **في العلم** അറിവിൽ, ജ്ഞാനത്തിൽ. **والْجِسم** ശരീരത്തിലും. **والله يؤتي** അല്ലാഹു കൊടുക്കും. **ملكَه** അവന്റെ (വക) രാജത്വം. **من يشاءُ** അവനുദ്ദേശിക്കുന്നവർക്ക്. **والله واسع** അല്ലാഹു വിശാലനാണ്. **عليم** അറിയുന്നവനാണ്.

അവരുടെ അപേക്ഷ പ്രകാരം ത്വാലൂത്ത് എന്നു പേരായ ഒരാളെ അവർക്ക് രാജാവാക്കി നിശ്ചയിച്ചുകൊടുത്തു. ഈ വിവരം പ്രവാചകൻ അവരെ അറിയിച്ചപ്പോൾ അവർക്ക് അതു തൃപ്തിപ്പെട്ടില്ല. അതെങ്ങിനെ ശരിയാകും? അവനെക്കാൾ അർഹത അതിനു ഞങ്ങൾക്കാണല്ലോ ഉള്ളത്. ധനംകൊണ്ടുള്ള കഴിവും അവനില്ല. എന്നൊക്കെയായിരുന്നു അവരുടെ പ്രതികരണം. പ്രവാചകൻ അവരെ കാര്യം പറഞ്ഞു മനസ്സിലാക്കി. 1-ാമത് അല്ലാഹുവാണ് അദ്ദേഹത്തെ രാജാവാക്കി നിയമിച്ചത്-ഞാനല്ല. നിങ്ങൾക്കു രാജാവാകുവാൻ അദ്ദേഹം മതിയെന്നു അല്ലാഹുവിനറിയാവുന്നതുകൊണ്ടാണല്ലോ അവനങ്ങിനെ ചെയ്തത്. 2-ാമത്, അറിവുകൊണ്ടും ശരീരസ്ഥിതികൊണ്ടും അദ്ദേഹം മികച്ചു നിൽക്കുന്നു. ഭരിക്കുവാനും നയിക്കുവാനും വേണ്ടത് അറിവാണ്. യുദ്ധം പോലെയുള്ള സന്നിഗ്ദ്ധഘട്ടങ്ങളെ നേരിടുവാൻ വേണ്ടതു ശരീരശക്തിയാണ്. രണ്ടും അദ്ദേഹത്തിനുണ്ട്. 3-ാമത്, രാജത്വം നൽകലും മററും അല്ലാഹു തന്റെ ഉദ്ദേശ്യമനുസരിച്ചു ചെയ്യുന്ന കാര്യങ്ങളാണ്. അതിൽ നമ്മുടെ അഭിപ്രായത്തിനു സ്ഥാനമില്ല. 4-ാമത്, അനുഗ്രഹംകൊണ്ടും കഴിവുകൊണ്ടും കരുണകൊണ്ടുമെല്ലാം അല്ലാഹു അങ്ങേഅററം വിശാലനാണ്. അവൻ സർവ്വജ്ഞനുമാണ്. അപ്പോൾ സൃഷ്ടികളുടെ ഗുണവും ആവശ്യവും അവന് അജ്ഞാതമല്ല. അതിലവൻ പിശുക്കും കാണിക്കുകയില്ല. എന്നൊക്കെ.

ഇസ്റാഈല്യർ പന്ത്രണ്ടു ഗോത്രങ്ങളായിരുന്നുവല്ലോ. അവരിൽ ലേവീ ഗോത്രത്തിൽ പ്രവാചകത്വവും, യെഹൂദ്യാ ഗോത്രത്തിൽ ന്യായാധിപത്യവും പാരമ്പര്യമായി തുടർന്നു പോന്നിരുന്നു. അവരിൽ ഒരു ചെറുഗോത്രമായ ബിൻയാമീൻ ഗോത്രത്തിൽപെട്ട ആളായിരുന്നു ത്വാലൂത്ത്. അദ്ദേഹം കാലികളെ മേക്കുക, ചെരുപ്പ് തുന്നുക മുതലായ ജോലികൾ ചെയ്തിരുന്നു. പറയത്തക്ക ധനശേഷിയൊന്നും ഇല്ലായിരുന്നു. അവനെക്കാൾ രാജത്വത്തിന് അർഹൻ ഞങ്ങളാണല്ലോ എന്നു അവർ പറഞ്ഞത് അതുകൊണ്ടാണ്. ത്വാലൂത്ത് എന്ന പേരിന്റെ

സ്ഥാനത്ത് ബൈബിളിൽ കാണുന്ന പേർ ശൗൽ (شاول) എന്നത്രെ.(*) അദ്ദേഹത്തിനു രണ്ടു പേരുണ്ടായിരുന്നതാണോ, അതല്ല ഒരു പേർ ലോപിച്ചു മാററം വന്നതാണോ ഈ വ്യത്യാസത്തിനു കാരണമെന്നറിഞ്ഞുകൂടാ. ഏതായാലും ഖുർആനിൽ വന്ന പേരുകൊണ്ടു നമുക്ക് തൃപ്തിപ്പെടാം.

ഈ രംഗം ബൈബിൾ വിശദീകരിച്ചതിൻെറ സംക്ഷിപ്തരൂപം ഇങ്ങിനെയാകുന്നു:- ''ബിൻയാമീൻ ഗോത്രത്തിൽ കീശു (قيس) എന്ന ധനികനു ശൗൽ എന്നു പേരുള്ള ഒരു മകനുണ്ടായിരുന്നു. യൗവനവും കോമളത്വവും ഉള്ളവനും, എല്ലാവരേക്കാളും തോൾമുതൽ പൊക്കമേറിയവനുമായിരുന്നു. കീശിൻെറ കാണാതായ കഴുതകളെ അന്വേഷിച്ചുകൊണ്ട് ഒരു ഭൃത്യനോടൊപ്പം അവൻ മകൻ ശൗലിനെ പറഞ്ഞയച്ചു. തേടിത്തിരഞ്ഞു നടന്ന കൂട്ടത്തിൽ ശമുവേലിൻെറ പട്ടണത്തിലെത്തി. ഇവിടെ ഒരു ദൈവപുരുഷനുണ്ടെന്നും, അദ്ദേഹം കഴുതകളെപ്പററി പറഞ്ഞുതരുമെന്നും അദ്ദേഹത്തെ നമുക്ക് കാണാമെന്നും ഭൃത്യൻ പറഞ്ഞു. രണ്ടാളും ചെന്നു ശമുവേലിനെ കണ്ടു . അദ്ദേഹം ശൗലിനെ സൽക്കരിക്കുകയും, തൻെറ ഭാവിയെക്കുറിച്ച് പറയുകയും ചെയ്തു. ശൌലിൻെറ വരവിനെപ്പററി അദ്ദേഹത്തിനുമുമ്പുതന്നെ വെളിപ്പാടുണ്ടായിരുന്നു. പിന്നെ, അദ്ദേഹം എല്ലാവരെയും ഒരുമിച്ചുകൂട്ടി അദ്ദേഹത്തെ രാജാവാക്കുന്ന വിവരം അറിയിക്കുകയും, രാജധർമ്മത്തെപ്പററി വിവരിക്കുകയും ചെയ്തു. സാമാനങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കയായിരുന്ന ശൗലിനെ ജനമദ്ധ്യെ വരുത്തി. എല്ലാവരും സന്തോഷിച്ചു. രാജാവേ, ജയജയ എന്നു വിളിച്ചു. എങ്കിലും, ചില നീചൻമാർ, ഇവൻ എങ്ങിനെ നമ്മെ രക്ഷിക്കും എന്നു പറഞ്ഞു ശൗലിനെ ധിക്കരിച്ചു.'' (1. ശമു. അ: 9, 10.)

ശൗലിൻെറ നേതൃത്വത്തിൽ നടത്തപ്പെട്ട പല യുദ്ധങ്ങളെക്കുറിച്ചും പറയുന്ന കൂട്ടത്തിൽ ശമുവേൽ 1-ാം പുസ്തകത്തിൽ ഇങ്ങിനെ പറയുന്നു ''ശൗൽ യിസ്രായേലിൽ രാജത്വം ഏററശേഷം മോവാബ്യർ അമ്മോന്യർ, ഏദോമ്യർ, സോബാരാജാക്കൻമാർ, ഫെലിസ്ത്യർ എന്നിങ്ങിനെ ചുററുമുള്ള സകല ജാതിക്കാരോടും യുദ്ധം ചെയ്തു. അവൻ ചെന്നേടത്തൊക്കെയും ജയം പ്രാപിച്ചു. അവൻ ശൗര്യം പ്രവർത്തിച്ചു. അമാല്യരെ (അമാലിഖയെ) ജയിച്ചു. യിസ്രാഈല്യരെ കവർച്ചക്കാരുടെ കയ്യിൽനിന്ന് വിടുവിക്കുകയും ചെയ്തു.'' (1. ശമു. 14:47-49) ത്വാലൂത്ത് രാജാവിനെക്കുറിച്ചു ഖുർആൻ പ്രസ്താവിച്ചതിൽനിന്ന് അദ്ദേഹം ഒരു നല്ല മനുഷ്യനും അനുഗൃഹീതനുമായിരുന്നുവെന്നത്രെ മനസ്സിലാകുന്നത്. ബൈബിളിലെ ചില പരാമർശങ്ങൾ നോക്കുമ്പോൾ, കേവലം സാധാരണ രാജാക്കളെപ്പോലെ പല പാകപ്പിഴവുകളും, അനുസരണക്കേടുകളും ചെയ്ത ഒരാളാണ് ശൗൽ എന്നു മനസ്സിലാകുന്നു. ആ സ്ഥിതിക്ക് ഖുർആനോടും മററു തെളിവുകളോടും യോജിക്കുന്നതുമാത്രം ശരിവെക്കുവാനും, അതിനെതിരായ പരാമർശങ്ങളെല്ലാം തള്ളിക്കളയുവാനും, രണ്ടും കൽപിക്കുവാൻ വയ്യാത്ത ഭാഗം സത്യമെന്നോ അസത്യമെന്നോ നിശ്ചയിക്കാതെ വിട്ടേക്കുവാനും മാത്രമേ നമുക്കു നിവൃത്തിയുള്ളു. അതാണു നബി (ﷺ) നമുക്കു പഠിപ്പിച്ചു തന്നിട്ടുള്ളതും.

248 അവരുടെ പ്രവാചകൻ അവരോട് (വീണ്ടും) പറഞ്ഞു: ''അദ്ദേഹത്തിൻെറ രാജത്വത്തിൻെറ ദൃഷ്ടാന്തം (ആ) താബൂത്ത് [പെട്ടകം] നിങ്ങൾക്ക് വന്നെത്തുകയാണ്. അതിൽ, നിങ്ങളുടെ റബ്ബിങ്കൽ നിന്ന് (മനഃ) ശാന്തിയും, മൂസായുടെ ആൾക്കാരും ഹാറൂൻെറ ആൾക്കാരും വിട്ടേച്ചുപോയതിൽ നിന്നുള്ള ചില അവ

وَقَالَ لَهُمْ نَبِيُّهُمْ إِنَّ ءَايَةَ مُلْكِهِۦٓ أَن يَأْتِيَكُمُ ٱلتَّابُوتُ فِيهِ سَكِينَةٌ مِّن رَّبِّكُمْ وَبَقِيَّةٌ مِّمَّا تَرَكَ ءَالُ مُوسَىٰ وَءَالُ هَٰرُونَ تَحْمِلُهُ ٱلْمَلَٰٓئِكَةُ ۚ إِنَّ فِى ذَٰلِكَ لَءَايَةً لَّكُمْ إِن كُنتُم مُّؤْمِنِينَ

* ശൗലിനെപ്പറ്റി വേദപുസ്തക നിഘണ്ടുവിൽ ഇങ്ങിനെ കാണാം: ' ഇവൻ യിസ്റായേലിലെ ഒന്നാമത്തെ രാജാവായിരുന്നു. കാലം ക്രി. മു. 1050-1017 എന്നു പറയാം.'

ശിഷ്ടവുമുണ്ടായിരിക്കും. മലക്കുകൾ അത് വഹിച്ചു കൊണ്ടുവരുന്നതാണ്. നിശ്ച യമായും, അതിൽ നിങ്ങൾക്ക് ദൃഷ്ടാ ന്തമുണ്ട്- നിങ്ങൾ വിശ്വാസികളാ ണെങ്കിൽ.'' ٢٤٨

---

248 **وَقَالَ لَهُم** അവരോട് പറയുകയും ചെയ്തു. **نَبِيُّهُم** അവരുടെ നബി. **إِنَّ آيَةَ** നിശ്ചയമായും ദൃഷ്ടാന്തം. **مُلْكِهِ** അദ്ദേഹത്തിൻെറ രാജത്വത്തിൻെറ. **أَن يَأْتِيَكُمُ** നിങ്ങൾക്ക് വരുകയാണ്. **التَّابُوتُ** താബൂത്ത്, പെട്ടി പേടകം. **فِيهِ** അതിലുണ്ട് (ഉണ്ടായിരിക്കും) . **سَكِينَةٌ** ശാന്തി, സമാധാനം, അടക്കം. **مِّن رَّبِّكُمْ** നിങ്ങളുടെ റബ്ബിങ്കൽനിന്ന്. **وَبَقِيَّةٌ** അവശിഷ്ടവും, മിച്ചപ്പെട്ടതും. **مِّمَّا تَرَكَ** വിട്ടുപോയതിൽനിന്ന്. **آلُ مُوسَىٰ** മൂസായുടെ ആൾക്കാർ. **وَآلُ هَارُونَ** ഹാറൂൻെറ ആളുകളും. **تَحْمِلُهُ** അതിനെ വഹിക്കും. **الْمَلَائِكَةُ** മലക്കുകൾ. **إِنَّ فِي ذَٰلِكَ** നിശ്ചയമായും അതിലുണ്ട്. **لَآيَةً لَّكُمْ** നിങ്ങൾക്ക് ദൃഷ്ടാന്തം തന്നെ. **إِن كُنتُم** നിങ്ങളാകുന്നുവെങ്കിൽ. **مُّؤْمِنِينَ** വിശ്വാസികൾ.

ത്വാലൂത്തിനെ രാജാവായി നിയമിച്ചതിൽ ഇസ്റാഈല്യർ തൃപ്തരായിരുന്നില്ലെന്ന് മുമ്പ് വിവരിച്ചതിൽ നിന്ന് മനസ്സിലായല്ലോ. അതുകൊണ്ട് അദ്ദേഹത്തിൻെറ രാജത്വത്തിനും, അദ്ദേഹം അവരെ നയിക്കുവാൻ പററിയ ആളാണെന്നുള്ളതിനും ഒരു ദൃഷ്ടാന്തം പ്രവാചകൻ അവരെ അറിയിച്ചു. നിങ്ങളിൽ നിന്ന് ശത്രുക്കൾ മുമ്പ് പിടിച്ചെടുക്കുകയും, അതുമൂലം നിങ്ങൾ വളരെയധികം മനസ്താപത്തിലും പതിതത്വത്തിലുമായിത്തീരുകയും ചെയ്ത ആ പെട്ടകം (التابوت) നിങ്ങളുടെ യാതൊരു പരിശ്രമവും കൂടാതെ നിങ്ങൾക്ക് തിരിച്ചു വരുന്നതാണ്. മലക്കുകളായിരിക്കും അത് കൊണ്ടുവരുക. ഇതാണ് ദൃഷ്ടാന്തം. ഇതവർക്ക് ആവേശവും മനോവീര്യവും മനസ്സമാധാനവും ഉണ്ടാക്കുന്നതാണെന്ന് പറയേണ്ടതില്ല. അതാണ് ''അതിൽ നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള ശാന്തിയുണ്ടായിരിക്കും'' എന്ന് പറഞ്ഞത്. ''മൂസായുടെയും ഹാറൂൻെറയും ആൾക്കാർ വിട്ടേച്ചുപോയ ചില അവശിഷ്ടവുമുണ്ടായിരിക്കും'' എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യത്തിൽ പല അഭിപ്രായങ്ങളും കാണപ്പെടുന്നു. തൗറാത്തിൻെറ പകർപ്പ്-അല്ലെങ്കിൽ അതെഴുതിയ ചില പലകകളോ, അതിൻെറ കഷ്ണങ്ങളോ- എന്നും, മൂസാ (عليه السلام) ൻെറയും ഹാറൂൻ (عليه السلام) ൻെറയും വടികൾ എന്നും, അവരുടെ വസ്ത്രങ്ങൾ എന്നും മററുമൊക്കെ പറയപ്പെടുന്നു. (അല്ലാഹുവിനറിയാം.)

'മലക്കുകൾ അത് വഹിച്ചുകൊണ്ടുവരും' എന്ന വാക്യത്തെപ്പററി, മലക്കുകൾ അത് ത്വാലൂത്തിൻെറ വീട്ടിൽ കൊണ്ടുവന്നുവെച്ചു എന്ന് ഖത്താദ (رحمه الله) യിൽ നിന്നും, ഒന്നോ രണ്ടോ പശുക്കളെ കെട്ടിയ ഒരു വണ്ടിയിൽ മലക്കുകൾ അത് കൊണ്ടുവന്നു എന്ന് ഥൗരീ (رحمه الله) യുടെ ഗുരുവര്യൻമാർ പറഞ്ഞതായി അദ്ദേഹത്തിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഏതായാലും പെട്ടിയുടെ മടങ്ങിവരവ് ത്വാലൂത്തിൻെറ രാജത്വത്തിന് ഒരു അടയാളമാണെന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പെട്ടിയുടെ മടങ്ങിവരവിനെപ്പററി ബൈബിൾ വിസ്തരിച്ചു വിവരിച്ചിട്ടുണ്ടെങ്കിലും, അതദ്ദേഹത്തിൻെറ രാജത്വത്തിൻെറ അടയാളമായി അതിൽ പ്രസ്താവിച്ചിട്ടില്ല. ബൈബിൾ വിവരിച്ചതിൻെറ ചുരുക്കം ഇതാകുന്നു:-

''ഫെലിസ്ത്യർ ദൈവത്തിൻെറ പെട്ടകംകൊണ്ട് ദാഗോൻ (داجون) എന്ന വിഗ്രഹത്തിൻെറ ക്ഷേത്രത്തിൽവെച്ചു. ദാഗോൻ അതുമൂലം മറിഞ്ഞുവീണുകൊണ്ടിരുന്നു. പിന്നീട് വേറെ സ്ഥലങ്ങളിലേക്ക് മാററിവെച്ചുനോക്കി. അവിടങ്ങളിലും മരണം, എലിശല്യം, മൂലക്കുരു മുതലായ ആപത്തുകൾ സംഭവിച്ചുകൊണ്ടിരുന്നു. അവസാനം ചിലരുടെ ഉപദേശപ്രകാരം അത് മടക്കി അയക്കുവാനും, പൊന്നുകൊണ്ടുള്ള കുറേ വസ്തുക്കളുണ്ടാക്കി അതോടൊപ്പം പ്രായശ്ചിത്തമായി അയക്കുവാനും തീരുമാനിച്ചു. അവയെല്ലാം ഒരു വണ്ടിയിൽ കയററി രണ്ട്

കറവുള്ള പശുക്കളെ കെട്ടി വണ്ടി വിട്ടു. വണ്ടി തെളിക്കുവാനോ, വഴി കാട്ടുവാനോ ആളില്ലായിരുന്നു. പശുക്കൾ നേരെ ബേത്തുശേമസി (بيت الشمس) ലേക്ക് പോയി. അവിടെ നിന്ന് അതെങ്ങോട്ട് പോകുന്നുവെന്ന് നോക്കുവാൻ പിന്നാലെ ഫെലിസ്ത്യപ്രഭുക്കളും പോയിരുന്നു അവർ അവിടെനിന്ന് മടങ്ങിപ്പോയി. പിന്നീട്- ചില കാരണങ്ങളാൽ-യെയാരീം (يعاريم) നിവാസികൾ അതുകൊണ്ടുപോയി അബീനാദാബിൻെറ വീട്ടിൽ വെച്ചു. അവൻെറ മകനെ ശുശ്രൂഷക്കേൽപ്പിച്ചു. ഏഴു മാസം അത് ഫിലിസ്ത്യരുടെ അടുക്കലും, ഇരുപതു കൊല്ലം യെയാരീമിലും ഇരുന്നു. യിസ്രായേൽ യഹോവയോട് വിലപിച്ചു. ഈ സമയത്തു ശമുവേൽ പ്രവാചകൻ അവരെ ഒരുമിച്ചുകൂട്ടി ഉപദേശങ്ങൾ നൽകി. നിങ്ങൾ യഹോവയിലേക്ക് പൂർണ്ണഹൃദയത്തോടെ തിരിയുന്നുവെങ്കിൽ അന്യ ദൈവങ്ങളെയും, പ്രതിഷ്ഠകളെയും നീക്കി യഹോവയെ മാത്രം സേവിക്കണം. എന്നാലവൻ നിങ്ങളെ ഫിലിസ്ത്യരുടെ കയ്യിൽനിന്ന് രക്ഷിക്കും. അങ്ങനെ അവർ വിഗ്രഹങ്ങളെയും, പ്രതിഷ്ഠികളെയും ഉപേക്ഷിച്ചു''. (1. ശമു. അ: 4-8)

പെട്ടിയുടെ വരവ് ഇങ്ങിനെയാണെങ്കിൽ, ആ വണ്ടിയെയും അതിൽ കെട്ടിയ പശുക്കളേയും നിയന്ത്രിക്കുവാനോ, തെളിക്കുവാനോ ആളില്ലാതെ അത് വളരെദൂരം സഞ്ചരിക്കുകയും, വഴിതെററാതെ എത്തേണ്ട സ്ഥലത്ത് വന്നു നിൽക്കുകയും ചെയ്ത സ്ഥിതിക്ക് അതിൻെറ നിയന്ത്രണം നടത്തിയിരുന്നത് ഒരു അദൃശ്യശക്തി തന്നെയായിരിക്കുമെന്നും, ഇമാംഥൗരീ (رحمه الله) യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രകാരം അതാണ് , മലക്കുകൾ അത് വഹിച്ചുകൊണ്ടുവരും, എന്ന് പറഞ്ഞതിൻെറ താൽപര്യമെന്നും മനസ്സിലാക്കാം. അതുകൊണ്ടാണ് പല വ്യാഖ്യാതാക്കളും ഈ അഭിപ്രായം സ്വീകരിച്ചിരിക്കുന്നതും. (ചില ഗ്രന്ഥങ്ങളിൽ 'പശു' എന്നതിനുപകരം 'കാള' എന്നും കാണാം. രണ്ടും തമ്മിൽ വൈരുദ്ധ്യമില്ലാത്തതാകുന്നു) വാസ്തവം അല്ലാഹുവിനറിയാം.

വിഭാഗം-33

فَلَمَّا فَصَلَ طَالُوتُ بِٱلْجُنُودِ قَالَ إِنَّ ٱللَّهَ مُبْتَلِيكُم بِنَهَرٍ فَمَن شَرِبَ مِنْهُ فَلَيْسَ مِنِّى وَمَن لَّمْ يَطْعَمْهُ فَإِنَّهُۥ مِنِّىٓ إِلَّا مَنِ ٱغْتَرَفَ غُرْفَةًۢ بِيَدِهِۦ ۚ فَشَرِبُوا۟ مِنْهُ إِلَّا قَلِيلًا مِّنْهُمْ ۚ فَلَمَّا جَاوَزَهُۥ هُوَ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ قَالُوا۟ لَا طَاقَةَ لَنَا ٱلْيَوْمَ بِجَالُوتَ وَجُنُودِهِۦ ۚ قَالَ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُوا۟ ٱللَّهِ كَم مِّن فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةًۢ بِإِذْنِ ٱللَّهِ ۗ وَٱللَّهُ مَعَ ٱلصَّٰبِرِينَ ﴿٢٤٩﴾

249 അങ്ങനെ, ത്വാലൂത്ത് സൈന്യങ്ങളെയുംകൊണ്ടു (സ്ഥലം) വിട്ടു പോയപ്പോൾ, അദ്ദേഹം പറഞ്ഞു: നിശ്ചയമായും, അല്ലാഹു ഒരു നദിമുഖേന നിങ്ങളെ പരീക്ഷിക്കുന്നതാണ്; അപ്പോൾ, അതിൽനിന്ന് ആർ (വെള്ളം) കുടിച്ചുവോ അവൻ എൻെറ കൂട്ടത്തിൽ പെട്ടവനല്ല; ആർ അത് രുചി നോക്കിയില്ലയോ അവൻ എൻെറ കൂട്ടത്തിൽപെട്ടവനാണ്; തൻെറ കൈ കൊണ്ട് ഒരു കോരൽ കോരിയെടു (ത്തു കുടി) ക്കുന്നവനൊഴികെ. [അതിനു വിരോധമില്ല.] എന്നിട്ട് അവരിൽനിന്ന് അൽപം (ആളുകൾ) ഒഴികെ (ബാക്കിയെല്ലാം) അതിൽനിന്നു കുടിച്ചു. അങ്ങനെ, അദ്ദേഹവും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും അത് [നദി] വിട്ടുകടന്നപ്പോൾ, അവർ പറഞ്ഞു: ''ജാലൂത്തിനോടും, അവൻെറ സൈന്യങ്ങളോടും (ഏറ്റുമുട്ടാൻ) ഇന്ന് നമുക്ക് കഴിവില്ല.'' തങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടുന്നവരാണെന്നു വിചാരിക്കുന്നവർ പറഞ്ഞു: ''കുറഞ്ഞതായ എത്രയോ

സംഘം (ആളുകള്‍) അധികരിച്ചതായ സംഘത്തെ അല്ലാഹുവിന്‍റെ അനുമതി പ്രകാരം ജയിച്ചടക്കിയിട്ടുണ്ട്! അല്ലാഹുവാകട്ടെ, ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.''

---

249 فَلَمَّا فَصَلَ അങ്ങനെ, പിരിഞ്ഞ (വേറിട്ട) പ്പോള്‍. طَالُوتُ ത്വാലൂത്ത്. بِالْجنود സൈന്യങ്ങളെയുകൊണ്ട്. قَالَ അദ്ദേഹം പറഞ്ഞു. إِنَّ اللَّهَ നിശ്ചയമായും അല്ലാഹു. مبتليكُم നിങ്ങളെ പരീക്ഷിക്കുന്നവനാണ്. بِنَهَرٍ ഒരു പുഴ മുഖേന. فَمَن شرب അപ്പോള്‍ ആര്‍ കുടിച്ചുവോ. منه അതില്‍നിന്ന്. فَلَيس എന്നാല്‍ അവനല്ല. مني എന്നില്‍നിന്നുള്ള, എന്‍റെ കൂട്ടത്തില്‍ പെട്ട(വന്‍) . ومن لم يطعمه അതിനെ ആര്‍ രുചി നോക്കിയില്ല (കഴിച്ചില്ല) യോ. فإنه مني എന്നാലവന്‍ എന്നില്‍ പെട്ട(വന്‍) ആകുന്നു. إلا من اغْترف കോരി (മുക്കി) എടുത്തവനൊഴികെ. غُرْفَةً ഒരു കോരല്‍. بيده തന്‍റെ കൈകൊണ്ട്. فَشربوا എന്നിട്ട് അവര്‍ കുടിച്ചു. منه അതില്‍നിന്ന്. إلا قَليلاً അല്‍പം (ആളുകള്‍) ഒഴികെ. منهم അവരില്‍നിന്ന്. فَلما جاوزه അങ്ങനെ അതിനെ വിട്ടു കടന്നപ്പോള്‍. هو والذين آمنوا അദ്ദേഹവും വിശ്വസിച്ചവരും. معه അദ്ദേഹത്തോടൊപ്പം. قَالُوا അവര്‍ പറഞ്ഞു. لا طَاقَةَ കഴിവി(ല്ല) . لنا اليوم നക്കുക്ക് ഇന്ന്. بجالُوت ജാലൂത്തിനോട്. وجنوده അവന്‍റെ സൈന്യങ്ങളോടും. قَالَ പറഞ്ഞു. الذين يظُنونَ വിചാരിക്കുന്നവര്‍. أَنهم തങ്ങള്‍ (അവര്‍) എന്ന്. ملاقُوا اللّه അല്ലാഹുവുമായി കണ്ടുമുട്ടുന്നവരാണ് (എന്ന്) . كَم എത്ര, എത്രയോ (ഉണ്ട്) . من فئَة സംഘത്തില്‍നിന്ന്. قَليلَة കുറഞ്ഞ, അല്‍പമായ. غَلَبت ജയിച്ചിരിക്കുന്നു. فئَةً كَثيرةً അധികരിച്ച (വളരെയുള്ള) സംഘത്തെ. بِإِذْنِ اللَّهِ അല്ലാഹുവിന്‍റെ അനുമതികൊണ്ട് (ഉത്തരവ്-സമ്മത പ്രകാരം) . واللّه അല്ലാഹുവാകട്ടെ. مع الصابِرِين ക്ഷമിക്കുന്നവരോട് കൂടെയായിരിക്കും.

ഇസ്‌റാഈല്യരുടെ അച്ചടക്കരാഹിത്യവും, വിശ്വാസ ദൗര്‍ബ്ബല്യവും പ്രസിദ്ധമാണല്ലോ. അര്‍ദ്ധ മനസ്സോടെ പുറപ്പെട്ടവരും, രാജാവിനെക്കുറിച്ച് ആശങ്ക പുലര്‍ത്തുന്നവരും, ത്യാഗസന്നദ്ധരല്ലാത്തവരും അവരിലുണ്ടായിരിക്കും. അങ്ങിനെയുള്ളവരെയും, നിഷ്കളങ്കരെയും വേര്‍തിരിക്കുവാനുള്ള ഒരു പരീക്ഷണം നടന്നതിനെക്കുറിച്ചാണ് ഈ വചനത്തില്‍ പ്രസ്താവിക്കുന്നത്. ഇസ്‌റാഈല്യരുടെ വാസ സ്ഥലങ്ങളിലൂടെ ഒഴുകുന്ന ഒരു പ്രസിദ്ധ നദിയാണ് ജോര്‍ഡാന്‍ നദി. അതിന് വളരെ പോഷക നദികളുമുണ്ട്. ത്വാലൂത്തും സൈന്യവും പടയെടുത്തു പോകുമ്പോള്‍ അവയില്‍ ഏതോ ഒന്ന് കടന്ന് പോകേണ്ടിയിരുന്നു. അവിടെവെച്ചാണ് പരീക്ഷണം നടക്കുന്നത്. നദിയില്‍നിന്നും ആരും വെള്ളം കുടിക്കരുത് ; കുടിച്ചവരെ സൈന്യത്തില്‍ ചേര്‍ക്കുകയില്ല ; കുടിക്കാത്തവരെ മാത്രമേ സ്വീകരിക്കുകയുള്ളു ; അത്യാവശ്യമെങ്കില്‍ കൈകൊണ്ട് ഒന്ന് കോരിക്കുടിക്കാം ; അതിലധികം പാടില്ല. ഇതായിരുന്നു കല്‍പന. ചില വ്യാഖ്യാതാക്കള്‍ പറഞ്ഞുകാണുന്നതുപോലെ, ഉഷ്ണവും ദാഹവും കൂടുതലുള്ള ഒരു സന്ദര്‍ഭം കൂടയായിരിക്കാം അത്. അപ്പോഴാണല്ലോ പരീക്ഷണഫലം പൂര്‍ത്തിയാകുക. അല്‍പനേരത്തേക്ക് ദാഹം സഹിക്കുവാന്‍പോലും തയ്യാറില്ലാത്തവരെ, അതിനേക്കാള്‍ വമ്പിച്ച ആപത്തുകളെ നേരിടുവാന്‍ കൊണ്ടുപോകുന്നത് ഗുണത്തിലേറെ ദോഷം വരുത്തുകയാണ് ചെയ്യുക. പരീക്ഷണം ഫലപ്പെടുകയും ചെയ്തു. അല്‍പം ആളുകള്‍ മാത്രമേ വെള്ളം കുടിക്കാതിരുന്നുള്ളു. അങ്ങനെ, ഭൂരിഭാഗവും സൈന്യത്തില്‍നിന്നും പുറന്തള്ളപ്പെട്ടുവെന്ന് പറയേണ്ടതില്ല

ശൗലും (ത്വാലൂത്തും) സൈന്യവും ശത്രുക്കളുമായി നടത്തിയ പല യുദ്ധങ്ങളെപ്പററിയും ബൈബിള്‍ വിവരിച്ചിട്ടുണ്ട്. അക്കൂട്ടത്തില്‍ ഒരു യുദ്ധത്തില്‍ 'സന്ധ്യക്ക് മുമ്പും, ഞാന്‍ ശത്രുക്കളോട് പ്രതികാരം ചെയ്യുവോളവും ആഹാരം കഴിക്കുന്നവന്‍ ശപിക്കപ്പെട്ടവന്‍' എന്ന് അദ്ദേഹം പറഞ്ഞതായും, അന്ന് ജനങ്ങള്‍ ആഹാരം കഴിക്കാതെ വിഷമത്തിലായതായും അതില്‍

പ്രസ്താവിച്ചിരിക്കുന്നു. (1. ശമു. 14:24.) എന്നാൽ ഈ വചനത്തിൽ പ്രസ്താവിച്ചതുപോലെയുള്ള ഒരു പരീക്ഷണ സംഭവം ബൈബിളിൽ കാണുന്നില്ല. ചരിത്രസംഭവങ്ങളിൽ ഖുർആൻ ചൂണ്ടിക്കാട്ടുന്ന മർമ്മപ്രധാനമായ പല രംഗങ്ങളും ബൈബിളിൽ കാണപ്പെടാതിരിക്കുക പതിവാണ്. വെള്ളം കുടിക്കാത്തവർ-അതെ, യഥാർത്ഥ വിശ്വാസവും ഉറച്ച മനസ്ഥിതിയും ഉള്ളവർ-അൽപം മാത്രമായിരുന്നുവെന്നാണ് അല്ലാഹു പറഞ്ഞത്. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരുടെ അത്ര എണ്ണം-മുന്നൂററിപത്തിൽപരം പേർ-മാത്രമായിരുന്നു അവർ എന്ന് ബുഖാരി, ഇബ്നു ജരീർ (ﷺ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിരിക്കുന്നു.

പരീക്ഷണം കഴിഞ്ഞശേഷം ത്വാലൂത്തും, പരീക്ഷണത്തിൽ വിജയിച്ചവരും നദി കടന്നു പോർക്കളത്തിലേക്കണഞ്ഞപ്പോൾ, ശത്രു സൈന്യത്തിൻെറ പെരുപ്പവും, തങ്ങളുടെ എണ്ണക്കുറവും കണ്ട് അവരിൽ ചിലർ : നമുക്ക് ഇന്ന് ജാലൂത്തിനോടും അവൻെറ സൈന്യത്തോടും നേരിടുവാൻ കഴിവില്ലല്ലോ എന്ന് പറഞ്ഞു. അവരിൽ കൂടുതൽ അറിവും ബോധവും വിശ്വാസവും ഉള്ളവർ അവരെ പറഞ്ഞു സമാധാനിപ്പിച്ചു: അല്ലാഹുവിൻെറ അനുമതിയും സഹായവുംകൊണ്ട് ചെറിയ ചെറിയ സംഘങ്ങൾ വലിയ വലിയ സംഘങ്ങളോട് വിജയം നേടിയ സംഭവങ്ങൾ എത്രയോ ഉണ്ടായിട്ടുണ്ട്. അതെ, നാം കേവലം ഒരു ന്യൂന സംഘമാണെങ്കിലും അല്ലാഹുവിൻെറ അനുമതിയും കൽപനയും അനുസരിച്ചാണല്ലോ നാം യുദ്ധത്തിനിറങ്ങുന്നത്. അപ്പോൾ, അവൻ നമ്മെ സഹായിക്കാതിരിക്കുകയില്ല. നാമെല്ലാം അവങ്കലേക്കാണല്ലോ മടങ്ങിച്ചെല്ലുക. അതുകൊണ്ട് നാം ക്ഷമ കൈകൊള്ളണം. ക്ഷമിക്കുന്നവരുടെ പക്ഷത്താണ് അല്ലാഹു ഉണ്ടായിരിക്കുക എന്നൊക്കെ. ഉമർ (رضي الله عنه) ഒരിക്കൽ പറഞ്ഞ ഒരു വാക്യം ഇവിടെ പ്രസ്താവ്യമാക്കുന്നു : ''ആൾ കുറവു നിമിത്തം നമുക്ക് പരാജയം ബാധിക്കുകയില്ല. പാപങ്ങൾ നിമിത്തമാണ് നമുക്ക് പരാജയം ബാധിക്കുക.''

ശത്രു സൈന്യത്തിൻെറ നായകനായിരിക്കും ജാലൂത്ത് എന്ന് ഈ വചനത്തിൽ നിന്നും അടുത്ത വചനത്തിൽനിന്നുമായി തോന്നിയേക്കാമെങ്കിലും ഉറപ്പിച്ചു പറഞ്ഞുകൂടാ. ഒരുപക്ഷേ, അവരിൽവെച്ച് ഏററവും ശൂരനും വീരനുമായ ഒരു പടയാളിയാണെന്നുംവരാം. അല്ലാഹുവിനറിയാം. ബൈബിളിൽ, ജാലൂത്തിനെപ്പററി ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ''അനന്തരം, ഫെലസ്ത്യർ സൈന്യങ്ങളെ യുദ്ധത്തിന് ഒരുമിച്ചുകൂട്ടി...ശൗലും യിസ്രായേല്യരും ഒരുമിച്ചുകൂടി... അപ്പോൾ, ഫെലസ്ത്യരുടെ പാളയത്തിൽനിന്ന് ഗഥ്യനായ ഗൊല്യാത്ത് ([*]) എന്ന ഒരു മല്ലൻ പുറപ്പെട്ടു. അവൻ ആറുമുഴവും ഒരു ചാണും([†]) നെടുപ്പമുള്ളവനായിരുന്നു...ഗൊല്യാത്തിൻെറ തലയിൽ താമ്ര ശിരസ്ത്രമുണ്ടായിരുന്നു. അയ്യായിരം ശേക്കൽ തൂക്കമുള്ള താമ്രകവചവും, താമ്ര([‡]) കൊണ്ടുള്ള കാൽചട്ടയും മററും അവൻ ധരിച്ചിരുന്നു.'' (1. ശ മു. 17 : 1-6)

والله مع الصابرين (അല്ലാഹു ക്ഷമിക്കുന്നവരോടൊപ്പമായിരിക്കും) എന്ന അവസാനത്തെ വാക്യം, ആ സത്യവിശ്വാസികളുടെ വാക്യത്തിൽ ഉൾപ്പെട്ടതായും, അല്ലാഹുവിൻെറ വക

[*] ഗൊല്യാത്ത് (Goliath) എന്ന പേരിൻെറ അറബി ഉച്ചാരണത്തിലുള്ള വകഭേദമാണ് ജാലൂത്ത് (جالوت)

[†] ഗൊല്യാത്തിനെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ, വേദപുസ്ത നിഘണ്ടു പറയുന്നു: 'ഏകദേശം ഒമ്പതടി പൊക്കമുള്ള ഈ ഫെലിസ്ത്യൻ അനാക്യർ (നീണ്ട കഴുത്തുള്ളവർ) എന്ന പൂർവ്വ ജനങ്ങളിൽ ഉൾപ്പെട്ട ഒരു യുദ്ധവീരനായിരുന്നു. ഇവനെപ്പോലെയുള്ളവരുടെ അസ്ഥികൂടങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇത്ര പൊക്കമുള്ള ഒരുത്തൻ ഉണ്ടായിരുന്നിരിക്കയില്ല എന്ന് പറഞ്ഞുകൂടാ'.

[‡] താമ്രം=ചെമ്പും വെള്ളിയവും ചേർന്നുള്ള ഒരു ലോഹം. ശേക്കൽ=ഏറെക്കുറെ ഒരു പുണത്തിൻെറ തൂക്കം വരുന്ന ഒരു പ്രചീന തൂക്ക അളവ്. (വേ. പു. നി.)

വാക്യമായും വരാം. രണ്ടായാലും ക്ഷമയുള്ളവർക്കായിരിക്കും അല്ലാഹുവിൻെറ സഹായം ലഭിക്കുക എന്ന് താൽപര്യം.

وَلَمَّا بَرَزُوا۟ لِجَالُوتَ وَجُنُودِهِۦ قَالُوا۟ رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٥٠﴾

250 അവർ ജാലൂത്തിനോടും അവൻെറ സൈന്യങ്ങളോടും (യുദ്ധത്തിൽ) പ്രത്യക്ഷപ്പെട്ടപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മേൽ ക്ഷമ ചൊരിഞ്ഞുതരുകയും, ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുതരികയും ചെയ്യേണമേ! അവിശ്വാസികൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!'

فَهَزَمُوهُم بِإِذْنِ ٱللَّهِ وَقَتَلَ دَاوُۥدُ جَالُوتَ وَءَاتَىٰهُ ٱللَّهُ ٱلْمُلْكَ وَٱلْحِكْمَةَ وَعَلَّمَهُۥ مِمَّا يَشَآءُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّفَسَدَتِ ٱلْأَرْضُ وَلَٰكِنَّ ٱللَّهَ ذُو فَضْلٍ عَلَى ٱلْعَٰلَمِينَ ﴿٢٥١﴾

251 അങ്ങനെ, അവർ അല്ലാഹുവിൻെറ അനുമതി കൊണ്ട് അവരെ തോല്പിച്ചുകളഞ്ഞു; ജാലൂത്തിനെ ദാവൂദ് കൊല്ലുകയും ചെയ്തു. അദ്ദേഹത്തിന് അല്ലാഹു രാജത്വവും, വിജ്ഞാനവും നൽകുകയും ചെയ്തു; അവൻ ഉദ്ദേശിക്കുന്ന ചിലത് അദ്ദേഹത്തിന് അവൻ പഠിപ്പിച്ചും കൊടുത്തു. അല്ലാഹു മനുഷ്യരെ- അവരിൽ ചിലരെ ചിലരെക്കൊണ്ട്-തടുക്കലില്ലായിരുന്നെങ്കിൽ, ഭൂമി നാശപ്പെടുമായിരുന്നു. പക്ഷേ, അല്ലാഹു ലോകരുടെ മേൽ ദയവുള്ളവനാകുന്നു.

---

250 **ولما برزوا** അവർ പ്രത്യക്ഷപ്പെട്ട (രംഗത്തുവന്ന) പ്പോൾ. **لجالُوت** ജാലൂത്തിനോട്. **وجنوده** അവൻെറ സൈന്യങ്ങളോടും. **قَالُوا** അവർ പറഞ്ഞു. **ربنا** ഞങ്ങളുടെ റബ്ബേ. **أفْرِغْ** ചൊരിയണേ. **علينا** ഞങ്ങളുടെ മേൽ. **صبرا** ക്ഷമ, സഹനം. **وثَبِّت** ഉറപ്പിക്കുക (സ്ഥിരപ്പെടുത്തുക) യും ചെയ്യണേ. **أقْدامنا** ഞങ്ങളുടെ പാദങ്ങൾ. **وانصرنا** ഞങ്ങളെ സഹായിക്കുകയു ചെയ്യണേ. **على القوم** ജനങ്ങൾക്കെതിരെ. **الكافرين** അവിശ്വാസികളായ. 251 **فَهزموهم** അങ്ങനെ അവർ അവരെ പൊട്ടിച്ചു. പരാജയപ്പെടുത്തി. **بِإذْنِ الله** അല്ലാഹുവിൻെറ അനുമതികൊണ്ട്. **وقتَلَ داود** ദാവൂദു കൊല്ലുകയും ചെയ്ത. **جالُوت** ജാലൂത്തിനെ. **وآتاه الله** അദ്ദേഹത്തിന് അല്ലാഹു കൊടുക്കുകയും ചെയ്തു. **المُلك** രാജത്വം. **والحِكْمَة** വിജ്ഞാനവും. **وعلمه** അദ്ദേഹത്തിനവൻ പഠിപ്പിക്കുകയും ചെയ്തു. **مما يشاءُ** അവൻ ഉദ്ദേശിക്കുന്നതിൽ നിന്നും (ചിലത്) . **ولولا** ഇല്ലായിരുന്നെങ്കിൽ. **دفْعُ الله** അല്ലാഹുവിൻെറ തടവ്, തടുക്കൽ. **الناس** മനുഷ്യരെ. **بعضهم** അവരിൽ ചിലരെ. **ببعض** ചിലരെക്കൊണ്ട്. **لفَسدت** നാശപ്പെടുകതന്നെ ചെയ്യുമായിരുന്നു, ദുഷിക്കുന്നതാണ്. **الأرض** ഭൂമി. **ولكن الله** പക്ഷെ, (എന്നാൽ, എങ്കിലും) അല്ലാഹു. **ذُو فَضل** ദയവ് (അനുഗ്രഹം-ഔദാര്യം ഉള്ളവനാണ്) . **على العالمين** ലോകരുടെമേൽ, ലോകരോട്.

അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെ ആയിരിക്കുമെന്ന് കഴിഞ്ഞ വചനത്തിൽ പറഞ്ഞുവല്ലോ. അതുകൊണ്ട് ശത്രുക്കളുമായി യുദ്ധക്കളത്തിലിറങ്ങിയപ്പോൾ ആ സത്യവിശ്വാസികൾ, തങ്ങളിൽ ക്ഷമയാകുന്ന അനുഗ്രഹം വർഷിച്ചുതരുവാനും, ശത്രുക്കളുമായി സധീരം അടരാടി വിജയം വരിക്കുമാറ്-ഭീരുത്വവും കാൽപതറലും കൂടാതെ പാദം ഉറപ്പിച്ചുതരുവാനും, അവസാന വിജയം തങ്ങൾക്കായിത്തീരുവാനും അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആൾബലവും ആയുധ ശക്തിയും ധാരാളമുണ്ടായാൽ പോലും വിജയവും സഹായവും യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നുതന്നെ ലഭിക്കേണമല്ലോ. (وما النصر الا من عند الله)

അതാ, അവരുടെ പ്രാര്‍ത്ഥന അല്ലാഹു സ്വീകരിച്ചു. അല്ലാഹുവിന്‍െറ അനുമതിയും സഹായവുംകൊണ്ട് ആ വമ്പിച്ച ശത്രുസൈന്യത്തെ അവര്‍ പരാജയപ്പെടുത്തുകയും തുരത്തുകയും ചെയ്തു. അവരുടെ നട്ടെല്ലായിരുന്നു ഭീമന്‍ ജാലൂത്തിനെ സത്യവിശ്വാസികളുടെ ഭാഗത്തുനിന്നു ദാവൂദ് (عليه السلام) കൊലപ്പെടുത്തുകയും ചെയ്തു.

ത്വാലൂത്ത് രാജാവിനുശേഷം ദാവൂദ് (عليه السلام) ഇസ്റാഈല്യരുടെ രാജാവായിത്തീര്‍ന്നു. പിന്നീട് അദ്ദേഹത്തിന് പ്രവാചകത്വവും ലഭിക്കുകയുണ്ടായി. വിജ്ഞാനം (الحكمة) കൊണ്ടുദ്ദേശ്യം പ്രവാചകത്വംകൂടി ഉള്‍ക്കൊള്ളുന്നതായിരിക്കാം. الله اعلم ഏതായാലും രാജത്വത്തിന്‍െറയും പ്രവാചകത്വത്തിന്‍െറയും പദവികള്‍ ഒന്നിച്ചലങ്കരിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ച ഒന്നാമത്തെ മഹാന്‍ ദാവൂദ് (عليه السلام) നബി തന്നെയാണെന്നത്രെ അറിയപ്പെടുന്നത്. പടയങ്കി നിര്‍മ്മിക്കല്‍, പക്ഷികളുടെഭാഷ മനസ്സിലാക്കല്‍ മുതലായ ചില അറിവുകള്‍ അദ്ദേഹത്തിന് പ്രത്യേകം നല്‍കപ്പെട്ട അനുഗ്രഹങ്ങളായി ഖുര്‍ആനില്‍ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹു ഉദ്ദേശിക്കുന്ന ചില കാര്യങ്ങള്‍ അദ്ദേഹത്തിന് പഠിപ്പിക്കുകയും ചെയ്തു وعلمه مما يشاء എന്നു പറഞ്ഞത് ഇങ്ങനെയുള്ള കാര്യങ്ങളെ സൂചിപ്പിക്കുന്നു. ജാലൂത്തിനെ കൊലപ്പെടുത്തിയ കാലത്ത് അദ്ദേഹം ആടുകളെ മേച്ചുകൊണ്ട് നടന്നിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നുവെന്നും മററും ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ പറഞ്ഞുകാണാം. താഴെ ഉദ്ധരിക്കുന്ന ബൈബിളിന്‍െറ ഉദ്ധരണിയിലും അങ്ങിനെ പറയുന്നു. വാസ്തവം അല്ലാഹുവിനറിയാം. ഈ രംഗം ബൈബിള്‍ വിവരിച്ചതിന്‍െറ ചുരുക്കം ഇങ്ങനെ ഉദ്ധരിക്കാം:-

''......അവന്‍ (ഗൊല്യാത്ത്) യിസ്രായേല്‍ നിരകളോടു വിളിച്ചു പറഞ്ഞു: ഞാന്‍ ഫെലിസ്ത്യനും നിങ്ങള്‍ ശൗലിന്‍െറ ചേവകരുമാണല്ലോ. ഒരാള്‍ എന്‍െറ അടുക്കല്‍ വരട്ടെ. അവന്‍ അങ്കം വെട്ടി എന്നെ കൊല്ലുന്നപക്ഷം ഞങ്ങള്‍ നിങ്ങള്‍ക്ക് അടിമകളാകാം. ഈ വാക്കു കേട്ട് ശൌലും കൂട്ടരും ഭയപ്പെട്ടു. ദാവീദു (ദാവൂദ്) യെഹൂദ്യയിലെ ബെത്ത്ലെഹെമി (بيت الحم) ലെ യിശ്ശായിയുടെ മകനായിരുന്നു. യിശ്ശായിയുടെ മൂത്ത മൂന്നു മക്കള്‍ യുദ്ധത്തിന് പോന്നിരുന്നു. ദാവീദ് ചെറിയവനും ആടുകളെ മേക്കാന്‍ പോകുന്നവനുമായിരുന്നു. ജ്യേഷ്ഠന്‍മാരുടെ വിവരം അറിയുവാനും, അവര്‍ക്ക് ചില സാധനങ്ങള്‍ എത്തിച്ചുകൊടുക്കുവാനും യിശ്ശായി ദാവീദിനെ അയച്ചു. ചെന്നപ്പോള്‍ ഗൊല്യാത്തിന്‍െറ വാക്കുകള്‍കേട്ടു. അവനെ കൊല്ലുന്നവന് രാജാവ് എന്ത് കൊടുക്കുമെന്ന് ദാവീദു അന്വേഷിച്ചു. രാജാവ് അവനെ സമ്പന്നനാക്കും, മകളെ അവനു കെട്ടിച്ചുകൊടുക്കും എന്നും മററും ജനങ്ങള്‍ പറഞ്ഞു. വിവരം ശൗല്‍ അറിഞ്ഞു, ദാവീദിനെ വരുത്തി ചോദ്യം ചെയ്തു. എന്‍െറ ആടുകളെ പിടിക്കുവാന്‍ സിംഹവും കരടിയും വന്നിട്ട് ഞാനവയെ അടിച്ചുകൊന്നിട്ടുണ്ടെന്ന് അവന്‍ പറഞ്ഞു. അങ്ങനെ, ശൗല്‍ ദാവീദിനു അങ്കിയും വാളും മററും നല്‍കി. പക്ഷേ, അതൊന്നും മുമ്പ് ശീലിക്കാത്തതുകൊണ്ട് ദാവീദു അതെല്ലാം അഴിച്ചുവെച്ചു. വടി എടുത്തു. അഞ്ചുകല്ലുംപെറുക്കി ഇടയ സഞ്ചിയിലിട്ടു. കയ്യില്‍ കവണയുമായി ഗൊല്യാത്തിന്‍െറ അടുക്കല്‍ ചെന്നു. ബാലനും കോമളനുമായ ദാവീദിനോട് വടിയും കൊണ്ടുവരുവാന്‍ ഞാന്‍ നായയാണോ എന്നും മററും ചോദിച്ചു ഗൊല്ല്യാത്ത് നിന്ദിച്ചു. ദാവീദ് ഒരു കല്ല് കവണയില്‍വെച്ച് വീശി. അതവന്‍െറ നെററിക്കുകൊണ്ടു. അവന്‍ വീണു. അങ്ങനെ, ഒരു കല്ലുകൊണ്ടു അവനെ കൊന്നു. ഇത് കണ്ടു ഫെലിസ്ത്യര്‍ ഓടി. യിസ്രാഈല്യരും, യഹൂദ്യരും ആര്‍ത്തുവിളിച്ചുകൊണ്ട് അവരെ പിന്‍തുടര്‍ന്നു.'' (1. ശ മു. അദ്ധ്യായം:17)

''ശൗല്‍ ദാവീദിനു മകളെ വിവാഹം ചെയ്തുകൊടുത്തെങ്കിലും പിന്നീട് അദ്ദേഹത്തിന് ജനങ്ങള്‍ക്കിടയിലുള്ള സ്നേഹവും സ്വാധീനവുംകണ്ട് ശൗലിനു അദ്ദേഹത്തോട് ശത്രുതയായി ; അതിനെത്തുടര്‍ന്ന് അവര്‍ക്കിടയില്‍ പല സംഘട്ടനങ്ങളും നടന്നു ; അതിലൊക്കെ ശൗലിന്‍െറ ഒരു മകന്‍ ദാവീദിന് അനുകൂലമായി പ്രവര്‍ത്തിച്ചു ; ശമുവേല്‍ പ്രവാചകനും ശൗല്‍ രാജാവും തമ്മില്‍ തന്നെയും വിയോജിപ്പുണ്ടായി ; ശൗലിന്‍െറശേഷം രാജത്വം തനിക്കാണെന്ന്

ദാവീദിനോട് ശമുവേൽ പറഞ്ഞിരുന്നു ; ഫെലിസ്ത്യരുമായുണ്ടായ ഒരു യുദ്ധത്തിൽ ശൗൽ കൊല്ലപ്പെട്ടു ; അതിനു മുമ്പായി ശമുവേൽ കാലഗതി പ്രാപിച്ചിരുന്നു ; ശൗലിനു ശേഷം യെഹൂദ്യക്കാർ ദാവീദിനെ രാജാവായി സ്വീകരിച്ചെങ്കിലും മററുള്ളവർ ശൗലിൻെറ ഒരു മകനെ രാജാവാക്കി ; ആ മകൻെറമരണശേഷമാണ് ഇസ്രായീല്യർ മുഴുവനും ദാവീദിനെ രാജാവായി അംഗീകരിച്ചത്.'' എന്നൊക്കെ തുടർന്നുള്ള അദ്ധ്യായങ്ങളിൽ ബൈബിൾ വിസ്തരിച്ചു വിവരിച്ചു കാണാം. ഇതിൽ അധിക ഭാഗവും ഖുർആൻെറ വെളിച്ചത്തിൽ ശരിവെക്കുവാൻ നിവൃത്തിയില്ലാത്തതാകുന്നു . ഖുർആനാകട്ടെ, ദാവൂദ് (عليه السلام) ൻെറ ചരിത്രപ്രധാനമായ ഭാഗങ്ങളെല്ലാം കൂടി ഇവിടെ 'ദാവൂദ് ജാലൂത്തിനെ കൊന്നു' എന്നും, 'അല്ലാഹു അദ്ദേഹത്തിന് രാജത്വവും വിജ്ഞാനവും നൽകി' എന്നും, 'അവൻ ഉദ്ദേശിക്കുന്ന ചില കാര്യങ്ങൾ അദ്ദേഹത്തിനു പഠിപ്പിച്ചു' എന്നുമുള്ള (وقتل داود قوله مما يشاء) മൂന്നു ചെറുവാക്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ബൈബിൾ ഒന്നിലധികം അദ്ധ്യായങ്ങളിലായി വിവരിച്ച ഒരു സംഭവം ഒന്നും രണ്ടും വാക്കുകളിൽ ഒതുക്കിപ്പറയുന്ന സമ്പ്രദായം ഖുർആനിൽ ഇതുപൊലെ വേറെയും സ്ഥലങ്ങളിൽ കാണാവുന്നതാണ്.

ഈ ചരിത്രസംഭവം വിവരിച്ചശേഷം ഇത്തരം സംഭവങ്ങൾ നടപ്പിൽ വരുത്തുന്നതിലടങ്ങിയ തത്വം അല്ലാഹു ചൂണ്ടിക്കാട്ടുകയാണ് (ولو لا دفع الله الناس الخ) (മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് അല്ലാഹു തടുക്കലില്ലായിരുന്നെങ്കിൽ ഭൂമി നാശപ്പെട്ടുപോകുമായിരുന്നു.) ഭൂലോകം നശിച്ചു പോകുകയെന്നോ ഭൗതികജീവിതം നിലച്ചുപോകുകയെന്നോ അല്ല-ഭൂലോകത്ത് സമാധാന ജീവിതവും ധാർമ്മിക ജീവിതവും താറുമാറാകുക എന്നത്രെ-ഭൂമി നാശപ്പെടുക എന്നു പറഞ്ഞതിൻെറ സാരം. അവിശ്വാസത്തിൻെറയും ദുർമ്മാർഗ്ഗത്തിൻെറയും വൻശക്തികൾക്കെതിരെ സത്യവിശ്വാസത്തിൻെറയും സൻമാർഗ്ഗത്തിൻെറയും ദൗത്യവാഹകൻമാരെ അല്ലാഹു ഇടക്കിടെ സഹായിച്ചു വിജയിപ്പിച്ചുകൊണ്ട് അവയെ തടുത്തു നിർത്താത്തപക്ഷം, ഭൂലോകമാകെ പൈശാചികത്വത്തിൻെറയും മൃഗീയതയുടെയും കൂത്തരങ്ങായിമാറുമല്ലോ. അതില്ലാതാക്കുവാൻവേണ്ടി- ലോകരുടെ പൊതുനൻമയെ ഉദ്ദേശിച്ച്-അല്ലാഹു അവൻെറ ഔദാര്യവും അനുഗ്രഹവും നിമിത്തം ഈ ലോകത്ത് നടപ്പിൽവരുത്തുന്ന നടപടിച്ചട്ടങ്ങളിൽ ഒന്നാണത് എന്ന് താല്പര്യം. സൂ:ഹജ്ജിൽ അല്ലാഹു പറയുന്നു: ..... ولو لا دفع الله الناس بعضهم ببعض الهدمت صوامع (സാരം: മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് അല്ലാഹു തടുക്കലില്ലായിരുന്നുവെങ്കിൽ, അല്ലാഹുവിൻെറ നാമം ധാരാളമായി കീർത്തിക്കപ്പെടുന്ന പല സന്യാസിമഠങ്ങളും, ക്രിസ്തീയ ദേവാലയങ്ങളും, ജൂത ദേവാലയങ്ങളും, മുസ്‌ലിംപള്ളികളും പൊളിച്ച് തകർക്കപ്പെടുമായിരുന്നു.) (ഹജ്ജ് :40)

تِلْكَ ءَايَٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۚ وَإِنَّكَ لَمِنَ ٱلْمُرْسَلِينَ ﴿٢٥٢﴾

252 അത് (ഒക്കെയും) അല്ലാഹുവിൻെറ 'ആയത്ത്' [ലക്ഷ്യം] കളാകുന്നു; യഥാർത്ഥപ്രകാരം, നാം അവയെ നിനക്ക് ഓതിത്തരുകയാണ്. നിശ്ചയമായും, നീയും 'മുർസലു'കളിൽ [ദിവ്യദൗത്യം നൽകപ്പെട്ടവരിൽ] പെട്ടവൻതന്നെയാകുന്നു.

---

252 **تلك** അത്, അവ, ഇവ. **آيات الله** അല്ലാഹുവിൻെറ ആയത്തുകളാണ്. **نتلوها** അവയെ നാം ഓതിത്തരുന്നു. **عليك** നിൻെറ മേൽ, നിനക്ക്. **بالحق** യഥാർത്ഥപ്രകാരം, മുറയനുസരിച്ച്. **وإنك** നിശ്ചയമായും നീയും. **لمن المرسلين** മുർസലുകളിൽ പെട്ട(വൻ) തന്നെ.

മേൽ വിവരിച്ചതെല്ലാം അറിഞ്ഞിരിക്കേണ്ടുന്ന യഥാർത്ഥസംഭവങ്ങളാണ്. വേദക്കാർക്കും ചരിത്രാന്വേഷികൾക്കും അറിയാവുന്ന പരമാർത്ഥങ്ങളാണ്, നീ അല്ലാഹുവിനാൽ അയക്കപ്പെട്ട ദൈവദൂതനായത് കൊണ്ട് നിനക്ക് ഇതൊക്കെ നാം (മലക്കുമുഖേന) ഓതിക്കേൾപ്പിച്ചു വിവരിച്ചു തരുകയാണ് എന്നൊക്കെ നബി (ﷺ) തിരുമേനിയെ അല്ലാഹു ഉണർത്തുകയാണ്.

ജുസ്ഉ്-3

വിഭാഗം –34

۞ تِلْكَ ٱلرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ ۘ
مِّنْهُم مَّن كَلَّمَ ٱللَّهُ ۖ وَرَفَعَ بَعْضَهُمْ دَرَجَٰتٍ ۚ
وَءَاتَيْنَا عِيسَى ٱبْنَ مَرْيَمَ ٱلْبَيِّنَٰتِ وَأَيَّدْنَٰهُ بِرُوحِ
ٱلْقُدُسِ ۗ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلَ ٱلَّذِينَ مِنۢ
بَعْدِهِم مِّنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ وَلَٰكِنِ
ٱخْتَلَفُوا۟ فَمِنْهُم مَّنْ ءَامَنَ وَمِنْهُم مَّن كَفَرَ ۚ وَلَوْ
شَآءَ ٱللَّهُ مَا ٱقْتَتَلُوا۟ وَلَٰكِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ ﴿٢٥٣﴾

253 (മേൽ പ്രസ്താവിക്കപ്പെട്ട) ആ റസൂലുകൾ, അവരിൽ ചിലരെ ചലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. അവരിൽനിന്ന് (ചിലർ) അല്ലാഹു സംസാരിച്ചവരുണ്ട്. അവരിൽ ചിലരെ അവൻ പല പദവികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. മർയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ തെളിവുകൾ നൽകുകയും, പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തെ നാം ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരിന്നുവെങ്കിൽ, അവരുടെ ശേഷമുള്ളവർ അവർക്ക് വ്യക്തമായ തെളിവുകൾ വന്നതിനു ശേഷം (പരസ്പരം) ശണ്ഠ കൂടുകയില്ലായിരുന്നു. എങ്കിലും, അവർ (അഭിപ്രായ) ഭിന്നിപ്പിലായി; എന്നിട്ട് അവരിൽ നിന്ന് (ചിലർ) വിശ്വസിച്ചവരുണ്ട്; അവരിൽ നിന്ന് (ചിലർ) അവിശ്വസിച്ചവരുമുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവർ (പരസ്പരം) ശണ്ഠ കൂടുകയില്ലായിരുന്നു. എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.

---

253 **تلك الرسلُ** ആ റസൂലുകൾ. **فَضلنا** നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. **بعضهم** അവരിൽ ചിലരെ. **على بعض** ചിലരെക്കാൾ. **منهم** അവരിലുണ്ട്. **من كلّم الله** അല്ലാഹു സംസാരിച്ചവർ. **ورفَع** അവൻ ഉയർത്തുകയും ചെയ്തിരിക്കുന്നു. **بعضهم** അവരിൽ ചിലരെ. **درجات** പല പദവികൾ, പടികൾ. **وآتينا** നാം കൊടുക്കുകയും ചെയ്തു. **عيسى** ഈസാക്ക്. **ابن مريم** മർയമിന്റെ മകൻ. **البينات** (വ്യക്തമായ) തെളിവുകൾ. **وأيدناه** അദ്ദേഹത്തെ നാം ബലപ്പെടുത്തുകയും ചെയ്തു. **بروح القُدس** പരിശുദ്ധാത്മാവിനെക്കൊണ്ട്. **ولو شاءَالله** അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ. **ما اقْتتلَ** ശണ്ഠ കൂടുക (യുദ്ധം ചെയ്യുക-കൊലനടത്തുക) യില്ലായിരുന്നു. **الذين** യാതൊരു കൂട്ടർ. **من بعدهم** അവരുടെ ശേഷമുള്ള. **من بعد** ശേഷം, ശേഷമായി. **ما جاءتهم** അവർക്ക് വന്നതിന്റെ. **البينات** തെളിവുകൾ. **ولكن** എങ്കിലും. **اختلفُوا** അവർ ഭിന്നിച്ചു. **فمنهم** എന്നിട്ട് അവരിലുണ്ട്, അവരിൽ ചിലർ ആകുന്നു. **من آمن** വിശ്വസിച്ചവർ. **ومنهم** അവരിലുണ്ട്, ചിലർ ആകുന്നു. **من كَفَر** അവിശ്വസിച്ചവർ. **ولو شاءَ الله** അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ. **ما اقْتتلوا** അവർ ശണ്ഠ കൂടുകയില്ലായിരുന്നു. **ولكن الله** എങ്കിലും അല്ലാഹു. **يفْعلُ** അവൻ ചെയ്യും, ചെയ്യുന്നു. **ما يريد** അവൻ (താൻ) ഉദ്ദേശിക്കുന്നത്.

ഈ സൂറത്തിൽ, ഇതേവരെയായി പല റസൂലുകളെക്കുറിച്ചും അവരുടെ സമുദായങ്ങളെക്കുറിച്ചും പ്രസ്താവിക്കുകയുണ്ടായി. അവസാനം, കഴിഞ്ഞ വചനത്തിൽ നബി (ﷺ) തിരുമേനിയും ആ റസൂലുകളിൽ പെട്ട ഒരാളാണെന്നും പറഞ്ഞു. അതിനു ശേഷം മേൽ പ്രസ്താവിച്ച എല്ലാ റസൂലുകളെയും ചൂണ്ടിക്കൊണ്ടുള്ള ഒരു പൊതു പ്രസ്താവനയാണിത്. അതായത്: ജനങ്ങൾക്ക് മാർഗ്ഗദർശനം നൽകുവാനായി നിയോഗിച്ചയക്കപ്പെട്ട ദൈവദൂതൻമാരാണ് അവരെല്ലാം. എന്നാൽ, ശ്രേഷ്ഠതയിലും പദവികളിലും എല്ലാവരും സമനിലക്കാരല്ല. അവരിൽ ചിലരെ ചിലരെക്കാൾ അല്ലാഹു ശ്രേഷ്ഠരാക്കി വെച്ചിട്ടുണ്ട്. ചിലർക്ക് നൽകപ്പെടാത്ത പല പദവികളും വേറെ ചിലർക്ക് നൽകിയിരിക്കും . ഉദാഹരണമായി, മലക്കുകളുടെയോ മററോ മാദ്ധ്യമം കൂടാതെ നേരിൽ തന്നെ അല്ലാഹു സംസാരിച്ചവർ അവരിലുണ്ട്. അതുപോലെ, വേറെ ചിലർക്ക് മററവർക്കില്ലാത്ത ചില പ്രത്യേകതകളും നൽകിയിട്ടുണ്ട്. എന്നത്രെ ആദ്യത്തെ വാക്യങ്ങളിൽ പറഞ്ഞതിൻെറ സാരം.

അല്ലാഹു നേരിൽ സംസാരിക്കുകയെന്ന മഹാഭാഗ്യം സിദ്ധിച്ച റസൂലാണ് മൂസാ നബി (عليه السلام) . അദ്ദേഹത്തോട് അല്ലാഹു സംസാരിച്ചതായി അല്ലാഹു തന്നെ സ്പഷ്ടമാക്കിയിട്ടുള്ളതാണ്. (4: 164) കൂടാതെ, സീനാ താഴ്‌വരയിൽ വെച്ച് അദ്ദേഹത്തോട് അല്ലാഹു സംസാരിച്ച സംഭവം ഒന്നിലധികം സ്ഥലത്തും ഖുർആനിൽ കാണാം. ഈ ഭൂലോകത്തുവെച്ച് ഈ ഭാഗ്യം മററാർക്കും ഉണ്ടായതായി അറിയില്ല. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തെപ്പററി كليم الله (കലീമുല്ലാഹി= അല്ലാഹു സംസാരിച്ച ആൾ) എന്ന് പറയുന്നതും. നബി (ﷺ) തിരുമേനുടെ പ്രസിദ്ധമായ 'മിഅ്റാജി'ൽ (വാനാരോഹണ യാത്രയിൽ) തിരുമേനിയോട് അല്ലാഹു സംസാരിച്ചതായി ബലപ്പെട്ട ഹദീസുകളിൽ വന്നിട്ടുണ്ട്. സൂറത്തുന്നജ്മിൽ അതിൻെറ ചില സൂചനകളും കാണാവുന്നതുമാണ്. എല്ലാ റസൂലുകളും ഏതെങ്കിലും ഒരു ജനതയിലേക്കും കാലത്തേക്കും നിയേഗിക്കപ്പെട്ടവരായിരുന്നു. ലോകജനതയിലേക്ക് ആകമാനമായി അയക്കപ്പെട്ട ആളും, അന്ത്യപ്രവാചകനും എന്ന പദവി നബി (ﷺ) ക്ക് മാത്രമാണുള്ളത്. ഇതുപോലെ മററു പ്രവാചകൻമാർക്കില്ലാത്ത ബഹുമതികൾ പലതും വേറെയും തിരുമേനിക്കുണ്ട്. ഇതുപോലെ, ഇബ്റാഹീം (عليه السلام) നബിക്കും തന്നെ മററുള്ളവർക്ക് ലഭിക്കാത്ത പല സ്ഥാനപദവികളും ശ്രേഷ്ഠതകളും ഉള്ളതായി ഖുർആനിൽ നിന്ന് വ്യക്തമാണ്. 'അദ്ദേഹത്തെ അല്ലഹു ചങ്ങാതി ആക്കിവെച്ചിരിക്കുന്നു' എന്ന് 4: 125ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെപ്പററി خليل الله ('ഖലീലുല്ലാഹി'=അല്ലാഹുവിൻെറ ചങ്ങാതി) എന്ന് പറയുന്നത്. എല്ലാ റസൂലുകൾക്കും അവരവരുടെ ദൗത്യ നിർവ്വഹണത്തിനാവശ്യമായ തെളിവുകളും ദൃഷ്ടാന്തങ്ങളും നൽകപ്പെടാതിരുന്നിട്ടില്ല. എങ്കിലും അവയിലും റസൂലുകളുടെ നില വ്യത്യസ്തമായിരിക്കും. ഈസാ (عليه السلام) നബിക്ക് നൽകപ്പെട്ട തെളിവുകൾ അതിനുദാഹരണമാണ്. അല്ലാഹുവിൻെറ അനുവാദപ്രകാരം മരണപ്പെട്ടവരെ ജീവിപ്പിക്കുക, മണ്ണുകൊണ്ട് കുരുവികളുണ്ടാക്കി പറപ്പിക്കുക, മാറാവ്യാധികൾ സുഖപ്പെടുത്തുക മുതലായവ അദ്ദേഹത്തിൻെറ പ്രത്യേക ദൃഷ്ടാന്തങ്ങളായിരുന്നു.

ഈസാ (عليه السلام) നെപ്പററി ക്രിസ്ത്യാനികൾ ദൈവപുത്രനാണെന്നും ദൈവം തന്നെയാണെന്നും വാദിച്ചുവരുന്നു. ഈ വാദം കളവാണെന്നും, അദ്ദേഹം പിതാവില്ലാതെ ജനിച്ച ആളാണെങ്കിലും ഒരു സ്ത്രീയിൽനിന്നു ജനിച്ച മനുഷ്യൻ മാത്രമാണെന്നുമുള്ള യഥാർത്ഥ്യമാണ് ഈസാ(عليه السلام) നബിയെപ്പററി പറയുമ്പോൾ മിക്കപ്പോഴും عيسى ابن مريم(മർയമിൻെറമകൻ ഈസാ) എന്ന പ്രയോഗംമുഖേന അല്ലാഹു സൂചിപ്പിക്കുന്നത് പരിശുദ്ധാത്മാവ് (روح القدس) കൊണ്ടുദ്ദേശ്യം ജിബ്‌രീൽ (عليه السلام) എന്ന മലക്കാണെന്നും, അദ്ദേഹത്തിന് ജിബ്‌രീൽ (عليه السلام) മുഖേന ലഭിച്ചിരുന്ന ആത്മീയ സഹായങ്ങളായിരിക്കും അദ്ദേഹത്തെകൊണ്ട് ബലപ്പെടുത്തി എന്നു പറഞ്ഞതിൻെറ താൽപര്യമെന്നും 87-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടുതൽ വിവരം അവിടെ നോക്കുക. (പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ക്രിസ്തീയ ജൽപനങ്ങളെ സംബന്ധിച്ച് സൂറത്തുന്നിസാഇൻെറ അവസാന ഭാഗത്തിൽ വെച്ച്

വിവരിക്കുന്നതാണ്. (ان شاءالله)

ശ്രേഷ്ഠതകളിലും പദവികളിലും റസൂലുകൾ വ്യത്യസ്ത നിലക്കാരായിരുന്നുവെങ്കിലും അവരുടെയെല്ലാം പ്രബോധന തത്വം ഒന്നായിരുന്നു. അത് സ്ഥാപിക്കുവാനുള്ള വ്യക്തമായ തെളിവുകൾ എല്ലാവർക്കും നൽകപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും ജനങ്ങൾക്കിടയിൽ ഭിന്നിപ്പു നിലനിൽക്കുകയും, സത്യവിശ്വാസികളും അവിശ്വാസികളുമായി ചേരിപിരിഞ്ഞ് ശണ്ഠയും കലഹവും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതൊക്കെ അല്ലാഹു അറിയാതെ സംഭവിക്കുന്നതല്ല. അങ്ങിനെ സംഭവിക്കരുതെന്ന് അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ തീർച്ചയായും അങ്ങിനെ സംഭവിക്കുകയില്ലായിരുന്നു. അഥവാ എല്ലാവരും ഒന്നടക്കം സത്യവിശ്വാസികളും സൻമാർഗ്ഗികളും തന്നെ ആകുമായിരുന്നു. പക്ഷേ, നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള വിവേചന ബുദ്ധിയും വേണ്ടത്ര തെളിവുകളും നൽകിയതോടൊപ്പംതന്നെ, ഇഷ്ടമുള്ളതിനെ സ്വീകരിക്കുവാനുള്ള ഇച്ഛാ സ്വാതന്ത്ര്യവും മനുഷ്യന് അല്ലാഹു കൊടുത്തിരിക്കുകയാണ്. ആ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് അവൻ ഈ ജീവിതത്തിൽ എന്ത് നിലപാട് സ്വീകരിക്കുന്നുവോ ഭാവിജീവിതത്തിൽ അതനുസരിച്ചുള്ള പ്രതിഫലം അവന് നൽകുവാനാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ഈ സ്വാതന്ത്ര്യം ഒരു കൂട്ടർ ഉപയോഗപ്പെടുത്തി സൻമാർഗ്ഗം പ്രാപിക്കുന്നു. വേറൊരു കൂട്ടർ അത് ദുരുപയോഗപ്പെടുത്തി ദുർമാർഗ്ഗത്തിൽ ആപതിക്കുകയും ചെയ്യുന്നു. ഇതാണ് പ്രസ്തുത ശണ്ഠകൾക്കും ഭിന്നിപ്പുകൾക്കും കാരണം. എന്നൊക്കെയാണ് പിന്നീടുള്ള വാക്യങ്ങളിൽ അല്ലാഹു പറഞ്ഞതിലടങ്ങിയ സാരം. ഈ വിഷയകമായി സൂ : ഹൂദ് 118,119 വചനങ്ങളിൽ കൂടുതൽ വിവരം വരുന്നതാണ്. ان شاءالله

മേൽപറഞ്ഞ ഭിന്നിപ്പ് (اختلاف) കൊണ്ടുദ്ദേശ്യം ജീവിതത്തിൽ മനുഷ്യൻെറ പുരോഗതിക്കും വളർച്ചക്കും ആവശ്യമായ ഭിന്നവാസനകളാണെന്ന് സമർത്ഥിച്ചുകൊണ്ട് ചിലർ ചില പുതിയ ആശയങ്ങൾ ഇവിടെ സൂചിപ്പിച്ചു കാണുന്നു. അങ്ങിനെയാണെങ്കിൽ, ആ ഭിന്നിപ്പിനെ വിശദീകരിച്ചുകൊണ്ട് فمنهم من آمن ومنهم من كفر (അങ്ങിനെ, അവരിൽ വിശ്വസിച്ചവരുമുണ്ട് ; അവിശ്വസിച്ചവരും ഉണ്ട്) എന്ന് അല്ലാഹു പറയുമായിരുന്നില്ല. 'അവരിൽ കച്ചവടക്കാരും കൃഷിക്കാരുമുണ്ട് ' എന്നിങ്ങനെ മററുവല്ലതുമായിരുന്നു പറയേണ്ടിയിരുന്നത്.

മനുഷ്യർക്ക് രണ്ടും സ്വീകരിക്കുവാനുള്ള ഇച്ഛാ സ്വാതന്ത്ര്യം എന്തിന് നൽകപ്പെട്ടു? എന്തുകൊണ്ട് സന്മാർഗ്ഗം സ്വീകരിക്കുവാനുള്ള വാസന മാത്രം നൽകിക്കൊണ്ട് സഷ്ടിക്കപ്പെട്ടില്ല? എന്നിങ്ങനെ ചോദ്യം ചെയ്വാൻ മനുഷ്യന് അർഹതയില്ല. അതിൻെറഉത്തരം ഗ്രഹിക്കത്തക്ക ത്രാണിയും മനുഷ്യനില്ല. لايسأل عما يفعل وهم يسألون-الانبياء (അവൻ ചോദ്യം ചെയ്യപ്പെടുകയില്ല; അവരാകട്ടെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യും.) എല്ലാം അല്ലാഹുവൻെറസൃഷ്ടി. അവൻെറനിയമ വ്യവസ്ഥ. ഓരോ സൃഷ്ടിക്കും നൽകപ്പെടേണ്ടുന്ന ആകൃതിയേത്, പ്രകൃതിയേത് എന്നൊക്കെ അവനറിയാം. അവനേ അതറിഞ്ഞുകൂടു. എല്ലാം അവൻെറ ഉദ്ദേശ്യവും ഹിതവും ولكن الله يفعل ما يريد അതനുസരിച്ചു എല്ലാം അവൻ നടപ്പിൽ വരുത്തും.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقْنَٰكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَٰعَةٌ ۗ وَٱلْكَٰفِرُونَ هُمُ ٱلظَّٰلِمُونَ ﴿٢٥٤﴾

254 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽനിന്നു നിങ്ങൾ ചെലവഴിക്കുവിൻ, ഒരു ക്രയവിക്രയമാകട്ടെ ശുപാർശയാകട്ടെ, ചങ്ങാതിത്തമാകട്ടെ, (ഉണ്ടായിരിക്കുക) ഇല്ലാത്ത ഒരു ദിവസം വന്നെത്തുന്നതിന് മുമ്പായി. അവിശ്വാസികൾ തന്നെയാണ് അക്രമകാരികൾ.

254 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ,. **أنفقوا** നിങ്ങൾ ചെലവഴിക്കുവിൻ. **مما رزقناكم** നിങ്ങൾക്ക് നാം നൽകയതിൽനിന്ന്. **من قبل** മുമ്പായി. **أن يأتي** വരുന്നതിന്. **يوم** ഒരുദിവസം. **لا بيع** ഒരു ക്രയവിക്രയവും (വിൽപനയും-കച്ചവടവും) ഇല്ല. **فيه** അതിൽ. **ولا خلةٌ** ചങ്ങാതിത്തവും (സുഹൃൽ ബന്ധവും) ഇല്ല. **ولا شفاعةٌ** ശുപാർശയുമില്ല. **والكافرونَ** അവിശ്വാസികൾ. **هم** അവർ തന്നെ. **الظالمونَ** അക്രമികൾ.

243-ാം വചനത്തിൽ ചൂണ്ടിക്കാട്ടിയ സംഭവം വിവരിച്ചതിനെത്തുടർന്ന് അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുവാൻ ഉപദേശിച്ചതുപോലെ, ഇസ്റാഈല്യരിൽ കഴിഞ്ഞ രണ്ടാമത്തെ (ത്വാലൂത്തിൻെറ) സംഭവം വിസ്തരിച്ചു പറഞ്ഞശേഷം ഇവിടെയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിക്കുവാൻ സത്യവിശ്വാസികളെ അല്ലാഹു ഉപദേശിക്കുന്നു. സത്യദീനിൻെറ മാർഗ്ഗത്തിൽ സമരം ചെയ്വാൻ ദേഹങ്ങളെന്നപോലെ ധനവും ആവശ്യമാണല്ലോ. അതുകൊണ്ടാണ് സമരത്തെയും യുദ്ധത്തെയും കുറിച്ചു പറയുന്ന തോടൊപ്പം പലപ്പോഴും ധനം ചെലവഴിക്കുന്നതിനെക്കുറിച്ചും ഉണർത്താറുള്ളത്. ക്രിയവിക്രയവും, ചങ്ങാതിത്തവും ശുപാർശയുമില്ലാത്ത ദിവസം എന്നു പറഞ്ഞതു ഖിയാമത്തു നാളിനെ ഉദ്ദേശിച്ചാണെന്നു പറയേണ്ടതില്ല. അന്ന് കർമ്മങ്ങളാകട്ടെ, സാധനസാമഗ്രികളാകട്ടെ അന്യോന്യം കൈമാറി രക്ഷപ്പെടുവാനോ, സ്നേഹബന്ധങ്ങൾകൊണ്ടോ, ശുപാർശയും സ്വാധീനവും മുഖേനയോ രക്ഷപ്പെടുവാനോ കഴിയുകയില്ലല്ലോ. ആ ദിവസം പെട്ടന്നൊരിക്കൽ വന്നെത്തിയേക്കും. അതിനുമുമ്പായി ചെയ്തുവെച്ചതു മാത്രമേ അന്നു ഉപകരിക്കുകയുള്ളു. അതുകൊണ്ട് കഴിയുന്നത്ര ധനം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിച്ചു അന്നത്തേക്കു വേണ്ടി സമ്പാദിച്ചു വെക്കുവിൻ. ധനമാണെങ്കിൽ അല്ലാഹു നൽകിയ ഒരനുഗ്രഹമാണുതാനും. അത് അവൻെറ മാർഗ്ഗത്തിൽ ചിലവഴിക്കുവാൻ മടിക്കേണ്ടതില്ലല്ലോ എന്നൊക്കെ അല്ലാഹു ഓർമ്മിപ്പിക്കുന്നു.

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلۡحَيُّ ٱلۡقَيُّومُۚ لَا تَأۡخُذُهُۥ سِنَةٞ وَلَا نَوۡمٞۚ لَّهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۗ مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ يَعۡلَمُ مَا بَيۡنَ أَيۡدِيهِمۡ وَمَا خَلۡفَهُمۡۖ وَلَا يُحِيطُونَ بِشَيۡءٖ مِّنۡ عِلۡمِهِۦٓ إِلَّا بِمَا شَآءَۚ وَسِعَ كُرۡسِيُّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۖ وَلَا يَـُٔودُهُۥ حِفۡظُهُمَاۚ وَهُوَ ٱلۡعَلِيُّ ٱلۡعَظِيمُ ٢٥٥

255 അല്ലാഹു അവനല്ലാതെ ഒരു ആരാധ്യനുമില്ല (അവൻ) ജീവത്തായുള്ളവൻ; സർവ്വ നിയന്താവായുള്ളവൻ മയക്കമാകട്ടെ, ഉറക്കമാകട്ടെ, അവനെ പിടിപെടുകയില്ല. അവൻേറതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) , ആരുണ്ട്, അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ ചെയ്യുന്നവൻ?! [ആരുമില്ല] അവരുടെ മുമ്പിലുള്ളതും, അവരുടെ പിമ്പിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്നും അവൻ ഉദ്ദേശിച്ചതിനെക്കുറിച്ചല്ലാതെ യാതൊന്നിനെക്കുറിച്ചും അവർ സൂക്ഷ്മമായി അറിയുകയില്ല. അവൻെറ 'കുർസിയ്യ്' [രാജപീഠം] ആകാശങ്ങൾക്കും ഭൂമിക്കും വിശാലമായിരിക്കുന്നു. [അവ രണ്ടും ഉൾക്കൊള്ളുന്നതാണത്] അവ രണ്ടിൻെറയും സംരക്ഷണം അവനെ ഭാരപ്പെടുത്തുന്നുമില്ല. അവനത്രെ, ഉന്നതനും മഹത്തായുള്ളവനും.

---

255 **اللَّهُ** അല്ലാഹു. **لَا إِلَٰهَ** ഒരു ഇലാഹുമല്ല, ആരാധ്യനേയില്ല, ദൈവവുമില്ല. **إِلَّا هُوَ** അവനല്ലാതെ. **الْحَيُّ** ജീവത്തായുള്ളവനാണ്. **الْقَيُّومُ** സർ നിയന്താവുമാണ്, സ്വയം നിലകൊള്ളുന്നവൻ. **لَا تَأْخُذُهُ** അവനെ പിടിപെടുകയില്ല. **سِنَةٌ** മയക്കം (പ്രാഥമികനിദ്ര) . **وَلَا نَوْمٌ** നിദ്രയുമില്ല. **لَهُ** അവനാണ്, അവന്റേതാണ്. **مَا فِي السَّمَاوَاتِ** ആകാശങ്ങളിലുള്ളത്. **وَمَا فِي الْأَرْضِ** ഭൂമിയിലുള്ളതും. **مَنْ ذَا الَّذِي** (ഇങ്ങിനെയുള്ള) ഒരുവൻ ആര്, ആരുണ്ട്. **يَشْفَعُ** അവൻ ശുപാർശ ചെയ്യും. **عِنْدَهُ** അവന്റെ അടുക്കൽ. **إِلَّا بِإِذْنِهِ** അവന്റെ അനുമതി കൂടാതെ. **يَعْلَمُ** അവൻ അറിയുന്നു, അറിയും. **مَا بَيْنَ أَيْدِيهِمْ** അവരുടെ കൈകൾക്കിടയിലുള്ള (മുമ്പിലുള്ള) തു. **وَمَا خَلْفَهُمْ** അവരുടെ പിമ്പിലുള്ളതും. **وَلَا يُحِيطُونَ** അവർ വലയം ചെയ്കയില്ല (സൂക്ഷമമായി അറിയുകയില്ല) . **بِشَيْءٍ** യാതൊന്നിനെപ്പറ്റിയും. **مِنْ عِلْمِهِ** അവന്റെ അറിവിൽനിന്ന്. **إِلَّا بِمَا شَاءَ** അവൻ ഉദ്ദേശിച്ചതിനെ പ്പറ്റിയല്ലാതെ. **وَسِعَ** വിശാലമായിരിക്കുന്നു. **كُرْسِيُّهُ** അവന്റെ കുർസിയ്യു (രാജപീഠം) . **السَّمَاوَاتِ** ആകാശങ്ങൾക്ക്. **وَالْأَرْضَ** ഭൂമിക്കും. **وَلَا يَئُودُهُ** അവനെ ഭാരപ്പെടുത്തുകയില്ല, വിഷമിപ്പിക്കയില്ല. **حِفْظُهُمَا** അവ രണ്ടിനെയും സൂക്ഷിക്കൽ, കാക്കൽ, സംരക്ഷിക്കൽ. **وَهُوَ** അവൻ, അവനത്രെ. **الْعَلِيُّ** ഉന്നതൻ. **الْعَظِيمُ** മഹത്തായുള്ളവൻ, മഹാൻ.

ഈ വചനത്തിൽ അല്ലാഹുവിന്റെ 'കുർസിയ്യി'നെപ്പററി പ്രസ്താവിക്കുന്നതുകൊണ്ട് 'ആയത്തുൽ കുർസിയ്യ്' (اية الكرسى) എന്ന പേരിൽ ഈ വചനം അറിയപ്പെടുന്നു. അല്ലാഹുവിന്റെ അത്യുൽകൃഷ്ടങ്ങളായ പല നാമങ്ങളും മഹൽഗുണങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ വചനത്തിന്റെ ശ്രേഷ്ഠതയും പ്രാധാന്യവും കുറിക്കുന്ന പല ഹദീസുകളും കാണാം. ഉബയ്യുബ്നു കഅ്ബ് (رضي الله عنه) ൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ അല്ലാഹുവിന്റെ കിതാബിലുള്ള ഏററവും മഹത്തായ ആയത്ത് (اعظم اية فى كتاب الله) എന്നു നബി(ﷺ) ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നു. (മു) രാത്രി ഉറങ്ങുവാൻ കിടക്കുമ്പോൾ, ഈ ആയത്ത് ഓതുന്നപക്ഷം, നേരം പുലരുന്നതുവരെ പിശാചിന്റെ ദോഷം ബാധിക്കുകയില്ലെന്നു ബുഖാരി (رحمه الله) മുതലായവർ ഉദ്ധരിച്ച ഒന്നിലധികം ഹദീസുകളിൽ വന്നിട്ടുണ്ട്. ചില ഹദീസുകളിൽ, നമസ്കാരത്തിനുശേഷവും മററും ഈ വചനം ഓതുവാൻ പ്രോൽസാഹിപ്പിക്കപ്പെട്ടിരിക്കുന്നതായും കാണാം, പിശാചിന്റെ ഉപദ്രവത്തിൽ നിന്നുള്ള ഒരു കാവലാണ് ആയത്തുൽ കുർസിയ്യ എന്നുള്ളത് പൊതുവെ അറിയപ്പെടുന്ന ഒരു കാര്യമത്രെ. പക്ഷേ, വായകൊണ്ടു-തത്തയെപ്പോലെ-ഉരുവിടുന്നതുകൊണ്ട് ആ ഫലം കാണുകയില്ല. അതിലെ ഉള്ളടക്കവും ആശയവും ഗ്രഹിച്ചുകൊണ്ടും, ഹൃദയം സ്പർശിച്ചുകൊണ്ടുമായിരിക്കണം ഓതുന്നത്.

പ്രവാചകൻമാർ വ്യക്തമായ തെളിവുകൾ സഹിതം പ്രബോധനം ചെയ്തുകൊണ്ടിരുന്നിട്ടും മനുഷ്യർ ഭിന്നിക്കുകയും, ഒരുകൂട്ടർ സത്യവിശ്വാസികളും ഒരുകൂട്ടർ അവിശ്വാസികളുമായി പരസ്പരം ശണ്ഠകൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നതായി 253-ാം വചനത്തിൽ പ്രസ്താവിച്ചുവല്ലോ. ആ പ്രവാചൻമാരെല്ലാം പ്രബോധനം ചെയ്ത തൗഹീദിന് ആസ്പദമായ പല മൗലിക യാഥാർത്ഥ്യങ്ങളും കേവലം പത്തു ചെറു വാക്യങ്ങൾ ഉൾക്കൊള്ളുന്ന ഈ വചനത്തിൽ അടങ്ങിയിരിക്കുന്നു.

(1) അല്ലാഹു അല്ലാതെ ആരാധ്യനേ ഇല്ല (الله لا اله الا هو) ഇസ്ലാമിന്റെ പ്രഥമ പ്രധാനമായ മുദ്രാവാക്യമാകുന്ന വാക്യത്തെപ്പററി ഇവിടെ പ്രത്യേകമൊന്നും വിശദീകരിക്കേണ്ടതില്ല. ഇതിന്റെ അനിവാര്യത സ്ഥാപിക്കുമാറുള്ളതാണ് തുടർന്നുള്ള ഓരോ വാക്യവും, പ്രതിനിധാനം ചെയ്യുന്ന ആശയം. (2) അവൻ ജീവത്തായുള്ളവനും, സർവ്വനിയന്താവുമാകുന്നു. (الحي القيوم) 'ജീവൻ, ജീവസ്സ്, ജീവിതം' എന്നിങ്ങിനയുള്ള വാക്കുകൾ പല അർത്ഥങ്ങളിലും ഉപയോഗിക്കപ്പെടാറുണ്ട്. വസ്തുവർഗ്ഗങ്ങളെ അപേക്ഷിക്കുമ്പോഴാണ് ആ വ്യത്യാസം പ്രകടമാകുന്നത്. ഉദാഹരണമായി: സസ്യങ്ങളുടെ വളർച്ചാശക്തി, ജീവ ജന്തുക്കളുടെ ഗ്രഹണ ശക്തി, ചലനശേഷി, ഭൂമിയുടെ ഉൽപാദനശക്തി, സമുദായത്തിന്റെ അഭിവൃദ്ധി എന്നീ

അർത്ഥങ്ങളിലെല്ലാം അവ ഉപയോഗിക്കപ്പെടുന്നു. എന്നാൽ, സൃഷ്ടിയായ ഏതൊരു വസ്തുവിൻെറയും ജീവൻ-അല്ലെങ്കിൽ ജീവിതം-പരിശോധിച്ചാൽ ആ വസ്തുവിൽനിന്നും അന്യമായ മററൊരു കേന്ദ്രത്തിൽ നിന്നായിരിക്കും അതിൻെറ ഉത്ഭവവും നിലനിൽപുമെന്ന് കാണാവുന്നതാണ്. ആ കേന്ദ്രം നഷ്ടപ്പെടുകയോ, അതിനു മാററം സംഭവിക്കുകയോ ചെയ്യുന്നതോടെ ആ ജീവസ്സു നശിക്കുകയും ചെയ്യും. സ്രഷ്ടാവായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവൻെറ ജീവിതം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാകുന്നു. അവൻെറ പരിശുദ്ധ സത്ത (الذات المقدسة) യോടു മാത്രം ബന്ധപ്പെട്ടതാണ് അവൻെറ ജീവിതം. അതല്ലാത്ത-അഥവാ അതിൽനിന്നും അന്യമായ-മററൊന്നിനെയും ആശ്രയിച്ചുകൊണ്ടുള്ളതല്ല അവൻെറ ജീവിതം. മററൊരു വിധത്തിൽ പറഞ്ഞാൽ സൃഷ്ടി വർഗ്ഗങ്ങളുടേതായി മേൽ സൂചിപ്പിച്ച ഏത് അർത്ഥത്തിലുള്ള ജീവിതം എടുത്താലും അതിൻെറയെല്ലാം സാക്ഷാൽ ഉത്ഭവകേന്ദ്രം അല്ലാഹുവാകുന്നു. അല്ലാഹുവാകട്ടെ, സ്വയംഭൂവാണ്. യാതൊന്നിനെയും അപേക്ഷിച്ചുകൊണ്ടോ, യാതൊന്നുമായും സംബന്ധപ്പെട്ടുകൊണ്ടോ ഉള്ളതല്ല അവൻെറ ജീവിതം. അതെ, അവൻെറ പരിശുദ്ധ സത്തയെപ്പോലെത്തന്നെ, അനാദിയും, അനന്തവുമാണത്

അപ്പോൾ, അല്ലാഹു ജീവത്തായുള്ളവനാണ് എന്നോ, ജീവിച്ചിരിക്കുന്നവനാണ് എന്നോ (الحي) പറയുമ്പോൾ-അവൻെറ മററു ഗുണവിശേഷങ്ങളിലെന്നപോലെത്തന്നെ-അത് സാധാരണ അർത്ഥത്തിലുള്ള ഒരു ജീവിതത്തെ ഉദ്ദേശിച്ചല്ല എന്നും, അവനോട് മാത്രം യോജിക്കുന്ന ഒരർത്ഥത്തിലുള്ള ജീവിതത്തെ ഉദ്ദേശിച്ചാണെന്നും ഇതിൽനിന്നു വ്യക്തമാണ്. അങ്ങനെ, സ്വയം നിലകൊള്ളുന്നവനും, അവനല്ലാത്ത മററെല്ലാ വസ്തുക്കളെയും, അവയെ സംബന്ധിച്ച സകല കാര്യങ്ങളെയും വ്യവസ്ഥാപിതമായി നിയന്ത്രിച്ചു കൈകാര്യം നടത്തുന്നവനുമാണ് എന്നത്രെ സർവ്വ നിയന്താവ് القيوم എന്നത് കൊണ്ട് വിവക്ഷ. ഈ രണ്ട് ഗുണങ്ങളും അവനു മാത്രമായുള്ളതായിരിക്കെ, ആരാധ്യനായിരിക്കുവാനുള്ള യഥാർത്ഥ അർഹതയും അവനു മാത്രമായിത്തീരുന്നു.

(3) മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. (لا تأخذه سنة ولا نوم) നിദ്രയുടെ പ്രാരംഭാവസ്ഥയാണ് മയക്കം (سنة) അതിൻെറ പൂർണ്ണാവസ്ഥയാണ് ഉറക്കം نوم. രണ്ടും അവനെ തീണ്ടുകയില്ല. ആന്തരേന്ദ്രിയങ്ങളുടെ ക്ഷീണത്തിൽ നിന്നും, തളർച്ചയിൽ നിന്നുമുള്ള ഒരുതരം വിശ്രമമാണല്ലോ ഇതു രണ്ടും. ഇത്യാദി കാര്യങ്ങളൊന്നും അല്ലാഹുവിന് പിടിപെടുവാനില്ല. അവൻ സർവ്വത്ര പരിപൂർണ്ണനും പരിശുദ്ധനുമത്രെ. ഒരു യന്ത്രവാഹനം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആൾ സ്വൽപം ഒന്ന് തൂങ്ങി ഉറങ്ങിപ്പോയാലത്തെ ഭവിഷ്യത്ത് എല്ലാവർക്കും ഊഹിക്കാവുന്നതാണ്. എന്നിരിക്കെ, ലോകാലോകങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആ മഹച്ഛക്തിക്കു മിടിയിടയെങ്കിലും ഉറക്കോ മയക്കമോ ബാധിച്ചാലുള്ള കഥ എന്തായിരിക്കും?! (4) ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻേറതാണ്. (له ما فى السموات وما فى الارض) എല്ലാം അവൻ സൃഷ്ടിച്ചത്. എല്ലാം അവൻെറ ഉടമയും അടിമയും. എല്ലാം അവൻെറ ഉദ്ദേശ്യത്തിനും നിയന്ത്രണത്തിനും അധികാരത്തിനും വിധേയം. ബാഹ്യദൃഷ്ടിയിൽ-മനുഷ്യർക്കോ മററോ നാമമാത്രമായ എന്തെങ്കിലും അവകാശാധികാരങ്ങളും കൈകാര്യങ്ങളും കാണപ്പെടുന്നുവെങ്കിൽ, അതും അവൻ നൽകിയതുതന്നെ. അവൻ നിശ്ചയിച്ച നിയമവ്യവസ്ഥയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിയതുമാത്രം. എന്നിരിക്കെ, അവനല്ലാത്തവരെ ആരാധ്യരായി സ്വീകരിക്കുന്നതിൽ എന്താണർത്ഥമുള്ളത്?!

(5) അവൻെറഅനുവാദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ നടത്തുന്നവരായി ആരുണ്ട് ?! (من ذا الذى يشفع عنده الا باذنه) ആരും തന്നെയില്ല. അവൻ അനുവദിച്ചവർക്ക്, അവൻ അനുവദിക്കുന്നവർക്ക് വേണ്ടി, അവൻ അനുവദിച്ചപ്രകാരം അല്ലാതെ, അവൻെറ അടുക്കൽ ശുപാർശ ചെയ്യാനുള്ള കഴിവോ അവകാശമോ ആർക്കുമില്ല. പ്രവാചകൻമാരോ മലക്കുകളോ ആരുംതന്നെ ഇതിൽനിന്ന് ഒഴിവല്ല. ഈ വിഷയകമായി ഇതിനുമുമ്പ് ചില ആയത്തുകളിൽ

പ്രസ്താവിക്കപ്പെട്ടിട്ടുള്ളതിന് പുറമെ, താഴെ വീണ്ടും പല സ്ഥലങ്ങളിലും പരാമർശങ്ങൾ കാണാവുന്നതാണ്. പരലോകത്ത് വെച്ച് നടക്കുന്ന ശുപാർശകളിൽവെച്ച് ഏററവും വലിയ ശുപാർശ (الشفاعة الكبرى) നബി(ﷺ) തിരുമേനിയുടെ ശുപാർശയാകുന്നു. അതുപോലും മേൽപറഞ്ഞ ഉപാധികളോട് കൂടിയായിരിക്കും. ആ വമ്പിച്ച ശുപാർശയെ സംബന്ധിച്ചു ബുഖാരി, മുസ്‌ലിം (ﷺ) തുടങ്ങിയ മഹാൻമാരെല്ലാം രേഖപ്പെടുത്തിയിട്ടുള്ള ഹദീസുകൾ പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം വ്യക്തമായി മനസ്സിലാക്കാം

സൃഷ്ടികൾ ആകമാനം 'മഹ്ശർ' മഹാസമ്മേളനത്തിൽ ഒരുമിച്ചുകൂടി അനിശ്ചിതാവസ്ഥയിൽ ഭയവിഹ്വലരായിക്കൊണ്ടിരിക്കെ, തങ്ങളുടെ കാര്യത്തിൽ വല്ല തീരുമാനവും എടുത്തുതരുവാൻ അല്ലാഹുവിൻെറ മുമ്പിൽ തങ്ങൾക്കു വേണ്ടി ശുപാർശ ചെയ്യണമെന്ന് അവർ പ്രവാചക പ്രധാനികളായ പലരോടും അപേക്ഷിക്കും. ഓരോ പ്രവാചകനും ഓരോ കാരണം പറഞ്ഞ് തനിക്ക് അതിനു അർഹതയില്ലെന്നു മറുപടി പറയും. അവസാനം ജനങ്ങൾ നബി മുഹമ്മദ് (ﷺ) തിരുമേനിയോട് അപേക്ഷിക്കും. തിരുമേനി അല്ലാഹുവിന് സുജൂദായി വീഴുകയും, അല്ലാഹു അപ്പോൾ തോന്നിപ്പിച്ചുകൊടുക്കുന്ന സ്തുതി കീർത്തനങ്ങളും പ്രാർത്ഥനകളും നടത്തുകയും ചെയ്യും. അനന്തരം അല്ലാഹു ഉദ്ദേശിക്കുമ്പോൾ 'മുഹമ്മദേ, തലഉയർത്തി ചോദിച്ചുകൊള്ളുക, ശുപാർശ ചെയ്തുകൊള്ളുക' എന്ന് അല്ലാഹു ഉത്തരവ് നൽകും . അപ്പോഴായിരിക്കും തിരുമേനി ആ അപേക്ഷ സമർപ്പിക്കുക. അല്ലാഹു ഒരു അതിർത്തി നിശ്ചയിച്ചുകൊടുക്കും. അതിനപ്പുറം തിരുമേനി ചോദിക്കുകയില്ല. എന്നൊക്കെ ആ ഹദീസുകളിൽ തന്നെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിൻെറ അടുക്കൽ നടത്തപ്പെടുന്ന ശുപാർശ സാധാരണ അർത്ഥത്തിലുള്ള ശുപാർശയല്ലെന്നും, ഏതെങ്കിലും വിധേനയുള്ള സ്വാധീനത്തിന് അതിൽ സ്ഥാനമില്ലെന്നും, അവൻെറ നീതിന്യായ നിയമനടപടികൾ അതുമൂലം അവൻ വ്യത്യാസം ചെയ്കയില്ലെന്നും ഇതിൽനിന്ന് സ്പഷ്ടമാണല്ലോ.

(6) അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതുമെല്ലാം അവൻ അറിയുന്നു (يعلم ما بين ايديهم وما خلفهم) അതെ, ആകാശഭൂമികളില്ലുള്ളവരുടെ സകലകാര്യങ്ങളും-ഭൂതവർത്തമാനഭാവികാല വ്യത്യാസമോ ചെറുപ്പ വലുപ്പ വ്യത്യാസമോ, കൂടാതെ-അവൻ അറിയുന്നു. എല്ലാം അവൻ കണ്ടും, കേട്ടും, വീക്ഷിച്ചും, രേഖപ്പെടുത്തിയും കൊണ്ടിരിക്കുന്നു. (7) അതേ സമയത്ത്, അല്ലാഹുവിൻെറ അറിവിൽപെട്ട ഏതൊരു കാര്യത്തെക്കുറിച്ചും അവൻ ഉദ്ദേശിച്ചതല്ലാതെ ആർക്കും സൂക്ഷ്മമായി ഒന്നും അറിയുകയില്ലതാനും. (ولا يحيطون بشيئ من علمه الا بما شاء) അവമേതായ അറിവ്, അവനെ സംബന്ധിച്ച അറിവ് അവന് അറിയാവുന്ന കാര്യങ്ങൾ എന്നൊക്കെ (അവൻെറ അറിവ്) എന്ന വാക്കിന് വിവക്ഷ നൽകപ്പെടാറുണ്ട്. ഇവയിൽ ഏത് വിവക്ഷ സ്വീകരിച്ചാലും ശരി, അവൻ ഉദ്ദേശിച്ചതും അവൻ അറിയിച്ചുകൊടുത്തതുമല്ലാതെ ആർക്കും അറിയുകയില്ലതന്നെ. മനുഷ്യനെ സംബന്ധിച്ചിടത്തോളം-അവനാണല്ലോ അറിയപ്പെട്ടേടത്തോളം അറിവ് സമ്പാദിക്കുവാൻ കൂടുതൽ കഴിവ് നൽകപ്പെട്ട സൃഷ്ടി-അവൻെറ അറിവ് വികസിക്കുംതോറും അവൻെറ അജ്ഞതയുടെ വിശാലത അവന് ബോദ്ധ്യപ്പെടുകയാണ് ചെയ്യുന്നത്.

(8) അവൻെറ 'കുർസിയ്യ് ' ആകാശഭൂമികൾഉൾക്കൊള്ളത്തക്കവണ്ണം വിശാലമായതാകുന്നു. (وسع كرسيه السموات والارض) 'പീഠം, രാജപീഠം, ഔദ്യോഗിക ഇരിപ്പിടം' എന്നൊക്കെയാണ് 'കുർസിയ്യി'ന് വാക്കർത്ഥം. ഈ അർത്ഥത്തിൽ നിന്നാണ് കസേരക്ക് അറബി ഭാഷയിൽ كرسي (കുർസിയ്യ്) എന്ന് പേർ വന്നത്. ഇവിടെ അതുകൊണ്ട് വിവക്ഷ എന്താണെന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം. അല്ലാഹുവിൻെറസിംഹാസനമാകുന്ന അർശും العرش കുർസിയ്യും (الكرسي) ഒന്നുതന്നെയാണെന്നും, രണ്ടും വെവ്വേറെയാണെന്നും പറയപ്പെടുന്നു, ഓരോന്നിനും അനുകൂല

മായ ചില രിവായത്തുകളും ഉദ്ധരണികളും എടുത്തുകാണിക്കാറുണ്ടെന്നല്ലാതെ, തക്കതായ തെളിവുകളൊന്നും ഇല്ല. അല്ലാഹുവിൻെറ ഭരണാധിപത്യത്തെയും, അധികാര മഹത്വത്തെയും, ജ്ഞാനവിശാലതയെയും കുറിക്കുന്ന ഒരു ഉപമാലങ്കാരവാക്കാണ് അതെന്ന് പലരും പറയുന്നു. അപ്പോൾ, ആകാശഭൂമികളും അവയിലുള്ളതുമെല്ലാം അല്ലാഹുവിൻെറ ഭരണാധികാരത്തിലും, അവൻെറ അറിവിലും ഒതുങ്ങിനിൽക്കുന്നവയാണ് എന്നായിരിക്കും ഈ വാക്യത്തിലെ ആശയം ചുരുക്കത്തിൽ. എന്നാൽ, അല്ലാഹുവിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഖുർആനിൽനിന്നോ, നബി വാക്യങ്ങളിൽനിന്നോ വ്യക്തമായ വിവരം ലഭിക്കാത്തപ്പോൾ, ഭാഷാപരമായ അർത്ഥത്തെ മാത്രം ആധാരമാക്കി നമുക്ക് അനുമാനം നടത്തിക്കൂടാത്തതാണ്. അതുകൊണ്ട് 'കുർസിയ്യി' ൻെറയും, അതു വിശാലമാണെന്നു പറഞ്ഞതിൻെറയും യാഥാർത്ഥ്യമെന്തെന്ന് അല്ലാഹുവിന റിയാം എന്നുവെച്ച് നമുക്ക് സമാധാനിക്കുകയാണ് നല്ലത്.

(9) ആകാശങ്ങളെയും ഭൂമിയെയും കാത്തുസൂക്ഷിച്ചുപോരുന്നത് അല്ലാഹുവിന് ഒരു ഭാരമായിത്തീരുന്നില്ല (ولايؤده حفظهما) അവനെ സംബന്ധിച്ചിടത്തോളം, വസ്തുക്കളുടെയോ, വസ്തുതകളുടെയോ എണ്ണവണ്ണങ്ങളും, ചെറുപ്പവലുപ്പങ്ങളും ഒരു പ്രശ്നമാകുന്നതല്ല. ഏതൊരു കാര്യവും വേണമെന്ന് അവൻ നിശ്ചയിക്കുകയേ വേണ്ടൂ. അതുണ്ടായിക്കൊള്ളും. (36:82) അവ രണ്ടിലും അണു അളവിലുള്ള കാര്യങ്ങൾ പോലും അവൻ അറിയാതിരിക്കുകയുമില്ല. (34:3.) അവൻ ഉദ്ദേശിക്കുന്നതെന്തോ അതവൻ പ്രവർത്തിക്കും. (11:107) അവൻ ചെയ്യുന്നതിനെപ്പററി അവനെ ചോദ്യം ചെയ്‌വാനും ആരുമില്ല. (21:23) എന്നിരിക്കെ, ആകാശഭൂമികളുടെ കൈകാര്യവും നിയന്ത്രണവും അവന് എങ്ങിനെ ഒരു ഭാരമായിത്തീരും?! (10) അവൻ തന്നെയാണ് ഉന്നതനും, മഹത്തായുള്ളവനും. (وهو العلي العظيم) നിരുപാധികമായ അർത്ഥത്തിൽ, പാരിമിത്യത്തിൻെറ സൂചനപോലും തീണ്ടാത്ത ഭാഷയിൽ, പരമവും പരിപൂർണ്ണവുമായ ഔന്നത്യവും മഹത്വവും അല്ലാഹുവിനല്ലാതെ മററാർക്കും ഇല്ലതന്നെ. മററാരെക്കുറിച്ചായാലും ശരി, അവൻ ഉന്നതനെന്നോ മഹാനെന്നോ പറയുമ്പോൾ, അത് തികച്ചും ആപേക്ഷികവും, സോപാധികവുമായിരിക്കുമെന്ന് മനസ്സിലാക്കുവാൻ അധികമൊന്നും ചിന്തിക്കേണ്ടുന്ന ആവശ്യമില്ല.

ഒരു യഥാർത്ഥം ഓർമ്മിക്കുന്നത് നന്നായിരിക്കും. അല്ലാഹുവിൻെറ ഗുണവിശേഷങ്ങളെയും, പ്രവർത്തനങ്ങളെയും കുറിച്ചു പ്രസ്താവിക്കപ്പെടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയുണ്ട്. അതായത്, 'അല്ലാഹു കാണുന്നവനാണ്, കേൾക്കുന്നവനാണ്, നീതിമാനാണ്, വലിയവനാണ്, അവൻ കോപിച്ചു, തൃപ്തിപ്പെട്ടു,കൊടുത്തു, അയച്ചു' എന്നിത്യാദി നാമവിശേഷണങ്ങളും ക്രിയാവിശേഷണങ്ങളും അവനെപ്പററി പറയുമ്പോൾ, അവയൊക്കെ സൃഷ്ടികളെക്കുറിച്ച് പറയാറുള്ള അതേ അർത്ഥത്തിലല്ല ഉള്ളത്. അല്ലാഹുവിമേതായ ഗുണവിശേഷങ്ങളെ പ്രത്യേകം ദ്യോതിപ്പിക്കുന്ന വാക്കുകൾ മനുഷ്യഭാഷയിൽ ഇല്ലാത്തതുകൊണ്ടും, അങ്ങനെ ഒരു പ്രത്യേകാർത്ഥമുള്ള ഭാഷയിൽ അവയെപ്പററി പ്രസ്താവിച്ചാൽ നമുക്കത് ഗ്രഹിക്കുവാൻ സാധ്യമല്ലാത്തതുകൊണ്ടും നമുക്ക് പരിചിതമായ വാക്കുകളിൽ അവ പ്രസ്താവിക്കപ്പെടുന്നുവെന്നേയുള്ളൂ. അതുകൊണ്ട് അവയുടെ ഏററവും പരിപൂർണ്ണവും ഏററവും പരിശുദ്ധവുമായ അർത്ഥത്തിൽ മാത്രമേ അവ വിലയിരുത്തപ്പെടാവൂ. കാരണം, അവനെപ്പോലെ ഒരു വസ്തുവും ഇല്ല. (ليس كمثله شيئ) അവനോട് കിടയൊത്ത ഒരാളും ഇല്ല. (ولم يكن له كفوا احد) ആയത്തുൽ കുർസിയ്യിൻെറവ്യാഖ്യാനം ഇമാം ഇബ്നുകഥീർ (رحمه الله) അവസാനിപ്പിക്കുന്നത് ഇങ്ങിനെയാണ്: 'ഈ ആയത്തുകളിലും, അവയുടെ അർത്ഥത്തിലുള്ള ബലപ്പെട്ട ഹദീസുകളിലും ഏററവും നല്ലത് 'സലഫുസ്സ്വാലിഹി'ൻെറ (സജ്ജനങ്ങളായ മുൻഗാമികളുടെ) മാർഗ്ഗമാകുന്നു. ഇന്ന പ്രകാരത്തിലെന്ന്, വ്യാഖ്യാനിക്കുകയോ, സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയോ ചെയ്യാതെ, അവ (ഖുർആനിലും ഹദീസിലും) വന്നപോലെ അവയെ വിട്ടേക്കുക. ഇതാണ് അവർ ചെയ്തത്.'

മേൽ കണ്ട ഒമ്പത് വാക്യങ്ങളിൽ ഓരോന്നിലും അടങ്ങിയ തത്വയാഥാർത്ഥ്യങ്ങളെപ്പററി ചിന്തിക്കുന്നപക്ഷം, അല്ലാഹുവല്ലാതെ ആരാധ്യനില്ല (الله لا اله الا هو) എന്ന ഒന്നാമത്തെ വാക്യത്തെ സ്ഥാപിക്കുന്നതും സ്ഥിരീകരിക്കുന്നതുമാണ് അവ ഓരോന്നും എന്ന് കാണാവുന്നതാണ്. وهو الموفق والمعين وهو يهدى السبيل

256 മതത്തിൽ നിർബന്ധം ചെലുത്തലേ ഇല്ല; ദുർമാർഗ്ഗത്തിൽ നിന്ന് നേർമാർഗ്ഗം (വേർതിരിഞ്ഞ്) വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ആകയാൽ, ഏതൊരുവൻ 'ത്വാഗൂത്തി'ൽ [ദുർമൂർത്തികളിൽ] അവിശ്വസിക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ, എന്നാലവൻ, വളരെ ബലവത്തായ പിടിക്കയർ മുറുകെ പിടിച്ചുകഴിഞ്ഞു. അതിന് അററുപോകൽ (സംഭവിക്കുക) ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

لَآ إِكۡرَاهَ فِي ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّۚ فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ وَٱللَّهُ سَمِيعٌ عَلِيمٌ ٢٥٦

257 അല്ലാഹു വിശ്വസിച്ചവരുടെ ബന്ധു (അഥവാ രക്ഷാധികാരി) ആകുന്നു;- അവരെ അവൻ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്കു പുറത്തുകൊണ്ടുവരുന്നു. അവിശ്വസിച്ചവരാകട്ടെ, അവരുടെ ബന്ധുക്കൾ (അഥവാ കാര്യകർത്താക്കൾ) 'ത്വാഗൂത്തു' [ദുർമൂർത്തികളു] മാകുന്നു;- അവർ അവരെ പ്രകാശത്തിൽനിന്ന് അന്ധകാരങ്ങളിലേക്കു പുറത്തുകൊണ്ടുവരുന്നു. അക്കൂട്ടർ നരകത്തിൻെറ ആൾക്കാരത്രെ. അവർ അതിൽ നിത്യവാസികളായിരിക്കും.

ٱللَّهُ وَلِيُّ ٱلَّذِينَ ءَامَنُواْ يُخۡرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِۖ وَٱلَّذِينَ كَفَرُوٓاْ أَوۡلِيَآؤُهُمُ ٱلطَّٰغُوتُ يُخۡرِجُونَهُم مِّنَ ٱلنُّورِ إِلَى ٱلظُّلُمَٰتِۗ أُوْلَٰٓئِكَ أَصۡحَٰبُ ٱلنَّارِۖ هُمۡ فِيهَا خَٰلِدُونَ ٢٥٧

---

256 **لا إِكْراه** നിർബന്ധം ചെലുത്തലില്ല, ബലാൽക്കാരമില്ല. **في الدين** മതത്തിൽ. **قَد تبين** വ്യക്തമായിട്ടുണ്ട്, തീർച്ചയായും സ്പഷ്ടമായിരിക്കുന്നു. **الرشد** നേർമാർഗ്ഗം, നേർവഴി. **من الغي** ദുർമാർഗ്ഗത്തിൽ (വഴികേടിൽ) നിന്ന്. **فَمن يكْفُر** അപ്പോൾ (അതിനാൽ) യാതൊരുവൻ അവിശ്വസിക്കുന്നുവോ, ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം.**بالطاغُوت** ത്വാഗൂത്തിൽ (ദുർമൂർത്തിയിൽ-പിശാചിൽ) . **ويؤمن** വിശ്വിസിക്കുകയും. **بالله** അല്ലാഹുവിൽ. **فَقَد استمسك** എന്നാലവൻ മുറുകെ പിടിച്ചു, പിടിച്ചുകഴിഞ്ഞു. **بالْعروة** പിടിക്കയറിനെ, പിടിബന്ധത്തെ. **الْوُثْقَى** വളരെ ബലവത്തായ, ഏറ്റം ഉറപ്പുള്ള. **لا انفصام لَها** അതിന് അറ്റു (മുറിഞ്ഞു-പൊട്ടി പോകലില്ല. **والله** അല്ലാഹു. **سميع** കേൾക്കുന്നവനാണ്. **عليم** അറിയുന്നവനാണ്. 257 **الله** അല്ലാഹു. **ولي** ബന്ധു (മിത്രം, രക്ഷാധികാരി) ആകുന്നു. **الذين آمنوا** വിശ്വസിച്ചവരുടെ. **يخرجهم** അവൻ അവരെ പുറപ്പെടുവിക്കുന്നു, വെളിക്കു വരുത്തും. **من الظُلُمات** അന്ധകാരങ്ങളിൽനിന്ന്. **إلى النور** പ്രകാശത്തിലേക്ക്. **والذين كَفَروا** അവിശ്വസിച്ചവരാകട്ടെ. **أولياؤهم** അവരുടെ ബന്ധുക്കൾ, മിത്രങ്ങൾ, കൈകാര്യക്കാർ. **الطاغُوت** ത്വാഗൂത്താകുന്നു. **يخرجونهم** അവർ അവരെ പുറത്തുകൊണ്ടുവരുന്നു. **من النور** പ്രകാശത്തിൽനിന്ന്. **إلى الظلُمات** അന്ധകാരങ്ങളിലേക്ക്. **أُولَئك** അക്കൂട്ടർ. **أَصحاب النار** നരകത്തിൻെറ ആൾക്കാരാകുന്നു. **هم فيها** അവർ അതിൽ. **خالدونَ** നിത്യവാസികളാണ്.

മതത്തിൽ-ഇസ്‌ലാമിൽ-ആരെയും നിർബന്ധിച്ചു പ്രവേശിപ്പിക്കുവാൻ പാടില്ലെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. അതിനുള്ള കാരണവും ചൂണ്ടിക്കാട്ടിയിരിക്കുന്നു. ദുർമ്മാർഗ്ഗത്തിൽ നിന്നു നേർമ്മാർഗ്ഗം വ്യക്തമായി തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു قد تبين الرشد من الغي എന്നുള്ളതാണ്. അതായത്, സത്യവിശ്വാസവും സൻമാർഗ്ഗവും ഇന്നതാണെന്നും, അവിശ്വാസവും ദുർമ്മാർഗ്ഗവും ഇന്നതാണെന്നും സ്പഷ്ടമായി തിരിച്ചറിയത്തക്ക തെളിവുകളും, ദൃഷ്ടാന്തങ്ങളും ധാരാളം നിലവിലുണ്ട്. അതുകൊണ്ട് ആരേയും നിർബന്ധിക്കേണ്ടുന്ന ആവശ്യമില്ല. 'വേണമെന്നുള്ളവർക്കു വിശ്വാസിക്കാം. വേണമെന്നുള്ളവർക്കു അവിശ്വസിക്കുകയും ചെയ്യാം.' 18;29 فمن شاء فليؤمن ومن شاء فليكفر ١٨:٢٩ രണ്ടിനും അവർക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നേരായ മാർഗ്ഗം സ്വീകരിച്ച് സത്യവിശ്വാസികളാകുന്നവർക്ക് ഭാവിയിൽ രക്ഷയും, അല്ലാത്തവർക്കു കാലാകാല ശിക്ഷയുമായിരിക്കും അനുഭവം. സൂ: യൂനുസ് 99ൽ അല്ലാഹു പറയുന്നു: ولو شاء ربك لامن من فى الارض كلهم جميعا افانت تكره الناس حتى يكونوا مؤمنين (നിന്റെ റബ്ബു ഉദ്ദേശിച്ചിരിന്നുവെങ്കിൽ ഭൂമിയിലുള്ളവർ മുഴുവനും വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, മനുഷ്യർ സത്യ വിശ്വാസികളായിരിക്കുവാൻ നീ അവരെ നിർബന്ധിക്കുകയോ?!)

لا اكراه في الدين (മതത്തിൽ നിർബന്ധം ചെലുത്തലില്ല) എന്ന വാക്യത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കഥീർ (رحمه الله) പ്രസ്താവിക്കുന്നു: ''അതായത്, ഇസ്‌ലാം മതത്തിൽ പ്രവേശിക്കുവാൻ നിങ്ങൾ ആരേയും നിർബന്ധിക്കരുത്. കാരണം അതിന്റെ ലക്ഷ്യങ്ങളും തെളിവുകളും വ്യക്തമാണ്. അതിൽ പ്രവേശിക്കുവാൻ നിർബന്ധിക്കേണ്ട ആവശ്യമില്ല. എന്നാൽ, അല്ലാഹു ആരെയെങ്കിലും ഇസ്‌ലാമിലേക്കു വഴി ചേർക്കുകയും, അവന്റെ ഹൃദയത്തിന് വികാസം നൽകുകയും, അവന്റെ അന്തർ ദൃഷ്ടിക്ക് പ്രകാശം നൽകുകയും ചെയ്യുന്നപക്ഷം, അവൻ അതിൽ വ്യക്തമായ തെളിവോടെത്തന്നെ പ്രവേശിച്ചുകൊള്ളും. ആരുടെ അന്തർ ദൃഷ്ടിക്കു അല്ലാഹു അന്ധത നൽകുകയും, അവന്റെ കേൾവിക്കും കാഴ്ചക്കും മുദ്രവെക്കുകയും(*) ചെയ്തുവോ അവൻ നിർബ്ബന്ധത്തിനും ബലാൽക്കാരത്തിന്നും വിധേയനായിക്കൊണ്ടു മതത്തിൽ പ്രവേശിക്കുന്നതിൽ അവനു പ്രയോജനവുമില്ല. ഈ വചനത്തിലെ വിധിപൊതുവായിട്ടുള്ളതാണെങ്കിലും ഇതിന്റെ അവതരണഹേതു അൻസാരികളിൽപെട്ട ചില ആളുകളാണെന്നു അവർ (ഖുർആൻ വ്യാഖ്യാതാക്കൾ) പറയുന്നു.'' തുടർന്നുകൊണ്ട് ഇതു സംന്ധമായ ചില രിവായത്തുകളും പണ്ഡിതാഭിപ്രായങ്ങളും ഇബ്നു കഥീർ (رحمه الله) ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു.

ഇബ്നുകഥീർ (رحمه الله) ഉദ്ധരിച്ചതും അല്ലാത്തതുമായി വന്നിട്ടുള്ള ആ രിവായത്തുകളുടെ ചുരുക്കം ഇതാണ്: ''മദീനക്കാരായ അൻസാരികളിൽപെട്ട ചിലർക്ക് യഹൂദമതമോ ക്രിസ്തീയമതമോ സ്വീകരിച്ച മക്കളുണ്ടായിരുന്നു. മുസ്‌ലിംകളായ ആ പിതാക്കൾ അവരെ തടയുകയും ഇസ്‌ലാംമതം സ്വീകരിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. ഈ അവസരത്തിലാണ് ഈ വചനം അവതരിച്ചത്.'' ഈ വചനത്തെക്കുറിച്ച് പണ്ഡിതൻമാരുടെ വേറെ രണ്ടു അഭിപ്രായങ്ങൾ ഇബ്നുകഥീർ (رحمه الله) ഉദ്ധരിച്ചിരിക്കുന്നു. വേദക്കാരെ സംബന്ധിച്ചാണ് ഈ വചനത്തിൽ പറയുന്നത്; അവർ മുസ്‌ലിംകൾക്ക് കപ്പം കൊടുക്കുന്നപക്ഷം അവരെ നിർബന്ധിക്കുവാൻ പാടില്ലെന്നാണ് ഉദ്ദേശ്യം. ഇതാണ് ഒരഭിപ്രായം. മറ്റൊരഭിപ്രായം, യുദ്ധ കൽപനയോടുകൂടി ഇതിലെ വിധി ദുർബ്ബലപ്പെട്ടുപോയിരിക്കുന്നു എന്നുമാകുന്നു. ഈ അഭിപ്രായങ്ങൾക്കോ, ഇതുപോലെയുള്ള വേറെ ചില അഭിപ്രായങ്ങൾക്കോ സ്വീകാര്യമായ തെളിവുകൾ സമർപ്പിക്കുവാനില്ലതാനും. ഇബ്നു കഥീർ (رحمه الله) അദ്ദേഹത്തിന്റെ അഭിപ്രായമായി സ്വീകരിച്ചതും ആദ്യമുദ്ധരിച്ചതുമായ വ്യാഖ്യാനം തന്നെയാണ് ശരിയായിട്ടുള്ളത്. 1-ാമതായി: അവതരണഹേതു എന്തുതന്നെ ആയിരുന്നാലും ആയത്തിലെ വാചകം പൊതുവെയുള്ളതും ഉപാധി വെക്കാത്തതുമാണ്. അവതരണഹേതു പ്രത്യേകമായാൽ തന്നെയും ആയത്തുകളുടെ വിധി

* മുദ്രവെക്കലിന്റെ താൽപര്യത്തെപ്പറ്റി 7-ാം വചനത്തിന്റെ വിവരണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

പൊതുവെ ബാധകമാണെന്നുള്ളത് തർക്കമറ്റതാകുന്നു. 2-ാമതായി: മതം (الدين) കേവലം ബാഹ്യമായ ചില ആചാരാനുഷ്ഠാനങ്ങൾ മാത്രമല്ല. വിശ്വാസമാണ് അതിന്റെ അടിസ്ഥാനം. നിർബ്ബന്ധവും ശക്തിയും ഉപയോഗിച്ച് വിശ്വാസം മാറ്റുവാനും ഉണ്ടാക്കുവാനും സാധ്യമല്ല. 3-ാമതായി: യുദ്ധകൽപനയും, മതത്തിൽ നിർബ്ബന്ധം പാടില്ലെന്ന കൽപനയും തമ്മിൽ പരസ്പരം വൈരുദ്ധ്യമില്ല. യുദ്ധകൽപനയാകട്ടെ, ഇസ്‌ലാമിൽ ആളുകളെ നിർബന്ധിച്ചു ചേർക്കുവാൻ വേണ്ടിയല്ലതാനും.

طاغوت (താഗൂത്ത്) എന്ന പദത്തിന്റെ ക്രിയാരൂപം طغى (ത്വഗാ) എന്നാണ് 'അതിരുവിട്ടു, ധിക്കരിച്ചു' എന്നൊക്കെയാണതിനു അർത്ഥം. അനുസരണക്കേടിൽ 'അതിരുവിട്ടു, എല്ലാവർക്കും, അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യവസ്തുക്കൾക്കും ആ പദം ഉപയോഗി'ക്കപ്പെടാറുണ്ട്. മനുഷ്യരെ വഴിപിഴപ്പിക്കുന്ന നേതാക്കൾ, ആഭിചാരികൾ, പ്രശ്നക്കാർ, പിശാചുക്കൾ, ദുർഭൂതങ്ങൾ വിഗ്രഹങ്ങൾ ആദിയായവയെ ഉദ്ദേശിച്ചും ത്വാഗൂത്ത് എന്നു പറയപ്പെടും. ഏകവചനാർത്ഥത്തിലും ബഹുവചനാർത്ഥത്തിലും ആ വാക്ക് ഉപയോഗിക്കപ്പെടുകയും ചെയ്യും. (كما فى مفردات الراغب وفى القاموس) 'ദുർമൂർത്തി, സ്വേച്ഛാധിപതി, ചെകുത്താൻ' എന്നിങ്ങിനെ മലയാളത്തിലുള്ള ചില പ്രയോഗങ്ങളെപ്പോലെ ഒരു പ്രയോഗമാണു അറബിയിൽ 'ത്വാഗൂത്ത്' എന്ന് സാമാന്യമായി പറയാം. ഇവിടെ അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റെ നേരെ വിപരീതവശമായിക്കൊണ്ടാണ്' ത്വാഗൂത്തിൽ അവിശ്വസിക്കുന്നതിനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നത്. അപ്പോൾ, അല്ലാഹു അല്ലാത്ത- പിശാചടക്കമുള്ള- എല്ലാ ആരാധ്യവസ്തുക്കളുമാണ് ഈ വചനത്തിൽ 'ത്വാഗൂത്ത് ' കൊണ്ടു വിവക്ഷയെന്നു മനസ്സിലാക്കാം. 'മുറിഞ്ഞു പോകാത്ത ബലവത്തായ പിടിക്കയർ മുറുകെ പിടിച്ചു' എന്നു പറഞ്ഞതിന്റെ താൽപര്യം വ്യക്തമാണ്. ത്വാഗൂത്തുകളിലെല്ലാം അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ശാശ്വതമായ രക്ഷാമാർഗ്ഗം അവലംബിച്ചു കഴിഞ്ഞുവെന്നർത്ഥം ولي (വലിയ്യ്) എന്ന വാക്കിന്റെ ബഹുവചനമാണ് اولياء (ഔലിയാഉ്) 'ബന്ധു, മിത്രം, കൈകാര്യകർത്താവ്, രക്ഷാധികാരി, സഹായകൻ, അയൽക്കാരൻ, സഖി, ചങ്ങാതി' എന്നിങ്ങനെ സന്ദർഭോചിതം പല അർത്ഥത്തിലും അതു ഉപയോഗിക്കപ്പെടും. അടുപ്പവും ബന്ധവും ഉള്ളവൻ എന്നാണതിന്റെസാക്ഷാൽ അർത്ഥം.

അല്ലാഹുവിൽ വിശ്വസിച്ചും അവനെ ആരാധിച്ചും വരുന്നവർക്ക് അല്ലാഹു അവരുടെ മിത്രവും, ബന്ധുവും രക്ഷാകർത്താവും, സഹായിയുമായിരിക്കും. ശിർക്ക്, കുഫ്ർ, സംശയം, കാപട്യം, ആശയക്കുഴപ്പം, ദുർനടപടികൾ, അന്ധവിശ്വാസങ്ങൾ ആദിയായ എല്ലാ അന്ധകാരങ്ങളിൽനിന്നും രക്ഷപ്പെടുത്തി സത്യവിശ്വാസത്തിന്റെയും സൻമാർഗ്ഗത്തിന്റെയും പ്രകാശത്തിലേക്കു അവൻ അവരെ നയിക്കുകയും ചെയ്യുന്നു. നേരെമറിച്ച് അല്ലാഹുവിൽ അവിശ്വസിക്കുന്നവർക്ക് അവരുടെ ബന്ധുക്കളും, മിത്രങ്ങളും, കാര്യകർത്താക്കളുമൊക്കെ ത്വാഗൂത്തുകളായിരിക്കും. ഏതെല്ലാം അന്ധകാരങ്ങളിൽനിന്നു സത്യവിശ്വാസികളെ അല്ലാഹു രക്ഷപ്പെടുത്തുന്നുവോ അതേ അന്ധകാരങ്ങളിലേക്കായിരിക്കും ആ ത്വാഗൂത്തുകൾ അവരെ നയിക്കുക. അവസാനം ഒരു കാലത്തും രക്ഷകിട്ടാത്തവിധം കാലാകാല നരകശിക്ഷയും!

വിഭാഗം-35

258 നീ കണ്ടില്ലേ, ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ റബ്ബിന്റെ കാര്യത്തിൽ ന്യായവാദം നടത്തിയ ഒരുവനെ?- (അതെ) അവന് അല്ലാഹു രാജത്വം നൽകിയതിനാൽ! (അതായത്:) ''എന്റെ റബ്ബത്രെ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും	أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِـۧمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ إِذْ قَالَ إِبْرَٰهِـۧمُ رَبِّىَ ٱلَّذِى يُحْىِۦ وَيُمِيتُ قَالَ أَنَا۠ أُحْىِۦ

وَأُمِيتُ ۖ قَالَ إِبْرَٰهِـۧمُ فَإِنَّ ٱللَّهَ يَأْتِى بِٱلشَّمْسِ مِنَ ٱلْمَشْرِقِ فَأْتِ بِهَا مِنَ ٱلْمَغْرِبِ فَبُهِتَ ٱلَّذِى كَفَرَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿٢٥٨﴾

ചെയ്യുന്നവൻ'' എന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ, അവൻ പറഞ്ഞു: ''ഞാൻ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നു (വല്ലോ) ,'' ഇബ്റാഹീം പറഞ്ഞു: ''എന്നാൽ, അല്ലാഹു സൂര്യനെ കിഴക്കു ഭാഗത്തുനിന്നു കൊണ്ടുവരുന്നു; നീ അതിനെ പടിഞ്ഞാറു ഭാഗത്തു നിന്ന് (ഒന്നു) കൊണ്ടു വരുക! അപ്പോൾ, (ആ) അവിശ്വസിച്ചവൻ (ഉത്തരം മുട്ടി) സ്തംഭിച്ചു. അല്ലാഹു, അക്രമകാരികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുകയില്ല.

---

258 **ألم تر** നീ കണ്ടില്ലേ, നോക്കുന്നില്ലേ. **إلى الذي حاج** ന്യായവാദംചെയ്തവനെ. **إبراهيم** ഇബ്രാഹീമിനോട്. **في ربه** അദ്ദേഹത്തിൻെറ (റബ്ബിൻെറ കാര്യത്തിൽ) . **أنْ أتاه الله** അവന് അല്ലാഹു നൽകിയതിനാൽ. **الملك** രാജത്വം. **إذْ قالَ** പറഞ്ഞ സന്ദർഭം. **إبراهيم** ഇബ്രാഹീം. **ربي** എൻെറ റബ്ബ്, റബ്ബത്രെ. **الذي يحيي** ജീവിപ്പിക്കുന്നവനാണ് (..........വൻ) . **ويميت** മരണപ്പെടുത്തുകയും ചെയ്യുന്ന. **قالَ** അവൻ പറഞ്ഞു. **أنا أحيي** ഞാൻ ജീവിപ്പിക്കുന്നു. **وأميت** ഞാൻ മരിപ്പിക്കുകയും ചെയ്യുന്നു. **قالَ إبراهيم** ഇബ്രാഹീം പറഞ്ഞു. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **يأتي** അവൻ വരുന്നു. **بالشمس** സൂര്യനെക്കൊണ്ട്. **المشرق** കിഴക്കുനിന്ന്, ഉദയസ്ഥാനത്തുനിന്ന്. **فَأت بها** എന്നാൽ നീ അതിനെ കൊണ്ടുവാ. **من المغربِ** പടിഞ്ഞാറുനിന്നു, അസ്തമനസ്ഥാനത്തുനിന്ന്. **فَبهت** അപ്പോൾ സ്തംഭിച്ചു പരിഭ്രമിച്ചു (ഉത്തരംമുട്ടി) . **الذي كَفَر** അവിശ്വസിച്ചവൻ. **والله** അല്ലാഹു. **لا يهدي** നേർമാർഗ്ഗത്തിലാക്കുകയില്ല . **القوم** ജനങ്ങളെ. **الظالمين** അക്രമികളായ.

അല്ലാഹുവിൽ വിശ്വസിക്കുന്ന സത്യവിശ്വാസികളുടെ ബന്ധുവും രക്ഷാകർത്താവും അല്ലാഹുവായിരിക്കുമെന്നും, അവൻ അവരെ അന്ധകാരങ്ങളിൽ നിന്ന് പ്രാകശത്തിലേക്ക് നയിക്കുമെന്നും, നേരെമറിച്ച് അല്ലാഹുവിൽ അവിശ്വസിക്കുന്നവരുടെ ബന്ധുക്കളും കൈകാര്യകർത്താക്കളും ത്വാഗൂത്തുകളായിരിക്കുമെന്നും, അവർ അവരെ പ്രകാശത്തിൽ നിന്ന് അന്ധകാരങ്ങളിലേക്കാണ് തള്ളിവിടുക എന്നും കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. അതിനൊരു ഉദാഹരണമാണ് ഈ വചനം. ഇബ്റാഹീം (عليه السلام) സത്യത്തിൻെറയും ന്യായത്തിൻെറയും പ്രകാശം ആസ്വദിച്ചു വിജയിച്ചതും അദ്ദേഹത്തോട് തർക്കം നടത്തിയ ആ രാജാവിന് ആ പ്രകാശം ആസ്വദിക്കുവാൻ കഴിയാതെ അവൻ അന്ധകാരത്തിൽ മുഴുകി പരാജയമടഞ്ഞതുമാണ് ആ സംഭവത്തിൽ കാണുന്നത്. പ്രസ്തുത രാജാവിൻെറ പേർ നംറൂദ് (نمرود) എന്നാണ് അറിയപ്പെടുന്നത് നാടു ഭരിക്കുന്ന രാജാക്കൾ ദൈവങ്ങളായി ചമയലും, പ്രജകൾ അവരെ ദൈവങ്ങളാക്കി ആരാധിക്കലും പൂർവ്വകാലത്ത് പതിവായിരുന്നു. ഇബ്റാഹീം (عليه السلام) നബിയുടെ ശേഷം ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണല്ലോ മൂസാ(عليه السلام) നബിയുടെ കാലം. അക്കാലത്ത് ഈജിപ്തിലെ രാജാവായിരുന്ന ഫിർഔൻ, ഞാനാണ് നിങ്ങളുടെ ഏറ്റവും ഉന്നതനായ റബ്ബ് (انا ربكم الاعلى) എന്നും, ഞാനല്ലാതെ നിങ്ങൾക്ക് മറ്റൊരു ഇലാഹുള്ളതായി എനിക്കറിവില്ല (ما علمت لكم من اله غيري) എന്നുമൊക്കെ പറഞ്ഞുവല്ലോ. രാജാക്കളെ ദൈവങ്ങളായി കരുതുന്ന സമ്പ്രദായം അടുത്തകാലം വരെ ജപ്പാൻ, സയാം മുതലായ രാജ്യങ്ങളിൽ ഉണ്ടായിരുന്നു. ഇന്നും ചുരുക്കം ജനങ്ങളിൽ ആ വിശ്വാസം നിശ്ശേഷം നീങ്ങിക്കഴിഞ്ഞിട്ടില്ലെന്ന് പറയാം. ഫിർഔനെക്കുറിച്ചുള്ള പരാമർശങ്ങൾ ഖുർആനിൽ ധാരാളം കാണാമെങ്കിലും, നംറൂദിനെക്കുറിച്ച് ഈ വചനത്തിലല്ലാതെ ഖുർആനിൽ പരാമർശം കാണുന്നില്ല. ആ പേരും ഖുർആനിൽ പറയപ്പെട്ടിട്ടില്ല ഇബ്റാഹീം (عليه السلام) നബിയും അവനും തമ്മിൽ നടന്ന സംഭാഷണത്തിൽ നിന്ന് അവനും താനൊരു ദൈവമാണെന്ന് വാദിച്ചിരുന്നതായിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത് എന്നുമാത്രം.

ഏതായാലും ദൈവവാദികളായ ആരുംതന്നെ ആകാശഭൂമികളെ സൃഷ്ടിച്ചതും, അവയിലെ വൻകാര്യങ്ങൾ നിയന്ത്രിച്ചുപോരുന്നതും തങ്ങളാണെന്ന് വാദിച്ചതായി അറിയപ്പെടുന്നില്ല വല്ലവരും അങ്ങനെ വാദിച്ചാൽതന്നെയും അത് അംഗീകരിക്കുവാൻ എക്കാലത്തും ആളുണ്ടാകുമെന്ന് തോന്നുന്നുമില്ല. ലോകസ്രഷ്ടാവും, ലോകനിയന്താവുമായ ഒരു മഹാശക്തി ഉള്ളതോടെത്തന്നെ, തങ്ങളുടെ അധികാരാതിർത്തിക്കുള്ളിലെ അധികാരങ്ങളും കൈകാര്യങ്ങളുമൊക്കെ തങ്ങൾക്കാണെന്നും, അക്കാരണത്താൽ എല്ലാവരുടെയും ആരാധനാവണക്കങ്ങൾക്കുള്ള അവകാശം തങ്ങൾക്കുണ്ടെന്നുമായിരിക്കും അവരുടെ വാദം. അതോടുകൂടി, നാട്ടിലെ ക്ഷേമൈശ്വര്യങ്ങളെല്ലാം തങ്ങളുടെ വക അനുഗ്രഹങ്ങളായും, ആപത്തുകളും അനിഷ്ട സംഭവങ്ങളും തങ്ങളുടെ ശാപകോപങ്ങളായും സമർത്ഥിക്കപ്പെടുകയും ചെയ്തേക്കും. അല്ലാഹു മാത്രമാണ് റബ്ബും ഇലാഹും (ലോകരക്ഷിതാവും ആരാധ്യനും) എന്നതാണല്ലോ എല്ലാ പ്രവാചകൻമാരുടെയും മൗലിക പ്രധാനമായ പ്രബോധനതത്വം. ഈ തത്വം അംഗീകരിക്കപ്പെടുന്നതോടുകൂടി ആ വാദങ്ങളും, അവയെ അടിത്തറയാക്കി കെട്ടിപ്പൊക്കപ്പെട്ട എല്ലാ വൻകോട്ടകളും പൊളിഞ്ഞു പോകുന്നു. അതോടൊപ്പം അധികാരത്തിൻെറയും, ഔന്നത്യത്തിമേയും സഹജങ്ങളായ ഔദ്ധത്യവും അധികാരവും അവരിൽ പ്രകടമാകുകയും ചെയ്യുന്നു. അതാണിവിടെ നംറൂദിൻെറ തർക്കത്തെക്കുറിച്ചു പറഞ്ഞപ്പോൾ ان اتاه الله الملك (അവന് അല്ലാഹു രാജത്വം നൽകിയതിനാൽ) എന്ന് അല്ലാഹു പ്രത്യേകം എടുത്തു പറയുന്നത്.

ഈ വിവാദത്തെപ്പറ്റി ബൈബിളിൽ പരാമർശിക്കപ്പെട്ടു കാണുന്നില്ല. എങ്കിലും തൽമൂദിൽ(*) ഈ സംഭവം വിവരിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു. ഇബ്റാഹീം (عليه السلام) വിഗ്രഹങ്ങളെപ്പറ്റി ആക്ഷേപിക്കുകയും അവയെ കൊത്തിമുറിക്കുകയും ചെയ്തതിനെത്തുടർന്നാണത് സംഭവിച്ചത് എന്നത്രെ അതിൽ പറഞ്ഞിരിക്കുന്നത്. (അല്ലാഹുവിനറിയാം) ഏതായാലും മൂസാ (عليه السلام) നബി ഫിർഔനെ തൗഹീദിലേക്ക് ക്ഷണിച്ചപ്പോൾ فمن ربكما يا موسى (മൂസാ, അപ്പോൾ നിങ്ങളുടെ രണ്ടാളുകളുടെയും-മൂസാ (عليه السلام) ൻെറയും ഹാറൂ (عليه السلام) ൻെറയും-റബ്ബ് ആരാണ്?) എന്നും, وما رب العالمين (എന്താണ് ഈ ലോകരക്ഷിതാവ്?) എന്നുമൊക്കെ അവൻ ചോദിച്ചതുപോലെ നംറൂദും ഇബ്റാഹീം (عليه السلام) നോട് ചില ചോദ്യങ്ങൾ ചോദിച്ചിരിക്കാം. അതിനെത്തുടർന്നായിരിക്കാം അദ്ദേഹം ربي الذي يحيي ويميت (എൻെറ റബ്ബ് ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നവനാണ്) എന്ന് മറുപടി പറഞ്ഞത്. الله اعلم

ജീവിതത്തിനും മരണത്തിനും സർവ്വ സ്വീകാര്യമായ ഒരു ശാസ്ത്രീയ നിർവ്വചനം നൽകുവാൻ ശാസ്ത്രജ്ഞൻമാർക്ക് ഇതേവരെ കഴിഞ്ഞിട്ടില്ലെങ്കിലും അത് രണ്ടും തിരിച്ചറിയുവാൻ എല്ലാവർക്കും കഴിയുന്നവിധം വ്യക്തമായ രണ്ടു കാര്യങ്ങളാണവ. അതുപോലെത്തന്നെ, ഈ രണ്ടു കാര്യത്തിനും ബാഹ്യമായ ചില കാരണങ്ങളൊക്കെ പറയുവാൻ ശാസ്ത്രജ്ഞൻമാർ മുതിർന്നേക്കുമെങ്കിലും ആ കാരണങ്ങളുടെ പിന്നിലുള്ള യഥാർത്ഥ കാരണം അല്ലാഹുവാണെന്നതിലും സംശയമില്ല. ബാഹ്യേന്ദ്രിയങ്ങൾക്ക് കണ്ടെത്തുവാൻ കഴിയാത്തതെല്ലാം കണ്ണടച്ചു നിഷേധിക്കുന്ന നാസ്തികൻമാർക്ക് മാത്രമേ അതിൽ എതിരഭിപ്രായമുണ്ടാകുകയുള്ളു. ജീവികൾക്ക് ജീവിതവും മരണവും നൽകുന്ന സാക്ഷാൽ കർത്താവ് ഏതാണോ

* ക്രിസ്തുമതത്തിൻെറ ആദ്യ കാലങ്ങളിൽ യഹൂദി പണ്ഡിത ശ്രേഷ്ഠൻമാരിൽ രചിക്കപ്പെട്ട യഹൂദമത ഗ്രന്ഥങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് തൽമൂദ് (Talmud) വേദപുസ്തക നിഘണ്ടുവിൽ പറയുന്നു: 'യെഹൂദ പാരമ്പര്യങ്ങളെക്കുറിച്ച് തെളിവായി അറിയണമെങ്കിൽ റബ്ബിമാർ രചിച്ച തൽമൂദും അതിൻെറ പൂർവ്വഗ്രന്ഥങ്ങളും പരിശോധിക്കണം.. 'പഠിത്തം' എന്നർത്ഥമുള്ള തൽമൂദു യൂദ റബ്ബിമാർ നിർമ്മിച്ചു. കോടാനുകോടി പാരമ്പര്യങ്ങൾ, വ്യാഖ്യാനങ്ങൾ, തർക്കശാസ്ത്രങ്ങൾ മുതലായവ അടങ്ങിയ കലാസാഗരമാണത്...തൽമൂദും മോശെയുടെ ന്യായപ്രമാണവും ഒന്നുപോലെ അധികാരമുള്ളവയാണെന്ന് യെഹൂദ ശാസ്ത്രിമാർ അഭിപ്രായപ്പെട്ടു...'

അതാണ് എൻെറ റബ്ബ്-ആ റബ്ബിലേക്കാണ് ഞാൻ ക്ഷണിക്കുന്നത്- എന്നാണ് ഇബ്‌റാഹീം (عليه السلام) പറഞ്ഞതിൻെറ സാരം.

ഇതംഗീകരിച്ചു കൊടുക്കുവാൻ നംറൂദിൻെറ അഹന്തയുണ്ടോ സമ്മതിക്കുന്നു?! അവൻ ജീവിതത്തിനും മരണത്തിനും ഒരു പുതിയ വ്യാഖ്യാനം നൽകിക്കൊണ്ട് ആ യഥാർത്ഥത്തെ മറികടക്കുവാനാണ് ശ്രമിച്ചത്. അവൻ പറഞ്ഞു: ''ഞാൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ.'' അതെ, അപ്പോൾ ഞാനല്ലേ റബ്ബാകേണ്ടത് എന്നർത്ഥം. എത്രയോ പേരെ അതിനുമുമ്പ് അവൻ കൊലപ്പെടുത്തിയിരിക്കുകയും, പലരെയും കൊലപ്പെടുത്തുവാൻ കഴിവുണ്ടായിരുന്നിട്ടും കൊല്ലാതെ വിട്ടേക്കുകയും ചെയ്തിരിക്കുമല്ലോ. അല്ലെങ്കിൽ-ചില ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നതുപോലെ -രണ്ടുപേരെകൊണ്ടുവന്ന് അവരിൽ ഒരാൾക്ക് കൊലശിക്ഷ നൽകുകയും, മറ്റേയാളെ ഒഴിവാക്കുകയും ചെയ്തിരിക്കാം. അതുമല്ലെങ്കിൽ-ഇബ്നു കഥീർ(رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ-അതു രണ്ടും എൻെറ സ്വന്തം പ്രവൃത്തി തന്നെയാണെന്ന് അവൻെറ അഹങ്കാരവും ഔദ്ധത്യവും ദുർവ്വാശിയും അവനെക്കൊണ്ട് പറയിപ്പിച്ചതുമാകാം. അഥവാ 'നിങ്ങൾക്ക് ഞാനല്ലാതെ മറ്റൊരു ഇലാഹും ഉള്ളതായി എനിക്കറിയില്ല.' എന്ന് ഫിർഔൻ അഹങ്കരിച്ചതുപോലെയുള്ള ഒരു അഹങ്കാര വാക്കായിരിക്കും. (അല്ലാഹുവിനറിയാം.) ഏതായാലും, അതൊന്നും ഇബ്‌റാഹീം (عليه السلام) പറഞ്ഞതിന് ഒരു വിധത്തിലും ഖണ്ഡനമാകുന്നില്ലെന്ന് സ്പഷ്ടംതന്നെ.

എന്നാലും നംറൂദിൻെറ വാക്കിനെ വിശകലനം ചെയ്‌വാനോ, താൻ പറഞ്ഞ വാക്കുകളെ വിശദീകരിക്കുവാനോ ഇബ്‌റാഹീം (عليه السلام) മുതിർന്നില്ല. തത്വത്തിൽ ആദ്യവാദത്തിൻെറ മറ്റൊരു രൂപംതന്നെയാണെങ്കിലും ഒരു വെല്ലുവിളികൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസാരഗതി മാറ്റുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹം പറഞ്ഞു: ......**فان الله يأتى باالشمس** (എന്നാൽ, അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. താനത് പടിഞ്ഞാറ് നിന്ന് കൊണ്ടു വരുക!) ശരി. ജീവിതവും മരണവും താനാണ് നൽകുന്നത്-അല്ലെങ്കിൽ താനും നൽകുന്നു-എങ്കിൽ അതങ്ങിനെയിരിക്കട്ടെ, ഈ സൂര്യനെ അനുദിനം കിഴക്കുനിന്ന് ഉദിപ്പിച്ച് പടിഞ്ഞാറു ഭാഗത്ത് അസ്തമിപ്പിക്കുന്ന ഒരു മഹാശക്തിയുണ്ട്. അത് താനല്ലല്ലോ. ആ ശക്തിയെക്കുറിച്ചാണ് ഞാൻ റബ്ബ് എന്ന് പറയുന്നത്. താൻ റബ്ബാണെങ്കിൽ തനിക്ക് അതിനെ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് കൊണ്ടുവരാനും സാധിക്കണമല്ലോ. അതൊന്നു കാണട്ടെ, എന്ന് സാരം. നംറൂദ് ഉത്തരംമുട്ടി സ്തംഭിച്ചുപോയി. അനന്തരം എന്തുണ്ടായി എന്ന് അല്ലാഹു തുടുർന്നു പറഞ്ഞിട്ടില്ല. സംശയത്തിൽനിന്നോ അറിവില്ലായ്മയിൽനിന്നോ അല്ലാതെ-അഹന്തയിൽനിന്നും ഔദ്ധത്യത്തിൽ നിന്നും മാത്രം-ഉടലെടുത്ത വാദങ്ങളുടെ കർത്താക്കൾ ഉത്തരം മുട്ടിയാലും വാദം പിൻവലിക്കുക പ്രയാസമാണല്ലോ. ഫിർഔൻ മൂസാ (عليه السلام) നോട് ഉത്തരംമുട്ടിയപ്പോൾ, നിങ്ങളിലേക്ക് അയക്കപ്പെട്ട ഒരു റസൂൽ ഒരു ഭ്രാന്തൻതന്നെയാണ്. (26:27) എന്ന് ജനങ്ങളോട് പറഞ്ഞു തൃപതി അടയുകയും. ഞാനല്ലാത്ത മറ്റൊരു ഇലാഹിനെ നീ സ്വീകരിക്കുന്ന പക്ഷം ഞാൻ നിന്നെ കാരാഗൃഹത്തിലിടും(26:29) എന്ന് മൂസാ (عليه السلام) നെ ഭീഷണിപ്പെടുത്തുകയുമാണ് ചെയ്തത്. അതുപോലെ വല്ലതും നംറൂദും ചെയ്തരിക്കുമെന്ന് ഊഹിക്കുവാൻ ന്യായമുണ്ട്. അതിനെപ്പറ്റി അല്ലാഹു ഒന്നും വ്യക്തമാക്കിയിട്ടില്ല. ഏതായാലും അവൻ ഇബ്‌റാഹീം (عليه السلام) നബിയുടെ പ്രബോധനം സ്വീകരിക്കുകയോ, തൻെറ വാദത്തിൽ നിന്ന് പിൻമടങ്ങുകയോ ചെയ്തിട്ടില്ലെന്ന് തീർച്ചതന്നെ. **والله لا يهدى القوم الظالمين** (അക്രമികളായജനങ്ങളെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല.) എന്നു പറഞ്ഞതിൽനിന്നു തന്നെ അത് മനസ്സിലാക്കാം. അദ്ദേഹം അഗ്നികുണ്ഡത്തിൽ എറിയപ്പെട്ടതും, അവസാനം രാജ്യം ത്യജിച്ചു ഹിജ്റപോയതും പ്രസിദ്ധമാണല്ലോ;

أَوْ كَالَّذِى مَرَّ عَلَىٰ قَرْيَةٍ وَهِىَ خَاوِيَةٌ عَلَىٰ

259 അല്ലെങ്കിൽ,ഒരു രാജ്യത്തിലൂടെ നടന്നുപോയ ഒരുവൻെറ മാതിരി (കണ്ടില്ലേ?) അത് [ആ രാജ്യം] അതിലെ മേൽക്കൂര

عُرُوشِهَا قَالَ أَنَّىٰ يُحۡيِۦ هَٰذِهِ ٱللَّهُ بَعۡدَ مَوۡتِهَاۖ فَأَمَاتَهُ ٱللَّهُ مِاْئَةَ عَامٖ ثُمَّ بَعَثَهُۥۖ قَالَ كَمۡ لَبِثۡتَۖ قَالَ لَبِثۡتُ يَوۡمًا أَوۡ بَعۡضَ يَوۡمٖۖ قَالَ بَل لَّبِثۡتَ مِاْئَةَ عَامٖ فَٱنظُرۡ إِلَىٰ طَعَامِكَ وَشَرَابِكَ لَمۡ يَتَسَنَّهۡۖ وَٱنظُرۡ إِلَىٰ حِمَارِكَ وَلِنَجۡعَلَكَ ءَايَةٗ لِّلنَّاسِۖ وَٱنظُرۡ إِلَى ٱلۡعِظَامِ كَيۡفَ نُنشِزُهَا ثُمَّ نَكۡسُوهَا لَحۡمٗاۚ فَلَمَّا تَبَيَّنَ لَهُۥ قَالَ أَعۡلَمُ أَنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ﴿٢٥٩﴾

കളോടെ വീണടിഞ്ഞു കിടക്കുകയാണ്; (അപ്പോള്‍) അദ്ദേഹം പറഞ്ഞു: ''ഇത് ചത്തു (നിര്‍ജ്ജീവമായി) പോയതിന്‍െറ ശേഷം ഇതിനെ അല്ലാഹു ജീവിപ്പിക്കുന്നത് എങ്ങിനെയായിരിക്കും?!'' എന്നിട്ട്, അദ്ദേഹത്തെ അല്ലാഹു നൂറുവര്‍ഷം മരിപ്പിച്ചു (കിടത്തി) ; പിന്നെ അദ്ദേഹത്തെ (ജീവിപ്പിച്ച്) എഴുന്നേല്‍പിച്ചു. അവന്‍ [അല്ലാഹു] പറഞ്ഞു: ''നീ എത്ര (കാലം) കഴിഞ്ഞുകൂടി?'' അദ്ദേഹം പറഞ്ഞു: ''ഞാന്‍ ഒരു ദിവസം, അല്ലെങ്കില്‍ ഒരു ദിവസത്തിന്‍െറ കുറച്ചുഭാഗം കഴിഞ്ഞുകൂടിയിരിക്കുന്നു.'' അവന്‍ പറഞ്ഞു: ''(അല്ല) പക്ഷേ നീ നൂറുവര്‍ഷം കഴിഞ്ഞുകൂടിയിരിക്കുന്നു;- എന്നാല്‍ നിന്‍െറ ഭക്ഷണത്തിലേക്കും പാനീയത്തിലേക്കും നോക്കൂ: അത് (പഴക്കം പിടിച്ച്) മാറ്റം വന്നിട്ടില്ല. നിന്‍െറ കഴുതയിലേക്കും നോക്കുക (അതെങ്ങിനെയുണ്ടെന്ന്) ! നിന്നെ മനുഷ്യര്‍ക്കു നാം ഒരു ദൃഷ്ടാന്തം ആക്കുവാന്‍ വേണ്ടിയും (കൂടി) ആകുന്നു (ഇത്) . (അതാ, ആ) എല്ലുകളിലേക്കും നോക്കുക. നാം അവയെ എങ്ങിനെ ഘടിപ്പിക്കുകയും, പിന്നെ അവക്കു മാംസം ധരിപ്പിക്കുകയും ചെയ്യുന്നുവെന്ന്!'' അങ്ങനെ, അദ്ദേഹത്തിനു (കാര്യം) വ്യക്തമായിത്തീര്‍ന്നപ്പോള്‍, അദ്ദേഹം പറഞ്ഞു: ''അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്നു ഞാന്‍ (അനുഭവത്തിലൂടെ) അറിയുന്നു.

---

259 **أو كالذي** അല്ലെങ്കില്‍ യാതൊരുവന്‍െറ മാതിരി,. **مر** അദ്ദേഹം നടന്നുപോയി. **على قرية** ഒരു രാജ്യത്തിലൂടെ. **وهي خاوية** അതു വീണടിഞ്ഞിരിക്കുന്നതാണ്. **على عروشها** അതിലെ മേല്‍പുര (കൂര) കളോടെ. **قَالَ أنى** അദ്ദേഹം പറഞ്ഞു എങ്ങിനെയായിരിക്കും,. **يحيي هذه** ഇതിനെ ജീവിപ്പിക്കുക. **اللهُ** അല്ലാഹു. **بعد موتها** ഇതു നിര്‍ജ്ജീവമായതിനുശേഷം. **فَأماته اللهُ** എന്നിട്ട് അദ്ദേഹത്തെ അല്ലാഹു മരണപ്പെടുത്തി. **مائَةَ عامٍ** നൂറു വര്‍ഷം. **ثُم بعثَه** പിന്നെ അദ്ദേഹത്തെ എഴുന്നേല്‍പിച്ചു. **قَالَ** അവന്‍ പറഞ്ഞു. **كم لَبِثْت** നീ എത്ര താമസിച്ചു, കഴിഞ്ഞുകൂടി. **قَالَ** അദ്ദേഹം പറഞ്ഞു. **لَبِثْت يوما** ഞാന്‍ ഒരു ദിവസം താമാസിച്ചു, കഴിഞ്ഞുകൂടി. **أَوبعض يومٍ** അല്ലെങ്കില്‍ ഒരു ദിവസത്തിന്‍െറ കുറച്ചുഭാഗം. **قَالَ** അവന്‍ പറഞ്ഞു. **بلْ لَبِثْت** പക്ഷേ (എന്നാല്‍) നീ താമസിച്ചു. **مائَةَعامٍ** നൂറു വര്‍ഷം. **فَانظُر** എന്നാല്‍ നീ നോക്കുക. **إلى طَعامك** നിന്‍െറ ഭക്ഷണ (സാധന) ത്തിലേക്ക്. **وشرابِك** നിന്‍െറ പാനീയത്തിലേക്കും. **لَم يتسنه** അതു കാലപ്പഴക്കം ചെന്നിട്ടില്ല മാറ്റം വന്നിട്ടില്ല. **وانظُر** നോക്കുകയും ചെയ്യുക. **إلى حمارك** നിന്‍െറ കഴുതയിലേക്ക്. **ولنجعلك** നിന്നെ ആക്കുവാന്‍ വേണ്ടിയുമാണ്. **آيةً** ഒരു ദൃഷ്ടാന്തം. **للناس** മനുഷ്യര്‍ക്ക്. **وانظُر** നോക്കുകയും ചെയ്യുക. **إلى العظَامِ** എല്ലുകളിലേക്ക്. **كَيف** എങ്ങിനെയൊണ് (എന്ന്) . **ننشزها** നാമതിനെ ഘടിപ്പിക്കുന്നു, അവയെ കൂട്ടിച്ചേര്‍ക്കുന്നു, പൊക്കിക്കൊണ്ടുവരുന്നു. **ثُم نَكْسوها** പിന്നെ നാമതിന് ധരിപ്പിക്കുന്നു. **لَحما** മാംസത്തെ. **فَلما تبين لَه** അങ്ങിനെ അദ്ദേഹത്തിന്ന്

വ്യക്തമായപ്പോൾ. قَالَ أَعلم അദ്ദേഹം പറഞ്ഞു ഞാൻ അറിയുന്നു. أن الله അല്ലാഹു (ആകുന്നു) എന്ന്. على كُلّ شيءٍ എല്ലാ കാര്യത്തിനും. قَدير കഴിവുള്ളവൻ.

കഴിഞ്ഞ വചനത്തിൽ, ഇബ്റാഹീം (عليه السلام) നബിയുമായി അഹങ്കാരപൂർവ്വം തർക്കം നടത്തുകയും, സത്യത്തിൻെറ പ്രകാശം ഏൽക്കുവാൻ കഴിയാതെ അന്ധകാരത്തിൽ ഉറച്ചുനിൽക്കുകയും ചെയ്ത നംറൂദിൻെറ കഥ വിവരിച്ചു. കണ്ടില്ലേ الم تر എന്ന് പറഞ്ഞു സംബോധിതരുടെ ശ്രദ്ധ ആകർഷിച്ചുകൊണ്ടാണ് ആ കഥ അവിടെ വിവരിച്ചത്. നേരെ മറിച്ച് സത്യവിശ്വാസിയും സത്യാന്വേഷിയുമായ ഒരാൾക്ക് അല്ലാഹു കൂടുതൽ പ്രകാശം നൽകി അനുഗ്രഹിക്കുകയുണ്ടായ ഒരു സംഭവമാണ് ഈ വചനത്തിൽ വിവരിക്കുന്നത്. അതല്ലെങ്കിൽ ഇതാ മറ്റൊരു ഉദാഹരണം- ഇതൊന്ന് ശ്രദ്ധിക്കുക-എന്ന അർത്ഥത്തിൽ او كالذى الخ (അല്ലെങ്കിൽ യാതൊരുവൻെറ മാതിരി) എന്ന് പറഞ്ഞുകൊണ്ട് ഈ സംഭവത്തിലേക്കും അല്ലാഹു ശ്രദ്ധ ആകർഷിക്കുന്നു. ജീവിതവും മരണവും നൽകുന്നത് അല്ലാഹുവാണെന്ന് വിശ്വാസമുള്ളവരിൽ തന്നെ, മരണാനന്തരജീവിതത്തെ പാടെ നിഷേധിക്കുന്നവരും, പാടെ നിഷേധിക്കുന്നില്ലെങ്കിലും ചില ദുർവ്യാഖ്യാനങ്ങൾ നൽകി യഥാർത്ഥാവസ്ഥയെ നിഷേധിക്കുന്നവരുമുണ്ട്. മാത്രമല്ല, ഒരിക്കൽ മരണം ബാധിച്ചുകഴിഞ്ഞാൽ പിന്നെ ഒരു കാരണത്താലും ഈ ലോകത്തുവെച്ച് രണ്ടാമതൊരു ജീവിതം സംഭവിക്കുക അസംഭവ്യമാണെന്നും, ബാഹ്യമായ കാര്യകാരണ ബന്ധങ്ങൾക്കപ്പുറം ഈ ലോകത്ത് ഒന്നും സംഭവിക്കാവതല്ലെന്നും ധരിക്കുന്നവരും ഉണ്ട്. ഇങ്ങിനെയുള്ളവർക്കെല്ലാം മതിയായ ഒരു ദൃഷ്ടാന്തമാണ് ഈ സംഭവം.

'ഒരു രാജ്യത്തിലൂടെ നടന്നുപോയ ആൾ' എന്ന് പറഞ്ഞത് ആരെപ്പറ്റിയാണെന്നും, ആ രാജ്യം ഏതായിരുന്നുവെന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഹദീസിലും കാണുന്നില്ല. സംഭവത്തിൻെറസ്വഭാവവും അതിൽ നിന്നുള്ള പാഠവും ഗ്രഹിക്കുവാൻ അതറിയണമെന്നില്ലതാനും. അർമിയാ (യിരെമ്യാ) പ്രവാചകനായിരുന്നുവെന്നും, ഹസ്ഖീൽ (യെഹെസ്കേൽ) പ്രവാചകനായിരുന്നുവെന്നും ചില അഭിപ്രായങ്ങൾ കാണാമെങ്കിലും, കൂടുതൽ സ്വീകാര്യമായ അഭിപ്രായം അത് ഉസൈർ (او كالذى الخ എസ്രാ) പ്രവാചകനായിരുന്നുവെന്നുള്ളതാണ്. ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കൾ അംഗീകരിച്ചു കാണുന്നതും അതാകുന്നു. ആ വ്യക്തി ആരായിരുന്നാലും അതൊരു പ്രവാചകനായിരുന്നുവെന്ന് ഖുർആൻെറ വിവരണത്തിൽ നിന്നു അനുമാനിക്കാവുന്നതാണ്. പ്രസ്തുത രാജ്യം ബൈത്തുൽ മുഖദ്ദസ് അഥവാ യെരൂശലം ആയിരുന്നുവെന്നത്രെ ഭൂരിപക്ഷാഭിപ്രായം. ആരായിരുന്നാലും ആ മഹാൻെറ ഒന്നിച്ചു അദ്ദേഹത്തിൻെറ കഴുതയും, ഭക്ഷണപാനീയങ്ങളും ഉണ്ടായിരുന്നുവെന്നും, നശിച്ചു ശൂന്യമായിക്കിടക്കുന്ന ആ രാജ്യത്തിലൂടെ അദ്ദേഹം സഞ്ചരിക്കുമ്പോൾ അദ്ദേഹം അവിടെ കണ്ട കാഴ്ചയാണ് സംഭവത്തിന് കാരണമായതെന്നും ആയത്തിൽ നിന്ന് സ്പഷ്ടമാണ്. വീടുകളും കെട്ടിടങ്ങളും തകർന്നു വീണുകിടക്കുന്ന കാഴ്ചയെക്കുറിച്ചാണ് وهى خاوية على عروشها (അതതിൻെറ മേൽകൂരകളോടെ വീണു കിടക്കുകയാണ്) എന്നു പറഞ്ഞത്. മുന്തിരിത്തോട്ടങ്ങൾ വീണു നശിക്കുമ്പോൾ ആദ്യം അവയുടെ പന്തലുകൾ വീഴുകയും രണ്ടാമതും നിവർത്തി ശരിപ്പെടുത്തുവാൻ കഴിയാത്തവിധം വള്ളികൾ അതിനു മീതെ വീണമ്പുകയുമാണല്ലോ ഉണ്ടാകുക. ഇതിൽ നിന്നാണ് അതിനു ഈ പ്രയോഗം ഉൽഭവിച്ചിരിക്കുന്നത്. ബാബിലോണ്യൻ രാജാവായിരുന്നു ബുഖ്ത്തുനസ്സർ (بختنصر നെബൂഖദ്നേസർ) ബൈത്തുൽ മുഖദ്ദസ് ആക്രമിച്ചു നശിപ്പിക്കുകയും, ഇസ്റാഈല്യരെ കൂട്ടക്കൊല നടത്തുകയും, ശേഷിച്ചവരെ അടിമകളാക്കി ബാബിലോണ്യയിലേക്കു പിടിച്ചുകൊണ്ടുപോകുകയും ചെയ്ത സംഭവം ചരിത്ര പ്രസിദ്ധമാണ്. അങ്ങനെ, ആ രാജ്യം വളരെക്കാലം നിർജ്ജീവമായും ജനശൂന്യമായും കിടക്കുകയായിരുന്നു. ആ കാലത്തെയാണ് ഇത് കുറിക്കുന്നതെന്നാണ് അധിക ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. ഈ സംഭവം ബൈബിളിൽ വിവരിക്കപ്പെട്ടിട്ടില്ല. ഇതിലെ ചില വശങ്ങളുമായി സാമ്യം തോന്നിക്കുന്നതോ, ഇതുമായി ബന്ധം തോന്നിക്കുന്നതോ ആയ ചില സംഭവങ്ങൾ

അതിൽ കാണാവുന്നതുമാണ്.

“ഈ രാജ്യം ചത്ത് നിർജ്ജീവമായതിനു ശേഷം ഇതെങ്ങിനെയായിരിക്കും അല്ലാഹു ജീവിപ്പിക്കുക” എന്ന് ആ മഹാൻ പറഞ്ഞതു കേവലം നിഷേധരൂപത്തിലോ, സംശയരൂപത്തിലോ ആയിരുന്നില്ല. അല്ലാഹുവിൻെറ അപാരമായ കഴിവിലുള്ള വിശ്വാസത്തിൽ നിന്നും ഉളവായ ഒരു ആശ്ചര്യത്തിൻെറ പ്രകടനമായിരുന്നു അതെന്നു തുടർന്നുള്ള പ്രസ്താവനകളിൽ നിന്ന് മനസ്സിലാക്കാം. അക്കാര്യം അദ്ദേഹത്തിന് അനുഭവത്തിലൂടെത്തന്നെ കാട്ടിക്കൊടുക്കുവാൻ അല്ലാഹു നിശ്ചയിച്ചു. ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും വഴി വിശ്വാസം എത്രതന്നെ സുദൃഢമായിരുന്നാലും അനുഭവത്തിൽ കാണുന്നത് അതിനെ കൂടുതൽ ശക്തിപ്പെടുത്തുമല്ലോ. അടുത്ത വചനത്തിൽ പറയുന്ന ഇബ്റാഹീം (عليه السلام) നബിയുടെ സംഭവത്തിൽ നിന്ന് ഈ വാസ്തവം കൂടുതൽ ഗ്രഹിക്കാവുന്നതാണ്. അല്ലാഹു ആ മഹാനെ നൂറു കൊല്ലം മരണപ്പെടുത്തുകയും പിന്നീട് ജീവിപ്പിച്ച് എഴുന്നേൽപ്പിക്കുകയും ചെയ്തു. ഇത്രയും കാലം അദ്ദേഹം മരണപ്പെട്ടു കിടന്നത് എവിടെയായിരുന്നു? വല്ല മനുഷ്യരും അതു കണ്ടിരുന്നുവോ? നൂറുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം പെട്ടെന്നു ജീവിക്കുകയാണോ ചെയ്തത്? അതല്ല പടിപടിയായി ജീവൻ വീണ്ടുകിട്ടുകയാണോ ചെയ്തത്? അല്ലാഹുവിനറിയാം. ഇതുപോലെയുള്ള സംഭവങ്ങളെക്കുറിച്ച് അല്ലാഹു ഉപയോഗിച്ച വാക്കുകളുടെ പരിധിക്കപ്പുറം കടന്നു വല്ലതും പറയുവാൻ നമുക്ക് നിവൃത്തിയില്ല. വിശ്വസനീയമായ മറ്റു തെളിവുകളുമില്ല. അല്ലാഹു പറഞ്ഞു തന്നതുകൊണ്ട് നമുക്ക് മതിയാക്കാം. അതിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും ചെയ്യാം.

അദ്ദേഹം ജീവിച്ചശേഷം അല്ലാഹു അദ്ദേഹത്തോട് താൻ മരണാവസ്ഥയിൽ എത്രകാലം കഴിഞ്ഞുകൂടിയിട്ടുണ്ടാകുമെന്ന് ചോദിച്ചു. അല്ലാഹുവിന്നറിയാത്തതുകൊണ്ടല്ല, അദ്ദേഹത്തിനു യഥാർത്ഥം മനസ്സിലാക്കുവാൻ വേണ്ടി മാത്രം. നൂറുകൊല്ലം കഴിഞ്ഞതൊന്നും അദ്ദേഹത്തിനറിയുകയില്ലല്ലോ. അദ്ദേഹം പറഞ്ഞു: ഞാൻ ഒരു ദിവസമോ, ഒരു ദിവസത്തിൻെറ കുറച്ചു ഭാഗമോ അങ്ങിനെ കഴിഞ്ഞുകൂടിയിരിക്കും. അർദ്ധമരണമായ ഉറക്കിൽപെട്ടു മുന്നൂറിൽപരം കൊല്ലങ്ങൾ കഴിഞ്ഞുകൂടിയ ഗുഹാവാസികൾ اصحاب الكهف അവരുടെ ഉറക്കിൽനിന്ന് ഉണർന്നപ്പോൾ അവർ തമ്മിലും ഇതേമാതിരി അഭിപ്രായം പ്രകടിപ്പിച്ചതായി സൂറത്തുൽ കഹ്ഫ് 19ൽ കാണാം. അദ്ദേഹം മരിക്കുമ്പോഴത്തെ അവസ്ഥയിൽനിന്നു വളരെ വ്യത്യസ്തങ്ങളായ മാറ്റങ്ങളൊന്നും അദ്ദേഹം ജീവിച്ചപ്പോൾ അദ്ദേഹത്തിൻെറ ശരീരത്തിൽ പ്രകടമായിരുന്നില്ലെന്നാണ് ഈ മറുപടിയിൽനിന്ന് മനസ്സിലാകുന്നത്. പ്രസ്തുത ചോദ്യം അദ്ദേഹത്തോട് അല്ലാഹു ചോദിച്ചതും, അതിനു അദ്ദേഹം മറുപടി പറഞ്ഞതും വഹ്‌യ് മൂലമോ, മലക്കു മുഖാന്തരമോ ആയിരിക്കാം. അദ്ദേഹം ഒരു പ്രവാചകനായിരിക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. (വാസ്തവം അല്ലാഹുവിന്നറിയാം) താൻ വിചാരിച്ചതുപോലെയല്ല കാര്യം-താൻ നൂറുകൊല്ലം മരിച്ചു കിടന്നിരിക്കുന്നു-എന്ന് അല്ലാഹു അദ്ദേഹത്തെ അറിയിച്ചു. അപ്പോഴാണ് അദ്ദേഹത്തിന് യഥാർത്ഥം മനസ്സിലാകുന്നത്.

ഇവിടെ ഒരു സംശയം ഉന്നയിക്കപ്പെട്ടേക്കാം. ഒരു ഐഹിക ജീവിതവും ഒരു മരണാനന്തര ജീവിതവും എന്നിങ്ങിനെ രണ്ടു ജീവിതമാണല്ലോ ഉള്ളത്. ഇദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവിതം മൂണ്ണെണ്ണമാകുമല്ലോ. മാത്രമല്ല, മരണപ്പെട്ടു കഴിഞ്ഞാൽ പിന്നീടു പുനരുത്ഥാനം വരെയുള്ള ഇടക്കാലത്തു (عالم البرزخ ൽവെച്ചു) ഓരോരുത്തൻെറയും സ്ഥിതിഗതികൾക്കനുസരിച്ചു സുഖത്തിൻെറതോ, ദു:ഖത്തിൻെറതോ ആയ ആത്മീയാനുഭവങ്ങളും അഭൗതികമായ ചില കാഴ്ചകളും അനുഭവപ്പെടുമെന്നു ഖുർആൻ കൊണ്ടും നബി വാക്യങ്ങൾകൊണ്ടും സ്ഥാപിതമായിട്ടുള്ളതാണ്. അപ്പോൾ, നൂറുകൊല്ലം മരിച്ചുകിടന്ന ഇദ്ദേഹത്തിനും അങ്ങിനെ അനുഭവപ്പെടേണ്ടതല്ലേ? ഇതാണാ സംശയം ഇത്തരം സംശയങ്ങൾക്ക് മൊത്തത്തിൽ പറയുവാനുള്ള മറുപടി ഇതാണ്: യാഥാർത്ഥ്യം അല്ലാഹുവിന്നറിയാം. ഇങ്ങിനെയുള്ള സങ്കൽപങ്ങളെയും സംശയങ്ങളെയും ആസ്പദമാക്കി സ്പഷ്ടമായ ഭാഷയിൽ അല്ലാഹു

വിവരിച്ച സംഗതികളെ നമ്മുടെ യുക്തിക്കനുസരിച്ചു ദുർവ്യാഖ്യാനം ചെയ്യുന്നതു ശരിയല്ല. അവയെ അവയുടെ മുഖവിലക്കു അംഗീകരിക്കുകയും, അതിൽനിന്നുളവാകുന്ന സംശയങ്ങൾക്കു മറ്റു തെളിവുകളിൽനിന്നു തക്കതായ മറുപടി കാണാത്തപ്പോൾ വാസ്തവം അല്ലാഹുവിന്നറിയാമെന്നുവെച്ചു സമാധാനിക്കുകയും ചെയ്യുകയാണ് നാം വേണ്ടത്. അതോടുകൂടി താഴെ പറയുന്നതുപോലുള്ള ചില വസ്തുതകൾകൂടി ഓർത്തിരിക്കേണ്ടതുണ്ട്:--

(1) ഭൗതിക ജീവിതം ഒരാൾക്കു ഒരു പ്രാവശ്യം മാത്രമേ അനുഭവത്തിൽ വരൂ എന്നത് പൊതുവായ ഒരു നിയമം തന്നെ. ഈ നിയമത്തിൽ മനുഷ്യർ മാത്രമല്ല, ഇതര ജീവികളും ഉൾപെടുന്നു. പക്ഷേ, പൊതുവെയുള്ള പ്രകൃതി നിയമങ്ങൾക്കതീതമായ ചില സംഭവങ്ങൾ ഉണ്ടാകാറുള്ള കൂട്ടത്തിൽ ഈ പൊതു നിയമത്തിൽനിന്നു വ്യത്യസ്ഥമായും ചിലതു സംഭവിച്ചുകൂടാ എന്നില്ല. ഈ വചനത്തിൽതന്നെ ആ മഹാൻെറ ചത്ത കഴുതയെ ജീവിപ്പിച്ച വിവരം അടുത്ത വാക്യങ്ങളിൽ വരുന്നുണ്ട്. അടുത്ത വചനത്തിൽ ഇബ്റാഹീം (عليه السلام) നബിക്കു പക്ഷികളെ ജീവിപ്പിച്ചുകാണിച്ച സംഭവവും വിവരിക്കുന്നുണ്ട്. ഈസാ (عليه السلام) നബിക്കു നൽകപ്പെട്ട പ്രത്യേക ദൃഷ്ടാന്തങ്ങളിൽ ഒന്നു മരിച്ചവരെ ജീവിപ്പിക്കുക എന്നതായിരുന്നു. (3:49;5:113) . അപ്പോൾ ചുരങ്ങിയതു ഒരിക്കലെങ്കിലും അങ്ങിനെ സംഭവിച്ചിരിക്കുമെന്നാണല്ലോ കരുതേണ്ടത്. ഇവിടെയൊക്കെ അത് അലങ്കാര പ്രയോഗങ്ങളാണെന്നും മറ്റും പറഞ്ഞു ദുർവ്യാഖ്യാനം ചെയ്വാൻ മുതിരുന്നപക്ഷം, അതേ മാനദണ്ഡംവെച്ചുകൊണ്ടു ഖുർആനിലെ മിക്ക പ്രസ്താവനകളെയും ദുർവ്യാഖ്യാനം ചെയ്വാനുള്ള ഒരു മാർഗ്ഗം തുറക്കലായിരിക്കും അതിൻെറ ഫലം.

(2) ഈ സംഭവത്തിലെ ആ മഹാനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, ആ നൂറുകൊല്ലക്കാലം ആത്മീയമായ അനുഭവങ്ങളൊന്നും അദ്ദേഹത്തിനു ഉണ്ടായിട്ടില്ലാതിരിക്കുവാനും സാധ്യതയുണ്ട്. അനുഭവപ്പെട്ടിരുന്നാൽ തന്നെയും രണ്ടാമത്തെ ഭൗതിക ജീവിതത്തോടുകൂടി അതദ്ദേഹത്തിൻെറ സ്മൃതിപഥത്തിൽ നിന്നു നീക്കം ചെയ്യപ്പെടുവാനും സാധ്യതയുണ്ട്. ഇതുപോലെ ദൃഷ്ടാന്തമായി കാണിക്കപ്പെടുന്ന സംഭവങ്ങളിൽ വിശേഷിച്ചും. അല്ലാഹുവിനു എല്ലാറ്റിനും കഴിവുണ്ടല്ലോ. (3) പ്രവാചകൻമാർക്കു ചില അദൃശ്യജ്ഞാനങ്ങൾ അല്ലാഹു വെളിവാക്കിക്കൊടുത്തെന്നുവരും. (72:27) ജനങ്ങൾ ദൃഷ്ടാന്തങ്ങൾ മുഖേനയും തെളിവുകൾ വഴിയും മനസ്സിലാക്കി വിശ്വസിക്കുന്ന ചില കാര്യങ്ങൾ അവർ അനുഭവത്തിൻെറ അടിസ്ഥാനത്തിൽ തന്നെയായിരിക്കും മനസ്സിലാക്കുന്നതും വിശ്വസിക്കുന്നതും. (ഇതിനു ചില ഉദാഹരണങ്ങൾ അടുത്ത വചനത്തിൻെറ വ്യാഖ്യാനത്തിൽ കാണാം.) നബി (ﷺ) ക്കുണ്ടായ ഒരു അനുഭവം ഇതാ. ഒരു പ്രസംഗത്തിൽ അവിടുന്ന് പറഞ്ഞു: ''എനിക്കു സ്വർഗ്ഗവും നരകവും പ്രദർശിപ്പിക്കപ്പെടുകയുണ്ടായി. നൻമയിലും തിൻമയിലും അന്നത്തെപ്പോലെ (മറ്റൊരു ദിവസവും) ഞാൻ കണ്ടിട്ടില്ല. എനിക്ക് അറിയാവുന്നത് നിങ്ങൾക്കറിയാമായിരുന്നുവെങ്കിൽ, നിങ്ങൾ കുറച്ചു (മാത്രം) ചിരിക്കുകയും, നിങ്ങൾ ധാരാളമായി കരയുകയും ചെയ്യുമായിരുന്നു''. (ബു;മു.)

നൂറുകൊല്ലക്കാലം കഴിഞ്ഞിട്ടും ആ മഹാൻെറ കൂടെയുണ്ടായിരുന്ന ഭക്ഷണ പാനീയങ്ങൾക്കു മാറ്റമൊന്നും സംഭവിച്ചിരുന്നില്ല. അതേ സമയത്ത് കഴുതയാകട്ടെ, ചത്തു ജീർണ്ണിക്കുകയും, എല്ലുകൾമാത്രം അവശേഷിക്കുകയും ചെയ്തിരിക്കുന്നു! കഴുതചത്തു ജീർണ്ണിച്ചു പോയിട്ടുണ്ടെന്ന് വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും തുടർന്നുള്ള വാക്യങ്ങളിൽ നിന്നു അതു സ്പഷ്ടമാകുന്നുണ്ട്. അങ്ങിനെ, ആ രാജ്യത്തെ പുനരുദ്ധരിച്ച് അതിൽ ജനപ്പെരുപ്പവും സമ്പൽസമൃദ്ധിയുമുണ്ടാക്കി അതിനെ വീണ്ടും ജീവിപ്പിക്കുവാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ലെന്നും, മരണാനന്തര ജീവിതം മുതലായി മനുഷ്യ ദൃഷ്ടിയിൽ പ്രയാസകരമെന്നു തോന്നുന്ന കാര്യങ്ങൾ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം കേവലം നിസ്സാരങ്ങളാണെന്നുമൊക്കെ അല്ലാഹു അദ്ദേഹത്തിന് ഈ സംഭവം മുഖേന അനുഭവത്തിൽ കാണിച്ചു

കൊടുത്തു. മാത്രമല്ല, ആ സംഭവത്തെ മറ്റുള്ളവർക്കുകൂടി ഒരു ദൃഷ്ടാന്തമാക്കുവാന് അല്ലാഹു ഇതു മുഖേന ഉദ്ദേശിച്ചിരിക്കുകയാണ്.
ولنجعلك اية للناس

ഇക്കാലമത്രയും ഭക്ഷണപാനീയങ്ങൾ മാറ്റമൊന്നും കൂടാതെ ശേഷിച്ചതുതന്നെയാണ് അതലിണങ്ങിയ ഒരു ദൃഷ്ടാന്തം. അതുകൊണ്ട് അതിനെപ്പറ്റി പ്രത്യേകമൊന്നും പറയേണ്ടതില്ല. കഴുതചത്തു ദ്രവിച്ചതാകട്ടെ, സാധാരണഗതിയിൽ സ്വഭാവികം മാത്രമാണ് അതുകൊണ്ട് കഴുതയിലൂടെ കാട്ടിക്കൊടുത്ത ദൃഷ്ടാന്തത്തെക്കുറിച്ചേ വിവരിക്കേണ്ടതുള്ളു. അത് ചത്ത് ജീർണ്ണിച്ചിട്ടുണ്ടെന്നും എല്ലുകൾ മാത്രമാണ് ശേഷിപ്പുള്ളതെന്നുംകണ്ട അദ്ദേഹത്തോട് ആ എല്ലുകളിലേക്ക് നോക്കുവാനും, അവയെ പുനസ്സംഘടിപ്പിച്ച് മാംസംകൊണ്ട് പൊതിഞ്ഞ് വീണ്ടും അതിനെ ജീവിപ്പിക്കുന്നത് ശ്രദ്ധിക്കുവാനും അല്ലാഹു കൽപിച്ചു. അദ്ദേഹം കാണത്തന്നെ അതു സംഭവിച്ചിട്ടുണ്ടെന്ന് പിന്നെ എടുത്തുപറയേണ്ടതില്ല. ഇതെല്ലാം കണ്ടപ്പോൾ ആ മഹാൻ പറഞ്ഞുപോയി: അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്-ഒരു കാര്യവും അവനെ സംബന്ധിച്ചിടത്തോളം പ്രയാസകരമല്ല-എന്നു ഞാനിതാ അനുഭവം കൊണ്ട് കണ്ടറിയുന്നു എന്ന്! فلما تبين له قال اعلم ان الله على كل شيئ قدير മുമ്പേ അറിഞ്ഞും, വിശ്വസിച്ചും വരുന്ന യഥാർത്ഥം കാഴ്ചയിൽ കണ്ടറിഞ്ഞുവെന്ന് സാരം. ഇവിടെ اعلم (അഅ്‌ലമു) എന്നവർത്തമാന ക്രിയയുടെ സ്ഥാനത്ത് اعلم (ഇഅ്‌ലം) എന്ന് ശാസനാ ക്രിയ രൂപത്തിലും വായിക്കപ്പെട്ടിട്ടുണ്ട്. ''അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന് നീ അറിഞ്ഞുകൊള്ളുക എന്ന അദ്ദേഹത്തോട് അല്ലാഹു പറഞ്ഞു'' എന്നായിരിക്കും അപ്പോൾ അർത്ഥം. രണ്ടായാലും അറിവ് علم കൊണ്ടുദ്ദേശ്യം അനുഭവപൂർവമുള്ള അറിവുതന്നെ.

ഈ സംഭവം വിവരിച്ചു കഴിഞ്ഞശേഷം സയ്യിദ്ഖുത്ത്ബ് (ﷺ) പറഞ്ഞ ചില വാക്കുകൾ ഇവിടെ പ്രസ്താവ്യയോഗ്യമാകുന്നു. അതിങ്ങിനെ ഉദ്ധരിക്കാം:'' ഈ അസാധാരണ സംഭവം എങ്ങിനെ ഉണ്ടായി? മറ്റെല്ലാ അസാധാരണ സംഭവങ്ങളും പോലെത്തന്നെ! അതെ, ഒന്നാമത്തെ ജീവിതത്തിലെ അസാധാരണത്വംപോലെത്തന്നെ! അല്ലാഹു ഉദ്ദേശിച്ച ഒരു മാർഗ്ഗത്തിലൂടെ അത് സംഭവിച്ചുവെന്നല്ലാതെ-അതെങ്ങിനെ (എന്തുകൊണ്ട്) സംഭവിച്ചുവെന്ന്-നമുക്കറിവില്ലല്ലോ. ജീവശാസ്ത്രജ്ഞൻമാരിൽ വലിയ ആളായി ഗണിക്കപ്പെടുന്ന ഡാർവിൻ അതാ ജീവനെ സംബന്ധിച്ച തൻെറ സിദ്ധാന്തത്തിലൂടെ ജീവൻെറ അഗാധതയിലേക്ക് പടിപടിയായി ഇറങ്ങിച്ചെന്ന് പരിശോധന നടത്തുവാൻ ശ്രമിക്കുന്നു. എന്നിട്ട് അവസാനം അതാ, ഒന്നാമത്തെ പടിയിൽച്ചെന്ന് നിലമുട്ടിപ്പോകുന്നു! ഒന്നാമത്തെ പടിയിൽ-അഥവാ കോശത്തിൽ(cell) ജീവൻ എങ്ങിനെ വന്നുവെന്ന് അദ്ദേഹത്തിനറിഞ്ഞുകൂടാ. പക്ഷെ, മനുഷ്യന് മനസ്സിലാക്കുവാൻ കഴിയാത്തതെന്ന് സമ്മതിക്കേണ്ടിയിരുന്ന ഒരു ശക്തിയുണ്ടെന്ന് സമ്മതിച്ചുകൊടുക്കുവാൻ അദ്ദേഹം തയ്യാറായില്ല. ഈ ഒന്നാമത്തെ പടിയിലെങ്കിലും ജീവൻ നൽകിയ ഒരു സ്രഷ്ടാവുണ്ടെന്നു സമ്മതിക്കുവാനും അദ്ദേഹം തയ്യാറില്ല!....''

ഈ സംഭവത്തിലെ കഥാപാത്രമായ ആ മഹാൻ പിന്നീടു ജനങ്ങൾക്കിടയിൽ ചെന്നപ്പോൾ, അദ്ദേഹത്തെ ആദ്യകാലത്ത് അറിയാമായിരുന്നവരും അങ്ങേഅറ്റം വാർദ്ധക്യം പിടിപെട്ടിരുന്ന വരുമായ ചിലർ ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്നും, ഞാൻ ഇന്ന ആളാണെന്നു പറഞ്ഞപ്പോൾ, അദ്ദേഹം എത്രയോ കാലം മുമ്പു മരിച്ചുപോയിട്ടുണ്ടെന്നു പറഞ്ഞു അവർ അദ്ദേഹത്തെ വിശ്വസിച്ചില്ലെന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. അദ്ദേഹം തൻെറ കഴുതപ്പുറത്തു കയറിച്ചെന്ന് ഞാൻ ഉസൈറാണെന്നു പറഞ്ഞപ്പോൾ ജനങ്ങൾ അദ്ദേഹത്തെ വ്യാജമാക്കി; അപ്പോൾ അദ്ദേഹം തൗറാത്ത് ഒരുക്ഷരം പിഴക്കാതെ മന:പ്പാഠം വായിച്ചു കേൾപിച്ചു: അപ്പോഴാണവർ അദ്ദേഹത്തെ വിശ്വസിച്ചത്: അതുമുതൽക്കാണ് അദ്ദേഹം അല്ലാഹുവിൻെറ മകനാണെന്ന് ഇസ്റാഈല്യർ പറഞ്ഞു തുടങ്ങിയത്: തൗറത്തു കാണാപാഠം അറിയുന്നവർ വേറെ ആരുമില്ലായിരുന്നു. എന്നിങ്ങനെയും ചിലരൊക്കെ പ്രസ്താവിച്ചിരിക്കുന്നു. ഇതെല്ലാം

ശരിയാണൊ അല്ലേ എന്നു നമുക്ക് തീരുമാനിച്ചുകൂടാ. അല്ലാഹു പ്രകാശം നൽകുന്നതിനു ഉദാഹരണമായ മറ്റൊരു അസാധാരണ സംഭവമാണ് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നത്:-

وَإِذْ قَالَ إِبْرَٰهِـۧمُ رَبِّ أَرِنِى كَيْفَ تُحْىِ ٱلْمَوْتَىٰ ۖ قَالَ أَوَلَمْ تُؤْمِن ۖ قَالَ بَلَىٰ وَلَـٰكِن لِّيَطْمَئِنَّ قَلْبِى ۖ قَالَ فَخُذْ أَرْبَعَةً مِّنَ ٱلطَّيْرِ فَصُرْهُنَّ إِلَيْكَ ثُمَّ ٱجْعَلْ عَلَىٰ كُلِّ جَبَلٍ مِّنْهُنَّ جُزْءًا ثُمَّ ٱدْعُهُنَّ يَأْتِينَكَ سَعْيًا ۚ وَٱعْلَمْ أَنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٢٦٠﴾

260 ഇബ്റാഹീം പറഞ്ഞ സന്ദർഭവും (ഓർക്കുക) ; ''എൻെറ റബ്ബേ, മരണപ്പെട്ടവരെ നീ എങ്ങിനെ ജീവിപ്പിക്കുന്നുവെന്ന് എനിക്കു നീ (ഒന്ന്) കാണിച്ചു തരേണമേ!'' അവൻ [അല്ലാഹു] പറഞ്ഞു: ''നീ (അതിൽ) വിശ്വസിക്കുകയും ചെയ്തിട്ടില്ലേ?! [പിന്നെ എന്തിനാണിത് ആവശ്യപ്പെടുന്നത്?]'' അദ്ദേഹം പറഞ്ഞു: ''ഇല്ലാതേ! (വിശ്വസിച്ചിട്ടുണ്ട്.) എങ്കിലും, എൻെറ ഹൃദയം സമാധാനമടയുവാൻ വേണ്ടിയാകുന്നു.'' അവൻ [റബ്ബ്] പറഞ്ഞു: ''എന്നാൽ നീ പക്ഷികളിൽ നിന്ന് ഒരു നാലെണ്ണം പിടിക്കുക; എന്നിട്ട് അവയെ നിൻെറ അടുക്കലേക്ക് കൂട്ടിച്ചേർത്തു കൊള്ളുക. പിന്നീട്, അവയിൽ നിന്നുള്ള ഓരോ അംശം എല്ലാ (ഓരോ) മലകളിലും ആക്കിക്കൊള്ളുക; പിന്നെ, നീ അവയെ വിളിക്കുക-അവ നിൻെറ അടുക്കൽ ഓടി വരുന്നതാണ്. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാണെന്ന് നീ അറിഞ്ഞും കൊള്ളുക.''

---

260 وإذ قَالَ പറഞ്ഞ സന്ദർഭം. **إبراهيم** ഇബ്റാഹീം. **رب أرني** റബ്ബേ എനിക്ക് കാണിച്ചു തരണേ. **كيف تحيي** നീ എങ്ങിനെ ജീവിപ്പിക്കുന്നുവെന്ന്. **الموتى** മരണപ്പെട്ടവരെ. **قَالَ** അവൻ പറഞ്ഞു. **أولم تؤمن** നീ വിശ്വസിച്ചിട്ടുമില്ലേ. **قَالَ بلى** അദ്ദേഹം പറഞ്ഞു ഇല്ലാതേ (ഉണ്ട്) . **ولكن** എങ്കിലും. **ليطمئن** സമാധാനമടയുവാൻ (ശാന്തമാകുവാൻ) വേണ്ടിയാണ്. **قلبي** എൻെറ ഹൃദയം, മനസ്സ്. **قَالَ فخذ** അവൻ പറഞ്ഞു എന്നാൽ നീ പിടിക്കുക, എടുക്കുക. **أربعة** നാലെണ്ണം. **من الطير** പക്ഷികളിൽനിന്ന്. **فصرهن إليك** എന്നിട്ട് അവയെ നിന്നിലേക്ക് കൂട്ടിച്ചേർക്കുക, പാട്ടിലാക്കുക, വശീകരിക്കുക, കഷ്ണിച്ചെടുക്കുക,. **ثم اجعل** പിന്നെ ആക്കുക. **على كل جبل** എല്ലാ മലമേലും, മലയിലും. **منهن جزءا** അവയിൽനിന്ന് ഒരംശം, (ഒരുഭാഗം) . **ثم ادعهن** പിന്നെ അവയെ വിളിക്കുക. **يأتينك** എന്നാലവ നിൻെറ അടുക്കൽ വരും. **سعيا** ഓടിക്കൊണ്ട് (വേഗം) . **واعلم** അറിഞ്ഞുംകൊള്ളുക. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **عزيز** പ്രതാപശാലി. **حكيم** അഗാധജ്ഞൻ, യുക്തിമാൻ.

അല്ലാഹുവിൻെറ കഴിവ് അപാരമാണ്. മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ അവന് ഒട്ടും പ്രയാസമില്ല. പ്രകൃതിനിയമങ്ങളെന്ന് കരുതപ്പെടുന്ന സാധാരണ നടപടിക്രമങ്ങൾക്കതീതമായ ചില സംഭവങ്ങൾ അല്ലാഹു ഇരു ലോകത്ത് വെളിപ്പെടുത്താറുണ്ട്. എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് പ്രത്യക്ഷ ദൃഷ്ടാന്തമായ ഒരു സംഭവം കഴിഞ്ഞ വചനത്തിൽ വിവരിച്ചശേഷം, അതെ തരത്തിലുള്ള മറ്റൊരു സംഭവം കൂടി ഈ വചനത്തിൽ അല്ലാഹു വിവരിച്ചിരിക്കുന്നു. ആ സംഭവത്തിലെ കഥാനായകനായ ദൃക്സാക്ഷി ഏത് വ്യക്തിയായിരുന്നുവെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടില്ല. അതൊരു പ്രവാചകനായിരുന്നുവെന്നാണ് ആ ആയത്തിൽ നിന്നും മറ്റും മനസ്സിലാകുന്നതെന്ന് മാത്രം. ഈ സംഭവത്തിലെ കഥാനായകനും ദൃക്സാക്ഷിയുമായ വ്യക്തി, പ്രവാചക കുടുംബത്തലവനായ ഇബ്റാഹീം (عليه السلام) നബിയാകുന്നു. അദ്ദേഹത്തെ

സംബന്ധിച്ചും, അദ്ദേഹത്തിന് അല്ലാഹു നൽകിയിട്ടുള്ള സ്ഥാനപദവികളെക്കുറിച്ചും ഖുർആനുമായി അൽപമാത്രമെങ്കിലും ബന്ധമുള്ള ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. അല്ലാഹു അദ്ദേഹത്തെ ഒരു (ഉറ്റ) ചങ്ങാതിയാക്കിയിരിക്കുന്നു. (و اتخذ الله ابراهيم خليلا النسآء : ١٣٥) എന്നും, ആകാശഭൂമികളുടെ രാജാധിപത്യം അദ്ദേഹത്തിന് അല്ലാഹു കാണിച്ചുകൊടുത്തിരുന്നു. (وكذلك نري ابراهيم ملكوت السموات والارض الانعام: ٧٥) എന്നുമുള്ള രണ്ട് വചനങ്ങൾ മാത്രം മതി, അദ്ദേഹത്തിന് അല്ലാഹു നൽകിയ ബഹുമതികളെപ്പെറ്റി മനസ്സിലാക്കുവാൻ.

പ്രവാചകൻമാർക്ക് അവരുടെ പ്രബോധനദൗത്യം കാര്യകാരണസഹിതം വ്യക്തമായ ദൃഷ്ടാന്തങ്ങളിലൂടെയും, അനുഭവത്തിൻെറ സാക്ഷ്യങ്ങളിലൂടെയും വസ്തുനിഷ്ഠമായും സ്പഷ്ടമായും നിർവ്വഹിക്കുവാൻ കഴിയത്തക്കവണ്ണം, മറ്റുള്ളവർക്ക് ലഭിക്കാത്തതും ലഭിക്കുവാൻ സാധ്യതയില്ലാത്തതുമായ ചില വെളിപ്പാടുകളും, കാഴ്ചപ്പാടുകളും അവർക്ക് അല്ലാഹു നൽകുന്നു. നബി (ﷺ) തിരുമേനിക്ക്-ഹദീസുകളിൽ സ്ഥിരപ്പെട്ടതുപോലെ-സ്വർഗ്ഗവും നരകവും പ്രദർശിപ്പിക്കപ്പെട്ടത്. ഇസ്രാഉം മിഅ്റാജും (ബൈത്തുൽ മുഖദ്ദസിലേക്കുള്ള രാവുയാത്രയും വാനാരോഹണയാത്രയും) ഉണ്ടായത്, ജിബ്രീൽ (عليه السلام) നെ അദ്ദേഹത്തിൻെറ സാക്ഷാൽരൂപത്തിൽ കാണുവാൻ കഴിഞ്ഞത്, മൂസാ (عليه السلام) അല്ലാഹുവിൻെറ സംസാരം കേട്ടത്, കഴിഞ്ഞ വചനത്തിൽ വിവരിച്ച സംഭവം ആദിയായവയെല്ലാം ഇതിന് ഉദാഹരണങ്ങളാകുന്നു. വസ്തുതകൾ നേരിൽ കണ്ടറിഞ്ഞവർ നൽകുന്ന വിവരണവും, ദൃഷ്ടാന്തങ്ങളും തെളിവുകളും മുഖേന-അവ എത്രതന്നെ ശക്തങ്ങളും വ്യക്തങ്ങളുമായിരുന്നാലും ശരി-നൽകപ്പെടുന്ന വിവരണവും തമ്മിൽ വ്യത്യാസമുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ അല്ലാഹുവിന് നിഷ്പ്രയാസം കഴിയുമെന്ന് ഇബ്റാഹീം (عليه السلام) ന് ശരിക്കും അറിയാം. അതിലദ്ദേഹത്തിന് ദൃഢമായ വിശ്വാസവുമുണ്ട്. എന്നാലും സ്വന്തം കണ്ണുകൊണ്ട് അതിനൊരു മാതൃക കാണുവാൻ കഴിഞ്ഞാൽ അത് തനിക്കൊരു മനസ്സമാധാനമായിത്തീരുമെന്ന് അദ്ദേഹം കരുതി. അദ്ദേഹത്തിൻെറ അറിവും വിശ്വാസവും പൂർവ്വാധികം ശക്തമാകുവാനും, അനുഭവത്തിൻെറ വെളിച്ചത്തിൽ പ്രബോധനവേളയിൽ മരണാനന്തര ജീവിതത്തെപ്പറ്റി ജനങ്ങൾക്കു വിവരിച്ചുകൊടുക്കുവാനും അത് ഉപകരിക്കുമല്ലോ. അങ്ങനെ, അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു: ''എൻെറ രക്ഷിതാവേ, മരണപ്പെട്ടവരെ നീ ജീവിപ്പിക്കുന്നതെങ്ങിനെയാണെന്ന് എനിക്കൊന്ന് കാട്ടിത്തരേണമേ!'' ആ വിഷയത്തിൽ അദ്ദേഹത്തിന് ഒട്ടും സംശയമോ ആശയക്കുഴപ്പമോ ഇല്ലെന്ന് അല്ലാഹുവിന് അദ്ദേഹത്തെക്കാൾ അറിയാം. എങ്കിലും അദ്ദേഹത്തിൻെറ നില അദ്ദേഹത്തിൻെറ വാക്കിലൂടെത്തന്നെ രേഖപ്പെടുത്തി ജനങ്ങൾക്കു യഥാർത്ഥം ഗ്രഹിക്കുവാൻ വേണ്ടി അല്ലാഹു അദ്ദേഹത്തോട് ചോദിച്ചു. ''നീ അതറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിട്ടില്ലേ?'' പിന്നെ എന്തിനാണിത് ആവശ്യപ്പെടുന്നത്? എന്ന് താൽപര്യം. അദ്ദേഹം മറുപടി പറഞ്ഞു: ''അല്ലാഹുവേ, ഇല്ലാതേ! തീർച്ചയായും എനിക്കതിനെപ്പറ്റി അറിവും വിശ്വാസവുമുണ്ട്. എന്നാലും നേരിൽ കണ്ടറിഞ്ഞാലുണ്ടാകുന്ന മനസ്സമാധാനം ഒന്നു വേറെത്തന്നെയാണല്ലോ. അതിനുവേണ്ടി മാത്രമാണ് ഈ അപേക്ഷ.'' അല്ലാഹു അപേക്ഷ സ്വീകരിച്ചുകൊണ്ട് ഇങ്ങിനെ അറിയിച്ചു: ''ശരി, എന്നാൽ നീ ഏതെങ്കിലും നാലു പക്ഷികളെ പിടിച്ചു വശപ്പെടുത്തി കൊണ്ടുവരുക. എന്നിട്ട് അവയുടെ ഓരോ അംശം എല്ലാ മലകളിലും കൊണ്ടുപോയി വച്ചേക്കുക. പിന്നീട് ആ പക്ഷികളെ നീ വിളിച്ചേക്കുക. എന്നാലവ ജീവൻ പൂണ്ട് നിൻെറ അടുക്കൽ ഓടിയെത്തുന്നത് നിനക്ക് കാണാം.'' ഇത്രയും സംഗതികളാണ് അല്ലാഹു ഈ സംഭവത്തെപ്പറ്റി വിവരിച്ചത്. ഇബ്റാഹീം (عليه السلام) കൽപനപ്രകാരം നാലു പക്ഷികളെ പിടിച്ച് അങ്ങിനെ ചെയ്തിരിക്കുമെന്നും, അവ ചത്ത ശേഷം വീണ്ടും ജീവിച്ച് അദ്ദേഹത്തിൻെറ അടുക്കൽ ഓടിവന്നിരിക്കുമെന്നും നമുക്ക് ഖണ്ഡിതമായും തീർത്തും പറയാവുന്നതാണ്.

ഏതെങ്കിലും തരത്തിലുള്ള വളച്ചൊടിക്കലോടുകൂടിയോ ഒരു മുൻവിധി മനസ്സിൽ വെച്ചുകൊണ്ടോ അല്ലാതെ, നിഷ്പക്ഷ ബുദ്ധിയോടും സത്യാന്വേഷണ മനസ്ഥിതിയോടും കൂടി അല്ലാഹുവിൻെറ ഈ പ്രസ്താവനയെപ്പറ്റി ആലോചിക്കുന്ന ഏവർക്കും മനസ്സിലാക്കാവുന്നതും, മനസ്സിലാക്കിയിരിക്കേണ്ടതുമായ ഏതാനും ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാം:-

(1) മരണപ്പെട്ടവരെ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് ആശ്ചര്യ രൂപത്തിലോ സംശയ രൂപത്തിലോ ചോദിക്കുകയല്ല ഇബ്റാഹീം (عليه السلام) ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന് ഉറപ്പായി വിശ്വാസമുള്ള അക്കാര്യം സംഭവിക്കുന്നതിൻെറ ഒരു രൂപം തനിക്കൊന്ന് കാണിച്ചുതരേണമേ എന്ന് അല്ലാഹുവിനോട് അപേക്ഷിക്കുകയാണദ്ദേഹം ചെയ്തത്. (2) ഭൂമിയെയോ, രാജ്യത്തെയോ, സമുദായത്തെയോ ഉദ്ധരിക്കുക-അഥവാ അഭിവൃദ്ധിപ്പെടുത്തുക-എന്ന അർത്ഥത്തിൽ 'ജീവിപ്പിക്കുക' (احياء) എന്ന് പറയപ്പെടാറുണ്ടെങ്കിലും ഇവിടെ 'ജീവിപ്പിക്കൽ' കൊണ്ടുദ്ദേശ്യം സാക്ഷാൽ അർത്ഥത്തിലുള്ള ജീവിപ്പിക്കൽ -അഥവാ ജീവൻ നൽകി എഴുന്നേൽപ്പിൽ- തന്നെയാകുന്നു. കാരണം, മരണപ്പെട്ടവരെ (الموتى) ജീവിപ്പിക്കുന്നതിനെക്കുറിച്ചാണ് അദ്ദേഹത്തിൻെറ ചോദ്യം. ഭൂമിയെയോ ജനങ്ങളെയോ കുറിച്ചല്ല. موتى എന്ന വാക്കിന് ഭാഷയിലും പ്രയോഗത്തിലുമൊക്കെ 'മരണപ്പെട്ടവർ' എന്ന അർത്ഥം തന്നെയാണുള്ളതും. ഖുർആനിൽ പതിനേഴു സ്ഥലങ്ങളിൽ ഈ വാക്ക് കാണാം. ആ സ്ഥലങ്ങൾ പരിശോധിച്ചാൽ അവിടെയെല്ലാം ഈ അർത്ഥം തന്നെയാണുദ്ദേശ്യമെന്ന് കാണാവുന്നതാണ്.

(3) അദ്ദേഹത്തിൻെറ ചോദ്യം മനസ്സമാധാനത്തിനു വേണ്ടിയായിരിക്കെ, ഒന്നുകിൽ അദ്ദേഹത്തിൻെറ ആഗ്രഹവും അപേക്ഷയും നിവൃത്തിച്ചുകൊടുക്കുക, അല്ലെങ്കിൽ നിരുപാധികമോ സോപാധികമോ അതിനെ നിരാകരിക്കുക. ഈ രണ്ടിലൊരു രൂപത്തിലുള്ളതായിരിക്കണം മറുപടി. അഥവാ, മരിച്ചവരെ ജീവിപ്പിക്കുവാൻ അല്ലാഹുവിന് സാധിക്കുമെന്ന് വല്ല ഉപമ മുഖേനയോ, തെളിവു മുഖേനയോ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുന്ന ഒരു മറുപടിയല്ല ഇവിടെ ആവശ്യം. അല്ലാഹു നൽകിയ മറുപടിയാകട്ടെ, അപേക്ഷ നിരുപാധികം സമ്മതിച്ചുകൊണ്ടുള്ളതുമാണ്. നാല് പക്ഷികളെ പിടിച്ച് ഇന്നിന്നപ്രകാരമൊക്കെ ചെയ്താൽ മരിച്ചവരെ ജീവിപ്പിക്കുന്നതെങ്ങിനെയാണെന്ന് നിനക്ക് കണ്ടറിയാമെന്നാണല്ലോ അതിൻെറ ചുരുക്കം. (4) പക്ഷികളുടെ ഇനത്തിൽ പെട്ട നാലെണ്ണമെന്നേ അല്ലാഹു പറഞ്ഞിട്ടുള്ളു. ഇന്നിന്ന പക്ഷികളായിരിക്കണമെന്ന് പറഞ്ഞിട്ടില്ല, അദ്ദേഹം പിടിച്ചുകൊണ്ടു വന്ന പക്ഷികൾ ഇന്നിന്നവയായിരുന്നുവെന്ന് കാണിക്കുന്ന ചില പ്രസ്താവനകൾ ചില തഫ്സീറു ഗ്രന്ഥങ്ങളിൽ കാണാമെങ്കിലും, അതിന് വിശ്വാസയോഗ്യമായ തെളിവില്ലാത്തതുകൊണ്ടും, പക്ഷികളുടെ പേര് നിർണ്ണയിച്ചറിയുന്നതിൽ പ്രത്യേകം പ്രയോജനമെന്നുമില്ലാത്തതുകൊണ്ടും നാം അതൊന്നും, ഇവിടെ ഉദ്ധരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല (5) പക്ഷികളെ പിടിച്ച ശേഷം അവയെക്കൊണ്ട് എന്ത് ചെയ്യണമെന്ന വിവരണത്തിലെ ചില വാക്കുകളെപ്പറ്റി അൽപമൊന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ മാത്രമേ സംഭവത്തിൻെറ യഥാർത്ഥ രൂപം വ്യക്തമാകുകയുള്ളു:-

(ഒന്ന്) : صرهن اليك ഇതു 'സ്വർഹുന്ന' എന്നും 'സ്വിർഹുന്ന' എന്നും വായിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തെ വായനയാണ് കൂടുതൽ പ്രസിദ്ധമായത്. തഫ്സീർ ഗ്രന്ഥങ്ങളും ഹദീസു ഗ്രന്ഥങ്ങളും, അറബി നിഘണ്ടുക്കളും പരിശോധിക്കുമ്പോൾ ഈ വാക്കിനു ഭാഷാർത്ഥമെന്ന നിലക്കോ, ഉദ്ദേശാർത്ഥമെന്ന നിലക്കോ നൽകപ്പെട്ടുകാണുന്ന അർത്ഥങ്ങൾ ഇവയാകുന്നു: املهن: اضممهن: اجمعن: قطعهن: اوثقهن ഇവയിൽ ഒന്നാമത്തേതായ امل ('അമിൽ') എന്ന വാക്കിനു വശപ്പെടുത്തുക, പാട്ടിലാക്കുക, ചായ്വുണ്ടാക്കുക, സ്വാധീനിക്കുക, വശീകരിക്കുക, വളക്കുക, ഒടിക്കുക, ചെരിക്കുക, മറിക്കുക എന്നൊക്കെ സന്ദർഭംപോലെ ഭാഷാന്തരം നൽകാം. കൂടുതൽ വിവരം താഴെ വരുന്നുമുണ്ട്. اضممهن എന്ന വാക്കിന് കൂട്ടിച്ചേർക്കുക എന്നും اجمعهن എന്നതിനു ഒരുമിച്ചുകൂട്ടുക, ശേഖരിക്കുക എന്നും, قطعهن എന്നതിന് ക്ഷമിക്കുക, മുറിക്കുക, എന്നും, اوثقهن

എന്നതിന് ബന്ധിക്കുക, കൂട്ടിക്കെട്ടുക എന്നും മലയാളത്തിൽ വിർത്തനം നൽകാം. ഈ ക്രിയയുടെ തൊട്ട് اليك (നിങ്കലേക്കു) എന്നു കൂടിയുള്ളതുകൊണ്ടു നാലാമത്തെ അർത്ഥമായ قطعهن (ക്ഷണിക്കുക) എന്ന അർത്ഥം ഇവിടെ യോജിക്കുന്നില്ലെന്നു ചൂണ്ടിക്കാട്ടപ്പെടുന്നു. പക്ഷേ, الى (ഇലാ) എന്ന അവ്യയത്തോടു യോജിക്കുന്ന ഒരർത്ഥംകൂടി അതിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നും(*) അപ്പോൾ 'അവയെ ക്ഷണിച്ചുകൊണ്ടുവരുക' എന്നോ 'കൊണ്ടുവന്നു ക്ഷണിക്കുക' എന്നോ അർത്ഥമാകാമെന്നും ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. മേൽകണ്ട അർത്ഥങ്ങളിൽ ഒന്നു മാത്രം പറഞ്ഞവരെയും, രണ്ടോ മൂന്നോ അർത്ഥങ്ങൾ ഒന്നിച്ചു പറഞ്ഞവരെയും കാണാം. ഇതെല്ലാംകൂടി പരിശോധിക്കുമ്പോൾ فصرهن اليك എന്ന വാക്യത്തിൻെറ സാരം ആ പക്ഷികളെ പിടിച്ചുകൊണ്ടുവന്നു നിൻെറ പാട്ടിലാക്കി വെക്കുക എന്നോ, അല്ലെങ്കിൽ അവയെ പിടിച്ചു കൊണ്ടുവന്നു ക്ഷണിക്കുക എന്നോ- ഈ രണ്ടിൽ ഒന്ന്-ആയിരിക്കും ഉദ്ദേശ്യം.

(രണ്ട്:) ثم اجعل على كل جبل منهن جزءا (പിന്നീട് എല്ലാ മലയിലും അവയിൽനിന്നു ഓരോ അംശം ആക്കിക്കൊള്ളുക.) എന്ന വാക്യത്തിൽ എല്ലാ മലകളുമെന്നു പറഞ്ഞതിൻെറ താൽപര്യം ചുറ്റുപാടിൽ സൗകര്യപ്പെട്ട എല്ലാ മലകളിലും എന്നല്ലാതെ ഭൂമിയിലുള്ള എല്ലാ മലകളുമാണെന്ന് ആരും ധരിക്കുകയില്ല. 'അംശം' എന്നർത്ഥം കൊടുത്ത جزء (ജുസ്ഉ്) നെപ്പറ്റിയാണ് അൽപം ആലോചിക്കുവാനുള്ളത്. ഏതെങ്കിലും ഒരു വസ്തുവിൻെറ അംശം-അഥവാ അതിൻെറ ഒരു ഭാഗം-എന്ന അർത്ഥത്തിലും പലതും ചേർന്നുള്ള ഒരു കൂട്ടത്തിൽ നിന്നു ഒരംശം അഥവാ അതിൽപ്പെട്ട ചിലത്-എന്ന അർത്ഥത്തിലും അത് ഉപയോഗിക്കപ്പെടാറുണ്ട്. ആദ്യത്തെ അർത്ഥം സ്വീകരിക്കുന്നപക്ഷം പക്ഷികളെ അറുത്തോ മുറിച്ചോ കഷ്ണിച്ച് അവയുടെ ഓരോ അംശം എല്ലാ മലയിലും കൊണ്ടുപോയി ഇട്ടേക്കണമെന്നു സാരമായിരിക്കും. രണ്ടാമത്തെ അർത്ഥം എടുക്കുമ്പോൾ ആ നാലു പക്ഷികളിൽ ഓരോ വിഭാഗത്തെ-ഓരോന്നിനെ, അല്ലെങ്കിൽ ചിലതിനെ-എല്ലാ മലയിലും കൊണ്ടുപോയി വെക്കണമെന്നും സാരമായിരിക്കും. രണ്ട് കാരണംകൊണ്ട് ആദ്യത്തെ അർത്ഥവും സാരവുമാണിവിടെയുള്ളതന്നു പറയേണ്ടിയിരിക്കുന്നു 1-ാമതായി: جزء എന്ന വാക്ക് രണ്ടർത്ഥത്തിലും ഉപയോഗിക്കപ്പെടുമെങ്കിലും ആദ്യത്തെ അർത്ഥത്തിലാണ് അതിന് കൂടുതൽ വ്യക്തതയും പ്രചാരവും ഉള്ളത്. 2-ാമതായി എല്ലാ മലകളിലും (على كل جبل) എന്നല്ലാതെ മലകളുടെ എണ്ണം വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് കുറെ അധികം മലകളിലും വേണമെങ്കിൽ വെക്കാവുന്നത്ര جزء (അംശം) കൾ ഉണ്ടായിരിക്കണമല്ലോ. എത്ര മലകളിലാണ് അദ്ദേഹം വെച്ചതെന്നുള്ളതിനു തെളിവുകളൊന്നുമില്ല. നാലു മലയിലാണെന്നും ഏഴു മലയിലാണെന്നും ചിലർ പറഞ്ഞിട്ടുണ്ടെന്നുമാത്രം. പക്ഷികളെ അറുത്തു കഷ്ണിക്കാതെ ഭാഗിച്ചു കൊണ്ടുപോയി വെക്കുകയാണെങ്കിൽ അധികരിച്ചാൽ നാലു മലകളിൽ മാത്രമേ വെക്കുവാൻ കഴിയുകയുള്ളുവെന്നു വ്യക്തമാണ്. അപ്പോൾ 'എല്ലാ മലകളിലും' എന്നു അല്ലാഹു പറഞ്ഞതിനു വിശേഷിച്ചും അർത്ഥമൊന്നുമില്ലെന്നുവരും. യഥാർത്ഥത്തിൽ ആ വാക്കാകട്ടെ, ഇബ്റാഹീം (عليه السلام) നു സൗകര്യം തോന്നുന്ന എല്ലാ മലയിലും- അവ നാലോ ഏഴോ കൂടുതലോ ആയാലും ശരി- കൊണ്ടുപോയിവെക്കാമെന്നാണ് കുറിക്കുന്നത്. എന്നിരിക്കെ, തെളിവായി സ്വീകരിക്കുവാൻ പര്യാപ്തമല്ലാത്ത വല്ല രിവായത്തുകളെയും പൊക്കിപ്പിടിച്ചു കൊണ്ടോ മറ്റോ അവയെ നാലോ മൂന്നോ രണ്ടോ ആയി ഗണിക്കുന്നതു ന്യായമല്ല. صرهن എന്ന വാക്കിന് കഷ്ണിക്കുക എന്നു അർത്ഥമില്ലെങ്കിൽപോലും അവയെ അദ്ദേഹം ആ മലകളിൽ കൊണ്ടുപോയി വെക്കത്തക്കവണ്ണം അംശങ്ങളാക്കിയിരിക്കുമല്ലോ.

(മൂന്ന്) ثم ادعهن يأتينك سعيا (പിന്നെ നീ അവയെ വിളിക്കുക. അവ നിൻെറഅടുക്കൽ ഓടിവരുന്നതാണ്.) അതായത് ഏതൊരു പക്ഷികളുടെ അംശങ്ങളാണോ അദ്ദേഹം പല മലകളിലായി കൊണ്ടുപോയി വെച്ചിരിക്കുന്നതെങ്കിൽ, ആ പക്ഷികളെ അദ്ദേഹം വിളിച്ചാൽ അവ

* അറബി സാഹിത്യശാസ്ത്ര(علم البلاغة)ത്തിൽ ഇതിന് تضمين (ഒരു ക്രിയയിൽ മറ്റൊരു ക്രിയയുടെ അർത്ഥം കൂടി ഉൾക്കൊള്ളിക്കുക) എന്നു സാങ്കേതികമായി പറയപ്പെടുന്നു.

അദ്ദേഹത്തിൻെറ അടുക്കൽ ഓടിവരുന്നതുകാണാം. അതെ, പല അംഗങ്ങളാക്കി ഭാഗിച്ചു പല മലകളിലും കൊണ്ടുപോയിവെച്ച ആ അംശങ്ങൾ പരസ്പരം കൂടിച്ചേർന്ന് അവക്ക് വീണ്ടും ജീവൻവെച്ച് ഓടിവരുന്നത് കാണുന്നതോടെ അദ്ദേഹത്തിൻെറ അപേക്ഷ നിവൃത്തിക്കപ്പെടുകയും, ആഗ്രഹം സാക്ഷാൽകരിക്കപ്പെടുകയും ചെയ്യും എന്നു താൽപര്യം.

(6) ഇനി ഇബ്റാഹീം (عليه السلام) നബി അങ്ങിനെയെല്ലാം ചെയ്തുവോ? അദ്ദേഹം വിളിച്ചപ്പോൾ അവ ജീവനോടെ ഓടിവന്നോ? എന്നാണുള്ളത്. സന്ദർഭംകൊണ്ട് വ്യക്തമാകുന്ന സംഗതികൾ പ്രത്യേകം എടുത്തുപറയേണ്ടുന്ന ആവശ്യമില്ലല്ലോ. അതുകൊണ്ട് ഇതിനെപ്പറ്റി അല്ലാഹു ഒന്നും പ്രസ്താവിച്ചിട്ടില്ല പ്രസ്താവിക്കാതെത്തന്നെ അറിയാവുന്നതാണത്. മുമ്പോ പിമ്പോ ഉള്ള വാക്കുകളിൽനിന്നും സന്ദർഭങ്ങളിൽനിന്നും വ്യക്തമാകുന്നതോ, അറിയപ്പെടാവുന്നതോ ആയ ചില കാര്യങ്ങളെ വ്യക്തമാക്കാതെ മൗനമവലംബിക്കുക ഖുർആനിലും ഭാഷാസാഹിത്യങ്ങളിലും പതിവാണ്. ''ഞാൻ ഇന്നലെ അവൻെറവീട്ടിൽ ചെല്ലുവാൻ ഞങ്ങൾ തമ്മിൽ നിശ്ചയിച്ചിരുന്നു; അപ്പോഴാണ് അവൻ എന്നോട് അക്കാര്യം പറഞ്ഞത് '' എന്ന് ഒരാൾ പറഞ്ഞാൽ, 'അങ്ങനെ ഞാൻ അവൻെറവീട്ടിൽചെന്നു' എന്നൊരുവാക്യം അതിൽ ലോപിച്ചുപോയിട്ടുണ്ടെന്നും, ആ അവസരത്തിലാണ് അക്കാര്യം പറഞ്ഞത് എന്നുമാണതിൻെറ ഉദ്ദേശ്യമെന്നും എല്ലാവർക്കും അറിയാവുന്നതാണ്. ഇബ്റാഹീം (عليه السلام) നബിയെ അഗ്നിയിൽ എറിയുവാൻ ജനങ്ങൾ തീരുമാനിച്ച വിവരം (21:68 ലും, 37;97ലും) അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അവരെ പരാജയപ്പെടുത്തിയെന്നും അദ്ദേഹത്തെ രക്ഷിച്ചുവെന്നും തുടർന്നു പറയുന്നുമുണ്ട്. അദ്ദേഹത്തെ അവർ അഗ്നിയിൽ ഇട്ടുവെന്നു തീർച്ചയാണ്. എന്നാൽ ആ വാക്ക് ഖുർആനിൽ എവിടെയും പറഞ്ഞിട്ടില്ല. കാരണം, അതുപറയാതെത്തന്നെ വ്യക്തമാണ്. കഴിഞ്ഞ വചനത്തിൽ ആ മഹാൻെറ ഭക്ഷണ പാനീയങ്ങളെപ്പറ്റി لم يتسنه وانظر الي العظام (അതുപഴക്കംചെന്നു മാറ്റം വന്നിട്ടില്ല.) എന്നു പറഞ്ഞതുപോലെ, കഴുതയെപ്പറ്റി അതു ചത്തു ജീർണ്ണിച്ചുവെന്നോ മറ്റോ പറഞ്ഞിട്ടില്ല. കാരണം പിന്നീട് എല്ലുകളെനോക്കാൻ (وانظر الى العظام) പറഞ്ഞതിൽനിന്നും മറ്റും അതു ശരിക്കും വ്യക്തമാകുന്നുണ്ട്. ഇതുപോലെ ധാരാളക്കണക്കിൽ ഇതിനു ഉദാഹരണങ്ങൾ ഖുർആനിൽ കാണാം. മാത്രമല്ല, മരിച്ചവരെ ജീവിപ്പിക്കുന്നതു തനിക്കുകാണിച്ചുകൊടുക്കുവാനാണ് ഇബ്റാഹീം (عليه السلام) ൻെറ അപേക്ഷ. അപ്പോൾ ഇന്നിന്ന പ്രകാരം ചെയ്താൽ ഇന്നതു സംഭവിക്കുമെന്നു പറഞ്ഞു മതിയാക്കുകയും, അതു നടപ്പിൽ വരുത്തികാട്ടിക്കൊടുക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം, ആ അപേക്ഷ സ്വീകരിക്കപ്പെട്ടുവെന്നു പറഞ്ഞുകൂടാ. തെളിവുകൾ മുഖേന മുമ്പ് അദ്ദേഹത്തിനു ലഭിച്ചിരുന്ന വിശ്വാസത്തിനു പുറമെ ഒരു പ്രത്യേക മനസ്സമാധാനം അതുമൂലം അദ്ദേഹത്തിനു ലഭിക്കുവാനും പോകുന്നില്ല.
الله اعلم

(7) فصرهن اليك എന്ന വാക്കിന് 'ആ പക്ഷികളെ നിൻെറ അടുക്കലേക്കു കൂട്ടിച്ചേർക്കുക' എന്നു അർത്ഥമാണെങ്കിൽ ആ കൽപനയുടെ ഉദ്ദേശ്യം എന്തായിരിക്കുമെന്നു ചോദിക്കപ്പെടാം. ഇതിനു ഖുർആൻ വ്യാഖ്യാതാക്കൾ-താഴെ കാണുന്നതുപോലെ യുക്തമായ മറുപടി പറഞ്ഞിട്ടുണ്ട്. പക്ഷികളെപിടിച്ച ഉടനെത്തന്നെ-അവയുടെ രൂപം, വലുപ്പം, വർണ്ണം മുതലായവനോക്കി പരിചയപ്പെടുന്നതിനു മുമ്പായി-അവയെ അറുത്തു കഷ്ണിച്ചു മലമേൽ കൊണ്ടുപോയി ഇട്ടേക്കുന്ന പക്ഷം, അദ്ദേഹം വിളിക്കുമ്പോൾ ഓടിവരുന്ന പക്ഷികൾ മുമ്പത്തെ പക്ഷികൾ തന്നെയാണോ, അവയിൽ വല്ലമാറ്റവും സംഭവിച്ചിട്ടുണ്ടോ എന്നൊന്നും അദ്ദേഹത്തിനു മനസ്സിലാക്കുവാൻ കഴിയുകയില്ലല്ലോ. അതുകൊണ്ടു നേരത്തെത്തന്നെ അവയുമായി പരിചയപ്പെടുകയാണ് ഈ കൽപനകൊണ്ടുദ്ദേശ്യം എന്നത്രെ അത്. (8) കഴിഞ്ഞ വചനത്തിൽ കണ്ടതുപോലെ-അല്ല, മിക്കവചനങ്ങളിലും കാണാവുന്നതുപോലെ-ഈ വചനത്തിൻെറ അവസാനവും അതിലെ ഉള്ളടക്കത്തെ കൂടുതൽ ദൃഢപ്പെടുത്തുന്ന ഒരു സമാപന വാക്യം അല്ലാഹു പറഞ്ഞിരിക്കുന്നു. واعلم ان الله عزيز حكيم (അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാണെന്നു അറിഞ്ഞുകൊള്ളുക) എന്നത്രെ ആ വാക്യം, عزيزഎന്നാൽ

'പ്രതാപമുള്ളവൻ, വീര്യമുള്ളവൻ, ഊക്കൻ, ശക്തൻ, ബഹുമാന്യൻ' എന്നൊക്കെയാണ് വാക്കർത്ഥം. حكيم എന്നാൽ 'അഗാധമായജ്ഞാനമുള്ളവൻ, യുക്തിമാൻ, വിജ്ഞാനി, തത്വജ്ഞൻ, എന്നിങ്ങിനെയും അർത്ഥം പറയാം. അല്ലാഹുവിൻെറ ഈ രണ്ടു ഗുണവിശേഷങ്ങളും ഇവിടെ എടുത്തു പറഞ്ഞതിലുള്ള സൂചന ഇതാണ്: അവൻ പ്രതാപശാലിയായതുകൊണ്ടു അവൻ ഉദ്ദേശിക്കുന്ന ഏതൊരു കാര്യവും നടപ്പിൽ വരുത്തുവാൻ അവനു കഴിയും. അവനെ പരാജയപ്പെടുത്തുവാനോ മുടക്കം ചെയ്വാനോ ഒരു ശക്തിക്കും സാധ്യമല്ല. അവൻ അഗാധജ്ഞനായത്യകൊണ്ടു ഓരോ കാര്യവും എങ്ങിനെ, എപ്പോൾ വേണം എന്നൊക്കെ അവനറിയാം. അതനുസരിച്ചായിരിക്കും അവൻെറ പ്രവർത്തനങ്ങൾ. അയുക്തികമായോ അന്യായമായോ അവൻ ഒന്നും പ്രവർത്തിക്കുകയില്ല.

ഈ സംഭവത്തിനു ചില ആധുനിക വ്യാഖ്യാതാക്കൾ നൽകിയ ദുർവ്യാഖ്യാനങ്ങളും, അവക്കു മറുപടിയും.

മരണപ്പെട്ടവരെ ജീവിപ്പിക്കുന്നതെങ്ങിനെയാണെന്നു കാണിച്ചുകൊടുക്കുവാനായിരുന്നു ഇബ്റാഹീം (عليه السلام) നബി അല്ലാഹുവിനോട് അപേക്ഷിച്ചത്-അഥവാ ചൈതന്യമറ്റു നിർജ്ജീവമായി കിടക്കുന്ന മനുഷ്യരെ ഉദ്ധരിച്ചു നന്നാക്കുന്നതെങ്ങിനെയാണെന്നു കാണിച്ചുകൊടുക്കുവാനായിരുന്നില്ല-എന്നും, മരണമടഞ്ഞ പക്ഷികളെ ജീവിപ്പിച്ചു കാണിച്ചു കൊണ്ടാണ് ആ അപേക്ഷ അല്ലാഹു സ്വീകരിച്ചതെന്നും, ആ അപേക്ഷക്കു അദ്ദേഹത്തെ പ്രേരിപ്പിച്ചത് മരണാനന്തര ജീവിതത്തെക്കുറിച്ചോ മറ്റോ അദ്ദേഹത്തിനുണ്ടായിരുന്ന സംശയമോ, ആശയക്കുഴപ്പമോ ആയിരുന്നില്ലെന്നും മേൽ വിവരിച്ചതിൽനിന്നു നമുക്ക് വ്യക്തമായി. എന്നാൽ, ഖുർആനിൽ നിന്നു നിഷ്പക്ഷമായി മനസ്സിലാക്കാവുന്നതും, മുൻഗാമികളും പിൻഗാമികളുമായ മുസ്‌ലിംകൾ-പണ്ഡിത-പാമര വ്യത്യാസം കൂടാതെ- പൊതുവിൽ അംഗീകരിച്ചു വരുന്ന പ്രസ്തുത യാഥാർത്ഥ്യങ്ങളെ ചില വക്ര ചിന്താഗതിക്കാരായ ആളുകൾ നിഷേധിക്കുകയും ഈ വചനത്തിനു പല ദുർവ്യാഖ്യാനങ്ങളും നൽകി തൃപ്തി അടയുകയും ചെയ്യുന്നു. ഖുർആനിൽ വിവരിക്കപ്പെട്ട മിക്ക അസാധാരണ സംഭവങ്ങളും ഇവരുടെ ദുർവ്യാഖ്യാനത്തിനു വിധേയ ങ്ങളാകുന്നു. അക്കൂട്ടത്തിൽ ഒന്നു മാത്രമാണിതും. അവരുടെ വ്യാഖ്യാനമനുസരിച്ചു സംഭവത്തിൻെറ രൂപം ഇതാണ്. 'ഇബ്റാഹീം (عليه السلام) നബി സ്വജനതയെ പല നയതന്ത്രങ്ങളും ഉപയോഗിച്ച് വളരെക്കാലം സത്യത്തിലേക്കു ക്ഷണിച്ചു. ഫലമുണ്ടായില്ല. അഗ്നിപരീക്ഷണ ത്തിനുപോലും വിധേയനായി. ഒടുക്കം നിരാശനായി രാജ്യം വിട്ടു. അപ്പോഴാണ് നിർജ്ജീവ മായികിടക്കുന്ന ഈ മനുഷ്യരെ എങ്ങിനെയാണു നീ ജീവിപ്പിക്കുക? അതെങ്ങിനെ സാധ്യമാകും? എന്നു ചോദിച്ചത്. അപ്പോൾ നാലു പക്ഷികളെ പിടിച്ചു ഇണക്കുവാനും, ശരിക്കു ഇണങ്ങിക്കഴിഞ്ഞശേഷം ഓരോ കുന്നുകളിന്മേൽ കൊണ്ടുപോയി വെച്ചു അവയെ വിളിക്കു വാനും ഉപദേശിച്ചു. മനുഷ്യരോട് ഇണക്കമില്ലാതെ, കണ്ടാൽ പറന്നുപോകുന്നവയാണ് പക്ഷികൾ. അവയെ പിടിച്ചു കുറേ ദിവസം ഇണക്കിയാൽ അവ വിളിച്ചേടത്തു വരും. മനുഷ്യന് ഇങ്ങിനെ ചെയ്വാൻ കഴിയുമെങ്കിൽ നിർജ്ജീവമായി കിടക്കുന്ന മനുഷ്യരെ ജീവിപ്പിക്കുവാൻ നിശ്ചയമായും കഴിയുമെന്ന പാഠമാണ് ഇതുമുഖേന അല്ലാഹു പഠിപ്പിക്കുന്നത്. ഇബ്റാഹീം (عليه السلام) ന്നുള്ള മനസ്സമാധാനക്കുറവ് അദ്ദേഹത്തിൻെറ അധഃപതിച്ചുകിടക്കുന്ന ജനങ്ങളെക്കുറിച്ചാ യിരുന്നു. അവരെക്കുറിച്ചു നിരാശപ്പെടേണ്ടതില്ല എന്നു കാണിക്കുന്ന ഒരു ഉപമയാണിത്.' ഇതാണവർ ഈ സംഭവത്തിന് നൽകുന്ന രൂപത്തിൻെറ ചുരുക്കം.

കുറച്ചുവർഷങ്ങൾക്കുമുമ്പ് കേരള മുസ്‌ലിംകൾക്കിടയിൽ ഇവരുടെ ഈ ദുർവ്യാഖ്യാന ങ്ങൾ അൽപം ഒച്ചപ്പാടുണ്ടാക്കുകയുണ്ടായി. അമാനുഷിക ദൃഷ്ടാന്തങ്ങളെ (المعجزات) അടിയോടെ നിഷേധിക്കാതെ തന്നെ അവയെ സാധാരണ സംഭവങ്ങളാക്കി വ്യാഖ്യാനിക്കുക പതിവാക്കിയ ചിലരിൽ നിന്നാണ് അവ ഇറക്കുമതി ചെയ്യപ്പെട്ടത് എന്തു അബദ്ധമായിരുന്നാലും പുതിയതൊന്നു കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ, പിന്നാലെ കൂടുവാൻ പൂർവ്വാധികം ആളുകളെ

കിട്ടുന്ന കാലമാണല്ലോ ഇത്. അതൊക്കെ 'ബുദ്ധിജീവി'കളുടെ അഭിപ്രായങ്ങളായി ചിത്രീ കരിക്കുന്നവരും ഉണ്ടായിരിക്കും. ഇങ്ങിനെയുള്ളവരെ സത്യത്തിലേക്കു മടക്കുവാൻ പ്രയാസമാണെങ്കിലും ശുദ്ധഗതിക്കാരും, സത്യാമ്പേഷികളുമായ സഹോദരങ്ങൾക്കു യഥാർത്ഥം മനസ്സിലാക്കുവാനും, പ്രസ്തുത ദുർവ്യാഖ്യാനങ്ങളിൽ അവർ വഞ്ചിതരാകാതിരിക്കുവാനും വേണ്ടി ഈ സംഭവം സംബന്ധിച്ച അവരുടെ ഏതാനും പ്രസ്താവനകളും അതിനുള്ള മറുപടികളും ചുവടെ ചേർക്കുന്നു.

(1-ാമതായി:) فصرهن اليك (ഫ-സ്വർഹുന്ന-ഇലൈക) എന്ന വാക്യത്തിനു 'അവയെ നീയുമായി (നല്ലപോലെ) ഇണക്കുക' എന്ന് അർത്ഥം നൽകിക്കൊണ്ട് അവർ പറയുന്നു : ''ബൈളാവീ, സമഖ്ശരീ, അബുസ്സുഊദ് മുതലായ പ്രധാന ഖുർആൻ വ്യാഖ്യാതാക്കളെല്ലാം കൊടുത്തിട്ടുള്ളതും, ഇമാംറാഗിബിന്റെ മുഫ്റദാത്തിലും, സാധാരണ നിഘണ്ടുക്കളിലും കൊടുത്തിട്ടുള്ളതും ഈ അർത്ഥം തന്നെയാകുന്നു. ചിലർ അതിന് 'അറുക്കുക' എന്ന് അർത്ഥം കൊടുക്കുന്നുണ്ട്. അറബി സാഹിത്യത്തിൽ പിൻതുണയില്ല. ആ അർത്ഥം അപരിചിതവും അസാധാരണമാണെന്നു ഖാളീഇയാളു പറഞ്ഞത് ഇബ്നുഹജർ 'ഫത്ഹുൽബാരീ'യിൽ ഉദ്ധരിച്ചിരിക്കുന്നു. അർദ്ധസത്യങ്ങളും അസത്യങ്ങളും കൂടിക്കലർന്ന ഈ പ്രസ്താവനയെപ്പറ്റി സംസാരിക്കുന്നതിന് മുമ്പ് ചില വസ്തുതകൾ അറിയുന്നത് നന്നായിരിക്കും. ഇവിടെ മാത്രമല്ല, ചിലപ്പോൾ വേറെ സന്ദർഭങ്ങളിലും അതുകൊണ്ട് സത്യാമ്പേഷികൾക്കു ഗുണം ഉണ്ടാകുന്നതുമാണ്.'' ان شاءالله

(1) 'സ്വ്വർ' صر എന്ന വാക്കിന്റെ അർത്ഥം വിവരിക്കുന്ന മദ്ധ്യെ അറബി ഗ്രന്ഥങ്ങളിൽ 'അമിൽ' (امل) എന്ന വാക്കും ഉപയോഗിക്കാറുണ്ടെന്ന് മുമ്പു പറഞ്ഞുവല്ലോ. ഈ വാക്കിനെ അടി സ്ഥാനപ്പെടുത്തിയാണ് ഇവർ അതിന് 'ഇണക്കുക' എന്ന് അർത്ഥമാക്കിയിരിക്കുന്നത്. വാസ്തവത്തിൽ, മനുഷ്യരുമായി ഇണക്കമില്ലാത്ത ജന്തുക്കളെ ഇണക്കുക-അഥവാ മെരുക്കുക- എന്നല്ല ആ വാക്കിന്റെ അർത്ഥം. ഇനി, അറബിഗ്രന്ഥങ്ങളിൽ ഉപയോഗിച്ച പര്യായപദങ്ങളിൽ 'ഇണക്കുക' എന്നൊരർത്ഥംകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു സമർത്ഥിക്കപ്പെട്ടാൽ പോലും സംഭവത്തിനു ഇവർ നൽകിയ രൂപം ശരിയല്ലെന്നു താഴെ വിവരിക്കുന്നതിൽനിന്നു വ്യക്തമാണ്.(2) ഒരു വാക്കിനോ വാക്യത്തിനോ അർത്ഥം വിവരിക്കുമ്പോൾ ഉദ്ദേശ്യം കൂടുതൽ വ്യക്തമാക്കുവാൻ വേണ്ടി ഏതാണ്ട് അതേ അർത്ഥത്തിലുള്ള ഒന്നിലധികം വാക്കുകളോ വാക്യങ്ങളോ അതോടുകൂടി കൂട്ടിച്ചേർത്തു പറയുക സാധാരണമാണ്. അറബിസാഹിത്യങ്ങളിൽ ഈ പതിവ് കൂടുതലുമുണ്ട്. عطف تفسير(വ്യക്തമാക്കുവാനുള്ള കൂട്ടിച്ചേർക്കൽ) എന്നാണതിന്റെ സാങ്കേതിക നാമം. ആദ്യം ഉപയോഗിച്ച വാക്കുകളും, പിന്നീട് അതോടു ചേർത്തു പറയപ്പെട്ട വാക്കുകളുംകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം അപ്പോൾ വക്താവിന്റെ സാക്ഷാൽ ഉദ്ദേശ്യം മനസ്സിലാക്കുന്നത്. അവയിൽ ഏതെങ്കിലും ചിലതിനെമാത്രം എടുത്തുകൊണ്ട് അതാണ് സാക്ഷാൽ വാക്കർത്ഥമെന്നു വെക്കുന്നതു ശരിയല്ല. (3) ഇതനുസരിച്ച് صر('സ്വ്വർ' അല്ലെങ്കിൽ 'സ്വിർ') എന്ന വാക്കിനു അർത്ഥം പറയുമ്പോൾ امل എന്ന പദത്തിനു പുറമെ വേറെ വല്ല പദങ്ങളും അതോടു ചേർത്തു പറയുമ്പോൾ ആ പദങ്ങളിൽ നിന്നു മൊത്തത്തിൽ സിദ്ധിക്കുന്നഅർത്ഥമായിരിക്കും അതിന്റെ വക്താവ് ഉദ്ദേശിച്ചിരിക്കുന്നത്, ഇനി നമുക്ക് ഇവരുടെ മേലുദ്ധരിച്ച പ്രസ്താവന ശ്രദ്ധിക്കാം. ആദ്യം ഇവർ പേരെടുത്തു പറഞ്ഞ ആ മഹാൻമാരുടെ വാചകങ്ങൾ പരിശോധിക്കാം:-

ഖാളീബൈളാവീ (رحمه الله) യുടെ തഫ്സീറിലെ വാചകം ഇതാണ്: (اليك فصرهن اليك) فاملهن واضممهن ഇതേ അക്ഷരങ്ങളിൽ ഇതേവാക്കുകൾ തന്നെയാണ് അബുസ്സുഊദ് (رحمه الله) അദ്ദേഹത്തിന്റെ തഫ്സീറിലും, സമഖ്ശരീ(رحمه الله) അദ്ദേഹത്തിന്റെ തഫ്സീറി (കശ്ശാഫി) ലും പറഞ്ഞിരിക്കുന്നത്. املهن എന്ന വാക്കിന് ഇക്കൂട്ടർ പറയുന്നതുപോലെ 'ഇണക്കുക' എന്ന് അർത്ഥമുണ്ടെങ്കിൽപോലും واضممهن എന്നു കൂടി അവർ കൂട്ടിച്ചേർത്ത

സ്ഥിതിക്ക് ആ അര്‍ത്ഥത്തിന് ന്യായമില്ല. പക്ഷികളെ പിടിച്ച് ഇണക്കിയശേഷം-ഇതിന് കുറേ ദിവസങ്ങള്‍തന്നെ വേണ്ടിവരും-മലയില്‍ കൊണ്ടു പോയിവെച്ചാല്‍ അവ വിളിച്ചേടത്തു വരുമെന്നാണ് ആയത്തിന്റെ താല്‍പര്യം എന്നാണല്ലോ ഇവര്‍ പറയുന്നത്. امل എന്ന് അതിന് അര്‍ത്ഥം പറഞ്ഞ ആ മഹാന്‍മാരും ഈ അര്‍ത്ഥം ഉദ്ദേശിച്ചിട്ടേ ഇല്ല. അവരുടെ വാചകങ്ങളില്‍ നിന്നുതന്നെ സ്പഷ്ടമാണത്. പക്ഷികളെ പിടിക്കുവാന്‍ കല്‍പിച്ചതിനു പുറമെ അവയെ തന്റെഅടുക്കലേക്ക് കൂട്ടിക്കൊണ്ടുവരുവാന്‍കൂടി കല്‍പ്പിച്ചതിന് കാരണമായി-മേലുദ്ധരിച്ച വാക്കുകളെ തുടര്‍ന്ന്-അതേ മഹാന്‍മാര്‍ പറഞ്ഞ വാചകങ്ങള്‍ നോക്കുക. ബൈളാവീ (رحمه الله) പറയുന്നു. لتتأملها وتعرف شياتها لئلا تلتبس عليك بعد الاحياء (അവയെ ജീവിപ്പിച്ചതിനുശേഷം നിനക്ക് അവയെ തിരിച്ചറിയാതെ വരാതിരിക്കുവാന്‍വേണ്ടി അവയെക്കുറിച്ചും അവയുടെ വര്‍ണ്ണക്കലര്‍പ്പുകളെക്കുറിച്ചും നന്നായി പഠിച്ചു പരിചയപ്പെടുവാനാണത്.) അബുസ്സുഊദും (رحمه الله) അങ്ങിനെത്തന്നെ പറഞ്ഞിരിക്കുന്നു.

സമഖ്ശരി (رحمه الله) ആകട്ടെ, ഈ രണ്ടു പേരെക്കാള്‍ ഒരുപടി മുന്നോട്ടു കടന്നു ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

فان قلت ما منى امره يضمها الى نفسه بعد ان يأخذها قلت ليتأملها ويعرف اشكالها وهيأتها وحلاها لئلا تلتبس عليه بعد الاحياء ولايتوهم انها غير تلك

(ആ പക്ഷികളെ പിടിച്ചതിനുശേഷം അവയെ അദ്ദേഹത്തിലേക്ക് കൂട്ടിച്ചേര്‍ത്തുകൊണ്ടുവരുവാന്‍ കല്‍പിച്ചതിന്റെ സാരം എന്താണെന്ന് നീ ചോദിച്ചാല്‍ ഞാന്‍ പറയുന്നു: അവയെ ജീവിപ്പിച്ചതിനുശേഷം അവയെ അദ്ദേഹത്തിന് തിരിച്ചറിയാതെ വരാതിരിക്കുവാനും, അവ വേറെ പക്ഷികളാണെന്ന് അദ്ദേഹം തെറ്റിദ്ധരിക്കാതിരിക്കുവാനും വേണ്ടി, അവയെക്കുറിച്ച് നന്നായി മനക്കുകയും, അവയുടെ രൂപങ്ങളും ആകൃതികളും മാതിരികളും മനസ്സിലാക്കുകയും ചെയ്യേണ്ടതിനാണ്) ഇക്കാര്യം വേറെ പല വ്യാഖ്യാതാക്കളും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

അപ്പോള്‍, പിടിച്ചുകൊണ്ടുവന്നു കുറേകാലം പക്ഷികളെ ഇണക്കി പരിചയപ്പെടുത്തിക്കൊണ്ടിരിക്കുക എന്നല്ല ഇവരൊന്നും ആ വാക്കുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്നും, പിടിച്ചുകൊണ്ടുവരുമ്പോള്‍ തന്നെ അവയെ പരിശോധിച്ച് അവയുടെ ആകൃതിയും നിറവുമെല്ലാം മനസ്സിലാക്കണമെന്നാണെന്നും, പിന്നീട് അവയെ അറുത്തോ മുറിച്ചോ മലകളില്‍ കൊണ്ടുപോയി വെച്ചാല്‍ വിളിക്കുമ്പോള്‍ വീണ്ടും അവ ജീവിച്ചുവരുമെന്നാണെന്നും വ്യക്തമാണ്. സമഖ്ശരി (رحمه الله) യുടെ വാചകങ്ങളില്‍ നിന്ന് മറ്റൊരു കാര്യം കൂടി മനസ്സിലാക്കാം, അദ്യം صر എന്ന വാക്കിന്റെ അര്‍ത്ഥം പറഞ്ഞപ്പോള്‍ അദ്ദേഹം امل എന്നുകൂടി പറഞ്ഞെങ്കിലും പിന്നീട് 'അവയെ കൂട്ടിച്ചേര്‍ക്കുവാന്‍ കല്‍പിച്ചതിന്റെ സാരം معنى امره بضمها الى نفسه' എന്നാണ് പറഞ്ഞത്. ഇവരുടെ വാദപ്രകാരം 'ഇണക്കുവാന്‍ بامالتها കല്‍പിച്ചതിന്റെ സാരം' എന്ന് പറഞ്ഞില്ല. ഇതില്‍നിന്ന് 'ഇണക്കലും കൂട്ടിച്ചേര്‍ക്കലും' അദ്ദേഹത്തിന്റെ അടുക്കല്‍ ഒന്നുതന്നെയാണെന്ന് വ്യക്തം. മറ്റൊരു സംഗതികൂടി: صر (സ്വുര്‍) എന്നും صر (സ്വിര്‍) എന്നും ഇവിടെ വായനയുണ്ടെന്നും, രണ്ടായാലും അര്‍ത്ഥം ഇതുതന്നെയാണെന്നും, ഈ മൂന്നു പേരും പ്രസ്താവിച്ചിരിക്കുന്നത് കാണാം. (അവരുടെ തഫ്സീറുകള്‍ നോക്കുക.)

ഇനി, ഇമാം റാഗിബ് (رحمه الله) 'മുഫ്റദാത്തില്‍' പറഞ്ഞതെന്തെന്നു നോക്കാം.

صرهن اى املهن من الصور اى الميل وقيل قطعهن وقرئ صرهن وقيل ذلك لغتان وقال بعضهم صرهن اى صح بهن

('സ്വര്‍ഹുന്ന' എന്നാല്‍ 'അമില്‍ഹുന്ന' എന്നര്‍ത്ഥം) ഇത് (മൈല്‍) ميل എന്ന ധാതുവില്‍ നിന്നുള്ളതാണ്. قطعهن (അവയെ കഷ്ണമാക്കുക) എന്നും അര്‍ത്ഥം പറയപ്പെട്ടിട്ടുണ്ട്. 'സ്വുര്‍ഹുന്ന' എന്നും ഇവിടെ വായനയുണ്ട് ഇങ്ങിനെ ഭാഷയില്‍ രണ്ടും പറയാമെന്നും പറയപ്പെട്ടിരിക്കുന്നു. ചിലര്‍ പറയുന്നു: 'സ്വര്‍ഹുന്ന' എന്നാല്‍ അവയെ ഉച്ചത്തില്‍ വിളിക്കുക എന്നാണെന്ന്.) ميل എന്ന വാക്കിന് 'ചെരിവ്, വളവ്, തൂക്കം, തെറ്റുക, ചായ്‌വ് ' എന്നൊക്കെ അര്‍ത്ഥം വരും. അതില്‍ നിന്നുള്ള സകര്‍മ്മകക്രിയ متعدى യുടെ ശാസനാരൂപത്തിലുള്ള

അർത്ഥമാണ് صر എന്ന വാക്കിനുള്ളത് എന്നത്രെ റാഗിബ് (ﷺ) ചൂണ്ടിക്കാട്ടിയത്. അദ്ദേഹം ആ അർത്ഥത്തിനാണ് മുൻഗണനന നൽകിയിട്ടുള്ളതെങ്കിലും വേറെയും രണ്ടർത്ഥങ്ങൾ ഉദ്ധരിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹമാകട്ടെ, ബൈളാവി, അബു സ്സുഊദു, സമഖ്ശരീ (ﷺ) എന്നിവരാകട്ടെ-ആരും തന്നെ- امل എന്ന് മാത്രം അതിന് അർത്ഥം പറഞ്ഞു മതിയാക്കിയിട്ടില്ല. മറ്റുള്ളവരാകട്ടെ, اوثقهن , اجمعهن (ഒരുമിച്ചു കൂട്ടുക, ബന്ധിക്കുക) എന്നും മറ്റും വേറെ വാക്കുകളും ഉപയോഗിച്ചിട്ടുണ്ടുതാനും.

ഇനി, ഖാളീഇയാള് (ﷺ) ൻെറ വാചകം ഫത്ഹുൽബാരിയിൽ ഇബ്നുഹജർ(ﷺ) ഉദ്ധരിച്ചതു പരിശോധിക്കാം. فصرهن എന്ന വാക്കിനു قطعهن (അവയെ കഷ്ണിക്കുക) എന്ന് ഇമാം ബുഖാരീ (ﷺ) അർത്ഥം കൊടുത്തതിനെപ്പറ്റി സംസാരിക്കവെ, ഈ അർത്ഥം ഇബ്നു അബ്ബാസ്(ﷺ) യിൽ നിന്നും പല താബിഉകളിൽനിന്നും പല മാർഗ്ഗങ്ങളിലൂടെയും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നു ഇബ്നുഹജർ (ﷺ) പ്രസ്താവിക്കുന്നു. ഇബ്നു അബ്ബാസ് (ﷺ) യിൽ നിന്നു തന്നെ വേറെ ഒരു മാർഗ്ഗത്തിലൂടെ അതിന് اوثقهن ثم اذبحهن (അവയെ സംബന്ധിച്ച് പിന്നീട് അറുക്കുക) എന്നുകൂടി വന്നിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അനന്തരം ആ വാക്കിലെ വായനാവ്യത്യാസങ്ങളെ വിവരിച്ചുകൊണ്ടു ഇബ്നു ഹജർ(ﷺ) പറയുന്നു:
قال عياض تفسير صرهن بقطعهن غريب والمعروف ان معناها املهن (ഇയാള് പറയുന്നു صرهن എന്നതിന് قطعهن (അവയെ കഷ്ണിക്കുക) എന്നു വ്യാഖ്യാനം കൊടുക്കുന്നത് അപൂർവ്വമാണ്. املهن –എന്നുള്ളതാണ് സുപരിചിതമായ അർത്ഥം) ഖാളീഇയാള് (ﷺ) -ഇക്കൂട്ടർ പറഞ്ഞതു പോലെ- അറുക്കുക اذبحهن എന്ന അർത്ഥത്തെപ്പറ്റി ഒരക്ഷരവും പറഞ്ഞിട്ടില്ല. കഷ്ണിക്കുക قطعهن എന്ന അർത്ഥത്തെപ്പറ്റി അത് അപൂർവ്വമാണ് غريب എന്നു മാത്രമേ പറഞ്ഞിട്ടുള്ളു امل قطعاضمم راجع فتح البارى الجزء الثامن باب واذ قال ابراهيم لربه الخ ക്ഷണിക്കുക എന്ന അർത്ഥം അപൂർവ്വമായിട്ടെങ്കിലും അതിന് വരുന്നതിന് അദ്ദേഹത്തിൻെറ വാക്കു തടസ്സവുമല്ല. തടസ്സമാണെങ്കിൽ തന്നെ, മറ്റുള്ള മഹാൻമാർ ആ അഭിപ്രായം പറഞ്ഞു കാണുന്നുമില്ല.

മുൻഗാമികളായ ഖുർആൻ വ്യാഖ്യാതാക്കളിൽ ഏതുനിലക്കും അഗ്രഗണ്യനായ ഇമാം ഇബ്നുജരീർ (ﷺ) അദ്ദേഹത്തിൻെറ പ്രസിദ്ധ തഫ്സീറിൽ صرهن എന്ന വാക്കിലെ വായനാ വ്യത്യാസങ്ങളെയും, അതിൻെറ അർത്ഥത്തിൽ വന്നിട്ടുള്ള قطعاضمم املഎന്നീ പദങ്ങളെയും, അഭിപ്രായങ്ങളെയും ഉദ്ധരിച്ചശേഷം ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നതു കാണാം: ''صـ (സ്വുർ) എന്നുള്ളതും صر (സ്വിർ) എന്നുള്ളതും ഒരേ അർത്ഥത്തിലുള്ള രണ്ടു ഭാഷാ പ്രയോഗങ്ങളാണെന്നും, ഇവിടെ ആ രണ്ടു പ്രയോഗത്തിൻെറയും അർത്ഥം قطعهن (അവയെ കഷ്ണമാക്കുക) എന്നാണെന്നും اليك (നിന്നിലേക്ക്) എന്ന അവ്യയം خذ (പിടിക്കുക) എന്ന ക്രിയയോടു ബന്ധപ്പെട്ടതാണെന്നും ബസറക്കാരായ പണ്ഡിതൻമാരിൽ നിന്നു ഉദ്ധരിച്ചുകൊണ്ടു നാം പറഞ്ഞ അഭിപ്രായമാണു വാസ്തവമായിരിക്കുവാൻ ഏറ്റവും അവകാശപ്പെട്ടത്. കാരണം, نصرهن എന്നവാക്ക് 'ഉ' കാരത്തിലോ 'ഇ' കാരത്തിലോ (بالضم والفتح) വായിച്ചാലും ശരി, അതിൻെറ അർത്ഥം ഒന്നുകിൽ قطعهن (അവയെ കഷ്ണമാക്കുക) എന്നോ, اضممهن (അവയെ നിന്നിലേക്കു കൂട്ടിച്ചേർക്കുക) എന്നോ ആയിരിക്കുമെന്നുള്ളതിൽ ഖുർആൻ വ്യാഖ്യാതക്കൾക്കു ഏകകണ്ഠമായ അഭിപ്രായമാണുള്ളത്.'' (*)

ഇബ്നുജരീർ (ﷺ) ൻെറ ഈ പ്രസ്താവനയിൽ നിന്നു ചില കാര്യങ്ങൾ മനസ്സിലാക്കാം 1. 'ഇണക്കുക' എന്ന് ഇവർ അർത്ഥം കൽപിച്ച املهن യെക്കാൾ 'കഷ്ണമാക്കുക' എന്നർത്ഥമായ قطعهن ക്കും 'കൂട്ടിച്ചേർക്കുക' എന്നർത്ഥമായ اضممهن ക്കുമാണ് അദ്ദേഹം സ്ഥാനം കൽപിച്ചിരിക്കുന്നത്. 2.صرهن ക്ക് ഈ രണ്ടർത്ഥങ്ങളിൽ ഒന്നാണ് അദ്ദേഹവും സ്വീകരി

* ദൈർഘ്യം ഭയന്ന് അദ്ദേഹത്തിൻെറ അറബിമൂലം ഇവിടെ ഉദ്ധരിക്കുന്നില്ല. സംശയമുള്ളവർ അദ്ദേഹത്തിൻെറ തഫ്സീറിൽ നോക്കിക്കൊള്ളട്ടെ

ച്ചിരിക്കുന്നത്. 3. അദ്ദേഹത്തിൻെറ പ്രസ്താവനയനുസരിച്ച് فخذ اربعة من الطير اليك فصرهن എന്ന വാക്യത്തിൻെറ സാരം, നാലുപക്ഷികളെ പിടിച്ചുകൊണ്ടുവന്ന് അവയെ ക്ഷണിക്കണം എന്നോ അല്ലെങ്കിൽ നാലുപക്ഷികളെ പിടിച്ചു നിൻെറ അടുക്കൽ കൂട്ടിക്കൊണ്ടുവരിക എന്നോ മാത്രമായിരിക്കും. അവയെ പിടിച്ച ഇണക്കുക എന്നായിരിക്കുകയില്ല. ഇമാംബുഖാരീ (رحمه الله) ആകട്ടെ, കഷ്ണിക്കുക قطعهن എന്ന ഒരേ അർത്ഥമല്ലാതെ പറഞ്ഞിട്ടുമില്ല. അതാകട്ടെ, ഇബ്നുഅബ്ബാസ് (رضي الله عنه) യിൽ നിന്നും, പല താബിഉകളിൽ നിന്നും നിവേദനം ചെയ്യപ്പെട്ടി ട്ടുമുണ്ടെന്ന് ഇമാം അസ്ഖലാനീ(رحمه الله) പ്രസ്താവിച്ചിട്ടുമുണ്ട്.

(2-ാമതായി:-) അവർ പറയുന്നു. ‘‘ഖുർആൻ അറബിയാണ്. ആ ഭാഷാമുറക്കു വിരുദ്ധമായി അതു വ്യാഖ്യാനിച്ചുകൂടാ. ‘ഇണക്കുക’ എന്നു അല്ലാഹു പറയുമ്പോൾ, അതിലടങ്ങിയ രഹസ്യത്തെപ്പറ്റി ചിന്തിക്കുവാനേ നമുക്കു സ്വാതന്ത്ര്യമുള്ളു. ആ അർത്ഥം കൽപിക്കുമ്പോൾ ചോദ്യോത്തരങ്ങൾ തമ്മിൽ യോജിക്കുന്നില്ലെന്നാണ് അവർ (ഖുർആൻ വ്യാഖ്യാതാക്കൾ) പറയുന്നത്. അല്ലാഹുവിൻെറ നടപടി സമ്പ്രദായം സൂക്ഷിക്കായ്കകൊണ്ട് വന്ന തെറ്റിദ്ധാരണ യാണത്. സംശയ നിവൃത്തിക്കു ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുക അല്ലാഹുവിൻെറ സമ്പ്രദായമാണ്. ഇസ്റാഈല്യരുടെ ദുശ്ശാഠ്യം മൂലം മൂസാനബി (عليه السلام) അല്ലാഹുവിനെ കാണണമെന്നാവശ്യപ്പെട്ടപ്പോൾ, മലയിലേക്കു നോക്കാനാണല്ലോ കൽപിച്ചത്. കഴിഞ്ഞ വചനത്തിൽ ആ പട്ടണം എങ്ങിനെ ജീവിക്കുമെന്നു അദ്ദേഹം സംശയിച്ചു ചോദിച്ചപ്പോൾ ആ മനുഷ്യനെ മരിപ്പിച്ചു ജീവിപ്പിക്കുകയാണ് ചെയ്തത്.............’’ ഈ പ്രസ്താവനയും തന്നെ, ഉള്ളതും ഇല്ലാത്തതും കൂടി മിശ്രമാകുന്നു.

ഖുർആൻ അറബിയാണ്, ആ ഭാഷാമുറയനുസരിച്ചേ അത് വ്യാഖ്യാനിച്ചുകൂടൂ. ശരിയാണ്, തർക്കമില്ല. പക്ഷെ, صر എന്ന വാക്കിന് ‘ഇണക്കുക’ എന്നു മാത്രമേ അർത്ഥമുള്ളുവെന്നും, ഇണക്കുവാൻ തന്നെയാണ് അല്ലാഹു കൽപിച്ചതെന്നും ഇവർ വാദിച്ചു വരുന്നത് അറബിഭാഷാ മുറ പ്രകാരമാകുമോ? വേറെ അർത്ഥങ്ങളാണ് അതിനുള്ളതെന്ന് മറ്റുള്ളവർ പറയുന്നതെന്നും ഭാഷാമുറയിൽ ഉൾപെടുകയില്ലേ? അല്ലാഹു ഇണക്കുവാൻ കൽപിച്ചെങ്കിൽ മാത്രമല്ല-ക്ഷണിക്കുവാനോ, കൂട്ടിച്ചേർക്കുവാനോ, ഒരു മിച്ചു കൂട്ടുവാനോ, ബന്ധിക്കുവാനോ, ഉച്ചത്തിൽ വിളിക്കുവാനോ, അറുക്കുവാനോ ഏതിന് കൽപിച്ചാലും ശരി-അതിൻെറ രഹസ്യത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. പല മഹാൻമാരും-ഇവരേക്കാൾ യോഗ്യരും ചിന്തകരുമായ ബഹുഭൂരിപക്ഷം ആളുകളും-ചിന്തിച്ചു മനസ്സിലാക്കിയ ചില രഹസ്യങ്ങൾ ഇതിന് മുമ്പ് നാം ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ട്. ഇക്കൂട്ടർ തങ്ങൾക്ക് അനുകൂലമായി മുമ്പ് പേരെടുത്ത് പറഞ്ഞ മഹാൻമാരുടെ വാചകങ്ങളും നാം കണ്ടു. ഇണക്കലും ചോദ്യോത്തരങ്ങളും തമ്മിൽ യോജിക്കുന്നില്ലെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ തെറ്റിദ്ധരിച്ചിരിക്കയാണെന്നും, അല്ലാഹുവിൻെറ നടപടി സമ്പ്രദായം അവർ സൂക്ഷിക്കാത്തതാണതിന് കാരണമെന്നും ഇവർ പറഞ്ഞത് കുറേ കടന്ന വാക്കായിപ്പോയി! അതിരിക്കട്ടെ സംശയ നിവൃത്തിക്കു ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടൽ അല്ലാഹുവിൻെറ സമ്പ്രദായമാണെന്നു ‘സൂക്ഷ്മ ചിന്തകൻമാരായ’ ഇവർ മാത്രമല്ല, ഖുർആൻ വ്യാഖ്യാതാക്കളും മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ, ഇവിടെയുള്ളത് ഇബ്രഹീം (عليه السلام) നബിയുടെ ഒരു സംശയത്തിനുള്ള മറുപടിയല്ലെന്നും സംശയനിവാരണത്തിന് അത് മാത്രമല്ല മാർഗ്ഗമുള്ളതെന്നും അവർക്കറിയാം. പക്ഷികളുടെ ഈ സംഭവം ഇബ്റാഹീം (عليه السلام) ൻെറ സംശയത്തിന് നിവൃത്തി വരുത്തുവാൻ വേണ്ടി അല്ലാഹു ചൂണ്ടിക്കാട്ടിയ ഒരു ‘ഉദാഹരണ’മാണ് എന്നുള്ള സ്വന്തം വാദത്തെ ബലപ്പെടുത്തുവാൻ ഇവർ ചൂണ്ടിക്കാട്ടിയ ആ രണ്ടു ഉദാഹരണങ്ങളും അതിന് ശരിക്കും ഉദാഹരണം തന്നെയാണോ? ആണെങ്കിൽ തന്നെ, ഈ സംഭവവും അതിലൊന്നാണോ? ഇബ്റാഹീം (عليه السلام) അതിനപേക്ഷിച്ചത് സംശയം നിമിത്തമായി രുന്നുവോ? ഇതൊക്കെയാണിവിടെ ആലോചിക്കേണ്ടത്.

ഇബ്‌റാഹീം (عليه السلام) നബിക്കും മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ അല്ലാഹുവിനു കഴിയുമെന്നുള്ളതിൽ സംശയമോ വിശ്വാസക്കുറവോ ഇല്ല. അത് ഉറപ്പായ കാര്യമായതുകൊണ്ട് തന്നെയാണ് അതൊന്നു കണ്ടാൽ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിച്ചതും. എന്നിരിക്കെ, സംശയനിവൃത്തിക്കുവേണ്ടി ഉപമ വിവരിച്ചു കൊടുക്കേണ്ട ആവശ്യം ഇവിടെയില്ല. ഒന്നുകിൽ അപേക്ഷ സ്വീകരിക്കുക, അല്ലെങ്കിൽ അതു നിരസിക്കുകയും അതിന് കാരണം മനസ്സിലാക്കുകയും ചെയ്യുക, അതുമല്ലെങ്കിൽ അങ്ങിനെ അപേക്ഷിച്ചതു മര്യാദകേടാണെന്നു ആക്ഷേപിക്കുക. ഇതാണ് വേണ്ടത്. അല്ലാഹുവാകട്ടെ, അപേക്ഷ സ്വീകരിക്കുകതന്നെയാണ് ചെയ്തതും. പിന്നെ, സംശയനിവൃത്തിക്കപേക്ഷിച്ചപ്പോൾ ഉപമ വിവരിച്ചുകൊടുത്തു മതിയാക്കിയതാണ് എന്നുള്ളതിന് ഇവർ ചൂണ്ടിക്കാട്ടിയ ഉദാഹരണങ്ങളെപ്പറ്റിയാണ് ഇനി പരിശോധിക്കുവാനുള്ളത്. അതിൽ ഒന്നാമത്തേത് മൂസാ(عليه السلام) നബി അല്ലാഹുവിനെ കാണുവാൻ അപേക്ഷിച്ചതാണല്ലോ. അതിനെപ്പറ്റി പറയുവാനുള്ളതും ഇതുപോലെത്തന്നെ. മൂസാ(عليه السلام) അതിനപേക്ഷിച്ചത് ഇസ്‌റാഈല്യരുടെ ദുശ്ശാഠ്യം കൊണ്ടാണെന്നു പറഞ്ഞതു ശരിയല്ല. ഇസ്‌റാഈല്യർ അല്ലാഹുവിനെ തങ്ങൾക്ക് പ്രത്യേക്ഷത്തിൽ കാണണമെന്ന് ശഠിച്ച സംഭവവും മൂസാ(عليه السلام) അല്ലാഹുവിനെ കാണുവാൻ ആഗ്രഹിച്ച സംഭവവും സന്ദർഭവും വെവ്വേറെത്തന്നെയാണ്. (2:55; 4:153; 7:143 എന്നീ വചനങ്ങളിൽ നോക്കുക.) (*)

ഏതായാലും, അല്ലാഹുവിനെ കാണുവാൻ സാധിക്കുമോ ഇല്ലെ എന്നോ മറ്റോ ഉള്ള സംശയമല്ല മൂസാ(عليه السلام) ൻെറ ആ അപേക്ഷക്കും കാരണം. അല്ലാഹുവിൻെറ കൽപനപ്രകാരം തൗറാത്ത് ഏറ്റുവാങ്ങുവാൻവേണ്ടി അദ്ദേഹം സീനാ പർവ്വതത്തിൽ ചെന്നപ്പോൾ, അല്ലാഹുവിൻെറ സംസാരം നേരിൽ കേൾക്കുവാനുള്ള മഹാഭാഗ്യം സിദ്ധിച്ചപ്പോഴാണ് അദ്ദേഹം, 'എൻെറ റബ്ബേ, ഞാൻ നിന്നെ ഒന്നു നോക്കിക്കാണട്ടെ, നീ എനിക്കു കാട്ടിത്തരണേ! (رب ارنى انظر اليك الخ) എന്ന് അപേക്ഷിച്ചതെന്നു അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. (അഅറാഫ് 143 നോക്കുക) അല്ലാഹുവിൻെറ തിരുവചനങ്ങൾ കേട്ടാസ്വദിച്ചതിൽ നിന്നുത്ഭവിച്ച അത്യാവേശമായിരുന്നു ആ അപേക്ഷക്കു കാരണമെന്ന് ആർക്കും മനസ്സിലാക്കാം. ഒരു സംശയത്തിൽ നിന്ന് ഉളവായ–അതും ഇസ്‌റാഈല്യരുടെ ദുശ്ശാഠ്യം കാരണം–അപേക്ഷയാണതെന്നു ഇവർക്കല്ലാതെ തോന്നുവാനിടയില്ല. ഏതായാലും, ആ അപേക്ഷ സ്വീകരിക്കപ്പെടുകയുണ്ടായില്ല. ഈ ലോകത്തുവെച്ചു എന്നെ കാണുവാൻ നിനക്കു കഴിയുകയില്ലെന്നു അറിയിക്കുകയും, ചില അനുഭവങ്ങൾ മുഖേന അത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയുമാണ് അല്ലാഹു ചെയ്തത്. (കൂടുതൽ വിവരം യഥാസ്ഥാനത്തു നോക്കുക.) കേവലം ഒരു ഉപമ പറഞ്ഞു കൊടുത്തു അല്ലാഹു മതിയാക്കുകയുണ്ടായില്ല.

അടുത്ത ഉദാഹരണവും നോക്കുക. കഴിഞ്ഞ വചനത്തിലെ സംഭവമാണല്ലോ ഇവർ രണ്ടാമതായി ചൂണ്ടിക്കാട്ടിയത്. അവിടെയും ഒരു സംശയം നിമിത്തമുള്ള അപേക്ഷയോ, ആ അപേക്ഷക്ക് ഒരു ഉപമ വിവരിച്ചു കൊടുത്തു കൊണ്ടുള്ള മറുപടിയോ കാണുന്നില്ല. ആ സഞ്ചാരി–അദ്ദേഹം ഒരു പ്രവാചകനായിരിക്കുവാനാണ് ന്യായമെന്ന് നാം മുമ്പ് കണ്ടതാണ്– ആ രാജ്യം വീണടിഞ്ഞു നശിച്ചു കിടക്കുന്നതു കണ്ടപ്പോൾ ആശ്ചര്യഭരിതനായിക്കൊണ്ട് സ്വയം പറഞ്ഞു: ''ഇത്രയും നിർജ്ജീവാവസ്ഥായിലുള്ള ഈ രാജ്യം അല്ലാഹു ജീവിപ്പിക്കുന്നത് എങ്ങിനെയായിരിക്കും? ആശ്ചര്യംതന്നെ'' (انى يحيى هذه الله بعد موتها) ആ രാജ്യത്തെ അല്ലാഹു പുനരുദ്ധകരിക്കുമെന്നും, അതിൽ മരണപ്പെട്ടവരെ വീണ്ടും ഒരിക്കൽ ജീവിപ്പിക്കുമെന്നും അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ടുതന്നെയാണ് അല്ലാഹുവിൻെറ കഴിവിൽ അദ്ദേഹത്തിന് അത്ഭുതം തോന്നിയതും. അദ്ദേഹം വല്ലസംശയവും പ്രകടിപ്പിക്കുകയോ സംശയനിവൃത്തിക്കുവേണ്ടി അപേക്ഷിക്കുകയോ ഉണ്ടായിട്ടില്ല. ഇനി, സംശയം കൊണ്ടുതന്നെയാണ് അദ്ദേഹം

* രണ്ടും കൂടി ഒരു സംഭവമാക്കുവാൻ ഇക്കൂട്ടർ ഒരു പാഴ്ശ്രമം നടത്തിയിട്ടുണ്ട്. അതിനെപ്പറ്റി സൂ: അഅ്റാഫ് 143ൻെറ വ്യാഖ്യാനത്തിൽ വിവരിക്കാം. ان شاء الله

അങ്ങിനെ പറഞ്ഞുപോയതെന്ന് വെക്കുക, എന്നാലും ഒരു ഉപമമൂലം ആ സംശയം ദൂരികരിക്കുകയല്ല അല്ലാഹു ചെയ്തത്. അദ്ദേഹത്തെയും, കഴുതയെയും മരിപ്പിച്ചു ജീവിപ്പിച്ചു കൊടുത്തും, ഭക്ഷണപാനീയം നൂറു കൊല്ലം കേടുവരാതെ കാണിച്ചുകൊണ്ട് അല്ലാഹുവിൻെറ കഴിവ് അദ്ദേഹത്തിന് അനുഭവത്തിലൂടെ കാണിച്ചുകൊടുക്കുകയാണ് ചെയ്തത്. ഈ കാണിച്ചുകൊടുക്കലിൻെറ ലക്ഷ്യം, ആ മഹാന് മനസ്സമാധാനമോ, സംശയനിവൃത്തിയോ നൽകൽ മാത്രമായിരുന്നില്ലെന്നും, അദ്ദേഹത്തിൻെറ ആ സംഭവം ജനങ്ങൾക്കൊരു ദൃഷ്ടാന്തം കൂടിയായിരിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചതെന്നും അല്ലാഹുതന്നെ അവിടെ വ്യക്തമാക്കിയിരിക്കുന്നു. (ولنجعلك للناس اية)

(3-ാമതായി :) അവർ വീണ്ടും പറയുന്നു: ‘‘വാസ്തവത്തിൽ സംശയനിവൃത്തിക്ക് അഥവാ മനസ്സമാധാനത്തിന് ആവശ്യപ്പെടുന്നതാരാണെന്ന് നാം നല്ലപോലെ ഓർക്കേണ്ടതുണ്ട്.’’ (തുടർന്നുകൊണ്ട് ഇബ്റാഹീം നബിയുടെ ചില ശ്രേഷ്ഠതകളും വിശ്വാസദാർഢ്യവും വിവരിച്ച ശേഷം അവർ പറയുന്നു:) ‘‘അങ്ങനെ, അഗ്നിയിലിട്ട് പരീക്ഷിച്ച ഘട്ടത്തിൽ പോലും യാതൊരു ചാഞ്ചല്യവുമില്ലാതെ പാറപോലെ ഉറച്ചുനിന്ന ഒരു ഹൃദയത്തിനാണോ പുനരുത്ഥാന സമ്പ്രദായം അനുഭവമായി കാണാത്തതുകൊണ്ട് അസ്വാസ്ഥ്യമുണ്ടാകുന്നത്? പുനരുത്ഥാനം കണ്ണുകൊണ്ട് കാണാത്തതുകൊണ്ട് അദ്ദേഹത്തിന് മനസ്സമാധാനം ഉണ്ടായില്ലെന്നോ? അത് നമ്മെ അറിയിക്കുവാനാണോ ഈ സംഭവം ഇവിടെ ഉദ്ധരിച്ചത്? ആണെന്നു വെക്കണമെങ്കിൽ വ്യക്തമായ തെളിവുകൾ വേണം............ അദ്ദേഹം പല നയതന്ത്രങ്ങളും ഉപയോഗിച്ചു. ഫലമുണ്ടായില്ല. ഒരു മനുഷ്യനും ഉണർന്നില്ല. അങ്ങനെ നിരാശനായിട്ടാണ് രാജ്യം വെടിഞ്ഞത്. അപ്പോഴാണ് നാഥാ! നിർജ്ജീവമായി കിടക്കുന്ന ഈ മനുഷ്യരെ എങ്ങനെയാണ് ജീവിപ്പിക്കുക? അതെങ്ങനെ സാധ്യമാകും? എന്ന് ചോദിക്കുന്നതും............’’ ഈ പ്രസ്താവന വായിക്കുമ്പോൾ, ഇത് ചെറുകുട്ടികളെ വശീകരിച്ചു പാട്ടിലാക്കാനുള്ള ഒരു ചെപ്പടിവിദ്യ മാത്രമാണോ എന്ന് തോന്നിപ്പോകുന്നു! സംശയം, അസ്വാസ്ഥ്യം, മനസ്സമാധാനം ആദിയായ ചില വാക്കുകൾ സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിച്ചുകൊണ്ടുള്ള ഈ പ്രസ്താവനക്ക് ബുദ്ധിയും മനസ്സാക്ഷിയുമുള്ള സത്യവിശ്വാസികൾ വില കൽപിക്കുമെന്ന് തോന്നുന്നില്ല.

മരണശേഷം ജീവിപ്പിക്കുമെന്നതിൽ ഇബ്റാഹീം (عليه السلام) നബിക്കു സംശയമുണ്ടായതായോ, അത് അനുഭവത്തിൽ കാണാത്തതിനാൽ അസ്വാസ്ഥ്യമുണ്ടായിരുന്നുവെന്നോ ആരും പറഞ്ഞിട്ടുമില്ല. സൂചിപ്പിച്ചിട്ടുമില്ല- ഇവരല്ലാതെ, ഇല്ലാത്തതൊന്നു കെട്ടിച്ചമച്ചുണ്ടാക്കി ഖണ്ഡിക്കുവാൻ മുതിരലും, അതിലൂടെ സ്വന്തം അഭിപ്രായങ്ങൾക്കു വഴി തുറക്കലും ഇക്കൂട്ടരുടെ ഒരു പതിവാണ്. (ഇതിന് വേറെയും ഉദാഹരണങ്ങളുണ്ട്) ഇവർ എടുത്തുപറഞ്ഞ എല്ലാ യോഗ്യതകളും, പാറക്കല്ലിനെക്കാൾ ഉറച്ച ഹൃദയവും ഉള്ള ആളാണ് ആ പ്രവാചകവര്യനെന്നു എല്ലാവർക്കും അറിയാം.(അവർ അദ്ദേഹത്തിനുണ്ടെന്നു ചൂണ്ടിക്കാട്ടിയ ചില യോഗ്യതകളെപ്പറ്റി പ്രസംഗവശാൽ ഇവിടെ അവർ എണ്ണിപ്പറഞ്ഞതല്ലാതെ, യഥാർത്ഥത്തിൽ അവർക്കതിൽ വിശ്വാസമില്ലെന്നു വഴിയെ കാണാം.) ആ മഹാനുഭാവൻെറ അത്രയും ഉന്നതമായ നിലപാടുകൊണ്ടു തന്നെയാണ് മരണപ്പെട്ടവരെ ജീവിപ്പിച്ചു കാണുവാനുള്ള ഭാഗ്യംകൂടി തനിക്കുണ്ടായാൽ കൊള്ളാമെന്നു അദ്ദേഹത്തിനു ആഗ്രഹം തോന്നിയതും. ഒരു മുടക്കും ഉപാധിയും പറയാതെയും, വല്ല ഉപമയും വിവരിച്ചുകൊടുത്ത് മതിയാക്കാതെയും ആ ആഗ്രഹം അല്ലാഹു അദ്ദേഹത്തിനു സാധിപ്പിച്ചുംകൊടുത്തു. ഉദാഹരണങ്ങളോ ദൃഷ്ടാന്തങ്ങളോ വിവരിച്ചുകൊടുത്തുകൊണ്ട് പുനരുത്ഥാനത്തിൻെറസാധ്യത തെളിയിച്ചു കൊടുക്കൽ ഇബ്റാഹീം (عليه السلام) നുമാത്രം സിദ്ധിച്ചതോ, സിദ്ധിക്കാവുന്നതോ ആയ കാര്യമല്ല. ഖുർആനിൽ തന്നെ ഇതിനു ധാരാളം തെളിവുകളുണ്ട്. കാട്ടിലെ പക്ഷികളെപിടിച്ചു കുറേകാലം ഇണക്കി പരിചയപ്പെടുത്തിയാൽ അവയുടെ യജമാനൻ വിളിച്ചാൽ അവ വിളിച്ചേടത്തുവരും എന്നതിനെക്കാൾ വ്യക്തവും യുക്തവുമായ എത്രയോ ഉദാഹരണവും ദൃഷ്ടാന്തവും അക്കൂട്ടത്തിലുണ്ടുതാനും. അപ്പോൾ, എല്ലാവർക്കും ചൂണ്ടിക്കാട്ടിക്കൊടുത്തതുപോലെയുള്ള ഒരു ഉദാഹരണം ഇബ്റാഹീം

(عليه السلام) നബിക്കും അല്ലാഹു ചൂണ്ടിക്കാട്ടികൊടുത്തുവെന്നറിയിക്കുവാനാണോ ഈ കഥ അല്ലാഹു ഇവിടെ പറഞ്ഞതെന്നു നമുക്ക് അവരോടും ചോദിക്കാം.

തെളിവുകളും, ദൃഷ്ടാന്തങ്ങളും വഴി ഒരു കാര്യത്തെക്കുറിച്ച് എത്ര തന്നെ അചഞ്ചലവും സുദൃഢവുമായ വിശ്വാസം ഉണ്ടായിരുന്നാൽപോലും, അത് അനുഭവത്തിൽ കാണുവാൻ ആഗ്രഹമുണ്ടാകലും, കണ്ണിൽകണ്ടാൽ കൂടുതൽ മനസ്സമാധാനവും സന്തോഷവും അനുഭവപ്പെടലും മനുഷ്യസഹജമായ ഒരു ഗുണമാണെന്നു എല്ലാവർക്കും അറിയാം. കണ്ടനുഭവിക്കുന്നതിനു മുമ്പ് അതിൽ സംശയമോ അസ്വാസ്ഥ്യമോ ഉണ്ടായിരുന്നുവെന്ന് അതിനർത്ഥമില്ല. തെളിവും ദൃഷ്ടാന്തവും വഴിയുള്ള അറിവ് ഉറപ്പായ അറിവ് (علم اليقين) തന്നെ. പക്ഷേ, അത് അനുഭവത്തിൽ കാണുമ്പോൾ ഉറപ്പായ അനുഭവം (عين اليقين) ആയി ഉയരുന്നുവെന്നുമാത്രം. ഈ വചനത്തിൻെറ വിവരണത്തിൽ സയ്യിദുറശീദുരിളാ (رحمه الله) യുടെ ഒരു പ്രസ്താവനയുടെ സാരം അറിയുന്നത് ഇവിടെ സന്ദർഭോചിതമാകുന്നു. അദ്ദേഹം പറയുകയാണ്: ''ഇബ്രാഹീം(عليه السلام) ൻെറ ഈ ചോദ്യത്തിൽനിന്നു പുനരുത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ അദ്ദേഹം അസ്വസ്ഥനായിരുന്നുവെന്നു ചില മനുഷ്യർ മനസ്സിലായിക്കിയിരുന്നു. അസ്വാസ്ഥ്യത സംശയമാണല്ലോ. വല്ലാത്തൊരു വിഡ്ഢിത്തം! എത്ര വിദൂരമായ ബുദ്ധി! ബുഖാരീ-മുസ്‌ലിമിൻെറഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. نحن اولى بالشك من ابراهيم (നാം ഇബ്റാഹീം നബിയെക്കാൾ സംശയത്തിനു അർഹരാണ്.) അതായത്, നമുക്കു സംശയമില്ലെന്നുള്ളതു ഖണ്ഡിതമാണെന്നതുപോലെ, അദ്ദേഹത്തിനും സംശയമില്ലെന്നും നാം ഖണ്ഡിതമായി പറയുന്നു. അഥവാ അതിനെക്കാൾ ഖണ്ഡിതമായിപ്പറയുന്നു എന്നു സാരം. എന്നാൽ, ആ വാക്കിൽ സംശയത്തിൻെറ യാതൊരു ലാഞ്ഛനയുമില്ല. പല കാര്യങ്ങളും ഉറപ്പായി വിശ്വസിക്കുകയും അതിൻെറ രൂപം എങ്ങിനെയാണെന്നു കണ്ടറിയാതിരിക്കുകയും ചെയ്യുമ്പോൾ അതു കാണുവാൻ ആഗ്രഹിക്കാത്തവരുണ്ടായിരിക്കയില്ല. നോക്കൂ. ഈ കമ്പിസന്ദേശം! നിമിഷനേരംകൊണ്ടു പൗരസ്ത്യ ദേശത്തുനിന്നു പാശ്ചാത്യദേശത്ത് അത് എത്തുന്നുവെന്നു അതു നിലവിലുള്ള എല്ലാ രാജ്യക്കാർക്കും അറിയാം. പക്ഷേ, അതെങ്ങിനെയാണ് ഇത്രവേഗം എത്തുന്നതെന്നു അറിയുന്നവർ കുറവായിരിക്കും. അപ്പോൾ, അതൊന്നു കണ്ടറിയണമെന്നു വല്ലവരും ആവശ്യപ്പെട്ടാൽ അയാൾ അതിൽ സംശയിക്കുന്നുവെന്നാണോ അർത്ഥം?!'' (*)

ഇവരുടെ ഈ പ്രസ്താവനയിലടങ്ങിയ ഒരു ഒളിച്ചുകളി ശ്രദ്ധേയമാകുന്നു: അഗ്നിയിലിട്ടു പരീക്ഷിച്ചപ്പോൾപോലും ചാഞ്ചല്യമില്ലാതെ ഇബ്റാഹീം (عليه السلام) പാറപോലെ ഉറച്ചുനിന്നു എന്നു ഇവർ പറഞ്ഞുവല്ലോ. യഥാർത്ഥത്തിൽ അദ്ദേഹത്തെ അഗ്നിയിലിട്ട സംഭവത്തെത്തന്നെ നിഷേധിക്കുകയാണ് ഇവർ ചെയ്തിരിക്കുന്നത്. ഇതുപോലെയുള്ള കുറേ ദുർവ്യാഖ്യാനങ്ങളും സമർത്ഥനങ്ങളും നിരത്തിക്കാട്ടിക്കൊണ്ട് ശത്രുക്കളുടെ കോപാഗ്നിയിലാണ്-യഥാർത്ഥ അഗ്നിയാലല്ല- അദ്ദേഹം പരീക്ഷിക്കപ്പെട്ടതെന്ന് (സൂറത്തുൽ അമ്പിയാഉ് 69-ാം വചനത്തിൻെറ വിവരണത്തിൽവെച്ച്) ഇവർ തുറന്നു പറഞ്ഞു കാണാവുന്നതാണ്. അതിരിക്കട്ടെ, പല നയതന്ത്രങ്ങൾ ഉപയോഗിച്ചിട്ടും ഉണരാതെ നിർജ്ജീവമായിപ്പോയ തൻെറ ജനതയെ ഇനി എങ്ങനെ ജീവിപ്പിക്കും (ഉദ്ധരിക്കും) ? അതെങ്ങിനെ സാധ്യമാകും? എന്നായിരുന്നു ഇബ്റാഹീം (عليه السلام) ചോദിച്ചതെന്നു ഇവർ സമർത്ഥിച്ചതും ശരിയല്ലെന്ന് അല്ലാഹു പറഞ്ഞ വാക്കുകളിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതാണ. മരണപ്പെട്ടവരെ നീ എങ്ങിനെയാണ് ജീവിപ്പിക്കുക

---

* കുറച്ചുകൊല്ലങ്ങൾക്കുമുമ്പു എഴുതിയതാണ് റശീദുരിളാ(رحمه الله)ഇതു. അമേരിക്കയിലെയും റഷ്യയിലെയും ചില വ്യക്തികൾ ചന്ദ്രനിൽ പോയിവരുവാൻ വേണ്ടുന്ന അറിവും സാമഗ്രികളും ഉണ്ടാക്കിക്കൊടുത്ത ശാസ്ത്രജ്ഞൻമാർപോലും ആ വ്യക്തികളെപ്പോലെ തങ്ങൾക്കും ചന്ദ്രനിൽ പോയിക്കണ്ടാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടായാൽ അവർക്കതിൽ സംശയം ഉണ്ടെന്നു അർത്ഥമാകുമോ?

كيف تحيي الموتى എന്നാണദ്ദേഹം ചോദിച്ച വാക്ക്. الموتى എന്ന വാക്കിനു 'മരണപ്പെട്ടവർ' എന്നാണർത്ഥമെന്നും 'നയതന്ത്രങ്ങൾ ഉപയോഗിച്ചിട്ടും ഉണരാതെ നിർജ്ജീവമായിപ്പോയവർ' എന്നല്ല അതിനു അർത്ഥമെന്നും നാം മുകളിൽ കണ്ടുവല്ലോ.

(4-ാമതായി:) അവർ പറയുന്നു:- ''മനുഷ്യരുമായി ഇണക്കമില്ലാത്ത പക്ഷികളെപിടിച്ചു ഇണക്കുവാനും, വിളിക്കുന്നേടത്തു വരുത്തുവാനും മനുഷ്യനു കഴിയുമെങ്കിൽ നിർജ്ജീവമായി കിടക്കുന്ന മനുഷ്യരെ ജീവിപ്പിക്കുവാൻ കഴിയുമെന്ന പാഠമാണ് അല്ലാഹു പഠിപ്പിക്കുന്നത്. പക്ഷികളെ പിടിക്കുവാൻ കൽപിച്ചതിൽ അർത്ഥമുണ്ടെന്നു പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ഇബ്റാഹീം നബിക്കുണ്ടായിരുന്ന മനസ്സമാധാനക്കുറവ് തൻെറ ജനതയെ ക്കുറിച്ചായിരുന്നു. ഇവിടെ ഇത് ഉദ്ധരിച്ചതിൻെറ ആവശ്യകത നോക്കുമ്പോഴും അത് വ്യക്തമാണ്. അധഃപതിച്ചുകിടക്കുന്ന ലോകത്തെ ഉദ്ധരിക്കുവാനാണ് നബി (ﷺ) യെ അല്ലാഹു അയച്ചത്. അദ്ദേഹത്തിൻെറയും അനുയായികളുടെയും ത്യാഗങ്ങൾക്കു ഫലമുണ്ടാകുമെന്നു കാണിക്കു വാനാണ് ഈ സംഭവങ്ങൾ ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്.'' (അവർ തുടരുന്നു:) ''ഇബ്റാഹീം നബിയുടെ ചോദ്യത്തിൻെറയും അല്ലാഹുവിൻെറ മറുപടിയുടെയും താൽപര്യത്തെക്കുറിച്ചു ഇമാംറാസീ പന്ത്രണ്ടു അഭിപ്രായങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. അതിലൊന്നാണ് നാം വിവരിച്ചത്. ഈ അഭിപ്രായം ഇമാം ഖുർത്ത്വബീ അദ്ദേഹത്തിൻെറതഫ്സീറിലും, ഇബ്നുഹജർ അസ്ഖലാനീ 'ഫത്ഹുൽബാരീ'യിലും ഉദ്ധരിച്ചിട്ടുണ്ട്. അജ്ഞാനാന്ധകാരം പിടിപെട്ടവരെക്കുറിച്ച് നിർജ്ജീവി കളെന്നും, വിദ്യയും സംസ്കാരവുമുള്ളവരെക്കുറിച്ച് ജീവിച്ചിരിക്കുന്നവർ എന്നും പറയുന്നത് അറബി സാഹിത്യത്തിൽ സാധാരണമാണെന്നതിന് 'റൂഹുൽമആനീ' മുതലായ തഫ്സീറുകളിൽ പല ഉദാഹരണങ്ങൾ കാണിച്ചിട്ടുണ്ട്. ഖുർആനിൽതന്നെ ഉദാഹരണങ്ങൾ കാണാം'. ഇതെല്ലാം കേൾക്കുമ്പോൾ കഥ അറിയാത്ത സാധാരണക്കാർ അതിശയിച്ചു പോയേക്കുമെങ്കിലും വിഷയങ്ങളുടെ ഉള്ളിലേക്കുകടന്നു നോക്കുമ്പോഴേ ഈ വാചകങ്ങളിലെ പൊള്ളത്തരവും കൃത്രിമവും മനസ്സിലാകു.

മരിച്ചവരെ ജീവിപ്പിക്കുന്നത് കാണിച്ചുകൊടുക്കുവാനല്ല-അധഃപതിച്ചു നിർജ്ജീവമായ ജനങ്ങളെ ഉദ്ധരിച്ചു ജീവിപ്പിക്കുന്നതെങ്ങിനെയാണെന്നാണ്-ഇബ്റാഹീം(عليه السلام) ചോദിച്ചതെന്ന തങ്ങളുടെ വാദത്തെ ന്യായീകരിക്കുവാൻ വേണ്ടി, ഈ സംഭവം അല്ലാഹു ഇവിടെ ഉദ്ധരിച്ചതിൻെറ ആവശ്യകത ഇന്നതാണെന്ന് ഇവർ ചൂണ്ടിക്കാട്ടിയല്ലോ. നബി(ﷺ) യുടെയും അനുയായികളുടെയും ത്യാഗങ്ങൾക്ക് ഫലമുണ്ടാകുമെന്നു കാണിക്കുവാനാണത്രെ അത്. വാസ്തവത്തിൽ ഇത് വാദത്തെ വാദംകൊണ്ടുതന്നെ ന്യായീകരിക്കലും, വാദത്തിനു വാദിയുടെ മൊഴിതന്നെ തെളിവാക്കലുമാണ്. നബി (ﷺ) യുടെ ജനതക്കു നബി (ﷺ) യെക്കുറിച്ചുള്ള പ്രധാനമായ ഒരു ആക്ഷേപം മരണനാന്തര ജീവിതത്തെക്കുറിച്ച് തിരുമേനി സംസാരിക്കു ന്നതാണ്. ആ ജനതയാണെങ്കിൽ ഇബ്റാഹീം (عليه السلام) ൻെറ സന്തതികളും അദ്ദേഹത്തെ ബഹുമാനിച്ചും ആദരിച്ചും വരുന്നവരുമാണ്. ആ നിലക്ക് തങ്ങളുടെ പിതാമഹന് മരണപ്പെട്ട വസ്തുക്കളെ അല്ലാഹു ജീവിപ്പിച്ചു കാണിച്ചുകൊടുത്ത ഒരു സംഭവം ഉണ്ടായിട്ടുണ്ടെന്ന് ആ ജനങ്ങളെ ഓർമ്മിപ്പിക്കുവാനാണ് അല്ലാഹു ഇത് ഉദ്ധരിച്ചതെന്ന് വെക്കുന്നതല്ലെ കൂടുതൽ ന്യായമായിട്ടുള്ളത്? പക്ഷെ, ഈ സംഭവം ഇവിടെ ഉദ്ധരിച്ചത് എന്താവശ്യത്തിന് വേണ്ടി യാണെന്ന് അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഓരോരുത്തർക്കും യുക്തവും ന്യായവുമായിത്തോന്നുന്ന അഭിപ്രായം സ്വീകരിക്കാമെന്നുവെച്ചു നമുക്കത് വിട്ടേക്കാം. അജ്ഞാനാന്ധകാരങ്ങളിൽ മുഴുകിയവരെപ്പറ്റി നിർജ്ജീവികളെന്നും, ഉറങ്ങിയ വരെന്നും, അറിവും സംസ്കാരവും ഉള്ളവരെപ്പറ്റി ജീവിച്ചിരിക്കുന്നവരെന്നും ഉണർന്നവരെ ന്നുമൊക്കെ സാധാരണ സാഹിത്യങ്ങളിലും-ഖുർആനിൽ തന്നെയും- പറയാറുണ്ടെന്ന് നമുക്കും അറിയാം. പക്ഷേ, അതാണോ ഇവിടെ ഉദ്ദേശ്യമെന്നാണു നോക്കേണ്ടത്. അതിനുമുമ്പായി, റാസീ, ഖുർത്വുബീ, അസ്ഖലാനീ, റൂഹുൽമ ആനീയുടെ കർത്താവായ ആലൂസീ(رحمه الله) എന്നിവരുടെ പേരുകൾ ഇവർ ചൂഷണം ചെയ്തതിനെപ്പറ്റി ഒരന്വേഷണം നടത്താതെ വിടുവാൻ നിവൃത്തിയില്ല.

ഇബ്റാഹീം (ﷺ) ചോദിക്കുവാനുള്ള കാരണത്തെപ്പറ്റി പണ്ഡിതൻമാർ പല വിധത്തിൽ പറഞ്ഞിട്ടുണ്ടെന്ന് പ്രസ്താവിച്ചുകൊണ്ട് പന്ത്രണ്ടു അഭിപ്രായങ്ങൾ ഇമാം റാസീ (رحمه الله) ഉദ്ധരിച്ചിട്ടുള്ളത് ശരിയാണ്. അവയിൽ ഒന്നു അദ്ദേഹത്തിൻെറയും ബക്കിയുള്ളവ പലരുടെയും അഭിപ്രായങ്ങളാകുന്നു. ഇവിടെ അതൊന്നും ഉദ്ധരിച്ചു ദീർഘിപ്പിക്കേണ്ടുന്ന ആവശ്യമില്ല. അവയിൽ 6-ാമത്തെ അഭിപ്രായമാണ് ഇക്കൂട്ടർ തങ്ങൾക്കു പിൻബലമായിചൂണ്ടിക്കാട്ടിയത്. അതിനെപ്പറ്റി റാസീ (رحمه الله) പറയുന്നത് ഇങ്ങിനെയാണ്: ''ആറാമത്തേത് 'തസവ്വുഫ് ' കാരുടെ (സൂഫികളുടെ) ഭാഷയിൽ ഉള്ളതാകുന്നു. അതായത്, (ദൈവികമായ) ദർശനങ്ങളുടെയും വെളിപ്പാടിൻെറയും പ്രകാശങ്ങളിൽ നിന്നു മറയിടപ്പെട്ട ഹൃദയങ്ങളാണ് 'മരണപ്പെട്ടവർ' എന്ന വാക്കുകൊണ്ടുദ്ദേശ്യം.(*) 'ജീവിപ്പിക്കൽ' കൊണ്ടുദ്ദേശ്യം ആ വെളിപ്പാടും ദൈവീക പ്രകാശ ങ്ങളും ലഭിക്കലുമാകുന്നു. അപ്പോൾ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നതെങ്ങിനെയാണെന്ന് എനിക്കു കാണിച്ചു തരണമെന്നു ഇബ്റാഹീം (ﷺ) പറഞ്ഞത് ആ വെളിപ്പാടും ദർശനങ്ങളും തേടലാകുന്നു. 'നീ വിശ്വസിച്ചിട്ടില്ലേ' എന്ന് ചേദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടിയുടെ സാരം, ഞാനത് അദൃശ്യത്തിൻെറ വിശ്വാസം വിശ്വസിച്ചിട്ടുണ്ട്. എങ്കിലും ആ വെളിപ്പാട് ലഭിക്കുക മുഖേന എൻെറഹൃദയം സമാധാനപ്പെടുവാൻ വേണ്ടിയാണ്' എന്നുമാകുന്നു. 'മുതകല്ലിമു'കളുടെ (ഇസ്ലാമിക വിശ്വാസ ശാസ്ത്രജ്ഞൻമാരുടെ) അഭിപ്രായത്തിൽ, ലക്ഷ്യം മുഖേന ലഭിക്കുന്ന അറിവിൽ സംശയങ്ങളും സന്ദേഹങ്ങളും കടന്നുകൂടുവാൻ സാധ്യതയുണ്ട്. അതൊന്നും കടന്നുകൂടാത്ത വിധം അനിവാര്യമായ അറിവ് (العلم الضرورى) നൽകണമെന്നു തേടിയതാണ് അദ്ദേഹം എന്നാകുന്നു.'' ഇതാണ് റാസീ (رحمه الله) യുടെ വാചകം. (ഇമാം സമഖ്ശരീയും മു തകല്ലിമുകളുടെ അഭിപ്രായക്കാരനാകുന്നു.

ഇനി ഇമാംഖുർത്ത്വുബീയും, ഇമാം അസ്ഖലാനീ (رحمه الله) യും പറഞ്ഞത് നോക്കുക:. ഇബ്റാഹീം (ﷺ) ൻെറ അപേക്ഷക്കുള്ള കാരണങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ, അസ്ഖലാനീ (رحمه الله) യും പറയുന്നു: ''(എൻെറ'ഹൃദയം' സമാധാന മടയുവാൻ വേണ്ടി എന്ന വാക്കിലെ) ഹൃദയം കൊണ്ടുദ്ദേശ്യം, അദ്ദേഹത്തിൻെറ ഒന്നിച്ചുണ്ടാ യിരുന്ന ഒരു സ്നേഹിതനാണെന്ന് അറിവില്ലാത്ത ചിലർ പറഞ്ഞതായി ഇബ്നുത്തീൻ (رحمه الله) ഉദ്ധരിച്ചിരിക്കുന്നു. അതിനെക്കാൾ വിദൂരമായതാണ് ചില സൂഫികളിൽ നിന്ന് ഖുർ ആൻ വ്യാ ഖ്യാതാവായ ഖുർത്ത്വുബീ ഉദ്ധരിച്ചത്. അതായത്, ഹൃദയങ്ങളെ ജീവിപ്പിക്കുന്നത് എങ്ങിനെയാണെന്നാണ് അദ്ദേഹം (ഇബ്റാഹീം നബി) ചോദിച്ചതെന്ന്.'' (†)

റൂഹുൽമആനീയിൽ ആലൂസി (رحمه الله) പറഞ്ഞതാണ് ഇനി ബാക്കിയുള്ളത്. പല നിലക്കും വളരെ ഉപകാരപ്പെട്ടതും നല്ലതുമായ ഒരു തഫ്സീറാണ് 'റൂഹുൽമആനീ.' എന്നാൽ, കുറേ 'സൂഫിസം' അതിൽ ഇടക്കിടെ കാണാം. മിക്ക ആയത്തുകളുടെയും വ്യാഖ്യാനങ്ങളും അവയെ സംബന്ധിച്ച ന്യായങ്ങളും വേണ്ടതുപോലെ വിവരിച്ച ശേഷം: ومن باب الاشارة (സൂചനാ ർത്ഥത്തിൽപെട്ടത്) എന്ന തലക്കെട്ടിൽ ആ ആയത്തിനു സൂഫികൾ സ്വീകരിക്കാറുള്ള ചില ഗോപ്യാർത്ഥങ്ങൾ ഉദ്ധരിക്കുക അദ്ദേഹത്തിൻെറ പതിവാണ്. അക്കൂട്ടത്തിൽ ഇവിടെയും ആ ശീർഷകത്തിൻ കീഴിലാണ് ഈ അഭിപ്രായം അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നത്. അതിൻെറ ചുരുക്കം ഇങ്ങിനെയാണ്: 'മരണപ്പെട്ടവർ الموتى എന്നാൽ അജ്ഞാനമാകുന്ന രോഗം കൊണ്ട് മരണമടഞ്ഞ ഹൃദയങ്ങളാകുന്നു; നീ വിശ്വസിച്ചിട്ടില്ലേ (اولم تؤمن) എന്നാൽ ദൃഢമായ അറിവില്ലേ എന്നാകുന്നു:

* റാസീ (رحمه الله)യുടെ മൂലവാചകം ഇതാണ്: ان المراد من الموتى القلوب المحجوبة عن انوار المكاشفات والتجلى الخ

† – ونص عبارة : وابعد منه ما حكاه القرطبى المفسر عن بعض الصوفية ان سأل من ربه ان يريه كيف يحي القلوب الخ راجع فتح البارى الجزء السادس باب قوله ونبئهم عن ضيف ابراهيم الخ .

എൻെറഹൃദയം സമാധാനിക്കുവാൻ വേണ്ടി (ليطمئن قلبي) എന്നാൽ നിൻെറ 'അർശാ'കുന്ന ഹൃദയം എന്നാകുന്നു: നാല് പക്ഷികളെ പിടിക്കുക فخذ اربعة من الطير എന്നാൽ ശരീരമാകുന്ന കൂട്ടിലുള്ള അദൃശ്യമായ ബുദ്ധി, ഹൃദയം, മനസ്സ്, ആത്മാവ് എന്നീ പക്ഷികളാകുന്നു; صرهن اليك എന്നാൽ കൂട്ടിക്കൊണ്ടു വന്നു അറുക്കുക എന്നാകുന്നു' (തുടർന്നു കൊണ്ട് അവയെ അറുക്കുന്ന രൂപങ്ങളും, മലകളുടെയും വിളിയുടെയും ഓടിവരുന്നതിൻെറയുമെല്ലാം സാരങ്ങൾ എന്താണെന്നും അതേ ഗോപ്യാർത്ഥ ശൈലിയിലൂടെ വിവരിക്കുന്നുമുണ്ട്.

റാസീ, ഖുർത്തുബീ, അസ്ഖലാനീ, ആലൂസി(ﷺ) എന്നിവരെല്ലാം തന്നെ ആയത്തിൻെറ ശരിയായ വ്യാഖ്യാനങ്ങൾ വിവരിച്ചശേഷം പലരും പലതും പറഞ്ഞതിനെ ഉദ്ധരിച്ച കൂട്ടത്തിലാണ് ഇതൊക്കെ ഉദ്ധരിച്ചിരിക്കുന്നത്. ഇവരെല്ലാം ഈ പുതിയ വാദത്തെ അനുകൂലിക്കുന്നവരാണെന്ന് വരുത്തിത്തീർക്കുവാനുള്ള ഇക്കൂട്ടരുടെ പാഴ്ശ്രമത്തിൻെറ ഉള്ളുകള്ളി ഇപ്പോൾ ആർക്കും മനസ്സിലാക്കാവുന്നതാണ്. ആറാമതായി റാസീ (ﷺ) ഉദ്ധരിച്ച ആ അഭിപ്രായം സൂഫികളുടെ വകയാണെന്ന് അദ്ദേഹം വ്യക്തമാക്കി. ചില സൂഫികളുടെ അഭിപ്രായമാണതെന്നനിലക്കാണ് ഖുർത്ത്വുബീ (ﷺ) യും അത് ഉദ്ധരിച്ചത്. അത് ഖണ്ഡിച്ചുകൊണ്ടാണ് അസ്ഖലാനീ (ﷺ) അത് ഉദ്ധരിച്ചതും. (സത്യത്തിൽ നിന്നും വളരെ വിദൂരമായ ഒരഭിപ്രായമാണതെന്ന് അദ്ദേഹം രേഖപ്പെടുത്തുകയും ചെയ്തു.) ആലൂസി (ﷺ) ആകട്ടെ, സൂഫികളുടെ ഗോപ്യാർത്ഥങ്ങളിലാണ് അത് ഉദ്ധരിച്ചതും ആ അർത്ഥം സ്വീകരിക്കുകയാണെങ്കിൽ അതോടു ചേർന്ന് അദ്ദേഹം ഉദ്ധരിച്ചതും അറബി ഭാഷാ സാഹിത്യങ്ങളിലെവിടെയും കാണപ്പെടാത്തതുമായ (പക്ഷികൾ അറുക്കൽ മുതലായവയെപ്പറ്റി പ്രസ്താവിച്ച) വേറെ കുറെ അർത്ഥങ്ങളും കൂടി സ്വീകരിക്കേണ്ടതുണ്ടുതാനും. അതെല്ലാം സ്വീകരിക്കുവാൻ ഇക്കൂട്ടർ തയ്യാറുണ്ടാകുമോ? ആലോചിച്ചു നോക്കുക! തയ്യാറില്ലാത്ത പക്ഷം തികച്ചും അടിസ്ഥാനരഹിതമായ ആ ഗോപ്യാർത്ഥങ്ങളിൽ നിന്ന് ഈ ഒന്നു മാത്രം സ്വീകരിച്ചതിന് യാതൊരു നീതീകരണവുമില്ല. വാസ്തവം പറഞ്ഞാൽ 'സൂഫികൾ' എന്ന പേര് കേൾക്കുമ്പോഴേക്കുതന്നെ പുച്ഛവും പരിഹാസവും തോന്നുന്ന പുരോഗമനാശയക്കാരാണിവർ എന്നാണ് വയ്പ്. പക്ഷെ, തെറ്റായ ഒരു പുത്തൻ ആശയം ബലപ്പെടുത്തുവാൻ വേണ്ടി എന്തടവും സ്വീകരിക്കാമെന്ന ഒരു നയമാണ് ഇവിടെയെന്നപോലെ പലപ്പോഴും ഇവർ ഉപയോഗിച്ചു കാണുന്നത്. ഇത് മാന്യതക്കും പാണ്ഡിത്യത്തിനും യോജിക്കുന്നതല്ല.

പ്രസ്തുത പണ്ഡിതൻമാർ അവരുടെ പതിവനുസരിച്ച് പല അഭിപ്രായങ്ങളും ഉദ്ധരിച്ച കൂട്ടത്തിൽ ഈ ഒരഭിപ്രായവും ഉദ്ധരിച്ചുവെന്നല്ലാതെ, ഒരാൾ പോലും അതിനെ ശരിവെച്ചിട്ടില്ല. സ്വീകാര്യമല്ലെന്നു ചൂണ്ടിക്കാട്ടുകയോ സൂചന നൽകുകയോ ചെയ്തിരിക്കുന്നുതാനും. ഇവരിൽ ഏതെങ്കിലും ഒരാളാകട്ടെ, പ്രധാന ഖുർആൻ വ്യാഖ്യാതാക്കളിലോ ഹദീസു വ്യാഖ്യാതാക്കളിലോ പെട്ട മറ്റാരെയെങ്കിലുമാകട്ടെ, ഇബ്റാഹീം (عليه السلام) ൻെറ അപേക്ഷ യഥാർത്ഥത്തിൽ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നതിനെക്കുറിച്ചല്ലെന്നോ, പക്ഷികളെ പിടിച്ചുകൊണ്ടുവന്ന് അറുത്ത് കഷ്ണമാക്കി മലകളിൽ കൊണ്ടുപോയി വെക്കുവാനല്ല-അവയെ ഇണക്കി പരിശീലിപ്പിച്ചു ജീവനോടെ മലകളിൽ കൊണ്ടുപോയി വെക്കുവാനാണ്-അല്ലാഹു കൽപിച്ചതെന്നോ, മരണപ്പെട്ട പക്ഷികളെ ജീവിപ്പിച്ചു കാണിച്ചു കൊടുക്കുകയുണ്ടായിട്ടില്ലെന്നോ പറഞ്ഞിട്ടില്ല. ഒരു ഖുർആൻ വ്യാഖ്യാതാവു മാത്രം അങ്ങിനെ പറഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി താഴെ നാം സ്പർശിക്കുന്നുമുണ്ട്.)

(5-ാമതായി:) അവർ തുടരുന്നു:- 'ഓരോ അംശം (ജുസുഉ്) ഓരോ മലയിൽ വെക്കുവാൻ പറഞ്ഞതാണ് സംശയത്തിനു മറ്റൊരു കാരണം. 'ജുസുഉ്' എന്നു ഒന്നിൻെറഒരംശത്തിനും ഒരു സമൂഹത്തിൻെറ ഒരു വിഭാഗത്തിനും ഉപയോഗിക്കാറുണ്ട്. ഖുർആനിൽ 15:44ൽ ആ അർത്ഥമുണ്ടല്ലോ.......മല നാലെണ്ണമായിരുന്നു; കോഴി, മയിൽ, പ്രാവ്, കാക്ക ഇങ്ങിനെ നാലു പക്ഷികളെയാണ് പിടിച്ചത് എന്നെല്ലാം പറയുന്നത് കഥകൾ മാത്രമാണ്. ഖുർആനിൽ ഇല്ല. ഖുർആൻ പറഞ്ഞ രൂപം ശരിപ്പെടേണമെങ്കിൽ രണ്ടു മല മാത്രമുണ്ടായാലും മതി.'

'ജുസൂഉ് (جزء) എന്ന വാക്കിന് 'അംശം, ഭാഗം, ചിലത്, അവയവം' എന്നൊക്കെ അർത്ഥം വരാമെന്നും ഒരു വസ്തുവിൻെറ അംശത്തിനും ഒരു സമൂഹത്തിലെ വിഭാഗത്തിനും അത് ഉപയോഗിക്കാമെന്നും നാമും സമ്മതിക്കുന്നു. എങ്കിലും അധികവും ഉപയോഗിക്കാറുള്ളത് ഒരു വസ്തുവിൻെറ അംശം എന്ന അർത്ഥത്തിലാകുന്നു. അതാണതിൻെറ സാക്ഷാൽ അർത്ഥവും: 15:44ൽ ഉള്ളതുപോലെ, ഒരു സമൂഹത്തെ ഒട്ടാകെ ഒരു വസ്തുവായി കണക്കാക്കിക്കൊണ്ട് അതിലെ ഒരു വിഭാഗത്തിനും ഉപയോഗിക്കാറുണ്ടെന്നത് ശരിയാണ്. ഈ സംഭവത്തിന് ഇവർ നൽകുന്ന ഈ പുതിയ രൂപത്തിന് യോജിക്കുന്നില്ലെന്നുള്ളത് ഒഴിവാക്കിയാൽ, അതിന് അതിൻെറ സാക്ഷാൽ അർത്ഥം തന്നെ നൽകുന്നതിന് ഒരു തടസ്സവും ഇവിടെ ഇല്ലതാനും . എന്നിരിക്കെ, ഈ ന്യായത്തിന് വലിയ പ്രസക്തിയൊന്നുമില്ല. പിന്നെ, മലകൾ നാലെണ്ണമാണ്, എഴാണ്, പക്ഷികൾ കോഴി മുതലായവയാണ് എന്നൊക്കെയുള്ള പ്രസ്താവനകൾ നാമും വലിയ വിലയൊന്നും കൽപ്പിക്കുന്നില്ല. ആയിരിക്കാമെന്ന് മാത്രം. എന്നാൽ, ഇതൊക്കെ ഖുർആൻ വ്യാഖ്യാതാക്കളുടെയോ മുസ്ലീംകളുടെയോ പൊതു അംഗീകാരമുള്ളതാണെന്ന് തോന്നിക്കുന്ന ചിത്രീകരണം മാന്യതക്ക് യോജിച്ചതായില്ല. ഖുർആനിൽ പറഞ്ഞ രൂപം ശരിപ്പെടുവാൻ മല രണ്ടെണ്ണമായാലും മതി എന്നുള്ള ഗണിത തത്വത്തിലടങ്ങിയ രഹസ്യം ഇതാണ്: ഓരോന്നിനെ ഓരോ മലയിൽ വെക്കുവാൻ കൽപിച്ചിട്ടില്ലല്ലോ. രണ്ടു രണ്ടുമായോ, ഒന്നും മൂന്നുമായോ ഭാഗിച്ച് ഒരു വിഭാഗം ഒരു മലയിലും മറ്റേത് മറ്റേ മലയിലും വെക്കാം. പക്ഷെ, അല്ലാഹു പറഞ്ഞ വാക്ക്: اجعل على كل جبل منهن جزءا (എല്ലാ ഓരോ മലയിലും ഓരോ 'ജുസുഉ്' ആക്കിക്കൊള്ളുക) എന്നാണ് كل جبل എന്ന വാക്കിൻെറ നേർക്ക് നേരെ അർത്ഥം നോക്കുമ്പോൾ - റാസീ (ﷺ) ചൂണ്ടിക്കാട്ടിയതുപോലെ- ലോകത്തുള്ള എല്ലാ മലകളും എന്നാണ് വരുന്നത്. പക്ഷെ, അങ്ങിനെ ആരും അഭിപ്രായപ്പെട്ടിട്ടില്ല. അതിന് ന്യായവുമില്ല. സാധ്യമാകുന്ന മലകൾ എന്നാണ് മുജാഹിദും, ളാഹ്-ഹാകും (ﷺ) പറയുന്നത്. ചുറ്റുപാടിലുള്ളവ, അല്ലെങ്കിൽ സൗകര്യപ്പെട്ടവ എന്നാണ് പൊതുവിലുള്ള അഭിപ്രായം. ഏതായാലും എണ്ണം ക്ളിപ്തമല്ലെന്ന് തീർച്ചതന്നെ. അപ്പോൾ, അദ്ദേഹത്തിൻെറ ചുറ്റുപാടിലുള്ളതും അദ്ദേഹത്തിന് സൗകര്യപ്പെട്ടതുമായ മലകളുടെ എണ്ണം എത്രയുണ്ടായാലും അതിലെല്ലാം വെക്കുവാൻ തക്കവണ്ണം 'ജുസ്ഉ' കൾ ഉണ്ടായിരിക്കണം. പക്ഷികളെ അറുത്തു കഷ്ണിക്കാതെ ഇത് സാധ്യമല്ലല്ലോ. 'എല്ലാ മലകളും' കൊണ്ടുദ്ദേശ്യം എത്ര എണ്ണമാണെന്ന് നിർണ്ണയിക്കുന്ന തെളിവില്ലാത്ത കാലത്തോളം മലകളെ രണ്ടിലോ നാലിലോ ഒതുക്കി നിർത്തുവാൻ നിവൃത്തിയില്ല.

(6-ാമതായി:) അവർ തുടർന്നു പറയുന്നു:- 'പക്ഷികളെ അറുത്തിട്ട് (അവ) ജീവിച്ചു എന്ന വ്യാഖ്യാനത്തെ ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇമാം അബൂ മുസ്ലിം ശക്തിയായി എതിർത്തിട്ടുണ്ട്. ഇമാം റാസീ മുതലായവർ അത് ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു.' അതെ, അബൂ മുസ്ലിം ഇസ്ഫഹാനീ (ﷺ) പ്രസിദ്ധനായ ഒരു ഖുർആൻ വ്യാഖ്യാതാവുതന്നെ. അതേ സമയത്ത് അദ്ദേഹത്തിന് മറ്റാരും സ്വീകരിക്കാത്ത ചില സ്വന്തം അഭിപ്രായങ്ങളുള്ളതും, ചില തൽപര കക്ഷികളൊഴിച്ച് ബാക്കിയുള്ളവരെല്ലാം അവ ഖണ്ഡിക്കുകയോ അവഗണിക്കുകയോ ചെയ്തിട്ടുള്ളതും പ്രസിദ്ധമാകുന്നു. ആദ്യ നൂറ്റാണ്ടുകളിൽ ജീവിച്ചതുകൊണ്ട് അദ്ദേഹത്തിൻെറ അഭിപ്രായമെല്ലാം ശരിയായിക്കൊള്ളണമെന്നില്ലല്ലോ. ഒന്നാം നൂററാണ്ടിൽ ജീവിച്ച പണ്ഡിതൻമാരുടെ അഭിപ്രായംപോലും തെളിവുകൾക്ക് നിരക്കാത്തപക്ഷം സ്വീകാര്യമല്ല . ഇമാം റാസീ(ﷺ) പോലുള്ളവർ അദ്ദേഹ ത്തിൻെറ അഭിപ്രായം ഉദ്ധരിച്ചിട്ടുണ്ടെന്ന് പറയുമ്പോൾ, അവരെല്ലാം ആ അഭിപ്രായം ശരിവെച്ചുവെന്നാണ് ഇവർ ധ്വനിപ്പിക്കുന്നത്. ഇത് തികച്ചും വാസ്തവ വിരുദ്ധമാണ്. അറിഞ്ഞേടത്തോളം-ഇവരെ പോലെയുള്ള ചില ആധുനിക പ്രിയൻമാരല്ലാത്ത പണ്ഡിതൻമാരാരും അത് ശരിവെച്ചിട്ടില്ല. റാസീ(ﷺ) അടക്കം ആ അഭിപ്രായം ഉദ്ധരിച്ചവർ അതിനെ ഖണ്ഡിക്കുവാൻ വേണ്ടി ഉദ്ധരിച്ചതാണുതാനും. ഇവരുടെ പല പ്രസ്താവനകളും സന്ദർഭവശാൽ നാം ഇവിടെ ഉദ്ധരിച്ചതുകൊണ്ട് നാം അവയൊക്കെ

ശരിവെച്ചുവെന്ന് ആരെങ്കിലും ധരിക്കുമോ?! അങ്ങിനെ വല്ലവരും ധരിപ്പിക്കുന്നപക്ഷം അത് വഞ്ചനയല്ലാതെ മറ്റെന്താണ്?!

ഇവര്‍ ഉദ്ധരിച്ച അബൂമുസ്‌ലിമിന്‍െറ പ്രസ്താവനയെപ്പറ്റി ഇവര്‍തന്നെ അംഗീകരിക്കുന്ന പ്രധാന ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ പറയുന്നതെന്താണെന്ന് നോക്കുക. അതിനെപ്പറ്റി റാസീ (رحمه الله) യുടെ പ്രതികരണം ഇതാണ്: 'ഈ ആയത്തിന്‍െറ താല്‍പര്യം ആ പക്ഷികളെ കഷ്ണിക്കണമെന്നാണെന്നും, അവയുടെ അവയവങ്ങളും മാംസങ്ങളും തൂവലുകളും രക്തങ്ങളുമെല്ലാം ഇബ്‌റാഹീം (عليه السلام) മുറിച്ച് കഷ്ണിച്ച് കൂട്ടിക്കലര്‍ത്തിയിട്ടുണ്ടെന്നുമുള്ളതില്‍, അബൂ മുസ്‌ലിം അല്ലാത്ത ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ ഏകോപിച്ചിരിക്കുന്നു. അബൂ മുസ്‌ലിം ഇത് നിഷേധിച്ചിരിക്കയാണ്' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം അബൂമുസ്‌ലിമിന്‍െറ അഭിപ്രായങ്ങളും ന്യായങ്ങളും ഉദ്ധരിക്കുകയും പിന്നീട് പല കാരണങ്ങളും എടുത്തുകാട്ടി അവയെ ഖണ്ഡിക്കുകയും ചെയ്തിരിക്കുകയാണ്. റൂഹുല്‍മ ആനീയില്‍ ആലൂസി(رحمه الله) ആകട്ടെ- അദ്ദേഹത്തെയും തങ്ങളുടെ അനുകൂലികളില്‍പ്പെട്ട ഒരു വ്യാഖ്യാതാവാക്കുവാന്‍ ഇവര്‍ ശ്രമിച്ചിട്ടുണ്ടല്ലോ-അല്‍പം രൂക്ഷമായ ഭാഷയിലാണ് അതിനെപ്പറ്റി സംസാരിക്കുന്നത്. അബൂമുസ്‌ലിമിന്‍െറ അഭിപ്രായം ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം പറയുകയാണ്: ''ഇത് മുസ്‌ലിംകളുടെ ഏകകണ്ഠമായ അഭിപ്രായത്തിന് എതിരാണെന്ന് പറയേണ്ടതില്ല. ഒരുതരം പിച്ചു വാക്കുകളാണത്. മതബോധമുള്ളവര്‍ അതിലേക്ക് ചായുകയില്ല. ശരിയായ ഹദീസുകളുടെയും (മുന്‍ഗാമികളില്‍നിന്നുള്ള) ഉദ്ധരണികളുടെയും പിന്‍ബലത്തോടുകൂടി ആയത്തില്‍നിന്ന് വ്യക്തമാകുന്ന അര്‍ത്ഥത്തില്‍നിന്നുള്ള വ്യതിയാനവുമാകുന്നു.''

(7-ാമതായി :) ചില ഉര്‍ദു-ഇംഗ്ളീഷ് ഖുര്‍ ആന്‍ ഭാഷ്യങ്ങളുടെ പേര് പറഞ്ഞുകൊണ്ട് ഇവയിലെല്ലാം صرهن എന്ന വാക്കിന് 'ഇണക്കുക' എന്നാണ് അര്‍ത്ഥം കൊടുത്തിരിക്കുന്നത് എന്ന് ഇവര്‍ പ്രസ്താവിക്കുന്നു. ഇത് കണ്ടാല്‍ തോന്നും صر എന്ന വാക്കിന് 'ഇണക്കുക' എന്ന അര്‍ത്ഥം അംഗീകരിക്കപ്പെട്ടു കഴിഞ്ഞാല്‍, ഇവരുടെ ഈ ദുര്‍വാഖ്യാനങ്ങളെല്ലാം സത്യസമ്പൂര്‍ണ്ണമായിത്തീരുമെന്നും, ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ ആ അര്‍ത്ഥം കണ്ടുപിടിച്ചിട്ടില്ല- അല്ലെങ്കില്‍ അവരത് കല്‍പിച്ചുകൂട്ടി വകവെച്ചില്ല- എന്നും, ഇവര്‍ മാത്രമാണതു കണ്ടുപിടിച്ചത് എന്നുമൊക്കെ. ഒരു വാക്കിന്‍െറ അര്‍ത്ഥോദ്ദേശ്യങ്ങള്‍ വിവരിക്കുന്നതിന് പലരും വ്യത്യസ്തങ്ങളായ വാക്കുകളായിരിക്കും അവരുടെ ഗ്രന്ഥങ്ങളില്‍ ഉപയോഗിച്ചിരിക്കുക. നിഘണ്ടുക്കളിലാകട്ടെ, ഓരേ വാക്കിന് ഒന്നിലധികം അര്‍ത്ഥങ്ങളും പറഞ്ഞിരിക്കും. അക്കൂട്ടത്തില്‍ صر എന്ന വാക്കിന് 'ഇണക്കുക' എന്നു അര്‍ത്ഥം പറയാവുന്ന വല്ല വാക്കുകളും അവര്‍ ഉപയോഗിച്ചിരിക്കുവാനും സാദ്ധ്യതയുണ്ട്. എന്നുവെച്ച് ആ ഓരേ അര്‍ത്ഥമാണ് ഇവിടെ ശരിയായതെന്നും, മറ്റുള്ളതൊന്നും ശരിയല്ലെന്നും കല്‍പിക്കുവാന്‍ നിവൃത്തിയില്ല. അതേ സമയത്ത്-ഇണക്കുക എന്ന് ആ വാക്കിന് അര്‍ത്ഥം വരാമെങ്കില്‍പോലും-അതല്ല ഇവിടെ ഉദ്ദേശ്യമെന്നും, മേല്‍വിവരിച്ച പ്രകാരമാണ് അതിന്‍െറ അര്‍ത്ഥമെന്നും ഇവര്‍ തന്നെ സമ്മതിക്കുന്ന പല മഹാന്‍മാരും വ്യക്തമാക്കിയതു നാം കണ്ടുവല്ലോ.

ചുരുക്കിപ്പറഞ്ഞാല്‍, നമ്മുടെ എതിര്‍പ്പിന്‍െറ മര്‍മ്മം സ്ഥിതി ചെയ്യുന്നത് 'ഇണക്ക'ത്തിന്‍െറ കാര്യത്തിലല്ല. സത്യത്തോടും നേര്‍ക്കുനേരെയുള്ള വ്യാഖ്യാനത്തോടും കാണിക്കപ്പെടുന്ന 'പിണക്ക'ത്തിലാണ് പ്രധാനമായും നമുക്ക് എതിര്‍പ്പുള്ളത്.

ഖുര്‍ആന്‍െറ വ്യക്തമായ താല്‍പര്യങ്ങള്‍ക്കും, ഖുര്‍ആന്‍ വ്യാഖ്യാതാക്കളടക്കം പൊതുവെ മുസ്‌ലിം പണ്ഡിതന്‍മാരുടെ ഏകകണ്ഠമായ പ്രസ്താവനകള്‍ക്കും വിരുദ്ധമായ ഇത്തരം ദുര്‍ വ്യാഖ്യാനങ്ങളെപ്പറ്റി സത്യാന്വേഷികളായ സത്യവിശ്വാസികള്‍-ഇക്കാലത്തു വിശേഷിച്ചും- ജാഗരൂകരായിരിക്കേണ്ടതുള്ളതുകൊണ്ട് ഈ വിഷയത്തില്‍ ഇത്രയും സംസാരിക്കേണ്ടി

വന്നതാണ്. അല്ലാഹു നമുക്കെല്ലാവർക്കും സൽബുദ്ധിയും, സത്യം മനസ്സിലാക്കുവാനും സ്വീകരിക്കുവാനുമുള്ള തൗഫീഖും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

വിഭാഗം-36

مَّثَلُ ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ فِى سَبِيلِ ٱللَّهِ كَمَثَلِ حَبَّةٍ أَنۢبَتَتْ سَبْعَ سَنَابِلَ فِى كُلِّ سُنۢبُلَةٍ مِّا۟ئَةُ حَبَّةٍ ۗ وَٱللَّهُ يُضَٰعِفُ لِمَن يَشَآءُ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٢٦١﴾

261 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവരുടെ ഉപമ, എല്ലാ (ഓരോ) കതിരിലും നൂറു ധാന്യ മണിയുള്ളതായ ഏഴു കതിരുകൾ ഉൽപാദിപ്പിക്കുന്ന ഒരു ധാന്യമണിയുടെ മാതിരിയാകുന്നു. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടി (പ്പടി) യായി കൊടുക്കുകയും ചെയ്യും. അല്ലാഹു വിശാലനും (എല്ലാം) അറിയുന്നവനുമാകുന്നു.

---

261 **مثَلُ الذين** യാതൊരു കൂട്ടരുടെ ഉപമ, ഉദാഹരണം. **ينفقُونَ** അവർ ചിലവഴിക്കുന്നു. **أموالهم** തങ്ങളുടെ സ്വത്തുക്കളെ. **في سبيل** മാർഗ്ഗത്തിൽ. **الله** അല്ലാഹുവിന്റെ. **كمثَل حبة** ഒരു ധാന്യമണിയുടെ മാതിരിയാണ്. **أنبتت** അതു ഉൽപാദിപ്പിച്ചു .**سبع سنابِلَ** ഏഴു കതിരു (കുല) കളെ. **في كُلّ سنبلة** എല്ലാ കതിരിലുമുണ്ട്. **مائَةُحبة** നൂറു ധാന്യമണി. **والله** അല്ലാഹു. **يضاعف** ഇരട്ടി (പ്പടി) യായി കൊടുക്കുകയും ചെയ്യും. **لمن يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **والله واسع** അല്ലാഹു വിശാലനുമാകുന്ന. **عليم** (എല്ലാം) അറിയുന്നവൻ.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്നതിന്റെ പ്രാധാന്യവും, ധനം ചെലവഴിക്കുന്നതിൽ അറിഞ്ഞിരിക്കേണ്ടുന്ന പല കാര്യങ്ങളും വിവരിച്ചുകൊണ്ടുള്ളതാണ് ഈ വചനവും തുടർന്നുള്ള ഏതാനും വചനങ്ങളും. അല്ലാഹുവിന്റെ മാർഗ്ഗം سبيل الله കൊണ്ടുദ്ദേശ്യം അവൻ തൃപ്തിപ്പെടുന്ന എല്ലാനല്ല വിഷയങ്ങളുമാകുന്നു. അതിൽ മുൻപന്തിയിൽ നിലകൊള്ളുന്നതാണ് 'ജിഹാദ്'-അഥവാ ഇസ്‌ലാമിലെ ധർമ്മ സമരം. നൻമകൾക്കു ചുരുങ്ങിയത് പത്തിരട്ടി പ്രതിഫലം ലഭിക്കുമെന്നും, തിൻമകൾക്കു അതേ അളവിൽ മാത്രമേ പ്രതിഫലം നൽകപ്പെടുകയുള്ളുവെന്നും (സൂ: അൻആം, 160ൽ) അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുകയെന്ന നൻമക്ക് ഏഴുനൂറു ഇരട്ടിവരെ പ്രതിഫലം നൽകുമെന്നും, അത്രയുമല്ല അല്ലാഹു ഉദ്ദേശിക്കുന്നവർക്കു അതിലും കൂടുതലായും ലഭിക്കുമെന്നും ഈ വചനം മുഖേന അറിയിക്കുന്നു. എത്ര അധികം പ്രതിഫലം നൽകുന്നതിലും പിശുക്കോ, മടിയോ, വിഷമമോ ഇല്ലാത്തവനാണ് അവൻ എന്നും, ആർക്കെല്ലാമാണ് കൂടുതൽ നൽകേണ്ടതെന്നും, ഏതിനൊക്കെയാണ് അധികം നൽകേണ്ടതെന്നുമൊക്കെ അവന്നറിയാമെന്നും ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

എഴുനൂറിരട്ടി പ്രതിഫലം നൽകുമെന്നു പറയാതെ, നൂറുമണിവീതമുള്ള ഏഴുകതിർ ഉൽപാദിപ്പിക്കുന്ന ധാന്യം പോലെ എന്നു പറഞ്ഞതു ശ്രദ്ധേയമാകുന്നു. ചെലവഴിക്കുന്ന ധനത്തിന്റെ പരിശുദ്ധി, വിഷയത്തിന്റെ പ്രാധാന്യം, ചെലവഴിക്കുന്നവന്റെ ഉദ്ദേശ്യലക്ഷ്യം ആദിയായവ അനുസരിച്ചും, ചെലവഴിച്ചതിന്റെ ഫലമായുണ്ടാകുന്ന നൻമകളുടെ തോതനുസരിച്ചുമായിരിക്കും ആ വർദ്ധനവ് എന്നുള്ള സൂചനയാണിതിലുള്ളത്. വിത്തിന്റെ ഗുണം, മണ്ണിന്റെ ഗുണം, വെള്ളവും വളവും ലഭിക്കുന്ന തോത് എന്നിവയനുസരിച്ചാണല്ലോ ചെടിയുടെ വളർച്ചയും വിളവും ഉണ്ടാകുക. ധനം ചെലവഴിക്കുന്നതു മാത്രമല്ല, എല്ലാ സൽക്കർമ്മങ്ങളുടെയും സ്ഥിതി ഇതു തന്നെ. ഈ വസ്തുത നബി വചനങ്ങളിൽ കൂടുതൽ വ്യക്തമാക്കപ്പെട്ടു കാണാം.

നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: ''ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്ക സമാനമായ വല്ലതും ധർമ്മം ചെയ്താൽ- പരിശുദ്ധമായതല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ലതാനും- അല്ലാഹു അതവൻെറ വലങ്കൈ കൊണ്ട് (സസന്തോഷം) സ്വീകരിക്കുന്നതാണ്. പിന്നീട് നിങ്ങളൊരാൾ തൻെറ കുതിരക്കുട്ടിയെ (ലാളിച്ചു) വളർത്തുന്നതുപോലെ അതിൻെറ ആൾക്കുവേണ്ടി അവൻ അതിനെ വളർത്തിക്കൊണ്ടിരിക്കും. അങ്ങനെ, അത് മലപോലെആയിത്തീരും'' (ബു:മു.) ഒരാൾ ഒരു മൂക്കുകയറിട്ട ഒട്ടകവുമായിവന്ന് നബി (ﷺ) യോട് പറഞ്ഞു: ''റസൂലേ, ഇത് അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്കുള്ളതാണ്.'' അപ്പോൾ, തിരുമേനി പറഞ്ഞു: ''അതിന് പകരം തനിക്ക് ഖിയാമത്തുനാളിൽ ഏഴുനൂറ് ഒട്ടകമുണ്ടായിരിക്കും.'' (അ;മു;ന.) മറ്റൊരു നബി വചനത്തിൻെറ സാരം ഇതാണ്: ''മനുഷ്യൻെറ എല്ലാ (നല്ല) കർമ്മങ്ങളും ഒരു നൻമ അതിൻെറ പത്തത്ര കണ്ടായിരിക്കും. അങ്ങനെ, ഏഴുനൂറിരട്ടിവരെ ഉണ്ടായിരിക്കും. അല്ലാഹു പറയുന്നു. നോമ്പൊഴികെ- അതെനിക്കുള്ളതാണ്- ഞാനത്രെ അതിന് പ്രതിഫലം കൊടുക്കുക. അവൻ എൻെറ കാരണത്താൽ അവൻെറ ദേഹേച്ഛയും ഭക്ഷണവും ഉപേക്ഷിക്കുന്നു.........'' (ബു; മു)

ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ فِى سَبِيلِ ٱللَّهِ ثُمَّ لَا يُتْبِعُونَ مَآ أَنفَقُوا۟ مَنًّا وَلَآ أَذًى ۙ لَّهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٦٢﴾

262 യാതൊരു കൂട്ടർ തങ്ങളുടെ സ്വത്തുക്കൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിക്കുകയും, പിന്നീട് തങ്ങൾ ചെലവഴിച്ചതിനെത്തുടർന്ന് ഉപകാരം എടുത്തു പറയുകയാകട്ടെ, ദ്രോഹിക്കുകയാകട്ടെ ചെയ്യാതിരിക്കുകയും ചെയ്യുന്നുവോ, അവർക്ക് തങ്ങളുടെ റബ്ബിൻെറ അടുക്കൽ തങ്ങളുടെ പ്രതിഫലം ഉണ്ടായിരിക്കും. അവരുടെ മേൽ യാതൊരു ഭയവുമില്ല. അവർ വ്യസനപ്പെടുകയുമില്ല.

۞ قَوْلٌ مَّعْرُوفٌ وَمَغْفِرَةٌ خَيْرٌ مِّن صَدَقَةٍ يَتْبَعُهَآ أَذًى ۗ وَٱللَّهُ غَنِىٌّ حَلِيمٌ ﴿٢٦٣﴾

263 (നല്ല) മര്യാദപ്പെട്ട വല്ല വാക്കും, പൊറുത്തു കൊടുക്കലും, ദ്രോഹം തുടർന്നു വരുന്നതായ ധർമ്മത്തെക്കാൾ ഉത്തമമായതാകുന്നു. അല്ലാഹുവാകട്ടെ, (പരാശ്രയം വേണ്ടാത്ത) ധന്യനും സഹനശീലനുമാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُبْطِلُوا۟ صَدَقَٰتِكُم بِٱلْمَنِّ وَٱلْأَذَىٰ كَٱلَّذِى يُنفِقُ مَالَهُۥ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۖ فَمَثَلُهُۥ كَمَثَلِ صَفْوَانٍ عَلَيْهِ تُرَابٌ فَأَصَابَهُۥ وَابِلٌ فَتَرَكَهُۥ صَلْدًا ۖ لَّا يَقْدِرُونَ عَلَىٰ شَىْءٍ مِّمَّا كَسَبُوا۟ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ ﴿٢٦٤﴾

264 ഹേ, വിശ്വസിച്ചവരേ, ഉപകാരം എടുത്തു പറയലും, ദ്രോഹിക്കലും വഴി, നിങ്ങളുടെ (ദാന) ധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്;- (അതെ) മനുഷ്യരെ കാണിക്കുവാനായി തൻെറ ധനം ചെലവഴിക്കുകയും, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവനെപ്പോലെ. എന്നാൽ, അവൻെറ ഉദാഹരണം, മീതെ (കുറച്ച്) മണ്ണുള്ളതായ ഒരു മിനുസപ്പാറയുടെ മാതിരിയാകുന്നു; എന്നിട്ട് അതിന് ഒരു കനത്ത മഴ ബാധിച്ചു അതതിനെ ഉറച്ചു മിനുത്ത നിലയിൽ വിട്ടേച്ചുകളഞ്ഞു. (അതായത്:) അവർ ചെയ്തുവെച്ചതിൽ യാതൊന്നിനും [യാതൊന്നും അനുഭവിക്കുവാൻ] അവർക്ക്

കഴിയുകയില്ല. അല്ലാഹു അവിശ്വാസികളായ ജനങ്ങളെ സന്മാർഗ്ഗത്തിലാക്കുകയുമില്ല.

---

262 الذين യാതൊരു കൂട്ടർ. ينفقُونَ അവർ ചിലവഴിക്കും. أموالَهم തങ്ങളുടെ സ്വത്തുക്കളെ, ധനത്തെ. في سبيل اللِّ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. ثُم لايتبِعون പിന്നെ അവർ തുടർന്ന് ചെയ്കയില്ല. ما أنفَقُوا അവർ ചിലവഴിച്ചതിനെ (തുടർന്ന്) . منا ഉപകാരം എടുത്തുപറയൽ. ولا أذًى ദ്രോഹവും (ഉപദ്രവവും) ഇല്ല. لهم അവർക്കുണ്ട്. أجرهم അവരുടെ പ്രതിഫലം. عند ربهم അവരുടെ റബ്ബിൻെറ അടുക്കൽ. ولا خوف യാതൊരു ഭയവുമില്ല. عليهم അവരുടെ മേൽ, അവർക്ക്. ولاَ هم يحزنونَ അവർ വ്യസനപ്പെടുകയുമില്ല. 263 قَولٌ معروف മര്യാദപ്പെട്ട (സദാചാരമായ) ഒരു വാക്ക് (വല്ലവാക്കും) . ومغفرةٌ (വല്ല) പൊറുത്തുകൊടുക്കലും. خير ഉത്തമമാണ്. من صدقَة ഒരു ധർമ്മത്തെക്കാൾ. يتبعها അതിനെ തുടർന്നുണ്ടാകും. أذًى ഉപദ്രവം. واللُّ അല്ലാഹു. غَنِي ധന്യനാണ്, അനാശ്രയനാകുന്നു. حليم സുശീലനാകുന്നു. 264 يا أيها الذين آمنوا വിശ്വസിച്ചവരേ. لاتبطلُوا നിങ്ങൾ നിഷ്ഫലമാക്കരുത്. صدقَاتكُم നിങ്ങളുടെ (ദാന) ധർമ്മങ്ങളെ. بِالْمن ഉപകാരം എടുത്തു പറയൽ കൊണ്ട്. والأَذَى ദ്രോഹവും. كَالذي ينفق ചിലവഴിക്കുന്നവനെപ്പോലെ. ماله തൻെറ ധനത്തെ. رِئَاءَ الناس മനുഷ്യരെ കാണിക്കുവാൻ (മാനം നേടാൻ) . ولاَ يؤمن അവൻ വിശ്വസിക്കയുമില്ല. بِاللِّ അല്ലാഹുവിൽ. واليومِ الآخر അന്ത്യദിനത്തിലും. فَمثَلُه എന്നാൽ അവൻെറ ഉപമ. كَمثَلِ صفْوان ഒരു മിനുസപ്പാറമാതിരിയാണ്. عليه تراب അതിൻമേൽ മണ്ണുണ്ട്. فَأصابه എന്നിട്ട് അതിന് ബാധിച്ചു. وابِلٌ ഒരു പേമാരി. فَتركَه എന്നിട്ടത് അതിനെ വിട്ടേച്ചു (ബാക്കിയാക്കി വിട്ടു) . صلْدا ഉറച്ചതായി, ഉറച്ചു മിനുത്തുകൊണ്ട്. لا يقْدرونَ അവർക്ക് കഴിയുകയില്ല. على شيءٍ യാതൊന്നിനും. مما كَسبوا അവർ സമ്പാദിച്ചു (ചെയ്തു) വെച്ചതിൽ(പെട്ട) . واللَّ لا يهدي അല്ലാഹു സൻമാർഗ്ഗത്തിലാക്കുകയുമില്ല. الْقَوم الْكَافرين അവിശ്വാസികളായ ജനങ്ങളെ.

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ-അഥവാ സൽക്കാര്യങ്ങളിൽ-ധനം ചെലവഴിക്കുന്നവർ അവശ്യം മനസ്സിരുത്തേണ്ടുന്ന പല കാര്യങ്ങളും അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു. ദാനധർമ്മങ്ങൾ ഫലശൂന്യമാക്കിത്തീർക്കുന്ന മൂന്ന് കാര്യങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അവ ഉപേക്ഷിക്കുവാൻ കൽപിക്കുകയും ചെയ്യുന്നു. (1) ചെയ്ത ഉപകാരം എടുത്തു പറയുകയും, എണ്ണിക്കാട്ടുകയും ചെയ്യുക (المن). ദുരഭിമാനവും സൽപേര് സമ്പാദിക്കുവാനുമുള്ള വാഞ്ഛനയുമാണ് ഇതിന് പ്രേരിപ്പിക്കുക. ഉപകാരം ചെയ്യപ്പെട്ടവർക്കാകട്ടെ, അവരുടെ അന്തസ്സിനും മാനത്തിനും ഇത് ക്ഷതം ഏൽപിക്കുകയും ചെയ്യും. (2) ഉപകാരം ചെയ്യപ്പെട്ട ആൾക്ക് വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ ഉപദ്രവവും സ്വൈരക്കേടും വരുത്തുക (الأذى). ചെയ്ത ഉപകാരത്തിൻെറ പേരിൽ നന്ദിയും, കൂറും പുലർത്തിക്കാണുവാനോ, പ്രത്യുപകാരം ലഭിക്കുവാനോ ഉള്ള മോഹത്തിൽ നിന്നും അവൻ തന്നോട് കടപ്പെട്ടവനാണെന്ന ദുർവിചാരത്തിൽ നിന്നുമാണ് ഇതിൻെറ ഉത്ഭവം.(3) അന്യരെ കാണിക്കുവാനും, അവർ കണ്ടാൽ കൊള്ളാമെന്ന ഉദ്ദേശ്യത്തിലും പ്രവർത്തിക്കുക (الرياء) ജനമദ്ധ്യെ പേരും കീർത്തിയും നേടുകയാണിതിൻെറലക്ഷ്യം. ഈ മൂന്ന് കാര്യങ്ങളും ദാനധർമ്മങ്ങളെ നിഷ്ഫലമാക്കുമെന്നും, അവയിൽ നിന്നു സുരക്ഷിതമാകുകയും അല്ലാഹുവിൻെറ, മാർഗ്ഗത്തിലായിരിക്കുകയും ചെയ്തെങ്കിലേ അവ പ്രതിഫലം അർഹിക്കുകയുള്ളുവെന്നും, അങ്ങിനെയുള്ള ധന വ്യയങ്ങൾക്ക് അല്ലാഹു വമ്പിച്ച ഫലം ഒരുക്കിവെച്ചിട്ടുണ്ടെന്നും അല്ലാഹു അറിയിക്കുന്നു. അപ്രകാരം ചെയ്യപ്പെടുന്ന നല്ല കർമ്മങ്ങൾക്ക് ഫലം സിദ്ധിക്കാതെയോ, വല്ല ഹാനിയും നേരിട്ടോ അവ പാഴായിപ്പോകുമെന്ന ഭയം വേണ്ടാ, ചെലവഴിച്ചതിനെപ്പറ്റി ഭാവിയിൽ ഒരിക്കലും വ്യസനപ്പെടേണ്ടി വരുകയുമില്ല എന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു.

ദാനധർമ്മങ്ങൾ ചെയ്യുന്നതിനെത്തുടർന്ന് വല്ല ഉപദ്രവമോ ശല്യമോ ഉണ്ടാകുന്ന പക്ഷം-അത് വ്യക്തികളെയോ സ്ഥാപനങ്ങളെയോ ബാധിക്കുന്നതായാലും ശരി- അല്ലാഹുവിൻെറ അടുക്കൽ അതിനെക്കാൾ ഭേദം ആ ദാനധർമ്മങ്ങൾ ചെയ്യാതിരിക്കലാണ്; നല്ല വാക്ക് പറഞ്ഞു സമാശ്വസിപ്പിക്കലും, വിട്ടുവീഴ്ചയോടെ പെരുമാറലുമാണ് അതിനെക്കാൾ ഉത്തമമായിട്ടുള്ളത് എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിലെ ആശയങ്ങൾ. ജനങ്ങളുടെ ദാനധർമ്മങ്ങളൊന്നും അല്ലാഹുവിന് ആവശ്യമില്ല; അതിൻെറ ഗുണം അവർക്കുതന്നെയാണ്; അതുകൊണ്ട് അത് നിഷ്ഫലമായിപ്പോകുന്ന കാര്യങ്ങൾ അവർ സൂക്ഷിക്കേണ്ടതാണ്; സൂക്ഷിക്കാത്തവരുടെ പേരിൽ തൽക്കാലം നടപടിയൊന്നും എടുക്കാതിരിക്കുന്നത് അല്ലാഹുവിൻെറ സഹനം കൊണ്ടാണ് എന്നൊക്കെയുള്ള സൂചനകളാണ് 'അല്ലാഹു ധന്യനും സഹനശീലനുമാകുന്നു والله غني حليم' എന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്നത്. ചെയ്ത ഉപകാരം എടുത്തുപറഞ്ഞും, ഉപദ്രവവും ശല്യവും ഉണ്ടാക്കിയും ദാനധർമ്മങ്ങളെ നിഷ്ഫലമാക്കരുതെന്നും, അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസമില്ലാതെ, ജനമദ്ധ്യേ പേരിനും പെരുമക്കുംവേണ്ടി ധനം ചെലവഴിക്കുന്നതിന് തുല്യമാണ് അതെന്നും അത് സത്യവിശ്വാസികൾക്ക് യോജിച്ചതല്ലെന്നും ഒരു ഉദാഹരണസഹിതം മൂന്നാമത്തെ വചനത്തിലും ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഉറപ്പും മിനുസവുമുള്ള ഒരുപാറക്കല്ലിൻമേൽ കുറച്ച് മണ്ണുണ്ടായിരിക്കെ, അതിന് ശക്തിയായ മഴ തട്ടിയാൽ ആ മണ്ണ് അവിടെ പിന്നെ ഒട്ടും ബാക്കിയാവുകയില്ലല്ലോ. അതുപോലെയാണ് അങ്ങിനെയുള്ളവരുടെ കർമ്മങ്ങൾ. അവകൊണ്ട് യാതൊരു പ്രയോജനവും പരലോകത്ത് അവർക്ക് ലഭിക്കുവാനില്ല എന്നത്രെ ഉപമയുടെ സാരം.

യാതൊരു പ്രതിഫലമോ നന്ദിയോ ഉദ്ദേശിക്കാതെ അല്ലാഹുവിൻെറ പ്രീതിയെ മോഹിച്ചും, അവൻെറ ശിക്ഷയിൽ നിന്നു ഒഴിവാകുവാൻ ഉദ്ദേശിച്ചുംകൊണ്ടു സാധുക്കൾക്കു അന്നദാനം ചെയ്യുന്ന സജ്ജനങ്ങൾക്കു ലഭിക്കുന്ന മഹത്തായ അനുഗ്രഹങ്ങളെപ്പറ്റി സൂറത്തുദ്ദഹ്റിൽ (സൂ: ഇൻസാനിൽ) അല്ലാഹു വിസ്തരിച്ചു വിവരിച്ചിരിക്കുന്നതു കാണാം. നബി (ﷺ) ഇപ്രാകരം പറഞ്ഞതായി അബൂദർ-റ് (رضي الله عنه) പ്രസ്താവിക്കുന്നു: ''മൂന്നു കൂട്ടരുണ്ട്: ഖിയാമത്തു നാളിൽ അല്ലാഹു അവരോട് (കോപം നിമിത്തം) സംസാരിക്കുകയില്ല; അവരിലേക്കു നോക്കുകയുമില്ല; അവരെ സംസ്കരിക്കുകയുമില്ല, അവർക്കു വേദനയേറിയ ശിക്ഷയും ഉണ്ടായിരിക്കും. അതായത്, കൊടുത്തതിനെപ്പറ്റി എടുത്തുപറഞ്ഞുകൊണ്ടിരിക്കുന്നവനും, (അന്തസ്സിനുവേണ്ടി) വസ്ത്രം നിലത്തടിക്കുന്നവനും, കള്ള സത്യം മുഖേന ചരക്കു ചെലവഴിക്കുന്നവനും'' (മു) ധനം ചെലവഴിക്കുന്നവരുടെ ലക്ഷ്യം എന്തായിരിക്കണമെന്നും തുടർന്നു വിവരിക്കുന്നു:-

വിഭാഗം-37

وَمَثَلُ ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمُ ٱبْتِغَآءَ مَرْضَاتِ ٱللَّهِ وَتَثْبِيتًا مِّنْ أَنفُسِهِمْ كَمَثَلِ جَنَّةٍۭ بِرَبْوَةٍ أَصَابَهَا وَابِلٌ فَـَٔاتَتْ أُكُلَهَا ضِعْفَيْنِ فَإِن لَّمْ يُصِبْهَا وَابِلٌ فَطَلٌّ ۗ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٢٦٥﴾

265 അല്ലാഹുവിൻെറ പ്രീതിയെ തേടിയും, തങ്ങളുടെ ആത്മാക്കളിൽ [മനസുകളിൽ] നിന്നുള്ള ദൃഢീകരണമായുംകൊണ്ടു തങ്ങളുടെ ധനം ചിലവഴിക്കുന്നവരുടെ ഉപമയാകട്ടെ, ഒരു മേടുപ്രദേശത്തുള്ള ഒരു തോട്ടത്തിൻെറ മാതിരിയാകുന്നു: അതിന് ഒരു കനത്ത മഴ കിട്ടി; എന്നിട്ട് അത് അതിൻെറ കനി രണ്ടിരട്ടിയായി നൽകി (-ഇങ്ങിനെയുള്ള ഒരു തോട്ടത്തിൻെറ മാതിരി]. ഇനി, അതിനു കനത്ത മഴ കിട്ടിയില്ലെങ്കിൽ, ഒരു ചാറൽ മഴ (മതിയാകും) . അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

265 **وَمَثَلُ** ഉപമയായകട്ടെ. **الذين ينفقُونَ** ചിലവഴിക്കുന്നവരുടെ. **أموالَهم** തങ്ങളുടെ സ്വത്തുക്കളെ. **ابتغآءَ** തേടിക്കൊണ്ടും. **مرضات الله** അല്ലാഹുവിൻെറ പ്രീതി. **وتثْبِيتا** ദൃഢപ്പെടുത്തലായും. **من أَنْفُسِهم** തങ്ങളുടെ മനസ്സുകളിൽ നിന്നുളള. **كَمثَلِ جنة** ഒരു തോട്ടം മാതിരിയാകുന്നു. **بِربوة** ഒരു മേടിൽ പീഠപ്രദേശത്ത്. **أَصابها** അതിനു കിട്ടി. **وابِلٌ** ഒരു കനത്ത മഴ. **فَآتت** അങ്ങനെ അതു നൽകി. **أُكُلَها** അതിൻെറ കനി, ഫലം. **ضِعفَين** രണ്ടിരട്ടിയായി. **فَإن لم يصبها** എനി അതിന് കിട്ടിയില്ലെങ്കിൽ. **وابِلٌ** ഒരു കനത്ത മഴ. **فَطَلٌ** എന്നാൽ ഒരു (നേരിയ) ചാറൽ മഴ. **والله** അല്ലാഹു. **بِما تعملُونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. **بصير** കറിയുന്നവാനാണ്.

അല്ലാഹുവിൻെറ പ്രീതിയും പൊരുത്തവും ലക്ഷ്യമാക്കികൊണ്ടും, അവൻെറ സന്ദേശങ്ങളിലും വാഗ്ദാനങ്ങളിലുമുള്ള വിശ്വാസത്തിൻെറ ദൃഢീകരണമായിക്കൊണ്ടും സൽകാര്യങ്ങളിൽ ധനം ചെലവഴിക്കുന്നവരുടെ ഒരു ഉപമ ഈ വചനത്തിൽ അല്ലാഹു വിവരിക്കുന്നു. സാധാരണമായ നിലപ്പരപ്പിൽനിന്നും കുറേ ഉയർന്നു നിൽക്കുന്ന ഒരു മേടു പ്രദേശത്തു സ്ഥിതി ചെയ്യുന്ന ഒരു തോട്ടം. അവിടത്തെ വായുവും മണ്ണും മാലിന്യത്തിൽനിന്നു ശുദ്ധമാക്കിയിരിക്കുന്നതുകൊണ്ടു അതിലെ കായ്കനികൾക്കു പ്രത്യേകം ഗുണവും സ്വാദുമുണ്ടായിരിക്കുമല്ലോ. കൊടുക്കുന്ന വളങ്ങൾ കൂടുതൽ പ്രയോജനപ്പെടുകയും ചെയ്യും. അതോടുകൂടി നല്ല മഴയും കിട്ടിയാൽ, ഇതരതോട്ടങ്ങളിൽനിന്ന് ലഭിക്കുന്നതിൻെറ രണ്ടത്ര ഫലം അതിൽനിന്നു ലഭിക്കും. വേണ്ടത്ര മഴ കിട്ടിയില്ലെങ്കിലും നേരിയ മഴ കിട്ടിയാലും കുറേയൊക്കെ ഫലം ആ തോട്ടം നൽകാതിരിക്കുകയില്ല. ഇങ്ങിനെത്തന്നെയാണ് അവരുടെ ദാനധർമ്മങ്ങളും. പേരിനും പെരുമക്കും വേണ്ടിയല്ല അവർ ചെലവ് ചെയ്യുന്നത്. ചെയ്ത ഉപകാരം എടുത്തു പറഞ്ഞുകൊണ്ടിരിക്കുകയോ, അതിൻെറ പേരിൽ വല്ല സ്വൈരക്കേടുണ്ടാക്കലോ അവരിൽനിന്നു ഉണ്ടാകുന്നതുമല്ല. അതുകൊണ്ടു അവരുടെ ദാനധർമ്മങ്ങൾക്കു ഫലം സിദ്ധിക്കാതിരിക്കുകയില്ല. അവരുടെ ഉദ്ദേശ്യശുദ്ധിയും, വിശ്വാസദൃഢതയും എത്രകണ്ടു കൂടുതലാകുന്നുവോ അതനുസരിച്ച് ആ ഫലം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും എന്നു സാരം. ഓരോരുത്തരുടെയും പ്രവർത്തനങ്ങളും നിലപാടും മനസ്ഥിതിയും സസൂക്ഷ്മം അല്ലാഹു കണ്ടറിഞ്ഞു കൊണ്ടിരിക്കുന്നുണ്ടെന്നു കൂടി അവസാനം ഓർമ്മിപ്പിച്ചിരിക്കുന്നു.

أَيَوَدُّ أَحَدُكُمْ أَن تَكُونَ لَهُۥ جَنَّةٌ مِّن نَّخِيلٍ وَأَعْنَابٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ لَهُۥ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَأَصَابَهُ ٱلْكِبَرُ وَلَهُۥ ذُرِّيَّةٌ ضُعَفَآءُ فَأَصَابَهَآ إِعْصَارٌ فِيهِ نَارٌ فَٱحْتَرَقَتْ ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَـٰتِ لَعَلَّكُمْ تَتَفَكَّرُونَ ﴿٢٦٦﴾

266 നിങ്ങളിൽ (ആരെങ്കിലും) ഒരുവൻ ആഗ്രഹിക്കുമോ, ഈത്തപ്പനകളുടെയും, മുന്തിരിവള്ളികളുടെയും ഒരു തോട്ടം അവനുണ്ടായിരിക്കുവാൻ? അതിൻെറ അടിയിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു; അതിൽ അവന് എല്ലാ (വിധ) ഫലവർഗ്ഗങ്ങളിൽപെട്ടതുമുണ്ട്; (അതേസമയം) അവന് വാർദ്ധക്യം ബാധിക്കുകയും ചെയ്തിരിക്കുന്നു; ദുർബ്ബലരായ (കുറേ) സന്താനങ്ങൾ അവനുണ്ടു താനും; എന്നിട്ട് തീ ഉള്ളതായ ഒരു (കടുത്ത) ചുഴലിക്കാറ്റ് അതിന് ബാധിച്ചു അത് കരിഞ്ഞുപോയി! [ഇങ്ങിനെയൊരു തോട്ടമുണ്ടായിരിക്കുവാൻ വല്ലവരും ആഗ്രഹിക്കുമോ?!] ഇപ്രകാരം അല്ലാഹു നിങ്ങൾക്ക് ആയത്തു [ലക്ഷ്യം]കൾ വിവരിച്ചു തരുന്നു-നിങ്ങൾ ചിന്തിക്കുവാൻവേണ്ടി.

---

266 **أيود** മോഹിക്കു (ഇഷ്ടപ്പെടു) മോ. **أحدكم** നിങ്ങളിലൊരുവൻ. **أن تكون له** അവനുണ്ടായിരിക്കുവാൻ. **جنة** ഒരു തോട്ടം. **من نخيل** ഈത്തപ്പനകളുടെ. **وأعناب** മുന്തിരിവള്ളികളുടെയും. **تجري** ഒഴുകും. **من تحتها** അതിന്റെ അടിഭാഗത്തിലൂടെ. **الأنهار** അരുവി(നദി) കൾ. **له فيها** അവനുണ്ട് അതിൽ. **من كل الثمرات** എല്ലാ ഫലങ്ങളിൽനിന്നും. **وأصابه** അവന് ബാധിക്കുക (എത്തുക) യും ചെയ്തു. **الكبر** വാർദ്ധക്യം. **وله ذرية** അവന് കൂറെ സന്താനങ്ങളുമുണ്ട്. **ضعفاء** ദുർബ്ബലരായ. **فأصابها** എന്നിട്ടതിന് ബാധിച്ചു. **إعصار** ഒരു ചുഴലിക്കാറ്റ്. **فيه نار** അതിൽ തീയുണ്ട്. **فاحترقت** അങ്ങനെ അത് കരിഞ്ഞു. **كذلك** അ (ഇ) പ്രകാരം. **يبين الله** അല്ലാഹു വിവരിച്ചുതരുന്നു. **لكم الآيات** നിങ്ങൾക്ക് ലക്ഷ്യങ്ങളെ. **لعلكم** നിങ്ങൾ ആകുവാൻവേണ്ടി, ആയേക്കാം. **تتفكرون** നിങ്ങൾ ചിന്തിക്കും.

ഈത്തപ്പനത്തോട്ടങ്ങളും മുന്തിരിത്തോട്ടങ്ങളുമായിരുന്നു അറബികളെ സംബന്ധിച്ചിടത്തോളം ഏററവും നല്ല വരുമാനം ലഭിക്കുന്ന സമ്പത്ത്. ആ തോട്ടങ്ങളിൽതന്നെ മറ്റു പലതരം ഫലങ്ങൾ നൽകുന്ന ചെടികളും വൃക്ഷങ്ങളും വേറെ ഉണ്ടായിരിക്കുകയും ചെയ്യും. നനക്കുവാൻ വേണ്ടത്ര വെള്ള സൗകര്യവും നീർചാലുകളുംകൂടി ഒത്തിണങ്ങിയാൽ ആ തോട്ടത്തിന്റെമെച്ചം പറയേണ്ടതില്ല. നിത്യവും വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്ന ഇമ്മാതിരി ഒരു വലിയ തോട്ടത്തിന്റെ ആവശ്യകതയും ഉപകാരവും ഏറ്റവും അധികമായിത്തീരുന്നത് തോട്ടമുടമസ്ഥന് വാർദ്ധക്യം പിടിപെടുകയും, അതോടൊപ്പം ജീവിതമാർഗ്ഗത്തിനുവേണ്ടി യത്നിക്കുവാൻ പ്രാപ്തിയോ പ്രായമോ എത്താത്ത കുറേ മക്കൾകൂടി ഉണ്ടായിരിക്കുകയും ചെയ്യുമ്പോഴാണല്ലോ. ഈ അവസ്ഥയിൽ, അങ്ങിനെയുള്ള ഒരു തോട്ടത്തിന് പെട്ടന്ന് ഒരു വമ്പിച്ച ചുഴലിക്കാറ്റും അഗ്നിയും ബാധിക്കുകയും, തോട്ടമങ്ങ് കത്തി നശിച്ച് പോകുകയും ചെയ്താലത്തെ കഥയെന്തായിരിക്കും?! ആലോചിച്ചു നോക്കുക! ഇതുപോലെയാണ് സൽക്കർമ്മങ്ങൾ പലതും ചെയ്യുകയും, അവയെ നിഷ്ഫലമാക്കുന്ന കാര്യങ്ങൾ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി. ഐഹിക ജീവിത്തിൽവെച്ച് ചെയ്തിട്ടുള്ള സൽക്കർമ്മങ്ങളുടെ ഫലം ആസ്വദിക്കുകയല്ലാതെ മറ്റു ഗത്യന്തരമൊന്നും ഇല്ലാത്ത അവസരമാണല്ലോ ഖിയാമത്ത് നാൾ. ആ കർമ്മങ്ങളെല്ലാം അവിടെ ചെല്ലുമ്പോൾ നിഷ്ഫലമാണെന്ന് വന്നുകഴിഞ്ഞാൽ അതിലധികം ആപത്തും നഷ്ടവും മറ്റെന്തുണ്ട്?! അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ.

ഇമാം ബുഖാരീ (رحمه الله) ഈ വചനത്തിനൊരു വ്യാഖ്യാനമെന്നോണം ഉദ്ധരിച്ച ഒരു ഹദീസിന്റെ സാരം ഇപ്രകാരമാകുന്നു: ഈ വചനം ആരുടെ വിഷയത്തിൽ അവതരിച്ചതാണെന്നാണ് നിങ്ങളുടെ അഭിപ്രായമെന്ന് സഹാബികളുടെ ഒരു സദസ്സിൽവെച്ച് ഉമർ(رضي الله عنه) ചോദിച്ചു. അല്ലാഹുവിനറിയാം എന്ന് അവർ മറുപടി പറഞ്ഞു. ഈ മറുപടി അദ്ദേഹത്തിന് രസിച്ചില്ല. അറിയാമെന്നോ അറിഞ്ഞുകൂടാ എന്നോ രണ്ടിലൊന്ന് പറയണമെന്നായി. ഈ അവസരത്തിൽ, എന്റെ മനസ്സിൽ അത് സംബന്ധിച്ച് ഒരഭിപ്രായം ഉണ്ടെന്ന് ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞു മടി കൂടാതെ അത് തുറന്നു പറയുവാൻ (ചെറുപ്പക്കാരനായ) ഇബ്നു അബ്ബാസ്(رضي الله عنه) നെ അദ്ദേഹം ധൈര്യപ്പെടുത്തി. അദ്ദേഹം പറഞ്ഞു: "ധനികനായ ഒരാൾ അല്ലാഹുവിന് വഴിപ്പെട്ടുകൊണ്ട് നല്ല കാര്യങ്ങൾ ചെയ്യുന്നു: പിന്നീട് പിശാചിന്റെ പ്രേരണമൂലം അവർ അല്ലാഹുവിനോട് അനുസരണക്കേട് പ്രവർത്തിക്കുന്നു.. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ്." ഇതാണ് ഹദീസ്. ഇബ്നു കഥീർ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, ധനം ചിലവഴിക്കൽ മാത്രമല്ല, എല്ലാകർമ്മങ്ങൾ ചെയ്യുന്നവർക്കും ബാധകമാകുന്ന ഒരു ഉപമയാണിത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَنفِقُوا۟ مِن طَيِّبَـٰتِ مَا كَسَبْتُمْ وَمِمَّآ أَخْرَجْنَا لَكُم مِّنَ ٱلْأَرْضِ ۖ وَلَا

267 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ (നല്ല) ശുദ്ധമായ വസ്തുക്കളിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവിൻ; ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം (ഉൽപാദിപ്പിച്ച്) പുറപ്പെടുവിച്ചു തന്നിട്ടുള്ളതിൽ

تَيَمَّمُوا۟ ٱلْخَبِيثَ مِنْهُ تُنفِقُونَ وَلَسْتُم بِـَٔاخِذِيهِ إِلَّآ أَن تُغْمِضُوا۟ فِيهِ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ غَنِىٌّ حَمِيدٌ ﴿٢٦٧﴾	നിന്നും (ചെലവഴിക്കുവിൻ) . ചീത്തയായുള്ളതിനെ, അതിൽ നിന്നുതന്നെ ചെലവഴിക്കുവാനായി നിങ്ങൾ കരുതിവെക്കുകയും ചെയ്യരുത്. അതിനെപ്പറ്റി നിങ്ങൾ കണ്ണടക്കുന്നതായാലല്ലാതെ, അത് നിങ്ങൾ (ഇങ്ങോട്ട്) വാങ്ങുന്നവരല്ലല്ലോ. അല്ലാഹു (പരാശ്രയമില്ലാത്ത) ധന്യനും സ്തുത്യർഹനുമാണെന്ന് നിങ്ങൾ അറിഞ്ഞും കൊള്ളുവിൻ.
ٱلشَّيْطَـٰنُ يَعِدُكُمُ ٱلْفَقْرَ وَيَأْمُرُكُم بِٱلْفَحْشَآءِ ۖ وَٱللَّهُ يَعِدُكُم مَّغْفِرَةً مِّنْهُ وَفَضْلًا ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٢٦٨﴾	268 പിശാച് നിങ്ങളോട് ദാരിദ്ര്യത്തെ വാഗ്ദത്തം ചെയ്യുകയും, നിങ്ങളോട് നീചപ്രവൃത്തിക്ക് കൽപിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ, അവൻെറ പക്കൽ നിന്നുള്ള പാപമോചനവും, ദയവും (അഥവാ അനുഗ്രഹവും) നിങ്ങളോടു വാഗ്ദത്തം ചെയ്യുന്നു. അല്ലാഹു വിശാലനും, (എല്ലാം) അറിയുന്നവനുമാണ്.

267 **يا أيها الذين آمنوا** ഹേ, വിശ്വസിച്ചവരേ. **أنفقوا** ചിലവഴിക്കുവിൻ. **من طيبات** നല്ല വസ്തുക്കളിൽ നിന്ന്. **ما كسبتم** നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയതിലെ. **ومما أخرجنا** നാം പുറപ്പെടുവിച്ച (ഉല്പാദിപ്പിച്ച) തിൽ നിന്നും. **لكُم** നിങ്ങൾക്ക്. **من الأرض** ഭൂമിയിൽനിന്ന്. **ولا تيمموا** നിങ്ങൾ കരുതിവെക്കുകയും അരുത്. **الْخبيثَ** ചീത്തയായതിനെ. **منه تنفقُونَ** അതിൽനിന്നുതന്നെ ചിലവഴിക്കുമാറ്, (ചിലവഴിക്കുവാൻ) . **ولستم** നിങ്ങൾ അല്ലതാനും. **بِآخذيه** അത് വാങ്ങുവാൻ. **إلا أن تغمضوا** നിങ്ങൾ കണ്ണടക്കുന്നതായാലല്ലാതെ, കണ്ണു താഴ്ത്തുന്നതായാലൊഴികെ. **فيه** അതിൽ, അതിനെപ്പറ്റി. **واعلموا** അറിയുകയും ചെയ്യുക. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **غَنِي** ധന്യൻ. **حميد** സ്തുത്യർഹൻ. 268 **الشيطانُ** പിശാച്, ശൈത്താൻ. **يعدكُم** നിങ്ങളോട് വാഗ്ദത്തം (താക്കീത്-ഭീഷണി) ചെയ്യുന്നു. **الفَقْر** ദാരിദ്ര്യത്തെ. **ويأمركُم** നിങ്ങളോടവൻ കൽപിക്കുകയും ചെയ്യുന്നു. **بِالْفَحشاءِ** നീചവൃത്തിക്ക്. **والله يعدكُم** അല്ലാഹുവാകട്ടെ നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നു. **مغفرةً منه** അവങ്കൽനിന്നുള്ള പാപമോചനം. **وفَضلاً** ദയവും, അനുഗ്രഹവും, ഔദാര്യവും. **والله** അല്ലാഹു. **واسع** വിശാലനാകുന്നു. **عليم** (എല്ലാം) അറിയുന്നവനുമാണ്.

ധനാഗമമാർഗ്ഗങ്ങൾ മുഖ്യമായും രണ്ടെണ്ണമാണ്. അദ്ധ്വാനിച്ചും ജോലിയെടുത്തും സമ്പാദിക്കുന്നതും, ഭൂമിയിൽ നിന്ന് ഉൽപാദിതമാകുന്നതും. ഈ രണ്ടിൽ ഏത് മാർഗ്ഗേണ ലഭിച്ചതായിരുന്നാലും അതിൽ നിന്ന് സൽക്കാര്യങ്ങളിൽ ചെലവഴിക്കണമെന്നും ചെലവഴിക്കുന്നധനം നല്ലതും ശുദ്ധമായതുമായിരിക്കണമെന്നും അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു. മുമ്പ് ഉദ്ധരിച്ച നബി വചനത്തിൽ കണ്ടതുപോലെ, ശുദ്ധമായതല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ലതാനും. ചെലവഴിക്കുന്ന വസ്തു താണതരത്തിൽപെട്ടതോ, കേടുപാടുള്ളതോ, നിഷിദ്ധമായതോ, ആയിരിക്കരുത് എന്നത്രെ നല്ല വസ്തുക്കളിൽ (طيبات) നിന്ന് ചെലവഴിക്കണം എന്ന് പറഞ്ഞതിൻെറ താൽപര്യം. ദാധർമ്മങ്ങൾക്ക് ചീത്തയായതും താണതരത്തിൽപ്പെട്ടതുമായ വസ്തുക്കളെ ഉപയോഗിക്കുന്ന സമ്പ്രദായം പലരിലും കാണാം. ഇത് അല്ലാഹു വിരോധിക്കുന്നു. അങ്ങിനെയുള്ള വസ്തുക്കളെ ഇങ്ങോട്ടാരെങ്കിലും തരുമ്പോൾ-വിട്ടുവീഴ്ച ചെയ്ത് കണ്ണടച്ചുകൊണ്ടല്ലാതെ-അത് സ്വീകരിക്കുവാൻ ആരും മടിക്കുമല്ലൊ. അതുപോലെ അങ്ങോട്ട് കൊടുക്കുന്ന വസ്തുക്കളും നല്ലതും മുന്തിയതുമായിരിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങിനെയൊക്കെ കൽപിക്കുന്നതും ഉപദേശിക്കുന്നതും മനുഷ്യൻെറ തന്നെ ഗുണത്തിനുവേണ്ടിയാണ്, അല്ലാഹുവിന് അതിലൊന്നും യാതൊരാവശ്യമോ നേട്ടമോ ഇല്ല.

അവന് ആരുടെയും ഒരു വിധത്തിലുള്ള ആശ്രയവും വേണ്ടാ, അവന്‍റെ ഗുണങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം അവൻ പരിപൂർണ്ണമായും സ്തുതികീർത്തനങ്ങൾക്ക് അർഹനാകുന്നു എന്നൊക്കെയാണ് والله غني حميد (അല്ലാഹു ധന്യനും സ്തുത്യർഹനുമാണ്) എന്ന വാക്യം സൂചിപ്പിക്കുന്നത്.

കയ്യിൽ ഉള്ളതു ചിലവഴിച്ചാൽ കുടുങ്ങിപ്പോകും. സ്വന്തം അത്യാവശ്യങ്ങളിൽ വിനിയോഗിക്കുവാൻ വേറെ മാർഗ്ഗമില്ലാതെ കഷ്ടപ്പെടും എന്നിങ്ങിനെയുള്ള വിചാരവും ഭയവു മാണ് മനുഷ്യനെ പിശുക്കനാക്കുന്നത്. അതേ സമയത്തു നല്ല വഴിയിൽ ചെലവഴിക്കുവാൻ പിശുക്കു തോന്നുന്ന അതേ വസ്തുക്കളേ ചിലപ്പോൾ ദുർവൃത്തികളിലും തോന്നിയ വാസങ്ങളിലും അവൻ ചെലവഴിച്ചെന്നും വരും. പിശാചിൽ നിന്നുണ്ടാകുന്ന ഭീഷണികളുടെയും ദുഷ്പ്രേരണകളുടെയും ഫലമാണിത്. മനുഷ്യമനസ്സിൽ ദുർമ്മന്ത്രം നടത്തി വഴിപിഴപ്പിക്കലാണ് പിശാചിന്‍റെ ജോലി. അവനാണ് ആ വിചാരങ്ങൾ മനുഷ്യമനസ്സുകളിൽ കുത്തിച്ചെലുത്തുന്നത്. നേരെമറിച്ച് അല്ലാഹുവും മനുഷ്യരോടു ചില വാഗ്ദാനങ്ങളൊക്കെ ചെയ്യുന്നുണ്ട്. വല്ലതും ചെലവഴിച്ചാൽ ഉടനെത്തന്നെ അതിലധികം അവനു പകരം ലഭിക്കുമെന്നല്ല അത്. അതിനെക്കാൾ മഹത്തരമത്രെ അവന്‍റെ വാഗ്ദാനം. പാപങ്ങൾ പൊറുത്തുകൊടുക്കുമെന്നും, അനുഗ്രഹവും ദയവും നൽകുമെന്നുമാണിത്. ഈ ജീവിതത്തിൽവെച്ചു ലഭിക്കാവുന്ന ഏതു നേട്ടത്തെക്കാളും വമ്പിച്ചത് അതാണുതാനും.

ഇവിടെ 'പിശാചു' (الشيطان) കൊണ്ടുദ്ദേശ്യം, അദൃശ്യജീവിയായ സാക്ഷാൽ പിശാചു തന്നെ. ധനം ചിലവഴിച്ചാൽ ദാരിദ്ര്യം പിടിപെടുമെന്നു ഭയപ്പെടുത്തുന്ന മനുഷ്യപ്പിശാചാണിവിടെ ഉദ്ദേശ്യമെന്ന് സാക്ഷാൽ പിശാചിനെ നിഷേധിക്കുന്ന ചിലർ എഴുതിക്കാണുന്നതുകൊണ്ടാണ് ഇതു പ്രത്യേകം ഉണർത്തുന്നത്. പൈശാചികമായ ഈ ദുർമ്മന്ത്രം നടത്തുന്ന ചില മനുഷ്യപിശാചുക്കൾ ഉണ്ടെന്നതു ശരിതന്നെ. പക്ഷേ, ഈ വിഷയത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നത് സാക്ഷാൽ പിശാചായിരിക്കും മറ്റൊരാളുടെ ഭീഷണിയോ ദുർമ്മന്ത്രമോ കൂടാതെത്തന്നെ ജീവിതകാലം മുഴുവനും കടുത്ത പിശുക്കൻമാരായിക്കഴിയുന്ന എത്രയോ ആളുകളുണ്ടെന്നുള്ള പരമാർത്ഥം ആർക്കാണ് നിഷേധിക്കുവാൻ കഴിയുക?! എന്നാൽ, അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നതുപോലെയുള്ള 'ബുദ്ധി ജീവികൾ'ക്കേ സാക്ഷാൽ പിശാചി നെയും മനുഷ്യപ്പിശാചിനെയും ശരിക്ക് തിരിച്ചറിയുവാൻ കഴിയുകയുള്ളു.

يُؤْتِى ٱلْحِكْمَةَ مَن يَشَآءُ ۚ وَمَن يُؤْتَ ٱلْحِكْمَةَ فَقَدْ أُوتِىَ خَيْرًا كَثِيرًا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٢٦٩﴾

269 അവൻ [അല്ലാഹു] ഉദ്ദേശിക്കുന്നവർക്ക് അവൻ വിജ്ഞാനം നൽകുന്നു. ഏതൊരുവനു വിജ്ഞാനം നൽകപ്പെടുന്നുവോ അവന് ധാരാളം നന്മ നൽകപ്പെട്ടു കഴിഞ്ഞു! (സൽ) ബുദ്ധിയുള്ളവരല്ലാതെ ഉററാലോചിക്കുകയില്ലതാനും.

---

269 يؤتي അവൻ നൽകുന്നു. الحكمة വിജ്ഞാനം, തത്വജ്ഞാനം, യുക്തി. من يشاءُ അവൻ ഉദ്ദേശിക്കുന്നവർക്ക്.ومن يؤت ആർക്കും (ഏതൊരുവനും) നൽകപ്പെടുന്നുവോ. الحكمةَ വിജ്ഞാനം, യുക്തി. فَقَد أُوتي എന്നാലവന് നൽകപ്പെട്ടു കഴിഞ്ഞു. خيرا كثيرا ധാരാളം.ما يذكر ഉററാലോചിക്കുക(യില്ല) . إلا أولوا الألبابِ ബുദ്ധിമാൻമാർ (സൽബുദ്ധിയുള്ളവർ) അല്ലാതെ.

ധനം ചെലവഴിക്കുന്നതുമൂലം ദാരിദ്ര്യം വരുമെന്നു ഭയപ്പെടുത്തലും, നീചവൃത്തിക്കു പ്രേരിപ്പിക്കലും പിശാചിന്‍റെ പണിയാണെന്നും, പാപമോചനവും അനുഗ്രഹവും സിദ്ധിക്കു വാനുള്ള മാർഗ്ഗമാണ് അല്ലാഹു ഉപദേശിക്കുന്നതെന്നും കഴിഞ്ഞ വചനത്തിൽ പറഞ്ഞു.

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട പല കാര്യങ്ങളും അതിനു മുമ്പും വിവരിച്ചു, തുടർന്നു വിവരിക്കുന്നുമുണ്ട്. എന്നാൽ, അങ്ങിനെയുള്ള കാര്യങ്ങളെപ്പറ്റി വേണ്ടതുപോലെ ചിന്തിച്ചു വിലയിരുത്തുവാനും, അവ അനുഷ്ഠാനത്തിൽ കൊണ്ടു വന്നു പ്രയോജനപ്പെടുത്തുവാനും ആർക്കാണ് ഭാഗ്യമുണ്ടാകുക എന്നത്രെ ഇടക്കുവെച്ച് ഈ വചനത്തിൽ അല്ലാഹു നമ്മെ മനസ്സിലാക്കുന്നത്. വളരെ അർത്ഥവത്തും സാരഗർഭവുമായ ഒരു തത്വമാണ് ഇതിൽ അടങ്ങിയിരക്കുന്നത്.

حكمة (ഹിക്മത്ത്) എന്ന വാക്കിന് 'വിജ്ഞാനം, തത്വജ്ഞാനം, യുക്തിതത്വം' എന്നൊക്കെയാണ് അർത്ഥം കൽപിക്കപ്പെടാറുള്ളത്. കാര്യം അതിൻെറ യഥാർത്ഥ രൂപത്തിൽ ഗ്രഹിക്കുവാനും അതു പ്രവർത്തനത്തിൽ കൊണ്ടു വരുവാനും ഉതകുന്ന അറിവാണ് മൊത്തത്തിൽ അതുകൊണ്ട് വിവക്ഷ. ഇവിടെ 'ഹിക്മത്ത്' കൊണ്ടുദ്ദേശ്യം പല മഹാൻമാരും പല വാക്കുകളിലും വിവരിച്ചു കാണാം. ബുദ്ധി, ശക്തി, ജ്ഞാനം, അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാട്, ഖുർആനിക വിജ്ഞാനം, നബിചര്യ, കാര്യഗ്രഹണശക്തി, വാക്കും പ്രവർത്തിയും യഥാർത്ഥത്തോടു യോജിച്ചതായിരിക്കുക എന്നൊക്കെയാണവയുടെ ചുരുക്കം. വാസ്തവത്തിൽ ഇതെല്ലാം മേൽപറഞ്ഞ അർത്ഥത്തിൽ ചെന്നു കലാശിക്കുന്നു. ഭൗതിക താൽപര്യക്കാരായ ചിലരുടെ വാക്കുകൾ ധ്വനിപ്പിക്കുന്നതുപോലെ, തന്ത്രപരമായ സാമർത്ഥ്യമോ, തത്വശാസ്ത്ര വിജ്ഞാനങ്ങളോ അല്ല അത് കൊണ്ട് വിവക്ഷയെന്ന് തീർത്ത് പറയാം. താഴെ പ്രസ്താവിക്കുന്നതിൽ നിന്ന് അത് കൂടുതൽ വ്യക്താമാകുന്നതാണ്.

ഇമാം മാലിക്ക് (رحمه الله) പറഞ്ഞതായി ഇബ്നു കഥീർ (رحمه الله) ഉദ്ധരിക്കുന്നു: ''ഹിക്മത്ത് എന്നാൽ, മതത്തെ സംബന്ധിച്ച വിജ്ഞാനവും, അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും നിമിത്തം ഹൃദയങ്ങളിൽ ഉളവാകുന്ന ബോധവുമാകുന്നുവെന്നത്രെ എനിക്ക് തോന്നുന്നത്. ഒരു മനുഷ്യൻ ഐഹിക വിഷയത്തിൽ ചിന്തിക്കുമ്പോൾ, നീ അവനെ ബുദ്ധിമാനായി കാണുന്നു. വേറെ ഒരുവനെ ഐഹിക കാര്യങ്ങളിൽ ദുർബ്ബലനായും, മത കാര്യങ്ങളിൽ അറിവും ഉൾക്കാഴ്ചയും ഉള്ളവനായും കാണുന്നു. ഇത് ഇയാൾക്ക് അല്ലാഹു നൽകുന്നതാകുന്നു. മറ്റേയാൾക്ക് അത് ലഭിക്കാതെ പോയിരിക്കുകയാണ്. അപ്പോൾ, 'ഹിക്മത്ത്' എന്നാൽ അല്ലാഹു വിൻെറ മതത്തിലുള്ള വിജ്ഞാനമായിരിക്കും. 'ബുഖാരിയും, മുസ്‌ലിമും' (رحمهما الله) ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''അല്ലാഹു നൻമ ഉദ്ദേശിക്കുന്നവന് അവൻ മതത്തിൽ വിജ്ഞാനമുണ്ടാക്കിക്കൊടുക്കുന്നു. ഞാൻ (വിജ്ഞാനം) ഭാഗിച്ചുകൊടുക്കുന്ന ഒരാൾ മാത്രമാകുന്നു. അല്ലാഹുവാണ് (യഥാർത്ഥത്തിൽ) കൊടുക്കുന്നത്.''

കേവലം കുറെ അറിവുകളോ, വിദ്യയോ കരസ്ഥമാക്കിയതുകൊണ്ടുമാത്രം 'ഹിക്മത്ത് ' ലഭ്യമാകുന്നതല്ല; അല്ലാഹുവിൻെറ അനുഗ്രഹത്തിനും പ്രതിഫലത്തിനും പാത്രമാകത്തക്കവണ്ണം അവ ഉപയോഗപ്പെടുത്തുവാനുള്ള ഭാഗ്യംകൂടി ഉണ്ടാകുമ്പോഴേ അത് ലഭ്യമാകുന്നുള്ളു. 'അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഹിക്മത്ത് നൽകുന്നു' എന്നും 'ഹിക്മത്ത് ആർക്ക് നൽകപ്പെടുന്നുവോ അവന് ധാരാളം നൻമ നൽകപ്പെട്ടു കഴിഞ്ഞു' എന്നുമുള്ള അല്ലാഹുവിൻെറ തിരുവാക്യങ്ങളിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്. 4:54; 2:251; 38:20 മുതലായ സ്ഥലങ്ങളിൽ അല്ലാഹു ഈ വാക്ക് ഉപയോഗിച്ചിട്ടുള്ള സന്ദർഭങ്ങളിൽനിന്നും, മേലുദ്ധരിച്ച ഹദീസിൽനിന്നും ഇമാം മാലിക് (رحمه الله) ൻെറ പ്രസ്താവനയിൽ നിന്നും കൂടുതൽ വ്യക്തമാകുന്ന താകുന്നു. ഇബ്നുകഥീർ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, ഹിക്മത്തിൻെറ ഏറ്റവും ഉന്നതമായ പദവിയാണ് പ്രവാചകത്വം. പ്രവാചകൻമാരുടെ അനുയായികൾക്കും അവരുടെ ഭാഗ്യമനുസരിച്ച് ഹിക്മത്ത് നൽകപ്പെടുന്നു. 'അല്ലാഹുവിനെക്കുറിച്ചുള്ള ഭയപ്പാടാണ് ഹിക്മത്തിൻെറതല (അഥവാ പ്രധാനഭാഗം) ' എന്ന് ഒരു ഹദീസിൽ വന്നിരിക്കുന്നു. പ്രസിദ്ധമായ മറ്റൊരു ഹദീസിൽ നബി (ﷺ) പറയുന്നു: ''രണ്ടു കാര്യങ്ങളിലല്ലാതെ അസൂയ പാടില്ല. അതായത്, അല്ലാഹു ധനം നൽകിയിട്ട് വേണ്ടപ്പെട്ട വിഷയത്തിൽ അതിനെ മുഴുവൻ വിനിയോഗിക്കുന്ന മനുഷ്യനും

അല്ലാഹു ഹിക്മത്ത് നല്‍കിയിട്ട് അത് പ്രകാരം വിധി നടത്തുകയും, അത് (മറ്റുള്ളവര്‍ക്ക്) പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന മനുഷ്യനും.'' (ബു;മു.) അസൂയകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് അവര്‍ക്ക് ലഭിച്ചതില്‍ വെറുപ്പും അനിഷ്ടവും തോന്നുകയെന്നല്ല, അവരെപ്പോലെ തനിക്കും വേണമെന്ന ആഗ്രഹമാകുന്നു. ഹദീസിന്‍െറ ചില രിവായത്തുകളില്‍ നിന്നുതന്നെ അത് മനസ്സിലാകുന്നതുമാണ്.

(وما يذكر الا اولوا الالباب) (സല്‍ബുദ്ധിയുള്ളവരല്ലാതെ ഉറ്റാലോചിക്കുകയില്ല) എന്നു പറഞ്ഞുകൊണ്ടാണ് ഈ വചനം അല്ലാഹു അവസാനിപ്പിക്കുന്നത്. വളരെ ശ്രദ്ധേയമായൊരു വാക്യമാണിത്. ഹിക്മത്ത് ലഭിച്ചവരേ കാര്യങ്ങള്‍ വേണ്ടതുപോലെ ചിന്തിച്ചറിയുകയും അത് യഥാവിധി പ്രവര്‍ത്തനത്തില്‍ വരുത്തുകയും ചെയ്കയുള്ളു, അങ്ങിനെയുള്ളവരാണ് യഥാര്‍ത്ഥ ബുദ്ധിമാന്‍മാര്‍ എന്നാണിത് കാണിക്കുന്നത്. 'സല്‍ബുദ്ധിയുള്ളവര്‍' എന്നു നാം അര്‍ത്ഥം നല്‍കിയത് اولوا الالباب എന്ന വാക്കിനാണ്. لب (ലുബ്ബ്) എന്ന പദത്തിന്‍െറ ബഹുവചനമാണ് الباب (അല്‍ബാബ്) 'കാമ്പ്, കാതല്‍, സത്ത്, മേദസ്സ്' എന്നൊക്കെയാണിതിന് സാക്ഷാല്‍ ഭാഷാര്‍ത്ഥം. ഊഹത്തിന്‍െറ കലര്‍പ്പോ സ്വന്തം താല്‍പര്യത്തിന്‍െറചായ്‌വോ കൂടാതെ തികച്ചും ശുദ്ധഗതിക്കുള്ള ബുദ്ധി എന്നാണതുകൊണ്ട് വിവക്ഷ. അതുകൊണ്ടാണ് ഖുര്‍ആന്‍െറ നിഘണ്ടുവായ ഇമാംറാഗിബ് (ﷺ) ന്‍െറ 'അല്‍മുഫ്റദാത്തി'ലും ഒരു ആധുനിക നിഘണ്ടുവായ 'അല്‍മുന്‍ജിദി'ലും അതിന്‍െറ അര്‍ത്ഥം വിവരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു കാണുന്നത്: അപ്പോള്‍ എല്ലാം 'ലുബ്ബും' ബുദ്ധിയാകുന്നു; എല്ലാ ബുദ്ധിയും 'ലുബ്ബല്ല' ഈ സവിശേഷത യിലേക്കുള്ള ഒരു സൂചനയായിട്ടാണ് പരിഭാഷയില്‍ നാം അതിന് 'സല്‍ബുദ്ധിയുള്ളവര്‍' എന്ന് വിവര്‍ത്തനം നല്‍കിയിരിക്കുന്നത്. ഇമാംറാഗിബ് (ﷺ) തുടര്‍ന്നുകൊണ്ടു പറയുന്നു: ''പരിശുദ്ധ മായ ബുദ്ധികള്‍ക്കല്ലാതെ മനസ്സിലാക്കുവാന്‍ കഴിയാത്ത മതവിധികളെ 'ഉലൂല്‍-അല്‍ ബാബു'മായി അല്ലാഹു ബന്ധപ്പെടുത്തിപ്പറയുന്നതും അതുകൊണ്ടാകുന്നു.'' ഇതിന് പിന്‍ ബലമായി അദ്ദേഹം ഈ വചനം തന്നെ എടുത്തുകാട്ടുകയും ചെയ്തിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാല്‍ 'ബുദ്ധിമാന്‍മാര്‍ ബുദ്ധിശാലികള്‍' എന്നിങ്ങനെയുള്ള അര്‍ത്ഥത്തില്‍ അറബി ഭാഷയില്‍ സാധാരണ ഉപയോഗപ്പെടാറുള്ള عقلاء , اهل لعقول പേലെയുള്ളവാക്കുകളില്‍ അടങ്ങിയിട്ടില്ലാത്ത ഒരു പ്രത്യേകാര്‍ത്ഥത്തിലുള്ള ബുദ്ധിമാന്‍മാരാണ് اولوا الالباب കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങള്‍, തത്വശാസ്ത്രപരമായ സിദ്ധാന്തങ്ങള്‍, അധികാരവും സ്വാധീനവും സ്വായത്തമാക്കുവാനുള്ള സാമര്‍ത്ഥ്യങ്ങള്‍ മു തലായവക്കു പ്രാപ്തമാകുന്ന തരത്തിലുള്ള ബുദ്ധിയല്ല 'ലുബ്ബ് ' കൊണ്ടുദ്ദേശ്യം സൂറഃ ആലുഇംറാന്‍ 7ഉം 190ഉം വചനങ്ങളില്‍ ഇത് സംബന്ധിച്ച് കൂടുതല്‍ വിവരം കാണാവുന്നതാണ്. ان شاءالله

270 നിങ്ങള്‍ വല്ല ചെലവും ചെലവഴിക്കുകയോ, അല്ലെങ്കില്‍ വല്ല നേര്‍ച്ചയും നേര്‍ച്ചയാക്കുകയോ ചെയ്താലും, നിശ്ചയമായും, അല്ലാഹു അതിനെ അറിയുന്നതാണ്. അക്രമികള്‍ക്കു യാതൊരു സഹായികളും ഇല്ല.

وَمَآ أَنفَقْتُم مِّن نَّفَقَةٍ أَوْ نَذَرْتُم مِّن نَّذْرٍ فَإِنَّ ٱللَّهَ يَعْلَمُهُۥ ۗ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴿٢٧٠﴾

271 നിങ്ങള്‍ ദാനധര്‍മ്മങ്ങളെ വെളിവാക്കി ചെയ്യുന്ന പക്ഷം, അത് എത്രയോ നല്ലത് (തന്നെ) . നിങ്ങള്‍ അത് മറച്ചു ചെയ്യുകയും, ദരിദ്രന്‍മാര്‍ക്ക് കൊടുക്കുകയും ചെയ്യുന്ന പക്ഷം, അത് നിങ്ങള്‍ക്കു (കൂടുതല്‍) ഗുണകരമാകുന്നു. നിങ്ങളുടെ

إِن تُبْدُوا۟ ٱلصَّدَقَٰتِ فَنِعِمَّا هِىَ ۖ وَإِن تُخْفُوهَا وَتُؤْتُوهَا ٱلْفُقَرَآءَ فَهُوَ خَيْرٌ لَّكُمْ ۚ وَيُكَفِّرُ عَنكُم مِّن سَيِّـَٔاتِكُمْ ۗ وَٱللَّهُ بِمَا تَعْمَلُونَ

خَبِيرٌ ﴿٢٧١﴾ തിൻമകളിൽനിന്നും (കുറെഭാഗം) അവൻ മൂടിവെ(ച്ചുമാപ്പാ) ക്കുകയും ചെയ്യുതാണ്. അല്ലാഹുവാകട്ടെ, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

270. وماأنفقتم നിങ്ങൾ എന്തു ചിലവഴിക്കുന്നുവോ. من نفقة ചിലവായിട്ട്, വല്ല ചിലവും. أونذرتم അല്ലെങ്കിൽ നിങ്ങൾ നേർന്നു (വോ) . من نذر വല്ല നേർച്ചയും നേർച്ചയായിട്ട്. فإن الله എന്നാൽ നിശ്ചയമായും അല്ലാഹു. يعلمه അതിനെ അറിയും. وما للظالمين അക്രമികൾക്കില്ല. من أنصار യാതൊരു സഹായികളും. 271 إنْ تبدوا നിങ്ങൾ വെളിവാക്കുന്നപക്ഷം, വ്യക്തമാക്കിയെങ്കിൽ الصدقات ദാനധർമ്മങ്ങളെ. فنعما എന്നാൽ വളരെ (എത്രയോ) നല്ലതത്രെ,. هي അവ അത്. وإن تخفوها അവയെ നിങ്ങൾ മറച്ചുവെക്കുന്ന പക്ഷം. وتؤتوها അവയെ കൊടുക്കുകയും. الفقرآء ദരിദ്രൻമാർക്ക്. فهو എന്നാലത്. خير لكم നിങ്ങൾക്ക് ഉത്തമമാണ്. ويكفر عنكم നിങ്ങൾക്ക് (നിങ്ങളിൽനിന്ന്) അവൻ മൂടിവെക്കുക (മാപ്പാക്കുക) യും ചെയ്യും. من سيئاتكم നിങ്ങളുടെ തിൻമകളിൽനിന്ന് (ചിലത്) . والله അല്ലാഹുവാകട്ടെ. بما تعملونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. خبير സൂക്ഷമമായി അറിയുന്നവനാണ്.

ദാനധർമ്മങ്ങളെന്ന നിലക്കോ അല്ലാതെയോ ചെയ്യപ്പെടുന്ന എല്ലാ ചെലവുകളെക്കുറിച്ചും എല്ലാതരം നേർച്ചകളെക്കുറിച്ചും-അവ ചെറുതോ വലുതോ, രഹസ്യമോ പരസ്യമോ ഉദ്ദേശ്യ ശുദ്ധിയോടെയോ അല്ലാതെയോ ആവട്ടെ-അല്ലാഹുവിനറിയാം. ഒന്നും അവൻെറ കണക്കിൽപെടാതിരിക്കയില്ല. അതതിനു തക്ക പ്രതിഫലം അവൻ നൽകുകയും ചെയ്യും. വേണ്ടപ്പെട്ട വിഷയത്തിൽ ചെലവഴിക്കാതിരിക്കുന്നതും, അല്ലാഹു ഇഷ്ടപ്പെടാത്ത മാർഗ്ഗങ്ങളിൽ ചെലവഴിക്കുന്നതും, അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമല്ലാതെ മറ്റു വല്ല ലക്ഷ്യവും വെച്ചുകൊണ്ടു ചെലവഴിക്കുന്നതും അക്രമവും അനീതിയുമാകുന്നു. അക്രമം പ്രവർത്തിക്കുവർക്കാകട്ടെ, ഖിയാമത്തുനാളിൽ യാതൊരു രക്ഷയും, സഹായവും ലഭിക്കുകയില്ല താനും എന്നൊക്കെയാണ് ഒന്നാമത്തെ വചനത്തിൻെറ സാരം. ദാനധർമ്മങ്ങൾ ചെയ്യുന്നത് മറ്റുള്ളവർ കാണത്തക്കവിധം പരസ്യമായി ചെയ്യുന്നതിനു വിരോധമൊന്നുമില്ല. വളരെ നല്ലതു തന്നെ. പരസ്യമായിപ്പോയെന്നതുകൊണ്ട് അല്ലാഹു അതു സ്വീകരിക്കാതിരിക്കുകയില്ല. പക്ഷേ, ശുദ്ധമനസ്സോടെയും അല്ലാഹുവിൻെറ പ്രീതിയെ ഉദ്ദേശിച്ചുമായിരിക്കണമെന്നു മാത്രം. എങ്കിലും, ചിലവഴിക്കുന്നത് രഹസ്യമായിക്കുകയും, ദരിദ്രവിഭാഗത്തിനായിരിക്കുകയും ചെയ്യുന്നതാണ് അതിനെക്കാൾ ഉത്തമം. കൂടുതൽ പുണ്യം അതിലാണുള്ളത്. ദാനധർമ്മങ്ങൾക്കു-സ്വകാര്യമായി ചെയ്യുന്നവർക്കു വിശേഷിച്ചും-അല്ലാഹു വമ്പിച്ച പ്രതിഫലം നൽകുമെന്നു മാത്രമല്ല, ചെയ്തുപോയ പല പാപങ്ങളും പൊറുക്കുവാൻകൂടി അതു കാരണമാകുന്നതാണ്. ആരൊക്കെ എന്തൊക്കെ ചെയ്യുന്നു, ഓരോന്നും എത്ര കണ്ടു പ്രതിഫലം അർഹിക്കുന്നു. എന്നിത്യാദി കാര്യങ്ങളെല്ലാം അല്ലാഹുവിനു സസൂക്ഷ്മം അറിയാം. അതനുസരിച്ച് അവൻ നടപടി എടുക്കുകയും ചെയ്യും. എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിൻെറസാരം.

നിർബന്ധമില്ലാത്ത വല്ല പുണ്യകർമ്മവും ചെയ്തുകൊള്ളാമെന്നു സ്വയം പ്രതിജ്ഞ ചെയ്യുന്നതിനാണ് نذر (നേർച്ച) എന്നു പറയുന്നത്. ഇത് ആരാധനയുടെ ഇനത്തിൽപെട്ടതു മാകുന്നു. അതുകൊണ്ടാണ് നേർച്ചകളെല്ലാം അല്ലാഹുവിനു മാത്രമേ പാടുള്ളുവെന്നു നിയമിക്കപ്പെട്ടിരിക്കുന്നത്. ഒരു കാര്യം നേർച്ചയാക്കിയാൽ അതു നിർവ്വഹിക്കൽ നിർബ്ബന്ധ മാകുന്നു. പുണ്യകരമായ കാര്യങ്ങളല്ലാതെ നേർച്ചയാക്കുവാൻ പടില്ല താനും. നബി (ﷺ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “ആരെങ്കിലും അല്ലാഹുവിനെ അനുസരിക്കുവാൻ (അനുസരണത്തിൻെറ ഇനത്തിൽപെട്ട വല്ലതും ചെയ്വാൻ) നേർച്ചയാക്കിയാൽ, അവൻ അവനെ

(അല്ലാഹുവിനെ) അനുസരിച്ചുകൊള്ളട്ടെ. ആരെങ്കിലും അവനോട് അനുസരണക്കേടു കാണിക്കുകയും അരുത്'' (ബു) ''അനുസരണക്കേടിൽ നേർച്ചയേ ഇല്ല''. എന്നും തിരുമേനി പറഞ്ഞിട്ടുണ്ട്.(മു) അല്ലാഹുവിൻെറ തണലല്ലാത്ത മറ്റൊരു തണലും ഇല്ലാത്ത ദിവസം -ഖിയാമത്തുനാളിൽ-അല്ലാഹു തണൽ നൽകുന്ന ഏഴുകൂട്ടരെപ്പറ്റി പ്രസ്താവിക്കുന്ന പ്രസിദ്ധ ഹദീസിൽ, 'വലത്തേ കൈ ചിലവഴിക്കുന്നത് ഇടത്തേ കൈ അറിയാത്ത വിധം സ്വകാര്യമായി ധനം ചിലവഴിക്കുന്ന മനുഷ്യനെ'യാണ് നബി (ﷺ) ഒന്ന് എണ്ണിയിരിക്കുന്നത്. (ബു; മു) സ്വകാര്യമായി ദാനധർമ്മം ചെയ്യുന്നവൻ അല്ലാഹുവിൻെറ പ്രീതിയല്ലാതെ മറ്റൊന്നും കാംക്ഷിക്കുന്നില്ലല്ലോ. അതാണിതിന് കാരണം.

ധനികൻമാർക്ക് ധർമ്മം നൽകപ്പെടുന്നത് ദുർലഭമാണെങ്കിലും കാര്യമായ ഞെരുക്കമോ ബുദ്ധിമുട്ടോ ഇല്ലാത്തവർക്കും ചിലപ്പോൾ ധർമ്മം നൽകപ്പെട്ടുവെന്നുവരാം. ചിലപ്പോൾ ധനിക-ദരിദ്ര വ്യത്യാസം അറിയപ്പെടാതെ കൊടുക്കേണ്ടിയും വരാം. എന്നാലും അത് നല്ല കാര്യം തന്നെ. അതുകൊണ്ടായിരിക്കാം ദാനധർമ്മങ്ങൾ പരസ്യമാക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ, ദരിദ്രൻമാർക്കെന്നോ ധനികർക്കെന്നോ അല്ലാഹു വ്യക്തമാക്കാത്തതും, കൂടുതൽ നല്ലതിനെപ്പററി പറഞ്ഞപ്പോൾ രഹസ്യമാക്കുന്നതോടൊപ്പം ദരിദ്രൻമാർക്കായിരിക്കുക എന്നുകൂടി ചേർത്തു പറഞ്ഞതും. الله اعلم പരസ്യമായ ധർമ്മത്തെക്കാൾ രഹസ്യമായ ധർമ്മമാണ് ഉത്തമമെന്നുള്ളത് ഒരു പൊതു തത്വം തന്നെ. ചില സന്ദർഭങ്ങളിൽ അതിൽ വ്യത്യാസം വരാം. ഉദാഹരണമായി, ഒരാൾ ചെലവഴിക്കുന്നത് മറ്റുള്ളവർക്ക് മാതൃകയായിത്തീർന്നേക്കും. അല്ലെങ്കിൽ അയാൾ ചെലവഴിക്കാതിരിക്കുകയോ, ചെലവഴിക്കുന്നത് മറ്റുള്ളവർ അറിയാതിരിക്കുകയോ ചെയ്യുന്നതു നിമിത്തം തെറ്റിദ്ധാരണയോ, പൊതു നൻമക്ക് ദോഷമോ ഉണ്ടായേക്കാം. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ പരസ്യമാക്കുന്നതായിരിക്കും നന്നായിരിക്കുകയെന്ന് പണ്ഡിതൻമാർ ചൂണ്ടിക്കാട്ടുന്നു.

۞ لَّيۡسَ عَلَيۡكَ هُدَىٰهُمۡ وَلَٰكِنَّ ٱللَّهَ يَهۡدِي مَن يَشَآءُۗ وَمَا تُنفِقُواْ مِنۡ خَيۡرٖ فَلِأَنفُسِكُمۡۚ وَمَا تُنفِقُونَ إِلَّا ٱبۡتِغَآءَ وَجۡهِ ٱللَّهِۚ وَمَا تُنفِقُواْ مِنۡ خَيۡرٖ يُوَفَّ إِلَيۡكُمۡ وَأَنتُمۡ لَا تُظۡلَمُونَ ٢٧٢

272 (നബിയേ) അവരെ സൻമാർഗ്ഗത്തിലാക്കൽ നിൻെറ മേൽ (ബാധ്യത) ഇല്ല. എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗ്ഗത്തിലാക്കുകയത്രെ ചെയ്യുന്നത്. നിങ്ങൾ നല്ലതായുള്ളത് എന്തു ചിലവു ചെയ്താലും (അത്) നിങ്ങളുടെ സ്വന്തങ്ങൾക്കുവേണ്ടി (തന്നെ)യായിരിക്കും. അല്ലാഹുവിൻെറ മുഖത്തെ [പ്രീതിയെ] തേടിക്കൊണ്ടല്ലാതെ നിങ്ങൾ ചിലവഴിക്കുന്നുമില്ല (എന്നിരിക്കെ). നിങ്ങൾ നല്ലതായുള്ളതെന്ത് ചിലവഴിക്കുന്നതായാലും അത് [അതിൻെറ പ്രതിഫലം] നിങ്ങൾക്ക് നിറവേറ്റിത്തരപ്പെടുന്നതാണ്; നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ല താനും.

---

272 ليس عليك നിൻെറ മേൽ ഇല്ല. هداهم അവരുടെ സൻമാർഗ്ഗം, സൻമാർഗ്ഗത്തിലാക്കൽ. ولكن الله എങ്കിലും അല്ലാഹു. يهدي അവൻ സൻമാർഗ്ഗത്തിലാക്കും. من يشاء അവൻ ഉദ്ധേശിക്കുന്നവരെ. وما تنفقوا നിങ്ങൾ എന്തു ചിലവഴിക്കുന്നുവോ. من خير നല്ലതായിട്ട്. فلأنفسكم എന്നാൽ നിങ്ങളുടെ സ്വന്തങ്ങൾക്കുവേണ്ടിയാണ്. وما تنفقونَ നിങ്ങൾ ചിലവഴിക്കുന്നുമില്ല, ചിലവഴിക്കാത്ത സ്ഥിതിക്ക്. إلا ابتغاء തേടിക്കൊണ്ടല്ലാതെ, തേടുവാനല്ലാതെ. وجه الله അല്ലാഹുവിൻെറ മുഖത്തെ (പ്രീതിയെ) . وما تنفقوا നിങ്ങൾ എന്ത് ചിലവഴിച്ചാലും. من خير നല്ലതായിട്ട്. يوف അത് നിറവേറ്റപ്പെടും. إليكم നിങ്ങൾക്ക്. وأنتم നിങ്ങളാകട്ടെ. لا تظلمونَ നിങ്ങൾ അക്രമിക്ക(അനീതി ചെയ്യ) പ്പെടുകയുമില്ല.

പ്രബോധനം ചെയ്യുക, ഉപദേശിക്കുക, സൻമാർഗ്ഗം കാണിച്ചുകൊടുക്കുക ഇതൊക്കെയാണ് നബി (ﷺ) യുടെ ചുമതല. എന്നല്ലാതെ, അത് അംഗീകരിപ്പിച്ചു നേർ മാർഗ്ഗത്തിൽ ചേർക്കുക തിരുമേനിയുടെ ബാധ്യതയല്ല. അത് അല്ലാഹുവിൻെറ പ്രവൃത്തി യാകുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കും ആരെയാണ് നേർ മാർഗ്ഗത്തിലാക്കേണ്ടത്, ആരാണതിന് അർഹൻ എന്നൊക്കെ അല്ലാഹുവിനാണല്ലോ അറിയുക. ഈ സംഗതി ഖുർആനിൽ പല സ്ഥലത്തും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്.

ദാനധർമ്മങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിനിടയിൽ ഇക്കാര്യം എടുത്തുപറയുവാൻ കാ രണമുണ്ടെന്ന് പല രിവായത്തുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അവയുടെ ചുരുക്കം ഇതാകുന്നു: സത്യവിശ്വാസികളിൽ പലരും തങ്ങളുടെ അവിശ്വാസികളായ ബന്ധുക്കൾക്കും സ്വന്തക്കാർക്കും നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ നിറുത്തൽ ചെയ്കയും, അവർക്ക് ദാനധർമ്മങ്ങൾ നൽകുവാൻ മടിക്കുകയും ഉണ്ടായി. ഈ വചനം അവതിരിക്കുന്നതിന് മുമ്പ് മുസ്‌ലിംകൾക്കല്ലാതെ ധർമ്മം കൊടുക്കരുതെന്ന് നബി (ﷺ) യും ഉപദേശിച്ചിരുന്നുവെന്നും ഇബ്നു അബീഹാതിം(ﷺ) മുതലായവരുടെ ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. അവർ സത്യവ ിശ്വാസം സ്വീകരിക്കാത്തതിലുള്ള വെറുപ്പുകൊണ്ടു മാത്രമല്ല, അവരെ സത്യവിശ്വാസത്തിലേക്ക് പ്രേരിപ്പിക്കുവാനും കൂടിയായിരുന്നു അത്. ആ സമ്പ്രദായം തുടരേണ്ടതില്ലെന്ന് ഈ വചനം മുഖേന അറിയിക്കുന്നു. ദാനധർമ്മങ്ങൾ ചെയ്യുന്നത് മുസ്‌ലിംകൾക്കുതന്നെ ആയിക്കൊള്ള ണമെന്നില്ല. ഏത് മതസ്ഥർക്കും ആവാം. ആർക്ക് നൽകിയാലും അത് നല്ല കാര്യം തന്നെ. അവർ സന്മാർഗ്ഗം സ്വീകരിച്ചിട്ടില്ലാത്തതിൻെറ ബാധ്യത നിങ്ങൾക്കില്ല. അക്കാര്യം അല്ലാഹുവും അവരും തമ്മിൽ ആയിക്കൊള്ളും. അല്ലാഹുവിൻെറ പ്രീതിയെ ഉദ്ദേശിച്ചു ചെയ്യുന്ന ഏതൊരു ദാനധർമ്മവും-അതെത്ര നിസ്സാരമായതായാലും ശരി- ചെയ്യുന്നതിൻെറഫലം നിങ്ങൾ തന്നെയാണ് ആസ്വദിക്കുക. ഒന്നും അല്ലാഹു പാഴാക്കുകയില്ല. പ്രതിഫലത്തിൽ യാതൊരു കുറവും വരുത്താതെ അതവൻ നിറവേറ്റിത്തരുകതന്നെ ചെയ്യും. എന്നൊക്കെയാണ് തുടർന്നു പറഞ്ഞതിൻെറ താൽപര്യം.

വിശ്വാസികൾക്കും അവിശ്വാസികൾക്കും നൽകുന്ന ധർമ്മങ്ങളും, സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കും നൽകുന്ന ധർമ്മങ്ങളും എല്ലാ നിലക്കും ഒരുപോലെയായിരിക്കുമെന്ന് ധരിക്കേണ്ടതില്ല. വാങ്ങുന്നവർ ഏതുതരക്കാരായാലും കൊടുക്കുന്നത് പുണ്യകർമ്മം തന്നെ എന്നേ മേൽ പറഞ്ഞതിന് അർത്ഥമുള്ളു. സക്കാത്തുപോലെയുള്ള നിർബന്ധ ധർമ്മങ്ങൾ മുസ ്‌ലിംകൾക്കുതന്നെ നൽകപ്പേടേണ്ടതുമുണ്ട്. നൽകപ്പെടുന്ന ധനം ഇസ്‌ലാമിനെതിരെയോ, ദുർമാർഗ്ഗങ്ങളിലോ വിനിയോഗിക്കപ്പെടുമെന്നുകണ്ടാൽ, അപ്പോൾ അങ്ങിനെയുള്ളവർക്ക് ദാനധർമ്മങ്ങളോ സംഭാവനകളോ നൽകിക്കൂടാത്തതുമാകുന്നു. നൽകപ്പെടുന്ന ആളുക ളുടെയും, ചെലവഴിക്കപ്പെടുന്ന വിഷയങ്ങളുടെയും സ്ഥിതിക്കനുസരിച്ച് ദാനധർമ്മങ്ങളുടെ പ്രാധാന്യത്തിൽ വ്യത്യാസമുണ്ടായിരിക്കുമെന്നും അടുത്ത വചനത്തിൽ നിന്ന് മനസ്സി ലാക്കാവുന്നതാണ്.

لِلْفُقَرَآءِ ٱلَّذِينَ أُحْصِرُوا۟ فِى سَبِيلِ ٱللَّهِ لَا يَسْتَطِيعُونَ ضَرْبًا فِى ٱلْأَرْضِ يَحْسَبُهُمُ ٱلْجَاهِلُ أَغْنِيَآءَ مِنَ ٱلتَّعَفُّفِ تَعْرِفُهُم

273 അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തടഞ്ഞു വെക്കപ്പെട്ടിട്ടുള്ളവരായ ദരിദ്രർക്കത്രെ (ദാനധർമ്മങ്ങൾ നൽധകേണ്ടത്) ; ഭൂമിയി ൽ സഞ്ചരിക്കുവാൻ അവർക്ക് കഴിയുന്ന തല്ല; ആത്മാഭിമാനം പാലിക്കുന്നതു നിമി ത്തം, അറിയാത്തവൻ അവരെ ധനികന്മാ രായി കണക്കാക്കുന്നു; അവരുടെ ലക്ഷ

بِسِيمَـٰهُمْ لَا يَسْـَٔلُونَ ٱلنَّاسَ إِلْحَافًا ۗ وَمَا تُنفِقُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ﴿٢٧٣﴾

ണം കൊണ്ട് അവരെ നിനക്ക് മനസ്സിലാക്കാവുന്നതാണ്; അവർ മനുഷ്യരോട് ബുദ്ധിമുട്ടിച്ച് (ഒന്നും) ചോദിക്കുകയില്ല. [ഇങ്ങിനെയുള്ളവർക്കത്രെ ദാനധർമ്മങ്ങൾ നൽകേണ്ടത്.] നിങ്ങൾ നല്ലതായുള്ളത് എന്ത് ചിലവഴിക്കുന്നതായാലും അല്ലാഹു അതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

---

273 **لِلْفُقَرَآءِ** ദരിദ്രർക്ക്. **الذين** യാതൊരു കൂട്ടരായ. **أُحصروا** അവർ തടഞ്ഞുവെക്കപ്പെട്ടു, മുടക്കപ്പെട്ടിരിക്കുന്നു. **في سبيل الله** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **لايستطيعونَ** അവർക്ക് കഴിയുകയില്ല. **ضربافي الأرض** ഭൂ(മിയിൽ) സഞ്ചരിക്കുവാൻ, യാത്രക്ക്. **يحسبهم** അവരെ കണക്കാക്കും, ഗണിക്കും. **الْجاهلُ** അറിയാത്തവൻ, മൂഢൻ. **أَغْنِيَاءَ** ധനികൻമാരെന്ന്. **من التعفف** ആത്മാഭിമാനം പാലിക്കൽ നിമിത്തം. **تعرِفُهم** നിനക്കവരെ മനസ്സിലാക്കാം. **بِسِيماهم** അവരുടെ ലക്ഷണം (അടയാളം) കൊണ്ട്. **لا يسألُونَ** അവർ ചോദിക്കുക(യില്ല) . **الناس** മനുഷ്യരോട്. **إِلْحافًا** ബുദ്ധിമുട്ടിച്ച്. **وما تنفقُوا** നിങ്ങൾ എന്തു ചിലവഴിക്കുന്നതായാലും. **من خير** നല്ലതായിട്ട്. **فَإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **به عليم** അതിനെക്കുറിച്ച് അറിയുന്നവനാണ്.

ആർക്കായാലും ദാനധർമ്മം ചെയ്യുന്നത് നല്ലകാര്യമാണെന്ന് കഴിഞ്ഞ വചനത്തിൽ ചൂണ്ടിക്കാട്ടി എന്നാൽ, അതിന് ഏറ്റവും അർഹരായവർ ആരാണെന്ന് ഈ വചനത്തിൽ പ്രസ്താവിക്കുന്നു. മക്കായിൽ ഹിജ്റ വന്നവരും പാർപ്പിടമോ ഉപജീവനമാർഗ്ഗമോ ഇല്ലാത്തവരുമായ കുറേ സഹാബികൾ മദീനാപള്ളിക്കോലായയിലും പരിസരത്തുമായി കഴിഞ്ഞുകൂടുന്നുണ്ടായിരുന്നു. ഇസ്‌ലാമിക വിജ്ഞാനം സമ്പാദിക്കുക, നബി(ﷺ) തിരുമേനിയുടെ നിർദ്ദേശപ്രകാരം സമരങ്ങളിലും സൈനിക നടപടികളിലും പങ്കെടുക്കുക മുതലായ ദീനീ സേവനങ്ങളിൽ മുഴുകിയവരായിരുന്നു അവർ. 'സ്വഫ്- ഫത്തുകാർ' اصحاب الصفة (കോലായയിൽ താമസിക്കുന്നവർ) എന്ന പേരിൽ അറിയപ്പെട്ടിരുന്ന അവർ ഏറെക്കുറെ മുന്നൂറു പേരുണ്ടായിരുന്നു. ഇവർക്കാണ് ദാനധർമ്മങ്ങളിൽ മുൻഗണന നൽകപ്പെടേണ്ടതെന്ന് അല്ലാഹു ഉണർത്തുന്നു. ഇക്കാലത്ത് സ്വുഫ്-ഫത്തുകാർ ഇല്ലെങ്കിലും - ഭാഗികമായിട്ടെങ്കിലും അവരെപ്പോലെ മതവിജ്ഞാന സമ്പാദനം തുടങ്ങിയ ദീനീ സേവനങ്ങളിൽ ഏർപ്പെട്ട് ജീവിതമാർഗ്ഗത്തിന് വകയില്ലാതെ ബുദ്ധിമുട്ടുന്നവർക്കും ഇതുപോലെ എല്ലാകാലത്തും മുൻഗണന നൽകേണ്ടതുണ്ടെന്നും, അവർക്കുവേണ്ടി ധനം ചെലവഴിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു പുണ്യകർമ്മമാണെന്നും ഈ വചനത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാകുന്നു. സ്വുഫ്-ഫത്തുകാരുടെ മാതൃകാപരമായ ചില സ്വഭാവങ്ങൾ അല്ലാഹു എടുത്തു പറഞ്ഞിട്ടുള്ളത് പ്രത്യേകം ശ്രദ്ധാർഹമാണ്:-

(1) അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തടഞ്ഞുവെക്കപ്പെട്ടവരാണ്. അതെ, ഭൗതികമായ ഉദ്ദേശ്യങ്ങളൊന്നും അവർക്കില്ല. അല്ലാഹുവിൻെറ മതത്തിനുവേണ്ടി അവർ നാടും വീടും ത്യജിച്ചുപോന്നു. അല്ലാഹുവിൻെറ പ്രീതി സമ്പാദിക്കലും ഇസ്‌ലാമിനുവേണ്ടി തങ്ങളാൽ കഴിയുന്ന ത്യാഗങ്ങൾ അനുഷ്ഠിക്കലുമാണവരുടെ ജീവിത ലക്ഷ്യം.(2) ഭൂമിയിലൂടെ സഞ്ചരിച്ച് കച്ചവടം, കൃഷി മുതലായവ നടത്തുവാനുള്ള പരിതസ്ഥിതികളും സൗകര്യവും അവർക്കില്ല. (3) അതേസമയം അവരുടെ യഥാർത്ഥ സ്ഥിതിഗതികളെക്കുറിച്ച് അറിയാത്തവർ അവരെപ്പറ്റി കേവലം ധനികൻമാരാണെന്നായിരിക്കും ധരിക്കുക. കാരണം, അവർ അത്രക്കും ആത്മാഭിമാനം സംരക്ഷിക്കുന്നവരാകുന്നു. അവരുടെ പെരുമാറ്റത്തിലോ, സംസാരത്തിലോ ദാരിദ്ര്യത്തിൻെറയും, ഞെരുക്കത്തിൻെറയും സൂചനകൾ അവർ പ്രകടിപ്പിക്കുകയില്ല. (4) പക്ഷേ, ചില പ്രത്യേക ലക്ഷണങ്ങൾ-വിനയം, ഒതുക്കം, വിളർത്ത മുഖം, ഒട്ടിയ വയർ, പരവശപ്പെട്ട ശരീരം, കീറിയതും പഴയതുമായ വസ്ത്രം ആദിയായ അടയാളങ്ങൾ-വഴി അവരുടെ യഥാർത്ഥ സ്ഥിതി

മനസ്സിലാക്കുവാൻ കഴിയുന്നതാണ്. വിശപ്പിൻെറ കാഠിന്യം മൂലം അവരിൽ ചിലർ പള്ളിയിൽ നമസ്കാരവേളയിൽ വീണുപോകുകയും, ഉൾനാട്ടുകാരായ അറബികൾ അത് കാണുമ്പോൾ അവർക്ക് ഭ്രാന്താണെന്ന് ധരിക്കുകയും ചെയ്യുമായിരുന്നു. ബുഖാരീ (ﷺ) രേഖപ്പെടുത്തിയ ഒരു ഹദീസിൽ അബൂഹുറൈറ: (رضي الله عنه) പറയുകയാണ്: ''സ്വുഫ്- ഫത്തിൻെറ ആൾക്കാരിൽ എഴുപത് പേരെ ഞാൻ കണ്ടിട്ടുണ്ട്. അവരിൽ ഒരാൾക്കെങ്കിലും ഒരു തട്ടം (രണ്ടാം മുണ്ട്) ഉണ്ടായിരുന്നില്ല. ഒന്നുകിൽ ഒരു തുണി, അല്ലെങ്കിൽ ഒരു കരിമ്പടം (കമ്പിളി) . അതവർ തോളുകളിൽ കെട്ടിയിരിക്കും. ചിലത് കണങ്കാലിൽ പകുതിവരെയും, ചിലത് ഞെരിയാണിവരെയും എത്തുമായിരിക്കും. ഗുഹ്യസ്ഥാനം കാണാതിരിക്കുവാനായി അവർ അത് (കൈകൊണ്ടു) കൂട്ടിപ്പിടിച്ചുകൊണ്ടിരിക്കുമായിരുന്നു.'' (5) എന്നാലും മറ്റുള്ളവരോടു യാചിക്കുകയോ, വല്ലതും ചോദിച്ച് ബുദ്ധിമുട്ടിക്കുകയോ അവർ ചെയ്കയില്ല. അനിവാര്യമായ ഘട്ടത്തിൽപോലും ആരോടെങ്കിലും വല്ലതും ആവശ്യപ്പെട്ടാൽതന്നെ അത് മാന്യമായ നിലയിലും സൂചനാരൂപത്തിലുമായിരിക്കും. ഇവർക്ക് മുൻഗണന നൽകേണ്ടതിൻെറ ആവശ്യകത ഇതിൽ നിന്നെല്ലാം സ്പഷ്ടമാണല്ലോ.

യാചനയും, അന്യരോട് ചോദിച്ചു വാങ്ങുന്നതും ഇസ്‌ലാമിൽ എത്രമാത്രം ആക്ഷേപകരമായിട്ടാണ് ഗണിക്കപ്പെട്ടിരിക്കുന്നതെന്ന് താഴെ കാണുന്നതുപോലെയുള്ള പല നബി വചനങ്ങളിൽനിന്നും മനസ്സിലാകുന്നതാണ്: (1) ബുഖാരീ, മുസ്‌ലിം (ﷺ) മുതലായവർ പല മാർഗ്ഗങ്ങളിലൂടെയും രേഖപ്പെടുത്തിയ ഒരു നബി വചനത്തിൻെറ സാരമാണിത്: ''ഒന്നോ രണ്ടോ കാരക്കയോ, ഒന്നോ രണ്ടോ പിടി ഭക്ഷണമോ കൊടുത്താൽ മടങ്ങിപ്പോകുന്ന ഈ അലഞ്ഞു നടക്കുന്നവരല്ല സാധുക്കൾ. പരാശ്രയം കൂടാതെ കഴിക്കാവുന്ന ധനമില്ലാതെയും, ദാനധർമ്മം ലഭിക്കാത്തവണ്ണം മറ്റുള്ളവർക്ക് തന്നെപ്പറ്റി മനസ്സിലാക്കുവാൻ കഴിയാതെയും, മനുഷ്യരോട് ഒന്നും ചോദിക്കാതെയും ഇരിക്കുന്നവനാണ് സാധു.'' (2) ബുഖാരിയും മുസ്‌ലിമും (ﷺ) ഉദ്ധരിച്ച മറ്റൊരു നബിവചനം: ''നിങ്ങളിലൊരാൾ ചോദിച്ചു വാങ്ങിക്കൊണ്ടിരിക്കുന്നതായാൽ, അവൻ അല്ലാഹുവിനെ കണ്ടുമുട്ടുന്ന സമയത്ത് (ഖിയാമത്ത് നാളിൽ) അവൻെറ മുഖത്ത് ഒരു പിച്ച് മാസവും ഉണ്ടായിരിക്കുകയില്ല.'' ''ധനം വർദ്ധിക്കുവാനായി ആരെങ്കിലും ജനങ്ങളോട് ചോദിച്ചു വാങ്ങുന്നതായാൽ, അവൻ, തീക്കനലാണ് ചോദിക്കുന്നത്. ആയകാൽ അവൻ, (ചോദ്യം) കുറുക്കുവാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ അധികരിപ്പിക്കുവാൻ ശ്രമിക്കുകയോ (ഇഷ്ടം പോലെ) ചെയ്തുകൊള്ളട്ടെ.'' (മു) (4) ആർ അഭിമാനം കാക്കുവാൻ ശ്രമിക്കുന്നുവോ അവന് അല്ലാഹു അഭിമാനം കാത്തുകൊടുക്കും. ആർ ധന്യത പ്രകടിപ്പിക്കുന്നുവോ അവന് അല്ലാഹു ധന്യത നൽകും. (ബു:മു.) (5) ഒരവസരത്തിൽ ഖബീസ്വ: (رضي الله عنه) എന്ന സഹാബിയോട് നബി (ﷺ) പറഞ്ഞതിൻെറ സാരമിതാണ്: ''ചോദിച്ചുവാങ്ങുവാൻ മൂന്നാളുകൾക്കേ പാടുള്ളു: വല്ല കടബാദ്ധ്യതയും ഏറ്റെടുത്തവന് അത് ലഭിക്കുന്നതുവരെയും വല്ല അത്യാപത്തും സംഭവിച്ചു ധനം നശിച്ചുപോയവന് അത്യാവശ്യ ജീവിതത്തിനുള്ള വക ലഭിക്കുന്നതുവരെയും, ഇന്ന ആൾക്ക് ദാരിദ്ര്യം ബാധിച്ചിട്ടുണ്ടെന്ന് നാട്ടുകാരായ മൂന്ന് ബുദ്ധിമാൻമാർ പറയത്തക്കവിധം ദാരിദ്ര്യം പിടിപെട്ട ആൾക്ക് അത്യാവശ്യ ജീവിതത്തിനുള്ള വക ലഭിക്കുന്നതുവരെയും. പിന്നീടവൻ നിറുത്തണം. ഇതല്ലാത്ത ചോദ്യം- ഖബീസ്വാ-ഹറാമാകുന്നു. അത് തിന്നുന്നവൻ ഹറാമു തിന്നുകയാണ്.(മു) .

വിഭാഗം-38

274 യാതൊരു കൂട്ടർ, രാത്രിയും പകലും, രഹസ്യമായും, പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചിലവഴിക്കുന്നുവോ, അവർക്ക് അവരുടെ റബ്ബിൻെറ അടുക്കൽ	ٱلَّذِينَ يُنفِقُونَ أَمْوَٰلَهُم بِٱلَّيْلِ وَٱلنَّهَارِ سِرًّا وَعَلَانِيَةً فَلَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا

അവരുടെ പ്രതിഫലം ഉണ്ടായിരിക്കും; അവരുടെമേൽ യാതൊരു ഭയവുമില്ല; അവർ വ്യസനപ്പെടുകയുമില്ല.	خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ٢٧٤

274 **الذين ينفقونَ** ചിലവഴിക്കുന്നവർ. **أموالَهم** തങ്ങളുടെ സ്വത്തുക്കളെ. **بالليل** രാത്രിയിൽ. **والنهار** പകലിലും,. **سرا** രഹസ്യമായി. **وعلانِيةً** പരസ്യമായും. **فلهم أجرهم** എന്നാൽ അവർക്ക് അവരുടെ പ്രതിഫലം ഉണ്ടായിരിക്കും. **عند ربهم** തങ്ങളുടെ റബ്ബിൻെറ അടുക്കൽ. **ولا خوف** ഒരു പേടിയും ഇല്ല. **عليهم** അവരുടെ മേൽ. **ولا هم يحزنونَ** അവർ വ്യസനപ്പെടുകയില്ല..

രാപ്പകൽ വ്യത്യാസമെന്യെ രഹസ്യമായും പരസ്യമായും സന്ദർഭത്തിനും കഴിവിനു മനുസരിച്ച് അല്ലാഹുവിൻെറ പ്രീതിയെ ലക്ഷ്യമാക്കിക്കൊണ്ട് സൽക്കാര്യങ്ങളിൽ ധനം ചിലവഴിക്കുന്നവർക്കു അവരുടേതായ വമ്പിച്ച പ്രതിഫലങ്ങൾ അല്ലാഹു ഒരുക്കിവെച്ചിട്ടുണ്ടെന്നും അല്ലാഹുവിൻെറഅടുക്കൽ ചെല്ലുമ്പോൾ അതവർക്ക് ലഭിക്കാതിരിക്കുകയില്ലെന്നും. അവർക്ക് ഒരു തരത്തിലുള്ള ഭയമോ വ്യസനമോ ഏർപ്പെടുകയില്ലെന്നും അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നു. വേണ്ടപ്പെട്ട എല്ലാ വിഷയത്തിലുമുള്ള ധനവ്യയം ഇതിൽ ഉൾപ്പെടുന്നതാണ്. പ്രസിദ്ധമായ ഒരു ഹദീസിൽ സഅദുബ്നു അബീവഖ്-ഖാസ് (رضي الله عنه) നോടു നബി (صلى الله عليه وسلم) അരുളിച്ചെയ്ത ഒരു വചനം ഇവിടെ സ്മരണീയമാകുന്നു: ''അല്ലാഹുവിൻെറ മുഖത്തെ പ്രീതിയെ - തേടിക്കൊണ്ടു നീ ചിലവഴിക്കുന്ന ഏതൊരു ചിലവും തന്നെ, തനിക്കു അതുമൂലം പദവിയും, ഉയർച്ചയും വർദ്ധിക്കാതിരിക്കുകയില്ല- തൻെറ ഭാര്യയുടെ വായയിലേക്കു കൊടുക്കുന്ന ഭക്ഷണംവരെ'' (ബു;മു.) ഇബ്നുമസ്ഊദ് (رضي الله عنه) ഉദ്ധരിക്കുന്ന മറ്റൊരു നബിവചനം: ''ഒരു മുസ്ലിം (അല്ലാഹുവിൻെറ) പ്രതിഫലം കണക്കിലെടുത്തുകൊണ്ട് തൻെറ വീട്ടുകാർക്കുവേണ്ടി ചിലവഴിച്ചാൽ അതു അവൻെറ വക ഒരു ധർമ്മമായിത്തീരുന്നതാണ്. (ബു:മു.)

275 പലിശ (മുതൽ) തിന്നുന്നവർ, ബാധ (അഥവാ ഭ്രാന്തു) നിമിത്തം പിശാചു മറിച്ചു വീഴ്ത്തുന്നവൻ എഴുന്നേൽക്കുന്ന പോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അത് (സംഭവിക്കുന്നത്) ''നിശ്ചയമായും കച്ചവടം [കൊള്ളക്കൊടുക്കൽ] പലിശ പോലെത്തന്നെയാണ്'' എന്ന് അവർ പറഞ്ഞത് കൊണ്ടത്രെ. കച്ചവടം [കൊള്ളക്കൊടുക്കൽ] അല്ലാഹു അനുവദനീയമാക്കുകയും, പലിശ അവൻ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഏതൊരുവന് തൻെറ റബ്ബിൽ നിന്നുള്ള സദുപദേശം വന്നിട്ട് അവൻ (അതിൽ നിന്നു) വിരമിച്ചുവോ,- എന്നാലവന് മുൻ കഴിഞ്ഞത് ഉണ്ടായിരിക്കും. [അതവന് എടുക്കാം.] അവൻെറ കാര്യം അല്ലാഹു വിങ്കലേക്കുമാകുന്നു. [അവൻ തീരുമാനമെടുത്തുകൊള്ളും] യാതൊരുവർ (വീണ്ടും) ആവർത്തിച്ചുവോ, അക്കൂട്ടർ നരകത്തിൻെറ ആൾക്കാരാകുന്നു;- അവർ അതിൽ നിത്യവാസികളായിരിക്കും.	ٱلَّذِينَ يَأۡكُلُونَ ٱلرِّبَوٰاْ لَا يَقُومُونَ إِلَّا كَمَا يَقُومُ ٱلَّذِي يَتَخَبَّطُهُ ٱلشَّيۡطَٰنُ مِنَ ٱلۡمَسِّۚ ذَٰلِكَ بِأَنَّهُمۡ قَالُوٓاْ إِنَّمَا ٱلۡبَيۡعُ مِثۡلُ ٱلرِّبَوٰاْۗ وَأَحَلَّ ٱللَّهُ ٱلۡبَيۡعَ وَحَرَّمَ ٱلرِّبَوٰاْۚ فَمَن جَآءَهُۥ مَوۡعِظَةٞ مِّن رَّبِّهِۦ فَٱنتَهَىٰ فَلَهُۥ مَا سَلَفَ وَأَمۡرُهُۥٓ إِلَى ٱللَّهِۖ وَمَنۡ عَادَ فَأُوْلَٰٓئِكَ أَصۡحَٰبُ ٱلنَّارِۖ هُمۡ فِيهَا خَٰلِدُونَ ٢٧٥

275 الذين يأكُلونَ തിന്നുന്നവൻ. الربا പലിശ. لايَقُومونَ അവർ എഴുന്നേൽക്കുകയില്ല. إلاكمايقُوم എഴുന്നേൽക്കുന്നതുപോലെയല്ലാതെ. الذي യാതൊരുവൻ. يتخبطُه അവനെ മറിച്ചു വീഴ്ത്തും. الشيطانُ പിശാച്. من المس ബാധ (ഭ്രാന്തു) നിമിത്തം, സ്പർശനത്താൽ. ذَلكَ അത്. بِأنهم قالُوا അവർ പറഞ്ഞ (പറയുന്ന) തുകൊണ്ടാണ്. إنما البيع നിശ്ചയമായും വിൽപന, കച്ചവടം, ക്രയവിക്രയം. مثْلُ الربا പലിശമാതിരിതന്നെയാണ്. وأحل اللهُ അല്ലാഹു അനുവദനീയമാക്കുകയും ചെയ്തിരിക്കുന്നു. البيع വിൽപന, കച്ചവടം. وحرم അവൻ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. الربا പലിശയെ. فَمن جاءَه എന്നാൽ ആർക്കു വന്നുവോ. موعظةٌ സദുപദേശം. من ربه തന്റെ റബ്ബിൽനിന്നു. فَانتهى എന്നിട്ടവൻ വിരമിച്ചു, ഒഴിവായി. فَلَه എന്നാലവനു ായിരിക്കും. ما سلَف മുൻകഴിഞ്ഞത്. وأمره അവന്റെകാര്യം. إلى اللهِ അല്ലാഹുവിങ്ക ലേക്കായിരിക്കും. ومن عاد ആരെങ്കിലും മടങ്ങിയാൽ, ആവർത്തിച്ചാൽ. فَأولَئكَ എന്നാൽ അക്കൂട്ടർ. أصحاب النار നരകത്തിന്റെ ആൾക്കാരാകുന്നു. هم فيها അവരിതിൽ. خالدونَ നിത്യവാസികളായിരിക്കും.

കഴിഞ്ഞ ഏതാനും വചനങ്ങളിൽ ദാനധർമ്മങ്ങളെക്കുറിച്ച് പലതും വിവരിച്ചശേഷം, അവയുമായി എല്ലാ നിലക്കും വിപരീതമായ പലിശയെക്കുറിച്ച് ഈ വചനത്തിലും തുടർന്നുള്ള ചില വചനങ്ങളിലും പ്രസ്താവിക്കുന്നു. സദുദ്ദേശ്യം, ഔദാര്യം, ഹൃദയശുദ്ധി, ത്യാഗം, പരസഹായം, സാധുദയ, സാമൂഹ്യനൻമ, ആദിയായ സൽഗുണങ്ങളാണ് ദാനധർമ്മങ്ങൾക്ക് പ്രചോദനം നൽകുന്നതെങ്കിൽ, നേരെമറിച്ച് ദുരുദ്ദേശം, കുടിലമനസ്കത, സ്വാർത്ഥം, അതി മോഹനം, ചൂഷണം, സാമൂഹ്യദ്രോഹം ആദിയായ ദുർഗുണങ്ങളാണ് പലിശയുടെ പ്രേരകങ്ങൾ. ധർമ്മം നൽകുന്നവൻ അതിനുപകരം മറ്റൊന്ന് പ്രതീക്ഷിക്കുന്നില്ല. കൊടുത്ത സംഖ്യപോലും അവനു നഷ്ടപ്പെടുന്നു. പലിശക്കാരന് അവൻ കൊടുത്ത സംഖ്യയും പുറമെ ഒരു നിശ്ചിത തുകയും മടക്കിക്കിട്ടുന്നു. ധർമ്മിഷ്ഠൻ തന്റെ ബുദ്ധിമുട്ടുപോലെ മറ്റുള്ളവരുടെ ബുദ്ധിമുട്ടും കണക്കാക്കി അവരെ സഹായിക്കുകയാണെങ്കിൽ, പലിശക്കാരൻ തന്റെ ആവശ്യം കഴിച്ചു മിച്ചമിരിക്കുന്ന ധനത്തെ അൽപകാലത്തേക്കു മറ്റുള്ളവർക്കു വിട്ടുകൊടുക്കുന്നതിന്റെ പേരിൽ പാപവപ്പെട്ടവരുടെ ബുദ്ധിമുട്ടുകളെ ചൂഷണം ചെയ്ത് സമ്പാദിക്കുകയാണ് ചെയ്യുന്നത്. അവൻ ചോരനീരാക്കി അദ്ധ്വാനിച്ചുണ്ടാക്കിയതിൽനിന്നു അന്യനെ സഹായിക്കുന്നുവെങ്കിൽ, ഇവൻ അന്യന്റെ അദ്ധ്വാനം പിഴിഞ്ഞെടുക്കുകയും, അവന്റെ രക്തം ഊറ്റിക്കുടിക്കുകയും ചെയ്യുന്നു. ദാനധർമ്മങ്ങൾ മനുഷ്യത്വപരമായ സൽസ്വഭാവത്തെ പ്രതിനിധാനം ചെയ്യുന്നു. അതോടുകൂടി അല്ലാഹുവിന്റെ പ്രീതിക്കും പ്രതിഫലത്തിനും അവൻ പാത്രമാകുകയും ചെയ്യുന്നു. പലിശയ ാകട്ടെ, പൈശാചിക സ്വഭാവവും, അല്ലാഹുവിന്റെ ശാപകോപങ്ങൾക്കും ശിക്ഷക്കും കാ രണമായിത്തീരുകയും ചെയ്യും. ഇങ്ങിനെ ഏതു വശത്തിലൂടെ നോക്കിയാലും അവ രണ്ടും പരസ്പരവിരുദ്ധങ്ങളത്രെ. മായിത്തീരുകയും ചെയ്യും. ഇങ്ങിനെ ഏതു വശത്തിലൂടെ നോക്കിയാലും അവ രണ്ടും പരസ്പരവിരുദ്ധങ്ങളത്രെ.

പലിശ മുതൽ ഉപയോഗിക്കുന്നവരെപ്പറ്റി الذين يأكلون الربوا (പലിശതിന്നുന്നവർ) എന്ന പ്രയോഗം അല്ലാഹുവിന് അവരോടുള്ള വെറുപ്പിനെ സൂചിപ്പിക്കുന്നു. ധനംകൊണ്ടുള്ള പ്രയോജനങ്ങളിൽ ഏറ്റവും മുഖ്യാമയതു തീറ്റയാണല്ലോ. കൂടാതെ-ഇബ്നുജരീർ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ-ഈ വചനം അവതരിക്കുമ്പോൾ അവിടെയുണ്ടായിരുന്ന പലിശക്കച്ചവട ക്കാരുടെ ഉപജീവന മാർഗ്ഗം തന്നെ അതായിരുന്നു. നിഷിദ്ധവും അക്രമവുമായ മാർഗ്ഗങ്ങളിലൂടെ അന്യരുടെ ധനം ചൂഷണം ചെയ്യുന്നവരെപ്പറ്റി ആക്ഷേപസൂചകമായി 'ധനം തിന്നുക' എന്ന പ്രയോഗം ഖുർആനിൽ വേറെയും കാണാം. പലിശ വാങ്ങുന്നവർ മാത്രമല്ല, അതിൽ ഏതെങ്കിലും നിലക്കു പങ്കുവഹിക്കുന്നവരും കുറ്റക്കാർ തന്നെ. ജാബിർ (رضي الله عنه) പറയുന്നു: "പലിശ തിന്നുന്നവനെയും, അതു തീറ്റുന്നവനെയും അതിന്റെ ഇരുസാക്ഷികളെയും, അതിന്റെ എഴുത്തുകാരനെയും നബി(ﷺ) ശപിച്ചിരിക്കുന്നു. അവരെല്ലാം സമമാണെന്നും അവടുന്നു

പറഞ്ഞിരിക്കുന്നു.'' (അ; മു; ദാ; തി) 'ഹറാമായ വിഷയത്തില്‍ സഹായിക്കുന്നതും പങ്കു വഹിക്കുന്നതും ഹറാമ് തന്നെയാണെന്നുള്ളത് ഒരു പൊതുതത്വമത്രെ. പക്ഷേ, കുറ്റത്തില്‍ എല്ലാവരും ഭാഗഭാക്കാണെങ്കിലും പലിശ വാങ്ങുന്നവന്റെ കുറ്റം മറ്റുള്ളവരെക്കാള്‍ കഠിനമായിരിക്കുമെന്നു പറയേണ്ടതില്ല. വിനാശകരങ്ങളായ ഏഴു മഹാപാപങ്ങളില്‍ നബി (ﷺ) പലിശയെയാണ് ഒന്ന് എണ്ണിയിട്ടുള്ളതെന്ന കാര്യവും പ്രസിദ്ധമാകുന്നു. (*) വേറൊരു ഹദീസില്‍, പലിശ എഴുപതു വിധത്തിലുണ്ടെന്നും, അവയില്‍ ഏറ്റവും ലഘുവായത്, ഒരാള്‍ അവന്റെ മാതാവിനെ വിവാഹം കഴിക്കുന്നതിനു തുല്യമാണെന്നും നബി(ﷺ) അരുളിചെയ്തിരിക്കുന്നു. ജ;ബ)

ربا (രിബാ) എന്ന മൂലപദമാണ് 'പലിശ' എന്ന് ഭാഷാന്തരം ചെയ്യപ്പെടുന്നത്. (†) ഇതിന് ഭാഷാര്‍ത്ഥം 'വളര്‍ച്ച' അല്ലെങ്കില്‍ 'വര്‍ദ്ധനവ്' എന്നത്രെ. മൂലധനം വര്‍ദ്ധിച്ചു വളര്‍ന്നു കിട്ടുന്ന ആദായമാണല്ലോ പലിശ. പലിശ ഇടപാടുകള്‍ സ്വഭാവേന രണ്ട് ഇനമായി വിഭജിക്കപ്പെടുന്നു. അതായത്:-

(1) കടക്കാരന് അവധി അനുവദിക്കുന്നതിന്റെ പേരില്‍ ഈടാക്കപ്പെടുന്ന ആദായം. ഇത് ربا النسيئة (അവധിപ്പലിശ) എന്ന പേരില്‍ അറിയപ്പെടുന്നു. ഈ ഇനത്തില്‍ അറബികള്‍ക്കിടയില്‍ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നതും, അവര്‍ പലിശ ഇടപാടുകളായി ഗണിച്ചു വന്നിരുന്നതും മൂന്നുതരം ഇടപാടുകളായിരുന്നു. ഒന്ന്: വല്ല സാധനവും അവധിവെച്ച് ഒരു സംഖ്യക്ക് വിറ്റ ശേഷം, അത് വാങ്ങിയവന്‍ ആ അവധിക്ക് വില തീര്‍ക്കാത്തപക്ഷം വീണ്ടും അവധി നീട്ടിക്കൊടുക്കുകയും, വിലയുടെ സംഖ്യ വര്‍ദ്ധിപ്പിക്കുകയും ചെയ്യും. പിന്നേയും അവധി വീണ്ടും നീട്ടിക്കൊടുക്കേണ്ടിവരുന്ന പക്ഷം വീണ്ടും സംഖ്യ വര്‍ദ്ധിപ്പിക്കുകയും ചെയ്യും. രണ്ട്: ഇത്ര കാലത്തേക്ക് ഇന്ന തോതില്‍ ആദായം കൂട്ടിത്തരണമെന്ന് നിശ്ചയത്തോടെ കടം കൊടുക്കുക. മൂന്ന്: കടത്തിന് ഒരു നിശ്ചിത അവധിവെക്കുകയും അന്ന് ഇത്ര സംഖ്യ കൂട്ടിത്തരണമെന്ന നിശ്ചയിക്കുകയും ചെയ്യുക. ഇതിലെല്ലാംതന്നെ കടത്തിന് അവധി നല്‍കുന്ന തിന്റെ പേരിലാണ് മൂലസംഖ്യയേക്കാള്‍ വര്‍ദ്ധനവ് ഈടാക്കുന്നതെന്ന് വ്യക്തമാണ്. ഇന്ന് നിലവിലുള്ള എല്ലാ പലിശ ഇടപാടുകളും വിശകലനം ചെയ്താല്‍- കാലാനുസൃതമായ ചില വ്യവസ്ഥകളും ഉപാധികളും ഒഴിവാക്കിയാല്‍-ഈ മൂന്നിലൊരു തരത്തില്‍ ഉള്‍പ്പെട്ടതായി കാണാം.

(2) സ്വര്‍ണ്ണം സ്വര്‍ണ്ണത്തിനും, ഗോതമ്പ് ഗോതമ്പിനുമെന്നപോലെ, ഒരു സാധനം അതേ ഇനത്തില്‍പെട്ട സാധനത്തിന് വില്‍ക്കുമ്പോള്‍ (കൈമാറുമ്പോള്‍) വസൂലാക്കപ്പെടുന്ന അധികാദായം. ഇത് ربا الفضل (മിച്ചപ്പലിശ) എന്ന പേരില്‍ അറിയപ്പെടുന്നു. ഇതിന് ربا النقد (റൊക്കപ്പലിശ) എന്നും പറയപ്പെടും. ഈ മിച്ചാദായം പ്രത്യക്ഷത്തില്‍ കച്ചവടലാഭമായി കരുതപ്പെടാവുന്നതുകൊണ്ട് ഇത്തരം ഇടപാടുകളെ അറബികള്‍ പലിശ ഇടപാടുകളായി ഗണിച്ചുവന്നിരുന്നില്ല. മാത്രമല്ല, കടക്കാരന് അവധി അനുവദിക്കുന്നതിന്റെ പേരില്‍ ആദായം ഈടാക്കുകയെന്ന തത്വം ഇതില്‍ വ്യക്തവുമല്ലല്ലോ. അതുകൊണ്ടാണ്- താഴെ വരുന്നതു പോലെ-ഈ ഇനം പലിശയെ സഹാബികളില്‍പെട്ട ചില വ്യക്തികള്‍ ആദ്യം നിഷേധിച്ചതും, പിന്നീട് നബി (ﷺ) യുടെ ഹദീസുകളെപ്പറ്റി അറിവായപ്പോള്‍ ആ അഭിപ്രായത്തില്‍ നിന്ന്

---

* ശിര്‍ക്ക്, സിഹര്‍, അന്യായമായകൊല, പലിശതിന്നല്‍, അനാഥകളുടെ ധനം തിന്നല്‍, യുദ്ധത്തില്‍ നിന്നും പിന്‍മാറിപ്പോരല്‍, പതിവ്രതകളായ സത്യവിശ്വാസിനികളെപ്പറ്റി വ്യഭിചാരാരോപണം ചെയ്യല്‍ ഇവയാണ് ആ ഏഴെണ്ണം (ബു; മു.)

† ഇത് ربا എന്നും ربوا എന്നും എഴുതപ്പെടുന്നു. മുസ്ഹഫുകളില്‍ ربوا എന്നാണ് സാധാരണ എഴുതപ്പെടാറുള്ളത്.

മടങ്ങിയതും. ആ ധാരണ നീക്കം ചെയ്വാനായിരിക്കാം രണ്ടാമത്തെ ഇനം പലിശയെപ്പറ്റി ഹദീസുകളിൽ കൂടുതൽ വിശദീകരിച്ചു കാണുന്നതും. അല്ലാഹുവിനറിയാം.

നബി (ﷺ) പ്രസ്താവിച്ചതായി അബൂസഈദിൽ ഖുദ്‌രീ (رضي الله عنه) ഉദ്ധരിച്ചിരിക്കുന്നു: ‘‘സ്വർണ്ണം സ്വർണ്ണത്തിനും, വെള്ളി വെള്ളിക്കും, ഗോതമ്പ് ഗോതമ്പിനും, യവം യവത്തിനും, കാരക്ക കാരക്കക്കും, ഉപ്പ് ഉപ്പിനും തുല്യത്തിന് തുല്യമായും, കൈക്കു കയ്യായും ആയിരിക്കണം (വിൽക്കുന്നത്) . ആരെങ്കിലും അധികം നൽകുകയോ, അധികം ആവശ്യപ്പെടുകയോ ചെയ്താൽ അത് പലിശയായിത്തീരുന്നു. വാങ്ങുന്നവനും കൊടുക്കുന്നവനും ഇതിൽ സമമാണ്. (ബു;മു) . ഹദീസിൻെറ ചില വാചകങ്ങളിൽ നിങ്ങൾ ഏററക്കുറവ് വരുത്തരുത്’ എന്നും, ചില വാചകങ്ങളിൽ ‘ഈ ജാതികൾ വ്യത്യാസപ്പെട്ടാൽ-അത് കൈക്കുകയ്യായി (റൊക്കമായി) ട്ടാണെങ്കിൽ -നിങ്ങൾ ഉദ്ദേശിച്ചപ്രകാരം വിറ്റുകൊള്ളുക’ എന്നും വന്നിട്ടുണ്ട്. അക്ഷര വ്യത്യാസങ്ങളും പദവ്യത്യാസങ്ങളും കാണപ്പെടുമെങ്കിലും ഈ ആശയം വ്യക്തമാക്കിക്കൊണ്ടുള്ള പല ഹദീസുകളും ബുഖാരി മുസ്‌ലിം (رحمهما الله) തുടങ്ങിയ ഹദീസ് പണ്ഡിതൻമാർ പല മാർഗ്ഗങ്ങളിലൂടെയും, പല സഹാബികൾ വഴിയായും ഉദ്ധരിച്ചിട്ടുണ്ടെന്നുള്ളത് പ്രസ്താവ്യമാകുന്നു. അബൂസഈദിൽ ഖുദരീ (رضي الله عنه) വീണ്ടും ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: നബി (ﷺ) യുടെ അടുക്കൽ ബിലാൽ (رضي الله عنه) കുറച്ചു ബറനീ (എന്ന ഉയർന്നതരം) കാരക്ക കൊണ്ടുവരുകയുണ്ടായി. ‘ഇതു എവിടെ നിന്നു (കിട്ടി) ’ എന്നു നബി (ﷺ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: ‘‘ഞങ്ങളുടെ പക്കൽ കുറച്ച് താണതരം കാരക്കയുണ്ടായിരുന്നു. അതിൽനിന്ന് രണ്ട് ‘സ്വാഇ’ന്നു ഒരു ‘സ്വാഉ’ വീതം വാങ്ങിയതാണ്.’’ അപ്പോൾ തിരുമേനി പറഞ്ഞു: ‘‘ആവൂ! തനി പലിശ! തനി പലിശ! അങ്ങനെ ചെയ്യരുത്. താൻ വാങ്ങുവാൻ ഉദ്ദേശിക്കുന്ന പക്ഷം, കാരക്ക വേറെ ഒരു വിൽപനയായി വിറ്റേക്കുക. എന്നിട്ട് അതിന് (മറ്റേതു) വാങ്ങിക്കൊള്ളുക.’’ (ബു;മു) പലിശയുടെ കലർപ്പിനു മാർഗ്ഗമായിത്തീരുന്ന മറ്റു പല ഇടപാടുകളെയും ഇതുപോലെ നബി (ﷺ) വിരോധിച്ചിട്ടുണ്ട്. അവ ഹദീസു ഗ്രന്ഥങ്ങളിലും മറ്റു സുലഭമാകുന്നു.’’

കാലാവധി അനുവദിക്കുന്നതിൻെറ പേരിൽ അസൽ സംഖ്യയെക്കാൾ കൂടുതൽ ഈടാക്കുന്നതാണല്ലോ പ്രത്യക്ഷത്തിൽ പലിശയായി ഗണിക്കപ്പെട്ടിരുന്നത്. ഒരു സാധനം അതേ ഇനത്തിൽപെട്ട സാധനത്തിന് വിൽക്കുമ്പോൾ വിൽക്കുവാനോ വാങ്ങുന്നവനോ കൂടുതൽ അളവ് കൈപറ്റുന്നതും, രണ്ടിലൊരാൾക്ക് അവധി അനുവദിക്കുന്നതും പലിശ ഇടപാടകളോട് അതിന് സാദൃശ്യം വരുത്തുന്നു. അതുകൊണ്ടും ഖുർആൻ അവതരിക്കുന്ന കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന പലിശ ഇടപാടുകളിലടങ്ങിയ ദോഷവശങ്ങൾ ഉണ്ടെന്നു തോന്നിക്കുന്ന എല്ലാ ഇടപാടുകളും ഇസ്‌ലാമിൽ നിന്ന് നിർമാർജ്ജനം ചെയ്യണമെന്ന നിലക്കാണ് നബി (ﷺ) ഇത്തരം ഇടപാടുകളെല്ലാം പലിശ ഇടപാടുകളായി പ്രഖ്യാപിച്ചത്. അല്ലാഹു നിഷിദ്ധമാക്കിയ പലിശയുടെയും, പലിശ ഏർപ്പെടുന്ന ഇടപാടുകളുടെയും വിശദീകരണം നൽകുകയും, പലിശ ഇടപാടുകളുമായി സാമ്യമുള്ള ഇടപാടുകൾ വിരോധിക്കുകയുമാണ് നബി (ﷺ) ഇത് മുഖേന ചെയ്തിരിക്കുന്നത്. കൂടാതെ, ഒരേ ഇനത്തിൽപെട്ട വസ്തുക്കളെ ഏതെങ്കിലും ചില ആവശ്യത്തെ മുൻനിറുത്തി സഹോദരങ്ങൾ തമ്മിൽ കൈമാറ്റം ചെയ്യേണ്ടതായി വരുമ്പോൾ അതിൻെറ പേരിൽ ഒരു ആദായം പറ്റുവാൻ തുനിയാതെ, അന്യോന്യം സഹായസഹകരണം ചെയ്യേണ്ടതിനുള്ള ഒരു പ്രോത്സാഹനംകൂടി ഇതിൽ അടങ്ങിയിരിക്കുന്നു. കൂടിയേ കഴിയൂ എങ്കിൽ- മേലുദ്ധരിച്ച ബിലാൽ (رضي الله عنه) ൻെറ സംഭവത്തിലും മറ്റും നബി (ﷺ) പറഞ്ഞത് പോലെ-കയ്യിലുള്ള സാധനം റൊക്കം വിലക്ക് വിറ്റ് ആ വിലകൊണ്ട് ആവശ്യമുള്ള സാധനം വേറെ വാങ്ങാവുന്നതുമാണല്ലോ. എന്നിട്ടെങ്കിലും പലിശയുടെ ചുവയിൽനിന്ന് മുസ്‌ലിംകൾ സംശുദ്ധമായിരിക്കേണ്ടതുണ്ടെന്നാണ് ബിലാൽ (رضي الله عنه) നോട് നബി (ﷺ) കൽപിച്ചതിൽ നിന്ന് വ്യക്തമാകുന്നത്.

ഹദീസുകളിൽ എടുത്തു പറയപ്പെട്ട മേൽക്കണ്ട ആറു വസ്തുക്കളുടെ വിൽപനയിൽ-ഹദീസിൽ പ്രസ്താവിച്ച പ്രകാരമല്ലാതെ അവ വിറ്റാൽ -പലിശ ഏർപ്പെടുമെന്ന കാര്യത്തിൽ മുൻഗാമികളും പിൻഗാമികളുമായ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമില്ല. ആ ആറിൽ മാത്രമേ പലിശ ഏർപ്പെടുകയുള്ളുവെന്നാണ് ഒരു വിഭാഗക്കാരുടെ അഭിപ്രായം. ആ ആറിന് പുറമെയുള്ള സാധനങ്ങളിലും പലിശ ഏർപ്പെടുമെന്നാണ് ഭൂരിപക്ഷം പണ്ഡിതൻ മാരുടെയും അഭിപ്രായം. (വിശദവിവരം യഥാസ്ഥാനങ്ങളിൽ നിന്ന് അറിയേണ്ടതാകുന്നു.) ഏതായാലും ഹദീസുകളിൽ നിന്ന് അനിഷേദ്ധ്യമാംവണ്ണം അറിയപ്പെടുന്നതാണ് മിച്ചപ്പലിശ **ربا الفضل** യും ഇസ്‌ലാമിൽ നിഷിദ്ധമാണെന്ന്. നബി (ﷺ) യുടെ ഹദീസുകൾ പ്രമാണമായി അം ഗീകരിക്കുന്ന ഒരാൾക്കും അതംഗീകരിക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

പലിശ തിന്നുന്നവരെപ്പറ്റി ... **لايقومون إلا كما يقومون** ((ബാധ നിമിത്തം പിശാച് മറിച്ച് വീഴത്തുന്നവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ അവർ എഴുന്നേൽക്കുകയില്ല)) എന്നത്രെ അല്ലാഹു പറഞ്ഞത്. ഭ്രാന്തിനെ ഉദ്ദേശിച്ച് **مس** (മസ്സ്) എന്ന് അറബികൾ പറയാറുണ്ടായിരുന്നു. 'ബാധ, സ്പർശനം' എന്നൊക്കെയാണ് അതിന് വാക്കർത്ഥം. പിശാചിൻെറ ബാധനിമിത്തമാണ് ഭ്രാന്തുണ്ടാകുന്നത് എന്ന് അവരുടെ ധാരണയിൽ നിന്നാണ് ഭ്രാന്തിനെ ഉദ്ദേശിച്ച് ആ വാക്ക് പ്രയോഗത്തിൽ വന്നത്. ആ ധാരണ അനുസരിച്ചുള്ള പ്രയോഗം മാത്രമാണ് പിശാച് മറിച്ചു വീഴ്ത്തുക **يتخبطه الشيطان** എന്ന വാക്ക്-അഥവാ പിശാച് ആരെയും മറിച്ചു വീഴ്ത്തുന്നില്ല- എന്ന് ചിലർ പറയുന്നു. പല കാരണങ്ങളാൽ ഈ അഭിപ്രായം അപ്പടി ശരിവെക്കുവാൻ ന്യായം കാണുന്നില്ല.

മരണാനന്തരം ഖബറുകളിൽനിന്ന് പുനർജ്ജീവിച്ച് എഴുന്നേൽക്കുമ്പോൾ പലിശ തീറ്റക്കാർക്കുണ്ടാകുന്ന അവസ്ഥയാണിത് എന്നാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ഐഹിക ജീവിതത്തിൽ ഓരോരുത്തരും കൈകൊണ്ടിരുന്ന നടപടികൾക്കനുയോജ്യ മായ ചില അവസ്ഥാ വിശേഷങ്ങൾ ഖിയാമത്തുനാളിൽ എല്ലാവരിലും വെളിപ്പെട്ടു കാണുമെന്നു ള്ളത് ഖുർആനിൽനിന്നും ഹദീസിൽ നിന്നും പൊതുവെ അറിയപ്പെട്ടതാകുന്നു. ധനം കബളിപ്പി ച്ചെടുത്തവൻ കബളിപ്പിച്ചെടുത്ത വസ്തുവുമായി ഖിയാമത്ത് നാളിൽ വരും എന്ന് (3:161ൽ) അല്ലാഹു പറയുന്നു. വുളു ചെയ്യുന്നതിൻെറഫലമായി ഖിയാമത്തു നാളിൽ സത്യവിശ്വാസി കളുടെ മുഖവും കൈകാലുകളും വെളുത്തിരിക്കുമെന്ന് ഹദീസിലും വന്നിരിക്കുന്നു. പലിശ തിന്നുന്നവരുടെ വയറ് വീടുകളെപ്പോലെ വലുതായിരിക്കുമെന്നും ബൈഹഖീ (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിലും വന്നിട്ടുണ്ട്. ഇതുപോലെ വേറെയും പലതും കാണാം. അപ്പോൾ പലിശമുതൽ കൊണ്ടു വയറുനിറച്ചു വന്നതിൻെറ ഫലമായി ഖിയാമത്തുനാളിൽ അവർക്ക് ശരിക്കു എഴുന്നേൽക്കുവാനോ നടക്കുവാനോ കഴിയാതെ, ഭ്രാന്തൻമാരെപ്പോലെ ചരിഞ്ഞും മറിഞ്ഞും വീണു കൊണ്ടിരിക്കുമെന്നു സാരം. മറ്റൊരഭിപ്രായം ഇതാണ്: പലിശക്കാർ ഭ്രാന്തും ലഹരിയും പിടിക്കപ്പെട്ടവരെപ്പോലെയായിരിക്കും ഭൂമിയിൽ വർത്തിക്കുക. അഥവാ ധനം ശേഖരിക്കുവാൻ വേണ്ടി അവർ ഭ്രാന്തൻമാരെപ്പോലെ എന്തും ചെയ്തുകൊണ്ടരിക്കും എന്നു സാരം. **الله اعلم**

പലിശക്കാർക്കു ഈ നിന്ദ്യാവസ്ഥ അനുഭവപ്പെടുവാനുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു: 'കച്ചവടം പലിശ പോലെത്തന്നെയാണ് എന്ന്, അവർ പറഞ്ഞത് നിമിത്ത മാണത്' മുതൽ മുടക്കി ആദായം എടുക്കലാണ് പലിശ. അതു കുറ്റമാണെങ്കിൽ കച്ചവടവും കുറ്റകരമാകേണ്ടതല്ലേ അതും ആദായമെടുക്കൽ തന്നെയാണല്ലോ. എന്നിരിക്കെ പലിശ വാങ്ങൽ തെറ്റായതും, കച്ചവടം ചെയ്യൽ തെറ്റില്ലാത്തുമാകുന്നതെങ്ങിനെ?! എന്നൊക്കെയാണ് അവർ പറഞ്ഞതിൻെറ താൽപര്യം . ഇതു പഴയ കാലത്തെ അപരിഷ്കൃതരായിരുന്ന ആ അറബികളിൽ നിന്നു മാത്രം ഉയർന്ന ഒരു പഴഞ്ചൻ ന്യായമല്ല. എല്ലാ നിലക്കും പരിഷ്കൃതരും പുരോഗമിച്ചവരുമെന്നു കരുതപ്പെടുന്ന ഇന്നത്തെ ചില മഹാരഥൻമാരിൽ നിന്നുപോലും കേൾക്കാവുന്ന ഒരു ന്യായവാദമാണിത്. പലിശവാങ്ങി തിന്നുകയെന്ന അക്രമത്തിന്നു പുറമെ, ആ

അക്രമത്തെ ന്യായീകരിക്കുവാൻ വേണ്ടിയുള്ള മറ്റൊരു അക്രമവുമാണിത്. എന്നാൽ, ഇതിന് അല്ലാഹു നൽകുന്ന മറുപടി നോക്കുക: احل الله البيع وحرم الربوا (അല്ലാഹു കച്ചവടത്തെ അനുവദനീയമാക്കിയിരിക്കുന്നു. പലിശയെ അവൻ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു.) കച്ചവട ഇടപാടും, പലിശ ഇടപാടും തമ്മിലുള്ള വ്യത്യാസമോ, ഒന്ന് അനുവദനീയവും മറ്റേത് നിഷിദ്ധവും ആക്കുവാനുള്ള കാരണമെന്താണെന്നോ അല്ലാഹു ഈ മറുപടിയിൽ സ്പർശിച്ചിട്ടില്ല. അതിൻെറആവശ്യമില്ല. സാധാരണക്കാർ മുതൽ സാമ്പത്തിക ശാസ്ത്ര വിദഗ്ധൻമാർവരെയുള്ള എല്ലാവർക്കും – പലിശപ്രിയൻമാരും അവരുടെ സഹകാരികളുമല്ലാത്ത ഏവർക്കും-അൽപം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ് രണ്ടും തമ്മിലുള്ള വ്യത്യാസം. അതിനെക്കാളെല്ലാം ഗൗരവമേറിയ ഒരു തത്വമാണ് ഈ വാക്യത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

അതായത്:- മനുഷ്യനടക്കമുള്ള സകല വസ്തുക്കളുടെയും സ്രഷ്ടാവും പരിപാലകനും, രക്ഷാധികാരിയുമാണ് അല്ലാഹു എല്ലാം അവൻെറ അടിമയും ഉടമയും. മനുഷ്യൻെറ വ്യക്തിപരവും, സാമൂഹ്യവും, നാഗരീകവുമായ എല്ലാവിധ നൻമക്കും പുരോഗതിക്കും വേണ്ടത് എന്തൊക്കെയാണ്, ഏതൊക്കെയാണ് എന്ന് മനുഷ്യനേക്കാൾ അറിയുന്നവനും അവൻ തന്നെ. എന്നിരിക്കെ, നിയമനിർമ്മാണത്തിൻെറ സാക്ഷാൽ അധികാരവും അർഹതയും അവന് മാത്രമാണുള്ളത്. അതനുസരിക്കാൻ മനുഷ്യൻ ബാധ്യസ്ഥനുമാകുന്നു. അതിലേ അവന് യഥാർത്ഥത്തിൽ രക്ഷയുമുള്ളു. അതുകൊണ്ട് ഏതൊരു കാര്യത്തിലും അല്ലാഹു അത് അനുവദിച്ചിട്ടുണ്ടോ, നിരോധിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് അതിനെ പിൻപറ്റുകയത്രെ മനുഷ്യൻെറ കടമ. അവൻെറ നിയമങ്ങളിലടങ്ങിയ യുക്തി തത്വത്തങ്ങളെ മനസ്സിലാക്കുന്നതും ആരായുന്നതും നല്ലതുതന്നെ. പക്ഷേ, അത് ബോധ്യപ്പെട്ടെങ്കിലേ ആ നിയമങ്ങൾ അനുസരിക്കൂ എന്നുവെക്കുവാൻ മനുഷ്യന് പാടില്ല. അതിൽ കുതർക്കവും ന്യായവാദവും നടത്തുവാൻ അവന് അർഹതയുമില്ല. എന്നൊക്കെയാണ് ആ വാക്യത്തിലടങ്ങിയ സൂചനകൾ.

അല്ലാഹു തുടരുന്നു:- 'ആകയാൽ, ഏതൊരുവന് രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശം വന്നിട്ട് അവൻ അതിൽ നിന്ന് വിരമിച്ചാൽ, മുമ്പ് കഴിഞ്ഞുപോയത് അവനുണ്ടായിരിക്കും.' അതായത്, പലിശ ഏർപ്പാട് ഇത്രയും കടുത്ത പാപമാണെന്നും, അത് അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ടെന്നും അതുകൊണ്ട് അത് വർജ്ജിക്കേണ്ടതാണെന്നും വിവരം കിട്ടിയ ഉടനെ അതിൽ നിന്ന് വല്ലവരും വിരമിച്ചു നിലവിലുള്ള ഇടപാട് തുടരാതെയും പുതിയ ഇടപാട് നടത്താതെയുമിരുന്നാൽ, മുമ്പ് അവർ നടത്തിയ പലിശ ഇടപാടുകളെപ്പറ്റി അവരുടെ മേൽ നടപടിയൊന്നും എടുക്കപ്പെടുകയില്ല; മുമ്പ് പലിശയായി വസൂൽ ചെയ്തിരുന്ന സംഖ്യയൊന്നും തിരിച്ചുകൊടുക്കേണ്ടതുമില്ല എന്നു താൽപര്യം എന്നാൽ, അവൻ വിരമിച്ചു കഴിഞ്ഞുവെങ്കിലും അതിൽ അവൻെറമാനസിക സ്ഥിതിയെന്താണ്? ശുദ്ധമനസ്സോടും അനുസരണ ബുദ്ധിയോടും കൂടിയാണോ വിരമിച്ചത്? അതല്ല, പ്രതിഷേധത്തോടും വെറുപ്പോടും കൂടിയാണോ? തൻെറ ഇടപാടുകാരെ അവൻ എത്ര കണ്ട് ബുദ്ധിമുട്ടിച്ചിട്ടുണ്ട്? എന്നിത്യാദി കാര്യങ്ങളൊന്നും ഇപ്പോൾ ചുഴിഞ്ഞന്വേഷിക്കേണ്ടതില്ല. അതെല്ലാം അല്ലാഹു പരിശോധിച്ച് വേണ്ടതു ചെയ്തു കൊള്ളും എന്നൊക്കെയാണ് وامره الى الله (അവൻെറ കാര്യം അല്ലാഹുവിങ്കലേക്കാണ്) എന്ന വാക്യത്തിൻെറ സാരം. സയ്യിദുറശീദുരിള്വാ (ﷺ) ചൂണ്ടിക്കാട്ടിയതുപോലെ, പലിശ നിഷിദ്ധമാക്കിക്കൊണ്ടുള്ള കൽപനയെ കുറിച്ച് അറിയുന്നതിൻെറമുമ്പ് വാങ്ങി ഉപയോഗിച്ച പലിശ മടക്കിക്കൊടുക്കൽ നിർബ്ബന്ധമില്ലെങ്കിലും കൂടുതൽ നല്ലത് മടക്കിക്കൊടുക്കലാണെന്നത്രെ അല്ലാഹു പറഞ്ഞ വാക്കുകളിൽനിന്നു മനസ്സിലാകുന്നത്. ഇനി വല്ലവരും ഈ ഉപദേശം വിലവെക്കാതെ പിന്നേയും പഴയപടി തുടരുകയോ, പുതിയ പലിശ ഇടപാട് നടത്തുകയോ ചെയ്തുവെങ്കിലോ? അല്ലാഹു പറയുന്നു:...

.......ومن عاد فاولئك اصحاب النار (വല്ലവരും ആവർത്തിക്കുന്നപക്ഷം, അക്കൂട്ടർ നരകത്തിൻെറ ആൾക്കാരാകുന്നു. അവരതിൽ സ്ഥിരവാസികളുമായിരിക്കും.) പലിശ ഏർപ്പാട് എത്രമേൽ ഗൗരവപ്പെട്ട അപരാധമായിട്ടാണ് അല്ലാഹു കണക്കാക്കിയിരിക്കുന്നതെന്ന് ഈ താക്കീതിൽ നിന്ന്

മനസ്സിലാക്കാവുന്നതാകുന്നു. പലിശ ഇടപാട് നടത്തുക മാത്രമല്ല, അതിനെ ന്യായീകരിക്കുകയും അതിനായി അല്ലാഹുവിൻെറയും റസൂലിൻെറയും വാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയുംകൂടി ചെയ്യുന്നവർ ഈ താക്കീത് പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതുണ്ട്.

പലിശ ഇസ്‌ലാമിൽ കർശനമായി വിരോധിക്കപ്പെട്ടിട്ടുള്ള ഒരു മഹാപാപമാണെന്ന് പ്രസിദ്ധമാണെങ്കിലും-ഇബനുകഥീർ (ﷺ) സൂചിപ്പിച്ചതുപോലെ-വിശദാംശങ്ങളിൽ പല ആശയക്കുഴപ്പങ്ങളും അഭിപ്രായവ്യത്യാസങ്ങളുമുള്ള ഒരു വിഷയമാണത്. ഇന്നത്തെ സാമ്പത്തികതത്വശാസ്ത്രങ്ങളും ഭരണവ്യവസ്ഥകളും അവയെ കൂടുതൽ സങ്കീർണ്ണമാക്കി ക്കൊണ്ടുമിരിക്കുന്നു. അബൂഹുറൈറ (رضي الله عنه) യിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസ് ഇവിടെ പ്രസ്താവ്യമത്രെ. അതിങ്ങിനെയാണ്: 'ജനങ്ങൾ പലിശ തിന്നുന്ന ഒരു കാലം അവരിൽ വരും'. എന്ന് നബി(ﷺ) പറഞ്ഞു. അപ്പോൾ ചോദിക്കപ്പെട്ടു: 'എല്ലാ മനുഷ്യരുമോ'? തിരുമേനി പറഞ്ഞു: ''അതിൽ നിന്ന് തിന്നിട്ടില്ലാത്തവർക്കും അതിൻെറ പൊടിപടലത്തിൽനിന്നും ബാധിക്കുന്നതാണ്''. (അ;ദാ; ന; ജ) അതുകൊണ്ട് കഴിയുന്നതും പലിശ ഇടപാടുകളിൽ നിന്നും അതിൻെറപൊടിപടലങ്ങളിൽനിന്നും സ്വന്തം ദേഹങ്ങളെ കാത്തുരക്ഷിക്കുവാൻ ഓരോ സത്യവിശ്വാസിയും ജാഗരൂകരായിരിക്കേണ്ടതുണ്ട്. പലിശയുടെ നേരിയ ചുവയെങ്കിലും ഉണ്ടാകാവുന്ന ഇടപാടുകളിൽ നിന്ന് ഒഴിഞ്ഞുമാറുകയും, അത്തരം ഇടപാടുകളെ ശുദ്ധമായ ഇടപാടുകളാക്കി ന്യായീകരിക്കുവാൻ ശ്രമിക്കാതിരിക്കുകയുമാണ് അതിനുള്ള പോംവഴി. താഴെ കാണുന്നതു പോലെയുള്ള ഹദീസുകൾ ഇതിനു മാർഗ്ഗദർശകങ്ങളായിരിക്കുന്നതാണ്:-

(1) ഞാൻ നബി (ﷺ) യിൽ നിന്ന് ഇങ്ങിനെ പഠിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഹസനുബ്നുഅലീ (رضي الله عنه) ഉദ്ധരിക്കുന്നു: ''നിനക്ക് ആശയക്കുഴപ്പമുണ്ടാക്കുന്നതിനെ വിട്ട് ആശയക്കുഴപ്പമുണ്ടാക്കാത്തതിലേക്ക് തിരിയുക. കാരണം, സത്യം മനസ്സമാധാനവും അസത്യം ആശയക്കുഴപ്പവുമായിരിക്കും'' (അ ; തി; ന.) (2) വാബിസ്വ(رضي الله عنه) യോടു നബി (ﷺ) ഒരിക്കൽ ചോദിച്ചു: 'താൻ പുണ്യത്തെയും പാപത്തെയുംപറ്റി ചോദിക്കുവാൻ വന്നിരിക്കുകയാണോ?' അദ്ദേഹം 'അതെ' എന്ന് ഉത്തരം പറഞ്ഞു. അപ്പോൾ തിരുമേനി വിരലുകൾ കൂട്ടിപ്പിടിച്ച് അദ്ദേഹത്തിൻെറനെഞ്ചിൽ കൊട്ടിക്കൊണ്ട്: 'തൻെറമനസ്സിനോട് വിധി തേടിക്കൊള്ളുക' എന്ന് മൂന്ന് പ്രാവശ്യം പറഞ്ഞു. പിന്നീട് പറഞ്ഞു: ''പുണ്യം എന്നാൽ ഏതൊന്നിൻെറ നേരെ മനസ്സിനു സമാധാനവും, ഹൃദയത്തിന് ശാന്തതയും ഉണ്ടായിത്തീരുന്നുവോ അതാണ്. പാപം എന്നാൽ, ജനങ്ങൾ (എന്തു) വിധി പറഞ്ഞാലും ശരി, മനസ്സിൽ കെട്ടിപ്പിണവുണ്ടാക്കുന്നതും, നെഞ്ചിൽ ആശങ്ക ഉളവാക്കുന്നതുമായിരിക്കും.'' (അ; ദാരിമീ.) (3) നബി (ﷺ) പറഞ്ഞതായി ജാബിർ (رضي الله عنه) ഉദ്ധരിക്കുന്നു: ''ഹറാമിൽനിന്നു ഉത്ഭവിച്ചുണ്ടായ മാംസം സ്വർഗ്ഗത്തിൽ കടക്കുകയില്ല. ഹറാമിൽ നിന്ന് ഉത്ഭവിച്ചുണ്ടായ മാംസത്തിന് കൂടുതൽ അർഹമായിട്ടുള്ളതു നരകമാകുന്നു''. (അ;ദ;ബ.) (4) നബി (ﷺ) പറഞ്ഞതായി ഇബ്നു മസ്ഊദ് (رضي الله عنه) ഉദ്ധരിക്കുന്നു: ''ഏതൊരടിയാനും ഹറാമിൻെറ ധനം സമ്പാദിച്ച് അതിൽ നിന്ന് ധർമ്മം ചെയ്യുന്നതായാൽ അവനിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല; അതിൽ നിന്ന് ചിലവഴിച്ചാൽ അതിൽ ബർക്കത്ത് (അഭിവൃദ്ധി) നൽകപ്പെടുന്നതുമല്ല. അത് ബാക്കിവെച്ചു (മരണപ്പെട്ട്) പോയാൽ അതവന് നരകത്തിലേക്കുള്ള യാത്രാസാമാനമാകാതിരിക്കുകയുമില്ല.'' (അ; ശറഹുസ്സുന്നഃ) അല്ലാഹു നമ്മെയെല്ലാം അവൻെറ വിധിവിലക്കുകൾ സൂക്ഷിച്ച് ജീവിപ്പിക്കുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

يَمْحَقُ ٱللَّهُ ٱلرِّبَوٰا۟ وَيُرْبِى ٱلصَّدَقَٰتِ ۗ وَٱللَّهُ لَا يُحِبُّ كُلَّ كَفَّارٍ أَثِيمٍ ﴿٢٧٦﴾

276 പലിശയെ അല്ലാഹു തുടച്ചു നീക്കുന്നു; ദാനധർമ്മങ്ങളെ അവൻ വളർത്തുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ, മഹാപാപിയായ നന്ദികെട്ട (അഥവാ അവിശ്വാസിയായ) എല്ലാവരെയും [ഒരാളെയും] ഇഷ്ടപ്പെടുന്നതുമല്ല.

276 **يمحق** തുടച്ചുനീക്കും, മായിക്കും, അഭിവൃദ്ധിയില്ലാതാക്കും. **الله** അല്ലാഹു. **الربا** പലിശയെ. **ويربي** അവൻ വളർത്തുക (അഭിവൃദ്ധപ്പെടുത്തുക) യും ചെയ്യും. **الصدقات** ദാനധർമ്മങ്ങളെ. **والله** അല്ലാഹു. **لا يحب** ഇഷ്ടപ്പെടുക (സ്നേഹിക്കുക) യില്ല. **كُلّ كفار** എല്ലാ (ഓരോ) നന്ദികെട്ടവരെയും, അവിശ്വാസക്കാരനെയും. **أثيم** (മഹാ-കടുത്ത) പാപിയായ.

ദാനധർമ്മങ്ങളെ സംബന്ധിച്ച പ്രസ്താവനകളെ തുടർന്നുകൊണ്ടാണല്ലോ കഴിഞ്ഞ വചനത്തിൽ പലിശയെക്കുറിച്ചു പ്രസ്താവിച്ചത്. ഈ വചനത്തിൽ രണ്ടിൻെറയും അനന്തരഫലങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം അല്ലാഹു ചൂണ്ടിക്കാട്ടുന്നു. പലിശയെ തുടച്ചുനീക്കുകയും, ദാനധർമ്മങ്ങളെ വളർത്തുകയും ചെയ്യുമെന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം പലിശക്കാരുടെ ധനമെല്ലാം നശിച്ചുപോകുമെന്നും, ധർമ്മം ചെയ്യുന്നവരുടെ ധനം വർദ്ധിച്ചു കൊണ്ടേ ഇരിക്കുമെന്നുമല്ല ചിലപ്പോൾ അങ്ങിനെ സംഭവിക്കാറുണ്ടെങ്കിലും മറിച്ചും സംഭവിക്കാറുണ്ടെന്നുള്ളത് നിഷേധിക്കുവാൻ നിവൃത്തിയില്ല. സുഖത്തോടും സംതൃപ്തിയോടുംകൂടി ജീവിക്കുക. സമൂഹമദ്ധ്യെ മാന്യതയും അന്തസ്സും ഉണ്ടായിത്തീരുക. ജനങ്ങളുടെ സ്നേഹാദരവുകൾ ലഭിക്കുക മുതലായ കാര്യങ്ങളാണല്ലോ ധനം മൂലം ഇഹത്തിൽ ലഭിക്കുവാനുള്ള നേട്ടങ്ങൾ. പലിശക്കാരെ സംബന്ധിച്ചേടത്തോളം ഇത്തരം കാര്യങ്ങളൊന്നും അവർക്ക് ലഭിക്കുവാനില്ല. ധനം വർദ്ധിക്കുന്തോറും അവർക്ക് പിശുക്കും ആർത്തിയും സമാധാനക്കുറവും വർദ്ധിക്കുകയാണ് ചെയ്യുക. അതോടുകൂടി, ജനങ്ങളുടെ വെറുപ്പും ശത്രുതയും വർദ്ധിച്ചു കൊണ്ടുമിരിക്കും . പരലോകത്തിലാകട്ടെ, ആ ധനം കൊണ്ട് യാതൊരു ഉപകാരവും അവർക്കില്ല. വേണ്ടപ്പെട്ട വിഷയത്തിൽ തന്നെ ചിലവഴിച്ചാലും- അതു ഹറാമായ സമ്പാദ്യമായത് കൊണ്ട്- അത് മൂലം അവർക്ക് പുണ്യം ലഭിക്കുവാനില്ല. ഹറാമായ ധനം ഉപയോഗിച്ച് നടത്തപ്പെടുന്ന കാര്യങ്ങൾ അവർക്ക് ദോഷകരമായി പരിണമിക്കുകയും ചെയ്യുന്നതാണ്. ധർമ്മിഷ്ഠനെ സംബന്ധിച്ചിടത്തോളം, അവൻ ചെയ്യുന്ന എല്ലാ ചിലവുകൾക്കും അല്ലാഹുവിങ്കൽ നിന്നു വമ്പിച്ച പ്രതിഫലം ലഭിക്കുകയും അവൻെറ ധർമ്മങ്ങളെ അല്ലാഹു വളർത്തി വലുതാക്കുകയും ചെയ്യും. ധനം കുറഞ്ഞുപോയാലും ഉള്ളതിൽ അവനു സംതൃപ്തിയും മനസ്സമാധാനവും ഉണ്ടായിരിക്കും. ജനങ്ങൾക്ക് അവനോട് സ്നേഹവും അനുഭാവവും വർദ്ധിച്ചുകൊണ്ടുമിരിക്കും. കൂടാതെ, പലിശയെയും ദാനധർമ്മങ്ങളെയും സംബന്ധിച്ചു മുമ്പ് കഴിഞ്ഞുപോയ വചനങ്ങളിൽ നിന്നും, മേലുദ്ധരിച്ച ഹദീസുകളിൽനിന്നും, വേറെയും ചില വസ്തുതകൾ മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

ഇബ്ന്മസ്ഊദ് (رضي الله عنه) ൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു നബി വചനത്തിൽ ഇങ്ങിനെ വന്നിരിക്കുന്നു: ''പലിശ അത് അധികമുണ്ടായാലും ശരി-അതിൻെറ പര്യവസാനം കുറവിലേക്കായിരിക്കും.'' (അ:ജ) ശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്കസമാനം വല്ലവരും ധർമ്മം ചെയ്താൽ, അതിനെ നിങ്ങളിലൊരാൾ തൻെറ കുതിരക്കുട്ടിയെ ലാളിച്ചു വളർത്തുന്നതുപോലെ അല്ലാഹു അവന് വേണ്ടി അതിനെ വളർത്തി മലപോലെ വലുതാക്കുമെന്ന് ബുഖാരിയും, മുസ്ലിമും (رحمهما الله) രേഖപ്പെടുത്തിയ ഹദീസ് ഇതിന് മുമ്പ് നാം കണുകയുണ്ടായി. അല്ലാഹു പറയുന്നു: ''പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല- ദുഷിച്ചതിൻെറ ആധിക്യം നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി'' (മാ ഇദഃ 103) ''ആരെങ്കിലും ഒരു നല്ല കാര്യം ചെയ്തുവെച്ചാൽ അതില അവന് നാം നൻമ വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്''. (ശൂറാ:23)

'മഹാപാപിയായ നന്ദികെട്ട ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.' എന്ന വാക്യം വളരെ ഗൗരവസ്വരത്തിലുള്ള ഒരു വാക്യമാകുന്നു. ഒരു പൊതുതത്വമെന്ന നിലക്കാണ് ആ വാക്യം നിലകൊള്ളുന്നത്. എന്നാലും പലിശക്കാരപ്പെറ്റി അതിൽ പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്ന് സന്ദർഭംകൊണ്ടു വ്യക്തമാണ്. അല്ലാഹു തനിക്കു അനുവദിച്ചു കൊടുത്ത ഹലാലായ ധനവും

സമ്പാദ്യവും കൊണ്ട് മതിയാക്കാതെ, ദുഷിച്ച മാർഗ്ഗത്തിലൂടെ അന്യൻെറ ധനം ചൂഷണം ചെയ്യുന്നവനാണല്ലോ പലിശക്കാരൻ. അപ്പോൾ, അവൻ നന്ദികെട്ടവനും മഹാപാപിയുമാണെന്ന് പറയേണ്ടതില്ല. അവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നു പറഞ്ഞതിൻെറ താൽപര്യം അവനോട് അല്ലാഹുവിന് അനിഷ്ടവും വെറുപ്പുമാണുള്ളതെന്നും, അവൻെറ പക്കൽ നിന്ന് വല്ല സഹായമോ രക്ഷയോ അവന് കിട്ടുകയില്ലെന്നുമാകുന്നു. ഇതിൽപരം കഷ്ടവും നഷ്ടവും മറ്റെന്താണുള്ളത്?! അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ. അല്ലാഹുവിൻെറ ഇഷ്ടത്തിന് പാത്രമായിത്തീരുന്നവരും, അവനോട് നന്ദിയുള്ളവരും എങ്ങിനെയുള്ളവരായിരിക്കുമെന്ന് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു:-

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٧٧﴾

277 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, നമസ്ക്കാരം നിലനിർത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്തവർ, അവർക്ക് തങ്ങളുടെ റബ്ബിൻെറ അടുക്കൽ തങ്ങളുടെ പ്രതിഫലം ഉണ്ടായിരിക്കും; അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനപ്പെടുകയുമില്ല.

---

277 **إن الذين آمنوا** നിശ്ചയമായും വിശ്വസിച്ചവർ. **وعملوا** പ്രവർത്തിക്കുകയും ചെയ്തു. **الصالحات** സൽക്കർമ്മങ്ങളെ. **وأقاموا** അവർ നിലനിറുത്തുകയും ചെയ്തു. **الصلاة** നമസ്കാരം. **وآتوا الزكاة** സക്കാത്ത് കൊടുക്കുകയും ചെയ്തു. **لهم أجرهم** അവർക്ക് അവരുടെ പ്രതിഫലം ഉണ്ട്. **عند ربهم** അവരുടെ റബ്ബിൻെറ അടുക്കൽ. **ولا خوف** ഒരു ഭയവുമില്ല. **عليهم** അവരുടെമേൽ. **ولا هم** അവർ ഇല്ലതാനും . **يحزنون** വ്യസനപ്പെടുക.

പലിശ നിരോധനത്തെത്തുടർന്ന് സത്യവിശ്വാസികൾ അറിഞ്ഞിരിക്കേണ്ടുന്ന ചില കാര്യങ്ങൾ അല്ലാഹു അറിയിക്കുന്നു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَذَرُوا۟ مَا بَقِىَ مِنَ ٱلرِّبَوٰٓا۟ إِن كُنتُم مُّؤْمِنِينَ ﴿٢٧٨﴾

278 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; പലിശയിൽനിന്നും (ഈടാക്കുവാൻ) ബാക്കിയുള്ളതിനെ നിങ്ങൾ വിട്ടുകളയുകയും ചെയ്യുവിൻ; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

فَإِن لَّمْ تَفْعَلُوا۟ فَأْذَنُوا۟ بِحَرْبٍ مِّنَ ٱللَّهِ وَرَسُولِهِۦ ۖ وَإِن تُبْتُمْ فَلَكُمْ رُءُوسُ أَمْوَٰلِكُمْ لَا تَظْلِمُونَ وَلَا تُظْلَمُونَ ﴿٢٧٩﴾

279 ഇനി, നിങ്ങൾ (അങ്ങിനെ) ചെയ്തില്ലെങ്കിൽ, അല്ലാഹുവിങ്കൽനിന്നും, അവൻെറ റസൂലിൽനിന്നുമുള്ള ഒരു (ഭയങ്കര) യുദ്ധത്തെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കുവിൻ! നിങ്ങൾ പശ്ചാത്തപിച്ചുവെങ്കിലോ, നിങ്ങളുടെ മൂലധനങ്ങൾ നിങ്ങൾക്കുണ്ടായിരിക്കും; നിങ്ങൾ അക്രമം ചെയ്കയുമില്ല, നിങ്ങളോട് അക്രമം ചെയ്യപ്പെടുകയുമില്ല (എന്ന നിലക്ക്) .

وَإِن كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ وَأَن

280 വല്ല ഞെരുക്കക്കാരനും ഉണ്ടായെങ്കിൽ, ഒരു സൗകര്യം (ഉണ്ടാകുന്നതു) വരെ കാത്തിരിക്കലാണ് (വേണ്ടത്) . നിങ്ങൾ ധർമ്മമാ

تَصَدَّقُواْ خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿٢٨٠﴾	(ക്കി വിട്ടുകൊടു) ക്കലാവട്ടെ, നിങ്ങൾക്ക് ഉത്തമവുമാകുന്നു; നിങ്ങൾക്ക് അറിയാവുന്നതാണെങ്കിൽ!
وَٱتَّقُواْ يَوْمًا تُرْجَعُونَ فِيهِ إِلَى ٱللَّهِ ۖ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿٢٨١﴾	281 നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്നതായ ദിവസത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. പിന്നെ, എല്ലാ (ഓരോ) ദേഹത്തിനും അത് സമ്പാദിച്ചുണ്ടാക്കിയത് [അതിൻെറ പ്രതിഫലം] നിറവേറ്റിക്കൊടുക്കപ്പെടുന്നതാണ്. അവരാകട്ടെ, അക്രമം ചെയ്യപ്പെടുകയില്ലതാനും.

---

278 **ياأيها الذين آمنوا** ഹേ, വിശ്വസിച്ചവരേ. **اتقوا الله** അല്ലാഹുവിനെ സൂക്ഷിക്കുവിൻ. **وذَروا** വിട്ടുകളയുകയും ചെയ്യുവിൻ. **ما بقي** ബാക്കിയായത്. **من الربا** പലിശയിൽനിന്ന്. **إنْ كُنتم** നിങ്ങളാകുന്നുവെങ്കിൽ. **مؤمنِين** സത്യവിശ്വാസികൾ. 279 **فإن لم تفعَلوا** ഇനി നിങ്ങൾ ചെയ്തില്ലെങ്കിൽ. **فأذَنوا** എന്നാൽ അറിഞ്ഞുകൊള്ളുക, കേട്ടറിയുക. **بِحربٍ** ഒരു യുദ്ധത്തെ (പോരാട്ടത്തെ) പ്പറ്റി. **من الله** അല്ലാഹുവിൽനിന്ന്. **ورسوله** അവൻെറ റസൂലിൽനിന്നും. **وإن تبتم** നിങ്ങൾ പശ്ചാത്തപിച്ചുവെങ്കിൽ. **فلَكُم** എന്നാൽ നിങ്ങൾക്കുണ്ട്. **رؤُوس أموالكم** നിങ്ങളുടെ സ്വത്തുക്കളുടെ മൂലധനം, അസ്സൽ മുതൽ. **لا تظلمونَ** നിങ്ങൾ അക്രമിക്കുകയില്ല (അക്രമിച്ചുകൂട) . **ولا تظلَمونَ** നിങ്ങൾ അക്രമിക്കപ്പെടുകയുമില്ല (അക്രമിക്കപ്പെട്ടുകൂടാ) . 280 **وإن كانَ** ഉണ്ടായെങ്കിൽ. **ذُو عسرة** വല്ല ഞെരുക്കക്കാരനും,. **فنَظِرةٌ** എന്നാൽ നോക്കൽ (കാത്തിരിക്കൽ) . **إلَى ميسرة** ഒരു സൗകര്യം (സാധ്യത-എളുപ്പം) വരെ. **وأن تصدقُوا** നിങ്ങൾ ധർമ്മമാക്കൽ (വിട്ടുകൊടുക്കൽ) . **خير لكُم** നിങ്ങൾക്ക് ഉത്തമമാകുന്നു. **إن كُنتم** നിങ്ങൾ ആകുന്നുവെങ്കിൽ. **تعلَمونَ** നിങ്ങൾ അറിയും. 281 **واتقُوا** സൂക്ഷിക്കുകയും ചെയ്യുവിൻ. **يوما** ഒരു ദിവസത്തെ. **ترجعونَ فيه** അതിൽ നിങ്ങൾ മടക്കപ്പെടും. **إلى الله** അല്ലാഹുവിങ്കലേക്ക്. **ثُم توفى** പിന്നെ നിറവേറ്റപ്പെടും, പൂർത്തിയായി കൊടുക്കപ്പെടും. **كُل نفْسٍ** എല്ലാ ദേഹത്തിനും, ആത്മാവിനും. **ما كَسبت** അത് സമ്പാദിച്ചത്. **وهم** അവരാകട്ടെ അവർ. **لا يظلَمونَ** അക്രമം (അനീതി) ചെയ്യപ്പെടുകയില്ല..

1-ാമത്തെ വചനത്തിൽ, ആദ്യമായി അല്ലാഹുവിൻെറ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് അവനെ സൂക്ഷിക്കണമെന്നു മൊത്തത്തിൽ ഉണർത്തിയിരിക്കുന്നു. പിന്നീട്, നിങ്ങൾ മുമ്പ് നടത്തിയിട്ടുള്ള പലിശ ഇടപാടുകളിൽ നിശ്ചയപ്രകാരം പിരിഞ്ഞുകിട്ടുവാൻ ബാക്കിയുള്ളതൊന്നും മേലിൽ വസൂലാക്കരുതെന്നും, അത് അപ്പടി ഉപേക്ഷിക്കുകതന്നെ വേണമെന്നും കൽപിക്കുന്നു. സത്യവിശ്വാസിയാണെന്നു വാദിക്കുന്ന ഒരാൾക്കു ഈ കൽപന അനുസരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. എന്നത്രെ. 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ' എന്ന വാക്കിൻെറ താൽപര്യം.

സൈദ്ബ്നു അസ്‌ലം, ഇബ്നുജുറൈജ്, മുഖാത്തിൽ, സുദ്ദീ (رضي الله عنهم) എന്നിവരിൽനിന്നു വന്നിട്ടുള്ള ചില രിവായത്തുകൾ കാണിക്കുന്നത് ഈ വചനം മക്കാ വിജയം ഉണ്ടായതിൻെറ അടുത്ത കാലത്ത് അവതരിച്ചതാണെന്നാകുന്നു. ആ രിവായത്തുകളുടെ സാരം ഇപ്രാകാരമാണ്: ഥഖീഫു ഗോത്രത്തിൽപെട്ട ബനൂഅംറ് കുടുംബങ്ങളിൽ ചിലർക്ക് മഖ്സൂം ഗോത്രക്കാരായ മുഗീറഃ കുടുംബത്തിലെ ചില അംഗങ്ങളിൽനിന്ന് കുറച്ച് പലിശ പിരിഞ്ഞു കിട്ടുവാൻ ബാക്കിയുണ്ടായിരുന്നു. എല്ലാവരും ഇസ്‌ലാമിനെ അംഗീകരിച്ച ശേഷം, ഥഖീഫുകാർ തങ്ങൾക്കു കിട്ടേണ്ടുന്ന ആ സംഖ്യ ആവശ്യപ്പെട്ടു. മുഗീറ കുടുംബങ്ങൾ തമ്മിൽ കൂടിയാലോചന നടത്തിയ ശേഷം, ഇസ്‌ലാമിൽ വെച്ചുണ്ടാകുന്ന സമ്പാദ്യം കൊണ്ട് ഞങ്ങൾ ഇനി പലിശ തന്നു

തീർക്കുവാൻ തയ്യാറില്ലെന്ന് അവർ മറുപടി കൊടുത്തു: ഈ വിവരം നബി (ﷺ) മക്കായിലെ അമീറായി നിശ്ചയിച്ചിരുന്ന അത്താബ് عتاب بن اسيد رض തിരുമേനിക്ക് എഴുതി. ഈ അവസരത്തിലാണ് ഈ വചനം അവതരിച്ചത്. തിരുമേനി ഈ വചനം അറിയിച്ചുകൊണ്ട് മറുപടിയും അയച്ചു. അപ്പോൾ, ഥഖീഫുകാർ: ഞങ്ങൾ അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങുകയും, ബാക്കി പലിശ വിട്ടുകളയുകയും ചെയ്യുന്നുവെന്നു പറയുകയും ചെയ്തു.

പലിശ നിഷിദ്ധമാക്കിക്കൊണ്ടുള്ള കൽപന വരുന്നതിന് മുമ്പ് വാങ്ങിപ്പറ്റിയ പലിശസംഖ്യ തിരിച്ചുകൊടുക്കൽ നിർബന്ധമില്ലെന്ന് ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു. ബാക്കി കിട്ടുവാനുള്ളത് ഉപേക്ഷിക്കണമെന്ന് മാത്രമാണല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നത്. പലിശയായി മുമ്പ് വാങ്ങിയതൊക്കെ തിരിച്ചുകൊടുക്കുന്നത് നന്നായിരിക്കുമെങ്കിലും അത് നിർബന്ധമാക്കുന്ന പക്ഷം അതനുഷ്ഠിക്കുവാൻ പലപ്പോഴും സാധ്യമാകാതെ വന്നേക്കും. മാത്രമല്ല, അത് കൈപ്പറ്റുമ്പോൾ അതിൽ നിയമതടസ്സമൊന്നും ഉണ്ടായിരുന്നില്ലാത്ത സ്ഥിതിക്ക് അത് മടക്കിക്കൊടുക്കവാൻ നിർബന്ധിക്കുന്നതിന് ന്യായവുമില്ലല്ലോ.

2-ാമത്തെ വചനത്തിൽ, അങ്ങിനെ ചെയ്യാത്തപക്ഷം, അതിന് തയ്യാറില്ലാത്തവർക്കെതിരെ അല്ലാഹുവും റസൂലും യുദ്ധം പ്രഖ്യാപിക്കുമെന്ന് ശക്തിയായി താക്കീത് ചെയ്യുന്നു. ചെയ്തുപോയതിനെപ്പറ്റി ഖേദിച്ചു മടങ്ങിയാൽ മൂലധനം-അഥവാ കടംകൊടുത്ത സംഖ്യ-രക്ഷപ്പെട്ടു കിട്ടുമെന്നും അറിയിച്ചിരിക്കുന്നു. ‘നിങ്ങൾ അക്രമിക്കുകയും, അക്രമിക്കപ്പെടുകയും ഇല്ല എന്നു പറഞ്ഞതിൻെറ സാരം. മൂലധനത്തെക്കാൾ അധികം വാങ്ങി അക്രമം ചെയ്‌വാനോ, അതിൽ നിന്നും വല്ലതും വിട്ടുകൊടുത്തു അക്രമത്തിന് വിധേയരാകുവാനോ അനുവദിക്കുകയില്ല എന്നത്രെ. അല്ലാഹുവും റസൂലും ആരോടും യുദ്ധം പ്രഖ്യാപിക്കുന്നുവോ അവർ, പരലോകത്ത് അല്ലാഹുവിൻെറ ശാപകോപങ്ങൾക്കും ശിക്ഷക്കും വിധേയരായിക്കുമെന്നും, അവർ ഇസ്ലാമിൻെറ പ്രത്യക്ഷ ശത്രുക്കളായിരിക്കുമെന്നും വ്യക്തമാണ്.

പലിശയിൽനിന്നു പിൻതിരിഞ്ഞു മടങ്ങാത്തവരോട് അല്ലാഹുവും റസൂലും യുദ്ധം പ്രഖ്യാപിച്ചതിൻെറ താൽപര്യം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടു കാണാം. പ്രസ്തുത അഭിപ്രായങ്ങളുടെ ചുരുക്കം ഇതാണ്: (1) അവർ അല്ലാഹുവിൻെറ നിയമത്തിനു വഴങ്ങാത്തവരായതുകൊണ്ടു അവർ അല്ലാഹുവിൻെറയും റസൂലുൻെറയും എതിർപക്ഷക്കാരായിത്തീരുന്നുവെന്നും, അവർ അല്ലാഹുവിൻെറ കഠിനമായ കോപത്തിനു വിധേയരായിരിക്കുമെന്നുള്ള ഒരു കനത്ത താക്കീതാണത്. പക്ഷേ, ആയത്തിലെ വാക്കുകൾക്കു മുമ്പിൽ ഈ അഭിപ്രായത്തിനു പ്രസക്തി കാണുന്നില്ല. (2) അവർക്കെതിരെ ജനരോഷം ഉണ്ടായിത്തീരുകയും, അവരുമായി സമരങ്ങളും സംഘട്ടനങ്ങളും ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഈ അഭിപ്രായം, കഴിഞ്ഞ വചനത്തിൽ يمحق الله الربو (അല്ലാഹു പലിശയെ തുടച്ചു നീക്കും) എന്നു പറഞ്ഞതിൻെറ അർത്ഥവ്യാപ്തിയിൽ ഉൾപെടുത്താമെന്നല്ലാതെ, ഈ പ്രഖ്യാപനത്തിൻെറ ഉദ്ദേശ്യമായിരിക്കുവാൻ ന്യായം കാണുന്നില്ല. ഈ അഭിപ്രായം സ്വീകരിക്കുന്ന ചില ആധുനിക പണ്ഡിതൻമാർ, ഇക്കാലത്തു സർവ്വത്ര കാണപ്പെടുന്ന ‘മുതലാളി-തൊഴിലാളി’ സംഘട്ടനങ്ങളും, ധനിക വർഗ്ഗവും ദരിദ്ര വർഗ്ഗവും തമ്മിൽ നടമാടുന്ന വടംവലികളും ഈ യുദ്ധപ്രഖ്യാപനത്തിൻെറ സാക്ഷാൽകരണമായി ചിത്രീകരിക്കാറുണ്ട്. വാസ്തവത്തിൽ പ്രസ്തുത സംഘട്ടനങ്ങളും വടംവലികളും പരിശോധിച്ചാൽ, അധിക ഭാഗവും പലിശയുമായി ബന്ധപ്പെട്ട കാര്യത്തിൽ മാത്രമല്ല-മറ്റു പലതുമാണ്- അതിന് കാരണമെന്ന് കാണാവുന്നതാകുന്നു.

(3) പലിശ ഇടപാടിൽ നിന്ന് വിരമിച്ചു മടങ്ങുവാൻ ആവശ്യപ്പെട്ടിട്ടും അവർ മടങ്ങാത്തപക്ഷം ഭരണാധികാരി അവരോട് യുദ്ധം പ്രാഖ്യാപിക്കണം. ഒറ്റൊറ്റ വ്യക്തികളാണെങ്കിൽ അവർ കൊലശിക്ഷക്കും വിധേയരായിരക്കും. ഇതാണ് മറ്റൊരു അഭിപ്രായം. ഇസ്ലാമിക ഭരണം നിലവിലുള്ളേടത്തേ അത് നടപ്പിൽ വരുത്തുവാൻ നിവൃത്തിയുള്ളുവെന്ന് വ്യക്തമാണ്.

സക്കാത്തുകൊടുക്കുവാൻ വിസമ്മതിച്ച ജനങ്ങളോട് അബൂബക്കർ (ﷺ) യുദ്ധം നടത്തിയത് ചരിത്രപ്രസിദ്ധമാണല്ലോ. കവർച്ച, കൊല മുതലായ പൊതുജനദ്രോഹങ്ങൾ നടത്തുന്നവരെയും ഇസ്‌ലാമിക ഭരണകൂടം അടിച്ചമർത്തേണ്ടതായുണ്ട്. അതുപോലെയുള്ള ഒരു നടപടിയാണിതും. ഇതത്രെ മിക്ക ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. കൂടുതൽ യുക്തവും, ആയത്തിലെ വാക്കുകളോട് കൂടുതൽ യോജിച്ചു കാണുന്നതും ഇതുതന്നെ. ഥഖീഫു ഗോത്രക്കാരും മഖ്സൂം ഗോത്രക്കാരും തമ്മിൽ നടന്നതായി മുകളിൽ ഉദ്ധരിച്ച സംഭവത്തിൽ ഥഖീഫു ഗോത്രം പശ്ചാത്തപിക്കുവാൻ തയ്യാറില്ലാത്ത പക്ഷം, അവരോട് യുദ്ധം നടത്തുവാൻ നബി (ﷺ) അത്താബ് (ﷺ) ന് എഴുതിയ കത്തിൽ അറിയിച്ചിരുന്നുവെന്നും, ഥഖീഫു ഗോത്രക്കാർ 'ഞങ്ങൾക്ക് അല്ലാഹുവിനോടും റസൂലിനോടും ഏറ്റുമുട്ടുവാൻ കഴിവില്ല' എന്ന് പറഞ്ഞുവെന്നും പലരും ഇവിടെ ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. ഇസ്‌ലാമിക വാഴ്ച നിലവിലില്ലാത്തപ്പോൾ മുസ്‌ലിം സമുദായം അവരുടെ നേരെ തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കേണ്ടതാകുന്നു. 'നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങിയാൽ നിങ്ങൾക്ക് നിങ്ങളുടെ മൂലധനം ലഭിക്കും. وان تبتم فلكم رؤس اموالكم' എന്ന് പറഞ്ഞതിൽ നിന്ന് അവർ സ്വയം മടങ്ങാതെ ബലം പ്രയോഗിച്ചു മടക്കേണ്ടിവരുന്നപക്ഷം അവരുടെ മൂലധനം കൂടി അവർക്ക് നൽകേണ്ടതില്ലെന്ന് വരുന്നു. പല പണ്ഡിതൻമാരും അങ്ങിനെ അഭിപ്രായപ്പെട്ടിട്ടുണ്ടുതാനും.

3-ാമത്തെ വചനത്തിൽ, കടക്കാരന് കടം വീട്ടുവാൻ സാധിക്കാത്തവിധം ഞെരുക്കം ബാധിച്ചാൽ, അതിനുള്ള സൗകര്യം ഉണ്ടാകുന്നതുവരെ അവന് ഒഴിവു കൊടുക്കണമെന്നും, അതുവരെ അവനെ ബുദ്ധിമുട്ടിക്കരുതെന്നും കൽപിക്കുന്നു. എല്ലാ കടക്കാരെയും ബാധിക്കുന്ന ഒരു കൽപനയാണിത്. ഓരോ മുസ്‌ലിമും പ്രത്യേകം ശ്രദ്ധപതിക്കേണ്ടുന്ന ഒരു കടമയുമാകുന്നു. കടസംഖ്യ പാടെ വിട്ടുകൊടുക്കണമെന്ന് അല്ലാഹു ശാസിക്കുന്നില്ല. അങ്ങിനെ ശാസിക്കുന്നപക്ഷം, ബുദ്ധിമുട്ടുള്ളവർക്ക് കടം കൊടുത്തു സഹായിക്കുവാൻ ആരും തയ്യാറാകാതെ വരുമല്ലോ. എന്നാൽ, അത് ധർമ്മമാക്കി വിട്ടുകൊടുക്കുന്നതാണു നിങ്ങൾക്ക് ഏറ്റവും ഉത്തമമെന്നും, നിങ്ങൾകാര്യം വേണ്ടതു പോലെ മനസ്സിലാക്കുന്നുണ്ടെങ്കിൽ അതാണ് നിങ്ങൾ ചെയ്യേണ്ടതെന്നും പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയതിരിക്കുന്നു. മുഴുവൻ വിട്ടുകൊടക്കുന്നില്ലെങ്കിൽ അതിൽ കുറെ ഭാഗമെങ്കിലും വിട്ടുകൊടുത്താൽ അതും വളരെ നല്ലതാണെന്ന് പറയേണ്ടതില്ല. കടം വീട്ടുവാൻ കഴിയാതെ ഞെരുക്കം ബാധിച്ചവർക്ക് കടം തീർക്കുവാനുള്ള അവധി നീട്ടിക്കൊടുക്കുക, സംഖ്യ വിട്ടുകൊടുക്കുക മുതലായ ഇളവുകൾ ചെയ്യുന്നതു സംബന്ധിച്ചു പല ഹദീസുകളിലും വളരെയധികം ഊന്നിപ്പറഞ്ഞിരിക്കുന്നതു കാണാം. ഉദാഹരണത്തിനു മാത്രം ചിലത് ഉദ്ധരിക്കുന്നു:-

(1) മുഹമ്മദുബ്നുകഅ്ബ (القرظى رض) ഉദ്ധരിച്ച ഒരു സംഭവത്തിൻെറ ചുരുക്കം :- അബൂഖത്താദ (ﷺ) അദ്ദേഹത്തിൻെറ ഒരു കടക്കാരനെ തേടിച്ചെല്ലുമ്പോൾ കടക്കാരൻ വെളിക്കുവരാതെ ഒളിച്ചിരിക്കുകയായി. ഒരിക്കൽ അവർ തമ്മിൽ കണ്ടുമുട്ടി. ഞാൻ ഞെരുക്കക്കാരനാണ്, എനിക്ക് കടം തന്നു തീർക്കുവാൻ കഴിവില്ല എന്ന് അദ്ദേഹം അറിയിച്ചു. അപ്പോൾ, അബൂഖത്താദ (ﷺ) ചോദിച്ചു: 'അല്ലാഹുവിൽ സത്യമായും അതെയോ?' കടക്കാരൻ ഉത്തരം പറഞ്ഞു: 'അല്ലാഹുവിൽ സത്യം! അതെ'. അപ്പോൾ, അബൂഖത്താദ (ﷺ) കരഞ്ഞുംകൊണ്ട് ഇങ്ങിനെ പറഞ്ഞു: ''ഖിയാമത്തുനാളിലെ ദുഃഖങ്ങളിൽ നിന്ന് അല്ലാഹു തന്നെ രക്ഷപ്പെടുത്തുന്നത് ആർക്കെങ്കിലും സന്തോഷമാണെങ്കിൽ, അവൻ ഞെരുക്കക്കാരന് ആശ്വാസം നൽകുകയോ, അവന്വിട്ടുകൊടുക്കുകയോ ചെയ്തുകൊള്ളട്ടെ.'' എന്ന് റസൂൽ (ﷺ) പറയുന്നത് ഞാൻ കേട്ടിരിക്കുന്നു. (അ;മു) (2) നബി (ﷺ) പറയുന്നു: ''വല്ലവനും ഒരു ഞെരുക്കക്കാരന് താമസം ചെയ്തുകൊടുക്കുകയോ, വിട്ടുകൊടുക്കുകയോ ചെയ്യുന്ന പക്ഷം, അല്ലാഹുവിൻെറ തണലല്ലാതെ മറ്റു തണലില്ലാത്ത ആ ദിവസം അല്ലാഹു അവൻെറ തണലിൽ അവനു തണൽ നൽകുന്നതാണ്.'' (അ:മു) (3) അബൂസഈദ് (ﷺ) പറയുന്നു: ''നബി (ﷺ) യുടെ കാലത്ത് ഒരാൾ വാങ്ങിയിരുന്ന ഫലങ്ങളിൽ ആപത്തു ബാധിച്ചു. അങ്ങിനെ, അയാളുടെ കടം വർദ്ധിച്ചു.

അപ്പോൾ ജനങ്ങളോട് അദ്ദേഹത്തിനു ധർമ്മം നൽകുവാൻ നബി (ﷺ) പറഞ്ഞു. ജനങ്ങൾ ധർമ്മം നൽകി. എന്നാലതു അദ്ദേഹത്തിൻെറ കടം തീർക്കുവാൻ മതിയായിരുന്നില്ല. അപ്പോൾ അദ്ദേഹത്തിൻെറ കടമിടപാടുകാരോട് നബി (ﷺ) പറഞ്ഞു: ''നിങ്ങൾക്ക് കിട്ടിയത് നിങ്ങൾ എടുത്തുകൊള്ളുവിൻ. അതല്ലാതെ നിങ്ങൾക്ക് ഒന്നുമില്ല.'' (മു) കടം വീട്ടുവാൻ കഴിവില്ലാത്ത വരെ എല്ലാവരും സഹായിക്കേണ്ടതുണ്ടെന്നും കടം തീർക്കുവാൻ കഴിയുന്നത്ര ശ്രമം നടത്തേണ്ടതുണ്ടെന്നും, കൊടുത്തു തിർക്കുവാൻ ഒരു മാർഗ്ഗവുമില്ലാത്തപ്പോൾ ഭരണാധികാരി ഇടപെട്ട് കടബാധ്യതയിൽ നിന്ന് കടക്കാരനെ ഒഴിവാക്കാമെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം.

കടക്കാരെ സംബന്ധിച്ചു മറ്റൊരു വശം കൂടിയുണ്ട്. ഇക്കാലത്തു വിശേഷിച്ചും ഈ വശത്തിനു വളരെ പ്രാധാന്യം കൽപിക്കേണ്ടിയിരിക്കുന്നു. കടം വാങ്ങിക്കഴിഞ്ഞാൽ, ഏതെങ്കിലും സൂത്രങ്ങളോ, ന്യായങ്ങളോ, കള്ളത്തെളിവുകളോ ഉപയോഗിച്ചു കടം കൊടുത്തു തീർക്കാതെ കഴിച്ചുകൂട്ടുവാൻ പലരും ശ്രമിക്കാറുണ്ട്. ഇതിനെപ്പറ്റിയും നബി (ﷺ) പല ഹദീസു കളിലും താക്കീതു ചെയ്തു കാണാം. ഉദാഹരണമായി:(1) ''ധനികൻ (കടം തീർക്കാതെ) അമാന്തം വരുത്തൽ അക്രമമാകുന്നു. നിങ്ങളിൽ ഒരാളെ ഒരു കഴിവുള്ളവനോടുകൂടി ഏൽപിക്കപ്പെട്ടാൽ അവൻ അവനെ പിൻതുടർന്നു കൊള്ളട്ടെ.'' (ബു.മു) അതായത് യഥാർത്ഥ കടക്കാരൻ തൻെറ കടം മറ്റൊരാളെ ഏൽപിച്ചു തരുകയും, ഏൽപിക്കപ്പെട്ട ആൾ കഴിവുള്ള ആളായിരിക്കുകയും ചെയ്താൽ ആ കൽപന സ്വീകരിക്കണമെന്നർത്ഥം. (2) ''ആരെങ്കിലും ജനങ്ങളുടെ ധനം, അതു വീട്ടിക്കൊടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ടു (കടം) മേടിച്ചാൽ അത് അല്ലാഹു അവന് വീട്ടിക്കൊടുക്കും. ആരെങ്കിലം അത് (കൊടുക്കാതെ) നശിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് മേടിച്ചാൽ അല്ലാഹു അത് നശിപ്പിക്കുന്നതുമാണ്.'' (ബു) (3) ''ജനങ്ങളിൽ വെച്ചു ഉത്തമൻ അവരിൽവെച്ച് നന്നായി കടം വീട്ടുന്നവനാകുന്നു.'' (മു) (4) ''ഉള്ളവൻ (കടം തീർക്കാതെ) അമാന്തം വരുത്തുന്നപക്ഷം അവൻെറ മാനത്തെ സ്പർശിക്കലും (അവനെ) ശിക്ഷിക്കലും അനുവദനീയമാകുന്നു'' (ദാ;ന) അവനോട് പരുഷമായി സംസാരിക്കുകയും, വേണ്ടിവന്നാൽ ബന്ധനത്തിലാക്കുകയും ചെയ്യാമെന്നു സാരം. (5) അബൂഖത്താദ (رضي الله عنه) പറയുന്നു: ഒരു മനുഷ്യൻ ചോദിച്ചു: ''അല്ലാഹുവിൻെറ റസൂലേ കണ്ടുവോ? (ഇതൊന്നു പറഞ്ഞു തരണം) : ഞാൻ ക്ഷമയുള്ളവനായും, അല്ലാഹുവിൻെറ പ്രതിഫലം ഉദ്ദേശിക്കുന്നവനായും, പിൻതിരിയാതെ മുന്നോട്ട് ചെല്ലുന്നവനായും കൊണ്ടിരിക്കെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (യുദ്ധത്തിൽ) വെച്ചു ഞാൻ കൊല്ലപ്പെട്ടുവെങ്കിൽ, എൻെറ പാപം അല്ലാഹു എനിക്കു മാപ്പാക്കിത്തരുമോ?'' അപ്പോൾ തിരുമേനി 'അതെ' എന്നു പറഞ്ഞു. എന്നിട്ടു അയാൾ തിരിഞ്ഞു പോയപ്പോൾ അദ്ദേഹത്തെ വിളിച്ച് ഇങ്ങിനെ പറഞ്ഞു: ''അതെ, കടം ഒഴികെ (കടം അല്ലാഹു പൊറുക്കുകയില്ല.) ജിബ്‌രീൽ എന്നോടു അങ്ങിനെ പറഞ്ഞു തന്നിരിക്കുന്നു''. (മു)

4-ാമത്തെ വചനത്തിൽ, ഈ ജീവിതം താൽക്കാലികമാണ്, ശാശ്വതമായ പരലോക ജീവിതം വരാനിരിക്കുന്നു, അവിടെവെച്ചാണ് എല്ലാ കർമ്മങ്ങൾക്കും തക്കതായ പ്രതിഫലം നൽകപ്പെടുക, അതുകൊണ്ട് അന്നത്തേക്കു വേണ്ടുന്ന മുൻകരുതലുകൾ ചെയ്തുകൊള്ളണം എന്നൊക്കെ അല്ലാഹു സത്യവിശ്വാസികളെ അനുസ്മരിപ്പിക്കുന്നു. ഈ വചനമാണ് അവസാനം അവതരിച്ച ഖുർആൻ വചനമെന്നും, പിന്നീട് ഏതാനും ദിവസങ്ങൾ മാത്രമേ നബി (ﷺ) ജീവിച്ചിരുന്നിട്ടുള്ളുവെന്നും ചില രിവായത്തുകളിൽ വന്നിരിക്കുന്നു. الله اعلم

വിഭാഗം-39

282 ഹേ, വിശ്വസിച്ചവരേ, നിങ്ങളൊരു നിർണ്ണയിക്കപ്പെട്ട അവധി വരേക്ക് (കാലം വെച്ചുകൊണ്ട്) അന്യോന്യം വല്ല കടമിടപാടും നടത്തിയാൽ, നിങ്ങളത് എഴുതി	يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا تَدَايَنتُم بِدَيۡنٍ إِلَىٰٓ أَجَلٖ مُّسَمّٗى فَٱكۡتُبُوهُۚ وَلۡيَكۡتُب بَّيۡنَكُمۡ كَاتِبُۢ بِٱلۡعَدۡلِۚ

وَلَا يَأْبَ كَاتِبٌ أَن يَكْتُبَ كَمَا عَلَّمَهُ ٱللَّهُ ۚ
فَلْيَكْتُبْ وَلْيُمْلِلِ ٱلَّذِى عَلَيْهِ ٱلْحَقُّ وَلْيَتَّقِ ٱللَّهَ رَبَّهُۥ
وَلَا يَبْخَسْ مِنْهُ شَيْـًٔا ۚ فَإِن كَانَ ٱلَّذِى عَلَيْهِ ٱلْحَقُّ
سَفِيهًا أَوْ ضَعِيفًا أَوْ لَا يَسْتَطِيعُ أَن يُمِلَّ هُوَ فَلْيُمْلِلْ
وَلِيُّهُۥ بِٱلْعَدْلِ ۚ وَٱسْتَشْهِدُوا۟ شَهِيدَيْنِ مِن رِّجَالِكُمْ ۖ
فَإِن لَّمْ يَكُونَا رَجُلَيْنِ فَرَجُلٌ وَٱمْرَأَتَانِ مِمَّن تَرْضَوْنَ
مِنَ ٱلشُّهَدَآءِ أَن تَضِلَّ إِحْدَىٰهُمَا فَتُذَكِّرَ إِحْدَىٰهُمَا
ٱلْأُخْرَىٰ ۚ وَلَا يَأْبَ ٱلشُّهَدَآءُ إِذَا مَا دُعُوا۟ ۚ وَلَا تَسْـَٔمُوٓا۟
أَن تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَىٰٓ أَجَلِهِۦ ۚ ذَٰلِكُمْ أَقْسَطُ
عِندَ ٱللَّهِ وَأَقْوَمُ لِلشَّهَٰدَةِ وَأَدْنَىٰٓ أَلَّا تَرْتَابُوٓا۟ ۖ إِلَّآ أَن
تَكُونَ تِجَٰرَةً حَاضِرَةً تُدِيرُونَهَا بَيْنَكُمْ فَلَيْسَ
عَلَيْكُمْ جُنَاحٌ أَلَّا تَكْتُبُوهَا ۗ وَأَشْهِدُوٓا۟ إِذَا تَبَايَعْتُمْ ۚ وَلَا
يُضَآرَّ كَاتِبٌ وَلَا شَهِيدٌ ۚ وَإِن تَفْعَلُوا۟ فَإِنَّهُۥ فُسُوقٌۢ
بِكُمْ ۗ وَٱتَّقُوا۟ ٱللَّهَ ۖ وَيُعَلِّمُكُمُ ٱللَّهُ ۗ وَٱللَّهُ بِكُلِّ
شَىْءٍ عَلِيمٌ ﴿٢٨٢﴾

വെക്കുവിൻ. ഒരെഴുത്തുകാരൻ നിങ്ങൾക്കിടയിൽ നീതിയനുസരിച്ച് (അത്) എഴുതുകയും ചെയ്തുകൊള്ളട്ടെ, ഒരെഴുത്തുകാരനും (തന്നെ) അവന് അല്ലാഹു പഠിപ്പിച്ചു കൊടുത്തതുപോലെ, (അത്) എഴുതുവാൻ വിസമ്മതിക്കുകയും അരുത്, അങ്ങനെ, അവൻ എഴുതിക്കൊള്ളട്ടെ; യാതൊരുവൻെറ മേലാണോ കടബാദ്ധ്യത ഉണ്ടായിരിക്കുന്നത് അവൻ വാചകം പറഞ്ഞുകൊടുക്കുകയും, തൻെറ റബ്ബായ അല്ലാഹുവിനെ അവൻ സൂക്ഷിക്കുകയും ചെയ്യട്ടെ. അതിൽനിന്ന് അവൻ ഒരു വസ്തുവും കുറവ് വരുത്തുകയും അരുത്. ഇനി, കടബാദ്ധ്യതയുള്ളവൻ ഒരു ഭോഷനോ, അല്ലെങ്കിൽ ദുർബ്ബലനോ, അല്ലെങ്കിൽ അവൻ (സ്വന്തം നിലക്ക്) വാചകം പറഞ്ഞു കൊടുക്കുവാൻ സാധിക്കാതെയോ ആയിരുന്നെങ്കിൽ, അപ്പോൾ അവൻെറ കൈകാര്യക്കാരൻ നീതിപൂർവ്വം വാചകം പറഞ്ഞുകൊടുത്തുകൊള്ളട്ടെ. നിങ്ങളുടെ പുരുഷൻമാരിൽ നിന്നുള്ള രണ്ട് സാക്ഷികളോട് നിങ്ങൾ സാക്ഷ്യം (വഹിക്കുവാൻ) ആവശ്യപ്പെടുകയും ചെയ്യുവിൻ. ഇനി, അവർ (രണ്ട് സാക്ഷികൾ) പുരുഷൻമാരായില്ലെങ്കിൽ, സാക്ഷികളായി നിങ്ങൾ തൃപ്തിപ്പെടുന്നവരിൽനിന്ന് ഒരു പുരുഷനും, രണ്ട് സ്ത്രീകളും (ആവട്ടെ) ; അവർ രണ്ടിലൊരുവൾക്ക് പിഴവ് പറ്റുകയും, അപ്പോൾ അവരിലൊരുവൾ മറ്റേവളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നതിന് (വേണ്ടി.) സാക്ഷികൾ (സാക്ഷ്യത്തിന്) വിളിക്കപ്പെടുമ്പോൾ അവർ വിസമ്മതിക്കുകയും ചെയ്യരുത്. ചെറുതാകട്ടെ, വലുതാകട്ടെ അത് അതിൻെറ അവധിവരെ എഴുതിവെക്കുവാൻ നിങ്ങൾ മടിക്കുകയും ചെയ്യരുത്. അതൊക്കെ, അല്ലാഹുവിൻെറ അടുക്കൽ കൂടുതൽ നീതിപൂർവ്വകമായതും, സാക്ഷ്യത്തിനു കൂടുതൽ ബലം നൽകുന്നതും, നിങ്ങൾ സന്ദേഹപ്പെടാതിരിക്കുവാൻ കൂടുതൽ അടുപ്പ [സൗകര്യ] മായതുമാകുന്നു; നിങ്ങൾക്കിടയിൽ നിങ്ങൾ നടത്തുന്ന വല്ല റൊക്കച്ചവടവും [ഇടപാടും] ആയാലൊഴികെ: അപ്പോൾ, അത് എഴുതിവെക്കാതിരിക്കുന്നതിന് നിങ്ങളുടെമേൽ തെറ്റില്ല. നിങ്ങളന്യോന്യം വിൽപന [കൊള്ളക്കൊടുക്കൽ] നടത്തുമ്പോൾ

നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്‌വിൻ, ഒരു എഴുത്തുകാരനാകട്ടെ, ഒരു സാക്ഷിയാകട്ടെ, ദ്രോഹിക്കപ്പെടുകയും ചെയ്യരുത്. നിങ്ങൾ (അങ്ങിനെ) ചെയ്യുന്നുവെങ്കിലോ, അത് നിങ്ങളിലുള്ള ധിക്കാരമായിരിക്കും. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്തുകൊള്ളുവിൻ. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതരുകയാണ്. അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനുമാകുന്നു.

---

282 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ. **إذا تداينتم** നിങ്ങളന്യോന്യം കടമിടപാടു നടത്തിയാൽ. **بدين** വല്ല കടത്തെ (കടമിടപാടിനെ) യും. **إلى أجل** ഒരവധിവരേക്കു. **مسمى** പേരുപറയപ്പെട്ട (നിർണ്ണയിക്കപ്പെട്ട) . **فاكتبوه** എന്നാലതു നിങ്ങൾ എഴുതുവിൻ. **وليكتب** എഴുതുകയും ചെയ്യട്ടെ. **بينكم** നിങ്ങൾക്കിടയിൽ. **كاتب** ഒരെഴുത്തുകാരൻ. **بالعدل** നീതിയനുസരിച്ചു . **ولا يأب** വിസമ്മതിക്കുകയും ചെയ്യരുത്. **كاتب** ഒരെഴുത്തുകാരനും. **أن يكتب** എഴുതുവാൻ. **كما علمه** അവനെ പഠിപ്പിച്ചതുപോലെ. **الله** അല്ലാഹു. **فليكتب** അങ്ങനെ അവൻ എഴുതട്ടെ. **وليملل** വാചകം പറഞ്ഞു കൊടുക്കുകയും ചെയ്യട്ടെ. **الذي** യാതൊരുവൻ. **عليه الحق** അവന്റെ മേലാണ് കടബാധ്യത. **وليتق** അവൻ സൂക്ഷിക്കുകയും ചെയ്യട്ടെ. **الله ربه** അവന്റെ റബ്ബായ അല്ലാഹുവിനെ. **ولا يبخس** അവൻ കുറവു വരുത്തുക (നഷ്ടപ്പെടുത്തുക) യും അരുത്. **منه شيئا** അതിൽനിന്ന് യാതൊന്നും. **فإن كان** എനി ആയിരുന്നെങ്കിൽ. **الذي** യാതൊരുവൻ. **عليه الحق** അവന്റെ മേലാണ് കടബാധ്യത. **سفيها** വിഡ്ഢി. **أو ضعيفا** അല്ലെങ്കിൽ ദുർബലൻ. **أو لا يستطيع** അല്ലെങ്കിൽ അവന്നു സാധിക്കുകയില്ല. **أن يمل هو** അവൻ (തന്നെ) വാചകം പറയുവാൻ. **فليملل** എന്നാൽ വാചകം പറഞ്ഞു കൊടുക്കട്ടെ. **وليه** അവന്റെ കൈകാര്യക്കാരൻ. **بالعدل** നീതിയനുസരിച്ച്. **واستشهدوا** നിങ്ങൾ സാക്ഷ്യം ആവശ്യപ്പെടുകയും ചെയ്‌വിൻ. **شهيدين** രണ്ടു സാക്ഷികളോട്. **من رجالكم** നിങ്ങളുടെ പുരുഷൻമാരിൽനിന്നും. **فإن لم يكونا** എനി അവർ രുപേർ ആയില്ലെങ്കിൽ. **رجلين** രു പുരുഷൻമാർ. **فرجل** എന്നാൽ ഒരു പുരുഷൻ. **وامرأتان** രണ്ടു സ്ത്രീകളും. **ممن ترضون** നിങ്ങൾ തൃപ്തിപ്പെടുന്നവരിൽപെട്ട. **من الشهداء** സാക്ഷികളിൽനിന്ന്. **أن تضل** പിഴവു പറ്റുന്നതിന്. **إحداهما** അവർ രിൽ ഒരുവൾക്ക്. **فتذكر** അപ്പോൾ ഓർമ്മപ്പെടുത്തുകയും. **إحداهما** രണ്ടിലൊരുവൾ. **الأخرى** മറ്റേവളെ. **ولا يأب** വിസമ്മതിക്കുകയും ചെയ്യരുത്. **الشهداء** സാക്ഷികൾ. **إذا ما دعوا** അവർ വിളിക്ക(ക്ഷണിക്ക) പ്പെട്ടാൽ. **ولا تسئموا** നിങ്ങൾ മടിക്കുക (വൈമനസ്യം കാണിക്കുക) യും അരുതു. **أن تكتبوه** അതെഴുതുവാൻ. **صغيرا** ചെറുത് (ആവട്ടെ) . **أو كبيرا** അല്ലെങ്കിൽ വലുത് (ആവട്ടെ) . **إلى أجله** അതിന്റെ അവധിവരെ. **ذلكم** അതു (നിങ്ങളോട് പറഞ്ഞതൊക്കെ) . **أقسط** കൂടുതൽ നീതിപൂർവ്വകമാണ്. **عند الله** അല്ലാഹുവിന്റെ അടുക്കൽ. **وأقوم** അധികം ബലം നൽകുന്നതും, കൂടുതൽ ചൊവ്വായതും. **للشهادة** സാക്ഷ്യത്തിന്. **وأدنى** കൂടുതൽ അടുപ്പമുള്ളതും (സൗകര്യപ്പെട്ടതും) . **ألا ترتابوا** നിങ്ങൾക്ക് സംശയമുാകാതിരിക്കുന്നതിന്. **إلا أن تكون** അതായിരുന്നാലൊഴികെ. **تجارة** ഒരു കച്ചവടം (ഇടപാട്) . **حاضرة** റൊക്കമായ. **تديرونها** നിങ്ങൾ അതിനെ നിയന്ത്രിക്കുന്നു. **بينكم** നിങ്ങൾക്കിടയിൽ. **فليس عليكم** അപ്പോൾ നിങ്ങളുടെ മേൽ ഇല്ല. **جناح** തെറ്റ്, ഒരു തെറ്റും. **ألا تكتبوها** നിങ്ങളതു എഴുതാതിരിക്കുന്നതിന്. **وأشهدوا** നിങ്ങൾ സാക്ഷി നിറുത്തുകയും ചെയ്യുവിൻ. **إذا تبايعتم** നിങ്ങളന്യോന്യം വിൽപന (ക്രയവിക്രയം) നടത്തിയാൽ. **ولا يضار** ദ്രോഹിക്കപ്പെടുകയും അരുത്, ദ്രോഹിക്കുകയുമരുത്. **كاتب** വല്ല എഴുത്തുകാരനും. **ولا شهيد** വല്ല സാക്ഷിയും അരുത്. **وإن تفعلوا** നിങ്ങൾ ചെയ്യുന്നുവെങ്കിലോ. **فإنه فسوق** എന്നാലത് ധിക്കാരമാണ്, തോന്നിയവാസമായിരിക്കും. **بكم** നിങ്ങളിലുളള. **واتقوا** നിങ്ങൾ സൂക്ഷിക്കയും ചെയ്യുവിൻ. **الله** അല്ലാഹുവിനെ. **ويعلمكم** നിങ്ങളെ പഠിപ്പിക്കുന്നു. **الله** അല്ലാഹു. **والله** അല്ലാഹുവാകട്ടെ. **بكل شيء** എല്ലാ കാര്യത്തെ (വസ്തുവെ) പറ്റിയും. **عليم** അറിയുന്നവനാണ്.

കഴിഞ്ഞ വചനങ്ങളിൽ പലിശയെയും, പലിശ ഇടപാടുകളെയും കുറിച്ച് പലതും വിവരിച്ചതിൻെറശേഷം മനുഷ്യൻെറ സാമൂഹ്യ ജീവിതത്തിലെ നിത്യാവശ്യങ്ങളായ മുതലിടപാടുകളിൽ പൊതുവെ പാലിക്കപ്പെടേണ്ടതും, അവയുടെ നൻമക്കും സുരക്ഷിതത്വത്തിനും ഉപയുക്തമായതുമായ പല ഉപദേശ നിർദ്ദേശങ്ങളും, വിധി വിലക്കുകളും ഖുർആനിലെ ഏററവും വലിയ സൂക്തമായ ഈ വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ പഠിപ്പിക്കുന്നു. വിശ്വാസത്തിലും, സ്വഭാവത്തിലും, ആചാരാനുഷ്ഠാനങ്ങളിലുമെന്നപോലെ, ധനപരമായ ഇടപാടുകളിലും സത്യവിശ്വാസികൾ ഉന്നതവും മാന്യവുമായ നിലവാരം പുലർത്തി മറ്റുള്ളവർക്ക് മാതൃകയാകേണ്ടതുണ്ടല്ലോ. വ്യക്തവും വിശദവുമായ ഭാഷയിൽ അല്ലാഹു കൽപിച്ചിട്ടുള്ള ഈ ഇടപാട് മര്യാദകൾ വേണ്ടതുപോലെ പാലിക്കപ്പെടായ്കകൊണ്ട്-അവ പാലിക്കുവാൻ മറ്റാരെക്കാളും കൂടുതൽ ബാദ്ധ്യസ്ഥരായിരുന്നിട്ടുപോലും-മുസ്ലിംകൾക്കിടയിൽ ഇടപാടു സംബന്ധമായ വഴക്കും, വക്കാണവും ഇക്കാലത്ത് സാധാരണമാണെന്നുള്ളത് പരിതാപകരമായ ഒരു പരമാർത്ഥമത്രെ. അധിക വ്യാഖ്യാനമോ വിവരണമോ കൂടാതെത്തന്നെ, ഏറെക്കുറെ എല്ലാവർക്കും മനസ്സിലാക്കാവുന്നവിധം വ്യക്തമാണ് ഈ വചനത്തിലെ ഉള്ളടക്കങ്ങൾ. എന്നാലും ഓരോ വാക്യത്തിൻെറയും വെളിച്ചത്തിൽ നമ്മുടെ മതപണ്ഡിതൻമാർ അവരുടെ ഗ്രന്ഥങ്ങളിൽ കർമ്മപരമായ പല നിയമങ്ങളും വിശദീകരണങ്ങളും നൽകിക്കാണാം. വിശുദ്ധ ഖുർആൻെറ വാചകശൈലിയുടെയും, പ്രതിപാദന രീതിയുടെയും സവിശേഷതയാണത്. സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് ഈ വചനത്തിലടങ്ങിയ നിയമനിർദ്ദേശങ്ങളുടെ സാരാംശം നമുക്കിങ്ങിനെ സംഗ്രഹിക്കാം:-

(1) ഒരു നിശ്ചിത അവധിവെച്ചുകൊണ്ടുള്ള കടമിടപാടുകൾ നടത്തുമ്പോൾ അത് എഴുതി. രേഖപ്പെടത്തിവെക്കേണ്ടതാകുന്നു. കടമിടപാടുകൾ എന്നു പറഞ്ഞതിൽ, മതദൃഷ്ട്യാ വിരോധിക്കപ്പെടാത്തതും, അങ്ങുമിങ്ങും കൊടുത്തുതീർക്കേണ്ടുന്ന ബാധ്യത റൊക്കം തന്നെ കൊടുത്തുതീർപ്പെടാത്താതുമായ എല്ലാ ഇടപാടുകളും ഉൾപെടുന്നു. ഈ കൽപന നിയമപരമായ ഒരു നിർബന്ധം- അല്ലെങ്കിൽ നിബന്ധന- എന്ന നിലക്കുള്ളതല്ല. അഥവാ, എഴുതി വെക്കാത്തുകൊണ്ടുമാത്രം ശിക്ഷക്കു വിധേയമാകുകയോ, ഇടപാട് സാധുവല്ലാതാകുകയോ ചെയ്യുന്നതല്ല എന്നത്രെ ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം, ഭാവിയിൽ സംശയത്തത്തിനോ, കശപിശക്കോ മാർഗ്ഗമുണ്ടായേക്കുമെന്ന് കണ്ടാൽ, നിർബന്ധമായിത്തീരുന്നതാണ് താനും. അടുത്ത വചനത്തിൽ فان امن بعضكم بعضا (നിങ്ങളിൽ ചിലർ ചിലരെ വിശ്വസിച്ചാൽ) എന്നു തുടങ്ങിയ വാക്യം ഇതിനു തെളിവായി ചൂണ്ടിക്കാട്ടപ്പെടുകയും ചെയ്യുന്നു. ആ വാക്യത്തിൻെറ അർത്ഥവും വ്യാഖ്യാനവും അവിടെ വെച്ച് നമുക്ക് കാണാം. ان شاءالله ഏതായാലും ഇടപാടു കേവലം ചെറുതാണെന്നുള്ളതുകൊണ്ടു മാതം എഴുതിവെക്കൽ ഉപേക്ഷിക്കുവാൻ പാടില്ല. പരസ്പരം വിശ്വാസ വഞ്ചന ചെയ്കയില്ലെന്നുള്ളതിൻെറപേരിൽ മാത്രമേ അത് വേണ്ടെന്നുവെച്ച് കൂടൂ. ഇടപാടു ചെറുതായാലും വലുതായാലും എഴുതിവെക്കുവാൻ മടിക്കരുത് എന്ന് അല്ലാഹു തുടർന്നു പറയുന്നുണ്ടല്ലോ.

(2) എഴുതിരേഖപ്പെടുത്തുന്നതു എഴുത്തറിയുന്ന ഒരു മൂന്നാമൻെറ കൈക്കായിരിക്കണം. ഇടപാടുകാരിൽ ഒരാളായാൽ, എഴുത്തിൽ അയാൾ തൻെറതാൽപര്യത്തിന് അനുകൂലമായ വല്ല വ്യത്യാസമോ സൂചനയോ വരുത്തിത്തീർക്കുവാൻ ഇടയാകുകയോ അല്ലെങ്കിൽ അങ്ങിനെ സംശയിക്കപ്പെടുകയോ ചെയ്യാമല്ലോ മൂന്നാമനാകുമ്പോൾ ഈ ദോഷം സംഭവിക്കുവാനില്ല. അവൻ നീതി പാലിക്കണം-ഒരു പക്ഷത്തിന് പ്രത്യേകം ഗുണമോ ദോഷമോ ഉണ്ടാകുന്നതൊന്നും ചെയ്വാൻ പാടില്ല -താനും. അഥവാ, ഇടപാടിൻെറ സ്വഭാവവും നിശ്ചയങ്ങളും ശരിക്കും അനുസരിച്ചായിരിക്കണം എഴുതുന്നത്. (3) എഴുത്തറിയുന്നവൻ-അവൻ എഴുതിക്കൊടുക്കേണ്ടുന്ന സന്ദർഭം വന്നാൽ-അതിന് വിസമ്മതിച്ചുകൂടാ. അവന് എഴുതുവാൻ കഴിവുണ്ടായത്

അല്ലാഹു അവനു ചെയ്തു കൊടുത്ത ഒരു അനുഗ്രഹമാണല്ലോ. അതുകൊണ്ടു തൻെറ സഹോദരങ്ങൾക്കുവേണ്ടി ആ കഴിവ് അവൻ ഉപയോഗപ്പെടുത്തുന്നത് അല്ലാഹുവിനോട് ചെയ്യുന്ന ഒരു നന്ദികൂടിയാകുന്നു. അതിനു വിസമ്മതിക്കുന്നത് നന്ദികേടുമായിരിക്കും. ഇത് കേവലം ഒരു സേവനമെന്ന നിലക്കാണു ചെയ്തുകൊടുക്കേണ്ടത്. എങ്കിലും പ്രതിഫലം അർഹിക്കത്തക്കവണ്ണം അതിനുവേണ്ടി സമയവും ബുദ്ധിമുട്ടും വിനിയോഗിക്കേണ്ടി വരുന്ന പക്ഷം, എഴുത്തുകാരന് പ്രതിഫലം വാങ്ങാവുന്നതുമാകുന്നു. എഴുത്തുകാരനോടും സാക്ഷിയോടും ഉപദ്രവം കാണിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. (4) രേഖതയ്യാറാക്കുമ്പോൾ അതിൽ എഴുതേണ്ടുന്ന വാചകം പറഞ്ഞുകൊടുക്കുവാനുള്ള അവകാശം, ആ ഇടപാടിൽ ആരുടെ പേരിലാണ് കടബാധ്യത വരുന്നതെങ്കിൽ അവനുള്ളതാണ്. അവൻ തന്നെ വാചകം പറഞ്ഞു കൊടുക്കുമ്പോൾ ആ ബാധ്യത താൻ ഏറ്റെടുക്കുന്നുവെന്നുള്ള ഒരു ഏറ്റുപറയലും കൂടിയായിരിക്കും അത്. അവൻെറ ഇഷ്ടംപോലെ എന്തും അതിൽ എഴുതിച്ചേർക്കാമെന്നു ഇതിനർത്ഥമില്ല. ഉഭയ കക്ഷികൾ തമ്മിലുള്ള നിശ്ചയങ്ങൾക്കോ മതനിയമങ്ങൾക്കോ. യോജിക്കാത്ത വല്ല കൃത്രിമ വാക്കുകളും അതിൽ ഉൾക്കൊള്ളിക്കുവാൻ പാടില്ല. 'അവൻ അവൻെറ റബ്ബായ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുകയും ചെയ്യട്ടെ'. എന്നു പറഞ്ഞത് അതാണ് ചൂണ്ടിക്കാട്ടുന്നത്. വാചകങ്ങളിൽ വല്ല പാകക്കേടും വരുന്നുണ്ടോ എന്ന് മറുകക്ഷിക്ക് ആരായാവുന്നതുമാകുന്നു.

(5) ഇടപാടുകളെ സംബന്ധിച്ച രേഖകളും ലക്ഷ്യങ്ങളും പറഞ്ഞുകൊടുത്ത് എഴുതിക്കുവാൻ എല്ലാവർക്കും സാധിക്കുകയില്ലല്ലോ. ഉദാഹരണമായി: ഭോഷൻ , അവിവേകി, ഭ്രാന്തൻ, കുട്ടി, ഭാഷ അറിയാത്തവൻ, ഊമ, രോഗി, വിദേശത്തു താമസിക്കുന്നവൻ ഇവർക്കെല്ലാം അതിനു കഴിയുകയില്ല. അതുകൊണ്ട് അങ്ങിനെയുള്ളവർക്ക് വേണ്ടി അവരുടെ കൈകാര്യങ്ങൾ നടത്തുന്ന രക്ഷിതാക്കളോ പ്രതിനിധികളോ അക്കാര്യം നിർവ്വഹിക്കണം. ഇവരും നീതിയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. നിശ്ചയത്തിനും യഥാർത്ഥത്തിനും വിരുദ്ധമായി അവരവരുടെ വക അതിലൊന്നും കൂട്ടിക്കലർത്തിക്കൂടാ. (6) എഴുതി രേഖപ്പെടുത്തിവെച്ചാൽ മാത്രം പോരാ, രണ്ടുപേരെ സാക്ഷിനിറുത്തുകയും വേണം. സാക്ഷികൾ മുസ്ലിംകളും പ്രായപൂർത്തി എത്തിയ പുരുഷൻമാരുമായിരിക്കണം. 'നിങ്ങളുടെ പുരുഷൻമാരിൽ പെട്ടവർ' എന്ന വിശേഷണത്തിൽ നിന്ന് ഇത് മനസ്സിലാക്കാം. സ്ത്രീകളെ സാക്ഷിയാക്കുന്നതിനെപ്പറ്റി തുടർന്നു പറയുന്നുണ്ടെങ്കിലും ഇടപാട് കാര്യങ്ങളിൽ പുരുഷൻമാരാണ് സാക്ഷ്യം വഹിക്കുവാൻ സ്ത്രീകളേക്കാൾ അർഹരെന്ന് ഇതിൽ സൂചനയുണ്ട്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ വിവേകവും പരിചയവും പുരുഷൻമാർക്കാണല്ലോ ഉണ്ടാകുക. കോടതിയിലും മറ്റും സാക്ഷ്യം നിർവ്വഹിക്കുവാനുള്ള സൗകര്യവും കൂടുതൽ അവർക്കായിരിക്കും. സാക്ഷികൾ മര്യാദക്കാരും പൊതു സമ്മതൻമാരുമായിരിക്കേണ്ടതാണ്. അതാണ് ممن ترضون (നിങ്ങൾ തൃപ്തിപ്പെടുന്നവരുൽ നിന്ന്) എന്ന വിശേഷണം ചൂണ്ടിക്കാണിക്കുന്നത്. (7) സംഗതിവശാൽ രണ്ടു പുരുഷൻമാരെ സൗകര്യപ്പെട്ടില്ലെങ്കിൽ ഒരു പുരുഷനും രണ്ടു സ്ത്രീകളുമാവാം സാക്ഷികൾ. സ്ത്രീകളുമായി പ്രത്യേക ബന്ധമുള്ള ചില കാര്യങ്ങളിൽ സ്ത്രീകളുടെ സാക്ഷ്യത്തിന് പ്രത്യേക സ്ഥാനം കൽപിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇടപാടുകളുടെ കാര്യത്തിൽ സ്ത്രീകൾ മാത്രം സാക്ഷികളായാൽ പോരാ എന്നാണു ഇതിൽ നിന്നു മനസ്സിലാകുന്നത്.

(8) ഒരു പുരുഷൻെറ സ്ഥാനത്ത് രണ്ട് സ്ത്രീകൾ വേണമെന്നു വെക്കുവാൻ കാരണം അവർക്ക് പലപ്പോഴും ഓർമ്മതെറ്റും പിഴവും പിണഞ്ഞേക്കുമെന്നുള്ളതാണ് എന്നു കൂടി അല്ലാഹു ഓർമ്മിപ്പിക്കുന്നു. ഒരുവൾക്ക് അബദ്ധം പിണഞ്ഞാൽ മറ്റേവൾ അത് ഓർമ്മപ്പെടുത്തി തിരുത്തിക്കൊടുക്കുവാൻ ഇത് ഉതകുമല്ലോ. വ്യക്തികളെ അപേക്ഷിച്ചു നോക്കുമ്പോൾ ചില സ്ത്രീകൾ ബുദ്ധിയിലും ഓർമ്മശക്തിയിലുമൊക്കെ പല പുരുഷൻമാരെയും കവച്ചുവെച്ചേക്കാമെങ്കിലും സ്ത്രീയും പുരുഷനും തമ്മിൽ പൊതുവെയുള്ള ബുദ്ധിപരമായ വ്യത്യാ

സമാണ് അല്ലാഹു ഇതു മുഖേന സൂചിപ്പിക്കുന്നത്. ഒരിക്കല്‍ നബി (ﷺ) സ്ത്രീകളോടു ഇങ്ങിനെ ഉപദേശിക്കുകയുണ്ടായി ''നിങ്ങള്‍ ദാനധര്‍മ്മങ്ങള്‍ ചെയ്യുകയും അധികമായി പാപമോചനം തേടുകയും ചെയ്യണം. നരകക്കാരില്‍ സ്ത്രികള്‍ അധികമായിട്ടാണ് എനിക്ക് കാണപ്പെട്ടരിക്കുന്നതു. അപ്പോള്‍ ഒരു സ്ത്രീ അതിന് കാരണം ചോദിച്ചു. തിരുമേനി പറഞ്ഞു: ''നിങ്ങള്‍ ബന്ധുക്കളോട് നന്ദികേട് കാണിക്കുകയും ശാപം വര്‍ദ്ധിപ്പിക്കുകയും ചെയ്യുന്നു. ബുദ്ധിയും മതവും കുറവായ നിങ്ങളില്‍ ഒരുവള്‍ ദൃഢമനസ്കനായ ഒരു പുരുഷന്‍റെ ബുദ്ധിയെ പരാജയപ്പെടുത്തുന്നതിനെക്കാള്‍ (അതിനു കഴിവുള്ള) മറ്റാരെയും ഞാന്‍ കണ്ടിട്ടില്ല.'' അപ്പോള്‍ ആ സ്ത്രീ ചോദിച്ചു: 'ഞങ്ങള്‍ക്കു ബുദ്ധിയിലും മതത്തിലും എന്താണു കുറവ്?' തിരുമേനി പറഞ്ഞു: ''രണ്ടു സ്ത്രീയുടെ സാക്ഷ്യം ഒരു പുരുഷന്‍റെ സ്ഥാനത്ത് നിലകൊള്ളുന്നുവെന്നുള്ളത് അവളുടെ ബുദ്ധിയുടെ കുറവ് നിമിത്തമാണ്. അവള്‍ ദിവസങ്ങളോളം നമസ്ക്കരിക്കാതെയും, റമസാനില്‍ നോല്‍ക്കാതെയും (ഋതുകാലങ്ങളില്‍) കഴിഞ്ഞുകൂടുന്നത് അവളുടെ മതത്തിലുള്ള കുറവുമാകുന്നു.'' (മുസ്‌ലിം.)

(9) സാക്ഷ്യം ഏറ്റെടുക്കുന്ന സന്ദര്‍ഭം നേരിടുമ്പോള്‍ സാക്ഷികള്‍ അതിന് വിസമ്മതിച്ചുകൂടാത്തതാകുന്നു. ഇടപാട് നടക്കുന്നിടത്ത് ചില നിശ്ചിത വ്യക്തികള്‍ മാത്രമാണ് ഹാജറുള്ളതെങ്കില്‍ അവര്‍ തന്നെ അത് നിര്‍വ്വഹിക്കേണ്ടിവരും. സാക്ഷ്യത്തിന് കൊള്ളാവുന്ന പലരും തയ്യാറുണ്ടെങ്കില്‍ അവരില ആരെങ്കിലുമായി അതു നിര്‍വ്വഹിക്കേണ്ടതുമാകുന്നു. ഒരു സാമൂഹ്യ കടമയും കൂടിയാണിത്. ആവശ്യം വരുമ്പോള്‍, വിധികര്‍ത്താളുടെയും മദ്ധ്യസ്ഥന്‍മാരുടെയും മുമ്പില്‍ സാക്ഷികള്‍ തങ്ങളുടെ സാക്ഷ്യം നിര്‍വ്വഹിക്കല്‍ അവരുടെ ചുമതലയാകുന്നു. ഒരു നബിവചനത്തില്‍ ഇപ്രകാരം വന്നിട്ടുണ്ട്: ''സാക്ഷികളില്‍ ഏറ്റവും നല്ലവനെപ്പറ്റി ഞാന്‍ നിങ്ങള്‍ക്കു പറഞ്ഞുതരട്ടെയോ? ആവശ്യപ്പെടുന്നതിനു മുമ്പ് തന്‍റെ (താന്‍ ഏറ്റെടുത്ത) സാക്ഷ്യവുമായി വരുന്നവനാകുന്നു.'' (മു) വേണ്ടിവരുമ്പോള്‍ മടികൂടാതെ സാക്ഷ്യം നിറവേറ്റുന്നവന്‍ എന്ന് സാരം. മറ്റൊരു നബിവചനത്തില്‍ ഇങ്ങിനെയും വന്നിരിക്കുന്നു: ''സാക്ഷികളില്‍വെച്ചു മോശമായവനെപ്പറ്റി ഞാന്‍ നിങ്ങള്‍ക്ക് പറഞ്ഞുതരട്ടെയോ? സാക്ഷി നില്‍ക്കുവാന്‍ ആവശ്യപ്പെടുന്നതിന് മുമ്പ് സാക്ഷ്യം വഹിക്കുവാനണത്.'' (ബു;മു) ഇത് കള്ള സാക്ഷികളുടെ ലക്ഷണമാണല്ലോ.

(10) ഇടപാട് ചെറുതായാലും വലുതായാലും കടപത്രം എഴുതിവെക്കുവാന്‍ വൈമനസ്യം കാണിച്ചുകൂടാ. അഥവാ വലിയ ഇടപാടുകള്‍ മാത്രം രേഖപ്പെടുത്തിവെച്ചാല്‍ മതിയെന്നു വെക്കുന്നത് ശരിയല്ല. കടമിടപാടുകളെപ്പറ്റിയാണല്ലോ സംസാരം. അതുകൊണ്ട് ഇടപാടിന്‍റെ അവധി കഴിഞ്ഞ് അത് അവസാനിക്കുന്നതുവരെ അതിന്‍റെ രേഖ സൂക്ഷിക്കുകതന്നെ വേണ്ടതുണ്ട്. രേഖ സൂക്ഷിച്ചു വെക്കുവാനുള്ള അവകാശം ആര്‍ക്കാണെന്നു വക്തമാക്കപ്പെട്ടിട്ടില്ല. എങ്കിലും വാചകം പറഞ്ഞുകൊടുക്കുവാനുള്ള അവകാശം കടബാധ്യത ഏല്‍ക്കുന്നവന്നുള്ളതാകകൊണ്ട് കടം തീര്‍ത്തുകിട്ടേണ്ടുന്ന ആള്‍ക്കാണ് രേഖ സൂക്ഷിക്കുവാനുള്ള അവകാശം. മാത്രമല്ല, വേണ്ടിവന്നാല്‍ ഇടപാടിലെ നിശ്ചയങ്ങളും നിബന്ധനകളും തെളിയിക്കേണ്ടി വരുക അവനാണല്ലോ.

(11) എഴുതി രേഖപ്പെടുത്തിവെക്കുന്നതിനെപ്പറ്റി ഇത്ര ഊന്നിപ്പറയുവാനുള്ള കാരണങ്ങളും അല്ലാഹു ചൂണ്ടണിക്കാട്ടിയിരിക്കുന്നു. ഒന്ന്: അല്ലാഹുവിന്‍റെ അടുക്കല്‍ കൂടുതല്‍ നീതിപൂര്‍വ്വകമായത് അതാണ്. രണ്ട് പക്ഷത്തിനും ദോഷം പറ്റാതെ ഇടപാടിലെ നിശ്ചയങ്ങള്‍ക്കനുസരിച്ചു കാര്യങ്ങള്‍ അവസാനിപ്പിക്കുവാന്‍ അത് ഉതകുന്നു. രണ്ടാമതായി: സാക്ഷികളുടെ സാക്ഷ്യത്തിനു അതൊരു പിന്‍ബലവുമായിരിക്കും. സാക്ഷികളുടെ മൊഴിയും എഴുതിവെച്ച രേഖയുംകൂടിയാകുമ്പോള്‍ തെളിവ് കൂടുതല്‍ ശക്തിപ്പെടും. കാലപ്പഴക്കംകൊണ്ടോ മറ്റോ സാക്ഷികള്‍ക്ക് വല്ല മറവിയോ സംശയമോ നേരിട്ടാലും ആ എഴുത്തുനോക്കി യഥാര്‍ത്ഥം മനസ്സിലാക്കാമല്ലോ. മൂന്നാമതായി: ഇടപാടുകാര്‍ക്കു തന്നെയും ഇടപാടിലെ വല്ല വ്യവസ്ഥയെ

സംബന്ധിച്ചോ വിശദാംശങ്ങളെക്കുറിച്ചോ സംശയങ്ങൾ നേരിടുവാൻ സാധ്യതയുണ്ടു. ആ സംശയം തീർക്കുവാനും വളരെ സഹായകരമായിരിക്കും അത്. മനുഷ്യരുടെനൻമയിൽ അല്ലാഹുവിന് എത്രമാത്രം താൽപര്യമാണുള്ളതെന്ന് ആലോചിച്ചുനോക്കുക! (12) ഇതുവരെ പ്രസ്താവിച്ചതെല്ലാം കടമിടപാടുകളെ സംബന്ധിച്ചായിരുന്നു. ഇനി, ഇടപാട് കൈക്കും മൊഴിക്കും അവസാനിക്കുന്ന-അഥവാ സാധനം കൊടുക്കലും പ്രതിഫലം വാങ്ങലും ഒപ്പം തീരുന്ന -റൊക്ക ഇടപാടായിരുന്നാലോ? അത് എഴുതി രേഖപ്പെടുത്തണമെന്നില്ല. സാധാരണ ഗതിയിൽ അതിൻെറആവശ്യകതയും നേരിടുന്നതല്ല. വൻതോതിലുള്ള ഇടപാടായിരിക്കുന്നതു കൊണ്ടോ ഭാവിയിൽ ഉടമസ്ഥത തെളിയിക്കേണ്ടുന്ന ഘട്ടം നേരിടുമെന്നു കാണുന്നതുകൊണ്ടോ മറേറാ അത് രേഖപ്പെടുത്തുന്നത് ആവശ്യമാണെന്നുവരുമ്പോൾ എഴുതിവെക്കുകയാണ് വേണ്ട തെന്നു പ്രത്യേകം പറയേണ്ടതുമില്ല.

(13) എന്നാലും, റൊക്ക ഇടപാടുകളിലും രണ്ടാളെ സാക്ഷി നിറുത്തുന്നത് ആവശ്യ മാകുന്നു. കക്ഷികൾ തമ്മിലോ പുറമേ നിന്നോ വല്ല തർക്കവും വാദവും ഉന്നയിക്ക പ്പെടുന്നപക്ഷം, അതില്ലാതാക്കുവാൻ ഇത് പ്രയോജനപ്പെടും. നിത്യേന ജനങ്ങൾക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന ചില്ലറ കൊള്ളക്കൊടുക്കലുകളിലെല്ലാം രണ്ടു സാക്ഷികൾ ഉണ്ടായിരിക്ക ണമെന്ന് ധരിക്കേണ്ടതില്ല. കാര്യപ്പെട്ടതും, ഭാവിയിൽ സാക്ഷിയുടെ ആവശ്യം നേരിട്ടേക്കാമെന്നു തോന്നുന്നതുമായ ഇടപാടുകളിൽ മാത്രമേ സാക്ഷി നിറുത്തേണ്ടതുള്ളു. റൊക്ക ഇടപാടുകളിൽ ഇരു കക്ഷികളുടെയും ബാദ്ധ്യത അപ്പപ്പോൾ തീർന്നുപോകുന്നു. കടമിടപാടുകളിൽ അവയുടെ കാലാവധി അവസാനിക്കുമ്പോഴേ ബാദ്ധ്യത അവസാനിക്കുന്നുള്ളു. ഇതാണ് രണ്ടും തമ്മിൽ ഈ വ്യത്യാസത്തിന് കാരണം. അതുകൊണ്ടായിരിക്കാം കടമിടപാട് ചെറുതായാലും വലുതായാലും അത് എഴുതിവെക്കണമെന്ന് പറഞ്ഞതുപോലെ, റൊക്കമിടപാടുകൾ ചെറുതാ യാലും വലുതായാലും സാക്ഷി നിറുത്തേണമെന്ന് അല്ലാഹു പറയാതിരുന്നതും. الله اعلم

(14) ولا يضار كاتب ولا شهيد എന്ന വാക്യത്തിലെ يضار എന്ന ക്രിയാ രൂപം കർത്താവ് അറിയപ്പെടുന്നതും (معروف) കർത്താവ് അറിയപ്പെടാത്തതും (مجهول) ആയിരിക്കുവാൻ സാദ്ധ്യത യുണ്ടു. ഇതനുസരിച്ച് അതിൻെറ തൊട്ടുനിൽക്കുന്ന രണ്ടു നാമങ്ങൾ (كاتب ، شهيد) അതിൻെറ കർത്താവോ കർമ്മമോ (الفاعل او المفعول) ആകാവുന്നതുമാണ്. അതിനാൽ ആ വാക്യത്തിന് രണ്ടുപ്രകാരത്തിൽ അർത്ഥംവരാം. ഒന്നാമത്തേതുപ്രകാരം ''എഴുത്തുകാരനാകട്ടെ, സാക്ഷി യാകട്ടെ ഉപദ്രവമുണ്ടാക്കരുത് '' എന്നും രണ്ടാമത്തേതു പ്രകാരം ''എഴുത്തുകാരനോടാകട്ടെ, സാക്ഷിയോടാകട്ടെ ഉപദ്രവം ചെയ്യപ്പെടരുത് '' എന്നും, അർത്ഥമായിരിക്കും. ഈ രണ്ടാമത്തെ അർത്ഥമാണ്. നാം പരിഭാഷയിൽ സ്വീകരിച്ചിരിക്കുന്നത്. രണ്ടായാലും ഉദ്ദേശ്യം വ്യക്തമാണ്. എഴുത്തിലോ, സാക്ഷ്യമൊഴിയിലോ കൃത്രിമം നടത്തുക, ആവശ്യം നേരിടുമ്പോൾ എഴുതി ക്കൊടുക്കുവാൻ മടിക്കുക, സ്ക്ഷ്യം നിർവ്വഹിക്കാതിരിക്കുക, മര്യാദയിൽ കവിഞ്ഞ കൂലിയോ യാത്രാച്ചിലവോ വാങ്ങുക മുതലായ ഉപദ്രവങ്ങൾ എഴുത്തുകാരൻെറയും സാക്ഷിയുടെയും ഭാഗത്തു നിന്നു ഉണ്ടായിക്കൂടാ എന്നായിരിക്കും ആദ്യത്തെ അർത്ഥപ്രകാരം അതിൻെറ ഉദ്ദേശ്യം. എഴുത്തിലോ സാക്ഷ്യത്തിലോ കൃത്രിമം നടത്തുവാൻ നിർബ്ബന്ധിക്കുക, മര്യാദപ്രകാരം നൽകപ്പെടേണ്ടുന്ന കൂലിച്ചെലവുകൾ കൊടുക്കാതിരിക്കുക, ഒഴിവും സൗകര്യവുമില്ലാത്തവരെ എഴുതുവാനും സാക്ഷി പറയുവാനും ബുദ്ധിമുട്ടിക്കുക മുതലായ ഉപദ്രവങ്ങൾ ഇടപാടുകാരുടെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൂടാ എന്നായിരിക്കും രണ്ടാമത്തെ അർത്ഥപ്രകാരം അതിൻെറ താൽപര്യം.

(15) ആരുടെ ഭാഗത്ത് നിന്നായാലും ഉപദ്രവവും അനീതിയും ഉണ്ടാകുന്ന പക്ഷം അതവരിൽ നിന്നുള്ള ധിക്കാരവും തോന്നിവാസവുമായിരിക്കുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. തുടർന്നുകൊണ്ട് എല്ലാവരും എല്ലാവിഷയത്തിലും അല്ലാഹുവിനെ സൂക്ഷിക്കണ മെന്നും, ഇത്രയൊക്കെ വിശദരൂപത്തിൽ കാര്യങ്ങൾ വിവരിച്ചു തരുന്നത് നിങ്ങൾ നിങ്ങളുടെ

മതനിയമങ്ങൾ പഠിച്ചറിയുവാൻ വേണ്ടിയാണെന്നും, നിങ്ങളുടെ നൻമക്കും വിജയത്തിനും ആവശ്യമായ നിയമങ്ങൾ എന്തൊക്കെയാണെന്ന്, നിങ്ങൾ അവ എത്രത്തോളം പാലിക്കുന്നുണ്ട് എന്നു തുടങ്ങിയ സർവ്വകാര്യങ്ങളെക്കുറിച്ചും അല്ലാഹു അറിയുന്നുണ്ടെന്നും ഓർമ്മിപ്പിച്ചു കൊണ്ടാണ് ഈ മഹത്തായ വചനം അല്ലാഹു അവസാനിപ്പിക്കുന്നത്. അല്ലാഹുവിന് അവൻെറ അടിയാൻമാരായ സത്യവിശ്വാസികളുടെ ഐഹികവും പാരിത്രികവുമായ ജീവിതങ്ങൾ വിജക രമാക്കുന്നതിലുള്ള താൽപര്യവും, അവരുടെ നേരെ അവൻ കാണിക്കുന്ന കാരുണ്യവും എത്ര മഹത്തരം! മുലകുടിക്കുന്ന ശിശുവിനോട് അതിൻെറ മാതാവിനുള്ളതിനേക്കാൾ എത്രയോ കരുണയാണ് അല്ലാഹുവിന് അവൻെറ അടിയാൻമാരോടുള്ളതെന്ന് നബി (ﷺ) ഒരു സന്ദർഭത്തിൽ അരുളിച്ചെയ്ത ഹദീസും നാം മുമ്പ് വായിക്കുകയുണ്ടായല്ലോ. اللهم فلك الحمد حتى ترضى

۞ وَإِن كُنتُمْ عَلَىٰ سَفَرٍ وَلَمْ تَجِدُوا۟ كَاتِبًا فَرِهَـٰنٌ مَّقْبُوضَةٌ ۖ فَإِنْ أَمِنَ بَعْضُكُم بَعْضًا فَلْيُؤَدِّ ٱلَّذِى ٱؤْتُمِنَ أَمَـٰنَتَهُۥ وَلْيَتَّقِ ٱللَّهَ رَبَّهُۥ ۗ وَلَا تَكْتُمُوا۟ ٱلشَّهَـٰدَةَ ۚ وَمَن يَكْتُمْهَا فَإِنَّهُۥٓ ءَاثِمٌ قَلْبُهُۥ ۗ وَٱللَّهُ بِمَا تَعْمَلُونَ عَلِيمٌ ﴿٢٨٣﴾

283 നിങ്ങൾ വല്ല യാത്രയിലുമായിരിക്കുകയും, നിങ്ങൾക്ക് ഒരെഴുത്തുകാരനെ കിട്ടാതിരിക്കുകയുമാണെങ്കിൽ, അപ്പോൾ, കൈവശം നൽകപ്പെടുന്ന പണയങ്ങൾ (കൊടുക്കേണ്ടതാണ്) ഇനി, നിങ്ങളിൽ ചിലർ ചിലരെ വിശ്വസിച്ചുവെങ്കിൽ അപ്പോൾ, വിശ്വാസമർപ്പിക്കപ്പെട്ടവൻ തൻെറ വിശ്വാസ്യത നിർവ്വഹിച്ചു [പാലിച്ചു] കൊള്ളട്ടെ; അവൻ തൻെറ റബ്ബിനെ സൂക്ഷിച്ചും കൊള്ളട്ടെ; നിങ്ങൾ സാക്ഷ്യത്തെ (നിറവേറ്റാതെ) മറച്ചുവെക്കുകയും ചെയ്യരുത്. ആരെങ്കിലും അതിനെ മറച്ചുവെക്കുന്നപക്ഷം, അവൻ, ഹൃദയം പാപിയായവനാകുന്നു. അല്ലാഹുവാകട്ടെ, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനുമാണ്.

---

283 وإن كُنتم നിങ്ങളായിരുന്നെങ്കിൽ. على سفَر വല്ലയാത്രയിലും. ولم تجِدوا നിങ്ങൾക്ക് കിട്ടിയതുമില്ല. كَاتبا ഒരെഴുത്തുകാരനെ. فَرهانٌ എന്നാൽ പണയം നൽകുക, പണയങ്ങൾ. مقْبوضةٌ കൈവശം നൽകപ്പെടുന്ന. فَإنْ أمن എനി വിശ്വസിച്ചെങ്കിൽ. بعضكُم നിങ്ങളിൽ ചിലർ. بعضا ചിലരെ. فَلْيؤد എന്നാൽ അവൻ നിർവഹിച്ചു(പാലിച്ചു) കൊള്ളട്ടെ. الذي أؤتمن വിശ്വാസമർപ്പിക്കപ്പെട്ടവൻ. أمانته തൻെറ വിശ്വസ്തത. ولْيتق അവൻ സൂക്ഷിച്ചുകൊള്ളട്ടെ. اللهَ ربه തൻെറ റബ്ബായ അല്ലാഹുവിനെ. ولاَ تكْتموا നിങ്ങൾ ഒളിച്ചു (മറച്ചു-മൂടി) വെക്കുകയും അരുത്. الشهادةَ സാക്ഷ്യത്തെ. ومن يكْتمها ആരെങ്കിലും അതിനെ ഒളിച്ചുവെക്കുന്ന പക്ഷം. فَإنه എന്നാൽ നിശ്ച.മായും അവൻ. آثم قَلْبه അവൻെറ ഹൃദയം പാപിയായവനാണ്. واللهُ അല്ലാഹുവാകട്ടെ. بِما تعملُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. عليم അറിയുന്നവനാണ്.

കഴിഞ്ഞ വചനത്തിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തന്നെയാണ് ഈ വചനത്തിലുമുള്ളത്. പ്രധാനമായും മൂന്നു കാര്യങ്ങളത്രെ ഇതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. (1) യാത്രകളിൽവെച്ച് കടമിടപാടു നടത്തുമ്പോൾ കടപത്രം എഴുതുവാൻ ആളെ കിട്ടാത്തപക്ഷം, കടം വാങ്ങുന്നവൻ (അധമർണ്ണൻ) കടം കൊടുക്കുന്നവന് (ഉത്തമർണ്ണനു) വല്ല വസ്തുവും പണയമായി കൈവശം കൊടുത്തു ഇടപാടിനു ഉറപ്പു നൽകണമെന്നാകുന്നു. യാത്രയിലായിരിക്കലും, എഴുത്തുകാരനെ കിട്ടാതിരിക്കലും പണയം നൽകലിന് ഒരു നിബന്ധനയാണ്-അഥവാ യാത്രയിലല്ലാത്തപ്പോഴും എഴുത്തുകാരൻ നിലവിലുള്ളപ്പോഴും

പണയം നൽകികൂടാ-എന്നില്ല. യാത്രയിലാകുമ്പോഴായിരിക്കും എഴുത്തുകാരനെ കിട്ടുവാനുള്ള വിഷമവും, പണയത്തിൻെറ ആവശ്യകതയും കൂടുതൽ അനുഭവപ്പെടുക. അതുകൊണ്ട് അങ്ങിനെ പറഞ്ഞുവെന്നേയുള്ളു. മുൻകാലത്ത് എഴുത്തറിയുന്നവരുടെ വിരളതയും, അറബികളെ സംബന്ധിച്ചിടത്തോളം യാത്ര ഒരു നിത്യസംഭവമായിരുന്നുവെന്നതും പ്രസ്താവ്യമാണ്. നബി(ﷺ) തിരുമേനി കാലഗതി അടയുമ്പോൾ, അവിടത്തെ പടയങ്കി ഒരു യഹൂദൻെറ കയ്യിൽ പണയത്തിലായിരുന്നുവെന്നും, വീട്ടുകാരുടെ ഭക്ഷണത്തിനു വേണ്ടി ധാന്യം കടം മേടിച്ചതിൻെറ പേരിലായിരുന്നു അതെന്നും ചരിത്രപ്രസിദ്ധമത്രെ. യാത്ര പണയത്തിനു ഒരു നിബന്ധനയല്ലെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാമല്ലോ. പണയത്തിൻെറ ലക്ഷ്യം ഉത്തമർണ്ണനു തൻെറ സംഖ്യ തീർത്തു കിട്ടുമെന്ന് ഉറപ്പു വരുത്തലാണ്. ഈ ലക്ഷ്യം സാധിക്കണമെങ്കിൽ പണയ വസ്തു അവനു കൈവശം ലഭിക്കേണ്ടതുണ്ടു. അതുകൊണ്ടാണു ‘കൈവശം നൽകപ്പെടുന്ന പണയം’ എന്ന് പറഞ്ഞിരിക്കുന്നത്.

(2) പരസ്പരം വിശ്വാസം അർപ്പിച്ചു കഴിഞ്ഞാൽ ആ വിശ്വാസ്യത ശരിക്കും പാലിക്കേണ്ടത് വിശ്വസിക്കപ്പെട്ടവൻെറ കടമയാണ്: അതിൽ കൃത്രിമമോ വഞ്ചനയോ നടത്തുന്നതിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ചു കൊള്ളണം എന്നുള്ളതാണ്. ഇതൊരു പൊതുവായ തത്വമായിട്ടാണു പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. പണയം വാങ്ങുന്നവനും കൊടുക്കുന്നവനും അടക്കമുള്ള ഇടപാടുകാരെ ഇവിടെ പ്രത്യേകം ഉന്നം വെച്ചിട്ടുണ്ടെന്ന് സന്ദർഭം കൊണ്ട് മനസ്സിലാക്കാം. കടസംഖ്യ കൊടുത്തു തീർക്കുമ്പോൾ മടികൂടാതെ പണയവസ്തു മടക്കിക്കൊടുക്കുക, അതുവരെ കേടുപാടൊന്നും വരുത്താതെ അതിനെ സൂക്ഷിക്കുക, പണയമോ സാക്ഷിയോ ഇല്ലാതെയും കടപത്രം എഴുതി രേഖപ്പെടുത്താതെയും പരസ്പര വിശ്വാസത്തിൻമേൽ നടത്തപ്പെട്ട ഇടപാടാകുമ്പോൾ അതിലെ നിശ്ചയങ്ങൾ പരിപൂർണ്ണമായി നിറവേററുക, കൊടുത്തു തീർക്കുവാൻ കടപ്പെട്ട വസ്തുവിൽ മായം ചേർക്കുക പോലെയുള്ള കൃത്രിമങ്ങളൊന്നും ചെയ്യാതെ നന്നാക്കികൊടുക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. വിശ്വാസവഞ്ചനയെപ്പററി ആക്ഷേപിച്ചുകൊണ്ടുള്ള ഖുർആൻ വചനങ്ങളും , നബി വചനങ്ങളും പ്രസിദ്ധങ്ങളാണല്ലോ. (3) സാക്ഷ്യം മൂടിവെക്കുവാൻ പാടില്ല. ഹൃദയം ദുഷിച്ചവരുടെ സ്വഭാവമാണത്. ഹൃദയം ദുഷിച്ചവൻെറ വാക്കും പ്രവൃത്തിയും ദുഷിക്കുമെന്നും, അവൻ കുററക്കാരനും പാപിയുമായിത്തീരുമെന്നും പറയേണ്ടതില്ല. ആവശ്യം നേരിടുമ്പോൾ സാക്ഷ്യം നിർവ്വഹിക്കാതിരിക്കുക, യഥാർത്ഥ വിരുദ്ധമായ സാക്ഷിമൊഴി നൽകുക മുതലായവയെല്ലാം സാക്ഷ്യത്തെ ഒളിച്ചുവെക്കൽതന്നെ. ന്യായവിരുദ്ധവും, സത്യവിരുദ്ധവുമായ ക്രമക്കേടുകൾ ആരുതന്നെ ചെയ്താലും ശരി, അത് എന്തുതന്നെ ആയാലും ശരി, എല്ലാം അല്ലാഹു അറിയുമെന്നും, അവൻെറ മുമ്പിൽ അതിന് ഉത്തരം പറയേണ്ടി വരുമെന്നും അവസാനം അല്ലാഹു താക്കീത് ചെയ്യുന്നു.

വിഭാഗം-40

لِّلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ وَإِن تُبْدُوا۟ مَا فِيٓ أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ ٱللَّهُ ۖ فَيَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۗ وَٱللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾

284 അല്ലാഹുവിനുള്ളതാണ് ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും (എല്ലാം) നിങ്ങളുടെ മനസ്സുകളിലുള്ളതിനെ നിങ്ങൾ വെളിവാക്കുകയോ, അല്ലെങ്കിൽ അതിനെ നിങ്ങൾ മറച്ചുവെക്കുകയോ ചെയ്താലും അല്ലാഹു അതിനെപ്പററി നിങ്ങളെ വിചാരണ ചെയ്യുന്നതാണ്. എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

284 لله അല്ലാഹുവിനാണ്, അല്ലാഹുവിന്റേതാണ്. ما في السماوات ആകാശങ്ങളിലുള്ളത്. وما في الأرض ഭൂമിയിലുള്ളതും. وإن تبدوا നിങ്ങൾ വെളിവാക്കുന്നപക്ഷം, വ്യക്തമാക്കുന്നുവെങ്കിൽ. ما في أنفسكم നിങ്ങളുടെ സ്വന്തങ്ങളിൽ (മനസ്സുകളിൽ) ഉള്ളത്. أو تخفوه അല്ലെങ്കിൽ അതിനെ മറച്ചുവെക്കുന്നുവെങ്കിൽ. يحاسبكم به അതിനെപ്പറ്റി നിങ്ങളെ വിചാരണ ചെയ്യും. الله അല്ലാഹു. فيغفر എന്നിട്ട് അവൻ പൊറുത്തു കൊടുക്കും. لمن يشاء അവൻ ഉദ്ദേശിക്കുന്നവർക്ക്. ويعذب അവൻ ശിക്ഷിക്കുകയും ചെയ്യും. من يشاء അവൻ ഉദ്ദേശിക്കുന്നവരെ. والله അല്ലാഹു, അല്ലാഹുവാകട്ടെ. على كل شيء എല്ലാ കാര്യത്തിനും. قدير കഴിവുള്ളവനാകുന്നു.

ഖുർആനിലെ ഏററവും വലിയ ഈ മഹത്തായ സൂറത്തിൽ ഇതേവരെയായി തത്വോപദേശങ്ങൾ, ചരിത്രപാഠങ്ങൾ, നിയമനിർദ്ദേശങ്ങൾ എന്നിങ്ങനെ വളരെയധികം കാര്യങ്ങൾ അല്ലാഹു വിവരിച്ചു തന്നു. അതിനു ശേഷം മൗലിക പ്രധാനമായ ചില യാഥാർത്ഥ്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടു ഈ സൂറത്ത് അവസാനിപ്പിക്കുവാൻ പോകുകയാണ്. ആകാശഭൂമികളിൽ-അതെ, അഖിലാണ്ഡത്തിൽ-ഉള്ള സർവ്വ വസ്തുക്കളും അല്ലാഹുവിന്റേതാണ്. അവന്റെ സൃഷ്ടിയും അവന്റെ ഉടമയുമാണ്. അവന്റെ അധികാരത്തിലും നിയന്ത്രണത്തിലുമാണ്. രഹസ്യപരസ്യമെന്നോ, ഗൂഢവ്യക്തമെന്നോ വ്യത്യാസം കൂടാതെ എല്ലാ കാര്യങ്ങളും അവനറിയാവുന്നതാണ്. അവന്റെ അടിയാൻമാർ പ്രവർത്തനത്തിലൂടെയോ വാക്കുകളിലൂടെയോ വെളിപ്പെടുത്തുന്നതും, വെളിപ്പെടുത്താതെ മനസ്സിൽ മറച്ചു വെക്കുന്നതുമായ എല്ലാ വിചാരവികാരങ്ങളെയും അവൻ അറിയുന്നു. അവയെപ്പററി അവൻ വിചാരണ നടത്തുകയും ചെയ്യും. എന്നിട്ടു പൊറുത്തുകൊടുക്കേണ്ടവർക്കു പൊറുത്തു കൊടുക്കുകയും, ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുകയും ചെയ്യും .എന്നൊക്കെയാണ് ഈ വചനത്തിൽ അല്ലാഹു ഓർമ്മിപ്പിക്കുന്നത്. ഹൃദയങ്ങളിലുള്ള വിചാരങ്ങളടക്കം എല്ലാ രഹസ്യങ്ങളെയും പരസ്യങ്ങളെയും അല്ലാഹു അറിയുമെന്നുള്ളത് പലപ്പോഴും ഖുർആനിൽ പ്രസ്താവിക്കാറുള്ളതാണ്. എന്നാൽ, ഹൃദയങ്ങളിലുള്ളതിനെ സംബന്ധിച്ചു അവൻ മനുഷ്യരെ വിചാരണ നടത്തുമെന്നു ഈ വചനത്തിൽ മാത്രമാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ അർത്ഥവ്യാപ്തിയിൽ നിന്നായിരിക്കും താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള രിവായത്തുകളിൽ കാണാവുന്നതുപോലെ, ഈ വചനം അവതരിച്ചപ്പോൾ സഹാബികൾക്ക് മനപ്രയാസം അനുഭവപ്പെടുകയുണ്ടായതും.

അഹ്മദ്, മുസ്‌ലിം (رحمهما الله) മുതലായ മഹാൻമാർ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: ‘‘ഈ വചനം അവതരിച്ചപ്പോൾ സഹാബികൾക്ക് അതു സഹിക്കുവാൻ കഴിയാതായി. അവർ നബി (ﷺ) യുടെ അടുക്കൽ ചെന്നു സങ്കടപ്പെട്ടു. ഞങ്ങളുടെ കഴിവിൽ പെട്ട നമസ്കാരം, നോമ്പ്, ധർമ്മം, സമരം മുതലായ കാര്യങ്ങൾ ചെയ്‌വാൻ ഞങ്ങൾ ശാസിക്കപ്പെട്ടിരുന്നു. ഇപ്പോഴിതാ ഈ വചനം അവതരിച്ചിരിക്കുന്നു. അതു ഞങ്ങളുടെ കഴിവിനപ്പുറമാണല്ലോ. (മനസ്സിലെ വിചാരങ്ങളെ ഉപേക്ഷിക്കുവാൻ ഞങ്ങൾക്ക് കഴിവില്ലല്ലോ) എന്ന് അവർ പറഞ്ഞു. നബി (ﷺ) അവരോടു പറഞ്ഞു: ‘‘മുമ്പ് വേദക്കാർ ചെയ്തതുപോലെ, ഞങ്ങൾ കേട്ടു, ഞങ്ങൾ എതിരു പ്രവർത്തിക്കുന്നു എന്നു പറയാതെ, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്നു നിങ്ങൾ പറഞ്ഞുകൊള്ളുവിൻ’’. അങ്ങനെ, കുറച്ചു കാലം അവർ ഈ വചനം പാരായണം ചെയ്തു പരിചയപ്പെട്ടപ്പോൾ, അവരുടെ മനപ്രയാസം നീങ്ങുകയും, അല്ലാഹു അടുത്ത ആയത്ത് അവതരിപ്പിക്കുകയും ചെയ്തു.’’ ഓരോരുത്തർക്കും കഴിവുള്ളതല്ലാതെ ആരോടും ശാസിക്കപ്പെടുകയില്ലെന്നും മററും അടുത്ത രണ്ടാമത്തെ വചനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

പ്രസ്തുത സംഭവം നിവേദനം ചെയ്ത ചില സഹാബികൾ, ഈ വചനത്തെ അടുത്ത വചനം 'നസ്ഖ് ' ചെയ്തിരിക്കുന്നുവെന്നും പ്രസ്താവിച്ചു കാണാം. ഈ വാക്കിനെ ആധാരമാക്കി ചില ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനം 'മൻസൂഖാ'ണെന്നും പറഞ്ഞിരിക്കുന്നു. വാസ്തവത്തിൽ, സാധാരണ പറയപ്പെടാറുള്ള-സാങ്കേതികാർത്ഥത്തിലുള്ള-നസ്ഖ് (വിധി ദുർബ്ബലപ്പെടുത്തൽ) അല്ല അവർ ആ വാക്കുകൊണ്ടുദ്ദേശിച്ചിരിക്കുന്നത്. ആദ്യം അവതരിച്ച വചനത്തിൻെറ ഉദ്ദേശ്യം പിന്നീട് അവതരിച്ച വചനം വിവരിച്ച് തരുന്നുവെന്നേ ആ 'നസ്ഖി'ന് അർത്ഥമുള്ളു. ഇമാം അസ്ഖലാനീ (ﷺ) മുതലായവർ ഈ സംഗതി പ്രത്യേകം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. [മുൻഗാമികൾ നസ്ഖി (نسخ) ന് കൽപിച്ചിരുന്ന അർത്ഥവും പിൻകാല പണ്ഡിതൻമാർ അതിന് നൽകി വരുന്ന സാങ്കേതികാർത്ഥവും അടക്കം 'നസ്ഖി'നെ സംബന്ധിച്ച പല വിവരങ്ങളും മുഖവുരയിൽ വിവരിച്ചിട്ടുണ്ട്. ചുരുക്കം ചിലതെല്ലാം 106-ാം വചനത്തിൻെറ വിവരണത്തിലും കഴിഞ്ഞുപോയിട്ടുണ്ട്. കൂടുതൽ വിവരം അവിടങ്ങളിൽ നോക്കുക.]

മനുഷ്യൻെറ മനസ്സിൽ ഉണ്ടാകുന്ന എല്ലാ വിചാരങ്ങളെയും, തോന്നലുകളെയും കുറിച്ച് അല്ലാഹു ശിക്ഷാനടപടി എടുക്കുമെന്നല്ല അല്ലാഹു പറഞ്ഞതിൻെറ താൽപര്യമെന്ന് വ്യക്തമാണ്. നല്ല വിചാരങ്ങളും ചീത്തവിചാരങ്ങളും പരിശോധിച്ചു അതാതിനനുസരിച്ച നടപടി എടുക്കുമെന്നും, മാപ്പു നൽകേണ്ടവർക്ക് മാപ്പും ശിക്ഷ നൽകേണ്ടവർക്കു ശിക്ഷയും നൽകുമെന്നും, ആരൊക്കെയാണ് മാപ്പിന്നു-അല്ലെങ്കിൽ ശിക്ഷക്കു-അർഹരെന്നു അല്ലാഹുവിന്നറിയാമെന്നുമാണ് അല്ലാഹു പറഞ്ഞതിൻെറ താൽപര്യം. വിചാരണ നടത്തുമെന്നു പറഞ്ഞതിനെതുടർന്ന് (എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്കു അവൻ പൊറുത്തുകൊടുക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും) എന്നുകൂടി അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ. താഴെ കാണുന്നതുപോലെയുള്ള ഹദീസുകളിൽ നിന്ന് ഇപ്പറഞ്ഞതു കൂടുതൽ വിശദമാകുന്നതാകുന്നു:-

(1) നബി (ﷺ) പറയുന്നു: ''നിശ്ചയമായും, എൻെറ സമുദായത്തിന് അവരുടെ മനസ്സുകൾ വർത്തമാനം പറയുന്നതു (മനസ്സിൽ തോന്നിയതു) -അതവർ പ്രവർത്തിക്കുകയോ സംസാരിക്കുകയോ ചെയ്യാത്ത പക്ഷം-അല്ലാഹു വിട്ടുകൊടുത്തിരിക്കുന്നു.'' പ്രധാന ഹദീസ് പണ്ഡിതൻമാരെല്ലാം ഉദ്ധരിച്ചിട്ടുള്ളതാണിത്. (2) മറെറാരു നബി വചനത്തിൻെറ സാരം: ''ഒരാൾ ഒരു നൻമ ചെയ്വാൻ ഉദ്ദേശിച്ചു, എന്നിട്ട് അതവൻ ചെയ്തില്ല. എന്നലാവന് ഒരു പൂർണ്ണമായ നൻമയായി അത് രേഖപ്പെടുത്തപ്പെടും. ഒരു നൻമ ഉദ്ദേശിച്ചിട്ട് അതവൻ ചെയ്താൽ, പത്തു മുതൽ ഏഴ് നൂറിരട്ടിവരെയായി അത് രേഖപ്പെടുത്തപ്പെടും. ഒരാൾ ഒരു തിൻമ ഉദ്ദേശിച്ചു, എന്നിട്ട് അതവൻ ചെയ്തില്ല , എന്നാലത് രേഖപ്പെടുത്തപ്പെടുകയില്ല. അതവൻ ചെയ്താൽ ഒരു തിൻമയായി രേഖപ്പെടുത്തപ്പെടും.'' ബുഖാരീയും, മുസ്ലിമും (ﷺ) പല മാർഗ്ഗങ്ങളിൽകൂടി ഉദ്ധരിച്ചതാണിത്. (3) മുസ്ലിം (ﷺ) ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു. 'ഒരു സംഘം ആളുകൾ റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ വന്നിട്ടു ഇങ്ങിനെ പറഞ്ഞു: ''ഞങ്ങളിൽ ഒരാൾക്കു അവൻെറ മനസ്സിൽ ചിലതു (ചില ദുർബ്ബോധനങ്ങൾ) അനുഭവപ്പെടുന്നു. അതു (വെളിക്കു) പറയുന്നതു അയാൾക്കു ഭയങ്കരമായും തോന്നുന്നു.'' (ഇതിനെപ്പററി തിരുമേനി എന്ത് പറയുന്നു?) തിരുമേനി ചോദിച്ചു: 'അങ്ങനെ നിങ്ങൾക്കു അനുഭവപ്പെടുന്നുവോ?' അവർ 'അതെ' എന്ന് ഉത്തരം പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: ''അതു സ്പഷ്ടമായ വിശ്വാസമാകുന്നു.'' വിശ്വാസസംബന്ധമായ തത്വങ്ങൾക്കു എതിരാകുന്ന വിധം മനസ്സിൽ ചിലപ്പോൾ തോന്നിപ്പോകുന്നതും , മററുള്ളവരോടു തുറന്നു പറയുവാൻ പോലും ധൈര്യം വരാത്തതുമായ ശങ്കാവിചാരങ്ങളെക്കുറിച്ചാണ് സഹാബികൾ നബി (ﷺ) യോട് സംശയം ചോദിച്ചത്. അത് പറയുവാൻ പോലും അവർക്ക് മടിതോന്നുന്നത് അവരുടെ വിശ്വാസദാർഢ്യത്തെയാണു സൂചിപ്പിക്കുന്നതെന്നും, അങ്ങിനെയുള്ള തോന്നലുകൾ ഇല്ലാതാക്കുക മനുഷ്യൻെറ കഴിവിൽ പെട്ടതല്ലാത്തത്

കൊണ്ടു അവ മൂലം സത്യവിശ്വാസത്തിന് കോട്ടം തട്ടുന്നതല്ലെന്നുമാണു നബി (ﷺ) അവർക്കു നൽകിയ മറുപടിയുടെ സാരം.

മനസ്സിൻെറ വിചാരവികാരങ്ങളിൽ തന്നെ, നല്ലതും ചീത്തയും ഉണ്ടായിരിക്കുമെന്നും, ചിലതു പുണ്യത്തിലേക്കും ചിലതു പാപത്തിലേക്കും നയിക്കുമെന്നും പറയേണ്ടതില്ല. സത്യവിശ്വാസം, നിഷ്കളങ്കത, ഭയഭക്തി, സൽക്കാര്യങ്ങൾ ചെയ്വാനുള്ള ആഗ്രഹം ആദിയായവയും, സത്യനിഷേധം, അഹംഭാവം, അസൂയ, കാപട്യം, ഭൗതികമോഹം ആദിയായവയുമെല്ലാം മനസ്സിൻെറ സന്തതികളാണല്ലോ. ഒരേ പ്രവൃത്തി തന്നെ, മനസ്സിലെ വിചാരമനുരിച്ചു നല്ലതും ചീത്തയുമായിത്തീർന്നു. ആകയാൽ, സർവ്വജ്ഞനായ അല്ലാഹു ഓരോരുത്തൻെറയും പ്രവൃത്തികൾ മാത്രമല്ല, അവൻെറ മനസ്സിലെ വിചാരവികാരങ്ങളെയും ഉദ്ദേശ്യതാൽപര്യങ്ങളെയും മുഴുവൻ പരിശോധിച്ച് ഓരോന്നിൻെറ പേരിലും അർഹിക്കുന്ന നടപടി സ്വീകരിക്കുമെന്നും, മനുഷ്യൻെറ കഴിവിനും നിയന്ത്രണത്തിനും വിധേയമല്ലാത്തവയെ വിട്ടുകൊടുക്കുമെന്നും മൊത്തത്തിൽ മനസ്സിലാക്കാം. വിചാരവികാരങ്ങളെ അനിയന്ത്രിതമായി അയച്ചുവിടാതെ നിയന്ത്രിക്കേണ്ടതുണ്ട്, ദുർ വിചാരങ്ങൾക്കും ദുരുദ്ദേശ്യങ്ങൾക്കും കഴിയുന്നത്ര കടിഞ്ഞാണിടേണ്ടതുണ്ട്, നിയന്ത്രണാതീതമായവയെ പ്രവർത്തനത്തിൽ കൊണ്ടുവരാതെ അടക്കി നിറുത്തുവാൻ സൂക്ഷിക്കേണ്ടതുണ്ട് എന്നൊക്കെയാണു നാം ഇതിൽ നിന്നുപഠിക്കേണ്ടത്.
والله الموفق والمعين

ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيْهِ مِن رَّبِّهِۦ وَٱلْمُؤْمِنُونَ ۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِۦ ۚ وَقَالُوا۟ سَمِعْنَا وَأَطَعْنَا ۖ غُفْرَانَكَ رَبَّنَا وَإِلَيْكَ ٱلْمَصِيرُ ﴿٢٨٥﴾

285 റസൂലിന്നു അദ്ദേഹത്തിൻെറ റബ്ബിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതിൽ, അദ്ദേഹവും സത്യവിശ്വാസികളും വിശ്വസിച്ചിരിക്കുന്നു. എല്ലാവരും (തന്നെ) അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ റസൂലുകളിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ റസൂലുകളിൽ ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല. (ഇതാണവരുടെ നില) . അവർ പറയുകയും ചെയ്യുന്നു: ‘‘ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു; നിൻെറ പൊറുക്കൽ-(അതാണ് ഞങ്ങൾ തേടുന്നത്) -ഞങ്ങളുടെ റബ്ബേ നിൻെറ അടുക്കലേക്കത്രെ തിരിച്ചുവരവും.’’

لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا ۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ

286 ഒരു ആത്മാവിനോടും [ഒരു വ്യക്തിയോടും] അതിനു നിവൃത്തിയുള്ളതല്ലാതെ അല്ലാഹു ശാസിക്കുകയില്ല. അത് (നന്മ) സമ്പാദിച്ചത് അതിനു തന്നെയായിരിക്കും; അത് (തിന്മ) സമ്പാദിച്ചു കൂട്ടിയതും അതിൻെറമേൽ തന്നെയായിരിക്കും. (പ്രാർത്ഥിക്കുക:) ‘‘ഞങ്ങളുടെ റബ്ബേ! ഞങ്ങൾ മറന്നു പോകുകയോ, ഞങ്ങൾ അബദ്ധം ചെയ്യുകയോ ചെയ്തുവെങ്കിൽ നീ ഞങ്ങളെ പിടികൂടരുതേ! [ശിക്ഷാ നടപടി എടുക്കരുതേ!] ഞങ്ങളുടെ റബ്ബേ! ഞങ്ങളുടെ മുമ്പുള്ളവരുടെ മേൽ നീ ചുമത്തിയതുപോലെ, ഞങ്ങളുടെ മേൽ

ٱلْكَٰفِرِينَ ﴿٢٨٦﴾

നീ ഭാരം ചുമത്തുകയും ചെയ്യരുതേ! ഞങ്ങളുടെ റബ്ബേ! ഞങ്ങൾക്കു സാധ്യതയില്ലാത്തത് ഞങ്ങളെ (ക്കൊണ്ട്) നീ വഹിപ്പിക്കുകയും ചെയ്യരുതേ! ഞങ്ങൾക്ക് മാപ്പും നൽകേണമെ! ഞങ്ങൾക്ക് പൊറുത്തുതരുകയും വേണമേ! ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യേണമേ! നീ ഞങ്ങളുടെ യജമാനനാകുന്നു. ആകയാൽ, അവിശ്വാസികൾക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ!''

---

285 آمن الرسولُ റസൂൽ വിശ്വസിച്ചിരിക്കുന്നു. بِما أُنزِلَ അവതരിപ്പിക്കട്ട (ഇറക്കപ്പെട്ട) തിൽ. إليه അദ്ദേഹത്തിന്. من ربه തൻെറ റബ്ബിൽനിന്ന്. والمؤمنونَ സത്യവിശ്വാസികളും. كُلٌ آمن എല്ലാവരും വിശ്വസിച്ചിരിക്കുന്നു. بِاللهِ അല്ലാഹുവിൽ. وملائكته അവൻെറ മലക്കുകളിലും. وكُتبه അവൻെറ (വേദ) ഗ്രന്ഥങ്ങളിലും. ورسله അവൻെറ റസൂലുകളിലും, ദൂതൻമാരിലും. لا نفَرق ഞങ്ങൾ വ്യത്യാസം കൽപ്പിക്കുകയില്ല. بين أحد ഒരാൾക്കിടയിലും. من رسله അവൻെറ റസൂലുകളിൽനിന്ന്. وقَالُوا അവർ പറയുകയും ചെയ്തു, പറയുന്നു. سمعنا ഞങ്ങൾ കേട്ടു. وأطعنا ഞങ്ങൾ അനുസരിക്കുകയും ചെയ്തു. غُفْرانك നിൻെറ പൊറുക്കൽ. ربنا ഞങ്ങളുടെ രക്ഷിതാവേ. وإليك നിന്നിലേക്ക് തന്നെയാണ്. المصير തിരിച്ചുവരവ്, പര്യവസാനം. 286 لا يكلف الله അല്ലാഹു ശാസിക്കുകയില്ല, നിർബ്ബന്ധിക്കുകയില്ല, കീർത്തിക്കുകയില്ല. نفْسا ഒരു ആത്മാവിനോടും (ആളോടും-വ്യക്തിയോടും) . إلاوسعها അതിൻെറ നിവൃത്തി (സൗകര്യം - കഴിവ്) അല്ലാതെ. لها അതിനാണ്, അതിനുായിരിക്കും, അതിൻ്റേതാണ്. ما كسبت അത് സമ്പാദിച്ചത്. وعليها അതിൻെറ മേലും തന്നെ, അതിന് തന്നെ. ما اكْتسبت അത് സമ്പാദിച്ചുകൂട്ടിയത്. ربنا ഞങ്ങളുടെ റബ്ബേ. لا تؤاخذْنا ഞങ്ങളെ നീ പിടികൂടരുതേ. إن نسِينا ഞങ്ങൾ മറന്നു പോയെങ്കിൽ. أو أخطأنا അല്ലെങ്കിൽ അബദ്ധം ചെയ്തെങ്കിൽ. ربنا ഞങ്ങളുടെ റബ്ബേ. ولا تحملْ ചുമത്തുകയും ചെയ്യരുതേ. علينا ഞങ്ങളുടെ മേൽ, ഞങ്ങൾക്ക്. إصرا ഭാരം (ഞെരുക്കം) . كما حملته നി അത് ചുമത്തിയതുപോലെ. على الذين യാതൊരുവരുടെമേൽ. من قَبلنا ഞങ്ങളുടെ മുമ്പിലുള്ള. ربنا ഞങ്ങളുടെ റബ്ബേ. ولا تحملْنا ഞങ്ങളെ വഹിപ്പിക്കുകയും ചെയ്യരുതേ. ما യാതൊന്നിനെ. لا طاقَةَ കഴിവില്ല, സാധിപ്പില്ല. لَنا به ഞങ്ങൾക്ക് അതിന്. واعف عنا ഞങ്ങളെക്കുറിച്ച് (ഞങ്ങൾക്ക്) മാപ്പു നൽകുകയും വേണമേ. واغْفر لنا ഞങ്ങൾക്ക് പൊറുത്തു തരുകയും വേണമേ. وارحمنا ഞങ്ങളോട് കൃപ കാണിക്കുകയും വേണമേ. أنت مولانا നീ ഞങ്ങളുടെ യജമാനനാകുന്നു, തമ്പുരാനാണ്. فَانصرنا ആകയാൽ ഞങ്ങളെ സഹായിക്കണേ. على القوم ജനങ്ങളുടെ മേൽ (എതിരെ) . الكافرين അവിശ്വാസികളായ.

സൂറത്തിൻെറ ആരംഭത്തിൽ, വിശുദ്ധ ഖുർആൻ അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിക്കുന്ന 'മുത്തഖീ'കൾക്ക് മാർഗ്ഗദർശനമാണെന്നു അല്ലാഹു പ്രസ്താവിച്ചു. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക, നമസ്കാരം നിലനിർത്തുക, അല്ലാഹു നൽകിയതിൽ നിന്ന് ചിലവഴിക്കുക, റസൂൽ തിരുമേനിക്കും മുൻ പ്രവാചകൻമാർക്കും അവതരിപ്പിക്കപ്പെട്ടതിലും പരലോകത്തിലും വിശ്വസിക്കുക എന്നിങ്ങനെയുള്ള ഗുണങ്ങളോടു കൂടിയവരാണ് മുത്തഖീകൾ എന്ന് തുടർന്നു വിവരിക്കുകയും ചെയ്തു. അതിനു ശേഷം, ഇതേവരെയായി വളരെയേറെ കാര്യങ്ങൾ വിവരിക്കുകയും വിശദീകരിക്കുകയും ചെയ്തു. ആരംഭത്തിൽ പ്രസ്താവിക്കപ്പെട്ട ആ മുത്തഖീകൾ നബി (ﷺ) യും, നബി (ﷺ) യിൽ വിശ്വസിച്ച സത്യവിശ്വാസികളുമാണെന്നു ചൂണ്ടിക്കാട്ടിക്കൊണ്ടും, വിശ്വാസം, ഭയഭക്തി, അനുസരണം ആദിയായവയിൽ അവരുടെ നിലപാട് എന്താണെന്നു വിവരിച്ചുകൊണ്ടും ഈ സൂറത്ത് അല്ലാഹു അവസാനിപ്പിക്കുകയാണ്.

റസൂലിന് അദ്ദേഹത്തിൻ്റെ റബ്ബിങ്കൽ നിന്നു എന്തെല്ലാം അവതരിച്ചിട്ടുണ്ടോ അതിലെല്ലാം അദ്ദേഹം വിശ്വസിച്ചിട്ടുമുണ്ട്. (امن الرسول بما انزل اليه من ربه) അദ്ദേഹം അതിൽ വിശ്വസിക്കുക

യെന്നുള്ളതു സ്വാഭാവികവുമാണ്. അതുകൊണ്ടുതന്നെയാണ് ഈ വചനം അവതരിച്ചപ്പോള്‍, وحق له ان يؤمن (അദ്ദേഹം അതില്‍ വിശ്വസിക്കുവാന്‍ അവകാശപ്പെടുകയും ചെയ്തിരിക്കുന്നു) എന്ന് നബി (ﷺ) പറയുകയുണ്ടായതും. (ബൈഹഖീ, ഹാകിം, ഇബ്നുജരീര്‍.) റസൂല്‍ മാത്രമാണോ അതില്‍ വിശ്വസിക്കുന്നത്? അല്ല. എല്ലാ സത്യവിശ്വാസികളും വിശ്വസിച്ചിരിക്കുന്നു (والمؤمنون). അത് അവതരിപ്പിച്ചത് അല്ലാഹുവായിരിക്കെ, ഒന്നാമതായി വിശ്വസിക്കേണ്ടത് അല്ലാഹുവിലാണല്ലോ. മലക്കുകളാകുന്ന അദൃശ്യദൂതന്‍മാരുടെ കൈക്കാണ് അത് അവതരിപ്പിക്കുന്നതും. അതിനാല്‍ മലക്കുകളിലും വിശ്വസിക്കേണ്ടിയിരിക്കുന്നു. നബി (ﷺ) ക്ക് മാത്രമോ, നബി (ﷺ) ക്ക് അവതരിക്കപ്പെട്ട ഖുര്‍ആന്‍ മാത്രമോ അല്ല അല്ലാഹു അവതരിപ്പിച്ചിട്ടുള്ളത്. പല റസൂലുകള്‍ക്കുമായി വേറെയും പല വേദഗ്രന്ഥങ്ങളും ഇതിന് മുമ്പ് അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്. ആ ഗ്രന്ഥങ്ങളുടെയും ആ റസൂലുകളുടെയും ദൗത്യങ്ങളും, പ്രബോധനങ്ങളുമെല്ലാം തന്നെ, നബി (ﷺ) യുടെയും ഖുര്‍ആന്‍െറയും ദൗത്യത്തില്‍ നിന്നും, പ്രബോധനങ്ങളില്‍ നിന്നും അന്യമായിരുന്നതുമില്ല. അതിനാല്‍, അവരെല്ലാവരും-റസൂലും സത്യവിശ്വാസികളുമെല്ലാം തന്നെ-അല്ലാഹുവിലും, അവന്‍െറ മലക്കുകളിലും അവന്‍െറ മുഴുവന്‍ വേദഗ്രന്ഥങ്ങളിലും, അവന്‍െറ എല്ലാ റസൂലുകളിലും വിശ്വസിച്ചിരിക്കുന്നു.

كل امن بالله وملئكته وكتبه ورسله

അല്ലാഹുവിന്‍െറയും അവന്‍െറ റസൂലുകളുടെയും ഇടയില്‍ വ്യത്യസ്തഭാവം കൈക്കൊണ്ടുകൊണ്ട് نؤمن ببعض ونكفر ببعض (ഞങ്ങള്‍ ചിലതില്‍ വിശ്വസിക്കും, ചിലതില്‍ ഞങ്ങള്‍ അവിശ്വസിക്കുകയും ചെയ്യും-4: 150) എന്നു അവിശ്വാസികള്‍ പറഞ്ഞതുപോലെ അവര്‍ പറയുകയില്ല. വേദക്കാര്‍ ചെയ്തതുപോലെ نؤمن بما أنزل إلينا (ഞങ്ങള്‍ക്ക് ഇറക്കപ്പെട്ടതില്‍ ഞങ്ങള്‍ വിശ്വസിക്കും-2: 91) എന്ന് പറഞ്ഞുകൊണ്ട് മററുള്ള വേദഗ്രന്ഥങ്ങളില്‍ അവര്‍ അവ ിശ്വസിക്കയുമില്ല. അല്ലാഹുവിന്‍െറ റസൂലുകളില്‍ പെട്ട ഒരാള്‍ക്കിടയിലും ഞങ്ങള്‍ വ്യത്യാസം കാണിക്കുകയില്ല. എന്നത്രെ അവര്‍ സ്വീകരിച്ചു വരുന്ന നിലപാട്. അഥവാ, എല്ലാ റസൂലുകള ിലും, അവര്‍ക്ക് അവതരിപ്പിക്കപ്പെട്ട എല്ലാ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരാണവര്‍. അതുപോലെത്തന്നെ, മുമ്പ് ഇസ്രാഈല്യര്‍ പറഞ്ഞതുപോലെ سمعنا وعصينا (ഞങ്ങള്‍ കേട്ടു, അനുസരണക്കേടും കാണിക്കുന്നു. (2: 93) എന്നും അവര്‍ പറയുകയില്ല. ഞങ്ങള്‍ കേള്‍ക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്നായിരിക്കും അവര്‍ പറയുക. وقالوا سمعنا واطعنا അതെ, അല്ലാഹു എന്ത് കല്‍പിച്ചാലും വിരോധിച്ചാലും അതെല്ലാം ശരിക്ക് കേട്ട് സ്വീകരിക്കുവാനും, അതനുസരിച്ച് പ്രവര്‍ത്തിക്കുവാനും തയ്യാറുള്ളവരാണവര്‍. കാരണം, അവരുടെ ഏക ലക്ഷ്യം അല്ലാഹുവിങ്കല്‍ നിന്നുള്ള പാപപൊറുതിയാണ്. തങ്ങള്‍ അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെന്നു അവന്‍െറ മുമ്പില്‍ കണക്കുബോധിപ്പിക്കേണ്ടി വരുമെന്ന ബോധവും അവര്‍ക്കുണ്ട്. അതുകൊണ്ട് 'ഞങ്ങളുടെ റബ്ബേ, നിന്‍െറ പൊറുതി-അതാണു ഞങ്ങള്‍ക്കു വേണ്ടത്-ഞങ്ങളുടെ തിരിച്ചുവരവു നിന്‍െറ അടുക്കലേക്കാണല്ലോ'. എന്ന് അവര്‍ പറഞ്ഞുകൊണ്ടിരിക്കും.

ശരി, മേല്‍ പ്രസ്താവിച്ചപ്രകാരം വിശ്വസിക്കുന്നവരും, അല്ലാഹുവിന്‍െറ വിധി വിലക്കുകളെല്ലാം നിരുപാധികം അനുസരിക്കുന്നവരുമാണ് സത്യവിശ്വാസികള്‍. എന്നാല്‍, അല്ലാഹുവിന്‍െറ എല്ലാ വിധിവിലക്കുകളും അപ്പടി സ്വീകരിച്ചു അനുഷ്ഠിക്കുവാന്‍ മനുഷ്യന് കഴിയുമോ? എന്നു വല്ലവര്‍ക്കും സംശയം തോന്നിയേക്കാമെങ്കില്‍ അതിനുള്ള മറുപടിയായി അല്ലാഹു പറയുന്നു: ''ഒരാളോടും ആ വ്യക്തിക്ക് നിര്‍വ്വഹിക്കുവാന്‍ സൗകര്യമായതല്ലാതെ അതിനപ്പുറം അല്ലാഹു ശാസിക്കുന്നതല്ല. لا يكلف الله نفسا الا وسعها'' വളരെ ശ്രദ്ധേയമായ ഒരു വാക്യമാണിത്. 'പരമാവധി സാധ്യമാകുന്നത്' എന്നോ, 'വിഷമത്തോടു കൂടെയെങ്കിലും കഴിയുന്നത്' എന്നോ മറേറാ അര്‍ത്ഥം വരാവുന്ന مقدورها ،طاقتها പോലെയുള്ള വാക്കുകളൊന്നും ഉപയോഗിക്കാതെ, 'അനുസരിക്കുവാന്‍ സൗകര്യവും നുവൃത്തിയുമുള്ളത്' എന്ന അര്‍ത്ഥത്തില്‍ وسعها എന്നത്രെ അല്ലാഹു ഉപയോഗിച്ച വാക്ക്. വലിയ വിഷമമൊന്നും സഹിക്കേണ്ടിവരാതെ-

അസഹ്യമായ കഷ്ടനഷ്ടമൊന്നും ബാധിക്കാതെ-അനുഷ്ഠാനത്തിൽ വരുത്താവുന്ന കാര്യങ്ങളേ അല്ലാഹു കൽപിച്ചിട്ടുള്ളുവെന്നാണിതിൻെറ താൽപര്യം. അല്ലാഹു പറയുന്നു: وما جعل عليكم فى الدين من حرج (മതത്തിൽ അവൻ നിങ്ങളുടെമേൽ ഒരു വിഷമവും ഏർപ്പെടുത്തിയിട്ടില്ല. (22: 78.) സാധാരണനിലയിൽ പറയത്തക്കബുദ്ധിമുട്ടുകൂടാതെ നിർവ്വഹിക്കാവുന്ന കാര്യങ്ങളേ അല്ലഹു മതത്തിൽ ശാസിക്കുന്നുള്ളു. എന്നുസാരം. അതോടു കൂടി, താൽകാലികമായോ, സാന്ദർഭികമായോ ഏർപ്പെടുന്ന പ്രതിബന്ധങ്ങളിൽ അതതിനനുസരിച്ച പ്രതിവിധികളും ഇളവുകളും നൽകപ്പെട്ടിട്ടുണ്ടുതാനും.

പക്ഷെ, തികച്ചും സ്വതന്ത്രനായി-ഇഷ്ടത്തിനും ഇച്ഛക്കുമൊത്തവിധം-ജീവിച്ചുകൊള്ളുവാൻ മനുഷ്യനെ അല്ലാഹു അനുവദിക്കുന്നില്ലെന്നുള്ളത് പരമാർത്ഥമാണ്. അത് അല്ലാഹുവിൻെറ നീതിക്കും, അവൻെറ സൃഷ്ടികളോട് അവനുള്ള ദയക്കും യോജിക്കുന്നതുമല്ല. ബുദ്ധിയോ യുക്തിയോ അതിനെ ശരിവെക്കുകയുമില്ല. അങ്ങിനെ ജീവിക്കുന്നതിന് മതം ഒരു തടസ്സമായി കാണുകയും, അതിൻെറ പേരിൽ മതത്തോട് വെറുപ്പും അറപ്പും തോന്നുകയും ചെയ്യുന്നവരെപ്പററി, അവർ കേവലം പക്ഷിമൃഗാദികളെപ്പോലെയുള്ള ഒരുതരം പ്രാകൃത ജീവികളെന്നേ കരുതേണ്ടതുള്ളു. യഥാർത്ഥത്തിൽ, ഓരോ വ്യക്തിയും ചെയ്തുവെക്കുന്ന നൻമ അതിനുതന്നെയാണ് ഗുണം ചെയ്യുന്നത്. അത് ചെയ്തുകൂട്ടുന്ന തിൻമ അതിനുതന്നെയാണ് ദോഷം വരുത്തുന്നതും. لها ما كسبت وعليها ما كتسبت അതിൽ അല്ലാഹുവിന് എന്തെങ്കിലും നേട്ടമോ കോട്ടമോ ഉണ്ടാവാനില്ല. പക്ഷേ, മനുഷ്യന് ഗുണകരമായി കലാശിക്കുന്നത് ഏതൊക്കെയാണ്, ദോഷകരമായി കലാശിക്കുന്നത് ഏതൊക്കെയാണ് എന്നുള്ള സൂക്ഷ്മജ്ഞാനം അവന് മാത്രമാണുള്ളത്. മനുഷ്യന് അതറിഞ്ഞുകൂടാ. അതുകൊണ്ടാണ് മനുഷ്യൻ ജീവിക്കേണ്ടത് ഇന്നിന്ന പ്രകാരമാണെന്ന് അല്ലാഹു ശാസിക്കുന്നതും.

നബി (ﷺ) യും സത്യവിശ്വാസികളും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതും, പ്രാർത്ഥിക്കാറുള്ളതുമായ മഹത്തായ ഒരു പ്രാർത്ഥനകൊണ്ടാണ് ഈ അദ്ധ്യായം അല്ലാഹു അവസാനിപ്പിക്കുന്നത്. ഇബ്നുഅബ്ബാസ് (رضي الله عنه) പറയുകയാണ്: ''റസൂൽ (ﷺ) തിരുമേനിയുടെ അടുക്കൽ ജിബ്രീൽ (عليه السلام) ഉണ്ടായിരുന്ന ഒരവസരത്തിൽ ഒരു ശബ്ദം കേൾക്കപ്പെട്ടു. ജിബ്രീൽ മേൽപോട്ട് നോക്കിയിട്ടു പറഞ്ഞു : ആകാശത്ത് മുമ്പ് തീരെ തുറക്കപ്പെടുകയുണ്ടായിട്ടില്ലാത്ത ഒരു കവാടം തുറക്കപ്പെട്ടതാണത്. അങ്ങനെ, അതിലൂടെ ഒരു മലക്ക് ഇറങ്ങി നബി (ﷺ) യുടെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: താങ്കൾക്ക് നൽകപ്പെട്ടിട്ടുള്ള രണ്ടു പ്രകാശങ്ങൾകൊണ്ട് സന്തോഷപ്പെട്ടുകൊള്ളുക. താങ്കളുടെ മുമ്പ് ഒരു പ്രവാചകനും അത് നൽകപ്പെട്ടിട്ടില്ല. അതായത് 'ഫാതിഹത്തുൽ കിതാബും' (സൂറ: ഫാതിഹ: യും) , സൂറത്തുൽ ബഖറ: യുടെ അന്ത്യഭാഗങ്ങളും. അവ രണ്ടിൽ നിന്നും താങ്കൾ ഏതക്ഷരം ഓതിയാലും അത് താങ്കൾക്ക് നൽകപ്പെടാതിരിക്കുകയില്ല.'' (മു.ന) സൂറത്തുൽ ഫാതിഹയുടെയും, ഈ സൂറത്തിൻെറയും അവസാനത്തിലുള്ള പ്രാർത്ഥനകളാണ് ആ രണ്ട് പ്രകാശങ്ങൾകൊണ്ടുദ്ദേശ്യം. ആ പ്രാർത്ഥനകൾക്ക് അല്ലാഹു ഉത്തരം നൽകാതിരിക്കുകയില്ലെന്നത്രെ മലക്ക് നബി (ﷺ) യെ അറിയിച്ചത്. അല്ലാഹുവിൻെറ അടിയാൻമാരായ സത്യവിശ്വാസികൾ അവനോട് പ്രാർത്ഥിക്കുവാൻ വേണ്ടി അവൻതന്നെ പഠിപ്പിച്ചുകൊടുത്ത പ്രാർത്ഥനയായിരിക്കെ, ആ പ്രാർത്ഥനകൾക്ക് അവൻ ഒരു പ്രത്യേക പരിഗണന നൽകാതിരിക്കുകയില്ലല്ലോ.

ربنا (ഞങ്ങളുടെ റബ്ബേ) എന്നു വിളിച്ചുകൊണ്ട് സത്യവിശ്വാസികൾ ചെയ്യുന്ന ഈ പ്രാർത്ഥനയിലെ അപേക്ഷകൾ ഇവയാണ്: (1) ''ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾ അബദ്ധം പ്രവർത്തിക്കുകയോ ചെയ്താൽ നീ ഞങ്ങളെ പിടികൂടി ശിക്ഷാനടപടി എടുക്കരുതേ!'' മറവി മൂലമോ, അബദ്ധത്തിലോ ചെയ്യുന്ന തെററുകൾക്ക് ശിക്ഷിക്കപ്പെടുന്നതല്ലെന്ന് നബി (ﷺ) പ്രസ്താവിച്ചിരിക്കുന്നു, പല ഖുർആൻ വചനങ്ങളിൽ നിന്നും അത് വ്യക്തമാകുന്നുമുണ്ട്. എന്നിരിക്കെ, ഈ പ്രാർത്ഥനയുടെ ഉദ്ദേശ്യമെന്താണെന്ന് തോന്നിയേക്കാം.

അശ്രദ്ധമൂലവും കർത്തവ്യ ബോധത്തിൻെറ പോരായ്മ നിമിത്തവുമായിരിക്കും മിക്കപ്പോഴും മറവിയുടെയും അബദ്ധത്തിൻെറയും കാരണം. ചിലപ്പോൾ അനാവശ്യമോ ആക്ഷേപാർഹമോ ആയ വിഷയങ്ങളിൽ ശ്രദ്ധ മുഴുകിപ്പോയതുകൊണ്ടുമായിരിക്കും. അപ്പോൾ, എല്ലാ മറവിയിലും അബദ്ധത്തിലും മനുഷ്യൻ തികച്ചും നിരപരാധിയായിരിക്കുകയില്ല. ഇനി, മറവികൊണ്ടോ അബദ്ധത്തിലോ ചെയ്തുപോയ തെററുകൾ മാപ്പുചെയ്യപ്പെട്ടാൽ തന്നെയും അതിനെ തുടർന്ന് തൃപ്തികരമല്ലാത്ത ഭവിഷ്യത്തുകൾ വേറെ സംഭവിക്കുവാനും ഇടയുണ്ട്. ആ സ്ഥിതിക്ക് മറവി ബാധിച്ചോ അബദ്ധം പിണഞ്ഞോ ഉണ്ടാകാവുന്ന ദോഷങ്ങളൊന്നും ബാധിക്കാതെ ഇഹത്തിലും പരത്തിലും ഞങ്ങളെ കാത്തുരക്ഷിക്കണേ എന്നാണിതിൻെറ താൽപര്യം.

(2) ''മുമ്പുള്ളവരുടെ മേൽ ചുമത്തിയതുപോലുള്ള ഭാരങ്ങളൊന്നും ഞങ്ങളുടെ മേൽ ചുമത്തരുതേ!'' മുൻ സമുദായങ്ങളുടെ മേലുണ്ടായിരുന്നുതുപോലെയുള്ള ചില കർശന നിയമങ്ങളും, പ്രയാസം കൂടിയ കർമ്മാചാരങ്ങളുമാണ് ഭാരം (اصر) കൊണ്ടുദ്ദേശ്യം. നബി(ﷺ) യുടെ ദൌത്യോദ്ദേശ്യങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ ويضع عنهم اصرهم والاغلال التى كانت عليهم (അവരുടെ-വേദക്കാരുടെ- ഭാരവും, അവരുടെ മേലുണ്ടായിരുന്ന കുടുക്കുബന്ധങ്ങളും അദ്ദേഹം അവരിൽനിന്ന് ഇറക്കിവെക്കും (അഅ്റാഫ്: 157) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത് കാണാം. മുൻ സമുദായങ്ങളിലുണ്ടായിരുന്ന പല നിയമങ്ങളും നബി (ﷺ) തിരുമേനിയുടെ സമുദായത്തിന് ലഘൂകരിച്ചു കൊടുക്കപ്പെട്ടിട്ടുള്ളത് പ്രസ്താവ്യമാകുന്നു. (3) ''ഞങ്ങൾക്ക് സാധ്യതയില്ലാത്ത കാര്യങ്ങളൊന്നും ഞങ്ങളെ വഹിപ്പിക്കരുതേ!'' അഥവാ ഞങ്ങൾക്ക് താങ്ങുവാൻ കഴിയാത്ത കാര്യങ്ങൾ ഞങ്ങളിൽ സംഭവിപ്പിക്കരുതേ! ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് സഹിക്കുവാൻ സാധിക്കാത്ത കഷ്ടപ്പാടുകൾ വരാതെ ഞങ്ങളെ കാത്തുതരണേ! എന്ന് സാരം. (4) ''ഞങ്ങൾക്ക് മാപ്പു നൽകണേ!'' (5) ''ഞങ്ങൾക്ക് പൊറുത്തു തരണേ!'' (6) ''ഞങ്ങൾക്ക് കരുണ ചെയ്യണേ!'' ഞങ്ങളുടെ പാപങ്ങളും തെററുകുററങ്ങളും വെളിക്ക് വരുത്താതെ മൂടിവെച്ചു മാപ്പാക്കുകയും, അവ മൂലം ഞങ്ങളെ ശിക്ഷയിലും അപമാനത്തിലും അകപ്പെടുത്താതെ പൊറുത്ത് തരുകയും ചെയ്യേണമേ! എന്ന് വേണ്ട, ഞങ്ങളുടെ ഐഹികവും പാരത്രികവുമായ ജീവിതങ്ങളിൽ ഞങ്ങൾക്ക് എല്ലായ്പോഴും കാരുണ്യമേകി അനുഗ്രഹിക്കുകയും ചെയ്യേണമേ! എന്ന് താൽപര്യം.

(7) പ്രാർത്ഥനയിലെ അവസാന വാക്യത്തിൻെറ സാരം ഇപ്രകാരമാകുന്നു:- ''റബ്ബേ! നീയത്രെ ഞങ്ങളുടെ യജമാനൻ. വേറെ ആരുടെ യജമാനത്വവും ഞങ്ങൾ സ്വീകരിക്കുന്നില്ല. എന്നിരിക്കെ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കുവാനും, നിൻെറ അടിയാൻമാരും സത്യവിശ്വാസികളുമായ ഞങ്ങൾക്ക് ഞങ്ങളുടെ ശത്രുക്കൾക്കെതിരെ സഹായം നൽകുവാനും ഞങ്ങൾക്ക് നിന്നെയല്ലാതെ ആരേയും ആശ്രയിക്കുവാനില്ലല്ലോ. ആകയാൽ, അവിശ്വാസികളായ എല്ലാവർക്കുമെതിരിൽ സത്യവിശ്വാസികളായ ഞങ്ങളെ നീ സഹായിച്ചുകൊണ്ടിരിക്കണേ!''

ഇബ്നുമസ്ഊദ് (رضي الله عنه) ൽ നിന്ന് ബുഖാരീ, മുസ്ലിം (رحمهما الله) മുതലായ പല മഹാൻമാരും ഉദ്ധരിച്ച ഒരു ഹദീസിൽ നബി (ﷺ) പറയുന്നു:- ''സൂറത്തുൽ ബഖറയുടെ അവസാനത്തിൽ നിന്ന് രണ്ട് ആയത്തുകൾ ആരെങ്കിലും ഒരു രാത്രിയിൽ ഓതിയാൽ അവ അവന് മതിയാകും''. ഈ വചനങ്ങൾ അവതരിച്ച സന്ദർഭത്തിൽ നബി (ﷺ) അവ ഓതിയപ്പോൾ, ഓരോ വാക്യത്തിൻെറയും ഉടനെ قد فعلت (അപ്രകാരം ചെയ്യപ്പെട്ടിരിക്കുന്നു.) എന്ന് പറയപ്പെട്ടതായി ഇബ്നു അബ്ബാസും (رضي الله عنه) പ്രസ്താവിച്ചിരിക്കുന്നു. (മു. തി.) ഈ വചനങ്ങളുടെ ശ്രേഷ്ഠതയെ കുറിക്കുന്ന വേറെയും പല ഹദീസുകൾ കാണാവുന്നതാണ്. ഈ സൂറത്ത് ഓതിക്കഴിയുമ്പോൾ മുആദ് (رضي الله عنه) 'ആമീൻ' (امين ഉത്തരം നൽകേണമേ!) എന്നു പറഞ്ഞിരുന്നതായി ഇബ്നുജരീർ (رحمه الله) മുതലായവർ നിവേദനം ചെയ്തിരിക്കുന്നു. ربنا لا تؤاخذنا ان نسينا او أخطأنا – الاية

[اللهم ربنا ولك الحمد ولك المنة والفضل]

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.

3. സൂറത്തു ആലു ഇംറാൻ سورة آل عمران

മദീനയിൽ അവതരിച്ചത്– വചനങ്ങൾ 200 – വിഭാഗം (റുകൂഅ്) 20

ഈ സൂറത്തിൽ ഇംറാൻ കുടുംബത്തെപ്പറ്റി പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് കൊണ്ട് ഇതിന് സൂറത്ത് ആലു ഇംറാൻ (ഇംറാൻ കുടുംബം) എന്നുപറയപ്പെടുന്നു. ഈ സൂറത്തിൻെറ ശ്രേഷ്ഠതകൾ ഉൾകൊള്ളുന്ന ചില ഹദീസുകൾ സൂറത്തുൽ ബഖറയുടെ ആരംഭത്തിൽ വളരെ കാര്യങ്ങൾ വിവരിക്കുകയുണ്ടായല്ലോ. അതുപോലെ, ഈ സൂറത്തിൽ ക്രിസ്ത്യാനികളെ സംബന്ധിച്ചും കുറേ അധികം പ്രസ്താവനകൾ അടങ്ങിയിരിക്കുന്നു. ഹിജ്റ ഒമ്പതാം കൊല്ലത്തിൽ നജ്രാൻ[*] ദേശക്കാരായ ഒരു ക്രിസ്തീയ നിവേദക സംഘം നബി (ﷺ) യുടെ അടുക്കൽവന്ന സംഭവത്തെത്തുടർന്നാണ് ഈ സൂറത്തിൻെറ ആദ്യം മുതൽക്കുള്ള എൺപതിൽപരം വചനങ്ങൾ അവതരിച്ചത് എന്നത്രെ പല ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. ആ വചനങ്ങളിലടങ്ങിയ ചില ആശയങ്ങൾ മനസ്സിലാക്കുന്നതിന് ആ സംഭവത്തെപ്പറ്റി അറിയുന്നത് പ്രയോജനകരമായിരിക്കും. ഇസ്‌ലാം ചരിത്ര ഗ്രന്ഥങ്ങളിലും, ചില ഹദീസു ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിട്ടുള്ള പ്രസ്തുത സംഭ വത്തിൻെറ ചുരുക്കം ഇപ്രകാരമാകുന്നു:-

അറുപത് പേരടങ്ങിയ ഒരു ക്രീസ്തീയ സംഘമായിരുന്നു അത്. അവരുടെ പ്രസിദ്ധ നേതാക്കളും പണ്ഡിതൻമാരുമായ പതിനാലു പേരടങ്ങിയ ഒരു നേതൃസംഘവും അതി ലുണ്ടായിരുന്നു. 'അസ്വർ' നമസ്കാരം കഴിഞ്ഞ ഉടനെയായിരുന്നു അവർ മദീനാ പള്ളിയിൽ പ്രവേശിച്ചത്. അവരുടെ നമസ്കാരത്തിൻെറ (പ്രാർത്ഥനാകർമ്മത്തിൻെറ) സമയമായപ്പോൾ പള്ളിയിൽവെച്ച് തന്നെ അത് നിർവ്വഹിച്ചുകൊള്ളുവാൻ നബി (ﷺ) അവർക്ക് അനുമതി നൽകി. അവർ അവരുടെ പതിവ് പ്രകാരം കിഴക്കോട്ട് തിരിഞ്ഞുകൊണ്ട് അത് നിർവ്വഹിച്ചു. കൂട്ടത്തിൽ ഏറ്റവും വലിയ നേതാക്കളായിരുന്ന മൂന്ന് പേർ നബി (ﷺ) യുമായി സംഭാഷണം നടത്തി. ഈസാ (عليه السلام) ദൈവമാണെന്നും, ദൈവപുത്രനാണെന്നും, (പിതാവ്, മാതാവ്, [†] പുത്രൻ എന്നീ) മൂന്നും ചേർന്നതാണ് ദൈവമെന്നുമുള്ള പരസ്പര വിരുദ്ധങ്ങളായ ക്രിസ്തീയ വിശ്വാസങ്ങളെക്കുറിച്ചും സംസാരം നടന്നു. മരണപ്പെട്ടവരെ ജീവിപ്പിക്കുകമുതലായ ചില അമാനുഷിക ദൃഷ്ടാന്തങ്ങൾ ഈസാ (عليه السلام) നബി കൈക്ക് വെളിപ്പെട്ടിരുന്നത് അദ്ദേഹം ദൈവമാ യത് കൊണ്ടാണെന്നും, അദ്ദേഹം ജനിച്ചതു പിതാവില്ലാതെയായിരുന്നതുകൊണ്ട് അദ്ദേഹം ദൈവപുത്രനായതുകൊണ്ടാണെന്നും, വേദഗ്രന്ഥങ്ങളിൽ 'ഞാൻ സൃഷ്ടിച്ചു, ഞാൻ കൽപിച്ചു' എന്നിങ്ങനെ ഏകവചന രൂപത്തിൽ പറയേണ്ടുന്ന സ്ഥാനത്ത് നാം സൃഷ്ടിച്ചു, നാം കൽപിച്ചു, എ ന്നും മറ്റും ബഹുവചന രൂപത്തിൽ പറയുന്നത് ദൈവം ഒന്നിലധികം പേരുള്ളതുകൊണ്ടാണെന്നും മറ്റും അവർ സമർത്ഥിക്കുകയുണ്ടായി.[‡] അവരുടെ വാദങ്ങളെയും, ന്യായങ്ങളെയും ഖണ്ഡിച്ചുകൊണ്ട് ഖുർആൻ അവതരിക്കുകയും, അവർ നബി (ﷺ) യോട് ഉത്തരത്തിൽ മു ട്ടുകയും ചെയ്തു. അവരെ നബി (ﷺ) ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ഞങ്ങൾ മുമ്പേ മുസ്‌ലീംകളായി കഴിഞ്ഞിട്ടുണ്ടെന്ന് അവർ വാദിച്ചു. അല്ലാഹുവിന് സന്താനമുണ്ടെന്ന വാദം, പന്നിമാംസം ഭുജിക്കൽ, കുരിശാരാധന മുതലായവ നിങ്ങൾ നടത്തിവരുന്ന സ്ഥിതിക്ക് നിങ്ങൾ ഇസ്‌ലാം അം ഗീകരിച്ചിട്ടില്ലെന്ന് നബി (ﷺ) മറുപടി പറഞ്ഞു. സത്യം മനസ്സിലായിട്ടും അതിലേക്കുമടങ്ങുവാൻ

---

[*] ഹിജാസിനും, യമനിനും ഇടയിലുള്ള ഒരു രാജ്യം.

[†] ക്രിസ്ത്യാനികളുടെ ത്രിയേകത്വ സിദ്ധാന്തത്തിൽ ഇക്കാലത്തു മാതാവിനും (മർയംബീവിക്കു) സ്ഥാനമില്ല. പകരം പരിശുദ്ധാത്മാവിനെയാണ് അവർ സ്വീകരിച്ചിരിക്കുന്നത്. ഇതിനെപ്പറ്റി സന്ദർഭോചിതം പിന്നീട് വിവരിക്കുന്നതാണ്. انشاء الله

[‡] ഇത്തരം ക്രിസ്തീയവാദങ്ങളെല്ലാം-കലോചിതമായ ചില പൊടിപ്പും തൊങ്ങലും സഹിത മാണെങ്കിലും-ഇന്നും പാതിരിമാർക്കിടയിൽ സാധാരമണമാകുന്നു.

തയ്യാറാകാതിരുന്ന അവരെ താഴെ -61-ാം വചനത്തില്‍ കാണാവുന്നതുപോലെ - നബി (ﷺ) ഒരു 'മുബാഹലക്കു' (പരസ്പരം ശാപപ്രാര്‍ത്ഥന നടത്തുന്നതിന്) ആഹ്വാനം ചെയ്തു.അതില്‍ നിന്ന് അവര്‍ ഒഴിഞ്ഞു മാറുകയാണ് ചെയ്തത്. അവസാനം കപ്പം കൊടുത്തുകൊള്ളാമെന്ന് കരാര്‍ ചെയ്തുകൊണ്ട് അവര്‍ മടങ്ങിപ്പോയി. അവരുടെ ഇടയിലുണ്ടായിരുന്ന ചില ആഭ്യന്തര വഴക്കുകളില്‍ തീരുമാനമെടുക്കുവാന്‍ പറ്റിയ വിശ്വസ്തനായ ഒരാളെ തങ്ങളൊന്നിച്ചു അയച്ചുതരണമെന്ന അവരുടെ അപേക്ഷപ്രകാരം, സമുദായത്തിലെ വിശ്വസ്തര്‍ (امين الامة) എന്ന കീര്‍ത്തി നാമത്തില്‍ അറിയപ്പെടുന്ന അബൂഉബൈദഃ (رضي الله عنه) യെ അവരൊന്നിച്ച് നബി (ﷺ) അയച്ചുകൊടുക്കുകയും ചെയ്തു. ഇതാണ് സംഭവത്തിന്‍െറ ചുരുക്കം.

ക്രിസ്ത്യാനികളെയും, അവരുടെ വാദങ്ങളെയും പരാമര്‍ശിച്ചു കൊണ്ടാണ് ഈ സൂറത്തിലെ ഏതാനും വചനങ്ങള്‍ അവതരിപ്പിച്ചിരിക്കുന്നത് എന്ന സ്ഥിതിക്കു ക്രിസ്തീയ വിശ്വാസാചാരങ്ങളില്‍ പലതിനെയും ഈ സൂറത്തില്‍ ഖണ്ഡിക്കുകയും വിമര്‍ശിക്കുകയും ചെയ്തിരിക്കുന്നത് കാണാം. അതേസമയത്തു തത്തുല്യങ്ങളായമറ്റു പല അബദ്ധ വിശ്വാസാചാരങ്ങളെക്കൂടി ഉള്‍പ്പെടുത്തുന്ന രീതിയിലാണ് അവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. വേറൊരു വസ്തുതകൂടി ഓര്‍മ്മിക്കുന്നത് നന്ന്: ആദ്യത്തെ 80 ല്‍ പരം വചനങ്ങള്‍ മേല്‍ പ്രസ്താവിച്ച നജ്റാന്‍ നിവേദക സംഘത്തിന്‍െറ സംഭവത്തെത്തുടര്‍ന്ന് അവതരിച്ചവയാണെന്ന് പല ഖുര്‍ ആന്‍ വ്യാഖ്യാതാക്കളും മൊത്തത്തില്‍ പറയുന്നുണ്ടെങ്കിലും അവയില്‍ ചില വചനങ്ങളിലെ വിഷയവും സംസാരശൈലിയും പരിശോധിക്കുമ്പോള്‍, അവ അതിന് മുമ്പു തന്നെ അവതരിച്ചിരിക്കണമെന്നാണ് മനസ്സിലാകുന്നത്. ബദ്ര്‍ യുദ്ധത്തെ സംബന്ധിക്കുന്ന 13-ാം വചനം ഇതിനൊരു ഉദാഹരണമായി ചൂണ്ടിക്കാട്ടപ്പെടുന്നു. പ്രസ്തുത 80 ല്‍ പെട്ട ചില വചനങ്ങളുടെ അവതരണം നജ്റാന്‍ സംഘത്തിന്‍െറ വരവിനെ തുടര്‍ന്നുണ്ടായതല്ലെന്ന് കാണിക്കുന്ന ചില രിവായത്തുകള്‍ നിലവിലുണ്ടുതാനും. ആ സ്ഥിതിക്ക് 80 ആയത്തുകള്‍ നജ്റാന്‍കാരെ സംബന്ധിച്ചാണെന്നുള്ള രിവാത്തുകളെ ആസ്പദമാക്കി അത് ഉറപ്പിച്ചു പറയുവാന്‍ നിവൃത്തിയില്ല. അതിനാല്‍, ആ എപതില്‍ മിക്കവാറും വചനങ്ങള്‍ അവരെ സംബന്ധിച്ചും , മറ്റു ചിലത് വേറെ അവസരങ്ങളിലും അവതരിപ്പിച്ചതായിരിക്കുമെന്ന് കരുതുവാനാണ് ന്യായം. الله اعلم

പരമ കാരുണ്യകനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍	بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
1 അലിഫ്-ലാം-മീം	الٓمٓ ﴿١﴾
2 അല്ലാഹു-അവനല്ലാതെ ആരാധ്യനേയില്ല. (അവന്‍) ജീവത്തായുള്ളവന്‍; സര്‍വ്വ നിയന്താവായുള്ളവന്‍.	ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ﴿٢﴾

1 الم അലിഫ്-ലാം-മീം. 2 الله അല്ലാഹു. لا إله ആരാധ്യനേയില്ല. إلا هو അവനല്ലാതെ. الحي ജീവത്തായുള്ളവന്‍, ജീവിച്ചിരിക്കുന്നവനായ. القيوم സര്‍വ്വനിയന്താവ്, സ്വയം നിലകൊള്ളുന്നവനായ.

'അലിഫ്-ലാം-മിം' എന്നതു പോലെ ചില സൂറത്തുകളുടെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളെക്കുറിച്ചു സൂറത്തുല്‍ ബഖറയുടെ ആരംഭത്തില്‍ വിവരിച്ചിട്ടുണ്ട്. രണ്ടാമത്തെ വചനത്തിലെ ആശയങ്ങള്‍ അതിലെ 255-ാം വചനമായ 'ആയത്തുല്‍ കുര്‍സി'യുടെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്. അല്ലഹുവിനല്ലാതെ വേറെ ആര്‍ക്കും ആരാധ്യനാകുവാന്‍ അവകാശമില്ലെന്നുള്ളതിന്നു ഒരു കാരണം, അവന്‍ ജീവത്തായുള്ളവനും, സര്‍വ്വ നിയന്താവായുള്ളവനുമാകുന്നുവെന്ന യാഥാര്‍ത്ഥ്യമാണെന്നും നാം അവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നു.

نَزَّلَ عَلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ وَأَنزَلَ ٱلتَّوْرَىٰةَ وَٱلْإِنجِيلَ ﴿٣﴾

3 (നബിയേ, ഈ) വേദഗ്രന്ഥത്തെ- അതിൻെറ മുമ്പിലുള്ളതിനെ സത്യമാക്കി (ശരിവെച്ചു) കൊണ്ട് -യഥാർത്ഥ പ്രകാരം അവൻ നിന ക്ക് അവതരിപ്പിച്ചിരിക്കുന്നു. തൗറാത്തും, ഇഞ്ചീലും അവൻ അവതരിപ്പിച്ചിരിക്കുന്നു. (ഇതിന്) മുമ്പായി-മനുഷ്യർക്ക് മാർഗ്ഗദർശ നമായിക്കൊണ്ട്; (സത്യാസത്യ) വിവേചന വും അവൻ അവതരിപ്പിച്ചിരിക്കുന്നു.

---

3 **نزَّلَ** അവൻ അവതരിപ്പിച്ചു. **عليك** നിൻെറമേൽ, നിനക്ക്. **الكتاب** (വേദ) ഗ്രന്ഥം. **بِالحق** യഥാർത്ഥ പ്രകാരം, മുറപ്രകാരം, സത്യവുമായി. **مصدقًا** സത്യമാക്കി (ശരിവെച്ചു) കൊണ്ട്. **لما بين يديه** അതിൻെറ മുമ്പിലുള്ളതിനെ. **وأنزلَ** അവൻ ഇറക്കുകയും ചെയ്തു. **التوراةَ** തൗറാത്ത്. **والإنجيلَ** ഇഞ്ചിലും. **من قَبلُ** മുമ്പ്, മുമ്പായി. **هدى** മാർഗ്ഗദർശനമായിട്ട്. **للناس** മനുഷ്യർക്ക്. **وأنزلَ** അവൻ ഇറക്കുകയും ചെയ്തിരിക്കുന്നു. **الفُرقانَ** വിവേചനം, വേർതിരിക്കുന്നത്.

الكتاب (വേദഗ്രന്ഥം) കൊണ്ടുദ്ദേശ്യം ഖുർആൻ തന്നെ. വിശ്വാസ സിദ്ധാന്തങ്ങളിലും, അടിസ്ഥാനപരമായ കാര്യങ്ങളിലും എല്ലാ വേദഗ്രന്ഥങ്ങളും യോജിക്കുന്നത്കൊണ്ട് ഖുർആൻ അതിൻെറ മുമ്പുള്ള ഗ്രന്ഥങ്ങളെ ശരിവെക്കുകയും, അവയുടെ സത്യത സ്ഥാപിക്കുകയും ചെയ്യുന്നുവെന്ന് ഖുർആനെ വിശേഷിപ്പിച്ചിരിക്കുകയാണ്. മുൻവേദഗ്രന്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രസിദ്ധിയുള്ളതും തൗറാത്തും ഇഞ്ചീലുമാണല്ലോ. അവയുടെ അനുയായികളായി രണ്ടു സമുദായങ്ങൾ നിലവിലുണ്ടുതാനും. അതിനാൽ അവ രണ്ടും പ്രത്യേകം എടുത്തു പറയുകയും ചെയ്തിരിക്കുന്നു. സത്യം ഇന്നതെന്നു അസത്യം ഇന്നതെന്നും വേർതിരിച്ചു വിവേചിക്കുക എന്നത്രെ **الفرقان** എന്ന വാക്കിൻെറ അർത്ഥം. മുൻവേദ ഗ്രന്ഥങ്ങളെ സത്യമാക്കി ശരിവെക്കുക മാത്രമല്ല, ഖുർ ആൻ മുഖേന അല്ലാഹു ചെയ്തിരിക്കുന്നത്. സത്യാസത്യങ്ങളും ന്യായാന്യായങ്ങളും അതു മുഖേന വിവേചിച്ചു വിവരിക്കുകകൂടി ചെയ്തിരിക്കുന്നുവെന്ന് താൽപര്യം. യഹൂദികളും, ക്രിസ്ത്യാനികളും അവരുടെ പ്രവാചകന്മാരുടെ കാലശേഷം സ്വീകരിച്ചുവന്ന നിലപാട് നോക്കുമ്പോൾ, തൗറാത്തും ഇഞ്ചീലുമെന്ന രണ്ട് ദൈവിക ഗ്രന്ഥങ്ങൾ യഥാർത്ഥത്തിൽ മുമ്പ് അവതരിപ്പിക്കപ്പെട്ടിരുന്നുവോ എന്നുപോലും ലോകത്തിന് മനസ്സിലാക്കുവാൻ പ്രയാസമാകുമായിരുന്നു. അവർ പിന്നീട് സ്വീകരിച്ചുപോന്ന സത്യാസത്യങ്ങളെ വിവേചിക്കുക കൂടിയാണ് ഖുർആൻ ചെയ്യുന്നത്.

തൗറാത്തും ഇഞ്ചീലും കൊണ്ട്-ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലും തന്നെ വിവക്ഷിക്കപ്പെടുന്നത് ഇന്ന് നിലവിലുള്ള ബൈബിളും, അതിലെ പഴയ നിയമങ്ങളും പുതിയ നിയമങ്ങളുമാകുന്ന വിഭാഗങ്ങളും അല്ല. മൂസാ (عليه السلام) നബിക്ക് അവതരിപ്പിക്കപ്പെട്ട യഥാർത്ഥ തൗറാത്തും, ഈസാ (അ)നബിക്ക് അവതരിപ്പിക്കപ്പെട്ട യഥാർത്ഥ ഇഞ്ചീലുമാകുന്നു. ഇതു രണ്ടിൻെറയും ശരിയായ പകർപ്പു-ഏറ്റക്കുറവില്ലാത്ത സാക്ഷാൽ പകർപ്പു-ജൂതൻമാരുടെയോ ക്രിസ്ത്യാനികളുടെയോ മറ്റോ കൈവശം ഇല്ലതന്നെ. പക്ഷേ-പല കൂട്ടിച്ചേർക്കലുകളുടെയും, മാറ്റത്തിരുത്തലുകളുടെയും ഇടയിൽ കൂടി-പഴയ നിയമത്തിലെ പുസ്തകങ്ങളിൽ സാക്ഷാൽ തൗറാത്തിൻെറ ഏതെങ്കിലും ഭാഗങ്ങളും, പുതിയ നിയമത്തിലെ പുസ്തകങ്ങളിൽ സാക്ഷാൽ ഇഞ്ചീലിൻെറ ഏതെങ്കിലും ഭാഗങ്ങളും ഉണ്ടായിരിക്കുമെന്നു മാത്രം. ആ ഭാഗങ്ങൾ ഏതൊക്കെയാണെന്നു നിർണ്ണയിക്കുക സാധ്യമല്ല. അവയുടെ ഉള്ളടക്കങ്ങൾ പരിശോധിച്ചാൽ, മൂസാ (عليه السلام) ൻെറയും, ഈസാ (عليه السلام) ൻെറയും ശേഷം മതഗ്രന്ഥങ്ങളെന്നോ, ചരിത്രഗ്രന്ഥങ്ങളെന്നോ, ഓർമ്മക്കുറിപ്പുകളെന്നോ, സന്ദേശങ്ങളെന്നോ ഉള്ള നിലക്കു പലരാൽ എഴുതപ്പെട്ടവയാണവ എന്നു കാണാവുന്നതാകുന്നു. ചുരുക്കം ചിലതിൽ അവ എഴുതിയ കർത്താക്കളുടെ പേരുപോലും കാണാം. മൂസാ നബിയുടെ കാലശേഷമുള്ള ചില സംഭവങ്ങൾ പഴയ നിയമത്തിലും ഈസാ നബിയുടെ കാ

ലശേഷമുള്ള ചില സംഭവങ്ങൽ പുതിയ നിയമത്തിലും കാണാവുന്നതുമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ചില തൽപര കക്ഷികൾ പറഞ്ഞുവരുന്നതുപോലെ, ഖുർആൻ ശരി വെക്കുന്നതു നിലവിലുള്ള ബൈബിളിലെ പഴയ നിയമങ്ങളാകുന്ന തൗറാത്തിനെയോ പുതിയ നിയമങ്ങളാകുന്ന ഇഞ്ചീലിനെയോ അല്ല. അല്ലാഹു അവതരിപ്പിച്ച യഥാർത്ഥ തൗറാത്തിനെയും ഇഞ്ചീലിനെയും മാത്രമാകുന്നു.

4 നിശ്ചയമായും, അല്ലാഹുവിൻെറ 'ആയത്ത്' [ലക്ഷ്യം] കളിൽ അവിശ്വസിച്ചിട്ടുള്ളവർ (ആരോ), അവർക്ക് കഠിനമായ ശിക്ഷയുണ്ട്. അല്ലാഹുവാകട്ടെ, പ്രതാപശാലിയാണ്; ശിക്ഷാനടപടി എടുക്കുന്നവനാണ്

مِن قَبۡلُ هُدٗى لِّلنَّاسِ وَأَنزَلَ ٱلۡفُرۡقَانَۗ إِنَّ ٱلَّذِينَ
كَفَرُواْ بِـَٔايَٰتِ ٱللَّهِ لَهُمۡ عَذَابٞ شَدِيدٞۗ وَٱللَّهُ عَزِيزٞ
ذُو ٱنتِقَامٍ ٤

5 നിശ്ചയമായും അല്ലാഹു-ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ യാതൊന്നും അവൻെറ മേൽ അവ്യക്തമായിരിക്കയില്ല.

إِنَّ ٱللَّهَ لَا يَخۡفَىٰ عَلَيۡهِ شَيۡءٞ فِي ٱلۡأَرۡضِ وَلَا فِي
ٱلسَّمَآءِ ٥

6 അവനത്രെ, താൻ ഉദ്ദേശിക്കുന്ന പ്രകാരം ഗർഭാശയങ്ങളിൽ നിങ്ങളെ രൂപപ്പെടുത്തുന്നവൻ. അവനല്ലാതെ ആരാധ്യനേ ഇല്ല; അഗാധജ്ഞനായ പ്രതാപശാലിയാണ് (അവൻ).

هُوَ ٱلَّذِي يُصَوِّرُكُمۡ فِي ٱلۡأَرۡحَامِ كَيۡفَ يَشَآءُۚ
لَآ إِلَٰهَ إِلَّا هُوَ ٱلۡعَزِيزُ ٱلۡحَكِيمُ ٦

---

4 **إن الذين كفَروا** നിശ്ചയമായും അവിശ്വസിച്ചവർ,. **بآيات الله** അല്ലാഹുവിൻെറ ആയത്തുകളിൽ. **لَهم** അവർക്കുണ്ട്. **عذاب** ശിക്ഷ. **شديد** കഠിനമായ. **والله** അല്ലാഹുവാകട്ടെ. **عزيز** പ്രതാപശാലിയാണ്. **ذُوانتقام** ശിക്ഷാനടപടി എടുക്കുന്നവനാണ്, പ്രതികാരമെടുക്കുന്നവനായ. 5 **إن الله** നിശ്ചയമായും അല്ലാഹു. **لا يخفَى عليه** അവൻെറ മേൽ അവ്യക്തമാകയില്ല(മറഞ്ഞുപോകുന്നതല്ല). **شيءٌ** ഒരു വസ്തുവും. **في الأرض** ഭൂമിയിൽ. **ولا في السمآءِ** ആകാശത്തിലുമില്ല. 6 **هو الذي يصورکُم** അവനത്രെ നിങ്ങളെരൂപപ്പെടുത്തുന്നവൻ. **في الأرحام** ഗർഭാശയങ്ങളിൽ. **كَيف يشاءُ** അവൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ (അങ്ങിനെ). **لآ إله** ഒരു ആരാധ്യനു(മില്ല). **إلا هو** അവനല്ലാതെ. **العزيز** പ്രതാപശാലി. **الحكيم** അഗാധജ്ഞൻ, യുക്തിമാൻ.

മാതാക്കളുടെ ഗർഭാശയങ്ങളിൽവെച്ചു ഓരോരുത്തർക്കും അവരവരുടേതായ രൂപം നൽകി സൃഷ്ടിച്ചുണ്ടാക്കുന്നവൻ അല്ലാഹുവല്ലാതെ മറ്റാരുമല്ല. അതാകട്ടെ, അവൻ ഉദ്ദേശിക്കുന്ന രൂപത്തിലും സ്വഭാവത്തിലും. അതിൽ നിങ്ങൾക്കോ നിങ്ങളുടെ പിതാക്കൾക്കോ ആരാധ്യൻമാർക്കോ മറ്റോ യാതൊരു പങ്കുമില്ല. ആരുടെ ഉദ്ദേശത്തിനും അതിൽ സ്ഥാനമില്ല.

7 (നബിയെ) അവനത്രെ, നിൻെറ മേൽ വേദഗ്രന്ഥം അവതരിപ്പിച്ചവൻ. 'മുഹ്കമായ' [ദൃഢപ്രധാനമായ] ഒരു തരം 'ആയത്ത്' [വചനം] കൾ അതിൽ പെട്ടതാകുന്നു. അവ (ആ) ഗ്രന്ഥത്തിൻെറ മൂലകേന്ദ്രമത്രെ. 'മുതശാബിഹായ' [പരസ്പര സാദൃശ്യമുള്ളതായ] മറ്റൊരു വിഭാഗവും (അതിൽ) ഉണ്ട്. എന്നാൽ, തങ്ങളുടെ ഹൃദയങ്ങളിൽ വക്രതയുള്ളവർ, കുഴപ്പത്തെ ആഗ്ര

هُوَ ٱلَّذِيٓ أَنزَلَ عَلَيۡكَ ٱلۡكِتَٰبَ مِنۡهُ ءَايَٰتٞ
مُّحۡكَمَٰتٌ هُنَّ أُمُّ ٱلۡكِتَٰبِ وَأُخَرُ مُتَشَٰبِهَٰتٞۖ فَأَمَّا
ٱلَّذِينَ فِي قُلُوبِهِمۡ زَيۡغٞ فَيَتَّبِعُونَ مَا تَشَٰبَهَ مِنۡهُ
ٱبۡتِغَآءَ ٱلۡفِتۡنَةِ وَٱبۡتِغَآءَ تَأۡوِيلِهِۦۖ وَمَا يَعۡلَمُ تَأۡوِيلَهُۥٓ

إِلَّا ٱللَّهُ ۗ وَٱلرَّٰسِخُونَ فِى ٱلْعِلْمِ يَقُولُونَ ءَامَنَّا بِهِۦ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٧﴾

ഹിച്ചും, വ്യാഖ്യാനത്തെ (അഥവാ പൊരുളിനെ) ആഗ്രഹിച്ചുംകൊണ്ട് അവർ അതിൽനിന്നും പരസ്പര സാദൃശ്യമുള്ള തിന് [‘മുതശാബിഹാ’യതിന്നു] പിന്നാലെ കൂടുന്നതാകുന്നു. അതിൽ വ്യാഖ്യാനം (അഥവാ പൊരുൾ) അല്ലാഹുവല്ലാതെ അറിയുകയില്ലതാനും. അറിവിൽ അടിയുറ ച്ചവരാകട്ടെ, അവർ പറയും: “ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു; എല്ലാം നമ്മു ടെ റബ്ബിൻെറ പക്കൽ നിന്നുള്ളതാകുന്നു.” (സൽ) ബുദ്ധിയുള്ളവരല്ലാതെ, ഉറ്റാലോചി ക്കുന്നതല്ലതാനും.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ ﴿٨﴾

8 (അവർ തുടരും:) “ഞങ്ങളുടെ റബ്ബേ! ഞങ്ങളെ നീ സൻമാർഗ്ഗത്തിലാക്കിയ ശേഷം (വീണ്ടും) ഞങ്ങളുടെ ഹൃദയങ്ങ ളെ നീ തെറ്റിക്കരുതേ! ഞങ്ങൾക്ക് നിൻെറ അടുക്കൽ നിന്ന് നീ കാരുണ്യം പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും, നീ തന്നെയാണ് വളരെ പ്രദാനം ചെയ്യുന്ന വൻ.”

رَبَّنَآ إِنَّكَ جَامِعُ ٱلنَّاسِ لِيَوْمٍ لَّا رَيْبَ فِيهِ ۚ إِنَّ ٱللَّهَ لَا يُخْلِفُ ٱلْمِيعَادَ ﴿٩﴾

9 “ഞങ്ങളുടെ റബ്ബേ! നിശ്ചയമായും നീ, യാതൊരു സന്ദേഹവുമില്ലാത്തതായ ഒരു ദിവസത്തേക്ക് മനുഷ്യരെ(യെല്ലാം) ഒരുമി ച്ചു കൂട്ടുന്നവനാകുന്നു. നിശ്ചയമായും അല്ലാഹു വാഗ്ദത്ത നിശ്ചയത്തിന് എതിര് പ്രവർത്തിക്കുകയില്ല.”

---

7 **هو الذي** അവൻ യാതൊരുവനത്രെ, അവനത്രെ യാതൊരുവൻ. **أنزلَ عليك** നിൻെറ മേൽ അവത രിച്ച, അവൻ ഇറക്കി. **الكتاب** (വേദ)ഗ്രന്ഥം, (ഈ) ഗ്രന്ഥത്തെ. **منه** അതിലുണ്ട്, അതിൽപെട്ട താണ്. **آيات** ചില ആയത്തുകൾ, ഒരു(തരം) ആയത്ത് (വചനം)കൾ. **محكمات** ദൃഢപ്രധാനമായ, ബലവത്തായ, നിയമബലമുള്ള. **هن** അവ. **أم الكتاب** ഗ്രന്ഥത്തിൻെറ മൂലമാകുന്നു (കേന്ദ്രമാണ്, മർമ്മപ്രധാനമാണ്-തള്ളയാണ്). **وأخر** വേറെ ചിലതുമുണ്ട്, മറ്റ് ചിലത്. **متشابهات** പരസ്പരം സാദൃശമായവ, അന്യോന്യം തരിച്ചറിയാത്തവ. **فأما الذين** എന്നാൽ യാതൊരുകൂട്ടർ. **في قلوبهم** അവരുടെ ഹൃദയങ്ങളിലുള്ള (ഉണ്ട്). **زيغٌ** വക്രത, തെറ്റൽ. **فيتبعونَ** അവർ പിൻപറ്റും (പിന്നാലെ കൂടും). **ما تشابه منه** അതിൽനിന്ന് പരസ്പര സാദൃശ്യമായതിന്. **ابتغاء** ആഗ്രഹിച്ചതിനാൽ. **الفتنة** കുഴപ്പത്തെ. **وابتغاء** ആഗ്രഹിച്ചുകൊണ്ടും. **تأويله** അതിൻെറ വ്യാഖ്യാനത്തെ, പൊരുളിനെ, പര്യവ സാനത്തെ. **وما يعلم** അറിയുകയുമില്ല. **تأويله** അതിൻെറ വ്യാഖ്യാനം, പൊരുൾ. **إلا الله** അല്ലാഹുവ ല്ലാതെ. **والراسخونَ** അടിയുറച്ചവർ,പൂണ്ട് പിടിച്ചവരാകട്ടെ, അടിയുറച്ചവരും. **في العلم** അറിവിൽ, ജ്ഞാനത്തിൽ. **يقولونَ** അവർ പറയും. **آمنا به** ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. **كلٌ** എല്ലാം. **من عند ربنا** നമ്മുടെ (ഞങ്ങളുടെ) റബ്ബിൻെറ പക്കൽ നിന്നാകുന്നു. **وما يذكر** ഉറ്റാലോചിക്കുന്നതുമല്ല, ഓർമ്മവെക്കുകയുമില്ല. **إلا أولوا الألباب** (സൽ)ബുദ്ധിമാൻമാരല്ലാതെ. 8. **ربنا لا تزغْ** ഞങ്ങളുടെ റബ്ബേ നീ തെറ്റിക്കരുതേ, വക്രമാക്കരുതേ. **قلوبنا** ഞങ്ങളുടെ ഹൃദയങ്ങളെ. **بعد إذْ هديتنا** നീ ഞങ്ങളെ സൻമാർഗ്ഗത്തലാക്കിയതിന് ശേഷം. **وهب لنا** ഞങ്ങൾക്ക് നീ പ്രദാനവും ചെയ്യേണമേ. **من لدنك** നിൻെറ പക്കൽ നിന്ന്, നിൻെറ വകയായി. **رحمةً** കാരുണ്യം. **إنك أنت** നിശ്ചയമായും നീ തന്നെ. **الوهاب** വളരെ പ്രദാനം ചെയ്യുന്നവൻ, (വലിയ) ദാനക്കാരൻ. 9. **ربنا** ഞങ്ങളുടെ റബ്ബേ. **إنك جامع** നിശ്ചയമായും നീ ഒരുമിച്ച് കൂട്ടുന്നവനാകുന്നു. **الناس** മനുഷ്യരെ. **ليومٍ** ഒരു ദിവസ

ത്തേക്ക്. **لَا رَيْبَ** യാതൊരു സന്ദേഹവുമില്ല. **فِيهِ** അതിൽ. **إِنَّ اللَّهَ** നിശ്ചയമായും അല്ലാഹു. **لَا يُخْلِفُ** അവൻ വ്യത്യാസം (എതിര്-ലംഘനം) ചെയ്കയില്ല. **الْمِيعَادَ** വാഗ്ദത്ത നിശ്ചയം, നിശ്ചിത അവധി.

'മുഹ്കമും മുതശാബിഹും (**المحكم والمتشابه**) എന്ന തലക്കെട്ടിൽ മുഖവുരയിൽ ഒരു അദ്ധ്യായം കൊടുത്തിട്ടുണ്ട്. ഈ 7-ാം വചനം ഉദ്ധരിച്ചുകൊണ്ടു അതിൻെറ അടിസ്ഥാനത്തിൽ അവ രണ്ടിനെയും സംബന്ധിച്ചു അവശ്യം അറിഞ്ഞിരിക്കേണ്ട പല വിഷയങ്ങളും അവിടെ വിവരിക്കുകയും ചെയ്തിരിക്കുന്നു.ഈ വചനങ്ങളുടെ വ്യാഖ്യാനത്തിൽ അവ കൂടി ഓർമ്മിക്കുന്നത് നന്നായിരിക്കും. ഈ വചനങ്ങളുടെ സാരം ചുരുക്കത്തിൽ ഇങ്ങിനെ മനസ്സിലാക്കാം;-

ഖുർആനാകുന്ന ഈ വേദഗ്രന്ഥം അവതരിപ്പിച്ചത് അല്ലാഹുവാണ്. അതിൽ 'മുഹ്കമ'ായ വചനങ്ങൾ (**ايات محكمات**) എന്നും 'മുതശാബിഹാ'യ വചനങ്ങൾ (**متشابهات**) എന്നും രണ്ടു തരം വചനങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യത്തെ വിഭാഗമാണ് ഖുർആൻെറ മൂലപ്രധാനമായ ഭാഗം. രണ്ടാമത്തെ വിഭാഗത്തിൻെറ യഥാർത്ഥ വ്യാഖ്യാനവും പൊരുളും അല്ലാഹുവിന്നേ അറിയുകയുള്ളു. എന്നാൽ, വക്രഹൃദയരാ.യ ആളുകൾ കുഴപ്പമുണ്ടാക്കുവാനും, ദുർവ്യാഖ്യാനം ചെയ്യുവാനും വേണ്ടി ഈ വിഭാഗത്തിൻെറ പിന്നാലെ കൂടുന്നതാണ്. അടിപതറാത്ത അറിവുള്ള ആളുകൾ ഈ വിഭാഗത്തിന്നു തങ്ങളുടെ വക വ്യാഖ്യാനം നൽകുവാനും അതിൽ ചുഴിഞ്ഞന്വേഷണം നടത്തുവാനും മുതിരുകയില്ല. എല്ലാം അല്ലാഹു അവതരിപ്പിച്ചതും സത്യയാഥാർത്ഥ്യവുമാണെന്നു ഉറച്ചു വിശ്വസിക്കുകയും, വിശദാംശങ്ങൾ അല്ലാഹുവിലേക്കു വിട്ടേക്കുകയുമായിരിക്കും അവർ ചെയ്യുക. തങ്ങളുടെ പക്കൽ വല്ല വക്രതയും അബദ്ധവും പറ്റിപ്പോകാതിരിക്കുവാനും, അല്ലാഹുവിൻെറ കാരുണ്യം ലഭിക്കുവാനും അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

'മുഹ്കമ്' (**محكم**) എന്ന വാക്കിന് ബലവത്തായത്, ദൃഢമാക്കപ്പെട്ടത്, യുക്തിമത്തായത്, സുവ്യക്തമായത്, നിയമബലമുള്ളത് എന്നൊക്കെ സന്ദർഭമനുസരിച്ച് അർത്ഥം നൽകാവുന്നതാണ്. 'മുതശാബിഹു' (**متشابه**) എന്നാൽ പരസ്പര സാദൃശ്യമുള്ളത്, (സാദൃശ്യം നിമിത്തം) വേർതിരിച്ചറിയാത്തത്, അന്യോന്യം തുല്യമായുള്ളത് എന്നിങ്ങനെയും അർത്ഥമാകുന്നു. ഇവിടെ 'മുഹ്കമു' കൊണ്ടുള്ള വിവക്ഷയെപ്പറ്റി ഖുർആൻ വ്യാഖ്യാതാക്കൾ പലരും പല വിധത്തിൽ വിവരിച്ചു കാണാം. അവയിൽ കൂടുതൽ യുക്തവും അനുയോജ്യവുമായി കാണുന്നതും, സൂക്ഷമജ്ഞാനികളായ പല മഹാൻമാരും സ്വീകരിച്ചു വരുന്നതുമായ അഭിപ്രായത്തിൻെറ ചുരുക്കം ഇതാണ്:- സംശയത്തിനും ആശയകുഴപ്പത്തിനും ഇടമില്ലാത്തവണ്ണം അർത്ഥവും ആശയവും വ്യക്തമായി മനസ്സിലാകുന്നതെല്ലാം 'മുഹ്കമും', അല്ലാത്തവ 'മുതശാബിഹു'മാകുന്നു. ഈ നിർവചനം വിശദീകരിക്കുമ്പോൾ, മറ്റുള്ള അഭിപ്രായങ്ങളെല്ലാം ഈ നിർവ്വചനത്തിൻെറ വ്യാപ്തിയിൽ ഒതുങ്ങി നിൽക്കുന്നവയോ, അതിൻെറ ചില വശങ്ങൾക്കുമാത്രം പ്രാധാന്യം നൽകുന്നവയോ ആണെന്നു കാണാവുന്നതാണ്.

ഇമാംറാഗിബ് (ﷺ) അദ്ദേഹത്തിൻെറ ഖുർആൻ നിഘണ്ടുവായ 'അൽമുഫ്റദാത്തി'ൽ ഈ രണ്ടു വാക്കുകളെയും വിവരിച്ചുകൊണ്ടു പ്രസ്താവിച്ച ചില വിവരങ്ങൾ അറിയുന്നത് നന്നായി രിക്കും. **حكم** എന്ന മൂലപദത്തെപ്പറ്റി വിവരിക്കുന്ന മദ്ധ്യെ ഈ (7-ാം) വചനം ചൂണ്ടിക്കാട്ടികൊണ്ട് അദ്ദേഹം പറയുന്നു: 'മുഹ്കമ്' എന്നാൽ, പദത്തെ അപേക്ഷിച്ചാകട്ടെ, അർത്ഥത്തെ അപേക്ഷിച്ചാകട്ടെ യാതൊരു ആശങ്കയും ഏർപ്പെടുവാനില്ലാത്തതാകുന്നു. 'മുതശാബിഹു' പല തരത്തിലുണ്ട്. അതിനെപ്പറ്റി തൽസ്ഥാനത്തു പ്രസ്താവിക്കാം. പിന്നീട് (**شبه**) എന്ന മൂല പദത്തെപ്പറ്റി സംസാരിക്കുന്ന മദ്ധ്യേ ഈ വാഗ്ദാനം നിറവേറ്റിക്കൊണ്ടു സുദീർഘമായ ഒരു വിശദീകരണം അദ്ദേഹം നൽകിക്കാണാം. അതിൻെറ രത്നചുരുക്കം ഇപ്രകാരമാകുന്നു:-

‘‘വാക്കിലോ അർത്ഥത്തിലോ മറ്റൊന്നിനോടു സാദൃശ്യമുള്ള കാരണത്താൽ, വ്യാഖ്യാനത്തിൽ സംശയം കൂടുങ്ങുന്ന ഭാഗത്തിനാണ് ഖുർആനിൽ ‘മുത്തശാബിഹ് ’ എന്ന് പറയുന്നത് ഖുർആൻ വചനങ്ങൾ പരിശോധിച്ചാൽ അവ മൂന്നു വിധത്തിലായിരിക്കും.: (1) നിരുപാധികം മുഹ്കമായത്. (2) നിരുപാധികം മുതശാബിഹായത്. (3) ഒരു വശത്തൂടെ നോക്കുമ്പോൾ മുഹ്കമും, വേറൊരു വശത്തൂടെ നോക്കുമ്പോൾ മുതശാബിഹുമായത്, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മുതശാബിഹിനെ മൊത്തത്തിൽ മൂന്നായി ഭാഗിക്കാം: (1) പദം നോക്കുമ്പോൾ മുതശാബിഹായത്. ഒറ്റവാക്കുകളുടെ അർത്ഥം സുനിശ്ചിതമല്ലായ്കകൊണ്ടും, വാചകഘടനയുടെ പ്രത്യേക സ്വഭാവം നിമിത്തവും ഇതുണ്ടാകുന്നു. (2) ഉദ്ദേശ്യം നോക്കുമ്പോൾ മുതഷാബിഹായതു. അല്ലാഹുവിൻെറ ഗുണവിശേഷങ്ങൾ, ഖിയാമത്തുനാളിലെ വിവരങ്ങൾ ആദിയായവ ഇതിൽപെട്ടതാകുന്നു. കാരണം, അവ നമ്മുടെ ഊഹത്തിനും,അനുമാനത്തിനും, പരിചയത്തിനും അതീതമാകുന്നു. (3) പദങ്ങൾ നോക്കുമ്പോഴും ഉദ്ദേശ്യം നോക്കുമ്പോഴും മുതശാബിഹായത്. ഇതിനു പല ഉദാഹരണങ്ങളുമുണ്ട്. (ആയത്തിലെ) വിധി പൊതുവായതോ പ്രത്യേകമാതോ? നിർബ്ബന്ധരൂപത്തിലുള്ളതോ ഉപദേശരൂപത്തിലുള്ളതോ? ആദ്യം അവതരിച്ചതോ പിന്നീട് അവതരിച്ചതോ? വിധി ഏതു സന്ദർഭത്തിലേക്ക് ബാധകമായതാണ്? വിധിയുടെ ഉപാധികൾ എന്തൊക്കെ ? എന്നിത്യാദി വിഷങ്ങളിൽ നേരിടുന്ന അവ്യക്തതയായിരിക്കും ഇതിനു കാരണം. ഈ വസ്തുതകൾ മനസ്സിലാക്കിക്കഴിഞ്ഞാൽ, മുതശാബിഹിനു ഖുർആൻ വ്യാഖ്യാഥാക്കൾ നൽകിയിട്ടുള്ള വ്യത്യസ്ത വ്യാഖ്യാനങ്ങളെല്ലാം മേൽ പ്രസ്താവിച്ചതിൽ അടങ്ങിയിട്ടുണ്ടെന്നു കാണാം. **من المفردات**

താൻ ചൂണ്ടിക്കാട്ടിയ പ്രസ്തുത ഓരോ ഇനം മുതശാബിഹിനും ഇമാം റാഗിബ് (﵀) ഉദാഹരണങ്ങളും ഉദ്ധരിച്ചിട്ടുണ്ട്. ദൈർഘ്യഭയം നിമിത്തം നാമതുവിട്ടുകളഞ്ഞിരിക്കുകയാണ്. മുതശാബിഹിൻെറ വിശദീകരണത്തിൽ നിന്ന് മുഹ്കമിൻെറ ഉദ്ദേശ്യവും സ്പഷ്ടമാണല്ലോ. ഇമാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്ലവീ (﵀) യിൽ നിന്നും മറ്റും ഉദ്ധരിച്ചുകൊണ്ടു മുഖവുരയിൽ വിവരിച്ചതിൽ നിന്നു, മേൽകണ്ട ഉദ്ധരിണിയിൽ നിന്നുമായി മുഹ്കമ്-മുതശാബിഹിനെപ്പറ്റി അത്യാവശ്യ വിവരം ആർക്കും മനസ്സിലാക്കാവുന്നതാണ്. **ان شاء الله**

മുഹ്കമ്, മുതശാബിഹ്, തഅവീൽ (**المحكم والمتشابه والتأويل**) എന്നിവയെ സംബന്ധിച്ച അഭിപ്രായ വ്യത്യാസങ്ങൾ സവിശദം വിവരിച്ചശേഷം, സയ്യിദ് രശീദ്‌രിളാ (﵀) തഫ്‌സീറുൽ മനാറിൽ പ്രസ്ഥാവിച്ച ഒരു പ്രസ്ഥാവനയുടെ രത്നചുരുക്കം കൂടി അറിയുന്നത് സന്ദർഭോചിതമായിരിക്കും. അതിങ്ങനെ ഉദ്ധരിക്കാം. ‘ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (﵀’) അദ്ദേഹത്തിൻെറ സൂറത്തുൽ ഇഖ്ലാസിൻെറ വ്യാഖ്യാനത്തിൽ ‘മുതശാബിഹി’നെയും, ‘തഅവീലി’നെയുംകുറിച്ചു സംസാരിച്ച ഭാഗം സൂക്ഷ്മായി പരിശോധിച്ചപ്പോൾ, അതാണ് ഏറ്റവും യഥാർത്ഥവും, ശരിയുമായ വിവരണമെന്ന് നമുക്ക് ബോധ്യമായിരിക്കുന്നു. അർത്ഥം ഗ്രാഹ്യമല്ലാത്ത വാക്യം ഖുർആനിൽ ഇല്ല എന്നും, മുതശാബിഹു കേവലം ആപേക്ഷികമാണ്-ദുർബ്ബലൻമാർക്കു (സാധാരണക്കാർക്ക്) മുതശാബിഹായിരിക്കുന്നത് അടിയുറച്ച പണ്ഡിതന്മാർക്ക് മുതശാബിഹായിരിക്കുകയില്ല-എന്നും,അല്ലാഹുവിൻെറ ഗുണവിശേഷങ്ങളുടെയും, സ്വർഗ നരകങ്ങൾ മുതലായവ അദൃശ്യ ലോകങ്ങളുടെയും യാഥാർത്ഥ്യം പോലെയുള്ള കാര്യങ്ങളാണ് അല്ലാഹുവിനല്ലാതെ മറ്റാർക്കും ‘തഅ്‌വീൽ’(പൊരുൾ)അറിയാത്തവ കൊണ്ട് വിവക്ഷയെന്നും അദ്ദേഹം അതിൽ സ്ഥാപിച്ചിരിക്കുന്നു. അല്ലാഹുവിൻെറ ‘ഖുദ്റത്ത്’ (കഴിവ്) എങ്ങിനെയുള്ളതാണ്, ‘അർശി‘ൻമേൽ അല്ലാഹു ആരോഹണം ചെയ്യുന്നത് എങ്ങിനെയാണ്, സ്വർഗസ്ഥർക്കു ലഭിക്കുന്ന അനുഗ്രഹങ്ങളുടെയും നരകസ്ഥർക്ക് ലഭിക്കുന്ന ശിക്ഷകളുടെയും യഥാർത്ഥ രൂപം എങ്ങിനെയാണ് എന്നിത്യാദി കാര്യങ്ങളൊന്നും അല്ലാഹുവിനല്ലാതെ അറിയുകയില്ലല്ലോ. (സ്വർഗക്കാരെപ്പറ്റി) ‘കൺകുളിർമയായിക്കൊണ്ട് അവർക്കുവേണ്ടി ഗോപ്യമായി സൂക്ഷിച്ചു വെക്കപ്പെട്ടിട്ടുള്ളത് ഒരാൾക്കും അറിയാവുന്നതല്ല.‘ എന്ന് അല്ലാഹു പറയുന്നു. (32:17) നരകത്തിൻെറ അഗ്നി ഭൂലോകത്തിൻെറ അഗ്നി പോലെയല്ല. അത് വേറൊരു തരം അഗ്നിയാണു. സ്വർഗ്ഗത്തിലെ പഴങ്ങളും പാലും തേനുമൊക്കെ ഈ ലോക

ത്തു നമുക്കു പരിചയപ്പെട്ട പഴങ്ങളും പാലും തേനും അല്ല. അവയും വേറെതരത്തിലുള്ളവയാകുന്നു.

മുഹ്കമായ വചനങ്ങളാണ് ഗ്രന്ഥത്തിൻെറ-ഖുർആൻെറ മൂലപ്രധാനമായ ഭാഗം (هن ام الكتاب) എന്നു പറഞ്ഞുവല്ലോ. ഖുർആൻ പ്രബോധനം ചെയ്യുന്ന സിദ്ധാന്തങ്ങൾ, വിധിവിലക്കുകൾ, ഉപദേശനിർദ്ദേശങ്ങൾ, ആചാരാനുഷ്ഠാനമുറകൾ ആദിയായവയെല്ലാം മുഹ്കമായ വചനങ്ങളിലാണുള്ളത് എന്നത്രെ അതിൻെറ താത്പര്യം.അപ്പോൾ, അവയെ അടിസ്ഥാനമാക്കിയും, അവയുടെ ആശയപരിധികൾക്കു പുറത്തു കടക്കാതെയുമുള്ള സമീപനം മാത്രമെ മുതശാബിഹുകളെ സംബന്ധിച്ചിടത്തോളം പാടുള്ളൂ. അതിനപ്പുറം കടന്ന് മുതശാബിഹുകളിൽ മുഴുകുകയോ അവയെ പരതിനോക്കി അവയുടെ ആഴം കണക്കാക്കുവാനും അവക്കു വ്യാഖ്യാന വിവരണം നൽകുവാനും ശ്രമിക്കുകയോ ചെയ്യുന്നത് നന്നല്ല. അത് ഗുണത്തേക്കാളേറെ ദോഷത്തിന് കാരണമാകും. പലപ്പോഴും അപകടത്തിൽ കലാശിക്കുകയും ചെയ്തേക്കും. അതാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്:

.......فاماالذين في قلوبهم زيغ (എന്നാൽ, ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പത്തെ ഉദ്ദേശിച്ചും, വ്യാഖ്യാനത്തെ ഉദ്ദേശിച്ചുംകൊണ്ട് അതിൽ നിന്നുള്ള മുതശാബിഹായവയുടെ പിന്നാലെ കൂടുന്നതാണ്.) അതെ, വക്രമനസ്ഥിതിക്കാരും, ദുരുദ്ദേശ്യം വെച്ചുപുലർത്തുന്നവരുമായിരിക്കും അവയിൽ മുഴുകുക. മതസിദ്ധാന്തങ്ങളിലും, സനാതനതത്വങ്ങലിലും, ഇസ്‌ലാമിക നിയമങ്ങളിലും ആശയക്കുഴപ്പവും ഭിന്നിപ്പുമുണ്ടാക്കി കുഴപ്പം സൃഷ്ടിക്കുക, അതിനായി അവയെ ദുർവ്യാഖ്യാനം ചെയ്യുക. ഇതായിരിക്കും അതിൻെറ ഫലം എന്നു സാരം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സദുദ്ദേശ്യവും, സത്യതൽപരതയുമുള്ള നിഷ്കളങ്കൻമാർ മുതശാബിഹുകളിൽ മുഴുകി പ്രവേശിക്കുവാനോ, അവയെ വിശകലനം ചെയ്തു വ്യാഖ്യാനിക്കുവാനോ മുതിരുകയില്ല. ഈ വചനം ഓതിക്കൊണ്ട് നബി (ﷺ) പറഞ്ഞതായി ആയിശാ (رضي الله عنها) യിൽ നിന്നു ഇമാംബുഖാരീ (رحمه الله) യും മറ്റും ഇങ്ങിനെ നിവേദനം ചെയ്തിരിക്കുന്നു: ''അപ്പോൾ,അതിൽ-ഖുർആനിൽ- നിന്നു മുതശാബിഹായതിൻെറ പിന്നാലെ കൂടുന്നവരെ നിങ്ങൾ കണ്ടാൽ, അക്കൂട്ടർ തന്നെയാണ് (ഹൃദയങ്ങളിൾ വക്രതയുള്ളവർ എന്നു) അല്ലാഹു പേരു വെച്ച കൂട്ടർ. അതുകൊണ്ട് നിങ്ങൾ അവരെക്കുറിച്ചു ജാഗരൂകരായിരുന്നുകൊള്ളണം.''

മുതശാബിഹുകളുടെ പിന്നാലെ കൂടലും, അവർക്കു ദുർവ്യാഖ്യാനങ്ങൾ കണ്ടുപിടിച്ച് ഇസ്‌ലാമിലെ അംഗീകൃത തത്വങ്ങളെ ചോദ്യം ചെയ്യലും എല്ലാ പിഴച്ച കക്ഷികളിലും കാണപ്പെടുന്ന ഒരു സ്വഭാവമാകുന്നു. ഇതിനു ഉദാഹരണങ്ങൾ നിരത്തുന്ന പക്ഷം അതു തന്നെ വലിയ ഒരു ഗ്രന്ഥമായിത്തീരും. ഖുർആനിലെ ഏതെങ്കിലും ഒരു വാക്കിനോ, വാക്യത്തിനോ വരാൻ സാധ്യതയുള്ള പല അർത്ഥ സാരങ്ങളിൽ ഒന്നിനെ പൊക്കിപ്പിടിച്ചുകൊണ്ട് അതിനെക്കാൾ സ്പഷ്ടമായ രീതിയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള മറ്റു ചില കാര്യങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും, അതിൻെറ പേരിൽ സ്വന്തം താൽപര്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന വക്രബുദ്ധികളുടെ പല ദുർവ്യാഖ്യാനാങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ നാം പലപ്പോഴും ചൂണ്ടിക്കാട്ടാറുള്ളതാണ്.

നജ്റാനിലെ ക്രിസ്തീയ നിവേദക സംഘം നബി (ﷺ) യുമായി നടത്തിയ സംഭാഷണത്തെത്തുടർന്നാണ് ഈ സൂറത്തിലെ ഏതാനും വചനങ്ങൾ അവതരിച്ചതെന്നുള്ള അഭിപ്രായം മുമ്പ് പറഞ്ഞുവല്ലോ. ഈസാ (عليه السلام) നബിയെപ്പറ്റി (4: 171 ൽ കാണാവുന്നതുപോലെ) كلمة......وروح منه (അല്ലാഹുവിൻെറ വാക്കും, അവൻെറ പക്കൽ നിന്നുള്ള ആത്മാവും) എന്ന് ഖുർആനിൽ പറഞ്ഞിട്ടുള്ളതിനെ അദ്ദേഹത്തിൻെറ ദൈവത്വം ഖുർആൻ അംഗീകരിച്ചതാണെന്ന് സമർത്ഥിക്കുവാൻ ആ സംഘത്തിലെ ചിലർ മുതിരുകയുണ്ടായെന്ന് ആ സംഭവം വിവരിക്കുന്ന ചില രിവായത്തുകളിൽ വന്നിട്ടുള്ളത് പ്ര,സ്താവ്യമാകുന്നു. വേണ്ട, ഇന്നു പല ക്രിസ്തീയ പാതിരിമാർ ആ രണ്ടു വാക്കുകളെയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഖുർആൻ ഈസാ (عليه السلام) ൻെറ ദിവ്യത്വം അംഗീകിരിച്ചിട്ടുണ്ടെന്ന് സമർത്ഥിക്കാറുണ്ട്. മുസ്‌ലീം ബഹുജനങ്ങളെ ക്രിസ്തീയ മത

ത്തിലേക്ക് ആകർഷിക്കുവാൻ ഇന്നു അവർ സ്വീകരിച്ചു വരുന്ന പുതിയ പല സൂത്രങ്ങളിൽ ഒന്നുമാണത്.

മുതശാബിഹിൻെറ പിന്നാലെ കൂടുന്നതും, അതിനു വ്യാഖ്യാനം തേടുന്നതും ഇത്രയും അപകടകരമാകുവാനുള്ള കാരണം തുടർന്നുള്ള വാക്യങ്ങളിൽ നിന്നു മനസ്സിലാക്കാം. അതിനു മുമ്പ് ചില സംഗതികൾ അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും: (1) تأويل എന്ന വാക്കിൻെറ സാക്ഷാൽ അർത്ഥം ഒരവസ്ഥയിൽനിന്നു മറ്റൊരവസ്ഥയിലേക്കാക്കിത്തീർക്കുക (التصيير من حالة الى حالة) എന്നാകുന്നു. വ്യാഖ്യാനം, വിവരണം (التفسير والبيان) എന്നിങ്ങനെയും, അന്തസാരം, യഥാർത്ഥ പൊരുൾ, തത്വം, ലക്ഷ്യം, പര്യവസാനം എന്നിങ്ങിനെയും (الحقيقة العلة والحكمة العاقبة, مايؤل اليه ونحوها) പല അർത്ഥങ്ങളിൽ അതു ഉപയോഗിക്കപ്പെടുന്നു. ഖുർആനിൽ തന്നെ ഇതിനെല്ലാം ഉദാഹരണങ്ങളും കാണാം. ഇവിടെ ആ വാക്കിനു (വ്യാഖ്യാന വിവരണം എന്ന) അർത്ഥമാണു ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം സ്വീകരിക്കുന്നത്. മറ്റൊരു വിഭാഗം അന്തസാരം-പൊരുൾ മുതലായ അർത്ഥവും സ്വീകരിക്കുന്നു.

(2) അല്ലാഹുവിൻെറ ഗുണവിശേഷങ്ങൾ, പരലോകവാർത്തകൾ, എന്നിങ്ങനെ നമ്മുടെ ഊഹത്തിനും പരിചയത്തിനും അതീതമായ കാര്യങ്ങളെക്കുറിക്കുന്ന വാക്യങ്ങളും,'അലിഫ്-ലാം-മീo' പോലെ ചില സൂറത്തുകളുടെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളുമാണ് ചിലരുടെ അഭിപ്രായത്തിൽ മുതശാബിഹുകൾ. അവയുടെ യഥാർത്ഥ പൊരുളും അവയിലടങ്ങിയ അന്തസാരങ്ങളും അല്ലാഹുവിന് മാത്രമാണല്ലോ അറിയുക.

(3) ومايعلم تأويله الاالله (അതിൻെറ വ്യാഖ്യാനം-അഥവാ പൊരുൾ-അലാഹുവല്ലാതെ അറിയുകയില്ല) എന്നുള്ളത് ഒരു വാചകവും والراسخون فى العلم يقولون الخ(അറിവിൽ അടിയുറച്ച ആളുകൾ പറയും ....) എന്നുള്ളത് മറ്റൊരു വാചകവുമാണെന്നത്രെ പണ്ഡിതൻമാരിൽ വലിയൊരു വിഭാഗത്തിൻെറ അഭിപ്രായം. അതനുസരിച്ച് ഈ അഭിപ്രായക്കാർ الاالله എന്നിടത്തു 'വഖ്ഫു' ചെയ്യുന്നു (നിറുത്തി വായിക്കുന്നു.) (*) പരിഭാഷയിൽ ഈ അഭിപ്രായമാണു നാം സ്വീകരിച്ചിരിക്കുന്നത്. മറ്റൊരു വിഭാഗം പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ وما يعلم മുതൽ فى العلم വരെയുള്ളതെല്ലാം ചേർന്നു ഒരു വാചകമാകുന്നു. അടുത്ത വാചകം يقولون മുതൽ ആരംഭിക്കുകയും ചെയ്യുന്നു. ഇതനുസരിച്ച് ആ വാചകത്തിൻെറ അർത്ഥം : 'അതിൻെറ വ്യാഖ്യാനം അല്ലാഹുവും, അറിവിൽ അടിയുറച്ചവരുമല്ലാതെ അറിയുകയില്ല' എന്നായിരിക്കും. (*)

تأويل(തഅ്വീൽ) എന്ന വാക്കിന് ' യഥാർത്ഥ പൊരുൾ- അഥവാ അന്തസാരം' എന്ന് അർത്ഥം കൽപിക്കുന്നവരും, അല്ലാഹുവിന് മാത്രം അറിയാവുന്ന കാര്യങ്ങളാണ് 'മുതശാബിഹു' കൊണ്ടു വിവക്ഷയെന്ന അഭിപ്രായക്കാരുമാണ് الاالله എന്നിടത്തു വഖ്ഫു ചെയ്യുന്നത്. تأويل ന്നു വ്യാഖ്യാനം, വിവരണം, എന്നിങ്ങനെയുള്ള അർത്ഥം സ്വീകരിക്കുന്നവരും, മുതശാബിഹുകളിൽ അല്ലാഹുവിനു മാത്രം അറിയാവുന്നതും, അല്ലാഹുവിനും വിജ്ഞാനപടുക്കളായ ആളുകൾക്കും അറിയാവുന്നതും ഉണ്ടാവാമെന്ന അഭിപ്രായക്കാരുമാണ് അവിടെ വഖ്ഫു ചെയ്യാതെ يقولون മുതൽ രണ്ടാമത്തെ വചനം ആരംഭിക്കുന്നത്. രണ്ടിൽ ഓരോ അഭിപ്രായത്തിന്നും പല ന്യായീകരണങ്ങളും തെളിവുകളും ഉദ്ധരിക്കപ്പെടാറുണ്ടെങ്കിലും രണ്ടിലൊന്നു തീർത്തു പറയത്തക്ക രേഖകളൊന്നുമില്ല.

---

* والراسخون എന്നതിലെ 'വ' എന്ന അവ്യയം (الواو) അതിൻെറ മുമ്പുള്ള നാമത്തോട് ചേർത്തുപറയുവാനുള്ളതു (واوالعطف) ആയിരിക്കുവാനും, പുതിയ വാചകത്തിൻെറ തുടക്കം കുറിക്കുന്നതു (واوالاستياف) ആയിരിക്കുവാനും സാധ്യതയുള്ളതാണ് ഈ അഭിപ്രായങ്ങൾക്ക് കാരണം.

അതുകൊണ്ടുതന്നെയാണ്-മുഖവുരയിൽ ചൂണ്ടിക്കാട്ടിയതുപോലെ -ശാഹ് വലിയുല്ലാഹി (ﷺ) മുതലായവർ മുതശാബിഹായ വചനങ്ങളുടെ ഉദാഹരണങ്ങൾ വിവരിച്ച കൂട്ടത്തിൽ ഈ വാക്യങ്ങളും ഒരു ഉദാഹരണമായി എടുത്തു കാണിച്ചിരിക്കുന്നതും.

ഒരു വാസ്തവം പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതുണ്ട്. അറിവിൽ അടിയുറച്ചവർ الراسخون فى العلم എന്നും, സൽബുദ്ധിമാൻമാർ اولوالالباب എന്നുമൊക്കെ പറഞ്ഞതുകൊണ്ടുദ്ദേശ്യം-ചിലർ ധരിക്കാറുള്ളതുപോലെ-മതപരമോ ലൗകീകമോ ആയ കുറേ സാങ്കേതിക, വിജ്ഞാനങ്ങൾ കരസ്ഥമാക്കിയവരും, തത്വശാസ്ത്രങ്ങളിലോ ശാസ്ത്രീയ ചിന്തകളിലോ നിപുണൻമാരായവരും അല്ല. സത്യവിശ്വാസവും, ഭയഭക്തിയും വർദ്ധിപ്പിക്കുന്ന വിജ്ഞാനങ്ങൾ നേടിയവരും അല്ലാഹുവിനെയും പരലോകത്തെയും കുറിച്ചു ബോധവും ചിന്തയുമുള്ളവരുമാണുദ്ദേശ്യം. 8ഉം 9 ഉം വചനങ്ങളിൽ അവരുടെ വാക്കുകളായി അല്ലാഹു ഉദ്ധരിച്ചതിൽ നിന്നും, ബുദ്ധിമാൻമാരായ ആളുകളെപ്പറ്റി താഴെ 190-194 വചനങ്ങളിൽ പ്രസ്താവിക്കുന്നതിൽ നിന്നും ഈ സംഗതി വ്യക്തമായി മനസ്സിലാക്കാം. اولوالالباب എന്ന വാക്കിലടങ്ങിയ അർത്ഥസാരങ്ങളെപ്പറ്റി അൽബഖറ: 269 ൻെറ വ്യാഖ്യാനത്തിൽ മുമ്പു നാം വിവരിച്ചതും ഓർക്കുക. ഇബ്നുഅബീഹാതീം (ﷺ) ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു.'ഏതൊരുവൻ, അവൻ സത്യം ചെയ്ത കാര്യം പാലിക്കുകയും, അവൻെറ നാവ് സത്യം പറയുകയും, മനസ്സ് ചൊവ്വായതായിരിക്കുകയും, വയറും ഗുഹ്യസ്ഥാനവും മാന്യമായിരിക്കുകയും ചെയ്യുന്നുവോ അവൻ അറിവിൽ അടിയുറച്ച ആളുകളിൽ പെട്ടവനാകുന്നു. നാഫിഉബ്നുയസീദ് (ﷺ) പറഞ്ഞതായി ഇബ്നുൽ മുൻദിർ (ﷺ) ഉദ്ധരിക്കുന്നു: 'അറിവിൽ അടിയുറച്ചവർ എന്നു പറയുന്നത്, അല്ലാഹുവിനോട് ഭക്തി കാണിക്കുന്ന-അവൻെറ പ്രീതിക്ക് വേണ്ടി താഴ്മ അർപ്പിക്കുന്ന-മീതെയുള്ളവരോട് അഹങ്കാരം കാണിക്കാത്ത- താഴെയുള്ളവരെ നിസ്സാരമാക്കാത്ത ആളുകൾക്കാകുന്നു.'

എല്ലാവരും ഗ്രഹിക്കേണ്ടുന്ന വേദഗ്രന്ഥമാണല്ലോ വിശുദ്ധ ഖുർആൻ. എന്നിരിക്കെ അതിലെ ചില വചനങ്ങളുടെ യഥാർത്ഥ ആശയം അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ലെന്നു വരുന്നതു യുക്തമല്ല എന്നത്രെ മറ്റേ അഭിപ്രായക്കാരുടെ പ്രധാന ന്യായം. അഥവാ الاالله والراسخون فى العلم (അല്ലാഹുവും അറിവിൽ അടിഉറച്ചവരുമല്ലാതെ) എന്നു ചേർത്തു വായിക്കുന്നതിന് അവർ മുൻഗണന നൽകുവാൻ അതാണ് കാരണം. പ്രഥമദൃഷ്ടിയിൽ ഈ ന്യായം ശരിയായി തോന്നാം. പക്ഷേ, അർത്ഥം മനസ്സിലാകുന്നതോടൊപ്പം തന്നെ, സാക്ഷാൽ പൊരുൾ എന്താണെന്നും യാഥാർത്ഥ്യം എങ്ങിനെയാണെന്നും സൃഷ്ടികൾക്ക് തിട്ടപ്പെടുത്തുവാൻ കഴിയാത്ത ചില കാര്യങ്ങൾ ഖുർആനിൽ ഉണ്ടെന്നുള്ളതാണ് പരമാർത്ഥം. കേവലം സ്വാഭാവകവുമാണത്. ഖുർആനിലെ പദങ്ങളുടെയും, വാക്യങ്ങളുടെയും, ഭാഷാപരമായ അർത്ഥം പൊതുവിൽ മനസ്സിലാകുന്നത് തന്നെ. സംശയമില്ല. എന്നാലും-ഭാഷാർത്ഥവും ബാഹ്യമായ വ്യാഖ്യാനവും അറിഞ്ഞതുകൊണ്ട്-എല്ലാറ്റിൻെറയും യഥാർത്ഥ പൊരുൾ ഇന്നതാണെന്ന് വ്യക്തമായിക്കൊള്ളണമെന്നില്ല. അല്ലാഹുവിൻെറ ഗുണവിശേഷങ്ങൾ, പരലോകത്തിലെ അനുഭവങ്ങൾ, സ്വർഗ്ഗനരകങ്ങളെ സംബന്ധിച്ച വിവരണങ്ങൾ, കർമ്മങ്ങളെ തൂക്കുന്ന തുലാസ്സു പോലെയുള്ള പല കാര്യങ്ങളും, അല്ലാഹു 'അർശി'ൻമേൽ ആരോഹണം ചെയ്തിരിക്കുന്നുവെന്നതു പോലെയുള്ള പ്രസ്താവനകളും ഇതിന് ഉദാഹരണങ്ങളത്രെ. ഇവയുടെയെല്ലാം യഥാർത്ഥ രൂപം എന്താണ്, എന്നിങ്ങനെയാണ് എന്നൊക്കെ അല്ലാഹുവിനല്ലാതെ ആർക്കറിയും?! അങ്ങിനെയുള്ള കാര്യങ്ങളെ അവയുടെ യഥാരൂപത്തിൽ വിവരിക്കത്തക്ക വാക്കുകൾപോലും മനുഷ്യഭാഷകളിൽ ഇല്ലെന്നുകൂടി ഓർക്കേണ്ടതുണ്ട്.

ഇബനു അബ്ബാസ് (ﷺ) പറഞ്ഞതായി പല ഖുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിച്ച ചില വാക്കുകൾ ഇവിടെ പ്രസ്താവ്യമാകുന്നു. അദ്ദേഹം പറയുന്നു: ''അറബികൾക്ക് അവരുടെ ഭാഷയിലൂടെ ഗ്രഹിക്കാവുന്നത്, ആർക്കും അറിയാതിരിക്കുവാൻ നിവൃത്തിയില്ലാത്ത മതവിധികൾ ഉൾക്കൊള്ളുന്നത്, പണ്ഡിതന്മാർക്ക് മനസ്സിലാകുന്നത്, അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയു

വാൻ കഴിയാത്തത് എന്നിങ്ങനെ നാലുവകയാണ് തഫ്സീർ(ഖുർആൻ വ്യാഖ്യാനം).'' അദൃശ്യകാര്യങ്ങൾ അല്ലാഹുവല്ലാതെ അറിയുകയില്ലെന്ന് അല്ലാഹു ആവർത്തിച്ചു പറഞ്ഞിട്ടുള്ള തും തർക്കമില്ലാത്തതുമാണല്ലോ. അപ്പോൾ മേൽ പറഞ്ഞതുപോലെയുള്ള അദൃശ്യകാര്യങ്ങളുടെ യാഥാർത്ഥ്യങ്ങളെക്കുറിച്ചു മനുഷ്യന് എങ്ങിനെ ഗ്രഹിക്കുവാൻ കഴിയും?! ഇതെല്ലാം കാരണമായി ട്ടാണ് ഇബ്നുജരീർ (ﷺ) പോലെയുള്ള മഹാൻമാരായ ഖുർആൻ വ്യാഖ്യാതാക്കൾ ഭൂരിഭാഗവും ആദ്യത്തെ അഭിപ്രായം (الا الله എന്നിടത്ത് വഖ്ഫ് ചെയ്തു والراسخون മുതൽ വേറെ വാചകം ആരംഭിക്കണമെന്ന അഭിപ്രായം) സ്വീകരിച്ചിരിക്കുന്നതും. ഇതാണ് ശരിയായിട്ടുള്ളതും.

ഖുർആൻ മുഴുവൻ ഭാഗവും മുഹ്കമായിരിക്കാതെ, അതിൽ ചിലഭാഗം മുതശാബിഹായതി ലടങ്ങിയ ചില യുക്തിരഹസ്യങ്ങൾ ചില മഹാൻമാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അവയിൽ മിക്കതും തുടർന്നുള്ള ഖുർആൻ വാക്യങ്ങളിൽതന്നെ കണ്ടെത്താവുന്നതുകൊണ്ട് അതിവിടെ ഉദ്ധരിക്കുന്നി ല്ല. മുതശാബിഹിൻെറ നിർവ്വചനത്തിലും വിശദീകരണത്തിലും മുകളിൽ കണ്ട ഏതഭിപ്രായം സ്വീകരിച്ചാലും ശരി, അറിവും വിവേകവുമുള്ളവർക്ക് അത് വിശ്വാസവും ഉറ്റാലോചനയും വർദ്ധി പ്പിക്കുമെന്ന് തീർച്ചയാണ്. അതെ, അവർ പറയും: امنا به كل من عند ربنا (ഞങ്ങൾ അതിൽ വിശ്വസി ച്ചിരിക്കുന്നു; എല്ലാം നമ്മുടെ റബ്ബിൽ നിന്നുള്ളത് തന്നെ.) وما يذكر الا اولوا الالباب (സൽബുദ്ധിയു ള്ളവരല്ലാതെ ഉറ്റാലോചിക്കുകയില്ലതാനും) അവരുടെ വിശ്വാസത്തിൻെറയും ഉറ്റാലോചനയുടെ യും ഫലമായി അവർ അവയെ-മുതശാബിഹുകളെ-ദുർവ്യാഖ്യാനം ചെയ്വാൻ മുതിരുകയില്ല. കാരണം, അവരുടെ ഹൃദയങ്ങളിൽ യാതൊരു വക്രതയും ഉണ്ടായിരിക്കുകയില്ല. തങ്ങൾക്കു അല്ലാഹു നൽകിയ നേർമാർഗ്ഗത്തിൽനിന്ന് തങ്ങൾ തെറ്റിപ്പോകാതിരിക്കണം, അല്ലാഹുവിൻെറ കാരുണ്യത്തിന് തങ്ങൾ പാത്രമായിരിക്കണം, ഖിയാമത്തുനാളിൽ തങ്ങൾ അല്ലാഹുവിൻെറ കോപ ത്തിന് പാത്രമായിത്തീരരുത് എന്നൊക്കെയായിരിക്കും അവരുടെ ലക്ഷ്യം.അതെ, അതിനായി അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കും.

വിഭാഗം-2

إِنَّ ٱلَّذِينَ كَفَرُواْ لَن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ أَوْلَٰدُهُم مِّنَ ٱللَّهِ شَيْـًٔا ۖ وَأُو۟لَٰٓئِكَ هُمْ وَقُودُ ٱلنَّارِ ﴿١٠﴾

10 നിശ്ചയമായും, അവിശ്വസിച്ചവർ, അവരുടെ സ്വത്തുക്കളാകട്ടെ, അവരുടെ മക്കളാകട്ടെ, അല്ലാഹുവിങ്കൽ നിന്ന് അവർക്ക് യാതൊന്നും ഉപകരിക്കുകയില്ല തന്നെ. അക്കൂട്ടർ തന്നെയാണ് നരകത്തിൻെറ വിറകും.

كَدَأْبِ ءَالِ فِرْعَوْنَ وَٱلَّذِينَ مِن قَبْلِهِمْ ۚ كَذَّبُواْ بِـَٔايَٰتِنَا فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ ۗ وَٱللَّهُ شَدِيدُ ٱلْعِقَابِ ﴿١١﴾

11 (അതെ) ഫിർഔൻെറ കൂട്ടരുടെയും, അവർക്ക് മുമ്പുള്ളവരുടെയും സമ്പ്രദായം പോലെ (ത്തന്നെ). (അതായത്)അവർ നമ്മുടെ 'ആയത്ത്' [ലക്ഷ്യം]കളെ വ്യാജമാക്കി; അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം അവരെ അല്ലാഹു പിടി (ശിക്ഷി)ച്ചു. അല്ലാഹുവാകട്ടെ, കഠിനമായി ശിക്ഷാനടപടി എടുക്കുന്നവനാകുന്നു.

قُل لِّلَّذِينَ كَفَرُواْ سَتُغْلَبُونَ وَتُحْشَرُونَ إِلَىٰ جَهَنَّمَ ۚ وَبِئْسَ ٱلْمِهَادُ ﴿١٢﴾

12 (നബിയേ) അവിശ്വസിച്ചവരോട് പറയുക: "വഴിയെ നിങ്ങൾ ജയിച്ചടക്കപ്പെടുക [പരാജയപ്പെടുക]യും, 'ജഹന്നമി' [നരകത്തി]ലേക്ക് ശേഖരിച്ചുകൊണ്ട് വരപ്പെടുകയും ചെയ്യും.'' അത് എത്രയോ ചീത്ത വിതാനം!

10 **إن الذين كفَروا** നിശ്ചയമായും അവിശ്വസിച്ചവർ. **لن تغنِي** ധന്യമാക്കുക (ഉപകരിക്കുക)യില്ല
തന്നെ. **عنهم** അവർക്ക്. **أموالُهم** അവരുടെ സ്വത്തുക്കൾ. **ولا أولادُهم** അവരുടെ മക്കളും ഇല്ല. **من اللهِ**
അല്ലാഹുവിൽ നിന്ന്. **شيئًا** യാതൊന്നും. **وأولئك** അക്കൂട്ടർ. **هم** അവർ(തന്നെ). **وقُود** കത്തിക്ക
പ്പെടുന്നത് (വിറക്). **النار** നരകത്തിൻെറ. 11 **كدأبِ** സമ്പ്രദായംപോലെ. **آلِ فرعونَ** ഫിർഔൻെറ
ആൾക്കാരുടെ. **والذين** യാതൊരുവരുടെയും. **من قَبلهم** അവർക്ക് മുമ്പുള്ള. **كذبوا** അവർ വ്യാജ
മാക്കി. **بِآياتنا** നമ്മുടെ ആയത്തുകളെ ലക്ഷ്യങ്ങളെ. **فَأخذَهم اللهُ** അപ്പോൾ (അതിനാൽ) അല്ലാഹു
അവരെ പിടിച്ചു. **بِذُنوبِهم** അവരുടെ പാപങ്ങൾ നിമിത്തം. **واللهُ** അല്ലാഹുവാകട്ടെ. **شديد** കഠിനമാ
യവനാണ്. **الْعقَابِ** ശിക്ഷാനടപടി, പ്രതികാര നടപടി. 12 **قُل** പറയുക. **للذين كفَروا** അവിശ്വസിച്ചവ
രോട്. **ستغلَبونَ** വഴിയെ നിങ്ങൾ ജയിക്കപ്പെടും, പരാജയപ്പെടുത്തപ്പെടും. **وتحشرونَ** നിങ്ങൾ ശേഖ
രിക്ക(ഒരുമിച്ചു കൂട്ട)പ്പെടുകയും ചെയ്യും. **إلى جهنم** ജഹന്നമിലേക്ക്. **وبِئس** അത് എത്രയോ
(വളരെ ചീത്ത. **الْمهاد** വിതാനം.

അറേബ്യാ ഉപദ്വീപു മുഴുവൻ ഇസ്‌ലാമിന് അധീനപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത അവസരത്തിലാണ് നിങ്ങൾ ജയിച്ചടക്കപ്പെടുമെന്നും, അങ്ങിനെ സത്യവിശ്വാസികൾക്കു വിജയം കൈവരുമെന്നും അല്ലാഹു അവിശ്വാസികളെ താക്കീതുചെയ്യുന്നത്. ഇത് ഖുർആൻെറയും, നബി (ﷺ)യുടെയും സത്യതക്കു ഒരു നല്ല ദൃഷ്ടാന്തമാകുന്നു. അവിശ്വാസികളുടെ പരാജയത്തിൻെറ ആരംഭം കുറിച്ച പ്രസിദ്ധ സംഭവമാണല്ലോ ബദ്ർയുദ്ധം അതിനെ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

قَدۡ كَانَ لَكُمۡ ءَايَةٞ فِي فِئَتَيۡنِ ٱلۡتَقَتَاۖ فِئَةٞ تُقَٰتِلُ فِي سَبِيلِ ٱللَّهِ وَأُخۡرَىٰ كَافِرَةٞ يَرَوۡنَهُم مِّثۡلَيۡهِمۡ رَأۡيَ ٱلۡعَيۡنِۚ وَٱللَّهُ يُؤَيِّدُ بِنَصۡرِهِۦ مَن يَشَآءُۗ إِنَّ فِي ذَٰلِكَ لَعِبۡرَةٗ لِّأُوْلِي ٱلۡأَبۡصَٰرِ ١٣

13 പരസ്പരം കണ്ടു (ഏറ്റു)മുട്ടിയ (ആ) രണ്ടു സംഘങ്ങളിൽ നിങ്ങൾക്ക് ഒരു ദൃഷ്ടാന്തം ഉണ്ടായിട്ടുണ്ട്. (അതെ) ഒരു കക്ഷി അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു; മറ്റൊന്ന് അവിശ്വാസികളായുള്ളതും. അവർ [അവിശ്വാസികൾ] തങ്ങളുടെ രണ്ടത്രയായി കൺകാഴ്ചയിൽ അവരെ കണ്ടിരുന്നു. അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്നവരെ തൻെറ സഹായംകൊണ്ട് ബലപ്പെടുത്തുന്നു. നിശ്ചയമായും, അതിൽ (ഉൾ)കാഴ്ചയുള്ളവർക്ക് ഒരു (വലിയ) ചിന്താപാഠമുണ്ട്.

---

13 **قَد كَانَ** ഉണ്ടായിട്ടുണ്ട്. **لَكُم** നിങ്ങൾക്ക്. **آيةٌ** ഒരു ദൃഷ്ടാന്തം. **في فِئَتين** രണ്ട് കക്ഷി (സംഘം-കൂട്ടം-വിഭാഗം)കളിൽ. **الْتقَتا** രണ്ടും കണ്ടുമുട്ടി. **فِئَةٌ** ഒരു സംഘം. **تقَاتلُ** യുദ്ധം ചെയ്യുന്നു. **في سبِيل اللهِ** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **وأُخرى** മറ്റേത്. **كَافرةٌ** അവിശ്വസിച്ചതും. **يرونهم** അവർ അവരെ കണ്ടിരുന്നു. **مثْلَيهم** തങ്ങളുടെ രണ്ടത്ര(ഇരട്ടി). **رأي الْعين** കൺകാഴ്ചയിൽ. **والله يؤيد** അല്ലാഹു ബലപ്പെടുത്തുന്നു. **بِنصره** തൻെറ സഹായം കൊണ്ട്. **من يشاءُ** അവൻ ഉദ്ദേശിക്കുന്ന(വരെ). **إن في ذلك** നിശ്ചയമായും അതിലുണ്ട്. **لَعبرةً** ഒരു ചിന്താവിഷയം (പാഠം). **لأولي الْأبصار** (ഉൾ) കാഴ്ചയുള്ളവർക്ക്.

യാതൊരു മുന്നൊരുക്കവും കൂടാതെ, അക്കാലത്ത് അറബികൾ പതിവായി ഉപയോഗിക്കാറുണ്ടായിരുന്ന വാളുകൾമാത്രം ധരിച്ച മുന്നൂറ്റിപ്പത്തിൽപരം സത്യവിശ്വാസികളും, കഴിയുന്നത്ര യുദ്ധ സന്നാഹങ്ങളോടുകൂടി, തയ്യാറെടുത്ത് വന്നിരുന്ന ആയിരത്തോളം മുശ്‌രിക്കുകളും തമ്മിൽ നടന്ന ചരിത്ര പ്രസിദ്ധമായ യുദ്ധമത്രെ ബദർയുദ്ധം. അതിൽ സത്യവിശ്വാസികൾക്കു ലഭിച്ച അഭൂതപൂർവ്വമായ വിജയത്തിലടങ്ങിയ മഹത്തായ ദൃഷ്ടാന്തമാണ് അല്ലഹു ഓർമ്മിപ്പിക്കുന്നത്.

സത്യവിശ്വാസത്താൽ പ്രചോദിതരായിക്കൊണ്ട് അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധത്തിനിറങ്ങേണ്ടി വന്ന ആ ചെറു സംഘത്തിന് അവിശ്വാസ ലഹരിയിൽ ഉൻമത്തരായിക്കൊണ്ട് അവരോട് ഏറ്റുമുട്ടിയ ആ വലിയ സംഘത്തെ അമ്പേ പരാജയപ്പെടുത്തുവാൻ കഴിഞ്ഞത് അല്ലാഹുവിൻെറ സഹായംകൊണ്ട് മാത്രമാണല്ലോ. മേലിലും സത്യവിശ്വാസികളെ അല്ലാഹു വിജയിപ്പിച്ചുകൊണ്ടിരിക്കുമെന്നും, അങ്ങിനെ, സത്യനിഷേധികൾ നിശ്ശേഷം പരാജിതരായിത്തീരുമെന്നും ദീർഘദൃഷ്ടിയും, തമേടവുമുള്ളവർക്കു മനസ്സിലാക്കാമല്ലോ എന്നു സാരം.

يرونهم مثليهم رأي العين (കൺകാഴ്ചയിൽ-അഥവാ ബാഹ്യദൃഷ്ടിയിൽ-അവർ അവരെ അവരുടെ രണ്ടത്രയായി കണ്ടിരുന്നു) എന്ന വാക്യത്തിലെ സർവ്വനാമ (**ضمير**) ങ്ങൾ കൊണ്ടുള്ള വിവക്ഷയെപ്പറ്റി ഖുർആൻ വ്യാഖ്യാതാക്കൾക്ക് വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. അവയിൽ പ്രസക്തങ്ങളായ രണ്ടഭിപ്രായങ്ങൾ ഇവയാകുന്നു. (1) അവിശ്യാസികൾക്കു സത്യവിശ്യാസികൾ തങ്ങളുടെ രണ്ടത്ര-അഥവാ രണ്ടായിരത്തോളം-ഉള്ളതായി ബാഹ്യദൃഷ്ട്യാ തോന്നിയിരുന്നു. (2) അവിശ്വാസികൾക്കു സത്യവിശ്വാസികളുടെ യഥാർത്ഥ എണ്ണത്തിൻെറ രണ്ടത്ര-അഥവാ ആറുനൂറിൽപരം-ഉള്ളതായി തോന്നിയിരുന്നു. രണ്ടായാലും സത്യവിശ്വാസികളുടെ എണ്ണം യഥാർത്ഥത്തിൽ വളരെ കുറവാണെങ്കിലും മുശ്‌രിക്കുകളുടെ കാഴ്ചയിൽ അവർ അധികമുള്ളതായി തോന്നിയിരുന്നുവെന്ന് സാരമായിരിക്കും. 'നിങ്ങൾ തമ്മിൽ ഏറ്റുമുട്ടിയപ്പോൾ, നിങ്ങളുടെ ദൃഷ്ടിയിൽ അവരെയും, അവരുടെ ദൃഷ്ടിയിൽ നിങ്ങളെയും അല്ലാഹു കുറച്ചു കാണിച്ചിരുന്നു' എന്ന് സൂ: അൻഫാൽ-44ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ചില രിവായത്തുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപോലെ, ഇതു രണ്ടും രണ്ടവസരങ്ങളെ ഉദ്ദേശിച്ചു പറഞ്ഞതാകുന്നു. മുസ്‌ലിംകൾ വളരെ കുറച്ചേയുള്ളുവെന്നു കരുതി ആവേശപൂർവ്വം അവരെ നേരിടുവാൻ മുശ്‌രിക്കുകൾക്കും, മുശ്‌രിക്കുകൾ അധികമില്ലെന്നു കരുതി ധൈര്യപൂർവ്വം അവരോട് ഏറ്റുമുട്ടുവാൻ മുസ്‌ലീംകൾക്കും ആദ്യം അല്ലാഹു അങ്ങിനെ തോന്നിപ്പിക്കുകയുണ്ടായി. അതിനെപ്പറ്റിയാണ് അൻഫാലിൽ പ്രസ്താവിച്ചത്. പിന്നീട് യുദ്ധക്കളത്തിൽ വെച്ച് ഏറ്റുമുട്ടിയപ്പോൾ ശത്രുക്കളുടെ മനോവീര്യം നശിച്ച് പരാജയമടയുവാൻ വേണ്ടി മുസ്‌ലിംകൾ വളരെ അധികമുള്ളതായി അവരുടെ ദൃഷ്ടിയിൽ തോന്നി. ഇതിനെപ്പറ്റിയാണ് ഇവിടെ പ്രസ്താവിച്ചത്.

14 കാമ്യ വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി കാണിക്കപ്പെട്ടിരിക്കുന്നു;- (അതെ) സ്ത്രീകളും, പുത്രൻമാരും, സ്വർണ്ണത്തിൽനിന്നും വെള്ളിയിൽ നിന്നുമായി അട്ടിയിടപ്പെട്ട കൂമ്പാരങ്ങളും, ലക്ഷണമൊത്ത കുതിരകളും, (ആടുമാടൊട്ടകങ്ങളാകുന്ന) കാലികളും, കൃഷിയിടങ്ങളുമാകുന്ന (കാമ്യവസ്തുക്കളോട്). അത് ഐഹിക ജീവിതത്തിൻെറ വിഭവമത്രെ. അല്ലാഹുവാകട്ടെ, അവൻെറ അടുക്കലാണ് നല്ല മടക്കസ്ഥാനമുള്ളത്.

زُيِّنَ لِلنَّاسِ حُبُّ ٱلشَّهَوَٰتِ مِنَ ٱلنِّسَآءِ وَٱلْبَنِينَ وَٱلْقَنَٰطِيرِ ٱلْمُقَنطَرَةِ مِنَ ٱلذَّهَبِ وَٱلْفِضَّةِ وَٱلْخَيْلِ ٱلْمُسَوَّمَةِ وَٱلْأَنْعَٰمِ وَٱلْحَرْثِ ۗ ذَٰلِكَ مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱللَّهُ عِندَهُۥ حُسْنُ ٱلْمَـَٔابِ ﴿١٤﴾

15 പറയുക: "അതിനെക്കാൾ ഉത്തമമായതിനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് വിവരം നൽകട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ റബ്ബിൻെറ അടുക്കൽ, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളുണ്ടായിരിക്കും; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. പരിശുദ്ധരാക്കപ്പെട്ട ഇണകളും, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) പ്രീതി

۞ قُلْ أَؤُنَبِّئُكُم بِخَيْرٍ مِّن ذَٰلِكُمْ ۚ لِلَّذِينَ ٱتَّقَوْا۟ عِندَ رَبِّهِمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا وَأَزْوَٰجٌ مُّطَهَّرَةٌ وَرِضْوَٰنٌ مِّنَ ٱللَّهِ ۗ وَٱللَّهُ بَصِيرٌۢ بِٱلْعِبَادِ ﴿١٥﴾

യും (ഉണ്ടായിരിക്കും). അല്ലാഹു, അടിയാ
ൻമാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

---

14 **زين** ഭംഗി (മോടി) യാക്കപ്പെട്ടു, അലങ്കാരമാ(യി കാണി) ക്കപ്പെട്ടിരിക്കുന്നു. **للناس** മനുഷ്യർക്ക്. **حب** സ്നേഹം. **الشهوات** ഇച്ഛകളെ, ഇച്ഛാവസ്തു(കാമ്യവസ്തു)ക്കളോട്. **من النساء** സ്ത്രീകളാകുന്ന, സ്ത്രീകളിൽനിന്നുള്ള. **والبنين** പുത്രൻമാരും. **والقناطير** കൂമ്പാരങ്ങളും (ധാരാളക്കണക്കിലുള്ള ധനവും). **المقنطرة** അട്ടിയിടപ്പെട്ട, കൂന്നുകൂട്ടപ്പെട്ട. **من الذهب** സ്വർണ്ണത്തിൽ(നിന്ന്). **والفضة** വെള്ളയിൽനിന്നും. **والخيل** കുതിരയും, കുതിരകളും. **المسومة** അടയാളമാക്കപ്പെട്ട, ലക്ഷണമൊത്ത. **والأنعام** കന്നുകാലികളും. **والحرث** കൃഷിയും, കൃഷിയിടവും. **ذلك** അത്. **متاع** ഉപകരണമാണ്, വിഭവമാകുന്നു. **الحياة** ജീവിതത്തിൻെറ. **الدنيا** ഐഹിക. **والله** അല്ലാഹുവാകട്ടെ. **عنده** അവൻെറ പക്കലാണ്. **حسن المئاب** നല്ല മടക്കസ്ഥാനം. 15 **قل** പറയുക. **أؤنبئكم** ഞാൻ നിങ്ങൾക്ക് വിവരമറിയിക്കട്ടെയോ. **بخير** ഉത്തമമായതിനെപ്പറ്റി. **من ذلكم** അതിനെക്കാൾ. **للذين اتقوا** സൂക്ഷ്മത പാലിച്ചവർക്ക്. **عند ربهم** തങ്ങളുടെ റബ്ബിൻെറ അടുക്കൽ. **جنات** സ്വർഗ്ഗങ്ങൾ. **تجري** ഒഴുകി. **من تحتها** അവയുടെ അടിയിലൂടെ. **الأنهار** അരുവികൾ. **خالدين** സ്ഥിരവാസികളായിട്ട്. **فيها** അവയിൽ. **وأزواج** ഇണകളും. **مطهرة** (പരി)ശുദ്ധമാക്കപ്പെട്ട. **ورضوان** പ്രീതിയും, ഒരു പ്രീതിയും. **من الله** അല്ലാഹുവിൽനിന്ന്. **والله** അല്ലാഹു. **بصير** കണ്ടറിയുന്നവനാണ്. **بالعباد** അടിയാൻമാരെപ്പറ്റി.

قنطار (ഖിൻത്വാർ)ൻെറ ബഹുവചന രൂപമാണ് **قناطير**(ഖനാത്വീർ). കൂമ്പാരം, അട്ടി എന്നൊക്കെയാണതിന് അർത്ഥം. ഏറെക്കുറെ നൂറുറാത്തൽ വരുന്ന ഒരു തൂക്ക അളവിനും അത് ഉപയോഗിക്കപ്പെടും. ധാരാളക്കണക്കിലുള്ള ധനത്തെ ഉദ്ദേശിച്ചും ആ വാക്ക് ഉപയോഗിക്കാറുണ്ട്. ഇവിടെയും അതാണുദ്ദേശ്യം. സ്ത്രീകൾ തുടങ്ങി മേൽപറഞ്ഞ വസ്തുക്കളെല്ലാം മനുഷ്യർക്കു വളരെ കാര്യമായി തോന്നുന്നവയാണ് അവയോടുള്ള പ്രേമം തങ്ങൾക്കു ഒരു അലങ്കാരമായി അവർ കരുതുന്നു. വാസ്തവത്തിൽ അവയെല്ലാം താൽക്കാലികവും നശ്വരവുമായ ഐഹിക സുഖങ്ങൾ മാത്രമാണ് യഥാർത്ഥത്തിൽ അവയോടല്ല മനുഷ്യന് പ്രേമമുണ്ടായിരിക്കേണ്ടത്. അവയെക്കാൾ എത്രയോ ഉന്നതവും അനശ്വരവുമായ സ്വർഗ്ഗീയ അനുഗ്രങ്ങളാണ് അല്ലാഹുവിങ്കലുള്ളത്. എല്ലാറ്റിലും ഉപരിയായതത്രെ അല്ലാഹുവിൻെറ പ്രീതി. ഇവയോടെല്ലാമാണ് അവൻ പ്രേമം കാണിക്കേണ്ടത്. അവക്കു വേണ്ടിയാണ് അവൻ പരിശ്രമിക്കേണ്ടതും എന്നു സാരം.

പുത്രാകളത്രാദിയും സമ്പത്തുക്കളുമൊന്നും ഉപയോഗപ്പെടുത്തിക്കൂടാ എന്നല്ല ഇപ്പറഞ്ഞതിൻെറ താൽപര്യം. അവക്കു അമിതമായ വില കൽപിക്കുക, പരലോകാനുഗ്രങ്ങളെക്കാൾ മുൻഗണന അവക്കു നൽകുക, അവയിൽ ശ്രദ്ധപതിച്ചും മുഴുകിയുംകൊണ്ടു പരലോക കാര്യം വിസ്മരിക്കുക, ഇതൊക്കെയാണ് ആക്ഷേപിക്കപ്പെടുന്നത്. കൈവന്ന സുഖങ്ങളിൽ അല്ലാഹുവിനോട് നന്ദി കാണിക്കുകയും, അല്ലാഹുവിനെയും പരലോകത്തെയും കുറിച്ചുള്ള ബോധത്തിന് അത് ഉലച്ചിൽ വരുത്താതിരിക്കുകയും ചെയ്യുന്ന പക്ഷം, അവ ദോഷകരമാകുകയില്ല. നേരെമറിച്ച് ഗുണകരമായിരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: **قل من حرم زينة الله .... الاعراف** (പറയുക: അല്ലാഹു അവൻെറ അടിയാൻമാർക്കുവേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാരത്തെയും, നല്ല വിശിഷ്ടമായ ആഹാര വസ്തുക്കളെയും നിഷിദ്ധമാക്കിയതാരാണ് ?! (അഅ്റാഫ്: 32)

ആരെല്ലാമാണ് ഭൗതികസുഖസൗകര്യങ്ങൾക്കു പ്രാധാന്യം നൽകുന്നത്, അവയെ ജീവിതലക്ഷ്യമാക്കുന്നത് ദുരുപയോഗപ്പെടുത്തുന്നത്, ആരൊക്കെയാണ് അവയെ മിതവും നിയമാനുസൃതവുമായ രീതിയിൽ കയ്യാളുന്നത്, പരലോകാനുഗ്രഹങ്ങൾക്കും അല്ലാഹുവിൻെറ പ്രീതിക്കും അവയെക്കാൾ വില കൽപിക്കുന്നത് എന്നിത്യാദി കാര്യങ്ങളെല്ലാം അല്ലാഹുവിന് ശരിക്കും അറിയാം. ഓരോരുത്തനും അർഹിക്കുന്ന പ്രതിഫലം അവൻ കൊടുക്കുകയും ചെയ്യും. എന്നൊക്കെയാണ് 'അല്ലാഹു അവൻെറ അടിയാൻമാരെപ്പറ്റി കണ്ടറിയുന്നവനാണ്' എന്ന

അവസാന വാക്യം മുഖേന ഉണര്‍ത്തുന്നത്. സ്വര്‍ഗ്ഗം മുതലായ അനുഗ്രഹങ്ങള്‍ ലഭിക്കുന്നത് സൂക്ഷ്മത പാലിക്കുന്നവര്‍ക്കാണ് എന്ന് പറഞ്ഞുവല്ലോ. സൂക്ഷ്മത പാലിക്കുന്നവരുടെ സ്വഭാവ വിശേഷതകള്‍ അടുത്ത വചനത്തില്‍ വിവരിക്കുന്നു:-

16 അതായത്, (ഇങ്ങിനെ) പറയുന്നവര്‍: ''ഞങ്ങളുടെ റബ്ബേ! ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു. ആകയാല്‍, ഞങ്ങള്‍ക്ക് ഞങ്ങളുടെ പാപങ്ങള്‍ പൊറുത്തു തരുകയും, ഞങ്ങളെ നരക ശിക്ഷയില്‍ നിന്ന് കാത്തു തരുകയും ചെയ്യേണമേ!''

ٱلَّذِينَ يَقُولُونَ رَبَّنَآ إِنَّنَآ ءَامَنَّا فَٱغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ﴿١٦﴾

17 (അതെ) ക്ഷമാലുക്കളും, സത്യവാന്‍മാരും, ഭക്തന്മാരും, ചിലവഴിക്കുന്നവരും, നിശാന്ത്യവേളകളില്‍ പാപമോചനം തേടുന്നവരും! [ഇവരാണ് സൂക്ഷ്മത പാലിക്കുന്നവര്‍.]

ٱلصَّٰبِرِينَ وَٱلصَّٰدِقِينَ وَٱلْقَٰنِتِينَ وَٱلْمُنفِقِينَ وَٱلْمُسْتَغْفِرِينَ بِٱلْأَسْحَارِ ﴿١٧﴾

---

16 الذين يقُولُونَ പറയുന്നവര്‍ക്ക്. ربنا ഞങ്ങളുടെ റബ്ബേ. إننا آمنا നിശ്ചയമായും ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു. فَاغْفر لنا ആകയാല്‍ ഞങ്ങള്‍ക്ക് പൊറുത്ത് തരണേ. ذُنوبنا ഞങ്ങളുടെ പാപങ്ങള്‍. وقنا ഞങ്ങളെ കാക്കുകയും വേണമേ. عذاب النار നരകശിക്ഷയില്‍നിന്ന്. 17 الصابرين ക്ഷമാലുക്കള്‍. والصادقين സത്യവാന്‍മാരും. والقانِتين ഭക്തന്‍മാരും, ഒതുക്കമുള്ളവരും, അച്ചടക്കമുള്ളവരും. والمنفقين ചിലവഴിക്കുന്നവരും. والمستغفرين പാപമോചനം തേടുന്നവരും. بِالأسحار രാത്രിയുടെ അവസാനയാമങ്ങളില്‍.

ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു, അതുകൊണ്ടു ഞങ്ങള്‍ക്കു പൊറുത്തു തരുകയും, ശിക്ഷയില്‍ നിന്നു ഞങ്ങളെ കാത്തുതരുകയും ചെയ്യേണമേ എന്ന പ്രാര്‍ത്ഥനയില്‍ - അഥവാ പാപമോചനത്തെയും, ശിക്ഷാമോചനത്തെയും സത്യവിശ്വാസത്തോടു ബന്ധപ്പെടുത്തിപ്പറഞ്ഞതില്‍- മൗലികമായ ഒരു തത്വം അടങ്ങിയിട്ടുണ്ട്. സത്യവിശ്വാസം സ്വീകരിച്ചവര്‍ക്കു മാത്രമേ പാപമോചനവും രക്ഷയും ലഭിക്കുകയുള്ളു, അവര്‍ക്കു മാത്രമെ അതു രണ്ടിനും അപേക്ഷിക്കുവാന്‍ അര്‍ഹതയുള്ളൂവെന്നുള്ളതാണത്. ഇങ്ങിനെയുള്ള പ്രാര്‍ത്ഥനകള്‍ മുഖേന അല്ലാഹുവിങ്കലേക്കു വിനയവും താഴ്മയും അര്‍പ്പിക്കുന്നവരാണ് അവരെങ്കില്‍, അവരെ അതിനു പരിപക്വരാക്കിത്തീര്‍ക്കുന്ന ചില സവിശേഷ ഗുണങ്ങളും അവര്‍ക്കുണ്ടായിരിക്കണമല്ലോ. ആ ഗുണങ്ങളത്രെ: (1) ക്ഷമ അതായത്, കല്‍പന നിര്‍ദ്ദേശങ്ങള്‍ പാലിക്കുന്നതിലും, നിരോധങ്ങള്‍ ഉപേക്ഷിക്കുന്നതിലും നേരിടുന്ന എല്ലാ ബുദ്ധിമുട്ടുകളും, സഹിക്കുക,ആപത്തുകളിലും, അനിഷ്ടങ്ങളിലും ക്ഷമ കൈക്കൊള്ളുക. മുതലായവ. (2) സത്യം അതായത്, ഉദ്ദേശ്യത്തിലും, പ്രവൃത്തിയിലും, വാക്കിലും സത്യം പാലിക്കുക. (3) ഭക്തി, അഥവാ വിനയത്തോടും ബഹുമാനത്തോടും കൂടി അല്ലാഹുവിനെ അനുസരിക്കല്‍. (4) ചിലവഴിക്കല്‍, നിര്‍ബന്ധമായ ദാനധര്‍മ്മങ്ങളും , സല്‍ക്കാര്യങ്ങളില്‍ ഉദാരപൂര്‍വ്വം ധനം വിനിയോഗിക്കലും ഇതില്‍ ഉള്‍പ്പെടുന്നു. (5) നിശാന്ത്യത്തില്‍ - രാത്രിയുടെ അവസാന സമയങ്ങളില്‍ പാപമോചനത്തിനു പ്രാര്‍ത്ഥിക്കുക. ഈ സമയം പ്രാര്‍ത്ഥനകള്‍ക്കു പ്രത്യേകം ഉത്തരം ലഭിക്കുന്ന സമയമാണെന്നും , നമസ്കാരത്തിനും ദിക്ര്‍ മുതലായ കര്‍മ്മങ്ങള്‍ക്കും കൂടുതല്‍ വിശേഷപ്പെട്ട സമയമാണെന്നും ഖുര്‍ആനില്‍ നിന്നും, നബി വചനങ്ങളില്‍ നിന്നും പരക്കെ അറിയപ്പെട്ടതാണ്.

18 താനല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് അല്ലാഹുവും, മലക്കുകളും, അറിവുള്ളവരും സാക്ഷ്യം വഹിച്ചിരിക്കുന്നു;-(അതെ, അവ

شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلْمَلَٰٓئِكَةُ وَأُو۟لُوا۟

ٱلۡعِلۡمِ قَآئِمَۢا بِٱلۡقِسۡطِۚ لَآ إِلَٰهَ إِلَّا هُوَ ٱلۡعَزِيزُ ٱلۡحَكِيمُ ١٨

ൻ) നീതിമുറ നിലനിർത്തുന്നവനായിക്കൊണ്ട്. അവനല്ലാതെ ആരാധ്യനേയില്ല; അഗാധജ്ഞനായ പ്രതാപശാലിയത്രെ (അവൻ).

---

18 **شهد الله** അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. **أنه لا إله** ഒരാരാധ്യനുമില്ലെന്നു. **إلا هو** അവൻ(താൻ)അല്ലാതെ. **والملائكةُ** മലക്കുകളും. **وأولوا العلم** അറിവുള്ളവരും. **قائما** നിലകൊള്ളുന്ന (നടത്തുന്ന)വനായും കൊണ്ട്. **بالقسط** നീതിമുറയും കൊണ്ട്, നീതിയെ. **لا** ഇല്ല. **إله** ഒരു ആരാധ്യൻ. **إلا هو** അവനല്ലാതെ. **العزيز** പ്രതാപശാലി, അജയ്യൻ. **الحكيم** അഗാധജ്ഞൻ, യുക്തിമാൻ.

അല്ലാഹു മാത്രമാണ് ആരാധനക്കർഹതയുള്ള ഏക ആരാധ്യൻ, മറ്റുള്ള ആരാധ്യ വസ്തുക്കളെല്ലാം മിഥ്യകളും അനർഹങ്ങളുമാകുന്നുവെന്നുള്ള യാഥാർത്ഥ്യം എത്രയോ ദൃഷ്ടാന്തങ്ങളും, തെളിവുകളും വഴി അല്ലാഹു സ്പഷ്ടമായി സ്ഥാപിച്ചിട്ടുണ്ട്. മലക്കുകളും അറിവുള്ളവരുമെല്ലാം അതു മനസ്സിലാക്കുകയും വിശ്വസിച്ചുറപ്പിക്കുകയും ചെയ്തിരിക്കുന്നു. അഖിലലോക നീതിവ്യവസ്ഥ നിലനിറുത്തി നടത്തിപ്പോരുന്നവൻ അവനല്ലാതെ മറ്റാരുമല്ല, അജയ്യനായ പ്രതാപശാലിയും, തത്വവിജ്ഞാന സമ്പൂർണ്ണനായ യുക്തിമാനും അവനാണ്. അതുകൊണ്ടു ആരാധ്യനായിരിക്കുവാൻ അവനു മാത്രമേ അർഹതയുള്ളൂ എന്നു താൽപര്യം. ഈ വചനം ഓതുമ്പോൾ, ''റബ്ബേ, ഞാനും അതിനു സാക്ഷിയാണ്'' **وانا على ذلك من الشاهدين يا رب** എന്ന് നബി(ﷺ) പറഞ്ഞിരുന്നതായി ഹദീസുകളിൽ വന്നിട്ടുണ്ട്. അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് അറിവുള്ളവരും സാക്ഷ്യം വഹിച്ചിരിക്കുന്നുവെന്നു പറഞ്ഞതിൽനിന്നു. ഒരു കാര്യം മനസ്സിലാക്കാം. അല്ലാഹുവിൻെറ അസ്തിത്വത്തിനും, ഏകത്വത്തിനും സാക്ഷ്യം വഹിക്കാത്ത ആളുകൾ-അവർ മറ്റു ചില വിഷയങ്ങളിൽ അതീവ യോഗ്യരായിരുന്നാലും-അല്ലാഹുവിൻെറ അടുക്കൽ കേവലം അജ്ഞരും വിഡ്ഢികളുമായിരിക്കുമെന്നത്രെ അത്.

إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلۡإِسۡلَٰمُۗ وَمَا ٱخۡتَلَفَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ إِلَّا مِنۢ بَعۡدِ مَا جَآءَهُمُ ٱلۡعِلۡمُ بَغۡيَۢا بَيۡنَهُمۡۗ وَمَن يَكۡفُرۡ بِـَٔايَٰتِ ٱللَّهِ فَإِنَّ ٱللَّهَ سَرِيعُ ٱلۡحِسَابِ ١٩

19 നിശ്ചയമായും, മതം അല്ലാഹുവിൻെറ അടുക്കൽ 'ഇസ്ലാമാ'കുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ-തങ്ങൾക്കിടയിലുള്ള ധിക്കാരം (അഥവാ അസൂയ) നിമിത്തം-തങ്ങൾക്ക് അറിവ് വന്നെത്തിയ ശേഷമല്ലാതെ, ഭിന്നിക്കുകയുണ്ടായിട്ടില്ല. അല്ലാഹുവിൻെറ 'ആയത്ത്' [ദൃഷ്ടാന്തം] കളിൽ ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം,-എന്നാൽ, (അറിഞ്ഞുകൊള്ളട്ടെ) നിശ്ചയമായും, അല്ലാഹു വേഗം വിചാരണനടത്തുന്നവനാകുന്നു.

فَإِنۡ حَآجُّوكَ فَقُلۡ أَسۡلَمۡتُ وَجۡهِيَ لِلَّهِ وَمَنِ ٱتَّبَعَنِۗ وَقُل لِّلَّذِينَ أُوتُواْ ٱلۡكِتَٰبَ وَٱلۡأُمِّيِّـۧنَ ءَأَسۡلَمۡتُمۡۚ فَإِنۡ أَسۡلَمُواْ فَقَدِ ٱهۡتَدَواْۖ وَّإِن تَوَلَّوۡاْ فَإِنَّمَا عَلَيۡكَ ٱلۡبَلَٰغُۗ وَٱللَّهُ بَصِيرُۢ بِٱلۡعِبَادِ ٢٠

20 ഇനി, അവർ നിന്നോട് (തർക്കിച്ച്) ന്യായവാദം നടത്തുകയാണെങ്കിൽ, നീ പറയുക: ''എൻെറ മുഖം ഞാൻ അല്ലാഹുവിന് കീഴൊതുക്കിയിരിക്കുന്നു-എന്നെ പിൻപറ്റിയവരും (കീഴൊതുക്കിയിരിക്കുന്നു).'' വേദഗ്രന്ഥം നൽകപ്പെട്ടവരോടും, അക്ഷരജ്ഞാനമില്ലാത്ത (അഥവാ വേദഗ്രന്ഥം ലഭിച്ചിട്ടില്ലാത്ത) വരോടും ''നിങ്ങൾ കീഴൊതുങ്ങിയിരിക്കുന്നുവോ'' എന്ന് ചോദിക്കുകയും ചെയ്യുക. എന്നിട്ട്, അവർ കീഴൊതുങ്ങിയെ

ങ്കിൽ, അവർ നേർമാർഗ്ഗം പ്രാപിച്ചുകഴിഞ്ഞു; അവർ തിരിഞ്ഞു കളഞ്ഞുവെങ്കിലോ, നിന്റെ മേൽ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളത്. അല്ലാഹു അടിയാൻമാരെക്കുറിച്ച് കണ്ടറിയുന്നവനുമാകുന്നു.

---

19 إن الدين നിശ്ചയമായും മതം. عند الله അല്ലാഹുവിന്റെ അടുക്കൽ. الإسلام ഇസ്‌ലാമാകുന്നു. وما اختلف ഭിന്നിച്ചിട്ടില്ല. الذين أوتوا الكتاب വേദഗ്രന്ഥം നൽകപ്പെട്ടവർ. . إلا من بعد ശേഷമായിട്ടല്ലാതെ. ما جاءهم അവർക്ക് വന്നതിന്റെ. العلم അറിവ്. بغيا ധിക്കാരമായിട്ട്, അതിക്രമമായി (അസൂയയാൽ). بينهم അവർക്കിടയിലുള്ള. ومن يكفر ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം. بآيات الله അല്ലാഹുവിന്റെ ആയത്ത് (ലക്ഷ്യം-ദൃഷ്ടാന്തം)കളിൽ. فإن الله എന്നാൽ നിശ്ചയമായും അല്ലാഹു. سريع വേഗമുള്ളവനാകുന്നു. الحساب വിചാരണ, കണക്കുനോക്കൽ. 20 فإن حاجوك അവർ നിന്നോട് ന്യായവാദം (തർക്കം) ചെയ്താൽ. فقل നീ പറയുക. أسلمت ഞാൻ കീഴൊതുക്കിയിരിക്കുന്നു. وجهي എന്റെ മുഖം. لله അല്ലാഹുവിന്. ومن اتبعن എന്നെ പിൻപറ്റിയവരും. وقل പറയുക (ചോദിക്കുക) യും ചെയ്യുക. للذين أوتوا നൽകപ്പെട്ടവരോട്. الكتاب (വേദ)ഗ്രന്ഥം. والأميين അക്ഷരജ്ഞാനമില്ലാതെ (വേദഗ്രന്ഥം ലഭിക്കാത്ത) വരോടും. أأسلمتم നിങ്ങൾ കീഴൊതുങ്ങിയോ. فإن أسلموا എന്നിട്ടവർ കീഴൊതുങ്ങിയാൽ. فقد اهتدوا എന്നാലവർ നേർമാർഗ്ഗം പ്രാപിച്ചു. وإن تولوا തിരിഞ്ഞുപോയെങ്കിലോ. فإنما عليك എന്നാൽ നിന്റെ മേൽ (ബാദ്ധ്യത). البلاغ പ്രബോധനം, എത്തിക്കൽ (മാത്രം) ആകുന്നു. والله അല്ലാഹു. بصير കണ്ടറിയുന്നവനാണ്. بالعباد അടിയാൻമാരെപ്പറ്റി.

സൂറത്തുൽ ഫാതിഹ:യിൽ വെച്ച് വിവരിച്ചതുപോലെ, ദീൻ (الدين) എന്ന വാക്കിന് 'നടപടിക്രമം ആചാരം, നിയമനടപടി, അനുസരണം, പതിവ്, മതം' എന്നിങ്ങനെ സന്ദർഭോചിതം പല അർത്ഥവും വരാം. മതം എന്ന അർത്ഥത്തിലാണ് അധികവും അതു ഉപയോഗിക്കപ്പെടാറുള്ളത്. ഇവിടെയും അതാണുദ്ദേശ്യം. മതം ഒരു ജീവിത വ്യവസ്ഥ-അഥവാ ജീവിതത്തിൽ ദൈവ പ്രീതിക്കുവേണ്ടി സ്വീകരിക്കപ്പെടേണ്ടുന്ന നിയമ വ്യവസ്ഥയാകുന്നു. പക്ഷേ- ചിലർ ധരിക്കാറുള്ളതുപോല-'ദീൻ' എന്ന വാക്കിന്റെ അർത്ഥമല്ല അത്. കച്ചവടം ഒരു തൊഴിലായതുകൊണ്ട് കച്ചവടം എന്ന വാക്കിന്റെ അർത്ഥം 'തൊഴിൽ' എന്നാണെന്നു വരുകയില്ലല്ലോ.

മനുഷ്യാരംഭം തൊട്ട് മനുഷ്യാവസാനം വരെയുള്ള എല്ലാവർക്കും അല്ലാഹു നിയമിച്ചതും, ഒന്നാമത്തെ പ്രവാചകനും ഒന്നാമത്തെ വേദഗ്രന്ഥവും തുടങ്ങി അന്ത്യപ്രവാചകനും അവസാന വേദഗ്രന്ഥമായ വിശുദ്ധ ഖുർആനും വരെ പ്രബോധനം ചെയ്തുകൊണ്ടിരുന്നതും, അല്ലാഹു മനുഷ്യവർഗ്ഗത്തിനു തൃപ്തിപ്പെട്ടു കൊടുത്തതുമായ ഏകമതമാണ് ഇസ്‌ലാം, അതിലേക്കു മാത്രമാണ് എക്കാലത്തും അവൻ മനുഷ്യരെ ക്ഷണിച്ചിട്ടുള്ളതും, ക്ഷണിച്ചുകൊണ്ടിരിക്കുന്നതും. 85-ാം വചനത്തിൽ വരുന്നതുപോലെ, അതല്ലാത്ത മറ്റൊരു മതവും അവങ്കൽ സ്വീകാര്യവുമല്ല . എന്നാൽ, വേദഗ്രന്ഥം ലഭിക്കുകയും, പ്രവാചകന്മാരുടെ അനുയായികളെന്ന പാരമ്പര്യം അവകാശപ്പെടുകയും ചെയ്യുന്ന ചില സമുദായങ്ങൾ ഈ സത്യത്തിൽനിന്നു ഭിന്നിച്ചുപോയിട്ടുണ്ട്. അതിനു കാരണം അവർക്കു വേണ്ടത്ര അറിവ് ലഭിക്കായ്കയല്ല. അറിവു കിട്ടിയിട്ടു പിന്നെയും അവർക്കിടയിൽ ഉണ്ടായിത്തീർന്ന അസൂയ, പക, വിദ്വേഷം, അതിമോഹം ആദിയായ ധിക്കാര സ്വഭാവങ്ങൾ മാത്രമാകുന്നു. വാസ്തവം ഇതാണെങ്കിലും ഈ സത്യത്തിന് വിരുദ്ധമായി ഇസ്ലാമിന്റെ പരമാടിസ്ഥാനമായ തൗഹീദിൽ പോലും അവർ തർക്കവും, ന്യായവാദവും നടത്തുകയാണു ചെയ്യുന്നത്. അവരോട് വാദപ്രതിവാദം നടത്തിയിട്ടു കാര്യമില്ല. അതുകൊണ്ടു അവരോടു തർക്കത്തിനു നിൽക്കേണ്ടതില്ലെന്നും, ഞാനും എന്നെ പിൻപറ്റുന്ന സത്യവിശ്വാസികളും അല്ലാഹുവിന്റെ ഏകത്വത്തിൽ

വിശ്വസിച്ച് അവനെ മാത്രം ആരാധിച്ച് അവന് കീഴൊതുങ്ങിയിരിക്കുന്നുവെന്നു പറഞ്ഞു ഒഴിവായാൽ മതിയെന്നും അല്ലാഹു നബീ (ﷺ) യോടു കൽപിക്കുന്നു.

വേദക്കാരായാലും, വേദഗ്രന്ഥവുമായി പരിചയപ്പെട്ടിട്ടില്ലാത്ത നിരക്ഷരകുക്ഷികളായ അറബികളായാലും ശരി, എല്ലാവർക്കും ഇസ്ലാമിൻെറ പ്രബോധനം എത്തിക്കുകയും, അതിലേക്കു ക്ഷണിക്കുകയും മാത്രമേ നബി (ﷺ) ചെയ്യേണ്ടതുള്ളൂ. അവരെയെല്ലാം മുസ്ലീമാക്കിത്തീർക്കുക നബി (ﷺ) യുടെ ബാധ്യതയല്ല. പ്രബോധനവും ക്ഷണവും ലഭിച്ചിട്ടു പിന്നെയും കീഴൊതുങ്ങാത്തവരുടെ വിചാരണയും തീരുമാനവും അല്ലാഹു നടത്തികൊള്ളും. അതിനു യാതൊരു പ്രയാസവും അവനില്ല. ഓരോരുത്തരുടെയും സ്ഥിതി അവൻ കണ്ടും അറിഞ്ഞും കൊണ്ടിരിക്കുന്നു. എന്നു നബി (ﷺ) യെ ഉണർത്തുകയും ചെയ്യുന്നു. അബൂഹുറൈറ (رضي الله عنه)വിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ നബി (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എൻെറ ആത്മാവു യാതൊരുവൻെറ കയ്യ്വശമാണോ അവൻ തന്നെ സത്യം! ഈ (മനുഷ്യ) സമുദായത്തിൽപെട്ട ഏതൊരാളും തന്നെഅതു യഹൂദിയാകട്ടെ, ക്രിസ്ത്യാനിയാകട്ടെ-എന്നെക്കുറിച്ച് കേൾക്കുകയും, ഞാൻ യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ വിശ്വസിക്കാതിരിക്കുകയും, ചെയ്യുന്ന പക്ഷം, അവൻ നരകക്കാരിൽപെട്ടവനാകാതിരിക്കുകയില്ല." (മു)

വിഭാഗം-3

21 നിശ്ചയമായും, യാതൊരു കൂട്ടർ: അല്ലാഹുവിൻെറ 'ആയത്തു' [ലക്ഷ്യം]കളിൽ അവിശ്വസിക്കുകയും, യാതൊരു ന്യായവും കൂടാതെ പ്രവാചകൻമാരെ കൊലപ്പെടുത്തുകയും, മനുഷ്യരിൽ നിന്നും നീതിമുറ പാലിക്കുവാൻ കൽപിക്കുന്നവരെ കൊലപ്പെടുത്തുകയും ചെയ്യുന്നു(വോ),- അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക.

إِنَّ ٱلَّذِينَ يَكْفُرُونَ بِـَٔايَـٰتِ ٱللَّهِ وَيَقْتُلُونَ ٱلنَّبِيِّـۧنَ بِغَيْرِ حَقٍّ وَيَقْتُلُونَ ٱلَّذِينَ يَأْمُرُونَ بِٱلْقِسْطِ مِنَ ٱلنَّاسِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٢١﴾

22 അക്കൂട്ടർ, ഇഹത്തിലും, പരത്തിലും, തങ്ങളുടെ കർമ്മങ്ങൾ വിഫലമായിപ്പോയവരത്രെ. സഹായികളായിട്ട് അവർക്ക് (ഒരാളും തന്നെ) ഇല്ലതാനും.

أُو۟لَـٰٓئِكَ ٱلَّذِينَ حَبِطَتْ أَعْمَـٰلُهُمْ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ وَمَا لَهُم مِّن نَّـٰصِرِينَ ﴿٢٢﴾

---

21 إن الذين നിശ്ചയമായും യാതൊരുകൂട്ടർ. يكْفُرون അവർ അവിശ്വസിക്കുന്നു. بآيات الله അല്ലാഹുവിൻെറ ആയത്തുകളിൽ. ويقتلونَ കൊല്ലുകയും. النبيين നബിമാരെ. بغير حق ഒരു ന്യായവും കൂടാതെ. ويقْتلونَ കൊല്ലുകയും. الذين യാതൊരുവരെ. يأمرونَ കൽപിക്കുന്ന, ഉപദേശിക്കുന്ന. بالقسط നീതിമുറയെപ്പറ്റി. من الناس മനുഷ്യരിൽനിന്ന്. فَبشرهم അവർക്ക് സന്തോഷവാർത്ത അറിയിക്കുക. بِعذَابٍ ശിക്ഷയെപ്പറ്റി. أليم വേദനയേറിയ, വേദനപ്പെട്ട. 22 أولئك الذين അക്കൂട്ടർ യാതൊരുവരാണ്. حبِطَت വിഫലമായിരിക്കുന്നു, പൊളിഞ്ഞുപോയി. أعمالُهم അവരുടെ കർമ്മങ്ങൾ, പ്രവൃത്തികൾ. في الدنيا ഇഹത്തിൽ. والآخرة പരത്തിലും. وما ഇല്ല. لهم അവർക്ക്. من ناصرين സഹായികളായിട്ട് (ആരും).

വേദക്കാർ അനുവർത്തിച്ചു വന്ന ചില ധിക്കാരങ്ങളെയും അഴിമതികളെയും കുറിച്ചാണ് പറയുന്നത്. വേദ വാക്യങ്ങളും ദൃഷ്ടാന്തങ്ങളുമാകുന്ന അല്ലാഹുവിൻെറ ലക്ഷ്യങ്ങളെ നിഷേധിക്കുക. പ്രവാചകൻമാരെയും, മതോപദേഷ്ടാക്കളെയും നിർദ്ദയം കൊലചെയ്യുക മുതലാവയിൽ

ഒരു നീണ്ട പാരമ്പര്യം തന്നെ അവർക്കുണ്ട്. സുറത്തുൽ ബഖറയിൽ ഇതു സംബന്ധിച്ച പല വിവരങ്ങളും നാം കാണുകയുണ്ടായി. ആ പഴയ പാരമ്പര്യത്തിൽ നിന്നു അവർ : സത്യവിശ്വാസത്തിലേക്കു മടങ്ങാത്തപക്ഷം, അവർക്കു അതികഠിനമായ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന് മാത്രമല്ല, നല്ല കർമ്മങ്ങളായി വല്ലതും അവർപ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ഇഹത്തിലാകട്ടെ, പരത്തിലാകട്ടെ അവർക്കതുകൊണ്ടു യാതൊരു പ്രയോജനവും ലഭിക്കുവാനില്ല. അവർക്കു യാതൊരു സഹായവും പ്രതീക്ഷിക്കുവാനുമില്ല.എന്നൊക്കെ അല്ലാഹു അവരെ താക്കീതുചെയ്യുന്നു. സത്യവിശ്വാസം സ്വീകരിക്കാത്ത പക്ഷം ആ കർമ്മങ്ങൾമൂലം ഇഹത്തിൽ വെച്ചു അവർ വല്ല പ്രശംസക്കോ കീർത്തിക്കോ, ആനുകൂല്യങ്ങൾക്കോ പാത്രമാകുകയില്ല: പരലോകത്തു യാതൊരു പുണ്യഫലവും അവരക്കു ലഭിക്കുന്നതുമല്ല എന്നു സാരം.

ശിക്ഷയെക്കുറിച്ചു താക്കീതു ചെയ്യുക എന്നു പറയേണ്ടുന്ന സ്ഥാനത്ത് 'സന്തോഷ വാർത്ത അറിയിക്കുക' എന്നു പറഞ്ഞത് പരിഹാസ രൂപത്തിലുള്ള ഒരു അലങ്കാര പ്രയോഗമാകുന്നു. അവർക്കു വല്ല സന്തോഷവാർത്തയും അറിയിക്കുവാനുണ്ടെങ്കിൽ അതുശിക്ഷയെക്കുറിച്ചു മാത്രമാണുള്ളത് എന്നു താൽപര്യം.

أَلَمْ تَرَ إِلَى ٱلَّذِينَ أُوتُوا۟ نَصِيبًا مِّنَ ٱلْكِتَٰبِ يُدْعَوْنَ إِلَىٰ كِتَٰبِ ٱللَّهِ لِيَحْكُمَ بَيْنَهُمْ ثُمَّ يَتَوَلَّىٰ فَرِيقٌ مِّنْهُمْ وَهُم مُّعْرِضُونَ ﴿٢٣﴾

23 വേദഗ്രന്ഥത്തിൽ നിന്നും ഒരു ഓഹരി നൽകപ്പെട്ടിട്ടുള്ളവരെ നീ (നോക്കി) കണ്ടില്ലേ? അവർക്കിടയിൽ വിധികൽപിക്കുവാനായി അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്ക് അവർ വിളിക്കപ്പെടുന്നു;- (എന്നിട്ട്) പിന്നെ, അവരിൽ നിന്ന് ഒരു കക്ഷി (അതാ) വിമുഖരായും കൊണ്ട് തിരിഞ്ഞു കളയുന്നു!

ذَٰلِكَ بِأَنَّهُمْ قَالُوا۟ لَن تَمَسَّنَا ٱلنَّارُ إِلَّآ أَيَّامًا مَّعْدُودَٰتٍ ۖ وَغَرَّهُمْ فِى دِينِهِم مَّا كَانُوا۟ يَفْتَرُونَ ﴿٢٤﴾

24 ''എണ്ണപ്പെട്ട (അൽപം) ചില ദിവസങ്ങളല്ലാതെ നരകം ഞങ്ങളെ സ്പർശിക്കുകയേ ഇല്ല'' എന്ന് അവർ പറഞ്ഞുവന്നതു നിമിത്തമാകുന്നു അത്, അവർ കെട്ടിച്ചമച്ചുകൊണ്ടിരുന്നത് അവരുടെ മത (കാര്യ)ത്തിൽ അവരെ വഞ്ചി(തരാ)ക്കുകയും ചെയ്തിരിക്കുന്നു.

فَكَيْفَ إِذَا جَمَعْنَٰهُمْ لِيَوْمٍ لَّا رَيْبَ فِيهِ وَوُفِّيَتْ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿٢٥﴾

25 എന്നാൽ, യാതൊരു സന്ദേഹവുമില്ലാത്ത ഒരു ദിവസത്തേക്ക് അവരെ നാം ഒരുമിച്ചു കൂട്ടിയാൽ എങ്ങിനെയായിരിക്കും (അവരുടെ സ്ഥിതി)?! (അന്ന്) ഓരോ വ്യക്തിക്കും അത് സമ്പാദിച്ചുവെച്ചത് നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും:- അവരാകട്ടെ, (അവരോട്) അനീതി ചെയ്യപ്പെടുന്നതുമല്ല.

---

23 ألم تر കണ്ടില്ലേ, നോക്കുന്നില്ലേ. **إلى الذين** യാതൊരുവരിലേക്ക്. **أوتوا** അവർക്ക് നൽകപ്പെട്ടിരിക്കുന്നു. **نصيبا** ഒരു ഓഹരി, പങ്ക്. **من الكتاب** (വേദ) ഗ്രന്ഥത്തിൽ നിന്ന്. **يدعون** അവർ വിളിക്ക(ക്ഷണിക്ക)പ്പെടുന്നു. **إلى كتاب الله** അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്ക്. **ليحكم** അത് വിധി കൽപിക്കുവാൻ. **بينهم** അവർക്കിടയിൽ. **ثم يتولى** എന്നിട്ട് (പിന്നെ) തരിഞ്ഞു (പിൻമാറി) കളയുന്നു. **فريق منهم** അവരിൽ നിന്ന് ഒരു കക്ഷി. **وهم** അവർ (ആയിക്കൊണ്ട്). **معرضون** വിമുഖർ, അവഗണിക്കുന്നവർ. **24 ذلك** അത്. **بأنهم قالوا** അവർ പറഞ്ഞതുകൊണ്ടാണ്. **لن تمسنا** ഞങ്ങളെ സ്പർശിക്കുകയേ ഇല്ല. **النار** നരകം . **إلا أياما** ചില ദിവസങ്ങളല്ലാതെ. **معدودات** എണ്ണപ്പെട്ട (നിശ്ചിത). **وغرهم** അവരെ വഞ്ചിക്കുകയും ചെയ്തിരിക്കുന്നു. **في دينهم** അവരുടെ മതത്തിൽ. **ما كانوا** അവർ ആയിരുന്നത്.

يفْترون കെട്ടിച്ചമച്ചുണ്ടാക്കുക. 25 **فكَيْف** അപ്പോൾ(എന്നാൽ) എങ്ങിനെയായിരിക്കും. **إذَا جمعناهم** അവരെ നാം ഒരുമിച്ച് കൂട്ടിയാൽ. **ليوم** ഒരു ദിവസത്തിലേക്ക്. **لا ريب** സന്ദേഹമില്ലാത്ത. **فيه** അതിൽ. **ووفيت** നിറവേറ്റിക്കൊടക്കപ്പെടുകയും ചെയ്യും. **كُل نفْس** ഓരോ ആത്മാവിനും, ദേഹത്തിനും, വ്യക്തിക്കും. **ما كسبت** അത് സമ്പാദിച്ച് വെച്ചത്. **وهم** അവർ, അവരാകട്ടെ. **لا يظْلمونَ** അനീതി (അക്രമം) ചെയ്യപ്പെടുകയില്ല.

തൗറാത്തിൻെറയും ഇഞ്ചീലിൻെറയും അനുയായികളെന്ന് അവകാശപ്പെടുന്നവേദക്കാർ, അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്ന വിഷയത്തിൽ അതേ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വിധികളെ സ്വീകരിക്കുവാൻ ബാധ്യസ്ഥരാണ്. എന്നിട്ടും അതിനു അവരെ ക്ഷണിച്ചാൽ, ആ ക്ഷണം സ്വീകരിക്കാതെ അവർ പിൻമാറിക്കളയുന്നു. ഇതു ശിക്ഷാർഹവും തെറ്റായതുമാണെന്ന് അവർക്ക് അറിയുകയും ചെയ്യാം. ഞങ്ങൾ എന്തു തെറ്റുകുറ്റം ചെയ്താലും കവിഞ്ഞപക്ഷം ചില നിശ്ചിത ദിവസങ്ങളോളം മാത്രമേ ഞങ്ങൾ നരകശിക്ഷ അനുഭവിക്കേണ്ടി വരുകയുള്ളുവെന്നും മറ്റും നേരെത്തന്നെ മതത്തിൻെറ പേരിൽ അവർ സ്വയം കെട്ടിച്ചമച്ചു വെച്ചിട്ടുണ്ട്. കാലാന്തരത്തിൽ അതൊക്കെ മതതത്വങ്ങളായി അവർ അംഗീകരിച്ച് വഞ്ചിതാരാകുകയും ചെയ്തിരിക്കുന്നു. ഇതാണ് കാരണം. ഇത്തരം അന്തവും അടിസ്ഥാനരഹിതവുമായ ധാരണകൾ വെച്ചുകൊണ്ടിരിക്കേണ്ടാ എല്ലാവരേയും ഒരുമിച്ചുകൂട്ടി ഓരോരുത്തരുടെയും ചെയ്തികൾക്കു യാതൊരു അനീതിയും കൂടാതെ തക്കതായ നടപടി കൈകൊള്ളുന്ന 0ഒരു ദിവസം വരുവാനുണ്ട്. അന്ന് അവർ ഖേദിക്കേണ്ടിവരും. ആ ഖേദം കൊണ്ടു ഒരു പ്രയോജനവും സിദ്ധിക്കുകയുമില്ല: അതുകൊണ്ട് ഇപ്പോൾ തന്നെ രക്ഷാമാർഗ്ഗം തേടിക്കൊള്ളുകയാണ് അവർക്കു നല്ലത്. എന്നൊക്കെ അല്ലാഹു അവരെ താക്കീതു ചെയ്യുന്നു. (അൽപ ദിവസമല്ലാതെ ഞങ്ങളെ നരശിക്ഷ ബാധിക്കുകയില്ലെന്നു അവർ പറഞ്ഞതിൻെറ താൽപര്യം അൽബഖറ 80 ലും വ്യാഖ്യാനാത്തിലും വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.)

قُلِ ٱللَّهُمَّ مَٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٦﴾

26 (നബിയേ) പറയുക: ‘‘അല്ലാഹുവേ, രാജാധിപത്യത്തിൻെറ ഉടമസ്ഥനേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ രാജാധിപത്യം കൊടുക്കുന്നു; നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ രാജാധിപത്യം നീക്കിക്കളയുകയും ചെയ്യുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ പ്രതാപത്തിലാക്കുകയും, നീ ഉദ്ദേശിക്കുന്നവരെ നീ നിന്ദ്യതയിലാക്കുകയുംചെയ്യുന്നു. നിൻെറ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.’’

تُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَتُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۖ وَتُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَتُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ ۖ وَتَرْزُقُ مَن تَشَآءُ بِغَيْرِ حِسَابٍ ﴿٢٧﴾

27 ‘‘നീ രാത്രിയെ പകലിൽ കടത്തുകയും, പകലിനെ രാത്രിയിൽ കടത്തുകയും ചെയ്യുന്നു; നീ ജീവിയെ നിർജ്ജീവിയിൽ നിന്ന് പുറത്തു വരുത്തുകയും, നിർജ്ജീവിയെ ജീവിയിൽ നിന്ന് പുറത്തു വരുത്തുകയും ചെയ്യുന്നു; നീ ഉദ്ദേശിക്കുന്നവർക്ക് നീ കണക്കില്ലാതെ നൽകുകയും ചെയ്യുന്നു.’’

---

26 قُل പറയുക. **اللهم** അല്ലാഹുവേ. **مالك الملك** രാജത്വ(രാജാധിപത്യ)ത്തിൻെറ ഉടമസ്ഥനേ. **تؤتي** നീ നൽകുന്ന. **الملك** രാജത്വത്തെ. **من تشاءُ** നീ ഉദ്ദേശിക്കുന്നവർക്ക്. **وتنـزع** നീ നീക്കം ചെയ്യുകയും ചെയ്യുന്നു. **الملك** രാജത്വത്തെ. **ممن تشاءُ** നീ ഉദ്ദേശിക്കുന്നവരിൽനിന്ന്. **وتعز** നീ പ്രതാപ

ത്തിലാക്കുക (പ്രതാപം നൽകുക)യും ചെയ്യുന്നു. **مَن تَشَاءُ** നീ ഉദ്ദേശിക്കുന്നവരെ. **وَتُذِلُّ** നീ നിന്ദിക്കുക (നിസ്സാരപ്പെടുത്തുക)യും ചെയ്യുന്നു. **مَن تَشَاءُ** നീ ഉദ്ദേശിക്കുന്നവരെ. **بِيَدِكَ** നിൻെറ കയ്യിലാണ്. **الْخَيْرُ** ഗുണം. **إِنَّكَ** നിശ്ചയമായും നീ. **عَلَىٰ كُلِّ شَيْءٍ** എല്ലാ കാര്യത്തിനും. **قَدِيرٌ** കഴിയുള്ളവനാകുന്നു. 27 **تُولِجُ** നീ കടത്തുന്നു. **اللَّيْلَ** രാത്രിയെ. **فِي النَّهَارِ** പകലിൽ. **وَتُولِجُ** നീ കടത്തുകയും ചെയ്യുന്നു. **النَّهَارَ** പകലിനെ. **فِي اللَّيْلِ** രാവിൽ. **وَتُخْرِجُ** നീ പുറപ്പെടുവിക്കുകയും ചെയ്യുന്നു. **الْحَيَّ** ജീവിയെ. **مِنَ الْمَيِّتِ** നിർജ്ജീവമായിതിൽ നിന്ന്. **وَتُخْرِجُ الْمَيِّتَ** നിർജ്ജീവമായതിനെ നീ പറപ്പെടുവിക്കുന്നു. **مِنَ الْحَيِّ** ജീവനുള്ളതിൽനിന്ന്. **وَتَرْزُقُ** നീ നൽകുകയും ചെയ്യുന്നു, ഉപജീവനം നൽകുന്നു. **مَن تَشَاءُ** നീ ഉദ്ദേശിക്കുന്നവർക്ക്. **بِغَيْرِ حِسَابٍ** കണക്ക് കൂടാതെ.

പ്രവാചകത്വം, പ്രതാപം, രാജത്വം ആദിയായവ തങ്ങളുടെ കുത്തകാവകാശമായി ഗണിക്കുകയും, ആഭിജാത്യത്തിൽ ദുരഭിമാനം കൊള്ളുകയും ചെയ്യുന്നവരാണ് വേദക്കാര്. സത്യനിഷേധത്തിനും ധിക്കാരത്തിനും അവരെ പ്രേരിപ്പിക്കുന്ന ഒരു പ്രധാന കാരണവും അതാകുന്നു. അത്തരം വാദങ്ങൾക്കുള്ള ഒരു ഖണ്ഡനമാണ് ഈ വചനങ്ങൾ. സത്യവിശ്വാസികൾ ദാരിദ്ര്യവും ബുദ്ധിമുട്ടും അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, അവരുടെ ശത്രുപക്ഷങ്ങൾ സുഖാഡംബരങ്ങലിലും പ്രതാപത്തിലും കഴിഞ്ഞുകൂടുന്നു. സത്യവിശ്വാസികളാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടവരെങ്കിൽ അവർക്കല്ലേ സുഖസൗകര്യങ്ങളും കഴിവും കൂടുതൽ ലഭിച്ചിരിക്കേണ്ടത്? അവിശ്വാസികളിൽ നിന്നുണ്ടാകാറുള്ള ഈ ചോദ്യത്തിനു മറുപടിയും ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു.

അല്ലാഹുവിനെ അഭിമുഖീകരിച്ചു കൊണ്ടു ചെയ്യുന്ന ഒരു പ്രാർത്ഥനാരൂപത്തിലാണു ബാഹ്യത്തിൽ ഈ വചനങ്ങളെങ്കിലും മേൽ ചൂണ്ടിക്കാട്ടിയ സംഗതികൾ അതിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്നതിൽ സംശയമില്ല. അതെ, മഹത്തായ ഒരു പ്രാർത്ഥനയും, തത്വപരമായ കുറെ യാഥാർത്ഥ്യങ്ങളും ഈ വചനങ്ങൾ മുഖേന അല്ലാഹു സത്യവിശ്വാസികളെ പഠിപ്പിക്കുന്നു. ഈ വചനങ്ങൾ മുഖേന പ്രാർത്ഥന ചെയ്താൽ ഉത്തരം കിട്ടാതിരിക്കുകയില്ലെന്നു കാണിക്കുന്ന ചില ഹദീസുകൾ ത്വബീറാനി (رحمه الله) യും മറ്റും ഉദ്ധരിച്ചിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

ഒരു വ്യാഖ്യാനത്തിൻെറ സഹായം കൂടാതെത്തന്നെ ഈ വചനങ്ങളിലെ ആശയം വ്യക്തമാണ്. അവയുടെ രത്നച്ചുരുക്കം ഇങ്ങിനെ മനസ്സിലാക്കാം : അല്ലാഹുവേ, എല്ലാവിധത്തിലുള്ള സ്ഥാന പദവികളും, നൻമകളും കനിഞ്ഞേകുന്നതും, അവ എടുത്തുകളയുന്നതും, രാപകലുകളെ നിയന്ത്രിക്കുന്നതും, ജീവികളും നിർജീവവസ്തുക്കളുമാകുന്ന എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചു പരിപാലിക്കുന്നതും നീയാകുന്നു. എല്ലാം നിൻെറ മാത്രം ഉടമയിലും നിയന്ത്രണാധികാരത്തിലും ഉൾപെട്ടതാകുന്നു. നിൻെറ ഉദ്ദേശ്യവും പരിപാടിയും അനസരിച്ചല്ലാതെ ഒന്നും സംഭവിക്കുകയില്ല. നിന്നെ കൂടാതെ, മറ്റാർക്കും അതിലൊന്നും പങ്കോ അവകാശമോ ഇല്ല. അതുകൊണ്ട് നിൻെറ ഔദാര്യവും കൃപാകടാക്ഷവും ഞങ്ങളിൽ വർഷിപ്പിക്കേണമേ.!

രാത്രിയെ പകലിലും, പകലിനെ രാത്രിയിലും കടത്തുക എന്നു പറഞ്ഞതിൻെറ സാരം രാത്രി കുറയുമ്പോൾ ആ കുറവ് പകലിൽ വർദ്ധിപ്പിക്കുകയും, പകൽ കുറവാകുമ്പോൾ ആ കുറവ് രാത്രിയിൽ വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നാകുന്നു. അസ്തമനത്തെത്തുടർന്നു പകൽ രാത്രിയിലും, പ്രഭാതത്തെത്തുടർന്ന് രാത്രി പകലിലും ലയിച്ചുപോകുന്നതിനെ ഉദ്ദേശിച്ചും ആകാവുന്നതാണ്. (ഇതിനെപ്പറ്റി സൂറ :ഹജ്ജ്, 61: ലുഖ്മാൻ, 29 മുതലായ സ്ഥലങ്ങളിൽ വിവരിച്ചതു നോക്കുക.) ജീവികളിൽ നിന്നു നിർജീജീവ വസ്തുക്കളും, നിർജ്ജീവ വസ്തുക്കളിൽ നിന്നു ജീവ വസ്തുക്കളും ഉണ്ടാകുന്നതിനെപ്പറ്റി പ്രത്യേകമൊന്നും പറയേണ്ടതില്ല. ഇന്ദ്രിയത്തിൽ നിന്നു മനുഷ്യനും, മനുഷ്യനിൽനിന്നു ഇന്ദ്രിയവും, വിത്തിൽ നിന്നു ചെടിയും ചെടിയിൽനിന്ന് വിത്തും, പക്ഷിയിൽ നിന്നു മുട്ടയും. മുട്ടയിൽ നിന്നു പക്ഷിയും, വളത്തിൽ നിന്നു പുഴുവും, പുഴുക്കളിൽ നിന്നു വളവും, അങ്ങിനെ കണക്കറ്റ ഉദാഹരണങ്ങൾ നിത്യം നാം കണ്ടുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം

ബാഹ്യമായ ചില കാരണങ്ങള്‍ മനുഷ്യര്‍ക്കു എണ്ണിപ്പറയുവാന്‍ സാധിച്ചേക്കുമെങ്കിലും, വാസ്തത്തില്‍ ആ കാരണങ്ങള്‍ക്കു കാരണവും, അവയെ വ്യവസ്ഥ ചെയ്തു നിയന്ത്രിക്കുന്നതും അല്ലാഹുവാണല്ലോ. അവന്‍ ഉദ്ദേശിക്കുന്നവര്‍ക്കു അവന്‍ നല്‍കുമെന്നും, അവന്‍ ഉദ്ദേശിക്കുന്നവരില്‍നിന്നു അവന്‍ നീക്കിക്കളയുമെന്നും പറഞ്ഞതിനും തന്നെ, ഭൂതവര്‍ത്തമാനകാല ചരിത്രം പരിശോധിച്ചാല്‍- വ്യക്തിവ്യത്യാസമോ സമൂഹവ്യത്യയാസമോ കൂടാതെ-ധാരാളക്കണക്കില്‍ ഉദാഹരണങ്ങള്‍ കാണാവുന്നതാണ്. നൂറുകണക്കിലും ആയിരക്കണക്കിലും കൊല്ലക്കാലം അതീവ പ്രതാപവും പ്രശസ്തിയും പാരമ്പര്യമായി നിലനിന്നുപോന്ന സമൂഹങ്ങള്‍ പെട്ടെന്നു നിന്ദ്യന്‍മാരില്‍ നിന്ദ്യന്‍മാരും, ലോകം മുഴുവന്‍ കീര്‍ത്തിമുദ്ര നേടിയ വമ്പന്‍മാര്‍ പെട്ടെന്നു ലോകദൃഷ്ട്യാ അധമന്‍മാരില്‍ അധമന്‍മാരുമായി മാറുന്നതും, നേരെ മറിച്ചു ഇതിനു വിപരീതം സംഭവിക്കുന്നതും എക്കാലത്തും അനുഭവത്തില്‍ കാണാറുള്ള കാഴ്ചകളാണല്ലോ. അതെ, എല്ലാം അല്ലാഹുവിന്‍റെ സൃഷ്ടി. എല്ലാം അവന്‍റെ കല്‍പന. (الاله الخلق والامر)

لَّا يَتَّخِذِ ٱلْمُؤْمِنُونَ ٱلْكَـٰفِرِينَ أَوْلِيَآءَ مِن دُونِ ٱلْمُؤْمِنِينَ ۖ وَمَن يَفْعَلْ ذَٰلِكَ فَلَيْسَ مِنَ ٱللَّهِ فِى شَىْءٍ إِلَّآ أَن تَتَّقُوا۟ مِنْهُمْ تُقَىٰةً ۗ وَيُحَذِّرُكُمُ ٱللَّهُ نَفْسَهُۥ ۗ وَإِلَى ٱللَّهِ ٱلْمَصِيرُ ﴿٢٨﴾

28 സത്യവിശ്വാസികള്‍ സത്യവിശ്വാസികളെയല്ലാതെ, അവിശ്വാസികളെ മിത്രങ്ങളാക്കി വെക്കരുത്. ആരെങ്കിലും അത് ചെയ്യുന്ന പക്ഷം, അവന്‍ അല്ലാഹുവിനെ സംബന്ധിച്ച് ഒന്നിലും (തന്നെ) അല്ല [അവന് അല്ലാഹുവുമായി യാതൊരു പൊരുത്തപ്പാടും ബന്ധവുമില്ല]; അവരെക്കുറിച്ച് നിങ്ങള്‍ ഒരു (തരം) സൂക്ഷ്മത പാലിക്കല്‍ എന്നുള്ളതല്ലാതെ. [അതിന് വിരോധമില്ല.] അല്ലാഹു അവനെക്കുറിച്ചുതന്നെ (ജാഗരൂകരായിരിക്കണമെന്ന്) നിങ്ങളെ താക്കീത് ചെയ്യുന്നു. അല്ലാഹുവിങ്കലേക്കത്രെ തിരിച്ചു വരവ്.

---

28 لا يتخذ ആക്കിവെക്കരുത്. **المؤمنونَ** സത്യവിശ്വാസികള്‍. **الكافرين** അവിശ്വാസികളെ. **أولياءَ** മിത്രങ്ങള്‍, കാര്യകര്‍ത്താക്കള്‍. **من دون** കൂടാതെ (അല്ലാതെ) . **المؤمنين** സത്യവിശ്വാസികളെ. **ومن يفعْل** ആരെങ്കിലും (വല്ലവരും) ചെയ്താല്‍. **ذَلك** അത് (അങ്ങിനെ). **فليس** എന്നാല്‍ അവനല്ല. **من اللهِ** അല്ലാഹുവിനെ സംബന്ധിച്ച്, അല്ലാഹുവിനോട്. **في شيءٍ** ഒരു കാര്യത്തിലും (ഒന്നിലും). **إلا أن تتقُوا** നിങ്ങള്‍ സൂക്ഷ്മത പാലിക്കല്‍ അല്ലാതെ. **منهم** അവരെക്കുറിച്ച്. **تقاةً** ഒരു സൂക്ഷ്മത (കാവല്‍). **ويحذرُكُم** നിങ്ങളെ താക്കീത് ചെയ്യുന്നു, ജാഗരൂകരാക്കുന്നു. **اللهُ** അല്ലാഹു. **نفْسه** തന്നെക്കുറിച്ചു തന്നെ. **وإلى اللهِ** അല്ലാഹുവിങ്കലേക്കാണ്. **المصير** തിരിച്ചെത്തല്‍, പര്യവസാനം.

അവിശ്വാസികളായ വ്യക്തികളോടോ, സംഘങ്ങളോടോ സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് സത്യവിശ്വാസികള്‍ അവരെ മിത്രങ്ങളും കൈകാര്യക്കാരുമായി സ്വീകരിക്കുന്നതിനെ അല്ലാഹു കര്‍ശനമായി വിരോധിക്കുന്നു.അങ്ങിനെ ചെയ്യുന്നവര്‍ക്ക് അല്ലാഹുവുമായി യാതൊരു ബന്ധവുമില്ല-അഥവാ അല്ലാഹുവില്‍നിന്നു അവന് യാതൊരു കരുണയും സ്നേഹവും പ്രതീക്ഷിക്കുവാനില്ല- എന്നു കനത്ത താക്കീതും നല്‍കുന്നു. എന്നാല്‍, അവരുടെ ഭാഗത്തുനിന്ന് വല്ല ആപത്തോ, അസഹനീയമായ അക്രമ മര്‍ദ്ദനങ്ങളോ ഉണ്ടായേക്കാമെന്നു ഭയപ്പെടുന്ന പക്ഷം, അതില്‍നിന്നു രക്ഷപ്രാപിക്കാനുള്ള ഒരു കരുതലെന്ന നിലക്ക് പ്രത്യക്ഷത്തില്‍ അവരുമായി മൈത്രിയും സ്നേഹബന്ധവും സ്ഥാപിക്കുന്നതിന് വിരോധമില്ലെന്നും അറിയിക്കുന്നു. പക്ഷേ, ആ ബന്ധം പരിധിയില്‍ കവിയുകയോ, ആവശ്യത്തിലധികമായിത്തീരുകയോ ചെയ്യുന്നതു സൂക്ഷിക്കണമെന്നും, ഇല്ലാത്ത പക്ഷം അല്ലാഹു നടപടി എടുക്കുമെന്നും കൂടി ഓര്‍മ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു. ശത്രുപക്ഷക്കാരുമായുള്ള അണഞ്ഞ ബന്ധം ഇസ്ലാമിനും മുസ്ലീംകള്‍ക്കും ദ്രോഹകരമായിത്തീരുമെന്നുള്ള

താണ് ഈ വിഷയത്തിൽ ഇത്രയും കർശനമായ താക്കീതിന് കാരണം. മാത്രമല്ല, സ്വന്തം മതത്തിൻെറയും സമുദായത്തിൻെറയും നൻമക്കുവേണ്ടത്ര വില കൽപിക്കുന്നില്ലെന്നും, ശത്രുക്കളുടെ നിലപാടുമായി പൊരുത്തപ്പെടുന്നുവെന്നുമാണല്ലോ അവരെ മിത്രങ്ങളായി കരുതുന്നതിൻെറ അർത്ഥം.

അല്ലാഹു പറയുന്നു: ''ഹേ, വിശ്വസിച്ചവരെ, നിങ്ങൾ യഹൂദികളെയും ക്രിസ്ത്യാനികളെയും മിത്രങ്ങളാക്കി വെക്കരുത്. അവരിൽ ചിലർ ചിലരുടെ (അവർ തമ്മതമ്മിൽ) മിത്രങ്ങളത്രെ. നിങ്ങളിൽ നിന്നു ആരെങ്കിലും അവരെ മിത്രങ്ങളാക്കുന്ന പക്ഷം അവൻ അവരിൽപെട്ടവനായിരിക്കും.'' (മാഇദ: 51) ''അവിശ്വസിച്ചവരിൽ ചിലർ ചിലരുടെ മിത്രങ്ങളാകുന്നു. (നിങ്ങൾക്കു അവർ മിത്രങ്ങളല്ല.) അങ്ങിനെ നിങ്ങൾ ചെയ്യാത്ത പക്ഷം ഭൂമിയിൽ കുഴപ്പവും വലിയ നാശവും ഉണ്ടാകുന്നതാണ്.'' (അൻഫാൽ ; 73) ''ഹേ, വിശ്വസിച്ചവരെ, എൻെറ ശത്രുവും, നിങ്ങളുടെ ശത്രുവുമായവരോട് സ്നേഹം കാട്ടിക്കൊണ്ട് അവരെ നിങ്ങൾ മിത്രങ്ങളാക്കരുത്. ....'' (മുംതഹന :1.) ഈ വചനത്തിൻെറ പൂർണ്ണഭാഗവും വ്യാഖ്യാനവും സൂറഃ മുംതഹനയിൽ നോക്കുന്നത് സന്ദർഭോചിതമായിരിക്കും. അബുദ്ദർദാഉ് (رضي الله عنه) പ്രസ്താവിച്ചതായി ബുഖാരി (رحمه الله) ഉദ്ധരിച്ചിരിക്കുന്നു : ''ചില ജനങ്ങളുടെ മുഖത്ത് ഞങ്ങൾ (ചിരിച്ച്) പല്ലുകാട്ടും. ഞങ്ങളുടെ ഹൃദയങ്ങൾ ശപിക്കുന്നുമുണ്ടായിരിക്കും.'' അതായത് ഞങ്ങളുടെ ശത്രുക്കളിൽ പെട്ട ചിലരുമായി കാണുമ്പോൾ, പുറമേ ഞങ്ങൾ ചിരിക്കാറുണ്ടെങ്കിലും ഞങ്ങളുടെ മനസ്സിൽ അവരോട് വെറുപ്പും അറപ്പുമായിരിക്കുമെന്ന് സാരം. ഈ വചനത്തിൽ (**تقية**) (സൂക്ഷ്മത കാണിക്കുക) എന്ന് പറഞ്ഞതിൻെറ വ്യാഖ്യാനമായി ഇബ്ന് അബ്ബാസ് (رضي الله عنه) ൽ നിന്ന് ഇമാംഥൗരീ (رحمه الله) മുതലായവർ ഇങ്ങിനെ ഉദ്ധരിക്കുന്നു : ''പ്രവൃത്തി കൊണ്ടല്ല സൂക്ഷമത.'' നാവ്കൊണ്ട് മാത്രമാണ് സൂക്ഷമത. അതായതു, സംസാരത്തിലും പെരുമാറ്റത്തലും സ്നേഹം പ്രകടിപ്പിക്കുകയല്ലാതെ, ഹൃദയം ഇണങ്ങിക്കൊണ്ടുള്ള സ്നേഹമോ, സ്നേഹബന്ധത്തിൻെറ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളോ ഉണ്ടായിക്കൂടാ എന്നു സാരം. ഗത്യന്തരമില്ലാത്ത ഘട്ടത്തിൽ, ഹൃദയത്തിൽ സത്യവിശ്വാസം ഉറപ്പിച്ചുകൊണ്ട് 'കുഫ്റി'ൻെറ വല്ല വാക്കുകളും പറയേണ്ടിവന്നാൽ അതിന് വിരോധമില്ലെന്ന് (സൂ: നഹ്ൽ 106ൽ) അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്.

മുസ്ലീംകളുമായി ശത്രുത വെച്ചു പുലർത്തിപ്പോരുകയും, തക്കം കിട്ടിയാൽ ഉപദ്രവിക്കുവാനും അക്രമിക്കുവാനും വട്ടം കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവിശ്വാസികളെക്കുറിച്ചാണ് മേൽപ്രസ്താവിച്ചതെല്ലാം എന്ന് പ്രത്യേകം ഓർമിച്ചിരിക്കേണ്ടതാകുന്നു. മനസ്സിൽ ശത്രുത ഒളിച്ചുവെക്കുകയോ, പുറമേ പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയൊ ചെയ്യാതെ അന്യോന്യം നല്ല നിലയിൽ വർത്തിച്ചുപോരുന്ന അവിശ്വാസികളോട് മുസ്ലീംകൾ അങ്ങോട്ടും സ്നേഹത്തിലും സൗഹാർദ്ദത്തിലും തന്നെ വർത്തിക്കേണ്ടതാകുന്നു. സൂറത്തുൽ മുംതഹന : 8,9 വചവനങ്ങളിൽ അല്ലാഹു ഇക്കാര്യം വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.അമുസ്ലീംകളുമായി ഇടപെടുന്നതു സംബന്ധിച്ചു കൂടുതൽ വിവരം ആ വചനങ്ങളിലും അവയുടെ വ്യാഖ്യാനത്തിലും കാണാവുന്നതാണു. അവിടെ നോക്കുക.

29 പറയുക:''നിങ്ങളുടെ നെഞ്ചു [ഹൃദയം]കളിലുള്ളത് നിങ്ങൾ മറച്ചുവെച്ചാലും, അല്ലെങ്കിൽ അതു വെളിവാക്കിയാലും അല്ലാഹു അതറിയുന്നതാണ്. ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അവൻ അറിയുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.''

قُلْ إِن تُخْفُوا۟ مَا فِى صُدُورِكُمْ أَوْ تُبْدُوهُ يَعْلَمْهُ ٱللَّهُ ۗ وَيَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٩﴾

30 ''എല്ലാ (ഓരോ) ആത്മാവും (തന്നെ), അതു നന്മയായിട്ട് എന്ത് പ്രവർത്തിച്ചുവോ

يَوْمَ تَجِدُ كُلُّ نَفْسٍ مَّا عَمِلَتْ مِنْ خَيْرٍ

مُّحۡضَرٗا وَمَا عَمِلَتۡ مِن سُوٓءٖ تَوَدُّ لَوۡ أَنَّ بَيۡنَهَا وَبَيۡنَهُۥٓ أَمَدَۢا بَعِيدٗاۗ وَيُحَذِّرُكُمُ ٱللَّهُ نَفۡسَهُۥۗ وَٱللَّهُ رَءُوفُۢ بِٱلۡعِبَادِ ﴿٣٠﴾

അതിനെ തയ്യാറാക്കപ്പെട്ടതായി അത് കണ്ടെത്തുന്ന ദിവസം! അത് [ഓരോ ആത്മാവും] തിന്മയായിട്ട് എന്ത് പ്രവര്‍ത്തിച്ചുവോ, തന്‍റെയും അതിന്‍റെയും [ആ ആത്മാവിന്‍റെയും ആ തിന്മയുടെയും] ഇടയില്‍ വിദൂരമായ അകലം ഉണ്ടായിരുന്നെങ്കില്‍ (നന്നായേനെ)! എന്ന് അത് കൊതിക്കുകയും ചെയ്യും. അല്ലാഹു അവനെക്കുറിച്ചു തന്നെ (ജാഗരൂകരായിരിക്കണമെന്ന്) നിങ്ങളെ താക്കീത് ചെയ്യുന്നു. അല്ലാഹു അടിയാന്‍മാരോട് വളരെ ദയയുള്ളവനുമാകുന്നു.''

---

29 قُلْ പറയുക. إِن تخفُوا നിങ്ങള്‍ മറച്ചുവെച്ചാല്‍. ما في صدورکُم നിങ്ങളുടെ നെഞ്ചുകളിലുള്ളത്. أو تبدوه അല്ലെങ്കില്‍ നിങ്ങളത് വെളിപ്പെടുത്തിയാലും. يعلمه അതറിയുന്നതാണ്. اللهُ അല്ലാഹു. ويعلم അവന്‍ അറിയുകയും ചെയ്യും. ما في السماوات ആകാശങ്ങളിലുള്ളത്. وما في الأرض ഭൂമിയിലുള്ളതും. واللهُ അല്ലാഹുവാകട്ടെ. على كُل شيءٍ എല്ലാ കാര്യത്തിനും. قَدير കഴിവുള്ളവനാണ്. 30 يوم ദിവസം. تجِد കണ്ടെത്തുന്ന. كل نفْسٍ എല്ലാ ആളും, ആത്മാവും, ദേഹവും, വ്യക്തിയും. ما عملت അത് പ്രവര്‍ത്തിച്ചത്. من خير നന്മയായി. محضرا ഹാജരാക്ക (തയ്യാറാക്ക)പ്പെട്ടതായി. وما عملت അത് എന്ത് പ്രവര്‍ത്തിച്ചുവോ അത്. من سوءٍ തിന്‍മയായിട്ട്. تود അത് കൊതിക്കും. لو أن ഉണ്ടായി (ആയി)രുന്നെങ്കില്‍. بينها അതിന്‍റെ (തന്‍റെ) ഇടയില്‍ . وبينه അതിന്‍റെ (തിന്‍മയുടെ -ആ ദിവസത്തിന്‍റെ)യും ഇടയില്‍. أمداً അകലം. بعيداً വിദൂരമായ. ويحذركُم നിങ്ങളെ താക്കീത് ചെയ്യുന്നു, ജാഗരൂകരാക്കുന്നു. الله അല്ലാഹു. نفْسه തന്നെക്കുറിച്ചു തന്നെ. واللهُ അല്ലാഹു വളരെ കനിവുള്ളവനാണ്. رءُوف അടിയാന്‍മാരെപ്പറ്റി, അടിയാന്‍മാരോട്. بِالْعباد നിശ്ചയമായും യാതൊരുകൂട്ടര്‍.

വ്യാകരണപരമായി നോക്കുമ്പോള്‍ يوم تجد മുതല്‍(من سوء വരെയുള്ളതെല്ലാം ചേര്‍ന്നു ഒരു വാക്യമായും, تود മുതല്‍ രണ്ടാമത്തെ വാക്യം ആരംഭിക്കുന്നതായും വരാവുന്നതാണ്. അപ്പോള്‍ ഒന്നാമത്തെ വാക്യത്തിനു ഇങ്ങിനെ അര്‍ത്ഥം പറയാം: ''എല്ലാ ഓരോ ആത്മാവും-അഥവാ വ്യക്തിയും-നന്‍മയായിട്ട് എന്തു പ്രവര്‍ത്തിച്ചുവോ അതും തിന്‍മായായിട്ട് എന്തു പ്രവര്‍ത്തിച്ചുവോ അതും ഹാജരാക്കപ്പെട്ടതായി അതു കണ്ടെത്തുന്ന ദിവസം!'' ഇതു ഖിയാമത്ത് നാളിനെ ഉദ്ധേശിച്ചാണെന്നു പറയേണ്ടതില്ല. ഇഹത്തില്‍ വെച്ചു ചെയ്ത എല്ലാ നന്‍മതിന്‍മകളും മുമ്പില്‍ കാണുന്ന ദിവസമാണല്ലോ അത്.. രണ്ടാമത്തെ വാക്യത്തിന്‍റെ അര്‍ത്ഥം ഇങ്ങിനെയും പറയാം: ''അതിനും അതിനുമിടയില്‍ - അഥവാ ആ ആത്മാവിനും ആ ദിവസത്തിനുമിടയില്‍-വിദൂരമായ അകലം ഉണ്ടായിരുന്നെങ്കില്‍ (നന്നായേനെ)! എന്നു അതു കൊതിക്കും.'' രണ്ടായാലും തിന്മ പ്രവര്‍ത്തിച്ചവര്‍ ഖിയാമത്തുനാളില്‍ അതുമൂലം തീരാദുഃഖത്തിലായിത്തീരുമെന്നു സാരം.

വിഭാഗം–4

قُلۡ إِن كُنتُمۡ تُحِبُّونَ ٱللَّهَ فَٱتَّبِعُونِي يُحۡبِبۡكُمُ ٱللَّهُ وَيَغۡفِرۡ لَكُمۡ ذُنُوبَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ﴿٣١﴾

31 പറയുക: ''നിങ്ങള്‍ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കില്‍, നിങ്ങള്‍ എന്നെ പിന്‍പറ്റുവിന്‍; (എന്നാല്‍) അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും, നിങ്ങള്‍ക്ക് നിങ്ങളുടെ പാപങ്ങള്‍ പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും,

കരുണാനിധിയുമാകുന്നു.''

32 പറയുക: ''നിങ്ങള്‍ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവിന്‍.'' എന്നിട്ട് അവര്‍ തിരിഞ്ഞുകളയുന്നപക്ഷം, നിശ്ചയമായും അല്ലാഹു (ആ) അവിശ്വാസികളെ സ്‌നേഹിക്കുന്നതല്ല.

قُلْ أَطِيعُوا۟ ٱللَّهَ وَٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ لَا يُحِبُّ ٱلْكَٰفِرِينَ ﴿٣٢﴾

---

31 **قُلْ** പറയുക. **إِن كُنتم** നിങ്ങളാകുന്നുവെങ്കില്‍. **تحبونَ الله** അല്ലാഹുവിനെ സ്‌നേഹിക്കുന്നു(വെങ്കില്‍). **فَاتبِعوني** എന്നാല്‍ എന്നെ പിന്‍പറ്റുവിന്‍. **يحبِبكُم الله** അല്ലാഹു നിങ്ങളെ സ്‌നേഹിക്കും. **ويغفر** അവന്‍ പൊറുത്തുതരുകയും ചെയ്യും. **لَكُم** നിങ്ങള്‍ക്ക് . **ذُنوبَكُم** നിങ്ങളുടെ പാപങ്ങളെ. **والله غَفُور** അല്ലാഹു വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്. 32 **قُلْ** പറയുക. **أَطيعوا الله** അല്ലാഹുവിനെ അനുസരിക്കുവിന്‍. **والرسولَ** റസൂലിനെയും. **فَإِن تولوا** എന്നിട്ടവര്‍ തിരിഞ്ഞു കളഞ്ഞെങ്കില്‍. **فَإِن الله** എന്നാല്‍ നിശ്ചയമായും അല്ലാഹു. **لا يحب** അവന്‍ സ്‌നേഹിക്ക(ഇഷ്ടപ്പെടുക)യില്ല. **الْكافرين** അവിശ്വാസികളെ.

ഞങ്ങള്‍ അല്ലാഹുവിന്‍െറ മക്കളും ഇഷ്ടക്കാരുമാണ് (نَحْن ابناء الله واحباؤه) എന്നു വാദിക്കുന്ന ജൂദരും ക്രിസ്ത്യാനികളുമാകുന്ന വേദക്കാര്‍, അല്ലാഹുവിന്‍െറ സാമീപ്യം സമ്പാദിക്കുവാന്‍ വേണ്ടിയാണെന്ന ഭാവേന - പ്രത്യക്ഷമായോ -പരോക്ഷമായോ-അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നവര്‍, ഞങ്ങളാണ് യഥാര്‍ത്ഥത്തില്‍ അല്ലാഹുവിനെ അനുസരിക്കുന്നവരെന്ന് വാദിച്ചുകൊണ്ട് നബിചര്യകളും, നബിവചനങ്ങളും അവഗണിച്ചു പുറംതള്ളുന്ന അഹ്‌ലുല്‍ ഖുര്‍ആനികള്‍ എന്നു പറയപ്പെടുന്നവര്‍ എന്നിങ്ങനെയുള്ളവര്‍ക്കെല്ലാം തക്കതായ ഖണ്ഡനം ഈ വചനങ്ങളില്‍ അടങ്ങിയിരിക്കുന്നു: റസൂലിനെ അനുസരിക്കുകയും റസൂലിന്‍െറ മാര്‍ഗം പിന്‍പറ്റുകയും ചെയ്യാത്തവര്‍, അല്ലാഹു ഇഷ്ടപ്പെടാത്ത അവിശ്വാസികളാകുന്നുവെന്നത്രെ അവസാനത്തെ വചനം കാണിക്കുന്നത്. റസൂലിനെ അനുസരിക്കുകയെന്ന കാര്യം- ചില ലഘുബുദ്ധികള്‍ വിചാരിക്കുന്നതുപോലെ-കേവലം ഒരു നിസ്സാര വിഷയമൊന്നുമല്ല. മുന്‍ കഴിഞ്ഞുപോയ എല്ലാ പ്രവാചകന്‍മാരും എല്ലാ റസൂലുകളും നബി (ﷺ) തിരുമേനിയുടെ കാലത്തു ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കില്‍, അവര്‍ ഓരൊരുത്തരും നബി (ﷺ) യെ പിന്‍പറ്റി നടക്കുവാന്‍ ബാധ്യസ്ഥരാകുമായിരുന്നു. അത്രയും ഗൗരവപ്പെട്ടതാണ് ആ വിഷയം. ഇതിനെപ്പറ്റി താഴെ 81-ാം വചനത്തില്‍ കൂടുതല്‍ വിവരം കാണാവുന്നതാണ്. انشاء الله

സൂറത്തുല്‍ ഫാതിഹയില്‍ വെച്ചു മുമ്പു വിവരിച്ചതുപോലെ, സ്‌നേഹത്തില്‍ നിന്നാണ് ഭയഭക്തിയുടെയും അനുസരണത്തിന്‍െറയും ബഹുമാനത്തിന്റെയും ഉല്‍ഭവം. അല്ലാഹുവിനെ സ്‌നേഹിക്കുന്നുണ്ടെന്നു വാദിക്കുന്ന ഏവരും നബി (ﷺ) തിരുമേനി കാണിച്ചു തന്ന മാര്‍ഗ്ഗം സ്വീകരിക്കുവാന്‍ ബാധ്യസ്ഥരാകുന്നു. അതുകൊണ്ടാണ് ഒരു ഹദീസില്‍ നബി (ﷺ) ഇങ്ങിനെ പറഞ്ഞത് : 'ഏതൊരുപ്രകാരത്തിലാണോ നമ്മുടെ കാര്യം, അപ്രകാരമല്ലാത്ത ഒരു പ്രവൃത്തി ആരെങ്കിലും പ്രവര്‍ത്തിച്ചാല്‍ അതു തള്ളപ്പെട്ടതായിരിക്കും.' (ബു) അല്ലാഹുവിനെ സ്‌നേഹിക്കുന്നെണ്ടന്ന വാദം സാക്ഷാല്‍കരിക്കുന്നതു റസൂല്‍ (ﷺ) തിരുമേനിയുടെ ചര്യ സ്വീകരിക്കുന്നതു വഴിയാണ്; അങ്ങിനെ ചെയ്യുന്നവരെയാണ് അല്ലഹുവും സ്‌നേഹിക്കുക. സ്‌നേഹിക്കുക മാത്രമല്ല അവരുടെ പാപങ്ങള്‍ അവന്‍ പൊറുത്തുകൊടുക്കുകകൂടി ചെയ്യും ; അല്ലാഹുവിനെ അനുസരിക്കലും റസൂലിനെ അനുസരിക്കലും വിഭിന്നമല്ല - രണ്ടും ഒന്നുതന്നെയാകുന്നു- എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്‍െറ സാരം. വേറൊരിടത്തില്‍ അല്ലാഹു പറയുന്നു: **من يطع الرسول فقد اطاع الله – النسآء** (റസൂലിനെ ആര്‍ അനുസരിക്കുന്നുവോ അവന്‍ അല്ലാഹുവിനെ അനുസരിച്ചു.) (നിസാഉ് : 80)

33 നിശ്ചയമായും അല്ലാഹു, ആദമിനേയും, നൂഹിനേയും, ഇബ്റാഹീം കുടുംബത്തെയും, ഇംറാൻ കുടുംബത്തെയും ലോകരിൽ (ഉൽകൃഷ്ടരാക്കി) തിരഞ്ഞെടുത്തിരിക്കുന്നു.	۞ إِنَّ ٱللَّهَ ٱصۡطَفَىٰٓ ءَادَمَ وَنُوحٗا وَءَالَ إِبۡرَٰهِيمَ وَءَالَ عِمۡرَٰنَ عَلَى ٱلۡعَٰلَمِينَ ﴿٣٣﴾
34 (അതെ) ചിലർ (മറ്റു) ചിലരിൽ നിന്നുള്ള സന്തതികളായിക്കൊണ്ട്. അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.	ذُرِّيَّةَۢ بَعۡضُهَا مِنۢ بَعۡضٖۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٣٤﴾

33 **إن الله** നിശ്ചയമായും അല്ലാഹു. **اصطفى** തിരഞ്ഞെടുത്തിരിക്കുന്നു, തെളിയിച്ചെടുത്ത. **آدم** ആദമിനെയും . **ونوحا** നൂഹിനെയും. **وآلَ إبراهيم** ഇബ്റാഹീം കുടുബത്തെയും. **وآلَ عمران** ഇംറാൻ കുടുംബത്തെയും. **على الْعالمين** ലോകരിൽ. 34 **ذُرية** സന്തതികളായിക്കൊണ്ട്. **بعضها** അവയിൽ ചിലർ. **من بعض** ചിലരിൽ നിന്നാകുന്നു. **والله سميع** അല്ലാഹു കേൾക്കുന്നവനാണ്. **عليم** അറിയുന്നവനാണ്.

സൂറത്തിൻെറ ആരംഭത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ, ആദ്യം മുതൽ എൺപതിൽപരം വചനങ്ങൾ മുഴുവനും നജ്രാനിൽ നിന്നു വന്ന ക്രിസ്തീയ നിവേദക സംഘത്തെത്തുടർന്ന് അവതരിച്ചതായിരുന്നാലും അല്ലെങ്കിലും ശരി, ഈ വചനങ്ങളിലും തുടർന്നുള്ള ഏതാനും വചനങ്ങളിലും പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് അടങ്ങിയിരിക്കുന്നത്. മനുഷ്യപിതാവും, ഒന്നാമത്തെ പ്രവാചകനുമാണല്ലോ ആദം നബി(അ). അദ്ദേഹത്തിനു ശേഷം അറിയപ്പെട്ട ഒന്നാമത്തെ റസൂലാണ് നൂഹ്നബി(അ). അനന്തരം നിയുക്തരായ റസൂലുകളുടെ ചരിത്രത്തിൽ പല നിരക്കും മഹത്തായ സ്ഥാനപദവികൾ ലഭിച്ച പ്രവാചക വര്യനാണ് ഇബ്രാഹിം നബി(عليه السلام). അദ്ദേഹത്തിൻെറ സന്താനപരമ്പരകളത്രെ ഇസ്റാഈല്യരും അറബികളും. ഇസ്റാഈല്യരിൽ പെട്ട ഒരു പ്രധാന ശാഖയാണു ഇംറാൻ കുടുംബം (ആലുഇംറാൻ). ഇവർക്കെല്ലാം അതതു കാലത്തുള്ള ഇതര ജനങ്ങളെക്കാൾ അല്ലാഹു ശ്രേഷ്ഠത നൽകിയിരിക്കുന്നുവെന്നു സാരം.

ഇംറാൻ (**عمران**) എന്നു പറഞ്ഞത് മൂസാ, ഹാറൂൻ (عليه السلام) എന്നീ നബിമാരുടെ പിതാവായ ഇംറാനാണെന്നും ഇംറാൻ കുടുംബം എന്ന വാക്കിൽ അവർ രണ്ടുപേരും ഉൾപെടുമെന്നുമാണ് ചിലരുടെ അഭിപ്രായം. ഈസാ (عليه السلام) നബിയുടെ മാതാവായ മർയം (عليها السلام) ബീവിയുടെ പിതാവായ ഇംറാനും അദ്ദേഹത്തിൻെറ കുടുംബവുമാണ് ഉദ്ദേശ്യമെന്നത്രെ മറ്റൊരു അഭിപ്രായം. തുടർന്നുള്ള വചനങ്ങളിലെ പ്രധാന പ്രതിപാദ്യ വിഷയം ഈസാ (عليه السلام) നെക്കുറിച്ചാണെന്ന വസ്തുതയും, 'ഇംറാൻെറ സ്ത്രീ പറഞ്ഞപ്പോൾ' എന്നുള്ള അടുത്ത വചനത്തിൻെറ തുടക്കവും നോക്കുമ്പോൾ, ഈ രണ്ടാമത്തെ അഭിപ്രായത്തിനാണു മുൻഗണന കാണുന്നത്. 'ഇംറാൻെറ സ്ത്രീ' എന്നതിനും ഇംറാൻെറ കുടുംബത്തിൽ പെട്ട ഒരു സ്ത്രീ എന്നാണ് ഒന്നാമത്തെ അഭിപ്രായക്കാർ അർത്ഥമാക്കുന്നത്. ഇതത്ര നന്നായി തോന്നുന്നില്ല. ഏതായാലും തുടർന്നുള്ള വചനങ്ങളിൽ ഈസാ സകരിയ്യാ, യഹ്യാ (عليه السلام) എന്നീ നബിമാരെക്കുറിച്ചുള്ള പ്രസ്താവനകൾക്കു ഒരു മുഖവുരയെന്നോണമാണ് ഈ വചനങ്ങൾ നിലകൊള്ളുന്നത്. ആദം (عليه السلام) തൊട്ട് ഈംറാൻ കുടുംബം വരെയും, അതിനു ശേഷവുമുള്ള എല്ലാ ചരിത്രങ്ങളും സവിശദം അല്ലാഹുവിനറിയാമെന്നുള്ള ഒരുസൂചന, അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ് (**و الله سميع عليم**) എന്ന അവസാനത്തെ വാക്യത്തിൽ ഉള്ളതായി കാണാവുന്നതാണ്. (**و الله اعلم**)

35 ഇംറാൻെറ സ്ത്രീ [ഭാര്യ] പറഞ്ഞ സന്ദർഭം (ഓർക്കുക): ''എൻെറ റബ്ബേ, നിശ്ചയമായും എൻെറ വയറ്റിലുള്ളതിനെ [ഗർഭസ്ഥ ശിശുവെ] സ്വതന്ത്രമാക്കപ്പെട്ട നിലയിൽ ഞാൻ നിനക്ക് (നേർച്ച) നേർന്നിരിക്കുന്നു; ആകയാൽ, നീ എന്നിൽനിന്ന് (അത്) സ്വീകരിക്കേണമേ! നിശ്ചയമായും, നീ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും''.

إِذۡ قَالَتِ ٱمۡرَأَتُ عِمۡرَٰنَ رَبِّ إِنِّي نَذَرۡتُ لَكَ مَا فِي بَطۡنِي مُحَرَّرٗا فَتَقَبَّلۡ مِنِّيٓۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ٣٥

---

35 **إذْ قالت** പറഞ്ഞ സന്ദർഭം. **امرأةُ عمرانَ** ഇംറാൻെറ സ്ത്രീ. **رب** എൻെറ റബ്ബേ. **إني نذَرت** നിശ്ചയമായും ഞാൻ നേർന്നിരിക്കുന്നു. **لَكَ** നിനക്ക്. **ما في بطنِي** എൻെറ വയറ്റിലുള്ളതിനെ. **محررا** സ്വതന്ത്രമാക്കപ്പെട്ട നിലയിൽ. **فتقبلْ** അതിനാൽ നീ സ്വീകരിക്കേണമേ. **مني** എന്നിൽ നിന്ന്. **إنك أنت** നിശ്ചയമായും, നീ തന്നെ. **السميع** കേൾക്കുന്നവൻ. **العَليم** അറിയുന്നവൻ.

മർയം (عليها السلام) ബീവിയുടെ മാതാവാണ് ഇംറാൻെറ ഭാര്യ. അവരുടെ പേര് ഹന്ന (**حنة**) എന്നാണറിയപ്പെടുന്നത് . അവർക്ക് മക്കൾ ജനിച്ചിരുന്നില്ല ; ഒരു കുട്ടിക്കുവേണ്ടി അവർ പ്രാർത്ഥിച്ചു; ഗർഭവതിയായപ്പോൾ ഗർഭസ്ഥശിശു ജനിച്ചാൽ അതിനെ ബൈത്തുൽ മുഖദ്ദസിലെ പരിചരണത്തിനും, അവിടെ ആരാധനാ കർമ്മങ്ങൾ നടത്തുന്നതിനും വേണ്ടി വഴിപാടാക്കുവാൻ നേർച്ചനേർന്നു; ഗർഭവതിയായിരുന്നപ്പോൾ തന്നെ കുട്ടിയുടെ പിതാവ് മരണപ്പെട്ടിരുന്നു; എന്നൊക്കെ പലതും പ്രസ്താവിച്ചു കാണുന്നു.ബൈത്തുൽ മുഖദ്ദസിലെ ശുശ്രൂഷക്കു വേണ്ടി ആകുട്ടികളെ വഴിപാടാക്കുക അക്കാലത്തു പതിവുണ്ടായിരുന്നു. അതനുസരിച്ചു ആ മഹതിയും അങ്ങിനെ ചെയ്തു. താൻ പ്രസവിക്കുന്ന കുട്ടി ആണായിരിക്കുമെന്നു അവർ പ്രതീക്ഷിച്ചിരിക്കാം. ആണായിത്തീരണമെന്ന ആഗ്രഹവും അവർക്കുണ്ടായിരിക്കാം. അതുകൊണ്ടായിരിക്കണം പ്രസവിക്കും മുമ്പുതന്നെ അങ്ങിനെ നേർച്ചയാക്കിയതെന്നാണ് അടുത്ത വചനത്തിൽനിന്നു മനസ്സിലാകുന്നത്. സ്വതന്ത്രമാക്കപ്പെട്ടവനാക്കുക (**محرر**) എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം. പള്ളിയുടെ പരിചരണത്തിലും ആരാധാനയിലുമല്ലാതെ മറ്റൊന്നിലും ശ്രദ്ധ പതിക്കാത്തവനാക്കുക എന്നത്രെ.

36 എന്നിട്ട് അവൾ അതിനെ [ആ പെൺകുട്ടിയെ] പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: ''എൻെറ റബ്ബേ, ഞാൻ അതിനെ പെണ്ണായി പ്രസവിച്ചു (വല്ലോ)!''-അവൾ പ്രസവിച്ചതിനെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ് താനും- ''ആണ് പെണ്ണിനെപ്പോലെ അല്ല(ല്ലോ). ഞാൻ അവൾക്ക് 'മർയം' എന്ന് പേരുവെച്ചിരിക്കുന്നു; അവൾക്കും, അവളുടെ സന്തതികൾക്കും ആട്ടപ്പെട്ട [ശപിക്കപ്പെട്ട] പിശാചിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുകയും ചെയ്യുന്നു.''

فَلَمَّا وَضَعَتۡهَا قَالَتۡ رَبِّ إِنِّي وَضَعۡتُهَآ أُنثَىٰ وَٱللَّهُ أَعۡلَمُ بِمَا وَضَعَتۡ وَلَيۡسَ ٱلذَّكَرُ كَٱلۡأُنثَىٰۖ وَإِنِّي سَمَّيۡتُهَا مَرۡيَمَ وَإِنِّيٓ أُعِيذُهَا بِكَ وَذُرِّيَّتَهَا مِنَ ٱلشَّيۡطَٰنِ ٱلرَّجِيمِ ٣٦

---

36 **فلما وضعتها** എന്നിട്ട് അതിനെ (അവളെ) അവൾ പ്രസവിച്ചപ്പോൾ. **قالَت رب** അവൾ പറഞ്ഞു എൻെറ റബ്ബേ. **إني وضعتها** നിശ്ചയമായും ഞാൻ അതിനെ (അവളെ പ്രസവിച്ചു). **أنثَى** പെണ്ണായിട്ട്. **والله** അല്ലാഹു . **أعلَم** ഏറ്റം(നല്ലപോലെ) അറിയുന്നവനുമാണ്. **بما وضعت** അവൾ പ്രസവിച്ചതിനെപ്പറ്റി. **وليس الذكر** ആണല്ലതാനും, ആണല്ലല്ലോ. **كالأنثى** പെണ്ണിനെപ്പോലെ. **وإني** നിശ്ചയമായും ഞാൻ. **سميتها** അവൾക്ക് പേരു വെച്ചിരിക്കുന്നു. **مريم** മർയം എന്ന്. **وإني أعيذُها** ഞാൻ അവൾക്ക്

ശരണം തേടുക (ശരണമാക്കുക)യും ചെയ്യുന്നു. **بِكَ** നിന്നോട്, നിന്നെക്കൊണ്ട്. **وَذُرِّيتَهَا** അവളുടെ സന്തതികൾക്കും. **مِنَ الشَّيطَانِ** പിശാചിൽനിന്ന്. **الرَّجِيمِ** ആട്ടപ്പെട്ട (ശപിക്കപ്പെട്ട).

ഇംറാൻെറ ഭാര്യ പ്രസവിച്ചു നോക്കുമ്പോൾ, കുട്ടി പ്രതീക്ഷക്കു വിരുദ്ധമായി പെണ്ണായിട്ടാണ് ജനിച്ചത്. 'ഞാൻ പ്രസവിച്ചത് ഒരു പെൺകുട്ടിയായല്ലോ! ഉദ്ദേശിച്ച കാര്യത്തിൽ ആൺകുട്ടിയും പെൺകുട്ടിയും ഒരുപോലെയല്ലല്ലോ! എന്ന് അവർ സങ്കടപ്പെട്ടു. ഗർഭത്തിലുള്ള കുട്ടിയെ നേർച്ച നേർന്ന സ്ഥിതിക്കു ആണായാലും പെണ്ണായാലും ആ നേർച്ച നിർവ്വഹിക്കണമല്ലോ. അതവർ നിർവ്വഹിക്കുകയും ചെയ്തു. കുട്ടിക്കു മറിയം എന്നു പേരു വെക്കുകയും, മർയമിനും അവരിൽനിന്നുണ്ടായേക്കാവുന്ന സന്തതികൾക്കും പിശാചിൻെറ ഉപദ്രവങ്ങളൊന്നും ബാധിക്കാതിരിക്കുവാൻ അവർ പ്രാർത്ഥിക്കുകയും ചെയ്തു. **و الله اعلم بما وضعت** (അവൾ പ്രസവിച്ചതിനെപ്പറ്റി അല്ലാഹു ഏറ്റം അറിയുന്നവനുമാണ്) എന്ന വാക്യം ഇടക്കു വെച്ചു അല്ലാഹു പറഞ്ഞതാകുന്നു. പ്രസവിച്ച കുട്ടി ആണോ പെണ്ണോ എന്നും, ഉദ്ദേശിച്ച വിഷയത്തിൽ കുട്ടി പെണ്ണായതു കൊണ്ടുള്ള വിഷമം എന്തൊക്കെയാണെന്നും, അതോടു കൂടി ആ പെകുട്ടി വഴി ഭാവിയിൽ പല ദൃഷ്ടാന്തങ്ങളും സംഭവിക്കാനിരിക്കുന്നുവെന്നുമൊക്കെ അല്ലാഹുവിനു നല്ലപോലെ അറിയാം. അതറിഞ്ഞുകൊണ്ടുതന്നെയാണ് അതിനെ പെകുട്ടിയാക്കി ജനിപ്പിച്ചതും. എന്നിങ്ങനെയുള്ള സൂചനകൾ ആ വാക്യത്തിൽ അടങ്ങിയിരിക്കുന്നു.

فَتَقَبَّلَهَا رَبُّهَا بِقَبُولٍ حَسَنٍ وَأَنۢبَتَهَا نَبَاتًا حَسَنًا وَكَفَّلَهَا زَكَرِيَّا ۖ كُلَّمَا دَخَلَ عَلَيْهَا زَكَرِيَّا ٱلْمِحْرَابَ وَجَدَ عِندَهَا رِزْقًا ۖ قَالَ يَـٰمَرْيَمُ أَنَّىٰ لَكِ هَـٰذَا ۖ قَالَتْ هُوَ مِنْ عِندِ ٱللَّهِ ۖ إِنَّ ٱللَّهَ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ﴿٣٧﴾

37 അങ്ങനെ, അവളുടെ റബ്ബ് അവളെ [മർയമിനെ] നല്ലതായ ഒരു സ്വീകരണം സ്വീകരിച്ചു: അവളെ അവൻ ഒരു നല്ല ഉൽപാദനമായി ഉൽപാദിപ്പി (ച്ചു വളർത്തിക്കൊണ്ടിരി)ക്കുകയും ചെയ്തു. അവളെ (സംരക്ഷിക്കുവാൻ) സകരിയ്യാക്ക് അവൻ ഏൽപിച്ചു കൊടുക്കുകയും ചെയ്തു. സകരിയ്യാ മിഹ്റാബിൽ [പ്രാർത്ഥനാമണ്ഡപത്തിൽ] അവളുടെ അടുക്കൽ പ്രവേശിക്കുമ്പോഴൊക്കെയും അദ്ദേഹം അവളുടെ അടുക്കൽ (ചില) ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം പറഞ്ഞു;''മർയമേ, എവിടെനിന്നാണ് നിനക്കിത് (കിട്ടിയത്)?'' അവൾ പറഞ്ഞു: ''അത് അല്ലാഹുവിൻെറ പക്കൽ നിന്നാണ് (ലഭിക്കുന്നത്)'' നിശ്ചയമായും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നതാണ്.

---

37 فَتَقَبَّلَهَا അങ്ങനെ (എന്നിട്ട്) അവളെ സ്വീകരിച്ച്. **ربها** അവളുടെ റബ്ബ്. **بِقَبولٍ** ഒരു സ്വീകരണം, സ്വീകരണംകൊണ്ട്. **حسنٍ** നല്ലതായ. **وأنبتها** അവളെ ഉല്പാദിപ്പിക്കുക(വളർത്തുക)യും ചെയ്തു.. **نباتا حسنا** നല്ല ഒരു ഉൽപാദനമായി, നല്ല വളർത്തൽ. **وكفلها** അവളെ ഏറ്റെടുപ്പിക്കുക (ഏൽപിച്ചു കൊടുക്കുക)യും ചെയ്തു. **زكريا** സകരിയ്യാക്ക്. **كُلما دخلَ** പ്രവേശിക്കുമ്പോഴൊക്കെയും. **عليها** അവളുടെ അടുക്കൽ. **زكريا** സകരിയ്യാ. **المحراب** പ്രാർത്ഥനാ മണ്ഡപത്തിൽ. **وجد** അദ്ദേഹം കണ്ടെത്തി. **عندها** അവളുടെ അടുക്കൽ. **رزقًا** ആഹാരം. **قالَ** അദ്ദേഹം പറഞ്ഞു . **يا مريم** മർയമേ. **أنى لك** എവിടെ നിന്നാണ് (എങ്ങിനെയാണ്) നിനക്ക്. **هذا** ഇത്. **قالت** അവൾ പറഞ്ഞു. **هو** അത്. **من عند الله** അല്ലാഹുവിൻെറ പക്കൽനിന്നാണ്. **إن الله** നിശ്ചയമായും അല്ലാഹു. **يرزق** അവൻ (ആഹാരം) നൽകുന്നു. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **بغير حسابٍ** ഒരു കണക്കും കൂടാതെ.

ആ മഹതിയുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. പിശാചിൻെറ ഉപദ്രവങ്ങളിൽ നിന്നു മർയം (عليها السلام) നെ അവൻ കാത്തു രക്ഷിക്കുകയും ചെയ്തു. സൽസ്വഭാവം, വിശ്വാസദാർഢ്യം, വിജ്ഞാനം, ഭയഭക്തി, അച്ചടക്കം, ചാരിത്ര്യശുദ്ധി ആദിയായ ഗുണങ്ങളോടുകൂടി അല്ലാഹു അവരെ വളർത്തിക്കൊണ്ടു വന്നു. ഇതിനൊക്കെ സഹായകമാകുമാറ് മർയം (عليها السلام) ൻെറ സംരക്ഷണ ഉത്തരവാദിത്വം സകരിയ്യാ (അ)നെ ഏൽപിക്കുകയും ചെയ്തു.അഥവാ 44-ാം വചനത്തിൽ കാണാവുന്നതുപോലെ- മർയമിനെ ഏറ്റെടുക്കേണ്ടതു ആരാണെന്നു തീരുമാനിക്കുവാൻ വേണ്ടി പുരോഹിതൻമാർക്കിടയിൽ നടന്ന നറുക്കെടുപ്പിൽ സകരിയ്യാ (عليه السلام) നബിക്കാണ് നറുക്കുവന്നത്. അദ്ദേഹം ബൈത്തുൽ മുഖദ്ദസിലെ പുരോഹിതൻമാരുടെ തലവനും, മർയമിൻെറ മാതൃസഹോദരിയുടെ ഭർത്താവും കൂടിയായിരുന്നു. [*എന്നാൽ സൂറത്തു മർയമിലെ 3-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ "അദ്ദേഹത്തിൻെറ ഭാര്യ ഈസാ നബിയുടെ മാതൃസഹോദരിയും ഇംറാൻെറ മകളുമാകുന്നു' എന്നാണ് കൊടുത്തിട്ടുള്ളത്. അതാണ് ശരി. (സ്വഹീഹുൽ ബുഖാരീ: 3888) പ്രസാദകർ.*] അങ്ങനെ അദ്ദേഹത്തിൻെറ സംരക്ഷണത്തിലും, പ്രത്യേക പരിഗണനയിലും, പുരോഹിതൻമാരുടെ പൊതുവെയുള്ള ലാളനയിലുമായി മർയം വളർന്നു വന്നു. പള്ളിയിലെ മിഹ്റാബിൽ-പ്രാർത്ഥനാ മണ്ഡപത്തിൽ- തന്നെയായിരുന്നു മർയമിനും സ്ഥലം ഏർപ്പാടു ചെയ്തിരുന്നത്. (*)

മർയമിനു വേണ്ടുന്ന ഉപദേശ നിർദ്ദേശങ്ങൾ നൽകുക, അവരുടെ സ്ഥിതിഗതികൾ അന്വേഷിക്കുക, അവർക്കാവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുക്കുക മുതലായ കാര്യങ്ങൾക്കായി സകരിയ്യാ (عليه السلام) പ്രാർത്ഥനാ മണ്ഡപത്തിൽ അവരുടെ അടുക്കൽ ചെല്ലുക പതിവായിരിക്കുമല്ലോ. ചെല്ലുമ്പോഴൊക്കെ, അവിടെ സാധാരണ ഗതിയിൽ ഉണ്ടായിരിക്കുവാൻ അവകാശമില്ലാത്ത ഭക്ഷ്യസാധങ്ങൾ അദ്ദേഹം കാണുമായിരുന്നു. അതിൽ അദ്ദേഹത്തിനു ആശ്ചര്യം തോന്നി മർയമേ, നിനക്കെവിടെ നിന്നാണു ഇതു കിട്ടുന്നത്? (يا مريم اني لك هذا) എന്നു അദ്ദേഹം ചോദിച്ചു. ഇതു അല്ലാഹുവിൻെറ പക്കൽ നിന്നു കിട്ടുന്നതാണ് (هو من عند الله) എന്നായിരുന്നു അവരുടെ മറുപടി. സകരിയ്യാ (عليه السلام) നെ ആശ്ചര്യപ്പെടുത്തിയ ആ വസ്തുക്കൾ എന്തായിരുന്നു? അതു കിട്ടിയിരുന്ന മാർഗ്ഗങ്ങൾ ഏതായിരുന്നു ? ഇതിനെപ്പറ്റി ഖുർആനിലോ ഹദീസിലോ പ്രസ്ഥാവിക്കപ്പെട്ടു കാണുന്നില്ല. പൗരാണിക മഹാൻമാരിൽ നിന്നു ഉദ്ധരിക്കപ്പെടുന്ന രണ്ടുതരം രിവായത്തുകളാണ് ഇവിടെ എടുത്തു കാണിക്കുവാനുള്ളത് : (1) മുജാഹിദു, ഇക്രിമ സഈദുബ്നു ജുബൈർ, ഖത്താദ, റബീഉ് (رحمهم الله) മുതലായ പലരിൽ നിന്നും ഇബ്നു ജരീർ (رحمه الله) അദ്ദേഹത്തിൻെറ തഫ്സീറിൽ ഉദ്ധരിച്ചതും, മിക്ക ഖുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിക്കാറുള്ളതുമാകുന്നു. അതിൻെറ ചുരുക്കം ഇതാണ് : ഉഷ്ണകാലത്തെ പഴവർഗ്ഗങ്ങൾ ശൈത്യകാലത്തും, ശൈത്യകാലത്തെ പഴവർഗ്ഗങ്ങൾഉഷ്ണകാലത്തും അദ്ദേഹം മർയമിൻെറ അടുക്കൽ കണ്ടിരുന്നു.

(2) 'മറ്റു ചിലർ പറയുന്നു' എന്നു പറഞ്ഞുകൊണ്ടു ഇബ്നുജരീർ (رحمه الله) ഉദ്ധരിച്ചതാണു രണ്ടാമത്തേത്, അതിങ്ങിനെയാണ് : 'സകരിയ്യ (عليه السلام) മർയമിൻെറ അടുക്കൽ മിഹ്റാബിൽ ചെല്ലുമ്പോൾ, അവരുടെ ഭക്ഷണച്ചിലവു നടത്തിയിരുന്ന ആൾ അവർക്കു കൊടുത്തു വന്നിരുന്നതിനേക്കാൾ കൂടുതൽ ഭക്ഷണ സാധനം അദ്ദേഹം അവിടെ കണ്ടിരുന്നു.' തുടർന്നു

---

* പള്ളികളിൽ നമസ്കാരത്തിന്നു നേതൃത്വംനൽകുന്ന ഇമാമിനു നിൽക്കുവാൻ വേണ്ടി പ്രത്യേകം ഉണ്ടാക്കപ്പെടുന്ന പ്രത്യേക സ്ഥാനത്തിനാണ് നാം ഇപ്പോൾ 'മിഹ്റാബു' എന്നു പറഞ്ഞുവരുന്നത്. ഇവിടെ അതല്ല ഉദ്ദേശ്യം. ക്രിസ്തീയ പള്ളികളിലും മറ്റും അവിടത്തെ പുരോഹിതൻമാർക്കും, പരിചാരകൻമാർക്കും പ്രാർത്ഥനാകർമ്മങ്ങൾ നടത്തുവാൻ വേണ്ടി പ്രത്യേകം സജ്ജമാക്കപ്പെടുന്നതും. മറ്റു സ്ഥലങ്ങളെക്കാൾ അൽപം ഉയർന്നു നിൽക്കുന്നതുമായ പ്രാർത്ഥനാമണ്ഡപമാണ് അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്.

കൊണ്ടു ഇതിന്നാസ്പദമായി മുഹമ്മദുബ്നു ഇസ്ഹാഖ് (ﷺ)ൽ നിന്ന് അദ്ദേഹം ഒരു രിവായത്തും ഉദ്ധരിച്ചിട്ടുണ്ട്. അതിൻെറ ചുരുക്കം ഇതാകുന്നു: അക്കാലത്ത് വലിയ ഭക്ഷണ ക്ഷാമമുണ്ടായി. സകരിയ്യാ (عليه السلام) നബിക്കോ മറ്റോ അവരുടെ ചിലവ് നിർവ്വഹിക്കുവാൻ കഴിയാതായി. അവസാനം നറുക്കിട്ടു. ജുറൈജ് എന്നൊരാൾക്ക് നറുക്കു വീണു. അദ്ദേഹത്തിൻെറ വിഷമം കണ്ടപ്പോൾ മർയം (عليها السلام) അദ്ദേഹത്തെ സമാശ്വസിപ്പിച്ചു.അനന്തരം അദ്ദേഹത്തിന് അന്നന്നത്തെ ആവശ്യങ്ങൾക്കുള്ള വക കിട്ടിക്കൊണ്ടിരുന്നു. ദിവസവും അതിൽ നിന്ന് അദ്ദേഹം മർയമിനുള്ള പങ്കു നൽകിക്കൊണ്ടിരുന്നു.അദ്ദേഹം അതു കൊണ്ടു ചെന്നാൽ അല്ലാഹു അത് വളർത്തി വർദ്ധിപ്പിക്കും.സകരിയ്യാ (عليه السلام) ചെല്ലുമ്പോൾ,ജുറൈജു കൊടുക്കാറുള്ള അളവിൽ കൂടുതൽ സാധനങ്ങൾ അദ്ദേഹം അവിടെ കണ്ടുകൊണ്ടിരുന്നു. ഈ രണ്ടിൽ ഏതെങ്കിലും ഒന്നോ-രണ്ടും തന്നെയോ-ശരിയാണെന്നു വന്നാലും അല്ലെങ്കിലും ശരി, ഒരു കാര്യം നമുക്കു തീർത്തു പറയാം: സാധാരണഗതിയിൽ മർയമിനു ലഭിക്കുവാൻ ഇടയില്ലാത്തതും, സകരിയ്യാ (عليه السلام) നബിക്കു മനസ്സിലാക്കുവാൻ കഴിയാതിരുന്നതുമായ ഏതോ മാർഗ്ഗത്തിലൂടെ ലഭിച്ചതായിരിക്കണം ആ ഭക്ഷണസാധനങ്ങൾ. അതുകൊണ്ടാണദ്ദേഹം ആശ്ചര്യപ്പെട്ടതും, ആ ചോദ്യം ചോദിച്ചതും, അവിടെ കണ്ട ഏതോ ഭക്ഷണസാധനത്തെ ചൂണ്ടിക്കൊണ്ട് അതുകൊണ്ടുവന്നു തന്ന മനുഷ്യൻ ആരാണെന്നുള്ള ഒരു കേവലാന്വേഷണമായിരുന്നില്ല അദ്ദേഹത്തിൻെറ ചോദ്യം. മർയമിൻെറ മറുപടിയും തന്നെ, അത് ലഭിച്ച മാർഗ്ഗത്തിൽ ഏതോ ഒരു തരം അസാധാരണത്വമുണ്ടെന്നു കാണിക്കുന്നു. അടുത്ത വചനത്തിൽ നിന്നു മനസ്സിലാകുന്നതുപോലെ, മർയമിനെ അല്ലാഹു ഇങ്ങിനെ അസാധാരണമായ ആദരവ് ആദരിച്ചു കണ്ടപ്പോഴാണ് അദ്ദേഹം തൻെറ ഭാര്യവന്ധ്യയും, താൻ വൃദ്ധനുമായിരുന്നിട്ടുപോലും തനിക്കൊരു സന്താനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതും.

......ان الله يرزق (അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു) എന്ന അവസാനത്തെ വാക്യം, അല്ലാഹുവിൻെറ സ്വന്തം വാക്യമായും, മർയമിൻെറ മറുപടിയിൽപെട്ട വാക്യമായും വരുവാൻ സാധ്യതയുണ്ട്. രണ്ടായാലും ഉദ്ദേശ്യം വ്യക്തം തന്നെ. അല്ലാഹു ഉദ്ദേശിക്കുന്നവർക്കു സാധനങ്ങൾ കണക്കില്ലാതെയങ്ങുവർദ്ധിപ്പിച്ചു കൊടുക്കുമെന്നു മാത്രമല്ല, മറ്റുള്ളവർക്ക് ലഭിക്കാത്തതും, അവർക്കു പ്രതീക്ഷക്കവകാശമില്ലാത്തതുമായ മാർഗ്ഗത്തിലൂടെ കൊടുക്കുമെന്നുള്ളതും ആ വാക്യത്തിൻെറ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്നു. മർയമിൻെറ വിഷയവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു.

هُنَالِكَ دَعَا زَكَرِيَّا رَبَّهُۥ ۖ قَالَ رَبِّ هَبْ لِى مِن لَّدُنكَ ذُرِّيَّةً طَيِّبَةً ۖ إِنَّكَ سَمِيعُ ٱلدُّعَآءِ ﴿٣٨﴾

38 അവിടെവെച്ച് സകരിയ്യാ തൻെറ റബ്ബിനോട് പ്രാർത്ഥിച്ചു. (അതെ) അദ്ദേഹം പറഞ്ഞു: ‘‘റബ്ബേ, എനിക്ക് നിൻെറ പക്കൽ നിന്ന് [നിൻെറ വകയായി] ഒരു വിശിഷ്ടസന്തതിയെ പ്രദാനം ചെയ്യണേ:- നിശ്ചയമായും, നീ പ്രാർത്ഥന കേൾക്കുന്ന [സ്വീകരിക്കുന്ന]വനാകുന്നു.’’

فَنَادَتْهُ ٱلْمَلَٰٓئِكَةُ وَهُوَ قَآئِمٌ يُصَلِّى فِى ٱلْمِحْرَابِ أَنَّ ٱللَّهَ يُبَشِّرُكَ بِيَحْيَىٰ مُصَدِّقًۢا بِكَلِمَةٍ مِّنَ ٱللَّهِ وَسَيِّدًا وَحَصُورًا وَنَبِيًّا مِّنَ ٱلصَّٰلِحِينَ ﴿٣٩﴾

39 എന്നിട്ട് അദ്ദേഹം ‘മിഹ്റാബി’ൽ [പ്രാർത്ഥനാ മണ്ഡപത്തിൽ] നമസ്കരിച്ചുകൊണ്ട് നിൽക്കുകയായിരുന്നപ്പോൾ അദ്ദേഹത്തെ മലക്കുകൾ വിളിച്ചു (പറഞ്ഞു): ‘‘യഹ്യാ (എന്ന കുട്ടി)യെക്കുറിച്ച് അല്ലാഹു തനിക്കു സന്തോഷമറിയിക്കുന്നുവെന്ന്;’’ അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ‘വാക്കി’നെ സത്യപ്പെടുത്തുന്നവനും, നേതാവും, ആത്മനിയന്ത്രകനും, സദ്വൃത്തൻമാരിൽ പെട്ട പ്രവാചകനുമായിക്കൊണ്ട്.

38 **هنالك** അവിടെവെച്ച് (ആ സന്ദർഭത്തിൽ). **دعا زكريا** സകരിയ്യാ പ്രാർത്ഥിച്ചു, വിളിച്ചു. **ربه** തൻെറ റബ്ബിനോട്, റബ്ബിനെ. **قَالَ رب** അദ്ദേഹം പറഞ്ഞു റബ്ബേ. **هب لي** എനിക്ക് പ്രദാനം ചെയ്യണേ **من لدنك** നിൻെറ അടുക്കൽ നിന്ന്. **ذُرية** സന്തതിയെ. **طَيبة** വിശിഷ്ടമായ, പരിശുദ്ധ മായ. **إنك** നിശ്ചയമായും നീ. **سميع** കേൾക്കുന്നവനാണ്. **الدعاءِ** പ്രാർത്ഥന, വിളി. 39 **فَنادته** എന്നിട്ട് (അപ്പോൾ) അദ്ദേഹത്തെ വിളിച്ച്. **الْملائكةُ** മലക്കുകൾ. **وهو قائم** അദ്ദേഹം നിൽക്കുന്നവ നായിരിക്കെ. **يصلي** നമസ്കരിച്ചുകൊണ്ട്. **في المحرابِ** മിഹ്റാബിൽ. **أن الله** അല്ലാഹു (ആകുന്നു) എന്ന്. **يبشرك** നിനക്ക് (തനിക്ക്) സന്തോഷമറിയിക്കുന്നു (എന്ന്). **بِيحيى** യഹ്‌യയെക്കുറിച്ച്. **مصدقًا** സത്യപ്പെടുത്തുന്നവനായിട്ട്. **بِكَلمة** ഒരു വാക്കിനെ. **من اللهِ** അല്ലാഹുവിൽ നിന്നുള്ള. **وسيدا** നേതാ വായും. **وحصورا** നിയന്ത്രിതനായും (ആത്മനിയന്ത്രകനായും). **ونبيا** പ്രവാചകനായും. **من الصالحين** സദ്‌വൃത്തരിൽപെട്ട.

മർയംബീവിയുടെ കഥയാണല്ലോ കഴിഞ്ഞ വചനങ്ങളിലെ വിഷയം. അതിൻെറ തുടർന്നു ള്ള ഭാഗം 42-ാം വചനം മുതൽ താഴെ വിവരിക്കുന്നുണ്ട്. ഇടക്ക് വെച്ച് അതോടു പല നിലക്കും ബന്ധപ്പെട്ട സംഭവമെന്ന നിലക്ക് സകരിയ്യാ (عليه السلام) നബി സന്താനത്തിനുവേണ്ടി പ്രാർത്ഥിക്കു കയും, ആ പ്രാർത്ഥന സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്ത സംഭവം വിവരിച്ചിരിക്കയാണ്.

അടുത്ത വചനത്തിൽ പറയുന്നതുപോലെ, സകരിയ്യാ (عليه السلام) വളരെ വൃദ്ധനായിരിക്കുന്നു. ഭാര്യയാണെങ്കിൽ പ്രസവിക്കാത്ത ഒരു വന്ധ്യയും. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിനൊരു പിൻതുടർച്ചവകാശി ഇല്ലാത്തതിനാൽ അദ്ദേഹം വ്യസനപ്പെട്ടുകൊണ്ടിരിക്കയാണ്. കേവലം വൃദ്ധ യായ ഒരു മാതാവിൽനിന്ന് മർയം ജനിച്ചതും, തൻെറ സംരക്ഷണത്തിൻ കീഴിൽ വളർന്ന മർയമിനെ അല്ലാഹു വളരെ വിശിഷ്ടവും പരിശുദ്ധവുമായ നിലപാടിൽ എത്തിച്ചതും, സാധാരണ മല്ലാത്ത ഏതോ മാർഗ്ഗത്തിലൂടെ ആഹാരം നൽകിയും മറ്റും മർയമിനെ അവൻ ആദരിച്ചതും അദ്ദേഹം കണ്ടു. ഇങ്ങിനെയുള്ള അത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും സൃഷ്ടിക്കുന്ന അല്ലാഹുവിന് തനിക്കൊരു സന്താനത്തെ പ്രദാനം ചെയ്‌വാൻ ഒട്ടും പ്രയാസമില്ലല്ലോ. ഇതെല്ലാം കണ്ടപ്പോൾ തനിക്കും ഒരു സന്താനത്തെ തന്നനുഗ്രഹിക്കുവാൻ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ആ സന്താനം ഒരു വിശിഷ്ടനും പരിശുദ്ധനുമായിരിക്കേണമേ എന്നുകൂടി അദ്ദേഹം അപേക്ഷിച്ചു. തൻെറ ധനത്തിനോ സ്വത്തുക്കൾക്കോ അവകാശിയായിത്തീരുന്ന ഒരു പിൻതുടർച്ചക്കാരൻ ഉണ്ടായിത്തീരുകയല്ല അദ്ദേഹത്തിൻെറ ആവശ്യം. സത്യദീനിൻെറ പ്രബോധനകൃത്യങ്ങൾ തൻെറ ശേഷം നിർവ്വഹിക്കുമാറുള്ള ഒരു പിൻതുടർച്ചാവകാശി ഉണ്ടായിരിക്കുകയായിരുന്നു അദ്ദേഹത്തിന് വേണ്ടത് (19: 5,6) അദ്ദേഹത്തിൻെറ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയും, അദ്ദേഹം പ്രാർത്ഥനാ മണ്ഡപത്തിൽ നമസ്ക്കരിച്ചുകൊണ്ടിരിക്കുമ്പോൾ ആ പ്രാർത്ഥന സ്വീകരിച്ചുവെന്നുള്ള സന്തോ ഷവാർത്ത മലക്കുകൾ മുഖാന്തരം അല്ലാഹു അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. അദ്ദേഹ ത്തിന് ഉണ്ടാവാൻ പോകുന്ന കുട്ടി ആണായിരിക്കുമെന്നും, പേര് യഹ്‌യാ എന്നായിരിക്കുമെന്നും അറിയിച്ചു (19:7). മാത്രമല്ല, ആ കുട്ടിയുടെ സവിശേഷഗുണങ്ങളും മുൻകൂട്ടി അറിച്ചുകൊടുത്തു.

അതായത്; (1) അദ്ദേഹം അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വാക്കിനെ സത്യപ്പെടുത്തുന്നവ നായിരിക്കും.'വാക്ക്'' കൊണ്ടുദ്ദേശ്യം ഈസാ (عليه السلام) നബിയാകുന്നുവെന്ന് 45-ാം വചനത്തിൽ നി ന്നു മനസ്സിലാക്കാം. കൂടുതൽ വിവരം അവിടെ വെച്ചു കാണാവുന്നതാണ്. **انشاء الله** ഈസാ (അ)ക്കു പ്രവാചകത്വം ലഭിച്ചപ്പോൾ, അദ്ദേഹത്തിൽ ഒന്നാമതായി വിശ്വസിച്ച ആളും, അദ്ദേഹത്തി ൻെറ പ്രബോധന തത്വങ്ങൾ പ്രചരിപ്പിക്കുന്ന ആളുമായിരുന്നു അദ്ദേഹം. **كلمة** (വാക്കു)കൊണ്ടു ഇവിടെ വിവക്ഷ വേദഗ്രന്ഥമോ, വഹ്‌യോ (ദിവ്യസന്ദേശമോ) ആണെന്ന് അബൂഉബൈദ (رضي الله عنه)യിൽ നിന്ന് വിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. കൂടുതൽ വാക്കുകളടങ്ങിയ സംസാരത്തിനും **كلمة** എന്ന് പറയപ്പെടാറുണ്ടുതാനും. (2) അദ്ദേഹം ഒരു നേതാവായിരിക്കും. മതവിജ്ഞാനം, ഉൽകൃഷ്ട സ്വഭാ വം ഭയഭക്തി മുതലായവയിലെല്ലാം പ്രസിദ്ധനായിരുന്നു അദ്ദേഹം. സമുദായത്തിലെ മതനേതാവു

മായിരുന്നു. അതുകൊണ്ടാണ് 'സ്നാപകനായ യോഹന്നാൻ' (*) എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നതും. (3) ആത്മനിയന്ത്രണമുള്ള ആളായിരിക്കും. കളി വിനോദങ്ങളിലോ, പാപങ്ങളിലോ,മാന്യമല്ലാത്ത വിഷയങ്ങളിലോ അദ്ദേഹം ഏർപ്പെട്ടിരുന്നില്ല. (4) സദ്വൃത്തനായ ഒരു പ്രവാചകനുമായിരിക്കും. ഇത് മറ്റെല്ലാറ്റിനെക്കാളും ഉന്നതമായ യോഗ്യത തന്നെ.

'ആത്മനിയന്ത്രണമുള്ളവൻ' എന്നു നാം അർത്ഥം കൽപിച്ചത് حصور(ഹസ്വൂർ) എന്ന വാക്കിൽനാണു സ്ത്രീ സമ്പർക്കം നടത്താത്തവൻ എന്നത്രെ പല വ്യാഖ്യാതാക്കളും ഇതിനു അർത്ഥം കല്പിച്ചിരിക്കുന്നത്. പ്രകൃത്യാ അദ്ദേഹത്തിനു അതിന് കഴിവുണ്ടായിരുന്നില്ലെന്നും ചിലർ പറഞ്ഞു കാണുന്നു. ഇത് ശരിയല്ലെന്നും, അദ്ദേഹത്തിൻെറ ആത്മനിയന്ത്രണം കൊണ്ടായിരുന്നു അതെന്നും പ്രഗത്ഭരായ പല മഹാൻമാരും തറപ്പിച്ചു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ഇവരിൽ പെട്ട ഒരാളാണ് ഖാളീഇയാളു (رحمه الله). അദ്ദേഹത്തിൻെറ 'ശിഫാ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞതിൻെറ സാരം ഇതാണ്: ''യഹ്‌യാ (عليه السلام) സ്ത്രീ സമ്പർക്കത്തിനു കഴിയാത്ത ആളായിരുന്നുവെന്നു ചിലർ പറയുന്നത് ശരിയല്ല. ഖുർആൻ വ്യാഖ്യാതാക്കളിലും പണ്ഡിതന്മാരിലും ഉൾപ്പെട്ട പല യോഗ്യന്മാരും അതിനെ ഖണ്ഡിച്ചിട്ടുണ്ട്. അതൊരു പോരായ്മയാണെന്നും, അതു പ്രവാചകന്മാരുടെ സ്ഥാനത്തിനു യോജിച്ചതല്ലെന്നും അവർ വ്യക്തമാക്കിയിരിക്കുന്നു. പാപത്തിൽനിന്നു സുരക്ഷിതമായവൻ എന്നാണ് حصور കൊണ്ടു വിവക്ഷ. ശരീരേച്ഛയില്ലാത്തവൻ എന്നും, സ്ത്രീകളോടു മോഹം കാണിക്കാത്തവൻ എന്നും മറ്റും അതിന് അർത്ഥം പറയപ്പെട്ടിട്ടുണ്ട്. വിവാഹത്തിന് കഴിവില്ലാതിരിക്കുന്നത് ഒരു താഴ്മയാണെന്നും, കഴിവുണ്ടായിരുന്നിട്ടും ആത്മനിയന്ത്രണം ചെയ്യുന്നതിലാണ് യോഗ്യതയുള്ളതെന്നും ഇതിൽ നിന്നു മനസ്സിലാക്കാമല്ലോ. എന്നാൽ അതിന് കഴിവുണ്ടായിരിക്കുകയും, അത് പ്രവർത്തനത്തിൽ കൊണ്ടുവരുകയും, അതിൻെറ മര്യാദകളും കടമകളും പാലിക്കുകയും, അതോടുകൂടി അല്ലാഹുവിനോടുള്ള കടമകൾക്ക് അത് മുടക്കം വരുത്താതിരിക്കുകയും ചെയ്യുന്നതാണ് അതിനേക്കാൾ ശ്രേഷ്ഠമായ യോഗ്യത. അതാണ് നമ്മുടെ നബി (ﷺ) യുടെ സ്ഥിതി. നബി (ﷺ) തിരുമേനിക്കു ഭാര്യമാർ അധികമുണ്ടായിരുന്നിട്ടും അവിടുത്തെ ആരാധനാനുഷ്ഠാന കർമ്മങ്ങൾ വർദ്ധിക്കുകയല്ലാതെ ഉണ്ടായിട്ടില്ല. അവിടുന്ന് ഐഹിക ജീവിതത്തിന് വില കല്പിച്ചിരുന്നതുമില്ല.'' ഖാളീഇയാളിൻെറ ഈ പ്രസ്താവന ഇബ്നുകഥീർ (رحمه الله) ശരിവെക്കുകയും ചെയ്തിരിക്കുന്നു.

40 അദ്ദേഹം പറഞ്ഞു: ''റബ്ബേ, എനിക്ക് എങ്ങിനെയാണ് ആൺകുട്ടിയുണ്ടാകുക? എനിക്ക് വാർദ്ധക്യം എത്തിക്കഴിഞ്ഞു; എൻെറ സ്ത്രീ (ഭാര്യ) മച്ചിയുമാകുന്നു (എന്നിരിക്കെ)!'' അവൻ (അല്ലാഹു) പറഞ്ഞു: ''അപ്രകാരം തന്നെയാണ് (കാര്യം); അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.''

قَالَ رَبِّ أَنَّىٰ يَكُونُ لِي غُلَٰمٌ وَقَدْ بَلَغَنِيَ ٱلْكِبَرُ وَٱمْرَأَتِي عَاقِرٌ ۖ قَالَ كَذَٰلِكَ ٱللَّهُ يَفْعَلُ مَا يَشَآءُ ﴿٤٠﴾

41 അദ്ദേഹം പറഞ്ഞു: ''റബ്ബേ, എനിക്ക് ഒരു അടയാളം ഏർപ്പെടുത്തിത്തരണേ!'' അവൻ പറഞ്ഞു: ''നിൻെറ അടയാളം, സൂചനയായിട്ട് (ആംഗ്യം മുഖേന) അല്ലാതെ മൂന്നുദിവസം നീ മനുഷ്യരോട് സംസാരിക്കാതിരിക്കലാകുന്നു. നിൻെറ റബ്ബിനെ നീ ധാരാളം ഓർമ്മിക്കുകയും, വൈകിട്ടും കാലത്തും സ്തോത്രകീർത്ത

قَالَ رَبِّ ٱجْعَل لِّيٓ ءَايَةً ۖ قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَةَ أَيَّامٍ إِلَّا رَمْزًا ۗ وَٱذْكُر رَّبَّكَ كَثِيرًا وَسَبِّحْ بِٱلْعَشِيِّ وَٱلْإِبْكَٰرِ ﴿٤١﴾

* ബൈബിളിൽ യോഹന്നാൻ സ്നാപകൻ എന്നും يحي المعدان എന്നും John Baptist എന്നുമൊക്കെ പറയുന്നത് യഹ്‌യാ (عليه السلام) നബിയെക്കുറിച്ചാകുന്നു. ക്രിസ്ത്യാനികളുടെ 'ജ്ഞാന സ്നാന'ത്തെപ്പറ്റി അൽബഖറ: 138ൻെറ വ്യാഖ്യാനത്തിൽ വിവരിച്ചുകഴിഞ്ഞിട്ടുണ്ട്.

നം (തസ്ബീഹ്) ചെയ്യുകയും ചെയ്തു കൊള്ളുക.''

---

40 قَالَ അദ്ദേഹം പറഞ്ഞു. رب എൻെറ റബ്ബേ. أنى يكُونُ എങ്ങിനെയുണ്ടാകും. لي എനിക്ക്. غُلام ആൺകുട്ടി, ബാലൻ. وقَد بلغنِي എനിക്ക് എത്തിയിരിക്കെ, എത്തിയിട്ടുമുണ്ട്. الكبر വാർദ്ധക്യം. وامرأتي എൻെറ സ്ത്രീ (ഭാര്യ)യാകട്ടെ. عاقر വന്ധ്യയാകുന്നു. قَالَ അവൻ പറഞ്ഞു. كَذَلِكَ അപ്രകാരമാണ്. اللهُ يفْعلُ അല്ലാഹു ചെയ്യുന്നതാണ്. ما يشاءُ അവൻ ഉദ്ദേശിക്കുന്നത്. 41 قَالَ رب അദ്ദേഹം പറഞ്ഞു റബ്ബേ. اجعل لي എനിക്ക് ഉണ്ടാക്കിത്തരണേ. آيةً ഒരു ദൃഷ്ടാന്തം. قَالَ അവൻ പറഞ്ഞു . 42 آيتك നിൻെറ അടയാളം. 41 ألا تكلم നീ സംസാരിക്കാതിരിക്കലാണ്. الناس മനുഷ്യരോട്. ثَلَاثَةَ أيامٍ മൂന്നുദിവസം. إلا رمزا സൂചന (ആംഗ്യം) ആയിട്ടല്ലാതെ. واذْكُر ربك നിൻെറ റബ്ബിനെ സ്മരിക്കുകയും ചെയ്യുക. كَثيرا വളരെ. وسبح തസ്ബീഹും (സ്തോത്രകീർത്തനവും) ചെയ്യുക. بِالْعشي വൈകുന്നേരം. والإبكار രാവിലെയും.

അല്ലാഹുവിനു എല്ലാകാര്യത്തിനും കഴിവുണ്ട്. അസാധാരണമായ പല സംഭവങ്ങളും അവൻ ഇവിടെ നടപ്പിൽ വരുത്താറുണ്ട്. അവൻ ചെയ്ത വാഗ്ദാനം അവൻ നിറവേറ്റാതിരിക്കുകയില്ല എന്നൊക്കെ സകരിയ്യാ (عليه السلام) നബിക്കു നന്നായറിയാം. എന്നാലും ഒരു കിഴവനായിത്തീർന്ന തനിക്കു വന്ധ്യതയും പ്രായം ചെന്നവളുമായ ഒരു ഭാര്യയിൽ നിന്നു ഒരു കുട്ടി ജനിക്കുന്നത് അൽഭുതമാണല്ലോ. തനിക്കു ജനിക്കുവാൻ പോകുന്ന കുട്ടി ആൺകുട്ടിയായിരിക്കുമെന്നു മലക്കുകളുടെ വാക്കുകളിൽ നിന്നു അദ്ദേഹം അറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് സന്തോഷ നിർഭരവും,അത്ഭുത ജനകവുമായ ആ സന്ദർഭത്തിൽ اني يكون لى غلام (എനിക്കെങ്ങിനെ ഒരു ആൺകുട്ടിയുണ്ടാകും) എന്നു അദ്ദേഹം ചോദിച്ചത്. ഒരു പക്ഷേ, തൻെറയും ഭാര്യയുടെയും ശരീരപകൃതിയിലോ മറ്റോ വല്ല മാറ്റവും വരുത്തിക്കൊണ്ടായിരിക്കുമോ അത് എന്നും അദ്ദേഹത്തിനു സംശയം തോന്നാമല്ലോ. എന്നാൽ, അങ്ങിനെയുള്ള മാറ്റങ്ങളൊന്നും ഭവിക്കാതെ തന്നെ അതു സംഭവിക്കുമെന്നും, ഞാൻ ഉദ്ദേശിക്കുന്നതെന്തും, ഞാൻ പ്രവർത്തിക്കുമെന്നുമായിരുന്നു അല്ലാഹു നൽകിയ മറുപടി. അദ്ദേഹത്തിനു ആവേശം വർദ്ധിച്ചു. കുട്ടി എപ്പോൾ ജനിക്കുമെന്നുള്ളതിനു നേരത്തെത്തന്നെ ഒരു അടയാളം അറിയിച്ചു തന്നാൽ കൊള്ളാമെന്നു അദ്ദേഹം അപേക്ഷിച്ചു. ജനങ്ങളോടു വല്ല ആംഗ്യവും മുഖേന എന്തെങ്കിലും സൂചന നൽകുകയല്ലാതെ, മൂന്നു ദിവസക്കാലം ആരോടും സംസാരിക്കാതിരിക്കലാണ് അതിൻെറ അടയാളമെന്നും, അതു സംഭവിച്ചാൽ കുട്ടിയുണ്ടാകുവാൻ പോകുന്നുവെന്ന് ഉറപ്പിക്കാമെന്നും മറുപടി കിട്ടി. അതോടുകൂടി, അല്ലാഹുവിനെ ധാരാളം സ്മരിച്ചുകൊണ്ടിരിക്കുവാനും, രാവിലെയും വൈകുന്നേരവും സ്തോത്രകീർത്തനങ്ങൾ നടത്തുവാനും വിട്ടുപോകരുതെന്നും ഉപദേശിച്ചു. അങ്ങനെ, പ്രാർത്ഥനാ മണ്ഡപത്തിൽനിന്നു പുറത്തുവന്നു രാവിലത്തെയും, വൈകുന്നേരത്തെയും സ്തോത്രകീത്തനങ്ങൾ നടത്തിക്കൊള്ളുവാൻ അദ്ദേഹം ആംഗ്യം വഴി ജനങ്ങളെ അറിയിക്കുകയുണ്ടായി. (സൂ: മർയം 11 നോക്കുക.)

'സംസാരിക്കുക' (ان لا تكلم) എന്നതിൻെറ സാരം ഒന്നിലധികം പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: (1) ശാരീരികമായ യാതൊരു തകരാറും ബാധിക്കാതെതന്നെ മൂന്നു ദിവസം സംസാരിക്കുവാൻ കഴിയാതിരിക്കുക, നമസ്കാരം, തസ്ബീഹ് മുതലായവർക്കു തടസ്സം നേരിടുകയില്ല താനും. സൂറത്തു മർയം 10,11 വചനങ്ങളിൽ നിന്നു മനസ്സിലാകുന്നതും, മിക്ക വ്യാഖ്യാതാക്കളും സ്വീകരിച്ചിട്ടുള്ളതും ഈ വ്യാഖ്യാനമാകുന്നു. (2) തസ്ബീഹ് മുതലായവ ഒഴിച്ച് മറ്റുള്ള സംസാരങ്ങൾ മൂന്നു ദിവസം സ്വയം നിറുത്തൽ ചെയ്യുക.അങ്ങിനെ ചെയ്താൽ അതു മുതൽ കുട്ടിയുണ്ടാകുവാൻ പോകുന്നതായി കണക്കാക്കാം.(3) മൂന്നു ദിവസം വ്രതം ആചരിക്കുക. നോമ്പുകാലത്തു ജനങ്ങളുമായി സംസാരിക്കാതെ മൗനം ആചരിക്കുന്ന സമ്പ്രദായം അക്കാലത്തു പതിവുമുണ്ടായിരുന്നു. ഏതായാലും ചിലർ പറഞ്ഞു കാണുന്നതുപോലെ, കുട്ടിയെപ്പറ്റി മലക്കുകൾ

സുവിശേഷം അറിയിച്ചിട്ടു പിന്നെയും അദ്ദേഹം അതിനൊരടയാളം ആവശ്യപ്പെട്ടതിൻെറ പേരിൽ കൽപിക്കപ്പെട്ട ഒരു ശിക്ഷയായിരുന്നില്ല. അതു ബൈബിളിലെ (ലൂക്കോസ് 1:20) ചില പ്രസ്താവനകളെ അടിസ്ഥാനമാക്കിയായിരിക്കാം അവർ അങ്ങിനെ പറയുവാൻ കാരണം. ഒരു പ്രവാചകനെ സംബന്ധിച്ചിടത്തോളം മലക്കുകളുടെ സുവിശേഷ വാർത്തകൊണ്ടു തൃപ്തിപ്പെടാതിരിക്കുകയെന്നതു കേവലം സംഭവ്യമല്ല.

യഹ്‌യാ (അ)ൻെറയും ഈസാ (അ)ൻെറയും ജനന സംഭവങ്ങളെക്കുറിച്ച് കുറച്ചധികം വിവരിച്ച മറ്റൊരു അദ്ധ്യായമാണ് സൂറത്തു മർയം. കൂടുതൽ വിശദീകരണത്തിന് ആ സൂറത്തും അതിൻെറ വ്യഖ്യാനവുംകൂടി നോക്കുന്നത് നന്നായിരിക്കും.

വിഭാഗം-5

42 മലക്കുകൾ പറഞ്ഞ സന്ദർഭവും (ഓർക്കുക): ''മർയമേ, നിശ്ചയമായും അല്ലാഹു, നിന്നെ (വിശിഷ്ടയായി) തിരഞ്ഞെടുക്കുകയും, നിന്നെ ശുദ്ധിയാക്കുകയും ചെയ്തിരിക്കുന്നു; ലോകരിലുള്ള സ്ത്രീകളിൽ നിന്നെ അവൻ (ശ്രേഷ്ഠയായി) തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.''

وَإِذْ قَالَتِ ٱلْمَلَٰٓئِكَةُ يَٰمَرْيَمُ إِنَّ ٱللَّهَ ٱصْطَفَىٰكِ وَطَهَّرَكِ وَٱصْطَفَىٰكِ عَلَىٰ نِسَآءِ ٱلْعَٰلَمِينَ ﴿٤٢﴾

43 ''മർയമേ, നിൻെറ റബ്ബിനോട് നീ ഭക്തി കാണിക്കുക; നീ 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം] ചെയ്കയും, 'റുകൂഉ്' [കുമ്പിട്ടു നമസ്കാരം] ചെയ്യുന്നവരോടൊപ്പം 'റുകൂഉ്' [കുമ്പിട്ടു നമസ്കാരം] ചെയ്കയും ചെയ്തു കൊള്ളുക.''

يَٰمَرْيَمُ ٱقْنُتِى لِرَبِّكِ وَٱسْجُدِى وَٱرْكَعِى مَعَ ٱلرَّٰكِعِينَ ﴿٤٣﴾

---

42 **وإذ قالت** പറഞ്ഞ സന്ദർഭവും. **الملائكة** മലക്കുകൾ. **يا مريم** മർയമേ. **إن الله** നിശ്ചയമായും അല്ലാഹു. **اصطفاك** നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു, തെളിയിച്ചെടുത്തിരിക്കുന്നു. **وطهرك** നിന്നെ ശുദ്ധിയാക്കുകയും. **واصطفاك** നിന്നെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. **على نساء** സ്ത്രീകളിൽ, സ്ത്രികളെക്കാൾ. **العالمين** ലോകരിലെ. **43** **يا مريم** മർയമേ. **اقنتي** നീ ഭക്തി (ഒതുക്കം) കാണിക്കുകയും ചെയ്യുക. **لربك** നിൻെറ റബ്ബിന്. **واسجدي** സുജൂദും ചെയ്യുക. **واركعي** റുകൂഉം ചെയ്യുക. **مع الراكعين** റുകൂഉ് ചെയ്യുന്നവരോടുകൂടി.

മർയം (عليها السلام) ൻെറ സംഭവം വിവരിക്കുന്ന മദ്ധ്യെ ഇടക്കുവെച്ച് അതുമായി ബന്ധപ്പെട്ടതെന്ന നിലക്ക് സകരിയ്യാ (عليه السلام) നബിയുടെ ചില വർത്തമാനങ്ങൾ വിവരിച്ചശേഷം വീണ്ടും ആ സംഭവം തുടരുകയാണ്. മർയം (عليها السلام) ബീവിക്ക് പ്രവാചകത്വ സ്ഥാനമില്ലെങ്കിലും മലക്കുകൾ അവരുടെ അടുക്കൽ ചെന്നിരുന്നതായും, അവർക്ക് പല സന്ദേശങ്ങൾ അറിയിച്ചിരുന്നതായും ഖുർആൻെറ പ്രസ്താവനകളിൽ നിന്ന് വ്യക്തമാണ്. മലക്കുകൾ അവർക്ക് രണ്ടുമൂന്ന് അനുമോദന സന്ദേശങ്ങൾ നൽകിയതായി ഈ വചനത്തിൽ പ്രസ്താവിക്കുന്നു: അല്ലാഹു അവരെ വിശിഷ്ടയാക്കി തിരഞ്ഞെടുത്തിരിക്കുന്നുവെന്നും, ശുദ്ധമാക്കി വെച്ചിരിക്കുന്നുവെന്നും, അതായത് ആരാധന, ഭയഭക്തി, സ്വഭാവഗുണം, ത്യാഗം, വിജ്ഞാനം ആദിയായ വിശിഷ്ടഗുണങ്ങളും, ദുർഗ്ഗുണങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നുമുള്ള പരിശുദ്ധിയും നൽകി അല്ലാഹു അവരെ ഉയർത്തിവെച്ചിട്ടുണ്ടെന്നും സാരം. ലോകത്തുള്ള മറ്റു സ്ത്രീകളെക്കാൾ ശ്രേഷ്ഠമായ പദവി നൽകി അല്ലാഹു അവരെ അനുഗ്രഹിച്ചിട്ടുണ്ടെന്നും മലക്കുകൾ അറിയിച്ചു. അക്കാലത്തുള്ള ഇതര

സ്ത്രീകളെക്കാൾ ഉന്നതമായ പദവി എന്നാണിതുകൊണ്ട് വിവക്ഷയെന്നത്രെ താഴെ കാണുന്ന ഉദ്ധരണികളിൽനിന്ന് മനസ്സിലാക്കേണ്ടത്:-

ബുഖാരിയും, മുസ്‌ലിമും (ﷺ) ഉദ്ധരിച്ച ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ''ഇംറാൻ മകൾ മർയം തന്റെ (കാലത്തെ) സ്ത്രീകളിൽ ഉത്തമയും ഖുവൈലിദു മകൾ ഖദീജ: തന്റെ (കാലത്തെ) സ്ത്രീകളിൽ ഉത്തമയുമാകുന്നു.'' തിർമദീ (ﷺ) യും മറ്റും ഉദ്ധരിച്ച ചില ഹദീസുകളിൽ, ഇവർ രണ്ടാൾക്ക് പുറമെ, ഫിർഔന്റെ ഭാര്യയായ ആസിയ, നബി (ﷺ) യുടെ പുത്രിയായ ഫാത്തിമ (ﷺ) എന്നിവരും, വേറെ ചിലതിൽ ഈ നാലുപേർക്ക് പുറമെ, നബി (ﷺ) യുടെ പത്നി ആയിശ (ﷺ) യും സ്ത്രീകളിൽവെച്ച് ഉത്തമകളായി എണ്ണപ്പെട്ടു കാണാം. സൂറത്ത്-ത്തഹ്‌രീമിൽ, സത്യവിശ്വാസിനികളായ രണ്ട് മാതൃകാവനിതകളുടെ പേരെടുത്ത് പറഞ്ഞിട്ടുള്ളതിൽ ഒന്നാമത്തേത് ഫിർഔന്റെ ഭാര്യയെയും, രണ്ടാമത്തേത് മർയമിനെയുമാകുന്നു.

മേൽകണ്ട അനുമോദന സന്ദേശങ്ങൾക്ക് പുറമെ, സുജൂദും, റുകൂഉം ചെയ്‌വാനും മലക്കുകൾ മർയം (عليها السلام) നോട് ഉപദേശിക്കുന്നു. മുഖം നിലത്തുവെച്ചുകൊണ്ടുള്ള സാഷ്ടാംഗ നമസ്ക്കാരമാണ് സുജൂദ്. കുമ്പിട്ട് കുനിഞ്ഞുകൊണ്ട് ചെയ്യുന്ന നമസ്ക്കാരമാണ് റുകൂഉ്. അക്കാലത്തുള്ള നമസ്കാര കർമ്മത്തിന്റെയും, നിലവിലുള്ള നമസ്കാര കർമ്മത്തിന്റെയും അനുഷ്ഠാന ക്രമങ്ങളിൽ അൽപമൊക്കെ വ്യത്യാസമുണ്ടായിരിക്കുമെങ്കിലും സുജൂദ്, റുകൂഉ്, ഖിയാം (നിറുത്തം) എന്നിവ അന്നും ഇന്നും നമസ്കാരത്തിന്റെ പ്രധാന ഘടകങ്ങൾ തന്നെ. അതുകൊണ്ടാണ് നമസ്കാരത്തെ ഉദ്ദേശിച്ച് ഖുറആനിലും ഹദീസിലും പ്രസ്തുത ഘടകങ്ങളായ ഈ മൂന്ന് വാക്കുകളും ഉപയോഗിക്കപ്പെട്ടു കാണുന്നതും. കുമ്പിടുന്നവരോടൊപ്പം കുമ്പിട്ടുകൊള്ളുവാൻ കൽപിച്ചതിന്റെ താൽപര്യം, നമസ്ക്കരിക്കുന്നവരോടൊപ്പം ചേർന്ന് ഒന്നിച്ച് നമസ്ക്കരിക്കണമെന്നാണെന്നും, നമസ്കാരം നിർവ്വഹിക്കാറുള്ള സജ്ജനങ്ങളുടെ കൂട്ടത്തിൽ താനും ഉൾപ്പെടേണമെന്നാണെന്നും-ഇങ്ങിനെ രണ്ടു പ്രകാരത്തിലും - വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. الله اعلم അല്ലാഹു പറയുന്നു:

ذَٰلِكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهِ إِلَيْكَ ۚ وَمَا كُنتَ لَدَيْهِمْ إِذْ يُلْقُونَ أَقْلَٰمَهُمْ أَيُّهُمْ يَكْفُلُ مَرْيَمَ وَمَا كُنتَ لَدَيْهِمْ إِذْ يَخْتَصِمُونَ ﴿٤٤﴾

44 അത് (ഒക്കെയും) അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു; നാം നിനക്ക് അത് 'വഹ്‌യു' [ദിവ്യ സന്ദേശം] നൽകുകയാണ്. മർയമിനെ തങ്ങളിൽ ഏതൊരുവൻ ഏറ്റെടുക്കണമെന്ന് അവർ തങ്ങളുടെ പേനകൾ (-അഥവാ അമ്പുകോലുകൾ-മുഖേന നറുക്ക്) ഇട്ടപ്പോൾ, നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ല(ല്ലോ). അവർ തർക്കം നടത്തിക്കൊണ്ടിരിക്കുമ്പോഴും നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ല.

---

44 **ذَلِكَ** അത്. **من أَنبَآءِ** വാർത്ത(വർത്തമാനം)കളിൽ പെട്ടതാണ്. **الْغيبِ** അദൃശ്യത്തിന്റെ. **نوحيه** അതിനെ നാം വഹ്‌യു നൽകുന്നു. **إليك** നിനക്ക്. **وما كُنت** നീ ഉണ്ടായിരുന്നില്ല. **لَديهم** അവരുടെ അടുക്കൽ. **إِذْ يلقُونَ** അവർ ഇടുമ്പോൾ. **أقْلامهم** അവരുടെ പേനകളെ, അമ്പുകോലുകളെ. **أيهم** അവരിൽ ഏതൊരുവൻ (ആര്). **يكْفُلُ** ഏറ്റുവാങ്ങും. **مريم** മർയമിനെ. **وما كُنت** നീ ഉണ്ടായിരുന്നതുമില്ല. **لَديهم** അവരുടെ അടുക്കൽ. **إِذْ يختصمونَ** അവർ തർക്കിക്കു (കേസ്സുകൂടു)മ്പോൾ.

മർയം (عليها السلام) ജനിച്ച ശേഷം മാതാവ് തന്റെ നേർച്ച നിറവേറ്റുവാനായി കുട്ടിയെ ബൈത്തുൽ മുഖദ്ദസിൽ കൊണ്ടു ചെന്നപ്പോൾ, തങ്ങളുടെ നേതാവായിരുന്ന ഇംറാന്റെ പുത്രിയായ ആ കുട്ടിയെ ആർ ഏറ്റുവാങ്ങണമെന്നതിൽ അവിടുത്തെ പുരോഹിത-പരിചാരകവൃത്തങ്ങളിൽ തർക്ക

മായി. അവസാനം അവർ നറുക്കിട്ടു. സകരിയ്യ (عليه السلام) നബിക്കാണ് നറുക്ക് വീണത്. അങ്ങനെ, അദ്ദേഹം അവരെ ഏറ്റുവാങ്ങി. ഈ സംഭവങ്ങളൊന്നും നടന്നപ്പോൾ നബി (ﷺ) തിരുമേനി അവിടെ ഇല്ലല്ലോ. ആ സ്ഥിതിക്ക് നബി (ﷺ) യെ സംബന്ധിച്ചേടത്തോളം അതെല്ലാം അദൃശ്യ വാർത്തകളാകുന്നു. വഹ്‌യു മുഖേന അല്ലാഹു അറിയച്ചതുകൊണ്ട് മാത്രമാണ് നബി (ﷺ) ക്ക് അതറിയുവാൻ കഴിയുന്നത് എന്ന് സാരം. ഈ നറുക്കെടുപ്പിനെക്കുറിച്ച് ബൈബിളിൽ ഒന്നും പ്രസ്താവിക്കപ്പെട്ടു കാണുന്നില്ല. വേദക്കാർക്കിടയിൽ പരക്കെ അറിയപ്പെടുന്ന ഒരു വിഷയവുമല്ല അത്. നബി (ﷺ) ക്കാകട്ടെ, വേദഗ്രന്ഥങ്ങളെപ്പറ്റി പരിചയവുമില്ല. എന്നിരിക്കെ വേദക്കാരുടെ മുമ്പിൽവെച്ച് നബി (ﷺ) ഇത്തരം വർത്തമാനങ്ങൾ പരസ്യമായി പ്രഖ്യാപനം ചെയ്യുമ്പോൾ അവർ അതൊന്നും നിഷേധിക്കാതിരുന്നത് നബി (ﷺ) യുടെ സത്യതക്ക് തെളിവാണെന്ന് വ്യക്തം.

വല്ല വിഷയത്തിലും തർക്കവും ഭിന്നിപ്പും വരുമ്പോൾ നറുക്കു മൂലം തീരുമാനമെടുക്കുന്ന പതിവ് ഇന്നും പരക്കെയുള്ളതാണ്. നറുക്കിടുന്നതിന് പലരും പല മാർഗ്ഗങ്ങളും ഉപയോഗിക്കാറുണ്ട്. അവയിൽ ഏതോ ഒരു രൂപം ഉപയോഗിച്ചുകൊണ്ടായിരിക്കും അവർ അവരുടെ പേനകൾ-അല്ലെങ്കിൽ അമ്പുകോലുകൾ-മുഖേന നറുക്കിട്ടത്. അതെങ്ങിനെയാണ് ഇട്ടതെന്ന് നമുക്കറിഞ്ഞുകൂടാ. എല്ലാവരും അവരവരുടെ വകയായി ഓരോന്ന് ജോർഡാൻ നദി **نهر الأردن** യിൽ ഇടുകയും, ആരുടേത് വെള്ളത്തിൽ ഒഴുകിപ്പോകാതെ അവശേഷിച്ചുവോ അയാൾക്ക് നറുക്കു വീണതായി കണക്കാക്കുകയുമായിരുന്നു ചെയ്യുന്നതെന്ന് ചിലരൊക്കെ പ്രസ്താവിച്ചു കാണുന്നു. (അല്ലാഹുവിനറിയാം)

45 മലക്കുകൾ പറഞ്ഞ സന്ദർഭം (ഓർക്കുക): ''മർയമേ, നിശ്ചയമായും അല്ലാഹു, അവങ്കൽനിന്നുള്ള ഒരു 'വാക്കി'നെക്കുറിച്ചു നിനക്ക് സുവിശേഷം അറിയിക്കുന്നു; -അവന്റെ പേർ, മർയമിന്റെ മകൻ ഈസാ എന്ന 'മസീഹാ'കുന്നു-ഇഹത്തിലും, പരത്തിലും, പ്രമുഖനായും, സാമീപ്യം സിദ്ധിച്ചവരിൽപെട്ടവനായുംകൊണ്ട്.''

إِذْ قَالَتِ ٱلْمَلَٰٓئِكَةُ يَٰمَرْيَمُ إِنَّ ٱللَّهَ يُبَشِّرُكِ بِكَلِمَةٍ مِّنْهُ ٱسْمُهُ ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ وَجِيهًا فِى ٱلدُّنْيَا وَٱلْءَاخِرَةِ وَمِنَ ٱلْمُقَرَّبِينَ ﴿٤٥﴾

46 തൊട്ടിലിലായിരിക്കെയും, മദ്ധ്യവയസ്കനായ നിലയിലും അവൻ മനുഷ്യരോട് സംസാരിക്കുകയും ചെയ്യും; സദ്‌വൃത്തരിൽപെട്ടവനാകുന്നു (അവൻ).

وَيُكَلِّمُ ٱلنَّاسَ فِى ٱلْمَهْدِ وَكَهْلًا وَمِنَ ٱلصَّٰلِحِينَ ﴿٤٦﴾

---

45 **إذْ قالت** പറഞ്ഞ സന്ദർഭം. **الملائكةُ** മലക്കുകൾ. **يا مريم** മർയമേ. **إن الله** നിശ്ചയമായും അല്ലാഹു. **يبشرك** നിനക്ക് സന്തോഷവാർത്ത (സുവിശേഷം) അറിയിക്കുന്നു. **بكلمة** ഒരു വാക്കുകൊണ്ട്. **منه** അവങ്കൽ നിന്നുള്ള. **اسمه** അവന്റെ (അദ്ദേഹത്തിന്റെ) പേർ. **المسيح** മസീഹു എന്നാകുന്നു **عيس.** ഈസ (എന്ന). **ابن مريم** മർയമിന്റെ മകൻ. **وجيها** പ്രമുഖനായിക്കൊണ്ട്. **في الدنيا** ഇഹത്തിൽ. **والآخرة** പരത്തിലും. **ومن المقربين** അടുപ്പിക്കപ്പെട്ട (സാമീപ്യം നൽകപ്പെട്ട-അടുപ്പം സിദ്ധിച്ച) വരിൽപെട്ട (വനും). 46 **ويكلم** അദ്ദേഹം (അവൻ) സംസാരിക്കയും ചെയ്യും. **الناس** മനുഷ്യരോട്. **في المهد** തൊട്ടിലിൽവെച്ച്. **وكهلاً** മദ്ധ്യവയസ്കനായും, യുവാവായും. **ومن الصالحين** സദ്‌വൃത്തരിൽപെട്ട (വനും).

39-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ 'അല്ലാഹുവിങ്കൽനിന്നുള്ള വാക്ക് **كلمة من الله** കൊണ്ടുദ്ദേശ്യം ഈസാ (عليه السلام) നബിയാണെന്ന് ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാം സാധാരണ പ്രകൃതി നിയമപ്രകാരം മാതാപിതാക്കളുടെ സമ്പർക്കത്തിൽ നിന്നാണല്ലോ

ശിശുക്കളുടെ ജനനമുണ്ടാകുന്നത്. യഹ്‌യാ (عليه السلام) ന്റെ ജനനത്തിൽ മറ്റൊരു നിലക്കുള്ള അസാധാരണത്വം അടങ്ങിയിട്ടുണ്ടെങ്കിലും ഈ പ്രകൃതിനിയമമനുസരിച്ചുതന്നെയാണ് അദ്ദേഹത്തിന്റെയും ജനനമുണ്ടായത്. ഇതിനൊരു അപവാദമായിരുന്നു ഈസാ (عليه السلام) ന്റെ ജനനം. അദ്ദേഹം മാതാപിതാക്കളുടെ സമ്പർക്കത്തിൽ നിന്നോ, സ്ത്രീ പുരുഷബീജ സങ്കലനത്തിൽ നിന്നോ ജനിച്ചതല്ല. അടുത്ത വചനത്തിലും 59-ാം വചനത്തിലും, സൂറത്തു മർയം 35 ലും പറയുന്നതുപോലെ, അദ്ദേഹം ഉണ്ടാവണമെന്ന് അല്ലാഹു കൽപിച്ചപ്പോൾ അദ്ദേഹം ഉണ്ടായി എന്നുമാത്രം. അതിനാൽഅല്ലാഹുവിങ്കൽ നിന്നുള്ള ഒരു വാക്കുമൂലം ഉണ്ടായ ആളാണെന്ന നിലക്ക് – അദ്ദേഹത്തെപ്പറ്റി كلمة الله (അല്ലാഹുവിന്റെ വാക്ക്) എന്നും, كلمة من الله (അല്ലാഹുവിങ്കൽനിന്നുള്ള ഒരു വാക്ക്) എന്നും അദ്ദേഹത്തെപ്പറ്റി പറയപ്പെടുന്നു. ചിലപ്പോൾ, അല്ലാഹുവിന്റെ വക ആത്മാവ് എന്ന അർത്ഥത്തിൽ روح الله എന്നും പറയപ്പെടുന്നു.

അദ്ദേഹത്തെപ്പറ്റി 'മസീഹ' المسيح എന്നു പറയുവാൻ കാരണം പലരും പല വിധത്തിൽ വിവരിച്ചുകാണാം. അവയിൽ കൂടുതൽ ന്യായയുക്തമായി കാണുന്ന അഭിപ്രായം ഇതാണ്: 'മശീഹാ' അല്ലെങ്കിൽ 'മിശിഹാ' എന്ന ഹിബ്റു വാക്കിന്റെ അറബിശൈലി അനുസരിച്ചുള്ള ഉച്ചാരണമാണ് 'മസീഹു'. ആ വാക്കിന്റെ സാക്ഷാൽ അർത്ഥം അഭിഷേകം ചെയ്യപ്പെട്ടവൻ-അഥവാ അഭിഷിക്തൻ-എന്നാകുന്നു. ഇതേ അർത്ഥത്തിലുള്ള ഒരു യവന (ഗ്രീക്ക്) പദമത്രെ 'ക്രിസ്തു' എന്ന വാക്കും. ചിലർ പറഞ്ഞു കാണുന്നതുപോലെ, ഒരു അറബി വാക്കുതന്നെയാണ് 'മസീഹു' എന്നു വെച്ചാലും അതേ അർത്ഥത്തിൽതന്നെയാണ് അപ്പോഴും അത് കലാശിക്കുന്നത്. കാരണം 'തടവുക' എന്നർത്ഥമായ مسح (മസ്ഹ്) ൽ നിന്നുള്ളതായിരിക്കും ആ വാക്ക്. ഒരാളെ രാജാവായോ പുരോഹിതനായോ വാഴിക്കുമ്പോൾ, അദ്ദേഹത്തിന്റെ തലയിൽ ഒരു പ്രത്യേകതരം തൈലം ഒഴിച്ച് തൊട്ടുതടവിക്കൊണ്ടുള്ള ഒരു അഭിഷേക കർമ്മം അക്കാലത്ത് വേദക്കാരിൽ നടപ്പുണ്ടായിരുന്നു.

ഈസാ (അ)നെപ്പറ്റി ഖുർആനിൽ ഉപയോഗിച്ച ഈ മൂന്നു വാക്കുകളെയും കുറെ വലിച്ചുനീട്ടി ദുർവ്യാഖ്യാനം ചെയ്തുകണ്ട് ഈസാ (عليه السلام) നബിക്ക് ക്രിസ്ത്യാനികൾ കൽപിക്കുന്ന ദിവ്യത്വത്തെ ഖുർആനും അനുകൂലിക്കുന്നുവെന്ന് വരുത്തുവാൻ ഇപ്പോൾ ചില പാതിരിമാർ ഒരു പാഴ്ശ്രമം നടത്താറുണ്ട്. മുസ്‌ലിം പൊതുജനങ്ങളെ കബളിപ്പിക്കുവാൻവേണ്ടി അടുത്തകാലത്ത് ആസൂത്രണം ചെയ്യപ്പെട്ട ക്രിസ്തീയ കുതന്ത്രങ്ങളിൽ ഒന്നുമാത്രമാണതും. പ്രാഥമിക ബുദ്ധിയെങ്കിലുമുള്ള ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ക്രിസ്തുമതത്തിന്റെ കൊള്ളരുതായ്മക്കു തെളിവ് വർദ്ധിപ്പിക്കുവാനേ ആ കുതന്ത്രം ഉപയോഗപ്പെടുകയുള്ളു.

ഈസാ(عليه السلام) നെക്കുറിച്ച് മലക്കുകൾ മർയം (عليها السلام)ബീവിക്ക് സുവിശേഷം അറിയിച്ചപ്പോൾ, ആദ്യം അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയെ കുറിക്കുന്ന വിശേഷണനാമമായി كلمة من الله (അല്ലാഹുവിങ്കൽ നിന്നുള്ള വാക്ക്) എന്നു പറഞ്ഞു. അനന്തരം അദ്ദേഹത്തിന്റെ പേരു വ്യക്തമാക്കിയപ്പോൾ അദ്ദേത്തിന്റെ ഒരു സ്ഥാനപദവിയെ കുറിക്കുന്ന المسيح (അഭിഷിക്തൻ) എന്നും വിശേഷിപ്പിച്ചു. പിന്നീടാണ് സാക്ഷാൽ പേരായ عيسى (ഈസാ) എന്നു പറഞ്ഞത്. പേരുകൊണ്ടും മതിയാക്കാതെ ابن مريم (മർയമിന്റെ മകൻ) എന്നുകൂടി വിശേഷിപ്പിച്ചിരിക്കുന്നു. ഈസാ (عليه السلام) നെക്കൂറിച്ച് പറയുമ്പോൾ, പലപ്പോഴും ഖുർആനിൽ മർയമിന്റെ മകൻ എന്ന ഈ വിശേഷണത്തോടുകൂടിയാണ് പ്രസ്താവിക്കപ്പെടാറുള്ളത്. പിതാവില്ലാതെ-മാതാവിൽനിന്ന് മാത്രം-ജനിച്ച ആളാണദ്ദേഹമെന്നുള്ളതിന് പുറമെ, ഈ പ്രയോഗത്തിൽ വേറെയും സൂചന അടങ്ങിയിരിക്കുന്നു. അഥവാ, ദൈവ പുത്രൻ എന്നുള്ള ക്രിസ്ത്യാനികളുടെ വാദത്തിന്റെയും, യോസേഫിന്റെ പുത്രനെന്നും (*) വ്യഭിചാര പുത്രനെന്നുമുള്ള യഹൂദികളുടെ വാദത്തിന്റെയും

* കന്യകയായ മർയമിനെ ദാവീദു വംശജനായ യോസേഫു വിവാഹം ചെയ്‌വാൻ നിശ്ചയിച്ചിരുന്നു. മർയം പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചപ്പോൾ അദ്ദേഹം വിവാഹം കഴിപ്പാൻ മടിച്ചു. പിന്നീട് മർയമ്മിന്റെ പരിശുദ്ധത മനസ്സിലായപ്പോൾ വിവാഹം ചെയ്തു. മാതവിനെയും കുട്ടിയേയും

ഖണ്ഡനം കൂടി അത് ഉൾക്കൊള്ളുന്നു. അദ്ദേഹം ഇഹത്തിലും പരത്തിലും പ്രമുഖനാണെന്നും, അല്ലാഹുവിങ്കൽ സാമിപ്യം സിദ്ധിച്ച ആളാണെന്നും, സദ്വൃത്തരിൽ പെട്ടവനാണെന്നും പറഞ്ഞതിൻെറ സാരം വ്യക്തമാണല്ലോ. തൊട്ടിലിൽവെച്ചും, മദ്ധ്യവയസ്കനായിരിക്കുമ്പോഴും ജനങ്ങളോട് സംസാരിക്കുമെന്ന് പറഞ്ഞതിൻെറ താല്പര്യം ഒരു ദൃഷ്ടാന്തമെന്ന നിലക്ക് ശൈശവത്തിലും, പ്രവാചകനും ദൈവദൂതനുമെന്ന നിലക്ക് വലുപ്പത്തിലും സംസാരിക്കുമെന്നായിരിരക്കും. പ്രസവം കഴിഞ്ഞശേഷം കുട്ടിയുമായി മർയം (عليها السلام)ജനമദ്ധ്യേ വന്നപ്പോൾ, ജനങ്ങൾ അവരുടെ നേരെ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചുവെന്നും, അപ്പോൾ അല്ലാഹുവിൻെറ കൽപന പ്രകാരം കുട്ടിയുടെ നേരെ അവർ ചൂണ്ടിക്കാട്ടിയെന്നും, ഞാൻ അല്ലാഹുവിൻെറ അടിയാനും പ്രവാചകനുമാണെന്നും മറ്റും അദ്ദേഹം അപ്പോൾ പറയുകയുണ്ടായെന്നും സൂറത്തു മർയമിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (മർയം 27–33)

قَالَتْ رَبِّ أَنَّىٰ يَكُونُ لِى وَلَدٌ وَلَمْ يَمْسَسْنِى بَشَرٌ ۖ قَالَ كَذَٰلِكِ ٱللَّهُ يَخْلُقُ مَا يَشَآءُ ۚ إِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٤٧﴾

47 അവൾ (മർയം)പറഞ്ഞു: ''എൻെറ റബ്ബേ, എനിക്കെങ്ങനെ കുട്ടിയുണ്ടാകും? എന്നെ ഒരു മനുഷ്യനും സപർശിച്ചിട്ടില്ലല്ലോ!'' അവൻ പറഞ്ഞു: ''അങ്ങിനെത്തന്നെയാണ് (കാര്യം); അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. (അതെ) അവൻ ഒരു കാര്യം തീരുമാനം ചെയ്താൽ, അതിനോട് 'ഉണ്ടാകുക' എന്ന് മാത്രം പറയുന്നു; അപ്പോൾ അത് ഉണ്ടാകുന്നു.''

---

47 **قَالَت** അവൾ പറഞ്ഞു. **رب** എൻെറ രക്ഷിതാവെ. **أنى يكُونُ** എങ്ങിനെയുണ്ടാകും. **لي** എനിക്ക്. **ولد** ഒരു കുട്ടി. **ولم يمسسِني** എന്നെ തൊട്ടിട്ടുമില്ല. **بشر** ഒരു മനുഷ്യൻ. **قَالَ** അവൻ പറഞ്ഞു. **كَذَلك** അപ്രകാരമാണ്. **اللهُ يخلُق** അല്ലാഹു സൃഷ്ടിക്കുന്നു. **ما يشاءُ** അവൻ ഉദ്ദേശിക്കുന്നത്. **إذَا قَضى** അവൻ തീരുമാനച്ചാൽ. **أمرا** ഒരു കാര്യം. **فإنما يقُولُ** എന്നാലവൻ പറയുകമാത്രം ചെയ്യും. **له** അതിനോട്, അതിനെക്കുറിച്ച്. **كُن** ഉണ്ടാകുക എന്ന്. **فَيكُونُ** അപ്പോഴത് ഉണ്ടാകും.

അല്ലാഹുവിന് അവൻ ഉദ്ദേശിക്കുന്ന ഏതൊരു കാര്യവും നടപ്പിൽ വരുത്തുവാൻ കഴിയുമെന്ന് സകരിയ്യ (عليه السلام) നെപ്പോലെത്തന്നെ, മർയം (عليها السلام) ബീവിക്കും അറിയാം. പക്ഷെ, നിയമാനുസൃതമായ രീതിയിലോ അല്ലാതെയോ പുരുഷ സമ്പർക്കമുണ്ടായിട്ടില്ലാത്ത ഒരു സ്ത്രീക്ക് കുട്ടി ജനിച്ച ഒരു സംഭവം ഇതിന് മുമ്പുണ്ടായിട്ടില്ല. ആ സ്ഥിതിക്ക് അവർക്കതിൽ അത്ഭുതം തോന്നുകയും, അതെങ്ങിനെയാണെന്നറിയുവാൻ ആഗ്രഹമുണ്ടാകുകയും ചെയ്യുക സ്വഭാവികമാണല്ലോ. ചോദ്യത്തിന് ലഭിച്ച മറുപടിയാകട്ടെ മർയമിന് മാത്രം ബാധകമായ മറുപടിയായിരുന്നില്ല. കാര്യകാരണ ബന്ധങ്ങൾക്കപ്പുറമുള്ള എല്ലാ അത്ഭുത സംഭവങ്ങളിലും മനുഷ്യൻ മനസ്സിരുത്തേണ്ടുന്ന ഒരു മറുപടിയായിരുന്നു അത്. അതെ, 'കാര്യം അങ്ങിനെയൊക്കെത്തന്നെ. അല്ലാഹു എന്തു ഉദ്ദേശിക്കുന്നുവോ അതവൻ സൃഷ്ടിക്കുന്നു. എതൊരു കാര്യവും-അതു പ്രകൃതി സാധാരണമായതാവട്ടെ, അല്ലാത്തതാവട്ടെ-ഉണ്ടാവണമെന്ന് അവൻ തീരുമാനിച്ചു കഴിഞ്ഞാൽ അത് ഉണ്ടാകണമെന്ന് അതിനോട് കൽപിക്കുകയേ വേണ്ടൂ, അതുണ്ടായിക്കൊള്ളും.' ഇതായിരുന്നു

കൂട്ടിക്കൊണ്ടു പിതൃസംരക്ഷണങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. എന്നൊക്കെയാണ് ക്രിസ്ത്യാനികളും ബൈബിളും (മത്തായി അ:1,2) പറയുന്നത്. ഈസാ (അ)നെക്കുറിച്ചു അപവാദങ്ങൾ പരത്തുവാൻ ജൂദന്മാർക്ക് ഇതുവളരെ സഹായമായിത്തീർന്നിട്ടുണ്ട്.

മറുപടി.

പ്രകൃതി നിയമങ്ങളെന്ന് നാം ധരിച്ചുവരുന്നതും, നമുക്ക് സുപരിചിതവുമായ കാര്യകാരണ വ്യവസ്ഥകൾക്ക് നിരക്കാത്ത സംഭവങ്ങളൊന്നും സംഭവിക്കുകയില്ലെന്നൊരു ധാരണ മനസ്സിൽ സ്ഥലം പിടിച്ചു കഴിഞ്ഞ ചിലർക്ക് ഈസാ (عليه السلام) ന്റെ ജനനം പിതാവില്ലാതെയായിരുന്നുവെന്ന് സമ്മതിക്കുവാൻ കുറെ മനപ്രയാസം അനുഭവപ്പെടുന്നതായി കാണുന്നു. മുസ്ലിം സമുദായത്തിൽപെട്ടവരാകകൊണ്ട് ഖുർആന്റെ പ്രസ്താവനകളെ പരസ്യമായി നിഷേധിക്കുവാൻ അവർക്ക് ധൈര്യക്ഷയവും! അതുകൊണ്ട് പ്രസ്തുത യുക്തിവാദത്തിന് രണ്ട് സമർത്ഥന മാർഗ്ഗങ്ങളാണവർ സ്വീകരിക്കാറുള്ളത്. (1) യോസേഫ് എന്നു പേരായ ഒരാൾ വിവാഹം കഴിപ്പാൻ നിശ്ചയിച്ചിരുന്ന കാലത്താണ് മർയം (عليها السلام) ഗർഭിണിയായതെന്ന ബൈബിളിലെ പ്രസ്താവന അൽപം വലിച്ചു നീട്ടിക്കൊണ്ടുള്ള ഒരു വ്യാഖ്യാനം. (2) ഈസാ (عليه السلام) പിതാവില്ലാതെ ജനിച്ച ആളാണെന്ന് ഖുർആൻ ഖണ്ഡിതമായ ഭാഷയിൽ പ്രസ്താവിച്ചില്ലെന്ന് തട്ടിമൂളിക്കൽ. വാസ്തവത്തിൽ, ഖുർആനിൽ വിശ്വസിക്കുകയും, മുസ്ലിമെന്ന് വാദിക്കുകയും ചെയ്യുന്ന ഒരൊറ്റ വ്യക്തിക്കും ഈ പുതിയ വാദം സ്വീകരിക്കുക സാധ്യമല്ല. അത്രയുമല്ല, അത് ശരിയായേക്കുമോ എന്നൊരു നേരിയ സംശയം പോലും തോന്നുവാനവകാശമില്ല. 'ഈസാക്കു പിതാവില്ല' എന്നൊരു വാക്ക് ഖുർആനിൽ പറഞ്ഞിട്ടില്ലെന്നത് ശരിതന്നെ, അതേസമയത്ത് പിതാവില്ലാതെ ജനിച്ച ആളാണദ്ദേഹമെന്ന് പ്രാഥമിക മനുഷ്യ ബുദ്ധിയെങ്കിലുമുള്ളവർക്കെല്ലാം മനസ്സിലാകുമാറുള്ള വാക്കുകളും, പ്രസ്താവനകളും ഖുർആനിൽ നിരവധിയുണ്ടുതാനും ഈസാ (عليه السلام) ക്കു പിതാവുണ്ടായിരുന്നുവെന്നോ, പിതാവിൽ നിന്നും മാതാവിൽ നിന്നുമായി അദ്ദേഹം ജനിച്ചുവെന്നോ സൂചിപ്പിക്കുന്ന-അല്ലെങ്കിൽ വ്യാഖ്യാനിക്കാവുന്ന-ഒരൊറ്റ വാക്കെങ്കിലും ഖുർആനിൽ തൊട്ടു കാണിക്കുവാൻ അവരെ നാം ധൈര്യസമേതം വെല്ലുവിളിക്കുന്നു.

قل فلله الحجة البالغة

സകരിയ്യാ (عليه السلام) നബിയുടെയും, മർയം (عليها السلام) ന്റെയും കഥകളിൽ, അവർക്ക് സന്താനമുണ്ടാകുവാൻ പോകുന്ന സന്തോഷവാർത്ത അറിയിച്ചത് മലക്കുകളാണ്. അതിനെതുടർന്ന് അവർ രണ്ടുപേരും ആശ്ചര്യം പ്രകടിപ്പിക്കുന്നതും കൂടുതൽ വിവരങ്ങൾ അന്വേഷിക്കുന്നതും 'റബ്ബേ'(**رب**) എന്നു വിളിച്ചുകൊണ്ടും അല്ലാഹുവിനെ അഭിമുഖീകരിച്ചുകൊണ്ടുമായിരുന്നു. അഥവാ മലക്കുകളെ അഭിമുഖീകരിച്ചുകൊണ്ടായിരുന്നില്ല. ഈ സംഭവങ്ങളെപ്പറ്റി സൂറത്തു മർയമിലെ പ്രസ്താവനകൾ പരിശോധിക്കുമ്പോൾ, സകരിയ്യാ (عليه السلام) നബിക്ക് സുവിശേഷം അറിയിച്ചത് അല്ലാഹുവാണെന്നും, തനിക്കെങ്ങിനെ കുട്ടിയുണ്ടാകുമെന്ന് മർയം (عليها السلام) ചോദിച്ചത് മലക്കിനോടായിരുന്നുവെന്നും കാണാവുന്നതാണ്. (മർയം: 7, 20, 21 നോക്കുക.) അല്ലാഹുവിൽ നിന്നുള്ള ദൗത്യം അപ്പടി എത്തിക്കുക മാത്രമാണ് മലക്കുകൾ ചെയ്യുന്നത്. അപ്പോൾ ആ ദൗത്യ നിർവ്വഹണവേളയിൽ അവർ പറയുന്നതും, അവരോട് പറയപ്പെടുന്നതുമെല്ലാം വാസ്തവത്തിൽ അല്ലാഹു പറയുന്നതും, അല്ലാഹുവിനോട് പറയപ്പെടുന്നതുമായിരിക്കും. ഇതാണ് ഈ വ്യത്യസ്തമായ പ്രസ്താവനകളിൽ അടങ്ങിയിരിക്കുന്ന രഹസ്യം. സകരിയ്യാ (عليه السلام) നബിയുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ **الله يفعل ما يشاء** (അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യും) എന്നും, മർയം (അ)ന്റെ ചോദ്യത്തിന് നൽകിയ മറുപടിയിൽ **الله يخلق ما يشاء** (അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കും) എന്നും പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. സകരിയ്യാ (عليه السلام) നബിക്കു കുട്ടി ജനിച്ചതിലുള്ള അസാധാരണത്വം, അദ്ദേഹത്തിന്റെ വാർദ്ധക്യത്തിലും ഭാര്യ പ്രസവിക്കാത്ത വന്ധ്യയായിരുന്നതിലുമായിരുന്നു. മർയം (അ)ന്ന് കുട്ടി ജനിച്ചതിലുള്ള അസാധാരണത്വമാകട്ടെ, അതിലും ഉപരിയായതാണ്. പുരുഷന്റെ നാമമാത്ര സ്പർശനം പോലും ഉണ്ടായിട്ടില്ലാത്ത ഒരു സ്ത്രീയിൽ നിന്നാണ് ആ കുട്ടിയുടെ ജനനം. പക്ഷേ, ഈ കാരണത്താൽ ആ കുട്ടി ദൈവമോ, ദൈവപുത്രനോ, ദൈവാംശമോ ഒന്നും തന്നെ ആകുന്നില്ലെന്നും, ആ കുട്ടിയും മറ്റു കുട്ടികളെപ്പോലെ അല്ലാഹുവിന്റെ സൃഷ്ടികളിൽപെട്ട ഒരു സൃഷ്ടി മാത്രമാണെന്നും. അല്ലാഹു എന്ത് ഉദ്ദേശിക്കുന്നതായാലും അത് അവന് ചെയ്വാൻ ഒരു പ്രയാസവുമില്ലെന്നുമുള്ള സൂചനകൾ

രണ്ടാമത്തെ മറുപടിയിൽ അടങ്ങിയിരിക്കുന്നതായി കാണാം.

യഹ്‌യാ (അ)ൻെറ ജനനത്തെക്കുറിച്ച് സകരിയ്യാ (അ)ക്കും, ഈസാ (അ)യുടെ ജനനത്തെക്കുറിച്ച് മർയം (അ)നും നൽകപ്പെട്ട സന്തോഷവാർത്തകളെ സംബന്ധിച്ച് ലൂക്കോസ് 1-ാം അദ്ധ്യായത്തിൽ ബൈബിൾ ഉദ്ധരിച്ചിരിക്കുന്നു. യഹ്‌യാ (അ)നെ സംബന്ധിച്ച ഭാഗം സൂറത്തു മർയമിൻെറ വ്യാഖ്യാനത്തിൽ യഥാസ്ഥാനത്ത് നാം ഉദ്ധരിച്ചിട്ടുണ്ട്. ഈസാ (عليه السلام) നെ സംബന്ധിച്ച അതിലെ പ്രസ്താവന ഇപ്രകാരമാകുന്നു: ''ആ നാളുകൾ (സെഖര്യാവു മൗനമായിരുന്ന നാളുകൾ) കഴിഞ്ഞിട്ട് ഭാര്യ എലിശബെത്ത് ഗർഭം ധരിച്ചു.........ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസറേത്ത് എന്ന ഗലീലയിൽ യോസേഫ് എന്നൊരു പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകാ മറിയയുടെ അടുക്കൽ അയച്ചു. ദൂതൻ പറഞ്ഞു: വന്ദനം. കർത്താവ് നിന്നോടുകൂടെയുണ്ട്. അവൾ ഭ്രമിച്ചു. ദൂതൻ: മറിയയേ, ഭയപ്പെടേണ്ടാ, നിനക്ക് ദൈവ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു(*) എന്ന് പേർ വിളിക്കണം. 'അത്യുന്നതൻെറ പുത്രൻ' എന്ന് വിളിക്കപ്പെടും, കർത്താവായ ദൈവം അവൻെറ ((യേശുവിൻെറ)) പിതാവായ ദാവീദിൻെറ സിംഹാസനം അവന് കൊടുക്കും. യാക്കോബ് ഗൃഹത്തിന് എന്നും രാജാവാകും എന്നും പറഞ്ഞു. മറിയ: ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും ? ദൂതൻ: പരിശുദ്ധാത്മാവ് നിൻെറ മേൽ വരും. അത്യുന്നതൻെറ ശക്തി നിൻെറ മേൽ നിഴലിടും. ആകയാൽ, ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ 'ദൈവപുത്രൻ' എന്നു വിളിക്കപ്പെടും. നിൻെറ ചാർച്ചക്കാരി എലിശബെത്തും വാർദ്ധക്യത്തിൽ ഗർഭം ധരിച്ചിരിക്കുന്നു. മച്ചി എന്നു പറഞ്ഞുവന്നവൾക്ക് ഇത് ആറാം മാസം. ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ.....'' (ലൂക്കോസ് 1: 26-38.)

മർയം (عليها السلام) ന് ലഭിച്ച ഈ സുവിശേഷ വാർത്തയെപ്പറ്റി ബൈബിളിൽ ലൂക്കോസ് മാത്രമേ ഉദ്ധരിച്ചു കാണുന്നുള്ളൂ. ലൂക്കോസിൻെറ ഈ പ്രസ്താവനയിൽ കുറേയെല്ലാം ഖുർആൻെറ പ്രസ്താവനയുമായി യോജിക്കുന്നുവെങ്കിലും 'അത്യുന്നതൻെറ പുത്രൻ,' 'ദൈവത്തിൻെറ പുത്രൻ' എന്നിങ്ങിനെയുള്ള സത്യവിരുദ്ധമായ ചിലതും അതിൽ അടങ്ങിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ഇത് ആ ഗ്രന്ഥകർത്താവിൻെറയോ മറ്റോ വക കൂട്ടിച്ചേർക്കപ്പെട്ടതായിരിക്കുവാനേ തരമുള്ളൂ. മറ്റു സുവിശേഷങ്ങളുടെ കർത്താക്കളാരും ഈ വാക്കുകൾ യേശുവിനെക്കുറിച്ച് ഉപയോഗിച്ചിട്ടില്ല. അതുപോലെത്തന്നെ, 'ദാവീദിൻെറ സിംഹാസനം അവന് കൊടുക്കു'മെന്നും, 'അവൻ എന്നും രാജാവാകു'മെന്നും പറഞ്ഞതും ശരിയല്ല. യേശു ഒരു രാജാവായിരുന്നില്ലെന്നും, ദാവീദിൻെറ (ദാവൂദ്-അ-ൻെറ) സിംഹാസനം അദ്ദേഹത്തിന് സിദ്ധിച്ചിട്ടില്ലെന്നും പറയേണ്ടതില്ല. ലൂക്കോസാണെങ്കിൽ, യേശുവിൻെറ ശിഷ്യനോ, ശിഷ്യൻമാരുടെ ശിഷ്യനോ അല്ല. പിൽക്കാലത്ത് ക്രിസ്തുമതം സ്വീകരിച്ച ഒരാൾ മാത്രമാകുന്നു. അപ്പോൾ, പിൽക്കാലത്ത് പുതുതായി രൂപംകൊണ്ട ക്രിസ്തീയവിശ്വാസ സിദ്ധാന്തമനുസരിച്ച് ലൂക്കോസ് തൻെറ സ്വന്തം വകയായി യേശുവിന് നൽകിയ സ്ഥാനപദവികളാണവയെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ലൂക്കോസിൻെറ സുവിശേഷ പുസ്തകത്തിൻെറ ആരംഭം തന്നെ ഇങ്ങിനെയാണ്: 'നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളുടെ ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട് അതു ക്രമമായി

---

* ഹിബ്രു ഭാഷയിലെ 'യോശുവാ' (يسوع) എന്ന വാക്കും, യവന ഭാഷയിലെ 'യേശു' എന്ന വാക്കും ഏതാണ്ടു ഒരേ അർത്ഥത്തിൽ തന്നെയുള്ളതാകുന്നു.

എഴുതുന്നത് നന്നെന്ന് എനിക്കും തോന്നിയിരിക്കുന്നു.' ഈ മുഖവുര പ്രസ്തുത അനുമാനത്തിന് ശക്തി കൂട്ടുകയും ചെയ്യുന്നു.

ഇടക്കുവെച്ച് മർയം (عليها السلام) ൻെറ ചോദ്യവും, അതിൻെറ ഉത്തരവും ഉദ്ധരിച്ച ശേഷം, മലക്കുകളുടെ സുവിശേഷ വാർത്തയുടെ ബാക്കിഭാഗം അല്ലാഹു ഇങ്ങിനെ തുടരുന്നു:-

48 അവൻ [അല്ലാഹു] അവന് [ഈസാക്ക്] ഗ്രന്ഥവും, വിജ്ഞാനവും, തൗറാത്തും, ഇഞ്ചീലും പഠിപ്പിക്കുകയും ചെയ്യും;-

وَيُعَلِّمُهُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَٱلتَّوۡرَىٰةَ وَٱلۡإِنجِيلَ
٤٨

49 "ഇസ്രാഈൽ സന്തതികളിലേക്ക് റസൂലായും (അവനെ അയക്കും): നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ദൃഷ്ടാന്തവും കൊണ്ട് ഞാൻ നിങ്ങളിൽ വന്നിരിക്കുന്നുവെന്നു (ള്ള ദൗത്യവുമായി); അതായത്, പക്ഷിയുടെ ആകൃതിപോലെ കളിമണ്ണിനാൽ ഞാൻ നിങ്ങൾക്ക് (രൂപം) സൃഷ്ടിച്ചുണ്ടാക്കിത്തരും; എന്നിട്ട് ഞാനതിൽ ഊതും, അപ്പോൾ അല്ലാഹുവിൻെറ അനുവാദംകൊണ്ട് അത് പക്ഷിയായിത്തീരും. അല്ലാഹുവിൻെറ അനുവാദംകൊണ്ട് ജാത്യാന്ധനെയും, വെള്ളപ്പാണ്ഡുകാരനെയും ഞാൻ സുഖപ്പെടുത്തുകയും, മരണപ്പെട്ടവരെ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുന്നതിനെയും, നിങ്ങളുടെ വീടുകളിൽ നിങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനെയും കുറിച്ച് ഞാൻ നിങ്ങൾക്ക് വൃത്താന്തമിറയിക്കുകയും ചെയ്യും. നിശ്ചയമായും, അതിൽ നിങ്ങൾക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ."

وَرَسُولًا إِلَىٰ بَنِيٓ إِسۡرَٰٓءِيلَ أَنِّي قَدۡ جِئۡتُكُم بِـَٔايَةٖ
مِّن رَّبِّكُمۡۖ أَنِّيٓ أَخۡلُقُ لَكُم مِّنَ ٱلطِّينِ
كَهَيۡـَٔةِ ٱلطَّيۡرِ فَأَنفُخُ فِيهِ فَيَكُونُ طَيۡرَۢا بِإِذۡنِ ٱللَّهِۖ
وَأُبۡرِئُ ٱلۡأَكۡمَهَ وَٱلۡأَبۡرَصَ وَأُحۡيِ ٱلۡمَوۡتَىٰ
بِإِذۡنِ ٱللَّهِۖ وَأُنَبِّئُكُم بِمَا تَأۡكُلُونَ وَمَا تَدَّخِرُونَ فِي
بُيُوتِكُمۡۚ إِنَّ فِي ذَٰلِكَ لَأٓيَةٗ لَّكُمۡ إِن كُنتُم
مُّؤۡمِنِينَ ٤٩

50 "തൗറാത്താകുന്ന എൻെറ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നവനായും, നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളതിൽ ചിലത് നിങ്ങൾക്ക് അനുവദനീയമാക്കിത്തരുവാൻ വേണ്ടിയും (ഞാൻ വന്നിരിക്കുന്നു). നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങൾക്ക് ഞാൻ ദൃഷ്ടാന്തവും കൊണ്ടു വന്നിരിക്കുന്നു. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ."

وَمُصَدِّقٗا لِّمَا بَيۡنَ يَدَيَّ مِنَ ٱلتَّوۡرَىٰةِ
وَلِأُحِلَّ لَكُم بَعۡضَ ٱلَّذِي حُرِّمَ عَلَيۡكُمۡۚ
وَجِئۡتُكُم بِـَٔايَةٖ مِّن رَّبِّكُمۡ فَٱتَّقُواْ ٱللَّهَ
وَأَطِيعُونِ ٥٠

51 "നിശ്ചയമായും, അല്ലാഹു എൻെറ റബ്ബും, നിങ്ങളുടെ റബ്ബുമാകുന്നു; അതിനാൽ അവനെ നിങ്ങൾ ആരാധിക്കുവിൻ. ഇത് നേരെ (ചൊവ്വെ) യുള്ള പാതയാകുന്നു. [ഇതൊക്കെയാണ് എൻെറ ദൗത്യം]"

إِنَّ ٱللَّهَ رَبِّي وَرَبُّكُمۡ فَٱعۡبُدُوهُۚ هَٰذَا صِرَٰطٞ
مُّسۡتَقِيمٞ ٥١

48 **ويعلمه** അവൻ അവന് പഠിപ്പിക്കുകയും ചെയ്യും. **الْكتاب** ഗ്രന്ഥം. **والْحكْمةَ** വിജ്ഞാനവും.
والتوراةَ തൗറാത്തും. **والْإِنجيلَ** ഇഞ്ചീലും. 49 **ورسولاً** ദൂതനായും. **إِلَى بنِي إِسرائيلَ** ഇസ്റാഈൽ സന്ത
തികളിലേക്ക്. **أَني قَد جِئْتكُم** ഞാൻ നിങ്ങൾക്ക് വന്നിട്ടുണ്ട് എന്ന്. **بِآية** ദൃഷ്ടാന്തവും കൊണ്ട്. **من
ربكُم** നിങ്ങളുടെ റബ്ബിങ്കൽ നിന്ന്. **أَني أَخلُق** ഞാൻ സൃഷ്ടിച്ച് (രൂപപ്പെടുത്തി) ഉണ്ടാക്കുമെന്ന്. **لَكُم**
നിങ്ങൾക്ക്. **من الطينِ** കളിമണ്ണിനാൽ. **كَهيئَة** ആകൃതി (രൂപം-മാതിരി)പോലെ. **الطير** പക്ഷി (പറവ)
യുടെ. **فَأَنفُخ** എന്നിട്ട് ഞാൻ ഊതും. **فيه** അതിൽ. **فَيكُونُ** അപ്പോൾ അതായിത്തീരും. **طَيرا** പക്ഷി.
بِإِذْنِ اللَّهِ അല്ലാഹുവിൻെറ അനുമതി (ഉത്തരവ് - അനുവാദം) കൊണ്ട്. **وأُبرِئ** ഞാൻ ഒഴിവാക്കുക
(സുഖപ്പെടുത്തുക) യും ചെയ്യും. **الْأَكْمه** ജാത്യന്ധനെ (പിറവിയിലേ അന്ധനായവനെ). **والْأَبرص**
വെളളപ്പാണ്ഡുകാരനെയും. **وأُحيِي** ഞാൻ ജീവിപ്പിക്കുകയും ചെയ്യും. **الْموتى** മരണപ്പെട്ടവരെ.
بِإِذْنِ اللَّهِ അല്ലാഹുവിൻെറ അനുവാദംകൊണ്ട്, ഉത്തരവുപ്രകാരം. **وأُنبئُكُم** ഞാൻ നിങ്ങൾക്ക്
വൃത്താന്തമറിയിക്കുകയും ചെയ്യും. **بِما تأْكُلُونَ** നിങ്ങൾ തിന്നുന്നതിനെപ്പറ്റി. **وما تدخرونَ** നിങ്ങൾ
സൂക്ഷിച്ചുവെക്കുന്നതിനെപ്പറ്റിയും. **في بيوتكُم** നിങ്ങളുടെ വീടുകളിൽ. **إِن في ذَلك** നിശ്ചയമായും
അതിലുണ്ട്. **لَآيةً لَكُم** നിങ്ങൾക്ക് ഒരു ദൃഷ്ടാന്തം. **إِن كُنتم** നിങ്ങളാണെങ്കിൽ. **مؤمنِين** വിശ്വാസികൾ.
50 **ومصدقًا** സത്യപ്പെടുത്തുന്നവനായും. **لما بين يدي** എൻെറ മുന്നിലുള്ളതിനെ. **من التوراة** തൗറാ
ത്താകുന്ന, തൗറാത്തിൽനിന്ന്. **ولأُحلَّ لَكُم** നിങ്ങൾക്ക് ഞാൻ അനുവദനീയമാക്കുവാനും. **بعض الذي**
യാതൊന്നിൽ ചിലത്. **حرم علَيكُم** നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട. **وجِئْتكُم** ഞാൻ നിങ്ങൾക്ക്
വരുകയും ചെയ്തിരിക്കുന്നു. **بِآية** ദൃഷ്ടാന്തവുമായി. **من ربكُم** നിങ്ങളുടെ റബ്ബിങ്കൽ നിന്ന്. **فَاتقُوا**
അതിനാൽ നിങ്ങൾ സൂക്ഷിക്കുവാൻ. **اللَّه** അല്ലാഹുവിനെ. **وأَطيعون** എന്നെ അനുസരിക്കുകയും
ചെയ്വിൻ. 51 **إِن اللَّه** നിശ്ചയമായും അല്ലാഹു. **ربي وربكُم** എൻെറ റബ്ബും നിങ്ങളുടെ റബ്ബുമാണ്.
فَاعبدوه അതിനാൽ അവനെ ആരാധിക്കുവിൻ. **هذَا صراطٌ** ഇതു ഒരു പാതയാകുന്നു. **مستقيم** നേരാ
യ, ചൊവ്വായ.

തനിക്ക് ജനിക്കുവാൻ പോകുന്ന കുട്ടി ഇഹത്തിലും പരത്തിലും ഒരു പ്രമുഖനായിരിക്കും, ശിശുവായിരിക്കുമ്പോഴും മദ്ധ്യവയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കും എന്നും മറ്റും മലക്കുകൾ മർയം (عليها السلام) നോട് പറഞ്ഞതായി 45, 46 വചനങ്ങളിൽ പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിന് വേദ വിജ്ഞാനങ്ങളും, തത്വവിജ്ഞാനങ്ങളും പഠിപ്പിച്ചുകൊടുക്കുന്നതാണെന്നും, അദ്ദേഹം ഇസ്റാഈല്യരിലേക്ക് റസൂലായിരിക്കുമെന്നും ഈ വചനങ്ങളിൽ അവർ തുടർന്നറിയിക്കുന്നു. അതോടുകൂടി, അദ്ദേഹത്തിൻെറ 'രിസാലത്തിൻെറ' (ദിവ്യദൌത്യത്തിൻെറ) പ്രത്യേക ദൃഷ്ടാന്തങ്ങൾ ഇന്നിന്നവയാണെന്നും, പ്രധാന ദൗത്യവിഷയങ്ങൾ എന്താണെന്നും വിവരിച്ചിരിക്കുന്നു.

ഗ്രന്ഥം الكتاب എന്ന വാക്കിൽ, എല്ലാ വേദഗ്രന്ഥങ്ങളും പൊതുവിൽ ഉൾപ്പെടുന്നു. വേദഗ്രന്ഥങ്ങൾക്ക് പുറമെ ലഭിക്കുന്ന വിജ്ഞാനങ്ങളെല്ലാം തത്വവിജ്ഞാനം الحكمة എന്ന വാക്കിലും ഉൾപ്പെടുന്നു. (ഈ വാക്കിൻെറ അർത്ഥോദ്ദേശ്യങ്ങളെപ്പറ്റി അൽബഖറ 129-ാം വചനത്തിൻെറ വിവരണത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ഓർക്കുക) ഇസ്റാഈല്യർക്കിടയിൽ നിലവിലുള്ളതും, മൂസാ (عليه السلام) നബിക്ക് അവതരിച്ചതുമായ തൗറാത്ത് തന്നെയായിരുന്നു ഈസാ (عليه السلام) ൻെറ കാലത്തും മതത്തിൻെറ നിയമ സംഹിതയായി-ന്യായപ്രമാണമായി-പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നത്. ഈസാ (അ)ക്ക് പ്രത്യേകമായി അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാണ് ഇഞ്ചീൽ എന്ന സാക്ഷാൽ സുവിശേഷം. അതുകൊണ്ട് വേദഗ്രന്ഥങ്ങളെപ്പറ്റി ആദ്യം പൊതുവിൽ പ്രസ്താവിച്ചശേഷം, തൗറാത്തിനെയും ഇഞ്ചീലിനെയും പ്രത്യേകം എടുത്തു പറഞ്ഞിരിക്കുകയാണ്. ഈ രണ്ടു വേദഗ്രന്ഥങ്ങളും ഈസാ (عليه السلام) നബിക്ക് ഹൃദിസ്ഥമായിരുന്നുവെന്ന് പറയപ്പെടുന്നു. ഈസാ (അ)ക്ക് എഴുത്തും വായനയും അറിയാമായിരുന്നതുകൊണ്ടും, അദ്ദേഹത്തിന് തൗറാത്തും ഇഞ്ചീലും പഠിപ്പിക്കുമെന്ന് പിന്നീട് പ്രത്യേകം എടുത്തു പറഞ്ഞിരിക്കകൊണ്ടും يعلمه الكتاب എന്ന

വാക്യത്തിന്റെ അർത്ഥം 'അദ്ദേഹത്തിന് എഴുത്ത് പഠിപ്പിക്കും' എന്നാണ്-അഥവാ വേദഗ്രന്ഥം പഠിപ്പിക്കും എന്നല്ല-എന്നു ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്. ധാത്വർത്ഥം നോക്കുമ്പോൾ അതിന് സാധ്യതയുണ്ടുതാനും. ഈസാ (عليه السلام)ഇസ്രാഈൽ സമുദായത്തിലേക്ക് അയക്കപ്പെട്ട ഒരു റസൂലായിരുന്നുവെന്നും (ورسولا الى بني اسرائيل) ഈ സുവിശേഷത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. എല്ലാ ജനസമുദായത്തിനും റസൂലായി അയക്കപ്പെട്ട അന്ത്യപ്രവാചകനായ മുഹമ്മദ് (ﷺ) തിരുമേനി വന്നശേഷം ഇസ്റാഈല്യർ മുഴുവനും തിരുമേനിയെ പിൻപറ്റുവാൻ ബാദ്ധ്യസ്ഥരാണെന്നും ഇത് സൂചിപ്പിക്കുന്നു.

പല മഹാൻമാരും പ്രസ്താവിക്കുന്നതുപോലെ, ഓരോ കാലത്ത് നിയോഗിക്കപ്പെടുന്ന റസൂലുകളുടെ സത്യത സ്ഥാപിക്കുന്നതിനുവേണ്ടി അവരുടെ കൈക്ക് അല്ലാഹു വെളിപ്പെടുത്താറുള്ള അമാനുഷിക ദൃഷ്ടാന്തങ്ങൾ ('മുഅ്ജിസത്തുക'ൾ) അതതു കാലത്തെ ജനങ്ങളുടെ വളർച്ചക്കും, പരിതസ്ഥിതികൾക്കും അനുസരിച്ചായിരിക്കും, വെളിപ്പെടുത്തപ്പെടുന്നത്. മൂസാ (عليه السلام)നബിയുടെ കാലം 'സിഹ്റി'നു വളരെ പ്രചാരമുള്ള കാലമായിരുന്നു. അദ്ദേഹത്തിനു നൽകപ്പെട്ട പ്രധാന ദൃഷ്ടാന്തങ്ങൾ സിഹ്റിനെ വെല്ലുന്നവയായിരുന്നു. നബി (ﷺ) തരുമേനിയുടെ കാലം സാഹിത്യത്തിന് വളരെ സ്ഥാനം കൽപിക്കപ്പെടുന്ന കാലമായിരുന്നു. തിരുമേനിക്ക് നൽകപ്പെട്ട പ്രധാന ദൃഷ്ടാന്തം സാഹിത്യകാരൻമാരെ വെല്ലുന്ന ഖുർആനാകുന്നു. അതുപോലെ, ഈസാ (അ) നബിയുടെ കാലമാകട്ടെ, തത്വശാസ്ത്രം, വൈദ്യശാസ്ത്രം മുതലായവയിൽ വളരെ പുരോഗതി പ്രാപിച്ച ഒരു കാലമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് നൽകപ്പെട്ട പ്രത്യേക ദൃഷ്ടാന്തങ്ങൾ അങ്ങിനെയുള്ള ശാസ്ത്രീയ കഴിവുകളെയെല്ലാം വെല്ലുമാറുള്ളവയായിരുന്നു. അദ്ദേഹത്തിന്റെ 'മുഅ്ജിസത്തു'കളിൽ അദ്ദേഹത്തിന്റെ പ്രവാചകത്വവും സത്യതയും സ്ഥാപിക്കുകയെന്നതിന് പുറമെ, മറ്റൊരു രഹസ്യംകൂടി അടങ്ങിയിട്ടുണ്ടെന്ന് ആലോചിച്ചാൽ കാണാവുന്നതാണ്. പിതാവില്ലാതെയുള്ള അദ്ദേഹത്തിന്റെ ജനനത്തിൽ അസംഭവ്യതയൊന്നുമില്ല എന്നുകൂടി തെളിയിക്കുന്നതരത്തിലുള്ളതാണവ. സയ്യിദ്ഖുത്ത്ബ് (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, നിർജ്ജീവ വസ്തുവിന് ജീവൻ നൽകുക, മരിച്ചവരെ ജീവിപ്പിക്കുക, മറഞ്ഞകാര്യം പറയുക മുതലായ കാര്യങ്ങൾ സൃഷ്ടികളിൽപെട്ട ഒരാളുടെ കൈക്ക് സംഭവിപ്പിക്കുവാൻ കഴിയുന്ന അല്ലാഹുവിന്-മനുഷ്യന്റെ അളക്കുന്ന മാനദണ്ഡം കൊണ്ട് അല്ലാഹുവിനെയും അളക്കുവാൻ ശ്രമിക്കാത്തപക്ഷം - ആരുടെ കൈക്ക് അവൻ അവ വെളിപ്പെടുത്തിയോ ആ ആളെ സാധാരണക്കെതിരായി, പിതാവില്ലാതെ ജനിപ്പിക്കുവാനും കഴിയുമെന്നുള്ളതിലുണ്ടോ വല്ല സംശയവും?!

ഈസാ (عليه السلام)ന്റെ 'മുഅ്ജിസത്തു'കളായി ഇവിടെ പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ ഇവയാകുന്നു: (1) കളിമണ്ണുകൊണ്ട് പക്ഷികളുടെ ആകൃതിയിൽ രൂപമുണ്ടാക്കി അതിൽ അദ്ദേഹം ഊതിയാൽ അത് പക്ഷിയായിത്തീരുക. (2) രോഗം നിമിത്തമോ മറ്റോ അല്ലാതെ, ജനനാൽതന്നെ കാഴ്ചയില്ലാത്തവരായ ജാത്യാന്ധൻമാരെയും, മാറാവ്യാധിയായ വെള്ളപ്പാണ്ഡുകാരെയും സുഖപ്പെടുത്തി വിടുക. (3) മരണപ്പെട്ടവരെ ജീവിപ്പിക്കുക. (4) ജനങ്ങൾ തിന്നുന്നതും, അവർ വീട്ടിൽ സൂക്ഷിച്ചുവെക്കുന്നതുമായ വസ്തുക്കളെക്കുറിച്ച് വിവരിക്കുക, അഥവാ അങ്ങിനെയുള്ള മറഞ്ഞ കാര്യങ്ങൾ പറയുക. ഇവയെല്ലാം ചിലപ്പോഴെങ്കിലും അദ്ദേഹത്തിന്റെ കൈക്കു സംഭവിച്ചിട്ടുണ്ടാവാമെന്ന് നമുക്കു തീർത്തുപറയാം. ഇല്ലാത്തപക്ഷം, അവ അദ്ദേഹത്തിന്റെ പ്രത്യേക ദൃഷ്ടാന്തങ്ങളായി എണ്ണുന്നതിന് അർത്ഥമില്ലല്ലോ. ദൃഷ്ടാന്തങ്ങൾ പലതും കണ്ടിട്ടുപോലും അദ്ദേഹത്തെ നിഷേധിക്കുകയും കയ്യേറ്റം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുകയാണ് യഹൂദികൾ ചെയ്തതെന്ന് പ്രസിദ്ധമാണ്. ബൈബിളിലെ പുതിയ നിയമ പുസ്തകങ്ങളിൽ-അവയിലെ സത്യാസത്യങ്ങൾ തിരിച്ചെടുക്കുവാൻ സാധ്യമല്ലെങ്കിലും-അന്ധതയും പാണ്ഡും അദ്ദേഹം സുഖപ്പെടുത്തിയ പല സംഭവങ്ങളും, മരിച്ചവരെ ജീവിപ്പിച്ച ചുരുക്കം ചില സംഭവങ്ങളും ഉദ്ധരിച്ചു കാണാവുന്നതുമാണ് മുഅ്ജിസത്തുകളെ എണ്ണിപ്പറഞ്ഞശേഷം ان في ذلك لاية لكم ان كنتم مؤمنين (നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ നിശ്ചയമായും നിങ്ങൾക്കതിൽ ദൃഷ്ടാന്തമുണ്ട്.) എന്നു പറഞ്ഞതിൽനിന്നുതന്നെ ഇത് വ്യക്തമാണ്. ഇതെല്ലാം എന്റെ ദൃഷ്ടാന്തങ്ങളാണെന്ന് അദ്ദേഹം

വാദിക്കുകയും പറയുകയും ചെയ്തുകൊണ്ടിരിക്കുകയും, അവയൊന്നും സംഭവിച്ചു കാണാതിരിക്കുകയും ചെയ്യുന്നപക്ഷം, അവ അദ്ദേഹത്തിൻെറ സത്യതയെക്കാൾ അദ്ദേഹത്തിൻെറ അസത്യതക്കാണല്ലോ തെളിവായിത്തീരുക. എന്നാൽ, മേൽ പ്രസ്താവിച്ച ദൃഷ്ടാന്തങ്ങളെന്നോണം അദ്ദേഹത്തിൽ നിന്ന് വെളിപ്പെട്ട സംഭവങ്ങൾ പലതും ചില രിവായത്തുകളിലും, ബൈബിളിലും പ്രസ്താവിച്ചു കാണാമെന്നല്ലാതെ ഒന്നിനും വിശ്വാസയോഗ്യമായ തെളിവു കാണുന്നില്ല.

ചില സംഗതികൾ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതായുണ്ട്. **قد جئتكم باية من ربكم** (നിങ്ങളുടെ റബ്ബിങ്കൽനിന്ന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തവുമായി വന്നിരിക്കുന്നു.) എന്ന് പറഞ്ഞുകൊണ്ടാണ് ഈസാ (عليه السلام) ആ ദൃഷ്ടാന്തങ്ങളെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നത്. പ്രസ്തുത ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിൻെറ കൈക്കു വെളിപ്പെടുമെങ്കിലും അവയുടെ യഥാർത്ഥ കർത്താവ് അല്ലാഹുവാണെന്നാണിത് കാണിക്കുന്നത്. പിന്നീട് ദൃഷ്ടാന്തങ്ങളെ എണ്ണിപ്പറഞ്ഞപ്പോൾ അതെല്ലാം ഞാൻ ചെയ്യുന്നത് അല്ലാഹുവിൻെറ അനുവാദപ്രകാരം (**باذن الله**) ആകുന്നുവെന്ന് അദ്ദേഹം ആവർത്തിച്ചുപറയുകയും ചെയ്തിരിക്കുന്നു. സൂറത്തുൽ മാഇദ 110 ൽ ഈസാ (عليه السلام)നെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു ഇതേ ദൃഷ്ടാന്തങ്ങളെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ, അവയെല്ലാം നീ ചെയ്യുന്നത് എൻെറ അനുവാദപ്രകാരം (**باذني**) ആണെന്ന് അവിടെയും ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് കാണാം. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ, അല്ലെങ്കിൽ മനസ്സിരുത്താതെ, പലർക്കും അമളി പിണയുകയും, അങ്ങനെ, പ്രവാചകൻമാരും അല്ലാത്തവരുമായ പല മഹാന്മാർക്കും അവർ ദിവ്യത്വം കൽപ്പിക്കുവാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ആ മഹാത്മാക്കൾ ഉദ്ദേശിക്കുമ്പോഴൊക്കെ അവർക്ക് പല അസാധാരണ സംഭവങ്ങളും വെളിപ്പെടുത്തുവാനും, ചിലമറഞ്ഞ കാര്യങ്ങൾ അറിയുവാനും കഴിയുമെന്നും അവർ ധരിച്ചുവശായിരിക്കുന്നു. ഈ ധാരണ നിമിത്തം മുസ്‌ലിം സമുദായത്തിൽ ശിർക്കു പരമായ എത്രയോ അന്ധവിശ്വാസങ്ങൾ കടന്നുകൂടിയിരിക്കുകയാണ്. ദൃഷ്ടാന്തങ്ങളോടുകൂടി അയക്കപ്പെട്ട പ്രവാചകന്മാർക്കുപോലും അവർ ഉദ്ദേശിക്കുമ്പോൾ ആ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുവാൻ സാധ്യമല്ലതന്നെ. അല്ലാഹു ഉദ്ദേശിക്കുമ്പോൾ, അവൻെറ അനുവാദപ്രകാരം മാത്രമേ അവർക്കും അതിന് സാധ്യമുള്ളു. അല്ലാഹു പറയുന്നു: **وما كان لرسول ان ياتي باية الا باذن الله لكل اجل كتاب – الرعد** (ഒരു റസൂലിനും തന്നെ അല്ലാഹുവിൻെറ അനുവാദപ്രകാരമല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാനാകുകയില്ല. എല്ലാ അവധിക്കുമുണ്ട് ഓരോ നിയമ നിശ്ചയം. (റഅ്ദു: 38.)

ഈസാ (عليه السلام) നിർവ്വഹിക്കേണ്ടതായുള്ള രണ്ടു കാര്യങ്ങളെ അദ്ദേഹത്തിൻെറ പ്രസ്താവനയിൽ പ്രത്യേകം എടുത്തു കാണിച്ചിരിക്കുന്നു. (ഒന്ന്:) തൻെറ മുമ്പിലുള്ള തൗറാത്താകുന്ന വേദഗ്രന്ഥത്തെ അദ്ദേഹം സത്യപ്പെടുത്തുന്നതാണ്. അതെ, അദ്ദേഹം തൗറാത്തിൻെറ തത്വങ്ങളെ അംഗീകരിക്കുകയും തൗറാത്തിൻെറ നിയമ നടപടികളെ പിൻപറ്റുകയും അതിനെ പുനർജ്ജീവിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് അവതരിപ്പിച്ച ഇഞ്ചീൽ ഒരു പുതിയ നിയമ സംഹിതയായിരുന്നില്ല. ഉപദേശങ്ങൾ, താക്കീതുകൾ, ഉപമകൾ ആദിയായവയാണ് അവയിലെ പ്രധാന ഉള്ളടക്കം. ഇഞ്ചീൽ (**الانجيل**) എന്ന വാക്കിന് തന്നെ സുവിശേഷമെന്നാണർത്ഥം. ഈ വാസ്തവം യേശുവിൻെറ വാക്കുകളിലൂടെ ബൈബിൾ ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു. 'ഞാൻ ന്യായപ്രമാണത്തെ (തൗറാത്തിനെ) യോ, പ്രവാചകൻമാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല, നിവൃത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ''ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല.'' (മത്തായി, 5, 17, 18.)

(മറ്റൊന്ന്:) ഇസ്റാഈല്യരുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിരുന്ന ചില കാര്യങ്ങളെ അദ്ദേഹം അവർക്ക് അനുവദനീയമാക്കിക്കൊടുക്കും. ഇപ്പറഞ്ഞതിന് രണ്ടു പ്രകാരത്തിൽ വിവക്ഷ നൽകപ്പെടുന്നു: (1) പൊതുവിൽ തൗറാത്തിൻെറ നിയമനടപടി തന്നെയാണ് അദ്ദേഹവും പിൻപറ്റുന്നതെങ്കി

ലും അതിൽ ഇസ്റാഈല്യർക്ക് നിരോധിക്കപ്പെട്ടിരുന്ന ചില കാര്യങ്ങളുടെ നിരോധം അദ്ദേഹത്തിൻെറ കാലത്ത് 'നസ്ഖ്' ചെയ്യപ്പെടുക (ദുർബ്ബലപ്പെടുത്തുക) യുണ്ടായിട്ടുണ്ട്. യഹൂദികൾക്ക് അനുവദനീയമായിരുന്ന ചില വസ്തുക്കൾ അവരുടെ അക്രമം നിമിത്തം അവർക്ക് നിഷിദ്ധമാക്കപ്പെട്ടതായി അല്ലാഹു (4: 160; 6: 146) പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങിനെയുള്ള വല്ലതും പിന്നീട് ഈസാ (عليه السلام) ൻെറ കാലത്ത് അവർക്ക് അനുവദനീയമാക്കപ്പെട്ടിരിക്കാം. ഈ അഭിപ്രായത്തെയാണ് ഇബ്നുകഥീർ (رحمه الله) മുതലായവർ ശരിവെച്ചിരിക്കുന്നത്. അതുപോലെയുള്ള നല്ല നിയമങ്ങളിലും കാലാനുസൃതമായ എന്തെങ്കിലും ചില്ലറ മാറ്റങ്ങൾ വരുത്തുന്നത് തൗറാത്തിനെ സത്യപ്പെടുത്തുന്നതിന് എതിരാകുന്നില്ലെന്നാണ് അവരുടെ അഭിപ്രായം. (2) യഥാർത്ഥത്തിൽ നിഷിദ്ധമാക്കപ്പെട്ടവയല്ലെങ്കിലും പുരോഹിതൻമാരുടെയോ മറ്റോ ദുർവ്യാഖ്യാനങ്ങളും അഭിപ്രായങ്ങളും കാരണമായി നിഷിദ്ധങ്ങളെന്ന് കരുതപ്പെട്ടു വന്നിരുന്ന ചില കാര്യങ്ങളുടെ യഥാർത്ഥ വിധി തുറന്നു കാട്ടും. ഈസാ (عليه السلام) പറഞ്ഞതായി മറ്റൊരു സ്ഥലത്ത് **ولابين لكم بعض الذى تختلفون فيها** (നിങ്ങൾ ഭിന്നാഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നതിൽ ചിലത് ഞാൻ നിങ്ങൾക്ക് വ്യക്തമാക്കിത്തരുവാനും (സുഖ്റുഫ്: 63) എന്നു പറഞ്ഞിരിക്കുന്നത് ഈ അഭിപ്രായത്തിന് തെളിവായി ഉദ്ധരിക്കപ്പെടുന്നു. **الله اعلم**

അവസാനം, 'നിങ്ങളുടെ റബ്ബിങ്കൽ ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തവും കൊണ്ടുവന്നിരിക്കുന്നു'വെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ട് എല്ലാ പ്രവാചകൻമാരുടെയും ദൗത്യ പ്രധാനമായ മൗലിക തത്വങ്ങൾ ഈസാ (عليه السلام) നബിയും പ്രഖ്യാപനം ചെയ്യുന്നു. **فاتقوا الله واطيعون........صراط مستقيم** അതെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം, എന്നെ അനുസരിക്കണം, എൻെറയും നിങ്ങളുടെയും റബ്ബ് അല്ലാഹുതന്നെയാണ്. അവനെ മാത്രം ആരാധിക്കണം, ഇതാണ് നേർക്കുനേരെയുള്ള മാർഗ്ഗം എന്നൊക്കെ, ഈ ഉൽബോധനങ്ങൾക്ക് ക്രിസ്ത്യാനികൾ എന്തുതന്നെ വ്യാഖ്യാനം നൽകിയാലും ശരി അവരുടെ അംഗീകൃത വേദഗ്രന്ഥങ്ങളായി അവർ സ്വീകരിച്ചുവരുന്ന നിലവിലുള്ള സുവിശേഷങ്ങളിൽ ഈ പരമാർത്ഥം ഇന്നും അവിടവിടെയായി ഒളിഞ്ഞു കിടപ്പുണ്ടെന്ന വസ്തുത അവർക്ക് പോലും നിഷേധിപ്പാൻ സാധ്യമല്ല. ഉദാഹരമായി: പിശാചിൻെറ ഒരു പരീക്ഷണത്തിന് വിധേയനായ അവസരത്തിൽ യേശു അവനോട് പറയുകയാണ്: "സാത്താനേ, എന്നെ വിട്ടുപോ, നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവു എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്പോൾ പിശാച് അവനെ വിട്ടുപോയി." (മത്തായി 4: 10, 11) ജൂദ പണ്ഡിതൻമാരെ ആക്ഷേപിച്ചുകൊണ്ട് യേശു പറയുന്നു: "........ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവ വചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു. കപട ഭക്തിക്കാരായ നിങ്ങളെക്കുറിച്ച് യെശയ്യാവു പറഞ്ഞത് ശരി: 'ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്ന് ദൂരത്ത് അകന്നിരിക്കുന്നു. മനുഷ്യകൽപനകളായ ഉപദേശങ്ങളെ ഇവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു." (മാർക്കോസ്, 7: 5-7; മത്തായി, 15: 7-9).

۞ فَلَمَّآ أَحَسَّ عِيسَىٰ مِنۡهُمُ ٱلۡكُفۡرَ قَالَ مَنۡ أَنصَارِيٓ إِلَى ٱللَّهِۖ قَالَ ٱلۡحَوَارِيُّونَ نَحۡنُ أَنصَارُ ٱللَّهِ ءَامَنَّا بِٱللَّهِ وَٱشۡهَدۡ بِأَنَّا مُسۡلِمُونَ ٥٢

52 എന്നിട്ട് ഈസാ അവരിൽ [ഇസ്രാഈല്യരിൽ] നിന്ന് അവിശ്വാസത്തെ (അനുഭവത്തിൽ) അറിഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞു: "അല്ലാഹുവിങ്കലേക്കുള്ള (മാർഗ്ഗത്തിൽ) എൻെറ സഹായികൾ ആരുണ്ട്?" 'ഹവാരീകൾ' പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിൻെറ (മാർഗ്ഗത്തിൽ) സഹായികളാകുന്നു; ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ 'മുസ്ലിം'കളാകുന്നുവെന്ന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം."

53 ''ഞങ്ങളുടെ റബ്ബേ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിക്കുകയും, ഞങ്ങൾ റസൂലിനെ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ, നീ ഞങ്ങളെ സാക്ഷ്യം വഹിച്ചവരോടൊപ്പം രേഖപ്പെടുത്തേണമേ!''

رَبَّنَآ ءَامَنَّا بِمَآ أَنزَلْتَ وَٱتَّبَعْنَا ٱلرَّسُولَ فَٱكْتُبْنَا مَعَ ٱلشَّٰهِدِينَ ﴿٥٣﴾

54 അവർ [അവിശ്വാസികൾ] തന്ത്രം പ്രയോഗിച്ചു; അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹുവാകട്ടെ, തന്ത്രം പ്രയോഗിക്കുന്നവരിൽ ഉത്തമനാകുന്നു.

وَمَكَرُوا۟ وَمَكَرَ ٱللَّهُ ۖ وَٱللَّهُ خَيْرُ ٱلْمَٰكِرِينَ ﴿٥٤﴾

---

52 **فلما أحس** എന്നിട്ട് അറിഞ്ഞപ്പോൾ, അനുഭവിച്ചറിഞ്ഞാരെ. **عيسى** ഈസാ. **منهم** അവരിൽനിന്ന്. **الكُفْر** അവിശ്വാസം. **قَالَ** അദ്ദേഹം പറഞ്ഞു. **من أنصاري** എന്റെ സഹായികൾ ആരാണ്. **إلى الله** അല്ലാഹുവിങ്കലേക്ക്. **قَالَ الحواريونَ** ഹവാരികൾ പറഞ്ഞു. **نحن** ഞങ്ങൾ. **أنصار الله** അല്ലാഹുവിന്റെ സഹായികളാകുന്നു. **آمنا بِالله** ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. **واشهد** താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യുക. **بِأنا مسلمونَ** ഞങ്ങൾ മുസ്ലിംകളാണെന്ന്. **53** **ربنا** ഞങ്ങളുടെ റബ്ബേ. **آمنا** ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. **بِما أنزلتَ** നീ അവതരിപ്പിച്ചതിൽ. **واتبعنا** ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. **الرسولَ** റസൂലിനെ. **فَاكْتُبنا** അതിനാൽ ഞങ്ങളെ രേഖപ്പെടുത്തണേ. **معالشاهدين** സാക്ഷ്യം വഹിക്കുന്നവരോടൊപ്പം. **54** **ومكروا** അവർ തന്ത്രം പ്രവർത്തിക്കുകയും ചെയ്തു. **ومكر الله** അല്ലാഹു തന്ത്രം പ്രയോഗിച്ചു. **والله** അല്ലാഹുവാകട്ടെ. **خير الماكرين** തന്ത്രം പ്രയോഗിക്കുന്നവരിൽ ഉത്തമനാകുന്നു..

സൂ: സ്വഫ്-ഫിൽ അല്ലാഹു പറയുന്നു: ''ഹേ വിശ്വസിച്ചവരേ, മർയമിന്റെ മകൻ ഈസാ അല്ലാഹുവിങ്കലേക്ക് എന്റെ സഹായികൾ ആരാണ് എന്നു 'ഹവാരീ'കളോട് ചോദിച്ചപ്പോൾ, ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ് എന്ന് ഹവാരീകൾ പറഞ്ഞതുപോലെ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിത്തീരുവിൻ.'' എന്നിട്ട് ഇസ്രാഈൽ സന്തതികളിൽനിന്ന് ഒരു വിഭാഗം വശ്വസിച്ചു; ഒരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ, വിശ്വസിച്ചവർക്ക് അവരുടെ ശത്രുക്കൾക്കെതിരിൽ നാം ബലം നൽകി. അങ്ങിനെ, അവർ (വിജയം നേടി) പ്രത്യക്ഷരായത്തീർന്നു. الصف .... يا ايها الذين امنوا كونو انصار الله 'ഹവാരി'കൾ الحواريون എന്ന പദത്തിന്റെ വാക്കർത്ഥത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അവർ അലക്കുകാരായിരുന്നുവെന്നും, മൽസ്യവേട്ട നടത്തുന്നവരായിരുന്നുവെന്നും പറയപ്പെടുന്നു. ഏതായാലും 'സഹായികൾ' എന്ന ഉദ്ദേശ്യത്തിൽ ആ വാക്ക് ഉപയോഗിക്കപ്പെടുന്നു. അഹ്സാബ് യുദ്ധത്തിൽ പങ്കെടുക്കുവാൻ നബി (ﷺ) ജനങ്ങളെ ക്ഷണിച്ചപ്പോൾ, സുബൈർ (رضي الله عنه) വേഗം ആ ക്ഷണം സ്വീകരിച്ചു. അപ്പോൾ തിരുമേനി, 'എന്റെ ഹവാരിയാണ് സുബൈർ' എന്നു പറയുകയുണ്ടായി. (ബു;മു.)

ഈസാ (عليه السلام) നബിയുടെ സത്യോപദേശങ്ങൾ സ്വീകരിക്കാതെയും, ദൃഷ്ടാന്തങ്ങൾ വകവെക്കാതെയും അദ്ദേഹത്തിന്റെ ജനത-ഇസ്റാഈല്യർ-അവിശ്വാസത്തിൽ ശഠിച്ചു നിന്നു. അദ്ദേഹത്തിന്റെ ദിവ്യദൗത്യം നിഷേധിക്കുക മാത്രമല്ല. അദ്ദേഹത്തിന്റെ പേരിൽ അവർ കള്ളാരോപണങ്ങൾ തൊടുത്തുവിടുകയും അദ്ദേഹത്തെ കൊലപ്പെടുത്തുവാൻ ഗൂഢശ്രമങ്ങൾ നടത്തുകയും ചെയ്തു. ഇതെല്ലാം കണ്ടപ്പോൾ ''അല്ലാഹുവിങ്കലേക്കുള്ള മാർഗ്ഗത്തിൽ എന്നെ സഹായിക്കുവാൻ ആരാണ് തയ്യാറുള്ളത്.'' (من انصارى الى الله) എന്നു തന്റെ അനുയായികളോട് അദ്ദേഹം ചോദിച്ചു. കുറച്ചാളുകൾ മുന്നോട്ട് വന്ന് ഞങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തെ സഹായിക്കുവാൻ തയ്യാറാണ് (نحن انصار الله) എന്നറിയിച്ചു അഥവാ അല്ലാഹുവിന്റെ മതം പ്രചരിപ്പിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യുന്നതിൽ ഞങ്ങൾ ഞങ്ങൾക്ക് കഴിയുന്നതെല്ലാം ചെയ്യുവാൻ തയ്യാറാണെന്ന് താൽപര്യം. ഇവരാണ് 'ഹവാരികൾ' എന്ന പേരിൽ അറിയപ്പെടുന്നത്. ഇവർ

പന്ത്രണ്ട് പേരായിരുന്നുവെന്ന് പറയപ്പെടുന്നു. (അല്ലാഹുവിനറിയാം.) തങ്ങൾ യഥാർത്ഥ സത്യ വിശ്വാസം സ്വീകരിച്ചവരും, അല്ലാഹുവിൻെറ കല്പനകൾക്ക് നിരുപാധികം കീഴടങ്ങിയവരും (മുഅ്മിനുകളും, മുസ്‌ലിംകളും) ആണെന്നും ഈസാ (عليه السلام) ൻെറ മുമ്പിൽ പ്രഖ്യാപനം ചെയ്യുകയും, റസൂലിനെ പിൻപറ്റിയ സത്യസാക്ഷികളിൽ തങ്ങളെ ഉൾപ്പെടുത്തുവാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തെ നിഷേധിച്ചവരാകട്ടെ-ഇവരാണ് ബഹുഭൂരിഭാഗവും - അദ്ദേഹത്തെയും അദ്ദേഹത്തിൻെറ സത്യപ്രബോധനങ്ങളെയും നശിപ്പിക്കുവാൻ വേണ്ടി പല കുതന്ത്രങ്ങളും അക്രമങ്ങളും നടത്തിപ്പോന്നു. പക്ഷേ, അവർക്കെതിരായ ചില തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ട് അല്ലാഹു അവരെ പരാജയപ്പെടുത്തിക്കളഞ്ഞു. ഇത്രയും കാര്യങ്ങളാണ് ഈ വചനങ്ങളിൽ നിന്നു മൊത്തത്തിൽ മനസ്സിലാക്കുവാനുള്ളത്.

ഈസാ (عليه السلام) നബിയിൽ അവിശ്വസിച്ചവർക്കെതിരെ അല്ലാഹു സ്വീകരിച്ച തന്ത്രങ്ങളെപ്പറ്റി അടുത്ത വചനങ്ങളിൽ വിവരിക്കുന്നുണ്ട്. എന്നാൽ, അവർ ഈസാ (عليه السلام) ക്കെതിരെ പ്രയോഗിച്ച തന്ത്രങ്ങൾ എന്തായിരുന്നുവെന്ന് ഇവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ലെങ്കിലും ഖുർആൻെറ പല പ്രസ്താവനകളിൽനിന്നും മറ്റുമായി അവ ഏറെക്കുറെ മനസ്സിലാക്കാവുന്നതാകുന്നു. അദ്ദേഹത്തെപ്പറ്റി വ്യഭിചാരപുത്രൻ, ചെപ്പടിവിദ്യക്കാരൻ, കളളവാദി, രാജദ്രോഹി, മതദ്രോഹി, ജനങ്ങൾക്കിടയിൽ ഭിന്നിപ്പും കലഹവുമുണ്ടാക്കുന്നവൻ എന്നിങ്ങനെ പലതും അവർ ആരോപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മാതാവിനെപ്പറ്റി വ്യഭിചാരിണി എന്നും മറ്റും പറഞ്ഞുണ്ടാക്കി. ആ പ്രവാചകവര്യൻെറ തത്വോപദേശങ്ങളിൽ ജനങ്ങൾ ആകൃഷ്ടരാകുന്നത് കണ്ടപ്പോൾ, തങ്ങളുടെ പൗരോഹിത്യ താൽപര്യങ്ങൾക്കും പാരമ്പര്യാചാരങ്ങൾക്കും അത് മൂലം ഹാനിനേരിടുമെന്ന ഭയവും, അവരുടെ അസൂയയും മാത്രമാണ് ഇതിനൊക്കെ കാരണം. അദ്ദേഹത്തിന് പ്രവാചകത്വവും ദിവ്യദൗത്യവും ലഭിക്കുകയും, അദ്ദേഹം മതപ്രബോധനം ചെയ്തു തുടങ്ങുകയും ചെയ്തതോടെയാണ് ഇതെല്ലാം ആരംഭിച്ചത്. മേപ്പടി സംരംഭങ്ങളിലൊന്നും അവർക്ക് വിജയിക്കുവാൻ കഴിയാതെ വന്നപ്പോൾ, എതിർപ്പും കുതന്ത്രങ്ങളും വർദ്ധിപ്പിച്ചു. അദ്ദേഹത്തെ കൊലപ്പെടുത്തുവാനും ക്രൂശിക്കുവാനും ശ്രമം നടത്തി. ബൈബിളിൻെറ (യോഹന്നാൻ, മാർക്കോസ് മുതലായ സുവിശേഷങ്ങളിലെ) വിവരണങ്ങളനുസരിച്ച് സംഭവത്തിൻെറ ചുരുക്കം ഇങ്ങിനെയാണ്:-

റോമൻ കൈസറുടെ കീഴിൽ പിലാത്തോസ് രാജാവായിരുന്നു ബൈത്തുൽ മുഖദ്ദസിൽ ഭരണം നടത്തിയിരുന്നത്. ഈസാ (عليه السلام) നെപ്പറ്റി ആ ദുഷ്ടൻമാർ രാജാവിൻെറ മുമ്പിൽ പല ആരോപണങ്ങളും ഉന്നയിച്ചു. അദ്ദേഹം റോമൻ ഭരണകൂടത്തിനെതിരിൽ പ്രചാരവേല നടത്തുകയാണ്, യഹൂദരുടെ രാജാവായിത്തീരുവാൻ ശ്രമം നടത്തുകയാണ്, ഞങ്ങൾക്ക് രാജാവായി കൈസർ തന്നെ മതി എന്നൊക്കെയായിരുന്നു ആരോപണത്തിൻെറ താൽപര്യം. കേവലം ഒരു വിഗ്രഹാരാധകനായിരുന്ന പിലാത്തോസ് അദ്ദേഹത്തെ വിളിച്ചു വിചാരണ നടത്തിയതിൽ, ആരോപണങ്ങളൊന്നും ശരിയല്ലെന്ന് തെളിഞ്ഞു. എന്നിട്ടും 'അവനെ ക്രൂശിക്കുക' എന്ന് ആർത്ത് വിളിക്കുകയാണ് അവർ ചെയ്തത്. നിങ്ങളുടെ ന്യായപ്രമാണം (തൗറത്ത്) അനുസരിച്ച് വേണ്ടത് ചെയ്തുകൊള്ളുക എന്ന് പിലാത്തോസ് അവരോട് പറഞ്ഞു. നിയമപ്രകാരം അവനെ കൊല്ലേണ്ടതണെന്നും, കൊല്ലുവാൻ ഞങ്ങൾക്കധികാരമില്ലല്ലോ എന്നുമായിരുന്നു അവരുടെ മറുപടി. അത്രയുമല്ല, അവനെ കൊലപ്പെടുത്താത്തപക്ഷം, താൻ (പിലത്തോസ് രാജാവ്) റോമൻ കൈസറുടെ എതിരാളിയാണെന്ന് ഞങ്ങൾ കൈസറെ അറിയിക്കുമെന്ന് അവർ ഭീഷണിപ്പെടുത്തുകയും ചെയ്തു. അങ്ങനെ, അദ്ദേഹത്തെ വധിക്കുന്ന പാപത്തിൽ നിന്ന് ഞാൻ ഒഴിവാണെന്നും, നിങ്ങൾ തന്നെ ആ പാപം ഏൽക്കണമെന്നും അറിയിച്ചുകൊണ്ട് പിലാത്തോസ് അവസാനം യഹൂദികളുടെ ആവശ്യത്തിന് വഴങ്ങിക്കൊടുക്കുവാൻ നിർബ്ബന്ധിതനായി. ഈസാ (അ)ൻെറ ശിഷ്യഗണങ്ങളിൽ യൂദാ (യൂദാസ്) എന്ന് പേരായ ഒരാൾ അദ്ദേഹത്തെ ഒറ്റിക്കൊടുക്കുവാൻ മുപ്പത് പണം പ്രതിഫലം നിശ്ചയിച്ച് ഏറ്റിട്ടുണ്ടായിരുന്നു. അവൻ യഹൂദപുരോഹിതൻമാരെയും പിലാത്തോസിൻെറ പട്ടാളക്കാരെയും കൂട്ടി പന്തം കൊളുത്തി രാത്രി ഈസാ (അ)നെ തിരഞ്ഞുപോയി. അദ്ദേഹവും

ഏതാനും ശിഷ്യൻമാരും ഒരു തോട്ടത്തിൽ ഒളിച്ചിരിക്കുകയായിരുന്നു. യൂദാ ആംഗ്യം മുഖേന അദ്ദേഹത്തെ കാണിച്ചുകൊടുത്തു. കൂടെയുള്ളവർ അദ്ദേഹത്തെ പിടിച്ചു ബന്ധിക്കുകയും, മുൾക്കിരീടം ധരിപ്പിക്കുക മുതലായ പല അക്രമങ്ങളും ചെയ്തുകൊണ്ട് അദ്ദേഹത്തെ കുരിശിൽ കയറ്റുകയും ചെയ്തു.... ഇതാണ് ബൈബിളിൽ പറഞ്ഞതിന്റെ ചുരുക്കം.

യഥാർത്ഥത്തിൽ, കുരിശു സംഭവത്തിന്റെ പര്യവസാനം മറ്റൊന്നായിരുന്നു. അവർ ഒരാളെ പിടികൂടിയതും, കുരിശിൽ തറച്ചതും ശരിതന്നെ, പക്ഷേ, ആ ആൾ ഈസാ (عليه السلام) ആയിരുന്നില്ല. അവരറിയാതെ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണുണ്ടായത്. അതെ, ومكروا ومكر الله و الله خير الماكرين (അവർ തന്ത്രം പ്രയോഗിച്ചു അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹുവാകട്ടെ, തന്ത്രജ്ഞൻമാരിൽവെച്ച് ഉത്തമനുമാകുന്നു) അടുത്ത വചനത്തിൽ അല്ലാഹു പ്രയോഗിച്ച തന്ത്രമെന്തെന്ന് വിവരിക്കുന്നു:-

വിഭാഗം-6

إِذۡ قَالَ ٱللَّهُ يَٰعِيسَىٰٓ إِنِّي مُتَوَفِّيكَ وَرَافِعُكَ إِلَيَّ وَمُطَهِّرُكَ مِنَ ٱلَّذِينَ كَفَرُواْ وَجَاعِلُ ٱلَّذِينَ ٱتَّبَعُوكَ فَوۡقَ ٱلَّذِينَ كَفَرُوٓاْ إِلَىٰ يَوۡمِ ٱلۡقِيَٰمَةِۖ ثُمَّ إِلَيَّ مَرۡجِعُكُمۡ فَأَحۡكُمُ بَيۡنَكُمۡ فِيمَا كُنتُمۡ فِيهِ تَخۡتَلِفُونَ ٥٥

55 (അതെ) അല്ലാഹു പറഞ്ഞ സന്ദർഭം: ''ഈസാ, നിശ്ചയമായും, നിന്നെ ഞാൻ പൂർണ്ണമായി പിടിച്ചെടുക്കുകയും, നിന്നെ എന്റെ അടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്. അവിശ്വസിച്ചവരിൽ നിന്ന് നിന്നെ (ഞാൻ) ശുദ്ധമാക്കുകയും, നിന്നെ പിൻപറ്റിയവരെ ഖിയാമത്തുനാൾ വരേക്കും അവിശ്വസിച്ചവരുടെ മീതെ ആ(ക്കിവെ)ക്കുകയും ചെയ്യുന്നതാണ്. പിന്നീട് എന്റെ അടുക്കലേക്കായിരിക്കും നിങ്ങളുടെ മടങ്ങിവരവ് അപ്പോൾ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ, നിങ്ങൾക്കിടയിൽ ഞാൻ വിധി കൽപിക്കുന്നതാകുന്നു.

فَأَمَّا ٱلَّذِينَ كَفَرُواْ فَأُعَذِّبُهُمۡ عَذَابٗا شَدِيدٗا فِي ٱلدُّنۡيَا وَٱلۡأٓخِرَةِ وَمَا لَهُم مِّن نَّٰصِرِينَ ٥٦

56 ''എന്നിട്ട് അപ്പോൾ, യാതൊരു കൂട്ടർ അവിശ്വസിച്ചുവോ അവരെ ഇഹത്തിലും, പരത്തിലും ഞാൻ കഠിനമായ ശിക്ഷ ശിക്ഷിക്കും; അവർക്കു സഹായികളായിട്ട് (ആരും ഉണ്ടാകുക) ഇല്ലതാനും.''

وَأَمَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فَيُوَفِّيهِمۡ أُجُورَهُمۡۗ وَٱللَّهُ لَا يُحِبُّ ٱلظَّٰلِمِينَ ٥٧

57 ''എന്നാൽ, യാതൊരുകൂട്ടർ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് അവൻ [അല്ലാഹു] അവരുടെ പ്രതിഫലങ്ങൾ പൂർത്തിയാക്കി കൊടുക്കുകയും ചെയ്യും. അല്ലാഹു, അക്രമികളെ സ്നേഹിക്കുകയില്ല.''

---

55 **إِذْ قَالَ اللَّهُ** അല്ലാഹു പറഞ്ഞ സന്ദർഭം. **يا عيسى** ഈസാ. **إني** നിശ്ചയമായും ഞാൻ. **متوفيك** നിന്നെ പൂർണ്ണമായെടുക്കുന്ന (പിടിച്ചെടുക്കുന്ന)വനാണ്. **ورافعك** നിന്നെ ഉയർത്തുന്നവനുമാണ്. **إلي** എന്നിലേക്ക്. **ومطهرك** നിന്നെ ശുദ്ധമാക്കുന്നവനുമാണ്. **من الذين كفروا** അവിശ്വസിച്ചവരിൽനിന്ന്. **وجاعلُ** ആക്കുന്നവനുമാണ്. **الذين اتبعوك** നിന്നെ പിൻപറ്റിയവരെ. **فوق** മീതെ. **الذين كفروا** അവിശ്വസിച്ചവരുടെ. **إلى يوم** നാൾവരെ. **القيامة** ഖിയാമത്തിന്റെ. **ثم إلي** പിന്നെ എന്റെ അടുക്കലേക്കാണ്. **مرجعكم** നിങ്ങളുടെ മടക്കം . **فأحكم** അപ്പോൾ ഞാൻ വിധി കൽപിക്കും, വിധിക്കും. **بينكم** നിങ്ങൾക്കിടയിൽ. **فيما** യാതൊന്നിൽ. **كنتم فيه** അതിൽ നിങ്ങളായിരുന്നു. **تختلفونَ** നിങ്ങൾ

ഭിന്നിച്ചു (ഭിന്നാഭിപ്രായത്തിലായി) കൊണ്ടിരിക്കും. 56 **فَأَمَّا** എന്നാലപ്പോൾ. **الذين كَفَرُوا** അവിശ്വസിച്ചവർ. **فَأُعَذِّبُهُمْ** അവരെ ഞാൻ ശിക്ഷിക്കും. **عَذَابًا شَدِيدًا** കഠിനമായ ശിക്ഷ. **فِي الدُّنْيَا** ഇഹത്തിൽവെച്ച്. **وَالْآخِرَةِ** പരത്തിലും. **وَمَا لَهُمْ** അവർക്കില്ലതാനും. **مِنْ نَاصِرِينَ** സഹായികളായട്ട് (ആരും). 57 **وَأَمَّا الَّذِينَ** എന്നാൽ യാതൊരു കൂട്ടർ. **آمَنُوا** അവർ വിശ്വസിച്ചു. **وَعَمِلُوا** അവർ പ്രവർത്തിക്കയും ചെയ്തു. **الصَّالِحَاتِ** സൽക്കർമ്മങ്ങൾ. **فَيُوَفِّيهِمْ** അവർക്കവൻ നിറവേറ്റി (പൂർണ്ണമായി) കൊടുക്കും . **أُجُورَهُمْ** അവരുടെ പ്രതിഫലങ്ങൾ, കൂലി. **وَاللَّهُ** അല്ലാഹു. **لَا يُحِبُّ** ഇഷ്ടപ്പെടുകയില്ല. **الظَّالِمِينَ** അക്രമികളെ

ഈസാ (عليه السلام) നബിയിൽ അവിശ്വസിച്ചവർക്കെതിരെ അല്ലാഹുവും തന്ത്രം പ്രയോഗിച്ചുവെന്ന് കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. പ്രസ്തുത നടപടി പ്രയോഗത്തിൽ വരുത്തും മുമ്പ് അതെങ്ങിനെയായിരിക്കുമെന്ന് ഈസാ (അ)ക്ക് അല്ലാഹു അറിയിച്ച വിവരമാണ് ഈ വചനങ്ങളിൽ കാണുന്നത്. അതിൻെറ സാരം ഇങ്ങിനെ സംഗ്രഹിക്കാം: ആ അവിശ്വാസികൾ എന്ത് കുതന്ത്രങ്ങൾ പ്രയോഗിച്ചാലും ശരി, അവരുടെ കെണിയിൽ അകപ്പെടാതെ നിന്നെ (ഈസാനബിയെ) ഞാൻ രക്ഷപ്പെടുത്തും. നിന്നെ ഞാൻ അവരിൽ നിന്ന് പിടിച്ചെടുത്ത് എൻെറ അടുക്കലേക്ക് ഉയർത്തിക്കൊണ്ട് വരും. അങ്ങനെ, ആ ദുഷ്ടൻമാരിൽനിന്ന് നിനക്ക് ഞാൻ മോചനം നൽകും. നിന്നെ പിൻപറ്റിയിട്ടുള്ള സത്യവിശ്വാസികൾക്ക് ഖിയാമത്തുനാൾവരെ ആ അവിശ്വാസികളെക്കാൾ ഉന്നതസ്ഥാനം നൽകിക്കൊണ്ടിരിക്കും. അവസാനം എല്ലാവരും എൻെറ അടുക്കൽ മടങ്ങിവരുമല്ലോ. അപ്പോഴായിരിക്കും നിങ്ങൾ തമ്മിലുള്ള ഭിന്നിപ്പുകളെ സംബന്ധിച്ച അന്തിമ തീരുമാനം ഞൻ എടുക്കുക. അവിശ്വാസികൾക്ക് ഇഹത്തിലും പരത്തിലും ഞാൻ കഠിനമായ ശിക്ഷ നൽകും. അതിൽനിന്ന് അവരെ സഹായിച്ചു രക്ഷ നൽകുവാൻ ആർക്കും സാധ്യമല്ല. സത്യവിശ്വാസവും സൽക്കർമ്മവും സ്വീകരിച്ചവർക്കുള്ള പ്രതിഫലം ഞാൻ പൂർണ്ണമായി നൽകി അനുഗ്രഹിക്കുകയും ചെയ്യും. അക്രമികളെ അല്ലാഹു സ്നേഹിക്കുക എന്ന പ്രശ്നമേ ഇല്ല.

ഈസാ (عليه السلام) നെ കുരിശിൽ തറച്ചു മൃഗീയമായ രൂപത്തിൽ വധിക്കുവാനയിരുന്നുവല്ലോ യഹൂദികൾ വട്ടം കൂട്ടിയിരുന്നത്. അവരിൽനിന്ന് അദേഹത്തെ അല്ലാഹു രക്ഷിക്കുമെന്ന് അദ്ദേഹത്തിന് നൽകിയ ഈ വഗ്ദാനം അല്ലാഹു എങ്ങിനെ പാലിച്ചുവെന്ന് മറ്റൊരു സ്ഥലത്ത് അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇസ്റാഈല്യർ അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് പാത്രമാകുവാനുള്ള പല കാരണങ്ങളും എടുത്ത് പറയുന്ന കൂട്ടത്തിൽ അല്ലാഹുവിൻെറ റസൂലും മർയമിൻെറ മകനുമായ മസീഹു ഈസായെ ഞങ്ങൾ കൊലപ്പെടുത്തിയിരിക്കുന്നുവെന്നുള്ള അവരുടെ വാദം ഉദ്ധരിച്ചുകൊണ്ട് സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു: ''അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടില്ല; അദ്ദേഹത്തെ കുരിശിച്ചിട്ടുമില്ല. എങ്കിലും, അവർക്കദ്ദേഹം തിരിച്ചറിയാതാക്കപ്പെട്ടിരിക്കുകയാണ്. നിശ്ചയമായും, അദ്ദേഹത്തിൻെറ കാര്യത്തിൽ ഭിന്നാഭിപ്രായത്തിലായവർ, അദ്ദേഹത്തെക്കുറിച്ച് സംശയത്തിൽ തന്നെയാകുന്നു. അവർക്ക് അദ്ദേഹത്തെപ്പറ്റി ഊഹത്തെ പിൻപറ്റുകയല്ലാതെ ഒരു അറിവുമില്ല. ഉറപ്പായും അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടില്ല. പക്ഷേ, അല്ലാഹു തൻെറ അടുക്കലേക്ക് അദ്ദേഹത്തെ ഉയർത്തുകയാണ് ചെയ്തത്. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.'' (നിസാഉ്: 157, 158) അതെ, അദ്ദേഹത്തെ കുരിശിൽ തറച്ചു കൊല്ലുവാനുള്ള ഒരുക്കങ്ങളെല്ലാം അവർ ചെയ്തുവെങ്കിലും അദ്ദേഹത്തെ അവർക്ക് പിടികിട്ടിയില്ല. അദ്ദേഹമെന്ന് ധരിച്ച് അദ്ദേഹത്തോട് രൂപ സാദൃശ്യമുള്ള ഒരാളെ പിടിച്ചു ക്രൂശക്കുകയാണുണ്ടായത്. തങ്ങൾ കൊലപ്പെടുത്തിയത് അദ്ദേഹത്തെത്തന്നെയാണെന്ന് ഉറപ്പിക്കത്തക്ക ഒരു തെളിവോ ഉറപ്പായ അറിവോ അവർക്കില്ല. അവർ ഊഹിച്ചത് അങ്ങിനെയാണെന്നു മാത്രം. യഥാർത്ഥത്തിൽ സംഭവിച്ചത് മറ്റൊന്നാകുന്നു. അല്ലാഹു അദ്ദേഹത്തെ അവങ്കലേക്ക് ഉയർത്തിക്കളഞ്ഞു. പിന്നെ എങ്ങിനെയാണ് അവർ അദ്ദേഹത്തെ കൊലപ്പെടുത്തുക?!

യേശുവിനെ തങ്ങൾ ക്രൂശിച്ചു കൊലപ്പെടുത്തിയെന്ന് അഹങ്കരിക്കുന്ന യഹൂദികൾക്കോ,

യഥാർത്ഥം മനസ്സിലാക്കുവാൻ കഴിയാതിരിക്കുകയും, ക്രമേണ ആ സങ്കൽപത്തെ അടിസ്ഥാനമാക്കി പുതിയൊരു മതസംഹിത കെട്ടിപ്പടുത്തുണ്ടാക്കുകയും ചെയ്ത ക്രിസ്ത്യാനികൾക്കോ ആ സംഭവത്തിൻെറ സാക്ഷാൽ രൂപം അറിഞ്ഞുകൂടാ. അല്ലാഹു പറഞ്ഞതുപോലെ, അവർ കുരിശിലേറ്റിയത് യേശുവിനെത്തന്നെയാണെന്നോ, അവർ കൊലപ്പെടുത്തിയത് അദ്ദേഹത്തെത്തന്നെയാണെന്നോ അവർക്ക് ഉറപ്പില്ലെന്നുള്ള യഥാർത്ഥം ബൈബിളിൻെറ പ്രസ്താവനകളിൽനിന്ന് തന്നെ മനസ്സിലാകുന്നതാണ്. അദ്ദേഹത്തെ പിടിച്ചുകൊണ്ട് വന്നവർ അദ്ദേഹത്തെ നേരിൽ അറിയാത്തവരായിരുന്നു. രാത്രി പന്തം കൊളുത്തിക്കൊണ്ടാണ് അവർ തോട്ടത്തിൽ അദ്ദേഹത്തെ തിരഞ്ഞു നടന്നത്, വിചാരണസമയത്ത് യഹൂദികൾ മാത്രമേ സ്ഥലത്തുണ്ടായിരുന്നുള്ളു, യേശുവിനോട് രൂപസാദൃശ്യമുള്ള ആളുകൾ വേറെയും ഉണ്ടായിരുന്നു. യേശുവിൻെറ തന്നെയും രൂപഭാവം മാറുന്ന സന്ദർഭങ്ങളുണ്ടായിരുന്നു, ചില മണിക്കൂറുകൾ മാത്രമേ അദ്ദേഹം കുരിശിൽ തറക്കപ്പെട്ടവനായിരുന്നിട്ടുള്ളു (*) കുരിശിൽനിന്നിറക്കിയപ്പോൾ മുറിവിൽനിന്ന് രക്തം ഒഴുകിയിരുന്നു എന്നിങ്ങിനെയുള്ള അതിൻെറ പല പ്രസ്താവനകളും, അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാ എന്ന ശിഷ്യനെക്കുറിച്ചുള്ള വ്യത്യസ്തങ്ങളായ പരാമർശങ്ങളും വസ്തുനിഷ്ഠമായി പരിശോധിക്കുന്നവർക്ക് ഈ വാസ്തവം ബോധ്യമാകും. കൂടുതൽ വിശദീകരണത്തിന് മുതിരുന്നപക്ഷം അത് കുറേ ദീർഘിച്ചു പോകുന്നതാണ്.

ദുർവ്യാഖ്യാനവും, മുൻവിധിയും, യുക്തിവാദവുമൊക്കെ ഒരു ഭാഗത്ത് ഒതുക്കിവെച്ചുകൊണ്ട് ശുദ്ധ മനസ്സോടെ അല്ലാഹു വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചതെന്തും മുഖവിലക്ക് സ്വീകരിക്കുവാനുള്ള സന്നദ്ധതയോടെ ഈ ഖുർആൻ വചനവും, സൂ: നിസാഉൽനിന്ന് മേലുദ്ധരിച്ച വചനവും വായിക്കുന്ന ഒരു മുസ്‌ലിമിന് മറ്റു മനുഷ്യരെപ്പോലെ ഈസാ (عليه السلام) നബിയും മരിച്ചുമണ്ണടിഞ്ഞു പോയിരിക്കുകയാണെന്ന് വിശ്വസിക്കുവാൻ കഴിയുകയില്ല. അല്ലാഹു തൻെറ അടുക്കലേക്ക് അദ്ദേഹത്തെ ഉയർത്തി (رفعه الله اليه) എന്ന് പറഞ്ഞതിൻെറ അർത്ഥം അദ്ദേഹത്തിൻെറ ആത്മാവിനെ പിടിച്ചെടുത്തുകൊണ്ടുപോയി എന്നാണെന്നോ, അവൻെറ അടുക്കൽ അദ്ദേഹത്തിന് ഉന്നത പദവി നൽകി എന്നാണെന്നോ പറഞ്ഞു തൃപ്തിപ്പെടുവാനും സാധ്യമല്ല. അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല (وما قتلوه) എന്നും, അദ്ദേഹത്തെ അവർ ക്രൂശിച്ചിട്ടുമില്ല (وما صلبوه) എന്നുമുള്ള വാക്യങ്ങളിൽ 'അദ്ദേഹത്തെ' എന്ന സർവ്വനാമം (ضمير) കൊണ്ടുള്ള വിവക്ഷ ഏതൊന്നാണോ അതേ വസ്തുതന്നെയായിരിക്കണമല്ലോ 'അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തി' (رفعه الله اليه) എന്ന വാക്യത്തിലെ സർവ്വനാമം കൊണ്ടുള്ള വിവക്ഷയും, വക്രതയില്ലാത്ത ഏതൊരു സാമാന്യ ബുദ്ധിക്കും മനസ്സിലാക്കാവുന്നതാണിത്. ആദ്യത്തെ രണ്ടിലും ജഡവും ആത്മാവും കൂടിയുള്ള ഈസാ (عليه السلام) നബിയാണ് ഉദ്ദേശ്യമെങ്കിൽ മൂന്നാമത്തേതിലും അങ്ങിനെത്തന്നെ. ആദ്യത്തെ രണ്ടിലും ജഡവും ആത്മാവും കൂടിയ അദ്ദേഹമാണെന്നും, മൂന്നാമത്തേതിൽ മാത്രം അദ്ദേഹത്തിൻെറ ആത്മാവ് മാത്രമാണെന്ന്- അല്ലെങ്കിൽ ജഡം മാത്രമാണെന്നും - പറയുന്നതിന് നീതികരണമില്ല. ഭാഷാചട്ടങ്ങൾക്കോ യുക്തിക്കോ അത് യോജിക്കുന്നതുമല്ല.

رفعه الله اليه (അല്ലാഹു അദ്ദേഹത്തെ അവങ്കലേക്ക് ഉയർത്തി) എന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം, അദ്ദേഹത്തിന് അല്ലാഹുവിങ്കൽ ഉന്നതപദവി നൽകി എന്നാണെന്നുള്ള വാദം, പാമരൻമാരെ പകിട്ടാക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളു. കാരണം, ഒരു ക്രിയയുമായി ബന്ധപ്പെടുത്തിക്കൊണ്ട് അതിനുശേഷം إلى (ഇലാ) എന്ന അവ്യയം വരുമ്പോൾ ആ ക്രിയ സംഭവിക്കുന്ന കാലത്തിൻെറയോ, സ്ഥലത്തിൻെറയോ അവസാനം കുറിക്കുവാനുള്ളതായിരിക്കും അത്. (يعني لانتهاء الغاية الزمانية اوالمكانية) ഈ അവ്യയത്തിന് മലയാളത്തിൽ നാം '-ലേക്ക്' എന്നും 'വരെ'

* അക്കാലത്തു നിലവിലുള്ള കുരിശു മരത്തിൻെറ രൂപവും, അതിൽ മനുഷ്യരെ ക്രൂശിക്കുന്ന സമ്പ്രദായവും നോക്കുമ്പോൾ കുരിശിൽ തറക്കപ്പെട്ട ആൾ മരണപ്പെടുവാൻ രണ്ടുമൂന്നുദിവസം വേണ്ടിവരുമായിരുന്നു.

എന്നും സാധാരണ വിവർത്തനം നൽകാറുള്ളതും ഇതേ അർത്ഥം ഉദ്ദേശിച്ചു തന്നെയാകുന്നു. അതായത്, അല്ലാഹുവിങ്കലേക്ക് എത്തുന്നതുവരെ അദ്ദേഹത്തെ അവൻ ഉയർത്തിക്കൊണ്ടുപോയി എന്നു സാരം. നമ്മുടെ മുമ്പിലുള്ള ഈ വചനത്തിൽ رفعك الى (എന്നിലേക്ക് ഉയർത്തുന്നു) എന്നും, സൂറ: നിസാഇലെ വചനത്തിൽ رفعه الله اليه (അല്ലാഹു അവങ്കലേക്ക് ഉയർത്തി) എന്നുമാണല്ലോ ഉള്ളത്. എന്നാൽ അല്ലാഹുവിങ്കലേക്ക് ഉയർത്തി എന്ന് പറഞ്ഞതിന്റെ താൽപര്യമെന്താണ്? ഇതാണ് ഇനി ആലോചിക്കുവാനുള്ളത്. ആകാശത്തേക്ക് ഉയർത്തി എന്നാണതിന്റെ താൽപര്യമെന്നത്രെ പണ്ഡിതൻമാരുടെ അടുക്കലുള്ള ബലപ്പെട്ട അഭിപ്രായം. ഏതായാലും, മേൽപോട്ട് ഉയർത്തിക്കൊണ്ടുപോയി എന്നതിൽ പണ്ഡിതൻമാർക്ക് അഭിപ്രായ വ്യത്യാസമില്ല. ഉപരിലോകത്തേക്ക് എന്ന് സാമാന്യമായി പറയാം എന്നല്ലാതെ, സ്ഥാനം തിട്ടപ്പെടുത്തിപ്പറയുവാൻ തക്ക തെളിവുകളില്ല. യഥാർത്ഥം അല്ലാഹുവിനറിയാം.

അല്ലാഹുവിങ്കൽ ഉന്നത പദവി നൽകുക എന്നുള്ള ഈ പുതിയ അർത്ഥം കൽപിക്കുന്നവർ, അതിനെ ന്യായീകരിക്കുവാൻ ഇദ്‌രീസു (عليه السلام) നബിയെപ്പറ്റി സൂറത്ത് മർയമിൽ ورفعناه مكانا عليا (അദ്ദേഹത്തെ നാം ഉന്നതമായ ഒരു സ്ഥാനത്ത് ഉയർത്തിവെച്ചിരിക്കുന്നു) എന്നു പറഞ്ഞിട്ടുള്ളതിനെ എടുത്ത് കാണിക്കാറുണ്ട്. ഇതിൽ 'ഇലാ' (الى) എന്ന അവ്യയം ഇല്ലെന്നുമാത്രമല്ല, 'ഉന്നതമായ ഒരു സ്ഥാനത്ത്' (مكانا عليا) എന്ന് അല്ലാഹുതന്നെ സ്പഷ്ടമാക്കുകയും ചെയ്തിരിക്കുന്നു. നേരെ മറിച്ച് 'ഉന്നതമായ ഒരു സ്ഥാനത്തേക്ക്' (الى مكانا عليا) എന്നായിരുന്നു അല്ലാഹു പറഞ്ഞതെങ്കിൽ, മുകളിൽ പ്രസ്താവിച്ച പ്രകാരം തന്നെയായിരിക്കും ഇവിടെയും ഉദ്ദേശ്യം. നമസ്കാരത്തിലെ ഒരു പ്രാർത്ഥനയിൽ وارفعني (എന്നെ ഉയർത്തണേ) എന്നുള്ളതും ഇവർ എടുത്ത് കാണിക്കാറുണ്ട്. ഇതിലും الى എന്ന അവ്യയം ഇല്ലല്ലോ. അറബിഭാഷയെ സംബന്ധിച്ച് പ്രാഥമിക ജ്ഞാനമെങ്കിലും ഉള്ളവർക്കറിയാം, ക്രിയകളുമായി ബന്ധപ്പെട്ടു നിൽക്കുന്ന അവ്യയങ്ങൾക്കനുസരിച്ച് ക്രിയകളുടെ അർത്ഥത്തിൽ വ്യത്യാസം നേരിടുമെന്ന്.

'ഖാദിയാനികൾ' എന്ന പേരിൽ അറിയപ്പെടുന്ന അഹ്‌മദീ മതക്കാർക്ക് അവരുടെ പുതിയ മതാടിസ്ഥാനങ്ങൾ കെട്ടിപ്പൊക്കുന്നതിന് ഈസാ (عليه السلام) മരണപ്പെട്ടുപോയിട്ടുണ്ടെന്ന് സ്ഥാപിക്കേണ്ടുന്ന ഗതികേടുള്ളതുകൊണ്ട് അവരും പുരോഗമനവാദികളെന്ന് സ്വയം അവകാശപ്പെടുന്ന ചില മുസ്‌ലിം യുക്തിവാദികൾക്ക് അവരുടെ യുക്തിവാദങ്ങൾക്കും ശാസ്ത്രീയ നിഗമനങ്ങൾക്കും നിരക്കായ്കകൊണ്ട് അവരും ഈസാ (عليه السلام) നബിയെ ഉപരിലോകത്തേക്ക് അല്ലാഹു ഉയർത്തിയതിനെ നിഷേധിക്കുന്നവരാകുന്നു. ഈ ഖുർആൻ വചനങ്ങളെ-കുറേ പാടുപെട്ടെങ്കിലും-തങ്ങൾക്ക് അനുകൂലമായി അവർ വ്യാഖ്യാനിക്കുകയും ചെയ്തു വരുന്നു. അവരുടെ ചില അർത്ഥ വ്യാഖ്യാനങ്ങളെ സൂചിപ്പിച്ചാണ് നാം മുകളിൽ ചിലതെല്ലാം സംസാരിച്ചത്. വളരെ കാര്യമായി അവർ കടിച്ചു തൂങ്ങാറുള്ള ഒരു വാക്കാണ് متوفيك (മുതവഫ്-ഫീക) എന്നുള്ളത്. 'നാം നിന്നെ മരണപ്പെടുത്തുന്നതാണ്' എന്നും മറ്റുമാണ് അവർ ഈ വാക്കിന് അർത്ഥമാക്കുന്നത്. അതുകൊണ്ട് ഈ വാക്കിനെപ്പറ്റിയും അൽപമൊന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. توفى (തവഫ്-ഫി) എന്ന ധാതുവിൽ നിന്നുള്ള കർതൃ നാമം (اسم الفاعل) ആണത്. 'നിറവേറ്റി എടുക്കുക, പൂർണ്ണമായെടുക്കുക, മുഴുവൻ എടുക്കുക' എന്നൊക്കെയാണ് അതിന്റെ സാക്ഷാൽ അർത്ഥം. കടം മുഴുവൻ തീർത്തുവാങ്ങി എന്ന ഉദ്ദേശ്യത്തിൽ توفى الدين എന്നു പറയാറുള്ളത് ഈ അർത്ഥമനുസരിച്ചാകുന്നു. മരണം മനുഷ്യനെ മുഴുവനായി പിടിച്ചെടുത്തുകൊണ്ട് പോകുന്നതുകൊണ്ട് മരണത്തെ ഉദ്ദേശിച്ചും, ഉറക്കം കേവലം ഒരു അർദ്ധ മരണമായതുകൊണ്ട് ഉറക്കത്തെ ഉദ്ദേശിച്ചും ഈ വാക്ക് ഉപയോഗിക്കാറുണ്ടുതാനും 'മരണപ്പെട്ടു' എന്ന ഉദ്ദേശ്യത്തിൽ 'കാലം കഴിഞ്ഞു, കാലഗതി പ്രാപിച്ചു, കഥ കഴിഞ്ഞു' എന്നൊക്കെ മലയാളത്തിൽ പറയപ്പെടാറുള്ളതുപോലെ ഒരു പ്രയോഗമാണിതും. അഥവാ വാക്കർത്ഥമോ, ഭാഷാർത്ഥമോ എന്ന നിലക്കല്ല-സന്ദർഭത്തിനൊത്ത ഉദ്ദേശ്യാർത്ഥം എന്ന നിലക്കാണത് എന്ന് സാരം. (توفى എന്ന വാക്കിന്റെ അർത്ഥങ്ങളെയും, പ്രയോഗങ്ങളെയും കുറിച്ച് സുമർ, 42; സജദ: 11 എന്നീ വചനങ്ങളുടെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരിക്കുന്നുണ്ട്.)

മരണവേളയിലും ഉറക്കത്തിലും അല്ലാഹു ആളുകളെ പിടിച്ചെടുക്കുന്നു (الله يتوفى الانفس حين موتها الخ) എന്നു സുമർ 42 ലും, സ്ത്രീകളുടെ ഇദ്ദഃയെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യെ, അവരെ മരണം പിടിച്ചെടുക്കുന്നതുവരെ (حتي يتوفيهن الموت) എന്നു നിസാഉ് 15ലും അല്ലാഹു പറഞ്ഞിരിക്കുന്നു. രണ്ടു സ്ഥലത്തും توفى എന്ന വാക്ക് തന്നെയാണുള്ളത്. ആ വാക്കിന് 'മരണപ്പെടുത്തുക' എന്നു അർത്ഥം കൽപിക്കുന്നപക്ഷം, ഒന്നാമത്തെ വാക്യത്തിന് 'മരണവേളയിലും ഉറക്കിലും അല്ലാഹു ആളുകളെ മരണപ്പെടുത്തുന്നു' എന്നും, രണ്ടാമത്തെ വാക്യത്തിന് 'മരണം അവരെ മരണപ്പെടുത്തുന്നതുവരെ' എന്നും ആയിരിക്കുമല്ലോ അർത്ഥം വരുക. ഇതു തികച്ചും നിരർത്ഥമാണെന്ന് പറയേണ്ടതില്ല. ചുരുക്കത്തിൽ توفى എന്ന വാക്കിൻെറ സാക്ഷാൽ അർത്ഥം 'മരണപ്പെടുത്തുക' എന്നോ 'ജീവിതം അവസാനിപ്പിക്കുക' എന്നോ അല്ലെന്ന് ഇതിൽ നിന്നൊക്കെ വ്യക്തമാണ്. ശരി, വാസ്തവം ഇതാണെങ്കിലും اني متوفيك എന്ന വാക്കിൻെറ ഉദ്ദേശ്യാർത്ഥമെന്ന നിലക്ക് 'ഞാൻ നിന്നെ മരണപ്പെടുത്തുന്നതാണ്' എന്ന് എന്തുകൊണ്ട് അതിന് അർത്ഥമാക്കിക്കൂടാ? എന്നു ചോദിക്കപ്പെട്ടേക്കാം. തുടർന്നുകൊണ്ട് ورفعك الى (നിന്നെ എൻെറ അടുക്കലേക്ക് ഉയർത്തുന്നതുമാണ്) എന്നു കൂടിപറഞ്ഞിരിക്കെകൊണ്ട് ആ ഉദ്ദേശ്യാർത്ഥം ഇവിടെ കൽപിക്കുവാൻ നിവൃത്തിയില്ല. ഇതാണിതിന് മറുപടി. കാരണം, മരണപ്പെട്ട ആളെ ഉയർത്തുന്നത് ഒന്നുകിൽ അയാളുടെ ജഡത്തെ ഉയർത്തുകവഴിയോ, ആത്മാവിനെ ഉയർത്തുകവഴിയോ മാത്രമേ സാദ്ധ്യമാകുകയുള്ളു. ഇത് രണ്ടും ശരിയല്ലെന്നും, ജഡവും ആത്മാവും ചേർന്നുള്ള ഈസാ (عليه السلام) നെ ഉയർത്തുമെന്നേ അതിന്നർത്ഥമായിരിക്കുവാൻ പാടുള്ളുവെന്നും നാം മുകളിൽ ചൂണ്ടിക്കാട്ടിയല്ലോ.

ഈസാ (عليه السلام) മരണപ്പെട്ടുപോയിട്ടുണ്ട്-ഉപരിലോകത്തേക്ക് ഉയർത്തപ്പെടുകയുണ്ടായിട്ടില്ല- എന്നു വാദിക്കുന്നവർ, തങ്ങളുടെ ഒരു ഊന്നുവടിയായി ഉപയോഗിക്കാറുള്ള ഒരു ഖുർആൻ വചനമാണ് واويناهما الى ربوة ذات قرار ومعين (അവർ രണ്ടാൾക്കും--ഈസാക്കും മാതാവിനും-നിവാസ യോഗ്യവും ഒഴുക്കു ജലമുള്ളതുമായ ഒരു മേടു പ്രദേശത്തേക്ക് നാം അഭയം നൽകി.) എന്ന സൂ: മഅ്മിനൂനിലെ 50-ാം വചനം. യഹൂദികൾ അദ്ദേഹത്തെ കുരിശിൽ തറച്ചുകൊല്ലുവാൻ വട്ടം കൂട്ടിയപ്പോൾ, അദ്ദേഹത്തെയും മാതാവിനെയും അവരുടെ ഉപദ്രവം ഏൽക്കാത്ത ഒരു സ്ഥലത്തേക്ക് രക്ഷപ്പെടുത്തിയെന്നും, അവിടെവെച്ച് അദ്ദേഹം മതപ്രചരണം നടത്തിക്കൊണ്ടിരുന്നുവെന്നും, അങ്ങനെ അവിടെ വെച്ച് അദ്ദേഹം സ്വാഭാവികമായി മരണം പ്രാപിച്ചുവെന്നുമൊക്കെയാണ് അവർ ആ വചനത്തിന് നൽകുന്ന വ്യാഖ്യാനം. ഖാദിയാനീ (അഹ്മദീ) മതക്കാരാകട്ടെ, ഇതൊന്നു കൂടി വലിച്ചുനീട്ടി വിശദീകരിച്ചുകൊണ്ട് ആ മേടുപ്രദേശം കൊണ്ടുദ്ദേശ്യം കാശ്മീർ പ്രദേശമാണെന്നും, അവിടെ ഈസാ (അ)ൻെറ ഖബ്ർ നിലവിലുണ്ടെന്നും മറ്റും ജൽപിച്ചും വരുന്നു. സത്യത്തിൻെറ കണികപോലുമില്ലാത്ത ചില കെട്ടുകഥകളും, ദുസ്സമർത്ഥനങ്ങളും മാത്രമാണിതെല്ലാം. ഈസാ (عليه السلام) ശിശുവായിരിക്കുമ്പോൾ, അന്നവിടെ രാജാവായിരുന്ന ഹിറോദോത്തസ് അദ്ദേഹത്തെ വധിക്കുവാൻ നടത്തിയ ഗൂഢശ്രമത്തിൽ നിന്ന് അദ്ദേഹത്തെയും മാതാവിനെയും അല്ലാഹു രക്ഷപ്പെടുത്തിയതിനെ ഉദ്ദേശിച്ചാണ് ആ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. ഇക്കൂട്ടർ ജൽപിക്കുന്നതുപോലെ, കുരിശു സംഭവത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തിയതിനെ സംബന്ധിച്ചല്ലതന്നെ. അതേ വചനത്തിൽ ആദ്യം وجعلنا ابن مريم وامه اية (മർയമിൻെറ മകനെയും, അവൻെറ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തിരിക്കുന്നു) എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പിതാവില്ലാതെ ജനിച്ചതിലടങ്ങിയ ദൃഷ്ടാന്തത്തെ ഓർമ്മിപ്പിച്ചശേഷം, അതിനെത്തുടർന്നാണ് ആ വാക്യം അല്ലാഹു അവിടെ പറഞ്ഞിരിക്കുന്നത്. അപ്പോൾ, അതോട് ബന്ധപ്പെട്ട ഒരു വിഷയമാണ് - കുരിശു സംഭവത്തോട് ബന്ധപ്പെട്ട വിഷയമല്ല-അതെന്ന് വ്യക്തമാണല്ലോ. ബൈബിളിൽ കാണുന്നതുപോലെ, കുരിശു സംഭവം നടക്കുന്ന കാലത്ത് അദ്ദേഹത്തിൻെറ മാതാവ് മർയം (عليها السلام) ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്ന് വന്നാൽ തന്നെയും കുരിശു സംഭവവുമായി ബന്ധപ്പെട്ട ഒരു അഭയം നൽകലിനെ ഉദ്ദേശിച്ചാണ് ആ വചനത്തിൽ പ്രസ്താവിച്ചതെന്ന് തെളിയിക്കുവാൻ ഇക്കൂട്ടർക്ക് സാധ്യമല്ലതാനും.

അല്ലാഹു പ്രസതാവിച്ച ആ മേടുപ്രദേശം (ربوة) ദിമശ്ഖി (ഡമസ്കസി)ലാണെന്നും, ബൈത്തുൽ മുഖദ്ദസിലാണെന്നും, ഫലസ്തീനിലെ റംലയിലാണെന്നും, ഈജിപ്തിലാണെന്നുമൊക്ക അഭിപ്രായങ്ങൾ കാണാം. ഇവിടങ്ങളിലെല്ലാം ഈസാ (عليه السلام) നബിയും മാതാവും താമസിച്ചിട്ടുള്ളതായിരിക്കാം ഇതിനു കാരണം. (അല്ലാഹുവിനറിയാം) ഏതായാലും കാശ്മീരിലാണെന്ന് – കഴിഞ്ഞ ചില ദശവൽസരങ്ങളായി ഖാദിയാനീ മതക്കാർ പറഞ്ഞു പ്രചരിപ്പിക്കുന്നതിനുമുമ്പ് – ഒരു പണ്ഡിതനും പറയുകയുണ്ടായിട്ടില്ല. പറയുവാൻ ന്യായവുമില്ല. ബൈബിളിൻെറ പ്രസ്താവന ശരിയാണെങ്കിൽ, ആ മേടുപ്രദേശം ഈജിപ്തിലായിരിക്കുമെന്ന് അനുമാനിക്കുവാൻ സാധ്യതയുണ്ടുതാനും. ബൈബിൾ പറയുന്നു: ''കർത്താവിൻെറ ദൂതൻ യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി. നീ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് മിസ്രയീമി (ഈജിപ്തി)ലേക്ക് ഓടിപ്പോയി ഞാൻ നിന്നോട് പറയുംവരെ അവിടെ പാർക്കുക. ഹെറോദാവു (രാജാവു) ശിശുവിനെ നശിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു എന്നു പറഞ്ഞു...... ഹെറോദാവിൻെറ മരണത്തോളം അവർ അവിടെ പാർത്തു.........എന്നാൽ, ഹെറോദാവു കഴിഞ്ഞുപോയശേഷം കർത്താവിൻെറ ദൂതൻ മിസ്രയീമിൽ വെച്ച് യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി. ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവൻ മരിച്ചുപോയതുകൊണ്ട് നീ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി യിസ്രായേൽ ദേശത്തേക്ക് പോക എന്നു പറഞ്ഞു. അവൻ അവരെയുംകൂട്ടി യിസ്രായേൽ ദേശത്തുവന്നു.'' (മത്തായി അദ്ധ്യായം : 2ൽ 13-22) (യഹൂദൻമാരുടെ രാജാവ് പിറക്കാറായിട്ടുണ്ടെന്ന് ജോൽസ്യൻമാരിൽ നിന്നു അറിവു കിട്ടിയതനുസരിച്ചാണ് ഹിറോദസ് (ഹെറോദാവു) രാജാവ് അദ്ദേഹത്തെ തേടിപ്പിടിക്കുവാൻ ശ്രമിച്ചതെന്നും, രണ്ടു വയസ്സിനു താഴെയുള്ള വളരെ ശിശുക്കളെ ഇക്കാരണത്താൽ ബെത്ലെഹേമി بيت الحم ൽ കൊല്ലപ്പെടുകയുണ്ടായിട്ടുണ്ടെന്നും അതിൽ പ്രസ്താവിച്ചു കാണാം.

اني متوفيك ورافعك الى എന്ന വാക്യത്തിൻെറ വ്യാഖ്യാന വിവരണത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഏതാനും ചില അഭിപ്രായവ്യത്യാസങ്ങൾ കാണാവുന്നതാണെങ്കിലും, ഈസാ (عليه السلام) നബിയുടെ ഐഹികജീവിതം പൂർത്തിയാക്കിയശേഷം അദ്ദേഹത്തെ ഉപരിലോകത്തേക്ക് അല്ലാഹു ഉയർത്തിക്കൊണ്ടു പോകുമെന്നാണ് അതിൻെറ ഉദ്ദേശ്യമെന്നും, അദ്ദേഹം ഉപരിലോകത്തേക്ക് ഉയർത്തപ്പെട്ടു കഴിഞ്ഞിട്ടുണ്ടെന്നുമുള്ളതിൽ അവരെല്ലാം ഏകാഭിപ്രായക്കാരാകുന്നു. ബലവത്തായ പല ഹദീസുകളിൽ നിന്നും പ്രസിദ്ധമായി അറിയപ്പെടുന്നതുപോലെ, ലോകാവസാനഘട്ടമാകുമ്പോൾ അദ്ദേഹം ഭൂമിയിൽ ഇറങ്ങിവരുമെന്നുള്ളതിലും അവർക്കിടയിൽ ഭിന്നിപ്പില്ല. ആരുംതന്നെ, അദ്ദേഹം ഉപരിലോകത്തേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നോ, മറ്റു മനുഷ്യരെപ്പോലെ അദ്ദേഹം മരണപ്പെട്ട് ഖബ്റിൽ അടക്കപ്പെട്ടുപോയിരിക്കുകയാണെന്നോ പറയുന്നില്ല. യേശുക്രിസ്തു ശത്രുക്കളാൽ ക്രൂശിക്കപ്പെട്ടുവെന്നും, ശിഷ്യൻമാരിൽ ഒരാളായ യൂദാസാണ് അദ്ദേഹത്തെ ഒറ്റിക്കൊടുത്തതെന്നും, മൂന്നാം ദിവസമോ മറ്റോ ശവക്കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേൽക്കപ്പെടുകയും, ആകാശലോകത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തുവെന്നുമാണ് ബൈബിളും ക്രിസ്ത്യാനികളും പറയുന്നത് പക്ഷെ, കുരിശുസംഭവത്തെയും ക്രിസ്തുവിൻെറ ഉയർത്തെഴുന്നേൽപിനെയും സംബന്ധിച്ചു ബൈബിളിലെ സുവിശേഷങ്ങളും, പ്രസ്താവനകളും പരിശോധിച്ചാൽ അവ പരസ്പര വൈരുദ്ധ്യം നിറഞ്ഞതായി കാണാവുന്നതാണ്. അതുകൊണ്ട് അവയെ ആസ്പദമാക്കി ആ സംഭവത്തിന് ഒരു ഐക്യരൂപം നിർണ്ണയിക്കുവാൻ ക്രിസ്ത്യാനികൾക്ക് തന്നെയും സാധിക്കാതെയാണിരിക്കുന്നത്. (*)

---

* ഈ വിഷയകമായി വേദപുസ്തക നിഘണ്ടുവിൽ ഒരു നീണ്ട പ്രസ്താവന തന്നെ കാണാവുന്നതാണ്. അതിലെ ചില വരികളുടെ ചുരുക്കം ഇപ്രകാരമാകുന്നു: 'അതിന് ഒന്നാമത്തെ തെളിവു നാലു സുവിശേഷങ്ങളല്ല. അവയിലെ വൃത്താന്തങ്ങളെ ഒത്തുനോക്കി പരിശോധിക്കുന്നവർ അബദ്ധമായ അഭിപ്രായത്തിന് അധീനരാകും. സുവിശേഷങ്ങൾ എഴുതപ്പെടുന്നതിന് അനേക സംവത്സരങ്ങൾ മുമ്പ് യേശു ഉയിർത്തെഴുന്നേറ്റുവെന്നു അനേകായിരം (?) പേർ വിശ്വസിക്കുകയും, അതിൻെറ പേരിൽ അവർ മർദ്ദനത്തിന് വിധേയരാകുകയും ചെയ്തിട്ടുണ്ട്. അതാണു പ്രധാന തെളിവ്. അതിനെ ആസ്പദമാക്കിയാണ് സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്..... ഈ വിഷയത്തിൽ പ്രധാന തെളിവ് നാലു സുവിശേഷങ്ങളല്ല. ക്രിസ്താബ്ദം 55-ാം കൊല്ലത്തിൽ എവുതപ്പെട്ട

ലോകാവസനാകാലത്ത് ഈസാ (عليه السلام) ഭൂമിയിൽ ഇറങ്ങിവരുമെന്നും, ഇസ്‌ലാമിൻെറ നിയമ നടപടികൾക്കനുസരിച്ച് അദ്ദേഹം നീതിന്യായം നടത്തുമെന്നും, ക്രിസ്ത്യാനികൾ കെട്ടിച്ച മച്ചുണ്ടാക്കിയ പല നടപടികളെയും അദ്ദേഹം എതിർക്കുമെന്നും മറ്റും നബി (ﷺ) തിരുമേനി പ്രസ്താവിച്ചതായി ബുഖാരീ, മുസ്‌ലിം (رحمهم الله) തുടങ്ങിയ മഹാൻമാർ പല മാർഗ്ഗങ്ങളിലൂടെ രേഖപ്പെടുത്തിയിട്ടുള്ളതും, പൊതുവെ അറിയപ്പെട്ടതുമാകുന്നു. ഇതിനെ ബലപ്പെടുത്തുന്ന ചില സൂചനകൾ സൂ: നിസാഉ് 159ലും, സുഖ്റുഫ് 61ലും കാണാവുന്നതുമാകുന്നു. യുക്തിവാദങ്ങളെയോ, കക്ഷിതാൽപര്യങ്ങളെയോ മുൻനിറുത്തി ഈ സത്യത്തിനുനേരെ കണ്ണടക്കുകയും, ഒരു മുൻവിധി വെച്ചുകൊണ്ട് ഖുർആനെയും നബിവചനങ്ങളെയും വ്യാഖ്യാനിക്കുവാൻ മുതിരുകയും ചെയ്യുന്നവർക്കേ ഇതിൽ വിയോജിപ്പുണ്ടാകുവാൻ അവകാശമുള്ളു.

ഈസാ (عليه السلام) നബിക്ക് ക്രിസ്ത്യാനികൾ ദിവ്യത്യം കൽപിച്ചതിനെയും, അദ്ദേഹത്തെ ആരാധിക്കുന്നതിനെയും ഖണ്ഡിച്ചുകൊണ്ടുള്ളതാണ് ഈസൂറത്തിലെ പല വചനങ്ങളും. മറ്റു സൂറത്തുകളിലും ഇതുപോലെ പല വചനങ്ങളും കാണാവവുന്നതാണ്. അദ്ദേഹത്തിന് ദിവ്യത്വവും ആരാധ്യതയും കൽപിക്കപ്പെടുവാൻ അവർ പറയുന്ന പ്രധാന ന്യായങ്ങൾ മൂന്നെണ്ണമത്രെ: (1) അദ്ദേഹം പിതാവില്ലാതെ ജനിച്ചത്. (2) അദ്ദേഹത്തിൻെറ കൈക്ക് പ്രത്യേകമായി വെളിപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ. (3) അദ്ദേഹത്തെ കുരിശിൽ തറച്ചു കൊല്ലപ്പെട്ടശേഷം ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നുള്ളത്. ഈ മൂന്നിൽ ഒന്നാമത്തേതിനെയും, രണ്ടാമത്തേതിനെയും ഖുർആൻ ഒട്ടും നിഷേധിച്ചിട്ടില്ലെന്ന് മാത്രമല്ല, രണ്ടിനെയും സ്ഥാപിക്കുകയും, വിശദീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പക്ഷേ, അതോടൊപ്പം തന്നെ, അക്കാരണങ്ങളാൽ അദ്ദേഹം ദൈവമോ ദൈവപുത്രനോ ആകുന്നില്ലെന്നും, അതെല്ലാം അല്ലാഹുവിൻെറ കഴിവിൽപെട്ടതും, അവൻെറ പ്രവൃത്തിയുമാണെന്നും, ആകയാൽ അദ്ദേഹം അല്ലാഹുവിൻെറ സൃഷ്ടിയും അടിയാനും അല്ലാതാകുന്നില്ലെന്നും സ്ഥാപിച്ചിരിക്കുന്നു. നേരെമറിച്ച് ഈ രണ്ടു ന്യായങ്ങളെയും അപ്പാടെ നിഷേധിക്കുകയായിരുന്നു ഖുർആൻെറ ലക്ഷ്യമെങ്കിൽ ഇത്രയൊന്നും വിശദീകരണമോ ആവർത്തനമോ ആവശ്യമില്ലായിരുന്നു. ഒരൊറ്റ പ്രാവശ്യം ഈസായുടെ പിതാവ് ഇന്ന വ്യക്തിയാണെന്നോ, അദ്ദേഹത്തിന് ഒരു പിതാവുണ്ടായിരുന്നുവെന്നോ അങ്ങു പറഞ്ഞാൽ ഒന്നാമത്തെ ന്യായം ഖണ്ഡിക്കുവാൻ അതുമാത്രം മതിയായേനെ. അതുപോലെതന്നെ, രണ്ടാമത്തെ ന്യായത്തെ ഖണ്ഡിക്കുവാൻ, അത്തരം ദൃഷ്ടാന്തങ്ങളൊന്നും അദ്ദേഹം കാണിച്ചിട്ടില്ലെന്നോ, അദ്ദേഹം കാണിച്ച ദൃഷ്ടാന്തങ്ങൾ മറ്റു വല്ലതുമായിരുന്നുവെന്നോ ഒരു സൂചന നൽകിയാലും മതിയാകുമായിരുന്നു. അതൊന്നും ചെയ്യാതെ, ക്രിസ്ത്യാനികളുടെ പ്രസ്തുത ന്യായങ്ങളെ ശരിവെക്കുകയും, അതോടൊപ്പം അദ്ദേഹത്തിൻെറ ദിവ്യത്വത്തെ നിഷേധിക്കുകയുമാണ് അല്ലാഹു ചെയ്യുന്നത്.

എന്നാൽ, മൂന്നാമത്തെ ന്യായത്തെ-ക്രൂശിച്ച് കൊല്ലപ്പെട്ടശേഷം ഉയർത്തപ്പെട്ടുവെന്നതിനെ-സംബന്ധിച്ച് അദ്ദേഹം ക്രൂശിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടില്ലെന്ന് സ്പഷ്ടമാക്കുകയും, ഉയർത്തപ്പെട്ടതിനെ സ്ഥാപിക്കുകയുമാണ് ഖുർആൻ ചെയ്തിരിക്കുന്നത്. അതെ, **وماقتلوه وما صلبوه** (അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല) എന്നു തുറന്ന ഭാഷയിൽ ആ ന്യായത്തിൻെറ ആദ്യത്തെവശം ഖണ്ഡിക്കുകയും നിഷേധിക്കുകയും ചെയ്തു. ഉയർത്തപ്പെട്ടുവെന്ന വശത്തെ **بل رفعه الله اليه** (എങ്കിലും അല്ലാഹു അദ്ദേഹത്തെ തൻെറ അടുക്കലേക്ക് ഉയർത്തുകയാണ് ചെയ്തത്) എന്നു പറഞ്ഞ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല,

---

കൊരിന്ത്യർക്കെഴുതിയ പൗലോസിൻെറ 1-ാം ലേഖനമാണു തെളിവ്. ഇവൻ ക്രിസ്തുവിനുശേഷം മൂന്നോ നാലോ ഏഴോ കൊല്ലം കഴിഞ്ഞ് വിശ്വസിച്ച ആളാണ്.' (വേ. പു. നി. പേജ് 410) ബൈബിളിലെ പരസ്പര വിരുദ്ധമായ പ്രസ്താവനകൾ ക്രിസ്ത്യാനികലെത്തന്നെ ഒരെത്തും പിടിയും കിട്ടാതെ കുഴക്കിയിരിക്കുകയാണെന്നു ഇതിൽനിന്നു സ്പഷ്ടമാണല്ലോ. ക്രിസ്തുമതത്തിൽ നിലവിലുള്ള മിക്ക വിശ്വാസ സിദ്ധാന്തങ്ങളുടെയും കാരണക്കാരൻ പൗലോസാണെന്നുള്ളതും പ്രസ്താവ്യമത്രെ.

കുരിശുസംഭവത്തിൻെറ കഥ ഉണ്ടാകുവാനും പ്രചരിക്കുവാനുമുള്ള കാരണം എന്താണെന്ന് ചൂണ്ടിക്കാട്ടുകകൂടി ചെയ്തിരിക്കുന്നു. അതെ, **ولكن شبه لهم** (എങ്കിലും അവർക്ക് അദ്ദേഹത്തെ തിരിച്ചറിയാതെ പോയിരിക്കുകയാണ്) എന്നും അഥവാ ഈസായാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് വേറെ ഒരാളെ അവർ കുരിശിൽ തറച്ച് കൊലപ്പെടുത്തുകയാണുണ്ടായത് എന്നും, കൊല്ലപ്പെട്ട ആൾ അദ്ദേഹം തന്നെയാണെന്ന് അവർക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല (**ما لهم به من علم**) എന്നുമൊക്കെ വിസ്തരിച്ചു പറയുകയും ചെയ്തിരിക്കുന്നു.

എന്നിരിക്കെ, ക്രൂശിച്ചതും കൊലപ്പെടുത്തിയതും സത്യമല്ലാത്തതുപോലെ, ഉപരിലോക ത്തേക്ക് ഉയർത്തിയതും സത്യമല്ലായിരുന്നുവെങ്കിൽ-അഥവാ, ശത്രുക്കളിൽനിന്ന് എങ്ങിനെയോ രക്ഷപ്പെടുകയും പിന്നീട് എല്ലാവരെയുംപോലെ മരണമടയുകയും, ആത്മാവ് മാത്രം ഉയർത്തപ്പെ ടുകയുമാണ് ഉണ്ടായതെങ്കിൽ - അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല, അദ്ദേഹത്തെ അല്ലാഹു ഉയർത്തിക്കൊണ്ടുപോയിട്ടുമില്ല എന്നോ മറ്റോ ആയിരുന്നു പറയേണ്ടിയിരു ന്നത്. (അദ്ദേഹത്തെ ഉയർത്തി) എന്ന വാക്കിൻെറ താൽപര്യം, മരണശേഷം ആത്മാവിനെ ഉയർ ത്തി എന്നാണെന്ന് സങ്കൽപിക്കുക. അങ്ങിനെയാണെങ്കിൽ, ആശയക്കുഴപ്പവും, തെറ്റായ വിശ്വാസ വും നീക്കുവാനല്ല--കൂടുതൽ വർദ്ധിപ്പിക്കുവാൻ മാത്രമായിരിക്കും-അത് ഉപയോഗപ്പെടുക.

وجاعل الذين اتبعوك...... (നിന്നെ പിൻപറ്റിയവരെ ഖിയമാത്തുനാൾവരേക്കും നാം അവ ിശ്വസിച്ചവർക്ക് മീതെയാക്കി വെക്കുന്നതാണ്) എന്ന് പറഞ്ഞതിൻെറ സാരം രണ്ടു പ്രകാരത്തിൽ വിവരിക്കപ്പെട്ടു കാണാം. ഓരോ വീക്ഷണത്തിലൂടെ നോക്കുമ്പോൾ രണ്ടും ശരിയായിരിക്കുവാൻ ഇടയുണ്ടുതാനും. അവയുടെ ചുരുക്കം ഇതാകുന്നു: (1) പിൻപറ്റിയവർ എന്നു പറഞ്ഞത് ക്രിസ്ത്യാ നികളെയും, അവിശ്വസിച്ചവർ എന്ന് പറഞ്ഞത് യഹൂദികളെയും ഉദ്ദേശിച്ചാകുന്നു. അദ്ദേഹത്തിന് ശേഷം ക്രിസ്ത്യാനികൾ അദ്ദേഹത്തിൻെറ മാർഗ്ഗത്തിൽ നിന്ന് എത്രതന്നെ പിഴച്ചുപോയിട്ടു ണ്ടെങ്കിലും - അദ്ദേഹത്തിൻെറ അനുയായികളെന്ന പാരമ്പര്യം നിലനിറുത്തിപ്പോരുന്നവരെന്ന നിലക്ക്-ആ സമുദായം യഹൂദികളെ അപേക്ഷിച്ച് ശക്തിയിലും പ്രതാപത്തിലും കവിഞ്ഞു നിൽക്കുന്നവരായിരിക്കും. (2) ഈസാ (عليه السلام) ൻെറ കാലത്ത് അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹം സ്വീകരിച്ച സത്യമാർഗ്ഗം തെറ്റിപ്പോകാതിരിക്കുകയും ചെയ്ത എല്ലാ സത്യവിശ്വാസികളു മാണ് 'പിൻപറ്റിയവർ'എന്നതുകൊണ്ടുള്ള വിവക്ഷ. അല്ലാത്തവരെല്ലാം അവിശ്വസിച്ചവരും ഇതനുസരിച്ച് അദ്ദേഹത്തെ പിൻപറ്റിയവരെ അവിശ്വാസികളുടെ മീതെയാക്കുക എന്ന് പറഞ്ഞ തിൻെറ താൽപര്യം, ശക്തിയിലും പ്രതാപത്തിലും മീതെയാക്കുക എന്നല്ല. ന്യായം, സത്യം, തെളിവ്, അല്ലാഹുവിങ്കലുള്ള സ്ഥാനപദവി ആദിയായവരിലും അവരെക്കാൾ മികച്ചവരാക്കുക എന്നായിരിക്കും. **الله اعلم** മേൽ വിവരിച്ച വിഷയങ്ങളെ ചൂണ്ടിക്കൊണ്ട് അടുത്ത വചനത്തിൽ അല്ലാഹു പറയുന്നു:-

58 (നബിയേ) അത് [മേൽ വിവരിച്ചത്] ലക്ഷ്യങ്ങളും, യുക്തിമത്തായ ഉൽബോധ നവുമായിക്കൊണ്ട് നാം നിനക്ക് ഓതി കേൾപ്പിക്കുകയാണ്.	ذَٰلِكَ نَتْلُوهُ عَلَيْكَ مِنَ ٱلْءَايَٰتِ وَٱلذِّكْرِ ٱلْحَكِيمِ ﴿٥٨﴾

---

58 ذَلِكَ അത്. **نتلوه** അത് നാം ഓതിത്തരുന്നു. **عليك** നിനക്ക്. **من الآيات** ആയത്തു (ദൃഷ്ടാന്തം) കളായിട്ട്. **والذكر** ഉൽബോധനവും, പ്രസ്താവനയും. **الحكيم** യുക്തിമത്തായ.

നബി (ﷺ) തിരുമേനിയുടെ സത്യതക്കും, ഈസാ (عليه السلام) നെ സംബന്ധിച്ച സത്യാവസ്ഥ വേദക്കാർ മനസ്സിലാക്കുന്നതിന്നും മതിയായ ലക്ഷ്യങ്ങളും, ഖുർആൻെറ ഉൽബോധനങ്ങളുമായി ക്കൊണ്ട് നബി (ﷺ) ക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുക്കുന്നതാണ് മേൽ പ്രസ്താവിച്ച വിവരങ്ങ

ളൊക്കെ എന്നു സാരം. ഈസാ (عليه السلام) ൻെറ വിഷയത്തിലുള്ള സത്യാവസ്ഥ മുകളിൽ വിവരിച്ച പോലെത്തന്നെയാണെങ്കിലും അദ്ദേഹത്തിൻെറ ജനനത്തിലുണ്ടായ പ്രത്യേകത നിമിത്തം, മറ്റു മനുഷ്യർക്കൊന്നും ഉണ്ടായിട്ടില്ലാത്തചില പ്രത്യേക സ്ഥാനപദവികൾ അദ്ദേഹത്തിനുണ്ടായിരിക്കേണ്ടതല്ലേ എന്നു വല്ലവരും കരുതുന്നപക്ഷം, അതിന്നുള്ള മറുപടി അല്ലാഹു നൽകുന്നു:

إِنَّ مَثَلَ عِيسَىٰ عِندَ ٱللَّهِ كَمَثَلِ ءَادَمَ ۖ خَلَقَهُۥ مِن تُرَابٍ ثُمَّ قَالَ لَهُۥ كُن فَيَكُونُ ﴿٥٩﴾

59 നിശ്ചയമായും, ഈസായുടെ ഉപമ, അല്ലാഹുവിൻെറ അടുക്കൽ ആദമിൻെറ ഉപമ പോലെയാകുന്നു. [അതിൽ കവിഞ്ഞൊന്നുമില്ല.] (അതെ) അവൻ അദ്ദേഹത്തെ മണ്ണിനാൽ സൃഷ്ടിച്ചു (രൂപപ്പെടുത്തി); പിന്നീട് അതിനോട് 'ഉണ്ടാകുക' എന്ന് പറഞ്ഞു; അപ്പോൾ (അതാ) അതുണ്ടാകുന്നു!

ٱلْحَقُّ مِن رَّبِّكَ فَلَا تَكُن مِّنَ ٱلْمُمْتَرِينَ ﴿٦٠﴾

60 യഥാർത്ഥം, നിൻെറ റബ്ബിങ്കൽ നിന്നുള്ളതാകുന്നു. ആകയാൽ, നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരരുത്.

---

59 إن مثَلَ നിശ്ചയമായും ഉപമ. **عيسى** ഈസായുടെ. **عند الله** അല്ലാഹുവിൻെറ അടുക്കൽ. **كمثَل** ഉപമപോലെയാകുന്നു. **آدم** ആദമിൻെറ. **خلقه** അദ്ദേഹത്തെ അവൻ സൃഷ്ടിച്ചു (രൂപപ്പെടുത്തി). **من تراب** മണ്ണിനാൽ, മണ്ണിൽനിന്ന്. **ثُم قالَ** പിന്നെ അവൻ പറഞ്ഞു. **له** അതിനോട്. **كُن** ഉണ്ടാകുക. **فَيكُونُ** അപ്പോൾ അത് (അവൻ) ഉണ്ടാകുന്നു (ഉണ്ടാകുകയായി). **60 الحق** യഥാർത്ഥം, സത്യം. **من ربك** നിന്റേ റബ്ബിങ്കൽ നിന്നാകുന്നു. **فَلا تكُن** അതിനാൽ നീ ആയിരിക്കരുത്.. **من الممترين** സംശയപ്പെടുന്നവരിൽ.

മനുഷ്യ വർഗ്ഗത്തിൻെറ ആദ്യ പിതാവും ഒന്നാമത്തെ മനുഷ്യനുമായ ആദം (عليه السلام)നെ അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയത് പിതാവിൽനിന്നോ, മാതാവിൽനിന്നോ അല്ല. ഒരു സ്ത്രീ പുരുഷ സമ്പർക്കം അതിനുമുമ്പ് ഉണ്ടായിട്ടുമില്ല. മണ്ണിൽനിന്ന് അല്ലാഹു അദ്ദേഹത്തെ രൂപപ്പെടുത്തിയുണ്ടാക്കി. പിന്നീട് അതിനോട് മനുഷ്യനാവണമെന്ന് കൽപിച്ചു. അത് മനുഷ്യനായിത്തീർന്നു. അത്രമാത്രം. ഈസായുടെ ജനനമാണെങ്കിൽ അത് ഒരു മാതാവിൽ നിന്നാണ്. ആ സ്ഥിതിക്ക് അതിനെക്കാൾ എത്രയോ പുതുമയും അത്ഭുതകരവുമാണ് ആദമിൻെറ ഉത്ഭവം. എന്നിരിക്കെ, ഈസയെക്കാൾ ഉന്നതസ്ഥാനം കൽപിക്കപ്പെടേണ്ടത് ആദമിനല്ലേ? അദ്ദേഹത്തിന് ആരും ദിവ്യത്വം കൽപിക്കുന്നില്ല. യാഥാർത്ഥ്യം ഇതായിരിക്കെ, ഈ വിഷയത്തിൽ സംശയത്തിനോ ആശയക്കുഴപ്പത്തിനോ സ്ഥാനമില്ല എന്നു സാരം. നബി (صلى الله عليه وسلم) യോട് സന്ദേഹപ്പെടരുത് എന്ന് കൽപിച്ചത്, നബി (صلى الله عليه وسلم) സംശയിക്കുവാൻ ഇടയുള്ളതുകൊണ്ടല്ല; മറ്റുള്ളവർ സംശയത്തന്നധീനരായിത്തീരരുതെന്നുള്ള ഒരു താക്കീതാണിത്.

ആണും പെണ്ണും കൂടാതെ അല്ലാഹു ആദം (عليه السلام) നെ സൃഷ്ടിച്ചു. ഒരു പെണ്ണിലൂടെ അല്ലാതെ ഹവ്വാഉ് (അ)നെയും സൃഷ്ടിച്ചു. ആണിൻെറ ബന്ധം കൂടാതെ ഈസാ (عليه السلام) നെയും അവൻ സൃഷ്ടിച്ചു. ആണിൽനിന്നും പെണ്ണിൽനിന്നുമായിട്ടാണ് മറ്റുള്ളവരുടെയെല്ലാം സൃഷ്ടി നടന്നുവരുന്നത്. അപ്പോൾ, അല്ലാഹു എന്ത് ഉദ്ദേശിക്കുന്നുവോ അത് ചെയ്വാൻ അവന് കഴിവുണ്ടെന്നും, അവനെ സംബന്ധിച്ചിടത്തോളം, മാറ്റം വരുത്തുവാൻ പാടില്ലാത്ത പ്രകൃതി നിയമം എന്നൊന്നില്ലെന്നും സ്പഷ്ടമത്രെ. നാം സാധാരണ കണ്ടു പരിചയിച്ചു വരുന്ന ചില കാര്യകാരണ ബന്ധങ്ങളെ ആസ്പദമാക്കി നാം ഇന്നിന്നത് പ്രകൃതി നിയമമെന്ന് കരുതുകയും, അതിനെതിരിൽ വല്ലതും സംഭവിക്കുന്ന പക്ഷം അത് നമ്മെ അത്ഭുതപ്പെടുത്തുകയും ചെയ്യുന്നുവെന്നല്ലാതെ, ആ പ്രകൃതി വ്യവസ്ഥയുടെ സ്രഷ്ടാവായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം എല്ലാം ഒരുപോലെ

ത്തന്നെ. ഒരു കാര്യം ഉണ്ടാവണമെന്ന് അവൻ ഉദ്ദേശിച്ചാൽ അതുണ്ടാകണമെന്ന് അവൻ കൽപി ക്കുകയേവേണ്ടൂ., അതങ്ങുണ്ടാകുകയായി അല്ലാഹു തുടരുന്നു:-

61 ഇനി, നിനക്ക് അറിവ് വന്നുകിട്ടിയശേഷം, അതിൽ [അദ്ദേഹത്തിൻെറ കാര്യത്തിൽ] നിന്നോട് വല്ലവരും (തർക്കിച്ച്) ന്യായ വാദം നടത്തുന്നതായാൽ, നീ പറയുക: ''വരുവിൻ, ഞങ്ങളുടെ പുത്രൻമാരെയും, നിങ്ങളുടെ പുത്രൻമാരെയും, ഞങ്ങളുടെ സ്ത്രീകളെയും, നിങ്ങളുടെ സ്ത്രീകളെ യും ഞങ്ങളെത്തന്നെയും, നിങ്ങളെത്ത ന്നെയും നാം വിളിക്കുക; പിന്നെ നാം ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുക; അങ്ങനെ, അല്ലാഹുവിൻെറ ശാപത്തെ നാം വ്യാജം പറയുന്നവരുടെ മേൽ ആ(ക്കുവാൻ പ്രാർത്ഥി) ക്കുക.''

فَمَنْ حَآجَّكَ فِيهِ مِنۢ بَعْدِ مَا جَآءَكَ مِنَ ٱلْعِلْمِ فَقُلْ تَعَالَوْا۟ نَدْعُ أَبْنَآءَنَا وَأَبْنَآءَكُمْ وَنِسَآءَنَا وَنِسَآءَكُمْ وَأَنفُسَنَا وَأَنفُسَكُمْ ثُمَّ نَبْتَهِلْ فَنَجْعَل لَّعْنَتَ ٱللَّهِ عَلَى ٱلْكَـٰذِبِينَ ﴿٦١﴾

62 നിശ്ചയമായും, ഇതുതന്നെയാണ് യഥാർ ത്ഥമായ കഥാവിവരണം. അല്ലാഹു അല്ലാ തെ യാതൊരു ആരാധ്യനും ഇല്ലതാനും. നിശ്ചയമായും, അല്ലാഹു തന്നെയാണ് അഗാധജ്ഞനായ പ്രതാപശാലിയും.

إِنَّ هَـٰذَا لَهُوَ ٱلْقَصَصُ ٱلْحَقُّ ۚ وَمَا مِنْ إِلَـٰهٍ إِلَّا ٱللَّهُ ۚ وَإِنَّ ٱللَّهَ لَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٦٢﴾

63 എന്നിട്ട് അവർ തിരിഞ്ഞുകളഞ്ഞെങ്കിൽ, നിശ്ചയമായും അല്ലാഹു, നാശകാരികളെ പ്പറ്റി അറിയുന്നവനാകുന്നു. [ഇതവർ ഓർ ത്തിരിക്കട്ടെ.]

فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ عَلِيمٌۢ بِٱلْمُفْسِدِينَ ﴿٦٣﴾

---

61 فمن ഇനി (അതിനാൽ) വല്ലവരും. **حاجك** നിന്നോട് ന്യായവാദം ചെയ്താൽ. **فيه** അതിൽ അദ്ദേഹത്തിൽ. **من بعد** ശേഷമായിട്ട്. **ما جاءَك** നിനക്ക് വന്നതിൻെറ. **من العلم** അറിവിൽ നിന്നും. **فَقُلْ** അപ്പോൾ പറയുക. **تعالوا** വരുവിൻ. **ندع** നാം വിളിക്കുക. **أبناءَنا** ഞങ്ങളുടെ പുത്രൻമാരെ. **وأبناءَكم** നിങ്ങളുടെ പുത്രൻമാരെയും. **ونساءَنا** ഞങ്ങളുടെ സ്ത്രീകളെയും. **ونساءَكم** നിങ്ങളുടെ സ്ത്രീക ളെയും. **وأنفسنا** ഞങ്ങളുടെ സ്വന്ത (ദേഹ)ങ്ങളെയും. **وأنفسكم** നിങ്ങളുടെ സ്വന്ത (ദേഹ)ങ്ങ ളെയും. **ثم نبتهل** പിന്നെ നാം ഉള്ളഴിഞ്ഞപേക്ഷിക്കുക (നമുക്ക് ഭക്തിയോടെ പ്രാർത്ഥിക്കാം). **فنجعل** അങ്ങിനെ നാം ആക്കുക. **لعنة الله** അല്ലാഹുവിൻെറ ശാപത്തെ. **على الكاذبين** വ്യാജം പറയു ന്നവരുടെ മേൽ. **62 إن هذا** നിശ്ചയമായും ഇത്. **لهو** ഇത് തന്നെയാണ്. **القصص** കഥനം. **الحق** യ ഥാർത്ഥമായ. **وما من إله** ഒരു ഇലാഹുമില്ലതാനും. **إلا الله** അല്ലാഹുവല്ലാതെ. **وإن الله** നിശ്ചയമായും അല്ലാഹു. **لهو العزيز** അവൻതന്നെ പ്രതാപശാലി(യും). **الحكيم** അഗാധജ്ഞനായ. **63 فإن تولوا** എന്നിട്ട് (ഇനി) അവർ തിരിഞ്ഞുകളഞ്ഞെങ്കിൽ. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **عليم** അറിവുള്ളവനകുന്നു. **بالمفسدين** നാശകാരികളെപ്പറ്റി.

ഈസാ (عليه السلام) നബിയുടെ യഥാർത്ഥ ചരിത്രം ഇന്നിന്ന പ്രകാരമാണെന്നും അദ്ദേഹം ദൈവമോ ദൈവപുത്രനോ, അല്ലെന്നും കഴിഞ്ഞ വചനങ്ങളിൽ വിശദമായി വിവരിച്ചു. അതിൽ സംശയത്തിന് ഇനി വകയില്ലെന്നും ചൂണ്ടക്കാട്ടി. അതെല്ലാം കേട്ടറിയുകയും അതിനെതിരിൽ തെളിവുകൾ സമർപ്പിക്കുവാൻ കഴിയാതിരിക്കുകയും ചെയ്തിട്ടുപോലും സത്യത്തിലേക്ക് മടങ്ങുവാൻ തയ്യാറില്ലാതെ, അവിശ്വാസത്തിൽതന്നെ ഉറച്ചുനിൽക്കുന്ന ക്രിസ്ത്യാനികളെ-ഒരു അവസാനക്കൈ എന്നോണം-അല്ലാഹു ഒരു 'മുബാഹല: (مباهلة) ക്ക് ആഹ്വാനം ചെയ്യുന്നതാണ്

61-ാം വചനത്തിൽ കാണുന്നത്. അന്യോന്യം ഉള്ളഴിഞ്ഞ് ശാപപ്രാർത്ഥന നടത്തുക-അഥവാ രണ്ടുകൂട്ടരും ഒരുമിച്ചുകൂടി നമ്മിൽ കള്ളവാദികളായവർക്ക് അല്ലാഹുവിൻെറ ശാപം വരട്ടെ എന്ന് എല്ലാവരും അല്ലാഹുവിനോട് അകമഴിഞ്ഞ് പ്രാർത്ഥിക്കുക എന്നത്രെ 'മുബാഹു:കൊണ്ടുദ്ദേശ്യം'

ഈ സൂറത്തിൻെറ ആരംഭത്തിൽ ഏറെക്കുറെ എൺപത് വചനങ്ങൾ- അല്ലെങ്കിൽ ഏതാനും വചനങ്ങൾ-നജ്റാനിൽ നിന്നുവന്ന ക്രിസ്തീയ നിവേദക സംഘത്തിൻെറ വരവിനെത്തുടർന്ന് അവതരിച്ചതാണെന്നും, നബി (ﷺ) അവസാനം അവരെ മുബാഹലക്ക് ക്ഷണിക്കുകയുണ്ടായെന്നും, അവർ ഒഴിഞ്ഞു മാറുകയാണ് ചെയ്തതെന്നും, നാം മുമ്പ് കണ്ടുവല്ലോ. ഈ വചനമനുസരിച്ചായിരുന്നു നബി (ﷺ) അവരെ അതിന് ക്ഷണിച്ചത് ആദ്യം അവർ അതിന് സമ്മതിക്കുകയുണ്ടായി. അലി, ഫാത്തിമ, ഹസൻ, ഹുസൈൻ (رضي الله عنهم) എന്നിവരെയും കൂട്ടിക്കൊണ്ടു നബി(ﷺ) നിശ്ചിത സമയത്തും സ്ഥലത്തും തയ്യാറായി വന്നു. പക്ഷേ, ക്രിസ്ത്യാനി സംഘം വരുവാൻ ധൈര്യപ്പെട്ടില്ല. തൽക്കാലം ചില ഒഴികഴിവുകൾ പറഞ്ഞു പിൻമാറുകയും, നബി (ﷺ) യുമായി ചില സന്ധി നിശ്ചയങ്ങൾ ചെയ്തു തിരിച്ചുപോകുകയുമാണ് അവർ ചെയ്തത്. സംഘത്തിലെ ചില നേതാക്കൾ 'മുബാഹല'ക്കനുകൂലം പ്രടിപ്പിച്ചപ്പോൾ മറ്റുചിലർ അവരോട് ഇങ്ങിനെ പറയുകയുണ്ടായി. മുഹമ്മദ് സത്യവാനായ ഒരു പ്രവാചകനാണെന്ന് നിങ്ങൾക്കറിയാം. ഒരു പ്രവാചകനുമായി ശാപ പ്രാർത്ഥന (**مباهلة**) നടത്തുന്ന ജനത നാമാവശേഷമാവാതിരിക്കുയില്ല.' അവരെപ്പറ്റി നബി (ﷺ) പറഞ്ഞു: ''അവർമുബാഹലക്ക് പുറപ്പെട്ടു വന്നിരുന്നെങ്കിൽ അവരുടെ സ്വത്തും കുടുംബവും ഇല്ലാതെ (എല്ലാം നഷ്ടപ്പെട്ടുകൊണ്ട്) അവർ മടങ്ങുമായിരുന്നു.'' പ്രസ്തുത സംഭവം വിശദമായും സംക്ഷിപ്തമായും പല മാർഗ്ഗങ്ങളിൽ കൂടി ഹദീസു പണ്ഡിതൻമാർ രേഖപ്പെടുത്തിക്കാണാവുന്നതാണ്.

വാദപ്രതിവാദ വേളകളിൽ സത്യം വ്യക്തമായി പുലർന്നാലും, അഹങ്കാരവും പിടിവാശിയും നിമിത്തം പലരും സത്യം സ്വീകരിക്കുവാൻ തയ്യാറാവാതിരിക്കുക പതിവാണ്. ഏത് കടുംകയ്യും, സൂത്രങ്ങളും ഉപയോഗിച്ച് സ്വന്തം നിലയിൽ അവർ ഉറച്ചു നിൽക്കുകയും ചെയ്യും. എന്നാൽ, സ്വന്തം കുട്ടികളെയും സ്ത്രീകളെയും ഒന്നടങ്കം നാശത്തിലേക്ക് വലിച്ചിടുവാൻ അൽപം ബുദ്ധിയുള്ളവരാരും ധൈര്യപ്പെടുകയില്ല. അതുകൊണ്ടായിരിക്കാം അവരെക്കൂടി മുബാഹലയിൽ പങ്കെടുപ്പിക്കുവാൻ കല്പിക്കുന്നത്. **الله أعلم** സത്യം തങ്ങളുടെ ബോദ്ധ്യപ്പെട്ടിട്ട് പൂർണ്ണവിശ്വാസമുള്ളവർക്ക് ഒന്നും ഭയപ്പെടേണ്ടതായിട്ടില്ലതാനും. സത്യം ഇന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ട് പിന്നെയും അത് സ്വീകരിക്കാതിരിക്കുകയും, മുബാഹലയിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുന്നവർ നാശകാരികളും കുഴപ്പക്കാരുമാണെന്നും, അവരെക്കുറിച്ച് അല്ലാഹുവിന് വേണ്ടതുപോലെ അറിയാമെന്നും,അവരുടെ പേരിൽ വേണ്ടുന്ന നടപടികൾ അവൻ വഴിയെ എടുത്തുകൊള്ളുമെന്നുമുള്ള താക്കീതാണ് 63-ാം വചനത്തിൽ അടങ്ങിയിരിക്കുന്നത്.

വിഭാഗം-7

قُلْ يَـٰٓأَهْلَ ٱلْكِتَـٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَقُولُوا۟ ٱشْهَدُوا۟ بِأَنَّا مُسْلِمُونَ ﴿٦٤﴾

64 (നബിയേ) പറയുക: ''വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായ ഒരു വാക്കിലേക്ക് [തത്വത്തിലേക്ക്] വരുവിൻ; അതായത്: അല്ലാഹുവിനെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും നാം പങ്കുചേർക്കാതിരിക്കുകയും, നമ്മിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ റബ്ബുകളാക്കാതിരിക്കുകയും ചെയ്യുക എന്ന് (ഉള്ളതിലേക്ക്)'' എന്നിട്ടവർ തിരിഞ്ഞുകളയുന്ന പക്ഷം, (അവരോട്) നിങ്ങൾ പറഞ്ഞുകൊള്ളുക: ''ഞങ്ങൾ 'മുസ്‌ലിം'കളാണ് [അല്ലാഹു

വിന് കീഴൊതുങ്ങിയവരാണ്] എന്ന്
നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുവിൻ.''

---

64 قُلْ പറയുക. يا أَهلَ الكتاب വേദക്കാരെ. تعالوا വരുവിൻ. إلى كلمة ഒരു വാക്കിലേക്ക്. سواءٍ സമമായ. بيننا ഞങ്ങൾക്കിടയിൽ. وبينكُم നിങ്ങൾക്കിടയിലും. ألا نعبد നാം ആരാധിക്കുകയില്ലെന്ന്. إلاالله അല്ലാഹുവിനെയല്ലാതെ. ولا نشرك به അവനോട് നാം പങ്കു ചേർക്കുകയില്ല എന്നും. شيئاً യാതൊന്നിനെയും. ولا يتخذَ ആക്കുകയില്ലെന്നും. بعضنا നമ്മിൽ ചിലർ. بعضاً ചിലരെ. أرباباً റബ്ബുകൾ. من دونِ اللهِ അല്ലാഹുവിന് പുറമെ. فَإن تولوا എന്നിട്ട് (എന്നാൽ) അവർ തിരിഞ്ഞുകളഞ്ഞെങ്കിൽ. فقُولُوا നിങ്ങൾ പറയുവിൻ. اشهدوا നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ എന്ന്. بِأنا مسلمونَ ഞങ്ങൾ മുസ്‌ലിംകളാകുന്നുവെന്ന്.

പ്രവാചകൻമാരുടെ അനുയായികളെന്ന പാരമ്പര്യം പുലർത്തിപ്പോരുന്ന സമുദായങ്ങൾക്കാണ് اهل الكتاب (വേദക്കാർ) എന്ന് പറയുന്നത്. വേദക്കാരായി നിലവിലുള്ളത് യഹൂദികളും ക്രിസ്ത്യാനികളുമാകുന്നു. അല്ലാഹുവിനെയല്ലാതെ ആരാധിക്കുവാൻ പാടില്ലെന്നും, അവന് യാതൊരു പങ്കുകാരെയും സമൻമാരെയും ഏർപ്പെടുത്തുവാൻ പാടില്ലെന്നും പ്രബോധനം ചെയ്യാത്ത ഒരു റസൂലും വേദഗ്രന്ഥവും ഇല്ല. അല്ലാഹു പറയുന്നു: وما ارسلنا من قبلك من رسول الا نوحي اليه انه لا اله الا انا فاعبدون – الانبياء : ٢٥ (ഞാനല്ലാതെ ഒരു ഇലാഹുമില്ല, അതിനാൽ നിങ്ങൾ എന്നെ ആരാധിക്കണം എന്ന് വഹ്‌യ് നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല. (അമ്പിയാഉ്) അതുകൊണ്ട് വേദക്കാരെല്ലാം ഒരുപോലെ സ്വീകരിക്കുവാൻ ബാധ്യസ്ഥരായ ആ അടിസ്ഥാന സിദ്ധാന്തത്തിലേക്ക് അവരെ ക്ഷണിക്കുവാൻ അല്ലാഹു നബി (ﷺ) യോട് കൽപിക്കുകയാണ്. തൗഹിദാകുന്ന ആ അടിസ്ഥാനത്തിൽ നിന്ന് വേദക്കാർ ഏറെക്കുറെ വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിലും തങ്ങൾ അതിൻെറ ദൗത്യവാഹകൻമാരാണെന്നാണ് അവരുടെയെല്ലാം വാദം.

كلمة എന്ന പദത്തിന് 'വാക്ക് എന്നാണർത്ഥമെങ്കിലും ഒന്നിലധികം വാക്കുകളെയോ, വാക്യങ്ങളെയോ, പ്രഭാഷണങ്ങളെയോ ഉദ്ദേശിച്ചും അത് ഉപയോഗിക്കാറുണ്ട്. മലയാളത്തിലെ 'വാക്ക്' എന്ന പദവും ഇതുപോലെ ഉപയോഗിക്കപ്പെടാറുണ്ടല്ലോ. ഇതനുസരിച്ചാണ് മേൽപറഞ്ഞ തത്വങ്ങളെപ്പറ്റി 'ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായ വാക്ക്' എന്നു പറഞ്ഞത്. ഈ കൽപനയനുസരിച്ച് ക്രിസ്ത്യാനികളെയും, യഹൂദികളെയും-എഴുത്തുമൂലവും അല്ലാതെയും-നബി (ﷺ) പലപ്പോഴും ക്ഷണിക്കുകയുണ്ടായിട്ടുണ്ടെന്ന് ഹദീസുകളിലും, ചരിത്രഗ്രന്ഥങ്ങളിലും കാണാവുന്നതാകുന്നു, റോമാ ചക്രവർത്തിയായ ഹിറഖ്‌ലിയൂസിന് നബി (ﷺ) അയച്ച കത്ത് ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമത്രെ. വേദക്കാരായ എല്ലാവരും സമ്മതിക്കുവാനും യോജിക്കുവാനും ബാധ്യതയുള്ള മൂന്ന് അടിസ്ഥാന തത്വങ്ങളാണ് അല്ലാഹു ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത്. അതായത്:-

(1) അല്ലാഹുവിനെയല്ലാതെ ആരാധിക്കാതിരിക്കുക. ഈ തത്വം ശരിക്കും അംഗീകരിച്ചു കഴിഞ്ഞാൽ, ആരാധനയുടെ വകുപ്പിൽപെടുന്നതും, മനസാ വാചാ കർമ്മണാ ഉണ്ടാകുന്നതുമായ ഏതൊരു കാര്യവും അല്ലാഹുവിനല്ലാതെ മറ്റാർക്കും അർപ്പിക്കുക സാധ്യമല്ലാതാകുന്നു. (2) അവനോട് ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. അവൻെറ ഗുണവിശേഷങ്ങളിലാകട്ടെ, അധികാരാവകാശങ്ങളിലാകട്ടെ, പ്രവർത്തനങ്ങളിലോ സത്തയിലോ ആകട്ടെ ആർക്കെങ്കിലും വല്ല പങ്കുമുണ്ടെന്ന് വരുത്തുന്ന എല്ലാ വിശ്വാസവും, വാക്കും, പ്രവൃത്തിയും അവനോട് പങ്കുചേർക്കലാകുന്നു. ഇതിനാണ് ശിർക്ക് എന്ന് പറയപ്പെടുന്നതും. (3)ചിലർ ചിലരെ റബ്ബുകളാക്കാതിരിക്കുക. അഥവാ അല്ലാഹുവിന്നല്ലാതെ മറ്റാർക്കും റബ്ബിൻെറ സ്ഥാനം കൽപിക്കാതിരിക്കുക. 'നമ്മിൽചിലർ ചിലരെ റബ്ബാക്കുക' എന്ന പ്രയോഗം അർത്ഥവത്താകുന്നു. മനുഷ്യരെല്ലാം അല്ലാഹുവിൻെറ സൃഷ്ടികളും

അടിമകളുമായിരിക്കെ, മനുഷ്യരിൽ ചിലർ ചിലരെ റബ്ബുകളാക്കി വെക്കുന്നതിന് ഒരു ന്യായവും ഇല്ലല്ലോ എന്ന ഒരു സൂചന അതിൽ അടങ്ങുന്നു. വാസ്തവത്തിൽ ഇക്കാര്യം ആദ്യത്തെ രണ്ടു തത്വങ്ങളിൽ ഉൾപെട്ടതാണെന്നിരിക്കെ പ്രത്യേകം എടുത്തു പറഞ്ഞത് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുള്ളതുകൊണ്ടാകുന്നു. മനുഷ്യർ മനുഷ്യനെ ആരാധിക്കലും, അല്ലാഹുവിൻെറ കൽനക്കെതിരിൽ മറ്റുള്ളവരുടെ കൽപന അനുസരിക്കലും, മനുഷ്യവ്യക്തികളിൽ ദിവ്യത്വം കൽപിക്കലുമൊക്കെ ഓരോ തരത്തിലുള്ള റബ്ബാക്കലത്രെ. എന്നാൽ, അതിനെക്കാളെല്ലാം നിഗൂഢ മായതും, അതിനെക്കാൾ ദൂരവ്യാപകമായതുമായ മറ്റൊരു റബ്ബാക്കൽ കൂടിയുണ്ട്. അതായത്:-

പണ്ഡിതൻമാരെയും, പുരോഹിതൻമാരെയും റബ്ബുകളാക്കിവെക്കുക. ഇതിനെപ്പറ്റിയാണ് സൂറത്തുത്തൗബയിൽ അല്ലാഹു പറഞ്ഞത്: اتخذوا احبارهم ورهبانهم اربابا من دون الله (അവർ-വേദ ക്കാർ-തങ്ങളുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും റബ്ബുകളാക്കിത്തീർത്ത് (9: 31). അദിയ്യുബ്നുഹാതിം (رضي الله عنه) ഇസ്ലാമിൽ വരുന്നതിനുമുമ്പ് ഒരു ക്രിസ്ത്യാനിയായിരുന്നു. ഈ വാക്യത്തെക്കുറിച്ച് അദ്ദേഹം നബി (ﷺ) യോട് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ''ഞങ്ങൾ അവരെ ആരാധിച്ചു വരുന്നില്ലല്ലോ! (എന്നിരിക്കെ, എന്താണിതിൻെറ ഉദ്ദേശ്യം?)'' നബി (ﷺ) മറുപടി പറഞ്ഞു: ''അവർ നിങ്ങൾക്ക് ചില കാര്യങ്ങൾ അനുവദനീയമാക്കിത്തരുകയും, ചിലതിനെ അവർ നിങ്ങൾക്ക് നിഷിദ്ധമാക്കിത്തരുകയും, അത് നിങ്ങൾ സ്വീകരിക്കുകയും ചെയ്തി രുന്നില്ലേ?'' അദ്ദേഹം: 'അതെ' എന്നു സമ്മതിച്ചു. തിരുമേനി പറഞ്ഞു: ''അതു തന്നെയാണത്.'' (തി)

ക്രിസ്തീയ പുരോഹിതൻമാർ അപ്പപ്പോൾ നിർമ്മിച്ചുണ്ടാക്കുന്ന നിയമങ്ങൾ യഥാർത്ഥ മതനിയമങ്ങളായി ആചരിക്കുന്നത് ഇന്നോളമുള്ള ക്രിസ്ത്യാനികളുടെ പതിവാകുന്നു. എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണിത്. 'പാതിരി പറഞ്ഞത് നസ്രാണിക്ക് മതം' എന്നൊരു ശൈലിപോലും ഇതിൽ നിന്നുണ്ടായിരിക്കുന്നു. വേണ്ടാ, മുസ്ലിംകളുടെ സ്ഥിതി തന്നെ പരിശോധിച്ചു നോക്കുക! ഏതെങ്കിലും ഒരു പ്രത്യേക പണ്ഡിതനോ മഹാനോ ഒരു വിഷയ ത്തെപ്പറ്റി വല്ലതും പറയുകയോ അഭിപ്രായപ്പെടുകയോ ചെയ്താൽ, അത് അല്ലാഹുവിൻെറ ഖുർആനും, നബി (ﷺ) യുടെ സുന്നത്തിനും എതിരാണെന്ന് വ്യക്തമായിരുന്നാലും അദ്ദേഹം പറഞ്ഞുവെന്ന ഏക കാരണത്താൽ അതിനെ മത വിധിയാക്കി അംഗീകരിക്കുന്ന സമ്പ്രദായം മുസ ്ലിം സമുദായത്തിൽ പടർന്നു പിടിച്ചിട്ടുള്ള ഒരു മഹാരോഗമാകുന്നു. ഈ രോഗത്തിൽ നിന്ന് രക്ഷപ്പെട്ട ഭാഗ്യവാൻമാർ വളരെ കുറവാണെന്ന് പറയാം. സത്യാവസ്ഥ എന്താണെന്ന് അന്വേഷി ക്കുവാനോ, ലക്ഷ്യത്തെക്കുറിച്ച് ചിന്തിക്കുവാനോ, യഥാർത്ഥം മനസ്സിലായാൽ അതു സ്വീകരിക്കു വാനോ തയ്യാറില്ലാത്ത ബഹുജനങ്ങളും, അവരെ വഴിപിഴപ്പിച്ചു മുതലെടുക്കുന്ന പണ്ഡിതൻമാരും ഈ ഖുർആൻ വചനവും നബിവചനവും ഒന്നു മനസ്സിരുത്തിയെങ്കിൽ! വിവരമില്ലാത്തവർ വിവര മുള്ളവരോട് ചോദിച്ചറിയണം, അവരുടെ വാക്ക് സ്വീകരിക്കണം എന്ന തത്വം ശരിതന്നെ. പക്ഷേ, അന്ധമായ അനുകരണവും, ലക്ഷ്യം മനസ്സിലായാലും പിൻമടങ്ങാതിരിക്കുന്നതുമാണ് ആപത്ത്.

ഈസാ (عليه السلام) നബിയുടെ സ്ഥിതിഗതികൾ വിവരിച്ചുകൊണ്ട് വേദക്കാരെ തൗഹീദിലേക്ക് ക്ഷണിക്കുന്ന വിഷയത്തിൽ, ഈ സൂറത്തിലെ ആരംഭം മുതൽക്കുള്ള പ്രസ്താവനകൾ അവലോ കനം ചെയ്യുന്ന പക്ഷം-ഇമാംബൈളാവീ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ-വളരെ യുക്തവും ന്യായ വുമായ ഒരു നയക്രമമാണ് അല്ലാഹു സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം. ഈസാ (അ)ൻെറ ഉത്ഭവവും, സ്ഥിതിഗതികളും, ദൈവമായിരിക്കുവാനുള്ള അദ്ദേഹത്തിൻെറ അനർഹതയും ആദ്യം വിവരിച്ചു. പിന്നീട്, ക്രിസ്ത്യാനികൾ അദ്ദേഹത്തെപ്പറ്റി തങ്ങളുടെ മനസ്സിൽ ഒളിച്ചുവെച്ചുകൊണ്ടിരി ക്കുന്ന അന്ധവിശ്വാസങ്ങളുടെയും, ആശയക്കുഴപ്പങ്ങളുടെയും പൊള്ളത്തരം തുറന്നുകാട്ടി. അവർ തർക്കവും പിടിവാശിയും വിടാതായപ്പോൾ അവരെ മുബാഹലക്ക് വിളിച്ചു. അതിൽ അവരുടെ മനശ്ശക്തിക്ക് ക്ഷതം തട്ടിയെങ്കിലും അവർ അതിന് മുന്നോട്ട് വരുന്നില്ലെന്ന് കണ്ടപ്പോൾ, വളരെ ലഘുവായ ഒരു മാർഗ്ഗം അവരുടെ മുമ്പിൽ വെച്ചുകാട്ടി. അതെ, രണ്ടുകൂട്ടർക്കും യോജിക്കാ

വുന്ന ഒരടിസ്ഥാനത്തിലേക്ക് അവരെ ക്ഷണിച്ചുനോക്കി. ദൃഷ്ടാന്തങ്ങളും, ന്യായങ്ങളും, താക്കീതുകളും, ഉപദേശങ്ങളും ഒന്നും തന്നെ ഫലിക്കുന്നില്ലെന്ന് കണ്ടപ്പോൾ-അവസാനമായി-'ഞങ്ങളിതാ അല്ലാഹുവിന് കീഴൊതുങ്ങിയ മുസ്‌ലിംകളാണെന്ന് സാക്ഷ്യം വഹിച്ചേക്കുക' എന്നു പറഞ്ഞു അവരെ അവരുടെ പാട്ടിന് വിട്ടേക്കുവാൻ അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു. അഥവാ, നിങ്ങൾ അവന് കീഴൊതുങ്ങി മുസ്‌ലിംകളാവാതെ അവിശ്വാസികളായി തുടരുവാനാണ് ഉദ്ദേശ്യമെങ്കിൽ, നിങ്ങളങ്ങിനെ ചെയ്തുകൊള്ളൂ, ഞങ്ങളതിന് തയ്യാറില്ല എന്നു സാരം.

പരസ്പരം ആശയപരമായ അഭിപ്രായ വ്യത്യാസത്തിൽ കഴിയുന്ന വിഭാഗക്കാർ തമ്മിൽ, എല്ലാവർക്കും കൂടി യോജിക്കാവുന്നതും തമ്മിൽ അഭിപ്രായ വ്യത്യാസമില്ലാത്തതുമായ സനാതന മൂല്യങ്ങളിൽ ഒത്തൊരുമിച്ച് പോകുന്ന പക്ഷം, കക്ഷികൾ തമ്മിലുള്ള അകൽച്ച ക്രമേണ ഇല്ലാതായിത്തീരുവാൻ അത് ഉപകരിക്കുമെന്നൊരു പൊതു തത്വം ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. و الله اعلم

65 വേദക്കാരേ, എന്തിനാണ് നിങ്ങൾ ഇബ്റാഹീമിൻെറ കാര്യത്തിൽ (തർക്കിച്ചു) ന്യായവാദം നടത്തുന്നത്? തൗറാത്തും, ഇഞ്ചീലും അദ്ദേഹത്തിന് ശേഷമല്ലാതെ ഇറക്കപ്പെട്ടിട്ടില്ലല്ലോ (എന്നിരിക്കെ)! അപ്പോൾ, നിങ്ങൾ ചിന്തിക്കുന്നില്ലേ?!

يَٰٓأَهۡلَ ٱلۡكِتَٰبِ لِمَ تُحَآجُّونَ فِيٓ إِبۡرَٰهِيمَ وَمَآ أُنزِلَتِ ٱلتَّوۡرَىٰةُ وَٱلۡإِنجِيلُ إِلَّا مِنۢ بَعۡدِهِۦٓۚ أَفَلَا تَعۡقِلُونَ ﴿٦٥﴾

66 ഹേ, നിങ്ങൾ (ഇതാ) ഇങ്ങിനെയുള്ളവരാകുന്നു: നിങ്ങൾക്ക് അറിവുള്ള കാര്യത്തിൽ നിങ്ങൾ (തർക്കിച്ചു) ന്യായവാദം നടത്തി! എന്നാൽ, നിങ്ങൾക്ക് അറിവില്ലാത്ത കാര്യത്തിൽ എന്തിനാണ് നിങ്ങൾ ന്യായവാദം നടത്തിക്കൊണ്ടിരിക്കുന്നത്?! അല്ലാഹു (എല്ലാം) അറിയുന്നു: നിങ്ങൾക്ക് അറിയുകയില്ലതാനും.

هَٰٓأَنتُمۡ هَٰٓؤُلَآءِ حَٰجَجۡتُمۡ فِيمَا لَكُم بِهِۦ عِلۡمٞ فَلِمَ تُحَآجُّونَ فِيمَا لَيۡسَ لَكُم بِهِۦ عِلۡمٞۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ﴿٦٦﴾

ഇബ്റാഹീം ഒരു യഹൂദിയാകട്ടെ, ക്രിസ്
67 ത്യാനിയാകട്ടെ, ആയിരുന്നില്ല. എങ്കിലും, അദ്ദേഹം ഒരു ശുദ്ധമനസ്കനും, 'മുസ്‌ലിമും' [കീഴൊതുങ്ങിയവനും] ആയിരുന്നു: അദ്ദേഹം 'മുശ്‌രിക്കു' [ബഹുദൈവ വിശ്വാസി] കളിൽപെട്ടവനായിരുന്നതുമില്ല.

مَا كَانَ إِبۡرَٰهِيمُ يَهُودِيّٗا وَلَا نَصۡرَانِيّٗا وَلَٰكِن كَانَ حَنِيفٗا مُّسۡلِمٗا وَمَا كَانَ مِنَ ٱلۡمُشۡرِكِينَ ﴿٦٧﴾

---

65 يا أَهلَ الكتابِ വേദക്കാരെ. **لم تحاجونَ** എന്തിനാണ് നിങ്ങൾ ന്യായവാദം (തർക്കം) നടത്തുന്നത്. **في إبراهيم** ഇബ്റാഹീമിനെപ്പറ്റി, ഇബ്റാഹീമിൻെറ കാര്യത്തിൽ. **وما أُنزلت** ഇറക്കപ്പെട്ടിട്ടുമില്ലതാനും, ഇറക്കപ്പെടാത്ത സ്ഥിതിക്ക്. **التوراةُ** തൗറാത്ത്. **والإنجيلُ** ഇഞ്ചീലും. **إلا من بعده**. അദ്ദേഹത്തിന് ശേഷമല്ലാതെ. **أفَلا تعقلُونَ** അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ. **66 ها أنتم** ഹേ (അറിയുക) നിങ്ങൾ. **هؤلاءِ** ഇങ്ങിനെയുള്ളവരാണ്. **حاججتم** നിങ്ങൾ ന്യായവാദം (തർക്കം) നടത്തി. **فيما** യാതൊരു കാര്യത്തിൽ. **لَكُم به** അതിനെപ്പറ്റി നിങ്ങൾക്കുണ്ട്. **علْم** അറിവ്. **فَلِم** എന്നാൽ (അപ്പോൾ) എന്തിന്. **تحاجونَ** നിങ്ങൾ ന്യായവാദം നടത്തുന്നു. **فيما ليس** ഇല്ലാത്ത കാര്യത്തിൽ. **لَكُم به** നിങ്ങൾക്കതിനെപ്പറ്റി. **علْم** അറിവ്. **والله يعلم** അല്ലാഹു അറിയുന്നു. **وأنتم** നിങ്ങൾക്കാകട്ടെ. **لا تعلمونَ** അറിഞ്ഞുകൂടാ. **67 ما كانَ إبراهيم** ഇബ്റാഹിം ആയിരുന്നല്ല. **يهوديا** യഹൂദി. **ولا نصرانيا** ക്രിസ്ത്യാനിയും ആയിരുന്നില്ല. **ولكن كانَ** എങ്കിലും അദ്ദേഹമായിരുന്നു. **حنيفًا** ഒരു ഋജുമാനസൻ. **مسلما** മുസ്‌ലിമായ, കീഴൊതുങ്ങിയവൻ. **وما كانَ** ആയിരുന്നതുമില്ല. **من المشركين** മുശ്‌രിക്കുകളിൽപെട്ട(വൻ).

യഹൂദികളും ക്രിസ്ത്യാനികളും ബഹുമാനിച്ചാദരിക്കുന്ന ആളാണല്ലോ ഇബ്രാഹീം നബി (അ). അദ്ദേഹം തങ്ങളുടെ മതക്കാരനും, തങ്ങളുടെ നടപടിക്രമങ്ങൾ സ്വീകരിച്ചിരുന്ന ആളുമായിരുന്നുവെന്നാണ് ഇരുകൂട്ടരും വാദിക്കുന്നത് നജ്റാനിലെ ക്രിസ്തീയ നിവേദകസംഘം വന്ന അവസരത്തിൽ, അവരും യഹൂദികളും ചേർന്ന് നബി (ﷺ) യുടെ അടുക്കൽവെച്ച് ഈ വിഷയത്തിൽ തർക്കവും വിവാദവും നടത്തുകയുണ്ടായതായി മുഹമ്മദ്ബ്നു ഇസ്ഹാഖ് (رحمه الله) രിവായത്ത് ചെയ്തിരിക്കുന്നു. ഇരുകൂട്ടരും തമ്മിലുള്ള ഈ തർക്കത്തെക്കുറിച്ചാണ് അല്ലാഹു ഇരുകൂട്ടരെയും ഒരേ സ്വരത്തിൽ ആക്ഷേപിക്കുന്നത് തൗറാത്തിൻെറ അനുയായികളാണ് യഹൂദികൾ. ഇഞ്ചീലിൻെറ അനുയായികളാണ് ക്രിസ്ത്യാനികൾ. ഇബ്രാഹീം (عليه السلام) ൻെറ കാലശേഷം വളരെ കഴിഞ്ഞിട്ടാണ് ആ രണ്ട് ഗ്രന്ഥങ്ങളുടെയും അവതരണം. എന്നിരിക്കെ, രണ്ടുകൂട്ടരുടെയും വാദവും പൊള്ളയും നിരർത്ഥവുമാണെന്ന് സ്പഷ്ടമാണല്ലോ. തങ്ങൾക്കറിയാത്ത വിഷയത്തിൽ തർക്കവും ന്യായവാദവും നടത്തുകയെന്ന വിഡ്ഢിത്തമാണ് ഇരുകൂട്ടരും പ്രവർത്തിക്കുന്നതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഇരുകൂട്ടരുടെയും വേദഗ്രന്ഥത്തെയും, പ്രവാചകനെയും സംബന്ധിച്ച വിഷയങ്ങളിൽ പോലും പരസ്പരം തർക്കവും വാദവും നടത്തിവരുന്ന പാരമ്പര്യമാണ് അവർക്കുള്ളത്. ആ തർക്കങ്ങൾ അവർക്കറിയാവുന്ന വിഷയത്തെക്കുറിച്ചാണെന്ന് പറഞ്ഞേക്കാം. എന്നാൽ, എത്രയോ കാലംമുമ്പ് കഴിഞ്ഞുപോയ ഇബ്രാഹീം (عليه السلام) നബിയെയും, അദ്ദേഹത്തിൻെറ മാർഗ്ഗത്തെയും കുറിച്ച് തർക്കം നടത്തുന്നതിന് അവർക്കെന്താണ് അവകാശമുള്ളത് ? എന്ന് ചോദിച്ചുകൊണ്ടും, സത്യാവസ്ഥ അല്ലാഹുവിനാണ് അറിയുക-നിങ്ങൾക്കറിയുകയില്ല - എന്ന് ഉണർത്തിക്കൊണ്ടും അദ്ദേഹത്തിൻെറ യഥാർത്ഥനില ഇന്നതായിരുന്നുവെന്ന് അല്ലാഹു വിവരിക്കുന്നു. അതെ, അദ്ദേഹം യഹൂദനോ, ക്രിസ്തീയനോ ആയിരുന്നില്ല, (അറബികളെപ്പോലെ) മുശ്രിക്കുകളുടെ കൂട്ടത്തിൽപെട്ട ആളുമല്ലായിരുന്നു. യാതൊരു വക്രമാർഗ്ഗവും സ്വീകരിക്കാത്ത ശുദ്ധഹൃദയനും, അല്ലാഹുവിൽ ശരിക്കും വിശ്വസിച്ചുകൊണ്ട് അവന് പൂർണ്ണമായും കീഴൊതുങ്ങി ജീവിച്ചുവന്ന ഒരു മുസ്ലിമുമായിരുന്നു അദ്ദേഹമെന്ന് വ്യക്തമാക്കിയിരിക്കുന്നു. വാസ്തവം ഇതായിരിക്കെ, ഇബ്രാഹീം (عليه السلام) നബിയുമായി അടുപ്പബന്ധം അവകാശപ്പെടുവാനുള്ള അർഹത ആർക്കാണുള്ളതെന്നുകൂടി അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു:-

إِنَّ أَوْلَى ٱلنَّاسِ بِإِبْرَٰهِيمَ لَلَّذِينَ ٱتَّبَعُوهُ وَهَٰذَا ٱلنَّبِيُّ وَٱلَّذِينَ ءَامَنُوا۟ ۗ وَٱللَّهُ وَلِىُّ ٱلْمُؤْمِنِينَ ﴿٦٨﴾

68 നിശ്ചയമായും, മനുഷ്യരിൽ വെച്ച് ഇബ്റാഹീമിനോട് കൂടുതൽ (അടുപ്പ) ബന്ധമുള്ളവർ, അദ്ദേഹത്തെ പിൻപറ്റിയവരും, ഈ പ്രവാചകനും, വിശ്വസിച്ചിട്ടുള്ളവരും തന്നെയാണ്. അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരി (അഥവാ സഹായി) യാകുന്നു.

---

68 إن أولى നിശ്ചയമായും കൂടുതൽ ബന്ധപ്പെട്ടവർ, അധികം അർഹതയുള്ളവർ. **الناس** മനുഷ്യരിൽ. **بإبراهيم** ഇബ്റാഹീമിനോട്, ഇബ്റാഹീമിനെ സംബന്ധിച്ച്. **للذين** യാതൊരുകൂട്ടർ തന്നെ. **اتبعوه** അദ്ദേഹത്തെ പിൻപറ്റിയ. **وهذا النبي** ഈ നബിയും. **والذين آمنوا** വിശ്വസിച്ചവരും. **والله** അല്ലാഹുവാകട്ടെ. **ولي** രക്ഷാധികാരി (ബന്ധു-സഹായി-മിത്രം) ആകുന്നു. **المؤمنين** സത്യവിശ്വാസികളുടെ.

ഇബ്‌റാഹീം (عليه السلام) സ്വീകരിച്ചുവന്ന മാർഗ്ഗത്തിലും അദ്ദേഹത്തിന്റെ നടപടിക്രമങ്ങളിലും അദ്ദേഹത്തെ മാതൃകയാക്കി പിൻപറ്റിപ്പോന്നവരാരോ അവർക്കേ അദ്ദേഹവുമായുള്ള അടുപ്പവും ബന്ധവും അവകാശപ്പെടുവാൻ നിവൃത്തിയുള്ളു. അവർ ഏതു കാലക്കാരോ വിഭാഗക്കാരോ ആവട്ടെ. അങ്ങിനെയുള്ളവരത്രെ ഈ പ്രവാചകനായ മുഹമ്മദ് നബിയും, അദ്ദേഹത്തിൽ വിശ്വസിച്ചിട്ടുള്ള സത്യവിശ്വാസികളും. വേദക്കാരായ നിങ്ങൾ ഇരുകൂട്ടരും അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽനിന്ന് ബഹുദൂരം അകന്നുപോയിരിക്കകൊണ്ട് അദ്ദേഹവുമായി നിങ്ങൾക്ക് ബന്ധമില്ലാതായിരിക്കുന്നു എന്നു താൽപര്യം.

69 (സത്യവിശ്വാസികളെ) വേദക്കാരിൽ നിന്നുള്ള ഒരു വിഭാഗം (ആളുകൾ) മോഹിക്കുകയാണ്, നിങ്ങളെ അവർ വഴിപിഴപ്പിച്ചിരുന്നെങ്കിൽ (കൊള്ളാമായിരുന്നു) എന്ന്! (വാസ്തവത്തിൽ) അവർ തങ്ങളെത്തന്നെയല്ലാതെ വഴിപിഴപ്പിക്കുന്നുമില്ല; (അത്) അവർ ഗ്രഹിക്കുന്നുമില്ല.

وَدَّت طَّآئِفَةٌ مِّنْ أَهْلِ ٱلْكِتَٰبِ لَوْ يُضِلُّونَكُمْ وَمَا يُضِلُّونَ إِلَّآ أَنفُسَهُمْ وَمَا يَشْعُرُونَ ٦٩

70 വേദക്കാരേ, അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യം]കളിൽ, (അവർക്ക് സത്യ) സാക്ഷ്യം വഹിച്ചുകൊണ്ടു (തന്നെ) നിങ്ങൾ അവിശ്വസിക്കുന്നത് എന്തിനാണ്?!

يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَكْفُرُونَ بِـَٔايَٰتِ ٱللَّهِ وَأَنتُمْ تَشْهَدُونَ ٧٠

71 വേദക്കാരെ നിങ്ങൾ യഥാർത്ഥത്തെ അയഥാർത്ഥവുമായി കൂട്ടിക്കലർത്തുകയും അറിഞ്ഞും കൊണ്ടു(തന്നെ) യഥാർത്ഥത്തെ ഒളിച്ചുവെക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് എന്തിനാണ്?!

يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَلْبِسُونَ ٱلْحَقَّ بِٱلْبَٰطِلِ وَتَكْتُمُونَ ٱلْحَقَّ وَأَنتُمْ تَعْلَمُونَ ٧١

---

69 ودت മോഹിക്കയാണ്. **طَائِفَةٌ** ഒരു വിഭാഗം. **من أهل الكتاب** വേദക്കാരിൽനിന്ന്. **لو يضلونكم** അവർ നിങ്ങളെ വഴി പിഴപ്പിച്ചിരുന്നെങ്കിൽ (എന്ന്). **وما يضلونَ** അവർ വഴിപിഴപ്പിക്കുന്നുമില്ല (താനും). **إلا أنفُسهم** തങ്ങളെത്തന്നെ (സ്വന്തങ്ങളെ) യല്ലാതെ. **وما يشعرونَ** അവർ ഗ്രഹിക്കുന്നുമില്ല, അവർക്ക് ബോധം വരുന്നുമില്ല. **70 يا أهلَ الكتاب** വേദക്കാരേ. **لم تكْفُرونَ** എന്തിനാണ് നിങ്ങൾ അവിശ്വസിക്കുന്നത്. **بِآيات الله** അല്ലാഹുവിന്റെ ആയത്ത് (ലക്ഷ്യം-ദൃഷ്ടാന്തം) കളിൽ. **وأنتم** നിങ്ങളാകട്ടെ. **تشهدونَ** സാക്ഷ്യം വഹക്കുന്നു (താനും). **71 يا أهلَ الكتابِ** വേദക്കാരേ. **لم تلْبِسونَ** നിങ്ങൾ എന്തിനാണ് കൂട്ടിക്കലർത്തുന്നത്. **الحق** യഥാർത്ഥ (സത്യ)ത്തെ. **بِالباطل** അയഥാർത്ഥത്തോട്. **وتكْتمونَ** നിങ്ങൾ ഒളിച്ച് (മൂടി) വെക്കുകയും ചെയ്യുന്നു. **الْحق** യഥാർത്ഥത്തെ. **وأنتم** നിങ്ങളാവട്ടെ. **تعلمونَ** അറിയുന്നു (താനും).

നബി (ﷺ) തിരുമേനിയുടെ സത്യതക്ക് തെളിവായി അവരുടെ വേദഗ്രന്ഥങ്ങളിലും അറിവിലുമുള്ള ലക്ഷ്യങ്ങളെ മനസ്സിലാക്കി ശരിവെച്ചുകൊണ്ടിരിക്കുകയും, അതോടൊപ്പം അവയെ മൂടിവെക്കുകയും, സത്യാസത്യങ്ങളെ കൂട്ടിക്കുഴച്ച് യഥാർത്ഥം വ്യക്തമാക്കാതിരിക്കുകയുമാണ് അവർ ചെയ്യുന്നത്. എന്തിനായിട്ടാണ് ഇത്തരം തോന്നിയവാസങ്ങൾ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവരെ അല്ലാഹു ആക്ഷേപിക്കുകയാണ്.

വിഭാഗം-8

നബി (ﷺ) യോടും, സത്യവിശ്വാസികളോടുമുള്ള അസൂയയും, പകയും നിമിത്തം സത്യവിശ്വാസികളെ വഴിതെറ്റിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് വേദക്കാർ നടത്തുന്ന ഒരു കുതന്ത്രം അല്ലാഹു തുറന്നു കാട്ടുന്നു:-

وَقَالَت طَّآئِفَةٌ مِّنْ أَهْلِ ٱلْكِتَٰبِ ءَامِنُوا۟ بِٱلَّذِىٓ أُنزِلَ عَلَى ٱلَّذِينَ ءَامَنُوا۟ وَجْهَ ٱلنَّهَارِ وَٱكْفُرُوٓا۟ ءَاخِرَهُۥ لَعَلَّهُمْ يَرْجِعُونَ ﴿٧٢﴾

72 വേദക്കാരിൽ നിന്നുള്ള ഒരു വിഭാഗം (ആളുകൾ) പറയുകയാണ്: ''(ഈ) വിശ്വസിച്ചവരുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ, പകലിൻെറ ആരംഭത്തിൽ നിങ്ങൾ വിശ്വസിക്കുവിൻ; അതിൻെറ അവസാനത്തിൽ നിങ്ങൾ (അങ്ങ്) അവിശ്വസിക്കുകയും ചെയ്യുവിൻ. (എന്നാൽ) അവർ മടങ്ങിയേക്കാം;''

وَلَا تُؤْمِنُوٓا۟ إِلَّا لِمَن تَبِعَ دِينَكُمْ قُلْ إِنَّ ٱلْهُدَىٰ هُدَى ٱللَّهِ أَن يُؤْتَىٰٓ أَحَدٌ مِّثْلَ مَآ أُوتِيتُمْ أَوْ يُحَآجُّوكُمْ عِندَ رَبِّكُمْ ۗ قُلْ إِنَّ ٱلْفَضْلَ بِيَدِ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٧٣﴾

73 ''നിങ്ങളുടെ മതത്തെ പിൻതുടർന്നവരെയല്ലാതെ നിങ്ങൾ വിശ്വസിക്കുകയും ചെയ്യരുത്'' (നബിയേ) പറയുക: ''നിശ്ചയമായും, അല്ലാഹുവിൻെറ മാർഗ്ഗദർശനമത്രെ, (യഥാർത്ഥ) മാർഗ്ഗദർശനം. (അതെ) നിങ്ങൾക്ക് നൽകപ്പെട്ടതുപോലെ, (വേറെ) വല്ല ഒരാൾക്കും നൽകപ്പെടുന്നതിനാൽ; അല്ലെങ്കിൽ, നിങ്ങളുടെ റബ്ബിങ്കൽ വെച്ച് അവർ നിങ്ങളോടു ന്യായവാദം ചെയ്യുമെന്നതിനാൽ.'' പറയുക: ''നിശ്ചയമായും അനുഗ്രഹം അല്ലാഹുവിൻെറ കൈവശമത്രെ (ഉള്ളത്.) അവൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ നൽകുന്നു. അല്ലാഹു, വിശാലനും, (എല്ലാം) അറിയുന്നവനുമാകുന്നു.''

يَخْتَصُّ بِرَحْمَتِهِۦ مَن يَشَآءُ ۗ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٧٤﴾

74 അവൻ ഉദ്ദേശിക്കുന്നവരെ തൻെറ കാരുണ്യം കൊണ്ട് അവൻ പ്രത്യേകപ്പെടുത്തുന്നു. അല്ലാഹു, മഹത്തായ അനുഗ്രഹമുള്ളവനത്രെ.''

---

72 وقَالت പറയുകയും ചെയ്തു പറയുകയാണ്. **طائفَةٌ** ഒരു വിഭാഗം. **من أهل الكتابِ** വേദക്കാരിൽ നിന്ന്. **آمنوا** നിങ്ങൾ വിശ്വസിക്കുവിൻ. **بِالذي أُنزلَ** ഇറക്കപ്പെട്ടതിൽ. **علَى الذين آمنوا** വിശ്വസിച്ചവർക്ക്. **وجه النهارِ** പകലിൻെറ മുഖത്ത് (മുമ്പിൽ-ആരംഭത്തിൽ) . **واكْفُروا** നിങ്ങൾ അവിശ്വസിക്കുകയും ചെയ്‌വിൻ. **آخره** അതിൻെറ അവസാനം. **لَعلهم** അവരായേക്കാം, ആകുവാൻവേണ്ടി. **يرجِعونَ** അവർ മടങ്ങുക. **73 ولا تؤمنوا** നിങ്ങൾ വിശ്വസിക്കയും ചെയ്യരുത്. **إلا لمن** യാതൊരുവരെയല്ലാതെ. **تبِع** തുടർന്ന്. **دينكُم** നിങ്ങളുടെ മതത്തെ. **قُلْ** പറയുക. **إِن الْهدى** നിശ്ചയമായും മാർഗ്ഗദർശനം, വഴിചേർക്കൽ. **هدى اللهِ** അല്ലാഹുവിൻെറ മാർഗ്ഗദർശനമാണ്, വഴിചേർക്കലത്രെ. **أَن يؤتى** നൽകപ്പെടുന്നതിനാൽ. **أَحد** വല്ല ഒരാൾക്കും. **مثْلَ ما** യാതൊന്നുപോലെ. **أُوتيتم** അത് നിങ്ങൾക്ക് നൽകപ്പെട്ടു. **أَو يحاجوكُم** അല്ലെങ്കിൽ അവർ നിങ്ങളോട് ന്യായവാദം നടത്തുന്നതിനാൽ. **عند ربكُم** നിങ്ങളുടെ റബ്ബിൻെറ അടുക്കൽ. **قُلْ** പറയുക. **إِن الْفَضلَ** നിശ്ചയമായും അനുഗ്രഹം. **بِيد اللهِ** അല്ലാഹുവിൻെറ കയ്യിലാണ്. **يؤتيه** അതവൻ നല്കുന്നു. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **واللهُ** അല്ലാഹു. **واسع** വിശാലനാകുന്നു. **عليم** അറിയുന്നവനാണ്. **74 يختص** അവൻ പ്രത്യേകപ്പെടുത്തുന്നു. **بِرحمته** തൻെറ കാരുണ്യംകൊണ്ട്, കാരുണ്യത്തെ. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവരെ ഉദ്ദേശിക്കുന്നവർക്ക്. **واللهُ** (അല്ലാഹുവാകട്ടെ). **ذُوا الْفَضلِ** അനുഗ്രഹം ഉള്ളവനാണ്. **الْعظيم** മഹത്തായ.

വേദക്കാർ-യഹൂദികൾ വിശേഷിച്ചും-സത്യവിശ്വാസികൾ വഴിതെറ്റിക്കാണുവാൻ തക്കം പാർത്തുകൊണ്ടിരിക്കുകയാണ്. അതിനായി അവർ ഗൂഢാസൂത്രണം ചെയ്ത ഒരു പരിപാടിയാണ് 72-ാം വചനത്തിൽ അല്ലാഹു വെളിപ്പെടുത്തുന്നത് തങ്ങളിൽപെട്ട ചിലരെ ശട്ടംകെട്ടിവെക്കുക; അവർ രാവിലെ ചെന്ന് തങ്ങൾ സത്യവിശ്വാസം സ്വീകരിച്ചുവെന്ന് പറഞ്ഞ് മുസ്‌ലിം വേഷമണിയുക; കുറേ നേരം മുസ്‌ലിംകളുമായി ഇടകലർന്നശേഷം, വൈകുന്നേരമാകുമ്പോൾ ഇസ്‌ലാമിൽ നിന്ന് സ്വയം ഭ്രഷ്ടാകുകയും ചെയ്യുക. 'ഇസ്‌ലാം സത്യമതമെന്ന് ധരിച്ച് ഞങ്ങളതിൽ പ്രവേശിച്ചു. ഇപ്പോഴല്ലേ അതിൻെറ ഉള്ളുകള്ളി മനസ്സിലായത്, അതുകൊണ്ട് ഇതാ ഞങ്ങളിൽനിന്ന് മടങ്ങിപ്പോന്നിരിക്കുന്നു.' എന്നൊക്കെ അവർ പ്രചരിപ്പിക്കുകയും ചെയ്യുക. ഇതു കാണുമ്പോൾ, വേദഗ്രന്ഥവുമായി പരിചയമുള്ള ഇവർ ഇങ്ങിനെ പറയുന്ന സ്ഥിതിക്ക് ഇത് പരമാർത്ഥമായിരിക്കുമെന്ന് കരുതി അൽപബുദ്ധികളും കഥ അറിയാത്തവരുമായ ചില സത്യവ ിശ്വാസികളെങ്കിലും ഇസ്‌ലാമിൽ നിന്ന് വിട്ടുപോരുവാൻ കാരണമാകുമെന്നും, ഇവരെ ചൂഷണം ചെയ്തുകൊണ്ട് ഇസ്‌ലാമിനെതിരിൽ ജനമദ്ധ്യെ ആശയക്കുഴപ്പമുണ്ടാക്കാമെന്നുമൊക്കെയാണവരുടെ കണക്കുകൂട്ടൽ നിങ്ങൾ വിശ്വസിച്ചും ആചരിച്ചും വരുന്ന മതനടപടികൾക്കെതിരായി ആരെന്തു പറഞ്ഞാലും ചെയ്താലും നിങ്ങൾ അതൊന്നും-നാവുകൊണ്ട് സമ്മതിച്ചാലും-മനസ്സുകൊണ്ട് വിശ്വസിക്കരുതെന്നും ഈ കോമര ങ്ങളോട് അവർ പ്രത്യേകം ഉപദേശിക്കുകയും ചെയ്യുമായിരുന്നു.

അവരുടെ ഈ ഗൂഢതന്ത്രം തുറന്നുകാട്ടുക മാത്രമല്ല, അതുകൊണ്ടൊന്നും ഒരു പ്രയോജന വും അവർക്ക് ലഭിക്കുവാൻ പോകുന്നില്ലെന്നും, അസൂയയുടെയും വിഡ്ഢിത്തത്തിൻെറയും ഒരു പ്രകടനം മാത്രമാണതെന്നും അവരെ തെര്യപ്പെടുത്തുവാൻ നബി (ﷺ) യോട് കൽപിക്കുകയും ചെയ്യുന്നു. സൻമാർഗ്ഗം കാണിച്ചുകൊടുക്കുന്നതും, അതു പ്രാപിക്കുവാനുള്ള ഭാഗ്യം നൽകുന്ന തും അല്ലാഹുവാണ്. ഇന്നിന്ന വിഭാഗക്കാർക്കോ സമുദായത്തിനോ മാത്രമേ അനുഗ്രഹം നൽകു കയുള്ളുവെന്ന് ഒരു നിയമവും അവൻ വെച്ചിട്ടില്ല. നിങ്ങളെപ്പോലെ കുടില മനസ്കനൊന്നുമല്ല അല്ലാഹു. അവൻ വളരെ വിശാലനും എല്ലാം അറിയുന്നവനുമാകുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ അനുഗ്രഹിക്കും. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകം കാരുണ്യം ചൊരിഞ്ഞു കൊടുക്കും. ആർക്കൊക്കെയാണ് അനുഗ്രഹവും കാരുണ്യവും നൽകേണ്ടതെന്നു അവനറിയാം. നിങ്ങൾക്ക് ലഭിച്ചതുപോലെ മറ്റൊരു കൂട്ടർക്ക് (മുസ്‌ലിംകൾക്ക്) വേദഗ്രന്ഥവും പ്രവാചകനും വന്നു കിട്ടിയതിലുള്ള നിങ്ങളുടെ അസൂയയാണ് ഇതിന് ഒരു കാരണം. സത്യവിശ്വാസികൾ അല്ലാഹുവിൻെറ മുമ്പിൽ ചെല്ലുമ്പോൾ, അറിഞ്ഞുകൊണ്ടുതന്നെ സത്യത്തെ നിഷേധിച്ചവരാണ് നിങ്ങളെന്ന് വാദിച്ച് നിങ്ങളെ തോൽപിക്കുവാൻ ഇടവരത്തക്കവണ്ണം അവർ സൻമാർഗ്ഗം പ്രാപിച്ച വരായിത്തീരരുതെന്നുള്ള നിങ്ങളുടെ വ്യാമോഹമാണ് മറ്റൊരു കാരണം. ഇതാണ് ഇത്തരം നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിച്ചത്. ഇതിലൊന്നും നിങ്ങൾ വിജയിക്കുകയില്ലെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുക. എന്നൊക്കെയാണ് അല്ലാഹു തുടർന്ന് പറഞ്ഞതിൻെറ താൽപര്യം.

73-ാം വചനത്തിലെ ان يؤتي احد .... عند ربكم ('നിങ്ങൾക്ക് നൽകപ്പെട്ടതുപോലെ' എന്നു തുടങ്ങി 'ന്യായവാദം ചെയ്യുമെന്നതിനാൽ' എന്നതുവരെയുള്ള) വാക്യങ്ങൾ നബി (ﷺ) അവ രോട് പറയേണ്ടുന്ന മറുപടിയുടെ ഭാഗമെന്ന നിലക്കാണ് നാം മുകളിൽ വിവരിച്ചതും, പരിഭാഷ യിൽ സ്വീകരിച്ചതും. ഇത് വേദക്കാരുടെ പ്രസ്താവനയുടെ തുടർച്ചയായിരിക്കുവാനും, قل ان الهدى هدى الله (അല്ലാഹുവിൻെറ മാർഗ്ഗദർശനമാണ് മാർഗ്ഗദർശനമെന്ന് പറയുക) എന്ന വാക്യം ഇടക്കുവെച്ച് നബി (ﷺ) യോട് കൽപിച്ചതായിരിക്കുവാനും സാധ്യതയുണ്ട്. വ്യാഖാതാ ക്കളിൽ പലരും ഇങ്ങിനെയാണ് സ്വീകരിച്ച് കാണുന്നതും. അപ്പോൾ, ആ വാക്യങ്ങളുടെ താല്പര്യം ഇങ്ങിനെ മനസ്സിലാക്കാവുന്നതാണ്: ഇവർ-സത്യവിശ്വാസികൾ-അവരുടെ മതത്തിൽ ഉറച്ചുനിൽക്കുന്നപക്ഷം, നമുക്ക് ലഭിച്ചതുപോലെ വേദഗ്രന്ഥം മുതലായ അനുഗ്രഹങ്ങൾ നമുക്ക്

പുറമെ ഇവരെപ്പോലെയുള്ളവർക്കും ലഭിച്ചതായി വരും. അവർ അല്ലാഹുവിൻെറ അടുക്കൽ വെച്ച് നമുക്കെതിരിൽ ന്യായം സമർപ്പിക്കുവാനും ഇടവരും. അതുകൊണ്ട് അതിന് നാം അവർക്ക് അവസരം കൊടുക്കാതിരിക്കേണ്ടതുണ്ട്. രണ്ടായാലും ഉദ്ദേശ്യം വ്യക്തമാകുന്നു. വേറെയും ചില അഭിപ്രായങ്ങൾ ഖുർആൻ വ്യാഖ്യാതക്കൾ ഇവിടെ പ്രസ്താവിച്ചു കാണാം.

۞ وَمِنْ أَهْلِ ٱلْكِتَـٰبِ مَنْ إِن تَأْمَنْهُ بِقِنطَارٍ يُؤَدِّهِۦٓ إِلَيْكَ وَمِنْهُم مَّنْ إِن تَأْمَنْهُ بِدِينَارٍ لَّا يُؤَدِّهِۦٓ إِلَيْكَ إِلَّا مَا دُمْتَ عَلَيْهِ قَآئِمًا ۗ ذَٰلِكَ بِأَنَّهُمْ قَالُوا۟ لَيْسَ عَلَيْنَا فِى ٱلْأُمِّيِّـۧنَ سَبِيلٌ وَيَقُولُونَ عَلَى ٱللَّهِ ٱلْكَذِبَ وَهُمْ يَعْلَمُونَ ﴿٧٥﴾

75 വേദക്കാരിലുണ്ട് ചിലർ: ഒരു ‘ഖിൻത്വാറി’നെ [കൂമ്പാരത്തെ] സംബന്ധിച്ച് നീ അവരെ വിശ്വസിച്ചാൽ അവർ നിനക്കത് തന്നുതീർക്കും. അവരിലുണ്ട്(വേറെ) ചിലരും; ഒരു ‘ദീനാറിനെ’[പൊൻപണത്തെ] സംബന്ധിച്ച് നീ അവരെ വിശ്വസിച്ചാൽ -അവരിൽ [അവരെ തിരക്കിക്കൊണ്ട്] നീ നിലകൊള്ളുന്നവനായിരുന്നാലല്ലാതെ- അവർ നിനക്കത് തന്നു തീർക്കുകയില്ല. ‘‘(വേദക്കാരല്ലാത്ത) നിരക്ഷരജ്ഞരുടെ കാര്യത്തിൽ, ഞങ്ങളുടെ മേൽ (ബാധ്യതയുണ്ടാവാൻ) ഒരു മാർഗ്ഗവുമില്ല,’’ എന്ന് അവർ പറയുന്നത് നിമിത്തമത്രെ അത്. അവർ അറിഞ്ഞുകൊണ്ടു (തന്നെ) അല്ലാഹുവിൻെറ മേൽ വ്യാജം പറയുകയും ചെയ്യുന്നു.

بَلَىٰ مَنْ أَوْفَىٰ بِعَهْدِهِۦ وَٱتَّقَىٰ فَإِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧٦﴾

76 അങ്ങനെയല്ല, യാതൊരുവൻ തൻെറ കരാർ നിറവേറ്റുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തുവോ, എന്നാൽ, (ആ) സൂക്ഷ്മത പാലിക്കുന്നവരെ നിശ്ചയമായും അല്ലാഹു സ്നേഹിക്കും.

---

75 **ومن أهل الكتاب** വേദക്കാരിലുണ്ട്. **من** ചിലർ, യാതൊരുവൻ. **إن تأمنه** അവരെ (അവനെ) നീ വിശ്വസിച്ചാൽ. **بقنطار** ഒരു ഖിൻത്വാറിനെ (കൂമ്പാരത്തെ) സംബന്ധിച്ച്. **يؤده** അതവർ (അവൻ) വീട്ടിത്തരും. **إليك** നിനക്ക്. **ومنهم** അവരിലുണ്ട്. **من** ചിലർ, യാതൊരുവൻ. **إن تأمنه** അവരെ (അവനെ) നീ വിശ്വസിച്ചാൽ. **بدينار** ഒരു ദീനാറിനെ (പൊൻപണത്തെ) പ്പറ്റി. **لا يؤده** അതവർ (അവൻ) വീട്ടുകയില്ല. **إليك** നിനക്ക്. **إلا ما دمت** നീ ആയിക്കൊണ്ടിരുന്നാലല്ലാതെ. **عليه** അവൻെറ മേൽ (അവരിൽ). **قائما** നിലകൊള്ളുന്നവൻ. **ذلك** അത്. **بأنهم قالوا** അവർ പറയുന്നത് നിമിത്തമാണ്. **ليس علينا** ഞങ്ങളുടെ മേൽ ഇല്ല. **في الأميين** നിരക്ഷരജ്ഞരിൽ. **سبيلٌ** ഒരു മാർഗ്ഗവും. **ويقولونَ** അവർ പറയുകയും ചെയ്യുന്നു. **على الله** അല്ലാഹുവിൻെറ പേരിൽ. **الكذب** വ്യാജം. **وهم يعلمون** അവർ അറിഞ്ഞുകൊണ്ട്. 76 **بلى** അങ്ങനെയല്ല. **من أوفى** ആർ നിറവേറ്റിയോ. **بعهده** തൻെറ കരാർ, ഉടമ്പടി. **واتقى** സൂക്ഷിക്കുകയും ചെയ്തു. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **يحب** സ്നേഹിക്കും, ഇഷ്ടപ്പെടുന്നു. **المتقين** സൂക്ഷ്മതപാലിക്കുന്നവരെ.

قنطار ൻെറ അർത്ഥങ്ങളെപ്പറ്റി 14-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. കൂമ്പാരം-അഥവാ വളരെ ധനം-എന്നാണുദ്ദേശ്യം. അക്ഷരജ്ഞാനമില്ലാത്ത - അഥവാ എഴുത്തും വായനയും അറിയാത്ത ആളുകൾ എന്നാണ് **اميين** എന്ന വാക്കിൻെറ അർത്ഥം. വേദഗ്രന്ഥവുമായി പരിചയമില്ലാത്തവരായ അറബികളാണ് ഉദ്ദേശ്യം.

വേദക്കാരുടെ പല ദുഷ്ചെയ്തികളും മുമ്പ് പറഞ്ഞുവല്ലോ. എന്നാൽ, അവരിലുള്ള എല്ലാ വ്യക്തികളും ഒരുപോലെയല്ല; വളരെയധികം ധനം വിശ്വസിച്ചേൽപിച്ചാൽ പോലും തക്കസമയം മടക്കിത്തരുന്ന നല്ല മനസ്ഥിതിക്കാരും അവരിലുണ്ട്. നേരെ മറിച്ച് ഒരു പൊൻപണം പോലും വിശ്വസിച്ച് കൊടുത്താൽ-മടക്കിത്തരണമെന്ന് തിരക്കിക്കൊണ്ടിരിക്കുന്ന പക്ഷം മടങ്ങിക്കിട്ടിയേക്കുമെന്നല്ലാതെ-തിരിച്ചുതരുവാൻ കൂട്ടാക്കാത്ത ആളുകളും അവരിലുണ്ട്. തിരിച്ചുതരാൻ തയ്യാറില്ലാത്തവർ അതിന് പറയുന്ന ന്യായം ഇതാണ്: വേദക്കാരല്ലാത്തവരോടുള്ള ബാധ്യതകൾ നിറവേറ്റണമെന്ന് നിർബ്ബന്ധമൊന്നുമില്ല, അവരുടെ ധനം ഉപയോഗിക്കുന്നത് കേവലം കുറ്റകരമല്ല. സ്വസമുദായത്തിൽ പെട്ടവരോടുള്ള കടമകൾ പാലിക്കലേ നമുക്ക് കടമയുള്ളു എന്നൊക്കെ. അല്ലാഹുവിൻെറ പേരിൽ അവർ സ്വയം കെട്ടിപ്പറയുന്ന ഒരു വ്യാജവാദം മാത്രമാണിത്. കരാറുനിശ്ചയങ്ങളും വിശ്വസ്തതയും ആരോടായാലും പാലിക്കേണ്ടതുണ്ട്. കരാറുകൾ പാലിക്കുകയും, അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിച്ചുപോരുകയും ചെയ്യുന്നവരെയാണ് അല്ലാഹു സ്നേഹിക്കുക. അല്ലാത്തവർക്ക്അവൻെറ സ്നേഹം ലഭിക്കുകയില്ല. എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം.

സ്വജാതിക്കാരല്ലാത്തവരോട് ഇടപാടുകളിൽ വിട്ടുവീഴ്ച കാണിക്കേണ്ടതില്ല. അവരോട് പലിശ വാങ്ങുന്നതിനും വിരോധമില്ല. സ്വജാതിക്കാരോട് കടം മുട്ടിച്ച് ചോദിക്കുകയോ പലിശ വാങ്ങുകയോ ചെയ്തുകൂടാ എന്നൊക്കെ യഹൂദികൾ പാരമ്പര്യമായി വിശ്വസിച്ചുപോരുന്നു. (ആവർത്തന പുസ്തകം 15: 3, 23:20) അജ്ഞരായ ചില പാമരമുസ്ലിംകളിലും ഇത്തരം ചില അന്ധമായ ധാരണകൾ കടന്നുകൂടാറുണ്ട്. വാസ്തവത്തിൽ, നീതിയും വിശ്വസ്തതയും പാലിക്കുന്നതിൽ മുസ്ലിമെന്നോ അമുസ്ലിമെന്നോ വിവേചനമില്ല. ഇബ്നുഅബീഹാതിം (رحمه الله) ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക. അതിൻെറ സാരം ഇപ്രകാരമാകുന്നു: 'നിരക്ഷരജ്ഞരുടെ കാര്യത്തിൽ ഞങ്ങളുടെമേൽ ഒരു ബാദ്ധ്യതയും ഉണ്ടാവാൻ മാർഗ്ഗമില്ല (ليس علينا في الاميين سبيل) എന്ന് വേദക്കാർ പറഞ്ഞപ്പോൾ, നബി (ﷺ) പറഞ്ഞു: ''അല്ലാഹുവിൻെറ ശത്രുക്കൾ കളവ് പറയുകയാണ്. ജാഹിലിയ്യത്തിലുണ്ടായിരുന്ന (ഇത്തരം) ഏത് കാര്യവും എൻെറ ഈ രണ്ട് കാലടികൾക്കടിയിലാക്കപ്പെടാതെ ഇല്ല. (എല്ലാം തള്ളപ്പെട്ടുപോയിരിക്കുന്നു) അമാനത്ത് (വിശ്വസ്തതയുടെ കാര്യം) ഒഴികെ. അതാകട്ടെ, പുണ്യവാനോടും, ദുഷ്ടനോടും നിർവ്വഹിക്കപ്പെടേണ്ടതാകുന്നു''.

إِنَّ ٱلَّذِينَ يَشۡتَرُونَ بِعَهۡدِ ٱللَّهِ وَأَيۡمَٰنِهِمۡ ثَمَنٗا قَلِيلًا أُوْلَٰٓئِكَ لَا خَلَٰقَ لَهُمۡ فِي ٱلۡأٓخِرَةِ وَلَا يُكَلِّمُهُمُ ٱللَّهُ وَلَا يَنظُرُ إِلَيۡهِمۡ يَوۡمَ ٱلۡقِيَٰمَةِ وَلَا يُزَكِّيهِمۡ وَلَهُمۡ عَذَابٌ أَلِيمٞ ﴿٧٧﴾

77 നിശ്ചയമായും, അല്ലാഹുവിനോടുള്ള കരാറിനും [പ്രതിജ്ഞക്കും], തങ്ങളുടെ സത്യ (ശപഥ)ങ്ങൾക്കും തുച്ഛമായ വിലവാങ്ങുന്നവർ, അക്കൂട്ടർ, അവർക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല; ഖിയാമത്തുനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയുമില്ല: അവരുടെ നേരെ നോക്കുകയുമില്ല; അവരെ സംസ്കരി (ച്ചു നന്നാ) ക്കുകയുമില്ല; അവർക്കു വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

---

77 إن الذين يشترونَ നിശ്ചയമായും വാങ്ങുന്നവർ. بعهد الله അല്ലാഹുവിനോടുള്ള കരാറിന്. وأيمانِهم തങ്ങളുടെ സത്യ (ശപഥ)ങ്ങൾക്കും. ثَمنا قليلاً തുച്ഛ വില. أولئك അക്കൂട്ടർ. لا خلاق ഓഹരിയില്ല. لهم അവർക്ക്. في الآخرة പരലോകത്തിൽ. ولا يكلمهم الله അല്ലാഹു അവരോട് സംസാരിക്കയുമില്ല. ولا ينظُر നോക്കുകയുമില്ല. إليهم അവരുടെനേരെ. يوم القيامة ഖിയാമത്തുനാളിൽ. ولا يزكيهم അവരെ സംസ്ക്കരിക്കയുമില്ല. ولهم അവർക്കുണ്ടുതാനും. عذاب ശിക്ഷ. أليم വേദനയേറിയ.

عهد الله (അല്ലാഹുവിൻെറ-അഥവാ അല്ലാഹുവിനോടുള്ള-കരാർ) എന്നതിൻെറ അർത്ഥോദ്ദേശ്യങ്ങളെപ്പറ്റി അൽബഖറഃ 27-ാം വചനത്തിൻെറ വിവരണത്തിൽ പ്രസ്താവിച്ചത് ഓർക്കുക. നബി (ﷺ) യിൽ വിശ്വസിക്കുക. അവിടുന്ന് കൊണ്ടുവന്ന മാർഗ്ഗം പിൻപറ്റുക മുതലായവ ചെയ്തുകൊള്ളാമെന്ന നിശ്ചയവും പ്രതിജ്ഞയുമാണിവിടെ പ്രധാനമായും ഉദ്ദേശ്യം. അല്ലാഹുവിനോടുള്ള ബാധ്യത ഏറ്റിട്ടുള്ള കരാറുകളും ശപഥങ്ങളും നിറവേറ്റാതെ, അതിനുപകരം നിസ്സാരമായ വില-ഐഹികമായ കാര്യ ലാഭങ്ങൾ-കൊണ്ട് തൃപ്തിപ്പെടുന്നവർക്ക് പരലോകത്ത് യാതൊരു നൻമയും രക്ഷയും ലഭിക്കുവാനില്ലെന്നും, കാരുണ്യത്തിൻെറയോ, സ്നേഹത്തിൻെറയോ, മാപ്പിൻെറയോ കണികപോലും അവർക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുകയില്ലെന്നും, അതോടുകൂടി അതികഠിനമായ ശിക്ഷയും അവർ അനുഭവിക്കേണ്ടിവരുമെന്നും അല്ലാഹു താക്കീത് ചെയ്യുന്നു. അവരോട് അല്ലാഹു സംസാരിക്കുകയില്ലെന്നും, അവരുടെ നേരെ നോക്കുകയില്ലെന്നും പറഞ്ഞത് അല്ലാഹുവിന് അവരോടുള്ള അമർഷത്തിൻെറ ഗൗരവമാണ് കാണിക്കുന്നത്.

ഈ തിരുവചനത്തിലെ താക്കീതുമായി ബന്ധമുള്ളതും, അതിൻെറ വ്യാപ്തിയിൽ ഉൾപ്പെടുന്നതും, നിത്യജീവിത്തിൽ നാം കരുതിക്കൊണ്ടിരിക്കേണ്ടതുമായ പല കാര്യങ്ങളെക്കുറിച്ചും നബി (ﷺ) യുടെ ഹദീസുകളിൽ വന്നിട്ടുണ്ട്. ഉദാഹരണത്തിന് ഒന്നുരണ്ടെണ്ണം ഉദ്ധരിക്കാം; (1) അബൂദർ-റ് (رضي الله عنه) പറയുന്നു: റസൂൽ (ﷺ) പറഞ്ഞു: ''മൂന്നു കൂട്ടരുണ്ട്'': അവരോട് ഖിയാമത്തു നാളിൽ അല്ലാഹു സംസാരിക്കുകയില്ല, അവരുടെ നേരെ നോക്കുകയുമില്ല. അവരെ സംസ്കരിക്കുകയുമില്ല.'' ഞാൻ പറഞ്ഞു: ''അവർ നഷ്ടപ്പെടുകയും അപമാനപ്പെടുകയും ചെയ്തുവല്ലോ! ആരാണവർ, റസൂലേ?'' തിരുമേനി ആ വാക്ക് മൂന്നുവട്ടം ആവർത്തിച്ചിട്ട് പറഞ്ഞു: ''വസ്ത്രം നിലത്തിഴച്ചു നടക്കുന്നവനും, കള്ളസത്യംവഴി ചരക്ക് ചിലവഴിക്കുന്നവനും, ചെയ്ത ഉപകാരം എടുത്തുപറയുന്നവനും''. (അ; മു.) (2) പല സഹാബികളിൽനിന്നും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''ഒരാളുടെ സ്വത്ത് പിടിച്ചെടുക്കുവാൻവേണ്ടി ആരെങ്കിലും കള്ളസത്യം ചെയ്താൽ അല്ലാഹു അവൻെറമേൽ കോപിച്ചവനായിക്കൊണ്ട് അവൻ കണ്ടെത്തുന്നതാണ്.'' (അ:ബു:മു)

78 നിശ്ചയമായും, അവരിൽ തന്നെ (വേറെ) ഒരു കക്ഷിയുമുണ്ട്: വേദഗ്രന്ഥത്തി (ൻെറ വായനയി)ൽ തങ്ങളുടെ നാവുകളെ അവർ വളച്ചുതിരിക്കും, അത് വേദഗ്രന്ഥത്തിൽ പെട്ടതെന്ന് നിങ്ങൾ ഗണിക്കുവാൻ വേണ്ടി. അത് വേദഗ്രന്ഥത്തിൽ പെട്ടതല്ലതാനും. ''അത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണ്'' എന്ന് അവർ പറയുകയും ചെയ്യും. അത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതല്ലതാനും. അവർ അറിഞ്ഞുകൊണ്ടു(തന്നെ) അല്ലാഹുവിൻെറ പേരിൽ വ്യാജം പറയുകയും ചെയ്യുന്നു.

وَإِنَّ مِنْهُمْ لَفَرِيقًا يَلْوُۥنَ أَلْسِنَتَهُم بِٱلْكِتَٰبِ لِتَحْسَبُوهُ مِنَ ٱلْكِتَٰبِ وَمَا هُوَ مِنَ ٱلْكِتَٰبِ وَيَقُولُونَ هُوَ مِنْ عِندِ ٱللَّهِ وَمَا هُوَ مِنْ عِندِ ٱللَّهِ وَيَقُولُونَ عَلَى ٱللَّهِ ٱلْكَذِبَ وَهُمْ يَعْلَمُونَ ﴿٧٨﴾

78 **وإن منهم** നിശ്ചയമായും അവരിലുണ്ട്. **لَفَرِيقًا** ഒരു കക്ഷി (സംഘം-വിഭാഗം) തന്നെ. **يلوونَ** അവർ വളച്ചു തിരിക്കും ചുരുട്ടുന്നു. **أَلسِنتهم** അവരുടെ നാവുകളെ. **بِالْكتابِ** വേദഗ്രന്ഥത്തിൽ, ഗ്രന്ഥത്തെ സംബന്ധിച്ച്. **لتحسبوه** നിങ്ങളതിനെ ഗണിക്കു (വിചാരിക്കു)വാൻ വേണ്ടി. **من الكتابِ** വേദഗ്രന്ഥത്തിൽപെട്ടതായി. **وما هو** അതാല്ലതാനും. **من الْكتابِ** വേദഗ്രന്ഥത്തിൽ പെട്ടത്. **ويقُولُونَ** അവർ പറയുകയും ചെയ്യും. **هو** അത്. **من عند الله** അല്ലാഹുവിൻെറ പക്കൽനിന്നുള്ളതാണ് (എന്നു). **وما هو** അതല്ലതാനും. **من عند الله** അല്ലാഹുവിൻെറ പക്കൽനിന്ന്. **ويقُولُونَ** അവർ പറയുകയും ചെയ്യും. **على الله** അല്ലാഹുവിൻെറ പേരിൽ. **الْكَذب** വ്യാജം, അസത്യം. **وهم يعلمونَ** അവർ അറിഞ്ഞുകൊണ്ട്.

യഹൂദി പണ്ഡിതൻമാർ വേദഗ്രന്ഥങ്ങളിൽ നടത്താറുള്ള ഒരു കടുത്ത വഞ്ചനയെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. വേദഗ്രന്ഥം വായിച്ചുകേൾപ്പിക്കുമ്പോൾ, തങ്ങളുടെ താൽപര്യങ്ങൾക്കൊത്ത അർത്ഥം വരത്തക്കവണ്ണം അക്ഷരങ്ങളും പദങ്ങളും മാറ്റിമറിച്ചോ, സ്ഥാനം തെറ്റിച്ചോ, അതിൽ ഏറ്റക്കുറവ് വരുത്തിയോ വായിക്കുക. വിവരമില്ലാത്ത ആളുകൾ അതെല്ലാം വേദവാക്യങ്ങളാണെന്ന് ധരിക്കുമല്ലോ. അവരുടെ ലക്ഷ്യവും അതുതന്നെ. തങ്ങൾ വായിക്കുന്നതെല്ലാം വേദഗ്രന്ഥത്തിൻെറ പ്രസ്താവനകളും, അല്ലാഹു അവതരിപ്പിച്ചതുമാണെന്ന നിലക്കായിരിക്കും അവർ വായന ചെയ്യുന്നതും. ഇത് വ്യാഖ്യാനത്തിലോ അഭിപ്രായത്തിലോ ഉണ്ടാകുന്ന അബദ്ധമല്ലെന്നും, അല്ലാഹുവിൻെറ പേരിൽ തനി കളളം കെട്ടിപ്പറയലാണെന്നും പറയേണ്ടതില്ലല്ലോ.

ഏതാണ്ട് ഇതുപോലെയുള്ള ചില കൃത്രിമങ്ങൾ വക്രതാൽപര്യക്കാരായ ചില മുസ്‌ലിം പണ്ഡിതൻമാരിലും ചിലപ്പോൾ കാണാറുള്ളതാണ്. ഖുർആൻെറ അക്ഷരങ്ങളോ പദങ്ങളോ മാറ്റി മറിക്കാറില്ല. അതൊട്ട് സാധ്യവുമല്ല. ഖുർആൻെറ അർത്ഥം അറിയാത്തവർക്കുപോലും അതിലെ വാക്കുകൾ സുനിശ്ചിതമായി അറിയാവുന്നതാണല്ലോ. അതുകൊണ്ട് തങ്ങളുടെ അഭിപ്രായങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ അതിലെ വാക്കുകൾക്കോ, വാക്യങ്ങൾക്കോ അർത്ഥവ്യാഖ്യാനം നൽകുകയും, എന്നിട്ട് അതൊക്കെ ഖുർആൻെറ പ്രസ്താവനകളായി സമർത്ഥിക്കുകയുമാണവർ ചെയ്യുക. വേദക്കാരുടെ ചില അഴിമതികളെപ്പറ്റി പറയുന്ന കൂട്ടത്തിൽ, സ്വന്തം കൈകൊണ്ട് ഗ്രന്ഥം എഴുതുകയും, എന്നിട്ട് തുച്ഛമായ കാര്യലാഭത്തിനുവേണ്ടി അത് അല്ലാഹുവിങ്കൽ നിന്നുള്ളതായി പ്രസ്താവിക്കുകയും ചെയ്യുന്നവരെക്കുറിച്ച് സൂ: അൽബഖറ 79ൽ കഴിഞ്ഞുപോയ കഠിനമായ താക്കീത് ഇങ്ങിനെയുള്ളവരും ഭയപ്പെടേണ്ടതാകുന്നു.

مَا كَانَ لِبَشَرٍ أَن يُؤْتِيَهُ ٱللَّهُ ٱلْكِتَـٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ ثُمَّ يَقُولَ لِلنَّاسِ كُونُوا۟ عِبَادًا لِّى مِن دُونِ ٱللَّهِ وَلَـٰكِن كُونُوا۟ رَبَّـٰنِيِّـۧنَ بِمَا كُنتُمْ تُعَلِّمُونَ ٱلْكِتَـٰبَ وَبِمَا كُنتُمْ تَدْرُسُونَ ﴿٧٩﴾

79 ഒരു മനുഷ്യന്നും (തന്നെ) ഉണ്ടാകുകയില്ല, അല്ലാഹു അദ്ദേഹത്തിനു വേദഗ്രന്ഥവും, വിധികർത്തൃത്വവും (അഥവാ വിജ്ഞാനവും), പ്രവാചകത്വവും നൽകുക: പിന്നീട് അദ്ദേഹം മനുഷ്യരോട്: ''നിങ്ങൾ അല്ലാഹുവിന്നല്ലാതെ-എനിക്ക്-അടിയാൻമാരായിരിക്കുവിൻ'' എന്ന് പറയുകയും ചെയ്യുക. [ഇതു രണ്ടും കൂടി ഒരിക്കലും സംഭവിക്കുകയില്ല] എങ്കിലും ''നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചു വരുന്നതുകൊണ്ടും, നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും നിങ്ങൾ 'റബ്ബാനീകൾ' [മതോപദേഷ്ടാക്കൾ] ആയിത്തീരുവിൻ'' എന്നായിരിക്കും (അദ്ദേഹം പറയുക).

وَلَا يَأْمُرَكُمْ أَن تَتَّخِذُوا۟ ٱلْمَلَـٰٓئِكَةَ وَٱلنَّبِيِّـۧنَ أَرْبَابًا ۗ أَيَأْمُرُكُم بِٱلْكُفْرِ بَعْدَ إِذْ أَنتُم مُّسْلِمُونَ ﴿٨٠﴾

80 നിങ്ങൾ മലക്കുകളെയും, നബിമാരെയും റബ്ബുകളായി സ്വീകരിക്കുവാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുകയും (ഉണ്ടാകുക) ഇല്ല നിങ്ങൾ മുസ്‌ലിംകൾ [അല്ലാഹുവിന്നു കീഴൊതുങ്ങിയവർ] ആയിട്ടുള്ളതിനുശേഷം, നിങ്ങളോട് അവിശ്വാസത്തിന് അദ്ദേഹം കൽപിക്കുകയോ?!

79 **مَاكَانَ** ഉണ്ടാവുകയില്ല, ഉണ്ടാകാവതല്ല. **لبشر** ഒരു മനുഷ്യന്നും. **أن يؤتيه** അവന് നൽകുക. **اللّٰه** അല്ലാഹു. **الكتاب** ഗ്രന്ഥം. **والحكم** വിജ്ഞാനവും വിധിയും (അധികാരവും). **والنبوة** പ്രവാചകത്വ

വും. ثُمَّ يَقُولَ പിന്നീട് അദ്ദേഹം പറയുക. لِلنَّاسِ മനുഷ്യരോട്. كُونُوا നിങ്ങളായിരിക്കുവിൻ. عِبَادًا لِي എനിക്ക് (എന്റെ അടിയാൻമാർ. مِنْ دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ (അല്ലാഹുവിന്നല്ലാതെ). وَلَكِنْ എങ്കിലും (പറയും). كُونُوا നിങ്ങളായിരിക്കുവിൻ. رَبَّانِيِّينَ റബ്ബാനീകൾ. بِمَا كُنْتُمْ നിങ്ങളായിരിക്കുന്നതുകൊണ്ട്. تُعَلِّمُونَ നിങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. الْكِتَابَ വേദഗ്രന്ഥം. وَبِمَا كُنْتُمْ നിങ്ങളായിരിക്കുന്നതുകൊണ്ടും. تَدْرُسُونَ പഠിച്ചുകൊണ്ടിരിക്കുന്നു.. 80 وَلَا يَأْمُرَكُمْ അദ്ദേഹം നിങ്ങളോട് കൽപിക്കുകയും (ഉണ്ടാകുക) ഇല്ല. أَنْ تَتَّخِذُوا നിങ്ങൾ സ്വീകരിക്കുവാൻ. الْمَلَائِكَةَ മലക്കുകളെ. وَالنَّبِيِّينَ നബിമാരെയും. أَرْبَابًا റബ്ബുകളായി. أَيَأْمُرُكُمْ അദ്ദേഹം നിങ്ങളോട് കല്പിക്കുകയോ. بِالْكُفْرِ അവിശ്വാസത്തിന്. بَعْدَ إِذْ أَنْتُمْ നിങ്ങൾ ആയതിന്ശേഷം. مُسْلِمُونَ മുസ്‌ലിംകൾ (കീഴൊതുങ്ങിയവർ).

عبد (അബ്ദ്) എന്ന വാക്കിന്റെ ബഹുവചനമാണ് عباد (ഇബാദ്). ഉടമയായ 'അടിമ' എന്ന അർത്ഥത്തിലും ആരാധനായ 'അടിയാൻ' എന്ന അർത്ഥത്തിലും അത് ഉപയോഗിക്കപ്പെടും. ആദ്യത്തെ അർത്ഥത്തിലാകുമ്പോൾ ഇമാംറാഗിബ് (ﷺ) ചൂണ്ടിക്കാണിച്ചപോലെ عبيد (അബീദും) എന്നും രണ്ടാമത്തെ അർത്ഥത്തിലായിരിക്കുമ്പോൾ عباد (ഇബാദ്) എന്നും ബഹുവചനം വരുന്നതാണ്. رباني (റബ്ബാനിയ്യ്) എന്നതിന്റെ ബഹുവചനമാണ് ربانيون (റബ്ബാനിയ്യൂന). 'വേദവിജ്ഞാനി, മതനേതാവ്, മതോപദേഷ്ടാവ്, ഭരണനേതാവ്, ദിവ്യ പുരുഷൻ' എന്നൊക്കെ അർത്ഥം പറയാവുന്ന വിധത്തിൽ ഇതിന് വിവക്ഷ നൽകപ്പെട്ട് കാണാം. ഇതിലെ മൂലശബ്ദമായ رب (റബ്ബ്) എന്ന വാക്കിന് ഭാഷയിൽ 'വളർത്തുന്നവൻ, പരിപാലകൻ, നാഥൻ, പരിശിലനം നൽകുന്നവൻ, യജമാനൻ' എന്നൊക്കെ അർത്ഥങ്ങൾ വരുന്നതിനെയും, അല്ലാഹുവിന്റെ നാമവിശേഷണമായി അത് ഉപയോഗിക്കപ്പെടാറുള്ളതിനെയും ആസ്പദമാക്കിയാണ് മേൽ പറഞ്ഞ അർത്ഥങ്ങളെല്ലാം അതിന് കൽപിക്കപ്പെട്ടിരിക്കുന്നത്. 'റബ്ബാനി' കളായിരിക്കണമെന്ന് പറയുന്നതിനുള്ള കാരണമായി ഇവിടെ പ്രസ്താവിച്ചത് 'നിങ്ങൾ വേദഗ്രന്ഥം പഠിപ്പിക്കുകയും പഠിക്കുകയും ചെയ്തുവരുന്നു' (بما كنتم تعلمون الخ) എന്നാണല്ലോ. അതുകൊണ്ട് വേദവിജ്ഞാനങ്ങൾ അറിഞ്ഞും ഉപദേശിച്ചും വരുന്ന മതോപദേഷ്ടാക്കളും, മതവിജ്ഞാനികളുമാണ് ഇവിടെ ഉദ്ദേശ്യമെന്ന് കരുതാവുന്നതാകുന്നു. ഈ വാക്ക് സാക്ഷാൽ അറബിവാക്കാണെന്നും, അതല്ല, അബ്രാനി (ഹിബ്റു) വാക്കാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്. ഏതായാലും ശബ്ദത്തിലും അർത്ഥത്തിലും ഇതിനോട് സാമ്യമുള്ള രൂപത്തിൽ ചില വാക്കുകൾ ബൈബിളിൽ പലേടത്തും ഉപയോഗിച്ചിരിക്കുന്നത് കാണാം. അതുകൊണ്ട് വേദക്കാർക്കിടയിൽ മുമ്പേ സുപരിചിതമായിരുന്ന ഒരു വാക്കാണതെന്നുള്ളതിൽ സംശയമില്ല (*)

ആയത്തിന്റെ സാരം ചുരുക്കത്തിൽ ഇങ്ങിനെ മനസ്സിലാക്കാം. വേദഗ്രന്ഥവും വിജ്ഞാനവും-അഥവാ വേദനിയമങ്ങളനുസരിച്ചുള്ള വിധി കർത്തൃത്വവും-പ്രവാചകത്വവും ലഭിച്ച ഒരു മനുഷ്യൻ, നിങ്ങൾ എന്നെ ആരാധിക്കുന്ന അടിയാൻമാരായിരിക്കണമെന്ന് ജനങ്ങളോട് ഒരിക്കലും പറയുവാൻ പാടുള്ളതല്ല. അങ്ങിനെ സംഭവിക്കുകയുമില്ല. നേരെമറിച്ച് വേദഗ്രന്ഥം പഠിച്ചറിഞ്ഞും, മറ്റുള്ളവരെ ഉപദേശിച്ചും, പഠിപ്പിച്ചും, അല്ലാഹുവിനെ ആരാധിച്ചും, അനുസരിച്ചും

---

* ബൈബിളിലെ പല വാക്യങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ട് വേദപുസ്തക നിഘണ്ടുവിൽ 'റബ്ബി' എന്ന ശീർഷകത്തിൽ പറയുന്നു: റബ്ബി എന്ന എബ്രായ (അബ്രാനി) പദത്തിന് എന്റെ കർത്താവേ എന്നർത്ഥം. 'റബ്ബു' എന്ന പദത്തിന് വലിയവൻ എന്നു അർത്ഥമാകയാൽ അതു വലിയ ഉദ്യോഗസ്ഥൻമാർക്കു ഉപയോഗിക്കപ്പെടും.......പിന്നീടു ഇത് വേദശാസ്ത്ര വിദഗ്ദൻമാരായ ശാസ്ത്രിമാർക്കു സവിശേഷമായി ഉപയോഗിക്കപ്പെട്ടും.' 'റബ്ബനീ' എന്ന ശീർഷകത്തിൽ വീണ്ടും പറയുന്നു: 'എബ്രായ ഭാഷയിലെ 'റബ്ബി' എന്ന പദത്തെ ആരാമ്യ (ആറാമീ) ഭാഷ സംസാരിക്കുന്നവർ 'റബ്ബൂന' എന്നുപറയും. ഇതിന് എന്റെ കർത്താവേ എന്നർത്ഥം. ഈ പദം ശാസ്ത്രിമാരെ അഭിസംബോധന ചെയ്യുന്നതിനായി ഉപയോഗിക്കപ്പെട്ടു.'

കൊണ്ടിരിക്കുന്ന വേദവിജ്ഞാനകളായിത്തീരണം എന്നേ അവർ പറയുകയുള്ളു. അതുപോലെ ത്തന്നെ, അല്ലാഹുവിനെ മാത്രമല്ലാതെ-മലക്കുകളെയോ നബിമാരേയോ-റബ്ബുകളായി സ്വീകരിക്കു വാനും അങ്ങിനെയുള്ള ആരും കൽപിക്കുകയില്ല. തൗഹീദിന്റെ സ്ഥാപനത്തിനും പ്രചാരണത്തി നുംവേണ്ടി നിയോഗിക്കപ്പെട്ടവരാണ് പ്രവാചകൻമാർ. അവരുടെ പ്രബോധനമനുസരിച്ച് നിങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ട മുസ്‌ലിംകളായിക്കഴിഞ്ഞശേഷം, പിന്നീട് അതിന് കടകവിരുദ്ധമായ കുഫ്റിനും ശിർക്കിനും (അവിശ്വാസത്തിനും ബഹുദൈവ വിശ്വാസത്തിനും) അവരെങ്ങിനെ ഉപദേശിക്കും?! നിങ്ങളുടെ സ്ഥിതിഗതികൾ കണ്ടാൽ അങ്ങിനെയാണല്ലോ തോന്നുക. വാസ്ത വത്തിൽ അതൊന്നും സംഭവിക്കുവാൻ പോകുന്നില്ല.

ഈസാ (عليه السلام) നബിയുടെ അനുയായികളെന്ന് വാദിക്കുന്ന ക്രിസ്ത്യാനികൾ അദ്ദേഹത്തെ റബ്ബായി ഗണിക്കുകയും, ആരാധിച്ചുവരുകയും ചെയ്യുന്നതിനെ പ്രത്യേകിച്ചും, പ്രവാചകൻമാരുടെ അനുയായികളെന്ന് വാദിച്ചുകൊണ്ട് അല്ലാഹു അല്ലാത്തവർക്ക് ദിവ്യത്വം കൽപിക്കുകയും അവർ ക്ക് ആരാധനകൾ നടത്തുകയും ചെയ്യുന്ന എല്ലാവരെയും പൊതുവായും ആക്ഷേപിച്ചുകൊണ്ടുള്ള താണ് ഈ വചനങ്ങൾ. അല്ലാഹുവിനും മനുഷ്യർക്കുമിടയിലുള്ള മദ്ധ്യവർത്തികളും ദൂതൻമാരു മാണല്ലോ പ്രവാചകൻമാരും മലക്കുകളും. അവർക്കുപോലും ദിവ്യസ്ഥാനം കൽപിക്കപ്പെടുവാനും ആരാധനകളർപ്പിക്കപ്പെടുവാനും പാടില്ലെങ്കിൽ, പ്രവാചകൻമാരുടെ അനുയായികളായ പണ്ഡിത ൻമാർ, പുരോഹിതൻമാർ, ശൈഖൻമാർ, മഹാൻമാർ തുടങ്ങിയ ആർക്കെങ്കിലും അവർ എത്ര ഉന്നതപദവിക്കാരായാലും ശരി-ദിവ്യത്വപദവി നൽകി റബ്ബുകളാക്കുവാൻ പാടില്ലെന്ന് പ്രത്യേകം പറയേണ്ടതില്ല. റബ്ബുകളാക്കുക എന്നതിന്റെ താൽപര്യം പ്രത്യക്ഷത്തിൽ അവർക്ക് ആരാധനക ളർപ്പിക്കുകയെന്നോ, അല്ലാഹുവിന്റെ അധികാരവാകാശ ഗുണവിശേഷങ്ങളിൽപെട്ട വല്ലതും അവർക്കും വകവെച്ചുകൊടുക്കുയെന്നോ മാത്രമല്ല. അല്ലാഹുവിന്റെ വിധിവിലക്കുകളെന്നോണം മറ്റുള്ളവരുടെ വിധിവിലക്കുകൾക്ക് മതത്തിൽ സ്ഥാനം കൽപിക്കലും അവരെ റബ്ബാക്കലാണെന്ന് 64-ാം വചനത്തിൽ നിന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുള്ളതാണ്.

വിഭാഗം-9

وَإِذۡ أَخَذَ ٱللَّهُ مِيثَٰقَ ٱلنَّبِيِّـۧنَ لَمَآ ءَاتَيۡتُكُم مِّن كِتَٰبٖ وَحِكۡمَةٖ ثُمَّ جَآءَكُمۡ رَسُولٞ مُّصَدِّقٞ لِّمَا مَعَكُمۡ لَتُؤۡمِنُنَّ بِهِۦ وَلَتَنصُرُنَّهُۥۚ قَالَ ءَأَقۡرَرۡتُمۡ وَأَخَذۡتُمۡ عَلَىٰ ذَٰلِكُمۡ إِصۡرِيۖ قَالُوٓاْ أَقۡرَرۡنَاۚ قَالَ فَٱشۡهَدُواْ وَأَنَا۠ مَعَكُم مِّنَ ٱلشَّٰهِدِينَ ﴿٨١﴾

81 അല്ലാഹു പ്രവാചകൻമാരുടെ ഉറപ്പു വാങ്ങിയ സന്ദർഭം (ഓർക്കുക): വേദഗ്ര ന്ഥമായും, വിജ്ഞാനമായും ഞാൻ നിങ്ങൾക്ക് വല്ലതും നൽകുകയും, പിന്നീട്, നിങ്ങളുടെ കൂടെയുള്ളതിനെ സത്യമാക്കുന്ന ഒരു റസൂൽ നിങ്ങളിൽ വരുകയും ചെയ്താൽ, തീർച്ചയായും, നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുക യും, അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുമെന്ന്. അവൻ (അവരോട്) പറ ഞ്ഞു: ''നിങ്ങൾ (ഏറ്റു) സമ്മതിക്കുക യും, അതിനെക്കുറിച്ച് എന്റെ ബാധ്യത [എന്നോടുള്ള കരാറിന്റെ ബാധ്യത] നിങ്ങൾ (ഏറ്റ്) എടുക്കുകയും ചെയ്തു വോ?'' അവർ പറഞ്ഞു: ''ഞങ്ങൾ (ഏറ്റു) സമ്മതിച്ചിരിക്കുന്നു.'' അവൻ പറഞ്ഞു: ''എന്നാൽ, നിങ്ങൾ (അതിന്) സാക്ഷ്യം വഹിക്കുവിൻ, ഞാനും നിങ്ങളോടൊപ്പം സാക്ഷികളിൽപെട്ടവനാകുന്നു.''

82 എന്നിരിക്കെ, അതിനുശേഷം ആരെങ്കിലും തിരിഞ്ഞുകളഞ്ഞാൽ, അക്കൂട്ടർ തന്നെയാണ് തോന്നിയവാസികൾ	فَمَن تَوَلَّىٰ بَعْدَ ذَٰلِكَ فَأُولَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٨٢﴾

---

81 **وإذْ أخذَ** വാങ്ങിയ സന്ദർഭം. **اللّٰهُ** അല്ലാഹു. **ميثَاق** ഉറപ്പ്, ഉടമ്പടി, കരാർ. **النبيين** നബിമാരുടെ. **لَما آتيتكُم** തീർച്ചയായും നിങ്ങൾക്ക് ഞാൻ വല്ലതും നൽകിയാൽ. **من كتابٍ** വേദഗ്രന്ഥമായി. **وحكْمة** വിജ്ഞാനമായും. **ثُم جاءَكُم** പിന്നീട് നിങ്ങൾക്കു വന്നു. **رسولٌ** വല്ല ദൂതനും. **مصدق** സത്യമാക്കുന്ന. **لما معكُم** നിങ്ങളുടെകൂടെയുള്ളതിനെ. **لَتؤمنن به** തീർച്ചയായും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കും, വിശ്വസിക്കുകതന്നെ വേണം (എന്നു). **ولَتنصرنه** അദ്ദേഹത്തെ തീർച്ചയായും സഹായിക്കുകയും ചെയ്യും (ചെയ്യണം). **قَالَ** അവൻ പറഞ്ഞു. **أأَقْررتم** നിങ്ങൾ സമ്മതിച്ചു (ഉറച്ചു പറഞ്ഞു-ഏറ്റു പറഞ്ഞു)വോ. **وأَخذْتُم** നിങ്ങൾ എടുക്കുക (സ്വീകരിക്കുക)യും ചെയ്തു (വോ). **على ذَلكُم** അതിനെക്കുറിച്ച് അതിൻെറ പേരിൽ. **إصري** എൻെറ (എന്നോടുള്ള) ബാധ്യത (കരാർ, ഭാരം). **قَالُوا** അവർ പറഞ്ഞു. **أَقْررنا** ഞങ്ങൾ സമ്മതിച്ചു ഉറച്ചു പറഞ്ഞു. **قَالَ** അവൻ പറഞ്ഞു. **فَاشهدوا** എന്നാൽ സാക്ഷ്യം വഹിക്കുവിൻ. **وأَنا معكُم** ഞാനും നിങ്ങളുടെ കൂടെ. **من الشاهدين** സാക്ഷികളിലുണ്ട്. 82 **فَمن تولى** എന്നിരിക്കെ ആരെങ്കിലും തിരിഞ്ഞുകളഞ്ഞാൽ. **بعد ذَلك** അതിനുശേഷം. **فَأُولَئك هم** എന്നാൽ അക്കൂട്ടർ തന്നെ. **الْفَاسقُونَ** തോന്നിയവാസികൾ.

അല്ലാഹുവിങ്കൽ നിന്ന് വേദഗ്രന്ഥവും, വിജ്ഞാനബോധനങ്ങളും ലഭിച്ചിട്ടുള്ള ഏതൊരു പ്രവാചകനും തന്നെ, അദ്ദേഹത്തിന് ലഭിച്ച മാർഗ്ഗദർശനങ്ങളെയും തത്വസിദ്ധാന്തങ്ങളെയും ശരിവെച്ചകൊണ്ട് പിന്നീട് വേറൊരു റസൂൽ വരുന്നപക്ഷം, ആ റസൂലിൽ വിശ്വസിക്കലും, അദ്ദേഹത്തിൻെറ പ്രബോധനത്തിൽ അദ്ദേഹത്തിന് സഹായ സഹകരണം നൽകലും നിർബ്ബന്ധമാകുന്നു. എല്ലാ റസൂലുകളുടെയും മൗലികമായ ദൗത്യ സിദ്ധാന്തങ്ങൾ ഒന്നായിരിക്കുന്നതുകൊണ്ട് ഒരാളുടെ ദൗത്യം മറ്റേയാളുടേതിനോട് ഒരിക്കലും എതിരായിരിക്കുകയില്ലല്ലോ. ഇപ്രകാരം ചെയ്തുകൊള്ളാമെന്ന് എല്ലാ പ്രവാചകൻമാരോടും അല്ലാഹു ഉറപ്പുമേടിക്കുകയും, എല്ലാവരും അത് തങ്ങളുടെ ബാധ്യതയായി ഏറ്റു പറഞ്ഞ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നബിമാർക്കുപോലും ഒഴിച്ചു കൂടാത്ത ഗൗരവമേറിയ ഈ ബാധ്യത അവരുടെ സമുദായങ്ങൾക്കും ബാധകമാണെന്ന് വിശിഷ്യാ പറയേണ്ടതില്ല. എന്നിരിക്കെ, ഞങ്ങൾ ഞങ്ങളുടെ നബിയിലും, ഞങ്ങളുടെ ഗ്രന്ഥത്തിലും മാത്രമേ വിശ്വസിക്കുകയുള്ളൂ-അല്ലെങ്കിൽ വിശ്വസിക്കേണ്ടതുള്ളു-എന്നു പറയുവാൻ വേദക്കാരായ ഒരു സമുദായത്തിനും അവകാശമില്ലാത്തതാകുന്നു. അങ്ങിനെ ചെയ്യുന്നത് ധിക്കാരവും തോന്നിയവാസവുമാണ്. എന്നു സാരം.

നബി (ﷺ) തിരുമേനി അവസാനത്തെ പ്രവാചകനാകയാൽ തിരുമേനിയുടെ കാലത്തോ അതിനുശേഷമോ വേറൊരു റസൂൽ വരുവാനില്ലാത്തതുകൊണ്ട് ഈ ബാധ്യതയിൽ നിന്ന് തിരുമേനി സ്വഭാവികമായും ഒഴിവാകുന്നു. എന്നാൽ, തിരുമേനിയുടെ മുമ്പുള്ള ഏതൊരു പ്രവാചകൻെറ അനുയായികളായി നിലകൊള്ളുന്നവരും തിരുമേനിയിൽ വിശ്വസിക്കലും, തിരുമേനിയെ പിൻപറ്റലും നിർബ്ബന്ധമാണുതാനും. വേദക്കാരായ സമുദായങ്ങളെ പ്രത്യേകം ഉദ്ദേശിച്ചുകൊണ്ടാണ് ഈ കരാറിനെപ്പറ്റി അല്ലാഹു പ്രസ്താവിക്കുന്നത്. ഈ കരാറിൻെറ അടിസ്ഥാനത്തിലാണ് നബി (ﷺ) ഒരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതും: ''നിങ്ങളിൽ മൂസാ (عليه السلام) ഉണ്ടായിരിക്കുകയും, എന്നിട്ട് അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുകയും, എന്നെ വിട്ടേക്കുകയും ചെയ്തിരുന്നുവെങ്കിൽ നിങ്ങൾ വഴിപിഴക്കുകതന്നെ ചെയ്യുമായിരുന്നു'' (അ) അബൂയഅ്‌ലാ (رحمه الله) യുടെ ഒരു ഹദീസിലെ വാചകം ഇങ്ങിനെയാകുന്നു; ''മൂസാ (عليه السلام) നിങ്ങൾക്കിടയിൽ ജീവിച്ചിരുപ്പുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹത്തിന് എന്നെ പിൻപറ്റുകയല്ലാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല''.

أَفَغَيْرَ دِينِ ٱللَّهِ يَبْغُونَ وَلَهُۥٓ أَسْلَمَ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ طَوْعًا وَكَرْهًا وَإِلَيْهِ يُرْجَعُونَ ﴿٨٣﴾

83 അപ്പോൾ, അല്ലാഹുവിൻെറ മതമല്ലാത്തതിനെ [മറ്റൊരു മതത്തെ] യാണോ അവർ ആവശ്യപ്പെടുന്നത്? അവന് ആകാശഭൂമികളിലുള്ളവർ (എല്ലാം)-അനുസരണപൂർവമോ, നിർബന്ധ പൂർവമോ-കീഴൊതുങ്ങുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ)!- അവനിലേക്കുതന്നെ അവർ മടക്കപ്പെടുകയും ചെയ്യുന്നു (എന്നുമിരിക്കെ)!

قُلْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ عَلَيْنَا وَمَآ أُنزِلَ عَلَىٰٓ إِبْرَٰهِيمَ وَإِسْمَٰعِيلَ وَإِسْحَٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَمَآ أُوتِىَ مُوسَىٰ وَعِيسَىٰ وَٱلنَّبِيُّونَ مِن رَّبِّهِمْ لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُۥ مُسْلِمُونَ ﴿٨٤﴾

84 (നബിയേ) പറയുക: "ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു; (മാത്രമല്ല) ഇബ്റാഹീമിൻെറയും, ഇസ്മാഈലിൻെറയും, ഇസ്ഹാഖിൻെറയും, യഅ്ഖൂബിൻെറയും, 'സിബ്ത്ത്' [സന്തതി]കളുടെയും മേൽ ഇറക്കപ്പെട്ടിട്ടുള്ളതിലും, മൂസാക്കും, ഈസാക്കും, (മറ്റു) നബിമാർക്കും തങ്ങളുടെ റബ്ബിങ്കൽ നിന്ന് നൽകപ്പെട്ടിട്ടുള്ളതിലും (വിശ്വസിച്ചിരിക്കുന്നു). (അതെ) അവരിൽ ഒരാളുടെ ഇടക്കും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല; ഞങ്ങളാവട്ടെ, അവന് [അല്ലാഹുവിന് കീഴൊതുങ്ങിയ] മുസ്‌ലിംകളുമാകുന്നു."

---

83 **أفغير** അപ്പോൾ അല്ലാത്തതിനെയോ. **دين الله** അല്ലാഹുവിൻെറ മതം. **يبغونَ** ആവശ്യപ്പെടുന്നു. **وله** അവന് (തന്നെ). **أسلم** കീഴൊതുങ്ങിയിരിക്കുന്നു. **من في السماوات** ആകാശങ്ങളിലുള്ളവർ. **والأرض** ഭൂമിയിലും. **طوعا** അനുസരണപൂർവ്വം (ഇഷ്ടത്തോടെ). **وكرها** നിർബ്ബന്ധപൂർവ്വവും, അനിഷ്ടമായും. **وإليه** അവങ്കലേക്കുതന്നെ. **يرجعونَ** അവർ മടക്കപ്പെടുകയും ചെയ്യുന്നു. 84 **قُلْ** പറയുക. **آمنا** ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. **بالله** അല്ലാഹുവിൽ. **وما أنزلَ** ഇറക്കപ്പെട്ടതിലും. **علينا** ഞങ്ങൾക്ക്. **وما أنزلَ** ഇറക്കപ്പെട്ടതിലും. **على إبراهيم** ഇബ്റാഹിമിന്. **وإسمعيلَ** ഇസ്മാഈലിനും. **وإسحق** ഇസ്ഹാഖിനും. **ويعقُوب** യഅ്ഖൂബിനും. **والأسباط** സന്തതികൾക്കും. **وما أوتي** നൽകപ്പെട്ടതിലും. **موسى وعيسى** മൂസാക്കും ഈസാക്കും. **والنبيونَ** നബിമാർക്കും. **من ربهم** തങ്ങളുടെ റബ്ബിങ്കൽനിന്ന്. **لا نفَرق** ഞങ്ങൾ വ്യത്യാസം ചെയ്കയില്ല. **بين أحد** ഒരാൾക്കിടയിലും. **منهم** അവരിൽനിന്ന്. **ونحن** ഞങ്ങൾ, ഞങ്ങളാകട്ടെ. **له** അവന്. **مسلمونَ** മുസ്‌ലിംകളാണ്,കീഴൊതുങ്ങിയവരാണ്.

എല്ലാ പ്രവാചകൻമാരാലും പ്രബോധനം ചെയ്യപ്പെട്ട മതം അല്ലാഹുവിൻെറ മതമായ (ഇസ്‌ലാമാകുന്ന) ഒരേ ഒരു മതമാകുന്നു. അതിനും പുറമേ, മനുഷ്യരടക്കം ആകാശഭൂമികളിലുള്ളവരെല്ലാംതന്നെ അല്ലാഹു നിശ്ചയിച്ചുവെച്ച നിയമ വ്യവസ്ഥകൾക്ക് വിധേയരായിക്കൊണ്ടാണ് നിലകൊള്ളുന്നതും, ഇഷ്ടപ്രകാരമായാലും ശരി നിർബ്ബന്ധിതമായിട്ടായാലും ശരി, ആ നിയമവ്യവസ്ഥക്ക് കീഴൊതുങ്ങുകയല്ലാതെ ഒരാൾക്കും ഗത്യന്തരമില്ല. അവസാനം എല്ലാവരും മടങ്ങിച്ചെന്ന് പര്യവസാനിക്കുന്നതും അവങ്കലേക്കുതന്നെ. എന്നിരിക്കെ, അല്ലാഹു നിയമിച്ചതും കല്പിച്ചതുമല്ലാത്ത മറ്റേതെങ്കിലും മതം സ്വീകരിക്കണമെന്നാണോ അവരുടെ ആവശ്യം?! എങ്കിൽ അതൊരിക്കലും സ്വികാര്യമല്ല. ഇതാണ് ആദ്യത്തെ വചനത്തിലെ ആശയം. രണ്ടാമത്തെ വചനത്തിൽ ഈ ആശയം ഒന്നുകൂടി ശക്തിപ്പെടുത്തിയിരിക്കുന്നു. അതായത്, എല്ലാ പ്രവാചകൻ

മാരും കൊണ്ടുവന്നിട്ടുള്ളത് അല്ലാഹുവിൻെറതായ ആ മതം തന്നെയാണെന്നും, അതുകൊണ്ട് ചിലരുടെ ദൗത്യത്തിൽ വിശ്വസിക്കുകയും, ചിലരുടേതിൽ വിശ്വസിക്കാതിരിക്കുകയും ചെയ്വാൻ സാദ്ധ്യമല്ലെന്നുമുള്ള മൗലിക യാഥാർത്ഥ്യം സ്വീകരിച്ചവരാണ് ഞങ്ങളെന്ന് പ്രഖ്യാപിക്കുവാൻ അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു. അടുത്ത വചനത്തിൽ അർത്ഥ ശങ്കക്ക് ഇടമില്ലാത്തവണ്ണം ഈ പരമാർത്ഥം വീണ്ടും ഒന്നുകൂടി സ്പഷ്ടമാക്കുന്നുണ്ട്.

അനുസരണപൂർവ്വമോ നിർബ്ബന്ധപൂർവ്വമോ ആകാശഭൂമികളിലുള്ളവരെല്ലാം അല്ലാഹുവിന് കീഴൊതുങ്ങിയിട്ടുണ്ടെന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം. എല്ലാവരും അവൻെറ ഭരണ വ്യവസ്ഥക ൾക്കും അവൻ നിയമിച്ച പ്രകൃതിവ്യവസ്ഥകൾക്കും തികച്ചും വിധേയരായിക്കൊണ്ടല്ലാതെ, അതിൽനിന്ന് സ്വൽപമെങ്കിലും വ്യത്യസ്തമായ രീതിയിൽ ഒരു മിടിയിടപോലും നിലകൊള്ളുവാൻ ആർക്കും സാധ്യമല്ല എന്നത്രെ. സത്യവിശ്വാസി, അവിശ്വാസി, പ്രകൃതിവാദി, ബഹുദൈവവാദി, ദൈവനിഷേധി എന്നിങ്ങിനെയുള്ള തര വ്യത്യാസങ്ങളോ, മനുഷ്യർ, ജിന്നുകൾ, മലക്കുകൾ, ജീവ ജന്തുക്കൾ, നിർജ്ജീവ വസ്തുക്കൾ എന്നിങ്ങനെയുള്ള വർഗ്ഗ വ്യത്യാസമോ കൂടാതെ സകല വസ്തുക്കളും ഈ അർത്ഥത്തിൽ അല്ലാഹുവിന് കീഴ്പ്പെട്ടവരാകുന്നു. (റഅദു, 15 ഹാമിം സജദ: 11 മുതലായ സ്ഥലങ്ങളിൽ കൂടുതൽ വിവരം കാണാം) എന്നിരിക്കെ, അവൻ കൽപിച്ചരുളിയതും, മനുഷ്യൻെറ ശാശ്വത നന്മക്ക് നിദാനമായതുമായ അവൻെറ മതനിയമങ്ങൾക്ക് കീഴൊതുങ്ങാതിരി ക്കുന്നത് നീതിയുക്തമല്ല-അനീതിയും ധിക്കാരവുമാണ്- എന്ന് പറയേണ്ടതില്ലല്ലോ.

പ്രവാചകൻമാർ ലക്ഷക്കണക്കിൽ കഴിഞ്ഞുപോയിട്ടുണ്ട്. അവരിൽ അറബികളുടെയും, വേദക്കാരുടെയും ഇടയിൽ പല നിലക്കും കൂടുതൽ സുപരിചിതരും ബഹുമാന്യരുമാകകൊണ്ടും, ചരിത്രപരവും മതപരവുമായ രംഗങ്ങളിൽ കൂടുതൽ സ്മരണീയരാകകൊണ്ടുമാണ് ഇബ്റാഹീം (عليه السلام)നബി തുടങ്ങിയ ചില നബിമാരുടെ പേരുകൾ പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. യഅ്ഖൂബു (عليه السلام) നബിയുടെ പന്ത്രണ്ട് സന്താന പരമ്പരകളിൽ ഉണ്ടായിട്ടുള്ള പ്രവാചകൻമാരെ ഉദ്ദേശിച്ചാണ് **الأسباط** (സന്തതികൾ) എന്ന് പറഞ്ഞിരിക്കുന്നത്. ഇബ്റാഹീം (عليه السلام) നബിയെക്കുറിച്ചും മറ്റും പറഞ്ഞപ്പോൾ 'അവരുടെ മേൽ ഇറക്കപ്പെട്ടത്' (**ما انزل**) എന്നും, പിന്നീട് മൂസാ, ഈസാ (عليه السلام) എന്നിവരെക്കുറിച്ച് പറഞ്ഞപ്പോൾ 'അവർക്ക് നൽകപ്പെട്ടത്' (**ما اوتي**) എന്നുമാണ് അല്ലാഹു പ്രയോഗിച്ച വാക്കുകൾ. അല്ലാഹുവിങ്കൽ നിന്നുള്ള വഹ്യും സന്ദേശവും ലഭിക്കുന്നതിലും, ഓരോരുത്തരുടെയും സത്യത സ്ഥാപിക്കുവാൻ ആവശ്യമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെടുന്ന തിലും ഏറെക്കുറെ എല്ലാ പ്രവാചകൻമാർക്കും പങ്കുണ്ടായിരിക്കും. എങ്കിലും, മൂസാ(عليه السلام) നബി യുടെ തൗറാത്തും, ഈസാ (عليه السلام) നബിയുടെ ഇഞ്ചിലും പോലെയും, അവരുടെ കൈക്കു വെളിപ്പെട്ട ദിവ്യ ദൃഷ്ടാന്തങ്ങൾപോലെയും അത്ര പ്രസിദ്ധി മറ്റു പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾ ക്കോ, ദൃഷ്ടാന്തങ്ങൾക്കോ സമുദായമദ്ധ്യെ ഉണ്ടായിട്ടില്ല. അതുകൊണ്ടായിരിക്കാം അങ്ങിനെ വ്യത്യാസപ്പെടുത്തി പ്രസ്താവിച്ചത്. (അല്ലാഹുവിനറിയാം.)

وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ﴿٨٥﴾

85 ആരെങ്കിലും 'ഇസ്ലാം' (മതം) അല്ലാത്തതിനെ മതമായി തേടുന്നപക്ഷം, അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല തന്നെ. അവൻ പരലോകത്തിലാകട്ടെ, നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.

---

85 **ومن يبتغ** ആരെങ്കിലും തേടുന്ന പക്ഷം. **غَيرالإسلام** ഇസ്ലാം അല്ലാത്തതിനെ. **دينا** മതമായി. **فَلَن يقْبلَ** എന്നാൽ അത് സ്വീകരിക്കപ്പെടുകയില്ലതന്നെ. **منه** അവനിൽ നിന്ന്. **وهو** അവൻ അവനാകട്ടെ. **في الآخرة** പരലോകത്തിൽ. **من الخاسرين** നഷ്ടക്കാരിൽപെട്ടവനായിരിക്കും.

പ്രകൃത്യാ മനുഷ്യൻ സ്വീകരിക്കുവാൻ ബാധ്യസ്ഥനായതും, എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തതും അല്ലാഹുവിൻെറ മതമായ ഏകമതം മാത്രമാണെന്ന് മുൻ വചനങ്ങളിൽ പ്രസ്താവിച്ചു. അതുതന്നെയാണ് ഇസ്ലാം മതം ان الدين عند الله الاسلام (നിശ്ചയമായും അല്ലാഹുവിൻെറ അടുക്കൽ മതം ഇസ്ലാമാകുന്നു) എന്ന് 19-ാം വചനത്തിലും പ്രസ്താവിച്ചു. അതുകൊണ്ട് ഇസ്ലാമല്ലാത്ത ഏതൊരു മതം ആരുംതന്നെ സ്വികരിക്കുകയോ. ആവശ്യപ്പെടുകയോ ചെയ്താലും അത് അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നും, അവൻ പരലോകത്തിൽ സർവ്വവും നഷ്ടപ്പെട്ടവനായിരിക്കുമെന്നും യാതൊരു സംശയത്തിനും വ്യാഖ്യാനത്തിനും ഇടയില്ലാത്തവിധം അല്ലാഹു ഈ വചനത്തിൽ സ്പഷ്ടമാക്കുന്നു.

'മതം ഏതായാലും വിരോധമില്ല. മനുഷ്യൻ നന്നായാൽ മതി' എന്നൊരു പുത്തൻ തത്വം-അല്ല, ഉൽബുദ്ധരും ബുദ്ധിജീവികളുമെന്ന് സ്വയം ധരിക്കുന്ന ചിലരിൽ നിന്ന് കേൾക്കപ്പെടുന്ന മധുരമോഹനമായ ഒരു നിരർത്ഥ സിദ്ധാന്തം-ഇന്ന് ജനമദ്ധ്യേ പ്രചാരത്തിലുണ്ട്. നാമമാത്ര മുസ്ലിംകളായ ചിലർ അത് ഏറ്റു പാടാതെയുമില്ല. ഇസ്ലാമിൻെറ പ്രാഥമിക തത്വങ്ങളെങ്കിലും അറിയുകയോ, ഖുർആനിൽ അണുവോളമെങ്കിലും വിശ്വാസമുണ്ടായിരിക്കുകയോ ചെയ്യുന്ന ഒരു മുസ്ലിമിൻെറ മനസ്സിൽ നിന്നോ, വായിലൂടെയോ ആ വാക്ക് പുറപ്പെടാവുന്നതല്ല. അന്യസമുദായങ്ങളുമായി അഭിപ്രായ വ്യത്യാസം കൂടാതെ ഭൗതികജീവിത്തിൽ ഇണങ്ങിക്കഴിയണ മെന്നും അവരുടെ സ്നേഹം സമ്പാദിക്കണമെന്നും മാത്രമാണവരുടെ ലക്ഷ്യം. വിശ്വാസാചാരങ്ങളിലും, നടപടിക്രമങ്ങളിലും എന്ത് നിലപാടുതന്നെ സ്വീകരിച്ചാലും വിരോധമില്ല-മറ്റുള്ളവരുടെ അക്ഷേപത്തിനും എതിർപ്പിനും വിരോധമാകാതിരുന്നാൽ മതി-എന്നാണല്ലോ അതിൻെറ അർത്ഥം. വാസ്തവത്തിൽ ഇവരുടെ അടുക്കൽ 'മത'ത്തിനും 'നന്നാകലി' നുമുള്ള നിർവ്വചനവും, ആ രണ്ടിനും അല്ലാഹുവും റസൂലും നൽകുന്ന നിർവ്വചനവും തമ്മിൽ നാമമാത്ര ബന്ധം പോലുമില്ല. തീർച്ച.

كَيْفَ يَهْدِى ٱللَّهُ قَوْمًا كَفَرُوا۟ بَعْدَ إِيمَٰنِهِمْ وَشَهِدُوٓا۟ أَنَّ ٱلرَّسُولَ حَقٌّ وَجَآءَهُمُ ٱلْبَيِّنَٰتُ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٨٦﴾

86 തങ്ങളുടെ വിശ്വാസത്തിനു ശേഷം അവിശ്വസിച്ചതായ ഒരു ജനതയെ അല്ലാഹു എങ്ങിനെ നേർമാർഗ്ഗത്തിലാക്കും? റസൂൽ യഥാർത്ഥ (സത്യ)വാനാണെന്ന് അവർ സാക്ഷ്യപ്പെടുത്തുകയും, അവർക്ക് വ്യക്തമായ തെളിവുകൾ വന്നു കിട്ടുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ)! അല്ലാഹു അക്രമികളായ ജനങ്ങളെ നേർമാർഗ്ഗത്തിലാക്കുകയില്ല താനും.

أُو۟لَٰٓئِكَ جَزَآؤُهُمْ أَنَّ عَلَيْهِمْ لَعْنَةَ ٱللَّهِ وَٱلْمَلَٰٓئِكَةِ وَٱلنَّاسِ أَجْمَعِينَ ﴿٨٧﴾

87 അക്കൂട്ടർ-(അതെ) അവരുടെ പ്രതിഫലം, അല്ലാഹുവിൻെറയും, മലക്കുകളുടെയും, മനുഷ്യരുടെയുമെല്ലാം (തന്നെ) ശാപം അവരുടെ മേൽ ഉണ്ടായിരിക്കുമെന്നുള്ളതാണ്.

خَٰلِدِينَ فِيهَا لَا يُخَفَّفُ عَنْهُمُ ٱلْعَذَابُ وَلَا هُمْ يُنظَرُونَ ﴿٨٨﴾

88 -അതിൽ (അവർ) സ്ഥിരവാസികളായിക്കൊണ്ട്; ശിക്ഷ അവർക്ക് ലഘൂകരിക്കപ്പെടുകയില്ല; അവർക്ക് ഒഴിവ് (അഥവാ പരിഗണന) നൽകപ്പെടുകയുമില്ല;-

إِلَّا ٱلَّذِينَ تَابُوا۟ مِنۢ بَعْدِ ذَٰلِكَ وَأَصْلَحُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٨٩﴾

89 അതിനുശേഷം പശ്ചാത്തപിക്കുകയും, (സൽക്കർമ്മം ചെയ്തു) നന്നായിത്തീരുകയും ചെയ്തവരൊഴികെ [അവർക്ക് രക്ഷയുണ്ടായിരിക്കും] എന്നാൽ, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധി

യുമാകുന്നു.

---

86 كَيف يهدي എങ്ങിനെ നേർമാർഗ്ഗത്തിലാക്കും. اللهُ അല്ലാഹു. قوما ജനതയെ. كَفَرُوا അവർ അവിശ്വസിച്ചു. بعد إيمانِهم അവരുടെ വിശ്വാസത്തിനുശേഷം. وشهدوا അവർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. أنَّالرسولَ റസൂൽ(ആണ്)എന്ന്. حق സത്യമായവൻ, യഥാർത്ഥവാൻ, അർഹൻ. وجاءَهم അവർക്ക് വരുകയും ചെയ്തിരിക്കുന്നു. البينات തെളിവുകൾ. واللهُ അല്ലാഹു (വാകട്ടെ). لا يهدي നേർമാർഗ്ഗത്തിലാക്കുകയില്ല (താനും). القوم ജനതയെ. الظالمين അക്രമികളായ. 87 أولئك അക്കൂട്ടർ. جزآؤهم അവരുടെ പ്രതിഫലം. أن عليهم അവരുടെ മേൽ ഉണ്ട് (ഉണ്ടായിരിക്കും) എന്നുള്ളതാണ്. لعنةَ اللهِ അല്ലാഹുവിൻെറ ശാപം. والملائكة മലക്കുകളുടെയും. والناس മനുഷ്യരുടെയും. أجمعين എല്ലാം. 88 خالدين فيها അതിൽ നിത്യവാസികളായി (ശാശ്വതരായി)ക്കൊണ്ട്. لا يخفف ലഘുവാക്കപ്പെടുകയില്ല. عنهم അവർക്ക്. العذاب ശിക്ഷ. ولا هم അവർ ഇല്ലതാനും. ينظرونَ ഒഴിവ് (താമസം-പരിഗണന) കൊടുക്കപ്പെടുക. 89 إلا الذين യാതൊരു കൂട്ടരൊഴികെ. تابوا അവർ മടങ്ങി. من بعد ذلك അതിനുശേഷം. وأصلحوا അവർ നന്നാക്കുക (നന്നായിത്തീരുക)യും ചെയ്ത. فإن اللهَ എന്നാൽ നിശ്ചയമായും അല്ലാഹു. غفور വളരെ പൊറുക്കുന്നവനാണ്. رحيم കരുണാനിധിയാണ്.

വേദഗ്രന്ഥങ്ങൾ മുഖേനയും. തെളിവുകൾ മുഖേനയും നബി (ﷺ) യുടെയും അവിടുന്ന് കൊണ്ടുവന്നിട്ടുള്ളതിൻെറയും സത്യതയിൽ ബോധ്യവും വിശ്വാസവും ഉണ്ടായിക്കഴിഞ്ഞിട്ടും നബി (ﷺ) യിൽ വിശ്വസിക്കാതെ അവിശ്വാസികളായിത്തീർന്ന വേദക്കാരെയും, സത്യവിശ്വാസം സ്വീകരിച്ചു കഴിഞ്ഞശേഷം ഇസ്‌ലമിൽ നിന്നും ഭ്രഷ്ടായിപ്പോയവരെയും ഉദ്ദേശിച്ചുള്ള കനത്ത താക്കീതാണ് ഈ വചനങ്ങൾ. അവരുടെമേൽ അല്ലാഹുവിൻെറയും മലക്കുകളുടെയും മനുഷ്യരുടെയുമെല്ലാം ശാപമുണ്ടായിരിക്കുമെന്ന് പറഞ്ഞതിൻെറ താൽപര്യം സൂറത്തുൽ ബഖറ; 161 ൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുമുണ്ട്. ഇവിടെ അതാവർത്തിക്കുന്നില്ല.

90 നിശ്ചയമായും, തങ്ങളുടെ വിശ്വാസത്തിനുശേഷം അവിശ്വസിക്കുകയും, പിന്നീട് അവിശ്വാസം വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്തവർ, അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുകയോ ഇല്ല; അക്കൂട്ടർ തന്നെയാണ് വഴിപിഴച്ചവരും.

إِنَّ ٱلَّذِينَ كَفَرُواْ بَعْدَ إِيمَٰنِهِمْ ثُمَّ ٱزْدَادُواْ كُفْرًا لَّن تُقْبَلَ تَوْبَتُهُمْ وَأُوْلَٰٓئِكَ هُمُ ٱلضَّآلُّونَ ﴿٩٠﴾

91 നിശ്ചയമായും, അവിശ്വസിക്കുകയും, തങ്ങൾ അവിശ്വാസികളായിക്കൊണ്ടു (തന്നെ) മരണപ്പെടുകയും ചെയ്തവർ, അവരിൽ ഒരാളിൽനിന്നും ഭൂമി നിറയെ സ്വർണ്ണം സ്വീകരിക്കപ്പെടുകയില്ലതന്നെ-അവനതു തെണ്ടം [പ്രായശ്ചിത്തം] ചെയ്താലും ശരി അക്കൂട്ടർ- അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും; അവർക്ക് സഹായികളായി (ആരും) ഇല്ലതാനും.

إِنَّ ٱلَّذِينَ كَفَرُواْ وَمَاتُواْ وَهُمْ كُفَّارٌ فَلَن يُقْبَلَ مِنْ أَحَدِهِم مِّلْءُ ٱلْأَرْضِ ذَهَبًا وَلَوِ ٱفْتَدَىٰ بِهِۦٓ ۗ أُوْلَٰٓئِكَ لَهُمْ عَذَابٌ أَلِيمٌ وَمَا لَهُم مِّن نَّٰصِرِينَ ﴿٩١﴾

---

90 إن الذين كفَروا നിശ്ചയമായും അവിശ്വസച്ചവർ. بعد إيمانِهم അവരുടെ വിശ്വാസത്തിനുശേഷം. ثُمَّ ازدادوا പിന്നീടവർക്ക് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. كُفْرًا അവിശ്വാസം. لن تقبلَ സ്വീകരിക്കപ്പെടുകയില്ലതന്നെ. توبتهم അവരുടെ പശ്ചാത്താപം. وأولئك هم അക്കൂട്ടർതന്നെയാണ്. الضالّونَ വഴിപിഴച്ചവർ. 91 إن الذين كفَروا നിശ്ചയമായും അവിശ്വസിച്ചവർ. وماتوا അവർ മരണപ്പെടുകയും ചെയ്തു. وهم كُفّار അവർ അവിശ്വാസികളായിക്കൊണ്ട്. فَلَن يقبَلَ സ്വീകരിക്കപ്പെടുകയില്ലതന്നെ. من

أَحدهم അവരൊരാളിൽനിന്നും. **ملْءُ الأَرض** ഭൂമിനിറച്ച്. **ذَهبا** സ്വർണ്ണം. **ولو افْتدى** അവൻ തെണ്ടം (മോചനമൂല്യം-പ്രായശ്ചിത്തം) നൽകിയാലും. **بِهِ** അതിനെ, അതുകൊണ്ട്. **أُولَئك** അക്കൂട്ടർ. **لَهم** അവർക്കുണ്ട്. **عذَاب** ശിക്ഷ. **أَلِيم** വേദനയേറിയ. **وما لَهم** അവർക്കില്ലതാനും. **من ناصرين** സഹായികളായിട്ട് (ആരും).

അവിശ്വാസികളായ ആളുകൾ അവിശ്വാസികളായിക്കൊണ്ടുതന്നെ-അഥവാ അതിൽ നിന്ന് മടങ്ങിയിട്ടില്ലാതെ-മരണമടയുന്നപക്ഷം, അവർക്ക് പരലോകത്തിൽ യാതൊരു രക്ഷയുമില്ല; മരണവേളയിൽ ഖേദം പ്രകടിപ്പിച്ചതുകൊണ്ടോ, വല്ല പ്രായശ്ചിത്തവും മുഖേനയോ, അവിശ്വാസികളായിരിക്കെ അവർ ചെയ്തേക്കാവുന്ന ഏതെങ്കിലും നല്ല കാര്യങ്ങൾ മുഖേനയോ-ഒന്നും തന്നെ-അവിടെ അവർക്ക് ഒരു പ്രയോജനവും ലഭിക്കുവാനുമില്ല എന്ന് അല്ലാഹു പ്രഖ്യാപനം ചെയ്യുന്നു. ഈ വിഷയം ഖുർആനിൽ പലേടത്തും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ഒരാൾ വിശ്വാസിയോ, അവിശ്വാസിയോ, സൻമാർഗ്ഗിയോ, ദുർമ്മാർഗ്ഗിയോ എന്നുള്ളതിൻെറ അവസാനത്തെ തീരുമാനം അവൻെറ മരണത്തോടുകൂടിയാണ് തിട്ടപ്പെടുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

നബി (ﷺ) അരുളിച്ചെയ്തിരിക്കുന്നു: ''ഖിയാമത്തു നാളിൽ നരകക്കാരനായ ഒരാളോട്: ഇതാ നോക്കൂ! ഭൂമിയിലുള്ളതെല്ലാം നിനക്കുള്ളതായിരുന്നാൽ (ഇപ്പോൾ നീ അത് തെണ്ടമായി കൊടുക്കുമോ എന്ന് ചോദിക്കപ്പെടും. അവൻ, അതെ, എന്ന് ഉത്തരം പറയും. അപ്പോൾ, അല്ലാഹു പറയും: നിന്നിൽനിന്ന് ഇതിനെക്കാൾ വളരെ നിസ്സാരമായ കാര്യമായിരുന്നു ഞാൻ ഉദ്ദേശിച്ചിരുന്നത്. നിൻെറ പിതാവായ ആദമിൻെറ മുതുകിൽവെച്ച് നീ എന്നോട് ഒന്നിനെയും പങ്കുചേർക്കുകയില്ലെന്ന് ഞാൻ നിന്നോട് കരാറുവാങ്ങി. നീ അതിനു വിസമ്മതിച്ച് എന്നോട് പങ്ക് ചേർക്കുക തന്നെ ചെയ്തു.'' (അ; ബു; മു)

ജുസ്ഉ്-4

വിഭാഗം-10

لَن تَنَالُوا۟ ٱلْبِرَّ حَتَّىٰ تُنفِقُوا۟ مِمَّا تُحِبُّونَ ۚ وَمَا تُنفِقُوا۟ مِن شَىْءٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ﴿٩٢﴾

92 (സത്യവിശ്വാസികളേ) നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽനിന്ന് നിങ്ങൾ ചിലവഴിക്കുന്നതുവരെ നിങ്ങൾ പുണ്യം പ്രാപിക്കുകയില്ല തന്നെ. നിങ്ങൾ ഏതൊരു വസ്തുവും (തന്നെ) ചിലവഴിക്കുന്നതായാലും, നിശ്ചയമായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാണ്.

---

92 لَن تنالُوا നിങ്ങൾ പ്രാപിക്കുകയില്ലതന്നെ. **الْبِر** പുണ്യം. **حتى تنفقُوا** നിങ്ങൾ ചിലവഴിക്കുന്നതുവരെ. **مما تحبونَ** നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന്. **وما تنفقُوا** നിങ്ങൾ എന്ത് ചിലവഴിച്ചാലും. **من شيءٍ** വല്ലവസ്തുവെയും. **فَإِن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **بِهِ** അതിനെപ്പറ്റി. **عليم** അറിയുന്നവനാണ്.

അവിശ്വാസികൾ-അവർ അവിശ്വാസികളായിരിക്കെ-ചെയ്യുന്ന നല്ല കാര്യങ്ങളൊന്നും അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്ന് കഴിഞ്ഞ വചനത്തിൽ കണ്ടുവല്ലോ. സത്യവിശ്വസികൾ ചെയ്യുന്ന എല്ല നല്ല കാര്യങ്ങളും-അതെത്ര നിസ്സാരമായിരുന്നാലും-അല്ലാഹുവിങ്കൽ സ്വീകാര്യവുമായിരിക്കും. എന്നാൽ ചിലവഴിക്കുന്നത് പുണ്യകരവും കൂടുതൽ പ്രതിഫലം അർഹിക്കുന്നതുമായിരിക്കേണമെങ്കിൽ, അതെങ്ങിനെയായിരിക്കണമെന്ന് അല്ലാഹു ഈ വചനത്തിൽ അറിയിക്കുന്നു. അവർക്ക് ഇഷ്ടകരമായ വസ്തുക്കളിൽ നിന്നായിരിക്കണം ചിലവഴിക്കുന്നത്. അപ്പോഴേ അത് പുണ്യ

കർമ്മമായിത്തീരുന്നുള്ളു. ഒരു വസ്തു ഇഷ്ടപ്പെട്ടതായിരിക്കുന്നത് അതിൻെറ വിലയുടെ ആധിക്യം നിമിത്തമായിക്കൊള്ളണമെന്നില്ല. മറ്റേതെങ്കിലും കാരണം കൊണ്ടുമായിരിക്കാം അത്. അതിനാൽ, അത്തരം വസ്തുക്കൾക്ക് പകരം അവയെക്കാൾ വിലപിടിപ്പുള്ള വസ്തുവോളെപ്പോലും ചിലവഴിക്കുവാൻ അവയുടെ ഉടമസ്ഥൻ ചിലപ്പോൾ തയ്യാറായെന്നും വരും. അപ്പോൾ, ഒരാൾ തനിക്ക് വളരെ പ്രിയപ്പെട്ട ഒരു വസ്തു നല്ല വിഷയത്തിൽ ചിലവാക്കുന്നപക്ഷം, അയാൾ അതിനെക്കാൾ പ്രാധാന്യം കൽപിക്കുന്നത് അല്ലാഹുവിൻെറ പ്രീതിക്കും പ്രതിഫലത്തിനുമാണ് എന്നാണല്ലോ അത് കാണിക്കുന്നത്. ഈ മനസ്ഥിതിയാണ് അതിനെ പുണ്യകരമാക്കിത്തീർക്കുന്നതു. ചിലവഴിക്കുന്ന വസ്തുയോടുള്ള പ്രിയം കൂടുംതോറും അത് ചിലവഴിക്കുന്നതിലുള്ള പുണ്യവും വർദ്ധിക്കുന്നു. നേരെമറിച്ച് പ്രിയംകരമല്ലാത്തതും മോശപ്പെട്ടതുമായ വസ്തുക്കളെ ചിലവഴിക്കുവാൻ കരുതിവെക്കുന്ന സമ്പ്രദായം നന്നല്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. (ഇതിനെപ്പറ്റി 2:267 ൽ പ്രസ്താവിച്ചത് ഓർക്കുക)

ഈ വചനം അവതരിച്ചപ്പോൾ, അത് നബി (ﷺ) യുടെ സഹാബികളിൽ വരുത്തിയ പ്രതികരണങ്ങൾ എത്ര വമ്പിച്ചതായിരുന്നുവെന്ന് കാണിക്കുന്ന അൽപം ചില ഉദാഹരണങ്ങൾ കാണുക: (1) അനസ് (رضي الله عنه) പറയുകയാണ്: അൻസാരികളിൽ വളരെ ധനമുള്ള ആളായിരുന്നു അബൂത്വൽഹത്ത് (رضي الله عنه) (*) അദ്ദേഹത്തിൻെറ സ്വത്തുക്കളിൽ വെച്ച് അദ്ദേഹത്തിന് ഏറ്റവും പ്രയങ്കരമായത് ‘ബൈറുഹാ’ (بيرحاء) എന്ന തോട്ടമായിരുന്നു. പള്ളിയുടെ മുൻവശത്തായിരുന്നു അത്. നബി (ﷺ) അതിൽ പ്രവേശിക്കലും അതിലെ നല്ല ജലം കുടിക്കലും പതിവുണ്ടായിരുന്നു. لن تنالوا.... എന്ന ഈ വചനം അവതരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘അല്ലാഹുവിൻെറ റസൂലേ, നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽ നിന്ന് ചിലവഴിക്കാതെ നിങ്ങൾക്ക് പുണ്യം ലഭിക്കുകയില്ല എന്ന് അല്ലാഹു പറയുന്നു. എൻെറ സ്വത്തിൽ വെച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ടത് ‘ബൈറുഹാ’ ആകുന്നു. അത് അല്ലാഹുവിന് വേണ്ടിയുള്ള ധർമ്മമാകുന്നു. അല്ലാഹുവിങ്കൽ വെച്ച് അതിൻെറ പുണ്യവും (പ്രതിഫല) നിക്ഷേപവും ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അല്ലാഹു അങ്ങേക്ക് അഭിപ്രായം തോന്നിച്ച പ്രകാരം അങ്ങുന്നു അതിനെ (വേണ്ടുന്ന വിഷത്തിൽ) നിശ്ചയിച്ചു കൊള്ളുക.’’ അപ്പോൾ, നബി (ﷺ) പറഞ്ഞു: ‘‘ഹ! ഹ! അത് ലാഭകരമായ ധനം! ലാഭകരമായ ധനം! (താങ്കൾ പറഞ്ഞത് ഞാൻ കേട്ടു. താങ്കൾ അത് അടുത്ത കുടുംബങ്ങൾക്ക് വേണ്ടി (ധർമ്മമാക്കി) വെക്കുവാനാണ് ഞാൻ അഭിപ്രായപ്പെടുന്നത്’’. അബൂത്വൽഹത്ത (رضي الله عنه) പറഞ്ഞു: ‘‘ഞാൻ അങ്ങനെ ചെയ്തുകൊള്ളാം.’’ അങ്ങനെ, അദ്ദേഹം അത് തൻെറ അടുത്ത കുടുംബങ്ങൾക്കും, പിതൃവ്യപുത്രൻമാർക്കുമായി ഭാഗിച്ചുകൊടുത്തു. (അ; ബു; മു.)

2. ഉമർ (رضي الله عنه)ന് അദ്ദേഹത്തിൻെറ സ്വത്തുക്കളിൽവെച്ച്: കൂടുതൽ വീര്യപ്പെട്ടത് ഖൈബറിലെ ‘ഗനീമത്തു’ ഭാഗിച്ചപ്പോൾ കിട്ടിയ ഓഹരിയായ ഒരു തോട്ടമായിരുന്നു. നബി (ﷺ) യോട് ആലോചിച്ചശേഷം അതദ്ദേഹം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ‘വഖ്ഫാ’ക്കി പ്രഖ്യാപിച്ചു. (ബു; മു.) 3. ഈ വചനം അവതരിച്ചപ്പോൾ, ഇബ്നു ഉമർ (رضي الله عنه) തൻെറ കയ്വശമുള്ള വസ്തുക്കളെപ്പറ്റി ആലോചിച്ചു നോക്കിയതിൽ റോമാക്കാരിയായ തൻെറ ഒരു അടിമസ്ത്രീയാണ് തനിക്ക് അവയിൽ കൂടുതൽ പ്രിയംകരമായ സ്വത്തായി കണ്ടത്. അദ്ദേഹം അവരെ സ്വതന്ത്രയാക്കി വിട്ടു. അവളെ വീണ്ടും മടക്കി എടുക്കലായിത്തീരുമോ എന്ന ഭയം നിമിത്തം അവളെ വിവാഹം കഴിപ്പാൻ പോലും അദ്ദേഹം തുനിഞ്ഞില്ല. (ബസ്സാർ) 4. സൈദുബ്നുഹാരിഥ (رضي الله عنه) യുടെ സ്വത്തുക്കളിൽ അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ടത് അദ്ദേഹത്തിൻെറ കുതിരയായിരുന്നു. അതിനെ അദ്ദേഹം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധർമ്മമാക്കി. നബി (ﷺ) അത് സ്വീകരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിൻെറ പുത്രൻ ഉസാമഃ (رضي الله عنه) അതിൻെറ പുറത്ത് സവാരി ചെയ്യുവാൻ നബി (ﷺ) അനുവദിക്കുകയുണ്ടായി. ഇത് കണ്ടപ്പോൾ സൈദ് (رضي الله عنه)തൻെറ മുഖത്ത് അതിൽ അനിഷ്ടം

* അനസ് (റ)ൻെറ മാതാവിനെ അദ്ദേഹം വിവാഹം കഴിച്ചിരുന്നു.

പ്രകടമായി. നബി (ﷺ) അദ്ദേഹത്തോട്: 'താങ്കളുടെ ധർമ്മം അല്ലാഹു സ്വീകരിച്ചിട്ടുണ്ട്. (മകൻ സവാരി ചെയ്തതുകൊണ്ട് അതിന് ദോഷം ബാധിക്കുകയില്ല) എന്ന് പറയുകയുണ്ടായി (ഇബ്നു അബീഹാതിം)

93 എല്ലാ ഭക്ഷണ (പദാർത്ഥ) വും ഇസ്രാഈൽ സന്തതികൾക്ക് അനുവദനീയമായിരുന്നു; - തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിനു മുമ്പായി ഇസ്രാഈൽ അദ്ദേഹത്തിൻെറ സ്വന്തം പേരിൽ നിഷിദ്ധമാക്കിയതൊഴികെ (നബിയേ) പറയുക: "എന്നാൽ, നിങ്ങൾ തൗറാത്ത് കൊണ്ടുവന്ന് അത് (ഒന്ന്) വായിക്കുവിൻ- നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

۞ كُلُّ ٱلطَّعَامِ كَانَ حِلًّا لِّبَنِىٓ إِسْرَٰٓءِيلَ إِلَّا مَا حَرَّمَ إِسْرَٰٓءِيلُ عَلَىٰ نَفْسِهِۦ مِن قَبْلِ أَن تُنَزَّلَ ٱلتَّوْرَىٰةُ ۗ قُلْ فَأْتُوا۟ بِٱلتَّوْرَىٰةِ فَٱتْلُوهَآ إِن كُنتُمْ صَٰدِقِينَ ﴿٩٣﴾

94 എന്നിട്ട്, അതിനുശേഷം ആർ അല്ലാഹുവിൻെറ പേരിൽ വ്യാജം കെട്ടിച്ചമച്ചുവോ, എന്നാൽ, അക്കൂട്ടർ തന്നെയാണ് അക്രമികൾ."

فَمَنِ ٱفْتَرَىٰ عَلَى ٱللَّهِ ٱلْكَذِبَ مِنۢ بَعْدِ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٩٤﴾

95 (നബിയേ) പറയുക: "അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു; ആകയാൽ, ഇബ്റാഹീമിൻെറ (അദ്ദേഹം) ശുദ്ധമനസ്കനായ നിലയിൽ (സ്വീകരിച്ച-നടപടി) മാർഗ്ഗം നിങ്ങൾ പിൻപറ്റുവിൻ. അദ്ദേഹം മുശ്രിക്കു [ബഹുദൈവ വിശ്വാസി] കളിൽ പെട്ടവനായിരുന്നില്ലതാനും."

قُلْ صَدَقَ ٱللَّهُ ۗ فَٱتَّبِعُوا۟ مِلَّةَ إِبْرَٰهِيمَ حَنِيفًا وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿٩٥﴾

---

93 **كُلّ الطعامِ** എല്ലാ ഭക്ഷണവും. **كَانَ حلا** അനുവദനീയം (ഹലാൽ) ആയിരുന്നു. **لبنِى إسرائيلَ** ഇസ്റാഈൽ സന്തതികൾക്ക്. **إلا ما حرم** ഹറാം (നിഷിദ്ധം) ആക്കിയതൊഴികെ. **إسرائيلُ** ഇസ്റാഇൽ (യഅ്ഖൂബു). **على نفْسِهِ** തൻെറ സ്വന്തത്തിൻെറമേൽ. **من قبل** മുമ്പായി. **أن تنزلَ** അവതരിപ്പിക്കപ്പെടുന്നതിൻെറ. **التوراةُ** തൗറാത്ത്. **قُلْ** പറയുക. **فأتوا** എന്നാൽ വരുവിൻ. **بالتوراة** തൗറാത്തും കൊണ്ട്. **فاتلُوها** എന്നിട്ടത് പാരായാണം ചെയ്വിൻ. **إن كُنتم** നിങ്ങളാണെങ്കിൽ. **صادقين** സത്യവാൻമാർ. 94 **فَمن افْترى** എന്നിട്ട് (എന്നാൽ) ആർ കെട്ടിച്ചമച്ചുവോ. **علي اللهِ** അല്ലാഹുവിൻെറ പേരിൽ. **الْكَذب** വ്യാജം, കളവ്. **من بعد** ശേഷം. **ذَلكَ** അതിൻെറ. **فَأولَئك هم** എന്നാൽ അക്കൂട്ടർ തന്നെ. **الظالمونَ** അക്രമികൾ. 95 **قُلْ** പറയുക. **صدق اللّٰهُ** അല്ലാഹു സത്യം പറഞ്ഞു. **فاتبعوا** ആകയാൽ നിങ്ങൾ പിൻപറ്റുവിൻ. **ملةَ** മാർഗ്ഗത്തെ. **إبراهيم** ഇബ്റാഹീമിൻെറ. **حنيفًا** ശുദ്ധ(ഋജു) മനസ്കനായ നിലയിൽ. **وما كانَ** അദ്ദേഹം ആയിരുന്നതുമില്ല. **من الْمشركين** മുശ്രിക്കുകളിൽപെട്ട(വൻ).

കണ്ട് കിട്ടുന്ന വിടവുകളെല്ലാം ഉപയോഗപ്പെടുത്തി നബി (ﷺ) യെയും, ഇസ്ലാമിനെയും ആക്ഷേപിക്കുക പതിവാക്കിയവരാണല്ലോ യഹൂദികൾ. ഇസ്റാഈല്യർ നിഷിദ്ധമായി ഗണിച്ചു വന്നിരുന്ന ചില ഭക്ഷ്യവസ്തുക്കൾ ഇസ്ലാമിൽ അനുവദിക്കപ്പെട്ടത് അക്കൂട്ടത്തിൽ അവർ അതിനൊരു പഴുതാക്കി ഉപയോഗിച്ചു. ഇബ്റാഹീം (عليه السلام) നബിയുടെ പിൻമാഗിയും, അദ്ദേഹത്തിൻെറ മാർഗ്ഗം സ്വീകരിക്കുന്ന ആളുമാണ് മുഹമ്മദ് എന്നല്ലേ അവൻ പറയുന്നത്. ഇബ്റാഹീം (عليه السلام) മുതൽക്കുള്ള പ്രവാചകൻമാർ നിഷിദ്ധമായ അംഗീകരിച്ചിരുന്ന ആ പദാർത്ഥങ്ങൾ മുഹമ്മദിന് എങ്ങിനെ അനുവദനീയമാകും? ഇതായിരുന്നു അവരുടെ ആക്ഷേപം. അതിനുള്ള മറുപടിയാണിത്.

ഇസ്രാഈലീ ഗോത്രങ്ങളുടെ പിതാവും, ഇബ്‌റാഹീം (عليه السلام) നബിയുടെ പൗത്രനുമായ യഅ്ഖൂബ് (عليه السلام) നബിയാണ് ഇസ്രാഈൽ. അദ്ദേഹത്തിൻെറ കാലം വരെ ഇസ്‌റാഈല്യർക്ക് എല്ലാ ഭക്ഷ്യപദാർത്ഥങ്ങളും പൊതുവെ അനുവദനീയമായിരുന്നു. പിന്നീട്, ചില കാരണങ്ങളാൽ അദ്ദേഹം ചില വസ്തുക്കളെ താൻ ഉപയോഴിക്കുകയില്ലെന്ന് വെച്ച് സ്വയം നിഷിദ്ധമാക്കുകയുണ്ടായി. ഇത് മൂസാ (عليه السلام) നബിയുടെയും തൗറാത്തിൻെറയും മുമ്പാണെന്ന് പറയേണ്ടതില്ലല്ലോ. യഅ്ഖൂബ് (عليه السلام) നിഷിദ്ധമാക്കിയവ എന്ന അടിസ്ഥാനത്തിൽ, അദ്ദേഹത്തിൻെറ സന്തതികളും ആ വസ്തക്കളെ നിഷിദ്ധമായി ഗണിച്ചുപോന്നു. അങ്ങിനെ, തൗറാത്തു അവതരിച്ചപ്പോൾ, ഒന്നുകിൽ-നിസാഉ്, 160ലും ആൻആം 146ലും കാണാവുന്നതുപോലെ-അവരുടെ അക്രമം നിമിത്തം അവർക്ക് ചില വസ്തുക്കൾ നിരോധിക്കപ്പെട്ട കൂട്ടത്തിൽ അവയും അവർക്ക് നിരോധിക്കപ്പെട്ടു. അല്ലെങ്കിൽ, തൗറാത്തിൽ അവയെപ്പറ്റി വ്യക്തമായ നിരോധം ഒന്നുമില്ലെങ്കിലും പാരമ്പര്യമായി അവർ സ്വീകരിച്ചു വന്ന ആ നിരോധം തങ്ങളുടെ ഒരു സ്ഥിരം മതനിയമമായി ഇസ്‌റാഈല്യർ ആചരിച്ചുവന്നു. (ഇങ്ങിനെ രണ്ടഭിപ്രായങ്ങളുണ്ട്) രണ്ടിൽ ഏതായാലും ആ വസ്തുക്കൾ മത ദൃഷ്ട്യാ അവർക്ക് നിരോധിക്കപ്പെട്ടിരുന്നുവെന്ന് - അല്ലെങ്കിൽ തൗറാത്തിൽ അവ നിഷിദ്ധമാക്കപ്പെട്ടിട്ടുണ്ട് എന്ന്-തൗറാത്തിൽനിന്ന് തെളിയിക്കുവാൻ യഹൂദികൾക്ക് സാദ്ധ്യമല്ല. അതുകൊണ്ടാണ് നിങ്ങൾ സത്യവാദികളാണെങ്കിൽ തൗറാത്ത് കൊണ്ട് വന്നു വായിക്കുവിൻ എന്ന് അവരെ വെല്ലുവിളിക്കുന്നത്.

ഈ വെല്ലുവിളിയെ നേരിടുവാൻ അവർ തയ്യാറായിരുന്നവെങ്കിൽ-ഒന്നാമത്തെ അഭിപ്രായ പ്രകാരം-ആക്ഷേപത്തിനിടയായ ആ വസ്തുക്കൾ ഇബ്‌റാഹീം (عليه السلام) ൻെറ കാലത്ത് നിഷിദ്ധമായിരുന്നില്ലെന്നും, ഇസ്‌റാഈല്യരുടെ ധിക്കാരം കാരണം പിന്നീട് അവരുടെമേൽ നിഷിദ്ധമാക്കപ്പെട്ടതാണെന്നും തൗറാത്തിൽനിന്ന് വ്യക്തമാകും. അപ്പോൾ, നബി (صلى الله عليه وسلم) ഇബ്‌റാഹീം (عليه السلام)ൻെറ മാർഗ്ഗം കൈവെടിഞ്ഞുവെന്നുള്ള അവരുടെ വാദം കളവായി പുലരുകയും ചെയ്യും. അല്ലെങ്കിൽ-രണ്ടാമത്തെ അഭിപ്രായപ്രകാരം-ആ വസ്തുക്കൾ നിഷിദ്ധ വസ്തുക്കളായി തൗറാത്തിൽ കാണുകയില്ല. അവ നിഷിദ്ധങ്ങളാണെന്നുള്ള അവരുടെ വാദം അവർ പരമ്പരാഗതമായി അംഗീകരിച്ചുപോന്ന ഒരു സ്വയംകൃത നിയമം മാത്രമാണെന്നും. അതിൽ നബി (صلى الله عليه وسلم) യെ ആക്ഷേപിക്കുവാൻ വകയൊന്നുമില്ലെന്നും വ്യക്തമാവുകയും ചെയ്യും. ഈ രണ്ടാമത്തെ അഭിപ്രായം ബലപ്പെടുത്തുന്ന പക്ഷം, ഇവിടെ ഒരു സംശയം വരാം. ബൈബിളിൽ (ലേവ്യപുസ്തകം, 11ൽ 4-6; ആവർത്തനം, 14ൽ 7) ഒട്ടകം, മുയൽ മുതലായ ചിലത് നിഷിദ്ധമാണെന്ന് കാണാമല്ലോ, ഇത് യഹൂദികൾക്ക് തൗറാത്തിൽ നിന്ന് വായിച്ചു കേൾപ്പിച്ചുകൂടേ? ഇതാണ് സംശയം. തൗറാത്തിൻെറ അസ്സൽ പകർപ്പിൽ ഇല്ലാത്തതും, പിന്നീട് പലതും അതിൽ എഴുതിച്ചേർക്കപ്പെട്ട കൂട്ടത്തിൽ പെട്ടതുമാണിത് എന്നത്രെ ഇതിന് മറുപടി. ഇതോ, ഇതുപോലെയുള്ള വല്ല പ്രസ്താവനയോ സാക്ഷാൽ തൗറാത്തിൽ ഉണ്ടായിരുന്നുവെങ്കിൽ, ഈ വെല്ലുവിളിക്ക് അവകാശമില്ല. വെല്ലുവിളിച്ചാൽ യഹൂദികൾക്ക് തങ്ങളുടെ വാദം തെളിയിക്കുവാൻ അത് നല്ല അവസരമാകുകയും ചെയ്തേക്കുമായിരുന്നു. പക്ഷേ, അവരാരും അതിന് മുതിരാതിരുന്നത്, അക്കാലത്ത് അവരുടെ പക്കലുള്ള തൗറാത്തിൽ അതില്ലാത്തതുകൊണ്ടാണെന്നും, അത് പിന്നീട് എങ്ങിനെയോ അതിൽ ഉൾപ്പെടുത്തപ്പെട്ടതാണെന്നും വ്യക്തമാകുന്നു.

യഅ്ഖൂബ് (عليه السلام) നബി ഏതെല്ലാം വസ്തുക്കളെയാണ് നിഷിദ്ധമാക്കിയിരുന്നത്, അതിന് കാരണമെന്തായിരുന്നു എന്നൊന്നും പറയത്തക്ക തെളിവ് കാണുന്നില്ല. അദ്ദേഹത്തിനുണ്ടായ ഒരു രോഗത്തെ തുടർന്ന് അദ്ദേഹം ഒട്ടകത്തിൻെറ മാംസവും പാലും നിഷിദ്ധമാക്കിയെന്നും മറ്റുമൊക്കെ ചില രിവായത്തുകളിൽ കാണുന്നു. (അല്ലാഹുവിനറിയാം.) ഏതായാലും തൗറാത്തു വായിച്ചു തങ്ങളുടെ വാദം സ്ഥാപിക്കുവാൻ യഹൂദികൾ ധൈര്യപ്പെട്ടില്ല. അവരുടെ ആരോപണം അടിസ്ഥാനരഹിതമാണെന്നും, വാദം അല്ലാഹുവിൻെറ പേരിൽ കെട്ടിയുണ്ടാക്കപ്പെട്ട ഒരു വ്യാജമാണെന്നും ഇതിൽനിന്ന് വ്യക്തമായി. ആരോപണം തെറ്റാണെന്ന് തെളിഞ്ഞിരിക്കെ, ഇബ്രാഹിം (عليه السلام) നബിയുടെ പാരമ്പര്യം അവകാശപ്പെടുന്ന അവർ ആ ശുദ്ധമനസ്കനായിരുന്ന

പ്രവാചകവര്യൻ സ്വീകരിച്ചിരുന്ന യഥാർത്ഥമാർഗ്ഗം പിൻപറ്റുവാൻ ബാധ്യസ്ഥരാണല്ലോ. അതിന് അവരെ ആഹ്വാനം ചെയ്യുന്നതാണ് 95-ാം വചനത്തിൽ കാണുന്നത്. അതോടൊപ്പം, വേദക്കാരിലോ അറബികളിലോ കടന്നുകൂടിയിട്ടുള്ള ശിർക്കുകളൊന്നും തീണ്ടാത്ത ഏകദൈവ വിശ്വാസിയായിരുന്നു അദ്ദേഹമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള ശാഖാപരമായ അനുഷ്ഠാന കാര്യങ്ങളെക്കാൾ വില കൽപിക്കപ്പെടേണ്ടത് ശിർക്ക്-തൗഹീദുകൾക്കാണെന്ന ഒരു സൂചനയും അതിൽ കാണാം.

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِى بِبَكَّةَ مُبَارَكًا وَهُدًى لِّلْعَٰلَمِينَ ﴿٩٦﴾

96 നിശ്ചയമായും, മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതായ ഒന്നാമത്തെ വീട്, ആശീർവദിക്കപ്പെട്ടതായും, ലോകർക്ക് മാർഗ്ഗദർശനമായുംകൊണ്ട് ബക്കഃ [മക്കഃ]യിലുള്ളതു തന്നെയാകുന്നു.

فِيهِ ءَايَٰتٌۢ بَيِّنَٰتٌ مَّقَامُ إِبْرَٰهِيمَ ۖ وَمَن دَخَلَهُۥ كَانَ ءَامِنًا ۗ وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ عَنِ ٱلْعَٰلَمِينَ ﴿٩٧﴾

97 അതിൽ സുവ്യക്തങ്ങളായ ദൃഷ്ടാന്തങ്ങളുണ്ട്-(വിശിഷ്യ) 'മഖാമു ഇബ്റാഹീം' [ഇബ്റാഹീം നിന്ന സ്ഥലം]. അതിൽ ആർ പ്രവേശിച്ചുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ വീട്ടിങ്കൽ 'ഹജ്ജ്' ചെയ്യൽ മനുഷ്യർക്ക് അതിലേക്ക് (ചെന്നെത്തുവാനുള്ള) മാർഗ്ഗം സാധിച്ചു കിട്ടിയവർക്ക്- അല്ലാഹുവിനോട് (ബാധ്യത) ഉണ്ട്. വല്ലവരും അവിശ്വസിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു, ലോകരെ സംബന്ധിച്ച് അനാശ്രയനാകുന്നു.

---

96 إن أولَ നിശ്ചയമായും ഒന്നാമത്തേത്. **بيت** വീട്. **وضع** വെക്കപ്പെട്ട(സ്ഥാപിക്കപ്പെട്ട). **للناس** മനുഷ്യർക്കുവേണ്ടി. **للذي** യാതൊന്നു തന്നെ. **ببكةَ** ബക്ക(മക്ക)യിലുള്ള. **مباركًا** ആശീർവദിക്കപ്പെട്ട നിലയിൽ, അനുഗ്രഹീതമായിക്കൊണ്ട്. **وهدى** മാർഗ്ഗദർശനവും. **للعالمين** ലോകർക്ക്. **97 فيه** അതിലുണ്ട്. **آيات** ദൃഷ്ടാന്തങ്ങൾ. **بينات** വ്യക്തങ്ങളായ. **مقام إبراهيم** ഇബ്റാഹീമിന്റെ (നിന്ന) സ്ഥലം. **ومن دخله** ആർ അതിൽ കടന്നുവോ. **كانَ آمنا** അവൻ നിർഭയനായി. **ولله** അല്ലാഹുവിനോടുണ്ട്. **على الناس** മനുഷ്യരുടെമേൽ (കടമ-ബാധ്യത). **حج البيت** (ആ) വീട്ടിനെ കരുതിച്ചെല്ലൽ (ഹജ്ജ്-തീർത്ഥാടനം-ചെയ്യൽ). **من استطاع** സാധ്യമായവർക്ക്. **إليه** അതിലേക്ക് (ചെല്ലുവാൻ). **سبيلاً** മാർഗ്ഗം, മാർഗ്ഗത്താൽ. **ومن كفَر** ആരെങ്കിലും അവിശ്വസിച്ചാൽ. **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **غني** ധന്യനാണ്, അനാശ്രയനാണ്. **عن العالمين** ലോകരിൽനിന്ന്, ലോകരെ സംബന്ധിച്ച്.

വേദക്കാർ തങ്ങളുടെ തീർത്ഥാടന കേന്ദ്രവും പുണ്യസ്ഥലവുമായി അംഗീകരിച്ചു വന്നതു ബൈത്തുൽ മുഖദ്ദസ്സായിരുന്നു. അതുകൊണ്ട് നബി (ﷺ) യെപ്പറ്റി അവർ പറപ്പെടുവിച്ചിരുന്ന ആക്ഷേപങ്ങളിൽ ഒന്ന് അവിടുന്ന് കഅ്ബയെ ഖിബ്‌ലയും, തീർത്ഥാടന കേന്ദ്രവുമായി സ്വീകരിച്ചു വരുന്നതായിരുന്നു. താരതമ്യേന ഈ ആക്ഷേപം കുറച്ച് പ്രാധാന്യം അർഹിക്കുന്നന്നതാകകൊണ്ട് ഇതിന് ഒന്നിലധികം സ്ഥലത്ത് ഖുർആനിൽ മറുപടി പറഞ്ഞു കാണാം. അവയിൽ ഒന്നത്രെ ഈ സ്ഥലവും. സൂറത്തുൽ ബഖറയിൽ ചിലതെല്ലാം മുമ്പ് കഴിഞ്ഞുപോയിട്ടുമുണ്ട്. ഇബ്റാഹീം (عليه السلام) നബിയുടെ കൈക്ക് സ്ഥാപിക്കപ്പെട്ടത് എന്ന് മാത്രമല്ല. അല്ലാഹുവിനെ ആരാധിക്കുവാൻവേണ്ടി ജനങ്ങൾക്കായി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരവും, പല ദൃഷ്ടാന്തങ്ങളും മേൻമകളും അടങ്ങിയതുമാണത്. അത് കൊണ്ട് മറ്റെല്ലാ ആരാധനാ മന്ദിരങ്ങളെക്കാൾ ശ്രേഷ്ഠമായതാണ

ത്. അവിടെ വന്ന് ഹജ്ജ് സംബന്ധമായ ആരാധനാ കർമ്മങ്ങൾ ചെയ്‌വാൻ സാധിക്കുന്ന എല്ലാവരും അത് നിർവ്വഹിക്കൽ അല്ലാഹുവിനോടുള്ള മനുഷ്യരുടെ കടമയാകുന്നു. അവിടെ പ്രവേശിച്ചവർക്കെല്ലാം അതൊരു അഭയസ്ഥാനവുമാണ്. എന്നിരിക്കെ, വേദക്കാർ വിശേഷിച്ചും അതിനെ തങ്ങളുടെ ആരാധനാകേന്ദ്രമായി അംഗീകരിക്കേണ്ടതുണ്ട്. എന്നൊക്കെയാണ് ചുരുക്കത്തിൽ ഇവിടെ പറഞ്ഞ മറുപടിയുടെ താൽപര്യം. ഈ യാഥാർത്ഥ്യം അംഗീകരിക്കുവാൻ തയ്യാറില്ലാത്തവർ അവിശ്വാസികളാണെന്നും. ആർ തന്നെ അവിശ്വസിച്ചാലും അല്ലാഹുവിന് അതുകൊണ്ട് യാതൊരു ദോഷവും ഭവിക്കുവാനില്ലെന്നും ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ജനങ്ങൾക്ക് ഒന്നാമതായി സ്ഥാപിക്കപ്പെട്ട ആരാധനാമന്ദിരം ബക്കാ എന്ന(*) മക്കായിൽ സ്ഥിതിചെയ്യുന്ന കഅ്ബയാണെന്ന് പറഞ്ഞതിൽ നിന്ന് അതിനു മുമ്പ് അങ്ങിനെ ഒരു ആരാധനാകേന്ദ്രമുണ്ടായിട്ടില്ലെന്ന് വ്യക്തമാണ്. ഇബ്രാഹിം (عليه السلام) നബിക്ക് മുമ്പ് തന്നെ കഅ്ബ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും, കാലക്രമത്തിൽ അത് നശിച്ചുപോയ ശേഷം അതിൻെറ അടിത്തറയിൽ നിന്ന് വീണ്ടും അതിനെ കെട്ടിപ്പൊക്കി പുനർനിർമ്മാണം ചെയ്യുകയാണദ്ദേഹം ചെയ്തതെന്നുമാണ് പല മഹാൻമാരുടെയും അഭിപ്രായം. ഇതിന് പിൻബലമായി പല രിവായത്തുകളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ മാർഗ്ഗങ്ങൾ ബലവത്തല്ല. അതേ സമയം, ഈ അഭിപ്രായം ശരിയല്ലെന്ന് തീരുമാനിക്കത്തക്കവിധം ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വ്യക്തമായ തെളിവുകളും ഇല്ല. അതുകൊണ്ട് വാസ്തവം അല്ലാഹുവിങ്കലേക്ക് വിടുവാനേ നിവൃത്തിയുള്ളു. ഏതായാലും ഭൂമിയിൽ അല്ലാഹുവിനെ ആരാധിക്കുവാൻ സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ മന്ദിരം കഅ്ബയാണെന്നുള്ളതിൽ സംശയമില്ല. ബൈത്തുൽ മുഖദ്ദസ്സാകട്ടെ, സുലൈമാൻ (عليه السلام) നബിയുടെ കാലത്ത് സ്ഥാപിക്കപ്പെട്ടതാകുന്നു.(†) മൂസാ (عليه السلام) നബിക്കുശേഷം നാനൂറോ അഞ്ഞൂറോ കൊല്ലം കഴിഞ്ഞിട്ടായിരുന്നു അത്. ഇബ്രാഹിം (عليه السلام) നബിയുടെ ശേഷം പല നൂറ്റാണ്ടുകൾ കഴിഞ്ഞാണ് മൂസാ (അ)ൻെറ കാലം. അപ്പോൾ, ഇബ്റാഹീം (عليه السلام) നബിയുടെ സ്ഥാപിതമായ കഅ്ബയെ തങ്ങളുടെ ആരാധനാകേന്ദ്രമായി അംഗകരിക്കുന്നതിൽ അവർക്ക് വൈമനസ്യമുണ്ടാവാൻ ന്യായമില്ല. നബി (ﷺ) അതിനെ ഖിബ്‌ലയായി സ്വീകരിച്ചതിനെ ആക്ഷേപിക്കുവാനു ന്യായമൊന്നുമില്ല.

ഒന്നാമതായി സ്ഥാപിക്കപ്പെട്ട ആരാധനാമന്ദീരം എന്നത് മാത്രമല്ല കഅ്ബയുടെ പ്രാധാന്യം. അത് അല്ലാഹുവിനാൽ ആശീർവദിക്കപ്പെട്ടതും-അഥവാ അനുഗൃഹീതമായും-ലോകർക്ക് മാർഗ്ഗദർശനകേന്ദ്രവുമാകുന്നു. (مباركا وهدي للعالمين) അവിടെ ആരാധനാകർമ്മങ്ങൾ നടത്തുന്നവർക്ക് അല്ലാഹുവിങ്കൽ നിന്ന് മഹത്തായ അനുഗ്രഹങ്ങളും, വമ്പിച്ച പുണ്യഫലങ്ങളും ലഭിക്കുന്നു. മറ്റുപള്ളികളിൽ വെച്ച് ചെയ്യുന്നതിനെക്കാൾ അനവധി ഇരട്ടി പ്രതിഫലം അവിടെ വെച്ച് ചെയ്യുന്ന കർമ്മങ്ങൾക്ക് ലഭിക്കുമെന്ന് നബിവചനങ്ങളിൽ വന്നിട്ടുള്ളത് സ്മരണീയമാണ്. മുസ്‌ലിം സമുദായത്തിലുണ്ടായ എല്ലാ നൻമകൾക്കുമുള്ള മാർഗ്ഗദർശനം ആരംഭിച്ചത് അവിടെ നിന്നാണല്ലോ. ആ മാർഗ്ഗദർശനം ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ തുടർന്നുകൊണ്ടുമിരിക്കുന്നു. അതിൻെറ പ്രാധാന്യത്തെയും, പവിത്രതയെയും തെളിയിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങളും നിലവിലുണ്ട്. (فيه ايات بينات) ഇബ്റാഹീം (عليه السلام) കഅ്ബ നിർമ്മാണം കഴിഞ്ഞിട്ട് പല ആയിരം കൊല്ലങ്ങൾ കഴിഞ്ഞു. സമുദായമദ്ധ്യേ അനേകം മാറ്റങ്ങളും കഴിഞ്ഞുപോയി.

---

* മക്ക എന്നതിന് പകരം ബക്ക എന്നും മുൻകാലത്തു പറയപ്പെട്ടിരുന്നു.

† ബൈബിളിൽ ഇതിനെപ്പറ്റി പറയുന്നതിങ്ങിനെയാണ്: 'യിസ്റായേൽ മക്കൾ മിസ്റയീം ദേശത്തു നിന്നു പുറപ്പെട്ടതിൻെറ നാനൂറ്റി എൺപതാം സംവൽസരത്തിൽ യിസ്റായേലിൽ ശാലോമോൻെറ വാഴ്ചയുടെ നാലാം ആണ്ടിൽ അവൻ യോഹാവയുടെ ആലയം (ബൈത്തുൽ മുഖദ്ദുസു) പണിവാൻ തുടങ്ങി', (1 രാജാക്കൾ: 6ൽ 21) ദാവൂദു (عليه السلام) നബിയുടെ കാലത്തു തന്നെ ആരംഭിച്ചുവെന്നും പിന്നീടു മകൻ സുലൈമാൻ (عليه السلام) നബിയാണതു പൂർത്തിയാക്കിയതെന്നും ഒരു അഭിപ്രായം ഉണ്ട്.

എന്നിട്ടും അന്ന്തൊട്ട് ഇന്നോളം ഇടതടവ് ബാധിക്കാതെ ആ മന്ദിരം ജനങ്ങളാൽ ആദരിക്കപ്പെട്ടും ശ്രുശ്രൂഷിക്കപ്പെട്ടും കൊണ്ടേ ഇരിക്കുന്നതും, അതിനെ നശിപ്പിക്കുവാനൊരുങ്ങി വന്ന ആനപ്പട്ടാള ത്തിൽ നിന്ന് ഒരു അസാധാരണ മാർഗ്ഗത്തിലൂടെ അല്ലാഹു അതിനെ രക്ഷപ്പെടത്തിയതും പോലെ യുള്ള പലതും ഇതിന് ഉദാഹരണമത്രെ. ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ സഫാ, മർവ, മിനാ, സംസം മുതലായവയും ഉദാഹരണങ്ങളായി എടുക്കാവുന്നതാണ്

ദൃഷ്ടാന്തങ്ങളുടെ കൂട്ടത്തിൽ പ്രത്യേകം എടുത്ത്പറയാവുന്നതും, വിശകലനം ചെയ്യുമ്പോൾ ഒന്നിലധികം ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രത്യക്ഷ ദൃഷ്ടാന്തമത്രെ 'ഇബ്റാഹീം മഖാം' (**مقام ابراهيم**)ഇതിനെപ്പറ്റി സൂറത്തുൽ ബഖറ 125-ാം വചനത്തിൻെറ വ്യാ ഖ്യാനത്തിൽ നാം വിവരിച്ചു കഴിഞ്ഞിട്ടുണ്ട് അന്ന് തൊട്ട് ഇന്നോളം ആ കല്ല് ഒരു പ്രത്യക്ഷ ദൃഷ്ടാന്തമായിത്തന്നെ അവശേഷിക്കുന്നു. അതുപോലെത്തന്നെ, പണ്ട്കാലം മുതൽക്കേ എല്ലാവരും അംഗീകരിച്ചുവന്ന ഒരു തത്വമാണ് അവിടെ ആർ തന്നെ പ്രവേശിപ്പിച്ചാലും അവൻ നിർഭയനാണ് (**مقام ابراهيم**) എന്നുള്ളതും. എത്ര വമ്പിച്ച അക്രമിയോ, കുറ്റവാളിയോ ആയാലും അവിടെ പ്രവേശിച്ചു കഴിഞ്ഞവന് അതൊരു പരിപൂർണ്ണ അഭയസ്ഥാനം തന്നെ. അവൻ ഉപദ്രവിക്കപ്പെടുകയോ അക്രമിക്കപ്പെടുകയോ ചെയ്കയില്ല. സ്വന്തം മാതാപിതാക്കളെ വെട്ടി ക്കൊന്ന ഘാതകനെ അവിടെ വെച്ചു കണ്ടാൽ, അവൻ പുറത്തുകടക്കുന്നത് നോക്കിനിൽക്കു വാനേ ഭരാണാധികൾക്ക്പോലും നിർവ്വാഹമുള്ളു. അവിടെവെച്ച് പ്രതികാര നടപടി എടുത്തുകൂടാ. കൂടാതെ, ദൂരദേശങ്ങളിൽനിന്ന് കൊല്ലംതോറും ഹജ്ജ് കർമ്മത്തിനായി വരുന്നവർ നിർഭയരായി വന്നുപോകാത്തവണ്ണം ഹജ്ജുമാസത്തിലും അതിൻെറ മുമ്പും പിമ്പുമായി ദുൽഖഅദ്, മുഹറം എന്നീ മാസങ്ങളിലും മുമ്പ് മുതലേ യുദ്ധം നിരോധിക്കപ്പെട്ടിട്ടുമുണ്ട്. ഇടക്കുവെച്ച് ഉംറ കർമ്മം ചെയ്വാൻ ചെല്ലുന്നവരുടെ സൗകര്യാർത്ഥം റജബ് മാസവും യുദ്ധം നിരോധിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം ജാഹിലിയ്യാ കാലത്തും, ഇസ്ലാമിലും നിലവിലുള്ള കാര്യങ്ങളത്രെ. മക്കാഹറമിൽവെച്ച് ആയുധം ധരിക്കുവാനോ, ജീവികളെ വേട്ടയാടുവാനോ പാടില്ല. വൃക്ഷങ്ങളും ചെടികളും നശിപ്പിക്കുന്നതുപോലും നബി (ﷺ) വിരോധിച്ചിരിക്കുകയാണ്.

അല്ലാഹുവിനെ ആരാധിക്കുവാൻവേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ഭവനമെന്ന നിലക്കും, അനുഗൃഹീതവും മാർഗ്ഗദർശകവും അഭയസ്ഥാനവുമായ കേന്ദ്രമെന്ന നിലക്കും വേദക്കാരടക്കം എല്ലാവരും അതിനെ തങ്ങളുടെ ആരാധനാ കേന്ദ്രവും തീർത്ഥാടന കേന്ദ്രവുമായി അംഗീകരിക്കു വാൻ ബാദ്ധ്യസ്ഥരാകുന്നു. അതെ, ആ മന്ദിരത്തിങ്കൽചെന്ന് ഹജ്ജ് കർമ്മം നിർവ്വഹിക്കൽ അല്ലാഹുവിനോട് ജനങ്ങൾ നിർവ്വഹിക്കേണ്ടുന്ന ഒരു ബാദ്ധ്യതയാണ്. (**و لله علي الناس حج البيت**) പക്ഷേ, ഭൂലോകത്തിൻെറ നാനാഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന എല്ലാവർക്കും അതിന് സാദ്ധ്യ മായെന്ന് വരികയില്ല. ശാരീരികമായും, സാമ്പത്തികമായും, ഗതാഗതസംബന്ധമായും മറ്റുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ടല്ലോ. അതുകൊണ്ട് അവിടേക്ക് പോയി വരുവാനാവശ്യമായ മാർഗ്ഗങ്ങൾക്കുള്ള സാദ്ധ്യത ആർക്കുണ്ടോ അവർക്ക് മാത്രമേ അത് നിർബന്ധമുള്ളു. (**من استطاع اليه سبيلا**) കഴിവുള്ളവർക്ക്പോലും കൊല്ലംതോറും ഹജ്ജ് നിർവ്വഹിക്കുന്നത് പ്രയാസകരമാകകൊണ്ട് ആയുഷ്കാലത്തിൽ ഒരു പ്രാവശ്യം മാത്രമേ അത് നിർബ്ബന്ധമായി ചെയ്യേണ്ടതുള്ളുവെന്ന് നബി (ﷺ) തിരുമേനിയും പ്രസ്താവിച്ചിരിക്കുന്നു.

മേൽ പ്രസ്ഥാവിച്ചതിൽനിന്ന് കഅ്ബാ മന്ദിരത്തിനുള്ള പ്രാധാന്യവും, അതിനെ ജനങ്ങൾ തങ്ങളുടെ ആരാധനാ കേന്ദ്രവും, തീർത്ഥാടന സ്ഥാനവുമായി സ്വീകരിക്കേണ്ടതിൻെറ ആവശ്യകതയും വ്യക്തമായല്ലോ. അപ്പോൾ, ഇതംഗീകരിക്കുവാൻ ആരെങ്കിലും തയ്യാറില്ലാതിരിക്കുന്നത് തികച്ചും അവിശ്വാസവും സത്യനിഷേധവുമാണെന്ന് പറയേണ്ടതില്ല. ആർ അവിശ്വസിച്ചാലും അതിൻെറ ദോഷഫലം അവർ തന്നെ അനുഭവിക്കുമെന്നല്ലാതെ, അല്ലാഹുവിന് അതുകൊണ്ട് ഒരു ദോഷവും ബാധിക്കുവാനില്ല. ലോകരിൽ ആരുടെയും ആശ്രയം വേണ്ടാത്ത ധന്യനത്രെ അവൻ.

(ومن كفر فان الله غني عن العالمين) ലോകരെല്ലാം അവിശ്വാസികളായിരുന്നാലും, ഒരു വ്യക്തിപോലും കഅ്ബയുടെ അടുക്കൽചെന്ന് ഹജ്ജ് കർമ്മം നിർവ്വഹിക്കാതായാലും അല്ലാഹുവിന് അതുകൊണ്ട് യാതൊരു കോട്ടവും കുറവും ബാധിക്കുവാനില്ല എന്നു സാരം.

നബി (ﷺ) ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: ''മനുഷ്യരേ, നിങ്ങളുടെ മേൽ അല്ലാഹു ഹജ്ജു കർമ്മം'ഫർള്വാ'ക്കി (നിർബന്ധ നിയമമാക്കി) യിരിക്കുന്നു. അതിനാൽ നിങ്ങൾ ഹജ്ജു ചെയ്യണം.'' അപ്പോൾ, ഒരാൾ ചോദിച്ചു: ''അല്ലാഹുവിൻെറ റസൂലേ, എല്ലാ കൊല്ലത്തിലും വേണമോ?'' തിരുമേനി മൗനം അവലംബിച്ചു. അങ്ങനെ, അയാൾ മൂന്നുവട്ടം ആവർത്തിച്ചു ചോദിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു: ''ഞാൻ 'അതേ' എന്നു പറഞ്ഞിരുന്നുവെങ്കിൽ അത് (കൊല്ലം തോറും) നിർബ്ബന്ധമാകുമായിരുന്നു. നിങ്ങൾക്കത് സാധ്യമാകാതെ വരുകയും ചെയ്യും.'' പിന്നീട് തിരുമേനി പറഞ്ഞു: ''ഞാൻ നിങ്ങളെ (കൂടുതൽ വിശദീകരണം നല്കാതെ) വിട്ടേക്കുമ്പോൾ നിങ്ങൾ (കൂടുതൽ ചോദ്യം ചെയ്യാതെ) എന്നെ വിട്ടേക്കുവിൻ. നിങ്ങളുടെ മുമ്പുള്ളവർ നാശത്തിൽ പതിച്ചത് അവരുടെ ചോദ്യത്തിൻെറ ആധിക്യവും, അവരുടെ നബിമാരോട് അവർക്കുള്ള അഭിപ്രായ ഭിന്നിപ്പും നിമിത്തമായിരുന്നു. ആകയാൽ, ഞാൻ നിങ്ങളോട് വല്ലതും കൽപിച്ചാൽ, നിങ്ങൾ അതിൽ നിന്ന് നിങ്ങൾക്ക് കഴിയുന്നത്ര നിർവ്വഹിക്കുവിൻ. നിങ്ങളോട് ഞാൻ വല്ലതിനെക്കുറിച്ചും, വിരോധിച്ചാൽ നിങ്ങൾ അത് (അപ്പടി) വർജ്ജിക്കുകയും ചെയ്യുവിൻ.'' (ബു;മു) ഹജ്ജിൻെറ നിർബന്ധം ഒരു പ്രാവശ്യമാണുള്ളതെന്നും, കഴിയുന്നത്ര അത് വർദ്ധിപ്പിക്കുന്നത് വളരെ നല്ലതാണെന്നും ഈ തിരുവചനത്തിൽനിന്ന് സ്പഷ്ടമാണ്. അബൂഹുറൈറ: (رضي الله عنه) യിൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഈ ഹദീസിലെ ചോദ്യകർത്താവ് അഖ്‌റഉബ്നുഹാബിസ് (القرع بن حابس رض) ആയിരുന്നുവെന്ന് ഇബ്നു അബ്ബാസ് (رضي الله عنه) ഇതുസംബന്ധിച്ച് നിവേദനം ചെയ്ത വേറൊരു ഹദീസിൽ വന്നിരിക്കുന്നു. ആ ഹദീസിൽ 'വല്ലവരും കൂടുതൽ (ഹജ്ജു) ചെയ്താൽ അത് ഐഛികകർമ്മമാണ്' എന്നുകൂടി നബി (ﷺ) പ്രസ്താവിച്ചതായും ഉണ്ട്. (അ;ന: ദാരിമി) വേറൊരു നബി വചനം അബൂഹുറൈറ (رضي الله عنه) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: 'ഒരാൾ ഹജ്ജ് ചെയ്യുകയും, (അതിൽ) സ്ത്രീ സല്ലാപമോ തോന്നിയവാസമോ ചെയ്യാതിരിക്കുകയും ചെയ്യുന്ന പക്ഷം, അവൻെറ ഉമ്മ അവനെ പ്രസവിച്ച ദിവസത്തിലെന്നപോലെ (പാപരഹിതനായി) അയാൾ മടങ്ങുന്നതാണ്.' (ബു;മു) അദ്ദേഹം തന്നെ ഉദ്ധരിച്ച വേറൊരു നബി വചനത്തിൻെറ സാരം: ഒരു ഉംറ (കർമ്മം) അടുത്ത ഉംറ വരെയുള്ള പാപങ്ങൾക്ക് പ്രായശ്ചിത്തമായിരിക്കും. പുണ്യപ്പെട്ട (കോട്ടവും പോരായ്മയും ബാധിക്കാത്ത) ഹജ്ജാകട്ടെ, അതിന് സ്വർഗ്ഗമല്ലാതെ പ്രതിഫലവുമില്ല.' (ബു;മു)

വേദക്കാർ കഅ്ബയുടെ മഹത്വവും പ്രാധാന്യവും അംഗീകരിക്കുവാൻ തയ്യാറാകാതിരിക്കുകയും, നബി (ﷺ) അത് അംഗീകരിച്ചതിൻെറ പേരിൽ ആക്ഷേപവും ഉന്നയിക്കുകയും ചെയ്തതിനെ സൂചിപ്പിച്ചുകൊണ്ടാണല്ലോ ഈ വചനങ്ങളിൽ കഅ്ബയുടെയും ഹജ്ജിൻെറയും സ്ഥാനം വിവരിച്ചത്. അവരുടെ അവിശ്വാസമാണിതിന് കാരണമെന്ന് ധ്വനിപ്പിക്കുകയും ചെയ്തു. അടുത്ത വചനത്തിൽ അവരെപ്പറ്റി അല്ലാഹു നബി (ﷺ) യോട് പറയുന്നു:-

98 (നബിയേ) പറയുക: ''വേദക്കാരേ, എന്തിനാണ് നിങ്ങൾ അല്ലാഹുവിൻെറ 'ആയത്തു' [ലക്ഷ്യം] കളിൽ അവിശ്വസിക്കുന്നത്? നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു (ദൃക്ക്) സാക്ഷിയാണല്ലോ!''

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَكْفُرُونَ بِـَٔايَٰتِ ٱللَّهِ وَٱللَّهُ شَهِيدٌ عَلَىٰ مَا تَعْمَلُونَ ﴿٩٨﴾

99 പറയുക: ''വേദക്കാരേ, എന്തിനാണ് നിങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് -അതിനു വക്രതയെ ആഗ്രഹിച്ചു കൊണ്ട് വിശ്വസിച്ചവരെ തട്ടിക്കളയുന്നത്?- നിങ്ങൾ

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لِمَ تَصُدُّونَ عَن سَبِيلِ ٱللَّهِ مَنْ ءَامَنَ تَبْغُونَهَا عِوَجًا وَأَنتُمْ شُهَدَآءُ ۗ وَمَا

ٱللَّهُ بِغَٰفِلٍ عَمَّا تَعۡمَلُونَ ﴿٩٩﴾

(അതിന്) സാക്ഷികളാണെന്നിരിക്കെ! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല.

---

98 **قُلْ** പറയുക. **يا أَهلَ الْكتابِ** വേദക്കാരെ. **لم تكْفُرونَ** നിങ്ങളെന്തിന് അവിശ്വസിക്കുന്നു. **بِآيات اللِ** അല്ലാഹുവിൻെറ ആയത്തുകളിൽ. **واللّٰ** അല്ലാഹുവാകട്ടെ. **شهيد** സാക്ഷിയാണ്. **على ما تعملُونَ** നിങ്ങൾ പ്രവർത്തിക്കുന്നതിന്. 99 **قُلْ** പറയുക. **يا أَهلَ الْكتابِ** വേദക്കാരെ. **لم تصدونَ** നിങ്ങൾ എന്തിനാണ് തടുക്കുന്നത്, തിരിച്ചുവിടുന്നത്. **عن سبيل** മാർഗ്ഗത്തിൽനിന്ന്. **اللِ** അല്ലാഹുവിൻെറ. **من آمنَ** വിശ്വസിച്ചവരെ. **تبغونها** അതിന് നിങ്ങൾ ആഗ്രഹിച്ചുകൊണ്ട്. **عوجا** വക്രത, വളവുണ്ടാക്കുന്നതിനും. **وأنتم** നിങ്ങളാകട്ടെ, നിങ്ങൾ. **شهداُ** സാക്ഷികളുമാണ്. **وما اللّٰ** അല്ലാഹു അല്ല താനും. **بِغافِلٍ** അശ്രദ്ധൻ. **عما تعملُونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി.

വേദഗ്രന്ഥം മുഖേനയും പ്രവാചകൻമാർ വഴിയും നബി (ﷺ) യുടെയും, ഖുർആൻെറയും സത്യാവസ്ഥ ശരിക്കും വ്യക്തമായിക്കഴിഞ്ഞിട്ട് പിന്നെയും അല്ലാഹുവിമേതായ ആ മാർഗ്ഗം വേദക്കാർ സ്വീകരിക്കുന്നില്ല. മാത്രമോ? സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് ആ മാർഗ്ഗത്തിൽ പ്രവേശിച്ചവരെ അതിൽനിന്ന് ഏതെങ്കിലും വിധേന തട്ടിത്തിരിക്കുവാൻ കഴിയുന്നത്ര ശ്രമം അവർ നടത്തുകയും ചെയ്യുന്നു. അതെല്ലാം അല്ലാഹു കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും, അതിൻെറ ഭവിഷ്യത്ത് അവർ അനുഭവിക്കേണ്ടിവരുമെന്നും അവരെ താക്കീത് ചെയ്‌വാൻ അല്ലാഹു നബി (ﷺ) യോട് കൽപിക്കുന്നു. അവരുടെ കെണിയിൽപെടുന്നത് സൂക്ഷിക്കുവാൻ അടുത്ത വചനത്തിൽ സത്യവിശ്വാസികളെയും ഉണർത്തുന്നു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تُطِيعُواْ فَرِيقٗا مِّنَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ يَرُدُّوكُم بَعۡدَ إِيمَٰنِكُمۡ كَٰفِرِينَ ﴿١٠٠﴾

100 ഹേ, വിശ്വസിച്ചവരേ, വേദഗ്രന്ഥം നൽകപ്പെട്ടവരിൽ ഒരു വിഭാഗത്തെ നിങ്ങൾ അനുസരിക്കുന്ന പക്ഷം നിങ്ങളുടെ സത്യവിശ്വാസ (സ്വീകരണ)ത്തിനുശേഷം, അവർ നിങ്ങളെ അവിശ്വാസികളാക്കി മടക്കിയേക്കും. [അതു സൂക്ഷിക്കണം]

وَكَيۡفَ تَكۡفُرُونَ وَأَنتُمۡ تُتۡلَىٰ عَلَيۡكُمۡ ءَايَٰتُ ٱللَّهِ وَفِيكُمۡ رَسُولُهُۥۗ وَمَن يَعۡتَصِم بِٱللَّهِ فَقَدۡ هُدِيَ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ ﴿١٠١﴾

101 നിങ്ങൾ എങ്ങിനെ അവിശ്വസിക്കും? നിങ്ങളാകട്ടെ, നിങ്ങൾക്ക് അല്ലാഹുവിൻെറ ‘ആയത്തു’ [ലക്ഷ്യം] കൾ ഓതികേൾപ്പിക്കപ്പെട്ടു വരുന്നു; നിങ്ങളിൽ അവൻെറ റസൂലും ഉണ്ട് (എന്നിരിക്കെ)! ആർ അല്ലാഹുവിനെ മുറുകെ പിടിക്കുന്നുവോ അവൻ (നേരെ) ചൊവ്വായ പാതയിലേക്ക് നയിക്കപ്പെട്ടു കഴിഞ്ഞു.

---

100 **يا أيها الذين آمنوا** വിശ്വസിച്ചവരേ. **إن تطيعوا** നിങ്ങൾ അനുസരിക്കുന്ന പക്ഷം. **فَريقاً** ഒരു വിഭാഗത്തെ, കക്ഷിയെ. **من الذين** യാതൊരുവരിൽനിന്ന്. **أُوتوا الْكتابَ** (വേദ) ഗ്രന്ഥം നൽകപ്പെട്ട. **يردوكُم** അവർ നിങ്ങളെ മടക്കും. **بعد إيمانِكُم** നിങ്ങളുടെ വിശ്വാസത്തിനുശേഷം. **كافرين** അവിശ്വാസികൾ. 101 **وكيف تكْفُرونَ** നിങ്ങൾ എങ്ങിനെ അവിശ്വസിക്കും. **وأنتم** നിങ്ങളാവട്ടെ. **تتلى عليكُم** നിങ്ങൾക്ക് ഓതിത്തരപ്പെടുന്നു. **آيات اللِ** അല്ലാഹുവിൻെറ ആയത്തുകൾ. **وفيكُم** നിങ്ങളിലുണ്ടുതാനും. **رسولُه** അവൻെറ റസൂൽ. **ومن** വല്ലവരും, ആരെങ്കിലും. **يعتصم** മുറുകെ പിടിക്കുന്നതായാൽ, രക്ഷ പ്രാപിച്ചാൽ. **بِاللِ** അല്ലാഹുവിനെ, അല്ലാഹുവിനെക്കൊണ്ട്. **فَقَد هدي** എന്നാലവൻ നയിക്കപ്പെട്ടു. **إِلى صراط** പാത (വഴി) യിലേക്ക്. **مستقيم** ചൊവ്വായ.

സൂ: അൽബഖറ 109ൽ പ്രസ്താവിച്ചതുപോലെ, വേദക്കാരിൽപെട്ട പലരും അസൂയ നിമിത്തം, സത്യവിശ്വാസികളിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കി അവരെ ഇസ്ലാമിൽ നിന്ന് പിന്തിരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. അങ്ങിനെയുള്ളവരെ സൂക്ഷിക്കണം. അവരുടെ വാക്കുകൾ സ്വീകരിക്കരുത്. അല്ലാത്തപക്ഷം നിങ്ങൾ അവിശ്വാസത്തിലേക്ക് തന്നെ മടങ്ങുവാൻ കാരണമായിത്തീരും. എന്നൊക്കെ അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുന്നു. നിങ്ങൾക്ക് അല്ലാഹുവിൻെറ വചനങ്ങൾ അവതരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവൻെറ റസൂൽ നിങ്ങളുടെ ഇടയിൽ ജീവിച്ചിരിപ്പുമുണ്ട്. അതുകൊണ്ട് സംശയ നിവാരണത്തിനോ, തെളിവുകൾക്കോ, വിശദീകരണങ്ങൾക്കോ മറ്റാരേയും നിങ്ങൾക്ക് ആശ്രയിക്കേണ്ടതായിട്ടില്ല. നിങ്ങൾ അല്ലാഹുവിൻെറ കൽപനാ നിർദ്ദേശങ്ങൾ കൈവിടാത്ത കാലത്തോളം നിങ്ങൾ നേരായമാർഗ്ഗം പിഴച്ചുപോകുകയില്ല. എന്നിങ്ങിനെ അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഖുർആൻ അവതരിച്ച കാലത്തുള്ള സത്യവിശ്വാസികളെ സംബന്ധിച്ചും, അന്ന് അറേബ്യയിലുണ്ടായിരുന്ന വേദക്കാരെ സംബന്ധിച്ചും മാത്രമാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതെന്ന് കരുതിക്കൂടാ. വേദക്കാർ-ജൂതക്രിസ്ത്യാനികൾ-മുസ്ലിംകളെ വഴിപിഴപ്പിക്കുവാനുള്ള ശ്രമങ്ങൾ അന്നുതൊട്ട് ഇന്നോളം നടത്തിക്കൊണ്ടേ ഇരിക്കുന്നുണ്ട്. മുസ്ലിംകളെ അവരുടെ മതത്തിൽനിന്ന് വ്യതിചലിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് കാലത്തിനൊത്ത ആസൂത്രിത പരിപാടികൾ പലതും അവർ സ്വീകരിച്ചും വരുന്നു. മുസ്ലിംകളുടെ ഗുണകാംക്ഷികളും, സത്യാന്വേഷികളും, വിജ്ഞാന കുതുകികളുമെന്ന ഭാവേന ഈ ആവശ്യാർത്ഥം അടുത്തകാലത്തായി അവർ അതിന് സ്വീകരിച്ചു വരുന്ന അതിസമർത്ഥമായ ഒരു മാർഗ്ഗമത്രെ ഓറിയമലിസം. പാശ്ചാത്യ രാഷ്ട്രങ്ങളുടെ തണലിലും, അവരുടെ സഹായസഹകരണത്തോടുകൂടിയും പൗരസ്ത്യഭാഷാ സംസ്ക്കാര പഠന ഗവേഷണങ്ങളുടെ പേരിലും നടമാടിക്കൊണ്ടിരിക്കുന്ന ഈ സംരംഭത്തിൻെറ മുഖ്യോദ്ദേശ്യം ഇസ്ലാമിനെയും, ഖുർആനെയും, നബി (ﷺ) തിരുമേനിയെയുംക്കുറിച്ച് മുസ്ലിംകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കലും, ഇസ്ലാമീകാദ്ധ്യാപനങ്ങളിൽ നിന്ന് അവരെ അകറ്റലുമാകുന്നു. ഖുർആനിലൂടെയും നബിചര്യയിലൂടെയും ഇസ്ലാമിനെ മനസ്സിലാക്കുവാനോ, ഇസ്ലാമിക വിജ്ഞാനങ്ങളുമായി പരിചയപ്പെടുവാനോ അവസരം ലഭിക്കാതെ, ഓറിയമലിസ്റ്റുലകളുടെ സാഹിത്യങ്ങളിൽ നിന്ന് ഇസ്ലാമിനെക്കുറിച്ച് വല്ലതും മനസ്സിലാക്കുവാൻ ഇടവന്ന അഭ്യസ്തവിദ്യരായ പലർക്കും അതുവഴി വളരെയധികം തെറ്റിദ്ധാരണകൾ ഇസ്ലാമിനെപ്പറ്റി ഉണ്ടായത്തീർന്നിട്ടുണ്ട്. ഓറിയമലിസ്റ്റുകളുടെ സാഹിത്യകൃതികളിൽ ജൂതപണ്ഡിതൻമാർക്കാണ് കൂടുതൽ കയ്യുള്ളതെന്ന സംഗതിയും ശ്രദ്ധേയമാകുന്നു. വേദക്കാരുടെ കുതന്ത്രങ്ങളെപ്പറ്റി സൂക്ഷിക്കുവാനുള്ള അല്ലാഹുവിൻെറ കൽപനയിലും, അവരിൽ പലരും സത്യവിശ്വാസികളെ അവിശ്വാസികളാക്കുവാൻ ഉദ്ദേശിക്കുന്നവരാണെന്ന താക്കീതിലും ഇവരും ഇവരുടെ കൃതികളും ഉൾപ്പെടുമെന്നുള്ളതിൽ സംശയമില്ല. (*)

വിഭാഗം-11

---

* ഓറിയൻറലിസ്റ്റുകളെയും, അവരുടെ പഞ്ചസാരയിൽ പൊതിഞ്ഞ പല വിഷബീജങ്ങളെയും സംബന്ധിച്ചു മനസ്സിലാക്കുവാൻ السنة ومكانتها فى ابسريع الاسلامى الدكتور مصطفى السباعى പോലെയുള്ള ഗ്രന്ഥങ്ങൾ ഉപകരിക്കും. (ജ: അമാനി മൗലവി വിവർത്തനം ചെയ്തിട്ടുള്ള ഈ ബൃഹദ് ഗ്രന്ഥം നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ വചനങ്ങളിൽ, വേദക്കാരെക്കുറിച്ചും, അവരെ അഭിമുഖീകരിച്ചും പലതും പ്രസ്താവിച്ചശേഷം, അടുത്ത ചില വചനങ്ങളിൽ സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പല ഉപദേശ നിർദ്ദേശങ്ങളും നൽകുന്നു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ ١٠٢

102 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം അവനെ സൂക്ഷിക്കുവിൻ, നിങ്ങൾ മുസ്ലിംകൾ ആയിക്കൊണ്ടല്ലാതെ മരണമടയുകയും ചെയ്യരുത്.

وَٱعۡتَصِمُواْ بِحَبۡلِ ٱللَّهِ جَمِيعٗا وَلَا تَفَرَّقُواْۚ وَٱذۡكُرُواْ نِعۡمَتَ ٱللَّهِ عَلَيۡكُمۡ إِذۡ كُنتُمۡ أَعۡدَآءٗ فَأَلَّفَ بَيۡنَ قُلُوبِكُمۡ فَأَصۡبَحۡتُم بِنِعۡمَتِهِۦٓ إِخۡوَٰنٗا وَكُنتُمۡ عَلَىٰ شَفَا حُفۡرَةٖ مِّنَ ٱلنَّارِ فَأَنقَذَكُم مِّنۡهَاۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمۡ ءَايَٰتِهِۦ لَعَلَّكُمۡ تَهۡتَدُونَ ١٠٣

103 നിങ്ങൾ എല്ലാവരും (ഒരുമിച്ചുകൊണ്ട്) അല്ലാഹുവിൻെറ പാശത്തെ മുറുകെ പിടിക്കുകയും ചെയ്യുവിൻ; നിങ്ങൾ ഭിന്നിക്കുകയും അരുത് നിങ്ങളുടെ മേൽ അല്ലാഹു ചെയ്ത അനുഗ്രഹം നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ; നിങ്ങൾ (പരസ്പരം) ശത്രുക്കളായിരുന്ന അവസരത്തിൽ, അവൻ നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ ഇണക്കിത്തന്നു; അങ്ങനെ, നിങ്ങൾ അവൻെറ അനുഗ്രഹം കൊണ്ട് (പരസ്പരം) സഹോദരങ്ങളായിരിക്കുന്നു. നിങ്ങൾ അഗ്നിയാകുന്ന (അഥവാ നരകമാകുന്ന) ഒരു (വമ്പിച്ച) കുണ്ടിൻെറ വക്കിലായിരുന്നു; എന്നിട്ട് നിങ്ങളെ അതിൽ നിന്ന് അവൻ രക്ഷപ്പെടുത്തുകയും ചെയ്തു. അപ്രകാരം, അല്ലാഹു അവൻെറ 'ആയത്തു' [ലക്ഷ്യം]കൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു-നിങ്ങൾ സൻമാർഗ്ഗം പ്രാപിച്ചേക്കാം.

---

102 **يا أيها الذين آمنوا** വിശ്വസിച്ചവരേ. **اتقوا الله** അല്ലാഹുവിനെ സൂക്ഷിക്കുവിൻ. **حق تقاته** അവനെ സൂക്ഷിക്കേണ്ടുന്ന മുറക്ക്. **ولا تموتن** നിങ്ങൾ തീർച്ചയായും മരിക്കരുത്. **إلا وأنتم** നിങ്ങൾ ആയിക്കൊണ്ടല്ലാതെ. **مسلمونَ** മുസ്ലികൾ (കീഴൊതുങ്ങിയവർ). 103 **واعتصموا** നിങ്ങൾ മുറകെ പിടിക്കുകയും ചെയ്യുവിൻ. **بحبل الله** അല്ലാഹുവിൻെറ പാശത്തെ. **جميعا** എല്ലാവരും, ഒരുമിച്ച്. **ولا تفرّقوا** നിങ്ങൾ ഭിന്നിക്കുക(ഛിദ്രിക്കുക)യും അരുത്. **واذكُروا** ഓർക്കുകയും ചെയ്യുവിൻ. **نعمت الله** അല്ലാഹുവിൻെറ അനുഗ്രഹത്തെ. **عليكُم** നിങ്ങളുടെമേൽ (ചെയ്ത). **إذْ كُنتم** നിങ്ങൾ ആയിരുന്നപ്പോൾ. **أعداءً** ശത്രുക്കൾ. **فألف** എന്നിട്ടവൻ ഇണക്കി. **بين قُلوبِكم** നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ. **فأصبحتم** അങ്ങനെ നിങ്ങൾ ആയിരിക്കുന്നു. **بنعمته** അവൻെറ അനുഗ്രഹംകൊണ്ട്. **إخوانا** സഹോദരങ്ങൾ. **وكُنتم** നിങ്ങളാകുകയും ചെയ്തിരുന്നു. **على شفا** വക്കത്ത്. **حفْرة** ഒരു കുഴിൻെറ, കുഴിയുടെ. **من النار** നരകമാകുന്ന തീയിനാലുള്ള. **فأنقَذكُم** എന്നിട്ടവൻ നിങ്ങളെ രക്ഷപ്പെടുത്തി. **منها** അതിൽ നിന്ന്. **كذَلك** അപ്രകാരം. **يبين الله** അല്ലാഹു വിവരിക്കുന്നു. **لكُم** നിങ്ങൾക്ക്. **آياته** അവൻെറ ആയത്തു(ലക്ഷ്യം)കളെ. നിങ്ങൾ ആയേക്കാം. **لعلكُم** **تهتدونَ** സൻമാർഗ്ഗം പ്രാപിച്ചേക്കാം, നേർമാർഗ്ഗം പ്രാപിക്കു(വാൻ വേണ്ടി).

ഇസ്ലാമിൻെറ ശത്രുക്കളുടെ ഇംഗിതങ്ങൾക്കും ദുരുപദേശങ്ങൾക്കും വഴങ്ങി സത്യമാർഗ്ഗത്തിൽ നിന്ന് പിഴച്ചുപോകുന്ന സൂക്ഷിക്കണമെന്ന് കഴിഞ്ഞ വചനങ്ങളിൽ സത്യവിശ്വാസികളെ ഉണർത്തിയശേഷം, അങ്ങിനെ പിഴച്ചുപോകാതിരിക്കുവാൻ വേണ്ടുന്ന ചില ഉപദേശങ്ങൾ അല്ലാഹു അവർക്ക് നൽകുന്നു. (1) അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം സൂക്ഷിക്കണം.

അവൻെറ കൽപനകൾ അനുഷ്ഠിക്കുകയും, അവൻെറ നിരോധങ്ങൾ വർജ്ജിക്കുകയും ചെയ്യുന്നത് മുഖേനയത്രെ അവനെ സൂക്ഷിക്കൽ (തഖ്‌വാ) ഉണ്ടാകുന്നത്. അവനെ മുറപ്രകാരം സൂക്ഷിക്കുക എന്നതിന് ഒരു വിശദീകരണമെന്ന നിലക്ക് ഇബ്നുമസ്ഊദ് (رضي الله عنه) പ്രസ്താവിച്ചതായി ഇബ്നുഅബീഹാതിം (رحمه الله) മുതലായവർ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''അവനോട് അനുസരണക്കേട് കാണിക്കാതെ അവന് വഴിപ്പെടുക, അവനെ വിസ്മരിക്കാതെ ഓർമ്മിച്ചുകൊണ്ടിരിക്കുക, അവനോട് നന്ദികേട് കാണിക്കാതെ നന്ദി കാണിക്കുക ഇവയാണത്.'' എന്നാൽ, അല്ലാഹുവിനോടുള്ള കടപ്പാടുകളും, മര്യാദകളുമെല്ലാം മുറപ്രകാരം കണക്കുതീർത്ത് പൂർത്തീകരിക്കുക മനുഷ്യസാധ്യമല്ലെന്നും, അവ നിറവേറ്റുന്നതിൽ എല്ലാവർക്കും ഒരേ നിലവാരം പുലർത്തുവാൻ കഴിയുകയില്ലെന്നും പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അവനെ മുറപ്രകാരം സൂക്ഷിക്കുക എന്ന് പറഞ്ഞതിൻെറ താലപര്യം-സൂ: തഗാബുൻ, 16ൽ പ്രസ്താവിച്ചതുപോലെ-ഓരോരുത്തനും അവനവൻെറ കഴിവനുസരിച്ച് സൂക്ഷിക്കുക എന്നാണെന്ന് മൊത്തത്തിൽ മനസ്സിലാക്കാം. പല ഖുർആൻ വാഖ്യാതാക്കളും പ്രസ്താവിച്ചതും അതാകുന്നു. فاتقوا الله ما استطعتم (നിങ്ങൾക്ക് കഴിയുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുവിൻ) എന്നാണ് അല്ലാഹു അവിടെ ഉപയോഗിച്ചവാക്ക്. ഒരു വ്യക്തിയോടും ആ വ്യക്തിയുടെ കഴിവിനപ്പുറം അല്ലാഹു ശാസിക്കുകയില്ല (لا يكلف الله نفسا الا وسعها) എന്ന് അല്ലാഹു അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണല്ലോ.

(2) മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരണപ്പെടരുത്. അഥവാ മരണപ്പെടുമ്പോൾ മുസ്‌ലിമല്ലാതിരിക്കത്തക്കവണ്ണം ഇസ്‌ലാമിൽ നിന്ന് ഒരിക്കലും അകന്നുപോകാതെ സദാ മുസ്‌ലിംകളായി വർത്തിക്കണം. ഒരാൾ ദീർഘകാലം മുസ്‌ലിമായി ജീവിച്ചശേഷം അവസാന നിമിഷത്തിൽ അവിശ്വാസിയായിക്കൊണ്ട് മരണപ്പെട്ടാൽ ആ ഇസ്‌ലാം കൊണ്ട് യാതൊരു പ്രയോജനവുമില്ലല്ലോ. മുസ്‌ലിമാകുകയെന്നതുകൊണ്ട് വിവക്ഷ ജാതി മുസ്‌ലീമാകുകയെന്നല്ല തന്നെ. അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ച് കൊണ്ട് അവന് പൂർണ്ണമായും കീഴൊതുങ്ങുക എന്നത്രെ വിവക്ഷ. (3) അല്ലാഹുവിൻെറ പാശത്തെ മുറുകെ പിടിക്കണം. അല്ലാഹുവിൻെറ പാശം അഥവാ കയർ (حبل الله) കൊണ്ടുദ്ദേശ്യം പലരും പലവാക്കുകളിൽ വിവരിച്ചുകാണാം. അല്ലാഹുവിനെ അനുസരിച്ചുകൊള്ളാമെന്നുള്ള ഉടമ്പടി, ഖുർആൻ, ഇസ്‌ലാം, അല്ലാഹുവിനെ അനുസരിക്കൽ, ഇസ്‌ലാമികമായ ഐക്യം എന്നും മറ്റുമാണത്. 'അല്ലാഹുവിൻെറ കിതാബ് (ഖുർആൻ) ആകാശത്തുനിന്ന് ഭൂമിയിലേക്ക് നീട്ടിയിടപ്പെട്ട ഒരു കയറാണ്.' എന്ന് ഇബ്നുജരീർ (رحمه الله) മുതലായവർ ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിരിക്കുന്നു. ആ നിലക്ക് ഖുർആനാണ് ഉദ്ധേശമെന്ന അഭിപ്രായത്തിന് മുൻഗണന നൽകപ്പെടാം. എങ്കിലും, ശരിക്ക് പരിശോധിച്ചാൽ മറ്റുള്ള അഭിപ്രായങ്ങൾ ഇതിന് വിരുദ്ധമാകുന്നില്ലെന്ന് കാണാവുന്നതാണ്. ഇമാംറാസീ (رحمه الله)സൂചിപ്പിച്ചപോലെ, വിജയത്തിൻെറ യഥാർത്ഥ മാർഗ്ഗത്തിലേക്ക് എത്തിച്ചേരുവാൻ ആവശ്യമായതെല്ലാം അല്ലാഹുവിൻെറ പാശം തന്നെ എന്ന് പറയാവുന്നതാണ്. ചിലർ അവയിൽ ചിലത് പറഞ്ഞുവെന്ന്മാത്രം.

ആദ്യത്തെ രണ്ട് ഉപദേശങ്ങളിൽ പ്രസ്താവിക്കപ്പെടാത്ത ഒരു ഉപാധിയോടുകൂടിയാണ് ഈ ഉപദേശം അല്ലാഹു നൽകിയിരിക്കുന്നത്. 'നിങ്ങളെല്ലാവരും (جميعا)' എന്നത്രെ അത്. അല്ലാഹുവിൻെറ പാശം മുറുകെ പിടിക്കുന്നതിൽ ഓരോ വ്യക്തിയും തൻെറ കാര്യം മാത്രം ഗൗനിച്ചാൽ പോരാ, എല്ലാവരും പരസ്പരം സഹായിച്ചും, സഹകരിച്ചും, ഉപദേശിച്ചും കൊണ്ടിരിക്കണമെന്നാണത് ധ്വനിപ്പിക്കുന്നത്. ഈ ആശയം ഒന്നുകൂടി വ്യക്തമാക്കികൊണ്ട് 'നിങ്ങൾ ഭിന്നിച്ചുപോകരുത് (ولا تفرقوا)' എന്നുകൂടി പറഞ്ഞിരിക്കുന്നു. അഭിപ്രായ ഭിന്നപ്പുകളും, ആഭ്യന്തരവഴക്കുകളും മുസ്‌ലിം സമുദായത്തൽ ഇതഃപര്യന്തം ഉണ്ടാക്കിത്തീർത്തിട്ടുള്ള ആപത്തുകൾ ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. അല്ലാഹു സത്യവിശ്വാസികളെ നേരത്തെത്തന്നെ താക്കീത് ചെയ്തിട്ടുണ്ട്. .... واطيعو الله ورسوله ولا تنازعوا فتفشلوا നിങ്ങൾ (അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുവിൻ. പരസ്പരം വഴക്കടിക്കുകയും ചെയ്യരുത്. എന്നാൽ നിങ്ങൾക്ക് ധൈര്യക്ഷയം ബാധിക്കുകയും, നിങ്ങളുടെ വാസന (വീര്യം) നശിച്ചുപോവുകയും ചെയ്യും. (അൻഫാൽ, 46.) ഈ വിഷയകമായ പല ആയത്തുകളും ഹദീസുകളും ഉദ്ധരിക്കുവാനുണ്ട്. അല്ലാഹിവിൻെറ

ഈ മുന്നറിയിപ്പ് ചെവിക്കൊള്ളാത്തതിൻെറ തിക്തഫലം മുസ്ലിം സമുദായം പൂർവ്വോപരി അനുഭവിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്നുള്ളത്. അല്ലാഹു നമ്മെ രക്ഷിക്കട്ടെ ആമീൻ.

(4) അല്ലാഹു ചെയ്തുതന്ന അനുഗ്രഹം ഓർമ്മിച്ചുകൊണ്ടിരിക്കണം. ലഭിച്ചു കഴിഞ്ഞ അനുഗ്രഹങ്ങളെ ഓർമ്മിക്കുന്നത് അല്ലാഹുവിനോട് നന്ദി കാണിക്കലും, നന്ദികേട് പ്രവർത്തിക്കുവാനുള്ള പ്രേരണയും, കൂടുതൽ അനുഗ്രഹം സിദ്ധിക്കുവാനുള്ള കാരണവുമായിരിക്കുന്നതാണ്. അല്ലാഹുവിൻെറ അനുഗ്രഹം എണ്ണിയാൽ ഒടുങ്ങാത്ത വിധം കണക്കറ്റതാണെങ്കിലും ഖുർആൻ ഒന്നാമതായി അഭിമുഖീകരിക്കുന്ന അന്നത്തെ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒട്ടും വിസ്മരിക്കുവാൻ നിവൃത്തിയില്ലാത്തതും, ഭാവിയിലെ സത്യവിശ്വാസികൾക്ക് സ്ഥിരമായ ഒരു ചരിത്ര പാഠമായിരിക്കുവാൻ പോറ്റുന്നതുമായ ഒരു അനുഗ്രഹത്തെയാണ് അല്ലാഹു ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നത്. ഇസ്ലാമിൻെറ ആവിർഭാവകാലത്ത് അറബി ഗോത്രങ്ങത്രയും അന്യോന്യം കലഹിച്ചും രക്തം ചിന്തിയും പരസ്പരം ശത്രുക്കളായികഴിയുകയായിരുന്നു. മദീനാ നിവാസികളായിരുന്ന ഔസു ഗോത്രവും, ഖസ്റജ് ഗോത്രവും തമ്മിൽ വിശേഷിച്ചും. നൂറിൽപരം കൊല്ലങ്ങളായി കടുകടുത്ത യുദ്ധങ്ങളും കലഹങ്ങളും അവർക്കിടയിൽ നിരന്തരം തുടരുകയായിരുന്നു. ഇസ്ലാം അവരെയെല്ലാം ഏകോദര സഹോദരങ്ങളാക്കി മാറ്റി. മക്കായിൽ നിന്ന് മുഹാജിറുകളും അവരും തമ്മിലാകട്ട ലോകചരിത്രത്തിൽ എവിടെയും ഇണകാണാത്ത വിധത്തിലുള്ള ഒരു കൂട്ടുജീവിതമാണ് ഉണ്ടായിത്തീർന്നത്. ഇതിപ്പെറ്റിയാണ് ''നിങ്ങൾ ശത്രുക്കളായിരുന്നിട്ട് നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ അല്ലാഹു ഇണക്കുകയും, അങ്ങനെ. നിങ്ങൾ സഹോദരങ്ങളാകുകയും ചെയ്തു'' എന്ന് പറഞ്ഞത്. മാത്രമല്ല, വിഗ്രഹാരാധാവരെയുള്ള എല്ലാ അനാചാര ദുരാചാരങ്ങളിലും, തോന്നിയവാസങ്ങളിലും മുഴുകി നരകാഗ്നിയിൽവീണ് നശിക്കുവാൻ പോകുകയുമായിരുന്നു അവയെല്ലാം. നരകത്തിൻെറ വക്കിലോളം അവർ എത്തിക്കഴിഞ്ഞിട്ടുണ്ട. മരണം ഏതു നിമിഷത്തിൽ സംഭവിക്കുന്നുവോ അതേ നിമിഷത്തിൽ അവർ നരകക്കുണ്ടിലേക്ക് മറിഞ്ഞു വീഴുകയായി. ഈതായിരുന്നു അവസ്ഥ. അല്ലാഹു ഇസ്ലുമാകുന്ന അനുഗ്രഹം നൽകി അവരെ അതിൽനിന്ന് രക്ഷപ്പെടുത്തുകയും, സ്വർഗ്ഗത്തിൻെറ രാജപാതയിലേക്ക് തിരിച്ചുവിടുകയും ചെയ്തു.

പ്രസ്തുത ഉപദേശങ്ങൾ നൽകിക്കഴിഞ്ഞശേഷം, ലക്ഷ്യദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊണ്ട് ഇങ്ങിനെയുള്ള ഉപദേശങ്ങൾ ഖുർആൻ വഴി നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത് നിങ്ങൾ സൻമാർഗ്ഗനിരതരായിരിക്കുവാൻ വേണ്ടിയാണെന്നും, അതിനുവേണ്ടുന്ന ലക്ഷ്യദൃഷ്ടാന്തങ്ങൾ ലോഭം കൂടാതെ അല്ലാഹു നിങ്ങൾക്ക് വിവരിച്ചുതരുന്നതാണെന്നും, അതുകൊണ്ട് ആരും നേർവഴി തെറ്റിപ്പോകാതെ സൂക്ഷിക്കണമെന്നും അവസാനം ഉണർത്തുന്നു (كذلك يبين الله.....) വീണ്ടും അല്ലാഹു തുടരുന്നു:-

104 (സത്യവിശ്വാസികളേ) നിങ്ങളിൽ നിന്നും ഉണ്ടായിരിക്കയും ചെയ്യട്ടെ, നന്മയിലേക്കു ക്ഷണിക്കുകയും, സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുന്ന ഒരു സമുദായം. (അങ്ങിനെയുള്ള) അക്കൂട്ടർ തന്നെയാണ് വിജയികളും.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٤﴾

105 നിങ്ങൾ യാതൊരു കൂട്ടരെപ്പോലെ ആയിരിക്കുകയും അരുത്: (വ്യക്തമായ) തെളിവുകൾ അവർക്ക് വന്നതിനു ശേഷം അവർ (പരസ്പരം) ഭിന്നിക്കുകയും, അഭിപ്രായ

وَلَا تَكُونُوا۟ كَٱلَّذِينَ تَفَرَّقُوا۟ وَٱخْتَلَفُوا۟ مِنۢ بَعْدِ مَا جَآءَهُمُ ٱلْبَيِّنَـٰتُ ۚ وَأُو۟لَـٰٓئِكَ لَهُمْ عَذَابٌ عَظِيمٌ ﴿١٠٥﴾

വ്യത്യാസത്തിലാകുകയും ചെയ്തു. അക്കൂട്ടരാകട്ടെ, അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും;-

106 (അതെ) ചില മുഖങ്ങൾ വെളുക്കുകയും, ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ദിവസം! എന്നാൽ, യാതൊരു കൂട്ടരുടെ മുഖങ്ങൾ കറുത്തുവോ അവർ,- (അവരോടു പറയപ്പെടും:) ''നിങ്ങളുടെ സത്യവിശ്വാസത്തിനു ശേഷം നിങ്ങൾ അവിശ്വസിച്ചുവോ?!- എന്നാൽ നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചു കൊള്ളുവിൻ.''

يَوۡمَ تَبۡيَضُّ وُجُوهٞ وَتَسۡوَدُّ وُجُوهٞۚ فَأَمَّا ٱلَّذِينَ
ٱسۡوَدَّتۡ وُجُوهُهُمۡ أَكَفَرۡتُم بَعۡدَ إِيمَٰنِكُمۡ فَذُوقُواْ
ٱلۡعَذَابَ بِمَا كُنتُمۡ تَكۡفُرُونَ ١٠٦

107 എന്നാൽ, യാതൊരു കൂട്ടരുടെ മുഖങ്ങൾ വെളുത്തുവോ അവർ, അല്ലാഹുവിന്റെ കാരുണ്യത്തിലുമായിരിക്കും. അവരതിൽ ശാശ്വതൻമാരായിരിക്കുന്നതാണ്.

وَأَمَّا ٱلَّذِينَ ٱبۡيَضَّتۡ وُجُوهُهُمۡ فَفِي رَحۡمَةِ ٱللَّهِۖ هُمۡ
فِيهَا خَٰلِدُونَ ١٠٧

108 അവ [മേൽ പറഞ്ഞതൊക്കെ] അല്ലാഹുവിന്റെ ആയത്തു [ലക്ഷ്യം] കളാകുന്നു; യഥാർത്ഥപ്രകാരം നാം അവ നിനക്ക് ഓതിത്തരുകയാണ് അല്ലാഹു, ലോകരോട് യാതൊരു അനീതിയും (ചെയ്‌വാൻ) ഉദ്ദേശിക്കുന്നില്ല.

تِلۡكَ ءَايَٰتُ ٱللَّهِ نَتۡلُوهَا عَلَيۡكَ بِٱلۡحَقِّۗ وَمَا ٱللَّهُ
يُرِيدُ ظُلۡمٗا لِّلۡعَٰلَمِينَ ١٠٨

109 അല്ലാഹുവിനുള്ളതത്രെ, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം). അല്ലാഹുവിങ്കലേക്കു തന്നെ കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۚ وَإِلَى ٱللَّهِ
تُرۡجَعُ ٱلۡأُمُورُ ١٠٩

---

104 **وَلْتَكُنْ** ഉണ്ടായിരിക്കയും ചെയ്യട്ടെ. **مِنكُمْ** നിങ്ങളിൽനിന്ന്, നിങ്ങളിലൂടെ. **أُمَّةٌ** ഒരു സമുദായം, സമൂഹം. **يَدْعُونَ** അവർ ക്ഷണിക്കും, വിളിക്കും. **إِلَى الْخَيْرِ** നന്മയിലേക്ക്, നല്ലതിലേക്ക്. **وَيَأْمُرُونَ** അവർ കൽപിക്കുക (ഉപദേശിക്കുക)യും ചെയ്യും. **بِالْمَعْرُوفِ** സദാചാരത്തിന്, സൽകാര്യം കൊണ്ട്. **وَيَنْهَوْنَ** വിരോധിക്കുകയും ചെയ്യും. **عَنِ الْمُنكَرِ** ദുരാചാരത്തെ (ദുഷ്കാര്യത്തെ)പ്പറ്റി. **وَأُولَٰئِكَ هُمُ** അക്കൂട്ടർ തന്നെയാണ്. **الْمُفْلِحُونَ** വിജയികൾ. 105 **وَلَا تَكُونُوا** നിങ്ങളായിരിക്കയും അരുത്. **كَالَّذِينَ** യാതൊരു കൂട്ടരെപ്പോലെ. **تَفَرَّقُوا** അവർ ഭിന്നിച്ചു, ഛിദ്രിച്ചു. **وَاخْتَلَفُوا** (അഭിപ്രായ) വ്യത്യാസത്തിലാകുകയും ചെയ്തു. **مِن بَعْدِ** ശേഷമായി. **مَا جَاءَهُمُ** അവർക്ക് വന്നതിന്. **الْبَيِّنَاتُ** തെളിവുകൾ. **وَأُولَٰئِكَ** അക്കൂട്ടരാകട്ടെ, . **لَهُمْ** അവർക്കുണ്ട്, അവർക്കാണ്. **عَذَابٌ عَظِيمٌ** വമ്പിച്ച ശിക്ഷ. 106 **يَوْمَ تَبْيَضُّ** വെളുക്കുന്ന ദിവസം. **وُجُوهٌ** ചില മുഖങ്ങൾ. **وَتَسْوَدُّ** കറക്കുകയും ചെയ്യും. **وُجُوهٌ** ചില മുഖങ്ങൾ. **فَأَمَّا الَّذِينَ** എന്നാൽ (അപ്പോൾ) യാതൊരുകൂട്ടർ. **اسْوَدَّتْ** കറുത്ത്. **وُجُوهُهُمْ** അവരുടെ മുഖങ്ങൾ. **أَكَفَرْتُم** നിങ്ങൾ അവിശ്വസിച്ചുവോ. **بَعْدَ إِيمَانِكُمْ** നിങ്ങളുടെ വിശ്വാസത്തിന്റെ ശേഷം. **فَذُوقُوا** എന്നാൽ (അതിനാൽ-ഇനി) നിങ്ങൾ ആസ്വദിക്കുവിൻ. **الْعَذَابَ** ശിക്ഷ. **بِمَا كُنتُمْ** നിങ്ങളായിരുന്നതുകൊണ്ട്. **تَكْفُرُونَ** അവിശ്വസിക്കും. 107 **وَأَمَّا الَّذِينَ** അപ്പോൾ (എന്നാൽ) യാതൊരു കൂട്ടർ. **ابْيَضَّتْ** വെളുത്ത്. **وُجُوهُهُمْ** അവരുടെ മുഖങ്ങൾ. **فَفِي رَحْمَةِ** കാരുണ്യ(അനുഗ്രഹ)ത്തിലായിരിക്കും. **اللَّهِ** അല്ലാഹുവിന്റെ. **هُمْ فِيهَا** അവർ അതിൽ. **خَالِدُونَ** ശാശ്വതൻമാരായിരിക്കും. 108 **تِلْكَ** അവ, ഇവ. **آيَاتُ اللَّهِ** അല്ലാഹുവിന്റെ ആയത്തുകളാണ്. **نَتْلُوهَا** അവ നാം ഓതിത്തരുന്നു. **عَلَيْكَ** നിനക്ക്. **بِالْحَقِّ** യഥാർത്ഥ (മുറ)പ്രകാരം. **وَمَا اللَّهُ يُرِيدُ** അല്ലാഹു ഉദ്ദേശിക്കുന്നില്ല. **ظُلْمًا** ഒരനീതിയും, അക്രമത്തെ. **لِّلْعَالَمِينَ** ലോകർക്ക്, ലോകരോട്. 109 **وَلِلَّهِ** അല്ലാഹുവിനാണ്,

അല്ലാഹുവിൻെറതാണ്. **ما في السماوات** ആകാശങ്ങളിലുള്ളത് (എല്ലാം). **وما في الأرض** ഭൂമിയിലുള്ളതും. **وإلى الله** അല്ലാഹുവിങ്കലേക്ക് (തന്നെ). **ترجع** മടക്കപ്പെടും, മടക്കപ്പെടുന്നു. **الأمور** കാര്യങ്ങൾ.

معروف (മഅ്റൂഫ്) എന്നാൽ, 'അറിയപ്പെട്ടത്, പരിചയപ്പെട്ടത്' എന്നിങ്ങിനെയും, **منكر** (മുൻകുർ) എന്നാൽ 'വെറുക്കപ്പെട്ടത്, അപരിചിതം' എന്നിങ്ങിനെയും അർത്ഥമാകുന്നു. ഇമാം റാഗിബ് (ﷺ) പ്രസ്താവിച്ചതുപോലെ ബുദ്ധി മുഖേനയോ, മതം മുഖേനയോ നല്ല കാര്യമായി അറിയപ്പെടുന്നതെല്ലാം 'മഅ്റൂഫും,'രണ്ടിലൊന്നു മുഖേന വെറുക്കപ്പെടുന്ന കാര്യമെല്ലാം 'മുൻകറും' ആകുന്നു 110-ാം വചനത്തിൻെറ വ്യഖ്യാനത്തിൽ ഈ വാക്കുകളെപ്പറ്റി ഇബ്നുജരീർ (ﷺ) പ്രസ്താവിച്ചതിൻെറ സാരം ഇപ്രകാരമാകുന്നു: 'മഅ്റൂഫി'ൻെറ സാക്ഷാൽ വിവക്ഷ സുപരിചിതം എന്നാണ്. ഏതൊര് കാര്യം ചെയ്യുന്നത് നല്ലതും, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ചീത്തയായി ഗണിക്കപ്പെടാത്തതുമാണോ അതെല്ലാം 'മഅ്റൂഫാ'കുന്നു. അല്ലാഹുവിന് വഴിപ്പെടുന്നതിന് 'മഅ്റൂഫു' എന്നു പറയുന്നത് അത് സത്യവിശ്വസികളുടെ അടുക്കൽ അറിയപ്പെട്ടതും വെറുക്കപ്പെടാത്തതുമാകകൊണ്ടാണ്. 'മുൻകറി'ൻെറ സാക്ഷാൽ വിവക്ഷ അല്ലാഹു വെറുത്തതും, സത്യവിശ്വാസികൾ ചീത്തയായി ഗണിക്കുന്നതുമാകുന്നു. അതുകൊണ്ടാണ് അല്ലാഹുവിനോട് അനുസരണക്കേടാകുന്ന കാര്യത്തിന് 'മുൻകർ' എന്നു പറയുന്നത്.' ചുരുക്കിപ്പറഞ്ഞാൽ, പൊതുവെ നല്ല കാര്യമായി ഗണിക്കപ്പെടുന്നതെല്ലാം **معروف** ലും പൊതുവെ ചീത്ത കാര്യമായി ഗണിക്കപ്പെടുന്നതെല്ലാം **منكر** ലും ഉൾപ്പെടുന്നു. മലയാളത്തിൽ 'സദാചാരം, ദുരാചാരം' എന്നിങ്ങിനെയും, 'സൽക്കാര്യം, ദുഷ്കാര്യം' എന്നിങ്ങിനെയും മറ്റും സന്ദർഭമനുസരിച്ച് അതിന് വിവർത്തനം നൽകാവുന്നതാണ്. ചില മുഖങ്ങൾ വെളുക്കുകയും മറ്റു ചിലത് കറുക്കുകയും ചെയ്യുന്ന ദിവസം കൊണ്ട് വിവക്ഷ ഖിയാമത്ത് നാളാകുന്നു. സജ്ജനങ്ങളുടെ മുഖം സന്തോഷാധിക്യത്താൽ അന്ന് പ്രസന്നവും പ്രകാശമയവുമായിരിക്കുകയും, ദുർജ്ജനങ്ങളുടെ മുഖം ദുഃഖഭാരവും ഭയാധിക്യവും നിമിത്തം അന്ന് മ്ളാനവും ഇരുണ്ടതുമായിരിക്കുകയും ചെയ്യുമല്ലോ.

സത്യവിശ്വാസികൾ തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങൾ മാത്രം നോക്കിയാൽ പോരാ-മറ്റുള്ളവരെ നന്നാക്കിത്തീർക്കുവാൻ ശ്രമിക്കുകകൂടി ചെയ്യുന്നത് അവരുടെ കടമയാണ്-എന്നും, അതിനായി അവർ തമ്മതമ്മിലും മറ്റുള്ളവരെയും നല്ലകാര്യങ്ങൾക്കായി ഉപദേശിക്കുകയും, ചീത്ത കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതുണ്ടെന്നും അല്ലാഹു കൽപിക്കുന്നു. മുസ്ലിമായ ഓരോ വ്യക്തിക്കും തൻെറ കഴിവനുസരിച്ചും സന്ദർഭം അനുസരിച്ചും ബാധകമാകുന്നതാണ് ഈ കൽപന. അതോടുകൂടി , മതപരമായ മറ്റ് തുറകളിലെന്നപോലെ, ഈ തുറയിലും ഇറങ്ങി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹം ഈ സമുദായത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കേണ്ടതുണ്ടെന്നും അല്ലാഹു കൽപിക്കുന്നു. നബി (ﷺ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: ''നിങ്ങളിൽ ആരെങ്കിലും ഒരു ദുരാചാരം (വെറുക്കപ്പെട്ട കാര്യം) കാണുന്നപക്ഷം, അവൻ തൻെറ കൈകൊണ്ട് അതുമാറ്റിക്കൊള്ളട്ടെ. എനി, അതവന് സാധ്യമല്ലെങ്കിൽ അവൻെറ നാവുകൊണ്ട് (പറഞ്ഞു മാറ്റിക്കൊള്ളട്ടെ). എനി, അതിനും കഴിവില്ലെങ്കിൽ അവൻെറ ഹൃദയം കൊണ്ട് (അതിനെ വെറുത്തുകൊള്ളട്ടെ). അതാവട്ടെ, സത്യവിശ്വാസത്തിൽ ഏറ്റവും ദുർബ്ബലമായതുമാകുന്നു.'' (മു.) ഒരു രിവായത്തിൽ ഇങ്ങിനെയും കൂടിയുണ്ട്: ''അതിനപ്പുറം സത്യവിശ്വാസത്തിൽ ഒരു കടുകുമണയളവ് ഇല്ലതാനും.'' ഈ വിഷയത്തിന് ഇസ്ലാം കൽപിച്ചിട്ടുള്ള ഗൗരവം എത്രത്തോളമാണെന്ന് ഈ തിരുവചനത്തിൽനിന്ന് മനസ്സിലാക്കാം. ഇത് സംബന്ധിച്ച് ധാരാളം ഖുർആൻ വാക്യങ്ങളും നബിവാക്യങ്ങളും ഉദ്ധരിക്കുകവാനുണ്ടുതാനും. ഉദാഹരണാർത്ഥം ചില ഹദീസുകൾ മാത്രം ഇവിടെ ഓർമ്മിക്കുക:-

1. നബി (ﷺ) പറഞ്ഞതായി ഇബ്നുമസ്ഊദ് (رضي الله عنه) ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം: ''ഇസ്രാഈൽ സന്തതികൾ പാപത്തിൽ മുഴുകിയപ്പോൾ അവരിലുള്ള പണ്ഡിതൻമാർ അവരെ

വിരോധിച്ചു. അവർ വിരമിച്ചില്ല. എന്നിട്ട് അവർ അവരുമായി ഇരുത്തത്തിലും (സഹവാസത്തിലും) ഭക്ഷണപാനീയങ്ങളിലും സഹകരിക്കുകയായി. അപ്പോൾ അവരുടെ ഹൃദയങ്ങളെ അല്ലാഹു തമ്മിൽ അടിപ്പിച്ചു. (ഛിദ്രിപ്പിച്ചു.) ദാവൂദ്, സുലൈമാൻ, ഈസാ (عليه السلام) എന്നീ നബിമാരുടെ നാവുകളിലൂടെ അവരെ അവൻ ശപിക്കുകയും ചെയ്തു.......''(ദാ; തി.) 2. അബൂസഈദിൽ ഖുദ്‌രീ (رضي الله عنه) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: ''ഏറ്റവും വമ്പിച്ച ജിഹാദിൽ (ധർമ്മസമരത്തിൽ) പെട്ടതാണ് അക്രമിയായ സുൽത്താൻെറ (ഭരണാധിപൻെറ) അടുക്കൽ ഒരു നീതിയുടെ വാക്ക് പറയൽ'' (ദാ; തി.) 3. ഹുദൈഫത്തുബ്നുൽയമാൻ (رضي الله عنه) ഉദ്ധരിച്ച ഒരു നബിവചനം: ''എൻെറ ആത്മാവ് യാതൊരുവൻെറ കയ്യിലാണോ അവൻ തന്നെയാണ്! നിങ്ങൾ സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും ചെയ്യുകതന്നെ വേണം. അല്ലാത്തപക്ഷം, അല്ലാഹു അവൻെറ പക്കൽനിന്നുള്ള വല്ല ശിക്ഷാനടപടിയും നിങ്ങളിൽ നിയോഗിച്ചെന്നുവരാം. പിന്നീട്, നിങ്ങളവനെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്കവൻ ഉത്തരം നൽകുകയില്ല.'' (അ; തി; ജ.) കൂടുതൽ ഹദീസുകൾ ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല. സൽക്കാര്യങ്ങളെക്കൊണ്ട് ഉപദേശിക്കുകയും, ദുഷ്കാര്യങ്ങളെപ്പറ്റി വിരോധിക്കുകയും ചെയ്യുന്ന സമുദായത്തിനേ വിജയവും പുരോഗതിയും ഉണ്ടാകുകയുള്ളുവെന്നും നമ്മെ അല്ലാഹു അറിയിക്കുന്നു. (واولئك هم المفلحون)

പ്രവാചകൻമാരും, വേദഗ്രന്ഥങ്ങളും മുഖേന വേണ്ടത്ര തെളിവുകൾ ലഭിക്കുകയും, സത്യം ശരിക്കും മനസ്സിലായി സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തശേഷം, ക്രമേണ ആ സത്യത്തെക്കുറിച്ച് ആശയക്കുഴങ്ങളും ഭിന്നാഭിപ്രായങ്ങളും ഉടലെടുക്കുകയും, പരസ്പരം കക്ഷിത്വവും ഛിദ്രവും ഉണ്ടായിത്തീരുകയും ചെയ്തവരാണ് വേദക്കാർ. അവരെപ്പോലെ നിങ്ങളും ആയിത്തീരരുതെന്നും അല്ലാഹു സത്യവിശ്വസികളെ ഉപദേശിക്കുന്നു. അവർ അല്ലാഹുവിൻെറ പാശത്തെ മുറുകെ പിടിച്ചില്ല, അന്യോന്യം യോജിപ്പിലും മമതയിലും വർത്തിച്ചില്ല. പരസ്പരം സദുപദേശം നൽകുകയും ദുർവൃത്തികളിൽനിന്ന് തടയുകയും ചെയ്തതുമില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അവർ ഈവിധം ശോചനീയാവസ്ഥയിൽ എത്തിച്ചേരുമായിരുന്നില്ല. പരലോകത്തു വെച്ചാകട്ടെ, അതികഠിനമായ ശിക്ഷയും അപമാനവും മാത്രമാണവർക്കുള്ളത്. അതുകൊണ്ട് അവരുടേതുപോലെയുള്ള അനുഭവങ്ങൾ നിങ്ങളിൽ ഉണ്ടാവാതിരിക്കുവാനും, നിങ്ങൾ ചരിക്കേണ്ടുന്ന മാർഗ്ഗം നിങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കുവാനും വേണ്ടുന്ന എല്ലാ തെളിവുകളും വിശദീകരണവും നാം നിങ്ങൾക്ക് തന്നുകഴിഞ്ഞട്ടുണ്ട്. ലോകത്ത് ആരോടും യാതൊരു അനീതിയും കാണിക്കുവാൻ അല്ലാഹുവിന് ഉദ്ദേശ്യമേയില്ല. അതുകൊണ്ടാണ് ഇത്രോയൊക്കെ ആവർത്തിച്ചും വിവരിച്ചുംതരുന്നത്. അഖിലവസ്തുക്കളും അല്ലാഹുവിൻെറ സൃഷ്ടിയും ഉടമയുമത്രെ. എല്ലാം പര്യവസാനിക്കുന്നതും അവങ്കലേക്കുതന്നെ. അപ്പോൾ , അവൻ നിർദേശിക്കുന്ന മാർഗ്ഗത്തിലൂടെ മാത്രം ചരിക്കുവാനും, അവൻെറ അനിഷ്ടത്തിനും വെറുപ്പിനും കാരണമായിത്തീരുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാതിരിക്കുവാനും അവൻെറ സൃഷ്ടികളെല്ലാം ബാധ്യസ്ഥരാണല്ലോ. എന്നൊക്കെയാണ് -105-109 വചനങ്ങളിൽ അടങ്ങിയ ആശയത്തിൻെറ ചുരുക്കം. الله اعلم

അല്ലാഹുവിൻെറ ശക്തിയായ ആ താക്കീത് വേണ്ടത്പോലെ ഓർമ്മിച്ചുവന്ന കാലത്തോളം മുസ്ലിം സമുദായം വിജയത്തിലും നൻമയിലും തന്നെയായിരുന്നു. എന്നുമുതൽ, ആ താക്കീതിൻെറ ഗൗരവത്തിന് സമുദായത്തിൻെറ മനസ്സിൽ ഉലവുവന്നുവോ അന്നു മുതൽ-ആ ഉലവിൻെറ തോതനുസരിച്ച്-അതിൻെറ അനന്തരഫലവും അവരിൽ പ്രത്യക്ഷമായിക്കൊണ്ടിരുന്നു. ഇന്നാകട്ടെ, അതു അതിൻെറ അങ്ങേ അറ്റത്തെത്തുകയും, അല്ലാഹുവിൻെറ റസൂൽ ചെയ്ത പ്രവചനം അക്ഷരംപ്രതി അവരിൽ പുലരുകയും ചെയ്തിരിക്കുകയാണ്. അല്ലാഹു സമുദായത്തെ രക്ഷിക്കട്ടെ. ആമീൻ. നബി (ﷺ) തിരുമേനി അരുളിച്ചെയ്തതായി മുആവിയ (رضي الله عنه) ഇപ്രകാരം ജനങ്ങളെ അറിയിക്കുകയുണ്ടായി: ''വേദക്കാർ അവരുടെ മതത്തിൽ എഴുപത്തിരണ്ട് കക്ഷിളായി പിരിഞ്ഞു. ഈ സമുദായം വഴിയെ എഴുപത്തിമൂന്നു മാർഗ്ഗക്കാരായി-അഥവാ തൽപര കക്ഷികളായി-പിരിഞ്ഞേക്കും. ഒന്നൊഴിച്ച് ബാക്കിയെല്ലാം നരകത്തിലായിരിക്കും. അതത്രെ 'ജമ

ാഅത്ത്’. (യഥാർത്ഥ മുസ്‌ലിം സംഘം.) എന്റെ സമുദായത്തിൽ വഴിയെ ചില ജനങ്ങൾ വെളിക്കു വരും. പേയ് പിടിപെട്ട ആളിൽ പേയ് പടർന്നു വ്യാപിക്കുന്നതുപോലെ, തന്നിഷ്ടങ്ങൾ അവരിൽ പടർന്നു വ്യാപിക്കും. അവന്റെ ഒരു ഞരമ്പോ, സന്ധിയോ അത് പ്രവേശിക്കാതെ ബാക്കിയായിരിക്കയില്ലല്ലോ.’’ ഇമാം അഹമദ് (ﷺ) നിവേദനംചെയ്ത ഈ ഹദീസ് പല മാർഗ്ഗങ്ങളിൽകൂടിയും വന്നിട്ടുള്ള ഒരു പ്രസിദ്ധ ഹദീസത്രെ.

വിഭാഗം-12

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ عَنِ ٱلْمُنكَرِ وَتُؤْمِنُونَ بِٱللَّهِ ۗ وَلَوْ ءَامَنَ أَهْلُ ٱلْكِتَـٰبِ لَكَانَ خَيْرًا لَّهُم ۚ مِّنْهُمُ ٱلْمُؤْمِنُونَ وَأَكْثَرُهُمُ ٱلْفَـٰسِقُونَ ﴿١١٠﴾

110 നിങ്ങൾ, മനുഷ്യർക്ക്‌വേണ്ടി പുറപ്പെടുവിക്കപ്പെട്ട ഏറ്റം ഉത്തമ സമുദായമാകുന്നു. നിങ്ങൾ സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെ കുറിച്ചു വിരോധിക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നെങ്കിൽ അവർക്കത് ഏറ്റം ഉത്തമമായിരുന്നു. അവരിൽ (ചിലർ) സത്യവിശ്വാസികളുണ്ട്; അവരിൽ അധികവും തോന്നിയവാസികളത്രെ.

لَن يَضُرُّوكُمْ إِلَّآ أَذًى ۖ وَإِن يُقَـٰتِلُوكُمْ يُوَلُّوكُمُ ٱلْأَدْبَارَ ثُمَّ لَا يُنصَرُونَ ﴿١١١﴾

111 അവർ വല്ല ശല്യവും (ഉണ്ടാക്കുക) അല്ലാതെ നിങ്ങൾക്ക് ഉപദ്രവം (ഒന്നും) ചെയ്യുകയില്ലതന്നെ. അവർ നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിലോ, അവർ നിങ്ങളോട് പിൻ തിരിഞ്ഞു പോകുന്നതുമാണ്. പിന്നെ, അവർക്ക് സഹായം ലഭിക്കുകയുമില്ല.

ضُرِبَتْ عَلَيْهِمُ ٱلذِّلَّةُ أَيْنَ مَا ثُقِفُوٓا۟ إِلَّا بِحَبْلٍ مِّنَ ٱللَّهِ وَحَبْلٍ مِّنَ ٱلنَّاسِ وَبَآءُو بِغَضَبٍ مِّنَ ٱللَّهِ وَضُرِبَتْ عَلَيْهِمُ ٱلْمَسْكَنَةُ ۚ ذَٰلِكَ بِأَنَّهُمْ كَانُوا۟ يَكْفُرُونَ بِـَٔايَـٰتِ ٱللَّهِ وَيَقْتُلُونَ ٱلْأَنۢبِيَآءَ بِغَيْرِ حَقٍّ ۚ ذَٰلِكَ بِمَا عَصَوا۟ وَّكَانُوا۟ يَعْتَدُونَ ﴿١١٢﴾

112 അവർ എവിടെത്തന്നെ കാണപ്പെട്ടാലും (ശരി) അവരുടെ മേൽ നിന്ദ്യത അടിക്കപ്പെട്ടിരിക്കുന്നു; അല്ലാഹുവിങ്കൽ നിന്നുള്ള വല്ല കയറും ജനങ്ങളിൽ നിന്നുള്ള വല്ല കയറും സഹിതമല്ലാതെ (അവർക്കതിൽ നിന്നു രക്ഷയില്ല.) അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ട് അവർ മടങ്ങുകയും ചെയ്തിരിക്കുന്നു. [അതാണവർക്ക് ലഭിച്ച നേട്ടം.] നിർഗ്ഗതിയും (അഥവാ പതിതത്വവും) അവരുടെ മേൽ അടിക്കപ്പെട്ടിരിക്കുന്നു. അത്, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ അവർ അവിശ്വസിക്കുകയും, ഒരു ന്യായവും കൂടാതെ പ്രവാചകൻമാരെ അവർ കൊലപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നതു നിമിത്തമാകുന്നു. (അതെ) അത് അവർ അനുസരണക്കേട് ചെയ്തതും, അവർ അതിക്രമം പ്രവർത്തിച്ചിരുന്നതും നിമിത്തമത്രെ.

---

110 **كُنتم** നിങ്ങളാകുന്നു. **خير أمة** ഏറ്റം ഉത്തമ സമുദായം, സമുദായത്തിൽ ഉത്തമമായത്. **أخرجت** പുറപ്പെടുവിക്കപ്പെട്ടു. **للناس** മനുഷ്യർക്ക് വേണ്ടി, മനുഷ്യരിലേക്ക്. **تأمرون** നിങ്ങൾ കല്പിക്കുന്നു. **بالمعروف** സദാചാരം കൊണ്ട്. **وتنهون** നിങ്ങൾ വിരോധിക്കുകയും ചെയ്യുന്നു. **عن المنكر**

ദുരാചാരത്തെപ്പറ്റി. وَتُؤْمِنُونَ നിങ്ങള്‍ വിശ്വസിക്കുകയും ചെയ്യുന്നു. بِاللَّهِ അല്ലാഹുവില്‍. وَلَوْ آمَنَ വിശ്വസിച്ചിരുന്നുവെങ്കില്‍. أَهْلُ الْكِتَابِ വേദക്കാര്‍. لَكَانَ അതാകുമായിരുന്നു. خَيْرًا ഉത്തമം, ഏറ്റം നല്ലത്. لَهُمْ അവര്‍ക്ക്. مِنْهُمُ അവരിലുണ്ട്. الْمُؤْمِنُونَ സത്യവിശ്വാസികള്‍. وَأَكْثَرُهُمُ അവരില്‍ അധികവും. الْفَاسِقُونَ തോന്നിയവാസി(ധിക്കാരി-തെമ്മാടി)കളത്രെ. 111 لَنْ يَضُرُّوكُمْ അവര്‍ നിങ്ങള്‍ക്ക് ഉപദ്രവം വരുത്തുകയേയില്ല. إِلَّا أَذًى ശല്യം (സ്വൈരക്കേട്-ലഘുവായ ദ്രോഹം) അല്ലാതെ. وَإِنْ يُقَاتِلُوكُمْ അവര്‍ നിങ്ങളോട് യുദ്ധം ചെയ്യുന്നുവെങ്കിലോ. يُوَلُّوكُمُ അവര്‍ നിങ്ങള്‍ക്ക് തിരിക്കും. الْأَدْبَارَ പിന്‍പുറങ്ങളെ. ثُمَّ പിന്നെ. لَا يُنْصَرُونَ അവര്‍ സഹായിക്കപ്പെടുകയില്ല. 112 ضُرِبَتْ അടിക്കപ്പെട്ടിരിക്കുന്നു (ആക്കിവെക്കപ്പെട്ടിരിക്കുന്നു). عَلَيْهِمُ അവരുടെമേല്‍, അവരില്‍. الذِّلَّةُ നിന്ദ്യത, എളിമത്വം. أَيْنَ مَا ثُقِفُوا എവിടെത്തന്നെ അവര്‍ കാണപ്പെട്ടാലും, (എവിടെ വെച്ചു കണ്ടാലും). إِلَّا بِحَبْلٍ വല്ല കയറും കൊണ്ടല്ലാതെ, വല്ല ബന്ധവും നിമിത്തമല്ലാതെ. مِنَ اللَّهِ അല്ലാഹുവിങ്കല്‍ നിന്ന്. وَحَبْلٍ കയറും (ബന്ധവും). مِنَ النَّاسِ മനുഷ്യരില്‍നിന്ന്. وَبَاءُوا അവര്‍ മടങ്ങുകയും ചെയ്തു. بِغَضَبٍ കോപവുമായി. مِنَ اللَّهِ അല്ലാഹുവിങ്കല്‍ നന്ന്. وَضُرِبَتْ അടിക്ക (ആക്ക)പ്പെടുകയും ചെയ്തു. عَلَيْهِمُ അവരുടെ മേല്‍. الْمَسْكَنَةُ നിര്‍ഗ്ഗതി, പതിതത്വം. ذَٰلِكَ അത് (കാരണം). بِأَنَّهُمْ كَانُوا അവര്‍ ആയിരുന്നതുകൊണ്ടാണ്. يَكْفُرُونَ അവിശ്വസിക്കുക. بِآيَاتِ اللَّهِ അല്ലാഹുവിന്‍റെ ആയത്ത് (ദൃഷ്ടാന്തം)കളില്‍. وَيَقْتُلُونَ അവര്‍ കൊലപ്പെടുത്തി വരുകയും. الْأَنْبِيَاءَ പ്രവാചകന്‍മാരെ. بِغَيْرِ حَقٍّ ഒരു ന്യായവും (കാര്യവും-അവകാശവും) ഇല്ലാതെ. ذَٰلِكَ അത്. بِمَا عَصَوْا അവര്‍ അനുസരണക്കേട് ചെയ്തതുകൊണ്ടാണ് (നിമിത്തമാണ്). وَكَانُوا അവരായിരുന്നതും. يَعْتَدُونَ അവര്‍ അതിരുവിടുക, അതിക്രമം ചെയ്യുക.

كنتم خير امة اخرجت الناس എന്ന വാക്യത്തിന് പരിഭാഷയില്‍ കണ്ടതുപോലെ 'നിങ്ങള്‍ മനുഷ്യര്‍ക്ക് വേണ്ടി പുറപ്പെടുവിക്കപ്പെട്ട ഉത്തമ സമുദായമാകുന്നു' എന്നും, 'മനുഷ്യരിലേക്ക് വെളിപ്പെടുത്തപ്പെട്ടന്ന സമുദായങ്ങളില്‍ വെച്ച് ഉത്തമമായതാണ്' എന്നും അര്‍ത്ഥം വകരാവുന്നതാകുന്നു. ആദ്യത്തേതനുസരിച്ച് നിങ്ങള്‍ ഇതരസമുദായങ്ങള്‍ക്ക് മാതൃകയും നേതൃത്വവും നല്‍കുവാന്‍ വേണ്ടി നിയോഗിക്കപ്പെട്ട ഉത്തമ സമുദായമാണെന്നും, രണ്ടാമത്തേതനുസരിച്ച് മനുഷ്യ സമുദായങ്ങളുടെ കൂട്ടത്തില്‍ നിങ്ങളാണ് ഏറ്റവും ശ്രേഷ്ഠവും ഉത്തമവുമായ സമുദായമെന്നും സാരമാകുന്നു. രണ്ടും അവസാനം ഒരേ ആശയത്തില്‍ തന്നെയാണ് കലാശിക്കുന്നതും. സമുദായങ്ങളില്‍ വെച്ച് ഉത്തമമായതും ഇതര സമുദായങ്ങള്‍ക്ക് മാതൃകയാകേണ്ടതും മുസ്‌ലിം സമുദായംതന്നെ. പക്ഷെ, അതിന് അല്ലാഹു ചില ഉപാധികള്‍കൂടി വെച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാകുന്നു. അതായത് 'നിങ്ങള്‍ സദാചാരം കൊണ്ട് കല്‍പിക്കുകയും ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും, അല്ലാഹുവില്‍ വിശ്വസിക്കുകയും ചെയ്യുന്നു.' എന്നു വെച്ചാല്‍, ഈ സവിശേഷതകള്‍ ഉള്ളതുകൊണ്ടാണ് നിങ്ങള്‍ ഉത്തമ സമുദായമായത്, ആ ഗുണങ്ങള്‍ നിങ്ങളില്‍ നിലവിലുള്ളപ്പോഴേ നിങ്ങള്‍ ഉത്തമ സമുദായമായിരിക്കുകയുള്ളുവെന്ന് താല്‍പര്യം. ഈ വചനം ഓതിക്കൊണ്ട് ഉമര്‍ (رضي الله عنه) ഇപ്രകാരം പറഞ്ഞതായി ഖത്താദ (رضي الله عنه) ഉദ്ധരിക്കുന്നു: ''ഹേ, മനുഷ്യരെ, ഇപ്പറഞ്ഞ സമുദായത്തില്‍ ഉള്‍പ്പെടുന്നത് ആര്‍ക്കെങ്കിലും സന്തോഷമാണെങ്കില്‍, അതിന് അല്ലാഹു നിശ്ചയിനിബന്ധന അവന്‍ പൂര്‍ത്തിയാക്കിക്കൊള്ളട്ടെ.'' (ഇബ്നുജരീര്‍.)

'നിങ്ങളാണ് ഏറ്റവും ഉത്തമ സമുദായം' എന്നു പറഞ്ഞത്-ഇബ്നുകഥീര്‍ (رحمه الله) മതലായ മഹാന്‍മാര്‍ പ്രസ്താവിച്ചതുപോലെ-മുസ്‌ലിം സമുദായത്തെ പൊതുവില്‍ ഉള്‍പ്പെടുത്തിക്കൊണ്ടുള്ള ഒരു വിധിയത്രെ. അഥവാ-ചിലര്‍ അഭിപ്രായപ്പെട്ടതുപോലെ നബി (ﷺ) യുടെ കാലത്തുള്ള മുസ്‌ലിംകളുടെമാത്രം ഉദ്ദേശിച്ചുകൊണ്ട് പറഞ്ഞതല്ല. മറ്റു പ്രവാചകന്‍മാര്‍ക്ക് സിദ്ധിച്ചിട്ടില്ലാത്തതും, നബി (ﷺ) ക്ക് മാത്രം സിദ്ധിച്ചതുമായ ചില പ്രത്യേകതകള്‍ എടുത്തുപറഞ്ഞകൂട്ടത്തില്‍ وجعلت امتي خير الامم (എന്‍റെ സമുദായം സമുദായങ്ങളില്‍വെച്ച് ഉത്തമമായതാക്കപ്പെടുകയും ചെയ്തിരിക്കുന്നു) എന്ന് നബി (ﷺ) പ്രസ്താവിച്ചതായി ഇമാം അഹമദു (رحمه الله) ഉദ്ധരിച്ചിട്ടുള്ളത്

പ്രസ്താവ്യമാകുന്നു. ഇതിന് ഉപോൽബലം നൽകുന്ന ഹദീസുകൾ വേറെയും ഉണ്ട്. ഇബ്നുകഥീർ (رحمه الله) അവയിൽ പലതും ഉദ്ധരിച്ചു കാണാം. എന്നാൽ നബി (ﷺ) തിരുമേനിയുടെ കാലത്തും അതിന്റെ അടുത്ത കാലങ്ങളിലുമുള്ള സത്യവിശ്വാസികൾ മേൽപറഞ്ഞതുപോലുള്ള സവിശേഷതകളിൽ മുന്നിട്ടു നിൽക്കുന്നവരായിരുന്നതുകൊണ്ട് ഉത്തമത്തത്തിന്റെ മുൻപന്തിയിൽ അവരാണുള്ളതെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ വസ്തുത ഒരു തിരുവചനത്തിൽ നബ (ﷺ) വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. خير امتي قرني الخ (എന്റെ സമുദായത്തിൽ വെച്ച് ഉത്തമം എന്റെ കാലക്കാരാണ്. പിന്നീട് അവരോട് അടുത്ത്വരുന്നവരും, പിന്നീട് അവരോട് അടുത്തുവരുന്നവരും.) എന്നു പറഞ്ഞുകൊണ്ടു തിരുമേനി ഇങ്ങനെ തുടർന്നു: ‘‘പിന്നെ അവരുടെ ശേഷം ചില ജനങ്ങളുണ്ടായിരിക്കും: അവർ സാക്ഷി പറയും, അവരോട് സാക്ഷ്യത്തിനാവശ്യപ്പെ ടുകയുമില്ല; അവർ ചതിക്കും, അവർ വിശ്വസിക്കപ്പെടുകയുമില്ല; അവർ നേർച്ചനേരും, അവർ നിറവേറ്റുകയുമില്ല. അവരിൽ (സുഖാഡംബര ജീവിതം നിമിത്തം) കൊഴുപ്പു പ്രത്യക്ഷപ്പെടുകയും ചെയ്യും.’’ (ബു; മു.) ഒരു രിവായത്തിൽ ‘‘അവർ സത്യം ചെയ്യും. അവരോട് സത്യം ചെയ്വാൻ ആവശ്യപ്പെടുകയുമില്ല’’ എന്നു കൂടിയുണ്ട്.

ولو امن اهل الكتاب...... (വേദക്കാർ വിശ്വസിച്ചിരുന്നെങ്കിൽ അതവർക്ക് കൂടുതൽ നല്ലതായിരുന്നു) എന്ന് പറഞ്ഞതിന്റെ താൽപര്യം, തങ്ങൾ നബിമാരുടെ പിൻഗാമികളും, വിശ്വാസികളുമാണെന്ന് അവർ പറയുന്നുണ്ടെങ്കിലും അവരുടെ വിശ്വാസവും നടപടികളുമെല്ലാം പിഴച്ചുപോയിരിക്കയാണ്; അതുകൊണ്ട് അവർ നബി (ﷺ) യിൽ വിശ്വസിച്ച് യഥാർത്ഥ സത്യ വിശ്വാസികളായിത്തീരുന്ന പക്ഷം അവരും ഈ ഉത്തമ സമുദായത്തിൽ ഉൾപ്പെട്ട ഭാഗ്യവാൻമാരായിത്തീരും എന്നാകുന്നു. വേദക്കാർ എന്ന വാക്ക് ഇസ്റാഈല്യരെയും അല്ലാത്തവരെയും, ഉൾപ്പെടത്തുമെങ്കിലും, താഴെ കാണുന്ന പരാമർശങ്ങൾ വെച്ചുനോക്കുമ്പോൾ, ഇവിടെ ഇസ്റാഈല്യരെ പ്രത്യേകം ഉദ്ദേശിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. ഏതായാലും, വേദക്കാരെല്ലാം വഴിപിഴച്ചവരും അവിശ്വാസികളുമായിക്കഴിഞ്ഞിട്ടില്ലെന്നും, അവരിൽ ചുരുക്കം ചിലർ സത്യവിശ്വാസികളായി നല്ലവരുണ്ടെന്നും, അധിക ഭാഗവും പിഴച്ചവർതന്നെയാണെന്നുംകൂടി അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ ചുരുക്കം ചിലരിൽ പെട്ടവരത്രെ അബ്ദുല്ലാഹിബ്നുസലാം (رضي الله عنه) പോലെയുള്ളവർ. വേദക്കാർ സത്യവിശ്വാസികളോടും ഇസ്ലാമിനോടും അസൂയയും ശത്രുതയുംവെച്ചു പുലർത്തിക്കൊണ്ടാണിരിക്കുന്നതെന്ന്വെച്ച് അവരെ ഭയപ്പെടേണ്ടതില്ലെന്നും അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. അവർ നിമിത്തം കുറേയൊക്കെ, ശല്യവും ശൈ്വരക്കേടും ഉണ്ടാവാമെന്നല്ലാതെ മുസ്ലിംകൾക്ക് ഉപദ്രവം വരുത്തുവാനുള്ള കഴിവും ധീരതയുംന്ന അവർക്കില്ലെന്നും, അവർ യുദ്ധത്തിനുവന്നാൽതന്നെ പിൻതിരിഞ്ഞോടിക്കളയുകയേ ചെയ്കയുള്ളുവെന്നും, വിജയം വരിക്കുവാൻ അവർക്ക് സാദ്ധ്യമല്ലെന്നും വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഖൈനുഖാഅ്, നളീർ, ഖുറൈള്വ (قينقاع, نضير, قريظة) എന്നീ യുദ്ധങ്ങൾ നടന്നപ്പോൾ മദീനായിലെ യഹൂദികളിലും, ഖൈബറിൽവെച്ച് അവിടുത്തെ യഹൂദികളിലും ഈ പ്രവചനത്തിന്റെ പുലർച്ച മുസ്ലിംകൾ കാണുകയും ചെയ്തു.

112-ാം വചനത്തിൽ അവർ എവിടെയായാലും അവരുടെ മേൽ നിന്ദ്യത-അഥവാ ഹീനത-അടിക്കപ്പെട്ടിരിക്കുന്നു (ضربت عليهم الذلة اينما ثقفوا) എന്നും, അവർ അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ട് മടങ്ങിയിരിക്കുന്നു (باؤابغضب من الله) എന്നും അവരുടെ മേൽ നിർഗ്ഗതി അഥവാ പതിതത്വം- അടിക്കപ്പെട്ടിരിക്കുന്നു. (ضر بت عليهم المسكنة) എന്നും, പറഞ്ഞ തിന്റെ താൽപര്യം സൂറത്തുൽ ബഖറ: 61-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. സന്ദർഭംനോക്കുമ്പോൾ യഹൂദികളും ക്രിസ്ത്യാനികളും ഉൾക്കൊള്ളുന്ന വേദ ക്കാരെക്കുറിച്ച് പൊതുവിലുള്ള പ്രസ്താവനയാണ് ഇതെന്ന് തോന്നാമെങ്കിലും അൽബഖറയിലെ വചനത്തിൽനിന്ന് യഹൂദികളെ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്താവനയാണിതെന്ന് മനസ്സിലാക്കാ വുന്നതാണ്. നിന്ദ്യതയും പതിതത്വവും ഒരിക്കലും അവരെ വേർപിരിയാത്തവിധം അവരുടെ സഹജഗുണങ്ങളായിട്ടുണ്ടെന്നും, അവരുടെ ജീവിതത്തിൽ അവർ ആകെ നേടിയെടുത്തത്

അല്ലാഹുവിൻെറ കോപമാണെന്നുമാണ് അവിടെ പറഞ്ഞതിൻെറ രത്നച്ചുരുക്കം. കൂടുതൽ വിവരം അവിടെ നോക്കുക.

നിന്ദ്യതയെക്കുറിച്ച് പറഞ്ഞപ്പോൾ അവിടെ പ്രസ്താവിച്ചിട്ടില്ലാത്ത ഒരു വസ്തുത ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു: ''അല്ലാഹുവിൽനിന്നുള്ള വല്ല കയറും മനുഷ്യരിൽനിന്നുള്ള വല്ല കയറും സഹിതമല്ലാതെ (إلا بحبل من الله وحبل من الناس)' എന്നത്രെ അത്. അതായത്, അല്ലാഹുവിൽനിന്നും മനുഷ്യരിൽനിന്നുമുള്ള എന്തെങ്കിലും ഒരു പിടുത്തം കിട്ടിയെങ്കിലല്ലാതെ നിന്ദ്യതയിൽനിന്ന് അവർക്ക് ഒരിക്കലും രക്ഷപ്പെടുവാൻ സാധ്യമല്ല എന്നാണ് മൊത്തത്തിൽ ഇതിൻെറ താൽപര്യം. സത്യവിശ്വാസം സ്വീകരിക്കുക, മുസ്‌ലിംകളുമായി സഖ്യത്തിലോ സന്ധിയിലോ ഏർപ്പെടുക, ഇതര സമുദായങ്ങളുടെയോ, മുസ്‌ലിംകളുടെ ശത്രുക്കളുടെയോ സഖ്യം ലഭിക്കുക മുതലായവയെല്ലാം ഈ പിടികയറിന് ഉദാഹരണങ്ങളാകാവുന്നതാണ്.

അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് ഇസ്‌റാഈല്യർ ഇത്രയും പാത്രമാകുവാനുള്ള കാരണങ്ങളായി സൂറത്തുൽ ബഖറയിലെ ആ വചനത്തിൽ പ്രസ്താവിച്ച അതേ കാരണങ്ങൾ തന്നെയാണ് അല്ലാഹു ഇവിടെയും പ്രസ്താവിച്ചിരിക്കുന്നത്. അതായത്, അവർ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാതെ അവയെ നിഷേധിച്ചുകൊണ്ടിരുന്നതും, യാതൊരു ന്യായവുമില്ലാതെ അല്ലാഹുവിൻെറ പ്രവാചകൻമാരെ കൊലപ്പെടുത്തിക്കൊണ്ടിരുന്നതും, ഇതിന് അവരെ പ്രേരിപ്പിച്ചതാകട്ടെ, അനുസരണക്കേടും, അതിക്രമവും, ഇതിനെപ്പറ്റിയെല്ലാം ആവശ്യമായ വിശദീകരണം സൂറത്തുൽ ബഖറയിൽ കഴിഞ്ഞുപോയിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കേണ്ടതില്ല.

ഇസ്‌റാഈല്യരുടെ ചരിത്രം പരിശോധിച്ചാൽ, അവർ എന്നുതൊട്ട് അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് ഇരയായിത്തീർന്നുവോ അന്നുമുതൽ അവരിൽ നിന്ദ്യതയും പതിതത്വവും കുടിയേറുകയും ചെയ്തിട്ടുള്ളതായി വ്യക്തമാകും. ഇസ്‌ലാമിൻെറ ആവിർഭാവത്തിന് മുമ്പും, അതിനുശേഷം ഇന്നോളവും അവരിൽ പ്രകടമായി കാണാവുന്നതാണത്. ഇസ്‌ലാമിന് മുമ്പ് ഇറാഖിലെയും, റോമായിലെയും സാമ്രാജ്യ ശക്തികൾക്കടിമപ്പെട്ടും, അവരുടെ മർദ്ദനമേറ്റും, അവർക്ക് കപ്പംകൊടുത്തും ദീർഘകാലം കഴിയേണ്ടിവന്നു. ഇസ്‌ലാമികഭരണം നിലവിൽ വന്നപ്പോൾ അതിൻെറ കീഴിൽ കപ്പം കൊടുത്തും, സമാധാന ഉടമ്പടികൾ ചെയ്തും ജീവിക്കേണ്ടിവന്നു. മുസ്‌ലിംഭരണം ചിന്നിച്ചിതറിയ ശേഷവും-പലേടങ്ങളിലും പല രാഷ്ട്രങ്ങളിലുമായി-ഹീനരും, പതിതരുമായിട്ടേ അവർക്ക് ജീവിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ചുരുക്കിപ്പറഞ്ഞാൽ, മറ്റൊരു കൂട്ടരുടെ ഔദാര്യമോ, സഹായമോ കൂടാതെ, സ്വന്തം നിലക്ക് മാന്യവും സ്വതന്ത്രവുമായ ഒരു സമുദായമായി നിലകൊള്ളുവാനോ, സ്വന്തമായ ഭരണാധികാരം സ്ഥാപിക്കുവാനോ അവർക്ക് കഴിഞ്ഞിട്ടില്ല. മുപ്പതിൽപരം കൊല്ലങ്ങൾക്ക് മുമ്പ് ഇസ്രാഈൽ രാഷ്ട്രം എന്നപേരിൽ ഫലസ്തീനിൽ ഒരു രാഷ്ട്രം യഹൂദികൾ സ്ഥാപിച്ചിട്ടുള്ളത് ശരിയാണ്. (*) പക്ഷേ, അതിൻെറ ഉത്ഭവവും, നിലനിൽപുമെല്ലാം തന്നെ അമേരിക്ക മുതലായ വൻകോയ്മകളുടെ കൈക്കാ

---

* കഴിഞ്ഞ രണ്ടാംലോക മഹായുദ്ധം അവസാനിച്ച ശേഷം ക്രിസ്താബ്ദം 1947ൽ ഐക്യരാഷ്ട്രസഭ ഫലസ്തീൻ നാടിനെ അറബികൾക്കും യഹൂദികൾക്കുമായി രണ്ടാക്കി വിഭജിച്ചു. 1948 മെയ് മാസത്തിൽ യഹൂദികളുടെ ഭാഗത്തിൽ ഇസ്‌റഈൽ രാഷ്ട്രം സ്ഥാപിതവുമായി. ലോകത്തിൽ അവിടവിടെയായി ചിന്നിച്ചിതറിയും. പലേടങ്ങളിലും-വിശേഷിച്ചു നാസികളുടെ കീഴിൽ-മർദ്ദിതരായും കഴിഞ്ഞു കൂടിയിരുന്ന യഹൂദികളെ ഒന്നിച്ചു കുടിയിരുത്തിക്കൊണ്ടായിരുന്നു അത്. സിയോണിസ്റ്റു പ്രസ്ഥാനം യൂറോപ്യൻ നാടുകളിൽ വരുത്തിയ സ്വാധീനവും, നാസികൾക്കെതിരെ രണ്ടാംലോക മഹായുദ്ധത്തിൽ പങ്കെടുത്ത അമേരിക്ക, ഇംഗ്ലണ്ടു മുതലായ വൻ ശക്തികളടങ്ങിയ സഖ്യകക്ഷികളുടെ സ്ഥാപിത താൽപര്യങ്ങളുമാണ് ഇതിന് കളമൊരുക്കിയത്. അതിൻെറ ജനയിതാക്കളായ വൻകോയ്മകൾ തന്നെ അതിനെ പാലൂട്ടി വളർത്തിക്കൊണ്ടിരുന്നു. ഇന്നും അവരുടെ സഹായവും അനുഭാവവും തന്നെയാണ് ഇസ്‌റാഈലിനെ നിലനിറുത്തുന്നത്. അറബിരാഷ്ട്രങ്ങളുമായി അനേകം സംഘട്ടനങ്ങൾ നടന്നു. ഇപ്പോഴും നടക്കുന്നു. കൂട്ടത്തിൽ ക്രി. 1987ലും 1973ലും നടന്ന യുദ്ധങ്ങൾ പ്രധാനങ്ങളാകുന്നു.

ണുള്ളതെന്ന പരമാര്‍ത്ഥം പരക്കെ അറിയപ്പെട്ടതാണ്. അല്ലാഹുവിന്‍െറയും മനുഷ്യരുടെയും കയറുസഹിതമല്ലാതെ നിന്ദ്യതയില്‍ നിന്ന് അവര്‍ക്ക് രക്ഷയില്ല എന്ന് അല്ലാഹു പ്രസ്താവിച്ചതിന്ന് ഇതൊരു ഉദാഹരണമായി എടുക്കാവുന്നതുമാകുന്നു. പല രാഷ്ട്രങ്ങളും ഇന്നുവരെ അതിനെ ഒരു രാഷ്ട്രമായി അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. മുസ്‌ലിം രാഷ്ട്രങ്ങള്‍ മുഴുവനും അതിനോട് അങ്ങേഅറ്റം ശത്രുതയിലും വൈരാഗ്യത്തിലുമാണുള്ളതെന്നിരിക്കട്ടെ, അമുസ്‌ലിം രാഷ്ട്രങ്ങളില്‍ തന്നെ പലതും അതിന്‍െറ നേരെ അനുഭാവത്തിലല്ല കഴിയുന്നതെന്നുള്ളതും ശ്രദ്ധേയമാകുന്നു. പൊതുവെ പറഞ്ഞാല്‍, ഇത്രയും വെറുക്കപ്പെട്ട ഒരു രാഷ്ട്രം ലോകത്ത് മറ്റെവിടെയും കാണപ്പെടുകയില്ലതന്നെ.

വേറൊരു വശം കൂടി ഓര്‍മ്മിക്കേണ്ടിയിരിക്കുന്നു: ഇസ്രാഈല്‍രാഷ്ട്രമോ, യഹൂദ സമുദായമോ എത്ര ശപിക്കപ്പെട്ടതായിരുന്നാലും, കേവലം വലുപ്പം കൊണ്ട് ജനസംഖ്യംകൊണ്ടും വളരെ ചെറുതായ (*) ആ രാഷ്ട്രത്തെ തുടച്ചുനീക്കുന്നത് പോകാട്ടെ, അടക്കി നിറുത്തുവാനും, മുസ്‌ലിംകള്‍ക്കെതിരെയുള്ള അതിന്‍െറ നീക്കങ്ങളെ പരാജയപ്പെടുത്തുവാനും ദശക്കണക്കിലുള്ള അറബി മുസ്‌ലിം രാഷ്ട്രങ്ങള്‍ക്കോ, അറബികളല്ലാത്ത മുസ്‌ലിം രാഷ്ട്രങ്ങള്‍ക്കോ ഇത്വരെയും കഴിഞ്ഞിട്ടില്ല. അടുത്ത കാലത്ത് കഴിഞ്ഞേക്കുമെന്ന പ്രതീക്ഷക്കും വഴികാണുന്നില്ല. അറബി രാഷ്ട്രങ്ങളാണെങ്കില്‍, സമ്പത്തുകൊണ്ടും അഭിവൃദ്ധികൊണ്ടും എന്നത്തേക്കാളുമധികം മുന്‍പന്തിയിലാണ് ഇന്നുള്ളത്. എന്താണിതിന് കാരണം? മുസ്‌ലിം രാഷ്ട്രങ്ങളെന്ന നിലക്കാണ് അവ അറിയപ്പെടുന്നതെങ്കിലും യഥാര്‍ത്ഥമായ ഇസ്‌ലാമികചൈതന്യം അവിടങ്ങളില്‍ വിരളമായി രിക്കുന്നു. സമ്പല്‍സമൃദ്ധിയുടെ പെരുപ്പത്തോടൊപ്പം ഇസ്‌ലാമിക ജീവിതത്തില്‍ നിന്നുള്ള അകല്‍ച്ചയും, ഭൗതിക സുഖാഢംബരങ്ങളിലുള്ള താല്‍പര്യവുമാണ് അവിടങ്ങളില്‍ വര്‍ദ്ധിച്ചു കൊണ്ടിരിക്കുന്നത്. അറബി രാഷ്ട്രങ്ങള്‍ക്കിടയില്‍ നിലവിലുള്ള അനൈക്യവും, പരസ്പര ശത്രുതയും അതിന്‍െറ അനിവാര്യഫലങ്ങളുമാകുന്നു.

ഖുലഫാഉര്‍-റാശിദിന്‍െറ കാലത്ത് ഇറാഖ് യുദ്ധങ്ങളിലെ സര്‍വ്വസൈന്യാധിപനും സഹാബീ പ്രമുഖന്മാരില്‍ ഒരാളും, നബി (ﷺ) തിരുമേനിയുടെ അമ്മാമനുമായിരുന്ന സഅ്ദു ബ്നുഅബീവഖ്-ഖാസ് (رضي الله عنه) ന് ഖലീഫാഉമര്‍ (رضي الله عنه) നല്‍കിയ ചില ഉപദേശങ്ങള്‍ ഓര്‍മ്മി ക്കുന്നത് ഇവിടെ സന്ദര്‍ഭോചിതമാകുന്നു. അദ്ദേഹത്തെ പറഞ്ഞയച്ചപ്പോള്‍ അദ്ദേഹത്തോട് ഉമര്‍ (رضي الله عنه)ചെയ്ത ഒസിയത്തിന്‍െറ സാരം ഇതാണ്: ''സഅ്ദേ, താങ്കള്‍ അല്ലാഹുവിന്‍െറ റസൂലിന്‍െറ അമ്മാമനും സ്നേഹിതനുമാണെന്നുള്ള കാര്യം താങ്കളെ വഞ്ചിതനാക്കരുത്. തിന്മയെ അല്ലാഹു തിന്മകൊണ്ട് മായിച്ചു കളയുകയില്ല. നന്‍മകൊണ്ടേ തിന്‍മയെ മായിക്കുകയുള്ളു. അല്ലാഹുവിന് വഴിപ്പെടുന്നത് മുഖേനയല്ലാതെ, അല്ലാഹുവിനും ഒരാള്‍ക്കുമിടയില്‍ കുടുംബബന്ധമൊന്നുമില്ല. അല്ലാഹുവിന്‍െറ മതത്തില്‍ എല്ലാവരും സമന്‍മാരാണ്. റസൂല്‍ (ﷺ) ഏതൊന്ന് കൈവിടാതെ വന്നിരുന്നതായി താങ്കള്‍ കണ്ടുവോ അത് താങ്കളും കൈവിടാതെ മുറുകെ പിടിക്കുക''. പിന്നീട് സഅ്ദ് (رضي الله عنه) പോയശേഷം അദ്ദേഹത്തിനയച്ച ഒരു എഴുത്തിലെ ചില വാചകങ്ങള്‍ ഇങ്ങിനെയായിരുന്നു: ''താനും തന്‍െറ ഒന്നിച്ചുള്ളവരു സദാ 'തഖ്‌വ' (ഭയഭക്തി)യുള്ളവരായി രിക്കണം. ശത്രുക്കള്‍ക്കെതിരെയുള്ള ഏറ്റവും വലിയ സന്നാഹവും, ഏറ്റവും വലിയ യുദ്ധതന്ത്രവും അതത്രെ. നിങ്ങള്‍ നിങ്ങളുടെ ശത്രുക്കളെക്കാളധികം നിങ്ങളെക്കുറിച്ച് തന്നെ ജാഗരൂകരായിരിക്കണം. കാരണം, സൈന്യം ചെയ്യുന്ന പാപങ്ങളെയാണ് അവരുടെ ശത്രു ക്കളെക്കാള്‍ ഞാന്‍ ഭയപ്പെടുന്നത്. മുസ്‌ലിംകളുടെ ശത്രുക്കള്‍ അല്ലാഹുവിനോട് അനു

* രാഷ്ട്രം സ്ഥാപിച്ചശേഷം പലപ്പോഴായി അവര്‍പിടിച്ചടക്കി കയ്യേറിയ സ്ഥലങ്ങള്‍ ഒഴിവാക്കിയാല്‍, ഒരു ജില്ലയോളം വരുന്ന ആ രാഷ്ട്രത്തില്‍ ആകെയുള്ള ജനസംഖ്യ ലക്ഷത്തില്‍പരം വരും. ഇവരില്‍ രണ്ടു ലക്ഷത്തോളം മുസ്‌ലിംകളും അരലക്ഷത്തോളം ക്രിസ്ത്യാനികളും ഉള്‍പ്പെടുമെന്നു പറയപ്പെടുന്നു.

സരണക്കേട് കാണിക്കുന്നതുകൊണ്ട് മാത്രമാണ് അവർക്കെതിരിൽ മുസ്‌ലിംകൾക്ക് സഹായം ലഭിക്കുന്നത്. അതില്ലാത്തപക്ഷം നമുക്കുവരോട് എതിർക്കുവാൻ കഴിവുണ്ടാവുകയില്ല. കാരണം, നമ്മുടെ എണ്ണം അവരുടെ എണ്ണം പോലെയില്ല. നമ്മുടെ യുദ്ധസന്നാഹങ്ങൾ അവരുടെ സന്നാഹം പോലെയുമില്ല. അപ്പോൾ, പാപത്തിൽ നാമും അവരെപ്പോലെ ആയിത്തീർന്നാൽ, ശക്തിയിൽ അവർ നമ്മെ കവച്ചുവെക്കും. ഇല്ലെങ്കിലോ, നമ്മുടെ യോഗ്യതകൊണ്ട് നമുക്കവരെ ജയിക്കാം. നമ്മുടെ ശക്തികൊണ്ടു നാം അവരെ ജയിക്കുകയില്ല.....'' (*)

നിന്ദ്യാവസ്ഥയിൽനിന്ന് വല്ല രക്ഷയും ലഭിക്കുവാൻ ഒരു പക്ഷേ അവർക്ക് സാദ്ധ്യമായേക്കുമെന്നു അല്ലാഹു ചൂണ്ടിക്കാട്ടിയെങ്കിലും, അല്ലാഹുവിൻെറ കോപത്തിൽ നിന്നും, പതിതത്വത്തിൽനിന്നും ഒരിക്കലെങ്കിലും അവർക്ക് രക്ഷ കിട്ടുവാൻ മാർഗ്ഗമുള്ളതായി അല്ലാഹു സൂചിപ്പിച്ചിട്ടില്ല. അല്ലാഹുവിൻെറ ശാപകോപത്തിൻെറ ഫലം പരലോകത്തുവെച്ച് അവർ അനുഭവിക്കുമെന്ന് തീർച്ചതന്നെ. ഇഹലോകത്തെ സ്ഥിതി പറയുകയാണെങ്കിൽ, അധമബോധവും, പാതിത്യ മനസ്ഥിതിയും യഹൂദരുടെ ഒരു സ്വഭാവ പ്രകൃതിതന്നെയാകുന്നു. വമ്പിച്ച ധനമോഹവും അതിയായ പിശുക്കും അവരുടെ ഒരു വിശേഷതയാണെന്ന് പറയാം. അതുകൊണ്ട് ധനം ചിലവഴിക്കുന്നതിലും സമ്പാദ്യം അനുഭവിക്കുന്നതിലും ധനിക ദരിദ്രവ്യതാസം കൂടാതെ അവർ മടിയൻമാരാകുന്നു. വേഷത്തിൽ പോലും അങ്ങിനെത്തന്നെ. കൂടാതെ ഏതൊരു ഭരണത്തിൻ കീഴിൽ അവർ കഴിഞ്ഞുകൂടിയിട്ടുണ്ടോ അവിടെയെല്ലാം ഒരു താണതരം പ്രജകളായല്ലാതെ അവർ ഗണിക്കപ്പെട്ട ചരിത്രമില്ല. അവരുടെതായ ഒരു രാഷ്ട്രം നിലവിൽ വന്ന ഇക്കാലത്തുപോലും ഒരു സമുദായമെന്ന നിലക്ക് മറ്റുള്ളവരെടെയെല്ലാം എതിർപ്പിനും വെറുപ്പിനും ഇത്രയും പാത്രമായ ഒരു സമൂഹം വേറെ ഇല്ല.

വേദക്കാരെ-പ്രത്യേകിച്ചും ഇസ്‌റാഈല്യരെ-ക്കുറിച്ച് ഖുർആനിൽ ഇങ്ങിനെയുള്ള അനേകം പരാമർശങ്ങളിൽ നിന്ന് നാം കുറേ ചരിത്ര വിവരങ്ങൾ മനഃപാഠമിടുക മാത്രമല്ല ചെയ്യേണ്ടത്. ആ ചരിത്രങ്ങളിലടങ്ങിയ പാഠങ്ങൾ മനസ്സിരുത്തുകയും അവർക്ക് പിണഞ്ഞ ദോഷങ്ങൾ നമുക്ക് വരാതാരിക്കുവാൻ നാമത് ഉപയോഗപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. അല്ലാഹു നമ്മെ അതിന് തുണക്കട്ടെ. ആമിൻ. അല്ലാഹു പറയുന്നു:-

۞ لَيْسُوا۟ سَوَآءً ۗ مِّنْ أَهْلِ ٱلْكِتَـٰبِ أُمَّةٌ قَآئِمَةٌ يَتْلُونَ ءَايَـٰتِ ٱللَّهِ ءَانَآءَ ٱلَّيْلِ وَهُمْ يَسْجُدُونَ ﴿١١٣﴾

113 അവർ [വേദക്കാർ-എല്ലാവരും] സമമല്ല; വേദക്കാരിൽ ചൊവ്വിനു നിലകൊള്ളുന്ന ഒരു സമൂഹം ഉണ്ട്: രാത്രി സമയങ്ങളിൽ അവർ 'സുജൂദു' [സാഷ്ടാംഗനമസ്കാരം] ചെയ്തുകൊണ്ട് അല്ലാഹുവിൻെറ 'ആയത്തു' [വേദവാക്യം] പാരായണം ചെയ്യുന്നു. (ഇങ്ങിനെയുള്ള ഒരു സമൂഹം.)

يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُسَـٰرِعُونَ فِى ٱلْخَيْرَٰتِ وَأُو۟لَـٰٓئِكَ مِنَ ٱلصَّـٰلِحِينَ ﴿١١٤﴾

114 അവർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്നു; അവർ സദാചാരം കൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും, നല്ല കാര്യങ്ങളിൽ പരസ്പരം ധൃതികൂട്ടികൊണ്ടിരിക്കുകയും ചെയ്യുന്നു. അക്കൂട്ടർ സദ്‌വൃത്തൻമാരിൽപെട്ടവരുമാണ്.

وَمَا يَفْعَلُوا۟ مِنْ خَيْرٍ فَلَن يُكْفَرُوهُ ۗ وَٱللَّهُ عَلِيمٌۢ

115 അവർ നല്ല കാര്യമായി എന്തു ചെയ്യുന്നതായാലും അതിൽ അവരോടു നന്ദികേട് ചെയ്യപ്പെടുകയില്ലതന്നെ. അല്ലാഹു സൂക്ഷ്

* من اتمام الوفاء في سيرة السيخ الخضرى بك—سرح

بِٱلۡمُتَّقِينَ ﴿١١٥﴾

മത പാലിക്കുന്നവരെപ്പറ്റി അറിയുന്നവനാകുന്നു.

---

113 لَيسوا അവരല്ല. سواءً സമം, ഒരുപോലെ. من أهل الكتاب വേദക്കാരിൽ ഉണ്ട്. أمةٌ ഒരു സമുദായം (സമൂഹം). قائمةٌ നേരെ (ചൊവ്വിന്) നിൽക്കുന്ന. يتلونَ പാരായണം ചെയ്യും. آيات الله അല്ലാഹുവിൻെറ ആയത്തുകളെ. آناءَ الليل രാത്രി നേരങ്ങളിൽ. وهم يسجدونَ അവർ സുജൂദു ചെയ്തുംകൊണ്ട്, അവർ സുജൂദ് ചെയ്യും. 114 يؤمنونَ അവർ വിശ്വസിക്കുന്നു. بالله അല്ലാഹുവിൽ. واليوم الآخر അന്ത്യദിനത്തിലും. ويأمرونَ അവർ കൽപിക്കുക (ഉപദേശിക്കുക)യും ചെയ്യുന്നു. بالمعروف സദാചാരം കൊണ്ട്. وينهونَ അവർ വിരോധിക്കയും ചെയ്യുന്നു. عن المنكر ദുരാചാരത്തെക്കുറിച്ച്. ويسارعونَ അവർ പരസ്പരം ധൃതിപ്പെടുകയും (വാശിപൂർവ്വം ബദ്ധപ്പെടുകയും) ചെയ്യും. في الخيرات നല്ല കാര്യങ്ങളിൽ. وأولئك അക്കൂട്ടർ. من الصالحين നല്ലവരിൽ പെട്ടവരുമാണ്. 115 وما يفعلوا അവർ എന്തു ചെയ്യുന്നതായാലും. من خير നല്ലതായിട്ട്. فلن يكفروه അവരോട് (അവർക്ക്) അതിൽ (അതിനോട്) നന്ദികേട് കാണിക്കപ്പെടുന്നതേയല്ല. والله അല്ലാഹു. عليم അറിയുന്നവനാണ്. بالمتقين സൂക്ഷമത പാലിക്കുന്നവരെപ്പറ്റി.

വേദക്കാരെപ്പറ്റി അവർ അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് വിധേയരായിരക്കിയാണെന്ന് കഴിഞ്ഞ വചനത്തിൽ പറഞ്ഞു. എന്നാൽ, പൊതുവിലുള്ള സ്ഥിതി അതാണെങ്കിലും അവർ മുഴുവനും അങ്ങനെയുള്ളവരല്ലെന്നും, അൽപം ചിലർ നേർമാർഗ്ഗത്തിലും സത്യവിശ്വാസത്തിലും ഉറച്ചു നിൽക്കുന്നവരുണ്ടെന്നും ഈ വചനങ്ങളിൽ അല്ലാഹു അറിയിക്കുന്നു. നബി (ﷺ) തിരുമേനിയുടെ മുമ്പും, തിരുമേനിയുടെ കാലത്തും ഇങ്ങിനെയുള്ളവർ അവരിൽ ചുരുക്കം പേരുണ്ടായിരിക്കും. പക്ഷേ, നബി (ﷺ) യുടെ കാലത്തും അതിനുശേഷമുള്ളവരും നബി (ﷺ) യിൽ വിശ്വസിക്കൽ അനിവാര്യമത്രെ. അതുകൊണ്ടാണ് വേദക്കാരിൽനിന്ന് നബി (ﷺ) യിൽ വിശ്വസിച്ച് ഇസ്ലാമിനെ അംഗീകരിച്ച വ്യക്തികളാണ് ഇവരെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് പല വ്യാഖ്യാതാക്കളും പറയുന്നത്. ഇബ്നുഇസ്ഹാഖ്, ത്വബ്റാനി, ബൈഹഖി, ഇബ്നു ജരീർ (رحمه الله) മുതലായവർ ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞതായി ഉദ്ധരിച്ച ഒരു രിവായത്തിൻെറ സാരം ഇപ്രകാരമാകുന്നു. ''അബ്ദുല്ലാഹിബ്നുസലാം (رضي الله عنه) മുതലായവർ ഇസ്ലാമിൽ പ്രവേശിക്കുകയും, നബി (ﷺ) യിൽ വിശ്വസിക്കുകയും ചെയ്തപ്പോൾ, യഹൂദീ പണ്ഡിതൻമാരും അവരിലുള്ള അവിശ്വാസികളും പറഞ്ഞു: ഞങ്ങളിൽ മോശക്കാരായ ആളുകൾ മാത്രമാണ് മുഹമ്മദിൽ വിശ്വസിച്ചത്. അവർ നല്ലവരായിരുന്നുവെങ്കിൽ, അവർ തങ്ങളുടെ പിതാക്കളുടെ മതം വിട്ടു മറ്റൊന്നിലേക്ക് പോകുമായിരുന്നില്ല. അപ്പോഴാണ് ഈ വചനം അവതരിച്ചത്.'' ഈ വചനങ്ങളിൽ അല്ലാഹു എടുത്തു പറഞ്ഞ ഗുണങ്ങളോടുകൂടിയവർ നബി (ﷺ) യുടെ വെളിപ്പാടിനുശേഷം നബി (ﷺ) യിൽ വിശ്വസിച്ചവരായിരിക്കുവാനേ നിവൃത്തിയുള്ളുവെന്ന് പറയേണ്ടതില്ല.

ഈ സദ്വൃത്തരെപ്പറ്റി അല്ലാഹു പ്രശംസിച്ച് പറഞ്ഞ കാര്യങ്ങൾ: (1) അവർ സുജൂദ് ചെയ്തുകൊണ്ട് രാത്രി സമയങ്ങളിൽ അല്ലാഹുവിൻെറ ആയത്തുകൾ പാരായണം ചെയ്യും. അതായത്, രാത്രി നമസ്കരിക്കുകയും നമസ്കാരത്തിൽ ഖുർആൻ പാരായണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുമെന്നർത്ഥം. അപ്പോൾ, സുജൂദകൊണ്ടുദ്ദേശ്യം നമസ്കാരമായിരിക്കും. നമസ്കാരത്തെപ്പറ്റി സുജൂദ് എന്നും, റുകൂഉ് എന്നും ഖുർആനിൽ ഉപയോഗിക്കുക പതിവാണല്ലോ. അതോടുകൂടി സുജൂദിൽ ഖുർആൻ പാരായണം നിയമിക്കപ്പെട്ടിട്ടുമില്ല. അത് നബി (ﷺ) വിരോധിക്കുകയും ചെയ്തിട്ടുണ്ട് وهم يسجدون എന്ന വാക്കിന് 'അവൻ സുജൂദ് ചെയ്യുകയും ചെയ്യും' എന്നും അർത്ഥം വരാം. ആശയത്തിൽ വ്യത്യാസമില്ല താനും. (2) അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നു. വേദക്കാര പ്രത്യക്ഷത്തിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിലും ശിർക്ക് കലർന്നുകൊണ്ട് മാത്രമേ അവർ അല്ലാഹുവിൽ വിശ്വസിക്കുന്നുള്ളു. അന്ത്യനാളിനെക്കുറച്ചാകട്ടെ, അവർക്ക് അവരുടെതായ ചില അർത്ഥവ്യാ

ഖ്യാനങ്ങളാണുള്ളത്. ഖുർആന്റെ വ്യക്തമായ വിവരണങ്ങൾക്ക് നിരക്കാത്തുമാണവ. അതു കൊണ്ട് ഈ ആളുകൾ അങ്ങിനെയുള്ളവരല്ല അവർ ശരിക്കുള്ള വിശ്വാസം സ്വീകരിച്ച വരാണ്-എന്നാണിതിന്റെ താൽപര്യം. (3) അവർ സൽക്കാര്യം കൊണ്ടു ജനങ്ങളെ ഉപദേശി ക്കുകയും, ദുഷ്കാര്യങ്ങളെക്കുറിച്ചു വിരോധിക്കുകയും ചെയ്യും. സത്യം മൂടിവെക്കുക, ജനഹിത ത്തിനും സ്വന്തം താൽപര്യത്തിനും ഒപ്പിച്ചു സത്യം വളച്ചുതിരിക്കുക. മറ്റുള്ളവർ എന്ത് വേണ്ടാ വൃത്തി ചെയ്യുന്നതു കണ്ടാലും മൗനം ദീക്ഷിക്കുക മുതലായതൊന്നും അവരുടെ പതിവല്ലെന്ന് സാരം. (4) അവർ നല്ല കാര്യങ്ങളിൽ ധൃതിപൂർവ്വം മുന്നേറികൊണ്ടിരിക്കും.

വേദക്കാരിലുള്ള ബഹു ഭൂരിഭാഗവും ഇപ്പറഞ്ഞ ഗുണങ്ങളില്ലാത്തവരാകുന്നു. അതു കൊണ്ടുതന്നെയാണ് അവരെപ്പറ്റി (110-ാം വചനത്തിൽ) 'അവരിൽ അധികവും തോന്നിയ വാസികളാണെ'ന്ന് പഞ്ഞതും. നേരെ മറിച്ച് ഇവരെപ്പറ്റി 'അവർ സദ്‌വൃത്തൻമാരിൽ പെട്ടവരാണ്' എന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ, അവർ ചെയ്യുന്ന ഏതൊരു നല്ല കാര്യവും-അതെത്ര നിസ്സാരമായാലും ശരി-അല്ലാഹു പാഴാക്കുകയില്ലെന്നും, നന്ദിപൂർവ്വം സ്വീകരിച്ചു പ്രതിഫലം നൽകുന്നതാണെന്നും സന്തോഷവാർത്ത അറിയിക്കുകയും ചെയ്തി രിക്കുന്നു.

إِنَّ ٱلَّذِينَ كَفَرُوا۟ لَن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ أَوْلَـٰدُهُم مِّنَ ٱللَّهِ شَيْـًٔا ۖ وَأُو۟لَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۚ هُمْ فِيهَا خَـٰلِدُونَ ﴿١١٦﴾

116 നിശ്ചയമായും, അവിശ്വസിച്ചിട്ടുള്ളവർ,- അവരുടെ സ്വത്തുക്കളാകട്ടെ, അവരുടെ മക്കളാകട്ടെ, അല്ലാഹുവിൽ നിന്നു(ള്ള ശിക്ഷ) യാതൊന്നും അവർക്കു തടുത്തു കൊടുക്കുന്നതേയല്ല. അക്കൂട്ടർ, നരകത്തി ന്റെ ആൾക്കാരുമാകുന്നു; അവർ അതിൽ നിത്യവാസികളായിരിക്കും.

مَثَلُ مَا يُنفِقُونَ فِى هَـٰذِهِ ٱلْحَيَوٰةِ ٱلدُّنْيَا كَمَثَلِ رِيحٍ فِيهَا صِرٌّ أَصَابَتْ حَرْثَ قَوْمٍ ظَلَمُوٓا۟ أَنفُسَهُمْ فَأَهْلَكَتْهُ ۚ وَمَا ظَلَمَهُمُ ٱللَّهُ وَلَـٰكِنْ أَنفُسَهُمْ يَظْلِمُونَ ﴿١١٧﴾

117 ഈ ഐഹികജീവിതത്തിൽ അവർ ചിലവ ഴിക്കുന്നതിന്റെ ഉപമ, ഒരു കാറ്റിന്റെ മാതിരിയാകുന്നു: അതിൽ അതിശൈത്യമു ണ്ട്; തങ്ങളുടെ സ്വന്തങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ച ഒരു ജനതയുടെ കൃഷിയിടത്തിന്ന് അതു ബാധിച്ചു; എന്നിട്ട് അതിനെ അതു നശിപ്പിച്ചു കളഞ്ഞു. (ഇങ്ങിനെയുള്ള ഒരു കാറ്റിന്റെ മാതിരി) അല്ലാഹു അവരോട് അക്രമം പ്രവർത്തി ച്ചിട്ടില്ലതാനും. എങ്കിലും അവർ തങ്ങളുടെ സ്വന്തങ്ങളോടുതന്നെ അക്രമം പ്രവർത്തി ക്കുന്നു.

---

116 **إن الذين كفَروا** നിശ്ചയമായും അവിശ്വസിച്ചവർ. **لَن تغنِيَ** ധന്യമാക്കുക (തടുക്കുക)യില്ലതന്നെ. **عنهم** അവർക്ക്. **أموالُهم** അവരുടെ സ്വത്തുക്കൾ. **ولا أولادهم** അവരുടെ മക്കളും (സന്താനങ്ങളും) ഇല്ല. **من اللهِ** അല്ലാഹുവിൽനിന്ന്. **شيئًا** യാതൊന്നും ഒട്ടും. **وأولئك** അക്കൂട്ടർ. **أصحاب النار** നരക ത്തിന്റെ ആൾക്കാരുമാകുന്നു. **هم فيها** അവർ അതിൽ. **خالدونَ** സ്ഥിരവാസികൾ ആകുന്നു. 117 **مثَلُ ما** യാതൊന്നിന്റെ ഉപമ, ഉദാഹരണം. **ينفقُونَ** അവർ ചിലവഴിക്കുന്ന. **في هذه الْحياة** ഈ ജീവിത ത്തിൽ. **الدنيا** ഐഹികമായ. **كمثَلِ** ഉപമപോലെയാണ്. **ريحٍ** ഒരു കാറ്റിന്റെ. **فيها** അതിലുണ്ട്. **صر** അതിശൈത്യം. **أصابت** അത് ബാധിച്ചു. **حرثَ قومٍ** ഒരു ജനതയുടെ വിളയ്ക്ക്, വിളയിടത്തിന്. **ظلموا** അവർ അക്രമം (അനീതി) ചെയ്തിരിക്കുന്നു. **أنفُسهم** തങ്ങളുടെ സ്വന്തങ്ങളോട്. **فَأهلكته** എന്നിട്ടത് അതിനെ നശിപ്പിച്ചു. **وما ظلمَهم** അവരെ അക്രമിച്ചിട്ടുമില്ല. **اللهُ** അല്ലാഹു. **ولكن** എങ്കിലും പക്ഷേ. **أنفُسهم** അവരുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ. **يظلمونَ** അവർ അക്രമിക്കുന്നു.

അവിശ്വാസികൾക്ക്–അവർ ഏതു തരത്തിൽ പെട്ടവരകാട്ടെ-അവരുടെ കർമ്മങ്ങൾ നിമിത്തം പരലോകത്ത് യാതൊരു പുണ്യവും ലഭിക്കുവാനില്ലെന്ന് അല്ലാഹു ഒന്നിലധകിം സ്ഥലത്ത് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെയും അതിനെക്കുറിച്ചാണ് പറയുന്നത്. മനുഷ്യൻെറ രക്ഷക്കും പ്രതാപത്തിനും ഈ ലോകത്ത് ഏറ്റവും പ്രധാനമായതാണല്ലോ സ്വത്തും മക്കളും, പരലോകത്ത് അവർക്ക് അത് രണ്ടു കൊണ്ടും ഉപകാരമൊന്നും ലഭിക്കുവാൻ പോകുന്നില്ല. ശാശ്വതമായ നരകശിക്ഷയായിരിക്കും അവർക്കവിടെ ലഭിക്കുക. എന്നൊക്കെയാണ് ആദ്യത്തെ വചനത്തിൻെറ താൽപര്യം. അപ്പോൾ, ഒരു സംശയത്തിനവകാശമുണ്ടാകുന്നു: ദാനധർമ്മാദി നല്ല വിഷയങ്ങളിൽ അവിശ്വാസികൾ ധനം ചിലവഴിക്കാറുണ്ടല്ലോ. അതിനും പ്രതിഫലമൊന്നും ലഭിക്കുകയില്ലേ? ഈ സംശയത്തിനുള്ള മറുപടിയാണ് ഒരു ഉദാഹരണത്തിലൂടെ രണ്ടാമത്തെ വചനത്തിൽ അടങ്ങിയിരിക്കുന്നത്. ഉൽപ്പന്നങ്ങളെ മരവിപ്പിച്ച് നശിപ്പിക്കുന്ന അതിശൈത്യമായ ഒരു കൊടുങ്കാറ്റു ബാധിച്ചാൽ കൃഷിയിടങ്ങളിലെ ഫലം നഷ്ടപ്പെടുന്നത് പോലെയാണ് അവരുടെ ദാനധർരമ്മങ്ങളുടെയും സ്ഥിതി. അഥവാ അവരുടെ അവിശ്വാസവും അതനുസരിച്ചുള്ള ദുഷ്പ്രവൃത്തികളുമാകുന്ന കൊടുങ്കാറ്റ് അവരുടെകർമ്മഫലങ്ങളെയും നാശപ്പെടുത്തിക്കളയുമെന്ന് സാരം.

صر (സ്വിർ റുൻ) എന്ന പദത്തിന് 'അതിശൈത്യം' എന്നാണ് മിക്കവാറും ഖുർആൻ വ്യാഖ്യാതാക്കളും, ഭാഷാപണ്ഡിതൻമാരും അർത്ഥം കൽപിക്കുന്നത്. അതാണ് നാമും സ്വീകരിച്ചിരിക്കുന്നത്. 'തീ' എന്നും 'വിഷക്കാറ്റ്' എന്നും അർത്ഥമാക്കിയവരും ഉണ്ട്. ഉഗ്രമായ കൊടുങ്കാറ്റ് വരുമ്പോൾ- അതു തീക്കാറ്റോ, വിഷക്കാറ്റോ, ഹിമക്കാറ്റോ ഏതായാലും ശരി- അതുമൂലം സംഭവിക്കുന്ന നാശഷ്ടങ്ങൾ ഒരുപോലെത്തന്നെയായിരിക്കുമല്ലോ. ഈ ഉപമയിൽ, കൃഷിയിടത്തിൻെറ ഉടമകളെപ്പറ്റി قوم ظلموا انفسهم (തങ്ങളുടെ സ്വന്തങ്ങളോട് ആക്രമം ചെയ്ത ജനത) എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അതായത്, അവിശ്വാസവും പാപങ്ങളും വഴി തങ്ങളോടുതന്നെ അനീതി ചെയ്തവർ എന്നുദ്ദേശ്യം. ഈ വിശേഷണം കൂടാതെത്തന്നെ ഈ ഉപമ പൂർത്തിയാകുമെന്നിരിക്കെ, അതിൽ ഒരു രഹസ്യം അന്തർഭവിച്ചിട്ടുള്ളതായി കാണാം. അക്രമികളല്ലാത്ത-സത്യവിശ്വാസികളായ-വരുടെ വിള കൊടുങ്കാറ്റ്കൊണ്ട് നശിക്കുമ്പോൾ, ഇഹത്തിൽ അതവർക്ക് നാശവും നഷ്ടവും വരുത്തുമെങ്കിലും പരലോകത്ത് ആ നാശ നഷ്ടങ്ങൾക്ക് പകരം അല്ലാഹു നല്ലതായ പ്രതിഫലം നൽകിയേക്കും. അവിശ്വാസകളുടെ വിള നശിച്ചാൽ അതവർക്ക് ഇഹത്തിലും പരത്തിലും നഷ്ടപ്പെട്ടതുതന്നെ. ഈ ഉപമയിൽ 'ആക്രമം' കൊണ്ട് വിവക്ഷ, വിളയിറക്കുവാൻ പറ്റിയ സ്ഥലം, കാലം മുതലായവ ഗൗനിക്കാതിരിക്കലാണെന്ന് ചിലർ പറഞ്ഞുകാണുന്നു. ഇതിന് ന്യായം കാണുന്നില്ല. കാരണം, അതേ ആക്രമം കൊണ്ടുതന്നെ ആ വിള നഷ്ടത്തിൽ കലാശിക്കുന്നതാണ്. പിന്നെ ഒരു ശൈത്യക്കാറ്റിൻെറ ആവശ്യം അവിടെയില്ല. മാത്രമല്ല, തങ്ങളുടെ സ്വന്തങ്ങളോട് ചെയ്യുന്ന ആക്രമം എന്ന് അതിനെപ്പറ്റി പറയുന്നതും അത്ര അനുയോജ്യമായിത്തോന്നുന്നില്ല. الله اعلم

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ بِطَانَةً مِّن دُونِكُمْ لَا يَأْلُونَكُمْ خَبَالًا وَدُّوا۟ مَا عَنِتُّمْ قَدْ بَدَتِ ٱلْبَغْضَآءُ مِنْ أَفْوَٰهِهِمْ وَمَا تُخْفِى صُدُورُهُمْ أَكْبَرُ ۚ قَدْ بَيَّنَّا لَكُمُ ٱلْـَٔايَـٰتِ ۖ إِن كُنتُمْ تَعْقِلُونَ ﴿١١٨﴾

118 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്കു പുറമെ (യുള്ളവരിൽ) നിന്ന് നിങ്ങൾ (രഹസ്യം സൂക്ഷിക്കുന്ന) ഉള്ളുകള്ളിക്കാരെ സ്വീകരിക്കരുത്. അവർ നിങ്ങളോട് കുഴപ്പത്തി(ൻെറ കാര്യത്തി)ൽ വീഴ്ച വരുത്തുന്നതല്ല. നിങ്ങൾ ബുദ്ധിമുട്ടുന്നതിന്ന് അവർ ആഗ്രഹിക്കുകയാണ്. അവരുടെ വായകളിൽ നിന്ന് ഈർഷ്യത വെളിവായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ നെഞ്ചു [ഹൃദയം]കൾ മറച്ചുവെക്കുന്നതാകട്ടെ,

കൂടുതൽ വലിയതുമാണ്. തീർച്ചയായും, (ഇതാ) നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചു തന്നിരിക്കുന്നു; നിങ്ങൾ ബുദ്ധി കൊടു (ത്തു ചിന്തി)ക്കുന്നുവെങ്കിൽ.

119 ഹാ! നിങ്ങളിതാ ഇങ്ങിനെയുള്ളവരാണ്: നിങ്ങൾ അവരെ (അങ്ങോട്ടു) സ്നേഹിക്കുന്നു; അവർ നിങ്ങളെ (ഇങ്ങോട്ടു) സ്നേഹിക്കുന്നുമില്ല. നിങ്ങൾ വേദഗ്രന്ഥത്തിൽ എല്ലാം (തന്നെ) വിശ്വസിക്കുകയും ചെയ്യുന്നു. [അവർ അതും ചെയ്യുന്നില്ല.] നിങ്ങളെ കണ്ടുമുട്ടിയാൽ അവർ പറയും: “ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു” എന്ന്. അവർ (നിങ്ങളെ വിട്ട്) ഒഴിഞ്ഞുപോയാലാകട്ടെ, കോപം നിമിത്തം നിങ്ങളെപ്പറ്റി അവർ വിരൽ കടിക്കുകയും ചെയ്യും. (നബിയേ) പറയുക: “നിങ്ങളുടെ കോപംകൊണ്ടു നിങ്ങൾ രമിച്ചുകൊള്ളുവിൻ!” നിശ്ചയമായും അല്ലാഹു, നെഞ്ചു [ഹൃദയം] കളി ലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

هَٰٓأَنتُمۡ أُوْلَآءِ تُحِبُّونَهُمۡ وَلَا يُحِبُّونَكُمۡ وَتُؤۡمِنُونَ
بِٱلۡكِتَٰبِ كُلِّهِۦ وَإِذَا لَقُوكُمۡ قَالُوٓاْ ءَامَنَّا وَإِذَا خَلَوۡاْ
عَضُّواْ عَلَيۡكُمُ ٱلۡأَنَامِلَ مِنَ ٱلۡغَيۡظِۚ قُلۡ مُوتُواْ
بِغَيۡظِكُمۡۗ إِنَّ ٱللَّهَ عَلِيمُۢ بِذَاتِ ٱلصُّدُورِ ١١٩

120 നിങ്ങളെ വല്ല നന്മയും സ്പർശിക്കുന്ന പക്ഷം, അതവർക്ക് വെറുപ്പ് (അഥവാ വ്യസനം) ഉണ്ടാക്കുന്നു; നിങ്ങൾക്കു വല്ല തിന്മയും ബാധിക്കുന്നുവെങ്കിലോ, അവരതിൽ സന്തോഷമടയുകയും ചെയ്യുന്നു. നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം, അവരുടെ തന്ത്രം നിങ്ങൾക്ക് ഒട്ടും ഉപദ്രവം വരുത്തുന്നതുമല്ല. നിശ്ചയമായും അല്ലാഹു, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ (യെല്ലാം) വലയം ചെയ്യുന്നവനാകുന്നു. [അവന് എല്ലാം അറിയാം.]

إِن تَمۡسَسۡكُمۡ حَسَنَةٞ تَسُؤۡهُمۡ وَإِن تُصِبۡكُمۡ سَيِّئَةٞ
يَفۡرَحُواْ بِهَاۖ وَإِن تَصۡبِرُواْ وَتَتَّقُواْ لَا يَضُرُّكُمۡ
كَيۡدُهُمۡ شَيۡـًٔاۗ إِنَّ ٱللَّهَ بِمَا يَعۡمَلُونَ مُحِيطٞ ١٢٠

---

118 يا أيها الذين آمنوا വിശ്വസിച്ചവരെ. لا تتخذُوا നിങ്ങൾ ഉണ്ടാക്കി വെക്കരുത്, സ്വീകരിക്കരുത്. بِطانَةً അകമ്പടി (ഉള്ളുകള്ളി-രഹസ്യബന്ധ)ക്കാരെ. من دونِكُم നിങ്ങൾക്ക് പുറമെയുള്ള (നിങ്ങളല്ലാത്ത) വരിൽനിന്ന്. لا يألونكُم അവർ നിങ്ങളോട് (നിങ്ങൾക്ക്) വീഴ്ച (കുറവ്) വരുത്തുകയില്ല. خبالاً കുഴപ്പത്തിൽ, നാശത്തിന്. ودوا അവർ കൊതിക്കുകയാണ്. ما عنِتم നിങ്ങൾ ബുദ്ധിമുട്ടുന്നതിന്ന്, കഷ്ടപ്പെടുവാൻ. قد بدت വെളിവായിക്കഴിഞ്ഞിരിക്കുന്നു. البغضاءُ ഈർഷ്യത, വൈരാഗ്യം. من أفواههم അവരുടെ വായകളിൽ നിന്ന്. وما تخفي മറച്ചുവെക്കുന്നതാകട്ടെ. صدورهم അവരുടെ നെഞ്ചുകൾ. أكبَر കൂടുതൽ വലുതുമാണ്, വമ്പിച്ചതാണ്. قد بينا നാം വിവരിച്ചു തന്നിട്ടുണ്ട്, തീർച്ചയായും വിവരിച്ചിരിക്കുന്നു. لكُم നിങ്ങൾക്ക്. الآيات ദൃഷ്ടാന്തങ്ങളെ. إن كُنتم നിങ്ങൾ ആണെങ്കിൽ. تعقلونَ ബുദ്ധികൊടുക്കുന്നു(വെങ്കിൽ). 119 ها أنتم ഹാ നിങ്ങൾ. أولآءِ ഇങ്ങിനെയുളളവരാണ്. تحبونهم നിങ്ങളവരെ സ്നേഹിക്കുന്നു. ولا يحبونكُم അവർ നിങ്ങളെ സ്നേഹിക്കുന്നുമില്ല. وتؤمنونَ നിങ്ങൾ വിശ്വസിക്കയും ചെയ്യുന്നു. بِالكتابِ വേദഗ്രന്ഥത്തിൽ. كلِّه അതിലെല്ലാം. وإذا لقُوكُم അവർ നിങ്ങളെ കണ്ടുമുട്ടിയാൽ. قالُوا അവർ പറയും. آمنا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. وإذا خلوا അവർ ഒഴിഞ്ഞു (ഒഴിവായി) പോയാലാകട്ടെ. عضوا അവർ കടിക്കും, കടിക്കുക

യായി. عليكُم നിങ്ങളെപ്പറ്റി, നിങ്ങൾക്കെതിരെ. الْأَنامِلَ വിരൽതലപ്പു (വിരലു)കളെ. من الْغيظ കഠിന കോപം നിമിത്തം. قُلْ موتوا പറയുക നിങ്ങൾ മരിച്ചുകൊള്ളുവിൻ. بِغَيظِكُم നിങ്ങളുടെ കോപം കൊണ്ട്. إِن اللهَ നിശ്ചയമായും അല്ലാഹു. عليم അറിയുന്നവനാണ്. بِذَاتِ الصدور നെഞ്ചു (മനസ്സു)കളിലുള്ളതിനെപ്പറ്റി. 120 إِن تمسسكُم നിങ്ങളെ സ്പർശിച്ചെങ്കിൽ, തീണ്ടുന്ന പക്ഷം. حسنةٌ വല്ല നൻമയും. تسؤهم അതവരെ വെറുപ്പിക്കും (വ്യസനിപ്പിക്കും). وإِن تصبكُم നിങ്ങൾക്ക് ബാധിച്ചു വെങ്കിലാകട്ടെ. سيئةٌ വല്ല തിൻമയും. يفْرحوا അവർ പുളകംകൊള്ളും. بِها അതിൽ, അതിനെപ്പറ്റി. وإِن تصبِروا നിങ്ങൾ ക്ഷമിക്കുന്നപക്ഷം. وتتقُوا നിങ്ങൾ സൂക്ഷിക്കുകയും. لا يضركُم നിങ്ങൾക്ക് ഉപദ്രവം വരുത്തുകയില്ല. كَيدهم അവരുടെ ഉപായം, കെണി. شيئًا യാതൊന്നും (ഒട്ടും). إِن اللهَ നിശ്ചയമായും അല്ലാഹു. بِما يعملُونَ അവർ പ്രവർത്തിക്കുന്നതിനെ. محيطٌ വലയം ചെയ്യുന്ന (സൂക്ഷ്മമായി അറിയുന്ന)വനാണ്. (അവന് എല്ലാം അറിയാം).

പുറമെ ധരിക്കുന്ന വസ്ത്രങ്ങൾക്കും ظهارة (ളിഹാറത്ത്) എന്നും, അതിൻെറ വിപരിതമായി ഉള്ളിൽ ധരിക്കുന്ന വസ്ത്രങ്ങൾക്ക് بطانة (ബിത്വാനത്ത്) എന്നും പറയപ്പെടുന്നു. അഭ്യന്തര കാര്യങ്ങളും രഹസ്യങ്ങളും പരസ്പരം കൈമാറുമാറ് അടുത്ത ബന്ധപ്പെടുന്ന പ്രത്യേകക്കാർ, അകംപടിക്കാർ, അണഞ്ഞ സ്നേഹിതൻമാർ, ഉറ്റവർ എന്നിങ്ങനെയുള്ളവർക്കും അലങ്കാര രൂപത്തിൽ بطانة എന്ന് പറയപ്പെടാറുണ്ട്. ഈ അർത്ഥത്തിലാണ് ഇവിടെയും അതുള്ളത്. ‘ഖേദിച്ചു’, ‘അത്ഭുതപ്പെട്ടു’ എന്നീ ഉദ്ദേശങ്ങളിൽ ‘കൈ കടിച്ചു’ എന്നും ‘നാക്കടിച്ചു’ എന്നുമൊക്കെ മലയാളത്തിൽ പറയാറുള്ളതുപോലെ, ‘ഖേദിച്ചു’, ‘കോപിച്ചു’ എന്നീ ഉദ്ദേശങ്ങളിൽ عض الانامل (വിരൽ തലപ്പുകൾ-അഥവാ വിരൽ-കടിച്ചു) എന്നു അറബിയിലും പറയാറുണ്ട്. ഇവിടെ വ്യസനം കൊണ്ടല്ല-കോപംകൊണ്ടാണ്-അതെന്ന് ആയത്തിൽനിന്ന് വ്യക്തമാണല്ലോ. ‘കോപംകൊണ്ട് മരിച്ചുകൊള്ളുവിൻ موتوا بغيظكم’ എന്നു ശത്രുക്കളോട് പറയുവാൻ കൽപിച്ചതിൻെറ താൽപര്യം, അവരോടുള്ള വെറുപ്പും പ്രതിഷേധവും രേഖപ്പെടുത്തലാകുന്നു. കോപാധിക്യം കൊണ്ട് നിങ്ങൾ മരണപ്പെട്ടാലും ശരി, നിങ്ങളുടെ പകപോക്കുവാൻ നിങ്ങൾക്ക് സാദ്ധ്യമല്ല എന്ന ഒരു അറിയിപ്പും അതിൽ അടങ്ങിയിരിക്കുന്നു.

മദീനായിലെ യഹൂദികളും അറബികളും തമ്മിൽ ജാഹിലിയ്യത്തിൽ നിലവിലുണ്ടായിരുന്ന പഴയ സഖ്യബന്ധളും, അയൽപക്ക ബന്ധങ്ങളും നിമിത്തം, അതിൻെറ തുടർച്ചയായി ഇസ്ലാമിലും ചില മുസ്ലിംകളും അവരും തമ്മിൽ വ്യക്തിപരമായ സ്നേഹബന്ധം പുലർത്തിപ്പോന്നിരുന്നു. മുസ്ലിംകളുടെ ചില അഭ്യന്തര രഹസ്യങ്ങൾ യഹൂദികൾക്ക് ഇതുവഴി അറിയുവാൻ അവസരം ലഭിക്കുക സ്വഭാവികമാണല്ലോ. യഹൂദികളാവട്ടെ, ആ ബന്ധങ്ങൾ ചൂഷണം ചെയ്തു രഹസ്യങ്ങൾ ചോർത്തിയെടുക്കുവാൻ ശ്രമിക്കുകയും, അത് മുസ്ലിംകളിൽ കുഴപ്പമുണ്ടാക്കുവാൻ ഉപയോഗപ്പെടുത്തുകയും ചെയ്യും. കൂടാതെ, തൽക്കാലത്തെ നിൽക്കപ്പൊറുതിക്കുവേണ്ടി ഇസ്ലാമിൻെറ വേഷമണിഞ്ഞ ചില കപടവിശ്വാസികളുമായും ചില മുസ്ലിംകൾക്ക് അടുത്ത ബന്ധമുണ്ടായിരിക്കും. ഇതിൻെറ ഫലവും മേൽപറഞ്ഞതുതന്നെ. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം, അവർ തുറന്ന മനസ്സോടുകൂടിയരവരായിരിക്കും. എതിർപക്ഷങ്ങളുടെ നില അതായിരുന്നില്ല. അല്ലാഹു വ്യക്തമാക്കിയതുപോലെ, അവരുടെ ഹൃദയങ്ങൾ വിഷകലുഷിതങ്ങളായിരുന്നു. ഇങ്ങിനെയുള്ള ബന്ധങ്ങളുടെയും കൂട്ടുകെട്ടുകളുടെയും ഭവിഷ്യത്ത് വമ്പിച്ചതാണല്ലോ.

അതുകൊണ്ട് സത്യവിശ്വാസികൾ, അവരല്ലാത്തവരിൽ ആരോടും അത്തരം അണഞ്ഞ ബന്ധം സ്ഥാപിക്കുന്നതിനെ ഈ വചനങ്ങളിൽ അല്ലാഹു നിരോധിക്കുന്നു. അതിൻെറ ഭവിഷ്യത്തുകളെക്കുറിച്ച് താക്കീത് ചെയ്യുകയും, ഇരുകൂട്ടരുടെയും മനസ്ഥിതി പരസ്പര വിരുദ്ധമായിട്ടാണിരിക്കുന്നതെന്ന് തുറന്നുകാണിക്കുകയും ചെയ്തിരിക്കുന്നു. അവതരണ സന്ദർഭം നോക്കുമ്പോൾ, യഹൂദികളോടും, കപടവിശ്വാസികളോടും, അണഞ്ഞബന്ധം സ്ഥാപിക്കുന്നതിനെ

യാണ് ഇതിൽ നിരോധിച്ചിരിക്കുന്നതെന്ന് പറയാം. പക്ഷേ, അല്ലാഹു ഉപയോഗിച്ച വാക്കുകളും, വിശദീകരിച്ച കാരണങ്ങളും നോക്കുമ്പോഴും, മുസ്‌ലിംകൾക്കും അവരുടെ ശത്രുക്കളുമായി രംഗത്തുള്ള ഇതരസമുദായങ്ങൾക്കുമിടയിൽ ഇതഃപരന്ത്യം കഴിഞ്ഞുപോയിട്ടുള്ള ചരിത്ര യാഥാർത്ഥ്യങ്ങൾ നോക്കുമ്പോഴും, ഒരു പ്രത്യേക സംഭവത്തെ തുടർന്ന് അവതരിച്ചതായാലും ആയത്തുകളിലടങ്ങിയ വിധി പൊതുവായിരിക്കുമെന്ന ചട്ടം നോക്കുമ്പോഴും ഈ വചനങ്ങൾ, അന്നത്തെ യഹൂദികളെയും കപടവിശ്വാസികളെയും മാത്രം ഉന്നംവെച്ചുകൊണ്ടുള്ളതല്ലെന്ന് സ്പഷ്ടമാണ്. ശത്രുഭാഗക്കാരുടെ മനസ്സിരിപ്പുകളായി അല്ലാഹു എടുത്തുകാണിച്ച അവസ്ഥാ വിശേഷങ്ങൾ ആരിലുണ്ടോ-അവർ ഏതു മതക്കാരോ വിഭാഗക്കാരോ ആകട്ടെ-അവരുമായി ഉള്ളഴിഞ്ഞ ബന്ധങ്ങൾ സ്ഥാപിക്കുന്നത് വിരോധവും ആപൽക്കരവുംതന്നെ.

അമുസ്‌ലിംകളുമായി സ്നേഹത്തിലും, രഞ്ജിപ്പിലും, മമതയിലും വർത്തിക്കണം, എല്ലാവരോടും നീതിയും നെറിയും പാലിക്കണം എന്നൊക്കെയുള്ള ഇസ്‌ലാമിക തത്വങ്ങളും ഈ നിരോധവും തമ്മിൽ യാതൊരു വിയോജിപ്പുമില്ലതന്നെ. രണ്ടും രണ്ടവസ്ഥകളെ ഉദ്ദേശിച്ചാണുള്ളതെന്നും, മുസ്‌ലിംകൾ അങ്ങോട്ട് കാണിക്കുന്ന വിശ്വാസ മനസ്ഥിതിയും സ്നേഹഭാവവും അതേപടി ഇങ്ങോട്ടും പ്രകടിപ്പിക്കുന്നവരെക്കുറിച്ചാണ് ഈ നിരോധമെന്നും, ഈ നിരോധം അവഗണിച്ചാലുണ്ടാകുന്ന ഭവിഷ്യത്ത് ഭയങ്കരമായിരിക്കുമെന്നും മനസ്സിലാക്കേണ്ടതാകുന്നു. ആയത്തിലെ വാചകങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചു നോക്കുക. വിശദീകരണമൊന്നും കൂടാതെത്തന്നെ അവ സ്വയം വ്യക്തങ്ങളാകുന്നു. ഈ വിഷയം ഇത്രയും ഗൗരവത്തോടുകൂടി വിസ്തരിച്ചു പറഞ്ഞശേഷം അല്ലാഹു സത്യവിശ്വാസികളോട് അവസാനം പറഞ്ഞ വാക്ക് പ്രത്യേകം ശ്രദ്ധിക്കുക. 'നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം, അവരുടെ തന്ത്രം നിങ്ങൾക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല. നിശ്ചയമായും, അവർ പ്രവർത്തിക്കുന്നതിനെ അല്ലാഹു വലയം ചെയ്തുകൊണ്ടിരിക്കുന്നവനാണ്-അഥവാ ശരിക്കു അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്''.

അബൂസഈദിൽ ഖുദ്‌രി (رضي الله عنه) യിൽ നിന്നും മറ്റും ഒന്നിലധികം മാർഗ്ഗങ്ങളിലൂടെ വന്നിട്ടുള്ള ഒരു ഹദീസിൽ നബി (ﷺ) പറയുന്നു: 'അല്ലാഹു ഒരു നബിയെ നിയോഗിക്കുകയോ, ഒരു ഖലീഫയെ ഖലീഫയാക്കുകയോ ചെയ്യുമ്പോൾ അദ്ദേഹത്തിന് രണ്ട് (തരം) 'ബിത്വാനത്തു'കൾ ഉണ്ടായിരിക്കാതിരിക്കയില്ല. നൻമകൊണ്ട് ഉപദേശിക്കുകയും, അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു 'ബിത്വാനത്തും' തിന്മകൊണ്ട് ഉപദേശിക്കുകയും, അതിന് പ്രേരിപ്പിക്കുകയും ചെയുന്ന ഒരു 'ബിത്വാനത്തും'. അല്ലാഹു ആരെ കാത്തു രക്ഷിച്ചുവോ അവരത്രെ രക്ഷപ്പെട്ടവർ'. (ബു: ന.) ഇബ്നു അബീഹാതിം (رحمه الله) ഉദ്ധരിക്കുന്നു: ''ഉമർ (رضي الله عنه) നോട് പറയപ്പെട്ടു: ഇവിടെ ഹീറഃ (*) ക്കാരിൽപെട്ട ഒരു ചെറുപ്പക്കാരനുണ്ട്. അവൻ ഓർമ്മശക്തിയുള്ളവനും എഴുത്തുകാരനുമാണ്. അവനെ അവിടുന്ന് ഒരു എഴുത്തുകാരനായി എടുക്കുന്നത് കൊള്ളാമെന്ന് അപ്പോൾ അദ്ദേഹം പറഞ്ഞു: ''ഞാൻ അങ്ങിനെ ചെയ്താൽ സത്യവിശ്വാസികൾക്ക് പുറമെയുള്ളവരിൽനിന്ന് ഞാൻ ഒരു 'ബിത്വാനത്തി'നെ സ്വീകരിക്കുകയായിത്തീരും''. ഇത് ഉദ്ധരിച്ചുകൊണ്ട് ഇബ്നു കഥീർ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ ഖുർആൻെറ വാക്കും ഉമർ (رضي الله عنه) ൻെറ വാക്കും കൂടി നോക്കുമ്പോൾ, മുസ്‌ലിംകൾക്ക് കപ്പംകൊടുത്തുകൊണ്ട് അവരുടെ കീഴിൽ ജീവിക്കുന്ന(†) വിമതസ്ഥരെപ്പോലും

* ഹീറഃ (الحيرة) ഇറാഖിൽപെട്ടതും കൂഫയുടെ അടുത്തു സ്ഥിതി ചെയ്യുന്നതുമായ ഒരു പ്രദേശം. ഇറാഖിൽ ഉമർ (റ)ൻെറ കാലത്തു ഖാലിദുബ്നുൽവലീദ് (റ)ൻെറ നേതൃത്വത്തിൽ ആദ്യം ജയിച്ച പ്രദേശം അതായിരുന്നു. പേർസ്യൻ ചക്രവർത്തിയുടെ കീഴിലുള്ള നാട്ടു രാജാക്കളുടെ ഒരു കേന്ദ്രമായിരുന്നു അത്.

† ഹീറഃ ജയിച്ചതിനെത്തുടർന്ന് ആ നാട്ടുകാർ മുസ്‌ലിംകൾക്കു കപ്പംകൊടുക്കാമെന്ന നിശ്ചയത്തോടെ സന്ധിനടക്കുകയാണുണ്ടായത്.

മുസ്‌ലിംകളുടെ ഉള്ളുകള്ളികൾ അറിയുവാൻ ഇടവരുന്ന ജോലിയിൽ നിശ്ചയിക്കുന്നത്പാടില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. ഭരണകൂടത്തിൻെറ കീഴിൽ എഴുത്തുജോലി നടത്തുന്ന ആൾ, ഭരണപരമായ രഹസ്യങ്ങൾ മനസ്സിലാക്കി അത് ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുവാൻ സാധ്യതയുണ്ടല്ലോ.

വിഭാഗം-13

കഴിഞ്ഞ ഏതാനും വചനങ്ങളിലായി ഇസ്‌ലാമൻെറ ശത്രുക്കളുടെ പല സ്ഥിതിഗതികളും വിവരിച്ചു. അവരുമായി മനസ്സിണങ്ങിയ ബന്ധം പുലർത്തുന്നതിൻെറ ഭവിഷ്യത്തുകളെക്കുറിച്ച് താക്കീതും ചെയ്തു. അവസാനം, അവരുടെ കുതന്ത്രങ്ങളുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷ ലഭിക്കുവാൻ ക്ഷമയും സൂക്ഷ്മതയും കൈകൊള്ളണമെന്ന് ഉണർത്തുകയും ചെയ്തു. അനന്തരം അതെല്ലാം അനുഭവത്തിൽ കണ്ടറിയുവാൻ മുസ്‌ലിംകൾക്ക് ഇടവന്നതും, ഭാവിയിലേക്ക് പല പാഠങ്ങൾ ലഭിച്ചതുമായ ഒരു സംഭവത്തെ-അഥവാ ഉഹ്ദു യുദ്ധത്തെ-പ്പറ്റിയാണ് അടുത്ത വചനങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നത്. തുടർന്നുള്ള ആ വചനങ്ങളിലെ പരാമർശങ്ങൾ മനസ്സിലാക്കുന്നതിന് സഹായകമായിരിക്കുന്നതുകൊണ്ട് പ്രസ്തുത യുദ്ധത്തെ സംബന്ധിച്ച് ഒരു സംക്ഷിപ്ത വിവരം മുൻകൂട്ടി അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും

ഹിജ്റ രണ്ടാം കൊല്ലത്തിൽ നടന്ന സുപ്രസിദ്ധമായ ബദ്ർ യുദ്ധത്തിൽ ഖുറൈശികളുടെ സൈന്യം, എണ്ണം കൊണ്ടും ആയുധ സജ്ജീകരണങ്ങൾകൊണ്ടും മുസ്‌ലിംകളെക്കാൾ എത്രയോ വമ്പിച്ചതായിരുന്നു. എന്നിട്ട് അവർ അമ്പേ പരാജയപ്പെടുകയാണുണ്ടായത്. അവരുടെ പ്രധാന നേതാക്കൾ പലരും കൊല്ലപ്പെടുകയും പലരും ബന്ധനസ്ഥരാകുകയും ചെയ്തു. ഇതിന് പകരം വീട്ടുവാനായി മുവ്വായിരത്തോളം വരുന്ന ഒരു വമ്പിച്ച സേന അബുസുഫ്‌യാൻ (رضي الله عنه) ൻെറ നേതൃതത്തിൽ മദീനായുടെ അടുത്തൊരിടത്ത് വന്നിറങ്ങി. ഹിജ്റ മൂന്നാം കൊല്ലം ശവ്വാൽ മാസം ആദ്യത്തിലായിരുന്ന് അത്. വിവരമറിഞ്ഞപ്പോൾ, മദീനായുടെ ഉള്ളിൽവെച്ച് തന്നെ അവരുമായി നേരിടുകയാണോ വേണ്ടത്? അതല്ല, വെളിയിൽവെച്ച് നേരിടുകയാണോ വേണ്ടത് എന്ന് നബി (ﷺ) സഹാബികളുമായി ആലോചന നടത്തി. നബി (ﷺ) യുടെയും പരിചയസമ്പന്നരായ സഹാബികളുടെയും അഭിപ്രായം അവർ മദിനായിൽ കടന്നുവന്നാൽ അവിടെവെച്ച് യുദ്ധം ചെയ്യുന്നതാണ് നല്ലതെന്നും, പുറത്ത് ചെന്ന് യുദ്ധം ചെയ്യേണ്ടതില്ലെന്നുമായിരുന്നു. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യും അതിനോട് യോജിച്ചു.

എന്നാൽ, ചെറുപ്പക്കാരുടെ വിശേഷിച്ചും ബദ്ർ യദ്ധത്തിൽ പങ്കെടുക്കുവാൻ കഴിയാത്തതിൽ ഖേദക്കാരായിരുന്നവരുടെ-അഭിപ്രായം മറിച്ചായിരുന്നു. തിരുമേനിയുടെ പിതൃവ്യൻ ഹംസ (رضي الله عنه) യും ഇക്കൂട്ടത്തിലായിരുന്നു. എണ്ണത്തിലും മെയ്ക്കരുത്തിലും കവിഞ്ഞു നിന്നിരുന്ന ഇവരുടെ ശക്തിയായ ആവശ്യം നിമിത്തം ഒടുവിൽ ഇവരുടെ അഭിപ്രായം സ്വികരിക്കപ്പെട്ടു. ശവ്വാൽ പത്തിന്ന് വെള്ളിയാഴ്ചത്തെ പ്രസംഗത്തിൽ, ക്ഷമ, ധൈര്യം ആദിയായവയെക്കുറിച്ച് നബി (ﷺ) പല ഉപദേശങ്ങളും നൽകി. അങ്കി മുതലായവ അണിഞ്ഞുകൊണ്ട് ശനിയാഴ്ച നേരത്തെ തിരുമേനി ഒരുങ്ങി വീട്ടിൽ നിന്ന് പുറപ്പെട്ടു. ഇതു കണ്ടപ്പോൾ, വെളിയിൽ ചെന്നു ശത്രുവെ നേരിടണമെന്ന് ശഠിച്ചിരുന്നവരിൽ ചിലർക്ക് തങ്ങൾ നബി (ﷺ) യുടെ ഇഷ്ടത്തിന് വഴങ്ങാത്തതിൽ ഖേദം തോന്നുകയും, തിരുമേനിയുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളണമെന്നപേക്ഷിക്കുകയും ഉണ്ടായി. ആയുധം ധരിച്ച് പുറപ്പെട്ട ഒരു പ്രവാചകനും അല്ലാഹു അവൻെറ തീരുമാനം നടപ്പാക്കുന്നതുവരെ മടങ്ങുവാൻ പാടില്ല എന്നായിരുന്നു തിരുമേനിയുടെ മറുപടി.

അങ്ങിനെ, ആയിരം സഹാബികളുമായി തിരുമേനി പുറപ്പെട്ടു. ശൌത്ത്‌ (الشوط) എന്ന സ്ഥലത്തെത്തിയപ്പൊൾ, ബുദുല്ലാഹിബ്നു ഉബയ്യും മൂന്നുറ് പേരോളം വരുന്ന അനുയായികളും പിന്നോക്കം മടങ്ങുകയുണ്ടായി. നമ്മുടെ വാക്ക് കേൾക്കാതെ ചെറുപ്പക്കാരുടെ അഭിപ്രായം

സ്വീകരിച്ചാണ് അദ്ദേഹം-നബി (ﷺ) -പുറപ്പെട്ടത് എന്ന് പറഞ്ഞുകൊണ്ടാണവർ മടങ്ങിയത്. ബാക്കി 700 പേരും നബി (ﷺ) യും മുമ്പോട്ട് നീങ്ങി. ഇത്രയും ആളുകളുടെ മടക്കം പലരുടെയും മനസ്സിൽ കോളിളക്കം ഉണ്ടാക്കിയിരുന്നു. മദീനായിൽനിന്ന് ഏതാണ്ട് നാല് നാഴിക ദൂരെ ഉഹ്ദിലെത്തിയപ്പോൾ, പിൻഭാഗത്ത് ഉഹ്ദുമലയും, മുൻഭാഗത്ത് ശത്രു സൈന്യവുമായിക്കൊണ്ട് അതിൻെറ താഴ്വരയിൽ നബി (ﷺ) യും സഹാബികളും ഇറങ്ങി. പിൻഭാഗത്ത്നിന്ന് മലയിലൂടെ ശത്രുക്കൾ വന്ന് ഓർക്കാപ്പുറത്ത് ആക്രമിക്കുവാൻ സാധ്യതയുണ്ടായിരുന്ന ഒരു മർമ്മസ്ഥാനത്ത് അബ്ദുല്ലാഹിബ്നു ജുബൈർ (رضي الله عنه)ൻെറ നേതൃത്വത്തിൽ അമ്പത് അമ്പെയ്ത്തുകാരെ തിരുമേനി നിറുത്തുകയും ചെയ്തു. ആ വഴിക്ക് ശത്രുക്കളെ വരുവാൻ അനുവദിക്കരുതെന്നും, എന്തുതന്നെ സംഭവിച്ചാലും സമ്മതം കിട്ടാതെ സ്ഥലം വിടരുതെന്നും അവരോട് തിരുമേനി പ്രത്യേകം കൽപിക്കുകയും ചെയ്തിരുന്നു. സൈന്യവിഭാഗങ്ങളക്ക് സ്ഥലനിർണ്ണയം ചെയ്തശേഷം യുദ്ധം ആരംഭിച്ചു.

ആരംഭത്തിൽ മുസ്ലിംകൾക്ക് വിജയവും ശത്രുക്കൾക്ക് പരാജയവും കണ്ടു തുടങ്ങി. ശത്രുക്കൾ യുദ്ധക്കളം വിട്ടോടുവാൻ തുടങ്ങി. അവർ ഉപേക്ഷിച്ചു പോകുന്ന സാധനങ്ങൾ ശേഖരിക്കുവാൻ ചിലർ ആ തക്കം ഉപയോഗപ്പെടുത്തുകയും ചെയ്തു. ശത്രുക്കൾ പിൻതിരിഞ്ഞോടുന്നതും, മുസ്ലിംകൾ 'ഗനീമത്തു' വസ്തുക്കൾ ശേഖരിക്കുന്നതും മലയിലുള്ള അമ്പെയ്ത്തുകാർ നോക്കിക്കാണുന്നുണ്ടായിരുന്നു. യുദ്ധം അവസാനിച്ചുവെന്നും, തങ്ങൾക്കും ഗനിമത്തു ശേഖരണത്തിൽ പങ്കുകൊള്ളാമെന്നും കരുതി അവർ സ്ഥലം വിട്ടു. തിരുമേനിയുടെ കൽപന അവർ വിസ്മരിച്ചു കളഞ്ഞു. അവരുടെ തലവൻ ഇബ്നു ജുബൈറും (رضي الله عنه) അൽപം ചിലരുംമാത്രം സ്ഥലംവിടാതെ ഉറച്ചു നിന്നു. പക്ഷെ, ശത്രുപക്ഷത്തിലെ നേതാവായിരുന്ന ഖാലിദുബ്നുൽവലീദ് ഈ തക്കം മനസ്സിലാക്കി അത് ഉപയോഗപ്പെടുത്തി. ഒരു കുതിര സൈന്യവ്യൂഹവുമായി അദ്ദേഹം മലയുടെ പിന്നിൽകൂടി ആ മാർഗ്ഗേണ വന്ന് മുസ്ലിംകളെ പിന്നിൽനിന്ന് പുതിയ ഒരു ആക്രമണം നടത്തി. അതോടുകൂടി, യുദ്ധക്കളം വിട്ടോടിയിരുന്ന ശത്രുക്കൾ വീണ്ടും തിരിച്ചുവന്ന് മുമ്പിലൂടെയും മുസ്ലിംകളെ ആക്രമിക്കുകയായി. നടുവിൽ പെട്ടുപോയ മുസ്ലിംകളിൽ ഇത് വമ്പിച്ച അമ്പരപ്പും പരിഭ്രമവും ഉളവാക്കി. പലരും അണിവിട്ടു ചിന്നിച്ചിതറി. കുറച്ചാളുകൾ മാത്രമേ യുദ്ധക്കളത്തിൽ പതറാതെ ഉറച്ചുനിന്നു പോരാടിയുള്ളു.

മുസ്ലിംകൾക്ക് അങ്കലാപ്പ് വർദ്ധിപ്പിക്കുന്ന മറ്റൊരു കാരണവും ഉണ്ടായി. നബി (ﷺ) വധിക്കപ്പെട്ടു എന്നൊരു കിംവദന്തി പരന്നതായിരുന്നു അത്. ഇതു കേട്ടാൽ പിന്നെ, ആ അവസരത്തിൽ സഹാബികളുടെ സ്ഥിതി എന്തായിരിക്കുമെന്നും ഏറെക്കുറെ ഊഹിക്കാമല്ലോ. നബി (ﷺ) യാകട്ടെ, സ്ഥലം തെറ്റുകയോ കാലിടറുകയോ മനസ്സു പതറുകയോ ചെയ്യാതെ സധീരം നിലകൊള്ളുന്നുണ്ടായിരുന്നു. തിരിമേനിയുടെ ചുറ്റുപുറവും ഒരു കോട്ടയെന്നോണം പത്തുപന്ത്രണ്ട് ധീരസഹാബികൾ ശത്രുക്കളുടെ ആയുധങ്ങളും അമ്പുകളും എതിരേറ്റു സ്വീകരിച്ചുകൊണ്ട് ചെറുത്തുനിന്നിരുന്നു. അവരുടെ ധീരപരാക്രമങ്ങൾ ഇണയറ്റതായിരുന്നു. സ്വന്തം ജീവൻ തൃണവൽക്കരിച്ച് നബി (ﷺ) തിരുമേനിക്കുവേണ്ടി ഞങ്ങളുടെ ശരീരങ്ങളെ പരിചകളാക്കി അവരിൽ ചിലർക്ക് അറുപതും എഴുപതും മുറിവുകൾ ഏറ്റിട്ടുണ്ടായിരുന്നു. നബി (ﷺ) തിരുമേനിക്കും പരുക്കുകൾ ഏൽക്കുകയും അവിടുത്തെ പല്ല് മുറിയുകയും ഉണ്ടായി. കുറെ കഴിഞ്ഞപ്പോഴാണ് തിരുമേനി ജീവച്ചിരിപ്പുണ്ടെന്നറിയുവാൻ സഹാബികൾക്ക് കഴിഞ്ഞത്. അതോടുകൂടി അവർക്കുണ്ടാകുന്ന ആശ്വാസം പറയേണ്ടതില്ലല്ലോ. തിരുമേനി മലയിൽ ഒരിടത്ത് കയറി ഇങ്ങോട്ട് വരിൻ! ''ഇങ്ങോട്ട് വരിൻ!'' എന്ന് വിളിച്ചുകൊണ്ടിരുന്നു. പുതിയൊരു ആവേശത്തോടും ധൈര്യത്തോടും കൂടി സഹാബികൾ ചറ്റും ഓടിക്കൂടി ശത്രുക്കളെ തുരത്തുവാൻ തുടങ്ങി. പക്ഷേ, തങ്ങൾക്ക് ആദ്യം കിട്ടിയ വിജയത്തിൽ ഭേരിയടിച്ചുകൊണ്ട് വേഗം സ്ഥലം വിടുകയാണവർ ചെയ്തത്. ഇത് മസ്ലിംകൾക്ക് അല്ലാഹു ചെയ്തുകൊടുത്ത വമ്പിച്ച ഒരനുഗ്രഹമായിരുന്നു. ഇനി നമുക്ക് ആയത്തുകളിലേക്ക് പ്രവേശിക്കാം. അല്ലാഹു പറയുന്നു:-

وَإِذْ غَدَوْتَ مِنْ أَهْلِكَ تُبَوِّئُ ٱلْمُؤْمِنِينَ مَقَٰعِدَ لِلْقِتَالِ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٢١﴾

121 (നബിയേ) സത്യവിശ്വാസികൾക്ക് യുദ്ധത്തിനുള്ള താവളങ്ങൾ സൗകര്യപ്പെടുത്തിക്കൊടുക്കുവാനായി നീ നിന്റെ വീട്ടുകാരിൽനിന്ന് കാലത്തു (പുറപ്പെട്ടു) പോയ സന്ദർഭം (ഓർക്കുക): അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

إِذْ هَمَّت طَّآئِفَتَانِ مِنكُمْ أَن تَفْشَلَا وَٱللَّهُ وَلِيُّهُمَا ۗ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٢٢﴾

122 (അതെ) നിങ്ങളിൽപെട്ട രണ്ടു വിഭാഗങ്ങൾ ഭീരുത്വം കാണിക്കുവാൻ ശ്രമിച്ച സന്ദർഭം; അല്ലാഹുവാകട്ടെ, ആ രണ്ടു കൂട്ടരുടെയും കാര്യകർത്താവു (അഥവാ സഹായിയു)മാണ്. അല്ലാഹുവിന്റെ മേൽ(തന്നെ) ഭരമേൽപിച്ചു കൊള്ളട്ടെ, സത്യവിശ്വാസികൾ!

---

121 **وإِذْ غَدوت** നീ രാവിലെ പോയ സന്ദർഭം. **من أَهلك** നിന്റെ വീട്ടുകാരിൽ (കുടുംബത്തിൽ) നിന്ന്. **تبوئ** നീ സൗകര്യപ്പെടുത്തി (ശരിപ്പെടുത്തി)കൊണ്ട്. **المؤمنين** സത്യവിശ്വാസികൾക്ക്. **مقاعد** ഇരിപ്പിടങ്ങൾ, താവളങ്ങളെ. **للقتال** യുദ്ധത്തിന്. **والله** അല്ലാഹു **سميع** കേൾക്കുന്നവനാണ്. **عليم** അറിയുന്നവനാണ്. 122 **إِذْ همت** ഉദ്ദേശിച്ച (ശ്രമിച്ച)പ്പോൾ. **طائفتان** രണ്ട് വിഭാഗങ്ങൾ. **منكُم** നിങ്ങളിൽ നിന്ന്. **أن تفْشلا** അവ ഭീരുത്വം കാണിക്കുവാൻ. **والله** അല്ലാഹുവാകട്ടെ. **وليهما** അവ രണ്ടിന്റെയും കാര്യകർത്താവാകുന്നു (സഹായിയാണ്). **وعلى الله** അല്ലാഹുവിന്റെ മേൽ(തന്നെ). **فَلْيتوكل** അപ്പോൾ ഭരമേൽപിച്ചുകൊള്ളട്ടെ. **المؤمنونَ** സത്യവിശ്വാസികൾ.

നിങ്ങളിൽ രണ്ടു വിഭാഗക്കാർ ഭീരുത്വം കാട്ടുവാൻ ശ്രമിച്ചു (همت طائفتان منكم ان تفشلا) എന്ന് പറഞ്ഞത് ഖസ്റജ് ഗോത്രത്തിൽപെട്ട ബനൂസലമഃശാഖയും, ഔസു ഗോത്രക്കാരിൽപെട്ട ബനൂഹാരിഥഃ ശാഖയുമായുന്നു. മുസ്‌ലിം സൈന്യത്തെ ഇരുവശത്തും പാർശ്വസേനകളായി നിറുത്തപ്പെട്ടിരുന്നത് അവരായിരുന്നു. സ്ഥിതി ഗതികളുടെ ഗൗരവം നിമിത്തം അവർക്ക് മനോവീര്യം ക്ഷയിക്കുകയുണ്ടായെന്നു സാരം. അവർ കൽപിച്ചുകൂട്ടി ചെയ്ത ഒരു അനുസരണക്കേടോ കൊള്ളരുതായ്മയോ, ആയിരുന്നില്ല അതെന്ന് والله وليهما (അല്ലാഹുവാകട്ടെ, അവരുടെ കൈകാര്യ കർത്താവുമായിരുന്നു) എന്ന വാക്യം സൂചിപ്പിക്കുന്നു. ഭീരുത്വം തോന്നുവാനുള്ള കാരണം മുമ്പ് വിവരിച്ചതിൽനിന്ന് ഊഹിക്കാമല്ലോ. ആദ്യത്തെ വചനം 'അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാണ് (والله سميع عليم) എന്നും, രണ്ടാമത്തെ വചനം 'സത്യവിശ്വാസികൾ അല്ലാഹുവിന്റെ മേൽതന്നെ ഭരമേൽപിച്ചുകൊള്ളട്ടെ (وعلي الله فليتوكل المؤمنون)' എന്നുമുള്ള വാക്യങ്ങളെക്കൊണ്ട് അവസാനിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാകുന്നു. മിക്ക ആയത്തുകളുടെയും അവസാനത്തിൽ, അതത് ആയത്തുകളിലെ ആശയത്തിനും സന്ദർഭത്തിനും അനുയോജ്യമായ ഇത്തരം സമാപന വാക്യങ്ങൾ ഉണ്ടായിരിക്കുന്നത് ഖുർആന്റെ ഒരു വിശേഷതയാണല്ലോ. ഈ സമാപന വാക്യങ്ങളിലടങ്ങിയ തത്വങ്ങൾ സന്ദർഭംനോക്കി പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

അനുസരണം, ധൈര്യം, ക്ഷമ, തവക്കുൽ (അല്ലാഹുവിൽ ഭരമേൽപിക്കൽ) ആദിയായവയിൽ തങ്ങളുടെ പോരായ്മ മനസ്സിലാക്കുവാനും, അത് നികത്തുവാനും ധാരാളം പാഠങ്ങൾ അനുഭവത്തിലൂടെ സത്യവിശ്വാസികൾക്ക് ലഭിച്ച ഒരു മഹാ സംഭവമായിരുന്നു ഉഹ്ദ് യുദ്ധം. ആൾപ്പെരുപ്പമോ, ആയുധ ബലമോ അനുസരിച്ചല്ല-വിശ്വാസവും ധീരതയും അനുസരി

ച്ചാണ്-സത്യവിശ്വാസികൾക്ക് അല്ലാഹു വിജയം നൽകുകയെന്നുള്ളതിന് മതിയായ ഒരു തെളിവായിരുന്നു ബദ്ർ യുദ്ധം. അതാണ് അടുത്ത വചനം ചൂണ്ടിക്കാട്ടുന്നത്.

وَلَقَدْ نَصَرَكُمُ ٱللَّهُ بِبَدْرٍ وَأَنتُمْ أَذِلَّةٌ ۖ فَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تَشْكُرُونَ ﴿١٢٣﴾

123 നിങ്ങൾ എളിയവരായി [ദുർബ്ബലരായി] രുന്നപ്പോൾ, അല്ലാഹു നിങ്ങളെ ബദ്റിൽ സഹായിക്കുകയുണ്ടായിട്ടുണ്ട്. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിച്ചു കൊള്ളുവിൻ-നിങ്ങൾ നന്ദി കാണിക്കുമാറായേക്കാം.

إِذْ تَقُولُ لِلْمُؤْمِنِينَ أَلَن يَكْفِيَكُمْ أَن يُمِدَّكُمْ رَبُّكُم بِثَلَٰثَةِ ءَالَٰفٍ مِّنَ ٱلْمَلَٰٓئِكَةِ مُنزَلِينَ ﴿١٢٤﴾

124 അതായത്, (നബിയേ) നീ സത്യവിശ്വാസികളോട് പറഞ്ഞിരുന്ന സന്ദർഭം: ''മലക്കുകളിൽ നിന്നും ഇറക്കപ്പെടുന്ന മുവ്വായിരം (പേരെ) കൊണ്ട് നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് സഹായം നൽകുന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ?!-''

بَلَىٰٓ ۚ إِن تَصْبِرُوا۟ وَتَتَّقُوا۟ وَيَأْتُوكُم مِّن فَوْرِهِمْ هَٰذَا يُمْدِدْكُمْ رَبُّكُم بِخَمْسَةِ ءَالَٰفٍ مِّنَ ٱلْمَلَٰٓئِكَةِ مُسَوِّمِينَ ﴿١٢٥﴾

125 ''ഇല്ലാതേ (-മതിയാകും); നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷിക്കുകയും, അവർ [ശത്രുസൈന്യം] ഈ ക്ഷണത്തിൽ നിങ്ങളുടെ അടുക്കൽ വരുകയും ചെയ്യുന്ന പക്ഷം, മലക്കുകളിൽ നിന്നും (പ്രത്യേക) അടയാളം ലഭിച്ച അയ്യായിരം (പേരെ) കൊണ്ടു നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് സഹായം നൽകുന്നതാണ്.'' എന്ന്.

---

123 **وَلَقَدْ نَصرَكُمُ** നിങ്ങളെ സഹായിച്ചിട്ടുണ്ടല്ലോ. **اللهُ** അല്ലാഹു. **بِبدرٍ** ബദ്റിൽവെച്ച്. **وأَنتم** നിങ്ങളാകട്ടെ. **أَذلةٌ** എളിയവർ, നിസ്സാരർ. **فَاتقُوا** അതിനാൽ സൂക്ഷിക്കുവിൻ. **الله** അല്ലാഹുവിനെ. **لَعلكُم** നിങ്ങളായേക്കാം, ആകുവാൻ വേണ്ടി. **تَشكُرونَ** നിങ്ങൾ നന്ദി കാണിക്കും. 124 **إِذْ تقُولُ** നീ പറയുന്ന സന്ദർഭം. **لِلْمؤمنين** സത്യവിശ്വാസികളോട്. **أَلَنْ يكْفيكُم** നിങ്ങൾക്ക് മതിയാകുകയില്ലേ, പോരേ . **أَنْ يمدكُم** നിങ്ങൾക്ക് സഹായം നൽകൽ, സഹായ സൈന്യത്തെ അയക്കൽ. **ربكُم** നിങ്ങളുടെ റബ്ബ്. **بِثلاثةِ آلاف** മുവ്വായിരംകൊണ്ട്. **مِن الْملائكة** മലക്കുകളിൽ നിന്ന്. **منزلِين** ഇറക്കപ്പെടുന്ന, ഇറക്കപ്പെട്ടവരായ. 125 **بلى** ഇല്ലാതേ, അതെ. **إِنْ تصبِروا** നിങ്ങൾ ക്ഷമിക്കുന്നപക്ഷം. **وتتقُوا** നിങ്ങൾ സൂക്ഷിക്കുകയും. **ويأتوكُم** അവർ നിങ്ങൾക്ക് വരുകയും. **مِن فَورِهِم هذَا** അവരുടെ ഈ ക്ഷണത്തിൽ (വേഗത്തിൽ). **يمددكُم** നിങ്ങൾക്ക് സഹായം നൽകും. **ربكُم** നിങ്ങളുടെ റബ്ബ്. **بِخمسة آلاف** അയ്യായിരം കൊണ്ട്. **مِن الْملائكة** മലക്കുകളിൽ നിന്ന്. **مسومِين** അടയാളം (ചിഹ്നം) വെക്കുന്ന (ലഭിക്കുന്ന, സ്വീകരിക്കുന്ന) അടയാളം വെക്കപ്പെട്ടവരായി, അയച്ചുവിടപ്പെട്ടവരായ.

مسومين എന്ന വാക്ക് (വാവി'നു 'ഇ' കാരത്തോടും 'അ' കാരത്തോടും ('മുസവ്വിമീൻ' എന്നും, 'മുസവ്വമീൻ') എന്നും വായിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തെ വായനപ്രകാരം, ആ മലക്കുകൾ തങ്ങൾക്ക് ചില പ്രത്യേക ചിഹ്നങ്ങൾ സ്വീകരിച്ചവരായിരിക്കുമെന്നും, രണ്ടാമത്തെ വായനപ്രകാരം അവർക്ക് പ്രത്യേകം ചിഹ്നങ്ങൾ നൽകപ്പെട്ടവരായിരിക്കുമെന്നും അർത്ഥമായിരിക്കുന്നതാണ്.

ഹിജ്റ രണ്ടാം കൊല്ലം റംസാൻ പതിനേഴിന് വെള്ളിയാഴ്ച ബദ്ർ യുദ്ധം ഉണ്ടായി. എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി ഒരുങ്ങി വന്ന ഏതാണ്ട് ആയിരത്തോളം വരുന്നെ ഖുറൈശി സേനയും, മൂന്നൂറ്റി പതിമൂന്നു മുസ്ലിംകളും തമ്മിലായിരുന്നു അതുണ്ടായത്. മുസ്ലിംകളുടെ എണ്ണം കുറവായിരുന്നതിന് പുറമെ, അറബികൾ സാധാരണ കയ്വശം വെക്കാറുള്ള

ചുരുക്കം ചില ആയുധങ്ങളും, രണ്ട് കുതിരകളും എഴുപത് ഒട്ടകങ്ങളും മാത്രമേ അവരുടെ കൂടെ ഉണ്ടായിരുന്നുള്ളുതാനും. അങ്ങിനെ, എണ്ണത്തിലും ശക്തിയിലുമെല്ലാം ശത്രുക്കളെക്കാൾ എത്രയോ കുറഞ്ഞവരായിരുന്നതുകൊണ്ടാണ് അവരെപ്പറ്റി أذلة (എളിയവർ) എന്ന് അല്ലാഹു വിശേഷിപ്പിച്ചത്. നിങ്ങൾ അത്ര എളിയ ഒരു സംഘമായിരുന്നിട്ടും നിങ്ങളെ ബദ്റിൽ അല്ലാഹു സഹായിച്ചു വിജയിപ്പിച്ചു. അപ്പോൾ, എണ്ണംകൊണ്ടോ ആയുധം കൊണ്ടോ അല്ല വിജയം സിദ്ധിക്കുന്നത്. വിജയം അല്ലാഹുവിങ്കൽ നിന്ന് മാത്രമാണ് സിദ്ധിക്കുന്നത് (وما النصر الا من عند الله) അതുകൊണ്ട് ഉഹ്ദിൽ വന്നതുപോലെയുള്ള പാകപ്പിഴവുകൾ പറ്റാതെ-അല്ലാഹുവിനെ സൂക്ഷിച്ചും അവനിൽ കാര്യങ്ങൾ അർപ്പിച്ചുകൊണ്ടും-ശത്രുക്കളെ നേരിട്ടാൽ നിങ്ങൾക്ക് വിജയം തീർച്ചയാണ്. അങ്ങനെ, നിങ്ങൾക്ക് സന്തോഷിക്കുകയും, അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുകയും ചെയ്യാം. ബദ്ർ യുദ്ധം ഇതിനൊരു തെളിവാണല്ലോ. എന്നൊക്കെ 123-ാം വചനത്തിൽ സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുന്നു.

അനന്തരം 124-ാം വചനത്തിൽ, ബദ്റിൽ വെച്ച് ആ മഹാവിജയം ലഭിച്ച സന്ദർഭം വിവരിക്കുന്നു. അതായത് തങ്ങളെക്കാൾ വളരെ വമ്പിച്ച ആ സൈന്യത്തോട് ഏറ്റുമുട്ടിക്കൊണ്ടിരിക്കെ, ശത്രുസൈന്യത്തെ സഹായിക്കുവാൻ വീണ്ടും സഹായസൈന്യം വരുന്നുണ്ടെന്നൊരു വിവരം മുസ്‌ലിംകൾ കേൾക്കയുണ്ടായി. ഇതവരെ വിഷമിപ്പിച്ചു. ഈ അവസരത്തിൽ നബി (ﷺ) അവരോട് പറഞ്ഞു: ''മുവ്വായിരം മലക്കുകളെ ഇറക്കിക്കൊണ്ട് അല്ലാഹു നിങ്ങളെ സഹായിച്ചാൽ പോരേ? അതെ, മതി! നിങ്ങൾ ക്ഷമയും സൂക്ഷ്മതയും സ്വീകരിക്കുകയും, ശത്രുസൈന്യം ക്ഷണത്തിൽ വന്നെത്തുകയും ചെയ്യുന്നപക്ഷം, പ്രത്യേകം തയ്യാറാക്കിയ അയ്യായിരം മലക്കുകളെകൊണ്ട് തന്നെ നിങ്ങളെ അവൻ സഹായിക്കും.'' പക്ഷേ, ശത്രുസൈന്യം യുദ്ധത്തിൽ അമ്പെ പരാജയപ്പെട്ടുവെന്ന വിവരം കിട്ടിയ കാരണത്താൽ ആ സഹായ സൈന്യം വരികയുണ്ടായില്ല. അതുകൊണ്ട് അയ്യായിരം മലക്കുകൾ ഇറക്കപ്പെട്ടതുമില്ല. ആദ്യം അറിയിച്ച പ്രകാരം മുവ്വായിരം മലക്കുകൾ മാത്രമാണ് ഇറക്കപ്പെട്ടത്. എന്നീപ്രകാരമാണ് പല ഖുർആൻ വ്യാഖ്യാതാക്കളും ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇതു സംബന്ധമായി ചില രിവായത്തുകളും കാണാവുന്നതാണ്. ബദ്ർ യുദ്ധത്തെക്കുറിച്ചുള്ള പ്രസ്താവനയിൽ, ആയിരം മലക്കുകളെ ഇറക്കി സഹായിക്കുമെന്നു സൂ: അൻഫാൽ 9-ാം വചനത്തിൽ പറഞ്ഞതും, ഇപ്പറഞ്ഞതും തമ്മിൽ എതിരില്ലെന്നും, ആദ്യം ആയിരം വാഗ്ദാനം ചെയ്തശേഷം പിന്നീടത് മുവ്വായിരമാക്കി വർദ്ധിപ്പിച്ചുവെന്നും, ചില ഉപാധികളോടുകൂടി വീണ്ടും അത് അയ്യായിരമാക്കി വർദ്ധിപ്പിച്ചുവെന്നും, ശത്രുസൈന്യം വന്നെത്തായ്കയാൽ ഉപാധി പൂർത്തിയാകാത്തതുകൊണ്ട് അയ്യായിരം ഇറക്കുകയുണ്ടായില്ല-മുവ്വായിരം മാത്രമാണ് ഇറക്കിയത്-എന്നും ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുകയും ചെയ്യുന്നു. اذ تقول

മേൽ പ്രസ്താവിച്ചതിൽ നിന്ന് 124-ാം വചനത്തിലെ اذ تقول (നീ പറയുന്ന സന്ദർഭം) എന്ന വാക്ക് 123-ാം വചനവുമായി ബന്ധപ്പെട്ടതാണ്-അഥവാ ബദ്റിൽ മലക്കുകളെ ഇറക്കിയതിനെ സംബന്ധിച്ചാണ്- എന്നു മനസ്സിലായല്ലോ. ആയത്തിലെ വാചകങ്ങളിൽനിന്ന് പ്രത്യക്ഷത്തിൽ വ്യക്തമാകുന്നതും അങ്ങിനെത്തന്നെ. വേറെയും ഒരഭിപ്രായം ഇവിടെയുണ്ട്. മലക്കുകളെ ഇറക്കുന്നത് സംബന്ധിച്ച് നബി (ﷺ) പറഞ്ഞതായി പ്രസ്താവിച്ചത് ഉഹ്ദിൽ വെച്ചായിരുന്നു -ബദ്റിൽ വെച്ചല്ല-എന്നത്രെ ചില വ്യാഖ്യാതക്കളുടെ അഭിപ്രായം. ഇവരുടെ അഭിപ്രായത്തിൽ اذ تقول എന്ന വാക്ക് 121 -ാം വചനത്തോടുബന്ധപ്പെട്ടതാകുന്നു. ഉഹ്ദിൽ വെച്ച് നബി (ﷺ) പറഞ്ഞതിനെ ഉദ്ധരിച്ചതാണ് അതെന്ന് സാരം. എങ്കിലും ان تصبروا وتتقوا الخ (നിങ്ങൾ ക്ഷമിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന പക്ഷം) എന്ന ഉപാധി പൂർത്തിയാക്കപ്പെടാത്തതുകൊണ്ട് മലക്കുകൾ ഉഹ്ദിൽ ഇറക്കപ്പെടുകയുണ്ടായില്ലെന്ന് ഇവരും പറയുന്നു. പക്ഷേ, അയ്യായിരം ഇറക്കിപ്പെട്ടിട്ടില്ല ആദ്യം പറഞ്ഞ മൂവ്വായിരം ഇറക്കപ്പെട്ടിട്ടുണ്ട്. എന്നും, തീരെ ഇറക്കപ്പെട്ടിട്ടില്ല എന്നും ഇവരിൽ രണ്ടഭിപ്രായക്കാരുണ്ട്. വാസ്തവം അല്ലാഹുവിനറിയാം. ഇതു സംബന്ധമായ അഭിപ്രായങ്ങളും അവയുടെ തെളിവുകളും ഉദ്ധരിച്ച് ദീർഘിപ്പിക്കേണ്ടുന്ന

ആവശ്യം കാണുന്നില്ല. അവയെപ്പറ്റി സാമാന്യം വിവരിച്ചശേഷം ഇബ്നുജരീർ (﵀)ചെയ്ത പ്രസ്താവനയുടെ സാരം അറിയുന്നത് നന്നായിരിക്കും. അതിങ്ങിനെ ഉദ്ധരിക്കാം:-

'ഇവയിൽവെച്ച് വാസ്തവത്തോട് കൂടുതൽ അടുപ്പമുള്ള അഭിപ്രായം ഇതാണ്: 'മുവ്വായിരം മലക്കുകളെക്കൊണ്ട് നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് സഹായം നൽകുന്നത് നിങ്ങൾക്ക് മതിയാകുകയില്ലേ' എന്ന് സത്യവിശ്വാസികളോട് റസൂൽ (ﷺ) പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. അങ്ങനെ, മുവ്വായിരം മലക്കുകളെകൊണ്ട് സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തു. എന്നാൽ, മുവ്വായിരംകൊണ്ടോ, അയ്യായിരം കൊണ്ടോ, അവർക്ക് സഹായം നൽകിയെന്നോ, ഇല്ലെന്നോ ആയത്തിൽ പ്രസ്താവിച്ചിട്ടില്ല. ഒരു പക്ഷേ, സഹായം നൽകിയിരിക്കാം. അല്ലെങ്കിൽ സഹായം നൽകാതിരുന്നിരിക്കാം. തെളിവില്ലാതെ രണ്ടും പറഞ്ഞുകൂടാ. തെളിവുണ്ടെങ്കിൽ രണ്ടിലൊന്നു സമ്മതിക്കാമായിരുന്നു. എന്നാൽ, ബദ്റിൽ ആയിരം മലക്കുകളെക്കൊണ്ട് സഹായം നൽകിയെന്ന് ഖുർആനിൽ അറിയിച്ചിട്ടുണ്ട്. അത് സൂ: അൻഫാൽ 9-ാം വചനമാണ്. ഉഹ്ദിനെ സംബന്ധിച്ചിടത്തോളം മലക്കുകളെ ഇറക്കിക്കൊണ്ടുള്ള സഹായം നൽകൽ ഉണ്ടായിട്ടില്ലെന്നാണ് ഉണ്ടെന്നുള്ള അഭിപ്രായത്തെക്കാൾ വ്യക്തമായിക്കാണുന്നത്. കാരണം, അങ്ങിനെ സഹായം നൽകപ്പെട്ടിരുന്നുവെങ്കിൽ അവർക്ക് പരാജയം പിണയുകയും, ആപത്തുകൾ ബാധിക്കുകയും ചെയ്യുമായിരുന്നില്ല.' ابن جرير

وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ لَكُمْ وَلِتَطْمَئِنَّ قُلُوبُكُم بِهِۦ ۗ وَمَا ٱلنَّصْرُ إِلَّا مِنْ عِندِ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿١٢٦﴾

126 അതിനെ [മലക്കുകളെ ഇറക്കി സഹായം നൽകുന്നതിനെ] നിങ്ങൾക്കൊരു സന്തോഷവാർത്തയല്ലാതെ അല്ലാഹു ആക്കിയിട്ടില്ല; നിങ്ങളുടെ ഹൃദയങ്ങൾ അതുകൊണ്ട് സമാധാനമടയുവാൻ വേണ്ടിയുമാകുന്നു. സഹായമാകട്ടെ, പ്രതാപശാലിയായ അഗാധജ്ഞനായ അല്ലാഹുവിൻെറ പക്കൽ നിന്നല്ലാതെ (ലഭിക്കുക) ഇല്ലതാനും.

لِيَقْطَعَ طَرَفًا مِّنَ ٱلَّذِينَ كَفَرُوٓا۟ أَوْ يَكْبِتَهُمْ فَيَنقَلِبُوا۟ خَآئِبِينَ ﴿١٢٧﴾

127 (അതെ) അവിശ്വസിച്ചവരിൽ നിന്നുള്ള ഒരു ഭാഗത്തെ മുറി (ച്ചു നശിപ്പി) ക്കുവാൻ വേണ്ടിയാണ് (അത്); അല്ലെങ്കിൽ, അവരെ അപമാനപ്പെടുത്തുകയും, അങ്ങനെ അവർ നിരാശരായി (പരാജയപ്പെട്ട്) തിരിഞ്ഞു പോകുകയും ചെയ്വാൻ (വേണ്ടിയാണ്).

---

126 **وما جعله** അതിനെ ആക്കിയിട്ടില്ല. **الله** അല്ലാഹു. **إلا بشرى** ഒരു സന്തോഷവാർത്തയല്ലാതെ. **لكم** നിങ്ങൾക്ക്. **ولتطمئن** സമാധാനമടയുവാൻവേണ്ടിയും. **قلوبكم** നിങ്ങളുടെ ഹൃദയങ്ങൾ. **به** അതുകൊ്. **وما النصر** സഹായം അല്ലതാനും. **إلا من عند** പക്കൽ നിന്നല്ലാതെ. **الله** അല്ലാഹുവിൻെറ. **العزيز** പ്രതാപശാലിയായ. **الحكيم** അഗാധജ്ഞനായ, യുക്തിമാനായ. 127 **ليقطع** മുറിച്ചുകളയുവാൻവേണ്ടി. **طرفًا** ഒരു ഭാഗം, ഒരു തലപ്പ്. **من الذين كفروا** അവിശ്വസിച്ചവരിൽനിന്ന്. **أو يكبتهم** അല്ലെങ്കിൽ അവരെ അപമാനപ്പെടുത്തുക. **فينقلبوا** എന്നിട്ട് അവർ തിരിഞ്ഞുപോകുകയും. **خائبين** നിരാശരായി, അപമാനമടഞ്ഞവരായി.

സാരം: മലക്കുകളെ ഇറക്കി നിങ്ങൾക്ക് സഹായം നൽകുന്നതും, ഈ വിവരം നിങ്ങളെ അറിയിക്കുന്നതുമൊക്കെ നിങ്ങൾക്ക് അതൊരു സന്തോഷവാർത്തയും അനുമോദനവുമായിക്കൊണ്ട് മാത്രമാണ്. അതുവഴി നിങ്ങൾക്ക് മനോവീര്യവും, ധൈര്യവും, ഉൻമേഷവും ലഭിക്കുകയും, അങ്ങനെ നിങ്ങൾക്ക് മന:സമാധാനം ഉണ്ടായിത്തീരുകയും ചെയ്യും. അല്ലാതെ, അവർ മൂലം

നിങ്ങൾക്ക് സഹായവും വിജയവും ലഭിക്കുവാൻ വേണ്ടിയല്ല. കാരണം, സഹായം അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുന്നതാണ്. മലക്കുകളെ ഇറക്കിയതുകൊണ്ട് അത് സിദ്ധിക്കണമെന്നില്ല. എണ്ണംകൊണ്ടോ ശക്തികൊണ്ടോ അല്ല നിങ്ങൾക്ക് വിജയം കൈവരുന്നത്. അവൻ ഉദ്ദേശിക്കുന്ന പക്ഷം, മലക്കുകളെ ഇറക്കാതെയും, യുദ്ധം പോലും നടത്താതെയും നിങ്ങൾക്ക് വിജയം ലഭിക്കുന്നതാണ്. എന്നാൽ പിന്നെ, നിങ്ങൾ യുദ്ധം ചെയ്യണമെന്നും, ശത്രുക്കളുമായി ഏറ്റുമുട്ടണമെന്നുമൊക്കെ കൽപിക്കുന്നത് എന്തിനാണെന്ന് ചോദിക്കപ്പെട്ടാം. നിങ്ങളുടെ ശത്രുക്കളായ അവിശ്വാസികളിൽ കുറെ ആളുകൾ നശിച്ചും, കുറെ ആളുകൾ ബന്ധനത്തിലകപ്പെട്ടും മറ്റുമായി അവരുടെ ശക്തി ക്ഷയിക്കുകയും, അങ്ങിനെ അവർ പരാജിതരും നിരാശരുമായിത്തീരുകയും ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടിയാണത്. എന്നല്ലാതെ, അവിശ്വാസികളെ മുഴുവൻ കൊന്നൊടുക്കുകയല്ല ഉദ്ദേശ്യം.

ശത്രുക്കളുമായി ഏറ്റുമുട്ടിയാൽ സധീരം അവരുമായി നേരിടണമെന്നും മറ്റും ഉപദേശിച്ചുകൊണ്ട് സൂറത്തു മുഹമ്മദിൽ അല്ലാഹു പറയുന്നു: ''അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, അവരിൽ നിന്ന് അവർ സ്വയം രക്ഷാ നടപടി എടുക്കുമായിരുന്നു. എങ്കിലും, നിങ്ങളിൽ ചിലരെ ചിലരെക്കൊണ്ട് പരീക്ഷണം നടത്തുവാൻ വേണ്ടിയാണത്.'' (ذلك ولو يشاء الله لا نتصر منهم ولكن ليبلوا بعضكم ببض – محمد : ٤) ബദ്റിൽ ആയിരം മലക്കുകളെ ഇറക്കിയ വിവരം പറഞ്ഞതിനെത്തുർന്ന് സൂ:അൻഫാലിലും തന്നെ 126-ാം വചനത്തിൽ പ്രസ്താവിച്ച ഈ സംഗതി അല്ലാഹു ആവർത്തിച്ചിരിക്കുന്നത് കാണാം.

ബദ്ർ യുദ്ധമല്ലാത്ത മറ്റു യുദ്ധങ്ങളിലൊന്നും മലക്കുകൾ ശത്രുക്കളുമായി യുദ്ധത്തിൽ ഏർപ്പെട്ടിട്ടില്ലെന്നും, ബദ്റിൽ മലക്കുകൾ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുമാത്രമാണ് ഭൂരിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായം. ബദ്റിൽ അവർ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുള്ളതിൽ, ഖുർആൻ വ്യാഖ്യാതാക്കളും ചരിത്രപണ്ഡിതൻമാരും ഏകാഭിപ്രായക്കാരാണെന്നത്രെ ഇമാം റാസീ (رحمه الله) പ്രസതാവിക്കുന്നത്. ഒരു യാഥാർത്ഥ്യം ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. മലക്കുകൾ യുദ്ധത്തിൽ പങ്കെടുത്തു എന്നു പറയുമ്പോൾ, അവരുടെ പ്രവർത്തനവും ഇടപെടലും മനുഷ്യരുടേതുപോലെത്തന്നെയായിരിക്കുമെന്ന് കാണക്കാക്കരുത്. ഈ ലോകത്ത നടക്കുന്ന പല വിഷയങ്ങളിലും മലക്കുകൾക്ക് ചില കൈകളുണ്ടെന്ന് ഖുർആൻ കൊണ്ടും ഹദീസകൊണ്ടും സംശയാതീതമായി സ്ഥാപിതമായതാണ്. എന്നിരിക്കെ, 'ഒരു മലക്ക് പോരേ ശത്രുക്കളെ ഒന്നാകെ നശിപ്പിക്കുവാൻ? പിന്നെ, ആയിരക്കണക്കിൽ മലക്കുകളുടെ ആവശ്യമെന്ത്? മലക്കുകൾ യുദ്ധം ചെയ്തിട്ടുണ്ടെങ്കിൽ മനുഷ്യരുടെ കൈക്കല്ലാതെ ശത്രുക്കൾ മരിച്ചുവീഴുന്നതു കാണേണ്ടതല്ലേ? ആയിരം മലക്കുകൾ ഇറങ്ങി യുദ്ധം ചെയ്തിട്ടും എഴുപതുപേരല്ലേ കൊല്ലപ്പെട്ടുള്ളു.?' എന്നിത്യാദിയുള്ള ചിലരുടെ ചോദ്യങ്ങൾക്കൊന്നും ഇവിടെ പ്രസക്തിയില്ല.

മേൽ സൂചിപ്പിച്ചതുപോലെയുള്ള ചില യുക്തി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ, മലക്കുകൾ ഇറങ്ങുന്നതിനെയും, യുദ്ധം ചെയ്യുന്നതിനെയും മുൻകാലത്ത് പാടെ നിഷേധിച്ച ഒരാളാണ് അബൂബകറിൽ അസ്വമ്മ്. അദ്ദേത്തിൻെറ ന്യായവാദങ്ങൾക്കെല്ലാം മറുപടിയും ഖണ്ഡനവും നൽകികൊണ്ട് ഇമാംറാസീ (رحمه الله) യും മറ്റും ഇങ്ങിനെ പറയുന്നു; 'ഖുർആനെയും, പ്രവാചകത്വത്തെയും നഷേധിക്കുന്നവർക്കേ ഇങ്ങിനെ പറയുവാൻ സാധിക്കുകയുള്ളു. ഖുർആനും, അനേകം ഹദീസുകളും വ്യക്തമായി പ്രസ്താവിച്ച ഈ വിഷയം നിഷേധിക്കുവാൻ അബൂബകറിൽ അസ്വമ്മിന്ന് ഒരിക്കലും പാടില്ലായിരുന്നു' ഇത് സംബന്ധിച്ച് സൂറത്തുൽ അൻഫാലിൽവെച്ച് നമുക്ക് കൂടുതൽ സംസാരിക്കാം. انشاء الله

128 (നബിയേ) കാര്യത്തിൽ (അഥവാ അധികാരത്തിൽ) നിനക്ക് യാതൊന്നും (തന്നെ) ഇല്ല. ഒരു പക്ഷേ, അവൻ [അല്ലാഹു] അവരു

لَيْسَ لَكَ مِنَ ٱلْأَمْرِ شَىْءٌ أَوْ يَتُوبَ عَلَيْهِمْ أَوْ

يُعَذِّبَهُمْ فَإِنَّهُمْ ظَٰلِمُونَ ﴿١٢٨﴾

ടെ പശ്ചാത്താപം സ്വീകരിക്കുക, അല്ലെങ്കിൽ അവരെ ശിക്ഷിക്കുക-കാരണം, നിശ്ചയമായും അവർ അക്രമികളാകുന്നു. [എന്നിരിക്കെ, രണ്ടിനും സാദ്ധ്യതയുണ്ട്.]

وَلِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿١٢٩﴾

129 അല്ലാഹുവിനുള്ളതാണ്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും; അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

128 **ليس لك** നിനക്കില്ല. **من الأمر** കാര്യത്തിൽ നിന്ന്, അധികാരത്തിൽനിന്ന്. **شيءٌ** യാതൊന്നും. **أو** അല്ലെങ്കിൽ (ഒരുപക്ഷേ). **يتوب** അവൻ പശ്ചാത്താപം (മടക്കം) സ്വീകരിക്കുക (ഉണ്ടാവാം). **عليهم** അവർക്ക്. **أو يعذّبهم** അല്ലെങ്കിൽ അവരെ ശിക്ഷിക്കുകയും (ആവാം). **فإنهم** കാരണം നിശ്ചയമായും അവർ. **ظالمونَ** അക്രമികളാകുന്നു. 129 **ولله** അല്ലാഹുവിനാണ്. **ما في السماوات** ആകാശങ്ങളിലുള്ളത്. **وما في الأرض** ഭൂമിയിലുള്ളതും. **يغفر** അവർ പൊറുക്കും. **لمن يشاءُ** അവൻ ഉദ്ദേശിക്കുന്നവർക്ക്. **ويعذب** അവൻ ശിക്ഷിക്കുകയും ചെയ്യും. **من يشاءُ** അവൻ ഉദ്ദേശിക്കുന്നവരെ. **واللّٰه** അല്ലാഹു. **غفُور** വളരെ പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്.

ഉഹ്ദ് യുദ്ധത്തിൽ നബി (ﷺ) ക്കും സഹാബികൾക്കും ശത്രുക്കളുടെ കൈക്ക് പല അത്യാഹിതങ്ങളും സംഭവിക്കുകയുണ്ടായല്ലോ. അതിനെത്തുടർന്ന് ശത്രുക്കളിൽ കൂടുതൽ ആക്രമം നടത്തിയ ചില മുശ്രിക്കുകൾക്കെതിരായി നബി (ﷺ) പ്രാർത്ഥിക്കുകയോ പ്രാർത്ഥിക്കുവാൻ അല്ലാഹുവിനോട് അനുവാദത്തിന് അപേക്ഷിക്കയോ ഉണ്ടായെന്നും, അതോട് ബന്ധപ്പെട്ടുകൊണ്ടാണ് ഈ വചനം അവതരിച്ചതെന്നും ഹദീസുകളിൽ വന്നിരിക്കുന്നു. ഇന്നിന്നവർ സൻമാർഗ്ഗികളാണെന്നും, ദുർമാർഗ്ഗികളാണെന്നുമുള്ള തീരുമാനമെടുക്കുവാനോ, വിധി കൽപിക്കുവാനോ നബി (ﷺ) ക്കു അധികാരമില്ല. അക്കാര്യം അല്ലാഹുവിൻെറ അധികാരാവകാശത്തിൽപെട്ടതാണ്. ഒരു പക്ഷേ, അവിശ്വാസിയും ദുർമ്മാർഗ്ഗിയുമാണെന്നു കരുതപ്പെട്ടവൻ പിന്നീട് ഖേദിച്ചുമടങ്ങി നന്നാവുകയും, അവൻെറ മടക്കം അല്ലാഹു സ്വീകരിക്കുകയും ചെയ്തെന്നു വരാം. അല്ലെങ്കിൽ അവർ ആക്രമികളായ സ്ഥിതിക്ക് അല്ലാഹു അവരെ ശിക്ഷിക്കുകതന്നെ ചെയ്തെന്നും വരാം. ഓരോരുത്തരെക്കുറിച്ചും സൂക്ഷ്മവും അന്തിമവുമായ തീരുമാനം അല്ലാഹുവിങ്കലാണുള്ളത് എന്നൊക്കെയാണ് ഒന്നാമത്തെ വചത്തിൻെറ സാരം. രണ്ടാമത്തെ വചനം ഈ ആശയം ഒന്നുകൂടി ദൃഢപ്പെടുത്തുകയും ചെയ്യുന്നു. മേൽസൂചിപ്പിച്ച പ്രകാരം ഇസ്ലാമിൻെറ കഠിന വിരോധികളായിരുന്ന ചില വ്യക്തികൾ പിന്നീട് നബി (ﷺ) യിൽ വിശ്വസിക്കുകകയും, പ്രധാന സഹാബികളായിത്തീരുകയും അവരെക്കൊണ്ട് ഇസ്ലാമിന് വളരെ നേട്ടങ്ങൾ ഉണ്ടായിത്തീരുകയും ചെയ്തിട്ടുള്ളത് ഇവിടെ പ്രസ്താവ്യമാകുന്നു. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: **انك لا تهدى من احببت ولكن الله يهدي من يشاء – القصص : ٥٦** (നീ ഇഷ്ടപ്പെട്ടവരെ നീ സൻമാർഗ്ഗത്തിലാക്കുകയില്ല; എങ്കിലും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സൻമാർഗ്ഗത്തിലാക്കുന്നു.)

വിഭാഗം–14

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَأْكُلُوا۟ ٱلرِّبَوٰٓا۟ أَضْعَـٰفًا مُّضَـٰعَفَةً ۖ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ﴿١٣٠﴾

130 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ഇരട്ടിയിര ട്ടികളായി പലിശ (മുതൽ) തിന്നരുത്. നിങ്ങ ൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യു വിൻ. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

وَٱتَّقُوا۟ ٱلنَّارَ ٱلَّتِىٓ أُعِدَّتْ لِلْكَـٰفِرِينَ ﴿١٣١﴾

131 അവിശ്വാസികൾക്കുവേണ്ടി ഒരുക്കിവെക്ക പ്പെട്ടതായ നരകത്തെ സൂക്ഷിക്കുകയും ചെയ്യുവിൻ.

130 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ. **لا تأكلوا** നിങ്ങൾ തിന്നരുത് (ഉപയോഗിക്കരുത്). **الربا** പലിശ. **أضعافًا** ഇരട്ടികളായി. **مضاعفةً** ഇരട്ടിയാക്കപ്പെട്ട (ഇരട്ടിയിരട്ടിയായി) . **واتقوا** സൂക്ഷിക്കുകയും ചെയ്യുവിൻ. **الله** അല്ലാഹുവിനെ. **لعلكم** നിങ്ങളായേക്കാം, ആകുവാൻവേണ്ടി. **تفلحونَ** നിങ്ങൾ വിജയം പ്രാപിക്കുക. 131 **واتقوا** സൂക്ഷിക്കുകയും ചെയ്യുവിൻ. **النار** നരകത്തെ. **التي أعدت** ഒരുക്കിവെക്കപ്പെട്ടതായ. **للكافرين** അവിശ്വാസികൾക്ക് വേണ്ടി.

മൗലികമായ പല വിഷയങ്ങളും, യുദ്ധസംബന്ധമായ കുറേ കാര്യങ്ങളും വിവരിച്ചശേഷം, നിത്യജീവിതത്തിൽ സത്യവിശ്വാസികൾ അറിഞ്ഞും അനുഷ്ഠിച്ചും വരേണ്ടുന്ന ഏതാനും വിധിവിലക്കുകളും, ഉപദേശ നിർദ്ദേശങ്ങളും അല്ലാഹു നൽകുന്നു. വിഷയങ്ങളുടെ ക്രമീകരണ ത്തിലും, അവ കൈകാര്യം ചെയ്യുന്നതിലും ഖുർആൻ സ്വീകരിച്ച രീതി ഇതര ഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമാണെന്നും, അതിന് അതിന്റേതായ ഒരു പ്രത്യേകരീതിയുണ്ടെന്നും മുഖവുരയിൽ വിവരിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് ഓരോ ആയത്തും അതിൻെറ തൊട്ട ആയത്തും തമ്മിൽ വിഷയപരമായി പ്രത്യക്ഷത്തിൽ ഒരു ബന്ധം ഉണ്ടായിക്കൊള്ളണമെന്നില്ലെന്നും നാം അവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാലും മൊത്തത്തിൽ പരിശോധിച്ചാൽ, ഈ വചനങ്ങളും മുമ്പുള്ള വചനങ്ങളും തമ്മിൽ വിഷയപരമായി ബന്ധം ഇല്ലായ്കയില്ല താനും. സത്യവിശ്വാസികളും അവരുടെ എതിരാളികളും തമ്മിലുള്ള സംഘട്ടനം സംബന്ധിച്ച പരാമർശങ്ങളെത്തുടർന്ന് എതിരാളികളിൽ നിലവിലുള്ള ദോഷഗുണങ്ങൾ സത്യവിശ്വാസികളിൽ ഇല്ലാതാക്കുവാനും, അവരെ ഉത്തമ സമുദായമാക്കി വളർത്തിയെടുക്കുവാനും വേണ്ടുന്ന മാർഗ്ഗങ്ങൾ അവർക്ക് ചൂണ്ടിക്കാട്ടിക്കൊടുക്കുന്നത് അനുയോജ്യമായിരിക്കുമല്ലോ.

പലിശമുതൽ തിന്നുന്നതിനെ-അഥവാ ഉപയോഗിക്കുന്നതിനെ-ക്കുറിച്ചു സത്യവിശ്വാസി കളെ ഈ വചനം മുഖേന അല്ലാഹു വിലക്കുന്നു. പലിശയെ സംബന്ധിച്ചു പല വിവരങ്ങളും സൂറത്തുൽ ബഖറയിൽ കഴിഞ്ഞുപോയട്ടുണ്ട്. അതുകൊണ്ട് അതിനെപ്പറ്റി ഇവിടെ അധികം വിശ ദീകരിക്കേണ്ടുന്ന ആവശ്യമില്ല. പ്രത്യേക ഉപാധികളോ വിശേഷണങ്ങളോ ഒന്നും കൂടാതെ യാണ് അവിടെ പലിശയെ അല്ലാഹു നിഷിദ്ധമാക്കി പ്രസ്താവച്ചിരിക്കുന്നത്. ഇവിടെ പലിശ ഉപയോഗിക്കരുതെന്ന് വിലക്കിയപ്പോൾ ഇരട്ടിയിരട്ടിയായ നിലയിൽ നിന്നരുത് (**لا تأكلوا الربو اضعافا مضاعفة**) എന്ന് പറഞ്ഞിരിക്കുകയാണ്. ഇക്കാരണത്താൽ, ഇരട്ടിക്കണക്കിൽ വാങ്ങുന്ന പലിശ മാത്രമേ വിരോധിക്കപ്പെട്ടിട്ടുള്ളുവെന്നോ, പലിശക്കാരുടെ ഭാഷയിലുള്ള 'മിതപ്പലിശ' ക്കു വിരോധമില്ലെന്നോ ഇതിനർത്ഥമില്ല. നികൃഷ്ടമോ, നീചമോ ആയ ഒരു കാര്യ ത്തെക്കുറിച്ച് ആക്ഷേപിക്കുകയോ, വിലക്കുകയോ ചെയ്യുമ്പോൾ അതിൻെറ ദുഷിച്ച ചില വശങ്ങളെ ചൂണ്ടിക്കാട്ടുന്ന വിശേഷണങ്ങൾ എടുത്ത് പറഞ്ഞ് അതിൻെറ കൊള്ളരുതായ്മ ചൂണ്ടിക്കാട്ടലും, ശ്രോതാക്കൾക്ക് അതിനോട് വെറുപ്പ് തോന്നത്തക്ക ശൈലിയിൽ അതിനെ ക്കുറിച്ച് സംസാരിക്കലും സാധാരണ പതിവാണ്. എല്ലാ ഭാഷയിലും സാഹിത്യങ്ങളിലും കാണാ വുന്നതാണിത്.

അക്കൂട്ടത്തിൽ പെട്ടതാണ് 'പലിശ ഉപയോഗിക്കരുത്' എന്നോ മറ്റോ പറയാതെ 'പലിശ തിന്നരുത് ' (لا تأكلوا الربو) എന്ന് ഇവിടെയും, 'അനാഥകളുടെ സ്വത്തുക്കൾ എടുത്ത് ഉപയോഗിക്കരുത്' എന്ന് പറയുന്നതിനു പകരം 'അനാഥകളുടെ സ്വത്തുക്കൾ തിന്നരുത് (ولا تأكلوا اموال اليتامى)' എന്നുമൊക്കെ അല്ലാഹു പറയുന്നതും അതുപോലെയുള്ള ഒരു പ്രയോഗം തന്നെയാണ് 'ഇരട്ടിയിരട്ടിയായി (اضعافا مضاعفة) 'എന്ന പ്രയോഗവും, അന്യൻെറ ധനം ന്യായം കൂടാതെ മേടിക്കുന്നതും ഉപയോഗിക്കുന്നതും തെറ്റാണ്, അത് അങ്ങോട്ട് കൊടുത്തിനെക്കാൾ ഇരട്ടിക്കണക്കിലാകുന്നത് അതിനെക്കാൾ ഭയങ്കരമായ തെറ്റായിത്തീരുന്നു എന്നാണിതിലുള്ള സൂചന. സ്വന്തം മക്കളെ കൊല്ലുന്നതിനെപ്പറ്റി ആക്ഷേപിച്ച് പറഞ്ഞപ്പോൾ خشية ان يطعم معك (ആ കുട്ടി നിൻെറ കൂടെ ഭക്ഷണം കഴിക്കുന്നതിനെ ഭയന്നുകൊണ്ട്) എന്നും, വ്യഭിചാരത്തെക്കുറിച്ച് പറഞ്ഞപ്പോൾ ان تزني حليلة جارك (നിൻെറ അയൽക്കാരൻെറ ഭാര്യയെ വ്യഭിചാരം ചെയ്യുക) എന്നും നബി (ﷺ) പറഞ്ഞതായി ഹദീസുകളിൽ വന്നിട്ടുള്ളതും ഈ ഇനത്തിൽ ഉൾപ്പെട്ടത് തന്നെ. കുട്ടി തൻെറ കൂടെ ഭക്ഷണം കഴിക്കുമെന്ന ഭയമില്ലാത്തപ്പോൾ സ്വന്തം മക്കളെ കൊല്ലാമെന്നോ, അയൽക്കാരൻെറ ഭാര്യയല്ലാത്ത സ്ത്രീകളെ വ്യഭിചരിക്കുന്നതിന്ന് വിരോധമില്ലെന്നോ സൽബുദ്ധിയുള്ള ഒരാളും ഇതിൽനിന്ന് മനസ്സിലാക്കുകയില്ലല്ലോ.

'ബുദ്ധി ജീവികൾ, ഉൽബുദ്ധർ, പുരോഗമനേച്ഛുക്കൾ' എന്നൊക്കെ സ്വയം അഹങ്കരിക്കുന്ന ചില ഭൗതിക താൽപര്യക്കാരും, ഇസ്‌ലാമിൻെറ ഗുണകാംക്ഷികളെന്ന ഭാവേന നയപൂർവ്വം മുസ്‌ലിംകളെ ഇസ്‌ലാമിൽനിന്ന് അകറ്റുവാനുള്ള ഗൂഢ പരിപാടിയിട്ട് പ്രവർത്തിക്കുന്ന ചിലരും ഇസ്‌ലാമിൽ 'മിതപ്പലിശ'ക്കു വിരോധമില്ലെന്നും 'ഇരട്ടിപ്പലിശ' മാത്രമാണ് വിരോധിക്കപ്പെട്ടിരിക്കുന്നതെന്നും തട്ടിമൂളിക്കാറുണ്ട്. اضعافا مضاعفة എന്ന ഈ വാക്ക് അവർ തങ്ങളക്ക് തെളിയായി പൊക്കിക്കാട്ടുകയും ചെയ്യും. അല്ലാഹുവിൻെറ ഖുർആനും, നബി (ﷺ) യുടെ സുന്നത്തും ഇസ്‌ലാമിൻെറ പ്രമാണമായി അംഗീകരിക്കുന്ന ഒരു വ്യക്തിക്കും ഇതിനോട് യോജിക്കുക സാദ്ധ്യമല്ല. എന്നു മാത്രമേ തൽക്കാലം ഇതിനെപ്പറ്റി പറയുന്നുള്ളു. സൂറത്തുൽ ബഖറയിൽ പലിശയെക്കുറിച്ച് അല്ലാഹു ഉപയോഗിച്ച വാക്കുകളിൽനിന്നും, അവയുടെ വിവരണത്തിൽനിന്നും ഈ വാസ്തവം കൂടുതൽ വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടല്ലോ.

اضعافا مضاعفة(ഇരട്ടിയിരട്ടിയായ നിലയിൽ) എന്ന് പറയുവാൻ മറ്റൊരു കാരണം കൂടിയുണ്ട്. അക്കാലത്ത് അറേബ്യയിൽ കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നത് ഇരട്ടിക്കണക്കിൽ പലിശ ഈടാക്കുന്ന സമ്പ്രദായമായിരുന്നു. ഒരു സംഖ്യ ഒരവധി നിശ്ചയിച്ചുകൊണ്ട് പലിശക്കു കൊടുക്കുക, അവധിക്കു മൂലധനവും പലിശയും മടക്കിക്കൊടുത്തില്ലെങ്കിൽ-മിക്കവാറും അതിന് സാദ്ധ്യമല്ലാത്ത നിശ്ചയത്തോടുകൂടിയിരിക്കും ഇടപാട് നടന്നിരിക്കുക-അതുവരെ കിട്ടേണ്ടുന്ന പലിശ സംഖ്യയും മൂലധനത്തിൽ കൂട്ടിച്ചേർക്കുക, പിന്നത്തെ അവധി അവസാനിക്കുമ്പോൾ അതുവരെയുള്ള പലിശയും അസ്സൽ മുതലാക്കി വീണ്ടും വർദ്ധിപ്പിക്കുകയും അതിന് പലിശ കൂട്ടുകയും ചെയ്യുക. അങ്ങനെ, അവസരം കിട്ടിയാൽ വീണ്ടും വീണ്ടും അപ്രകാരംതന്നെ ചെയ്യുക. അവസാനം, ആദ്യം കൊടുത്ത മൂലധനത്തിൻെറ എത്രയോ ഇരട്ടിയായിരിക്കും വസൂലാക്കപ്പെടുന്നത്. ഇതോടെ കടക്കാരൻെറ കഥ കഴിയുകയും ചെയ്യും.

ഈ സമ്പ്രദായം ഇന്നും പലിശക്കച്ചവടക്കാർ സ്വീകരിച്ചുവരുന്നതാണ്. 'പരിഷ്കൃത യുഗ'മെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്ത്-അല്ലാഹു വിലക്കിയതിൻെറ അടിസ്ഥാനത്തിലല്ലെങ്കിലും-നാട്ടിൻെറ സാമ്പത്തിക നയങ്ങൾക്ക് ഉപദ്രവകരമാണതെന്ന കാരണത്താൽ, പല രാഷ്ട്രങ്ങളും ഈ ഇരട്ടിപ്പലിശാ സമ്പ്രദായത്തിൽ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രം. അതേ സമയത്ത് അവരുടെ സാങ്കേതികാർത്ഥത്തിലുള്ള മിതപ്പലിശ നിലവിലുള്ള സാമ്പത്തിക നയത്തിൻെറ ഒരു അനിവാര്യ ഘടകമെന്നോണം എല്ലാവരും നിലനിറുത്തുകയും ചെയ്യുന്നു.

സത്യവിശ്വാസികളോട് നരകത്തെ സൂക്ഷിക്കണമെന്ന് താക്കീത് ചെയ്തപ്പോൾ, അത് അവിശ്വാസികൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നു (اعدت للكافرين) എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. നരകം പ്രധാനമായും അവിശ്വാസികളെ ഉദ്ദേശിച്ചാണ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. എങ്കിലും കുറ്റകൃത്യങ്ങൾ ചെയ്യുന്ന സത്യവിശ്വാസികൾക്കും അതിലെ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും ഓർക്കണം, പലിശപോലെയുള്ള പാപകൃത്യങ്ങളിൽ അതിര് കവിഞ്ഞാൽ അവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടു പോകുന്നത് ഭയപ്പെടണം എന്നൊക്കെ അതിൽ സൂചന കാണാം. കൂടാതെ, ഇവിടെയും, അൽബഖറ 24ലും നരകത്തെക്കുറിച്ചും, അടുത്ത 133-ാം വചനത്തിലും സൂറ:ഹദീദ് 21 ലും സ്വർഗ്ഗത്തെക്കുറിച്ചും പറഞ്ഞപ്പോൾ, അത് ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു (اعدت للكافرين) എന്ന് പറഞ്ഞിട്ടുള്ളതിൽ നിന്ന് സ്വർഗ്ഗവും നരകവും നേരത്തെത്തന്നെ തയ്യാറാക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. ഇതിനെപറ്റി അൽബഖറയിൽ മുമ്പ് നാം വിവരിച്ചതാണ്.

وَأَطِيعُوا۟ ٱللَّهَ وَٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿١٣٢﴾

132 നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ- നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം.

۞ وَسَارِعُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا ٱلسَّمَٰوَٰتُ وَٱلْأَرْضُ أُعِدَّتْ لِلْمُتَّقِينَ ﴿١٣٣﴾

133 നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള പാപമോചനത്തിലേക്ക് (അന്യോന്യം) ധൃതികൂട്ടി വരുകയും ചെയ്യുവിൻ; ഒരു സ്വർഗ്ഗത്തിലേക്കും (ധൃതി കൂട്ടുവിൻ): അതിൻെറ വിസ്താരം ആകാശങ്ങളും ഭൂമിയും (കൂടിയ അത്ര) ആകുന്നു; അത് സൂക്ഷ്മത പാലിക്കുന്നവ(രായ ഭയഭക്തൻമാ)ർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു.

---

132 **وأطيعوا** അനുസരിക്കുക (വഴിപ്പെടുക)യും ചെയ്യുവിൻ. **الله** അല്ലാഹുവെ. **والرسولَ** റസൂലിനെയും. **لعلكُم** നിങ്ങളായേക്കാം, ആകുവാൻ. **ترحمونَ** നിങ്ങൾക്ക് (നിങ്ങളോട്) കരുണ ചെയ്യപ്പെടും. 133 **وسارعوا** (അന്യോന്യം) ധൃതിപ്പെട്ട് വരുകയും (ബദ്ധപ്പാട് കാണിക്കുക-ഉത്സാഹം കാട്ടുകയും) ചെയ്‌വിൻ. **إلى مغفرة** പാപമോചനത്തിലേക്ക്. **من ربكُم** നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള. **وجنة** ഒരു സ്വർഗ്ഗത്തിലേക്കും. **عرضها** അതിൻെറ വിസ്താരം, വീതി. **السماوات** ആകാശങ്ങളാകുന്നു. **والأرض** ഭൂമിയും. **أعدت** അത് ഒരുക്ക(തയ്യാറാക്ക)പ്പെട്ടിരിക്കുന്നു. **للمتقين** സൂക്ഷമത പാലിക്കുന്നവർക്ക്, ഭയഭക്തന്മാർക്ക്.

അല്ലാഹുവിനെ അനുസരിക്കുവാൻ കൽപിക്കുന്നതോടൊപ്പം റസൂലിനെയും അനുസരിക്കണമെന്ന് ഖുർആനിൽ പലേടത്തും പറഞ്ഞുകാണാം. അല്ലാഹുവിനെ അനുസരിക്കൽ സാക്ഷാൽകൃതമാകുന്നത് റസൂലിനെ അനുസരിക്കുന്നത് വഴിയാണല്ലോ. കാരണം, അല്ലാഹുവിൻെറ എല്ലാ കൽപനാ നിർദ്ദേശങ്ങളും ലഭിക്കുന്നത് റസൂൽ മുഖേനയാണ്. അതുകൊണ്ടാണ് **من يطع الرسول فقد اطاع الله** (റസൂലിനെ ആർ അനുസരിക്കുന്നുവോ അവർ അല്ലാഹുവിനെ അനുസരിച്ച് കഴിഞ്ഞു) എന്ന് മറ്റൊരു സ്ഥലത്ത (4 :80ൽ) അല്ലാഹു പറയുന്നത്. ഖുർആൻ മാത്രമേ മുസ്‌ലിംകൾ പ്രമാണമായി അംഗീകരിക്കേണ്ടതുള്ളു-നബി (ﷺ) യുടെ സുന്നത്തിനെ പ്രമാണമാക്കേണ്ടതില്ല-എന്നു വാദിക്കുന്ന കക്ഷിക്കാർ ഈ യാഥാർത്ഥ്യം വിസ്മരിച്ചുകളഞ്ഞിരിക്കയാണ്. പലിശ ഉപയോഗിക്കുന്നതിനെക്കുറിച്ച് വിരോധിച്ചതിനെത്തുടർന്നാണല്ലോ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവാൻ കൽപിച്ചത്. അപ്പോൾ, പലിശയെ സംബന്ധിച്ചു നബി (ﷺ) നൽകിയിട്ടുള്ള എല്ലാ വിശദീകരണങ്ങളും കൽപനകളും സ്വികരിക്കേണ്ടതുണ്ടെന്നുള്ള ഒരു പ്രത്യേക സൂചന കൂടി ഇതിൽ അടങ്ങിയിട്ടുണ്ട് എന്ന് വ്യക്തമത്രെ.

അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുകൊണ്ട് അല്ലാഹുവിങ്കൽ നിന്ന് പാപമോചനം നേടുവാനും, ഞാൻ മുമ്പിലാവണം ഞാൻ മുമ്പിലാവണം എന്ന വീറോടെ സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് ആകാശഭൂമികളോളം വിശാലവിസ്തൃതമായ സ്വർഗ്ഗത്തിൽ അനുഗൃഹിത ജീവിതം നേടുവാനും അല്ലാഹു സത്യവിശ്വാസികളെ ആവേശപ്പെടുത്തുന്നു. കഴിഞ്ഞ വചനത്തിൽ അവിശ്വാസികൾക്കായി തയ്യാറാക്കപ്പെട്ട നരകത്തിൽ പ്രവേശിക്കുവാൻ ഇടയാകുന്നത് സൂക്ഷിക്കണമെന്ന് കൽപിച്ചതുപോലെ, സൂക്ഷ്മത പാലിക്കുന്ന ഭയഭക്തൻമാർക്ക് വേണ്ടിയാണ് അത്രയം വിശാലമായ സ്വർഗ്ഗം തയ്യാറക്കപ്പെട്ടിരിക്കുന്നതെന്നും, അതുകൊണ്ട് ഭയഭക്തൻമാരായി ജീവിച്ചുകൊണ്ട് ആ സ്വർഗ്ഗം പ്രാപിക്കുവാൻ ഉത്സാഹിക്കണമെന്നും ഉപദേശിച്ചിരിക്കുന്നു. ഏതാണ്ട് ഈ (133-ാം) വചനം പോലെയുള്ള ഒരു വചനം സൂറത്തുൽ ഹദീദ് 21 ലും കാണാവുന്നതാണ്. കൂടുതൽ വിവരണം അവിടെ കാണാം. സ്വർഗ്ഗത്തിന് അവകാശികളായിത്തീരുന്ന ഭയഭക്തൻമാരുടെ ഗുണങ്ങൾ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

ٱلَّذِينَ يُنفِقُونَ فِى ٱلسَّرَّآءِ وَٱلضَّرَّآءِ وَٱلْكَـٰظِمِينَ ٱلْغَيْظَ وَٱلْعَافِينَ عَنِ ٱلنَّاسِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿١٣٤﴾

134 അതായത്, സന്തോഷാവസ്ഥയിലും, കഷ്ടാവസ്ഥയിലും ചിലവഴിക്കുന്നവർ, കോപം ഒതുക്കിവെക്കുന്നവരും, മനുഷ്യർക്ക് മാപ്പു നൽകുന്നവരും. അല്ലാഹു, നന്മ പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നതു മാണ്.

وَٱلَّذِينَ إِذَا فَعَلُوا۟ فَـٰحِشَةً أَوْ ظَلَمُوٓا۟ أَنفُسَهُمْ ذَكَرُوا۟ ٱللَّهَ فَٱسْتَغْفَرُوا۟ لِذُنُوبِهِمْ وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّوا۟ عَلَىٰ مَا فَعَلُوا۟ وَهُمْ يَعْلَمُونَ ﴿١٣٥﴾

135 യാതൊരു കൂട്ടരും: തങ്ങൾ വല്ല നീചകൃത്യവും ചെയ്യുകയോ, അല്ലെങ്കിൽ തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ, അവർ അല്ലാഹുവിനെ ഓർമ്മിക്കുകയും, അങ്ങനെ, തങ്ങളുടെ പാപങ്ങൾക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നതാണ്;- അല്ലാഹു അല്ലാതെ പാപങ്ങളെ ആർ പൊറുക്കും?!- (മാത്രമല്ല) തങ്ങൾ ചെയ്തതിൽ അറിഞ്ഞുംകൊണ്ട് അവർ ശഠിച്ചു നിൽക്കുകയുമില്ല. [ഇങ്ങിനെയുള്ളവർക്കാണ് സ്വർഗ്ഗം ഒരുക്കപ്പെട്ടിരിക്കുന്നത്)

أُو۟لَـٰٓئِكَ جَزَآؤُهُم مَّغْفِرَةٌ مِّن رَّبِّهِمْ وَجَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ وَنِعْمَ أَجْرُ ٱلْعَـٰمِلِينَ ﴿١٣٦﴾

136 അക്കൂട്ടർ-(അതെ) അവരുടെ പ്രതിഫലം, തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനവും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളുമാകുന്നു; അതിൽ (അവർ) നിത്യവാസികളായ നിലയിൽ. പ്രവർത്തിക്കുന്നവരുടെ പ്രതിഫലം എത്ര നല്ലത്!

---

134 **الذين ينفقونَ** ചിലവഴിക്കുന്നവർ. **في السراء** സന്തോഷവാസ്ഥയിൽ, സന്തോഷത്തിൽ. **والضراء** കഷ്ടാവസ്ഥയിലും, സന്താപത്തിലും. **والكاظمين** ഒതുക്കി (മൂടി) വെക്കുന്നവരും. **الغيظ** കോപത്തെ, ക്ളേശം, കഠിന കോപം. **والعافين** മാപ്പ് നൽകുന്നവരും. **عن الناس** മനുഷ്യർക്ക്, മനുഷ്യരെപ്പറ്റി. **والله** അല്ലാഹു, അല്ലാഹുവാകട്ടെ. **يحب** സ്നേഹിക്കുന്നു, ഇഷ്ടപ്പെടും. **المحسنين** നന്മ (പുണ്യം) ചെയ്യുന്നവരെ. 135 **والذين** യാതൊരു കൂട്ടരും. **إذا فعلوا** അവർ ചെയ്താൽ. **فاحشةً** വല്ല (ഒരു) നീചകൃത്യ. **أو ظلموا** അല്ലെങ്കിൽ അക്രമം ചെയ്താൽ. **أنفُسهم** തങ്ങളോട് തന്നെ, സ്വന്തങ്ങളോട്. **ذكروا** അവർ ഓർമ്മിക്കുന്നതാണ്. **الله** അല്ലാഹുവിനെ. **فاستغفروا** എന്നിട്ട് (അങ്ങനെ)

അവർ പാപമോചനം തേടും. لِذُنُوبِهِمْ തങ്ങളുടെ പാപങ്ങൾക്ക്. وَمَن يَغْفِرُ ആർ പൊറുക്കും. الذُّنُوبَ പാപങ്ങളെ. إِلَّا اللَّهُ അല്ലാഹു അല്ലാതെ. وَلَمْ يُصِرُّوا അവർ ശഠിച്ചു (വേറിടാതെ) നിൽക്കുകയുമില്ല. عَلَىٰ مَا فَعَلُوا തങ്ങൾ ചെയ്തതിൽ. وَهُمْ يَعْلَمُونَ അവർ അറിഞ്ഞുകൊണ്ട്. 136 أُولَٰئِكَ അക്കൂട്ടർ. جَزَاؤُهُم അവരുടെ പ്രതിഫലം. مَّغْفِرَةٌ പാപമോചനമാണ്. مِّن رَّبِّهِمْ തങ്ങളുടെ റബ്ബിങ്കൽനിന്ന്. وَجَنَّاتٌ സ്വർഗ്ഗങ്ങളും. تَجْرِي സഞ്ചരിക്കും, ഒഴുകും. مِن تَحْتِهَا അതിൻെറ അടിയിലൂടെ. الْأَنْهَارُ അരുവികൾ, നദികൾ. خَالِدِينَ സ്ഥിരവാസികളായിക്കൊണ്ട്. فِيهَا അതിൽ. وَنِعْمَ എത്രയോ (വളരെ) നല്ലത്. أَجْرُ പ്രതിഫലം. الْعَامِلِينَ പ്രവർത്തിക്കുന്നവരുടെ.

സ്വർഗ്ഗാവകാശികളായ ഭയഭക്തൻമാരുടെ മൂന്നു ഗുണങ്ങളാണ് ആദ്യത്തെ വചനത്തിൽ പറഞ്ഞിരിക്കുന്നത്. (1) സന്തോഷാവസ്ഥയിലും, കഷ്ടാവസ്ഥയിലും ധനം ചിലവഴിക്കുക. അതായത്, സുഖദുഃഖമെന്നോ ക്ഷേമ ക്ഷാമമെന്നോ വ്യത്യാസമില്ലാതെ കഴിവനുസരിച്ചും സന്ദർഭമനുസരിച്ചും സൽക്കാര്യങ്ങളിൽ ചിലവഴിക്കുക. സുഖവും സന്തോഷവുമുള്ളപ്പോൾ കുറെയൊക്കെ കയ്യയച്ചു ചിലവഴിക്കുന്നവർപോലും ചിലപ്പോൾ വല്ല ദുഃഖമോ ഞെരുക്കമോ നേരിട്ടാൽ പിന്നെ, അക്കരാണംകൊണ്ട് പിശുക്കൻമാരായി മാറലും, നേരെമറിച്ച് പിശുക്കൻമാരായി ക്കഴിയുന്ന ചിലർ, വല്ല ആപത്തും കഷ്ടപ്പാടും നേരിടുമ്പോൾ, മാനസാന്തരം വന്ന് ദാന ധർമ്മങ്ങൾ ചെയ്‌വാൻ തുനിയലും പതിവുണ്ട്. ഇവർ അങ്ങിനെയായിരിക്കയില്ല എന്ന് താൽപര്യം. പലിശയെക്കുറിച്ച് പറഞ്ഞപ്പോൾ, അത് നരകത്തിലേക്ക് നയിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടുക യുണ്ടായല്ലോ. സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന ഗുണങ്ങളിൽ ഒന്നാമത്തേതായി പലിശയുടെ നേരെ വിപരീത സ്വഭാവമായ ദാനധർമ്മങ്ങളെ അല്ലാഹു എണ്ണിയിരിക്കുകയാണ്. (2) കോപം ഒതുക്കി വെക്കുക. കോപം വരുമ്പോൾ അത് മൂർച്ഛിക്കുവാൻ അനുവദിക്കാതെയും, വികാരപ്രകടനം നടത്താതെയും സ്വന്തം മനസ്സിൽ ഒതുക്കി നിറുത്തുക. (3) ജനങ്ങൾക്ക് മാപ്പ് നൽകുക. അതായത്, മറ്റുള്ളവരിൽ നിന്നുണ്ടാകുന്ന പാകപ്പിഴവുകളുടെയും, തെറ്റുകുറ്റങ്ങളുടെയും പേരിൽ പ്രതികാര മോ ആക്രമമോ നടത്താതെ വിട്ടുകളയുകയും, അവരോട് പകയും ശത്രുതയും വെച്ച് പുലർത്താ തിരിക്കുകയും ചെയ്യുക. ഈ മൂന്നുകാര്യങ്ങളെയും എടുത്തു പറഞ്ഞശേഷം, ഇങ്ങിനെ നൻമ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കും (وَاللَّهُ يُحِبُّ الْمُحْسِنِينَ) എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. അല്ലാഹുവിൻെറ സ്നേഹം ലഭിക്കുന്നതിൽ ഉപരിയായി മറ്റെന്ത് ഭാഗ്യമാണ് മനുഷ്യന് ലഭിക്കുവാനുള്ളത്?!

ഈ മൂന്നു കാര്യങ്ങളെക്കുറിച്ചും ഖുർആനിൽ പലേടത്തും അല്ലാഹു പ്രസ്താവിച്ചു കാണാം. അനേകം ഹദീസുകളും ഇവയെപ്പറ്റി ഉദ്ധരിക്കുവാനുണ്ട്. ഒന്നാമത്തെതിനെപ്പറ്റി സൂറത്തുൽ ബഖറയിൽ യഥാസ്ഥാനങ്ങളിൽവെച്ച് നാം പലതും ഉദ്ധരിച്ചിട്ടുണ്ട്. രണ്ടാമത്തെയും മൂന്നാമത്തെയും കാര്യങ്ങളെ സംബന്ധിച്ച ചില ഹദീസുകൾ മാത്രം ഇവിടെ ഉദ്ധരിക്കാം. 1. നബി (ﷺ) അരുളിച്ചെയ്തു: 'മൽപിടുത്തം കൊണ്ടല്ല ഊക്കനാകുന്നത്. പക്ഷേ, ദേഷ്യം വരുമ്പോൾ സ്വന്തം മനസ്സിനെ അധീനപ്പെടുത്തുന്നവനത്രെ ഊക്കൻ'. (അ; ബു; മു.) 2. ഒരാൾ നബി (ﷺ) യുടെ അടുക്കൽ വന്ന് തനിക്കു ഉപദേശം നൽകണമെന്നും, തനിക്കു പഠിക്കുവാനുള്ള സൗക ര്യാർത്ഥം അത് കുറഞ്ഞ വാക്കുകൾ മാത്രമായിരിക്കണമെന്നും അപേക്ഷിച്ചു. അദ്ദേഹത്തോട് നബി (ﷺ) പറഞ്ഞത് لَا تَغْضَبْ (താൻ ദേഷ്യപ്പെടരുത്) എന്നായിരുന്നു. അദ്ദേഹം വീണ്ടും വീണ്ടും അപേക്ഷിച്ചു. അപ്പോഴൊക്കെ തിരുമേനി ആ വാക്ക് തന്നെ ആവർത്തിക്കുകയാണ് ചെയ്തത്. (ബു.) അഹമദു (رحمه الله) ൻെറ ഒരു നിവേദനത്തിൽ ഇങ്ങിനെകൂടിയുണ്ട്: 'ആ മനുഷ്യൻ പറയുകയാണ്: നബി (ﷺ) അതു പറഞ്ഞപ്പോൾ ഞാൻ ചിന്തിച്ചു നോക്കി. നോക്കുമ്പോൾ ദേഷ്യം എല്ലാ തിൻമകളെയും ഉൾപ്പെടുത്തുന്നതാകുന്നു'. 3. നബി (ﷺ) പറഞ്ഞു: 'നിങ്ങളിൽ ഒരാളക്ക് നിൽക്കുമ്പോൾ ദേഷ്യം പിടിച്ചാൽ അവർ ഇരുന്നുകൊള്ളട്ടെ; എന്നിട്ടു ദേഷ്യം പോയാൽ അങ്ങിനെ ഇല്ലാത്തപക്ഷം, അവൻ കിടന്നു -കൊള്ളട്ടെ.' (അ;ദാ.) ഈ നബിവചനപ്രകാരം അബുദർറ് (رضي الله عنه) പ്രവർത്തിച്ചതായും ഹദീസിൽ വന്നിരിക്കുന്നു (عليه السلام) നേരെ മറിച്ച്

കിടത്തത്തിൽ ദ്വേഷ്യം വന്നാൽ എഴുന്നേറ്റിരിക്കുന്നതും, ഇരുത്തത്തിൽ വന്നാൽ എഴുന്നേറ്റ് നിൽക്കുന്നതും, നിറുത്തത്തിൽ വന്നാൽ നിൽക്കുന്ന സ്ഥലം വിടുന്നതുമെല്ലാം തന്നെ ദ്വേഷ്യത്തിന് വളർച്ച നൽകുന്നതുമായിരിക്കും

4. നബി (ﷺ) പറഞ്ഞു: 'ഒരാൾക്ക് അവന്റെ കോപം നടപ്പിൽ വരുത്തുവാൻ കഴിവുണ്ടായിട്ടും അത് ഒതുക്കിവെച്ചാൽ അല്ലാഹു അവന്റെ ഉള്ളിൽ അഭയവും വിശ്വാസവും വർദ്ധിപ്പിക്കുന്നതാണ്'. (ദാ.) 5. തിരുമേനി പറഞ്ഞു: 'ധർമ്മം നിമിത്തം ഒരു ധനവും ചുരുങ്ങിപ്പോവുകയില്ല. മാപ്പ് നിമിത്തം ഒരു അടിയാനും വീര്യം (പ്രതാപം) അല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയില്ല. അല്ലാഹുവിനുവേണ്ടി വല്ലവനും വിനയം കാണിച്ചാൽ അല്ലാഹു അവനെ ഉയർത്തും'. (മു.) 6. നബി (ﷺ) പറഞ്ഞു: 'ദ്വേഷ്യം പിശാചിൽ നിന്നാണ്. പിശാചാകട്ടെ, അഗ്നിയാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അഗ്നി വെള്ളം കൊണ്ട് മാത്രമാണ് കെടുക്കപ്പെടുന്നത്. അതിനാൽ, നിങ്ങളിൽ ഒരാൾക്ക് ദ്വേഷ്യം പിടിച്ചാൽ, അപ്പോൾ അവൻ 'വുളു' ചെയ്തുകൊള്ളട്ടെ.' (അ; ദ.)

ഭയഭക്തൻമാരുടെ4-ാമത്തെ ഗുണമായി (രണ്ടാമത്തെ വചനത്തിൽ) പ്രസ്താവിച്ചത്, വല്ല നീചകൃത്യമോ, സ്വന്തം ദേഹത്തോട് തന്നെയുള്ള ആക്രമമോ ചെയ്തുപോയാൽ അല്ലാഹുവിനെ ഓർമ്മ വരികയും, ഉടനെ പാപമോചനം തേടുകയും ചെയ്യുക എന്നത്രെ. അതായത് വല്ല പാപവും ചെയ്തുപോയാൽ ഉടനെത്തന്നെ കുറ്റബോധം വരുകയും, അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന ഭയം ജനിക്കുകയും, അങ്ങനെ പശ്ചാത്തപിച്ചു പൊറുതിക്കപേക്ഷിക്കുകയും ചെയ്യുക. തെറ്റുകുറ്റം വരുക മനുഷ്യസഹജമാകുന്നു. അതേ സമയത്ത് അല്ലാഹുവാകട്ടെ, കാരുണ്യവാനും കരുണാനിധിയുമാണ്. അവന്റെ അടിയാൻമാരുടെ പക്കൽ വരുന്ന തെറ്റുകുറ്റങ്ങൾ പൊറുക്കുവാൻ വെറെ ആരാണുള്ളത്?! ആരുമില്ലല്ലോ. അതുകൊണ്ട് തെറ്റു ചെയ്താൽ ഉടനെ മടങ്ങി മാപ്പിന്നപേക്ഷിക്കലാണ് മനുഷ്യന്റെ കടമ. നേരെ മറിച്ച് കുറ്റം ചെയ്യുകയും, കുറ്റമാണെന്നറിഞ്ഞുകൊണ്ട് അതിൽ നിന്ന് ഖേദിച്ചു മടങ്ങാതെ ഉറച്ചുനിൽക്കുകയും ചെയ്യുന്നത് നന്ദികേടും ധിക്കാരവുമാകുന്നു. അതുകൊണ്ടാണ് 'അവർ ചെയ്തതിൽ അവർ അറിഞ്ഞും കൊണ്ട് ശഠിച്ചു നിൽക്കുകയില്ല (ولم يصروا علي ما فعلو.......)' എന്നു പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. കുറ്റം ചെയ്തുപോയെങ്കിലും ഉടനെ അതിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുന്നപക്ഷം കുറ്റം പൊറുക്കപ്പെടുമെന്ന് മാത്രമല്ല, ആ മടക്കം ഒരു പുണ്യകർമ്മമായിത്തീരുന്നതുമാകുന്നു.

ചെയ്ത കുറ്റത്തിൽ ശഠിച്ചു നിൽക്കാതിരിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഒരിക്കൽ ചെയ്ത കുറ്റം പിന്നീടൊരിക്കലും ആവർത്തിക്കാതിരിക്കുക എന്നല്ല. കുറ്റം ആവർത്തിക്കുന്നതും തെറ്റുതന്നെ. പക്ഷേ, കുറ്റം ആവർത്തിക്കുമ്പോൾ പശ്ചാത്താപവും ആവർത്തിക്കുന്നപക്ഷം അതു കുറ്റത്തിൽ ശഠിച്ചു നിൽക്കലായിരിക്കയില്ല. ചെയ്ത കുറ്റത്തിൽ പശ്ചാത്തപിക്കാതിരിക്കലാണ് ശഠിച്ചു നിൽക്കൽ. നബി (ﷺ) പറയുന്നു: 'പാപമോചനം തേടിയവൻ ശഠിച്ചു നിന്നിട്ടില്ല. അവൻ ഒരുദിവസം എഴുപതു പ്രാവശ്യം ആവർത്തിച്ചാലും ശരി.' (ദാ; തി.) പാപം പല പ്രാവശ്യം ആവർത്തിച്ചാലും അപ്പോഴൊക്കെ ഖേദിച്ചു മടങ്ങുകയും, അല്ലാഹുവിനോട് പാപമോചനം തേടുകയും വേണം; അല്ലാഹു പൊറുത്തുതരുകയില്ലെന്ന് നിരാശപ്പെടരുത് എന്നത്രെ ഹദീസിന്റെ സാരം. മറ്റൊരു ഹദീസിൽ നബി (ﷺ) പറയുന്നു: 'നിങ്ങളിൽ ഒരാളുടെ ഒട്ടകം (വാഹനം) ഒരു മരുഭൂമിയിൽ വെച്ച് പാഴായി(കാണാതായി) പോയിട്ട് അതിനെ അവന് കണ്ടുകിട്ടുമ്പോഴത്തെ സന്തോഷത്തെക്കാൾ അധികമാണ് അല്ലാഹുവിന് അവന്റെ അടിയാൻ പശ്ചാത്തപിക്കുന്നതിലുള്ള സന്തോഷം'. (ബു;മു) പാപം ചെയ്തവന്റെ പശ്ചാത്താപത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ-ആ പ്രസ്താവന തീരുംമുമ്പു തന്നെ-ഒരു ഇടവാക്യമായി ومن يغفر الذنوب الاالله (അല്ലാഹു അല്ലാതെ ആരാണ് പാപങ്ങൾ പൊറുക്കുക?!) എന്ന് അല്ലാഹു ചോദിച്ച ചോദ്യം, ഹാ, ഏത് പാപിക്കാണ് അല്ലാഹുവിന്റെ കാരുണ്യത്തിൽ ആശ നൽകാത്തത്?! അവനോട് പാപമോചനം തേടുവാൻ

ആര്‍ക്കാണ് ആവേശം നല്‍കാത്തത്?! അല്ലാഹുവേ! നീ ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്ത് തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമേ!

137 നിങ്ങളുടെ മുമ്പു പല നടപടി ക്രമങ്ങളും കഴിഞ്ഞുപോയിട്ടുണ്ട്. അതിനാല്‍ നിങ്ങള്‍ ഭൂമിയിലൂടെ സഞ്ചരിക്കുവിന്‍, എന്നിട്ട് വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് (ആലോചിച്ചു) നോക്കുവിന്‍.

قَدْ خَلَتْ مِن قَبْلِكُمْ سُنَنٌ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلْمُكَذِّبِينَ ﴿١٣٧﴾

138 ഇത് മനുഷ്യര്‍ക്കു (പൊതുവെയു)ള്ള ഒരു വിവരണമാകുന്നു; സൂക്ഷ്മത പാലിക്കുന്നവര്‍ക്ക് [ഭയഭക്തന്‍മാര്‍ക്ക്] മാര്‍ഗ്ഗദര്‍ശനവും സദുപദേശവും ആകുന്നു.

هَـٰذَا بَيَانٌ لِّلنَّاسِ وَهُدًى وَمَوْعِظَةٌ لِّلْمُتَّقِينَ ﴿١٣٨﴾

---

137 قَد خلَت കഴിഞ്ഞുപോയിട്ടുണ്ട്. من قَبلكُم നിങ്ങള്‍ക്കുമുമ്പ്. سنن പല നടപടി ക്രമങ്ങള്‍, സമ്പ്രദായങ്ങള്‍, ചര്യകള്‍. فَسِيروا എന്നാല്‍ നിങ്ങള്‍ സഞ്ചരിക്കുവിന്‍, നടക്കുവിന്‍. في الأَرض ഭൂമിയില്‍. فَانظُروا എന്നിട്ട് നോക്കുവിന്‍. كَيف كَانَ എങ്ങിനെ ആയിരുന്നുവെന്ന്. عاقبةُ പര്യവസാനം. المكذِبِين വ്യാജമാക്കിയവരുടെ. 138 هذا بيانٌ ഇത് വിവരണമാകുന്നു. للناس മനുഷ്യര്‍ക്ക്. وهدى മാര്‍ഗ്ഗദര്‍ശനമാകുന്നു. وموعظةٌ സദുപദേശവും. للْمتقين സൂക്ഷമത പാലിക്കുന്നവര്‍ക്ക്.

പ്രവാചകന്‍മാരും അവരുടെ അനുയായികളും ഒരു ഭാഗത്തും, അവരുടെ എതിരാളികളായ സത്യനിഷേധികള്‍ മറുഭാഗത്തുമായി എത്രയോ ഏറ്റുമുട്ടലുകള്‍ ഇതിനുമുമ്പുകഴിഞ്ഞുപോയിട്ടുണ്ട്. അതിലെല്ലാം അവസാനവിജയം സത്യവിശ്വാസികളുടെ പക്ഷത്തിനായിരിക്കുകയന്നെ നടപടിച്ചട്ടമാണ് ഉണ്ടായിട്ടുള്ളത്. ഭൂമിയിലൂടെ സഞ്ചിരച്ച് മുമ്പ് കഴിഞ്ഞുപോയ ആ സമുദായങ്ങളുടെ പര്യവസാനം എങ്ങിനെയൊക്കെയാണ് സംഭവച്ചിരുന്നതെന്ന് അന്വേഷിച്ചു നോക്കിയാല്‍ ഇതിന് ധാരാളം തെളിവ് നിങ്ങള്‍ക്ക് ലഭിക്കുന്നതാണ്. മനുഷ്യര്‍ക്ക് പൊതുവെ മനസ്സിലാക്കുവാന്‍ വേണ്ടിയാണ് കാര്യങ്ങള്‍ ഇങ്ങിനെ വിവരിച്ചു തരുന്നത്. അതേ സമയത്ത് സൂക്ഷ്മത പാലിക്കുന്ന സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവര്‍ക്കത് മാര്‍ഗ്ഗദര്‍ശനവും സദുപദേശവും കൂടിയാകുന്നു. അവരാണല്ലോ അത് ഉപയോഗപ്പെടുത്തുന്നവര്‍. എന്ന് സാരം.

139 നിങ്ങള്‍ അധൈര്യപ്പെടുകയുമരുത്; വ്യസനിക്കുകയുമരുത്. നിങ്ങള്‍ തന്നെയാണ് ഏറ്റവും ഉന്നതന്‍മാര്‍-നിങ്ങള്‍ സത്യവിശ്വാസികളാകുന്നുവെങ്കില്‍!

وَلَا تَهِنُوا۟ وَلَا تَحْزَنُوا۟ وَأَنتُمُ ٱلْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿١٣٩﴾

---

139 ولا تهنوا നിങ്ങള്‍ ദുര്‍ബ്ബലരാവരുത്, അധൈര്യപ്പെടുരുത്. ولا تحزنوا വ്യസനിക്കുകയുമരുത്. وأَنتم നിങ്ങള്‍ (തന്നെ). الأَعلونَ അധികം (ഏറ്റവും) ഉന്നതന്‍മാര്‍. إِن كُنتم നിങ്ങളാകുന്നുവെങ്കില്‍. مؤمنِين സത്യവിശ്വാസികള്‍.

വസ്തുത മേല്‍പ്രസ്താവിച്ച മാതിരിയായിരിക്കെ, ഉഹ്ദില്‍ സംഭവിച്ചതുപോലെ താല്‍ക്കാലികമായ വല്ല പരാജയമോ വിഷമങ്ങളോ അനുഭവപ്പെട്ടതിന്‍െറ പേരില്‍, നിങ്ങള്‍ ധൈര്യം നശിച്ചു ദുര്‍ബ്ബലരായിത്തീരുകയോ, അതിനെപ്പറ്റി വ്യസനിച്ചുകൊണ്ടിരിക്കുകയോ ചെയ്യരുത്. നിങ്ങള്‍ യഥാര്‍ത്ഥ സത്യവിശ്വാസികളായിത്തീരുന്ന കാലത്തോളം ഇഹത്തിലും പരത്തിലും ഉന്നത

സ്ഥാനം നിങ്ങൾക്കുതന്നെയായിരിക്കും. നിങ്ങളുടെ വിശ്വാത്തിൽ ദൗർബല്യം വന്നുപോകുന്നതാണ് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത്. അത് ബാധിക്കാത്തപക്ഷം, നിങ്ങൾ ഭാവിയെക്കുറിച്ചു ഭയപ്പെടേണ്ടതില്ല എന്നൊക്കെ സത്യവിശ്വാസികളെ ഉൽബോധിപ്പിക്കുകയാണ്. അല്ലാഹു തുടരുന്നു:-

إِن يَمْسَسْكُمْ قَرْحٌ فَقَدْ مَسَّ ٱلْقَوْمَ قَرْحٌ مِّثْلُهُۥ ۚ وَتِلْكَ ٱلْأَيَّامُ نُدَاوِلُهَا بَيْنَ ٱلنَّاسِ وَلِيَعْلَمَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَيَتَّخِذَ مِنكُمْ شُهَدَآءَ ۗ وَٱللَّهُ لَا يُحِبُّ ٱلظَّٰلِمِينَ ﴿١٤٠﴾

140 നിങ്ങൾക്ക് വല്ല മുറിവ് [പരിക്കും] ബാധിക്കുന്നുവെങ്കിൽ, അതുപോലെയുള്ള മുറിവ് [പരുക്ക്] (ആ) ജനതക്കും ബാധിച്ചിട്ടുണ്ട്. ആ ദിവസങ്ങൾ - അവയെ മനുഷ്യർക്കിടയിൽ നാം കൈമാറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. വിശ്വസിച്ചവരെ അല്ലാഹു (വേർതിരിച്ച്) അറിയുവാനും, നിങ്ങളിൽ നിന്ന് സാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും വേണ്ടി (യാണത്). അല്ലാഹുവാകട്ടെ, അക്രമികളെ ഇഷ്ടപ്പെടുകയില്ല.

وَلِيُمَحِّصَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَيَمْحَقَ ٱلْكَٰفِرِينَ ﴿١٤١﴾

141 (കൂടാതെ) വിശ്വസിച്ചവരെ ശുദ്ധീകരിച്ചെടുക്കുവാനും, അവിശ്വാസികളെ [അവരുടെ അഭിവൃദ്ധിയെ] തുടച്ചുകളയുവാനും വേണ്ടിയാണ്.

---

140 **إن يمسسكم** നിങ്ങളെ സ്പർശിക്കുന്നെങ്കിൽ, നിങ്ങൾക്ക് ബാധിക്കുന്നെങ്കിൽ. **قرح** വല്ല മുറിവും, പരിക്കും. **فقد مس** എന്നാൽ സ്പർശിച്ചിട്ടുണ്ട്, ബാധിച്ചിട്ടുണ്ട്. **القوم** (ﷺ)ജനങ്ങൾക്ക്. **قرح مثله** അതുപോലെയുള്ള മുറിവ്. **وتلك الأيام** ആ നാളുകൾ, ദിവസങ്ങൾ. **نداولها** നാമവയെ കൈമാറ്റം ചെയ്യുന്നു. **بين الناس** മനുഷ്യർക്കിടയിൽ. **وليعلم الله** അല്ലാഹു അറിയുവാനും. **الذين آمنوا** വിശ്വസിച്ചവരെ. **ويتخذ** അവൻ ഉണ്ടാക്കു(ഏർപ്പെടുത്തു)വാനും. **منكم** നിങ്ങളിൽ നിന്ന്. **شهداء** സാക്ഷികളെ **والله** അല്ലാഹുവാകട്ടെ. **لا يحب** സ്നേഹിക്കുക (ഇഷ്ടപ്പെടുക)യില്ല. **الظالمين** അക്രമികളെ. 141 **وليمحص** ശുദ്ധിയാക്കി എടുക്കുവാനും, തെളിയിച്ചെടുക്കുവാനും. **الله** അല്ലാഹു. **الذين آمنوا** വിശ്വസിചച്ചവരെ. **ويمحق** (അഭിവൃദ്ധി) മായിക്കുവാനും, നീക്കം ചെയ്വാനും. **الكافرين** അവിശ്വാസികളെ.

ഉഹ്ദിൽ നിങ്ങൾക്ക് വളരെ പരുക്കും ക്ഷതവും ബാധിച്ചിട്ടുണ്ടെങ്കിൽ, ബദ്റിൽ ശത്രുക്കളക്കും അതുപോലെ ബാധിച്ചു കഴിഞ്ഞിട്ടുണ്ട്. ചിലപ്പോൾ അങ്ങനെ വല്ലതുമൊക്കെ ബാധിക്കുമ്പോഴേക്കും അതിൽ ക്ഷമകേടും ധൈര്യക്ഷയവും ഉണ്ടാവരുത്. ജയാപജയങ്ങൾ എല്ലാവർക്കും ബാധിച്ചെന്നുവരും. അതെല്ലാം കൈകാര്യം ചെയ്യുന്നത് അല്ലാഹുവാണ്. ഒരിക്കൽ ഒരു കൂട്ടർക്ക് ഗുണം കണ്ടേക്കും. മറ്റൊരിക്കൽ മറിച്ചും കാണും. ചില ലക്ഷ്യങ്ങൾവെച്ചുന്ന്ലാമകൊണ്ടാണ് അല്ലാഹു അങ്ങിനെ ചെയ്യുന്നത്. യഥാർത്ഥവിശ്വാസികളും കപടവിശ്വാസികളും വേർതിരിഞ്ഞു വെളിക്കുവരണം. സത്യത്തിനുവേണ്ടി എന്ത് ത്യാഗവും ചെയ്വാൻ സന്നദ്ധതയുള്ള സത്യസാക്ഷികൾ നിങ്ങളിൽ ഉരുത്തിരിയണം. നിങ്ങളിലുള്ള ദൗർബ്ബല്യവും പോരായ്മയും നീക്കി നിങ്ങളെ ശുദ്ധീകരിച്ചെടുക്കണം. അങ്ങിനെ ക്രമേണ അവിശ്വാസികളുടെ ശക്തിയും പ്രതാപവുമെല്ലാം തുടച്ചു നീക്കിക്കളയണം. ഇങ്ങിനെ പലതുമാണ് ഈ പരീക്ഷണംകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് എന്ന് സാരം.

يتخذ منكم شهداء (നിങ്ങളിൽനിന്ന് സാക്ഷികളെ ഉണ്ടാക്കുക) എന്നതിന് രണ്ട് തരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്: (1) നിങ്ങളിൽ രക്തസാക്ഷികൾ ഉണ്ടായിത്തീരുക. രക്തസാക്ഷി

കൾക്ക് അല്ലാഹുവിങ്കൽ ലഭിക്കുന്ന സ്ഥാനം വളരെ മഹത്തായതാണല്ലോ. രക്തസാക്ഷികളായവർക്ക് അവരുടെ മരണശേഷം ലഭിക്കുന്ന മഹാനുഗ്രഹങ്ങൾ കാണുമ്പോൾ, തങ്ങളെ വീണ്ടും വീണ്ടും ജീവിപ്പിച്ച് ശത്രുക്കളാൽ കൊല്ലപ്പെടുമാറാക്കിയാൽ നന്നായേനെ എന്ന് അവർ കൊതിച്ചു കൊണ്ടിരിക്കുമെന്ന് നബി (ﷺ) അരുളിച്ചെയ്തിട്ടുള്ളത് പ്രസ്താവ്യമാണ്. ഉഹ്ദിലാകട്ടെ, എഴുപത് പേർ രക്തസാക്ഷികളാകുകയും ചെയ്തു. (2) ഇസ്‌ലാമിനുവേണ്ടി എന്ത് ത്യാഗവും വരിക്കുവാൻ തക്കവണ്ണം ശുദ്ധീകരിച്ചെടുക്കപ്പെട്ട സത്യസാക്ഷികൾ-അഥവാ മാതൃകാ പുരഷൻമാർ-ഉണ്ടായിത്തീരുക. രണ്ടഭിപ്രായങ്ങളും അവസാനം ഒരേ തത്വത്തിൽ തന്നെ കലാശിക്കുന്നതാണെന്നു കാണാം.

ليعلم الله (അല്ലാഹു അറിയുവാൻവേണ്ടി) എന്ന് 140-ാം വചനത്തിലും ولما يعلم الله (അല്ലാഹു അറിഞ്ഞിട്ടില്ലാതിരക്കെ) എന്ന് അടുത്ത താഴെ വചനത്തിലും കാണുന്നതുപോലെയുള്ള പ്രയോഗങ്ങളിൽനിന്ന്-ചില യുക്തിവാദക്കാർ സമർത്ഥിക്കാറുള്ളതുപോലെ-കാര്യങ്ങൾ സംഭവിക്കുന്നതിനു മുമ്പ് അല്ലാഹുവിന് അവയെപ്പറ്റി അറിയുന്നതല്ലെന്ന് ആരും ധരിച്ചു പോകരുത്. ഭൂത-വർത്തമാന-ഭാവി കാല വ്യത്യാസം കൂടാതെയും, ചെറുപ്പ വലുപ്പവ്യത്യാസം കൂടാതെയും സകല കാര്യങ്ങളും അറിയുന്നവനാണ് അല്ലാഹു എന്ന യാഥാർത്ഥ്യം നിരവധി ഖുർആൻ വചനങ്ങൾകൊണ്ടും, നബി വചനങ്ങൾകൊണ്ടും, സംശയാതീതമായി സ്ഥാപിതമായതാകുന്നു. ബുദ്ധിയും യുക്തിയും അതിൻെറ അനിവാര്യത വിളിച്ചോതുകയും ചെയ്യുന്നു. അല്ലാഹുവിന് മുൻകൂട്ടി അറിയാവുന്ന ആ കാര്യങ്ങൾ മറ്റുള്ളവർക്കും കാണത്തക്കവണ്ണം അനുഭവത്തിലൂടെ വെളിപ്പെട്ടുകാണുക എന്നത്രെ ആ വാക്കുകളുടെ താൽപര്യം. താഴെ 179-ാം വചനത്തിൽ നിന്നുതന്നെ ഇത് കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. انشاء الله

142 അതല്ല-നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് നിങ്ങൾ വിചാരിച്ചുവോ? നിങ്ങളിൽനിന്നും സമരം ചെയ്തവരെ അല്ലാഹു (വേർതിരിച്ച്) അറിയുകയും, ക്ഷമാലുക്കളെ (വേർതിരിച്ച്) അറിയുകയും ചെയ്തിട്ടില്ലാതിരിക്കെ!

أَمۡ حَسِبۡتُمۡ أَن تَدۡخُلُواْ ٱلۡجَنَّةَ وَلَمَّا يَعۡلَمِ ٱللَّهُ ٱلَّذِينَ جَٰهَدُواْ مِنكُمۡ وَيَعۡلَمَ ٱلصَّٰبِرِينَ ١٤٢

143 തീർച്ചയായും, നിങ്ങൾ മരണത്തെ കൊതിച്ചു കൊണ്ടിരുന്നിട്ടുണ്ട് അതിനെ കണ്ടുമുട്ടുന്നതിന് മുമ്പ്. ഇപ്പോൾ, നിങ്ങളത് (അനുഭവത്തിൽ) നോക്കിക്കൊണ്ടു (തന്നെ) കണ്ടു കഴിഞ്ഞിരിക്കയാണ്.

وَلَقَدۡ كُنتُمۡ تَمَنَّوۡنَ ٱلۡمَوۡتَ مِن قَبۡلِ أَن تَلۡقَوۡهُ فَقَدۡ رَأَيۡتُمُوهُ وَأَنتُمۡ تَنظُرُونَ ١٤٣

---

142 **أم حسبتم** അതോ (അതല്ല) നങ്ങൾ വിചാരിച്ചുവോ, ഗണിച്ചുവോ . **أن تدخلوا** നിങ്ങൾ പ്രവേശിക്കുമെന്ന്, നിങ്ങൾക്ക് കടക്കാമെന്ന്. **الْجنة** സ്വർഗ്ഗത്തിൽ. **ولما يعلم** അറിഞ്ഞിട്ടില്ലാതെ, അറിയാതിരിക്കെ. **اللّٰ** അല്ലാഹു. **الذين جاهدوا** സമരം (ധർമ്മ യുദ്ധം) ചെയ്തവരെ. **منكُم** നിങ്ങളിൽ നിന്ന്. **ويعلم** അവൻ അറിയിക്കുകയും (ചെയ്യാതെ). **الصابرين** ക്ഷമിക്കുന്നവരെ, ക്ഷമാലുക്കളെ. 143 **ولقَد كُنتم** തീർച്ചയായും നിങ്ങൾ ആയിരുന്നിട്ടുണ്ട്. **تمنونَ** നിങ്ങൾ കൊതിക്കുക. **الموت** മരണത്തെ. **من قَبل** മുമ്പ്. **أن تلقوه** നിങ്ങളതിനെ കണ്ടുമുട്ടുന്നതിന്. **فَقد رأيتموه** എന്നാൽ നിങ്ങൾ അതിനെകണ്ടിട്ടുണ്ട്. **وأنتم** നിങ്ങൾ (ആയിക്കൊണ്ട്). **تنظُرونَ** നിങ്ങൾ നോക്കും.

ദീനിനുവേണ്ടി സമരം ചെയ്യുന്നവരെയും ശത്രുക്കളെ നേരിടുന്നതിൽ സഹനവും ക്ഷമയും കൈക്കൊള്ളുന്നവരെയും അനുഭവത്തിൽ വേർതിരിച്ചറിയുവാൻ അവസരം ഉണ്ടാക്കുന്നതിന് മുമ്പ്-സത്യവിശ്വാസം സ്വീകരിച്ചുവെന്നതുകൊണ്ടുമാത്രം-നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാ

മെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ, അത് വേണ്ട. (2:214; 29:2 എന്നീ വചനങ്ങളും നോക്കുക.) മുൻ സമുദായങ്ങളിൽ കഴിഞ്ഞതുപോലുള്ള പല പരീക്ഷണങ്ങൾക്കും നിങ്ങളും വിധേയരാകേണ്ടതുണ്ട്. പരീക്ഷണങ്ങളിൽ സ്ഥൈര്യവും, സഹനവും അവലംബിക്കുന്നവർക്കേ ഇഹത്തിൽ വിജയവും, പരത്തിൽ സ്വർഗ്ഗവും ലഭിക്കുകയുള്ളു. ശത്രുക്കളുമായി അടരാടി ഇസ്‌ലാമിനുവേണ്ടി വീരമൃത്യു അടയുവാൻ വളരെ കൊതിച്ചിരുന്നുവല്ലോ നിങ്ങൾ. ഇപ്പോൾ നിങ്ങളത് അനുഭവത്തിൽ കണ്ട് കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് സധീരം അതിനെ നേരിടുവാൻ തയ്യാറാകുകയാണ് നിങ്ങൾ ചെയ്യേണ്ടത് എന്നു സാരം. 'അല്ലാഹു അറിയാത്ത സ്ഥിതിക്ക് (ولما يعلم الله)' എന്നതിൻെറ താൽപര്യം കഴിഞ്ഞ വചനത്തിൻെറ വ്യാഖ്യാനത്തിൽ പറഞ്ഞത് ഓർക്കുക.

യുദ്ധം നിയമിക്കപ്പെടുന്നതിന് മുമ്പുതന്നെ, ശത്രുക്കളുടെ മർദ്ധനവും ആക്രമവും നിമിത്തം അവരുമായി ഏറ്റുമുട്ടുവാനുള്ള അഗ്രഹം സത്യവിശ്വാസികളിൽ ഉണ്ടായിരുന്നു. (സൂറ:ഹജ്ജ് 39-ാം വചനവും വ്യാഖ്യാനവും നോക്കുക.) ബദ്ർ യുദ്ധം കഴിഞ്ഞശേഷം, അതിൽ പങ്കെടുക്കുവാൻ കഴിയാതെ വന്നതിൽ പലരും ഖേദിച്ചുകൊണ്ടിരിക്കെയാണ് ഉഹ്ദു സംഭവം ഉണ്ടായത്. ഇതൊക്കെയാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ശത്രുക്കളോടുള്ള പ്രതികാരവാഞ്ഛമാത്രമല്ല അവരെ അതിന് പ്രേരിപ്പിച്ചിരുന്നത്. ദീനിനുവേണ്ടി ത്യാഗവും, രക്തസാക്ഷ്യവും വരിച്ചു പുണ്യം നേടണമെന്നായിരുന്നു അവരുടെ മോഹം. നബി (ﷺ) ഇങ്ങിനെ അരുളിച്ചെയ്തിരിക്കുന്നു: ''ശത്രുവിനെ കണ്ടുമുട്ടുവാൻ നിങ്ങൾ മോഹിക്കരുത്. അല്ലാഹുവിനോട് (അതിൽനിന്ന്) ഒഴിവാക്കിത്തരുവാൻ ചോദിച്ചുകൊള്ളണം. ഇനി, നിങ്ങൾ അവരുമായി കണ്ടുമുട്ടിയെങ്കിലോ, അപ്പോൾ നിങ്ങൾ ക്ഷമ കൈക്കൊള്ളണം. നിങ്ങൾ അറിഞ്ഞുകൊള്ളുക: സ്വർഗ്ഗം വാളുകളുടെ തണലിലാണെന്ന്.'' (ബു; മു.)

വിഭാഗം-15

144 മുഹമ്മദ് ഒരു റസൂൽ [ദൂതൻ]അല്ലാതെ (മറ്റൊന്നും) അല്ല. അദ്ദേഹത്തിനു മുമ്പ് റസൂലുകൾ കഴിഞ്ഞു പോയിട്ടുണ്ട്. എന്നിരിക്കെ, അദ്ദേഹം മരണപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്തുവെങ്കിൽ നിങ്ങൾ നിങ്ങളുടെ മടമ്പു കാലുകളിൽ തിരിച്ചു പോകുകയോ! ആരെങ്കിലും തൻെറ മടമ്പു കാലുകളിൽ തിരിച്ചുപോകുന്നപക്ഷം, അവൻ അല്ലാഹുവിനു യാതൊന്നും ദ്രോഹം വരുത്തുകയില്ല തന്നെ. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു വഴിയെ പ്രതിഫലം നൽകുകയും ചെയ്യും.

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ ۚ أَفَإِيْن مَّاتَ أَوْ قُتِلَ ٱنقَلَبْتُمْ عَلَىٰٓ أَعْقَٰبِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ فَلَن يَضُرَّ ٱللَّهَ شَيْـًٔا ۗ وَسَيَجْزِى ٱللَّهُ ٱلشَّٰكِرِينَ ﴿١٤٤﴾

145 ഒരു ദേഹത്തിനും [ആൾക്കും] അല്ലാഹുവിൻെറ അനുമതിയോടെയല്ലാതെ മരണപ്പെടുവാൻ നിവൃത്തിയില്ല; അവധി കുറിക്കപ്പെട്ട ഒരു രേഖയായിട്ട് (അവനത് രേഖപ്പെടുത്തിയിരിക്കുന്നു). ആരെങ്കിലും ഇഹലോകത്തെ പ്രതിഫലം ഉദ്ദേശിക്കുന്ന പക്ഷം അവന് അതിൽവെച്ചു നാം നൽകുന്നതാണ്. ആരെങ്കിലും പരലോകത്തെ പ്രതിഫലം ഉദ്ദേശിക്കുന്ന പക്ഷം, അവന് അതിൽവെച്ചും നാം നൽകുന്നതാണ്. നന്ദി കാണിക്കുന്നവർക്ക് വഴിയെ നാം പ്രതിഫലം കൊടുക്കുകയും ചെയ്യും.

وَمَا كَانَ لِنَفْسٍ أَن تَمُوتَ إِلَّا بِإِذْنِ ٱللَّهِ كِتَٰبًا مُّؤَجَّلًا ۗ وَمَن يُرِدْ ثَوَابَ ٱلدُّنْيَا نُؤْتِهِۦ مِنْهَا وَمَن يُرِدْ ثَوَابَ ٱلْءَاخِرَةِ نُؤْتِهِۦ مِنْهَا ۚ وَسَنَجْزِى ٱلشَّٰكِرِينَ ﴿١٤٥﴾

---

144 **وما محمد** മുഹമ്മദല്ല. **إلا رسولٌ** ഒരു റസൂലല്ലാതെ. **قد خلت** കഴിഞ്ഞ് പോയിട്ടുണ്ട്. **من قبله** അദ്ദേഹത്തിനുമുമ്പ്. **الرسلُ** റസൂലുകൾ. **أفإن مات** എന്നിരിക്കെ അദ്ദേഹം മരണപ്പെട്ടെങ്കിൽ. **أو قُتِلَ** അല്ലെങ്കിൽ കൊല്ലപ്പെട്ടു(വെങ്കിൽ). **انقلبتم** നിങ്ങൾ മാറി (തിരിച്ചു)പ്പോകുക(യോ). **على أعقابكم** നിങ്ങളുടെ മടമ്പുകാലുകളിലായി. **ومن ينقلب** ആരെങ്കിലും (വല്ലവരും) മാറി (തിരിഞ്ഞു-തിരിച്ചു) പോകുന്ന പക്ഷം. **على عقبيه** തന്റെ (രണ്ട്) മടമ്പുകാലുകളിൽ. **فلن يضر** എന്നാലവൻ ദ്രോഹം വരുത്തുന്നതേയല്ല. **الله** അല്ലാഹുവിന്. **شيئًا** യാതൊന്നും, ഒട്ടും. **وسيجزي** വഴിയെ പ്രതിഫലം കൊടുക്കുകയും ചെയ്യും. **اللّٰهُ** അല്ലാഹു. **الشاكرين** നന്ദി ചെയ്യുന്ന (കാണിക്കുന്ന)വർക്ക്. 145 **وما كانَ** ഉണ്ടാകാവതല്ല (നിവൃത്തിയില്ല-പാടില്ല). **لنفْس** ഒരു ദേഹത്തിനും, വ്യക്തിക്കും. **أن تموت** അത് മരണപ്പെട്ടാൽ. **إلا بإذْن** അനുമതിയോടെയല്ലാതെ. **اللهِ** അല്ലാഹുവിന്റെ. **كتابا** രേഖയായിട്ട്, നിശ്ചയമായി. **مؤجلاً** അവധി നിശ്ചയിക്കപ്പെട്ട. **ومن يرد** ആരെങ്കിലും ഉദ്ദേശിക്കുന്നപക്ഷം. **ثَواب الدنيا** ഇഹത്തിലെ പ്രതിഫലം. **نؤته** അവന് നാം നൽകും. **منها** അതിൽനിന്ന് (അതിൽവെച്ച്). **ومن يرد** ആരെങ്കിലും ഉദ്ദേശിക്കുന്നപക്ഷം . **ثَواب الآخرة** പരലോകത്തെ പ്രതിഫലം. **نؤته منها** അവന് അതിൽനിന്ന് (അതിൽവെച്ച്) നാം നൽകും. **وسنجزي** വഴിയെ നാം പ്രിതഫലം കൊടുക്കുകയും ചെയ്യും. **الشاكرين** നന്ദി കാണിക്കുന്നവർക്ക്.

ഉഹ്ദിലെ യുദ്ധരംഗം മൂർദ്ധന്യത്തിൽ എത്തിയ അവസരത്തിൽ നബി (ﷺ) തിരുമേനി കൊല്ലപ്പെട്ടുവെന്നൊരു കിംവദന്തി പരക്കുകയുണ്ടായ വിവരം മുമ്പ് പറഞ്ഞുവല്ലോ. ഇത് മുസ്ലിംകളിൽ വലിയ അമ്പരപ്പുണ്ടാക്കി. 'മുഹമ്മദ് കൊല്ലപ്പെട്ടെങ്കിൽ ഇനി എന്തിന് യുദ്ധം ചെയ്യണം', 'ഇനി, നമുക്ക് നമ്മുടെ പഴയ മതത്തിലെക്കുതന്നെ മടങ്ങാമല്ലോ' എന്നൊക്കെ പലരും പറഞ്ഞു. കപടവിശ്വാസികളും, ദുർബ്ബലവിശ്വാസികളുമായിരിക്കും ഇതിന്റെ വക്താക്കൾ എന്നു പറയേണ്ടതില്ല. നേരെമറിച്ച 'മുഹമ്മദു കൊല്ലപ്പെട്ടെങ്കിൽ വിരോധമില്ല. അദ്ദേഹം നമുക്ക് എത്തിച്ചുതരേണ്ടത് എത്തിച്ചു തന്നരിക്കുന്നു. നാം നമ്മുടെ മതത്തിനുവേണ്ടി യുദ്ധം ചെയ്യുക' എന്നും ചിലർ പറഞ്ഞു. പലരും യുദ്ധക്കളം വിട്ടുപോയി. ചുരുക്കിപ്പറഞ്ഞാൽ, ആ വാർത്ത മുസ്ലിംകളെ പൊതുവിൽ നിർവ്വീര്യമാക്കുകയും, ഭയത്തിലാഴ്ത്തുകയും ചെയ്തു. ഇതിനെപ്പറ്റിയാണ് അല്ലാഹു പറയുന്നത്.

മുഹമ്മദ് കേവലം അല്ലാഹുവിന്റെ ഒരു റസൂൽ മാത്രമാണ്. അദ്ദേഹം ദൈവമോ ദൈവപുത്രനോ ഒന്നുമല്ല. എന്നിരിക്കെ, അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യാം. എന്നാലും നിങ്ങൾ നിങ്ങളുടെ മതവും വിശ്വാസവും വിട്ടു പഴയ നിലപാടിലേക്ക് മടങ്ങുകയോ?! ഇത്ര ദുർബ്ബലമാണോ നിങ്ങളുടെ വിശ്വാസം?! റസൂലുകൾ പരലോകം പ്രാപിക്കുകയെന്നത് പുതുമയൊന്നുമല്ല. മുമ്പ് കഴിഞ്ഞ റസൂലുകളാരും ബാക്കിയില്ലല്ലോ. അവരിൽ ചിലർ കൊല്ലപ്പെടുകയും ഉണ്ടായിട്ടുണ്ട്. റസൂലിന്റെ ജീവിതത്തോട് മാത്രം ബന്ധപ്പെതല്ല സത്യവിശ്വാസം. ഇനി, കാരണമെന്തായിരുന്നാലും സത്യദീൻ വിട്ടേച്ചുകൊണ്ട് പഴയ ശിർക്കിലേക്കും കുഫ്റിലേക്കും വല്ലവരും മടങ്ങിപ്പോകുകയാണെങ്കിൽ, ആ നന്ദികേടിന്റെ ഭവിഷ്യത്ത് അവർ അനുഭവിക്കേണ്ടിവരും. അല്ലാഹുവിന് അതുകൊണ്ട് ഒരു ദോഷവും നേരിടുവാനില്ല. ഒരു കാര്യമുണ്ട്. അല്ലാഹു ചെയ്തുകൊടുത്ത സൻമാർഗ്ഗദർശനം മുതലായ അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ചുകൊണ്ട് ആ മാർഗ്ഗത്തിൽ തന്നെ ഉറച്ചു നിൽക്കുന്നവർക്ക് അല്ലാഹു പിന്നീട് വമ്പിച്ച പ്രതിഫലം തീർച്ചയായും നൽകുന്നതാണ്.

മരണത്തെ സംബന്ധിച്ചിടത്തോളം ഓരോ വ്യക്തിയുടെയും-പ്രവാചകനെന്നോ അല്ലാത്തവരെന്നോ വ്യത്യാസമില്ല-മരണം ഇന്നപ്പോഴായിരിക്കുമെന്നുള്ള ഒരു നിശ്ചിത അവധി അല്ലാഹു മുമ്പേ കണക്കാക്കിവെച്ചിട്ടുണ്ട്. ആ അവധിക്കു മുമ്പോ പിമ്പോ അത് സംഭവിക്കുകയില്ല. യുദ്ധം മുതലായ കാരണംകൊണ്ട് അത് നിശ്ചിത സമയത്തിന് മുമ്പ് സംഭവിച്ചേക്കുമെന്നോ, ഓടി

രക്ഷപ്പെട്ടതുകൊണ്ട് അതിൽ നിന്ന് രക്ഷപ്പെടാമെന്നോ ആരും ധരിക്കേണ്ടതില്ല. അൽപായുസ്സ് ലഭിക്കുന്നതും, ദീർഘായുസ്സ് ലഭിക്കുന്നതുമെല്ലാം ആ നിശ്ചയമനുസരിച്ച് മാത്രമാകുന്നു. (35:11) വേറൊരു കാര്യം; യുദ്ധത്തിൽ പങ്കെടുക്കുക മുതലായ കർമ്മങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലം അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചായിരിക്കും ലഭിക്കുക. ധനം സമ്പാദിക്കുകപോലുള്ള ഐഹിക ലാഭങ്ങളാണ് വല്ലവരുടെയും ഉദ്ദേശ്യമെങ്കിൽ ഐഹികമായ നേട്ടങ്ങളായിരിക്കും അവർക്ക് സിദ്ധിക്കുക. പാരത്രിക നേട്ടങ്ങളാണ് വല്ലവരുടെയും ഉദ്ദേശ്യമെങ്കിൽ അവർക്ക് ലഭിക്കുന്നത് പാരത്രിക നേട്ടങ്ങളായിരിക്കും. നന്ദിയുള്ളവർക്കാകട്ടെ, കൂടുതൽ നൽകപ്പെടുകയും ചെയ്യും. എന്നൊക്കെയാണ് ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ.

റസൂൽ (ﷺ) തിരുമേനി ചരമം പ്രാപിച്ചപ്പോൾ, സഹാബികൾ സ്തംഭിച്ചുപോകുകയും, ധീരനായ ഉമർ (رضي الله عنه)അടക്കം പലരും തിരുമേനിയുടെ മരണത്തെ നിഷേധിക്കുകയും ഉണ്ടായ സംഭവം പ്രസിദ്ധമാണ്. തൽസമയം അവിടെ ഇല്ലായിരുന്ന അബൂബക്കർ (رضي الله عنه)വന്ന് തിരുമേനിയെ നോക്കിക്കണ്ട ശേഷം അദ്ദേഹം പറഞ്ഞു: ''മുഹമ്മദിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ, മുഹമ്മദ് മരണമടഞ്ഞുപോയി. അല്ലാഹുവിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ അവൻ ശേഷിച്ചിരിക്കുന്നു.'' തുടർന്നുകൊണ്ട് അദ്ദേഹം ഈ (144-ാം) വചനം ഓതുകയും ചെയ്തു. ഇത് കേട്ടപ്പോഴാണ് ഉമർ رضي الله عنهനും മറ്റും സുബോധം തിരിച്ചു കിട്ടിയത്. 'ഈ ആയത്ത് മുമ്പ് കേട്ടിട്ടില്ലാത്ത പോലെ തോന്നി' എന്ന് അവർ പറയുകയും ഉണ്ടായി.

قد خلت من قبله الرسل (അദ്ദേഹത്തിൻെറ മുമ്പ് റസൂലുകൾ കഴിഞ്ഞു പോയിട്ടുണ്ട്) എന്ന വാക്യം ചില സ്ഥാപിത താൽപര്യക്കാർ തങ്ങളുടെ ഒരു വക്രവാദത്തിന് തെളിവായി ചൂഷണം ചെയ്യാറുണ്ട്. ഈസാ (عليه السلام) ആകാശത്തേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും, സാധാരണപോലെ മരണപ്പെട്ടിട്ടുണ്ടെന്നും വാദിക്കുന്നവരാണവർ. റസൂൽ (ﷺ) തിരുമേനിക്ക് മുമ്പുള്ള റസൂലുകളെല്ലാം കാലം കഴിഞ്ഞുപോയി-അഥവാ മരണമടഞ്ഞു കഴിഞ്ഞു-എന്നാണല്ലോ ഈ വാക്യം കുറിക്കുന്നത് എന്ന് അവർ പറയുന്നു. **خلا** (ഖലാ) എന്ന ക്രിയയുടെ അർത്ഥം 'കഴിഞ്ഞുപോയി, തനിച്ചായി, ഒഴിവായി (**مضي, انفرد, فرغ**)' എന്നൊക്കെയാണ്. കാലത്തെ അപേക്ഷിച്ചും സ്ഥലത്തെ അപേക്ഷിച്ചും അത് ഉപയോഗിക്കപ്പെടുമെങ്കിലും ഭൂതകാലത്തെയാണ് അതിൽ പരിഗണിക്കപ്പെടുന്നതെന്ന കാരണത്താൽ ഭാഷാപണ്ഡിതൻമാർ അതിന് 'കാലം കഴിഞ്ഞുപോയി (**مضي الزمان وذهب**)' എന്നാണ് അർത്ഥം നൽകാറുള്ളതെന്നു ഇമാം റാഗിബ് (رحمه الله) പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, റസൂലുകൾ കാലം കഴിഞ്ഞുപോയി എന്നോ, അല്ലെങ്കിൽ അവർ (ഈ ലോകത്തുനിന്ന്) സ്ഥലം വിട്ടുപോയി എന്നോ അല്ലാതെ, അവർ മരണപ്പെട്ടുപോയി എന്ന് ആ വാക്കിന് അർത്ഥമില്ലതന്നെ. മരണം മുഖേനയോ ഭൂമിയിൽനിന്ന് വിട്ടുപോകുന്നത് മുഖേനയോ അത് സംഭവിക്കാം. ഇനി, മരണപ്പെട്ടു എന്ന് തന്നെയാണ് ആ പദത്തിന്ന് അർത്ഥമെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെയും 'എല്ലാ റസൂലുകളും' എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മൊത്തത്തിൽ 'റസൂലുകൾ' (**الرسل**) എന്നേ പറഞ്ഞിട്ടുള്ളൂ. അപ്പോൾ ഒന്നോ, ഒന്നിലധികമോ പേർ അതിൽനിന്നൊഴവാണെങ്കിൽപോലും അതിൽ അസാംഗത്യമായി ഒന്നുമില്ല. അതേസമയത്ത് **خلا** എന്ന വാക്കിന് 'മരണപ്പെട്ടു' എന്നർത്ഥമില്ലെന്നു ഖുർആനിൽ പലേടത്തും ആ വാക്കാണ് ഉപയോഗിച്ച സന്ദർഭം നോക്കിയാൽ ആർക്കും മനസ്സിലാക്കാവുന്നതുമാണ്. (ഉദാഹരണം: 2:14, 76;3:119, 137.) **انقلب علي عقبيه** (മടമ്പു കാലുകളിൽ തിരിച്ചു പോയി) എന്ന വാക്ക് 'വന്നപാടെ മടങ്ങി', 'വന്ന കാലിൽ തന്നെ മടങ്ങി' എന്നൊക്കെ മലയാളത്തിൽ പറയാറുള്ളതുപോലെ അറബിയിലുള്ള ഒരു പ്രയോഗമാകുന്നു.

146 എത്രയോ നബിമാരാണ്-അവരോടൊപ്പം ധാരാളം 'രിബ്ബീ'കൾ [പുണ്യ പുരുഷൻമാർ]യുദ്ധം ചെയ്തിട്ടുള്ളത്! എന്നിട്ട്, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അവർക്ക് (ആപത്ത്)	وَكَأَيِّن مِّن نَّبِيٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُواْ لِمَآ أَصَابَهُمْ فِي سَبِيلِ ٱللَّهِ وَمَا ضَعُفُواْ

وَمَا ٱسۡتَكَانُواْۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ ﴿١٤٦﴾

ബാധിച്ചതിനാൽ അവർ അധൈര്യപ്പെട്ടില്ല; അവർക്ക് ദൌർബല്യമുണ്ടായതുമില്ല; അവർ (ശത്രുവിന്) ഒതുങ്ങിക്കൊടുത്തതുമില്ല; അല്ലാഹുവാകട്ടെ, ക്ഷമിക്കുന്നവരെ സ്നേഹിക്കുന്നു.

وَمَا كَانَ قَوۡلَهُمۡ إِلَّآ أَن قَالُواْ رَبَّنَا ٱغۡفِرۡ لَنَا ذُنُوبَنَا وَإِسۡرَافَنَا فِيٓ أَمۡرِنَا وَثَبِّتۡ أَقۡدَامَنَا وَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ﴿١٤٧﴾

147 അവരുടെ വാക്ക് അവർ (ഇങ്ങിനെ) പറയലല്ലാതെ (മറ്റൊന്നും) ആയിരുന്നതുമില്ല: ''ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ പാപങ്ങളെയും, ഞങ്ങളുടെ കാര്യത്തിൽ ഞങ്ങളുടെ അതിരു കവിച്ചലിനെയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ! ഞങ്ങളുടെ കാലടികളെ (പതറാതെ) ഉറപ്പിച്ചു തരുകയും, അവിശ്വാസികളായ ജനങ്ങളുടെ മേൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!''

فَـَٔاتَىٰهُمُ ٱللَّهُ ثَوَابَ ٱلدُّنۡيَا وَحُسۡنَ ثَوَابِ ٱلۡأٓخِرَةِۗ وَٱللَّهُ يُحِبُّ ٱلۡمُحۡسِنِينَ ﴿١٤٨﴾

148 അങ്ങനെ, അല്ലാഹു അവർക്ക് ഇഹലോകത്തെ പ്രതിഫലവും, പരലോകത്തെ നല്ല പ്രതിഫലവും നൽകി. അല്ലാഹുവാകട്ടെ നന്മ പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നു.

---

146 **وكأين** എത്രയോ. **من نبي** നബിയായി. **قاتَلَ** യുദ്ധം ചെയ്തിരിക്കുന്നു. **معه** അദ്ദേഹത്തോടൊപ്പം (അവരോടുകൂടി). **ربيون** രിബ്ബീകൾ (പുണ്യപുരുഷൻമാർ). **كثير** വളരെ. **فما وهنوا** എന്നിട്ട് അവർ അധൈര്യപ്പെട്ടില്ല. **لما أصابهم** അവർക്ക് ബാധിച്ചതിനാൽ. **في سبيل** മാർഗ്ഗത്തിൽ. **الله** അല്ലാഹുവിൻെറ. **وما ضعفوا** അവർ ബലഹീനരായതുമില്ല. **وما استكانوا** അവർ ഒതുങ്ങിക്കൊടുത്തതുമില്ല. **والله** അല്ലാഹു, അല്ലാഹുവാകട്ടെ. **يحب** അവൻ സ്നേഹിക്കുന്നു. **الصابرين** ക്ഷമിക്കുന്നവരെ. **147** **وما كانَ** ആയിരുന്നതുമില്ല. **قولُهم** അവരുടെ വാക്ക്. **إلا أن قالوا** അവർ പറഞ്ഞതല്ലാതെ. **ربنا** ഞങ്ങളുടെ റബ്ബേ. **اغْفر لنا** ഞങ്ങൾക്ക് പൊറുത്ത് തരണേ. **ذُنوبنا** ഞങ്ങളുടെ പാപങ്ങൾ. **وإسرافنا** ഞങ്ങളുടെ അതിര് കവിയലും. **في أمرنا** ഞങ്ങളുടെ കാര്യത്തിൽ. **وثبت** സ്ഥിരപ്പെടുത്തുക (ഉറപ്പിക്കുക)യും വേണമേ. **أقْدامنا** ഞങ്ങളുടെ പാദങ്ങൾ. **وانصرنا** ഞങ്ങളെ സഹായക്കുകയും വേണമേ. **على القوم** ജനങ്ങൾക്കെതിരെ. **الكافرين** അവിശ്വാസികളായ. **148** **فآتاهم** അങ്ങനെ (അതിനാൽ-എന്നിട്ട്) അവർക്ക് നൽകി. **الله** അല്ലാഹു. **ثَواب الدنيا** ഇഹത്തിലെ പ്രതിഫലം. **وحسن ثَوابِ** നല്ല പ്രതിഫലവും. **الآخرة** പരലോകത്തെ. **والله** അല്ലാഹുവാകട്ടെ. **يحب** ഇഷ്ടപ്പെടുന്നു. **المحسنين** നന്മ ചെയ്യുന്നവരെ.

ربي (രിബ്ബിയ്യ്) എന്നതിൻെറ ബഹുവചനമാണ് ربيون (രിബ്ബിയ്യൂൻ). ഏതാണ്ട് 79-ാം വചനത്തിൽ കണ്ട رباني (റബ്ബാനീ) പോലുള്ള ഒരു പദം തന്നെയാണിതും. 'പുരോഹിതൻമാൻ, വിജ്ഞാനികൾ, ദിവ്യപുരുഷൻമാർ, പുണ്യവാൻമാർ, അനുയായികൾ' എന്നിങ്ങിനെയും, 'സംഘങ്ങൾ' എന്നും ഇതിന് അർത്ഥങ്ങൾ പറയപ്പെടാറുണ്ട്. അധികാരസ്ഥൻമാർക്ക് 'റബ്ബാനി' കൾ എന്നും അവരുടെ കീഴ്ജീവനക്കാർക്ക് 'രിബ്ബികൾ' എന്നും പറയപ്പെടുമെന്നു വേറെയും അഭിപ്രായമുണ്ട്. ഏതായാലും. ആയത്തിൻെറ താൽപര്യം വ്യക്തം തന്നെ.

മുമ്പ് എത്രയോ പ്രവാചകൻമാരോടൊപ്പം അവരുടെ അനുയായികളായിരുന്ന ധാരാളക്കണക്കിൽ നല്ല മനുഷ്യൻമാർ സത്യദീനിനുവേണ്ടി ശത്രുക്കളുമായി അടരാടുകയുണ്ടായിട്ടുണ്ട്. ശത്രുക്കളിൽനിന്ന് അവർക്ക് പല അനിഷ്ട സംഭവങ്ങളും നേരിട്ടിട്ടുമുണ്ട്. എന്നിട്ടൊന്നും അവർ

അക്ഷമയോ, അധൈര്യമോ, ദൗർബ്ബല്യമോ കാണിച്ചിരുന്നില്ല. ശത്രുക്കൾക്ക് കീഴൊതുങ്ങി അടിയറ വെച്ചതുമില്ല. തങ്ങളുടെ പാപമോചനത്തിനും, ശത്രുക്കളുടെ മുമ്പിൽ കാലിടറാതെ ഉറച്ചുനിന്നു വിജയം വരിക്കാനുള്ള സഹായത്തിനുംവേണ്ടി പ്രാർത്ഥിക്കുകയും, എല്ലാം അല്ലാഹുവിൽ അർപ്പിക്കുകയുമാണവർ ചെയ്തത്. അങ്ങനെ, ഇഹത്തിൽ അവർക്ക് അല്ലാഹു വിജയവും സാമധാനവും നൽകി. പരത്തിൽ വമ്പിച്ച പ്രതിഫലങ്ങളും നൽകി. അവരുടെ മാതൃക നിങ്ങളും സ്വീകരിച്ചു കൊള്ളണം. ക്ഷമാലുക്കളെയും, പുണ്യവാൻമാരേയും അല്ലാഹു സഹായിക്കാതിരിക്കുകയില്ല എന്ന് നിങ്ങൾ ഓർക്കണം എന്ന് സാരം.

قاتل معه എന്നതിൻെറ സ്ഥാനത്ത് **قوتل معه** എന്നും വായിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ 'അവരോടൊപ്പം-നബിമാരോടൊപ്പം-വളരെ രിബ്ബീകൾ കൊലചെയ്യപ്പെട്ടു' എന്നായിരിക്കും അർത്ഥം. ഇതനുസരിച്ച് ആയത്തിൻെറ സാരംഇങ്ങിനെ മനസ്സിലാക്കാം: എത്രയോ നബിമാരും, അവരോടൊപ്പം യുദ്ധം ചെയ്ത പുണ്യവാൻമാരും യുദ്ധത്തിൽ മുമ്പ് കൊല്ലപെടുകയുണ്ടായിട്ടുണ്ട്. എന്നിട്ടും ശേഷിച്ച സത്യവിശ്വാസികളായ അവരുടെ അനുയായികൾക്ക് ദൗർബ്ബല്യമോ, ധൈര്യക്ഷയമോ ബാധിക്കാതെ അവർ ഉറച്ചുനിന്നു. അത് നിങ്ങൾക്കും മാതൃകയായിരിക്കേണ്ടതല്ലേ? മുഹമ്മദു (ﷺ) നബി കൊല്ലപ്പെട്ടുവെന്നൊരു വാർത്ത കേൾക്കുകയും, ചിലർ മരണമടയുകയും ചെയ്തപ്പോഴേക്ക് നിങ്ങൾക്ക് ഭീരുത്വം പിണയുകയും, നിങ്ങളുടെ വീര്യം കെട്ടു പോവുകയും ചെയ്തതുപോലെയല്ല പ്രവാചകൻമാരുടെ അനുയായികൾ ചെയ്യേണ്ടത്. ഇബ്നു ജരീർ (رحمه الله) മുൻഗണന നൽകിക്കാണുന്നത് രണ്ടാമതു പറഞ്ഞ ഈ വായനക്കാകുന്നു. **الله اعلم**

വിഭാഗം-16

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تُطِيعُوا۟ ٱلَّذِينَ كَفَرُوا۟ يَرُدُّوكُمْ عَلَىٰٓ أَعْقَـٰبِكُمْ فَتَنقَلِبُوا۟ خَـٰسِرِينَ ﴿١٤٩﴾

149 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അവിശ്വസിച്ചവരെ അനുസരിക്കുന്നപക്ഷം, അവർ നിങ്ങളെ നിങ്ങളുടെ മടമ്പുകാലുകളിൽ (പുറകോട്ടു) മടക്കിക്കളയും; അങ്ങനെ, നിങ്ങൾ നഷ്ടപ്പെട്ടവരായി മാറിപ്പോയേക്കും.

بَلِ ٱللَّهُ مَوْلَىٰكُمْ ۖ وَهُوَ خَيْرُ ٱلنَّـٰصِرِينَ ﴿١٥٠﴾

150 പക്ഷെ, അല്ലാഹുവത്രെ നിങ്ങളുടെ യജമാനൻ. അവൻ സഹായികളിൽവെച്ച് ഉത്തമനുമാകുന്നു.

سَنُلْقِى فِى قُلُوبِ ٱلَّذِينَ كَفَرُوا۟ ٱلرُّعْبَ بِمَآ أَشْرَكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَـٰنًا ۖ وَمَأْوَىٰهُمُ ٱلنَّارُ ۚ وَبِئْسَ مَثْوَى ٱلظَّـٰلِمِينَ ﴿١٥١﴾

151 അവിശ്വസിച്ചവരുടെ ഹൃദയങ്ങളിൽ നാം വഴിയെ ഭീതി ഇട്ടുകൊടുക്കുന്നതാണ്; അല്ലാഹു യാതൊരു(അധികൃത) രേഖയും അവതരിപ്പിച്ചിട്ടില്ലാത്തതിനെ അവർ അവനോട് പങ്കുചേർത്തതുനിമിത്തം. അവരുടെ സങ്കേത സ്ഥാനം നരകവുമാകുന്നു. (ആ) അക്രമികളുടെ പാർപ്പിടം എത്രയോ ചീത്ത!

---

149 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ. **إن تطيعوا** നിങ്ങൾ അനുസരിക്കുന്നപക്ഷം. **الذين كفروا** അവിശ്വസിച്ചവരെ. **يردوكم** അവർ നിങ്ങളെ മടക്കും, തള്ളിവിടും. **على أعقابكم** നിങ്ങളുടെ മടമ്പു കാലുകളിൽ (പിന്നോക്കം). **فتنقلبوا** അങ്ങനെ (അപ്പോൾ) നിങ്ങൾ മറിയും, മാറും, മടങ്ങും. **خاسرين** നഷ്ടപ്പെട്ടവരായി. 150 **بل الله** എങ്കിലും (പക്ഷെ...എന്നാൽ) അല്ലാഹു. **مولاكم** നിങ്ങളുടെ യജമാനനാകുന്നു. **وهو** അവനാകട്ടെ. **خير الناصرين** സഹായികളിൽ ഉത്തമനാണ്. 151 **سنلقي** നാം വഴിയെ ഇട്ടുകളയും. **في قلوب** ഹൃദയങ്ങളിൽ. **الذين كفروا** അവിശ്വസിച്ചവരുടെ. **الرعب** ഭീതി,

നടക്കം. **بِمَا أَشْرَكُوا** അവർ പങ്ക് ചേർത്തതു നിമിത്തം. **بِاللهِ** അല്ലാഹുവിൽ, അല്ലാഹുവോട്. **مَا لَمْ يُنَزِّلْ** അവൻ അവതരിപ്പിക്കാത്തിനെ. **بِهِ** അതിന്, അതിനെപ്പറ്റി. **سُلْطَانًا** ഒരു (അധികൃത) രേഖയും, പ്രമാണവും,ആധാരവും. **وَمَأْوَاهُمُ** അവരുടെ സങ്കേതം, പ്രാപ്യസ്ഥാനം. **النَّارُ** നരകമാകുന്നു. **وَبِئْسَ** എത്രയോ ചീത്ത. **مَثْوَى** പാർപ്പിടം. **الظَّالِمِينَ** അക്രമികളുടെ.

പ്രവാചകൻമാരുടെ കാൽപാടുകളിൽ ഉറച്ചു നിന്ന സത്യവിശ്വാസികളെ മാതൃകയാക്കണമെന്ന് ഉപദേശിച്ച ശേഷം, അവിശ്വാസികളെ അനുസരിക്കുകയും അവരെ കൈകാര്യക്കാരാക്കുകയും ചെയ്യുന്നതിനെക്കുറിച്ച് താക്കീത് ചെയ്യുകയാണ്. അവരെ അനുസരിച്ചാൽ അവർ നിങ്ങളെ ശിർക്കിൻെറ മതത്തിലേക്കുതന്നെ മടക്കുകയും, നിങ്ങൾ സർവ്വവും നഷ്ടപ്പെട്ടവരായിത്തീരുകയും ചെയ്യുമെന്നും, നിങ്ങളുടെ യജമാനൻ അല്ലാഹുവാണ്-അവനാണ് നിങ്ങളുടെ ഏറ്റവും നല്ല സഹായി-എന്നും, അവനെ അനുസരിക്കുകയാണ് നിങ്ങളുടെ ബാദ്ധ്യതയെന്നും ഉണർത്തുകയും ചെയ്യുന്നു.

ഉഹ്ദിൽ മുസ്‌ലിംകൾക്കു പറ്റിയ പരാജയത്തെ ചൂഷണം ചെയ്തുകൊണ്ടു യഹൂദികളും കപടവിശ്വാസികളും അവരിൽ ആശയക്കുഴപ്പവും സംശയവും ഉണ്ടാക്കുവാൻ ശ്രമം നടത്തുകയുണ്ടായി. അവരെ അനുസരിച്ചാൽ നിങ്ങൾ കഷ്ടത്തിലാകും എന്ന താക്കീതാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. തുടർന്നുകൊണ്ട് സത്യവിശ്വാസികൾക്ക് ഇങ്ങിനെ ഒരു സന്തോഷവാർത്തയും: തൽക്കാലം ഈ അവിശ്വാസികൾക്ക് ഭുരഭിമാനത്തിനു അവസരം സിദ്ധിച്ചുവെങ്കിലും അത് സ്ഥിരമല്ല. അടുത്ത ഭാവിയിൽതന്നെ സ്ഥിതി നേരെ മറിഞ്ഞു തിരിച്ചടിക്കും. അവരുടെ ഹൃദയങ്ങൾ ഭീതികൊണ്ട് നിറയും. കാരണം, യാതൊരു പ്രമാണമോ ന്യായമോ ഇല്ലാതെ അല്ലാഹുവല്ലാത്ത വസ്തുക്കളെ ആരാധിച്ചുവരുന്ന അവരെ ആ വസ്തുക്കളൊന്നും സഹായിക്കുകയല്ല. അല്ലാഹുവിൻെറ സഹായം അവർക്കൊട്ടു ലഭിക്കുകയുമില്ല. നരകമായിരിക്കും അവരുടെ പ്രാപ്യസ്ഥാനം. അതുകൊണ്ട് സത്യവിശ്വാസികളായ നിങ്ങൾ അവരെക്കുറിച്ച് ഭീതിയിലും വിചാരത്തിലും ആകേണ്ടതില്ല.

നബി (ﷺ) പറഞ്ഞതായി ജാബിർ (رضي الله عنه) ഉദ്ധരിക്കുന്നു: ''എൻെറ മുമ്പുള്ള പ്രവാചകൻമാരിൽ ഒരാൾക്കും നൽകപ്പെടാത്ത അഞ്ചുകാര്യങ്ങൾ എനിക്കു നൽകപ്പെട്ടിരിക്കുന്നു. ഒരു മാസത്തെ വഴി അകലത്തോളം (എന്നെക്കറിച്ചു ശത്രുക്കൾക്കുണ്ടാകുന്ന) ഭീതികൊണ്ട് എനിക്ക് സഹായം നൽകപ്പെട്ടിരിക്കുന്നു. ഭൂമി (എല്ലായിടവും) എനിക്ക് നമസ്കാരസ്ഥലവും ശുദ്ധീകരണ വസ്തുവും ആക്കപ്പെട്ടിരിക്കുന്നു. 'ഗനീമത്ത്' സ്വത്തുക്കൾ എനിക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. എനിക്ക് 'ശഫാഅത്ത്' (പരലോകത്തുവെച്ച് ശുപാർശ ചെയ്യുവാനുള്ള അനുമതി) നൽകപ്പെട്ടിരിക്കുന്നു. (മറ്റുള്ള) നബിമാർ അവരുടെ ജനതയിലേക്ക് മാത്രമായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്; ഞാൻ മനുഷ്യരിലേക്കെല്ലാം തന്നെ നിയോഗിക്കപ്പെട്ടിരിക്കുന്നു.'' (ബു: മു;) ഒരു മാസത്തെ യാത്രാദൂരംവരെയുള്ള ശത്രുക്കൾക്ക് നബി (ﷺ) യെയും അനുയായികളെയും കുറിച്ച് ഭീതിയും ഭയവും ഉണ്ടായിരുന്നുവെന്നും, ഇത് നബി (ﷺ) യുടെ പ്രത്യേകതകളിൽ ഒന്നാണെന്നും സാരം. ചരിത്ര താളുകൾ ഇതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. അല്ലാഹുവിൻെറ ഈ തിരുവചനത്തിൻെറ പുലർച്ചതന്നെയാണത്.

152 അല്ലാഹുവിൻെറ അനുമതിപ്രകാരം നിങ്ങൾ അവരെ കൊന്നു നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, തീർച്ചയായും അവൻ തൻെറ വാഗ്ദാനം നിങ്ങളോട് (പാലിച്ചു) സത്യമാക്കിയിട്ടുണ്ട്. അങ്ങനെ, നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യത്തിൽ അന്യോന്യം	وَلَقَدْ صَدَقَكُمُ ٱللَّهُ وَعْدَهُۥٓ إِذْ تَحُسُّونَهُم بِإِذْنِهِۦ ۖ حَتَّىٰٓ إِذَا فَشِلْتُمْ وَتَنَٰزَعْتُمْ فِى ٱلْأَمْرِ وَعَصَيْتُم مِّنۢ بَعْدِ مَآ أَرَىٰكُم مَّا تُحِبُّونَ ۚ

مِنكُم مَّن يُرِيدُ ٱلدُّنْيَا وَمِنكُم مَّن يُرِيدُ ٱلْأَخِرَةَ ثُمَّ صَرَفَكُمْ عَنْهُمْ لِيَبْتَلِيَكُمْ وَلَقَدْ عَفَا عَنكُمْ وَٱللَّهُ ذُو فَضْلٍ عَلَى ٱلْمُؤْمِنِينَ ﴿١٥٢﴾

പിണങ്ങുക [ഭിന്നിക്കുക]യും, നിങ്ങൾ ഇഷ്ടപ്പെട്ടിരുന്ന കാര്യം നിങ്ങൾക്ക് അവൻ (അനുഭവത്തിൽ) കാട്ടിത്തന്നശേഷം നിങ്ങൾ അനുസരണക്കേട് ചെയ്യുകയും ചെയ്തപ്പോൾ...! [അതെ, അപ്പോഴാണ് സഹായം ലഭിക്കാതായത്.] നിങ്ങളിൽ ഇഹലോകത്തെ ഉദ്ദേശിക്കുന്നവരുണ്ട്; നിങ്ങളിൽ പരലോകത്തെ ഉദ്ദേശിക്കുന്നവരുമുണ്ട്. പിന്നെ, നിങ്ങളെ പരീക്ഷിക്കുവാൻവേണ്ടി അവരിൽ നിന്നു നിങ്ങളെ അവൻ [അല്ലാഹു] തിരിച്ചുവിട്ടു. അവൻ നിങ്ങൾക്ക് മാപ്പു നൽകുക തന്നെ ചെയ്തിട്ടുമുണ്ട്. അല്ലാഹു, സത്യവിശ്വാസികളുടെ മേൽ അനുഗ്രഹം (അഥവാ ഔദാര്യം) ഉള്ളവനത്രെ.

۞ إِذْ تُصْعِدُونَ وَلَا تَلْوُۥنَ عَلَىٰٓ أَحَدٍ وَٱلرَّسُولُ يَدْعُوكُمْ فِىٓ أُخْرَىٰكُمْ فَأَثَٰبَكُمْ غَمًّۢا بِغَمٍّ لِّكَيْلَا تَحْزَنُوا۟ عَلَىٰ مَا فَاتَكُمْ وَلَا مَآ أَصَٰبَكُمْ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٥٣﴾

153 (അതെ) നിങ്ങൾ ഒരാളെയും തിരിഞ്ഞു നോക്കാതെ, ഓടിക്കയറിപ്പോയിരുന്ന സന്ദർഭം! റസൂലാകട്ടെ, നിങ്ങളുടെ പിൻവശത്തു നിന്ന് നിങ്ങളെ വിളിക്കുകയും ചെയ്തിരുന്നു. അങ്ങനെ, അവൻ നിങ്ങൾക്ക് ദുഃഖത്തോടു ദുഃഖം പ്രതിഫലമാക്കി [പകരമാക്കി]ത്തന്നു. നിങ്ങൾക്കു(കിട്ടാതെ) പാഴായിപ്പോയതിൻെറ പേരിലാകട്ടെ, നിങ്ങൾക്ക് (ആപത്തു) ബാധിച്ചതിൻെറ പേരിലാകട്ടെ, നിങ്ങൾ വ്യസനപ്പെടാതിരിക്കുവാൻവേണ്ടിയാണ് (അത്). അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനത്രെ.

---

152 **ولقد صدقكم** നിങ്ങൾക്ക് സത്യമാക്കുകയുണ്ടായി. **الله** അല്ലാഹു. **وعده** അവൻെറ വാഗ്ദാനം, വാഗ്ദത്തം. **إذْ تحسونهم** നിങ്ങൾ അവരെ കൊന്ന് നശിപ്പിക്കുമ്പോൾ. **بإذنه** അവൻെറ അനുമതി പ്രകാരം. **حتى** അങ്ങനെ. **إذا فشلتم** നിങ്ങൾ ഭീരുത്വം കാണിച്ചപ്പോൾ. **وتنازعتم** നിങ്ങൾ അന്യോന്യം പിണങ്ങുക (വഴക്കിടുക-തർക്കിക്കുക-ഭിന്നിക്കുക)യും. **في الأمر** കാര്യത്തിൽ. **وعصيتم** നിങ്ങൾ അനുസരണക്കേട് ചെയ്കയും. **من بعد** ശേഷം. **ما أراكُم** അവൻ നിങ്ങൾക്ക് കാട്ടിത്തന്നതിൻെറ. **ما تحبونَ** നിങ്ങൾ ഇഷ്ടപ്പെടുന്നതിനെ (കാര്യത്തെ). **منكُم من** നിങ്ങളിലുണ്ട് ചിലർ. **يريد** ഉദ്ദേശിക്കുന്നു. **الدنيا** ഇഹലോകം. **ومنكُم** നിങ്ങളിലുണ്ട്. **من يريد** ഉദ്ദേശിക്കുന്നവർ. **الآخرة** പരലോകത്തെ. **ثُم صرفكُم** പിന്നെ അവൻ നിങ്ങളെ തിരിച്ചുവിട്ടു. **عنهم** അവരിൽനിന്ന്. **ليبتليكُم** നിങ്ങളെ അവൻ പരീക്ഷിക്കുവാൻ. **ولقَد عفَا** അവൻ മാപ്പ് നൽകുക തന്നെ ചെയ്തിട്ടുണ്ട്. **عنكُم** നിങ്ങൾക്ക്. **والله** അല്ലാഹു. **ذُو فَضل** അനുഗ്രഹം (ദയവ്-ഔദാര്യം) ഉള്ളവനാണ്. **على المؤمنين** സത്യവിശ്വാസികളുടെ മേൽ. 153 **إذْ تصعدونَ** നിങ്ങൾ കയറിപ്പോകു(ഓടിപ്പോകു)മ്പോൾ. **ولا تلوونَ** നിങ്ങൾ വളഞ്ഞുപോകു(തിരിഞ്ഞുനോക്കു)ന്നുമില്ല. **على أحد** ഒരാളെയും. **والرسولُ** റസൂലാകട്ടെ. **يدعوكُم** നിങ്ങളെ വിളിക്കുന്നു. **في أخراكُم** നിങ്ങളുടെ പിൻവശത്തിൽ. **فأثابكُم** അങ്ങനെ അവൻ നിങ്ങൾക്ക് പ്രതിഫലമാക്കി (പകരമാക്കി). **غما** ദുഃഖത്തെ. **بغم** ദുഃഖത്തോടെ. **لكيلا** ഇല്ലാതിരിക്കുവാൻ വേണ്ടി. **تحزنوا** നിങ്ങൾ വ്യസനപ്പെടുക. **على ما فاتكُم** നിങ്ങൾക്ക് പാഴായിപ്പോയതിനെപ്പറ്റി. **ولا ما** യാതൊന്നിനെപ്പറ്റിയും. **أصابكُم** നിങ്ങൾക്ക് ബാധിച്ചു. **والله** അല്ലാഹു-അല്ലാഹുവാകട്ടെ. **خبير** സൂക്ഷ്മമായി അറിയുന്നവനാണ്. **بما تعملونَ** നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി.

യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ മുസ്‌ലിംകൾക്ക് വമ്പിച്ച വിജയമായിരുന്നു. മുശ്‌രിക്കുകളുടെ കൊടിവാഹകൻമാർ കൊല്ലപെടുകയും, അവർ സ്ഥലം വിട്ടോടുവാൻ തുടങ്ങുകയും ചെയ്തു. നിങ്ങൾ അവരെ കൊന്നു നശിപ്പിക്കുമ്പോൾ അല്ലാഹു അവൻെറ വാഗ്ദാനം നിങ്ങൾക്ക് സത്യമാക്കി എന്ന് പറഞ്ഞത് ഇതിനെപ്പറ്റിയാകുന്നു. ശത്രുക്കളുടെ തിരിഞ്ഞോട്ടം കാരണം യുദ്ധക്കളം ഒഴിവായിക്കൊണ്ടിരുന്ന അവസരം നോക്കി മുസ്‌ലിംകളിൽ പലരും അവർ ഇട്ടേച്ചുപോയ ആയുധങ്ങളും മറ്റും ശേഖരിക്കുന്നതിൽ വ്യാപൃതരായി. ഇത് കണ്ടപ്പോൾ, മലമുകളിൽ നബി (ﷺ) നിറുത്തിയിട്ടുണ്ടായിരുന്ന അമ്പെയ്ത്തുകാർ-അവരുടെ തലവനും അൽപം ചില വ്യക്തികളും ഒഴിച്ച്-യുദ്ധക്കളത്തിലേക്ക് ഇറങ്ങിവന്ന് ധനം ശേഖരിക്കുന്നതിൽ പങ്ക് ചേർന്നു. യുദ്ധം അവസാനിച്ചുവെന്നും, ശത്രുക്കൾ പരാജയപ്പെട്ടുഓമവെന്നുമാണ് അവർ ധരിച്ചത്. എന്തു തന്നെ സംഭവിച്ചാലും സമ്മതംകൂടാതെ സ്ഥലം വിടരുതെന്ന് അവരോട് നബി (ﷺ) കൽപിച്ചിരുന്നത് അവർ കണക്കിലെടുത്തതുമില്ല. ഇതാണ് ആപത്തുഓമകൾക്കെല്ലാം വഴിവെച്ചത്. അഥവാ ഈ വിടവ് ശത്രുക്കൾ ശരിക്കും ഉപയോഗപ്പെടുത്തിയതാണ് അവർ വീണ്ടും ആഞ്ഞടിക്കുവാനും മുസ്‌ലിംകൾക്ക് ആപത്തുകൾ ബാധിക്കുവാനും കാരണമായിത്. നിങ്ങൾ ഭീരുത്വം കാണിക്കുകയും, അന്യോന്യം ഭിന്നിക്കുകയും, നിങ്ങൾ ഇഷ്ടപ്പെടുന്ന കാര്യം കാട്ടിത്തന്നിട്ട് പിന്നെയും അനുസരണക്കേട് കാണിക്കകയും ചെയ്തപ്പോൾ.....എന്ന് പറഞ്ഞതു ഈ രംഗത്തെക്കുറിച്ചാകുന്നു അതെ, ധീരത കൈവെടിഞ്ഞു ഭീരുത്വം കാണിക്കുകയും, യോജിപ്പു കൈവെടിഞ്ഞു ഭിന്നിക്കുകയും, അനുസരണം കൈവെടിഞ്ഞു അനുസരണക്കേട് കാണിക്കുകയും ചെയ്തു. ഇതെല്ലാം സംഭവിച്ചത് ആദ്യത്തെ വിജയത്തിനുശേഷമാണല്ലോ. ഇതോടെ, അല്ലാഹുവിങ്കൽ നിന്നുള്ള സഹായം നിലക്കുകയും സംഭവിക്കേണ്ടതെല്ലാം സംഭവിക്കുകയും ചെയ്തു എന്നു സാരം.

അന്യോന്യം പിണങ്ങി-അഥവാ ഭിന്നിച്ചു-എന്നും, അനുസരണക്കേട് കാണിച്ചുവെന്നും പറഞ്ഞതു അമ്പെയ്ത്തകാരെ സംബന്ധിച്ചാണെന്ന് മേൽപറഞ്ഞതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. നബി (ﷺ) യുടെ കൽപനക്കും അവരുടെ നേതാവിൻെറ കൽപനക്കും അവർ എതിര് പ്രവർത്തിക്കുകയാണ് ചെയ്തത്. ഇനി ഇവിടെ എന്തിന് നിൽക്കണമെന്നും മറ്റും പറഞ്ഞ് അവർ തർക്കം നടത്തുകയും ചെയ്തു. അമ്പെയ്ത്തുകാർ സ്ഥലം വിട്ടത് ധനം ശേഖരിക്കുവാൻ വേണ്ടിയായിരുന്നുവല്ലോ. യുദ്ധക്കളത്തിലുണ്ടായിരുന്ന പലരും അതിൽ വ്യാപൃതരായി. എന്നാൽ, സഹാബികൾ എല്ലാവരും അതിൽ പങ്കെടുത്തിരുന്നില്ല. അതാണ് നിങ്ങളിൽ ഇഹലോകത്തെ ഉദ്ദേശിക്കുന്നവരും പലലോകത്തെ ഉദ്ദേശിക്കുന്നവരും ഉണ്ട് എന്ന് അല്ലാഹു പറഞ്ഞത്. ഇബ്നു മസ്ഊദ് (رضي الله عنه) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ‘‘റസൂൽ (ﷺ) തിരുമേനിയുടെ സഹാബികളിൽ ആരെങ്കിലും ഇഹലോകത്തെ ഉദ്ദേശിക്കുന്നവരുണ്ടെന്ന് ഉഹ്ദ് സംഭവത്തിൽ ഞങ്ങളെപ്പറ്റി ഈ വചനം അവതരിക്കുന്നതുവരേക്കും ഞാൻ വിചരിച്ചിരുന്നില്ല.’’

ഇങ്ങിനെ പല പാകപ്പിഴവുകളും സഹാബികളിൽ വന്നുപോയി. അത് നിമിത്തം അവർ വളരെയേറെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയും ചെയ്തു. രണ്ടാമത്തെ ആക്രമണത്തിൽ ശത്രുക്കൾക്ക് വേണമെങ്കിൽ മുസ്‌ലിംകളെ നശിപ്പിക്കുവാൻ കഴിയത്തക്ക സാഹചര്യമുണ്ടായിരുന്നെങ്കിലും അത് ഉപയോഗപെടുത്താതെ അവർ വേഗം വിജയഭേരി മുഴക്കി സ്ഥലം വിടുകയാണ് ചെയ്തത്. ഇത് അല്ലാഹു മുസ്‌ലിംകൾക്ക് ചെയ്തുകൊടുത്ത വലിയൊരു അനുഗ്രഹമത്രെ. ഇതിനെപ്പറ്റിയാണ് പിന്നീട് നിങ്ങളെ അവൻ അവരിൽനിന്ന് തിരിച്ചുവിട്ടു (ثم صرفكم عنهم) എന്ന് പറഞ്ഞത്. ഇതെല്ലാം നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയാണ്, അതുകൊണ്ട് മേലിൽ ഈ സംഭവത്തിൽ നിന്ന് നിങ്ങൾ പാഠം പഠിക്കേണ്ടതുണ്ട്. ഇപ്രാവശ്യം സംഭവിച്ചത് അല്ലാഹു നിങ്ങൾക്ക് മാപ്പു നൽകിയിരിക്കുന്നു. മേലിൽ ഇങ്ങിനെ ആവർത്തിക്കരുത്. നിങ്ങൾ സത്യവിശ്വാസികളാണല്ലോ. സത്യവിശ്വാസികൾക്ക് വളരെ ഔദാര്യം ചെയ്യുന്നവനാണ് അല്ലാഹു, അതു

കൊണ്ടാണ് നിങ്ങൾക്ക് അവൻ മാപ്പു നൽകുന്നതും ശിക്ഷാ നടപടിയൊന്നും എടുക്കാതിരിക്കുന്നതും. എന്നൊക്കെയാണ് തുടർന്നുള്ള വാക്യങ്ങളിൽ അറിയിക്കുന്നത്.

അനന്തരം, സംഭവഗതികൾ മൂർദ്ധന്യത്തിലെത്തിയ ഘട്ടത്തെ 153-ാം വചനത്തിൽ അനുസ്മരിപ്പിക്കുന്നു. അവിചാരിതവും അപ്രതീക്ഷിതവുമായ ശത്രുക്കളുടെ തിരിച്ചുവരവും പുനരാക്രമണവും കണ്ടതോടുകൂടി മുസ്‌ലിംകൾ ഭയവിഹ്വലരായി. എന്തു ചെയ്യണമെന്നറിയാതായി. ചിലർ നേരെ മദീനായിലേക്ക് ഓടി . ചിലർ എങ്ങോട്ടെന്നില്ലാതെ സ്ഥലം വിട്ടുകളഞ്ഞു. ചിലർ മലയിലൂടെ മേൽപോട്ട് കയറി. ഈ സമയത്ത് റസൂൽ (ﷺ) തിരുമേനി സ്വസ്ഥാനം തെറ്റാതെ ഉറച്ചു നിൽക്കുകയായിരുന്നു. അല്ലാഹുവിൻെറ അടിയാൻമാരേ, ഇങ്ങോട്ട് വരിൻ! ('ഇലയ്യ ഇബാദല്ലാഹ്) (الي عباد الله)' എന്നു തിരുമേനി പിന്നിൽനിന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. പക്ഷേ, ജീവനും കൊണ്ടോടുന്ന അവർ എങ്ങും തിരിഞ്ഞുനോക്കുന്നില്ല. നെട്ടോട്ടം തന്നെ. ഇതിനിടെ നബി (ﷺ) കൊല്ലപ്പെട്ടുവെന്ന ഒരു കള്ളവാർത്തയും! ഭാവിയെന്താണെന്ന് എത്തും പിടിയുമില്ല. പോരെങ്കിൽ, ശത്രുക്കൾ നേരെ മദീനായിൽ കടന്നു വീടുകളും കുടുംബങ്ങളുമെല്ലാം നശിപ്പിച്ചേക്കുമോ എന്ന ഭയവും! ആകപ്പാടെ ദുഃഖത്തിലൂടെ ദുഃഖം! ദുരിതത്തോടെ ദുരിതം! ഇതെല്ലാം സംഭവിച്ചത് അവരുടെ സ്വന്തം പ്രവൃത്തിമൂലം തന്നെ. അതേ സമയത്ത് അതിൽ ചില രഹസ്യങ്ങളും അടങ്ങിയിട്ടുണ്ടുതാനും. അതെ, ആപത്തുകളിൽ ക്ഷമയും സഹനവും കൈക്കൊള്ളുവാൻ സത്യവിശ്വാസികളെ അല്ലാഹു അതുമൂലം പരിശീലിപ്പിക്കുകയായിരുന്നു. എന്തുതന്നെ സംഭവിച്ചാലും, നഷ്ടപ്പെട്ടാലും മേലിൽ അതിലൊന്നും അവർ വ്യസനിക്കുകയോ, വേദനിക്കുഊമകയോ ചെയ്യരുത്. അതിന് തക്കവണ്ണം അവരുടെ വിശ്വാസം സുദൃഢമാകുകയും, അവരുടെ മനക്കരുത്ത് ശക്തിപ്പെടുകയും വേണം (......لكيلا) എല്ലാവരുടെയും എല്ലാ പ്രവർത്തികളും, അവക്കു പ്രേരകമാകുന്ന ചേതോവികാരങ്ങളുമെല്ലാം ശരിക്കും സസൂക്ഷ്മവും അറിയുന്നവനാണല്ലോ അല്ലാഹു. و الله خبير بما تعملون

ثُمَّ أَنزَلَ عَلَيْكُم مِّنۢ بَعْدِ ٱلْغَمِّ أَمَنَةً نُّعَاسًا يَغْشَىٰ طَآئِفَةً مِّنكُمْ ۖ وَطَآئِفَةٌ قَدْ أَهَمَّتْهُمْ أَنفُسُهُمْ يَظُنُّونَ بِٱللَّهِ غَيْرَ ٱلْحَقِّ ظَنَّ ٱلْجَـٰهِلِيَّةِ ۖ يَقُولُونَ هَل لَّنَا مِنَ ٱلْأَمْرِ مِن شَىْءٍ ۗ قُلْ إِنَّ ٱلْأَمْرَ كُلَّهُۥ لِلَّهِ ۗ يُخْفُونَ فِىٓ أَنفُسِهِم مَّا لَا يُبْدُونَ لَكَ ۖ يَقُولُونَ لَوْ كَانَ لَنَا مِنَ ٱلْأَمْرِ شَىْءٌ مَّا قُتِلْنَا هَـٰهُنَا ۗ قُل لَّوْ كُنتُمْ فِى بُيُوتِكُمْ لَبَرَزَ ٱلَّذِينَ كُتِبَ عَلَيْهِمُ ٱلْقَتْلُ إِلَىٰ مَضَاجِعِهِمْ ۖ وَلِيَبْتَلِىَ ٱللَّهُ مَا فِى صُدُورِكُمْ وَلِيُمَحِّصَ مَا فِى قُلُوبِكُمْ ۗ وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿١٥٤﴾

154 പിന്നീട് (ആ) ദുഃഖത്തിന്നു ശേഷം, അവൻ [അല്ലാഹു] നിങ്ങളിൽ ഒരു നിർഭയത-(അതായത്) ഒരു നിദ്രാമയക്കം-ഇറക്കിത്തന്നു. നിങ്ങളിൽ നിന്ന് ഒരു വിഭാഗത്തെ അത് ആവരണം ചെയ്തിരുന്നു; ഒരു വിഭാഗമാകട്ടെ, അവരുടെ സ്വന്ത (കാര്യ)ങ്ങൾ അവരെ അസ്വസ്ഥമാക്കിക്കളഞ്ഞു; അല്ലാഹുവിനെപ്പറ്റി അവർ ന്യായമല്ലാത്തത് -(അതെ) 'ജാഹിലിയ്യത്തി'ൻെറ [അജ്ഞാന കാലത്തെ] വിചാരം- വിചാരിച്ചു കൊണ്ട്. അവർ പറയുന്നു: "കാര്യത്തിൽ നിന്ന് വല്ലതും (ഒരു പങ്ക്) നമുക്കുണ്ടോ?!" (നബിയേ) പറയുക: "നിശ്ചയമായും, കാര്യമെല്ലാം (തന്നെ) അല്ലാഹുവിനാണു(ള്ളത്). നിന്നോട് അവർ വെളിപ്പെടുത്താത്ത (ചില)ത് അവർ തങ്ങളുടെ മനസ്സുകളിൽ ഒളിച്ചുവെക്കുന്നു. അവർ പറയുന്നു: "കാര്യത്തിൽ നിന്ന് വല്ലതും (ഒരു പങ്ക്) നമുക്കുണ്ടായിരുന്നെങ്കിൽ, നാം ഇവിടെ വെച്ച് കൊല്ലപ്പെടുമായിരുന്നില്ല." പറയുക: "നിങ്ങൾ നിങ്ങളുടെ വീടുകളിലായിരുന്നാലും യാതൊരുവരുടെ മേൽ കൊലവിധിക്ക [നിശ്ചയിക്ക]പ്പെട്ടിരിക്കുന്നുവോ അവർ, തങ്ങളുടെ കിടപ്പു സ്ഥാന [മരിച്ചു വീഴുന്ന സ്ഥല]ങ്ങളിലേക്ക് പ്രത്യക്ഷ

പ്പെട്ടുവരികതന്നെ ചെയ്യുന്നതാണ്''. (മാത്ര മല്ല) നിങ്ങളുടെ നെഞ്ചു [മനസ്സു]കളിലുള്ളത് അല്ലാഹു പരീക്ഷിക്കുവാൻ വേണ്ടിയും, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകര ണം ചെയ്‌വാൻ വേണ്ടിയും (കൂടിയാണ തൊക്കെ ചെയ്തത്). അല്ലാഹുവാകട്ടെ, നെഞ്ചു[മനസ്സു]കളിലുള്ളതിനെപ്പറ്റി അറിയു ന്നവനാകുന്നു.

---

154 **ثُمَّ أَنزَلَ** പിന്നെ അവൻ ഇറക്കി. **عَلَيْكُم** നിങ്ങളുടെ മേൽ. **مِن بَعْدِ الْغَمِّ** ദുഃഖത്തിന്നു ശേഷം. **أَمَنَةً** ഒരു നിർഭയത, മനഃശാന്തി. **نُّعَاسًا** അതായത് ഒരു നിദ്രാമയക്കം. **يَغْشَىٰ** അത് മൂടിയിരുന്നു, ആവ രണം ചെയ്തിരുന്നു. **طَائِفَةً** ഒരു വിഭാഗത്തെ. **مِّنكُمْ** നിങ്ങളിൽനിന്ന്. **وَطَائِفَةٌ** ഒരു വിഭാഗമാകട്ടെ. **قَدْ أَهَمَّتْهُمْ** അവരെ വിചാരത്തിലാക്കി(യിട്ടുണ്ട്), അസ്വസ്ഥമാക്കി(ക്കളയുകയും ചെയ്തു). **أَنفُسُهُمْ** അവരുടെ സ്വന്തങ്ങൾ, ദേഹങ്ങൾ. **يَظُنُّونَ** അവർ വിചാരിച്ചുകൊണ്ട്. **بِاللَّهِ** അല്ലാഹുവിനെക്കുറിച്ച്. **غَيْرَ الْحَقِّ** ന്യായം, (യഥാർത്ഥം) അല്ലാത്തത്. **ظَنَّ الْجَاهِلِيَّةِ** ജാഹിലിയ്യത്തിൻെറ വിചാരം. **يَقُولُونَ** അവർ പറയുന്നു. **هَل لَّنَا** നമുക്കുണ്ടോ. **مِنَ الْأَمْرِ** കാര്യത്തിൽ നിന്ന്, കാര്യത്തെ സംബന്ധിച്ച്. **مِن شَيْءٍ** വല്ലതും, വല്ല വസ്തുവും. **قُلْ** പറയുക. **إِنَّ الْأَمْرَ** നിശ്ചയമായും കാര്യം. **كُلَّهُ** അതെല്ലാം. **لِلَّهِ** അല്ലാഹുവിനാണ് (ഉള്ളത്). **يُخْفُونَ** അവർ മറച്ചു(ഒളിച്ചു)വെക്കുന്നു. **فِي أَنفُسِهِم** അവരുടെ സ്വന്ത ങ്ങളിൽ (മനസ്സിൽ). **مَّا لَا يُبْدُونَ** അവർ വെളിവാക്കാത്തത്, വ്യക്തമാക്കാത്ത ചിലത്. **لَكَ** നിന്നോ ട്, നിനക്ക്. **يَقُولُونَ** അവർ പറയുന്നു. **لَوْ كَانَ** ഉണ്ടായിരുന്നെങ്കിൽ. **لَنَا** നമുക്ക്. **مِنَ الْأَمْرِ** കാര്യത്തിൽ നിന്ന്. **شَيْءٌ** വല്ലതും, വല്ല വസ്തുവും. **مَّا قُتِلْنَا** നാം കൊല്ലപ്പെടുമായിരുന്നില്ല. **هَاهُنَا** ഇവിടെ വെച്ച്. **قُل** പറയുക. **لَّوْ كُنتُمْ** നിങ്ങൾ ആയിരുന്നെങ്കിൽ, ആയിരുന്നാലും. **فِي بُيُوتِكُمْ** നിങ്ങളുടെ വീടുകളിൽ. **لَبَرَزَ** വെളിക്ക് വരുക (പ്രത്യക്ഷപ്പെടുക-പുറത്തു വരുക)തന്നെ ചെയ്യും. **الَّذِينَ** യാതൊരു കൂട്ടർ. **كُتِبَ عَلَيْهِمُ** അവരുടെ മേൽ നിശ്ചയിക്ക (വിധിക്ക-രേഖപ്പെടുത്ത)പ്പെട്ടിരി ക്കുന്നു. **الْقَتْلُ** കൊല, കൊല്ലപ്പെടൽ. **إِلَىٰ مَضَاجِعِهِمْ** അവരുടെ കിടപ്പ് സ്ഥാനങ്ങളിലേക്ക്. **وَلِيَبْتَلِيَ** പരീക്ഷിക്കുവാൻ വേണ്ടിയും. **اللَّهُ** അല്ലാഹു. **مَا فِي صُدُورِكُمْ** നിങ്ങളുടെ നെഞ്ചു (ഹൃദയം-മനസ്സു) കളിലുള്ളത്. **وَلِيُمَحِّصَ** ശുദ്ധീകരിച്ചെടുക്കുവാനും. **مَا فِي قُلُوبِكُمْ** നിങ്ങളുടെ ഹൃദയങ്ങളിലുള്ളത്. **وَاللَّهُ** അല്ലാഹുവാകട്ടെ, അല്ലാഹു. **عَلِيمٌ** അറിയുന്നവനാണ്. **بِذَاتِ الصُّدُورِ** നെഞ്ചു (ഹൃദയം-മനസ്സു) കളിലുള്ളത്.

ഉഹ്ദിൽ സഹാബികൾ വളരെയേറെ ക്ലേശങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടി വന്നെങ്കിലും പിന്നീട്-യുദ്ധക്കളത്തിൽ വെച്ചുതന്നെ-അല്ലാഹു അവർക്ക് ശാന്തിയും മനസ്സ മാധാനവും നൽകി. തങ്ങൾക്ക് ഒന്നും ബാധിച്ചിട്ടില്ലാത്തതുപോലെ അവരുടെ ഹൃദങ്ങൾക്ക് സ്വസ്ഥത ലഭിച്ചു. അതെ. അന്നേരം അല്ലാഹു അവർക്ക് അത്യൽഭുതകരമായ ഒരു നിദ്രാമയക്കം ഇട്ടുകൊടുത്തു. അതോടെ കഴിഞ്ഞ ആപത്തുകളെക്കുറിച്ചുള്ള വ്യാകുലചിന്ത അവരിൽ നിന്നും നീങ്ങിപ്പോയി. നബി (ﷺ) തിരുമേനിയും അൽപം ചില സഹാബികളും ഒറ്റപ്പെടുകയും, ശത്രുക്കൾ അവരുടെ ഏറ്റവും വീറോടുകൂടിയ ആക്രമണങ്ങൾ നടത്തുകയും ഉണ്ടായപ്പോൾ, നബി (ﷺ) യുടെ രക്ഷക്കുവേണ്ടി സ്വജീവനെപ്പോലും വകവെക്കാതെ ശത്രുക്കളെ ചെറുത്ത് നിന്നവരിൽ ഒരാളായിരുന്നു അബൂത്വൽഹത്തുൽ അൻസാരീ (رضي الله عنه). അദ്ദേഹം പറയുകയാണ്: ''ഉഹ്ദിൽ ഞങ്ങൾ ഞങ്ങളുടെ അണികളിൽ നിൽക്കെത്തന്നെ, ഞങ്ങൾക്ക് നിദ്രാമയക്കം ബാധിക്കുക യുണ്ടായി. അന്ന് ആ മയക്കം ബാധിച്ചവരിൽ ഒരാളായിരുന്നു ഞാനും. എൻെറ വാൾ എൻെറ കയ്യിൽനിന്നു വീഴുകയും, ഞാൻ അതു കയ്യിലെടുക്കുകയും ചെയ്തുകൊണ്ടിരുന്നു.'' ബുഖാരി, മുസ്‌ലിം (رحمهما الله) മുതലായ പലരും നിവേദനം ചെയ്തതാണിത്. ചില നിവേദനങ്ങളിൽ 'മയക്കം നിമിത്തം ഒരാളും തന്നെ തൻെറ തല തൻെറ പരിചയുടെ താഴേക്ക് ചരിയാതിരുന്നിട്ടില്ല'

എന്നുകൂടി അദ്ദേഹം പറഞ്ഞതായി വന്നിട്ടുണ്ട്. ഈ ഘട്ടത്തിൽ, ഇങ്ങിനെ ഒരു ഉറക്കിൻെറ മയക്കം സംഭവിച്ചത് അല്ലാഹുവിൽ നിന്നും അവർക്ക് സിദ്ധിച്ച ഒരു അസാധാരണ അനുഗ്രഹം തന്നെയാണെന്നു തീർച്ച. എന്നാൽ, ആത്മീയദൃഷ്ടി നഷ്ടപ്പെട്ട ചില യുക്തി വാദക്കാർ ഈ മയക്കത്തെ (**نعاسا** എന്ന വാക്കിനെ) ഒരു ഉപമാലാങ്കാരമായി മാത്രം ചിത്രീകരിച്ചു കാണുന്നതിൽ നമുക്ക് അത്ഭുതം തോന്നുന്നില്ല. കാരണം, അവരുടെ യുക്തിക്കു ദഹിക്കാത്തതാണല്ലോ അത്.

ഈ മയക്കം മുസ്‌ലിം പക്ഷത്തുള്ള എല്ലാവരെയും ബാധിച്ചിരുന്നില്ല: വിശ്വാസത്തിൽ കപടവും കളങ്കവും തീണ്ടാത്ത സത്യവിശ്വാസികൾക്ക് മാത്രമേ അത് ബാധിച്ചിരുന്നുള്ളു. അതു കൊണ്ടാണ് ''നിങ്ങളിൽ നിന്ന് ഒരു വിഭാഗത്തെ അത് ആവരണം ചെയ്തിരുന്നു''വെന്ന് അല്ലാഹു പറഞ്ഞത്. മയക്കവും, അതുവഴി ലഭിച്ച മനഃശ്ശാന്തിയും അനുഭവപ്പെടാതിരുന്ന വിഭാഗക്കാർ കപട വിശ്വാസികളായിരുന്നുവെന്ന് അവരെക്കുറിച്ചുള്ള വിവരണത്തിൽ നിന്ന് തന്നെ സ്പഷ്ടമാണ്. അവർക്ക് മനസ്സമാധാനത്തിനുപകരം, അസ്വാസ്ഥ്യവും പരിഭ്രമവുമായിരുന്നു ഉണ്ടായത്. സ്വന്തം കാര്യത്തെക്കുറിച്ചല്ലാതെ, ഇസ്‌ലാമിനെപ്പറ്റിയോ, നബി (ﷺ) യെപ്പറ്റിയോ, സത്യവിശ്വാസി കളെപറ്റിയോ അവർക്ക് വിചാരമില്ല. ഇസ്‌ലാം അതൊടെ പൊളിഞ്ഞു തറപറ്റിപ്പോയി. ഇനി അതിന്ന് നിലനിൽപ്പില്ല. മുസ്‌ലിംകൾക്ക് വിജയമുണ്ടെന്ന അല്ലാഹുവിൻെറ വാഗ്ദാനം പാലിക്കപ്പെ ട്ടില്ല എന്നിത്യാദി ധാരണകളാണ് അവരുടെ മനസ്സിലുള്ളത്. അതെ, ജാഹിലിയ്യാകാലത്തെ വിചാരങ്ങളും ചിന്താഗതികളും തന്നെ. ''നമ്മൾ പറഞ്ഞതൊന്നും മുഹമ്മദ് കേട്ടില്ല. കാര്യങ്ങളുടെ നടത്തിപ്പിൽ നമ്മുക്കുണ്ടോ വല്ല പങ്കും?! ഉണ്ടെങ്കിൽ ഇങ്ങനെയൊന്നും. സംഭവിക്കുമായിരുന്നില്ല. നമ്മുടെ ആളുകൾ ഇങ്ങിനെ വധിക്കപ്പെടുകയുമുണ്ടാകുമായിരുന്നില്ല.'' എന്നിങ്ങിനെ പലതും അവർ പറഞ്ഞുകൊണ്ടിരുന്നു. അവരുടെ മനസ്സിരുപ്പിൽ ചിലത് മാത്രമാണത്. അതിന് അല്ലാഹു അവർക്ക് നൽകുന്ന മറുപടിയുടെ സാരം ഇതാണ്: കാര്യങ്ങളൊക്കെ അല്ലാഹുവിനാണുള്ളത്. എല്ലാം അവൻെറ അധികാരവും നിയന്ത്രണവും ഉദ്ദേശവും അനുസരിച്ചുമാത്രം നടക്കുന്നു. മരണത്തിൻെറ കാര്യവും ഇതിൽനിന്ന് ഒഴിവല്ല. ഇന്ന ആൾ ഇന്ന സ്ഥലത്ത് ഇന്നപ്പോൾ കൊല്ലപ്പെ ടുമെന്ന് അവൻ നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെ സംഭവിക്കാതിരിക്കുകയില്ല. പുറത്തിറങ്ങാതെ വീട്ടിൽ അടച്ചിരിക്കുന്നവർ പോലും ആ സമയത്തും സ്ഥലത്തും വെളിക്കുവന്ന് അവർ കൊല്ലപ്പെടാതിരിക്കുകയില്ല. കൂടാതെ നിങ്ങളിലുള്ള കപടൻമാരെയും, വഞ്ചകൻമാരേയും വേർതിരിച്ചു കാണിക്കുവാനുള്ള ഒരു പരീക്ഷണവും ശുദ്ധീകരണവും കൂടിയാണിതൊക്കെ.

.

إِنَّ ٱلَّذِينَ تَوَلَّوۡاْ مِنكُمۡ يَوۡمَ ٱلۡتَقَى ٱلۡجَمۡعَانِ إِنَّمَا ٱسۡتَزَلَّهُمُ ٱلشَّيۡطَٰنُ بِبَعۡضِ مَا كَسَبُواْۖ وَلَقَدۡ عَفَا ٱللَّهُ عَنۡهُمۡۗ إِنَّ ٱللَّهَ غَفُورٌ حَلِيمٞ ١٥٥

155 നിശ്ചയമായും, രണ്ടു സംഘങ്ങൾ (പരസ്പരം) കൂട്ടിമുട്ടിയ ദിവസം നിങ്ങളിൽനിന്ന് (പിൻ) തിരിഞ്ഞു പോയവർ അവർ ചെയ്തു വെച്ചതിൽ ചിലതു നിമിത്തം, പിശാച് അവരെ വഴി തെറ്റിക്കുവാൻ ശ്രമിച്ചത് മാത്രമാകുന്നു. തീർച്ചയായും, അല്ലാഹു അവർക്ക് മാപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചയമായും അല്ലാഹു, വളരെ പൊറുക്കുന്നവനാണ്; സഹനശീലനാണ്.

---

155 **إن الذين** നിശ്ചയമായും യാതൊരുകൂട്ടർ. **تولوا** അവർ തിരിഞ്ഞുകളഞ്ഞു. **منكُم** നിങ്ങളിൽ നിന്ന്. **يوم الْتقى** കണ്ടുമുട്ടിയ (കൂട്ടിമുട്ടിയ)ദിവസം. **الْجمعان** രണ്ടുസംഘങ്ങൾ. **إنما استزلهم** അവരെ വഴി തെറ്റിക്കുവാൻ (കാലിടറിക്കുവാൻ) ശ്രമിച്ചിരിക്കയാണ്. **الشيطَانُ** പിശാച്. **ببعض** ചിലത് നിമിത്തം. **ما كَسبوا** അവർ സമ്പാദിച്ച. **ولَقَد عفَا** തീർച്ചയായും മാപ്പുചെയ്തിട്ടുണ്ട്. **الله** അല്ലാഹു. **عنهم** അവർക്ക് അവരെപ്പറ്റി. **إن الله** നിശ്ചയമായും അല്ലാഹു. **غَفُور** വളരെ പൊറുക്കുന്നവനാണ്. **حليم** സഹനശീലനാണ്.

മുസ്‌ലിംസംഘവും, ശത്രുസംഘവും തമ്മിൽ യുദ്ധം നടക്കുമ്പോൾ, ഒന്നുകിൽ വിജയം, അല്ലെങ്കിൽ വീരമരണം ('ശഹാദത്ത്') എന്നുറച്ച് നിൽക്കേണ്ടിവരാണ് മുസ്‌ലിംകൾ. ഉഹ്ദിൽവെച്ച് മുസ്‌ലിംകളിൽ പലരും പിൻതിരിഞ്ഞുപോയി പരാജയം വരിച്ചതും, ചിലർ സ്ഥലം വിട്ടോടിപ്പോയതുമെല്ലാം പിശാചിൻെറ കെണിയിൽ അവർ അകപ്പെട്ടതുകൊണ്ടാണ്. അതിനുള്ള ഹേതു അവരിൽനിന്നുതന്നെ ഉണ്ടായ തെറ്റുകുറ്റങ്ങളാകുന്നു എന്ന് അല്ലാഹു മുസ്‌ലിംകളെ വീണ്ടും ഓർമ്മിപ്പിക്കുന്നു. ഏതയാലും, കഴിഞ്ഞുപോയ ആ തെറ്റുകളെ അല്ലാഹു അവർക്ക് മാപ്പു നൽകിയിരിക്കുന്നുവെന്നുകൂടി അതോടൊപ്പം അവരെ സമാധാനിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും, വളരെ സഹനശീലമുള്ളവനുമാണല്ലോ.

വിഭാഗം-17

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَكُونُوا۟ كَٱلَّذِينَ كَفَرُوا۟ وَقَالُوا۟ لِإِخْوَٰنِهِمْ إِذَا ضَرَبُوا۟ فِى ٱلْأَرْضِ أَوْ كَانُوا۟ غُزًّى لَّوْ كَانُوا۟ عِندَنَا مَا مَاتُوا۟ وَمَا قُتِلُوا۟ لِيَجْعَلَ ٱللَّهُ ذَٰلِكَ حَسْرَةً فِى قُلُوبِهِمْ ۗ وَٱللَّهُ يُحْىِۦ وَيُمِيتُ ۗ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿١٥٦﴾

156 ഹേ, വിശ്വസിച്ചവരേ, അവിശ്വസിക്കുകയും, തങ്ങളുടെ സഹോദരങ്ങൾ ഭൂമിയിൽ സഞ്ചരിക്കുകയോ, അല്ലെങ്കിൽ പടയെടുത്ത് പോകുന്നവരായിരിക്കുകയോ ചെയ്താൽ അവരെക്കുറിച്ച് (ഇങ്ങിനെ) പറയുകയും ചെയ്യുന്നവരെപ്പോലെ നിങ്ങൾ ആയിരിക്കരുത്: "അവർ നമ്മുടെ അടുക്കലായിരുന്നുവെങ്കിൽ അവർ മരണപ്പെടുമായിരുന്നില്ല; അവർ കൊല്ലപ്പെടുകയും ചെയ്യുമായിരുന്നില്ല." അവരുടെ ഹൃദയങ്ങളിൽ അല്ലാഹു അതൊരു ഖേദമാക്കിത്തീർക്കുവാനായിട്ട്. [അതാണിതിൻെറ അനന്തരഫലം.] അല്ലാഹു (തന്നെ) ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമത്രെ.

وَلَئِن قُتِلْتُمْ فِى سَبِيلِ ٱللَّهِ أَوْ مُتُّمْ لَمَغْفِرَةٌ مِّنَ ٱللَّهِ وَرَحْمَةٌ خَيْرٌ مِّمَّا يَجْمَعُونَ ﴿١٥٧﴾

157 അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങൾ കൊല്ലപ്പെടുകയോ, അല്ലെങ്കിൽ മരണപ്പെടുകയോ ചെയ്തുവെങ്കിലോ, അല്ലാഹുവിങ്കൽനിന്നു (ണ്ടാകുന്ന) പാപമോചനവും, കാരുണ്യവും അവർ ശേഖരിച്ചു കൂട്ടുന്നതിനെക്കാൾ ഉത്തമം തന്നെയാകുന്നു.

وَلَئِن مُّتُّمْ أَوْ قُتِلْتُمْ لَإِلَى ٱللَّهِ تُحْشَرُونَ ﴿١٥٨﴾

158 നിങ്ങൾ മരണപ്പെടുകയോ, അല്ലെങ്കിൽ കൊല്ലപ്പെടുകയോ ചെയ്തുവെങ്കിൽ, നിങ്ങൾ അല്ലാഹുവിങ്കലേക്കുതന്നെ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുന്നു.

---

156 يا أيها الذين آمنوا ഹേ, വിശ്വസിച്ചവരേ. لا تكُونوا നിങ്ങൾ ആയിരിക്കരുത്. كالذين യാതൊരുകൂട്ടരെപ്പോലെ. كَفَرُوا അവർ അവിശ്വസിച്ചു. وقَالُوا അവർ പറയുകയും ചെയ്തു. لإخوانِهِمْ അവരുടെ സഹോദരങ്ങളെക്കുറിച്ച്. إذَا ضربوا അവർ സഞ്ചരിച്ചാൽ. في الأرض ഭൂമിയിൽ. أو كانوا അല്ലെങ്കിൽ അവരായിരുന്നാൽ. غُزى പടയെടുക്കുന്നവർ. لو كانوا അവരായിരുന്നുവെങ്കിൽ. عندنا നമ്മുടെ അടുക്കൽ. ما ماتوا അവർ മരണപ്പെടുകയില്ലായിരുന്നു. وما قُتِلُوا അവർ കൊലപ്പെടുകയുമില്ലായിരുന്നു. ليجعلَ ആക്കിത്തീർക്കുവാൻ വേണ്ടി. الله അല്ലാഹു. ذَلك അതിനെ. حسرةً ഒരു ഖേദം. في قُلُوبهم അവരുടെ ഹൃദയങ്ങളിൽ. والله അല്ലാഹു. يحيى ജീവിപ്പിക്കുന്നു. ويميت മരണപ്പെടുത്തുകയും ചെയ്യുന്നു. والله അല്ലാഹുവാകട്ടെ. بما تعملونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി. بصير

കണ്ടറിയുന്നവനുമാകുന്നു. 157 **وَلَئِن قُتِلْتُم** നിങ്ങൾ കൊല്ലപ്പെട്ടുവെങ്കിൽ. **فِي سَبِيلِ اللَّهِ** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **أَوْ مُتُّم** അല്ലെങ്കിൽ നിങ്ങൾ മരണപ്പെട്ടെങ്കിൽ. **لَمَغْفِرَةٌ** തീർച്ചയായും പാപമോചനം. **مِّنَ اللَّهِ** അല്ലാഹുവിൽനിന്ന്. **وَرَحْمَةٌ** കാരുണ്യവും. **خَيْرٌ** ഉത്തമമാണ് നല്ലതാണ്. **مِّمَّا يَجْمَعُونَ** അവർ ശേഖരിക്കുന്ന (ഒരുമിച്ചു കൂട്ടുന്ന)തിനെക്കാൾ. 158 **وَلَئِن مُّتُّم** നിങ്ങൾ മരണപ്പെട്ടുവെങ്കിലോ. **أَوْ قُتِلْتُم** അല്ലെങ്കിൽ കൊല്ലപ്പെട്ടു. **لَإِلَى اللَّهِ** അല്ലാഹുവിങ്കലേക്കുതന്നെ. **تُحْشَرُونَ** നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നു.

അല്ലാഹുവിൻെറ വിധി നിശ്ചയങ്ങളിലും, അവൻെറ ഉദ്ദേശമനുസരിച്ചു മാത്രമേ എല്ലാം സംഭവിക്കുകയുള്ളുവെന്നതിലും വിശ്വാസമില്ലാത്തവരാണല്ലോ അവിശ്വാസികൾ. അതുകൊണ്ട് തങ്ങളുടെ സുഹൃത്തുക്കളോ ബന്ധപ്പെട്ടവരോ വല്ല യാത്രകളിലും വച്ച് മരണപ്പെടുകയോ, വല്ല യുദ്ധത്തിലും ശത്രുക്കളാൽ കൊല്ലപ്പെടുകയോ ചെയ്യുമ്പോൾ ''ഹാ ! അവൻ ഇവിടെത്തന്നെ ആയിരുന്നെങ്കിൽ ഇത് സംഭവിക്കുമായിരുന്നില്ല''! എന്നും മറ്റും അവർ പറഞ്ഞേക്കും. അല്ലാഹു കണക്കാക്കുന്നതാണ് ജീവിതവും മരണവും, അവർ വീടുവിട്ടുപോകാതിരുന്നാൽ തന്നെയും നിശ്ചിതസമയത്ത് മരണം പിടിപെടുക തന്നെ ചെയ്യും എന്നൊന്നും അവർക്കറിഞ്ഞുകൂടല്ലോ. വീടു വിട്ടുപോയിരുന്നില്ലെങ്കിൽ അവർ കുറെകാലം കൂടി ജീവിക്കുമെന്നായിരിക്കും അവരുടെ ധാരണ. അങ്ങനെ, മരണപ്പെട്ടവർ അകാല മരണമടഞ്ഞതിലും, അതിന്ന് ഇടയാകുമാറ് വീടുവിട്ടു പോയതിലും അവർ വളരെ ഖേദത്തിലും വിലാപത്തിലുമായിത്തീരും. നേരെ മറിച്ച് എല്ലാ കാര്യവും അല്ലാഹുവിൻെറ നിശ്ചയപ്രകാരം നടക്കുന്നതാണെന്ന് ഉറച്ചു വിശ്വസിക്കുന്ന സത്യവിശ്വാസികൾക്ക് അതിലൊന്നും ഖേദത്തിനോ വിലാപത്തിനോ അവകാശമില്ല; അതവർക്ക് യോജിച്ചതുമല്ല; ആ സ്ഥിതിക്ക് ഉഹ്ദിലോ മറ്റോ തങ്ങളുടെ സ്വന്തക്കാരോ, ഇഷ്ടക്കാരോ നഷ്ടപ്പെട്ടതിൻെറ പേരിൽ അത്തരം വിചാരങ്ങളോ വാക്കുകളോ സത്യവിശ്വാസികളിൽ ഉണ്ടായിക്കൂടാത്തതാണ്. എന്നൊക്കെ അല്ലാഹു സത്യവിശ്വാസകളെ ഉണർത്തുന്നു. ഇങ്ങിനെയുള്ള ധാരണകളും വാക്കുകളും ചില മുസ്‌ലിം സാമാന്യ ജനങ്ങളിലും പ്രകടമാകാറുണ്ട്. ഈ 156-ാം വചനം അങ്ങിനെയുള്ളവർ പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

മരണം സംഭവിക്കുന്നത് സ്വഭാവിക രൂപത്തിലായാലും, കൊലപോലെയുള്ള കാരണങ്ങൾ കൊണ്ടായാലും ശരി- അത് അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വെച്ചായിരിക്കുന്നപക്ഷം-അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുവാനിരിക്കുന്ന പാപപൊറുതിയും, കാരുണ്യവുമായിരിക്കും ഈ ലോകത്തുവെച്ച് സമ്പാദിക്കാവുന്ന സർവ്വത്തെക്കാളും ഉത്തമമായിരിക്കുക. അതുകൊണ്ട് മരണപ്പെടുന്നത് അല്ലാഹുവിൻെറ മാർഗ്ഗത്തിലായിരിക്കുകയെന്നത് ഒരു ഭാഗ്യകരമായി മാത്രമേ കരുതിക്കൂടു. ആർ, എങ്ങിനെ, എപ്പോൾ മരണപ്പെട്ടാലും മടങ്ങിയെത്തുന്നത് എല്ലാവരും അല്ലാഹുവിൻെറ അടുക്കലേക്ക് തന്നെ. അപ്പോൾ, ഓരോരുത്തൻെറയും സ്ഥിതിഗതികൾ പരിശോധിച്ചു തക്ക നടപടി അവൻ ഓരോരുത്തൻെറ പേരിലും എടുക്കുകയും ചെയ്യും. എന്നെക്കെയാണ് പിന്നീട് പറഞ്ഞതിൻെറ സാരം.

159 (നബിയേ) എന്നാൽ, അല്ലാഹുവിങ്കൽനിന്നുള്ള ഒരു (മഹത്തായ) കാരുണ്യം നിമിത്തം നീ അവരോട് സൗമ്യമായിരിക്കുന്നു. [സൗമ്യമായിവർത്തിക്കുന്നു.] നീ ഒരു പരുഷ സ്വഭാവിയും, കഠിന ഹൃദയനുമായിരുന്നുവെങ്കിൽ, അവർ നിൻെറ ചുറ്റുപാടിൽ നിന്ന് വേറിട്ടുപോകുക തന്നെ ചെയ്യുമായിരുന്നു. ആകയാൽ, നീ അവർക്ക് മാപ്പ് നൽകുകയും, അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്തു കൊ

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِى ٱلْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَوَكِّلِينَ ﴿١٥٩﴾

ള്ളുക. കാര്യത്തിൽ, അവരോട് നീ കൂടിയാലോചന നടത്തുകയും ചെയ്യുക. എന്നിട്ട്, നീ (വല്ലതും) തീർച്ചപ്പെടുത്തിയാൽ, നീ അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചു കൊള്ളുക. നിശ്ചയമായും അല്ലാഹു, ഭരമേൽപിക്കുന്നവരെ സ്നേഹിക്കുന്നു.

160 നിങ്ങളെ അല്ലാഹു സഹായിക്കുന്ന പക്ഷം, നിങ്ങളെ ജയിക്കുന്ന ഒരാളുമില്ല. അവൻ നിങ്ങളെ (സഹായിക്കാതെ) കൈവെടിയുന്നുവെങ്കിലോ, എന്നാൽ (പിന്നെ) അവനു പുറമെ നിങ്ങളെ സഹായിക്കുന്നതായ ഒരാൾ ആരാണുള്ളത്! അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ, സത്യവിശ്വാസികൾ!

إِن يَنصُرْكُمُ ٱللَّهُ فَلَا غَالِبَ لَكُمْ ۖ وَإِن يَخْذُلْكُمْ فَمَن ذَا ٱلَّذِى يَنصُرُكُم مِّنۢ بَعْدِهِۦ ۗ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٦٠﴾

---

159 فَبِما رحمة എന്തോ ഒരു (വലിയ) കാരുണ്യംകൊണ്ട്. **من اللهِ** അല്ലാഹുവിങ്കൽനിന്ന്. **لنت** നീ മാർദ്ദവമായിരിക്കുന്നു, സൗമ്യമായിരിക്കുന്നു. **لَهم** അവരോട്. **ولو كُنت** നീ ആയിരുന്നുവെങ്കിൽ. **فَظا** പരുഷ സ്വഭാവി, ദുഷ്ടസ്വഭാവി. **غَليظَ الْقَلْبِ** കഠിനഹൃദയൻ. **لَانفَضوا** അവർ വേറിട്ട് പോക തന്നെ ചെയ്യുമായിരുന്നു. **من حولك** നിൻെറ ചുറ്റുപാടിൽ നിന്ന്. **فَاعف عنهم** ആകയാൽ അവർക്ക് മാപ്പു കൊടുക്കുക. **واستغفر** പാപമോചനം തേടുകയും ചെയ്യുക. **لَهم** അവർക്കുവേണ്ടി. **وشاورهم** അവരോട് കൂടിയാലോചന നടത്തുകയും ചെയ്യുക. **في الْأمر** കാര്യത്തിൽ. **فَإِذَا عزمت** അങ്ങിനെ (എന്നിട്ട്) നീ തീർച്ചപ്പെടുത്തിയാൽ. **فَتوكلْ** അപ്പോൾ ഭരമേൽപിക്കുക. **علَى اللهِ** അല്ലാഹുവിൻെറ മേൽ. **إِن اللَّهَ** നിശ്ചയമായും അല്ലാഹു. **يحب** സ്നേഹിക്കുന്നു. **الْمتوكلين** ഭരമേൽപിക്കുന്നവരെ. **160 إِن ينصركُم** നിങ്ങളെ സഹായിക്കുന്നപക്ഷം. **اللهُ** അല്ലാഹു. **فَلاَ غَالب** എന്നാൽ ജയിക്കുന്നവനില്ല, മികച്ചുനിൽക്കുന്നവനേയില്ല. **لَكُم** നിങ്ങളെ, നിങ്ങളോട്. **وإِن يخذُلْكُم** അവൻ നിങ്ങളെ കൈവെടിഞ്ഞാലോ. **فَمن ذَا** എന്നാൽ ആരാണിത് (ആരുണ്ട്). **الذي ينصركُم** നിങ്ങളെ സഹായിക്കുന്നവൻ. **من بعده** അവനുശേഷം (അവനു പുറമേ). **وعلَى اللهِ** അല്ലാഹുവിൻെറ മേൽ (തന്നെ). **فَلْيتوكل** ഭരമേൽപിച്ചു കൊള്ളട്ടെ. **الْمؤمنونَ** സത്യവിശ്വാസികൾ.

ഉഹ്ദിൽ വെച്ച് സഹാബികളിൽ പല പാകപ്പിഴവുകളും അനുസരണക്കേടും വന്നുപോയി. അതുനിമിത്തം പല അത്യാഹിതങ്ങളും അനുഭവപ്പെടുകയും ചെയ്തു. എന്നിട്ടുപോലും നബി (ﷺ) അവരോട് പരുഷമായോ, കഠിനമായോ പെരുമാറുകയുണ്ടായില്ല. വളരെ മയത്തിലും സൗമ്യത്തിലുമാണ് പെരുമാറിയത്. അവരുടെ നേതാവും മേലധികാരിയുമെന്ന നിലക്ക് അധികാര സ്വരത്തിലും ആക്ഷേപ സ്വരത്തിലും അവിടുന്ന് പെരുമാറിയിരുന്നില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ, സഹാബികളിൽ അത് മടുപ്പും വെറുപ്പും ഉളവാക്കുകയും അവർ നബി (ﷺ) യിൽനിന്നും അകന്നു നിൽക്കുവാൻ കാരണമാവുകയും ചെയ്യുമായിരുന്നു. നബി (ﷺ) യുടെ ഈ ഉൽകൃഷ്ടസ്വഭാവത്തെപ്പറ്റി അല്ലാഹു പ്രശംസിക്കുകയാണ്. ഇതര നേതാക്കൾക്ക് പ്രാപിക്കുവാൻ കഴിയാത്ത ഒരു പദവിയാണല്ലോ ഇത്. ഇത്രയും ഉന്നതമായ ഈ സ്വഭാവഗുണം നബി (ﷺ) യിൽ ഉണ്ടായിത്തീർന്നത് അല്ലാഹു അവൻെറ മഹത്തായ കാരുണ്യം നിമിത്തം നബി (ﷺ) ക്കും, സത്യവിശ്വാസികൾക്കും നൽകിയ ഒരു വലിയ അനുഗ്രഹമാണെന്ന് ഉണർത്തുകയും ചെയ്യുന്നു. നബി (ﷺ) തിരുമേനിയുടെ ചര്യാചരിത്രങ്ങളെപ്പറ്റി അൽപ്പമെങ്കിലും പരിചയപ്പെടുവാൻ ഭാഗ്യമുണ്ടായവർക്ക് തിരുമേനിയുടെ അനിതരസാധാരണമായ സ്വഭാവ വൈശിഷ്ട്യങ്ങളെപ്പറ്റി ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കാതിരിക്കയില്ല. ഒന്നിലധികം സ്ഥലങ്ങളിൽ തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവങ്ങളെക്കുറിച്ച് അല്ലാഹു ഖുർആനിൽ പ്രശംസിച്ചു കാണാവുന്നതാണ്.

“ഉൽകൃഷ്ട സ്വഭാവങ്ങളെ പൂർത്തിയാക്കുവാൻവേണ്ടി മാത്രമാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.” എന്ന് തിരുമേനി അരുളിച്ചെയ്തിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

നബി (ﷺ) അങ്ങേയറ്റം സൗമ്യശീലനും, നയത്തോടും മയത്തോടും കൂടി പെരുമാറുന്നവനുമായിരുന്നുവെന്നത്കൊണ്ട് അവിടുന്ന് ഒരിക്കലും ധീരമായി പെരുമാറുകയില്ലെന്നോ, എന്തു കണ്ടാലും കണ്ണടക്കുകതന്നെ ചെയ്യുമെന്നോ അർത്ഥമില്ല. സൗമ്യം വേണ്ടിടത്ത് സൗമ്യത്തിലും, ധീരത വേണ്ടിടത്ത് ധീരതയിലും തിരുമേനി നിസ്തുലനായിരുന്നു. തിരുമേനിയുടെ ചരിത്രത്തിൽ ഓരോന്നിനും ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്. ഉഹ്ദുസംഭവത്തിൽതന്നെ ഇതിന് പല ഉദാഹരണങ്ങളുമുണ്ട്. ഇവിടെ അത് വിവരിക്കുന്ന സന്ദർഭമല്ലല്ലോ. തിരുമേനിയുടെ സൗമ്യമായ ശീല സ്വഭാവത്തിന്റെ അനുഗുണമെന്നോണം രണ്ടുമൂന്നു കാര്യങ്ങൾ അല്ലാഹു അവിടത്തോട് ഉപദേശിക്കുന്നു: (1) അവർക്ക് മാപ്പു നൽകണമെന്ന്. അല്ലാഹുവിനോടുള്ള കടപ്പാടുകളിൽ അവരുടെ പക്കൽ വന്നുപോയ തെറ്റ് അല്ലാഹു മാപ്പ് ചെയ്തു കൊടുത്തിട്ടുണ്ടെന്ന് മുമ്പ് (155ൽ) പറഞ്ഞുവല്ലോ. നബി (ﷺ) യോടുള്ള കടപ്പാടുകളിൽ അവരുടെ പക്കൽ വന്നുപോയ വീഴ്ച നബി (ﷺ) യും മാപ്പാക്കണമെന്നാണ് ഇതിന്റെ സാരം. ഈ കൽപന ഒരു പൊതു കൽപനയാണെങ്കിലും ഉഹ്ദുമായി ബന്ധപ്പെട്ട വിഷയങ്ങളെ വിശേഷിച്ചും ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് പറയേണ്ടതില്ല. (2) അവർക്കുവേണ്ടി പാപമോചനം തേടണമെന്ന്. നബിമാർ അവരുടെ അനുയായികൾക്കുവേണ്ടി ചെയ്യുന്ന പ്രാർത്ഥന അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യമായിരിക്കുന്നതാണ്. കപട വിശ്വാസികളുടെ ചില ദുഷിച്ച സ്വഭാവങ്ങളെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യേ ഒരിടത്ത് അല്ലാഹു പറയുന്നു: “അവർ അവരോടുതന്നെ അക്രമം പ്രവർത്തിശസലച്ചപ്പോൾ, അവർ നിന്റെ അടുക്കൽ വരുകയും, എന്നിട്ട് അവർ അല്ലാഹുവിനോട് പാപമോചനം തേടുകയും അവർക്കുവേണ്ടി റസൂലും പാപമോചനം തേടുകയും ചെയ്തിരുന്നുവെങ്കിൽ, വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനായും കരുണാനിധിയായും അല്ലാഹുവിനെ അവർക്കു കണ്ടെത്താമായിരുന്നു.” (4: 64.)

(3) കാര്യങ്ങളിൽ അവരുമായി കൂടിയാലോചന നടത്തണമെന്ന്, ഒരു വിഷയത്തിൽ ഒരാൾ മറ്റൊരാളുമായി കൂടിയാലോചന നടത്തുമ്പോൾ, അക്കാര്യത്തിൽ അയാളുടെ അഭിപ്രായംകൂടി അറിയുവാൻ സാധിക്കുന്നതിന് പുറമെ, അയാൾക്കൊരു മാന്യസ്ഥാനം കൽപിക്കൽകൂടി അതു മുഖേന ഉണ്ടായിത്തീരുന്നു. ആ സ്ഥിതിക്ക് റസൂൽ (ﷺ) അവരോട് കൂടിയാലോചിക്കുന്നത് അവരുടെ മനസ്സിന് കൂടുതൽ അടുപ്പവും, ഇണക്കവും, അനുസരണ സന്നദ്ധതയും ഉളവാക്കുമാമല്ലോ. യുദ്ധം പോലെയുള്ള പൊതുകാര്യങ്ങൾ, നയതന്ത്രപരമായ കാര്യങ്ങൾ, ഭരണകാര്യങ്ങൾ, ലൗകീക വിഷയങ്ങൾ മുതലായ കാര്യങ്ങളാണ് ഇവിടെ ഉദ്ദേശ്യം. അഥവാ, മതകാര്യങ്ങളിൽ-അവ എങ്ങിനെ വേണമെന്നതിൽ-ആരുടേയും അഭിപ്രായം ആരായേണ്ടതില്ല. അതിൽ അല്ലാഹുവും, അവന്റെ റസൂലും എടുക്കുന്ന തീരുമാനത്തിന് മാത്രമേ സ്ഥാനമുള്ളു. അതുപോലെത്തന്നെ, മേൽസൂചിപ്പിച്ച ഏതെങ്കിലും ഒരു വിഷയത്തിൽ അതു ഇന്നപോലെ ആയിരിക്കണമെന്ന് നബി (ﷺ) ക്ക് വഹ്‌യു ലഭിച്ചു കഴിഞ്ഞാൽ, ആ കാര്യതത്തിലും പിന്നെ അന്യരുടെ അഭിപ്രായം ആരായുവാനില്ല.

അല്ലാഹുവിങ്കൽ നിന്ന് വഹ്‌യു ലഭിച്ചുകൊണ്ടിരിക്കുന്ന നബി (ﷺ) തിരുമേനിയോടുപോലും കാര്യങ്ങളിൽ മറ്റുള്ളവരുമായി കൂടിയാലോചന നടത്തവാൻ കൽപിക്കപ്പെടുമ്പോൾ, കേവലം പ്രവാചകൻമാരല്ലാത്ത നേതാക്കളും, ഭരണകർത്താക്കളുമൊക്കെ അവരുടെ കീഴിലുള്ളവരുമായി കൂടിയാലോചന നടത്തുന്നതിന്റെ ആവശ്യകത എത്രത്തോളമാണെന്ന് ഊഹിക്കാവുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രങ്ങളായിത്തീരുന്ന സത്യവിശ്വസികളുടെ ചില ഗുണങ്ങൾ വിവരിക്കുന്നതിനിടയിൽ സൂ:ശൂറായിൽ അല്ലാഹു പറയുന്നു: وامرهم شوري بينهم “അവരുടെ കാര്യം അവർക്കിടയിൽ കൂടി ആലോചിക്കപ്പെടുന്നതുമായിരിക്കും” (ശൂറാ: 38) തിർമദീ (رحمه الله) ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: “നിങ്ങളുടെ അധികാരസ്ഥൻമാർ

നിങ്ങളിലുള്ള ഉത്തമൻമാരും, നിങ്ങളുടെ ധനികന്മാർ നിങ്ങളിൽ കയ്യയവുള്ളവരും, നിങ്ങളുടെ കാര്യങ്ങൾ നിങ്ങൾക്കിടയിൽ കൂടി ആലോചന നടത്തപ്പെടുന്നവയും ആയിരുന്നാൽ, നിങ്ങൾക്ക് ഭൂമിയുടെ ഉൾഭാഗത്തെക്കാൾ (മരണപ്പെടുന്നതിനേക്കാൾ) അതിൻെറ ഉപരിഭാഗം (ജീവിതം) ഉത്തമമായിരിക്കുന്നതാണ്.........'' കൂടുതൽ വിശദീകരണം സൂ: ശൂറായിൽ കാണാം.

മറ്റുള്ളവരോട് കൂടിയാലോചന നടത്തണമെന്ന് പറഞ്ഞത്കൊണ്ട് ആലോചിക്കപ്പെടുന്ന വരുടെ അഭിപ്രായങ്ങളെ നിരുപാധികം സ്വീകരിക്കേണ്ടതുണ്ടെന്ന് ഉദ്ദേശ്യമില്ല. അറ്റുള്ളവരുടെ അഭിപ്രായങ്ങൾ അറിഞ്ഞശേഷം അവയിൽ കൂടുതൽ യുക്തവും, ന്യായവുമായതും, കൂടുതൽ പ്രായോഗികമായതും തിരഞ്ഞെടുക്കുവാനും തീരുമാനത്തിൽ അവർക്ക് യോജിപ്പും തൃപ്തിയും ഉണ്ടാക്കിത്തീർക്കുവാനും വേണ്ടിയാണത്. ഈ വചനം അവതരിക്കുന്നതിന് മുമ്പ് നബി (ﷺ) ജനങ്ങളുമായി കാര്യങ്ങളിൽ കൂടിയാലോചന നടത്തുക പതിവുണ്ടായിരുന്നില്ലെന്ന് ഈ വചനത്തിൽനിന്ന് ധരിച്ചുകൂടാത്തതാണ്. മുമ്പും പിമ്പും തിരമേനിയുടെ ഒരു ഗുണമായിരുന്നു അതെന്ന വസ്തുത ചരിത്രപ്രസിദ്ധമാണ്. ബദ്ർ യുദ്ധത്തിലും, ഖൻദഖ് യുദ്ധത്തിലും, ഹുദൈബിയ്യാ സംഭവത്തിലുമൊക്കെ പല വിഷയകമായും തിരുമേനി സഹാബികളുമായി കൂടിയാലോചന നടത്തിയത് പ്രസിദ്ധമത്രെ. വേണ്ടാ, ഉഹ്ദു സംഭവത്തിൽ തന്നെയും അതിൻെറ ഉദാഹരണം നാം കണ്ടുവല്ലോ. ഒരു പുതിയ കൽപനയെന്ന നിലക്കല്ല-നബി (ﷺ) യുടെ ആ ഉൽകൃഷ്ട സ്വഭാവത്തെ പ്രശംസിക്കുകയും, മേലിലും തിരുമേനി അതിൽ ജനങ്ങൾക്ക് മാതൃക കാണിച്ചുകൊണ്ടിരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യുക എന്നുള്ള നിലക്കാണ്-ഈ കല്പനയുള്ളത്.

കൂടിയാലോചന നടത്തിയശേഷം, കാര്യം എങ്ങിനെ വേണമെന്ന് തീരുമാനമെടുത്തു കഴിഞ്ഞാൽ അതങ്ങു നടത്തിക്കൊള്ളണം എന്നു പറയാതെ, അല്ലാഹുവിൻെറമേൽ ഭരമേല്പിച്ചു കൊള്ളു (فاذا عزمت فتوكل علي الله) എന്നത്രെ അല്ലാഹു പറഞ്ഞത്. തീരുമാനമെടുത്തതു ഏതടിസ്ഥാമത്തിലായിരുന്നാലും ശരി, അതു നടപ്പിലാക്കുവാനും, അതിൻെറ പര്യവസാനം നന്നായിരിക്കുവാനും അല്ലാഹുവിൻെറ സഹായം അനിവാര്യമാണല്ലോ. അതുകൊണ്ട് അവൻെറ സഹായത്തിൽ വിശ്വസിച്ചും, അത് പ്രതീക്ഷിച്ചും അപേക്ഷിച്ചും കൊണ്ടായിരിക്കണം മുന്നോട്ട് നീങ്ങുന്നത് എന്നാണത് കാണിക്കുന്നത്. അതോടുകൂടി, 'തവക്കുൽ' (അല്ലാഹുവിൻെറമേൽ ഭരമേൽപിക്കൽ) ചെയ്യുന്നവരെ അല്ലാഹുവിന് വളരെ ഇഷ്ടമാണെന്ന് പറഞ്ഞുകൊണ്ട് അതിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. 'തവക്കുൽ' ചെയ്യുന്നവർക്ക് അവൻെറ സഹായം ലഭിക്കുമെന്നും, തവക്കുൽ ചെയ്യാത്തവർക്ക് അവൻെറ സഹായം പ്രതീക്ഷിച്ചുകൂടാ എന്നും സൂചിപ്പിക്കുകയും ചെയ്യുന്നു. ഇതിനെല്ലാം പുറമെ, സത്യവിശ്വാസികൾ അല്ലാഹുവിൻെറമേൽ തവക്കുൽ ചെയ്തുകൊള്ളട്ടെ എന്നു പിന്നെയും ആവർത്തിച്ചുണർത്തുന്നു. അല്ലാഹുവിന് അവൻെറ അടിയാൻമാരുടെ നൻമയിലുള്ള താൽപര്യം എത്ര മഹത്തരം!

161 ഒരു പ്രവാചകനും (തന്നെ) വഞ്ചിച്ചെടുക്കൽ പാടില്ലാത്തതാണ്. ആർ വഞ്ചിച്ചെടുക്കുന്നുവോ അവൻ, താൻ വഞ്ചിച്ചെടുത്തതുമായി ഖിയാമത്തു നാളിൽ വരുന്നതാണ്. പിന്നീട് എല്ലാ (ഓരോ) വ്യക്തിയും സമ്പാദിച്ചുവെച്ചത് അതിനു നിറവേറ്റിക്കൊടുക്കപ്പെടും; അവരാകട്ടെ, അക്രമിക്കപ്പെടുകയില്ലതാനും.

وَمَا كَانَ لِنَبِيٍّ أَن يَغُلَّ ۚ وَمَن يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ ٱلْقِيَـٰمَةِ ۚ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿١٦١﴾

162 അപ്പോൾ, അല്ലാഹുവിൻെറ പ്രീതിയെ പിൻപറ്റിയവൻ അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ടു [കോപം നേടിക്കൊണ്ട്] മടങ്ങുകയും, തൻെറ സങ്കേത സ്ഥാനം 'ജഹന്നം'

أَفَمَنِ ٱتَّبَعَ رِضْوَٰنَ ٱللَّهِ كَمَنۢ بَآءَ بِسَخَطٍ مِّنَ ٱللَّهِ وَمَأْوَىٰهُ جَهَنَّمُ ۚ وَبِئْسَ ٱلْمَصِيرُ ﴿١٦٢﴾

[നരകം] ആകുകയും ചെയ്ത ഒരുവനെ പ്പോലെയാണോ! (ആ) പര്യവസാന സ്ഥലം എത്രയോ ചീത്ത!

هُمْ دَرَجَٰتٌ عِندَ ٱللَّهِ ۗ وَٱللَّهُ بَصِيرٌۢ بِمَا يَعْمَلُونَ ﴿١٦٣﴾

163 അവർ, അല്ലാഹുവിന്റെ അടുക്കൽ പല (തരം) പദവികൾ (ഉള്ളവർ) ആകുന്നു. അല്ലാഹുവാകട്ടെ. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമാകുന്നു.

---

161 وما كَانَ ഉണ്ടാകയില്ല, പാടില്ല, ഉണ്ടാകാവതല്ല. **لنبي** ഒരു നബിക്കും. **أن يغل** അദ്ദേഹം വഞ്ചിച്ചെടുക്കൽ. **ومن يغلُلْ** ആർ വഞ്ചിച്ചെടുക്കുന്നുവോ. **يأت** അവൻ വരും. **بما غل** അവൻ വഞ്ചിച്ചെടുത്തതുമായി. **يوم القيامة** ഖിയാമത്തുനാളിൽ. **ثُم توفى** പിന്നീട് നിറവേറ്റിക്കൊടക്കപ്പെടും, പൂർണ്ണമായി നൽകപ്പെടും. **كُل نفْسٍ** എല്ലാ ആത്മാവിനും, ആൾക്കും, വ്യക്തിക്കും. **ما كسبت** അത് സമ്പാദിച്ചത്. **وهم** അവരാകട്ടെ. **لا يظلمونَ** അക്രമി(അനീതി)ക്കപ്പെടുകയില്ല. **162 أفَمن** അപ്പോൾ (എന്നാൽ) യാതൊരുവനോ. **اتبع** പിൻപറ്റിയ. **رضوانَ الله** അല്ലാഹുവിന്റെ പ്രീതിയെ. **كمن باءَ** മടങ്ങിയ (നേടിയ)വനെപ്പോലെ. **بسخط** ക്രോധവുമായി. **من الله** അല്ലാഹുവിൽനിന്ന്. **ومأواه** അവന്റെ സങ്കേതസ്ഥാനമാകട്ടെ, പ്രാപ്യസ്ഥാനം. **جهنم** ജഹന്നമാകുന്നു. **وبئس** എത്രയോ ചീത്ത. **المصير** (ആ) പര്യവസാന സ്ഥലം, ചെന്നു ചേരുന്ന സ്ഥാനം. **163 هم** അവർ. **درجات** പല പദവികളാണ്, പടികളാകുന്നു. **عند الله** അല്ലാഹുവിന്റെ അടുക്കൽ. **والله** അല്ലാഹുവാകട്ടെ. **بصير** കണ്ടറിയുന്നവനാണ്. **بما يعملونَ** അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി.

غلول (ഗുലൂൽ) എന്ന ധാതുവിൽ നിന്നുള്ളതാണ് غل يغل (ഗല്ല, യഗുല്ലു) എന്നീ ക്രിയാരൂപങ്ങൾ. 'വഞ്ചിച്ചെടുക്കുക, കബളിപ്പിക്കുക, ചതിക്കുക' എന്നൊക്കെയാണതിന്റെ അർത്ഥം. യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്ന് കിട്ടുന്ന 'ഗനീമത്ത്' സ്വത്തുക്കളിൽനിന്ന് കബളിപ്പിച്ചെടുക്കുന്നതിലാണ് അധികവും ഉപയോഗമെങ്കിലും പൊതുസ്വത്തിൽ നിന്നോ, അന്യന്റെ അവകാശത്തിൽ നിന്നോ കബളിപ്പിച്ചെടുക്കുന്നതിലും അത് ഉപയോഗിക്കപ്പെടുക പതിവാണ്. പൊതുസ്വത്തായാലും ശരി, വ്യക്തികൾക്കവകാശപ്പെട്ട സ്വത്തായാലും ശരി, വഞ്ചിച്ചെടുക്കൽ കടുത്ത അക്രമവും മഹാപാപവുമാകുന്നു. എന്നിരിക്കെ, ഒരു പ്രവാചകനും അതൊരിക്കലും ചെയ്കയില്ല. ചെയ്യാവതുമല്ല, ഇനി, ആരെങ്കിലും- അത് ഒരു പ്രവാചകൻ തന്നെ ആയിരുന്നാലും ശരി-വല്ലതും വഞ്ചിച്ചെടുക്കുന്നപക്ഷം ആ വഞ്ചിച്ചെടുത്ത വസ്തുവും കൊണ്ടായിരിക്കും ഖിയാമത്തുനാളിൽ അവൻ വരുക. അങ്ങനെ, ആരും അറിയാതെ സ്വകാര്യമായി ചെയ്ത ആ കൃത്യം നിമിത്തം മഹ്ശറിലെ മഹാ സദസ്സിൽ വെച്ച് അവൻ അങ്ങെ അറ്റം വഷളാക്കപ്പെടുന്നു. മാത്രമല്ല, അതിനുള്ള ശിക്ഷ അവന് കണക്കുതീർത്തു നൽകപ്പെടുകയും ചെയ്യും. പക്ഷേ, കുറ്റത്തിൽ കവിഞ്ഞ ശിക്ഷ നൽകിയോ മറ്റോ അവനോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ലതാനും, എന്നൊക്കെയാണ് ആദ്യവചനത്തിന്റെ താൽപര്യം.

ഈ വചനത്തിന്റെ അവതരണ സന്ദർഭമെന്ന നിലക്ക് രണ്ടുതരം രിവായത്തുകൾ കാണാം: (1) ഉഹ്ദിൽ ശത്രുക്കൾ ആദ്യം പരാജയപ്പെട്ട് ഓടിയ അവസരത്തിൽ യുദ്ധക്കളത്തിലുണ്ടായിരുന്ന മുസ്ലിംകൾ അവർ വിട്ടേച്ചുപോയ സാമാനങ്ങൾ ശേഖരിക്കുന്നത് കണ്ടപ്പോഴാണല്ലോ മലമുകളിൽ നിന്നിരുന്ന വില്ലാളികൾ അതുകണ്ട് സ്ഥലം വിട്ടിറങ്ങിപ്പോന്നതും, ശേഖരണത്തിൽ പങ്കെടുത്തതും. അവരവർ ശേഖരിക്കുന്ന വസ്തുക്കൾ അവരവർക്കു തന്നെ നബി (ﷺ) വിട്ടുകൊടുത്തേക്കുകയോ, ഗനീമത്തു സ്വത്തുക്കൾ എല്ലാവർക്കും ഒരുപോലെ വീതിച്ചു കൊടുക്കാതിരിക്കുകയോ ചെയ്തേക്കാം; അതുകൊണ്ട് നാമും പോയി നമുക്ക് കിട്ടിയത് ശേഖരിക്കുക എന്നു തമ്മതമ്മിൽ പറഞ്ഞുകൊണ്ടായിരുന്നു അവർ മലവിട്ടിറങ്ങിപ്പോന്നത്. പിന്നീട് നബി (ﷺ) അവരോട് സ്ഥലം വിടുവാനുള്ള കാരണം ചോദിച്ചപ്പോൾ അതു തുറന്നു പറയുവാൻ

അവർ മടിക്കുകയും ചെയ്തു. അപ്പോൾ തിരുമേനി അവരോട് ഇങ്ങിനെ പറയുകയുണ്ടായി: ''അതല്ല, നാം വഞ്ചിക്കുമെന്നും, നാം ശരിക്ക് വീതിച്ചു കൊടുക്കുകയില്ലെന്നുമാണ് നിങ്ങൾ ധരിച്ചത്.'' ഈ അവസരത്തിലാണ് ഈ വചനം അവതരിച്ചത് എന്നത്രെ ചില രിവായത്തുകളിൽ കാണുന്നത്. ഉഹ്ദു യുദ്ധസംബന്ധമായ കാര്യങ്ങളാണ് ഈ വചനങ്ങളിലെ പരാമർശ വിഷയമെന്ന നിലക്ക് ഈ രിവായത്തിനാണ് കൂടുതൽ യോജിപ്പ് കാണുന്നത്. (2) ബദ്ർ യുദ്ധത്തിൽ ശത്രുക്കളിൽ നിന്നു കിട്ടിയിരുന്ന ഒരു ചുവന്ന പുതപ്പു കാണാതായി. അതു നബി (ﷺ) തനിക്കായി എടുത്തുവെച്ചതായിരിക്കുമെന്ന് ചില കപടവിശ്വാസികൾ പറഞ്ഞു. ഇതു സംബന്ധിച്ചാണ് ഈ വചനത്തിന്റെ അവതരണമുണ്ടായത് എന്നാണ് രണ്ടാമത്തെ രിവായത്ത്. നിവേദനമാർഗ്ഗം നോക്കുമ്പോൾ ഇതിനാണ് കൂടുതൽ ബലം കാണുന്നത്. രണ്ടിൽ ഏതായാലും നബി (ﷺ) 'ഗനീമത്ത്' സ്വത്തുക്കൾ ശരിക്ക് കൈകാര്യം ചെയ്യുകയില്ലെന്നോ, നീതിപൂർവ്വം എല്ലാവർക്കും ഭാഗിച്ചുകൊടുക്കുകയയില്ലെന്നോ ആരും സംശയിച്ചുകൂടാ; ഒരു പ്രവാചകനും അങ്ങിനെ ചെയ്കയില്ല എന്നാണ് ആയത്തിന്റെ താല്പര്യം.

يَغُلَّ (യഗുല്ലു) എന്നതിന്റെ സ്ഥാനത്ത് يُغَلَّ (യുഗല്ല) എന്നും വായിക്കപ്പെട്ടിട്ടുണ്ട്. 'ഒരു പ്രവാചകനും വഞ്ചിക്കപ്പെടുവാൻ പാടില്ല'-അഥവാ, പ്രവാചകനെ കബളിപ്പിച്ചുകൊണ്ട് ആർക്കും ഒന്നും ചെയ്വാൻ പാടില്ല എന്നായിരിക്കും അപ്പോൾ അർത്ഥം. ഒരു പ്രവാചകനെയും വഞ്ചിച്ചെടുക്കുന്ന ആളായി ധരിക്കുവാൻ പാടില്ല എന്ന അർത്ഥത്തിലും ഈ വായന വ്യാഖ്യാനിക്കപ്പെടാറുണ്ട്. ഏതായാലും ഉദ്ദേശ്യം എല്ലാറ്റിലും വ്യക്തംതന്നെ. അല്ലാഹുവിന്റെ പ്രീതിയെ ഉന്നംവെച്ചും, പ്രീതി ലഭിക്കുന്ന മാർഗ്ഗം പിൻപറ്റിയുംകൊണ്ട് അവന്റെ പ്രീതിക്കുപാത്രമായ ആളുകളും, അവന്റെ കോപത്തിന് കാരണമാകുന്ന വഞ്ചനപോലുള്ള ദുഷിച്ച മാർഗ്ഗം പിൻപറ്റിക്കൊണ്ട് അവന്റെ കോപംമാത്രം സമ്പാദിച്ച ആളുകളും ഒരുപോലെയല്ല. ഒന്നാമത്തെ വിഭാഗക്കാർ സ്വർഗ്ഗീയാനുഗ്രഹങ്ങൾക്കും മറ്റേ വിഭാഗക്കാർ നരക ശിക്ഷക്കും അർഹരായിരിക്കും. പക്ഷേ, ഓരോ വിഭാഗക്കാരിലുംതന്നെ, അവരവർ സ്വീകരിച്ചുപോന്ന നിലപാടനുസരിച്ച് ഓരോരുത്തരും തമ്മിൽ സ്ഥാനത്തിലും പദവികളിലും വ്യത്യാസമുണ്ടായിരിക്കും. എന്നൊക്കെയാണ് തുടർന്നുള്ള വചനങ്ങളുടെ സാരം.

വഞ്ചനയെക്കുറിച്ച് വന്നിട്ടുള്ള ഖുർആൻ വചനങ്ങളും നബി വചനങ്ങളും ധാരാളമാണ്. ഉദാഹരണാർത്ഥം ചില നബി വചനങ്ങൾ നമുക്കിവിടെ സ്മരിക്കാം: (1) അബൂഹുമൈദിസ്സാഇദീ (رضي الله عنه) പറയുകയാണ്: ''അസ്ദു أزد ഗോത്രക്കാരനായ ഒരാളെ നബി (ﷺ) സദഖഃ (സക്കാത്ത്) പിരിച്ചെടുക്കുന്ന ജോലിക്ക് നിശ്ചയിച്ചയച്ചു. അയാൾ വന്നപ്പോൾ ''ഇത് നിങ്ങൾക്കുള്ളതാണ്, ഇത് എനിക്ക് 'ഹദ്‌യ' (സമ്മാനം) ലഭിച്ചതാണ്.'' എന്നു പറയുകയുണ്ടായി. അപ്പോൾ റസൂൽ (ﷺ) മിമ്പറിൽ (പ്രസംഗ പീഠത്തിൽ)കയറി ഇങ്ങിനെ പറഞ്ഞു: ''ചില ജോലിക്കാരുടെ സ്ഥിതിയെന്താണ്?! അയാളെ നാം ഒരു ജോലിക്ക് നിയമിക്കുന്നു. എന്നിട്ട് അയാൾ പറയുന്നു: ഇത് നിങ്ങൾക്കുള്ളതാണ്, ഇത് എനിക്ക് ഹദ്‌യ കിട്ടിയതാണ് എന്ന്. അയാൾ അയാളുടെ പിതാവിന്റെയും മാതാവിന്റെയും വീട്ടിൽ ഇരിക്കവെ അയാൾക്ക് ഹദ്‌യ കിട്ടുന്നുണ്ടോ, ഇല്ലേ എന്നു നോക്കരുതോ?: മുഹമ്മദിന്റെ ആത്മാവ് യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെയാണ് (സത്യം)! നിങ്ങളിൽ ആരും തന്നെ അങ്ങിനെ വല്ലതും കൊണ്ടുവരുന്നതായാൽ, അതവന്റെ പിരടിയിൽ വഹിച്ചുകൊണ്ട് ഖിയാമത്തു നാളിൽ അവൻ വരാതിരിക്കയില്ല. ഒട്ടകമാണെങ്കിൽ അതിന് അലറിച്ചയും, പശുവാണെങ്കിൽ അതിന് അകറിച്ചയും, ആടാണെങ്കിൽ അതിന് ഇരമ്പലും(*) ഉണ്ടായിരിക്കും''. പിന്നീട് തിരുമേനി, കൈരണ്ടും കക്ഷത്തിന്റെ നിറം കാണുമാറ് ഉയർത്തിപ്പിടിച്ചുകൊണ്ട് മൂന്നു പ്രാവശ്യം ഇങ്ങിനെപറഞ്ഞു: ''അല്ലാഹുവേ! ഞാൻ (ജനങ്ങൾക്ക്) എത്തിച്ചുകൊടുത്തുവോ?!'' (അ; ബു; മു.) തിരുമേനി തന്റെ ചുമതല നിർവ്വഹിച്ചുവെന്ന്

* ഓരോന്നും അതതിന്റെ നിലവിളി ശബ്ദം പുറപ്പെടുവിക്കുമെന്നുദ്ദേശ്യം.

അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തി എന്നു സാരം. **ومن يغلل يأت بما غل يوم القيمة** (ആർ വഞ്ചിച്ചെടുക്കുന്നുവോ അവൻ, താൻ വഞ്ചിച്ചെടുത്തതും കൊണ്ട് ഖിയാമത്തുനാളിൽ വരുന്നതാണ്.) എന്ന വാക്യത്തിന് ഒരു വിശദീകരണം കൂടിയാണ് ഈ ഹദീസ്. വഞ്ചിച്ചെടുത്ത അതേ വസ്തുക്കളും പേറിക്കൊണ്ടായിരിക്കും വഞ്ചകൻമാർ ഖിയാമത്തു നാളിൽ മഹ്ശറിൽ വരുക എന്നാണതിൻെറ അർത്ഥമെന്ന് ഈ ഹദീസിൽ നിന്ന് സ്പഷ്ടമാണ്.

(2) അബൂഹുറൈറ (رضي الله عنه) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീസിൻെറ സാരമിതാണ്: ഒരു ദിവസം പ്രസംഗത്തിൽ റസൂൽ (ﷺ) വഞ്ചിച്ചെടുക്കുന്നവരെപ്പറ്റി വളരെ കഠിനമായി സംസാരിക്കുകയുണ്ടായി. പിന്നീട് പറഞ്ഞു: ''നിങ്ങളിലൊരാൾ അവൻെറ പിരടിയിൽ അലറി ശബ്ദിച്ചുഌാമകൊണ്ടിരിക്കുന്ന ഒട്ടകത്തെയോ, മറ്റേതെങ്കിലും മൃഗത്തേയോ വഹിച്ചുകൊണ്ട് ഖിയാമത്തുനാളിൽ വരുന്നത് ഞാൻ കാണാതിരിക്കട്ടെ! എന്നിട്ട് അവൻ പറഞ്ഞേക്കും: അല്ലാഹുവിൻെറ റസൂലേ, എന്നെ സഹായിക്കണേ എന്ന്! ഞാൻ പറയും: ''നിനക്ക് അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന യാതൊന്നും തടയുവാൻ എനിക്ക് കഴിവില്ല. ഞാൻ (വിവരം മുമ്പേ) എത്തിച്ചു കഴിഞ്ഞിട്ടുണ്ട്''. (അ; ബു; മു) (3) അദിയ്യുബ്നുഉമൈറ (**عدي بن عميرة الكندى – رض**) പറയുന്നു: റസൂൽ (ﷺ) പറഞ്ഞു: ''ഹേ, മനുഷ്യരേ, നിങ്ങളിൽ ആരെങ്കിലും നമുക്കുവേണ്ടി ഒരു ജോലി ചെയ്തിട്ട് അതിൽ നിന്ന് ഒരു സൂചിയോ, അതിന് മീതെയുള്ള (അതിനെക്കാൾ വലിയ) വല്ലതുമോ ഒളിച്ചുവെക്കുന്നപക്ഷം, അത് വഞ്ചനയാകുന്നു. അവൻ അതുംകൊണ്ട് ഖിയാമത്തുനാളിൽ വരും.'' അപ്പോൾ, അൻസാരികളിൽപെട്ട കറുത്ത ഒരു പുരുഷൻ-അത് സഅ്ദുബ്നുഉബാദ (رضي الله عنه) ആയിരുന്നു-എഴുന്നേറ്റ് നിന്ന് പറഞ്ഞു: ''അല്ലാഹുവിൻെറ റസൂലേ, അവിടുത്തെ ഉദ്യോഗം എന്നിൽനിന്ന് അവിടുന്ന് (തിരിച്ച്) ഏറ്റു വാങ്ങിയാലും!'' തിരുമേനി ചോദിച്ചു: ''അതെന്താ?'' അദ്ദേഹം പറഞ്ഞു: ''അവിടുന്ന് ഇന്നിന്ന പ്രകാരം പറയുന്നത് ഞാൻ കേട്ടു. (അതുതന്നെ.)'' അപ്പോൾ തിരുമേനി പറഞ്ഞു: ''ഞാനത് ഇപ്പോഴും പറയുന്നു. നാം ഒരാളെ ഒരു ജോലിയിൽ ഏൽപിച്ചാൽ, അയാൾ അതിൽ (അതുവഴി ലഭിക്കുന്നതിൽ) ചെറുതും വലുതുമെല്ലാം (രംഗത്ത്) കൊണ്ടുവരണം. അതിൽ നിന്ന് അവന് കൊടുക്കപ്പെടുന്നത് അവന് സ്വീകരിക്കാം. അവനോട് വിരോധിക്കപ്പെട്ടതിൽ നിന്ന് അവൻ ഒഴിഞ്ഞുനിൽക്കുകയും വേണം.'' (അ; മു; ദാ.) ഈ ഖുർആൻ വചനവും അതിൻെറ അടിസ്ഥാനത്തിലുള്ള നബി (ﷺ) യുടെ ഉപദേശങ്ങളും അനുസരിച്ചുകൊണ്ട് സഹാബികൾ കാണിച്ചിരുന്ന സത്യസന്ധതക്ക് ഇണ കാണാത്ത എത്രയോ ഉദാഹരണങ്ങൾ സഹാബികളുടെ ചരിത്രങ്ങളിൽ കാണാവുന്നതാണ്.

لَقَدۡ مَنَّ ٱللَّهُ عَلَى ٱلۡمُؤۡمِنِينَ إِذۡ بَعَثَ فِيهِمۡ رَسُولٗا مِّنۡ أَنفُسِهِمۡ يَتۡلُواْ عَلَيۡهِمۡ ءَايَٰتِهِۦ وَيُزَكِّيهِمۡ وَيُعَلِّمُهُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَإِن كَانُواْ مِن قَبۡلُ لَفِي ضَلَٰلٖ مُّبِينٍ ١٦٤

164 തീർച്ചയായും, സത്യവിശ്വാസികളിൽ അവരിൽ നിന്നുതന്നെയുള്ള ഒരു റസൂലിനെ നിയോഗിച്ചിരിക്കയാൽ, അല്ലാഹു അവർക്ക് (വലിയ) ദാക്ഷിണ്യം ചെയ്തിട്ടുണ്ട്; അവൻെറ 'ആയത്തു' [ലക്ഷ്യം] കൾ അദ്ദേഹം അവർക്ക് ഓതിക്കൊടുക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു റസൂലിനെ). നിശ്ചയമായും, മുമ്പ് അവർ വ്യക്തമായ വഴിപിഴവിൽ തന്നെയായിരുന്നു.

---

164 **لقد** തീർച്ചയായും ഉണ്ട്. **من الله** അല്ലാഹു ദാക്ഷിണ്യം (കനപ്പെട്ട അനുഗ്രഹം) ചെയ്തി(ട്ടുണ്ട്). **على المؤمنين** സത്യവിശ്വാസികൾക്ക്. **إذْ بعثَ** അവൻ അയച്ചതിനാൽ, നിയോഗിച്ച സ്ഥിതിക്ക്. **فيهم** അവരിൽ. **رسولاً** ഒരു ദൂതനെ. **من أنفُسِهِم** അവരിൽനിന്ന് തന്നെ, അവരുടെ സ്വന്തങ്ങളിൽ നിന്നായി **يتلو عليهم** അവർക്ക് അദ്ദേഹം ഓതിക്കൊടുക്കും. **آياته** അവൻെറ ആയത്തുകളെ. **ويزكيهم** അവരെ

സംസ്കരിക്കുകയും ചെയ്യും. **ويعلمهم** അവരെ പഠിപ്പിക്കുകയും. **الكتاب** (വേദ)ഗ്രന്ഥം. **والحكْمة** വിജ്ഞാനവും. **وإن كانوا** നിശ്ചയമായും അവരായിരുന്നു. **من قَبلُ** മുമ്പ്, മുമ്പ് മുതൽക്കേ. **لفي ضلال** വഴിപിഴവിൽ തന്നെ. **مبين** വ്യക്തമായ, പ്രത്യക്ഷമായ.

ചിരകാലമായി ദുർമാർഗ്ഗങ്ങളിൽ പതിച്ചു നട്ടം തിരിഞ്ഞശേഷം, സൻമാർഗ്ഗനിരതരായി ജീവിക്കുമാറുള്ള തത്വോപദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും അല്ലാഹുവിങ്കൽ നിന്ന് എത്തിച്ചു കൊടുത്തു കൊണ്ടിരിക്കുന്ന-ചോദിച്ചറിയുവാനും, മാതൃകയാക്കുവാനും അടുത്തു പെരുമാറുവാനും വളരെ സൗകര്യപ്രദമായ-തങ്ങളുടെ ഇടയിൽ ജനിച്ചു തങ്ങളോടൊപ്പം തന്നെ ജീവിച്ചുവരുന്ന ഒരു റസൂലിനെ നിയോഗിച്ച് കൊടുക്കുകവഴി സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ച മഹാഭാഗ്യത്തെപ്പറ്റി അവരെ അനുസ്മരിപ്പിക്കുകയാണ്. ഈ വചനത്തിലടങ്ങിയ ആശയങ്ങളെ സൂ:ബഖറ; 129 ൻെറ വ്യാഖ്യാനത്തിൽ മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. സൂ:ജുമുഅയിൽ കൂടുതൽ വിശദീകരണം കാണാം.

أَوَلَمَّآ أَصَـٰبَتْكُم مُّصِيبَةٌ قَدْ أَصَبْتُم مِّثْلَيْهَا قُلْتُمْ أَنَّىٰ هَـٰذَا ۖ قُلْ هُوَ مِنْ عِندِ أَنفُسِكُمْ ۗ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٦٥﴾

165 നിങ്ങൾക്ക് ഒരു വിപത്ത് ബാധിച്ചപ്പോഴേക്കും അതിൻെറ രണ്ടത്ര നിങ്ങൾ (അങ്ങോട്ടും) ബാധിപ്പിച്ചിട്ടുണ്ട്. നിങ്ങൾ പറയുകയോ: "ഇതെങ്ങിനെയാണ് (സംഭവിച്ചത്)?" എന്ന്! [നബിയേ] പറയുക: "അത് നിങ്ങളുടെ തന്നെ അടുക്കൽ നിന്നാകുന്നു. നിശ്ചയമായും അല്ലാഹു, എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു."

وَمَآ أَصَـٰبَكُمْ يَوْمَ ٱلْتَقَى ٱلْجَمْعَانِ فَبِإِذْنِ ٱللَّهِ وَلِيَعْلَمَ ٱلْمُؤْمِنِينَ ﴿١٦٦﴾

166 രണ്ടു സംഘങ്ങൾ കൂടിമുട്ടിയ (ആ) ദിവസം നിങ്ങൾക്ക് ബാധിച്ചത് (ഒക്കെയും) അല്ലാഹുവിൻെറ അനുമതിപ്രകാരമാകുന്നു. അവൻ സത്യവിശ്വാസികളെ (വേർതിരിച്ച്) അറിയുവാൻ വേണ്ടിയുമാകുന്നു;

وَلِيَعْلَمَ ٱلَّذِينَ نَافَقُوا۟ ۚ وَقِيلَ لَهُمْ تَعَالَوْا۟ قَـٰتِلُوا۟ فِى سَبِيلِ ٱللَّهِ أَوِ ٱدْفَعُوا۟ ۖ قَالُوا۟ لَوْ نَعْلَمُ قِتَالًا لَّٱتَّبَعْنَـٰكُمْ ۗ هُمْ لِلْكُفْرِ يَوْمَئِذٍ أَقْرَبُ مِنْهُمْ لِلْإِيمَـٰنِ ۚ يَقُولُونَ بِأَفْوَٰهِهِم مَّا لَيْسَ فِى قُلُوبِهِمْ ۗ وَٱللَّهُ أَعْلَمُ بِمَا يَكْتُمُونَ ﴿١٦٧﴾

167 കാപട്യം കാണിച്ചവരെ (വേർതിരിച്ച്) അറിയുവാൻ വേണ്ടിയും. അവരോട് [ആ കപടൻമാരോടു) പറയപ്പെട്ടു: "വരുവിൻ, നിങ്ങൾ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുവിൻ, അല്ലെങ്കിൽ ചെറുത്തു നിൽക്കുവിൻ" അവർ പറഞ്ഞു: "ഒരു യുദ്ധം (ഉണ്ടാകുമെന്നു) ഞങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, ഞങ്ങൾ നിങ്ങളെ പിന്തുടരുക തന്നെ ചെയ്യുമായിരുന്നു." സത്യവിശ്വാസത്തോടുള്ളതിനെക്കാൾ –അന്നത്തെ ദിവസം – അവർ അവിശ്വാസത്തോടു കൂടുതൽ അടുത്തവരാകുന്നു. തങ്ങളുടെ ഹൃദയങ്ങളിൽ ഇല്ലാത്തത് അവർ തങ്ങളുടെ വായ കൊണ്ടു പറയുന്നു. അല്ലാഹുവാകട്ടെ, അവർ മൂടിവെക്കുന്നതിനെപ്പറ്റി കൂടുതൽ അറിയുന്നവനുമാണ്.

ٱلَّذِينَ قَالُوا۟ لِإِخْوَٰنِهِمْ وَقَعَدُوا۟ لَوْ أَطَاعُونَا مَا

168 (യുദ്ധത്തിൽ സംബന്ധിക്കാതെ) ഇരുന്നും കൊണ്ട് തങ്ങളുടെ സഹോദരങ്ങളെക്കുറിച്ച് (ഇങ്ങിനെ) പറഞ്ഞവരാണ് (അവർ):

قُتِلُوا۟ ۗ قُلْ فَٱدْرَءُوا۟ عَنْ أَنفُسِكُمُ ٱلْمَوْتَ إِن كُنتُمْ صَٰدِقِينَ ﴿١٦٨﴾

''അവർ നമ്മെ അനുസരിച്ചെങ്കിൽ അവർ കൊല്ലപ്പെടുമായിരുന്നില്ല''. (നബിയേ) പറയുക: ''എന്നാൽ, നിങ്ങൾ നിങ്ങളുടെ ദേഹങ്ങളെ സംബന്ധിച്ച് മരണത്തെ (ഒന്ന്) തടുക്കുവിൻ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ! [അതൊന്ന് കാണാമല്ലോ]''

---

165 أولما أصابتكم നിങ്ങൾക്ക് ബാധിച്ചപ്പോഴേക്കോ, ബാധിച്ചപ്പോഴോ. مصيبةٌ ഒരു ബാധ (വിപത്ത്). قد أصبتم നിങ്ങൾ ബാധിപ്പിച്ചിട്ടുണ്ട്. مثليها അതിൻെറ രണ്ടത്ര (ഇരട്ടി). قُلتم നിങ്ങൾ പറയുക(യോ), പറഞ്ഞു(വോ). أنى هذا ഇതെങ്ങിനെയാണ്. قُلْ هو പറയുക അത്. من عند അടുക്കൽനിന്നാണ്. أنفُسكُم നിങ്ങളുടെ തന്നെ. إن اللهَ നിശ്ചയമായും അല്ലാഹു. على كل شيءٍ എല്ലാ കാര്യത്തിനും. قدير കഴിവുള്ളവനാണ്. 166 وما أصابكُم നിങ്ങൾക്ക് ബാധിച്ചത്. يوم التقَى കണ്ടുമുട്ടിയ ദിവസം. الجمعان രണ്ട് സംഘങ്ങൾ. فبِإذْنِ اللهِ അല്ലാഹുവിൻെറ സമ്മതം കൊണ്ടാണ്. وليعلم അവൻ അറിയുവാൻ വേണ്ടിയും. المؤمنين സത്യവിശ്വാസികളെ. 167 وليعلم അവൻ അറിയുവാനും. الذين نافقُوا കാപട്യം കാണിച്ചവരെ. وقيلَ പറയപ്പെട്ടു. لهم അവരോട്. تعالوا വരുവിൻ. قَاتِلُوا യുദ്ധം ചെയ്യുവിൻ. في سبيلِ اللهِ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. أو ادفعوا അല്ലെങ്കിൽ തടുക്കു (ചെറുക്കു)വിൻ. قَالُوا അവർ പറഞ്ഞു. لو نعلم ഞങ്ങൾക്കറിയുന്നപക്ഷം. قتالاً ഒരു യുദ്ധത്തെ. لاتبعناكُم ഞങ്ങൾ നിങ്ങളെ പിൻതുടരുകതന്നെ ചെയ്യുമായിരുന്നു. هم അവർ. للكُفْرِ അവിശ്വാസത്തോടു. يومئذٍ അന്നത്തെ ദിവസം. أقْرب ഏറ്റം (അധികം) അടുത്തവരാണ്. منهم അവരെ (അവർ അടുത്തതിനെ)ക്കാൾ. للإيمان സത്യവിശ്വാസത്തോട്. يقُولُونَ അവർ പറയുന്നു. بِأفْواهِهِم അവരുടെ വായകൾകൊണ്ട്. ما ليس ഇല്ലാത്തത്. في قُلوبِهِم തങ്ങളുടെ ഹൃദയങ്ങളിൽ. واللهُ അല്ലാഹുവുകട്ടെ. أعلَمُ ഏറ്റവും അറിയുന്നവനാണ്. بِما يكْتُمونَ അവർ ഒളിച്ചുവെക്കുന്നതിനെപ്പറ്റി. 168 الذين قَالُوا പറഞ്ഞവരാണ് അവർ. لإخوانِهِم തങ്ങളുടെ സഹോദരങ്ങളെക്കുറിച്ച്. وقعدوا അവർ ഇരിക്കുകയും ചെയതു. لو أطَاعونا അവർ നമ്മെ അനുസരിച്ചെങ്കിൽ. ما قُتِلُوا അവർ കൊലപ്പെടുമായിരുന്നില്ല. قُلْ പറയുക. فَادرؤا എന്നാൽ നിങ്ങൾ തടക്കുവിൻ. عن أنفُسِكُم നിങ്ങളുടെ സ്വന്തങ്ങളെ (ദേഹങ്ങളെ) സംബന്ധിച്ച്. الموتَ മരണത്തെ. إن كُنتم നിങ്ങൾ ആണെങ്കിൽ. صادقين സത്യം പറയുന്നവർ സത്യവാൻമാർ.

ഉഹ്ദിൽ വെച്ച് മുസ്‌ലിംകൾക്ക് വമ്പിച്ച കഷ്ടനഷ്ടങ്ങൾ അനുഭവപ്പെട്ടതിനെത്തുടർന്നു ചില സാധാരണക്കാർ പറയുകയുണ്ടായി: നാം അല്ലാഹുവിന് വേണ്ടി യുദ്ധം ചെയ്യുന്നു. അല്ലാഹു നമ്മെ സഹായിക്കുമെന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു. നമ്മുടെ കൂടെ അവൻെറ റസൂലും ഉണ്ട്. അവിശ്വാസികളാണെങ്കിൽ അല്ലാഹുവിന് എതിരായിട്ടാണ് യുദ്ധം ചെയ്യുന്നത്. എന്നിരിക്കെ, എന്താണിങ്ങിനെ സംഭവിച്ചത്?! എന്നൊക്കെ. ഇതിന് അല്ലാഹു മറുപടി നൽകുന്നു. മറുപടിയുടെ സാരം ഇങ്ങിനെ വിവരിക്കാം: നിങ്ങൾക്ക് കുറെ ആപത്തുകൾ പിണഞ്ഞതു ശരിതന്നെ. മുമ്പ് ഇത്രയൊന്നും ശക്തിയും ഒരുക്കവും ഇല്ലാതിരുന്ന അവസരത്തിൽ ബദ്റിൽവെച്ച് ഇതിൻെറ ഇരട്ടി ആപത്തുകൾ നിങ്ങൾ അവിശ്വാസികൾക്ക് വരുത്തുകയുണ്ടായല്ലോ. അവരുടെ നെടുംതൂണുകളായ എഴുപതുപേർ കൊല്ലപ്പെടുകയും, അത്രയും പേർ ബന്ധനസ്ഥരാകുകയും ഉണ്ടായി. അവരെ നിങ്ങൾ ദയനീയമായി പിന്നോട്ടോടിച്ചു. ഇപ്പോൾ, അതിൻെറ പകുതി ആപത്തേ നിങ്ങൾക്ക് സംഭവിച്ചിട്ടുള്ളു. എന്നിട്ടും ഇതെങ്ങിനെ സംഭവിച്ചുവെന്ന് പറഞ്ഞ് നിങ്ങൾ ആശ്ചര്യപ്പെടുന്നു. യഥാർത്ഥത്തിൽ, ഇങ്ങിനെ സംഭവിക്കാനുള്ള കാരണങ്ങൾ നിങ്ങളിൽ നിന്നുതന്നെ ഉണ്ടായതാണ്. മദീനായിൽനിന്ന് വെളിയിൽ പോയി യുദ്ധത്തിനിറങ്ങുവാൻ നിങ്ങൾ റസൂലിനെ നിർബന്ധിതനാക്കി. അണി വിട്ടുപോകാതെ സധീരം ഉറച്ചു നിൽക്കണമെന്ന് കൽപന നിങ്ങൾ അവഗണിച്ചു. യുദ്ധം കലാശിക്കും മുമ്പായി നിങ്ങൾ 'ഗനീമത്ത്' സ്വത്തുക്കൾ ശേഖരിക്കുന്നതിൽ വ്യാപൃതരായി. മലയിൽ നിറുത്തിയ വില്ലാളികൾ കൽപന ലംഘിച്ച് സ്ഥലം വിട്ടുപോന്നു. ഇങ്ങിനെ പലതു

മാണതിന് കാരണമായിത്തീര്‍ന്നത്. അല്ലാഹുവിന് എന്ത് ചെയ്യുവാനും കഴിവുണ്ട്. സന്ദര്‍ഭമനുസരിച്ച് വേണ്ടത് അവന്‍ ചെയ്യും. അതില്‍ ചോദ്യം ചെയ്യപ്പെടാവതല്ല. മാത്രമല്ല, ഇങ്ങിനെ സംഭവിച്ചത്തില്‍ ചില യുക്തി രഹസ്യങ്ങള്‍ കൂടി അല്ലാഹു കണ്ടുവെച്ചിട്ടുണ്ട്. എന്തു സംഭവിച്ചാലും കാല്‍ പതറാതെ സത്യവിശ്വാസത്തില്‍ ഉറച്ചുനില്‍ക്കുന്നവര്‍ ആരൊക്കെയാണ്. ഒിശ്വാസികളെന്ന് നടിച്ചു നടക്കുന്ന പിന്‍തിരപ്പന്‍മാരും കപടന്‍മാരും ആരൊക്കെയാണ് എന്ന് പ്രത്യക്ഷത്തില്‍ വേര്‍തിരിഞ്ഞ് കാണുന്നത് ആവശ്യമാണ്. അതിന് വേണ്ടിയും കൂടിയാണിത്. അതിപ്പോള്‍ വ്യക്തമാകുകയും ചെയ്തുവല്ലോ.

അബ്ദില്ലാഹിബ്നു ഉബയ്യിന്‍െറ നേതൃത്വത്തില്‍ മൂന്നൂറ് കപട വിശ്വാസികള്‍ വഴിയില്‍ നിന്ന് മടങ്ങുകയുണ്ടായല്ലോ. അവരെ മടക്കി വിളിച്ചുകൊണ്ട് വരുവാനുള്ള ഒരു ശ്രമം ചില സഹാബികള്‍ നടത്തുകയുണ്ടായി. ഒന്നുകില്‍ നിങ്ങള്‍ വന്ന് നബി (ﷺ) യൊന്നിച്ച് യുദ്ധം ചെയ്യുക, അല്ലെങ്കില്‍ മുസ്ലിംകള്‍ക്ക് വേണ്ടി ചെറുത്തു നില്‍ക്കുകയെങ്കിലും ചെയ്യുക. രണ്ടിലൊന്ന് ചെയ്യണം എന്ന് അവര്‍ പറഞ്ഞുനോക്കി. യുദ്ധത്തില്‍ സംബന്ധിക്കുന്നില്ലാത്ത പക്ഷം, മുസ്ലിംകളുടെ ഭാഗത്ത് ആളെ കാട്ടുകയെങ്കിലും ചെയ്താല്‍ അത് ശത്രുക്കളില്‍ ധൈര്യക്ഷയം വരുത്തുവാന്‍ ഉതകുമല്ലോ. ഒരു പക്ഷേ, ശത്രുക്കള്‍ മദീനായുടെ ഉള്ളില്‍ പ്രവേശിച്ചു നാട്ടുകാരെയും അബലകളെയും ആക്രമിച്ചു കൂടായ്കയുമില്ല. അങ്ങിനെ സംഭവിച്ചാല്‍ ഈ കപട വിശ്വാസികളുടെതന്നെ കുടുംബങ്ങള്‍ക്കും നാശത്തില്‍ നിന്ന് ഒഴിവ് കിട്ടുകയില്ല. അതുകൊണ്ട് സജീവമായിട്ടല്ലെങ്കില്‍, പ്രത്യക്ഷത്തിലെങ്കിലും നിങ്ങള്‍ മുസ്ലിംകളുടെ കൂടെ നില്‍ക്കണം എന്നൊക്കെ അവര്‍ ഉപദേശിച്ചു. കപട വിശ്വാസികള്‍ ഇതിനു നല്‍കിയ മറുപടി ഇതായിരുന്നു: ''ഒരു യുദ്ധം ഉണ്ടാകുമെന്ന് നമുക്ക് തോന്നുന്നില്ല. അഥവാ ഉണ്ടാകുന്ന പക്ഷം, ഞങ്ങള്‍ നിങ്ങളെ ശത്രുക്കള്‍ക്ക് വിട്ടുകൊടുക്കുകയില്ല. അപ്പോള്‍ നിങ്ങളൊന്നിച്ച് ഞങ്ങളും ചേര്‍ന്നുകൊള്ളാം. ഇത് കേവലം ഒരു തട്ടിപ്പും പരിഹാസവും മാത്രമാണെന്ന് പറയേണ്ടതില്ലല്ലോ.''

കഴിഞ്ഞ തവണ ബദ്റില്‍ വെച്ച് തങ്ങള്‍ക്ക് പിണഞ്ഞ തീരാനഷ്ടത്തിന് പകരം വീട്ടുവാന്‍ ഒരുങ്ങിവന്ന ഒരു വമ്പിച്ച സൈന്യം. എണ്ണം കൊണ്ടും വണ്ണം കൊണ്ടും കുറവായ മുസ്ലിംകളോട് ഏറ്റുമുട്ടാതെ അവര്‍ വെറുതെയങ്ങ് മടങ്ങിപ്പോകുകയില്ലെന്ന് ആ കപടവിശ്വാസികള്‍ക്ക് ശരിക്കും അറിയാം. ഇതേവരെ മുസ്ലിംകളിലൂടെ ഇസ്ലാമികവേഷം അഭിനയിച്ച് കഴിഞ്ഞുകൂടിയിരുന്ന അവരുടെ യഥാര്‍ത്ഥ ഉള്ളിലിരുപ്പ് ഇപ്പോഴാണ് പ്രത്യക്ഷത്തില്‍ പ്രകടമാകുന്നത്. അതിനെപ്പറ്റിയാണ് ''സത്യവിശ്വാസത്തോടുള്ളതിനെക്കാള്‍ അവിശ്വാസത്തോടാണ് അവര്‍ക്ക് അന്ന് കൂടുതല്‍ അടുപ്പമുള്ളത്'' എന്നും, അവരുടെ ഹൃദയങ്ങളില്‍ ഇല്ലാത്തത് അവര്‍ വായകൊണ്ട് പറയുന്നു എന്നും അല്ലാഹു പറഞ്ഞത്. ഇബ്നുകഥീര്‍ (رحمه الله) ചൂണ്ടിക്കാട്ടിയതുപോലെ, മനുഷ്യന്‍െറ സ്ഥിതിഗതികള്‍ക്കനുസരിച്ച് അവന്‍െറ നിലപാടില്‍ മാറ്റം സംഭവിക്കുമെന്നും, അങ്ങനെ ചിലപ്പോള്‍ സത്യവിശ്വാസത്തോടും, മറ്റു ചിലപ്പോള്‍ അവിശ്വാസത്തോടും അവന് അടുപ്പം കൂടുതലായും കുറവായിരിക്കുമെന്നും മഹാന്‍മാര്‍......هم للكفر يومئذ.... എന്ന വാക്യത്തില്‍ നിന്ന് മനസ്സിലാക്കിയിരിക്കുന്നു.

യുദ്ധത്തില്‍ പലരും രക്ഷസാക്ഷികളായി മരണപ്പെടേണ്ടി വന്നത് അവര്‍ തങ്ങളുടെ വാക്ക് കേള്‍ക്കാതെ യുദ്ധത്തിന്നിറങ്ങിയതുകൊണ്ടാണെന്നും കപട വിശ്വാസികള്‍ പറഞ്ഞിരുന്നു. അങ്ങനെയാണെങ്കില്‍, യുദ്ധത്തിലൊന്നും പങ്കെടുക്കാതെ അവര്‍ വീട്ടില്‍ അടഞ്ഞിരുന്ന് മരണത്തില്‍ നിന്നൊന്ന് രക്ഷപ്പെടട്ടെ, അതൊന്നു കാണാമല്ലോ എന്ന് അവരോട് പറയുവാന്‍ നബി (ﷺ) യോട് അല്ലാഹു കല്‍പിക്കുന്നു. അതെ-154-ാം വചനത്തില്‍ പറഞ്ഞതുപോലെ-മരണം അല്ലാഹു കണക്കാക്കിയതാണ്. അതിന്‍െറ സമയം വന്നാല്‍ അത് സംഭവിക്കുകതന്നെ ചെയ്യും. ഇതാണ് യഥാര്‍ത്ഥത്തിലുള്ളതെന്ന് താല്‍പര്യം. ഏതായാലും കുറെപേര്‍ മരണപ്പെട്ടുപോയല്ലോ, അത് നികത്താനാവാത്ത നഷ്ടം തന്നെയല്ലേ? എന്ന് ചോദിക്കപ്പെടാം. അതിനുള്ള ഉത്തരം അടുത്ത വചനത്തില്‍ നിന്നറിയാം. അല്ലാഹു പറയുന്നു:-

169 അല്ലാഹുവിൻെറ മാർഗത്തിൽ കൊല്ലപ്പെട്ടവരെ (അവർ) മരണപ്പെട്ടവരാണെന്ന് തീർച്ചയായും നീ ഗണിക്കരുത്. എന്നാൽ, തങ്ങളുടെ റബ്ബിൻെറ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ് (അവർ). അവർക്ക് ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നു;	وَلَا تَحۡسَبَنَّ ٱلَّذِينَ قُتِلُواْ فِي سَبِيلِ ٱللَّهِ أَمۡوَٰتَۢاۚ بَلۡ أَحۡيَآءٌ عِندَ رَبِّهِمۡ يُرۡزَقُونَ ١٦٩
170 അല്ലാഹുവിൻെറ അനുഗ്രഹത്തിൽനിന്നും (അഥവാ ഔദാര്യം നിമിത്തം)അവർക്ക് കൊടുത്തിട്ടുള്ളതിൽ സന്തുഷ്ടരായിക്കൊണ്ട്. അവരുടെ പിന്നിൽ (ഉള്ളവരിൽ) നിന്ന് അവരോടു (വന്നു) ചേർന്നിട്ടില്ലാത്തവരെക്കുറിച്ച് അവർ സന്തോഷമടയുകയും ചെയ്യുന്നു, അവരുടെ മേൽ യാതൊരു ഭയവുമില്ല, അവർ വ്യസനിക്കുകയും ചെയ്യുകയില്ല എന്ന്.	فَرِحِينَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضۡلِهِۦ وَيَسۡتَبۡشِرُونَ بِٱلَّذِينَ لَمۡ يَلۡحَقُواْ بِهِم مِّنۡ خَلۡفِهِمۡ أَلَّا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ١٧٠
171 അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹവും ഔദാര്യവും കൊണ്ട് അവർ സന്തോഷമടയുന്നു. അല്ലാഹു സത്യവിശ്വാസികളുടെ പ്രതിഫലം പാഴാക്കുകയില്ലെന്നും(സന്തോഷമടയുന്നു)	۞يَسۡتَبۡشِرُونَ بِنِعۡمَةٍ مِّنَ ٱللَّهِ وَفَضۡلٍ وَأَنَّ ٱللَّهَ لَا يُضِيعُ أَجۡرَ ٱلۡمُؤۡمِنِينَ ١٧١

169 **ولا تحسبن** തീർച്ചയായും നീ ഗണിക്കരുത്, വിചാരിക്കരുത്. **الذين قُتلوا** കൊല്ലപ്പെട്ടവരെ. **في سبيل الله** അല്ലാഹുവിൻെറ മാർഗ്ഗത്തിൽ. **أمواتا** മരിച്ചവരായി, മരണപ്പെട്ടവരെന്ന്. **بلْ أحياءٌ** എന്നാൽ ജീവിച്ചിരിക്കുന്നവരാണ്. **عند ربهم** തങ്ങളുടെ റബ്ബിൻെറ അടുക്കൽ. . **يرزقُونَ** അവർക്ക് ആഹാരം (ഉപജീവനം) നൽകപ്പെടുന്നു. 170 **فَرحين** സന്തുഷ്ടരായിക്കൊണ്ട്. **بِما آتاهم** അവർക്ക് നൽകിയതിൽ. **اللّٰه** അല്ലാഹു. **من فَضله** അവൻെറ അനുഗ്രഹത്തിൽനിന്ന്, ഔദാര്യം നിമിത്തം. **ويستبشرونَ** അവർ സന്തോഷമടയുക (ശുഭാപ്തി വിശ്വാസമടയുക)യും ചെയ്യും. **بِالذين لم يلْحقُوا** (വന്ന്) ചേർന്നിട്ടില്ലാത്തവരെപറ്റി. **بِهِم** അവരോട്, അവരുമായി. **من خَلْفهم** അവരുടെ പിന്നിൽ നിന്ന്, പിന്നാലെ (യുള്ളവരിൽ) നിന്ന്. **ألا خوف** ഒരു ഭയവുമില്ലെന്ന്. **عليْهم** അവരുടെമേൽ. **ولا هم** അവരില്ല എന്നും. **يحزنونَ** വ്യസനപ്പെടുക. 171 **يستبشرونَ** അവർ സന്തോഷമടയുന്നു. **بِنِعمة** ഒരു (മഹത്തായ) അനുഗ്രഹംകൊണ്ട്. **من الله** അല്ലാഹുവിൽനിന്ന്. **وفَضل** ഔദാര്യവും, അനുഗ്രഹവും, പുണ്യവും. **وأن الله** അല്ലാഹു ആണെന്നും. **لا يضيع** പാഴാക്കുക (വൃഥാവിലാക്കുക)യില്ല (എന്നും). **أجر** പ്രതിഫലം. **المؤمنِين** സത്യവിശ്വാസികളുടെ.

ഉഹ്ദു യുദ്ധത്തിൽ ശഹീദായ (രക്തസാക്ഷിയായി മരണപ്പെട്ട) വരുടെ കാര്യത്തിലാണ് ഈ വചനങ്ങൾ അവതരിച്ചിരിക്കുന്നതെന്നത്രെ ഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നത്. സന്ദർഭം നോക്കുമ്പോഴും അത് ശരിയായിരിക്കുവാനാണ് ന്യായം. അവതരണഹേതു ഏതായിരുന്നാലും എല്ലാ ശുഹദാക്കളെക്കുറിച്ചും പൊതുവായിട്ടാണ് അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. സൂറത്തുൽ ബഖറ 154ൽ, ശുഹദാക്കളെപ്പറ്റി അവർ മരണപ്പെട്ടവരാണെന്ന് പറയരുതെന്നും, അവർ അല്ലാഹുവിൻെറ അടുക്കൽ ജീവിച്ചിരിക്കുന്നവരാണെന്നും, പക്ഷേ, നിങ്ങൾക്കത് ഗ്രഹിക്കുവാൻ കഴിയുകയില്ലെന്നുമായിരുന്നു പ്രസ്താവിച്ചത്. ഇവിടെ അവരുടെ ജീവിതത്തെ അൽപമൊന്ന് വിശദീകരിച്ചിട്ടുണ്ട്. അവിടെ അതിൻെറ വ്യാഖ്യാനത്തിൽ വിവരിച്ച കാര്യങ്ങൾ ഇവിടെയും ഓർക്കുന്നത് നന്നായിരിക്കും.

ചില അടയാളങ്ങൾ വഴി ജീവിതത്തെയും, മരണത്തെയും കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നുവെന്നല്ലാതെ, ജീവൻ എന്നാലെന്താണെന്നോ, മരണം എന്നാലെന്താണെന്നോ സൂക്ഷ്മവും വസ്തു നിഷ്ഠവുമായി നിർവ്വചിക്കുവാൻ പണ്ഡിതൻമാർക്കോ, ശാസ്ത്രജ്ഞൻമാർക്കോ നാളിതുവരെ കഴിഞ്ഞിട്ടില്ല. ചിലർക്ക് ചില അഭിപ്രായങ്ങളുണ്ടെന്നുമാത്രം. ഭാവിയിൽ കഴിഞ്ഞേക്കുന്നമെന്ന നിഗമനത്തിൽ ശാസ്ത്രം അതിന്ന് പാടുപെട്ടുകൊണ്ടുമിരിക്കുകയാണ്. പക്ഷെ, അത് രണ്ടും അല്ലാഹുവിൻെറ രഹസ്യങ്ങളിൽ ഒന്നായിത്തന്നെ അവശേഷിക്കുന്നതാണ്. ഏതായാലും, ഈ ഭൗതിക ജീവിതത്തിൻെറ അന്ത്യം കുറിക്കുന്ന മരണത്തിനുശേഷം, പുനരുത്ഥാനത്തിന് മുമ്പുള്ള ഇടക്കാലത്ത് സുഖദുഃഖങ്ങൾ അനുഭവിക്കത്തക്ക ഒരുതരം ആത്മീയ ജീവിതം മനുഷ്യനുണ്ടെന്ന് ഖുർആൻകൊണ്ടും ഹദീസുകൊണ്ടും ഖണ്ഡിതമായി അറിയപ്പെട്ടതാണ്. ശാസ്ത്രത്തിനോ ബുദ്ധിക്കോ അതിനെപ്പറ്റി ഗവേഷണം ചെയ്വാനും പരീക്ഷണം നടത്തുവാനും സാദ്ധ്യമല്ല. ബുദ്ധി അതിനെ അസംഭവ്യമാക്കുന്നില്ലതാനും. ഈ ജിവിതത്തിനാണ് 'ബർസഖീ' (برزخ) ലെ ജീവിതമെന്നും, ഖബ്റി (قبر) ലെ ജീവിതമെന്നും പറയപ്പെടുന്നത്. സുഖദുഃഖങ്ങളിൽ വ്യത്യസ്ഥമായിരിക്കുമെങ്കിലും ആരുംതന്നെ അതിൽനിന്ന് ഒഴിവാകുന്നതല്ല. എന്നാൽ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ രക്തസാക്ഷികളായി മരണപ്പെടുന്നവർക്കുണ്ടെന്ന് അല്ലാഹു പ്രസ്താവിച്ച ആ ജീവിതം കൊണ്ടുദ്ദേശ്യം ഇപ്പറഞ്ഞ അതേ രീതിയിലുള്ള ഒരു ജീവിതമായിരിക്കുവാൻ നിവൃത്തിയില്ല. അത് അവർക്ക് പ്രത്യേകമായി നൽകപ്പെടുന്നതും, മറ്റുള്ള സത്യവിശ്വാസികളുടേതിനേക്കാൾ ഉന്നത നിലവാരത്തിലുള്ളതുമായ ഒരു ജീവിതമായിരിക്കുവാനേ തരമുള്ളു. അല്ലാത്തപക്ഷം, ഈ വചനങ്ങളിലെ പ്രസ്താവനകൾക്ക് വിശേഷിച്ച് അർത്ഥമൊന്നും ഉണ്ടായിരിക്കയില്ലല്ലോ. പക്ഷേ, അൽബഖറഃയിലെ ആയത്തിൽ കണ്ടതുപോലെ, ആ ജീവിതത്തിൻെറ യാഥാർത്ഥ്യമെന്താണെന്ന് നമുക്ക് വ്യക്തമായൊന്നും അനുമാനിക്കുവാൻ സാധിക്കുകയില്ല. അതിനെപ്പറ്റി അല്ലാഹുവും, റസൂലും പറഞ്ഞു തന്നത് മാത്രമേ നമുക്ക് മനസ്സിലാക്കുവാൻ കഴിയൂ.

അല്ലാഹുവിൻെറ മാർഗ്ഗത്തിൽവെച്ച് കൊല്ലപ്പെടുന്ന രക്തസാക്ഷികളെപ്പറ്റി താഴെ കാണുന്ന കാര്യങ്ങളാണ് അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞത്: (1) അവർ മരണപ്പെട്ടവരാണെന്ന് ഗണിക്കേണ്ട-അവർ അല്ലാഹുവിൻെറ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്-എന്ന്. അവർ കൊല്ലപ്പെടുന്നതോടെ, നമുക്ക് സുപരിചിതമായ ആ മരണം അവർക്ക് ബാധിച്ചിട്ടുണ്ടെന്നും, നമുക്ക് സുപരിചിതമായ ആ ജീവിതം അവർക്ക് അവസാനിച്ചു കഴിഞ്ഞുവെന്നും തീർച്ചതന്നെ. അപ്പോൾ, അവർ ജീവിച്ചിരിക്കുന്നവരാണെന്ന് അല്ലാഹു പറഞ്ഞ ആ ജീവിതം നമുക്ക് പരിചിതമായ ഭൗതിക ജീവിതമല്ല-പ്രത്യേക അർത്ഥത്തിലുള്ള ഒരുതരം ജീവിതമാണ്-എന്ന് സ്പഷ്ടമാകുന്നു. (2) അവർക്ക് ഉപജീവനം-അഥവാ ആഹാരം-നൽകപ്പെട്ടുകൊണ്ടിരിക്കുന്നു. ആ പ്രത്യേക ജീവിതത്തോടുയോജിച്ച ഒരാഹാര സമ്പ്രദായമായിരിക്കും അതെന്ന് മാത്രമേ ഇതിനെപ്പറ്റിയും നമുക്ക് പറയുവാൻ സാധിക്കുകയുള്ളു. അതും അവർക്കു ലഭിക്കുന്ന ഒരനുഗ്രഹമായിട്ടാണ് അല്ലാവു പ്രസ്താവിച്ചിരിക്കുന്നത്. ഉപജീവനം നൽകപ്പെടുമെന്ന് പറഞ്ഞതിൻെറ താൽപര്യം അവർക്ക് പല അനുഗ്രഹങ്ങളും ലഭിക്കുമെന്നാണെന്ന് ചിലർ പറയാറുള്ളത് ഖുർആൻെറയും നബി വചനങ്ങളുടെയും വ്യക്തമായ പ്രസ്താവനകൾക്ക് നിരക്കാത്തതാകുന്നു. (3) അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾകൊണ്ട് അവർ സന്തുഷ്ടരായിരിക്കും. ഉപജീവനം നൽകപ്പെടുന്നതിന് പുറമെ വേറെയും പല അനുഗ്രഹങ്ങളും അവർക്ക് സിദ്ധിക്കുമെന്നാണ് ഇതിലെ സൂചന. (4) അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ കൊണ്ട് സന്തോഷഭരിതരാവുക മാത്രമല്ല അവർ ചെയ്യുന്നത്; തങ്ങളുടെ കൂട്ടത്തിലേക്ക് ഭാവിയിൽ വന്നുചേരുവാനിരിക്കുന്ന രക്തസാക്ഷിശസലകളാകുന്ന തങ്ങളുടെ സഹോദരങ്ങൾക്ക് അവിടെ ലഭിച്ചേക്കുന്ന അനുഗ്രഹങ്ങൾ കണ്ടും അവർ വളരെ സന്തോഷം കൊള്ളുന്നതായിരിക്കും. അതെ, തങ്ങളെക്കുറിച്ച് മാത്രമല്ല, തങ്ങളുടെ ശേഷം വന്നെത്തുവാനിരിക്കുന്ന സഹോദരങ്ങളെക്കുറിച്ചും അവർക്ക് താൽപര്യമുണ്ടായിരിക്കും. (5) അല്ലാഹുവിങ്കൽ നിന്ന് തങ്ങൾക്ക് ലഭിച്ചതും, ലഭിക്കുന്നതുമായ ഔദാര്യങ്ങൾക്കും അനുഗ്രഹങ്ങൾക്കും പുറമെ, അവരെ പുളകം കൊള്ളിക്കുന്ന മറ്റൊരു കാര്യംകൂടിയുണ്ട്. സത്യവിശ്വാസികൾക്ക്-അവർ രക്തസാക്ഷികളാകട്ടെ, അല്ലാത്തവരാകട്ടെ-പൊതുവെ ലഭിക്കുവാനിരിക്കുന്ന വമ്പിച്ച

പ്രതിഫലങ്ങളിലും, അവരുടെ മരണശേഷം അവയൊന്നും നഷ്ടപ്പെടാതെ അവർക്ക് സിദ്ധിക്കുമല്ലോ എന്നുള്ളതിലും അവർ സന്തോഷിച്ചുകൊണ്ടിരിക്കും.

ഈ വചനങ്ങളിലെ ആശയങ്ങളിലേക്ക് വെളിച്ചം തരുന്ന പല നബി വചനങ്ങളും ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. അവയിൽ ചിലതുമാത്രം നമുക്കിവിടെ ഓർമ്മിക്കാവുന്നതാണ്: 1. നബി (ﷺ) അരുളിച്ചെയ്തതായി അനസ് (رضي الله عنه) ഉദ്ധരിക്കുന്നു: ''മരണപ്പെട്ടുപോയിട്ട് അല്ലാഹുവിങ്കൽനിന്ന് നന്മ ലഭിക്കുന്ന ഒരാത്മാവിനും തന്നെ, ഇഹലോകത്തേക്ക് മടങ്ങിവരുന്നത് സന്തോഷമായിരിക്കയില്ല-ശഹീദ് ഒഴികെ. അവൻ ശഹാദത്തിൻെറ (രക്തസാക്ഷിയായി മരിക്കുന്നതിൻെറ) ശ്രേഷ്ഠതകണ്ടനുഭവിക്കുന്നതുകൊണ്ട് അവൻ ഇഹലോകത്തേക്ക് മടങ്ങിവന്ന് മറ്റൊരു പ്രാവശ്യം കൂടി കൊല്ലപ്പെടുന്നത് അവന് സന്തോഷകരമായിരിക്കും.'' (അ; മു.) 2. ജാബിർ (رضي الله عنه) പറയുകയാണ്: എൻെറ പിതാവ് ഉഹ്ദുയുദ്ധത്തിൽ കൊല്ലപ്പെട്ടപ്പോൾ, ഞാൻ കരഞ്ഞുകൊണ്ടിരിക്കുകയും, അദ്ദേഹത്തിൻെറ മുഖത്തുനിന്ന് തുണി നീക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയുണ്ടായി. സഹാബികൾ എന്നെ വിലക്കിക്കൊണ്ടിരുന്നു. റസൂൽ (ﷺ) വിലക്കുകയുണ്ടായില്ല. അവിടുന്ന് പറഞ്ഞു: ''കരയേണ്ട, അദ്ദേഹം ഉയർത്തപ്പെടുന്നത് (അദ്ദേഹത്തിൻെറ ജനാസഃ എടുക്കപ്പെടുന്നത്) വരെ മലക്കുകൾ അവരുടെ ചിറകുകളാൽ അദ്ദേഹത്തിന് തണലേകിക്കൊണ്ടിരിക്കുന്നു.'' (ബു; മു; ന.)

3. ഇബ്നു അബ്ബാസ് (رضي الله عنه) പറയുന്നു: റസൂൽ (ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ഉഹ്ദിൻെറ ദിവസം നിങ്ങളുടെ സഹോദരങ്ങൾക്ക് ആപത്തു പിണഞ്ഞപ്പോൾ, അവരുടെ ആത്മാക്കളെ അല്ലാഹു പച്ച വർണ്ണമുള്ള ചില പക്ഷികളുടെ ഉള്ളങ്ങളിലാക്കിയിരിക്കുന്നു. അവ സ്വർഗ്ഗത്തിലെ അരുവികളിൽനിന്ന് വെള്ളം കുടിക്കുന്നു. അതിലെ ഫലങ്ങളിൽനിന്ന് തിന്നുകയും ചെയ്യുന്നു. 'അർശി'ൻെറ തണലിലുള്ള സ്വർണ്ണക്കിനാദി (വിളക്ക്)കളിൽ അവ ചെന്നുകൂടുകയും ചെയ്യുന്നു. അങ്ങനെ, അവർ തങ്ങളുടെ ഭക്ഷണപാനീയങ്ങളുടെ മെച്ചവും വിശ്രമസ്ഥാനത്തിൻെറ മെച്ചവും കണ്ടപ്പോൾ അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു ചെയ്തുതന്നത് ഞങ്ങളുടെ സഹോദരങ്ങൾ കണ്ടെങ്കിൽ എത്ര നന്നായേനെ! എന്നാലവർ സമരത്തിൽ താൽപര്യക്കുറവു കാണിക്കാതെയും, യുദ്ധത്തിന് മടിക്കാതെയും ഇരുന്നേനെ! അപ്പോൾ, അല്ലാഹു പറഞ്ഞു: നിങ്ങൾക്കുവേണ്ടി ഞാൻ ഇതു (ഈ വിവരം) അവർക്ക് എത്തിച്ചുകൊടുത്തുകൊള്ളാം. അങ്ങനെ, അല്ലാഹു ഈ (169-171) വചനങ്ങൾ അവതരിപ്പിച്ചു''. (അ; ദാ; ഹാ;ഇബ്നു ജരീർ) 4. ഇബ്നു അബ്ബാസ് (رضي الله عنه) ൽ നിന്ന് അഹ്മദും, ഇബ്നുജരീറും (رحمه الله) നിവേദനം ചെയ്ത ഒരു ഹദീസിൽ, ശുഹദാക്കൾക്ക് അവരുടെ ആഹാരം സ്വർഗ്ഗത്തിൽ നിന്ന് രാവിലെയും വൈകുന്നേരവും ലഭിക്കുന്നതാണ് എന്നും വന്നിരിക്കുന്നു.

വിഭാഗം-18

172 തങ്ങൾക്ക് മുറിവു (പരിക്കു) ബാധിച്ചതിനു ശേഷം (പിന്നെയും) അല്ലാഹുവിനും റസൂലിനും ഉത്തരം നൽകിയ കൂട്ടർ! (പ്രശംസനീയർതന്നെ), അവരിൽനിന്ന് നന്മ പ്രവർത്തിക്കുകയും, സൂക്ഷിക്കുകയും ചെയ്തിട്ടുള്ളവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

ٱلَّذِينَ ٱسۡتَجَابُواْ لِلَّهِ وَٱلرَّسُولِ مِنۢ بَعۡدِ مَآ أَصَابَهُمُ ٱلۡقَرۡحُۚ لِلَّذِينَ أَحۡسَنُواْ مِنۡهُمۡ وَٱتَّقَوۡاْ أَجۡرٌ عَظِيمٌ ﴿١٧٢﴾

173 (അതായത്) യാതൊരു കൂട്ടർക്ക്: അവരോട് മനുഷ്യൻമാർ പറഞ്ഞു: ''നിശ്ചയമായും, നിങ്ങളോട് (നേരിടുവാൻ ആ) മനുഷ്യർ (ആളുകളെ) ശേഖരിച്ചിട്ടുണ്ട്; ആകയാൽ,

ٱلَّذِينَ قَالَ لَهُمُ ٱلنَّاسُ إِنَّ ٱلنَّاسَ قَدۡ جَمَعُواْ لَكُمۡ فَٱخۡشَوۡهُمۡ فَزَادَهُمۡ إِيمَٰنٗا وَقَالُواْ حَسۡبُنَا

ٱللَّهُ وَنِعۡمَ ٱلۡوَكِيلُ ﴿١٧٣﴾

നിങ്ങൾ അവരെ പേടിച്ചുകൊള്ളുവിൻ.'' അപ്പോൾ, അതവർക്ക് വിശ്വാസം വർദ്ധിപ്പിച്ചു; അവർ പറയുകയും ചെയ്തു: ''നമുക്ക് അല്ലാഹു മതി! അവൻ എത്രയോ നല്ല ഭരമേൽപിക്കപ്പെടുന്നവൻ!''

فَٱنقَلَبُواْ بِنِعۡمَةٖ مِّنَ ٱللَّهِ وَفَضۡلٖ لَّمۡ يَمۡسَسۡهُمۡ سُوٓءٞ وَٱتَّبَعُواْ رِضۡوَٰنَ ٱللَّهِۗ وَٱللَّهُ ذُو فَضۡلٍ عَظِيمٍ ﴿١٧٤﴾

174 അങ്ങനെ, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹവും, ഔദാര്യവുമായി അവർ തിരിഞ്ഞു [മടങ്ങി] വന്നു. ഒരു തിൻമയും അവരെ സ്പർശിച്ചില്ല, (മാത്രമല്ല) അവർ അല്ലാഹുവിൻെറ പ്രീതിയെ പിൻപറ്റുകയും ചെയ്തു. അല്ലാഹുവാകട്ടെ, വമ്പിച്ച ഔദാര്യവാനുമാകുന്നു.

---

172 **الذين** യാതൊരുകൂട്ടർ. **استجابوا** അവർ ഉത്തരം നൽകി. **لله** അല്ലാഹുവിന്. **والرسول** റസൂലിനും. **من بعد** ശേഷമായി, പിന്നീട്. **ما أصابهم** അവർക്ക് ബാധിച്ചതിൻെറ. **القرح** മുറിവ് (പരുക്ക്). **للذين** യാതൊരുകൂട്ടർക്കുണ്ട്. **أحسنوا** നന്മ പ്രവർത്തിച്ചു. **منهم** അവരിൽനിന്ന്. **واتقوا** സൂക്ഷിക്കുകയും ചെയ്തു. **أجر** പ്രതിഫലം. **عظيم** മഹത്തായ. 173 **الذين** യാതൊരുകൂട്ടർ. **قال لهم** അവരോട് പറഞ്ഞു. **الناس** മനുഷ്യർ. **إن الناس** നിശ്ചയമായും മനുഷ്യർ. **قد جمعوا** അവർ ശേഖരിച്ചിട്ടുണ്ട്. **لكم** നിങ്ങൾക്ക്. **فاخشوهم** അതിനാൽ അവരെ പേടിക്കുവിൻ. **فزادهم** അപ്പോൾ അതവർക്ക് വർദ്ധിപ്പിച്ചു. **إيمانا** വിശ്വാസത്തെ. **وقالوا** അവർ പറയുകയും ചെയ്തു. **حسبنا** നമുക്കുമതി. **الله** അല്ലാഹു. **ونعم** അവൻ എത്രയോ നന്നു. **الوكيل** ഭരമേൽപിക്കപ്പെടുന്നവൻ. 174 **فانقلبوا** അങ്ങനെ അവർ മറിഞ്ഞു (തിരിഞ്ഞു-മടങ്ങി). **بنعمة** ഒരനുഗ്രഹവുമായി. **من الله** അല്ലാഹുവിങ്കൽ നിന്ന്. **وفضل** ഔദാര്യവും. **لم يمسسهم** അവരെ സ്പർശിച്ചില്ല. **سوء** ഒരു തിൻമയും. **واتبعوا** അവൻ പിൻപറ്റുകയും ചെയ്തു. **رضوان الله** അല്ലാഹുവിൻെറ പ്രീതിയെ. **والله** അല്ലാഹുവാകട്ടെ. **ذو فضل** ഔദാര്യമുള്ളവനാണ്. **عظيم** വമ്പിച്ച, മഹത്തായ.

യുദ്ധാരംഭത്തിൽ പരാജയം അനുഭവപ്പെട്ടുവെങ്കിലും മുസ്‌ലിംകളുടെ പക്കൽ വന്നുപോയ കൈപ്പിഴവുകൾ കാരണം വീണ്ടും തിരിച്ചടിച്ച് വമ്പിച്ച വിനകൾ വരുത്തിയശേഷം, അഹങ്കാര പൂർവ്വം വേഗം സ്ഥലംവിട്ടു പോകുകയാണ് മുശ്‌രിക്കുകൾ ചെയ്തത്. ഒരുപക്ഷെ, അവർ വീണ്ടും തിരിച്ചുവന്നു മദീനായെ ആക്രമിച്ചു നാശം വരുത്തിയേക്കുമോ എന്ന് നബി (ﷺ) ക്ക് തോന്നി. അങ്ങിനെയൊരു വാർത്ത പ്രചരിച്ചതായും പറയപ്പെടുന്നു. അതിനാൽ, പിറ്റേ ദിവസംതന്നെ ശത്രുക്കളെ പിൻതുടരുവാൻ തിരുമേനി ജനങ്ങളെ ക്ഷണിച്ചു. മുസ്‌ലിംകൾക്ക് അവരുടെ വീര്യം നശിച്ചിട്ടില്ലെന്ന് ശത്രുക്കളെ തെര്യപ്പെടുത്തുകയും, അവരിൽ ഭീതി ജനിപ്പിക്കുകയുമായിരുന്നു നബി (ﷺ) യുടെ ഉദ്ദേശ്യം. ഉഹ്ദിൽ പങ്കെടുത്തവരല്ലാതെ ആരും തന്നോടൊപ്പം വരരുതെന്നും തിരുമേനി കല്പിച്ചു. ഒരു സംഘം സഹാബികൾ ക്ഷണം സ്വീകരിച്ചു തയ്യാറായി. ഉഹ്ദിൽ പങ്കെടുത്തിരുന്നില്ലെങ്കിലും നബി (ﷺ) യുടെ പ്രത്യേകാനുമതിപ്രകാരം ജാബിറും (رضي الله عنه) അക്കൂട്ടത്തിലുണ്ടായിരുന്നതായി ഇബ്നു ഇസ്ഹാഖും (رحمه الله) മറ്റും പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ വീട്ടിൽ അദ്ദേഹത്തിൻെറ സഹോദരികളായി ഏഴു സ്ത്രീകളുണ്ടായിരുന്നു. പുരുഷൻമാരായി അദ്ദേഹവും, പിതാവ് അബ്ദുല്ലാഹിബ്നു ബുസാമും (رضي الله عنه) മാത്രമേ വീട്ടിലുള്ളു. അവരെ നോക്കുവാൻ ജാബിർ (رضي الله عنه) നെ ഏൽപിച്ചുകൊണ്ടായിരുന്നു പിതാവ് യുദ്ധത്തിന് പോയത്. അദ്ദേഹം യുദ്ധത്തിൽ രക്തസാക്ഷിയാവുകയും ചെയ്തു. താൻ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കുവാൻ കാരണമിതാണെന്നും, അതുകൊണ്ട് ഈ യാത്രയിൽ പങ്കെടുക്കുവാൻ അനുവദിക്കണമെന്നും ജാബിർ (رضي الله عنه) നബി (ﷺ) യോടപേക്ഷിച്ചു. തിരുമേനി അനുവദിക്കുകയും ചെയ്തു. നബി

(ﷺ) യും സംഘവും എട്ടു നാഴിക അകലെ സ്ഥിതി ചെയ്യുന്ന ഹംറാഉൽ അസദിലെത്തി. തിരുമേനി ഊഹിച്ചതു ശരിയായിരുന്നു. യുദ്ധത്തിൽ വിജയിച്ചതിനെത്തുടർന്ന് മദീനായിൽ കടന്ന് ആക്രമണം നടത്താതെ വേഗം മടങ്ങിയതിൽ വഴിമദ്ധ്യേവെച്ച് ശത്രുക്കൾക്ക് ഖേദം തോന്നുകയുണ്ടായി. അങ്ങനെ, പിന്നോക്കം തിരിച്ചുവരുവാൻ അവർ ഒരുങ്ങിയിരുന്നു. നബി (ﷺ) യുടെയും സംഘത്തിൻെറയും ഈ വരവ് നിമിത്തം അവർ ഭയപ്പെട്ടു. ഇന്നലെ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലാത്ത പലരും ആ സംഘത്തിലുണ്ടായിരിക്കുമെന്നും, മുസ്‌ലിംകൾക്ക് പുതിയ ശക്തിയും സ്വാധീനവും ലഭിച്ചിരിക്കുമെന്നും അവർ കരുതി. അവർ വേഗം മക്കായിലേക്ക് മടക്കയാത്ര തുടരുകയും ചെയ്തു.

ഈ സംഘത്തിൽ പങ്കെടുത്തുപോയ സഹാബികളെ പ്രശംസിച്ചുകൊണ്ടുള്ളതാണ് 172-ാം വചനം. തലേദിവസം യുദ്ധത്തിൽ ബാധിച്ച ആപത്തുകളും പരുക്കുകളും വിലവെക്കാതെയാണല്ലോ അവർ നബി (ﷺ) യുടെ ക്ഷണം സ്വീകരിച്ചത്. ചില സഹാബികൾക്ക് ഏറ്റിരുന്ന പരുക്കുകൾ നിമിത്തം ശരിക്കു നടക്കുവാൻപോലും കഴിയാതെ അന്യോന്യം താങ്ങിയും സഹായിച്ചും കൊണ്ടായിരുന്നു അവർ പോയതെന്നും ചില രിവായത്തുകളിൽ വന്നിരിക്കുന്നു. അവരുടെ മഹത്തായ അത്തരം ത്യാഗസന്നദ്ധത എല്ലാ കാലത്തുമുള്ള സത്യവിശ്വാസികൾക്കും ഒരു ഉത്തമ മാതൃകയായിത്തീരേണ്ടതിന് വേണ്ടിയാണ് അവരുടെ ഈ സ്മരണ ഖുർആനിൽ അല്ലാഹു നിലനിറുത്തിയിരിക്കുന്നത്. സഹാബികളുടെ മാതൃകാപരമായ മറ്റൊരു സംഭവത്തെപ്പറ്റിയാണ് 173-ാം വചനത്തിൽ പ്രസ്താവിക്കുന്നത് എന്നത്രെ പല ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. ആ സംഭവത്തിൻെറ ചുരുക്കം ഇപ്രകാരമാകുന്നു:-

ഉഹ്ദു യുദ്ധം കഴിഞ്ഞ് വിജയഭേരി മുഴക്കിക്കൊണ്ട് ശത്രുസൈന്യം മടങ്ങിപ്പോകുമ്പോൾ, അവരുടെ സർവ്വ സൈന്യാധിപനായ അബൂസുഫ്‌യാൻ(*) ഇനിയത്തെ കാഴ്ച അടുത്തകൊല്ലം ബദ്റിൽ വെച്ചായിരിക്കുമെന്ന് വിളിച്ചു പറയുകയും, നബി (ﷺ) അതു സമ്മതിച്ചു കൊടുക്കുകയും ചെയ്തിരുന്നു. കൊല്ലംതോറും വമ്പിച്ച ഒരു കച്ചവടമേള നടക്കാറുള്ള സ്ഥലമായിരുന്നു ബദ്ർ. നിശ്ചിതകാലം വന്നപ്പോൾ, ഖുറൈശികൾക്ക് ക്ഷാമം പിടിപെട്ടിരിക്കയായിരുന്നത് നിമിത്തം അവർക്ക് യുദ്ധ സന്നാഹം ചെയ്‌വാൻ സാധിച്ചില്ല. വാഗ്ദത്തലംഘനത്തിൻെറ അപമാനത്തിൽ നിന്ന് രക്ഷപ്പെടുവാൻ വേണ്ടി അബൂസുഫ്‌യാൻ (رضي الله عنه) ഒരു സൂത്രം പ്രയോഗിച്ചു. ഖുറൈശികൾ വമ്പിച്ച യുദ്ധ സന്നാഹം നടത്തിക്കൊണ്ടിരിക്കുന്നതായി മദീനായിൽ പ്രചാരണം നടത്തുക; അങ്ങനെ മദീനാ നിവാസികളിൽ ഭീതി ഉളവാക്കുകയും യുദ്ധത്തിന് ഒരുങ്ങാതിരിക്കത്തക്കവണ്ണം മുസ്‌ലിംകളെ അധൈര്യപ്പെടുത്തുകയും ചെയ്യുക. ഇതായിരുന്നു സൂത്രം. ഇതിനായി നുഐമുബ്നുമസ്ഊദ് എന്നൊരാളെ വമ്പിച്ച ഇനാമും നിശ്ചയിച്ചുകൊണ്ട് ശട്ടംകെട്ടി അയക്കുകയും ചെയ്തു. അപ്പോൾ..............قال لهم الناس (മനുഷ്യൻമാർ അവരോട് പറഞ്ഞു: ആ മനുഷ്യർ നിങ്ങളോട് നേരിടുവാൻ ആളുകളെ ശേഖരിച്ചിരിക്കുന്നു) എന്ന് പറഞ്ഞത് നുഐമിൻെറ നേതൃത്വത്തിൽ നടത്തിയ ഈ കള്ള പ്രചരണത്തെ ഉദ്ധേശിച്ചായിരിക്കുമെന്ന് മനസ്സിലാക്കാം. ഈ പ്രചരണത്തിൽ അബ്ദുഖൈസ് ഗോത്രക്കാരായ ഒരു യാത്രാ സംഘത്തിനും, മദീനായിലെ കപടവിശ്വാസികൾക്കും പങ്കുണ്ടായിരുന്നതായും ചില രിവായത്തുകളിൽ നിന്ന് മനസ്സിലാകുന്നു. ഏതായാലും നബി (ﷺ) യും സത്യവിശ്വാസികളും ആ കുപ്രചരണത്തിന് വില കൽപിച്ചതേയില്ല. അതെ,... ..فزادهم ايمانا وقالوا (അതവർക്ക് വിശ്വാസം വർദ്ധിപ്പിക്കുകയും, ഞങ്ങൾക്ക് അല്ലാഹു മതി!

* ഖുറൈശീ പ്രമാണികളിലെ ഒരു പ്രധാനിയായിരുന്നു അബൂസ്ഫ്‌യാൻ (റ). ഇസ്‌ലാമിനെതിരിൽ ഖുറൈശികൾ നടത്തിയ പല യുദ്ധങ്ങൾക്കും നേതൃത്വം വഹിച്ചതു അദ്ദേഹമായിരുന്നു. മക്കാവിജയകാലത്തു അദ്ദേഹം മുസ്‌ലിമായി. പിന്നീട് ഹുനൈൻ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. നബി (സ)യുടെ ശേഷം, പ്രസിദ്ധമായ യർമൂക്ക് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. അദ്ദേഹത്തിൻെറ പുത്രനാണ് അമീർ മുആവിയ: (റ)

അവൻ എത്രയോ നല്ല ഭരമേൽപിക്കപെടുന്നവൻ! എന്നു അവർ പറയുകയും ചെയ്തു.) നബി (ﷺ) യാകട്ടെ, വാക്കു പാലിക്കുക തന്നെ ചെയ്തു. അതായത്:

ആയിരത്തഞ്ഞൂറു പേരടങ്ങുന്ന ഒരു സൈന്യത്തെ നയിച്ചുകൊണ്ട് അടുത്ത കൊല്ലം ശഅ്ബാനിൽ നബി (ﷺ) ബദ്റിൽ ചെന്നിറങ്ങി. ഖുറൈശികൾ വരുകയുണ്ടായില്ല. മദീനായിൽ നടത്തപ്പെട്ട ആ പ്രചരണം ഫലപ്പെട്ടിരിക്കുമെന്ന് അബൂസുഫ്യാൻ ധരിച്ചു. എങ്കിലും, വാക്ക് പാലിച്ചെന്ന് വരുത്തിത്തീർക്കുവാൻ ഒരു സൈന്യവുമായി അബൂസുഫ്യാൻ മക്കായിൽ നിന്ന് പുറപ്പെട്ട് ഒന്നോ രണ്ടോ ദിവസത്തെ യാത്രക്ക് ശേഷം തിരിച്ചു പോകുകയും ഉണ്ടായി. ബദ്റിലെ കച്ചവടമേള നടക്കുന്ന കാലമായിരുന്നത്കൊണ്ട് മുശ്രിക്കുകളുടെ മത്സരവും ശത്രുതയും നേരിടാത്തവിധം വമ്പിച്ച കച്ചവടം നടത്തി ലാഭം നേടുവാൻ അങ്ങിനെ മുസ്ലിംകൾക്ക് അവസരം ലഭിക്കുകയും ചെയ്തു. ഈ സംഭവം 'ചെറിയ ബദ്ർ (بدر الصغري)' എന്ന പേരിൽ അറിയപ്പെടുന്നു.

മേൽ വിവരിച്ച പ്രകാരം 172-ാം വചനത്തിൽ സൂചിപ്പിച്ച സംഭവം ഹംറാഉൽ അസദ് സംഭവമാണെന്നും, 173-ാം വചനത്തിൽ സൂചിപ്പിച്ചത് ചെറിയ ബദ്ർ സംഭവമാണെന്നുമാണ് വ്യാഖ്യാതാക്കളിൽ അധികപക്ഷത്തിൻെറയും അഭിപ്രായം. ചെറിയ ബദ്ർ സംഭവമുണ്ടായത് ഒരു കൊല്ലം കഴിഞ്ഞിട്ടാണെങ്കിലും ഉഹ്ദു യുദ്ധവും അതും തമ്മിൽ ബന്ധമുള്ളതുകൊണ്ട് എല്ലാം ഒന്നിച്ച് വിവരിച്ചതാണെന്നും അവർ പറയുന്നു. ഈ രണ്ട് വചനങ്ങളും ചെറിയ ബദ്ർ സംഭവത്തെ പ്പറ്റിതന്നെയാണെന്നത്രെ ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. പക്ഷേ-ഇബ്നുജരീറും (رحمه الله) മറ്റും ചൂണ്ടിക്കാട്ടിയതുപോലെ-172-ാം വചനത്തിലെ من بعد ما اصابهم القرح (അവർക്ക് മുറിവ് പറ്റിയ ശേഷം എന്ന വാക്യം ആദ്യം പറഞ്ഞ അഭിപ്രായത്തിനാണ് ശക്തി നൽകുന്നത്. ഒരു കൊല്ലം കഴിഞ്ഞാണല്ലോ ചെറിയ ബദ്ർ സംഭവം. അപ്പോഴേക്കും തലേകൊല്ലം ഉഹ്ദിൽവെച്ച് ഏർപ്പെട്ട മുറിവുകൾ മിക്കവാറും സുഖപ്പെട്ടു കഴിഞ്ഞിരിക്കുമല്ലോ. രണ്ടു വചനങ്ങളിലെയും പരാമർശ വിഷയങ്ങൾ രണ്ടു സംഭവങ്ങളോടും ഏറെക്കുറെ യോജിപ്പുള്ളതായിക്കാണുന്നതും, രണ്ടും സംബന്ധിച്ചു വന്നിട്ടുള്ള രിവായത്തുകളിലെ പ്രസ്താവനകൾ അന്യോന്യം ഇടകലർന്നു കാണുന്നതുമായിരിക്കണം ഈ അഭിപ്രായവിത്യാസത്തിന് കാരണം. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ടാണ് അവർ മടങ്ങിയതെന്നും, അവർക്ക് യാതൊരു തിൻമയും ബാധിച്ചില്ലെന്നും മറ്റുമുള്ള 174-ാം വചനത്തിലെ പ്രസ്താവനകൾ ഈ രണ്ടഭിപ്രായത്തിനും എതിരാകുന്നില്ലതാനും. و الله اعلم

ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞതായി ബുഖാരി (رحمه الله) ഉദ്ധരിക്കുന്നു: 'حسبنا الله ونعم الوكيل (ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ അവൻ എത്രയോ നല്ലവനാണ്.) എന്ന് അഗ്നിയിൽ ഇടപ്പെട്ട അവസരത്തിൽ ഇബ്റാഹീം (عليه السلام) നബിയും,...........ان الناس قد جمعوا لكم (മനുഷ്യൻമാർ നിങ്ങളോട് നേരിടുവാൻ ആളുകളെ ശേഖരിച്ചിരിക്കുന്നു) എന്ന് ജനങ്ങൾ പറഞ്ഞപ്പോൾ മുഹമ്മദു (ﷺ) നബിയും പറയുകയുണ്ടായി.'

إِنَّمَا ذَٰلِكُمُ ٱلشَّيْطَٰنُ يُخَوِّفُ أَوْلِيَآءَهُۥ فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ﴿١٧٥﴾

175 (സത്യവിശ്വാസികളേ) നിശ്ചയമായും അത് പിശാച് തന്നെയാണ്; അവൻ തൻെറ മിത്രങ്ങളെക്കുറിച്ച് (നിങ്ങളെ) ഭയപ്പെടുത്തുകയാണ്. അതിനാൽ, അവരെ നിങ്ങൾ ഭയപ്പെടേണ്ടാ, എന്നെ ഭയപ്പെടുകയും ചെയ്യുവിൻ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

---

175 **إِنَّمَا ذَٰلِكُمُ** നിശ്ചയമായും അത് (തന്നെ-മാത്രം). **الشَّيْطَانُ** പിശാച് (തന്നെയാണ് - മാത്രമാണ്). **يُخَوِّفُ** അവൻ ഭയപ്പെടുത്തുന്നു. **أَوْلِيَاءَهُ** അവൻെറ മിത്രങ്ങളെക്കുറിച്ച്, ബന്ധുക്കളെപ്പറ്റി. **فَلَا**

تخافُوهم അതിനാൽ നിങ്ങളവരെ ഭയപ്പെടരുത്. **وخافُون** എന്നെ ഭയപ്പെടുകയും ചെയ്യുവിൻ. **إن كُنتم** നിങ്ങളാണെങ്കിൽ. **مؤمنِين** സത്യവിശ്വാസികൾ.

മദീനായെ ആക്രമിക്കുവാൻ ഖുറൈശികൾ വമ്പിച്ച സൈന്യശേഖരം നടത്തുന്നുണ്ട്, അവർ ഈ രാജ്യം നശിപ്പിച്ചേക്കും, അവരെ ഭയപ്പെട്ടുകൊള്ളണം എന്നിങ്ങനെ മുകളിൽ കണ്ടതുപോലെയുള്ള ഭീഷണികളും, കള്ള പ്രചരണങ്ങളുമൊക്കെ പിശാചിൻെറ വകയായാണ്. അവനും അവൻെറ അനുയായികളുമാണ് അതിൻെറ വക്താക്കൾ അവൻെറ ബന്ധുക്കളായ അവിശ്വാസികളെക്കുറിച്ച് നിങ്ങളിൽ ഭയം ജനിപ്പിച്ച് നിങ്ങളെ നിർവ്വീര്യരാക്കി മുതലെടുക്കുകയാണവൻെറ ലക്ഷ്യം. അത്തരം ഭീഷണിക്കൊന്നും സത്യവിശ്വാസികളായ നിങ്ങൾ വഴങ്ങരുത്. സത്യവിശ്വാസികളായ സ്ഥിതിക്ക് നിങ്ങൾ അല്ലാഹുവിനെ മാത്രമാണ് ഭയപ്പെടേണ്ടത് എന്നു സാരം.

176 (നബിയേ) അവിശ്വാസത്തിൽ (പതിക്കുവാൻ) ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നവർ നിന്നെ വ്യസനിപ്പിക്കാതെയുമിരിക്കട്ടെ. നിശ്ചയമായും അവർ, അല്ലാഹുവിനു യാതൊന്നും ഉപദ്രവം വരുത്തുകയില്ലതന്നെ. പരലോകത്തിൽ അവർക്ക് ഒരു പങ്കും ഏർപെടുത്തിക്കൊടുക്കാതിരിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. അവർക്ക് വമ്പിച്ച ശിക്ഷയുമുണ്ട്.

وَلَا يَحْزُنكَ ٱلَّذِينَ يُسَٰرِعُونَ فِى ٱلْكُفْرِ ۚ إِنَّهُمْ لَن يَضُرُّوا۟ ٱللَّهَ شَيْـًٔا ۗ يُرِيدُ ٱللَّهُ أَلَّا يَجْعَلَ لَهُمْ حَظًّا فِى ٱلْءَاخِرَةِ ۖ وَلَهُمْ عَذَابٌ عَظِيمٌ ﴿١٧٦﴾

177 നിശ്ചയമായും സത്യവിശ്വാസത്തിനു (പകരം) അവിശ്വാസം വാങ്ങിയിട്ടുള്ളവർ, അവർ അല്ലാഹുവിന്ന് യാതൊന്നും ഉപദ്രവം വരുത്തുകയേ ഇല്ല. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

إِنَّ ٱلَّذِينَ ٱشْتَرَوُا۟ ٱلْكُفْرَ بِٱلْإِيمَٰنِ لَن يَضُرُّوا۟ ٱللَّهَ شَيْـًٔا وَلَهُمْ عَذَابٌ أَلِيمٌ ﴿١٧٧﴾

178 അവിശ്വസിച്ചവർക്ക് നാം (കാല) താമസം ചെയ്തുകൊടുക്കുന്നത് അവരുടെ സ്വന്തങ്ങൾക്ക് ഗുണകരമാണെന്ന് അവർ നിശ്ചയമായും വിചാരിക്കേണ്ടാ. അവർക്ക് നാം (കാല) താമസം ചെയ്തുകൊടുക്കുന്നത് അവർക്ക് പാപം വർദ്ധിക്കുവാൻ വേണ്ടി മാത്രമാകുന്നു. അവർക്ക് അപമാനകരമായ ശിക്ഷയുമുണ്ട്.

وَلَا يَحْسَبَنَّ ٱلَّذِينَ كَفَرُوٓا۟ أَنَّمَا نُمْلِى لَهُمْ خَيْرٌ لِّأَنفُسِهِمْ ۚ إِنَّمَا نُمْلِى لَهُمْ لِيَزْدَادُوٓا۟ إِثْمًا ۚ وَلَهُمْ عَذَابٌ مُّهِينٌ ﴿١٧٨﴾

---

176 **ولا يحزنك** നിന്നെ വ്യസനിപ്പിക്കാതെയുമിരിക്കട്ടെ. **الذين** യാതൊരുകൂട്ടർ. **يسارعونَ** ധൃതികൂട്ടികൊണ്ടിരിക്കുന്നു. **في الكُفْر** അവിശ്വാസത്തിൽ. **إنهم** നിശ്ചയമായും അവർ. **لن يضروا** അവർ ഉപദ്രവം ചെയ്കയില്ല തന്നെ. **الله** അല്ലാഹുവിനെ. **شيئًا** യാതൊന്നും, ഒട്ടും. **يريد الله** അല്ലാഹു ഉദ്ദേഹിക്കുന്നു. **ألا يجعلَ** ആക്കാതെ (ഏർപ്പെടുത്താതെ) ഇരിക്കുവാൻ. **لهم حظا** അവർക്ക് ഒരു പങ്കും. **في الآخرة** പരലോകത്തിൽ. **ولهم** അവർക്കുണ്ട് (താനും). **عذَاب عظيم** വമ്പിച്ച ശിക്ഷ. 177 **إن الذين** നിശ്ചയമായും യാതൊരുവൻ. **اشتروا** അവർ വാങ്ങി വിലക്ക്. **الكُفْر** അവിശ്വാസത്തെ, കുഫ്ർ. **بِالإيمان** സത്യവിശ്വാസത്തിനു പകരം. **لن يضروا** അവർ ഉപദ്രവം ചെയ്കയില്ല തന്നെ. **الله** അല്ലാഹുവിന്. **شيئًا** യാതൊന്നും. **ولهم** അവർക്കുണ്ടു(താനും). **عذَاب أليم** വേദനയേറിയ ശിക്ഷ. 178 **ولا يحسبن** തീർച്ചയായും ഗണിക്കേണ്ട, വിചാരിക്കരുത്. **الذين كَفَروا** അവിശ്വസിച്ചവർ. **أنما نملي** നാം ഒഴിവു (താമസം) നൽകുന്നത്. **لهم** അവർക്ക്. **خير** ഉത്തമമാണ്, ഗുണകരമാണ് (എന്ന്). **لأنفُسهم** അവരുടെ സ്വന്തങ്ങൾക്ക്, ആത്മാക്കൾക്ക്. **إنما نملي** നിശ്ചയമായും നാം താമസം ചെയ്തുകൊടുക്കുന്നത് (മാത്രമാണ്). **لهم** അവർക്ക്. **ليزدادوا** അവർക്ക് വർദ്ധിക്കുവാൻ വേണ്ടി

(മാത്രമാണ്). **إِنَّمَا** പാപം, കുറ്റം. **وَلَهُمْ عَذَابٌ** അവർക്ക് ശിക്ഷയുമുണ്ട്. **مُهِينٌ** അപമാനകരമായ, നിന്ദിക്കുന്ന.

സത്യവിശ്വാസവും നേർമാർഗ്ഗവും സ്വീകരിക്കുവാൻ ആവശ്യവും പ്രേരകവുമായ ധാരാളം തെളിവുകളും ദൃഷ്ടാന്തങ്ങളും മുമ്പിലുണ്ടായിരുന്നിട്ടും അതൊന്നും വിലവെക്കാതെ, മൽസര ബുദ്ധിയോടും, ധിക്കാര മനസ്ഥിതിയോടും കൂടി സത്യ നിഷേധത്തിന്റെ മാർഗ്ഗത്തിൽതന്നെ പതിക്കുവാൻ തിരക്കുകൂട്ടുന്ന എല്ലാവർക്കും ബാധകമാണ് ഈ വചനങ്ങൾ. ഇതുപോലെയുള്ള പ്രസ്താവനകൾ ഖുർആനിൽ പലേടത്തും കാണാവുന്നതാണ്. (9:55, 85; 23:55, 56; 68:44, 45 മുതലായവ നോക്കുക.) വേണ്ടത്ര വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും ജനങ്ങൾ അവിശ്വാസത്തിൽ ശഠിച്ചു നിൽക്കുന്നത്കണ്ട് നബി (ﷺ) തിരുമേനിക്ക് വളരെ വ്യസനം ഉണ്ടായിരുന്നു. (18:6; 26:3 മുതലായവ നോക്കുക.) അങ്ങിനെ വ്യസനിക്കേണ്ടതില്ല; അവരുടെ ധിക്കാരം നിമിത്തം അല്ലാഹുവിനോ, അവന്റെ മതത്തിനോ ഒരു ദോഷവും പറ്റുവാനില്ല; അവർ ചെയ്യുന്നതൊക്കെ ചെയ്തുകൊള്ളട്ടെ എന്നുവെച്ച് അല്ലാഹു അവരെ അയച്ചുവിട്ടിരിക്കുകയാണ്: അതിന്റെ ദോഷഫലം അവർ തന്നെ അനുഭവിക്കേണ്ടിവരും. എന്നൊക്കെ അല്ലാഹു നബി (ﷺ) യെ ആശ്വസിപ്പിക്കുകയാണ്.

مَّا كَانَ ٱللَّهُ لِيَذَرَ ٱلْمُؤْمِنِينَ عَلَىٰ مَآ أَنتُمْ عَلَيْهِ حَتَّىٰ يَمِيزَ ٱلْخَبِيثَ مِنَ ٱلطَّيِّبِ ۗ وَمَا كَانَ ٱللَّهُ لِيُطْلِعَكُمْ عَلَى ٱلْغَيْبِ وَلَٰكِنَّ ٱللَّهَ يَجْتَبِى مِن رُّسُلِهِۦ مَن يَشَآءُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟ فَلَكُمْ أَجْرٌ عَظِيمٌ ﴿١٧٩﴾

179 (സത്യവിശ്വാസികളേ) നിങ്ങൾ ഏതൊരു പ്രകാരത്തിലാണോ (ഉള്ളതു) അപ്രകാരം സത്യവിശ്വാസികളെ വിട്ടേക്കുവാൻ അല്ലാഹു (വിനു ഉദ്ദേശം) ഇല്ല; നല്ല (ശുദ്ധമായ)തിൽ നിന്ന് (ചീത്തപ്പെട്ടു) ദുഷിച്ചതിനെ അവൻ വേർതിരിക്കുന്നതുവരെ. അദൃശ്യ (കാര്യ)ത്തെക്കുറിച്ച് നിങ്ങൾക്ക് വെളിവാക്കിത്തരുവാനും അല്ലാഹു(വിനു ഉദ്ദേശം) ഇല്ല; എങ്കിലും, തന്റെ ദൂതൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തിരഞ്ഞെടുക്കുന്നു. അതിനാൽ, നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചുകൊള്ളുവിൻ. നിങ്ങൾ വിശ്വസിക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിലോ, നിങ്ങൾക്ക് വമ്പിച്ച പ്രതിഫലമുണ്ടായിരിക്കും.

---

179 **مَا كَانَ اللهُ** അല്ലാഹു ആകുകയില്ല, (ഉദ്ദേശിക്കയില്ല). **لِيَذَرَ** അവൻ വിട്ടുകളയുവാൻ, ഉപേക്ഷിക്കുവാൻ. **الْمُؤْمِنِينَ** സത്യവിശ്വാസികളെ. **عَلَى مَا** യാതൊന്നിൽ, യാതൊരുപ്രകാരം. **أَنتُم عَلَيهِ** നിങ്ങൾ അതിലാണ്, അപ്രകാരമാണ്. **حَتَّى يَمِيزَ** അവൻ വേർതിരിക്കുന്നതുവരെ. **الْخَبِيثَ** ദുഷിച്ചതിനെ, ചീത്തയെ. **مِنَ الطَّيِّبِ** നല്ലതിൽനിന്ന്, ശുദ്ധമായിതിൽനിന്ന്. **وَمَا كَانَ اللهُ** അല്ലാഹു ആകുകയുമില്ല (ഉദ്ദേശിക്കയുമില്ല). **لِيُطْلِعَكُمْ** നിങ്ങൾക്ക് വെളിവാക്കിത്തരുവാൻ (കാട്ടിത്തരുവാൻ). **عَلَى الْغَيْبِ** അദൃശ്യ കാര്യത്തെപ്പറ്റി. **وَلَكِنَّ اللهَ** എങ്കിലും അല്ലാഹു. **يَجْتَبِي** അവൻ തിരഞ്ഞെടുക്കും, പ്രത്യേകമായെടുക്കും. **مِن رُسُلِهِ** അവന്റെ ദൂതൻമാരിൽനിന്ന്. **مَن يَشَاءُ** അവൻ ഉദ്ദേശിക്കുന്നവരെ. **فَآمِنُوا** അതിനാൽ നിങ്ങൾ വിശ്വസിക്കുവിൻ. **بِاللهِ** അല്ലാഹുവിൽ. **وَرُسُلِهِ** അവന്റെ റസൂലുകളിലും. **وَإِن تُؤْمِنُوا** നിങ്ങൾ വിശ്വസിക്കുന്നുവെങ്കിലോ. **وَتَتَّقُوا** നിങ്ങൾ സൂക്ഷമത പാലിക്കുകയും. **فَلَكُمْ** എന്നാൽ നിങ്ങൾക്കുണ്ട്. **أَجْرٌ عَظِيمٌ** വമ്പിച്ച പ്രതിഫലം.

യഥാര്‍ത്ഥ വിശ്വാസികളും, കപട വിശ്വാസികളും വേര്‍തിരിച്ചറിയപ്പെടാതെയുള്ള നിലപാടു മാറി ഇരു കൂട്ടരും തമ്മില്‍ ഉരുത്തിരിഞ്ഞു കാണാവുന്ന ഒരു ചുറ്റുപാടുണ്ടാകാതെ പറ്റുകയില്ല. അതുണ്ടാകുന്നതുവരെ ഉഹ്ദില്‍ ഉണ്ടായതുപോലെയുള്ള ചില പരീക്ഷണങ്ങള്‍ അല്ലാഹു നടത്തിക്കൊണ്ടിരിക്കും. ഓരോ വ്യക്തിയെ സംബന്ധിച്ചും അവന്‍റെ രഹസ്യപരസ്യങ്ങളെല്ലാം അല്ലാഹുവിന് നന്നായി അറിയാം. എന്നാലത് അദൃശ്യ കാര്യങ്ങളില്‍ പെട്ടതാണ്. അദൃശ്യ ജ്ഞാന മാകട്ടെ, അല്ലാഹുവിന് മാത്രമാണുള്ളത്. സൃഷ്ടികള്‍ക്കൊന്നും-പ്രവാചകന്‍മാര്‍ക്ക്പോലും-അത റിയുകയില്ല. ബാഹ്യവും ദൃശ്യവുമായ കാര്യങ്ങളേ സൃഷ്ടികള്‍ക്ക് അറിയുവാന്‍ കഴിയൂ. പക്ഷേ, അവന്‍റെ റസൂലുകള്‍ക്ക് അവന്‍ ചില അദൃശ്യ വിവരങ്ങള്‍ അറിയിച്ചു കൊടുത്തെന്നുവരും. അതും അവനുദ്ദേശിക്കുന്നവര്‍ക്കും, അവന്‍ ഉദ്ദേശിക്കുന്ന കാര്യങ്ങളും മാത്രമായിരിക്കും. ആ കാര്യങ്ങള്‍ ആ റസൂലുകള്‍ക്കും, അവര്‍ മുഖേന അവരുടെ അനുയായികള്‍ക്കും അറിയുവാന്‍ സാധിക്കും. അത്രയേ ഉള്ളു. ആകയാല്‍, അദൃശ്യങ്ങളെല്ലാം അറിയുന്ന അല്ലാഹുവിലും, അവന്‍റെ സന്ദേശവാഹകരായ റസൂലുകളിലും നിങ്ങള്‍ ശരിക്കും വിശ്വസിക്കേണ്ടതാവശ്യമാകുന്നു. അങ്ങനെ വിശ്വസിച്ചുകൊണ്ടും, സൂക്ഷ്മത പാലിച്ചുകൊണ്ടും വരുന്നവര്‍ക്ക് അല്ലാഹുവിങ്കല്‍ നിന്ന് വമ്പിച്ച പ്രതിഫലം ലഭിക്കുന്നതുമായിരിക്കും.

غيب (അദൃശ്യകാര്യം) എന്ന വാക്കിന്‍റെ അര്‍ത്ഥോദ്ദേശ്യങ്ങളെക്കുറിച്ച് സൂ: അല്‍ബഖറ 3-ാം വചനത്തിന്‍റെ വ്യാഖ്യാനത്തില്‍ വിവരിച്ചിട്ടുണ്ട്. അദൃശ്യ കാര്യങ്ങളുടെ അറിവ് സംബന്ധി ച്ചുള്ള പല വിശദീകരണങ്ങളും സൂ: അന്‍ആം: 50; നംല്: 65; ജിന്ന്: 26; മുതലായ വചനങ്ങളിലും അവയുടെ വ്യഖ്യാനങ്ങളിലും കാണാവുന്നതാണ്.

وَلَا تَحْسَبَنَّ ٱلَّذِينَ يَبْخَلُونَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ هُوَ خَيْرًا لَّهُم ۖ بَلْ هُوَ شَرٌّ لَّهُمْ ۖ سَيُطَوَّقُونَ مَا بَخِلُوا۟ بِهِۦ يَوْمَ ٱلْقِيَـٰمَةِ ۗ وَلِلَّهِ مِيرَٰثُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٨٠﴾

180 അല്ലാഹു അവന്‍റെ അനുഗ്രഹത്തില്‍ നിന്നും തങ്ങള്‍ക്കു നല്‍കിയിട്ടുള്ളതില്‍ ലുബ്ധത കാണിക്കുന്നവര്‍, നിശ്ചയമായും വിചാരിക്കേണ്ടാ, അതവര്‍ക്ക് ഗുണകരമാണെന്ന്. എന്നാല്‍, അത് അവര്‍ക്ക് ദോഷകരമാകുന്നു. അവര്‍ യാതൊന്നില്‍ ലുബ്ധത കാണിച്ചുവോ അതിനെ ഖിയാമത്തു നാളില്‍, അവര്‍ക്ക് കഴുത്താഭരണമാക്കപ്പെടുന്നതാണ്. അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും അനന്തരാവകാശം. അല്ലാഹു, നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മ ജ്ഞാനിയുമാകുന്നു.

---

180 **ولا يحسبن** തീര്‍ച്ചയായും വിചാരിക്കേണ്ട. **الذين يبخلونَ** ലുബ്ധത കാണിക്കുന്നവര്‍. **بما** യാതൊന്നില്‍. **آتاهم الله** അല്ലാഹു അവര്‍ക്ക് നല്‍കിയ. **من فَضله** അവന്‍റെ അനുഗ്രഹത്തില്‍ നിന്ന്, ഔദാര്യത്താല്‍. **هو خيرا** അത് ഗുണ(കര)മാണെന്ന്. **لهم** അവര്‍ക്ക്. **بلْ هو** എന്നാല്‍ അത്. **شر لهم** അവര്‍ക്ക് ദോഷമാകുന്നു. **سيطوقُونَ** അവര്‍ക്ക് വഴിയെ കഴുത്താഭരണമാക്കപ്പെടും, കണ്ഠമാലയിടപ്പെടും. **ما بخلُوا به** അവര്‍ യാതൊന്നില്‍ ലുബ്ധത കാണിച്ചുവോ അതിനെ. **يوم القيامة** ഖിയാമത്തുനാളില്‍. **ولله** അല്ലാഹുവിനാണ്. **ميراثُ** അനന്തരാവകാശം. **السماوات** ആകാശ ങ്ങളുടെ. **والأرض** ഭൂമിയുടെയും. **واللّه** അല്ലാഹുവാകട്ടെ. **بما تعملونَ** നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതി നെപ്പറ്റി. **خبير** സൂക്ഷജ്ഞാനിയാണ്.

അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തില്‍ ശരീരം കൊണ്ടുള്ള ത്യാഗത്തെക്കുറിച്ച് പലതും ഇതിന് മുമ്പ് പ്രസ്താവിച്ചു. ഈ വചനത്തില്‍ ധനം കൊണ്ടുള്ള ത്യാഗത്തെ പ്രോല്‍സാഹിപ്പിക്കുകയും, ലുബ്ധതയെക്കുറിച്ച് താക്കീത് ചെയ്യുകയും ചെയ്യുന്നു. 'അല്ലാഹു അവന്‍റെ അനുഗ്രഹത്താല്‍

നൽകിയതിൽ ലുബ്ധത കാണിക്കുക' എന്നതിന്റെ വിവക്ഷ പ്രധാനമായും ധനം ചിലവഴിക്കുന്നതിൽ പിശുക്കു പിടിക്കലാണെന്നുള്ളതിൽ സംശയമില്ല. എങ്കിലും, അല്ലാഹു നൽകിയ അറിവ്, ആരോഗ്യം മുതലായ അനുഗ്രഹങ്ങളും ആവശ്യവേളയിൽ ഉപയോഗപ്പെടുത്താതിരിക്കുന്നതും ആക്ഷേപകരമായ പിശുക്കിൽ ഉൾപ്പെട്ടതുതന്നെ. ഇബ്നു കഥീറും (ﷺ) മറ്റും സൂചിപ്പിച്ചതുപോലെ, ഈ പിശുക്കായിരിക്കും ചില സന്ദർഭങ്ങളിൽ ധനത്തിലുള്ള പിശുക്കിനേക്കാൾ ഗൗരവതരമായിത്തീരുക. അത്പോലെത്തന്നെ, സകാത്തും അല്ലാത്തതുമായ ധനപരമായ കടമകൾ നിർവ്വഹിക്കുന്നതിലും, ദാനധർമ്മാദി സൽക്കാര്യങ്ങൾ ചെയ്യുന്നതിലുമുള്ള എല്ലാതരം പിശുക്കുകളും ആക്ഷേപിക്കപ്പെട്ടതാകുന്നു. പക്ഷേ, നിർബ്ബന്ധ കാര്യങ്ങളിലുള്ള പിശുക്കുകളെല്ലാം കുറ്റകരവും ശിക്ഷക്ക് വിധേയവുമായിരിക്കും. മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം, സകാത്തുപോലെയുള്ള നിശ്ചിത കടമകൾക്ക് പുറമെ, സന്ദർഭവും അവസരവും അനുസരിച്ചും, കഴിവിന്റെ തോതനുസരിച്ചും വേറെയും ധനപരമായ കടമകൾ പലതും നിർവ്വഹിക്കപ്പെടേണ്ടതായുണ്ടുതാനും.

നല്ല മാർഗ്ഗങ്ങളിൽ ചിലവഴിക്കാതെയും, കടമകൾ കൊടുത്തു തീർക്കാതെയും കെട്ടിപ്പൂട്ടി വെക്കുന്ന സ്വത്തുക്കളെ, ഖിയാമത്തു നാളിൽ അവയുടെ ഉടമകളായ പിശുക്കൻമാർക്ക് കഴുത്താഭരണമായി അണിയിക്കപ്പെടുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. സകാത്ത് കൊടുത്ത് തീർക്കാത്ത സ്വത്തിനെ ഒരു കൂറ്റൻ സർപ്പമാക്കി ഖിയാമത്തുനാളിൽ അതിന്റെ ഉടമസ്ഥന് മാലയിട്ട് ശിക്ഷിക്കുമെന്നും (ബു.) അന്യന്റെ ഭൂമി കയ്യേറിയവന് ആ ഭൂമി ഖിയാമത്ത് നാളിൽ മാലയിടപ്പെടുമെന്നും (ബു; മു.) മറ്റും നബി (ﷺ) പ്രസ്താവിച്ചിട്ടുള്ളത് ഈ വചനത്തിന്റെ ചില വശങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളാകുന്നു. അതൊന്നും കേവലം ചില അലങ്കാര പ്രയോഗങ്ങളോ, ഉപമകളോ അല്ല. പരലോക യാഥാർത്ഥ്യങ്ങളും, ഭൗതീകാനുഭവങ്ങളും ഒരേ മാനദണ്ഡം കൊണ്ട് അളന്ന് കണക്കാക്കുന്നവർക്ക് മാത്രമേ അതൊക്കെ അലങ്കാര പ്രയോഗങ്ങളായി ഗണിക്കേണ്ടുന്ന ഗതികേട് വരുകയുള്ളു. ഓരോ കുറ്റത്തിനും പരലോകത്ത്വെച്ച് അനുഭവപ്പെടുന്ന ശിക്ഷ, ആ കുറ്റത്തോടനുയോജ്യമായ രൂപത്തിലായിരിക്കുമെന്നും, ഈ ലോകത്ത് സങ്കൽപിക്കുവാമവാൻ പോലും സാധ്യമല്ലാത്ത പല യാഥാർത്ഥ്യങ്ങളും പരലോകത്ത് സംഭവിക്കുന്നതാണെന്നും അറിയുന്നവർക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും ഇത്തരം പ്രസ്താവനകളൊക്കെ അവയുടെ സ്പഷ്ടമായ അർത്ഥത്തിൽ തന്നെ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

ധനം കൈകാര്യം ചെയ്വാനുള്ള താൽക്കാലികമായ അവകാശവും അവസരവും മനുഷ്യന് അല്ലാഹു നൽകിയിട്ടുണ്ട്. എന്നാൽ, അതിന്റെ യഥാർത്ഥ ഉടമസ്ഥൻ അല്ലാഹുവാണ്. അവസാനം സർവ്വത്തിന്റെയും സകല വിധ കൈകാര്യങ്ങളും അവനിൽ മാത്രം നിക്ഷിപ്തമായിത്തീരുന്നതുമാകുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനാനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള കൈകാര്യങ്ങൾ നടത്തുവാനേ ധനത്തിൽ മനുഷ്യന് അർഹതയുള്ളു. അല്ലാതെ, അത് കെട്ടിപ്പൂട്ടി വെക്കുവാനും, അവൻ കൽപിക്കുന്ന വിഷയത്തിൽ ചിലവഴിക്കാതിരിക്കുവാനും മനുഷ്യന്നധികാരമില്ല. ധനത്തിലെന്നപോലെ അല്ലാഹു നൽകിയ മറ്റു അനുഗ്രഹങ്ങളിലും അങ്ങിനെത്തന്നെ. അവയെല്ലാം മനുഷ്യൻ എങ്ങിനെ കൈകാര്യം ചെയ്യുന്നുവെന്നും, എന്തൊക്കെയാണവൻ പ്രവർത്തിക്കുന്നതെന്നും അല്ലാഹു സസൂക്ഷ്മം അറിഞ്ഞും വീക്ഷിച്ചും കൊണ്ടിരിക്കുന്നുമുണ്ട്. എന്നൊക്കെയാണ് അവസാനം അല്ലാഹു ഓർമ്മിപ്പിക്കുന്നത്.

വിഭാഗം-19

لَّقَدْ سَمِعَ ٱللَّهُ قَوْلَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ فَقِيرٌ وَنَحْنُ أَغْنِيَآءُ ۘ سَنَكْتُبُ مَا قَالُوا۟ وَقَتْلَهُمُ

181 ''അല്ലാഹു ദരിദ്രനും, നാം ധനികൻമാരുമാണ്'' എന്ന് പറഞ്ഞവരുടെ വാക്ക് അല്ലാഹു തീർച്ചയായും കേട്ടിട്ടുണ്ട്. അവർ(ആ) പറഞ്ഞതും, ഒരു ന്യായവും കൂടാതെ അവർ പ്രവാചകൻമാരെ കൊന്നതും നാം എഴുതി

(രേഖപ്പെടുത്തി) കൊള്ളാം. നാം (അവരോടു) പറയുകയും ചെയ്യും: ''കത്തിയെരിയുന്ന (നരക) ശിക്ഷ ആസ്വദിക്കുവിൻ.''

ٱلْأَنۢبِيَآءَ بِغَيْرِ حَقٍّ وَنَقُولُ ذُوقُوا۟ عَذَابَ ٱلْحَرِيقِ ﴿١٨١﴾

182 ''അത് നിങ്ങളുടെ കരങ്ങൾ മുൻ ചെയ്തുവെച്ചത് നിമിത്തവും, അല്ലാഹു അടിമകളോടു അനീതി ചെയ്യുന്നവനൊന്നുമല്ലെന്നുള്ളതിനാലുമാകുന്നു.''

ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ ٱللَّهَ لَيْسَ بِظَلَّامٍ لِّلْعَبِيدِ ﴿١٨٢﴾

---

181 **لَقَد سمع** തീർച്ചയായും കേട്ടിട്ടുണ്ട്. **الله** അല്ലാഹു. **قَولَ الذين قالُوا** പറഞ്ഞവരുടെ വാക്ക്. **إن الله** നിശ്ചയമായും, അല്ലാഹു. **فَقير** ദരിദ്രനാണ്. **ونحن** നാം, നാമാകട്ടെ. **أَغْنِياءُ** ധനികരുമാണ്. **سنكْتب** നാം എഴുതിക്കൊള്ളാം. **ما قَالُوا** അവർ പറഞ്ഞത്. **وقَتلهُم** അവർ കൊന്നതും. **الأَنبياءَ** പ്രവാചകൻമാരെ. **بِغيرحق** ഒരു ന്യായവും(കാര്യവും-അർഹതയും) കൂടാതെ. **ونقُولُ** നാം പറയുകയും ചെയ്യും **ذُوقُوا** ആസ്വദിക്കുവിൻ. **عذَاب الْحرِيق** കത്തി എരിയുന്ന ശിക്ഷ. 182 **ذَلكَ** അത്. **بِما قَدمت** മുൻ ചെയ്തുവെച്ചതു നിമിത്തമാണ്. **أَيديكُم** നിങ്ങളുടെ കരങ്ങൾ. **وأن الله** അല്ലാഹു (ആകുന്നു) എന്നുള്ളതും. **لَيس** അല്ല. **بِظَلامٍ** അനീതി ചെയ്യുന്നവനൊന്നും. **للْعبِيد** അടിമകളോട്.

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധനം ചിലവഴിക്കുവാൻ പ്രോൽസാഹിപ്പിച്ചുകൊണ്ട് **من ذاالذي يقرض الله قرضا حسنا** ''ആരാണ് അല്ലാഹുവിന് നല്ലതായ കടം കൊടുക്കുന്നവർ?!'' (2: 245; 57:11) എന്ന് ഖുർആനിൽ അവതരിച്ചപ്പോൾ, യഹൂദികൾ അതൊരു പരിഹാസത്തിന് ആയുധമാക്കി. 'അങ്ങിനെയാണെങ്കിൽ അല്ലാഹു ദരിദ്രനും, നാം ധനികരുമാണല്ലോ; അല്ലാഹു ദരിദ്രനായതു കൊണ്ടാണല്ലോ അവൻ കടം ചോദിക്കുന്നതും, ലാഭം കൊടുക്കാമെന്ന് പറയുന്നതും.' എന്നൊക്കെ അവർ ജൽപിച്ചുകൊണ്ടിരുന്നു. അതിനെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. ആ വാക്കുകളൊക്കെ അല്ലാഹു ശരിക്കും കേട്ടുകൊണ്ടിരിക്കുന്നുണ്ട്. അതെല്ലാം അവൻ രേഖപ്പെടുത്തി വെക്കുകയും ചെയ്യും. ഇതുപോലെയുള്ള കടുത്ത വാക്കുകൾ അല്ലാഹുവിനെക്കുറിച്ച് പറയുക മാത്രമല്ല അവർ ചെയ്തിട്ടുള്ളത്. യാതൊരു ന്യായവും കൂടാതെ അല്ലാഹുവിൻെറ പ്രവാചകൻമാരെ വധിക്കുക പോലുള്ള കടുംകൃത്യങ്ങളും ചെയ്തവരാണവർ. അതെല്ലാം അവരുടെ കർമ്മരേഖകളിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതിനൊക്കെ അവർക്ക് കണക്കുതീർത്തു ശിക്ഷ നൽകാതിരിക്കയില്ല എന്നു സാരം. നീതി മാത്രമേ അല്ലാഹു ചെയ്കയുള്ളു, കുറ്റത്തിൽ കവിഞ്ഞ ശിക്ഷ ആർക്കും നൽകുകയില്ല, അക്രമത്തിന് വിധേയരായവർക്ക് അവൻ നഷ്ടപരിഹാരം ഈടാക്കിക്കൊടുക്കുക തന്നെ ചെയ്യും. നല്ലത് പ്രവർത്തിച്ചവരുടെ പ്രതിഫലത്തിൽ അവൻ ഒരു കുറവും വരുത്തുകയില്ല, ഓരോരുത്തൻെറയും കഴിവനുസരിച്ചല്ലാതെ ആരോടും അവൻ നിർബന്ധിക്കുകയില്ല. എന്നിങ്ങിനെയുള്ള പല യാഥാർത്ഥ്യങ്ങളിലേക്കും വിരൽചൂണ്ടുന്നതാണ് **ان الله ليس بظلام للعبيد** (അല്ലാഹു അടിമകളോട് അനീതി ചെയ്യുന്നവനേയല്ല) എന്ന അവസാനത്തെ വാക്യം.

183 (ഇങ്ങിനെ) പറഞ്ഞവരാണ് (അവർ): ''അഗ്നി തിന്നു (ദഹിപ്പിക്കു) മാറുള്ള ഒരു ബലി [യാഗ] കർമ്മവുമായി ഞങ്ങളുടെ അടുക്കൽ വരുന്നതുവരെ, ഒരു റസൂലിനെയും ഞങ്ങൾ വിശ്വസിക്കരുതെന്നു നിശ്ചയമായും അല്ലാഹു ഞങ്ങൾക്ക് ആജ്ഞ നൽകിയിരിക്കുന്നു.'' (നബിയേ) പറയുക: ''എൻെറ മുമ്പ് പല റസൂലുകളും വ്യക്തമായ തെളിവുകൾ സഹിതവും നിങ്ങൾ (ഈ) പറ

ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ عَهِدَ إِلَيْنَآ أَلَّا نُؤْمِنَ لِرَسُولٍ حَتَّىٰ يَأْتِيَنَا بِقُرْبَانٍ تَأْكُلُهُ ٱلنَّارُ ۗ قُلْ قَدْ جَآءَكُمْ رُسُلٌ مِّن قَبْلِى بِٱلْبَيِّنَٰتِ وَبِٱلَّذِى قُلْتُمْ فَلِمَ قَتَلْتُمُوهُمْ إِن كُنتُمْ صَٰدِقِينَ ﴿١٨٣﴾

ഞ്ഞതു സഹിതവും നിങ്ങൾക്കു വരുകയുണ്ടായിട്ടുണ്ട്; എന്നിട്ട് എന്തിനാണ് നിങ്ങൾ അവരെ കൊലചെയ്തത്– നിങ്ങൾ സത്യവാൻമാരാണെങ്കിൽ ?!''

184 ഇനി (പിന്നെയും), അവർ നിന്നെ വ്യാജമാക്കുകയാണെങ്കിൽ (അതിൽ പരിഭവിക്കാനില്ല); കാരണം, നിനക്കു മുമ്പ് പല റസൂലുകളും വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ട്; അവർ, വ്യക്തമായ തെളിവുകളും, ഏടുകളും, വെളിച്ചം നൽകുന്ന വേദഗ്രന്ഥവും, കൊണ്ടു വന്നിരിക്കുന്നു. [എന്നിട്ടും വ്യാജമാക്കപ്പെടുകയാണ് ചെയ്തത്.]

فَإِن كَذَّبُوكَ فَقَدْ كُذِّبَ رُسُلٌ مِّن قَبْلِكَ جَآءُو بِٱلْبَيِّنَٰتِ وَٱلزُّبُرِ وَٱلْكِتَٰبِ ٱلْمُنِيرِ ﴿١٨٤﴾

---

183 الذين قالوا പറഞ്ഞവരാണ്. إن الله നിശ്ചയമായും അല്ലാഹു. عهد إلينا ഞങ്ങൾക്ക് ആജ്ഞ നൽകിയിരിക്കുന്നു. ألا نؤمن ഞങ്ങൾ വിശ്വസിക്കരുതെന്ന്, വിശ്വസിക്കാതിരിക്കുവാൻ. لرسول ഒരു റസൂലിനെയും. حتى يأتينا അദ്ദേഹം ഞങ്ങൾക്ക് (ഞങ്ങളിൽ) വരുന്നതുവരെ. بقربان ഒരു ബലി കർമ്മവുമായി, യാഗകർമ്മവുംകൊണ്ട്. تأكله അതിനെ തിന്നും . النار അഗ്നി. قُلْ പറയുക. قد جاءكم നിങ്ങൾക്ക് വന്നിട്ടുണ്ട്. رسلٌ പല റസൂലുകൾ. من قبلي എന്റെ മുമ്പ്. بالبينات തെളിവുകളുമായി. وبالذي قلتم നിങ്ങൾ പറഞ്ഞത് സഹിതവും. فلم എന്നാൽ എന്തിന്. قتلتموهم നിങ്ങളവരെ കൊന്നു. إن كنتم നിങ്ങളാണെങ്കിൽ. صادقين സത്യവാൻമാർ. 184 فإن كذبوك ഇനി അവർ നിന്നെ വ്യാജമാക്കുന്നപക്ഷം. فقد كُذّب എന്നാൽ (കാരണം) വ്യാജമാക്കപ്പെട്ടിട്ടുണ്ട്. رسلٌ പല റസൂലുകൾ. من قبلك നിന്റെ മുമ്പ്. جاءُوا അവർ വന്നിരിക്കുന്നു, വന്ന. بالبينات (വ്യക്തമായ) തെളിവുകൾകൊണ്ട് (സഹിതം). والزبر ഏടുകളും. والكتابِ ഗ്രന്ഥവും, വേദപുസ്തകവും. المنير പ്രകാശം (വെളിച്ചം) നൽകുന്നതായ.

യഹൂദികൾ കെട്ടിച്ചമച്ച ഒരു കളളവാദത്തെ ചൂണ്ടിക്കാട്ടി ആക്ഷേപിക്കുകയാണ്. ഒരു ബലികർമ്മം നടത്തുകയും അതിനെ ദിവ്യമായ അഗ്നി വന്ന് ദഹിപ്പിക്കുകയും ചെയ്തു കാണിച്ചാലല്ലാതെ, ഒരു ദൈവദൂതനെയും വിശ്വസിക്കരുതെന്നാണ് ഞങ്ങളോട് അല്ലാഹു കൽപിച്ചിരിക്കുന്നത്. അതുകൊണ്ട് അങ്ങിനെ ഒരു ബലികർമ്മം നടത്തിയല്ലാതെ ഞങ്ങൾക്ക് മുഹമ്മദിനെ വിശ്വസിക്കുവാൻ നിവൃത്തിയില്ലെന്നായിരുന്നു അവരുടെ ജൽപനം. ശരി, അങ്ങിനെയാണെങ്കിൽ, വ്യക്തമായ പല ദൃഷ്ടാന്തങ്ങളോടുകൂടിയും, നിങ്ങൾ ജല്പിക്കുന്ന അതേ ബലി ദൃഷ്ടാന്തം കാണിച്ചുകൊണ്ടും മുമ്പ് നിങ്ങളിൽ കഴിഞ്ഞുപോയ പല റസൂലുകളെയും നിങ്ങൾ വ്യാജമാക്കുകയും കൊലപ്പെടുത്തുകയും ചെയ്തിട്ടുണ്ടല്ലോ. നിങ്ങളുടെ വാദം ശരിയാണെങ്കിൽ അങ്ങിനെ ചെയ്വാൻ കാരണമെന്ത് ?! ഈ വാദം തനി കളളമാണെന്നുള്ളതിന് നിങ്ങളുടെ ചരിത്രം തന്നെ സാക്ഷിയാണല്ലോ. എന്ന് അവരോട് മറുപടി പറയുവാൻ അല്ലാഹു നബി (ﷺ) യെ ഉപദേശിക്കുന്നു. അവരുടെ ഇത്തരം വാദങ്ങളെല്ലാം തട്ടിപ്പു മാത്രമാണെന്ന് വെളിവായിട്ട് പിന്നെയും അവർ സത്യം സ്വീകരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അതിൽ പരിഭവിക്കുകയോ വ്യസനിക്കുകയോ ചെയ്യേണ്ടതില്ല. വേണ്ടത്ര തെളിവുകളും, ദൈവീകമായ രേഖകളും, സത്യാസത്യങ്ങൾ വ്യക്തമായി വിവരിക്കുന്ന വേദഗ്രന്ഥവും കൊണ്ടുവന്ന പല റസൂലുകളും ഇതിന് മുമ്പ് നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഈ നിഷേധം നടാടെയൊന്നുമുള്ളതല്ല എന്ന് നബി (ﷺ) യെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

യാഗം, ഹോമം, പ്രായശ്ചിത്തം എന്നിങ്ങിനെയുള്ള പേരുകളിൽ പല തരം ബലികർമ്മങ്ങളും ബൈബ്ളിൽ കാണാം. (ന്യായാധിപൻമാർ: 6ൽ 21; 13ൽ 20; ലേവ്യർ: 9ൽ 24 മുതലായവ

നോക്കുക.) കാള മുതലായ മൃഗങ്ങൾ, അവയുടെ അംശങ്ങൾ, ധാന്യം മുതലായ ഭോജ്യ വസ്തുക്കൾ ഇവയൊക്കെ അതിനായി ഉപയോഗിക്കപ്പെടുമായിരുന്നു. മിക്കവാറും അവയെല്ലാം നിശ്ചിതവിധികൾക്കനുസരിച്ച് യാഗപീഠങ്ങളിൽവെച്ച് തീയിട്ട് ദഹിപ്പിക്കപ്പെടുകയായിരുന്നു പതിവ്. ചില ഖുർആൻ വ്യഖ്യാതാക്കളും ബൈബിളും ചൂണ്ടിക്കാട്ടുന്നതുപോലെ, അദൃശ്യമായ ദിവ്യാഗ്നി വന്ന് യാഗവസ്തുക്കളെ നശിപ്പിക്കുന്ന ചില തരം ബലികർമ്മങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.(*) ഇങ്ങിനെയുള്ള യാഗകർമ്മങ്ങളിൽ പലതും പ്രവാചകൻമാരുടെ കൈക്ക് വെളിപ്പെടുന്ന 'മുഅ്ജിസത്ത്' (അമാനുഷിക സംഭവം) കളായി ഗണിക്കപ്പെടാറുണ്ടെങ്കിലും ഒരു പ്രവാചകൻെറ പ്രവാചകത്വത്തെയോ, ദിവ്യദൗത്യത്തെയോ സ്ഥാപിക്കുന്നതിനുള്ള ഉപാധിയായി അത് ബൈബ്ളിൽ പ്രസ്താവിക്കുന്നില്ല. അപ്പോൾ, യഹൂദികളുടെ പ്രസ്തുത വാദം കള്ളമാണെന്ന് ബൈബ്ളിൽ നിന്നു തന്നെതെളിയുന്നു. എന്നാലും അല്ലാഹു പ്രസ്താവിച്ചതുപോലെ, ഒരു പ്രവാചകൻ നടത്തിയ യാഗകർമ്മം ദിവ്യാഗ്നികൊണ്ട് ദഹിപ്പിക്കപ്പെടുകയെന്ന ആ ദൃഷ്ടാന്തം കണ്ടിട്ട് പിന്നെയും ആ പ്രവാചകനെ നിഷേധിക്കുകയും കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തതിനും ബൈബ്ളിൽതന്നെ ഉദാഹരണം കാണാം. അല്ലാഹുവിൻെറ പ്രസ്താവനക്ക് ബൈബ്ളിൻെറ സാക്ഷ്യം ആവശ്യമില്ല. എന്നാലും യഹൂദികളുടെ വാദം പൊള്ളയാണെന്ന് വേദക്കാരുടെ കൈവശമുള്ള അവരുടെ വേദഗ്രന്ഥം തന്നെ സാക്ഷ്യം വഹിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ അത് ഉതകുമല്ലോ. അതിൻെറ ചുരുക്കം ഇതാണ്:-

'ഇസ്രായേലിലെ രാജാവായ ആഹാബ് ഏലിയാവിനോട് (ഇൽയാസ് നബിയോട്) ചോദിച്ചു: നീ ഇസ്രാഈലിനെ കഷ്ടപ്പെടുത്തുന്നവനോ? ഞാനല്ല, നീയും നിൻെറ പിതൃഭവനവുമാണ്. നിങ്ങൾ യഹോവയെ (അല്ലാഹുവിനെ) ഉപേക്ഷിച്ച് ബാൽ (بعل) വിഗ്രഹങ്ങളെ സേവിക്കുന്നത് കൊണ്ടാണത് എന്ന് ഏലിയാവ് ഉത്തരം പറഞ്ഞു..........അങ്ങനെ, അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം ബാൽ വിഗ്രഹങ്ങളെ സേവിക്കുന്ന (കള്ള) പ്രവാചകൻമാരെയും, ഇസ്റാഈല്യരെ ഒക്കെയും കർമ്മേൽ പർവ്വതത്തിൽ ഒരുമിച്ചുകൂട്ടി. അദ്ദേഹം പറഞ്ഞു: നിങ്ങൾ എത്രത്തോളം രണ്ടുതോണിയിൽ കാൽ വെക്കും? യഹോവയാണ് ദൈവമെങ്കിൽ അവനെ അനുഗമിക്കുവിൻ, ബാൽ ആണ് ദൈവമെങ്കിൽ അവനെ അനുഗമിക്കുവീൻ.........യഹോവയുടെ പ്രവാചകനായി ഞാൻ ഒരുവൻ മാത്രം. ബാലിൻെറ പ്രവാചകൻമാരോ നാനൂറ്റിഅമ്പതും. ആഹാബു രണ്ടു കാള കൊണ്ട് വരട്ടെ ഒരു കാളയെ അവരും, ഒരു കാളയെഞാനും ഖണ്ഡം ഖണ്ഡമാക്കി വിറകിൻമേൽ വെക്കുക. നിങ്ങളുടെ ദൈവത്തിൻെറ നാമത്തിൽ നിങ്ങളും, യഹോവയുടെ നാമത്തിൽ ഞാനും വിളിച്ചപേക്ഷിക്കുക. അങ്ങനെ തീകൊണ്ട് ഉത്തരം അരുളുന്ന ദൈവം തന്നെ ദൈവമെന്ന് വെക്കുക. ആദ്യം ബാലയുടെ പ്രവാചകൻമാർ അവരുടെ കാളയെ ഒരുക്കി ബാലയെ വിളിച്ചപേക്ഷിച്ചു. ഉത്തരമുണ്ടായില്ല. ഏലിയാവ് അവരെ പരിഹസിച്ചു. അനന്തരം ഏലിയാവിൻെറ കാളയെ യാഗപീഠത്തിൽ ഒരുക്കിവെച്ച് യഹോവയെ വിളിച്ചപേക്ഷിച്ചു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വെള്ളവും വറ്റി. ജനങ്ങൾ അതുകണ്ടു. ബാലിൻെറ പ്രവാചകൻമാരെ അവർ വെട്ടികൊന്നു. പക്ഷെ, പിന്നീട് ബാലിൻെറ ആരാധകയായിരുന്ന ഈസബെൽ രാജ്ഞിയുടെ ആവശ്യപ്രകാരം ഏലിയാവിനെ കൊലപ്പെടുത്തുവാൻ ആഹാബി രാജാവ് ശ്രമങ്ങൾ നടത്തി. അതിൽ നിന്ന് രക്ഷപ്പെടുവാൻവേണ്ടി ഏലിയാവ് സ്ഥലം വിട്ടു. ദെമ്മെശേക്കി (ദിമശ്ഖ്) ൻെറ ഭാഗത്തേക്ക് പോയിക്കൊള്ളുവാൻ യഹോവയുടെ കൽപനയുണ്ടാവുകയും ചെയ്തു. (1. രാജാക്കൾ: അ: 18, 19) ആഹാബ് ഒരു ഇസ്രാഈൽ രാജാവും, യഹോവയിൽ

* ദിവ്യാഗ്നി വന്നു ദഹിപ്പിക്കുകയെന്നതു തങ്ങളുടെ യുക്തിക്കും ശാസ്ത്രത്തിനും മനസ്സിലാക്കുവാൻ കഴിയാത്തതു കൊണ്ടായിരിക്കാം ചില ആധുനിക വ്യാഖ്യാതാക്കൾ ഇവിടെ ജനങ്ങൾ തീയിട്ടു ദഹിപ്പിക്കുന്ന സമ്പ്രദായം മാത്രം പ്രസ്താവിച്ചു കാണുന്നതു.

വിശ്വസിക്കുന്നവനുമായിരുന്നു. എന്നിട്ടും അവൻ വിഗ്രഹാരാധകനായിരുന്ന ഭാര്യയുടെ ഇഷ്ടം സമ്പാദിക്കുവാൻ വേണ്ടിയാണ് ഇൽയാസ് (عليه السلام)നെ കൊലപ്പെടുത്തുവാൻ ശ്രമം നടത്തിയത്. (*)

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ ٱلْقِيَـٰمَةِ ۖ فَمَن زُحْزِحَ عَنِ ٱلنَّارِ وَأُدْخِلَ ٱلْجَنَّةَ فَقَدْ فَازَ ۗ وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَـٰعُ ٱلْغُرُورِ ﴿١٨٥﴾

185 എല്ലാ ദേഹവും [ആളും] മരണത്തെ രുചിനോക്കുന്നതാകുന്നു. നിങ്ങളുടെ കൂലി [കർമ്മഫലം]കൾ ഖിയാമത്തു നാളിലേ നിങ്ങൾക്കു നിറവേറ്റിത്തരപ്പെടുകയുള്ളു. അപ്പോൾ, ആർ നരകത്തിൽ നിന്ന് അകറ്റപ്പെടുകയും, സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തുവോ അവൻ ഭാഗ്യം പ്രാപിച്ചു. ഐഹിക ജീവിതം വഞ്ചനയുടെ വിഭവം [കൃത്രിമ സാമാനം] അല്ലാതെ (മറ്റൊന്നും) അല്ല.

۞ لَتُبْلَوُنَّ فِىٓ أَمْوَٰلِكُمْ وَأَنفُسِكُمْ وَلَتَسْمَعُنَّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ مِن قَبْلِكُمْ وَمِنَ ٱلَّذِينَ أَشْرَكُوٓا۟ أَذًى كَثِيرًا ۚ وَإِن تَصْبِرُوا۟ وَتَتَّقُوا۟ فَإِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ ﴿١٨٦﴾

186 നിങ്ങളുടെ സ്വത്തുക്കളിലും, നിങ്ങളുടെ ദേഹങ്ങളിലും നിങ്ങൾ നിശ്ചയമായും പരീക്ഷണം ചെയ്യപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നും, 'ശിർക്ക്' [ബഹുദൈവ വിശ്വാസം] സ്വീകരിച്ചവരിൽ നിന്നും നിങ്ങൾ ധാരാളം പീഡനം [പീഡന വാക്കുകൾ] കേൾക്കുകയും തന്നെ ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ, നിശ്ചയമായും അത് (ഒഴിച്ചുകൂടാത്ത) ദൃഢകാര്യങ്ങളിൽ പെട്ടതാകുന്നു.

---

185 **كُلّ نفْسٍ** എല്ലാ ദേഹവും, ആളും. **ذَائقَةُ** രുചി നോക്കുന്നതാണ്. **الموت** മരണത്തെ. **وإنما توفونَ** നിങ്ങൾക്ക് നിറവേറ്റി (പൂർത്തിയാക്കി) തരപ്പെടുകയുള്ളു. **أجوركم** നിങ്ങളുടെ പ്രതിഫലങ്ങൾ. **يوم الْقيامة** ഖിയമാത്തു നാളിൽ (മാത്രം). **فَمن** അപ്പോൾ ആർ. **زحزح** അവൻ അകറ്റപ്പെട്ടു. **عن النار** നരകത്തിൽനിന്ന്. **وأدخلَ** അവൻ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. **الْجنةَ** സ്വർഗ്ഗത്തിൽ. **فَقَد فَاز** എന്നാൽ തീർച്ചയായും അവർ ഭാഗ്യം പ്രാപിച്ചു. **وما الْحياةُ** ജീവിതമല്ല. **الدنيا** ഐഹിക. **إلا متاع** വിഭവം (സാമനം) അല്ലാതെ . **الْغرور** വഞ്ചനയുടെ, കൃത്രിമത്തിന്റെ. 186 **لتبلونَ** നിശ്ചയമായും നിങ്ങൾ പരീക്ഷിക്കപ്പെടും. **في أموالكُم** നിങ്ങളുടെ സ്വത്തുക്കളിൽ. **وأنفُسِكُم** നിങ്ങളുടെ ദേഹ (സ്വന്ത)ങ്ങളിലും. **ولَتسمعن** നിങ്ങൾ കേൾക്കുക തന്നെ ചെയ്യും. **من الذين** യാതൊരു കൂട്ടരിൽനിന്നും. **أوتوا الْكتاب** വേദഗ്രന്ഥം നൽകപ്പെട്ട. **من قَبلكُم** നിങ്ങളുടെ മുമ്പ്. **ومن الذين** യാതൊരു കൂട്ടരിൽനിന്നും. **أشركُوا** ബഹുദൈവവിശ്വാസം സ്വീകരിച്ച. **أذًى** പീഡനം, സൈ്വരക്കേട്, ഉപദ്രവം. **كَثيرا** വളരെ ധാരാളം. **وإن تصبروا** നിങ്ങൾ ക്ഷമിക്കുന്നപക്ഷം. **وتتقُوا** നിങ്ങൾ സൂക്ഷിക്കുകയും.

---

* വേദപുസ്തക നിഘണ്ടുവിൽ പറയുന്നു:-ഏകദേശം ക്രി. മു. 875-853വരെ രാജ്യം ഭരിച്ച യിസ്രായേൽ രാജാവായ ആഹാബു ഈസബേലിനെ വിവാഹം ചെയ്തു.....ഇവൻ സമർത്ഥനം ധീരനുമായിരുന്നു. എങ്കിലും ഭാര്യയായ ഈസബേൽ ബാലിനെ വന്ദിച്ചതുകൊണ്ടും, അവൾ അവനെക്കൂടെ അതിന്നു അനുകൂലിയാക്കിയതുകൊണ്ടും ജനങ്ങൾക്ക് വളരെ നഷ്ടം ഭവിച്ചു. തൻനിമിത്തം യഹോവയുടെ മതത്തിന്നും ബാലിന്റെ മതത്തിന്നും തമ്മിൽ ശത്രുതയുണ്ടായി. ബാലിന്റെ പക്ഷത്തിൽ ഈസബേലും, ആ ഹാബിന്റെ കൂട്ടുകാരും, യഹോവയുടെ പക്ഷത്തിൽ ഏലിയാ പ്രവാചകനും ചില ഭക്തൻമാരുമായിരുന്നു.'

فَإِنَّ ذَٰلِكَ എന്നാൽ നിശ്ചയമായും അത്. **مِنْ عَزْمِ الْأُمُورِ** ദൃഢ (ഉറച്ച-ധീര-ഒഴിച്ചുകൂടാത്തെ) കാര്യങ്ങളിൽ പെട്ടതാണ്.

സജ്ജനങ്ങൾക്ക് സന്തോഷ വാർത്തയും, ദുർജ്ജനങ്ങൾക്ക് വമ്പിച്ച താക്കീതും ഉൾക്കൊള്ളുന്ന രണ്ടു വചനങ്ങളാണിത്. എല്ലാവരും മരണം ആസ്വദിക്കുന്നവരാണ്. ആർക്കും അതിൽ നിന്നൊഴിവില്ല. എല്ലാവരുടെയും കർമ്മഫലങ്ങൾ കണക്ക് തീർത്തു കൊടുക്കപ്പെടുന്നത് ഖിയാമത്ത്നാളിൽ മാത്രമായിരിക്കും. സജ്ജനങ്ങൾക്ക് സ്വർഗ്ഗവും, ദുർജ്ജനങ്ങൾക്ക് നരകവുമായിരിക്കും ലഭിക്കുക. മൂന്നാമതൊരു സ്ഥാനം ലഭിക്കുവാനില്ല. നരകത്തിൽനിന്ന് ഒഴിവായിക്കിട്ടുകയും, സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുകയും ചെയ്താൽ അതിൽപരം സൗഭാഗ്യം മറ്റൊന്നില്ല. മറിച്ചാണ് ലഭിച്ചതെങ്കിൽ അതിൽപരം ദൗർഭാഗ്യവും വേറെയില്ല. അപ്പോൾ, സജ്ജനങ്ങൾ ഈ ലോകത്ത്വെച്ച് എന്തെല്ലാം കഷ്ടനഷ്ടങ്ങൾക്കും പരീക്ഷണങ്ങൾക്കും വിധേയരായിരുന്നാലും അതെല്ലാം ആ മഹാഭാഗ്യത്തിലേക്കുള്ള വഴിസുഗമമാക്കുന്നവ മാത്രമായിരിക്കും. നേരെമറിച്ച് ദുർജ്ജനങ്ങൾക്ക് ഇവിടെവെച്ച് എത്ര തന്നെ സുഖസൗകര്യങ്ങൾ ലഭിച്ചിരുന്നാലും അത് നരകത്തിലേക്കുള്ള മാർഗ്ഗം തെളിയിക്കുന്നവയുമായിരിക്കും. അഥവാ, ഈ ജീവിതത്തിലെ സുഖദുഃഖങ്ങൾ സാക്ഷാൽ ഭാഗ്യനിർഭാഗ്യങ്ങളുടെ മാനദണ്ഡങ്ങളല്ല. ഐഹിക ജീവിതം ആകെപ്പാടെ നോക്കിയാൽ കൃത്രിമ വിഭവങ്ങളുടെ സമുച്ചയമാകുന്നു. ഒന്നും ശാശ്വതമല്ല. നല്ലതെന്ന് തോന്നിക്കുന്നത് പലതും യഥാർത്ഥത്തിൽ ദോഷകരമായിരിക്കും. മറിച്ചും ഉണ്ടായിരിക്കും. അതുകൊണ്ട് ആരും അതിൽ വഞ്ചിതരാകരുത്. സത്യവിശ്വാസികൾ അല്ലാഹുവിൻെറ ഇഷ്ടത്തിന് പാത്രമാകുന്നവരാണെന്ന്വെച്ച് അവർക്ക് ഈ ജീവിതത്തിൽ വിഷമങ്ങളൊന്നും അനുഭവിക്കേണ്ടി വരികയില്ലെന്ന് ധരിച്ചുകൂടാ. അവരുടെ സ്വന്തം ദേഹങ്ങളിലും സ്വത്തുക്കളിലുമെല്ലാം തന്നെ അവർ പല പരീക്ഷണത്തിനും വിധേയരാകുകതന്നെ ചെയ്തേക്കും. വേദക്കാരെന്നോ മറ്റോ ഉള്ള വ്യത്യാസം കൂടാതെ എല്ലാതരം അവിശ്വാസികളിൽ നിന്നും പലതരം ഉപദ്രവവും സ്വൈര്യക്കേടും അവർ നേരിടേണ്ടി വരുകയും ചെയ്യും. അതിലൊക്കെ ക്ഷമ കൈക്കൊള്ളുകയും, അല്ലാഹുവിൻെറ നിയമ നിർദ്ദേശങ്ങൾ ലംഘിക്കാതെ സൂക്ഷ്മത പാലിച്ചു പോരുകയുമാണവർ ചെയ്യേണ്ടത്. അതാകട്ടെ, കേവലം നിസ്സാരമായ ഒരു വിഷയുവുമല്ല. ഗൗരവപ്പെട്ടതും അനുപേക്ഷണീയമായതുമാകുന്നു എന്നൊക്കെയാണ് ഈ വചനങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങൾ.

മഴയില്ലായ്മ, വെള്ളപ്പൊക്കം, വിളനാശം, ഉൽപാദനക്കുറവ്, വരവിൽ കവിഞ്ഞ ചിലവിൻെറ ആവശ്യകത, വ്യപാരനഷ്ടം ആദിയായവയെല്ലാം സ്വത്തുക്കളിൽ നേരിടുന്ന പരീക്ഷണങ്ങളാകുന്നു. യുദ്ധം, ശത്രുക്കളുടെ അക്രമം, രോഗം, ബന്ധനം, മരണം, മുറിവ്, ഭയം, വ്യസനം പോലെയുള്ളവ ദേഹങ്ങളിലുള്ള പരീക്ഷണങ്ങളുമത്രെ. വേദക്കാരിൽ നിന്നും, മുശ്‌രിക്കുകളിൽ നിന്നും, പീഡനങ്ങൾ കേൾക്കേണ്ടി വരികയെന്നത് പലതരത്തിലുമാവാം. ഇസ്‌ലാമിനെയോ, നബി (ﷺ) യെയോ, മുസ്‌ലിംകളെയോ, ഖുർആനെയോ, മത ചിഹ്നങ്ങളെയോ ധാർമ്മിക മൂല്യങ്ങളെയോ, ശരീഅത്തു നിയമങ്ങളെയോ ബാധിക്കുന്ന എല്ലാ ആക്ഷേപങ്ങളും, പരിഹാസങ്ങളും, ഭീഷണികളും, എതിർ പ്രചാരണങ്ങളുമൊക്കെ അതിൽ ഉൾപ്പെടും. ഇബ്നുകഥീർ (رحمه الله) ചൂണ്ടിക്കാട്ടിശസലയതുപോലെ, മതപ്രബോധനം, സത്യപ്രചരണം, അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള സമരം ആദിയായ തുറകളിൽ ഏർപ്പെടുന്നവർക്ക് പല പ്രതികൂല സാഹചര്യങ്ങളെയും, എതിർശക്തികളെയും നേരിടേണ്ടി വരുന്നത് സ്വാഭാവികമാണ്. അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ക്ഷമയും സൂക്ഷമതയും പാലിക്കൽ തന്നെയാണ് അതിനും പ്രധാന പ്രതിവിധിയായുള്ളത്. **والله الموفق**

وَإِذْ أَخَذَ ٱللَّهُ مِيثَٰقَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ

187 വേദഗ്രന്ഥം നൽകപ്പെട്ടവരുടെ ഉറപ്പ് അല്ലാഹു (അവരിൽ നിന്നു) വാങ്ങിയ സന്ദർഭം (ഓർക്കുക): നിശ്ചയമായും, നിങ്ങൾ അത്

[വേദഗ്രന്ഥം] മനുഷ്യർക്ക് വിവരിച്ചു കൊടുക്കുകയും, അതു മൂടിവെക്കാതിരിക്കുകയും, ചെയ്യുമെന്ന്. എന്നിട്ട്, അവരതിനെ തങ്ങളുടെ പിൻപുറത്തേക്ക് ഇട്ടുകളഞ്ഞു; അതിനു (പകരം) തുച്ഛമായ വില വാങ്ങുകയും ചെയ്തു. അപ്പോൾ, അവർ വാങ്ങിക്കൊണ്ടിരുന്നത് എത്രയോ ചീത്ത!

لَتُبَيِّنُنَّهُۥ لِلنَّاسِ وَلَا تَكْتُمُونَهُۥ فَنَبَذُوهُ وَرَآءَ ظُهُورِهِمْ وَٱشْتَرَوْا۟ بِهِۦ ثَمَنًا قَلِيلًا ۖ فَبِئْسَ مَا يَشْتَرُونَ ﴿١٨٧﴾

188 തങ്ങൾ കൊണ്ടുവന്ന (ചെയ്ത)തിനെപ്പറ്റി സന്തോഷം കൊള്ളുകയും, തങ്ങൾ ചെയ്തിട്ടില്ലാത്തതിനെപ്പറ്റി തങ്ങൾ സ്തുതിക്കപ്പെടുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നവരെ തീർച്ചയായും നീ വിചാരിക്കേണ്ടാ, (അതെ) അവർ ശിക്ഷയിൽ നിന്ന് (രക്ഷപ്പെട്ട്) ഭാഗ്യത്തിലാണെന്ന് തീർച്ചയായും നീ വിചാരിക്കേണ്ട. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടുതാനും.

لَا تَحْسَبَنَّ ٱلَّذِينَ يَفْرَحُونَ بِمَآ أَتَوا۟ وَّيُحِبُّونَ أَن يُحْمَدُوا۟ بِمَا لَمْ يَفْعَلُوا۟ فَلَا تَحْسَبَنَّهُم بِمَفَازَةٍ مِّنَ ٱلْعَذَابِ ۖ وَلَهُمْ عَذَابٌ أَلِيمٌ ﴿١٨٨﴾

189 അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം. അല്ലാഹു എല്ലാ കാര്യത്തിനും, കഴിവുള്ളവനുമാകുന്നു.

وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٨٩﴾

---

187 **وإذْ أخذ** വാങ്ങിയ സന്ദർഭം. **اللهُ** അല്ലാഹു. **ميثاق الذين** യാതൊരു കൂട്ടരുടെ ഉറപ്പ് (കരാറ്). **أوتوا الكتاب** വേദഗ്രന്ഥം നൽകപ്പെട്ട. **لتبيننه** തീർച്ചയായും നിങ്ങളതിനെ വിവരിച്ചു കൊടുക്കും. **للناس** ജനങ്ങൾക്ക്. **ولا تكتمونه** നിങ്ങളതിനെ മറച്ചുവെക്കാതെയുമിരിക്കും. **فنبذوه** എന്നിട്ട് അവരതിനെ ഇട്ടു, എറിഞ്ഞു. **وراءَ ظهورهم** അവരുടെ മുതുകുകളുടെ പിന്നിൽ, പിൻപുറത്തേക്കു. **واشتروا** അവർ വാങ്ങുകയും ചെയ്തു. **به** അതിന് (പകരം). **ثمنا** വില. **قليلاً** തുച്ഛമായ. **فبئس** അപ്പോൾ, എത്രയൊ ചീത്ത. **ما يشترونَ** അവർ വാങ്ങിക്കൊിരുന്നത്. 188 **لا تحسبن** തീർച്ചയായും നീ വിചാരിക്കേ. **الذين** യാതൊരു കൂട്ടരെ. **يفرحونَ** അവർ സന്തോഷം കൊള്ളും, ആഹ്ളാദിക്കുന്നു. **بما آتوا** അവർ കൊുവന്ന (ചെയ്ത-കാട്ടിയ)തിനെപ്പറ്റി. **ويحبونَ** അവർ ഇഷ്ടപ്പെടുകയും ചെയ്യുന്നു. **أن يحمدوا** അവർ സ്തുതിക്കപ്പെടുവാൻ. **بما لم يفعلوا** അവർ ചെയ്യാത്തതിനെപ്പറ്റി. **فلا تحسبنهم** എന്നാൽ (അതായത്) നീ അവരെ വിചാരിക്കേ. **بمفازة** ഭാഗ്യത്തിലാണെന്നു, രക്ഷയിലാണെന്നു. **من العذابِ** ശിക്ഷയിൽ നിന്ന്. **ولهم** അവർക്കുുതാനും. **عذاب أليم** വേദനയേറിയ ശിക്ഷ. 189 **ولله** അല്ലാഹുവിനാണ്. **ملك** രാജാധിപത്യം. **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടെയും. **والله** അല്ലാഹുവാകട്ടെ. **على كل شيءٍ** എല്ലാ കാര്യത്തിനും. **قدير** കഴിയുള്ളവനാകുന്നു.

വേദഗ്രന്ഥത്തിൻെറ ഉള്ളടക്കങ്ങളൊന്നും മൂടിവെക്കാതെ യഥാരൂപത്തിൽ ജനങ്ങൾക്ക് വിവരിച്ചു കൊടുക്കുവാൻ വേദക്കാർ പൊതുവിലും, അവരിലെ പണ്ഡിതൻമാർ പ്രത്യേകിച്ചും ബാധ്യസ്ഥരാണ്. അവരുടെ പ്രവാചകൻമാർ മുഖേന അതവരെ ചുമതലപ്പെടുത്തുകയും, അവരത് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. അതാണ് അവരുടെ ഉറപ്പ്-കരാർ-അല്ലാഹു മേടിച്ചു എന്നു പറഞ്ഞത്. ഈ കരാർ അവർ പാലിച്ചില്ല. വേദഗ്രന്ഥം തന്നെ പുറംതള്ളിക്കളയുകയാണവർ ചെയ്തത്.(*) അതിൻെറ പല ഭാഗങ്ങളും-വിശേഷിച്ച് നബി (ﷺ) യുടെ പ്രവാചകത്വത്തെ

* ക്രി. മു. 639-608ൽ ഭരിച്ച യോശീയാവു എന്ന യഹൂദ രാജാവിൻെറ വാഴ്ച കാലത്തു യരുശലേമി (ബൈത്തുൽ മുഖദ്ദസി)ലെ മഹാ പുരോഹിതനായ തിൽകീയാവു അവിടെ തൗറാത്തിൻെറ പ്രതി കണ്ടെത്തിയെന്നും, നമുക്കു വേണ്ടി എഴുതപ്പെട്ട ഈ ഗ്രന്ഥത്തിലെ വാക്യങ്ങൾ നമ്മുടെ പിതാക്കൻമാർ

സ്ഥിരീകരിക്കുന്നതും, തങ്ങളുടെ മാമൂലാചാരങ്ങൾക്ക് നിരക്കാത്തതും-അവർ വിട്ടുകളഞ്ഞു. അഥവാ പുറത്തു പറയാതെയും, അന്യഥാ വ്യാഖ്യാനിച്ചും, മാറ്റി മറിച്ചും യഥാർത്ഥം മൂടിവെച്ചുകളഞ്ഞു. ഐഹികമായ കാര്യലാഭങ്ങളും സ്വാർത്ഥമോഹങ്ങളും മാത്രമാണ് ഇതിന് അവരെ പ്രേരിപ്പിച്ചതും. അങ്ങനെ, തങ്ങളുടെ ശാശ്വതമായ രക്ഷക്കും മോക്ഷത്തിനുമുള്ള മാർഗ്ഗങ്ങൾ അവർ കൊട്ടി അടക്കുകയും, പകരം താൽകാലികവും നശ്വരവുമായ തുച്ഛം നേട്ടങ്ങൾ കൊണ്ട് തൃപ്തി അടയുകയും ചെയ്തു. ഈ കച്ചവടവും, അതിൽ നിന്നുള്ള ലഭ്യവും അങ്ങേഅറ്റം മോശപ്പെട്ടതുതന്നെ! എന്നിങ്ങിനെയാണ് ആദ്യത്തെ വചനത്തിൻെറ സാരം.

വേദഗ്രന്ഥത്തിൻെറ അദ്ധ്യാപനങ്ങൾ യഥാരൂപത്തിൽ ജനങ്ങൾക്ക് വിവരിച്ചുഘാമകൊടുക്കുവാൻ വേദക്കാർ കൽപിക്കപ്പെട്ടിരുന്നതിനുള്ള തെളിവുകൾ ബൈബിളിൻെറ വാക്യങ്ങളിൽ തന്നെ കാണാം. മൂസാ (عليه السلام) എല്ലാ ഇസ്റാഈല്യരോടും വിളിച്ചു പറഞ്ഞ ഉപദേശങ്ങളും നിയമങ്ങളും വിവരിക്കുന്ന മദ്ധ്യെ ആവർത്തന പുസ്തകത്തിൽ പറയുന്നു: ‘‘........യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിൻെറ (യിസ്രായേലിൻെറ) ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം. ഇന്ന് ഞാൻ നിന്നോട് കൽപിക്കുന്ന വചനങ്ങൾ നിൻെറ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിൻെറ മക്കൾക്ക് ഉപദേശിച്ചു കൊടുക്കുകയും, നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം......’’ (ആവ; 6 ൽ 4-7) നിയമപെട്ടകം ചുമക്കുന്നലേവ്യരായ പുരോഹിതൻമാരെയും ഇസ്രായീൽ മൂപ്പൻമാരെയും തൗറാത്തിൻെറ പകർപ്പ് ഏൽപിച്ചുകൊണ്ടു മൂസാ (عليه السلام) ചെയ്ത ഒസ്യത്തിൻെറ ആദ്യ ഭാഗത്തിൻെറ ചുരുക്കം ഇതാണ്: ‘‘ഏഴേഴു ദിവസം കൂടുമ്പോൾ കൂടാരപ്പെരുന്നാളിൽ എല്ലാ ഇസ്രഈല്യരും വരുമ്പോൾ ഈ ന്യായപ്രമാണം (തൗറാത്തു) എല്ലാവരും കേൾക്കെ വായിക്കണം. പുരുഷൻമാരും, സ്ത്രീകളും, കുട്ടികളും, പരദേശിയും കേട്ടു പഠിച്ചു യഹോവയെ ഭയപ്പെട്ട് ഇതിലെ വചനങ്ങൾ പ്രമാണിച്ചു നടക്കേണ്ടതിനും, നിങ്ങൾ യോർഡാൻ കടന്നു ചെല്ലുന്ന ദേശത്ത് (ഫലസ്തീനിൽ) യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നും ജനങ്ങളെ വിളിച്ചു കൂട്ടണം.’’ (ആവ: 31ൽ 9-13)

വേദഗ്രന്ഥത്തിൻെറ അദ്ധ്യാപനങ്ങളെ ജനങ്ങൾക്ക് വിവരിച്ചു കൊടുക്കാതെ മൂടിവെക്കുന്ന യഹൂദികളെക്കുറിച്ച് വന്ന ഈ താക്കീതും ആക്ഷേപവും അതുപോലെ ഖുർആൻെറ അദ്ധ്യാപനങ്ങളെ മൂടിവെക്കുന്ന മുസ്ലിം പണ്ഡിതൻമാർക്കും ബാധകമാണെന്നുള്ളതിൽ സംശയമില്ല. അതുപോലെത്തന്നെ, സന്ദർഭം നോക്കുമ്പോൾ രണ്ടാമത്തെ വചനത്തിൽ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് വേദക്കാരായ ആളുകളാണെന്ന് തോന്നാമെങ്കിലും, അതിലെ വാക്കുകൾ നോക്കുമ്പോൾ സത്യവിശ്വാസികളെന്നോ, അവിശ്വാസികളെന്നോ, കപട വിശ്വാസികളെന്നോ വ്യത്യാസമില്ലാതെ എല്ലാതരം ആളുകളെയും ഉൾപെടുത്തുന്നതാണ് ആ വചനമെന്നും കാണാവുന്നതാണ്യ പ്രവർത്തിച്ചതിനെപ്പറ്റി സന്തോഷം കൊള്ളുകയും, പ്രവർത്തിക്കാത്തതിനെപ്പറ്റി സ്തുതിക്കപ്പെടേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവരെന്ന് അല്ലാഹു വിശേഷിപ്പിച്ച കൂട്ടർ ആരാണെന്നുള്ളത് സംബന്ധിച്ചു പല അഭിപ്രായങ്ങളും ഉദ്ധരിച്ചശേഷം ഇമാം റാസീ (رحمه الله)

കേൾക്കായ്ക കൊണ്ടു നമ്മുടെ മേൽ യഹോവയുടെ കോപം ഇറങ്ങിയെന്നു രാജാവു പറഞ്ഞുവെന്നും, അവസാനം അന്യ ദേവൻമാർക്കുള്ള പൂജാഗിരികളിൽ ആരാധന നടത്തുന്ന പതിവു രാജാവു നിർത്തലാക്കിയെന്നും, യെരൂശലേമിൽ മാത്രം ആരാധന നടത്തുവാനുള്ള ഏർപ്പാടു ചെയ്തുവെന്നും (രാജാക്കൾ, 2-ാം പുസ്തകം 22ഉം 23ഉം അദ്ധ്യായങ്ങളിൽ) ബൈബിൾ വിവരിച്ചിട്ടുണ്ട്. തൗറാത്താകുന്നു വേദഗ്രന്ഥം പോലും കുറേ കാലമെങ്കിലും ഇസ്റാഈല്യരിൽ വിസ്മരിക്കപ്പെട്ടുപോയിരുന്നുവെന്നു ഇതിൽ നിന്നു വ്യക്തമാണല്ലോ. മുസ്ലിം സമുദായത്തിൽ എന്തുതന്നെ മാറ്റങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടെങ്കിലും ഇങ്ങിനെ ഒരനുഭവം ഉണ്ടായിട്ടില്ലെന്നതു തീർച്ചയാണ്.

പറയുകയാണ്: ''അറിയുക. എല്ലാവരും തന്നെയാണ് ഉദ്ദേശ്യമെന്ന് വെക്കുന്നതാണ് കൂടുതൽ ന്യായമായത്. കാരണം, മേൽപറഞ്ഞ അഭിപ്രായങ്ങളെല്ലാം ഒരേ കാര്യത്തിലാണ് കേന്ദ്രീകൃതമാകുന്നത്. മനുഷ്യൻ വേണ്ടാത്ത കാര്യങ്ങൾ ചെയ്ത് അതിൽ സന്തോഷം കൊള്ളുകയും, പിന്നീട് താൻ നേരായ വഴിയിലും അല്ലാഹുവിന്റെ വഴിപ്പാടിലും നിലകൊള്ളുന്നവനാണെന്ന് മറ്റുള്ളവർ തന്നെ വിശേഷിപ്പിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.'' റാസീ (رحمه الله) ഉദ്ധരിച്ച അഭിപ്രായങ്ങൾക്ക് ആസ്പദമായ ഏതാനും രിവായത്തുകൾ ഉദ്ധരിച്ചശേഷം, ഇമാം ഇബ്നു കഥീർ (رحمه الله) പറയുന്നു: ''ഇതൊന്നും തമ്മിൽ വൈരുദ്ധ്യമല്ല. കാരണം, ഈ വചനം ഇതിലെല്ലാം പൊതുവായിട്ടുള്ളതാകുന്നു.'' ചുരുക്കിപ്പറഞ്ഞാൽ, കൊള്ളരുതാത്ത കാര്യങ്ങൾ പ്രവർത്തിക്കുഠാമകയും അതിൽ സന്തോഷം കൊള്ളുകയും ചെയ്യുക, അല്ലെങ്കിൽ വേണ്ടപ്പെട്ട കാര്യം ചെയ്തശേഷം അതിൽ ദുരഭിമാനം കൊള്ളുക, പ്രവർത്തനത്തിൽ കൊണ്ടുവന്നിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ സൽപേർ ലഭിക്കണമെന്ന് ആഗ്രഹിക്കുകയും, അതിന് ശ്രമം നടത്തുകയും ചെയ്യുക. ഈ സ്വഭാവം ആരിലെല്ലാം ഉണ്ടോ അവർക്കെല്ലാം ബാധകമാണ് 188-ാം വചനം. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ-ആമീൻ.

വിഭാഗം-20

190 നിശ്ചയമായും, ആകാശങ്ങളുടെയും, ഭൂമിയുടെയും സൃഷ്ടിപ്പിലും, രാവും പകലും വ്യത്യാസപ്പെടുന്നതിലും (സൽ) ബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

إِنَّ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ لَءَايَٰتٍ لِّأُو۟لِى ٱلْأَلْبَٰبِ ﴿١٩٠﴾

---

190 **إن في خلق** നിശ്ചയമായും സൃഷ്ടിപ്പിലുണ്ട്. **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടെയും. **واختلاف** വ്യത്യാസത്തിലും, വ്യത്യാസപ്പെടുന്നതിലും. **الليل** രാത്രിയുടെ, രാത്രി. **والنهار** പകലിന്റെയും, പകലും. **لآيات** പല ദൃഷ്ടാന്തങ്ങൾ. **لأولي الألباب** ബുദ്ധിമാൻമാർക്ക്, സൽബുദ്ധിയുള്ളവർക്ക്.

اولوالا لباب (ഉലുൽ അൽബാബ്) എന്നാൽ 'ബുദ്ധിമാൻമാർ, സൽബുദ്ധിയുള്ളവർ' എന്നൊക്കെ വാക്കർത്ഥം പറയപ്പെടാമെങ്കിലും, ഒരു പ്രത്യേകതരം ബുദ്ധിമാൻമാരെയാണ് ഖുർആൻ അതുകൊണ്ട് ഉദ്ദേശ്യക്കുന്നതെന്ന വസ്തുത അൽബഖറഃ 269-ാം വചനത്തിന്റെയും, ഈസൂറത്തിലെ 7-9 വചനങ്ങളുടെയും വ്യാഖ്യാനത്തിൽ മുമ്പ് വിവരിക്കുകയുണ്ടായല്ലോ. വേണ്ടാ, അടുത്ത വചനത്തിൽ നിന്ന് തന്നെ എങ്ങിനെയുള്ളവരാണെന്ന് മനസ്സിലാക്കാം:-

191 അതായത്, നിന്നുകൊണ്ടും , ഇരുന്നുകൊണ്ടും, തങ്ങളുടെ പാർശ്വങ്ങളിലായി (കിടന്നു) കൊണ്ടും അല്ലാഹുവിനെ ഓർമ്മിക്കുന്നവർ. ആകാശങ്ങളുടെയും, ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി അവർ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ''ഞങ്ങളുടെ റബ്ബേ, ഇത് (ഒക്കെ) നീ നിരർത്ഥമായി സൃഷ്ടിച്ചിട്ടില്ല; നീ മഹാ പരിശുദ്ധൻ! [നിനക്കു സ്തോത്രം]. അതിനാൽ, നീ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാ(ത്തു രക്ഷി)ക്കണേ!

ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَٰطِلًا سُبْحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ﴿١٩١﴾

رَبَّنَآ إِنَّكَ مَن تُدۡخِلِ ٱلنَّارَ فَقَدۡ أَخۡزَيۡتَهُۥۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ ١٩٢

192 ''ഞങ്ങളുടെ റബ്ബേ, യാതൊരുവനെ നീ നരകത്തിൽ പ്രവേശിപ്പിച്ചുവോ അവനെ തീർച്ചയായും നീ അപമാനത്തിലാക്കി. അക്രമികൾക്ക് സഹായികളായി (ആരും) ഇല്ലതാനും.''

رَّبَّنَآ إِنَّنَا سَمِعۡنَا مُنَادِيٗا يُنَادِي لِلۡإِيمَٰنِ أَنۡ ءَامِنُواْ بِرَبِّكُمۡ فَـَٔامَنَّاۚ رَبَّنَا فَٱغۡفِرۡ لَنَا ذُنُوبَنَا وَكَفِّرۡ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلۡأَبۡرَارِ ١٩٣

193 ''ഞങ്ങളുടെ റബ്ബേ, സത്യവിശ്വാസത്തിലേക്കു (ക്ഷണിച്ചു കൊണ്ട്) ഒരാൾ വിളിച്ചു പറയുന്നതായി ഞങ്ങൾ കേട്ടു: ''നിങ്ങൾ, നിങ്ങളുടെ റബ്ബിൽ വിശ്വസിക്കുവിൻ'' എന്ന്; അങ്ങിനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, അതിനാൽ, ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ! ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽ നിന്നും നീ മൂടിവെച്ചു(മാപ്പാക്കി) തരികയും ചെയ്യേണമേ! പുണ്യവാൻമാരുടെ കൂടെ [അവരുടെ കൂട്ടത്തിലായി] ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ!

رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخۡزِنَا يَوۡمَ ٱلۡقِيَٰمَةِۖ إِنَّكَ لَا تُخۡلِفُ ٱلۡمِيعَادَ ١٩٤

194 ''ഞങ്ങളുടെ റബ്ബേ, നിൻെറ റസൂലുകളിലൂടെ നീ ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളത് നീ ഞങ്ങൾക്ക് നൽകുകയും ചെയ്യേണമേ! ഖിയാമത്തുനാളിൽ, ഞങ്ങളെ നീ അപമാനപ്പെടുത്തുകയും ചെയ്യരുതേ! നിശ്ചയമായും നീ, വാഗ്ദത്തം ലംഘിക്കുകയില്ല.''

---

191 **الذين يذكُرون الله** അല്ലാഹുവിനെ ഓർക്കുന്നവർ. **قياما** നിൽക്കുന്നവരായിട്ട് നിന്നുകൊണ്ട്. **وقُعودا** ഇരുന്നവരായും, ഇരുന്നുകൊണ്ടും. **وعلى جنوبهم** അവരുടെ പാർശ്വങ്ങളിലായും (കിടന്നുകൊണ്ടും). **ويتفكرونَ** അവർ ചിന്തിക്കുകയും ചെയ്യും. **في خلق** സൃഷ്ടിപ്പിൽ. **السماوات** ആകാശങ്ങളുടെ. **والأرض** ഭൂമിയുടെയും. **ربنا** ഞങ്ങളുടെ റബ്ബേ. **ما خلقْتَ** നീ സൃഷ്ടിച്ചില്ല, സൃഷ്ടിച്ചതല്ല. **هذا** ഇത്, ഇതിനെ. **باطلاً** നിരർത്ഥമായി. **سبحانك** നീ മഹാപരിശുദ്ധൻ, നിന്നെ പരിശുദ്ധപ്പെടുത്തുന്നു (കീർത്തനം ചെയ്യുന്നു). **فَقنا** അതിനാൽ ഞങ്ങളെ കാത്ത് തരണേ. **عذاب النار** നരക ശിക്ഷ(യിൽ നിന്ന്). 192 **ربنا** ഞങ്ങളുടെ റബ്ബേ. **إنك** നിശ്ചയമായും നീ. **من تدخل** ആരെ നീ പ്രവേശിപ്പിക്കുന്നുവോ. **النار** നരകത്തിൽ. **فَقد أخزيته** നീ അവരെ അപമാനത്തിലാക്കി. **وما للظالمين** അക്രമികൾക്കില്ല. **من أنصار** സഹായികളായി (ആരും). 193 **ربنا إننا** ഞങ്ങളുടെ റബ്ബേ ഞങ്ങൾ. **سمعنا** ഞങ്ങൾ കേട്ടു. **مناديا** ഒരു വിളിച്ചുപറയുന്നവനെ (ഒരാളെ). **ينادي** വിളിക്കുന്നതായി, വിളിച്ചുപറയുന്ന. **للإيمان** സത്യവിശ്വാസത്തിലേക്ക്. **أنْ آمنوا** നിങ്ങൾ വിശ്വസിക്കുവുൻ എന്ന്. **بربكُم** നിങ്ങളുടെ റബ്ബിൽ. **فَآمنّا** എന്നിട്ട് ഞങ്ങൾ വിശ്വസിച്ചു. **ربنا** ഞങ്ങളുടെ റബ്ബേ. **فَاغْفر لنا** അതിനാൽ ഞങ്ങൾക്ക് പൊറുത്തു തരണേ. **ذُنوبنا** ഞങ്ങളുടെ പാപങ്ങൾ. **وكفِّر عنا** ഞങ്ങളിൽ നിന്ന് മൂടിവെച്ച് (മാപ്പാക്കി) തരുകയും വേണമേ. **سيِّئاتنا** ഞങ്ങളുടെ തിൻമകളെ. **وتوفنا** ഞങ്ങളെ മരിപ്പിക്കുക (പിടിച്ചെടുക്കുക)യും വേണമേ. **مع الأبرار** പുണ്യവാൻമാരോടുകൂടി, സജ്ജനങ്ങളോടൊപ്പം. 194 **ربنا وآتنا** ഞങ്ങളുടെ റബ്ബേ ഞങ്ങൾക്ക് നൽകുകയും വേണമേ. **ما وعدتنا** നീ ഞങ്ങളോടു വാഗ്ദാനം ചെയ്തത്. **على رسلك** നിൻെറ റസൂലുകളിലൂടെ. **ولا تخزنا** ഞങ്ങളെ അപമാനത്തിലാക്കുക (നിന്ദ്യമാക്കുക-വഷളാക്കുക)യും ചെയ്യരുതേ. **يوم القيامة** ഖിയാമത്തുനാളിൽ. **إنك** നിശ്ചയമായും നീ. **لا تخلف** നീ എതിര് (വ്യത്യാസം) പ്രവർത്തിക്കുകയില്ല, ലംഘിക്കുകയില്ല. **الميعاد** കരാർ, വാഗ്ദത്തം.

ഉപരിഭാഗത്ത് സ്ഥിതിചെയ്യുന്ന അനന്തവിശാലമായ ആകാശം. എണ്ണമറ്റ നക്ഷത്ര മഹാ ഗോളങ്ങൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ അവയുടെ വ്യവസ്ഥാപിതവും, വ്യത്യസ്തവുമായ ഗതി വിഗതികൾ, അതി വിദൂരമായ സഞ്ചാരമാർഗ്ഗങ്ങൾ, അങ്ങിനെ പലതും പലതും. ഈ ഭൂമി, അതിലെ സമുദ്രങ്ങൾ, വൻകരകൾ, ദ്വീപുകൾ, പർവ്വതങ്ങൾ മരുഭൂമികൾ, കാടുകൾ, നാടുകൾ, പക്ഷി മൃഗാദി ജീവജാലങ്ങൾ, ഉൽപന്നങ്ങൾ, ഖനനങ്ങൾ ആദിയായി പലതും പലതും. രാവും പകലും ഒന്നിനൊന്നു പിന്നാലെയായി മാറിക്കൊണ്ടും, ഒന്നു കുറയുമ്പോൾ മറ്റേത് വർദ്ധിച്ചുകൊണ്ടുമിരിക്കു ന്നതും സൂര്യൻെറ ചലനഗതിയും അതും തമ്മിലുള്ള ബന്ധം (*) മുതലായവയെപ്പറ്റി ചിന്തിക്കുന്ന വർക്ക് സൃഷ്ടികർത്താവും സർവ്വ നിയന്താവുമായ അല്ലാഹുവിൻെറ ഏകത്വം, സർവ്വജ്ഞത, സർവ്വശക്തി, സൃഷ്ടിവൈഭവം തുടങ്ങിയ അത്യുൽകൃഷ്ടങ്ങളായ മഹൽ ഗുണങ്ങളെക്കുറിച്ച് കൂടുതൽ കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നു. മനുഷ്യനടക്കമുള്ള ഈ സൃഷ്ടികൾ എങ്ങിനെയുണ്ടായി, എവിടെ നിന്ന് വന്നു, എങ്ങോട്ട് പോകുന്നു, മനുഷ്യൻെറ ജീവിതലക്ഷ്യ മെന്തായിരിക്കണം, തനിക്കിവിടെയുള്ള സ്ഥാനമെന്ത്, തൻെറ ഭാവി എന്തായിരിക്കും എന്നിത്യാദി വിഷയങ്ങളിലെക്ക് അതവന് ശരിക്കും വെളിച്ചം നൽകുകയും ചെയ്യും.

പക്ഷെ, നിൽക്കുമ്പോഴും, ഇരിക്കുമ്പോഴും, കിടക്കുമ്പോഴുമെന്ന വ്യത്യാസം കൂടാതെ എല്ലാ അവസരങ്ങളിലും അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ്മയും, ബോധവും ഉള്ളവർക്കേ അവ യഥാർത്ഥ ദൃഷ്ടാന്തങ്ങളായിത്തീരുന്നുള്ളൂ. അല്ലാഹുവിൻെറ സ്മരണയും അവനെക്കുറിച്ചുള്ള ബോധവും ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളം അവയെല്ലാം കേവലം പ്രകൃതിയുടെ വികൃതിക ളായേ കാണുവാൻ സാധിച്ചേക്കൂ. അവരുടെ ചിന്താഫലമായി ലോകത്തെ ഞെട്ടിപ്പിക്കുന്ന ചില അത്ഭുത വാർത്തകൾ പുറത്തു കൊണ്ടുവരുവാനോ, ഗോളാന്തര യാത്രകൾ നടത്തി ഉപരിഗോളങ്ങ ളിൽ വല്ല കൈകാര്യവും നടത്തുവാനോ അവർക്ക് സാധിച്ചേക്കാം. പക്ഷേ, മേൽ ചൂണ്ടിക്കാട്ടിയ യാഥാർത്ഥ്യങ്ങളെപ്പറ്റി അവർക്ക് ഒരു എത്തും പിടിയും കിട്ടുവാനില്ല. അല്ലാഹുവിൻെറ സ്മരണയിൽ അധിഷ്ഠിതമായ ചിന്താമണ്ഡലങ്ങളിലൂടെ ഉറ്റാലോചിക്കുന്ന സൽബുദ്ധികളുടെ മനസ്സിലും, നാവിലും ആ ദൃഷ്ടാന്തങ്ങൾ ഉണ്ടാക്കിത്തീർക്കുന്ന പ്രതികരണമാണ് 'ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ റബ്ബേ' എന്നു വിളിച്ചുകൊണ്ടുള്ള ആ പ്രാർത്ഥനാകീർത്തനങ്ങൾ. അതെ, അല്ലാഹുവിലും, പ്രവാചകൻമാരിലും, അവരുടെ പ്രബോധനങ്ങളിലുമുള്ള അവരുടെ വിശ്വാസം അവരുടെ ചിന്ത നിമിത്തം കൂടുതൽ ശക്തിപ്പെട്ട് വർദ്ധിക്കുന്നു. അല്ലാഹുവിൻെറ പക്കൽനിന്നുള്ള കാരുണ്യത്തിലും അനുഗ്രഹത്തിലും അതവർക്ക് ആവേശം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അവൻെറ കോപത്തെയും ശിക്ഷയെയും കുറിച്ച് കൂടുതൽ ഭയപ്പാടും ഉണ്ടാക്കിത്തീർക്കുന്നു. തങ്ങൾ നല്ല മനുഷ്യരായി ജീവിച്ച് നല്ല മനുഷ്യരായി മരണപ്പെട്ട് പരലോകജീവിതം സുഖകരമാക്കി കലാശിപ്പിക്കുവാൻ അല്ലാഹുവിനോട് അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ആൾ എന്നു പറഞ്ഞത് റസൂലിനെ ഉദ്ദേശിച്ചാ കുന്നു. റസൂലുകളിലൂടെ വാഗ്ദാനം ചെയ്ത കാര്യം കൊണ്ടുദ്ദേശ്യം. സജ്ജനങ്ങൾക്ക് പരലോക ത്ത് ലഭിക്കുമെന്ന് വേദഗ്രന്ഥങ്ങൾ വഴിയോ ഉപദേശങ്ങൾ വഴിയോ അവർ അറിയിച്ച പ്രതിഫലങ്ങ ളും അനുഗ്രഹങ്ങളുമാകുന്നു. ബുഖാരീ, മുസ്‌ലിം (ﷺ) തുടങ്ങിയ പലരും ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞതായി ഉദ്ധരിച്ച ഒരു ഹദീസിൻെറ സാരം ഇപ്രകാരമാകുന്നു: 'എൻെറ മാതൃ സഹോദരിയും, നബി (ﷺ) യുടെ പത്നിയുമായ മൈമൂന (رضي الله عنها) യുടെ വീട്ടിൽ ഒരു രാത്രി ഞാൻ താമസിച്ചു. തിരുമേനിയും വീട്ടുകാരും തലയിണയുടെ നീളത്തിലും, ഞാൻ അതിൻെറ വിലങ്ങിലും കിടന്നു. പാതിരാവായപ്പോൾ തിരുമേനി എഴുന്നേറ്റു. ഉറക്കിൻെറ മയക്കം നീക്കുവാൻ അവിടുന്ന് കൈകൊണ്ട് മുഖം തടവുകയായി. എന്നിട്ട് തിരുമേനി ان في خلق السموات..... മുതൽക്കുള്ള ഈ വചനങ്ങൾ അവസാനംവരെ (190-194) ഓതി. പിന്നീട് തിരുമേനി വുളു എടുത്തു നമസ്ക്കരിക്കുവാനായി നിന്നു. ഞാനും അങ്ങിനെ ചെയ്തുകൊണ്ട് അടുത്ത് ചെന്നുനിന്നു. അവിടുന്ന് എൻെറ വലത്തേ ചെവിപിടിച്ചു അവിടുത്തെ വലഭാഗത്തേക്കു നിറുത്തി. പിന്നീട് ഈരണ്ടുവീതമായി പത്തുറക്അത്തും, പിന്നീട് ഒരു ഒറ്റ റക്അത്തും (വിത്റും)

* ഇതിനെപ്പറ്റി സൂ: അമ്പിയാ: 33ൻെറ വ്യാഖ്യാനത്തിൽ വിവരിക്കുന്നുണ്ട്.

നമസ്കരിച്ചു. അപ്പോഴേക്കും സുബ്ഹ് ബാങ്കു വിളിച്ചു. അതോടെ, ലഘുവായ രണ്ട് റക്അത്തും (സുബ്ഹിയുടെ സുന്നത്തും) നമസ്കരിച്ച് പള്ളിയിൽ പോയി സുബ്ഹു നമസ്കാരം നിർവ്വഹിച്ചു.' ഇബ്നു അബ്ബാസ് (رضي الله عنه) അന്ന് കുട്ടിയായിരുന്നു. തിരുമേനിയുടെ രാത്രി നമസ്കാരം മുതലായവ പഠിച്ചറിയാൻ വേണ്ടി അദ്ദേഹത്തിൻെറ പിതാവ് അബ്ബാസ് (رضي الله عنه) അദ്ദേഹത്തെ പറഞ്ഞയച്ചതായിരുന്നുവെന്നും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്.

സൽബുദ്ധികളും, സത്യവിശ്വാസികളുമായ ചിന്തകൻമാർക്കും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെപ്പറ്റി ചിന്തിക്കുമ്പോൾ അവർക്ക് കണ്ടെത്തുവാൻ കഴിയുന്ന ദൃഷ്ടാന്തങ്ങൾ നിമിത്തം അവരിൽ പ്രകടമാകുന്ന ഫലമാണല്ലോ മേൽകണ്ട അവരുടെ പ്രാർത്ഥനകൾ. ആ പ്രാർത്ഥനകളെ അല്ലാഹു വിലയിരുത്തുന്നത് എങ്ങിനെയാണെന്ന് അടുത്ത വചനത്തിൽ കാണുക. അല്ലാഹു പറയുന്നു:-

فَٱسْتَجَابَ لَهُمْ رَبُّهُمْ أَنِّى لَآ أُضِيعُ عَمَلَ عَٰمِلٍ
مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ ۖ بَعْضُكُم مِّنۢ بَعْضٍ
فَٱلَّذِينَ هَاجَرُوا۟ وَأُخْرِجُوا۟ مِن دِيَٰرِهِمْ وَأُوذُوا۟ فِى
سَبِيلِى وَقَٰتَلُوا۟ وَقُتِلُوا۟ لَأُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ
وَلَأُدْخِلَنَّهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ثَوَابًا
مِّنْ عِندِ ٱللَّهِ ۗ وَٱللَّهُ عِندَهُۥ حُسْنُ ٱلثَّوَابِ ﴿١٩٥﴾

195 അപ്പോൾ, അവരുടെ റബ്ബ് അവർക്ക് ഉത്തരം നൽകുകയായി: ''ആണോ, പെണ്ണോ ആകട്ടെ, നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവൃത്തി ഞാൻ പാഴാക്കിക്കളയുകയില്ല;- നിങ്ങളിൽ ചിലർ ചിലരിൽ നിന്നുള്ളവരാകുന്നു [എല്ലാവരും ഒരുപോലെത്തന്നെയാണ്];- എന്നാൽ, (സ്വരാജ്യം വിട്ട്) ഹിജ്റ പോവുകയും, തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെടുകയും, എൻെറ മാർഗ്ഗത്തിൽ ഉപദ്രവിക്കപ്പെടുകയും, യുദ്ധം ചെയ്യുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവർ, തീർച്ചയായും അവർക്ക് അവരുടെ തിന്മകളെ ഞാൻ മൂടിവെച്ചു (മാപ്പാക്കി) കൊടുക്കുകയും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകുന്ന സ്വർഗങ്ങളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും. (അതെ) അല്ലാഹുവിൻെറ പക്കൽ നിന്നുള്ള പ്രതിഫലം! അല്ലാഹുവാകട്ടെ, അവൻെറ പക്കൽ നല്ല പ്രതിഫലം ഉണ്ടു താനും.

---

195 **فاستجاب** അപ്പോൾ (ഉടനെ) ഉത്തരം നൽകി (നൽകുകയായി), നൽകും. **لهم** അവർക്ക്. **ربهم** അവരുടെ റബ്ബ്. **أني لا أضيع** ഞാൻ പാഴാക്കുകയില്ലെന്ന്. **عملَ عاملٍ** ഒരു പ്രവർത്തിക്കുന്നവൻെറയും പ്രവൃത്തി (കർമ്മം). **منكم** നിങ്ങളിൽ നിന്ന്. **من ذكر** ആണായിട്ടുള്ള. **أو أنثى** അല്ലെങ്കിൽ പെണ്ണായിട്ടുള്ള. **بعضكم** നിങ്ങളിൽ ചിലർ. **من بعض** ചിലരിൽ നിന്നാകുന്നു. **فالذين** എന്നാൽ യാതൊരുകൂട്ടർ. **هاجروا** അവർ ഹിജ്റപോയി. **وأخرجوا** അവർ പുറത്താക്ക (ബഹിഷ്കരിക്ക)പ്പെടുകയും ചെയ്തു. **من ديارهم** തങ്ങളുടെ ഭവനങ്ങളിൽ നിന്ന്. **وأوذوا** അവർ ഉപദ്രവിക്ക(ദ്രോഹിക്ക)പ്പെടുകയും ചെയ്തു. **في سبيلي** എൻെറ മാർഗ്ഗത്തിൽ. **وقاتلوا** അവർ യുദ്ധം ചെയ്കയും. **وقُتلوا** കൊല്ലപ്പെടുകയും ചെയ്തു. **لأكفرن** തീർച്ചയായും ഞാൻ മൂടിവെക്കും (മാപ്പാക്കും). **عنهم** അവർക്ക്. **سيئاتهم** അവരുടെ തിൻമകളെ. **ولأدخلنهم** അവരെ ഞാൻ പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും. **جنات** ചില സ്വർഗ്ഗങ്ങളിൽ. **تجري** നടക്കും, ഒഴുകും. **من تحتها** അതിൻെറ അടിഭാഗത്തിലൂടെ. **الأنهار** അരുവികൾ. **ثوابا** പ്രതിഫലം, കൂലിയായിട്ട്. **من عند الله** അല്ലാഹുവിൻെറ പക്കൽനിന്ന്. **والله** അല്ലാഹുവാകട്ടെ. **عنده** അവൻെറ അടുക്കലുണ്ട്. **حسن الثواب** നല്ല കൂലി (പ്രതിഫലം).

അതെ, താമസമന്യെ അല്ലാഹു അവരുടെ പ്രാർത്ഥന സ്വീകരിക്കും. 'എന്റെ അടിയാൻമാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ (പറഞ്ഞേക്കുക): ഞാൻ സമീപത്തുള്ളവനാണ്. പ്രാർത്ഥിച്ചവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും.' (2:186) എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഓരോ ആളും ചെയ്ത നല്ല കർമ്മങ്ങൾക്ക് ഏറ്റവും നല്ല പ്രതിഫലം ഞാൻ നല്കും. ഒന്നും വൃഥാ പാഴാക്കിക്കളയുകയില്ല. ആണും പെണ്ണുമെന്ന വ്യത്യാസം അതിലില്ല. ആണും പെണ്ണും ചേർന്നതാണല്ലോ മനുഷ്യവർഗ്ഗം. കർമ്മങ്ങൾക്ക് ഫലം ലഭിക്കുന്നതിൽ സ്ത്രീപുരുഷ വ്യത്യാസത്തിന് സ്ഥാനമില്ല. എന്നാൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ-അഥവാ അവന്റെ ദീനിന്റെ വിഷയത്തിൽ-സ്വരാജ്യവും മറ്റും ത്യജിച്ചു പോകേണ്ടി വരുക, സ്വന്തം നാട്ടിൽ നിന്നും വീട്ടിൽ നിന്നും ബഹിഷ്കരിക്കപ്പെടുക, അക്രമ മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവരുക, യുദ്ധം നടത്തുക, കൊല്ലപ്പെടുക മുതലായ ത്യാഗങ്ങൾ സഹിക്കേണ്ടി വരുന്നവർക്ക് പ്രത്യേക പദവികൾ ലഭിക്കുക തന്നെ ചെയ്യും. അവരുടെ പാപങ്ങളും തെറ്റുകുറ്റങ്ങളും ഞാൻ വിട്ടു പൊറുത്തുകൊടുക്കും. അത്യാനന്ദകരമായ സ്വർഗ്ഗീയജീവിതം നൽകി അവരെ ഞാൻ ആദരിക്കുകയും ചെയ്യും. എന്നൊക്കെയാണ് അവർക്ക് നൽകുന്ന ഉത്തരത്തിന്റെ താൽപര്യം. ഏറ്റവും നല്ലതും ഉന്നതവുമായ പ്രതിഫലങ്ങൾ തയ്യാറുള്ളത് അല്ലാഹുവിന്റെ പക്കൽ മാത്രമാണല്ലോ. (و الله عنده حسن الثواب)

لَا يَغُرَّنَّكَ تَقَلُّبُ ٱلَّذِينَ كَفَرُوا۟ فِى ٱلْبِلَـٰدِ ﴿١٩٦﴾

196 (നബിയേ) അവിശ്വസിച്ചവർ രാജ്യങ്ങളിൽ സൈ്വര വിഹാരം കൊള്ളുന്നത് നിന്നെ വഞ്ചിച്ചു കളയരുത്.

مَتَـٰعٌ قَلِيلٌ ثُمَّ مَأْوَىٰهُمْ جَهَنَّمُ ۚ وَبِئْسَ ٱلْمِهَادُ ﴿١٩٧﴾

197 തുച്ഛമായ ഒരു സുഖാനുഭവമത്രെ (അത്). പിന്നെ, അവരുടെ സങ്കേതം 'ജഹന്നം' [നരകം]ആകുന്നു. അതെത്രയോ ചീത്ത വിരിപ്പ്!

لَـٰكِنِ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ لَهُمْ جَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا نُزُلًا مِّنْ عِندِ ٱللَّهِ ۗ وَمَا عِندَ ٱللَّهِ خَيْرٌ لِّلْأَبْرَارِ ﴿١٩٨﴾

198 എന്നാൽ, തങ്ങളുടെ റബ്ബിനെ സൂക്ഷിച്ചു വന്നവരാകട്ടെ,-അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ട്; അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. (അതെ) അല്ലാഹുവിന്റെ പക്കൽ നിന്നുള്ള സൽക്കാരം! അല്ലാഹുവിന്റെ അടുക്കൽ ഉള്ളതാവട്ടെ, പുണ്യവാൻമാർക്ക് ഏറ്റവും ഉത്തമമാകുന്നു.

196 **لا يغرنك** തീർച്ചയായും നിന്നെ വഞ്ചിക്കരുത്, ചതിപ്പെടുത്താതിരിക്കട്ടെ. **تقلب** തിരിഞ്ഞു മറിഞ്ഞു കൊണ്ടിരിക്കൽ (സൈ്വരവിഹാരം കൊള്ളൽ). **الذين كفروا** അവിശ്വസിച്ചവരുടെ. **في البلاد** രാജ്യങ്ങളിൽ (നാട്ടിലൂടെ). **197** **متاع** അനുഭവ (സുഖഭോഗ-ഉപയോഗ-സാമാന)മാണ്. **قليلٌ** തുച്ഛമായ. **ثم** പിന്നീട്. **مأواهم** അവരുടെ സങ്കേതം, പ്രാപ്യസ്ഥാനം. **جهنم** ജഹന്നമാകുന്നു. **وبئس** എത്രയോ ചീത്ത. **المهاد** (ആ) വിരിപ്പ്, വിതാനം. **198** **لكن** എന്നാൽ, എങ്കിലും. **الذين اتقوا** സൂക്ഷിച്ചവർ. **ربهم** തങ്ങളുടെ റബ്ബിനെ. **لهم** അവർക്കുണ്ട്. **جنات** സ്വർഗ്ഗങ്ങൾ. **تجري** നടക്കും, ഒഴുകും. **من تحتها** അതിന്റെ അടിഭാഗത്തിലൂടെ. **الأنهار** നദികൾ. **خالدين** നിത്യവാസികളായിട്ട്. **فيها** അതിൽ. **نزلاً** (വിരുന്ന്) സൽക്കാരം. **من عند الله** അല്ലാഹുവിന്റെ പക്കൽനിന്നുള്ള. **وما عند الله** അല്ലാഹുവിന്റെ പക്കലുള്ളത്. **خير** ഉത്തമമാണ്. **للأبرار** പുണ്യവാൻമാർക്ക്.

സത്യനിഷേധികളായ അവിശ്വാസികൾ അവരുടെ ഇഷ്ടാനുസരണം ഈ ലോകത്ത് സ്വൈരവിഹാരം കൊള്ളുന്നതും, സുഖജീവിതം നയിക്കുന്നതും കണ്ട് ആരും വഞ്ചിതരാകേണ്ട തില്ല. ഐഹിക ജീവിതത്തിലെ സുഖസൗകര്യങ്ങളൊന്നും അല്ലാഹുവിൻെറ പ്രീതിയുടെയും സ്നേഹത്തിൻെറയും ലക്ഷണമോ മാനദണ്ഡമോ അല്ല അതെല്ലാം കേവലം തുച്ഛവും താൽക്കാലികവുമായ ഒരനുഭവം മാത്രമാകുന്നു. പിന്നീടവർക്ക് ലഭിക്കുവാനിരിക്കുന്നത് അങ്ങേഅറ്റം വഷളായ നരക ശിക്ഷയായിരിക്കും. നേരെമറിച്ച് അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ച്കൊണ്ട് സൂക്ഷ്മത പാലിക്കുന്ന ആളുകൾക്കാകട്ടെ-ഈ ജീവിതത്തിൽ അവരുടെ സ്ഥിതി എങ്ങിനെയായിരുന്നാലും ശരി - സുഖസമ്പൂർണ്ണവും അനുഗൃഹീതവുമായ സ്വർഗ്ഗമായിരിക്കും. അല്ലാഹുവിൻെറ സന്നിധിയിൽ ചെല്ലുമ്പോൾ അവർക്ക് ലഭിക്കുന്ന സൽക്കാരമത്രെ അത്. അതാകട്ടെ, ശാശ്വതവുമാകുന്നു. പുണ്യവാളൻമാരായ ആളുകൾക്ക് അല്ലാഹു ഒരുക്കിവെച്ചിട്ടുള്ള പ്രതിഫലത്തേക്കാൾ നന്നായ ഒരു പ്രതിഫലം വേറെയില്ല.

وَإِنَّ مِنۡ أَهۡلِ ٱلۡكِتَٰبِ لَمَن يُؤۡمِنُ بِٱللَّهِ وَمَآ أُنزِلَ إِلَيۡكُمۡ وَمَآ أُنزِلَ إِلَيۡهِمۡ خَٰشِعِينَ لِلَّهِ لَا يَشۡتَرُونَ بِـَٔايَٰتِ ٱللَّهِ ثَمَنٗا قَلِيلًاۚ أُوْلَٰٓئِكَ لَهُمۡ أَجۡرُهُمۡ عِندَ رَبِّهِمۡۗ إِنَّ ٱللَّهَ سَرِيعُ ٱلۡحِسَابِ ١٩٩

199 നിശ്ചയമായും വേദക്കാരിൽ (തന്നെ) ഉണ്ട് ചിലർ: അല്ലാഹുവിനു താഴ്മ ചെയ്തുകൊണ്ട് അല്ലാഹുവിലും, നിങ്ങളിലേക്ക് ഇറക്കപ്പെട്ടതിലും അവരിലേക്ക് ഇറക്കപ്പെട്ടതിലും അവർ വിശ്വസിക്കുന്നു: അല്ലാഹുവിൻെറ 'ആയത്തു' [വചനം]കൾക്കു അവർ അൽപമായ വില വാങ്ങുകയില്ല. അക്കൂട്ടർ-അവർക്ക് അവരുടെ റബ്ബിൻെറ അടുക്കൽ അവരുടേതായ കൂലിയുണ്ട്. നിശ്ചയമായും, അല്ലാഹു വിചാരണ വേഗം നടത്തുന്നവനാകുന്നു.

---

199 **وإن** നിശ്ചയമായും. **من أهل الكتاب** വേദക്കാരിൽനിന്നുണ്ട്. **لمن يؤمن** വിശ്വസിക്കുന്ന ചിലർ. **بالله** അല്ലാഹുവിൽ. **وما أنزلَ** ഇറക്കപ്പെട്ടതിലും. **إليكم** നിങ്ങളിലേക്ക്. **وما أنزلَ** ഇറക്കപ്പെട്ടതിലും. **إليهم** അവരിലേക്ക്. **خاشعين** താഴ്മ (ഭക്തി) കാണിക്കുന്നവരായികൊണ്ട്. **لله** അല്ലാഹുവിന്, അല്ലാഹുവിനോട്. **لاَ يشترونَ** അവർ വാങ്ങുകയില്ല. **بآيات الله** അല്ലാഹുവിൻെറ ആയത്തുകൾക്ക് (പകരം). **ثمنا** വില. **قليلاً** തുച്ഛമായ. **أولئك** അക്കൂട്ടർ. **لهم** അവർക്കുണ്ട്. **أجرهم** അവരുടെ പ്രതിഫലം. **عند ربهم** അവരുടെ റബ്ബിൻെറ അടുക്കൽ. **إن الله** നിശ്ചയമായും അല്ലാഹു. **سريع** വേഗമുള്ളവനാണ്. **الْحسابِ** വിചാരണ, കണക്ക് നോക്കൽ.

വേദക്കാരെയും, കപട വിശ്വാസികളെ (മുനാഫിഖുകളെ)യും സംബന്ധിച്ചു ഈ സൂറത്തിൽ ഇതിന്മുമ്പ് പല പരാമർശങ്ങളും ആക്ഷേപങ്ങളും കഴിഞ്ഞു. കപട വിശ്വാസികളിൽപെട്ട ഏതോ ചില വ്യക്തികളെയെങ്കിലും ആ ആക്ഷേപങ്ങളിൽനിന്ന് അല്ലാഹു ഒഴിവാക്കി പ്രസ്താവിക്കുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടില്ല. കാരണം കപടൻമാർ എപ്പോഴും കപടൻമാർതന്നെ. എന്നാൽ, വേദക്കാരെ സംബന്ധിച്ചിടത്തോളം അവർ പൊതുവെ അല്ലാഹുവിൻെറ ആക്ഷേപങ്ങൾക്കെല്ലാം വിധേയരാണെങ്കിലും-അതേ സമയത്ത് - ചുരുക്കം ചില നല്ല വ്യക്തികളും യഥാർത്ഥത്തിൽ അവരിൽ ഇല്ലാതില്ല. അവരെപ്പറിയാണ് ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. അവർ തങ്ങളുടെ വേദഗ്രന്ഥത്തിൽ മാത്രമേ വിശ്വസിക്കുകയുള്ളുവെന്ന ശാഠ്യക്കാരല്ല. അവർ അല്ലാഹുവിലും, ഖുർആനിലും, നബി (ﷺ) യിലും വിശ്വസിക്കുന്നവരും, അല്ലാഹുവിനോട് ഭയഭക്തിയുള്ളവരുമാകുന്നു. മറ്റുള്ളവർ ചെയ്യുന്നതുപോല, ഐഹികമായ കാര്യലാഭങ്ങൾക്കുവേണ്ടി സത്യത്തെ മൂടിവെക്കുകയോ, മാറ്റിമറിക്കുകയോ, ദുർവ്യഖ്യാനം നടത്തുകയോ അവർ ചെയ്യാറില്ല. അങ്ങിനെയുള്ള വ്യക്തികൾക്ക് അല്ലാഹുവിങ്കൽ പ്രത്യേകമായ പ്രതിഫലം ഉണ്ടായിരക്കുമെന്നും, അവർ പുണ്യവാൻമാരാണെന്നും, അവരുടെ വിചാരണ വേഗം തീർത്ത് അവർ അർഹിക്കുന്ന പ്രതിഫലം

നൽകുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ലെന്നും അല്ലാഹു അവർക്ക് സന്തോഷമറിയിക്കുന്നു.

നിങ്ങളിലേക്ക് ഇറക്കപ്പെട്ടതിലും-അഥവാ ഖുർആനിലും-അവർ വിശ്വസിക്കുന്നുവെന്ന് പറഞ്ഞിരിക്കകൊണ്ട് വേദക്കാരിൽനിന്ന് ഇസ്‌ലാമിനെ അംഗീകരിക്കുകയും, നബി(ﷺ) യിൽ വിശ്വസിക്കുകയും ചെയ്ത വ്യക്തികളാണ് ഇതുകൊണ്ടുദ്ദേശ്യമെന്ന് വ്യക്തമാണ്. ചില ക്രിസ്തീയ പാതിരിമാർ, ഇതുപോലെയുള്ള ചില ഖുർആൻ വാക്യങ്ങളുടെ മുമ്പും പിമ്പും ഒഴിവാക്കി ഉദ്ധരിച്ചു കൊണ്ട് നബി (ﷺ) തിരുമേനിയിൽ വിശ്വസിക്കാത്ത ക്രിസ്ത്യാനികൾക്കും രക്ഷയുണ്ടെന്ന് ഖുർആനിൽ പ്രസ്താവിക്കുന്നതായി തട്ടിമൂളിക്കാറുള്ളതിന്റെ പൊള്ളത്തരം ഇതിൽ നിന്ന് മനസ്സിലാക്കാം. അബൂമൂസൽ അശ്അരീ (رضي الله عنه) ഉദ്ധരിച്ച ഒരു നബി വചനത്തിന്റെ സാരം: 'മൂന്നു കൂട്ടർക്കു അല്ലാഹു അവരുടെ കൂലി രണ്ടുമടങ്ങ് നൽകുന്നതാണ്. അതായത്, വേദക്കാരിൽ നിന്ന് തന്റെ പ്രവാചകനിലും, എന്നിലും വിശ്വസിച്ചവനും; അല്ലാഹുവിനോടുള്ള കടമയും തന്റെ യജമാനനോടുള്ള കടമയും നിർവ്വഹിച്ച അടിമയും; സ്വന്തം അടിമ സ്ത്രീക്കു നല്ലപോലെ അറിവും മര്യാദയും ശീലിപ്പിച്ചശേഷം അവളെ സ്വതന്ത്രയാക്കി വിടുകയും, പിന്നീടവളെ വിവാഹം ചെയ്യുകയും ചെയ്തവനും.' (ബു; മു.)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱصْبِرُوا۟ وَصَابِرُوا۟ وَرَابِطُوا۟ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ﴿٢٠٠﴾

200 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ക്ഷമിക്കുവിൻ, ക്ഷമയിൽ മികവ് കാണിക്കുകയും ചെയ്യുവിൻ, കെട്ടിക്കാത്തു (തയ്യാറെടുത്തു) കൊണ്ടിരിക്കുകയും ചെയ്യുവിൻ; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

---

200 **يا أيها الذين آمنوا** വിശ്വസച്ചവരെ. **اصبروا** ക്ഷമിക്കുവിൻ, സഹിക്കുവിൻ. **وصابروا** ക്ഷമയിൽ മുന്നിടുക (മികവ്-മൽസരം കാട്ടുക)യും ചെയ്യുവിൻ. **ورابطوا** കെട്ടികാക്കുകയും ചെയ്യുവിൻ. **واتقوا الله** അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. **لعلكم** നിങ്ങൾ ആയേക്കാം, ആകുവാൻവേണ്ടി. **تفلحون** വിജയം പ്രാപിക്കുക.

സത്യവിശ്വാസികൾ അറിയുകയും പഠിക്കുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ടുന്ന അനേകം വിഷയങ്ങൾ വിവരിച്ചശേഷം, അവയുടെ ഒരു രത്നച്ചുരുക്കമെന്നോണം, കേവലം നാലു വാക്കുകൾ മാത്രം ഉൾക്കൊള്ളുന്ന നാലു ഉപദേശങ്ങൾ നൽകിക്കൊണ്ട് അല്ലാഹു ഈ സൂറത്തു അവസാനിപ്പിക്കുന്നു. സ്വന്തം ദേഹങ്ങളോട് ബന്ധപ്പെടാത്ത മറ്റുള്ളവരോട് ബന്ധപ്പെട്ടത്, അല്ലാഹുവിനോട് ബന്ധപ്പെട്ടത് എന്നിങ്ങിനെ മൂന്നുതരം വിഷയങ്ങളാണ് മനുഷ്യർക്ക് അഭിമുഖീകരിക്കുവാനുള്ളത്. ഈ മൂന്നു തുറയിലും മനുഷ്യൻ കൈകൊള്ളേണ്ടുന്ന നിലപാടിന്റെ ആകെ സാരം ഈ ഉപദേശങ്ങളിൽ അടങ്ങിയിരിക്കുന്നു. മറ്റൊരു വശത്തിലൂടെ പറഞ്ഞാൽ, ഐഹികവും, പാരത്രികവുമായ വിജയ മാർഗ്ഗങ്ങളുടെ സാരാംശം ഉൾക്കൊള്ളുന്ന ഒരുവചനമാണിത്. **يا ايها الذين امنوا** (വിശ്വസിച്ചവരേ) എന്ന സംബോധനയോടുകൂടി അല്ലാഹു പറയുന്നു:-

(1) **اصبروا** (നിങ്ങൾ ക്ഷമിക്കുവിൻ) അല്ലാഹുവിന്റെ നിയമോപദേശങ്ങൾ പാലിക്കുന്നതിലും, കടമകൾ നിർവ്വഹിക്കുന്നതിലും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും, ആപത്തുകളും കഷ്ടപ്പാടുകളും നേരിടുന്നതിലുമെല്ലാം തന്നെ, ക്ഷമയും സഹനവും കൈക്കൊള്ളണമെന്ന് താൽപര്യം. വ്യക്തിപരമായ എല്ലാ തുറകളെയും ബാധിക്കുന്നതാണ് ഈ ഉപദേശം. (2) **وصابروا** (ക്ഷമയിൽ മികവ് കാണിക്കുവിൻ). കുടുംബങ്ങൾ, അയൽക്കാർ, സ്വജനങ്ങൾ, എതിർ കക്ഷികൾ, സഖ്യകക്ഷികൾ, മനുഷ്യരും പിശാചുക്കളും അടങ്ങുന്ന ശത്രുക്കൾ തുടങ്ങിയ എല്ലാ വിഭാഗങ്ങളിൽനിന്നും നേരിട്ടേക്കാവുന്ന എല്ലാതരം ഉപദ്രവങ്ങളിലും, ബുദ്ധിമുട്ടുകളിലും അവരെ

ക്കാളേറെ ക്ഷമയിൽ മികച്ചു നിൽക്കുവാൻ നിങ്ങൾ ഉൽസാഹം കാണിക്കണം എന്നു താൽപര്യം. യുദ്ധങ്ങളിലും, ശത്രുക്കളുമായുള്ള ഏറ്റുമുട്ടുലുകളിലും എതിർ കക്ഷിയെ ഭയപ്പെടുത്തുമാറ് സ്ഥിര ചിത്തതയും ധൈര്യവും പ്രകടമാക്കലാണ് ഈ തുറയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന വശം. (3) ورابطوا (കെട്ടിക്കാത്തുകൊണ്ടിരിക്കുകയും ചെയ്യുവിൻ). അതായത്, പുറമെനിന്ന്-വിശേഷിച്ചും ശത്രുക്കളുടെ ഭാഗത്തു നിന്നു-ഉണ്ടായേക്കാവുന്ന ആക്രമണങ്ങളെക്കുറിച്ച് ജാഗരൂകരായിക്കൊണ്ടും, അവയെ നേരിടുവാൻ സദാ തയ്യാറെടുത്തുകൊണ്ടുമിരിക്കണം എന്നു സാരം. رباط (റിബാത്വ്) എന്ന മൂലത്തിൽ നിന്നുള്ളതാണ് ഈ ക്രിയാ രൂപം. അതിർത്തി സംരക്ഷണത്തിനും, ശത്രുക്കളുടെ ആക്രമണങ്ങളെ നിരീക്ഷച്ചറിയുന്നതിനും വേണ്ടി കുതിരപ്പടയുമായി അതിർത്തി പ്രദേശങ്ങളിൽ കെട്ടിക്കാത്തു കൊണ്ടിരിക്കുകയെന്ന ഒരു സാങ്കേതികാർത്ഥത്തിലാണു ഈ വാക്കു അധികവും ഉപയോഗിക്കപ്പെടാറുള്ളത്. ഒരു പ്രധാന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പുറം കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക എന്ന ഉദ്ദേശത്തിലും ആ വാക്കു ഉപയോഗിക്കപ്പെടുമെന്നു താഴെ കാണുന്ന ഹദീസുകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇതിന്റെ പ്രാധാന്യത്തെ മുൻനിർത്തി പ്രത്യേകം എടുത്തു പറഞ്ഞിരിക്കയാണ്. രണ്ടാമത്തെയും മൂന്നാമത്തെയും ഉപദേശങ്ങൾ പുറമെ നിന്നുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിലും കരണീയം തന്നെ. നബി (ﷺ) തിരുമേനി പറയുന്നു: 1. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു ദിവസത്തെ 'രിബാത്വ് ' (കെട്ടിക്കാത്തിരിപ്പു) ഇഹലോകത്തെയും, അതിൽ സ്ഥിതി ചെയ്യുന്നവയെയുംകാൾ ഉത്തമമായതാകുന്നു(ബുഖാരി). 2. ഒരു രാവും പകലും 'രിബാത്വ് ' നടത്തുന്നത് ഒരു മാസത്തെ നോമ്പിനെയും, (രാത്രി) നമസ്കാരത്തെയുംകാൾ ഉത്തമമായതാകുന്നു. അവൻ അതിൽ മരണപ്പെട്ടാൽ അവൻ ചെയ്തിരിക്കുന്ന പ്രവൃത്തി(യുടെ ഫലം) അവനു തുടർന്നു ലഭിച്ചികൊണ്ടിരിക്കുന്നതുമാണ്....(മു.). മേൽ വിവരിച്ച സാങ്കേതികാർത്ഥത്തിലുള്ള 'രിബാത്വാ'ണു ഈ നബിവചനങ്ങളിൽ ഉദ്ദേശിക്കപ്പെടുന്നത്. (3) പാപങ്ങൾ പൊറുക്കപ്പെടുകയും, പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ചില കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? (തണുപ്പുപോലെയുള്ള) അസുഖകരമായ അവസ്ഥകളിലും 'വുളു' നന്നായി ചെയ്യുക, പള്ളികളിലേക്ക് കാലടികൾ (പോക്കുവരവ്) വർദ്ധിപ്പിക്കുക, ഒരു നമസ്കാരത്തിന് ശേഷം മറ്റൊര് നമസ്കാരം കാത്തുകൊണ്ടിരിക്കുക, ഇതത്രെ 'രിബാത്വ്'. (മു; തി.) പൊതുവായ അർത്ഥത്തിലുള്ള രിബാത്വാണ് ഈ ഹദീസിൽ പറഞ്ഞത്.

(4) واتقوا الله (അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ) അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിക്കുകവഴി അവനോട് ഭയഭക്തി ഉണ്ടായിരിക്കുക എന്നാണല്ലോ അല്ലാഹുവിനെ സൂക്ഷിക്കൽകൊണ്ട് വിവക്ഷ. അപ്പോൾ, അല്ലാഹുവിനോട് ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ വാക്കിൽ അടങ്ങിയിരിക്കുന്നു. ഈ നാലു ഉപദേശങ്ങൾ യഥാവിധി സ്വീകരിക്കുന്നവർക്ക് വിജയം-എവിടെയും എപ്പോഴും-സുനിശ്ചിതം തന്നെ. അതാണ് അവസാനത്തെ വാക്കായി അല്ലാഹു ചൂണ്ടക്കാട്ടുന്നത്. لعلكم تفلحون (നിങ്ങൾ വിജയം പ്രാപിച്ചേക്കാം.) അതെ, അതിനുവേണ്ടിയാണ് നിങ്ങൾക്ക് ഈ ഉപദേശങ്ങൾ നൽകുന്നതെന്ന് സാരം. و الله الموفق المعين

(اللهم لك الحمد ولك المنة والفضل)

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.